# ശ്രീ സായി സമർത്ഥ സച്ചരിതം

*ഞാൻ ശ്രീഗണേശനെ വന്ദിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ വന്ദിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരുവിനെ വന്ദിക്കുന്നു*
*ഗുരു ബ്രഹ്മാവാകുന്നു*
*ഗുരു വിഷ്ണുവാകുന്നു*
*ഗുരു മഹേശ്വരനാകുന്നു*
*ഗുരു പരബ്രഹ്മസ്വരൂപമാണ്*
*അത്തരത്തിലുള്ള ആ ശ്രീസദ്ഗുരുവിന് പ്രണാമം.*

ബ്രഹ്മാനന്ദസ്വരൂപമായ സദ്ഗുരുവിനെ ഞാൻ വന്ദിക്കുന്നു, പരമാനന്ദദായകൻ, പരബ്രഹ്മൻ, ശുദ്ധജ്ഞാനത്തിന്റെ പ്രതിരൂപം, ദ്വന്ദ്വഭാവങ്ങൾക്കതീതൻ (സുഖദുഃഖങ്ങൾ തുടങ്ങിയ വിപരീതങ്ങൾ), ആകാശം പോലെ സർവ്വവ്യാപി; "അത് അങ്ങ് തന്നെയാണ്" തുടങ്ങിയ ശാസ്ത്രവചനങ്ങൾ പരോക്ഷമായി സൂചിപ്പിക്കുന്നത് അദ്ദേഹത്തെയാണ് – അദ്ദേഹത്തിന് സമന്മാരില്ല, ശാശ്വതൻ, പരിശുദ്ധൻ, അചഞ്ചലൻ, സകല ചിന്താവൃത്തികൾക്കും സാക്ഷി, എല്ലാ രൂപാന്തരങ്ങൾക്കും (മനസ്സിന്റെയും ശരീരത്തിന്റെയും) ഗുണങ്ങൾക്കും (ത്രിഗുണങ്ങൾ) അതീതനായി വർത്തിക്കുന്നു.

## മുഖവുര

ശ്രീ സായിനാഥ് മഹാരാജ് ഏകദേശം അമ്പത് വർഷങ്ങൾക്ക് മുമ്പ് ആദ്യമായി ഷിർദിയിലെത്തി[1]. ഈ ഷിർദി ഗ്രാമം അഹമ്മദ്നഗർ ജില്ലയിലെ കോപർഗാവൺ താലൂക്കിലാണ്[1എ]. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആരാണെന്നോ അദ്ദേഹത്തിന്റെ യഥാർത്ഥ സ്ഥലം ഏതാണെന്നോ ആധികാരികമായുള്ള വിവരമൊന്നും ലഭിച്ചിട്ടില്ല. പക്ഷേ മഹാരാജിന് മൊഗുൾ പ്രദേശവുമായി ഗണനീയമായ ബന്ധമുണ്ടെന്നുള്ളത് പ്രകടമാണ്. മൊഗുൾ ഭരണത്തിൻകീഴിലുണ്ടായിരുന്ന സേലു, ജൽന, മാൻവഡ്, പത്റി, പർഭാനി, നവരംഗ്ബാദ്, ബീഡ്, ബിദാർ എന്നീ പ്രദേശങ്ങൾ പലപ്പോഴും മഹാരാജിന്റെ സംഭാഷണങ്ങളിൽ പരാമർശവിധേയമായിട്ടുണ്ട്. ഒരിക്കൽ പത്റിയിൽ നിന്നുള്ള ഒരു മനുഷ്യൻ മഹാരാജിന്റെ ദർശനത്തിനെത്തിയിരുന്നു. മഹാരാജ് അയാളോട് പത്റിയിലെ വിശേഷങ്ങൾ ആരായുകയും, അവിടെയുള്ള പ്രമുഖരായ ചിലരുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവരുടെ ക്ഷേമത്തെക്കുറിച്ച് അന്വേഷിക്കുകയും ചെയ്തു. ഇതിൽ നിന്നും മഹാരാജിന് പത്റിയെക്കുറിച്ച് വിശദമായ അറിവുണ്ടായിരുന്നു എന്ന് അനുമാനിക്കാം. പക്ഷേ അദ്ദേഹം അവിടെയാണ് ജനിച്ചതെന്ന് തീർത്ത് പറയാൻ കഴിയില്ല.

അതേപോലെ ജനനംകൊണ്ട് മഹാരാജ് ഒരു ബ്രാഹ്മണനായിരുന്നോ, അതോ മുസ്ലീമായിരുന്നോ എന്ന് തീർച്ചയോടെ പറയാനും കഴിയില്ല. മാത്രമല്ല അദ്ദേഹം ഒരു ഗർഭപാത്രത്തിൽ നിന്നും ഉടലെടുത്തതല്ലെന്ന് അദ്ദേഹത്തിന്റെ ഒരു വിഭാഗം ഭക്തർ വിശ്വസിക്കുകയും ചെയ്യുന്നു. ഇതും സമർത്ഥിക്കാൻ കഴിയില്ല. അദ്ദേഹം ഒരു അയോനിജനാണെന്ന് പറയുന്നത്, അദ്ദേഹത്തിന്റെ ഭക്തരല്ലാത്തവർക്ക് അതിശ

യോക്തിയായി തോന്നിയേക്കാം. പക്ഷേ ഈയുള്ളവന് അങ്ങനെ തോന്നുന്നില്ല. മഹാരാജ് സ്വയം ഇതെഴുതുന്നവനോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്, "ഇപ്പോൾ ഞാൻ പോകുകയാണ്, പിന്നീട് ഞാൻ എട്ട് വയസ്സുള്ള ഒരു ബാലനായി പ്രത്യക്ഷനാകുന്നതാണ്." ദേവകി മാതാവിന്റെ മുമ്പിൽ ശ്രീകൃഷ്ണൻ പ്രത്യക്ഷനായപ്പോൾ, എട്ട് വയസ്സുള്ള ഒരു ബാലന്റെ രൂപമായിരുന്നു. പുരാണത്തിൽ ഇപ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു. "എട്ട് വയസ്സ് പ്രായമുള്ള ആ രൂപത്തിൽ നിന്നും നിർഗ്ഗമിച്ച പ്രകാശം അചിന്തനീയമായിരുന്നു, അത് പത്ത് ദിശകളെയും പ്രകാശമാനമാക്കി, അതിന് മുമ്പിൽ സൂര്യചന്ദ്രന്മാർ നിഷ്പ്രഭമായി." (ഹരിവിജയം അധ്യായം – 3. ശ്ലോകം 126.) അദ്ദേഹം സാധനകളിലൂടെ സിദ്ധി നേടിയതാണെന്ന് അദ്ദേഹത്തിന്റെ ഭൂരി ഭാഗം ഭക്തരും വിശ്വസിക്കുന്നില്ല, പക്ഷേ തീർച്ചയായും അദ്ദേഹം ഒരു അവതാരമായിരുന്നു, മഹാരാജിന്റെ ലീലകളും അവിശ്വസനീയമായ ശക്തികളും കണ്ട്, അദ്ദേഹത്തെ ശ്രീകൃഷ്ണന്റെ അവതാരമായാണ് കരുതുന്നത്. മഹാരാജ് സ്വയം ഇത്തരത്തിലുള്ള ഏതെങ്കിലും ശക്തികളുണ്ടെന്ന് പറഞ്ഞിരുന്നില്ല. അദ്ദേഹം സ്വയം, ഈശ്വരന്റെ 'സേവകൻ' എന്നും 'ഭക്തൻ' എന്നുമാണ് വിശേഷിപ്പിച്ചിരുന്നത്. "എന്റെ ഗുരുവിന്റെ സമൃദ്ധമായ കൃപ എനിക്കുണ്ട്, അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ ഭക്തരുടെ ക്ലേശങ്ങൾ ദൂരീകരിക്കപ്പെടുകയും അവർക്ക് ക്ഷേമം കൈവരികയും ചെയ്യുന്നു," എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം തന്റെ ഭക്തരെ അനുഗ്രഹിക്കുമ്പോൾ അദ്ദേഹത്തിന്റെ വചനങ്ങൾ ഇതായിരുന്നു: "അള്ളാഹ് നിന്റെ ക്ഷേമം ഉറപ്പുവരുത്തിക്കൊള്ളും." അദ്ദേഹം ഒരിക്കലും സ്വയം യാതൊരുവിധ മഹത്വവും ആരോപിച്ചിരുന്നില്ല. 'അനൽ ഹക്ക്' അതായത് ഞാൻ ദൈവമാകുന്നു എന്ന് അദ്ദേഹം ഒരിക്കലും പറഞ്ഞിരുന്നില്ല, പക്ഷേ അദ്ദേഹം ഇടയ്ക്കിടയ്ക്ക് 'യാദേ ഹക്ക്' അതായത് 'ഞാൻ ഈശ്വരനെ സ്മരിക്കുന്നു' എന്ന് പറഞ്ഞിരുന്നു.

ഒരു വിവാഹഘോഷയാത്രയിൽ, ഒരു മുസ്ലീം മാന്യവ്യക്തിയോടൊപ്പമാണ് മഹാരാജ് ഷിർദിയിലെത്തിയത്. അയാളുടെ പേര് ചാന്ദ്ഭായി എന്നായിരുന്നു. അയാൾ ധൂപ്ഖേഡ ഗ്രാമത്തിലെ അധികാരി (പട്ടീൽ) ആയിരുന്നു. ഒരിക്കൽ അയാളുടെ കുതിര നഷ്ടപ്പെട്ടതിനാൽ, അയാൾ അതിനെ തിരഞ്ഞു നടക്കുകയായിരുന്നു. അപ്പോൾ ഒരു വൃക്ഷച്ചുവട്ടിൽ മഹാരാജ് ഇരിക്കുന്നത് അയാൾ കണ്ടു. അയാൾ മുമ്പൊരിക്കലും മഹാരാജിനെ കണ്ടിട്ടുണ്ടായിരുന്നില്ല. മഹാരാജ് അയാളെ വിളിച്ച് ഇങ്ങനെ പറഞ്ഞു: "ചില്ലത്തിൽ[2] നിന്ന് ഒരു പുകയെടുത്തശേഷം യാത്ര തുടരുക." അയാൾ മറുപടി പറഞ്ഞു: "എന്റെ കുതിര നഷ്ടപ്പെട്ടിരിക്കുന്നു, ഞാൻ അതിനെ അന്വേഷിച്ച് പോകുകയാണ്." മഹാരാജ് പറഞ്ഞു: "അതിന് ദൂരെ പോകുന്നത് എന്തിനാണ്? അത് ഇതിനപ്പുറത്തുണ്ട്. അവിടെ ആ വേലി കടന്നുള്ള ഭാഗത്ത്." യഥാർത്ഥത്തിൽ കുതിര ആ ഭാഗത്ത് മേയുകയായിരുന്നു. ചാന്ദ്ഭായി കുതിരയെയും കൂട്ടി മഹാരാജിന്റെ സമീപത്തേക്ക് വന്നു. മഹാരാജ് നൽകിയ ചില്ലം പുകച്ചതിനുശേഷം അയാളുടെ ഗൃഹത്തിലേയ്ക്ക് വരാനായി അയാൾ മഹാരാജിനെ നിർബന്ധിച്ചു. മഹാരാജ് പറഞ്ഞു: "ഞാൻ നാളെ വരുന്നതാണ്." അതനുസരിച്ച് പിറ്റേ ദിവസം മഹാരാജ് അയാളുടെ ഗൃഹത്തിലെത്തി. വനത്തിൽ വച്ച് ചാന്ദ്ഭായിക്ക് പുകവലിക്കാനായി ചില്ലം നൽകപ്പെട്ടപ്പോൾ, അവിടെ കനലുണ്ടായിരുന്നില്ല. മഹാരാജ് അദ്ദേഹത്തിന്റെ കൈയ്യിലുണ്ടായിരുന്ന കൊടിൽ നിലത്ത് കുത്തി

ഇറക്കി, തന്റെ ആവശ്യത്തിനായി എരിയുന്ന കനൽ പുറത്തേയ്ക്ക് എടുക്കുകയാണ് ഉണ്ടായത്.

മഹാരാജ് കുറച്ച് ദിവസങ്ങൾ ചാന്ദ്ഭായിയുടെ ഗൃഹത്തിൽ കഴിഞ്ഞു. പിന്നീട് ചാന്ദ്ഭായിയുടെ അനന്തരവന് ഷിർദിയിൽ നിന്നുള്ള ഒരു പെൺകുട്ടിയുമായി വിവാഹബന്ധം ഉറപ്പിക്കപ്പെട്ടു. ആ വിവാഹസംഘത്തോടൊപ്പം മഹാരാജ് ഷിർദിയിലെത്തി. ഗ്രാമാതിർത്തിയിൽ ഖണ്ഡോബാ[3] ക്ഷേത്രത്തിന് സമീപമുള്ള മെതിക്കളത്തിലാണ് വിവാഹസംഘം തമ്പടിച്ചത്. അവിടെ മാലസപതി എന്ന് പേരുള്ള ഒരു മനുഷ്യനെ അദ്ദേഹം കണ്ടുമുട്ടി. ഈ മാലസപതി ഷിർദി നിവാസിയായ ഒരു സ്വർണ്ണപ്പണിക്കാരനായിരുന്നു. അയാൾ ഒരു ഖണ്ഡോബാ ഭക്തനായിരുന്നു, അനേകം തലമുറകളായി, ഖണ്ഡരേയ[4]യുടെ പതിവ് ചുമതലകൾ വഹിക്കുന്നതിന് അധികാരപ്പെടുത്തിയ വ്യക്തിയുമായിരുന്നു. മഹാരാജ് ഖണ്ഡോബാ ക്ഷേത്രത്തിലേയ്ക്ക് പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ വേഷവിധാനം, ഒരു കഫ്നിയും[5] ഒരു തൊപ്പിയും ഒരു ധോത്തി[6]യും ഉൾപ്പെട്ടതായിരുന്നു. അദ്ദേഹത്തെ കണ്ടയുടനെ മാലസപതി ഈ വാക്കുകളോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു: "സ്വാഗതം സായിബാബ." മഹാരാജ് തന്റെ അന്ത്യദിനം വരെയും, ആ നാമത്തിൽ, അതായത് "സായിബാബ" എന്ന് അറിയപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭൂരിഭാഗം ഭക്തരും "സായിബാബ" എന്നോ "ബാബ" എന്ന് മാത്രമോ അദ്ദേഹത്തെ വിളിക്കുന്നു. ഒരു അവസരത്തിൽ മഹാരാജിൽ നിന്നും സാക്ഷ്യം രേഖപ്പെടുത്താനെത്തിയ ഒരു അധികാരി[7] അദ്ദേഹത്തിന്റെ നാമം ചോദിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "ഇവർ എന്നെ സായിബാബ എന്നു വിളിക്കുന്നു." മാലസപതി മഹാരാജിനെ ഗ്രാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി, അയാളുടെ സുഹൃത്തുക്കളായ കാശിറാം ഷിംപി, അപ്പാ ജഗാലേ എന്നിവർക്ക് പരിചയപ്പെടുത്തി. ഇവർ മൂന്നുപേരും അവരുടെ കഴിവിന് അനുസരിച്ച്, ഗ്രാമത്തിലെത്തുന്ന സാധുക്കൾ, ദിവ്യന്മാർ, ഗോസാവികൾ[8], ഫക്കീറന്മാർ, സന്ന്യാസിമാർ എന്നിവർക്ക് സേവനങ്ങൾ ചെയ്തിരുന്നു. ഷിർദിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച്, അത്തരത്തിലുള്ള ജനങ്ങളും സംഘങ്ങളും ധാരാളമായി വരികയും പോകുകയും ചെയ്തിരുന്നു. അത്തരത്തിലുള്ള സംഘങ്ങൾ പലപ്പോഴും അവിടെ എത്തുകയും, മുൻപ് പറഞ്ഞ മൂന്നുപേരും അവരുടെ കഴിവിന് അനുസരിച്ച് ആദരപൂർവ്വമായ സേവനങ്ങൾ അവർക്ക് നൽകുകയും ചെയ്തിരുന്നു. ഇവർ മൂന്നുപേരും (കാശിറാം, അപ്പാ, മാലസപതി) മഹാരാജിന്റെ പൂർണ്ണ ഭക്തരായി മാറി. ഇവരിൽ കാശിറാമും അപ്പായും കുറച്ച് വർഷങ്ങൾക്കുശേഷം നിര്യാതരായി. കാശിറാം ആദ്യം മരണമടയുകയും കുറച്ച് നാളുകൾക്കുശേഷം അപ്പായും മരണമടഞ്ഞു. പക്ഷേ അവർ ഇരുവരും ഏകാദശി ദിനത്തിൽ[9] മരണമടഞ്ഞതിനാൽ ഭാഗ്യവാന്മാരായിരുന്നു. ഈശ്വരഭക്തന്മാർ, ഈശ്വരന്റെ പ്രത്യേക ദിനത്തിൽ മരണമടയുന്നത് ഉചിതമാണ്. ഇത്തരത്തിൽ അവർക്ക് രണ്ടുപേർക്കും മരണമുണ്ടായി. കാശിറാം ശരീരം, മനസ്സ്, ധനം[10] എന്നിവ കൊണ്ട് ഏറ്റവും ഉത്തമമായ രീതിയിൽ മഹാരാജിനെ സേവിച്ചു. ആരംഭകാലത്ത് മഹാരാജിന്റെ കഫ്നി കാവി നിറത്തിലോ വെളുത്ത നിറത്തിലോ ആയിരുന്നു. കാശിറാം മഹാരാജിനുവേണ്ടി ഒരു പച്ച കഫ്നിയും തൊപ്പിയും തുന്നി. പക്ഷേ മഹാരാജ് സാധാരണയായി ഒരു വെളുത്ത കഫ്നി ധരിക്കുകയും ശിരസ്സിൽ ഒരു വെളുത്ത തുണി കെട്ടുകയും ചെയ്തിരുന്നു. അതേപോലെ മഹാരാജിന്റെ ചില്ല

ത്തിന് പുകയിലയും, ധുനിയ്ക്ക്[11] വിറകും അയാൾ നൽകിയിരുന്നു, ആവശ്യം വന്നാൽ പണവും – ഇതായിരുന്നു കാശിറാം സ്വയം ഏറ്റെടുത്ത കർത്തവ്യം. പിന്നീട് അയാൾ തന്റെ പണസഞ്ചി ബാബയുടെ മുമ്പിൽ വയ്ക്കുകയും, അദ്ദേഹത്തിന് ആവശ്യമുള്ളത് എടുക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അക്കാലത്ത് മഹാരാജ് ദക്ഷിണ[12] സ്വീകരിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം കാശിറാമിൽ നിന്നും ഒന്നോ രണ്ടോ പൈസ എടുക്കുമായിരുന്നു. മഹാരാജ് അയാളിൽ നിന്നും ദക്ഷിണ സ്വീകരിക്കണമെന്ന് കാശിറാമിന് വളരെ ആഗ്രഹമുണ്ടായിരുന്നു. ചില ദിവസങ്ങളിൽ മഹാരാജ് ദക്ഷിണ സ്വീകരിച്ചില്ലെങ്കിൽ അയാൾ ദുഃഖിതനാകുകയും അയാളുടെ കണ്ണുകളിൽ നിന്ന് അശ്രുക്കൾ പൊഴിയുകയും ചെയ്തിരുന്നു. ഇത്തരത്തിൽ വിഷമം തോന്നുന്നത് ആത്മീയ പുരോഗതിയെ തടസ്സപ്പെടുത്തും, എന്തുകൊണ്ടെന്നാൽ, നൽകാൻ കഴിയുമെന്നുള്ള അഹംഭാവചിന്തയ്ക്ക് അത് വഴിതെളിക്കുന്നു. സ്വാഭാവികമായും, ഭക്തന്റെ ആത്മീയ പുരോഗതിയ്ക്കുള്ള സകല തടസ്സങ്ങളും ഒഴിവാക്കുക എന്നത് ഈശ്വരന്റെ സാധാരണ ദൗത്യമാണ്. അത്തരത്തിൽ, കാശിറാമിന്റെ കാര്യത്തിലും അത് സംഭവിച്ചു. കുറച്ച് നാളുകൾക്കു ശേഷം അയാൾക്ക് പണത്തിന് ബുദ്ധിമുട്ട് ഉണ്ടാകുകയും മഹാരാജ് അയാളിൽ നിന്ന് ആവർത്തിച്ച് ദക്ഷിണ ആവശ്യപ്പെടുകയും ചെയ്തു. അയാളുടെ പക്കൽ പണമൊന്നും ശേഷിച്ചിട്ടില്ലെന്ന് അയാൾ തുറന്ന് സമ്മതിക്കേണ്ടിവന്നു. അപ്പോൾ "പലചരക്ക് കച്ചവടക്കാരനോട് കടം വാങ്ങി എനിക്ക് തരിക," എന്ന് മഹാരാജ് പറഞ്ഞു. അതനുസരിച്ച് കുറച്ചു നാളുകൾ പലചരക്ക് കച്ചവടക്കാരനോട് ചോദിക്കുന്നതും, വാങ്ങിക്കൊണ്ടുവരുന്നതും തുടർന്നുപോന്നു. പിന്നീട് കച്ചവടക്കാരനും നൽകാൻ വിസമ്മതിച്ചു. ഈ ലീല കാശിറാമിന്റെ അഹങ്കാരം മാറ്റാനുള്ളത് മാത്രമായിരുന്നു. നൽകാനുള്ള ശേഷി തനിക്ക് ഇല്ല എന്ന് അയാൾ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് അയാളിൽ ഉണ്ടായ ഉടനെ, അയാളുടെ സാമ്പത്തികശേഷി മെച്ചപ്പെടുകയും, മുമ്പത്തെപ്പോലെ അയാളുടെ ജീവിതം സുഖകരമാകുകയും ചെയ്തു. മഹാരാജ് എല്ലായ്പ്പോഴും അയാളിൽ നിന്നും ദക്ഷിണ സ്വീകരിക്കണമെന്ന ഉൽക്കടമായ ആഗ്രഹവും അയാൾക്ക് ഇല്ലാതെയായി.

കാശിറാം ഒരു തുണിക്കച്ചവടക്കാരനായിരുന്നു; അയാൾ വിവിധ ഗ്രാമങ്ങളിലേയ്ക്ക് സഞ്ചരിക്കുകയും ചന്തദിനങ്ങളിൽ അവിടെ വ്യാപാരശാല തുറക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ചന്തദിനം കഴിഞ്ഞ് നൗറയിൽ നിന്നും മടങ്ങിവരവേ, ഭിൽജാതിക്കാരായ ചില തസ്കരന്മാരെ വഴിയിൽ കണ്ടു. കാശിറാം കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. അവർ അയാളെ തടഞ്ഞില്ല. പക്ഷേ അയാളുടെയൊപ്പം സഞ്ചരിച്ചിരുന്ന ചരക്ക് വണ്ടികളെ തടഞ്ഞുനിർത്തി. പിന്നീട് കാശിറാമിനെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവർ അയാളുടെ പുറകേ പാഞ്ഞു. അവർ കാശിറാമിനെ കൊള്ളയടിക്കാൻ തയ്യാറായി. യഥാർത്ഥത്തിൽ അയാളുടെ ചില വസ്തുക്കൾ കവരുകയും ചെയ്തു. കാശിറാം ഒട്ടും പ്രതിഷേധം കാണിച്ചില്ല. പിന്നീട്, അവർ അയാളുടെ കൈവശമുണ്ടായിരുന്ന ചെറിയ പൊതിയിൽ കൈവച്ചു. അതിനുള്ളിൽ വിലപിടിപ്പുള്ള എന്തോ ഉണ്ടെന്ന് തസ്കരന്മാർ വിശ്വസിച്ചു. യഥാർത്ഥത്തിൽ അതിനുള്ളിൽ പഞ്ചസാര മാത്രമാണുണ്ടായിരുന്നത്. ജാനകിദാസ് എന്ന് പേരായ ഒരു സദ്പുരുഷൻ കാശിറാമിനോട്, പതിവായി ഉറുമ്പുകൾക്ക് പഞ്ചസാര നൽകണമെന്ന് ഉപ

ദേശിച്ചിരുന്നു. അതിനാൽ കാശിറാം സാധാരണയായി തന്റെയൊപ്പം പഞ്ചസാര സൂക്ഷിച്ചിരുന്നു. അതിനാൽ ഈ പൊതി അയാൾക്ക് വളരെ വിലപിടിപ്പുള്ളതായിരുന്നു. അതിനാൽ എന്ത് സംഭവിച്ചാലും അത് നഷ്ടപ്പെടുത്താൻ ഇടയാക്കില്ലെന്ന് അയാൾ തീരുമാനിച്ചിരുന്നു. അപ്പോൾ കള്ളന്മാരിൽ ഒരാളിന്റെ വാൾ സമീപത്ത് കിടക്കുന്നതായി കാശിറാം കണ്ടു. അയാൾ അതെടുത്ത് രണ്ടു കള്ളന്മാരെ വധിച്ചു. മൂന്നാമതൊരു കള്ളൻ, അയാളുടെ പുറക് വശത്തുകൂടി എത്തി, ഒരു കോടാലി കൊണ്ട് അയാളുടെ തലയ്ക്കടിച്ചു. അതിനാൽ കാശിറാം ബോധം നശിച്ച് ഒരു ശവം പോലെ നിലത്ത് വീണു. ശേഷിച്ച കള്ളന്മാർ, അയാൾ മരിച്ചു എന്ന് വിശ്വസിച്ചുകൊണ്ട് അയാളെ അവിടെ ഉപേക്ഷിച്ച് കടന്നുകളഞ്ഞു. വാസ്തവത്തിൽ അയാൾ മരിച്ചിരുന്നില്ല. കുറച്ച് സമയത്തിനുശേഷം അയാൾക്ക് ബോധം തെളിയുകയും ഏതാനും നാളുകൾക്കുശേഷം സുഖം പ്രാപിക്കുകയും ചെയ്തു. അയാൾക്ക് മഹാരാജിൽ തികഞ്ഞ വിശ്വാസമുണ്ടായിരുന്നതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് വിസമ്മതിക്കുകയും, "എന്നെ ഷിർദിയിലേയ്ക്ക് മാത്രം കൊണ്ടുപോകുക" എന്ന് ആത്മാർത്ഥമായി അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് അയാളെ അവിടെ എത്തിക്കുകയും മഹാരാജിന്റെ നിർദ്ദേശപ്രകാരം മാധവറാവു അയാൾക്ക് ഔഷധങ്ങൾ നൽകുകയും ചെയ്തു. സത്യത്തിൽ മഹാരാജിന്റെ അനുഗ്രഹത്താൽ കാശിറാമിന്റെ ആരോഗ്യം മെച്ചപ്പെടുകയും അയാൾ ആരോഗ്യവാനാകുകയും ചെയ്തു.

കാശിറാമിന്റെ ധീരകൃത്യത്തെ മാനിച്ചുകൊണ്ട് ബോംബെ സർക്കാർ അയാൾക്ക് ഒരു വാൾ സമ്മാനിച്ചു. കാശിറാം തസ്കരന്മാരോട് മല്ലിടുമ്പോൾ, ഇവിടെ ഷിർദിയിൽ, മഹാരാജ് ബഹളം വയ്ക്കുകയായിരുന്നു. തുടർച്ചയായ ശകാരവാക്കുകളും, അലർച്ചകളും എന്നിങ്ങനെ വിക്ഷോഭം തുടങ്ങി. അദ്ദേഹത്തിന്റെ ഏതോ ഒരു ഭക്തന് എന്തോ കൊടിയ ആപത്ത് പിണഞ്ഞിട്ടുണ്ടെന്നും ഈ ബഹളമൊക്കെ ആ ഭക്തനെ രക്ഷിക്കാൻവേണ്ടി മാത്രമാണെന്നും, അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന ഭക്തർക്ക് പെട്ടെന്നുതന്നെ മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് സത്യമാണെന്ന് തെളിയുകയും ചെയ്തു. കള്ളന്മാർ ആയുധധാരികളും എണ്ണത്തിൽ കൂടുതലുമായിരുന്നു. അവരുടെ മർദ്ദനങ്ങളിൽ നിന്നും കാശിറാം ജീവനോടെ രക്ഷപ്പെട്ടുവെന്ന് ആർക്കും വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ ഒരു രക്ഷകൻ ഉള്ളപ്പോൾ ആർക്കാണ് ദ്രോഹിക്കാൻ കഴിയുക! അത് എന്തുമാകട്ടെ. ഈ സംഭവത്തിനുശേഷം കാശിറാം അനേകം വർഷങ്ങൾ ജീവിക്കുകയും ശകവർഷം 1830 (1908) ചൈത്ര ശുദ്ധ 11-ാം തീയതി ഏകാദശി ദിനത്തിൽ മൃതിയടയുകയും ചെയ്തു.

മുമ്പ് പരാമർശിക്കപ്പെട്ട മൂന്നുപേരിൽ മാലസപതി ദീർഘകാലം ജീവിച്ചിരിക്കുകയും ഭാദ്രപാദ, ശകവർഷം 1844 (1922) ൽ മരണമടയുകയും ചെയ്തു. മഹാരാജിനും അയാൾക്കും തമ്മിൽ വളരെ അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. മഹാരാജ് മസ്ജിദിൽ[13] ഇരിക്കുകയും ഒന്നിടവിട്ടുള്ള ദിനങ്ങളിൽ മസ്ജിദിലും ചാവടിയിലു[14]മായി ഉറങ്ങുകയും ചെയ്തിരുന്നു. മഹാരാജ് മസ്ജിദിൽ ഉറങ്ങുമ്പോൾ ആ രാത്രികളിൽ മാലസപതി വെളുക്കുന്നതുവരെയും മഹാരാജിന്റെ സമീപത്ത് ഇരിക്കുകയും അവർ ഇരുവരും സ്നേഹപൂർവ്വം പരസ്പരം സംസാരിക്കുകയും ചെയ്തിരുന്നു. തന്റെ മരണം വരെയും രാത്രി മുഴുവൻ മസ്ജിദിൽ ഉണർന്നിരിക്കുന്ന പതിവ്

മാലസപതി തുടർന്നുപോന്നു. വളരെ സ്വാധീനശക്തിയുണ്ടായിട്ടും, തീർത്തും നിഷ്കാമിയായിരുന്നതിനാൽ, മഹാരാജിന്റെ ഭക്തർക്ക് അയാളിൽ നിന്നും നല്ല ഉപദേശവും ആനന്ദവും ലഭിച്ചിരുന്നു. ചുരുക്കത്തിൽ, മഹാരാജിന്റെ മരണശേഷം, അയാൾ ഭക്തർക്ക് ആശ്വാസത്തിന്റെ സവിധമായിരുന്നു.

മഹാരാജ് ഇവിടെ എത്തിയ നാൾ മുതൽ, അയാൾ മസ്ജിദിൽ വസിച്ചിരുന്നു. മസ്ജിദ് വളരെ ജീർണ്ണിച്ചതായിരുന്നു. പകൽ സമയത്ത് മഹാരാജ് അവിടെയും ഇവിടെയും അലഞ്ഞു നടക്കുമെങ്കിലും രാത്രിയിൽ അദ്ദേഹം മസ്ജിദിൽ താമസിച്ചിരുന്നു. ആരെങ്കിലും അദ്ദേഹത്തിന് ആഹാരം നൽകിയാൽ അദ്ദേഹം സ്വീകരിച്ചിരുന്നു. അദ്ദേഹം രോഗികൾക്ക് ഔഷധങ്ങളോ, നിർദ്ദേശങ്ങളോ നൽകിയിരുന്നു. ഇതിനുവേണ്ടി അദ്ദേഹം ഒരിക്കലും ധനം സ്വീകരിച്ചിരുന്നില്ല. കൂടാതെ രോഗികളായവരെ ശുശ്രൂഷിക്കാൻ ആരും ഇല്ലെങ്കിൽ, അദ്ദേഹം സ്വയം അവരെ ശുശ്രൂഷിച്ചിരുന്നു. ഇത്തരത്തിൽ മഹാരാജിൽ നിന്നും ഔഷധങ്ങളോ, അദ്ദേഹത്തിന്റെ പരിചരണമോ സ്വീകരിച്ച അനേകം പേർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. പിന്നീട് മഹാരാജ് ഔഷധങ്ങൾ നൽകുന്നത് നിർത്തലാക്കുകയും, ഉധി[15] അഥവാ ദിവ്യവിഭൂതി മാത്രം നൽകുകയും ചെയ്തു. ജനങ്ങൾക്ക് അതിലൂടെ രോഗശമനം ഉണ്ടാകുകയും ചെയ്തു.

“മുമ്പ് ഞാൻ രോഗികൾക്ക് ഔഷധങ്ങൾ നൽകിയിരുന്നു”, ഒരിക്കൽ മഹാരാജ് ഇപ്രകാരം ഈ എഴുത്തുകാരനോട് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു, “കാക്കാ, (ഈ എഴുത്തുകാരനെ അദ്ദേഹം ഇപ്രകാരമാണ് വിളിച്ചിരുന്നത്) മുമ്പ് ഞാൻ ജനങ്ങൾക്ക് ഔഷധങ്ങൾ നൽകുമായിരുന്നു. പിന്നീട് ഞാൻ ഔഷധങ്ങൾ നൽകുന്നത് നിർത്തലാക്കുകയും ‘ഹരി, ഹരി’ എന്ന് ജപിക്കുകയും ‘ഹരി, ഹരി’ എന്ന് ജപിച്ചതിലൂടെ എനിക്ക് ആത്മസാക്ഷാത്ക്കാരം (ഹരിയെ കണ്ടുമുട്ടി) ലഭിക്കുകയും ചെയ്തു.”

മഹാരാജ് ആദ്യമായി ഇവിടെ എത്തിയപ്പോൾ ദേവിദാസ് എന്ന് പേരായ ഒരു സാധു ഇവിടെ ജീവിച്ചിരുന്നു. വിവിധ സമയങ്ങളിലായി അനേകം സാധുക്കൾ അദ്ദേഹത്തിന്റെ സമീപത്തെത്തിയിരുന്നു. അതേപോലെ രാമേശ്വരം, പന്ധർപൂർ, ദക്ഷിണ ഭാരതത്തിലെ മറ്റ് തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് കാൽനടയായി പോകുന്നതിനുള്ള യാത്രാമാർഗ്ഗവും ഇതായിരുന്നു. അതിനാൽ ഇടയ്ക്കിടയ്ക്ക് ധാർമ്മിക ജനങ്ങൾ ഇവിടെയെത്തി. അവരുടെ ഇടയിൽ ജാനകീദാസ് എന്ന് പേരായ ഒരു സാധു വളരെക്കാലം ഇവിടെ താമസിച്ചിരുന്നു. ആത്മീയകാര്യങ്ങളിൽ വളരെ ഗ്രാഹ്യമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. മഹാരാജും അദ്ദേഹവും തമ്മിൽ ധാരാളം സംസാരിച്ചിരുന്നു. പ്രശസ്ത ദിവ്യനായ ഗംഗാഗീർബാബയും ഇവിടെ വരാറുണ്ടായിരുന്നു. മഹാരാജ് ഇവിടെ എത്തിച്ചേർന്നതിനുശേഷം, ആദ്യമായി ഗംഗാഗീർ ഇവിടെ എത്തിയപ്പോൾ, മഹാരാജ് തന്റെ രണ്ടു കൈകളിലും, കിണറിലെ വെള്ളം നിറച്ച മൺകുടങ്ങൾ വഹിച്ചുകൊണ്ടുപോകുന്നതാണ് കണ്ടത്. അദ്ദേഹത്തെ കണ്ടപ്പോൾ ഗംഗാഗീർബാബ അവിടെ ഉണ്ടായിരുന്ന ഗ്രാമീണരോട് പെട്ടെന്ന് പറഞ്ഞു, “എപ്പോഴാണ് ഈ വ്യക്തി ഇവിടെ എത്തിയത്? അദ്ദേഹം ഒരു ശുദ്ധരത്നമാണ്. അദ്ദേഹം വളരെ ശ്രേഷ്ഠനാണ്. ഈ ഗ്രാമത്തിന്റെ മഹാഭാഗ്യം മൂലമാണ് ഈ രത്നത്തെ ലഭിച്ചത്.” പിന്നീട് ഗംഗാഗീർബാബ മഹാരാജിന്റെ ദർശനത്തിനെ[16]ത്തുകയും, അവർ ഇരുവരും വളരെ സ്നേഹത്തോടെ പരസ്പരം സംസാ

രിക്കുകയും ചെയ്തു. അക്കൽകോട്ടിലെ ആനന്ദനാഥ് മഹാരാജും ഇതേ രീതിയിൽ മഹാരാജിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഈ ആനന്ദനാഥ് മഹാരാജ് പ്രശസ്തനായ ശ്രീ അക്കൽകോട്ട് സ്വാമിയുടെ ശിഷ്യനായിരുന്നു. ഒരിക്കൽ അദ്ദേഹം യോളയ്ക്ക് സമീപത്തുള്ള സവർഗാവൺ എന്ന സ്ഥലത്തേയ്ക്ക് പോയപ്പോൾ ഷിർദി നിവാസികളായ മാധവറാവു ബൽവന്ത് ദേശ്പാണ്ഡെ, ദഗഡു ഭാവു ഗായകേ, നന്ദറാം ശിവറാം മാർവാഡി, ഭഗ്ചന്ദ് മാർവാഡി എന്നിവർ അദ്ദേഹത്തിന്റെ ദർശനത്തിനായി എത്തി. ദർശനത്തിനുശേഷം സംഘം ഷിർദിയിലേയ്ക്ക് മടങ്ങിപ്പോകാൻ ഒരുങ്ങവേ, മഹാരാജ് പെട്ടെന്ന് ഓടി വന്ന് അവരുടെ വണ്ടിയിൽ ഇരിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: “ഞാൻ നിങ്ങളോടൊപ്പം വരുന്നു.” നേവർഗാവണിലെയും യോളയിലെയും ജനങ്ങൾ ഈ ഉദ്യമത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലവത്തായില്ല. ആനന്ദനാഥ് മഹാരാജ് ഇവിടെ എത്തിയപ്പോൾ മഹാരാജിനെക്കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി: “ഇതൊരു രത്നമാണ്. നിങ്ങൾക്ക് ഇതിന്റെ മൂല്യം അറിയില്ല. കുപ്പക്കൂനയിൽ കിടക്കുകയാണെങ്കിലും ഇതൊരു രത്നമാണ്.” ആ കാലത്ത് മഹാരാജ് പ്രശസ്തനായിരുന്നില്ല, ഗ്രാമീണരാകട്ടെ അദ്ദേഹത്തെ ഒരു സാധാരണ മനുഷ്യൻ മാത്രമായി കരുതിയിരുന്നു, സത്യത്തിൽ ഒരു ഭ്രാന്തൻ ഫക്കീറായി.

അക്കാലത്ത് മഹാരാജിന്റെ പ്രകൃതം ഇതായിരുന്നു – “കീറിപ്പറിഞ്ഞതും പഴകിയതുമായ വസ്ത്രം ധരിച്ചിരുന്നു. ഇഷ്ടമുള്ളിടത്ത് ഇരിക്കുമായിരുന്നു. തികച്ചും ഒരു ഭ്രാന്തനെപ്പോലെ കാണപ്പെട്ടു. പക്ഷേ ബ്രഹ്മനിൽ ലയിച്ചിരുന്നു.” ചിലപ്പോൾ മഹാരാജ് അരുവിയുടെ സമീപത്ത് പോയി ഇരിക്കും. ചിലപ്പോൾ ഗ്രാമഭിത്തിയുടെ സമീപത്തുള്ള ഒരു നിശ്ചിത വേപ്പ്മരച്ചുവട്ടിൽ, ചിലപ്പോൾ ആരുടെയെങ്കിലും പാടത്തിൽ, അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ കീറിപ്പറിഞ്ഞതായിരുന്നു. ചിലപ്പോഴൊക്കെ അദ്ദേഹം വളരെ കോപാകുലനാകുമായിരുന്നു. ഇത്തരത്തിലുള്ളതും മറ്റ് പെരുമാറ്റങ്ങളും കാരണം സാധാരണ മനുഷ്യർക്ക് അദ്ദേഹം ഒരു ഭ്രാന്തനെപ്പോലെ തോന്നിച്ചു. പക്ഷേ വളരെ പെട്ടെന്ന് ജനങ്ങളുടെ തെറ്റായ ധാരണ മാറുകയും, ഷിർദിയിലെ ആളുകൾ മഹാരാജിന്റെ ശ്രേഷ്ഠത തിരിച്ചറിയുകയും ചെയ്തു. അത് ഇത്തരത്തിലാണ് സംഭവിച്ചത്:–

മസ്ജിദിലും, ക്ഷേത്രങ്ങളിലും ധാരാളം വിളക്കുകൾ കത്തിച്ചുവയ്ക്കാൻ മഹാരാജിന് വളരെ ആഗ്രഹമുണ്ടായിരുന്നു. യഥാർത്ഥത്തിൽ ‘വളരെ ആഗ്രഹമുണ്ടായിരുന്നു’ എന്ന് പറയുന്നത് സാധാരണ രീതിയിലുള്ള പറച്ചിലാകും. വാസ്തവം പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ പ്രവൃത്തികളൊന്നും തന്നെ ഏതെങ്കിലും വലിയ ആഗ്രഹങ്ങൾ സാധിക്കാൻ വേണ്ടി ഉള്ളതായിരുന്നില്ല (എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് സാധിക്കാനായി ഒരു ആഗ്രഹവും ഉണ്ടായിരുന്നില്ല.). പക്ഷേ അവയ്ക്ക് മറ്റൊരു ഉദ്ദേശ്യമാണുണ്ടായിരുന്നത്, അതായത് ജനങ്ങളുടെ ക്ഷേമം. അത് എന്തുമാകട്ടെ. ഈ വിളക്കുകൾ കത്തിക്കുന്നതിന് വേണ്ടി മഹാരാജ് പീടികക്കാരുടെയും എണ്ണക്കച്ചവടക്കാരുടെയും സമീപത്തെത്തി എണ്ണ വാങ്ങിക്കൊണ്ട് വരുമായിരുന്നു. കുറച്ചുകാലം അവർ മഹാരാജിന് എണ്ണ നൽകി. പക്ഷേ എത്ര കാലത്തേയ്ക്ക് ഈ പ്രായോഗികബുദ്ധിക്കാർ എണ്ണ നൽകും? ഒരു ദിവസം അവർ അദ്ദേഹത്തോട് എണ്ണ ഇല്ലെന്ന് പറഞ്ഞു. അതുമൂലം മഹാരാജിന്റെ ദിനചര്യയ്ക്ക് എന്തെങ്കിലും

മാറ്റമുണ്ടാകുമോ? മഹാരാജ് മൺവിളക്കുകളിൽ എണ്ണയ്ക്ക് പകരം വെള്ളമൊഴിച്ചു. പതിവുപോലെ തിരികൾ ഇട്ടു. തീപ്പെട്ടി ഉരച്ച് അവ കത്തിച്ചു. ഇത്തരത്തിൽ മഹാരാജ് പ്രശ്നം പരിഹരിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഭ്രാന്തിനെപ്പറ്റി ജനങ്ങൾക്ക് വ്യക്തമായും മനസ്സിലായി. പക്ഷേ തീപ്പെട്ടി ഉരച്ചപ്പോൾ വിളക്കുകൾ കത്തുകയും, രാത്രി മുഴുവൻ അവ കെടാതെ കത്തിനിൽക്കുകയും ചെയ്തപ്പോൾ ജനങ്ങൾ ആശ്ചര്യപ്പെട്ടു. അവർ മഹാരാജിന്റെ സമീപത്തെത്തുകയും, പരിഹസിക്കുന്ന തരത്തിൽ അദ്ദേഹത്തോട് പെരുമാറിയതിന് ക്ഷമ ചോദിക്കുകയും ചെയ്തു. പലരും പലതരത്തിൽ ചെറിയ തോതിലൊക്കെ മഹാരാജിനെ ശല്യപ്പെടുത്തിയിരുന്നു. അവരും ഭയപ്പെട്ടു. പക്ഷേ മഹാരാജ് ദയാപരനായിരുന്നു; അദ്ദേഹത്തെ ദ്രോഹിക്കുന്നവർക്കും തനിക്ക് അവർ കാരണമുണ്ടായ മുറിവ് മറന്നുകൊണ്ട് ഉപകാരം നൽകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അതിനാൽ വാസ്തവത്തിൽ ആർക്കും തന്നെ ഭയപ്പെടാനുള്ള ഒരു കാരണവുമുണ്ടായിരുന്നില്ല. മഹാരാജ് എല്ലാ മനുഷ്യരെയും സ്നേഹിച്ചിരുന്നു. അതിനാൽ അവരെ സ്വന്തം മക്കളെപ്പോലെ കരുതി അദ്ദേഹം പരിപാലിച്ചു. ഗ്രാമത്തിൽ എന്തെങ്കിലും അപകടം ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ, മഹാരാജ് അവരോട് അതിനെക്കുറിച്ച് ഉപദേശങ്ങൾ നൽകുകയും അദ്ദേഹം പറയുന്നതുപോലെ പ്രവർത്തിക്കുന്നവർ ഭയമില്ലാതെ കഴിയുകയും ചെയ്തു.

ഗ്രാമം മുഴുവൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്നെങ്കിലും വളരെക്കുറച്ച് ആൾക്കാർക്ക് മാത്രമേ അദ്ദേഹത്തോട് അടുപ്പം പുലർത്താൻ കഴിഞ്ഞിരുന്നുള്ളൂ. മഹാരാജ് വളരെ കണിശക്കാരനായിരുന്നതിനാൽ ആരും തന്നെ അദ്ദേഹത്തോട് അനാവശ്യമായി ഇടപഴകാൻ ധൈര്യപ്പെട്ടിരുന്നില്ല. അതിനാൽ ജനങ്ങൾ മസ്ജിദിൽ കൂടെക്കൂടെ പോകുമായിരുന്നില്ല. ആ സമയത്ത് ദേശ്പാണ്ഡെകുടുംബത്തിലെ മാധവറാവു ബൽവന്ത് മസ്ജിദിൽ എത്താൻ തുടങ്ങി. മസ്ജിദിന്റെ പറമ്പിന് സമീപം ഒരു ചെറിയ വീട് ഉണ്ടായിരുന്നു, അത് ഒരു മറാത്തി വിദ്യാശാലയായി ഉപയോഗിക്കപ്പെട്ടിരുന്നു. മാധവറാവു ഈ വിദ്യാലയത്തിലെ അധ്യാപകനായിരുന്നു; അയാൾ വിദ്യാലയത്തിൽ നിന്നും മസ്ജിദിലെത്തുക പതിവായി. അവിടെ എത്തുമ്പോൾ, അയാൾ ചില്ലം നിറയ്ക്കുകയും, സ്വയം പുകവലിക്കുകയും, മഹാരാജിനും അത് നൽകുകയും ചെയ്തിരുന്നു. എന്തായാലും മാധവറാവു മഹാരാജുമായി അടുപ്പത്തിലാകുകയും, അയാൾ മഹാരാജിൽ ആകൃഷ്ടനാകുകയും ചെയ്തു. കുറച്ച് വർഷങ്ങൾക്കുശേഷം മാധവറാവു തന്റെ ജോലി ഉപേക്ഷിച്ചു, മഹാരാജിനും അദ്ദേഹത്തെ സന്ദർശിക്കാനെത്തുന്ന ഭക്തർക്കും സേവനങ്ങൾ നൽകാൻ തുടങ്ങി. ഈ സേവനത്തിന് അയാൾ പ്രതിഫലമൊന്നും ചോദിച്ചുമില്ല. ഇപ്പോഴും മഹാരാജിന്റെ ഭക്തരുമായി അയാൾക്ക് അടുത്ത ബന്ധമുണ്ട്. അനേകം ഭക്തർക്ക് അയാളിൽ നിന്നും വളരെ സഹായങ്ങൾ ലഭിച്ചു; കൂടാതെ അനേകം പേർ അയാളുടെ നിർദ്ദേശങ്ങളില്ലാതെ ഒന്നും പ്രവർത്തിച്ചിരുന്നില്ല.

പൊതുവേ മഹാരാജ് ഷിർദി വിട്ട് മറ്റെങ്ങും പോകുമായിരുന്നില്ല. ചിലപ്പോൾ തന്റെ ഭക്തനായ ബാബാസാഹേബ് ഡെംഗ്ലേയെ കാണാൻ വേണ്ടി അദ്ദേഹം നിമഗാവണി[17]ലേക്ക് പോകുമായിരുന്നു. ചിലപ്പോഴൊക്കെ റഹട[17]യിലേയ്ക്കും, അവിടെ ചന്ദ്രഭാൻ സേഥ് മാർവാഡി ഉണ്ടായിരുന്നു. ചന്ദ്രഭാൻ സേഥിന്റെ മരണശേഷം കുശൽചന്ദ്

പലചരക്ക് വ്യാപാരം നോക്കിനടത്തി. ഈ കുശൽചന്ദ്ജിയെ കാണുന്നതിനുവേണ്ടി മഹാരാജ് പലപ്പോഴും അവിടെ പോകുകയും റഹടയിൽ നിന്നുള്ള ആരെങ്കിലും എത്തുകയാണെങ്കിൽ അദ്ദേഹം കുശൽചന്ദിന്റെ വിശേഷങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു.

ബാബാസാഹേബ് ഡെംഗ്ലേയുടെ സഹോദരൻ നാനാസാഹേബ് ഡെംഗ്ലേ ജലി-നിമഗാവണിൽ വസിച്ചിരുന്നു. അയാൾക്ക് പുത്രന്മാരില്ലാത്തതിനാൽ, അയാൾ വീണ്ടും വിവാഹം കഴിച്ചു. പക്ഷേ അതും വ്യർത്ഥമായി. അപ്പോൾ ബാബാസാഹേബ് അയാളെ മഹാരാജിന്റെ ദർശനത്തിനായി അയച്ചു. നാനാസാഹേബ് ഡെംഗ്ലേ മഹാരാജിനെ ദർശിക്കാനായി എത്തിയപ്പോൾ, അയാൾക്ക് ഒരു മകൻ ജനിക്കുമെന്ന് മഹാരാജ് അനുഗ്രഹിക്കുകയും, അതിൻപ്രകാരം അയാൾക്ക് ഒരു മകൻ ജനിക്കുകയും ചെയ്തു. അതിനാൽ നാനാസാഹേബിന് മഹാരാജിൽ വിശ്വാസം ഉണ്ടാകുകയും, അയാൾ ഇടയ്ക്കിടയ്ക്ക് മഹാരാജിനെ ദർശിക്കാനെത്തുകയും ചെയ്തു. അയാൾക്ക് സർക്കാർ ഉദ്യോഗസ്ഥന്മാർക്കിടയിൽ വളരെ സ്വാധീനമുണ്ടായിരുന്നതിനാൽ, സ്വാഭാവികമായും അയാൾ മഹാരാജിന്റെ ശ്രേഷ്ഠതയെക്കുറിച്ച് അവരോട് വിവരിക്കുകയുണ്ടായി. തത്ഫലമായി ജില്ലാധികാരിയുടെ ചിട്നിസ് ആയിരുന്ന, ശ്രീ ചിദംബരകേശവ് അഥവാ അന്നാസാഹേബ് ഗാഡ്ഗിൽ അനേകം ആളുകളോടൊപ്പം മഹാരാജിന്റെ ദർശനത്തിനായെത്തി. ദിവസം കഴിയുംതോറും അന്നാസാഹേബ് ഗാഡ്ഗിലിന് മഹാരാജിലുള്ള വിശ്വാസം വർദ്ധിക്കുകയും, അയാൾ തീർത്തും മഹാരാജിന്റെ ഭക്തനായി മാറുകയും ചെയ്തു.

നാനാസാഹേബ് ഡെംഗ്ലേ മഹാരാജിന് ഉറങ്ങുന്നതിനായി കട്ടിയുള്ള ഒരു പലക കൊണ്ടുവന്നു, എന്തുകൊണ്ടെന്നാൽ മഹാരാജ് താമസിച്ചിരുന്ന മസ്ജിദ് വളരെ പഴകി ജീർണ്ണിച്ചതും നിലം പൊടിപിടിച്ച് മേൽക്കൂരയിൽ നിന്നുപോലും അഴുക്ക് വീഴാൻ സാധ്യതയുള്ളതുമായിരുന്നു. മഹാരാജ് വെറും നിലത്ത് കിടക്കാതെ, ആ പലക നിലത്ത് വച്ച് അതിൽ കിടക്കണമെന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. തീർച്ചയായും മഹാരാജ് ആ പലക ഉറങ്ങുന്നതിനുവേണ്ടി തന്നെ ഉപയോഗിച്ചു, പക്ഷേ വളരെ വ്യത്യസ്തമായ രീതിയിലാണെന്ന് മാത്രം. പലക നിലത്ത് വയ്ക്കുന്നതിന് പകരം, അത് പഴകിയ തുണികൾ കൊണ്ട് മേൽക്കൂരയിലെ കഴുക്കോലിൽ നിന്ന് കെട്ടിത്തൂക്കിയശേഷം അതിന് മുകളിലാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. ആ പഴന്തുണികൾ കണ്ടാൽ, അതിന് ആ പലകയുടെ ഭാരം പോലും താങ്ങാൻ പറ്റുന്ന തരത്തിലല്ല എന്നത് ആർക്കും മനസ്സിലാക്കാൻ കഴിയും, പക്ഷേ മഹാരാജിന്റെ അമാനുഷിക ശക്തികൾ കാരണം പലകയുടെ മാത്രമല്ല മഹാരാജിന്റെ ശരീരത്തിന്റെ ഭാരവും വഹിക്കാൻ അവയ്ക്ക് കഴിഞ്ഞു. ഉറങ്ങുന്നതിന് മുമ്പ് അദ്ദേഹം അതിന്റെ നാല് മൂലകളിലുമായി, നാല് മൺചിരാതുകൾ കത്തിച്ചുവയ്ക്കുമായിരുന്നു. മഹാരാജ് ആ പലകയിൽ കിടക്കുന്നത് ഏവരെയും ആശ്ചര്യപ്പെടുത്തുകയും, അത് കാണുന്നതിന് വേണ്ടി അവർ ദൂരെ നിലയുറപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ മഹാരാജ് അതിൽ കയറുന്നതോ ഇറങ്ങുന്നതോ ആർക്കും കാണാൻ കഴിഞ്ഞിരുന്നില്ല. മഹാരാജ് കയറുന്നതും ഇറങ്ങുന്നതും കാണുന്നതിന് വേണ്ടി പലപ്പോഴും ജനങ്ങൾ ഊഴം വച്ച് കാത്തിരുന്നെങ്കിലും ആർക്കും അത് കാണാൻ കഴിഞ്ഞില്ല. ഇത് കാണുന്നതിന് വേണ്ടി വലിയ ഒരു ജനക്കൂട്ടം തന്നെ

ഉണ്ടാകുമായിരുന്നു. അതിനാൽ ഈ ശല്യം ഒഴിവാക്കുന്നതിന് വേണ്ടി, ഒരു ദിവസം മഹാരാജ് ആ പലക ഒടിച്ചുകളഞ്ഞു.

നാനാസാഹേബ് ഡെംഗ്ലേ വന്ന അതേ കാരണം കൊണ്ടുതന്നെ കോപർഗാവണിലെ നികുതി വകുപ്പിൽ പരിശോധനാ ഉദ്യോഗസ്ഥനായിരുന്ന ഗോപാൽ റാവു ഗുണ്ടുവും ദർശനത്തിനായി എത്തി. അയാൾക്ക് മൂന്ന് ഭാര്യമാരുണ്ടായിരുന്നു. പക്ഷേ പുത്രന്മാരുണ്ടായില്ല. മഹാരാജിന്റെ അനുഗ്രഹത്താൽ അയാൾക്കും ഒരു മകൻ ജനിച്ചു. അയാളും ഒരു ഉറച്ച ഭക്തനായി മാറി. മസ്ജിദ് ജീർണ്ണിച്ചതായതിനാൽ, അത് നവീകരിക്കണമെന്ന് അയാൾക്ക് തോന്നി. അതിനുവേണ്ടി അയാൾ ധാരാളം കല്ലുകൾ ശേഖരിക്കുകയും ചെയ്തു. പക്ഷേ മസ്ജിദിനെ നവീകരിക്കാനുള്ള അനുമതി മഹാരാജിൽ നിന്നും അയാൾക്ക് ലഭിച്ചില്ല. ആ ജോലി മറ്റൊരു ഭക്തന് വിധിക്കപ്പെട്ടതായിരുന്നു. ആ വിവരണം പിന്നീട് നൽകുന്നതാണ്. ഗോപാൽ റാവു ശേഖരിച്ച കല്ലുകൾ കൊണ്ട് ശനി ക്ഷേത്രവും, ഗ്രാമത്തിലെ മറ്റു ക്ഷേത്രങ്ങളും നവീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടു. എല്ലാ ക്ഷേത്രങ്ങളുടെയും അവസ്ഥ മഹാരാജ് ശ്രദ്ധിച്ചിരുന്നു. ഇവിടുത്തെ മാരുതി ക്ഷേത്രവും നവീകരിക്കപ്പെട്ടു, മാത്രമല്ല അത് കൂടുതൽ വിസ്തൃതമാക്കപ്പെടുകയും ചെയ്തു. ഗ്രാമത്തിലെ ക്ഷേത്രങ്ങളുടെ കാര്യത്തിലെന്നപോലെ സമാധികളുടെ കാര്യത്തിലും അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. ഗ്രാമാതിർത്തിയിലെ വേപ്പുമരച്ചുവട്ടിൽ മഹാരാജ് ചിലപ്പോഴൊക്കെ ഇരിക്കാറുണ്ടായിരുന്നുവെന്നത് മുമ്പ് പരാമർശിക്കപ്പെട്ടിരുന്നു. “അവിടെ ഒരു മുസ്ലിം സന്ന്യാസിയുടെ കല്ലറയുണ്ട്”, എന്ന് മഹാരാജ് ഒരിക്കൽ പറഞ്ഞിരുന്നു. ആ സ്ഥലം കുഴിച്ചപ്പോൾ യഥാർത്ഥമായും ഒരു കല്ലറ കാണാൻ കഴിഞ്ഞു. അതേ ദിവസം തന്നെ ഭക്തന്മാരെല്ലാം ചേർന്ന് വാദ്യോപകരണങ്ങളുടെ അകമ്പടിയോടുകൂടി മഹാരാജിന് ഘോഷയാത്ര ഒരുക്കി സ്തുതിഗീതങ്ങൾ പാടി. ഈ കല്ലറയെപ്പറ്റി മഹാരാജ് ഇതെഴുതുന്നയാളിനോടും പരാമർശം നടത്തിയിട്ടുണ്ട്. മഹാരാജ് പറഞ്ഞു: “ഇതെന്റെ പിതാവിന്റെ സ്ഥലമാണ്. വ്യാഴം, വെള്ളി ദിവസങ്ങളിൽ, ഇവിടെ ചന്ദനത്തിരി കത്തിക്കുന്നത് നിനക്ക് നന്മ വരുത്തും.” ഒരിക്കൽ ഇവിടെ ഒരു വാർഷികാഘോഷം അഥവാ ഉറുസ് നടത്തണമെന്ന് ഗോപാൽ റാവു ചിന്തിച്ചു. താത്ത്യാപാട്ടീൽ, ദാദാ കോത്ത്യേപാട്ടീൽ, മാധവറാവു ദേശ്പാണ്ഡെ, ഗ്രാമത്തിലെ മറ്റ് ഭക്തന്മാർ എന്നിവരോട് കൂടിയാലോചിച്ചശേഷം അവരുടെ അനുമതിയോടെ അയാൾ അതിനുള്ള ഏർപ്പാടുകൾ ചെയ്തു. പക്ഷേ കുൽക്കർണി എതിർപ്പ് ഉയർത്തുകയും തത്ഫലമായി ഉത്സവം നടത്താൻ പാടില്ലായെന്ന് ജില്ലാധികാരി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പക്ഷേ ഉത്സവം നടത്തണമെന്നുള്ള അപേക്ഷയ്ക്ക് മഹാരാജിന്റെ അനുഗ്രഹമുണ്ടായിരുന്നു. അതിനാൽ മേൽപ്പറഞ്ഞ ഭക്തർ വീണ്ടും ജില്ലാധികാരിയോട് അപേക്ഷിക്കുകയും, ആദ്യത്തെ ഉത്തരവ് റദ്ദാക്കപ്പെടുകയും, ഉത്സവം നടത്താനുള്ള അനുമതി നേടുകയും ചെയ്തു. മഹാരാജിന്റെ അനുമതിയോടെ രാമനവമി ദിനത്തിൽ ഉത്സവം നടത്താൻ നിശ്ചയിക്കപ്പെടുകയും അന്നുമുതൽ ഇന്നുവരെ എല്ലാ രാമനവമി ദിനത്തിലും അത് ആഘോഷിക്കപ്പെടുകയും ചെയ്യുന്നു.

താത്ത്യാഗണപതി കോത്ത്യേപാട്ടീൽ തുടക്കം മുതൽ തന്നെ ഈ ഉത്സവത്തിന്റെ സജ്ജീകരണങ്ങളും കാര്യക്രമങ്ങളും നോക്കിനടത്തിയിരുന്നു. മഹാരാജ് അവനെ വളരെ സ്നേഹിച്ചിരുന്നു. അയാൾ മഹാരാജിനെ മാമൻ എന്ന് വിളിച്ചിരുന്നു. അയാ

ളുടെ മാതാവ് സൗഭാഗ്യവതി ബായ്ജാബായി മഹാരാജിനെ ഭക്തിയോടെ സേവിച്ചിരുന്നു. അതാകട്ടെ, ഗ്രാമത്തിലെ മിക്ക ജനങ്ങളും, മഹാരാജിനെ ഒരു ഭ്രാന്തൻ ഫക്കീറായി കരുതിയിരുന്ന കാലത്തായിരുന്നു. ആദ്യകാലങ്ങളിൽ മഹാരാജ് ഗ്രാമത്തിലെ നാലോ അഞ്ചോ ഗൃഹങ്ങളിൽ ഭിക്ഷ യാചിച്ചിരുന്നു. പക്ഷേ സൗഭാഗ്യവതി ബായ്ജാബായി ഒരിക്കലും അദ്ദേഹത്തെ തിരിച്ചയയ്ക്കുമായിരുന്നില്ല. സ്വാഭാവികമായും അവൾക്ക് തന്റെ ഭക്തിയുടെ ഫലം ലഭിച്ചു. മാത്രമല്ല അവളുടെ മുഴുവൻ കുടുംബവും താത്ത്യയും അത് അനുഭവിച്ചു. താത്ത്യയ്ക്ക് ദിനവും പണം നൽകുന്നതിന് പുറമേ, മഹാരാജ് അയാളെ എല്ലാ വിധത്തിലും സഹായിച്ചിരുന്നു. എല്ലാ ദിവസവും താത്ത്യ മഹാരാജിന്റെ അടുത്തെത്തുമ്പോൾ വൈകുന്നേരം അമ്മാവന്റെയും മരുമകന്റെയും ഒത്തുചേരൽ കണ്ടുനിൽക്കുന്നതും അവരുടെ സ്നേഹപൂർണ്ണമായ സംഭാഷണം കേട്ടുനിൽക്കുന്നതും ആനന്ദപ്രദമായിരുന്നു. അതുപോലെ മസ്ജിദിലെയും ചാവടിയിലെയും സജ്ജീകരണങ്ങളും താത്ത്യയുടെ കൈകളിലായിരുന്നു. താത്ത്യ എത്തി മഹാരാജിനെ എഴുന്നേൽപ്പിക്കുന്നത് വരെ അദ്ദേഹം സ്വസ്ഥാനത്ത് നിന്ന് എഴുന്നേൽക്കില്ല. അദ്ദേഹത്തെ കൈപിടിച്ച് കൊണ്ടുപോകുന്നതും, അദ്ദേഹം തയ്യാറാക്കിയ ഇരിപ്പിടത്തിൽ[18] അദ്ദേഹത്തെ ഇരുത്തുന്നതും താത്ത്യ ആയിരുന്നു. ഇതായിരുന്നു ദിനവുമുള്ള പതിവ്. ചില്ലം പോലും നിറയ്ക്കുന്നത് താത്ത്യ ആയിരുന്നു.

രാമനവമി ഉത്സവ സമയത്ത് രാമനവമി ദിനത്തിൽ രണ്ട് വലിയ കൊടികൾ ഘോഷയാത്രയായി മസ്ജിദിലേക്ക് എത്തിക്കുകയും രണ്ടു ഭാഗത്തായി കെട്ടുകയും ചെയ്യുന്നു. ഈ കൊടികളിൽ ഒന്ന് നാനാ സാഹേബ് നിമോൺകർ എന്നറിയപ്പെടുന്ന ശങ്കർറാവു രഘുനാഥ് ദേശ്പാണ്ഡേയുടേതും, രണ്ടാമത്തേത് നഗറിലെ ദാമു സേഠ് കസറിന്റേതുമായിരുന്നു. നാനാ സാഹേബ് നിമോൺകർ നിമോണിലെ ദേശ്പാണ്ഡെ (ജില്ലയിലെ കണക്കുപരിശോധകൻ) ആയിരുന്നു. സംഗമ്നർ താലൂക്കിലാണ് നിമോൺ ജില്ല സ്ഥിതിചെയ്യുന്നത്. താലൂക്കിലെ ജനങ്ങൾക്കിടയിൽ പ്രമുഖനായി കണക്കാക്കപ്പെട്ടിരുന്നതിനാൽ, സർക്കാർ അദ്ദേഹത്തെ ജില്ലാധികാരിയായി നിയമിച്ചു; ഒടുവിൽ വാർദ്ധക്യസഹജമായ കാരണങ്ങളാൽ അയാൾ അതിൽ നിന്നും വിരമിച്ചു. അയാളുടെ അമ്മാവൻ ഷിർദിയിലാണ് വസിച്ചിരുന്നത്, അതിനാൽ അയാൾ ചിലപ്പോഴൊക്കെ ഇവിടെ വരുമായിരുന്നു. ഇവിടെ വരുമ്പോഴൊക്കെ, അയാളുടെ അമ്മാവന്റെ നിർദ്ദേശപ്രകാരം അയാൾ മഹാരാജിന്റെ ദർശനത്തിനെത്തുമായിരുന്നു. ക്രമേണ, അയാൾക്ക് മഹാരാജിൽ വിശ്വാസം വർദ്ധിക്കുകയും തന്റെ ജീവിതത്തിന്റെ അവസാന മൂന്നു വർഷങ്ങൾ മഹാരാജിന്റെ സേവനത്തിൽ മുഴുകിക്കഴിയുകയും ചെയ്തു. സ്നാനം, രാവിലെയും വൈകുന്നേരവുമുള്ള പ്രാർത്ഥനകൾ, മറ്റ് ചടങ്ങുകൾ എന്നിവയ്ക്ക് വേണ്ടി മാത്രമേ അയാൾ തന്റെ ഗൃഹത്തിൽ പോയിരുന്നുള്ളു; ബാക്കി സമയം മുഴുവൻ അയാൾ മഹാരാജിന്റെ സേവനത്തിനായി ചെലവഴിച്ചു. അറുപത് വയസ്സ് കഴിഞ്ഞിരുന്നെങ്കിലും, വിശ്രമിക്കുന്നതിനെക്കുറിച്ചോ മഹാരാജിന് ചെയ്യുന്ന സേവനങ്ങൾ ഒഴിവാക്കുന്നതിനെക്കുറിച്ചോ ചിന്തിക്കുകയോ, അത് ആഗ്രഹിക്കുകയോ ചെയ്തിരുന്നില്ല. മഹാരാജ് അദ്ദേഹത്തെ കാക്കാ എന്ന് വിളിച്ചിരുന്നു. മഹാരാജിന്റെ സമാധിക്കുശേഷം അയാൾ കൂടുതൽ നാൾ ജീവിച്ചിരുന്നില്ല. അതിനുശേഷം താമസിയാതെ തന്നെ അയാൾ

മഹാരാജിന്റെ പാദങ്ങളിൽ എത്തിച്ചേർന്നു. മഹാരാജിന്റെ കൃപയാൽ അയാളുടെ അവസാന ദിനങ്ങൾ സമാധാനപരമായിരുന്നു. അവസാനത്തെ മൂന്നു ദിവസങ്ങൾ, അയാൾ എല്ലായിടത്തും മഹാരാജിനെ കാണുകയും തന്റെ അടുത്തുള്ളവരെയെല്ലാം സായിബാബ എന്ന് സംബോധന ചെയ്യുകയും ചെയ്തു. അയാളുടെ ഭാര്യയെ പ്പോലും 'വരൂ, സായിബാബ' എന്നാണയാൾ വിളിച്ചിരുന്നത്. അയാൾക്ക് എന്തോ മതിഭ്രമം ബാധിച്ചു എന്ന് കരുതിയ അവൾ പറഞ്ഞു: "ഞാൻ ബാബയല്ല, നിങ്ങ ളുടെ ഭാര്യയാണ്." അപ്പോൾ അയാൾ പറഞ്ഞു: "നിന്നിലുള്ളത് ആരാണ്, ബാബ തന്നെയാണ്. നീ ബാബയാണ്." അത്തരത്തിൽ നിരന്തരം മഹാരാജിനെ ഓർത്തു കൊണ്ട് അയാൾ ഇഹലോകവാസം വെടിഞ്ഞു.

രാമനവമി ഉത്സവത്തിലെ രണ്ടാമത്തെ കൊടി ദാമു സേഥ് കസർ അഥവാ ദാമോ ദർ സവ്ലറാം ആണ് അയച്ചിരുന്നതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. അയാൾക്ക് രണ്ട് ഭാര്യമാരുണ്ടായിരുന്നെങ്കിലും, രണ്ടു പേരിൽ നിന്നും അയാൾക്ക് പുത്രൻമാ രുണ്ടായിരുന്നില്ല. അതിനാൽ അയാൾ വളരെ ദുഃഖിച്ചിരുന്നു. മാധവറാവു ദേശ്പാ ണ്ഡെയുടെ ഭാര്യാപിതാവായിരുന്ന ഗോവിന്ദ്റാവു സപ്കർ അയാളോട് മഹാരാ ജിന്റെ അനുഗ്രഹം നേടാൻ നിർദ്ദേശിച്ചു. അതനുസരിച്ച് അയാൾ എത്തി. മഹാ രാജ് അയാളെ അനുഗ്രഹിക്കുകയും, അദ്ദേഹത്തിന്റെ കൃപയാൽ അയാൾക്ക് ഒരു പുത്രനെ ലഭിക്കുകയും ചെയ്തു. സ്വാഭാവികമായും അയാൾക്ക് മഹാരാജിൽ വിശ്വാസം ദൃഢമായി; അന്നുമുതൽ രാമനവമി ദിനത്തിൽ ഒരു പുതിയ കൊടി ആഘോഷമായി എത്തിക്കുകയും അവിടെ കൂടുന്ന ഫക്കീർമാർക്ക് ആഹാരം നൽകുകയും ചെയ്തു തുടങ്ങി; ഈ പതിവ് ഇപ്പോഴും തുടരുന്നു.

രാമനവമി ഉത്സവം ആരംഭിക്കുന്നതിന് കുറച്ച് വർഷങ്ങൾക്ക് മുമ്പ്, മഹാരാജ് ഒരു നിസ്വാർത്ഥ ഭക്തനെ തന്റെയടുക്കലേക്ക് ആകർഷിച്ചിരുന്നു. നാനാസാഹേബ് ചന്ദോർക്കർ എന്നറിയപ്പെടുന്ന നാരായൺ ഗോവിന്ദ ആയിരുന്നു ആ ഭക്തൻ. കല്യാൺ നിവാസിയായിരുന്നെങ്കിലും അഹമ്മദ്നഗറിലെ ജില്ലാധികാരിയുടെ ചിട്നി സ് ആയിരുന്നു[19] അയാൾ. ആ സ്ഥലത്തെ കുൽക്കർണിയായിരുന്ന കേശവ ആനന്ദ് അഥവാ അപ്പാ ഒരുദിവസം അയാളോട് മഹാരാജ് അയാളെ വിളിക്കുന്നു എന്ന് അറിയിച്ചു. നാനാസാഹേബ് അപ്പാ പറഞ്ഞത് വിശ്വസിച്ചില്ല. അയാൾ പറഞ്ഞു. "നീ എന്തിന് മഹാരാജിന്റെ പേര് പറയണം? നിനക്ക് എന്നിൽ നിന്നും എന്തെ ങ്കിലും നേടണമെന്നുണ്ടെങ്കിൽ അത് തെളിച്ച് പറഞ്ഞാൽ പോരേ?" അപ്പോൾ അപ്പാ പറഞ്ഞു, മഹാരാജ് യഥാർത്ഥമായും അയാളെ വിളിക്കുകയായിരുന്നു എന്ന്. അത്ത രത്തിൽ അപ്പാ ഉറപ്പിച്ച് പറഞ്ഞപ്പോൾ നാനാ മഹാരാജിന്റെ ദർശനത്തിനായി എത്തുകയും, പെട്ടെന്നുതന്നെ മഹാരാജിൽ വിശ്വാസമുണ്ടാകുകയും ചെയ്തു. പിന്നീട് അയാൾ പതിവായി എത്തുകയും മഹാരാജിന്റെ അറിവിന്റെ അമൃത് നുക രാനുള്ള അവസരം കിട്ടുകയും ചെയ്തു. മഹാരാജും അയാളും മണിക്കൂറുകളോളം ഒരുമിച്ച് കഴിഞ്ഞിരുന്നു. "സദ്സംഗം[20], നമസ്കാരം, ഗുരുവിനോട് അന്വേഷിക്കു ന്നത്, അദ്ദേഹത്തെ സേവിക്കുന്നത് എന്നിവയാണ് ജ്ഞാനം എന്നറിയുക. അപ്പോൾ സദ്-വസ്തുവിനെക്കുറിച്ച് യഥാർത്ഥ ജ്ഞാനം സിദ്ധിച്ച ആ ജ്ഞാനികൾ നിനക്ക് ജ്ഞാനോപദേശം നൽകും." ഭഗവദ്ഗീതയിലെ ഈ ഉദ്ധരണിയ്ക്ക് അനുസൃതമാ യി, നാനാസാഹേബ് നമസ്കാരം, അന്വേഷണം, സേവനം എന്നിവ ചെയ്യുകയും

മഹാരാജ് അവന് ഉപദേശങ്ങൾ നൽകുകയും ചെയ്തു. ഒരു അവസരത്തിൽ ഈ ശ്ലോകത്തിന്റെ മുഴുവൻ അർത്ഥത്തെക്കുറിച്ചും ഒരു മണിക്കൂർ കൂടുതൽ നേരം മഹാരാജ് സംസാരിക്കുകയുണ്ടായി. ഈ പ്രഭാഷണത്തിൽ നിന്നും, മഹാരാജിന് സംസ്കൃതത്തിൽ പരിപൂർണ്ണ ജ്ഞാനം ഉണ്ടെന്ന് നാനാസാഹേബിന് മനസ്സിലായി. നാനാസാഹേബ് തന്റെ കഴിവിന് അനുസരിച്ച് തീർത്തും മഹാരാജിനെ സേവിച്ചു. രണ്ട് പ്രത്യേക കാര്യങ്ങൾ മൂലം അയാളെ ഭക്തർ എന്നും ഓർമ്മിക്കും. പഴയ മസ്ജിദ് ഇടിച്ച് വലുതാക്കി നവീകരിച്ചതാണ് ഒന്ന്. നാനാസാഹേബിന് വ്യക്തിപരമായി മേൽനോട്ടം നടത്താൻ കഴിയാത്തതിനാൽ അയാളുടെ അഭ്യർത്ഥന പ്രകാരം നാനാസാഹേബ് നിമോൺകാർ അവിടെ താമസിക്കുകയും, ഈ ജോലിയുടെ മേൽനോട്ടം നടത്തുകയും, വളരെ നല്ല രീതിയിൽ അത് പൂർത്തിയാക്കുകയും ചെയ്തു. മസ്ജിദ് പണിയാനുള്ള അനുവാദം, മാലസപതിയിലൂടെ തേടുകയും, മഹാരാജ് അതിന് സമ്മതിക്കുകയും ചെയ്തു. എങ്കിൽ പോലും, പണി നടന്നു കൊണ്ടിരിക്കവേ, മഹാരാജ് ഇടയ്ക്കിടയ്ക്ക് അവ നശിപ്പിക്കുകയും, ഭാരമുള്ള വലിയ കല്ലുകളും തൂണുകളും ദൂരേയ്ക്ക് വലിച്ചെറിയുകയും ചെയ്തിരുന്നു. പിന്നീട് ആ ജോലി വീണ്ടും ചെയ്യേണ്ടിവരുമായിരുന്നു. മഹാരാജിന്റെ പ്രവൃത്തികൾ വിചിത്രമായി മറ്റുള്ളവർക്ക് തോന്നുമായിരുന്നെങ്കിലും ആന്തരികാർത്ഥം അറിയാമായിരുന്നവർ മഹാരാജിന്റെ പ്രവൃത്തികളിൽ അദ്ഭുതപ്പെടുമായിരുന്നില്ല. ഒടുവിൽ മസ്ജിദിന്റെ പണി പൂർത്തിയായി, അന്നേ ദിവസം നിമഗാവണിലേയ്ക്ക് പോയിരുന്ന മഹാരാജിനെ ആഘോഷത്തോടെ ഘോഷയാത്രയായി പുതിയ മസ്ജിദിലേയ്ക്ക് എത്തിച്ചു. ഖോണ്ഡാജി, ഗാബാജി, തുകാറാം എന്നീ മൂന്നു സുതറ (ആശാരി) സഹോദരന്മാർ മസ്ജിദിന്റെ പണിയിൽ വളരെ സഹായിച്ചിരുന്നു. മഹാരാജിന്റെ സമാധിവരെയും മസ്ജിദ് തൂത്തുവാരുന്നതും, പാത്രങ്ങൾ വൃത്തിയാക്കുന്നതും, മഹാരാജിന്റെ മുഖവും കാലുകളും കഴുകുന്നതിന് വെള്ളം ചൂടാക്കുന്നതും, ആ സ്ഥലം പിന്നീട് ഉണക്കി വൃത്തിയാക്കുന്നതുമൊക്കെ തുകാറാം തന്നെയായിരുന്നു. പൊതുവേ മറ്റാരെയും ആ ജോലി ചെയ്യാൻ മഹാരാജ് അനുവദിച്ചിരുന്നില്ല. ഇന്നുവരെയും രാമനവമി ഉത്സവത്തിന്റെ പതാകകൾ ഈ ആശാരിയുടെ ഗൃഹത്തിലാണ് തയ്യാറാക്കപ്പെടുന്നത്, ഘോഷയാത്ര ആരംഭിക്കുന്നതും അവിടെ നിന്നാണ്.

നാനാസാഹേബിന്റെ രണ്ടാമത്തെ പ്രധാന സേവനം മഹാരാജിന്റെ പ്രശസ്തി പ്രചരിപ്പിച്ചതും അതിലൂടെ മറ്റ് ജനങ്ങൾക്ക് മഹാരാജിന്റെ അനുഗ്രഹങ്ങൾ ലഭിക്കാൻ ഇടയാക്കുകയും ചെയ്തു എന്നതുമാണ്. ആദ്യം ഒരു മംലത്ത്ദാറായും പിന്നീട് ഒരു ഉപജില്ലാധികാരിയായും ജോലി ചെയ്യേണ്ടി വന്നതിനാൽ അയാൾക്ക് ധാരാളം യാത്രകൾ നടത്തേണ്ടിയിരുന്നു. ഈ ലേഖകന് മഹാരാജിന്റെ ദർശനം ലഭിക്കാനുള്ള ഹേതുഭൂതനും നാനാസാഹേബ് ആയിരുന്നു. ബോംബെ, താനെ ജില്ലകളിൽ നിന്ന് ആയിരക്കണക്കിന് ജനങ്ങൾ മഹാരാജിന്റെ ദർശനഭാഗ്യം അനുഭവിച്ച് സന്തുഷ്ടരായി. നാനാസാഹേബ് അതിനും മൂലകാരണമായി വർത്തിച്ചു. നാനാസാഹേബ് കൂടാതെ, മറ്റ് രണ്ട് വ്യക്തികൾ കൂടി ബോംബെയിൽ നിന്നും ജനങ്ങളെ ആകർഷിക്കാൻ ഹേതുക്കളായി. അവരിൽ ഒരാൾ ദാസ്ഗനു എന്നറിയപ്പെടുന്ന ഗണേഷ് ദത്താത്രേയ സഹസ്രബുദ്ധി ആയിരുന്നു. അയാൾ മുമ്പ് പോലീസ് വിഭാഗത്തിലാണ് ജോലി ചെയ്തിരുന്നത്. അയാൾ തമാശ[21] നൃത്ത്യങ്ങളിൽ വളരെ

ഉൾപ്പെട്ടിരുന്നു. നാനാസാഹേബിന്റെ പരിചയത്തിലൂടെ അയാൾ മഹാരാജിന്റെ ദർശനത്തിനെത്തുകയും, പതിയെപ്പതിയെ മഹാരാജിന് അയാളുടെ മനസ്സിൽ സ്വാധീനമുണ്ടാകുകയും, അയാൾ തന്റെ ജോലി ഉപേക്ഷിച്ച് ദിവ്യന്റെ കഥകൾ കീർത്തന[22]ങ്ങളിലും ഗ്രന്ഥങ്ങളിലും കൂടി പ്രചരിപ്പിക്കാനും തുടങ്ങി.

ഇപ്പോഴും അയാൾ ആ കൃത്യം തുടരുന്നു. 'ഭക്തലീലാമൃതം', 'സന്ത്കഥാമൃതം', 'ഭക്തിസാരാമൃതം' എന്നിങ്ങനെ ദിവ്യന്മാരുടെ ജീവിതകഥ വിവരിക്കുന്ന ഗ്രന്ഥങ്ങൾ അയാൾ രചിച്ചു. കൂടാതെ ഈശാവസ്യോപനിഷത്ത്, ശ്രീധ്യാനേശ്വർ മഹാരാജിന്റെ 'അമൃതാനുഭവം' എന്നിവയ്ക്ക് അയാൾ മറാത്തി ഭാഷയിൽ ലളിതവും മനോഹരവുമായ വ്യാഖ്യാനങ്ങൾ എഴുതുകയുണ്ടായി. ഇവ കൂടാതെ മറ്റനേകം ഗ്രന്ഥങ്ങളും അയാൾ രചിക്കുകയുണ്ടായി. അയാളെ ബോംബെയിൽ നിന്നും കൊണ്ടുവന്നതിലൂടെ നാനാസാഹേബ്, ബോംബെ നിവാസികൾക്ക് ഭക്തിപൂർണ്ണമായ കീർത്തനങ്ങളുടെ അമൃതും, അതിലൂടെ മഹാരാജിന്റെ ഗുണങ്ങളും പ്രകൃതവും കേൾക്കാനുള്ള സന്തോഷവും പ്രദാനം ചെയ്യുകയാണ് ഉണ്ടായത്. ആ കീർത്തനങ്ങൾ കാരണം, ബോംബെയിലും പരിസരപ്രദേശങ്ങളിൽ നിന്നും അനേകം ജനങ്ങൾ മഹാരാജിന്റെ ദർശനത്തിന് ഉത്സുകരാകുകയും, ദർശനത്തിന് എത്തുകയും ചെയ്തു. മുമ്പ് പരാമർശിച്ചവരിൽ രണ്ടാമത്തെ വ്യക്തി ഈ ലേഖകൻ തന്നെയാണ്. ഈ സമയത്ത് അനേകം നാളുകൾ ദീർഘമായി സാമൂഹികമായ പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞ് മാറിക്കൊണ്ട് മഹാരാജിന്റെ പാദങ്ങളിൽ കഴിഞ്ഞിരുന്നതിനാൽ പാർസി, മറ്റ് ദിനപത്രങ്ങൾ എന്നിവയിൽ ഇയാൾ ഒരു 'ബാബ' (അതായത് വൈരാഗി അഥവാ സന്ന്യാസി) ആയി മാറി എന്ന് അറിയപ്പെടുകയും, ഈ മാറ്റത്തിന് കാരണമായ അദ്ദേഹത്തെ കാണാനായി അനേകം ജനങ്ങൾ എത്തുകയും ചെയ്തു. ഏകദേശം 1910 മുതൽ മഹാരാജിന്റെ ദർശനത്തിനായി എത്തുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു.

നാനാസാഹേബ് ഇവിടെ എത്തുമ്പോൾ ദർശനത്തിന് എത്തുന്ന ആളുകൾക്ക് താമസിക്കാനായി ഒരു വാഡ[23] പോലും ഉണ്ടായിരുന്നില്ല. പക്ഷേ ഈ കുറവ് മഹാരാജ് വളരെ പെട്ടെന്നുതന്നെ നികത്തി. റാവു ബഹാദൂർ ഹരിവിനായകസാഥേ ജില്ലയിലെ ഉപജില്ലാധികാരിയായിരുന്നു. അയാളുടെ ഭാര്യ മരിച്ച് അനേകം വർഷങ്ങൾ കടന്നുപോയിരുന്നു. പുനർവിവാഹം ചെയ്യാൻ അയാൾക്ക് തീരെ ആഗ്രഹമുണ്ടായിരുന്നില്ല. അയാൾക്ക് പുത്രന്മാരില്ലാത്തതിനാൽ, പുനർവിവാഹം കഴിക്കാനായി, അയാളുടെ സുഹൃത്തുക്കൾ അയാളെ നിർബന്ധിച്ചു. പിന്നീട് അയാൾ മഹാരാജിന്റെ ദർശനം നടത്തുമെന്നും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് പെരുമാറുമെന്നും തീരുമാനിക്കപ്പെട്ടു. അതനുസരിച്ച് അയാൾ മഹാരാജിന്റെ ദർശനത്തിനെത്തി. മഹാരാജ് അയാളോട് വിവാഹം കഴിക്കാൻ പറയുകയും പുത്രഭാഗ്യം ലഭിക്കുമെന്ന് അനുഗ്രഹം നൽകുകയും ചെയ്തു. റാവു ബഹാദൂർ ഒരു പെൺകുട്ടിയെ തെരഞ്ഞെടുക്കുകയും, അവളുടെ പിതാവായ ഗണേഷ് ദാമോദർ കേൽക്കാറോട് അവളെ മഹാരാജിന്റെ മുമ്പിലെത്തിക്കാൻ പറയുകയും ചെയ്തു. അപ്രകാരം ആ പെൺകുട്ടി എത്തിയപ്പോൾ മഹാരാജ് അവളുടെ സാരിപ്പല്ലു[24]വിൽ ഒരു തണ്ണിമത്തങ്ങ വയ്ക്കുകയും അവളുടെ നെറ്റിത്തടത്തിൽ കുങ്കുമം ചാർത്തുകയും ചെയ്തു. പിന്നീട് ഉചിതമായ സമയത്ത് വിവാഹം നടക്കുകയും, അതിനുശേഷം

താമസിയാതെ, മഹാരാജ് നിർദ്ദേശിച്ച പ്രകാരം അയാൾ മാർഗോസാ വൃക്ഷത്തിന് ചുറ്റുമുള്ള സ്ഥലം വാങ്ങുകയും (മുമ്പ് പരാമർശിച്ചിട്ടുണ്ട്) അവിടെ ഒരു വാഡ പണികഴിപ്പിക്കുകയും ചെയ്തു. അതിനാൽ ദർശനത്തിന് എത്തുന്നവർക്ക് താമസസൗകര്യം ലഭിച്ചു. മൂന്ന് വർഷങ്ങൾക്കുശേഷം മഹാരാജ് ഈ ലേഖകനെക്കൊണ്ട് ഒരു വാഡ പണികഴിപ്പിക്കുകയും, അതിനുശേഷം ഗോപാൽറാവു അഥവാ ബാപു സാഹേബ് ബൂട്ടി എന്ന നാഗ്പൂർ കോടീശ്വരനെക്കൊണ്ട് മറ്റൊരു വാഡ പണികഴിപ്പിക്കുകയുമുണ്ടായി. ഈ വാഡ വളരെ വലുതും, കല്ല് കൊണ്ട് നിർമ്മിച്ചതിനാൽ വളരെ ഉറപ്പുള്ളതും, ധാരാളം പണം ചെലവഴിക്കപ്പെട്ടതുമാണ്. ഇതിന് സമമായ മറ്റൊരു കെട്ടിടം ഷിർദിയിലോ അതിന് സമീപപ്രദേശങ്ങളിലോ ആ താലൂക്കിലോ കാണാൻ കഴിയില്ല. മഹാരാജിന്റെ സമാധി ആ വാഡയിലാണ്.

താമസിയാതെ ഷിർദി ഒരു സംസ്ഥാൻ[25] ആയി മാറി. മഹാരാജിന് ആരതികൾ[26] നടത്തപ്പെടുകയും, ആരതി സമയത്ത് വെഞ്ചാമരം, അലങ്കാരക്കുടകൾ തുടങ്ങിയ രാജകീയ ചിഹ്നങ്ങൾ ഉപയോഗിക്കുകയും ചെയ്തു. മഹാരാജ് ചാവടിയിലേയ്ക്ക് പോകുമ്പോൾ വാദ്യോപകരണങ്ങൾ, കുതിര, പാൽക്കി[27], ചോപ്ദാർ[28], ഭജനങ്ങൾ[29] ആലപിക്കുന്നവർ, കൊടികൾ, ഉദ്ഘോഷണങ്ങൾ എഴുതപ്പെട്ട തുണിക്കഷണങ്ങൾ എന്നിവയൊക്കെ ഉണ്ടായിരുന്നു. കണ്ണാടികൾ, ദീപങ്ങൾ, ശരറാന്തലുകൾ, ഛായാചിത്രങ്ങൾ എന്നിവ കൊണ്ട് ചാവടി അലങ്കരിക്കപ്പെട്ടിരുന്നു. ചാവടിയുടെയും മസ്ജിദിന്റെയും നിലത്ത് ടൈലുകൾ പാകിയിരുന്നു. രാധാകൃഷ്ണആയി എന്നറിയപ്പെട്ടിരുന്ന സുന്ദരബായി ക്ഷീരസാഗർ എന്ന വനിതയായിരുന്നു ഇതൊക്കെ ചെയ്തിരുന്നത്. സ്നേഹഭക്തിയുടെ ഗുരുവായിരുന്നു അവൾ എന്ന് പറയുന്നത് അതിശയോക്തി ആകില്ല. അവൾ സമ്പന്നയായിരുന്നില്ല, പക്ഷേ തന്റെ ശരീരം, മനസ്സ് എന്നിവ മഹാരാജിന് സമർപ്പിച്ചുകൊണ്ട് ബാബയുടെ വിവിധ ഭക്തന്മാരിൽ നിന്നും വിവിധ വസ്തുക്കൾ അവൾ വാങ്ങുകയും ഷിർദി സംസ്ഥാനം നല്ല രീതിയിൽ സ്ഥാപിക്കുകയും ചെയ്തു. ദൗർഭാഗ്യത്താൽ അവളുടെ ജീവിതം ചെറുപ്പത്തിലേ അവസാനിച്ചു, അവൾക്ക് 35 വയസ്സ് പ്രായമുള്ളപ്പോൾ. അവൾ ഇവിടെ വെറും എട്ടോ ഒമ്പതോ വർഷങ്ങൾ മാത്രമേ താമസിച്ചിരുന്നുള്ളൂ. പക്ഷേ ആ ചുരുങ്ങിയ സമയത്തിനുള്ളിൽ ഏകദേശം 25 വർഷങ്ങൾക്ക് ശേഷം കൈവരിക്കാൻ സാധ്യതയുള്ള നേട്ടങ്ങളാണ് അവൾ നേടിയത്. ഈ വനിത കാരണമാണ് ചാവടിയിൽ മഹാരാജിന്റെ രാത്രിആരതിയും പ്രഭാതആരതിയും ആരംഭിക്കപ്പെട്ടത്. മുൻകാലങ്ങളിൽ മഹാരാജ് തന്റെ പൂജകൾ[30] അനുവദിച്ചിരുന്നില്ല. ആദ്യത്തെ പൂജ ചെയ്യാൻ അനുവദിച്ചത് മാലസപതിയെ ആയിരുന്നു. പിന്നീട് നിമഗാവണിലെ സീതാറാം ഡെംഗ്ലേ പൂജ ചെയ്യാനെത്തി. പക്ഷേ മഹാരാജ് അയാളോട് കോപിക്കുകയും ഒടുവിൽ അയാളെ അതിന് അനുവദിക്കുകയും ചെയ്തു. കുറച്ച് നാളുകൾക്ക് ശേഷം നാനാസാഹേബ് ചന്ദോർക്കറുടെ ഇളയമകൻ മഹാദേവ് അഥവാ ബാപുവിനെ പൂജ ചെയ്യാൻ സംതൃപ്തിയോടെ അനുവദിക്കുകയും അതിനുശേഷം എല്ലാവർക്കും പൊതുവായ പൂജകൾ ചെയ്യാൻ അനുവാദം ലഭിക്കുകയും ചെയ്തു. പക്ഷേ അക്കാലത്ത് ആരതികൾ ചെയ്യാൻ ബാബ അനുവദിച്ചിരുന്നില്ല. പിന്നീട് ആദ്യ ആരതി നടത്താനുള്ള അനുവാദം താത്ത്യാസാഹേബ് നൂൽക്കാർക്ക് ലഭിച്ചു. പന്ധർപൂർ സിവിൽ കോടതിയിലെ ജഡ്ജിയായിരുന്ന അയാൾ ശാരീരികരോഗം കാരണം

അവധി എടുത്ത് ഇവിടെ എത്തി. തന്റെ ജോലി ഉപേക്ഷിച്ച് ശിഷ്ടകാലം മഹാരാജിന്റെ പാദങ്ങളിൽ കഴിയണമെന്നും അയാൾ ചിന്തിച്ചിരുന്നു. ഒടുവിൽ സംഭവിച്ചതും അതുതന്നെയായിരുന്നു.

രാധാകൃഷ്ണആയി തനിക്ക് കഴിയുന്ന തരത്തിലൊക്കെ സേവനങ്ങൾ നൽകിയിരുന്നു. ദിനവും രണ്ടുനേരവും, മഹാരാജ് നടന്നുപോകുന്ന വഴികൾ അവൾ വൃത്തിയാക്കുമായിരുന്നു. അവൾ സ്വയം അവിടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്തിരുന്നു. അവൾക്ക് മുമ്പ് ഈ ജോലി ആരംഭിച്ചത് ബാലാജി പാട്ടീൽ നേവാസ്കറായിരുന്നു. ഈ ഭക്തൻ സകല ലൗകിക മമതകളിൽ നിന്നും മുക്തനായി, ലൗകികബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് ഇവിടെ വന്നു താമസിക്കുകയായിരുന്നു. അയാളെ നിരുത്സാഹപ്പെടുത്താനും തിരികെ കൊണ്ടുപോകാനുമായി പലരും എത്തിയെങ്കിലും അയാൾ തിരികെ പോയില്ല. അയാൾ വഴികൾ വൃത്തിയാക്കി ചാണകം മെഴുകി ദൂരെ നിന്നുകൊണ്ട് മഹാരാജിന്റെ ദർശനം നടത്തി. അയാൾ അദ്ദേഹത്തിന്റെ വളരെ അടുത്ത് പോകുമായിരുന്നില്ല. മഹാരാജിന്റെ പാദതീർത്ഥമോ, അദ്ദേഹം കുളിക്കാനായി ഉപയോഗിച്ച വെള്ളമോ (അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും ഒഴുകുന്നത്), അദ്ദേഹം പകുതി കുടിച്ച വെള്ളമോ മാത്രമേ അയാൾ കുടിക്കാനായി ഉപയോഗിച്ചിരുന്നുള്ളു. അതേപോലെ തന്റെ വയലിലെ വിളവുകൾ അയാൾ മഹാരാജിന്റെ മുൻപിൽ എത്തിക്കുകയും അതിൽ നിന്ന് അദ്ദേഹം നൽകുന്നത് മാത്രം സ്വീകരിച്ച് തിരികെ കൊണ്ടുപോകുകയും ചെയ്തിരുന്നു. സാധാരണയായി മഹാരാജ് എല്ലാം തിരികെ നൽകുമായിരുന്നു. രണ്ട് വർഷങ്ങൾ അവിടെ താമസിച്ചശേഷം ബാലാജി പാട്ടീലിന് അയാളുടെ ഗൃഹത്തിലേയ്ക്ക് പോകാൻ മഹാരാജിന്റെ അനുമതി ലഭിക്കുകയും, അതനുസരിച്ച് അയാൾ പോകുകയും ചെയ്തു. എങ്കിൽ പോലും അയാൾ കൂടെക്കൂടെ ദർശനത്തിന് എത്തുകയും തന്റെ വിളവ് മഹാരാജിന് സമർപ്പിക്കുകയും ചെയ്തിരുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം അയാൾ മരണമടഞ്ഞു.

രാധാകൃഷ്ണആയി എല്ലാ വിധത്തിലുമുള്ള സേവനങ്ങൾ മഹാരാജിന് ചെയ്യുക മാത്രമല്ല മഹാരാജിന്റെ അനേകം ഭക്തൻമാരെക്കൊണ്ട് പലതരത്തിലുള്ള സേവനങ്ങൾ ചെയ്യിക്കുകയും ചെയ്തിരുന്നു. അവൾ വിവിധ തരത്തിലുള്ള പണികൾ ചെയ്തിരുന്നു. ഒപ്പം മറ്റുള്ളവരെയെല്ലാം അതിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഭക്തന്മാരാകട്ടെ സ്നേഹത്തോടും ഉത്സാഹത്തോടും കൂടി ആ കൃത്യങ്ങൾ ചെയ്തിരുന്നു. എല്ലാ നിലകളിലുമുള്ള പുരുഷന്മാരും സ്ത്രീകളും അതിൽ ഉൾപ്പെട്ടിരുന്നു. മണ്ണും കല്ലും ചുമന്ന് മാറ്റുക, വിറക് കീറുക, വിളക്കുകളും ശരറാന്തലുകളും വൃത്തിയാക്കുക, ചെളി ഉണ്ടാക്കി ചുമന്ന് കൊണ്ടുവരിക, കിടങ്ങുകൾ ഉണ്ടാക്കി അവ നിറയ്ക്കുക, മസ്ജിദ് കഴുകി ചായം പൂശുക, കടലാസ് ഉപയോഗിച്ച് പുഷ്പങ്ങൾ ഉണ്ടാക്കുക, വെഞ്ചാമരം, മയിൽപ്പീലി വിശറികൾ, അലങ്കാരക്കുടകൾ, കൊടികൾ എന്നിവ വഹിക്കുക, കൊടികൾ തുന്നുക – എന്നിങ്ങനെയുള്ള ജോലികളൊക്കെ ഉയർന്ന നിലയിലുള്ള ആളുകളാണ് ചെയ്തിരുന്നത്. ശ്രേഷ്ഠ കുടുംബങ്ങളിൽ നിന്നുമെത്തിയ സ്ത്രീകൾ പോലും ഈ സേവനങ്ങൾ ചെയ്യുന്നതിൽ സന്തുഷ്ടരായിരുന്നു.

മഹാരാജിന്റെ ദിനചര്യകൾ വളരെ കൃത്യതയോടെയാണ് നിർവ്വഹിക്കപ്പെട്ടിരുന്നത്. അദ്ദേഹം പ്രഭാതത്തിൽ വളരെ നേരത്തെ എഴുന്നേറ്റ് ധുനിയുടെ സമീപത്ത് ഇരിക്കുമായിരുന്നു. കുറച്ച് സമയത്തിനുശേഷം അദ്ദേഹം തന്റെ ശുദ്ധികർമ്മങ്ങളും

വിസർജ്ജനവും നടത്തിയിരുന്നു. അതൊക്കെ അദ്ദേഹം തന്റെ സ്വന്തം കൈകൾ കൊണ്ട് വൃത്തിയാക്കുമായിരുന്നു. പിന്നീട് അദ്ദേഹം കുറച്ച് നേരം സ്വസ്ഥമായി ഇരിക്കും. ആ സമയത്ത് ഭാഗോജി ഷിൻഡേ എന്ന വ്യക്തി മഹാരാജിന്റെ വലതു കരത്തിലെ മുറിവിന്റെ തുണിക്കെട്ട് മാറ്റുകയും ശരീരം മുഴുവൻ ഉഴിയുകയും ചെയ്യും. പിന്നീട് അയാൾ ചില്ലം നിറച്ച് കത്തിച്ച്, അത് അദ്ദേഹത്തിന് പുക വലിക്കാനായി നൽകും. മഹാരാജ് പുക വലിച്ചതിനുശേഷം അദ്ദേഹം അത് ഭാഗോജിയ്ക്ക് പുകവലിക്കാനായി നൽകിയിരുന്നു. ഇത് ഏകദേശം അഞ്ചോ ആറോ പ്രാവശ്യം തുടരും, പിന്നീട് ഭാഗോജി തിരികെപ്പോകും. ഈ ഭാഗോജിയ്ക്ക് കുഷ്ഠരോഗം ബാധിച്ചിരുന്നു. പക്ഷേ തനിയ്ക്ക് സേവനം നൽകുന്നതിൽ നിന്ന് മഹാരാജ് ഒരിക്കലും അയാളെ വിലക്കിയിരുന്നില്ല. മാത്രമല്ല അദ്ദേഹം തന്റെ ദിനചര്യ ഒരിക്കലും മാറ്റിയതുമില്ല. ഭാഗോജി തിരികെ പോയതിനുശേഷം മഹാരാജ് കുറച്ചുനേരം ഇരിക്കുകയും ആ സമയത്ത് ചില പതിവ് ഭക്തന്മാർ എത്തി സേവനങ്ങൾ നൽകുകയും ചെയ്തിരുന്നു. അതിനുശേഷം മഹാരാജ് എഴുന്നേറ്റ് തന്റെ മുഖം കഴുകിയിരുന്നു. മഹാരാജ് തന്റെ മുഖം കഴുകുന്നത് നോക്കിനിൽക്കേണ്ടതാണ്. അദ്ദേഹം ധാരാളം വെള്ളം, തന്റെ ഇഷ്ടം പോലെ, തന്റെ കരങ്ങൾ, പാദങ്ങൾ, മുഖം, കർണ്ണങ്ങൾ എന്നീ ഭാഗങ്ങളിൽ ഒഴിച്ച് വളരെ മൃദുവായി[31] ഈ ഭാഗങ്ങൾ വൃത്തിയാക്കുമായിരുന്നു.

ശ്രീ ഏകനാഥ് മഹാരാജ് വിശദീകരിച്ചത് പോലെ: “ശരീരത്തിലെ എല്ലാ രോമങ്ങളും കഴുകി വൃത്തിയാക്കി. പക്ഷേ അതിനുവേണ്ടി ശരീരം തിരുമ്മിയില്ല. അത്തരത്തിൽ തനിക്കും മറ്റ് ജീവികൾക്കും തമ്മിൽ യാതൊരു ഭേദചിന്തയും പുലർത്തിയില്ല, അങ്ങനെയല്ലെങ്കിൽ അവയ്ക്ക് ഹാനി വരുമായിരുന്നു.”

ഇത്തരത്തിലായിരുന്നു സ്നാനവും നടത്തപ്പെട്ടിരുന്നത്. മുഖം കഴുകിയതിനുശേഷം അദ്ദേഹം ഗ്രാമത്തിലേയ്ക്ക് ഭിക്ഷയ്ക്കായി പോകുമായിരുന്നു. അദ്ദേഹം അഞ്ച് നിശ്ചിത ഗൃഹങ്ങളിലെത്തുകയും, ഒരു നിശ്ചിത സ്ഥാനത്ത് നിൽക്കുകയും ചെയ്തിരുന്നു. ഭക്രി[32] തുടങ്ങിയ ഉണക്ക വിഭവങ്ങൾ സ്വീകരിക്കുകയും മസ്ജിദിൽ മടങ്ങിയെത്തുമ്പോൾ അതിൽ കുറച്ച് ഭക്ഷിക്കുകയും ചെയ്തിരുന്നു. ആഹാരം കഴിച്ചതിനുശേഷം അദ്ദേഹം കുറച്ചുനേരം ഒരു സ്ഥലത്ത് വിശ്രമിച്ചിരുന്നു. ആ സമയത്ത് ഒരു കൂട്ടം ഭക്തജനങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടുകയും, അദ്ദേഹം അവർക്ക് കഥകളിലൂടെ (നീതികഥകൾ) അറിവ് പകർന്ന് നൽകുകയും ചെയ്തിരുന്നു. അത്തരം സഭാവേളകളിൽ മഹാരാജ് വാഴപ്പഴങ്ങൾ, പേരയ്ക്കകൾ, മാങ്ങകൾ എന്നിവ വാങ്ങി ഭക്തജനങ്ങൾക്ക് വിതരണം ചെയ്യുകയും തന്റെ സ്വന്തം കൈകൾ കൊണ്ട് അവരെ ഊട്ടുകയും ചെയ്തിരുന്നു. ‘സ്വന്തം കൈകൾ കൊണ്ട് ഊട്ടുകയും ചെയ്തിരുന്നു’ എന്നതിലൂടെ ഞാൻ അർത്ഥമാക്കിയത് എന്തെന്നാൽ മഹാരാജ് വാഴപ്പഴങ്ങൾ തൊലിയുരിച്ച് നൽകുകയും, പേരയ്ക്കകൾ മുറിച്ച് കഷണങ്ങളാക്കിയും മാങ്ങ നന്നായി തിരുമ്മി പതം വരുത്തി ഊറാനായി നൽകുകയും ചെയ്തിരുന്നു എന്നതാണ്. ഈ യോഗത്തിനുശേഷം മഹാരാജ് ലെൻഡിയിലേയ്ക്ക് പോകുകയും ഏകദേശം ഒരു മണിക്കൂർ അവിടെ ചെലവഴിക്കുകയും ചെയ്തിരുന്നു. ലെൻഡിയിൽ നിന്ന് മടങ്ങിവന്ന ശേഷം ഉച്ചയ്ക്ക് രണ്ടുമണിവരെ അദ്ദേഹം മസ്ജിദിൽ ഇരിക്കും. ആ സമയത്ത് ഭക്തർ മഹാരാജിന്റെ പൂജ, ആരാധന, ആര

തികൾ എന്നിവ ചെയ്തിരുന്നു. പിന്നീട് മഹാരാജിന്റെ ഉച്ചയൂണിന്ശേഷം അദ്ദേഹം വീണ്ടും ലെൻഡിയിലേയ്ക്ക് പോകും. ഏകദേശം മുക്കാൽ മണിക്കൂറിന് ശേഷം അദ്ദേഹം അവിടെ നിന്നും മടങ്ങിവരികയും വൈകുന്നേരം വരെ മസ്ജിദിൽ ഇരിക്കുകയും ചെയ്യും. വൈകുന്നേരം അദ്ദേഹം കുറച്ച് നേരം പുറത്തേയ്ക്ക് പോകുകയും, പെട്ടെന്ന് മടങ്ങിവന്ന് മസ്ജിദിൽ ഇരിക്കുകയും ചെയ്യുമായിരുന്നു. സാധാരണയായി ഒരു ദിവസം മൂന്ന് സഭകളുണ്ടാകും. ആദ്യമായി, രാവിലെ പ്രഭാതഭക്ഷണത്തിന് ശേഷം, രണ്ടാമത് ലെൻഡിയിൽ നിന്ന് മടങ്ങിയെത്തിയശേഷം, മൂന്നാമത് വൈകുന്നേരം അഞ്ച് മണിക്ക് എന്നിങ്ങനെയാണ്. ഈ മൂന്ന് യോഗങ്ങളിലും മഹാരാജ് കഥാരൂപേണ അറിവ് പകർന്ന് നൽകിയിരുന്നു. അവിടെ കൂടിയിരിക്കുന്ന വ്യത്യസ്ത ജനങ്ങളുടെ വ്യത്യസ്തമായ പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകാൻ മഹാരാജിന്റെ വാക്കുകൾക്ക് കഴിഞ്ഞിരുന്നു, അത്തരത്തിൽ അവരെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരവും നേടിയിരുന്നു. അഗാധമായ വേദാന്തതത്ത്വങ്ങളോ, ഉപനിഷത്തുകളെക്കുറിച്ചുള്ള പ്രഭാഷണമോ മഹാരാജ് നൽകിയിരുന്നില്ല. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പ്രധാനമായും സദ്പെരുമാറ്റങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. ശിഷ്യന്റെ മനസ്സിനെ ശുദ്ധമാക്കിയ ശേഷം അതിൽ അറിവിന്റെ വിത്തുകൾ വിതയ്ക്കുക എന്നതായിരുന്നു സദ്ഗുരുവിന്റെ നീതിശാസ്ത്രം. അത്തരത്തിൽ മഹാരാജ് പ്രവർത്തിച്ചു. അതിനാൽ സദാചാരത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ചുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉപദേശങ്ങൾ. പക്ഷേ തെളിച്ചുള്ള വചനോപദേശങ്ങൾക്ക് പകരം, ഒരുവന് മഹാരാജിൽ നിന്നും വിലമതിക്കാനാകാത്ത ജ്ഞാനോദാഹരണങ്ങളും അനുഭവങ്ങളുമാണ് ലഭിച്ചിരുന്നത്. അതിനാൽ പൂർണ്ണവിശ്വാസത്തോടെ മഹാരാജിന്റെ സമീപത്ത് എത്തിയ ഭക്തർക്ക് ഏറ്റവും ശ്രേഷ്ഠമായ ഗുണം ലഭിച്ചിരുന്നു.

മഹാരാജിനെ സമീപിച്ചിരുന്ന ഭക്തരിൽ ഭൂരിഭാഗം പേർക്കും ലൗകികമായ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളുമാണ് ഉണ്ടായിരുന്നത്. പക്ഷേ മഹാരാജ് അവരുടെ ആഗ്രഹങ്ങൾ സഫലമാക്കുകയും അവരറിയാതെ തന്നെ അവരുടെ ഏറ്റവും പരമമായ ലക്ഷ്യത്തിലേക്ക് അവരുടെ മനസ്സിനെ നയിക്കുകയും ചെയ്തു. ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടിയാണ് മഹാരാജ് അവതാരം[33] കൈക്കൊണ്ടത്. അതനുസരിച്ച് എല്ലാവരുടെയും ക്ഷേമം അദ്ദേഹം പരിപാലിക്കുകയും ചെയ്തു. അതിനെക്കുറിച്ച് അൽപം പോലും സന്ദേഹമില്ല. അദ്ദേഹത്തിന്റെ ലീലകളും ഗുണങ്ങളും ശരിയായ തരത്തിൽ വിവരിക്കാൻ കഴിയില്ല.

"ഈശ്വരന് അനന്തമായ ഗുണങ്ങളുണ്ട്. കുഞ്ഞുങ്ങളെപ്പോലെ പെരുമാറുന്നവനെ ഈശ്വരനുമായി താരതമ്യം ചെയ്യാം. ഭൂമിയിലെ മൺതരികളെ എണ്ണിത്തിട്ടപ്പെടുത്താൻ ഒരുവന് കഴിയാത്തത് പോലെ, ഒരുവൻ എത്രമാത്രം സമയം ചെലവഴിച്ചാലും അത്തരത്തിലുള്ള ഒരാളുടെ ശക്തികളെ മതിയായ തരത്തിൽ വർണ്ണിക്കാൻ കഴിയില്ല!"

എങ്കിൽ പോലും, മഹാരാജിന്റെ ലീലകൾ കഴിയുന്ന തരത്തിൽ ശേഖരിക്കാൻ കഴിഞ്ഞാൽ അത് എല്ലാവർക്കും ഗുണപ്രദമായിരിക്കും. ഞാൻ ഇത്തരത്തിൽ ഉറച്ച് വിശ്വസിക്കുന്നു. അത്തരത്തിലുള്ള ഒരു ശേഖരണം, എന്റെ ആരാധ്യസുഹൃത്ത് ഗോവിന്ദ് രഘുനാഥ് അഥവാ അന്നാ സാഹേബ് ദാബോൽക്കർ നിർവ്വഹിച്ചിരിക്കു

ന്നു. അതിന്റെ വലിയ ഒരു ഭാഗം അദ്ദേഹം ഒവി അളവിലാണ് ചെയ്തിരിക്കുന്നത്. ഒവി അളവിലുള്ള ഈ ഗ്രന്ഥം മഹാരാജ് ഭൗതിക ദേഹത്തിൽ വർത്തിക്കുമ്പോൾ തന്നെ, അദ്ദേഹത്തിന്റെ പ്രത്യേക അനുമതിയോടെ ആരംഭിക്കപ്പെട്ടതാണ്. ഇതു വരെയും മുപ്പത്തിഅഞ്ച് അധ്യായങ്ങൾ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു.

ഈ ഗ്രന്ഥം വളരെ സ്നേഹപൂർണ്ണവും ഹൃദയസ്പർശിയുമാണ്. മഹാരാജിന്റെ ഭക്തർക്കും മറ്റ് ശ്രോതാക്കൾക്കും അത് ഗുണപ്രദമായിരിക്കും എന്നതിൽ സംശയ മേതുമില്ല. ഇതിലെ ഒവികൾ ഏകനാഥ് മഹാരാജിന്റെ മാതൃകയിലാണ് രചിക്ക പ്പെട്ടിരിക്കുന്നത്. ഈ ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ ഒരുവൻ ഇടയ്ക്കിടയ്ക്ക് നാഥ്മഹാരാജിനെ ഓർക്കും. ചുരുക്കത്തിൽ ഈ ഗ്രന്ഥം ശ്രീ സായിനാഥ് മഹാരാ ജിന്റെ പ്രസാദ[34]ത്തിന്റെ ഫലമാണ്. ഓരോ ചുവടിലും അത് അനുഭവവേദ്യമാണ്.

അവസാനമായി മഹാരാജിനോടുള്ള ഒരു പ്രാർത്ഥനയോടെ ഞാൻ ഈ മുഖവുര അവസാനിപ്പിക്കുന്നു. "അദ്ദേഹത്തിന്റെ ഭക്തരും മറ്റ് ശ്രോതാക്കളും, ഈ ഗ്രന്ഥ ത്തിലൂടെ, ആനന്ദവും അറിവും നേടുകയും അവർക്ക് മഹാരാജിലുള്ള ഭക്തി വർദ്ധി ക്കുകയും ചെയ്യട്ടെ."

ബാബയുടെ ഒരു പൈതൽ
ഹരി സീതാറാം ദീക്ഷിത്

**കുറിപ്പുകൾ**

1. ഈ പ്രസ്താവനയിൽ നിന്നും ലേഖകൻ ഈ മുഖവുര ഏകദേശം 1908 വർഷത്തി ലാണ് എഴുതിയതെന്ന് തോന്നും. പക്ഷേ ഇത് ശരിയാകാൻ സാധ്യതയില്ല. കാരണം ദാബോൽക്കർ രേഖകൾ സൂക്ഷിക്കാൻ തുടങ്ങിയത് ഈ തീയതിക്ക് ശേഷമാണ്. ഈ മുഖവുരയുടെ തീയതി കുറിച്ചതിൽ ഏകദേശം ഇരുപത് വർഷങ്ങളുടെ വ്യത്യാസമു ണ്ട്.

1.എ. ഇപ്പോൾ ഷിർദി റഹട താലൂക്കിലാണ്.

2. പുകയിലയും കനലും ഇടുന്നതിനായുള്ള ഹുക്കയുടെ ഒരു ഭാഗം.
3. ശിവന്റെ മറ്റൊരു അവതാരം.
4. ജെജുറിയിലെ ദേവത. ഇതും ഖണ്ഡോബ ആകുന്നു.
5. പുരുഷന്മാർ ധരിക്കുന്ന, മുട്ടറ്റം എത്തുന്ന നീളമുള്ള കുപ്പായം.
6. പുരുഷന്മാർ അരയിൽ ധരിക്കുന്ന അടിവസ്ത്രം. ജനനേന്ദ്രിയത്തെ മറച്ചുകൊണ്ട് പുറ കിൽ ഉറപ്പിക്കുന്നു.
7. ഒരു രത്നക്കവർച്ചയുടെ അന്വേഷണവുമായി ബന്ധപ്പെട്ട്.
8. കാവി വസ്ത്രങ്ങൾ ധരിക്കുന്ന, സഞ്ചാരിയായ സന്ന്യാസി.
9. പൗർണ്ണമിക്കും പൂർണ്ണ അമാവസിക്കും ശേഷമുള്ള പതിനൊന്നാം ദിവസം.
10. ശരീരം, മനസ്സ്, ധനം എന്നിവയുടെ പൂർണ്ണമായ സമർപ്പണം എന്നാൽ അഹംബോധ ത്തിന്റെ സകല മമതകളും, ചിന്തകളും ഇല്ലാതാകുക എന്നതാണ് അർത്ഥം.
11. ബാബ കത്തിച്ചുവച്ച, ഇന്നും കത്തിക്കൊണ്ടിരിക്കുന്ന ദിവ്യമായ അഗ്നി.
12. ഗുരുവിനോ, ഒരു ദിവ്യനോ സമർപ്പിക്കപ്പെടുന്ന കാണിക്ക.
13. ഇപ്പോഴത്തെ ദ്വാരകാമായി.
14. ഗ്രാമീണർ ഒത്തുകൂടുന്നതും, കുൽക്കർണിയുടെ കാര്യാലയവുമായ സ്ഥലം.

15. ബാബയുടെ ധുനിയിലെ അദ്ഭുതകരമായതും, രോഗശമനശേഷിയുള്ളതുമായ ചാരം.
16. ദിവ്യദർശനം അഥവാ ഒരു ദിവ്യനുമായുള്ള കൂടിക്കാഴ്ച.
17. ഷിർദിക്ക് സമീപമുള്ള, മൂന്നോ അഞ്ചോ കിലോമീറ്ററുകൾ അകലത്തിൽ കൂടുതലില്ലാത്ത രണ്ട് സ്ഥലങ്ങൾ.
18. ഒരു ബഹുമാന്യ വ്യക്തിയുടെയോ, ഒരു ദിവ്യന്റെയോ, രാജാവിന്റെയോ, ഉയർന്ന പദവിയിലുള്ള ഒരുവന്റെയോ ഇരിപ്പിടം.
19. ഗ്രാമത്തിലെ വരവ് കണക്കുകൾ.
20. ഒരുവന്റെ ശരീരത്തിലെ എട്ടു ഭാഗങ്ങൾ നിലത്ത് സ്പർശിക്കത്തക്ക തരത്തിൽ ഒരു വടി പോലെ നിലത്ത് വീണ് വന്ദിക്കുന്നു. ഇത് പൂർണ്ണസമർപ്പണത്തെ സൂചിപ്പിക്കുന്നു.
21. കാമോദ്ദീപകമായ, അതിഭാവുകത്വം നിറഞ്ഞ നാടകങ്ങൾ.
22. സംഗീത, വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ നടത്തപ്പെടുന്ന ഭക്തിപ്രഭാഷണങ്ങൾ.
23. വലിയ മന്ദിരം.
24. അലങ്കാരതുന്നൽപണികൾ ഉള്ള, സാരിയുടെ തുമ്പ് ഭാഗം.
25. സ്ഥാപനം
26. വിളക്കുകൾ ഉഴിഞ്ഞ് പൂജകൾ ചെയ്യുന്നു.
27. പല്ലക്ക്
28. ദണ്ഡ്‌വാഹകർ
29. ഭക്തിഗാനങ്ങൾ
30. ആചാരപരമായ ആരാധനകൾ
31. നമസിന് മുൻപ് മുസ്ലീങ്ങൾ നടത്തുന്നതിന് തുല്യമായ ആചാരം.
32. ഗ്രാമീണർ ഉപയോഗിക്കുന്ന, പരന്ന് കട്ടിയുള്ള റൊട്ടി.
33. ഈശ്വരൻ ഭൂമിയിൽ ജന്മമെടുക്കുന്നത്.
34. ഗുരു അനുഗ്രഹിച്ച് നൽകുന്ന ആശീർവാദമോ മറ്റെന്തെങ്കിലുമോ.

1

# ഈശ്വരസ്തുതി

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഏതൊരു ഉദ്യമവും തുടങ്ങുന്നതിന് മുമ്പ് ജ്ഞാനികൾ കുലദേവതകളെ[1] സ്തുതിക്കുകയും, അത് തടസ്സങ്ങളില്ലാതെ പൂർത്തിയാക്കുന്നതിന് അവരുടെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.
2. അവർ ഈശ്വരസ്തുതി ചെയ്യുന്നത്, വിഘ്നങ്ങളെല്ലാം അകറ്റി ആഗ്രഹങ്ങൾ സഫലമാകുന്നതിന് വേണ്ടിയാണ്. ഞാൻ എല്ലാവരെയും വന്ദിക്കുന്നു.
3. ആദ്യമായി ഞാൻ വക്രതുണ്ഠ, ഹേരംബ, പതിനാല് വിജ്ഞാനശാഖകൾക്കും[2] അധിപനായ, മംഗളമൂർത്തിയായ, ഗജാനനനായ ഗണപതിയെ വന്ദിക്കുന്നു.
4. പതിനാല് ലോകങ്ങളും[3] അങ്ങയുടെ ഉദരത്തിൽ അടങ്ങിയിരിക്കുന്നു; അതിനാലാണ് അങ്ങ് ബൃഹദ്കായനായി അറിയപ്പെടുന്നത്; ഭക്തർക്ക് ഉണ്ടാകാവുന്ന ക്ലേശങ്ങൾ വെട്ടിമാറ്റുന്നതിന് വേണ്ടി അങ്ങ് കരത്തിൽ തിളക്കമാർന്ന മഴു ഏന്തിയിരിക്കുന്നു.
5. ഓ, ഗണനാഥാ, ഗജാനനാ, വിഘ്നനാശകാ, സങ്കടമോചനാ, എന്റെ സങ്കല്പം പൂർണ്ണമാക്കാൻ അനുഗ്രഹിക്കുക. ഞാൻ അങ്ങയുടെ മുമ്പിൽ സാഷ്ടാംഗം[4] നമിക്കുന്നു.
6. അങ്ങ് ഭക്തരുടെ സഹായി ആണ്. തടസ്സങ്ങൾ അങ്ങയുടെ കാൽച്ചുവടുകളിലേയ്ക്കെത്തി ഇല്ലാതാകുന്നു. അങ്ങ് ഭക്തരുടെ നേർക്ക് നോക്കിയാൽ അവരുടെ കുറവുകൾ ഇല്ലാതാകും.
7. അങ്ങ് ജീവിതസാഗരത്തിലെ നൗകയാണ്; അജ്ഞാനാന്ധകാരത്തിലെ വെളിച്ചമാണ്. ഐശ്വര്യത്തോടും പൂർണ്ണത[5]യോടും കൂടി സദാ ഉല്ലാസവാനായി എന്നെ കടാക്ഷിച്ചാലും.
8. വന്ദനം! വന്ദനം! മൂഷികവാഹനാ! വിഘ്നങ്ങളാകുന്ന കൊടുംവനത്തിന്റെ അന്തകൻ. ഐശ്വര്യസ്വരൂപിണിയായ ഗിരിജയുടെ[6] തനയൻ. പ്രഭോ, ഞാൻ അങ്ങയെ വന്ദിക്കുന്നു.
9. എന്റെ ഈ സംരംഭം പ്രതിബന്ധങ്ങളില്ലാതെ പൂർത്തിയാക്കാൻ കഴിയണം. അതിനാൽ, ഐശ്വര്യവും നന്മയും ലഭിക്കുന്നതിന് വേണ്ടി ആദരവോടെ ദേവതകളെ സ്തുതിക്കുക എന്ന സമ്പ്രദായം ഞാനും പിന്തുടരുന്നു.

10. സായി ഗജാനനനായ ഗണപതിയാണ്. സായി സ്വയം തന്റെ കൈയ്യിൽ മഴു[7] ഏന്തിയിരിക്കുന്നു. പ്രതിബന്ധങ്ങളെല്ലാം പൂർണ്ണമായും നശിപ്പിച്ചാലും. ഞാനിതാ എന്റെ ദിവ്യമായ ഉദ്യമം ആരംഭിക്കുന്നു.

11. ശ്രീ സായി സ്വയം ഫാലചന്ദ്രനാണ്; ഒറ്റക്കൊമ്പും വിശാലമായ കർണ്ണങ്ങളോടും കൂടിയ ഗജാനനനാണ്. ഭഗ്നദന്തനായ അദ്ദേഹം അജയ്യനാണ്, വിഘ്നങ്ങളാകുന്ന കാനനത്തിന്റെ സംഹാരകനാണ്.

12. ഓ, ദേവദേവാ, മഹാകായനായ ഗണപതി! നിനക്കും സായിക്കും തമ്മിൽ വ്യത്യാസമില്ല. ദയവായി നീ സംതൃപ്തനായി വാഴുന്ന ധാമത്തിലേയ്ക്ക് എന്നെയും കൊണ്ടുപോകൂ!

13. ഇപ്പോൾ ഞാൻ ബ്രഹ്മപുത്രിയായ, ബുദ്ധിയെ ഉത്തേജിപ്പിക്കുന്ന സരസ്വതിയെ വണങ്ങുന്നു. എന്റെ ധിഷണയെ നിന്റെ ഹംസമാക്കി[8], അതിനെ നിയന്ത്രിക്കുക.

14. അവളുടെ കരങ്ങളിൽ ബ്രഹ്മ[9]വീണയുണ്ട്. നെറ്റിത്തടത്തിൽ സിന്ദൂരതിലകമുണ്ട്. ശുഭ്രവസ്ത്രം ധരിച്ച അവളുടെ വാഹനം ഹംസമാണ്. എനിക്ക് നിന്റെ അനുഗ്രഹങ്ങൾ നൽകുക.

15. അവൾ ഭാഷണത്തിന്റെ അധിദേവതയും പ്രപഞ്ചമാതാവും ആണ്. അവളുടെ അനുഗ്രഹമില്ലാതെ ഏതൊരു സാഹിത്യരചനയും സാധ്യമല്ല; അവളുടെ ആശിസ്സുകളില്ലെങ്കിൽ ഈ ദിവ്യപാദങ്ങൾ രചിക്കാൻ എനിക്ക് കഴിയില്ല.

16. ഈ ലോകമാതാവാണ് വേദങ്ങളുടെ ഉറവിടം. അവൾ അറിവിന്റെ കാന്തിയും മനസ്സിന്റെ ഉത്കൃഷ്ടതയുമാണ്. സായിസമർത്ഥസച്ചരിതമാകുന്ന അമൃത് എന്നിലൂടെ എല്ലാ മനുഷ്യരും പാനം ചെയ്യട്ടെ.

17. സായി വാസ്തവത്തിൽ സരസ്വതീദേവിയാണ്, ഓംകാരം ഉതിർക്കുന്ന വീണ തന്റെ കൈകളിലേന്തി, ഭക്തരുടെ മോക്ഷപ്രാപ്തിക്കുവേണ്ടി, സ്വന്തം ജീവിതകഥ സ്വയം പാടുന്നു.

18. യഥാക്രമം സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾ നടത്തുന്ന ബ്രഹ്മ, വിഷ്ണു, മഹേശ്വരൻമാർക്ക് വന്ദനം. അവർ രജ, സത്വ, തമോഗുണ[10] സ്വരൂപികളാണ്.

19. ഓ, സായിനാഥ്, ജ്യോതിസ്വരൂപമേ, ഞങ്ങൾക്ക് അങ്ങ് ഗണേശനും സാവിത്രീപതിയും രമേശനും ഉമേശനും[11] ആകുന്നു.

20. അങ്ങ് ഞങ്ങളുടെ സദ്ഗുരു ആകുന്നു. ഞങ്ങളെ ജീവിതസാഗരം കടത്താനുള്ള നൗകയാണ് അങ്ങ്. ഭക്തരായ ഞങ്ങൾ അതിലെ യാത്രക്കാർ ആണ്. ഞങ്ങളെ മറുകരയിലെത്തിക്കൂ.

21. മുജ്ജൻമപുണ്യഫലങ്ങൾ കൊണ്ടല്ലാതെ, എങ്ങനെയാണ് ഞങ്ങൾക്ക് അങ്ങയുടെ കാലടികളിൽ ഇത്തരമൊരു സ്ഥാനം ലഭിച്ചത്?

22. എന്റെ കുലദേവത, പാൽക്കടൽ നിവാസിയും ദുരിതനിവാരകനുമായ, നാരായണ ആദിനാഥന്[12] വന്ദനം.

23. പരശുരാമൻ സമുദ്രത്തിൽ നിന്ന് വീണ്ടെടുത്ത് ഒരു പുതിയ ഭൂപ്രദേശം സൃഷ്ടിച്ചു, അതു കൊങ്കണം[13] എന്ന് വിളിക്കപ്പെട്ടു. അവിടെ നാരായണൻ പ്രത്യക്ഷനായി.

24. എല്ലാ ജീവികളുടെയും ഉള്ളിൽ വസിക്കുന്ന, കരുണാപൂർണ്ണമായ കടാക്ഷ ത്താൽ സകല ജീവജാലങ്ങളെയും നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നാരായണനെ, ഈശ്വരപ്രേരണയ്ക്ക് വേണ്ടി ഞാൻ തീർത്തും ആശ്രയിക്കുന്നു.

25. ഇതേപോലെ, തികഞ്ഞ ആദരവോടെ ഞാൻ എന്റെ പൂർവ്വപിതാമഹനെ വന്ദി ക്കുന്നു, അദ്ദേഹം ഗൗഡദേശക്കാരനായ ഒരു ദിവ്യനും തന്റെ യജ്ഞപൂർത്തി ക്കായി പരശുരാമനാൽ കൊണ്ടുവരപ്പെട്ടവനും ആയിരുന്നു.

26. ഇപ്പോൾ, ഞാൻ ഋഷീശ്വരനും ഗൗഡദേശത്തിലെ ശകൾ എന്നറിയപ്പെടുന്ന ഋഗ്വേദ ശാഖയിൽപ്പെട്ട എന്റെ ഗോത്രത്തിന്റെ[14] സ്ഥാപകനുമായ ഭരദ്വാജമു നിയെ വന്ദിക്കുന്നു.

27. ഇപ്പോൾ, പരമാത്മാവിന്റെ അവതാരരൂപമായ ബ്രാഹ്മണനെയും പിന്നീട് യാജ്ഞവാൽക്യ[15], ഭൃഗു[16], പരാശരൻ[17], നാരദൻ[18], തുടങ്ങിയ യോഗീവര്യൻമാ രെയും നമിക്കുന്നു.

28. വേദങ്ങൾ രചിച്ച വ്യാസൻ, പരാശരർ, സനക സനന്ദന സനത്കുമാരൻമാർ[19], ശുകൻ, സൂത്രങ്ങളുടെ രചയിതാവ് ശൗനകൻ, വിശ്വാമിത്രൻ[20], വസിഷ്ഠൻ[21] തുടങ്ങിയവരെയും വന്ദിക്കുന്നു.

29. വാല്മീകി[22], വാമദേവൻ[23], ജൈമിനി[24], വൈശമ്പായൻ[25] മുതലായവരെ വന്ദി ക്കുന്നു. ദിവ്യൻമാരായ നവയോഗികളുടെയും[26] മുനിമാരുടെയും ചരണങ്ങ ളിൽ ഞാൻ സ്വയം അർപ്പിക്കുന്നു.

30. ഇപ്പോൾ ഞാൻ ശ്രേഷ്ഠസന്ന്യാസിമാർക്ക് വന്ദനം അർപ്പിക്കുന്നു – നിവ്റിതി[27], ധ്യാനേശ്വർ[28], മുക്താബായി[29], സോപാൻ[30], ഏകനാഥ്[31], അദ്ദേഹത്തിന്റെ ഗുരു ജനാർദ്ദന, തുക്കാറാം[32], കൻഹ (പത്ര)[33], നരഹരി[34] തുടങ്ങിയവർ.

31. ഓരോ ദിവ്യൻമാരെയും പേരെടുത്തു പറയുകയാണെങ്കിൽ ഈ ഗ്രന്ഥം മതി യാകാതെ വരും. അതിനാൽ ഞാൻ അവരുടെയെല്ലാം മുമ്പിൽ പ്രണമിച്ചു കൊണ്ട് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

32. ഈ ലോകജീവിതം വ്യർത്ഥമാണെന്ന് വിശ്വസിച്ച് ബദരികേദാരത്തിലെത്തി വസിച്ച, ഭക്തശിരോമണിയായ എന്റെ പൂർവ്വപിതാമഹൻ സദാശിവനെ ഞാൻ വന്ദിക്കുന്നു.

33. അടുത്തതായി ഞാൻ എന്റെ പിതാവിനെ വന്ദിക്കുന്നു, എല്ലായ്പ്പോഴും സദാ ശിവനെ പൂജിച്ച്, കഴുത്തിൽ രുദ്രാക്ഷമാല അണിഞ്ഞിരുന്ന അദ്ദേഹത്തിന്റെ ഇഷ്ടദേവത ശിവനായിരുന്നു.

34. ഇപ്പോൾ, ഞാൻ, എനിക്ക് ജന്മം നൽകി (അമ്മ) എന്നെ പരിപാലിക്കുകയും രാപകൽ എനിക്കുവേണ്ടി കഷ്ടപ്പെടുകയും ചെയ്ത വ്യക്തിയെ വന്ദിക്കുന്നു. മാതാവിനോടുള്ള ഏതൊക്കെ കടപ്പാടുകളാണ് എനിക്കിപ്പോൾ ഓർക്കാൻ കഴിയുന്നത്?

35. എന്റെ ബാല്യത്തിൽ തന്നെ എന്റെ മാതാവിനെ നഷ്ടപ്പെടുകയും എന്റെ പിതാവിന്റെ സഹോദരി വളരെ സഹനശക്തിയോടെ എന്നെ വളർത്തുകയും

ചെയ്തു. സദാ ഈശ്വരചിന്തയിൽ മുഴുകിക്കഴിഞ്ഞ ആ സാധ്വിയുടെ പാദങ്ങളിൽ ഞാൻ എന്റെ ശിരസ്സ് ചേർത്ത് വന്ദിക്കുന്നു.

36. സാഹോദര്യസ്നേഹത്തിന്റെ ഉത്തമ മാതൃകയായ, എനിക്ക് വേണ്ടി ജീവൻ പോലും വെടിയാൻ തയ്യാറായിരുന്ന, എന്റെ ജ്യേഷ്ഠസഹോദരന്റെ കാൽക്കൽ ഞാൻ പ്രണമിക്കുന്നു.

37. ഇപ്പോൾ ഞാൻ ശ്രോതാക്കളെ വന്ദിച്ചുകൊണ്ട്, അവരുടെ ഏകാഗ്രതയ്ക്കു വേണ്ടി അപേക്ഷിക്കുന്നു. അവർ അശ്രദ്ധമായി വർത്തിച്ചാൽ എങ്ങനെയാണ് എനിക്ക് സംതൃപ്തി ലഭിക്കുന്നത്?

38. ശ്രോതാക്കൾ ബുദ്ധിശാലികളും വിവേചനപരമായി ഗ്രഹിക്കുവാൻ കഴിവുള്ളവരും വിവരണം ശ്രവിക്കാൻ ഉത്സാഹമുള്ളവരുമാകുമ്പോൾ, കഥാകാരൻ കൂടുതൽ കൂടുതൽ ഉത്സാഹഭരിതനാകുന്നു.

39. നിങ്ങൾ അശ്രദ്ധരാണെങ്കിൽ ഈ വിവരണത്തിന് എന്ത് അർത്ഥമാണുള്ളത്? അതിനാൽ ഞാൻ നിങ്ങൾക്ക് മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു കൊണ്ട്, ഉത്സാഹം നിറഞ്ഞ ഹൃദയത്തോടെ ഈ വിവരണം ശ്രവിക്കാൻ അഭ്യർത്ഥിക്കുന്നു.

40. എനിക്ക് ശബ്ദോത്പത്തിയെക്കുറിച്ച് അറിവോ ധർമ്മശാസ്ത്രങ്ങളിൽ പാണ്ഡിത്യമോ ഇല്ല; മാത്രമല്ല ദിവ്യാഖ്യാനങ്ങൾ ശ്രവിച്ചിട്ടുമില്ല. ഇക്കാര്യം നിങ്ങൾക്ക് നന്നായി അറിയാവുന്നതാണ്.

41. എന്റെ ന്യൂനതകളും അയോഗ്യതയും എനിക്ക് അറിയാം. എങ്കിലും എന്റെ ഗുരുവിന് നൽകിയ വാഗ്ദാനം പാലിക്കുന്നതിന് വേണ്ടി ഗ്രന്ഥം എഴുതാനുള്ള ശ്രമങ്ങൾ നടത്തുന്നു.

42. നിങ്ങൾക്ക് മുമ്പിൽ ഞാൻ വെറും തൃണസമാനമാണെന്ന് എന്റെ അന്തഃകരണം എന്നോട് പറയുന്നു. എങ്കിലും ദയ കാട്ടിക്കൊണ്ട് എന്നെ നിങ്ങളുടെ സ്വന്തമായി അംഗീകരിക്കുക.

43. ഇപ്പോൾ ഞാൻ സദ്ഗുരുവിനെ സ്മരിക്കുന്നു, ആ പാദങ്ങളിൽ സ്നേഹത്തോടെ നമസ്കരിക്കുന്നു, ജ്ഞാനവും പ്രചോദനവും നൽകുന്ന അദ്ദേഹത്തിന് ഞാൻ എന്റെ ശരീരവും മനസ്സും ഭാഷണവും സമർപ്പിക്കുന്നു.

44. നമ്മൾ ഊണ് കഴിക്കാൻ ഇരിക്കുമ്പോൾ, മധുരപദാർത്ഥങ്ങൾ ഒടുവിൽ വിളമ്പുന്നത് പോലെ, സദ്ഗുരുവിനുള്ള വന്ദനം കൊണ്ട് ഞാൻ എന്റെ ഈശ്വരസ്തുതികൾക്ക് സമാപനം കുറിക്കുന്നു.

45. ഓം! ചലവും അചലവുമായ വസ്തുക്കൾക്കെല്ലാം ആസ്ഥാനമായ സദ്ഗുരുരായന് വന്ദനം. ഈ പ്രപഞ്ചത്തിന് ആധാരമായ ഭവാൻ ദയാപരനാണ്.

46. ഭൂമി, സപ്തദ്വീപുകൾ[35], ഒമ്പത് ഭൂഖണ്ഡങ്ങൾ[36], ഏഴ് സ്വർഗ്ഗങ്ങൾ[37], പാതാളം എന്നിവ ഹിരണ്യഗർഭം അതായത് ബ്രഹ്മാണ്ഡത്തിൽ നിന്നാണ് ഉത്ഭവിച്ചത്.

47. ബ്രഹ്മാണ്ഡം ഇവിടെ സൃഷ്ടിക്കുന്ന അദൃശ്യവും അയഥാർത്ഥവുമായ മായയ്ക്ക് അതീതനായി സദ്ഗുരു വർത്തിക്കുന്നു.

48. വേദങ്ങൾ അദ്ദേഹത്തിന്റെ മഹത്വം വർണ്ണിക്കാൻ കഴിയാത്തതിനാൽ നിശ്ശ

ബ്ദരായി; തെളിവുകളുടെ സൂക്ഷ്മതയോ പ്രായോഗികതയോ ഇവിടെ ബാധ കമല്ല.

49. അങ്ങയോട് താരതമ്യം ചെയ്യാൻ ഞാൻ ഉപമകൾ തേടുമ്പോൾ, ആ ഗുണ ങ്ങളെല്ലാം അങ്ങയിൽ അടങ്ങിയിരിക്കുന്നു. എന്റെ ദൃഷ്ടിയിൽ കാണപ്പെടു ന്നതെല്ലാം അങ്ങയുടെ സൃഷ്ടികളാണ്.

50. ദയാപരനും ശക്തിമാനുമായ സദ്ഗുരുവാണ് ശ്രീ സായിനാഥൻ. ആത്മശക്തി കൊണ്ടുമാത്രമേ അദ്ദേഹത്തെ അറിയാൻ കഴിയുകയുള്ളൂ. അതിശ്രേഷ്ഠനും അനശ്വരനുമായ അങ്ങയെ ഞാൻ വന്ദിക്കുന്നു.

51. സർവ്വോത്തമനായ, സദാ ബ്രഹ്മാനന്ദത്തിൽ, പൂർണ്ണസംതൃപ്തിയോടെ, സ്വയം ദീപ്തിമാനായി, മംഗളമൂർത്തിയായി, ആത്മസാക്ഷാത്കാരം നേടിയ, ആചാ ര്യൻമാർക്കും ആചാര്യനായ അങ്ങേയ്ക്ക് വന്ദനം.

52. വേദങ്ങളും ശ്രുതികളും അങ്ങയുടെ അപദാനങ്ങൾ വർണ്ണിക്കാൻ കഴിയാതെ നിശ്ശബ്ദരാകുന്നു. അപ്പോൾ എങ്ങനെയാണ് എനിക്ക് അങ്ങയെ സ്തുതി ക്കാനോ മനസ്സിലാക്കാനോ ഉള്ള ബുദ്ധി ഉണ്ടാകുക?

53. വന്ദനം! വന്ദനം! സദ്ഗുരോ! കാരുണ്യമൂർത്തേ. വന്ദനം! വന്ദനം! ഗോദാവരി നദീതട നിവാസി. വന്ദനം! വന്ദനം! ബ്രഹ്മ വിഷ്ണു ശങ്കര ദത്താത്രേയ അവ താരമൂർത്തി. ഞാൻ അങ്ങയെ വന്ദിക്കുന്നു.

54. ബ്രഹ്മാവിന്റെ ബ്രഹ്മാണ്ഡത്തിന് സദ്ഗുരുവിനെ കൂടാതെ അസ്തിത്വമില്ല. ഞാൻ എന്റെ പഞ്ചപ്രാണനുകൾ[38] അങ്ങേയ്ക്ക് സമർപ്പിക്കുന്നു[39]. പൂർണ്ണസമർപ്പണത്തോടെ സംരക്ഷണത്തിനായി ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു.

55. ഞാൻ ആദരവോടെ എന്റെ ശിരസ്സ് നമിക്കുന്നു, എന്റെ കരങ്ങൾ കൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങൾ തഴുകുന്നു, ആ മുഖത്തേയ്ക്ക് ദൃഷ്ടിയൂന്നി, ആ പാദങ്ങൾ കഴുകുന്ന ദിവ്യജലത്തിന്റെ സുഗന്ധം നുകരുന്നു.

56. സദാ സായിയുടെ സ്തുതികൾ ശ്രവിക്കുക; ആ ദിവ്യരൂപം ഹൃദയത്തിൽ പ്രതിഷ്ഠിച്ച് നിരന്തരം ധ്യാനിക്കുക. ഇത് ലോകജീവിതവുമായുള്ള നിന്റെ ബന്ധനങ്ങൾ അറുത്തുമാറ്റും.

57. ശരീരം, മനസ്സ്, ധനം[40] എന്നിവയെല്ലാം പൂർണ്ണമായും സദ്ഗുരുവിന്റെ ചരണ ങ്ങളിൽ സമർപ്പിക്കുക. ജീവിതകാലം മുഴുവൻ ഗുരുസേവയിൽ മുഴുകുക.

58. ഗുരുനാമം, ഗുരുസാമീപ്യം, ഗുരുവിന്റെ അനുഗ്രഹം, ഗുരുപാദങ്ങൾ കഴുകുന്ന പാല് പോലെ ദിവ്യമായ ജലം, ഗുരുവിൽ നിന്നും ദിവ്യമന്ത്രം, ഗുരുസന്നിധി യിൽ ജീവിക്കുവാൻ കഴിയുക – എന്നിവയൊക്കെ കഠിനമായ പരിശ്രമത്തി ലൂടെയേ നേടാൻ കഴിയൂ.

59. ഭക്തരെ നന്നായി പരീക്ഷിച്ചതിനുശേഷം, ഗുരുവിന്റെ അഭൗമമായ ശക്തിപ്ര ഭാവം, യഥാർത്ഥ ഭക്തരെ അവർ പോലും അറിയാതെ മോക്ഷമാർഗ്ഗത്തി ലെത്തിക്കും[41].

60. ഗുരുവുമായുള്ള സംസർഗ്ഗം ഗംഗാജലം പോലെ ഒരുവന്റെ പാപങ്ങൾ കഴുകിക്കള

യുന്നു. സ്വതവേ ചഞ്ചലമായ മനസ്സ് ഈശ്വരപാദത്തിങ്കൽ ഉറപ്പിക്കാനും കഴിയും.

61. ഗുരുസേവയാണ് നമ്മുടെ വേദശാസ്ത്രങ്ങളും, പുരാണങ്ങളും. നമ്മുടെ യോഗ ചര്യകൾ, യാഗം, വ്രതനിഷ്ഠകൾ എന്നിവയെല്ലാം ഗുരുപാദങ്ങളിലെത്തിച്ചേരുന്നു, മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗവും അത് തന്നെയാകുന്നു.

62. നമ്മുടെ വേദശാസ്ത്രങ്ങൾ സദ്ഗുരുവിന്റെ ദിവ്യനാമമല്ലാതെ മറ്റൊന്നുമല്ല. നമ്മുടെ മന്ത്രം 'സായിസമർത്ഥ' ആണ്. അത് തന്നെയാണ് നമ്മുടെ യോഗാത്മകചിന്തകളും, പൂജാവിധികളും.

63. ദൈനംദിന ജീവിതത്തിൽ ബ്രഹ്മൻ വാസ്തവമാണെന്ന് നാം അനുഭവിക്കുന്നു. ലോകജീവിതം മിഥ്യയാണെന്ന തിരിച്ചറിവ് ദിനവും നമ്മിലുണ്ടാകുന്നു. സായിനാഥൻ തന്റെ ഭക്തർക്ക് ഈ സ്വർഗ്ഗീയാനന്ദം നൽകുന്നു.

64. ബ്രഹ്മാനന്ദം, ബ്രഹ്മസാക്ഷാത്കാരം, ബ്രഹ്മസാരൂപ്യം എന്നിവയൊക്കെ വളരെ സങ്കീർണ്ണമായ പദാവലികളാണ്. നമുക്ക് ആവശ്യമായത് എന്തെന്നാൽ ശാശ്വതമായ ആനന്ദാവസ്ഥയിൽ വർത്തിക്കുകയാണ്.

65. ആ മാനസികാവസ്ഥയിൽ എത്തുന്നവരെല്ലാം അതിൽ മുഴുകി കഴിയുകയും സമാധാനവും സന്തുഷ്ടിയും അനുഭവിക്കുകയും ചെയ്യുന്നു. ഈ അവസ്ഥ തന്നെയാണ് ആത്മസാക്ഷാത്കാരം.

66. സായിനാഥൻ പരമാനന്ദാവസ്ഥയുടെ ഖനിയാണ്. ഭാഗ്യശാലിയായ ഒരു ഭക്തന് പരമാനന്ദം ലഭിക്കുന്നതിന് ദൗർലഭ്യം ഒട്ടുമില്ല. അത്തരമൊരു ഭക്തൻ സാഗരം പോലെ സമ്പൂർണ്ണനാണ്.

67. ശിവനും ശക്തിയും[42], പുരുഷനും പ്രകൃതിയും[43], പ്രാണശക്തികളും അവയുടെ ചലനവും, ദീപവും പ്രകാശവും എന്നിവയിൽ ദ്വന്ദ്വഭാവം ദർശിക്കുന്നത് ശുദ്ധബ്രഹ്മത്തെ വികൃതമാക്കുന്നതിന് തുല്യമാണ്. അവ ഒന്നുതന്നെയാണ്.

68. 'ബ്രഹ്മൻ തനിച്ചുനിലനിൽക്കാൻ സന്തുഷ്ടനല്ലെന്നും' അതിനാൽ 'പലവിധ ഗുണങ്ങളിൽ പ്രകടമാകാൻ ആഗ്രഹിക്കുന്നു' എന്നും വേദങ്ങൾ ഘോഷിക്കുന്നു. അപ്രകാരം ദ്വന്ദ്വഭാവങ്ങൾ ജനിക്കുകയും വീണ്ടും മൂലപ്രകൃതിയിൽ ലയിക്കുകയും ചെയ്യുന്നു.

69. ശുദ്ധമായ ബ്രഹ്മചൈതന്യത്തിൽ പരമാത്മാവ്, പ്രകൃതി എന്നീ ഭേദങ്ങളില്ല. സൂര്യൻ സ്ഥിരമായി വർത്തിക്കുന്നിടത്ത് പകലും രാത്രിയും എന്നുള്ള വ്യത്യാസമുണ്ടാകാറുണ്ടോ?

70. പരമാത്മാവിന് രൂപവുമില്ല, രൂപത്തിന് അതീതവുമാണ്; പക്ഷേ ഭക്തരുടെ രക്ഷയ്ക്കുവേണ്ടി രൂപത്തോടെ അവതരിക്കുന്നു. അതാണ് പുണ്യാത്മാവായ സായിനാഥൻ. ഞാൻ പൂർണ്ണമായും അദ്ദേഹത്തിൽ ശരണാഗതി തേടുന്നു.

71. സായിനാഥനിൽ ശരണം പ്രാപിച്ച ഭക്തരുടെ അനേകം ആപത്തുകൾ അദ്ദേഹം ഇല്ലാതാക്കിയിട്ടുണ്ട്. അതിനാൽ എന്റെ സ്വാർത്ഥലാഭത്തിനുവേണ്ടി ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുന്നു.

72. യഥാർത്ഥത്തിൽ, അദ്ദേഹം തികച്ചും വിഭിന്നനാണ്. ഭക്തർക്ക് ഭക്തിരസം പ്രദാനം ചെയ്യുന്നതിന് വേണ്ടി അനേകം രൂപങ്ങളിൽ വിവിധ ലീലകൾ[44]

കാണിക്കുന്നു. സ്നേഹയോഗ്യനായ അദ്ദേഹത്തെ ഞാൻ വന്ദിക്കുന്നു.

73. എല്ലാ ജീവികളിലും വർത്തിക്കുന്ന പ്രപഞ്ചചൈതന്യം, ആത്മജ്ഞാനത്തിന്റെ സ്വരൂപം, ഇപ്പോൾ സ്ഥൂലബോധത്തിന്റെ രൂപത്തിൽ അവതരിച്ചിരിക്കുന്നു– സ്നേഹയോഗ്യനായ അദ്ദേഹത്തെ ഞാൻ വന്ദിക്കുന്നു.

74. അങ്ങ് എന്റെ അന്തിമ ആശ്രയമാണ്; എന്റെ അഭയസ്ഥാനമാണ്; ഭക്തരുടെ ഭക്തിയെ അങ്ങ് സഫലീകൃതമാക്കുന്നു. ഓ, ഗുരുരായ, അങ്ങ് ആനന്ദസ്വരൂപമാണ്.

75. എന്റെ ഈ പ്രണാമങ്ങൾക്കൊടുവിൽ, എല്ലാ ജീവികളുടെയും മുന്നിൽ ഞാൻ നമസ്കരിക്കുന്നു, എന്തെന്നാൽ ഈശ്വരൻ സകല ജീവജാലങ്ങളിലും നിറഞ്ഞിരിക്കുന്നു. എന്നെ നിങ്ങൾ സ്വീകരിക്കുക.

76. സമസ്ത ജീവജാലങ്ങൾക്കും വന്ദനം, അതിലൂടെ പ്രപഞ്ചനാഥൻ എന്നിൽ സംതൃപ്തനാകും. ഈശ്വരൻ ഈ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞ്, അതുമായി അഭേദ്യമായി വർത്തിക്കുന്നു.

77. ഞാൻ ആരംഭിച്ചത് പൂർത്തിയാക്കാൻ സഹായകരമായ ഈ സ്തുതികളെല്ലാം ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നു. അവ ഈ ഗ്രന്ഥത്തിന്റെ മംഗളകരമായ തുടക്കമാണ്. അടുത്തതായി ഈ ഗ്രന്ഥരചനയുടെ ഉദ്ദേശ്യമെന്താണെന്ന് ഞാൻ വിവരിക്കാം.

78. സായിനാഥൻ എന്നെ അനുഗ്രഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത സമയം മുതൽ, പകലും രാത്രിയും ഞാൻ സായിയെക്കുറിച്ച് മാത്രം ചിന്തിക്കാൻ തുടങ്ങി. ലോകവാസത്തെക്കുറിച്ചും ജനനമരണചക്രത്തെക്കുറിച്ചുമുള്ള എന്റെ ഭയം അദ്ദേഹം ഇല്ലാതാക്കി.

79. മറ്റ് പ്രാർത്ഥനകളുടെ ഉരുവിടൽ എനിക്കില്ല; മറ്റ് ഉപാസനകളും എനിക്കില്ല. ഞാൻ ഒരേ ഒരു രൂപം മാത്രം കാണുന്നു – സായിയുടെ ദിവ്യരൂപം.

80. ഒരുവൻ സായിയുടെ വദനത്തിലേയ്ക്ക് നോക്കുന്ന നിമിഷം, അവൻ വിശപ്പും ദാഹവും മറക്കുന്നു. മറ്റ് സുഖങ്ങൾക്ക് എന്ത് അർത്ഥമാണുള്ളത്? ഒരുവൻ ജീവിതദുഃഖങ്ങൾ മറക്കുന്നു.

81. ഒരുവൻ സായിയുടെ മിഴികളിലേയ്ക്ക് നോക്കുമ്പോൾ അവൻ സ്വയം മറക്കുന്നു. ഉള്ളിൽ നിന്ന് സ്നേഹം അലയടിച്ചുയരുകയും ലോകം മുഴുവൻ ഭക്തിരസത്തിൽ മുങ്ങുകയും ചെയ്യുന്നു.

82. പ്രവൃത്തി, മതം, ശാസ്ത്രങ്ങൾ, പുരാണങ്ങൾ, യോഗചര്യകൾ, യാഗങ്ങൾ, അനുഷ്ഠാനങ്ങൾ, തീർത്ഥയാത്രകൾ, ഉപാസനകൾ – എനിക്ക് ഇവയെല്ലാം സായിയുടെ ചരണങ്ങളാണ്.

83. ഗുരുവിന്റെ ഉപദേശങ്ങൾ നിരന്തരം പാലിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുമ്പോൾ അചഞ്ചലമായ വിശ്വാസവും പതറാത്ത സ്ഥിരതയും കൈവരുന്നു.

84. എന്റെ പൂർവ്വജന്മസുകൃതം കൊണ്ടു മാത്രമാണ്, സായിയുമായുള്ള എന്റെ ഹൃദയബന്ധം വളരുകയും അദ്ദേഹത്തിന്റെ അചിന്ത്യമായ ശക്തിവിശേഷം

ഞാൻ അനുഭവിച്ചറിയാനും തുടങ്ങിയത്. എങ്ങനെയാണ് എനിക്ക് അതൊക്കെ പര്യാപ്തമായ രീതിയിൽ വിശദീകരിക്കാൻ കഴിയുക?

85. സായിപാദങ്ങളിൽ സ്നേഹവും ഭക്തിയും ഉണർത്തുന്ന അതേ ശക്തി, ലോക ജീവിതം നയിക്കുമ്പോൾ തന്നെ വിരക്തി ഉണ്ടാക്കുകയും, ശ്രേഷ്ഠമായ ആനന്ദം നൽകുകയും ചെയ്യുന്നു.

86. വിവിധ തരത്തിലുള്ള ഭക്തിമാർഗ്ഗങ്ങൾ പല ശ്രേഷ്ഠജനങ്ങൾ വിവരിച്ചിട്ടുണ്ട്. അവയുടെ രീതികളെയും ഗുണങ്ങളെയും കുറിച്ച് ഈ വിവരണത്തിനിടയ്ക്ക്, എന്റെ അറിവ് അനുസരിച്ച് ചുരുക്കത്തിൽ പറയുന്നതാണ്.

87. അന്തരാത്മാവുമായി ഐക്യത്തോടെയുള്ള ലയനത്തെകുറിച്ച് തിരിച്ചറിയുന്നതാണ് ഉത്തമ ഭക്തിമാർഗ്ഗമെന്ന്, വേദശാസ്ത്രങ്ങളിൽ പാണ്ഡിത്യമുള്ളവരും വിവേകികളായ ആത്മീയഗുരുക്കൻമാരും പറയുന്നു.

88. ഈശ്വരന് സ്നേഹത്തോടെ പൂജയും അർച്ചനയും ചെയ്യുന്നതാണ് ഭക്തി വളരാനുള്ള ഉത്തമ മാർഗ്ഗമെന്ന് പരാശരനും[45] വ്യാസനും[46]പറയുന്നു. അതും ആരാധനയുടെ ഒരു രൂപമാണ്.

89. ഗുരുവിന് വേണ്ടി പൂന്തോട്ടത്തിൽ നിന്ന് പാരിജാതം മുതലായ പുഷ്പങ്ങൾ ശേഖരിക്കുക, ഗുരുവിന്റെ വാസസ്ഥാനം വൃത്തിയാക്കി, വെള്ളം തളിച്ച് ചാണകം മെഴുകുക.

90. പ്രഭാതത്തിൽ എഴുന്നേറ്റ് സ്നാനം, മന്ത്രജപം എന്നിവ ചെയ്യുക; ചന്ദനലേപനം തയ്യാറാക്കി ഗുരുവിന്റെ ദേഹത്ത് ചാർത്തുക; പഞ്ചാമൃതം (ക്ഷീരം, തേൻ, നെയ്യ്, തൈര്, പഞ്ചസാര) കൊണ്ട് അദ്ദേഹത്തിന് സ്നാനം നൽകുക, സുഗന്ധധൂപം, ദീപങ്ങൾ എന്നിവ തെളിയിക്കുക.

91. അതിനുശേഷം നൈവേദ്യം[47] അർപ്പിക്കുക; എന്നിട്ട് ദീപം, സുഗന്ധദ്രവ്യം എന്നിവ കൊണ്ട് ആരതി ഉഴിയുക. ഇപ്രകാരം അത്യധികം സ്നേഹത്തോടെ ചെയ്യുന്ന ഈ സേവനങ്ങൾക്ക് അർച്ചന എന്നു പറയുന്നു.

92. മനസ്സും ബുദ്ധിയും ശുദ്ധമാക്കിക്കൊണ്ട് ആരാധന തുടങ്ങുക, അകളങ്കിതമായ ഭാവത്തോടെ നിന്റെയുള്ളിലെ ദേവശക്തിയെ ഉണർത്തുക.

93. അർച്ചന കഴിഞ്ഞ ശേഷം ആ ദൈവീകാനുഭവം ഓർത്തെടുത്ത്, മനസ്സിനെ പൂർവ്വസ്ഥിതിയിലേയ്ക്ക്[48] കൊണ്ടുവന്ന്, ആ അനുഭവം ദൃഢമായി നിന്റെയുള്ളിൽ പ്രതിഷ്ഠിക്കുക.

94. ഇനിയും മറ്റ് ചില ഭക്തിമാർഗ്ഗങ്ങളുണ്ട്. മനസ്സ് സദാ പൂർണ്ണമായും ഈശ്വരസ്തുതിയിൽ മുഴുകുമ്പോൾ, അത് ഈശ്വരനുമായി താദാത്മ്യം പ്രാപിക്കുമെന്ന് ഗാർഗാചാര്യൻ[49] പറയുന്നു.

95. നിരന്തരം ഒരുവന്റെ ആത്മഭാവത്തെക്കുറിച്ച് തിരിച്ചറിവുണ്ടാകുക, ഭക്തിപ്രധാനമായ കഥകളും സ്തുതികളും വിവരിക്കുക, ആത്മനിയന്ത്രണം പാലിക്കുക. എന്നിവ ശാണ്ഡില്യമുനി[50] വിവരിച്ചിട്ടുള്ള മറ്റൊരു ഭക്തിമാർഗ്ഗമാണ്.

96. സ്വന്തം നന്മയ്ക്ക് ഉപകരിക്കുന്നത് എന്താണെന്ന് തിരിച്ചറിവ് ഉള്ളവർ വേദശാസ്ത്രങ്ങൾ അനുശാസിക്കുന്ന ചര്യകൾ അനുഷ്ഠിച്ച് ജീവിക്കുന്നു; നിഷി

ദ്ധവും അനുചിതവുമായ സ്വഭാവവൃത്തികളും, സ്വന്തം ഉന്നതിയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന എല്ലാ കാര്യങ്ങളും അവർ ഒഴിവാക്കുന്നു.

97. ഞാൻ ഒരു കർമ്മത്തിന്റെയും കർത്താവോ, അതിന്റെ ഫലത്തിന്റെ ആസ്വാദകനോ അല്ല എന്ന തോന്നൽ ഉണ്ടാകുമ്പോൾ, അത് അഹംബോധമില്ലാതെ ചെയ്യുന്ന കർമ്മമാകുകയും, പരമാത്മാവിന് സമർപ്പണവും അതുമായി ഐക്യവും ആകുന്നു.

98. നിങ്ങളുടെ എല്ലാ പ്രവൃത്തികളും ഇപ്രകാരം ചെയ്യുക. അപ്പോൾ സ്വാഭാവികമായും നിങ്ങൾ ഒരു കർമ്മവും ചെയ്യുന്നില്ല എന്ന അവസ്ഥ കൈവരും. കർമ്മം ചെയ്യുന്നത് പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ലെങ്കിലും, കർമ്മഫലേച്ഛ ഒഴിവാക്കാൻ കഴിയും.

99. ഒരു മുള്ളിനെ മറ്റൊരു മുള്ള് കൊണ്ട് മാറ്റുക. കർത്താവ് ആകാതിരിക്കണമെങ്കിൽ, നിങ്ങൾ കർമ്മത്തിന്റെ നിയതിക്ക് അനുസരിച്ച് വർത്തിക്കണം. ആത്മജ്ഞാനം സിദ്ധിക്കുമ്പോൾ മാത്രമേ കർമ്മം അവസാനിക്കുകയുള്ളു.

100. പ്രവൃത്തികളുടെ ഫലത്തെക്കുറിച്ചുള്ള ആഗ്രഹം പാടേ ഉപേക്ഷിക്കുന്നതാണ്, ആഗ്രഹങ്ങൾ ഇല്ലാതാക്കാനുള്ള ഉത്തമമായ മാർഗ്ഗം. നിങ്ങളുടെ ദൈനംദിനകർമ്മങ്ങളും ശാസ്ത്രവിധികളും അനുഷ്ഠിക്കുക. ഇതാണ് സ്വധർമ്മം.

101. നിങ്ങളുടെ എല്ലാ കർമ്മങ്ങളും ഈശ്വരന് സമർപ്പിക്കുകയും ഒരു നിമിഷം പോലും ഈശ്വരസ്മരണ വിട്ടുപോയാൽ ഖേദിക്കുകയും ചെയ്യുക. ഇതാണ് 'നാരദീയഭക്തി', ഇത് മറ്റ് ഭക്തിമാർഗ്ഗങ്ങളിൽ നിന്ന് വ്യത്യസ്തമാണ്.

102. ഇത്തരത്തിൽ അനേകം ഭക്തിമാർഗ്ഗങ്ങളുണ്ട്, ഓരോന്നും മറ്റൊന്നിനേക്കാൾ മികച്ചത്. ഗുരുസ്മരണ ഒന്നുകൊണ്ടുമാത്രം, ഈ ഭവസാഗരത്തിലെ ജലത്തിൽ പെടാതെ, അത് കടന്നുപോകാൻ നമുക്ക് കഴിയും.

103. എനിക്ക് ഗുരുവിന്റെ കഥകൾ ശ്രവിക്കുവാനുള്ള ആഗ്രഹമുണ്ടാകുകയും, അവയിൽ ആകൃഷ്ടനാകുകയും ചെയ്തു. എന്റെ അനുഭവങ്ങളിൽ നിന്നും ഗുരുവിന്റെ ചരിത്രം ഞാനും എഴുതണമെന്ന തോന്നൽ എനിക്കുണ്ടായി.

104. പിന്നീടൊരിക്കൽ, ഞാൻ ഷിർദിയിലായിരിക്കവേ, ബാബയുടെ ദർശനത്തിനായി മസ്ജിദിൽ പോയപ്പോൾ ബാബ ഗോതമ്പ് പൊടിക്കുന്നതായി കണ്ടത് എന്നെ വളരെ അദ്ഭുതപ്പെടുത്തി.

105. ആദ്യമായി ഞാൻ ആ കഥ പറയാം. അത് സ്വസ്ഥമനസ്സോടെ ശ്രദ്ധിച്ച് കേൾക്കുക. ആ സംഭവത്തിൽ നിന്നും സച്ചരിതം എഴുതണമെന്ന മുഴുവൻ ആശയവും ഉദിച്ചു.

106. ഈശ്വരമഹിമയെ വാഴ്ത്തുന്നവയാണ് ഏറ്റവും ശ്രേഷ്ഠമായ ശ്ലോകങ്ങൾ. ശ്രേഷ്ഠ കർമ്മങ്ങളെ (സായിയുടെ) കുറിച്ചുള്ള വിവരണം, സകല ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഭാഷണം എന്നിവ മനസ്സിനെ ശുദ്ധമാക്കുകയും ബുദ്ധിക്ക് വ്യക്തത നൽകുകയും ചെയ്യും.

107. അദ്ദേഹത്തിന്റ ജീവചരിത്രവും ലീലകളും ശ്രവിക്കുന്നതുകൊണ്ട് മൂന്ന് തരത്തിലുള്ള[51] ദോഷങ്ങളും അകന്ന് പോകുകയും നിങ്ങൾക്ക് സംതൃപ്തി കൈവരികയും ചെയ്യും.

108. ത്രിദോഷങ്ങൾ കൊണ്ട് വലയുന്നവരും, മോക്ഷപ്രാപ്തി കാംക്ഷിക്കുന്നവരും സന്തോഷത്തോടെ അദ്ദേഹത്തിന്റെ പാദങ്ങളിൽ അഭയം തേടുകയും, ആത്മീയാനുഭവങ്ങൾ കൊണ്ട് സമ്പന്നരാകുകയും ചെയ്യുന്നു.

109. ഇപ്പോൾ നിങ്ങളുടെ ശ്രദ്ധ എനിക്ക് നൽകുക. മനോഹരമായ ഈ വിവരണം ശ്രദ്ധിക്കുക, ബാബയുടെ ദയാവായ്പിനെ കുറിച്ച് കേട്ട് നിങ്ങൾ ആശ്ചര്യഭരിതരാകും.

110. നിങ്ങൾ അറിയുക, ഒരു ദിവസം രാവിലെ ബാബ ദന്തശുദ്ധി വരുത്തി മുഖം കഴുകിയതിനുശേഷം ഗോതമ്പ് പൊടിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി.

111. അദ്ദേഹം ചെറിയ ഒരു മുറം[52] കൈയ്യിലെടുത്തുകൊണ്ട്, ഗോതമ്പുചാക്ക് സൂക്ഷിച്ചിരുന്ന ഭാഗത്തേയ്ക്ക് ചെന്ന് ഓരോ പിടി ഗോതമ്പ് വാരി മുറത്തിലേയ്ക്ക് ഇട്ടു.

112. പിന്നീട് അദ്ദേഹം മറ്റൊരു ചാക്ക് വിരിച്ച് അതിന്റെ മുകളിൽ തിരികല്ല് വച്ച്, അതിന്റെ തിരിക്കാനുള്ള കുറ്റി നന്നായി ഉറപ്പിച്ചു; ആയതിനാൽ പൊടിക്കുമ്പോൾ അത് ഇളകിപ്പോകില്ല.

113. കഫ്നിയുടെ[53] കൈകൾ മുകളിലേയ്ക്ക് ചുരുട്ടി വച്ച്, അയഞ്ഞുകിടന്ന മടക്കുകൾ ഒതുക്കിക്കൊണ്ട്, അദ്ദേഹം തിരികല്ലിന് സമീപം കാലുകൾ നിവർത്തി വച്ച് ഇരുന്നു.

114. ഞാൻ വളരെ ആശ്ചര്യപ്പെട്ടു, സ്വത്തുവകകളോ മറ്റ് ധനാഗമമാർഗ്ഗങ്ങളോ ഇല്ലാത്ത ഒരാൾ ഇങ്ങനെ ഗോതമ്പ് പൊടിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് ഞാൻ സന്ദേഹിച്ചു. എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്യണമെന്ന് അദ്ദേഹം ചിന്തിച്ചത്?

115. അത് എന്തുമാകട്ടെ. കൈയ്യിൽ കുറ്റി പിടിച്ചുകൊണ്ട് ശിരസ്സ് കുനിച്ച്, ബാബ തന്റെ സ്വന്തം കൈയ്യാൽ തിരികല്ലിൽ പൊടിക്കാൻ തുടങ്ങുകയും, പ്രതികൂലശക്തികളെ ഇല്ലാതാക്കുന്നതുപോലെ പെട്ടെന്ന് ഗോതമ്പ് മാവായി മാറുകയും ചെയ്തു.

116. ഞാൻ അനേകം ദിവ്യൻമാരെ കണ്ടിട്ടുണ്ടെങ്കിലും അവർ ആരുംതന്നെ ഗോതമ്പ് പൊടിക്കുന്നവർ ആയിരുന്നില്ല! അദ്ദേഹത്തിന് മാത്രമേ ഗോതമ്പ് പൊടിക്കുന്നതിന്റെ സംതൃപ്തിയും, അസാധാരണത്വവും എന്തെന്ന് അറിയുകയുള്ളൂ.

117. കാഴ്ചക്കാരെല്ലാവരും ആശ്ചര്യപ്പെട്ട് നിന്നെങ്കിലും എന്താണ് അദ്ദേഹം ചെയ്യുന്നതെന്ന് ചോദിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ഗ്രാമത്തിലെങ്ങും ഈ വാർത്ത എത്തിയ ഉടനെ സ്ത്രീകളും പുരുഷൻമാരും ഓടിയെത്താൻ തുടങ്ങി.

118. ഓടിയെത്തിയ സ്ത്രീകളെല്ലാം ക്ഷീണിതരായി കാണപ്പെട്ടു. അവരിൽ നാല് സ്ത്രീകൾ മസ്ജിദിന്റെ പടവുകൾ ധൃതിയിൽ ഓടിക്കയറി, ബാബയുടെ

കൈയ്യിൽ നിന്നും തിരികല്ലിന്റെ കുറ്റി ബലമായി പിടിച്ചുവാങ്ങി.

119. ബാബ അവരോട് കോപിഷ്ഠനായെങ്കിലും അവർ പെട്ടെന്ന് ഗോതമ്പ് പൊടിക്കാൻ തുടങ്ങി; ഒപ്പം ബാബയെക്കുറിച്ചും അദ്ദേഹത്തിന്റെ ലീലകളെക്കുറിച്ചും സ്തുതിക്കുന്ന ഗാനങ്ങൾ പാടാനും തുടങ്ങി.

120. ആ സ്ത്രീകളുടെ സ്നേഹം കണ്ട്, ബാബ നടിച്ച കോപം തണുത്തു. കോപം സ്നേഹമായി മാറുകയും ബാബ പുഞ്ചിരിക്കാനും തുടങ്ങി.

121. നാലു സീർ[54] ഗോതമ്പ് പൊടിച്ചു കഴിയുകയും മുറം കാലിയാകുകയും ചെയ്തു. അപ്പോൾ ആ സ്ത്രീകളുടെ ഭാവനകൾ അനിയന്ത്രിതമായി മേയാൻ തുടങ്ങി.

122. "ബാബ ചപ്പാത്തി[55] ഉണ്ടാക്കാറില്ല. അദ്ദേഹം ഒരു ഭിക്ഷാംദേഹിയാണ്. ഈ ഗോതമ്പുമാവ് അദ്ദേഹം എന്ത് ചെയ്യാനാണ്?" ആ സ്ത്രീകൾ അനുമാനിക്കാൻ തുടങ്ങി.

123. "ബാബയ്ക്ക് ഭാര്യയോ കുട്ടികളോ ഇല്ല. ബാബ തനിച്ചാണ് ജീവിക്കുന്നത്. അദ്ദേഹത്തിന് കുടുംബമോ ബന്ധുക്കളോ ഇല്ല. പിന്നെ എന്തിനാണ് ഇത്രയധികം ഗോതമ്പുമാവ്?"

124. അവരിലൊരാൾ പറഞ്ഞു: "ബാബ വളരെ ദയാലുവാണ്. ഈ ലീല നമ്മോടുള്ള സ്നേഹം മൂലമാണ്. ഇപ്പോൾ തന്നെ അദ്ദേഹം ഈ മാവ് മുഴുവൻ നമുക്കെല്ലാവർക്കും നൽകും."

125. "ഇപ്പോൾ അദ്ദേഹം ഈ മാവ് നാല് ഭാഗങ്ങളായി വീതിക്കും. നമുക്ക് ഓരോരുത്തർക്കും ഓരോ ഭാഗം." അവർ ഇങ്ങനെ ആകാശക്കൊട്ടാരങ്ങൾ മെനയാൻ തുടങ്ങി.

126. ബാബയുടെ ലീലകൾ അദ്ദേഹത്തിന് മാത്രമേ അറിയുകയുള്ളു. മറ്റാർക്കും തന്നെ അതിന്റെ വ്യാപ്തി ഗ്രഹിക്കാൻ കഴിയില്ല. പക്ഷേ, ബാബയെ കൊള്ളയടിക്കാനുള്ള ദുരാഗ്രഹം ആ സ്ത്രീകളിൽ ഉണർന്നു.

127. ഗോതമ്പ് മുഴുവൻ ഉപയോഗിച്ച് കഴിഞ്ഞ് മാവ് ഒരുമിച്ച് കൂട്ടിവച്ചു. തിരികല്ല് ചുവരിന് സമീപം ചാരിവച്ചു. സ്ത്രീകൾ മാവ് അവരവരുടെ ഗൃഹങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ഉദ്ദേശ്യത്തോടെ മുറത്തിൽ നിറച്ചു.

128. അതുവരെ ബാബ ഒരക്ഷരം പോലും ഉരിയാടിയില്ല. അവർ നാലുപേരും ഗോതമ്പുമാവ് നാലുഭാഗങ്ങളായി വീതം വച്ചപ്പോൾ ബാബ എന്താണ് പറഞ്ഞതെന്ന് നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക.

129. "അത്യാഗ്രഹം കൊണ്ട് നിങ്ങൾക്ക് ഭ്രാന്ത് പിടിച്ചിരിക്കുകയാണ്! നിങ്ങൾ എന്ത് എവിടേയ്ക്കാണ് കൊണ്ടുപോകുന്നത്? ഇത് നിങ്ങളുടെ പിതൃസ്വത്താണെന്നാണോ കരുതുന്നത്? ഇപ്പോൾ ഗ്രാമാതിർത്തിയിലേക്ക് പോയി ഈ മാവ് അവിടെ വിതറുക."

130. "ഒന്നിനും കൊള്ളാത്ത നിങ്ങൾ ഇവിടെ ഓടിയെത്തി എന്നെ കൊള്ളയടിക്കുന്നു. നിങ്ങൾ ഗോതമ്പ് കടം തന്നത് കൊണ്ടാണോ മാവ് എടുത്തുകൊണ്ട് പോകാനൊരുങ്ങുന്നത്."

131. സ്ത്രീകൾ അന്യോന്യം ശുണ്ഠിയെടുക്കുകയും പരിദേവനം നടത്തുകയും

ചെയ്തു; അവരുടെ ദുരാഗ്രഹം ഓർത്ത് സ്വയം ലജ്ജിതരായി; പരസ്പരം അടക്കം പറഞ്ഞുകൊണ്ട് മാവുമായി ഗ്രാമാതിർത്തിയിലേക്ക് തിടുക്കത്തിൽ പോകുകയും ചെയ്തു.

132. ആർക്കുംതന്നെ ബാബയുടെ ഉദ്ദേശ്യം എന്താണെന്ന് ഊഹിക്കാൻ കഴിയില്ല, എന്തെന്നാൽ തുടക്കത്തിൽ ഒരാൾക്കും എന്താണ് പിന്നീട് സംഭവിക്കുക എന്ന് അറിയില്ല. പക്ഷേ ക്ഷമയോടെ കാത്തിരുന്നാൽ ഫലം അറിയാൻ കഴിയും. ബാബയുടെ ലീലകൾ അനുപമമാണ്.

133. പിന്നീട് ഞാൻ ജനങ്ങളോട് ബാബ ഇങ്ങനെ പ്രവർത്തിക്കാനുള്ള കാരണം എന്താണെന്ന് ചോദിച്ചു; അപ്പോൾ അവർ പറഞ്ഞത് ഈ വിധത്തിലാണ് അദ്ദേഹം രോഗം പരക്കാതെ തടയുന്നതെന്നാണ്.

134. തിരികല്ലിൽ അദ്ദേഹം പൊടിച്ചത് ഗോതമ്പ് അല്ല കോളറരോഗമാണ്; പിന്നീട് അത് ഗ്രാമാതിർത്തിയിൽ വിതറുകയും ചെയ്തു.

135. മാവ് അരുവിയുടെ തീരത്ത് വിതറി. ആ സമയം മുതൽ രോഗം അകന്നുപോയി. ദുർദിനങ്ങൾ പൊടുന്നനേ അവസാനിച്ചു. ഇതാണ് ബാബയുടെ പ്രാഗല്ഭ്യം.

136. ഗ്രാമത്തിൽ കോളറ രോഗം പടർന്നുപിടിച്ചിരുന്നു, അതിന് ബാബ ഈ പ്രതിവിധി കണ്ടു. രോഗം പൂർണ്ണമായും ഇല്ലാതാകുകയും ഗ്രാമത്തിൽ സമാധാനം പൂർവ്വസ്ഥിതിയിലാകുകയും ചെയ്തു.

137. ഗോതമ്പ് പൊടിക്കുന്ന കാഴ്ച കണ്ട് ഞാൻ ആശ്ചര്യഭരിതനായി. കാര്യകാരണങ്ങൾ തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാനാകും? എങ്ങനെ തെളിവ് കണ്ടെത്താനാകും?

138. ഗോതമ്പും രോഗവും തമ്മിൽ എന്ത് ബന്ധമാണുള്ളത്? അവിശ്വസനീയമായ ഈ കാഴ്ച കണ്ടതിനുശേഷം ഞാൻ ഈ ഗ്രന്ഥം എഴുതാൻ തീരുമാനിച്ചു.

139. സമുദ്രത്തിലെ തിരമാലകൾ പോലെ എന്റെയുള്ളിൽ സ്നേഹം അലയടിച്ച് ഉയരുകയും, എന്റെ ഹൃദയത്തിന് സംതൃപ്തി ലഭിക്കുവോളം ബാബയുടെ മധുരകഥ ആലപിക്കണമെന്ന് തോന്നുകയും ചെയ്തു.

140. ഹേമദ് സായിനാഥന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കുന്നു. മംഗളകരമായ പ്രണാമങ്ങൾ ബന്ധുക്കളെയും സുഹൃത്തുക്കളെയും ദിവ്യൻമാരെയും വന്ദിച്ചുകൊണ്ട് ഇവിടെ സമാപിക്കുന്നു. സദ്ഗുരുവിന് എന്നെന്നും വന്ദനം.

141. അടുത്ത അധ്യായത്തിൽ ഈ ഗ്രന്ഥം എഴുതുവാനുള്ള ഉദ്ദേശ്യം എന്താണെന്ന് ഞാൻ വിവരിക്കും; യോഗ്യത, പ്രതിബദ്ധത എന്നിവയെക്കുറിച്ച് എന്റെ കഴിവിന് അനുസരിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നതാണ്. ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കുക.

142. ശ്രോതാക്കളും ഗ്രന്ഥകാരനും ഒരുപോലെ ഈ സച്ചരിതത്താൽ അനുഗൃഹീതരാകും. ഗ്രന്ഥകാരനായ ഹേമദ്പാന്ത് ആരാണെന്ന് പിന്നീട് വ്യക്തമാക്കുന്നതാണ്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച സായിസമർത്ഥസച്ചരിതത്തിലെ

പ്രഥമ അധ്യായമായ "ഈശ്വരസ്തുതി" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. കുലദേവത, ഇഷ്ടദേവത
2. ആറ് വേദങ്ങൾ (നഷ്ടപ്പെട്ടുപോയ രണ്ട് വേദങ്ങൾ ഉൾപ്പെടെ), സന്മാർഗ്ഗനിയമങ്ങൾ, പുരാണങ്ങൾ, മീമാംസകൾ, വ്യാഖ്യാനങ്ങൾ തുടങ്ങിയവ.
3. ഭൂലോകം അതായത് ഭൂമി, ഭുവർലോകം അതായത് സൂര്യനും ഭൂമിക്കും ഇടയ്ക്കുള്ള ഭാഗം, സ്വർലോകം അതായത് സൂര്യനും ധ്രുവനക്ഷത്രത്തിനും ഇടയ്ക്കുള്ള ഭാഗം, മഹലോകം – സൂര്യനും മറ്റു ഗോളങ്ങളും അടങ്ങുന്നത്, തപോലോകം – തപസ്വികളുടെ സ്വർഗ്ഗം, ജനലോകം – ബ്രഹ്മാവിന്റെ പുത്രൻമാരുടെ സ്ഥാനം, സത്യലോകം – ബ്രഹ്മാവിന്റെയും ഋഷിമാരുടെയും സ്വർഗ്ഗം, സപ്തപാതാളങ്ങൾ – അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസതലം, പാതാളം.
4. സമ്പൂർണ്ണ ശരണാഗതിയെ സൂചിപ്പിച്ചുകൊണ്ട് എല്ലാ അവയവങ്ങളും നിലത്ത് തൊടുവിച്ച് കിടക്കുന്നത്.
5. ഋദ്ധി, സിദ്ധി – ഗണേശഭഗവാന്റെ രണ്ട് വനിതാ അംഗരക്ഷകർ, ആത്മീയവും മാനസികവുമായ പുരോഗതി നൽകുന്നു.
6. പാർവ്വതി, ശിവന്റെ കളത്രം.
7. അദ്ദേഹം വിഷ്ണുവിന്റെ അവതാരങ്ങളിലൊന്നായ പ്രശസ്തനായ പരശുരാമനാണ്.
8. സരസ്വതിയുടെ വാഹനം.
9. ഇന്ത്യൻവീണ.
10. രജസ്സ്, സത്വഗുണം, തമോഗുണം – പ്രകൃതിയുടെയും സ്ഥൂലവസ്തുവിന്റെയും മൂന്ന് ഗുണങ്ങൾ.
11. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ
12. ആദിമദൈവം, കാലജലത്തിൽ വസിക്കുന്ന വിഷ്ണുവിന്റെ രൂപം.
13. അദ്ദേഹം വേരവൽ (സൗരാഷ്ട്ര), എന്ന സ്ഥലത്തുനിന്നും മഴു, കന്യാകുമാരി (ഭാരതത്തിന്റെ കരപ്രദേശത്തിന്റെ മുനമ്പ്) വരെ എറിഞ്ഞ്, അത്രയും പ്രദേശം ബ്രാഹ്മണർക്ക് അവകാശപ്പെട്ടതായി നൽകി
14. കുലം
15. ശുക്ലയജുർവേദത്തിന്റെ രചയിതാവ്, സീതാദേവിയുടെ വളർത്തച്ഛനായ ജനകന്റെ ഗുരുക്കൻമാരിലൊരാൾ.
16. അദ്ദേഹത്തെ 'മനുവിന്റെ മകൻ' എന്ന് വിളിക്കുന്നു. – മനുഷ്യകുലത്തിന്റെ ഏഴ് ജനയിതാക്കളിൽ ഒരാൾ.

17. വിഷ്ണുപുരാണത്തിന്റെ കർത്താവ്.
18. ബ്രഹ്മാവിന്റെ മകൻ.
19. ബ്രഹ്മാവിന്റെ, സാധാരണരീതിയിലുള്ള ജനനത്തിന് പകരം, സൃഷ്ടിക്കപ്പെട്ട, നാലു പുത്രൻമാർ.
20. വിഖ്യാതനായ മുനി, ജനനം കൊണ്ട് ക്ഷത്രിയനായിരുന്നു. ശ്രീരാമകുമാരന്റെ മാർഗദർശിയും ഉപദേഷ്ടാവുമായിരുന്നു.
21. സപ്തർഷികളിലൊരാൾ, സൂര്യവംശത്തിന്റെ – ശ്രീരാമനുൾപ്പെടെ, ഗുരു.
22. രാമായണത്തിന്റെ കർത്താവ്.
23. സ്വന്തം മാതാവിന്റെ ഗർഭത്തിലിരിക്കെ ബ്രഹ്മജ്ഞാനം സിദ്ധിച്ചു.
24. മീമാംസയുടെ സ്ഥാപകൻ.
25. യാജ്ഞവല്ക്യന്റെ മാതുലൻ, ഋഗ്വേദ രചയിതാവ്.
26. നവയോഗികൾ ഒരു പക്ഷേ നവനാഥൻമാർ തന്നെയാകാം – മഛീന്ദ്ര, ഗോരഖ്ഷാ, ജലന്ധർ, കനിഫാ, ചാരപതി, നാഗേശ, ഭാരത, രേവണ, ഗഹിനി.
27. നവനാഥ സമ്പ്രദായം പിന്തുടർന്നു, ധ്യാനേശ്വരരുടെ മുതിർന്ന ഗുരുവും സഹോദരനും ആയിരുന്നു.
28. ആലന്ദിയിൽ 13–ാം നൂറ്റാണ്ടിൽ ജനിച്ചു. ധ്യാനേശ്വരി, അഭംഗങ്ങൾ എന്നിവ പ്രശസ്ത കൃതികൾ. ഇരുപത്തിഒന്നാം വയസ്സിൽ ആലന്ദിയിൽ സമാധിയായി.
29. ധ്യാനേശ്വരരുടെ സഹോദരിയും ശ്രേഷ്ഠയായ സന്ന്യാസിനിയും ആയിരുന്നു.
30. ധ്യാനേശ്വരരുടെ ഇളയ സഹോദരൻ.
31. പത്താൻ പ്രദേശത്ത് 16–ാം നൂറ്റാണ്ടിൽ ജനിക്കുകയും അവിടെ സമാധിയാകുകയും ചെയ്തു. ഗ്രന്ഥങ്ങളും അഭംഗങ്ങളും രചിച്ചു. ദത്താത്രേയഗുരു അദ്ദേഹത്തിന് ദർശനം നൽകിയതായി പറയപ്പെടുന്നു.
32. പാണ്ഡുരംഗഭക്തൻ – ദെഹു എന്ന സ്ഥലത്ത് ജീവിച്ചു, പക്ഷേ ഗ്രന്ഥങ്ങൾ ആലന്ദിയിൽ വച്ച് രചിച്ചു.
33. പണ്ഡർപൂർ നാഥന്റെ ഭക്തയായിരുന്ന സുന്ദരിയായ പെൺകുട്ടി.
34. പണ്ഡർപൂർ നിവാസിയായ സ്വർണ്ണപ്പണിക്കാരനും, ശിവഭക്തനുമായിരുന്നു. വിത്തലഭഗവാന്റെ അനുഗ്രഹത്താൽ ശിവന്റെ ദർശനം വിത്തലഭഗവാനിൽ ലഭിക്കുകയും, വിത്തലഭഗവാൻ നരഹരിക്കുവേണ്ടി ശിവലിംഗം തന്റെ ശിരസ്സിൽ വഹിക്കുകയും ചെയ്തു.
35. ജംബു, കുശ, പ്ലാക്ഷ, ഷാല്മലി, ക്രൗഞ്ച, ശഖ, പുഷ്കര.
36. ഇളാവർത്ത, ഭത്രഷ്വാ, ഹരിവർഷ, കിംപുരുഷവർഗാ, കേതുമല, രമ്യക, ഭാരതവർഷ, ഹിരണ്യ, ഉത്തരകുരു.
37. കുറിപ്പ് 3 കാണുക.
38. പഞ്ചപ്രാണനുകൾ – പ്രാണ, ആപന, സാമന, ഉദാന, വ്യാന.
39. എന്റെ പഞ്ചപ്രാണനുകൾ ആരതി പോലെ ഉഴിയുന്നു എന്ന് ഭാഷാപരമായി

പറയുന്നു.

40. സമ്പൂർണ്ണ സമർപ്പണം, ബോധമുൾപ്പെടെ.
41. മുക്തി.
42. പരമാത്മാവും ദൈവീകശക്തിയും
43. പരമാത്മാവും പ്രകൃതിയും
44. ദൈവീകലീല
45. വ്യാസന്റെ പിതാവ്.
46. വേദങ്ങൾ സമാഹരിക്കുകയും ക്രമീകരിക്കുകയും ചെയ്തു.
47. ആഹാരം, പഴങ്ങൾ, തേൻ, പാൽ എന്നിവ അർപ്പിക്കുന്നത്.
48. അകളങ്കിതവും ശുദ്ധവുമായ അവസ്ഥ.
49. ശാസ്ത്രത്തിന്റെയും ജ്യോതിഷത്തിന്റെയും ഉപജ്ഞാതാവ്.
50. നിയമഗ്രന്ഥങ്ങളുടെ കർത്താവ്.
51. ശാരീരികവും മാനസികവും ആത്മീയവുമായ ദുഃഖങ്ങൾ.
52. ധാന്യങ്ങൾ പതിരുമാറ്റാൻ ഉപയോഗിക്കുന്നു.
53. നീണ്ട, മേലങ്കി പോലുള്ള വസ്ത്രം.
54. ഭാരം അളക്കുന്ന അളവുകോൽ.
55. ഗോതമ്പ്, ചോളം എന്നിവയുടെ മാവു കൊണ്ടുണ്ടാക്കുന്ന വൃത്താകൃതിയിലുള്ള, പരന്ന റൊട്ടിപോലുള്ള ആഹാരം.

2

# ഗ്രന്ഥരചനയുടെ ഉദ്ദേശ്യവും നാമകരണ ചടങ്ങിന്റെ വിവരണവും

*ഞാൻ ശ്രീ ഗണേശഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീ സരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീ സീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീ സദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1 പൂർവ്വ അധ്യായത്തിൽ ദേവതകൾ, കുടുംബത്തിലെ മുതിർന്നവർ, ശ്രീഗുരുനാഥൻ എന്നിവരെ വന്ദിച്ചുകൊണ്ട് പ്രണാമങ്ങൾ പൂർത്തിയാക്കി. സായിസച്ചരിതം രചിക്കാനുള്ള പ്രചോദനം ലഭിച്ചു കഴിഞ്ഞതിനാൽ, ഇപ്പോൾ ഈ സംരംഭത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിവരിക്കാം.

2. ഗ്രന്ഥകർത്താവിന്റെ യോഗ്യത, പ്രതിബദ്ധത എന്നിവയെക്കുറിച്ച് ചെറിയ ഒരു വിവരണം നൽകുന്നതാണ്, അതിനാൽ ശ്രോതാക്കൾക്ക് ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് എളുപ്പത്തിൽ ഒരു ഉൾക്കാഴ്ച നേടാൻ കഴിയും.

3. ആദ്യത്തെ അധ്യായത്തിൽ, ഗോതമ്പ് പൊടിക്കുന്നതും ഗ്രാമവാസികളെ അത്ഭുതപ്പെടുത്തിക്കൊണ്ട് കോളറരോഗം ശമിപ്പിക്കുന്നതുമായ സംഭവങ്ങൾ വിവരിച്ചു.

4. ഇത്തരത്തിലാണ് സായിയുടെ വിവരണാതീതമായ ലീലകൾ, അവ ശ്രവിക്കുന്നത് എനിക്ക് ആനന്ദപ്രദമായിരുന്നു. ആ ആനന്ദം എന്നിൽ നിന്നും ഒരു സ്നേഹപ്രവാഹമായി ഒഴുകി ഈ കാവ്യത്തിന്റെ രൂപത്തിലായിരിക്കുന്നു.

5. അതിനാൽ എനിക്ക് ബാബയോട് കൃതജ്ഞതയുണ്ട്. ഭക്തർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും അവരുടെ പാപങ്ങൾക്ക് പരിഹാരം നൽകാൻ പര്യാപ്തവുമായ അനുഭവങ്ങൾ, എന്റെ കഴിവിന് അനുസരിച്ച് വിവരിക്കണമെന്ന് ഞാൻ വിചാരിക്കുന്നു.

6. ഈ ഉദ്ദേശ്യത്താൽ, ആദരവോടെയും ഭക്തിയോടെയും സായിയുടെ കഥകൾ ഞാൻ എഴുതുകയാണ്, അവ ഈ ലോകത്തിലും മറ്റ് ലോകങ്ങളിലും സന്തോഷം പ്രദാനം ചെയ്യുന്നതാണ്.

7. ഒരു ദിവ്യന്റെ ജീവിതം ധർമ്മമാർഗ്ഗം കാട്ടിത്തരുന്നു. അത് ശാസ്ത്രനിയമത്തെയോ യുക്തിയെയോ കുറിച്ചുള്ള വർണ്ണനയല്ല. ദിവ്യൻമാരുടെ അനുഗ്രഹം ലഭിക്കാനുള്ള ഭാഗ്യം നേടിയ ഒരുവന് ഒന്നും തന്നെ അദ്ഭുതകരമായി തോന്നുകയില്ല.

8. അതിനാൽ ഈ ആനന്ദത്തിൽ പങ്കുചേരാൻ ഞാൻ ശ്രോതാക്കളോട് അഭ്യർത്ഥിക്കുന്നു. ധാർമ്മികരുമായി സംസർഗ്ഗവും, ദിവ്യൻമാരുടെ ജീവചരിത്രം ശ്രദ്ധയോടെ ശ്രവിക്കാൻ ഭാഗ്യവും ലഭിച്ചവർ അനുഗൃഹീതരാണ്.

9. പകലും രാത്രിയും സദാ സമ്പർക്കം പുലർത്തുന്ന എന്റെ ആത്മാർത്ഥ സുഹൃത്തിന്റെ ജീവചരിത്രം പോലും എഴുതാൻ ഞാൻ അസമർത്ഥനാണ്. അപ്പോൾ എങ്ങനെയാണ് ഒരു ദിവ്യന്റെ ജീവചരിത്രം എഴുതാൻ എനിക്ക് കഴിയുക?

10. സ്വന്തം സ്വഭാവം പോലും പൂർണ്ണമായും മനസ്സിലാക്കാൻ എനിക്ക് കഴിയാതിരിക്കേ, ഒരു ദിവ്യന്റെ വിചാരഗതികൾ കുറ്റമറ്റ രീതിയിൽ എങ്ങനെ എനിക്ക് വർണ്ണിക്കാൻ കഴിയും?

11. ആത്മനെ വർണ്ണിക്കാൻ കഴിയാതെ നാല് വേദങ്ങൾ പോലും നിശ്ശബ്ദമാകുമ്പോൾ, അങ്ങയുടെ തനതായ പ്രകൃതം എനിക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും?

12. ഒരുവൻ സ്വയം ദിവ്യത്വം നേടിയശേഷം ദിവ്യൻമാരുടെ പ്രകൃതം തീർത്തും മനസ്സിലാക്കാൻ ശ്രമിക്കണം. അതിനാൽ ദിവ്യൻമാരുടെ ചരിത്രം എഴുതുന്നതിൽ എനിക്കുള്ള കുറവുകൾ ഞാൻ മനസ്സിലാക്കുന്നു.

13. സപ്തസാഗരങ്ങളിലെ[1] ജലം അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞേക്കും; ആകാശം വിരിപ്പുകൊണ്ട് മറയ്ക്കുവാൻ കഴിഞ്ഞേക്കും; പക്ഷേ ദിവ്യന്മാരെ പ്രതിഫലിപ്പിക്കാൻ പര്യാപ്തമായ ദർപ്പണങ്ങൾ ഉണ്ടാകില്ല.

14. ഞാനൊരു നിസ്സാരനായ വ്യക്തിയാണെന്ന് എനിക്കറിയാം; പക്ഷേ ബാബയുടെ അത്യധികമായ ശക്തികൾ അറിയുമ്പോൾ ഭാവഗീതങ്ങൾ അനിയന്ത്രിതമായി അലയടിച്ചുയരുന്നു.

15. വന്ദനം! വന്ദനം! സായിരായ! ദീനർക്കും അശരണർക്കും അഭയസ്ഥാനമേ! അങ്ങയുടെ സ്നേഹം അനന്തവും വർണ്ണനാതീതവുമാണ്. ഈ സേവകനിൽ കരുണ കാട്ടണമേ.

16. പരിമിതമായ കഴിവുകളോടെ, ഞാൻ ഈ വിവരണം എഴുതാനുള്ള ഉദ്യമം ഏറ്റെടുക്കുകയാണ്. ലോകർ എന്നെ പരിഹസിക്കാൻ ഇടയാകരുതേ.

17. ദിവ്യൻമാരുടെ ജീവചരിത്രം രചിക്കുന്നവരെ ഈശ്വരൻ അനുഗ്രഹിക്കുമെന്ന് ജ്ഞാനേശ്വരമഹാരാജ് പറയുന്നുണ്ട്. അപ്പോൾ ഞാനെന്തിന് ഭയപ്പെടണം?

18. ഞാൻ മൂഢനും മന്ദബുദ്ധിയുമാണെങ്കിലും ഗ്രന്ഥം രചിക്കാനുള്ള പ്രചോദനം നൽകിയത് ഈശ്വരനാണ്. സ്വന്തം കൃത്യങ്ങൾ സമർത്ഥമായി പൂർത്തിയാക്കേണ്ടത് എങ്ങനെയാണെന്ന് അദ്ദേഹത്തിന് അറിയാം.

19. ഭക്തർ ദിവ്യപുരുഷൻമാർക്ക് വേണ്ടി ചെയ്യാനാഗ്രഹിക്കുന്ന സേവനങ്ങളെല്ലാം, സഫലീകൃതമാക്കുന്നത് ദിവ്യന്മാർ തന്നെയാണ്. ഭക്തൻമാർ വിധിക്കപ്പെട്ട ഉപകരണങ്ങൾ മാത്രമാണ്. യഥാർത്ഥ പ്രചോദനം ദിവ്യൻമാരിൽ നിന്നാണ് ലഭിക്കുന്നത്.

20. തീർച്ചയായും, സായി തന്നെയാണ്, അജ്ഞാനിയായ എന്നെക്കൊണ്ട് അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിക്കുന്നത്. ആദരവും ഭക്തിയും ഉണർത്തുന്ന ഈ ഗ്രന്ഥത്തിന്റെ മഹത്വവും അതാകുന്നു.

21. ദിവ്യപുരുഷൻമാർ, സന്ന്യാസിമാർ അല്ലെങ്കിൽ ഈശ്വരനും, അവർ തെരഞ്ഞെടുക്കുന്ന ഏതൊരു വ്യക്തിക്കും അനുഗ്രഹങ്ങൾ നൽകി അവരുടെ ചരിത്രം എഴുതാൻ കഴിവ് നൽകുന്നു.

22. ഉദാഹരണമായി, ആയിരത്തിഎഴുന്നൂറ് ശകവർഷത്തിൽ[2] ദിവ്യൻമാർ മഹീപതി എന്നൊരു വ്യക്തിക്ക് പ്രേരണ നൽകി, അവർക്ക് സേവനങ്ങൾ ചെയ്യിക്കുകയും അവരുടെ ജീവചരിത്രം എഴുതിക്കുകയും ചെയ്തു.

23. അതേ പോലെ ആയിരത്തിഎണ്ണൂറ് ശകവർഷത്തിൽ[3] ദിവ്യൻമാർ ദാസ്ഗനുവിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട്, താഴെ വിവരിച്ചിട്ടുള്ള, ഏവരെയും ശുദ്ധീകരിക്കുന്ന, ജീവചരിത്രങ്ങൾ എഴുതിക്കുകയുണ്ടായി.

24. മഹീപതി[4] (1) 'ഭക്തവിജയം', (2) 'സന്ത്‌വിജയം', (3) 'ഭക്തലീലാമൃതം', (4) 'സന്തലീലാമൃതം' എന്നിങ്ങനെ നാല് ഗ്രന്ഥങ്ങൾ രചിച്ചത് പോലെ ദാസ്ഗനു അപ്രകാരമുള്ള രണ്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

25. അവയിൽ ഒന്ന് 'ഭക്തലീലാമൃതം', മറ്റേത് 'സന്തകഥാമൃതം'. ഈ രണ്ട് ഗ്രന്ഥങ്ങളിലും, ലഭ്യമായ വിവരങ്ങളെ അവലംബിച്ചുകൊണ്ട്, സമകാലിക ഭക്തൻമാരുടെയും ദിവ്യൻമാരുടെയും ചരിത്രം അദ്ദേഹം വിവരിച്ചിട്ടുണ്ട്.

26. 'ഭക്തലീലാമൃതം' എന്ന ഗ്രന്ഥത്തിലെ മൂന്ന് അധ്യായങ്ങളിൽ, ശ്രീസായിയുടെ അമൃതതുല്യമായ കഥ വിവരിക്കുന്നുണ്ട്. ശ്രോതാക്കൾ അവ പാരായണം ചെയ്യേണ്ടതാണ്.

27. അതേപോലെ, 'സന്തകഥാമൃത'ത്തിലെ അമ്പത്തിഏഴാമത്തെ അധ്യായത്തിൽ, സായി ഒരു ഭക്തനോട് പറഞ്ഞ വിജ്ഞാനപ്രദമായ ഒരു കഥ വിവരിച്ചിട്ടുള്ളതും പാരായണം ചെയ്യേണ്ടതാണ്.

28. കൂടാതെ, രഘുനാഥൻ - സാവിത്രി ദമ്പതികൾ അവരുടെ സ്വന്തം അനുഭവത്തെ ആധാരമാക്കി രചിച്ച 'ഭജനമാല' എന്ന ഗ്രന്ഥത്തിലും സായിയുടെ ലീലകൾ വർണ്ണിച്ചിട്ടുണ്ട്. അതിലെ പാദങ്ങളും[5] അഭംഗങ്ങളും ആലപിക്കുന്നത് ജനങ്ങൾക്ക് ശാന്തി നൽകുമെന്ന് ഞാൻ ഉറപ്പ് പറയുന്നു.

29. 'ഭജനമാല'യ്ക്ക് ബാബയുടെ പൈതലായ ഹരിസീതാറാം ദീക്ഷിത് ഭക്തിസ്നേഹത്തോടെ നൽകിയ അവതാരികയിൽ ബാബയുടെ അമൃതതുല്യമായ ജീവിതകഥ വർഷിച്ചിട്ടുണ്ട്, ദാഹിച്ച് വലഞ്ഞ ചകോരപക്ഷി[6]ക്ക് മഴമേഘമെന്ന പോലെ. ശ്രോതാക്കൾ അത് ആദരവോടെ പാനം ചെയ്യേണ്ടതാണ്.

30. ദാസ്ഗനുവിന്റെ സമ്മിശ്രമായ മറ്റ് കാവ്യങ്ങൾ പോലും തികച്ചും ഭാവഗംഭീരവും, ബാബയുടെ ലീലകൾ പാരായണം ചെയ്യുമ്പോൾ ശ്രോതാക്കളുടെ ഹൃദയത്തിന് ആനന്ദം പ്രദാനം ചെയ്യുന്നവയുമാണ്.

31. അതേപോലെ, ഗുജറാത്തി ഭക്തർക്ക് വേണ്ടി അമിദാസ്ഭവാനിദാസ് മേഹ്ത, എന്ന ഒരു ഭക്തൻ സ്നേഹാദരവോടെ ബാബയുടെ ചില ലീലകളുടെ കഥകൾ വിവരിച്ചിട്ടുണ്ട്.

32. കൂടാതെ, പൂനെയിൽ നിന്നും ചില ശ്രേഷ്ഠഭക്തൻമാർ 'സായിപ്രഭ' എന്ന പേരിൽ ബാബയുടെ കഥകൾ തുടർച്ചയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

33. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ ലഭ്യമുള്ളപ്പോൾ, ഈ ഗ്രന്ഥത്തിന്റെ ആവശ്യം എന്താണ്? ശ്രോതാക്കളുടെ മനസ്സിൽ ഒരു സംശയം ഉയർന്നേക്കാം, അതുകൊണ്ട് ഈ വിശദീകരണം കേൾക്കുക.

34. സായിയുടെ ജീവിതകഥ വിശാലമായ ഒരു സാഗരം പോലെയാണ് – അനന്തവും, അക്ഷയവും, നിറയെ രത്നങ്ങൾ നിറഞ്ഞതുമാണ്. ഞാൻ ഒരു ചെറിയ കടൽപ്പക്ഷി[7] മാത്രമാണ്, എനിക്ക് എങ്ങനെ കടൽ വറ്റിക്കാൻ കഴിയും? അത് എപ്പോഴെങ്കിലും സംഭവ്യമാണോ?

35. അതേപോലെ, സായിനാഥന്റെ ജീവിതവും അഗാധമാണ്. അത് മുഴുവനും വർണ്ണിക്കുക എന്നത് അസാധ്യമാണ്. അതിനാൽ എന്റെ കഴിവിന് അനുസരിച്ച് ഞാൻ ശ്രമിക്കുന്നതാണ്, ദയവായി അതുകൊണ്ട് തൃപ്തരാകുക.

36. സായിയുടെ അക്ഷയവും അനുപമവുമായ കഥകൾ ലൗകികജീവിതത്തിൽ ആഴ്ന്ന് കിടക്കുന്നവർക്ക് ശാന്തി നൽകുന്നു. അത് ശ്രവിക്കുന്നത് കൊണ്ട് ശ്രോതാക്കൾ ആനന്ദിക്കുകയും അദ്ദേഹത്തിന്റെ സ്വന്തം ഭക്തർക്ക് മനഃശാന്തി ലഭിക്കുകയും ചെയ്യും.

37. ബാബ ലൗകികോപദേശങ്ങൾ അടങ്ങിയ പലതരത്തിലുള്ള കഥകൾ, ഭക്തരുടെ സാധാരണ അനുഭവങ്ങളെയും അവരുടെ രഹസ്യ പ്രവൃത്തികളെയുമൊക്കെ[8] ആധാരമാക്കിക്കൊണ്ട് പറയുകയുണ്ടായി.

38. വേദങ്ങൾ പ്രസിദ്ധമാണ്. അതിൽ നിന്നും വിഖ്യാതമായ അനേകം കഥകളുണ്ടായി. അതേ പോലെ, മധുരവും അർത്ഥസമ്പുഷ്ടവുമായ അനേകം കഥകൾ ബാബ പറഞ്ഞിട്ടുണ്ട്.

39. അവ ശ്രദ്ധയോടെ ശ്രവിക്കുമ്പോൾ മറ്റ് സുഖാനുഭവങ്ങൾ നിസ്സാരമാകുന്നു.[9] വിശപ്പും ദാഹവും മറക്കുകയും, മനസ്സിൽ അതിയായ സംതൃപ്തി ഉളവാകുകയും ചെയ്യുന്നു.

40. ചിലർ ബ്രഹ്മജ്ഞാനം തേടുന്നു; ചിലർ അഷ്ടാംഗയോഗ[10]ത്തിൽ പ്രാവീണ്യം തേടുന്നു; ചിലർ സമാധി അവസ്ഥയിലെ ആനന്ദം അന്വേഷിക്കുന്നു – ഇതെല്ലാം ഈ കഥകൾ ശ്രദ്ധിച്ചുകേട്ടാൽ നേടാനാകും.

41. കർമ്മബന്ധത്തിന്റെ[11] ബന്ധനം പൂർണ്ണമായും ഇല്ലാതാകും; മനസ്സ് പ്രകാശപൂർണ്ണമാകുകയും ഈ കഥയുടെ ശ്രോതാക്കളെല്ലാം പരമാനന്ദം അനുഭവിക്കുകയും ചെയ്യും.

42. അതുകൊണ്ട്, സമാഹരിക്കുന്നതിന് അർഹമായ ഈ കഥകൾ കോർത്തെടുക്കാനുള്ള തീവ്രമായ ആഗ്രഹവും പ്രചോദനവും എനിക്കുണ്ടായി, അത് ഏറ്റവും ഉത്തമമായ ആരാധനയാണെന്ന് ഞാൻ കരുതുന്നു.

43. കർണ്ണങ്ങളിൽ പതിക്കുന്ന ഏതാനും വാക്കുകൾ കൊണ്ട് ഒരു ജീവിതകാലത്തെ നിർഭാഗ്യങ്ങൾ മുഴുവനും ഇല്ലാതാകും. വിശ്വാസമുള്ളവന്, ഈ ചരിത്രം മുഴുവനും ശ്രദ്ധയോടെ കേട്ടാൽ സുഗമമായി ലൗകികസാഗരം കടക്കാൻ കഴിയും.

44. അദ്ദേഹം എന്റെ കൈപിടിച്ച് എഴുതിച്ചുകൊണ്ട് എന്നെ അദ്ദേഹത്തിന്റെ

തൂലിക ആക്കും. ഞാൻ പേരിന് മാത്രം ബഹുമതി അർഹിക്കുന്നു, അദ്ദേഹ ത്തിന്റെ രചനയ്ക്കുള്ള ഉപകരണം മാത്രമായിരിക്കും ഞാൻ.

45. വർഷങ്ങൾ, ബാബയുടെ ലീലകൾ ദർശിച്ചതിനുശേഷം, അദ്ദേഹത്തിന്റെ നിഷ്കളങ്കരും സ്നേഹസമ്പന്നരുമായ ഭക്തന്മാർക്കുവേണ്ടി ആ കഥകൾ ശേഖരിക്കുന്നതിൽ മാത്രമായി എന്റെ ശ്രദ്ധ.

46. ബാബയുടെ രൂപം നേരിട്ട് കാണാൻ സാധിച്ചെങ്കിലും തൃപ്തി വരാത്ത ഭക്തർക്ക്, ഈ ലീലകൾ ശ്രവിക്കുന്നത് ശ്രേഷ്ഠവും ആത്മശുദ്ധിക്ക് ഉത്തമ വുമാണ്.

47. ഏതൊരാൾക്ക് ഈ ഗ്രന്ഥം പാരായണം ചെയ്യണമെന്ന ആഗ്രഹം ഉണ്ടാകാൻ ഭാഗ്യം സിദ്ധിക്കുന്നുവോ, അയാൾക്ക് സന്തോഷവും, പരമാനന്ദവും, സംതൃ പ്തിയും ലഭിക്കും.

48. ഈ ചിന്തകൾ ഉള്ളിലുണർന്നപ്പോൾ ഞാൻ മാധവറാവു[12] വിനോട് അക്കാര്യം അറിയിച്ചു. പക്ഷേ എനിക്ക് എങ്ങനെ അത് സാധ്യമാകുമെന്ന് ഞാൻ വളരെ സന്ദേഹപ്പെട്ടു.

49. എനിക്ക് അറുപത് വയസ്സുകഴിഞ്ഞതിനാൽ, ബുദ്ധിഭ്രമവും ശാരീരിക്മായ ബല ഹീനതയും കൊണ്ട്, എന്റെ ഉദ്യമങ്ങൾ ഒരു വൃദ്ധന്റെ ജല്പനങ്ങൾ മാത്ര മായി അവസാനിച്ചേക്കാം.

50. എന്റെ ജല്പനങ്ങൾ സായിയോടുള്ള സ്നേഹപ്രകടനമാകട്ടെ. എനിക്ക് മുക്തി നേടാൻ കഴിയും. മറ്റിടങ്ങളിൽ അതുകൊണ്ട് പ്രയോജനമുണ്ടാകില്ല. അതി നാലാണ് എന്റെ ഈ ഉദ്യമം.

51. ദിനരാത്രങ്ങൾ, അനുഭവങ്ങൾ ലഭിക്കാനിടയായതിനാൽ അവ കുറിച്ച് വയ്ക്കാൻ ഞാൻ തീരുമാനിച്ചു, അവ പഠനം ചെയ്യുന്നത് മനസ്സിന് ശാന്തിയും സമാധാനവും നൽകും.

52. സ്വന്തം ആത്മജ്ഞാനത്തെ ആധാരമാക്കിക്കൊണ്ട് ബാബ ആവർത്തിച്ച് നൽകിയ കളങ്കമറ്റതും സ്വതന്ത്രവുമായ വചനങ്ങൾ, ഭക്തർക്ക് സമ്മാനിക്ക ണമെന്ന് ഞാൻ ചിന്തിച്ചു.

53. ബാബ അനേകം നീതികഥകൾ പറയുകയുണ്ടായി; അനേകം ജനങ്ങളെ ഭക്തിമാർഗ്ഗത്തിലേയ്ക്ക് നയിച്ചു. അവയൊക്കെ ശേഖരിക്കണം; ആ സമാ ഹാരം സായിയുടെ ഭക്തികാവ്യമാകും.

54. ഈ കഥകൾ വിശദീകരിക്കുന്നവരും, അവ ആദരവോടെ ശ്രവിക്കുന്നവരും ഒരേ പോലെ ശാന്തിയും സമാധാനവും കൊണ്ട് അനുഗൃഹീതരാകും.

55. ബാബ പറഞ്ഞ കഥകൾ ശ്രവിക്കുമ്പോൾ, അവരുടെ ശാരീരികമായ ബുദ്ധിമുട്ടു കൾ അവർ മറക്കും. അവർ ഏകാഗ്രതയോടെ അവ ശ്രദ്ധിക്കുകയും മനനം ചെയ്യു കയുമാണെങ്കിൽ സ്വാഭാവികമായും ബന്ധനങ്ങളിൽ നിന്ന് മോചനമുണ്ടാകും.

56. ശ്രീ സായിയുടെ സ്വന്തം വദനത്തിൽ നിന്ന് ഉതിരുന്ന കഥകൾ അമൃതിനേ ക്കാൾ മധുരതരമാണ്. അവ ശ്രവിക്കുന്നതിലൂടെ ശ്രോതാക്കൾ സ്വർഗ്ഗീയാന ന്ദത്തിൽ മുഴുകും. എങ്ങനെയാണ് ഞാൻ അവയുടെ മാധുര്യം വർണ്ണിക്കുക?

57. ഈ കഥകൾ നിഷ്കളങ്കമായി ആലപിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും പാദധൂളികളിൽ ഞാൻ വീണുരുണ്ടാൽ, എനിക്ക് മോക്ഷപ്രാപ്തി[13] ഉണ്ടാകുമെന്ന് ഞാൻ കരുതുന്നു.

58. അദ്ദേഹത്തിന്റെ കഥകളുടെ വർണ്ണനയും, ഉചിതമായ വാക്കുകളുടെ തെരഞ്ഞെടുക്കലും, ശ്രോതാക്കളെ പൂർണ്ണമായും ബാബയിൽ ലയിപ്പിക്കുകയും പരമാനന്ദാനുഭവം നൽകുകയും ചെയ്യും.

59. കർണ്ണങ്ങൾ കഥകൾ കേൾക്കാൻ വ്യഗ്രതയുള്ളതുപോലെ, അല്ലെങ്കിൽ നേത്രങ്ങൾ ദർശനം നേടാൻ[14] തയ്യാറുള്ളതുപോലെ, മനസ്സ് ഏകാഗ്രമാകാൻ ഉത്സുകവും, എളുപ്പത്തിൽ ഈശ്വരചിന്തയിൽ മുഴുകുകയും വേണം.

60. ഗുരുമൗലി[15] എന്റെ മാതാവാണ്, അവളെക്കുറിച്ച് വാമൊഴിയായി ലഭിച്ച കഥകൾ, നമ്മുടെ ഹൃദയത്തിൽ ആദരവോടെ ശേഖരിച്ച് വയ്ക്കണം.

61. ഇതേ കഥകൾ നമ്മൾ വീണ്ടും വീണ്ടും ഓർക്കുകയും കഴിയുന്നതൊക്കെ സ്വാംശീകരിക്കുകയും, അവയെല്ലാം ഒരുമിച്ച് സ്നേഹനൂലിൽ കോർത്തെടുത്ത്, പിന്നീട് നമുക്കിടയിൽ പങ്കുവയ്ക്കുകയും വേണം.

62. ഇതിൽ (ഗ്രന്ഥം) എന്റേതായി ഞാൻ ഒന്നും എഴുതിയിട്ടില്ല. അതെല്ലാം സായിനാഥന്റെ പ്രചോദനമാണ്. ഞാൻ എന്ത് പറയണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നോ, അത് ഞാൻ പറയുമെന്ന് അദ്ദേഹം ഉറപ്പുവരുത്തുന്നു.

63. 'ഞാൻ പറയും' എന്ന് സംസാരിക്കുന്നത് അഹംഭാവമാണ്. എന്നെ, തന്റെ ചരടിൽ കോർത്ത് പിടിച്ചിരിക്കുന്ന പാവകളിക്കാരൻ സായി തന്നെയാണ്. എന്നിലൂടെ സംസാരിക്കുന്നത് അദ്ദേഹമാണ്. അപ്പോൾ 'ഞാൻ പറയും' എന്ന് സംസാരിക്കാൻ ഞാൻ ആരാണ്?

64. അഹംഭാവം മുഴുവനും അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ച് കഴിഞ്ഞാൽ അപരിമിതമായ ആനന്ദം ലഭിക്കും. അഹംഭാവം ഇല്ലാതാകുമ്പോൾ മുഴുവൻ ലോകജീവിതവും പരമാനന്ദമായിരിക്കും.

65. ഈ ചിന്ത എന്നിലുണർന്നപ്പോൾ, ബാബയോട് അത് അറിയിക്കാനുള്ള അവസരമോ ധൈര്യമോ എനിക്കുണ്ടായില്ല. മാധവറാവു പടികൾ (മസ്ജിദിന്റെ) കയറി എത്തിയപ്പോൾ, അയാളോട് ഞാൻ ഇക്കാര്യം പറഞ്ഞു.

66. അപ്പോൾ ചുറ്റും മറ്റാരും ഇല്ലെന്ന് കണ്ട്, മാധവറാവു ആ അവസരം പ്രയോജനപ്പെടുത്തിക്കൊണ്ട് ബാബയോട് ചോദിച്ചു.

67. "ബാബാ, ഈ അന്നാസാഹേബിന് അങ്ങയുടെ ജീവചരിത്രം, അങ്ങ് അനുവദിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കഴിവിനനുസരിച്ച്, എഴുതണമെന്ന് ആഗ്രഹമുണ്ട്."

68. "ഞാൻ വെറുമൊരു ഫക്കീർ മാത്രമാണ്, വീടുകൾ തോറും ഭിക്ഷ യാചിച്ച് ഭക്രി[16] പച്ചക്കറിയോടൊപ്പമോ അല്ലാതെയോ കഴിച്ച് ജീവിതം തള്ളിനീക്കുന്നു. അപ്പോൾ എന്തിനാണ് എന്റെ ജീവചരിത്രത്തിന്റെ ആവശ്യകത?

69. അത് മറ്റുള്ളവരുടെ പരിഹാസത്തിന് കാരണമാകും." "ഈ രത്നത്തെക്കുറിച്ച് ഇപ്രകാരം പറയരുത്. അതിന് അർഹിക്കുന്ന സ്ഥാനം ലഭിക്കണം.

70. "അത് എന്തെങ്കിലും ആകട്ടെ. അങ്ങയുടെ അനുവാദമാണ് പ്രധാനം. അങ്ങ് സഹകരിക്കുകയാണെങ്കിൽ അവൻ അത് രചിക്കും. അല്ല, അങ്ങയുടെ അനുഗ്രഹം ദുഷ്ടശക്തികളെ ഇല്ലാതാക്കി, അവനിലൂടെ ഗ്രന്ഥം രചിക്കും.

71. "ദിവ്യൻമാരുടെ അനുഗ്രഹം കൊണ്ടുമാത്രമേ ഒരു ഗ്രന്ഥം ആരംഭിക്കാൻ കഴിയുകയുള്ളു. അങ്ങയുടെ അനുഗ്രഹം ഇല്ലാതെ രചന സുഗമമായി നീങ്ങുകയില്ല."

72. എന്റെ ഉള്ളിലെ ആഗ്രഹം അറിഞ്ഞ് സായിസമർത്ഥരിൽ അനുകമ്പ ഉണ്ടായി. അദ്ദേഹം പറഞ്ഞു: "അവന്റെ ആഗ്രഹം സഫലമാകും." ഞാൻ എന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുകയും ചെയ്തു.

73. സകല ഭക്തി ആരാധനാ സമ്പ്രദായങ്ങളുടെയും ആചാര്യനും തന്റെ ഭക്തരുടെയെല്ലാം രക്ഷകനുമായ സായി, എനിക്ക് ഉധി[17] പ്രസാദം നൽകുകയും, അനുഗ്രഹം വർഷിക്കുന്ന അദ്ദേഹത്തിന്റെ കരം എന്റെ ശിരസ്സിൽ വയ്ക്കുകയും ചെയ്തു.

74. മാധവറാവുവിന്റെ പ്രാർത്ഥന ശ്രവിച്ച ശേഷം, സായിക്ക് എന്നിൽ ദയ തോന്നുകയും എന്റെ അശാന്തമായ മനസ്സിനെ ശുദ്ധമാക്കുകയും എനിക്ക് ധൈര്യം നൽകുകയും ചെയ്തു.

75. എന്റെ ആഗ്രഹം അറിഞ്ഞ ശേഷം, ഉദ്യമവുമായി മുന്നോട്ടുപോകാൻ അനുവാദം നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കഥകൾ, സംഭവങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ നല്ല ഒരു സമാഹാരം ഉണ്ടാക്കുക.

76. "നീ രേഖകൾ സൂക്ഷിക്കുന്നതാണ് നല്ലത്. നിനക്ക് എന്റെ പൂർണ്ണമായ പിന്തുണ ഉണ്ടായിരിക്കും. ഗ്രന്ഥകാരൻ വെറും ഉപകരണം മാത്രമാണ്. ഞാൻ സ്വയം അത് രചിക്കേണ്ടതാണ്.

77. "എന്റെ കഥ ഞാൻ സ്വയം എഴുതും. ഭക്തരുടെ ആഗ്രഹങ്ങൾ ഞാൻ സ്വയം സഫലമാക്കും. അങ്ങനെ ഞാൻ നിന്റെ അഹംഭാവം പാടേ തുടച്ചുനീക്കി, അത് എന്റെ പാദങ്ങളിൽ ചേർക്കും.

78. "ജീവിതത്തിൽ ഇപ്രകാരം പ്രവർത്തിക്കുന്ന ഒരുവന് ഞാൻ പൂർണ്ണസഹായം നൽകും; കഥ എഴുതുന്നതിന് മാത്രമല്ല അവന്റെ ഗൃഹത്തിൽ ഞാൻ വസിക്കുകയും സേവിക്കുകയും ചെയ്യും.

79. "അഹംഭാവം കുറയുകയും ഒടുവിൽ പൂർണ്ണമായും അപ്രത്യക്ഷമാകുകയും ചെയ്യുമ്പോൾ, ഞാൻ അവന്റെയുള്ളിൽ വസിക്കുകയും, എന്റെ സ്വന്തം കരങ്ങൾ കൊണ്ട് ഞാൻ എഴുതുകയും ചെയ്യും."

80. ഈ വിശ്വാസത്തോടെ ചെയ്യുന്ന ഉദ്യമം അഥവാ അപ്രകാരം ചെയ്യുന്ന ശ്രവണം, ചിന്തനം, രചന എന്നിവ അദ്ദേഹം പൂർത്തീകരിക്കും. പക്ഷേ ഗ്രന്ഥകാരൻ വെറും ഉപകരണം മാത്രമാകുന്നു.

81. "തീർച്ചയായും, നീ എവിടെയായാലും, ഗൃഹത്തിലോ പുറംലോകത്തിലോ ആയാലും, രേഖകൾ സൂക്ഷിക്കുക. ഇടയ്ക്കിടയ്ക്ക് അവ ഓർമ്മിക്കുക. നിനക്ക് ശാന്തി ലഭിക്കും."

82. “നീ എന്റെ കഥകൾ ശ്രവിക്കുകയും പാരായണം ചെയ്യുകയും ധ്യാനിക്കുകയും ചെയ്താൽ എന്നിൽ ഭക്തി ഉണ്ടാകുകയും അജ്ഞാനം തീരെ ഇല്ലാതാകുകയും ചെയ്യും.

83. “പൂർണ്ണവിശ്വാസത്തോടെയുള്ള ഭക്തി ഉണ്ടാകുമ്പോൾ ഞാൻ എല്ലായ്പ്പോഴും അതിന്റെ അധീനതയിലാണ്. അക്കാര്യത്തിൽ സംശയമേതുമില്ല. അപ്രകാരമല്ലെങ്കിൽ ഞാൻ അപ്രാപ്യനാണ്.

84. “ശ്രോതാക്കൾ ഈ കഥകൾ ഭക്തിയോടെ ശ്രവിക്കുകയാണെങ്കിൽ, ഭക്തി വർദ്ധിക്കുകയും, അവർ എളുപ്പത്തിൽ ഈശ്വരാനുഭൂതി അനുഭവിക്കുകയും പരമാനന്ദാവസ്ഥ നേടുകയും ചെയ്യും.

85. “ഭക്തർക്ക് ആത്മജ്ഞാനം ലഭിക്കും. ആത്മാവ് ബ്രഹ്മനുമായി ഐക്യത്തിലാകും. നിർഗുണവും സങ്കല്പാതീതവുമായ ബ്രഹ്മതത്ത്വം അവർക്ക് മനസ്സിലാക്കാൻ കഴിയുകയും പരമാത്മചൈതന്യം തെളിയുകയും ചെയ്യും.”

86. “എന്റെ കഥകളുടെ ഉദ്ദേശ്യം ഇതാണ്. മറ്റെന്താണ് ഒരുവന് ആഗ്രഹിക്കാനുള്ളത്? ഇത് തന്നെയാണ് വേദങ്ങളുടെ ലക്ഷ്യവും. ഇതുകൊണ്ട് ഭക്തർ ജ്ഞാനസമ്പന്നരാകും.

87. “മത്സരമനോഭാവമുള്ളിടത്ത് അജ്ഞതയും മിഥ്യാബോധവും ധാരാളമുണ്ടാകും. ഒരുവന്  അതു കൊണ്ട് മനഃശുദ്ധിയോ, സ്വന്തം നന്മയോ ഉണ്ടാകില്ല. നിന്ദ്യവും സംശയകരവുമായ ചിന്തകൾ സദാ ഉണ്ടാകും.

88. “അത്തരത്തിലുള്ള ഒരുവൻ ആത്മജ്ഞാനത്തിന് യോഗ്യനല്ല. അവാസ്തവമായ ജ്ഞാനം അവനെ കീഴ്പ്പെടുത്തും. ഈ ലോകത്തും പരലോകത്തും അവന് ഒന്നും ലഭിക്കില്ല. എവിടെയും എല്ലായ്പ്പോഴും അവന്റെ അവസ്ഥ ശോചനീയമായിരിക്കും.

89. “ഒരുവന്റെ ചിന്താഗതികൾ സ്ഥാപിച്ചെടുക്കുന്നതിൽ ഒരർത്ഥവുമില്ല. മറ്റുള്ളവരുടെ ചിന്താഗതികൾ എതിർക്കേണ്ടതുമില്ല. വാഗ്വാദത്തിലൂടെ മറ്റൊരു വ്യക്തിയുടെ നിലപാട് തെറ്റാണെന്ന് തെളിയിക്കേണ്ട കാര്യവുമില്ല. ഇതൊക്കെ അടിസ്ഥാനമില്ലാത്ത  പ്രവൃത്തികളാണ്.”

90. “മറ്റുള്ളവരുടെ ചിന്താഗതികൾ എതിർക്കേണ്ടതുമില്ല.” ആ വാചകം ഞാൻ ശ്രോതാക്കൾക്ക്  മുമ്പ് നൽകിയ ഉറപ്പ് ഓർമ്മപ്പെടുത്തുന്നു.

91. ആദ്യത്തെ അധ്യായം അവസാനിപ്പിക്കും മുമ്പ്,  എനിക്ക് ‘ഹേമദ്’ എന്ന് നാമകരണം ചെയ്യാനുള്ള കഥ വിവരിക്കുന്നതാണെന്ന് ഞാൻ ശ്രോതാക്കൾക്ക് ഉറപ്പ് നൽകിയിരുന്നു. ഞാൻ ആദ്യം അത് വിവരിക്കുന്നതാണ്.

92. ഇത് പ്രധാനകഥയിൽ നിന്നുള്ള ഒരു വ്യതിയാനമാണ്. അത് ശ്രവിക്കുമ്പോൾ അതിന്റെ പ്രസക്തി എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകും. നിങ്ങളുടെ ആകാംക്ഷ പരിഹരിക്കപ്പെടും. ഇതും സായിയുടെ പ്രചോദനത്താലാണ്.

93. പിന്നീട് ഞാൻ സായിയുടെ കഥയിലേയ്ക്ക് തിരിച്ചുവരുന്നതാണ്. അതിനാൽ ശ്രോതാക്കൾ ബദ്ധശ്രദ്ധയോടെ കേൾക്കുക.

94. സായിയുടെ ലീലയെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിൽ ഓരോ അധ്യായത്തി

ന്റെയും ഒടുവിൽ 'ഭക്ത ഹേമദ്പാന്ത് രചിച്ചത്' എന്ന വരി നിങ്ങൾ കാണുന്നുണ്ടാകും. ആരാണ് ഈ പാന്ത്?

95. ഇത് ശ്രോതാക്കളുടെ മനസ്സിലുണ്ടാകാവുന്ന ഒരു സ്വാഭാവിക ചോദ്യമാണ്. എനിക്ക് എപ്രകാരം ആ നാമം സിദ്ധിച്ചു എന്ന അവരുടെ ആകാംക്ഷ ശമിപ്പിക്കുന്നതിന്, ഇത് ആദരവോടെ ശ്രവിക്കേണ്ടതാണ്

96. ഹിന്ദുധർമ്മമനുസരിച്ച്, ജനനം മുതൽ മരണം വരെ, നിശ്ചയമായും അനുഷ്ഠിക്കേണ്ട പതിനാറ് ശുദ്ധികർമ്മങ്ങളുണ്ട്[18]. നാമകരണ ചടങ്ങ് അതിലൊന്നാണ്, അത് പരക്കെ എല്ലാവർക്കും അറിയാവുന്നതുമാണ്.

97. ഇതുമായി ബന്ധപ്പെട്ട ഒരു ചെറുകഥ വിവരിക്കുകയാണ്. ശ്രോതാക്കൾ ശ്രദ്ധയോടെയും ആദരവോടെയും കേൾക്കുക. ഹേമദ്പാന്തിന്റെ നാമകരണ ചടങ്ങിന്റെ സന്ദർഭം ഇപ്പോൾ വിശദമാക്കുകയാണ്.

98. ഗ്രന്ഥകാരൻ സ്വതവേ ദുഃസ്വഭാവിയും വാചാലനും മറ്റുള്ളവരെ പരിഹസിക്കുകയും വാഗ്വാദത്തിലേർപ്പെടുന്നവനുമായിരുന്നു – വിവേകമോ ജ്ഞാനമോ തീരെയുണ്ടായിരുന്നില്ല.

99. സദ്ഗുരുവിന്റെ ശക്തിയെക്കുറിച്ച് അറിയാത്ത, ദുഷിച്ച ചിന്താഗതിയും മൂഢവിശ്വാസവും മാത്രം കൈമുതലായുള്ള ഈയുള്ളവൻ, സ്വന്തം ജ്ഞാനത്തിൽ അഹങ്കരിക്കുകയും വാക്സമരത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

100. പക്ഷേ, വളരെ ശക്തിയായ വിധിപ്രഭാവത്താൽ എനിക്ക് സായിയുടെ ചരണങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു. എന്റെ വിധി കൊണ്ട് മാത്രമാണ് എനിക്ക് അവ ദർശിക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ സംശയമേതുമില്ല.

101. ഭക്തശിരോമണിയായ കാക്കാസാഹേബ് ദീക്ഷിത്[19], നാനാസാഹേബ് ചന്ദോർക്കർ[20] എന്നിവരോട് എന്റെ പൂർവ്വജന്മങ്ങളിൽ നിന്നും ഉടലെടുത്ത ബന്ധം എനിക്കില്ലായിരുന്നെങ്കിൽ, എങ്ങനെയാണ് ഞാൻ ഷിർദിയിൽ എത്തിച്ചേരുക?

102. കാക്കാസാഹേബ് എന്നെ നിർബന്ധിക്കുകയും ഞങ്ങൾ ഷിർദിയിലേയ്ക്ക് പോകാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷേ, യാത്ര പുറപ്പെടേണ്ട ദിനത്തിൽ പെട്ടെന്ന് എന്റെ മനസ്സ് മാറി.

103. എന്റെ അടുത്ത ഒരു സുഹൃത്തിന്, തന്റെ ഗുരുവിന്റെ അനുഗ്രഹത്താൽ ഒരു പുത്രനെ ലഭിക്കുകയും, അയാൾ തന്റെ ഭാര്യയോടൊപ്പം ലോനവാലയിൽ താമസിച്ചുവരവേ, പെട്ടെന്ന് ഒരു സംഭവമുണ്ടാകുകയും ചെയ്തു.

104. അയാളുടെ ആരോഗ്യവാനും സദ്ഗുണനുമായ മകന്, അവിടെ സുഖകരമായ കാലാവസ്ഥ ഉള്ള സ്ഥലമായിട്ടു പോലും, കടുത്ത ജ്വരം ബാധിച്ചു.

105. രോഗം ഭേദമാകാൻ വേണ്ടി, മനുഷ്യനാൽ സാധ്യമായതും മന്ത്രതന്ത്രങ്ങളും പൂജാദികർമ്മങ്ങളുമൊക്കെ അയാൾ ചെയ്തു. തന്റെ ഗുരുവിനെ കൂട്ടിക്കൊണ്ട് വന്ന് മകന്റെ സമീപത്ത് ഇരുത്തി. എന്നിട്ടും, അയാളുടെ മകൻ മരണമടഞ്ഞു.

106. ദുർഘടമായ ഘട്ടത്തിൽ, അത്യാപത്ത് ഒഴിവാക്കാൻ വേണ്ടി, ഗുരുവിനെ മകന്റെ സമീപത്ത് ഇരുത്തി. പക്ഷേ അതുകൊണ്ട് പ്രയോജനമുണ്ടായില്ല.

107. ഈ ലോകജീവിതം അത്രയ്ക്ക് വിചിത്രമാണ്! ഒരുവന്റെ മകനും ഭാര്യയുമൊക്കെ പൂർവ്വജന്മകർമ്മത്താൽ നിയന്ത്രിതമാണ്. വിധിയുടെ അനിവാര്യത എവിടെയും എല്ലായ്പ്പോഴും തീർച്ചയാണ്.

108. ഈ ദുരന്തവാർത്ത കേട്ടപ്പോൾ ഞാൻ വളരെ ദുഃഖിതനായി. 'ഇതാണോ, ഗുരുവിന്റെ പ്രയോജനം? ഒരേ ഒരു മകനെ സംരക്ഷിക്കാൻ അദ്ദേഹത്തിനാകില്ലേ?'

109. വിധിയുടെ ശക്തി കണ്ട് സായിയുടെ ദർശനത്തിനായുള്ള എന്റെ ആഗ്രഹം തണുത്തു. ഇത് എന്റെ യാത്രയ്ക്ക് ഒരു പ്രതിബന്ധമായി മാറി.

110. 'എന്തിനാണ് ഷിർദിയിൽ പോകുന്നത്? എന്തായിരുന്നു എന്റെ സുഹൃത്തിന്റെ അവസ്ഥ? ഇതാണോ ഗുരുസേവയുടെ ഫലം? വിധിയ്ക്ക് എതിരായി ഗുരുവിന് എന്ത് ചെയ്യാൻ കഴിയും?

111. വിധിവശാൽ സംഭവിക്കേണ്ടതൊക്കെ സംഭവിക്കുമെങ്കിൽ ഗുരുവിന്റെ ആവശ്യകത എന്താണ്?' അങ്ങനെ ഷിർദി യാത്ര ആവശ്യമില്ല എന്ന് തീരുമാനിച്ചു.

112. 'എന്തിനാണ് ഒരുവൻ സ്വന്തം വീട് വിട്ടുപോകുന്നത്? ഒരു ഗുരുവിന്റെ പുറകേ എന്തിനു പോകണം? ഗൃഹത്തിലെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച്, കഷ്ടപ്പാട് എന്തിന് വരുത്തിവയ്ക്കണം?' ഈ ജല്പനക്കാരന് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

113. 'സ്വാഭാവികമായി ജീവിതത്തിൽ സംഭവിക്കുന്നതൊക്കെയും – അത് സുഖമായാലും ദുഃഖമായാലും, ഞാൻ സ്വയം നേരിടേണ്ടതാണ്. സംഭവിക്കേണ്ടതൊക്കെ സംഭവിക്കുമെങ്കിൽ, ഗുരുവിന്റെ സമീപത്ത് പോകേണ്ട ആവശ്യമെന്താണ്?'

114. എന്റെ ആഗ്രഹം മറിച്ചായിട്ടും, വിധി വിജയിക്കുകയാണുണ്ടായത്. അതിനു മുമ്പിൽ മറ്റെല്ലാം നിഷ്ഫലമാണ്. ഞാൻ ഷിർദിയിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുകയുണ്ടായി.

115. ഒരു ജില്ലാധികാരിയായിരുന്ന നാനാസാഹേബ്, ബസ്സീൻ എന്ന സ്ഥലത്തേയ്ക്ക് യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹം താനെയിൽ നിന്ന് ദാദറിലെത്തുകയും സ്റ്റേഷനിൽ കുറച്ചുനേരം കാത്തുനിൽക്കേണ്ടി വരികയും ചെയ്തു.

116. ബസ്സീനിലേയ്ക്ക് പോകാനുള്ള തീവണ്ടി എത്താനായി ഒരു മണിക്കൂർ സമയമുണ്ടായിരുന്നു. ഈ സമയം മുഴുവൻ എന്തെങ്കിലും ഉപയോഗപ്രദമായ കാര്യത്തിനായി വിനിയോഗിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

117. അദ്ദേഹം ഇങ്ങനെ ചിന്തിച്ച നിമിഷം, ബാന്ദ്ര വരെ മാത്രം പോകുന്ന ഒരു തീവണ്ടി എത്തുകയും അദ്ദേഹം അതിൽ കയറുകയും ചെയ്തു.

118. തീവണ്ടി ലക്ഷ്യസ്ഥാനത്തിലെത്തിയപ്പോൾ, എനിക്ക് ഒരു സന്ദേശം ലഭിക്കുകയും, ഉടൻ തന്നെ ഞാൻ അദ്ദേഹത്തെ കാണാൻ പോകുകയും ചെയ്തു. ഞങ്ങൾ കണ്ടുമുട്ടിയ ഉടനെ ഷിർദിയെക്കുറിച്ചുള്ള സംഭാഷണം

തുടങ്ങി.

119. “എപ്പോഴാണ് താങ്കൾ സായിദർശനത്തിന് പോകുന്നത്? ഷിർദിയിൽ പോകുന്നതിന് എന്തിനാണ് ഈ ആലസ്യം? എന്തിനാണ് നീ അത് മാറ്റിവയ്ക്കുന്നത്? എന്തുകൊണ്ടാണ് നിങ്ങളുടെ മനസ്സ് ശാന്തമാകാത്തത്?”

120. നാനായുടെ ആത്മാർത്ഥത കണ്ടപ്പോൾ ഞാൻ ലജ്ജിച്ചു. ഞാൻ അദ്ദേഹത്തോട് എന്റെ മനസ്സിന്റെ അസ്ഥിരത തുറന്നുപറഞ്ഞു.

121. പിന്നീട്, നാനായുടെ ആത്മാർത്ഥവും സ്നേഹപൂർണ്ണവും ശുദ്ധവുമായ ഉപദേശം, ഷിർദിയിൽ പോകാനുള്ള ആഗ്രഹം എന്നിലുണർത്തി.

122. എന്നിൽ നിന്നും ‘ഉടൻ തന്നെ പുറപ്പെടാം’ എന്ന ഉറപ്പ് വാങ്ങിയ ശേഷമേ നാനാ യാത്ര തുടർന്നുള്ളു. ഞാൻ തിരികെപ്പോകുകയും, ഏറ്റവും അടുത്ത ശുഭമുഹൂർത്തത്തിൽ തന്നെ യാത്ര പുറപ്പെടണമെന്ന് തീരുമാനിക്കുകയും ചെയ്തു.

123. ഞാൻ യാത്രയ്ക്ക് വേണ്ടുന്ന സാധനങ്ങൾ ഒരുക്കുകയും ഗൃഹത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. അതേ ദിവസം വൈകുന്നേരം ഞാൻ ഷിർദിയിലേയ്ക്ക് പുറപ്പെട്ടു.

124. വൈകുന്നേരത്തെ തീവണ്ടി ദാദറിൽ നിർത്തുമെന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ട് ഞാൻ ദാദർ വരെ മാത്രം യാത്രാക്കൂലി നൽകി, ടിക്കറ്റ് വാങ്ങി[21].

125. ഞാൻ തീവണ്ടിയിൽ കയറിയതും, തീവണ്ടി അപ്പോഴും ബാന്ദ്ര സ്റ്റേഷനിൽ നിൽക്കവേ, ഒരു മുസൽമാൻ വളരെ ചുറുചുറുക്കോടെ, ചലിച്ചു തുടങ്ങിയ തീവണ്ടിയിൽ കയറി ഞാൻ ഇരുന്ന ഭാഗത്തെത്തി.

126. ദാദറിലേയ്ക്ക് ടിക്കറ്റ് വാങ്ങിയത് എന്റെ യാത്രയുടെ ആരംഭത്തിൽ തന്നെ ഒരു തടസ്സം പോലെയായി – ലേപനത്തിൽ വീണ പ്രാണിയെന്നപോലെ.

127. എന്റെ യാത്രാഭാണ്ഡവും, സാമഗ്രികളും ഒക്കെ കണ്ട മുസൽമാൻ, ഞാൻ എവിടെ പോകുകയാണ് എന്ന് ചോദിച്ചു. മാൻമഡ് വണ്ടിയിൽ കയറാൻ വേണ്ടി ദാദർ സ്റ്റേഷനിലേയ്ക്ക് പോകുകയാണെന്ന് ഞാൻ മറുപടി പറഞ്ഞു.

128. അപ്പോൾ, സമയോചിതമായി, തീവണ്ടി ദാദറിൽ നിർത്തില്ല എന്നും അതിനാൽ അവിടെ ഇറങ്ങരുതെന്നും അയാൾ എനിക്ക് മുന്നറിയിപ്പ് നൽകി. വിക്ടോറിയ ടെർമിനൽസിലേയ്ക്ക് പോകാൻ അയാൾ എന്നോട് നിർദ്ദേശിച്ചു.

129. സമയോചിതമായ ഈ നിർദ്ദേശം ലഭിച്ചില്ലായിരുന്നെങ്കിൽ, ദാദറിൽ വച്ച് എനിക്ക് തീവണ്ടിയിൽ കയറാൻ കഴിയുമായിരുന്നില്ല. അങ്ങനെയാണെങ്കിൽ പൊതുവേ ചപലമായ എന്റെ മനസ്സ് എങ്ങനെ പ്രതികരിക്കുമായിരുന്നുവെന്ന് എനിക്ക് അറിയില്ല.

130. പക്ഷേ, ആ ദിവസം യാത്ര പുറപ്പെടാൻ വിധിക്കപ്പെട്ടതായിരുന്നു. ഞാൻ വിവരിച്ച സംഭവം, പെട്ടെന്ന് ഇടയ്ക്കുണ്ടായത് ഭാഗ്യവശാൽ സംഭവിച്ചതാണ്.

131. പിറ്റേന്ന് ഒമ്പതിനും പത്തിനുമിടയിലുള്ള സമയത്ത് ഞാൻ ഷിർദിയിലെത്തി. അവിടെ (ഷിർദിയിൽ) ബാപുസാഹേബ് ദീക്ഷിത് എന്നെ കാത്തുനിൽക്കു

ന്നുണ്ടായിരുന്നു.

132. ഇത് സംഭവിച്ചത് ആയിരത്തിത്തൊള്ളായിരത്തി പത്താം ആണ്ടിലാണ്. തീർത്ഥാടകർക്ക് താമസിക്കുവാനായി സാഥേവാഡ[22] മാത്രമേ അക്കാലത്ത് അവിടെ ഉണ്ടായിരുന്നുള്ളു.

133. ഞാൻ ടോംഗയിൽ[23] നിന്ന് ഇറങ്ങിയപ്പോൾ ദർശനത്തിനായി എന്റെ മനസ്സ് ആകാംക്ഷ കൊണ്ട് വീർപ്പുമുട്ടി. എപ്പോഴാണ് എനിക്ക് ആ പാദകമലങ്ങളിൽ ശിരസ്സ് അർപ്പിക്കാൻ കഴിയുന്നത്? എന്റെ മനസ്സിൽ ആനന്ദം തിരതല്ലി.

134. ആ സമയത്ത്, പ്രശസ്ത സായിഭക്തനായ താത്ത്യാസാഹേബ് നൂൽക്കാർ [24] മസ്ജിദിൽ നിന്ന് മടങ്ങി എത്തുകയും എന്നോട് പെട്ടെന്ന് ദർശനത്തിനായി പോകാൻ പറയുകയും ചെയ്തു.

135. "ബാബ ഭക്തരോടൊപ്പം വാഡയുടെ കോണിൽ എത്തിയിട്ടുണ്ട്. വരൂ, നമുക്ക് ബാബയുടെ പാദങ്ങളിൽ വന്ദിക്കാം. അതുകഴിഞ്ഞ്, അദ്ദേഹം ലെൻഡിയിലേയ്ക്ക്[25] പോകും.

136. സ്നാനം പിന്നീട് ചെയ്യുക. ബാബ തിരികെ എത്തുമ്പോൾ, താങ്കൾ മസ്ജിദിലെത്തി സൗകര്യം പോലെ ദർശിക്കുക."

137. ഇതുകേട്ട് ഞാൻ ബാബ നിൽക്കുന്ന സ്ഥലത്തേയ്ക്ക് ഓടിയെത്തി, ആ പാദ ധൂളികളിൽ നമസ്കരിച്ചു. എന്റെ ആനന്ദത്തിന് അതിരില്ലായിരുന്നു.

138. ഞാൻ അവിടെ കണ്ടത് നാനാസാഹേബ് വർണ്ണിച്ചതിലും അധികമായിരുന്നു. ഞാൻ സ്വയം അനുഗൃഹീതനാണെന്ന് കരുതി. എന്റെ ദൃഷ്ടികൾ പൂർണ്ണത നേടി.

139. ഞാൻ മുമ്പൊരിക്കലും അത്തരം വ്യക്തിത്വം കാണുകയോ, കേൾക്കുകയോ ചെയ്തിട്ടില്ല. ആദരണീയനായ ഒരു മഹാപുരുഷനെ ദർശിക്കാൻ കഴിഞ്ഞ സംതൃപ്തി ഞാൻ അനുഭവിച്ചു. ഞാൻ വിശപ്പും ദാഹവും മറന്നു. എന്റെ ഇന്ദ്രിയങ്ങൾ നിശ്ചലമായി.

140. സായിയുടെ പാദസ്പർശത്താൽ, ഞാൻ ജീവിതത്തിൽ ശ്രേഷ്ഠമായ സമ്പൂർണ്ണത കൈവരിച്ചു. അപ്പോൾ മുതൽ പുതിയ ഒരദ്ധ്യായം തുടങ്ങുകയായി.

141. ആരിലൂടെയാണോ, ഈ ദിവ്യസമ്പർക്കം ഞാൻ നേടിയത്, അവരോട് ഞാൻ പൂർണ്ണമായും എന്നെന്നേക്കുമായി കടപ്പെട്ടിരിക്കുന്നു. എന്റെ ശരീരത്തിലെ ഓരോ നാഡിയിലും ആനന്ദം നിറഞ്ഞു.

142. ആര് കാരണമാണോ ഞാൻ ശ്രേഷ്ഠമായ ആത്മീയനിധി നേടിയത്, അവർ എന്റെ യഥാർത്ഥ ബന്ധുക്കളാണ്. അവർ ഒഴികെ എനിക്ക് അടുത്ത ബന്ധുക്കളാരും ഇല്ല. ഇതാണ് ഞാൻ എന്റെ ഉള്ളിന്റെ ഉള്ളിൽ വിശ്വസിക്കുന്നത്.

143. ഇത് എത്ര വലിയ കടപ്പാടാണ്. എനിക്ക് അതിന് പ്രത്യുപകാരം ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഞാൻ കൈകൾ കൂപ്പിക്കൊണ്ട് എന്റെ ശിരസ്സ് അവരുടെ പാദങ്ങളിൽ അർപ്പിക്കുന്നു.

144. എനിക്ക് സായിയുടെ ദർശനം ലഭിക്കുകയും, എന്റെ ഹൃദയത്തിലുണ്ടായി

രുന്ന സംശയങ്ങളെല്ലാം ഇല്ലാതാകുകയും ചെയ്തു. ഇതിനെക്കാളുപരി എനിക്ക് സായിയുടെ സമ്പർക്കം ലഭിച്ചു. അതീവമായ ആനന്ദമാണ് ഞാൻ അനുഭവിച്ചത്.

145. സായിദർശനം വേറിട്ട ഒരു അനുഭവമാണ്. ഒരുവന്റെ പ്രകൃതം ഒന്നാകെ മാറും. പൂർവ്വകർമ്മങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ അപ്രത്യക്ഷമാകുകയും, ലൗകിക സുഖങ്ങളോട് സാവധാനം അനിഷ്ടം തോന്നുകയും ചെയ്യും.

146. പല ജന്മങ്ങളിൽ ചെയ്ത പാപങ്ങളൊക്കെയും കൃപാകടാക്ഷത്താൽ നശിപ്പിക്കപ്പെട്ടു. ശാശ്വതമായ ആനന്ദം സായിപാദങ്ങളിൽ ലഭിക്കുമെന്ന പ്രത്യാശ ഉണർന്നു.

147. എന്റെ ഭാഗ്യം കൊണ്ട് ഞാൻ സായിയുടെ ചരണങ്ങളിൽ എത്തി; അവ മാനസസരോവരത്തിന്[26] തുല്യം പരിശുദ്ധവും, കാകനായ എന്നെ ഹംസമാക്കി മാറ്റാൻ പര്യാപ്തവുമാണ്. സായി ശ്രേഷ്ഠനായ ആചാര്യനും, പരമദിവ്യനും, ഉത്തമസന്ന്യാസിയും, യോഗിവര്യനുമാണ്.

148. പാപങ്ങൾ, വിഷമഘട്ടങ്ങൾ, ദുരിതങ്ങൾ എന്നിവയുടെയൊക്കെ അന്തകനാണ് അദ്ദേഹം. സായിയെപ്പോലുള്ള ഒരു വ്യക്തിയുടെ ദർശനത്താൽ നന്മയുടെ നിധിപേടകം എനിക്ക് കൈവന്നു.

149. എന്റെ എല്ലാ പൂർവ്വജന്മങ്ങളിലെയും പുണ്യപ്രവൃത്തികളുടെ ഫലമാണ് സായിയുമായുള്ള എന്റെ കണ്ടുമുട്ടൽ. മിഴികളിൽ സായിയുടെ രൂപം നിറഞ്ഞാൽ, ലോകം മുഴുവൻ സായിയുടെ രൂപമായിരിക്കും.

150. ഞാൻ ഷിർദിയിലെത്തിയ ആദ്യ ദിവസം ബാലാസാഹേബ് ഭാട്ടേ[27]യുമായി, ഗുരുവിന്റെ ആവശ്യകതയെപ്പറ്റി ഒരു വാദപ്രതിവാദമുണ്ടായി.

151. "ഒരുവന്റെ സ്വാതന്ത്ര്യം കളഞ്ഞുകൊണ്ട് എന്തിന് മറ്റൊരു വ്യക്തിയെ ആശ്രയിക്കണം! ഒരുവന്റെ കർത്തവ്യം ശരിയായി നിർവ്വഹിക്കാൻ കഴിയുമെങ്കിൽ ഗുരുവിന്റെ ആവശ്യം എന്താണ്?

152. "എന്തെന്നാൽ ഒരുവൻ അവന്റെ സ്വന്തം കടമകൾ ചെയ്യണം. പ്രവർത്തിക്കാത്ത ഒരുവന് വേണ്ടി ഒരു ഗുരുവിന് എന്ത് ചെയ്യാൻ കഴിയും? അലസനും ഉദാസീനനുമായി കിടക്കുന്ന ഒരുവന് ആർക്ക് എന്ത് നൽകാൻ കഴിയും?"

153. ഇത് മാത്രമായിരുന്നു എന്റെ ലളിതമായ അഭിപ്രായം. എതിർഭാഗത്ത് നേരെ വിപരീതമായ നിലപാടാണ് ഉണ്ടായിരുന്നത്. ഇരുകൂട്ടരും ഒരേ പോലെ നിർബന്ധബുദ്ധി പ്രകടിപ്പിച്ചു. അങ്ങനെ വിവാദം തുടർന്നു.

154. വാഗ്വാദങ്ങളുടെ മൂലകാരണം സ്വന്തം യോഗ്യതയിലുള്ള അമിതമായ വിശ്വാസമാണ്. ഇത് അഹംഭാവത്തിന്റെ ഒരു ലക്ഷണമാണ്, ഇതില്ലാതെ ലോകത്തിൽ ഇത്തരത്തിലുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാകുകയില്ല.

155. എതിർവിഭാഗത്തിന്റെ വാദം ഇതായിരുന്നു, അറിവും വേദങ്ങളിൽ തികഞ്ഞ പാണ്ഡിത്യവുമുണ്ടെങ്കിലും, ഗുരുവിന്റെ അനുഗ്രഹമില്ലെങ്കിൽ, ഒരുവൻ സൈദ്ധാന്തികമായി മാത്രമേ സ്വതന്ത്രനാകുന്നുള്ളൂ.

156. ഒരുവന്റെ പരിശ്രമത്തേക്കാൾ മുഖ്യം വിധിയാണോ? ഘോരമായ ഒരു തർക്കം

ഉണ്ടായി; ഞാൻ പറഞ്ഞു, "നിങ്ങളുടെ വിധിയിൽ പൂർണ്ണമായി ആശ്രയിച്ചാൽ എന്താണ് നിങ്ങൾക്ക് നേടാനാകുന്നത്?"

157. അപ്പോൾ എതിരാളി പറഞ്ഞു: "വിധി തടുക്കാനാകാത്തതാണ്. ഭാവിയിൽ സംഭവിക്കുന്നതിനെ ഒഴിവാക്കാൻ കഴിയില്ല. തികഞ്ഞ ആത്മവിശ്വാസം ഉള്ളവർ പോലും നിസ്സഹായരായിരിക്കും.

158. "ആർക്കാണ് വിധിയെ ധിക്കരിക്കാൻ കഴിയുന്നത്? നിങ്ങൾ എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുകയും, എന്നാൽ അത് മറ്റൊരു രീതിയിൽ ആകുകയും ചെയ്യുന്നു. നിന്റെ വാക്സാമർത്ഥ്യം നിന്റെ പക്കൽ തന്നെ സൂക്ഷിക്കുക. നിന്റെ അഹംഭാവം വെടിയണം."

159. ഞാൻ പറഞ്ഞു, "നിങ്ങൾക്ക് എങ്ങനെ ഇങ്ങനെ സംസാരിക്കാൻ കഴിയുന്നു? പരിശ്രമിക്കുന്നവന് എല്ലാം നേടാൻ കഴിയും. അലസനായ ഒരുവനെ വിധിക്ക് എങ്ങനെ സഹായിക്കാൻ കഴിയും?

160. "ഒരുവൻ സ്വപ്രയത്നം കൊണ്ട് സ്വയം ഉയരണമെന്ന് സ്മൃതികൾ ഉദ്ഘോഷിക്കുന്നു. ഈ തത്ത്വം അവഗണിച്ചുകൊണ്ട് ഒരുവന് മുമ്പോട്ട് പോകാൻ കഴിയില്ല.

161. "ഒരുവൻ ചെയ്യേണ്ട പ്രവൃത്തികളെല്ലാം അവൻ സ്വയം ചെയ്യണം. എന്തിനാണ് ഒരുവൻ ഗുരുവിനെ പിന്തുടരുന്നത്? ഒരുവൻ ജാഗ്രത ഇല്ലാത്തവനാണെങ്കിൽ, ഗുരു ഉണ്ടായാൽ പോലും ഫലമില്ല.

162. "ദുഃസ്വഭാവിയായ, ശരിയും തെറ്റും, ആത്മശുദ്ധിക്ക് ഉതകുന്ന മാർഗ്ഗങ്ങളും തിരിച്ചറിയാനാകാത്ത ഒരുവന് ഗുരു എങ്ങനെയാണ് കാര്യസിദ്ധി നേടിക്കൊടുക്കുന്നത്?"

163. ഈ വാദപ്രതിവാദത്തിന് അവസാനമില്ലായിരുന്നു. അതിൽ നിന്ന് ഫലമൊന്നും ഉണ്ടായില്ല. എനിക്ക് ആകെ നേടാൻ കഴിഞ്ഞത്, എന്റെ മനഃസമാധാനം നഷ്ടമായി എന്നത് മാത്രമാണ്.

164. അങ്ങനെ തർക്കം തുടർന്നുകൊണ്ടിരുന്നു. ഒരു വ്യക്തിയും നിമിഷനേരത്തേയ്ക്ക് പോലും ക്ഷീണിച്ചില്ല. അമ്പത് (ഏകദേശം) മിനിട്ടുകൾ ഇങ്ങനെ കടന്നുപോകുകയും, ഒടുവിൽ അതിന് വിരാമം ഉണ്ടാകുകയും ചെയ്തു.

165. മറ്റ് ചില ആളുകളോടൊപ്പം ഞങ്ങൾ മസ്ജിദിൽ എത്തിയ ഉടനെ, ബാബ കാക്കാസാഹേബിനോട് എന്താണ് ചോദിച്ചതെന്ന് കേൾക്കുക!

166. "വാഡയിൽ എന്താണ് നടന്നുകൊണ്ടിരുന്നത്? എന്തായിരുന്നു വിവാദം? ഈ ഹേമദ്പാന്ത് എന്താണ് പറഞ്ഞത്?" എന്റെ നേർക്ക് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

167. വാഡയ്ക്കും മസ്ജിദിനും ഇടയ്ക്ക് വളരെ അകലമുണ്ട്. ബാബ എങ്ങനെയാണ് ഈ വിവരം അറിഞ്ഞത്. ഞാൻ അദ്ഭുതപ്പെട്ടു.

168. അത് എന്തുമാകട്ടെ! ബാബയുടെ വാക്ശരം എനിക്ക് ഏൽക്കുകയും, ആദ്യ കൂടിക്കാഴ്ചയിൽ തന്നെ അനുചിതമായ ഇക്കാര്യം സംഭവിച്ചത് ഓർത്ത് ഞാൻ ലജ്ജിച്ച് മൂകനായി നിൽക്കുകയും ചെയ്തു.

169. രാവിലെ ഉണ്ടായ വിവാദമാണ് ബാബ എനിക്ക് 'ഹേമദ്പാന്ത്' എന്ന് നാമകരണം ചെയ്യാനുള്ള കാരണം. അതുമൂലം ബാബ ഹേമദിനെ ഓർത്തിട്ടുണ്ടാകും എന്ന് ഞാൻ മനസ്സിൽ കുറിച്ചു.

170. ദേവഗിരിയിലെ യാദവരാജാക്കൻമാർ ദൗലാത്ത്ബാദിലെ ജാദവർ എന്ന് വിളിക്കപ്പെടുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ അവരുടെ രാജ്യത്തിന്റെ പ്രതാപം, മഹാരാഷ്ട്രയുടെ യശസ്സ് വർദ്ധിപ്പിച്ചിരുന്നു.

171. മഹാദേവരാജാവ് മഹാനും സാർവ്വഭൗമനും ആയിരുന്നു – ചക്രവർത്തിതുല്യൻ[28]. അദ്ദേഹത്തിന്റെ അനന്തരവൻ ശ്രേഷ്ഠമായ അനേകം പ്രവർത്തനങ്ങൾ കൊണ്ട് പ്രസിദ്ധനും, തന്റെ പ്രതാപം കൊണ്ട് കീർത്തിമാനുമായിരുന്നു.

172. 'രാമരാജൻ' എന്നറിയപ്പെട്ട അദ്ദേഹം യാദവരാജവംശത്തിലെ അമൂല്യരത്നവും, രാജാക്കൻമാരിൽ ശ്രേഷ്ഠനുമായിരുന്നു. ഈ രണ്ട് രാജാക്കൻമാരുടെയും മന്ത്രി ആയിരുന്ന ഹേമാദ്രി സദ്ഗുണസമ്പന്നനും, അനേകം തലങ്ങളിൽ വിജയം കൈവരിച്ച വ്യക്തിയും ആയിരുന്നു.

173. ധർമ്മശാസ്ത്രത്തെക്കുറിച്ച് ഒരു ഗ്രന്ഥം അദ്ദേഹത്തിന്റെ ബഹുമതിയായുണ്ട്. അദ്ദേഹം ബ്രാഹ്മണരോട്[29] അനുഭാവത്തോടെ വർത്തിച്ചു. ധാർമ്മികമായ പെരുമാറ്റച്ചട്ടങ്ങളുടെ കൃത്യമായ ഒരു സംഹിത ആദ്യമായി എഴുതി ഉണ്ടാക്കിയത് അദ്ദേഹമാണ്.

174. 'ചതുർവർഗചിന്താമണി'[30] എന്ന പ്രശസ്തമായ ഗ്രന്ഥവും അദ്ദേഹം രചിച്ചു, അത് സ്വയം അനുഷ്ഠിക്കേണ്ട ധാർമ്മികാചാരങ്ങൾ, ദാനം, തീർത്ഥയാത്ര, മുക്തി തുടങ്ങിയ വിവരങ്ങളുടെ ഒരു ഖനിയാണ്.

175. 'ഹേമാദ്രിപാന്ത്' എന്ന സംസ്കൃത വാക്ക് പ്രാകൃതഭാഷയിൽ[31] ഹേമദ്പാന്ത് ആയി മാറി. അക്കാലത്ത് നയതന്ത്രജ്ഞൻ, സമർത്ഥനായ കാര്യനിർവ്വാഹകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു.

176. അദ്ദേഹം 'വത്സ'മുനിയുടെ ഗോത്രത്തിൽ ഉൾപ്പെട്ടതും, എന്റേത് 'ഭരദ്വാജവു'മാണ്. അദ്ദേഹത്തിന്റെ ഗോത്രത്തിൽ ശ്രേഷ്ഠരായ അഞ്ച് വ്യക്തികളുണ്ടായിരുന്നു, എന്റേതിൽ മൂന്നും. അദ്ദേഹം യജുർവേദിയും ഞാൻ ഋഗ്വേദിയുമായിരുന്നു. അദ്ദേഹം ധർമ്മശാസ്ത്രം അധ്യയനം നടത്തി, ഞാനാകട്ടെ അജ്ഞാനിയും.

177. അദ്ദേഹം മധ്യാൻദിൻ[32], ഞാൻ ശകൽ[32]. അദ്ദേഹം പണ്ഡിതനായിരുന്നു, ഞാൻ ജല്പകൻ. അദ്ദേഹം വിദ്വാനായിരുന്നു, ഞാൻ ലോകപരിചയമില്ലാത്തവൻ. ഉചിതമല്ലാത്ത ഈ നാമം എന്തുകൊണ്ട് എനിക്ക് നൽകി?

178. അദ്ദേഹം സമർത്ഥനായ ഒരു രാജ്യതന്ത്രജ്ഞനും, രാഷ്ട്രമീമാംസകനുമായിരുന്നു, ഞാനാകട്ടെ മൂഢനും. അദ്ദേഹത്തിന്റെ 'രാജ്യപ്രശസ്തി' എന്ന ഗ്രന്ഥം പരക്കെ അറിയപ്പെടുന്നതാണ്, എന്നാൽ എനിക്ക് ഒരു പാദം പോലും രചിക്കാൻ കഴിവില്ലായിരുന്നു.

179. അദ്ദേഹം ഒരു ഗ്രന്ഥകാരനും സുകുമാരകലകളിൽ നിപുണനുമായിരുന്നു. ഞാൻ അക്ഷരജ്ഞാനമില്ലാത്തവനും അജ്ഞാനിയുമായിരുന്നു. അദ്ദേഹം വിവേകിയും ധർമ്മശാസ്ത്രത്തിൽ വിദഗ്ധനുമായിരുന്നു, ഞാൻ അവിവേകി

യായിരുന്നു.

180. അദ്ദേഹത്തിന്റെ 'ലേഖനകൽപതരു'[33] എന്ന ഗ്രന്ഥം വിവിധ തരത്തിലുള്ള അനേകം കവിതകളുടെ ഒരു ഖനിയാണ്. ഞാൻ ബാബയുടെ നിഷ്കളങ്ക നായ ഒരു പൈതൽ മാത്രമാണ്, 'ഒവി' അളവിൽ ഒരു പാദം പോലും രചി ക്കാൻ കഴിയില്ല.

181. ഗോര, ചോഖ, സ്വതമാലി, നിവ്റിതി, ധ്യാനോബാ, നാമ[34] എന്നിവരും ഭാഗവത ധർമ്മം പ്രചരിപ്പിച്ച മറ്റ് അനേകം ശ്രേഷ്ഠൻമാരും ഈ കാലഘട്ടത്തിലുണ്ടാ യിരുന്നു.

182. വിദ്വാൻമാരുടെ സദസ്സിൽ പണ്ഡിറ്റ് ബോപേഡിയോയുടെ സമീപത്ത് വർത്തിച്ച കാര്യനിർവ്വാഹകനായ ഹേമാദ്രിപാന്ത്, ശ്രേഷ്ഠവ്യക്തികളുടെ ഇടയ്ക്ക് രത്നം പോലെ ശോഭിച്ചു.

183. പിന്നീട്, വടക്ക് നിന്ന് മുസ്ലീം സൈന്യങ്ങൾ എത്തി. മുസ്ലീംഭരണം എല്ലാ ഭാഗത്തും ആധിപത്യം സ്ഥാപിക്കുകയും ഡക്കാൻ ഭരണം അവസാനിക്കു കയും ചെയ്തു.

184. എന്റെ ബുദ്ധിശക്തി കണക്കിലെടുത്തുകൊണ്ടല്ല ഈ നാമം എനിക്ക് സമ്മാ നിച്ചത്, മറിച്ച് തർക്കവും ജല്പനവും കണ്ടിട്ടാണ്. ഈ ശരം എന്റെ അഹം ഭാവം നശിപ്പിക്കാനാണ് അയച്ചത്.

185. ഞാൻ അല്പജ്ഞാനം[35] കൊണ്ട് അഹങ്കരിക്കുകയും മതിയായ യോഗ്യത ഇല്ലാതെ സംസാരിക്കുകയും ചെയ്യുകയായിരുന്നു. അദ്ദേഹം, സമയോചിത മായ ശാസനയാകുന്ന അഞ്ജനം പുരട്ടി, എന്റെ ദൃഷ്ടികൾ എന്റെ കുറവു കൾക്ക് നേരെ തുറന്നു.

186. അങ്ങനെ, സായിയുടെ വദനത്തിൽ നിന്നും പുറപ്പെട്ട വിചിത്രമായ എന്റെ പേരിന്റെ ഉത്പത്തിയെക്കുറിച്ചുള്ള സാഹചര്യം ഇതാണ്. അർത്ഥപൂർണ്ണമായ ഈ നാമകരണ ചടങ്ങ്, സന്ദർഭോചിതവും അവസരത്തിന് യോജിച്ചതുമാ യിരുന്നു. ഞാൻ അത് ഒരു സമുന്നതപദവി ആയി കരുതി.

187. ഇതിൽ നിന്നും നിഷ്ഫലമായ തർക്കങ്ങൾ ചീത്തലക്ഷണമാണെന്ന് ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. ഇനി ഒരിക്കലും ഞാൻ അത്തരം പ്രവൃത്തികളിൽ ഏർപ്പെടാതിരിക്കട്ടെ, കാരണം അവ തികച്ചും ഹാനികരമാണ്.

188. ഈ നാമം എനിക്ക് നൽകാൻ കാരണം, എന്റെ അഹംഭാവം തീർത്തും ഇല്ലാ താകാനും; ഒരുവൻ എല്ലായ്പ്പോഴും വിനീതമായി വർത്തിക്കണമെന്ന് ഞാൻ മരണം വരെ ഓർമ്മിക്കാനും വേണ്ടിയാണ്.

189. ദശരഥപുത്രനായ, ഈശ്വരാവതാരമായ, സർവ്വജ്ഞനും പ്രപഞ്ചരക്ഷകനും സകല ദിവ്യപുരുഷൻമാരുടെയും മനസ്സിൽ വസിക്കുകയും ചെയ്യുന്ന രാമൻ വസിഷ്ഠന്റെ[36] പാദങ്ങളിൽ വീണ് നമസ്കരിച്ചിരുന്നു.

190. പരമാത്മാവിന്റെ അവതാരമായ കൃഷ്ണനും ഗുരുവിനെ ശരണം പ്രാപിച്ചി രുന്നു. സന്ദീപനിയുടെ ഗൃഹത്തിൽ വിറക് ശേഖരിച്ചും, മറ്റ് അനേകം ക്ലേശ ങ്ങൾ സഹിച്ചും അദ്ദേഹം സേവനം ചെയ്തു.

191. അവരോട് താരതമ്യം ചെയ്യുമ്പോൾ ഞാൻ എന്താണ്? എന്തിനാണ് ഞാൻ തർക്കങ്ങളിൽ ഏർപ്പെടുന്നത്? ഗുരുവില്ലാതെ അറിവോ പരമാനന്ദമോ ഇല്ല. ശാസ്ത്രങ്ങളും ഇത് തീർച്ചപ്പെടുത്തുന്നു.

192. പ്രയോജനമില്ലാത്ത തർക്കങ്ങൾ നല്ലതല്ല. നമുക്ക് മത്സരബുദ്ധിയും പാടില്ല. ശ്രദ്ധയും വിശ്വാസവുമില്ലാതെ ചെറിയ അളവിൽ പോലും മുക്തി സാധ്യമല്ല.

193. എനിക്ക് ഇത് പിന്നീട് അനുഭവവേദ്യമായി. ഇപ്രകാരം സ്നേഹത്തോടെയും അനുഗ്രഹത്തോടെയും എനിക്ക് നൽകപ്പെട്ട ഈ ശീർഷകം ഞാൻ ആദരവോടെ ഏറ്റുവാങ്ങി.

194. നമുക്ക് ഈ കഥ ഇപ്പോൾ അവസാനിപ്പിക്കാം. ഒരു വിഭാഗത്തിന്റെ തർക്കങ്ങൾ, മറുവിഭാഗത്താൽ പ്രതിരോധിക്കപ്പെടുമ്പോൾ തീക്ഷ്ണമായ വാഗ്വാദങ്ങൾ ഉണ്ടാകുന്നു. ഇത് അവരെല്ലാം തുല്യനിലയിൽ വർത്തിക്കുന്നു എന്ന് കാണിക്കുന്നു.

195. ഇങ്ങനെയാണ്, ഗ്രന്ഥകാരന്റെ യോഗ്യതയും, അയാളെ പുനർനാമകരണം ചെയ്ത് ഈ വിവരണം സൃഷ്ടിച്ച് നിങ്ങളെ ശ്രവിപ്പിക്കുന്ന സായിയുമായി അയാൾക്കുള്ള ബന്ധവും വിവരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഉത്പത്തി ഉണ്ടായത്.

196. വളരെ ദീർഘമായ ഈ അധ്യായം ഇപ്പോൾ ഞാൻ പൂർത്തിയാക്കട്ടെ. ഹേമദ് ആദരവോടെ സായിയുടെ പാദങ്ങളിൽ പ്രണമിക്കുന്നു. ക്രമേണ കഥ വിശദമായി വർണ്ണിക്കുന്നതാണ്. ദയവായി അത് ശ്രവിക്കാൻ തയ്യാറാകുക.

197. സായി മാത്രമാണ് നമ്മുടെ ആനന്ദവും ഐശ്വര്യവും. പരിപൂർണ്ണജ്ഞാനത്തിൽ നിന്നുളവാകുന്ന നമ്മുടെ പരമാനന്ദവും സായി ആകുന്നു. നമ്മുടെ ശ്രേഷ്ഠമായ ആത്മസമർപ്പണവും സായി മാത്രമാകുന്നു. നമ്മുടെ അന്തിമമായ അഭയസങ്കേതമാണ് സായി.

198. സായിയുടെ കൃപയാൽ, ഭയാനകവും ക്ലേശകരവുമായ ലൗകികജീവിതത്തിലൂടെ കടന്നുപോകാനും കലിയുഗത്തിലെ തിന്മകളെ പാടേ ഉന്മൂലനം ചെയ്യാനും വേണ്ടി, അദ്ദേഹത്തിന്റെ ജീവചരിത്രം നമ്മൾ ശ്രവിക്കും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ രണ്ടാം അധ്യായം, "ഗ്രന്ഥരചനയുടെ ഉദ്ദേശ്യവും നാമകരണ ചടങ്ങിന്റെ വിവരണവും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ലവണസാഗരം, കരിമ്പിൻനീര് കടൽ, വീഞ്ഞ് കടൽ, നെയ്യ്കടൽ, തൈര് കടൽ, മധുരജലക്കടൽ, പാൽക്കടൽ.
2. എ.ഡി. 1778
3. എ.ഡി. 1878

4. മഹാരാഷ്ട്രയിലെ ഏറ്റവും പ്രമുഖനായ പുണ്യാത്മാക്കളുടെ ജീവചരിത്രകാരൻ, തുക്കാറാമിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു.
5. പ്രത്യേക അളവിൽ എഴുതിയ ഭക്തിഗാനങ്ങൾ
6. ചന്ദ്രരശ്മികൾ കൊണ്ട് ജീവിക്കുന്നു എന്ന് കരുതപ്പെടുന്നു – ഗ്രീക്ക് തിത്തിരിപക്ഷി
7. കഴുത്തിൽ കറുപ്പ് നിറമുള്ള കടൽപക്ഷി. കടൽ കുടിച്ചുവറ്റിക്കുക എന്ന അസാധ്യമായ കൃത്യം ഈ പക്ഷി ചെയ്തു എന്ന് കഥകളുണ്ട്.
8. അതായത് ഭക്തരുടെ പ്രവൃത്തികൾ
9. വയ്ക്കോൽ പോലെ.
10. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാര, ധാരണ, ധ്യാനം, സമാധി.
11. കാര്യകാരണ നിയമം, അല്ലെങ്കിൽ പകരത്തിന് പകരം.
12. മാധവറാവു ദേശ്പാണ്ഡേ, അഥവാ ശാമ, ബാബയുടെ സന്തതസഹചാരിയായിരുന്നു. അദ്ദേഹം ഒരു സ്കൂൾ അധ്യാപകനുമായിരുന്നു.
13. മോക്ഷം
14. ദൈവികദർശനം
15. ഗുരു, സ്നേഹമയിയായ അമ്മയാകുന്നു.
16. ഗ്രാമീണർ കഴിക്കുന്ന, ചോളം മുതലായ ധാന്യമാവ് കൊണ്ടുണ്ടാക്കുന്ന ഒരു തരം റൊട്ടി.
17. ബാബയുടെ ദിവ്യ അഗ്നികുണ്ഠമായ ധുനിയിൽ നിന്നുള്ള ചാരം.
18. ഗർഭം ഉണ്ടാകുമ്പോഴോ, അതിനുമുമ്പോ നടത്തുന്ന യാഗം; ഗർഭസ്ഥശിശുവിന് പ്രാണശക്തി ഉണ്ടാകുമ്പോൾ നടത്തുന്ന യാഗം; ഗർഭത്തിന്റെ മൂന്നാം മാസം നടത്തുന്ന യാഗം; ഗർഭത്തിന്റെ ഏഴാം മാസം നടത്തുന്ന യാഗം; നാലാം മാസം, ആറാം മാസം, എട്ടാം മാസം എന്നിങ്ങനെ നടത്തുന്ന യാഗം; പൊക്കിൾക്കൊടി മുറിക്കുംമുമ്പ് ശിശുവിന് സ്വർണ്ണക്കരണ്ടിയിൽ ശുദ്ധമായ വെണ്ണ നൽകുന്നത്; ശിശുവിന് നാമകരണം ചെയ്യുന്നത്; മൂന്നാമത്തെ വെളുത്ത ചന്ദ്രപക്ഷത്തിലെ മൂന്നാമത്തെ ദിവസം ശിശുവിനെ പുറത്തു കൊണ്ടുവന്ന് ചന്ദ്രന് സമർപ്പിക്കുന്നു; മൂന്നാമത്തെയോ നാലാമത്തെയോ മാസം ശിശുവിനെ പുറത്തുകൊണ്ടുവന്ന് സൂര്യന് സമർപ്പിക്കുന്നു; ആറാമത്തെയോ എട്ടാമത്തെയോ മാസം അരി ആഹാരം നൽകുന്നു; രണ്ടാമത്തെയോ മൂന്നാമത്തെയോ വയസ്സിൽ തലമുടിക്ക് ചൗളകർമ്മം നടത്തുന്നു; ബ്രാഹ്മണീയചരട് അണിയിക്കുന്നു; ഗായത്രി മന്ത്രോപദേശം; ബ്രാഹ്മണീയചരട് ഇടുപ്പിൽ നിന്നും ഇളക്കുന്നു; വിവാഹം; മരണാനന്തരചടങ്ങുകൾ.
19. ഹരിസീതാറാം ദീക്ഷിത്, ബോംബെയിലെ ഒരു നിയമജ്ഞനായിരുന്നു; ശ്രേഷ്ഠഭക്തനായ അദ്ദേഹത്തെ ബാബ 'കാക്കാ' എന്ന് വിളിച്ചിരുന്നു.
20. നാരായൺ ഗോവിന്ദ് ചന്ദോർക്കർ, ബാബ നാനാ എന്ന് വിളിച്ചിരുന്നു. ബാബ അദ്ദേഹത്തെ തന്റെ ദർശനത്തിനായി വിളിപ്പിക്കുകയും അദ്ദേഹം എത്തുകയും ചെയ്തു.
21. ബാന്ദ്രയിൽ നിന്ന് ദാദറിലേക്ക്, നാടൻ ട്രെയിനിൽ പോകുന്നതിനു വേണ്ടി.
22. റാവു ബഹാദൂർ എച്ച്.വി. സാഥേ. തീർത്ഥാടകർക്ക് വേണ്ടി ആദ്യത്തെ വാഡ പണികഴിപ്പിച്ചു.
23. കുതിരകൾ വലിക്കുന്ന, നാല് ആളുകൾക്ക് ഇരിക്കാൻ കഴിയുന്ന വണ്ടി.
24. മാരുതി ലക്ഷ്മൺ കൃഷ്ണ നൂൽക്കാർ, പന്ഥർപൂരിലെ സബ്ജഡ്ജിയായിരുന്നു.

25. 'ലെൻഡി' എന്നത് ഗ്രാമത്തിലെ ചെറിയ ഒരു അരുവിയാണ്. ആട്, ഒട്ടകം, തുടങ്ങിയ മൃഗങ്ങളുടെ കാഷ്ഠവും, അവ പ്രത്യേക ആകൃതിയിലുള്ളതാണ് – ഇങ്ങനെ അറിയപ്പെടുന്നു. ബാബ പതിവായി, ഉപാസനകൾക്കായി ലെൻഡിബാഗിലേയ്ക്ക് പോകുമായിരുന്നു.

26. കൈലാസഗിരിക്ക് പതിനെട്ട് മൈൽ തെക്കുകിഴക്കുമാറി കാണപ്പെടുന്ന മാനസസരോവരം കൈലാസത്തിന് സമ്പൂർണ്ണത നൽകുന്ന ഘടകമാണ്. പർവ്വതശിഖരം, പുരുഷത്വമാണെങ്കിൽ സരോവരം സ്ത്രൈണതയാണ്, അതിന്റെ ഉയരത്തിന് അഗാധതയും. ബ്രഹ്മാവിന്റെ മനസ്സിൽ നിന്ന് ഉത്ഭവിച്ച മാനസസരോവരം, ഹിന്ദുക്കളുടെ പുരാതനവും വളരെ പവിത്രവുമായ തീർത്ഥാടനകേന്ദ്രമാണ്. ഹിന്ദുപുരാണം അനുസരിച്ച് പന്ത്രണ്ട് ഋഷിമാർ തപശ്ചര്യക്കും ധ്യാനത്തിനും വേണ്ടി ഇവിടെ എത്തി. അനേകം വർഷങ്ങൾ അവർ കഠിനതപശ്ചര്യകൾ അനുഷ്ഠിക്കുകയും ശിവപാർവ്വതിമാർ അവർക്ക് ദർശനം നൽകുകയും ചെയ്തു. പക്ഷേ അവർക്ക് ദൈനംദിനകർമ്മങ്ങൾ നടത്താൻ യോജിച്ച ഒരിടം അവിടെ ഉണ്ടായിരുന്നില്ല. അവർ ബ്രഹ്മാവിനോട് പ്രാർത്ഥിച്ചു. എങ്ങും വ്യാപിച്ചിരിക്കുന്ന തന്റെ മനസ്സിന്റെ അപരിമിതമായ ആഴങ്ങളിൽ നിന്നും, ബ്രഹ്മാവ് ഒരു തടാകം സൃഷ്ടിച്ചു, മനസ്സിൽ നിന്നും സൃഷ്ടിക്കപ്പെട്ടതിനാൽ അതിനെ മാനസസരോവരം എന്ന്, ബ്രഹ്മാവിന്റെ മഹത്വത്തെ സൂചിപ്പിച്ചുകൊണ്ട്, വിളിക്കപ്പെടുന്നു. മാനസസരോവരം സൃഷ്ടിക്കപ്പെട്ടപ്പോൾ, അതിൽ നിന്നും ഉയർന്നുവന്ന സ്വർണ്ണശിവലിംഗം മുനിമാർ പൂജിച്ചു.

27. ചന്ദോർക്കറും ഭാട്ടേയും കലാലയ സുഹൃത്തുക്കളായിരുന്നു. ഭാട്ടേ 1884 (?) ൽ ഷിർദിയിലെത്തുകയും, ബാബ, അയാളോട് ആറുമാസം അവധിയിൽ അവിടെ താമസിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ ഭാട്ടേ പിന്നീട് തന്റെ ഉദ്യോഗത്തിൽ തിരികെ പ്രവേശിച്ചില്ല. സകോറിയിലെ മംലത്ത്ദാർ പദവി ഉപേക്ഷിക്കുകയാണുണ്ടായത്. അവിശ്വാസിയിൽ നിന്ന് ഭക്തനായി മാറുകയായിരുന്നു.

28. പന്തർപൂരിൽ, മഹാദേവചക്രവർത്തിയെക്കുറിച്ച് എ.ഡി. 1270–ാം വർഷത്തിലെ ഒരു കല്ലെഴുത്തിൽ വളരെ വിശദമായി വർണ്ണിച്ചിട്ടുണ്ട്.

29. ദിനംതോറും അദ്ദേഹം നൂറുകണക്കിന് ബ്രാഹ്മണർക്ക് അന്നദാനം നടത്തിയിരുന്നു.

30. ഉപവാസം, ദാനം, തീർത്ഥയാത്ര, മുക്തി എന്നീ നാലു വിഷയങ്ങൾ വിവരിച്ചിട്ടുണ്ട്.

31. മറാത്തി പോലുള്ള നാട്ടുഭാഷകൾ

32. ബ്രാഹ്മണരിലെ വിവിധ വിഭാഗങ്ങൾ.

33. 1923–ാം വർഷത്തിലെ വോള്യം –201, പേജ് 414, ആനന്ദ് മാഗസീൻ പരിശോധിക്കുക.

34. മഹാരാഷ്ട്രയിലെ ശ്രേഷ്ഠരായ കവികൾ.

35. "ഒരു ചെറിയ കഷണം മഞ്ഞളിന് മതിയായ മഞ്ഞനിറം നൽകാൻ കഴിയില്ല" എന്നത് ഒരു മഹാരാഷ്ട്രൻ പഴഞ്ചൊല്ലാണ്.

36. രാമന്റെ ഗുരു.

3

# ഈ ഗ്രന്ഥം രചിക്കാനുള്ള അനുമതി നൽകുന്നു

*ഞാൻ ശ്രീ ഗണേശഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീ സരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീ സീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീ സദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇപ്പോൾ ഞാൻ മുമ്പത്തെ വിവരണത്തിന്റെ കഥാതന്തു തുടരുകയാണ്. സായി എനിക്ക് ഉറപ്പ് നൽകിക്കൊണ്ട് പറയുന്നു, "ഞാൻ നിനക്ക് എന്റെ ജീവചരിത്രം വർണ്ണിക്കാൻ പൂർണ്ണസമ്മതം നൽകുന്നു.
2. "നീ നിന്റെ കർമ്മം ചെയ്യുക. നിന്റെ മനസ്സിൽ അല്പം പോലും ആശങ്ക വേണ്ട. എന്റെ വാക്കുകളിൽ തികഞ്ഞ വിശ്വാസം അർപ്പിച്ച് ദൃഢചിത്തനായി വർത്തിക്കുക.
3. "നീ എന്റെ ലീലകൾ വർണ്ണിക്കുകയാണെങ്കിൽ അജ്ഞതയിൽ നിന്നും ഉടലെടുക്കുന്ന കുറവുകളെ അത് ഇല്ലാതാക്കും. നീ വിശ്വാസത്തോടെ അത് ശ്രവിക്കുമ്പോൾ ലൗകിക ജീവിതത്തോടുള്ള താല്പര്യം ഇല്ലാതാകും.
4. "അത് മാനസസാഗരത്തിൽ ഭക്തിയുടെയും സ്നേഹത്തിന്റെയും അലകൾ ഉയർത്തും; ഇടയ്ക്കിടയ്ക്ക് അവയിൽ മുങ്ങിനിവരുമ്പോൾ അറിവിന്റെ അമൂല്യരത്നങ്ങൾ ലഭിക്കും".
5. ഞാൻ ഇത് കേട്ടപ്പോൾ, എന്റെ സംശയങ്ങൾ ഇല്ലാതായി. ഞാൻ സായിയുടെ ചരണങ്ങളിൽ വന്ദിക്കുകയും, എന്റെ ഓർമ്മശക്തിയെ ആശ്രയിച്ചുകൊണ്ട് ഈ ജീവചരിത്രം രചിക്കാൻ തുടങ്ങുകയും ചെയ്തു.
6. സായിയുടെ അധരങ്ങളിൽ നിന്നും ഈ വാക്കുകൾ പുറപ്പെട്ടപ്പോൾ തന്നെ, അത് ശുഭകരമാണെന്ന് ഞാൻ കരുതി. ഈ ഗ്രന്ഥം സ്വയം പൂർത്തിയാകും. ഞാൻ ശാരീരികമായി അത് എഴുതുന്ന ഒരു കരാർ തൊഴിലാളി മാത്രമായിരിക്കും.
7. ഈശ്വരന്റെ മാർഗ്ഗങ്ങൾ എത്ര ഗഹനമാണെന്ന് നോക്കൂ! അത് ഗ്രഹിക്കാൻ കഴിയാത്തതും, ഈശ്വരന് മാത്രം അറിയുന്നതുമാണ്. വേദശാസ്ത്രങ്ങൾ നിശ്ശബ്ദമാകുകയും ആർക്കും അവയുടെ ആഴം അളക്കാൻ കഴിയുകയുമില്ല.
8. വേദശാസ്ത്രങ്ങളിൽ പ്രാവീണർ, ധിഷണാശാലികൾ, വിവേകമതികൾ, പണ്ഡിതന്മാർ, തലനാരിഴകീറി വാദമുഖങ്ങൾ നിരത്തുന്ന തർക്കവിദഗ്ധർ – എന്നിവർക്കൊന്നും അവ മനസ്സിലാക്കാൻ കഴിയില്ല.
9. ഈശ്വരൻ തന്റെ ഭക്തരുടെ പ്രതിരൂപമാണ്. ഈശ്വരൻ കാപട്യമില്ലാത്ത,

ശുദ്ധാത്മാക്കളായ ഭക്തർക്ക് വേണ്ടി ദാഹിക്കുന്നു. തന്നെ സ്നേഹിക്കുന്ന ഭക്തർക്ക് ഈശ്വരൻ പൂർണ്ണമായും വിധേയനാണ്. എന്നാൽ കാപട്യക്കാരിൽ നിന്നും അകന്നുനിൽക്കുന്നു.

10. ''ഇതിൽ മാത്രമാണ് നിന്റെ ക്ഷേമം. ഇത് എന്റെ അവതാരത്തിന്റെ സഫലീകരണവുമാണ്. ഇത് എന്റെ ആവർത്തിച്ചുള്ള സാരോപദേശമാണ്. ഞാൻ സദാ ഇതോർത്ത് ഉത്കണ്ഠാകുലനാണ്.

11. ''ഓ ശാമാ, ഞാൻ നിന്നോട് തുടർന്ന് പറയുകയാണ്, എന്റെ നാമം സ്നേഹത്തോടെ ഉച്ചരിക്കുന്നവന്റെ ആഗ്രഹങ്ങൾ ഞാൻ പൂർത്തിയാക്കുകയും, അവന്റെ ഭക്തി വർദ്ധിപ്പിക്കുകയും ചെയ്യും.

12. "ഏതൊരുവൻ, എന്റെ ജീവിതം ഭാവാത്മകമായി ആലപിക്കുകയും എന്റെ ശക്തിവൈശിഷ്ട്യവും ശ്രേഷ്ഠതയും പുകഴ്ത്തുകയും ചെയ്യുന്നുവോ, അവന്റെ ചുറ്റിലും ഞാൻ നിലയുറപ്പിച്ച് പരിപൂർണ്ണ സംരക്ഷണം നൽകുന്നു.

13. "ഞാനുമായി പൂർണ്ണമായും താദാത്മ്യം പ്രാപിച്ച ഭക്തർ, എന്റെ ജീവചരിത്രം ശ്രവിക്കുമ്പോൾ സ്വാഭാവികമായും ആനന്ദം അനുഭവിക്കും.

14. "ഏതൊരുവൻ എന്റെ സ്തുതിഗീതങ്ങൾ ആലപിക്കുന്നുവോ, അവനിൽ ഞാൻ സമ്പൂർണ്ണ ആനന്ദവും ശാശ്വതസുഖവും സംതൃപ്തിയും വർഷിക്കും. ഇത് സത്യമാണെന്ന് അറിയുക.

15. ''എന്റെ സ്തുതികൾ വിശ്വാസത്തോടെ പാടുകയും എന്നിൽ പരിപൂർണ്ണമായും സമർപ്പിക്കുകയും, നിരന്തരം എന്നെ സ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നവനെ, ഞാൻ ഉദ്ധരിക്കുമെന്നത് എന്റെ വാഗ്ദാനമാണ്.

16. "എന്റെ നാമം സ്മരിക്കുകയും, എന്നെ ആരാധിക്കുകയും, ഗ്രഹിക്കുകയും, എന്നെക്കുറിച്ച് മാത്രം ദിവ്യപാരായണം ചെയ്യുകയും, എന്നെ ധ്യാനിക്കുകയും, സദാ എന്നെക്കുറിച്ച് മാത്രം ചിന്തിക്കുകയും ചെയ്യുന്ന ഒരുവന് ലൗകിക ജീവിതത്തോട് എങ്ങനെ ആസക്തി ഉണ്ടാകും?

17. "ഞാൻ എന്റെ ഭക്തരെ, മരണവക്ത്രത്തിൽ നിന്ന് പോലും വലിച്ച് മാറ്റും. എന്റെ കഥകൾ ശ്രവിക്കുന്നത് കൊണ്ട് മാത്രം രോഗങ്ങൾ അപ്രത്യക്ഷമാകും.

18. ''ആ കഥകൾ അർഹിക്കുന്ന ആദരവോടെ ശ്രവിക്കുക, പൂർണ്ണമായും അതിൽ ധ്യാനിക്കുക, തീവ്രമായി മനനം ചെയ്യുക; അപ്പോൾ നിനക്ക് ശാന്തി ലഭിക്കും.

19. ''നീ', 'ഞാൻ' എന്നത് അപ്രത്യക്ഷമാകും. ശ്രോതാക്കളുടെ മനസ്സ് ഈശ്വരനിൽ ലയിക്കും. ഹൃദയം ദൈവീകശക്തിയുടെ ശേഖരവും, ഭേദചിന്തയില്ലാത്ത പൂർണ്ണവിശ്വാസം കൊണ്ട് നിറയുകയും ചെയ്യും.

20. "സായി' നാമത്തിന്റെ നിരന്തരമായ ഉരുവിടൽ കൊണ്ട് കലിയുഗത്തിലെ പാപങ്ങൾ എരിഞ്ഞ് തീരും. ഒരിക്കൽ വന്ദിച്ചാൽ വാക്കിലും, കേൾവിയിലും ഉണ്ടായ പൂർവ്വകാല പാപങ്ങൾ നശിപ്പിക്കപ്പെടും."

21. ഉദ്യമം സാധാരണയായ ഒന്നല്ലെങ്കിലും ഞാൻ ആദരവോടെ ആജ്ഞ അനുസരിച്ചു. ബാബയെപ്പോലെ വാക്ചാതുരിയുള്ള വ്യക്തിയുള്ളപ്പോൾ ഞാനെന്തിന് സ്വയം നിസ്സാരമാക്കിക്കാണിക്കണം?

22. ചില ഭക്തർ ക്ഷേത്രങ്ങൾ പണിയാൻ നിയോഗിക്കപ്പെട്ടു; ചിലർ കീർത്തനങ്ങൾ[1] ആലപിച്ച് സ്വയം നിമഗ്നരാകാൻ നിയോഗിക്കപ്പെട്ടു; ചിലർ തീർത്ഥയാത്രയ്ക്ക് നിയോഗിക്കപ്പെടുകയും, എന്നെ അദ്ദേഹം ഗ്രന്ഥരചനയ്ക്ക് ഇരുത്തുകയും ചെയ്തു.

23. ഭക്തരുടെ ഇടയിൽ ഞാൻ ഏറ്റവും നിസ്സാരനാണ്. എന്നിലെ എന്ത് ഗുണം കൊണ്ടാണ്, ദയാസാഗരവും കൃപാമേഘവുമായ സായി എന്നിൽ അദ്ദേഹത്തിന്റെ അനുഗ്രഹം ചൊരിഞ്ഞതെന്ന് എനിക്കറിയില്ല!

24. ഗുരുവിന്റെ കൃപ അത്രയ്ക്ക് വിസ്മയാവഹമാണ്, എന്തെന്നാൽ അത് ഉണങ്ങി ദൃഢമായ വൃക്ഷത്തെ ഏറ്റവും തരിശായ ഭൂമിയിൽപ്പോലും നിഷ്പ്രയാസം സമൃദ്ധമായി പൂത്തുലയാൻ സാധ്യമാക്കുന്നു.

25. ഭാവിയിൽ ചിലർ ആശ്രമങ്ങൾ നിർമ്മിച്ചേക്കാം, ചിലർ ക്ഷേത്രങ്ങളും കടവുകളും നിർമ്മിച്ചേക്കാം, പക്ഷേ ഞാൻ സായിയുടെ ജീവചരിത്രം പാരായണം ചെയ്യുക എന്ന ഋജുവായ മാർഗ്ഗം സ്വീകരിക്കും.

26. ചിലർ സായിയെ ആദരവോടെ പൂജിക്കും; ചിലർ അദ്ദേഹത്തിന്റെ പാദങ്ങൾ മൃദുവായി തിരുമ്മും; പക്ഷേ എന്റെ മനസ്സ് അദ്ദേഹത്തിന്റെ സ്തുതികൾ ആലപിക്കാൻ ഉത്സുകമാണ്.

27. കൃതയുഗത്തിൽ ധ്യാനത്തിലൂടെയും, ത്രേതായുഗത്തിൽ ആചാരത്തോടെയുള്ള യാഗങ്ങളിലൂടെയും, ദ്വാപരയുഗത്തിൽ അനുഷ്ഠാനത്തോടെയുള്ള ആരാധനയിലൂടെയും നേടാൻ കഴിയുന്നത് ഈ കലിയുഗത്തിൽ, ഗുരുവിന്റെ നാമോച്ചാരണവും സ്തുതിഗീതങ്ങളും കൊണ്ട് നിങ്ങൾക്ക് നേടാൻ കഴിയും.

28. തീർച്ചയായും ഞാൻ അയോഗ്യനാണ്. വൈദഗ്ദ്ധ്യമില്ലെങ്കിലും, പല ജോലികൾ ഏറ്റെടുക്കുകയും എന്നാൽ ഒന്നിലും സാമർത്ഥ്യം ഇല്ലാത്തവൻ! ദുഷ്കരവും ബൃഹത്തുമായ ഈ സംരംഭം എങ്ങനെയാണ് എനിക്ക് ഏറ്റെടുക്കാൻ കഴിയുക?

29. എന്നാൽ ഞാൻ അല്പം പോലും ശ്രമിക്കാതെ, വെറുതെ ഇരുന്നാൽ, അനുസരണക്കേടിന്റെ പാപം ചെയ്യുക ആയിരിക്കും. ഞാൻ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ, ഈ കൃത്യത്തിന് ഞാൻ പര്യാപ്തനാണോ?

30. ആർക്കാണ് ശക്തനായ സായിയുടെ ഉള്ളിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാൻ കഴിയുന്നത്? സായിക്ക് മാത്രമേ അദ്ദേഹത്തിന്റെ ഒരു ഭക്തനിൽ അനുഗ്രഹം ചൊരിഞ്ഞ്, അവനിലൂടെ അത് വിശദമാക്കാൻ കഴിയൂ.

31. വാക്കുകൾക്ക് നീതി പുലർത്താൻ കഴിയാത്തപ്പോൾ എന്തിനാണ് ഞാൻ ഈ അഭ്യർത്ഥന നടത്തുന്നത്? ഈ കാര്യത്തിൽ എന്തെങ്കിലും പറയാനുള്ള അവസരമോ സാധ്യതയോ സായി ആർക്കും നൽകിയില്ല.

32. ഞാൻ തൂലിക എന്റെ കൈയ്യിലെടുത്തപ്പോൾ, എന്റെ സ്വന്തം വ്യക്തിത്വം സായി ഇല്ലാതാക്കി. അദ്ദേഹം സ്വയം സ്വന്തം കഥ എഴുതാൻ തുടങ്ങി. ഇതിന്റെ മുഴുവൻ ബഹുമതിയും അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്.

33. ഒരു ദിവ്യാത്മാവിനല്ലാതെ മറ്റാർക്കാണ് സായിയുടെ ജീവിതം രചിക്കാൻ കഴിയുന്നത്? സായിയുടെ സങ്കല്പാതീതമായ ശ്രേഷ്ഠത ഗ്രഹിക്കാൻ ശ്രമിക്കുന്നത് ആകാശത്തെ പുൽകാൻ ശ്രമിക്കുന്നതിന് തുല്യമാണ്.

34. എനിക്ക് അദ്ദേഹത്തിന്റെ ഗഹനമായ ശക്തിയെക്കുറിച്ചും മഹിമയെക്കുറിച്ചും വിവരിക്കാനുള്ള ബുദ്ധിശക്തി ഇല്ല; അദ്ദേഹം അത് സ്വയം നിർവഹിക്കുകയും, തന്റെ വാഗ്ദാനത്തിൽ നിന്ന് സ്വതന്ത്രനാകുകയും ചെയ്യണം.

35. ബാബാ, ഞാൻ ബ്രാഹ്മണനായി ജനിച്ചെങ്കിലും ശ്രുതിസ്മൃതികളെക്കുറിച്ച് എനിക്ക് ജ്ഞാനമില്ല. ഇത് എന്റെ ജനനത്തിന് ഒരു കളങ്കമാണെങ്കിലും അങ്ങയുടെ സമ്പർക്കം എന്റെ യോഗ്യത ആണ്.

36. ശ്രുതികളും സ്മൃതികളും ബ്രാഹ്മണന്റെ രണ്ട് ദൃഷ്ടികളാണ്. അതിൽ ഒന്ന് ഇല്ലാത്തവൻ വക്രദൃഷ്ടിക്കാരനും, രണ്ടും ഇല്ലാത്തവൻ അന്ധനുമാണ്. ഞാൻ നിസ്സാരനും താഴ്ന്നവനുമാണ്, കാരണം എനിക്ക് ഇവ രണ്ടുമില്ല.

37. എനിക്ക് അങ്ങ് അന്ധന്റെ ഊന്നുവടിയാണ്. പിന്നെന്തിന് ഞാൻ ആശങ്കപ്പെടണം? അതിന്റെ സഹായത്തോടെ, കാട്ടിത്തരുന്ന വഴിയിലൂടെ ഞാൻ അങ്ങയെ പിന്തുടരും.

38. എങ്ങനെ മുമ്പോട്ട് പോകണമെന്ന് എനിക്ക് അറിയില്ല. നിസ്സാരനായ എനിക്ക് എന്ത് ചെയ്യണം എന്നറിയില്ല. അങ്ങ് എനിക്ക് ധിഷണാശക്തി നൽകുകയും അങ്ങയുടെ സംരംഭം നടത്തിക്കുകയും വേണം.

39. മൂകനെ ബൃഹസ്പതി[2]യെപ്പോലെ വാചാലനാക്കുകയും, മുടന്തനെ മേരുഗിരി[3] കടക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്ന അഗ്രാഹ്യമായ ശക്തിയുടെ രഹസ്യം ബാബയ്ക്ക് മാത്രമേ അറിയൂ.

40. ഞാൻ അങ്ങയുടെ വിനീതദാസൻ മാത്രമാണ്. എന്നെ നിരാശാവാനാക്കരുത്. എന്റെ അന്ത്യശ്വാസം വരെ എന്നെക്കൊണ്ട് അങ്ങയുടെ കൃത്യം ചെയ്യിക്കുക.

41. ഇപ്പോൾ, ഓ ശ്രോതാക്കളേ! നിങ്ങൾക്ക് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം അറിയാൻ കഴിഞ്ഞു. ഭക്തരുടെ നന്മയ്ക്ക് വേണ്ടി സായി സ്വയം ഇത് എഴുതുന്നു; ഞാൻ അദ്ദേഹത്തിന്റെ വെറും ഉപകരണം മാത്രമാണ്.

42. പുല്ലാങ്കുഴലോ ഹാർമോണിയമോ, അവ ഉണ്ടാക്കുന്ന സ്വരങ്ങളെക്കുറിച്ച് വ്യാകുലപ്പെടാത്തതുപോലെ, അത് വാദ്യക്കാരന്റെ മാത്രം ഉത്കണ്ഠ എന്നപോലെ, നമ്മൾ എന്തിന് ആശങ്കപ്പെടണം?

43. ചന്ദ്രകാന്ത[4]ത്തിൽ നിന്ന് ഊറിവരുന്ന അമൃത് അതിന്റെ സ്വന്തമാണോ? അത് ചന്ദ്രോദയത്തിൽ ചന്ദ്രനാൽ ഉണ്ടാകുന്ന അദ്ഭുതപ്രവൃത്തിയാണ്.

44. അല്ലെങ്കിൽ, വേലിയേറ്റം ഉണ്ടാകുന്നത് സമുദ്രത്തിന്റെ സ്വന്തം കൃത്യമാണോ? അതും ചന്ദ്രന്റെ കരങ്ങളിലാണ്, അല്ലാതെ സമുദ്രത്തിന്റെ നേട്ടമല്ല.

45. അത് എന്തുമാകട്ടെ. സമുദ്രത്തിൽ, ചുവന്ന പ്രകാശം ഘടിപ്പിച്ച വിളക്ക്മാടം, കപ്പലുകളുടെ ചലനത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പാറക്കെട്ടുകളിൽ നിന്നും ചുഴികളിൽ നിന്നും ഒഴിഞ്ഞുമാറുന്നതിന് മുന്നറിയിപ്പ് നൽകുന്നതിനും വേണ്ടി, ഉറപ്പിക്കുന്നതു പോലെ,

46. സായിയുടെ കഥകൾ, മാധുര്യത്തിൽ അമൃതിനെപ്പോലും പിന്നിലാക്കുന്നവ, നമ്മെ സുരക്ഷിതമായി മുന്നോട്ട് നയിക്കുകയും ഭവസാഗരത്തിലെ കഠിനമായ പാതകൾ സുഗമമാക്കുകയും ചെയ്യും.

47. ദിവ്യന്മാരുടെ കഥകൾ അനുഗൃഹീതമാണ്, എന്തെന്നാൽ അവ കർണ്ണങ്ങളിലൂടെ ബോധചൈതന്യത്തിലേയ്ക്ക് ആഴ്ന്നിറങ്ങുകയും, ദേഹബുദ്ധിയെ ശുദ്ധീകരിച്ച് ദ്വന്ദ്വഭാവം നശിപ്പിക്കുകയും ചെയ്യുന്നു.

48. ഈ കഥകൾ കൂടുതൽ കൂടുതൽ നിങ്ങളുടെ ഹൃദയത്തിൽ ശേഖരിക്കുമ്പോൾ ആശങ്കകൾ ഓടിയകലും; ആത്മീയജ്ഞാനത്തിന്റെ ശേഖരം വളരുമ്പോൾ, ദേഹബുദ്ധിയുമായുള്ള നിന്റെ താദാത്മ്യം കുറയും.

49. ബാബയുടെ ശുദ്ധമായ കീർത്തി വർണ്ണിക്കുകയും അവ പൂർണ്ണ ഹൃദയത്തോടെ ശ്രവിക്കുകയും ചെയ്യുന്നത് ഭക്തരുടെ പാപങ്ങൾ എരിച്ച് തീർക്കും. ഇത് സുഗമമായി മുക്തി പ്രാപ്യമാക്കും.

50. മായയ്ക്ക് അതീതമായ ബ്രഹ്മന്റെ സ്വഭാവം എന്താണ്? ആ മായയെ കീഴടക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? ധാർമ്മികവും ഭക്തിനിർഭരവുമായ ജീവിതം നയിക്കുന്ന ഭക്തരിൽ ഈശ്വരൻ കനിവ് കാണിക്കുന്നു. അല്ലെങ്കിൽ എങ്ങനെയാണ് ഭക്തർക്ക് അത് സാധ്യമാകുന്നത്?

51. എന്താണ് പരിപൂർണ്ണമായ ആനന്ദം? ഭക്തി, മുക്തി, വൈരാഗ്യം എന്നിവ എന്താണ്? ചാതുർവർണ്ണങ്ങളിലും[5] നാല് ആശ്രമങ്ങളിലും[6] അടങ്ങുന്നവ ഒന്ന് തന്നെയാണ്. ഈ വിഷയങ്ങൾ വളരെ ഗഹനമാണ്.

52. ഈ വിഷയങ്ങളിൽ താല്പര്യം ഉള്ളവർ, അവരുടെ ആഗ്രഹങ്ങൾ സഫലമാക്കുന്നതിന് ധ്യാനേശ്വരൻ, ഏകനാഥ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ അധ്യയനം നടത്തുകയും അവ സന്തോഷത്തോടെ ആസ്വദിക്കുകയും വേണം.

53. 'കൃതയുഗ'ത്തിന്റെ ധർമ്മം ഇന്ദ്രിയനിഗ്രഹവും ഭോഗേച്ഛയെ കീഴടക്കലുമായിരുന്നു; 'ത്രേതായുഗ'ത്തിൽ യാഗങ്ങൾ; 'ദ്വാപരയുഗ'ത്തിൽ ആചാരാനുഷ്ഠാനങ്ങൾ; 'കലിയുഗ'ത്തിൽ നാമസങ്കീർത്തനവും ആലാപനവും – മോക്ഷത്തിനുള്ള വളരെ ലളിതമായ മാർഗ്ഗം.

54. ഗുരുവിന്റെ ജീവചരിത്രം ശ്രവിക്കുക എന്നതാണ് ബ്രാഹ്മണർ തുടങ്ങിയ നാല് ആശ്രമങ്ങൾ, സ്ത്രീകൾ, ശൂദ്രർ, ജാതി ഇല്ലാത്തവർ എന്നിവർക്കൊക്കെ മുക്തി ലഭിക്കാനുള്ള സരളമാർഗ്ഗം.

55. പൂർവ്വജന്മങ്ങളിൽ ചെയ്ത നല്ല പ്രവൃത്തികൾ കൈമുതലായുള്ളവർ മാത്രമേ ഈ കഥകൾ ശ്രവിക്കുകയുള്ളൂ. ആരെങ്കിലും നിദ്രയിലാണെങ്കിൽ ഈശ്വരൻ അവരെ ഉണർത്തും.

56. അനിയന്ത്രിതമായ ലൗകികസുഖങ്ങളിൽ മുഴുകുകയും, അവ ലഭ്യമാകാ

ത്തപ്പോൾ അത്യധികം ദുഃഖിതരാകുകയും ചെയ്യുന്ന വ്യക്തികൾക്ക്, ദിവ്യന്മാരുടെ കഥകളാകുന്ന അമൃത് അവരുടെ ദുഃശീലങ്ങളിൽ നിന്ന് മോചനം നൽകുന്നു.

57. യാഗങ്ങൾ, യജ്ഞങ്ങൾ എന്നിവ അനുഷ്ഠിക്കുക, ധ്യാനവും ഏകാഗ്രതയും ശീലിക്കുക തുടങ്ങിയവ വളരെ ആയാസകരമാണ്, എന്നാൽ ഈ കഥകൾ ശ്രവിക്കുന്നതിന് താല്പര്യം അല്ലാതെ മറ്റൊന്നും ആവശ്യമില്ല.

58. ഭക്തരും ധാർമ്മികരുമായ ശ്രോതാക്കൾ സായിയുടെ ഈ ശുദ്ധമായ കഥകൾ ശ്രവിക്കട്ടെ, അതുകൊണ്ട് അവർക്ക് നന്മയുണ്ടാകും, എന്തെന്നാൽ വളരെ ശക്തമായ പഞ്ചപാപങ്ങൾ[7] പൂർണ്ണമായി എരിഞ്ഞ് ഇല്ലാതാകും.

59. നമ്മളെല്ലാം ലൗകിക ജീവിതത്തിൽ ബന്ധിതരാണ്, അത് പരമാത്മാവിനെ നമ്മുടെ ദൃഷ്ടികളിൽ നിന്നും മറയ്ക്കുന്നു. ഈ കഥകൾ ശ്രവിക്കുന്നതിലൂടെ ബന്ധനങ്ങൾ അഴിയുന്നതായി നമ്മൾ അറിയുകയും, നമ്മുടെ മൗലികമായ അവസ്ഥ അഥവാ ആത്മസ്വരൂപം തിരികെ ലഭിക്കുകയും ചെയ്യും.

60. ഈ കഥകൾ ജീവിതകാലം മുഴുവൻ സ്മരിക്കുകയും ദിനവും അധ്യയനം നടത്തുകയും വേണം. അവ ശ്രോതാക്കളെ ലൗകികജീവിതത്തിൽ നിന്ന് സ്വതന്ത്രരാക്കുകയും സമസ്ത ജനങ്ങൾക്കും ശാന്തി നൽകുകയും ചെയ്യും.

61. ഭക്തിവിശ്വാസങ്ങളോടെ പാരായണവും ശ്രവണവും നടത്തുമ്പോൾ സായിയെ ധ്യാനിക്കാൻ എനിക്ക് കഴിയട്ടെ. അദ്ദേഹം സഗുണരൂപ[8]ത്തിൽ എന്റെ ദൃഷ്ടികൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുകയും, ആ രൂപം എന്റെ മനസ്സിൽ ദൃഢമായി പതിയുകയും ചെയ്യട്ടെ.

62. ആ തരത്തിൽ, എന്റെ ഗുരുഭക്തി വളരുകയും എനിക്ക് ലോകജീവിതത്തോട് വിരക്തി ഉണ്ടാകുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ നാമം ഓർമ്മിക്കാനുള്ള ആഗ്രഹം തീവ്രമാകുകയും എന്റെ മനസ്സ് ശുദ്ധമാകുകയും ചെയ്യട്ടെ.

63. ഈ ഉദ്ദേശ്യം കൊണ്ട് സായിനാഥ് എന്നിൽ കൃപ ചൊരിയുകയും എന്നെ ഉപകരണമാക്കിക്കൊണ്ട് അദ്ദേഹം സ്വയം ഗ്രന്ഥം രചിക്കുകയും ചെയ്തു.

64. ഗോവിന്റെ അകിട് നിറഞ്ഞ് തുളുമ്പിയാൽപ്പോലും, അവൾ തന്റെ കിടാവിന് മാത്രമേ പാൽ ചുരത്തുകയുള്ളൂ എന്നത് സ്വാഭാവികമാണ്. അത് പോലെയാണ് സായിയുടെ സ്നേഹവും.

65. ചാതകപ്പക്ഷി[9]യെപ്പോലുള്ള എന്റെ ആഗ്രഹപൂർത്തിക്കായി സായിമാതാവ് ആനന്ദം വർഷിച്ചു, എന്റെ മിതമായ ദാഹം ശമിപ്പിക്കുകയും, തന്റെ മറ്റ് ഭക്തരുടേത് ധാരാളമായി ശമിപ്പിക്കുകയും ചെയ്യും.

66. എത്ര മനോഹരമായ സ്നേഹവും ഭക്തിയും! തന്റെ പൈതലിനോടുള്ള സ്വാഭാവിക പ്രേമം നിറഞ്ഞ് തുളുമ്പുമ്പോൾ, കുഞ്ഞ് ആവശ്യപ്പെട്ടില്ലെങ്കിലും മാതാവ് ബലമായി അതിന്റെ വായിലേയ്ക്ക് പാൽ നൽകുന്നു.

67. ആരാണ് അവളുടെ ക്ഷീണം അറിയുന്നത്? കുഞ്ഞ് അത് അറിയുന്നില്ല. മാതാവല്ലാതെ മറ്റാരാണ് ആവശ്യപ്പെടാതെ തന്നെ ശിശുവിന് സ്തനപാനം നൽകുന്നത്?

68. ഒരു ചെറിയ ശിശുവിനെ ആഭരണങ്ങൾ കൊണ്ട് അണിയിച്ചൊരുക്കുമ്പോൾ, ശിശുവിന് അതിന്റെ പ്രാധാന്യം അറിയില്ല. മാതാവ് മാത്രമേ ആനന്ദം അറിയുന്നുള്ളൂ. അതേപോലെയാണ് സദ്ഗുരുവിന്റെ മാർഗ്ഗവും.

69. എന്റെ ഈ ശിശുതുല്യമായ ആഗ്രഹം ആരാണ് സ്നേഹത്തോടെ സംതൃപ്തമാക്കുന്നത്? മാതാവിനല്ലാതെ മറ്റാർക്കാണ് യഥാർത്ഥമായ ഉത്കണ്ഠ ഉള്ളത്; അങ്ങനെയുള്ള സ്നേഹബന്ധം വളരെ അപൂർവ്വമാണ്.

70. ശ്രേഷ്ഠയായ ഒരു മാതാവിന് ജനിക്കുക എന്നത് ഈശ്വരൻ നൽകുന്ന ഏറ്റവും മഹത്തായ ഭാഗ്യമാണ്. എന്നാൽ ആഹ്ലാദത്തോടെ കഴിയുന്ന ശിശുവിന് അമ്മയുടെ വേദനയെയും തന്റെ ജനനത്തെക്കുറിച്ചും ഒന്നും തന്നെ അറിയില്ല.

71. അത് എന്തുമാകട്ടെ. ഈ അവസരത്തിൽ ബാബ വീണ്ടും കുറച്ച് കൂടി പറയുകയുണ്ടായത് ഞാൻ ഇപ്പോൾ നിങ്ങൾക്ക് വിവരിക്കാം. ഓ, ശ്രോതാക്കളേ ദയവായി ആദരവോടെയും ശ്രദ്ധയോടെയും അത് ശ്രവിക്കുക.

72. 1916–ാം വർഷത്തിൽ, എന്റെ സർക്കാർ ജോലി അവസാനിക്കുകയും ഉചിതമായ പെൻഷൻ തീരുമാനിക്കപ്പെടുകയും ഉണ്ടായി. എനിക്ക് ഷിർദിയിലേയ്ക്കു യാത്ര ചെയ്യാനുള്ള സമയം ആകുകയും ചെയ്തു.

73. അത് 'ഗുരുപൂർണ്ണിമ' ദിനമായിരുന്നു. ഗുരുപൂജയ്ക്കായി ഭക്തർ ഒന്നിച്ചുകൂടിയിരുന്നു. അന്നാചിൻചാനിക്കാർ[10] സ്വമനസ്സാലേ, ബാബയോട് ഒരു അഭ്യർത്ഥന നടത്തി. എന്തായിരുന്നു അദ്ദേഹത്തിന്റെ ശുപാർശ എന്ന് ശ്രദ്ധിക്കുക.

74. അന്നാ എന്നെക്കുറിച്ച് വളരെ വ്യാകുലനായിരുന്നു. അദ്ദേഹം ബാബയോട് പ്രാർത്ഥിച്ചു, "അവന്റെ കുടുംബം വളരുകയാണ്, ദയവായി അവനിൽ കൃപ കാട്ടുക.

75. "അവന് മറ്റൊരു ജോലി നൽകുക. ഈ പെൻഷൻ മതിയാകില്ല. അന്നാ സാഹേബിന്റെ ആശങ്ക അകറ്റുക. ഇതിന് എന്തെങ്കിലും പരിഹാരം ചെയ്യുക."

76. മറുപടിയായി ബാബ പറഞ്ഞു, "അവന് മറ്റൊരു ജോലി ലഭിക്കും. ഇപ്പോൾ എന്റെ സേവനം ചെയ്യട്ടെ. അവന് ഈ ലോകത്ത് ആനന്ദം ലഭിക്കും.

77. "അവന്റെ ഗൃഹം സദാ ഐശ്വര്യപൂർണ്ണമായിരിക്കും, അവൻ ജീവിക്കുന്നിടത്തോളം കാലം അവന് ഒന്നിന്റെയും ആവശ്യം ഉണ്ടാകില്ല. അവൻ പൂർണ്ണവിശ്വാസത്തോടെ എന്നെ ആശ്രയിച്ചാൽ അവന്റെ ക്ലേശങ്ങൾ മാറും.

78. "തനിക്ക് ഇഷ്ടമുള്ളത് പോലെ പെരുമാറുമെന്ന് പറയുന്ന ആളുകൾ ഉണ്ടാകും, എന്തെന്നാൽ അവർ മാർഗ്ഗത്തിൽ നിന്ന് അകന്ന് പോയവരാണ്. ആദ്യമായി, ധാർമ്മികചര്യകളുടെ നേർക്ക് പുറംതിരിഞ്ഞ് നിൽക്കുന്നവരുടെ സമീപത്ത് നിന്ന് അകന്ന് പോകുക.

79. "നീ അവരെ കാണേണ്ടി വരികയാണെങ്കിൽ, ആ വഴിയിൽ നിന്ന് മാറിപ്പോകുക. അവരെ വളരെ അപകടകാരികളായി കരുതുക. അവരുടെ നിഴലി

നെപ്പോലും ഭയപ്പെടുകയും, ഏത് തരത്തിലും അവരെ ഒഴിവാക്കുകയും വേണം.

80. "അരാജകത്വവാദികൾ, അധാർമ്മികർ, ചിന്താശൂന്യർ, ഉദ്ദേശ്യരഹിതർ, ശരിയും തെറ്റും തിരിച്ചറിയാൻ കഴിയാത്തവർ - എങ്ങനെയാണ് ഇത്തര ത്തിലുള്ള ഒരുവൻ ജീവിതത്തിൽ എന്തെങ്കിലും നന്മ കൈവരിക്കുക?

81. "എന്നാൽ എന്തെങ്കിലും പൂർവ്വജന്മബന്ധമില്ലാതെ ആരും നിന്റെയടുക്കൽ എത്തുകയില്ല. അത് ഒരു നായയോ, പന്നിയോ, ഈച്ചയോ ആകാം. അതുകൊണ്ട് ആരെയും തിരസ്കരിക്കരുത്.

82. "ഇപ്പോൾ മുതൽ അവൻ സ്നേഹത്തോടെയും ഭക്തിയോടെയും എന്നെ സേവിക്കട്ടെ. പരമാത്മാവ് അവനെ അനുഗ്രഹിക്കും. അവന് ശാശ്വതമായ നിധി ലഭിക്കും.

83. "ഏത് രീതിയിലാണ് അവൻ ആരാധിക്കേണ്ടത്? ഞാൻ ആരാണ്? അത് അവന് എങ്ങനെ തീർച്ചയായും ഗ്രഹിക്കാൻ കഴിയും? സായിയുടെ ദേഹം നശ്വരമാണ്, എന്നാൽ ബ്രഹ്മൻ അനശ്വരമാണ്.

84. "ഞാൻ സർവ്വവ്യാപിയാണ്, അഷ്ടപ്രകൃതിയുടെ മൂർത്തരൂപമാണ് ഞാൻ". ഗീതോപദേശ സമയത്ത് ഭഗവാൻ അർജ്ജുനനോട് ഇത് പറയുകയുണ്ടായി.

85. "ചരാചരവസ്തുക്കളും, രൂപവും നാമവും ഉള്ളവയും കൊണ്ട് സൃഷ്ടിക്കപ്പെട്ട ഈ ലോകം, അഷ്ടപ്രകൃതിയുടെ രൂപത്തിൽ എന്നിൽ നിന്നും ഉണ്ടായി. ഈ പ്രപഞ്ചം എന്നിൽ നിന്നും സൃഷ്ടിക്കപ്പെട്ടതാണ്.

86. "ഓം' എന്ന യോഗാത്മകമന്ത്രം എന്നെ പ്രതിനിധീകരിക്കുന്നു. അതിന്റെ ഒരേയൊരു ആന്തരികാർത്ഥം ഞാനാകുന്നു. എണ്ണിയാലൊടുങ്ങാത്ത വസ്തുക്കൾ കൊണ്ട് ഈ പ്രപഞ്ചം നിറഞ്ഞിരിക്കുന്നു, എന്നാൽ ഞാൻ അവയിലൊക്കെയും അന്തർലീനമായി വർത്തിക്കുന്നു.

87. "അവിടെ ആത്മനല്ലാതെ മറ്റൊന്നുമില്ല, അപ്പോൾ എന്ത് ആഗ്രഹമാണുണ്ടാകേണ്ടത്? പത്ത് ദിശകളിലും ഉള്ള സർവ്വതിലും ഞാൻ അടങ്ങിയിരിക്കുന്നു.

88. "പൂർണ്ണത എല്ലാറ്റിലും നിറഞ്ഞിരിക്കുന്നതിനാൽ 'ഞാൻ', 'എന്റേത്' എന്ന ഭാവം ഇല്ലാതാകുന്നു. ഞാൻ സർവ്വവ്യാപിയായിരിക്കവേ, എന്ത് ആസക്തിയാണ് നമുക്ക് ഉണ്ടാകുക?

89. "ആഗ്രഹങ്ങൾ ബുദ്ധിയിൽ നിന്ന് ഉദിക്കുന്നവയാണ്. അവയ്ക്ക് ആത്മാവുമായി ഒരു ബന്ധവുമില്ല. സായിമഹാരാജ് ആത്മാവിന്റെ മൂർത്ത രൂപമാണ്. അപ്പോൾ ആഗ്രഹങ്ങൾ എങ്ങനെയാണ് അദ്ദേഹത്തിനുണ്ടാകുന്നത്?

90. "പലതരത്തിലുള്ള ആഗ്രഹങ്ങൾ ഉണ്ട്. പക്ഷേ 'ഞാൻ ആരാണ്' എന്നതിന്റെ സാരാംശം അറിയുമ്പോൾ, അവയൊക്കെ കത്തിജ്ജ്വലിക്കുന്ന തീഷ്ണമായ സൂര്യരശ്മികൾ ഏൽക്കുന്ന ആലിപ്പഴങ്ങൾ പോലെ അലിഞ്ഞ് ഇല്ലാതാകും.

91. “ഞാൻ മനസ്സോ, ബുദ്ധിയോ, ഇന്ദ്രിയങ്ങളോ അല്ല. ഞാൻ സ്ഥൂലശരീരമോ ഭൗതികവസ്തുവോ അല്ല. ഞാൻ പ്രപഞ്ചസൃഷ്ടിക്ക് മുമ്പുള്ള ഹിരണ്യ ഗർഭവും അല്ല. പക്ഷേ ഞാൻ അതിപ്രാചീനമായ, ആരംഭമില്ലാത്ത അന്തർസാക്ഷിയാണ്.

92. “ഇപ്രകാരം ഞാൻ ഇന്ദ്രിയങ്ങൾക്ക് അതീതനാണ്. ഇന്ദ്രിയങ്ങളുടെ ഭോഗ വസ്തുക്കളിൽ എനിക്ക് താല്പര്യമില്ല. എന്നാൽ ഞാനില്ലാത്ത ഒരു വസ്തു പോലും ഇല്ല. ഞാൻ ഒരു കർമ്മത്തിനും കാരണമോ, കർത്താവോ അല്ല.

93. “മനസ്സ്, ബുദ്ധി, മറ്റ് ഇന്ദ്രിയങ്ങൾ എന്നിവ സ്ഥൂല ശരീരത്തിന്റെ പ്രവർത്തനത്തിനുള്ള ഉപകരണങ്ങൾ ആണെന്നുള്ള തിരിച്ചറിയൽ ഉണ്ടാകുമ്പോൾ വിരക്തി ഉണ്ടാകുകയും ഗോപ്യമായിരുന്ന ആത്മജ്ഞാനം അനാവൃതമാകുകയും ചെയ്യും.

94. “ഒരുവന്റെ സ്വത്വം മറക്കുക എന്നത് തന്നെ മായയാണ്; ശുദ്ധവും പൂർണ്ണവുമായ ആനന്ദത്തെ ഓർക്കുക എന്നത് ഞാൻ ആകുന്നു – അതായത് പരമാത്മാവ്, ശുദ്ധബോധശക്തി.

95. “ഒരുവൻ എന്നിലേയ്ക്ക് തിരിയുക എന്നത് തന്നെ എന്റെ സേവനവും ഭക്തിയും ആകുന്നു. ഞാൻ ആത്മാവിന്റെ ആനന്ദം അനുഭവിക്കുമ്പോൾ അത് ജ്ഞാനത്തിന്റെ പരിശുദ്ധഭാവമാകുന്നു.

96. “ആത്മാവ് ബ്രഹ്മൻ തന്നെയാകുന്നു. അറിവിൽ നിന്ന് ഉളവാകുന്ന ആനന്ദമാണ് ബ്രഹ്മൻ. ലോകത്തിന്റെ അയഥാർത്ഥമായ പ്രകൃതിയെക്കുറിച്ചുള്ള അറിവ് നേടുമ്പോൾ, ലോകത്തെക്കുറിച്ചുള്ള മായാഭ്രമം വിട്ടുമാറും. ബ്രഹ്മൻ എന്നത് വാസ്തവികത ആണ്. അത് ഞാനാകുന്നു.

97. “ഞാൻ അനശ്വരനും, പരിശുദ്ധനും, ജ്ഞാനദീപ്തിയും, മുക്തനുമാകുന്നു. ഞാൻ വാസുദേവനാണ്, ദിവ്യശബ്ദമായ ‘ഓം’. ഞാൻ പരമാർത്ഥമാകുന്നു. എന്നെ ഭക്തിയോടെയും വിശ്വാസത്തോടെയും ആരാധിക്കുന്നതിലാണ് നിന്റെ നന്മ നിലകൊള്ളുന്നത്.

98. “അതിനാൽ എന്റെ വാസ്തവികമായ പ്രകൃതി തിരിച്ചറിഞ്ഞുകൊണ്ട് ശരിയായ രീതിയിൽ എന്നെ സേവിക്കുക. മാത്രമല്ല, പൂർണ്ണമായും എനിക്ക് സമർപ്പണം ചെയ്യുക. ഞാനുമായി താദാത്മ്യം പ്രാപിക്കുക.

99. “സമുദ്രത്തിന് സമർപ്പണം ചെയ്യുമ്പോൾ, നദിക്ക് തിരികെ വരാൻ കഴിയുമോ? അവൾ സമുദ്രത്തിൽ ലയിക്കുമ്പോൾ വേറിട്ട അസ്തിത്വം ഉണ്ടാകുമോ?

100. “എണ്ണയിൽ കുതിർന്ന തിരി അഗ്നിനാളത്തോട് ചേരുമ്പോൾ, അത് സ്വയം തിളക്കമാർന്ന പ്രകാശമായി മാറുന്നത് പോലെ, ദിവ്യാത്മാവിന്റെ ചരണങ്ങളിലെത്തുന്ന മനുഷ്യൻ സ്വയം ദിവ്യനായി മാറുന്നു.

101. “അള്ളാ മാലിക്’, അതായത് പരമാത്മാവും ശുദ്ധബോധചൈതന്യവും, എന്നതല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാത്തവന് ശാന്തി ലഭിക്കുന്നു, ആഗ്രഹങ്ങളൊന്നും തന്നെ ഉണ്ടാകില്ല, അവൻ എല്ലാറ്റിനെയും തുല്യ ദൃഷ്ടി

യോടെ വീക്ഷിക്കുന്നു. അവന് പരമാത്മാവിൽ നിന്നും വേറിട്ട ഒരു വ്യക്തിത്വം എങ്ങനെ ഉണ്ടാകും?

102. “എവിടെയാണോ ഞാൻ എന്ന ചിന്തയില്ലാത്തത്, എവിടെയാണോ അഹം ഭാവം ഇല്ലാത്തത്, എവിടെ സ്പർദ്ധയും കലഹവും (ലോകത്തിന്റെ ദ്വൈത ഭാവം) ഇല്ലയോ, എവിടെ ഭൗതികസ്വത്തുക്കളോട് ആസക്തി ഉണ്ടാകുന്നില്ലയോ, എവിടെ ഈ നാല് ഗുണങ്ങളും വസിക്കുന്നുവോ, അവിടെ അഹം ബോധം ഉണ്ടാകുമോ?”

103. ചുരുക്കിപ്പറഞ്ഞാൽ സായിയുടെ പ്രകൃതിയിൽ ഈ എട്ട് ഗുണങ്ങളും അവയുടെ പൂർണ്ണ ഭാവത്തിൽ സ്ഥിതിചെയ്യുന്നു. അപ്പോൾ എവിടെയാണ് അഹം ഭാവത്തിന് സ്ഥാനം? അപ്പോൾ എന്നിൽ അത്തരത്തിലുള്ള അഹംഭാവം വളരുമോ?

104. “ആരുടെ ചൈതന്യമാണോ ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്നത്, ആ ശക്തിയുടെ അവിഭാജ്യഘടകമാണ് ഞാൻ. സായിയുടെ പാദങ്ങളിൽ സ്വയം സമർപ്പിക്കുക. ഇത് എന്റെ സേവനത്തിന് സമമാണ്.

105. “എനിക്ക് സേവനം ചെയ്യുക, എന്റെ സ്തുതിഗീതങ്ങൾ പാടുക, എന്നിൽ പൂർണ്ണമായും സമർപ്പിക്കുന്നതിലൂടെ ഞാനുമായി താദാത്മ്യം ഉണ്ടാകും. ഇത് ഭാഗവതത്തിൽ ശ്രീകൃഷ്ണൻ പറയുന്നുണ്ട്.

106. “വണ്ടിനെ കുറിച്ച് സദാ ചിന്തിക്കുന്ന പുഴു സ്വയം ഒരു വണ്ടായി മാറുന്നത് പോലെ, ഒരു ശിഷ്യൻ നിരന്തരം ഗുരുവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അവൻ ഗുരുവിനെപ്പോലെ ആകുന്നു.

107. “പോലെ' എന്ന വാക്ക് ഉപയോഗിച്ചാൽ, പിന്നെയും കുറച്ച് വ്യത്യാസം ഉണ്ടെന്നാകും. ഗുരുവിന് അക്കാര്യം നിമിഷനേരത്തേക്ക് പോലും സഹിക്കാൻ കഴിയില്ല, എന്തെന്നാൽ ശിഷ്യനില്ലാതെ ഗുരുവിന് അസ്തിത്വം സാധ്യമല്ല; ശിഷ്യൻ ഗുരുവിൽ നിന്നും ഭിന്നനുമല്ല.”

108. അത് അങ്ങനെ കഴിഞ്ഞു. ഞാൻ ആരാധിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ട വ്യക്തി, അദ്ദേഹം ആരാണെന്ന് വിശദമാക്കി. ഞാൻ പറഞ്ഞുകൊണ്ടിരുന്ന കാര്യത്തിന് അവലംബമായി മറ്റൊരു സംഭവം എനിക്ക് ഓർമ്മിക്കുവാൻ കഴിഞ്ഞത് ഇപ്പോൾ ഞാൻ വിവരിക്കുന്നതാണ്.

109. ഒരു റോഹില്ല (പത്താൻ) ഷിർദിയിലെത്തുകയും ബാബയുടെ ശ്രേഷ്ഠതയിൽ ആകൃഷ്ടനാകുകയും ചെയ്തു. അയാൾ അവിടെ ദീർഘകാലം വസിക്കുകയും, സ്നേഹത്തോടെ ബാബയ്ക്ക് സേവനം നൽകുകയും ചെയ്തു.

110. അയാൾ ഒരു ആൺഎരുമയെപ്പോലെ ബലമുള്ളവനായിരുന്നു. അയാൾ തന്നിഷ്ടക്കാരനും, ആരെയും കൂസാത്തവനുമായിരുന്നു. അയാൾ തന്റെ കണങ്കാൽവരെ എത്തുന്ന ഒരു കഫ്നി മാത്രം ധരിക്കുകയും, മസ്ജിദിൽ താമസിക്കുകയും ചെയ്തു.

111. പകലായാലും രാത്രിയായാലും, മസ്ജിദിലോ ചാവടിയിലോ[11] ആയാലും, ഖുറാനിലെ വചനങ്ങൾ അയാൾ തികഞ്ഞ സ്വാതന്ത്ര്യത്തോടെയും ഉത്സാ

ഹത്തോടെയും ഉച്ചസ്വരത്തിൽ ചൊല്ലും.

112. മഹാരാജ് ശാന്തതയുടെ മൂർത്തരൂപമായിരുന്നു. പക്ഷേ ഗ്രാമീണർ അസഹ്യരായിരുന്നു. അർധരാത്രി പോലും തുടർച്ചയായുള്ള അയാളുടെ ചൊല്ലൽ അവരുടെ ഉറക്കത്തിന് ഭംഗം വരുത്തും.

113. പകൽ സമയത്ത് കൊടും ചൂടത്ത് ആ ജനങ്ങൾ പാടത്തും വനങ്ങളിലും കഠിനാധ്വാനം ചെയ്യേണ്ടിയിരുന്നു. രാത്രിനേരത്ത് അവർക്ക് സ്വസ്ഥമായ നിദ്രയും ലഭിച്ചില്ല. അതിനാൽ അവർ അലോസരപ്പെട്ടു.

114. ഒരുപക്ഷേ ബാബയ്ക്ക് അസ്വസ്ഥത അനുഭവപ്പെടുന്നുണ്ടാകില്ല. ആ ജനങ്ങൾക്കാകട്ടെ, അവർ ഏതോ കൊടിയ പാപം ചെയ്തതുപോലെ തോന്നി. രാത്രിയിൽ ശാന്തമായ നിദ്രയില്ല. അവർക്ക് റോഹില്ലയോട് അമർഷം തോന്നി.

115. അവർ ധർമ്മസങ്കടത്തിന്റെ നടുവിലായിരുന്നു. എത്രനാൾ ഇത് സഹിക്കേണ്ടിവരും? പകലും രാത്രിയിലുമുള്ള ഈ ശല്യം അവർക്ക് ഒരു പ്രശ്നമായി മാറി. അവർ ആകെ വിഷമിച്ചു.

116. റോഹില്ല ഒരു താന്തോന്നിയായ മനുഷ്യനായിരുന്നു. കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നത് പോലെ അയാൾക്ക് ബാബയുടെ പിന്തുണയും ഉണ്ടായിരുന്നു. അയാൾ മുമ്പത്തെക്കാളും കൂടുതൽ അടക്കമില്ലാത്തവനാകുകയും സ്വയം വലിയവനെന്ന് നടിക്കുകയും ചെയ്തു.

117. അയാൾ അഹങ്കാരിയും ഗർവ്വിഷ്ടനും ആകുകയും, ജനങ്ങളോട് ധിക്കാരത്തോടെ പെരുമാറുകയും ചെയ്തു. അയാൾ മുമ്പത്തെക്കാളും കൂടുതൽ കരുതലില്ലാതെ പെരുമാറുകയും ഗ്രാമം മുഴുവൻ അയാൾക്ക് എതിരാകുകയും ചെയ്തു.

118. സായി, ഒരു മാതാവിനെപ്പോലെ ദയാഹൃദയനായതിനാൽ, തന്നെ ശരണം പ്രാപിക്കുന്നവരെ എല്ലായ്പ്പോഴും സംരക്ഷിച്ചിരുന്നു. അതിനാൽ, ഗ്രാമീണരെല്ലാം അദ്ദേഹത്തിന്റെ മുമ്പിലെത്തി അഭ്യർത്ഥിച്ചു.

119. പക്ഷേ ബാബ ഒട്ടും തന്നെ ശ്രദ്ധിച്ചില്ല. പകരം അദ്ദേഹം ഗ്രാമീണരോട് പറഞ്ഞു: "റോഹില്ലയെ ശല്യപ്പെടുത്തരുത്. അവൻ എനിക്ക് വളരെ പ്രിയപ്പെട്ടവനാണ്.

120. "ഈ റോഹില്ലയുടെ ഭാര്യ മഹാശണ്ഠക്കാരിയും അവന്റെയൊപ്പം താമസിക്കുവാൻ ഒരുക്കവുമല്ല. അവന്റെ കണ്ണ് വെട്ടിച്ച് അവൾ എന്റെ അടുത്തേക്ക് വരാൻ ശ്രമിക്കുകയാണ്.

121. "ദുർഗുണയായ ആ സ്ത്രീ ഒതുങ്ങിക്കഴിയാൻ ഒരുക്കമല്ല. അവൾക്ക് വിനയവുമില്ല, നിർലജ്ജയുമാണ്. ഓടിച്ചു വിട്ടാലും അവൾ ബലമായി വീടിനുള്ളിലേയ്ക്ക് കയറി വരുന്നു.

122. "അവൻ നിലവിളി[12] നിർത്തിയാലുടൻ, അവസരം മുതലെടുത്ത് ആ ദുഷ്ടസ്ത്രീ കടന്നുവരും. അവൻ ഉച്ചത്തിൽ നിലവിളിക്കുമ്പോൾ അവന്റെ സംഭാഷണം, ശരീരം, മനസ്സ് എന്നിവയെ ശുദ്ധമാക്കാൻ വിട്ട് അവൾ ഓടി

പ്പോകും. അത് എനിക്ക് വളരെ സന്തോഷം നൽകുന്നു.

123. "ആരും അവനെ എതിർക്കേണ്ടതില്ല. അവന്റെ ഇഷ്ടം പോലെ ഉച്ചത്തിൽ നിലവിളിക്കട്ടെ, അവനില്ലാതെ എനിക്ക് രാത്രി കഴിച്ചുകൂട്ടാൻ പറ്റില്ല. അവൻ കാരണം എനിക്ക് വളരെ ആനന്ദം ലഭിക്കുന്നു.

124. "ഇങ്ങനെ ഉച്ചത്തിലുള്ള നിലവിളി എനിക്ക് വളരെ പ്രയോജനകരമാണ്. ഇത്തരത്തിൽ റോഹില്ല വളരെ ഉദാരമതിയും എന്നെ വളരെ സന്തോഷവാനാക്കുകയും ചെയ്യുന്നു.

125. "അവന്റെ ഇഷ്ടം പോലെ നിലവിളിക്കാൻ അനുവദിക്കുക. എന്റെ ക്ഷേമവും അതിൽ തന്നെയാണ്. അങ്ങനെ അല്ലെങ്കിൽ, ആ ദുഷ്ട ഭാര്യ എന്നെ ശല്യപ്പെടുത്തും.

126. "അവൻ സ്വയം തളരുമ്പോൾ, താനേ നിശ്ശബ്ദനാകും. നിങ്ങളുടെ ഉദ്ദേശ്യവും നടക്കും, ആ ദുഷ്ടസ്ത്രീ എന്നെ ശല്യപ്പെടുത്തുകയുമില്ല."

127. മഹാരാജ് ഇപ്രകാരം പറഞ്ഞപ്പോൾ, പിന്നീട് ഏതെങ്കിലും തരത്തിൽ ശ്രമം നടത്തുന്നത് കൊണ്ട് ഫലമില്ല. ബാബയ്ക്ക് ശല്യം അനുഭവപ്പെടുന്നില്ലെങ്കിൽ നമ്മളെന്തിന് അസ്വസ്ഥരാകണം!.

128. പൊതുവെ റോഹില്ല വളരെ ഉത്സാഹവാനായിരുന്നു. കൂടാതെ, ഇപ്പോൾ അവന് ബാബയുടെ അനുമതിപത്രവും ലഭിച്ചിരിക്കുന്നു[13]. അതിനാൽ അവൻ ഖുറാൻ വചനങ്ങൾ വളരെ ഉച്ചത്തിൽ ചൊല്ലാൻ തുടങ്ങുകയും ആകെ കുഴപ്പം സൃഷ്ടിക്കുകയും ചെയ്തു.

129. ബാബയുടെ സഹനശക്തി കണ്ട് ജനങ്ങൾ അദ്ഭുതപ്പെട്ടു. ശിരസ്സ് പിളരുന്നത് പോലുള്ള തലവേദനയ്ക്ക് പകരം, ആ നിലവിളികൾ ബാബയെ പരമാനന്ദത്തിലെത്തിച്ചു.

130. എത്ര അസുഖകരമായിരുന്നു ആ നിലവിളികൾ! അവന്റെ ശ്വാസക്കുഴൽ വരളുന്നില്ല എന്നത് അദ്ഭുതം ആയിരുന്നു! എന്നിട്ടും ബാബ അവരോട് പറഞ്ഞുകൊണ്ടേയിരുന്നു, "അവനെ താക്കീത് ചെയ്യരുത്".

131. പുറമേയ്ക്ക് റോഹില്ല ഒരു ഭ്രാന്തൻ മുസ്ലീംസന്ന്യാസിയെപ്പോലെ തോന്നിച്ചു, പക്ഷേ അയാൾക്ക് ബാബയെ വളരെ ആദരവായിരുന്നു. അവന്റെ മതത്തിന്റെ വിശ്വാസങ്ങൾക്കനുസരിച്ച്, അവൻ സന്തോഷത്തോടെ ഖുറാനിലെ വചനങ്ങൾ ചൊല്ലുമായിരുന്നു.

132. അവന്റെ ശബ്ദം മൃദുവാണോ കർക്കശമാണോ എന്നതിനെക്കുറിച്ച് അവൻ ശ്രദ്ധിച്ചതേയില്ല. അവന് തോന്നുമ്പോഴൊക്കെ അവൻ ഈശ്വരനാമം ഉച്ചത്തിൽ ചൊല്ലും.

133. ജന്മനാൽ തന്നെ അവന് കടുകടുത്ത ശബ്ദമാണ് സിദ്ധിച്ചത്. അവൻ നിരന്തരം ഇടതടവില്ലാതെ 'അള്ളാഹ് അക്ബർ[14]' എന്നും മറ്റ് വചനങ്ങളും സന്തോഷത്തോടെ ഉച്ചത്തിൽ ചൊല്ലിക്കൊണ്ടിരുന്നു.

134. ഈശ്വരനാമം വെറുക്കുന്നവരുടെ സമ്പർക്കം ബാബ ഇഷ്ടപ്പെട്ടിരുന്നില്ല. അപ്പോൾ തുടർച്ചയായി ഈശ്വരനാമം ചൊല്ലുന്ന റോഹില്ലയെ ഓടിച്ച് വിട

ണമെന്ന് ബാബ എന്തിന് ചിന്തിക്കണം.?

135. ''എന്റെ ഭക്തർ എവിടെയൊക്കെ എന്റെ സ്തുതികൾ പാടുന്നുവോ അവിടെയൊക്കെ ഞാൻ സന്നിഹിതനാണ്. അവിടെ ഞാൻ വിശ്രമമില്ലാതെ, ഉറക്കമില്ലാതെ, ജാഗരൂകനാണ്.'' ഭഗവദ്ഗീതയിലെ വാക്കുകൾ തെളിയിക്കാനെന്ന പോലെയാണ് ബാബ ഇപ്രകാരം പ്രവർത്തിച്ചത്!

136. ഭിക്ഷ തേടി ലഭിക്കുന്നത് കൊണ്ടാണ് റോഹില്ല ജീവിച്ചത്, അല്ലാത്തപ്പോൾ ചിലപ്പോഴൊക്കെ പട്ടിണികിടക്കും. അപ്പോൾ എങ്ങനെയാണ് അവന് ഒരു ഭാര്യ ഉണ്ടാകുകയും അവൾ ബാബയെ ശല്യപ്പെടുത്താനായി എത്തുകയും ചെയ്യുന്നത്?

137. റോഹില്ല വളരെ ദരിദ്രനായിരുന്നു. എങ്ങനെയാണ് അവന് വിവാഹവും ഭാര്യയും ഉണ്ടാകാനുള്ള സാധ്യത! ബാബയാകട്ടെ ബാല്യം മുതൽ നിത്യ ബ്രഹ്മചാരിയാണ്. അതിനാൽ ഈ കഥ മുഴുവൻ ആന്തരികാർത്ഥമുള്ളതാണ്.

138. അവൻ ഉച്ചത്തിൽ ചൊല്ലട്ടെ. വചനങ്ങളുടെ ചൊല്ലൽ ബാബയ്ക്ക് സംതൃപ്തി നൽകുന്നു. ദിനം തോറും ബാബ അത് ശ്രവിച്ചു. വചനങ്ങൾക്ക് പകരം നിദ്ര എന്നത് അദ്ദേഹത്തിന് വിഷത്തിന് തുല്യമായിരുന്നു.

139. ആ വചനങ്ങളിലെ ജ്ഞാനദീപ്തമായ ധർമ്മോപദേശങ്ങൾക്കു മുമ്പിൽ ഗ്രാമീണരുടെ പരാതികൾ അർത്ഥമില്ലാത്തവയായിരുന്നു. ശരിയായ വീക്ഷണം, ഗ്രാമീണർക്ക് കാട്ടിക്കൊടുക്കാനുള്ള ബാബയുടെ ഒരു ഉപാധിയായിരുന്നു അത്.

140. ഇത്തരത്തിൽ, റോഹില്ല ഈശ്വരന്റെ നാമം ഇഷ്ടപ്പെടുന്നതിനാൽ അയാളെ ബാബ ഇഷ്ടപ്പെടുന്നു എന്ന പാഠം ബാബ എല്ലാവരെയും ബോധ്യപ്പെടുത്തി.

141. ഗ്രഹിക്കപ്പെടുന്ന വസ്തു, അത് ഗ്രഹിക്കുന്ന വ്യക്തി, അയാൾ ഗ്രഹിക്കുന്ന വസ്തുത (ഇവ മൂന്നും) എന്നിവ ബാബയ്ക്ക് ഈശ്വരനായിരുന്നു. അങ്ങനെയുള്ള വ്യക്തിക്ക് ഒരുവൻ പത്താനായാലും ബ്രാഹ്മണനായാലും സമമാണ്.

142. ഒരിക്കൽ ഉച്ചനേരത്തെ ആരതിക്കുശേഷം, ജനങ്ങൾ ഗൃഹങ്ങളിലേയ്ക്കു മടങ്ങുമ്പോൾ, ബാബയുടെ വദനത്തിൽ നിന്നും മധുരമായ വാക്കുകൾ ഉതിർന്നു. അത് കേൾക്കുക.

143. “നിങ്ങൾ എവിടെയായാലും എന്ത് പ്രവൃത്തി ചെയ്താലും, നിങ്ങളുടെ പ്രവൃത്തികളുടെ സൂക്ഷ്മമായ വിവരങ്ങൾ പോലും ഞാൻ നിരന്തരം അറിയുന്നുണ്ടാകുമെന്ന വസ്തുത നിങ്ങൾ എല്ലായ്പ്പോഴും ഓർമ്മിക്കണം.

144. “ഇപ്രകാരം, വിവരിക്കപ്പെട്ടത് പോലെ, ഞാൻ എല്ലാവരുടെയും മനസ്സിൽ വസിക്കുന്നു. ഞാൻ എല്ലാവരുടെയും ഹൃദയത്തിൽ വസിക്കുന്ന സർവ്വവ്യാപിയാണ്. ഞാൻ എല്ലാവർക്കും ഈശ്വരനാണ്.

145. “ഞാൻ ഈ വിശ്വം മുഴുവൻ നിറഞ്ഞിരിക്കുന്നു, അകത്തും പുറത്തുമായി

നിറഞ്ഞ് തുളുമ്പിക്കൊണ്ട്. ഈശ്വരൻ ഈ പ്രപഞ്ചം നിയന്ത്രിക്കുകയും, ഞാൻ അതിന്റെ കടിഞ്ഞാൺ പിടിച്ചിരിക്കുകയും ചെയ്യുന്നു.

146. "ഞാൻ എല്ലാ ജീവികളുടെയും മാതാവ് ആകുന്നു. ത്രിഗുണ[15]ങ്ങളുടെ സന്തുലിതാവസ്ഥയാണ് ഞാൻ. ഞാൻ ഇന്ദ്രിയങ്ങളെ പ്രവർത്തനോന്മുഖമാക്കുന്നു. ഞാൻ സൃഷ്ടികർത്താവും പാലകനും സംഹാരകനുമാകുന്നു.

147. "എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരുവന് ഒന്നും തന്നെ ക്ലേശകരമാകില്ല. പക്ഷേ എന്നെ മറക്കുന്ന നിമിഷം, മായ അവനെ ആക്രമിക്കും.

148. "ദർശിക്കുന്നതൊക്കെയും എന്റെ പ്രതിരൂപങ്ങളാണ്, അത് ഒരു പുഴുവോ, ഉറുമ്പോ, ദരിദ്രനോ, രാജാവോ ആകട്ടെ." ചലിക്കുന്നതും ജഢവുമായ വസ്തുക്കൾ കൊണ്ട് നിറഞ്ഞ അപരിമിതമായ ഈ പ്രപഞ്ചം-അതൊക്കെയും ബാബയുടെ സ്വരൂപമാകുന്നു.

149. എത്ര ആനന്ദപ്രദമായ സൂചന! ഈശ്വരനും ദിവ്യന്മാർക്കും തമ്മിൽ വ്യത്യാസമില്ല. ചരാചരവസ്തുക്കൾ കൊണ്ട് നിറഞ്ഞ ഈ പ്രപഞ്ചത്തിന്റെ ക്ഷേമത്തിനായി ഭേദചിന്തയില്ലാതെ അവർ വിവിധ രൂപങ്ങളിൽ അവതരിക്കുന്നു.

150. ഒരുവൻ ഗുരുവിന്റെ ചരണങ്ങളിൽ അഭയം പ്രാപിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ, അവൻ ഗുരുവിന്റെ സ്തുതികൾ ആലപിക്കുകയോ, ഗുരുവിന്റെ ജീവചരിത്രം പാരായണം ചെയ്യുകയോ, ഭക്തിപൂർവ്വം ഗുരുവിന്റെ കഥകൾ ശ്രവിക്കുകയോ വേണം.

151. അറിവ് നേടണമെന്ന് ആഗ്രഹമുള്ളവർ ഏകാഗ്രതയോടെ ശ്രദ്ധിക്കുകയും, സ്വാംശീകരണത്തിലൂടെ ആ തത്ത്വോപദേശങ്ങളുമായി അലിഞ്ഞു ചേരുകയും വേണം. അങ്ങനെ പരമാത്മശക്തി അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും മനസ്സ് ഉദ്ധരിക്കപ്പെടുകയും ചെയ്യും.

152. ഒരുവൻ ലൗകിക ജീവിതത്തിൽ മുഴുകി കഴിയുകയാണെങ്കിലും, യാദൃച്ഛികമായിപ്പോലും ഒരു ദിവ്യന്റെ കഥകൾ കേൾക്കാനിടയായാൽ, അല്പംപോലും പരിശ്രമം ആവശ്യമില്ലാതെ അവ നന്മകൾ നൽകും, കാരണം അതാണ് അവയുടെ ഗുണം.

153. അപ്പോൾ ഭക്തിയോടെയും വിശ്വാസത്തോടെയും അവ ശ്രവിക്കുകയാണെങ്കിൽ, എത്രമാത്രം ഗുണമാണ് ഉണ്ടാകുക! ഓ, ശ്രോതാക്കളെ നിങ്ങളുടെ നന്മയെക്കുറിച്ച് ചിന്തിക്കുക.

154. ഗുരുവിന്റെ പാദങ്ങളിൽ ഭക്തി ഉണ്ടാകുകയും, സാവധാനത്തിൽ ക്ഷേമം ധാരാളമുണ്ടാകുകയും ചെയ്യും. മറ്റ് ആചാരാനുഷ്ഠാനങ്ങളുടെ ആവശ്യമേയില്ല. ശ്രേഷ്ഠമായ നന്മ കൈവരികയും ചെയ്യും.

155. മനസ്സിനെ ഇപ്രകാരം നിയന്ത്രിക്കുമ്പോൾ, ആ കഥകൾ ശ്രവിക്കാനുള്ള ആഗ്രഹം വർദ്ധിക്കും. ഇന്ദ്രിയ വിഷയങ്ങളോടുള്ള ബന്ധനം എളുപ്പത്തിൽ അഴിയുകയും പരമാനന്ദം ലഭിക്കുകയും ചെയ്യും.

156. ബാബയുടെ ഈ മധുരവാണികൾ കേട്ടപ്പോൾ, മറ്റ് ജോലികളൊന്നും ഇനി മുതൽ ഏറ്റെടുക്കേണ്ടതില്ലെന്നും പൂർണ്ണമായും ഗുരുസേവയിൽ മാത്രം മുഴു

കണമെന്നും ഞാൻ തീരുമാനിച്ചു.

157. പക്ഷേ എന്റെ മനസ്സ് ബാബ നൽകിയ ഉറപ്പിന് ചുറ്റും വട്ടമിട്ട് പറക്കാൻ തുടങ്ങി, "അവന് എളുപ്പത്തിൽ ജോലികിട്ടുന്നതാണ്", ഇതിന് എന്തെങ്കിലും തെളിവ് ലഭിക്കുമോ എന്ന് ഞാനോർക്കുകയും ചെയ്തു.

158. ബാബയുടെ വാക്കുകൾ പാഴാകുമോ? അതൊരിക്കലും സാധ്യമല്ല! ഞാൻ വീണ്ടും മനുഷ്യരുടെ ഇടയിൽ ജോലി ചെയ്യുമായിരിക്കും, പക്ഷേ അതൊരിക്കലും എനിക്ക് ഗുണകരമാകില്ല.

159. വാസ്തവത്തിൽ അന്നാ എനിക്ക് വേണ്ടി സ്വമനസ്സാലേ ചോദിക്കുകയായിരുന്നു. എന്റെ ആഗ്രഹവും മറിച്ചുള്ളതായിരുന്നില്ല. പക്ഷേ എനിക്ക് സംഭവിക്കാൻപോകുന്നത് അപ്രകാരമായിരുന്നില്ല.

160. എന്റെ ഉള്ളിന്റെയുള്ളിൽ എന്റെ കുടുംബം പോറ്റുന്നതിനായി ഒരു ജോലി ലഭിക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. പരിഹാരമായി ബാബ മധുരം പുരട്ടിയ ഒരു ഗുളിക നൽകി.

161. ആ മരുന്ന്, മധുരതരമായ സംഭവം (പിന്നാലെയുണ്ടാകും) എന്ന് ചിന്തിച്ച് ഞാൻ കുടിക്കുകയും, എനിക്ക് സൗഭാഗ്യം ലഭിക്കുകയും ചെയ്തു. ഒട്ടും നിനച്ചിരിക്കാതെ എനിക്ക് ഒരു തൊഴിൽ[16] ലഭിക്കുകയും പണത്തിനോടുള്ള ആഗ്രഹം കൊണ്ട് ഞാൻ അത് സ്വീകരിക്കുകയും ചെയ്തു.

162. ശർക്കര ആണെങ്കിൽ പോലും, ഒരുവൻ തുടർച്ചയായി കഴിച്ചു കൊണ്ടിരുന്നാൽ അവന് മടുപ്പ് തോന്നും. ബാബയുടെ ധർമ്മോപദേശങ്ങളാകുന്ന തേനിൽ വിരൽ മുക്കി നുണയാനാണ് ഞാൻ ഇഷ്ടപ്പെട്ടത്.

163. ജോലി സ്ഥിരമായതായിരുന്നില്ല. പ്രതീക്ഷിക്കാതെ ലഭിച്ചത് പോലെ തന്നെ അത് അവസാനിക്കുകയും ചെയ്തു. ബാബയുടെ സാമീപ്യവുമായി, സന്തോഷത്തോടെ ഒരു സ്ഥലത്ത് ഒതുങ്ങിക്കഴിയുവാനായി ബാബ എന്നെ മുമ്പത്തെ അവസ്ഥയിൽ തന്നെ ഉറപ്പിച്ചു നിർത്തി.

164. ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കൾകൊണ്ട് നിറഞ്ഞ ഈ പ്രപഞ്ചം ഈശ്വരന്റെ പ്രത്യക്ഷഭാവമാണ്. എന്നാൽ ഈശ്വരൻ ഈ പ്രപഞ്ചത്തിന് അതീതവും, എല്ലാറ്റിനും മുകളിൽ പരമശക്തിയായി വർത്തിക്കുകയും ചെയ്യുന്നു.

165. ഈശ്വരൻ ലോകകാര്യങ്ങളിൽ നിന്നും വേറിട്ടതല്ല, പക്ഷേ ലോകകാര്യങ്ങൾ ഈശ്വരനിൽ നിന്നും വേറിട്ടതാണ്. ലോകം ഈശ്വരനിൽ നിന്ന് ഊർജ്ജം സ്വീകരിച്ച്, അതിൽ വളരുന്നതിനാൽ ലോകത്തിന്റെ അടിസ്ഥാനതത്ത്വം ഈശ്വരനാണ്.

166. വിഗ്രഹാരാധന, യാഗാഗ്നി തുടങ്ങി ഈശ്വരനെ ആരാധിക്കാൻ എട്ടുതരത്തിലുള്ള[17] മാർഗ്ഗങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുക. പക്ഷേ ഇവയെക്കാളൊക്കെ ശ്രേഷ്ഠം ഗുരുപൂജയാണ്.

167. ശ്രീകൃഷ്ണൻ സ്വയം പരമാത്മാവായിരുന്നു. എന്നിട്ടും അദ്ദേഹം സന്ദീപനിമുനിയുടെ പാദങ്ങളിൽ വന്ദിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: "സദ്ഗുരുവിനെ പ്രീതിപ്പെടുത്തുന്നതാണ് നാരായണനായ എന്നെ പ്രസാ

ദിപ്പിക്കാനുള്ള ശ്രേഷ്ഠമാർഗ്ഗം.

168. എന്നെ സ്തുതിക്കുന്നതിനേക്കാൾ സദ്ഗുരുവിന്റെ സ്തുതികൾ ആലപിക്കുന്നത് എനിക്ക് ആയിരം മടങ്ങ് പ്രിയങ്കരമാണ്. അത്രയ്ക്കാണ് സദ്ഗുരുവിന്റെ ശ്രേഷ്ഠതയും പ്രാധാന്യവും."

169. സദ്ഗുരുവിന്റെ സ്തുതികൾക്ക് പുറം തിരിഞ്ഞ് നിൽക്കുന്നവൻ നിർഭാഗ്യവാനായ പാപിയാണ്. അവൻ ദുരിതപൂർണ്ണമായ ജനനമരണചക്രത്തിൽപ്പെടുകയും സ്വന്തം നാശത്തിന് കാരണമാകുകയും ചെയ്യും.

170. ജനനവും മരണവും ഒന്നിനു പിറകേ ഒന്നായി വരുന്നു, അത് അവസാനമില്ലാത്ത ചാക്രികമായ ഒരു സംഭവമാണ്. അത് കൊണ്ട് നമ്മുടെ സ്വന്തം മുക്തിക്ക് വേണ്ടി ഈ കഥകൾ ശ്രവിക്കാം.

171. ദിവ്യന്മാർ യാദൃശ്ചികമായി ഉരുവിടുന്ന വാക്കുകൾ പോലും അജ്ഞാനത്തിന്റെ ബന്ധനങ്ങൾ അഴിക്കുകയും ആപത്ഘട്ടങ്ങളിൽ നമ്മെ രക്ഷിക്കുകയും ചെയ്യും. അതിനാൽ നമുക്കേവർക്കും ഈ കഥകൾ സ്വാംശീകരിക്കാം.

172. ഭാവിയിൽ എന്താണ് സംഭവിക്കുകയെന്നും അവ നമുക്ക് എങ്ങനെ സഹായകരമാകുമെന്നും (ആ സന്ദർഭങ്ങളിൽ) നമുക്ക് അറിയില്ല. അത് ഈശ്വരന്റെ ലീലയാണ്. സ്നേഹവാനായ ഭക്തൻ ഒരു കാഴ്ചക്കാരൻ മാത്രമാണ്.

173. ബുദ്ധിയും വിവേകവും ഇല്ലാത്തതിനാൽ, സായിയെപ്പോലെ ശ്രേഷ്ഠനായ ഒരു ഗുരുവിനെ ലഭിച്ച ഭാഗ്യം എങ്ങനെ എനിക്ക് വിവരിക്കാൻ കഴിയും? അതും അദ്ദേഹത്തിന്റെ ലീലയാണ്.

174. ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യവും എനിക്ക് (ബാബ) നൽകിയ വാഗ്ദാനവും ഞാൻ മുമ്പ് തന്നെ വിവരിച്ച് കഴിഞ്ഞു. അദ്ദേഹത്തിൽ നിന്നും 'നീ' 'ഞാൻ' എന്നതിലുള്ള വ്യത്യാസവും ആരാധനയെക്കുറിച്ചും മാർഗ്ഗനിർദ്ദേശം ലഭിച്ചു.

175. ഇപ്പോൾ, അടുത്ത അധ്യായത്തിൽ, സായിനാഥൻ ഷിർദിയിൽ എത്തിച്ചേർന്നതിനെക്കുറിച്ചുള്ള വിവരണം ശ്രോതാക്കൾ ശ്രവിക്കുന്നതായിരിക്കും.

176. ചെറുപ്പക്കാരും വൃദ്ധരും, വിശ്വാസികളും നിഷ്കളങ്കരുമായ നിങ്ങളേവരും നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിന്നും കുറച്ച് നിമിഷങ്ങൾ സായിയുടെ ഈ ശ്രേഷ്ഠകഥകൾ ശ്രവിക്കുന്നതിന് വേണ്ടി നീക്കി വയ്ക്കുക.

177. സായി ഒരു അവതാരപുരുഷനാണെങ്കിൽ പോലും, അദ്ദേഹം ഒന്നിലും പ്രതിപത്തി കാട്ടാതെ, ഒരു ഗൃഹസ്ഥാശ്രമിയെപ്പോലെ, ദൈനംദിനജീവിതത്തിൽ പല കടമകൾ നിർവഹിച്ച് കൊണ്ട്, മായയുടെ നിയമങ്ങൾക്ക് അനുസരിച്ച് ജീവിച്ചു.

178. "സമർത്ഥസായി!" ഈ മന്ത്രവുമായി ഭക്തർ അദ്ദേഹത്തിന്റെ ദിവ്യചരണങ്ങളിൽ സേവനം ചെയ്യുമ്പോൾ, ഈ ലോകജീവിതത്തിൽ നിന്നും ഭക്തർക്ക് മുക്തി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം നടത്തുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം ദിവ്യമാണ്.

179. ചുരുക്കിപ്പറഞ്ഞാൽ സായിയുടെ ജീവിതകഥ പുണ്യമാർന്നതാണ്. അത് പാരായണവും ശ്രവണവും ചെയ്യുന്നവരുടെ ഹൃദയം ശുദ്ധമാകും.

180. സ്നേഹത്തോടെ ആ കഥകൾ ശ്രവിക്കുന്നത് ലൗകികദുഃഖങ്ങൾ അകറ്റും. ദയാമേഘമായ സായി അനുഗ്രഹവർഷം ചൊരിയും; സമ്പൂർണ്ണമായ ശുദ്ധ ജ്ഞാനം തെളിയും.

181. അലസത, മനസ്സിന്റെ ചപലത, ഇന്ദ്രിയസുഖങ്ങളോടുള്ള അഭിവാഞ്ഛ, രുചി കരമായ ഭക്ഷണങ്ങൾ അമിതമായി ആസ്വദിക്കുന്നത് എന്നിവയാണ് ശ്രവ ണത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ. ഇവ ഒഴിവാക്കിയാൽ ശ്രവണം ആനന്ദകരമായ ഒരു അനുഭവമാകും.

182. അനുഷ്ഠാനങ്ങൾക്കായി ആഢംബരചടങ്ങുകൾ ആവശ്യമില്ല; ഉപവാസമ നുഷ്ഠിച്ച് ശരീരത്തെ ശോഷിപ്പിക്കേണ്ടതില്ല; തീർത്ഥയാത്രകൾ നടത്തേണ്ട കാര്യവുമില്ല. ഈ കഥകൾ ശ്രവിച്ചാൽ മാത്രം മതിയാകും.

183. നിർമ്മലസ്നേഹവും, ഭക്തിയുടെ ഉൾക്കാമ്പിനെക്കുറിച്ചുള്ള അറിവും ഉത്ത മമായ നന്മ നൽകുന്നു; മിഥ്യാധാരണകളും ദ്വന്ദ്വഭാവവും നശിപ്പിക്കപ്പെടും.

184. മറ്റ് ശ്രമങ്ങളുടെ ആവശ്യമില്ല. സായിചരിത്രം നമുക്ക് ശ്രവിക്കാം. പൂർവ്വജ ന്മത്തിലെയും ഈ ജന്മത്തിലെയും കർമ്മങ്ങൾ, പുനർജന്മങ്ങൾക്ക് കാര ണമായവ, ഇല്ലാതെയാകും. അവയുടെ ചെറിയ ഒരു സ്വാധീനം പോലും അവശേഷിക്കുകയില്ല.

185. ഒരു പിശുക്കൻ എവിടെയായാലും, പകലും രാത്രിയും, അവന്റെ ഒളിപ്പിച്ചു വച്ച ധനത്തെക്കുറിച്ച് ചിന്തിക്കുന്നതുപോലെ സായി നമ്മുടെ ഹൃദയത്തിൽ വസിക്കണം.

എങ്ങും നന്മകൾ ഉണ്ടാകട്ടെ! ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായിസമർത്ഥസച്ചരിതത്തിലെ മൂന്നാമത്തെ അധ്യായം, “ഈ ഗ്രന്ഥം രചി ക്കാനുള്ള അനുമതി നൽകുന്നു” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. താളമേളങ്ങളോടെ ഈശ്വരന്റെ സ്തുതികൾ പാടി ആഘോഷിക്കുന്നു.
2. സംഭാഷണത്തിന്റെ ദേവത.
3. ഗ്രഹങ്ങളെല്ലാം ചുറ്റി സഞ്ചരിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ഒരു കാല്പനിക പർവ്വതം. സ്വർണ്ണവും രത്നവും കൊണ്ട് നിർമ്മിതമെന്നും പറയപ്പെടുന്നു.
4. ചന്ദ്രകാന്തരത്നം
5. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, എന്നീ നാലു ജാതിക്കാർ
6. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം – എന്നീ നാലു ജീവിതാശ്രമങ്ങൾ
7. അധ്യായം 9–ൽ വിവരിച്ചിട്ടുണ്ട്.
8. ഗുണങ്ങളോട് കൂടിയ ഭൗതികരൂപം
9. മേഘങ്ങൾ വർഷിക്കുന്ന മഴവെള്ളം മാത്രം കുടിക്കുകയും, അതിനാൽ ആകാംക്ഷ

യോടെ മഴയെകാത്തിരിക്കുന്നു എന്നും വിശ്വസിക്കപ്പെടുന്ന ഒരു പക്ഷി.

10. ദാമോദർ ഘനശ്യാമ ബാബ്റേ – അധ്യായം 24-ൽ പരാമർശിച്ചിട്ടുണ്ട്.

11. കൂടിക്കാഴ്ചകൾക്കുള്ള ഗ്രാമീണ ഹാൾ.

12. ഖുറാനിലെ 'കൽമാ' അഥവാ വചനങ്ങൾ.

13. "ഫാൽഗുനമാസം എത്തി" എന്ന മറാത്തി ചൊല്ല്, അർത്ഥം വസന്തകാലം വന്നു – അതായത് അയാൾ വികസിച്ചു.

14. ഈശ്വരൻ വലിയവനാകുന്നു

15. രജസ്, സത്വം, തമസ്സ് – പ്രകൃതിയുടെ മൂന്ന് ഗുണങ്ങൾ

16. അക്കൗണ്ട് ജനറൽ ഓഫീസിൽ പെൻഷൻ വാങ്ങാൻ എത്തവേ യാദൃച്ഛികമായി മിസ്റ്റർ. മീഡിനെ കാണുകയും, തത്ഫലമായി ഗ്രന്ഥകാരന് സെക്രട്ടറിയേറ്റിൽ ആറ്മാസക്കാലം ജോലി ലഭിക്കുകയും ചെയ്തു (ഇത് 1921 ൽ ആയിരുന്നു) മി.മീഡ് ബോംബെ ഗവൺമെന്റിന്റെ ചീഫ് സെക്രട്ടറിയായിരിക്കേ, ഗ്രന്ഥകാരൻ അദ്ദേഹത്തിന്റെ മുഖ്യഗുമസ്തനും മറാത്തി അധ്യാപകനുമായിരുന്നു.

17. യഥാർത്ഥത്തിൽ ഒമ്പത് തരത്തിലുള്ള ഭക്തിമാർഗ്ഗങ്ങളുണ്ട്. (1) ശ്രവണം (ഈശ്വരലീലകൾ അഥവാ കഥകൾ കേൾക്കുന്നത്), (2) കീർത്തനം (സംഗീതാത്മകമായി ഈശ്വരനാമങ്ങൾ/ലീലകൾ പാടുന്നത്), (3) സ്മരണം (ഈശ്വരനെ ഓർക്കുന്നത്), (4) പാദസേവനം ( ഈശ്വരസേവ, ഗുരുപൂജ, മാതാപിതാക്കൾ, രാജ്യം, മനുഷ്യകുലം എന്നിവയെ സേവിക്കുന്നത്), (5) അർച്ചനം (പുഷ്പങ്ങൾ, ദിവ്യലതകൾ എന്നിവ അർപ്പിക്കുന്നത് ), (6) വന്ദനം (ഈശ്വന് മുമ്പിൽ നമസ്കരിക്കുകയും സകല മനുഷ്യരെയും മനസ്സാൽ പ്രണമിക്കുകയും ചെയ്യുന്നത് ), (7) ദാസ്യം (യജമാന – ദാസ്യഭാവം ഈശ്വരനുമായി ഉണ്ടാകുന്നത് ), (8) സഖ്യം (ഈശ്വരനുമായി സുഹൃദ്ഭാവം ), (9) ആത്മനിവേദനം ( ഈശ്വരനോട് പൂർണ്ണസമർപ്പണം)

## 4
# സായി സമർത്ഥന്റെ പ്രത്യക്ഷപ്പെടൽ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. മുമ്പ് കഴിഞ്ഞ രണ്ട് അധ്യായങ്ങളിൽ, ഈശ്വരസ്തുതി പൂർത്തിയാക്കി. പിന്നെ ഗ്രന്ഥരചനയുടെ ഉദ്ദേശ്യമെന്താണെന്ന് പറഞ്ഞു; രചനയ്ക്കായുള്ള ഗ്രന്ഥകാരന്റെ യോഗ്യത, വിവരണത്തിന്റെ ഘടനയും പ്രാരംഭഹേതുക്കളെയും വിശദമായി വിവരിച്ചു.
2. ഇപ്പോൾ, എന്ത് കാരണങ്ങൾ കൊണ്ടാണ് ദിവ്യന്മാർ ഭൂമിയിൽ ജന്മമെടുക്കുന്നത്, ഭൂമിയിൽ അവരുടെ അവതാരത്തിന് വഴിതെളിക്കുന്ന മനുഷ്യരുടെ പാപവൃത്തികൾ എന്നിവയുടെ വിവരണം കേൾക്കുക.
3. ഓ! ശ്രേഷ്ഠശ്രോതാക്കളേ! ഞാൻ നിങ്ങളുടെ പാദങ്ങളിലെ ധൂളി മാത്രമാണ്. ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക – എന്ന സൗമനസ്യം മാത്രമാണ് ഞാൻ നിങ്ങളോട് ചോദിക്കുന്നത്, അങ്ങനെ ചെയ്യുന്നതിൽ എനിക്ക് ലജ്ജ ഒട്ടുമില്ല.
4. യഥാർത്ഥത്തിൽ, ഒരു ദിവ്യന്റെ ജീവചരിത്രം ആനന്ദദായകമാണ്. മാത്രമല്ല, സായിയുടെ കഥ അമൃതതുല്യമാണ്. സായിയുടെ അസംഖ്യം ഭക്തർ അത് പാനം ചെയ്യുമ്പോൾ, അവർ തികച്ചും സന്തോഷവാന്മാരാകുന്നു.
5. ബ്രാഹ്മണർ വർണ്ണാശ്രമകർത്തവ്യങ്ങൾ അവഗണിക്കുന്നു. താഴ്ന്ന വർണ്ണക്കാർ സ്വയം ബ്രാഹ്മണരാണെന്ന് നടിക്കുന്നു. ധർമ്മാചാര്യന്മാർ അവഹേളിക്കപ്പെടുകയും, ജനങ്ങൾ മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്യുന്നു.
6. ആരും തന്നെ മതശാസനങ്ങൾ ശ്രദ്ധിക്കുന്നില്ല. ഓരോ ഗൃഹത്തിലും എല്ലാവരും സ്വയം പണ്ഡിതന്മാരാണെന്നു നടിക്കുന്നു. ഒരുവൻ മറ്റൊരുവനെ എതിർക്കുകയും, ആരും മറ്റാരെയും ശ്രദ്ധിക്കുന്നുമില്ല.
7. നിഷിദ്ധമായ ആഹാരപാനീയങ്ങൾ സേവിക്കുന്നു. ശരിയായ പെരുമാറ്റവും ശരിയായ ചിന്താഗതിയും – ഇവയെല്ലാം പാടേ അവഗണിക്കപ്പെടുന്നു. വാസ്തവത്തിൽ ബ്രാഹ്മണരാകട്ടെ മറയില്ലാതെ മാംസം ഭക്ഷിക്കുകയും മദ്യം കുടിക്കുകയും ചെയ്യുന്നു.
8. മതത്തിന്റെ മറവിൽ അവർ അക്രമങ്ങളിൽ മുഴുകുന്നു; മതഭേദങ്ങൾക്കിടയിൽ വിദ്വേഷം പടർത്തുന്നതിനാൽ ജനങ്ങൾ പീഡിപ്പിക്കപ്പെടുന്നു.
9. ദിനവുമുള്ള സ്നാനം, പ്രാർത്ഥന എന്നിവയിൽ ബ്രാഹ്മണർ വിമുഖത കാട്ടു

മ്പോൾ; യാഥാസ്ഥിതികർ മതനിഷ്ഠകൾ പാലിക്കാൻ തയ്യാറാകാത്തപ്പോൾ; യോഗികൾ ഏകാഗ്രതയോടെ പാരായണവും പ്രാർത്ഥനയും ചെയ്യാൻ മടിക്കുമ്പോൾ – അപ്പോൾ ദിവ്യന്മാർ ജന്മമെടുക്കേണ്ട സമയമാണ്.

10. സമൂഹം, ധനം, പദവി, സന്താനങ്ങൾ, കുടുംബം എന്നിവയിലാണ് സന്തോഷം എന്ന് വിശ്വസിച്ച് ജനങ്ങൾ ആത്മീയ മൂല്യങ്ങൾക്ക് പുറംതിരിഞ്ഞ് നിൽക്കുമ്പോൾ ദിവ്യന്മാർ സ്വയം അവതരിക്കുന്നു.

11. ധാർമ്മികച്യുതി മൂലം അവർക്ക് ശ്രേഷ്ഠമായ നന്മ നഷ്ടപ്പെടുന്നു. ധാർമ്മികത പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി ദിവ്യന്മാർ പ്രത്യക്ഷപ്പെടുന്നു.

12. ജനങ്ങൾ അവരുടെ ആരോഗ്യം, ദീർഘായുസ്സ്, ഐശ്വര്യം എന്നിവയ്ക്ക് ഹാനി വരുത്തുന്ന തരത്തിൽ അവരുടെ ലൈംഗികസുഖങ്ങൾക്ക് വേണ്ടി വഴിപിഴച്ച് ജീവിക്കുകയും ധാർമ്മികാഭ്യുന്നതിക്കുള്ള അവസരം പൂർണ്ണമായും നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വേളയിൽ ദിവ്യന്മാർ അവതരിക്കുന്നു.

13. വൈദിക ഹിന്ദുധർമ്മം സംരക്ഷിക്കുന്നതിനും, പാപികളെ സംഹരിച്ച് മർദ്ദിതരെയും, ദരിദ്രരെയും ദുർബലരെയും പരിരക്ഷിക്കുന്നതിനും ദിവ്യന്മാർ ഈ ഭൂമിയിൽ അവതരിക്കുന്നു.

14. ദിവ്യന്മാർ സ്വയം മുക്താത്മാക്കളും, സദാ ദീനന്മാരുടെ ഉദ്ധാരണത്തിനുവേണ്ടി സന്നദ്ധരുമാണ്. മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി മാത്രമാണ് അവർ ജന്മമെടുക്കുന്നത്, അവർക്ക് സ്വാർത്ഥതാല്പര്യങ്ങളേതുമില്ല.

15. സജീവമായ ലൗകികജീവിതമാകുന്ന ഗർഭഗൃഹത്തിന് ചുറ്റും പരിത്യാഗമാകുന്ന അസ്ഥിവാരം അവർ പണിയുന്നു; ശ്രേഷ്ഠമായ നന്മയുടെ ക്ഷേത്രങ്ങൾ പണിതുയർത്തുകയും ഭക്തരെ അനായാസം ഉദ്ധരിക്കുകയും ചെയ്യുന്നു.

16. ധർമ്മത്തിനും, ധർമ്മോദ്ധാരണത്തിനും വേണ്ടി ജീവിച്ച് അവർ ജീവിത ദൗത്യം നിറവേറ്റുന്നു; ലക്ഷ്യപൂർത്തി കൈവരിച്ച ശേഷം അവർ ജീവത്യാഗം ചെയ്യുന്നു.

17. ജീവാത്മാവ്, ലോകത്തിന് മുഴുവൻ ആനന്ദം നൽകുന്ന പരമാത്മശക്തി തന്നെയാണ്. പരമാത്മശക്തിയാകട്ടെ ഗുരു തന്നെയാകുന്നു – ആനന്ദദായകനായ ശങ്കര ഭഗവാൻ.

18. അദ്ദേഹം സ്നേഹത്തിന്റെ ഉത്കൃഷ്ട ധാമമാണ്. അദ്ദേഹം അനശ്വരനും, നിത്യനും, മാറ്റമില്ലാത്തവനുമാണ്. അദ്ദേഹം കാലം, സ്ഥലം, വസ്തു എന്നിവയ്ക്ക് അതീതനാണ്. അദ്ദേഹം വിവരണങ്ങൾക്ക് അതീതനാണ് – നിർവ്വചനാതീതൻ

19. സംഭാഷണത്തിന്റെ നാലു രീതികൾ, അതായത്, 'പര' (ഓം എന്ന യോഗാത്മകമന്ത്രത്താൽ പ്രതിനിധാനം ചെയ്യപ്പെടുന്നതും, യോഗികൾ മാത്രം അഭ്യസിക്കുന്നതും), 'പശ്യന്തി' (സംഭാഷണത്തിന്റെ രണ്ടാമത്തെ രൂപവും മനസ്സിൽ സ്ഥിതിചെയ്യുന്നതും), 'മധ്യമ' (സംഭാഷണത്തിന്റെ മൂന്നാമത്തെ രൂപവും, കണ്ഠനാളത്തിൽ സ്ഥിതി ചെയ്യുന്നതും), 'വൈഖരി' (വ്യക്തമായ ഉരുവിടൽ) എന്നിവ അദ്ദേഹത്തെ വർണ്ണിക്കുന്നതിൽ പരാജയപ്പെട്ടു; വേദങ്ങളുടെ

അറിവും വൈഭവവും പോലും പരാജയം സമ്മതിച്ച് പിൻവാങ്ങിക്കൊണ്ട് "നേതി, നേതി" – ഇത് അല്ല, ഇത് അല്ല എന്ന നിഷേധാത്മക വിവരണമാണ് നൽകുന്നത്.

20. ആറ് ശാസ്ത്രങ്ങളും[1], അവയുടെ ആറ് തത്ത്വചിന്തകളും അദ്ദേഹത്തെ വിവരിക്കുന്നത് ഒഴിവാക്കി. പുരാണങ്ങളും കീർത്തനങ്ങളും തളർന്ന് അവശമായി. ഹൃദയം, ശരീരം, മനസ്സ് എന്നിവ കൊണ്ട് പ്രാർത്ഥിക്കുക മാത്രമാണ് ഏകമാർഗ്ഗം.

21. യോഗാത്മകമായ പ്രവൃത്തികൾക്ക് ഉടമയായ സായിദിവ്യന്റെ ജീവിതകഥ അപ്രകാരമാണ്. പരിശുദ്ധമായ ആ കഥകൾ ശ്രവിക്കുമ്പോൾ കർണ്ണങ്ങൾ എന്ത് കൊണ്ട് ശുദ്ധമാകില്ല?

22. എല്ലാ ഇന്ദ്രിയങ്ങളുടെയും ചലനശക്തിയാണ് അദ്ദേഹം. അദ്ദേഹം ഗ്രന്ഥം എഴുതാനുള്ള പ്രചോദനം നൽകുകയും, അദ്ദേഹം കാരണം ജീവചരിത്രഗ്രന്ഥം രചിക്കുന്നത് ക്രമവും ആയാസരഹിതവുമായിരിക്കും.

23. അദ്ദേഹം എല്ലാവരുടെയും ഹൃദയത്തിൽ വസിക്കുന്നു; അദ്ദേഹം അകത്തും പുറത്തും വസിക്കുന്നവനാണ്; സർവ്വവ്യാപിയാണ്. പിന്നെന്തിന് ഞാൻ അനാവശ്യമായി ഉത്കണ്ഠപ്പെടണം? എന്തിന് വേണ്ടി?

24. അദ്ദേഹത്തിന്റെ ശ്രേഷ്ഠതകൾ ഒന്നൊന്നായി ഞാൻ ഓർമ്മിക്കുമ്പോൾ, എന്റെ മനസ്സ് നിശ്ചലമാകുന്നു. എന്റെ വാക്കുകൾക്ക് എങ്ങനെ അദ്ദേഹത്തെ വർണ്ണിക്കാൻ കഴിയും? അദ്ദേഹത്തോട് ആദരവ് കാട്ടിക്കൊണ്ട്, നിശ്ശബ്ദനായി വർത്തിക്കുന്നതാണ് ഉചിതം.

25. നാസിക പുഷ്പത്തിന്റെ സുഗന്ധം ശ്വസിക്കണം; ത്വക്ക് സ്പർശനത്താൽ ചൂടും തണുപ്പും തമ്മിലുള്ള വ്യത്യാസം അറിയണം; നേത്രങ്ങൾ സൗന്ദര്യം ആസ്വദിക്കണം – ഇപ്രകാരം ഇന്ദ്രിയങ്ങൾ സ്വയം സന്തുഷ്ടരാകുന്നു.

26. നാവിന് പഞ്ചസാരയുടെ സ്വാദ് അറിയാൻ കഴിയുന്നുണ്ടെങ്കിലും അത് വിവരിക്കാൻ കഴിയില്ല; അതേപോലെ സായിയുടെ ശ്രേഷ്ഠതകൾ വർണ്ണിക്കാൻ ഞാൻ അസമർത്ഥനാണ്.

27. സദ്ഗുരു തീരുമാനിക്കുമ്പോൾ അദ്ദേഹം സ്വയം പ്രചോദനം നൽകും. അദ്ദേഹം തെരഞ്ഞെടുക്കുന്നവരിലൂടെ, വർണ്ണനാതീതമായതിനെ വാക്കുകളിലൂടെ വിവരിക്കുന്നു.

28. ഞാൻ ഈ പറയുന്നത് വെറും ഔപചാരികമല്ല. ഈ വാക്കുകൾ വെറും ഉപരിപ്ലവവുമല്ല. ഈ വാക്കുകൾ ശുദ്ധവും ആത്മാർത്ഥവുമാണ്, ഞാൻ നിങ്ങളുടെ ആദരപൂർവ്വമായ ശ്രദ്ധയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

29. ഗംഗാപൂർ, നരസിംഹവാഡി, ഉദുംബർ, ഭില്ലാവാഡി[2] എന്നിവിടങ്ങൾ പോലെയാണ് ഗോദാവരീതീരത്ത് പുണ്യസ്ഥലമായ ഷിർദി സ്ഥതിചെയ്യുന്നത്.

30. ഗോദാവരിയുടെ പുണ്യതീരങ്ങൾ, ഗോദാവരിയുടെ പുണ്യജലം, ഗോദാവരിയുടെ തീരത്തെ തണുത്ത ചെറുകാറ്റ് – ഇവയെല്ലാം ലൗകികലോകത്തിലെ അന്ധകാരത്തെ നശിപ്പിക്കുന്നു,

31. ഗോദാവരി നദിയുടെ ദിവ്യത്വം ലോകം മുഴുവൻ അറിയപ്പെടുന്നതാണ്. ഒന്നിന് ഒന്ന് ദിവ്യത്വമാർന്ന ശ്രേഷ്ഠപുരുഷന്മാരുടെ നാടാണ് അവളുടേത്.

32. ഗോമതി[3]യുടെ തീരത്ത് പാപങ്ങൾ കഴുകിക്കളയുന്ന അനേകം ദിവ്യപ്രദേശങ്ങളുണ്ട്. ആ ജലം പാനം ചെയ്യുന്നതും അതിൽ സ്നാനം ചെയ്യുന്നതും ലൗകിക ജീവിതത്തിലെ ദോഷങ്ങൾ പരിഹരിക്കുന്നു. ഇത് പുരാണങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

33. അഹമ്മദ്നഗർ ജില്ലയിലെ കോപ്പർഗാവൺ താലൂക്കിലെ, ആ ഗോദാവരി നദി കോപ്പർഗാവണിന് സമീപമുള്ള ഷിർദിയിലേക്ക് വഴി കാട്ടിത്തരുന്നു.

34. നിങ്ങൾ ഗോദാവരിനദിയുടെ എതിർകരയിലേക്ക് കടക്കുമ്പോൾ, ആറ് മൈൽ അകലെ, ടോംഗ്[4] നിമഗാവണിൽ പ്രവേശിക്കുമ്പോൾ, ഷിർദി ഉടൻ തന്നെ ദൃഷ്ടിഗോചരമാകും.

35. നിവ്റിതി, ധ്യാൻദേവ്, മുക്താബായി, നാമദേവ്, ജാനാബായി, ഗോരകുംഭർ (കുശവപ്പണിക്കാരൻ), ഗോരായി, തുക്കാറാം, നരഹരി, നർസിഭായി മേഹ്ത, സജൻ കസായി (ഇറച്ചിവെട്ടുകാരൻ), സവ്ത-മാലി (പൂന്തോട്ടപ്പണിക്കാരൻ)...

36. ഇവരെല്ലാം മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ദിവ്യന്മാരാണ്. ഇക്കാലത്തും അത്തരത്തിലുള്ള അനേകം പേരുണ്ട്. അവർ ഈ ലോകം മുഴുവൻ ഒരൊറ്റ കുടുംബമായിക്കരുതിക്കൊണ്ട്, ദുഃഖിതർക്കും പീഢിതർക്കും ആലംബമായി വർത്തിക്കുന്നു.

37. ശ്രേഷ്ഠദിവ്യന്മാരിൽ മുമ്പന്തിയിൽ നിൽക്കുന്ന രാമദാസ്, ലോകത്തിന്റെ ഉന്നമനത്തിനായി ഗോദാവരീനദീതീരത്ത് നിന്നും കൃഷ്ണ നദിക്കരയിലെത്തി.

38. അതേ പോലെ, യോഗേശ്വരനായ (ഋഷിവര്യൻ) സായിനാഥൻ , ഷിർദിയുടെ മഹാഭാഗ്യം കൊണ്ട്, ലോകക്ഷേമത്തിന് വേണ്ടി ഗോദാവരീതീരത്ത് പ്രത്യക്ഷപ്പെട്ടു.

39. 'പരീസ്' ഇരുമ്പിനെ സ്വർണ്ണമാക്കുന്നു. ദിവ്യന്മാർ 'പരീസി'ന് തുല്യമാണ്. ദിവ്യന്മാരുടെ പ്രവൃത്തികൾ അസാധാരണമാണ്. അവർ ഭക്തന്മാർക്ക് സ്വന്തം രൂപം നൽകുന്നു.

40. എല്ലാ ഭിന്നതകൾക്കും അതീതമായി വർത്തിച്ച്, ബ്രഹ്മൻ ഈ പ്രപഞ്ചം മുഴുവൻ പ്രകടമായിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ്, അവർ അവരിലും ചുറ്റുമുള്ള ലോകത്തിലും ഒരേപോലെ ഈശ്വരന്റെ മഹത്വം മാത്രം ദർശിക്കുന്നു.

41. ഇത്തരത്തിൽ, ഈ ലോകം മുഴുവൻ ഒരുവന്റെ സ്വന്തം ആത്മതത്ത്വമാണെന്ന ബോധം ഉണ്ടാകുമ്പോൾ, ആ ആനന്ദം എങ്ങനെയാണ് വിവരിക്കുക? അത് ശ്രേഷ്ഠമായ നന്മ അനുഭവവേദ്യമാക്കുന്നു.

42. ഒരുവൻ അത്തരത്തിലുള്ള അദ്വൈതഭാവം നേടുമ്പോൾ, ആരോടെങ്കിലും ശത്രുതയോ ഭയമോ ഉണ്ടാകേണ്ട കാര്യമുണ്ടോ? നിങ്ങൾ മറ്റാരെയും ആശ്രയിക്കേണ്ട കാര്യമില്ല.

43. ദാമാജി മംഗൽവാഡിയിൽ, രാമദാസ് സജ്ജൻഗഡയിൽ, നരസിംഹസരസ്വതി വാഡിയിൽ എന്ന പോലെയാണ് സായിനാഥ് ഷിർദിയിൽ.

44. ലോകജീവിതം ദുഷ്കരവും പ്രയാസമേറിയതുമാണ്, പക്ഷേ അദ്ദേഹം അത് കീഴടക്കി. ശാന്തത അദ്ദേഹത്തിന്റെ ആഭരണവും, അദ്ദേഹം അറിവിന്റെ ഭണ്ഡാരവുമാകുന്നു.

45. പരമദയാലുവായ അദ്ദേഹം, വൈഷ്ണവരുടെ അഭയസ്ഥാനമായിരുന്നു[5]. ആത്മീയജ്ഞാനം പകരുന്നതിൽ അദ്ദേഹം കർണ്ണന്റെ[6] അവതാരമായിരുന്നു. സത്യസാരമായിരുന്നു അദ്ദേഹം.

46. നശ്വരമായവയോട് യാതൊരു മമതയുമില്ലാതെ, സദാ ആത്മഭാവത്തിൽ മുഴുകി, ഈശ്വരൻ എന്ന ഒറ്റലക്ഷ്യത്തിൽ മാത്രം അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹത്തിന്റെ അസ്തിത്വം വിവരിക്കാൻ കഴിയാത്തതാണ്.

47. ലൗകികസുഖങ്ങളുടെ സുലഭതയിലോ അവയുടെ ഇല്ലായ്മയിലോ ബാധിക്കപ്പെടാതെ, പരലോകത്തിലെ (മരണത്തിനുശേഷം സംഭവിക്കുന്ന) സുഖദുഃഖങ്ങളെ ഓർത്ത് ചഞ്ചലമാകാതെ, അദ്ദേഹത്തിന്റെ ഹൃദയം കണ്ണാടി പോലെ നിർമ്മലവും (തെളിഞ്ഞത്), സംഭാഷണം അമൃത് പൊഴിക്കുന്നതുമായിരുന്നു.

48. രാജാവ്, പാവപ്പെട്ടവൻ, ദരിദ്രൻ, ദുർബലൻ എന്നിവരെല്ലാം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തുല്യരായിരുന്നു. അദ്ദേഹം ബഹുമതികൾക്കും അവഹേളനങ്ങൾക്കും അതീതനായിരുന്നു. സകല ജീവജാലങ്ങളിലും അദ്ദേഹം ഈശ്വരനെ ദർശിച്ചു.

49. അദ്ദേഹം എല്ലാവരോടും സാധാരണയായി പെരുമാറി, മുരളികളുടെ[7] നൃത്തവും തമാശകളും കണ്ടും, ഗാനങ്ങളും ഗസലുകളും കേട്ടും അദ്ദേഹം ശരീരം ചലിപ്പിക്കും (നന്നായി ആസ്വദിച്ച് കൊണ്ട്), പക്ഷേ അദ്ദേഹത്തിന്റെ ഉള്ളിലെ സമാധി അവസ്ഥയ്ക്ക് ഇളക്കമുണ്ടായിരുന്നില്ല.

50. അള്ളാഹിന്റെ നാമം അദ്ദേഹത്തിന്റെ ഹൃദയത്തിൽ പതിഞ്ഞിരുന്നു. ലോകം ഉണർന്നിരിക്കുമ്പോൾ അദ്ദേഹം ഉറങ്ങി, ലോകം ഉറങ്ങുമ്പോൾ അദ്ദേഹം ഉണർന്നിരുന്നു. ശാന്തമായ ഒരു അഗാധസാഗരം പോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം.

51 ഏത് ആശ്രമം[8] അല്ലെങ്കിൽ ജീവിതത്തിന്റെ ഏത് ഘട്ടത്തിലൂടെയാണ് അദ്ദേഹം കടന്നുപോകുന്നത്, അഥവാ അദ്ദേഹത്തിന്റെ യഥാർത്ഥ അവസ്ഥ എന്താണെന്ന് നിർണ്ണയിക്കുക ദുഷ്കരമായിരുന്നു. പലപ്പോഴും അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ നിന്ന് ചലിക്കുക പോലുമുണ്ടായിട്ടില്ല. പക്ഷേ സംഭവിക്കുന്നതൊക്കെയും അദ്ദേഹം അറിഞ്ഞിരുന്നു.

52. പുറമേയ്ക്ക് ഒരു രാജസഭ പോലെയുള്ള പ്രതാപം; ആയിരക്കണക്കിന് (അസംഖ്യം) കാര്യങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചു. ഇത് അദ്ദേഹം ഏർപ്പെടുത്തിയ സ്ഥിരമായ ഒരു പ്രദർശനമായിരുന്നു. പക്ഷേ ആന്തരികമായി അദ്ദേഹം നിശ്ശബ്ദനായിരുന്നു.

53. അദ്ദേഹം ചുവരിൽ ചാരി നിൽക്കുമായിരുന്നു, രാവിലെയും വൈകുന്നേരവും ചെറുസഞ്ചാരങ്ങൾ നടത്തി, ലെൻഡിയിലേക്കോ ചാവടിയിലേക്കോ പോയിരുന്നു. പക്ഷേ ആത്മജ്ഞാനത്തിന്റെ അവസ്ഥയ്ക്ക് ഭംഗമുണ്ടായിരുന്നില്ല.

54. എനിക്കറിയില്ല ഏത് ജന്മത്തിൽ, ഏത് സമയത്ത്, ഏത് അവസരത്തിൽ, ഏത് തരത്തിൽ ഞാൻ ഉപാസന അനുഷ്ഠിച്ചതിന്റെ ഫലമായാണ് സായി എന്നെ അദ്ദേഹത്തിന്റെ ചിറകുകൾക്കടിയിൽ ചേർത്ത് വച്ചത് എന്ന്.

55. ഇത് എന്റെ ഉപാസനയുടെ ഫലമാണ് എന്ന് ഞാൻ പറയാമോ? അല്ല, ഞാൻ ജനിച്ചത് പാപിയായിട്ടാണ്. സായി ദയാലുവും കരുണാമയനുമാണ്; തീർച്ചയായും ഇത് അദ്ദേഹത്തിന്റെ അനുഗ്രഹമാണ്.

56. ജന്മനാ ഒരു സിദ്ധ[9]നാണെങ്കിലും അദ്ദേഹത്തിന്റെ രീതികൾ ഒരു സാധകന്റേ[10]തായിരുന്നു. അദ്ദേഹം അഹങ്കാരമില്ലാതെ, തികച്ചും വിനയാന്വിതനായിരുന്നു; എല്ലാവരെയും സന്തുഷ്ടരുമാക്കി.

57. എകനാഥും ധ്യാനേശ്വരനും പയ്ത്താൻ, ആലന്ദി എന്നീ സ്ഥലങ്ങൾക്ക് യശസ്സ് നൽകിയത് പോലെ, സായി ഷിർദിയെ പരമാനന്ദത്തിന് പ്രശസ്തമായ ഒരു സ്ഥലമാക്കി മാറ്റി.

58. ഷിർദിയിലെ പുല്ലുകളുടെ ഇലകളും, കല്ലുകളും അനുഗൃഹീതമാണ്, പരിശ്രമം ഒട്ടുമില്ലാതെ, ദിനവും അവയ്ക്ക് ബാബയുടെ പാദങ്ങൾ ചുംബിക്കാൻ കഴിഞ്ഞു, അദ്ദേഹത്തിന്റെ പാദധൂളികൾ ശിരസ്സിൽ വഹിക്കാനും കഴിഞ്ഞു.

59. നമുക്ക് ഷിർദി പന്ധർപൂർ ആകുന്നു. നമ്മുടെ ജഗന്നാഥപുരി, ദ്വാരക, ഗയ, കാശി, വിശ്വേശ്വരൻ (ക്ഷേത്രനാമം) എല്ലാം ഷിർദി ആകുന്നു. ഷിർദി നമ്മുടെ രാമേശ്വരവുമാകുന്നു.[10a]

60. ഷിർദി നമ്മുടെ ബദരി-കേദാരമാണ്, ഷിർദി നാസിക്-ത്രയംബകേശ്വരൻ ആകുന്നു, ഷിർദി ഉജ്ജയിൻ - മഹാകാലേശ്വരൻ ആകുന്നു, ഷിർദി ഗോകർണ്ണ - മഹാബലേശ്വരരാകുന്നു.[10b]

61. ഷിർദിയിൽ സായിയുമായുള്ള സമ്പർക്കം നിഗമങ്ങൾ (വേദശാസ്ത്രങ്ങൾ), ആഗമങ്ങൾ (വേദങ്ങൾക്ക് ശേഷമുണ്ടായ ശൈവ, ശാക്തേയ, വൈഷ്ണവ ശാഖകൾ) എന്നിവയുടെ അധ്യയനത്തിന് തുല്യവും ജീവിതദുരിതങ്ങൾക്ക് ആശ്വാസസ്പർശവുമാകുന്നു. പരമമായ ലക്ഷ്യത്തിലേക്കുള്ള സുഗമമായ മാർഗ്ഗമാണ് അദ്ദേഹം.

62. സമർത്ഥസായിയുടെ ദർശനം തന്നെ നമുക്ക് ഈശ്വരനുമായി ഐക്യത്തിനുള്ള മാർഗ്ഗമാകുന്നു; അദ്ദേഹവുമായി ഭാഷണം നടത്തുമ്പോൾ പാപങ്ങൾ ഒലിച്ച് പോകുന്നു.

63. അദ്ദേഹത്തിന്റെ പാദങ്ങൾ തിരുമ്മുന്നത് ത്രിവേണി സംഗമത്തിൽ (ഗംഗ, യമുന, സരസ്വതി) സ്നാനം ചെയ്യുന്നതിന് തുല്യമാണ്. അദ്ദേഹത്തിന്റെ പാദതീർത്ഥം സേവിക്കുന്നത് എല്ലാ ആസക്തികളെയും വേരോടെ നശിപ്പിക്കുന്നു.

64. അദ്ദേഹത്തിന്റെ ആജ്ഞ നമുക്ക് വേദവചനങ്ങൾ പോലെയാണ്. എല്ലാ അർത്ഥത്തിലും, ദിവ്യവും ആത്മശുദ്ധീകരണത്തിന് പര്യാപ്തവുമാണ് അദ്ദേഹത്തിന്റെ ഉധിയും (ധുനിയിൽ നിന്നുള്ള ദിവ്യചാരം) പ്രസാദവും (നിവേദിച്ച ആഹാരം).

65. സായി നമുക്ക് പരബ്രഹ്മമാണ്, ശ്രേഷ്ഠമായ ആത്മീയാനന്ദം. സായി നമ്മുടെ ശ്രീകൃഷ്ണനാണ്, ശ്രീരാമനാണ്; സായി നമ്മുടെ ആശ്രയവും വിശ്രമസ്ഥാനവുമാണ്.

66. സായി പ്രകൃതിയുടെ ദ്വന്ദ്വഭാവത്തിന് അതീതനാണ്, ഒരിക്കലും ദുഃഖിതനോ ആഹ്ലാദവാനോ അല്ല, സദാ ആത്മഭാവത്തിൽ മുഴുകി, സ്ഥിരമായി ബ്രഹ്മനുമായി ലയിച്ചിരിക്കുന്നു.

67. ഷിർദി കേന്ദ്രസ്ഥാനമാണ്, പക്ഷേ ബാബയുടെ പ്രവർത്തനമണ്ഡലം വിസ്തൃതമാണ്. അത് പഞ്ചാബ്, കൽക്കട്ട, വടക്കേ ഇന്ത്യ, ഗുജറാത്ത്, ഡക്കാൻ, കർണ്ണാടക വരെ വ്യാപിച്ചിരിക്കുന്നു.

68. ഷിർദിയിലെ സായിയുടെ സമാധിസ്ഥാനം സകലദിവ്യന്മാരുടെയും സംഗമസ്ഥാനമാണ്. അതിലേയ്ക്കുള്ള ഓരോ കാൽവയ്പ്പും ലൗകിക ജീവിതത്തിലെ ഓരോ കണ്ണികളെ അറുത്തുമാറ്റുന്നു.

69. സമാധിയുടെ ദർശനം കൊണ്ട് മാത്രം ഒരുവന്റെ ജീവിതം സഫലമാകും. അപ്പോൾ, ജീവിതകാലം മുഴുവൻ അദ്ദേഹത്തിന്റെ സേവനത്തിനായി കഴിച്ചുകൂട്ടിയവരുടെ സൗഭാഗ്യം എനിക്ക് എങ്ങനെ വർണ്ണിക്കാൻ കഴിയും?

70. മസ്ജിദിലും വാഡയിലും മനോഹരമായ കൊടികളുടെ നിര ആകാശത്ത് ഉയർന്ന് കളിക്കുന്നത് കണ്ടാൽ ഭക്തരെ മാടിവിളിക്കുന്നത് പോലെ തോന്നും.

71. ശ്രേഷ്ഠദിവ്യനായ ബാബയുടെ യശസ്സ് ദൂരദേശങ്ങളിൽ പോലും വ്യാപിച്ചിരുന്നു. ചിലർ അവരുടെ ആഗ്രഹപൂർത്തിക്കായി ചില നേർച്ചകൾ നേരുമ്പോൾ, മറ്റ് ചിലർ അദ്ദേഹത്തിന്റെ ദർശനം കൊണ്ടുമാത്രം മനഃശാന്തി നേടുന്നു.

72. ആരുടെയും എന്ത് രഹസ്യ ആഗ്രഹങ്ങളായാലും, ശുദ്ധമോ അന്യായമായതോ ആകട്ടെ, അവരുടെ മനസ്സ് അദ്ദേഹത്തിന്റെ ദർശനമാത്രയിൽ തന്നെ ശാന്തമാകുമായിരുന്നു. അതിനാൽ, ജനങ്ങൾ അവരുടെ ഉള്ളിന്റെയുള്ളിൽ ആശ്ചര്യപ്പെട്ടു.

73. പന്ഡർപൂർവിത്തലിന്റെയും രുഗ്മിണിയുടെയും ദർശനത്താൽ ഒരുവന് ലഭിക്കുന്ന അതേ ദിവ്യാനുഭൂതി ഷിർദിയിൽ ബാബയുടെ ദർശനം കൊണ്ട് അനുഭവിക്കുന്നു.

74. ഇത് അതിശയോക്തി ആണെന്ന് ആർക്കെങ്കിലും തോന്നുകയാണെങ്കിൽ, ഉറച്ച വിത്തൽ ഭക്തനായ ഗൗളിബുവയുടെ വാക്കുകൾ കേൾക്കുക, സംശയനിവാരണത്തിനായി.

75. അദ്ദേഹം ഒരു പന്ഡർപൂർ 'വാർക്കരി' (നിത്യസന്ദർശകൻ) ആയിരുന്നു. എല്ലാവർഷവും പന്ഡർപൂർ സന്ദർശിക്കുമ്പോൾ, അദ്ദേഹം ഷിർദിയും സന്ദർശിച്ചിരുന്നു. അദ്ദേഹം ബാബയെ അത്യധികം സ്നേഹിച്ചിരുന്നു.

76. ബുവയോടൊപ്പം ഒരു കഴുതയും ശിഷ്യന്മാരിലൊരാൾ സഹായിയായും ഉണ്ടായിരുന്നു. അദ്ദേഹം നിരന്തരം 'രാമ-കൃഷ്ണ-ഹരി' എന്ന് ഉരുവിട്ടിരുന്നു.

77. അദ്ദേഹത്തിന് 95 വയസ്സ് പ്രായമുണ്ടായിരുന്നു. അദ്ദേഹം മൺസൂൺ മഴക്കാലമായ നാലുമാസക്കാലം ഗോദാവരിയുടെ തീരത്തും, എട്ടുമാസക്കാലം പന്ഡർപൂ

രിലും താമസിച്ചു. അദ്ദേഹം വർഷം തോറും ബാബയെ സന്ദർശിച്ചു.

78. വിനയത്തോടെ ബാബയെ ഉറ്റുനോക്കിക്കൊണ്ട് അദ്ദേഹം പറയും, "ഇത് പണ്ഡരിനാഥ് അവതാരമാണ്, അനാഥരുടെ രക്ഷകൻ, ദയാപരൻ.

79. "സിൽക്ക് കരയുള്ള ധോത്തി ധരിച്ചത് കൊണ്ട് ഒരുവൻ ദിവ്യനാകുമോ? ഒരു ദിവ്യനാകാൻ ആവശ്യമായത്, അസ്ഥികൾ തേഞ്ഞ് നേർത്തതാകുകയും, രക്തം വെള്ളമായി മാറുന്നതുവരെയും കഠിന തപശ്ചര്യകൾ അനുഷ്ഠിക്കുക എന്നതാണ്.

80. "പരിശ്രമങ്ങളില്ലാതെ ഒരുവന് ദൈവികത്വം നേടാൻ കഴിയുമോ? ഇത് പണ്ഡരിറാവ് അവതാരമാണ്. ലോകം അജ്ഞതയാണ്. ഇത് ദൃഢമായി വിശ്വസിച്ച് കൊണ്ട് അതിന് പുറകിൽ വർത്തിക്കുന്ന ദൈവികതയെ തിരിച്ചറിയുക."

81. ഇത് പണ്ഡരിനാഥനെ സ്നേഹിച്ചിരുന്ന ഒരു ശ്രേഷ്ഠ ഭക്തന്റെ വാക്കുകളാണ്. അദ്ദേഹവുമായി താരതമ്യം ചെയ്യുമ്പോൾ, എളിയവനായ എനിക്ക് എന്ത് അനുഭവമാണ് ഘോഷിക്കാനുള്ളത്? ശ്രോതാക്കളുടെ സ്വന്തം അനുഭവം തന്നെ മാർഗ്ഗദർശകമാകട്ടെ.

82. ബാബ 'നാമസ്മരണം' ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം സ്വയം 'അള്ളാ-മാലിക്' എന്ന് നിരന്തരം ഉരുവിട്ടിരുന്നു. ഏഴ് ദിവസം മുഴുവൻ തുടർച്ചയായി രാത്രിയും പകലും തന്റെ മുമ്പിൽ നാമജപത്തിനുള്ള ഒരുക്കങ്ങൾ അദ്ദേഹം ചെയ്തിരുന്നു.

83. ഒരിക്കൽ, അത്തരത്തിൽ ഏഴു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന നാമജപം നടത്താൻ ബാബ ദാസ്ഗനുവി[11]നോട് നിർദ്ദേശിക്കുകയും ദാസ്ഗനു ബാബയിൽ നിന്നും വിത്തൽ പ്രത്യക്ഷനാകുമെന്ന ഉറപ്പ് ആവശ്യപ്പെട്ടപ്പോൾ,

84. ബാബ തന്റെ കരം തന്റെ നെഞ്ചത്ത് വച്ച് കൊണ്ട് ആത്മവിശ്വാസത്തോടെ ഉറപ്പ് നൽകി ദൃഢമായി പറഞ്ഞു, "അതെ, തീർച്ചയായും വിത്തൽ സ്വന്തം രൂപത്തിൽ പ്രത്യക്ഷനാകും; ഭക്തൻ പൂർണ്ണവിശ്വാസമുള്ളവനായിരിക്കണം.

85. "ദാകുർനാഥന്റെ ദൻകാപുരി, വിത്തലിന്റെ പണ്ഡരി, അല്ലെങ്കിൽ റാൻചോഡിന്റെ ദ്വാരകാനഗരി എല്ലാം ഇവിടം തന്നെയാണ്. അത് അന്വേഷിച്ച് നീ ദൂര സ്ഥലങ്ങളിലേക്ക് പോകേണ്ടതില്ല.

86. "വിത്തൽ മറ്റ് എവിടെയെങ്കിലും നിന്നും, തന്റെ സ്വകാര്യ സ്ഥാനം വിട്ട്, ഇവിടെ പ്രത്യക്ഷപ്പെടുമെന്നാണോ? ഭക്തന്റെ തീവ്രമായ ഭക്തിയിൽനിന്നും അദ്ദേഹം ഇവിടെ സ്വയം പ്രകടമാകും.

87. "തന്റെ മാതാപിതാക്കൾക്ക് സേവനം ചെയ്തുകൊണ്ട് പുണ്ഡലികൻ ദേവാദിദേവനെ ആകർഷിച്ചു. പുണ്ഡലികന്റെ ഭക്തി കണ്ട്, ഭഗവാൻ ഇഷ്ടികയുടെ പുറത്ത് കയറി കാത്തുനിന്നു."

88. ഏഴാമത്തെ ദിവസത്തെ നാമജപത്തിനുശേഷം, ബാബയുടെ വാക്കുകൾ സത്യമാകുകയും, ദാസ്ഗനുവിന് ഷിർദിയിൽ വിത്തൽ ഭഗവാന്റെ ദർശനം ലഭിക്കുകയും ചെയ്തതായി പറയപ്പെടുന്നു. അപ്രകാരം ബാബയുടെ പ്രവചനം അനുഭവത്തിലൂടെ അറിയുകയും തെളിയിക്കപ്പെടുകയും ചെയ്തു.

89. ഒരിക്കൽ കാക്കാസാഹേബ്, ദിനവുമുള്ള സ്നാനാദികൾക്ക് ശേഷം ധ്യാനിക്കവേ, അദ്ദേഹത്തിന് വിത്തൽ ദർശനം ലഭിച്ചു.

90. പിന്നീട് അദ്ദേഹം ബാബയുടെ ദർശനത്തിനായി പോയപ്പോൾ, ബാബ ഇപ്രകാരം ചോദിച്ച് കൊണ്ട് അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തി: "വിത്തൽപാട്ടീൽ വന്നില്ലേ? നീ അദ്ദേഹത്തെ കണ്ടോ?

91. "ആ വിത്തൽ വലിയ മായാവി ആണ്. അവനെ മുറുകെ പിടിച്ച് കൊള്ളുക. അല്ലെങ്കിൽ അവൻ തെന്നിമാറിപ്പോകും, നിമിഷനേരത്തേക്കെങ്കിലും നിന്റെ ശ്രദ്ധ വ്യതിചലിക്കുകയാണെങ്കിൽ."

92. ഈ സംഭവം നടന്നത് പ്രഭാത സമയത്താണ്. ഉച്ചയ്ക്ക് ശേഷം, വീണ്ടും, വിത്തലിന്റെ ആനന്ദദായകമായ പ്രത്യക്ഷപ്പെടലിന്റെ തുടർന്നുള്ള തെളിവ് കാണുക.

93. ഷിർദിക്ക് പുറത്ത് മറ്റൊരു സ്ഥലത്ത് നിന്നുള്ള ഒരു വഴിയോരക്കച്ചവടക്കാരൻ വിത്തലിന്റെ ഇരുപതോ ഇരുപത്തിയഞ്ചോ മനോഹരമായ ചിത്രങ്ങളുമായി വിൽക്കാനുള്ള ഉദ്ദേശ്യത്തോടെ ഗ്രാമത്തിലെത്തി.

94. അത് രാവിലെ ധ്യാനത്തിൽ കാണപ്പെട്ട രൂപത്തിന്റെ അതേ പ്രതിരൂപം തന്നെയായിരുന്നു. ദീക്ഷിത് ആശ്ചര്യപ്പെടുകയും ബാബയുടെ വാക്കുകൾ ഓർമ്മിക്കുകയും ചെയ്തു.

95. ദീക്ഷിത് സ്നേഹത്തോടെ, വിൽപനക്കാരനിൽ നിന്നും ഒരു ചിത്രം വിലകൊടുത്തു വാങ്ങുകയും, ദൈനംദിനവുമുള്ള ആരാധനയ്ക്കായി അത് ഭക്തിയോടെ സ്ഥാപിക്കുകയും ചെയ്തു.

96. വിത്തലിനെ പൂജിക്കുന്നത് സായിയെ ആരാധിക്കുന്നതിന് തുല്യമാണെന്ന് കാണിക്കുന്ന മറ്റൊരു മനോഹരമായ സംഭവം കൂടിയുണ്ട്. സന്തോഷത്തോടെയും ആഹ്ലാദത്തോടെയും അത് കേൾക്കുക.

97. ഭഗവത്റാവു ക്ഷീരസാഗറിന്റെ പിതാവ് വിത്തലിന്റെ പ്രഥമഗണനീയരായ ഭക്തന്മാരിൽ ഒരാളായിരുന്നു. അദ്ദേഹം ഇടയ്ക്കിടയ്ക്ക് പന്ധർപൂരിൽ പോകുമായിരുന്നു.

98. ഗൃഹത്തിൽ വിത്തലിന്റെ ഒരു വിഗ്രഹം ഉണ്ടായിരുന്നു. പക്ഷേ പിതാവിന്റെ മരണശേഷം, പൂജകൾ നടത്തുന്നതും നൈവേദ്യം[12] അർപ്പിക്കുന്നതുമൊക്കെ നിന്നുപോയി. മരണാനന്തര ശ്രാദ്ധകർമ്മങ്ങൾ ചെയ്യുന്നത് പോലും നിലച്ചു.

99. ഭഗവന്ത് റാവു പന്ധർപൂരിലേക്കുള്ള വാർഷിക തീർത്ഥയാത്രയും ഉപേക്ഷിച്ചു. പക്ഷേ, അയാൾ ഷിർദിയിലെത്തിയപ്പോൾ ബാബ അയാളുടെ പിതാവിനെ ഓർത്തുകൊണ്ട് പറഞ്ഞു: "അവൻ എന്റെ സുഹൃത്തായിരുന്നു.

100. "ഇവൻ എന്റെ പ്രിയപ്പെട്ട സുഹൃത്തിന്റെ മകനാണ്. അത് കൊണ്ടാണ് ഞാൻ ഇവനെ ഇവിടേയ്ക്ക് വലിച്ചിഴച്ചത്. ഇവൻ നൈവേദ്യങ്ങൾ അർപ്പിക്കുന്നില്ല. ഇവൻ എന്നെ പട്ടിണിക്ക് ഇടുകയാണ്.

101. "അവൻ വിത്തലിനെയും പട്ടിണിക്ക് ഇടുകയാണ്. അത് കൊണ്ട് ഞാൻ

അവനെ ഷിർദിയിലേക്ക് കൊണ്ടുവന്നു. ഞാൻ ഇപ്പോൾ അവനെ ഓർമ്മിപ്പിക്കുകയും പൂജയ്ക്ക് അവന് പ്രേരണ നൽകുകയും ചെയ്യും."

102. ഒരിക്കൽ അത് പർവ്വകാലമാണെന്ന് (പുണ്യസമയം) അറിഞ്ഞ്, ദാസ്ഗനുവിന് പ്രയാഗതീർത്ഥത്തിൽ സ്നാനം ചെയ്യാനുള്ള ആഗ്രഹമുണ്ടാകുകയും, ബാബയുടെ അനുവാദം വാങ്ങാനായി അദ്ദേഹത്തിന്റെയടുത്ത് വരികയും ചെയ്തു.

103. പകരം ബാബ പറഞ്ഞു; "നീ അതിന് അത്രയും ദൂരെ പോകേണ്ടതില്ല. ഇവിടം നമുക്ക് പ്രയാഗ തീരം തന്നെയാണ്. നിന്റെ ഹൃദയത്തിൽ ദൃഢവിശ്വാസമുണ്ടാകണം."

104. ഓ, ഞാൻ എങ്ങനെയാണ് ബാബയുടെ മഹത്വം വർണ്ണിക്കുക! ദാസ്ഗനു തന്റെ ശിരസ്സ് ബാബയുടെ പാദങ്ങളിൽ ചേർത്തപ്പോൾ, ബാബയുടെ രണ്ട് കാൽ വിരലുകളിൽ നിന്നും, ഗംഗായമുനാനദീതീർത്ഥം പോലെ, ജലം ഊറി വരാൻ തുടങ്ങി.

105. ഈ അദ്ഭുതം കണ്ട്, ദാസ്ഗനു വികാരവിവശനായി. എത്ര ശ്രേഷ്ഠമായ അനുഗ്രഹമാണ് ബാബ അയാൾക്ക് നൽകിയത്! അയാളുടെ കണ്ണുകളിൽ നിന്നും അശ്രുധാര ഒഴുകി.

106. അയാളുടെ ഭാഷണം പ്രചോദിതമായി. ഹൃദയത്തിൽ സ്നേഹം തുളുമ്പി. ബാബയുടെ അളക്കാനാവാത്ത ശ്രേഷ്ഠതയും, അദ്ഭുതകൃത്യങ്ങളും വർണ്ണിച്ചതിനു ശേഷമേ അയാൾ തൃപ്തനായുള്ളൂ.

107. ശ്രോതാക്കളുടെ ഉത്സുകതയെ സംതൃപ്തമാക്കുന്നതിനുവേണ്ടി ഞാൻ ആ മധുരഗീതം ഇവിടെ ചേർക്കുകയാണ്:-

**ഗാനം**

ഓ സദ്ഗുരുരായ, അങ്ങയുടെ ശക്തി അനന്തവും അങ്ങയുടെ കൃത്യങ്ങൾ അദ്ഭുതകരവുമാണ്.

ദയാലുവായ അവിടുന്ന് ചലിക്കുന്നതും ചലിക്കാത്തതുമായ ജീവജാലങ്ങളെ ലൗകിക സാഗരം കടത്തിവിടുന്ന നൗകയാകുന്നു. (ആവർത്തിക്കുക).

അങ്ങ് സ്വയം വേണിമാധവൻ (വിഷ്ണു) ആയി മാറുകയും, അങ്ങയുടെ പാദങ്ങൾ ഇവിടെ പ്രയാഗയായി മാറ്റുകയും ചെയ്തു. ഗംഗയുടെയും യമുനയുടെയും ഒഴുക്ക് അങ്ങയുടെ കാൽവിരലുകളിൽ നിന്ന് ഒഴുകുന്നത് അങ്ങ് കാട്ടിത്തന്നു (1).

അങ്ങ് ബ്രഹ്മാവും (താമരയിൽ നിന്നും ജനിച്ചവൻ) വിഷ്ണുവും (കമലാനാഥൻ ) ശിവനുമാകുന്നു, ത്രിമൂർത്തികളുടെ സ്വരൂപം. ഈ ഭൂമിയിൽ അങ്ങ് സായി സമർത്ഥനായി അവതരിച്ചിരിക്കുന്നു. (2).

പ്രഭാതകാലത്ത്, ബ്രഹ്മാവിനെപ്പോലെ വിജ്ഞാനപ്രദമായ വാക്കുകൾ ഉരുവിടുന്നു; ചിലപ്പോൾ അങ്ങ് അങ്ങയുടെ ഭീതിതവും ഉഗ്രവുമായ രുദ്രഭാവം കാട്ടുന്നു; തമോഗുണഭാവം അവലംബിക്കുന്നു. (3).

ചിലപ്പോൾ ശ്രീകൃഷ്ണനെപ്പോലെ, ബാലചാപല്യങ്ങളിൽ മുഴുകുന്നു; ഭക്തരുടെ മാനസസരസ്സിൽ ഹംസമായിമാറുന്നു. (4)

അങ്ങയെ ഞങ്ങൾ മുസ്ലീം എന്ന് വിളിക്കുകയാണെങ്കിൽ, അങ്ങേയ്ക്ക് ഗന്ധ ത്തോട് (ചന്ദനലേപനം) ഇഷ്ടമുണ്ട്; അങ്ങയെ ഞങ്ങൾ ഹിന്ദു എന്ന് വിളി ച്ചാൽ, അങ്ങ് എല്ലായ്പ്പോഴും സന്തോഷത്തോടെ മസ്ജിദിൽ വസിക്കുന്നു. (5)

ഞങ്ങൾ അങ്ങയെ ധനികൻ എന്ന് വിളിച്ചാൽ; അങ്ങ് ഭിക്ഷ തേടി പോകുന്ന തായി കാണപ്പെടുന്നു; ഞങ്ങൾ അങ്ങയെ ഫക്കീർ എന്ന് വിളിച്ചാൽ, അങ്ങ യുടെ സൗമനസ്യം (അങ്ങയുടെ ഉദാരമനസ്കത)കൊണ്ട് അങ്ങ് കുബേര നെപ്പോലും ലജ്ജിപ്പിക്കും. (6)

ഞങ്ങൾ അങ്ങയുടെ വാസസ്ഥാനത്തെ മസ്ജിദ് എന്ന് വിളിക്കുകയാണെ ങ്കിൽ, അവിടെ അഗ്നി ജ്വലിക്കുന്നതായി കാണുന്നു; ധുനി (വിറക് ഇട്ട് എരി ക്കുന്ന കുഴി) എല്ലായ്പ്പോഴും എരിഞ്ഞ് കൊണ്ടിരിക്കുന്നു, ജനങ്ങൾക്ക് ഉധി വിതരണംചെയ്യുന്നതിനുവേണ്ടി (7)

പ്രഭാതം മുതൽ ഭക്തർ വിനയത്തോടെ അങ്ങയുടെ അടുത്ത് വന്ന് ആരാ ധന ചെയ്യുന്നു; സൂര്യൻ തീവ്രാവസ്ഥയിൽ എത്തുന്ന ഉച്ചനേരത്ത് അങ്ങ യുടെ ആരതി നടത്തപ്പെടുന്നു. (8)

ഭക്തർ, ദേവതകളുടെ അംഗരക്ഷകർ എന്നപോലെ അങ്ങേയ്ക്ക് ചുറ്റും നില കൊള്ളുകയും കരങ്ങളിൽ വിശറിയും വെഞ്ചാമരവും പിടിച്ച് കൊണ്ട് അങ്ങേയ്ക്ക് വീശുന്നു. (9)

കുഴൽവാദ്യം, നാഴികമണി, ഷഹനായി, ചേങ്ങില, മണി എന്നിവ മുഴങ്ങുന്നു; സമാനമായ പ്രത്യേക വസ്ത്രങ്ങൾ ധരിച്ച് അരപ്പട്ട കെട്ടിയ പാർശ്വരക്ഷകർ (ദണ്ഡ്വാഹകർ)വാതിൽക്കൽ അങ്ങയുടെ മഹത്വം ഉദ്ഘോഷിക്കുന്നു. (10)

ആരതി സമയത്ത് അങ്ങ് വിഷ്ണുവിനെപ്പോലെ കാണപ്പെടുന്നു; സന്ധ്യാ നേരത്ത് അങ്ങ് ധുനിയുടെ മുമ്പിൽ ഇരിക്കുമ്പോൾ ശിവനെപ്പോലെ കാണ പ്പെടുന്നു (മന്മഥനാശകൻ) (11)

ത്രിമൂർത്തികളുടെ അത്തരത്തിലുള്ള ലീലകൾ, അങ്ങയിൽ കാണപ്പെടുന്ന ത്, ദിനവും ഞങ്ങൾക്ക് അനുഭവപ്പെടുന്നു, ഓ ബാബാസായി ! (12)

അങ്ങനെയാണെങ്കിൽപ്പോലും, എന്റെ മനസ്സ് അലസമായി അലയുകയാണ്. ഇപ്പോൾ അങ്ങയോടുള്ള എന്റെ പ്രാർത്ഥന ഇതാണ്, ബാബാ അതിനെ സ്ഥിര മാക്കിനിർത്തൂ. (13)

നികൃഷ്ടന്മാരിൽ നികൃഷ്ടനായ, കൊടിയ പാപിയുമായ ഞാൻ അങ്ങയുടെ പാദങ്ങളിൽ അഭയം തേടുന്നു. ദയവായി ദാസ്ഗനുവിന്റെ മൂന്നു തരത്തിലുള്ള ദുരിതങ്ങളും അകറ്റുക. (14)

108. അത് അങ്ങനെയാകട്ടെ. കടുത്തപാപങ്ങൾ ഇല്ലാതാക്കുന്നതിന് വേണ്ടി, ജന ങ്ങൾ ഗംഗാ ജലത്തിൽ അഭയം തേടുന്നു. പക്ഷേ ഗംഗയാകട്ടെ അവളുടെ സ്വന്തം പാപങ്ങൾ കഴുകിക്കളയുന്നതിന് വേണ്ടി സ്വയം ദിവ്യന്മാരുടെ പാദ ങ്ങളെ ആശ്രയിക്കുന്നു.

109. ആ ദിവ്യപാദങ്ങൾ ഉപേക്ഷിച്ച് കൊണ്ട്, ഗംഗാ-ഗോദാവരിയിലേക്ക് തീർത്ഥ യാത്ര പോകേണ്ട ആവശ്യമില്ല. ദിവ്യസായിയുടെ മധുരമായ ജീവിതവും സ്തുതികളും ഭക്തിയോടെ ശ്രവിക്കുക.

110. ഭാഗ്യവശാൽ, നാമദേവിനെ ഗോനായി ഭീമാരതി നദിയിലും കബീറിനെ തമൽ ഭഗീരഥി നദിയിൽ ഒരു മുത്തുച്ചിപ്പി തോടിനുള്ളിലും കണ്ടെടുത്തു,

111. അതേപോലെ, ശ്രീ സായിനാഥ് ഷിർദിഗ്രാമത്തിലെ അദ്ദേഹത്തിന്റെ ഭക്ത ന്മാർക്ക് വേണ്ടി പ്രത്യക്ഷപ്പെട്ടു, ഒരു വേപ്പ്മരച്ചുവട്ടിൽ[13], പതിനാറ് വയസ് പ്രായമുള്ളപ്പോൾ.

112. അദ്ദേഹം പ്രത്യക്ഷപ്പെട്ടപ്പോൾ, ആ സമയത്തുപോലും, അദ്ദേഹം ആത്മജ്ഞാ നിയായിരുന്നു. സ്വപ്നത്തിൽപ്പോലും അദ്ദേഹത്തിന് ആസക്തികളുണ്ടായി രുന്നില്ല. ലൗകികഭോഗങ്ങളെ അദ്ദേഹം തട്ടിനീക്കിക്കളയുകയും, മുക്തി[14] അദ്ദേ ഹത്തിന്റെ പാദങ്ങളിൽ നൂപുരങ്ങൾ പോലെ ശോഭിക്കുകയും ചെയ്തു.

113. ആർക്കും അറിയില്ലായിരുന്നു, എവിടെ, ഏത് ശ്രേഷ്ഠകുടുംബത്തിൽ, ഏത് മാതാപിതാക്കൾക്ക് ബാബ ജനിച്ചുവെന്ന്.

114. അദ്ദേഹത്തിന്റെ പൂർവ്വവൃത്താന്തങ്ങൾ ആർക്കും അറിയുമായിരുന്നില്ല, ജന ങ്ങൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആരാണെന്ന് കണ്ടുപിടിക്കാൻ ശ്രമിച്ച് തളർന്നു.

115. മാതാവ്, പിതാവ്, ബന്ധുജനങ്ങൾ, അടുത്ത ബന്ധുക്കൾ, ജാതി, മാത്രമല്ല സകല ലൗകികബന്ധങ്ങളും ഉപേക്ഷിച്ച് ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി അദ്ദേഹം ഷിർദിയിൽ പ്രത്യക്ഷപ്പെട്ടു.

116. ഷിർദിയിലെ ഒരു വൃദ്ധ, നാനാ ചോപ്ദാറിന്റെ മാതാവ്, ബാബയുടെ അദ്ഭു തകരവും യോഗാത്മകവുമായ ജീവിതത്തെക്കുറിച്ച് പറയുകയുണ്ടായി.

117. അവർ പറയുന്നു; തുടക്കത്തിൽ, വെളുത്ത്, സുന്ദരനും ആകർഷണീയനു മായ ഈ ബാലൻ, വേപ്പ് മരച്ചുവട്ടിൽ കാലുകൾ പിണച്ച് മൗനമായി ഇരിക്കു ന്നതായാണ് കണ്ടത്.

118. സുന്ദരനായ ആ ബാലന്റെ രൂപം കണ്ട്, ഇത്രയും ഇളംപ്രായത്തിൽ, ചൂടും തണുപ്പും ഒരേപോലെ അനുഭവിച്ച്, കൊടുംതപശ്ചര്യകൾ അനുഷ്ഠിക്കുന്നത് കണ്ട് ജനങ്ങൾ വളരെ അദ്ഭുതപ്പെട്ടു.

119. ചെറുപ്രായത്തിലുള്ള ഈ അവസ്ഥ ഗ്രാമീണരെ ആശ്ചര്യപ്പെടുത്തി, അക ലെ നിന്ന് പോലും ബാലനെ ദർശിക്കുന്നതിന് വേണ്ടി എത്തിയതായിരുന്നു അവർ.

120. പകൽ നേരത്ത് ബാലൻ ആരുടെയും ഒപ്പം കൂടാറില്ല; രാത്രി നേരങ്ങളിൽ ഒരിക്കലും ഭയപ്പെട്ടിരുന്നുമില്ല. എവിടെ നിന്ന്, ഇത്തരമൊരു ബാലൻ പ്രത്യ ക്ഷപ്പെട്ടു എന്ന് എല്ലാവരും അദ്ഭുതപ്പെട്ടു.

121. അവൻ വളരെ സുന്ദരനായിരുന്നു, ആദ്യദർശനത്തിൽ തന്നെ ജനങ്ങൾക്ക് അവനോട് ആകർഷണം തോന്നി. അവൻ ആരുടെയും ഗൃഹത്തിൽ വസി ക്കുകയോ ആരുടെയും വീട്ടുവാതിക്കൽ ചെല്ലുകയോ ഉണ്ടായില്ല. രാത്രിയും പകലും വേപ്പ് മരച്ചുവട്ടിൽ കാണപ്പെട്ടു.

122. എല്ലാവരും ആ ബാലനെ ഓർത്ത് ആശ്ചര്യപ്പെട്ടു, ഇത്രയും ഇളം പ്രായമുള്ളതും, വളരെ സുന്ദരനുമായ ആ ബാലൻ, രാത്രിയും പകലും തുറ

സ്സായ സ്ഥലത്ത് ജീവിച്ചു.

123. എല്ലാവരും ആശ്ചര്യഭരിതരായി, എന്തെന്നാൽ പുറമേയ്ക്ക് ഒരു ബാലനെപ്പോലെ തോന്നിച്ചുവെങ്കിലും അവന്റെ പ്രവൃത്തികൾ മഹത്വമേറിയതായിരുന്നു, അവൻ വൈരാഗ്യത്തിന്റെ അവതാരമായിരുന്നു.

124. ഒരു ദിവസം വളരെ വിചിത്രമായ ഒരു സംഭവം നടന്നു. ഖണ്ഡോബാ ഭഗവാൻ ചില ആളുകളുടെ ദേഹത്ത് പ്രവേശിക്കുകയും അവർ തുള്ളാൻ തുടങ്ങുകയും ചെയ്തപ്പോൾ ജനങ്ങൾ ചോദ്യങ്ങൾ ചോദിക്കാൻ ആരംഭിച്ചു.

125. "ആരാണ് ഈ ചെറുബാലന്റെ ഭാഗ്യവാന്മാരായ മാതാപിതാക്കൾ ? എപ്പോൾ എങ്ങനെ ഇവൻ ഇവിടെ എത്തി? ഖണ്ഡോബാ ഭഗവാനേ, അങ്ങ് കണ്ടുപിടിക്കുക". എല്ലാവരിൽ നിന്നും ഇതേ ചോദ്യമുണ്ടായി

126. ദേവത മറുപടി പറഞ്ഞു: "പോകൂ, ഒരു കൂന്താലി കൊണ്ട് വന്ന് ഞാൻ കാട്ടിത്തരുന്ന സ്ഥലം കുഴിക്കുക. നിങ്ങൾക്ക് ബാലന്റെ ചുറ്റുപാടുകളെപ്പറ്റി അറിയാൻ കഴിയും. കൂന്താലി ഇവിടെ തറയ്ക്കട്ടെ."

127. പിന്നീട്, ഗ്രാമാതിർത്തിയിൽ, അതേ വേപ്പ് മരത്തിന്റെ ചുവട്ടിൽ, തുടർച്ചയായി കുഴിച്ചപ്പോൾ, അവിടെ അവർ ഇഷ്ടികകൾ കണ്ടു.

128. ഇഷ്ടികനിരകളുടെ അവസാന ഭാഗത്ത് എത്തുകയും വാതിൽക്കൽ അടച്ച് വച്ചിരുന്ന അരകല്ലിന്റെ അടിഭാഗം തള്ളി നീക്കുകയും ചെയ്തപ്പോൾ, അവർ ഭൂമിക്കടിയിൽ ഉള്ള ഒരു ഗുഹയും അതിനുള്ളിൽ നാലു 'സമായികൾ' (ഉയരമുള്ള ചെമ്പ് വിളക്കുകൾ) കത്തിനിൽക്കുന്നതായും കണ്ടു.

129. ഗുഹ മുഴുവൻ ചുണ്ണാമ്പ് കല്ല് പാകിയതായിരുന്നു. പരന്ന്, ഗോവിന്റെ മുഖാകൃതിയിലുള്ള, തടികൊണ്ട് നിർമ്മിച്ച ഒരു ഇരിപ്പിടവും മനോഹരമായ ഒരു ജപമാലയും ഉണ്ടായിരുന്നു. ദേവത പറഞ്ഞു, "ഈ ബാലൻ പന്ത്രണ്ട് വർഷങ്ങൾ തപസ്സ് അനുഷ്ഠിച്ചത് ഇവിടെയാണ്. "

130. ജനങ്ങളെല്ലാം അദ്ഭുതപ്പെടുകയും, ബാലനോട് അന്വേഷണപരമായ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. പക്ഷേ ബാലൻ വളരെ കുസൃതിക്കാരനായിരുന്നു, തീർത്തും വ്യത്യസ്തമായ കഥയാണ് അവൻ അവരോട് പറഞ്ഞത്.

131. അവൻ പറഞ്ഞു: "ഇത് എന്റെ ഗുരുവിന്റെ സ്ഥാനമാണ്. ഈ ദിവ്യസ്ഥലം എന്റെ പൈതൃക സ്വത്താണ്. ദയവായി ഇത് അതേപടി സംരക്ഷിക്കുക."

132. ബാബ ഇങ്ങനെ പറയുകയും ജനങ്ങൾ അത് അനുസരിക്കുകയും ചെയ്തു. പക്ഷേ എന്ത് കൊണ്ടാണ് ബാബ പറഞ്ഞത് ശരിയായ വസ്തുത അല്ല എന്ന് എന്റെ നാവ് പറയുന്നത്?

133. ബാബയെക്കുറിച്ച് ഈ അഭിപ്രായം ഞാൻ എന്തിന് പറയണം എന്ന് ഞാൻ സ്വയം അദ്ഭുതപ്പെട്ടു. പക്ഷേ ഇപ്പോൾ എനിക്ക് മനസ്സിലായി, ജനങ്ങളുടെ ശ്രദ്ധ തിരിച്ച് വിടാൻ വേണ്ടി സരളമായി അപ്രകാരം പറഞ്ഞതായിരിക്കണം.

134. നർമ്മബോധമുള്ള പ്രകൃതമായിരുന്നു ബാബയുടേത്. ആ ഗുഹ അദ്ദേഹത്തിന്റെ വാസസ്ഥാനമായിരുന്നിരിക്കാം. പക്ഷേ അത് അദ്ദേഹത്തിന്റെ ഗുരുവിന്റേതാണ് എന്ന് പറഞ്ഞത് കൊണ്ട് എന്ത് വ്യത്യാസമാണുള്ളത്! പ്രാധാന്യം

ഒട്ടും കുറയുന്നില്ല.

135. അത് അങ്ങനെയാകട്ടെ. ബാബയുടെ നിർദ്ദേശപ്രകാരം ഇഷ്ടികകൾ നിരത്തി ഗുഹ വീണ്ടും അടച്ചു, കാരണം അത് അദ്ദേഹത്തിന്റെ ഗുരുവിന്റേതാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

136. അശ്വത്ഥം, ഉദുംബരം[15] എന്നീ വൃക്ഷങ്ങൾ എത്രമാത്രം പ്രാധാന്യമുള്ളതാണോ, അത്രയും പ്രാധാന്യമുള്ളതാണ് ബാബയ്ക്ക് വേപ്പുമരം. അദ്ദേഹം അതിനെ വളരെ സ്നേഹിക്കുകയും ആദരവോടെ കാണുകയും ചെയ്തു.

137. മാലസപതി തുടങ്ങിയ, ഷിർദിയിലെ ചില പഴയ താമസക്കാർ, ബാബയുടെ ഗുരുവിന്റെ സമാധി സ്ഥാനമാണെന്ന് വിശ്വസിച്ചുകൊണ്ട് ആ സ്ഥലത്ത് വന്ദിക്കാറുണ്ടായിരുന്നു.

138. സമാധിക്ക് സമീപം, മൗനവ്രതം നോറ്റ് കൊണ്ട്, പന്ത്രണ്ട് വർഷക്കാലം ബാബ തപശ്ചര്യ അനുഷ്ഠിച്ചു. ഇത് പരക്കെ അറിയപ്പെടുന്നതാണ്.

139. ബാബയുടെ ഭക്തന്മാരിലൊരാളായ സാഠേസാഹേബ്, സമാധിക്കും വേപ്പ്മരത്തിനും ചുറ്റുമുള്ള ഭൂമി വാങ്ങി, നാലുചുറ്റും വരാന്തകളോട് കൂടിയ ഒരു കെട്ടിടം പണിതു.

140. ഈ കെട്ടിടമാണ്, ആദ്യകാലത്ത് തീർത്ഥാടകർ സമ്മേളിക്കാറുണ്ടായിരുന്ന വാഡ, അതിൽ എല്ലായ്പ്പോഴും ജനങ്ങൾ തിങ്ങിനിറഞ്ഞിരിക്കുകയും, തിരക്ക് കൊണ്ട് എപ്പോഴും ശബ്ദായമാനവുമായിരുന്നു.

141. സാഠേ, വേപ്പ്മരത്തിന് ചുറ്റും ഒരു ഉയർന്ന തിട്ടയും, തെക്ക് വടക്ക് ദിശയിൽ മുകൾനിലയും പണികഴിപ്പിക്കവേ, പടിക്കെട്ടുകൾ കെട്ടുന്ന സമയത്ത് ഈ ഭൂഗർഭഅറ അദ്ദേഹം സൂചിപ്പിച്ചിരുന്നു.

142. പടിക്കെട്ടുകൾക്ക് അടിയിൽ, തെക്ക് ദിശയ്ക്ക് അഭിമുഖമായി, മനോഹരമായ ഒരു ഭിത്തിമാടം ഉണ്ട്, തിട്ട അതിന് എതിർവശത്താണ്, ഭക്തർ വടക്കോട്ട് ദർശനമായി ഇരിക്കും.

143. “വ്യാഴം, വെള്ളി ദിനങ്ങളിൽ, സൂര്യാസ്തമയത്തിനു ശേഷം, തറയിൽ ചാണകം മെഴുകി, സാമ്പ്രാണി കത്തിക്കുന്ന മനുഷ്യർക്ക്, അത് നിമിഷനേരത്തേക്കായാലും, ഈശ്വരാനുഗ്രഹം ലഭിക്കും.”

144. ഒരു പക്ഷേ ശ്രോതാക്കൾ അവരുടെ മനസ്സിൽ ഈ വാചകത്തെ ഒരു അതിശയോക്തിയാണെന്ന് സംശയിക്കുകയും, അതിന്റെ വാസ്തവികതയെ ചോദ്യം ചെയ്യുകയുമുണ്ടാകാം. പക്ഷേ ഇവ ബാബയുടെ സ്വന്തം വാക്കുകളും, ഞാൻ അത് ബാബയുടെ വദനത്തിൽ നിന്നും ഉതിരുന്നത് കേൾക്കുകയുമുണ്ടായി.

145. ഈ വാചകം ഞാൻ കെട്ടിച്ചമച്ചതല്ല. അതിൽ സംശയത്തിന്റെ കാര്യമേയില്ല. അതിന് തെളിവ് നൽകാനായി, അത് നേരിട്ട് കേട്ടവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

146. പിന്നീട് ദീക്ഷിത് വാഡയുണ്ടായി, കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളെ ഉൾക്കൊള്ളാൻ പറ്റുന്നതരത്തിൽ. അതിന് കുറച്ച് നാളുകൾക്ക് ശേഷം അവിടെ ഒരു കല്ല് വാഡ പണികഴിപ്പിക്കപ്പെട്ടു.

147. തുടക്കം മുതലേ, ദീക്ഷിത് സാത്വികനും ഭക്തിയുടെ അവതാരവുമായാണ്

അറിയപ്പെട്ടിരുന്നത്. അദ്ദേഹം ഇംഗ്ലണ്ടിലേക്ക് യാത്ര പോകുകയും അവിടെ വച്ച് അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ വിത്ത് വിതക്കപ്പെടുകയും ചെയ്തു.

148. ഈ അവസരത്തിൽ, ശ്രോതാക്കൾ ചോദിച്ചേക്കാം എങ്ങനെയാണ് മധുര-കാശി-ദ്വാരക എന്നീ സ്ഥലങ്ങൾ ഉപേക്ഷിച്ച് അന്യമതം പിന്തുടരുന്ന ഇംഗ്ലണ്ട് പരമതത്ത്വത്തിലേക്ക് വഴികാട്ടുന്നതിന് കാരണഭൂതമാകുന്നതെന്ന്.

149. സ്വാഭാവികമായും ശ്രോതാക്കൾ സംശയിച്ചേക്കാം. അത് വ്യക്തമാക്കപ്പെടുമ്പോൾ അവർ ആശ്ചര്യപ്പെടും. ഞാൻ വിഷയത്തിൽ നിന്നും ചെറുതായി വ്യതിചലിക്കുകയാണെങ്കിൽ എല്ലാവരും എന്നോട് ക്ഷമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

150. അദ്ദേഹം മുമ്പേതന്നെ കാശി, പ്രയാഗ്, ബദരികേദാർ, മധുര, ബൃന്ദാവൻ എന്നീ തീർത്ഥയാത്രകളിലൂടെ ആവശ്യമുള്ള ആത്മീയപുണ്യം നേടിയിരുന്നു.

151. കൂടാതെ, അദ്ദേഹത്തിന്റെ പിതാവിന്റെ സദ്പ്രവൃത്തികൾ കൊണ്ടും, തന്റെ അപൂർവ്വഭാഗ്യം കൊണ്ടും, പൂർവ്വജന്മങ്ങളിലെ പുണ്യപ്രവൃത്തികളുടെ ഫലമായി, അദ്ദേഹത്തിന് സായിദർശനമെന്ന വിശേഷഭാഗ്യം ലഭിച്ചു.

152. ദർശനത്തിനുള്ള മൂലകാരണം മുടന്ത് എന്ന വിധിയായിരുന്നു; അദ്ദേഹം ഇംഗ്ലണ്ടിലായിരിക്കവേ ഉണ്ടായ ഒരു വീഴ്ചയിൽ നിന്നുണ്ടായത്.

153. പുറമേയ്ക്ക് അതൊരു ദൗർഭാഗ്യനിലയാണെന്ന് തോന്നുമെങ്കിലും അതിന്റെ അനന്തരഫലം ശുഭകരമായിരുന്നു[16], എന്ത്കൊണ്ടെന്നാൽ അത് ഫലവത്തും, വളരെ അപൂർവ്വമായ സായി ദർശനത്തിനുള്ള അവസരമൊരുക്കുകയും ചെയ്തു.

154. അദ്ദേഹം ചന്ദോർക്കറിനെ കാണാൻ ഇടയാകുകയും, സായിയുടെ കീർത്തിയെക്കുറിച്ച് കേൾക്കുകയും ചെയ്തു. ചന്ദോർക്കർ പറഞ്ഞു, സായി അനുഗ്രഹിക്കുകയാണെങ്കിൽ, മുടന്ത് ഉടൻ അപ്രത്യക്ഷമാകുമെന്ന്.

155. മുടന്ത് തന്റെ ഒരു പോരായ്മയാണെന്ന് ദീഷിത് ചിന്തിച്ചില്ല. തന്റെ മനസ്സിന്റെ കുറവുകൾ നീക്കിത്തരണമെന്നാണ് അദ്ദേഹം സായിയോട് പ്രാർത്ഥിച്ചത്.

156. നൈമിഷികമായ മനുഷ്യശരീരം ത്വക്ക്, രക്തം, മാംസം, അസ്ഥി എന്നിവയുടെ ഒരു കൂട്ടവും ഭൗതികലോകത്ത് പ്രവർത്തിക്കുന്നതിനുള്ള ഒരു ഉപകരണവും അല്ലാതെ മറ്റെന്താണ്. കാലുകൾ മുടന്തുള്ളവയാണെങ്കിൽ അത് അത്ര വലിയ കാര്യമല്ല.

157. 1909 നവംബർ രണ്ടാം തീയതി ആണ് ദീക്ഷിത് ആദ്യമായി ബാബയെ കാണുകയും, ശ്രേഷ്ഠവും ആത്മശുദ്ധീകരണത്തിന് പര്യാപ്തവുമായ ദർശനം നേടുകയും ചെയ്തത്.

158. പിന്നീട് അതേ വർഷം ഡിസംബർ മാസത്തിൽ അദ്ദേഹം വീണ്ടും മറ്റൊരു ദർശനത്തിനായി ഷിർദിയിലേക്ക് പോകുകയും അവിടെ സ്ഥിരമായി വസിക്കുന്നതിനെപ്പറ്റി ചിന്തിക്കുകയും ചെയ്തു.

159. തുടക്കത്തിൽ അദ്ദേഹം തന്റെ ഇരുപത്തിഅഞ്ചോളം ഓഹരികൾ വിൽക്കുവാനും, തീർത്ഥാടകർക്ക് കൂടി ഉപകാരപ്രദമാകുന്ന തരത്തിൽ തകരം

കൊണ്ടുള്ള ചെറിയ ഒരു ശാല പണികഴിപ്പിക്കാനുമാണ് ആലോചിച്ചത്.

160. പിന്നീട് ഒരു വാഡ നിർമ്മിക്കാൻ തീരുമാനിക്കുകയും, തുടർന്നുള്ള വർഷത്തിൽ അടിസ്ഥാനശില ഇടുന്നതിന് വേണ്ടി ശുഭകരമായ ദിനം കണ്ടുവയ്ക്കുകയും ചെയ്തു.

161. ഡിസംബർ ഒമ്പതാം തീയതി അദ്ദേഹം ബാബയുടെ അനുവാദം വാങ്ങി, അടിസ്ഥാനശില ഇടുന്നതിന് അതേ ദിവസം തന്നെ ശുഭകരമാണെന്ന് കരുതുകയും ചെയ്തു.

162. ദീക്ഷിതിന്റെ സഹോദരൻ, സാധാരണയായി ക്ഷണിച്ചാൽ പോലും വരാൻ സാധ്യതയില്ലാത്ത ആൾ, അതേ ദിവസം ശുഭമുഹൂർത്തത്തിൽ എത്തുകയും ചെയ്തു.

163. ദാദാ സാഹേബ് ഖപർഡേ[17] മുമ്പേ തന്നെ തനിയെ അവിടെ വന്നിരുന്നു. ഗൃഹത്തിലേക്ക് തിരിച്ച് പോകാൻ ബാബായോട് അനുവാദം ചോദിക്കുന്നത് വിഷമകരമായി അദ്ദേഹത്തിന് തോന്നി.

164. പക്ഷേ ഡിസംബർ പത്താം തീയതി, ഖപർഡേയ്ക്ക് ഗൃഹത്തിലേക്ക് തിരിച്ചുപോകാനും, ദീക്ഷിതിന് അടിസ്ഥാന ശില സ്ഥാപിക്കാനുമുള്ള അനുവാദം ലഭിച്ചു - ഇവ രണ്ടും ഒരേ ദിവസം നൽകപ്പെട്ടു.

165. ഈ ദിവസം മറ്റൊരു പ്രധാനപ്പെട്ട സംഭവം കൂടി നടന്നു. ചാവടിയിലെ രാത്രി ആരതി വളരെ ഭക്തിയോടും സ്നേഹത്തോടും കൂടി ഈ ദിവസം ആരംഭിക്കപ്പെട്ടു.

166. പിന്നീട് 1911-ൽ ശുഭകരമായ രാമനവമി ദിനത്തിൽ ഗൃഹപ്രവേശനചടങ്ങ് ശാസ്ത്രപ്രകാരം നടത്തപ്പെട്ടു.

167. പിന്നീട് ധനികനായ ബൂട്ടിയുടെ ഗംഭീരമായ കെട്ടിടവും ധാരാളം ധനം ചെലവാക്കി നിർമ്മിക്കപ്പെട്ടു. പക്ഷേ ഈ ധനം നന്നായി വിനിയോഗിക്കപ്പെട്ടു, കാരണമെന്തെന്നാൽ ബാബായുടെ ഭൗതികശരീരം ഇവിടെയാണ് വിശ്രമം കൊള്ളുന്നത്.

168. മുമ്പ് ഒന്നുമേ ഇല്ലാതിരുന്ന സ്ഥാനത്ത്, ഇപ്പോൾ മൂന്ന് വാഡകൾ ഉണ്ടായി, പക്ഷേ ആദ്യകാലത്ത് സാഠേയുടെ വാഡയാണ് എല്ലാവർക്കും ഉപയോഗപ്രദമായത്.

169. ഈ വാഡയ്ക്ക്[18] മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. എന്തെന്നാൽ ഈ സ്ഥലത്ത് ബാബ തന്റെ സ്വന്തം  കരങ്ങൾ കൊണ്ട് തന്നെ ഒരു പൂന്തോട്ടം വളർത്തി.

170. പൂന്തോട്ടത്തിന്റെ കഥ അടുത്ത അധ്യായത്തിൽ ചുരുക്കി വിവരിക്കുന്നതാണ്. ഹേമദ് ശ്രോതാക്കളോടൊപ്പം തന്റെ ശിരസ്സ് ബാബയുടെ കാൽക്കൽ സമർപ്പിക്കുന്നു.

171. വാമൻതാത്ത്യ ബാബയ്ക്ക് മൺകുടങ്ങൾ നൽകി, ശ്രേഷ്ഠ സായി, തരിശുഭൂമിയിൽ ഉണ്ടായ പൂന്തോട്ടത്തിൽ വെള്ളം നനച്ചു. പിന്നീട് സായി അപ്രത്യക്ഷനായി.

172. പിന്നീട് ചാന്ദ്പാട്ടീൽ അദ്ദേഹത്തെ ഔറംഗാബാദിന് സമീപം കണ്ടുമുട്ടുകയും

സായി ഒരു വിവാഹ ഘോഷയാത്രയിൽ അയാൾക്കൊപ്പം ഷിർദിയിലേക്ക് വരികയും ചെയ്തു.

173. പിന്നീട് അദ്ദേഹം ദേവിദാസിനെ കണ്ടു, ജാനകിദാസുമായി പരിചയപ്പെട്ടു, ഗംഗാഗീറും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. മൂന്നുപേരും ഷിർദിയിൽ വച്ചു കണ്ടുമുട്ടി.

174. പിന്നീട് മൊഹിദീനുമായി ഗുസ്തിമത്സരത്തിനു ശേഷം അദ്ദേഹം മസ്ജിദിലേക്ക് താമസം മാറ്റി. ഡംഗ്ലേയുമായി സ്നേഹപൂർവ്വമായ ബന്ധമുണ്ടാകുകയും ജനങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടുകയും ചെയ്തു.

175. ഇവയാണ് അടുത്ത അധ്യായത്തിൽ വിവരിക്കുന്ന കഥകളും സംഭവങ്ങളും. ഇപ്പോൾ ഹേമദ് ഏകമനസ്സോടെ ബാബയുടെ മുമ്പിൽ സ്വയം സമർപ്പിക്കുകയും സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്യുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ! ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ നാലാമത്തെ അദ്ധ്യായം, "സായി സമർത്ഥന്റെ പ്രത്യക്ഷപ്പെടൽ" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. സാഖ്യം, യോഗം, ന്യായം, വൈഷേസ്കികം, മീമാംസ, വേദാന്തം.
2. ദത്താത്രേയ ഭഗവാനുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ, നരസിഹസരസ്വതി, ഗോൻഡവാലേക്കർ മഹാരാജ് എന്നിവർ യഥാക്രമം.
3. ഗോദാവരി നദിയുടെ മറ്റൊരു നാമം.
4. കുതിരകൾ വലിയ്ക്കുന്ന ചെറിയ വണ്ടി.
5. മാതാവിന്റെ ഗൃഹം.
6. കൗരവപക്ഷത്തെ പ്രശസ്തനായ പോരാളി, യഥാർത്ഥത്തിൽ അയാൾ ഏറ്റവും മുതിർന്ന പാണ്ഡവനായിരുന്നെങ്കിലും, അയാളുടെ ജന്മത്തെക്കുറിച്ച് ആളുകൾക്ക് അറിയില്ലായിരുന്നു. അയാൾ വളരെ ദാനശീലനായിരുന്നു.
7. ഖണ്ഡോബ ഭഗവാന് അർപ്പിക്കപ്പെട്ട സ്ത്രീകൾ.
8. ഒരു ബ്രാഹ്മണന്റെ ജീവിതത്തിലെ നാലു ഘട്ടങ്ങൾ – ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്ന്യാസം.
9. ആത്മജ്ഞാനി.
10. ആത്മജ്ഞാനം നേടാൻ ആഗ്രഹിക്കുകയും അതിന് വേണ്ടി ക്ലേശങ്ങൾ സഹിക്കാൻ തയ്യാറുമായ വിദ്യാർത്ഥി.
10. (a)+ (b) യഥാക്രമം വിഷ്ണു, ശിവൻ എന്നിവരുമായി ബന്ധപ്പെട്ട സ്ഥലം.
11. ഒരു സാധാരണ പോലീസുകാരനായിരുന്നു, അയാൾ പിന്നീട് ഒരു കീർത്തനക്കാരനും, കവിയും ഗ്രന്ഥകർത്താവും ദിവ്യനുമായി മാറി.

12. പഴങ്ങൾ, പൂക്കൾ, പാല് മുതലായ ആഹാരസാമഗ്രികൾ പൂജാസമയത്ത് അർപ്പിക്കുന്നത്.
13. മാർഗോസാ അഥവാ വേപ്പ് മരം.
14. മോക്ഷം
15. അശ്വത്ഥം – ബുദ്ധദേവൻ അതിന്റെ ചുവട്ടിൽ ആത്മസാക്ഷാത്കാരം നേടി; ഉദുംബരം – ദത്താത്രേയഭഗവാനുമായി ബന്ധപ്പെട്ടിരിക്കുന്നു.
16. ഗുരുഗൃഹവും പൃഷ്യവും തമ്മിൽ കൂടിച്ചേരുന്നത് പോലെ ശുഭകരം.
17. ബോംബെയിൽ നിന്നുള്ള ഒരു ഭക്തൻ, ഇയാളെക്കുറിച്ച് കൂടുതൽ പിന്നീട് വിവരിക്കുന്നുണ്ട്.
18. ബൂട്ടിയുടെ വാഡ.

## 5

# ശ്രീ സായി വീണ്ടും പ്രത്യക്ഷപ്പെടുന്നത്

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇപ്പോൾ കഴിഞ്ഞ അധ്യായത്തിലെ കഥ തുടരുന്നു.... ബാബ ഷിർദിയിൽ നിന്ന് അപ്രത്യക്ഷനാകുകയും ചാന്ദ്പാട്ടീലിനോടൊപ്പം വീണ്ടും പ്രത്യക്ഷ പ്പെടുകയും ചെയ്തു. ഇതൊക്കെ എങ്ങനെ സംഭവിച്ചു എന്നു കാണുക.

2. ബാബ എങ്ങനെയാണ് പൂന്തോട്ടം നിർമ്മിച്ചതെന്നും സ്വയം വെള്ളമൊഴിച്ച് അതിനെ പരിപാലിച്ചതെന്നും; ഗംഗാഗീർ മുതലായ ദിവ്യന്മാരുടെ സംഗമവും. ഈ വിവരണം ശ്രവിക്കുന്നത് ആത്മശുദ്ധീകരണത്തിന് പര്യാപ്തമാണ്.

3. പിന്നീട്, കുറേക്കാലത്തേക്ക് അപ്രത്യക്ഷനായ ബാബ, ഈ പുരുഷരത്നം, എങ്ങനെ ഒരു മുസ്ലീം ബാരാതി[1]നോടൊപ്പം ഷിർദിയിൽ തിരിച്ചെത്തി എന്ന്.

4. അതിനു മുമ്പ് തന്നെ, ദേവിദാസ് ഷിർദിയിൽ വാസമുറപ്പിക്കുകയും, പിന്നീട് സന്ന്യാസിയായ ജാനകിദാസും അവിടെ എത്തിച്ചേരുകയും ചെയ്തിരുന്നു.

5. എങ്ങനെയാണ് ഇതൊക്കെ സംഭവിച്ചതെന്ന് ഞാൻ വിശദമായി വർണ്ണിക്കു ന്നതാണ്. ശ്രോതാക്കളേ, ഇത് ശ്രദ്ധയോടെയും ആദരവോടെയും ശ്രവിക്കു ക.

6. ഔറംഗബാദ് ജില്ലയിലെ ധൂപ് എന്നറിയപ്പെടുന്ന ഒരു ചെറിയ ഗ്രാമത്തിൽ, ചാന്ദ്പാട്ടീൽ എന്ന നാമധേയത്തിൽ ഭാഗ്യവാനായ ഒരു മുസ്ലീം ഉണ്ടായിരു ന്നു.

7. അയാൾ ഔറംഗബാദിലേക്ക് യാത്ര ചെയ്യവേ, അയാളുടെ പെൺകുതിരക ളിൽ ഒരെണ്ണം നഷ്ടപ്പെടുകയും, രണ്ട് മാസക്കാലത്തേക്ക് അവളുടെ വിവര മൊന്നും കിട്ടിയതുമില്ല. അയാളുടെ മുഴുവൻ പ്രതീക്ഷയും നഷ്ടമായി.

8. പാട്ടീൽ തികച്ചും നിരാശാവാനാകുകയും കുതിരയുടെ നഷ്ടത്താൽ വളരെ യധികം ദുഃഖിതനുമായിരുന്നു. കുതിരയുടെ ജീനി തന്റെ ചുമലിൽ വഹിച്ചു കൊണ്ട്, അയാൾ മടക്കയാത്ര തുടങ്ങി.

9. ഔറംഗബാദ് പിന്നിട്ട് നാലര കോസ് [2] കഴിഞ്ഞപ്പോൾ അയാൾ വഴിയിൽ ഒരു മാവ് കണ്ടു, അതിന്റെ ചുവട്ടിൽ ഈ രത്നത്തെയും ദർശിച്ചു.

10. ശിരസ്സിൽ ഒരു തൊപ്പിയും, ദേഹത്ത് കഫ്നിയും ധരിച്ച്, കരത്തിനടിയിൽ

തടി കൊണ്ടുണ്ടാക്കിയ ഒരു വടിയുമായി, പുകവലിക്കുന്നതിന് വേണ്ടി പുകയില പൊടിച്ച് ചില്ലത്തിൽ നിറയ്ക്കവേ വളരെ വിചിത്രമായ ഒരു സംഭവം നടന്നു.

11. ചാന്ദ്പാട്ടീൽ കടന്നുപോകവേ, ഫക്കീർ അയാളെ വിളിക്കുന്നതായി അയാൾ കേട്ടു. "ഇവിടെ വരിക, ഒരു പുകവലി കഴിഞ്ഞതിനുശേഷം വീണ്ടും മുമ്പോട്ട് പോകാം. തണലിൽ കുറച്ച് നേരം ഇരിക്കുക."

12. ജീനി എന്തിനാണെന്ന് ഫക്കീർ അയാളോട് ചോദിക്കുകയും, പാട്ടീൽ തന്റെ കുതിര നഷ്ടമായെന്ന് പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം അയാളോട് പറഞ്ഞു, "പോകൂ, അരുവിയുടെ സമീപത്ത് അതിനെ തെരയുക." കുതിരയെ ഉടൻ തന്നെ കണ്ടുകിട്ടി.

13. ചാന്ദ്പാട്ടീൽ ആശ്ചര്യപ്പെടുകയും, താൻ ഒരു 'ആലിയ'[3] യെ കണ്ടുമുട്ടി എന്ന് സ്വയം ചിന്തിക്കുകയും ചെയ്തു. 'അദ്ദേഹത്തിന്റെ ശക്തിക്ക് പരിമിതിയില്ല. അദ്ദേഹത്തെ ഒരു സാധാരണക്കാരൻ എന്ന് വിളിക്കാൻ കഴിയില്ല.'

14. പിന്നീട് പാട്ടീൽ കുതിരയുമായി ആദ്യത്തെ സ്ഥലത്തെത്തി. ഫക്കീർ അയാളെ തന്റെ സമീപത്ത് ഇരുത്തി. പിന്നീട് അദ്ദേഹം തന്റെ കൈകളിൽ ഒരു ജോഡി കൊടിൽ എടുത്തു.

15. പിന്നീട് അദ്ദേഹം അത് നിലത്ത് കുത്തിയിറക്കി, എരിയുന്ന ഒരു കനൽക്കഷണം പുറത്തേയ്ക്ക് എടുത്ത്, അത് അദ്ദേഹത്തിന്റെ കൈയ്യിലിരുന്ന 'ചില്ല്'[4]ത്തിനുള്ളിൽ ഇട്ടു. പിന്നീട് അദ്ദേഹം തന്റെ 'സത്ക'[5] കൈയ്യിലെടുത്തു.

16. അടുത്തതായി, അദ്ദേഹത്തിന്റെ ചില്ലത്തിന് 'ചപ്പി'[6] നനയ്ക്കുന്നതിന് ആവശ്യമായ വെള്ളം അടുത്തൊന്നും ഉണ്ടായിരുന്നില്ല, അതിനാൽ അദ്ദേഹം സത്ക നിലത്തടിക്കുകയും, അവിടെ നിന്നും വെള്ളം കുതിച്ചുയരുകയും ചെയ്തു.

17. 'ചപ്പി' വെള്ളത്തിൽ കുതിർത്ത് പിഴിഞ്ഞെടുത്തു. അദ്ദേഹം അത് ചില്ലത്തിന് പുറത്ത് ചുറ്റി. അത് കൊണ്ട് അദ്ദേഹം സ്വയം പുകവലിക്കുകയും, പാട്ടീലിന് പുകവലിക്കാനായി അത് നൽകുകയും ചെയ്തു. പാട്ടീൽ സ്തബ്ധനായി.

18. അയാൾ ഫക്കീറിനോട്, അദ്ദേഹം തന്റെ ഗൃഹത്തിലെത്തി അതിനെ പവിത്രമാക്കണമെന്ന് അഭ്യർത്ഥിച്ചു; ഇത്തരത്തിലുള്ള ദൈവീകലീലകൾക്ക് വേണ്ടി മാത്രം സ്വയം അവതരിച്ച ഫക്കീറാകട്ടെ, അയാൾക്ക് സമ്മതം നൽകുകയും ചെയ്തു.

19. അദ്ദേഹം പിറ്റേദിവസം ഗ്രാമത്തിലേക്ക് പോയി. പാട്ടീലിനോടൊപ്പം കുറച്ച് സമയം താമസിച്ചു. പിന്നീട് ഷിർദിയിലേയ്ക്ക് തിരിച്ചുപോയി.

20. ചാന്ദ്പാട്ടീൽ, 'കർഭാരി', അതായത് ഗ്രാമാധിപതി ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ അനന്തരവന് ഷിർദിയിലുള്ള ഒരു പെൺകുട്ടിയുമായി വിവാഹം ഉറപ്പിച്ചിരുന്നു.

21. ചാന്ദ്ഭായിയുടെ ഭാര്യയുടെ വിവാഹപ്രായമായ അനന്തരവന്, ഷിർദിയിലുള്ള വധുവുമായി വിവാഹബന്ധമുണ്ടായത് ശ്രേയസ്കരമായിരുന്നു.

22. കുതിരകളും വണ്ടികളുമായി വിവാഹഘോഷയാത്ര ഷിർദിയിലേക്ക് പുറപ്പെ

ട്ടു. ചാന്ദ്ഭായിയോടുള്ള സ്നേഹം കാരണം ബാബയും ഘോഷയാത്രയുടെ ഒപ്പം കൂടി.

23. വിവാഹം കഴിയുകയും, വിരുന്നു[7]കാർ തിരികെ പോകുകയും ചെയ്തു. ബാബ മാത്രം അവിടെ തങ്ങുകയും, നന്മയ്ക്ക് വേണ്ടി അവിടെ വസിക്കുകയും ചെയ്തു. അത്തരത്തിൽ ഷിർദി അനുഗൃഹീതമായി.

24. അനശ്വരനായ, പ്രാചീനനായ സായി ഹിന്ദുവോ, മുസ്ലീമോ ആയിരുന്നില്ല. അദ്ദേഹത്തിന് ജാതിയോ, കുടുംബമോ, ഗോത്രമോ ഉണ്ടായിരുന്നില്ല. അദ്ദേഹം ആത്മസാക്ഷാത്കാരം നേടിയ ഒരു മഹാത്മാവ് ആണെന്ന് മനസ്സിലാക്കുക.

25. ജനങ്ങൾ അദ്ദേഹത്തെ 'സായി, സായി' എന്ന് വിളിച്ചു. എങ്ങനെയാണ് അദ്ദേഹത്തിന് ഈ നാമം നൽകപ്പെട്ടത്? "സ്വാഗതം സായി" എന്ന അഭിവാദനത്തോടെയാണ് അദ്ദേഹം വരവേൽക്കപ്പെട്ടത്. പിന്നീട് ഈ നാമം തുടരുകയും ചെയ്തു.

26. ഖണ്ഡോബാ ക്ഷേത്രത്തിന് സമീപം, മാലസപതിയുടെ മെതിക്കളത്തിൽ, ബാബ വിവാഹഘോഷയാത്രയോടൊപ്പം ഇറങ്ങിയപ്പോൾ, അതേദിവസം അദ്ദേഹത്തിന് ഈ നാമം നൽകപ്പെട്ടു.

27. തുടക്കത്തിൽ മെതിക്കളം മാലസപതിയുടേതായിരുന്നു. പിന്നീട് അത് അമീൻഭായിയുടെ ഉടമസ്ഥതയിലായി. വിവാഹഘോഷയാത്ര വന്നപ്പോൾ ഇവിടെ, ആൽമരത്തിന് ചുവട്ടിലാണ് വിശ്രമിച്ചത്.

28. ഖണ്ഡോബാ ക്ഷേത്രത്തിന് മുൻവശത്തുള്ള വിശാലമായ തുറസ്സായ സ്ഥലത്ത്, മെതിക്കളത്തിൽ കാളകളെ കെട്ടഴിച്ച് വിട്ടു. വിവാഹത്തിലെ അതിഥികളോടൊപ്പം ബാബ അവിടെ ഇറങ്ങി.

29. ചെറുപ്പക്കാരനായ ഫക്കീർ വണ്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ, അദ്ദേഹത്തെ ആദ്യമായി ഭഗത് (മാലസപതി) കാണുകയുണ്ടായി, അയാൾ അദ്ദേഹത്തോട് "സ്വാഗതം സായി" എന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടു ചെന്നു. അന്നുമുതൽ അദ്ദേഹം ആ നാമത്താലാണ് വിളിക്കപ്പെട്ടത്.

30. ആ സമയം മുതൽ പിന്നീട് എല്ലാവരും അദ്ദേഹത്തെ 'സായി' എന്ന് വിളിച്ചു. അത് അദ്ദേഹത്തിന്റെ ശരിയായ നാമമായി മാറുകയും ചെയ്തു.

31. അവിടെ അദ്ദേഹം തന്റെ ചില്ലം കൊണ്ട് പുകവലിച്ചു, മസ്ജിദിൽ വസിച്ചു, ദേവിദാസിന്റെ സഹവാസം ഇഷ്ടപ്പെട്ടു, അങ്ങനെ ഷിർദിയിൽ സന്തോഷമായി കഴിഞ്ഞു.

32. ചിലപ്പോൾ ചാവടിയിൽ ഇരിക്കും, ചിലപ്പോൾ ദേവിദാസിന്റെയൊപ്പം, ചിലപ്പോൾ മാരുതിക്ഷേത്രത്തിൽ, പൂർണ്ണമായി ആത്മനിൽ മുഴുകിക്കൊണ്ട്.

33. ബാബ എത്തിച്ചേരുന്നതിന് മുമ്പുതന്നെ, ഈ ദേവിദാസ് ഷിർദിയിൽ വസിക്കുകയായിരുന്നു. പിന്നീട് മഹാനുഭവ[8]ശാഖയിൽപ്പെട്ട ജാനകിദാസ് എന്ന ദിവ്യൻ വന്നു.

34. മഹാരാജ് ജാനകിദാസിനൊപ്പമിരുന്ന് സംസാരിക്കും; അല്ലെങ്കിൽ ജാനകിദാസ് മഹാരാജ് ഇരിക്കുന്ന സ്ഥലത്തെത്തും.

35. രണ്ടു പേരും പരസ്പരം ഇഷ്ടപ്പെടുകയും പതിവായി കണ്ടുമുട്ടുകയും ചെയ്തു. അവരുടെ സുഹൃത്ബന്ധം വളരുകയും അത് എല്ലാവരെയും സന്തോഷിപ്പിക്കുകയും ചെയ്തു.

36. അതേപോലെ പൻടാംബയിൽ നിന്നുള്ള ഗംഗാഗീർ എന്നറിയപ്പെടുന്ന, പ്രശസ്തനായ വൈഷ്ണവ ഗൃഹസ്ഥാശ്രമി ദിവ്യൻ ഷിർദിയിലെ ഒരു പതിവ് സന്ദർശകനായിരുന്നു.

37. ആദ്യകാലങ്ങളിൽ ബാബ രണ്ട് കരങ്ങളിലും, മൺകുടങ്ങളിൽ, കിണറ്റിൽ നിന്നും വെള്ളം കോരിക്കൊണ്ട് പോകുന്നത് കണ്ടപ്പോൾ, ഗംഗാഗീറിന്റെ ആശ്ചര്യം അളവറ്റതായിരുന്നു.

38. ആദ്യമായി അദ്ദേഹത്തിന്റെ ദൃഷ്ടികൾ ബാബയിൽ പതിഞ്ഞപ്പോൾ, ബുവ തുറന്ന് പ്രഖ്യാപിച്ചു, "ഈ അമൂല്യരത്നം ഷിർദിയുമായി ബന്ധപ്പെട്ടത് ഷിർദിയുടെ മഹാഭാഗ്യമാണ്.

39. "ഇന്ന് അദ്ദേഹം തന്റെ ചുമലിൽ വെള്ളം ചുമന്നുകൊണ്ട് പോകുകയാണെങ്കിലും, അദ്ദേഹം ഒരു സാധാരണ മനുഷ്യനല്ല. അദ്ദേഹം പാദങ്ങൾ വച്ച ഷിർദിയിലെ മണ്ണ് അനുഗൃഹീതമാണ്."

40. അതേപോലെ ആനന്ദനാഥ് എന്ന് പേരുള്ള മറ്റൊരു പ്രശസ്ത ദിവ്യൻ, അദ്ദേഹം അദ്ഭുതകരമായി ലീലകൾ കാട്ടുമെന്ന് പ്രവചിക്കുകയുണ്ടായി.

41. പ്രശസ്തനായ ആനന്ദനാഥ് യോളയിൽ ഒരു മഠം സ്ഥാപിച്ചിരുന്നു. ഒരിക്കൽ ചില ഷിർദി നിവാസികളോടൊപ്പം അദ്ദേഹം ഷിർദിയിൽ വന്നു[9].

42. ശ്രേഷ്ഠദിവ്യനായ അക്കൽകോട്ട് സ്വാമിയുടെ ശിഷ്യനായ ആനന്ദനാഥ് സായിയെ കണ്ടപ്പോൾ ആശ്ചര്യപ്പെട്ടു, "ഇത് വാസ്തവത്തിൽ ഒരു രത്നമാണ്, ശരിയായുള്ള രത്നം.

43. ഇന്ന് അദ്ദേഹം കുപ്പക്കൂനയിൽ കിടക്കുകയാണെങ്കിലും (അതായത് അവഗണിക്കപ്പെട്ട), ഇത് വെറും കല്ല് അല്ല, പക്ഷേ വജ്രമാണ്." ഇത് ബാബ ചെറുപ്പമായിരിക്കേ, ആനന്ദനാഥ് പറഞ്ഞ വാക്കുകളാണ്.

44. "എന്റെ വാക്കുകൾ ശ്രദ്ധിച്ച് അടയാളപ്പെടുത്തുക. പിന്നീട് നിങ്ങൾ അത് ഓർത്തുകൊള്ളും." ഇപ്രകാരം പ്രവചനം നടത്തിക്കൊണ്ട് അദ്ദേഹം യോളയിലേക്ക് തിരിച്ചുപോയി.

45. അതൊക്കെ അദ്ദേഹം ചെറുപ്പമായിരിക്കവേ ഉള്ള കാലമാണ്, ബാബ തന്റെ തലമുടി വെട്ടാതെ നീട്ടി വളർത്തുകയും ഒരു ഗുസ്തിക്കാരന്റേതുപോലെ വേഷം ധരിക്കുകയും ചെയ്തിരുന്നു.

46. ബാബ റഹടയിലേക്ക് പോകുമ്പോഴൊക്കെ മാരിഗോൾഡ്, ജാസ്മിൻ മുതലായവയുടെ തൈച്ചെടികൾ കൊണ്ടു വരും. അദ്ദേഹം അവ തരിശ് ഭൂമിയിൽ നട്ട്, പതിവായി വെള്ളമൊഴിച്ചു.

47. ഭക്തനായ വാമൻ താത്ത്യ, പതിവായി, ചുട്ടെടുക്കാത്ത രണ്ട് മൺകുടങ്ങൾ, അദ്ദേഹത്തിന്റെ സ്വന്തം കൈകൾകൊണ്ട് ചെടികൾക്ക് വെള്ളമൊഴിക്കാനായി ബാബയ്ക്ക് നൽകുമായിരുന്നു.

48. ബാബ കിണറ്റിന് സമീപമുള്ള ടാങ്കിൽ നിന്നും വെള്ളം കോരി ചുമലിൽ ചുമന്ന് കൊണ്ടു പോകും; സന്ധ്യാനേരത്ത് കുടങ്ങൾ വേപ്പ്മരച്ചുവട്ടിൽ വയ്ക്കും.

49. അവ നിലത്ത് വച്ചാലുടൻ, അവ അവിടെ ഉടഞ്ഞ് വീഴും; പിറ്റേന്ന് പ്രഭാതത്തിൽ താത്ത്യ പുതിയ രണ്ട് കുടങ്ങൾ അദ്ദേഹത്തിന് നൽകും.

50. അടുപ്പിൽ ചുട്ടെടുത്ത കുടം ഉറപ്പുള്ളതാണ്. പക്ഷേ, ബാബയ്ക്ക് പുതിയതും ചുട്ടെടുക്കാത്തതുമായ കുടങ്ങൾ മാത്രമേ ആവശ്യമുള്ളൂ. ചുട്ടെടുക്കുക എന്ന ബുദ്ധിമുട്ട് കൂടാതെ, കുടമുണ്ടാക്കുന്നവൻ കുടങ്ങൾ വിൽക്കും.

51. മൂന്നുവർഷക്കാലം ഇത് തുടരുകയും, വിജനഭൂമി ഒരു പൂന്തോട്ടമായി മാറുകയും ചെയ്തു. ഈ സ്ഥലത്താണ്, ഇപ്പോൾ ഭക്തർക്ക് അദ്ദേഹവുമായി അടുത്ത സമ്പർക്കം പുലർത്താൻ സഹായിക്കുന്ന വാഡ സ്ഥിതി ചെയ്യുന്നത്[10].

52. ഇവിടെ[11], വേപ്പുമരച്ചുവട്ടിൽ, ഭായി[12] എന്നുപേരുള്ള ഒരു ഭക്തൻ അക്കൽകോട്ട് സ്വാമിയുടെ പാദുകങ്ങൾ ഭക്തർക്ക് ആരാധിക്കാൻ വേണ്ടി, സ്ഥാപിക്കുകയുണ്ടായി.

53. അക്കൽകോട്ട് സ്വാമി സമർത്ഥർ ഭായിയുടെ ഇഷ്ടദേവതയായിരുന്നു, അയാൾ അദ്ദേഹത്തിന്റെ ചിത്രം പതിവായി ഭക്തിയോടെ പൂജിച്ചിരുന്നു.

54. അക്കൽകോട്ടിൽ പാദുകങ്ങൾ ദർശിക്കാനായി പോകണമെന്നും, ഹൃദയവും ആത്മാവും കൊണ്ട് അവയ്ക്ക് പൂജകൾ അർപ്പിക്കണമെന്നും അയാൾ വിചാരിച്ചു.

55. പിറ്റേദിവസം ബോംബെയിൽ നിന്നും യാത്ര പുറപ്പെടാനുള്ള ഒരുക്കങ്ങൾ ചെയ്തു. പക്ഷേ ആ തീരുമാനം പൂർത്തിയാകാതെ അവശേഷിക്കുകയും, പകരം അയാൾ ഷിർദിയിലേക്ക് യാത്രയാകുകയും ചെയ്തു.

56. അയാളുടെ യാത്രയ്ക്ക് ഒരുദിവസം മുമ്പ് അയാൾക്ക് ഒരു സ്വപ്നദർശനം ഉണ്ടായി. അക്കൽകോട്ട് സ്വാമി അയാളോട് നിർദ്ദേശിച്ചു: ''ഇപ്പോൾ ഷിർദിയാണ് എന്റെ ആസ്ഥാനം. നീ അവിടേയ്ക്ക് പോകുക."

57. ആ നിർദ്ദേശം ആദരവോടെ അനുസരിച്ചുകൊണ്ട് ഭായി ബോംബെയിൽ നിന്നും തിരിച്ചു. അയാൾ ആറു മാസക്കാലം ഷിർദിയിൽ വസിക്കുകയും മനഃസ്വസ്ഥതയും സന്തോഷവും അനുഭവിക്കുകയും ചെയ്തു.

58. ഭായി വളരെ ഭക്തനായിരുന്നു. അതിനാൽ ദിവ്യദർശനത്തിന്റെ അനുസ്മരണത്തിനായി അയാൾ സ്വാമിയുടെ പാദുകങ്ങൾ വേപ്പ് മരച്ചുവട്ടിൽ സ്ഥാപിച്ചു.

59. ശകവർഷം 1834[13], ശ്രാവണമാസത്തിലെ വെളുത്ത പക്ഷത്തിലെ ഒരു ശുഭദിനത്തിൽ, തികഞ്ഞ ഭക്തിയോടെയും, ഭജനകളോടെയും പാദുകങ്ങൾ വേപ്പുമരച്ചുവട്ടിൽ സ്ഥാപിക്കപ്പെട്ടു.

60. ശുഭമുഹൂർത്തത്തിൽ[14], ദാദാകേൽക്കാർ സ്ഥാപനചടങ്ങ് നടത്തുകയും ശാസ്ത്രപ്രകാരമുള്ള ആചാരാനുഷ്ഠാനങ്ങൾ ഉപാസനിമഹാരാജി[15]നാൽ നിർവ്വഹിക്കപ്പെടുകയും ചെയ്തു.

61. ഭാവിയിലേക്ക് ദീക്ഷിത്[16] എന്ന ബ്രാഹ്മണനെ പൂജാകർമ്മങ്ങൾക്ക് ഏർപ്പാടാക്കുകയും സഗുൺ[17] എന്ന ഭക്തൻ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തു. ഇതാണ് പാദുകങ്ങളുടെ കഥ.

62. ഇത്തരത്തിലാണ്, യഥാർത്ഥത്തിൽ ഈശ്വരാവതാരങ്ങളായ, നിഷ്കാമികളായ ദിവ്യന്മാർ മനുഷ്യകുലത്തിന്റെ നന്മയ്ക്കും മുക്തിക്കും വേണ്ടി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്.

63. കുറച്ച് ദിവസങ്ങൾക്ക് ശേഷം, വളരെ വിചിത്രമായ ഒരു സംഭവം നടന്നു. ആദരവോടെ ശ്രവിക്കുന്ന ശ്രോതാക്കൾ അതിൽ ആശ്ചര്യപ്പെടും.

64. മൊഹ്ദീൻ ഭായി എന്ന് പേരുള്ള ഒരു വെറ്റില വിൽപ്പനക്കാരനുണ്ടായിരുന്നു. അയാളും ബാബയും തമ്മിൽ തർക്കമുണ്ടാകുകയും അത് ഗുസ്തിമത്സരത്തിൽ കലാശിക്കുകയും ചെയ്തു.

65. രണ്ടുപേരും വിദഗ്ധരായ ഗുസ്തിക്കാരായിരുന്നു. പക്ഷേ, കായികബലത്തിനെ വിധി അതിജീവിക്കുന്നു. മൊഹ്ദീൻ ബലവാനാണെന്ന് തെളിഞ്ഞു. ക്ഷീണിതനായ ബാബ പരാജിതനായി.

66. അതിനുശേഷം അദ്ദേഹം ഒരു തീരുമാനമെടുത്തു. ബാബ തന്റെ വേഷവിധാനം പൂർണ്ണമായും മാറ്റി. അദ്ദേഹം ഒരു കഫ്നി ധരിക്കുകയും ലങ്കോട്ടി കെട്ടുകയും ചെയ്തു. ഒരു തുണിക്കഷണം ശിരസ്സിനു ചുറ്റും കെട്ടുകയും ചെയ്തു.

67. അദ്ദേഹം ഒരു ചാക്കോ ചാക്കുകഷണമോ ഇരിപ്പിടവും കിടക്കയുമായി ഉപയോഗിച്ചു. കീറിയതും പഴക്കം ചെന്നതുമായ വസ്ത്രങ്ങൾ ധരിക്കുകയും അതിൽ തൃപ്തനാകുകയും ചെയ്തു.

68. സായി എല്ലായ്പ്പോഴും പറയും: "ദാരിദ്ര്യം രാജപദവിയേക്കാൾ നല്ലതാണ്, സമ്പന്നതയേക്കാൾ വളരെ മെച്ചം. ഈശ്വരൻ പാവപ്പെട്ടവന്റെ സുഹൃത്താണ്."

69. ഗംഗാഗീറും സമാനമായ ഒരു അവസ്ഥയിലൂടെ കടന്നുപോകുകയുണ്ടായി. അദ്ദേഹം കായികാഭ്യാസങ്ങളിൽ അതീവതല്പരനായിരുന്നു. ഒരിക്കൽ ഗുസ്തിമത്സരത്തിൽ ഏർപ്പെട്ടിരിക്കവേ, അദ്ദേഹത്തിന് ഇതേപോലെ വൈരാഗ്യബോധമുണ്ടായി.

70. സന്ദർഭോചിതമായ നിമിഷത്തിൽ, അദ്ദേഹം ആത്മജ്ഞാനിയായ ഒരു മഹാത്മാവിന്റെ വാക്കുകൾ കേട്ടു. "ശരീരം ഈശ്വരനെ സേവിക്കാനുള്ളതാണെന്ന് ഒരുവൻ തിരിച്ചറിയുകയും, ശരീരം ഈശ്വരസേവ ചെയ്ത് തളരുകയുമാണ് വേണ്ടത്."

71. ഗുസ്തിമത്സരത്തിൽ ഏർപ്പെട്ടിരിക്കവേ അദ്ദേഹം ഈ അനുഗ്രഹവാക്കുകൾ കേട്ടു. അതിനാൽ അദ്ദേഹം ലൗകികജീവിതം ഉപേക്ഷിച്ച് ആത്മീയതയുടെ പാത തേടി.

72. പൻടാംബയ്ക്ക് സമീപം, നദിയുടെ മധ്യത്തിലുള്ള ഒരു ദ്വീപിൽ, ബുവയുടെ മഠം സ്ഥിതി ചെയ്യുന്നു, അദ്ദേഹത്തിന്റെ സേവനത്തിനായി ചില ശിഷ്യന്മാർ ഒപ്പം താമസിച്ചു.

73. അദ്ദേഹത്തെക്കുറിച്ചുള്ള വിവരണം മതിയാക്കാം. പിന്നീട്, സായിനാഥ് തന്നോട് ചോദിക്കുന്നവയ്ക്ക് മാത്രം മറുപടി പറഞ്ഞു, ഒരിക്കലും സ്വയം ആരോടും സംഭാഷണത്തിലേർപ്പെട്ടില്ല.

74. പകൽനേരത്ത്, അദ്ദേഹം വേപ്പുമരച്ചുവട്ടിൽ ഇരിക്കും; ചിലപ്പോൾ ഗ്രാമാതിർത്തിയിലെ നദിക്കരയിലുള്ള ബാബുൾ മരത്തിന്റെ ഉന്തിനിൽക്കുന്ന ഒരു ശാഖയുടെ കീഴിലെ തണലിലും.

75. ചിലപ്പോൾ പകൽ നേരങ്ങളിൽ തന്റെ ഇഷ്ടപ്രകാരം ചുറ്റിസഞ്ചരിക്കും, അല്ലെങ്കിൽ ഉച്ചകഴിഞ്ഞോ, വൈകുന്നേരങ്ങളിലോ ഒരു മൈൽ അകലെയുള്ള നിമഗാവണിലേക്ക് പോകും.

76. പ്രശസ്തനായ ത്രയംബക് ഡെംഗ്‌ലേയുടെ കുടുംബത്തിന് നിമഗാവണിന്റെ അധികാരപദവി[19]യുണ്ടായിരുന്നു. ആ കുടുംബത്തിലെ ബാബാസാഹേബ് ഡെംഗ്‌ലേയോട് ബാബയ്ക്ക് അതീവ സ്നേഹമായിരുന്നു.

77. ബാബ എപ്പോഴെങ്കിലും നിമഗാവണിലേക്ക് പോകുമ്പോൾ, അദ്ദേഹത്തിന്റെ ഗൃഹത്തിലേക്ക് പോകുകയും, പകൽനേരം അദ്ദേഹവുമായി സംസാരിച്ച് ചെലവഴിക്കുകയും ചെയ്യും.

78. അദ്ദേഹത്തിന് നാനാസാഹേബ് എന്ന പേരിൽ ഒരു ഇളയ സഹോദരനുണ്ടായിരുന്നു. അയാൾക്ക് പുത്രന്മാരില്ലാത്തതിനാൽ അയാൾ വളരെ ദുഃഖിതനായിരുന്നു.

79. അയാളുടെ ഭാര്യയിൽ നിന്നും ഒരു കുഞ്ഞ് ലഭിക്കാനുള്ള സാധ്യതയില്ലായിരുന്നു. അതിനാൽ അയാൾ രണ്ടാമത് വിവാഹം കഴിച്ചു. എന്നിട്ടും വിധിയെ മാറ്റാൻ കഴിഞ്ഞില്ല. ഒരുവന് വിധിയുടെ ആഴം അളക്കാൻ കഴിയില്ല!

80. ബാബാസാഹേബ് അയാളെ സായിദർശനത്തിന് അയച്ചു. സായിയുടെ അനുഗ്രഹത്താൽ ഒരു പുത്രന്റെ രൂപത്തിൽ പ്രസാദം നേടി.

81. നാളുകൾ കഴിയവേ, സായിയുടെ ദർശനത്തിന് അനേകം ജനങ്ങൾ തടിച്ചുകൂടി. ബാബയുടെ പ്രശസ്തി വർദ്ധിക്കുകയും, വാർത്ത അഹമ്മദ്നഗറിലെത്തുകയും ചെയ്തു.

82. അവിടെ നാനാ[20] സർക്കാർ തലത്തിൽ പ്രവർത്തിക്കുകയും, ഉദ്യോഗസ്ഥവൃത്തങ്ങൾക്കിടയിൽ സ്വാധീനവും ഉണ്ടായിരുന്നു. അതിൽ ഒരാളായിരുന്നു ജില്ലാഭരണാധികാരിയുടെ കാര്യദർശിയായിരുന്ന ചിദംബരകേശവ്.

83. അയാൾക്ക് നാനാ ഒരു കത്ത് അയച്ചു; സായിയുടെ ദർശനം പുണ്യമാണെന്നും, അതിനാൽ ഭാര്യ, പുത്രൻ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരോടൊപ്പം വന്ന് ദർശനം നേടണമെന്നും.

84. ഒരാൾക്ക് പുറകേ മറ്റൊരാൾ എന്ന നിലയിൽ അനേകം പേർ ഷിർദിയിലേയ്ക്ക് എത്താൻ തുടങ്ങി. ബാബയുടെ പ്രശസ്തി എങ്ങും വ്യാപിച്ചതുപോലെ അദ്ദേഹത്തിന്റെ ഭക്തവൃന്ദവും വളർന്നു.

85. അദ്ദേഹത്തിന് കൂട്ടിന്റെ ആവശ്യമില്ലായിരുന്നെങ്കിലും പകൽസമയത്ത് അദ്ദേഹം ഭക്തരാൽ ചുറ്റപ്പെട്ടിരുന്നു. പക്ഷേ സന്ധ്യാസമയത്തിനുശേഷം

അദ്ദേഹം ആളൊഴിഞ്ഞ മസ്ജിദിൽ വിശ്രമിക്കും.

86. ചില്ലം, പുകയില, ഒരു കപ്പ് എന്നിവയോടൊപ്പം സത്കയും അദ്ദേഹം തന്റെ സമീപത്ത് സൂക്ഷിച്ചിരുന്നു. അദ്ദേഹം കണങ്കാൽ വരെ എത്തുന്ന ഒരു കഫ്നിയും ശിരസ്സിന് ചുറ്റും വെളുത്ത ഒരു തുണിയും ധരിച്ചിരുന്നു.

87. അദ്ദേഹം, കഴുകി വൃത്തിയാക്കിയ വെളുത്ത ഒരു തുണി ശിരസ്സിനു ചുറ്റും ചുറ്റി, കലാപരമായി ഇടത് ചെവിക്ക് പുറകിൽ പിരിച്ചിട്ടിരിക്കും, ജഡാമുടി പോലെ.

88. ഇതേപോലെ വസ്ത്രധാരണം ചെയ്തും, ചിലപ്പോൾ എട്ടുദിവസങ്ങളോളം സ്നാനം ചെയ്യാതെയും പാദരക്ഷകളില്ലാതെ നടക്കുകയും ചെയ്തിരുന്നു. അദ്ദേഹം ചാക്ക് തുണിയുടെ ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാറുണ്ടായിരുന്നു ള്ളൂ.

89. അദ്ദേഹത്തിന്റെ ഇരിപ്പിടം എല്ലായ്പ്പോഴും ഒരു ചാക്ക് കഷണം മാത്രമായിരുന്നു. ചാരി ഇരിക്കാൻ ഉപയോഗിക്കുന്ന തലയിണ എന്താണെന്നുപോലും അദ്ദേഹത്തിന് അറിയില്ലായിരുന്നു! അപ്പോൾ എങ്ങനെയാണ് ഉചിതമായ കിടക്കയോ ആഡംബരമോ ഉണ്ടാകുക?

90. ആ നാളുകളിൽ ആ പഴയ ചാക്ക് കഷണം അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ഇരിപ്പിടമായിരുന്നു. അത് ഇരുപത്തിനാലു മണിക്കൂറും അവിടെ ഉണ്ടായിരുന്നു.

91. അതായിരുന്നു ആകെയുള്ള ഇരിപ്പിടവും കിടക്കയും. അരക്കെട്ടിൽ ഒരു കൗപീനം[21] കെട്ടിയിരുന്നതല്ലാതെ മറ്റ് വസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. തണുപ്പ് അകറ്റാൻ ധുനി മാത്രമാണുണ്ടായിരുന്നത്.

92. ബാബ കാലുകൾ പിണച്ച് തെക്ക് ദിശയ്ക്ക് നോക്കി, ഇടതുകരം മസ്ജിദിന്റെ അഴികളിൽ വച്ചുകൊണ്ട്, തന്റെ മുമ്പിലുള്ള ധുനിയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കും.

93. അഹങ്കാരം, വികാരം എന്നിവയോടൊപ്പം എല്ലാവിധ ആഗ്രഹങ്ങളും ആഹുതി ആയി അർപ്പിച്ചു; ഒപ്പം പലതരത്തിലും രീതികളിലും, ഭോഗാസക്തികൾ ധുനിയിലേയ്ക്ക് എറിയപ്പെട്ടു.

94. ഇതേപോലെ, ജ്ഞാനസമ്പാദനത്തിലൂടെ ഉണ്ടാകുന്ന അഹങ്കാരത്തെ എരിയുന്ന തീയിൽ വിറകായി അർപ്പിക്കുകയും, എല്ലായ്പ്പോഴും 'അള്ളാഹ് മാലിക്' എന്ന് ഉരുവിടുകയും ചെയ്തു. അങ്ങനെ ഈശ്വരനാമത്തിന്റെ മഹത്വം ഉയർത്തിക്കാട്ടി.

95. എത്ര വലുതായിരുന്നു ആ മസ്ജിദ്? ആ സ്ഥലം മുഴുവനും രണ്ട് മുറികളുടെ[22] അളവായിരുന്നു, അവിടെ അദ്ദേഹം ഇരുന്നു, ജീവിച്ചു, ഉറങ്ങി, സന്ദർശകരെ സ്വീകരിച്ചു.

96. മെത്തയും കുഷ്യനുമൊക്കെ സമീപകാലത്ത് ഭക്തർ അദ്ദേഹത്തിന് ചുറ്റും കൂടിയതിനുശേഷമുണ്ടായ വസ്തുക്കളാണ്. ആദ്യകാലങ്ങളിൽ ഒരുവന് ഭയത്തോടെയല്ലാതെ അദ്ദേഹത്തിന്റെ അരികിൽ പോകാൻ കഴിയുമായിരുന്നില്ല.

97. 1912–മുതലാണ് മാറ്റങ്ങളുണ്ടായത്. മസ്ജിദിന്റെ നവീകരണം വാസ്തവത്തിൽ

അതിനുശേഷമാണ് തുടങ്ങിയത്.

98. മസ്ജിദിന്റെ നിലത്ത് മുട്ടറ്റം എത്തുന്ന കുഴികളുണ്ടായിരുന്നു. ഭക്തരുടെ വിശ്വാസം മൂലം, ഷഹബാദി കല്ലുകൾ (വെട്ടിയെടുത്തത്) കൊണ്ട് ഒറ്റ രാത്രിയിൽ നിലം പാകാൻ കഴിഞ്ഞു.

99. മസ്ജിദിൽ താമസം മാറ്റുന്നതിന് മുമ്പ്, ബാബ താകിയ[23]യിൽ താമസിച്ചിരുന്നു. അദ്ദേഹം അവിടെ സമാധാനപരമായി, വളരെക്കാലം, ആരുടെയും ശല്യമില്ലാതെ വസിച്ചു.

100. ഇവിടെ അദ്ദേഹം, ശബ്ദമുണ്ടാക്കുന്ന മണികൾ പാദങ്ങളിൽ കെട്ടി, ഗാംഭീര്യത്തോടെ നൃത്തം ചവിട്ടുകയും ഭക്തിപൂർവ്വം ഡമരു കൊട്ടി മധുരമായി പാടുകയും ചെയ്തിരുന്നു.

101. ആദ്യകാലങ്ങളിൽ, ശ്രേഷ്ഠസായിക്ക് എണ്ണവിളക്കുകൾ കത്തിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. അതിനാൽ അദ്ദേഹം സ്വയം പീടികക്കാരുടെ അടുത്തെത്തി എണ്ണ ചോദിക്കുമായിരുന്നു.

102. കോപ്പ പോലുള്ള ഒരു പാത്രം കൈയിൽ പിടിച്ചുകൊണ്ട്, പീടികക്കാരുടെയും എണ്ണവ്യാപാരികളുടെയും കടകളിൽ നിന്നും അദ്ദേഹം എണ്ണ ഭിക്ഷ ചോദിക്കുമായിരുന്നു. അത് കൊണ്ടുവന്നതിനുശേഷം മൺവിളക്കുകളിൽ ഒഴിച്ച് കത്തിക്കുമായിരുന്നു.

103. ക്ഷേത്രങ്ങളിലും മസ്ജിദിലും അദ്ദേഹം വിളക്കുകൾ തിളക്കത്തോടെ കത്തിച്ചു. ഇത് കുറച്ചുകാലം തുടർന്നു.

104. ദീപാരാധനയോടുള്ള ഇഷ്ടം കാരണം അദ്ദേഹം ദീപാവലിക്ക് വിളക്കുകൾ കത്തിച്ച് ആഘോഷിക്കുമായിരുന്നു. പഴകിയ വസ്ത്രങ്ങളിൽ നിന്ന് തിരികൾ ഉണ്ടാക്കി, മസ്ജിദിൽ വിളക്കുകൾ കത്തിക്കുമായിരുന്നു.

105. അദ്ദേഹം ദിവസവും എണ്ണ സൗജന്യമായി കൊണ്ടുവന്നിരുന്നു. അതിനാൽ ഈ ശല്യം അവസാനിപ്പിക്കാൻ വേണ്ടി എണ്ണ വിൽപ്പനക്കാർ അദ്ദേഹത്തിനെതിരെ ഗൂഢാലോചന നടത്തി.

106. പിന്നീട്, ബാബ സാധാരണ പോലെ എണ്ണ ചോദിച്ചപ്പോൾ, എല്ലാവരും നിരസിച്ചു. അപ്പോൾ എന്ത് അദ്ഭുതമാണ് സംഭവിച്ചതെന്ന് നോക്കുക.

107. ബാബ ഒരക്ഷരം പോലും ഉരിയാടാതെ തിരിച്ച് വരികയും, ഉണങ്ങിയ തിരികൾ മൺവിളക്കുകളിൽ ഇടുകയും ചെയ്തു. എണ്ണ ഇല്ലാതെ അദ്ദേഹത്തിന് എന്ത് ചെയ്യാൻ കഴിയും? പീടികക്കാർ ഈ തമാശ നോക്കിനിന്നു!

108. ബാബ മസ്ജിദിന്റെ ഭിത്തിയിൽ ഉണ്ടായിരുന്ന ഒരു പാത്രം എടുത്തു, അതിൽ അല്പം എണ്ണ ഉണ്ടായിരുന്നു, അത് സന്ധ്യാദീപം തെളിയിക്കാൻ പോലും തികയുമായിരുന്നില്ല.

109. പിന്നീട് അദ്ദേഹം എണ്ണയിൽ വെള്ളമൊഴിച്ച് അത് കുടിച്ചു. അങ്ങനെ അത് ബ്രഹ്മന് അർപ്പിച്ചുകൊണ്ട് അദ്ദേഹം ശുദ്ധമായ വെള്ളം എടുത്തു.

110. പിന്നീട് വിളക്കിൽ വെള്ളമൊഴിച്ച് ഉണക്കത്തിരികൾ പൂർണ്ണമായും കുതിർത്തു; എല്ലാവരും കണ്ട് നിൽക്കവേ തീപ്പെട്ടി ഉരച്ച് വിളക്കുകൾ കത്തിച്ചു.

111. വെള്ളം കൊണ്ട് വിളക്കുകൾ കത്തുന്നതുകണ്ട് കച്ചവടക്കാർ സ്തബ്ധരായി. ബാബയോട് അസത്യം പറഞ്ഞതോർത്ത് അവർക്ക് സ്വയം അവജ്ഞ തോന്നി.

112. ഒരു തുള്ളി എണ്ണ പോലും ഇല്ലായിരുന്നെങ്കിലും വിളക്കുകൾ രാത്രി മുഴുവൻ കത്തിനിന്നു. കച്ചവടക്കാർക്ക് സായിയുടെ കൃപ നഷ്ടപ്പെട്ടതായി ജനങ്ങൾ പറഞ്ഞുതുടങ്ങി.

113. ബാബയെ ബുദ്ധിമുട്ടിച്ചതിനാലും (കാരണമില്ലാതെ അദ്ദേഹത്തിന് മനഃക്ലേശമുണ്ടാക്കിയത്) കള്ളം പറഞ്ഞു എന്ന പാപം ചെയ്തതിനാലും അവർക്ക് പശ്ചാത്താപം തോന്നി. ബാബയുടെ ശക്തി എത്ര മഹത്തരമാണെന്ന് അവർ ചിന്തിച്ചു.

114. ബാബ ഇതേക്കുറിച്ച് ഒരിക്കലും ചിന്തിച്ചില്ല. അദ്ദേഹം ഒരിക്കലും കോപിക്കുകയോ, ആരെയും വെറുക്കുകയോ ചെയ്തില്ല. അദ്ദേഹത്തിന് സുഹൃത്തുക്കളോ ശത്രുക്കളോ ഉണ്ടായിരുന്നില്ല, അദ്ദേഹത്തിന് എല്ലാ ജീവജാലങ്ങളും തുല്യരായിരുന്നു.

115. അത് അങ്ങനെയായിരുന്നു. നമുക്ക് മുമ്പ് പറഞ്ഞ സംഭവം തുടരാം – ഗുസ്തി മത്സരത്തിൽ മൊഹ്ദീന്റെ വിജയം. തുടർന്നുള്ള ജീവചരിത്രം വളരെ ഹൃദയഹാരിയാണ്. ദയവായി ശ്രദ്ധയോടെ കേൾക്കുക.

116. ഗുസ്തിമത്സരം കഴിഞ്ഞ് അഞ്ച് വർഷങ്ങൾക്കുശേഷം അഹമ്മദ്നഗറിൽ നിന്നും ജവാഹർ അലി എന്ന ഒരു ഫക്കീർ ശിഷ്യന്മാരോടൊപ്പം റഹടയിൽ താമസിക്കാനെത്തി.

117. വീരഭദ്ര ക്ഷേത്രത്തിന് സമീപം, തുറസ്സായ സ്ഥലം കണ്ട്, ഫക്കീർ അവിടെ തമ്പടിച്ചു. ഫക്കീർ വളരെ ഭാഗ്യവാനായിരുന്നു.

118. അയാൾ ഭാഗ്യവാനല്ലെങ്കിൽ, സായിയെപ്പോലെ സന്തുഷ്ടചിത്തനായ, അതിനകം തന്നെ പ്രശസ്തനായിക്കഴിഞ്ഞ ഒരു ശിഷ്യനെ എങ്ങനെയാണ് ലഭിക്കുക?

119. ഗ്രാമത്തിൽ പലതരത്തിലുള്ള ജനങ്ങളുണ്ടായിരുന്നു. അതിൽ കുറച്ചധികം മറാത്തക്കാരുമുണ്ടായിരുന്നു. അവരിൽ ഒരാളായിരുന്ന ഭാഗു സദഫാൽ അയാളുടെ സേവകനായി.

120. ഫക്കീർ ഒരു പണ്ഡിതനായിരുന്നു. അയാൾക്ക് ഖുറാൻ ഷരീഫ്[24] തന്റെ ഉള്ളംകൈ പോലെ അറിയാമായിരുന്നു. അനേകം സ്വാർത്ഥമതികൾ, യഥാർത്ഥ ഭക്തർ, പരമാർത്ഥകാംക്ഷികൾ[25] എന്നിവരൊക്കെ ഒരേപോലെ അയാളെ ആരാധിക്കാൻ തുടങ്ങി.

121. അയാൾ ഒരു ഇദ്ഗാഹ്[26] പണികഴിപ്പിക്കാൻ ആരംഭിച്ചു. കുറച്ച് നാളുകൾക്കുശേഷം, വീരഭദ്രനെ മലിനമാക്കി എന്ന കുറ്റം അയാളുടെ മേൽ ചുമത്തപ്പെട്ടു.

122. പിന്നീട് ഇദ്ഗാഹയുടെ നിർമ്മാണം നിർത്തിവയ്ക്കപ്പെട്ടു. ഫക്കീറിനെ ഗ്രാമത്തിൽ നിന്നും പുറത്താക്കി. അയാൾ പിന്നീട് ഷിർദിയിലെത്തുകയും ബാബയോടൊപ്പം മസ്ജിദിൽ താമസിക്കുകയും ചെയ്തു.

123. ഫക്കീർ ഒരു മധുരഭാഷണക്കാരനായിരുന്നു. ഗ്രാമം മുഴുവൻ അയാളെ ആരാ

ധിക്കാൻ തുടങ്ങി. അയാൾ ബാബയോട് പെരുമാറുന്നത് കണ്ട്, അയാൾ ബാബയെ മോഹനിദ്രയ്ക്ക് അടിപ്പെടുത്തിയെന്നും, വശീകരിച്ചുവെന്നുമൊക്കെ ജനങ്ങൾ പറഞ്ഞു.

124. "എന്റെ ശിഷ്യനാകുക", എന്ന് ഫക്കീർ പറഞ്ഞു. കുസൃതി നിറഞ്ഞ സ്വഭാവമായതിനാൽ ബാബ അത് സമ്മതിച്ചു. ഫക്കീർ സന്തുഷ്ടനാകുകയും ബാബയെ തന്റെയൊപ്പം കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു.

125. അനുസരണശീലമുള്ള ഒരു ശിഷ്യനായി ബാബയെ അയാൾക്ക് ലഭിച്ചു. അലി ഗുരുവുമായി. രണ്ടുപേരും റഹടയിൽ താമസിക്കാൻ തീരുമാനിച്ചു.

126. ശിഷ്യന്റെ വൈശിഷ്ട്യങ്ങൾ ഗുരുവിന് അറിയുമായിരുന്നില്ല. എന്നാൽ ഗുരുവിന്റെ കുറവുകൾ ശിഷ്യന് അറിയാമായിരുന്നു. പക്ഷേ, അദ്ദേഹം ഒരിക്കലും അനാദരവ് കാട്ടുകയുണ്ടായില്ല, ഒരു ശിഷ്യന്റെ കടമകൾ നിർവ്വഹിക്കുകയും ചെയ്തു.

127. അദ്ദേഹം ഒരിക്കലും ഗുരുവിന്റെ ആജ്ഞകൾ ഉചിതമാണോ അനുചിതമാണോ എന്ന് ചിന്തിച്ചില്ല. പകരം അവ കൃത്യമായി നിർവ്വഹിച്ചു. ഗുരുവിന് വേണ്ടി വെള്ളം ചുമക്കുക തുടങ്ങിയ വളരെ താഴ്ന്ന പണികൾ പോലും അദ്ദേഹം ചെയ്തു.

128. ഇങ്ങനെ ഗുരുസേവ തുടർന്നു. ഷിർദിയിലേക്കുള്ള വരവ് വല്ലപ്പോഴും മാത്രമായി. ഇങ്ങനെ സംഭവിച്ചപ്പോൾ തുടർന്ന് എന്തുണ്ടായി എന്ന് ഞാൻ പറയാം.

129. ഇത് കുറച്ചുനാൾ തുടർന്നു. അദ്ദേഹം റഹടയിൽ മാത്രം താമസിക്കാൻ തുടങ്ങി. അദ്ദേഹം ഷിർദി തീർത്തും ഉപേക്ഷിച്ചു എന്നും പൂർണ്ണമായും ഫക്കീറിന്റെ നിയന്ത്രണത്തിലായി എന്നും ജനങ്ങൾ ചിന്തിച്ചു.

130. ജവാഹർ അലി തന്റെ യോഗശക്തി കൊണ്ട് ബാബയെ പിടിച്ചെടുത്തു എന്ന് ജനങ്ങൾ ചിന്തിച്ചു. പക്ഷേ സായിയുടെ മനോഭാവം മറ്റൊന്നായിരുന്നു. ദേഹബുദ്ധികൊണ്ടുള്ള അഹങ്കാരം നശിപ്പിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

131. 'സായിയിൽ എവിടെയായിരുന്നു അഹങ്കാരം?' എന്ന് ജനങ്ങൾ ചിന്തിക്കും. പക്ഷേ, ഈ പെരുമാറ്റം, ജനങ്ങൾക്ക് ഒരു മാതൃകയാകുന്നതിന് വേണ്ടിയായിരുന്നു. ഇത് തന്നെയായിരുന്നു അദ്ദേഹത്തിന്റെ അവതാരത്തിന്റെ ഉദ്ദേശ്യവും.

132. ബാബയോട് വളരെ മമതയുണ്ടായിരുന്ന സ്നേഹസമ്പന്നരായ അനേകം ഭക്തന്മാർ ഷിർദിയിലുണ്ടായിരുന്നു. ബാബയിൽ നിന്ന് അകന്ന് നിൽക്കുന്നത് ഉചിതമല്ലെന്ന് അവർ ചിന്തിച്ചു.

133. പക്ഷേ സായി അയാളോട് (ജവഹർ അലി) പൂർണ്ണമായും സമർപ്പിച്ചിരുന്നു. ഗ്രാമീണർ ഈ അവസ്ഥയിൽ ദുഃഖിതരായി. അദ്ദേഹത്തിനെ എങ്ങനെ തിരികെ കൊണ്ടുവരാൻ കഴിയുമെന്ന് അവർ ഗൗരവമായി ചിന്തിക്കാൻ തുടങ്ങി.

134. സ്വർണ്ണവും അതിന്റെ തിളക്കവും അല്ലെങ്കിൽ ദീപവും അതിന്റെ പ്രകാശവും

എന്ന പോലെയാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള പൂർണ്ണമായ ഐക്യം.

135. ഷിർദിയിൽ നിന്നുള്ള ഭക്തരുടെ സംഘം റഹടയിലെ ഇദ്ഗാഹയ്ക്ക് സമീപമെത്തി, അവരോടൊപ്പം തിരികെ വരാൻ ബാബയെ ബോധ്യപ്പെടുത്താൻ പരമാവധി ശ്രമിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം.

136. പക്ഷേ ബാബ അവരോട് നേരെ വിപരീതമായാണ് പറഞ്ഞത്. "ഫക്കീർ വളരെ ദേഷ്യക്കാരനാണ്. അയാളോട് വാക്കുതർക്കത്തിന് നിൽക്കേണ്ട, അയാൾ ഒരിക്കലും എന്നെ വിട്ടുതരില്ല.

137. "നിങ്ങൾ ഇവിടം വിട്ട് പോകുന്നതാണ് നല്ലത്. അയാൾ ഗ്രാമത്തിൽ നിന്ന് ഏതു നിമിഷവും തിരിച്ചെത്തും. അയാൾ നിങ്ങളെ ഭർത്സിക്കും. അയാളുടെ കോപം ഭയങ്കരമാണ്.

138. "തിരിച്ചെത്തിയാലുടൻ അയാൾ കോപം കൊണ്ട് ചുമന്ന് തുടുക്കും. അയാളുടെ ക്രോധം ഭയാനകമാണ്. ഓ, നിങ്ങൾ പെട്ടെന്ന് പോകൂ. ഷിർദിയിലേക്കുള്ള വഴിയിലേക്ക് പോകുക."

139. ഇനി എന്താണ് സംഭവിക്കുക? ബാബ വിപരീതമായ ഒരു നിലപാടാണ് എടുത്തിരിക്കുന്നത്. ആ സമയത്ത് അപ്രതീക്ഷിതമായി ഫക്കീർ മടങ്ങിയെത്തുകയും അവരോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു:

140. "നിങ്ങൾ ഈ ബാലന് വേണ്ടിയാണോ വന്നത്? നിങ്ങൾ എന്താണ് ഇവിടെ സംസാരിക്കുന്നത്? അവനെ തിരികെ ഷിർദിയിലേക്ക് കൊണ്ടുപോകാനാണോ പദ്ധതി? പക്ഷേ അതിന് ശ്രമിക്കേണ്ടതില്ല."

141. അയാൾ തുടക്കത്തിൽ അങ്ങനെ സംസാരിച്ചെങ്കിലും ഗ്രാമീണരുടെ നിർബന്ധത്തിന് വഴങ്ങുകയും അയാളെക്കൂടി കൊണ്ടുപോകണമെന്നും അവരെല്ലാവരും കൂടി ബാലനെ ഒപ്പം കൂട്ടികൊണ്ട് പോകാമെന്നും പറഞ്ഞു.

142. അങ്ങനെ ഫക്കീറും അവരോടൊപ്പം പോയി. അയാൾക്ക് ബാബയെ ഉപേക്ഷിക്കാൻ കഴിയില്ലായിരുന്നു. ഒപ്പം ബാബയും അയാളെ വിട്ട് പോകില്ലായിരുന്നു. ഇതെങ്ങനെ സംഭവിച്ചു എന്ന് ആർക്കും മനസ്സിലായില്ല.

143. സായി പരബ്രഹ്മാവതാരമായിരുന്നു. പക്ഷേ ജവാഹർ ഒരു കാപട്യക്കാരനായിരുന്നു. ഷിർദിയിൽ ദേവിദാസ് അയാളെ പരീക്ഷിക്കുകയും അയാളുടെ തനിനിറം പുറത്താകുകയും ചെയ്തു.

144. ദേവിദാസിന് നല്ല ശാരീരികസൗകുമാര്യം ഉണ്ടായിരുന്നു. തിളക്കമാർന്ന കണ്ണുകളും ആകർഷണീയമായ ഭാവങ്ങളും ഉണ്ടായിരുന്നു. ആദ്യമായി ഷിർദിയിൽ എത്തുമ്പോൾ അദ്ദേഹത്തിന്റെ പ്രായം പത്തോ പതിനൊന്നോ ആയിരുന്നു.

145. ആ ഇളംപ്രായത്തിൽ, അരയിൽ ഒരു ലങ്കോട്ടി ധരിച്ച്, ഒരു തീർത്ഥാടകനായി എത്തി, മാരുതിക്ഷേത്രത്തിൽ വസിച്ചു.

146. അപ്പാഭിൽ, മാലസപതി എന്നിവർ അദ്ദേഹത്തിന്റെ നിത്യസന്ദർശകരായിരുന്നു. കാശിറാം[27] തുടങ്ങിയവർ അദ്ദേഹത്തിന് ഭിക്ഷ നൽകുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിച്ചു.

147. ബാബ വിവാഹഘോഷയാത്രയോടൊപ്പം എത്തുന്നതിന് പന്ത്രണ്ട് വർഷ

ങ്ങൾക്കുമുമ്പ് ദേവിദാസ് ഷിർദിയിലെത്തി താമസമാക്കിയിരുന്നു.

148. അപ്പാഭിലിനെ, സ്ലേറ്റിൽ വെങ്കിടേശ്വരസ്തോത്രം എഴുതാനും മനഃപാഠമാക്കാനും പഠിപ്പിച്ചു. മറ്റെല്ലാവരെയും അത് ഹൃദിസ്ഥമാക്കാൻ പഠിപ്പിച്ചു. ഈ പാഠങ്ങൾ കൃത്യമായി നടത്തി.

149. ദേവിദാസ് ഒരു വിദ്വാനായിരുന്നു. താത്ത്യാബ[28] അദ്ദേഹത്തെ തന്റെ ഗുരുവായി കരുതി. കാശിനാഥും മറ്റുള്ളവരും അദ്ദേഹത്തിന്റെ ശിഷ്യന്മാരാകുകയും ആരാധിക്കുകയും ചെയ്തു.

150. ഫക്കീറിനെ (ജവാഹർ അലി) ദേവിദാസിന്റെ മുമ്പിലെത്തിക്കുകയും, ശാസ്ത്രങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തുകയും ഉണ്ടായി. വൈരാഗി (ദേവിദാസ്) ഫക്കീറിനുമേൽ വിജയം കൈവരിക്കുകയും, ഫക്കീറിനെ ഗ്രാമത്തിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

151. അവിടെ നിന്നും രക്ഷപ്പെട്ടശേഷം അയാൾ വൈജാപൂരിലെത്തി അവിടെ താമസിച്ചു. പിന്നീട് വളരെ വർഷങ്ങൾക്ക്ശേഷം അയാൾ തിരികെ എത്തുകയും ബാബയുടെ മുമ്പിൽ വണങ്ങുകയും ചെയ്തു.

152. 'ഞാൻ ഗുരു, സായി ചേല[29]' എന്ന തെറ്റായ ധാരണ മാറി. അയാൾ പശ്ചാത്തപിക്കുകയും അതിലൂടെ ശുദ്ധനാകുകയും ചെയ്തതിനാൽ ബാബ അയാളെ സ്വീകരിച്ചു.

153. ഇപ്രകാരമാണ് ബാബയുടെ വിവരിക്കാൻ കഴിയാത്ത മാർഗ്ഗങ്ങൾ. ഫക്കീറിന്റെ മിഥ്യാധാരണ മാറുന്നതുവരെ, വിധിയുടെ ആ സമയം എത്തുന്നതുവരെ, സായി തന്റെ ലീല തുടർന്നു.

154. സ്വയം പ്രവർത്തിച്ച് കാണിച്ചുകൊണ്ട് ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ മഹത്വം സായി ആദരിച്ചു. അയാളെ ഗുരു എന്ന സ്ഥാനം അലങ്കരിക്കാൻ അനുവദിക്കുകയും, അദ്ദേഹം സ്വയം ശിഷ്യൻ എന്ന സ്ഥാനം സ്വീകരിക്കുകയും ചെയ്തു.

155. നമ്മൾ മറ്റാർക്കെങ്കിലും വേണ്ടിയോ മറ്റാരെങ്കിലും സ്വയമോ പ്രവർത്തിക്കണം. ഇതല്ലാതെ മറ്റെന്തെങ്കിലും രീതി ശരിയല്ല. ഇങ്ങനെയല്ലാതെ ലൗകിക സാഗരം കടക്കാൻ കഴിയില്ല.

156. ഈ പെരുമാറ്റത്തിൽ നിന്നും വെളിവാകുന്ന ഒരേ ഒരുപാഠം ഇതാണ്. ഇത്തരത്തിലുള്ള ആത്മവിശ്വാസം, സാഹസികത, ധൈര്യം മറ്റെങ്ങും കാണുക എന്നത് അപൂർവ്വമാണ്. ഈ ഉദാഹരണം പിന്തുടരുന്ന ഒരുവന് വിനയത്തിന്റെ പാരമ്യത നേടാൻ കഴിയും.

157. ഇത്തരം കാര്യങ്ങളിൽ, ചാതുര്യമോ ബുദ്ധിയോ ഉപകരിക്കില്ല. ഒരുവന് സ്വന്തം നന്മ നേടണമെന്നുണ്ടെങ്കിൽ അഹംഭാവമില്ലാതെ പെരുമാറണം.

158. ദേഹബുദ്ധി എരിയിച്ച് കളഞ്ഞ ഒരു മനുഷ്യൻ മാത്രമേ അവന്റെ ദേഹം ശരിയായ രീതിയിൽ ഉപയോഗിക്കുന്നുള്ളൂ. ആത്യന്തികമായ നന്മ നേടുന്നതിനു വേണ്ടി അവൻ ആരുടെയും അനുകാരിയോ ശിഷ്യനോ ആകും.

159. വളരെ ചെറുപ്പവും സുന്ദരനുമായ ഒരു ബാലകനിൽ ഇത്തരത്തിലുള്ള നിസ്സം

ഗമനോഭാവം കണ്ട് ഏവരും അദ്ഭുതപ്പെട്ടു. എല്ലാ ജനങ്ങളും അവനെ ആരാധിക്കുകയും വിസ്മയപ്പെടുകയും ചെയ്തു.

160. ആത്മജ്ഞാനിയായ ഒരു വ്യക്തിയുടെ പ്രവൃത്തികൾ അദ്ദേഹത്തിന്റെ പൂർവ്വ കർമ്മങ്ങൾക്കനുസരിച്ച് സംഭവിക്കുമെങ്കിലും, അവ അദ്ദേഹത്തിന് ഒരു ഭാരമാകുന്നില്ല. അദ്ദേഹം വാസ്തവത്തിലുള്ള കർമ്മകർത്താവ് ആകുന്നില്ല.

161. സൂര്യന് ഇരുളിൽ സ്ഥിതിചെയ്യാൻ പറ്റാത്തതുപോലെ, ആത്മജ്ഞാനം സിദ്ധിച്ച വ്യക്തിക്ക് ദ്വൈതഭാവത്തിൽ കഴിയാനാകില്ല. അദ്ദേഹത്തിന് ഈ ലോകം മുഴുവനും സ്വന്തം ആത്മാവിന്റെ ആവിഷ്കാരമാകുന്നു. അദ്ദേഹം ഐക്യഭാവത്തിൽ (അദ്വൈതം) വർത്തിക്കുന്നു.

162. സായിനാഥന്റെ ശ്രേഷ്ഠഭക്തനായ മാലസപതി വിവരിച്ചതാണ് ഗുരുവിന്റെയും ശിഷ്യന്റെയും ഈ കഥ. ഞാൻ അദ്ദേഹത്തിൽ നിന്നും കേട്ടതു പോലെ തുടക്കം മുതൽ അവസാനം വരെ വിവരിച്ചിട്ടുണ്ട്.

163. ഈ വിവരണം നമുക്ക് അവസാനിപ്പിക്കാം. അടുത്തത് കൂടുതൽ ആഴത്തിലുള്ളതാണ്. അത് ശരിയായ ക്രമത്തിൽ വർണ്ണിക്കുന്നതാണ്. ദയവായി ശ്രദ്ധയോടെ കേൾക്കുക.

164. എന്തായിരുന്നു മസ്ജിദിന്റെ ആദ്യകാലസ്ഥിതി; എത്ര ക്ലേശത്തോടെ അതിന്റെ നിലം പാകി; സായി ഹിന്ദുവാണോ മുസ്ലീമാണോ – ആർക്കും ഇത് തീർച്ചയായി അറിയില്ല.

165. അടുത്ത അധ്യായത്തിൽ ശരിയായ ക്രമത്തിൽ, വിശദമായ വിവരണം – ബാബയുടെ 'ധോതി പോതി'[30] 'ഖണ്ഡയോഗ'[31] തുടങ്ങിയ യോഗചര്യകൾ, ഭക്തരുടെ കർമ്മദുരിതങ്ങൾ സ്വയം ഏറ്റെടുക്കുന്നത് എന്നിവയെക്കുറിച്ച് ഉണ്ടായിരിക്കും.

166. ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ചുള്ള ഈ വിവരണം അദ്ദേഹത്തിന്റെ അനുഗ്രഹം കൊണ്ടുമാത്രമാണ് സാധ്യമായത്; ദിവ്യവും ഉത്തമവുമായ ഈ കഥ ശ്രവിക്കുന്നത് അജ്ഞാനത്തെ അകറ്റും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച, ശ്രീസായി സമർത്ഥ സച്ചരിതത്തിലെ അഞ്ചാമത്തെ അധ്യായം "ശ്രീസായി വീണ്ടും പ്രത്യക്ഷപ്പെടുന്നത്" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. വധുവിന്റെയോ വരന്റെയോ ഗൃഹത്തിലേക്ക് ഘോഷയാത്രയായി പോകുന്ന വിവാഹസംഘം.
2. ഒമ്പത് മൈലുകൾ
3. ദിവ്യൻ

4. പുകയില നിറയ്ക്കാനുള്ള കുഴലിന്റെ കുഴി.
5. ദണ്ഡ്-ദിവ്യന്മാർ, പ്രത്യേകിച്ചും നവനാഥന്മാരുടെ വിഭാഗത്തിൽപ്പെട്ടവർ, ഇത്തരത്തിൽപ്പെട്ട ദണ്ഡ് വഹിക്കാറുണ്ട്.
6. തുണിക്കഷണം
7. ബന്ധുജനങ്ങൾ
8. വളരെ അച്ചടക്കബോധമുള്ള, അയവില്ലാത്തതും ജ്ഞാനമുള്ളതും.
9. ആനന്ദനാഥിന്റെ ദർശനത്തിനായി യോളയിൽ പോയവർ മാധവറാവ് ബൽവന്ത് ദേശ്പാണ്ഡെ, നന്ദറാം ശിവറാം മാർവാഡി, ഭഗ്ചന്ദ് മാർവാഡി എന്നിവരാണ്. ആനന്ദനാഥ മഹാരാജ്, അപ്രതീക്ഷിതമായും ബലമായും, ഷിർദിയിലേക്ക് പോകുകയായിരുന്ന അവരുടെ കാളവണ്ടിയിൽ കയറുകയാണുണ്ടായത് എന്ന് പറയപ്പെടുന്നു. അദ്ദേഹം തെക്ക് കൊങ്കണ ജില്ലയിലെ, ഒരു കുഡൽ ദേശ്കർ ഗൗഡബ്രാഹ്മണവിഭാഗത്തിൽ ജനിച്ചു. വളരെക്കാലം ബോംബെയിലും താമസിച്ചു.
10. സമാധിമന്ദിരം സ്ഥിതി ചെയ്യുന്ന ബൂട്ടിവാഡ.
11. സമീപത്തായി.
12. ഭായി കൃഷ്ണാ ജി. അലിബാഗ്കർ
13. എഡി 1912
14. മണിക്കൂർ ജ്യോതിഷപ്രകാരം ഗണിച്ചത്
15. സാകോറിയിലെ കാശിനാഥ് ഗോവിന്ദ് ഉപാസനിമഹാരാജ്
16. ഗോവിന്ദ് കമൽകാർ ദീക്ഷിത്
17. സഗുൺ മേരു നായിക്
18. വിശദമായ കഥ സായിലീല വാല്യം II, നമ്പർ I, പേജ് 25
19. ഭൂമിക്കും കരങ്ങൾ പിരിക്കുന്നതിനും വേണ്ടി സർക്കാർ നിയോഗിച്ചിരിക്കുന്നു. ഇത് ജനസേവനത്തിനോ, കുടുംബങ്ങൾക്കോ വ്യക്തികൾക്കോ സഹായങ്ങൾ നൽകുന്നതിനുമാകാം.
20. ചന്ദോർക്കർ
21. കൗപീനം
22. രണ്ടു തൂണുകൾക്കിടയ്ക്കുള്ള സ്ഥലത്തേക്കാൾ കൂടുതൽ ആയിരുന്നില്ല ആ മുറികൾ.
23. ഫക്കീർമാർ താമസിക്കുന്ന സ്ഥലം. ഇപ്പോൾ (1944), അഭിഷേകം ദർശിക്കുന്നതിന് മുമ്പ് ഭക്തന്മാർ ഇവിടെ കാത്തുനിൽക്കുന്നു.
24. മുസ്ലീങ്ങളുടെ മതഗ്രന്ഥം.
25. ആത്മീയജ്ഞാനം
26. പ്രാർത്ഥനയ്ക്കുള്ള സ്ഥലം വേർതിരിക്കാനുള്ള ഭിത്തി.
27. തയ്യൽക്കാരൻ ഷിംപി.

28. താത്ത്യ ഗണപത് (പാട്ടീൽ) കോതേ.

29. ശിഷ്യൻ

30. ആന്തരികാവയവങ്ങൾ ശുദ്ധീകരിക്കുന്നു.

31. സ്വന്തം ഇച്ഛയാൽ ശാരീരികഭാഗങ്ങൾ വേർപെടുത്തുകയും പൂർവ്വസ്ഥിതിയിൽ ആക്കുകയും ചെയ്യുന്നു.

## 6

# രാമ-ജന്മ ആഘോഷങ്ങളുടെ കഥാവിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ലൗകികജീവിതത്തിലോ ആത്മീയജീവിതത്തിലോ, സദ്ഗുരു നൗകയുടെ നായകനാകുമ്പോൾ, അദ്ദേഹം യാത്രക്കാരോടൊപ്പം എതിർകരയിലേക്ക് നൗകയെ നയിക്കും.
2. സദ്ഗുരു എന്ന വാക്ക് പെട്ടെന്ന് സായിയെ മനസ്സിലെത്തിക്കുന്നു; അദ്ദേഹം എന്റെ മുമ്പിൽ നിൽക്കുകയും ശിരസ്സിൽ അദ്ദേഹത്തിന്റെ കരം വച്ച് അനുഗ്രഹിക്കുകയും ചെയ്യുന്നു.
3. ധുനി'യിലെ ഉധിയുള്ള, അനുഗ്രഹം ചൊരിയുന്ന കരം എന്റെ ശിരസ്സിൽ സ്പർശിച്ചയുടനെ, എന്റെ ഹൃദയം ആത്മാനന്ദം കൊണ്ട് ഉന്മത്തമാകുകയും മിഴികൾ സ്നേഹം കൊണ്ട് നിറഞ്ഞൊഴുകുകയും ചെയ്യുന്നു.
4. എത്ര വിസ്മയാവഹമാണ് ഗുരുവിന്റെ കരസ്പർശം, അതിന് സൂക്ഷ്മശരീരത്തെ നശിപ്പിക്കാനുള്ള ശക്തിയുണ്ട്, ആ കരസ്പർശത്താൽ അത് എരിഞ്ഞ് ചാരമാകുന്നു - അതല്ലെങ്കിൽ ലോകത്തെ മുഴുവൻ നശിപ്പിക്കുന്ന തീയ്ക്ക് പോലും അതിനെ നശിപ്പിക്കാൻ കഴിയില്ല.
5. യാദൃശ്ചികമായി ഈശ്വരന്റെ നാമമോ, ലീലകളോ കേട്ടാൽപോലും അസഹ്യരാകുന്നവരുടെ മനസ്സിനെയും അത് സ്ഥിരമാക്കുകയും അവർ അനിയന്ത്രിതമായി സ്തുതിക്കുകയും ചെയ്യും.
6. അദ്ദേഹം തന്റെ താമര പോലുള്ള കരങ്ങൾ ശിരസ്സിൽ വച്ചാലുടൻ, അനേകം പൂർവ്വജന്മങ്ങളിൽ കൂട്ടിവച്ചിട്ടുള്ള പാപങ്ങൾ ഒഴുകിപ്പോകുകയും സായിയുടെ സ്നേഹഭക്തർ ശുദ്ധരാകുകയും ചെയ്യും.
7. മനോഹരമായ ആ രൂപം കണ്ട് നിങ്ങൾ പരമാനന്ദം കൊണ്ട് വീർപ്പുമുട്ടും, സന്തോഷക്കണ്ണീർ ഒഴുകുകയും ഹൃദയം അഷ്ടസാത്വികഭാവങ്ങൾ[2] കൊണ്ട് നിറയുകയും ചെയ്യും.
8. അദ്ദേഹം ഒരുമയുടെ ചിന്തയുണർത്തുന്നു, ആത്മാനന്ദം സ്വയം തെളിയുന്നു; ഈശ്വരനുമായി ലയനമുണ്ടാകുന്നതിനാൽ അത് ദ്വന്ദ്വഭാവം ഇല്ലാതാക്കുകയും എങ്ങും ഒരുമ പടർത്തുകയും ചെയ്യുന്നു.
9. ഒരുവൻ ദിവ്യഗ്രന്ഥങ്ങളും, പുരാണങ്ങളും പാരായണം ചെയ്യുമ്പോൾ, ഓരോ

ചുവടിലും സദ്ഗുരു അവന്റെ മനസ്സിലെത്തുന്നു. സായി, രാമനും കൃഷ്ണനും ആയി, നമ്മെ അദ്ദേഹത്തിന്റെ ജീവിതകഥ ശ്രവിപ്പിക്കുന്നു.

10. 'ഭാഗവതം' (പുരാണം) ശ്രദ്ധിക്കുമ്പോൾ, കൃഷ്ണൻ സ്വയം സായിയുടെ പ്രതിരൂപമാകുന്നു, ഉദ്ധവ്[3] ഗീതങ്ങൾ ഭക്തരുടെ നന്മയ്ക്ക് വേണ്ടി സ്വയം പാടുന്നു.

11. സാധാരണ സംഭാഷണങ്ങളിൽപ്പോലും, സായിയുടെ ജീവിതകഥകളും സംഭവങ്ങളും, അപ്രതീക്ഷിതമായി, അർത്ഥം വിശദീകരിക്കാനായി ഓർമ്മിക്കപ്പെടുന്നു.

12. എഴുതുവാനുള്ള ഉദ്ദേശ്യത്തോടെ നിങ്ങൾ കടലാസും പേനയും കൈയ്യിലെടുത്താൽ, വാക്കുകൾ നിങ്ങളിൽ നിന്നും ഓടിയൊളിക്കുന്നു; പക്ഷേ, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം നമ്മെ എഴുതുവാനിരുത്തിയാൽ, വാക്കുകളുടെ പ്രവാഹവുമായി പൊരുത്തപ്പെടാൻ കഴിയാതെ വരും.

13. അഹംഭാവം തലയുയർത്തുന്ന നിമിഷം, ബാബ പെട്ടെന്ന് തന്നെ അതിനെ അമർച്ച ചെയ്യുന്നു. ശ്രേഷ്ഠമായ ബോധത്തിന്റെ അറിവ് സൃഷ്ടിച്ച്, അദ്ദേഹം ശിഷ്യന് സംതൃപ്തമായ അവസ്ഥ നൽകുന്നു.

14. ശക്തനായ സായിക്ക് നിങ്ങൾ ശരീരം, ആത്മാവ് എന്നിവ സമർപ്പിക്കുമ്പോൾ, ശ്രേഷ്ഠത, ധനം, സ്നേഹം, മുക്തി എന്നിവ ചോദിക്കാതെ അനായാസം നേടാൻ കഴിയും.

15. കർമ്മം (പ്രവൃത്തി), ജ്ഞാനം (അറിവ്), യോഗം (യോഗചര്യ), ഭക്തി (ഈശ്വരസ്നേഹം) എന്നീ നാല് മാർഗ്ഗങ്ങൾ ഓരോന്നും മറ്റൊന്നിൽ നിന്നും ഭിന്നമാണെങ്കിലും അവയെല്ലാം ഒരേ ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നു.

16. ഭക്തിമാർഗ്ഗം മുള്ളുകൾ നിറഞ്ഞതാണ്, മുള്ളുള്ള ബാബുൾ വനത്തിലൂടെയുള്ള പാത പോലെ അത് നിറയെ കുഴികളും ഗർത്തങ്ങളും ഉണ്ട്. ശരിയായ ദിശയിലേയ്ക്കുള്ള ഓരോ ചുവടും തീർച്ചയായും നിങ്ങളെ ഈശ്വരന്റെ സമീപത്തിൽ എത്തിക്കും.

17. നിങ്ങൾ മുള്ളുകൾ ഒഴിവാക്കിക്കൊണ്ട് മുമ്പോട്ട് പോകണം. നിങ്ങൾ ഭയമില്ലാതെ ലക്ഷ്യസ്ഥാനത്തെത്തും. ഇത് മാത്രമാണ് ഒരേ ഒരു പ്രതിവിധി എന്ന് ഗുരുമൗലി വ്യക്തമായി പറയുന്നു.

18. മനസ്സാകുന്ന ഉദ്യാനത്തിൽ ഭക്തിയാകുന്ന വെള്ളം നനച്ചാൽ തീർച്ചയായും വൈരാഗ്യം വളരും, അറിവ് വികസിക്കും, പരബ്രഹ്മവുമായി ഐക്യമുണ്ടാകും, പരമാനന്ദം ലഭിക്കും, ജനനമരണവൃത്തം നിശ്ചയമായും ഒഴിവാക്കാനും കഴിയും.

19. ആദിമൂലമായ പരബ്രഹ്മം സ്വയം നിലനിൽക്കുന്നു. സത്-ചിത്-ആനന്ദം (സത്യം, ബോധം, മുക്തി) എന്നീ മൂന്ന് അവസ്ഥകളാണ് അതിന്റെ പ്രകൃതി. വാസ്തവത്തിൽ, ഭക്തരുടെ രക്ഷയ്ക്കുവേണ്ടി, അത് സഗുണരൂപത്തിലേക്ക് പരിവർത്തനം ചെയ്ത് അവതരിക്കുന്നു.

20. ബ്രഹ്മൻ അതിന്റെ മൂന്ന് ഗുണങ്ങളിലൂടെ അവതരിക്കുമ്പോൾ, മായ പ്രവർത്തനക്ഷമമാകുകയും സത്വം (ധാർമ്മികത) രജസ് (കർമ്മണ്യത), തമസ് (ജ

ഡിലത) എന്നീ ഗുണങ്ങളിലൂടെ അവളുടെ പ്രകൃതം പ്രകടമാക്കുകയും ചെയ്യുന്നു.

21. ചെളിമണ്ണിന് ഒരു പ്രത്യേകരൂപം നൽകുമ്പോൾ അതിനെ മുറയ്ക്ക് കുടം എന്ന് വിളിക്കപ്പെടുന്നു; പക്ഷേ കുടം ഉടയുമ്പോൾ, അതിന് അതിന്റെ നാമവും രൂപവും സ്വത്വവും നഷ്ടമാകുന്നു.

22. പ്രപഞ്ചം മുഴുവൻ മായയിൽ നിന്നുണ്ടാകുകയും, രണ്ടും അന്യോന്യം കാര്യ കാരണമായി വർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ, മായ, ലോകമാകുന്ന അനേകം ശാഖകളോടെ ജനിക്കുന്നു.

23. നിങ്ങൾ മായയുടെ പ്രകൃതത്തിലേയ്ക്ക് നോക്കിയാൽ, ലോകം ഉണ്ടാകുന്ന തിന് മുമ്പ്, ഒന്നും തന്നെ ദൃശ്യമായിരുന്നില്ല. പരബ്രഹ്മബോധത്തിൽ സുപ്താ വസ്ഥയിൽ അവൾ ലയിച്ചിരിക്കുകയായിരുന്നു. അതിൽ വസിച്ചാലും അവൾ അനുഭവവേദ്യമായിരുന്നില്ല.

24. അനുഭവവേദ്യമായാലും, വാസ്തവത്തിൽ അത് പരബ്രഹ്മമാണ്, അനുഭവ വേദ്യമല്ലാത്തപ്പോഴും അത് പരബ്രഹ്മമാകുന്നു. അപ്രകാരം മായ എന്നത് പര ബ്രഹ്മം തന്നെയാകുന്നു. അതിനെ പരബ്രഹ്മനിൽ നിന്ന് വേർതിരിച്ച് അറി യാൻ കഴിയില്ല.

25. തുടക്കത്തിൽ, മായ തമോഗുണത്തിൽ നിന്ന് ജഡിലമായ അനങ്ങാൻ കഴി യാത്ത വസ്തുക്കളെ സൃഷ്ടിച്ചുകൊണ്ട് അവളുടെ പ്രവൃത്തിയുടെ ആദ്യത്തെ ഭാഗം പൂർത്തിയാക്കി.

26. പിന്നീട് പരബ്രഹ്മൻ മായയുടെ രജോഗുണവുമായി സമ്മേളിച്ചപ്പോൾ, രണ്ടു പേരുടെയും ഗുണങ്ങൾ അടങ്ങിയ, അടിസ്ഥാനപരമായ പ്രവൃത്തികളുടെ ഗ്രഹ ണശക്തിയുള്ള ഒരു കൂട്ടം അനുഭവവേദ്യമായി.

27. പിന്നീട് മായയുടെ സത്വഗുണത്തിൽ നിന്നും ബുദ്ധി സൃഷ്ടിക്കപ്പെടുകയും, അത് പരബ്രഹ്മത്തിന്റെ ദൈവികാനന്ദവുമായി കൂടിക്കലർന്നപ്പോൾ, സൃഷ്ടി കർമ്മം പൂർത്തിയാക്കപ്പെടുകയും ചെയ്തു.

28. അങ്ങനെ വളരെയധികം പരിവർത്തനങ്ങൾക്ക് വഴങ്ങുന്ന മായ, പ്രവർത്ത നോന്മുഖതയിലേക്ക് ഉത്തേജിക്കപ്പെടുന്നത് വരെ, മുകൾ പറഞ്ഞ വസ്തു ക്കൾ സൃഷ്ടിക്കുകയില്ല. ഒപ്പം മൂന്ന് ഗുണങ്ങളും സ്പഷ്ടമാകുകയില്ല.

29. മായ മൂന്ന് ഗുണങ്ങൾക്ക് അനുസൃതമായി പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ, അവൾ പ്രത്യക്ഷമാകുകയില്ല. അവൾക്ക് രൂപമില്ലാതെ വർത്തിച്ചുകൊണ്ട് നിഷ്ക്രിയമായി (ക്രിയാശൂന്യത) നിലനിൽക്കാനും കഴിയും.

30. മായ പരബ്രഹ്മത്തിന്റെ സൃഷ്ടിയും, പ്രപഞ്ചം മായയുടെ സൃഷ്ടിയുമാകു ന്നു. 'ഇതെല്ലാം ബ്രഹ്മമാകുന്നു' എന്നതിന്റെ അർത്ഥം പ്രപഞ്ചം, മായ, പര ബ്രഹ്മം എന്നിവയെല്ലാം ഐക്യമായും ഒന്നായും കാണപ്പെടുന്നു എന്നാണ്.

31. ഈ ഐക്യം ഗ്രഹിക്കണമെന്ന് ആഗ്രഹവും ഉദ്ദേശ്യവും ഉള്ളവർ, ശ്രുതി കളും വേദങ്ങളും പരിശോധിക്കുക.

32. വേദങ്ങൾ, ശാസ്ത്രങ്ങൾ, ശ്രുതികൾ, സ്മൃതികൾ, ആചാര്യന്മാർ, ധർമ്മഗ്ര

ന്ഥങ്ങൾ എന്നിവ നമുക്ക് അറിവ്, വിവേചനബുദ്ധി, പരമാനന്ദം എന്നിവ നൽകുന്നു.

33. "എന്റെ ഭക്തരുടെ ഗൃഹത്തിൽ ആഹാരം, വസ്ത്രം എന്നിവയ്ക്ക് ഒരിക്കലും ക്ഷാമമുണ്ടാകില്ല." ഇത് ശ്രീ സായി നൽകിയ ഉറപ്പാണ്, അത് ഭക്തർക്ക് അറിവുള്ളതുമാണ്.

34. "എന്നെ ഹൃദയംഗമമായി ആരാധിക്കുകയും എല്ലായ്പ്പോഴും സ്നേഹത്തോടെ സേവിക്കുകയും ചെയ്യുന്നവരുടെ ക്ഷേമം ഞാൻ പരിപാലിക്കുന്നതാണ്. ഇത് എന്റെ പ്രതിജ്ഞയാണെന്ന് ഞാൻ അറിയുന്നു."

35. ഇത് തന്നെയാണ് ഭഗവദ്ഗീതയും ഉദ്ഘോഷിക്കുന്നത്. ഇത് ഒരു പ്രപഞ്ചസത്യമായി സ്വീകരിക്കണമെന്ന് സായി പറയുന്നു: "ഭക്ഷണത്തിനും വസ്ത്രത്തിനും ഒരു കുറവുമുണ്ടാകുകയില്ല. അതുകൊണ്ട് അവയുടെ പുറകെ ആർത്തിയോടെ പോകരുത്."

36. "ഒരുവൻ ഈശ്വരന്റെ വാതിൽക്കൽ ആദരവ് തേടണം; ഈശ്വരനിൽ നിന്ന് മാത്രം യാചിക്കണം; അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾക്ക് വേണ്ടി മാത്രം ചോദിക്കുക; ലൗകികയശസ്സ് മാറ്റിവയ്ക്കുക.

37. "സമൂഹം നിങ്ങൾക്ക് നൽകുന്ന ആദരവുകൊണ്ട് എന്തിന് നിങ്ങൾ സംതൃപ്തരാകുന്നു? അവയിൽ എന്തിന് ഭ്രമിക്കണം. പകരം തീവ്രമായ ഭക്തിയിലൂടെ നിങ്ങളുടെ ഇഷ്ടദേവതയുടെ ദയ നേടുകയും, നിങ്ങളുടെ സന്തോഷം സാത്വികഭാവത്തിന്റെ സമൃദ്ധമായ ധാരകളായി പ്രകടിപ്പിക്കുകയും വേണം.

38. "അത്തരം പരിശ്രമത്തിൽ നിങ്ങൾ സന്തോഷം കണ്ടെത്തണം. എല്ലാ ബോധതലങ്ങളിലും അത്തരത്തിലുള്ള ഭക്തി നിറഞ്ഞ് ഇന്ദ്രിയങ്ങളുടെ ആസക്തികൾ പൂർണ്ണമായും പരിവർത്തനം ചെയ്യപ്പെടുകയും ഉപാസനാഭക്തി ഉദിക്കുകയും ചെയ്യണം. പിന്നെ എന്ത് ആഗ്രഹമാണ് അവശേഷിക്കുക?

39. "മറ്റൊന്നിനോടും താല്പര്യമില്ലാതെ, അത്തരത്തിലുള്ള ഭക്തി മാത്രം നിങ്ങളുടെ നിരന്തരമായ ചിന്തയായി മാറണം. മനസ്സ് സദാ എന്റെ നാമത്തിന്റെ ജപത്തിൽ മുഴുകുകയും മറ്റെല്ലാം മറക്കുകയും ചെയ്യട്ടെ.

40. "അപ്പോൾ ശരീരം, വീട്, ധനം എന്നിവയെക്കുറിച്ചുള്ള ചിന്തകൾ ഉണ്ടാകില്ല. ഹൃദയം അപരിമിതമായ സന്തോഷത്തിൽ ഉറച്ച് നിൽക്കും. മനസ്സ് സന്തുലിതവും ശാന്തവുമാകും; അത് സ്വയം പൂർണ്ണത അനുഭവിക്കും.

41. "സംതൃപ്തമായ മനസ്സ് ദിവ്യസംസർഗ്ഗത്തിന്റെ അസന്ദിഗ്ദ്ധമായ തെളിവാണ്. ചഞ്ചലമായി അലയുന്ന മനസ്സ് ഈശ്വരന് സമർപ്പിതമാണെന്ന് എങ്ങനെ പറയാനാകും?"

42. അതിനാൽ പൂർണ്ണമായ ശ്രദ്ധയോടെ, ഓ, ശ്രോതാക്കളേ, വിവരണം വിശ്വാസത്തോടെ കേൾക്കുക. സായി സത്ചരിതം ശ്രവിക്കുന്നതിലൂടെ നിങ്ങളുടെ മനസ്സ് ഭക്തിയിലേക്ക് തിരിയട്ടെ.

43. വിവരണത്തോടൊപ്പം നിങ്ങൾക്ക് സംതൃപ്തി ഉണ്ടാകുകയും ചെയ്യും. നിങ്ങളുടെ ചഞ്ചലമായ മനസ്സ് ശാന്തി നേടും. അസ്വസ്ഥത അപ്രത്യക്ഷമാകുക

യും, നിങ്ങൾക്ക് സന്തോഷം ലഭിക്കുകയും ചെയ്യും.

44. ഇപ്പോൾ, നമ്മൾ, മുമ്പ് പറഞ്ഞ, മസ്ജിദിന്റെ നവീകരണവും രാമജന്മത്തെക്കുറിച്ചുള്ള കീർത്തനവും എന്ന കഥാതന്തുവിലേയ്ക്ക് തിരികെപ്പോകും. വിവരണവുമായി നമുക്ക് തുടരാം.

45. ഗോപാൽ ഗുണ്ട്[4] എന്ന പേരിൽ, ബാബയോട് വളരെ ഭക്തിയുണ്ടായിരുന്ന ഒരു ഭക്തനുണ്ടായിരുന്നു. അയാൾ തന്റെ സമയം മുഴുവൻ, സദാ ബാബയുടെ നാമജപത്തിൽ കഴിഞ്ഞു.

46. അദ്ദേഹത്തിന് സന്തതികളുണ്ടായിരുന്നില്ല. പിന്നീട് ബാബയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഒരു പുത്രൻ ജനിച്ചു. അദ്ദേഹത്തിന്റെ മനസ്സ് സന്തുഷ്ടമായി.

47. അതിനാൽ, ഗോപാൽ ഗുണ്ട്, വർഷം തോറും ഷിർദി ഗ്രാമത്തിൽ ഒരു 'യാത്ര' അല്ലെങ്കിൽ ഉറുസ്[5] നടത്തണമെന്ന് ചിന്തിച്ചു. എല്ലാവരും സന്തോഷിക്കും.

48. താത്ത്യാകോത്തേ്യ, ദാദാകോത്തേ്യ, മാധവറാവു തുടങ്ങിയ പ്രമുഖഭക്തന്മാർ ഈ ആശയത്തെ അനുകൂലിക്കുകയും ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്തു.

49. പക്ഷേ, അത്തരത്തിലുള്ള വാർഷികാഘോഷങ്ങൾക്ക് ചില ചട്ടങ്ങളൊക്കെയുണ്ട്. ജില്ലാധികാരിയുടെ അനുവാദം ആവശ്യമായിരുന്നു.

50. അനുവാദം വാങ്ങാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ ഗ്രാമത്തിലെ കുബുദ്ധിയായ ഒരു കുൽക്കർണി[6] എതിരാകുകയും മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തു.

51. കുൽക്കർണി മാർഗ്ഗമധ്യേ എത്തിയപ്പോൾ എന്തായിരുന്നു ഫലമെന്ന് നോക്കുക. ഷിർദിയിൽ യാത്ര നടത്താൻ പാടില്ലെന്ന് ജില്ലാധികാരി ഉത്തരവ് പുറപ്പെടുവിച്ചു.

52. പക്ഷേ, ഷിർദിയിൽ ഈ യാത്ര നടത്തണമെന്നുള്ളത് ബാബയുടെയും ആഗ്രഹമായിരുന്നു; അദ്ദേഹം തന്റെ അനുഗ്രഹത്തോടെ അത് പൂർത്തിയാക്കണമെന്ന് അവരോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

53. ഗ്രാമീണർ നിരന്തരം പരിശ്രമിക്കുകയും പരമാവധി ശ്രമങ്ങൾ നടത്തുകയും ചെയ്തു. അധികാരികൾ മുമ്പത്തെ ഉത്തരവ് മാറ്റുകയും ജനങ്ങളുടെ ആഗ്രഹങ്ങൾ മാനിക്കുകയും ചെയ്തു.

54. അന്നുമുതൽ, ബാബയുടെ ആഗ്രഹമനുസരിച്ച്, വർഷം തോറും, രാമനവമി നാളിൽ, യാത്ര നടത്തപ്പെടുന്നു. താത്ത്യാകോത്തേ്യ സജ്ജീകരണങ്ങൾ നോക്കി നടത്തുകയും വലിയ ഒരു ജനക്കൂട്ടം എത്തുകയും ചെയ്യുന്നു.

55. രാമനവമി ദിനത്തിൽ മദ്ദളം, കുഴൽ വാദ്യങ്ങൾ എന്നിവയുടെ അകമ്പടിയോടെ ഭജനകളും പൂജകളും നടത്തുന്നു. നാല് ദിശകളിൽ നിന്നും അനേകം ജനങ്ങൾ അവിടെ തടിച്ചുകൂടുന്നു.

56. ഓരോ വർഷവും, രണ്ട് പുതിയ ധ്വജങ്ങൾ ആഘോഷത്തോടെ, ഘോഷയാത്രയായി വഹിച്ചുകൊണ്ട് മസ്ജിദിന്റെ മേൽക്കൂരയിൽ കെട്ടുകയും, സ്ഥിര

മായി അവിടെ സ്ഥാപിക്കുകയും ചെയ്യുന്നു.

57. രണ്ടെണ്ണങ്ങളിൽ ഒന്ന് നിമോൻകറു[7]ടേതും മറ്റേത് ദാമു അന്ന[8]യുടേതുമാണ്. അവ ആഘോഷത്തോടെ ഘോഷയാത്രയായി കൊണ്ടുവരികയും, മേൽക്കൂരയുടെ മുകളിൽ ഉയർന്ന് പറക്കുകയും ചെയ്യുന്നു.

58. ഇപ്പോൾ ഉറുസിൽ നിന്നും രാമനവമി ആഘോഷങ്ങൾ ഉടലെടുത്തത് എങ്ങനെ എന്ന ഹൃദയഹാരിയായ വിവരണം കേൾക്കുക, അത് അസാധാരണമാണ് – ഷിർദിയുടെ ആഹ്ലാദവും മഹിമയും.

59. ഉറുസിൽ നിന്നും ഉടലെടുത്ത രാമനവമി, ആദ്യമായി ശകവർഷം 1833[9]–ൽ ആണ് ആഘോഷിക്കപ്പെട്ടത്; അന്നുമുതൽ, മുടക്കം കൂടാതെ തുടർച്ചയായി നടത്തപ്പെടുന്നു.

60. പ്രശസ്തനായ കൃഷ്ണജോഗേശ്വർ ഭീഷ്മ[10]യാണ്, രാമജന്മ ആഘോഷങ്ങൾ എന്ന ആശയത്തിന്റെ കാരണഭൂതൻ, അത് എല്ലാവർക്കും നന്മയേകും എന്ന് അദ്ദേഹം വിശ്വസിച്ചു.

61. അതുവരെ ഉറുസിൽ മാത്രമാണ് ജനങ്ങൾ പങ്കെടുത്തിരുന്നത്. ആ വർഷം മുതൽ രാമജന്മമെന്ന സുന്ദരമായ ആഘോഷവുമുണ്ടായി.

62. ഒരിക്കൽ, ഭീഷ്മ ശാന്തചിത്തനായി വാഡയിൽ ഇരിക്കവേ, കാക്കാ[11], പൂജാസാമഗ്രികളുമായി മസ്ജിദിലേയ്ക്ക് പോകാൻ തയ്യാറായി.

63. അദ്ദേഹം (കാക്കാ) ഹൃദയത്തിൽ സായി ദർശനത്തെക്കുറിച്ച് ചിന്തിക്കുകയും, പുറമേയ്ക്ക് ഉറുസിന് വേണ്ടി ഉത്സാഹഭരിതനുമായിരുന്നു. കാക്കാ, ആഘോഷങ്ങൾക്കായി ഒരു ദിവസം മുമ്പേ എത്തിയിരുന്നു.

64. അത് ഉചിതമായ സമയമാണെന്ന് കണ്ട് ഭീഷ്മ കാക്കായോട് ചോദിച്ചു: “എനിക്ക് തോന്നിയ നല്ല ഒരു കാര്യത്തിന് താങ്കൾ എന്നെ സഹായിക്കുമോ?

65. “ഇവിടെ വർഷം തോറും ഉറുസ് നടത്തുന്നുണ്ട്, അതേദിവസം രാമജന്മദിനവുമാണ്. അതിനാൽ രാമജന്മ ആഘോഷങ്ങൾ നടത്തുവാൻ ഇതൊരു സ്വാഭാവികമായ സമയമാണ്.”

66. കാക്കാ ഈ ആശയം ഇഷ്ടപ്പെടുകയും, ബാബയുടെ സമ്മതം തേടാൻ ഭീഷ്മയോട് പറയുകയും ചെയ്തു. അത് അദ്ദേഹത്തിന്റെ ആഗ്രഹത്തിന് അനുസരിച്ചിരിക്കും. പിന്നീട് ആ കൃത്യം തുടങ്ങുന്നതിന് ഒരു താമസവുമുണ്ടാകുകയില്ല.

67. പക്ഷേ, ആഘോഷങ്ങൾക്കായി കീർത്തനം ആവശ്യമാണ്. അതൊരു പ്രശ്നമാണ് – എന്തെന്നാൽ, ആ ചെറിയ ഗ്രാമത്തിൽ ഒരു ഹരിദാസനെ എങ്ങനെയാണ് ലഭിക്കുക? അതായിരുന്നു ആകെയുള്ള ഒരു ചോദ്യം.

68. ഭീഷ്മ പറഞ്ഞു: “ഞാൻ കീർത്തൻകാരനാകാം[12]. താങ്കൾ എന്റെയൊപ്പം ഹാർമോണിയം വായിക്കുക. വേണ്ടസമയത്ത്, രാധാകൃഷ്ണാബായി[13] സുന്ദ്വഡ[14] ഉണ്ടാക്കാൻ തയ്യാറാകട്ടെ.

69. “വരൂ, നമുക്ക് ബാബയുടെ അടുത്തേക്ക് പോകാം. നല്ല സംരംഭങ്ങൾക്ക് ഏതെങ്കിലും തരത്തിൽ കാലവിളംബം ഉണ്ടാകുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും.

നല്ല കാര്യത്തോടൊപ്പം ഉത്സാഹവും കൂടിയാകുമ്പോൾ, അത് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടും.

70. "വരൂ, നമുക്ക് പോയി കീർത്തനം നടത്താനുള്ള അനുമതി വാങ്ങാം." ഇങ്ങനെ പറഞ്ഞുകൊണ്ട്, അവർ രണ്ടുപേരും അപ്പോൾ മസ്ജിദിലെത്തി.

71. കാക്കാ പൂജകൾ ആരംഭിച്ചയുടൻ, ബാബ സ്വയം, വാഡയിൽ നടന്ന ചർച്ച എന്താണെന്ന് ചോദിക്കുകയും, കാക്കായ്ക്ക് ഒരു ഉത്തരം ചിന്തിക്കാനും കഴിഞ്ഞില്ല.

72. പെട്ടെന്ന് തന്നെ ബാബ അതേചോദ്യം മറ്റൊരു രീതിയിൽ ഭീഷ്മയോട് ചോദിച്ചു. "ബുവയ്ക്ക് എന്താണ് പറയാനുള്ളത്?" ബാബ അദ്ദേഹത്തോട് ചോദിച്ചു.

73. അപ്പോൾ കാക്കാ അവരുടെ ഉദ്ദേശ്യങ്ങൾ ഓർക്കുകയും അത് വെളിപ്പെടുത്തുകയും ചെയ്തു. ബാബ ആ ആശയം ഇഷ്ടപ്പെടുകയും ആഘോഷങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

74. പിറ്റേന്ന്, പ്രഭാതത്തിൽ, ബാബ ലെൻഡി[15]യിലേയ്ക്ക് പോയത് കണ്ട്, കീർത്തനത്തിനുവേണ്ടി ആഘോഷപരമായ തയ്യാറെടുപ്പുകളോട് കൂടി, ഒരു തൊട്ടിൽ അങ്കണത്തിൽ കെട്ടി.

75. സദസ്യർ ഒത്തുകൂടി. പിന്നീട്, ബാബ സമയത്ത് തിരിച്ചെത്തി. ഭീഷ്മ എഴുന്നേറ്റു. കാക്കാ ഹാർമോണിയത്തിന് സമീപം ഇരുന്നു. അപ്പോൾ ബാബ കാക്കായെ വിളിപ്പിച്ചു.

76. "ബാബ താങ്കളെ വിളിക്കുന്നു." ഇതുകേട്ടപ്പോൾ കാക്കാ പരിഭ്രമിച്ചു. എന്താണ് സംഭവിച്ചതെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. കുഴപ്പമൊന്നും ഉണ്ടാകാതിരിക്കട്ടെ.

77. ബാബയുടെ വിളി കേട്ടപ്പോൾ കാക്കാ ആകെ പേടിച്ചു; "എന്തുകൊണ്ടാണ് ബാബ ഇത്രയും കോപിഷ്ഠനായത്? ബുദ്ധിമുട്ടുകളൊന്നുമില്ലാതെ കീർത്തനം നടത്താൻ കഴിയുമോ?"

78. പുറകിലോട്ട് നോക്കിക്കൊണ്ട്, അയാൾ മുന്നോട്ട് നടന്നു. അയാൾ ഭയത്തോടെ പടിക്കെട്ടുകൾ കയറി. അയാളുടെ ചുവടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കാക്കാ വളരെയധികം അസ്വസ്ഥനായിരുന്നു.

79. ബാബ അയാളോട് തൊട്ടിൽ അവിടെ കെട്ടാനുണ്ടായ കാരണമെന്താണെന്ന ചോദ്യം ചോദിക്കുകയും, ചുരുക്കത്തിലുള്ള കഥ ശ്രവിച്ച്, മുഴുവൻ പദ്ധതിയുടെയും പുറകിലുള്ള കാരണമറിയുകയും ചെയ്തപ്പോൾ, സന്തോഷവാനാകുകയും ചെയ്തു.

80. പിന്നീട്, ഭിത്തിമാടത്തിൽ[16] നിന്നും മനോഹരമായ ഒരു പുഷ്പഹാരം എടുത്ത് കാക്കായുടെ കണ്ഠത്തിൽ അണിയിക്കുകയും മറ്റൊന്ന് ഭീഷ്മയ്ക്കുവേണ്ടി നൽകുകയും ചെയ്തു.

81. തൊട്ടിലിനെപ്പറ്റി ചോദ്യം ഉണ്ടായത് കേട്ട്, അവിടെ പരക്കെ ആകാംക്ഷ ഉണ്ടായി. പക്ഷേ, ഹാരങ്ങൾ ഗളങ്ങളിൽ ചാർത്തപ്പെട്ടപ്പോൾ എല്ലാവർക്കും ആശ്വാസമായി.

82. ഭീഷ്മ ഒരു ബഹുമുഖ പ്രതിഭയായിരുന്നു, കഥകൾ വിവരിക്കുന്നതിൽ പ്രഗ

ല്ഭനും. കീർത്തനം വളരെ ആസ്വാദ്യകരമായിരുന്നു, ശ്രോതാക്കളെല്ലാം വളരെ സന്തുഷ്ടരായി.

83. ബാബയും സന്തുഷ്ടനായിരുന്നു. അദ്ദേഹത്തിന്റെ അനുമതിയോടെ, ഭജനകൾ, കീർത്തനം എന്നിവയോടെ, ഉത്സവം നടത്തപ്പെട്ടു.

84. രാമന്റെ ജനനസമയത്ത്, ചുമന്ന 'ഗുലാൽ'[17]പൊടി ചുറ്റും വിതറപ്പെടുകയും, കുറച്ച് ബാബയുടെ കണ്ണുകളിൽ വീഴുകയും, ബാബ കോപാകുലനാകുകയും ചെയ്തു. കൗസല്യയുടെ കൊട്ടാരത്തിൽ രാമൻ ജനിച്ച മുഹൂർത്തത്തിൽ ബാബ നരഹരി[18]യെപ്പോലെ ഉഗ്രമായി കാണപ്പെട്ടു.

85. 'ഗുലാൽ' ഒരു കാരണം മാത്രമായിരുന്നു. പ്രവൃത്തിയാകട്ടെ, അർത്ഥമാക്കിയത്, രാവണന്റെ രൂപത്തിലുള്ള അഹംഭാവത്തെയും രാക്ഷസൻമാരുടെ രൂപത്തിലുള്ള കുടിലതയെയും നശിപ്പിക്കാൻ പോകുന്ന രാമന്റെ ജനനത്തിന്റെ തീഷ്ണതയെയാണ്.

86. പെട്ടെന്ന് അദ്ദേഹം അസഹ്യനായി. അദ്ദേഹം നരസിംഹത്തിനെ[19]പ്പോലെയായി. അപ്പോൾ ശകാരവും ശാപവുമൊക്കെ തുടങ്ങി, സകലരുടെമേലും അത് വർഷിച്ചു.

87. രാധാകൃഷ്ണബായി[20]യാകട്ടെ തികച്ചും ഉത്കണ്ഠാകുലയായി, കാരണം തൊട്ടിൽ കഷണങ്ങളായി ഒടിക്കപ്പെടുമെന്ന് അവൾ കരുതി. അത് എങ്ങനെ കോട്ടം തട്ടാതെ സൂക്ഷിക്കാൻ കഴിയും? അതായിരുന്നു അവൾ അഭിമുഖീകരിച്ച പ്രശ്നം.

88. "ദയവായി അഴിച്ചെടുക്കൂ, വേഗം അഴിച്ചെടുക്കൂ," അവൾ നിർബന്ധിച്ചു. തൊട്ടിൽ അഴിച്ചെടുക്കാനായി കാക്കാ മുമ്പോട്ട് നീങ്ങി.

89. അപ്പോൾ ബാബ അത്യധികം കോപിഷ്ഠനാകുകയും കാക്കായുടെ നേർക്ക് മുമ്പോട്ട് ഓടുകയും ചെയ്തു. തൊട്ടിൽ അഴിച്ചെടുക്കുന്നത് ഉപേക്ഷിക്കപ്പെടുകയും, ബാബ ശാന്തത വീണ്ടെടുക്കുകയും ചെയ്തു.

90. വൈകുന്നേരം, ബാബയുടെ അനുമതി തേടിയപ്പോൾ, അദ്ദേഹത്തിന്റെ ഉത്തരം സർവ്വരെയും ആശ്ചര്യപ്പെടുത്തി. "എന്തിനാണ് നിങ്ങൾ തൊട്ടിൽ അഴിച്ചെടുക്കുന്നത്, ഇത്ര ധൃതിയിൽ? അത് ഇനിയും ആവശ്യമുണ്ട്."

91. എന്താകാം ഈ ആവശ്യം? ബാബയുടെ വാക്കുകൾ ഒരിക്കലും വെറുതെ പറയുകയില്ല. ചിന്തിച്ചപ്പോൾ, ഉത്സവം ഇനിയും പൂർണ്ണമായിട്ടില്ല എന്ന തിരിച്ചറിവ് ഉണ്ടായി.

92. ഉത്സവം ഒരു ഘട്ടം വരെ മുന്നോട്ട് പോയി. പക്ഷേ, പിറ്റേദിവസം പുലർന്ന് 'ഗോപാലകല'[21]യുടെ സമയം വരെ ഉത്സവം പൂർണ്ണമായി എന്ന് പറയാൻ കഴിയില്ല.

93. ഇപ്രകാരം, രണ്ടാമത്തെ ദിവസം, ഗോപാലകലയും കീർത്തനവും കഴിഞ്ഞ ശേഷം, തൊട്ടിൽ അഴിച്ചെടുക്കാൻ ബാബ അനുമതി നൽകി.

94. അടുത്ത വർഷം ഭീഷ്മ ഉണ്ടായിരുന്നില്ല. ബാലബുവ സതാർകറെ കീർത്തനത്തിനായി കൊണ്ടു വരേണ്ടതായിരുന്നു. പക്ഷേ അദ്ദേഹത്തിനു കാവാതേ[22]

യിൽ പോകേണ്ടിയിരുന്നു.

95. അതിനാൽ 'നവീന തുക്കാറാം' എന്നറിയപ്പെടുന്ന ബാലബുവ ഭജാനിയെ കാക്കാമഹാജനി കൊണ്ടു വരികയും ഉത്സവം അദ്ദേഹത്തിന്റെ കരങ്ങളാൽ നടത്തപ്പെടുകയും ചെയ്തു.

96. അദ്ദേഹത്തെ (ഭജാനിയെ) ലഭിച്ചിരുന്നില്ലെങ്കിൽ പോലും കാക്കാ സ്വയം കീർത്തനം നടത്തുമായിരുന്നു, കാരണം അദ്ദേഹത്തിന് ദാസ്ഗനു രചിച്ച രാമ നവമിയെ കുറിച്ചുള്ള കൃതി മനഃപാഠമായിരുന്നു.

97. മൂന്നാമത്തെ വർഷം, ബാലബുവ സതാർകർ സ്വയം ആ അവസരത്തിനു വേണ്ടി ഉചിതമായ സമയത്ത് ഷിർദിയിലെത്തി. ആ സംഭവം ആദരവോടെ ശ്രവിക്കുക.

98. ബാബയുടെ കീർത്തി കേട്ടപ്പോൾ, അദ്ദേഹത്തിന്റെ ദർശനത്തിനായി ആഗ്ര ഹമുണ്ടായി, പക്ഷേ വഴിയിൽ അയാൾക്ക് ഒരു പങ്കാളിയെ ആവശ്യമായി രുന്നു; ഒരാളെ എങ്ങനെ കണ്ടെത്തുമെന്ന് അയാൾ ചിന്തിക്കുകയും ചെയ്തു.

99. ബാലബുവ സ്വയം ഒരു ഹരിദാസനായിരുന്നു (കീർത്തൻകാർ), സതാറയിൽ നിന്നുള്ള അദ്ദേഹം ഇപ്പോൾ ബോംബെയിലെ പറേൽ ഭാഗത്ത് താമസിക്കു കയായിരുന്നു.

100. സതാറ ജില്ലയിൽ ബൃഹദ്സിദ്ധകാവാതേ എന്ന സ്ഥലത്ത് ഒരു ദേവസ്ഥാനം[23] ഉണ്ടായിരുന്നു, അവിടെ എല്ലാ വർഷവും രാമനവമി ദിനത്തിൽ ബുവ കീർത്തനം നടത്തുകയും അതിന് അദ്ദേഹത്തിന് ഓരോ വർഷവും വാർഷി കപ്രതിഫലം ലഭിക്കുകയും ചെയ്തിരുന്നു.

101. അവിടെ ബാലബുവ രണ്ട് വാർഷിക ഉത്സവങ്ങളിൽ പങ്കെടുത്തിരുന്നു – ആഷാഡി ഏകാദശിയും രാമനവമിയും, ചൈത്രമാസത്തിലാണ് അവ.

102. മുഗൾചക്രവർത്തി[24]യുടെ അധികാരപത്രമനുസരിച്ച്, 2400 ഉറുപ്പികകൾ ദേവ തയുടെ (ബേഡേബാബ) ചെലവുകൾക്കായി നീക്കിവയ്ക്കപ്പെടുകയും, സജ്ജീകരണങ്ങൾ സംസ്ഥാനം ഒരുക്കുകയും ചെയ്തു.

103. ഈ രണ്ട് ഉത്സവങ്ങൾക്കുമായി ബുവയ്ക്ക് 30 ഉറുപ്പികകൾ നൽകപ്പെട്ടു. പക്ഷേ അതേ വർഷം കാവാതേയിൽ ഒരു കോളറ മഹാമാരി പടരുകയും ഗ്രാമീണർ വിഷമസ്ഥിതിയിലാകുകയും ചെയ്തു.

104. അതിനാൽ രാമനവമി ആഘോഷങ്ങൾ റദ്ദാക്കപ്പെട്ടു. ഗ്രാമം വിജനമായതി നാൽ, അടുത്ത വർഷം വന്നാൽ മതി എന്നുള്ള ഒരു കത്ത്, അവിടെ നിന്നും ബുവയ്ക്ക് ലഭിച്ചു.

105. ചുരുക്കത്തിൽ, അയാൾക്ക് രാമനെ സേവിക്കാനുള്ള അവസരം നഷ്ടമാകു കയും അയാൾക്ക് ലഭിക്കേണ്ടിയിരുന്ന വേതനം കിട്ടിയതുമില്ല. പക്ഷേ, അത് അയാൾക്ക് ഷിർദിയിലേയ്ക്ക് പോകാനുള്ള ഒരു അവസരം നൽകി, അതുകൊണ്ട് അയാൾ ദീക്ഷിതിനെ[25] സന്ദർശിച്ചു.

106. ദീക്ഷിത് ബാബയുടെ ഒരു ഉത്തമഭക്തനായിരുന്നു. ഷിർദിയിലേക്ക് പോകാ നുള്ള ആഗ്രഹം, അദ്ദേഹം വിചാരിച്ചാൽ നടക്കും, ഒപ്പം സ്വകാര്യനേട്ടവും

ആത്മീയലാഭവും നേടാനാകും.

107. അതിനാൽ, അയാൾ ദീക്ഷിതിനോട്, തന്റെ വാർഷിക വേതനം താല്കാലികമായി നിർത്തിവയ്ക്കപ്പെട്ടതിനാൽ ബാബയുടെ ദർശനം നേടുന്നതിനും അവിടെ കീർത്തനം നടത്തുന്നതിനും ചിന്തിക്കുന്നതായി അറിയിച്ചു.

108. അപ്പോൾ ബാപുസാഹേബ്, പ്രതിഫലത്തിന്റെ കാര്യത്തിൽ ഒരു തീർച്ചയുമില്ലെന്ന് മറുപടി പറഞ്ഞു. നൽകുക എന്നതും നൽകാതിരിക്കുക എന്നതും ബാബയുടെ കരങ്ങളിലാണ്, കീർത്തനത്തിന്റെ കാര്യത്തിൽപ്പോലും, അനുമതി തേടേണ്ടിയിരിക്കുന്നു.

109. ഈ സംഭാഷണം ഇങ്ങനെ തുടരവേ, അപ്രതീക്ഷിതമായി കാക്കാമഹാജനി എത്തുകയും ഷിർദിയിലെ ഉദിപ്രസാദം വിതരണം ചെയ്യുകയും അത് ഒരു ശുഭശകുനമായി കരുതപ്പെടുകയും ചെയ്തു.

110. മഹാജനി ഷിർദിയിൽ നിന്ന് അപ്പോൾ മടങ്ങി എത്തിയതായിരുന്നു. അവിടെ എല്ലാ മംഗളമാണെന്ന് അദ്ദേഹം പറയുകയും പിന്നീട് തന്റെ വസതിയിലേയ്ക്ക് പോകുകയും ചെയ്തു.

111. പിന്നീട്, ദീക്ഷിത് ബുവയോട് സ്നേഹത്തോടെ, താൻ ബാബയോട് അനുമതി ചോദിക്കാമെന്നും, അനുവദിച്ചാലുടൻ അയാളെ അറിയിക്കാമെന്നും പറഞ്ഞു.

112. "താങ്കൾക്ക് കത്ത് ലഭിച്ചാലുടൻ ഷിർദിയിലേയ്ക്ക് വരിക. യാത്രാചെലവുകളെക്കുറിച്ചോർത്ത് വിഷമിക്കേണ്ട. താങ്കൾ അത് വഹിക്കേണ്ടതില്ല. അതിനെക്കുറിച്ച് സംശയമേ വേണ്ട."

113. പിന്നീട് ദീക്ഷിത് മുമ്പേ പോയി (ബാലബുവയേക്കാൾ). ബാബ അദ്ദേഹത്തിന് അനുമതി നൽകി. ബാലബുവ ഷിർദിയിലെത്തി, തൃപ്തിയാവോളം ദർശനം നേടി.

114. സായിബാബ, തന്റെ സാന്നിദ്ധ്യത്തിൽ വളരെ ഇഷ്ടത്തോടെ വിപുലമായ രീതിയിൽ രാമനവമി ഉത്സവം ബാലബുവയുടെ കൈകളാൽ നടത്തി.

115. ബാലബുവയുടെ ഹൃദയത്തിൽ ആഹ്ലാദം തോന്നി. തന്റെ ഉദ്ദേശ്യം സഫലമായിരിക്കുന്നു. സായിബാബയും സന്തുഷ്ടനായിരുന്നു. അങ്ങനെ എല്ലാവരുടെ ആഗ്രഹങ്ങളും നിറവേറ്റപ്പെട്ടു.

116. അയാളുടെ പ്രതീക്ഷകൾ കൂടുതൽ സഫലമായി. 150 ഉറുപ്പിക അയാൾക്ക് നൽകണമെന്ന് നിർദ്ദേശിക്കപ്പെട്ടു; ബുവ വളരെയധികം സന്തോഷവാനായി.

117. കാവാതേയിൽ അഞ്ച് വർഷങ്ങൾ കൊണ്ട് ലഭിക്കുന്ന വേതനം ഒരു ഉത്സവത്തിന് ബാബ നൽകുമ്പോൾ ബാലബുവ എന്തുകൊണ്ട് സന്തോഷിക്കാതിരിക്കണം? അങ്ങനെ അയാൾക്ക് ബാബയോട് കടപ്പാട് തോന്നി.

118. പിന്നീട് ദാസ്ഗനു ഷിർദിയിലെത്തിയപ്പോൾ, ബാബയോട് അപേക്ഷിച്ചപ്രകാരം, വർഷംതോറും ഉത്സവത്തിന് കീർത്തനം നടത്തുന്നത് ദാസ്ഗനുവിനെ ഏൽപ്പിച്ചു.

119. അന്നുമുതൽ, ഈ ദിവസം വരെ, ജന്മോത്സവം[26] വളരെ മോടിയോടെയും ചമൽക്കാരത്തോടെയും നടത്തപ്പെടുന്നു. ആഹാരം മതിയാവോളം വിതരണം

ചെയ്യപ്പെടുകയും ദരിദ്രരും പീഡിതരും സന്തുഷ്ടരാകുകയും ചെയ്യുന്നു.

120. സമാധിമന്ദിരത്തിന്റെ പ്രധാന കവാടത്തിൽ, പരമ്പരാഗതമായ വാദ്യമേളങ്ങളുടെ (ചൻഗ്ബദ, ഷഹനായി മുതലായവ) സംഗീതത്തോടെ ബാബയുടെ നാമം ജപിക്കുന്നത് ആകാശത്ത് പ്രതിധ്വനിക്കുകയും, അന്തരീക്ഷമെങ്ങും ആനന്ദം നിറയുകയും ചെയ്യുന്നു.

121. യാത്ര, ഉറുസ് എന്നിവയെക്കുറിച്ച് ചിന്തിച്ചതുപോലെ, പഴകി ജീർണ്ണിച്ച മസ്ജിദിന് ഒരു പുത്തൻ ഭാവം നൽകണമെന്ന് ഗോപാൽഗുണ്ടിന് പ്രചോദനമുണ്ടായി.

122. മസ്ജിദ് തന്റെ സ്വന്തം കൈകൾകൊണ്ട് നവീകരിക്കണമെന്ന് ഭക്തനായ ഗോപാൽ ഗുണ്ട് ചിന്തിക്കുകയും, അദ്ദേഹം കല്ലുകൾ തയ്യാറാക്കുകയും ചെയ്തു.

123. പക്ഷേ നവീകരണദൗത്യം ഗുണ്ടിന് വിധിച്ചതായിരുന്നില്ല. ശുഭകരമായ ഈ കർമ്മത്തിനുള്ള അവസരം പിന്നീട് ഉചിതമായ സമയത്ത് ഉണ്ടായി.

124. നവീകരണകർമ്മം നാനായാൽ (ചന്ദോർക്കർ) നടത്തപ്പെടണമെന്നും, പിന്നീട് നിലം പാകുന്നത് കാക്കായാൽ (ദീക്ഷിത്) നടത്തപ്പെടണമെന്നും ബാബ ആഗ്രഹിച്ചത് പോലെ കാണപ്പെട്ടു.

125. അതേപോലെ തന്നെ പിന്നീട് സംഭവിച്ചു. തുടക്കത്തിൽ അനുവാദം ചോദിച്ച് അവർ തളർന്നു. പിന്നീട് അവർ മാലസപതിയെ[27] മധ്യസ്ഥനാക്കുകയും ബാബ അനുമതി നൽകുകയും ചെയ്തു.

126. അത് അങ്ങനെയായിരുന്നു. ഒരു രാത്രികൊണ്ട് മസ്ജിദിന്റെ നിലം പാകി കഴിഞ്ഞപ്പോൾ, പിറ്റേദിവസം തന്നെ ബാബ വന്ന് ഗാഡിയിൽ[28] ഇരുന്നു.

127. സഭാമണ്ഡപം നിർമ്മിച്ചത് 1911 വർഷത്തിലായിരുന്നു. അത് വിഷമം പിടിച്ചതും ദുഷ്കരവുമായ ഒരു കൃത്യമായിരുന്നു. അതിൽ വളരെ അനിശ്ചിതത്വങ്ങൾ ഉണ്ടാകുകയും ജനങ്ങൾ ഭയം കൊണ്ട് വിറയ്ക്കുകയും ചെയ്തു[29].

128. മുമ്പത്തെപ്പോലെ, അതേ സാഹചര്യങ്ങളിൽ, ഭക്തർ രാത്രികളിൽ പണിയെടുത്തുകൊണ്ട് ഈ കൃത്യവും പൂർത്തിയാക്കി.

129. രാത്രികളിൽ, വളരെ ക്ലേശത്തോടെ തൂണുകൾ സ്ഥാപിക്കപ്പെടുകയും, പ്രഭാതത്തിൽ ബാബ അവയൊക്കെ പിഴുതെറിയുകയും ചെയ്യും. വീണ്ടും അവസരം കിട്ടുമ്പോൾ അവ പുനഃസ്ഥാപിക്കപ്പെടും. ഇപ്രകാരം എല്ലാവരും ക്ഷീണിതരായി.

130. എല്ലാവരും രണ്ടും കല്പിച്ചൊരുങ്ങി, രാത്രിയെ പകലാക്കി, അവരുടെ ഉദ്ദേശ്യം സഫലമാക്കുന്നതിനുവേണ്ടി ധാരാളം ക്ലേശങ്ങൾ സഹിച്ചു.

131. മുമ്പ് തുറസ്സായ സ്ഥലവും, ചെറിയ ഒരു കളിസ്ഥലവും ഉണ്ടായിരുന്ന ഭാഗം, സഭാമണ്ഡപം[30] പണിയുന്നതിന് യോജിച്ച സ്ഥലമാണെന്ന് ദീക്ഷിത് ചിന്തിച്ചു.

132. ഇരുമ്പ് തൂണുകൾക്കും, കോണുകളിലെ താങ്ങുകമ്പികൾക്കുമായി, ആവശ്യമായ ധനം ചെലവാക്കി, ബാബ ചാവടി[31]യിലായിരിക്കുന്ന സമയത്തൊ

ക്കെയായി പണി പൂർത്തിയാക്കി.

133. രാത്രികൾ പകലാക്കി, ഭക്തന്മാർ വളരെ പണിപ്പെട്ട് തൂണുകൾ ഉയർത്തും. പക്ഷേ, ബാബ ചാവടിയിൽ നിന്നും മടങ്ങിയെത്തിയാലുടൻ, അദ്ദേഹം അവയൊക്കെ പിഴുതെടുക്കും.

134. വളരെ കോപിഷ്ഠനായ ഒരു അവസരത്തിൽ, ബാബ ഒരു കരംകൊണ്ട് താത്ത്യയെ[32] കഴുത്തിന് പിടിക്കുകയും മറ്റേ കരംകൊണ്ട് ഒരു തൂണ് കുലുക്കുകയും അത് പിഴുതെടുക്കാൻ ശ്രമിക്കുകയും ചെയ്തു.

135. അദ്ദേഹം അത് കുലുക്കി ഇളക്കി; താത്ത്യയുടെ തലപ്പാവ് തട്ടിമാറ്റി; തീപ്പെട്ടി ഉരച്ച് അത് കത്തിച്ചു, എന്നിട്ട് കോപത്തോടെ അത് കുഴിയിലേയ്ക്ക് വലിച്ചെറിഞ്ഞു.

136. ആ സമയത്ത്, അദ്ദേഹത്തിന്റെ ദൃഷ്ടികൾ അഗ്നിഗോളങ്ങൾ പോലെ കാണപ്പെട്ടു. അവയുടെ നേർക്ക് നോക്കാൻ ആരാണ് ധൈര്യപ്പെടുക? എല്ലാവർക്കും അവരുടെ ധൈര്യം നഷ്ടമായി.

137. പെട്ടെന്ന് അദ്ദേഹം തന്റെ കീശയിൽ കൈയ്യിട്ട്, ഒരു ഉറുപ്പിക എടുത്ത് അവിടെ എറിഞ്ഞു, ഒരു ശുഭമുഹൂർത്തം കുറിക്കുന്നത് പോലെ.

138. ശകാരങ്ങളും ശാപങ്ങളും വർഷിക്കപ്പെട്ടു. താത്ത്യയും ഉള്ളിൽ വളരെ ഭയപ്പെട്ടു. അത് ഒരു വിഷമഘട്ടമായി തോന്നി. എങ്ങനെയാണ് ഇതൊക്കെ സംഭവിച്ചത്?

139. കാഴ്ചക്കാരെല്ലാം ആശ്ചര്യപ്പെടുകയും വിഷണ്ണരാകുകയും ചെയ്തു. എന്താണ് ഈ ദുഃശകുനം ഈ ദിവസം? താത്ത്യയുടെ മേൽ വീണ ഈ ബുദ്ധിമുട്ട് എങ്ങനെ മാറ്റാൻ കഴിയും?

140. ഭാഗോജി ഷിൻഡെ[33] ധൈര്യമവലംബിക്കുകയും, ശ്രദ്ധയോടെ മുന്നോട്ട് നീങ്ങുകയും ചെയ്തു. അയാളും വളരെ പെട്ടെന്ന് ഒരു ഇരയാകുകയും, ബാബയിൽ നിന്ന് നല്ല ഒരു തല്ല് കിട്ടുകയും ചെയ്തു.

141. മാധവറാവുവും[34] അദ്ദേഹത്തിന്റെ പിടിയിൽ പെടുകയും ഇഷ്ടിക കഷണങ്ങളുടെ വൃഷ്ടി ഏറ്റുവാങ്ങുകയും ചെയ്തു. ആരൊക്കെ ഇടപെടാൻ ശ്രമിച്ചുവോ അവരൊക്കെ ബാബയിൽ നിന്ന് ഇതേപോലുള്ള സൗമനസ്യം നേടി.

142. ആരാണ് ബാബയുടെ മുമ്പിലെത്താൻ ഉദ്യമിക്കുക? എങ്ങനെയാണ് താത്ത്യ രക്ഷിക്കപ്പെടുക? അവർ ഇപ്രകാരം സംസാരിക്കവേ, ബാബയുടെ കോപം ശമിക്കുകയും അദ്ദേഹം ശാന്തനാകുകയും ചെയ്തു.

143. ഒരു കച്ചവടക്കാരനെ ഉടൻ തന്നെ വിളിപ്പിക്കുകയും സിൽക്ക് കരയുള്ള ഒരു തലപ്പാവ് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം സ്വയം അത് താത്ത്യയുടെ ശിരസ്സിൽ കെട്ടി, ബഹുമതികൾ നൽകുന്ന ഒരു രാജാവിനെപ്പോലെ.

144. ആളുകൾ ആശ്ചര്യപ്പെടുകയും, ഈ കോപത്തിന്റെയും, താത്ത്യയുടെ നേരെയുള്ള ആക്രമണത്തിന്റെയും, ബാബ ഇത്തരത്തിലുള്ള ബഹളം കാട്ടുന്നതിന്റെയും കാരണം എന്താണെന്ന് ഗ്രഹിക്കാനും കഴിഞ്ഞില്ല.

145. കോപിഷ്ഠനാകുകയും, അടുത്തനിമിഷം പ്രസന്നമായ ഭാവത്തിലെത്തുകയും

ചെയ്തതിന്റെ കാരണമെന്താണ്? മൂലകാരണം ആർക്കും അറിയാൻ കഴിഞ്ഞില്ല.

146. ചിലപ്പോൾ അദ്ദേഹം ശാന്തനും, സ്നേഹത്തോടെ സംസാരിക്കുകയും ചെയ്തു. ചിലപ്പോൾ കാരണമൊന്നുമില്ലാതെ, മിഴി ചിമ്മുന്ന സമയത്തിനുള്ളിൽ, അദ്ദേഹം അപ്രതീക്ഷിതമായി കോപാകുലനാകും.

147. അത് അങ്ങനെ കഴിഞ്ഞു. അപ്രകാരമാണ് ബാബയുടെ കഥകൾ. ഒന്ന് വിവരിക്കുമ്പോൾ മറ്റൊന്ന് ഓർമ്മ വരുന്നു. ഏത് ഞാൻ വിവരിക്കണം, ഏത് മാറ്റി വയ്ക്കണം? കൂട്ടിക്കലർത്താനുള്ള പ്രവണത ഉചിതമാകില്ല.

148. എനിക്ക് എന്റേതായ താല്പര്യവുമില്ല, ഒന്നും തെരഞ്ഞെടുക്കുന്നതുമില്ല. അവസരത്തിന് യോജിച്ച കഥ ഏതാണോ അത് ശ്രോതാക്കളുടെ ആഗ്രഹങ്ങൾ സഫലമാക്കുകയും, അവരുടെ ഹൃദയത്തിൽ ആനന്ദം നിറയ്ക്കുകയും ചെയ്യും.

149. അടുത്ത അധ്യായത്തിൽ മുതിർന്ന ജനങ്ങളിൽ നിന്നും ശേഖരിച്ച, ബാബ മുസ്ലീമായിരുന്നോ ഹിന്ദുവായിരുന്നോ എന്ന കഥ ശ്രവിക്കുക. ഞാൻ കേട്ടതൊക്കെ എന്റെ കഴിവിനനുസരിച്ച് ഞാൻ വിവരിക്കുന്നതാണ്.

150. ദക്ഷിണയായി[35] ശേഖരിച്ച പണം നവീകരണത്തിനായി (പഴയ ക്ഷേത്രങ്ങളുടെ) ഉപയോഗിച്ചതെങ്ങനെ; ധോതി-പോതി, ഖണ്ഡ-യോഗം തുടങ്ങിയ യോഗചര്യകളിലൂടെ ശരീരം ക്ലേശിപ്പിച്ചത് എങ്ങനെ.

151. മറ്റുള്ളവരുടെ ക്ഷേമത്തിന് വേണ്ടി എങ്ങനെയാണ് അദ്ദേഹം പരിശ്രമിച്ചതെന്നും[36] ഭക്തരുടെ ക്ലേശങ്ങൾ എങ്ങനെ ഒഴിവാക്കി എന്നും അടുത്ത അധ്യായത്തിൽ വിശദമാക്കുന്നതാണ്. ശ്രോതാക്കൾ സന്തുഷ്ടരാകും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ ആറാം അധ്യായം “രാമ-ജന്മ ആഘോഷങ്ങളുടെ കഥാവിവരണം” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായി നാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. അദ്ദേഹം കത്തിച്ച ദിവ്യ അഗ്നിയിൽ നിന്നുള്ള ദിവ്യമായ ചാരം, ആ അഗ്നി ഇപ്പോഴും കത്തുന്നു.
2. ശരീരത്തെയും മനസ്സിനെയും ഇളക്കുന്ന എട്ട് തരത്തിലുള്ള സാത്വികഭാവങ്ങൾ ഇവയാണ്: അനക്കമില്ലായ്മ, വിയർക്കൽ, രോമാഞ്ചം, അവ്യക്തമായ ഭാഷണം, വിറയൽ, വിളർച്ച, കണ്ണുനീർ പൊഴിക്കുന്നത്, അബോധാവസ്ഥ.
3. കൃഷ്ണന്റെ ഉത്തമശിഷ്യൻ.
4. അയാൾ കോപർഗാവണിലെ നികുതി വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടറായിരുന്നു.
5. മതപരമായ ഒരു ചടങ്ങ്.

6. ഗ്രാമാധിപതി.
7. നാനാസാഹേബ് നിമോൺകാർ അഥവാ ശങ്കരറാവുരഘുനാഥദേശ് പാണ്ഡെ
8. അഹമ്മദ്നഗറിലെ ദാമോദർ രസാനേ
9. എഡി 1911
10. 'ആരതികൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്
11. ലക്ഷ്മൺ ഗണേഷ് അഥവാ കാക്കാ മഹാജനി
12. കീർത്തനങ്ങൾ നടത്തുന്നവൻ.
13. അവൾ ഒരു ബാലവിധവയായിരുന്നു; സുന്ദരഭായി ക്ഷീരസാഗർ എന്ന് പേരായ അവൾ പന്ധർപൂരിൽ നിന്നും സ്വന്തം ഇഷ്ടത്താൽ ഏകദേശം 1907 ൽ ഷിർദിയിലെത്തി.
14. ഇഞ്ചി ചേർത്ത് ഉണ്ടാക്കുന്ന മധുരപലഹാരം.
15. ചെറിയ അരുവിയുടെ തീരത്തുള്ള പൂന്തോട്ടം.
16. എല്ലാ മസ്ജിദുകളിലും പടിഞ്ഞാറ് ഭാഗത്ത് ഒരു ഭിത്തിമാടം ഉണ്ടാകും.
17. ഐശ്വര്യം നേടുന്നതിനുവേണ്ടി.
18. വിഷ്ണുവിന്റെ നരസിംഹാവതാരം.
19. വിഷ്ണുവിന്റെ നരസിംഹാവതാരം.
20. ഉത്സവത്തിനായി, അവൾ തൊട്ടിൽ നൽകിയിരുന്നു.
21. തൈര്, വേവിച്ച അരി, നാണയങ്ങൾ എന്നിവ നിറച്ച മൺകുടം പൊട്ടിക്കുമ്പോഴുള്ള ആഹ്ലാദവും, ഉത്സാഹത്തിമിർപ്പും. മൺകുടം വളരെ ഉയരത്തിൽ കെട്ടിയ ശേഷം ഉത്സവത്തിൽ പങ്കെടുക്കുന്ന ആളുകളെക്കൊണ്ട് മനുഷ്യക്കോണി ഉണ്ടാക്കി, അത് ഉടയ്ക്കുന്നു.
22. സതാറാ ജില്ലയിലെ ചെറിയ ഒരു സ്ഥലമാണ് ബൃഹദ് സിദ്ധകാവാതേ. സതാർകർ, വർഷങ്ങളായി ഇവിടെ രാമനവമി കീർത്തനം നടത്തിയിരുന്നു.
23. സ്ഥാപനം
24. അക്ബർ, ശിവരാത്രിയും അവിടെ ആഘോഷിക്കപ്പെട്ടിരുന്നു.
25. ഹരിസീതാറാം ദീക്ഷിത്.
26. രാമനവമി, ഇപ്പോഴും ഷിർദിയിൽ അത് ആഘോഷിക്കപ്പെടുന്നു.
27. ഖണ്ഡോബാ ക്ഷേത്രത്തിലെ പൂജാരിയായിരുന്ന അയാൾ ഒരു സ്വർണ്ണപ്പണിക്കാരനായിരുന്നു.
28. ചാക്ക്വസ്ത്രം ഉപേക്ഷിച്ച്, ചാരിയിരിക്കാനുള്ള ചെറുമെത്തയോടു കൂടിയ ഇരിപ്പിടം സ്വീകരിച്ചു.
29. ഉദ്യമം പൂർണ്ണമാകുന്നതിന് മുമ്പ് തടസ്സങ്ങൾ ഉണ്ടാകുമെന്ന് ഭയന്നു.
30. ജനങ്ങൾ സമ്മേളിക്കാനുള്ള, മേൽക്കൂരയുള്ള ചെറിയ മുറ്റം.
31. 1909 ഡിസംബർ 10 മുതൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ബാബ ചാവടിയിൽ

ഉറങ്ങുകയും രാത്രിയിലെ ആരതി അവിടെ പാടാനും തുടങ്ങി.

32. താത്ത്യ കോത്തേ്യ പാട്ടീൽ, ബായ്ജാ ബായിയുടെ പ്രിയപുത്രൻ.

33. അയാളുടെ ശരീരം മുഴുവൻ കുഷ്ഠരോഗം ബാധിച്ചിരുന്നു. പക്ഷേ, അയാൾ ഒരു ഉത്തമഭക്തനായിരുന്നു. അതിനാൽ മസ്ജിദിൽ ദിനവും രാവിലെ തന്റെ കൈയ്യും പാദങ്ങളും നെയ്യ് ഉപയോഗിച്ച് തിരുമ്മുവാൻ ബാബ അയാളെ അനുവദിച്ചിരുന്നു. പ്രഭാതങ്ങളിൽ ബാബ ലെൻഡിയിലേയ്ക്ക് പോകുമ്പോൾ, ഭാഗോജി അദ്ദേഹത്തിന്റെ ശിരസ്സിന് മുകളിൽ കുട പിടിക്കുമായിരുന്നു, മറു കൈയിൽ ജലപാത്രവും പിടിച്ച്, അയാൾ ബാബയെ അനുഗമിക്കുമായിരുന്നു.

34. ദേശ്പാണ്ഡെ, ബാബ അയാളെ അത്യധികം സ്നേഹിച്ചിരുന്നു. അയാൾക്ക് മാത്രമേ ബാബയെ എന്തെങ്കിലും കാര്യത്തിന് നിർബന്ധിക്കാനും, അടുപ്പത്തോടെ സംസാരിക്കാനും കഴിഞ്ഞിരുന്നുള്ളൂ.

35. സമ്മാനവസ്തുക്കൾ.

36. അധ്വാനിക്കുകയും സേവകൾ ചെയ്യുകയും ചെയ്തിരുന്നത്.

7

# വിവിധ കഥകളുടെ വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിലെ കഥാതന്തുക്കൾ നമുക്ക് നോക്കാം. ക്ഷേത്രങ്ങളുടെ നവീകരണം ബാബ എത്രമാത്രം ഇഷ്ടപ്പെട്ടിരുന്നു എന്ന് നമുക്ക് ഓർക്കാം!

2. മറ്റുള്ളവർക്ക് ഉപകാരം ചെയ്യാൻ എത്രമാത്രം തല്പരനായിരുന്നു അദ്ദേഹം! എങ്ങനെയാണ് അദ്ദേഹം ഭക്തരെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്തത്! അദ്ദേഹം സ്വയം എത്രമാത്രം ക്ലേശിച്ചിരുന്നു! ഭക്തന്മാർക്കുവേണ്ടി എങ്ങനെയാണ് അദ്ദേഹം ക്ലേശമനുഭവിച്ചത്!

3. ഖണ്ഡയോഗം അനുഷ്ഠിച്ചുകൊണ്ട് അദ്ദേഹം സമാധി[1] ശീലിക്കും. ധോതി-പോതി പോലുള്ള മറ്റ് യോഗചര്യകളും അദ്ദേഹം ചെയ്യാറുണ്ടായിരുന്നു. ചിലപ്പോൾ അദ്ദേഹം തന്റെ ശിരസ്സ്, കാലുകൾ, കരങ്ങൾ എന്നിവ ദേഹത്തിൽ നിന്ന് ഛേദിക്കുകയും പിന്നീട് അവ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരികയും ചെയ്യും.

4. നിങ്ങൾ അദ്ദേഹത്തെ ഒരു ഹിന്ദു എന്ന് വിളിച്ചാൽ, അദ്ദേഹം ഒരു മുസ്ലീമിനെപ്പോലെ കാണപ്പെട്ടിരുന്നു. മുസ്ലീമെന്നാണെങ്കിലോ, ഒരു ഹിന്ദുവിന്റെ എല്ലാ ശുഭലക്ഷണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു! അത്തരത്തിലായിരുന്നു ഈ അസാധാരണമായ അവതാരം. ഏത് ജ്ഞാനിക്കാണ് അദ്ദേഹത്തെ വർണ്ണിക്കാൻ കഴിയുക!

5. അദ്ദേഹം ഹിന്ദുവാണോ മുസ്ലീമാണോ എന്നുള്ള ചെറിയ ഒരു അനുമാനം പോലും നടത്താൻ ആർക്കുമായില്ല! രണ്ടു വിഭാഗങ്ങളോടും അദ്ദേഹത്തിന് എല്ലായ്പ്പോഴും ഒരേ പെരുമാറ്റമാണ് ഉണ്ടായിരുന്നത്.

6. രാമനവമി ഒരു ഹിന്ദു ആഘോഷമായിരുന്നു. സഭാമണ്ഡപത്തിൽ തൊട്ടിൽ കെട്ടി, കഥകളും കീർത്തനങ്ങളും പാരായണം ചെയ്യിച്ചുകൊണ്ട് ഇത് അദ്ദേഹം തന്റെ സ്വന്തമെന്നപോലെ ആഘോഷിക്കും.

7. മണ്ഡപത്തിൽ, അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ, തൊട്ടിൽ കെട്ടുകയും, അദ്ദേഹം കീർത്തനങ്ങൾ നടത്തിക്കുകയും ചെയ്യും. അതേദിവസം രാത്രി,

മുസ്ലീങ്ങൾക്ക് ചന്ദനഘോഷയാത്ര[2] അനുവദിക്കുകയും ചെയ്യും.

8. അനേകം മുസ്ലീങ്ങൾ, ചേരണമെന്ന് ആഗ്രഹിക്കുന്നവരൊക്കെയും, മോടിയോടെയും പകിട്ടോടെയും ചന്ദനഘോഷയാത്രയിൽ പങ്കെടുക്കും. രണ്ട് ആഘോഷങ്ങളും ഒരേ പോലെ, ആഹ്ലാദകരമായി കൊണ്ടാടപ്പെട്ടിരുന്നു.

9. രാമനവമിദിനം പുലരുമ്പോൾ, അദ്ദേഹം ഗുസ്തി മത്സരങ്ങൾ ഒരുക്കുന്നതിൽ തല്പരനും കുതിരകൾ, കാൽത്തളകൾ, തലപ്പാവ് തുടങ്ങിയ സമ്മാനങ്ങൾ ഉത്സാഹത്തോടെ വിതരണവും ചെയ്തിരുന്നു.

10. ഗോകുലാഷ്ടമി[3] ഉത്സവം എത്തുമ്പോൾ അദ്ദേഹം ഗോപാലകല നടത്തിക്കും; അതേപോലെ ഈദ്[4]-ദിനമാകുമ്പോൾ, നമസ് ചെയ്യുന്നതിൽ നിന്നും മുസ്ലീങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതുമില്ല.

11. ഒരിക്കൽ മുഹറം ആഘോഷമായപ്പോൾ, ചില മുസ്ലീങ്ങൾ മസ്ജിദിലെത്തി, താസിയ[5] ഘോഷയാത്ര ഗ്രാമത്തിൽ നടത്തുന്നതിന് അനുവാദം ചോദിച്ചു.

12. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം താസിയ നിർമ്മിക്കപ്പെട്ടു. നാലുദിവസങ്ങൾ അത് സൂക്ഷിക്കപ്പെടുകയും അഞ്ചാമത്തെ ദിവസം അത് നീക്കംചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന് സന്തോഷമെന്നോ, അസ്വാരസ്യമെന്നോ ഉള്ള ഭാവഭേദമുണ്ടായിരുന്നില്ല.

13. അദ്ദേഹം മുസ്ലീമെന്നാണെങ്കിൽ, അദ്ദേഹം ബാഹ്യകർണ്ണങ്ങൾ കുത്തിയിട്ടുണ്ട്. അദ്ദേഹം ഹിന്ദുവെന്നാണെങ്കിൽ, സുന്നത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. അപ്രകാരം – ഹിന്ദുവുമല്ല മുസ്ലീമുമല്ല – അത്തരത്തിലായിരുന്നു സായിയുടെ ദിവ്യ അവതാരം.

14. അദ്ദേഹം ഒരു ഹിന്ദുവാണെങ്കിൽ, അദ്ദേഹം എല്ലായ്പ്പോഴും മസ്ജിദിലാണ് വസിച്ചത്. അദ്ദേഹം ഒരു മുസ്ലീമാണെങ്കിൽ, മസ്ജിദിൽ രാത്രിയും പകലും പവിത്രമായ അഗ്നി എരിയുന്നുണ്ടായിരുന്നു.

15. മസ്ജിദിനുള്ളിൽ തന്നെ ധാന്യങ്ങൾ പൊടിക്കുന്നതിനുള്ള തിരികല്ല് ഉണ്ട്; മസ്ജിദിനുള്ളിൽ മണികൾ മുഴങ്ങുകയും ശംഖ് വിളിക്കുകയും ചെയ്യുന്നുണ്ട്; മസ്ജിദിൽ പവിത്രമായ അഗ്നിയിൽ ആഹുതി അർപ്പിക്കപ്പെടുന്നു. എന്ത് തരത്തിലുള്ള മുസ്ലീമായിരുന്നു അദ്ദേഹം?

16. മസ്ജിദിൽ എല്ലായ്പ്പോഴും ഭജനകളുടെ പാരായണം ഉണ്ടായിരുന്നു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തിരുന്നു. ഈശ്വരന് നൈവേദ്യവും, പാദങ്ങളുടെ ആരാധനയും പൂജയും ഉണ്ടായിരുന്നു. എന്ത് തരത്തിലുള്ള മുസ്ലീമായിരുന്നു അദ്ദേഹം?

17. അദ്ദേഹം മുസ്ലീം എന്ന് വിളിക്കപ്പെട്ടാൽ, ശ്രേഷ്ഠരായ ബ്രാഹ്മണർ എത്തി അദ്ദേഹത്തിന് പൂജകൾ ചെയ്യും. അഗ്നിഹോത്രികൾ[6], അവർ പരിശുദ്ധരാണെന്ന അഹങ്കാരം അടിയറവച്ച് അദ്ദേഹത്തെ വന്ദിക്കും.

18. ഇപ്രകാരം ജനങ്ങൾ അവരുടെ ഉള്ളിൽ ആശ്ചര്യപ്പെട്ടു. അവർക്ക് എന്ത് അനുഭവം തോന്നിയാലും അവർ അതിൻപ്രകാരം പ്രവർത്തിക്കുകയും, ദർശനസമയത്ത് നിശ്ശബ്ദരായി വർത്തിക്കുകയും ചെയ്യും.

19. ഒരു മനുഷ്യൻ ഈശ്വരനിൽ സ്വയം സമർപ്പിച്ചിരിക്കുമ്പോൾ, അയാൾ ഹിന്ദുവെന്നോ മുസ്ലീമെന്നോ വിളിക്കപ്പെടാമോ? അയാൾ താഴ്ന്ന പരിതസ്ഥിതിയിൽ ജനിച്ചതാകാം, അല്ലെങ്കിൽ അയാൾ താഴ്ന്ന ജാതിക്കാരനാകാം, അല്ലെങ്കിൽ ജാതി ഇല്ലാത്തവനാകാം (സമൂഹത്തിന്റെ ചട്ടങ്ങൾക്ക് പുറത്ത്). അയാളുടെ പ്രാധാന്യത്തിന് ജാതി ഒരു അളവുകോൽ ആകുന്നില്ല.

20. ദേഹബോധം ഇല്ലാത്ത ഒരുവന്, അവൻ ഹിന്ദുവായാലും മുസ്ലീം ആയാലും, എല്ലാ ജാതികളും എല്ലാ വർഗ്ഗങ്ങളും തുല്യമാണ്. ജാതിയിൽ നിന്നും ഉണ്ടാകുന്ന വിവേചനം അവന് ബാധകമല്ല.

21. അദ്ദേഹം ഫക്കീർമാരോടൊപ്പം മാംസം കഴിച്ചു, അല്ലെങ്കിൽ സ്വയം മത്സ്യം ഭക്ഷിച്ചു; തന്റെ ആഹാരത്തിൽ ഒരു നായ അതിന്റെ വായ വച്ചാൽ പോലും അദ്ദേഹത്തിന് അറപ്പ് തോന്നിയിരുന്നില്ല.

22. ഒരു കർഷകൻ നടപ്പ് വർഷത്തിൽ ലഭിക്കുന്ന ധാന്യങ്ങൾ സൂക്ഷിപ്പുമുറി പണിത് അതിൽ സൂക്ഷിക്കുന്നു, എന്തുകൊണ്ടെന്നാൽ, അടുത്തവർഷം ക്ഷാമമുണ്ടാകുകയാണെങ്കിൽ അത് ഉപയോഗപ്രദമാകും.

23. അതേപോലെ ഒരു ചാക്ക്സഞ്ചി നിറയെ ഗോതമ്പ് ശേഖരിച്ചിരുന്നു, ഒപ്പം ധാന്യം പൊടിക്കുന്നതിനുള്ള തിരികല്ലും[7] മസ്ജിദിലുണ്ടായിരുന്നു. ധാന്യം പാറ്റുന്നതിനുള്ള മുറങ്ങളും ഉണ്ടായിരുന്നു. ഒരു ഗൃഹനാഥന് ആവശ്യം വേണ്ടുന്ന വസ്തുക്കൾക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല.

24. പന്തലിനുള്ളിൽ അലങ്കരിച്ച, മനോഹരമായ, വിശേഷപ്പെട്ട ഒരു തുളസിവൃന്ദാവനം[8] ഉണ്ടായിരുന്നു. അടുത്ത് തന്നെ മനോഹരമായി കൊത്തുപണികൾ ചെയ്ത തടിയിൽ പണിത ഒരു രഥ[9]വുമുണ്ടായിരുന്നു.

25. എന്റെ പൂർവ്വജന്മങ്ങളിലെ പുണ്യകർമ്മങ്ങൾ കൊണ്ടാണ് എനിക്ക് ഈ ശ്രേഷ്ഠവസ്തുക്കളുമായി സമ്പർക്കം ലഭിച്ചത്. ഇവ ഞാൻ എന്റെ ഹൃദയത്തിൽ ചേർത്തുവയ്ക്കുകയും അവസാനം വരെ ഒന്നിന്റെയും അഭാവം തോന്നുകയുമില്ല.

26. പൂർവ്വജന്മങ്ങളിലെ പുണ്യപ്രവൃത്തികൾക്ക് നന്ദിയുണ്ട്, എന്തെന്നാൽ എനിക്ക് അദ്ദേഹത്തിന്റെ പാദങ്ങളിലെത്താൻ കഴിഞ്ഞു, മനഃശാന്തി ലഭിച്ചു, ഗൃഹകാര്യങ്ങളിൽ സംതൃപ്തി നേടി.

27. വരുംകാലങ്ങളിൽ ഞാൻ എത്രമാത്രം സമ്പൽസമൃദ്ധി നേടിയാലും സായിയുടെ സമ്പർക്കത്തിൽ നിന്നും ഞാൻ അനുഭവിച്ചതും, നേടാൻ അനുഗ്രഹിക്കപ്പെട്ടതുമായ സന്തോഷം ഒരിക്കലും തിരികെ കിട്ടില്ല.

28. സായി പരമാനന്ദത്തിന്റെ കലവറയാണ്! എങ്ങനെയാണ് എനിക്ക് അദ്ദേഹത്തിന്റെ മഹിമ വർണ്ണിക്കാൻ കഴിയുന്നത്? അദ്ദേഹത്തിന്റെ മുമ്പിൽ സ്വയം സമർപ്പിച്ചവരൊക്കെയും എന്നന്നേയ്ക്കുമായി ആ അവസ്ഥയിൽ വസിച്ചു.

29. ദണ്ഡ് പിടിച്ച് മാൻതോൽ വസ്ത്രമായും ഇരിപ്പിടമായും ഉപയോഗിച്ച് തപശ്ചര്യകൾ അനുഷ്ഠിച്ച സന്ന്യാസിമാർ; ഹരിദ്വാറും തീർത്ഥങ്ങളും സന്ദർശിച്ചവർ; കഠിനമായ വ്രതചര്യകൾ അനുഷ്ഠിച്ചവർ; ലൗകികജീവിതം ഉപേക്ഷിച്ച

വരും നിസംഗപരിത്യാഗികളും അവിടെ എത്തി.

30. അദ്ദേഹം സംസാരിക്കും, നടക്കും, ഒരുപാട് ചിരിക്കുകയും ചെയ്യും; എല്ലായ്പ്പോഴും 'അള്ളാമാലിക്' എന്ന് ഉരുവിടും; വാക്കുതർക്കങ്ങളും ചർച്ചകളും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല, എല്ലായ്പ്പോഴും ഒരു സത്ക[10] കരത്തിൽ വഹിച്ചിരുന്നു.

31. യോഗിയായ, പ്രകൃത്യാ നിസംഗനായ, ആഗ്രഹങ്ങളില്ലാത്ത, ആരോടും വിദ്വേഷമില്ലാത്ത അദ്ദേഹത്തിന്റെ ഭാഷണത്തിൽ വേദാന്തതത്ത്വം ഒഴുകിയിരുന്നു (വേദാന്തത്തിൽ ജ്ഞാനിയായിരുന്നു)! അവസാനം വരെയും ബാബ ആരായിരുന്നു എന്ന് ആർക്കും ഗ്രഹിക്കാൻ കഴിഞ്ഞില്ല.

32. ധനികനോടും ദരിദ്രനോടും അദ്ദേഹം ഒരേപോലെ ഇടപെട്ടു. ഒരു ധനികന്റെ പുത്രനും, ഒരു പൈസ പോലും ഇല്ലാത്ത ഭിക്ഷക്കാരനും ഒരേ മാനദണ്ഡം കൊണ്ട് അളക്കപ്പെട്ടു.

33. ആരുടെയും നല്ലതും ചീത്തയുമായ പ്രവൃത്തികളും, ഉള്ളിന്റെയുള്ളിലെ രഹസ്യങ്ങളും അദ്ദേഹം അറിയും. അവരുടെ, മറ്റാരും അറിയാത്ത രഹസ്യങ്ങൾ പോലും ചില സൂചനകളിലൂടെ അദ്ദേഹം പറയുകയും അത് ഭക്തരെ അദ്ഭുതപ്പെടുത്തുകയും ചെയ്യും.

34. അദ്ദേഹം അറിവിന്റെയും വിജ്ഞാനത്തിന്റെയും മൂർത്തരൂപമായിരുന്നു. അത് അദ്ദേഹം മറച്ചുവയ്ക്കുകയായിരുന്നു. ബഹുമതികൾ നൽകപ്പെടുന്നത് അദ്ദേഹത്തിന് ഒരു ബാധ്യതയായിരുന്നു. ഇത്തരത്തിലായിരുന്നു ബാബയുടെ ലക്ഷണങ്ങൾ.

35. നശ്വരമായ ഒരു ദേഹമുണ്ടായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ പ്രവൃത്തികൾ ഈശ്വരന്റേതുപോലെ, വേറിട്ട് അസാധാരണമായിരുന്നു. തീർച്ചയായും അദ്ദേഹം ഷിർദിയുടെ ദേവനായിരുന്നു. എല്ലാ ജനങ്ങളും ഇത് വാസ്തവമായും വിശ്വസിച്ചിരുന്നു.

36. എത്രയായിരുന്നു ബാബയുടെ അദ്ഭുതലീലകൾ! എത്രയെണ്ണമാണ് നിസ്സാരമനുഷ്യനായ എനിക്ക് വർണ്ണിക്കാൻ കഴിയുന്നത്! അനേകം ക്ഷേത്രങ്ങളുടെയും ദേവതകളുടെയും നവീകരണകർമ്മം ബാബ ചെയ്യുകയുണ്ടായി.

37. ഷിർദിയിൽ തന്നെ, താത്ത്യപാട്ടീലിന്റെ കൈകൾകൊണ്ട് ശനി, ഗണപതി, ശങ്കർ–പാർവ്വതി, ഗ്രാമദേവത, മാരുതി ക്ഷേത്രങ്ങൾ എന്നിവ അദ്ദേഹം നവീകരിച്ചു.

38. ജനങ്ങളിൽ നിന്നും അദ്ദേഹം ദക്ഷിണ[11]യായി സ്വീകരിച്ച ധനത്തിൽ കുറച്ച് ദാനകർമ്മങ്ങൾക്കായും, കുറച്ച് വെറുതെ കൊടുത്ത് തീർക്കുകയും ചെയ്തു.

39. ചിലർക്ക് അദ്ദേഹം ദിനവും മുപ്പത് ഉറുപ്പിക നൽകും; ചിലർക്ക് പത്ത്, പതിനഞ്ച് അല്ലെങ്കിൽ അമ്പത്. ഇതേപോലെ അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച്, അദ്ദേഹം സന്തോഷത്തോടെ വിതരണം ചെയ്തു.

40. ഈ ധനം എല്ലാ മതസ്ഥരിൽ നിന്നും വന്നതാണ്; അത് സ്വീകരിച്ചവർക്ക് ഇത് അറിവുള്ളതായിരുന്നു. അത് നല്ല രീതിയിൽ ചെലവഴിക്കണമെന്നതാ

യിരുന്നു ബാബയുടെ ആഗ്രഹം.

41. അത് അപ്രകാരമാകട്ടെ! അദ്ദേഹത്തിന്റെ ദർശനം ഒന്നുകൊണ്ടു മാത്രം അനേകം ജനങ്ങൾ സൗഭാഗ്യങ്ങൾ നേടി; അനേകം ദുഷ്ടന്മാർ നന്മയുള്ളവരായി മാറി; അനേകം ജനങ്ങൾ രോഗവിമുക്തരായി (കുഷ്ഠം), കൂടാതെ ധാരാളം പേർ ഉത്തമഗതി നേടി.

42. അഞ്ജനം, കുഴമ്പ്, ഔഷധച്ചെടികളുടെ നീര് എന്നിവയൊന്നും പുരട്ടാതെ അനേകം പേർ കാഴ്ച വീണ്ടെടുത്തു. അദ്ദേഹത്തിന്റെ പാദങ്ങളിൽ ശരണം പ്രാപിച്ചതുകൊണ്ടു മാത്രം മുടന്തന്മാരായിരുന്നവർ നടക്കാൻ തുടങ്ങി.

43. അദ്ദേഹത്തിന്റെ അപരിമിതമായ മഹത്വം അത്തരത്തിലായിരുന്നു, ആർക്കും അതിന്റെ വ്യാപ്തി ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല. നാല് ദിശകളിൽ നിന്നും എണ്ണമില്ലാത്ത ജനങ്ങൾ പ്രവഹിക്കാൻ തുടങ്ങി.

44. 'ധുനി'ക്ക് സമീപത്തായ സ്ഥാനത്ത് അദ്ദേഹം ഇരുന്നു. അവിടെ തന്നെ അദ്ദേഹം വിശ്രമിച്ചു. അതേസ്ഥലത്ത് ചിലപ്പോൾ കുളി കഴിഞ്ഞോ, ചിലപ്പോൾ കുളിക്കാതെയോ ഇരുന്നു. അദ്ദേഹം എല്ലായ്പ്പോഴും ധ്യാനത്തിൽ മുഴുകാൻ തല്പരനായിരുന്നു.

45. അദ്ദേഹത്തിന്റെ ശിരസ്സിൽ പ്രത്യേക തരത്തിലുള്ള വെളുത്ത ഒരു തലപ്പാവുണ്ടായിരിക്കും, അരയിൽ വൃത്തിയുള്ള ഒരു ധോത്തി കെട്ടിയിരിക്കും. ഒരു കുപ്പായം അഥവാ 'പെഹ്റാൻ' ധരിച്ചിരിക്കും. തുടക്കത്തിൽ അദ്ദേഹത്തിന്റെ വേഷം ഇത്തരത്തിലായിരുന്നു.

46. ആദ്യകാലങ്ങളിൽ, അദ്ദേഹം ഗ്രാമത്തിൽ ആയുർവേദ ഔഷധങ്ങൾ നൽകിയിരുന്നു. രോഗികളെ പരിശോധിച്ച് അദ്ദേഹം മരുന്ന് നൽകിയിരുന്നു. രോഗങ്ങൾ ചികിത്സിക്കുന്നതിൽ നൈപുണ്യമുണ്ടായിരുന്ന അദ്ദേഹം പ്രശസ്തനായ 'ഹക്കിം'[12] ആയി.

47. ഒരിക്കൽ, ഒരു ഭക്തന്റെ കണ്ണുകൾ വീർത്ത് ചുവന്ന ഗോളങ്ങൾ പോലെയായി. കൃഷ്ണമണികൾ രണ്ടും രക്തംപോലെ ചുവക്കുകയും, ഷിർദിയിൽ 'വൈദ്'[12] ആരുമുണ്ടായിരുന്നുമില്ല.

48. നിഷ്കളങ്കരും, ധാർമ്മികരുമായ ഭക്തന്മാർ അയാളുടെ കണ്ണുകൾ ബാബയുടെ അടുത്ത് കാട്ടി. ബാബ ഉടൻ തന്നെ ചേരുമരക്കായ്[13] അഥവാ ബീബ[14] പൊടിച്ചെടുത്ത് ചെറിയ ഉരുളയാക്കി.

49. ഈ സാഹചര്യത്തിൽ, ചിലർ സുറുമ പുരട്ടും; ചിലർ പശുവിന്റെ പാലിൽ മുക്കിയ തുണിക്കഷണങ്ങൾ വയ്ക്കും; മറ്റു ചിലർ തണുപ്പുള്ള കർപ്പൂര കഷണങ്ങൾ കണ്ണുകളിൽ വയ്ക്കുകയോ, ചിലർ അഞ്ജനം പുരട്ടുകയോ ചെയ്യും.

50. പക്ഷേ, ബാബയുടെ ഔഷധം തീർത്തും വിഭിന്നമായിരുന്നു. അദ്ദേഹം തന്റെ സ്വന്തം കൈകളിൽ ഓരോ 'ബീബ' കഷണങ്ങൾ എടുത്ത് ഓരോന്നും ഓരോ കണ്ണുകളിലായി അമർത്തിവച്ചുകൊണ്ട്, ഒരു തുണിക്കഷണം കൊണ്ട് ചുറ്റിക്കെട്ടി.

51. പിറ്റേന്ന്, കണ്ണുകൾക്ക് ചുറ്റും കെട്ടിയിരുന്ന തുണിക്കഷണം മാറ്റി, തണുത്ത

വെള്ളം ധാരധാരയായി ഒഴിച്ച് കണ്ണുകൾ കഴുകി. നീർവീക്കം പൂർണ്ണമായും മാറി, കൃഷ്ണമണികൾ തെളിഞ്ഞ് കണ്ടു.

52. കണ്ണുകൾ പോലെ മൃദുലമായ ഒരു അവയവം 'ബീബ' കൊണ്ട് ചികിത്സിച്ചിട്ടും, നീറ്റൽ തീരെ ഉണ്ടായിരുന്നുമില്ല, രോഗം ഭേദമാകുകയും ചെയ്തു. അത്തരത്തിലായിരുന്നു എണ്ണമറ്റ അനുഭവങ്ങൾ.

53. അദ്ദേഹത്തിന് 'ധോതി–പോതി' പോലുള്ള യോഗചര്യകൾ അറിയാമായിരുന്നു. ആരുമറിയാതെ അദ്ദേഹം വിജനമായ സ്ഥലത്തേക്ക് പോകുകയും, സ്നാനം ചെയ്യുമ്പോൾ, കുടൽമാല പുറത്തേയ്ക്ക് ഛർദ്ദിച്ച്, കഴുകി ഉണക്കാൻ ഇടുകയും ചെയ്യും.

54. മസ്ജിദിൽ നിന്നും കിണറ്റിലേക്ക് ഉള്ള ദൂരത്തിന്റെ അതേ അകലത്തിൽ മറ്റൊരുഭാഗത്ത് ഒരു ആൽമരം ഉണ്ടായിരുന്നു; അതും കഴിഞ്ഞ് മറ്റൊരു കിണറുണ്ടായിരുന്നു, അവിടെ ഓരോ മൂന്നുദിവസങ്ങൾ ഇടവിട്ട് അദ്ദേഹം പോകുമായിരുന്നു.

55. നട്ടുച്ചനേരത്ത്, സൂര്യൻ ഉച്ചസ്ഥായിയിലായിരിക്കേ, ചുറ്റും ആരുമില്ലെന്ന് ഉറപ്പാക്കിയശേഷം, അദ്ദേഹം സ്വന്തം കൈകൾകൊണ്ട് കിണറിൽ നിന്നും വെള്ളം കോരിയെടുത്ത് മുഖം കഴുകുകയും സ്നാനാദികർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യും.

56. അങ്ങനെയുള്ള ഒരു അവസരത്തിൽ, അദ്ദേഹം സ്നാനം നടത്തവേ, പെട്ടെന്ന് തന്റെ കുടൽമാല പുറത്തെടുത്ത് അവിടെ വച്ച് തന്നെ കഴുകി വൃത്തിയാക്കി.

57. ആടുകളെ അറുക്കുമ്പോൾ, അതിന്റെ കുടൽമാല എടുത്ത് അകംപുറം തിരിച്ചെടുക്കും, നന്നായി കഴുകിയശേഷം വൃത്തിയാക്കി മടക്കി എടുക്കും.

58. അതേപോലെ, അദ്ദേഹം തന്റെ സ്വന്തം കുടൽമാല നീക്കം ചെയ്ത്, അകംപുറം തിരിച്ച് കഴുകി, ജംബുഫലവൃക്ഷത്തിൽ വിരിച്ചിട്ടു. ജനങ്ങൾ വളരെയധികം ആശ്ചര്യപ്പെട്ടു.

59. ഈ കാഴ്ച സ്വന്തം കണ്ണുകൾകൊണ്ട് കണ്ടവരുടെ കൂട്ടത്തിൽ ചിലർ ഇപ്പോഴും ഷിർദിയിൽ ജീവിക്കുന്നുണ്ട്. അദ്ദേഹം അസാധാരണക്കാരനായ ദിവ്യനായിരുന്നു എന്ന് അവർ പറയുന്നു.

60. ചിലപ്പോൾ അദ്ദേഹം 'ഖണ്ഡയോഗം' പരിശീലിക്കുകയും കൈകാലുകൾ വേർപെടുത്തുകയും ചെയ്യും. അത്തരത്തിൽ, അവ മസ്ജിദിൽ അവിടെയും ഇവിടെയുമായി ചിതറികിടക്കും.

61. ഇത്തരത്തിൽ ശരീരം, തുണ്ടുകളും കഷണങ്ങളുമായി മുറിക്കപ്പെടും. ആ കാഴ്ച മൊത്തത്തിൽ വളരെ ഭീകരമായിരിക്കും. അനേകം പേർ ഇത് കാണാനായി ഓടിക്കൂടുമ്പോൾ ബാബയെ ക്ഷതമേൽക്കാതെ സ്വാഭാവികരീതിയിൽ അവർ കാണും.

62. ഒരിക്കൽ അത്തരത്തിലുള്ള രംഗം കണ്ട ഒരുവൻ വളരെ ഭയപ്പെടുകയും, ഏതോ ഒരു ദുഷ്ടവ്യക്തി ബാബയെ വധിച്ച് ഈ മഹാപാതകം ചെയ്തു എന്ന് ചിന്തിക്കുകയും ചെയ്തു.

63. മസ്ജിദിൽ, അവിടെയും ഇവിടെയുമായി കൈകാലുകൾ നാലു മൂലകളിലും കാണപ്പെട്ടു. അപ്പോൾ അർദ്ധരാത്രി സമയമായിരുന്നു, ചുറ്റും മറ്റാരും ഉണ്ടായിരുന്നതുമില്ല. അയാൾ വിഷമിച്ചു.

64. അയാൾ ആരോടാണ് ഈ സംഭവം പറയേണ്ടത്? പകരം, അയാൾ തൂക്കിലേറ്റപ്പെടാം! ഇങ്ങനെ ചിന്തിച്ചുകൊണ്ട് അയാൾ പുറത്തേയ്ക്ക് പോയി ഇരുന്നു.

65. അത് സായിയുടെ യോഗശക്തിയാണെന്നത്, അയാളുടെ സ്വപ്നത്തിൽ പോലും, അയാൾക്ക് തോന്നിയില്ല; ശരീരത്തിന്റെ ഭാഗങ്ങളിൽ നോക്കി നിൽക്കവേ, അയാളുടെ ഹൃദയം ഭയം കൊണ്ട് മിടിച്ചു.

66. ആരോടെങ്കിലും ഈ സംഭവം അറിയിക്കണം. ഈ ചിന്ത വീണ്ടും വീണ്ടും അയാളിലുണ്ടായി. പക്ഷേ, വിവരം അറിയിക്കുന്ന ആദ്യവ്യക്തി എന്ന നിലയിൽ, അയാൾ കുറ്റക്കാരനാണെന്ന് കരുതപ്പെടാം.

67. അതുകൊണ്ട് അയാൾ ആരോടും പറഞ്ഞില്ല. പല ആശയങ്ങൾ അയാൾക്ക് തോന്നി. അതിനാൽ പ്രഭാതമായപ്പോൾ, അയാൾ വീണ്ടും നോക്കാനെത്തി, അയാൾ കണ്ടത് അയാളെ ആശ്ചര്യപ്പെടുത്തി.

68. മുമ്പ് സംഭവിച്ചതിന്റെ  ഒരു സൂചന പോലുമുണ്ടായിരുന്നില്ല. ബാബ തന്റെ പതിവ് സ്ഥാനത്ത് സന്തോഷവാനായി ഇരിക്കുകയായിരുന്നു. കാഴ്ച്ചക്കാരൻ ആശ്ചര്യപ്പെടുകയും, താൻ സ്വപ്നം കാണുകയായിരുന്നോ എന്ന് ചിന്തിക്കുകയും ചെയ്തു.

69. ബാബ തന്റെ ബാല്യകാലം മുതൽക്കേ 'ധോതി-പോതി' പോലുള്ള യോഗചര്യകൾ അനുഷ്ഠിച്ചിരുന്നു. ആർക്കും അതിന്റെ ആഴം മനസ്സിലായതുമില്ല, അദ്ദേഹത്തിന്റെ യോഗാവസ്ഥ അറിഞ്ഞതുമില്ല.

70. അദ്ദേഹം ഒരിക്കലും ആരിൽ നിന്നും ഒറ്റ പൈസ പോലും എടുത്തില്ല. അദ്ദേഹത്തിന്റെ സ്വന്തം ശ്രേഷ്ഠത കൊണ്ട് അദ്ദേഹം പ്രശസ്തനായി. ദുർബ്ബലരും ദരിദ്രരും അദ്ദേഹത്താൽ ആരോഗ്യം നേടുകയും, അദ്ദേഹം ആ പ്രദേശത്തെ പ്രശസ്ത 'ഹക്കിം' ആകുകയും ചെയ്തു.

71. മറ്റുള്ളവർക്കുവേണ്ടി മാത്രമായിരുന്നു, അദ്ദേഹം 'ഹക്കിം' ആയത്. സ്വന്തം നേട്ടത്തിൽ അദ്ദേഹം ഒട്ടും തല്പരനായിരുന്നില്ല. മറ്റുള്ളവർക്ക് നന്മ ലഭിക്കാൻ വേണ്ടി അദ്ദേഹം അനേകം ക്ലേശങ്ങളും വേദനയും സഹിച്ചു.

72. ഇത് വിശദീകരിക്കാനായി ശ്രോതാക്കൾക്ക് വേണ്ടി ഞാനൊരു അസാധാരണ കഥ പറയാം, ബാബയുടെ ഭൂതദയയും, സർവ്വശക്തിയും ഇതിൽ നിന്നും അറിയാം.

73. 1910-വർഷത്തിൽ, 'ദൻതറാസ്'[15] ദിനത്തിൽ ബാബ പതിവുപോലെ ധുനിയുടെ സമീപമിരുന്ന് വിറകുകൾ ഇടുകയായിരുന്നു.

74. 'ധുനി' ആളിക്കത്തുകയും, അത്യധികം ചൂടുള്ളതുമായിരുന്നു. അദ്ദേഹം തന്റെ കരം അഗ്നിയിലേയ്ക്ക് ഇട്ട് സമാധാനമായി അവിടെ ഇരുന്നു. കരം പൊള്ളി വീർത്തു.

75. അദ്ദേഹത്തിന്റെ സേവകനായ മാധവ്[16] യാദൃശ്ചികമായി ഇത് കാണുകയും,

സമീപത്ത് മാധവറാവുവും ഉണ്ടായിരുന്നു. അയാളും പെട്ടെന്ന് അദ്ദേഹത്തിന്റെ സമീപത്തേയ്ക്ക് ഓടിയെത്തി.

76. അയാൾ ബാബയുടെ പുറകിലെത്തി, കാലുകൾ പിണച്ച് ഇരുന്ന് തന്റെ കൈകൾ കൊണ്ട് അദ്ദേഹത്തിന്റെ അരക്കെട്ടിൽ മുറുകെ പിടിച്ച് പുറകിലേയ്ക്ക് വലിച്ചു. അയാൾ പറഞ്ഞു, "നോക്കൂ എന്താണ് സംഭവിച്ചിരിക്കുന്നത്?"

77. "ഓ ദേവാ, അങ്ങ് എന്താണ് ചെയ്തത്?"[17] ഈ വാക്കുകൾ കേട്ട് ബാബയ്ക്ക് പരിസരബോധം തിരികെ വന്നു. "ഒരു കുഞ്ഞ് പെട്ടെന്ന്, മടിത്തട്ടിൽ നിന്നും (അമ്മയുടെ) ഉലയിലെ തീയിലേയ്ക്ക് വീണു.

78. "തന്റെ ഭർത്താവ് വിളിക്കുന്നത് കേട്ട്, ഭയപ്പെട്ട കൊല്ലന്റെ ഭാര്യ, കുഞ്ഞിനെ മടിയിൽ എടുത്തുകൊണ്ട് ഉലയിലെ തീ ഊതിക്കത്തിക്കാൻ തുടങ്ങി.

79. "തീ ഊതിക്കത്തിക്കുന്നതിനിടയിൽ അവളുടെ ശ്രദ്ധ മാറുകയും, കൈകളിൽ കുഞ്ഞ് ഉണ്ടെന്നുള്ള കാര്യം മറക്കുകയും ചെയ്തു. കുഞ്ഞ് വളരെ അസ്വസ്ഥത പ്രകടിപ്പിക്കുകയും, തെന്നി വീഴുകയും ചെയ്തു. ശാമാ, അവൾ വീണയുടനെ ഞാൻ അവളെ പുറത്തേയ്ക്ക് എടുത്തു.

80. "ഞാൻ കുഞ്ഞിനെ പുറത്തേയ്ക്ക് എടുക്കാൻ ശ്രമിക്കവേ, ഇത് സംഭവിച്ചു. എന്റെ കൈ പൊള്ളിക്കോട്ടെ, ആ കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു."

81. കൈയ്യുടെ വേദനയ്ക്കും പൊള്ളലിനും, ആരെക്കൊണ്ട് എന്ത് മരുന്ന് നൽകും? ചന്ദോർക്കറിന് ഒരു കത്ത് എഴുതാൻ മാധവറാവു തീരുമാനിച്ചു.

82. അയാൾ വിശദമായി ഒരു കത്ത് എഴുതി. ഉടൻ തന്നെ ചന്ദോർക്കർ ഷിർദിയിലെത്തി, ഒപ്പം പ്രശ്സത ഡോക്ടറായ പരമാനന്ദിനെയും കൊണ്ടുവന്നു.

83. പൊള്ളലിന്റെ നീറ്റൽ മാറ്റുന്നതിനായി ഉപയോഗപ്രദമായ കുറേ മരുന്നുകൾ ഡോക്ടർ പരമാനന്ദ് തന്റെയൊപ്പം കൊണ്ടുവന്നിരുന്നു, ബാബയെ സേവിക്കുന്നതിനായി നാനായോടൊപ്പം അദ്ദേഹത്തിന്റെ പാദങ്ങളിലെത്തി.

84. ബാബയെ വന്ദിച്ചതിനുശേഷം അയാൾ അദ്ദേഹത്തിന്റെ സുഖവിവരങ്ങൾ അന്വേഷിച്ചു, താൻ അവിടെ വരാനുണ്ടായ കാരണം വിവരിച്ചുകൊണ്ട് ബാബയുടെ കരം കാണണമെന്ന് അഭ്യർത്ഥിച്ചു.

85. പക്ഷേ കൈയ്ക്ക് പൊള്ളലേറ്റ അന്നുമുതൽ ഭാഗോജി ഷിൻഡെ ദിനവും അതിൽ നെയ്യ് പുരട്ടി ഒരു ഇല അതിന് മുകളിൽ വച്ച് ഇറുക്കി പൊതിഞ്ഞു കെട്ടുമായിരുന്നു.

86. കെട്ട് അഴിച്ച്, കൈ ഡോക്ടർ പരമാനന്ദിനെ കാണിക്കാനും, ഉണങ്ങാനുള്ള മരുന്ന് സേവിക്കാനും,

87. എന്ന നല്ല ഉദ്ദേശ്യത്തോടെ നാനാ വളരെ നിർബന്ധിച്ചു. പരമാനന്ദ് പോലും കെട്ടഴിച്ച് കൈ കാണാൻ ശ്രമിച്ചു.

88. ഇന്ന് വേണ്ട, നാളെ, വീണ്ടും അതേ മറുപടി, അങ്ങനെ അദ്ദേഹം ഒരിക്കലും തന്റെ കൈ കാണാൻ അനുവദിച്ചില്ല, തന്റെ ഡോക്ടർ അള്ളാഹ് ആണ് എന്ന് പറഞ്ഞുകൊണ്ട്. അദ്ദേഹം അത് കാരണം അല്പം പോലും അസ്വ

സ്ഥനായിരുന്നില്ല.

89. പരമാനന്ദ് എന്തെല്ലാം മരുന്നുകൾ കൊണ്ടുവന്നോ, അതൊന്നും ഷിർദിയിൽ ഒരിക്കൽ പോലും തുറക്കപ്പെട്ടില്ല. പക്ഷേ, സായിയുടെ ദർശനം നേടാൻ കഴിഞ്ഞത് അയാളുടെ മഹാഭാഗ്യമായിരുന്നു. ഒരുപക്ഷേ ഈ സംഭവം നടന്നതും അതുകൊണ്ടായിരിക്കാം.

90. ഭാഗോജിയായിരുന്നു എല്ലായ്പ്പോഴും അദ്ദേഹത്തെ സേവിച്ചിരുന്നത്. ഭാഗോജി മാത്രമാണ് കൈകൾ തിരുമ്മിയിരുന്നത്. കുറേനാളുകൾക്ക് ശേഷം കൈയ്യിലെ മുറിവ് ഉണങ്ങുകയും എല്ലാവരും സന്തോഷിക്കുകയും ചെയ്തു.

91. ഇതേ രീതിയിൽ, കൈ പൂർണ്ണമായും ഭേദമായെങ്കിലും, എല്ലാ പ്രഭാതത്തിലും, വളരെ നേരത്തെ, മുറിവ് കെട്ടുക എന്ന ചടങ്ങ് ചെയ്യുവാൻ ഭാഗോജിയെ അനുവദിക്കുന്നതിലൂടെ, ബാബയുടെ മനസ്സിൽ എന്താണ് ഉണ്ടായിരുന്നതെന്ന് ആർക്കും മനസ്സിലായില്ല.

92. വേദനയില്ലെങ്കിലും പതിവായി കാരണമൊന്നുമില്ലാതെ, നെയ്യ് പുരട്ടി കൈ തടവി കൊടുക്കുന്നത് മരണം വരെ തുടർന്ന് പോന്നു.

93. ഈ സേവനങ്ങൾ ഭാഗോജിക്ക് വേണ്ടിയായിരുന്നു. സിദ്ധസായിക്ക് അവയുടെ ആവശ്യമില്ലായിരുന്നു. ഒരു ഭക്തൻ അനുഷ്ഠിക്കേണ്ട പ്രകാരം, പതിവായി സേവ ചെയ്യാൻ അദ്ദേഹം ഭാഗോജിയെ അനുവദിച്ചു.

94. അവന്റെ പൂർവ്വ ജന്മങ്ങളിലെ പാപങ്ങൾ കാരണം, ഭാഗോജി കുഷ്ഠരോഗം അനുഭവിക്കുകയായിരുന്നു. പക്ഷേ സായിയുമായി സമ്പർക്കം ഉണ്ടായത് അയാളുടെ മഹാഭാഗ്യമായിരുന്നു.

95. ബാബ ലെൻഡിയിലേയ്ക്ക് യാത്ര തിരിക്കുമ്പോഴൊക്കെ, ഭാഗോജി ബാബയുടെ ശിരസ്സിന് മുകളിൽ കുട പിടിച്ചിരിക്കും. അയാളുടെ ശരീരമാകെ കറുത്ത കുഷ്ഠരോഗവ്രണങ്ങൾ കൊണ്ട് മൂടപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പരിചരണത്തിൽ അയാളായിരുന്നു മുമ്പന്തിയിൽ നിന്നത്.

96. പ്രഭാതത്തിൽ, വളരെ നേരത്തെ, ധുനിയ്ക്ക് സമീപം തൂണിൽ ചാരി ബാബ സ്വസ്ഥമായി ഇരിക്കുമ്പോൾ അദ്ദേഹത്തെ സേവിക്കാനായി ആ സമയത്ത് അവിടെ ഉണ്ടാകുന്നത് അയാളുടെ ഭാഗ്യമായിരുന്നു.

97. അയാൾ മുറിവേറ്റ ഭാഗത്തെ കെട്ട് അഴിക്കും, ആ ഭാഗത്തെ മാംസപേശികൾ തടവികൊടുക്കും, ആ ഭാഗത്ത് നെയ്യ് പുരട്ടും, ഇപ്രകാരം അദ്ദേഹത്തെ സേവിക്കുന്നതിൽ അയാൾ ഭാഗ്യവാനായി.

98. ഭാഗോജി ഷിൻഡേ തന്റെ പൂർവ്വജന്മങ്ങളിൽ ഒരു പാപിയായിരുന്നു. അയാളുടെ ശരീരം മുഴുവൻ വ്രണങ്ങൾ കൊണ്ട് രക്തമൊലിക്കുന്നുണ്ടായിരുന്നു. ഈ മാരകരോഗം മൂലം അയാൾ വളരെ അവശനായിരുന്നു. പക്ഷേ, പകരം വയ്ക്കാൻ മറ്റൊരാളില്ലാത്ത തരത്തിൽ അയാൾ ബാബയുടെ ഭക്തനായിരുന്നു.

99. കുഷ്ഠരോഗം കാരണം അയാളുടെ കൈവിരലുകൾ ചെറുതാകുകയും, ശരീരം മുഴുവൻ ദുർഗന്ധം പരത്താനും തുടങ്ങി. ഇത്രയ്ക്കും നിർഭാഗ്യവാനായ ഒരുവൻ തന്റെ സേവനങ്ങളിൽ[18] നിന്നും നാലിരട്ടി സന്തോഷം അനുഭവിച്ചു.

100. ഇത്തരത്തിലുള്ള എത്ര എത്ര അദ്ഭുതലീലകളാണ് ശ്രോതാക്കൾക്കായി എനിക്ക് വിവരിക്കാൻ കഴിയുക! ഒരിക്കൽ ഗ്രാമത്തിൽ പ്ലേഗ് പടർന്നപ്പോൾ ഉണ്ടായ അദ്ഭുതം എന്താണെന്ന് കേൾക്കുക.

101. ദാദാസാഹേബ് ഖപർഡേ[19]യുടെ ഇളയമകൻ അമ്മയോടൊപ്പം താമസിച്ച് ബാബയുടെ സാമീപ്യത്തിന്റെ സന്തോഷം അനുഭവിക്കുകയായിരുന്നു.

102. ആ ബാലൻ വളരെ ചെറുപ്പമാണെന്നതിനാൽ അവന് കലശലായ പനി ബാധിച്ചു. മാതാവിന്റെ ഹൃദയത്തിൽ ആശങ്ക വളരുകയും, അവൾ അസ്വസ്ഥയാകുകയും ചെയ്തു.

103. അവളുടെ ഗൃഹം അമരാവതിയിലായിരുന്നു. അതിനാൽ അവിടേയ്ക്ക് പോകുന്നതിനെക്കുറിച്ച് അവൾ ചിന്തിച്ചു. വൈകുന്നേരം ഉചിതമായ സമയത്ത്, ബാബയുടെ അനുവാദം തേടാൻ അവൾ വന്നു.

104. തന്റെ വൈകുന്നേരത്തെ സഞ്ചാരത്തിനിടയ്ക്ക് ബാബ വാഡയുടെ സമീപത്തെത്തി. അവിടെ വച്ച് ആ സ്ത്രീ അദ്ദേഹത്തിന്റെ ചരണങ്ങളിൽ വന്ദിച്ച് സംഭവിച്ചതൊക്കെ അറിയിച്ചു.

105. സ്ത്രീകൾ പൊതുവേ, പ്രകൃത്യാ ഭയഭീതരാണ്. പോരാത്തതിന് മകന്റെ വിറയൽ[20] നിലച്ചതുമില്ല. കൂടാതെ പ്ലേഗിനെക്കുറിച്ചുള്ള പേടിയുമുണ്ട്. അതിനാൽ, എന്താണ് സംഭവിച്ചതെന്ന് അവൾ അദ്ദേഹത്തോട് പറഞ്ഞു.

106. ബാബ അവളെ ഈ വാക്കുകൾ കൊണ്ട് സമാശ്വസിപ്പിച്ചു: "ആകാശം മഴക്കാറുള്ളതായിരിക്കുന്നു. മഴ പെയ്യുകയും വിളവുകൾ പാകമാകുകയും ചെയ്യും. മേഘങ്ങൾ ഒഴിഞ്ഞുപോകും.

107. "എന്തിനാണ് നീ ഭയക്കുന്നത്?" ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം കഫ്നി അരയോളം ഉയർത്തി എല്ലാവരെയും നീരുവന്ന് വീർത്ത ഗ്രന്ഥികൾ കാട്ടി.

108. നാല് ഭാഗങ്ങളിലായി, കോഴിമുട്ടയുടെ വലിപ്പത്തിൽ, നാല് ഗ്രന്ഥികൾ ഉണ്ടായിരുന്നു. "നോക്കൂ, നിന്റെ ക്ലേശങ്ങൾ കാരണം എനിക്ക് ഇത് സഹിക്കേണ്ടി വരുന്നു," അദ്ദേഹം പറഞ്ഞു.

109. അനുപമവും ദൈവീകവുമായ ഈ യാതന കണ്ട് ജനങ്ങൾ ആശ്ചര്യപ്പെട്ടു. ഭക്തർക്കുവേണ്ടി ഏതെല്ലാം തരത്തിലാണ് ദിവ്യന്മാർ യാതനകൾ സഹിക്കുന്നത്!

110. അവരുടെ ഹൃദയം മെഴുകിനേക്കാൾ മാർദ്ദവമേറിയതാണ് – പുറമേയ്ക്ക് വെണ്ണ എങ്ങനെയാണോ, അതുപോലെ. ഭക്തരോട് അവർക്ക് നിസ്വാർത്ഥ സ്നേഹമാണുള്ളത്, സ്വന്തം ബന്ധുജനങ്ങളാണെന്നപോലെ.

111. ഒരിക്കൽ, ചന്ദോർക്കറിന് നാൻദർബാറിൽ നിന്ന് പന്ധർപൂരിലേയ്ക്ക് പോകേണ്ടി വന്നു.

112. നാനാ വളരെ ഭാഗ്യവാനായിരുന്നു. ബാബയോടുള്ള അയാളുടെ ആത്മാർത്ഥമായ ഭക്തിക്ക് ഫലമുണ്ടായി. അയാൾക്ക് ഭൂമിയിലെ സ്വർഗ്ഗം[21] നേടാൻ കഴിഞ്ഞു, എന്തെന്നാൽ അയാൾ ആ സ്ഥലത്തെ മംലത്ത്ദാർ ആയി.

113. നാൻദർബാറിൽ വച്ച് അയാൾക്ക് ഉത്തരവ് ലഭിച്ചപ്പോൾ, പെട്ടെന്ന് പുറപ്പെ

ടേണ്ടി വന്നു. ധൃതിയിൽ അയാൾ എല്ലാ സജ്ജീകരണങ്ങളും നടത്തി, ഹൃദ യത്തിൽ ദർശന[22]ത്തിനായി ആഗ്രഹിക്കുകയും ചെയ്തു.

114. ഭാര്യയോടും ബന്ധുക്കളോടുമൊപ്പം ഷിർദിയിലേക്ക് പോകണമെന്ന് അയാൾ ചിന്തിച്ചു. ഷിർദി അയാളുടെ പന്ഥർപൂർ ആയിരുന്നു; ഒപ്പം ബാബയ്ക്ക് വന്ദ നങ്ങൾ അർപ്പിക്കുകയും വേണം.

115. അയാൾ ആർക്കും കത്ത് അയയ്ക്കുകയോ, എന്തെങ്കിലും സന്ദേശം എത്തി ക്കുകയോ ചെയ്തില്ല. അയാൾ തന്റെ സാധനങ്ങളെല്ലാം ഒരുക്കി, ധൃതിയിൽ വണ്ടിയിൽ കയറി.

116. ഇത്തരത്തിൽ, നാനാ പുറപ്പെടുകയും, ഷിർദിയിൽ ആരും തന്നെ ഇതിനെ ക്കുറിച്ച് അറിഞ്ഞതുമില്ല. പക്ഷേ സായി എല്ലാം അറിഞ്ഞു, എന്തെന്നാൽ സായി സർവ്വവ്യാപിയാണ്.

117. നാനാ ഉടൻ തന്നെ പുറപ്പെട്ടു. അയാൾ നിമഗാവണിന്റെ അതിർത്തിയിലെ ത്തി. ആ സമയത്ത് ഷിർദിയിൽ വാസ്തവത്തിൽ നടന്ന അദ്ഭുതം എന്താ ണെന്ന് ശ്രദ്ധയോടെ കേൾക്കുക.

118. ബാബ മാലസപതിയോടൊപ്പം മസ്ജിദിൽ ആയിരുന്നു. ഭക്തരായ അപ്പാ ഷിൻഡെ, കാശിറാം എന്നിവർ സംസാരിച്ചിരിക്കുകയായിരുന്നു.

119. ആ സമയത്ത്, ബാബ സാധാരണ രീതിയിൽ പറഞ്ഞു, "നമുക്ക് നാലു പേർക്കും കൂടി ചേർന്ന് ഒരു ഭജന പാടാം. പന്ഥർപൂരിലെ വാതിലുകൾ തുറ ന്നിട്ടിരിക്കുന്നു. നമുക്ക് സന്തോഷത്തോടെ പാടാം."

120. സായിക്ക് ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളെക്കുറിച്ച് അറിവ് ഉണ്ടാ യിരുന്നു. അദ്ദേഹം വാർത്ത അറിഞ്ഞ് കഴിഞ്ഞിരുന്നു. ബാബ ഉത്സാഹ ത്തോടെ ഭജന പാടുമ്പോൾ, നാനാ അതിർത്തിയിലെ അരുവിയുടെ കരയി ലെത്തിയിരുന്നു.

ഭജനം

"ഞാൻ പന്ഥർപൂരിലേയ്ക്ക് പോകുന്നു - പോകുന്നു, പോകുന്നു.
അവിടെ ഞാൻ താമസിക്കും. അവിടെ ഞാൻ താമസിക്കും, താമസിക്കും.
അത് എന്റെ നാഥന്റെ ആസ്ഥാനമാകുന്നു."

121. ബാബ സ്വയം ഭജന പാടുകയും, ചുറ്റും ഇരുന്ന ഭക്തന്മാർ ഏറ്റുപാടുകയും ചെയ്തു. പന്ഥർപൂരിനോടുള്ള സ്നേഹത്തിൽ അവർ മുഴുകിയിരുന്നു. അപ്പോൾ നാനാ എത്തിച്ചേർന്നു.

122. അയാൾ തന്റെ ഭാര്യയോടൊപ്പം അദ്ദേഹത്തിന്റെ പാദങ്ങളിൽ[23] വണങ്ങി, മഹാ രാജ് അവരോടൊപ്പം പന്ഥർപൂരിലേയ്ക്ക് പോകണമെന്നും, ആകാംക്ഷയോ അസ്വസ്ഥതയോ ഇല്ലാതെ അവിടെ വസിക്കണമെന്നും പറഞ്ഞു.

123. ഈ ക്ഷണത്തിന്റെ ആവശ്യമില്ലായിരുന്നു. ബാബ മുമ്പേ തന്നെ സന്തോഷാ വസ്ഥയിലായിരുന്നു; ഭജനയുടെ അർത്ഥപ്രകാരം, അദ്ദേഹം പന്ഥർപൂരി ലേയ്ക്ക് പോകാൻ തയ്യാറായി ഇരിക്കുകയാണെന്ന് ആളുകൾ അയാളോട്[24] പറഞ്ഞു.

124. നാനാ വളരെയധികം ആശ്ചര്യപ്പെടുകയും, ലീല കണ്ട് വിസ്മയപ്പെടുകയും ചെയ്തു. അയാൾ തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിക്കുകയും വികാരാവേശനാകുകയും ചെയ്തു.

125. അനുഗ്രഹങ്ങളും ഉധിയും പ്രസാദവും വാങ്ങി, വീണ്ടും വന്ദിച്ചുകൊണ്ട്, പോകാനായി അദ്ദേഹത്തിന്റെ അനുമതിയും നേടി, ചന്ദോർക്കർ പന്ധർപൂരിലേയ്ക്ക് പോയി.

126. അത്തരത്തിലുള്ള കഥകൾ വർണ്ണിക്കുകയാണെങ്കിൽ ഈ ഗ്രന്ഥം പരിധികളില്ലാതെ നീളും. അതിനാൽ മറ്റുള്ളവരുടെ ദുരിതങ്ങൾ അകറ്റുന്ന വിഷയം നമുക്ക് നിർത്തിവയ്ക്കാം.

127. ഈ അധ്യായം നമുക്ക് ഇപ്പോൾ അവസാനിപ്പിക്കാം, എന്തെന്നാൽ ബാബയുടെ നന്മ നിറഞ്ഞ പ്രവൃത്തികൾക്ക് അവസാനമില്ല. അടുത്ത അധ്യായത്തിൽ, എന്റെ സ്വന്തം നന്മയ്ക്കുവേണ്ടി, മറ്റുചില കഥകൾ ഞാൻ വിവരിക്കാം.

128. ഞാൻ ശ്രമിച്ചിട്ടും, എന്റെ അഹംഭാവം മുഴുവനായി ഇല്ലാതാക്കാൻ എനിക്ക് കഴിയുന്നില്ല. ഞാൻ ആരാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സായി സ്വയം അദ്ദേഹത്തിന്റെ കഥകൾ പറയട്ടെ.

129. മനുഷ്യജന്മത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം പറയും, ഭിക്ഷാംദേഹിയായി ജീവിക്കുന്നതിൽ വിശ്വസിക്കുന്നത് എന്തുകൊണ്ടെന്നും, ബായ്ജാബായിയുടെ ഭക്തിയും, ഭക്ഷണസമയത്ത് അദ്ദേഹത്തിന്റെ മനോഭാവം എന്തായിരുന്നെന്നും, അദ്ദേഹം പറയും.

130. കൂടാതെ, എങ്ങനെയാണ് ബാബ മസ്ജിദിൽ, മാലസപതിയോടും താത്ത്യഗണപതികോത്ത്യേയുമോടൊപ്പം ഉറങ്ങിയിരുന്നതെന്നും – അത് ശ്രദ്ധിക്കുക.

131. പാന്ത്ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുകയും സ്വയം അപ്രധാനിയായ ഭക്തനെന്ന് വിളിക്കുകയും ചെയ്യുന്നു, അദ്ദേഹത്തിന്റെ പാദങ്ങളിലെ പാദരക്ഷകൾ പോലെ. അയാൾ സായിയുടെ ആജ്ഞകൾ അനുസരിക്കുകയും ഇതുവരെ വിവരണം പൂർത്തിയാക്കുകയും ചെയ്തു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ ഏഴാമത്തെ അധ്യായം “വിവിധ കഥകളുടെ വിവരണം” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഇന്ദ്രിയങ്ങളെല്ലാം അടക്കി, പൂർണ്ണമായും ദേഹാതീതമായ അവസ്ഥയിൽ പരമാനന്ദം അനുഭവിക്കുന്നു.

2. മതപരമായ ചടങ്ങിൽ, പ്രത്യേക ആകൃതിയിലുള്ള ഒരു പാത്രത്തിൽ ചന്ദനം

നിറച്ച് മസ്ജിദിന്റെ ഭിത്തിമാടത്തിലേയ്ക്ക് കൊണ്ടുപോകുന്നു.

3. കൃഷ്ണന്റെ ജന്മദിനാഘോഷങ്ങൾ.

4. മുസ്ലീങ്ങളുടെ ആത്മീയപരമായ ദിനമാണ് ഈദ്.

5. മുഹറം ദിനത്തിൽ, ഹസ്സൻ-ഹുസ്സൈൻ എന്നിവരുടെ ശവകുടീരങ്ങളെ പ്രതിനിധാനം ചെയ്യുന്ന, ശവമഞ്ചങ്ങൾ പ്രതീകാത്മകമായി ആഘോഷപൂർവ്വം കൊണ്ട് പോകുന്നു.

6. സദാ കത്തിനിൽക്കുന്ന ദിവ്യമായ അഗ്നി സൂക്ഷിക്കുന്ന ബ്രാഹ്മണർ.

7. ലക്ഷ്മി ബായി ഷിൻഡെ, ഒരു വലിയ തിരികല്ല് നൽകിയിരുന്നു.

8. ചെറിയ ഉയരത്തിൽ കെട്ടിയ തൂണുപോലുള്ള ഭാഗത്ത് തുളസി നട്ട് പിടിപ്പിച്ചിരുന്നു.

9. എം.ബി. റേഗ്, ദാജി സാഹേബ് ആവസ്തി എന്നിവരാണ് ഈ രഥം സംസ്ഥാനത്തിന് നൽകിയത്, ഇപ്പോൾ ഇത് അടുത്തുള്ള ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നു.

10. രണ്ടര അടി നീളമുള്ള, കാൽവിരലിന്റെ കനമുള്ള, കറുത്ത നിറത്തിലുള്ള ഒരു ചെറിയ വടി. ഇത് എല്ലായ്പ്പോഴും ബാബയുടെ സമീപത്ത് കാണപ്പെട്ടു. മസ്ജിദിൽ നിന്ന് ചാവടിയിലേയ്ക്കും അവിടെ നിന്ന് തിരികെ വരുമ്പോഴും ചില്ലവും പുകയിലപ്പൊതിയും ഒരു കൈയ്യിലും മറുകൈയ്യിൽ ഈ ചെറിയ വടിയും പിടിച്ചിരുന്നു.

11. ദിവ്യന്മാരെ ദർശിക്കുമ്പോൾ സമ്മാനമായി നൽകുന്ന ധനം.

12. പച്ചമരുന്നുകളെ പറ്റി അറിയുന്ന വ്യക്തി.

13. ചേരുമരക്കായ്.

14. ചേരുമരക്കായ്.

15. ദീപാവലിക്ക് രണ്ട് ദിവസങ്ങൾക്ക് മുമ്പ് മഹാലക്ഷ്മിയെ പൂജിക്കുന്ന ദിവസം.

16. മാധവ് ഫാസ്ലേ.

17. മാധവറാവു ആശ്ചര്യപ്പെട്ടു.

18. ബാബ ഒരിക്കലും തനിക്ക് സേവ ചെയ്യുന്നതിൽ നിന്നും ആരെയും വിലക്കാറില്ലായിരുന്നു. വാസ്തവത്തിൽ അദ്ദേഹം അവരോട് സ്നേഹപൂർവ്വം പെരുമാറിയിരുന്നു. ഒരിക്കൽ ഗുരുതരമായ രോഗം ബാധിച്ച ഒരു സ്ത്രീ അദ്ദേഹത്തെ ദർശിക്കാനെത്തി. ഭീമാഭായി എന്ന് പേരുള്ള ഒരു മറാത്തസ്ത്രീയോട്, അവളെ കൂട്ടിക്കൊണ്ടുപോയി, വീട്ടിൽ താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കാൻ നിർദ്ദേശിച്ചു. ഭീമാഭായി പറഞ്ഞു: “മഹാരാജ്, അവൾക്ക് ഗുരുതരമായ രോഗമുണ്ട്, അല്ലേ? എങ്ങനെയാണ് എന്റെ ഗൃഹത്തിൽ താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക?” മഹാരാജ് പറഞ്ഞു. “അവൾക്ക് ഗുരുതരമായ രോഗമുണ്ടെങ്കിൽ എന്താണ്! അവൾ എന്റെ സഹോദരിയാണ്; എന്റെ സ്വന്തം സഹോദരി. അവളെ നിന്റെ ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുക.” ബാബ ഇങ്ങനെ മറുപടി പറഞ്ഞതിനുശേഷം, ഭീമാഭായി അവളെ

തന്റെ ഗൃഹത്തിലേയ്ക്ക് കൊണ്ടുപോയി താമസിപ്പിച്ചു. ആ സ്ത്രീ അവിടെ ഒരു മാസം താമസിക്കുകയും അവിടെ വച്ച് മരണമടയുകയും ചെയ്തു. ബാലാജി പാട്ടീൽ നേവാസ്കറുമായി ബന്ധപ്പെട്ട മറ്റൊരു സംഭവമുണ്ട്. ഒരിക്കൽ തന്റെ സ്വന്തം ഗ്രാമത്തിലേയ്ക്ക് പോകാൻ അനുമതി തേടി അയാൾ എത്തി. മഹാരാജ് പറഞ്ഞു: "ആ ദഗഡുബാബു അസുഖബാധിതനാണ്. നീ അവനെ ശുശ്രൂഷിക്കുക." അയാൾ കറുത്തകുഷ്ഠം ബാധിച്ച ഒരു മുസൽമാനായിരുന്നു. പാട്ടീൽ അയാളുടെ ദേഹത്ത് നിന്നും പുഴുക്കളെ മാറ്റി, പഴുപ്പ് വൃത്തിയാക്കി, അയാളെ കുളിപ്പിക്കുമായിരുന്നു. ഇപ്രകാരം ഒരു മാസക്കാലം അയാൾ ശുശ്രൂഷ ചെയ്തു. അപ്പോൾ ദഗഡു മരണമടയുകയും, ഗ്രാമത്തിലേയ്ക്ക് പോകാൻ പാട്ടീലിന് മഹാരാജ് അനുവാദം നൽകുകയും ചെയ്തു.

19. ബഹുമാന്യനായ ഗണേഷ് ശ്രീകൃഷ്ണ ഖപർഡേ, ലെജിസ്ലേറ്റീവ് അസംബ്ലി അംഗമായിരുന്നു.
20. കടുത്ത ജ്വരം ബാധിച്ചിരുന്നു.
21. ഭൂമിയിലെ സ്വർഗ്ഗം എന്നാണ് പന്ധർപൂർ അറിയപ്പെടുന്നത്.
22. ഷിർദിയിൽ ബാബയെ.
23. ബാബയുടെ ചരണങ്ങൾ.
24. നാനാ.

## 8

# സായി സമർത്ഥന്റെ അവതാരം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. മുമ്പത്തെ അധ്യായത്തിൽ സായി ഹിന്ദുവോ മുസ്ലീമോ അല്ലാത്തത് എങ്ങനെയാണെന്ന് വിവരിച്ചു. ബാബയുടെ സന്നിധാനമായ ഷിർദിയുടെ വിധി എത്ര മഹത്തരമാണ്!

2. ആരംഭത്തിൽ ബാബ ഒരു സാധാരണ ബാലനായിരുന്നു. പിന്നീട് അദ്ദേഹം അസാധാരണ സ്വഭാവമുള്ള ഒരു ഫക്കീർ ആയി മാറി; എങ്ങനെയാണ് അദ്ദേഹം തരിശുഭൂമിയിൽ ഒരു പൂന്തോട്ടം ഉണ്ടാക്കിയെടുത്തത്,

3. കാലം കഴിയവേ, എങ്ങനെയാണ് അതേ സ്ഥലത്ത് ഒരു 'വാഡ' നിർമ്മിക്കപ്പെട്ടത്; ബാബയുടെ, 'ഖണ്ഡ-യോഗ', 'ധോതി-പോതി' എന്നിങ്ങനെയുള്ള സാഹസികമായ യോഗചര്യകൾ എന്നിവയും നിങ്ങൾക്ക് വിവരിച്ചു.

4. മറ്റുള്ളവരുടെ സേവനത്തിനായി സ്വയം ക്ലേശിക്കവേ എത്ര പീഢകളാണ് ബാബ സഹിച്ചത്! സായിരായ! സകല ഭക്തരുടെയും അഭയകേന്ദ്രമായ അദ്ദേഹത്തെ എങ്ങനെയാണ് ഞാൻ വർണ്ണിക്കുന്നത്?

5. ഇപ്പോൾ, മനുഷ്യജന്മത്തിന്റെ മഹത്വം ശ്രവിക്കുക; സായിയുടെ ഭിക്ഷാവൃത്തിയുടെ വർണ്ണന; ദിവ്യന് ബായ്ജാബായിയുടെ സേവനം; ബാബയെ ഊട്ടുന്ന വിസ്മയക്കാഴ്ച.

6. എങ്ങനെയാണ്, താത്ത്യ, ബാബ, മാലസപതി എന്നീ മൂന്നു പേരും ഒരുമിച്ച് മസ്ജിദിൽ ഉറങ്ങുക എന്നും, എങ്ങനെയാണ് ആ ശ്രേഷ്ഠാത്മാവ് റഹടയിലുള്ള കുഷൽചന്ദിന്റെ ഗൃഹത്തിൽ പോകുന്നതെന്നും.

7. ഓരോ ദിവസവും സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. അങ്ങനെ വർഷങ്ങൾ ഉരുണ്ട് നീങ്ങുന്നു. ജീവിതത്തിന്റെ പകുതി നിദ്രയ്ക്ക് വിനിയോഗിക്കുകയും, അവശേഷിക്കുന്നതാകട്ടെ ശാന്തമായി ആസ്വദിക്കാനും കഴിയുന്നില്ല.

8. ബാല്യത്തിൽ മനുഷ്യൻ കളികളിൽ മുഴുകുന്നു; യൗവനത്തിൽ സ്ത്രീകളുമായി പ്രേമസല്ലാപങ്ങളിൽ മുഴുകുന്നു; പിന്നീടുള്ള കാലത്ത് വാർദ്ധക്യം ശരീരത്തെ ദുർബ്ബലമാക്കുകയും, ഒരുവൻ എല്ലായ്പ്പോഴും രോഗങ്ങൾകൊണ്ട് ദുരിതമനുഭവിക്കുകയും ചെയ്യുന്നു.

9. ജനിച്ച്, ശരീരം പുഷ്ടിപ്പെടുത്തുക; ശ്വാസോച്ഛ്വാസം ചെയ്യുക, ദീർഘായുസ്സ് നേടുക; ഇത് മാത്രമാണോ ജീവിതത്തിലെ ഒരേ ഒരു ഉദ്ദേശ്യം?

10. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ഈശ്വരനിൽ എത്തിച്ചേരുക എന്നത് മാത്രമാണ്. അങ്ങനെയല്ലെങ്കിൽ മനുഷ്യനും മൃഗങ്ങളും, നായ അല്ലെങ്കിൽ പന്നി മുതലായവ, തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

11. നായകളും ഭക്ഷണം കഴിക്കുകയും ജീവിക്കുകയും ധാരാളമായി പ്രജനനം നടത്തുകയും ചെയ്യുന്നു, അപ്പോൾ, ഇരുവരും ഒരേ ജീവിതമാണ് നയിക്കുന്നതെങ്കിൽ ഒരു മനുഷ്യന്റെ മഹത്വം എന്താണ്?

12. ഭക്ഷണം കഴിക്കുക, സന്തോഷിക്കുക, സംഭോഗത്തിലേർപ്പെടുക – ഇവയ്ക്ക് വേണ്ടി മാത്രമാണ് മനുഷ്യശരീരം ഉപയോഗിക്കുന്നതെങ്കിലും, ഇവ മാത്രമാണ് ജീവിതത്തിന്റെ ലക്ഷ്യമെങ്കിലും, മനുഷ്യജീവിതം അർത്ഥരഹിതമാണ്.

13. ജീവിതകാലം മുഴുവനും ഈ നാല് മാർഗ്ഗങ്ങളിൽ മാത്രമാണ് ചെലവഴിക്കപ്പെടുന്നതെങ്കിൽ – ഭക്ഷണം കഴിക്കുക, ഉറങ്ങുക, നിരന്തരം ഭയപ്പെടുക, സംഭോഗത്തിൽ മുഴുകുക – അപ്പോൾ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം എന്താണ്? ഓ, വിവേചനബുദ്ധി ഉപയോഗിച്ച് നിങ്ങൾ തന്നെ തീരുമാനിക്കുക.

14. ഇതൊക്കെ മാത്രമാണ് മനുഷ്യശരീരത്തിന് പൂർണ്ണത നൽകുന്നതെങ്കിൽ, ഒരു മരത്തിന്റെ ജീവിതവും ഒട്ടും തന്നെ വിലകുറവ് ഉള്ളതല്ല. തീതുരുത്തിയും ശ്വസിക്കുന്നു, നായകളും അവരുടെ ശരീരം തീറ്റിപ്പോറ്റുന്നുണ്ട്.

15. ഭയം ഇല്ലാത്ത മനുഷ്യൻ ആരാണോ അവൻ സ്വതന്ത്രനാണ്, അവൻ മുക്തനും നിത്യനുമാണ് – ഈ ബോധം ഉണ്ടാകുകയാണെങ്കിൽ, ജീവിതം സഫലമാണെന്ന് പറയാം.

16. ഒരുവൻ എവിടെ നിന്നും വന്നു, അവൻ ആരാണ്, മനുഷ്യജീവിതത്തിന്റെ ലക്ഷ്യവും ദൗത്യവും എന്താണ് എന്നീ ബോധം നേടുന്ന മനുഷ്യൻ അറിവുള്ളവൻ എന്ന് പറയപ്പെടുന്നു. ഈ അറിവ് ഇല്ലെങ്കിൽ മറ്റെല്ലാം നിർഫലമാണ്.

17. ഒരു എണ്ണവിളക്കി'ന്റെ തിരി തുടക്കത്തിലും ഒടുക്കത്തിലും ഒരേ പോലെയാണെന്നപോലെ, പക്ഷേ, ഓരോ നിമിഷത്തിലും ചഞ്ചലമായി ജ്വലിക്കുകയും മാറ്റമുണ്ടാകുകയും ചെയ്യുന്നത് പോലെയാണ് മനുഷ്യശരീരത്തിന്റെ അവസ്ഥയും.

18. ബാല്യം, യൗവനം, വാർദ്ധക്യം എന്നിവയാണ് എല്ലാവരും കടന്നുപോകുന്ന അവസ്ഥകൾ; പക്ഷേ എത്ര സ്വാഭാവികമായാണ് അവ വരുന്നതും കടന്ന് പോകുന്നതെന്നും ആരും[2] മനസ്സിലാക്കുന്നില്ല.

19. കാണപ്പെടുന്നത് അതേ നിമിഷത്തിൽ നശിപ്പിക്കപ്പെടുന്നു. അത്തരത്തിലുള്ള എണ്ണമറ്റ അവസ്ഥകളുണ്ട്, പക്ഷേ, പുറമേയ്ക്ക് അവ ഒന്നുപോലെ തോന്നുന്നു. അതേപോലെ ഈ നിമിഷം കാണപ്പെടുന്ന ശരീരം അടുത്തനിമിഷ

ത്തിൽ ഒരേ പോലെ ആയിരിക്കില്ല.

20. ശരീരം ഹീനമാണ് (ഭീകരമാണ്). അഴുക്ക്, അമേദ്യം, വായു, പഴുപ്പ്, ഉമി നീർ എന്നിവ അതിൽ അടങ്ങിയിരിക്കുന്നു; കൂടാതെ മരണം ഓരോ നിമിഷ ത്തിലും വട്ടമിടുകയും ചെയ്യുന്നു.

21. മനുഷ്യശരീരം രോഗാണുക്കളുടെയും സൂക്ഷ്മജീവികളുടെയും ആവാസ സ്ഥാനമാണ്, അത് പലതരത്തിലുള്ള രോഗങ്ങളെ വഹിക്കുന്നു, അല്പാ യുസ്സായതും, ചുരുങ്ങിയ കാലത്തിനുള്ളിൽ നശിക്കുകയും ചെയ്യുന്നു.

22. അത് മാംസത്തിന്റെയും പേശികളുടെയും ഒരു കൂമ്പാരമാണ്, തൊലിയും അസ്ഥികളും കൊണ്ടുള്ള ഒരു ചട്ടക്കൂട്, ദുർഗന്ധമയമായ മൂത്രവും, ഛർദ്ദി ക്കപ്പെടുന്നവയും (കഫം, ശ്ലേഷ്മം) കൊണ്ടുള്ള ഒരു കൂമ്പാരമാണ് – വാസ്ത വത്തിൽ അത് ആത്മാവിന് തടസ്സമാണ്.

23. ത്വക്ക്, മാംസം, രക്തം, പേശികൾ, കൊഴുപ്പ്, മജ്ജ, നാളികൾ, അസ്ഥി, വായു – ഇവയെല്ലാം ശരീരത്തെ മലിനമാക്കുകയും അല്പായുസ്സുള്ളതാക്കി മാറ്റുകയും ചെയ്യുന്നു.

24. മനുഷ്യശരീരം പാപമയവും, നശ്വരവും, അല്പായുസ്സുള്ളതുമാണെങ്കിലും അതിലൂടെ മാത്രമേ ഈശ്വരന്റെ പരിശുദ്ധസ്ഥാനത്ത് എത്താൻ കഴിയുക യുള്ളൂ.

25. ജനനമരണവൃത്തം തുടർച്ചയുള്ളതാണ്. മരണം എന്ന ചിന്ത പോലും വള രെയധികം ഭയാനകമാണ്. ഈ ജീവിതം അടയാളമൊന്നും ബാക്കി വയ്ക്കാതെ കടന്നുപോകും.

26. പകലും രാത്രിയും ആരൊക്കെ ജനിക്കുന്നു ആരൊക്കെ മരിക്കുന്നു എന്ന കണക്ക് ആരാണ് സൂക്ഷിക്കുന്നത്! മാർക്കണ്ഡേയന്റെ[3] വരത്തോടെ ജനിച്ച വർക്കും വിധിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല.

27. ഇത്തരത്തിൽ അല്പായുസ്സായ മനുഷ്യജീവിതത്തിൽ ശാസ്ത്രങ്ങളും ഈശ്വ രകഥകളും പാരായണം ചെയ്യാൻ ചെലവഴിക്കുന്ന സമയം ഫലവത്താണ്, എന്നാൽ മറ്റുതരത്തിൽ ചെലവഴിക്കുന്ന സമയം പാഴാണ്.

28. ഇതാണ് ജീവിതത്തിൽ ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം എന്ന ദൃഢവിശ്വാസമുണ്ടായിരിക്കണം. പക്ഷേ സ്വയം അനുഭവം ഉണ്ടാകാത്ത സമയം വരെ ആരും അത് വിശ്വസിക്കില്ല.

29. പക്ഷേ ആ അനുഭവം ഉണ്ടാകണമെങ്കിൽ ഒരുവൻ ആഴത്തിലുള്ള പഠനം നടത്തണം. അപ്പോൾ ശാശ്വതമായ സന്തോഷം അന്വേഷിക്കുന്ന ആത്മാവ്, ആ സമ്പത്ത് നേടും.

30. ഈശ്വരകടാക്ഷത്താൽ, ഒരു മനുഷ്യൻ ഏഴ് സാഗരങ്ങൾ[4] അതിർത്തിയാ യുള്ള വിശാലമായ ഭൂമിയെ പരിപാലിക്കുകയും ഉത്തമയായ ഭാര്യ, മകൻ, സമ്പത്ത്, ഐശ്വര്യം എന്നിവ ഉണ്ടെങ്കിൽ കൂടിയും, അയാൾ ഹൃദയത്തിൽ അസംതൃപ്തനായിരിക്കും.

31. ഒരുവൻ ശാശ്വതമായ ശാന്തിയും സന്തോഷവും തന്റെ ജീവിതലക്ഷ്യമായി

തിരയുകയും, അതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യണം. എല്ലാ ജീവികളെയും ഈശ്വരനായി കരുതി സേവിക്കുക – ഇതാണ് ജീവിതത്തിൽ ഏറ്റവും ഗുണപ്രദമായ വിശ്വാസം.

32. മനുഷ്യശരീരം ത്വക്ക്, മാംസം, രക്തം, അസ്ഥി എന്നിവ അടങ്ങിയതാണ്. പരമാർത്ഥ[5]ത്തിന്റെ മാർഗ്ഗത്തിൽ അത് ഒരു തടസ്സമാണ്. അതുകൊണ്ട് അതിനോടുള്ള മമത ഉപേക്ഷിക്കണം.

33. എല്ലായ്പ്പോഴും, അത് നിങ്ങളുടെ സേവകനാണ് എന്ന് കരുതുക. അതിനെ ലാളിക്കരുത്. എല്ലായ്പ്പോഴും അതിന്റെ ആഗ്രഹങ്ങൾക്ക് വഴങ്ങരുത്, അങ്ങനെയാണെങ്കിൽ നിങ്ങൾ സ്വന്തം നരകത്തിന് വഴിവയ്ക്കുകയായിരിക്കും.

34. ആഹാരവും വസ്ത്രവും അതിനെ പാലിക്കാൻ മാത്രമായിരിക്കണം. അത് നശ്വരമാണെന്ന് അറിഞ്ഞുകൊണ്ട് ആത്മാവിന്റെ വികാസത്തിനും ജനനമരണവൃത്തത്തിൽ നിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി അതിനെ പരിപാലിക്കുക.

35. ജനനവും മരണവും അത്യാപത്ത് അല്ലാതെ മറ്റൊന്നുമല്ല. ഓരോ നിമിഷവും നാശത്തിലേയ്ക്ക് നീങ്ങുന്നു. ജീവിതകാലം മുഴുവൻ ദുഃഖം മാത്രം പിന്തുടർന്ന് നൽകുന്നതിനാൽ, എന്ത് നൈമിഷിക സുഖമാണ് ഇത് നൽകുന്നത്.

36. ഒരു നിമിഷനേരത്തേയ്ക്ക് കാണപ്പെട്ട് മറയുന്ന വളഞ്ഞ് പുളഞ്ഞുള്ള മിന്നൽപ്പിണർപോലെ; നൈമിഷികമായ തിരമാലകൾ പോലെ (മനുഷ്യശരീരവും അതുപോലെയാണ്). അതുകൊണ്ട് ചിന്തിക്കുക.

37. ശരീരം, ഗൃഹം, സന്തതികൾ, ഭാര്യ – ഇവയെല്ലാം നശിക്കും. പക്ഷേ, സ്വന്തം മാതാപിതാക്കളുടെ ശവമഞ്ചം തോളിലേറ്റി, അവർക്ക് വിട ചൊല്ലുമ്പോഴും, ഒരുവൻ അത് മനസ്സിലാക്കുന്നില്ല.

38. അവർ മരിച്ചുകഴിയുകയും, ആരോഗ്യത്തോടെയുള്ളവർ അവർക്ക് ശേഷം മരിക്കുകയും ചെയ്യും. പക്ഷേ ഏതുതരത്തിൽ അതിനെ അതിജീവിക്കാൻ കഴിയുമെന്ന് ഒരുവൻ നിമിഷനേരത്തേയ്ക്ക് പോലും ചിന്തിക്കുന്നില്ല.

39. കുടുംബത്തിന്റെ ക്ഷേമം നോക്കിനടത്തുന്നതിനിടയിൽ ജീവിതം വളരെ വേഗം കഴിഞ്ഞുപോകുന്നു. പക്ഷേ, കാലം ഒരിക്കലും അതിന്റെ കർത്തവ്യം മറക്കുന്നില്ല, ജീവിതകാലാവധി മടികൂടാതെ എണ്ണിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

40. അവസാനകാലം എത്തുമ്പോൾ, അത് ഞൊടിയിടപോലും കാത്തിരിക്കില്ല, മീൻപിടുത്തക്കാരൻ തന്റെ വല വിരിക്കുകയും, മത്സ്യം അതിൽ കുടുങ്ങുകയും ചെയ്യുന്നതുപോലെ, മരണത്തിന്റെ സ്പർശത്താൽ പുളഞ്ഞ് പിടയ്ക്കുമ്പോൾ, ജീവിതം അവസാനിക്കുന്നു.

41. പൂർവ്വജന്മങ്ങളിലെ പുണ്യപ്രവൃത്തികൾ കൊണ്ടും ഭാഗ്യം സിദ്ധിച്ചത് കൊണ്ടും, ഒരുവന് മനുഷ്യജന്മം ലഭിക്കുന്നു. അതിനാൽ ഓരോ നിമിഷവും നന്നായി വിനിയോഗിക്കണം.

42. തന്റെ മുടിക്കെട്ടിൽ ഗംഗയെ ഒതുക്കാൻ ശ്രമിക്കുന്ന ഭാഗീരഥനെ[6] പോലെ

കഠിനശ്രമം ചെയ്താലും മനുഷ്യജന്മം ലഭിക്കുകയില്ല. വിധിയാൽ, അപ്രതീക്ഷിതമായി നമുക്ക് അത് നേടാൻ കഴിയുന്നു. അത് അശ്രദ്ധമായി പാഴാക്കിക്കളയരുത്.

43. അടുത്ത ജന്മത്തിൽ ഉത്തമമായ പ്രവൃത്തികൾ ചെയ്യുമെന്ന് കരുതുന്നവൻ വിഡ്ഢിയാണ്. ഈ ജീവിതം കഴിയുമ്പോൾ, അത് അപ്രകാരമായിരിക്കുമെന്ന്[7] ഒരു തീർച്ചയുമില്ല.

44. ഈ ശരീരം ലഭിച്ചിട്ടുള്ള അനേകം പാപികളുണ്ട്. അവരുടെ ജനിതകകണങ്ങൾ പ്രജനനഅവയവങ്ങളിലെത്തി, അവരുടെ പ്രവൃത്തിക്ക് യോജിച്ച തരത്തിലുള്ള ജന്മങ്ങൾ എടുക്കുന്നു.

45. ഇതിനേക്കാൾ കൂടുതൽ ദുഷ്ടതയും നികൃഷ്ടതയും ഉള്ളവർ അനേകമാണ്. അവർ ചലിക്കുന്ന[8] വിഭാഗത്തിൽ ജന്മമെടുക്കുകയും, പിന്നീട് തീർത്തും ചലനമറ്റവയാകുകയും[9] ചെയ്യുന്നു, അത് അവരുടെ ചിന്തകൾക്കും പ്രവൃത്തികൾക്കും യോജിച്ച തരത്തിലായിരിക്കും.

46. ഒരുവൻ ഏത് തരത്തിൽ അറിവ് നേടുകയും, അവന്റെ പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നോ ആ തരത്തിൽ അവന് ശരീരം ലഭിക്കും. ഇത് ശ്രുതികളിൽ പറയപ്പെടുന്നു.

47. "ഒരു മനുഷ്യൻ അവന്റെ ജ്ഞാനത്തിന് അനുസൃതമായി ജനിക്കുന്നു." ശ്രേഷ്ഠയായ ശ്രുതിമാതാവ് ഇപ്രകാരം പറയുന്നു. അതിനാൽ ജ്ഞാനത്തിന്റെ സ്വഭാവമനുസരിച്ച് ഒരു ആത്മാവ് ജനിക്കുന്നു.

48. ഈശ്വരന്റെ ലീലകൾ ബുദ്ധിക്ക് അപ്രാപ്യമാണ്. അവയെ മുഴുവൻ ഗ്രഹിക്കാൻ അസാധ്യമാണ്. പക്ഷേ, ഈശ്വരന്റെ മാർഗ്ഗങ്ങളുടെ ചെറിയ ഒരു അംശമെങ്കിലും അറിയാൻ കഴിയുന്നവൻ ഭാഗ്യവാനാണെന്ന് കരുതണം.

49. മഹാഭാഗ്യം മൂലമാണ് മനുഷ്യജീവിതം ലഭിക്കുന്നത്; ബ്രാഹ്മണനായി ജനിക്കുക എന്നത് അതിലും വലിയ ഭാഗ്യമാണ്. ഈശ്വരന്റെ അനുഗ്രഹത്താൽ സായിയുടെ പാദങ്ങൾക്ക് സമീപമെത്തുക എന്നത് അപൂർവ്വഭാഗ്യമാണ്. ഇവയെല്ലാം നേടുക എന്നത് അത്യപൂർവ്വമാണ്.

50. പലതരത്തിലുള്ള ജീവികളുണ്ടെങ്കിലും മനുഷ്യജീവിതം എല്ലാറ്റിനും ഉപരിയാണ്. എവിടെനിന്നും നമ്മൾ വന്നു? ആരാണ് നമ്മെ സൃഷ്ടിച്ചത്? ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് വിവേചനബുദ്ധിയുള്ള മനുഷ്യമനസ്സിന് മാത്രമേ ഉത്തരം നൽകാൻ കഴിയൂ.

51. മറ്റ് ജീവജാലങ്ങൾക്ക് അറിവ് ഇല്ല. അവ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. അവയ്ക്ക് ഭൂതം, വർത്തമാനം, ഭാവി എന്നിവയോ ഈശ്വരനെയോ മനസ്സിലാക്കാൻ കഴിയുന്നില്ല.

52. അതിനാൽ മനുഷ്യന്റെ സൃഷ്ടിക്കുശേഷം ഈശ്വരൻ അത്യധികം ആഹ്ലാദിച്ചു, എന്തെന്നാൽ ഇന്ദ്രിയനിഗ്രഹത്തിലൂടെയും വിരക്തിയിലൂടെയും അവൻ തന്നെ ആരാധിക്കുമെന്ന് ചിന്തിച്ചു.

53. അല്പായുസ്സായ മനുഷ്യൻ സാധന[10]കളിലൂടെ (ആത്മീയചര്യകൾ) അനശ്വരനായ ഈശ്വരനായി മാറും. സാധനകളിലൂടെ ഈശ്വരന്റെ സമീപത്തെത്തുന്നതിന് മനുഷ്യശരീരം അല്ലാതെ മറ്റൊരു ഉത്തമമാർഗ്ഗമില്ല.

54. ഒരു പാമ്പാട്ടി കുശാഗ്രബുദ്ധിക്കാരനാണ്. സാധാരണക്കാരന്റെയോ, അപരിചിതന്റെയോ മുമ്പിൽ അവൻ തന്റെ പാടവം പ്രകടിപ്പിക്കുകയില്ല. തന്റെ സാമർത്ഥ്യം തിരിച്ചറിയാൻ കഴിവുള്ള കാഴ്ചക്കാരെയാണ് അവൻ പ്രതീക്ഷിക്കുന്നത്.

55. അതേപോലെ, എണ്ണമറ്റ കീടങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, വൃക്ഷങ്ങൾ എന്നിവയെ സൃഷ്ടിച്ചശേഷം ഈശ്വരൻ അദ്ഭുതപ്പെടുകയും നിരാശനാകുകയും ചെയ്തു. തന്റെ സൃഷ്ടി അർത്ഥമില്ലാത്തതാണെന്ന് ചിന്തിച്ചു.

56. പ്രപഞ്ചത്തിന്റെ അതിരില്ലാത്ത വിസ്തൃതിയിൽ സൂര്യൻ, ചന്ദ്രൻ, അനേകം നക്ഷത്രങ്ങൾ എന്നിവ ഉണ്ട്. പക്ഷേ ഒരു നിമിഷനേരത്തേയ്ക്കെങ്കിലും, സൃഷ്ടികർത്താവിനെ ഓർത്ത് ആശ്ചര്യപ്പെടാൻ ആരും ഉണ്ടായിരുന്നില്ല.

57. ഈശ്വരന്റെ മുഴുവൻ സൃഷ്ടിക്കും പുറകിലുള്ള ഉദ്ദേശ്യമെന്താണെന്ന് ഒരു ജീവി പോലും ചിന്തിച്ചില്ല.

58. 'എന്റെ സൃഷ്ടിയുടെ ബഹുലതയും സമൃദ്ധിയും തിരിച്ചറിയാൻ കഴിയുന്ന, ബുദ്ധികൂർമ്മതയും വിവേകവും ഉള്ള ഒരു ജീവിയെ സൃഷ്ടിക്കാത്തിടത്തോളം കാലം എന്റെ മുഴുവൻ സൃഷ്ടിയും നിരർത്ഥകമാണ്.'

59. ഇപ്രകാരം സ്വയം ചിന്തിച്ചുകൊണ്ട്, ഇന്ദ്രിയങ്ങളുടെ വിവേചനബുദ്ധിയിലൂടെ, തന്റെ ശക്തികൾ അറിയാൻ കഴിയുന്ന, മനുഷ്യജീവിയെ ഈശ്വരൻ സൃഷ്ടിച്ചു.

60. 'എന്റെ മഹിമ അപരിമിതമാണ്. എന്റെ ശക്തികൾ അതുല്യമാണ്. ഈ സൃഷ്ടി എന്റെ മായയുടെ ഫലമാണ്. ഇതെല്ലാം എന്റെ മായയുടെ ലീലകളാണെന്ന് ആശ്ചര്യത്തോടെ അവൻ തിരിച്ചറിയും.

61. 'അവൻ മാത്രം അറിവ് നേടും. അവന് മാത്രമേ എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും എന്നെ തിരിച്ചറിയാനും കഴിയുകയുള്ളൂ; അവന് മാത്രം അഭിവൃദ്ധി ഉണ്ടാകും – എങ്കിൽ മാത്രമേ എന്റെ സൃഷ്ടി പൂർണ്ണമാകുകയുള്ളൂ.

62. 'എന്റെ സൃഷ്ടിയുടെ പൂർണ്ണത കാഴ്ചക്കാരുടെ (മനുഷ്യർ) സന്തോഷത്തിലാണ്. എന്റെ സാമ്രാജ്യത്തെ അറിയുകയും, ഞാൻ പൂർണ്ണനാണെന്നും, നിയന്ത്രിതാവ് അഥവാ കടിഞ്ഞാൺ പിടിച്ചിരിക്കുന്നത് ഞാനാണെന്നും അറിയുമ്പോൾ മനുഷ്യൻ നന്ദിയുള്ളവനായിരിക്കും.'

63. ജീവിതം എന്നത് പ്രവൃത്തി എടുക്കാൻ മാത്രമോ, സമ്പത്ത് നേടുന്നതിനും ധനം സമ്പാദിക്കുന്നതിനും വേണ്ടിയോ അല്ല ജീവിക്കേണ്ടത്. ഒരുവൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, ഒരുവൻ ജീവിതത്തിന്റെ തത്ത്വശാസ്ത്രം പഠിക്കണം. അതാണ് ജീവിതത്തിന്റെ ലക്ഷ്യം.

64. ഐക്യം ആണ് യഥാർത്ഥ അറിവ്. അത് തന്നെയാണ് ഉപനിഷത്തുകളിൽ വിവരിക്കുന്ന ബ്രഹ്മനെക്കുറിച്ചുള്ള അറിവ്. അത് തന്നെയാണ് ഈശ്വരപൂ

ജയും. അതുതന്നെയാണ് ഭക്തരുടെ യഥാർത്ഥ ദൈവവും.

65. ഗുരുവും ബ്രഹ്മനും രണ്ട് പ്രത്യേക അസ്തിത്വങ്ങളല്ല. അവയിലെ ഐക്യം അറിയുന്നവൻ ഭക്തി അനുഷ്ഠിക്കുന്നു. ഈ തിരിച്ചറിവാണ് മായയെ അതിജീവിക്കാനുള്ള എളുപ്പമാർഗ്ഗം.

66. വിശ്വാസമുള്ള, അറിവ് നേടിയ, വിരക്തിയുള്ള, അവർ അനുഭവിച്ച ആത്മതത്ത്വത്തെ[11] തിരിച്ചറിഞ്ഞിട്ടുള്ള മനുഷ്യർ ഭാഗ്യവാന്മാരായ ഭക്തരാണ്.

67. സ്വന്തം പ്രകൃതിയെക്കുറിച്ച് അറിയാൻ കഴിയാത്ത, അജ്ഞാനം മാറ്റാതെ ജീവിതത്തിൽ എല്ലാം നേടി എന്നു വിശ്വസിക്കുന്നവർക്ക്, അത് ഏറ്റവും വലിയ തടസ്സമാണ് (ആത്മീയ പുരോഗതിക്ക്).

68. ജ്ഞാനവും അജ്ഞാനവും അറിവില്ലായ്മയിൽ നിന്നും ഉളവാകുന്നതാണ്. ഒരു മുള്ളിനെ മറ്റൊരു മുള്ളുകൊണ്ട് എടുക്കുന്നതുപോലെ നിങ്ങൾ അവ രണ്ടും ഉപേക്ഷിക്കണം.

69. അജ്ഞാനത്തെ അറിവുകൊണ്ട് ഇല്ലാതെയാക്കുക. അറിവിനും അജ്ഞാനത്തിനും അതീതനാകുക. ശുദ്ധമായ ആത്മജ്ഞാനത്തിലെത്തുക. ഇതാണ് മനുഷ്യജീവിതത്തിന്റെ ഒരേ ഒരു ലക്ഷ്യം.

70. ആസക്തികളാകുന്ന അശുദ്ധ എണ്ണ തീരാതെ, അജ്ഞാനമെന്ന കറുത്ത പുകക്കറയും അഹംഭാവം[12] എന്ന തിരിയും നശിക്കാതെ, ശുദ്ധജ്ഞാനം ശോഭയോടെ കത്തുകയില്ല.

71. ഒരു മനുഷ്യൻ ചെയ്യേണ്ടതായ, ഒഴിവാക്കാൻ കഴിയുന്നതോ ഒഴിവാക്കാൻ കഴിയാത്തതോ ആയാലും, ബുദ്ധിക്ക് നിരക്കുന്ന ഏതൊരു പ്രവൃത്തിയും തീർച്ചയായും കർത്തവ്യമായി കരുതണം.

72. ഒരുവന് മറ്റൊരു ജോലിയുമില്ലെങ്കിൽ, അവൻ സമ്പത്തും ശാന്തിയും ആസ്വദിക്കുകയോ രാമനാമം[13] ജപിക്കുകയോ ചെയ്ത് ആകുലതയോ ആഗ്രഹങ്ങളോ ഇല്ലാതെ ജീവിക്കണം.

73. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയെല്ലാം ആത്മന് (ആത്മാവ്) തടസ്സമാണ്. പക്ഷേ ഇവയിലൂടെ ആത്മാവിന് ഈ ലോകം അഥവാ അസ്തിത്വം പൂർണ്ണമായും മനസ്സിലാക്കാൻ കഴിയും. ആത്മാവ് ജനനമില്ലാത്തതും മറ്റൊന്നിനോടും ബന്ധമില്ലാത്തതുമാണ്.

74. പുറമേയ്ക്ക് മാത്രമേ ആത്മാവ് ആസ്വദിക്കുന്നതായി തോന്നുന്നുള്ളൂ, എന്തെന്നാൽ അത് പ്രകൃത്യാ ആസ്വാദനശേഷി ഇല്ലാത്തതാണ്. അത് ന്യായശാസ്ത്രത്തിലൂടെയും അനുമാനങ്ങളിലൂടെയും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

75. ജീവിതത്തിന്റെ ഈ സത്ത മനസ്സിലാക്കിക്കൊണ്ട് കർമ്മത്തിനനുസരിച്ചുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കാൻ ബുദ്ധിയെ ഏൽപ്പിക്കുക. അത് ബുദ്ധിയുടെ ധാർമ്മികതയ്ക്ക് വിടുക. കർമ്മഫലം തേടാതെ ഒരുവൻ പ്രവർത്തിക്കണം.

76. ഒരുവന്റെ ധർമ്മനിഷ്ഠമായ കർത്തവ്യങ്ങൾ അനുഷ്ഠിക്കുക; തന്റെയുള്ളിലെ ആത്മനെ സദാ ധ്യാനിക്കുക - ഇവയാണ് മനുഷ്യജന്മത്തിന്റെ ലക്ഷ്യങ്ങൾ,

അതിലൂടെ ആത്മസംതൃപ്തി നേടാൻ കഴിയുന്നു.

77. ജീവിതത്തിലെ നാല് പ്രധാനലക്ഷ്യങ്ങൾ[14] നേടാൻ മനുഷ്യജീവിതം പോലെ പ്രയോജനമുള്ള മറ്റൊരു മാർഗ്ഗമില്ല. ഇവ അനുഷ്ഠിച്ച്, നിപുണനാകുന്ന മനുഷ്യൻ ഈശ്വരനിലെത്തും.

78. അതുകൊണ്ട്, ശരീരം നശിക്കാത്തിടത്തോളം കാലം, ആത്മാവിനെ കുറിച്ചുള്ള അറിവ് നേടുക. മനുഷ്യജീവിതത്തിലെ ഒരു നിമിഷം പോലും പാഴാക്കരുത്.

79. സമുദ്രത്തിലെ ഉപ്പുജലം മേഘങ്ങളിൽ[15] നിന്നും വീഴുമ്പോൾ അമൃതായി മധുരിക്കുന്നതുപോലെയാണ് ഗുരുപാദത്തിൽ മനുഷ്യന്റെ സന്തോഷവും.

80. അതേപോലെ, മനുഷ്യജീവിതത്തിൽ നേടാൻ കഴിയുന്ന സന്തോഷകരമായ അവസ്ഥ ഗുരുവിന്റെ സഹായമില്ലാതെ അനുഭവിക്കാൻ കഴിയില്ല. ഗുരു ആവശ്യമായ സഹായം[16] നൽകുമ്പോൾ മാത്രമേ ജീവികൾ മുക്തി നേടുന്നുള്ളൂ.

81. ദിവ്യമന്ത്രങ്ങൾ, തീർത്ഥം, ദേവത, ബ്രാഹ്മണൻ, ജ്യോതിഷി, വൈദ്യൻ, ഏഴാമതായി ഗുരു – ഇവയ്ക്കെല്ലാം വിശ്വാസം ആവശ്യമാണ്.

82. ഇവയിലെല്ലാം ഉള്ള വിശ്വാസത്തിന്റെ തോതനുസരിച്ച് വിജയം നേടുന്നു. മനസ്സിന്റെ ദൃഢനിശ്ചയത്തിനനുസരിച്ച് വിജയവും വ്യത്യാസപ്പെട്ടിരിക്കുന്നു.

83. ഈ ലോകത്ത് ബന്ധിക്കപ്പെട്ടിരിക്കുന്നവർക്ക്, അവരുടെ ഹൃദയത്തിൽ മോക്ഷത്തിനുള്ള ആഗ്രഹം ദിവ്യന്മാർ സൃഷ്ടിക്കുന്നു; മോക്ഷം തേടുന്നവർക്കാകട്ടെ മുക്തി ലഭിക്കുന്നു. നിർഗുണാത്മാവിൽ നിന്നും, മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി മാത്രം, ദിവ്യന്മാർ അവതരിക്കുന്നു.

84. പ്രഭാഷണത്തിലൂടെ അല്ലെങ്കിൽ പുരാണങ്ങൾ പാരായണം ചെയ്യുന്നതിലൂടെ നേടാൻ കഴിയാത്തത്, ഒരു ധാർമ്മികവ്യക്തിയുടെ (ഗുരു) പെരുമാറ്റത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. അദ്ദേഹത്തിന്റെ നിലപാടും നടപടിക്രമങ്ങളും അദ്ദേഹത്തിന്റെ നിശ്ശബ്ദമായ തത്ത്വോപദേശങ്ങളാണ്.

85. ക്ഷമ, ശാന്തി, വിരക്തി, ദയ, മറ്റുള്ളവരെ സഹായിക്കൽ, ഇന്ദ്രിയനിഗ്രഹം, അഹംഭാവമില്ലായ്മ എന്നിവ ശീലിക്കുന്ന ഒരു വ്യക്തിയെ കാണുക എന്നത് അപൂർവ്വമാണ്.

86. ഗ്രന്ഥപാരായണത്തിലൂടെ നേടാൻ കഴിയാത്തത്, ശാസ്ത്രങ്ങളിൽ പ്രതിപാദിക്കുന്ന ധാർമ്മികചര്യകളെല്ലാം അനുഷ്ഠിക്കുന്ന ഒരു വ്യക്തിയെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിലൂടെ നേടാൻ കഴിയും. എണ്ണമില്ലാത്ത നക്ഷത്രങ്ങൾക്ക് നേടാൻ കഴിയാത്തത് ഒരു സൂര്യന് നേടാൻ കഴിയും.

87. അതേപോലെയാണ് ശ്രേഷ്ഠദിവ്യന്മാരും, അവരുടെ ലളിതമായ[17] അനേകം പ്രവർത്തികൾ ലോകജീവിതത്തിൽ ബന്ധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കുകയും പരമമായ ആനന്ദത്തിന്റെ സ്രോതസ്സും ആകുന്നു.

88. ഇവരിലൊരാളാണ്, ഈശ്വരഗുണങ്ങളും പൂർണ്ണതയും നിറഞ്ഞ ശ്രേഷ്ഠദിവ്യനായ സായി. പക്ഷേ, അദ്ദേഹം ഒരു ഫക്കീറിനെപ്പോലെ ജീവിക്കുകയും സദാ ആത്മചിന്തയിൽ മുഴുകുകയും ചെയ്തിരുന്നു.

89. ഐക്യത്തിലുള്ള വിശ്വാസത്തിന് കോട്ടം തട്ടാത്ത; ഒരിക്കലും 'ഞാൻ', 'എന്റേത്' എന്ന വാക്കുകൾ ഉച്ചരിക്കാത്ത; സകലജീവജാലങ്ങളോടും കാരുണ്യം കാട്ടിയിരുന്ന അദ്ദേഹം ഭൂമിയിൽ ഈശ്വരന്റെ പ്രതിരൂപമായിരുന്നു.

90. അദ്ദേഹം സുഖങ്ങളിൽ അമിതമായി ആഹ്ലാദിക്കുകയോ, ക്ലേശങ്ങളിൽ ദുഃഖിക്കുകയോ ചെയ്തില്ല; ധനികനും ദരിദ്രനും അദ്ദേഹത്തിന് ഒരേ പോലെയായിരുന്നു. ഇത് അസാധാരണമായ ഒരു സംഗതിയല്ലേ?

91. തന്റെ പുരികക്കൊടിയുടെ ചെറിയ ഒരു ചലനം കൊണ്ടുപോലും, നിമിഷ നേരത്തിനുള്ളിൽ, ദരിദ്രനായ ഒരു മനുഷ്യനെ ധനികനായി മാറ്റാൻ കഴിവുള്ള അദ്ദേഹം വാതിൽക്കൽ നിന്ന് വാതിൽക്കലേക്ക് കൈയ്യിൽ 'ജോളി'യും പിടിച്ച് നടന്നു.

92. ഒരു ഭിക്ഷാംദേഹിയായി ബാബ തന്റെ കൈകൾ നീട്ടി, "ഓ ലാസ്സീ, എനിക്ക് ഒരു കാൽഭാഗം ഭക്രി തരിക" എന്ന് വിളിച്ചുകൊണ്ട് ആരുടെ വാതിൽപ്പടിയിൽ എത്തിയോ അവർ ഭാഗ്യവാന്മാരാണ്.

93. ഒരു കൈയ്യിൽ ടമറൽ[18] പിടിച്ച് മറ്റേ കൈയ്യിൽ 'ജോളി'[19]യും ആയി അദ്ദേഹം ദിനവും ചില പ്രത്യേക ഗൃഹങ്ങളുടെ വാതിൽക്കൽ എത്തിയിരുന്നു.

94. പച്ചക്കറികൾ, കറി, പാൽ, മോര് എന്നിവയെല്ലാം ആളുകൾ ടമറലിൽ ഒഴിച്ചു. അദ്ദേഹത്തിന്റെ ഈ ഭക്ഷണരീതി നോക്കി ആശ്ചര്യപ്പെടുക!

95. വേവിച്ച അരി, ഭക്രി എന്നിവയ്ക്കായി അദ്ദേഹം തന്റെ 'ജോളി' നീട്ടും, ദ്രവരൂപത്തിലുള്ള സാധനങ്ങൾ തന്റെ ടമറലിൽ ശേഖരിച്ചു.

96. വിവിധ തരത്തിലുള്ള ആഹാരപദാർത്ഥങ്ങൾ പ്രത്യേകം പ്രത്യേകം ആസ്വദിക്കാനുള്ള ആഗ്രഹം എങ്ങനെയാണ് അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടാകുക! അദ്ദേഹത്തിന്റെ നാവ് ഒരിക്കലും രുചിയോടുള്ള ആസക്തി അറിഞ്ഞിട്ടില്ല എന്നിരിക്കവേ, എങ്ങനെയാണ് അദ്ദേഹത്തിന് അപ്രകാരം ആഗ്രഹിക്കാൻ കഴിയുക.

97. കൊടുക്കുന്ന വ്യക്തിയുടെ ആഗ്രഹത്തിനനുസരിച്ച് തന്റെ 'ജോളി'യിൽ വീഴുന്ന ആഹാരംകൊണ്ട് അദ്ദേഹം തൃപ്തനായിരുന്നു; അത് രുചിയുള്ളതാണോ, രുചിയില്ലാത്തതാണോ എന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല, എന്തെന്നാൽ അദ്ദേഹത്തിന്റെ നാവ് അപ്രകാരം വേർതിരിച്ചിരുന്നില്ല.

98. ദിവസവും പ്രഭാതത്തിൽ അയൽപക്കത്ത് അദ്ദേഹം ഭിക്ഷ യാചിക്കും, അതിൽ നിന്നും വയർ നിറയ്ക്കുകയും, അതുകൊണ്ട് തൃപ്തനാകുകയും ചെയ്തു.

99. അതുപോലും തുടർച്ചയായി ചെയ്തിരുന്നില്ല. അദ്ദേഹത്തിന് തോന്നുമ്പോഴൊക്കെ പോയിരുന്നു. ചിലപ്പോൾ അദ്ദേഹം ഗ്രാമത്തിലേക്ക് പോകുകയും ഒരു ദിവസം പന്ത്രണ്ട് തവണ വരെ ഭിക്ഷ യാചിക്കുകയും ചെയ്തിരുന്നു.

100. ഇത്തരത്തിൽ, അദ്ദേഹം കൊണ്ടുവരുന്ന ആഹാരപദാർത്ഥങ്ങൾ മസ്ജിദിലെ ഒരു കുടത്തിൽ സൂക്ഷിച്ചു. കാക്കകളും നായകളും പോലും അതിൽ നിന്ന്

ഭക്ഷിച്ചിരുന്നെങ്കിലും, അദ്ദേഹം ഒരിക്കലും അവയെ ആട്ടിയോടിക്കില്ല.

101. മസ്ജിദും മുമ്പിലുള്ള മുറ്റവും തൂത്ത് വൃത്തിയാക്കിയ സ്ത്രീ കുടത്തിൽ നിന്നും പത്തോ പന്ത്രണ്ടോ ഭക്രി അവളുടെ ഗൃഹത്തിലേക്ക് എടുത്തു കൊണ്ടുപോകും. പക്ഷേ, ആരും എതിർപ്പ് പ്രകടിപ്പിച്ചിരുന്നില്ല.

102. നായകളെയും പൂച്ചകളെയും പോലും അവജ്ഞയോടെ ആട്ടിപ്പായിക്കാൻ സ്വപ്നത്തിൽ പോലും ചിന്തിക്കാത്ത ഒരാൾ ദരിദ്രരെയും ദുർബ്ബലരെയും നിരാകരിക്കുമോ? അനുഗൃഹീതമാണ് അദ്ദേഹത്തിന്റെ ജീവിതം!

103. തുടക്കത്തിൽ, ജനങ്ങൾക്കിടയിൽ ഒരു ഭ്രാന്തൻ ഫക്കീറായി അദ്ദേഹം അറി യപ്പെട്ടിരുന്നു. ഭിക്ഷ യാചിച്ച് വയർ നിറച്ചിരുന്ന ഒരാൾക്ക് എങ്ങനെയാണ് എന്തെങ്കിലും പ്രതാപം ഉണ്ടാകുക?

104. പക്ഷേ ഫക്കീർ പ്രകൃത്യാ ദാനശീലനായിരുന്നു. പ്രതിഫലമായി ഒന്നും പ്രതീക്ഷിക്കാതെ സ്നേഹവാനായിരുന്നു, പുറമേയ്ക്ക് ചപലനായി തോന്നി ച്ചുവെങ്കിലും ഉള്ളിൽ അദ്ദേഹം ദൃഢചിത്തനായിരുന്നു. അദ്ദേഹത്തിന്റെ പെരു മാറ്റം മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.

105. ആ സാധാരണ(ദരിദ്രമായ) ഗ്രാമത്തിൽ ഭാഗ്യശാലികളായ കുറച്ച് ആളു കൾ ദയയുള്ളവരും അദ്ദേഹത്തെ ഒരു ദിവ്യനായി കരുതുകയും ചെയ്തവ രായിരുന്നു.

106. ബായ്ജാബായി എന്ന് പേരുള്ള, താത്ത്യാകോത്ത്യയുടെ മാതാവ് ഒരു കുട്ട യിൽ കുറച്ച് 'ഭക്രികൾ' വച്ചുകൊണ്ട്, അത് തലയിൽ ചുമന്ന് ഉച്ചനേരത്ത് വനത്തിലേക്ക് പോകും.

107. മൈലുകൾ നടന്ന്, ഇടതിങ്ങിയ പച്ചിലപ്പടർപ്പുകൾ ചവിട്ടിമെതിച്ച്, അവൾ വനത്തിൽ ഭ്രാന്തൻ ഫക്കീറിനെ തിരഞ്ഞ് നടക്കുകയും കണ്ടെത്തുമ്പോൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുകയും ചെയ്യും.

108. അവളുടെ ഭക്തിയുടെ ആഴം ആർക്കാണ് വിവരിക്കാൻ കഴിയുക! ഉച്ചയ്ക്കോ വൈകുന്നേരത്തോ വനത്തിൽ വച്ച്, സ്വന്തം കൈകൾകൊണ്ട് ഉണങ്ങിയ തോ കറിവച്ചതോ ആയ പച്ചക്കറികളും ഭക്രിയും അവൾ ബാബയെ ഊട്ടി.

109. അവളുടെ ഈ ഭക്തിതപസ്യ തന്റെ ജീവിതകാലം മുഴുവൻ ബാബ മറ ക്കുകയുണ്ടായില്ല. ഈ ഭൂതകാലം മനസ്സിൽ വച്ചുകൊണ്ട് അവളുടെ മകന് ബാബ സൗഭാഗ്യങ്ങൾ നൽകി.

110. വാസ്തവത്തിൽ ഭർത്താവിനും ഭാര്യയ്ക്കും ഫക്കീറിൽ വളരെ വിശ്വാസമാ യിരുന്നു. ഫക്കീർ മാത്രമായിരുന്നു അവരുടെ ദൈവം; ഭക്തന്റെ വിശ്വാസ ത്തിലാണല്ലോ ഈശ്വരൻ ജീവിക്കുന്നത്, അങ്ങനെ അല്ലേ?

111. ഫക്കീർ ധ്യാനത്തിലായിരിക്കും. അപ്പോൾ ബായ്ജാബായി നിലത്ത് ഇലവി രിച്ച്[20], കുട്ടയിൽ നിന്നും ഭക്ഷണം നിരത്തി, അദ്ദേഹത്തെ ഊട്ടാൻ ശ്രമി ക്കും.

112. "ഭിക്ഷാംദേഹിയുടെ ജീവിതമാണ് യഥാർത്ഥ രാജകീയത. ഭിക്ഷാംദേഹി യുടെ ജീവിതം എന്നും നിലനിൽക്കുന്നു. സമ്പന്നത എത്ര ക്ഷണഭംഗുരമാ

ണെന്ന് നോക്കൂ.” ബാബ ഇത് എല്ലായ്പ്പോഴും പറഞ്ഞിരുന്നു.

113. പിന്നീട് ബാബ വനത്തിൽ പോകുന്നത് നിർത്തി. അദ്ദേഹം ഗ്രാമത്തിൽ വസിച്ചുകൊണ്ട് മസ്ജിദിൽ ആഹാരപദാർത്ഥങ്ങൾ സ്വീകരിക്കാൻ തുടങ്ങി. അങ്ങനെ മാതാവിന്റെ കഷ്ടപ്പാടുകൾക്ക് വിരാമമിട്ടു.

114. അവർ ഇരുവരും[21] തുടങ്ങിയ തപസ്യ അന്നുമുതൽ തുടർന്ന് കൊണ്ടിരുന്നു. അവർക്കുശേഷം താത്ത്യയും അത് തുടർന്നു.

115. ഹൃദയത്തിൽ സ്ഥിരമായി വാസുദേവൻ[22] വസിക്കുന്ന ദിവ്യന്മാർ അനുഗൃഹീതരാണ്, അവരുടെ സാമീപ്യത്താൽ ആനന്ദം അനുഭവിച്ച ഭാഗ്യശാലികളായ ഭക്തന്മാരും അനുഗൃഹീതരാണ്.

116. താത്ത്യ തീർച്ചയായും ഭാഗ്യശാലിയാണ്. മാലസപതിക്കാകട്ടെ ധാരാളം ആത്മീയപുണ്യമുണ്ട്. അവർ ഇരുവരും ഒരുപോലെ ബാബയുടെ മിത്രത അനുഭവിച്ചു.

117. താത്ത്യയും മാലസപതിയും മസ്ജിദിൽ ഉറങ്ങിയിരുന്നു. അവർ ഇരുവരോടും ബാബയുടെ അനുപമമായ സ്നേഹം ഒരുപോലെ ആയിരുന്നു.

118. കിഴക്ക്, പടിഞ്ഞാറ്, വടക്ക് – അവരുടെ ശിരസ്സുകൾ ഈ മൂന്ന് ദിശകളിലുമായി – മധ്യത്ത് ഓരോരുത്തരുടെയും പാദങ്ങൾ സ്പർശിച്ചുകൊണ്ട്.

119. ഇപ്രകാരം അവരുടെ കിടക്ക വിരിച്ചുകൊണ്ട് അവർ എല്ലാറ്റിനെപ്പറ്റിയും സംസാരിച്ചു. ആരെങ്കിലും ഒരാൾ ഉറങ്ങുകയാണെങ്കിൽ മറ്റേയാൾ അയാളെ ഉണർത്തും.

120. താത്ത്യ കൂർക്കം വലിക്കാൻ തുടങ്ങുകയാണെങ്കിൽ, ബാബ പെട്ടെന്ന് എഴുന്നേറ്റ്, അയാളുടെ ശരീരം തിരിക്കുകയും ശിരസ്സിൽ അമർത്തുകയും ചെയ്യും.

121. മാലസപതിയുടെ സഹായത്തോടെ, അവർ താത്ത്യയെ ഇറുക്കി പിടിക്കും, അവനെ ചേർത്ത് പിടിച്ച്, പാദങ്ങളിൽ അമർത്തി, പുറം തടവും.

122. ഇത്തരത്തിൽ പതിനാലുവർഷക്കാലം മസ്ജിദിൽ ബാബയുടെ സമീപത്ത് താത്ത്യ ഉറങ്ങി. ഓ, അവർ കഴിച്ചുകൂട്ടിയ ആ ദിനങ്ങൾ എത്ര ഭാഗ്യകരമായിരുന്നു, അതിന്റെ ഓർമ്മ മങ്ങാതെ അവശേഷിച്ചു!

123. താത്ത്യയ്ക്ക് ഇഷ്ടമായതിനാൽ, മാതാപിതാക്കളെ ഗൃഹത്തിൽ വിട്ട്, മസ്ജിദിൽ ബാബയുടെ സമീപത്ത് ഉറങ്ങിയിരുന്നു. ഏത് അളവുകോൽ കൊണ്ട് നമുക്ക് ആ സ്നേഹം അളക്കാൻ കഴിയും! ആ കൃപ ആർക്കാണ് വിലയിരുത്താൻ കഴിയുക!

124. പിന്നീട് പിതാവ് അന്തരിച്ചു. താത്ത്യ ഗൃഹത്തിന്റെ ചുമതലകളിൽ പങ്കാളിയായി. അയാൾ വിവാഹിതനായി സ്വയം ഒരു ഗൃഹനാഥനായി മാറി. അപ്പോൾ അയാൾ സ്വഗൃഹത്തിൽ ഉറങ്ങാൻ തുടങ്ങി.

125. അത് എന്തുമാകട്ടെ. വിശ്വാസം എന്നത് പൂർണ്ണമായിരിക്കണം – ഹൃദയം കൊണ്ടും മനസ്സ് കൊണ്ടും. അതിനു മാത്രമേ സായിയുടെ അനുഭവം നൽകാൻ കഴിയൂ. ക്ഷണിക്കാതെ അദ്ദേഹം ഭക്തരുടെ സമീപത്ത് നിൽക്കുന്നു. അതുകൊണ്ട് ഭക്തർ ആശ്ചര്യപ്പെടുന്നു.

126. അതേപോലെ കുശൽചന്ദ് എന്ന പേരോടെ റഹടയിൽ ഒരു മാന്യവ്യക്തിയുണ്ടായിരുന്നു. അയാൾ ബാബയുടെ ഒരു ഉത്തമഭക്തനും പട്ടണത്തിലെ ഒരു വ്യാപാരിയും ആയിരുന്നു.

127. പ്രസിദ്ധനായ ഗണപത്കോത്ത്യേ പാട്ടീൽ, ബാബയുടെ ഒരു ഇഷ്ടപാത്രമായിരുന്നു. അതേ പോലെയായിരുന്നു കുശൽചന്ദിന്റെ അമ്മാവനും – തുല്യ അളവിൽ ബാബയുടെ ഇഷ്ടപാത്രമായിരുന്നു.

128. ജാതിവശാൽ മാർവാരികളായിരുന്നെങ്കിലും, അവർക്ക്[23] ബാബയോട് വളരെ മമത ഉണ്ടായിരുന്നു. അവർ[24] ഇടയ്ക്കിടയ്ക്ക് കണ്ടുമുട്ടുകയും, ആ സംഗമങ്ങളുടെ ആനന്ദം ആസ്വദിക്കുകയും ചെയ്തിരുന്നു.

129. ഈശ്വരനിശ്ചയത്താൽ, കുറച്ച് കാലം കഴിഞ്ഞപ്പോൾ, മുതിർന്ന സേഠ്ജി മരണമടഞ്ഞു. അതിനുശേഷവും ബാബ ബന്ധങ്ങൾ അവസാനിപ്പിച്ചില്ല. വാസ്തവത്തിൽ അദ്ദേഹത്തിന്റെ സ്നേഹം ഇരട്ടിയായി വളർന്നു.

130. പിന്നീട് കുശൽചന്ദിനോടുള്ള ബാബയുടെ പ്രിയം കൂടിവന്നു. മരണം വരെയും, ദിനവും അയാളുടെ നന്മയെക്കുറിച്ച് മാത്രം അദ്ദേഹം ചിന്തിച്ചു.

131. ചിലപ്പോൾ കാളവണ്ടിയിലും ചിലപ്പോൾ ടോംഗയിലും, തന്റെ സുഹൃത്തുക്കളോടൊപ്പം ഒന്നരമൈൽ അകലെയുള്ള റഹടയിലേക്ക് ബാബ പോകും.

132. ഗ്രാമീണർ ചെണ്ട, കുഴൽവാദ്യങ്ങൾ എന്നിവയോടെ മുന്നോട്ട് നീങ്ങുകയും, ബാബ ഗ്രാമാതിർത്തിയിൽ വച്ച് അവരെ കണ്ടുമുട്ടുകയും ചെയ്യും. അവർ സ്നേഹത്തോടെ അദ്ദേഹത്തെ നമസ്കരിക്കും.

133. അവിടെനിന്നും, അവർ ബാബയെ സ്നേഹത്തോടെയും ഉത്സാഹത്തോടെയും സംഗീതത്തിന്റെ അകമ്പടിയോടെ ആഘോഷമായി ഗ്രാമത്തിലേക്ക് കൊണ്ടുപോകും.

134. കുശൽചന്ദ് അപ്പോൾ ബാബയെ തന്റെ ഗൃഹത്തിലേക്ക് കൂട്ടികൊണ്ട് പോകും. പിന്നീട് ലഘുഭക്ഷണങ്ങൾ വിളമ്പി, അവർ വിശ്രമിക്കും.

135. പിന്നീട് അവർ ഗൃഹാതുരമായ ഓർമ്മകൾ പങ്കുവയ്ക്കും. അവർ പരസ്പരം അനുഭവിച്ച സന്തോഷം വിവരിക്കാനാകാത്തതാണ്.

136. ഇത്തരത്തിൽ, വിശ്രമത്തിനും പഴങ്ങൾ, ലഘുഭക്ഷണം എന്നിവയ്ക്കും ശേഷം സംതൃപ്ത ഭാവത്തോടെ[25] പരിവാരസമേതം ബാബ തിരികെ പോകും.

137. ഒരു ഭാഗത്ത് റഹടയും മറുഭാഗത്ത് നിമഗാവണും സ്ഥിതി ചെയ്യുന്നു. മധ്യഭാഗത്തായിരുന്നു ഷിർദി – ചെറിയ ജനസംഖ്യയുള്ള ഒരു ചെറിയ ഗ്രാമം.

138. പക്ഷേ ഈ മധ്യബിന്ദുവിൽ നിന്നും, ഈ രണ്ട് ഗ്രാമങ്ങളിലേയ്ക്കുമല്ലാതെ, അദ്ദേഹം ഒരിക്കലും ശാരീരികമായ യാത്രകൾ നടത്തിയിരുന്നില്ല, എല്ലാ ദിശകളിലെയും അറിവുകൾ അദ്ദേഹത്തിനുണ്ടായിട്ടുകൂടിയും.

139. അദ്ദേഹം യാത്രകൾ നടത്തുകയോ, തീവണ്ടികൾ കാണുകയോ ചെയ്തിട്ടില്ല. പക്ഷേ തീവണ്ടി സമയം, അവയുടെ വരവ് – പോക്ക് പട്ടിക എന്നിവ അദ്ദേഹത്തിനറിയാമായിരുന്നു.

140. തീവണ്ടിയിലെത്താൻ വേണ്ടി എല്ലാ ഒരുക്കങ്ങളും ചെയ്തശേഷം ഭക്തന്മാർ ബാബയുടെ അനുമതി നേടാനായി പോകും, അപ്പോൾ അദ്ദേഹം പറയും: "എന്തിനാണ് ഈ ധൃതി?"

141. "ബാബാ, ഞാൻ ധൃതി പിടിച്ചില്ലെങ്കിൽ ബോംബെയ്ക്കുള്ള തീവണ്ടി നഷ്ട പ്പെടുകയും എന്റെ ജോലി ഇല്ലാതാകുകയും ചെയ്യും, എന്തെന്നാൽ എന്റെ മേലധികാരി എന്നെ പുറത്താക്കും."

142. "ഇവിടെ മറ്റൊരു മേലധികാരി ഇല്ല. എന്തിനാണ് നിനക്ക് ഈ ധൃതി. പോയി കുറച്ച് ആഹാരം കഴിക്കുക. ഉച്ചനേരത്തെ ഭക്ഷണത്തിന് ശേഷം പോകു ക."

143. ആ വാക്കുകൾ ധിക്കരിക്കാൻ ആരാണ് അവിടെ ഉള്ളത്! ചെറുപ്പക്കാർ, വൃദ്ധർ, ജ്ഞാനികൾ, വിവേകികൾ എന്നിവരൊക്കെ സ്വന്തം അനുഭവത്തിൽ നിന്നും ഇത് മനസ്സിലാക്കി.

144. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നവർക്ക് ഒരിക്കലും തീവണ്ടി കൾ നഷ്ടമായില്ല. പക്ഷേ, അവ അനുസരിക്കാത്തവർ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വന്നു.

145. പിന്നീട്, അത്തരക്കാരുടെ എണ്ണമില്ലാത്ത, വ്യത്യസ്തമായ അനുപമമായ അനുഭവങ്ങൾ ഒന്നൊന്നായി ചുരുക്കത്തിൽ ഞാൻ നിങ്ങളോട് പറയുന്നതാ ണ്.

146. ഹേമദ് സായിയുടെ പാദങ്ങളിൽ വന്ദിക്കുകയും, അടുത്ത അധ്യായത്തിൽ എങ്ങനെയാണ് ഭക്തർ അവരുടെ ഗ്രാമങ്ങളിലേക്ക് തിരികെ പോയതെന്നും (ഷിർദിയിൽ നിന്നും) എങ്ങനെയാണ് ബാബ നിർദ്ദേശങ്ങൾ നൽകിയത് എന്നുമുള്ള വിഷയം തുടരുകയും ചെയ്യുന്നതാണ്.

147. അനുമതി ലഭിച്ചവർ പോകുകയും ലഭിക്കാത്തവർ താമസിക്കുകയും ചെയ്യും. അനുസരിക്കാത്തവർ ദുരിതമനുഭവിക്കും. ഇത് അടുത്ത അധ്യായത്തിൽ വിശദീകരിക്കുന്നതാണ്.

148. കൂടാതെ എന്തുകൊണ്ടാണ് ബാബ ഭിക്ഷാംദേഹിയുടെ ജീവിതരീതികൾ അവലംബിച്ചതെന്നും, എന്തുകൊണ്ടാണ് ഭിക്ഷയായി കിട്ടിയ ഭക്ഷണം കഴി ച്ചിരുന്നതെന്നും – ദൈനംദിന ജീവിതത്തിൽ ചെയ്തുപോകുന്ന പാപങ്ങൾ, ജീവികളുടെ ജീവൻ യാദൃശ്ചികമായി നശിപ്പിക്കപ്പെടുന്നതിനാൽ ഉണ്ടാകു ന്നവയെ കഴുകിക്കളയുന്നതിനു വേണ്ടിയായിരുന്നു. ഇവയെല്ലാം പിന്നീട് പറയുന്നതാണ്.

149. അതിനാൽ ശ്രോതാക്കളുടെ പാദങ്ങളിൽ ഞാൻ പ്രാർത്ഥിക്കുന്നു; ഓരോ നിമിഷവും, അവരുടെ സ്വന്തം നന്മയ്ക്കുവേണ്ടി, സായി ചരിതം ശ്രവിക്ക ണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ, ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിത ത്തിലെ എട്ടാമത്തെ അധ്യായം "സായിസമർത്ഥന്റെ അവതാരം" ഇവിടെ സമാ

പിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ദേവതയ്ക്ക് മുമ്പിൽ രാത്രിയും പകലും തുടർച്ചയായി കത്തി നിൽക്കുന്ന ദീപം, 'നന്ദ ദീപം' എന്ന് അറിയപ്പെടുന്നു.
2. ശരീരത്തിൽ നടക്കുന്ന സൂക്ഷ്മചലനങ്ങളെക്കുറിച്ച് ഒരുവൻ അറിയുന്നില്ല.
3. ദീർഘമായ ആയുസ് നൽകി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.
4. ഒരു ചക്രവർത്തിയെപ്പോലെ.
5. ആത്യന്തികമായ ആത്മീയ ലക്ഷ്യം.
6. സൂര്യവംശത്തിലെ ഒരു രാജാവ്, സാഗരമഹാരാജാവിന്റെ പൗത്രനായിരുന്ന അദ്ദേഹം കഠിനതപശ്ചര്യകളിലൂടെ ദേവഗംഗയെ ഭൂമിയിലെത്തിക്കുകയും അവിടെ നിന്നും പാതാളത്തിലേയ്ക്ക് എത്തിച്ച് സാഗരന്റെ 60,000 പുത്രൻമാരുടെ ചിത്രാഭസ്മത്തിലൂടെ ഒഴുക്കി, അവർക്ക് മോക്ഷം നൽകി.
7. അതായത് അയാൾക്ക് മനുഷ്യജന്മം ലഭിക്കും എന്ന കാര്യം.
8. അതായത് പക്ഷികൾ, മൃഗങ്ങൾ, കീടങ്ങൾ.
9. ഒരു വൃക്ഷത്തിനെപ്പോലെ
10. മതാധിഷ്ഠിതമായ സദ്പ്രവൃത്തികളും, ധാർമ്മികമായ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുന്നതും സംശുദ്ധിയും, ആത്മജ്ഞാനവും നേടാൻ സഹായിക്കുന്നു.
11. പരബ്രഹ്മ തത്ത്വം
12. 'ഞാൻ', 'എന്റേത്' എന്ന ചിന്ത.
13. ഭഗവാൻ രാമന്റെ നാമം
14. ധർമ്മ, അർത്ഥ, കാമ മോക്ഷങ്ങൾ – ധാർമ്മികമായ ജീവിതചര്യ, ധനസമ്പാദനം, പങ്കാളിയെ നേടി സന്താനോല്പാദനം നടത്തുന്നത്, മുക്തി നേടുന്നത്.
15. ജലം നീരാവിയായി മാറിയശേഷം മഴയായി പെയ്യുന്നു.
16. അദ്ദേഹത്തിന്റെ സംരക്ഷണത്തിന്റെ കീഴിലാകുമ്പോൾ.
17. പുറമേ കാണുമ്പോൾ സാധാരണമെന്ന് തോന്നുമെങ്കിലും നിറയെ ആന്തരികാർത്ഥമുള്ളവയാണ്.
18. ദ്രവരൂപത്തിലുള്ള ഭക്ഷണം ശേഖരിക്കാനുള്ള ടിൻ
19. ഭിക്ഷ സ്വീകരിക്കാനുള്ള, നാലു വശവും മടക്കുള്ള തുണി.
20. ഭക്ഷണം കഴിക്കാനായി പാത്രം പോലെ ഉപയോഗിക്കാം.
21. ബായ്ജാബായിയും അവളുടെ ഭർത്താവ് ഗണപതും.
22. ശ്രീകൃഷ്ണന്റെ പിതാവ്. അദ്ദേഹം സൂര്യവംശത്തിലെ യാദവകുലത്തിൽ ജനിച്ചു. വാസുദേവ് എന്നത് മഹാവിഷ്ണുവിന്റെ ഒരു നാമവും ആകുന്നു.
23. കുശൽചന്ദും അയാളുടെ അമ്മാവനും.
24. ബാബയും റഹടയിൽ നിന്നുള്ള ആൾക്കാരും.
25. ഇത്തരുണത്തിൽ, എച്ച്.എസ്. ദീക്ഷിത് ഒരു സംഭവം വിവരിച്ചു. ഒരു ദിവസം, വൈകു

ന്നേരം, മഹാരാജ് എന്നോട് കുശൽ ഭാവു കുറേ നാളുകളായി വന്നിട്ടില്ല എന്നുപറഞ്ഞു. "ഒരു ടോംഗയുമായി റഹടയിലേയ്ക്ക് പോയി. അയാളെ കൂട്ടിക്കൊണ്ട് വരിക. ബാബ അയാളെ വിളിക്കുന്നു എന്ന് പറയുക." അതനുസരിച്ച് ഞാൻ റഹടയിലേക്ക് ഒരു ടോംഗയുമായി പോയി കുശൽഭാവുവിനെ കണ്ടു. അയാൾ പറഞ്ഞു, "ഉച്ചയൂണ് കഴിഞ്ഞ് ഞാൻ ഉറങ്ങുകയായിരുന്നു. മയക്കം പിടിച്ചയുടൻ മഹാരാജ് എനിക്ക് സ്വപ്ന ദർശനം നൽകിക്കൊണ്ട് പറഞ്ഞു: "ഷിർദിയിലേക്ക് വരിക." അതിനാൽ അവിടെ പോകാൻ ഞാൻ ആഗ്രഹിച്ചെങ്കിലും എന്റെ കുതിരകൾ ഇന്ന് ഇവിടെ ഇല്ലാത്തതിനാൽ, എനിക്ക് പോകാൻ കഴിഞ്ഞില്ല. അതിനാൽ ഞാൻ ഇപ്പോൾ എന്റെ മകനെ ഷിർദിയിലേക്ക് അയച്ചു." അപ്പോൾ ഞാൻ പറഞ്ഞു: "അതുകൊണ്ടാണ് മഹാരാജ് എന്നെ ടോംഗയുമായി അയച്ചത്. താങ്കൾ വരാൻ ആഗ്രഹിക്കുന്നെങ്കിൽ എന്റെ ടോംഗ തയ്യാറാണ്." അയാൾ എന്റെയൊപ്പം സന്തോഷത്തോടെ വന്നു.

## 9

# ദാബോൽക്കർ പേരിടാത്തത്

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇപ്പോൾ കഥ തുടരുകയാണ്, ബാബയുടെ അനുമതി ഇല്ലാതെ ലക്ഷ്യസ്ഥാനത്തേക്ക് തിരികെ പോകാൻ ഭക്തന്മാർ നിർബന്ധം പിടിക്കവേ, എങ്ങനെയാണ് അവർ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതെന്ന്.

2. കൂടാതെ ഭക്തന്മാരുടെ നന്മയ്ക്കുവേണ്ടി, പഞ്ചപാപങ്ങൾ[1] കഴുകിക്കളയുന്നതിനായി, ബാബ അനുവർത്തിക്കുകയും മരണം വരെ അനുഷ്ഠിക്കുകയും ചെയ്ത ഭിക്ഷാടന ജീവിതരീതിയെക്കുറിച്ചും.

3. ബ്രഹ്മനിൽ നിന്നും (അനശ്വരവും ഇളക്കം തട്ടാത്തതും) തുടങ്ങി ജഡവസ്തുക്കൾ വരെ, എല്ലായിടത്തും സായി സ്വയം അവതരിച്ചിരിക്കുന്നു. ദയാലുവായ സായി, ഈശ്വരൻ എല്ലാ ജീവികളിലും വർത്തിക്കുന്നു എന്ന് ഉറപ്പിച്ചു (എല്ലാ മനസ്സുകളിലും).

4. അതിനാൽ, ശ്രോതാക്കളോടെല്ലാം, ശ്രദ്ധയോടെ ശ്രവിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ദിവ്യകഥകൾ ശ്രവിക്കുന്നതിലൂടെ, നിങ്ങൾ നിങ്ങളുടെ സ്വന്തം നന്മ നേടും.

5. ഒരു ഭക്തൻ ബാബയുടെ അനുമതി ഇല്ലാതെ തിരികെ പോകാൻ ശ്രമിക്കുകയാണെങ്കിൽ, അയാൾ ക്ലേശങ്ങൾ ക്ഷണിച്ചു വരുത്തുമെന്നുള്ളത് ഷിർദി തീർത്ഥയാത്രയുടെ ഒരു പ്രത്യേകതയായിരുന്നു.

6. പക്ഷേ, ഒരിക്കൽ അനുമതി നൽകി കഴിഞ്ഞാൽ ഒരു നിമിഷം പോലും ഷിർദിയിൽ താമസിക്കുന്നത് അസാധ്യമായിരുന്നു. ഒരുവൻ തുടർന്ന് താമസിക്കുകയാണെങ്കിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും. ഇതായിരുന്നു എല്ലാവരുടെയും അനുഭവങ്ങൾ.

7. അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അനുസരിക്കാത്തവർ മാർഗ്ഗമധ്യേ ക്ലേശങ്ങൾ അനുഭവിച്ചു. ചിലർ കൊള്ളയടിക്കപ്പെടുകയും അവർ ജീവിതാവസാനം വരെ അവരുടെ അനുഭവം ഓർമ്മിക്കുകയും ചെയ്തു.

8. അല്പം ഭക്ഷണം കഴിക്കണമെന്നും അതിനുശേഷം യാത്ര പുറപ്പെടണമെന്നും അദ്ദേഹം പറയുകയും, എന്നിട്ടും ഒരുവൻ ആഹാരം കഴിക്കാതെ

ധൃതിയിൽ [2] പുറപ്പെടുകയാണെങ്കിൽ അവന് തീവണ്ടി ലഭിക്കുകയുമില്ല വിശന്നിരിക്കേണ്ടിയും വരും. അനേകം ഭക്തന്മാർ ഇത് അനുഭവിച്ചിട്ടുണ്ട്.

9. ഒരിക്കൽ, പാട്ടീൽ താത്ത്യകോത്തേ്യ, വാരം തോറുമുള്ള അങ്ങാടിയിൽ പങ്കെടുക്കാൻ കോപർഗാവണിലേക്ക് പോകുകയായിരുന്നു. വഴിക്കുവെച്ച് അയാൾ മസ്ജിദിലെത്തി.

10. അയാൾ ടോംഗയോട് കാത്തുനിൽക്കാൻ പറഞ്ഞുകൊണ്ട്, വന്ന് ബാബയുടെ ദർശനം നടത്തി, കാൽക്കൽ വന്ദിച്ചുകൊണ്ട് പോകാനുള്ള അനുമതി ചോദിക്കുന്നത് പോലെ ഭാവിച്ചു.

11. ഭക്തൻ തന്ത്രങ്ങൾ പ്രയോഗിക്കാൻ ശ്രമിക്കുമായിരിക്കും, പക്ഷേ, ശുഭകരമായ സമയമാണോ അല്ലയോ എന്നത് ബാബയ്ക്ക് അറിയാമായിരുന്നു. താത്ത്യ ധൃതിയിലാണെന്ന് കണ്ടപ്പോൾ, അയാളോട് കുറച്ചുനേരം കാത്തിരിക്കാൻ ബാബ പറഞ്ഞു.

12. "അങ്ങാടി നടക്കട്ടെ! ഗ്രാമം വിട്ട് പോകരുത്." പക്ഷേ താത്ത്യ ഉത്സുകനാണെന്ന് കണ്ടപ്പോൾ, ശാമയെ ഒപ്പം കൂട്ടാൻ അദ്ദേഹം പറഞ്ഞു.

13. 'ശാമയെ ഒപ്പം കൂട്ടുന്നതെന്തിനാണ്!' ഇങ്ങനെ ചിന്തിച്ചുകൊണ്ട് അയാൾ അദ്ദേഹത്തിന്റെ ആജ്ഞ അവഗണിക്കുകയും ടോംഗയിൽ ഇരുന്നുകൊണ്ട് അങ്ങാടിയിലേക്ക് പോകുകയും ചെയ്തു.

14. രണ്ട് കുതിരകളിൽ ഒന്ന് ചുറുചുറുക്കുള്ളതും അസ്വസ്ഥവുമായിരുന്നു. അതിന് 300 ഉറുപ്പിക വിലയായിരുന്നു. അവർ സാവുൾ കിണറിന് സമീപത്തെത്തിയപ്പോൾ അത് നിയന്ത്രണാതീതമായി.

15. ഒരിക്കലും ചാട്ടവാറടി വേണ്ടി വരാത്തതും, ഒരു മണിക്കൂറിനുള്ളിൽ അങ്ങാടിയിൽ എത്തുകയും ചെയ്യുന്ന കുതിരക്ക് പെട്ടെന്ന് നടുവ് ഉളുക്കുകയും അത് മുടന്തി നടക്കാനും തുടങ്ങി.

16. അതിനാൽ അങ്ങാടിയും ഇല്ല, സാധനങ്ങൾ വാങ്ങലുമില്ല! താത്ത്യ സായിമാതാവിനെ ഓർക്കുകയും, സമയത്ത് അനുസരിച്ചിരുന്നെങ്കിൽ അയാൾക്ക് ഈ അപകടം ഒഴിവാക്കാമായിരുന്നുവെന്ന് ചിന്തിക്കുകയും ചെയ്തു. പക്ഷേ, കഴിഞ്ഞുപോയ സംഭവങ്ങളെപ്പറ്റി ഒന്നും ചെയ്യാൻ കഴിയില്ല.

17. മറ്റൊരു അവസരത്തിൽ ഇതേപോലുള്ള ഒരു സംഭവം ഉണ്ടായി. താത്ത്യ കോൽഹാർ ഗ്രാമത്തിലേക്ക് പുറപ്പെടാൻ തുടങ്ങി. ടോംഗയിൽ കുതിരയെ കെട്ടി, അനുവാദം വാങ്ങാനായി ബാബയുടെ പാദങ്ങളിൽ വന്ന് വന്ദിച്ചു.

18. "ഞാൻ പോയിട്ട് പെട്ടെന്ന് തിരിച്ചുവരും", അയാൾ പറഞ്ഞു. അയാൾക്ക് അനുമതി കിട്ടിയില്ല, എന്നിട്ടും താത്ത്യ മുന്നോട്ട് പോയി. അടുത്തതായി എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കുക.

19. ടോംഗയിൽ ഒരു കുതിര ഉണ്ടായിരുന്നത് നിയന്ത്രണം വിട്ട് ഓടാൻ തുടങ്ങി. കുതിര പിൻകാലുകളിൽ നിൽക്കാൻ തുടങ്ങി. മാർഗ്ഗത്തിലുള്ള തടസ്സങ്ങളും വേലികളുമൊന്നും അത് ശ്രദ്ധിച്ചതേയില്ല. ജീവിതത്തിനും മരണത്തിനും ഇടയ്ക്കായത് പോലെയായിരുന്നു.

20. അത് അങ്ങനെയായി. സായിയുടെ കൃപയാൽ അപകടം ഒഴിവായിക്കിട്ടി. ടോംഗ ബാബുൾ മരത്തിൽ ഇടിച്ച് നിന്നു. അത് അവിടെ ഇടിച്ച് നിന്നത് നന്നായി. കൂടുതൽ അപകടം ഉണ്ടായില്ല.

21. അതേപോലെ, ബോംബെയിൽ വസിച്ചിരുന്ന ഒരു യൂറോപ്യൻ മാന്യൻ, ഉള്ളിൽ ചില ഉദ്ദേശ്യങ്ങളുമായി, സായിയുടെ ദർശനത്തിന് വന്നു.

22. അയാൾക്ക് ചന്ദോർക്കറുടെ മേൽ കുറച്ച് സ്വാധീനം ഉണ്ടായിരുന്നു, അതിനാൽ ചന്ദോർക്കർ മാധവറാവുവിന് ഒരു കത്ത് അയച്ചു. അയാൾ ഒരു കൂടാരം ആവശ്യപ്പെടുകയും അതിൽ സുഖമായി വിശ്രമിക്കുകയും ചെയ്തു.

23. ആരെങ്കിലും, ബാബയുടെ അനുമതിക്ക് വിപരീതമായി, സ്വന്തം ഇഷ്ടപ്രകാരം മസ്ജിദിന്റെ പടികൾ കയറാനോ ദർശനം കഴിഞ്ഞ് തിരികെ പോകാനോ ധൈര്യപ്പെടുമോ? അത് അസാധ്യമാണ് എന്ന് എല്ലാവർക്കും അറിയാമായിരുന്നു.

24. അയാൾ മൂന്ന് പ്രാവശ്യം മസ്ജിദിന്റെ പടികൾ കയറാൻ ശ്രമിച്ചുവെങ്കിലും അതെല്ലാം പാഴായി. അതിഥിയുടെ ഉത്സാഹമാകെ മങ്ങി.

25. മസ്ജിദിന്റെ പടികൾ കയറാനും, മുട്ടുകുത്തി ബാബയെ വന്ദിക്കുകയും അദ്ദേഹത്തിന്റെ കൈകൾ ചുംബിച്ചശേഷം അവിടെ ഇരിക്കാനുമായിരുന്നു അയാളുടെ ഉള്ളിലെ ആഗ്രഹം.

26. അതായിരുന്നു അയാളുടെ ആഗ്രഹം. പക്ഷേ ആ സമയത്ത് മുകളിലോട്ട് കയറിവരാനോ മസ്ജിദിൽ തന്റെ സമീപം ഇരിക്കാനോ ബാബ അയാളെ അനുവദിച്ചില്ല.

27. അയാൾക്ക് മുറ്റത്ത് നിൽക്കാം, വേണമെങ്കിൽ അവിടെ ഇരിക്കാം. അവിടെ നിന്നും അയാൾക്ക് ദർശനം നടത്താം. പക്ഷേ മുകളിലേക്ക് കയറി വരാൻ പാടില്ല.

28. അത് അപ്രകാരമായിരുന്നു, പിന്നീട് അയാൾ അവിടം വിട്ടുപോകാൻ തീരുമാനിച്ചു. അയാൾ യാത്ര ചോദിക്കാനായി മുറ്റത്തേക്ക് വന്നു. അപ്പോൾ അയാൾക്ക് പിറ്റേന്ന് പോകാമെന്ന് ബാബ പറഞ്ഞു. എന്തിനാണ് ഇത്രയും ധൃതി?

29. അനേകം ആളുകൾ, പല രീതിയിൽ, അയാളോട് പോകരുതെന്ന് പറയുകയും അഭ്യർത്ഥിക്കുകയും ചെയ്തു. അനുമതിയില്ലാതെ പോയവരൊക്കെ വളരെ പശ്ചാത്തപിക്കേണ്ടി വന്നിട്ടുണ്ടെന്ന് അവർ പറഞ്ഞു.

30. സംഭവിക്കേണ്ടതിനെ തടുക്കാൻ ഒന്നിനുമാകില്ല! അയാൾ ഉപദേശം ശ്രദ്ധിച്ചുമില്ല; അനുവാദം തേടാതെ തിരികെ പോകുകയും ചെയ്തു. ആയാൾ മാർഗ്ഗമധ്യേ ദുരിതമനുഭവിക്കേണ്ടിവന്നു.

31. തുടക്കത്തിൽ വണ്ടി നന്നായി ഓടി. പിന്നീട് കുതിര മാർഗ്ഗത്തിൽ നിന്നും മാറിപ്പോയി. സാവുൾ[3] കിണർ കഴിഞ്ഞപ്പോൾ ഒരു സൈക്കിൾ വഴിയിലേക്ക് വന്നു.

32. ആ മാന്യവ്യക്തി വണ്ടിയുടെ പുറകിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് വണ്ടി ഉലഞ്ഞു. അതിന് സമനില തെറ്റുകയും റോഡിൽ തലകീഴായി മറിയുകയും ചെയ്തു.

33. വളരെ ശ്രമപ്പെട്ട് വണ്ടി നിയന്ത്രണവിധേയമാക്കി. അയാൾ കുറച്ച് നേരം വലിച്ചിഴയ്ക്കപ്പെട്ടു. പിന്നീട് അയാളെ തിരിച്ച് വണ്ടിയിലേയ്ക്ക് ഇരുത്തുകയും വീണ്ടും മുന്നോട്ട് നീങ്ങുകയും ചെയ്തു.

34. ഷിർദി ഒരു ഭാഗത്തായിരുന്നു. ബോംബെ മറുഭാഗത്തും. വണ്ടി[4]യാകട്ടെ പിന്നീട് കോപർഗാവണിലുള്ള ആശുപത്രിയുടെ നേർക്ക് നീങ്ങി.

35. അത് അങ്ങനെ കഴിഞ്ഞു. ആ മനുഷ്യൻ അവിടെ വിഷമിച്ചും, പശ്ചാത്തപിച്ചും കുറച്ചുനാൾ താമസിച്ചു. അയാളുടെ വിധിക്ക് അനുസരിച്ച്, അയാൾ അയാളുടെ അനുസരണക്കേടിന്റെ ഫലം അനുഭവിക്കുകയായിരുന്നു.

36. ഇത്തരത്തിലുള്ള അനേകം സംഭവങ്ങളുണ്ട്. ആളുകൾക്ക് ഭയവും ആശങ്കയും ഉണ്ടായി തുടങ്ങുകയും, അവർ ബാബയുടെ ആഗ്രഹങ്ങൾ മാനിച്ച് തുടങ്ങുകയും ചെയ്തു. ധിക്കരിക്കാൻ അവർ ധൈര്യപ്പെട്ടില്ല.

37. അത്തരം ചില സന്ദർഭങ്ങളിൽ വണ്ടിയുടെ ചക്രം[5] ഊരിപ്പോയി; ചിലപ്പോൾ കുതിരകൾ ക്ഷീണിതരായി; അല്ലാത്തപ്പോൾ അവർക്ക് തീവണ്ടികൾ നഷ്ടമാകുകയും, വിശന്ന് പൊരി മാത്രം കഴിച്ച് കാത്തിരിക്കേണ്ടി വരികയും ചെയ്തു.

38. അതിന് വിപരീതമായി, അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ മാനിച്ചവർക്ക് അസമയങ്ങളിൽ പോലും തീവണ്ടി ലഭിച്ചു. അവർക്ക് സുഖകരമായ യാത്ര ലഭിക്കുകയും, അവർ അത് മരണം വരെ ഓർക്കുകയും ചെയ്തു.

39. എന്തുകൊണ്ടാണ് ബാബ വർഷങ്ങളോളം ഭിക്ഷ യാചിച്ച് ജീവിച്ചതെന്ന സംശയങ്ങൾ ജനങ്ങൾക്കുണ്ടെങ്കിൽ, അവ ദൂരീകരിക്കുന്നതാണ്; ആ വിശദീകരണം മനസ്സിൽ ഓർത്ത് വയ്ക്കുക.

40. നമ്മൾ ബാബയുടെ ജീവിതരീതികൾ നോക്കുകയാണെങ്കിൽ, ഭിക്ഷ യാചിക്കുക എന്നത് അദ്ദേഹത്തിന് യോജിച്ചതായിരുന്നു എന്ന് മനസ്സിലാകും; എന്തുകൊണ്ടെന്നാൽ അത് ജനങ്ങൾക്ക് സന്തോഷം നൽകുകയും ഗൃഹസ്ഥാശ്രമികളായ അവരുടെ കർത്തവ്യങ്ങൾ സഫലമാക്കുന്നതിന് സഹായകരവുമായിരുന്നു.

41. ശരീരം – സംഭാഷണം – മനസ്സ് – ധനം എന്നിവ സായിയുടെ പാദങ്ങളിൽ സമർപ്പിച്ച ഭക്തനെ സായി അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു.

42. ഗൃഹത്തിൽ പാകം ചെയ്യുന്ന ആഹാരങ്ങളുടെ അധികാരി ഗൃഹനാഥനാണ്. ആദ്യമായി അത് ഒരു ഭിക്ഷാംദേഹിക്കോ ബ്രഹ്മചാരിക്കോ[6] അയാൾ നൽകേണ്ടിയിരിക്കുന്നു.

43. അവർക്ക് നൽകാതെ ആഹാരം കഴിക്കുന്ന ഗൃഹനാഥൻ ചന്ദ്രയാനവ്രതം[7] അനുഷ്ഠിക്കണം, അത് മൂന്ന് തരത്തിലുള്ള ശുദ്ധി[8] നേടുന്നതിന് ഉപകരിക്കുമെന്ന് ശാസ്ത്രങ്ങൾ പറയുന്നു.

44. ഭിക്ഷാംദേഹികളും ബ്രഹ്മചാരികളും ആഹാരം പാകം ചെയ്യുന്നത് നിഷിദ്ധമാണ്. അവർ അപ്രകാരം ചെയ്യുകയാണെങ്കിൽ അവർ നിർബന്ധമായും ചന്ദ്രയാനവ്രതം അനുഷ്ഠിക്കണം.

45. അതിനാൽ അവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കേണ്ട ബാധ്യത, ശാസ്ത്രങ്ങൾ, ഗൃഹനാഥന്റെ മേൽ ചുമത്തിയിരിക്കുന്നു. സന്ന്യാസിമാർ അവരുടെ വിശപ്പ് അടക്കുന്നതിനുവേണ്ടി ഒരിക്കലും സ്വയം പരിശ്രമിക്കാറില്ല.

46. ബാബ ഒരിക്കലും ഒരു ഗൃഹസ്ഥാശ്രമിയായിരുന്നില്ല, ഒരു വാനപ്രസ്ഥചാരി[9] യുമായില്ല. അദ്ദേഹം ചെറുപ്പം മുതൽ തന്നെ ബ്രഹ്മചാരിയും ഒരു സന്ന്യാസിയുമായിരുന്നു. അതിനാൽ ഭിക്ഷ യാചിക്കുക എന്നതായിരുന്നു അദ്ദേഹത്തിന് ചെയ്യാമായിരുന്ന ശരിയായ മാർഗ്ഗം.

47. "ഈ പ്രപഞ്ചം മുഴുവൻ എന്റെ ഗൃഹമാണ്. ഞാൻ സ്വയം വാസുദേവനും സർവ്വവ്യാപിയായ ഈശ്വരനുമാണ്. ഞാൻ സ്വയം പരബ്രഹ്മമാകുന്നു." ഇത്തരത്തിൽ ഉറച്ച വിശ്വാസമുള്ള ഒരുവന്,

48. ഭിക്ഷ യാചിക്കാനുള്ള പൂർണ്ണമായ അധികാരം ഉണ്ട്. ലോകം മുഴുവൻ ഒരൊറ്റ കുടുംബമാണെന്ന തത്ത്വശാസ്ത്രത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. മറ്റുള്ളവർ ഈ തത്ത്വോപദേശത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്, സാധാരണ എല്ലാ ഭാഗത്തും കാണുന്നതുപോലെ.

49. ആദ്യമായി ഒരുവൻ പുത്രനു[10]വേണ്ടിയുള്ള ആഗ്രഹം ഉപേക്ഷിക്കണം, പിന്നീട് സമ്പത്തിനും പദവിക്കും വേണ്ടിയുള്ള ആസക്തിയും. ഈ മൂന്ന് ആഗ്രഹങ്ങളും ഉപേക്ഷിച്ചവന് മാത്രമേ ഭിക്ഷ യാചിക്കാൻ യോഗ്യതയുള്ളൂ.

50. അങ്ങനെയല്ലെങ്കിൽ, തുക്കാറാം പറയുന്നതുപോലെ: "ദാനത്തിലും ഭിക്ഷാവൃത്തിയിലും ആശ്രയിക്കുന്ന ജീവിതം അവജ്ഞയാണ് അർഹിക്കുന്നത്," എന്തെന്നാൽ അത്തരമൊരു ജീവിതത്തിന്റെ അർത്ഥം അറിയാതിരിക്കുന്നത് പ്രയോജനരഹിതമാണ്.

51. ശ്രേഷ്ഠസായി മഹാനായ ഒരു സിദ്ധനായിരുന്നു (യോഗി). അത് വൃദ്ധർക്കും ചെറുപ്പക്കാർക്കും അറിവുള്ളതാണ്. പക്ഷേ, ലോകബന്ധനങ്ങൾ കൊണ്ട് നിറഞ്ഞ നമ്മൾ അദ്ദേഹത്തിന്റെ ദിവ്യചരണങ്ങളിൽ ഭക്തിയോടെ സ്വയം സമർപ്പിക്കുന്നില്ല.

52. പഞ്ചയജ്ഞങ്ങൾ[11] നടത്താതെ ആഹാരം കഴിക്കുന്നത് ഗൃഹസ്ഥാശ്രമികൾക്ക് നിഷിദ്ധമാണ്. പക്ഷേ, സായി ഈ യജ്ഞങ്ങൾ[12] അനുഷ്ഠിച്ചുകൊണ്ട് ആഹാരം പാകം ചെയ്യുകയും, ദിനവും ആഹാരം ശുദ്ധീകരിക്കുകയും ചെയ്തിരുന്നു.

53. എല്ലാ ദിവസവും അദ്ദേഹം അഞ്ച് ഗൃഹങ്ങൾ സന്ദർശിക്കുകയും, ആതിഥേയരെ അതിഥിയജ്ഞത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തു. അതിനാൽ ഗൃഹത്തിലിരുന്നുകൊണ്ട് പുണ്യം[13] നേടാൻ കഴിഞ്ഞ ആ മനുഷ്യർ തീർച്ചയായും ഭാഗ്യശാലികളായിരുന്നു.

54. പഞ്ചമഹായജ്ഞങ്ങൾ അനുഷ്ഠിച്ചശേഷം, അവശേഷിക്കുന്ന ആഹാരം കഴിക്കുന്ന മനുഷ്യർ, ഭീകരവും അറിയപ്പെടാത്തതുമായ അഞ്ച് പാപങ്ങളിൽ നിന്നും രക്ഷ നേടുന്നു, എന്തുകൊണ്ടെന്നാൽ ആ പാപങ്ങൾ എരിഞ്ഞ് ഇല്ലാതെയാകുന്നു.

55. ആ അഞ്ച് പാപങ്ങൾ ഇവയാണ്: കണ്ഡനി-ഉലക്കയ്ക്ക് ഇടിക്കുക, ചൂലി - അടുപ്പിൽ തീ കത്തിക്കുന്നത്, ഉദ്കുംഭി - കുടത്തിൽ വെള്ളം എടുക്കുന്നത്, പേശാനി - അരകല്ലിൽ പൊടിക്കുന്നു, മാർജാനി - തൂത്ത് വാരുന്നത്.

56. ധാന്യങ്ങൾ ഉരലിൽ (ഉക്കൽ) ഇട്ട് ഉലക്ക കൊണ്ട് ഇടിക്കുമ്പോൾ ധാന്യങ്ങൾ പൊടിഞ്ഞ് ഉമി നീക്കം ചെയ്യപ്പെടുകയും, ഈ പ്രവൃത്തിക്കിടയിൽ അറിയാതെ ജീവികൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു.

57. പക്ഷേ മേൽപറഞ്ഞ പ്രവൃത്തി കൂടാതെ ധാന്യങ്ങൾ ഭക്ഷണയോഗ്യമല്ല. അതിനാൽ പഞ്ചസൂനങ്ങളിൽ ആദ്യത്തേത് കണ്ഡനി എന്ന പാപമാണെന്ന് കരുതപ്പെടുന്നു.

58. അടുപ്പിൽ വിറക് കത്തിച്ച് ആഹാരം പാകം ചെയ്യുന്നു. അപ്പോഴും, അറിയാതെ ജീവികൾ കൊല്ലപ്പെടുന്നു. ഇതാണ് രണ്ടാമത്തെ പാപമായ ചൂലി.

59. അരകല്ലിലോ തടി കൊണ്ടുള്ള തിരികല്ലിലോ ധാന്യങ്ങൾ പൊടിക്കുമ്പോൾ, അറിയാതെ എണ്ണമറ്റ ജീവികൾ നശിപ്പിക്കപ്പെടുന്നു. ആ പാപം പേശാനി എന്നറിയപ്പെടുന്നു.

60. ജനങ്ങൾ കിണറിൽ നിന്നോ, തടാകത്തിൽ നിന്നോ, കുളത്തിൽ നിന്നോ കുടം ഉപയോഗിച്ച് വെള്ളം കോരുമ്പോഴോ സ്ത്രീപുരുഷന്മാർ വസ്ത്രങ്ങൾ കഴു കുമ്പോഴോ അനേകം ജീവികൾ നശിപ്പിക്കപ്പെടുന്നു.

61. കുടങ്ങൾ കഴുകുമ്പോഴോ, തേച്ച് വൃത്തിയാക്കുമ്പോഴോ, കൈകൾ കൊണ്ട് മിനുസപ്പെടുത്തുമ്പോഴോ അറിയാതെ ജീവികൾ നശിപ്പിക്കപ്പെടുന്നു. ഇതാണ് നാലാമത്തെ പാപമായ ഉദ്കുംഭി.

62. അതേപോലെ, ഇളംചൂട് വെള്ളത്തിൽ കുളിക്കുമ്പോഴോ, ചാണകം തളിക്കു മ്പോഴോ (നിലത്ത്) ജീവികൾ ദയനീയമായി നശിപ്പിക്കപ്പെടുന്നു. ഇത് മാർജാനി എന്നറിയപ്പെടുന്നു.

63. ഈ പഞ്ചപാപങ്ങളിൽ നിന്നും സ്വതന്ത്രനാകുന്നതിന്, ഒരു ഗൃഹസ്ഥാശ്രമി പഞ്ചയജ്ഞങ്ങൾ അനുഷ്ഠിക്കേണ്ടതാണ്. അത് കഴിയുമ്പോൾ പാപങ്ങൾ നശിപ്പിക്കപ്പെടുകയും അയാൾ പരിശുദ്ധി നേടുകയും ചെയ്യുന്നു.

64. ഇതാണ് മനഃശുദ്ധിയുടെ ശക്തി. നേടുന്ന ശുദ്ധജ്ഞാനം പാപരഹിതമായിരി ക്കും. ജ്ഞാനസിദ്ധിക്ക് ശേഷം മുക്തി സുനിശ്ചിതമാണ്. ഇതാണ് ജീവിതല ക്ഷ്യത്തിന്റെ ഫലപ്രാപ്തി.

65. അത് അങ്ങനെ ആകട്ടെ. ഇതായിരുന്നു ഭിക്ഷാവൃത്തിയെക്കുറിച്ചുള്ള ബാബ യുടെ തത്ത്വശാസ്ത്രം, അതിനെക്കുറിച്ച് എഴുതിയപ്പോൾ ഗ്രന്ഥത്തിന്റെ താളു കളുടെ എണ്ണം കൂടി. മറ്റൊരു വ്യത്യസ്ത കഥ കേൾക്കുക. അതിനുശേഷം നാം ഈ അധ്യായം അവസാനിപ്പിക്കും.

66. നിങ്ങളുടെ ഹൃദയത്തിൽ സ്നേഹം മാത്രമേ ഉണ്ടാകാവൂ. ആരെങ്കിലും, ആരു ടെയെങ്കിലും പക്കൽ എന്തെങ്കിലും (അദ്ദേഹത്തിന് വേണ്ടി) കൊടുത്തുവിടു കയും, ആ വ്യക്തി അത് മറക്കുകയുമാണെങ്കിൽ, ബാബ ചോദിക്കാൻ മറ ക്കാറില്ല.

67. അത് ഒരു പച്ചക്കറിയോ ഭക്രിയോ മധുരപലഹാരമോ ആകട്ടെ, ഭക്തി ദൃഢ മായിരിക്കണം. അത്തരത്തിലുള്ള ഭക്തി നിറഞ്ഞ ഒരു ഭക്തനെ സായി കണ്ടു മുട്ടുമ്പോൾ, അദ്ദേഹത്തിന്റെ സ്നേഹം വർദ്ധിക്കും.

68. ഇത് സ്നേഹസമ്പന്നനായ ഒരു ഭക്തന്റെ കഥയാണ്, അത് കേൾക്കുവാൻ ആനന്ദപ്രദമാണ്. ഒരുവനെ ഏൽപ്പിച്ച കർത്തവ്യം അവൻ മറക്കുകയാണെ ങ്കിൽ, ബാബ സ്വയം അവനെ ശരിയായ പാതയിലേക്ക് നയിക്കും.

69. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വളരെ സ്വീകാര്യമായിരുന്നു. ആവശ്യമായ ഉണർവ്വ് സമയോചിതമായി അദ്ദേഹം നൽകിയിരുന്നു. അത് അനുഭവിച്ചവർ ഭാഗ്യശാലികളും അവരുടെ ആനന്ദം വിവരണാതീതവുമായിരുന്നു.

70. അദ്ദേഹത്തിന്റെ പ്രമുഖ ഭക്തന്മാരിൽ ഒരാളായ രാമചന്ദ്രയ്ക്ക്, പിതാവിന്റെ നാമം ആത്മറാം എന്നും കുടുംബപ്പേര് താർഖഡ് എന്നുമുള്ള അയാൾക്ക്, ബാബ ഒരു അഭയസങ്കേതമായിരുന്നു.

71. പക്ഷേ എല്ലാവരും അയാളെ ബാബാസാഹേബ് താർഖഡ് എന്ന് വിളിച്ചിരു ന്നതിനാൽ, നമ്മൾ ഈ ഗ്രന്ഥത്തിൽ അതേ നാമം ഉപയോഗിക്കുന്നതാണ്, മറ്റുനാമം ഉപയോഗിക്കേണ്ട കാര്യമില്ല.

72. സായിയോടുള്ള സ്നേഹാധിക്യത്തിൽ പൂർണ്ണമായും ആമഗ്നനായി, ദൈവി കാവേശം കൊണ്ടെന്നപോലെ, അയാൾ തന്റെ അനുഭവങ്ങൾ വിവരിക്കു മ്പോൾ അവ ശ്രവിക്കുന്നത് സന്തോഷകരമായിരുന്നു.

73. ഓ, എത്ര മഹത്തരമായിരുന്നു അയാളുടെ ഭക്തി! ഓരോ ഘട്ടത്തിലും അയാൾ ബാബയെ അനുഭവിച്ചറിയുകയായിരിക്കും, ഓരോന്നും മറ്റൊന്നിനേക്കാൾ അതിശയകരമായിരിക്കും. ഈ അനുഭവങ്ങൾ യോജിച്ച ആംഗ്യങ്ങളോടെ അയാൾ വിവരിക്കും.

74. ബാബാസാഹേബ് സമാനതകളില്ലാത്ത ഒരു ഭക്തനായിരുന്നു. അയാളുടെ ഗൃഹ ത്തിൽ, മനോഹരമായ, ചന്ദനംകൊണ്ട് നിർമ്മിച്ച, വലിയ ഒരു അൾത്താരയിൽ സായിയുടെ ചിത്രമുണ്ടായിരുന്നു; അയാൾ അത് മൂന്നുനേരം പൂജിച്ചിരുന്നു.

75. അതേ അളവിൽ സായിയോട് ഭക്തി ഉണ്ടായിരുന്ന ഒരു മകനെ ലഭിച്ചതി നാൽ അയാൾ വളരെ ഭാഗ്യവാനായിരുന്നു. സായിക്ക് നൈവേദ്യം അർപ്പിക്കു ന്നത് വരെ അവൻ ആഹാരം കഴിക്കുമായിരുന്നില്ല.

76. പ്രഭാതത്തിൽ സ്നാനം കഴിഞ്ഞ്, നിറഞ്ഞ ഭക്തിയോടെ, എല്ലായ്പ്പോഴും സായിയുടെ ചിത്രത്തിൽ പൂർണ്ണഹൃദയം, മനസ്സ്, ഭാഷണം, ശരീരം എന്നിവ കൊണ്ട് പൂജ ചെയ്യുകയും നൈവേദ്യം അർപ്പിക്കുകയും ചെയ്യും.

77. അവൻ നീക്കുപോക്കില്ലാതെ ചെയ്ത് കൊണ്ടിരുന്ന ഒരു ദിനചര്യയായിരുന്നു അത്. അവന്റെ പരിശ്രമം സഫലമായി. അവന് വിശിഷ്ടമായ അനുഭവങ്ങൾ ഉണ്ടായി.

78. അവന്റെ മാതാവും സായിയുടെ ഒരു ശ്രേഷ്ഠഭക്തയായിരുന്നു. അവൾക്ക് ഷിർദി യിലേക്ക് പോകണമെന്ന ആഗ്രഹമുണ്ടാകുകയും, അവളോടൊപ്പം മകൻ കൂടി പോകണമെന്ന് പിതാവ് വിചാരിക്കുകയും ചെയ്തു.

79. ഷിർദിയിലേക്ക് പോകണമെന്ന് അവൾ ആഗ്രഹിച്ചു – സർവ്വശക്തനായ ഈശ്വരനെ ദർശിക്കാനും – ഏതാനും ദിവസങ്ങൾ താമസിക്കാനും – അദ്ദേഹത്തിന്റെ പാദങ്ങളിൽ സേവനം അർപ്പിക്കാനും.

80. പിതാവ് ആഗ്രഹിച്ചെങ്കിലും, പോകണമെന്ന് മകൻ ആഗ്രഹിച്ചില്ല, എന്തുകൊണ്ടെന്നാൽ ഗൃഹത്തിൽ കൃത്യമായി ആര് പൂജകൾ ചെയ്യുമെന്നോർത്ത് അവൻ ആശങ്കപ്പെട്ടു.

81. അവന്റെ പിതാവ് പ്രാ‌ത്ഥ്നസമാജികനായിരുന്നു[14]. വിഗ്രഹപൂജകൾ[15] ചെയ്യണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെടുന്നത് ഉചിതമാണോ. മകന് ഇതൊരു വലിയ ധർമ്മസങ്കടമായിരുന്നു.

82. എന്നിരുന്നാലും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ[16] മാനിച്ചുകൊണ്ട് മകൻ യാത്രയ്ക്ക് തയ്യാറായി. അവൻ സ്നേഹത്തോടെ പ്രാർത്ഥനാപൂർവ്വം പിതാവിനോട് അഭ്യർത്ഥിച്ചു. ആ അതിശയകരമായ കഥ ശ്രവിക്കുക.

83. "സായിക്ക് നൈവേദ്യം അർപ്പിക്കാതെ ഗൃഹത്തിൽ ആരും ആഹാരം കഴിക്കാൻ പാടില്ല. ഈ ഉറപ്പ് നൽകാതിരുന്നാൽ എനിക്ക് വിഷമമില്ലാതെ പോകാൻ കഴിയില്ല."

84. മകന്റെ ദൈനംദിന പൂജാക്രമങ്ങൾ പിതാവിന് അറിയാമായിരുന്നു. അയാൾ പറഞ്ഞു, "പോയ്ക്കോളൂ, ഞാൻ കൃത്യമായി നൈവേദ്യം അർപ്പിക്കാം. നിനക്ക് മനോവിഷമത്തിന്റെ ആവശ്യമില്ല.

85. സായിക്ക് നൈവേദ്യം അർപ്പിക്കുന്നതിന് മുമ്പ് ആരും ഭക്ഷണം കഴിക്കുകയില്ല. ഇതെന്റെ ഉറപ്പായി കരുതി മടിക്കാതെ പോകുക. സമാധാനമായി പോകുക."

86. ഇപ്രകാരം ഉറപ്പ് ലഭിച്ചതിനാൽ ബാലൻ ഷിർദിയിലേയ്ക്ക് യാത്ര പുറപ്പെട്ടു. പിന്നീട്, പിറ്റേദിവസം മുതൽ താർഖഡ് സ്വയം പൂജ ചെയ്തു.

87. പിറ്റേദിവസം, പൂജകൾ തുടങ്ങുന്നതിന് മുമ്പ്, ബാബാസാഹേബ് താർഖഡ് ചിത്രത്തിന് മുമ്പിലെത്തി നമസ്കരിച്ച് പ്രാർത്ഥിച്ചു.

88. "ബാബാ, എന്റെ മകൻ പൂജ ചെയ്യുന്നതുപോലെ, എന്റെ സേവനങ്ങളും സ്വീകരിക്കുക. എന്റെ ഭാഗത്ത് നിന്നും അത് വെറുമൊരു അഭ്യാസം മാത്രം ആകരുത്. അങ്ങയുടെ സ്നേഹം എന്റെ ഹൃദയത്തിലേക്ക് ഒഴുക്കുക."

89. പ്രഭാതത്തിൽ സ്നാനം കഴിഞ്ഞ് ദിനവും താർഖഡ് ഭക്തിയോടെ പൂജ ചെയ്യാനും നൈവേദ്യം അർപ്പിക്കാനും തുടങ്ങി.

90. ബാബാസാഹേബ് നൈവേദ്യമായി ദിനവും ഒരു കഷണം കൽക്കണ്ടം അർപ്പിക്കുമായിരുന്നു. ഇത് മുടക്കമില്ലാതെ തുടർന്നു. പക്ഷേ ഒരു ദിവസം അത് തടസ്സപ്പെട്ടു.

91. ഒരിക്കൽ, ഔദ്യോഗിക കാര്യങ്ങളിൽ മുഴുകിയതിനാൽ, താർഖഡ് അത് മറക്കുകയും, ഒരു ദിവസം നൈവേദ്യം അർപ്പിക്കാതെ എല്ലാവരും ആഹാരം കഴിക്കുകയും ചെയ്തു.

92. ഒരു വലിയ മില്ലിലെ പ്രധാന ഉദ്യോഗസ്ഥനായിരുന്നു താർഖഡ്. അതിനാൽ എല്ലാ ദിവസവും രാവിലെ അയാൾക്ക് ജോലിക്ക് പോകേണ്ടിയിരുന്നു.

93. പിന്നീട് ഉച്ചനേരമായപ്പോൾ അയാൾ മടങ്ങിയെത്തി. അയാൾ ഊണു കഴിക്കുമ്പോൾ, മുമ്പ് പറഞ്ഞ കൽക്കണ്ടപ്രസാദത്തിന്റെ ഒരു പങ്കും കഴിക്കുമായിരുന്നു.

94. ഇതായിരുന്നു സാധാരണയുള്ള പതിവ്. ഒരിക്കൽ അയാൾ മറന്നുപോയി. നൈവേദ്യത്തിൽ കൽക്കണ്ടം വച്ചതുമില്ല, അയാൾക്ക് പ്രസാദമായി കിട്ടിയതുമില്ല.

95. അയാൾ ഉച്ചഭക്ഷണം കഴിക്കുമ്പോൾ, ദിനവും, പാചകക്കാരൻ അവസാനമായി കൽക്കണ്ടക്കഷണം വിളമ്പും, ആഹാരം ശുദ്ധമാക്കാൻ എന്നപോലെ.

96. പക്ഷേ, ആ ദിവസം, പൂജാനേരത്ത് എന്തോ ധൃതി ഉണ്ടായത് കൊണ്ട് കൽക്കണ്ടനൈവേദ്യം ചെയ്തില്ല. അതിനാൽ അയാൾക്കും പ്രസാദം കിട്ടിയില്ല.

97. പെട്ടെന്ന്, താർഖഡ് ഊണ് മതിയാക്കി എഴുന്നേറ്റ്, പശ്ചാത്താപവിവശനായി, സായിയുടെ ചിത്രത്തിന് മുമ്പിൽ വന്ദിച്ചുകൊണ്ട്, കണ്ണുനീരോടെ പറഞ്ഞു:

98. "ബാബാ, എന്ത് മായയാണ് അങ്ങ് കാട്ടിയത്! എങ്ങനെയാണ് ഈ മനോവിഭ്രാന്തി സൃഷ്ടിച്ചത്? വെറുമൊരു അഭ്യാസം നടത്താൻ മാത്രം എന്തിനാണ് അങ്ങ് എന്നെ അനുവദിച്ചത്! ആദ്യമായി എന്നോട് ക്ഷമിക്കുക.

99. "അതൊരു അറിയാതെ പറ്റിയ തെറ്റല്ല, മറിച്ച്, കൊടിയ പാപമാണ്. ഞാൻ വളരെയധികം പശ്ചാത്തപിക്കുന്നു. ഒരു പിശക്; പക്ഷേ ഞാൻ മനഃപൂർവ്വം ആ പിശക് വരുത്തിയതല്ല. മഹാരാജ്, എന്നോട് ദയ കാട്ടുക."

100. അയാൾ ചിത്രത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. അയാൾ തീർത്തും പശ്ചാത്തപിച്ചു. അയാൾ പറഞ്ഞു: "മഹാരാജ്, ദയാമേഘമേ, എന്നിൽ കൃപ ഉണ്ടാകണമേ."

101. ഇങ്ങനെ പറഞ്ഞുകൊണ്ട്, അയാൾ വളരെ വിനയത്തോടും ലജ്ജയോടും കൂടി മകന് ഒരു കത്ത് അയച്ചു. "ഞാൻ വലിയ ഒരു തെറ്റ് ചെയ്തിരിക്കുന്നു. എന്നോട് ക്ഷമിക്കണമെന്ന് പ്രാർത്ഥിക്കുക.

102. പൂർണ്ണമായും ശരണം പ്രാപിച്ചവനോട് ദയ കാട്ടുക. ഈ വാക്കുകളോടെ സായിയോട് പ്രാർത്ഥിക്കുക. ഈ എളിയ ദാസന് വേണ്ടി അദ്ദേഹത്തിന്റെ ക്ഷമയും ഉറപ്പും ചോദിക്കുക."

103. ഈ സംഭവം നടന്നത് ബാന്ദ്രയിലാണ്, ഷിർദിയാകട്ടെ നൂറ് കോസ് അകലെയുമാണ്. പക്ഷേ വാർത്ത വളരെ പെട്ടെന്ന് അവിടെ എത്തി. അതിനെപ്പറ്റി ബാബ എന്താണ് പറഞ്ഞതെന്ന് കേൾക്കുക.

104. ഭൂതം, വർത്തമാനം, ഭാവി എന്നിവയെക്കുറിച്ച് കാലത്തിനും ദേശത്തിനും അതീതമായി, മാറ്റമില്ലാത്ത അറിവ് ബാബയ്ക്കുണ്ടായിരുന്നു എന്നതിന്റെ തെളിവ് ഇപ്പോൾ കാണുക.

105. ആ ദിവസം മകൻ ഇവിടെ ഷിർദിയിൽ, സായിയുടെ ചരണങ്ങളിൽ വന്ദിച്ച നിമിഷത്തിൽ എന്താണ്  സംഭവിച്ചതെന്ന് ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കുക.

106. മകൻ അമ്മയോടൊപ്പം വളരെ ഉത്സാഹത്തോടെ ദർശനത്തിനെത്തി. അവന്റെ മാതാവിനോട് സായി പറഞ്ഞ വാക്കുകൾ കേട്ട് അവൻ ആശ്ചര്യപ്പെട്ടു.

107. "ഓ, മാതാവേ, എന്താണ് ചെയ്യുക. ഇന്ന് പതിവ് പോലെ ഞാൻ ബാന്ദ്രയിലെത്തിയപ്പോൾ എനിക്ക് കഴിക്കാനൊന്നും കിട്ടിയില്ല, കുടിക്കാൻ കഞ്ഞിവെള്ളവുമില്ലായിരുന്നു, ഞാൻ വിശപ്പോടെ മടങ്ങി.

108. "പൂർവ്വജന്മങ്ങൾ മുതൽ നമുക്ക് തമ്മിലുള്ള ബന്ധങ്ങൾ ഓർക്കുക! വാതിൽ അടഞ്ഞ് കിടന്നിരുന്നെങ്കിലും, എന്റെ സ്വന്തം ഇഷ്ടപ്രകാരം ഞാൻ അകത്ത് പ്രവേശിച്ചു. ആർക്കാണ് എന്നെ തടയാൻ കഴിയുക?

109. "ഗൃഹത്തിൽ യജമാനൻ ഉണ്ടായിരുന്നില്ല. എനിക്ക് അതിയായ വിശപ്പ് ഉണ്ടായിരുന്നു. ഉച്ചസൂര്യന്റെ ചൂടിൽ ആഹാരം കഴിക്കാതെ എനിക്ക് മടങ്ങേണ്ടിവന്നു."

110. ഈ വാക്കുകൾ കേട്ടയുടൻ, തന്റെ പിതാവ് നൈവേദ്യം അർപ്പിക്കാൻ മറന്നുകാണുമെന്ന് മകന് മനസ്സിലായി.

111. അവനെ ഗൃഹത്തിലേക്ക് മടങ്ങാൻ അനുവദിക്കണമെന്ന് മകൻ ബാബയോട് അഭ്യർത്ഥിച്ചു. പക്ഷേ ബാബ അവന് അനുവാദം നൽകാതെ, അവിടെ വച്ച് തന്നെ പൂജകൾ ചെയ്യിച്ചു.

112. അതേദിവസം തന്നെ, അവൻ വിശദമായി ഒരു കത്ത് ഷിർദിയിൽ നിന്നും അയച്ചു. കത്ത് സ്വീകരിച്ച്, അത് വായിക്കവേ പിതാവിന്റെ കണ്ണുകൾ നിറഞ്ഞു.

113. അയാളുടെ കത്തും അവിടെ എത്തിച്ചേർന്നു (കത്തുകൾ വഴിയിൽ മുറിച്ച് കടന്നു). മകനും ആശ്ചര്യപ്പെട്ടു. അവന്റെ കണ്ണുകളും നിറഞ്ഞൊഴുകി.

114. സായിയുടെ ലീലകൾ നോക്കൂ! സ്നേഹപ്രവാഹം ഉണ്ടാകില്ലേ? ഇതുകണ്ട് ആർദ്രമാകാതിരിക്കാൻ തക്ക കഠിനഹൃദയർ ആരാണ് ഉള്ളത്?

115. ഈ ബാലന്റെ സ്നേഹസമ്പന്നയായ മാതാവ് ഒരിക്കൽ ഷിർദിയിലായിരിക്കേ, ബാബ അവളിൽ തന്റെ അനുഗ്രഹം ചൊരിഞ്ഞതെങ്ങനെ എന്ന് ഇപ്പോൾ ശ്രദ്ധിക്കുക.

116. അവൾ അടുക്കളയിലിരിക്കവേ, ഉച്ചയൂണിന് ഇല നിരത്തിയ സമയത്ത്, വിശന്ന് വലഞ്ഞ ഒരു നായ വാതിൽക്കൽ എത്തി.

117. തന്റെ പാത്രത്തിലുണ്ടായിരുന്ന ഒരു കഷണം ഭക്രി, അവൾ നായയ്ക്ക് കൊടുക്കാനൊരുങ്ങവേ, വിശപ്പുകൊണ്ട് വലഞ്ഞ് ദേഹമാകെ ചെളി പുരണ്ട ഒരു പന്നി അവിടെ എത്തി. (അവൾ രണ്ടിനും ഭക്ഷണം കൊടുത്തു).

118. ഈ സംഭവം സ്വാഭാവികമായ രീതിയിൽ നടന്നതാണ്. അവൾ ഇതിന് എന്തെങ്കിലും പ്രാധാന്യം നൽകുകയോ അത് മനസ്സിൽ ഓർക്കുകയോ ചെയ്തില്ല. പക്ഷേ, അവൾ എത്തിയപ്പോൾ, സായി സ്വമേധയാ ഈ വിഷയം സംസാരിച്ചു.

119. ഉച്ചയൂണിന് ശേഷം സാധാരണ ചെയ്യാറുള്ളതുപോലെ ആ സ്ത്രീ മസ്ജിദിലെത്തി കുറച്ച് അകലത്തായി ഇരിക്കവേ, സായി കൃപയോടെ പറഞ്ഞു:

120. "ഓ, മാതാവേ! നിങ്ങൾ എനിക്ക് ഇന്ന് ഭക്ഷണം തരികയുണ്ടായി. അതിനാൽ എന്റെ കണ്ഠം വരെ നിറഞ്ഞിരിക്കുന്നു. ഞാൻ വിശപ്പുകൊണ്ട് വലഞ്ഞിരിക്കവേ, നിങ്ങൾ എന്നെ തൃപ്തിപ്പെടുത്തി.

121. "നിങ്ങൾ എല്ലായ്പ്പോഴും ഇത്തരത്തിൽ പ്രവർത്തിക്കണം. വാസ്തവത്തിൽ, ഇത് മാത്രമാണ് പ്രയോജനകരമെന്ന് ഒടുവിൽ തെളിയും. മസ്ജിദിൽ ഇരുന്നുകൊണ്ട്, ഞാൻ ഒരിക്കലും അസത്യം പറയുകയില്ല. ഇത് പ്രപഞ്ചസത്യമാണ്.

122. "ഇതാണ് ഞാൻ ഉപദേശിക്കുന്ന ദയാവായ്പ് എന്ന് തിരിച്ചറിയുക. വിശക്കുന്നവന് ആദ്യം ആഹാരം കൊടുക്കുക, എന്നിട്ട് നീ ഭക്ഷിക്കുക. ഇത് വ്യക്തമായും നിന്റെ മനസ്സിൽ ഓർക്കുക."

123. എന്താണ് സായി സമർത്ഥർ പറഞ്ഞത്? ആ സ്ത്രീയ്ക്ക് ഒന്നും വ്യക്തമായില്ല. എന്താണ് ഇതിന്റെ അന്തരാർത്ഥം? അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും പാഴാകില്ല.

124. അവൾ പറഞ്ഞു, "എങ്ങനെയാണ് ഞാൻ അങ്ങേയ്ക്ക് സേവനം ചെയ്തത്? എന്റെ കൈകളിൽ നിന്നും അത് എങ്ങനെയാണ് സംഭവിക്കുക? ഞാൻ മറ്റുള്ളവരുടെ ആശ്രിതയാണ്. ഞാൻ പണം നൽകി, കിട്ടുന്നത് വാങ്ങി കഴിക്കുന്നു."

125. ബാബ അവൾക്ക് മറുപടി പറഞ്ഞു: "സ്നേഹത്തോടെ തന്ന ആ ചപ്പാത്തി കഴിച്ച് ഞാൻ തീർത്തും സംതൃപ്തനായി, ഇപ്പോഴും ഏമ്പക്കം വരുന്നു.

126. "നീ ഭക്ഷണം കഴിക്കാൻ ഇരിക്കവേ, പെട്ടെന്ന് വാതിൽക്കൽ, വിശപ്പുകൊണ്ട് വളരെയധികം അവശനായ ഒരു നായ എത്തിയത് നീ കണ്ടു. ഞാൻ ആ നായയിൽ അടങ്ങിയിരിക്കുന്നു.

127. "അതേപോലെ, വിശന്ന് അവശനായി, ദേഹം മുഴുവൻ ചെളിപുരണ്ട ആ പന്നിയിലും ഞാൻ വസിക്കുന്നു."

128. ബാബയുടെ വാക്കുകൾ കേട്ടപ്പോൾ, ആ സ്ത്രീ വളരെ ആശ്ചര്യപ്പെട്ടു. നായകൾ, പന്നികൾ, പൂച്ചകൾ – അലഞ്ഞ് നടക്കുന്ന അവയ്ക്ക് ബാബയുമായി താദാത്മ്യം ഉണ്ടെന്നോ?

129. "ചിലപ്പോൾ ഞാൻ ഒരു നായയാണ്, ചിലപ്പോൾ ഒരു പന്നിയാണ്, ചിലപ്പോൾ ഞാൻ ഒരു പശുവാണ്, ചിലപ്പോൾ ഒരു പൂച്ച, ചിലപ്പോൾ ഒരു ഉറുമ്പ്, ഈച്ച അല്ലെങ്കിൽ മത്സ്യം. വിവിധ രൂപങ്ങളിൽ ഞാൻ സഞ്ചരിക്കുന്നു.

130. "എല്ലാ ജീവികളിലും എന്നെ ദർശിക്കുന്ന മനുഷ്യൻ എനിക്ക് പ്രിയങ്കരനാണെന്ന് നീ മനസ്സിലാക്കുക. ദ്വന്ദ്വഭാവത്തിലുള്ള വിശ്വാസം ഉപേക്ഷിച്ചുകൊണ്ട്, എന്നെ ഇത്തരത്തിൽ ആരാധിക്കുക."

131. ഇവ സാധാരണ വാക്കുകളായിരുന്നില്ല, പക്ഷേ അമൃത് ആയിരുന്നു. അവൾ വികാരാവേശയായി. സന്തോഷം കൊണ്ട് അവളുടെ കണ്ണുകൾ നിറയുകയും, വികാരത്താൽ കണ്ഠമിടറുകയും ചെയ്തു.

132. അതേപോലെ, ഈ സ്ത്രീയെക്കുറിച്ചുള്ള മറ്റൊരു കഥയുണ്ട്, അത് ആശ്ചര്യകരവും സ്നേഹനിർഭരവുമാണ്. അത് ശ്രേഷ്ഠസായിക്ക് ഭക്തന്മാരുമായുള്ള

താദാത്മ്യത്തെ വെളിവാക്കുന്നു; അതായത് രണ്ട് ആത്മാക്കളും ഒന്നാണെന്ന്.

133. ഒരിക്കൽ പുരന്ദരെ[17] തന്റെ ഭാര്യയോടും കുട്ടികളോടുമൊപ്പം ഷിർദിയിലേക്ക് പോകവേ, അവൾ[18] അയാളുടെ പക്കൽ സ്നേഹത്തോടെ വഴുതനങ്ങ നൽകുകയും, അയാളുടെ ഭാര്യയോട് അതിൽ ഒന്നുകൊണ്ട് ബാബയ്ക്ക് ഭർത[19] പാകം ചെയ്യണമെന്നും

134. മറ്റേതുകൊണ്ട് വറുത്ത കാചര്യ ഉണ്ടാക്കി, അവ അദ്ദേഹത്തിന് കഴിക്കാൻ നൽകണമെന്നും അഭ്യർത്ഥിച്ചു.

135. അയാളുടെ ഭാര്യ വഴുതനങ്ങ സ്വീകരിക്കുകയും ഷിർദിയിലെത്തിയപ്പോൾ, ആരതിക്ക് ശേഷം ഉച്ചഭക്ഷണസമയത്ത്, അവൾ ഭർത കൊണ്ടുപോകുകയും ചെയ്തു.

136. സാധാരണമായ ചടങ്ങനുസരിച്ച് ആ സ്ത്രീ നൈവേദ്യം അർപ്പിക്കുകയും, താലി[20] അവിടെ വച്ചിട്ട് പോകുകയും ചെയ്തു. ബാബ എല്ലാവരുടെയും നൈവേദ്യം സ്വീകരിച്ച് ഭക്ഷണം കഴിക്കാനിരുന്നു.

137. ഭർത രുചിച്ചപ്പോൾ അത് അദ്ദേഹത്തിന് ഇഷ്ടപ്പെടുകയും, അത് എല്ലാവരുമായി പങ്ക് വയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന് കാചര്യ കഴിക്കണമെന്ന് തോന്നുകയും, അപ്പോൾ അവരോട് അത് ആവശ്യപ്പെടുകയും ചെയ്തു.

138. ബാബ തന്റെ ഭക്ഷണം പൂർത്തിയാക്കാൻ കാത്തിരിക്കുകയാണെന്നും, അദ്ദേഹം കാചര്യ ആവശ്യപ്പെടുന്നുവെന്നുമുള്ള ഒരു സന്ദേശം രാധാകൃഷ്ണആയിയ്ക്ക് അയച്ചു. ഇതേക്കുറിച്ച് എന്ത് ചെയ്യണമെന്ന് ആർക്കും അറിയില്ലായിരുന്നു.

139. അത് വഴുതനങ്ങയുടെ കാലമല്ലാതിരിക്കവേ, എങ്ങനെയാണ് അത് തയ്യാറാക്കുക?! അതിനാൽ പുരന്തരെയുടെ ഭാര്യയ്ക്കും, ഒപ്പം ഭർതയ്ക്കും വേണ്ടി ഒരു തെരച്ചിൽ നടത്തി.

140. അവൾ കൊണ്ടുവന്ന താലിയിലാണ് ഭർത ഉണ്ടായിരുന്നത്. അതിനാൽ അവളുടെ കൈവശം കൂടുതൽ വഴുതനങ്ങ ഉണ്ടാകാൻ സാധ്യതയുണ്ട്.

141. ഇതേക്കുറിച്ച് അവളോട് ചോദിക്കവേ, കാചര്യയുടെ പ്രാധാന്യത്തെക്കുറിച്ചും, ബാബയ്ക്ക് അവയോടുള്ള മമതയെക്കുറിച്ചും എല്ലാവർക്കും മനസ്സിലായി.

142. ഒരു വഴുതനങ്ങ കൊണ്ട് ഭർത ഉണ്ടാക്കി ഉച്ചയ്ക്ക് നിവേദിച്ചെന്നും, കാചര്യ പിന്നീട് കൊണ്ടുവരാമെന്ന് വിചാരിച്ചെന്നും ആ സ്ത്രീ പറഞ്ഞു. അങ്ങനെ രണ്ടാമത്തെ വഴുതനങ്ങയും ഉചിതമായി മുറിച്ചു.

143. പിന്നീട്, സാവധാനത്തിൽ, വഴുതനങ്ങയെക്കുറിച്ചുള്ള ഈ സംഭവം എല്ലാവരും അറിയവേ, അവരെല്ലാം സായിയുടെ സർവ്വജ്ഞത ഓർത്ത് അദ്ഭുതപ്പെട്ടു.

144. പിന്നീട്, 1915 ഡിസംബർ മാസത്തിൽ അതേ സ്ത്രീ വളരെ സ്നേഹത്തോടെ ബാബയ്ക്കുവേണ്ടി ഒരു പേഡ[21] കൊടുത്തുവിട്ടു.

145. ബാൽറാം[22] മരണമടഞ്ഞതിനാൽ, അയാളുടെ അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി, അയാളുടെ മകന് ഷിർദിയിലേക്ക് പോകേണ്ടിവന്നു.

അവൻ യാത്ര[23] ചോദിക്കുവാൻ എത്തുകയും എന്തെങ്കിലും സന്ദേശമുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു.

146. മകൻ താർഖഡിന്റെ അടുത്തെത്തി യാത്ര ചോദിച്ചു. അപ്പോൾ ബാബയ്ക്ക് വേണ്ടി എന്തെങ്കിലും അവന്റെ കൈവശം കൊടുത്ത് വിടണമെന്ന് അയാളുടെ ഭാര്യയ്ക്ക് തോന്നി.

147. പേഡയല്ലാതെ ഗൃഹത്തിനുള്ളിൽ മറ്റൊന്നും കാണാൻ കഴിഞ്ഞില്ല. കൂടാതെ, പേഡ നൈവേദ്യമായി അർപ്പിച്ച് കഴിഞ്ഞിരുന്നു. മകനാകട്ടെ യാത്ര പുറപ്പെടാനുള്ള ധൃതിയിലായിരുന്നു.

148. കൂടാതെ മകൻ ദുഃഖാചരണകാലത്തിലായിരുന്നു[24]. ഒരു പേഡ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവൾ അത് സായി കഴിക്കുവാൻ വേണ്ടി അവന്റെ പക്കൽ കൊടുത്തുവിട്ടു.

149. മറ്റൊന്നും അവളുടെ പക്കൽ ഇല്ല എന്ന് അവൾ പറഞ്ഞു. “ഇത് എടുക്കുക. സ്നേഹപൂർവ്വം ഇത് സായിക്ക് നൽകുക. സായി ഇത് സന്തോഷത്തോടെ കഴിക്കും.”

150. ഗോവിന്ദ്ജി പേഡ തന്റെയൊപ്പം കൊണ്ടുപോയി. പക്ഷേ, അവൻ ദർശനത്തിനെത്തിയപ്പോൾ, അവൻ അത് താമസസ്ഥലത്ത് മറന്നുവച്ചു. പക്ഷേ, ബാബ ക്ഷമയോടെ ഇരുന്നു.

151. പിന്നീട്, ഉച്ചകഴിഞ്ഞശേഷം, അവൻ ദർബാർ സഭയിലെത്തിയപ്പോൾ, മുമ്പത്തെപ്പോലെ മറക്കുകയും, ഒഴിഞ്ഞ കൈകളോടെ മസ്ജിദിലെത്തുകയും ചെയ്തു.

152. “നീ എന്താണ് എനിക്ക് വേണ്ടി കൊണ്ടുവന്നിട്ടുള്ളത്,” എന്ന് സാധാരണ പോലെ ബാബ അവനോട് ചോദിച്ചു. “ഒന്നുമില്ല”, എന്ന് അവൻ പറഞ്ഞപ്പോൾ, അവനെ ഓർമ്മപ്പെടുത്തുന്നതിനായി, സൂചനകൾ നൽകാൻ ബാബ ശ്രമിച്ചു.

153. “എനിക്കുവേണ്ടി ആരും ഒന്നും തന്നെ നിന്റെ പക്കൽ നൽകിയില്ലേ?” ഇല്ല എന്ന് അവൻ പറഞ്ഞപ്പോൾ സായിസമർത്ഥ നേരേ ചോദിച്ചു.

154. “ഓ, നീ വീട്ടിൽ നിന്നും യാത്രയായപ്പോൾ, മാതാവ് സ്നേഹത്തോടെ മധുര പലഹാരം തന്നയച്ചില്ലേ?” അപ്പോൾ അവൻ ഓർത്തു.

155. അവൻ വളരെ ലജ്ജിതനായി. എങ്ങനെയാണ് അവൻ അത് മറന്നത്? മുഖം കുനിച്ചുകൊണ്ട് അവൻ ക്ഷമ ചോദിക്കുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുകയും ചെയ്തു.

156. അവൻ തന്റെ താമസസ്ഥലത്തേക്ക് ഓടി, പേഡ കൊണ്ടുവന്ന് അദ്ദേഹത്തിന് നൽകി. അത് തന്റെ കൈയ്യിൽ വച്ചയുടനെ, അദ്ദേഹം അത് തന്റെ വായിലേയ്ക്ക് ഇടുകയും, മാതാവിന്റെ ആഗ്രഹങ്ങൾ സഫലമാക്കുകയും ചെയ്തു.

157. അപ്രകാരമാണ് ശ്രേഷ്ഠനായ സായി മഹാനുഭവൻ (യോഗി)[25]. ഭാവങ്ങൾക്കനുസരിച്ച് അനുഭവങ്ങൾ നൽകി അദ്ദേഹം പ്രതികരിക്കുന്നു, തന്റെ ഭക്തരുടെ അന്തസ്സ് അദ്ദേഹം വർദ്ധിപ്പിക്കുന്നു.

158. ഈ കഥകളുടെ സാരാംശം എന്തെന്നാൽ, ഒരുവൻ എല്ലാ ജീവികളിലും ഈശ്വരനെ ദർശിക്കണം. ശാസ്ത്രങ്ങളും ഇത് ഉദ്ഘോഷിക്കുന്നു. ഇവയുടെ പ്രമാണവും ഇത് തന്നെയാണ്.

159. ഇപ്പോൾ, അടുത്ത അധ്യായം ശ്രവിക്കുമ്പോൾ, നിങ്ങൾക്ക് ബാബയുടെ ജീവിതചര്യകൾ മനസ്സിലാകും – എവിടെ, ഏത് സ്ഥലത്ത് അദ്ദേഹം ഉറങ്ങിയിരുന്നു എന്നത് ശ്രദ്ധയോടെ ശ്രവിക്കുക.

160. ഹേമദ് സായിയുടെ പാദങ്ങളിൽ വന്ദിക്കുന്നു. ശ്രോതാക്കളേ, ദിനവും മുൻപറഞ്ഞ കഥകൾ ആദരവോടും ധ്യാനത്തോടും ചിന്തിക്കുക, നിങ്ങൾക്ക് നന്മ ഉണ്ടാകും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ ഒമ്പതാം അധ്യായം ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു,

മംഗളം ഭവിക്കട്ടെ.

**കുറിപ്പുകൾ**

1. വിശദമായി പിന്നീട് വിവരിച്ചിട്ടുണ്ട്.

2. ഒരിക്കൽ താത്ത്യസാഹേബ് നൂൽക്കാറും ബാപുസാഹേബ് ദീക്ഷിതും കൂടി സുഹൃത്തുക്കളോടൊപ്പം ഷിർദിയിൽ നിന്നും യാത്ര പുറപ്പെടാനൊരുങ്ങി. മഹാരാജ് അവരോട് പറഞ്ഞു: "നാളെ രാവിലെ പുറപ്പെട്ട് കോപർഗാവണിൽ ഭക്ഷണം കഴിക്കുക." അവർ അപ്രകാരം പ്രവർത്തിക്കുകയും, ഭക്ഷണം തയ്യാറാക്കുന്നതിന് കോപർഗാവണിലേയ്ക്ക് സന്ദേശം അയയ്ക്കുകയും ചെയ്തു. പക്ഷേ, അവർ കോപർ ഗാവണിൽ എത്തിയപ്പോൾ ഭക്ഷണം തയ്യാറായിരുന്നില്ല. തീവണ്ടി പുറപ്പെടാനുള്ള സമയം അടുത്തതിനാൽ, ആഹാരം കഴിക്കാതെ അവർ തീവണ്ടി സ്റ്റേഷനിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ, തീവണ്ടി രണ്ടരമണിക്കൂർ വൈകിയേ എത്തുകയുള്ളു എന്നറിഞ്ഞു! അവർ ടോംഗ തിരിച്ചുവിടുകയും, ബ്രാഹ്മണനായ ടോംഗ സാരഥി കൊണ്ടുവന്ന ഭക്ഷണം, എല്ലാവരും സ്റ്റേഷനിൽ ഇരുന്ന് കഴിക്കുകയും ചെയ്തു. അവർ ഭക്ഷണം കഴിച്ച് പത്ത് മിനിട്ടുകൾ കഴിഞ്ഞ് തീവണ്ടി എത്തി.

   ഇനി നേരെ തിരിച്ചുള്ള ഒരു അനുഭവം നോക്കുക. ഒരിക്കൽ രഘുവീർ ഭാസ്കര പുരന്ദരെ, അനേകം സുഹൃത്തുക്കളോടൊപ്പം, മഹാരാജിന്റെ ദർശനത്തിനെത്തി. അയാളുടെ മാതാവിന്റെ ആഗ്രഹപ്രകാരം അയാൾ നാസിക്കിലേയ്ക്ക് പോകാൻ അനുവാദം ചോദിച്ചു. മഹാരാജ് പറഞ്ഞു: "പൊയ്ക്കൊളൂ. രണ്ടു ദിവസം താമസിച്ചശേഷം യാത്ര തുടരുക." അപ്രകാരം സംഘം നാസിക്കിലേയ്ക്ക് തിരിച്ചു. ആ ദിവസം അയാളുടെ ഇളയസഹോദരന് കടുത്ത പനി ബാധിച്ചു. എല്ലാവരും ഭയപ്പെടുകയും പെട്ടെന്ന് ബോംബെയിലേക്ക് പോകണമെന്ന് ചിന്തിക്കുകയും ചെയ്തു. പക്ഷേ പുരന്ദരെ പറഞ്ഞു: "രണ്ടു ദിവസം താമസിക്കണമെന്നാണ് മഹാരാജ് നിർദ്ദേശിച്ചത്. അത് കൊണ്ട് രണ്ടു ദിവസം കഴിയാതെ ഞാൻ ഇവിടെ നിന്നും ചലിക്കില്ല." മറ്റു പോംവഴിയില്ലാതെ മുഴുവൻ സംഘവും അവിടെ താമസിച്ചു. പിറ്റേ ദിവസം സഹോദരന്റെ പനി കുറയുകയും, മൂന്നാമത്തെ ദിവസം സംഘം സന്തോഷത്തോടെ ബോംബെയിലേക്ക് തിരിക്കുകയും ചെയ്തു.

3. ഷിർദിയിൽ നിന്നും ഒന്നര മൈൽ അകലെയുള്ള ഗ്രാമം.

4. ആ മാന്യവ്യക്തിയെയും കൊണ്ട്.

5. ഇത് കഥാകാരന്റെ സ്വന്തം അനുഭവമാണ്. അയാൾ സ്വന്തം കുടുംബത്തോടൊപ്പം യാത്ര പുറപ്പെടാൻ തയ്യാറായപ്പോൾ മഹാരാജ് പറഞ്ഞു: "കുറച്ച് ആഹാരം കഴിച്ച്, ഉച്ചയ്ക്ക് ശേഷം യാത്ര പുറപ്പെടുക." പക്ഷേ, വിവേകമില്ലാതെ, കാളവണ്ടിയിൽ സ്റ്റേഷനിലേയ്ക്ക് പുറപ്പെട്ടു. തീവണ്ടി ലഭിക്കാനുള്ള ധൃതിയിൽ, വണ്ടി ധ്രുതഗതിയിൽ പായിച്ചു. ഇടതു വശത്തെ ചക്രം, പെട്ടെന്ന് ഊരി, ഒരു കുഴിയിൽ പതിച്ചു. ദൈവാധീനത്താൽ വണ്ടിയ്ക്ക് കേടുപറ്റുകയോ, ആർക്കും മുറിവ് പറ്റുകയോ ഉണ്ടായില്ല. പക്ഷേ ചക്രം വീണ്ടും ഉറപ്പി ക്കുന്നതിനിടയിൽ, തീവണ്ടി നഷ്ടപ്പെട്ടു. അവർ കോപർ ഗാവണിലൂള്ള ഒരു ഭക്ഷണ ശാലയിൽ പോയി ഭക്ഷണം കഴിക്കുകയും മറ്റൊരു തീവണ്ടിയിൽ ബോംബെയിലേയ്ക്ക് പോകേണ്ടിയും വന്നു.

6. ബ്രഹ്മചര്യം അനുഷ്ഠിക്കുന്ന ബ്രാഹ്മണൻ, സന്യാസി അല്ലെങ്കിൽ ശാസ്ത്രവിദ്യാർത്ഥി.

7. പൗർണ്ണമി നാളിൽ ആരംഭിച്ച്, പതിനാറ് ദിവസങ്ങൾ നീളുന്ന വ്രതം; ആദ്യദിനത്തിൽ പതിനാറ് ഉരുളയും പിന്നീടുള്ള ഓരോ ദിവസവും ഒരു ഉരുള വീതം കുറച്ച് അവസാന ദിവസം പൂർണ്ണമായും ഉപവസിക്കുന്നു.

8. ഭാഷണം, ശരീരം, മനസ്സ് എന്നിവകൊണ്ട് ശുദ്ധി നേടുക.

9. സമൂഹത്തിൽ നിന്ന് അകന്ന് വനങ്ങളിൽ കഴിയുന്നു.

10. അതായത് പങ്കാളിക്കും സന്താനപരമ്പരയ്ക്കും വേണ്ടിയുള്ള ആഗ്രഹം.

11. ബ്രഹ്മയജ്ഞം – വേദപാരായണം ചെയ്യുന്നത്, പിതൃയജ്ഞം – വെള്ളം തളിച്ച് ആഹാരം അർപ്പിക്കുന്നത്, ദേവയജ്ഞം – ദേവതകൾക്ക് നൈവേദ്യം അർപ്പിക്കുന്നത്, ഭൂതയജ്ഞം – സകലജീവികൾക്കും ആഹാരം നൽകുന്നത്, അതിഥിയജ്ഞം – വാതിൽക്കൽ എത്തുന്ന അപ്രതീക്ഷിത വ്യക്തിക്ക് ഭക്ഷണം നൽകുന്നത്.

12. ഭക്തരുടെ നന്മയ്ക്കുവേണ്ടി.

13. പുണ്യപ്രവൃത്തിയുടെ ഫലം.

14. അവർ വിഗ്രഹാരാധന ചെയ്യാറില്ല.

15. ബാബയുടെ ചിത്രത്തിൽ.

16. പിതാവിന്റെ ആഗ്രഹങ്ങൾ.

17. രഘുവീർ ഭാസ്കര പുരന്ദരെ, ബോംബെയിലെ ബാന്ദ്രയിൽ വസിച്ചിരുന്നു.

18. ശ്രീമതി താർഖഡ്.

19. വഴുതനങ്ങ വേവിച്ച്, തൊലിയുരിച്ച് ഉടച്ച്, തൈര്, എരിവ് എന്നിവ ചേർത്ത് തയ്യാറാക്കുന്ന വിഭവം.

20. പാത്രം

21. വട്ടത്തിലുള്ള വിവിധ അളവിലും, സ്വാദിലും ലഭിക്കുന്ന മധുരപലഹാരം.

22. ബാബയുടെ ഭക്തനായിരുന്ന ബാൽറാം മങ്കാർ.

23. താർഖഡ് കുടുംബത്തിനോട്.

24. സൂതകം, മരണം കഴിഞ്ഞുള്ള പതിമൂന്ന് ദിവസങ്ങൾ, കുടുംബാംഗങ്ങൾ അക്കാലത്ത് പുല ആചരിക്കുകയും മറ്റ് അനുഷ്ഠാനങ്ങളൊന്നും ചെയ്യുകയുമില്ല.

25. ഭക്തിക്ക് വേണ്ടി ഉത്സുകനും, കർമ്മതൽപരനും.

## 10

# ശ്രീ സായിസമർത്ഥന്റെ മഹിമ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. എല്ലായ്പ്പോഴും മറ്റുള്ളവർക്ക് നന്മകൾ വരുത്തുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന, സ്ഥിരമായി ബ്രഹ്മനിൽ മനസ്സുറപ്പിച്ചിരിക്കുന്ന അദ്ദേഹത്തെ ഭക്തിയോടെ എല്ലായ്പ്പോഴും നിങ്ങളുടെ മനസ്സിൽ ഓർമ്മിക്കുക.
2. അദ്ദേഹത്തെ ഓർക്കുന്നതുകൊണ്ട് മാത്രം ജനനമരണമെന്ന കടംകഥയുടെ ഉത്തരം കണ്ടെത്താൻ കഴിയും. ഒരുവൻ ഒറ്റപ്പൈ[1] പോലും ചെലവാക്കേണ്ടതില്ലാത്ത, വളരെ ഉത്തമമായ ഒരു സാധനയാണ് ഇത്.
3. ചെറിയ പരിശ്രമം കൊണ്ട് നമുക്ക് ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിയും. എല്ലാവർക്കും സുഗമമായി നേട്ടമുണ്ടാകും. ഇന്ദ്രിയങ്ങളെല്ലാം പ്രവർത്തനക്ഷമമായിരിക്കുന്നത് വരെ, ഓരോ നിമിഷവും ഇത്തരത്തിൽ ചെലവഴിക്കണം.
4. മറ്റ് ദേവതകളെല്ലാം മായയാണ്. ഗുരു മാത്രമാണ് ഏകദൈവം. അദ്ദേഹത്തിന്റെ ചരണങ്ങളിൽ നിങ്ങൾ വിശ്വാസമർപ്പിക്കുമ്പോൾ നിങ്ങളുടെ വിധി മാറ്റിയെഴുതാൻ അദ്ദേഹത്തിന് കഴിയും.
5. ഗുരുവിനെ ശുദ്ധമനസ്സോടെ സേവിക്കുമ്പോൾ, ലോകബന്ധങ്ങൾ പൂർണ്ണമായും നശിപ്പിക്കപ്പെടും. തർക്കശാസ്ത്രമോ, അതിന് സമാനമായ ശാസ്ത്രങ്ങളോ പഠിക്കേണ്ടതില്ല, ഒന്നിനുവേണ്ടിയും കഠിനപരിശ്രമം ചെയ്യേണ്ട കാര്യവുമില്ല.
6. യഥാർത്ഥ ഗുരു നൗകയുടെ കപ്പിത്താനാകുമ്പോൾ, ഭക്തന്മാർക്ക് ത്രിദോഷങ്ങ[2]ളുടെ കടൽ സുഗമമായി മുറിച്ച് കടക്കാൻ കഴിയും.
7. ഒരുവൻ കടൽ കടക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ, അവന് കപ്പിത്താനിൽ വിശ്വാസമുണ്ടായിരിക്കണം; അതേപോലെ സംസാരസാഗരം കടക്കണമെങ്കിൽ, ഒരുവന് ഗുരുവിൽ വിശ്വാസമുണ്ടായിരിക്കണം.
8. ഭക്തന്റെ വിശ്വാസവും ഭക്തിയും കാണുമ്പോൾ, മോക്ഷം കരഗതമാകുന്നതിന്റെ പരമാനന്ദം എളുപ്പത്തിൽ അദ്ദേഹം നൽകുന്നു.
9. അദ്ദേഹത്തിന്റെ ദർശനത്താൽ, ദുഃശ്ശീലങ്ങളോടുള്ള താൽപര്യം ഇല്ലാതാകുന്നു, എല്ലാ ആസക്തികളോടും വിരക്തി ഉണ്ടാകുന്നു; കൂടാതെ മുജ്ജന്മങ്ങളുടെ പ്രഭാവങ്ങൾ ഇല്ലാതാകുന്നു. അതിനാൽ നമുക്ക് അദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്താം.

10. എട്ടാം അധ്യായത്തിൽ മനുഷ്യജന്മത്തിന്റെ ഉദ്ദേശ്യവും, ഒമ്പതാം അധ്യായത്തിൽ, ഭിക്ഷാവൃത്തിയുടെ ഗഹനവും ഗുപ്തവുമായ അർത്ഥവും വിവരിച്ചു.

11. ബായ്ജാബായിയുടെ പച്ചക്കറിയും ഭക്രിയും (എങ്ങനെ അവൾ അദ്ദേഹത്തെ ഭക്ഷണം കഴിപ്പിച്ചിരുന്നു എന്ന്); കുശൽചന്ദിന്റെ ക്ഷേമം; താത്ത്യ, മാലസപതി എന്നിവർ ഒരുമിച്ച് ഉറങ്ങിയത്; എന്നിവ മനോഹരമായി വർണ്ണിച്ചു.

12. ഓ, ശ്രോതാക്കളേ! ഇപ്പോൾ ബാബയുടെ ജീവിതത്തെക്കുറിച്ച് തുടർന്നുള്ള വിവരണം ശ്രവിക്കുക, എങ്ങനെയാണ് അദ്ദേഹം ജീവിച്ചതെന്നും എവിടെയാണ് ഉറങ്ങിയിരുന്നതെന്നും അഗ്രാഹ്യമായ രീതിയിൽ എങ്ങനെയാണ് എല്ലായിടത്തും വ്യാപിച്ചിരുന്നതെന്നും.

13. ജീവിതകാലം മുഴുവൻ ഒരു യശസ്വിയായിരുന്നു! ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും അദ്ദേഹം മാതാവായിരുന്നു. പ്രകൃതിയിലെ ശത്രുക്കൾ[3] പോലും അദ്ദേഹത്തെ വിശ്വസിച്ചിരുന്നു. ഭയമില്ലാതെ, സ്നേഹം നിറഞ്ഞ ഹൃദയത്തോടെ അവ സഞ്ചരിച്ചു.

14. അദ്ദേഹത്തിന്റെ ദിനചര്യകളെക്കുറിച്ച് ഞാൻ നിങ്ങളോട് വിവരിച്ചു. ഇപ്പോൾ അദ്ദേഹം എങ്ങനെ ജീവിച്ചു എന്നും എവിടെ ഉറങ്ങി എന്നും നമുക്ക് നോക്കാം. ഓ ശ്രോതാക്കളേ, ആദരവോടെ ശ്രവിക്കുക.

15. നാല് കൈത്തണ്ട് നീളവും അരമുഴം വീതിയുമുള്ള ഒരു തടിപ്പലക, രണ്ട് അറ്റത്തും പഴകിയ തുണിക്കഷണങ്ങൾ കൊണ്ട് കെട്ടി ഒരു ഊഞ്ഞാൽ പോലെ മച്ചിൽ ബന്ധിച്ചിരുന്നു.

16. ആ പലകയിൽ ബാബ ഉറങ്ങിയിരുന്നു. ശിരസ്സിന്റെയും പാദങ്ങളുടെയും ഭാഗത്ത് മൺവിളക്കുകൾ കത്തി നിൽക്കും. അദ്ദേഹം എപ്പോൾ അതിൽ കയറി എന്നോ എപ്പോൾ ഇറങ്ങി എന്നോ ആരും കണ്ടില്ല. അദ്ദേഹത്തിന്റെ ചലനങ്ങൾ ഗ്രഹിക്കാൻ കഴിയാത്തതാണ്.

17. അദ്ദേഹം അതിൽ തന്റെ ശിരസ്സ് കുനിച്ചുകൊണ്ട് ഇരുന്നു. ചിലപ്പോൾ അദ്ദേഹം അതിൽ ഉറങ്ങി. പക്ഷേ, എപ്പോൾ കയറി എന്നോ എപ്പോൾ ഇറങ്ങി എന്നോ ആർക്കും അറിയില്ലായിരുന്നു.

18. പഴകിയ തുണിക്കഷണങ്ങൾ കൊണ്ട് കെട്ടിയ പലക എങ്ങനെയാണ് ബാബയുടെ ഭാരം താങ്ങുക? പക്ഷേ മഹത്തായ സിദ്ധികൾ കരഗതമായതിനാൽ പലക വെറുമൊരു നിമിത്തം മാത്രമായിരുന്നു.

19. ചെറിയ ഒരു പൊടിപടലം പോലും നേത്രങ്ങളെ മുറിവേൽപ്പിക്കും. പക്ഷേ, അനിമ സിദ്ധി (അണുകണങ്ങൾപോലെ ചെറുതാകാനുള്ള കഴിവ്) നേടിയ ഒരു വ്യക്തിക്ക് എവിടെയും ഒളിച്ചിരിക്കാൻ കഴിയും. ഒരു ഈച്ചയായോ, പുഴുവായോ ഉറുമ്പായോ രൂപമെടുത്ത് സ്വതന്ത്രമായി സഞ്ചരിക്കാൻ ബാബയ്ക്ക് കഴിഞ്ഞിരുന്നു.

20. അനിമ സിദ്ധി നേടിയ ഒരാൾക്ക് ഈച്ചയുടെ രൂപമെടുക്കാൻ എന്ത് താമസമാണുള്ളത്? ആകാശത്തിൽ ഒരു താങ്ങുമില്ലാതെ തൂങ്ങിക്കിടക്കാൻ അദ്ദേഹത്തിന് കഴിയും. അദ്ദേഹത്തിന് ഒരു പലകയുടെ ആവശ്യം എന്താണ്?

21. അനിമ-മഹിമ-ലഗിമ[4] തുടങ്ങിയ അഷ്ടസിദ്ധികൾ, നവനിധികളെപ്പോലെ, കൈകൾ കൂപ്പി അദ്ദേഹത്തിന് ചുറ്റും നിൽക്കുമ്പോൾ (അതായത് അദ്ദേഹത്തിന്റെ സേവകരായി), പലക അദ്ദേഹത്തിന് യഥാർത്ഥോദ്ദേശ്യം മറച്ച് വയ്ക്കാനുള്ള ഒരു ഒഴികഴിവ് മാത്രമാണ്.

22. കീടങ്ങൾ, ഉറുമ്പ്, പന്നി, മൃഗങ്ങൾ, പക്ഷി, മനുഷ്യൻ, രാജാവ്, ഭിക്ഷക്കാരൻ, വലിയവൻ, ചെറിയവൻ – എല്ലാവരെയും അദ്ദേഹം സമാനദൃഷ്ടിയോടെ വീക്ഷിച്ചു.

23. അദ്ദേഹം ഷിർദിയിൽ വസിക്കുന്നതായും, മൂന്നരമുഴം[5] നീളമുള്ള ശരീരത്തോട് കൂടിയും കാണപ്പെട്ടെങ്കിലും സകല മനുഷ്യരുടെയും ഹൃദയത്തിൽ വസിച്ചു – പുണ്യ[6]ത്തിന്റെ ശേഖരമായിരുന്നു മഹാരാജ്.

24. അദ്ദേഹത്തിന്റെ ഹൃദയത്തിൽ വിരക്തിയും ഒന്നിനോടും മമതയുമില്ലാതെ വർത്തിച്ചെങ്കിലും, പുറമേയ്ക്ക് തനിക്ക് ചുറ്റും ആളുകൾ ഉണ്ടാകുന്നത് ഇഷ്ടപ്പെട്ടിരുന്നു. ഹൃദയത്തിൽ ആഗ്രഹങ്ങളൊന്നുമില്ലായിരുന്നെങ്കിലും പുറമേയ്ക്ക് ഭക്തന്മാരാൽ വലയം ചെയ്യപ്പെട്ടിരുന്നു.

25. ഹൃദയത്തിൽ അദ്ദേഹം തീർത്തും ഇച്ഛാരഹിതനായിരുന്നെങ്കിലും, ഭക്തർക്കു വേണ്ടി, പുറമേയ്ക്ക് ആഗ്രഹങ്ങളുള്ളത് പോലെ തോന്നിച്ചു; ഹൃദയം തികച്ചും ശാന്തമായിരുന്നെങ്കിലും പുറമേയ്ക്കുള്ള പെരുമാറ്റം ക്രോധം പൂണ്ടതായിരുന്നു.

26. ഉള്ളിന്റെയുള്ളിൽ അദ്ദേഹം ആത്യന്തികമായ പരമാനന്ദം അനുഭവിച്ചു, പക്ഷേ പുറമേയ്ക്ക് ചെകുത്താനെപ്പോലെ പെരുമാറി; പുറമേയ്ക്ക് ലോകകാര്യങ്ങളിൽ ഉൾപ്പെട്ടിരുന്നു, പക്ഷേ ഉള്ളിൽ ഏകത്വം അഥവാ അദ്വൈതഭാവമായിരുന്നു.

27. ചിലപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ സ്നേഹം നിറഞ്ഞിരിക്കുമെങ്കിലും മറ്റുചിലപ്പോൾ കൈകളിൽ പാറക്കഷണങ്ങളുമായി ഒരുവനെ ഓടിക്കും; ചിലപ്പോൾ ശകാരിക്കുകയും ശാപവാക്കുകൾ ഉരുവിടുകയും ചെയ്യും, മറ്റുചിലപ്പോൾ സ്നേഹത്തോടെ ആലിംഗനം ചെയ്യും.

28. ചിലപ്പോൾ പൂർണ്ണശാന്തനും വിനീതനുമായിരുന്നു; ക്ഷമയോടും സഹനശക്തിയോടുംകൂടി, സദാ ധ്യാനനിമഗ്നനായ ആത്മജ്ഞാനി! ഭക്തർക്ക് പ്രിയങ്കരനായ അദ്ദേഹം എല്ലായ്പ്പോഴും ആത്മനെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകിയിരുന്നു.

29. അദ്ദേഹം ഒരേ സ്ഥിതിയിൽ ഇരുന്നുകൊണ്ട് ധ്യാനിച്ചു (ഒരു യോഗിയെപ്പോലെ); അദ്ദേഹം അവിടെയും ഇവിടെയും നടന്നില്ല; അദ്ദേഹത്തിന് ആകെയുണ്ടായിരുന്ന ദണ്ഡ് 'സത്ക' മാത്രമായിരുന്നു (യോഗികൾ സാധാരണയായി ദണ്ഡ് വഹിക്കാറുണ്ട്). അദ്ദേഹം പരാതികളില്ലാതെ സ്വസ്ഥനായി വർത്തിച്ചു.

30. അദ്ദേഹത്തിന് പ്രശസ്തിക്കോ ധനത്തിനോ മോഹമുണ്ടായിരുന്നില്ല, ഭിക്ഷയാചിച്ച് ജീവിച്ചു, യോഗചര്യകളിൽ ഉന്നതി നേടുകയും (ശ്രേഷ്ഠമായ അവസ്ഥ) അതിനനുസരിച്ച് ജീവിക്കുകയും ചെയ്തു.

31. വാസ്തവത്തിൽ അദ്ദേഹം ഒരു സന്ന്യാസിയുടെ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്, അദ്ദേഹത്തിന്റെ ദണ്ഡ് 'സത്ക'യായിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും 'അള്ളാഹ് മാലിക്' എന്ന് ഉരുവിട്ടിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും തന്റെ ഭക്തരോട് അത്യധികമായ സ്നേഹം പ്രകടിപ്പിച്ചിരുന്നു.

32. സായി, ഗുണങ്ങളോട് കൂടി, മനുഷ്യരൂപത്തിൽ അവതരിച്ച രൂപം ഇത്തരത്തിലുള്ളതായിരുന്നു. മുൻജന്മത്തിലെ പുണ്യകർമ്മങ്ങളുടെ ഫലമായി, അപ്രതീക്ഷിതമായി ഈ നിധി നമുക്ക് ലഭിച്ചു.

33. വിധിയുടെ വഴികൾ ആശ്ചര്യകരമാണ്, എന്തെന്നാൽ മൂഢന്മാരും അജ്ഞരുമായ മനുഷ്യരെ അദ്ദേഹം സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു! വാസ്തവത്തിൽ എങ്ങനെയാണ് അവർക്ക് അദ്ദേഹത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിഞ്ഞത്?

34. സായി ആത്മജ്ഞാനത്തിന്റെ ഖനിയാണ്. അദ്ദേഹം പരിപൂർണ്ണ ശാന്തതയാണ്. ഈ സംസാരസാഗരം മുറിച്ച് കടക്കാൻ അദ്ദേഹത്തെ മാത്രം ദൃഢമായി പിടിച്ചുകൊള്ളുക.

35. വാസ്തവത്തിൽ, അപരിമിതവും അനശ്വരവുമായതും, ബ്രഹ്മം മുതൽ സ്തംഭം[7] വരെ നിറഞ്ഞിരിക്കുന്നതും അവിരാമവും അനന്യവുമായ ശക്തി ഏതാണോ അതാണ് സായി.

36. കലിയുഗത്തിന്റെ കാലപരിധി നാലുലക്ഷം മുപ്പത്തിരണ്ടായിരം വർഷങ്ങളാണെന്ന് കരുതപ്പെടുന്നു. അതിന്റെ തുടക്കം മുതൽ ഏകദേശം അയ്യായിരം വർഷങ്ങൾ കഴിഞ്ഞിട്ടുണ്ട്. ബാബ അപ്പോഴാണ് പ്രത്യക്ഷപ്പെട്ടത്.

37. അദ്ദേഹത്തിന്റെ ജനനത്തീയതി അറിയാതെ, ഞാനെങ്ങനെ ഇത്തരമൊരു നിഗമനത്തിലെത്തി എന്ന് ശ്രോതാക്കൾ സംശയിച്ചേക്കാം. അതിനാൽ ശ്രദ്ധയോടെ കേൾക്കുക.

38. അദ്ദേഹം വീണ്ടും പ്രത്യക്ഷപ്പെട്ടതിനുശേഷം, ഷിർദിയിലെ നിവാസിയാകാൻ തീരുമാനിക്കുകയും പിന്നീട് സകലതും പരിത്യജിച്ചുകൊണ്ട് അറുപത് വർഷക്കാലം അവിടെ താമസിക്കുകയും ചെയ്തു.

39. അദ്ദേഹം ആദ്യമായി ഷിർദിയിലെത്തിയപ്പോൾ പതിനാറ് വയസ്സ് പ്രായമായിരുന്നു. ആ സമയത്ത് അദ്ദേഹം അവിടെ മൂന്നുവർഷങ്ങൾ താമസിച്ചു.

40. അവിടെ നിന്നും എങ്ങോട്ടാണ് അദ്ദേഹം അപ്രത്യക്ഷനായത്? ദൂരെയുള്ള നിസാമിന്റെ രാജ്യത്തിൽ അദ്ദേഹത്തെ കണ്ടു. പിന്നീട് അദ്ദേഹം വിവാഹസംഘത്തോടൊപ്പം തിരിച്ചെത്തുകയും സ്ഥിരമായി ഷിർദിയിൽ താമസിക്കുകയും ചെയ്തു.

41. അദ്ദേഹത്തിന് അപ്പോൾ ഇരുപത് വയസ്സായിരുന്നു. അന്നു മുതൽ അദ്ദേഹം എന്നന്നേയ്ക്കുമായി ഷിർദിയിൽ വസിച്ചു. അവിടെ അദ്ദേഹം അറുപത് വർഷക്കാലം ചിലവഴിച്ചു. ഇത് എല്ലാവർക്കും അറിവുള്ളതാണ്.

42. 'ശക'വർഷം 1840 (എഡി 1918) അശ്വിനമാസത്തിൽ, വെളുത്തപക്ഷത്തിലെ പത്താംദിനം, ശുഭദിനമായ ദസ്സറാ ദിവസം ബാബ തന്റെ സ്വർഗ്ഗീയവസതിയിലേക്ക് മടങ്ങി.

43. അപ്രകാരം എൺപത് വർഷങ്ങൾ ജീവിച്ചതിനാൽ, ബാബ ശകവർഷം 1760 (എഡി 1838) ൽ ജനിച്ചുവെന്ന് ഏകദേശം കണക്കാക്കാം.

44. കാലത്തിനും ദേശത്തിനും അതീതരായ ശ്രേഷ്ഠാത്മാക്കളുടെ ജീവിതകാലം കൃത്യമായി കണക്കാക്കാൻ കഴിയുമോ? അത് ദുഷ്കരമായ കൃത്യമാണ്.

45. ശ്രേഷ്ഠാത്മാക്കൾ അവരുടേതായ ഭ്രമണപഥത്തിലാണ് സ്ഥിതിചെയ്യുന്നത്. അവർ ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല. സൂര്യൻ അചലവും ദൃഢവുമായിരിക്കേ അത് ഉദിക്കുന്നതും അസ്തമിക്കുന്നതും എങ്ങനെയാണ്.

46. 'ശക' വർഷം 1603 (എഡി 1681) ൽ രാമദാസ് സമാധിയടയുകയും, അതുകഴിഞ്ഞ് രണ്ടു നൂറ്റാണ്ടുകൾ കഴിയും മുമ്പാണ് ഈ ദിവ്യാത്മാവ് ജനിച്ചത്.

47. ആ ദിനങ്ങളിൽ മുസ്ലീങ്ങൾ ഭാരതം ആക്രമിക്കുകയും, ഹിന്ദു രാജാക്കന്മാരെ കീഴ്പ്പെടുത്തുകയും ചെയ്തു. ഭക്തിമാർഗ്ഗം ഇല്ലാതാകുകയും ജനങ്ങൾക്ക് മതത്തിൽ വിശ്വാസം നഷ്ടപ്പെടുകയും ചെയ്തു.

48. ആ സമയത്ത് രാമദാസ് ജനിച്ചു. ശിവജിയുടെ സഹായത്തോടെ അദ്ദേഹം മുസ്ലീങ്ങളുടെ കൈയ്യിൽ നിന്നും രാജ്യത്തെ രക്ഷിച്ചു; ഗോക്കളും ബ്രാഹ്മണരും സംരക്ഷിക്കപ്പെടുകയും ചെയ്തു.

49. രണ്ടു നൂറ്റാണ്ടുകൾ കഴിയുന്നതിന് മുമ്പ്, വീണ്ടും സമാധാനം ഭഞ്ജിക്കപ്പെട്ടു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ കലഹമുണ്ടാകുകയും, ബാബ അത് ഇല്ലാതാക്കുകയും ചെയ്തു.

50. "രാമനും റഹിമും ഒന്നാണ്. അതിൽ അല്പം പോലും വ്യത്യാസമില്ല. അങ്ങനെയാണെങ്കിൽ, ഭക്തിയിൽ എന്തിനാണ് തടസ്സം! അന്യോന്യം ശത്രുതാമനോഭാവം എന്തിനാണ്?

51. "ഓ, വിവേകമില്ലാത്ത കുഞ്ഞുങ്ങളേ, ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നിക്കട്ടെ. നിങ്ങളുടെ പാതയിൽ ഉറച്ചുനിൽക്കുകയും സദ്ചിന്തകൾ വളർത്തുകയും വേണം. എങ്കിൽ മാത്രമേ നിങ്ങൾക്ക് മറുഭാഗത്തേയ്ക്ക് കടന്നുപോകാൻ കഴിയൂ.

52. "വാദപ്രതിവാദങ്ങൾ ചെയ്യുന്നത് നല്ലതല്ല; അന്യോന്യം മത്സരിക്കാനും പാടില്ല. എല്ലായ്പ്പോഴും ഒരുവൻ സ്വന്തം (ശാശ്വതമായ) നന്മയെക്കുറിച്ച് ചിന്തിക്കുക, അപ്പോൾ ഈശ്വരൻ നിങ്ങളെ സംരക്ഷിക്കും.

53. "യോഗചര്യകൾ, ആചാരങ്ങൾ അനുഷ്ഠിക്കുക, തപശ്ചര്യകൾ, ജ്ഞാനസമ്പാദനം എന്നിവയൊക്കെ ഈശ്വരനിൽ എത്താനുള്ള മാർഗ്ഗങ്ങളാണ്. ഇവയൊക്കെ ചെയ്താലും ഒരുവന് ഈശ്വരകൃപ ഇല്ലെങ്കിൽ അവന്റെ ജീവിതം വ്യർത്ഥമാണ്.

54. "ഒരുവൻ നിന്നെ ഏതെങ്കിലും തരത്തിൽ ദ്രോഹിക്കുകയാണെങ്കിൽ, നീ പകരം വീട്ടരുത്. കഴിയുമെങ്കിൽ മറ്റുള്ളവർക്ക് ഉപകാരങ്ങൾ ചെയ്യുക." ഇതാണ് അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ സാരാംശം.

55. ഒരുവന്റെ സ്വന്തം നന്മയ്ക്കും, ജീവിതത്തിലെ ആത്യന്തികമായ ശ്രേഷ്ഠതയ്ക്കും വേണ്ടി, എല്ലാ കാലത്തും സാംഗത്യമുള്ള ഒരു തത്ത്വസംഹിതയാണ്

ഇത്. ഉയർന്നവനും, താഴ്ന്നവനും, സ്ത്രീകളും, ശൂദ്രന്മാരും ഉൾപ്പെടെ എല്ലാ തരം ജനങ്ങൾക്കും ഇണങ്ങിയ ഋജുവായ ഒരു മാർഗ്ഗമാണ് ഇത്.

56. സ്വപ്നത്തിൽ ദർശിച്ച രാജ്യത്തിന്റെ പ്രതാപം, ഒരുവൻ ഉറക്കമുണർന്നയുടൻ ഇല്ലാതാകുന്നത് പോലെ, ഈ ലോകം ഒരു മിഥ്യയാണ്. ഇത് അദ്ദേഹത്തിന്റെ ദൃഢവിശ്വാസമായിരുന്നു.

57. അദ്ദേഹത്തിന്റെ പതിവായുള്ള പെരുമാറ്റവും മനോഭാവവുമെല്ലാം, ദേഹസംബന്ധിയായ സുഖദുഃഖങ്ങളുടെ അയഥാർത്ഥ പ്രകൃതത്തിലുള്ള ഉറച്ച വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസമനുസരിച്ച് ഇവയെല്ലാം, ഒരു സ്വപ്നമെന്നപോലെ, മനസ്സിന്റെ ചപലതകളാണ്. അതിനാൽ അദ്ദേഹം മിഥ്യാബോധം ഇല്ലാതാക്കുകയും മുക്താവസ്ഥയിൽ എത്തുകയും ചെയ്തു.

58. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ ലൗകികജീവിതത്തോടുള്ള മമത കാണുമ്പോൾ, അദ്ദേഹത്തിന്റെ ഹൃദയം ദയ കൊണ്ട് അലിയുന്നു; ഈ ബന്ധനങ്ങൾ എങ്ങനെ മാറ്റാൻ കഴിയുമെന്ന് രാത്രിയും പകലും അദ്ദേഹം ചിന്തിക്കുന്നു.

59. അദ്ദേഹത്തിന്റെ പ്രകൃതമാകെ ബ്രഹ്മനുമായി താദാത്മ്യം പ്രാപിച്ചതാണ്. ശാശ്വതമായ പരമാനന്ദത്തിന്റെ മൂർത്തരൂപമാണ് അദ്ദേഹം; അദ്ദേഹത്തിന്റെ ഹൃദയത്തിൽ സംശയങ്ങളേതുമില്ല. അദ്ദേഹം വിരക്തിയുടെ ആൾരൂപമാണ് (സുഖങ്ങൾ നിരസിക്കുന്നു).

60. അദ്ദേഹം ചപ്ലാംകട്ടയോ, പുല്ലാങ്കുഴലോ പിടിച്ച് ഓരോ വാതിൽപ്പടിയിലും പോകാറില്ല. ദയനീയ മുഖഭാവവുമായി നിന്നുകൊണ്ട് തന്റെ മുന്നിലൂടെ കടന്നുപോകുന്ന വ്യക്തികളോട് ഒരിക്കലും ഭിക്ഷ യാചിക്കാറില്ല.

61. തനിക്ക് ചുറ്റും അനേകം ശിഷ്യന്മാരെ കൂട്ടിയിട്ട്, ധനസമ്പാദനത്തിന് വേണ്ടി മാത്രം, അവരുടെ കർണ്ണങ്ങളിൽ ബലമായി മന്ത്രോപദേശം നൽകുന്ന അനേകം ഗുരുക്കൻമാരുണ്ട്.

62. അവർ തന്റെ ശിഷ്യന്മാരെ ധാർമ്മികത അഭ്യസിപ്പിക്കുന്നു, പക്ഷേ, അവരുടെ സ്വന്തം പെരുമാറ്റം നേരെ വിപരീതവുമാണ്. എങ്ങനെയാണ് അവർ സംസാരസാഗരം കടക്കാനും, ജനനമരണങ്ങൾ ഒഴിവാക്കാനും മറ്റുള്ളവരെ സഹായിക്കുക?

63. തന്റെ മഹിമ (ധാർമ്മികശ്രേഷ്ഠത) വിളംബരം ചെയ്യുന്നതോ, തന്റെ പ്രശസ്തി ദൂരദേശങ്ങളിൽ പ്രചരിപ്പിക്കുന്നതോ, അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ല. അപ്രകാരമായിരുന്നു സായി!

64. അദ്ദേഹത്തിന് ദേഹബുദ്ധി ഉണ്ടായിരുന്നില്ല. തന്റെ ശിഷ്യന്മാരോട് അത്യധികം സ്നേഹമുണ്ടായിരുന്നു. ഇതായിരുന്നു, എപ്പോഴും അദ്ദേഹത്തിന്റെ പ്രകൃതം. അപ്രകാരമായിരുന്നു സായി!

65. രണ്ട് തരത്തിലുള്ള ഗുരുക്കന്മാരുണ്ട് – 'നിയത'വും (വിധിയാൽ നിശ്ചയിക്കപ്പെട്ടത്) 'അനിയത'വും. ശ്രോതാക്കൾക്കുവേണ്ടി രണ്ടു കൂട്ടരുടെയും പ്രവൃത്തി വിവരിക്കുന്നതാണ്.

66. 'അനിയത' ഗുരു, ഭക്തിഗുണങ്ങളും മനഃശുദ്ധിയും വളർത്താൻ സഹായിക്കുന്നു. ഇതുമാത്രമാണ് 'അനിയത' ഗുരുവിന് ചെയ്യാൻ കഴിയുന്നത്. അദ്ദേഹത്തിന് മോക്ഷമാർഗ്ഗവും കാട്ടാൻ കഴിയും.

67. 'നിയത' ഗുരുവുമായി സമ്പർക്കം ഉണ്ടാകുമ്പോൾ, ആത്മാവിന്റെ ദ്വന്ദ്വഭാവം ഇല്ലാതെയാകുന്നു. ഈശ്വരനുമായി താദാത്മ്യം ഉണ്ടാകുകയും, "ഈശ്വരനും നീയും വിഭിന്നമല്ല" എന്ന തത്ത്വത്തിന് സാക്ഷ്യം നൽകുകയും ചെയ്യുന്നു.

68. ഈ പ്രപഞ്ചത്തിൽ, ഭക്തരുടെ രക്ഷയ്ക്ക് വേണ്ടി അവതരിക്കുന്ന അനേകം ഗുരുക്കൻമാരുണ്ട്, അവരുടെ ദൗത്യം പൂർണ്ണമായാൽ അവർ സമാധിയടയുന്നു.

69. സായി രണ്ടാമത്തെ ഗുരുക്കന്മാരുടെ ഗണത്തിൽ ഉൾപ്പെടുന്നു. എങ്ങനെയാണ് എനിക്ക് അദ്ദേഹത്തെ വർണ്ണിക്കാൻ കഴിയുക. അദ്ദേഹം എനിക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നത് പോലെ ഞാൻ വിവരിക്കും.

70. ഭൗതികശാസ്ത്രങ്ങൾക്ക് അനേകം ഗുരുക്കന്മാരെ കാണാൻ കഴിയും. പക്ഷേ ശിഷ്യന് അവന്റെ തനതായ പ്രകൃതം തിരിച്ചറിയാൻ കഴിവ് നൽകുന്നവനാണ് സദ്ഗുരു. അദ്ദേഹം ഉണ്മയാണ്, ലോകസാഗരം കടക്കാൻ നിങ്ങളെ സഹായിക്കുന്ന ശ്രേഷ്ഠവ്യക്തിയാണ്. അദ്ദേഹത്തിന്റെ മഹത്വം വർണ്ണിക്കാനാകാത്തതാണ്.

71. ആര് അദ്ദേഹത്തെ ദർശിച്ചാലും, സായി അയാളുടെ ഭൂതം, വർത്തമാനം, ഭാവി എന്നിവ വിവരിക്കും. ചോദിക്കാതെ തന്നെ, ഉദ്ദേശ്യവും ലക്ഷ്യങ്ങളും മറ്റെല്ലാ വിവരങ്ങളും വിശദമായി അറിയുകയും വിവരിക്കുകയും ചെയ്യും.

72. അദ്ദേഹം എല്ലാ ജീവജാലങ്ങളെയും, എല്ലാറ്റിനെയും, ഈശ്വരനായി കാണുകയും, ശത്രുവിനെയും മിത്രത്തെയും സമഭാവത്തോടെ വീക്ഷിക്കുകയും അല്പംപോലും വിവേചനം കാട്ടാതെ വർത്തിക്കുകയും ചെയ്യുന്നു.

73. അദ്ദേഹം പ്രതീക്ഷകളില്ലാതെ, എല്ലാറ്റിനെയും സമഭാവത്തോടെ കാണുകയും, തനിക്ക് ദ്രോഹം ചെയ്തവർക്ക് പോലും അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുന്നു. നല്ലകാലത്തും ചീത്തകാലത്തും അദ്ദേഹത്തിന്റെ മനസ്സ് സമനിലയിൽ വർത്തിക്കുന്നു. അദ്ദേഹം ഒന്നിനെക്കുറിച്ചും ഒരു സംശയവും വച്ചുപുലർത്തുന്നില്ല.

74. നശ്വരമായ ഈ ശരീരത്തിൽ ജീവിച്ചെങ്കിലും, ശരീരത്തിന്റെ ബന്ധനങ്ങളിൽ അദ്ദേഹം പെട്ടിരുന്നില്ല. പുറമേയ്ക്ക് ഭൗതിക ശരീരധാരിയായി കാണപ്പെട്ടെങ്കിലും ഉള്ളിൽ അദ്ദേഹം ദേഹരഹിതനായിരുന്നു. അങ്ങനെയുള്ള ഒരു വ്യക്തി ദേഹമുണ്ടെങ്കിലും മുക്തനായിരിക്കും.

75. സായിയെ ദേവനായി കാണുകയും, ആരാധിക്കുകയും, ആഹാരം കഴിക്കുമ്പോഴും പാനം ചെയ്യുമ്പോഴും, ഉറങ്ങുമ്പോഴും സദാ അദ്ദേഹത്തെ സ്മരിക്കുകയും ചെയ്ത ഷിർദി നിവാസികൾ അനുഗൃഹീതരാണ്.

76. പാടത്ത് പണിയെടുക്കുമ്പോഴും, പറമ്പിലായിരിക്കുമ്പോഴും, ധാന്യം പൊടിക്കുകയും ഉമി നീക്കുകയും ചെയ്യുമ്പോഴും മോര്[6] കടയുമ്പോഴും ഒക്കെ സായിയുടെ അപദാനങ്ങൾ പാടിയ ജനങ്ങളും അവർക്ക് സായിയോടുള്ള പ്രേമവും

അനുഗൃഹീതമാണ്.

77. സായി അല്ലാതെ മറ്റൊരു ദേവതയെക്കുറിച്ച് ചിന്തിക്കാത്തവരും, ഇരിക്കുമ്പോഴും, ആഹാരം കഴിക്കുമ്പോഴും, ഉറങ്ങുമ്പോഴും നിരന്തരം അദ്ദേഹത്തിന്റെ സ്മരണയിൽ ജീവിച്ചവരുമുണ്ടായിരുന്നു.

78. എത്ര ആശ്ചര്യകരമാണ് ആ സ്ത്രീകളുടെ സ്നേഹം! അവരുടെ സ്നേഹം എത്ര മധുരതരമാണ്! പരിശുദ്ധമായ സ്നേഹം കാവ്യങ്ങൾക്ക് പ്രചോദനം നൽകുന്നു, അല്ലാതെ വെറും പാണ്ഡിത്യമല്ല.

79. ഭാഷ വളരെ ലളിതവും ഋജുവായതുമാണെങ്കിലും, പാണ്ഡിത്യത്തിന്റെ ലാഞ്ചന അല്പം പോലും ഇല്ലെങ്കിലും, ആ ഗാനങ്ങൾ തിളക്കമാർന്നതായിരുന്നു. ഒരു വിദ്യാസമ്പന്നൻ പോലും ആസ്വാദനപൂർവ്വം ശിരസ്സ് ചലിപ്പിക്കുമായിരുന്നു.

80. യഥാർത്ഥമായ സ്നേഹം ഉണ്ടാകുമ്പോൾ മാത്രമേ കലർപ്പില്ലാത്ത കാവ്യങ്ങൾ ജനിക്കുകയുള്ളൂ. ആ സ്ത്രീകളുടെ കവിതകളിൽ ശ്രോതാക്കൾക്ക് ഇത് അനുഭവിക്കാൻ കഴിയും.

81. സായിബാബ ആഗ്രഹിക്കുകയാണെങ്കിൽ, മുഴുവൻ സമാഹാരവും ലഭിക്കുകയും ശ്രോതാക്കളുടെ ആഗ്രഹങ്ങൾ സഫലമാകുകയും ചെയ്യും. അവർക്ക് ആ കാവ്യങ്ങൾ ശ്രവിക്കാൻ കഴിയും.

82. അത് അപ്രകാരമാകട്ടെ. ഭക്തരുടെ ഭക്തിയാൽ, നിരാകാരം (രൂപമില്ലാത്തത്) ഷിർദിയിൽ സായിയുടെ രൂപത്തിൽ അവതരിച്ചു. ദേഹബോധം ഉപേക്ഷിച്ച, ആസക്തികളില്ലാത്ത അദ്ദേഹത്തെ ഭക്തിയിലൂടെ തിരിച്ചറിയണം.

83. അതല്ലെങ്കിൽ, ഭക്തരുടെ പുണ്യകർമ്മങ്ങളുടെ പൂർണ്ണമായ ഫലം ഉചിതമായ സമയത്ത് ലഭിച്ചു. സായിയുടെ രൂപത്തിൽ, ഷിർദിയിൽ, അത് മുളച്ച് ഫലം നൽകി.

84. മൂകമായത് വാചാലമായി; ജനിക്കാൻ സാധ്യതയില്ലാത്തത് ജീവസ്സുറ്റു വന്നു; നിർഗുണമായത് ദയയുടെ ആൾരൂപമായി അവതരിച്ചു.

85. ഷഡ്ഗുണങ്ങളുടെ[9] പ്രതിരൂപമാണ് അദ്ദേഹം – വിജയം, സമ്പത്ത്, വൈരാഗ്യം, ബുദ്ധിശക്തി, ഐശ്വര്യം, ഉദാരത എന്നീ ഗുണങ്ങളോടെ അദ്ദേഹം ശോഭിക്കുന്നു.

86. ബാബയുടെ ആത്മനിയന്ത്രണം അസാധാരണമാണ്. അദ്ദേഹത്തിന് തന്റേതായി ഒന്നുമുണ്ടായിരുന്നില്ല. നിരാകാരനാണെങ്കിലും, ഭക്തരുടെ നന്മയ്ക്കുവേണ്ടി രൂപത്തോടെ അവതരിച്ചു.

87. സ്നേഹത്താൽ ഭക്തരെ തന്നോട് ബന്ധിപ്പിച്ച് നിർത്തുന്ന അദ്ദേഹത്തിന്റെ ദയാവായ്പ് എത്ര അതിശയകരമാണ്! അല്ലെങ്കിൽ മറ്റേതൊരു ദിവ്യാത്മാവിനെയാണ് അവർക്ക് ആശ്രയിക്കാൻ കഴിയുക?

88. ഭക്തരുടെ നന്മയ്ക്കുവേണ്ടി, സംഭാഷണത്തിന്റെ ദേവതയ്ക്ക് പോലും പറയാൻ കഴിയാത്ത വാക്കുകൾ അദ്ദേഹം പറയുന്നു – കേട്ടാൽ കർണ്ണങ്ങൾ പോലും ലജ്ജിക്കുന്നവ.

89. ആ വാക്കുകൾ വിവരിക്കാതെ നിശ്ശബ്ദനാകുന്നതാണ് നല്ലത്. പക്ഷേ, എനിക്ക് എന്റെ കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയാത്തതിനാൽ,

അത് വിവരിക്കാൻ ഞാൻ നിർബന്ധിതനാകുന്നു.

90. ഭക്തരുടെ സ്നേഹത്തിന് വേണ്ടി, വളരെ വിനയത്തോടെ ബാബ പറഞ്ഞ വാക്കുകൾ: "ഞാൻ നിങ്ങളുടെ ഏറ്റവും വിനീതനായ ദാസനാണ്. ഞാൻ നിങ്ങളുടെ കടക്കാരനാണ്. നിങ്ങളുടെ ദർശനത്തിനാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്.

91. "നിങ്ങളുടെ പാദങ്ങളിൽ എനിക്ക് എത്താൻ കഴിഞ്ഞത് നിങ്ങൾ എന്നോട് കാട്ടിയ ഏറ്റവും വലിയ സൗമനസ്യം ആണ്. ഞാൻ നിങ്ങളുടെ അമേദ്യത്തിലെ കീടം മാത്രമാണ്. അതുകൊണ്ട് തന്നെ ഞാൻ അനുഗൃഹീതനാണെന്ന് കരുതുന്നു."

92. എത്ര വിനയമാണ് ബാബ കാട്ടിയത്! വിനയാന്വിതനാകാൻ അദ്ദേഹം എത്ര ആഗ്രഹിക്കുന്നു. അഹംഭാവം എത്ര പൂർണ്ണമായാണ് ഉപേക്ഷിച്ചിരിക്കുന്നത്! അതേപോലെ വളരെ ഒതുക്കമുള്ളവനുമായിരുന്നു.

93. മുമ്പ് വിവരിച്ച വാക്കുകൾ ബാബ യഥാർത്ഥത്തിൽ പറഞ്ഞിട്ടുള്ളവയും, ഞാൻ ആദരപൂർവ്വം അത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. ആർക്കെങ്കിലും അത് അനാദരവ് ആണെന്ന് തോന്നുന്നുവെങ്കിൽ ഞാൻ ക്ഷമ യാചിക്കുന്നു.

94. ഭാഷണം അശുദ്ധമാകുകയാണെങ്കിലും, ശ്രവണത്തിന്റെ പാപം നീക്കണമെങ്കിലും നമുക്ക് നിരന്തരം സായിയുടെ നാമം ഉരുവിടാം. അത് എല്ലാവരുടെയും പാപം ഇല്ലാതാക്കും.

95. നമ്മുടെ പൂർവ്വജന്മങ്ങളിലെ തപശ്ചര്യകൾ സായിയുടെ അനുഗ്രഹത്താൽ ഫലവത്തായിരിക്കുന്നു. ദാഹിച്ച് വലഞ്ഞ ഒരുവന് ജലം വിതരണം ചെയ്യുന്ന സ്ഥലത്ത് നിന്നും ജലം കുടിക്കുമ്പോൾ ലഭിക്കുന്നത് പോലെ അനന്തമായ സംതൃപ്തി അത് നൽകുന്നു.

96. അദ്ദേഹം നാവിലൂടെ ആഹാരം കഴിക്കുന്നു എന്ന് തോന്നുമെങ്കിലും, വാസ്തവത്തിൽ അദ്ദേഹം രുചി അറിയുന്നില്ല, എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ രസമുകുളങ്ങൾ ഉണരുന്നില്ല.

97. ഒരു ആസക്തി പോലും ഇല്ലാത്ത ഒരുവൻ സുഖങ്ങൾ ആസ്വദിക്കുമെന്ന് എങ്ങനെയാണ് പറയുക! സുഖങ്ങൾ അദ്ദേഹത്തിന്റെ ഇന്ദ്രിയങ്ങളെ ബാധിക്കാത്തപ്പോൾ, അദ്ദേഹം സുഖങ്ങളിൽ മുഴുകുമെന്ന് എങ്ങനെയാണ് പറയുക!

98. അദ്ദേഹം തന്റെ മുമ്പിലെത്തുന്ന വസ്തുക്കളെ തന്റെ ദൃഷ്ടികളിലൂടെ കാണുമെങ്കിലും, വാസ്തവത്തിൽ അദ്ദേഹം അവയെ കാണുന്നില്ല, എന്തെന്നാൽ അദ്ദേഹത്തിന് അവയോട് ആഗ്രഹമില്ല.

99. ഹനുമാന്റെ ജനനേന്ദ്രിയം തന്റെ മാതാവും ശ്രീരാമനും മാത്രമേ കണ്ടിട്ടുള്ളൂ; അപ്പോൾ അദ്ദേഹത്തിന്റെ ബ്രഹ്മചര്യവ്രതം ആരോടാണ് ഉപമിക്കേണ്ടത്!

100. മാതാവ് പോലും പ്രജനനേന്ദ്രിയങ്ങൾ കാണാതിരിക്കേ, മറ്റുള്ളവരെക്കുറിച്ച് എന്ത് പറയാനാണ്! ബാബയുടെ ബ്രഹ്മചര്യവ്രതം ഏറ്റവും ഉത്തമവും,

സമ്പൂർണ്ണവും, വ്യത്യസ്തവുമായിരുന്നു.

101. അദ്ദേഹം തന്റെ അരയ്ക്കു ചുറ്റും ജനനേന്ദ്രിയങ്ങൾ മറച്ചുകൊണ്ട് ഒരു തുണി അല്ലെങ്കിൽ കൗപീനം ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ജനനേന്ദ്രിയങ്ങൾ ഒരിക്കലും ഉണർത്തപ്പെട്ടില്ല[10]. അവയാകട്ടെ ദേഹപ്രവൃത്തികളായ മൂത്രമൊഴിക്കലിനും വിസർജ്ജനത്തിനും വേണ്ടി മാത്രമായിരുന്നു. അവ ദേഹപ്രവൃത്തികൾക്ക് വേണ്ടി മാത്രമായിരുന്നു.

102. ഇന്ദ്രിയങ്ങൾ അവയുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചിരുന്നെങ്കിലും, അണുമാത്ര പോലും ആസക്തി ഉണർത്തപ്പെട്ടിരുന്നില്ല. അത്തരത്തിലായിരുന്നു, അദ്ദേഹത്തിന്റെ ദേഹാവസ്ഥ.

103. സത്വ, രജ, തമോഗുണങ്ങൾ ഉള്ളതിനാൽ, ഇന്ദ്രിയങ്ങളെല്ലാം അതാത് സ്ഥാനങ്ങളിൽ ബന്ധിക്കപ്പെട്ടിരുന്നു. പ്രായോഗികബുദ്ധിയാൽ അവ പ്രവർത്തനോന്മുഖമാണെന്ന് കാണപ്പെടുന്നുണ്ടെങ്കിലും, അതിൽ ഒട്ടും തന്നെ താല്പര്യം ഉൾപ്പെട്ടിരുന്നില്ല.

104. ബാബ ആശാപാശത്തിൽപ്പെട്ടിരുന്നില്ല, അദ്ദേഹം പരബ്രഹ്മമായിരുന്നു; ആത്മനിലേയ്ക്ക് തിരിഞ്ഞ്, ആഗ്രഹങ്ങളും ക്രോധവും അടക്കി, ആസക്തികളിൽ നിന്നും മമതയിൽ നിന്നും മുക്തനായി ജീവിച്ച അദ്ദേഹം തന്റെ ദൗത്യം പൂർണ്ണമായും നിർവ്വഹിച്ചിരുന്നു.

105. ഇന്ദ്രിയവിഷയങ്ങളെ ബ്രഹ്മനായി കരുതുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ മുക്താവസ്ഥ. അദ്ദേഹം നല്ല കർമ്മങ്ങൾക്കും ചീത്തകർമ്മങ്ങൾക്കും അതീതനായിരുന്നു. പരമമായ ശാന്തിയുടെ ആസ്ഥാനമായിരുന്നു അദ്ദേഹം.

106. നാനാവലി[11] ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു. അല്പം പോലും അഹംഭാവമോ, വിവേചനപരമായ പെരുമാറ്റം സ്വപ്നത്തിൽ പോലും ദർശിക്കുകയോ ചെയ്യാത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

107. ഈ ലോകത്തിലോ പരലോകത്തിലോ അദ്ദേഹത്തിന് നേടേണ്ടതായി ഒന്നുമുണ്ടായിരുന്നില്ല. അത്തരത്തിലുള്ള ഒരു ദിവ്യൻ, ജനങ്ങളെ സേവിക്കുന്നതിന് വേണ്ടി മാത്രം ഭൂമിയിൽ അവതരിച്ചു.

108. അത്തരത്തിലുള്ള ദയാലുക്കളായ ദിവ്യന്മാരുടെ അവതാരോദ്ദേശ്യം, മറ്റുള്ളവർക്ക് നന്മ ലഭിക്കാൻ വേണ്ടി അവർക്ക് ഉപകാരങ്ങൾ ചെയ്യുക എന്നത് മാത്രമാണ്.

109. അവരുടെ ഹൃദയം വെണ്ണ പോലെയാണ്. അവർ വളരെ മൃദുലമനസ്കരാണെന്ന് ചിലർ പറയുന്നു. മറ്റുള്ളവരുടെ ദുരിതം കാണുമ്പോൾ അവർ ദയ കൊണ്ട് അലിയുന്നു. അത് സ്വന്തം ദുരിതം പോലെ അവർക്ക് അനുഭവപ്പെടുന്നു. അതുകൊണ്ടാണ് അവർ വെണ്ണ പോലെ ഉരുകുന്നത്.

110. കീറലുകൾ തുന്നിച്ചേർത്ത ഒരു കഫ്നി മാത്രം വസ്ത്രമായിട്ടുള്ള; ഇരിപ്പിടമായി ചാക്കുകഷണം മാത്രമുള്ള; മനസ്സ് ആഗ്രഹരഹിതമായ ഒരുവൻ – അദ്ദേ

ഹത്തിന് ഒരു വെള്ളി സിംഹാസനം എന്തിനാണ്?!

111. ഭക്തന്മാരുടെ ഭക്തി കാണുമ്പോൾ, അവരുടെ ക്ലേശങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ അവർ തനിക്ക് പുറം തിരിഞ്ഞ് പോകുന്നു എന്ന സത്യം അദ്ദേഹം അവഗണിച്ചു.

112. ഷിർദി എന്ന തടാകത്തിലെ താമരയാണ് ബാബ. ഭക്തന്മാർ സുഗന്ധം ആസ്വദിക്കുന്നു; നിർഭാഗ്യവാന്മാരാകട്ടെ എല്ലായ്പ്പോഴും ചെളിയിൽ കിടന്ന് ഉരുളുകയും, ആ അഴുക്ക് മാത്രം അനുഭവിക്കുകയും ചെയ്യുന്നു.[12]

113. അദ്ദേഹം ആരോടും ആസനങ്ങൾ, പ്രാണം, ആപാനം (യോഗചര്യകൾ) എന്നിവ പരിശീലിക്കാനോ, ഇന്ദ്രിയനിഗ്രഹം നടത്താനോ ആവശ്യപ്പെട്ടില്ല; അവർക്ക് മന്ത്രോപദേശം നൽകിയില്ല, ആചാരാനുഷ്ഠാനങ്ങൾ പാലിക്കാൻ നിർദ്ദേശിച്ചില്ല, ഏലസ്സുകൾ നൽകിയില്ല, ഭജനകൾ പാടാനോ ജപിക്കാനോ പറഞ്ഞില്ല. അത്തരത്തിലുള്ള തെറ്റായ അല്ലെങ്കിൽ വ്യാജമായ ഉപദേശം അദ്ദേഹം നൽകിയില്ല.

114. പൊതുവേ, അദ്ദേഹം ഒരു സാധാരണ മനുഷ്യനെപ്പോലെ കാണപ്പെട്ടു. പക്ഷേ, ഉള്ളിൽ അദ്ദേഹം വ്യത്യസ്തനായിരുന്നു. പ്രായോഗികജീവിതത്തിൽ അങ്ങേയറ്റം സമർത്ഥനായിരുന്ന അദ്ദേഹത്തിന് പകരം വയ്ക്കാൻ ആളില്ലായിരുന്നു.

115. ഭക്തർക്ക് വേണ്ടി അദ്ദേഹം രൂപത്തോടെ അവതരിച്ചു. അദ്ദേഹത്തിന്റെ വികാരങ്ങളും ആഗ്രഹങ്ങളും അവർക്ക് വേണ്ടിയായിരുന്നു. അതാണ് ദിവ്യന്മാരുടെ പരക്കെയുള്ള പെരുമാറ്റം. ഇത് വാസ്തവമാണെന്ന് നിങ്ങളെല്ലാവരും മനസ്സിലാക്കണം.

116. സായി മഹാരാജ് സമാധാനത്തിന്റെ ഖനിയാണ്. ശുദ്ധവും ദൈവികവുമായ ആനന്ദത്തിന്റെ സങ്കേതം. അഹങ്കാരമില്ലാത്ത, കളങ്കമില്ലാത്ത അദ്ദേഹത്തിന്റെ മുമ്പിൽ ഞാൻ സ്വയം നമസ്കരിക്കുന്നു.

117. മഹാരാജ് സ്വന്തം ഇഷ്ടപ്രകാരം വസിക്കാൻ എത്തിയ സ്ഥലം ദിവ്യവും പാവനവുമാണ്. പൂർവ്വജന്മങ്ങളിലൂടെ, മതിയായ അളവിൽ ഭാഗ്യം നേടിയിട്ടില്ലെങ്കിൽ ഈ നിധി നേടുക ദുഷ്കരമാണ്.

118. "ശുദ്ധമായ തൈച്ചെടിയിൽ നിന്ന് മാത്രമേ, മധുരവും ചാറുള്ളതുമായ പഴങ്ങൾ ലഭിക്കൂ." (പരിശുദ്ധി മധുരവും രസം നിറഞ്ഞതുമായ ഫലം നൽകും) – തുക്കാറാം പറയുകയുണ്ടായി. പ്രശസ്തമായ ഈ വരി ഷിർദിയിലെ ജനങ്ങൾ പരീക്ഷിച്ചറിഞ്ഞു.

119. അദ്ദേഹം ഹിന്ദുവോ മുസ്ലീമോ അല്ല. അദ്ദേഹം ഏതെങ്കിലും ജാതിയിലോ വർഗ്ഗത്തിലോ പെടുന്നില്ല. പക്ഷേ, അദ്ദേഹം ലോകബന്ധനങ്ങളെ പൂർണ്ണമായി നശിപ്പിക്കുകയും വേരോടെ പിഴുതെറിയുകയും ചെയ്യുന്നു.

120. ആകാശം അപരിമിതവും അളക്കാൻ കഴിയാത്തതുമാണെന്നപോലെ, ബാബയുടെ ജീവിതം ആഴമേറിയതാണ്. അദ്ദേഹത്തിനൊഴിച്ച്, മറ്റാർക്കാണ് അത് ഉചിതമായി മനസ്സിലാക്കാൻ കഴിയുക?

121. മനസ്സിന്റെ കർത്തവ്യം ചിന്തിക്കുക എന്നുള്ളതാണ്. ഒരുവൻ ചിന്തിക്കാത്ത

ഒരു നിമിഷം പോലുമുണ്ടാകില്ല. ഇന്ദ്രിയങ്ങളാണ് വിഷയമെങ്കിൽ മനസ്സ് ഇന്ദ്രിയങ്ങളെക്കുറിച്ച് ചിന്തിക്കും; പക്ഷേ വിഷയം ഗുരുവാണെങ്കിൽ, അത് ഗുരുവിനെക്കുറിച്ച് ചിന്തിക്കും.

122. ഏകാഗ്രമായ ശ്രദ്ധയോടെ കേൾക്കുമ്പോൾ (എല്ലാ ഇന്ദ്രിയങ്ങളും കർണ്ണങ്ങളിലേയ്ക്ക് തിരിക്കുന്നു) ഗുരുവിന്റെ മഹത്വത്തെക്കുറിച്ച് കേൾക്കുന്നതൊക്കെയും സായിയുടെ സ്മരണവും കീർത്തനവും (ഈശ്വരനെ സ്തുതിക്കുന്ന കഥകൾ) ആകുന്നു.

123. പഞ്ചാഗ്നി സാധന (ആചാരങ്ങൾ), യജ്ഞം നടത്തുകയും യാഗാഗ്നി കത്തിക്കുകയും ചെയ്യുക, മന്ത്രതന്ത്രങ്ങൾ ജപിക്കുക, അഷ്ടാംഗയോഗം പരിശീലിക്കുക എന്നിവയൊക്കെ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വൈഷ്ണവർക്കും മാത്രം ചെയ്യാൻ കഴിയുന്നവയാണ്. ഇവയൊക്കെക്കൊണ്ട് മറ്റുള്ളവർക്ക് എന്ത് ഗുണമാണുള്ളത്?

124. ദിവ്യന്മാരുടെ കഥ അതല്ല. അവർ എല്ലാവരെയും ധാർമ്മികതയുടെ പാതയിലേയ്ക്ക് നയിക്കുന്നു. അവർ ലോകഭയങ്ങളും ദുരിതങ്ങളും ഇല്ലാതാക്കുകയും, മറ്റുള്ളവരുടെ നന്മയ്ക്കും ജീവിതലക്ഷ്യം നേടുന്നതിനും വേണ്ടി സ്വയം അവതരിക്കുകയും ചെയ്യുന്നു.

125. ദിവ്യന്മാരുടെ കഥകൾ ശ്രവിക്കുകയും ഓർക്കുകയും, അവയുടെ ഗൗരവമായ പ്രയോഗത്തിലൂടെയും ഏകാഗ്രമായ ധ്യാനത്തിലൂടെയും, ബ്രാഹ്മണർ, താഴ്ന്ന ജാതിക്കാർ, സ്ത്രീകൾ എന്നിവർ പരിശുദ്ധരാകും.

126. മമതയില്ലാത്ത മനുഷ്യരുണ്ടാകില്ല. അത്തരത്തിലുള്ള ഒരു വ്യക്തി ഉണ്ടാകാനേ സാധ്യതയില്ല. ചിലർക്ക് ചില പ്രത്യേക സാധനങ്ങളോടോ മറ്റു ചിലർക്ക് മറ്റ് ചില സാധനങ്ങളോടോ മമതയുണ്ടാകും. മനുഷ്യർക്ക് എന്തിനോടെങ്കിലും ഇഷ്ടമുണ്ടാകും.

127. ചിലർക്ക്, ഇഷ്ടവസ്തു സന്തതികളാകും; മറ്റുചിലർക്ക്, ധനം, ബഹുമതി, സമ്പത്ത്; ചിലർക്ക്, ദേഹം, ഗൃഹം, പ്രശസ്തി എന്നിവയോട് മമതയുണ്ടാകും; ചിലർക്ക് ജ്ഞാനസമ്പാദനത്തിൽ.

128. വ്യത്യസ്ത വസ്തുക്കളോടുള്ള മമത എന്തായാലും, അത്തരത്തിലുള്ള സ്നേഹമെല്ലാം ഒരുമിച്ചുകൂട്ടി ഒരു മൂശയിലൊഴിച്ച് ഈശ്വരന്റെ പാദങ്ങളിൽ അർപ്പിച്ചാൽ, അത് ഭക്തിയുടെ രൂപത്തിലാകുന്നു.

129. അതിനാൽ ഗൃഹസ്ഥാശ്രമിയുടെ എളുപ്പമാർഗ്ഗം എന്തെന്നാൽ, അവന്റെ മനസ്സ് സായിയുടെ പാദങ്ങളിൽ സമർപ്പിക്കുക എന്നതാണ്. അപ്പോൾ അദ്ദേഹം നിങ്ങളെ അനുഗ്രഹിക്കും.

130. അത്തരത്തിൽ ചെറിയ പരിശ്രമംകൊണ്ട് വലിയ നന്മ നേടാൻ കഴിയുമെങ്കിൽ ഈ ലാഭം നേടുന്നതിൽ അലംഭാവം എന്തിനാണ്?

131. അത്രയും വലിയ നേട്ടം ഉണ്ടാകുമെന്നിരിക്കേ, ജനങ്ങൾ പൊതുവേ എന്തുകൊണ്ട് അപ്രകാരം പ്രവർത്തിക്കുന്നില്ല എന്ന സംശയം സ്വാഭാവികമായും ശ്രോതാക്കളുടെ മനസ്സിലുണ്ടാകാം.

132. ഇതിന് ഒരു കാരണം മാത്രമേയുള്ളൂ. ഈശ്വരകടാക്ഷമില്ലാതെ ഉത്ക്കടമായ ആഗ്രഹം ഉണ്ടാകുകയില്ല. ഈശ്വരൻ അനുഗ്രഹിക്കുമ്പോൾ മാത്രമേ, ശ്രവിക്കാനുള്ള (അദ്ദേഹത്തിന്റെ സ്തുതികൾ) ആഗ്രഹം ഉണരുകയുള്ളൂ.

133. അതുകൊണ്ട് സായിയിൽ ശരണം പ്രാപിക്കുക. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കും. അദ്ദേഹത്തിന്റെ സ്തുതികൾ ശ്രവിക്കാനുള്ള തീക്ഷ്ണമായ ആഗ്രഹം ഉണ്ടാകും. ഈശ്വരനിലെത്താനുള്ള എളുപ്പമാർഗ്ഗം ഇതാണ്.

134. ഗുരുവിന്റെയും ധാർമ്മികരുടെയും ഉത്തമസമ്പർക്കം മുറുകെ പിടിക്കുക. ലൗകികബന്ധനങ്ങളിൽ നിന്നും സ്വയം പിടിവിടുവിക്കുക. തീർച്ചയായും ഇതിലാണ് നിങ്ങളുടെ നന്മ. അതിൽ സംശയം വേണ്ട.

135. കൗശലത്തിന്റെയും ദുസ്സാമർത്ഥ്യത്തിന്റെയും ദശലക്ഷം മാർഗ്ഗങ്ങൾ ഉപേക്ഷിച്ച്, എല്ലായ്പ്പോഴും 'സായി', 'സായി' എന്ന് ഉരുവിടുക. നിങ്ങൾക്ക് ഭവസാഗരം താണ്ടാൻ കഴിയും. അതിൽ സംശയമേയില്ല.

136. ഇവ എന്റെ വാക്കുകളല്ല. അവ സായിയുടെ ഗഹനമായ വാക്കുകളാണ്. അവ പ്രയോജനശൂന്യമാണെന്ന് ചിന്തിക്കരുത്. അവയെ വിലയിരുത്താൻ ശ്രമിക്കരുത്.

137. ചീത്തസമ്പർക്കം ഹാനികരമാണ്. അത് കഠിനമായ ദുരിതങ്ങളുടെ സങ്കേതമാണ്. നിങ്ങളറിയാതെ, സന്തോഷത്തിന്റെ രാജപാത വിട്ട് ഇടവഴികളിലേയ്ക്ക് അത് നിങ്ങളെ നയിക്കും.

138. സായിനാഥന് മാത്രമോ ഒരു സദ്ഗുരുവിനോ അല്ലാതെ മറ്റാർക്കാണ് ചീത്തസംസർഗ്ഗത്തിന്റെ ദുഷ്ഫലങ്ങളെ ശുദ്ധീകരിക്കാൻ കഴിയുന്നത്?

139. ദയാവായ്പിനാൽ, ഗുരു ഉരിയാടിയ വാക്കുകൾ, ഓ ശ്രോതാക്കളേ, നിങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുക. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ ഇല്ലാതെയാകും.

140. പ്രകൃതിയുടെ സൗന്ദര്യം നമ്മുടെ കണ്ണുകളെ തൃപ്തിപ്പെടുത്തുന്നു. നമ്മുടെ സൗന്ദര്യബോധം അതിലേയ്ക്ക് ആകർഷിക്കപ്പെടുകയും, നാം ആസ്വദിക്കുകയും ചെയ്യുന്നു. അതേ ബോധം നാം തിരിച്ചുവിടുകയാണെങ്കിൽ, അത് സദ്സംഗത്തിൽ ആനന്ദിക്കും.

141. അതാണ് സദ്സംഗത്തിന്റെ[13] ശ്രേഷ്ഠത (അതായത്, അത് ദേഹബുദ്ധിയും അഹംഭാവവും പൂർണ്ണമായും നശിപ്പിക്കുന്നു). അതിനാൽ സദ്സംഗമല്ലാതെ മറ്റൊരു മാർഗ്ഗമില്ല.

142. എല്ലായ്പ്പോഴും സദ്സംഗത്തിലേർപ്പെടുക. മറ്റ് മാർഗ്ഗങ്ങൾക്കെല്ലാം എന്തെങ്കിലും കുറവ് ഉണ്ടാകും. സദ്സംഗം മാത്രമാണ് നിർദ്ദോഷമായിട്ടുള്ളത്. അത് എല്ലാ മാർഗ്ഗത്തിലും പരിശുദ്ധമാണ്.

143. സദ്സംഗം ദേഹപരമായ ഇച്ഛകൾ ഇല്ലാതാക്കുന്നു. അതാണ് അതിന്റെ ശക്തി. ഒരിക്കൽ അതിൽ ഉറച്ച വിശ്വാസമുണ്ടായാൽ, ലൗകികജീവിതത്തിൽ നിന്നും തീർച്ചയായും മുക്തി ലഭിക്കും.

144. ഒരുവന് സദ്സംഗം നേടാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ടെങ്കിൽ, ഈ തത്ത്വം എളുപ്പത്തിൽ മനസ്സിലാകും. ആ നിമിഷത്തിൽ ദുഃസമ്പർക്കത്തിനുള്ള ആഗ്രഹം അലിഞ്ഞ് ഇല്ലാതെയാകും. മനസ്സ് സദ്സംഗം സ്വതന്ത്രമായി ആസ്വദിക്കു

കയും ചെയ്യും.

145. ആത്യന്തികമായ മുക്തി നേടാനുള്ള ഏകമാർഗ്ഗം ഇന്ദ്രിയവിഷയങ്ങളോട് വിരക്തി ഉണ്ടാകുക എന്നതാണ്. ഒരുവന് സദ്സംഗം നേടാനുള്ള ഉത്കട മായ ആഗ്രഹമില്ലെങ്കിൽ, അവന്റെ തനതായ സ്വരൂപം അവന് തിരിച്ചറിയാൻ കഴിയില്ല.

146. സന്തോഷത്തെ പിന്തുടർന്ന് ദുഃഖവും, ദുഃഖം കഴിഞ്ഞുമാത്രം സന്തോഷവും ലഭിക്കുന്നു. ഒരുവൻ സന്തോഷത്തെ സ്വാഗതം ചെയ്യുകയും, ദുഃഖത്തിന് പുറം തിരിഞ്ഞ് നിൽക്കുകയും ചെയ്യുന്നു.

147. നിങ്ങൾ വിധിയെ സന്തോഷത്തോടെ സ്വീകരിക്കുകയോ, വിധിക്ക് പുറം തിരിഞ്ഞ് നിൽക്കുകയോ ചെയ്താലും സംഭവിക്കേണ്ടത് സംഭവിക്കും. രണ്ടു തരത്തിലും വിധിക്കപ്പെട്ട അനുഭവങ്ങളിൽ നിന്ന് മുക്തി നേടുന്നതിന് സായി യുടെ സമ്പർക്കം ഒന്നുമാത്രമാണ് മാർഗ്ഗം.

148. സദ്സംഗം മൂലം ശാരീരികമായ മമതകൾ നശിക്കുന്നു. ജനനമരണവൃത്തം ഇല്ലാതാക്കുന്നതും സദ്സംഗമാണ്. സദ്സംഗം മൂലം പരമമായ ഊർജ്ജം നേടാനും, ലൗകികബന്ധനങ്ങളിൽ നിന്നും പൊടുന്നനവേ സ്വതന്ത്രനാകാനും കഴിയുന്നു.

149. പരമമായ അവസ്ഥ നേടുന്നതിന്, ഒരു ദിവ്യന്റെ സമ്പർക്കം ആത്മശുദ്ധി പക രാൻ പര്യാപ്തമാണ്. ഒരുവൻ പൂർണ്ണമായും സമർപ്പിച്ചാൽ, ശാശ്വതമായ ശാന്തി ഉറപ്പാണ്.

150. ഈശ്വരനാമം ജപിക്കുകയോ വന്ദിക്കുകയോ വിശ്വാസം കാട്ടാതിരിക്കുകയോ, സ്തുതിഗീതങ്ങൾ ആലപിക്കാതിരിക്കുകയോ ചെയ്യുന്നവരെ ഉദ്ധരിക്കുന്നതി നുവേണ്ടി ദിവ്യന്മാർ സ്വയം അവതരിക്കുന്നു.

151. ഗംഗ, ഭാഗീരഥി, ഗോദാവരി, കൃഷ്ണ, വേണ്യ, കാവേരി, നർമദ – എന്നീ നദി കളും, ദിവ്യന്മാർ എത്തി അവരുടെ ജലത്തിൽ സ്നാനം ചെയ്യണമെന്ന് ആഗ്ര ഹിക്കുന്നു, എന്തെന്നാൽ അവർക്ക് അവരുടെ പാദങ്ങളിൽ സ്പർശിക്കാൻ കഴിയും.

152. അവർ സ്വയം ലോകത്തിന്റെ (ജനങ്ങളുടെ) മാലിന്യം കഴുകിക്കളയുന്നു. പക്ഷേ, ദിവ്യന്മാരുടെ പാദങ്ങളിൽ സ്പർശിക്കുന്നത് വരെ അവർ സ്വയം പാപ ങ്ങളിൽ നിന്നും മോചനം നേടുന്നില്ല.

153. എന്റെ അനേകം പൂർവ്വജന്മങ്ങളിലെ പുണ്യപ്രവൃത്തികളുടെ ഫലമായി, ഞാൻ സ്വയം സായി മഹാരാജിന്റെ പാദങ്ങളിൽ പറ്റിച്ചേർന്നു. ജനനമരണവൃത്തം നിശ്ചലമാകുകയും, ജീവിതത്തെക്കുറിച്ചുള്ള ഭയം അപ്രത്യക്ഷമാകുകയും ചെയ്തു.

154. പ്രിയ ശ്രോതാക്കളേ, ഇപ്പോൾ നമ്മൾ ഇതുവരെ കേട്ടത് എന്താണെന്ന് ഓർത്ത് നോക്കാം. ഇനി വിശ്രമിക്കാം. കൂടുതൽ വിവരണം പിന്നീടാകാം.

155. ഹേമദ് സായിയുടെ മുമ്പിൽ സ്വയം സമർപ്പിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിലെ പാദരക്ഷകളാണ്. ഞാൻ കഥ പറയുന്നത് തുടരുകയും അപ്ര

കാരം ചെയ്യുന്നതിൽ പൂർണ്ണസന്തോഷവാനുമാണ്.

156. ഓ, മസ്ജിദിന്റെ പുറത്ത് നിന്നുകൊണ്ട് ഓരോരോ ഭക്തന്മാർക്കും, അവരുടെ നന്മയ്ക്കുവേണ്ടി, ഉധി വിതരണം ചെയ്യുന്ന സുന്ദരമായ ആ വ്യക്തിത്വം എത്ര ആനന്ദപ്രദമാണ്.

157. ലൗകികജീവിതം അയഥാർത്ഥമാണെന്ന് തിരിച്ചറിയുന്ന, ബ്രഹ്മാനന്ദത്തിൽ മുഴുകിയ, ഒരു മുകുളം വികസിച്ചത് പോലുള്ള ഹൃദയത്തോട് കൂടിയ അദ്ദേഹത്തിന് പ്രണാമങ്ങൾ!

158. അദ്ദേഹം ദൃഷ്ടികളിൽ പുരട്ടിത്തരുന്ന, ജ്ഞാനമാകുന്ന അഞ്ജനത്താൽ അജ്ഞാനം അകറ്റി, അദ്ദേഹത്തിന്റെ സവിധത്തിലേയ്ക്ക് നിങ്ങളെ കൂട്ടിക്കൊണ്ട് പോകും. അത്രയ്ക്കും മഹത്വമാർന്ന സായിയുടെ മുമ്പിൽ ഞാൻ പൂർണ്ണമായും പ്രണമിക്കുന്നു.

159. അടുത്ത അധ്യായം ഇതിനേക്കാൾ മനോഹരമാണ്. കർണ്ണങ്ങളിലൂടെ, വാക്കുകൾ ഹൃദയത്തിൽ പ്രവേശിച്ചാലുടൻ, അവ ഹൃദയത്തെ ശുദ്ധീകരിക്കുകയും ദുഷ്ടത അകറ്റുകയും ചെയ്യും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ പത്താമത്തെ അധ്യായമായ “ശ്രീ സായി സമർത്ഥന്റെ മഹിമ” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും ചെറിയ വിനിമയമൂല്യമുള്ള നാണയം.
2. മനുഷ്യരാൽ ഉണ്ടാക്കപ്പെടുന്ന ദുരിതങ്ങൾ, ആത്മസാക്ഷാത്കാരം നേടാനുള്ള ആത്മീയചര്യകളിലുണ്ടാകുന്ന തടസ്സങ്ങൾ, പ്രകൃതിശക്തികളിൽ നിന്നുണ്ടാകുന്ന ആപത്തുകൾ.
3. പ്രകൃത്യാ ശത്രുക്കളായ കടുവ, ആട് തുടങ്ങിയ മൃഗങ്ങൾ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നു.
4. ‘ലഗിമ’ എന്നത് ലില്ലിപുട്ട് കണക്കെ വളരെ ചെറുതാകാനുള്ള കഴിവും, മഹിമ, ഗരിമ എന്നിവ വലുതാകാനുള്ള കഴിവും.
5. ആറ് അടിയിൽ കൂടുതൽ.
6. നല്ല പ്രവൃത്തികൾ.
7. എല്ലായിടത്തും.
8. അതായത് അവരുടെ ദൈനംദിനചര്യകൾ.
9. ഈശ്വരന്റെ ആറ് ഗുണങ്ങൾ (1) സർവ്വാധികാരം, അഥവാ പ്രഭുത്വം (2) സദ്ഗുണങ്ങൾ അഥവാ ഉൽക്കൃഷ്ടത (3) കീർത്തി അഥവാ പ്രതാപം (4) ഐശ്വര്യം അഥവാ സമൃദ്ധി (5) സർവ്വജ്ഞത അഥവാ അറിവ് (6) വൈരാഗ്യം അഥവാ വിരക്തി.
10. ആടിന്റെ കഴുത്തിനു ചുറ്റും മാംസപേശികൾ വീർത്ത് തൂങ്ങിക്കിടക്കുന്നത് പോലെ.

11. ഷിർദിയിൽ വളരെക്കാലം താമസിച്ച നാനാവലി വിചിത്രസ്വഭാവമുള്ള ബലിഷ്ഠകായ നും, തന്നിഷ്ടക്കാരനും, ആരാലും നിയന്ത്രിക്കപ്പെടാൻ പറ്റാത്തവനുമായിരുന്നു. ബാബ യുടെ ദർബാറിൽ ക്രമീകരണങ്ങൾ അയാൾക്ക് തോന്നുന്നതുപോലെ ചെയ്യുമായിരുന്നു. അയാളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് ഒരുവനെ ആശ്ലേഷിക്കുകയോ ചെകിട്ടത്ത് അടിക്കു കയോ ചെയ്യും. ചിലപ്പോൾ ചെളിയിൽ കിടന്നുരുളും, മറ്റുചിലപ്പോൾ സ്വയം കുരങ്ങ നെപ്പോലെ വേഷം ധരിക്കുകയും ഗ്രാമത്തിലെ കുട്ടികളെയും അതുപോലെ വേഷം ധരിപ്പിച്ച് ദർബാറിലെത്തി ബഹളം വയ്ക്കുകയും ചെയ്യും. ശ്രീ സമർത്ഥനും അയാളും അന്യോന്യം സ്നേഹിച്ചിരുന്നു. ഒരിക്കൽ അയാൾ ബാബയെ അദ്ദേഹത്തിന്റെ ഇരിപ്പിട ത്തിൽ നിന്നും എഴുന്നേല്പിച്ചശേഷം, അതിൽ അല്പനിമിഷം ഇരിക്കുകയും, പെട്ടെന്ന് എഴുന്നേറ്റ് ആദരവോടെ അദ്ദേഹത്തെ തിരികെ ഇരുത്തുകയും, അദ്ദേഹത്തിന്റെ മുമ്പിൽ നമസ്കരിക്കുകയും ചെയ്തു. അയാൾ ബാബയെ കാക്കാ എന്നു വിളിച്ചിരുന്നു. ബാബ യുടെ സമാധിക്കുശേഷം അയാൾ രോഗഗ്രസ്തനാകുകയും, പതിമൂന്നാംനാൾ കാക്കാ, കാക്കാ എന്ന് വിളിച്ചുകൊണ്ട് മരണമടയുകയും ചെയ്തു. ഷിർദിയിൽ അയാളുടെ സമാ ധിസ്ഥലത്ത് ഒരു സ്മാരകം പണികഴിപ്പിച്ചിട്ടുണ്ട്.

12. അതായത് അജ്ഞാനാന്ധകാരത്തിൽ കഴിയുക.

13. ശ്രേഷ്ഠജനങ്ങളുമായുള്ള സംസർഗ്ഗം.

## 11

# ശ്രീസായിയുടെ മഹിമയെക്കുറിച്ചുള്ള വർണ്ണന

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇത് കഴിഞ്ഞ വിവരണത്തിന്റെ തുടർച്ചയാണ്. ബാബ വീതി കുറഞ്ഞ ഒരു പലകയിൽ ഉറങ്ങിയതും, അതിൽ കയറിയതും ഇറങ്ങിയതുമൊക്കെ ഗ്രഹിക്കാൻ കഴിയാത്തതും വർണ്ണിക്കാൻ ദുഷ്കരവുമായവയാണ്.

2. ഹിന്ദുവായാലും മുസ്ലീമായാലും അദ്ദേഹം സമഭാവേന വീക്ഷിച്ചു. ഇത് അദ്ദേഹത്തിന്റെ ജീവിതദൗത്യമായി മാറി. ഷിർദിയിൽ ആരാധിക്കപ്പെട്ട ദൈവം ഇത്തരത്തിലുള്ളതായിരുന്നു.

3. ഗുരുവിന്റെ ആനന്ദപ്രദായകമായ ജീവിതകഥ ഉൾപ്പെടുന്ന ഈ പതിനൊന്നാം അധ്യായം ഞാനിപ്പോൾ പരമഭക്തിയോടെ ഗുരുവിന്റെ ചരണങ്ങളിൽ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു.

4. ഇതിലൂടെ നിങ്ങൾക്ക് അദ്ദേഹത്തിന്റെ സഗുണരൂപത്തെ ധ്യാനിക്കാനും, എങ്ങനെയാണ് അദ്ദേഹം പൂജിക്കപ്പെട്ടതെന്നും[1] പഞ്ചഭൂതങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനശക്തിയെപ്പറ്റിയും അറിയാൻ കഴിയും. അപ്രകാരം ബാബയുടെ മഹത്വവും അറിയാൻ കഴിയും.

5. ഓ, ശ്രോതാക്കളേ! എങ്ങനെയാണ് ഇന്ദ്രൻ, അഗ്നി, വരുണൻ തുടങ്ങിയവർ ബാബയുടെ ആജ്ഞകൾ അനുസരിച്ചതെന്ന് ശ്രദ്ധിക്കുക. ഞാനിപ്പോൾ അത് വിവരിക്കുന്നതാണ്.

6. നമുക്ക് അദ്ദേഹത്തെ സ്നേഹത്തോടെ ഓർക്കാം. അദ്ദേഹം വിരക്തിയുടെ മൂർത്തിമദ്രൂപമായിരുന്നു. അത്തരത്തിലായിരുന്നു, അദ്ദേഹത്തിന്റെ സഗുണരൂപം. അനേകം ഭക്തരുടെ ആശ്രയസങ്കേതമായിരുന്നു അദ്ദേഹം.

7. ഗുരുവിന്റെ വാക്കുകൾ മാനിക്കുകയും, നിങ്ങളുടെ ഹൃദയത്തിൽ വിശ്വാസത്തോടെ അദ്ദേഹത്തിന് ഒരു ഇരിപ്പിടം നൽകുകയും ചെയ്യുക. ദൃഢനിശ്ചയത്തോടെ മറ്റെല്ലാ ആഗ്രഹങ്ങളും ഉപേക്ഷിച്ച് കൊണ്ട് അദ്ദേഹത്തെ ആരാധിക്കുകയും ആ ഒരാഗ്രഹം മാത്രം ഉണ്ടാകുകയും ചെയ്യുക.

8. വിഗ്രഹം, യാഗവേദി, അഗ്നി, പ്രകാശം, സൂര്യൻ, ജലം, ബ്രാഹ്മണൻ എന്നിവയെക്കാളൊക്കെ ശ്രേഷ്ഠമാണ് ഗുരുരാജ്. ഏകാഗ്രമായ മനസ്സോടെ നമുക്ക് അദ്ദേഹത്തെ ആരാധിക്കാം.

9. ഗുരുവിന്റെ പാദങ്ങളിൽ പൂർണ്ണവിശ്വാസത്തോടെ അഭയം പ്രാപിക്കുമ്പോൾ, ഗുരു മാത്രമല്ല പരബ്രഹ്മനും ദയ കാണിക്കുമെന്ന് ഗുരുഭക്തന്മാർക്ക് അനുഭവമുണ്ടാകുന്നു. അത്രയ്ക്കാണ് ഗുരുപൂജയുടെ മഹിമ!

10. ആരാധിക്കുന്നവന് ഭൗതികമായ രൂപം ഉള്ളിടത്തോളം കാലം, ഗുരുവിനും ശാരീരികരൂപമുണ്ടായിരിക്കുന്നത് ആവശ്യമാണ്. നിർഗുണമായ, അമൂർത്തമായ ശക്തിക്ക് ശാരീരികമായ രൂപം ആവശ്യമില്ല. ഇത് തന്നെയാണ് ശാസ്ത്രങ്ങളും ഘോഷിക്കുന്നത്.

11. ഒരുവൻ ഭൗതികമായ രൂപത്തെ ആരാധിക്കാത്തിടത്തോളം കാലം, ശുദ്ധമായ ഭക്തി ഉണരുകയില്ല; സ്നേഹം നിറഞ്ഞ അത്തരത്തിലുള്ള ഭക്തി ഉണ്ടാകാത്തിടത്തോളം ആന്തരികമനസ്സ് വികസിക്കുകയില്ല.

12. വികസിച്ചില്ലെങ്കിൽ, താമരമുകുളത്തിന് സുഗന്ധവും തേനും ഉണ്ടാകുകയില്ല. വണ്ട് പോലും ഒരു നിമിഷനേരത്തേയ്ക്കായാലും, അവിടെ എത്തില്ല എന്ന് നിങ്ങൾക്ക് കാണാം.

13. ഗുണങ്ങളുള്ളതാണ് (സത്വം, രജസ്, തമസ്) സഗുണരൂപം; ഗുണങ്ങളില്ലാത്തത് നിർഗുണം. രണ്ടും പരസ്പരം വ്യത്യസ്തമല്ല. സഗുണവും നിർഗുണവും ഒന്നുതന്നെയാണ്.

14. തണുത്തുറയുമ്പോഴും നെയ്യ് ആണ്, ഉരുകുമ്പോഴും അതിനെ നെയ്യ് എന്ന് തന്നെ വിളിക്കുന്നു. രൂപമുള്ളതും രൂപമില്ലാത്തതും ഒന്നുതന്നെയാണ്, രൂപമില്ലാത്തത് പ്രപഞ്ചമായി വ്യാപിച്ച് കിടക്കുന്നു.

15. ആരെയാണോ ഒരുവന് തന്റെ ദൃഷ്ടികളിലൂടെ കാണാൻ കഴിയുന്നത്, ആരുടെ പാദങ്ങളിലാണോ ഒരുവന് തന്റെ ശിരസ്സ് ചേർക്കാൻ കഴിയുന്നത്, ആരെയാണോ ഒരുവന് ധ്യാനിക്കാൻ കഴിയുന്നത് അവിടെ സ്നേഹമുണ്ടാകുന്നു.

16. ആരുമായാണോ ഒരുവന് സ്നേഹപൂർവ്വം സംസാരിക്കാൻ കഴിയുന്നത്, ആരെയാണോ ചന്ദനം, അക്ഷതം, കുങ്കുമം എന്നിവകൊണ്ട് ആരാധിക്കാൻ കഴിയുന്നത്, അതിന് രൂപം ആവശ്യമാണ്.

17. നിർഗുണശക്തിയേക്കാൾ സഗുണരൂപം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. സഗുണരൂപത്തോടുള്ള സ്നേഹം കൂടുമ്പോൾ നിർഗുണശക്തിയെ ഗ്രഹിക്കാൻ കഴിയും.

18. നിർഗുണശക്തിയെ ഭക്തർ ഗ്രഹിക്കാൻ വേണ്ടി ബാബ പല മാർഗ്ഗങ്ങളും വെളിവാക്കുന്നു. അവരെ ദൂരത്തേയ്ക്ക് അയച്ച്, വളരെ കാലത്തേയ്ക്ക് ദർശനം വിലക്കും.

19. ഒരാളെ യാത്രയ്ക്ക് അയയ്ക്കും; മറ്റൊരാളിനെ ഷിർദിയിൽ ഏകാന്തവാസത്തിന് വിടും; ഒരാളെ വാഡയിൽ ഇരുത്തി 'പോത്തി' പതിവായി പാരായണം ചെയ്യിക്കും.

20. ഇത്തരത്തിലുള്ള ഗൗരവമേറിയ ശിക്ഷണം അനേകം വർഷങ്ങൾ ഒരുമിച്ച് നേടുമ്പോൾ നിർഗുണശക്തി അറിയാനുള്ള ആഗ്രഹം ഉണ്ടാകും. അപ്പോൾ

വിശ്രമം, നിദ്ര, ആഹാരം എന്നീ പ്രവൃത്തികൾ ചെയ്യുമ്പോഴും ഒരുവൻ ബാബ യുടെ സാമീപ്യം മനസ്സിൽ അനുഭവിക്കും.

21. ശരീരം തീർച്ചയായും നശ്വരമാണ്. എപ്പോഴെങ്കിലും അത് അവസാനിക്കും. അതിനാൽ ഭക്തൻ ആശങ്കപ്പെടാതെ ഈശ്വരനിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

22. ബഹുവിധമായി കാണപ്പെടുന്ന ഈ ലോകം അറിയപ്പെടാത്ത (അദൃശ്യമായ) ശക്തിയുടെ സാക്ഷാൽക്കാരമാണ്. അത് അദൃശ്യമായ ശക്തിയിൽ നിന്നും രൂപം പൂണ്ട് അദൃശ്യശക്തിയിലേക്ക് തന്നെ തിരികെ പോകുന്നു.

23. ബ്രഹ്മനിൽ നിന്നും ഉടലെടുത്ത്, ഓരോ ഭാഗത്തും മൂലപ്രകൃതിയുടെ അതേ ദൈവികാംശം ഉൾക്കൊള്ളുകയും ചെയ്യുന്ന ഈ പ്രപഞ്ചം, അത് ജന്മം കൊണ്ട അതേ അദൃശ്യശക്തിയിലേയ്ക്ക് തന്നെ അലിഞ്ഞ് ചേരും.

24. അതിനാൽ ഒരു വ്യക്തിയും മരിക്കുന്നില്ല. അപ്പോൾ എങ്ങനെയാണ് ബാബയ്ക്ക് മരണമുണ്ടാകുക? ശ്രീസായി എല്ലായ്പ്പോഴും പരിശുദ്ധനും ജ്ഞാനദീപ്തനും പരിപൂർണ്ണനും അനശ്വരനുമാണ്.

25. ചിലർ അദ്ദേഹത്തെ ഈശ്വരന്റെ ഭക്തനാണെന്ന് വിളിക്കും; ചിലർ അദ്ദേ ഹത്തെ ഒരു മഹദ്വ്യക്തിയെന്ന് വിളിക്കും; പക്ഷേ ഞങ്ങൾക്ക് അദ്ദേഹം ഈശ്വരന്റെ പ്രതിരൂപമാണ്.

26. ഗംഗ സമുദ്രത്തിലേയ്ക്ക് ഒഴുകുകയും, മാർഗ്ഗത്തിൽ കൊടുംചൂട് കൊണ്ട് വലയുന്നവർക്ക് തണുപ്പ് നൽകുകയും, തീരത്തിലെ വൃക്ഷങ്ങൾക്ക് ജീവൻ നൽകുകയും, എല്ലാവരുടെയും ദാഹം ശമിപ്പിക്കുകയും ചെയ്യുന്നു.

27. അതേപോലെയാണ് ദിവ്യന്മാരുടെ അവതാരങ്ങളും. അവർ വരികയും പോകു കയും ചെയ്യുന്നു. പക്ഷേ അവരുടെ ജീവിതരീതികൾ ലോകത്തെ പരിശുദ്ധ മാക്കുന്നു.

28. വളരെ ക്ഷമാശീലനും മൃദുഭാഷിയും സൗമ്യനും സഹനശീലനും താരതമ്യ പ്പെടുത്താനാകാത്തവിധം സംതൃപ്തനുമായിരുന്നു.

29. പുറമേയ്ക്ക് ഒരു രൂപമുണ്ടെങ്കിലും, അദ്ദേഹം രൂപവും ഗുണവും (ആസക്തി കൾ) ഇല്ലാത്തവനാണ്. യാതൊരുവിധ മമതകളുമില്ലാതെ വിരക്തനും, സാധാ രണജീവിതം നയിച്ചെങ്കിലും മുക്തനുമായിരുന്നു.

30. സാക്ഷാൽ ഭഗവാനായ കൃഷ്ണൻ പറയുന്നു, "ഒരു ദിവ്യൻ എന്റെ ആത്മാ വാണ്, എന്റെ ജീവിക്കുന്ന പ്രതിബിംബം. ഒരു ദിവ്യൻ എനിക്ക് പ്രിയപ്പെട്ടവ നാണ്, എന്റെ സ്വരൂപമാണ്.

31. ദിവ്യന്മാർ എന്റെ പ്രതിബിംബമാണെന്ന് വിളിക്കുന്നത് ഉചിതമല്ല. ദിവ്യന്മാർ തീർച്ചയായും ഞാൻ തന്നെയാണ്. അതിനാൽ അവർക്കുവേണ്ടി ഞാൻ ഭക്ത രുടെ ഭാരം വഹിക്കുന്നു.

32. പൂർണ്ണമായും ദിവ്യന്മാർക്ക് സമർപ്പിക്കുന്ന ഒരുവന്റെ പാദങ്ങളിൽ ഞാനും വന്ദിക്കുന്നു." ശ്രീകൃഷ്ണൻ ദിവ്യന്മാരുടെ മഹത്വത്തെപ്പറ്റി ഉദ്ധവനോട് വിവ രിക്കുമ്പോൾ ഇങ്ങനെ പറയുന്നുണ്ട്.

33. ധാർമ്മികരിൽ ഉത്തമനായ ധാർമ്മികനും, നിർഗുണരിൽ നിർഗുണനും,

ശ്രേഷ്ഠന്മാരിൽ ശ്രേഷ്ഠനുമായ, ധർമ്മനിഷ്ഠയിൽ നിപുണനായ,

34. തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കി പൂർണ്ണമായും സംതൃപ്തനായി, ആഗ്രഹങ്ങൾ സഫലമായതിനാൽ സന്തുഷ്ടനായ, ആത്മനിൽ ലയിച്ച് ചേർന്ന് സുഖത്തിനും ദുഃഖത്തിനും അതീതനായി,

35. ആത്മാനന്ദത്തിന്റെ മഹദ്രൂപമായ ഒരുവന്റെ ശ്രേഷ്ഠത ആർക്കാണ് വർണ്ണിക്കാൻ കഴിയുന്നത്! അത് വാസ്തവത്തിൽ അവർണ്ണനീയമാണ്. അദ്ദേഹം ബ്രഹ്മന്റെ അവതാരമാണ്.

36. അതോ വിവരിക്കാനാകാത്ത ശക്തി ഭൂമിയിൽ അവതരിച്ചതാണോ – സത് – ചിത് – ആനന്ദാവതാരം? അദ്ദേഹം ജ്ഞാനഘനിയാണ്.

37. എല്ലാ അർത്ഥത്തിലും പരബ്രഹ്മൻ, സകല ലൗകികകാര്യങ്ങളിൽ നിന്നും വേർപെട്ട് – സ്ഥിരവൈരാഗിയായി, ബ്രഹ്മനുമായി ഒന്നായി, പരമാനന്ദസ്വരൂപമായി വർത്തിക്കുന്നു.

38. "ബ്രഹ്മൻ ആനന്ദമാണ്", എന്ന് ശ്രുതികൾ പറയുന്നു. ശ്രോതാക്കൾ ഇത് പലപ്പോഴും കേട്ടിട്ടുണ്ട്. ജ്ഞാനികൾ ഇത് ശാസ്ത്രങ്ങളിൽ വായിക്കുന്നു. ഭക്തന്മാർ ഇത് ഷിർദിയിൽ അനുഭവിക്കുന്നു.

39. ഈ ലോകം (സംസാരം) തികച്ചും അനുപമമാണ്. അതിൽ ധാർമ്മികവും അധാർമ്മികവുമായ ഘടകങ്ങളുണ്ട്. ആത്മജ്ഞാനം ഇല്ലാത്തവരെ ഓരോ നിമിഷവും അത്തരത്തിലുള്ള ലോകത്തിൽ നിന്നും രക്ഷിക്കേണ്ടിയിരിക്കുന്നു.

40. പക്ഷേ, സ്വജ്ഞാനം സിദ്ധിച്ച ഒരുവന് ഇത് ഒരു പ്രശ്നമേയല്ല. അവർക്ക് അവരുടെ ആത്മാവിൽ അഭയമുണ്ടാകും. അവർ എല്ലായ്പ്പോഴും മുക്തരും, ആനന്ദനിർഭരരും, പരബ്രഹ്മനിൽ മുഴുകിയവരുമായിരിക്കും.

41. ബാബ എല്ലാവരുടെയും ആശ്രയസങ്കേതമാണ്. എന്തിനാണ് അദ്ദേഹത്തിന് ഒരു ഇരിപ്പിടം? അതും വെള്ളിയിൽ തീർത്തത്? പക്ഷേ അതെല്ലാം ബാബയുടെ ഭക്തരുടെ ആഗ്രഹങ്ങൾ കൊണ്ടുമാത്രമാണ്.

42. കുറേ നാളുകൾ, ഒരു ചാക്ക് കഷണം മാത്രമായ പഴയ ഇരിപ്പിടമാണ് ഉണ്ടായിരുന്നത്. സ്നേഹസമ്പന്നരായ ഭക്തർ അതിൽ മനോഹരമായ ഒരു മെത്ത വച്ചു.

43. അദ്ദേഹം ചാരി വിശ്രമിച്ചിരുന്ന ചുവരിൽചേർത്ത് ഒരു കുഷ്യൻ ഭക്തർ വച്ചു. ബാബ ഭക്തരുടെ ആഗ്രഹങ്ങൾക്ക് വഴങ്ങി.

44. അദ്ദേഹത്തിന്റെ വാസസ്ഥാനം ഷിർദിയായിരുന്നെങ്കിലും, അദ്ദേഹം സർവ്വവ്യാപിയായിരുന്നു. സായിയുടെ ശക്തിയാൽ ഭക്തന്മാർ ഇതെപ്പോഴും ഗ്രഹിച്ചിരുന്നു.

45. മാറ്റങ്ങളില്ലാതെ സ്ഥിരമായി നിലനിൽക്കുന്നെങ്കിലും, പൂജകളും ബഹുമതികളും (ആചാരപരമായ ചടങ്ങുകൾ) ഭക്തരുടെ വിശ്വാസങ്ങൾക്കനുസരിച്ച് അദ്ദേഹം ഏറ്റുവാങ്ങി. അദ്ദേഹം അത് (ഭക്തി) എല്ലാരീതികളിലും ഏറ്റുവാങ്ങി.

46. ചിലർ വെഞ്ചാമരം വീശി – ചിലർ വിശറി വീശി – ചിലർ ഷെഹനായും മദ്ദ

ളവും മുഴക്കുകയും ചിലർ പൂജകൾ അർപ്പിക്കുകയും ചെയ്തു.

47. ചിലർ അദ്ദേഹത്തിന്റെ കൈകളും പാദങ്ങളും കഴുകും (ആ ജലം തീർത്ഥ മായി കുടിക്കാൻ വേണ്ടി) – ചിലർ അദ്ദേഹത്തെ അത്തറും ചന്ദനവും പൂശി – ചിലർ പതിമൂന്ന് ചേരുവകൾ[2] ചേർന്ന അടയ്ക്ക നൽകി, ചിലർ മഹാനൈ വേദ്യം[3] നൽകി.

48. ചിലർ ഗന്ധക്കുഴമ്പ്, രണ്ട് വിരലുകൾ കൊണ്ട്, ശിവലിംഗത്തിൽ ചാർത്തു ന്നത് പോലെ, വിടവില്ലാതെ, നെറ്റിത്തടത്തിൽ സമാന്തരരേഖകളായി വരയ്ക്കും – ചിലർ സുഗന്ധം കലർത്തിയ കസ്തൂരി പുരട്ടും – ചിലർ ചന്ദനവും.

49. ഒരവസരത്തിൽ, താത്ത്യാസാഹേബ് നൂൽക്കാറുടെ സുഹൃത്ത്, ഡോ. പണ്ഡിറ്റ് ഒരു തവണ സായിബാബയുടെ ദർശനത്തിനായി ഷിർദിയിലെത്തി.

50. ഷിർദിയിലെത്തിയ ഉടനെ, അയാൾ നേരെ മസ്ജിദിലെത്തി, ബാബയ്ക്ക് പ്രണാമങ്ങൾ അർപ്പിച്ചുകൊണ്ട് കുറച്ച് നേരം നിശ്ശബ്ദനായി ഇരുന്നു.

51. അപ്പോൾ ബാബ അയാളോട് പറഞ്ഞു, “ദാദാ ഭട്ടിന്റെ അടുത്തേയ്ക്ക് പോകു ക. പോകൂ, ഇത് വഴി പോകൂ,” തന്റെ വിരലുകൾകൊണ്ട് വഴികാട്ടുകയും ചെയ്തു.

52. പണ്ഡിറ്റ് ദാദായുടെ അടുത്തേയ്ക്ക് പോയി. ദാദാ അയാളെ ഉചിതമായി സ്വീക രിച്ചു. പിന്നീട് ദാദാ ബാബയുടെ പൂജയ്ക്ക് പുറപ്പെടവേ തന്റെയൊപ്പം വരു ന്നുണ്ടോയെന്ന് അയാളോട് ചോദിച്ചു.

53. പണ്ഡിറ്റ് ദാദായോടൊപ്പം പോയി. ദാദാ ബാബയുടെ പൂജകൾ ചെയ്തു. അത് വരെയും ആരുംതന്നെ ബാബയുടെ നെറ്റിത്തടത്തിൽ ഗന്ധതിലകം അണി യിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല.

54. ഭക്തൻ ആരുതന്നെയായാലും, തന്റെ നെറ്റിത്തടത്തിൽ ഗന്ധതിലകം അണി യിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. മാലസപതി മാത്രം അത് അദ്ദേഹ ത്തിന്റെ കണ്ഠത്തിൽ ചാർത്തിയിരുന്നു; മറ്റുള്ളവർ അദ്ദേഹത്തിന്റെ പാദത്തി ലും.

55. പക്ഷേ ഈ പണ്ഡിറ്റാകട്ടെ, നിഷ്കളങ്കനും, ഉത്തമഭക്തനുമായിരുന്നു. അയാൾ ദാദായുടെ ‘പൂജാതാലി’ വാങ്ങി, ശ്രീസായിയുടെ ശിരസ്സ് നേരെ പിടിച്ച്, അദ്ദേ ഹത്തിന്റെ നെറ്റിത്തടത്തിൽ മൂന്നു വിരലുകൾകൊണ്ട് ഗന്ധക്കൂട്ട് അണിയി ച്ചു (ത്രിപുണ്ഡ്റം).

56. അയാളുടെ സാഹസം കണ്ട് ദാദായുടെ ഹൃദയം ശക്തിയായി മിടിക്കാൻ തുട ങ്ങി. ബാബ കോപിഷ്ഠനാകുമെന്ന് അയാൾ ഭയന്നു. എത്ര സാഹസികമായ പ്രവൃത്തിയാണിത്!

57. അങ്ങനെ അസംഭവ്യമായത് സംഭവിച്ചിരിക്കുന്നു. ബാബ ഒരക്ഷരം പോലും ഉരിയാടിയില്ല. മാത്രമല്ല അദ്ദേഹം വളരെ സന്തുഷ്ടനായി കാണുകയും, അയാ ളോട് തീരെ കോപം പ്രകടിപ്പിച്ചുമില്ല.

58. അത് അങ്ങനെ കഴിഞ്ഞു. ബാബ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. പക്ഷേ ദാദാ വ്യാകുലനായി. അതേദിവസം വൈകുന്നേരം അയാൾ അതേക്കുറിച്ച്

ബാബയോട് ചോദിച്ചു.

59. "ഞങ്ങൾ ചെറിയ ഒരു ഗന്ധതിലകം അങ്ങയെ അണിയിക്കാൻ ശ്രമിച്ചാൽ, അങ്ങയുടെ നെറ്റിത്തടത്തിൽ സ്പർശിക്കാൻ പോലും ഞങ്ങളെ അനുവദിക്കാറില്ല – പക്ഷേ എന്താണ് ഇന്ന് രാവിലെ സംഭവിച്ചത്?

60. അങ്ങ് ഞങ്ങളുടെ തിലകം ഇഷ്ടപ്പെടുന്നില്ല. പക്ഷേ പണ്ഡിറ്റിന്റെ ത്രിപുണ്ഡ്രം ഇഷ്ടമായി! എന്തുകൊണ്ടാണീ വിചിത്രമായ പെരുമാറ്റം? ഇതിലെന്തോ പൊരുത്തക്കേടുണ്ട്."

61. അപ്പോൾ സായി വളരെ സ്നേഹത്തോടെ പുഞ്ചിരിച്ച് കൊണ്ട് ദാദായോട് പറഞ്ഞു. മധുരതരമായ ആ മറുപടി നിങ്ങളേവരും ഭക്തിയോടെ ശ്രവിക്കുക.

62. "ദാദാ, അയാളുടെ ഗുരു ഒരു ബ്രാഹ്മണനാണ്. ഞാനാകട്ടെ ജാതിയിൽ മുസൽമാനും. പക്ഷേ, എന്നെ അയാളുടെ ഗുരുവായി കരുതി, അയാൾ ഗുരുപൂജ ചെയ്തു.

63. ഞാൻ ഒരു ശ്രേഷ്ഠബ്രാഹ്മണനാണ്. അദ്ദേഹം അശുദ്ധനായ യവനനാണ് (മുസൽമാൻ). എങ്ങനെയാണ് അദ്ദേഹത്തെ ആരാധിക്കുക? ഇങ്ങനെയുള്ള സംശയങ്ങൾ ഒന്നും അയാൾക്കുണ്ടായില്ല.

64. ഇങ്ങനെയാണ് അയാൾ എന്നെ വലയിലാക്കിയത്. അവിടെ എനിക്ക് മറ്റ് വഴികളുണ്ടായില്ല. എന്തെങ്കിലും എതിർപ്പുകൾ ഉന്നയിക്കാനും കഴിഞ്ഞില്ല. അയാൾ എന്നെ പൂർണ്ണമായും കീഴടക്കി."

65. ഇത്തരത്തിലുള്ള ഒരു മറുപടി കിട്ടിയിട്ടും, ദാദാ അത് കാര്യമായി എടുത്തില്ല. പക്ഷേ അതിന്റെ അർത്ഥം അയാൾ തിരികെ പോയപ്പോഴാണ് (വീട്ടിലേയ്ക്ക്) മനസ്സിലായത്.

66. ബാബയുടെ പെരുമാറ്റ വൈരുദ്ധ്യം ദാദായെ വേദനിപ്പിച്ചു. പക്ഷേ പണ്ഡിറ്റിനോട് സംസാരിക്കവേ അയാളുടെ സംശയങ്ങൾ പെട്ടെന്ന് ഇല്ലാതെയായി.

67. പണ്ഡിറ്റ്, ദോപേശ്വറിൽ നിന്നുമുള്ള 'കാക്കാപുരാണിക്' എന്ന പേരിൽ പ്രസിദ്ധനായ ഒരു ദിവ്യന്റെ ചരണങ്ങളിൽ അഭയം പ്രാപിച്ചിരുന്നു. ആഴത്തിലുള്ള ആ ബന്ധം ഒരു ശിഷ്യന്റേതായിരുന്നു.

68. അയാൾ കാക്കായെ പ്രാർത്ഥിച്ചു. അയാൾക്ക് അത്തരത്തിലുള്ള അനുഭവമുണ്ടായി (അതായത് ബാബയ്ക്ക് കാക്കായുമായി താദാത്മ്യം ഉണ്ടെന്ന്). ഒരുവന്റെ വിശ്വാസത്തിനനുസരിച്ച് ഭക്തിയുടെ ഫലം ലഭിക്കും.

69. അത് അങ്ങനെയാകട്ടെ. അദ്ദേഹം ആഗ്രഹിച്ചാൽ മാത്രമേ പൂജാവിധികൾ നടത്താൻ അനുവദിക്കുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ, അദ്ദേഹം 'പൂജാതാലികൾ' വലിച്ചെറിയുകയും 'നരസിംഹ അവതാരം' (കോപിഷ്ഠനാകും) കാട്ടുകയും ചെയ്യും.

70. അദ്ദേഹം ഈ പ്രകൃതം കാട്ടുമ്പോൾ, അതിനെ എതിർത്ത് നിൽക്കാൻ ധൈര്യം ആർക്കാണ് ഉണ്ടാകുക? അദ്ദേഹം കോപിഷ്ഠനാകുമ്പോൾ എല്ലാവരും ജീവന് വേണ്ടി പരക്കം പായും.

71. ചിലപ്പോൾ, വളരെ പെട്ടെന്ന്, കോപിഷ്ഠനാകുന്ന അദ്ദേഹം അത്യധികമായ

രൗദ്രഭാവം പ്രകടമാക്കും; ചിലപ്പോൾ അദ്ദേഹം മെഴുകിനേക്കാൾ മൃദുലമായ ഭാവത്തിലായിരിക്കും – ക്ഷമയുടെയും ശാന്തിയുടെയും പ്രതിരൂപം.

72. ചിലപ്പോൾ അദ്ദേഹം പൊട്ടിയൊലിക്കുന്ന ഒരു അഗ്നിപർവ്വതം (സംഹാരാഗ്നി) പോലെ കാണപ്പെടുകയും, ഭക്തരെ വാൾമുനയിൽ (അവർ വളരെ ഭയപ്പാടിലായിരിക്കും) നിർത്തുകയും ചെയ്യും; ചിലപ്പോൾ വെണ്ണയേക്കാൾ സൗമ്യനായിരിക്കും; പരമാനന്ദത്തിൽ ശോഭിക്കും.

73. അദ്ദേഹം കോപംകൊണ്ട് വിറച്ച് കണ്ണുകൾ വട്ടം ചുറ്റിക്കുമെങ്കിലും, ഒരു മാതാവിന് കുഞ്ഞിനോടെന്ന പോലെയുള്ള, സ്നേഹത്തിന്റെ ഒരു പ്രവാഹം ഉള്ളിലുണ്ടാകും.

74. നിമിഷങ്ങൾക്കകം, തന്റെ സ്വാഭാവികമായ പ്രകൃതത്തിലേയ്ക്ക് തിരിച്ചെത്തുമ്പോൾ (അദ്ദേഹത്തിന്റെ കോപം തണുക്കുമ്പോൾ) അദ്ദേഹം തന്റെ ഭക്തരെ അരികിലേയ്ക്ക് വിളിച്ച് പറയും: "ഞാൻ ആരോടെങ്കിലും കോപിക്കുമ്പോൾ, അതിനെക്കുറിച്ച് ഞാൻ ബോധവാനല്ല."

75. "ഒരു മാതാവ് തന്റെ കുഞ്ഞിനെ തൊഴിക്കുകയോ, സമുദ്രം നദികളിലെ ജലം തിരികെ വിടുമ്പോഴോ മാത്രമേ ഞാൻ നിങ്ങളെ നീചമായി ഉപേക്ഷിക്കുകയോ, ഉപദ്രവിക്കുകയോ ചെയ്യുള്ളൂ.

76. "ഞാൻ എന്റെ ഭക്തർക്ക് കടപ്പെട്ടവനാണ്. ഞാൻ എല്ലായ്പ്പോഴും അവരുടെ സമീപത്തുണ്ട്. (വളരെ അടുത്തായി). ഞാൻ എല്ലായ്പ്പോഴും സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. ഞാൻ അവരുടെ പൂർണ്ണനിയന്ത്രണത്തിലാണ്."

77. വിവരണത്തിന്റെ ഈ ഭാഗം എഴുതുമ്പോൾ, ഉചിതമായ, അതിശയകരമായ ഒരു കഥ എനിക്ക് ഓർമ്മ വരുന്നു. ആദരവോടെ അത് ശ്രവിക്കുക.

78. ഒരിക്കൽ കല്യാൺ നിവാസിയായ ഒരു മുസൽമാൻ, സിദ്ദിഖ് ഫാൽക്കേ എന്ന് പേരായ വ്യക്തി, മെക്ക-മദീന തീർത്ഥാടനത്തിന് ശേഷം ഷിർദിയിലെത്തി.

79. ആ വൃദ്ധഹാജിയാർ വടക്ക് ദിശയിൽ സ്ഥിതി ചെയ്യുന്ന ചാവടി[4]യിൽ താമസിച്ചു. ആദ്യത്തെ ഒമ്പത് മാസക്കാലം ബാബ അയാളോട് നീരസം കാട്ടുകയും, അയാളെ കാണാൻ കൂട്ടാക്കിയതുമില്ല.

80. അയാളുടെ ശുഭമുഹൂർത്തം എത്തിയില്ല. അയാളുടെ ശ്രമകരമായ യാത്രകൾ (അതായത് വടക്കേ ചാവടിക്കും മസ്ജിദിനും ഇടയ്ക്ക്) നിഷ്ഫലമായി. അയാൾ പല രീതികളും മാർഗ്ഗങ്ങളും പരീക്ഷിച്ചെങ്കിലും ഒരിക്കലും ബാബയെ കാണാൻ കഴിഞ്ഞില്ല.

81. മസ്ജിദ് എല്ലാവർക്കും എല്ലായ്പ്പോഴും തുറന്ന് കിടന്നു. ആരെയും നിഷേധിക്കുകയോ വിലക്കുകയോ ചെയ്തില്ല. പക്ഷേ ആ ഫാൽക്കേയ്ക്ക് മാത്രം മസ്ജിദിന്റെ പടികൾ കയറാനുള്ള അനുമതി കിട്ടിയില്ല.

82. ഫാൽക്കേ ഉള്ളിൽ കുണ്ഠിതപ്പെട്ടു. എന്ത് കർമ്മങ്ങൾ മൂലമാണ് എനിക്ക് മസ്ജിദിൽ പ്രവേശിക്കാൻ കഴിയാത്തത്. എന്ത് പാപങ്ങളാണ് ഞാൻ ചെയ്തത്?

83. "എന്ത് ചെയ്താലാണ് ബാബ എന്നിൽ പ്രസന്നനാകുകയും, എന്റെ നേർക്ക്

എത്തുകയും ചെയ്യുക" – സ്വന്തം ഹൃദയമിടിപ്പ് പോലെ, പകലും രാത്രിയും, ഫാൽക്കേയുടെ ചിന്ത അത് മാത്രമായി.

84. ഇതിനിടയ്ക്ക്, ഇതുപോലെ നിരാശവാനാകേണ്ടതില്ലെന്ന് ചിലർ അയാളെ ഉപദേശിച്ചു: "മാധവറാവുവിന്റെ സഹായം തേടുക, നിന്റെ ഹൃദയാഭിലാഷം സാധ്യമാകും."

85. നന്ദിയുടെ ദർശനം ചെയ്യുന്നതിന് മുമ്പ്, ശങ്കരനെ പ്രസാദിപ്പിക്കാൻ കഴിയുമോ? ഈ മാർഗ്ഗം പിന്തുടരുന്നതിന് അയാൾ സമ്മതിക്കുകയും, ആ ആശയം ഇഷ്ട പ്പെടുകയും ചെയ്തു.

86. ഒറ്റനോട്ടത്തിൽ, ഇത് ഒരു അതിശയോക്തിയായി ശ്രോതാക്കൾ ചിന്തിച്ചേക്കാം. പക്ഷേ, ഷിർദിയിൽ, ദർശനസമയത്ത് ഇതായിരുന്നു അനുഭവം.

87. ബാബയോടൊത്ത്, മറ്റ് ശല്യങ്ങളില്ലാതെ, സംസാരത്തിലേർപ്പെടണമെങ്കിൽ, ആദ്യമായി ഒരുവൻ മാധവറാവുവിന്റെ സമീപത്തേയ്ക്ക് പോകണമായിരുന്നു.

88. ആരാണ് വന്നിട്ടുള്ളത്, എവിടെ നിന്ന്, എന്തിന് വേണ്ടി – ഇവയെല്ലാം മധു രവും ഉചിതവുമായ രീതിയിൽ പറയുന്നതിനും, പരിചയപ്പെടുത്തുന്നതിനും (മാധവറാവു വേണമായിരുന്നു). പിന്നീട് സമർത്ഥ സംസാരിക്കാൻ തയ്യാറാ കും.

89. ഹാജി ഇതൊക്കെ കേൾക്കുകയും മാധവറാവുവിനെ നിർബന്ധിക്കുകയും ചെയ്തു. അയാൾ പറഞ്ഞു, "ഒരു തവണയെങ്കിലും എന്റെ വിഷമാവസ്ഥ അകറ്റിത്തരിക. നേടാൻ കഴിയാത്തത് നേടാൻ എന്നെ സഹായിക്കുക."

90. ഉചിതമായ സന്ദർഭം കണ്ടെത്താനായി, ഇത്തരത്തിലുള്ള സമ്മർദ്ദം ഉണ്ടായ പ്പോൾ, അയാൾ ഒരു ഉറച്ച തീരുമാനമെടുത്തു. കർത്തവ്യം കഠിനമായാലും ഇല്ലെങ്കിലും അയാൾ ശ്രമിച്ച് നോക്കും.

91. ധൈര്യം അവലംബിച്ചുകൊണ്ട് അയാൾ മസ്ജിദിലെത്തി. വളരെ സൂക്ഷ്മത യോടെ അയാൾ പ്രശ്നം അവതരിപ്പിച്ചു. "ബാബാ, ആ വൃദ്ധൻ വളരെ വിഷ മത്തിലാണ്. ദയവായി അയാളോട് സൗമനസ്യം കാട്ടുക.

92. "മെക്ക-മദീന യാത്രയ്ക്ക് ശേഷം അങ്ങയുടെ ദർശനത്തിനായി ആ ഹാജി ഷിർദിയിലെത്തിയിരിക്കുന്നു. അങ്ങേയ്ക്ക് എങ്ങനെ അയാളോട് ദയ കാട്ടാൻ കഴിയാതിരിക്കും? എങ്ങനെ മസ്ജിദിൽ പ്രവേശിപ്പിക്കാതിരിക്കാൻ കഴിയും?

93. "അനേകം ജനങ്ങൾ സ്വതന്ത്രമായി മസ്ജിദിൽ എത്തുന്നു, ദർശനം കഴിഞ്ഞ് പെട്ടെന്ന് മടങ്ങുകയും ചെയ്യുന്നു. ഇയാൾ മാത്രം എന്തുകൊണ്ടാണ് വെറുതെ ശ്രമിക്കുന്നത്?

94. "ഒരു പ്രാവശ്യം അയാളോട് ദയ കാട്ടുക. മസ്ജിദിൽ വച്ച് അയാളെ കാണു ക. അപ്പോൾ അയാളും പെട്ടെന്ന് മടങ്ങിപ്പോകും, തന്റെ മനസ്സിലെ പ്രശ്ന ങ്ങൾ ചോദിച്ചതിനുശേഷം."

95. "ശാമാ, നീ ഇപ്പോഴും ഒരു ശിശു മാത്രമാണ്. അള്ളാഹിന്റെ അനുഗ്രഹം അവന്റെ മേൽ ഇല്ലെങ്കിൽ, അവനുവേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും?

96. "അള്ളാഹ്മിയായോട് കടമില്ലെങ്കിൽ ആർക്കെങ്കിലും മസ്ജിദിന്റെ പടവുകൾ

കയറാൻ കഴിയുമോ? ഫക്കീറിന്റെ കർമ്മങ്ങൾ ഗ്രഹണശക്തിക്ക് അതീതമാണ്. എനിക്ക് അവയുടെ മേൽ ഒരു നിയന്ത്രണവുമില്ല.

97. “അത് എന്തുമാകട്ടെ! ബാർവി കിണറിന് സമീപത്തായി ഒരു ഇടുങ്ങിയ വഴിയുണ്ട്. അതുവഴി ശരിയായി നടന്ന് എത്തുമോ എന്ന് അയാളോട് ചോദിച്ച് തീർച്ചയാക്കി വരിക.”

98. ഹാജി പറഞ്ഞു: “എത്ര ദുഷ്കരമായാലും ഞാൻ ശരിയായി നടന്ന് എത്തും. പക്ഷേ ഒരു തവണ നേരിട്ട് കാണാനും, അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കാനുമുള്ള അനുമതി തരിക.”

99. ശാമയിൽ നിന്നും മറുപടി കേട്ട് ബാബ പറഞ്ഞു, “അയാളോട് വീണ്ടും ചോദിക്കുക: നാല്പതിനായിരം രൂപയുടെ നാല് മടങ്ങ് അയാൾ എനിക്ക് തരുമോ എന്ന്?”

100. മാധവറാവു ഈ സന്ദേശം നൽകിയപ്പോൾ ഹാജി പറഞ്ഞു: “എന്താണ് നീ ചോദിക്കുന്നത്? അദ്ദേഹം ആവശ്യപ്പെട്ടാൽ ഞാൻ നാൽപ്പതുലക്ഷം രൂപ നൽകും! ആയിരങ്ങളുടെ ചോദ്യമെന്തിനാണ്!”

101. ഈ മറുപടി കേട്ടപ്പോൾ ബാബ പറഞ്ഞു: “അയാളോട് ചോദിക്കുക. ഇന്ന് മസ്ജിദിൽ ഒരു ആടിനെ അറുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഏത് മാംസ ഭാഗമാണ് നിനക്ക് വേണ്ടത്.

102 “മാംസത്തോട് കൂടിയ എല്ലാണോ, ഇടുപ്പ് ഭാഗമാണോ, അതോ വൃഷണമാണോ അയാൾക്ക് വേണ്ടത്? അയാൾക്ക് എന്താണ് വേണ്ടതെന്ന് തീർച്ചയായി പറയാൻ അയാളോട് ചോദിക്കുക.”

103. ബാബ പറഞ്ഞതൊക്കെ മാധവറാവു വിശദമായി ഹാജിയെ അറിയിച്ചു. ഹാജി ഉറപ്പിച്ച് പറഞ്ഞു: “എനിക്ക് അതൊന്നും ആവശ്യമില്ല.

104. “അദ്ദേഹത്തിന് ഇഷ്ടമുള്ളത് എനിക്ക് തരിക. പക്ഷേ എനിക്ക് ഒരേ ഒരു ആഗ്രഹമേയുള്ളൂ. കൊളംബ്[5]യിൽ നിന്ന് ഒരു കഷണം ലഭിച്ചാൽ, ഞാൻ എന്റെ ലക്ഷ്യവും നന്മയും നേടും.”

105. ഹാജിയുടെ ഈ മറുപടിയുമായി മാധവറാവു മടങ്ങിയെത്തി. അയാൾ ഈ വാചകം പറയവേ, പെട്ടെന്ന് ബാബ കോപാക്രാന്തനായി.

106. കൊളംബയും വെള്ളക്കുടവും കൈയ്യിലെടുത്ത് അദ്ദേഹം അവ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞു. കൈകൾ ശബ്ദത്തോടെ കൂട്ടിത്തിരുമ്മി, അദ്ദേഹം ഹാജിയുടെ സമീപത്തെത്തി.

107. രണ്ടു കൈകൾകൊണ്ട് കഫ്നി പിടിച്ച് ഉയർത്തിക്കൊണ്ട് അദ്ദേഹം ഹാജിയുടെ മുമ്പിൽ നിൽക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: “നീ ആരാണെന്നാണ് സ്വയം ചിന്തിക്കുന്നത്? നീ എന്റെ മുമ്പിൽ പൊങ്ങച്ചം കാട്ടുകയാണോ?

108. “നിന്റെ പ്രായം കാരണം നീ അഹങ്കരിക്കുകയാണോ. ഈ തരത്തിലാണോ നീ ഖുറാൻ പഠിക്കുന്നത്! മെക്കായാത്ര നടത്തിയതുകൊണ്ട് നീ വെറുതെ അഭിമാനിക്കുന്നു. പക്ഷേ, ഞാൻ ആരാണെന്ന് നിനക്ക് മനസ്സിലായിട്ടില്ല!”

109. ഇത്തരത്തിൽ പറയാനാകാത്ത വാക്കുകൾകൊണ്ട് അയാൾ പൊതിരെ ശകാരിക്കപ്പെട്ടു! ഹാജി സ്തബ്ധനായി നിന്നു. പിന്നീട് ബാബ തിരികെ പോയി.

110. മസ്ജിദിന്റെ മുറ്റത്തേയ്ക്ക് കടക്കവേ, തോട്ടക്കാരന്റെ ഭാര്യ മാങ്ങകൾ വിൽക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം പഴക്കൂടകൾ മുഴുവൻ വാങ്ങി, ഉടൻതന്നെ ഹാജിക്ക് അയച്ചുകൊടുത്തു.

111. അതേപോലെ, പെട്ടെന്ന് തിരിഞ്ഞുനടന്ന് ഹാജിയുടെ നേർക്ക് പോയി. അദ്ദേഹം കീശയിൽ നിന്നും 55/- ഉറുപ്പിക എടുത്ത് ഹാജിയുടെ കൈകളിലേയ്ക്ക് എണ്ണി നൽകി.

112. അതിനുശേഷം പരസ്പരം സ്നേഹബന്ധം ഉടലെടുത്തു. ഹാജിയെ ഭക്ഷണം കഴിക്കാൻ ക്ഷണിക്കുകയും ഇരുവരും കഴിഞ്ഞതൊക്കെ മറക്കുകയും ചെയ്തു. ഹാജി ആനന്ദഭരിതനായി.

113. പിന്നീട് അയാൾ മടങ്ങിപ്പോകുകയും, കൂടെക്കൂടെ വരികയും ചെയ്തു. ബാബയുടെ സ്നേഹത്തിൽ അയാൾ പൂർണ്ണമായും സന്തുഷ്ടി അനുഭവിച്ചു. പിന്നീട് ഇടയ്ക്കിടെ ബാബ അയാൾക്ക് പണം സമ്മാനമായി നൽകി.

114. അത് അങ്ങനെ കഴിഞ്ഞു. ഒരിക്കൽ ബാബ മേഘങ്ങളെ നിയന്ത്രിക്കുകയും, ഇന്ദ്രനോട്[6] പ്രാർത്ഥിക്കുകയും ചെയ്യുന്നത് കണ്ട് ഞാൻ അദ്ഭുതപരതന്ത്രനായി.

115. അത് വളരെ ഭയാനകമായ അവസ്ഥയായിരുന്നു. ആകാശം മുഴുവൻ കറുത്ത് മേഘാവൃതമായിരുന്നു. പക്ഷികളും മൃഗങ്ങളും ഭയപ്പെട്ടു. കൊടുങ്കാറ്റുപോലെ കാറ്റ് വീശാൻ തുടങ്ങി.

116. വൈകുന്നേരമായി, സൂര്യൻ അസ്തമിച്ചു. പെട്ടെന്ന് ചുഴലിക്കാറ്റ് വീശി. ശക്തവും പ്രചണ്ഡവുമായ കാറ്റ് വീശി. തടുക്കാനാകാത്ത പ്രകൃതിക്ഷോഭമുണ്ടായി.

117. ഇടിമുഴക്കത്തോടും മിന്നൽപ്പിണരുകളോടും വീശിയടിക്കുന്ന കാറ്റിനുമോടൊപ്പം പേമാരി തുടങ്ങി.

118. കോരിച്ചൊരിയുന്ന മഴയോടൊപ്പം ശബ്ദത്തോടെ ആലിപ്പഴങ്ങൾ വീണു; ഗ്രാമീണരും ഒപ്പം കാലിക്കൂട്ടങ്ങളും അത്യാപത്ത് അണയുന്നത് കണ്ട് നിലവിളിക്കുകയും, പ്രക്ഷുബ്ധാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു.

119. അനാഥരായ ഭിക്ഷക്കാർ മസ്ജിദിന്റെ ഇറമ്പിൽ അഭയം തേടി, ഒപ്പം കന്നുകാലികളും കിടാങ്ങളും. മസ്ജിദ് ഗ്രാമീണരെക്കൊണ്ട് നിറഞ്ഞു.

120. എല്ലാഭാഗത്തും വെള്ളമായിരുന്നു. വൈയ്ക്കോൽ കൂനകൾ പൂർണ്ണമായും ഒലിച്ചുപോയി. മെതിക്കളത്തിൽ, വിളവ് മുഴുവൻ നനഞ്ഞ് കുതിർന്നു. ജനങ്ങൾ സ്തബ്ധരായി നിന്നു.

121. ഗ്രാമം മുഴുവൻ പേടിച്ച് വിറച്ചു. അവർ മസ്ജിദിന്റെ മുറ്റത്തും ഇറമ്പിലുമായി നിറഞ്ഞു നിന്നു. അവർ ബാബയോട് സങ്കടാവസ്ഥ അറിയിച്ചു.

122. ജോഗായി, ജക്കായി, മരിയായി, ശനി, ശങ്കർ, അംബാബായി, മാരുതി, ഖണ്ഡോബ, മാലസയി എന്നീ ക്ഷേത്രങ്ങൾ കൊണ്ട് നിറഞ്ഞതാണ് ഷിർദി.

123. പക്ഷേ സന്ദിഗ്ദ്ധഘട്ടത്തിൽ, ഗ്രാമീണർക്ക് ഇവരാരുടെയും സഹായം ലഭിച്ചില്ല. എല്ലാ വിഷമതകളിലും ഓടിയെത്തി സഹായം നൽകുന്ന സായി മാത്രം സഹായത്തിനെത്തി.

124. അദ്ദേഹത്തിന് ആടുകളോ കോഴികളോ ബലി നൽകുകയോ, ധനം സംഭാവനയായി നൽകുകയോ ചെയ്യേണ്ടതില്ല. എല്ലാ വിഷമതകളും തുടച്ചു നീക്കാൻ അദ്ദേഹം ആവശ്യപ്പെട്ടത് യഥാർത്ഥമായ ഭക്തിയാണ്.

125. ജനങ്ങളുടെ ഭയപ്പാട് കണ്ട് സായിക്ക് ദയ തോന്നി. അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ്, മുമ്പോട്ട് വന്ന് മസ്ജിദിന്റെ ഭിത്തിക്ക് സമീപം നിന്നു.

126. ആകാശം ഇടിമുഴക്കം കൊണ്ട് പ്രതിധ്വനിക്കുകയും, മിന്നൽപ്പിണർ കൊണ്ട് ജ്വലിക്കുകയും ചെയ്തു. ഇവയുടെ ഇടയ്ക്ക് ഉച്ചത്തിൽ ആക്രോശിച്ച് കൊണ്ട് സായി മഹാരാജ് നിന്നു.

127. ഈശ്വരൻ തന്റെ ഭക്തന്മാരെയും, ദിവ്യന്മാരെയും, ജിതേന്ദ്രിയരെയും തന്നെക്കാൾ സ്നേഹിക്കുന്നു. ഈശ്വരൻ അവരുടെ വാക്കുകൾ അനുസരിക്കുകയും അവർക്കുവേണ്ടി മനുഷ്യജന്മം എടുക്കുകയും ചെയ്യും.

128. ഭക്തന്മാർ സഹായത്തിനെത്തി കേഴുമ്പോൾ, ഈശ്വരന് അവരുടെ രക്ഷയ്ക്കായി ഓടിയെത്തേണ്ടി വരുന്നു. അവരുടെ ഭക്തി ഓർത്തുകൊണ്ട്, എല്ലാ അഭ്യർത്ഥനകളും ഉടനടി പരിഹരിച്ച് കൊടുക്കുന്നു.

129. ഒന്നിന് പിറകേ ഒന്നായി, ആക്രോശങ്ങൾ ആകാശത്ത് പ്രതിധ്വനിയുണ്ടാക്കി. മസ്ജിദ് കുലുങ്ങുന്നത് പോലെ തോന്നി. എല്ലാവരും ബധിരരെപ്പോലെയായി.

130. മസ്ജിദും, ക്ഷേത്രങ്ങളുമൊക്കെ ഉച്ചത്തിലുള്ള ആക്രോശങ്ങൾ കൊണ്ട് മാറ്റൊലി കൊണ്ടു. അപ്പോൾ മേഘങ്ങൾ അവയുടെ ഇടിമുഴക്കം നിർത്തുകയും, മഴ ചൊരിയുന്നത് നിലയ്ക്കുകയും ചെയ്തു.

131. ബാബയുടെ ഉച്ചത്തിലുള്ള ആക്രോശങ്ങൾ വളരെ ശക്തിയേറിയതായിരുന്നു, അതിനാൽ മുറ്റത്ത് നിറഞ്ഞുനിന്ന ജനങ്ങളെല്ലാം, നിന്നിടത്ത് ഉറച്ചു പോകുകയും അന്യോന്യം അടക്കം പറയുകയും ചെയ്തു.

132. ബാബയുടെ പ്രാഗല്ഭ്യവും ശക്തികളും ഗ്രഹിക്കാൻ കഴിയാത്തതാണ്. അതിന് പേമാരിയുടെ മേൽ പ്രഭാവമുണ്ടായി. പെട്ടെന്ന് കാറ്റ് നിയന്ത്രിതമാകുകയും, മഞ്ഞ് മൂലമുണ്ടായ ഇരുട്ട് മാറുകയും ചെയ്തു.

133. പതുക്കെ പതുക്കെ മഴ ശമിച്ചു. കാറ്റും കുറഞ്ഞു. നക്ഷത്രങ്ങൾ തെളിഞ്ഞു. അന്ധകാരം അപ്പോഴെക്കും പൂർണ്ണമായും മാറി.

134. പിന്നീട് മഴ പൂർണ്ണമായും നിലച്ചു. വീശിയടിക്കുന്ന കാറ്റിന്റെ ശക്തി ഇല്ലാതായി. ആകാശത്ത് ചന്ദ്രൻ ഉദിച്ചു. എല്ലാവരും ആഹ്ലാദിച്ചു.

135. ദിവ്യന്റെ വാക്കുകൾ മാനിച്ച്, ഇന്ദ്രൻ ദുഃസ്ഥിതി കണ്ട് ദയകാട്ടി. മേഘങ്ങൾ നാനാഭാഗത്തേയ്ക്കും ചിതറി. കൊടുങ്കാറ്റ് ഇല്ലാതായി.

136. മഴ പാടേ ഇല്ലാതായി. കാറ്റ് മന്ദമായി വീശി. ഇടിമുഴക്കം നിലച്ചു. പക്ഷികളും മൃഗങ്ങളും ധൈര്യം വീണ്ടെടുത്തു.

137. ഇറമ്പിന്റെ തണലിൽ നിന്നും കന്നുകാലികളും കിടാങ്ങളും പുറത്തേയ്ക്ക് ഇറങ്ങി ഭയമില്ലാതെ മേഞ്ഞ് നടന്നു. പക്ഷികളും ആകാശത്തേയ്ക്ക് പറന്നുയർന്നു.

138. ഭീതിജനകമായ ആ സംഭവത്തിന് സാക്ഷ്യം വഹിച്ച ജനങ്ങളെല്ലാം ബാബയോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഗൃഹങ്ങളിലേയ്ക്ക് മടങ്ങിപ്പോയി. കന്നുകാലികളും സമാധാനത്തോടെ മടങ്ങി.

139. ദയയുടെ അവതാരമായ സായി അത്തരത്തിലായിരുന്നു! അദ്ദേഹത്തിന് ഭക്തരോട് അഗാധമായ സ്നേഹമുണ്ടായിരുന്നു. മാതാവിന് കുഞ്ഞുങ്ങളോടെന്നപോലെയായിരുന്നു അദ്ദേഹത്തിന്റെ ഉത്കണ്ഠ. എങ്ങനെയാണ് ഞാൻ ആ സ്നേഹപൂർണ്ണമായ പെരുമാറ്റം വിവരിക്കുക!

140. അതേപോലെ അദ്ദേഹത്തിന് അഗ്നിയുടെ മേലും സ്വാധീനമുണ്ടായിരുന്നു. ഉദാഹരണമായി ചെറിയ ഒരു കഥ ആദരവോടെ ശ്രവിക്കുക. അതിശയകരമായ ശക്തിപ്രഭാവം നിങ്ങൾക്ക് മനസ്സിലാകും.

141. ഒരു വൈകുന്നേരം ധുനി നിയന്ത്രണാതീതമായി ജ്വലിച്ചു. അഗ്നിനാളങ്ങൾ മുകളിലേയ്ക്ക് ഉയർന്നു. അതിന് സമീപം ആർക്കാണ് നിൽക്കാൻ കഴിയുക?

142. അഗ്നിനാളങ്ങൾ തീവ്രമായി ഉയരുകയും, മച്ചിലെ തടികൊണ്ട് നിർമ്മിതമായ തൂണുകൾക്ക് സമീപമെത്തുകയും ചെയ്തു. ഹോളിയിലെന്നപോലെ, മസ്ജിദ് പെട്ടെന്ന് എരിഞ്ഞ് ചാരമായി മാറുമെന്ന് തോന്നിച്ചു.

143. ജനങ്ങളെല്ലാം പരിഭ്രാന്തരാകവേ, ബാബ ശാന്തനായി കാണപ്പെട്ടു. ബാബ നേരിടാൻ പോകുന്ന അത്യാപത്ത് ഓർത്ത് ജനങ്ങൾ വ്യാകുലപ്പെട്ടു.

144. ഒരാൾ ചോദിച്ചു: "നാം കുറച്ച് വെള്ളം കൊണ്ടുവന്നാലോ?" മറ്റൊരാൾ പറഞ്ഞു: "അത് ആര് ഒഴിക്കും? ആരാണ് അതിനടുത്തേയ്ക്ക് പോയി ശിരസ്സിൽ സത്കയുടെ പ്രഹരമേറ്റ് വാങ്ങുക?"

145. എല്ലാവരും അസ്വസ്ഥരായിരുന്നെങ്കിലും ആർക്കും ചോദിക്കാനുള്ള ധൈര്യമുണ്ടായില്ല. ആ നിമിഷം ബാബ ഒന്ന് ചലിക്കുകയും, കരം സത്കയുടെ പുറത്ത് വയ്ക്കുകയും ചെയ്തു.

146. ജ്വലിക്കുന്ന അഗ്നിനാളങ്ങൾ കണ്ട്, സത്ക കൈയ്യിലെടുത്തുകൊണ്ട് ഒന്നിന് പുറകേ ഒന്നായി അടിക്കാൻ തുടങ്ങി, ഒപ്പം, "പുറകോട്ട് പോകൂ" എന്ന് പറയാനും.

147. ധുനിയിൽ നിന്നും ഒരു കൈമുഴം അകലത്തിൽ ഉണ്ടായിരുന്ന തൂണിൽ ശക്തിയായി അടിച്ചുകൊണ്ട്, അഗ്നിയെ നോക്കി അദ്ദേഹം പറഞ്ഞു, "ശാന്തമാകുക, ശാന്തമാകുക."

148. ഓരോ അടി അടിക്കുമ്പോഴും നാളങ്ങൾ ചെറുതായി, ഒടുവിൽ ഇല്ലാതായി. ധുനി ശാന്തമാകുകയും ഭീതി ഒഴിഞ്ഞുമാറുകയും ചെയ്തു.

149. അത്തരത്തിലായിരുന്നു ഈശ്വരവതാരമായിരുന്ന, ശ്രേഷ്ഠദിവ്യനായ സായി! നിങ്ങളുടെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിക്കുമ്പോൾ, അദ്ദേഹം തന്റെ അനുഗ്രഹം ചൊരിയുന്ന കരം നിങ്ങളുടെ ശിരസ്സിൽ വയ്ക്കും.

150. ഈ അധ്യായം ഭക്തിയോടും വിശ്വാസത്തോടും കൂടി തുടർച്ചയായി പാരായണം ചെയ്യുന്നവരുടെ സകല വിഷമതകളും, ശ്രദ്ധയോടെ പാരായണം പൂർത്തിയാക്കുമ്പോൾ ഇല്ലാതാകും.

151. ഇതിൽ കൂടുതൽ എന്താണ് ഇനി എനിക്ക് പറയാനുള്ളത്! മനസ്സ് ശുദ്ധിയാക്കിയശേഷം, നിഷ്കർഷയോടെ സായിപാരായണം നടത്തുക. നിങ്ങൾക്ക് അനശ്വരമായ ബ്രഹ്മപദം നേടാൻ കഴിയും.

152. നേടാൻ കഴിയാത്തത് നേടുക! ഒടുവിൽ ആഗ്രഹങ്ങളില്ലാതാകുക! ദുഷ്കരമായ നാല് തരത്തിലുള്ള മുക്തിയും ശാശ്വതമായ ശാന്തിയും നേടുക.

153. അത് അങ്ങനെയാകട്ടെ. പരമാർത്ഥത്തിന്റെ ആനന്ദവും ശുദ്ധമായ അറിവും ആസ്വദിക്കണമെന്നുള്ളവർ ഈ അധ്യായം ആദരവോടെ തുടർച്ചയായി പാരായണം ചെയ്യണം.

154. മനസ്സ് ശുദ്ധമാകും. ഈ കഥകൾ ഓർക്കുന്നതുകൊണ്ട് ആത്മീയതയോട് ആഭിമുഖ്യം ഉള്ള മനോഭാവം വളർന്ന് വരും. അവർ ആഗ്രഹിക്കുന്നത് നേടുകയും, ശുഭകരമോ അഭിലഷണീയമോ അല്ലാത്തവ നശിപ്പിക്കപ്പെടുകയും ചെയ്യും. വ്യക്തിപരമായി, ബാബയുടെ സാമീപ്യം അനുഭവിക്കും.

155. ഹേമദ്പാന്ത് സായിക്ക് സ്വയം സമർപ്പിക്കുന്നു. അടുത്ത അധ്യായം, ഗുരുവും ശിഷ്യനും തമ്മിലുള്ള ദിവ്യബന്ധത്തെക്കുറിച്ചുള്ളതാണ്, ഗുരുപുത്രന് ഖോലാപിന്റെ ദർശനം ലഭിക്കുന്നു.

156. സാഹചര്യങ്ങൾ എന്തൊക്കെയായാലും, ശിഷ്യൻ ഒരിക്കലും സ്വന്തം ഗുരുവിനെ ഉപേക്ഷിക്കരുത്. ഇതിനെക്കുറിച്ച് സായി പ്രത്യേക അനുഭവം നൽകുകയും, വിശ്വാസം ദൃഢമാക്കുകയും ചെയ്യുന്നു.

157. വരികയും സ്വയം സമർപ്പിക്കുകയും ചെയ്ത ഭക്തന്മാർക്ക് ഓരോരുത്തർക്കും വിവിധ രൂപങ്ങളിൽ (ദേവതകൾ/ഗുരുക്കന്മാർ) അനുപമമായ ദർശനം ലഭിക്കുകയും അവരുടെ വിശ്വാസം ബലപ്പെടുത്തുകയും ചെയ്തു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ പതിനൊന്നാം അധ്യായം "ശ്രീ സായിയുടെ മഹിമയെക്കുറിച്ചുള്ള വർണ്ണന" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. രുദ്രജപം, പതിനൊന്ന് പ്രാവശ്യം
2. അടയ്ക്ക, ഗ്രാമ്പു, ജാതിക്കായ്, കുങ്കുമം, ഉണക്കത്തേങ്ങ, കർപ്പൂരം, ജൈപത്രി, ഏലക്കായ്, ബദാം, കസ്തൂരി, നാരങ്ങ മുതലായവ
3. വിവിധ തരത്തിലുള്ള സ്വാദിഷ്ടമായ ആഹാരപദാർത്ഥങ്ങൾ, അത് അറുപത് തരങ്ങൾ വരെയാകും.

4. ഷിർദിയിൽ രണ്ടു ചാവടികളുണ്ട് – ഒന്ന് തെക്കോട്ടും, മറ്റേത് വടക്കോട്ടും അഭിമുഖമാണ്. അവ രണ്ടും പരസ്പരം അഭിമുഖമാണ്.
5. നൈവേദ്യങ്ങളും ബാബ ഭിക്ഷ യാചിച്ച് കൊണ്ട് വരുന്ന ആഹാരവും ശേഖരിച്ചിരുന്ന മൺകുടം.
6. ദേവന്മാരുടെ രാജാവ്.

## 12

# രാമൻ - ശ്രീ ദിവ്യഖോലാപ് ദർശനങ്ങൾ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. വന്ദനം! വന്ദനം! സദ്ഗുരു സായിനാഥാ! ഞാൻ അങ്ങയുടെ മുമ്പിൽ പ്രണമിച്ചുകൊണ്ട് എന്റെ ശിരസ്സ് അങ്ങയുടെ പാദങ്ങളിൽ ചേർക്കുന്നു. അവ്യയനായ, അനശ്വരനായ, ബ്രഹ്മനുമായി ലീനനായ അങ്ങ്, ശരണാഗതി പ്രാപിച്ചവനിൽ കരുണകാട്ടണമേ.
2. സച്ചിദാനന്ദൻ, പരമാനന്ദത്തിന്റെ സങ്കേതം, ലൗകികജീവിതത്തിലെ ക്ലേശങ്ങൾ കൊണ്ട് വലയുന്നവർക്ക് സന്തോഷം പ്രദാനം ചെയ്യുന്നവൻ, ഗ്രഹണശക്തി കുറഞ്ഞവർക്ക് പോലും അദ്വൈതജ്ഞാനം നൽകി ദ്വന്ദ്വഭാവം ഇല്ലതാക്കുന്നവൻ.
3. അത് അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ചവർ അങ്ങയുടെ രൂപം വരച്ച്, ഓരോ മുക്കിലും മൂലയിലും ആകാശം പോലെ വിരിക്കുന്നു.
4. ഈശ്വരൻ ഭൂമിയിൽ അവതരിക്കുന്നത് ദുഷ്ടരെ നിഗ്രഹിച്ച് ധർമ്മിഷ്ഠരെ സംരക്ഷിക്കാനാണ്. പക്ഷേ, ദിവ്യന്മാർ വ്യത്യസ്തരാണ്.
5. ദിവ്യന്മാർക്ക് ദുഷ്ടരും ശിഷ്ടരും സമമാണ്. ശ്രേഷ്ഠരും താഴ്ന്നവരും തമ്മിലുള്ള വ്യത്യാസം അവർക്കറിയില്ല. അവർക്ക് രണ്ടുപേരും തുല്യരാണ്.
6. ദിവ്യന്മാർ ഈശ്വരനേക്കാൾ മഹത്വമേറിയവരാണ്. അവർ ദുഷ്ടന്മാരെ നേർവഴിക്ക് നയിക്കുന്നു. ദുരിതമനുഭവിക്കുന്നവരെ ഓർത്ത് അവരുടെ ഹൃദയം സ്നേഹവും കരുണയും കൊണ്ട് പിടയുന്നു.
7. ലൗകികസാഗരത്തിൽ അവർ അഗസ്ത്യഋഷിക്ക്[1] സമാനമാണ്. അജ്ഞാനാന്ധകാരം അകറ്റുന്ന സൂര്യനെപ്പോലെയാണ് അവർ. ഈശ്വരൻ അവരിൽ ജീവിക്കുന്നു. വാസ്തവത്തിൽ അവർ ഒന്നുതന്നെയാണ്.
8. എന്റെ സായി അത്തരത്തിലുള്ളതാണ്! ഭക്തർക്കുവേണ്ടി അദ്ദേഹം അവതരിച്ചു - ഈശ്വരചൈതന്യം ദൃഢമായി വിളങ്ങിയ, അറിവിന്റെ മൂർത്തരൂപം.
9. എല്ലാ ജീവജാലങ്ങളോടും അദ്ദേഹത്തിന് വളരെ സ്നേഹമുണ്ടായിരുന്നു, എന്നാൽ തികച്ചും വിരക്തനുമായിരുന്നു. അനേകം ശക്തികളുണ്ടായിരുന്നെങ്കിലും അദ്ദേഹം അവയൊന്നും ശ്രദ്ധിച്ചില്ല. അദ്ദേഹത്തിന് ആരോടും ശത്രുത ഉണ്ടായിരുന്നില്ല, എല്ലാവരെയും സമമായി കാണുകയും ചെയ്തു.

10. ശത്രുതയോ മിത്രതയോ ഇല്ലാതെ, രാജാവിനെയും ദരിദ്രനെയും ഒരേ പോലെ കണ്ട മഹദ്വ്യക്തിയായിരുന്നു സായി! സായിയുടെ മഹിമകൾ ശ്രവിക്കുക!

11. ദിവ്യന്മാർ അവരുടെ പുണ്യശേഖരം ഭക്തന്മാർക്ക് വേണ്ടി ചെലവഴിക്കുന്നു. ഭക്തന്മാരുടെ രക്ഷയ്ക്ക് വേണ്ടി അവർ കുളങ്ങളും, മലകളും, താഴ്വാരങ്ങളും ചാടിക്കടക്കുന്നു.

12. അജ്ഞാനികൾക്ക് പരമാർത്ഥം എന്താണെന്ന് മനസ്സിലാക്കാൻ കഴിയില്ല. അവർ ഭാര്യ, സന്തതികൾ, ധനം എന്നിവയിൽ മാത്രം മുഴുകുന്നു. ഗ്രഹിക്കാൻ കഴിയാത്തവരെ വെറുതെ വിടുക.

13. അനുഭവജ്ഞാനമില്ലാത്ത, നിഷ്കളങ്കരായവരെ, ഈശ്വരൻ ദയാപൂർവ്വം പരിപാലിക്കുന്നു. പക്ഷേ, ഈശ്വരനിൽ നിന്നും അകന്ന് പോകുന്നവരെ അവരുടെ അഹംഭാവം സ്വയം നശിപ്പിക്കുന്നു.

14. അജ്ഞാനിയായ ഒരുവനിൽ ഒരു ദിവ്യന് ദയയും സ്നേഹവുമുണ്ടായാൽ അതിയായ വിശ്വാസം വളരും. അറിവിന്റെ അഹങ്കാരം നിഷ്ഫലമാണ്.

15. വിവേചനബുദ്ധിയില്ലാത്ത പണ്ഡിതന്മാർ, അവരുടെ ശുഷ്കിച്ച പാണ്ഡിത്യത്തിന്മേൽ അഹങ്കരിക്കുന്നു. ഭക്തിമാർഗ്ഗത്തെ അവർ പുച്ഛിക്കുന്നു. അത്തരക്കാരുടെ സമ്പർക്കം വർജ്ജിക്കുക.

16. ജാതികളുടെ പ്രക്ഷുബ്ധമായ സമ്മിശ്രണം കൊണ്ട് ഉണ്ടാകുന്ന ലഹളയുടെ ആവശ്യമില്ല. ഉയർന്ന ജാതിയുടെ അഹങ്കാരത്താൽ തെറ്റായ വാദങ്ങളുടെ ആവശ്യമില്ല. ചാതുർവർണ്ണ്യത്തിന്റെയോ ധർമ്മത്തിന്റെയോ പേരിൽ ആധിപത്യഭാവത്തോടെ മറ്റുള്ളവരെ അടക്കിഭരിക്കുന്നവനുമാകേണ്ടതില്ല. ശാസ്ത്രവിശ്വാസങ്ങളുമായി നിരക്കാത്ത ഒരു പണ്ഡിതനാകരുത്.

17. വേദങ്ങളും വേദാന്തങ്ങളും ഗ്രഹിച്ച് പാണ്ഡിത്യം നേടിയവർക്കും സ്വന്തം അറിവിൽ സ്വയം അഹങ്കരിക്കുന്നവർക്കും ആശാവഹമായ അവസ്ഥ കാണുന്നില്ല. ഇവ ഭക്തിയുടെ മാർഗ്ഗത്തിൽ വിഘാതം സൃഷ്ടിക്കുന്നു.

18. അജ്ഞാനിയായ ഒരുവൻ വിശ്വാസത്തിന്റെ ബലത്തിൽ ലൗകികസാഗരം കടക്കും. പക്ഷേ, ശാസ്ത്രങ്ങളിൽ പാണ്ഡിത്യം നേടിയവരുടെ സമസ്യകൾക്ക് അത്തരം ഒരവസരം ലഭിക്കില്ല.

19. ദിവ്യന്മാരിൽ വിശ്വാസമർപ്പിക്കുകയും അവരിൽ ശരണാഗതി പ്രാപിക്കുകയും ചെയ്താൽ അജ്ഞാനികളുടെ അറിവില്ലായ്മ അകലുകയും, സ്വന്തം ജ്ഞാനത്തിൽ അഹങ്കരിക്കുന്നവരുടെ സംശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയും മനഃശുദ്ധി ലഭിക്കുകയും ചെയ്യും.

20. അത് എന്തുമാകട്ടെ! ഒരവസരത്തിൽ ഭാഗ്യംകൊണ്ട് അസാധാരണമായ ഒരു സംഭവം നടന്നു. യാഥാസ്ഥിതികനായ ഒരു ബ്രാഹ്മണന് സായിയുമായി കണ്ടുമുട്ടുവാനുള്ള അപൂർവ്വമായ ഒരു അവസരം ലഭിച്ചു.

21. അയാളുടെ ഉദ്ദേശ്യം വ്യത്യസ്തമായിരുന്നു. ഈശ്വരഹിതത്താൽ, അയാൾക്ക് ഷിർദിയിലെത്താനും തന്റെ സ്വന്തം ഗുരുവിനെ ദർശിക്കാനും കഴിഞ്ഞു.

22. ഗുരു-ശിഷ്യ ബന്ധത്തിന്റെ മഹത്വം വിശദമാക്കുന്ന ഹൃദയഹാരിയായ ഈ കഥ ശ്രദ്ധിക്കുക.

23. നാസിക്കിൽ നിന്നുമുള്ള, മൂലയ് എന്ന കുടുംബപ്പേരുള്ള, യാഥാസ്ഥിതികനും ഭക്തനുമായ ഒരു അഗ്നിഹോത്രിക്ക്,[2] അയാളുടെ പൂർവ്വകാലത്തെ ആത്മീയപുണ്യങ്ങൾകൊണ്ട് ഒരിക്കൽ ഷിർദിയിൽ എത്താൻ കഴിഞ്ഞു.

24. അത്തരത്തിലുള്ള ബലമില്ലെങ്കിൽ (ആത്മീയതപസ്യകളുടെ), ആർക്കും ഒരു നിമിഷം പോലും ഷിർദിയിൽ വസിക്കാൻ കഴിയുമായിരുന്നില്ല. ഒരുവന്റെ തീരുമാനം എത്ര ശക്തമായിരുന്നാലും, ബാബയുടെ ഇച്ഛ മാത്രമേ നടക്കാറുള്ളൂ.

25. ഒരുവൻ ചിന്തിക്കുന്നുണ്ടാകാം, 'ഞാൻ പോകും, എനിക്ക് ഇഷ്ടമുള്ള കാലം അവിടെ താമസിക്കും.' പക്ഷേ അത് അവന്റെ ആഗ്രഹത്തിന് അനുസരിച്ച് നടക്കില്ല. അവൻ തീർത്തും നിയന്ത്രണത്തിന് വിധേയനായിരിക്കും.

26. അത്തരം തീരുമാനങ്ങളെടുക്കുകയും 'ഞാൻ' 'ഞാൻ' എന്ന് ഘോഷിക്കുകയും ചെയ്ത അനേകം അഹങ്കാരികളുടെ ഗർവ്വ് നശിപ്പിക്കപ്പെട്ടു. സ്വതന്ത്രമായ അസ്തിത്വമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

27. നമ്മുടെ ഊഴമെത്തുന്നത് വരെ ബാബ നമ്മെപ്പറ്റി ചിന്തിക്കാറില്ല. നമ്മൾ അദ്ദേഹത്തിന്റെ ശ്രേഷ്ഠതകൾ കേൾക്കുക പോലും ചെയ്യാത്തപ്പോൾ, ദർശനത്തിനുള്ള ആഗ്രഹം എങ്ങനെയാണ് ഉണ്ടാകുക.

28. പലരും സായിയുടെ ദർശനത്തിന് വേണ്ടി ആഗ്രഹിച്ചിട്ടുണ്ട്, പക്ഷേ സായിയുടെ നിർവ്വാണം[3] വരെയും അവർക്ക് അവസരം ലഭിച്ചില്ല.

29. സന്ദർശിക്കാനുള്ള സമയം മാറ്റിവയ്ക്കുന്നതും, കാലവിളംബം വരുത്തിയതും കാരണം പലരും ഏറെ വൈകിപ്പോകുകയും ബാബ സമാധിയാകുകയും ചെയ്തു.

30. അവർ അത് ഇന്ന് - നാളെ എന്നിങ്ങനെ മാറ്റിവച്ചുകൊണ്ടേയിരുന്നു. ഒടുവിൽ മുഖാമുഖമുള്ള കണ്ടുമുട്ടലിന് അവർക്ക് അവസരം ലഭിച്ചതുമില്ല, അവർ അതോർത്ത് പശ്ചാത്തപിക്കുകയും ചെയ്തു. ദർശനം ഒരിക്കലും കിട്ടാത്ത വിധം നഷ്ടമായി.

31. അത്തരം ആളുകളുടെ ആഗ്രഹങ്ങൾ ഈ കഥകൾ ആദരവോടെയും വിശ്വാസത്തോടെയും ശ്രവിക്കുമ്പോൾ സഫലമാകും. ചെറിയ നേട്ടങ്ങൾ[4] കൊണ്ട് അവർ സംതൃപ്തരാകേണ്ടി വരും.

32. നല്ല ഭാഗ്യംകൊണ്ട്, ഉചിതമായ സമയത്ത് അവിടെ പോകുകയും, ദർശനം നടത്തി, അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്പർശിച്ച് തൃപ്തരായവർക്ക്, അവരുടെ ഇഷ്ടപ്രകാരം അവിടെ താമസിക്കാൻ കഴിഞ്ഞിരുന്നോ? അതിന് ബാബ അനുവദിക്കേണ്ടിയിരുന്നു.

33. ആർക്കും സ്വന്തം ഇഷ്ടപ്രകാരം അവിടെ പോകാനോ, സ്വന്തം ഇഷ്ടപ്രകാരം അവിടെ താമസിക്കാനോ കഴിഞ്ഞിരുന്നില്ല. അനുവദിച്ചാൽ മാത്രമേ ഒരുവന് അവിടെ താമസിക്കാൻ കഴിയൂ, പോകാൻ പറയുമ്പോൾ അവിടംവിട്ട് പോകുകയും വേണം.

34. ഒരു അവസരത്തിൽ കാക്കാമഹാജനി ബോംബെയിൽ നിന്നും ഷിർദിയിലെത്തി. ഒരാഴ്ചക്കാലം ഷിർദിയിൽ താമസിച്ചതിനുശേഷം മടങ്ങിപ്പോകണമെന്നാണ് അയാൾ ഉദ്ദേശിച്ചത്.

35. അത് കൃഷ്ണാഷ്ടമി ഉത്സവങ്ങളുടെ അവസരത്തിലായിരുന്നു. ചാവടി മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. ബാബയുടെ മുമ്പിൽ തൊട്ടിൽ കെട്ടിയിടുകയും, ഭക്തർ വളരെയധികം സന്തോഷത്തോടെ നൃത്തം ചെയ്യുകയും ചെയ്തു.

36. ഉത്സവം കാണുന്നതിനും ആസ്വദിക്കുന്നതിനും വേണ്ടി ഗോകുലാഷ്ടമി വേളയിൽ കാക്കാ ഷിർദിയിലെത്തി.

37. ബാബയുടെ ദർശനത്തിന് എത്തിയ ഉടനെ ബാബ അയാളോട് ചോദിച്ചു: "എപ്പോഴാണ് നീ നിന്റെ ഗൃഹത്തിലേക്ക് പോകുന്നത്?" കാക്കാ ആശ്ചര്യപ്പെട്ടു.

38. സന്ദർശനത്തിന്റെ ആദ്യനിമിഷത്തിൽ തന്നെ ഈ ചോദ്യം കേട്ടപ്പോൾ കാക്കാ അദ്ഭുതപ്പെടുകയും അമ്പരക്കുകയും ചെയ്തു, എന്തെന്നാൽ എട്ട് ദിവസങ്ങൾ ഷിർദിയിൽ താമസിക്കണമെന്നാണ് അയാൾ ഉദ്ദേശിച്ചിരുന്നത്.

39. ബാബ സ്വയം അങ്ങനെ ചോദിച്ചപ്പോൾ, ഉത്തരം പറയേണ്ടത് കാക്കായുടെ കടമയായിരുന്നു. ബാബ സ്വയം നിർദ്ദേശിച്ചതെന്നപോലെ, അയാൾ ഉചിതമായ ഒരു മറുപടി നൽകി.

40. "ബാബ അനുവാദം നൽകുമ്പോൾ, ഞാൻ എന്റെ ഗൃഹത്തിലേയ്ക്ക് മടങ്ങും." കാക്കാ ഇപ്രകാരം മറുപടി പറഞ്ഞപ്പോൾ, ബാബ പറഞ്ഞു: "നാളെ പോകുക."

41. ഉത്തരവ് ആദരവോടെ അനുസരിച്ച്, ബാബയെ വന്ദിച്ചുകൊണ്ട്, അഷ്ടമി ഉത്സവമായിട്ടുകൂടി അതേദിവസം തന്നെ അയാൾ മടങ്ങിപ്പോയി.

42. പിന്നീട് തന്റെ പട്ടണത്തിൽ മടങ്ങിയെത്തി, ഔദ്യോഗികകാര്യാലയത്തിൽ എത്തിയപ്പോൾ, അയാളുടെ യജമാനൻ അയാളുടെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നതാണ് കാക്കാ കണ്ടത്.

43. മുനിം പെട്ടെന്ന് അസുഖബാധിതനായതിനാൽ, മുതലാളിക്ക് കാക്കായുടെ സേവനം ആവശ്യമായിരുന്നു. കാക്കായെ തിരികെ വിളിച്ചുകൊണ്ട്, അയാൾ ഷിർദിയിലേയ്ക്ക് കത്ത് അയച്ചിരുന്നു.

44. കാക്കാ ഷിർദിയിൽ നിന്നും മടങ്ങിയ ശേഷം, തപാൽശിപായി എത്തുകയും, കത്ത് തിരിച്ച് വിടുകയും ചെയ്തു; അത് കാക്കാ തന്റെ ഗൃഹത്തിൽ സ്വീകരിച്ചു.

45. ഇപ്പോൾ, ഈ വിവരണത്തിന് നേരെ വിപരീതമായ മറ്റൊരു ചെറുകഥ കേൾക്കുക. ഭക്തർക്ക് അവരുടെ സ്വന്തം നന്മ തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും, സായി അത് വ്യക്തമായി അറിഞ്ഞിരുന്നു.

46. ബാബയുടെ ഉത്തമഭക്തന്മാരിൽ ഒരാളായിരുന്നു, നാസിക്കിലെ പ്രശസ്ത അഭിഭാഷകൻ ബാപു സാഹേബ് ധൂമാൽ. ഒരിക്കൽ ബാബയുടെ ദർശനത്തിനു വേണ്ടി മാത്രം എത്തി.

47. ധൃതിയിൽ ദർശനം നടത്തി, അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ച്, ഉധിയും അനുഗ്രഹവും വാങ്ങി മടങ്ങണമെന്നാണ് അയാൾ ഉദ്ദേശിച്ചിരുന്നത്.

48. മടങ്ങിപ്പോകുമ്പോൾ, അയാൾക്ക് നിഫാഡിൽ എത്തേണ്ടതുണ്ടായിരുന്നു. ഒരു വ്യവഹാരത്തിന്റെ വാദത്തിനുവേണ്ടി, അയാൾക്ക് അവിടെ പോകണമായിരുന്നു.

49. അയാളുടെ ഉദ്ദേശ്യം അതായിരുന്നെങ്കിലും, ഉചിതവും അനുചിതവും എന്താണെന്ന് ബാബയ്ക്ക് അറിയാമായിരുന്നു. അയാൾ മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചപ്പോൾ, ബാബ നിരാകരിച്ചു.

50. അദ്ദേഹം അയാളെ ഒരാഴ്ച അവിടെ താമസിപ്പിച്ചു. അദ്ദേഹം ദൃഢമായി അനുമതി നിഷേധിച്ചു. വാദം മാറ്റിവയ്ക്കപ്പെട്ടു. ഇത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു.

51. ധൂമാൽ ഒരാഴ്ചയിലധികം താമസിക്കേണ്ടി വന്നു. വ്യവഹാരത്തിന്റെ വാദം നടക്കേണ്ട ദിവസം, ന്യായാധിപൻ അസുഖബാധിതനായി.

52. ന്യായാധിപൻ തന്റെ ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്ത തരത്തിലുള്ള ഉദരവേദന അനുഭവിച്ചു. സ്വാഭാവികമായും വാദം നീട്ടിവയ്ക്കപ്പെടുകയും ധൂമാലിന്റെ സമയം ഫലപ്രദമായി വിനിയോഗിക്കപ്പെടുകയും ചെയ്തു.

53. അത് അങ്ങനെയായിരുന്നു. ധൂമാലിന് സായിയുടെ സാമീപ്യം അനുഭവിക്കാൻ കഴിഞ്ഞു. കക്ഷികളുടെ ഉത്കണ്ഠ മാറി. സായിയിൽ വിശ്വാസമുണ്ടായിരുന്നതിനാൽ ഇതൊക്കെ അനായാസം സംഭവിച്ചു.

54. പിന്നീട്, ഉചിതമായ സമയത്ത് ധൂമാലിന് അനുവാദം കിട്ടി. അയാളുടെ ജോലികൾ തൃപ്തികരമായി പൂർത്തിയാക്കപ്പെട്ടു. സായിയുടെ കൃത്യങ്ങൾ അസാധാരണമാണ്!

55. വ്യവഹാരം നാലു മാസങ്ങൾ നീളുകയും, അതിനിടയിൽ നാലു ന്യായാധിപന്മാർ മാറുകയും ചെയ്തു. പക്ഷേ, ഒടുവിൽ വിജയം നേടി. കുറ്റം ചുമത്തപ്പെട്ടവൻ, കുറ്റക്കാരനല്ലെന്ന് കണ്ട് വിട്ടയയ്ക്കപ്പെട്ടു.

56. ഒരിക്കൽ, ശ്രേഷ്ഠഭക്തനായ നാനാസാഹേബ് നിമോൺകാറുടെ ഭാര്യയെ ബാബ എങ്ങനെയാണ് സഹായിച്ചതെന്നും അത് എപ്രകാരമായിരുന്നെന്നും കേൾക്കുക.

57. അയാൾക്ക് നിമോൺ ഗ്രാമത്തിന്റെ പാരമ്പര്യാവകാശം ഉണ്ടായിരുന്നു. സർക്കാർ അയാളെ ശിക്ഷാധികാരിയായി നിയമിച്ചിരുന്നു. അയാൾ വളരെ സ്വാധീനശക്തിയുള്ള വ്യക്തിയായിരുന്നു.

58. അയാൾ മാധവറാവുവിന്റെ മുതിർന്ന അമ്മാവനായിരുന്നു. വൃദ്ധനായിരുന്നെങ്കിലും വളരെ ആദരവ് ലഭിച്ചിരുന്ന വ്യക്തിയായിരുന്നു. അയാളുടെ ഭാര്യ ഭക്തിയും ആത്മാർത്ഥതയും ഉള്ള സ്ത്രീയായിരുന്നു. അവരുടെ ജീവിതത്തിലെ കുലദേവത സായി ആയിരുന്നു.

59. അവർ ഇരുവരും അവരുടെ പൈതൃകഗ്രാമം വിട്ട് ഷിർദിയിൽ താമസിക്കുകയായിരുന്നു. സായിയിൽ പൂർണ്ണവിശ്വാസമുള്ളതിനാൽ അവർ സന്തുഷ്ടിയോടെ ഷിർദിയിൽ ജീവിച്ചു.

60. അവർ സൂര്യോദയത്തിന് മുമ്പ് എഴുന്നേറ്റ്, സ്നാനം കഴിച്ച്, പ്രാർത്ഥനകൾ ചൊല്ലിയതിനുശേഷം ചാവടിയിലെത്തി പ്രഭാത ആരതി (കാകഡ്) ചെയ്യുമായിരുന്നു.

61. പിന്നീട് അയാൾ തന്റെ സ്തോത്രങ്ങൾ ജപിക്കും. എല്ലായ്പ്പോഴും ബാബയ്ക്ക് സേവനങ്ങൾ ചെയ്തുകൊണ്ട്, സൂര്യാസ്തമയം വരെയും നാനാ ബാബയുടെ സമീപത്ത് ഇരിക്കും.

62. അയാൾ ബാബയെ ലെൻഡിയിലേയ്ക്ക് കൊണ്ടുപോകുകയും തിരികെ മസ്ജിദിലേയ്ക്ക് കൊണ്ടുവരികയും ചെയ്യും. സ്നേഹം നിറഞ്ഞ ഹൃദയത്തോടെ, ആവശ്യമായ ഏത് സേവനവും അയാൾ നിർവ്വഹിക്കും.

63. അയാളുടെ ഭാര്യയും, ദിവസം മുഴുവൻ, ബാബയ്ക്ക് വേണ്ടി അവൾക്ക് ചെയ്യാൻ കഴിയുന്ന സേവനങ്ങൾ തികഞ്ഞ ഭക്തിയോടെ ചെയ്യുമായിരുന്നു.

64. സ്നാനം, ഭക്ഷണം പാകം ചെയ്യുക, കഴിക്കുക, ഉറങ്ങുക എന്നീ പ്രവൃത്തികൾക്ക് വേണ്ടി മാത്രമാണ് അവർ അവരുടെ ഗൃഹം ഉപയോഗിച്ചിരുന്നത്.

65. അവശേഷിക്കുന്ന സമയം മുഴുവൻ പ്രഭാതം, ഉച്ചനേരം, സന്ധ്യാനേരം എന്നിങ്ങനെ എല്ലായ്പ്പോഴും ഭക്തരായ ആ ദമ്പതികൾ ബാബയുടെ സമീപത്ത് ചെലവഴിച്ചു.

66. അത് അപ്രകാരമായിരുന്നു. അവരുടെ സേവനങ്ങൾ മുഴുവൻ ഞാൻ വിവരിക്കുകയാണെങ്കിൽ ഈ ഗ്രന്ഥം വളരെ ദീർഘമാകും. അതുകൊണ്ട് ഇപ്പോഴത്തെ വിഷയവുമായി ബന്ധപ്പെട്ട ഭാഗം മാത്രം ഞാൻ വിവരിക്കുന്നതാണ്.

67. ബേലാപൂരിൽ ആ സ്ത്രീയുടെ മകന് അസുഖം ബാധിച്ചതിനാൽ, അവൾക്ക് അവിടേയ്ക്ക് പോകേണ്ടി വന്നു. ഭർത്താവുമായി ചർച്ച ചെയ്ത് പോകാൻ ആവശ്യമായ സജ്ജീകരണങ്ങൾ അവൾ ഒരുക്കി.

68. പിന്നീട്, പതിവ് ക്രമമനുസരിച്ച് ബാബയോട് അഭിപ്രായം ചോദിക്കുകയും ബാബ അനുമതി നൽകിയ ഉടൻ അവൾ തന്റെ ഭർത്താവിനോട് പറയുകയും ചെയ്തു.

69. അത് അങ്ങനെ കഴിഞ്ഞു. ബേലാപ്പൂരിലേയ്ക്ക് പുറപ്പെടാനുള്ള തീരുമാനമായി. പക്ഷേ, അവൾ പിറ്റേദിവസം മടങ്ങി എത്തണമെന്ന് നാനാ അപ്പോൾ പറഞ്ഞു.

70. നാനായ്ക്ക് അയാളുടേതായ കാരണങ്ങൾ ഉണ്ടായിരുന്നു. അതിനാൽ അയാൾ അവളോട് യാത്ര പോയി പെട്ടെന്ന് മടങ്ങിവരണമെന്ന് ആവശ്യപ്പെട്ടു. അതിനാൽ അയാളുടെ ഭാര്യയ്ക്ക് രണ്ട് മനസ്സായി.

71. പിറ്റേദിവസം പോള ഉത്സവ[5] അമാവാസിയായിരുന്നു. ആ ദിവസം കൂടി അവിടെ ചെലവഴിക്കണമെന്നതായിരുന്നു ആ സ്ത്രീയുടെ ആഗ്രഹം. പക്ഷേ നാനായ്ക്ക് സമ്മതമായിരുന്നില്ല.

72. കൂടാതെ, അമാവാസി ദിനമായതിനാൽ ഒരു സ്ഥലത്തേയ്ക്ക് യാത്ര ചെയ്യാനോ അവിടെ നിന്ന് പുറപ്പെടാനോ പാടില്ലെന്നായിരുന്നു വിശ്വാസം. അതിനാൽ അവൾ വിഷമഘട്ടത്തിലാകുകയും, അത് എങ്ങനെ പരിഹരിക്കുമെന്നും അറിയില്ലായിരുന്നു.

73. ബേലാപ്പൂരിൽ പോകാതെ അവൾക്ക് മനഃസമാധാനമുണ്ടാകില്ല. എന്നാൽ ഭർത്താവിന്റെ വികാരങ്ങളെ വ്രണപ്പെടുത്താനുമാകില്ല. അനുസരണക്കേടിന്റെ പ്രശ്നമേ ഉദിക്കുന്നില്ല.

74. എന്തുമാകട്ടെ. അവൾ തന്റെ തയ്യാറെടുപ്പുകൾ പൂർത്തിയാക്കി ബേലാപ്പൂരിലേയ്ക്ക് യാത്രയാകാൻ ഒരുങ്ങി. അപ്പോൾ ബാബ ലെൻഡിയിലേയ്ക്ക് പോകുകയായിരുന്നു. അവൾ അദ്ദേഹത്തിന്റെ മുമ്പിൽ വണങ്ങി.

75. യാത്രകൾ പുറപ്പെടും മുമ്പ് ഈശ്വരന്റെ മുമ്പിൽ വണങ്ങി, തടസ്സങ്ങൾ ഒഴിവാക്കിത്തരണമേ എന്ന് പ്രാർത്ഥിക്കുന്നത് പതിവാണ്. ഈ ആചാരം ഷിർദിയിലും പിന്തുടർന്നിരുന്നു.

76. പക്ഷേ, അവിടത്തെ ദേവത സായിയായിരുന്നു. യാത്ര പുറപ്പെടാൻ ധൃതിയുണ്ടെങ്കിൽപ്പോലും, യാത്രയ്ക്ക് മുമ്പ്, അവർ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കും.

77. ഈ പതിവനുസരിച്ച്, സാഥേവാഡയ്ക്ക് സമീപം ബാബ നിൽക്കുന്നത് കണ്ട്, ഒരു നിമിഷത്തേയ്ക്ക് ആ സ്ത്രീ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു.

78. നാനാസാഹേബ് നിമോൺകാർ, ഉന്നതരും, അധികം പ്രാധാന്യം ഇല്ലാത്തവരും തുടങ്ങി ബാബയുടെ ദർശനത്തിനായി അവിടെ കൂടിയിരുന്ന ജനങ്ങളെല്ലാം അദ്ദേഹത്തെ അഭിവാദ്യം ചെയ്തു.

79. അത്രയും ആളുകളുടെ കൂട്ടത്തിന് മുമ്പിൽ, പ്രത്യേകിച്ചും നാനായുടെ സാന്നിദ്ധ്യത്തിൽ, ബാബ ആ സ്ത്രീയോട് എന്താണ് പറഞ്ഞതെന്ന് സംയമനത്തോടെ കേൾക്കുക.

80. അവൾ തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിച്ച് യാത്ര പുറപ്പെടാനുള്ള അനുവാദം ചോദിച്ചപ്പോൾ ബാബ പറഞ്ഞു: "കഴിയുന്നതും വേഗം നീ യാത്ര പറപ്പെടുക. സമാധാനമായി പോകുക.

81. "ഇപ്പോൾ നീ പോകുകയാണ്, സാവകാശം നാല് ദിനങ്ങൾ ബേലാപ്പൂരിൽ താമസിക്കുക. എല്ലാവരെയും സന്ദർശിച്ച് സുഖാന്വേഷണങ്ങൾ നടത്തിയതിനുശേഷം ഷിർദിയിലേയ്ക്ക് തിരികെ വരിക."

82. അത് അപ്രകാരമായിരുന്നു. ബാബയുടെ വാക്കുകൾ ആ സ്ത്രീയുടെ മനസ്സിന് വിവരിക്കാനാകാത്ത സമാധാനം നൽകി. നിമോൺകാറിനും സൂചന മനസ്സിലായി. അവർ ഇരുവരും സന്തുഷ്ടരായി.

83. ചുരുക്കിപ്പറഞ്ഞാൽ, നമ്മൾ ഓരോന്ന് ആസൂത്രണം ചെയ്യുമ്പോൾ സാഹചര്യങ്ങളുടെ പൂർണ്ണമായ സ്ഥിതിവിശേഷം നമുക്ക് ഗ്രഹിക്കാൻ കഴിയില്ല. നമ്മുടെ നന്മ എവിടെയാണെന്നും അല്ലെന്നും ദിവ്യന്മാർക്ക് ഗ്രഹിക്കാൻ കഴിയും. അവർക്ക് അറിയാൻ കഴിയാത്ത കാര്യങ്ങളൊന്നുമില്ല.

84. ഒരുവൻ തന്റെ കൈയ്യിലെ കൈരേഖകൾ അറിയുന്നതുപോലെ, ഭൂതം, വർത്തമാനം, ഭാവി എന്നിവ അവർ അറിയുന്നു. അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഭക്തന്മാർ അതിൽ നിന്നും ഫലം നേടും.

85. അത് അങ്ങനെ ആകട്ടെ. ഇപ്പോൾ നമ്മൾ മൂലയ് അനുഗൃഹീതനായതും, അയാളുടെ ഗുരുവിന്റെ ദർശനം ലഭിച്ചത് എങ്ങനെ എന്നുമുള്ള പ്രധാനകഥ

യിലേയ്ക്ക് മടങ്ങുന്നതാണ്.

86. ശ്രീമാൻ ബാപുസാഹേബ് ബൂട്ടിയെ സന്ദർശിച്ച് പെട്ടെന്ന് മടങ്ങുക എന്നതായിരുന്നു മൂലയ്യുടെ ഉദ്ദേശ്യം.

87. ഇതായിരുന്നു അയാളുടെ ഉദ്ദേശ്യമെങ്കിലും, ബാബയ്ക്ക് തികച്ചും വ്യത്യസ്തമായ പദ്ധതിയാണ് ഉണ്ടായിരുന്നത്. ആ അതിശയകൃത്യവും അതിൽ അടങ്ങിയിരിക്കുന്ന അർത്ഥവും ശ്രദ്ധയോടെ കേൾക്കുക.

88. അയാൾ ശ്രീമാൻ ബൂട്ടിയെ കണ്ടു. പിന്നീട് എല്ലാവരും കൂടി മസ്ജിദിലേയ്ക്ക് തിരിച്ചു. അവരോടൊപ്പം പോകണമെന്ന് മൂലയ്യ്ക്ക് തോന്നുകയും അവരോടൊപ്പം കൂടുകയും ചെയ്തു.

89. മൂലയ് ആറ് ശാസ്ത്രങ്ങളും അഭ്യസിച്ചിരുന്നു. അയാൾ ജ്യോതിഷത്തിലും ഹസ്തരേഖാശാസ്ത്രത്തിലും നിപുണനായിരുന്നു. ബാബയുടെ ദർശനം അയാളുടെ മനസ്സിനെ കീഴടക്കി.

90. പേഡ, ബതസാസ്, ബർഫി[6], നാളികേരം, ഓറഞ്ച് തുടങ്ങിയ പഴവർഗ്ഗങ്ങൾ എന്നിവ ബാബയുടെ സ്നേഹസമ്പന്നരും നിഷ്കളങ്കരുമായ ഭക്തന്മാർ നിർലോഭം കാഴ്ചവയ്ക്കുന്നുണ്ടായിരുന്നു.

91. കൂടാതെ പഴക്കച്ചവടക്കാരികളും അവിടെ എത്തി. ബാബ ഞാവൽ, നേന്ത്രക്കായ, കരിമ്പ് തുടങ്ങി അദ്ദേഹത്തിന് ഇഷ്ടമായ ഫലങ്ങൾ, സ്വന്തം കൈകൊണ്ട് വിലകൊടുത്ത് വാങ്ങി.

92. അനേകം കൊട്ടകൾ നിറച്ച് മാങ്ങകളും നേന്ത്രപ്പഴങ്ങളും വിലകൊടുത്ത് വാങ്ങി, അതൊക്കെ അദ്ദേഹത്തിന് തൃപ്തിയാവോളം ഭക്തന്മാർക്കിടയിൽ വിതരണം ചെയ്യുമായിരുന്നു

93. അദ്ദേഹം മാങ്ങകൾ ഓരോന്നായി എടുത്ത് ഉള്ളം കൈകൾക്കിടയിൽ വച്ച്, അവ വളരെ മൃദുവാകുന്നത് വരെ തിരുമ്മും. പിന്നീട് അത് ഭക്തന്മാർക്ക് നൽകും.

94. അവരുടെ ചുണ്ടുകൾ മാങ്ങയിൽ സ്പർശിച്ചാലുടൻ, ഒരു കോപ്പയിൽ നിന്നും എന്നതുപോലെ ചാറ് മുഴുവനും അവരുടെ ഉദരത്തിലേക്ക് ഒഴുകുകയും, തൊലിയും വിത്തും വലിച്ചെറിയാനും കഴിയും.

95. നേന്ത്രക്കായുടെ കാര്യത്തിലാകട്ടെ അത് വളരെ അസാധാരണമായ രീതിയിലായിരുന്നു. കാമ്പ് ഭക്തൻമാർക്ക് നൽകിയിട്ട് തൊലി ബാബ ഭക്ഷിക്കും. എത്ര അതിശയകരമാണ് അദ്ദേഹത്തിന്റെ പ്രവൃത്തികൾ!

96. ഈ പഴങ്ങളെല്ലാം ബാബ സ്വന്തം കൈകൾകൊണ്ട് എല്ലാവർക്കും വിതരണം ചെയ്തു. ചിലപ്പോൾ അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ സ്വയം ചിലത് രുചിക്കും.

97. പതിവനുസരിച്ച്, അന്നേ ദിവസവും, ബാബ ഒരു കൊട്ട നേന്ത്രക്കായ് വാങ്ങി ഭക്തർക്ക് വിതരണം ചെയ്യുകയായിരുന്നു.

98. മൂലയ് ശാസ്ത്രി ബാബയുടെ പാദങ്ങൾ കണ്ട് ആശ്ചര്യപ്പെട്ടു. 'ധ്വജം, വജ്രം, അങ്കുശം'[7] എന്നീ ചിഹ്നങ്ങൾ ബാബയുടെ പാദത്തിൽ കണ്ടത് വിശദമായി നോക്കാൻ അയാൾ ആഗ്രഹിച്ചു.

99. ആ സമയത്ത്, ബാബയുടെ ഭക്തനായ കാക്കാസാഹേബ് സമീപത്തുണ്ടായിരുന്നു. അയാൾ നാലു നേന്ത്രക്കായകൾ എടുത്ത് ബാബയുടെ കൈകളിൽ വച്ചു.

100. ആരോ ബാബയോട് ആത്മാർത്ഥമായി പ്രാർത്ഥിച്ചു, "ബാബാ, ഒരു പുണ്യസ്ഥലത്തിൽ വസിക്കുന്ന ഈ മൂലയ്ശാസ്ത്രി, അയാളുടെ സദ്ഗുണങ്ങൾ കൊണ്ട് അങ്ങയുടെ സമീപത്ത് എത്തിച്ചേർന്നിരിക്കുന്നു. ദയവായി ഈ പഴങ്ങൾ അദ്ദേഹത്തിന് നൽകുകയില്ലേ?"

101. അഭ്യർത്ഥന ഉണ്ടായാലും ഇല്ലെങ്കിലും ബാബയ്ക്ക് സ്വയം തോന്നിയില്ലെങ്കിൽ അദ്ദേഹം ആർക്കും ഒന്നും നൽകുകയോ, ഒന്നും ചെയ്യുകയോ ഇല്ല.

102. മൂലയ് ആവശ്യപ്പെട്ടത് പഴങ്ങളല്ല അദ്ദേഹത്തിന്റെ കരങ്ങളാണ്; അതിനുവേണ്ടി അയാൾ തന്റെ കൈകൾ മുമ്പോട്ട് നീട്ടി. ബാബ അത് ശ്രദ്ധിക്കാതെ പ്രസാദം വിതരണം ചെയ്തുകൊണ്ടിരുന്നു.

103. മൂലയ് ബാബയോട് അഭ്യർത്ഥിച്ചു, "എനിക്ക് പഴങ്ങൾ ആവശ്യമില്ല. പക്ഷേ അങ്ങയുടെ കൈകൾ തരിക." അയാൾ പറഞ്ഞു: "എനിക്ക് ഹസ്തരേഖാശാസ്ത്രം അറിയാം." ബാബ അയാൾക്ക് തന്റെ കരം നീട്ടിയില്ല.

104. എന്നിട്ടും, മൂലയ് മുമ്പോട്ട് നീങ്ങി, ബാബയുടെ കരത്തിലെ രേഖകൾ നോക്കാനായി കൈകൾ നീട്ടി. എന്നാൽ ബാബ ഒട്ടും താല്പര്യം കാട്ടാതെ, അയാളെ പാടേ അവഗണിച്ചു.

105. ബാബ, അയാളുടെ നീട്ടിയ കരങ്ങളിലേയ്ക്ക് നാലു നേന്ത്രപ്പഴങ്ങൾ നൽകിക്കൊണ്ട്, സ്വസ്ഥാനത്ത് ഇരിക്കുവാൻ നിർദ്ദേശിച്ചു. പക്ഷേ, തന്റെ കരങ്ങൾ മൂലയ്യ്ക്ക് നൽകിയില്ല.

106. ആഗ്രഹങ്ങളൊക്കെയും സഫലമായ, സ്വന്തം ശരീരം ഈശ്വരസേവയ്ക്ക് വേണ്ടി ഉഴിഞ്ഞുവച്ച സായിരായന് ഹസ്തരേഖാപ്രവചനം കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? ഭക്തർക്ക് മാതാവും പിതാവും ആയിരുന്നു അദ്ദേഹം!

107. ബാബയുടെ വൈരാഗ്യപ്രകൃതിയും, ഹസ്തരേഖാശാസ്ത്രത്തോടുള്ള താല്പര്യക്കുറവും കണ്ടപ്പോൾ ശാസ്ത്രിബുവാ തന്റെ കൈകൾ പിൻവലിക്കുകയും അദ്ദേഹത്തെ വീണ്ടും നിർബന്ധിക്കുന്നതിൽ നിന്നും പിന്തിരിയുകയും ചെയ്തു.

108. കുറച്ച് നേരം അയാൾ നിശ്ശബ്ദനായി ഇരിക്കുകയും പിന്നീട് മറ്റ് സംഘാംഗങ്ങളോടൊപ്പം വാഡയിൽ എത്തി സ്നാനം കഴിഞ്ഞ് 'സോവാള'[8] ധരിച്ച് അഗ്നിഹോത്രം ചെയ്യാൻ തുടങ്ങി.

109. നേരേ മറിച്ച്, ബാബയാകട്ടെ, തന്റെ പതിവനുസരിച്ച് ലെൻഡിയിലേയ്ക്ക് പോയി. അദ്ദേഹം പറഞ്ഞു: "നിങ്ങൾ കുറച്ച് കാവിപ്പൊടി എടുത്തുകൊള്ളൂ. ഞാൻ ഇന്ന് കാവിനിറത്തിലുള്ള വസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നു."

110. എല്ലാവരും ആശ്ചര്യപ്പെട്ടു. ബാബയ്ക്ക് എന്തിനാണ് കാവിപ്പൊടി? ഇന്ന് എന്തുകൊണ്ടാണ് ബാബയ്ക്ക് കാവിപ്പൊടിയെക്കുറിച്ചുള്ള ഓർമ്മയുണ്ടായതെന്ന് അവർ ചിന്തിച്ചു.

111. ബാബയുടെ വാക്കുകൾ യഥാർത്ഥമായ അർത്ഥത്തെ, നേരായി വെളിപ്പെടുത്തുന്നവയായിരുന്നില്ല. എന്ത് അർത്ഥമാണ് ഒരുവൻ ഗ്രഹിക്കുക? അവ ശ്രദ്ധിച്ചശേഷം മനസ്സിൽ സൂക്ഷിക്കുകയാണെങ്കിൽ ശരിയായ അർത്ഥം സ്വയം വെളിപ്പെടും (ഉചിതമായ സമയത്ത്).

112. അത്തരത്തിലാണ് ദിവ്യന്മാരുടെ വാക്കുകൾ, അവ ഒരിക്കലും വെറുതെയാകില്ല. അവ മുഴുവൻ ആഴത്തിലുള്ള അർത്ഥം നിറഞ്ഞവയാണ്. ആർക്കാണ് അത് ഗ്രഹിക്കാൻ കഴിയുക?

113. ആദ്യം ചിന്തയുണ്ടാകുന്നു, പിന്നെ പ്രവൃത്തികളും. സാധാരണഗതിയിൽ ഇങ്ങനെയാണ് സംഭവിക്കുക. ദിവ്യന്മാരുടെ പെരുമാറ്റം അവരുടെ ഭാഷണവുമായി പൊരുത്തമുള്ളതായിരിക്കും.

114. പരക്കെ അറിയപ്പെടുന്നതുപോലെ, ദിവ്യന്മാരുടെ വാക്കുകൾ ഒരിക്കലും വെറുതെയാകില്ല. നാം അവ നമ്മുടെ ഹൃദയത്തിൽ സൂക്ഷിക്കുകയാണെങ്കിൽ, ശരിയായ സമയത്ത് അവയുടെ അർത്ഥം തെളിഞ്ഞ് വരും.

115. അത് അങ്ങനെയാകട്ടെ. ബാബ മടങ്ങി എത്തി. കുഴൽവാദ്യങ്ങൾ മുഴങ്ങി. ബാപുസാഹേബ് ജോഗ് മൂലയ്യോട് ഉചിതമായ ഒരു നിർദ്ദേശം പെട്ടെന്ന് നൽകി.

116. "ആരതിക്കുള്ള സമയമായി. അങ്ങ് എന്നോടൊപ്പം മസ്ജിദിലേയ്ക്ക് വരുമോ?" പക്ഷേ ശാസ്ത്രിബുവയ്ക്ക് അത് വളരെ ബുദ്ധിമുട്ടുള്ള അവസ്ഥയായി തോന്നി, എന്തെന്നാൽ സോവാളയെ അനുബന്ധിച്ചുള്ള ശുദ്ധിയും വെടിപ്പും മറ്റ് കാര്യക്രമങ്ങളും അയാൾ ഓർത്തു.

117. മറുപടിയായി അയാൾ പറഞ്ഞു, "ഞാൻ പിന്നീട് വൈകുന്നേരം ദർശനം നടത്താം." അപ്പോൾ ആരതിക്കുവേണ്ടി ഒരുക്കങ്ങൾ നടത്താനായി ജോഗ് പുറപ്പെട്ടു.

118. ഇതിനിടയ്ക്ക്, ബാബ തിരിച്ചെത്തി തന്റെ ഇരിപ്പിടത്തിൽ ഇരുന്ന്, ഭക്തരുമായി സംഭാഷണത്തിലേർപ്പെട്ടു. ഭക്തന്മാർ അവരുടെ പൂജകൾ നിർവ്വഹിച്ച ശേഷം, ആരതിക്കുവേണ്ടി കാത്തു നിൽക്കുകയായിരുന്നു.

119. ആ സമയത്ത് ബാബ പറഞ്ഞു: "പോകൂ, പുതുതായി വന്ന ബ്രാഹ്മണനിൽ നിന്നും ദക്ഷിണ വാങ്ങി വരിക." ഉടൻ തന്നെ ബാപുസാഹേബ് ബൂട്ടി ദക്ഷിണ വാങ്ങാനായി പുറപ്പെട്ടു.

120. അപ്പോൾ മൂലയ് സ്നാനം കഴിഞ്ഞ്, സോവാള ധരിച്ച്, കാലുകൾ പിണച്ച്, ശാന്തമായ മനസ്സോടെ ധ്യാനിക്കാൻ ഇരുന്നു.

121. സന്ദേശം ശ്രവിച്ചപ്പോൾ മൂലയ്യ്ക്ക് മനഃചാഞ്ചല്യം ഉണ്ടായി. "പരിശുദ്ധ അഗ്നിഹോത്രിയായ ഞാൻ എന്തിന് ദക്ഷിണ നൽകണം?

122. ബാബ ഒരു ശ്രേഷ്ഠദിവ്യനായിരിക്കാം. പക്ഷേ ഞാൻ ഏതെങ്കിലും വിധത്തിൽ അദ്ദേഹത്തിന് കടപ്പെട്ടിട്ടുണ്ടോ? എന്തിനാണ് അദ്ദേഹം എന്നോട് ദക്ഷിണ ആവശ്യപ്പെടുന്നത്?" ഇത്തരത്തിൽ അയാൾ വേവലാതിപ്പെട്ടു.

123. പക്ഷേ, ദക്ഷിണ ആവശ്യപ്പെട്ടത് ബാബയെപ്പോലെ ശ്രേഷ്ഠനായ വ്യക്തി

യാണ്. സന്ദേശം കൊണ്ടുവന്നത് ഒരു കോടീശ്വരനാണ്. സന്ദേഹപ്പെട്ടുവെങ്കിലും മൂലയ് ദക്ഷിണ കരുതിവച്ചു.

124. കൂടാതെ മറ്റൊരു സംശയം കൂടി അയാൾക്കുണ്ടായിരുന്നു. അയാളുടെ സ്വന്തം പൂജാകർമ്മങ്ങൾ നിർത്തിവച്ചുകൊണ്ട് മസ്ജിദിലേയ്ക്ക് എങ്ങനെ പോകും. അതേ സമയം, നിഷേധാത്മകമായി പറയാനും കഴിയുന്നില്ല.

125. സംശയാലുവിന് ഒരിക്കലും മനഃസമാധാനം ഉണ്ടാകില്ല. അയാളുടെ മനസ്സ് എപ്പോഴും ചഞ്ചലമായിരിക്കും. അയാൾക്ക് ഈ വഴിയും കാണില്ല, ആ വഴിയും കാണില്ല. അയാളുടെ അവസ്ഥ ത്രിശങ്കു[9]വിന്റേത് പോലെയാണ്.

126. ഇതൊക്കെയാണങ്കിലും, ഒടുവിൽ അയാൾ പോകാൻ തീരുമാനിച്ചു. അയാൾ മസ്ജിദിന്റെ മുറ്റത്തെത്തി, കുറച്ച് അകലെ മാറി നിന്നു.

127. താൻ സ്വയം ശുദ്ധനും ദിവ്യനും, മസ്ജിദ് മറിച്ചാണെന്നുമിരിക്കേ, അയാൾക്ക് എങ്ങനെ ബാബയുടെ അടുത്തേയ്ക്ക് പോകാൻ കഴിയും? അയാൾ അകലെ നിന്നുകൊണ്ട് കൈകൾ കൂപ്പുകയും, ബാബയുടെ മേൽ പുഷ്പങ്ങൾ വിതറുകയും ചെയ്തു.

128. ആ നിമിഷത്തിൽ, ഒരു അദ്ഭുതസംഭവം നടന്നു. അയാളുടെ കണ്ണുകൾക്ക് മുമ്പിൽ, ബാബ അപ്രത്യക്ഷനാകുകയും പകരം അയാളുടെ ആരാധ്യഗുരു ശ്രീ ഘോലാപിനെ[10] കാണുകയും ചെയ്തു.

129. മറ്റെല്ലാവർക്കും, പതിവുപോലെ സായിസമർത്ഥനായിരുന്നു, പക്ഷേ മൂലയ്യുടെ കണ്ണുകൾക്ക് അത് വളരെ നാളുകൾക്ക് മുമ്പ് മരണമടഞ്ഞ ഗോലാപ്നാഥ് ആയിരുന്നു. മൂലയ് വളരെ ആശ്ചര്യപ്പെട്ടു.

130. ഗുരു സമാധിയായെങ്കിലും, ഇപ്പോൾ അയാളുടെ ദൃഷ്ടികൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതിനാൽ മൂലയ് പരിഭ്രാന്തനാകുകയും, സ്വാഭാവികമായും സംശയങ്ങൾ ഉണ്ടാകുകയും ചെയ്തു.

131. ഇതൊരു സ്വപ്നമാണെങ്കിൽ അയാൾ ഉറങ്ങുകയല്ല. ഇനി ഇപ്പോൾ അയാൾ ഉണർന്നിരിക്കുകയാണെങ്കിൽ, അയാളുടെ ഗുരുവിനെ എങ്ങനെ മുമ്പിൽ കാണാൻ കഴിയുന്നു? അയാളുടെ മനസ്സിൽ വിഭ്രാന്തി ഉണ്ടാകുകയും, നാവ് ചലനമറ്റ് പോകുകയും ചെയ്തു.

132. അയാൾ സ്വയം നുള്ളുകയും ഇപ്രകാരം ചിന്തിക്കുകയും ചെയ്തു: 'ഇത് ഒരു മിഥ്യയല്ല. എന്തിനാണ് അനാവശ്യമായ സംശയങ്ങളുണ്ടാകുന്നത്? ഞാൻ ഇവിടെ മറ്റുള്ളവരോടൊപ്പം നിൽക്കുകയാണ്.'

133. മൂലയ് ഗുരുഘോലാപിന്റെ ശിഷ്യനായിരുന്നു. ബാബയെക്കുറിച്ച് അയാൾക്ക് സംശയങ്ങളുണ്ടായിരുന്നെങ്കിലും പിന്നീട് അദ്ദേഹത്തിൽ വിശ്വാസമുണ്ടാകുകയും, അതിനെക്കുറിച്ച് സന്ദേഹങ്ങളുമുണ്ടായിരുന്നില്ല.

134. വേദങ്ങളും വേദാന്തങ്ങളും നന്നായി അഭ്യസിച്ച, ഒരു ശ്രേഷ്ഠബ്രാഹ്മണനായിരുന്നു അയാൾ. മസ്ജിദിൽ ഗുരുഘോലാപിന്റെ ദർശനം കണ്ട് അയാൾ അദ്ഭുതപരതന്ത്രനായി.

135. അയാൾ മസ്ജിദിന്റെ പടികൾ കയറി, ഗുരുവിന്റെ പാദങ്ങൾ വന്ദിച്ച്, കൂപ്പു

കൈകളോടെ ആശ്ചര്യഭരിതനായി നിശ്ശബ്ദതയോടെ നിന്നു.

136. കാവിവസ്ത്രങ്ങളും കാവി ഉത്തരീയവും ധരിച്ച് ഖോലാപ് സ്വാമിയെ കണ്ട പ്പോൾ, മൂലയ് മുമ്പോട്ട് ഓടിച്ചെന്ന് വീണ്ടും വീണ്ടും അദ്ദേഹത്തിന്റെ പാദ ങ്ങൾ പുണർന്നു.

137. ഉന്നതജാതിക്കാരനാണെന്നുള്ള അയാളുടെ അഹങ്കാരം ഉടഞ്ഞുവീണു. ആത്മ ജ്ഞാനിയായിരുന്ന ഗുരുവിന്റെ ദർശനത്തോടെ അയാളുടെ കാഴ്ചപ്പാട് സുതാ ര്യമായി. അയാൾ സ്വയം ഭാഗ്യവാനാണെന്ന് കരുതി[11].

138. അയാളുടെ സംശയപരമായ പ്രകൃതം മാറി. അയാൾക്ക് ബാബയിൽ സ്നേഹ മുണ്ടായി. പകുതി അടഞ്ഞ കണ്ണുകളോടെ അയാൾ ബാബയുടെ പാദങ്ങളി ലേയ്ക്ക് നോക്കി നിന്നു.

139. പൂർവ്വജന്മങ്ങളിലെ അനേകം പുണ്യകർമ്മങ്ങൾക്ക് ഇപ്പോൾ ഫലപ്രാപ്തി യുണ്ടായി. അയാളുടെ ദൃഷ്ടികൾ സായിയുടെ പാദങ്ങൾ ദർശിച്ചു, അയാൾ ആ ചരണതീർത്ഥത്തിൽ[12] സ്നാനം ചെയ്തു. തന്റെ വിധിയിൽ മഹാഭാഗ്യം സിദ്ധിച്ചിരിക്കുന്നു എന്ന് അയാൾ ചിന്തിച്ചു.

140. അനേകം പേർ ആശ്ചര്യപ്പെട്ടു. വളരെപ്പെട്ടെന്ന് എന്താണ് സംഭവിച്ചത്? അകലെ നിന്നുകൊണ്ട് പുഷ്പങ്ങൾ വിതറിയിട്ട്, ഇപ്പോൾ ബാബയുടെ പാദ ങ്ങളിൽ ശിരസ്സർപ്പിച്ചിരിക്കുന്നു!

141. മറ്റുള്ളവർ ബാബയുടെ ആരതി ആലപിക്കവേ, മൂലയ് ഗുരുഖോലാപിന്റെ നാമത്തിൽ വളരെ ഉച്ചസ്വരത്തിൽ ആരതി പാടുകയും സ്നേഹാധിക്യത്താൽ പരിസരം മറന്ന് നിൽക്കുകയും ചെയ്തു.

142. സോവാളയെക്കുറിച്ചുള്ള വിലക്കുകളെല്ലാം ഉപേക്ഷിക്കുകയും, തീണ്ടൽ, തീണ്ടലില്ലായ്മ എന്നീ ബോധങ്ങൾ ഇല്ലാതാകുകയും ചെയ്തു. അയാൾ സ്വയം സമർപ്പിച്ച്, ആനന്ദത്തോടെ കണ്ണുകൾ അടച്ചു.

143. അയാൾ എഴുന്നേറ്റ്, കണ്ണുകൾ തുറന്നപ്പോൾ ഖോലാപ് സ്വാമി അപ്രത്യക്ഷ നാകുകയും പകരം ആ സ്ഥാനത്ത് സായി സമർത്ഥർ ദക്ഷിണ ആവശ്യപ്പെ ടുന്നതുമാണ് കണ്ടത്.

144. പരമാനന്ദസ്വരൂപമായ ബാബയെ ദർശിക്കുകയും അദ്ദേഹത്തിന്റെ നിർവ്വച നാതീതമായ ശക്തികൾ അറിയുകയും ചെയ്തപ്പോൾ, മൂലയ് അദ്ഭുതപര തന്ത്രനാകുകയും, സ്വയം മറന്നു നിൽക്കുകയും ചെയ്തു.

145. സായി മഹാരാജിന്റെ ശക്തികൾ അനുപമമാണ്, എന്തെന്നാൽ അവ അറി ഞ്ഞപ്പോൾ അയാൾക്ക് ആഹാരപാനീയങ്ങളിലുള്ള താൽപര്യം ഇല്ലാതായി. മൂലയ് ഭ്രാന്തമായ ഹർഷോന്മാദത്തിലായിരുന്നു, എന്തുകൊണ്ടെന്നാൽ അയാൾക്ക് സ്വന്തം ഗുരുവിന്റെ ദർശനമെന്ന ഭാഗ്യം ലഭിച്ചു.

146. അയാൾ സംതൃപ്തനായിരുന്നു. അയാൾ ബാബയുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. ആനന്ദക്കണ്ണീരോടെ, തന്റെ ശിരസ്സ് ബാബയുടെ പാദങ്ങളിൽ സമർപ്പിച്ചു.

147. അയാളുടെ പക്കലുണ്ടായിരുന്നത് അയാൾ ദക്ഷിണയായി നൽകുകയും

വീണ്ടും തന്റെ ശിരസ്സ് ബാബയുടെ പാദങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. അയാളുടെ കണ്ണുകൾ സ്നേഹാശ്രുക്കളാൽ നിറയുകയും, വികാരക്ഷോഭം കൊണ്ട് ശരീരം വിറകൊള്ളുകയും ചെയ്തു.

148. വികാരംകൊണ്ട് അയാളുടെ ശബ്ദമിടറുകയും, ഭക്തിയുടെ അഷ്ടഭാവങ്ങൾ[13] നിറയുകയും ചെയ്തു. ഇപ്പോൾ തന്റെ സംശയങ്ങൾക്കെല്ലാം ഉത്തരം ലഭിച്ചുവെന്നും, എല്ലാറ്റിനുമുപരിയായി തനിക്ക് തന്റെ ഗുരുവിനെ കാണാൻ കഴിഞ്ഞു എന്നും അയാൾ ചിന്തിച്ചു.

149. ബാബയുടെ അനുപമമായ ലീല കാണുകയും, 'കാവിപ്പൊടി'യുടെ പ്രാധാന്യം എന്താണെന്നും[14], അതുകൊണ്ട് ബാബ എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ, എല്ലാപേരും, മൂലയ് ഉൾപ്പെടെ, വികാരഭരിതരായി.

150. മഹാരാജും മൂലയ്യും മുമ്പുകണ്ട ആളുകൾ തന്നെയാണ് (എന്നിട്ടും മുഴുവൻ സാഹചര്യത്തിലും എന്ത് മാറ്റമാണ് ഉണ്ടായിരിക്കുന്നത്). ഇതിൽ ഇപ്പോൾ അദ്ഭുതപ്പെടാൻ എന്താണ് ഉള്ളത്? ബാബയുടെ മാർഗ്ഗങ്ങൾ ആർക്ക് എപ്പോൾ ഗ്രഹിക്കാൻ കഴിയും? അദ്ദേഹത്തിന്റെ ലീലകൾ തീർച്ചയായും അഗാധമാണ്.

151. അതേപോലെ, ബാബയുടെ ദർശനം ആദരവോടെ കരുതിയ ഒരു മംലത്ത്ദാർ തന്റെ ഭിഷഗ്വരനായ സുഹൃത്തിനോടൊപ്പം ഷിർദിയിലേക്ക് തിരിച്ചു.

152. ഭിഷഗ്വരനാകട്ടെ, ശ്രീരാമഭക്തനായ ഒരു ബ്രാഹ്മണനും, ആചാരപ്രകാരമുള്ള അനുഷ്ഠാനങ്ങളും പൂജാവിധികളും ശരിയാംവണ്ണം ചെയ്യുകയും, അവയിൽ നിപുണനുമായിരുന്നു.

153. "സായിബാബ ഒരു മുസൽമാനും ഞാൻ ശ്രീരാമഭക്തനുമാണ്. ഞാൻ അദ്ദേഹത്തിന് മുമ്പിൽ പ്രണാമം ചെയ്യില്ല." അയാൾ തന്റെ സുഹൃത്തിനോട് മുൻകൂട്ടി പറഞ്ഞു.

154. "ഒരു മുസൽമാന്റെ പാദങ്ങളിൽ വന്ദിക്കാൻ ഞാൻ തയ്യാറല്ലാത്തതിനാൽ, ഷിർദിയിലേയ്ക്ക് യാത്ര ചെയ്യാൻ തുടക്കം മുതൽ എനിക്ക് താൽപര്യമില്ല."

155. "പാദങ്ങളിൽ വന്ദിക്കുക' - എന്ന് ആരും നിർബന്ധിക്കില്ല. അതിനെക്കുറിച്ച് സന്ദേഹം വേണ്ട. മുൻവിധിയുടെ ആവശ്യമില്ല. അതിനെക്കുറിച്ച് സംശയമേ വേണ്ട.

156. ബാബ ഒരിക്കലും, "എന്റെ പാദങ്ങളിൽ വന്ദിക്കുക" എന്ന് പറയുകയില്ല. മംലത്ത്ദാർ ഇപ്രകാരം ഉറപ്പ് നൽകിയതുകൊണ്ട് അയാൾ യാത്ര പുറപ്പെടാൻ തീരുമാനിച്ചു.

157. ഈ ഉറച്ച തീരുമാനത്തോടെ, അയാൾ സുഹൃത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും, സംശയങ്ങളൊന്നുമില്ലാതെ ദർശനത്തിനായി പുറപ്പെടുകയും ചെയ്തു.

158. പക്ഷേ, ഷിർദിയിലെത്തി മസ്ജിദിൽ ദർശനത്തിനായി എത്തിയ നിമിഷം, പ്രാരംഭത്തിൽ അയാൾ തന്നെ ബാബയുടെ മുമ്പിൽ പ്രണമിച്ചു. അയാളുടെ സുഹൃത്ത് വളരെ ആശ്ചര്യപ്പെട്ടു.

159. പിന്നീട് അയാൾ ചോദിച്ചു: "നീ നിന്റെ തീരുമാനം മറന്നുകൊണ്ട് ഒരു മുസ്ലീമിന്റെ മുമ്പിൽ വന്ദിച്ചത് എന്തിനാണ്?"

160. മറുപടിയായി ഭിഷഗ്വരൻ ആശ്ചര്യജനകമായ ഒരു വസ്തുത പറഞ്ഞു. "ഞാൻ കണ്ടത് കരിവർണ്ണനായ ശ്രീരാമനെയാണ്; പരിശുദ്ധനും സുന്ദരനും മൃദുലനും ആകർഷണീയനുമായിരുന്നു. അതിനാൽ ഞാൻ പെട്ടെന്ന് പാദവന്ദനം ചെയ്തു.

161. നോക്കൂ, അദ്ദേഹം ഇപ്പോഴും ഇരിപ്പിടത്തിൽ ഇരിക്കുന്നുണ്ട്, ഒപ്പം എല്ലാവരോടും സംസാരിക്കുന്നുമുണ്ട്." ഇപ്രകാരം മറുപടി പറയുന്നതിനിടയ്ക്ക് നിമിഷനേരം കൊണ്ട് അയാൾ സായിബാബയുടെ രൂപം കാണാൻ തുടങ്ങി.

162. അതിനാൽ ആ ഭിഷഗ്വരൻ ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു, "ഇത് സ്വപ്നമാണോ? അദ്ദേഹത്തെ എങ്ങനെ മുസൽമാൻ എന്ന് വിളിക്കാൻ കഴിയും? യോഗസമ്പന്നനായ ഒരു അവതാരപുരുഷനാണ് അദ്ദേഹം.

163. "ചൊഖമേല[15] ഒരു മഹർ ആയിരുന്നു. രോഹിദാസ്[16] ഒരു ചെരുപ്പുകുത്തിയായിരുന്നു. സജ്ജൻ[17] ഒരു ഇറച്ചിവെട്ടുകാരനായിരുന്നു. അവരുടെ ജാതിയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് എന്ത് പ്രസക്തിയാണുള്ളത്?

164. "മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടിയും, ജനനമരണവൃത്തം ഒഴിവാക്കുന്നതിനു വേണ്ടിയും, നിർഗുണവും നിരാകാരവും ആയ സ്വത്വം ഉപേക്ഷിച്ച്, ദിവ്യന്മാർ ഈ ലോകത്ത് അവതാരമെടുക്കുന്നു.

165. "ഇത് വാസ്തവത്തിൽ കല്പവൃക്ഷമാണ്.[18] ഒരു നിമിഷം സായി, അടുത്ത നിമിഷം ശ്രീരാമൻ. ഞാൻ സ്വയം അദ്ദേഹത്തിന്റെ മുമ്പിൽ വന്ദിക്കാൻ ഇടയാക്കിയതിലൂടെ അദ്ദേഹം എന്റെ അഹംഭാവത്തിന് ശിക്ഷ നൽകി."

166. പിറ്റേദിവസം അയാൾ ഒരു വ്രതമെടുത്തു. സായിനാഥ് അയാളെ അനുഗ്രഹിക്കാതെ, മസ്ജിദിൽ കാൽ കുത്തുകയില്ല എന്നതായിരുന്നു അത്. അയാൾ ഷിർദിയിൽ ഉപവാസമിരുന്നു.

167. ഇത്തരത്തിൽ മൂന്ന് ദിവസങ്ങൾ കടന്നുപോയി. നാലാമത്തെ ദിവസം പുലർന്നപ്പോൾ, എന്ത് സംഭവിച്ചു എന്ന് തികഞ്ഞ ശ്രദ്ധയോടെ കേൾക്കുക.

168. ഖണ്ഡേഷ് നിവാസിയായ അയാളുടെ ഒരു സുഹൃത്ത്, യാദൃച്ഛികമായി സായിയുടെ ദർശനത്തിനായി എത്തി.

169. ഒമ്പത് വർഷങ്ങൾക്ക് ശേഷമാണ് അവർ കണ്ടുമുട്ടിയത്. അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അയാളുടെ ഒപ്പം, ഒന്നും ചിന്തിക്കാതെ ഭിഷഗ്വരനും മസ്ജിദിലേയ്ക്ക് പോയി.

170. എത്തിയ ഉടൻ അയാൾ ബാബയെ വന്ദിച്ചു. ബാബ ചോദിച്ചു: "ഓ, ഭിഷഗ്വരൻ, നിങ്ങളെ വിളിക്കാനായി ആരെങ്കിലും വന്നോ? എന്തുകൊണ്ടാണ് നിങ്ങൾ ഇപ്പോൾ വന്നത്? മറുപടി പറയൂ."

171. ചുഴിഞ്ഞുള്ള ഈ ചോദ്യം കേട്ടപ്പോൾ അയാൾ കാര്യമെന്താണെന്ന് ചിന്തിച്ചു. അയാൾ തന്റെ തീരുമാനത്തെ കുറിച്ച് ഓർക്കുകയും, പശ്ചാത്തപിക്കുകയും ചെയ്തു.

172. എന്തായാലും, അതേ ദിവസം, അർദ്ധരാത്രിയോട് അടുത്ത സമയത്ത്, അയാൾ നിദ്രയിലായിരിക്കേ, ദിവ്യാനുഭൂതിയുടെ ആനന്ദം അയാൾ അനുഭവിച്ചു.

173. പിന്നീട് ഭിഷഗ്വരൻ തന്റെ പട്ടണത്തിലേക്ക് മടങ്ങുകയും, മനസ്സിലെ പരമാന ന്ദാവസ്ഥ രണ്ടാഴ്ച തുടർച്ചയായി അയാൾ അനുഭവിക്കുകയും ചെയ്തു. സായിയോടുള്ള അയാളുടെ ഭക്തി വർദ്ധിച്ചു.

174. ഇത്തരത്തിലുള്ള, ഒന്ന് മറ്റൊന്നിനേക്കാൾ മികച്ചതായ അനേകം സായി അനു ഭവങ്ങളുണ്ട്, അവയെല്ലാം വിവരിക്കുകയാണെങ്കിൽ ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം വർദ്ധിക്കും. പക്ഷേ വിവരണം വളരെ ദീർഘമായതിനാൽ ഞാൻ അത് വെട്ടിച്ചുരുക്കുന്നതാണ്.

175. മുമ്പ് വിവരിച്ച മൂലയ്യുടെ കഥ ശ്രോതാക്കളെ അദ്ഭുതപ്പെടുത്തും. പക്ഷേ, അതിന്റെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുകയും അതിൽ അടങ്ങിയിരിക്കുന്ന ഗുണപാഠം ഗ്രഹിക്കുകയും വേണം.

176. നിങ്ങളുടെ സ്വന്തം ഗുരുവിൽ ഉറച്ച വിശ്വാസം ഉണ്ടാകണം; അത് മറ്റെവി ടെയും ആകാൻ പാടില്ല. ഈ ആന്തരികാർത്ഥം മനസ്സിൽ സൂക്ഷിക്കുക.

177. ഇതല്ലാതെ മറ്റൊരു ഉദ്ദേശ്യവും ബാബയുടെ ലീലയ്ക്ക് ഇല്ല. ഒരുവൻ എത്ര മാത്രം പരിചിന്തകനായാലും ഈ ഒരു അർത്ഥം മാത്രമേ അവന് അനുമാനി ക്കാൻ കഴിയൂ.

178. മറ്റുള്ളവർ വളരെ പ്രശസ്തരും നിങ്ങളുടെ സ്വന്തം ഗുരു അത്രത്തോളവും ആയിരിക്കില്ല. പക്ഷേ നമ്മുടെ വിശ്വാസം നമ്മുടെ ഗുരുവിൽ മാത്രമായിരിക്ക ണം. ഇത് മാത്രമാണ്, ഇതിൽ നിന്നുമുള്ള ഒരേ ഒരു പാഠം.

179. പഴയ ശാസ്ത്രങ്ങൾ നിങ്ങൾ പരിശോധിച്ചാൽ, അവയിലെല്ലാം ഈ ഉപദേശ മാണുള്ളത്. പക്ഷേ വിശ്വാസം ദൃഢമല്ലെങ്കിൽ, അത് നിഷ്ഫലവും ശക്തി പ്രാപിക്കാത്തതുമായിരിക്കും.

180. ചിലർക്ക് സ്വയം പൂർണ്ണമായ വിശ്വാസമില്ലെങ്കിലും, ആത്മജ്ഞാനത്തിന് ശ്രമി ക്കുന്നു എന്ന് പുറമേയ്ക്ക് ഭാവിക്കും; അവരുടെ ജീവിതത്തിലെ ഓരോ ചുവ ടുവയ്പ്പിലും അവരുടെ ക്ലേശങ്ങൾ നമുക്ക് കാണാൻ കഴിയും.

181. അവർ ഇഹലോകത്തിലെ ആഗ്രഹങ്ങൾ പൂർത്തിയാക്കില്ല, പരലോകത്ത് സ്വാതന്ത്ര്യവും നേടില്ല. ജീവിതാവസാനം വരെ അവർ ഉത്കണ്ഠാകുലരാ ണ്. ഒരു നിമിഷം പോലും ശാന്തി അനുഭവിക്കാതെ, സ്വാതന്ത്ര്യത്തെക്കുറിച്ച് അവർ പൊങ്ങച്ചം പറയും.

182. ഇത്രയും മതിയാകും. അടുത്ത അധ്യായത്തിൽ നിന്നും ലഭിക്കുന്ന ആനന്ദം ഇതിനേക്കാൾ മികച്ചതായിരിക്കും. ഇടയ്ക്കിടയ്ക്ക് സായിയുടെ ദർശനം നടത്തുന്നതിലൂടെ ഒരുവന് അപരിമിതമായ ആനന്ദം ലഭിക്കും.

183. ഭക്ത ഭീമാജി പട്ടീലിന്റെ ക്ഷയരോഗം ഭേദമായത് എങ്ങനെ എന്നും, സ്വപ്ന ദർശനത്തിലൂടെ ഭക്തചന്ദോർക്കറിൽ അയാൾക്കുള്ള വിശ്വാസം ബലപ്പെടു ത്തിയത് എങ്ങനെ എന്നും വിവരിക്കുന്നതാണ്.

184. ആ ദർശനത്തിന്റെ ശക്തി അത്രത്തോളമാണ്; പാപങ്ങൾ കഴുകിക്കളയും,

ലോകസുഖങ്ങൾ പരിമിതമാണ്, മറുലോകത്തിലെ പ്രതിഫലങ്ങൾ അളവില്ലാതെ നൽകപ്പെടുന്നു.

185. നിരീശ്വരവാദിയായ ഒരുവനെപ്പോലും ഒരു ദിവ്യൻ കടാക്ഷിച്ചാൽ, അവന്റെ പാപങ്ങളിൽ നിന്നും അവൻ മുക്തനാകും. അപ്പോൾ വിശ്വാസിയായ ഒരുവനെക്കുറിച്ച് എന്ത് പറയാനാണ്! അവന്റെ പാപങ്ങൾ വളരെ എളുപ്പത്തിൽ ഇല്ലാതാകും.

186. മനസ്സ് ദൃഢപ്പെടുത്തുകയും, പരോക്ഷമായി ആത്മസാക്ഷാത്കാരം നേടുകയും ചെയ്ത ഒരുവന്റെ നേർക്ക് അദ്ദേഹം ദൃഷ്ടി പതിപ്പിച്ചാൽ, അയാളുടെ തരണം ചെയ്യാൻ പറ്റാത്ത പാപങ്ങൾ പോലും നശിപ്പിക്കപ്പെടും.

187. അത്തരത്തിൽ അഗ്രാഹ്യമാണ് ബാബയുടെ ശക്തികൾ. ബാബ നിങ്ങളെയെല്ലാം സ്നേഹത്തോടെ വീക്ഷിക്കുന്നു. അതിനാൽ ജ്ഞാനികളും അജ്ഞാനികളും ശുദ്ധഹൃദയത്തോടെ ശ്രവിക്കുക.

188. സ്നേഹവും ഭക്തിയും ആത്മാവിലുള്ളിടത്ത്, ബാബയോട് സ്നേഹപൂർണ്ണമായ ബന്ധമുള്ളിടത്ത്, ഹൃദയപൂർണ്ണമായ അഭിലാഷം ഉണ്ടാകുകയും ശ്രവണത്തിന്റെ ആനന്ദം അനുഭവിക്കുകയും ചെയ്യും.

189. ഹൃദയംഗമമായി സ്വയം സമർപ്പിക്കുന്നവർക്ക് ആശ്രയസങ്കേതമായ സായിപാദങ്ങളിൽ ഹേമദ് വന്ദിക്കുന്നു. അപരിമിതമായ ശക്തികൾ ഉള്ളതിനാൽ, ഈ ലോകജീവിതത്തെക്കുറിച്ചുള്ള ഭയം നശിപ്പിക്കാൻ അദ്ദേഹത്തിന് കഴിയും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ പന്ത്രണ്ടാം അധ്യായം “രാമൻ–ശ്രീ ദിവ്യഖോലാപ് ദർശനങ്ങൾ” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഒരിക്കൽ അദ്ദേഹം തന്റെ കൈക്കുമ്പിളിൽ കടൽജലം എടുത്ത്, അത് കുടിച്ച് കടൽ വറ്റിച്ചു.
2. ശാസ്ത്രവിധിപ്രകാരം സൂര്യോദയത്തിലും സൂര്യാസ്തമയത്തിലും അഗ്നിപൂജകൾ ചെയ്യുന്ന ആൾ.
3. മഹാസമാധി.
4. മറാത്തിയിൽ, അവർക്ക് പാലിന് പകരം മോര് ലഭിക്കും എന്ന് പറയുന്നു.
5. ശ്രാവണമാസത്തിലെ കൃഷ്ണപക്ഷ അമാവാസി നാളിൽ നടക്കുന്ന വാർഷിക ഉത്സവം – കാളകളെ പൂജിക്കുന്നത്.
6. വിവിധ തരത്തിലുള്ള മധുരപലഹാരങ്ങൾ
7. ധ്വജം, ഇന്ദ്രന്റെ ആയുധമായ വജ്രം (മിന്നൽപ്പിണർ), അങ്കുശം എന്നിവ അവതാരപുരുഷന്മാരുടെ പാദങ്ങളിൽ കാണപ്പെടുന്നു.

8. പരിശുദ്ധമാണെന്ന് കരുതപ്പെടുന്ന സിൽക്ക് വസ്ത്രം – യാഥാസ്ഥിതിക ബ്രാഹ്മണർ സ്നാനത്തിന് ശേഷം പൂജാകർമ്മങ്ങൾക്കായി അത് ധരിക്കുന്നു, അതിനുശേഷം ആ വ്യക്തി യാതൊരു വസ്തുവിലും സ്പർശിക്കാൻ പാടില്ല; എന്തുകൊണ്ടെന്നാൽ മറ്റെല്ലാം അശുദ്ധവസ്തുക്കളായി കരുതപ്പെടുന്നു.

9. വിശ്വാമിത്രന്റെ ശിഷ്യൻ. സ്വർഗ്ഗത്തിലോ ഭൂമിയിലോ പ്രവേശനമില്ലാതെ, നടുക്ക് തങ്ങേണ്ടി വന്നു.

10. ബാബാഖോലാപ് എന്ന് അറിയപ്പെടുകയും നാസിക്കിൽ ജീവിക്കുകയും ചെയ്തു. ശാസ്ത്രങ്ങളിൽ പണ്ഡിതനും, അഗ്നിഹോത്രിയുമായിരുന്നു.

11. കുബേരന്റെ നിധി ലഭിച്ചതുപോലെ.

12. ബാബയുടെ പാദങ്ങൾ കഴുകുന്ന ജലം.

13. ഭക്തൻ വിയർക്കുന്നു, നിശ്ശബ്ദനാകുന്നു, രോമാഞ്ചം ഉണ്ടാകുന്നു, ശബ്ദമിടറുന്നു, ശരീരം വിറക്കുന്നു, നിറം മാറുന്നു, കണ്ണുനീർ വാർക്കുന്നു, അബോധാവസ്ഥയിലാകുന്നു.

14. ഒവി 109 കാണുക.

15. ധ്യാനേശ്വർ, നാമദേവ് എന്നിവരുടെ സമകാലികനും താഴ്ന്നജാതിയിലുൾപ്പെട്ടതുമായിരുന്നു. മംഗൽവേഢയിൽ വസിച്ചിരുന്ന അദ്ദേഹം ഒരു പാണ്ഡുരംഗഭക്തനായിരുന്നു. ക്ഷേത്രത്തിൽ പ്രവേശനമില്ലാത്തതിനാൽ, ക്ഷേത്രത്തിന് മുമ്പിൽ കല്ല് കൊണ്ട് വിളക്ക് കത്തിക്കാനുള്ള തൂണ് പണിത്, അവിടെ താമസിച്ചു. അദ്ദേഹത്തിന്റെ അഭംഗങ്ങൾ വളരെ പ്രശസ്തമാണ്.

16. താഴ്ന്ന ജാതിക്കാരൻ

17. മഹാവിഷ്ണുവിന്റെ ഭക്തൻ. അദ്ദേഹം ജഗന്നാഥപുരിയിലേയ്ക്ക് യാത്ര ചെയ്തു. മാർഗമധ്യേ ഒരു സ്ത്രീയുടെ വ്യാജമായ ആരോപണത്താൽ, അദ്ദേഹത്തിന്റെ കരങ്ങൾ ഛേദിക്കുവാൻ ന്യായാലയം വിധിക്കുകയും അത് നടപ്പാക്കുകയും ചെയ്തു. പുരിയിൽ എത്തിയപ്പോൾ ഭഗവാൻ അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും, ആദരവോടെ അദ്ദേഹം കൈകൾ കൂപ്പിയപ്പോൾ കരങ്ങൾ തിരികെ ലഭിക്കുകയും ചെയ്തു.

18. ആഗ്രഹങ്ങളെല്ലാം സാധിച്ചു തരുന്ന വൃക്ഷം.

## 13

# ഭീമാജിയുടെ ക്ഷയരോഗം ഭേദമാകുന്നത്

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ബാബയുടെ വാക്കുകൾ വേദങ്ങൾ പോലെ ഹ്രസ്വമാണ്; അവ കാമ്പുള്ളതും, ഗഹനവും, അർത്ഥസമ്പുഷ്ടവും, സമഗ്രവുമെങ്കിലും സംക്ഷിപ്തവുമായിരുന്നു.
2. അവ ആഴത്തിൽ അർത്ഥമുള്ളതും ഖണ്ഡിതവുമായിരുന്നു. അവ ഒരിക്കലും പാഴാകില്ലായിരുന്നു. അവ സന്തുലിതവും വിലമതിക്കാനാകാത്തതുമായിരുന്നു.
3. നിങ്ങളുടെ ഭൂതകാലത്തെയും ഭാവികാലത്തെയും കുറിച്ച് അവബോധവും ജാഗ്രതയും ഉണ്ടായിരിക്കണം. നിങ്ങളുടെ വിധിയെ അംഗീകരിച്ചുകൊണ്ട്, വരവിനനുസരിച്ച് ജീവിക്കുക. എല്ലായ്പ്പോഴും സംതൃപ്തനായി കഴിയുക. ഒന്നിനെക്കുറിച്ചും ഓർത്ത് ദുഃഖിക്കരുത്.
4. “ഓ! ഞാൻ വീടോ കുടുംബപ്രാരാബ്ധങ്ങളോ ഇല്ലാത്ത ഒരു ഫക്കീർ ആണെങ്കിലും, ലൗകികകാര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഒന്നിലും ഇടപെടാതെ ഒരു സ്ഥലത്ത് ഇരിക്കുകയാണെങ്കിലും,
5. “മായ ഒഴിവാക്കാൻ കഴിയുന്നതല്ല. അവൾ പലപ്പോഴും എന്നെയും ശല്യപ്പെടുത്തുന്നു. ഞാൻ അവളെ മറന്നാലും, അവൾ എന്നെ മറക്കുന്നില്ല. അവൾ എല്ലായ്പ്പോഴും എന്റെ അടുത്തെത്തി എന്നെ ആശ്ലേഷിക്കുന്നു.
6. “ആദിമായ ഈശ്വരനിൽ നിന്നും ഉദ്ഭവിച്ച്, ബ്രഹ്മാവ് മുതലായവരെപ്പോലും സംഭ്രമിപ്പിക്കുന്നു. അപ്പോൾ എന്നെപ്പോലുള്ള ഒരു പാവം ഫക്കീറിനെപ്പറ്റി എന്ത് പറയാനാണ്!
7. “ഈശ്വരകൃപയ്ക്ക് മാത്രമേ അതിന്റെ പിടിയിൽ നിന്നും നിങ്ങളെ രക്ഷപ്പെടുത്താൻ കഴിയൂ. നിരന്തരം ഈശ്വരനാമം ജപിക്കാതെ ഈ മമത നശിപ്പിക്കപ്പെടുകയില്ല.”
8. ഇത്തരത്തിലാണ് ബാബ മായയുടെ ശക്തിയെക്കുറിച്ച് തന്റെ ഭക്തരോട് വിവരിച്ചതും, അതിന് പ്രതിവിധിയായി ഈശ്വരനാമം ഉദ്ഘോഷിച്ചതും.
9. ഭാഗവതത്തിൽ, ഉദ്ധവരോട് സംസാരിക്കവേ, “ദിവ്യന്മാർ എന്റെ പ്രതിരൂപങ്ങളാണ്” എന്ന് ഭഗവാൻ കൃഷ്ണൻ പറയുകയുണ്ടായി. വ്യക്തമായ ഈ വാക്കുകൾ ആർക്കാണ് അറിയാത്തത്?

10. ഈ വാചകത്തിന്റെ സാരാംശം, ദയാമേഘമായ ശ്രേഷ്ഠസായി തന്റെ ഭക്ത ന്മാരുടെ നന്മയ്ക്കുവേണ്ടി വിശദമാക്കിയതെന്താണെന്ന് വളരെ വിനയത്തോടെ നിങ്ങൾ ശ്രദ്ധിക്കുക.

11. "സ്വന്തം പാപങ്ങൾ നശിപ്പിക്കപ്പെടുകയും, എന്നെ മനസ്സിലാക്കുകയും ചെയ്യുന്ന പുണ്യാത്മാക്കൾ എന്റെ ആശ്രിതരാകും.

12. "നിങ്ങൾ നിരന്തരം 'സായി, സായി' എന്ന് ഉരുവിടുകയാണെങ്കിൽ ഞാൻ നിങ്ങളെ ഏഴ് സാഗരങ്ങൾക്കും അപ്പുറത്തെത്തിക്കും. നിങ്ങൾ ഈ വാക്കു കൾ വിശ്വസിക്കുകയാണെങ്കിൽ, തീർച്ചയായും നിങ്ങൾക്ക് നന്മകൾ ഉണ്ടാകും.

13. "എനിക്ക് പതിനാറ് തരത്തിലോ[1] എട്ട് തരത്തിലോ[2] ഉള്ള വിപുലമായ പൂജാ വിധികൾ ആവശ്യമില്ല. അപരിമിതമായ വിശ്വാസം എവിടെ ഉണ്ടോ, അവിടെ ഞാൻ ഉണ്ടാകും."

14. ഇങ്ങനെ ഹൃദയം നിറഞ്ഞ സ്നേഹത്തോടെ ഇടയ്ക്കിടയ്ക്ക് ബാബ തന്റെ ഭക്തരോട് പറഞ്ഞു. സ്നേഹപൂർണ്ണമായ ഈ വാക്കുകൾ ഓർത്ത് നമുക്ക് സ്വയം സമാശ്വസിക്കാം.

15. ഇത്തരത്തിലാണ് ദയാവാനായ സായി, സുഹൃത്തും ഉപകാരിയും, ശരണാഗ തി പ്രാപിച്ചവർക്ക് രക്ഷകനും. അദ്ദേഹം ഒരു ഭക്തന്റെ ദുരിതം അകറ്റിയ അദ്ഭുതകൃത്യം ശ്രവിക്കുക.

16. മനസ്സിന്റെ അസ്ഥിരത അകറ്റുക, ശരിയായി ശ്രദ്ധ കേന്ദ്രീകരിച്ച് ഈ പുതിയ കഥ ശ്രവിക്കുക. അതിലൂടെ നിങ്ങൾ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കും.

17. സായിയുടെ വദനത്തിൽ നിന്നുമുള്ള അമൃതതുല്യമായ വാക്കുകളുടെ ധാര തന്നെയാണ് ജീവിതത്തിലെ നേട്ടവും ഫലപ്രാപ്തിയും. താൻ നേടേണ്ട ലാഭ ത്തെപ്പറ്റി ബോധമുണ്ടെങ്കിൽ, ഷിർദിയിലെത്താനുണ്ടായ ശാരീരികക്ലേശങ്ങ ളെപ്പറ്റി ആരെങ്കിലും പരാതിപ്പെടുമോ?

18. ഒരു അഗ്നിഹോത്രിബ്രാഹ്മണന്, അയാളുടെ ദിവംഗതനായ സ്വന്തം ഗുരുവിന്റെ ദർശനം നൽകുകയും അയാൾക്ക് അത്യധികം ആനന്ദം പ്രദാനം ചെയ്യുന്ന തുമായ കഥ കഴിഞ്ഞ അധ്യായത്തിൽ നാം ശ്രവിച്ചു.

19. ഈ അധ്യായത്തിലെ കഥ കൂടുതൽ ഹൃദയഹാരിയാണ്; ക്ഷയരോഗ ബാധി തനായ ഒരു ഭക്തന്, സ്വപ്നത്തിലൂടെ ഗുണപാഠം നൽകി, അയാളുടെ ആരോഗ്യം വീണ്ടെടുക്കുന്നു.

20. അതുകൊണ്ട്, സകല പാപങ്ങളും എരിയിച്ച് കളയുന്ന, സായിയുടെ ഗഹന മായ പ്രകൃതം വിവരിക്കുന്ന, ഈ കഥ ശ്രദ്ധയോടെ ശ്രവിക്കുക.

21. ഈ കഥ ഗംഗാജലം പോലെ ദിവ്യവും, പരിശുദ്ധവുമാണ്. ശ്രോതാക്കളുടെ കർണ്ണങ്ങൾ അനുഗൃഹീതമാണ്, എന്തെന്നാൽ ഇപ്പോഴും പിന്നീടുള്ള കാലത്തും നന്മകൾ നേടാനുള്ള മാർഗ്ഗമാണ് അവ.

22. നമുക്ക് ഇത് അമൃതുമായി താരതമ്യപ്പെടുത്താം. പക്ഷേ അമൃത് ഇതിനേ ക്കാൾ മധുരതരമാകാൻ വഴിയില്ല. അമൃത് ജീവദായിനിയാണ്. പക്ഷേ ഈ കഥ ജനനമരണവൃത്തത്തിൽ നിന്നും സ്വാതന്ത്ര്യം നൽകുന്നു.

23. ചില മനുഷ്യർ പറയാറുണ്ട്, അവർ ശക്തരാണെന്നും, അവർ ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ കഴിയുമെന്നും. ഇപ്രകാരം ചിന്തിക്കുന്ന ഒരുവൻ ഈ കഥ ശ്രദ്ധാപൂർവ്വം ശ്രവിക്കണം.

24. മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാണെങ്കിൽ, സുഖം നേടാനായി അവൻ പകലും രാത്രിയും പരിശ്രമിക്കവേ, എന്ത് കൊണ്ടാണ് ദുഃഖം മാത്രം നേടുന്നത്? ഇതാണ് ജീവിതത്തിന്റെ കഥ.

25. ഒരുവൻ ഓരോ ചുവടുവയ്പിലും ദുഃഖം ഒഴിവാക്കാൻ ജാഗ്രത പാലിച്ചാലും, പൊടുന്നനവേ ദുരിതങ്ങൾ ഉണ്ടാകുകയും അവ അവനെ പിന്തുടരുകയും ചെയ്യും.

26. ഒരുവൻ അവയെ കുടഞ്ഞെറിയാൻ ശ്രമിച്ചാൽ അവ കഴുത്തിൽ പിടിമുറുക്കും; ഒരുവൻ അവയെ തുടച്ച് നീക്കാൻ ശ്രമിച്ചാൽ അവ കൂടുതൽ മുറുകെ പിടിക്കും. അതിനെതിരെയുള്ള മനുഷ്യന്റെ സമരം വ്യർത്ഥമാണ്. അത് അവനെ ബലഹീനനാക്കുക മാത്രമേയുള്ളൂ.

27. ഒരു മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാണെങ്കിൽ, അവൻ പൂർണ്ണമായും സന്തോഷവാനായിരിക്കുകയും ഒരു തരി പോലും ദുഃഖം അനുഭവിക്കുകയുമില്ല.

28. അവൻ സ്വതന്ത്രനാണെന്ന് ചിന്തിച്ചാൽ, അവൻ ഒരിക്കലും പാപകർമ്മങ്ങൾ ചെയ്യാതെ പുണ്യം മാത്രം ശേഖരിക്കുകയും, അവന്റെ സന്തോഷം വർദ്ധിപ്പിക്കുകയുമാണ് ചെയ്യേണ്ടത്.

29. പക്ഷേ, മനുഷ്യൻ സ്വതന്ത്രനല്ല. അവന്റെ പൂർവ്വജന്മത്തിലെ പ്രവൃത്തികൾ അവനോടൊപ്പം ഉണ്ടായിരിക്കും; കർമ്മത്തിന്റെ മാർഗ്ഗങ്ങൾ വിചിത്രമാണ്. അവൻ എന്നെന്നേയ്ക്കുമായി കർമ്മബന്ധത്തിന്റെ കൈയ്യിലെ പാവയായിരിക്കും.

30. ഒരുവൻ സദ്പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നു, പക്ഷേ അവൻ പാപകർമ്മങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. പുണ്യവാനാകാൻ ശ്രമിക്കുകയും ഒരുവൻ പാപിയായി മാറുകയും ചെയ്യുന്നു.

31. ഇപ്പോൾ, പൂനെ ജില്ലയിലെ ജുന്നാർ താലൂക്കിലെ നാരായണഗാവൺ ഗ്രാമത്തിലെ ഭീമാജി പട്ടീലിന്റെ കഥ കേൾക്കുക. അത് അമൃത് പോലെ മധുരതരമാണ്.

32. ഭീമാജി സമ്പന്നനായ വ്യക്തിയായിരുന്നു. എല്ലാവരോടും അയാൾ ആതിഥ്യമര്യാദയോടെ പെരുമാറി. അയാൾ ഒരിക്കലും ദുഃഖിതനായിരുന്നില്ല, എല്ലായ്പ്പോഴും പ്രസന്നഭാവത്തിലായിരുന്നു.

33. വിധി വിചിത്രമായ ലീലകൾ കാട്ടുന്നു. ഒരു കാരണവുമില്ലാതെ നമുക്ക് നേട്ടങ്ങളും കോട്ടങ്ങളുമുണ്ടാകാം. കർമ്മങ്ങളിൽ നിന്നുണ്ടാകുന്ന ദുരിതങ്ങൾ നിങ്ങൾക്ക് രോഗങ്ങളുടെ രൂപത്തിൽ എത്തുന്നു.

34. 1909–ൽ ഭീമാജി ദുരിതമനുഭവിക്കുകയായിരുന്നു. അയാൾക്ക് ചുമയും ക്ഷയരോഗവും പിടിപെട്ടു. അയാൾക്ക് കലശലായ പനി ബാധിച്ചു.

35. അയാളുടെ ചുമ അസഹനീയമാകുകയും, പനി അതികഠിനമായി ദിവസം നീങ്ങുന്തോറും ഒരേനിലയിൽ തുടരുകയും ചെയ്തു. ഭീമാജിയുടെ പ്രതീക്ഷകൾ നശിച്ചു.

36. അയാളുടെ വായിൽ നിന്നും എല്ലായ്പ്പോഴും നുര പതയുകയും ദുർഗന്ധം വമിക്കുകയും, അയാൾ രക്തം ഛർദ്ദിക്കുകയും ചെയ്തു. അയാൾക്ക് സ്ഥിരമായി വയറുവേദന അനുഭവപ്പെടുകയും ഓർക്കാനമുണ്ടാകുകയും, വളരെ അസ്വസ്ഥനാകുകയും ചെയ്തു.

37. അയാൾ ശയ്യാവലംബിയായി. അയാൾക്ക് ശാരീരികോർജ്ജം നഷ്ടപ്പെട്ടു, കൈകാലുകൾ തളർന്ന്, ശരീരം മെലിഞ്ഞു. എല്ലാവിധത്തിലുള്ള ചികിത്സകളും പരീക്ഷിച്ച് നോക്കി. അയാൾ വളരെ ദുരിതമനുഭവിക്കുകയായിരുന്നു.

38. അയാൾക്ക് ആഹാരപാനീയങ്ങളിലുള്ള സ്വാദ് നഷ്ടപ്പെടുകയും, കഞ്ഞിയോ മൃദുവായ ആഹാരപദാർത്ഥങ്ങളോ പോലും ദഹിക്കുമായിരുന്നില്ല. അയാളുടെ അവസ്ഥ അസഹനീയമാകുകയും, അയാൾക്ക് എന്ത് ചെയ്യണമെന്ന് അറിയാനും കഴിഞ്ഞില്ല.

39. പൂജാവിധികളും അനുഷ്ഠാനങ്ങളും നടത്തി; ഭിഷഗ്വരന്മാരും വൈദ്യന്മാരും കൈ ഒഴിഞ്ഞു; ജീവിക്കാനുള്ള സകല പ്രതീക്ഷകളും നഷ്ടപ്പെട്ട് അയാൾ നിരാശാവാനായി.

40. പട്ടീൽ ദുഃഖിതനായി; അയാൾ കുറച്ചുനാളുകൾ കൂടി മാത്രമേ ജീവിക്കുള്ളൂ എന്ന് അയാൾക്ക് തോന്നി; ദിവസം നീങ്ങും തോറും അയാൾ കൂടുതൽ ക്ഷീണിതനാകുകയും തന്റെ ദിവസങ്ങൾ എണ്ണിക്കഴിയുകയും ചെയ്തു.

41. അയാൾ തന്റെ കുലദേവതയെ ആരാധിച്ചെങ്കിലും, അവൾക്കും അയാളുടെ ആരോഗ്യം വീണ്ടെടുക്കാനായില്ല. ജ്യോതിഷികൾ, മന്ത്രവാദികൾ തുടങ്ങി നാനാപ്രകാരത്തിലുള്ള മാർഗ്ഗങ്ങൾ തേടി പട്ടീൽ തളർന്നു.

42. ചിലർ അയാളുടെ അവസ്ഥ ശരീരത്തിന്റെ രോഗമാണെന്ന് പറയുകയും, മറ്റ് ചിലർ അത് വിധിവൈപരീത്യമാണെന്ന് പറയുകയും, അതിനാൽ മനുഷ്യശ്രമങ്ങൾ കൊണ്ട് നിയന്ത്രിക്കാൻ പറ്റില്ലെന്നും, സഹിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെന്നും പറഞ്ഞു.

43. ഭിഷഗ്വരന്മാരും, ഹക്കീമുകളും ശ്രമിച്ചെങ്കിലും എല്ലാ മരുന്നുകളും നിഷ്ഫലമായി. ആർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എല്ലാ ശ്രമങ്ങളും വൃഥാവിലായി.

44. പട്ടീൽ അത്യന്തം ദുഃഖിതനായി. അയാൾ പറഞ്ഞു: “ഓ ദൈവമേ, എന്താണ് ഞാൻ ചെയ്തത്? എന്ത് കൊണ്ടാണ് ഒരു പ്രതിവിധിയും ഇല്ലാത്തത്? എന്ത് തരത്തിലുള്ള പാപമാണ് ഇത്?”

45. ഈശ്വരന്റെ മാർഗ്ഗങ്ങൾ വിചിത്രമാണ്! നിങ്ങൾ സന്തോഷവാന്മാരായി ജീവിക്കവേ ഒരു നിമിഷം പോലും തന്റെ അസ്തിത്വം ഈശ്വരൻ നിങ്ങളെ ഓർമ്മിപ്പിക്കില്ല. ഈശ്വരന്റെ മാർഗ്ഗങ്ങൾ തീർച്ചയായും അസാധാരണമാണ്.

46. പക്ഷേ ഈശ്വരന് തോന്നുമ്പോൾ, ഒന്നിന് പുറകേ ഒന്നായി ക്ലേശങ്ങൾ നൽകി,

ഒരുവനിൽ തന്റെ ഓർമ്മ ഉണ്ടാക്കുകയും അപ്പോൾ അവൻ, "ഓ നാരായണാ എന്നെ രക്ഷിക്കൂ" എന്ന് നിലവിളിക്കുകയും ചെയ്യും.

47. അത് എന്തുമാകട്ടെ. അയാളുടെ തീവ്രവും ദയനീയവുമായ നിലവിളികൾ ഈശ്വരൻ കേട്ടു. ഈശ്വരന് ദയ തോന്നി. നാനായ്ക്ക്[3] ഒരു കത്ത് അയയ്ക്കാൻ അയാൾക്ക് പ്രചോദനം ലഭിച്ചു.

48. "മറ്റാർക്കും ചെയ്യാൻ കഴിയാത്ത എന്തെങ്കിലും നാനായ്ക്ക് ചെയ്യാൻ കഴിയുമായിരിക്കും." പട്ടീൽ ഉറപ്പായി ഇങ്ങനെ വിശ്വസിച്ചു.

49. രോഗം ഭേദമാകുന്നതിന്റെ ശുഭശകുനമായിരുന്നു ഇത്. പിന്നീട് അയാൾ വിശദമായ ഒരു കത്ത് എഴുതി നാനായ്ക്ക് അയച്ചു.

50. നാനായെക്കുറിച്ചുള്ള സ്മരണ പോലും സായിനാഥന്റെ പ്രചോദനമായിരുന്നു. അത് രോഗത്തിന്റെ ശമനത്തിന് വഴിതെളിച്ചു. ദിവ്യന്മാരുടെ പ്രവൃത്തികൾ പ്രവചനാതീതമാണ്.

51. കാലചക്രം എന്തായാലും, അതിന്റെ പുറകിൽ ഈശ്വരന്റെ ഒരു പദ്ധതി ഉണ്ടാകും. അതിനാൽ ആരും വിപരീതമായി ചിന്തിക്കുകയോ, വീമ്പ് പറയുകയോ ചെയ്യേണ്ടതില്ല.

52. നല്ലതായാലും ചീത്തയായാലും, അതെല്ലാം, കടിഞ്ഞാൺ പിടിച്ചിരിക്കുന്ന ഈശ്വരന്റെ ഇച്ഛയ്ക്കനുസരിച്ചാണ് സംഭവിക്കുന്നത്. അദ്ദേഹമാണ് സംരക്ഷകൻ. അദ്ദേഹമാണ് വിനാശകാരിയും. പ്രവർത്തനക്ഷമമായ ഒരേ ഒരു ശക്തി – കർമ്മകർത്താവ്, ഈശ്വരൻ മാത്രമാണ്.

53. പട്ടീൽ ചന്ദോർക്കറിന് എഴുതി: "ഔഷധങ്ങൾ കഴിച്ച് ഞാൻ മടുത്തു. എനിക്ക് ഈ ജീവിതം മതിയായി. ലോകജീവിതം അസഹനീയമായി എനിക്ക് തോന്നുന്നു.

54. "ഭിഷഗ്വരന്മാർ പ്രതീക്ഷകൾ കൈവെടിഞ്ഞ്, രോഗം ഭേദമാക്കാൻ കഴിയില്ലെന്ന് വിധിയെഴുതിയിരിക്കുന്നു. ഹക്കീമുകളും വൈദ്യന്മാരും ആശങ്കാകുലരാണ്. എനിക്കും പ്രതീക്ഷകൾ നശിച്ചിരിക്കുന്നു.

55. "എന്നാലും, എനിക്ക് ഒരു അപേക്ഷയുണ്ട്, അത് ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്, എനിക്ക് താങ്കളെ കാണണമെന്നുണ്ട്. ഇത് എന്റെ അതിയായ ആഗ്രഹമാണ്."

56. ചന്ദോർക്കർ കത്ത് വായിച്ചു. അയാൾക്ക് വളരെ ഹൃദയവേദനയുണ്ടായി, എന്തെന്നാൽ പട്ടീൽ സദ്ഗുണനായ ഒരു വ്യക്തിയായിരുന്നു. നാനായ്ക്ക് ദയ തോന്നി.

57. മറുപടിയിൽ ഒരു പ്രതിവിധി മാത്രം നിർദ്ദേശിച്ചു. "സായിയുടെ പാദങ്ങളിൽ അഭയം തേടുക. ഇത് മാത്രമാണ് രക്ഷയ്ക്കുള്ള മാർഗ്ഗം. അദ്ദേഹം മാതാവും പിതാവുമാണ്.

58. "അദ്ദേഹം എല്ലാവർക്കും ദയാമയിയായ മാതാവ് ആണ്, നിങ്ങളുടെ നിലവിളി കേട്ട് ഓടിയെത്തി, ദയവോടെ കൈകളിൽ കോരിയെടുത്ത്, കുഞ്ഞുങ്ങളുടെ ആവശ്യമെന്താണെന്ന് അറിയുന്നു.

59. "കുഷ്ഠരോഗം പോലും ദർശനം കൊണ്ട് ഭേദമാകുന്നു. അപ്പോൾ ക്ഷയരോ

ഗത്തിന്റെ കാര്യം പറയാനുണ്ടോ! ഒട്ടുംതന്നെ സംശയം വേണ്ട. അവിടെ എത്തി, അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കുക.

60. "ഒരുവൻ ആവശ്യപ്പെടുന്നതെന്തും അദ്ദേഹം നൽകും. ഇതാണ് അദ്ദേഹത്തിന്റെ രീതി. അതിനാൽ ധൃതിയിൽ പുറപ്പെടുക. സായിയുടെ ദർശനം നേടുക.

61. "മരണഭയമാണ് ഏറ്റവും വലിയ ഭയം. മറ്റെന്ത് ആണ് ഉള്ളത്! ഉടൻ പോയി സായിയുടെ പാദങ്ങളിൽ വീഴുക. അദ്ദേഹത്തിന് മാത്രമേ നിന്റെ ഭയം ഇല്ലാതാക്കാൻ കഴിയൂ."

62. പട്ടീലിന്റെ ദുരിതം അസഹനീയമായിരുന്നു. അയാൾ ജീവിതത്തിലെ ആപൽക്കരമായ ഒരു ഘട്ടത്തിലെത്തിയിരുന്നു. "എപ്പോഴാണ് ഞാൻ സായിനാഥനെ കണ്ടുമുട്ടുക? എപ്പോഴാണ് എനിക്ക് അത് സാധിക്കുക?" (അയാൾ ചിന്തിച്ചു).

63. പട്ടീൽ ആകെ പരിഭ്രാന്തനായി. പിറ്റേദിവസം തന്നെ ഷിർദിയിലേയ്ക്ക് യാത്ര തിരിക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കാൻ അയാൾ ആവശ്യപ്പെട്ടു.

64. അങ്ങനെ, ദൃഢനിശ്ചയത്തോടെ, എല്ലാവരോടും യാത്ര പറഞ്ഞ്, മഹാരാജിന്റെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് പുറപ്പെട്ടു.

65. ഭീമാജി തന്റെ ബന്ധുക്കളോടൊപ്പം പെട്ടെന്ന് യാത്ര തിരിച്ചു. എപ്പോഴാണ് ഷിർദിയിൽ എത്തുക എന്നോർത്ത് അയാൾ ഉത്കണ്ഠാകുലനായിരുന്നു.

66. മസ്ജിദിന്റെ മുറ്റത്തിന് മുമ്പുള്ള വാതിൽക്കൽ കുതിരവണ്ടി എത്തുകയും, നാല് ആളുകൾ ചേർന്ന് ഭീമാജിയെ പൊക്കിയെടുത്ത് പടികൾ കടന്ന് മുകളിലെത്തിക്കുകയും ചെയ്തു.

67. നാനാസാഹേബ് അവിടെ ഉണ്ടായിരുന്നു. മാധവറാവുവും ഒപ്പം വന്നു. എല്ലാവരും, മാധവറാവുവിൽ കൂടി സായിപാദങ്ങളിൽ എത്താൻ എളുപ്പമാണെന്ന് കണ്ടിരുന്നു.

68. പട്ടീലിനെ നോക്കിക്കൊണ്ട് ബാബ പറഞ്ഞു, "ശ്യാമാ, എവിടെ നിന്നാണ് നീ ഈ അധമന്മാരെ പിടിച്ചുകൊണ്ട് വരുന്നത്? എന്നിട്ട് എന്റെ മുമ്പിൽ കൊണ്ടിടുന്നു? നിനക്ക് ഇത് ഉചിതമായ പ്രവൃത്തിയാണോ?"

69. ഭീമാജി തന്റെ ശിരസ്സ് സായിയുടെ പാദങ്ങളിൽ ചേർത്തുകൊണ്ട് പറഞ്ഞു: "ഓ, സായിനാഥാ, ഹതഭാഗ്യനായ ഈ ജീവനിൽ ദയ കാട്ടുക. ദുർബ്ബലരുടെ രക്ഷകാ, എന്നെ സംരക്ഷിക്കുക."

70. പട്ടീലിന്റെ ദുരവസ്ഥ കണ്ട്, സായിയ്ക്ക് അയാളിൽ കനിവ് തോന്നി. തന്റെ ദുരിതങ്ങൾക്ക് അവസാനമായെന്ന് പട്ടീൽ ഉറപ്പിച്ചു.

71. ഭീമാജി വളരെ അസ്വസ്ഥനാണെന്ന് കണ്ടപ്പോൾ, ദയാസാഗരമായ സായിസമർത്ഥന് വളരെ കൃപ തോന്നുകയും പുഞ്ചിരിയോടെ ഇപ്രകാരം പറയുകയും ചെയ്തു:

72. "ഇരിക്കൂ, ദുഃഖിതനാകേണ്ടതില്ല. വിവേകികൾ ദുഃഖിക്കാറില്ല. നീ ഷിർദിയിൽ കാലുകുത്തിയ നിമിഷത്തിൽ, നിനക്ക് വിധിക്കപ്പെട്ട ദുരിതങ്ങൾക്ക് അവസാനമായിക്കഴിഞ്ഞു."

73. “ഒരുവൻ എത്രമാത്രം ദുഃഖക്കടലിൽ മുങ്ങിപ്പോയാലും, ദുരിതത്താഴ്‌വരയിൽ താഴ്ന്നുപോയാലും, അവൻ മസ്ജിദ്മായിയുടെ പടവുകൾ കയറുമ്പോൾ, അവൻ സന്തോഷത്തിരകളിൽ സഞ്ചരിക്കുമെന്ന് നീ അറിയുക.

74. “ഇവിടുത്തെ ഫക്കീർ വളരെ ദയാവാനാണ്. അദ്ദേഹം നിന്റെ ക്ലേശങ്ങൾ വേരോടെ നശിപ്പിക്കുകയും, നിന്നെ സ്നേഹത്തോടെ പോറ്റുകയും ചെയ്യും. അദ്ദേഹത്തിന് എല്ലാവരോടും സഹാനുഭൂതിയാണുള്ളത്.

75. “അതിനാൽ നീ വിശ്രമിക്കൂ. ഭീമാബായിയുടെ ഗൃഹത്തിൽ വസിക്കുക. കുറച്ച് ദിവസങ്ങൾക്കുള്ളിൽ നിനക്ക് ആശ്വാസം ലഭിക്കും.”

76. മരണാസന്നനായ വ്യക്തിക്ക്, അമൃത് ലഭിച്ച് ഉടൻ നവജീവൻ കൈവരുന്നത് എങ്ങനെയാണോ, അതേപോലെയായിരുന്നു പട്ടീലിന്റെ സംതൃപ്തി.

77. സായിനാഥന്റെ ഈ വാക്കുകൾ കേൾക്കുന്നത്, മരണം മുമ്പിൽ കണ്ട ഒരു മനുഷ്യന് അമൃത് പോലെയും, ദാഹം മൂലം വലഞ്ഞ ഒരുവന് ദാഹജലം പോലെയുമായിരുന്നു.

78. ബാബയുടെ മുമ്പിൽ ഒരു മണിക്കൂർ വിശ്രമിച്ചപ്പോൾ, മുമ്പ് ഓരോ അഞ്ച് മിനിട്ട് തോറും രക്തം ഛർദ്ദിച്ചിരുന്നത്, പൂർണ്ണമായും നിന്നു.

79. അദ്ദേഹം (ബാബ) രോഗിയെ പരിശോധിച്ചില്ല, രോഗവിവരം അന്വേഷിച്ചതുമില്ല. ദയാപൂർണ്ണമായ കടാക്ഷം ഒന്നുകൊണ്ട് മാത്രം രോഗം വേരോടെ നശിപ്പിക്കപ്പെട്ടു.

80. ദയാപൂർണ്ണമായ ഒരു കടാക്ഷം മാത്രം മതിയാകും. ഉണങ്ങിയ മരക്കൊമ്പിൽ ഇലകൾ കിളിർക്കും, വസന്തം എത്താതെ തന്നെ പൂക്കൾ വിരിയും, കരിഞ്ഞ വൃക്ഷത്തിൽ ഫലങ്ങൾ നിറയും.

81. അനാരോഗ്യമോ ആരോഗ്യമോ ആകാം. അത്, പുണ്യപ്രവൃത്തികളുടെയോ, പാപപ്രവൃത്തികളുടെയോ ശേഖരം കഴിഞ്ഞോ എന്നതിനെ ആശ്രയിച്ചിരിക്കും. വിധിയുടെ ഫലം അനുഭവിക്കുക എന്നതല്ലാതെ മറ്റൊരു പോംവഴിയുമില്ല.

82. അയാളുടെ വിധി കാരണമാണ് അസുഖം ബാധിച്ചത്. ജനനമരണവൃത്തത്തിന് ബാധകമായ നിയമമാണ് ഇത്. ദുരിതങ്ങൾ അനുഭവിക്കുക എന്നതല്ലാതെ, അതിന് പ്രതിവിധികളോ അതിൽ നിന്ന് മോചനമോ ഇല്ല.

83. പക്ഷേ, ഭാഗ്യത്താൽ ഒരുവന് ഒരു ദിവ്യന്റെ ദർശനം ലഭിക്കുകയാണെങ്കിൽ, രോഗശാന്തിക്കുള്ള നിശ്ചയമായ മാർഗ്ഗമാണത് – ദുരിതമനുഭവിക്കാതെ രോഗം ഭേദമാകും.

84. ഒരു രോഗം തന്നെ അത് വിധിയാണെന്ന് സൂചിപ്പിക്കുന്നു. പക്ഷേ ഒരു ദിവ്യൻ ദയാപൂർണ്ണമായി കടാക്ഷിച്ചാൽ വിധിക്കപ്പെട്ട ദുരിതങ്ങളെ അത് ഇല്ലാതാക്കുന്നു.

85. ശരിയായ പ്രതിവിധി ബാബയുടെ വാക്കുകളിലാണ്. ഒരിക്കൽ, തൈരും ചോറും കൂട്ടി ഒരു കറുത്ത നായയ്ക്ക് നൽകിക്കൊണ്ട്, അദ്ദേഹം മലേറിയ രോഗം ഭേദമാക്കി.

86. ഈ കഥകൾ പ്രധാനകഥയിൽ നിന്നുള്ള വ്യതിചലനമാണെന്ന് നിങ്ങൾ ചിന്തിക്കാം. പക്ഷേ, അവയെല്ലാം ശ്രദ്ധിക്കുമ്പോൾ, നിങ്ങൾക്ക് അതിന്റെ പ്രാധാന്യം മനസ്സിലാകും. എന്നെ ഇവ ഓർമ്മപ്പെടുത്തുന്നത് സായിയാണ്.

87. "ഞാൻ എന്റെ സ്വന്തം കഥ പറയും," എന്ന് സായി സ്വയം പറഞ്ഞിട്ടുണ്ട്. ഈ സമയത്ത് അദ്ദേഹമാണ് എന്നെ ഈ കഥകൾ ഓർമ്മപ്പെടുത്തുന്നത്.

88. ബാലഗണപത് എന്ന പേരിൽ, തുന്നൽ ജാതിയിൽപെട്ട, ഉത്തമഭക്തനായ ഒരു വ്യക്തിയുണ്ടായിരുന്നു. അയാൾ മസ്ജിദിലെത്തി, ബാബയുടെ മുമ്പിലിരുന്ന് സങ്കടത്തോടെ പ്രാർത്ഥിച്ചു.

89. "എന്ത് പാപമാണ് ഞാൻ ചെയ്തത്? എന്ത് കൊണ്ടാണ് ഈ മലേറിയ എന്നെ വിട്ട് മാറാത്തത്? ബാബാ, ഞാൻ അനേകം മരുന്നുകൾ പരീക്ഷിച്ചു. പക്ഷേ, അത് എന്റെ ശരീരത്തിൽ നിന്നും മാറുന്നില്ല.

90. "ഞാൻ ഇനി എന്താണ് ചെയ്യുക? സകല ഔഷധങ്ങളും ഒറ്റമൂലികളും ഞാൻ പരീക്ഷിച്ചുനോക്കി. ഇപ്പോൾ അങ്ങ് എന്തെങ്കിലും പ്രതിവിധി പറഞ്ഞുതരിക, അതിനാൽ ഈ ജ്വരം എന്നെ വിട്ടുമാറും."

91. അപ്പോൾ ബാബയ്ക്ക് അയാളോട് ദയ തോന്നി. അദ്ദേഹം മറുപടി പറയുകയും, മലേറിയയ്ക്ക് മരുന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആശ്ചര്യകരമായ ആ കഥ ശ്രവിക്കുക.

92. "ലക്ഷ്മിമാതാവിന്റെ ക്ഷേത്രത്തിനരികിൽ, ഒരു കറുത്ത നായയ്ക്ക് കുറച്ച് തൈരും ചോറും നൽകുക. നിനക്ക് ഉടൻ രോഗശാന്തി ലഭിക്കും."

93. ബാലയ്ക്ക് ഉത്കണ്ഠ തോന്നി. അയാൾ ഗൃഹത്തിലെത്തി, അവിടെയൊക്കെ തിരഞ്ഞു. ബാക്കി വന്ന കുറച്ച് ചോറും തൈരും അയാൾ കണ്ടു.

94. ബാല ചിന്തിച്ചു, "തൈരും ചോറും കിട്ടിയെങ്കിലും, ശരിയായ നേരത്ത് ആ കറുത്ത നായ ക്ഷേത്രത്തിനരികിൽ എത്തുമോ?"

95. പക്ഷേ, ബാലയുടെ ഈ ഉത്കണ്ഠ അനാവശ്യമായിരുന്നു. നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് അയാൾ എത്തിയപ്പോൾ, ഒരു കറുത്ത നായ, വാലാട്ടിക്കൊണ്ട് അയാളുടെ സമീപത്തെത്തി.

96. എല്ലാം ശരിയായ രീതിയിൽ ഒത്തുവന്നത് കണ്ടപ്പോൾ ബാല വളരെ സന്തുഷ്ടനായി. അയാൾ നായയ്ക്ക് തൈരും ചോറും നൽകുകയും, വിവരമെല്ലാം ബാബയെ അറിയിക്കുകയും ചെയ്തു.

97. ചുരുക്കിപ്പറഞ്ഞാൽ, ഈ സംഭവത്തെപ്പറ്റി ആർക്ക് എന്ത് വേണമെങ്കിലും പറയാം, പക്ഷേ അന്ന് മുതൽ മലേറിയ രോഗം ബാലയെ വിട്ടുപോകുകയും അയാൾ സുഖം പ്രാപിക്കുകയും ചെയ്തു.

98. ഇതേപോലെയാണ് ബാപുസാഹേബ് ബൂട്ടിയുടെ കഥയും. അയാൾക്ക് വയറുവേദന അനുഭവപ്പെട്ടതോടൊപ്പം തുടർച്ചയായി ഛർദ്ദിലും അതിസാരവുമുണ്ടായി.

99. മരുന്നുപെട്ടി നിറച്ച് ഔഷധങ്ങളായിരുന്നു. പക്ഷേ അവയൊന്നും ഉപകരിച്ചില്ല. ബാപുസാഹേബ് പരിഭ്രാന്തനായി, വിഷമിച്ചു.

100. തുടർച്ചയായ അതിസാരവും ഛർദ്ദിയും കാരണം ബാപുസാഹേബ് ക്ഷീണിതനാകുകയും, ദിനവും കൃത്യമായി ബാബയെ ദർശിക്കാനുള്ള ശക്തിയും ഇല്ലാതായി.

101. ബാബ ഈ വിവരം അറിയാനിടയായി. അദ്ദേഹം അയാളെ വിളിപ്പിച്ച് തന്റെ മുമ്പിലിരുത്തി. അദ്ദേഹം പറഞ്ഞു: "സൂക്ഷിക്കുക! ഇപ്പോൾ മുതൽ നീ വിസർജ്ജിക്കാൻ പാടില്ല."

102. "കൂടാതെ ഛർദ്ദിലും നിർത്തണം," തന്റെ ചൂണ്ടുവിരൽ അയാളുടെ മുഖത്തിന് മുമ്പിൽ വീശി. അയാളെ വീക്ഷിച്ചുകൊണ്ട് വീണ്ടും അദ്ദേഹം തന്റെ വാക്കുകൾ ആവർത്തിച്ചു.

103. ഇതിന്റെ സാരാംശം എന്തെന്നാൽ, അദ്ദേഹത്തിന്റെ വാക്കുകൾക്ക് അത്രമാത്രം ശക്തിയുണ്ട്, കാരണം രണ്ട് പീഡകളും ഭയപ്പെടുകയും ഉടൻതന്നെ വിട്ടുമാറുകയും ചെയ്തു. ബൂട്ടിയ്ക്ക് ആശ്വാസമനുഭവപ്പെട്ടു.

104. ഒരിക്കൽ ഗ്രാമത്തിൽ കോളറരോഗം പടർന്ന് പിടിച്ചു. ആ സമയത്ത് ബൂട്ടിയ്ക്കും രോഗം പിടിപെട്ടു. അയാൾക്ക് ഒരേസമയം ഛർദ്ദിലും വയറിളക്കവും ഉണ്ടായി. അയാൾക്ക് കലശലായ ദാഹവും, ശാരീരികാസ്വസ്ഥതയും അനുഭവപ്പെട്ടു.

105. ഡോക്ടർ പിള്ളയ് അദ്ദേഹത്തിന്റെ സമീപത്തുണ്ടായിരുന്നു. അയാൾ കഴിവതും ശ്രമിച്ചു. ഒടുവിൽ ഒന്നുകൊണ്ടും ഫലമില്ലാതായപ്പോൾ അവർ ബാബയെ സമീപിച്ചു.

106. രോഗം എങ്ങനെ മൂർച്ഛിച്ചു എന്ന വിവരം വിശദമായി പ്രാർത്ഥനാപൂർവ്വം ബാബയെ അറിയിച്ചു. വെള്ളമാണോ, കാപ്പിയാണോ കുടിക്കാൻ നല്ലതെന്ന് പിള്ളയ് ബാബയോടു ചോദിച്ചു.

107. അപ്പോൾ ബാബ അയാളോട് മറുപടി പറഞ്ഞു, "ബദാം, അകരോട്ട്മരക്കായ, പിസ്റ്റാഷിയോ എന്നിവ പാലിൽ ചേർത്ത് ചൂടാക്കിയത് കുടിക്കാനായി നൽകുക."

108. "അത് അവന്റെ ദാഹം ശമിപ്പിക്കുകയും, അവന്റെ രോഗം ഉടൻ ഭേദമാക്കുകയും ചെയ്യും." ചുരുക്കത്തിൽ ഈ കൂട്ട് തയ്യാറാക്കി, അയാൾക്ക് കുടിക്കാൻ നൽകിയപ്പോൾ അയാളുടെ പീഡ ഒഴിവായി.

109. "അകരോട്ട്മരക്കായ, പിസ്റ്റാഷിയോ, ബദാം എന്നിവ കഴിക്കുക!" ഇവ ഒരിക്കലെങ്കിലും കോളറ രോഗത്തിന് ശമനമുണ്ടാക്കുമോ? ബാബയുടെ വാക്കുകളിൽ വിശ്വാസമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടത്. അവിടെ സംശയങ്ങൾ തീരെ ആവശ്യമില്ല.

110. ഒരിക്കൽ ആലന്ദിയിൽ നിന്നും ഒരു സ്വാമി സായി സമർത്ഥന്റെ ദർശനത്തിനായി ഷിർദിയിലെത്തുകയും ബാബയുടെ സവിധത്തിൽ വരികയും ചെയ്തു.

111. അയാൾ ഒരു കർണ്ണരോഗം അനുഭവിക്കുകയായിരുന്നു. അതുമൂലം അയാൾക്ക് അസ്വസ്ഥതയും, ഉറക്കമില്ലായ്മയും ഉണ്ടായി. ഒരു ശസ്ത്രക്രിയ ചെയ്തെങ്കിലും അത് കൊണ്ട് ഫലമുണ്ടായില്ല.

112. സഹിക്കാൻ കഴിയാത്ത തരത്തിലുള്ള വേദന അയാൾ അനുഭവിക്കേണ്ടി വന്നു. അത് ഇല്ലാതാക്കാൻ അയാൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അയാൾ യാത്ര പുറപ്പെടാൻ തീരുമാനിക്കുകയും, അനുഗ്രഹങ്ങൾ വാങ്ങാൻ എത്തുകയും ചെയ്തു.

113. അയാൾ സായിയുടെ പാദങ്ങളിൽ വണങ്ങി, പ്രസാദമായി ഉധി സ്വീകരിച്ചു. അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് സ്വാമി പറഞ്ഞു, "എല്ലായ്പ്പോഴും എന്നിൽ കരുണ കാട്ടുക."

114. മാധവറാവു ബാബയോട് അയാളുടെ കർണ്ണരോഗത്തെപ്പറ്റി പറഞ്ഞു. ബാബ അയാളെ സമാശ്വസിപ്പിച്ചു, "അള്ളാഹ് അത് ഭേദമാക്കും."

115. ഈ അനുഗ്രഹവചനങ്ങളോടെ സ്വാമി പൂനെയിലേയ്ക്ക് മടങ്ങി. എട്ടുദിവസങ്ങൾക്കു ശേഷം, വേദന പെട്ടെന്ന് ശമിച്ചു എന്ന വിവരവുമായി അയാളുടെ കത്ത് ലഭിച്ചു.

116. മുഴ മാത്രം അവശേഷിച്ചിരുന്നു. അതിനാൽ ശസ്ത്രക്രിയ ആവശ്യമാണെന്ന ഉപദേശം ലഭിച്ചു. രണ്ടാമത് ഒരു ശസ്ത്രക്രിയയ്ക്ക് വേണ്ടി അയാൾ ബോംബെയിൽ എത്തി.

117. അയാൾ അതേ ഭിഷഗ്വരനെ തന്നെ സമീപിച്ചു. അയാളറിയാതെ, ബാബ സഹായം നൽകിയിരുന്നു. ഭിഷഗ്വരൻ പരിശോധിച്ചു നോക്കവേ മുഴ കാണാൻ കഴിഞ്ഞില്ല.

118. അപ്പോൾ ഒരു ശസ്ത്രക്രിയയുടെ ആവശ്യമില്ലെന്ന് ഭിഷഗ്വരൻ അറിയിച്ചു. സ്വാമിയുടെ ഘോരമായ വേവലാതികൾ ഇല്ലാതായി. എല്ലാവരും ആശ്ചര്യപ്പെട്ടു.

119. ഇതേപോലുള്ള മറ്റൊരു കഥ എനിക്ക് ഇപ്പോൾ ഓർമ്മ വരുന്നു. അത് ഞാൻ ശ്രോതാക്കൾക്ക് വിവരിച്ചശേഷം ഈ അധ്യായം അവസാനിപ്പിക്കുന്നതാണ്.

120. മസ്ജിദിന്റെ മുറ്റത്തെ നിലം പാകുന്നതിന് എട്ട് ദിവസങ്ങൾക്ക് മുമ്പ്, മഹാജനിക്ക് പെട്ടെന്ന് ദഹനക്കേട് ഉണ്ടായി.

121. അയാൾക്ക് വയറിളക്കം തുടങ്ങി. തന്റെ ഭാരങ്ങളെല്ലാം ബാബയിൽ സമർപ്പിച്ചതിനാൽ, അയാൾ എന്തെങ്കിലും മരുന്ന് കഴിക്കുകയോ, സ്വയം ചികിത്സിക്കുകയോ ചെയ്തില്ല. അയാൾക്ക് വളരെ അസ്വസ്ഥത അനുഭവപ്പെട്ടു.

122. സായി സർവ്വജ്ഞനാണെന്ന് മഹാജനിക്ക് അറിയാമായിരുന്നു. അതിനാൽ തന്റെ ക്ലേശങ്ങൾ അയാൾ അദ്ദേഹത്തെ അറിയിച്ചില്ല.

123. 'അദ്ദേഹം ഇച്ഛിക്കുമ്പോൾ, സ്വന്തം ഇഷ്ടപ്രകാരം, എനിക്ക് ആശ്വാസം നൽകും.' ഈ വിശ്വാസം മനസ്സിലുള്ളതിനാൽ അയാൾ തന്റെ രോഗം സഹിച്ചു.

124. 'സഹിക്കണമെന്ന് വിധിക്കപ്പെട്ട ദുരിതങ്ങൾ സഹിച്ചേ പറ്റൂ! പക്ഷേ പൂജാവിധികളിൽ മുടക്കം വരാൻ പാടില്ല.' ഇതായിരുന്നു ഓരോ ദിവസവും കാക്കായുടെ ആഗ്രഹം.

125. പിന്നീട്, വയറിളക്കം അമിതമാകുകയും, നിയന്ത്രിക്കാൻ പറ്റാതെയുമായപ്പോൾ,

ആരതികളിലും സേവനങ്ങളിലും മുടക്കം ഉണ്ടാകാതിരിക്കാനായി, അയാൾ എന്താണ് ചെയ്തതെന്ന് നമുക്ക് കാണാം.

126. ഒരു ചെമ്പുപാത്രത്തിൽ വെള്ളം നിറച്ച്, ഇരുട്ടത്ത് പോലും തന്റെ കൈ എത്തിച്ച് എടുക്കാവുന്ന തരത്തിൽ മസ്ജിദിന്റെ ഒരു മൂലയ്ക്ക് അയാൾ വച്ചു.

127. അയാൾ ബാബയുടെ സമീപത്ത് ഇരുന്ന് അദ്ദേഹത്തിന്റെ കാലുകൾ തിരുമ്മുകയും, ആരതിസമയങ്ങളിൽ എല്ലായ്പ്പോഴും സന്നിഹിതനാകുകയും ചെയ്തിരുന്നു. ഇതായിരുന്നു അയാളുടെ ദിനചര്യ.

128. എപ്പോഴെങ്കിലും വയറുവേദന അനുഭവപ്പെടുമ്പോൾ, വെള്ളം നിറച്ച പാത്രം അടുത്തുള്ളതിനാൽ, അയാൾ അടുത്തുള്ള ഏതെങ്കിലും വിജനമായ പ്രദേശത്ത് പോയി സ്വയം ആശ്വാസം നൽകിയതിനുശേഷം മടങ്ങിയെത്തും.

129. അത് അങ്ങനെയാകട്ടെ. ഭക്തന്മാർ നിലം പാകുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടപ്പോൾ, അദ്ദേഹം അത് താത്ത്യയെ ഏൽപ്പിച്ചു. അപ്പോൾ അദ്ദേഹം അയാളോട് പറഞ്ഞതെന്താണെന്ന് കേൾക്കുക.

130. "ഞാൻ ലെൻഡിയിലേയ്ക്ക് പോകുന്നു. ഞാൻ ലെൻഡിയിൽ നിന്നും മടങ്ങിയെത്തുമ്പോൾ, നിലം പാകുന്ന പണി തുടങ്ങുക."

131. പിന്നീട് ബാബ മടങ്ങിയെത്തി തന്റെ ഇരിപ്പിടത്തിൽ ഇരുന്നു. കാക്കാ സമയത്തെത്തുകയും അദ്ദേഹത്തിന്റെ കാലുകൾ തിരുമ്മാൻ തുടങ്ങുകയും ചെയ്തു.

132. ചില ഭക്തർ തീവണ്ടി മാർഗ്ഗം ബോംബെയിൽ നിന്നും കോപർഗാവണിൽ എത്തുകയും അവിടെ നിന്ന് ടോംഗകളിൽ വരികയും ചെയ്തു. അവർ പൂജയ്ക്കുള്ള സാമഗ്രികളുമായി പടവുകൾ കയറി എത്തി ബാബയുടെ മുമ്പിൽ വന്ദിച്ചു.

133. മറ്റുള്ളവരോടൊപ്പം, അന്ധേരിയിൽ നിന്നുമുള്ള പട്ടീലും, പൂജയ്ക്കുള്ള പുഷ്പങ്ങൾ, അരി എന്നിവയുമായി പ്രതീക്ഷയോടെ കാത്തിരുന്നു.

134. അതേസമയത്ത്, മുറ്റത്തിന്റെ താഴ്ന്ന ഭാഗത്ത് രഥം സൂക്ഷിച്ചിരുന്ന സ്ഥലത്ത് കൂന്താലി കൊണ്ടുള്ള ആദ്യത്തെ പ്രഹരം വീഴുകയും, മുറ്റത്തിന്റെ നിലം പാകുന്നതിനുള്ള പണി ആരംഭിക്കുകയും ചെയ്തു.

135. ആ ശബ്ദം കേട്ടയുടൻ ബാബ വിചിത്രമായ രീതിയിൽ അലർച്ച പുറപ്പെടുവിച്ചു. നിമിഷമാത്രയിൽ അദ്ദേഹം നരസിംഹ'മായി മാറി. അദ്ദേഹത്തിന്റെ ദൃഷ്ടികൾ കോപം കൊണ്ട് ചുവന്നു.

136. "ആരാണ് കൂന്താലി കൊണ്ട് കുഴിക്കുന്നത്? ഞാൻ അവന്റെ നടുവ് ഒടിക്കും," ഇത് പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ സത്കയുമായി എഴുന്നേറ്റു. അവിടെ ഉണ്ടായിരുന്നവരെല്ലാം ഭയം കൊണ്ട് വിറച്ചു.

137. പണിക്കാർ കൂന്താലി വലിച്ചെറിഞ്ഞ് ഓടി രക്ഷപ്പെട്ടു. എല്ലാവരും അവിടെയും ഇവിടെയും ഓടി. കാക്കായും ഭയപ്പെട്ടു. അപ്പോൾ ബാബ അയാളുടെ കൈകളിൽ പിടിച്ചു.

138. എന്നിട്ട് പറഞ്ഞു: "നീ എവിടെ പോകുന്നു? ഇരിക്കുക." അപ്പോൾ താത്ത്യയും

ലക്ഷ്മിയും എത്തി. അദ്ദേഹം അവരുടെ നേർക്ക് മതിവരുവോളം ശകാരവാക്കുകൾ ചൊരിഞ്ഞു.

139. മുറ്റത്തിന് പുറത്ത് നിന്നിരുന്ന ജനങ്ങൾക്കും ശകാരവാക്കുകൾ കേൾക്കേണ്ടി വന്നു. അന്നേരം, അവിടെ വീണ് കിടന്ന ഒരു ചെറിയ നിലക്കടലസഞ്ചി അദ്ദേഹം തന്റെ കൈയ്യിലെടുത്തു.

140. ബാബ കോപിഷ്ഠനായ നേരം ആളുകൾ അവിടെയും ഇവിടെയും ഓടിയപ്പോൾ ആരുടെയോ കൈയ്യിൽ നിന്നും അത് നിലത്ത് വീണതായിരിക്കും.

141. ഒരു സീർ[5] മുഴുവനും വരുമായിരുന്നു ആ നിലക്കടല. അദ്ദേഹം അത് ഓരോ പിടിയായി പുറത്തെടുത്ത്, കൈത്തലത്തിൽ വച്ച് തിരുമ്മി, തൊലികളഞ്ഞ് വൃത്തിയാക്കി.

142. വൃത്തിയാക്കിയ കടലകൾ അദ്ദേഹം കാക്കായ്ക്ക് കഴിക്കാനായി നൽകി. ഒരു വശത്ത് ശകാരവർഷവും മറുവശത്ത് നിലക്കടല വൃത്തിയാക്കലും തുടർന്നു.

143. "അവ കഴിക്കൂ, അവ കഴിക്കൂ," അദ്ദേഹം പറഞ്ഞു. വൃത്തിയാക്കിയ നിലക്കടല അദ്ദേഹം അവന്റെ കൈയ്യിലേക്ക് നൽകി. അദ്ദേഹവും കുറച്ച് കഴിച്ചു. ഇപ്രകാരം സഞ്ചി ഒഴിഞ്ഞു.

144. നിലക്കടല തീർന്ന് കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "കുറച്ച് വെള്ളം കൊണ്ട് വരിക, എനിക്ക് ദാഹമുണ്ട്." കാക്കാ ഒരു പാത്രത്തിൽ വെള്ളം നിറച്ച് കൊണ്ട് എത്തി. അദ്ദേഹം കുറച്ച് വെള്ളം കുടിച്ചു, എന്നിട്ട് അയാളോടും കുടിക്കാൻ പറഞ്ഞു.

145. കാക്കാ വെള്ളം കുടിക്കവേ അദ്ദേഹം പറഞ്ഞു: "പോയ്ക്കോളൂ, നിന്റെ അസുഖം ഭേദമായിരിക്കുന്നു." അദ്ദേഹം വീണ്ടും പറഞ്ഞു: "എവിടെയാണ് ഹീനന്മാരായ ആ ബ്രാഹ്മണർ? പോയി അവരെ കൂട്ടിക്കൊണ്ടു വരിക."

146. അപ്രകാരം, സംഘാംഗങ്ങൾ തിരിച്ചെത്തി. മസ്ജിദ് വീണ്ടും മുമ്പത്തെപ്പോലെ ജനങ്ങളെക്കൊണ്ട് നിറഞ്ഞു. നിലം പണി പുനരാരംഭിച്ചു. കാക്കായുടെ വയറിളക്കം ഭേദമായി.

147. വയറിളക്കത്തിന് ഇത് എന്ത് തരത്തിലുള്ള മരുന്നാണ്? ദിവ്യന്മാ[6]രുടെ വാക്കുകളാണ് ഔഷധമായി പ്രവർത്തിക്കുന്നത്. അവ പ്രസാദമായി സ്വീകരിക്കുന്നവർക്ക് മറ്റൊന്നിന്റെയും ആവശ്യമുണ്ടാകില്ല.

148. ഹർദയിലെ ഒരു ഗൃഹനാഥന് ഉദരത്തിൽ കലശലായ വേദന അനുഭവപ്പെടുമായിരുന്നു. പതിനാല് വർഷങ്ങളായി അയാൾ ഈ ദുരതം അനുഭവിക്കുകയായിരുന്നു. അയാൾ എല്ലാവിധത്തിലുള്ള ഔഷധങ്ങളും പരീക്ഷിച്ചു.

149. ദത്തോപാന്ത് എന്നായിരുന്നു അയാളുടെ നാമം. ജനങ്ങൾ പറഞ്ഞുകേട്ട്, ഷിർദിയിലെ ദിവ്യനായ സായിയുടെ ശക്തികളെ കുറിച്ച് അയാൾ അറിഞ്ഞു, അദ്ദേഹത്തിന്റെ ദർശനം ഒന്നുകൊണ്ട് മാത്രം സകലക്ലേശങ്ങളും അവസാനിക്കുമെന്ന്.

150. ഈ പ്രശസ്തി കേട്ടറിഞ്ഞ്, അയാൾ ഷിർദിയിൽ എത്തി, തന്റെ ശിരസ്സ് സായിയുടെ പാദങ്ങളിൽ അർപ്പിച്ചുകൊണ്ട്, ദയ കാട്ടണമെന്ന് പ്രാർത്ഥിച്ചു.

151. "ബാബാ, പതിനാല് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കഠിനമായ ഉദരവേ

ദന എന്നെ പിന്തുടരുകയാണ്. മതിയായി. ഇത് എനിക്ക് സഹിക്കാവുന്നതിന് അപ്പുറമാണ്. ഇത് സഹിക്കാൻ ഇനി എനിക്ക് അല്പം പോലും ശക്തിയില്ല.

152. “ഞാൻ ഒരിക്കലും അവിശ്വാസം കാട്ടിയിട്ടില്ല. മാതാപിതാക്കളോട് ഞാൻ അനാദരവ് കാട്ടിയിട്ടില്ല. ഈ ദുരിതം അനുഭവിക്കുന്നതിന് കാരണമായ പൂർവ്വജന്മ കർമ്മങ്ങളെക്കുറിച്ച് എനിക്ക് അറിയില്ല.”

153. ഒരു ദിവ്യന്റെ കടാക്ഷമോ, ദിവ്യനിൽ നിന്നുള്ള പ്രസാദമോ അനുഗ്രഹമോ കൊണ്ട് മാത്രമേ രോഗം ഭേദമാകുകയുള്ളൂ. അതുപോലെ ഫലപ്രദമായ മറ്റൊന്നുമുണ്ടാകില്ല.

154. ദത്തോപാന്തിന്റെ അനുഭവം ഇപ്രകാരമായിരുന്നു. ബാബയുടെ കരങ്ങൾ അയാളുടെ ശിരസ്സിൽ സ്പർശിക്കുകയും, അയാൾ വിഭൂതിയും അനുഗ്രഹവും സ്വീകരിക്കുകയും ചെയ്തയുടനെ, അയാൾക്ക് ആശ്വാസം തോന്നി.

155. മഹാരാജ് അയാളെ കുറച്ച് ദിവസം അവിടെ താമസിപ്പിച്ചു. സാവധാനത്തിൽ ഉദരവേദന[7] പൂർണ്ണമായും ശമിച്ചു.

156. അത്തരത്തിലായിരുന്നു ആ ശ്രേഷ്ഠദിവ്യൻ! ഞാൻ എങ്ങനെയാണ് അദ്ദേഹത്തിന്റെ ശക്തികൾ വർണ്ണിക്കുക? അദ്ദേഹത്തിന്റെ സ്വാഭാവികപ്രകൃതം എല്ലാവർക്കും നന്മ ചെയ്യുക എന്നുള്ളതും സകല ജീവികളോടും അദ്ദേഹത്തിന് സ്നേഹവുമാണ് ഉണ്ടായിരുന്നത്.

157. നമ്മൾ വാക്കുകൾ കൊണ്ട് അദ്ദേഹത്തിന്റെ ജീവിതം സ്തുതിക്കാൻ ശ്രമിക്കുകയാണെങ്കിൽ, ഒരു പ്രവൃത്തി മറ്റൊന്നിനേക്കാൾ മികച്ചതായി ഞാൻ കാണുന്നു. ഇപ്പോൾ എന്റെ യഥാർത്ഥ വിവരണത്തിന്റെ കഥാതന്തുവായ ഭീമാജിയുടെ ജീവിതകഥയിലേയ്ക്ക് ഞാൻ തിരികെപ്പോകുകയാണ്.

158. അപ്രകാരമാകട്ടെ. ബാബ ഉധി ചോദിച്ചു; ഭീമാജിക്ക് കുറച്ച് കൊടുത്തു; കുറച്ച് അവന്റെ നെറ്റിയിൽ പുരട്ടുകയും, അദ്ദേഹത്തിന്റെ കരം അവന്റെ ശിരസ്സിൽ ചേർത്ത് വയ്ക്കുകയും ചെയ്തു.

159. അവനോട് വാസസ്ഥലത്തേയ്ക്ക് പോകാൻ ആജ്ഞാപിച്ചു. പട്ടീൽ നടക്കാൻ തുടങ്ങുകയും, വണ്ടിയുടെ സമീപം വരെ കാൽ നടയായി പോകുകയും ചെയ്തു. അയാൾക്ക് ഊർജ്ജസ്വലത അനുഭവപ്പെട്ടു.

160. അവിടെ നിന്നും അയാൾ, മുമ്പ് നിശ്ചയിക്കപ്പെട്ട സ്ഥലത്തേയ്ക്ക് പോയി. ആ സ്ഥലം ഇടുങ്ങിയതായിരുന്നെങ്കിലും ബാബ നിർദ്ദേശിച്ചതിനാൽ അത് അയാൾക്ക് പ്രാധാന്യമുള്ളതായിരുന്നു.

161. നിലമാകട്ടെ, അല്പസമയം മുമ്പ് തടിക്കഷണങ്ങൾ കൊണ്ട് ഇടിച്ച് നിരപ്പാക്കിയിരുന്നു. അതിനാൽ അത് നനവുള്ളതായിരുന്നു. എന്നിട്ടും അയാൾ ബാബയുടെ നിർദ്ദേശം അനുസരിക്കുകയും, അവിടെ തന്നെ താമസം തുടങ്ങുകയും ചെയ്തു.

162. ഭീമാജിക്ക് അനേകം പേരെ പരിചയമുണ്ടായിരുന്നതിനാൽ, നനവ് തട്ടാത്ത ഭേദപ്പെട്ട ഒരു ഗൃഹം ഗ്രാമത്തിൽ അയാൾക്ക് ലഭിക്കുമായിരുന്നു. പക്ഷേ, ബാബ ഈ സ്ഥലം പ്രത്യേകമായി സൂചിപ്പിച്ചതിനാൽ, മറ്റെവിടേക്കെങ്കിലും

പോകുന്നതിനെക്കുറിച്ച് അയാൾ ചിന്തിച്ചില്ല.

163. അയാൾ നിലത്ത് രണ്ട് ചാക്കുകഷണങ്ങൾ വിരിച്ച്, അതിന് മുകളിൽ തന്റെ മെത്ത വിരിച്ചു. പിന്നീട് പട്ടീൽ സുഖമായി ഉറങ്ങി.

164. അതേ രാത്രിയിൽ സംഭവിച്ചത് ഇതാണ്. ഭീമാജിക്ക് ഒരു സ്വപ്നദർശനം ഉണ്ടായി. ബാല്യകാലത്ത് അയാൾക്കറിയാമായിരുന്ന ഒരു അധ്യാപകനെ കാണുകയും, അധ്യാപകൻ അയാളെ അടിക്കാൻ തുടങ്ങുകയും ചെയ്തു.

165. അയാളുടെ കൈയ്യിൽ ഒരു ചൂരൽ ഉണ്ടായിരുന്നു; ഒരു പദ്യം മനഃപാഠമാക്കാൻ വേണ്ടി മർദ്ദിക്കാൻ തുടങ്ങുകയും അവന്റെ മുതുകിലെ തൊലി പൊട്ടുകയും ചെയ്തു. അപ്രകാരം വിദ്യാർത്ഥിയുടെ അവസ്ഥ വളരെ കഷ്ടമായിരുന്നു.

166. എന്തായിരുന്നു ആ പദ്യം? അതറിയാൻ ശ്രോതാക്കൾക്ക് ആകാംക്ഷയുണ്ടാകും. അതിനാൽ ഞാൻ കേട്ടറിഞ്ഞതുപോലെ, മുഴുവൻ പദ്യവും ഇപ്പോൾ എഴുതുകയാണ്: –

'യഥാർത്ഥ അഥവാ ഉത്തമ ഭാര്യ എന്നത്, അവൾ അപരിചിതമായ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ ഒരു സർപ്പത്തിന്റെ പത്തിയിലാണ് താൻ കാൽ വച്ചതെന്ന് ചിന്തിക്കുന്നവളാണ്. അവളുടെ വാക്കുകൾ, ഒരു പിശുക്കന്റെ പക്കൽ നിന്നും ധനം നേടുന്നതുപോലെ അപൂർവ്വമായിരിക്കും. ഗൃഹത്തിൽ പണമില്ലെങ്കിലും, അവൾ ഭർത്താവിന് സുഖം നൽകുമ്പോൾ അവൾക്ക് അതിയായ ആനന്ദമുണ്ടാകുന്നു. ഭർത്താവിന്റെ ആഗ്രഹങ്ങൾക്കനുസരിച്ച്, മടികൂടാതെ അവൾ പ്രവർത്തിക്കുന്നു.'

167. പക്ഷേ ശിക്ഷയുടെ കാരണമെന്താണെന്ന് അയാൾക്ക് മനസ്സിലായില്ല. അധ്യാപകനാകട്ടെ, കോപം കൊണ്ട് വിറച്ച് ദൃഢനിശ്ചയത്തോടെ നിന്നതിനാൽ ചൂരൽ മാറ്റിവച്ചതുമില്ല.

168. അതിനുശേഷം ഉടൻ തന്നെ, അയാൾക്ക്, ആദ്യത്തേതിനേക്കാൾ വിചിത്രമായ മറ്റൊരു സ്വപ്നദർശനം ഉണ്ടായി. അപരിചിതനായ ഒരു മനുഷ്യൻ എത്തി, അയാളുടെ നെഞ്ചിൽ ബലമായി കയറി ഇരുന്നു.

169. അയാൾ, അവന്റെ നെഞ്ച് ഒരു അരകല്ല് പോലെ ഉപയോഗിക്കുകയും, മറ്റൊരു കല്ല് ഉരുട്ടുന്നതിനുവേണ്ടി കൈയ്യിലെടുത്ത് കൊണ്ട് അരയ്ക്കാൻ തുടങ്ങുകയും ചെയ്തു. ഭീമാജിക്ക്, അയാൾ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നത് പോലെ ശ്വാസതടസ്സം അനുഭവപ്പെട്ടു.

170. ഒടുവിൽ സ്വപ്നദർശനം അവസാനിച്ചു. ഒരുവിധം സുഖകരമായി അയാൾ ഉറങ്ങി. സൂര്യൻ ഉദിക്കുകയും പട്ടീൽ ഉറക്കമുണരുകയും ചെയ്തു.

171. മുമ്പൊരിക്കലും അനുഭവപ്പെടാത്തതുപോലെ ഉന്മേഷവാനായി അയാൾക്ക് തോന്നി. രോഗത്തെപ്പറ്റി പൂർണ്ണമായും അയാൾ മറന്നു. ചൂരൽകൊണ്ടുള്ള അടിയുടെയോ, അരകല്ല് പോലെ ഉപയോഗിക്കപ്പെട്ടതിന്റെയോ അടയാളങ്ങൾ നോക്കാൻ ആരാണ് ഓർക്കുന്നത്!

172. സ്വപ്നങ്ങൾ യഥാർത്ഥമല്ലെന്ന് ജനങ്ങൾ പറയുന്നു. പക്ഷേ, ചിലപ്പോൾ വിപരീതമായ അനുഭവം ഒരുവനുണ്ടാകും. അതേദിവസം തന്നെ പട്ടീലിന് തന്റെ

രോഗം പൂർണ്ണമായും ഭേദമാകുകയും, അയാളുടെ ദുരിതങ്ങൾ അവസാനിക്കുകയും ചെയ്തു.

173. പട്ടീൽ വളരെ സന്തോഷവാനായി. ഒരു പുതിയ ജീവിതം ലഭിച്ചതുപോലെ അയാൾക്ക് തോന്നി. പിന്നീട് ബാബയുടെ ദർശനത്തിനായി അയാൾ പതുക്കെ നടക്കാൻ തുടങ്ങി.

174. ചന്ദ്രബിംബത്തിന് സമാനമായ, ബാബയുടെ വദനം ദർശിച്ചപ്പോൾ, പട്ടീലിന്റെയുള്ളിൽ സന്തോഷസാഗരം തിരയിളകി. അയാൾക്ക് പരമാനന്ദം അനുഭവപ്പെടുകയും, ആത്മനിർവൃതി കൊണ്ട് മോഹാലസ്യം അനുഭവപ്പെടുകയും ചെയ്തു.

175. സന്തോഷത്താൽ കണ്ണുനീർ വാർത്തുകൊണ്ട് അയാൾ തന്റെ നെറ്റിത്തടം ബാബയുടെ പാദങ്ങളിൽ ചേർത്തുവച്ചു. മർദ്ദനങ്ങൾക്കും, അരകല്ലിൽ അരക്കപ്പെടുന്നതുപോലെ അനുഭവിക്കുകയും ചെയ്തതിനുശേഷം, എത്രമാത്രം ആനന്ദാവസ്ഥയാണ് അയാൾ അനുഭവിച്ചത്!

176. “എന്നെപ്പോലെ നിസ്സാരനായ ഒരു ജീവിക്ക് എങ്ങനെയാണ് അങ്ങയോടുള്ള കടം വീട്ടാൻ കഴിയുന്നത്? അത് അസാധ്യമാണെന്ന് എനിക്ക് അറിയാം, അതിനാൽ ഞാൻ എന്റെ ശിരസ്സ് അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുക മാത്രം ചെയ്യുന്നു.

177. “ഈ ഒരു മാർഗ്ഗത്തിലൂടെ മാത്രമേ എനിക്ക് കടം വീട്ടാൻ കഴിയൂ. വേറെ ഒരു മാർഗ്ഗവുമില്ല. ഓ, ബാബാസായി, അങ്ങയുടെ അദ്ഭുതലീലകൾ അഗ്രാഹ്യവും, അനിഷേധ്യവുമാണ്!”

178. ഇത്തരത്തിൽ സ്തുതികൾ ആലപിച്ചുകൊണ്ട് പട്ടീൽ ഒരു മാസക്കാലം താമസിച്ചു. നാനായുടെ സഹായവും അയാൾ നന്ദിയോടെ സ്മരിച്ചു. തികച്ചും കൃതജ്ഞനായി അയാൾ മടങ്ങിപ്പോയി.

179. അങ്ങനെ ഭക്തിവിശ്വാസങ്ങളോടെ അയാൾ സംതൃപ്തനായി ജീവിച്ചു. ബാബയോടുള്ള നന്ദി സൂചകമായി അയാൾ ഇടയ്ക്കിടയ്ക്ക് ഷിർദിയിലെത്തി.

180. മറ്റെല്ലാറ്റിനെയും ഒഴിവാക്കിക്കൊണ്ട്, അദ്ദേഹത്തിൽ ഉറച്ച മനസ്സും വിശ്വാസവുമുണ്ടെങ്കിൽ, സായിനാഥനോട് കൃതജ്ഞത കാട്ടുവാൻ ഒരുവന് രണ്ട് കരങ്ങളും ഒരു ശിരസ്സും മാത്രം മതിയാകും.

181. ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ, ചില പ്രത്യേക അപകടങ്ങൾ ഒഴിവാക്കാനോ, ചില അഭീഷ്ടങ്ങൾ സാധിക്കാനോ വേണ്ടി സത്യനാരായണപൂജ ചെയ്യാറുണ്ട്.

182. അന്നുമുതൽ വ്യാഴാഴ്ചകൾ തോറും, പ്രഭാതസ്നാനം കഴിഞ്ഞ്, ഉപവാസത്തോടെ, പട്ടീൽ സത്യസായി വ്രതം അനുഷ്ഠിച്ച് തുടങ്ങി.

183. ജനങ്ങൾ സത്യനാരായണകഥ പാരായണം ചെയ്യുന്നതുപോലെ, പട്ടീൽ, ദാസ്ഗനുവിന്റെ ‘അർവചിൻ ഭക്തലീലാമൃത്’ എന്ന ഗ്രന്ഥത്തിലെ സായിയുടെ ജീവിതകഥ വിവരിക്കുന്ന അധ്യായങ്ങൾ സ്നേഹത്തോടെ പാരായണം ചെയ്തു.

184. നാല്പത്തിഅഞ്ച് അധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിൽ, ദാസ്ഗനു അനേകം ഭക്തന്മാരുടെ ജീവിതം വർണ്ണിക്കുന്നുണ്ട്. ഇവയിൽ മൂന്നെണ്ണം സായിനാഥ നോട് ബന്ധപ്പെട്ടിരിക്കുന്നു. ഇവയാണ് സത്യസായികഥ.

185. എല്ലാ വ്രതങ്ങളിലും വച്ച് ഈ വ്രതമാണ് ശ്രേഷ്ഠം. പട്ടീൽ ഈ മൂന്ന് അധ്യാ യങ്ങൾ പാരായണം ചെയ്ത് അപരിമിതമായ ആനന്ദവും സംതൃപ്തിയും നേടി.

186. പട്ടീൽ തന്റെ ബന്ധുക്കൾ, സഹോദരന്മാർ, സുഹൃത്തുക്കൾ, അയൽവാസി കൾ എന്നിവരെയൊക്കെ വിളിച്ചുകൂട്ടി സന്തോഷത്തോടെ, പതിവായി സത്യ സായി വ്രതം അനുഷ്ഠിച്ചു.

187. നൈവേദ്യങ്ങളും അതേപോലെ, ഒന്നേകാൽ ഭാഗത്തോളമായിരുന്നു. മറ്റ് ചട ങ്ങുകൾക്കും മാറ്റമില്ലായിരുന്നു. ഒന്നിൽ നാരായണനും മറ്റേതിൽ സായിയും ആയിരുന്നു. ചെറിയ ഒരു ഭാഗം പോലും വിട്ടുപോയില്ല.

188. പട്ടീൽ ഈ ചടങ്ങ് തുടങ്ങിവച്ചു. ഗ്രാമത്തിൽ അത് ഒരു പതിവാകുകയും, ജനങ്ങൾ ഓരോരുത്തരായി സത്യസായി വ്രതം അനുഷ്ഠിക്കുകയും ചെയ്തു.

189. ഇത്തരത്തിലാണ് ദിവ്യന്മാർ, ദയാപരൻമാർ! ഉചിതമായ സമയമെത്തുമ്പോൾ, ദർശനം ഒന്നുകൊണ്ടുമാത്രം അവർ ഭക്തന്മാരുടെ ലൗകികദുഃഖങ്ങൾ അക റ്റുകയും, അവരുടെ വിധി പോലും മാറ്റുകയും ചെയ്യുന്നു.

190. ഇപ്പോൾ, അടുത്ത അധ്യായം, സന്തതിക്ക് വേണ്ടി ഉഴലുന്ന ഒരു വ്യക്തിയെ ക്കുറിച്ചും, ദിവ്യന്മാർ തമ്മിലുള്ള ഐക്യത്തിന്റെ ആശ്ചര്യകരമായ കഥയെ ക്കുറിച്ചുമാണ്.

191. നാൻഡഡ് പട്ടണത്തിലെ സമ്പന്നനായ ഒരു പാർസിക്ക് ബാബയുടെ അനു ഗ്രഹത്തിലൂടെ ഒരു പുത്രനെ ലഭിക്കുന്നു.

192. ആ പ്രദേശത്തുള്ള മൗലിസാഹേബ് എന്ന ദിവ്യനെപ്പറ്റി ബാബ സൂചിപ്പിച്ചു. പാർസി സന്തോഷത്തോടെ സ്വന്തം സ്ഥലത്തേയ്ക്ക് മടങ്ങിപ്പോയി.

193. അത് വളരെ ഹൃദയഹാരിയായ കഥയാണ്. ശ്രോതാക്കൾ ശ്രദ്ധയോടെ അത് ശ്രവിക്കണം. അപ്പോൾ അവർക്ക് സായിയുടെ സർവ്വവ്യാപിത്വവും വാത്സല്യ പരമായ പ്രകൃതവും അറിയാൻ കഴിയും.

194. പാന്ത്ഹേമദ് സായിക്ക് സ്വയം സമർപ്പിച്ചുകൊണ്ട് ദിവ്യന്മാരെയും ശ്രോതാ ക്കളെയും വണങ്ങുന്നു. അടുത്ത അധ്യായത്തിൽ ഇപ്പോൾ പറഞ്ഞതൊക്കെ ഞാൻ വിവരിക്കുന്നതാണ്. ആദരവോടെ ശ്രവിക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച, ശ്രീ സായി സമർത്ഥസച്ചരിത ത്തിലെ പതിമൂന്നാം അധ്യായം “ഭീമാജിയുടെ ക്ഷയരോഗം ഭേദമാകുന്നത്” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

## കുറിപ്പുകൾ

1. പ്രാർത്ഥന, ഇരിപ്പിടം നൽകുന്നു, പാദങ്ങൾ കഴുകുന്നു, ജലം അർപ്പിക്കുന്നു, ശുദ്ധി വരുത്താൻ ജലം ആചമനം ചെയ്യുന്നു, സ്നാനം, വസ്ത്രങ്ങൾ ധരിപ്പിക്കുന്നു, പൂണൂൽ അണിയിക്കുന്നു, ചന്ദനം പൂശുന്നു, പുഷ്പങ്ങൾ, ധൂപങ്ങൾ, നൈവേദ്യം, ദീപം, ദക്ഷിണ, പ്രദക്ഷിണം പുഷ്പാർച്ചനയോടെ മന്ത്രങ്ങൾ ചൊല്ലുന്നു.
2. ചന്ദനം, പുഷ്പങ്ങൾ, ധൂപം, ദീപം, നൈവേദ്യം, കർപ്പൂരം, അക്ഷതം, നാളികേരം.
3. നാനാസാഹേബ് എന്നറിയപ്പെടുന്ന നാരായൺ ഗോവിന്ദ ചന്ദോർക്കർ.
4. ഹിരണ്യകശിപുവിനെ വധിക്കാനായി വിഷ്ണു എടുത്ത അവതാരം.
5. ഏകദേശം രണ്ട് കിലോ.
6. ഒരിക്കൽ ഷിർദിയിലെ മാധവറാവ് ദേശപാണ്ഡെയ്ക്ക് അർശസ്സ് രോഗമുണ്ടായി. അയാൾ മഹാരാജിനോട് അതിനെക്കുറിച്ച് പറഞ്ഞു. “വൈകുന്നേരം നമുക്ക് ഒരു ഔഷധം തയ്യാറാക്കാം”, എന്ന് മഹാരാജ് പറഞ്ഞു. അതനുസരിച്ച് കൊന്നക്കായുടെ (സെന്ന) തോടുകൊണ്ട് കഷായം ഉണ്ടാക്കി, മഹാരാജ് അയാൾക്ക് കുടിക്കാൻ നൽകി. മാധവറാവുവിന് പൂർണ്ണമായി രോഗശമനം ഉണ്ടായി. രണ്ടുവർഷങ്ങൾക്ക് ശേഷം അയാൾക്ക് വീണ്ടും അതേ രോഗം ഉണ്ടായി. മുമ്പ് മഹാരാജ് കഷായം നൽകിയതിനാൽ അയാൾ സ്വയം അത് തയ്യാറാക്കി കുടിച്ചു. അയാൾക്ക് ആശ്വാസം തോന്നിയില്ല; മറിച്ച് രോഗം കൂടുതലായി. പിന്നീട് മഹാരാജിന്റെ അനുഗ്രഹത്താൽ രോഗം ഭേദമായി. ചുരുക്കത്തിൽ മഹാരാജിന്റെ അനുഗ്രഹവും കൃപയും കൊണ്ടാണ് രോഗശമനം ഉണ്ടാകുന്നത്.
7. കാക്കാമഹാജനിയുടെ ജ്യേഷ്ഠസഹോദരനായ ഗംഗാധരപന്ത് വളരെ വർഷങ്ങളായി ഉദരവേദന അനുഭവിക്കുകയായിരുന്നു. ഓരോ വർഷവും ഇതുകാരണം അയാൾ വളരെ ദുരിതമനുഭവിച്ചു. മഹാരാജിന്റെ ശ്രേഷ്ഠത കേട്ടറിഞ്ഞ് അയാൾ അവിടെ എത്തി. മഹാരാജിനോട് സങ്കടമുണർത്തിച്ചു. മഹാരാജ് അയാളുടെ ഉദരത്തിൽ സ്പർശിച്ചുകൊണ്ട് ചോദിച്ചു, “ഇവിടെയാണോ വേദന?” ഗംഗാധരപന്ത് അതെ എന്ന് പറഞ്ഞു. മഹാരാജ് പറഞ്ഞു “അള്ളാഹ് ഭേദമാക്കും” അന്നുമുതൽ ഗംഗാധരപന്തിന്റെ വയറുവേദന ഭേദമാകുകയും, അത് പിന്നീട് ഉണ്ടായതുമില്ല.

   ഒരിക്കൽ നാനാ സാഹേബ് ചന്ദോർക്കർക്ക് ഉദരവേദന ഉണ്ടായി. അതികഠിനമായ വേദനയാൽ രാത്രിയും പകലും അയാൾ ദുരിതമനുഭവിച്ചു. ഭിഷഗ്വരൻ വിരേചനത്തിന് ഗുദദ്വാരത്തിൽ മരുന്ന് വച്ചുവെങ്കിലും ഭേദമായില്ല. ഒടുവിൽ അയാൾ മഹാരാജിന്റെ അടുക്കലെത്തി. മഹാരാജ് അയാളോട് ബർഫി (ഒരു മധുരപലഹാരം) വെണ്ണയിൽ ചേർത്ത് കഴിക്കാൻ പറഞ്ഞു. അപ്രകാരം ചെയ്തപ്പോൾ അയാളുടെ ഉദരവേദന പൂർണ്ണമായും ശമിച്ചു.

14

# രത്തൻജി സായിയെ കണ്ടുമുട്ടുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. വന്ദനം സായിനാഥാ, ദിവ്യന്മാരിൽ ശ്രേഷ്ഠൻ! വന്ദനം! വന്ദനം! കൃപാനിധേ, സർവ്വഗുണ സമ്പന്നൻ! വന്ദനം, അനശ്വരനും പരമാത്മാവുമായവൻ! വന്ദനം, വന്ദനം, അപരിമിതനും, സർവ്വാന്തര്യാമിയുമായവൻ.

2. ഭക്തരറിയാതെ, അവരെ ജാഗ്രതയോടെ ശ്രദ്ധിക്കുന്ന അങ്ങ്, അവരോടുള്ള അനന്തമായ ദയ മൂലം, വിവിധ നിമിത്തങ്ങളിലൂടെ അവരെ കണ്ടുമുട്ടുകയും, ക്ലേശങ്ങളിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

3. ഭക്തരെ ഉദ്ധരിക്കുന്നതിനും, രാത്രിയിൽ പ്രവർത്തിക്കുന്ന രാക്ഷസന്മാർക്കു തുല്യവും കീഴടക്കാൻ ദുഷ്കരവുമായ ആസക്തികളെ നശിപ്പിക്കുന്നതിനും വേണ്ടിയാണ് അങ്ങ് അവതരിച്ചത്.

4. ഉറച്ചവിശ്വാസത്തോടെ ദർശനത്തിന് എത്തിയവർക്ക് സംതൃപ്തിയുടെ അമൃത് പാനം ചെയ്യാനും, ആത്മനിർവൃതി നേടാനും കഴിഞ്ഞു, അവർ സന്തോഷവും സ്നേഹവുംകൊണ്ട് നൃത്തം ചെയ്തു.

5. സദ്ഗുണങ്ങളുടെ മൂർത്തരൂപമായ സായിസമർത്ഥ അത്തരത്തിലായിരുന്നു! ഞാൻ സാധാരണക്കാരനായ, ദരിദ്രനായ, സാധുവായ ഒരുവനാണ്. ഞാൻ വിനയത്തോടെ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുന്നു.

6. കഴിഞ്ഞ അധ്യായത്തിൽ, തൈരും ചോറും കൂട്ടിച്ചേർത്ത് കറുത്ത നായയ്ക്ക് നൽകിയതിലൂടെ രോഗിയുടെ മലേറിയ രോഗം ഭേദമായതെങ്ങനെ എന്ന് വിശദമാക്കി.

7. വിരൽ ചൂണ്ടി ശാസിച്ചോ, കഞ്ഞിയോ നിലക്കടലയോ കഴിക്കാൻ നൽകിയോ ഭീകരരോഗങ്ങളായ അതിസാരവും വയറിളക്കവും ഭേദമാക്കി.

8. അതേപോലെ ഒരു വ്യക്തിയുടെ ഉദരവേദന, മറ്റൊരാളിന്റെ കർണ്ണവേദന, മൂന്നാമതൊരാളിന്റെ ക്ഷയരോഗം എന്നിവ ദർശനം കൊണ്ടുമാത്രം ഭേദമാക്കി.

9. സായിയുടെ അനുഗ്രഹത്താൽ എങ്ങനെയാണ് ഭീമാജി പൂർണ്ണസംതൃപ്തനായതെന്ന്; എങ്ങനെയാണ് അയാൾ സായിയോട് കടപ്പെട്ടതെന്നും, അദ്ദേഹത്തിൽ പൂർണ്ണമായും സമർപ്പിച്ചതെന്നും.

10. അതേപോലെ, ഈ അധ്യായവും അനുപമവും ആശ്ചര്യജനകവും അഗ്രാഹ്യവുമാണ്. ശ്രോതാക്കളുടെ ആകാംക്ഷ മനസ്സിലാക്കിക്കൊണ്ട് ഞാൻ അത് വിവരിക്കുകയാണ്.

11. ശ്രോതാക്കൾ ശ്രദ്ധാലുക്കളല്ലെങ്കിൽ, പ്രഭാഷകന് എങ്ങനെ പ്രചോദനം ലഭിക്കും? വിവരണം എങ്ങനെയാണ് രസകരമാകുന്നതും എങ്ങനെയാണ് അത് സംഗ്രഹിക്കാനുമാകുന്നത്?

12. ഒരു പ്രഭാഷകന് എന്താണ് ചെയ്യാൻ കഴിയുക? അയാൾ പൂർണ്ണമായും ശ്രോതാക്കളെ ആശ്രയിച്ചിരിക്കുന്നു. ശ്രോതാക്കൾ കഥയിൽ ശ്രദ്ധിക്കുമ്പോൾ അത് രസകരമാകുന്നു.

13. ഇത് ഒരു ദിവ്യന്റെ ജീവിതകഥ ആയതുകൊണ്ട് സ്വാഭാവികമായും, എല്ലാ അർത്ഥത്തിലും അത് ആനന്ദദായകമാണ്. ദിവ്യന്മാരുടെ ആഹാരം കഴിക്കുന്ന രീതി, ദിനചര്യകൾ, സാധാരണ സംഭാഷണം എന്നിവയെല്ലാം വളരെ വശ്യമാണ്.

14. ഇത് ഒരു ജീവരേഖയോ ജീവചരിത്രമോ അല്ല. ദയാമേഘമായ സായിമഹാരാജ്, തന്റെ ഭക്തരോടുള്ള സ്നേഹംമൂലം അവർ അദ്ദേഹത്തെ ഓർക്കുന്നതിനും പരമാനന്ദം അനുഭവിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗമായി ഇത് വർഷിച്ചതാണ്.

15. അത്തരത്തിലാണ് ശ്രേഷ്ഠദിവ്യന്മാരുടെ കഥകൾ; അവർ ലോകജീവിതത്തെക്കുറിച്ച് സംസാരിക്കുകയും, ഒപ്പം ഒരുവനെ മുക്തിയുടെ മാർഗ്ഗത്തിലേയ്ക്ക് നയിക്കുകയും ചെയ്യും. ആ കഥകൾ ഒരേസമയം, ഭൗതികവും ആത്മീയവുമായ ജീവിതരീതികൾ വിവരിക്കുന്നു.

16. ഒരുവൻ സന്തോഷപ്രദമായ ജീവിതം നയിക്കണം; പക്ഷേ, എല്ലായ്പ്പോഴും ജാഗ്രതയോടെ വർത്തിക്കുകയും ഈ ശരീരം ഫലപ്രദമായി ഉപയോഗിക്കുകയും വേണം, ഇതായിരുന്നിരിക്കണം അവരുടെ ഉദ്ദേശ്യം.

17. അനേകം പുണ്യകർമ്മങ്ങൾ ശേഖരിക്കുമ്പോൾ, ഒരു ആത്മാവിന് യാദൃച്ഛികമായി ഒരു മനുഷ്യശരീരം ലഭിക്കുന്നു. ഇതിനേക്കാളെല്ലാം ഉപരിയായി, ഒരു മനുഷ്യന് ആത്മീയപരമായ ജീവിതം നയിക്കാൻ കഴിഞ്ഞാൽ അവൻ ഏറ്റവും ഭാഗ്യവാനാണ്.

18. അത്തരത്തിലുള്ള ജീവിതത്തിൽപ്പോലും, അവൻ പൂർണ്ണത നേടുന്നില്ലെങ്കിൽ അവന്റെ ജനനം നിഷ്ഫലവും, ഭൂമിക്ക് ഭാരവും മാത്രമാണ്. വെറുമൊരു മൃഗത്തേക്കാൾ കൂടുതൽ സന്തോഷവാനായിരിക്കുവാൻ അവന് കഴിയുമോ?

19. ആഹാരം, നിദ്ര, ഭയം, മൈഥുനം എന്നിവയല്ലാതെ മറ്റൊന്നും അറിവില്ലാത്ത മനുഷ്യൻ, കൊമ്പും വാലും കളഞ്ഞ മൃഗത്തിനേക്കാൾ മെച്ചമല്ല.

20. ഈ മനുഷ്യജീവിതം എത്ര വിലപിടിച്ചതാണ്! ഈശ്വരഭക്തി നേടുന്നതിനും നാല് തരത്തിലുള്ള[1] മുക്തിക്കും ഉതകുന്ന ഒരേ ഒരു മാർഗ്ഗമാണത്. ആത്മജ്ഞാനം നേടുന്നതിനുള്ള മാർഗ്ഗവും അത് മാത്രമാണ്.

21. ഈ ലോകത്തിലെ നമ്മുടെ ജീവിതം, ഒരു മിന്നൽപ്പിണരിനേക്കാൾ കൂടുതൽ ആയുസ്സുള്ളതല്ല. വിധിയുടെ ദംഷ്ട്രകൾക്കിടയിൽ കുടുങ്ങിക്കിടക്കു

മ്പോൾ എങ്ങനെയാണ് മനുഷ്യർക്ക് പൂർണ്ണ സന്തോഷത്തിന്റെ നിമിഷങ്ങൾ ലഭിക്കുക?

22. മാതാവ്, പിതാവ്, സഹോദരി, ഭർത്താവ്, ഭാര്യ, മകൻ, മകൾ, അമ്മാവന്റെ മക്കൾ – ഇവരെല്ലാം ഒരു നദിയുടെ ഒഴുക്കിൽ പൊങ്ങിക്കിടക്കുന്ന തടികൾക്ക് തുല്യമാണ്.

23. ഒരു നിമിഷം അവയൊക്കെ ഒരുമിച്ചാണെന്ന് തോന്നും. പിന്നീട് ഓളങ്ങളുടെ ചലനങ്ങൾക്കനുസരിച്ച് ചിതറിപ്പോകുകയും, വീണ്ടും ഒരിക്കൽപ്പോലും കൂടി ച്ചേരാനാകാത്തവിധം വേർതിരിഞ്ഞ് അകന്ന് മാറുകയും ചെയ്യും.

24. ആത്മീയ ഉന്നതി നേടാൻ കഴിയാത്തവൻ, അവന്റെ മാതാവിന് വെറുതെ ക്ലേശ ങ്ങൾ സമ്മാനിക്കുകയാണ് ചെയ്യുന്നത്. ദിവ്യന്മാരുടെ പാദങ്ങളിൽ ഒരിക്കലെ ങ്കിലും ശരണാഗതി പ്രാപിച്ചില്ലെങ്കിൽ, ജന്മം വ്യർത്ഥമാണ്.

25. ഒരു മനുഷ്യൻ ജനിച്ച നിമിഷം മുതൽ മരണത്തോട് അടുക്കുകയാണ്. അതി നാൽ മരണം പിന്നീടെപ്പോഴെങ്കിലുമാണ് എത്തുന്നത് എന്ന് അവൻ വിശ്വ സിക്കുകയാണെങ്കിൽ അവൻ വഞ്ചിക്കപ്പെടുകയാണ്.

26. മരണം എല്ലായ്പ്പോഴും ഒരുവനെ കാത്തിരിക്കുകയാണെന്ന് നിങ്ങൾ ഓർക്ക ണം. ഈ ശരീരം എന്നത് മരണത്തിന്റെ വളർച്ചയ്ക്കുള്ള ആഹാരസാധനമാ ണ്. ഇത്തരത്തിലാണ് ലോകജീവിതത്തിന്റെ മാർഗ്ഗങ്ങൾ. അതിനാൽ ജാഗ്ര തയോടെ വർത്തിക്കുക.

27. ദൈനംദിന ജീവിതത്തിൽ ശ്രദ്ധയോടെ പ്രവർത്തിക്കുകയാണെങ്കിൽ, പരി ശ്രമം കൂടാതെ, ജീവിതത്തിലെ ഉദാത്തമായ ലക്ഷ്യം നേടാൻ കഴിയും. അതി നാൽ ലോകജീവിതത്തിൽ ഉദാസീനനാകുകയോ പരിശ്രമിക്കുന്നതിൽ വിമു ഖത കാട്ടുകയോ ചെയ്യരുത്.

28. സായിയുടെ കഥകൾ സ്നേഹത്തോടെ ശ്രവിക്കുന്നവർ സുഗമമായി നന്മകൾ നേടും. സായിയുടെ പാദത്തിൽ അവരുടെ ഭക്തി വർദ്ധിക്കുകയും, അവർ സന്തോഷവും ഐശ്വര്യവും നേടുകയും ചെയ്യും.

29. ഈ കഥാസമാഹാരം, സായിയോട് നിറഞ്ഞ സ്നേഹമുള്ളവരെ, ഓരോ ചുവ ടുവയ്പ്പിലും അദ്ദേഹത്തെക്കുറിച്ച് ഓർമ്മിപ്പിക്കും.

30. വാക്കുകൾകൊണ്ട് വിവരിക്കാനാകാത്തതിനെ അത് വർണ്ണിക്കുന്നു; ഇന്ദ്രിയ ങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തതിനെ അത് അനുഭവവേദ്യമാക്കിത്തരു ന്നു. ഈ കഥകളാകുന്ന അമൃത്, നിങ്ങൾ എത്രതന്നെ പാനം ചെയ്താലും പൂർണ്ണമായ സംതൃപ്തി നേടുക എന്നത് വിഷമകരമാണ്.

31. ദിവ്യന്മാരുടെ പ്രവൃത്തികൾ ഗ്രഹിക്കാൻ ദുഷ്കരമാണ്. അവരുടെ മഹിമകൾ വർണ്ണ നാതീതമാണ്. അത് മുഴുവൻ വാക്കുകളിൽ വർണ്ണിക്കാൻ ആർക്കാണ് കഴിയുക?

32. ഈ കഥകൾ പതിവായി ശ്രവിക്കുകയാണെങ്കിൽ, സായിയുടെ രൂപം സദാ നമ്മുടെ കണ്ണുകൾ, മനസ്സ്, ഹൃദയം എന്നിവയുടെ മുമ്പിൽ തെളിഞ്ഞ് നിൽക്കും; നമ്മൾ പകലും രാത്രിയും അദ്ദേഹത്തെ ഓർക്കുകയും ധ്യാനിക്കു കയും ചെയ്യും.

33. ഉണർന്നിരിക്കുമ്പോഴോ, സ്വപ്നത്തിലോ, ഇരിക്കുമ്പോഴോ വിശ്രമിക്കുമ്പോഴോ ആഹാരം കഴിക്കുമ്പോഴോ ഒക്കെ ഒരുവൻ അദ്ദേഹത്തിന്റെ സാമീപ്യം അറിയും. ഒരുവൻ പോകുന്നിടത്തൊക്കെ, സമൂഹമധ്യത്തിലായാലും വനത്തിലായാലും, അദ്ദേഹം അവന്റെ ഒപ്പം നടക്കുന്നതായി തോന്നും.

34. ഇത്തരത്തിൽ അദ്ദേഹം പകലും രാത്രിയും നമ്മോടൊപ്പമുണ്ടെങ്കിൽ, ഒരുവൻ ദൈവികചിന്തയിൽ മുഴുകും; ഇത് എല്ലാ ദിവസവും സംഭവിക്കുകയാണെങ്കിൽ, മനസ്സ് പരമാത്മശക്തിയിൽ ലയിക്കും.

35. ഇപ്പോൾ കഴിഞ്ഞ അധ്യായത്തിൽ നിന്നും, എന്റെ വിവരണത്തിനാവശ്യമായ കഥാതന്തുക്കൾ ഞാൻ ശേഖരിക്കുകയാണ്. നമ്മൾ വിവരണം തുടരുകയാണ്. ആദരവോടെ ശ്രദ്ധിക്കുക.

36. ഒരുവൻ ഭക്തിയുടെയും വിശ്വാസത്തിന്റെയും 'ഷീരാപൂരി'[2] ആവോളം കഴിക്കുമെങ്കിലും, അത്യാർത്തിയോടെ വയറ് നിറയെ കഴിച്ചാലും, ഒരിക്കലും തൃപ്തിയാകില്ല.

37. അത് അങ്ങനെയാണ്. ഇപ്പോൾ മറ്റൊരു കഥ. ശ്രോതാക്കളേ, ആദരവോടെ ശ്രദ്ധിക്കുക. ഒരു ദിവ്യന്റെ ദർശനത്തിന്റെ പ്രഭാവം നിങ്ങളുടെ മനസ്സിൽ ഉറച്ച് നിൽക്കും.

38. ബാബ പുറമേയ്ക്ക് ഒന്നും ചെയ്തിരുന്നില്ല. തന്റെ വാസസ്ഥലം വിട്ട് എങ്ങോട്ടും പോയില്ല. പക്ഷേ ഒരു സ്ഥലത്ത് ഇരുന്നുകൊണ്ട്, അദ്ദേഹം എല്ലാം അറിയുകയും, അത് എല്ലാവരെയും അറിയിക്കുകയും ചെയ്യുമായിരുന്നു.

39. ശരീരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന അനശ്വരമായ ശക്തി, ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞ് നിൽക്കുന്നു. ശരീരത്തെ ത്യജിച്ച് ഏകത്വം തിരിച്ചറിയുക.

40. അനശ്വരമായ ആ ശക്തിക്ക് വഴങ്ങുന്നവൻ, എല്ലാവരുമായും ഐക്യാവസ്ഥയിൽ എത്തുന്നു. ഇത് മനസ്സിലാക്കുക. ദ്വന്ദ്വാവസ്ഥയെ പിന്തുടരുകയാണെങ്കിൽ ജനനമരണവൃത്തം തുടരും.

41. എല്ലാം വിഭിന്നമാണെന്ന് ചിന്തിക്കുന്ന ധിഷണ യഥാർത്ഥത്തിൽ അജ്ഞാനം മൂലമുണ്ടാകുന്നതാണ്. അതിനെ 'ത്രിശുദ്ധി'[3]കൊണ്ട് ശുദ്ധമാക്കേണ്ടിയിരിക്കുന്നു. എന്നാൽ, ഗുരുവിന്റെ സാന്നിദ്ധ്യം മനസ്സിനെ ശുദ്ധമാക്കുകയും, നമ്മുടെ തനതായ സ്വത്വം ഗ്രഹിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

42. ഒരുവൻ അജ്ഞാനത്തിൽ നിന്ന് അകന്ന് മാറുമ്പോൾ, അത് തന്നെ അദ്വൈതാവസ്ഥയാകുന്നു. വിഭിന്നതയുടെ അല്പമാത്രമായ ചിന്ത പോലും ഉണ്ടായാൽ, എങ്ങനെയാണ് ആ ഐക്യാവസ്ഥ നേടാൻ കഴിയുന്നത്?

43. പരബ്രഹ്മൻ തുടങ്ങി അചലമായ വസ്തുക്കൾ വരെ, ഏത് നാമവുമാകട്ടെ, അവയെല്ലാം, അജ്ഞാനം മൂലം ബ്രഹ്മമയമല്ല എന്ന് കരുതപ്പെടുന്നു. യഥാർത്ഥത്തിൽ അവയെല്ലാം ഈശ്വരചൈതന്യം നിറഞ്ഞവയാണ്.

44. പ്രകൃത്യാ, സർവ്വതിനെപ്പറ്റിയും അഗാധമായ അറിവുള്ളവനും, ലൗകികജീവിതത്തിൽ ആഭിമുഖ്യമില്ലാത്തവനും, രൂപവും നാമവും ഇല്ലാത്തവനും ആരാണോ അവനാണ് ബ്രഹ്മൻ.

45. തെറ്റായ അറിവും മിഥ്യാബോധവും മൂലവും ബ്രഹ്മൻ വ്യത്യസ്തമാണെന്ന വിശ്വാസം കൊണ്ടും, അബദ്ധധാരണകൾ ഉണ്ടാകുകയും, പ്രകൃതിയിൽ ചേർന്ന് കിടക്കുന്ന വസ്തുക്കളിലേയ്ക്ക് മനസ്സ് വശീകരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ അതിന് ശരിയായ അറിവ് ലഭിക്കുമ്പോൾ അത് സ്ഥിരത നേടുകയും ശുദ്ധജ്ഞാനബോധത്തിൽ ലീനമാകുകയും ചെയ്യും.

46. ഞാൻ വിഭിന്നനാണ്, മറ്റ് ജനങ്ങളും എന്നിൽ നിന്നും വിഭിന്നരാണ്. ഇപ്രകാരം ഭേദചിന്ത ഇല്ലാത്തവൻ എല്ലാം ആ ശുദ്ധബോധത്താൽ നിറഞ്ഞിരിക്കുന്നതായി അറിയുകയും, പിന്നീട് ഒന്നുംതന്നെ അവശേഷിക്കുകയുമില്ല.

47. ലൗകികപ്രവൃത്തികൾ ചെയ്യുന്നതിൽ അസ്വസ്ഥത തോന്നുകയും, ഭേദചിന്ത പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുമ്പോഴാണ് ഒരുവൻ ഈശ്വരീയതയിൽ എത്തുന്നത്.

48. "ഞാൻ എന്നെത്തന്നെ എല്ലായിടത്തും കാണുന്നു. ഞാനില്ലാത്ത ഒരു സ്ഥലവുമില്ല. ഞാൻ എല്ലാ സ്ഥലത്തും എല്ലാ ദിശകളിലും നിറഞ്ഞിരിക്കുന്നു. ഞാനല്ലാതെ മറ്റൊന്നുമില്ല."

49 ഈ വിശ്വാസത്തിൽ ഉറച്ചു നിൽക്കുക – മായയുടെ തെറ്റായ മാർഗ്ഗനിർദ്ദേശം തള്ളിക്കളയുക. നിങ്ങളുടെ കാഴ്ച മറച്ച് കൊണ്ട്, ഞാനല്ലാതെ മറ്റൊന്നുമില്ല എന്ന് തിരിച്ചറിയുക.

50. ശ്രോതാക്കൾ ഒരു സാധാരണ സംശയം ചോദിച്ചേക്കാം: "അപ്പോൾ അറിയുന്നവൻ, ബ്രഹ്മൻ, അറിവ് എന്നീ വ്യത്യാസങ്ങൾ ഒരു ആത്മാവിൽ എങ്ങനെയാണുണ്ടാകുന്നത്?" ഇതിന് എന്താണ് പരിഹാരം?

51. ഭേദചിന്ത ഉണ്ടാകുന്നത് ആസക്തികൾ മൂലമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അത് ബഹുത്വചിന്ത ഉണ്ടാക്കുന്നു; അത് ജനനമരണങ്ങൾക്ക് കാരണമാകുന്നു.

52. അജ്ഞാനത്തിന്റെ കറുത്ത കാഴ്ച നീങ്ങിയാലുടൻ മുഴുവൻ പ്രപഞ്ചവും അപ്രത്യക്ഷമാകുന്നു. എല്ലായിടവും, പരമാത്മന്റെ യാഥാർത്ഥ്യത കാഴ്ചയിൽ നിറയുകയും, ബഹുത്വം പൊടുന്നനെ ഓടിയൊളിക്കുകയും ചെയ്യും.

53. ശുദ്ധമായ ജലത്തിൽ ഒഴിക്കുന്ന ശുദ്ധജലം ശുദ്ധമായിരിക്കുകയും, ഒന്ന് മറ്റേതിൽ നിന്നും വേർതിരിച്ചറിയാനും കഴിയില്ല. ഭേദചിന്ത അവിടെ അവശേഷിക്കില്ല.

54. പല ആകൃതിയിലുള്ള തടിക്കഷണങ്ങൾ അഗ്നിയിൽ ഇടുമ്പോൾ അവയെല്ലാം ഒരുപോലെ കാണപ്പെടുന്നു. അവ അവയുടെ രൂപം നഷ്ടപ്പെട്ട് അവ്യക്തമാകുകയും സ്വയം അഗ്നിയിൽ അലിഞ്ഞു ചേരുകയും ചെയ്യുന്നു.

55. അതേ പോലെ ആത്മൻ ഒന്നാണെന്ന അറിവിന് വേറെ തെളിവുകൾ ആവശ്യമില്ല. ആത്മാവ് എല്ലാ മനുഷ്യരിലും പൂർണ്ണമായും വസിക്കുന്നു, പക്ഷേ അതിന് രൂപമില്ല.

56. നേരിന് വിരുദ്ധമായ മിഥ്യാധാരണയാണ് മനസ്സിന്റെ വിഭ്രാന്തിക്ക് കാരണമാകുന്നത്; അത് ജനനമരണങ്ങളുടെ വേദനാജനകമായ

അനുഭവങ്ങളിലേയ്ക്ക് നയിക്കുകയും മനുഷ്യനെ അസ്ഥിരമായ മാനസികാവസ്ഥയിൽ എത്തിക്കുകയും ചെയ്യും.

57. സിദ്ധന്മാർ, മായയുടെ പിടിയിൽപ്പെടാതെ, രൂപങ്ങളുടെയും നാമങ്ങളുടെയും ശല്യത്തെ ഒഴിവാക്കി, ശുദ്ധമായ വാസ്തവിക ചൈതന്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആത്മസാക്ഷാത്കാരത്തിന്റെ നിരന്തരമായ ആനന്ദത്തിൽ വസിക്കുന്നു.

58. ശ്രീസായിനാഥൻ ഈ അവസ്ഥയുടെ യഥാർത്ഥമായ ഉദാഹരണമാണ്. അദ്ദേഹത്തിന്റെ ദർശനം നേടാൻ കഴിഞ്ഞവർ അനുഗൃഹീതരാണ്.

59. വെള്ളത്തിൽ പ്രതിഫലിക്കുന്ന ചന്ദ്രബിംബം, വെള്ളത്താൽ ചുറ്റപ്പെട്ടതായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ അത് വെള്ളത്തിൽ നിന്ന് വളരെ അകലെയാണ്. അതേപോലെ, അനേകം ഭക്തന്മാരാൽ ചുറ്റപ്പെട്ടാലും യഥാർഥത്തിൽ ദിവ്യന്മാർ അവരിൽ നിന്നും വിഭിന്നരാണ്.

60. ഭക്തന്മാരാൽ ചുറ്റപ്പെട്ടാലും ആരോടും യാതൊരു ബന്ധവുമില്ല. അവർ എല്ലായ്പ്പോഴും ആത്മനിൽ വസിക്കുകയും, ലൗകികബന്ധങ്ങളെപ്പറ്റി ചിന്തിക്കുകയുമില്ല.

61. ശ്രേഷ്ഠരായ ദിവ്യന്മാരും യോഗികളും അത്തരത്തിലുള്ളവരാണ്; അതിനാൽ ഈശ്വരൻ പോലും അവരെ വന്ദിക്കുന്നു. അവർക്ക് ഈ ലോകത്തിൽ നേടാനാകാത്തതായി ഒന്നുമില്ല, അവരുടെ അറിവിന് ഉപരിയായി മറ്റൊന്നുമില്ല.

62. തത്ത്വോപദേശങ്ങൾ യഥാക്രമം നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന ഗുരുക്കന്മാരും ശിഷ്യന്മാരും ലോകത്തുണ്ടാകും. പക്ഷേ അവരുടെ ഉപദേശങ്ങളിലൂടെ വാസ്തവികമായ അനുഭവങ്ങൾ നൽകുന്ന ഗുരുക്കന്മാർ വിരളമാണ്.

63. ആരംഭത്തിലുള്ള ഈ വിവരണം മതിയാക്കാം. ശ്രോതാക്കൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന പ്രധാനകഥ ആരംഭിക്കാം. അത് ശ്രവിക്കുന്നതിലൂടെ അവർക്ക് നന്മ ഉണ്ടാകട്ടെ.

64. നിസാമിന്റെ ഭരണപ്രദേശത്ത്, നാൻഡെഡ് എന്ന നഗരത്തിൽ പ്രസിദ്ധനായ ഒരു പാർസി വ്യാപാരി ഉണ്ടായിരുന്നു. അയാൾ ഭക്തനും ജനസമ്മതനുമായിരുന്നു. അയാളുടെ പേര് രത്തൻജി[4] എന്നായിരുന്നു.

65. അയാൾക്ക് സകല ഭൗതിക നേട്ടങ്ങളുമുണ്ടായിരുന്നു. കുതിരകൾ, വണ്ടികൾ, കൃഷിനിലങ്ങൾ, മരത്തോപ്പുകൾ എന്നിവയൊക്കെ അയാൾക്ക് സ്വന്തമായുണ്ടായിരുന്നു. അയാളുടെ ഗൃഹത്തിന്റെ വാതിലുകൾ എല്ലാവർക്കുമായി തുറന്നു കിടന്നിരുന്നു; ആരും വെറും കൈയ്യോടെ മടങ്ങേണ്ടി വന്നിട്ടില്ല.

66. ഇത്തരത്തിൽ പകലും രാത്രിയും അയാൾ സന്തോഷം അനുഭവിച്ച് ജീവിക്കുന്നതായി കാണപ്പെട്ടു. പക്ഷേ ഉള്ളിന്റെയുള്ളിൽ, സ്ഥിരമായി, മനക്ലേശമെന്ന മുതലയുടെ പിടിയ്ക്ക് ഇരയായിരുന്നു.

67. ആർക്കും തന്നെ കലർപ്പില്ലാത്ത സന്തോഷം അനുഭവിക്കാൻ കഴിയില്ല

എന്നത് ഒരു പ്രകൃതിനിയമമാണ്. ഒരു തരത്തിലല്ലെങ്കിൽ, മറ്റൊരു തരത്തിൽ എല്ലാവർക്കും എന്തെങ്കിലം ആധികളുണ്ടാകും.

68. ഒരു മനുഷ്യൻ പൊങ്ങച്ചത്തോടുകൂടി അയാൾ ശ്രേഷ്ഠനാണെന്നും ധനികനാണെന്നും പറയും. അഹങ്കാരത്തോടെ ധിക്കാരപൂർവ്വം തലയുയർത്തിപ്പിടിച്ച് നടക്കും.

69. എപ്പോഴെങ്കിലും ദോഷമില്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ, ചെറിയ ഒരു കളങ്കമെങ്കിലും ഉണ്ടായി അത് ന്യൂനതയുള്ളതായി മാറും. അതിനാൽ ഈശ്വരൻ സ്വന്തം കൈകളാൽ ഇത് ചെയ്യുന്നതായി മനസ്സിലാക്കാം.

70. രത്തൻജിക്ക് ധാരാളം സമ്പത്ത് ഉണ്ടായിരുന്നു. അയാൾ എല്ലാവരോടും ആതിഥ്യമര്യാദ കാട്ടി; ദുർബ്ബലരെ സഹായിക്കുകയും അവരുടെ ദുരിതങ്ങൾ അകറ്റുകയും ചെയ്തു. അയാൾ എല്ലായ്പ്പോഴും ഹൃദ്യമായി പെരുമാറി.

71. ഇത്തരത്തിൽ സേഠ്ജി സന്തുഷ്ടനാണെന്ന് ലോകർ ചിന്തിച്ചെങ്കിലും, പുത്രനില്ലാത്ത ഒരുവന്റെ ധനത്തിന് യാതൊരു അർത്ഥവുമുണ്ടാകില്ല.

72. പുത്രിമാർക്ക് കുറവൊന്നുമുണ്ടായിരുന്നില്ല. ഒന്നിന് പുറകേ ഒന്നായി പന്ത്രണ്ട് പേർ ഉണ്ടായിരുന്നു. പക്ഷേ എങ്ങനെയാണ് അയാൾക്ക് അല്പമെങ്കിലും സന്തോഷമുണ്ടാകുക? എങ്ങനെയാണ് അയാളുടെ മനസ്സിന് സ്വസ്ഥത ലഭിക്കുക?

73. സ്നേഹമില്ലാതെ ആലപിക്കുന്ന കീർത്തനത്തിന് സൗന്ദര്യമുണ്ടാകുമോ? താളവും ലയവുമില്ലാത്തത് എന്ത് സംഗീതമാണ്? പൂണൂൽ ധരിക്കാത്തവൻ ഏത് തരത്തിലുള്ള ബ്രാഹ്മണനാണ്?

74. വിവേചന ബുദ്ധി ഇല്ലെങ്കിൽ, സകല കലകളിലും പ്രാവീണ്യം നേടിയിട്ട് എന്ത് പ്രയോജനമാണുള്ളത്? സഹജീവികളോട് കരുണയില്ലെങ്കിൽ, ശരിയായ പെരുമാറ്റം എന്താണ്?

75. ഒരുവൻ ദിവ്യന്മാരെ പരിഹസിക്കുകയാണങ്കിൽ, അവൻ നെറ്റിയിൽ ചന്ദനം ധരിക്കുകയും കണ്ഠത്തിൽ തുളസിമാല ചാർത്തുകയും ചെയ്യുന്നതിന്റെ പവിത്രത എന്താണ്?

76. ഭക്തിയും പശ്ചാത്താപവുമില്ലാത്തത് എന്ത് തീർത്ഥാടനമാണ്? കണ്ഠാഭരണമില്ലെങ്കിൽ[5] അണിഞ്ഞൊരുങ്ങലിന് എന്ത് അർത്ഥമാണുള്ളത്? പുത്രനില്ലാത്ത ഒരു ഗൃഹം എന്താണ്?

77. അയാൾ എല്ലായ്പ്പോഴും, ഈശ്വരൻ തനിക്ക് ഒരു പുത്രനെ തരുമോ എന്നോർത്ത് വ്യാകുലപ്പെട്ടു. ഇത് അയാളുടെ നിരന്തരമായ വേദനയായി മാറി.

78. ഇത് കാരണം സേഠ്ജി എല്ലായ്പ്പോഴും വിഷാദവാനായിരുന്നു. അയാൾക്ക് ആഹാരപാനീയങ്ങൾ രുചിക്കാനായില്ല. സദാ ദുഃഖഗ്രസ്തനായി, ഉത്കണ്ഠാകുലനായിരുന്നു.

79. "ഓ, ഈശ്വരാ, ഈ കളങ്കം കഴുകിക്കളഞ്ഞ് എന്നെ ദോഷരഹിതനാക്കി മാറ്റൂ. കുടുംബത്തിന് ഒരു അനന്തരാവകാശിയെ നൽകിയാലും. പ്രഭോ, അപമാനത്തിൽ നിന്നും എന്നെ രക്ഷിക്കൂ."

80. ദാസ്ഗനുവിൽ അയാൾക്ക് അളവറ്റ വിശ്വാസമുള്ളതിനാൽ അയാൾ തന്റെ ഹൃദയം ദാസ്ഗനുവിന്റെ മുമ്പിൽ തുറക്കുകയും, പകരം ദാസ്ഗനു അയാളോട് ഷിർദിയിൽ പോകണമെന്നും അപ്പോൾ അയാളുടെ ആഗ്രഹം സഫലമാകുമെന്നും പറഞ്ഞു.

81. "പോകൂ, ബാബയുടെ ദർശനം നേടുക. അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങി, നിന്റെ ഹൃദയരഹസ്യം മുഴുവൻ തുറന്നു പറയുക. അദ്ദേഹം നിന്നെ അനുഗ്രഹിക്കും.

82. പോകുക. നിന്റെ ക്ഷേമം ഉറപ്പാണ്. ബാബയുടെ ലീലകൾ അഗ്രാഹ്യമാണ്. അദ്ദേഹത്തിന് പൂർണ്ണമായും സമർപ്പിക്കുക. നിനക്ക് നന്മയുണ്ടാകും."

83. ഈ ഉപദേശം സ്വീകരിച്ച് രത്തൻജി ഒരു തീരുമാനമെടുത്തു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അയാൾ ഷിർദിയിലെത്തി.

84. അയാൾ ദർശനത്തിനായി മസ്ജിദിലേയ്ക്ക് പോകുകയും സായിയുടെ പാദങ്ങളിൽ വണങ്ങുകയും ചെയ്തു. ആത്മീയ പുണ്യത്തിന്റെ ശേഖരമായ മഹാരാജിനെ കണ്ടപ്പോൾ, സ്നേഹാധിക്യം കൊണ്ട് അയാൾ വീർപ്പ്മുട്ടി.

85. അയാൾ കൂട തുറന്ന്, ഒരു പുഷ്പഹാരം എടുത്ത് സ്നേഹത്തോടെ ബാബയുടെ കണ്ഠത്തിൽ ചാർത്തി. കാണിക്കയായി അയാൾ വാങ്ങിക്കൊണ്ടുവന്ന ഫലങ്ങൾ ബാബയുടെ പാദങ്ങളിൽ അർപ്പിച്ചു.

86. തികഞ്ഞ വിനയത്തോടും, ആദരവോടും കൂടി രത്തൻജി ബാബയുടെ സമീപത്തെത്തി ഇരുന്നു. അയാളുടെ പ്രാർത്ഥന എന്തായിരുന്നുവെന്ന് കേൾക്കുക.

87. ''എപ്പോഴെങ്കിലും ജനങ്ങൾക്ക് തരണം ചെയ്യാനാകാത്ത പ്രശ്നങ്ങളുണ്ടാകുമ്പോൾ, സഹായത്തിനായി അവർ അങ്ങയുടെ അടുത്ത് എത്തുമെന്നും, അങ്ങ് ഉടനടി അവരെ സംരക്ഷിക്കുമെന്നും ഞാൻ കേട്ടിട്ടുണ്ട്.

88. "അതിനാൽ, ഞാനിവിടെ അങ്ങയെ കാണാനായി വളരെ പ്രതീക്ഷകളോടെ എത്തുകയും ആ പാദങ്ങളിൽ ഒരു വരം അപേക്ഷിക്കുകയുമാണ്. മഹാരാജ്, ദയവായി എന്നെ ഉപേക്ഷിക്കരുത്."

89. അപ്പോൾ ബാബ അയാളോട് പറഞ്ഞു: ''നീ ഇവിടെ വരാൻ വളരെ കാലതാമസമുണ്ടായി. നിനക്ക് ഇഷ്ടമുള്ള ദക്ഷിണ തരിക. അപ്പോൾ നിന്റെ ആഗ്രഹം സഫലമാകും."

90. ദർശനത്തിന് എത്തി വന്ദിക്കുന്നവരോട്, അവർ ഹിന്ദുവോ, മുസ്ലീമോ, പാർസിയോ ആകട്ടെ, അദ്ദേഹം ദക്ഷിണ ചോദിക്കും.

91. അതാകട്ടെ ചെറിയ തുക ആയിരുന്നില്ല. അത് ഒരു ഉറുപ്പികയോ, രണ്ട് ഉറുപ്പികയോ, അമ്പതോ നൂറോ, ആയിരമോ ലക്ഷമോ എന്നിങ്ങനെ അയാൾക്ക് എത്ര നൽകാൻ കഴിയുമെന്നതിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.

92. അത് നൽകിയാലും അദ്ദേഹം കൂടുതൽ ചോദിക്കും. ഒന്നും തന്നെ അവശേഷിക്കുന്നില്ല എന്ന മറുപടിയാണെങ്കിൽ, കടം വാങ്ങാൻ അദ്ദേഹം പറയും; കടം കിട്ടാൻ നിർവ്വാഹമില്ലെങ്കിൽ, പിന്നീട് അദ്ദേഹം ആവശ്യപ്പെടില്ല.

93. അദ്ദേഹം ഭക്തരോട് പറയും: "ദുഃഖിക്കാതിരിക്കുക. ഞാൻ നിങ്ങൾക്ക് ഇഷ്ടം പോലെ ധനം നൽകുന്നതാണ്. ഉത്കണ്ഠ ഇല്ലാതെ എന്റെ സമീപത്ത് ഇരിക്കുക.

94. "ഈ ലോകത്ത് എല്ലാവർക്കും ആരെങ്കിലും ഉണ്ടാകും. പക്ഷേ, എനിക്ക് ആരും ബന്ധുക്കളായി ഇല്ല. അള്ളാഹ്, അള്ളാഹ് മാത്രമാണ് എന്റേതായുള്ളത്.

95. "ആരെങ്കിലും സ്വന്തം ജീവനെക്കാളുപരിയായി എന്നെ സ്നേഹിക്കുകയാണങ്കിൽ, അത്തരമൊരുവനെ എനിക്ക് ആവശ്യമാണ്. അത്തരത്തിലുള്ള ഒരുവൻ എനിക്ക് എന്തെങ്കിലും തരികയാണെങ്കിൽ, ഞാൻ അവന് നൂറിരട്ടി നൽകും."

96. ഏതെങ്കിലും കോടീശ്വരന്മാർ അവിടെ ഉണ്ടെങ്കിൽ, അവരോട് പോലും ദരിദ്രനായ ഒരുവന്റെ ഗൃഹത്തിൽ പോയി തനിക്ക് വേണ്ടി ഭിക്ഷ യാചിക്കാൻ അദ്ദേഹം പറയും.

97. ധനികനും, ദരിദ്രർ, ദീനർ, പീഡിതർ, അഗതികൾ എന്നിവർ തമ്മിലും സായി വ്യത്യാസം കണ്ടിരുന്നില്ല. ഒരുവൻ മറ്റൊരുത്തന് തുല്യം നല്ലവനായിരുന്നു.

98. ആ മനുഷ്യൻ ബാബയുടെ ആജ്ഞ അനുസരിക്കും; തല കുമ്പിടുകയും, ബാബയ്ക്ക് വേണ്ടി തന്റെ അഹങ്കാരം വെടിഞ്ഞ് പാവപ്പെട്ടവന്റെ ഗൃഹത്തിലെത്തി ഭിക്ഷ യാചിക്കുകയും ചെയ്യും.

99. ഇതിന്റെയൊക്കെ സാരാംശം ഇതാണ്; ദക്ഷിണയുടെ മറവിൽ ബാബ തന്റെ ഭക്തരെ വിനയം പഠിപ്പിക്കുകയായിരുന്നു.

100. ഒരു സാധുവിന് ദക്ഷിണ എന്തിനാണെന്ന് ഒരുവൻ ചിന്തിച്ചേക്കാം. ഇക്കാര്യം, നിങ്ങൾ ഉചിതമായി ചിന്തിക്കുകയാണങ്കിൽ നിങ്ങളുടെ സംശയങ്ങൾ നീങ്ങും.

101. സായി തന്റെ ആഗ്രഹങ്ങളെല്ലാം സഫലമാക്കിയെങ്കിൽ, എന്തിനാണ് ദക്ഷിണ? ഭക്തന്മാരിൽ നിന്നും ധനം ആവശ്യപ്പെടുമ്പോൾ, ആഗ്രഹങ്ങൾ അടക്കിയവൻ എന്ന് എങ്ങനെ വിളിക്കാനാകും?

102. ഒരു ആലിപ്പഴമോ, വജ്രമോ, ചെമ്പുനാണയമോ, സ്വർണ്ണനാണയമോ അദ്ദേഹത്തിന് തുല്യവിലയാണെങ്കിൽ, എന്തിനാണ് അദ്ദേഹം കൈകൾ നീട്ടുന്നത്?

103. വിശപ്പടക്കാൻ മാത്രം ഭിക്ഷ യാചിക്കുകയും വൈരാഗ്യം എന്ന വ്രതമെടുത്തിരിക്കുകയും, പ്രതീക്ഷകളൊന്നുമില്ലാതെ നിസംഗനായി വർത്തിക്കുകയുമാണെങ്കിൽ ദക്ഷിണയ്ക്ക് എന്തിനാണ് ആഗ്രഹം?

104. അഷ്ടസിദ്ധികൾ[6] കൂപ്പുകൈകളോടെ വാതിൽക്കൽ സേവയ്ക്കായി നിൽക്കുകയും, നവനിധികളുടെ[7] നിയന്ത്രണവുമുള്ള ഒരാൾ പണം യാചിക്കുവാൻ കുനിയുന്നതെന്തിനാണ്?

105. ഭൗതികവസ്തുക്കളെ തിരസ്കരിക്കുകയും, സ്വർഗ്ഗത്തിന് വേണ്ടി പോലും ആഗ്രഹമില്ലാതെ ആത്മനിൽ സ്വയം ലയിച്ചിരിക്കുകയും ചെയ്യുന്ന ഒരാൾക്ക് ധനത്തിന്റെ പ്രസക്തി എന്താണ്?

106. ധാർമ്മികരും പരിശുദ്ധരുമായി, ശാസ്ത്രങ്ങളിൽ അപഗ്രഥനം നേടി, ജീവിതം മുഴുവൻ ഭക്തരുടെ ക്ഷേമത്തിന് വേണ്ടി ഉഴിഞ്ഞ് വച്ച ദിവ്യന്മാർക്ക് ധനത്തിന്റെ ആവശ്യമെന്താണ്?

107. എന്തിനാണ് ഒരു സന്ന്യാസി ദക്ഷിണ ആവശ്യപ്പെടുന്നത്. അയാൾ ആഗ്രഹരഹിതനായിരിക്കണം. ഒരു ഫക്കീറായിട്ടും അദ്ദേഹത്തിന് അത്യാഗ്രഹത്തിൽ നിന്ന് രക്ഷ നേടാനാകാതെ എല്ലായ്പ്പോഴും പണത്തെ ആരാധിക്കുകയാണോ!

108. ആദ്യദർശനത്തിൽ അദ്ദേഹം ദക്ഷിണ സ്വീകരിക്കുന്നു. അടുത്ത ദർശനത്തിൽ ദക്ഷിണ ചോദിക്കുന്നു. യാത്ര ചോദിക്കുന്ന സമയത്തും അദ്ദേഹം ദക്ഷിണ ആവശ്യപ്പെടുന്നു. ഓരോ പ്രാവശ്യവും ഇങ്ങനെ ദക്ഷിണ ചോദിക്കുന്നതിന്റെ അർത്ഥമെന്താണ്?

109. ആചാരമനുസരിച്ച്, ആരംഭത്തിൽ പാനം ചെയ്യാനായി ജലം അർപ്പിക്കുന്നു, പിന്നീട് കരങ്ങളും വദനവും കഴുകുന്നു; പിന്നീട് വെറ്റിലയും അടക്കയും ഒടുവിൽ ദക്ഷിണയും നൽകുന്നു.

110. പക്ഷേ ബാബയുടെ രീതി വിചിത്രമായിരുന്നു. ചന്ദനം പൂശുമ്പോഴോ, അക്ഷതമോ മറ്റ് അലങ്കാരങ്ങളോ അർപ്പിക്കുമ്പോഴോ അദ്ദേഹം ദക്ഷിണ പ്രതീക്ഷിക്കും.

111. ചടങ്ങുകൾ ആരംഭിച്ചയുടൻ ബാബ ദക്ഷിണ ആവശ്യപ്പെടും. അപ്പോൾ പരബ്രഹ്മന് അർപ്പിക്കുന്നത് പോലെ ഒരുവൻ ആ നിമിഷം അത് നൽകേണ്ടിയിരിക്കുന്നു.

112. ഈ സംശയം നീക്കുന്നതിന്, കൂടുതൽ പരിശ്രമങ്ങളുടെ ആവശ്യമില്ല. ഒരു നിമിഷത്തേയ്ക്ക് നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ, നിങ്ങൾക്ക് സംതൃപ്തി ലഭിക്കും.

113. ധനം സമ്പാദിക്കുന്നത് നല്ല ഉദ്ദേശ്യങ്ങൾക്ക് വേണ്ടിയായിരിക്കണം. പക്ഷേ അത് നിസ്സാര കാര്യങ്ങൾക്കും ഭൗതിക സുഖങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്.

114. ധനം കൊണ്ട് പുണ്യപ്രവൃത്തികൾ ചെയ്യാൻ കഴിയും. പുണ്യപ്രവൃത്തികൾ കൊണ്ട് യഥാർത്ഥ ജ്ഞാനം നേടാൻ കഴിയും, സ്വാർത്ഥതയ്ക്ക് പകരം ആത്മീയജ്ഞാനം വളരും. ഇത് സംതൃപ്തി നൽകുന്നു.

115. തുടക്കത്തിൽ വളരെക്കാലം ബാബ ഒന്നും സ്വീകരിച്ചിരുന്നില്ല. ഉരച്ച് കഴിഞ്ഞ തീപ്പെട്ടിക്കൊള്ളികൾ ശേഖരിച്ച് അവ തന്റെ കീശകളിൽ നിറയ്ക്കുമായിരുന്നു.

116. അനുയായികളായാലും അവിശ്വാസികളായാലും അദ്ദേഹം ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. ഒന്നോ രണ്ടോ പൈസ[8] അദ്ദേഹത്തിന്റെ മുമ്പിൽ വയ്ക്കുകയാണെങ്കിൽ അദ്ദേഹം അത് കൊണ്ട് പുകയിലയോ എണ്ണയോ വാങ്ങും.

117. അദ്ദേഹം പുകയില വളരെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ബീഡിയോ, ചില്ലമോ

പുകച്ചിരുന്നു. ആ ചില്ലം വളരെ ആത്മാർത്ഥമായി അദ്ദേഹത്തെ സേവിച്ചു. അപൂർവ്വമായേ അത് ജ്വലിപ്പിക്കാതിരുന്നിട്ടുള്ളൂ.

118. പിന്നീട്, ഒരു ദിവ്യന്റെ ദർശനത്തിന് ഒഴിഞ്ഞ കൈയ്യുമായി എങ്ങനെ പോകുമെന്ന് ചിലർ ചിന്തിച്ചു. അതിനാൽ അദ്ദേഹം ദക്ഷിണ സ്വീകരിച്ചു തുടങ്ങി.

119. ആരെങ്കിലും ഒരു പൈസ നൽകുകയാണെങ്കിൽ അദ്ദേഹം അത് കീശയിലിടും, പക്ഷേ രണ്ട് പൈസ നൽകുകയാണെങ്കിൽ, അത് അത്പോലെ തിരിച്ച് നൽകും. ഇങ്ങനെ വളരെ നാളുകൾ കടന്നുപോയി.

120. പക്ഷേ പിന്നീട് കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ ബാബയുടെ പ്രശസ്തി വർദ്ധിച്ചു. അനേകം ഭക്തജനക്കൂട്ടങ്ങൾ വരാൻ തുടങ്ങി. ചിട്ടയായുള്ള ആരാധനാരീതികൾ തുടങ്ങി.

121. ആരാധകർക്ക് പൂജാവിധിയുടെ ചടങ്ങുകൾ അറിയാമായിരുന്നു, അതായത് സ്വർണ്ണമോ പൂക്കളോ ദക്ഷിണയായി സമർപ്പിച്ചില്ലെങ്കിൽ പൂജകൾ പൂർണ്ണമാകില്ല എന്ന്.

122. ഗുരുപൂജയിൽ ദക്ഷിണ എന്നത് രാജാവിന്റെ കിരീടധാരണ ചടങ്ങിലോ, പാദപൂജയുടെ വേളയിലോ നൽകേണ്ട സമ്മാനത്തിന് തുല്യം അത്യാവശ്യമായ ഒന്നാണ്.

123. ദക്ഷിണ അർപ്പിക്കുന്നവൻ ശ്രേഷ്ഠപദവി (സ്വർഗ്ഗം) നേടുമെന്ന് വേദങ്ങളിൽ വിവരിച്ചിട്ടുണ്ട്. സ്വർണ്ണ നാണയങ്ങൾ അർപ്പിക്കുന്നവർ മുക്തി, ജ്ഞാനം, മനഃശുദ്ധി എന്നിവ നേടും.

124. ചന്ദനം അർപ്പിച്ചാൽ പരിശുദ്ധിയും, കുങ്കുമവും മഞ്ഞളും ചേർത്ത അരി കൊണ്ട് ദീർഘായുസ്സും, പുഷ്പവും വെറ്റിലയും നൽകിയാൽ ധനവും ഐശ്വര്യവും, ദക്ഷിണ നൽകിയാൽ സമ്പദ്സമൃദ്ധിയും ലഭിക്കുമെന്ന് പറയപ്പെടുന്നു.

125. പൂജാവിധികളിൽ ചന്ദനം, അക്ഷതം, പുഷ്പങ്ങൾ, വെറ്റില എന്ന പോലെ ദക്ഷിണയാകുന്ന സ്വർണ്ണപുഷ്പവും പ്രധാനമാണ്. എന്തെന്നാൽ അത് അളവറ്റ സമ്പത്ത് നൽകുന്നു.

126. ദേവതയുടെയും ദിവ്യന്മാരുടെയും പൂജാവേളകളിൽ ദക്ഷിണ അത്യാവശ്യമാണ്. വ്രതം[9] അനുഷ്ഠിക്കുന്നവർ, അതിന്റെ പരിസമാപ്തിയിൽ ബ്രാഹ്മണർക്ക് സ്വർണ്ണം ദാനം ചെയ്യുന്നത് പതിവാണ്.

127. ഈ ലോകത്തിലെ സംക്ഷുബ്ധമായ എല്ലാ പ്രവൃത്തികളും പണത്തെ ആശ്രയിച്ചിരിക്കുന്നു. സൽപ്പേര് നഷ്ടപ്പെട്ടാൽ അതിനെ മൂടിവച്ച് പകരം നിൽക്കുന്നതിനും പണം ഒരു മാർഗ്ഗമാണ്. പണം അതിനൊക്കെ അത്യന്താപേക്ഷിതമാണ്.

128. ദേവതാപൂജയിൽ, 'ഹിരണ്യഗർഭ - ഖർഭസ്ത' എന്ന വേദമന്ത്രം ഉരുവിടുമ്പോൾ ദക്ഷിണ ശുദ്ധമാകുന്നു, അപ്പോൾ ഒരു ദിവ്യനെ ആരാധിക്കുമ്പോൾ എന്ത് കൊണ്ട് അത് നൽകാൻ പാടില്ല?

129. ദിവ്യന്റെ ദർശനത്തിന് പോകുമ്പോൾ ഓരോരുത്തരും, അവനവന്റെ ബോധത്തിനനുസരിച്ച് പെരുമാറുന്നു. ഓരോരുത്തർക്കും വ്യത്യസ്തമായ കാഴ്ചപ്പാട് ഉണ്ടായിരിക്കും, എല്ലാവരും ഒരു കാര്യത്തിൽ യോജിപ്പ് പ്രകടിപ്പിക്കുക എന്നത് ദുഷ്കരമാണ്.

130. ചിലർ ആദരവ് പ്രകടിപ്പിച്ച് സ്തുതിഗീതങ്ങൾ പാടുക എന്ന ഉദ്ദേശ്യത്തോടെ പോകുന്നു; ചിലർ ദിവ്യനെ പരീക്ഷിച്ചറിയാൻ പോകുന്നു; ചിലർ ചിന്തിക്കുന്നത് ദിവ്യന് നിങ്ങളുടെ മനസ്സ് വായിച്ച് പറയാൻ കഴിയുമെന്നാണ്.

131. ചിലർ ദീർഘായുസ്സിന് വേണ്ടി പ്രാർത്ഥിക്കുന്നു; ചിലർക്ക് ഗജങ്ങൾ, സ്വർണ്ണം, ധനം, വസ്തുവകകൾ എന്നിവ വേണം; ചിലർ പുത്രപൗത്രാദികൾക്ക് ആഗ്രഹിക്കുന്നു; ചിലർക്ക് ശാശ്വതമായ അധികാരപദവി വേണം.

132. ജനങ്ങളുമായി ബാബ ഇടപഴകുന്ന രീതി അനുപമമായിരുന്നു. അദ്ദേഹത്തെ പരിഹസിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഒരുവൻ വരുന്നതെങ്കിൽ അയാളുടെ കുടിലത നശിച്ച്, വിനീതനായി അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചിരിക്കും.

133. അത്തരക്കാർക്ക് അതിനുള്ള ഭാഗ്യം സിദ്ധിച്ചില്ലെങ്കിൽ, കുറഞ്ഞത് അവർ പശ്ചാത്തപിക്കുകയും, തീർച്ചയായും അഹങ്കാരം പാടേ നശിക്കുകയും, ബാബയുടെ ശക്തികൾ തിരിച്ചറിയുകയും ചെയ്യും.

134. ഇവരൊക്കെ, പൂർണ്ണമായും ലോകജീവിതത്തിൽ മുഴുകിക്കഴിഞ്ഞ സാധാരണക്കാരും, ലളിതമായ ജീവിതം നയിച്ചിരുന്നവരുമായിരുന്നു. ദക്ഷിണ സമർപ്പിക്കുന്നതിലൂടെ അവരുടെ മനസ്സ് ശുദ്ധമാകണമെന്നതായിരുന്നു ബാബയുടെ ആഗ്രഹം.

135. 'ത്യാഗം, ദാനം, ആത്മാർത്ഥമായ പരിശ്രമം' എന്നിവയാണ് ശ്രുതികൾ ഘോഷിക്കുന്ന മാർഗ്ഗങ്ങൾ. ആത്മജ്ഞാനത്തിന് ആഗ്രഹമുള്ളവൻ ദക്ഷിണ നൽകണം, എന്തെന്നാൽ അത് നേടാനുള്ള എളുപ്പമായ മാർഗ്ഗം ദക്ഷിണയാണ്. ഇത് വേദങ്ങളിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്.

136. ഒരു ഭക്തൻ, സ്വാർത്ഥ ചിന്താഗതിക്കാരനായാലും ആത്മീയ ജീവിതം കാംക്ഷിക്കുന്നവനായാലും – രണ്ട് തരക്കാരും, അവരവരുടെ ഉദ്ദേശ്യങ്ങൾ സാധിക്കണമെങ്കിൽ, അവരുടെ സ്വന്തം നന്മയ്ക്ക് വേണ്ടി അവരുടെ ബന്ധപ്പെട്ട ഗുരുക്കന്മാർക്ക് ദക്ഷിണ നൽകണം.

137. പ്രജാപതി[10]പോലും, തന്റെ മൂന്ന് സന്തതികൾ, അതായത് ദേവതകൾ, അസുരർ, മനുജർ എന്നിവർ ബ്രഹ്മചര്യവ്രതം പൂർത്തിയാക്കി ഉപദേശ ത്തിനായി[11] എത്തിയപ്പോൾ ഇതേ തത്ത്വം ഉദ്ബോധിപ്പിക്കുകയുണ്ടായി.

138. അദ്ദേഹം ഉപദേശമായി 'ദ' എന്ന ഒറ്റ അക്ഷരം ഉച്ചരിച്ചു. എന്തായിരുന്നു അതിന്റെ അർത്ഥം? അദ്ദേഹം അവരോട് ചോദിച്ച്, അവരുടെ വ്യാഖ്യാനങ്ങൾ മനസ്സിലാക്കി. ഗുരുവിനും ശിഷ്യർക്കും ഇടയിലെ വിചിത്രമായ ഒരു ലീലയായിരുന്നു അത്!

139. ദേവതകൾ അത് 'ദൻത' എന്ന് മനസ്സിലാക്കി – അതായത് ആത്മനിയന്ത്രണം;

അസുരർ അത് 'ദയ' എന്ന് ഗ്രഹിച്ചു - അതായത് കരുണ കാട്ടുക എന്ന്; മനുഷ്യർ അത് 'ദാനാ' എന്ന് ഗ്രഹിച്ചു - അതായത് ഉദാരശീലം കാട്ടുക എന്ന്. പ്രജാപതി പറഞ്ഞു: "നന്നായിരിക്കുന്നു, നന്നായിരിക്കുന്നു".

140. ദേവതകൾ പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകളല്ല. അവർ മനുഷ്യരാണ്, പക്ഷേ വ്യത്യസ്തമായ പ്രകൃതമാണ് ഉള്ളത്. അവർ അവരുടെ ധാർമ്മിക ഗുണങ്ങൾ ഉള്ളിൽ വളർത്തുകയും ആത്മനിയന്ത്രണം പാലിക്കുകയും ചെയ്യുന്നു. അവരുടെ സ്വഭാവവൃത്തികൊണ്ട്, അവർക്ക് ആ നാമം ലഭിച്ചു.

141. മനുഷ്യവർഗ്ഗത്തിൽ തന്നെയാണ് അസുരന്മാരും ഉള്ളത്. അവർ അക്രമം കാട്ടുകയും കുടിലത, കാർക്കശ്യം, ദുരാഗ്രഹം എന്നീ ദുർഗുണങ്ങൾ ഉള്ളവരുമാണ്. ഇത്തരത്തിൽ മൂന്ന് തരത്തിലുള്ള മനുഷ്യരാണുള്ളത്.[12]

142. അത്യാഗ്രഹമാണ് മനുഷ്യന്റെ ഏറ്റവും വലിയ അധാർമ്മികത. എന്നിട്ടും, അത്യാഗ്രഹത്തിന്റെ ഇരുണ്ട് ആഴമേറിയ ഗർത്തത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നതിന് വേണ്ടി ദയാസാഗരമായ സായിനാഥ്, തന്റെ കരങ്ങൾ നീട്ടി, അവരെ പുറത്തേയ്ക്ക് വലിച്ചെടുക്കുന്നു.

143. തൈത്തിരീയ ഉപനിഷത്ത്, ഏകാദശി ശ്രുതി എന്നിവയിൽ പലതരത്തിലുള്ള ദാനകർമ്മങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. അവ ഓരോന്നും ശ്രദ്ധിക്കുക.

144. ആദരവോടെയും, വിശ്വാസത്തോടെയും നൽകുക. വിശ്വാസമില്ലാതെ നൽകുന്നത് കൊണ്ട് പ്രയോജനമില്ല. ഒരുവൻ രാജാവിന്റെ ആജ്ഞകളും ശാസ്ത്രപ്രമാണങ്ങളും ആദരിക്കുകയും മര്യാദയുടെ പേരിൽ എന്തെങ്കിലും നൽകുകയും വേണം.

145. വിവാഹം മുതലായ സാമൂഹിക ചടങ്ങുകളിൽ അന്തസ്സ് കാത്തു സൂക്ഷിക്കുവാൻ വേണ്ടി നിങ്ങൾ സമ്മാനങ്ങൾ നൽകേണ്ടിയിരിക്കുന്നു, എന്ത് കൊണ്ടെന്നാൽ അത് സമൂഹത്തിന്റെ രീതിയാണ്. ഇത്തരത്തിലാണ് ശാസ്ത്രങ്ങളിൽ വിവരിച്ചിട്ടുള്ളത്.

146. 'ദ' എന്ന ഈ അക്ഷരത്തിനനുസരിച്ച് ബാബയും തന്റെ ഭക്തരോട്, അവരുടെ ക്ഷേമത്തിന് വേണ്ടി അതേ ആവശ്യമാണ് ഉന്നയിച്ചത്. "ദയവ് കാട്ടുക, ഉദാരമനസ്കരാകുക, ആത്മനിയന്ത്രണം പാലിക്കുക, നിങ്ങൾക്ക് അതിയായ സന്തോഷം ലഭിക്കും."

147. മൂന്ന് ദുശ്ശീലങ്ങൾ ഉണ്ട്, ആത്മനിയന്ത്രണം പാലിക്കാതിരിക്കുക എന്നത് അവയിൽ ഒന്നാണ്. ഇവ ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം, ഗുരുക്കന്മാർ അവരുടെ ശിഷ്യന്മാർക്ക് ഉപദേശിച്ച ഒറ്റ അക്ഷര ഉപദേശം തന്നെയാണ്.

148. ആസക്തി, കോപം, അത്യാഗ്രഹം എന്നിവ ആത്മീയ പുരോഗതിയുടെ പാതയിൽ ദുഃശകുനങ്ങളാണ്. അവയെ കീഴടക്കുക എന്നത് വളരെ ദുഷ്കരമാണ്, പക്ഷേ ഇത് ഒരു സുഗമമായ മാർഗ്ഗമാണ്.

149. ശ്രുതികളിൽ പറയുന്നത് തന്നെയാണ് സ്മൃതികളിലും കാണപ്പെടുന്നത്. അത്തരത്തിലാണ് അവയുടെ സ്ഥിരീകരണം. ശ്രോതാക്കൾക്ക് വ്യക്തവും

ഉറച്ചതുമായ ധാരണ ഉണ്ടാകുന്നതിനും അവരുടെ നന്മയ്ക്കും വേണ്ടി ആ ഉദ്ധരണി ഞാനിവിടെ എടുത്ത് കാട്ടുകയാണ്.

150. "ആസക്തി, കോപം, അത്യാഗ്രഹം എന്നിവ നരകത്തിലേയ്ക്കുള്ള മൂന്ന് വാതിലുകളാണ്; അവ ആത്മാവിന്റെ നാശത്തിന് കാരണമാണ്. അതിനാൽ തീർച്ചയായും അവ ഉപേക്ഷിക്കണം."[13]

151. ദയാവാനായ ശ്രേഷ്ഠസായി അദ്ദേഹത്തിന്റെ ഭക്തരുടെ നന്മയ്ക്ക് വേണ്ടി അവരിൽ നിന്ന് ദക്ഷിണ ആവശ്യപ്പെടുകയും ത്യാഗം ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

152. ദക്ഷിണയുടെ സാംഗത്യം എന്താണ്? ഗുരുവിന്റെ ആജ്ഞ പാലിക്കുന്നതിന്, ഒരുവൻ തന്റെ ജീവിതം നൽകാൻ തയ്യാറല്ലെങ്കിൽ, ആത്മീയതയ്ക്ക് എന്ത് അർത്ഥമാണുള്ളത്?

153. യഥാർത്ഥത്തിൽ, ഭക്തരുടെ നന്മയല്ലാതെ, ദക്ഷിണ ആവശ്യപ്പെടുന്നതിന് മറ്റെന്ത് കാരണമാണ് ബാബയ്ക്ക് ഉണ്ടായിരുന്നത്? അദ്ദേഹത്തിന്റെ സ്വന്തം ജീവിതം ദക്ഷിണയെ ആശ്രയിച്ചായിരുന്നില്ല.

154. അദ്ദേഹം ആഹാരത്തിന് വേണ്ടി ഭിക്ഷ യാചിച്ചിരുന്നു. ദക്ഷിണ ചോദിക്കുന്നതിൽ അദ്ദേഹത്തിന് സ്വാർത്ഥ ലക്ഷ്യങ്ങളുണ്ടായിരുന്നില്ല. തന്റെ ഭക്തന്മാരുടെ മനസ്സ് ശുദ്ധമാകണമെന്നത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഒരേ ഒരു ലക്ഷ്യം.

155. വേദങ്ങളിലെ മേൽപ്പറഞ്ഞ ഉദ്ധരണി അനുസരിച്ച് ദക്ഷിണ പ്രധാനമാണ്, അത് നൽകിയില്ലെങ്കിൽ പൂജ ഒരിക്കലും പൂർണ്ണമാകില്ല.

156. ദക്ഷിണയെക്കുറിച്ചുള്ള ഈ വിവരണം നമുക്ക് ഇവിടെ അവസാനിപ്പിക്കാം. അതിന്റെ അർത്ഥം വളരെ വ്യക്തമായി വിശദീകരിച്ചു. ദക്ഷിണ സ്വീകരിക്കുന്നതിൽ എന്തെങ്കിലും ഗൂഢലക്ഷ്യങ്ങളോ, അത്യാഗ്രഹമോ ഇല്ല; ഭക്തരുടെ നന്മയ്ക്ക് വേണ്ടി മാത്രമാണ് അത് സ്വീകരിക്കപ്പെട്ടത്.

157. അതിനാൽ അപൂർണ്ണമായി നിർത്തപ്പെട്ട കഥ, നമ്മൾ തുടർന്ന് വിവരിക്കുന്നതാണ്. രത്തൻജി ദക്ഷിണ നൽകിയതും, ബാബ ആശ്ചര്യകരമായ രീതിയിൽ അത് കൈകാര്യം ചെയ്തതുമായ കഥ ശ്രവിക്കുക.

158. ശ്രോതാക്കളേ, വിസ്മയകരമായ ഈ കഥ, നിറഞ്ഞ ഭക്തിയോടെ ശ്രവിച്ച് സായി എത്രമാത്രം അസാധാരണനും നിഷ്കാമിയുമാണെന്ന് അറിയുക.

159. സേഠ്ജിയുടെ പക്കൽ നിന്നും ദക്ഷിണ ആവശ്യപ്പെടവേ മുൻപ് നടന്ന ഒരു സംഭവത്തെപ്പറ്റി സായി സൂചിപ്പിക്കുകയും സേഠ്ജിക്ക് അത് ഓർമ്മിക്കാൻ കഴിയാത്തതിനാൽ അയാൾ അമ്പരക്കുകയും ചെയ്തു.

160. "നീ എനിക്ക് മുമ്പൊരിക്കൽ മൂന്ന് ഉറുപ്പികയും പതിനാല് അണകളും തന്നിട്ടുണ്ട്. അത് എനിക്ക് അറിയാം. നീ എനിക്ക് തരാൻ ഉദ്ദേശിച്ചതിൽ നിന്നും, അത് കുറച്ചിട്ട് ബാക്കി തുക മാത്രം നൽകുക. എനിക്ക് അത് ദക്ഷിണയായി നൽകുക."

161. ഇത് ആദ്യമായാണ് അയാൾ ബാബയെ ദർശിക്കുന്നത്. ബാബയുടെ ഈ വാക്കുകൾ കേട്ട് രത്തൻസേഠ് അദ്ഭുതപ്പെടുകയും, അത് ഓർത്തെടുക്കാൻ

ശ്രമിക്കുകയും ചെയ്തു.

162. 'ഞാൻ മുമ്പ് ഷിർദിയിൽ വന്നിട്ടില്ല. മാത്രമല്ല ആരുടെ കൈയ്യിലും ഒന്നും കൊടുത്തുവിട്ടിട്ടുമില്ല'. ഈ അവസരത്തിൽ സായി മഹാരാജിന്റെ വാക്കുകൾ കേട്ട് അയാൾ എത്രമാത്രം ആശ്ചര്യപ്പെട്ടിരിക്കുമെന്ന് നോക്കൂ!.

163. അത്തരം ഒരു സംഭവം ഉണ്ടായിട്ടില്ല. രത്തൻജി അന്ധാളിച്ചു. അയാൾ വന്ദിക്കുകയും ദക്ഷിണ നൽകുകയും ചെയ്തു; പക്ഷേ ആ സമസ്യയ്ക്ക് ഉത്തരം കണ്ടെത്താൻ കഴിഞ്ഞില്ല.

164. അയാൾ അത് അങ്ങനെ വിട്ടു. താൻ വന്നതിന്റെ ഉദ്ദേശ്യം അയാൾ അറിയിച്ചു. വീണ്ടും അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങിക്കൊണ്ട് കൂപ്പ് കൈകളോടെ ഇരുന്നു.

165. സേഠ്ജി സംതൃപ്തനായി പറഞ്ഞു: ''ബാബാ, എന്റെ പൂർവ്വജന്മത്തിലെ പുണ്യകർമ്മങ്ങളുടെ ഫലമായി എനിക്ക് അങ്ങയുടെ പാദങ്ങൾ ദർശിക്കാൻ കഴിഞ്ഞു.

166. "ഞാൻ ദുർഭാഗ്യവാനും, അജ്ഞാനിയുമാണ്; പൂജാവിധികൾ, ആചാരങ്ങൾ, യാഗങ്ങൾ തുടങ്ങിയവ എനിക്കറിയില്ല. വിധിവശാൽ, ഭൂതം, ഭാവി, വർത്തമാനം എന്നിവയൊക്കെ അറിയുന്ന സർവ്വജ്ഞനായ അങ്ങയുടെ ദർശനം നേടാൻ എനിക്കു കഴിഞ്ഞു.

167. ''എന്റെ ദുഃഖത്തിന്റെ കാരണം അങ്ങേയ്ക്ക് അറിയാം. ഓ, ദയാനിധേ, ദയവായി അത് അകറ്റിത്തരിക. ഓ, കരുണാമയാ, തീവ്രമായ ഭക്തിയോടെ എത്തിയ ഈ ഭക്തനെ അങ്ങയുടെ പാദങ്ങളിൽ നിന്നും ആട്ടിയകറ്റരുതേ."

168. സായിനാഥന് അയാളിൽ കൃപ തോന്നി. അദ്ദേഹം പറഞ്ഞു: "അനാവശ്യമായി ദുഃഖിക്കാതിരിക്കൂ. നിന്റെ നിർഭാഗ്യം ഇന്ന് മുതൽ കുറഞ്ഞ് തുടങ്ങും."

169. അദ്ദേഹം അയാൾക്ക് ഉധിപ്രസാദം നൽകുകയും തന്റെ വരദഹസ്തം അയാളുടെ ശിരസ്സിൽ ചേർക്കുകയും ചെയ്തു. ''അള്ളാഹ് നിന്റെ ഹൃദയാഭിലാഷങ്ങൾ സഫലമാക്കും,'' എന്ന വാക്കുകളോടെ അദ്ദേഹം സേഠ്ജിയെ അനുഗ്രഹിച്ചു.

170. പിന്നീട് രത്തൻജി അദ്ദേഹത്തിന്റെ അനുവാദം വാങ്ങി, നാൻഡെഡിലേയ്ക്ക് തിരിച്ചുപോയി. സംഭവിച്ചതൊക്കെ അയാൾ ദാസ്ഗനുവിനോട് വിവരിച്ചു.

171. "ഞാൻ ആഗ്രഹിച്ചത് പോലെ, എനിക്ക് നന്നായി ദർശനം ലഭിച്ചു. എന്റെ ഹൃദയം ആനന്ദം കൊണ്ട് നിറഞ്ഞു. എനിക്ക് അദ്ദേഹത്തിൽ നിന്ന് വരങ്ങൾ ലഭിക്കുകയും ഞാൻ അനുഗൃഹീതനാകുകയും ചെയ്തു.

172. "എല്ലാ കാര്യങ്ങളും ഭംഗിയായി നടന്നു. പക്ഷേ ഒരു കാര്യം മാത്രം എനിക്ക് മനസ്സിലായില്ല. എന്താണ് മഹാരാജ് പറഞ്ഞത്? എനിക്ക് അത് ഗ്രഹിക്കാനേ കഴിഞ്ഞില്ല.''

173. ''നീ എനിക്ക് മുമ്പൊരിക്കൽ മൂന്ന് ഉറുപ്പികയും പതിനാല് അണകളും തന്നിട്ടുണ്ട്. അത് എനിക്ക് അറിയാം'. ബാബയുടെ ഈ വാക്കുകളുടെ അർത്ഥം വ്യക്തമായി എനിക്ക് പറഞ്ഞ് തരിക.

174. എന്ത് ഉറുപ്പിക! എന്ത് അണ! മുമ്പ് ഞാൻ എന്താണ് അദ്ദേഹത്തിന് നൽകിയിട്ടുള്ളത്? എനിക്ക് ഇതിലെ രഹസ്യം മനസ്സിലാകുന്നില്ല, എന്തെന്നാൽ ഞാൻ ആദ്യമായാണ് ഷിർദിയിലെത്തിയത്.

175. എനിക്ക് ഈ രഹസ്യപ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. ഇതൊരു സങ്കീർണ്ണമായ കടംകഥ പോലെ എനിക്ക് തോന്നുന്നു. ഇത് എന്റെ ഗ്രഹണശക്തിക്ക് അതീതമാണ്. ദയവായി എനിക്ക് ഇതേക്കുറിച്ച് വിശദമാക്കിത്തരാൻ അങ്ങേയ്ക്ക് കഴിയുമോ?"

176. ഇത് ഒരു നിഗൂഢപ്രശ്നം തന്നെയാണെന്ന് ദാസ്ഗനു സ്വയം ചിന്തിച്ചു. എന്തായിരിക്കാം ഇതിന്റെ അർത്ഥം? അയാൾക്ക് ഒരു നിഗമനത്തിൽ എത്താൻ കഴിഞ്ഞില്ല.

177. വളരെ നേരം ചിന്തിച്ചപ്പോൾ, മൗലി സാഹേബ് എന്ന് വിളിക്കപ്പെടുന്ന ഒരു ആലിയയെ അയാൾ സ്മരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മ അയാളിലുണർന്നു.

178. അദ്ദേഹം ഒരു മുസൽമാനായിരുന്നു. അയാളുടെ പെരുമാറ്റങ്ങൾ ഒരു ദിവ്യന്റേതായിരുന്നു. തന്റെ ജീവിതം വിധിയുടെ കരുണയ്ക്ക് വിട്ട് കൊടുത്ത്, ഉപജീവനത്തിനായി ഒരു കൂലിപ്പണിക്കാരന്റെ തൊഴിൽ ചെയ്യുകയായിരുന്നു.

179. അദ്ദേഹത്തിന്റെ ജീവിതകഥ ഞാൻ വിശദമായി കുറിക്കുകയാണെങ്കിൽ, അത് നമ്മുടെ സ്വന്തം വിഷയത്തിൽ നിന്നുമുള്ള വ്യതിചലനമായിരിക്കും. കൂടാതെ ഈ മൗലി സാഹേബിന്റെ ജീവിതകഥ നാൻഡെഡിൽ എല്ലാവർക്കും സുപരിചിതമാണ്.

180. ഷിർദിയിലേയ്ക്കുള്ള സന്ദർശനം തീരുമാനിക്കപ്പെട്ട സമയത്ത്, മൗലി സാഹേബ് സ്വന്തം ഇഷ്ടപ്രകാരം സേഠ്ജിയുടെ ഗൃഹത്തിലേയ്ക്ക് യാദൃച്ഛികമായി എത്തിയതായിരുന്നു.

181. അവർ ഇരുവരും തമ്മിൽ ആഴമേറിയ ഹൃദയബന്ധമാണ് ഉണ്ടായിരുന്നത്; അതിനാൽ ആചാരമനുസരിച്ച്, അദ്ദേഹത്തിന് പഴവർഗ്ഗങ്ങൾ, പാനീയങ്ങൾ, പുഷ്പഹാരങ്ങൾ എന്നിവ അർപ്പിക്കപ്പെട്ടു.

182. സേഠ്ജി, മൗലി സാഹേബിന് ലഘുവായ ഭക്ഷണങ്ങൾ ഒരുക്കി നൽകിയിരുന്നു; അതിനാൽ അതിന്റെ ചെലവുകൾ പരിശോധിച്ച് നോക്കണമെന്ന് അപ്പോൾ ദാസ്ഗനു ചിന്തിച്ചു.

183. അയാൾ ചെലവിന്റെ വിശദവിവരങ്ങൾ ചോദിച്ചറിയുകയും, ഓരോ പൈസയും കൂട്ടി നോക്കുകയും, ഒടുവിൽ അത് കൃത്യമായും,

184. മൂന്ന് ഉറുപ്പികയും പതിനാല് അണകളുമാണെന്ന് കണ്ടു; ഒട്ടും കൂടുതലുമില്ല, കുറവുമില്ല. ബാബ ഇത് അറിഞ്ഞിരുന്നുവെന്നും, ഒരു രസീത് പോലെ അത് സൂക്ഷിച്ചിരുന്നുവെന്നും ഓർത്തപ്പോൾ എല്ലാവരും ആശ്ചര്യഭരിതരായി.

185. സായി മഹാരാജ് അറിവിന്റെ ഖനിയാണ്. മസ്ജിദിൽ ഇരിക്കുമ്പോൾ തന്നെ അദ്ദേഹം എല്ലാം അറിഞ്ഞിരുന്നു– ഭൂതം, വർത്തമാനം, ഭാവി എന്നിവ എവിടെ, ഏത് രാജ്യത്ത് സംഭവിച്ചാലും.

186. സായി സമർത്ഥർ സകലജീവികളുമായി താദാത്മ്യം പ്രാപിച്ചിട്ടില്ലെങ്കിൽ, ഇത്തരം കാര്യങ്ങൾ അനുഭവിക്കാനും, അത് മറ്റുള്ളവരോട് പറയാനും, എങ്ങനെയാണ് അദ്ദേഹത്തിന് കഴിയുക?

187. നാൻഡെഡ് ഷിർദിയിൽ നിന്നും വളരെ അകലെയാണ്. രണ്ട് സ്ഥലങ്ങളും തമ്മിൽ വളരെ ദൂരമുണ്ട്. കൂടാതെ ഈ രണ്ട് ദിവ്യന്മാർക്കും പരസ്പരം അറിയില്ല. എങ്ങനെയാണ് സായിയ്ക്ക് ഈ വിവരം ലഭിച്ചത്.

188. സായി മഹാരാജ് ഒരു വ്യക്തിയാണ്, മൗലി ബുവ മറ്റൊരു വ്യക്തിയാണ്. ഈ ചിന്ത ദ്വൈതഭാവത്തിലൂന്നിയ അബദ്ധധാരണയാണ്. വാസ്തവത്തിൽ രണ്ടുപേരും തമ്മിൽ വ്യത്യാസമില്ല.

189. എല്ലാ ജീവികളിലും വസിക്കുന്ന അതേ ആത്മാവ് തന്നെയാണ് മൗലി ബുവയിലും വസിക്കുന്നത്. പക്ഷേ ആത്മാവിന്റെ ഐക്യത്തിന്റെ രഹസ്യമറിയുന്നവൻ അനുഗൃഹീതനാണ്.

190. ബാഹ്യ ശരീരങ്ങൾ രണ്ടാണെങ്കിലും, ആന്തരികമായി അവർ ഒന്നാണ്. 'അവർ രണ്ടും' എന്ന വാക്കുകൾ ഉപയോഗിക്കുന്നത് പോലും തെറ്റാണ്. എന്തെന്നാൽ അവർ ഒരിക്കലും വേർപിരിഞ്ഞിട്ടില്ല.

191. അവർ ഇരുവർക്കും ഒരേ അറിവ്, ഒരേ ആത്മാവ്, ഒരേ ലക്ഷ്യം എന്ന അവസ്ഥയായിരുന്നു. രണ്ടുപേരും ഒരേ പരമാത്മശക്തിയുടെ സാരാംശവും, ഒരേ പ്രകൃതവുമായിരുന്നു.

192. ഷിർദിയും നാൻഡെഡും തമ്മിൽ വളരെ അകലമുണ്ട്. പക്ഷേ അവരുടെ മനസ്സുകൾ തമ്മിൽ ഐക്യത്തിലായിരുന്നു. അവർക്ക് ഒരേ ആത്മാവ് എന്നപോലെ ഒരേ ശരീരവുമായിരുന്നു. അതിനാൽ അവർ തമ്മിൽ ആശയവിനിമയം നടന്നു.

193. യോഗികളും ദിവ്യന്മാരും എത്രമാത്രം വിശിഷ്ടരാണ്. കവചിതകമ്പികളില്ലാതെ, കമ്പിയില്ലാക്കമ്പി സന്ദേശങ്ങൾ അയയ്ക്കുന്ന യന്ത്രങ്ങളായിരുന്നു അവർ! ലോകത്ത് എവിടെയും എന്തും നടക്കുന്നുണ്ടാകും. തുടക്കം മുതൽ ഒടുക്കം വരെ, അവർ അതിനെക്കുറിച്ച് അറിയുന്നുമുണ്ടാകും.

194. പിന്നീട് ഉചിതമായ കാലം കഴിയവേ, ഈശ്വരൻ രത്തൻജിയെ അനുഗ്രഹിച്ചു. അയാളുടെ ഭാര്യ ഗർഭവതിയായി. ആശാമരം പുഷ്പിച്ചു.

195. ഒരു ശുഭമുഹൂർത്തത്തിൽ അയാളുടെ ഭാര്യ പ്രസവിച്ചു. അനുഗ്രഹങ്ങൾ ഫലിച്ചു. ഒരു പുത്രരത്നം പിറക്കുകയും രത്തൻജി ആനന്ദിക്കുകയും ചെയ്തു.

196. അയാൾക്ക് ഒരു പുത്രനെ ലഭിച്ചതിനാലുണ്ടായ സംതൃപ്തി, അനേകം വർഷങ്ങളുടെ വരൾച്ചയ്ക്ക് ശേഷമുള്ള മഴയ്ക്ക് തുല്യമായിരുന്നു.

197. പിന്നീട് കുടുംബം വികസിച്ചു. ശാഖകൾ പടർന്ന് പന്തലിച്ച് പുത്രന്മാരും പുത്രിമാരുമായ ഫലങ്ങളുണ്ടായി. രത്തൻജി സന്തോഷവാനായി[14].

198. തന്റെ ആഗ്രഹങ്ങൾ സഫലമാക്കി അനുഗ്രഹിച്ച സായിയെ, പിന്നീടും അയാൾ ദർശിക്കാനായെത്തി. അയാൾ തീർത്തും സംതൃപ്തനായിരുന്നു.

199. വസന്തകാലത്ത്, ഒരു മാവ് നിറയെ പൂത്തുലഞ്ഞാലും, അവയൊന്നും പാകമായി ഫലങ്ങളാകുന്നില്ല. അതേപോലെ, പന്ത്രണ്ട് മക്കളിൽ[15] നാല് പേർ മാത്രം ജീവിക്കുകയും, നാൻഡെഡിൽ സന്തുഷ്ടമായ ജീവിതം നയിക്കുകയും ചെയ്യുന്നു.

200. സൗമ്യശീലനായതിനാൽ, രത്തൻജി, വിധിവശാൽ സംഭവിക്കുന്നതൊക്കെ സന്തോഷത്തോടെ സ്വീകരിക്കണമെന്ന വിശ്വാസക്കാരനായിരുന്നു. അതിനാൽ അയാൾ ഇതോർത്ത് ഒട്ടും ഖേദിച്ചില്ല.

201. ഇനി, അടുത്ത അദ്ധ്യായത്തിന്റെ സാരാംശം എന്തെന്നാൽ, ജീവനുള്ളതും ജീവനില്ലാത്തതും അടങ്ങിയ ഈ പ്രപഞ്ചം മുഴുവൻ സായി നിറഞ്ഞ് നിൽക്കുന്നു എന്നതാണ്. ഒരു മനുഷ്യൻ എവിടെയായാലും, അയാൾക്ക് ഈ യാഥാർത്ഥ്യം അനുഭവവേദ്യമാകും.

202. താനെയിൽ നിന്നുള്ള, ചോൾക്കാർ എന്ന കുടുംബപ്പേരുള്ള, നിസ്സഹായനായ ഒരു ദരിദ്രന്റെ ഭക്തിയിലും വിശ്വാസത്തിലും ശ്രേഷ്ഠഗുരു സംതൃപ്തനാകുന്നത് എങ്ങനെ എന്ന് കാണുക.

203. മുമ്പൊരിക്കൽ പോലും സായിയെ ദർശിക്കാതെ, എങ്ങനെയാണ് ഈ മനുഷ്യൻ സായിയോട് പ്രതിജ്ഞ ചെയ്ത് വ്രതമെടുത്തതെന്നും എങ്ങനെയാണ് അയാളുടെ ആഗ്രഹങ്ങൾ സഫലമായതെന്നും; അയാൾക്ക് സായിയിൽ നിന്ന് ലഭിച്ച അനുഭവങ്ങളും വിവരിക്കുന്നതാണ്.

204. സ്നേഹത്തോടെയല്ലാത്ത ഭജനം ഭജനമല്ലാത്തത് പോലെ; ഗ്രഹിക്കാതെയുള്ള പാരായണം പാരായണമല്ലാത്തത് പോലെ; ഭക്തിയില്ലാതെ ചെയ്യുന്ന ഈശ്വരപ്രാർത്ഥന പ്രാർത്ഥന അല്ല. ഈ പരിശ്രമങ്ങളെല്ലാം നിഷ്ഫലമാണ്.

205. അതേപോലെ, കുങ്കുമമില്ലാത്ത നെറ്റിത്തടം പോലെയാണ് അനുഭവമില്ലാത്ത ജ്ഞാനം. ഇത് വെറും ഗ്രന്ഥപ്രസ്താവനയല്ല, നിങ്ങൾക്ക് പരീക്ഷിച്ച് തെളിയിക്കാൻ കഴിയും.

206. സായിയുടെ ലീലകളെക്കുറിച്ചുള്ള ഈ ഗ്രന്ഥം എന്തിനാണ് എഴുതുന്നത്? എനിക്ക് അറിയില്ല. എന്ത് കൊണ്ടാണ് ഞാൻ ഇതിൽ ഇത്രമാത്രം ഉൾപ്പെട്ടിരിക്കുന്നത്? എന്നിലൂടെ, സായിയാണ് അത് എഴുതുന്നത്. അതിനാൽ അദ്ദേഹത്തിന് മാത്രമേ അതിന്റെ പ്രാധാന്യം അറിയുകയുള്ളൂ.

207. കൂടാതെ, അത്തരത്തിലുള്ള ഒരു ഗ്രന്ഥം രചിക്കുവാൻ ആധികാരികമായ അറിവ് ആവശ്യമാണ്. പക്ഷേ, ഞാൻ സായിയെ സേവിക്കുകയും, അദ്ദേഹത്തിന്റെ ആശ്രിതൻ മാത്രവുമാണ്. ഞാൻ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ്.

208. ശ്രോതാക്കൾ ദാഹിച്ച് വലഞ്ഞ ചാതകപ്പക്ഷികളെ പോലെയാണ്. ആത്മസംതൃപ്തിയുടെ മേഘമായ സായി, അദ്ദേഹത്തിന്റെ ജീവിതകഥയാകുന്ന മഴ വർഷിച്ച് ദാഹം ശമിപ്പിക്കുന്നു.

209. ആരുടെ ആജ്ഞയാലാണോ ഈ ഭാഷണം പ്രചോദിപ്പിക്കപ്പെട്ടത്, ആരുടെ ജീവിതകഥയാണോ അത് വർണ്ണിക്കുന്നത്, അദ്ദേഹത്തിന്റെ പാദാരവിന്ദ

ങ്ങളിലെ ധൂളികളിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു.

210. വാക്കുകൾക്ക് പുറകിലെ പ്രചോദനം അദ്ദേഹമാണ്. അദ്ദേഹമാണ് തന്റെ സ്വന്തം കഥ പറയുന്നത്. അതിനാൽ എന്റെ അനിയന്ത്രിതമായ മനസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ വിശ്രമിക്കട്ടെ.

211. ശരീരത്തിലൂടെയും ഭാഷണത്തിലൂടെയുമുള്ള ഈ ഭജന പോലെ എന്റെ മനസ്സും അപരിമിതമായ സന്തോഷത്തിന്റെ ഉറവിടമായ സായിയെക്കുറിച്ച് നിരന്തരം ചിന്തിക്കണം. ഞാൻ സായിയുടെ വിനീത ദാസനാണ്.

212. വാസ്തവത്തിൽ, ജീവിതകഥയുടെ വിവരണമായും പ്രചോദനമായും സായി തന്നെയാണ് അവതരിക്കുന്നത്. പക്ഷേ, ശ്രോതാക്കളിൽ നിന്നും അദ്ദേഹം വിഭിന്നനാണോ? അല്ല, ശ്രോതാക്കളും സായിയിൽ നിന്നും വ്യത്യസ്തരല്ല.

213. പുറമേയ്ക്ക് ഇത് വെറുമൊരു ജീവചരിത്രം മാത്രമായി തോന്നിയേക്കാം. പക്ഷേ ഈ നാടകം മുഴുവൻ കളിക്കുന്നത് സായിയാണ്. അദ്ദേഹം സ്വയം അഭിനേതാവായി, സ്നേഹത്തോടെ, ശക്തമായ ഈ നാടകം സജ്ജീകരിക്കുന്നു.

214. സായിബാബയുടെ കഥ അഗാധമാണ്. അദ്ദേഹം ഭക്തർക്ക് അദ്ഭുതകരമായ അനുഭവങ്ങൾ നൽകുന്നു. അദ്ദേഹം ഈ രചനയിൽ എന്നെ ഉപകരണമാക്കുകയും അങ്ങനെ തന്റെ ഭക്തരെയും അനേകം അനുയായികളെയും സംതൃപ്തരാക്കുകയും ചെയ്യുന്നു.

215. ഇത് ഒരു കഥയല്ല, പക്ഷേ പരമാനന്ദത്തിന്റെ അമൂല്യ നിധിശേഖരമാണ്. ഇത് ഒരുവന്റെ ആത്മാവിന് അമൃത് പോലെ മധുരമുള്ള ആഹാരമാണ്, സന്തോഷവാന്മാർ ഭക്തിയോടും വിശ്വാസത്തോടും കൂടി അത് ആസ്വദിക്കണം.

216. ഗുരുവിന്റെ അനുഗ്രഹം ശ്രേഷ്ഠവും അദ്ഭുതകരവുമാണ്. അദ്ദേഹത്തിന്റെ ശ്രേഷ്ഠത നമ്മൾ എല്ലായ്പ്പോഴും ഓർക്കണം. അതിനാൽ അവരുടെ സന്തോഷത്തിന് വേണ്ടി, ഈ ഗ്രന്ഥരചനയ്ക്കായി പ്രയത്നിച്ച് അദ്ദേഹം അവരെ സേവിച്ചിരിക്കുന്നു.

217. ഈ ഗ്രന്ഥം സ്നേഹത്തോടെ ആലപിച്ചാൽ ശ്രവണത്തിന്റെ സുഖം അധികരിക്കും, അർത്ഥവും ഉദ്ദേശ്യവും ഗ്രഹിക്കുമ്പോൾ ഭക്തരുടെ സ്നേഹം പരിപുഷ്ടമാകുകയും ഭക്തി അനേകം മടങ്ങ് വർദ്ധിക്കുകയും ചെയ്യും.

218. നിങ്ങൾ പകലും രാത്രിയും ഇത് ശ്രവിക്കുകയാണെങ്കിൽ ലൗകിക ബന്ധന ങ്ങൾ അറ്റു പോകും. ധ്യാനിക്കുന്നയാൾ, ധ്യാനിക്കപ്പെടുന്ന വസ്തു, ധ്യാനം എന്നിങ്ങനെയുള്ള മൂന്ന് തരത്തിലുള്ള ബോധം അപ്രത്യക്ഷമാകുകയും ശ്രോ താക്കൾ സന്തോഷഭരിതരാകുകയും ചെയ്യും.

219. ഹേമദ് ഏകാഗ്രമായ മനസ്സോടെ സായിയുടെ പാദങ്ങളിൽ സ്വയം സമർപ്പിച്ച്, അവയെ മുറുകെ പുണരുന്നു, "നിമിഷനേരത്തേയ്ക്ക് പോലും ഞാൻ അങ്ങയെ മറക്കരുത്, എന്നന്നേയ്ക്കുമായി അങ്ങയുടെ പാദങ്ങളിൽ വസിക്കണം".

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യ പ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച 'ശ്രീസായി സമർത്ഥസച്ചരിത'ത്തിലെ പതിനാലാം അധ്യായം "രത്തൻജി സായിയെ കണ്ടുമുട്ടുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഈശ്വര ചൈതന്യത്തിൽ ലയിക്കുക, ഈശ്വരനുമായി സാദൃശ്യം, ഈശ്വരനുമായി സാമീപ്യം നേടുക, ഈശ്വര സവിധത്തിൽ വസിക്കുക.
2. മധുരപലഹാരം
3. ശരീരം, ഭാഷണം, മനസ്സ് എന്നിവയിലെ ശുദ്ധി.
4. രത്തൻജി ഷാപുർജി വാഡിയ, അയാൾ ഒരു യന്ത്രശാല ഇടപാടുകാരനായിരുന്നു.
5. സ്ഫടികവും സ്വർണ്ണവും കൊണ്ടുള്ള കണ്ഠാഭരണവും സ്വർണ്ണനാണയവും
6. അനിമ, മഹിമ, ഗരിമ, ലഘിമ, പ്രാപ്തി, പ്രകാമ്യ, ഇഷിത്വം, വഷിത്വം – ഒരുവന് സ്വയം ചെറുതാകാനും വലുതാകാനും കഴിയുന്നതുൾപ്പെടെയുള്ള അമാനുഷിക ശക്തികൾ
7. കുബേരന്റെ നിധി
8. വളരെ ചെറിയ വിനിമയത്തുക
9. നോമ്പ് നോക്കുന്നതിനുള്ള ചടങ്ങുകൾ
10. സൃഷ്ടികർത്താവ്
11. ഉപദേശം അഥവാ പാഠം
12. ബൃഹദാരണ്യക ഉപനിഷത്ത് അധ്യായം 5 പ്രകാരം
13. ശ്രീമദ് ഭഗവദ്ഗീത അധ്യായം 16, ശ്ലോകം 21.
14. ദാസ്ഗനുവിന്റെ ഭക്തലീലാമൃതം എന്ന ഗ്രന്ഥത്തിൽ റാവു ബഹാദൂർ ഹരിവിനായക സാഥേ ഷിർദിയിൽ എത്തിയതിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. ആ സമയത്ത് മഹാരാജ് അയാളെ അനുഗ്രഹിച്ചു – "നീ വിവാഹിതനാകുക, അപ്പോൾ നിനക്ക് ഒരു പുത്രനെ ലഭിക്കും." അതനുസരിച്ച് സാഥേ വിവാഹം കഴിച്ചു. കുറച്ച് നാൾ കഴിഞ്ഞ് അയാളുടെ ഭാര്യ ഗർഭം ധരിച്ചു. പക്ഷേ മകന് പകരം മകളാണ് ജനിച്ചത്. അതിനാൽ സാഥേ നിരാശാവാനായി. പിന്നീട് അയാളുടെ ഭാര്യ രണ്ടാമതും ഗർഭം ധരിച്ചു. അപ്പോഴും മകളാണ് ജനിച്ചത്. സ്വാഭാവികമായും സാഥേ ദുഃഖിതനായി പക്ഷേ മഹാരാജിന്റെ അനുഗ്രഹം പാഴാകില്ല. സാഥേയുടെ ഭാര്യ മൂന്നാമതും ഗർഭം ധരിക്കുകയും ഒരു പുത്രൻ ജനിക്കുകയും അവൻ ബാബയുടെ കൃപയാൽ ആരോഗ്യവാനായി സസുഖം ജീവിക്കുകയും ചെയ്യുന്നു.
15. ഒവി 72-ൽ അയാൾക്ക് മകൻ ജനിക്കും മുമ്പ് പന്ത്രണ്ട് പുത്രിമാർ ജനിച്ചിരുന്നു എന്ന് പറയുന്നുണ്ട്. സന്താനങ്ങളുടെ എണ്ണത്തെക്കുറിച്ച് വിരുദ്ധമായ അഭിപ്രായമാണ് കൊടുത്തിരിക്കുന്നത്.

15

## ചോൾക്കാറുടെ പഞ്ചസാരയുടെ കഥ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. പൂർവ്വജന്മങ്ങളിലെ പുണ്യകർമ്മങ്ങളുടെ ഫലം ലഭിക്കുന്നവർക്ക് ബാബയുടെ ദർശനം സാധ്യമാകുന്നു. അവർക്ക് മൂന്ന് തരത്തിലുള്ള ക്ലേശങ്ങളുടെ ബാധയുണ്ടാകുന്നില്ല; ആത്മീയ പുരോഗതി നേടാനും കഴിയുന്നു.
2. ഇപ്പോൾ, ഓ ശ്രോതാക്കളേ, നിങ്ങളുടെ ഗുരുവിനെ സ്മരിച്ച് കൊണ്ട്, നിങ്ങളുടെ ശ്രദ്ധ എന്നിലേയ്ക്ക് തിരിക്കാനും, ഇത് ശ്രദ്ധിക്കാനുള്ള മാനസികാവസ്ഥ ഉണ്ടാകാനും ഞാൻ അപേക്ഷിക്കുന്നു.
3. “നിങ്ങൾ ഇവിടെ കഥ പറയാൻ വന്നതാണെന്ന് ഞങ്ങൾക്ക് അറിയാം. എന്തിനാണ് അനാവശ്യമായി ഈ ബുദ്ധിമുട്ട് സഹിക്കുന്നത്?”, ദയവായി ഇങ്ങനെ പറയരുത്. എന്നോട് ക്ഷമിക്കുക. നിങ്ങൾ സാഗരത്തിന് തുല്യമാണ്.
4. സാഗരമാകട്ടെ, ജലം നിറഞ്ഞ് തുളുമ്പിയാലും നദീജലത്തെ തിരികെ അയയ്ക്കില്ല; മേഘങ്ങൾ ആയിരം മടങ്ങ് വർഷിച്ചാലും അത് മറ്റ് ജലങ്ങൾക്ക് അഭയം നൽകും.
5. ഓ, ശ്രോതാക്കളേ, നിങ്ങൾ സമുദ്രത്തെപ്പോലെ ധർമ്മിഷ്ഠരാണ്, അതിനാൽ ഞാൻ അതിൽ സ്വയം മുങ്ങിത്താഴാൻ ആഗ്രഹിക്കുന്നു. എന്നെ മടക്കി അയയ്ക്കരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. ദുർബ്ബലരെ ഉപേക്ഷിക്കുന്നത് ശരിയല്ല.
6. ശുദ്ധമായ ഗംഗാജലവും, ഗ്രാമത്തിലെ അരുവിയിൽ നിന്നുള്ള ജലവും സമുദ്രം സ്വീകരിക്കും. അവ സമുദ്രത്തിൽ ചേരുമ്പോൾ കുഴപ്പങ്ങളൊന്നും സംഭവിക്കുന്നില്ല.
7. അതിനാൽ നിങ്ങൾ എന്നെ ദയയോടെ വീക്ഷിക്കുമ്പോൾ തന്നെ ദിവ്യന്റെ കഥ കേൾക്കാൻ നിങ്ങൾക്കുള്ള ആഗ്രഹം സഫലമാകും.
8. നിങ്ങൾ ഈ ജീവിതകഥയാകുന്ന അമൃത് വിശ്വാസത്തോടും ക്ഷമയോടും കൂടി നുകരുകയാണെങ്കിൽ, ഉള്ളിൽ സ്നേഹം നിറഞ്ഞ ഭക്തി ഉണ്ടാകുകയും ശ്രോതാക്കൾ കൃതാർത്ഥരാകുകയും ചെയ്യും.
9. ഭക്തർക്ക് സുഗമമായി പരമമായ ഉത്കൃഷ്ടാവസ്ഥ നേടാൻ കഴിയും. ശ്രോതാക്കൾക്ക് നിറഞ്ഞ ഭക്തിയും മമതയിൽ നിന്ന് മുക്തിയും ലഭിക്കും.

ഭക്തിയുള്ളവർക്ക് ശാന്തിയും സന്തോഷവും ലഭിക്കും, പൊതുവെ എല്ലാവർക്കും സംതൃപ്തിയുണ്ടാകും.

10. ഗുരുവിന്റെ വദനത്തിൽ നിന്നും ഈ കഥകൾ ശ്രവിക്കുകയാണെങ്കിൽ, ലോകജീവിതത്തിലെ ക്ലേശങ്ങളും വിഷമതകളും നശിപ്പിക്കപ്പെടും. ശ്രോതാക്കൾക്ക് ആനന്ദം ലഭിക്കുകയും ആത്മജ്ഞാനം തെളിയുകയും ചെയ്യും.

11. ഈ അധ്യായത്തിൽ സ്നേഹസമ്പന്നരായ ഭക്തർ സായിയോട് പ്രാർത്ഥിക്കുന്നതും, അദ്ദേഹം അവർക്ക് ദർശനം നൽകുന്നതും അവരിൽ സംപ്രീതനാകുന്നതും വിവരിക്കുന്നതാണ്. ഇപ്പോൾ അതൊക്കെ ശ്രദ്ധിക്കുക.

12. ഒരു മാർജ്ജാരം തന്റെ കുഞ്ഞുങ്ങളെ പാലൂട്ടിയതിന് ശേഷം പുറത്ത് പോകുകയും, പിന്നീട് അവൾ മടങ്ങിയെത്തുമ്പോൾ, അവളുടെ കുഞ്ഞുങ്ങൾ സ്നേഹത്തോടെ അടുത്തെത്തി വീണ്ടും വീണ്ടും മുലകുടിക്കാൻ ശ്രമിക്കും.

13. അപ്പോൾ അവൾക്ക് മടുപ്പ് തോന്നുകയും, അവൾ മുരളുമ്പോൾ കുഞ്ഞുങ്ങൾ കുറച്ച് നേരത്തേക്ക് നിശ്ശബ്ദരാകുകയും ചെയ്യും. തള്ള മാർജ്ജാരം വിശ്രമിക്കാൻ തുടങ്ങിയാലുടൻ, അവർ വീണ്ടും അവളുടെ ചുറ്റും കൂടി മുലകുടിക്കാൻ തുടങ്ങും.

14. അവർ സ്നേഹത്തോടെ ഉരുമ്മുകയും മുലകുടിക്കുകയും ചെയ്യുമ്പോൾ, തള്ള മാർജ്ജാരത്തിൽ നിന്നും പാൽ ഒഴുകാൻ തുടങ്ങും. അപ്പോൾ അവൾ മുമ്പത്തെ മുരളലുകൾ മറക്കുകയും സ്നേഹത്തോടെ നിലത്ത് കിടക്കുകയും ചെയ്യും.

15. അവളുടെ സ്നേഹം, അവളുടെ വൈമനസ്യത്തെ കീഴടക്കുമ്പോൾ അവൾ തന്റെ കുഞ്ഞുങ്ങളെ നാല് കാലുകൾ കൊണ്ടും ചേർത്ത് പിടിക്കും; വീണ്ടും വീണ്ടും അവരെ നക്കിത്തുടക്കുകയും ലാളിക്കുകയും ചെയ്യും. ഓ, എത്ര ആശ്ചര്യകരമായ കാഴ്ചയാണ് അത്!

16. അവരുടെ കൂർത്ത നഖങ്ങൾ കൊണ്ട് അവളുടെ ഉദരം മുറിയുമ്പോൾ അവളുടെ സ്നേഹം വർദ്ധിക്കുകയും, പാൽ കൂടുതൽ ഒഴുകുകയും ചെയ്യുന്നു.

17. കുഞ്ഞുങ്ങളുടെ സ്നേഹവും ഊഷ്മളവികാരവും കൊണ്ട് മാതാവിൽ നിന്നും കൂടുതൽ പാൽ ചുരക്കുന്നത് പോലെ, സായിയുടെ പാദങ്ങളിൽ നിങ്ങൾ കാട്ടുന്ന സ്നേഹം അദ്ദേഹത്തിന്റെ ഹൃദയമലിയിക്കും.

18. ഒരിക്കൽ താനെയിലെ ജനങ്ങൾ പ്രസിദ്ധ കീർത്തനകാരനായ ഗനുദാസിനോട് കൗപീനേശ്വര ക്ഷേത്രത്തിൽ കീർത്തനം നടത്തണമെന്ന് അഭ്യർത്ഥിച്ചു.

19. ഗനുദാസ് അവരുടെ അഭ്യർത്ഥന ചെവിക്കൊണ്ടു, പക്ഷേ അദ്ദേഹം ഒരു പൈസ പോലും ആവശ്യപ്പെട്ടില്ല.

20. ഒരു പൈസ പോലും കീർത്തനത്തിനായി നൽകപ്പെട്ടതുമില്ല. അദ്ദേഹം മേൽശരീരത്തിൽ വസ്ത്രം ധരിച്ചിരുന്നില്ല, ശിരസ്സിൽ പഞ്ച'യല്ലാതെ മറ്റൊന്നും ധരിച്ചിരുന്നുമില്ല. എന്നിട്ടും കീർത്തനം കേൾക്കാനായി ആളുകൾ തടിച്ച് കൂടിയിരുന്നു.

21. ഇത്തരത്തിലുള്ള വേഷത്തിന് പുറകിൽ ഒരു കഥയുണ്ട്. അത് കേൾക്കുമ്പോൾ നിങ്ങൾ അത് ആസ്വദിക്കും. നിങ്ങളുടെ മുഴുവൻ ശ്രദ്ധയോടും കൂടി അത് ശ്രവിക്കുക. ബാബയിൽ ആശ്ചര്യപ്പെടുക.

22. ഒരിക്കൽ ഗനുദാസ് ഷിർദിയിൽ ഒരു കഥ അവതരിപ്പിക്കാനായി പോകുകയായിരുന്നു. അതിനാൽ, അയാൾ നീളമുള്ള ഒരു മേലങ്കി, ഉപർണ്ണം[2] എന്നിവ ധരിച്ച് ശിരസ്സിൽ ഫേട്ടയും[3] വച്ച് തയ്യാറെടുത്തു.

23. ആചാരമനുസരിച്ച് ബാബയെ വന്ദിക്കുന്നതിനായി അയാൾ സന്തോഷത്തോടെ എത്തി. അയാളെ കണ്ടപ്പോൾ ബാബ പറഞ്ഞു: "ഓ, നീ ഇപ്പോൾ ഒരു വരനെപ്പോലെ അണിഞ്ഞൊരുങ്ങിയിരിക്കുന്നല്ലോ!

24. ഇങ്ങനെ വേഷം ധരിച്ച് നീ എങ്ങോട്ടാണ് പോകുന്നത്?" എന്ന് ബാബ അയാളോട് ചോദിച്ചു. ദാസ്ഗനു പറഞ്ഞു: "ഞാൻ കീർത്തനം നടത്താൻ പോകുകയാണ്."

25. ബാബ അയാളോട് വീണ്ടും പറഞ്ഞു: "വേഷം ധരിക്കാനായി നീ ഇത്രമാത്രം ബുദ്ധിമുട്ടിയത് എന്തിനാണ്? നിനക്ക് എന്തിനാണ് ഈ നീളമുള്ള അങ്കി, ഉപർണ്ണം, ഫേട്ട എന്നിവ? നമുക്ക് ഇവയുടെ ആവശ്യമില്ല.

26. "ഇവയൊക്കെ എന്റെ മുമ്പിൽവച്ച് അഴിച്ചു മാറ്റുക. എന്തിനാണ് ഇവകൊണ്ട് നിന്റെ ശരീരത്തിന് ഭാരം നൽകുന്നത്?" അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ച് അയാൾ അവ അഴിച്ചുമാറ്റി അദ്ദേഹത്തിന്റെ കാൽക്കൽ വച്ചു.

27. അന്നുമുതൽ ഈ ദിവസം വരെയും, ഗനുദാസ് മേൽവസ്ത്രം ധരിക്കുകയോ ആഡംബരം കാട്ടുകയോ ചെയ്യുന്നില്ല. അയാൾ കീർത്തനവേളയിൽ കൈകളിൽ ചിപ്ലി[4] പിടിച്ച് കണ്ഠത്തിൽ ഒരു മാല[5] അണിഞ്ഞിരിക്കും.

28. ഇത് പരക്കെ സ്വീകരിക്കപ്പെട്ടിട്ടില്ല എങ്കിലും, ഇതാണ് കലർപ്പില്ലാത്ത രീതി. പരമജ്ഞാനിയായ നാരദന്റെ പാരമ്പര്യമാണ് ഇത്.

29. 'നാരദീയകീർത്തനം' എന്ന ഈ പ്രഥമ ശാഖയിൽ നിന്നാണ് ഹരിദാസൻമാർ ഉണ്ടായത്. അവർ പുറമെയുള്ള മോടിയെക്കുറിച്ച് ശ്രദ്ധിച്ചിരുന്നില്ല, പക്ഷേ ആത്മശുദ്ധി വേണമെന്ന് നിഷ്കർഷിച്ചിരുന്നു.

30. ശരീരത്തിന്റെ കീഴ്ഭാഗം മാത്രം മറച്ചിരുന്നു. ചിപ്ലി ഉപയോഗിക്കുകയും വീണ[6] വായിക്കുകയും ചെയ്തിരുന്നു. ഹരിനാമം ഉറക്കെ ആലപിച്ചിരുന്നു. ഇതാണ് പ്രശസ്തമായതും ശുദ്ധവുമായ നാരദരൂപം.

31. സായി സമർത്ഥന്റെ അനുഗ്രഹത്താൽ, ദാസ്ഗനു ദിവ്യന്മാരെക്കുറിച്ചുള്ള കഥകൾ രചിക്കുകയും, സൗജന്യമായി കീർത്തനങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെ അയാൾ പ്രസിദ്ധനായി.

32. സായിഭക്തി വളർത്തുന്നതിൽ അയാൾ ഒരു പ്രധാന പങ്ക് വഹിച്ചു. സായിസ്നേഹവും ആത്മസംതൃപ്തിയുമാകുന്ന സാഗരത്തിൽ, അയാൾ ഉയർന്ന അലകൾ സൃഷ്ടിച്ചു.

33. സായിപാദങ്ങളിൽ ഭക്തി വളർത്തുന്നതിൽ മൂലകാരണമായി വർത്തിച്ച ശ്രേഷ്ഠ ഭക്തനായ ചന്ദോർക്കറോട് നമ്മൾ തീർത്തും നന്ദിയുള്ളവരാണ്.

34. ദാസ്ഗനു പോലും ചന്ദോർക്കർ മൂലമാണ് ഇവിടെ എത്തിയത്. ഒരു സ്ഥലത്ത് നിന്നും മറ്റൊരിടത്തേയ്ക്ക് യാത്രചെയ്ത് അയാൾ എല്ലായിടങ്ങളിലും കീർത്തനം നടത്തുകയും, ജനങ്ങൾ സായിയുടെ അപദാനങ്ങൾ വാഴ്ത്താനും തുടങ്ങി.

35. മഹാരാജിന്റെ പ്രശസ്തി ഇതിനകം തന്നെ പൂനെ, നഗർ, ഷോലാപൂർ എന്നിവിടങ്ങളിൽ വ്യാപിച്ചിരുന്നു. എന്നാൽ ഇവർ ഇരുവരും മൂലം കൊങ്കണത്തിൽ നിന്നുള്ള ജനങ്ങളിലും ഭക്തി വളർന്നു.

36. ബോംബെയ്ക്ക് അകത്തും പുറത്തും സായിഭക്തി വളർന്നതിന്റെ ബഹുമതിയും ഇവർക്കാണ്. ദയാപരനായ സായിമഹാരാജ് അവരിലൂടെ അവിടെ അവതരിച്ചു!

37. കൗപീനേശ്വരക്ഷേത്രത്തിൽ, സായിയുടെ ദയയെക്കുറിച്ചുള്ള കീർത്തനത്തിന്റെ മാറ്റൊലികൾക്കും ഈശ്വരനാമത്തിന്റെ ജയഘോഷങ്ങൾക്കും നടുവിൽ ചോൾക്കാറിന് രോമാഞ്ചമുണ്ടായി.

38. അനേകം ജനങ്ങൾ കീർത്തനം കേൾക്കാനായി എത്തി, പക്ഷേ വ്യത്യസ്ത കാരണങ്ങൾ കൊണ്ടാണ് അവർ അത് ഇഷ്ടപ്പെട്ടത്. വിഷയത്തെക്കുറിച്ച് ബുവയ്ക്കുള്ള ഗഹനമായ അറിവാണ് ചിലർക്ക് ഇഷ്ടപ്പെട്ടത്, മറ്റു ചിലർക്ക് അദ്ദേഹത്തിന്റെ മുഖഭാവങ്ങളും അംഗവിക്ഷേപങ്ങളും ഇഷ്ടപ്പെട്ടു.

39. ചിലർ ആലാപനം മാത്രം ആസ്വദിക്കുകയും ബുവ എത്ര മനോഹരമായി പാടുന്നുവെന്നും വിത്തലിന്റെ ഭക്തിനാമ ജപത്തിൽ അദ്ദേഹം എത്രമാത്രം മുഴുകുന്നുവെന്നും ഈശ്വരഭക്തിയാൽ എത്ര ആവേശത്തോടെയാണ് നൃത്തം ചെയ്യുന്നതെന്നും പറഞ്ഞു.

40. തത്ത്വോപദേശങ്ങൾ വിവരിക്കപ്പെടുന്ന ആദ്യഭാഗമാണ് ചിലർ ഇഷ്ടപ്പെട്ടത്; ചിലർ കഥാഭാഗം കേൾക്കാൻ ഇഷ്ടപ്പെട്ടു; പ്രാദേശിക കഥാപാത്രങ്ങളെ അനുകരിക്കുമ്പോൾ ഹരിദാസൻ കാട്ടുന്ന നാടകീയതയാണ് ചിലർക്ക് ഇഷ്ടപ്പെട്ടത്; ചിലർ കവിതയും വാക്കുകളും ഇഷ്ടപ്പെട്ടു.

41. കീർത്തനം ശ്രവിക്കുന്നത് വ്യത്യസ്തമായ കാര്യങ്ങളെ ആശ്രയിച്ചിരിക്കും – ബുവ ഒരു സാധാരണക്കാരനാണോ, അതോ ഒരു പണ്ഡിതനോ, വ്യത്യസ്ത അർത്ഥങ്ങളും, ഉദാഹരണവാക്യങ്ങളും അനുമാനങ്ങളും നൽകുന്നതിൽ ബുദ്ധിമാനാണോ, അല്ലെങ്കിൽ കീർത്തനത്തിന്റെ രണ്ടാമത്തെ പകുതിയിൽ കഥ പറയുന്നതിൽ സമർത്ഥനാണോ എന്നിങ്ങനെ.

42. ഇത്തരത്തിലുള്ള ശ്രോതാക്കൾ അനവധിയാണ്. പക്ഷേ ശ്രവണത്തിലൂടെ അവർക്ക് ഭക്തിയും വിശ്വാസവും ഉണ്ടാകുന്നു. എന്നാൽ, ഈശ്വരനോട് പൂർണ്ണ സ്നേഹവും സായി പാദങ്ങളിൽ ഭക്തിയുമെന്ന മാനസികാവസ്ഥ ശ്രോതാവിനുണ്ടാകുന്നത് അപൂർവ്വമാണ്.

43. ഒരുവൻ ദീർഘനേരം ശ്രവിക്കുന്നുണ്ടാകാം, പക്ഷേ ഒന്നിനു മുകളിൽ ഒന്നായി തെറ്റായ അറിവാണ് സമ്പാദിക്കുന്നതെങ്കിൽ, ശ്രവണത്തിന് ശരിയായ ഫലമുണ്ടായി എന്ന് പറയാനാകുമോ? അത്തരത്തിലുള്ള ശ്രവണം വ്യർത്ഥമാണ്.

44. അഴുക്ക് മാറ്റാൻ കഴിഞ്ഞില്ലെങ്കിൽ സോപ്പിനെ അങ്ങനെ വിളിക്കാൻ കഴിയുമോ? തെറ്റായ ജ്ഞാനം നീക്കാൻ കഴിയില്ലെങ്കിൽ ശ്രവണത്തെ അങ്ങനെ വിളിക്കാൻ കഴിയുമോ?

45. ചോൾക്കാർ[7] സ്വതവേ ഒരു ഭക്തനായിരുന്നു. അയാൾക്ക് സായിപാദങ്ങളിൽ അതിയായ സ്നേഹമുണ്ടാകുകയും അയാൾ സ്വയം പറയുകയും ചെയ്തു: "ബാബാ, ദയാപരാ, ഈ വിനീതദാസനെ സംരക്ഷിക്കൂ."

46. അയാൾ പരിശീലനാർത്ഥം ജോലി നോക്കുകയും സ്വന്തം കുടുംബത്തിനെ പോറ്റാൻ സാമ്പത്തിക മാർഗ്ഗമില്ലാത്ത ഒരു സാധാരണക്കാരനുമായിരുന്നു. അയാൾക്ക് കുറച്ച് കൂടി ഉയർന്ന ഒരു സർക്കാർ ജോലി നേടണമെന്ന ആഗ്രഹമുണ്ടായിരുന്നു; അയാൾ ഈ ഭാരം ബാബയ്ക്ക് സമർപ്പിച്ചു.

47. ദുരാഗ്രഹികളായ മനുഷ്യർ നേർച്ചകൾ നേരാറുണ്ട്; അവരുടെ ആഗ്രഹം സാധിച്ചാൽ, ബ്രാഹ്മണർക്ക്, അവർ നിർദ്ദേശിക്കുന്ന ആഹാരപദാർത്ഥങ്ങൾ കൊണ്ട് മതിയാവോളം സദ്യ നൽകാമെന്നും, സമ്മാനങ്ങൾ ദാനം ചെയ്യാമെന്നും.

48. ധനികരാകട്ടെ, അവരുടെ ആഗ്രഹങ്ങൾ സാധിച്ചാൽ ആയിരം ബ്രാഹ്മണർക്ക് സദ്യ നൽകാമെന്നും, നൂറ് പശുക്കളെ ദാനം നൽകാമെന്നും നേർച്ച നേരാറുണ്ട്.

49. പക്ഷേ ചോൾക്കാർ ഒരു ദരിദ്രനായിരുന്നു. അയാൾക്കും ഒരു നേർച്ച നടത്തണമെന്ന് തോന്നി. അതിനാൽ ശ്രീ സായിയുടെ പാദങ്ങൾ സ്മരിച്ചുകൊണ്ട് അയാൾ വിനയത്തോടെ പറഞ്ഞു:

50. "ബാബാ ഞാൻ ഒരു പാവപ്പെട്ടവനും, കുടുംബം പോറ്റേണ്ടവനുമാണ്. എന്റെ ജീവിതം എന്റെ ജോലിയെ ആശ്രയിച്ചിരിക്കുന്നു. ജോലി സ്ഥിരമാകാൻ ഞാൻ ഒരു പരീക്ഷ ജയിക്കേണ്ടിയിരിക്കുന്നു.

51. "ഞാൻ വളരെ പരിശ്രമിച്ച് തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. ഈ പരീക്ഷയുടെ വിജയത്തിൽ ഞാൻ പൂർണ്ണമായും ആശ്രയിക്കുകയാണ്. അല്ലെങ്കിൽ, പരിശീലനകാലത്തിലുള്ള ഈ ജോലി എനിക്ക് നഷ്ടപ്പെടുകയും, അൽപമായ വരുമാനമാർഗ്ഗം കൂടി ഇല്ലാതാകുകയും ചെയ്യും.

52. "അങ്ങയുടെ അനുഗ്രഹത്താൽ ഞാൻ വിജയിക്കുകയാണെങ്കിൽ, ഞാൻ അങ്ങയുടെ പാദങ്ങൾ ദർശിച്ച്, അങ്ങയുടെ നാമത്തിൽ കൽക്കണ്ടം വിതരണം ചെയ്യുന്നതാണ്. ഇത് എന്റെ ഉറച്ച പ്രതിജ്ഞയാണ്."

53. ഇപ്രകാരം അയാൾ ഒരു വ്രതമെടുത്തു. അയാളുടെ ആഗ്രഹം സഫലമാകുകയും അയാൾ സന്തോഷവാനാകുകയും ചെയ്തു. പക്ഷേ തന്റെ പ്രതിജ്ഞ നിറവേറ്റുന്നതിൽ അയാൾക്ക് കാലതാമസം ഉണ്ടായി. അതിനാൽ അയാൾ പഞ്ചസാര ഉപേക്ഷിച്ചു.

54. വഴിച്ചെലവിന് അയാൾക്ക് പണം ആവശ്യമായിരുന്നു. വെറും കൈകളോടെ പോകുന്നത് ഉചിതമല്ല. അതിനാൽ അയാൾ തന്റെ യാത്ര മാറ്റിവച്ച് കൊണ്ടിരുന്നു. അങ്ങനെ ദിനങ്ങൾ കടന്നുപോയി.

55. ഉയരംകൂടിയ സഹ്യാദ്രിമലയിലെ നാനേ ഘട്ട്[8] മറികടക്കാൻ സാധിച്ചേക്കും. പക്ഷേ ഒരു ഗൃഹസ്ഥാശ്രമിക്ക് തന്റെ ഗൃഹത്തിന്റെ ഉമ്മറപ്പടി കടക്കുക എന്നത് ദുഷ്കരമാണ്.

56. ഷിർദിയിലേയ്ക്ക് പോകുക എന്ന വ്രതം പൂർത്തിയാകുന്നത് വരെ പഞ്ചസാര കൊണ്ട് ഉണ്ടാക്കപ്പെട്ട ഒരു ഭക്ഷണപദാർത്ഥവും ചോൾക്കാർ കഴിച്ചില്ല. അയാൾ ചായ പോലും പഞ്ചസാര ഇടാതെ ഉപയോഗിക്കാൻ തുടങ്ങി.

57. കുറേ ദിവസങ്ങൾ ഇങ്ങനെ കടന്നുപോയി. ഒടുവിൽ അവസരമെത്തുകയും അയാൾ ഷിർദിയിലേയ്ക്ക് പോകുകയും ചെയ്തു. തന്റെ നേർച്ച പൂർത്തിയാക്കി, അയാൾ സന്തുഷ്ടനായി.

58. ബാബയെ ദർശിച്ച മാത്രയിൽ, ചോൾക്കാർ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ് ഉരുണ്ടു; ബാബയെ വണങ്ങി, അയാൾ അത്യധികം സന്തോഷവാനായി.

59. പരിശുദ്ധമായ ഹൃദയത്തോടെ അയാൾ കൽക്കണ്ടം വിതരണം ചെയ്തു, നാളികേരം കാഴ്ചവെച്ച് അയാൾ പറഞ്ഞു: “ഇന്ന് എന്റെ എല്ലാ ആഗ്രഹങ്ങളും സഫലമായി.”

60. സായി ദർശനത്താൽ അയാൾ ആഹ്ലാദവാനാകുകയും, അദ്ദേഹവുമായി ഉണ്ടായ സംഭാഷണത്താൽ സന്തുഷ്ടനുമായിരുന്നു. അയാൾ ജോഗിന്റെ അതിഥിയായിരുന്നതിനാൽ, അയാൾ ജോഗിനോടൊപ്പം പോകേണ്ടിയിരുന്നു.

61. ജോഗ് പോകാനായി എഴുന്നേറ്റപ്പോൾ അയാളുടെ അതിഥിയും ഒപ്പം എഴുന്നേറ്റു. അപ്പോൾ ബാബ ജോഗിനോട് പറഞ്ഞു: “അവന്, ധാരാളം പഞ്ചസാര ചേർത്ത് കുറേ കോപ്പ ചായ കൊടുക്കൂ.”

62. അർത്ഥഗർഭമായ ഈ വാക്കുകൾ കേട്ടയുടൻ ചോൾക്കാർ അദ്ഭുതപ്പെട്ടു. അയാളുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറയുകയും, അയാൾ തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ ചേർത്ത് വയ്ക്കുകയും ചെയ്തു.

63. ജോഗ് ആശ്ചര്യപ്പെട്ടു, അതിലിരട്ടിയായി ചോൾക്കാറും, എന്തുകൊണ്ടെന്നാൽ ഇരുവർക്കും (അയാൾക്കും ബാബയ്ക്കും) കാരണമറിയുകയും, അവർ പരസ്പരം മനസ്സിലാക്കുകയും ചെയ്തിരുന്നു.

64. ബാബയ്ക്ക് ചായയുമായി യാതൊരു ബന്ധവുമില്ല; അപ്പോൾ ഈ നിമിഷത്തിൽ എന്തിനാണ് അദ്ദേഹം അത് ഓർത്തത്? ചോൾക്കാറെ ബോധ്യപ്പെടുത്താനും, അയാളുടെ ഭക്തി ദൃഢപ്പെടുത്താനും വേണ്ടിയായിരുന്നു അത്.

65. പൊടുന്നനവേ ഇത് മതിയായ ഒരു സൂചനയായിരുന്നു. അദ്ദേഹം പറഞ്ഞു: “നീ വാഗ്ദാനം ചെയ്ത പഞ്ചസാര ഞാൻ സ്വീകരിച്ചിരിക്കുന്നു. നിന്റെ ത്യാഗത്തിന്റെ സമയം കഴിഞ്ഞു, ചോൾക്കാർ.

66. “നേർച്ച നേരുമ്പോഴുള്ള നിന്റെ മാനസികാവസ്ഥ എന്തായിരുന്നുവെന്നും, കാലവിളംബം നേരിട്ടപ്പോൾ നീ സ്വയം ഏറ്റെടുത്ത ശിക്ഷാവിധിയെക്കുറിച്ചും ഞാൻ അറിഞ്ഞിരുന്നു. നീ അത് ഒരു രഹസ്യമായി സൂക്ഷിച്ചെങ്കിലും ഞാൻ അതൊക്കെ അറിഞ്ഞു.

67. "നിങ്ങളിൽ ഏതൊരാളും, നിങ്ങൾ എവിടെയായാലും, ഭക്തിയോടെ, എന്റെ മുമ്പിലെത്തി കൈ നീട്ടുമ്പോൾ, രാത്രിയും പകലും നിങ്ങളുടെ ഭക്തിക്ക് ഫലം നൽകാൻ ഞാനുണ്ടാകും.

68. "എന്റെ ശരീരം ഇവിടെയും, നിങ്ങൾ സപ്തസാഗരങ്ങൾക്ക് അപ്പുറത്തുമാകാം; അവിടെ നിങ്ങൾ ചെയ്യുന്നതെന്തും ഉടനടി ഞാൻ അറിയും.

69. "ഈ ഭൂമിയുടെ ഏത് ഭാഗത്തും നിങ്ങൾ പോകുന്നുണ്ടാകാം, എന്നാലും ഞാൻ നിങ്ങളോടൊപ്പമുണ്ടാകും. ഞാൻ നിന്റെ ഹൃദയത്തിൽ വസിച്ച് കൊണ്ട് നിന്റെയുള്ളിലുണ്ട്.

70. "അതിനാൽ നിന്റെ ഹൃദയനിവാസിയായ എന്നെ നീ സദാ വണങ്ങണം. മറ്റെല്ലാ ജീവികളുടെ ഹൃദയത്തിലും വസിക്കുന്നത് ഞാൻ തന്നെയാണ്.

71. "അതിനാൽ ജീവിതയാത്രയിൽ നീ കണ്ടുമുട്ടുന്നവർ ആരായാലും, ഗൃഹത്തിനുള്ളിലോ പുറത്തോ ആകട്ടെ, ഞാൻ അവരുടെ ഉള്ളിലുണ്ട്, ഞാൻ സ്വയം അവരിൽ സന്നിഹിതനാണ്.

72. "കീടങ്ങൾ, ഉറുമ്പ്, ജലത്തിലും ആകാശത്തിലും വസിക്കുന്ന ജീവികൾ, നായ, പന്നി-ഇങ്ങനെ എല്ലാ ജീവികളിലും ഞാനുണ്ട്. ഞാൻ എല്ലായിടത്തും എല്ലാറ്റിലുമുണ്ട്.

73. "എന്നിൽ നിന്നും അകൽച്ച പാലിക്കരുത്. ഞാനും നീയും തമ്മിൽ വ്യത്യാസമില്ല. ഇത്തരത്തിൽ എന്നെ അറിയുന്നവൻ തീർച്ചയായും ഭാഗ്യവാനാണ്."

74. ഈ കഥ, വളരെ ചെറുതാണെങ്കിലും, നിറയെ അർത്ഥമുള്ളതാണ്. ചോൾക്കാറിന് അത് എത്ര മധുരതരവും, അയാളുടെ ഭക്തി എത്ര ദൃഢവുമായി മാറി എന്ന് നോക്കുക!

75. അയാളുടെ മനസ്സിലെ ചിന്താഗതികൾ എന്തായാലും, ബാബ ഇത്തരത്തിൽ അതിന് തെളിവ് നൽകി. എത്രമാത്രം പ്രാഗല്ഭ്യം ആണ് ദിവ്യന്മാർ കാട്ടുന്നത്!

76. ബാബയുടെ വാക്കുകൾ അമൂല്യമാണ്. അവ ഭക്തരുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുകയും അവരുടെ ഉള്ളിൽ സ്നേഹം വളർത്തി, ഭക്തി ഏകാഗ്രമാക്കുകയും ചെയ്യുന്നു.

77. ഒരു ചാതകപ്പക്ഷിയുടെ ദാഹം ശമിപ്പിക്കാൻ, മേഘങ്ങൾ ദയയോടെ മഴ വർഷിക്കുന്നു. അതിന്റെ ഫലമായി ഭൂമി മുഴുവൻ തണുക്കുകയും ചെയ്യുന്നു. അതേപോലെയാണ് ഈ സന്ദർഭത്തിലും സംഭവിച്ചത്.

78. പാവപ്പെട്ട ചോൾക്കാർ തീർത്തും ഒരു അപരിചിതനായിരുന്നു. ദാസ്ഗനുവിന്റെ കീർത്തനം, ഇത്തരമൊരു നേർച്ച നേരുന്നതിന് അയാൾക്ക് പ്രേരണ നൽകുകയും, ബാബ അയാളിൽ സംപ്രീതനാകുകയും ചെയ്തു.

79. അയാൾ മൂലം ആശ്ചര്യകരമായ ഈ സംഭവം നടക്കുകയും ദിവ്യന്മാരുടെ ഹൃദയത്തെക്കുറിച്ച് അയാൾക്ക് ഒരു സൂചന ലഭിക്കുകയും ചെയ്തു. ഗുണപാഠം നൽകാൻ ഉതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ബാബ എല്ലായ്പ്പോഴും ഒരുക്കമായിരുന്നു.

80. എല്ലാ ഭക്തരുടെയും നന്മയ്ക്ക് വേണ്ടി, ചോൾക്കാർ ഒരു ഉപകരണമാകുക യായിരുന്നു. ബാബയുടെ പ്രാഗല്ഭ്യം അഗ്രാഹ്യമാണ്. നമുക്ക് അത് കാണാനും ആശ്ചര്യപ്പെടാനും മാത്രമേ കഴിയൂ.

81. സമാനമായ ഒരു സംഭവം കൂടി വിവരിച്ച് കൊണ്ട് ഞാൻ ഈ കഥയ്ക്ക് വിരാമിടുന്നതാണ്–എങ്ങനെയാണ് ഒരുവൻ ഒരു ചോദ്യമുന്നയിച്ചതെന്നും, എങ്ങനെയാണ് ബാബ അതിന് വിശദീകരണം നൽകിയതെന്നും.

82. ഒരിക്കൽ ബാബ മസ്ജിദിലെ തന്റെ ഇരിപ്പിടത്തിൽ ഇരിക്കവേ അദ്ദേഹത്തിന്റെ മുമ്പിൽ ഇരുന്ന ഒരു ഭക്തൻ ഒരു ഗൗളി ചിലയ്ക്കുന്നത് കേട്ടു.

83. ഗൗളി വീഴുന്നതും അതിന്റെ ചിലയ്ക്കലും! അവയ്ക്ക് എന്തെങ്കിലും അർത്ഥമുണ്ടോ? അയാൾ ആകാംക്ഷകൊണ്ട് സാധാരണ പോലെ ബാബയോട് ഒരു ചോദ്യം ചോദിച്ചു.

84. “ബാബാ, പുറകിലെ ചുവരിലിരിക്കുന്ന ഈ ഗൗളി എന്തിനാണ് ചിലയ്ക്കുന്നത്? എന്താണ് അതിന്റെ അർത്ഥം? ഇത് ഒരു ദുശ്ശകുനമാണോ?”

85. ബാബ മറുപടി പറഞ്ഞു: “ഔറംഗാബാദിൽ നിന്നും തന്നെ കാണാനെത്തുന്ന സഹോദരിയുടെ വരവ് പ്രതീക്ഷിച്ച് ആനന്ദിക്കുകയാണ് ഈ ഗൗളി.”

86. ഗൗളി ഒരു നിസ്സാരജീവിയാണെന്നുള്ളതാണ് വസ്തുത. എങ്ങനെയാണ് അതിന് പിതാവ്, മാതാവ്, സഹോദരി, സഹോദരന്മാർ എന്നിങ്ങനെയുള്ള ബന്ധങ്ങളുണ്ടാകുന്നത്? ഏതെങ്കിലും ബന്ധങ്ങൾക്ക് എന്ത് അർത്ഥമാണ് അതിനുള്ളത്?

87. അതിനാൽ ബാബ ഹാസ്യപ്രദമായി എന്തോ പറഞ്ഞു എന്ന് അയാൾ വിശ്വസിച്ചു; അതിനാൽ അയാൾ കുറച്ച്നേരം നിശ്ശബ്ദനായി ഇരുന്നു.

88. ഇതിനിടയ്ക്ക്, ഔറംഗബാദിൽ നിന്നും കുതിരസവാരി ചെയ്ത്, ഒരു മാന്യൻ ബാബയെ കാണാനെത്തി. ആ സമയത്ത് ബാബ സ്നാനം ചെയ്യുകയായിരുന്നു.

89. അയാൾക്ക് തന്റെ യാത്ര തുടരേണ്ടിയിരുന്നു, പക്ഷേ അയാളുടെ കുതിര തീറ്റ കിട്ടാതെ മുമ്പോട്ട് പോകില്ല. അതിനാൽ കുറച്ച് ധാന്യം വാങ്ങാനായി, അയാൾ ചന്തയിലേയ്ക്ക് പോകാനൊരുങ്ങി.

90. ഗൗളിയെക്കുറിച്ച് ചോദ്യമുന്നയിച്ച വ്യക്തി, പുതുതായി എത്തിയ യാത്രക്കാരനെ ഉത്സുകതയോടെ നോക്കിയിരിക്കവേ, അയാൾ തന്റെ കക്ഷത്തിൽ സൂക്ഷിച്ചിരുന്ന ധാന്യ സഞ്ചി ഒഴിച്ചെടുത്ത് പൊടി തട്ടി.

91. അയാൾ തന്റെ സഞ്ചി നിലത്തടിച്ചയുടൻ, അതിൽ നിന്നും ഒരു ഗൗളി പുറത്തേയ്ക്ക് വീണ്, എല്ലാവരും നോക്കി നിൽക്കവേ ഭയപ്പാടോടെ ഓടി.

92. മുമ്പ് ചോദ്യം ചോദിച്ച വ്യക്തിയോട് ബാബ അപ്പോൾ പറഞ്ഞു: “ഇപ്പോൾ അവളെ ശ്രദ്ധിക്കുക. ഇതാണ് മുമ്പത്തെ ഗൗളിയുടെ സഹോദരി. അവളുടെ, ആശ്ചര്യകരമായ പെരുമാറ്റം നോക്കുക.”

93. തന്റെ സഹോദരിയുടെ ചിലയ്ക്കൽ കേൾക്കുന്ന ദിശയിലേക്ക്, സന്തോഷത്തോടെ ശരീരം ഇളക്കിക്കൊണ്ട്, അവൾ ഓടിച്ചെന്നു.

94. വളരെ നാളുകൾക്ക് ശേഷം രണ്ട് സഹോദരിമാരും കണ്ടുമുട്ടി. അവർ പരസ്പരം ആശ്ലേഷിക്കുകയും ഉമ്മ വയ്ക്കുകയും ചെയ്തു. അവരുടെ സ്നേഹം, വിവരിക്കാനാകാത്ത വിധത്തിൽ, അവർ പ്രകടിപ്പിക്കുകയായിരുന്നു.

95. അവർ രണ്ടുപേരും പരസ്പരം വട്ടംചുറ്റി; സന്തോഷത്തോടെ തിരിയുകയും മറിയുകയും ചെയ്തു; നേരെയും, സമാന്തരമായും, കോണോടുകോണായുമൊക്കെ വളരെ സ്വതന്ത്രമായി അവർ സഞ്ചരിച്ചു.

96. എവിടെയാണ് ഔറംഗാബാദ് നഗരം? എവിടെയാണ് ഷിർദി? ഇതിനൊക്കെ എന്ത് വിശദീകരണമാണുള്ളത്? എങ്ങനെയാണ് ആ കുതിരസവാരിക്കാരൻ ഗൗളിയോടൊപ്പം പെട്ടെന്ന് അവിടെ എത്തിയത്?

97. തീർച്ചയായും, ഏതെങ്കിലും തരത്തിൽ, ആ ഗൗളി കുതിരയുടെ ധാന്യസഞ്ചിക്കകത്ത് കയറിപ്പറ്റി എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ചോദ്യോത്തര വേളയും അവളുടെ വരവും ഒരേ സമയത്ത് എങ്ങനെ സംഭവിച്ചു?

98. എന്തിനാണ് ഗൗളി ചിലച്ചത്? ചോദ്യം ചോദിക്കാനുള്ള പ്രചോദനം എന്തായിരുന്നു? എന്ത്കൊണ്ടാണ് വിശദീകരണം നൽകപ്പെട്ടത്? അതിന് ഉടൻതന്നെ തെളിവ് ലഭിച്ചത് എന്ത്കൊണ്ടാണ്?

99. അത്രയ്ക്കായിരുന്നു അനുപമമായ ഈ സമാനത. ലോകർക്ക് ഹാസ്യത്തോട് പൊതുവെ ഇഷ്ടമാണ്. ഭക്തരുടെ ക്ഷേമം വർദ്ധിപ്പിക്കാൻ വേണ്ടി ദിവ്യന്മാർ മന:പൂർവം സാഹചര്യങ്ങൾ സൃഷ്ടിക്കാറുണ്ട്.

100. നമുക്ക് ഇതേപ്പറ്റി പര്യാലോചിക്കാം–ബൗദ്ധികമായി ആകാംക്ഷയുള്ള ഈ മനുഷ്യൻ അവിടെ ഉണ്ടായിരുന്നില്ലെങ്കിൽ, അഥവാ മറ്റാരും ആ ചോദ്യം ചോദിച്ചില്ലായിരുന്നുവെങ്കിൽ, എങ്ങനെയാണ് സായിയുടെ ശ്രേഷ്ഠത പ്രകടമാകുന്നതും, അതിന്റെ പ്രാധാന്യം ആരാണ് തിരിച്ചറിയുന്നതും?

101. പലപ്പോഴും അനേകം പേർ ഗൗളി ചിലയ്ക്കുന്നത് കേൾക്കാറുണ്ട്. പക്ഷേ ആരെങ്കിലും ആ ചിലയ്ക്കലിന്റെ അർത്ഥമോ, അതിന്റെ ഭാഷയോ അന്വേഷിക്കാറുണ്ടോ?

102. ചുരുക്കത്തിൽ ഇവയൊക്കെ ലോകത്തിലെ നാടകങ്ങളാണ്. കടിഞ്ഞാൺ തിരിച്ചറിയാനോ, ഗ്രഹിക്കാനോ കഴിയുന്നില്ല. ആർക്കെങ്കിലും മനസ്സിലാക്കാൻ കഴിയുമോ എന്ന് എല്ലാവരും ആശ്ചര്യപ്പെടുന്നു.

103. നേരേ മറിച്ച്, ഗൗളി ചിലയ്ക്കുന്നത് ദുശ്ശകുനമായാണ് കരുതപ്പെടുന്നത്. 'കൃഷ്ണ, കൃഷ്ണ' എന്ന് ജപിക്കുകയാണെങ്കിൽ ദുർഭാഗ്യം മാറിപ്പോകുമെന്ന് ജനങ്ങൾ പറയുന്നു.

104. ഈ ശബ്ദത്തിന് എന്തെങ്കിലും പ്രാധാന്യമുണ്ടോ എന്നത് ഒരു വിഷയമേ അല്ല. ഭക്തൻ അദ്ദേഹത്തിൽ ദൃഢമായി വിശ്വസിക്കാനായാണ് ബാബ ഈ ശ്രേഷ്ഠമാർഗം സ്വീകരിച്ചത്.

105. ഏതൊരു വ്യക്തി ഈ അധ്യായം ആദരവോടെ പാരായണം ചെയ്യുന്നുവോ, അല്ലെങ്കിൽ ഒരു പ്രത്യേക സംഖ്യ പ്രകാരം തുടർച്ചയായി പാരായണം ചെയ്യു

ന്നുവോ, അവന്റെ ക്ലേശങ്ങൾ ഗുരുരായന്റെ അനുഗ്രഹത്താൽ മാറിക്കിട്ടും. ഇത് നന്നായി നിങ്ങൾ മനസ്സിൽ ഓർക്കുക.

106. അദ്ദേഹത്തിന്റെ പാദങ്ങളിൽ ഏകാഗ്രമായ ഭക്തിയോടെ ശിരസ്സ് സമർപ്പിക്കുന്നവർക്ക്, അദ്ദേഹം മാത്രമാണ് ഏക ആശ്രയവും, രക്ഷിതാവും, ആശ്വാസദാതാവും, കർത്താവും, ക്ലേശനിവാരകനും.

107. ഇതിനെക്കുറിച്ച് സംശയമേതും വേണ്ട. സായിനാഥ് അപ്രകാരമാണ്. ഭക്തരുടെ നന്മയ്ക്ക് വേണ്ടി എന്റെ അനുഭവങ്ങളുടെ സാരാംശമാണ് ഞാൻ നിങ്ങൾക്ക് മുമ്പിൽ വിവരിക്കുന്നത്.

108. "ഞാൻ സർവ്വവ്യാപിയാണ്. ഞാനല്ലാതെ ഈ ലോകത്ത് മറ്റൊന്നും ഇല്ല. ഈ ലോകത്ത് മാത്രമല്ല, മൂന്നു ലോകങ്ങളിലും[9] ഞാൻ വസിക്കുന്നു."

109. സമാനതകളില്ലാത്ത ഇത്തരം വിശ്വാസമുള്ളിടത്ത്, ഭയം കാണുകയില്ല. ശുദ്ധബോധചൈതന്യം എല്ലായിടവും നിറഞ്ഞിരിക്കുന്നു എന്ന് ഒരുവൻ തിരിച്ചറിയുമ്പോൾ, അവനിൽ അഹങ്കാരവും ഞാൻ എന്ന ഭാവവും ഇല്ലാതാകുന്നു.

110. ഹേമദ്പാന്ത് സായിയിൽ സ്വയം സമർപ്പിക്കുന്നു. ഒരു നിമിഷം പോലും ആ പാദങ്ങൾ വിട്ടുപോകാൻ അവൻ ആഗ്രഹിക്കുന്നില്ല, എന്ത്കൊണ്ടെന്നാൽ ഭവസാഗരം കടക്കാൻ അവ സഹായിക്കുന്നു. മധുരമായ ഈ വിവരണങ്ങൾ ശ്രവിക്കുക.

111. നിമിഷമാത്രയിൽ ബ്രഹ്മജ്ഞാനം നേടണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നത് എങ്ങനെ എന്നുള്ള മനോഹരമായ സംഭവം ശ്രേഷ്ഠ സായി ഒരുക്കുന്നത് അടുത്ത അധ്യായത്തിൽ കാണാം.

112. ഒരു അത്യാഗ്രഹിയായ മനുഷ്യൻ ബ്രഹ്മജ്ഞാനം ആവശ്യപ്പെടുകയും, സ്വതവേ എന്നപോലെ, മഹാരാജ് അത് അയാളുടെ കീശയിൽ നിന്നെടുത്ത് അയാൾക്ക് നൽകുന്നു.

113. ശ്രോതാക്കൾ ഈ കഥ ശ്രവിക്കുമ്പോൾ, അദ്ദേഹത്തിന്റെ ശക്തിയെക്കുറിച്ച് ബോധവാന്മാരാകും. ആസക്തികൾ പാടേ ഉപേക്ഷിച്ചില്ലെങ്കിൽ ബ്രഹ്മജ്ഞാനം അസംഭവ്യമാണെന്നതിൽ സംശയമില്ല.

114. ആത്മീയകാംക്ഷിയുടെ യോഗ്യതയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. ആർക്ക്, എങ്ങനെ അത് നേടാൻ കഴിയുമെന്ന് മഹാരാജ് വിശദമാക്കുന്നു.

115. ഞാൻ അദ്ദേഹത്തിന്റെ ഏറ്റവും വിനീതനായ ദാസനാണ്. സായിയോടുള്ള എന്റെ സ്നേഹപ്രവാഹം നിങ്ങൾ ഉത്സാഹത്തോടെ ശ്രവിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും നിങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

116. അത് നിങ്ങൾക്ക് സന്തോഷവും ജ്ഞാനവും നൽകും. അതിനാൽ ശ്രോതാക്കളേ നിങ്ങൾ ശ്രദ്ധാവാന്മാരാകുക, ദിവ്യന്മാരുടെ ശ്രേഷ്ഠത നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ, ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിത

ത്തിലെ പതിനഞ്ചാം അധ്യായം "ചോൾക്കാറുടെ പഞ്ചസാരയുടെ കഥ" ഇവിടെ സമാപിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. സാധാരണക്കാർ ധരിക്കുന്ന ചെറിയ തോർത്ത്.
2. തോളിൽ അലസമായി ഇടുന്ന ചെറിയ വസ്ത്രം.
3. തുണികൊണ്ട് ഉണ്ടാക്കിയ തലപ്പാവ്.
4. കൂട്ടിമുട്ടിച്ച് ശബ്ദമുണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന രണ്ട് തടിക്കഷണങ്ങൾ, അതിന്റെ അറ്റത്ത് ലോഹവട്ടം ഉണ്ടായിരിക്കും.
5. പുഷ്പങ്ങൾ കൊണ്ടോ, തുളസിയില കൊണ്ടോ ആകാം.
6. ഭാരതത്തിലുപയോഗിക്കുന്ന ഒരുതരം കമ്പിവാദ്യം.
7. താനെ സിവിൽ കോടതിയിൽ ജോലിചെയ്തിരുന്ന, പാവപ്പെട്ടവനായ ഒരു ഭക്തൻ
8. മുർബാദ് താലൂക്കിൽ, താനെ ജില്ലയിൽ സ്ഥിതി ചെയ്യുന്നു.
9. ഭൂമി, ആകാശം, പാതാളം.

16

# ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. രാജാധിരാജനായ, പരബ്രഹ്മമായ, ശാന്തിയാകുന്ന സിംഹാസനത്തിൽ വിരാജിക്കുന്ന, ആത്മസംതൃപ്തിയുടെ സാമ്രാജ്യത്തിന് ഉടമയായ, ശ്രേഷ്ഠനായ, ഏക ആശ്രയമായ ഗുരുവിനെ നമുക്ക് വണങ്ങാം.
2. ശുദ്ധമായ ഭക്തിയും, മനസ്സിന്റെ തനതായ ഭാവവും ഇരുവശത്തും നിന്ന് വെഞ്ചാമരം വീശുന്നു; ആത്മസാക്ഷാത്കാരവും, സത്യാനുഭവവും ഇരുവശത്തും അങ്ങേയ്ക്ക് വിശറി വീശുന്നു.
3. ആത്മജ്ഞാനം അങ്ങയുടെ ശിരസ്സിന് മുകളിൽ രാജഛത്രം വിരിക്കുന്നു; ശാന്തിയും ബോധവും ചെങ്കോൽ പിടിച്ചിരിക്കുന്നു. മിഥ്യ, അത്യാഗ്രഹം തുടങ്ങിയ ഷഡ്ദോഷങ്ങൾക്ക്, നിമിഷം പോലും അവിടെ തങ്ങാൻ കഴിയില്ല.
4. ഓ, എത്ര പ്രശോഭിതമാണ് ആ സദസ്സ്. നാല് വേദങ്ങൾ, ആറ് ശാസ്ത്രങ്ങൾ, പതിനെട്ട് പുരാണങ്ങൾ എന്നിവ രാജകവികളാണ്. ശുദ്ധബോധത്തിന്റെ മേലാപ്പ് ചന്ദ്രബിംബം പോലെ ശോഭിക്കുകയും, ആത്മസംതൃപ്തിയിൽ നിന്നും ഉടലെടുത്ത സന്തോഷം എങ്ങും പരക്കുകയും ചെയ്യുന്നു.
5. വൈരാഗ്യം, ഭക്തി, ശുദ്ധജ്ഞാനം, ശ്രവണം, ഏകാഗ്രത, ധ്യാനം, ആത്മസാക്ഷാത്കാരം, അനുഭവം എന്നിങ്ങനെ എട്ട് മന്ത്രിമാർ അങ്ങയുടെ സേവനത്തിന് ഉണ്ട്.
6. അങ്ങയുടെ കണ്ഠാഭരണത്തിൽ ശാന്തിയും, ആത്മനിയന്ത്രണവുമാകുന്ന അമൂല്യരത്നങ്ങൾ ശോഭിക്കുന്നു. അങ്ങയുടെ ഭാഷണം, വേദജ്ഞാനമാകുന്ന സാഗരത്തിൽ ഉണ്ടാകുന്ന തിരകളാകുന്ന അമൃത് പോലെ, മധുരതരമാണ്.
7. പ്രഹരിക്കാൻ ഓങ്ങി നിൽക്കുന്ന തരത്തിൽ, അറിവിന്റെ പടവാൾ അങ്ങ് കൈകളിൽ ഏന്തിയിരിക്കുന്നു; അത് തേച്ച് മൂർച്ചവരുത്തിയ വായ്ത്തലയോട് കൂടിയതാണ്, അത് കാണുമ്പോൾ ലൗകിക ജീവിതമാകുന്ന വൃക്ഷം ഭയം കൊണ്ട് വിറയ്ക്കുന്നു.
8. പരിശുദ്ധനും, ശാശ്വതനും, നിർഗുണനും, യോഗിവര്യനുമായ അങ്ങേയ്ക്ക് വന്ദനം-മറ്റുള്ളവർക്ക് നന്മ വരുത്തുന്നതിനും ദുർബ്ബലരെ ഉദ്ധരിക്കുന്നതിനും വേണ്ടി അങ്ങ് സഗുണരൂപം കൈക്കൊണ്ടിരിക്കുന്നു.

9. കഴിഞ്ഞ അധ്യായത്തിൽ, ഒരു ഭക്തന്റെ ആഗ്രഹം സഫലമായത് എങ്ങനെ എന്നും, അയാളുടെ വ്രതം പൂർത്തിയാകുകയും അയാളുടെ മനോവിചാരങ്ങളെക്കുറിച്ചുള്ള സൂചന നൽകിയത് എങ്ങനെ എന്നും വിവരിക്കപ്പെട്ടു.

10. ഒരു സദ്ഗുരുവിന് തന്റേതായ ഇഷ്ടങ്ങൾ ഒരിക്കലും ഉണ്ടാകാറില്ല; അതിനാൽ അദ്ദേഹത്തിന്റെ ആഗ്രഹപൂർത്തിക്കായി, ഒരു ശിഷ്യന് എന്താണ് ചെയ്യാൻ കഴിയുന്നത്? അദ്ദേഹമാണ് ശിഷ്യരെ സേവിക്കുന്നതും അവരെ മോഹമുക്തരാക്കുന്നതും.

11. ഭക്തിയോട് കൂടി, ഒരു ഇലയോ പൂവോ നൽകിയാലും അദ്ദേഹം സ്വീകരിക്കും; പക്ഷേ അത് അഹങ്കാരത്തോട് കൂടിയാണ് നൽകുന്നതെങ്കിൽ അദ്ദേഹം അത് നോക്കാൻ പോലും മെനക്കെടില്ല.

12. സത്യം, ജ്ഞാനം, ആനന്ദം എന്നിവയുടെ സാഗരമായവർ, പുറമേയുള്ള മോടി ശ്രദ്ധിക്കുകയില്ല; പക്ഷേ വിശ്വാസത്തോട് കൂടി എന്തെങ്കിലും അർപ്പിക്കപ്പെട്ടാൽ നിർവ്യാജമായ സന്തോഷത്തോടെ അവർ അത് സ്വീകരിക്കും.

13. അജ്ഞാനത്തിന്റെ മറ ധരിക്കുന്നുവെന്ന് ഭാവിച്ചുകൊണ്ട്, അവർ ജ്ഞാനം ദാനം ചെയ്ത്, നമ്മുടെ അജ്ഞാനം പകരം എടുക്കുന്നു. പരിമിതികൾ കടക്കാതെ ജീവിതതത്ത്വങ്ങൾ മധുരമായി അഭ്യസിപ്പിക്കുന്നു.

14. അവരെ ആത്മാർത്ഥതയോടെ സേവിച്ച്, അനുയായികൾ ബ്രഹ്മനുമായി ഐക്യം പ്രാപിക്കുന്നു. അതിനാൽ മറ്റ് ഉപായങ്ങളൊക്കെ വെടിഞ്ഞ്, ഗുരുസേവയിൽ മുഴുകുക.

15. സേവനത്തിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ചയോ, സമർത്ഥ'നാണെന്ന് തെളിയിക്കാനുള്ള ശ്രമങ്ങളോ ശിഷ്യന് ദോഷം വരുത്തി വയ്ക്കുമെന്നുള്ളത് തീർച്ചയാണ്. ഒരുവന് ഗുരുപാദങ്ങളിൽ പൂർണ്ണമായ വിശ്വാസമുണ്ടായിരിക്കണം.

16. എങ്ങനെയാണ് ശിഷ്യന് സ്വയം എന്തെങ്കിലും ചെയ്യാൻ കഴിയുക? സദ്ഗുരുവാണ് അയാൾക്ക് ഗുണകരമായ സാഹചര്യങ്ങൾ ഒരുക്കുന്നത്. താൻ നേരിടേണ്ടി വരുന്ന ക്ലേശങ്ങളെക്കുറിച്ച് അയാൾക്ക് അറിവുണ്ടാകുകയില്ല. അയാളറിയാതെ ഗുരു അവയൊക്കെ നീക്കം ചെയ്യുന്നു.

17. ഗുരുവിനെപ്പോലെ ഉദാരമതിയായ ഒരുവനെ മൂന്നു ലോകങ്ങളിലും കണ്ടെത്താൻ കഴിയില്ല. വിനീതരിൽ വിനീതരായി, സ്വയം സമർപ്പിച്ച്, നാം അദ്ദേഹത്തിന്റെ മുമ്പിൽ മാത്രം ശരണാഗതി തേടുക.

18. അദ്ദേഹത്തെ നമ്മൾ ചിന്താമണി[2]യോട് ഉപമിച്ചാൽ, ചിന്താമണി നാം ആഗ്രഹിക്കുന്നത് മാത്രമേ നൽകുകയുള്ളൂ; പക്ഷേ ഭക്തരെ വിസ്മയപ്പെടുത്തിക്കൊണ്ട്, അവർ ചിന്തിക്കാത്തത് പോലും ഗുരു നൽകുന്നു.

19. അദ്ദേഹത്തെ നമ്മൾ കല്പതരു[3]വിനോട് ഉപമിച്ചാൽ, കല്പതരു നാം ചോദിക്കുന്നത് മാത്രമേ നൽകൂ; പക്ഷേ നമ്മൾ പ്രതീക്ഷിക്കാതെ, ഗുരു നമുക്ക് നിർവികല്പം[4] നൽകുന്നു.

20. ആവശ്യപ്പെടുന്നത് മാത്രമേ കാമധേനു[5] നൽകുകയുള്ളൂ. പക്ഷേ ഗുരുധേനു കൂടുതൽ ശ്രേഷ്ഠമാണ്. 'ചിന്തിക്കാൻ കഴിയാത്തത് പോലും നൽകുന്നവനെന്ന്'

പ്രസിദ്ധനാണ് അദ്ദേഹം. മറ്റാർക്കാണ് ഈ പദവി ചേരുക?

21. ബ്രഹ്മജ്ഞാനം അന്വേഷിച്ചുവന്ന ഒരുവന് അത് ലഭിച്ചത് എങ്ങനെ എന്ന കഥയെപ്പറ്റി കഴിഞ്ഞ അധ്യായത്തിൽ സൂചിപ്പിച്ചത് ശ്രദ്ധയോടെ ശ്രവിക്കുവാൻ ഞാൻ ശ്രോതാക്കളോട് അഭ്യർത്ഥിക്കുന്നു.

22. ബ്രഹ്മജ്ഞാനം തേടിവന്ന ഒരുവനെ ബാബ എങ്ങനെ തൃപ്തനാക്കിയെന്നും, തന്റെ ഭക്തർക്ക് എന്ത് ഉപദേശമാണ് അദ്ദേഹം നൽകിയതെന്നും ശ്രവിക്കുക. പ്രധാനമായ ആ സംഭാഷണം ഇപ്പോൾ ശ്രദ്ധിക്കുക.

23. എല്ലാ ആഗ്രഹങ്ങളും സഫലമായതിനാൽ ദിവ്യന്മാർ എല്ലായ്പ്പോഴും ആസക്തിരഹിതരാണ്. ഭക്തരാകട്ടെ ദുരാഗ്രഹികളും, എല്ലായ്പ്പോഴും അസംതൃപ്തരുമാണ്.

24. ചിലർ സന്തതികളെ ആവശ്യപ്പെടുന്നു; ചിലർക്ക് സ്ഥിരമായ പദവികളും ധാരാളം സമ്പത്തും വേണം; ചിലർക്ക് ഭക്തിയും വിശ്വാസവും; പക്ഷേ ഈ ലോകജീവിതത്തിൽ നിന്നും മുക്തി നേടണമെന്ന് ആവശ്യപ്പെടുന്നവർ വിരളമാണ്.

25. ഒരിക്കൽ, ധനസമ്പാദനം എന്ന ഒറ്റക്കാര്യം മാത്രം ചിന്തിച്ചിരുന്ന ഒരു സാധാരണഭക്തൻ, ബാബയുടെ ശ്രേഷ്ഠത കേട്ടറിഞ്ഞ് ദർശനത്തിനായി എത്തി.

26. അയാളുടെ ഗൃഹത്തിൽ വിലമതിക്കാനാകാത്ത സ്വത്തുക്കളും, അനേകം സന്തതികളും, ധാരാളം ജോലിക്കാരുമുണ്ടായിരുന്നു. ബാബ വളരെ ഉദാരമതിയാണെന്ന് പ്രശസ്തനായിരുന്നതിനാൽ, അയാൾ ബാബയെ ദർശിക്കണമെന്ന് ചിന്തിച്ചു.

27. "ദിവ്യന്മാർക്കിടയിൽ ശ്രേഷ്ഠനായ ബാബ ദൈവികജ്ഞാനത്തിന്റെ ഖനിയാണ്. ഞാൻ എന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിക്കും–അദ്ദേഹത്തിന്റെ ലീലകൾ ഗ്രഹിക്കാൻ കഴിയാത്തവയാണ്!

28. "എനിക്ക് മറ്റൊന്നും ആവശ്യമില്ലാത്തതിനാൽ, ഞാൻ ബ്രഹ്മജ്ഞാനം ആവശ്യപ്പെടും. എനിക്ക് അത് സുഗമമായി നേടാൻ കഴിഞ്ഞാൽ ഞാൻ അനുഗൃഹീതനാകും."

29. അപ്പോൾ അയാളുടെ സുഹൃത്ത് പറഞ്ഞു: "ബ്രഹ്മനെ അറിയുക എന്നത് എളുപ്പമല്ല. നിന്നെപ്പോലെ ദുരാഗ്രഹിയായ ഒരുവന് അത് നേടുക ദുഷ്കരമാണ്.

30. "ധനം, ഭാര്യ, സന്തതികൾ എന്നിവയല്ലാതെ, സന്തോഷത്തിന് മറ്റൊന്നിനെക്കുറിച്ചും അറിവില്ലാത്തവന് ബ്രഹ്മൻ എന്നത് വെറും സാങ്കൽപ്പിക വസ്തു മാത്രമാണ്. അതിൽ നിന്ന് നിനക്ക് ശാന്തി ലഭിക്കുകയില്ല.

31. "അത്തരത്തിലുള്ള ഒരു മനുഷ്യന്റെ കഴിവുകൾ ക്ഷീണിക്കുമ്പോൾ, ലോകത്ത് ആരും അയാളെ ബഹുമാനിക്കുകയില്ല. അത്തരക്കാർ അപ്പോൾ വെറുതെ ഇരുന്ന്, ബ്രഹ്മനെക്കുറിച്ച് കെട്ടുകഥകൾ പറഞ്ഞ് സമയംപോക്കും.

32. "അത്പോലെയാണ് നിനക്ക് ബ്രഹ്മനെക്കുറിച്ച് അറിയാനുള്ള ആകാംക്ഷയും. അറുപിശുക്കനായ നിനക്ക്, നിന്റെ ആഗ്രഹം സാധിച്ചു തരാൻ കെല്പുള്ള ആരെയും കണ്ടെത്താൻ കഴിയില്ല."

33. എന്തായാലും, ഈ ആത്മീയകാംക്ഷി, തിരിച്ചുവരാൻ കൂടി ഏർപ്പാടാക്കിയ ഒരു ടോംഗയിൽ ഷിർദിയിലേയ്ക്ക് തിരിക്കുകയും സായിപാദങ്ങളിൽ എത്തിച്ചേരുകയും ചെയ്തു.

34. അയാൾ സായിയെ ദർശിച്ച്, പാദങ്ങളിൽ വണങ്ങി. അപ്പോൾ സായി അയാളോട് മധുരമായി ഭാഷണം നടത്തി. അദ്ദേഹം പറഞ്ഞത് ഇപ്പോൾ ശ്രവിക്കുക.

35. സായിയുടെ കഥകൾ കല്പതരു പോലെയാണ്, ശ്രദ്ധയോടെ വെള്ളമൊഴിക്കുമ്പോൾ ശക്തമായി വളരും. ശ്രോതാക്കൾ കൂടുതൽ കൂടുതൽ ആദരവ് നൽകുമ്പോൾ കൂടുതൽ കൂടുതൽ ഫലം ലഭിക്കും.

36. എല്ലാ ശാഖകളും നീര് നിറഞ്ഞതായിരിക്കും. അതിൽ സുഗന്ധമുള്ള പുഷ്പങ്ങൾ വിരിയും. മധുരവും ചാറും നിറഞ്ഞ ഫലങ്ങൾ അവയിലുണ്ടാകും. എല്ലാ ഭക്തരുടെയും ആഗ്രഹങ്ങൾ സഫലമാകും.

37. അയാൾ (സന്ദർശകൻ) പറഞ്ഞു: "ബാബാ, എനിക്ക് ബ്രഹ്മനെ കാട്ടിത്തരിക. ഈ ഒരു ആഗ്രഹം മാത്രവുമായാണ് ഞാൻ അങ്ങയെ ദർശിക്കാനെത്തിയത്. ഷിർദിയിലെ ബാബ നിമിഷനേരത്തിനുള്ളിൽ ബ്രഹ്മനെ കാട്ടിത്തരുമെന്ന് ജനങ്ങൾ പറയുന്നു.

38. "അതിനാൽ ഇത്രയും ദൂരം താണ്ടി ഞാൻ ഇവിടെ എത്തിയിരിക്കുകയാണ്. യാത്ര കാരണം ഞാൻ ക്ഷീണിതനാണ്. പക്ഷേ, എനിക്ക് ബ്രഹ്മജ്ഞാനം നേടാൻ കഴിഞ്ഞാൽ ഞാൻ ഭാഗ്യവാനായിരിക്കും."

39. ബാബ പറഞ്ഞു: "വിഷമിക്കേണ്ടതില്ല. ഞാൻ നിനക്ക് ഇപ്പോൾ തന്നെ, ഇവിടെ വച്ച് ബ്രഹ്മനെ കാട്ടിത്തരും. ഇവിടെ, വൈകി ഫലം നൽകുന്ന പതിവില്ല. നിന്നെപ്പോലുള്ള ആത്മീയകാംക്ഷികൾ അപൂർവ്വമാണ്.

40. "അനേകം പേർ ധനത്തിന് വേണ്ടി ആവശ്യപ്പെടുന്നു; അല്ലെങ്കിൽ രോഗശാന്തി; അല്ലെങ്കിൽ പദവിയും ബഹുമതികളും; അതുമല്ലെങ്കിൽ നിരന്തരമായ സന്തോഷം.

41. "ഭൗതിക സുഖത്തിന് വേണ്ടി മാത്രമാണ് ഈ ജനങ്ങൾ ഷിർദിയിലേയ്ക്ക് ഓടിയെത്തുന്നതും എന്നെപ്പോലുള്ള ഒരു ഫക്കീറിന്റെ അനുയായികളാകുന്നതും. ആരും ബ്രഹ്മജ്ഞാനം ഒരിക്കലും ആവശ്യപ്പെടാറില്ല.

42. അത്തരത്തിലുള്ള ആളുകൾ അനവധിയാണ് (അതായത് ഭൗതികനേട്ടങ്ങൾ കാംക്ഷിക്കുന്നവർ). പക്ഷേ നിന്നെപ്പോലുള്ള ആൾക്കാർ എന്റെയടുത്ത് അപൂർവ്വമായിപ്പോലും എത്താറില്ല. ബ്രഹ്മജ്ഞാനം തേടുന്നവർക്കായി ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇത് എനിക്ക് ഒരു നല്ല അവസരമാണ്.

43. ബ്രഹ്മനോടുള്ള ഭയം കാരണം സൂര്യചന്ദ്രന്മാർ അച്ചടക്കത്തോടെ പെരുമാറുകയും, പതിവായി കൃത്യനേരത്ത് ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. സൂര്യപ്രകാശവും ചന്ദ്രപ്രകാശവും ക്രമമായി ചാക്രികമായി സംഭവിക്കുന്നു.

44. ശിശിരം, വസന്തം തുടങ്ങിയ ഋതുക്കൾ ഉണ്ടാകുന്നതും ബ്രഹ്മൻ കാരണമാണ്. ഇന്ദ്രൻ തുടങ്ങിയ ദേവതമാരും രാജാവും അവരുടെ സാമ്രാജ്യങ്ങൾ ശരി

യായി പരിപാലിക്കുകയും പ്രജകളെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ മൂലകാരണവും ബ്രഹ്മനാണ്.

45. അതിനാൽ ഈ ശരീരം വെടിയുംമുമ്പ് വിവേകികൾ ബ്രഹ്മജ്ഞാനം നേടാൻ ശ്രമിക്കുന്നു; അല്ലെങ്കിൽ ജനനമരണവൃത്തം അനുസ്യൂതം തുടരുമെന്നുള്ളതിൽ സംശയമില്ല.

46. ബ്രഹ്മനെക്കുറിച്ചുള്ള അറിവ് നേടിയില്ലെങ്കിൽ, ശരീരം നശിച്ചാലും, ലോകബന്ധനങ്ങൾ തുടരുകയും പുനർജന്മം അനിവാര്യമാകുകയും ചെയ്യും.

47. എന്തിന് ബ്രഹ്മൻ മാത്രം! ഞാൻ നിനക്ക് എല്ലാം കാട്ടിത്തരുന്നതാണ്–ശിരസ്സ് മുതൽ പാദം വരെ നിന്നെ പൊതിഞ്ഞിരിക്കുന്ന ബ്രഹ്മന്റെ സാരാംശം. ഞാൻ അത് മറ്റുള്ളവയിൽ നിന്നും വേർതിരിച്ച് നൽകുന്നതാണ്."

48. ഓ! എത്ര മധുരതരമാണ് അമൃത് പോലുള്ള ഈ ഭാഷണം! ദൈവികസാരത്തിന്റെയും മനുഷ്യാത്മാവിന്റെ സ്വത്വത്തെക്കുറിച്ചുമുള്ള ആധികാരികമായ ഈ ഭാഷണം ആനന്ദത്തിന്റെ ഖനിയായിരുന്നു. സംശയാത്മാക്കളായ മനുഷ്യർക്കും മുക്തി നൽകാൻ അത് പര്യാപ്തമായിരുന്നു.

49. ബാബയുടെ വാക്കുകൾ കേട്ടാൽ, പകലും രാത്രിയും നൈമിഷികമായ ഇന്ദ്രിയസുഖങ്ങളിൽ മുഴുകുന്നവർ പോലും ശാസ്ത്രവിധി പ്രകാരമുള്ള ജീവിതരീതികൾ തേടും.

50. ചിന്താമണി പ്രസാദിക്കുകയാണെങ്കിൽ ഭൗതിക സുഖങ്ങൾ നേടാൻ കഴിയും. മഹേന്ദ്രൻ[6] പ്രസാദിച്ചാൽ സമ്പത്തും സ്വർഗ്ഗപദവിയും നേടാൻ കഴിയും.

51. ഗുരുവിന്റെ ശ്രേഷ്ഠത ഇതിനെയൊക്കെ മറികടക്കുന്നു. ഗുരുവിനെപ്പോലെ ഉദാരമതിയായി മറ്റാരുമില്ല. അദ്ദേഹം പ്രസാദിച്ചാൽ, ഭക്തന്, അപൂർവ്വമായ ബ്രഹ്മജ്ഞാനം ഗ്രഹിക്കാൻ കഴിയും.

52. മധുരതരമായ ഈ കഥ ശ്രവിച്ചാൽ ലോകദു:ഖങ്ങൾ മറക്കും. ബ്രഹ്മജ്ഞാനം തേടുന്നവരെ എങ്ങനെയാണ് അഭ്യസിപ്പിക്കേണ്ടതെന്ന് ബാബയ്ക്ക് അറിയാം.

53. അത് അങ്ങനെയാകട്ടെ. പിന്നീട് അദ്ദേഹം അയാളെ കുറച്ച് നേരം അവിടെ ഇരുത്തി, മറ്റ് കാര്യങ്ങളിൽ വ്യാപൃതനാക്കി, അദ്ദേഹം അയാളുടെ ചോദ്യം മറന്നുപോയി എന്ന പ്രതീതി ഉണ്ടാക്കി.

54. പിന്നീട് ബാബ എന്താണ് ചെയ്തത്? അദ്ദേഹം ഒരു ബാലനെ തന്റെയരികിലേയ്ക്ക് വിളിച്ചിട്ട് നന്ദു[7]വിന്റെ അടുത്തേക്ക് പെട്ടെന്ന് ഒരു സന്ദേശം എത്തിക്കാൻ പറഞ്ഞു.

55. "അഞ്ച് ഉറുപ്പിക കടം തരിക, ബാബയ്ക്ക് അത് വളരെ അത്യാവശ്യമാണ്. കുറച്ച് നേരത്തേയ്ക്ക് അത് പെട്ടെന്ന് കടം തരണം. പോകൂ, അയാളോട് ഇപ്രകാരം പറയുക."

56. ബാലൻ നന്ദുവിന്റെ ഗൃഹത്തിലേയ്ക്ക് പോയി. അയാളുടെ വീട്ടുവാതിൽ പൂട്ടിക്കിടക്കുകയായിരുന്നു. അവൻ പെട്ടെന്ന് മടങ്ങി വന്ന് ഇക്കാര്യം അറിയിച്ചു.

57. ബാബ പറഞ്ഞു: "വീണ്ടും പോകൂ. പലചരക്ക് കടക്കാരൻ ബാല[8] വീട്ടിലുണ്ടാകും. ഇതേകാര്യം അവനോട് പറയുക. പണം വാങ്ങി വരിക. പോകൂ."

58. ഈ യാത്രയും നിഷ്ഫലമായി. ബാലയും ആ സമയത്ത് വീട്ടിലുണ്ടായിരുന്നില്ല. നടന്നതൊക്കെ ബാലൻ ബാബയോട് വിശദമായി പറഞ്ഞു.

59. ബാബ ധൃതിയിൽ മറ്റ് ഒന്ന് രണ്ട് സ്ഥലങ്ങളിൽ കൂടി അവനെ അയച്ചു. ലാഭമില്ലാത്ത ഈ യാത്രകൾ കാരണം ബാലൻ ക്ഷീണിതനായി, ഒറ്റപ്പൈസ പോലും നേടാൻ കഴിഞ്ഞില്ല.

60. നന്ദുവോ, പലചരക്ക് കടക്കാരൻ ബാലയോ ആ സമയത്ത് വീടുകളിലുണ്ടാകില്ല എന്ന് സർവ്വജ്ഞനായ മഹാരാജിന് അറിയാമായിരുന്നു. ബാബ ഇത് നല്ലത്പോലെ ഗ്രഹിച്ചിരുന്നു.

61. സായി പരബ്രഹ്മസ്വരൂപമായിരുന്നു. കേവലം അഞ്ച് രൂപയ്ക്ക് വേണ്ടി ബാബ ഇത്രമാത്രം ഉഴലേണ്ട കാര്യമെന്താണ്? പക്ഷേ ബ്രഹ്മജ്ഞാനം തേടി വന്ന വ്യക്തിക്ക് വേണ്ടിയാണ് ഈ നാടകം നടത്തപ്പെട്ടത്.

62. ഗൃഹത്തിൽ ഒരു അതിഥി എത്തുമ്പോൾ, അദ്ദേഹത്തിന് വേണ്ടി തയ്യാറാക്കപ്പെടുന്ന മധുരപലഹാരങ്ങളും ഭക്ഷണസാമഗ്രികളും മറ്റുള്ളവർ കൂടി ആസ്വദിക്കാറുണ്ട്.

63. അതിനാൽ ബ്രഹ്മജ്ഞാനം തേടിയെത്തിയ ഈ വ്യക്തിയുടെ പേരിൽ, എല്ലാവരുടെയും നന്മയ്ക്ക് വേണ്ടി, മഹാരാജ് തന്റെ ഭക്തന്മാർക്ക് ഉപദേശങ്ങൾ നൽകി.

64. ബ്രഹ്മാർത്ഥി, തന്റെ കുപ്പായത്തിന്റെ കീശയിൽ ഇരുന്നൂറ്റിഅമ്പത് രൂപയുടെ നോട്ടുകെട്ടുകൾ സൂക്ഷിക്കുകയായിരുന്നു എന്ന് ബാബയ്ക്ക് അറിയാമായിരുന്നു.

65. ബ്രഹ്മാർത്ഥിക്ക് ഒന്നും മനസ്സിലായില്ല എന്നാണോ? അയാൾക്ക് കണ്ണുകൾ ഇല്ലേ? കീശയിൽ നോട്ടുകെട്ടുകൾ സൂക്ഷിച്ച് കൊണ്ട് അയാൾ തന്റെ സംശയങ്ങളിൽ[9] കുരുങ്ങിക്കിടന്നു.

66. സായിക്ക് കുറച്ച് നേരത്തേക്ക് മാത്രം അഞ്ച് ഉറുപ്പിക കടമായി വേണമായിരുന്നു. എന്നിട്ടും, അത് നൽകാൻ അയാൾക്ക് ആത്മവിശ്വാസമുണ്ടായിരുന്നില്ല, പക്ഷേ അയാൾ ബ്രഹ്മജ്ഞാനം ആവശ്യപ്പെടുകയായിരുന്നു!

67. സായി മഹാരാജ് തന്റെ വാക്കുകൾ പാലിച്ചിരുന്നു; ആവശ്യപ്പെട്ട തുകയാകട്ടെ തുച്ഛവുമായിരുന്നു. എന്നിട്ടും കൊടുക്കണമെന്നുള്ള ചിന്തയുണ്ടായപ്പോൾ അയാൾക്ക് സംശയങ്ങളുണ്ടായി.

68. അഞ്ച് ഉറുപ്പിക എത്രമാത്രം തുച്ഛമാണ്! പക്ഷേ അയാൾക്ക് അത് പോലും നൽകാനുള്ള മനസ്സുണ്ടായില്ല. അത്രമാത്രം പോലും സഹായിക്കാൻ കഴിയാത്ത മനുഷ്യൻ അത്യാഗ്രഹത്തിന്റെ മൂർത്തരൂപമാണ്.

69. ബാബയോട് ശരിയായ സ്നേഹമുള്ള, നിഷ്കളങ്കനായ ഏതെങ്കിലും സാധാരണ ഭക്തൻ അവിടെ ഉണ്ടായിരുന്നെങ്കിൽ, കടം ചോദിച്ചു കൊണ്ടുള്ള ഈ രംഗം മുഴുവൻ നിശ്ശബ്ദമായി നോക്കി ഇരിക്കില്ലായിരുന്നു.

70. ബ്രഹ്മജ്ഞാനത്തിന് വേണ്ടി ഇത്രമാത്രം ദാഹിക്കുന്ന ആ മനുഷ്യന് ഇത് പോലും മനസ്സിലായില്ല എന്നാണോ? എനിക്ക് ഇതിനെക്കുറിച്ച് സംശയമേയില്ല. പക്ഷേ ധനത്തോടുള്ള ആർത്തി അയാളെ കീഴടക്കിയിരുന്നു.

71. ഒന്നുമില്ലെങ്കിലും അയാൾക്ക് നിശ്ശബ്ദനായിരിക്കാമായിരുന്നു. ഇല്ല. അതുമില്ല! അയാൾ മടങ്ങിപ്പോകാൻ ധൃതിപിടിച്ച് കൊണ്ട് പറഞ്ഞു: "ഓ, ബാബാ സായി, പെട്ടെന്ന് എനിക്ക് ബ്രഹ്മനെ കാട്ടിത്തരിക."

72. ബാബ പറഞ്ഞു: "നീ ഇരിക്കുന്ന സ്ഥലത്തിൽ വച്ച് ബ്രഹ്മനെ കാട്ടിത്തരാനായി ഇത്രയും നേരം ഞാൻ ചില മാർഗ്ഗങ്ങൾ ശ്രമിക്കുകയായിരുന്നു. നിനക്ക് ഒന്നും മനസ്സിലായില്ലേ?

73. "ബ്രഹ്മജ്ഞാനം നേടാൻ വേണ്ടി പഞ്ചപ്രാണനുകൾ, കർമ്മത്തിനും സംവേദനത്തിനുമുള്ള അഞ്ച് ഇന്ദ്രിയങ്ങൾ, അഹംഭാവം, ബുദ്ധി, മനസ്സ് എന്നിവ സമർപ്പണം ചെയ്യണം.

74. "ബ്രഹ്മജ്ഞാനത്തിനുള്ള മാർഗ്ഗം ദുർഘടമാണ്. എല്ലാവർക്കും ആ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ കഴിയില്ല. ഉചിതമായ സമയമാകുമ്പോൾ ഭാഗ്യവാനായ മനുഷ്യന്റെ മുമ്പിൽ അത് സ്വയം പ്രത്യക്ഷമാകുന്നു.

75. "സകല ലൗകിക ബന്ധങ്ങളോടും വിരക്തിയുള്ള, ബ്രഹ്മപദത്തോട് പോലും ആസക്തിയില്ലാത്ത ഒരുവൻ മാത്രമാണ് ബ്രഹ്മജ്ഞാനം നേടാൻ അർഹതയുള്ളവൻ. അവന് ഒന്നിനോടും മമതയുണ്ടാകില്ല.

76. "അല്പം പോലും വൈരാഗ്യബുദ്ധി ഇല്ലാത്തവന് ബ്രഹ്മജ്ഞാനം പകർന്ന് കൊടുക്കാൻ തയ്യാറായി ആരെങ്കിലും എത്തിയാൽപ്പോലും അയാൾ അതിൽ വിജയിക്കുമോ?

77. "ഉന്നതമായ ബോധമുള്ളവർക്ക് മാത്രമേ നിർദോഷമായ തരത്തിൽ ബ്രഹ്മജ്ഞാനം നേടാൻ കഴിയൂ. സാധാരണ നിലവാരത്തിലുള്ളവർ എല്ലായ്പ്പോഴും ആചാരങ്ങളിൽ ബന്ധിതരും പടിപടിയായി മാത്രം പുരോഗതി നേടുകയും ചെയ്യുന്നു.

78. "ഒരു പക്ഷിയുടെ മാർഗ്ഗംപോലെ പെട്ടെന്ന് ആത്മീയ വളർച്ച നേടുന്നവരാണ് ആദ്യത്തെ കൂട്ടർ; രണ്ടാമത്തെ കൂട്ടർ ശാസ്ത്രവിധി പ്രകാരമുള്ള ആചാരങ്ങളെ പിന്തുടരുന്നു. പക്ഷേ കഴിവില്ലാത്ത ഒരുവന് ബ്രഹ്മജ്ഞാനത്തിനുള്ള എല്ലാ പരിശ്രമങ്ങളും വ്യർത്ഥമാണ്.

79. "വിവേചനബുദ്ധിയും ആത്മനിയന്ത്രണവുമല്ലാതെ ബ്രഹ്മജ്ഞാനം നേടുന്നതിന് ഉറപ്പായ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. വേദങ്ങൾ ഉദ്ഘോഷിക്കുന്ന സത്യം ഇതാണെങ്കിലും എല്ലാവർക്കും ഇത് അനുഷ്ഠിക്കാൻ സാധ്യമാണോ?

80. "സ്ഥിരോത്സാഹവും നിരന്തരാഭ്യാസവും കൊണ്ട്, നിങ്ങളുടെ അസ്ഥികൾ പൊടിയുന്ന അവസ്ഥയെത്തുമ്പോൾ ഗുരുവിന്റെ അനുഗ്രഹമുണ്ടാകുകയും പതുക്കെ ജ്ഞാനം തെളിയുകയും ചെയ്യും.

81. "ഞാൻ ഈശ്വരനാണ്. ഞാൻ നിയന്ത്രിതാവ് ആണ്. ഇത്തരത്തിലുള്ള അഹംഭാവം ബ്രഹ്മദേവനുണ്ടാകുമ്പോൾ, തന്റെ ആത്മാവ് പരബ്രഹ്മമാണെന്ന സത്യം അദ്ദേഹം മറക്കുകയും, അപ്പോൾ പ്രപഞ്ചം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

82. "ഞാൻ ബ്രഹ്മനാണ്'. ഇത് തിരിച്ചറിയുമ്പോൾ, അത് തിരിച്ചറിഞ്ഞ വ്യക്തി

പരമാത്മാവിന് സ്വയം സമർപ്പിക്കുന്നു; പ്രപഞ്ചം നിലനിൽക്കുന്നു എന്ന മിഥ്യാ ധാരണ അയാളിൽ ഇല്ലാതാകുന്നു. ഇത് ശ്രുതികളും ഘോഷിക്കുന്നുണ്ട്.

83. "പരമാത്മാവിനെക്കുറിച്ച് വാസ്തവികമായ അറിവ് ഉണ്ടാകുമ്പോൾ, ആ മനുഷ്യന്റെ മുഴുവൻ പ്രകൃതവും ബ്രഹ്മതുല്യമാകുന്നു. ആ അവസ്ഥയിൽ, പ്രപഞ്ചം മുഴുവൻ ബ്രഹ്മമെന്ന അഗ്നിയിൽ എരിഞ്ഞ്, ചാരമായി മാറുന്നു.

84. "മിഥ്യാധാരണ മാറ്റിക്കഴിഞ്ഞാൽ മനുഷ്യമനസ്സിന്റെ അവസ്ഥയും അതിന് തുല്യമാണ്. കയറ്, സൂര്യരശ്മി, ചിപ്പിത്തോട്-ഇവയൊക്കെ വ്യത്യസ്തമായി തോന്നുന്ന മിഥ്യാധാരണ ഉടൻ മറയുന്നു.

85. "ചിപ്പിത്തോടിനെക്കുറിച്ചുള്ള വാസ്തവികമായ അറിവും വെള്ളിയെക്കുറിച്ചുള്ള വാസ്തവികമായ അറിവും തുല്യമാണ്. മിഥ്യാധാരണ അവസാനിക്കുമ്പോൾ വെള്ളിയെക്കുറിച്ചുള്ള ധാരണ മാറുകയും ചിപ്പിത്തോടിനെക്കുറിച്ചുള്ള യഥാർത്ഥരൂപവും അറിവും മനസ്സിലുണ്ടാകുകയും ചെയ്യും.

86. "ഇതെല്ലാം കാഴ്ചക്കാരനും കാഴ്ചവസ്തുവും തമ്മിലുള്ള പരസ്പര ആകർഷണം മൂലം സംഭവിക്കുന്നതാണ്. ജ്ഞാനത്തിന്റെ ദീപം തെളിയിച്ച് അജ്ഞാനത്തിന്റെ അശുദ്ധികൾ കഴുകിക്കളയുക. അത് മിഥ്യാധാരണകൾ ഇല്ലാതാക്കും.

87. "ജനനമരണങ്ങളുടെ ബന്ധനമില്ലായിരുന്നെങ്കിൽ, മോക്ഷത്തിന് വേണ്ടിയുള്ള അന്വേഷണം എന്തിനാണ്? വേദങ്ങളിലെ തത്ത്വോപദേശങ്ങൾക്കും ഈ സംഭാഷണത്തിനും ആരെങ്കിലും ചെവി കൊടുക്കുമോ?

88. "ഞാൻ ബന്ധിതനാണ്. എനിക്ക് സ്വതന്ത്രനാകണം ഇപ്രകാരം ഉറച്ച് വിശ്വസിക്കുന്ന ഒരുവന് മാത്രമേ അറിവ് നേടാൻ യോഗ്യതയുള്ളൂ. ഒരു പണ്ഡിതനോ തീരെ അജ്ഞാനിയായ ഒരുവനോ അതിന് യോഗ്യരല്ല.

89. "പക്ഷേ നിങ്ങൾ ഒരിക്കലും ബന്ധിതനല്ലെങ്കിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് എന്തിന് സംസാരിക്കണം? ഇതാണ് സത്യം. ബന്ധിതനെന്നും സ്വതന്ത്രനെന്നുമുള്ള അവസ്ഥ ഗുണങ്ങളുടെ (സത്വ, രജ, തമോ) സമ്പർക്കത്തിൽ നിന്നുണ്ടാകുന്നതാണെന്ന് എല്ലാവർക്കും അറിയാം.

90. "ദ്വന്ദ്വാവസ്ഥയുടെ അഭാവത്തിൽ, ആര് ആരെ ബന്ധിക്കാനാണ്? ആര് ആരെയാണ് സ്വതന്ത്രനാക്കുക? ദ്വൈതഭാവവും ഐക്യതയും ഇല്ലാത്തപ്പോൾ ആരും ബന്ധിതനുമല്ല, സ്വതന്ത്രനുമല്ല.

91. "സൂര്യനാണോ പകലും രാത്രിയും സൃഷ്ടിക്കുന്നത്? അല്ല, അത് കാഴ്ചക്കാരന്റെ മതിഭ്രമമാണ്. അതിൽ സൂര്യന് പങ്കില്ല.

92. "ഞാൻ കർത്താവാണ്. ഞാൻ ആസ്വാദകനാണ്. ഇത്തരത്തിലുള്ള അഹങ്കാരചിന്തകൾ ഒരുവനിലുണ്ടാകുമ്പോൾ അവൻ സ്വർഗ്ഗവും നരകവും അനുഭവിക്കുന്നു - സന്തോഷവും ദുരിതങ്ങളും-ഇന്ദ്രിയ സുഖങ്ങളോടുള്ള അഭിവാഞ്ഛ വർദ്ധിക്കുകയും ചെയ്യുന്നു.

93. "ആത്മാവ് പ്രാചീനവും, ശാശ്വതവും, നാശമില്ലാത്തതും, ജനനമരണങ്ങളുടെ മാറ്റങ്ങൾക്ക് വിധേയവുമല്ല. അത് 'ഓം' എന്ന അക്ഷരത്താൽ പ്രതിനിധാനം

ചെയ്യപ്പെട്ടിരിക്കുന്നു. അതിന് ആരംഭമില്ല. അത് അപരിമിതവും അനശ്വരവുമാണ്.

94. “ശരീരത്തെ ആത്മാവാണെന്ന് ധരിക്കുകയും; ലോകം തന്നിൽ നിന്ന് അന്യമാണെന്ന് ചിന്തിക്കുകയും ചെയ്യുന്നവന് – ആത്മജ്ഞാനം നേടുന്നത് ദുഷ്കരമാണ്. അവന് ബ്രഹ്മനെ നേടാനും കഴിയില്ല.

95. “ഭാഷണം തുടങ്ങിയ എല്ലാ സംവേദനേന്ദ്രിയങ്ങളും നശിപ്പിക്കുക. മനസ്സിനെ സ്ഥിരപ്പെടുത്തുക പിന്നീട് അതിനെ ധ്വംസിക്കുക. എന്നിട്ട്, ബോധതലത്തിലേയ്ക്ക് ആഴ്ന്നിറങ്ങുക.

96. “പ്രകാശംപോലെ സ്ഥിതിചെയ്യുന്ന ബോധശക്തിയിൽ നിന്റെ മനസ്സ് ഏകാഗ്രമാക്കുക, എന്ത് കൊണ്ടെന്നാൽ ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും സകല പ്രവൃത്തികളും ബോധശക്തിയുടെ നിയന്ത്രണത്തിലാണ്.

97. “കുടത്തിന്റെ അസ്തിത്വത്തിന് ആദ്യമായി ആവശ്യമായ വസ്തു ചെളിയാണ്. അതേ ധർമ്മമാണ് ബോധശക്തിക്ക് ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തിലുള്ളത്. ബോധത്തിന്റെ ശക്തിയാലാണ് അവ സ്ഥിരമായ അവസ്ഥയിൽ നിൽക്കുന്നതും.

98. “ബോധം സർവ്വവ്യാപിയാണ്. അങ്ങനെ അത് എല്ലാ ഇന്ദ്രിയങ്ങളെയും മനസ്സിനെയും പൊതിയുന്നു. അതിനാൽ ബോധത്തെ പരമാത്മാവിൽ ഉറപ്പിക്കുകയും, ആത്മാവിനെ ആ പരമാത്മനിൽ സമർപ്പിക്കുകയും വേണം.

99. “അത്തരത്തിലുള്ള ഏകത നേടുമ്പോൾ, ആത്മസാക്ഷാത്കാരം ഉണ്ടാകുന്നു. അതിന്റെ ഫലമായി വെള്ളി (ചിപ്പിത്തോടിന്റെ), മരീചിക (മരുഭൂമിയിലെ), സർപ്പം (കയറ് സർപ്പത്തെപ്പോലെ തോന്നിക്കുന്നു) എന്നിവയൊക്കെ സംവേദനത്തിന്റെ തെറ്റുകളാണെന്ന് തിരിച്ചറിയും.

100. “അതാണ്, പൂർണ്ണവും ജനനമരണങ്ങളില്ലാത്തതും, അത് നേടാതെ ശാശ്വതമായ നന്മ നേടാൻ കഴിയില്ലെന്ന് ദിവ്യന്മാർ ഉദ്ഘോഷിക്കുന്നതുമായ, പരമാത്മസത്യം.

101. “എല്ലാ പ്രവൃത്തികൾക്കും ഒരു കാരണം ആവശ്യമാണ്. പക്ഷേ ആത്മാവ് സ്വയം ജനിതവും കാരണമില്ലാത്തതുമാണ്. അത് പ്രാചീനവും എന്നാൽ ആധുനികവുമാണ്. അത് ബോധതലത്തിനുമപ്പുറമാണ്.

102. “അത് ആകാശം പോലെ അപരിമിതമാണ്. അത് ആദിമധ്യാന്തങ്ങൾ ഇല്ലാത്തതാണ്. പ്രഥമ ശബ്ദമായ ‘ഓം’ ആണ് അതിന്റെ സങ്കേതം. അത് ശാശ്വതവും, കളങ്കപ്പെടുത്താൻ കഴിയാത്തതുമാണ്.

103. “പരബ്രഹ്മത്തെ[10] ഗ്രഹിക്കാൻ കഴിയുന്നതാണ്. അപരബ്രഹ്മത്തെ[11] നേടാൻ കഴിയുന്നതാണ്. അവരുടെ ചിഹ്നമായ ‘ഓം’ സദാ ധ്യാനിക്കപ്പെടുകയും, ആരാധിക്കപ്പെടുകയും വേണം.

104. “ഓം’ എന്നത് നാല് വേദങ്ങളുടെ സാരാംശമാണ്. അത് പ്രണവം അല്ലെങ്കിൽ ഓങ്കാരത്തിന്റെ രൂപത്തിലാണ്. അതിന്റെ അർത്ഥം യഥാർത്ഥത്തിൽ അർത്ഥമില്ലായ്മയാണ്. അതാണ് എല്ലാ അറിവുകളുടെയും പുറകിലുള്ള ചിന്താധാര.

105. വേദങ്ങൾ സ്വയം ഉദ്ഘോഷിക്കുന്ന ആ ജ്ഞാനം, ജനങ്ങൾ കഠിനമായ പ്രയത്നത്തിലൂടെയും ബ്രഹ്മചര്യം മുതലായ തപസ്യകളിലൂടെയും നേടുന്നു, ഇത് ഉത്കൃഷ്ടത നേടി എന്ന് അറിയപ്പെടുന്നു.

106. "അത് എന്തുമാകട്ടെ. അത് നേടാൻ വളരെ പ്രയാസകരമാണെങ്കിലും, ഗുരുവിന്റെ അനുഗ്രഹം ഉണ്ടെങ്കിൽ ആത്മീയകാംക്ഷിക്ക് അത് വളരെ സുഗമമായിരിക്കും.

107. "സ്ഥൂല ഇന്ദ്രിയങ്ങളിൽ നിന്ന് തുടങ്ങി, ക്രമമായി സൂക്ഷ്മ ഇന്ദ്രിയങ്ങൾ വരെ, വേദങ്ങളിൽ വിവരിച്ചിട്ടുള്ളത് പോലെ നിയന്ത്രണ വിധേയമാക്കിയാൽ ആത്മീയകാംക്ഷിക്ക് അത് എളുപ്പം നേടാൻ കഴിയും.

108. "ഇതാണ് സകല തപശ്ചര്യ[12]കളുടെയും സാരമായ 'ഓം' – ഒരു വാക്ക്, വാചകം, ഒരു അക്ഷരം. ഉച്ചാരണം ഒന്നുകൊണ്ട് മാത്രം അതിന്റെ അർത്ഥം തെളിയുന്നു, നിരന്തരമായി ആവർത്തിക്കുമ്പോൾ ജ്ഞാനോദയം ഉണ്ടാകുന്നു.

109. "അതാണ് സർവ്വവ്യാപിയായ ബോധചൈതന്യം. അവ്യയമായതിനാൽ അത് വളരുകയോ നശിക്കുകയോ ചെയ്യുന്നില്ല. തന്റെ ആത്മാവ് അത്തരത്തിലുള്ളതാണെന്ന് ഗ്രഹിക്കാൻ കഴിയുന്ന ഒരു സദ്ഗുരുശിഷ്യൻ അനുഗൃഹീതനാണ്.

110. "ത്രിദോഷങ്ങളാൽ – മാനസികം, ശാരീരികം, വിധിവശാൽ ഉണ്ടാകുന്നവ എന്നിങ്ങനെ – കഷ്ടപ്പെടുന്നവർക്ക് ഇത് അനുഭവിക്കാൻ കഴിയില്ല, അത് ദിവ്യന്മാർക്ക് മാത്രം അനുഭവയോഗ്യമാണ്.

111. "അജ്ഞാനം ലൗകികബന്ധനങ്ങളിലേയ്ക്ക് നയിക്കുന്നു. അതിൽ നിന്നും ഒഴിഞ്ഞ് മാറാനുള്ള ഏകമാർഗ്ഗം ബ്രഹ്മനുമായി ഐക്യത്തിലെത്തുക എന്നതാണ്; അതാകട്ടെ ദിവ്യന്മാരിൽ കൂടിയാണ് സാധ്യമാകുക.

112. "മനസ്സിൽ ഏതെങ്കിലും തരത്തിലുള്ള ഭൗതിക വസ്തുക്കളോ ആശയങ്ങളോ ഇല്ലാതെ പൂർണ്ണമായും ആഗ്രഹരഹിതനായി ജീവിക്കുക. ഇതാണ് "ഞാൻ ബ്രഹ്മനാണ്" എന്ന അവസ്ഥ. ഈ ചിന്ത നിങ്ങളുടെ ബുദ്ധിയുടെ സ്വാഭാവിക ഭാവമായി മാറുന്നത് വരെ അതിൽ പൂർണ്ണമായും ലയിക്കുക.

113. "ഒരുവൻ ആ അവസ്ഥ അനുഭവിക്കുമ്പോൾ, ഗുരുവിന്റെ വാക്കുകൾ ശാസ്ത്രവാക്യങ്ങൾ പോലെയാകും. അപ്പോൾ ആന്തരികവും ബാഹ്യവുമായ പ്രകൃതം ശാന്തമായി, മാനസിക സംതൃപ്തി ലഭിക്കുകയും ഒരുവൻ ആത്മൻ എന്താണെന്ന് മനസ്സിലാക്കുകയും ചെയ്യും.

114. "അങ്ങനെ, മനസ്സ് ഭൗതികലോകത്തെ സമതുലിതാവസ്ഥയിൽ നോക്കിക്കാണുന്നു–സുഖങ്ങൾ, ധനം, ഭൗതിക വസ്തുക്കൾ എന്നിവയോട് വിരക്തിയുണ്ടാകുന്നു. അത് നമ്മുടെയുള്ളിലെ അജ്ഞാനത്തിന്റെ കെട്ടഴിക്കുകയും, നമ്മൾ നിരാകാരത്തിന്റെ തലത്തിൽ പ്രവേശിക്കുകയും ചെയ്യും.

115. "ജനൽവിടവിലൂടെ എത്തുന്ന സൂര്യരശ്മിയിൽ കാണപ്പെടുന്ന ചെറിയ പൊടി പോലെ സൂക്ഷ്മമാണ് ആത്മൻ എന്നതിൽ സംശയമേതുമില്ല. അല്ല! അതിനേക്കാളും സൂക്ഷ്മമാണ്. അത് അണുവിനേക്കാളും സൂക്ഷ്മമാണ്. അതി

സൂക്ഷ്മം. ഇതാണ് തീർച്ചയായുള്ള അനുമാനം.

116. “ആത്മൻ അപാരതയേക്കാളും വലുതാണ്. ആത്മൻ ഏത് അളവുകോലിനും അതീതമായതിനാൽ, ഈ താരതമ്യങ്ങളൊക്കെയും ഭാവനാത്മകമാണ്.

117. “അതിന്റെ സൂക്ഷ്മത കണക്കിലെടുക്കുകയാണെങ്കിൽ, അത് അതിസൂക്ഷ്മ മാണ്. അതിന്റെ വലിപ്പം കണക്കിലെടുക്കുകയാണെങ്കിൽ, അത് ഏറ്റവും വലു തായ വസ്തുവിനെക്കാളും വലുതാണ്. അതിനാൽ വലിപ്പവും രൂപവുമൊക്കെ പേരിന് മാത്രമാണ്. വേർതിരിച്ചറിയാൻ സഹായകമായ ലക്ഷണങ്ങളൊന്നു മില്ലാതെ, ആത്മൻ സ്വയം പൂർണ്ണനുമാണ്.

118. “ആത്മൻ ഒരിക്കലും ജനിക്കുന്നില്ല, മരിക്കുന്നുമില്ല. അതിന് മൂലകാരണവു മില്ല. അത് ജനനമില്ലാത്തതും, ശാശ്വതവും, അവ്യയവും പ്രാചീനവും ഗ്രഹി ക്കാൻ പ്രയാസമേറിയതുമാണ്.

119. “ഓം’ എന്നതിൽ പ്രതിനിധീകരിക്കപ്പെടുന്ന ആത്മൻ–ഇതാണ് അതിന്റെ പൂർണ്ണസ്വരൂപം. സമാധി അവസ്ഥയിൽ ശ്രേഷ്ഠത നേടുകയും പിന്നീട് അതിൽ നിന്ന് പുറത്ത് വരികയും ചെയ്യുന്ന യോഗിവര്യന്മാർക്ക് പോലും അത് നേടാൻ പ്രയാസമാണ്. അപ്പോൾ മറ്റുള്ളവർക്ക് അതിന് ശ്രമിക്കാനോ നേടാനോ കഴിയുമോ?!

120. “അതിന്റെ പ്രകൃതം തിരിച്ചറിയാനുള്ള ശ്രമത്തിനിടയിൽ വേദങ്ങൾ ക്ഷീണി തരായി, തപസ്വികൾ വനവാസികളായി, ഉപനിഷത്തുകൾ ശ്രമം ഉപേക്ഷിച്ചു –അങ്ങനെ അത് അപഗ്രഥിക്കാനോ, ഉറപ്പിക്കാനോ ആർക്കും കഴിഞ്ഞില്ല.

121. “ആ തിരിച്ചറിവ് നേടാൻ, ഈശ്വരനുമായി താദാത്മ്യം പ്രാപിച്ച ഒരു ഗുരു വിന് മാത്രമേ കഴിയൂ. മറ്റുള്ളവർക്ക് അവിടെ നിലനിൽപ്പ് ഉണ്ടാകില്ല. തർക്ക ശാസ്ത്രം അഭ്യസിക്കുന്നവന് തീരെ അവസരമുണ്ടാകില്ല.

122. “ന്യായവാദങ്ങൾ നിരത്തുന്നവന് തീർച്ചയായും ഒരു സാദ്ധ്യതയുമില്ല. മതിഭ്രമ ങ്ങൾക്കിടയിൽപ്പെട്ട് അവൻ വട്ടം ചുറ്റുകയേ ഉള്ളൂ. ദിവ്യജ്ഞാനത്തിൽ വിദ ഗ്ധനായ ഒരു ഗുരുവില്ലാതെ അവന്റെ ബോധശക്തിക്ക് വിശ്രമമുണ്ടാകില്ല.

123. “ഒരുവന്റെ സ്വന്തം ബോധശക്തിയുടെയും ഭാവനയുടെയും അനേകം നക്ഷ ത്രങ്ങൾ ഒത്തുചേർന്നാലും, എൺപത്തിനാല് ലക്ഷം ജനനമരണങ്ങളിൽ നിന്നും രക്ഷനേടാൻ, അത് സഹായകമാകില്ല. അതിന് പര്യാപ്തമായത് ഒരേ ഒരു പനിമതിയാണ്–ദിവ്യജ്ഞാനത്തിൽ പ്രഗൽഭനായ ഗുരു. അദ്ദേഹം അടു ത്തുള്ളപ്പോൾ, അന്ധകാരത്തിന്റെ തരിമ്പ് പോലും അവശേഷിക്കുകയില്ല.

124. “അനേകം പേർക്ക് കഠിനമായ പ്രയത്നത്തിലൂടെ നേടാൻ കഴിയാത്തത്, ദിവ്യ ജ്ഞാനം പരത്തുന്ന ഒരു സദ്ഗുരുവിന്റെ പാദങ്ങളിൽ മുറുകെപ്പിടിക്കുന്ന ഒരു വന് സുഗമമായി നേടാൻ കഴിയും.

125. “ആഗ്രഹപൂർത്തിക്ക് മാത്രം ഉതകുന്ന തരത്തിലുള്ള തെറ്റായ ജ്ഞാനം അപ്ര ത്യക്ഷമാകുകയും സത്യം, ശുദ്ധബോധം, ആനന്ദം എന്നിവ ദൃഢമാകുകയും ചെയ്യും. ആത്മസാക്ഷാത്കാരം ഉണരും. അതിന്റെ മറ്റൊരു പേരാണ് മുക്തി.

126. “ഇതാണ് മനുഷ്യർ തീവ്രമായി ആഗ്രഹിക്കുന്നതും, ഇതിന് വേണ്ടിയാണ്

അവർ കഠിനമായി പ്രയത്നിക്കുന്നതും. ആത്മസാക്ഷാത്കാരത്തിന്റെ പാതയിൽ സദാ സഞ്ചരിക്കുന്നവർ എല്ലായ്പ്പോഴും സ്വന്തം ഉള്ളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നവരാണ്.

127. “പരമാത്മചൈതന്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ മനസ്സ് ചഞ്ചലപ്പെടുമ്പോൾ ഇന്ദ്രിയങ്ങളും ആസക്തികളും ഉണരും; പക്ഷേ മനസ്സ് ആത്മസാക്ഷാത്കാരത്തിന്റെ പാതയിൽ ദൃഢമാക്കുമ്പോൾ ഇന്ദ്രിയങ്ങൾ ദുർബ്ബലമാകും.

128. “പരമാത്മാവിൽ നിന്നും വേർപെട്ടു നടക്കുന്നവന്റെ മുമ്പിൽ സകല ഭൗതിക സുഖങ്ങളും എത്തുന്നു; പക്ഷേ അവൻ പരമാത്മാവിലേയ്ക്ക് ശ്രദ്ധയൂന്നിയാൽ ഇതേ വസ്തുക്കൾക്ക് ആകർഷണീയത ഒട്ടുമുണ്ടാകില്ല.

129. “മുക്തിക്ക് വേണ്ടി മാത്രം ആഗ്രഹിക്കുകയും, അതല്ലാതെ മറ്റൊരു ആഗ്രഹമില്ലാതിരിക്കുകയും, ഈ ലോകത്തും പരലോകത്തുമുള്ള ഒന്നിനോടും ആസക്തിയില്ലാതിരിക്കുകയും ചെയ്യുന്ന വ്യക്തി മാത്രമാണ് മോക്ഷത്തിന് അർഹൻ.

130. “ഇതിൽ ഏതെങ്കിലും ഒരു ഗുണത്തിന് കുറവുള്ളവനെ മോക്ഷകാംക്ഷിയെന്ന് പറയാൻ കഴിയില്ല. അവൻ ആത്മീയകാംക്ഷിയാണെന്ന് നടിക്കുകയാണ്-കോങ്കണ്ണുള്ളവൻ സുന്ദരനാണെന്ന് ഭാവിക്കുന്നത് പോലെയും, ഒരു കണ്ണ് കുരുടനായവൻ, എല്ലാം കാണുന്നുവെന്ന് ഭാവിക്കുന്നത് പോലെയും.

131. “അഹംഭാവം അപ്രത്യക്ഷമാകുകയും, ദുരാഗ്രഹം നശിക്കുകയും മനസ്സിൽ നിന്ന് ആസക്തികൾ ഒഴിയുകയും ചെയ്യാതെ ബ്രഹ്മജ്ഞാനം നേടാൻ കഴിയില്ല.

132. “ശരീരം ആത്മാവാണെന്ന വിശ്വാസം മിഥ്യാധാരണയാണ്. മമതയാണ് ഈ ലോകത്ത് ബന്ധനങ്ങൾ സൃഷ്ടിക്കുന്നത്. ഇന്ദ്രിയ വിഷയങ്ങളെയും, അവയിൽ നിന്ന് മാത്രമാണ് സുഖം ലഭിക്കുന്നതെന്നുള്ള വിശ്വാസവും ഉപേക്ഷിക്കുക. അപ്പോൾ ബ്രഹ്മജ്ഞാനം കരഗതമാകും.

133. “പരബ്രഹ്മൻ എന്നത് പ്രത്യേകിച്ച് ഗുണങ്ങൾ ഒന്നുമില്ലാത്തതാണ്, അതിനാൽ അത് ഗ്രഹിക്കാൻ പ്രയാസമാണ്. അതിനാൽ അതിനെ ഉദാഹരണങ്ങളുമായി താരതമ്യം ചെയ്താണ് വിശദീകരിക്കപ്പെടുന്നത്. അതാണ് അത് നേടുന്നതിന് ജ്ഞാനികൾ തെരഞ്ഞെടുക്കുന്ന ഏകമാർഗ്ഗം.

134. “ആത്മാവ് നിഗൂഢവും സർവ്വവ്യാപിയുമാണെന്ന് വേദജ്ഞർക്ക് അറിവുള്ളതാണ്. പക്ഷേ അത് എങ്ങനെയാണ് തെളിയിക്കപ്പെടുന്നതും അനുഭവവേദ്യമാകുന്നതും?

135. “ആദ്യമായി ആവശ്യമായത് മന:ശുദ്ധിയാണ്. അടുത്തതായി, കൂർമ്മവും തീഷ്ണതയേറിയതുമായ ബുദ്ധിയാണ് വേണ്ടത്. ഇതിലൂടെ ത്രിശുദ്ധി-അതായത് ശാരീരികം, ഭാഷണം, മാനസികം-നേടാൻ കഴിയും. ആ അവസ്ഥയിൽ ദയാപരനായ ഈശ്വരൻ സ്വയം വെളിപ്പെടുത്തും.

136. “ആത്മാവ് അനശ്വരവും അവ്യയവുമാണ്. ആത്മജ്ഞാനം നേടിയ ഒരു വ്യക്തിയുടെ ജീവിതത്തിൽ ദു:ഖം ഉണ്ടാകില്ല, എന്ത് കൊണ്ടെന്നാൽ അയാൾ ക്ഷമാ

ശീലനും, ബുദ്ധിമാനും, ഭൗതികലോകത്തിലെ ബന്ധനങ്ങളിൽ നിന്നും സ്വത ന്ത്രനുമാണ്.

137. "സാമർത്ഥ്യപരവും, ഭൗതികവാദത്തിലധിഷ്ഠിതവുമായ സമീപനം കൊണ്ട് പ്രയോജനമില്ല. വേദങ്ങൾ, ശ്രുതികൾ, ഗ്രന്ഥങ്ങൾ എന്നിവയുടെ അധ്യയ നവും അപഗ്രഥനവും നിഷ്ഫലമാണ്.

138. "ആത്മാവ് അനശ്വരവും അവ്യയവുമാണ്. ശരീരം നശ്വരവും, കോട്ടങ്ങൾക്ക് വിധേ യവുമാണ്. ഇത് മനസ്സിലാക്കിക്കൊണ്ട്, സ്വന്തം ഉന്നമനത്തിന് വേണ്ടി പ്രയത്നി ക്കുന്നവന് നല്ലതും ചീത്തയുമായ പെരുമാറ്റങ്ങൾ വിവേചിച്ചറിയാൻ കഴിയും.

139. "ആത്മസാക്ഷാത്കാരം നേടിയ ഒരുവൻ എല്ലായ്പ്പോഴും നിർഭയനാണ്, ലോക ത്തിലെ ദ്വൈതഭാവങ്ങൾ നശിപ്പിച്ച് ദുരിതങ്ങളെ തീർത്തും ഇല്ലാതാക്കിയ അനന്യനാണ്.

140. "ആത്മസാക്ഷാത്കാരം നേടുന്നത് വളരെ ദുഷ്കരവും, കീർത്തനങ്ങളും പ്രഭാ ഷണങ്ങളും കൊണ്ട് ഗ്രഹിക്കാനാകാത്തതും, വെറും ബുദ്ധിശക്തികൊണ്ട് നേടാനാകാത്തതുമാണെങ്കിലും ചില പ്രത്യേക മാർഗ്ഗങ്ങളിലൂടെ അത് നേടാൻ കഴിയും.

141. "ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആഗ്രഹരഹിതരായി വർത്തിക്കുക യും, ആത്മസാക്ഷാത്കാരമെന്ന ഒരൊറ്റ ലക്ഷ്യം മാത്രം ഉണ്ടായിരിക്കുകയും, നിരന്തരം ആത്മന് വേണ്ടി മാത്രം ദാഹിക്കുകയും ചെയ്യുന്നവന് മാത്രമാണ് ശ്രേഷ്ഠമായ നേട്ടങ്ങളുണ്ടാകുന്നത്.

142. "ഞാൻ അതാണ്' എന്ന ചിന്തയിൽ അടിയുറച്ച വിശ്വാസമുണ്ടാകുകയും, അതിനെക്കുറിച്ച് ശ്രവിച്ച ശേഷം, അത് അനുഭവിക്കുക എന്നത് മാത്രം ലക്ഷ്യ മാക്കുകയും ചെയ്യുന്നവനെ ഈശ്വരൻ സഹായിക്കും.

143. "എല്ലായ്പ്പോഴും ക്രൂരകൃത്യങ്ങളിൽ മുഴുകുന്ന ഒരുവൻ, ക്ഷോഭഗ്രസ്തൻ, ചഞ്ചലചിത്തൻ, മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയാത്തവൻ-ഇത്തരത്തിലുള്ള ഒരുവന് അത് അസാധ്യമാണ്.

144. "തെറ്റായതിനെ ഒഴിവാക്കുകയും, ശരിയായവ വേദങ്ങൾക്കും ഉപനിഷത്തു കൾക്കും അനുസൃതമായി പാലിക്കുക, എല്ലായ്പ്പോഴും മന:സംയമനം പാലി ക്കുക എന്നീ ഗുണങ്ങൾ ഉള്ളവന്റെ ആജ്ഞപ്പുറത്ത് ആത്മൻ ഉണ്ടാകും.

145. "പാപപങ്കിലമായ ജീവിതരീതികളിൽ നിന്ന് ഒഴിഞ്ഞ്, ഗുരുവിന്റെയും ആചാ ര്യന്മാരുടെയും പാദങ്ങളിൽ സ്വയം സമർപ്പിച്ച്, കർമ്മങ്ങളുടെ ഫലത്തിന് വേണ്ടിയുള്ള ആഗ്രഹങ്ങൾ പാടേ ഉപേക്ഷിച്ച് ജീവിക്കുന്നവന് മാത്രമേ ആത്മ സാക്ഷാത്കാരം നേടാൻ കഴിയൂ.

146. "ആഗ്രഹരഹിതനായി, ആത്മനിൽ മാത്രം താൽപര്യമുണ്ടാകുകയും, ആസക്തി കൾ ഉപേക്ഷിക്കുകയും ചെയ്യാത്ത ഒരുവന് ആത്മജ്ഞാനം നേടാൻ കഴിയില്ല.

147. "ആത്മീയകാംക്ഷി നേരിടുന്ന ക്ലേശങ്ങൾ കാണുമ്പോൾ ആത്മന് ദയ തോന്നു കയും അത് സ്വയം അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. പക്ഷേ ഗുരുവിന്റെ സഹായമില്ലാതെ ഇത് എളുപ്പമാകില്ല.

148. "അതിനാൽ ആത്മസാക്ഷാത്കാരം നേടുന്നതിന് ശ്രവണം, ധ്യാനം, അദ്വൈതഭാവം എന്നിവ ബ്രഹ്മാർത്ഥിക്ക് ഉണ്ടാകണം-എങ്കിൽ മാത്രമേ സുഗമമായി ആത്മനെ അറിയാൻ കഴിയുകയുള്ളു.

149. "ഈ ഭൗതികലോകം അജ്ഞാനം നിറഞ്ഞതാണ്. അതിന്റെ അടിത്തറയും, നിലനില്പും അജ്ഞാനത്തിലാണ്. ശരിയായ ജ്ഞാനമില്ലാതെ മുക്തി സാധ്യമല്ല എന്ന് മനസ്സിലാക്കുക.

150. "അപഗ്രഥനവും അനുമാനങ്ങളും ശാസ്ത്രവിധികൾക്ക് മാത്രമാണ് ബാധകം. ഭൗതികബോധം നശിച്ചാൽ മാത്രമേ ശരിയായ ജ്ഞാനം ഉണ്ടാകുകയുള്ളു. അല്ലാതെ അത് സാധ്യമല്ല.

151. "ഒരു ധർമ്മിഷ്ഠനെയും പാപിയെയും ഒരേപോലെ നോക്കിക്കാണുന്ന, ശരീരത്തിൽ വസിക്കുന്ന ആത്മാവ് ഈശ്വരനാണെന്ന് കരുതുന്ന, അതനുസരിച്ച് പ്രവർത്തിക്കുന്ന ഒരു മനുഷ്യൻ ശ്രേഷ്ഠനും ദ്വൈത ചിന്തയില്ലാത്തവനുമാണ്.

152. "ബ്രഹ്മനും ആത്മാവും ഒന്നാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നതാണ് ജ്ഞാനത്തിന്റെ ഉത്കൃഷ്ട ലക്ഷ്യം. ഈ ആത്മജ്ഞാനം നേടുമ്പോൾ എല്ലാ അജ്ഞാനവും നഷ്ടമാകും.

153. "ആത്മജ്ഞാനം പൂർണ്ണമാകുമ്പോൾ മറ്റൊന്നും അറിയാൻ ബാക്കിയുണ്ടാകില്ല. അത് ഒരുവനെ ഈ ഭൗതികലോകത്തെ, ഉള്ളംകൈ എന്ന പോലെ ഗ്രഹിക്കാൻ സഹായിക്കും. ഇത് ആത്മസാക്ഷാത്കാരത്താലാണ് സാധ്യമാകുന്നത്.

154. "ആത്മസാക്ഷാത്കാരത്തിന്റെ ഫലം, മടിയില്ലാതെ ഈ ലോകജീവിതം ത്യജിക്കാൻ കഴിയുന്നു എന്നതാണ്. ഉടനടി പരമാനന്ദം ലഭിക്കുകയും, പൂർണ്ണമായ മുക്തി നേടുകയും ചെയ്യുന്നു.

155. "സൂക്ഷ്മമായതിനേക്കാൾ സൂക്ഷ്മവും ബൃഹത്തായതിനേക്കാൾ ബൃഹത്തുമാണ് ആത്മൻ. അപ്രകാരം വിവരിക്കുമ്പോൾ അതിന്റെ സർവ്വവ്യാപിത്വം ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയും.

156. "യഥാർത്ഥത്തിൽ അത് സൂക്ഷ്മമോ ബൃഹത്തോ അല്ല. അതിന്റെ കാര്യത്തിൽ താരതമ്യപഠനം വെറും ഭാവനാത്മകമായി തോന്നും. അത് രൂപത്തിനെയും രൂപമില്ലാത്തതിനെയും ചലിക്കുന്നതിനെയും ചലിക്കാത്തതിനെയും മുഴുവനായി ഉൾക്കൊള്ളുന്നു.

157. "അനശ്വരമായ സത്യത്തെ വർണ്ണിക്കാൻ കഴിയില്ല. പക്ഷേ ബുദ്ധിക്ക് ഗ്രഹിക്കാൻ വേണ്ടി അതിനെ വാക്കുകളിൽ ഒതുക്കുന്നു; യഥാർത്ഥത്തിൽ അത് അപരിമിതമാണ്.

158. "ബുദ്ധിപ്രഭാവം കൊണ്ട് പരമാത്മനെ അറിയാൻ കഴിയില്ല. ദിവ്യന്മാർ, സദ്ഗുരുക്കന്മാർ, യോഗിവര്യന്മാർ എന്നിവരുടെ സമ്പർക്കവും അവർക്ക് സേവ ചെയ്യുന്നതിലൂടെയും മാത്രമേ അത് നേടാൻ കഴിയൂ.

159. "ബ്രഹ്മനെക്കുറിച്ചുള്ള വിവരണങ്ങൾക്ക് ദൗർലഭ്യമില്ല. അനേകം ഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും അത് കൊണ്ട് നിറഞ്ഞതാണ്. പക്ഷേ സദ്ഗുരുവിന്റെ അനു

ഗ്രഹമില്ലാതെ ലോകാവസാനം വരെയും ഒരുവന് അത് ഗ്രഹിക്കാൻ കഴിയില്ല.

160. “ദൈനംദിനചര്യകളുടെ അഭാവത്താൽ, മനഃശുദ്ധി നേടാൻ കഴിയാത്തതും, മനോനിയന്ത്രണം ഇല്ലാത്തതും കാരണം ബ്രഹ്മജ്ഞാനം ഒരിക്കലും സാധ്യമാകുന്നില്ല.

161. “ബ്രഹ്മൻ മാത്രമാണ് ശാശ്വതം. മറ്റെല്ലാം നശ്വരമാണ്. കാണുന്നതും അനുഭവിക്കുന്നതുമൊന്നും നിലനിൽക്കുന്നതല്ല. ഇതാണ് സത്യം-സത്യം-സത്യം.

162. “ബ്രഹ്മനെക്കുറിച്ച് വിവരിക്കാൻ കഴിയുന്നവർ വിരളമാണ്; ശുദ്ധമനസ്കനായ ശ്രോതാവ് അതിലും വിരളമാണ്. എന്നാൽ ബ്രഹ്മനെ അറിഞ്ഞ, സ്നേഹസമ്പന്നനായ ഒരു സദ്ഗുരുവിനെ ലഭിക്കുക എന്നത് അത്യപൂർവ്വമാണ്.

163. “ബ്രഹ്മനെ സുഗമമായി നേടാൻ കഴിയുമോ? ഗുഹകൾ, മലയുടെ ശൃംഖങ്ങൾ എന്നിവിടങ്ങളിൽ ധ്യാനത്തിൽ മുഴുകി, യോഗചര്യകൾ അനുഷ്ഠിക്കുന്നവർ,

164. “അവർക്ക് പോലും ഗുരുവിന്റെ സഹായമില്ലാതെ ബ്രഹ്മനെ കണ്ടെത്താൻ കഴിയില്ല. അപ്പോൾ അത്യാഗ്രഹത്തിന്റെ സ്വരൂപമായ നിനക്ക് എങ്ങനെയാണ് അത് നേടാൻ കഴിയുന്നത്?!

165. “ധനത്തിനോട് അടങ്ങാത്ത മമതയുള്ളവർക്ക് ലോകാവസാനം വരെയും ബ്രഹ്മജ്ഞാനം നേടാൻ കഴിയില്ല. ഇത് മനസ്സിലാക്കുക.

166. “ദിവ്യജ്ഞാനം ശ്രവിക്കുമ്പോൾ, ഒരുവൻ നിരന്തരം ലോകസുഖങ്ങൾ ഓർക്കുകയും, സദാ ഭൗതികലോകത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയുമാണെങ്കിൽ അവന് അത്തരത്തിലുള്ള സാക്ഷാത്കാരമായിരിക്കും ലഭിക്കുക.

167. “അശുദ്ധി, വിഭ്രാന്തി, ഗോപ്യത എന്നിവയാണ് മനുഷ്യമനസ്സിന്റെ മൂന്ന് തരത്തിലുള്ള സഹജമായ ന്യൂനതകൾ. നിസ്വാർത്ഥമായ സേവനത്തിലൂടെ അശുദ്ധി നീക്കം ചെയ്യാൻ കഴിയും, പൂജാവിധികളിലൂടെ മനസ്സിന്റെ വിഭ്രാന്തി മാറ്റാൻ കഴിയും.

168. “ഒരുവൻ തന്റെ ധർമ്മവും ഉപാസനകളും അനുഷ്ഠിക്കുമ്പോൾ മനസ്സിലെ അശുദ്ധികളും സംഭ്രാന്തിയും മാറും. ഗോപ്യതയുടെ ആവരണം മാത്രമാണ് പിന്നെ അവശേഷിക്കുന്നത്.

169. “സകല ദുരിതങ്ങൾക്കും കാരണം ഈ ആവരണമാണ്, സൂര്യപ്രകാശം അന്ധകാരത്തെ നീക്കം ചെയ്യുന്നത് പോലെ, യഥാർത്ഥജ്ഞാനം നേടുമ്പോൾ ഈ ആവരണം നശിപ്പിക്കപ്പെടുന്നു.

170. “വേദശാസ്ത്രങ്ങളിൽ പ്രാഗൽഭ്യം നേടിയവർ അതിന് സത്യം, ജ്ഞാനം, അനശ്വരത തുടങ്ങിയ ഗുണങ്ങൾ ഉണ്ടെന്ന് പറയുന്നു. ഒരു മനുഷ്യന് ജ്ഞാനമുണ്ടാകുമ്പോൾ ബ്രഹ്മൻ സ്വയം തെളിഞ്ഞ് വരും.

171. “ഒരു ഏകാന്തപഥികൻ അരണ്ട ചന്ദ്രപ്രകാശത്തിൽ വനത്തിലൂടെ നടക്കുമ്പോൾ ഒടിഞ്ഞ വൃക്ഷത്തിന്റെ കുറ്റി കാണുകയും, അത് തസ്കരനാണെന്ന് ചിന്തിച്ച് ഭയപ്പാടോടെ ഒളിക്കുകയും ചെയ്യുന്നു.

172. “ഞാൻ തനിയെ ആണ്, ധനവും കൈവശമുണ്ട്. ഒരു വഴിയോര കവർച്ചക്കാരനെപ്പോലെ എന്റെ മേൽ ചാടിവീഴാൻ അവൻ കാത്തിരിക്കുകയാണ്. എന്റെ ജീവൻ അപകടത്തിലായതിനാൽ എന്താണ് ഇപ്പോൾ ചെയ്യുക.”

173. “അപ്പോൾ, ഒരു പ്രകാശം വീഴുകയും അയാൾ സത്യമറിയുകയും ചെയ്യുന്നു. അവന്റെ ഭയം മറയുകയും, തസ്കരനെക്കുറിച്ചുള്ള അബദ്ധധാരണ ഇല്ലാതാകുകയും ചെയ്യുന്നു.

174. “അത് അങ്ങനെയാകട്ടെ. ബ്രഹ്മജ്ഞാനം നേടുന്നതിനുള്ള ക്ലേശങ്ങൾ ഞാൻ ശ്രോതാക്കൾക്ക് വിവരിച്ചു. അടുത്ത അധ്യായത്തിൽ ആത്യന്തികമായ നന്മ ആത്മീയകാംക്ഷിയുടെ മുമ്പിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്ന് വിവരിക്കുന്നതാണ്.

175. “ഹേമദ് സ്വമേധയാ സായിയുടെ പാദങ്ങളിൽ സമർപ്പിക്കുകയും, മനസ്സിൽ വന്നതൊക്കെയും പരസ്പരബന്ധമില്ലാതെ പുലമ്പുകയും ചെയ്തു. സായിയുടെ അനുഗ്രഹത്താൽ ജീവശക്തി നേടിയ ആ ജല്പനങ്ങൾ, നിഷ്കളങ്ക ഭക്തിയുള്ളവർ ശ്രവിക്കട്ടെ.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യ പ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ പതിനാറാം അധ്യായം “ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ‘ചതുരായി’ എന്നത് ബാബയുടെ ഇഷ്ടവാക്ക് ആയിരുന്നു. “ചതുരായി കൊണ്ട് കാര്യമില്ല, നിങ്ങൾ വിവേകികളും മുതിർന്നവരും പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം”.
2. ആഗ്രഹങ്ങൾ സാധിച്ചുതരുന്ന രത്നം.
3. ആഗ്രഹങ്ങൾ സാധിച്ചുതരുന്ന വൃക്ഷം.
4. സമാധി അഥവാ സമ്പൂർണ്ണശാന്തി.
5. ആഗ്രഹങ്ങൾ സാധിച്ചുതരുന്ന ഗോവ്.
6. ഇന്ദ്രൻ
7. ഷിർദിയിലെ മാർവാരി വ്യാപാരി
8. ഷിർദിയിലെ ബനിയ, പലചരക്കു വ്യാപാരി
9. രൂപ കൊടുക്കണോ വേണ്ടയോ എന്നതായിരുന്നു അയാളുടെ സംശയങ്ങൾ.
10. നിർഗുണബ്രഹ്മൻ
11. സഗുണ ബ്രഹ്മൻ
12. ഗവേഷണം, പഠനം, പ്രയത്നം

## 17

# ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ, ശാശ്വതമായ നന്മയെയും (ശ്രേയ) സുഖപ്രദങ്ങളായവയെയും (പ്രേയ) കുറിച്ച് ഈ അധ്യായത്തിൽ വിവരിക്കുമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. അത് ആദരവോടെ ശ്രവിക്കുക.

2. "പ്രകാശവും അന്ധകാരവും പരസ്പരം ബന്ധിതമാണെങ്കിലും, ഒന്ന് മറ്റൊന്നിൽ നിന്ന് വിഭിന്നമാണ്, അതേപോലെയാണ് നല്ലതും സുഖപ്രദായകമായതും തമ്മിൽ.

3. സുഖദായകമായവയുടെ പുറകേ പോകുന്നവൻ സ്വാർത്ഥചിന്തയാൽ സ്വയം അധ:പതിക്കും. നല്ലവ നിയന്ത്രണമുള്ളതും, സുഖദായകമായത് അനിയന്ത്രിതവുമാണ്.

4. നല്ലത് ശുദ്ധജ്ഞാനവും, സുഖദായകമായത് തെറ്റായ ജ്ഞാനവുമാണ്. വിവേകികൾ ഒരിക്കലും സുഖപ്രദായകമായവയുടെ നേർക്ക് ആകർഷിക്കപ്പെടുകയില്ല; പക്ഷേ അജ്ഞാനികൾ നല്ലവയെ വെറുക്കുന്നു.

5. ധനവും സ്ത്രീയും ലഭ്യമാകുന്നിടത്തോളം കാലം ഇന്ദ്രിയങ്ങൾ വിഷയസുഖങ്ങളിൽ മുഴുകുകയും, ആത്മനിയന്ത്രണമോ, നിർമ്മമതയോ പാലിക്കുകയില്ല. സുഖപ്രദായകമായവ സ്വാഗതം ചെയ്യപ്പെടും.

6. പാലും ജലവും പോലെ, നന്മയുള്ളതും സുഖപ്രദായകമായതും പരസ്പരം ഇടകലർന്നിരിക്കുന്നു. പക്ഷേ മാനസസരസ്സിലെ ഹംസങ്ങൾ പാല് മാത്രം വേർതിരിച്ചെടുക്കുന്നു.

7. അതേപോലെ സ്ഥിതപ്രജ്ഞരായവർ, വിവേകികൾ, ആത്മനിയന്ത്രണമുള്ളവർ, ഭാഗ്യശാലികൾ എന്നിവർ നന്മ നിറഞ്ഞവ മാത്രം തേടുകയും സുഖപ്രദമായവയെ തള്ളിക്കളയുകയും ചെയ്യും.

8. പക്ഷേ, ശരീരപുഷ്ടി വരുത്താനും, സന്തതികൾ, ധനം, കന്നുകാലികൾ, പദവികൾ എന്നിവ നേടാനും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന മൂഢന്മാരെ നോക്കൂ! അവർ സുഖപ്രദായകമായവ മാത്രം നേടുന്നു.

9. നന്മയുള്ളതായാലും, സുഖപ്രദായകമായാലും, രണ്ടിനെയും ശരിയായ രീതി

യിൽ മനസ്സിലാക്കിയാലും, സ്വതന്ത്രചിന്താഗതിക്കാരനായ ഒരുവന് പോലും നന്മയുള്ളതിനെ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരാൻ പ്രയാസമാണ്.

10. എന്തായാലും, ഇവ രണ്ടും ലഭ്യമായാൽ ഏത് തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുക പ്രയാസകരമാണ്. അജ്ഞാനം വിവേചനബുദ്ധിയെ കീഴടക്കുകയാണെങ്കിൽ സുഖദായകമായവ വന്ന് ഒരുവനെ ആശ്ലേഷിക്കും.

11. പാലും വെള്ളവും ചേർന്ന മിശ്രിതത്തിൽ നിന്നും ഹംസം പാൽ മാത്രം വേർതിരിച്ചെടുക്കുന്നത് പോലെ, സുഖദായകമായവയെ മാറ്റിവച്ച് കൊണ്ട് നന്മ വരുത്തുന്നതിനെ സ്വീകരിക്കുക എന്നതാണ് യഥാർത്ഥമായ ആത്മീയ പ്രയത്നം.

12. നന്മയുള്ളതും സുഖദായകമായതും ഒരു മനുഷ്യന് നേടാൻ കഴിയും. പക്ഷേ ആത്മനിയന്ത്രണം ഇല്ലാത്ത മൂഢന്മാർ വിവേചനബുദ്ധി പ്രയോഗിക്കാൻ കഴിവില്ലാത്തവരാണ്.

13. പ്രഥമമായി, എവിടെയാണ് തന്റെ നന്മയെന്ന് ഒരുവന് തീർച്ചയായും ഗ്രഹിക്കാൻ കഴിയണം. അതിനുശേഷം, മാർഗ്ഗത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ മുഴുവൻ ഒഴിവാക്കാൻ അവന് കഴിയണം.

14. അന്നേരം, പ്രശസ്തമായ നാല് പുരുഷാർത്ഥങ്ങൾ[1] നേടാനുള്ള മനുഷ്യശ്രമങ്ങൾ ഇടയ്ക്ക് വന്ന് അവകാശവാദങ്ങൾ ഉന്നയിക്കും. പക്ഷേ ഒരുവൻ നന്മയ്ക്ക് വേണ്ടി പോരാടുകയും തീവ്രശ്രമങ്ങൾ നടത്തുകയും വേണം.

15. ഒരു ദിവസത്തിലെ ഇരുപത്തിനാല് മണിക്കൂറും നിരന്തരം ചുറ്റിക്കൊണ്ടിരിക്കുന്ന ലൗകിക ജീവിതച്ചുഴികൾ ബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയുന്നതിനുമപ്പുറമാണ്. ത്രിദോഷങ്ങളുടെ[2] അതികഠിനമായ ദുരിതങ്ങൾ മനുഷ്യൻ അനുഭവിക്കേണ്ടി വരുന്നു.

16. അത് (ലൗകിക ജീവിതച്ചുഴികൾ) തീവ്രമായ വിഷമതകളുണ്ടാക്കുകയും മനുഷ്യനെ ക്ലേശിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ അവയെ ഒഴിവാക്കാനായി അവൻ സുഖങ്ങളുടെ എളുപ്പമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കും.

17. ലൗകിക ജീവിതച്ചുഴികൾ അസഹനീയമാണ്. അത് എങ്ങനെ അവസാനിപ്പിക്കാൻ കഴിയും? അതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ? അവൻ ഇപ്രകാരം ചിന്തിച്ച് തുടങ്ങും.

18. ഭാഗ്യവശാൽ ഇത്തരത്തിലുള്ള ചിന്തകളുണ്ടാകുമ്പോൾ, അവ ജീവിത ലക്ഷ്യങ്ങൾക്ക് പ്രേരണ നൽകുന്നു. അപ്പോൾ സ്വന്തം ക്ഷേമത്തിന് വേണ്ടി അവൻ ശരിയായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നു.

19. തെറ്റായ ജ്ഞാനം അഥവാ മിഥ്യാധാരണ, ആദികാലം മുതൽ നിലനിൽക്കുന്നു. ചിപ്പിത്തോടിലെ വെള്ളി, മരീചികയിലെ ജലം എന്നിവ സൃഷ്ടിക്കുന്ന വ്യർത്ഥമായ ധാരണകൾ പോലെയാണ് അവ. അവയൊക്കെ അബദ്ധ സങ്കല്പങ്ങളും പ്രതിബന്ധങ്ങളുമാണെന്ന് ഗ്രഹിച്ച് അവയെ ഒഴിവാക്കണം.

20. സ്വപ്നത്തിൽ, ധാരാളം സ്വർണ്ണ ആലിപ്പഴങ്ങൾ പൊഴിയുന്നതായി കണ്ട്, അവ ആവശ്യസമയത്ത് ഉപകാരപ്രദമാകുമെന്ന് ചിന്തിച്ച്, വളരെ ക്ലേശത്തോടെ അവയൊക്കെ ശേഖരിച്ച് വച്ചാൽ ഉറക്കമുണരുമ്പോൾ അവ അപ്രത്യക്ഷമാകും.

21. അറിഞ്ഞോ അറിയാതെയോ വിധി, ഭാഗധേയം, ആസക്തി, പ്രതീക്ഷ, ആശ, ദുരാഗ്രഹം എന്നിവയൊക്കെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കും– ഇത് ഓർക്കുക! അവയെ തുടക്കത്തിൽ തന്നെ പിഴുതെറിയുക.

22. സൂര്യരശ്മികൾക്ക് പോലും തുളച്ച് കയറാൻ കഴിയാത്ത, ബുദ്ധിശക്തി പരാജയപ്പെട്ട് മടങ്ങുന്ന, വേദങ്ങൾക്കും ശാസ്ത്രങ്ങൾക്കും വിവരിക്കാൻ കഴിയാത്തയിടത്തേയ്ക്ക് ഗുരു നിങ്ങളെ നയിക്കും.

23. ആസക്തി, കോപം എന്നിവയാണ് യഥാർത്ഥജ്ഞാനത്തിന്റെ വഴിയിൽ തടസ്സം സൃഷ്ടിക്കുന്ന രണ്ട് വികാരങ്ങൾ. അവ ഗ്രഹണശക്തി, ഏകാഗ്രത, സമാധി എന്നിവയെ വളരെ സമർത്ഥമായി ഛിന്നഭിന്നമാക്കും.

24. ഒരു അഗ്നിനാളവും കർപ്പൂരവും അടുത്ത് വന്നാൽ അവയെ തള്ളിനീക്കാൻ സാധ്യമാണോ? അടുത്ത് വന്നാലുടൻ അഗ്നിനാളം കാരണം കർപ്പൂരം കത്താൻ തുടങ്ങും.

25. എല്ലായ്പ്പോഴും പാപപ്രവൃത്തികളിലും ശാസ്ത്രങ്ങൾ നിഷേധിച്ചിട്ടുള്ള കർമ്മങ്ങളിലും മുഴുകിക്കഴിയുന്ന ഒരുവൻ പാണ്ഡിത്യം നേടിയവനാണെങ്കിലും അവനെക്കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? കാരണം അവന് ശരിയും തെറ്റും എന്താണെന്ന് അറിയില്ല.

26. അതേപോലെ, സദാ അസ്വസ്ഥനായ, മനഃചാഞ്ചല്യമുള്ള, ഇന്ദ്രിയവിഷയങ്ങളുടെ പിടിയിൽ പെട്ട് ഭ്രാന്തമായ അവസ്ഥയിൽ കഴിയുന്നവന് ജ്ഞാനം നേടാൻ കഴിയില്ല.

27. സംതൃപ്തനായ, ശാന്തനും സ്വന്തം ആത്മസത്തയെക്കുറിച്ചുള്ള അന്വേഷണത്തിൽ സദാ മുഴുകുകയും സർവ്വോപരി അവന്റെ ഗുരുവിനെ അനുസരിക്കുകയും ചെയ്യുന്നവൻ ജ്ഞാനസമ്പന്നനായിരിക്കും.

28. ഗൃഹസ്ഥാശ്രമിയായാലും സന്ന്യാസിയായാലും, തന്റെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് അറിയാമെങ്കിൽ അവൻ തന്റെ ശരീരമാകുന്ന തേരിന്റെ തേരാളിയായിരിക്കണം. ഒരു പ്രബോധകന്റെ ഉപയോഗമെന്താണ്?

29. വിടുവായത്തം കൊണ്ട് പ്രയോജനമില്ല. അധ്യയനം മാത്രമാണ് കാതൽ. നീ, നിന്റെ ദേഹം ഒരു തേരാണെന്ന് കരുതി, അതിനുള്ളിൽ അചഞ്ചലനായി ഇരിക്കുക.

30. നിന്റെ ശരീരമാകുന്ന തേരിൽ, നിന്റെ ബുദ്ധിയെ തേരാളിയാക്കി നീ സ്വയം യജമാനനാകുക. അപ്പോൾ നിനക്ക് ശാന്തമായി ആശ്വാസത്തോടെ ഇരിക്കാൻ കഴിയും.

31. ഇന്ദ്രിയ വിഷയങ്ങളാകുന്ന പ്രതിബന്ധങ്ങൾ നിറഞ്ഞ മാർഗ്ഗങ്ങളിലൂടെ, കുതിച്ചു ചാടുന്ന പത്ത് സംവേദനേന്ദ്രിയങ്ങളെ, മനസ്സാകുന്ന കടിഞ്ഞാൺ കൊണ്ട് നിയന്ത്രണവിധേയമാക്കാൻ തേരാളിയെ പ്രാപ്തനാക്കണം.

32. കുതിരകൾ ബഹളം പിടിച്ച് ഓടാൻ ശ്രമിക്കുകയാണെങ്കിൽ, തേരാളി കടിഞ്ഞാൺ പിടിച്ച് കുതിരകളെ നിയന്ത്രിക്കാൻ ശ്രമിക്കും. അവയെ തേരാളിയുടെ കൈകളിൽ ഏൽപ്പിച്ച് കഴിഞ്ഞാൽ നിനക്ക് ആശ്വാസത്തോടെ വിശ്ര

മിക്കാൻ കഴിയും.

33. തേരാളി സമർത്ഥനും വിദഗ്ധനുമാണെങ്കിൽ കുതിരകൾ ശരിയാംവണ്ണം ഓടും. പക്ഷേ കടിഞ്ഞാണിന്റെ ചുമതലയുള്ള മനസ്സ് സ്വതന്ത്രമല്ലെങ്കിൽ, ദുർബ്ബല തയുണ്ടാകും.

34. വിവേചനശക്തി കൂടി കൂടെയുള്ള ബുദ്ധിയാണ് തേര് തെളിയിക്കുന്നതെങ്കിൽ, ആ മനുഷ്യന് സ്വയം പൂർണ്ണനിയന്ത്രണമുണ്ടാകും. ഏകാഗ്രമായിരിക്കാൻ കഴിവുള്ളവനും ശാന്തമനസ്കനുമായ ഒരുവന് മാത്രമേ ഉത്കൃഷ്ടാവസ്ഥ യായ മുക്തി നേടാൻ കഴിയൂ, മറ്റുള്ളവർ വഴിയിൽ തളർന്നു വീഴും.

35. മന:ചാഞ്ചല്യമുള്ളവന് സംതൃപ്തിയുണ്ടാകില്ല. അവന് ഉൽകൃഷ്ടാവസ്ഥയായ മുക്തിയുടെ മണ്ഡലത്തിൽ പ്രവേശനമുണ്ടാകില്ല, അങ്ങനെ ജനനമരണ വൃത്തം ഒഴിവാക്കാനും കഴിയില്ല.

36. അത്തരത്തിലുള്ളതാണ് ആ ഉൽകൃഷ്ടാവസ്ഥ, പക്ഷേ എപ്പോഴാണ് ഒരുവന് അത് കണ്ടെത്താൻ കഴിയുക? മനസ്സിലെ സംശയങ്ങളെല്ലാം നീങ്ങുമ്പോൾ, അത് സ്വയം നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷമാകും.

37. ഇവിടെ ന്യായം, തർക്കം, ജനപ്രിയസംഭാഷണം, വാദങ്ങൾ എന്നിവ കൊണ്ട് പ്രയോജനമില്ല. ഈശ്വരകൃപയാൽ മാത്രമേ നിങ്ങൾക്ക് അത് നേടാൻ കഴി യൂ. മറ്റ് വിദ്യാശാസ്ത്രങ്ങളെല്ലാം വ്യർത്ഥമാണ്.

38. ഇതാണ് ഇക്കാര്യത്തിലെ ആശ്ചര്യകരമായ വസ്തുത-നിഷ്കളങ്കമായ വിശ്വാസം അത് അറിയുന്നതിൽ വിജയിക്കും, പക്ഷേ ന്യായവാദങ്ങളിലെ സാമർത്ഥ്യം വ്യർത്ഥമാകുകയും ന്യായവാദിയുടെ മനസ്സ് വിഭ്രാന്തമാകുകയും ചെയ്യും.

39. ശ്രേഷ്ഠജ്ഞാനം നേടുന്നവർ വ്യത്യസ്ത വിഭാഗമായിരിക്കും, അവരുടെ ചിന്താ ഗതികളും ബുദ്ധിയും വ്യത്യസ്ത തരത്തിലുള്ളതായിരിക്കും. യഥാർത്ഥ ജ്ഞാനം നേടിയ ആൾ വളരെ വ്യത്യസ്തനും, ജ്ഞാനം പകരുന്നതിന് യോജിച്ച വ്യക്തിയുമാണെന്ന് ദയവായി മനസ്സിലാക്കുക.

40. എപ്രകാരമാണ് വിലപിടിച്ച ഈ ശരീരം നശിപ്പിക്കപ്പെടുന്നത്! ഉച്ചനേരത്തെ നിഴൽപോലെ നശ്വരമാണ് ധനവും സുഖങ്ങളും. ഇത് ഈശ്വരൻ സൃഷ്ടിച്ച ശക്തിയേറിയ മിഥ്യയാണെന്ന് തിരിച്ചറിഞ്ഞ് ദിവ്യന്മാരുടെ പാദങ്ങളിൽ അഭയം തേടുക.

41. ലൗകിക സാഗരത്തിലെ നൗകകളെപ്പോലെയാണ് ദിവ്യന്മാർ. നിങ്ങൾ ഒരു യാത്രക്കാരനാകുക. മറ്റാർക്കാണ് നിങ്ങളെ മറുകരയിൽ എത്തിക്കാൻ കഴി യുക?

42. ആത്മനിയന്ത്രണവും വൈരാഗ്യവും ഒരുമിച്ച് ചേർന്നാൽ, അരകല്ല് പോലെ മന്ദനായ ഒരുവനെപ്പോലും, അത് ക്ലേശമില്ലാതെ ഭവസാഗരം കടത്തിവിടും.

43. ഈശ്വരന് ആറ് ശ്രേഷ്ഠതകൾ അഥവാ ഗുണങ്ങളുണ്ട്[3], വിരക്തിയാണ് പ്രഥ മമായതും പ്രധാനപ്പെട്ടതും. വളരെയധികം ഭാഗ്യമുള്ളവർ മാത്രമേ അത് നേടു

കയുള്ളൂ, മറ്റുള്ളവർക്ക് അസാധ്യമാണ്.

44. ശാസ്ത്രങ്ങൾ അനുശാസിക്കുന്ന ധർമ്മങ്ങൾ അനുഷ്ഠിച്ചില്ലെങ്കിൽ മനസ്സ് ശുദ്ധമാകില്ല. മനസ്സ് ശുദ്ധമാകാത്തിടത്തോളം കാലം യഥാർത്ഥജ്ഞാനം സാധ്യമല്ല.

45. അതിനാൽ, നിങ്ങളുടെ സ്വധർമ്മം അനുഷ്ഠിക്കുന്നതാണ് ജ്ഞാനസമ്പാദനത്തിനുള്ള മൂലമാർഗ്ഗമെന്ന് അറിയുക. ദൈനംദിനധർമ്മങ്ങൾ, ഇടയ്ക്ക് ചെയ്യേണ്ടിവരുന്ന കർമ്മങ്ങൾ, ശാസ്ത്രവിധി പ്രകാരമുള്ള ധർമ്മങ്ങൾ എന്നിവ പൂർണ്ണമായി നിർവഹിക്കുന്നത് മനസ്സിലെ അശുദ്ധി കഴുകിക്കളയും.

46. ഇത്തരത്തിൽ ശുദ്ധമായ മനസ്സിൽ ആത്മനിയന്ത്രണവും വിരക്തിയും ഉണ്ടാകും; കൂടാതെ ശ്വാസം, ശരീരം എന്നിവയുടെ നിയന്ത്രണവും[4], അതിലൂടെ ആ ധനം നേടാനും കഴിയും. അവസാനമായി അവയുടെ സഹായത്തോടെ ഒരുവന് ജീവിച്ചിരിക്കുമ്പോൾ തന്നെ ശരീരത്തിൽ നിന്നും സ്വതന്ത്രനാകാനും കഴിയും.

47. കർമ്മഫലങ്ങളും പ്രതീക്ഷകളും മനസ്സിന്റെ ഏകാഗ്രതയുടെ സഹായത്താൽ ഉപേക്ഷിക്കുകയും, പൂർണ്ണമനസ്സോടെ ഒരു ഗുരുവിൽ ശരണാഗതി തേടുകയും ചെയ്യുമ്പോൾ, ഗുരു അവനെ സ്വീകരിക്കും.

48. ഭൗതികസുഖങ്ങൾ ഉപേക്ഷിച്ചവനും, ഭക്തിയോടെ അനുചരിക്കുന്നവനും, ദൃഢവിശ്വാസമുള്ളവനും, നേടിയ ജ്ഞാനത്താൽ വിവേകിയായവനും ഒക്കെ ഇതല്ലാതെ മറ്റ് മാർഗ്ഗമില്ല.

49. ആ ജ്ഞാനം നേടിയ ശേഷവും, ശരിയായ രീതിയിൽ ഒരുവൻ പെരുമാറുന്നില്ലെങ്കിൽ അവൻ ഇവിടെയുമല്ല അവിടെയുമല്ല, സ്വർഗ്ഗത്തിലും ഭൂമിയിലുമല്ല എന്ന നിലയിൽ ത്രിശങ്കു സ്വർഗ്ഗത്തിലെന്നപോലെ മധ്യത്ത് തൂങ്ങിക്കിടക്കും.

50. അജ്ഞാനമാണ് ഒരുവന്റെ തികഞ്ഞ ഭൗതികമനോഭാവത്തിന് കാരണം. ആത്മനെക്കുറിച്ച് ശരിയായ തരത്തിൽ ജ്ഞാനമുണ്ടാകുമ്പോൾ അത് സ്വയം ഭൗതികലോകത്തിനോട് വൈരാഗ്യം ഉണ്ടാകുന്ന അവസ്ഥയിലേയ്ക്ക് നയിക്കും.

51. ആത്മജ്ഞാനം നേടിയ മനുഷ്യൻ എല്ലായ്പ്പോഴും അഹംഭാവരഹിതനായിരിക്കും. അയാളെ സംബന്ധിച്ചിടത്തോളം, ശരിയും തെറ്റും, ധാർമ്മികനും അധാർമ്മികനും, നല്ലതും ചീത്തയും എന്നിങ്ങനെയുള്ള ലൗകികസങ്കൽപ്പങ്ങൾക്ക് ഒരു പ്രാധാന്യവുമില്ല.

52. ഭൗതിക നേട്ടങ്ങളെക്കുറിച്ചുള്ള അഹങ്കാരം നശിച്ച ഒരുവനിൽ, വളരെപ്പെട്ടെന്ന് വൈരാഗ്യബുദ്ധിയുണ്ടാകും–അത് തന്നെയാണ് ജീവിതത്തിലെ ശ്രേഷ്ഠമായ അവസ്ഥയും. ഇത് നന്നായി ഓർക്കുക.

53. സ്വാഭാവികമായ ജീവിതയാത്രയിൽ സുഹൃത്തുക്കളും ശത്രുക്കളുമുണ്ടാകും. പക്ഷേ വിരക്തി നേടുമ്പോൾ ഇതൊക്കെ മൂഢത്തരമായി തോന്നും, എന്തെന്നാൽ എല്ലാറ്റിലും സ്വന്തം ആത്മനെ ദർശിക്കുന്ന ഒരുവന് സൗഹൃദവും ശത്രുതയും ഉണ്ടാകുമോ?

54. ഉത്കൃഷ്ടമായ ആനന്ദം അനുഭവിക്കുമ്പോൾ,അതികഠിനമായ ദേഹപീഢ

പോലും നിസ്സാരമായി തോന്നും. അങ്ങനെയാണെങ്കിൽ ആ ഉത്കൃഷ്ടാനന്ദം നേടിക്കഴിഞ്ഞാൽ ആർക്കാണ് ഭൗതിക സുഖങ്ങൾക്ക് വേണ്ടി ആഗ്രഹിക്കാൻ കഴിയുക?

55. മലകൾ പോലെ ഭൗതിക ദുഃഖങ്ങൾ അവന്റെ മേൽ പതിച്ചാലും അവൻ അല്പം പോലും സംഭ്രമിക്കുകയില്ല; ധൈര്യത്തിന്റെ ഒരു പർവ്വതം പോലെ അവൻ ഉറച്ചിരിക്കും.

56. ഈശ്വരൻ അദ്ദേഹം അനുഗ്രഹിക്കാൻ തെരഞ്ഞെടുക്കുന്നവന് വൈരാഗ്യമെന്ന സമ്മാനം നൽകുന്നു. പിന്നീട് അദ്ദേഹം അതിൽ വിവേചനബുദ്ധി കൂടി കലർത്തി, ലോകസാഗരം താണ്ടാൻ അവനെ പ്രാപ്തനാക്കുന്നു.

57. ദർപ്പണത്തിൽ തെളിയുന്ന സ്വന്തം പ്രതിബിംബം പോലെ വ്യക്തമായി ആത്മ സാക്ഷാത്കാരം നേടണമെന്നാഗ്രഹിക്കുന്ന ഒരു സാധകന് ഈ ലോകമോ, സ്വർഗ്ഗങ്ങളോ അല്ലാതെ മറ്റു സ്ഥലങ്ങളില്ല. മൂന്നാമതൊരിടം അവനുണ്ടാകാൻ ഇടയില്ല.

58. പൂജാവിധികളും യാഗങ്ങളും നടത്തിയാൽ ദേവതകൾ പ്രസാദിക്കുകയും, മരണശേഷം സ്വർഗ്ഗത്തിൽ വസിക്കുന്നതിന് വരം നൽകുകയും ചെയ്യും. ഒരുവന് അവന്റെ കർമ്മങ്ങളുടെ ഫലം ലഭിക്കും, പക്ഷേ ആത്മജ്ഞാനമെന്ന സമ്പത്ത് നേടാൻ കഴിയില്ല.

59. അനേകം തപശ്ചര്യകൾ അനുഷ്ഠിച്ചാൽ ഒരുവന് ഗന്ധർവപദം[5] ലഭിക്കുമെന്നുള്ളത് സത്യമാണ്, പക്ഷേ ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനം മറഞ്ഞു കിടക്കും. അതിനാൽ ആത്മനെക്കുറിച്ച് യഥാർത്ഥജ്ഞാനം നേടണമെന്ന് ആഗ്രഹമുള്ളവർ ഭൂമിയിൽ തന്നെ ദീർഘനാൾ ജീവിക്കാൻ അഭിലഷിക്കും.

60. ഇവിടെ മനസ്സ് ശുദ്ധമാകുന്നു; ബുദ്ധി കണ്ണാടി പോലെ തെളിഞ്ഞതാകുന്നു; മൂന്ന് തരത്തിലുള്ള പരിശുദ്ധി (മനസ്സ്, ബുദ്ധി, ആത്മാവ്) യാകുന്ന ആത്മന്റെ ശുദ്ധജ്ഞാനം അതിൽ പ്രതിബിംബിക്കുന്നു.

61. മറ്റ് സ്ഥലങ്ങൾ അതായത് സ്വർഗ്ഗത്തിൽ, ആത്മജ്ഞാനം നേടാൻ സാധ്യമാണ്, പക്ഷേ അത് വളരെ പ്രയാസകരവും, നേടാൻ കഠിനമായ ശ്രമങ്ങളും ആവശ്യമാണ്.

62. മിഥ്യാധാരണകൾ നിങ്ങളെ ഒരു സർപ്പം പോലെ പിണഞ്ഞ് ഇറുക്കിപ്പിടിക്കും, കുടൽമാലകളെ പൂർണ്ണമായും ഞെരിക്കും. മിഥ്യകൾ പുറമേയും ആവരണം ചെയ്യും-ആർക്കാണ് അത് ഒഴിവാക്കാൻ കഴിയുക?

63. "നീ ഇവിടെ ഇരുന്ന് കൊണ്ട് ഞങ്ങളെ കാണുകയായിരുന്നു. നിനക്ക് നിന്റെ കീശയിൽ അമ്പത് മടങ്ങ് ഉറുപ്പിക (അഞ്ച് രൂപയേക്കാൾ) ഉണ്ട്. അത് ഇപ്പോൾ പുറത്തേയ്ക്ക് എടുക്കുക. ഞങ്ങൾ കാണട്ടെ. വിഭ്രാന്തി[6] നിന്റെ കീശയ്ക്കകത്താണ്."

64. അത് പുറത്തേയ്ക്ക് എടുക്കാൻ ആവശ്യപ്പെട്ടപ്പോൾ, ആ മാന്യവ്യക്തി അയാളുടെ കൈ തന്റെ കീശയിലിട്ട് ഒരു പൊതി പുറത്തേയ്ക്ക് എടുത്തു, അതിൽ പത്ത് ഉറുപ്പികയുടെ ഇരുപത്തിഅഞ്ച് നോട്ടുകൾ ഉണ്ടായിരുന്നത് അയാൾ

ഓരോന്നായി എണ്ണി.

65. ആ മാന്യൻ തന്റെ ഉള്ളിന്റയുള്ളിൽ വളരെ ലജ്ജിക്കുകയും സ്വയം ഇപ്രകാരം ചിന്തിക്കുകയും ചെയ്തു. "ഉള്ളിലെ രഹസ്യങ്ങൾ എത്ര കൃത്യമായാണ് മഹാരാജ് അറിയുന്നത്!" അയാൾ തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ച് അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു.

66. ബാബ അപ്പോൾ പറഞ്ഞു. "നിന്റെ വ്യാജബ്രഹ്മനെ പൊതിഞ്ഞെടുത്തോളൂ. നിന്റെ അത്യാഗ്രഹം നശിക്കാത്തിടത്തോളം, നീ ഒരിക്കലും ബ്രഹ്മനെ അറിയില്ല."

67. "സ്വന്തം കുടുംബത്തോടും സ്വത്തുക്കളോടും (പുത്രന്മാർ, കൃഷിയിടങ്ങൾ, മൃഗങ്ങൾ തുടങ്ങിയവ) മനസ്സിൽ അതിയായ മമതയുള്ളവന്, തന്റെ സമ്പത്തിനെക്കുറിച്ചുള്ള നിരന്തരമായ ചിന്ത ഒഴിവാക്കാതെ എങ്ങനെയാണ് ബ്രഹ്മനെ നേടാൻ കഴിയുന്നത്."

68. "പണത്തിനോടുള്ള ദുരാഗ്രഹം പ്രയാസകരമാണ്. അത് വേദനയും പൊങ്ങച്ചവും അസൂയയുമാകുന്ന മുതലകൾ നിറഞ്ഞ അഗാധമായ ഒരു ചുഴിയാണ്. ആഗ്രഹരഹിതനായ ഒരു മനുഷ്യന് മാത്രമേ ദുഷ്കരമായ ഈ ജലത്തിലൂടെ നീന്തിക്കടക്കാൻ കഴിയൂ."

69. "അത്യാഗ്രഹവും ബ്രഹ്മനും തമ്മിൽ അവസാനിക്കാത്ത ശത്രുതയാണുള്ളത്. ധ്യാനത്തിന് സമയമില്ലാത്തവന് എങ്ങനെയാണ് ആത്മനിയന്ത്രണവും മുക്തിയും നേടാൻ കഴിയുക? ദുരാഗ്രഹിയായ ഒരു മനുഷ്യൻ അധഃപതിച്ചവനാണ്."

70. "അത്യാഗ്രഹമുള്ളിടത്ത് സമാധാനമുണ്ടാകില്ല, സംതൃപ്തിയോ വിശ്രാന്തിയോ ഉണ്ടാകില്ല. എല്ലാ ശ്രമങ്ങളും (ബ്രഹ്മജ്ഞാനം നേടുന്നതിനുള്ള), മനസ്സിൽ അത്യാഗ്രഹം ഉടലെടുത്താലുടൻ, തകർന്ന് തരിപ്പണമാകും.

71. "തരംതാണ, നിഷിദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുന്ന, ശ്രുതികൾക്കും സ്മൃതികൾക്കും നിരക്കാത്ത അധഃപതിച്ച പെരുമാറ്റങ്ങളിൽ ഏർപ്പെടുന്ന, സ്ഥിരമായി അത്തരം ജീവിതം നയിക്കുന്ന ഒരുവന് ഒരിക്കലും മനഃസ്ഥൈര്യം ഉണ്ടാകില്ല.

72. "അത്തരത്തിലുള്ള മനുഷ്യനെ തോന്നിയവാസി എന്നാണ് വിളിക്കുക. അവൻ എപ്പോഴും ക്രൂരമായ പ്രവൃത്തികളിൽ മുഴുകി, ഭൗതികസുഖങ്ങളിൽ സ്ഥിരമായി ആഴ്ന്നിറങ്ങി, ഒരിക്കലും എന്താണ് നല്ലത് എന്താണ് ചീത്തയായത് എന്ന് മനസ്സിലാക്കുന്നില്ല.

73. "ഒരു പക്ഷേ അവന് ബ്രഹ്മന്റെ പ്രകൃതത്തെക്കുറിച്ച് അറിവുണ്ടാകാം. പക്ഷേ തന്റെ പ്രവൃത്തികളുടെ ഫലത്തെക്കുറിച്ചുള്ള ആഗ്രഹം ഉപേക്ഷിക്കാത്തിടത്തോളം കാലം ബ്രഹ്മനെക്കുറിച്ച് അവനുള്ള ജ്ഞാനം വ്യർത്ഥമാണ്. അവൻ ആത്മജ്ഞാനിയുമാകുന്നില്ല."

74. "ആരെങ്കിലും ഒരു ദിവ്യനെ സമീപിച്ച് എന്തെങ്കിലും ആവശ്യപ്പെട്ടാൽ, ആ ദിവ്യൻ ആദ്യമായി അയാൾ അതിന് അർഹനാണോ എന്ന് പരിശോധിക്കും,

എന്നിട്ട് അതിനനുസരിച്ച് അവന്റെ ആഗ്രഹങ്ങൾ സാധിച്ച് നൽകും.

75. "പകലും രാത്രിയും ഒരുവന്റെ മനസ്സ് ഭൗതികനേട്ടങ്ങളെക്കുറിച്ചോർത്ത് ഊറ്റം കൊള്ളുകയും, ഭൗതിക സുഖങ്ങളിൽ രമിക്കുകയും ചെയ്യുകയാണെങ്കിൽ, അവന് ഗുരുവിന്റെ ഉപദേശങ്ങൾ കൊണ്ട് ഒരു ഫലവുമുണ്ടാകില്ല. രണ്ടു പേർക്കും അത് വെറും സമയം പാഴാക്കൽ മാത്രമാണ്!

76. "മന:ശുദ്ധി വരുത്താതെ, ദൈവിക ജീവിത മാർഗ്ഗങ്ങളിൽ ചരിക്കാൻ ശ്രമിക്കുന്നവന്റെ പ്രയത്നങ്ങൾ പാണ്ഡിത്യത്തിന്റെ പ്രദർശനം മാത്രമായി കാണപ്പെടും. അതൊക്കെ വ്യർത്ഥമായ ശ്രമങ്ങളാണ്.

77. "അതിനാൽ ഒരുവന് ഗ്രഹിക്കാൻ കഴിയുന്നത് മാത്രം സംസാരിക്കണം. ഒരുവന് ദഹിക്കാൻ കഴിയുന്നത് മാത്രം ഭക്ഷിക്കണം, അല്ലെങ്കിൽ അനാവശ്യമായ ദഹനക്കേട് ഉണ്ടാകും. ഇത് എല്ലാവർക്കും അറിയുന്നതാണ്.

78. "എന്റെ ഖജനാവ് നിറഞ്ഞു തുളുമ്പിയിരിക്കുകയാണ്, ആര് എന്ത് ചോദിച്ചാലും എനിക്ക് നൽകാൻ കഴിയും, പക്ഷേ സ്വീകരിക്കുന്നവന്റെ യോഗ്യത ഞാൻ കണക്കിലെടുക്കേണ്ടതുണ്ട്. ഒരുവന് സ്വീകരിക്കാൻ കഴിയുന്നത് മാത്രമേ ഞാൻ നൽകൂ.

79. "ഞാൻ പറഞ്ഞതൊക്കെ നീ ശ്രദ്ധിച്ച് മനസ്സിലാക്കിയാൽ നിനക്ക് ഫലമുണ്ടാകും. ദിവ്യമായ ഈ മസ്ജിദിൽ ഇരുന്ന് കൊണ്ട് ഞാൻ ഒരിക്കലും അസത്യം പറയില്ല."

80. ദിവ്യന്മാരുടെ വാക്കുകളാകുന്ന അമൃതനദിയിൽ ഒരുവൻ വിശ്വാസത്തോടെ മുങ്ങിക്കുളിച്ചാൽ, അവൻ അകത്തും പുറത്തും ശുദ്ധനാകുന്നു, സകല അശുദ്ധികളും കഴുകിക്കളയപ്പെടും.

81. സായിനാഥന്റെ ശ്രേഷ്ഠത അത്തരത്തിലാണ്, ഞാൻ അത് വർണ്ണിക്കാൻ ഒരുങ്ങുമ്പോൾ അതിന് അവസാനമില്ല! ഉപമകളില്ലാത്ത അദ്ദേഹത്തെ ഞാൻ ഏതിനോടാണ് ഉപമിക്കുക? ശുദ്ധമായ സ്നേഹത്തിലൂടെ മാത്രമേ അദ്ദേഹത്തിനടുത്തെത്താൻ കഴിയൂ.

82. അദ്ദേഹം എല്ലാവരുടെയും മാതാവ് ആണ്–നിസ്സഹായർക്കും ക്ഷീണിതർക്കും ആശ്രയ സങ്കേതം–വള്ളിച്ചെടിക്ക് വൃക്ഷമെന്ന പോലെ, ആശ്രയിക്കുന്നവരുടെ താങ്ങാണ് അദ്ദേഹം. ദരിദ്രർക്കും, അശരണർക്കും അദ്ദേഹം ശീതളച്ഛായ നൽകുകയും ചെയ്യുന്നു.

83. ഭൗതികലോകം ഉപേക്ഷിച്ച അനേകം ദിവ്യന്മാരുണ്ട്. അവർ ഏകാന്തമായി, മലകളിലെ ഗുഹകൾക്കുള്ളിൽ മൗനമായിരുന്ന് അവരുടെ സ്വന്തം നന്മയെക്കുറിച്ച് മാത്രം ശ്രദ്ധിക്കുന്നു.

84. അവരുടെ സ്വന്തം നന്മ അല്ലെങ്കിൽ ആത്മീയ പുരോഗതിയെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അത്തരത്തിലുള്ള ദിവ്യന്മാരെക്കൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

85. പക്ഷേ സായിബാബ അത്തരത്തിലുള്ള ദിവ്യനായിരുന്നില്ല. ബന്ധുക്കളോ, സുഹൃത്തുക്കളോ, ഗൃഹമോ, ഭാര്യയോ, പുത്രനോ ഇല്ലാതിരുന്നിട്ടും അദ്ദേഹം

ഈ ലോകത്തിൽ തന്നെ ജീവിച്ചു.

86. അഞ്ച് ഗൃഹങ്ങളിൽ ഭിക്ഷയായി നാമമാത്രമായ ആഹാരം യാചിച്ച്, രാത്രിയും പകലും ഒരു വൃക്ഷച്ചുവട്ടിൽ ജീവിച്ചു. തനിക്കുണ്ടായിരുന്ന അല്പമാത്രമായ സാധനസാമഗ്രികൾ കൊണ്ട് ജീവിക്കവേ ജീവിതരീതികളെക്കുറിച്ച് അദ്ദേഹം ഉപദേശങ്ങൾ നൽകി.

87. ആത്മസാക്ഷാത്കാരം നേടിയ ശേഷം സാധാരണ ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി പ്രയത്നിക്കുന്ന ഇത്തരത്തിലുള്ള ശ്രേഷ്ഠ ദിവ്യന്മാർ ഈ ലോകത്ത് വിരളമാണ്.

88. ആ രാജ്യം അനുഗൃഹീതമാണ്, ആ കുടുംബം അനുഗൃഹീതമാണ്, ധർമ്മിഷ്ഠരായ ആ മാതാപിതാക്കൾ അനുഗൃഹീതരാണ്, ഈ രത്നത്തിന് ജന്മം നൽകിയ ആ ദിവ്യ ഗർഭപാത്രം അനുഗൃഹീതമാണ്.

89. പരിശ്രമമില്ലാതെ ഈ പരീസ് ശില[7] അവിടെ കാണപ്പെട്ടു. പക്ഷേ അത് വെറും കല്ലാണെന്ന് ധരിച്ച് പലരും അത് ഉപേക്ഷിച്ചു. ഷിർദിയിൽ, വളരെക്കാലം ഈ ശ്രേഷ്ഠാത്മാവിനെ പലർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല.

90. അത് കുപ്പക്കൂനയിൽ വീണ രത്നക്കല്ല് പോലെയായിരുന്നു. വികൃതിക്കുട്ടികൾ അത് കണ്ടെടുത്തു, അത് കല്ലാണെന്ന് ധരിച്ച് കളിപ്പാട്ടം പോലെ ഉപയോഗിക്കുകയും ചവിട്ടുകയും ചെയ്തു.

91. അത് അങ്ങനെയാകട്ടെ. ഇത്തരത്തിൽ അനുഗ്രഹങ്ങൾ നേടി ബ്രഹ്മാർത്ഥി സംതൃപ്തനായി. ഇത് നമുക്ക് എല്ലാം ബാധകമാണ്. ഈ കഠിനമാർഗ്ഗം നാം ഉപേക്ഷിക്കണം.

92. മധുരസംഗീതം ശ്രവിക്കുക, സുഖപ്രദമായ തലോടൽ അനുഭവിക്കുക, സുഗന്ധം ആസ്വദിക്കുക, നയനമനോഹരമായ കാഴ്ചകൾ കാണുക എന്നിങ്ങനെ ബാഹ്യമായ സകല സുഖങ്ങളും നമ്മൾ ആസ്വദിക്കുകയാണെങ്കിൽ ഇന്ദ്രിയങ്ങൾക്ക് മുകളിൽ നമുക്ക് നിയന്ത്രണമുണ്ടാകില്ല.

93. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുകയും അവയുടെ തനതായ പ്രകൃതം മാറ്റി ഉള്ളിലേയ്ക്ക് ശ്രദ്ധ തിരിക്കുകയും ചെയ്തില്ലെങ്കിൽ, ബ്രഹ്മനെപ്പറ്റി ഗ്രഹിക്കാനോ, അനുഭവിക്കാനോ സാധ്യമല്ല.

94. ആദ്യമായി ഒരുവൻ പൂർണ്ണമായും ആഗ്രഹരഹിതനാകണം[8]. പിന്നീട് അവൻ ഗുരുവിൽ പൂർണ്ണമായ സമർപ്പണം ചെയ്യണം. ഇത്തരത്തിൽ ദൃഢവും പൂർണ്ണവുമായ വിശ്വാസം ഉണ്ടാകുന്നവന് ബ്രഹ്മജ്ഞാനം നേടാനുള്ള യോഗ്യതയുണ്ട്.

95. കർണ്ണങ്ങൾ തുടങ്ങിയ പഞ്ചേന്ദ്രിയങ്ങൾ അവയുടെ യഥാക്രമമായ സുഖങ്ങൾ ഉപേക്ഷിക്കുമ്പോൾ മനസ്സ് അതിന്റെ സംശയങ്ങളും ആഗ്രഹങ്ങളും ഉപേക്ഷിക്കും.

96. അങ്ങനെ ഭേദചിന്തകൾ ഉപേക്ഷിച്ച്, ആന്തരികമായി സ്വതന്ത്രമായ അവസ്ഥയിൽ, ബുദ്ധിയ്ക്ക് തീരുമാനങ്ങളെടുക്കുക എന്ന ബാധ്യതയിൽ നിന്ന് മോചനം ലഭിക്കുന്നു. അത് തന്നെയാണ് മനസ്സിന്റെ ഉത്കൃഷ്ടാവസ്ഥ, അവ്യയമായ

ബ്രഹ്മനും അതാണ്.

97. ബുദ്ധിയ്ക്ക് വിവേചനശക്തിയുടെ സഹായം ആവശ്യമില്ലാതെ വരുമ്പോൾ, മനസ്സ് ചേതനമാകുന്നു. അത് ശുദ്ധബോധമല്ലാതെ മറ്റൊന്നുമല്ല. അത് നേടാൻ കഴിയുന്ന മനുഷ്യൻ അനുഗൃഹീതനാണ്.

98. ഇന്ദ്രിയങ്ങൾ ഭൗതികസുഖങ്ങളിൽ നിന്ന് അകന്ന് മാറി അന്തർമുഖമാകുമ്പോൾ, ആത്മാനന്ദം അനുഭവവേദ്യമാകുകയും മറ്റെല്ലാം ദു:ഖകരമാണെന്ന് അറിയുകയും ചെയ്യും.

99. അത് ഇന്ദ്രിയങ്ങളാലും ആസക്തികളാലും നിറം മാറിയിരിക്കുകയാണ്. അത് അതിസൂക്ഷ്മമാണ്. അങ്ങനെ ഈ ആത്മജ്ഞാനം അറിയുക എന്നത് വളരെ ദുഷ്കരമാണ്. ഉത്കൃഷ്ടമായ ആനന്ദം അനുഭവിക്കാനുള്ള മാർഗ്ഗമാണ് അത്. അത് വളരെ നിഗൂഢവും ബോധതലത്തിന് അതീതവുമാണ്.

100. ഈ ലോകത്തെക്കുറിച്ചും, മറുലോകത്ത് ഹിരണ്യഗർഭാവസ്ഥയിൽ[9] എത്തുന്നത് വരെയുള്ള കാലത്തെക്കുറിച്ചും തീർത്തും വേവലാതിപ്പെടാത്ത ഒരുവനാണ് ജ്ഞാനി, അവൻ മാത്രമാണ് ബ്രഹ്മപദലബ്ധി[10]ക്കർഹനാകുന്നതും.

101. മനസ്സിനെ ഇന്ദ്രിയ വിഷയങ്ങളിൽ നിന്നും ക്രമമായും സാവധാനത്തിലും വേർപെടുത്തി, ആത്മനിൽ കേന്ദ്രീകരിക്കണം. അത്തരത്തിൽ ആത്മനെക്കുറിച്ചുള്ള അറിവ് നേടാൻ കഴിയും.

102. ഈ ലോകത്തിലും മറുലോകത്തിലുമുള്ള കർമ്മഫലങ്ങളെക്കുറിച്ച് താൽപര്യമില്ലാതെ, സുഖവും ദു:ഖവുമെന്ന ദ്വന്ദ്വ ഭാവത്തിനതീതമായി വർത്തിക്കുന്ന, ബുദ്ധിശാലികളായ ജനങ്ങൾ മാത്രമേ ദൈവികാനുഭവം ആസ്വദിക്കുകയുള്ളൂ.

103. വദ്റനാൽ[11] എന്ന അഗ്നിയുടെയും, ത്രിദോഷങ്ങളുടെയും[12] നാളങ്ങളാൽ വലയം ചെയ്യപ്പെട്ട ലോകസാഗരത്തിന്റെ ഇളകിമറിയുന്ന ജലത്തിൽ ആർക്കാണ് സന്തോഷമായി വസിക്കാൻ കഴിയുക.

104. അതിനാൽ സ്വന്തം നന്മയ്ക്ക് വേണ്ടി ഒരുവൻ സായിയുടെ അനുഗ്രഹങ്ങൾ തേടണം. അദ്ദേഹത്തിന്റെ കഥകൾ പാരായണം ചെയ്യുകയും ശ്രവിക്കുകയും മനനം ചെയ്യുകയും വേണം.

105. ഭാര്യ, സന്തതി, കുടുംബം, സുഹൃത്തുക്കൾ, ബന്ധുജനങ്ങൾ എന്നിവരോടൊപ്പം ഈ ജീവചരിത്രം ശ്രവിക്കുകയാണെങ്കിൽ ഇരുലോകത്തിലെയും നന്മകൾ നിങ്ങൾക്ക് ലഭിക്കും. ബാബയുടെ ലീലകൾ അനുപമമാണ്.

106. ഭാഗ്യവാന്മാരും വിശ്വാസമുള്ളവരുമായ ശ്രോതാക്കൾക്ക് മാത്രമേ ഈ കഥകൾ കേൾക്കാൻ കഴിയൂ. ശ്രവിക്കുമ്പോൾ അവരിൽ ഒരു ലഘുത്വം അനുഭവപ്പെടുകയും അത് പൂർണ്ണമായ ശാന്തിയിലേക്ക് നയിക്കുകയും ചെയ്യും.

107. ജീവിതകഥകളാകുന്ന അരുവിയിലെ ഒഴുകുന്ന ജലത്തിൽ കർമ്മവും അകർമ്മവുമാകുന്ന ലവണം അലിഞ്ഞില്ലാതാകുകയും, സായിയുടെ സുന്ദരമായ രൂപം, ശ്രവണത്തിലൂടെ ദൃഷ്ടികൾക്ക് മുമ്പിൽ തെളിയുകയും ചെയ്യും.

108. അദ്ദേഹത്തിന്റെ ജീവിതകഥ ശ്രവിക്കുമ്പോൾ പാപങ്ങൾ നശിപ്പിക്കപ്പെടും.

അദ്ദേഹത്തിന്റെ ജീവിതകഥ ശ്രവിക്കുമ്പോൾ വിധി കീഴടക്കപ്പെടും. അദ്ദേഹത്തിന്റെ ജീവിതകഥ ശ്രവിക്കുന്നതിലൂടെ ശ്രോതാക്കൾ ആയാസരഹിതമായി ഉത്തമമായ ആനന്ദം നേടും.

109. ശ്രവണത്തിലൂടെ ഹൃദയം ശുദ്ധമാകും; ശ്രവണത്തിലൂടെ ജനനമരണവൃത്തം ഒഴിവാക്കപ്പെടും; കർമ്മങ്ങൾ അനുഷ്ഠിച്ച് കർമ്മഫലങ്ങൾ ബ്രഹ്മന് സമർപ്പിച്ച് ബ്രഹ്മജ്ഞാനം നേടുന്നത് പോലെ ശ്രവണത്തിലൂടെ ശ്രോതാക്കൾക്ക് ബ്രഹ്മജ്ഞാനം നേടാൻ കഴിയും.

110. സായിയെ സേവിക്കണമെന്ന് ആഗ്രഹിക്കുന്ന വ്യക്തിയെ സായി അനാസക്തനാക്കുകയും, സ്വന്തം ഭക്തർക്ക് സായിരാമ വിശ്രമം, ശാന്തി, സന്തോഷം എന്നിവ നൽകുകയും ചെയ്യും.

111. ഓ, ശ്രോതാക്കളേ, ദയവായി ദിനവും അദ്ദേഹത്തിന്റെ ഗ്രന്ഥം അല്പമെങ്കിലും പാരായണം ചെയ്യുകയോ, ശ്രവിക്കുകയോ അഭ്യസിക്കുകയോ മനനം ചെയ്യുകയോ വേണം. അല്ലെങ്കിൽ അത് പഠിച്ച് ചൊല്ലുക.

112. 'നീ സ്വയം പൂർണ്ണമായും അറിയുക. ആ സന്തോഷമാണ് ബ്രഹ്മൻ', ഇത് തൈത്തിരിയോപനിഷത്തിലെ പ്രശസ്ത ഉദ്ധരണിയാണ്. ശ്രുതികളിൽ പാണ്ഡിത്യമുള്ള ബാബ ഈ വാചകം തന്റെ ഭക്തർക്ക് പകർന്ന് നൽകി.

113. "ഒരിക്കലും അല്പം പോലും വിഷമിക്കരുത്. സന്തോഷവാനായിരിക്കുക. മരണം വരെ ഒരു ഉത്കണ്ഠയും പാടില്ല." ബാബ ഇങ്ങനെ എല്ലായ്പ്പോഴും ഉപദേശിച്ചിരുന്നു.

114. ഈ അധ്യായം ബ്രഹ്മനെക്കുറിച്ചുള്ള വിവരണമായിരിക്കാം; പക്ഷേ അതിന്റെ ആന്തരികാർത്ഥമെന്തെന്നാൽ, സായിയിൽ ശരണം പ്രാപിക്കുന്നവന്റെ നൗക ഈ ഭവസാഗരം കടക്കാൻ പ്രാപ്തമാണെന്നാണ്.

115. ഒരുവൻ മറ്റുള്ളവർക്ക് ഉപകാരിയാകുകയും, ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി ആവർത്തിച്ച് ഉപദേശങ്ങൾ നൽകുകയും വേണം. ബാബ ഈ ആപ്തവാക്യം പിന്തുടരുകയും പ്രായോഗിക ജീവിതത്തിൽ പ്രവർത്തിക്കുകയും ചെയ്തു.

116. ഇത് ശരിയാണോ തെറ്റാണോ എന്ന വാദമുഖങ്ങൾ ഭാവനാത്മകമാണ്. ഈ ഗ്രന്ഥത്തിൽ സാധാരണ ജനങ്ങളുടെ സന്തോഷത്തിനാണ് ഊന്നൽ കൊടുക്കുന്നത്.

117. അതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. ബാബയ്ക്ക് കാര്യകാരണങ്ങൾ വ്യക്തമായി അറിയാം. മനുഷ്യരുടെ അഭിലാഷങ്ങൾ അറിയുന്നത് പോലെ അവരുടെ ഭാവിയും അദ്ദേഹം അറിഞ്ഞിരുന്നു.

118. ഗുരുമുഖത്തിൽ നിന്നും കഥകൾ ശ്രവിക്കുക, അദ്ദേഹത്തിന്റെ അഗ്രാഹ്യമായ ശക്തികൾ അനുഭവിക്കുക, കഴിയുന്നത്ര കഥകൾ ഓർക്കുകയും അവ ഓർമ്മയിൽ സൂക്ഷിക്കുകയും, അവ മറ്റുള്ളവരോട് പറയുകയും ചെയ്യുക.

119. സായിയുടെ മനോഹരമായ ഈ ജീവിതകഥ ആദരവോടെ ശ്രവിക്കുകയാണെങ്കിൽ, വിവരണക്കാരന്റെയും ശ്രോതാക്കളുടെയും, ദു:ഖങ്ങളും ക്ലേശങ്ങളും നശിപ്പിക്കപ്പെടുകയും, സകലരുടെയും ദുരിതനാളുകൾക്ക് അറുതിവരുകയും

ചെയ്യും.

120. അദ്ദേഹത്തിന്റെ ദൈവികശക്തികൾ അനുഭവിക്കുമ്പോൾ ദുർഭാഗ്യവാന്മാർക്കല്ലാതെ, ആർക്കാണ് അത്ഭുതമുണ്ടാകാത്തത്? അദ്ദേഹത്തിന്റെ ദർശനം കൊണ്ടുമാത്രം കാഴ്ചക്കാർക്ക് ശാന്തി ലഭിക്കുകയും അവർ അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങുകയും ചെയ്തു.

121. സായിയുടെ സരളമായ ഈ കഥകൾ തികഞ്ഞ ധാരണയോടും ഉൾക്കാഴ്ചയോടും കൂടി ശ്രവിക്കണം. ഇത്തരത്തിൽ, സന്തോഷത്തിനുള്ള അവസരം ലഭിക്കുമ്പോൾ ആരാണ് അത് നഷ്ടപ്പെടുത്തുക?

122. ആശയുടെ ഇളകിമറിയുന്ന ജലത്തിൽ, പുത്രൻ, ഭാര്യ, സുഹൃത്തുക്കൾ തുടങ്ങിയ ചുഴികളുണ്ട്. ആസക്തികൾ, കോപം മുതലായ മുതലകളുണ്ട്, പല രോഗങ്ങളാകുന്ന സ്രാവുകളുണ്ട്.[13]

123. ചില സമയത്ത് മണിക്കൂറുകളോളം താൽക്കാലികമായ വെറുപ്പ് തോന്നും. മനസ്സിൽ, ഒരു അഗ്നിപർവ്വതം പോലെ, സംഘട്ടനം പെട്ടെന്ന് ഉയരും; പക്ഷേ സ്നേഹബന്ധം പൊട്ടിച്ചെറിയാൻ കഴിയില്ല.

124. നിങ്ങൾ സ്വയം ശുദ്ധബ്രഹ്മനാണെന്നും, ശരീരത്തിൽ തത്തയെപ്പോലെ[14] ബന്ധിതനായി, ഉരുണ്ടുകൊണ്ടിരിക്കുന്ന ദണ്ഡിൽ മുറുകെ അള്ളിപ്പിടിച്ചിരിക്കുകയാണെന്നും നിങ്ങൾ സ്വയം പറഞ്ഞ് പഠിപ്പിക്കണം.

125. മിഥ്യാധാരണകളാലും പ്രലോഭനങ്ങളാലും നിങ്ങൾ വശീകരിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ നിങ്ങൾ നിങ്ങളുടെ സ്വത്വം മറന്നുപോയിരിക്കുന്നു. നിങ്ങളുടെ തനതായ പ്രകൃതത്തെക്കുറിച്ച് ഉടൻ തന്നെ അറിയുകയും മനസ്സിലാക്കുകയും വേണം.

126. വിഭ്രമകരമായ ചിന്തകൾ കൂടുതൽ വിഭ്രാന്തി സൃഷ്ടിക്കുന്നു. അങ്ങനെ ദേഹബുദ്ധിയെന്ന അഹങ്കാരം ഉടലെടുക്കുന്നു. 'ഞാൻ', 'എന്റേത്' എന്ന ധാരണ മരീചികയ്ക്ക് സമാനമാണെന്ന് ഗ്രഹിക്കാൻ ശ്രമിക്കുക. അപ്പോൾ എന്ത്കൊണ്ട് നിങ്ങൾക്ക് വൈരാഗ്യബോധം വളർത്തിക്കൂടാ?

127. ഓ, നിങ്ങൾ നന്നായി ചിന്തിക്കുക; ഈ ലോകജീവിതത്തിലെ 'ഞാൻ', 'എന്റേത്' എന്ന ധാരണയിൽ നിങ്ങൾ കുടുങ്ങിക്കിടക്കണമോ എന്ന്. ഓ ശാരികേ! ദണ്ഡിലെ പിടിവിട്ടിട്ട്, ആകാശത്ത് പറന്നു നടക്കുക.

128. സ്വാതന്ത്ര്യമുള്ളിടത്ത് ബന്ധനമുണ്ടാകും; ബന്ധനമുള്ളിടത്ത് സ്വാതന്ത്ര്യവുമുണ്ടാകും. ഈ രണ്ട് അവസ്ഥകളെയും അവഗണിച്ച് കൊണ്ട്, നിന്റെയുള്ളിലെ ശുദ്ധമായ ജീവചൈതന്യത്തിൽ നീ ജീവിക്കണം.

129. ഇത് ആത്മനിഷ്ഠമായ അറിവാണ്. സന്തോഷവും ദു:ഖവും തീർത്തും അജ്ഞാനമാണ്. അതിനാൽ അത്തരത്തിലുള്ള അറിവ് ഉപേക്ഷിച്ച് നിന്റെയൊപ്പമുള്ള ബ്രഹ്മനെക്കുറിച്ചുള്ള, യഥാർത്ഥമായ അറിവ് നേടുക.

130. 'നീ', 'ഞാൻ' എന്ന വിവേചനം ഉള്ളിടത്തോളം കാലം, നിനക്ക് നിന്റെ നന്മ തിരിച്ചറിയാൻ കഴിയില്ല. അത് ഉപേക്ഷിച്ച് കൊണ്ട്, സ്വാർത്ഥത വലിച്ചെറിഞ്ഞ്, നീ നിന്നിലേക്ക് നോക്കുക.

131. കുബേരനെപ്പോലെ[15] ധനികനായ ഒരുവൻ പുറമേയ്ക്ക് ഭിക്ഷാംദേഹിയെ പ്പോലെ ജീവിക്കുകയാണെങ്കിൽ, അവൻ ശരിയായ രീതിയിലല്ല പെരുമാറു ന്നത്. അത് കപടമായ പെരുമാറ്റമാണ്; തെറ്റായ അറിവ് മൂലമാണ് അതൊക്കെ സംഭവിക്കുന്നത്.

132. ശ്രേഷ്ഠമായ ശാസ്ത്രഗ്രന്ഥങ്ങൾ പതിവായി ശ്രവിക്കുക; ഗുരുവിന്റെ ഉപ ദേശം വിശ്വാസത്തോടെ പിന്തുടരുക; ജാഗ്രതയോടെ വർത്തിക്കുകയും ചിട്ട യായ ജീവിതചര്യകൾ പാലിക്കുകയും ചെയ്യുക.

133. ഈ പ്രമാണങ്ങൾ പിന്തുടരുന്നവർ, സ്വമേധയാ അവരുടെ മുക്തിയ്ക്കുള്ള പാതയിലേക്ക് നീങ്ങുന്നു. അനേകംപേർ അത്തരത്തിൽ സ്വാഭാവികമായി മോക്ഷപ്രാപ്തി നേടുന്നു.

134. ദിനരാത്രങ്ങളിൽ, നിരന്തരമായി,എപ്പോഴാണ് ഈ ലോകബന്ധനങ്ങളിൽ നിന്ന് താൻ മോചിതനാകുന്നതെന്ന് ചിന്തിക്കുന്നവന്, ആ ബന്ധനങ്ങൾ അറുത്തു മാറ്റാൻ കഴിയും.

135. കഴിയുന്നത്ര ഏകാന്തത നേടി, ഈ ലോകജീവിതം നൈമിഷികമാണെന്ന ചിന്ത മനസ്സിലോർത്ത് കൊണ്ട്, ഒരുവൻ എല്ലായ്പ്പോഴും ആത്മനെക്കുറിച്ച് പഠിക്കുകയും അതിന്റെ അർത്ഥം ഗ്രഹിക്കുകയും വേണം.

136. മനസ്സിൽ പൂർണ്ണമായ ഭക്തിയും വിശ്വാസവും നിറച്ച് ഒരു ശിഷ്യൻ വിനീത നായി പൂർണ്ണസമർപ്പണം നടത്തണം. ആ സമയം വരെ ഗുരു ജ്ഞാനനിധി അവന് നൽകുകയില്ല.

137. ഗുരുവിന് സമ്പൂർണ്ണമായി സ്വയം സമർപ്പിച്ച് കൊണ്ട് സേവനം നൽകുക. മുക്തി യെക്കുറിച്ചും ബന്ധനത്തെക്കുറിച്ചും ചിന്തിക്കുക, ശുദ്ധജ്ഞാനത്തെയും അജ്ഞാനത്തെയും കുറിച്ച് പരിചിന്തിക്കുക, എന്നിട്ട് വിജയം ഗുരുവിന് വിടുക.

138. ആത്മനെയും പരമാത്മാവിനെയും കുറിച്ച് ഒരു ഗുരുവിനല്ലാതെ മറ്റാർക്കും വിവരിക്കാൻ കഴിയില്ല. ഒരുവൻ പൂർണ്ണസമർപ്പണം നടത്താതെ ഗുരുവും ഒരു തരിപോലും ജ്ഞാനം നൽകില്ല.

139. ഗുരുവല്ലാതെ മറ്റാരെങ്കിലും ജ്ഞാനം നൽകുകയാണെങ്കിൽ, അത് നിങ്ങളെ ലോകജീവിതത്തിൽ നിന്ന് മുക്തനാക്കാൻ പര്യാപ്തമാകില്ല; മോക്ഷഫലം നൽകാൻ അതിന് കഴിയില്ലെന്ന് മാത്രമല്ല, അതിന് ഒരിക്കലും നിങ്ങളുടെ മനസ്സിൽ പൂർണ്ണമായ സ്വാധീനം ചെലുത്താനും കഴിയില്ല.

140. അതിനാൽ ഒരു ഗുരുവില്ലാതെ ജ്ഞാനസമ്പാദനം സാധ്യമാകില്ല. ഗുരുവിന്റെ പ്രാപ്തമായ പാദങ്ങൾക്ക് ബ്രഹ്മനെയും ആത്മനെയും കുറിച്ചുള്ള രഹസ്യ ങ്ങൾക്ക് ഉത്തരം നൽകാൻ കഴിയുമെന്ന് അറിവുള്ള ജനങ്ങളെല്ലാം ഗ്രഹിച്ചി ട്ടുള്ളതാണ്.

141. മടിയേതും കൂടാതെ, അഹംഭാവവും ഡംഭും ഉപേക്ഷിച്ച്, നിങ്ങളുടെ ശിരസ്സ് ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിച്ച് സ്വയം വണങ്ങുക.

142. "ഞാൻ അങ്ങയുടെ വിനീതദാസനാണ്. അങ്ങയുടെ പാദങ്ങൾ മാത്രമാണ് ആശ്രയമെന്ന് ഞാൻ എല്ലായ്പ്പോഴും കരുതുന്നു." ഇപ്രകാരം ഉരുവിടുക.

ധൈര്യം അവലംബിച്ച്, അദ്ദേഹത്തിൽ വിശ്വാസമുണ്ടാകുക.

143. അപ്പോൾ അദ്ദേഹത്തിന്റെ അദ്ഭുതലീല നീ കാണുന്നതാണ്. ഗുരുവിന്റെ രൂപത്തിലുള്ള ദയാസാഗരം, കരുണയാൽ, നിന്നെ ഉയർത്തി, ദയയുടെ അലകളിൽ പതുക്കെ ആട്ടുന്നതാണ്.

144. അദ്ദേഹം തന്റെ ആശ്വാസഹസ്തം നിന്റെ ശിരസ്സിൽ ചേർക്കും; ദുശ്ശകുനങ്ങൾ അകറ്റും, പാപക്കൂനകൾ എരിച്ച് കളഞ്ഞ് നെറ്റിത്തടത്തിൽ ഉധി പുരട്ടും.

145. ബ്രഹ്മനെക്കുറിച്ച് ബ്രഹ്മാർത്ഥിക്ക് നൽകിയ ഈ പ്രഭാഷണം യാദൃച്ഛികമായ ഒന്നായിരുന്നു. ജീവനും ശിവനും[16] തമ്മിലുള്ള ഏകത്വത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ പൂർണ്ണസാരാംശം, അദ്ദേഹം എല്ലാ ഭക്തർക്കും നൽകി.

146. അളവറ്റ വിജ്ഞാനവും അഗാധമായ പാണ്ഡിത്യവുമുള്ള മഹാരാജിന് ഹാസ്യത്തിലും നർമ്മത്തിലും ഏർപ്പെടേണ്ട കാര്യമെന്താണ്?

147. അത്തരത്തിലുള്ള സംശയം ഉയർന്നേക്കാം. പക്ഷേ നിങ്ങൾ പര്യാപ്തമായ രീതിയിൽ ചിന്തിക്കുകയാണെങ്കിൽ, അതിന് തൃപ്തികരമായ ഒരു വിശദീകരണം മാത്രമേ കണ്ടെത്താൻ കഴിയൂ. ശ്രദ്ധയോടെ കേൾക്കുക.

148. നിങ്ങൾ ചെറിയ കുട്ടികളോടൊപ്പം, അവരുമായി സംസാരിക്കുകയും, അവരുടെ അസ്പഷ്ടമായ കൊഞ്ചൽ ആസ്വദിക്കുകയും ചെയ്യുന്ന നേരത്ത്, ഗൗരവതരമായ സംഭാഷണം ഒരിക്കലെങ്കിലും സാധ്യമാണോ?

149. അവരോട് സ്നേഹമില്ലാത്തതാണോ? നേരെ മറിച്ച് ആ സ്നേഹം വിവരിക്കാൻ സാധാരണ വാക്കുകൾ മതിയാവില്ല. പക്ഷേ ലാഘവമായ സംഭാഷണവും ഹാസ്യവുമാണ് സമർത്ഥമായ അധ്യയനോപാധികൾ.

150. തന്നെ കഷ്ടപ്പെടുത്തുന്ന, ഒളിഞ്ഞിരിക്കുന്ന രോഗത്തെക്കുറിച്ച് ഒരു കുഞ്ഞിന് അറിവുണ്ടാകുമോ? മാതാവാണ് അവന് ആവശ്യമായ ഔഷധങ്ങൾ നൽകേണ്ടത്; അവൻ നിർബന്ധബുദ്ധിയോടെ വിസമ്മതിക്കുകയാണെങ്കിൽ ബലം പ്രയോഗിച്ച് നൽകേണ്ടിയിരിക്കുന്നു.

151. ചിലപ്പോൾ സ്നേഹവാക്കുകളാൽ വശത്താക്കിക്കൊണ്ട്, ചിലപ്പോൾ കോപത്തോടെ നോക്കിക്കൊണ്ട്, ചിലപ്പോൾ മർദ്ദനത്തിലൂടെ, മറ്റ് ചിലപ്പോൾ സ്നേഹത്തോടെ വാരിപ്പുണർന്നുകൊണ്ട്.

152. കുഞ്ഞുങ്ങൾ വളരുമ്പോഴും, ഒരുവന് അവരെ ലാളിക്കാൻ തോന്നും. പക്ഷേ അവർക്ക് ജ്ഞാനം നൽകുമ്പോൾ അത്, കൂർമ്മമോ, മന്ദമോ ആയ ബുദ്ധിക്കനുസരിച്ച് തരപ്പെടുത്തി നൽകേണ്ടി വരും.

153. തീക്ഷ്ണമായ ബുദ്ധിക്ക് കാര്യങ്ങൾ എളുപ്പം ഗ്രഹിക്കാൻ കഴിയും. പാഠങ്ങൾ ഗ്രഹിക്കാനും ഉൾക്കൊള്ളാനും ഒരു നിമിഷം പോലും വേണ്ടി വരില്ല. മന്ദബുദ്ധിയായ ഒരുവന്റെ കാര്യത്തിൽ അത് വളരെ വ്യത്യസ്തമാണ്. ഗ്രഹിക്കാനും മനസ്സിലാക്കാനും അവൻ കഠിനമായി പ്രയത്നിക്കേണ്ടിയിരിക്കുന്നു.

154. സായിസമർത്ഥ അറിവിന്റെ ശേഖരമായിരുന്നു. ഭക്തന്റെ ബുദ്ധിശക്തിക്കനുസൃതമായി അദ്ദേഹം ജ്ഞാനസമ്പത്ത് നൽകുന്നു, പക്ഷേ ആദ്യമായി അദ്ദേഹം അവന്റെ കഴിവിനെയും പരിശുദ്ധിയെയും കുറിച്ച് തീരുമാനമെടു

ത്തിരിക്കും.

155. അന്തർജ്ഞാനിയായ അദ്ദേഹം, ആദ്യമേ തന്നെ എല്ലാവരെക്കുറിച്ചും പൂർണ്ണമായി അറിഞ്ഞിരുന്നു. അവരുടെ കഴിവിന് അനുസരിച്ച്, യോജ്യമായ പാഠങ്ങളും യോജ്യമായ നിയന്ത്രണങ്ങളും അദ്ദേഹം തീരുമാനിച്ചിരുന്നു.

156. ഒരു മനുഷ്യൻ അർഹിക്കുന്നതിനെക്കുറിച്ച് മുൻകൂട്ടി തീരുമാനിച്ചശേഷം, അവരുടെ കഴിവിന് അനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചിരുന്നു. അവരുടെ ഉത്തരവാദിത്വം ബാബ സ്വയം ഏറ്റെടുത്തിരുന്നു.

157. അതേപോലെ കാഴ്ചയിൽ നമ്മൾ വൃദ്ധരും ആദരണീയരുമാണെങ്കിലും, സിദ്ധസായിയുടെ മുമ്പിൽ ബാലചാപല്യങ്ങളോടെ പെരുമാറുന്ന, നർമ്മം ഇഷ്ടപ്പെടുന്ന, കുട്ടികളെപ്പോലെയാണ്.

158. ബാബയ്ക്ക് അതിയായ നർമ്മബോധമുണ്ടായിരുന്നു. ഭക്തന് എന്തെങ്കിലും വിഷമതകളുണ്ടെങ്കിൽ, അവയെക്കുറിച്ച് വിവരണം നൽകിക്കൊണ്ട്, അദ്ദേഹം അവരെ ശാന്തചിത്തരാക്കും.

159. ഒരു മനുഷ്യൻ ബുദ്ധിശാലിയോ മന്ദനോ ആകാം. അവൻ ഇത് പാരായണം ചെയ്യുകയാണെങ്കിൽ അത്യധികം സന്തോഷമുണ്ടാകും. ഇത് ശ്രവിക്കുമ്പോൾ കൂടുതൽ കൂടുതൽ ശ്രവിക്കണമെന്ന് അവൻ ആഗ്രഹിക്കും. അതിൽ ധ്യാനിക്കുമ്പോൾ അത് സംതൃപ്തിയും ആനന്ദവും നൽകും.

160. ഒരു മനുഷ്യൻ ഇത് ആവർത്തിച്ച് പാരായണം ചെയ്യുകയാണെങ്കിൽ അതിന്റെ ദൈവികാർത്ഥം സ്വയം തെളിയും. അവൻ ദിനവും അതിൽ ധ്യാനിക്കാൻ ശ്രമിക്കുകയാണെങ്കിൽ അവന് ശ്രേഷ്ഠമായ സുഖവും ശാശ്വതമായ ആനന്ദവും തടസ്സങ്ങളൊന്നുമില്ലാതെ നേടാൻ കഴിയും. അത്രയ്ക്കാണ് അദ്ദേഹത്തിന്റെ അഗാധമായ ലീലകൾ!

161. ഭാഗ്യവശാൽ ഇതിന്റെ കുറച്ച് അനുഭവമെങ്കിലും ലഭിക്കുന്നവന്റെ ശരീരം, ഭാഷണം, മനസ്സ് എന്നിവ വേർപെടുത്താനാകാത്ത വിധം ബാബയിൽ ചേരും. അത്രയ്ക്കാണ് അദ്ദേഹത്തിന്റെ അഗ്രാഹ്യമായ ലീലകൾ!

162. ഹേമദ് സായിയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു. ഭക്തന് നന്മ വരുത്തുന്നതിനുള്ള ഒരു മാർഗ്ഗം, നർമ്മത്തിലൂടെ അറിവ് പകരുക എന്നതാണ്. ബ്രഹ്മാർത്ഥിയുടെ കഥ ഇതിന് ഒരു ഉദാഹരണം മാത്രമാണ്.

163. അടുത്ത അധ്യായം ഇതിനെക്കാളും ആകർഷണീയമാണ്. അത് ശ്രോതാക്കളുടെ ആഗ്രഹങ്ങൾ സഫലമാക്കും. സരളമായ വിശദീകരണത്തിലൂടെ എന്റെ ഹൃദയത്തിലെ രഹസ്യാഭിലാഷം സഫലമായി.

164. എങ്ങനെയാണ് ഞാൻ മാധവറാവുവിനെ സമീപിച്ചതെന്നും എങ്ങനെയാണ് ഞാൻ അയാൾക്ക് ബാബയുടെ സന്ദേശം കൈമാറിയതെന്നും എങ്ങനെയാണ് ഞാൻ അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ നേടിയതെന്നുമൊക്കെ ആരംഭം മുതൽ അവസാനം വരെ ശ്രവിക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിത ത്തിലെ പതിനേഴാം അധ്യായം "ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരുസായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ധർമ്മ, അർത്ഥ, കാമ, മോക്ഷങ്ങൾ.
2. ശാരീരികം, മാനസികം, വിധിക്കപ്പെട്ടത്.
3. ഐശ്വര്യം, സമ്പത്ത്, ഉദാരത, കീർത്തി, ജ്ഞാനം, വൈരാഗ്യം.
4. ശമം, ദമം, തപം, തിതിക്ഷ, ശ്രദ്ധ, സമാധാനം.
5. സ്വർഗ്ഗീയ ഗായകൻ
6. ബ്രഹ്മൻ എന്ന പദത്തിന് മറാത്തിയിലുള്ള ദ്വയാർത്ഥം നൽകിയിരിക്കുന്നു.
7. സാധാരണകല്ലിനെ സ്വർണ്ണമാക്കി മാറ്റാൻ കഴിവുള്ള ഒരു രത്നം
8. സമ്പത്ത്, സന്തതി, യശസ്സ് ഇവയ്ക്കുള്ള ആഗ്രഹം ഉപേക്ഷിക്കുക.
9. യോഗസമാധിയുടെ അവസാനഘട്ടം.
10. തപശ്ചര്യകളിലൂടെ ബ്രഹ്മന്റെ അവസ്ഥ നേടുക.
11. സമുദ്രത്തിനടിയിലെ തീയ്.
12. അധിദൈവികം, അധ്യാത്മികം, അധിഭൗതികം
13. യഥാർത്ഥത്തിൽ, തിമിംഗലം എന്ന ഭാവനാപരമായ ഒരു വലിയ മത്സ്യത്തെ യാണ് സൂചിപ്പിച്ചിരുന്നത്.
14. പക്ഷിപിടുത്തക്കാർ തത്തയെ പിടിക്കാൻ വേണ്ടി ഒരു ഉപകരണം ഉപയോഗി ക്കുന്നു. തത്ത ദണ്ഡിൽ ഇരിന്നാലുടൻ അത് കറങ്ങാൻ തുടങ്ങും. തത്തയാ കട്ടെ, രക്ഷപ്പെടാനുള്ള മാർഗ്ഗമെന്ന് കരുതി, നിർവ്വാഹമില്ലാതെ ദണ്ഡിൽ മുറുകെപ്പിടിക്കും. അത് പിടിവിട്ടാൽ അതിന് പറന്നു പോകാൻ കഴിയും. പക്ഷേ അത് മുറുകെ പിടിച്ച് കിടക്കുകയും, പിടിക്കപ്പെടുകയും ചെയ്യുന്നു.
15. സ്വർഗ്ഗത്തിന്റെ ഖജനാധികാരി.
16. ആത്മാവും പരമാത്മാവും.

## 18

# എനിക്ക് അനുഗ്രഹം ലഭിക്കുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. പരമാത്മനായ, അനശ്വരനായ സദ്ഗുരുവിന് വന്ദനം! ലോകം മിഥ്യയാണെന്ന അനുഭവം നിങ്ങൾക്ക് നൽകുന്ന ബ്രഹ്മത്തിന്റെ വാസ്തവികതയായ സദ്ഗുരുവിന് വന്ദനം! മായയുടെ നിയന്ത്രിതാവായ അദ്ദേഹത്തിന് വന്ദനം! വന്ദനം!

2. ആദിയും അന്തവുമില്ലാത്ത അങ്ങേയ്ക്ക് വന്ദനം! ദ്വൈതഭാവത്തിന് അതീതനായ അങ്ങേയ്ക്ക് വന്ദനം! വന്ദനം! പരിവർത്തനത്തിന് വിധേയനല്ലാത്ത അങ്ങേയ്ക്ക് വന്ദനം! വന്ദനം! ഓ, ആത്മന്റെ യഥാർത്ഥ പ്രകൃതം വിവരിക്കാൻ അങ്ങേയ്ക്ക് മാത്രമേ കഴിയൂ!

3. ഉപ്പ് കൊണ്ടുണ്ടാക്കിയ ഒരു പാവ സമുദ്രത്തിൽ മുങ്ങിയാൽ തിരികെവരാൻ കഴിയുമോ? അത് ഒരിക്കലും സംഭവിക്കില്ല! അത് പോലെയാണ് നിങ്ങളും!

4. നിർവ്വചിക്കാനാകാത്തതിനെക്കുറിച്ച് വേദങ്ങളും ശ്രുതികളും രാപകൽ സംവദിക്കുന്നു. അങ്ങേയ്ക്ക് അനായാസം, അത് ഭക്തന്മാർക്ക് കാട്ടിക്കൊടുക്കാൻ കഴിയും.

5. ഭാഗ്യവശാൽ ഒരുവൻ അങ്ങയുടെ പിടിയിൽ പെടുകയാണെങ്കിൽ അയാൾ എന്റേത്, നിന്റേത് എന്ന ചിന്തകൾ ഒരിക്കലും വച്ചു പുലർത്തുകയില്ല.

6. കഴിഞ്ഞ അധ്യായത്തിൽ, ബ്രഹ്മന്റെ അർത്ഥം വിവരിക്കുന്ന ശുദ്ധമായ കഥയും, എങ്ങനെയാണ് ബ്രഹ്മാർത്ഥിയുടെ ദുരാഗ്രഹം പ്രതിബന്ധമാകുന്നതെന്നും വിവരിച്ചു.

7. ഇപ്പോൾ എങ്ങനെയാണ് എനിക്ക് ബാബയുടെ അനുഗ്രഹങ്ങൾ ലഭിച്ചതെന്ന കഥ. ഓ ശ്രോതാക്കളേ, ആദരപൂർവ്വം ശ്രദ്ധിക്കുക, എന്തുകൊണ്ടെന്നാൽ ബാബ മാർഗ്ഗനിർദ്ദേശം നൽകുന്ന രീതികൾ അത് വെളിവാക്കുന്നു.

8. ഈ കഥയും മനോഹരമാണ്. അത് സംഭവിച്ചതു പോലെ തന്നെ ഞാൻ വിവരിക്കുന്നതാണ്. ശ്രോതാക്കൾ അവരുടെ സ്വന്തം നന്മയ്ക്കായി ശാന്തമായ ഹൃദയത്തോടെ അത് ശ്രദ്ധിക്കണം.

9. ശ്രോതാവ് ഉത്സുകനും, യോജിച്ചതരത്തിലുള്ള ആദരവ് പ്രകടിപ്പിക്കുകയുമാണെങ്കിൽ പ്രഭാഷകന് ശരിയായ ഉത്സാഹമുണ്ടാകുകയും അയാളുടെ ഹൃദ

യത്തിൽ സ്നേഹം നിറഞ്ഞുതുളുമ്പുകയും ചെയ്യും. അത് ഇരുകൂട്ടർക്കും ആസ്വാദ്യകരമായിരിക്കും.

10. അല്പം പോലും മനഃചാഞ്ചല്യമോ വികാരവിക്ഷോഭമോ ഉണ്ടാക്കാതെ, ഓരോരുത്തരുടെയും കഴിവുകൾക്കനുസൃതമായി, ബാബ അവർക്ക് യഥാർത്ഥമാർഗ്ഗം കാട്ടുകയും, അതിനനുസരിച്ച് ഉപദേശങ്ങൾ നൽകുകയും ചെയ്തു.

11. ഗുരു പറയുന്നതെന്തായാലും, അത് മറ്റാരോടും പറയരുതെന്നും അങ്ങനെയാണെങ്കിൽ ഗുരുവിന്റെ വാക്കുകൾക്ക് ഫലമില്ലാതെയാകുമെന്നും പലർക്കും അഭിപ്രായമുണ്ട്.

12. പക്ഷേ, ഇത് പൂർണ്ണമായും അവാസ്തവമാണ് – അനാവശ്യമായ ഒരു ബഹളംവയ്ക്കൽ. വ്യക്തിഗതമായി നൽകുന്ന ഉപദേശങ്ങൾ മാത്രമല്ല, സ്വപ്നദർശനങ്ങളും, വാക്കുകൾ പോലും മാറാതെ എല്ലാവരോടുമായി വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്.

13. ഇത് അസത്യമാണെന്ന് നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ ബുധ–കൗശിക ഋഷിയുടെ ഉദാഹരണം കൊണ്ട് എനിക്ക് അത് സമർത്ഥിക്കാൻ കഴിയും, അദ്ദേഹത്തിന് സ്വപ്നത്തിൽ രാമരക്ഷാസ്തോത്രം[1] ഉപദേശിക്കപ്പെടുകയും. അദ്ദേഹം അത് എല്ലാവർക്കുമായി വെളിപ്പെടുത്തുകയും ചെയ്തു.

14. ഈർപ്പം നിറഞ്ഞുനിൽക്കുന്ന ഒരു മഴമേഘം പോലെയാണ് ഗുരു; വാത്സല്യത്തോടെ, സംതൃപ്തിയാകുന്ന ജലം വർഷിക്കുന്നു. എന്തിനാണ് അത് ശേഖരിച്ച് പൂഴ്ത്തി വയ്ക്കുന്നത്? പകരം ഒരുവൻ അത് മതിയാവോളം പാനം ചെയ്യുകയും, മറ്റുള്ളവർക്ക് പകർന്ന് നൽകുകയും വേണം.

15. ഒരു മാതാവ് കുഞ്ഞിന്റെ താടിയിൽ സ്നേഹത്തോടെ പിടിച്ച്, അതിന്റെ ആരോഗ്യത്തിന് വേണ്ടി ഔഷധം നൽകുന്നു. ബാബയുടെ സാമർത്ഥ്യവും ഇത് പോലെയായിരുന്നു.

16. അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾ രഹസ്യമായിരുന്നില്ല. ഭക്തരുടെ ആഗ്രഹങ്ങൾ എത്ര അപ്രതീക്ഷിതമായാണ് അദ്ദേഹം നിറവേറ്റുക എന്ന് ശ്രദ്ധയോടെ ശ്രവിക്കുക.

17. സദ്ഗുരുവിന്റെ സമ്പർക്കം അനുഗൃഹീതമാണ്! ആർക്കാണ് അദ്ദേഹത്തിന്റെ ശക്തികൾ വിവരിക്കാനാകുക? അദ്ദേഹത്തിന്റെ വാക്കുകൾ ഓരോന്നോരോന്നായി ഓർമ്മിക്കുമ്പോൾ എനിക്ക് വളരെ പ്രചോദനം ലഭിക്കുന്നു.

18. നിങ്ങൾ ഈശ്വരനോട് സ്നേഹത്തോടെ പ്രാർത്ഥിക്കുകയും, ഗുരുവിനെ സേവിക്കുകയും അദ്ദേഹത്തിനെ പൂജിക്കുകയും ചെയ്താൽ ഗുരുവിന് മാത്രം കൈമുതലായുള്ള ജ്ഞാനം നിങ്ങൾക്ക് ലഭിക്കും. മറ്റുള്ള മാർഗ്ഗങ്ങളെല്ലാം പ്രയോജനരഹിതമാണ്.

19. ലോകമാർഗ്ഗം നിറയെ വിഭ്രാന്തി നിറഞ്ഞതും ഇരുണ്ടതുമാണ്. ഒരു ദീപത്തിലെ രശ്മികൾ പോലെ തിളങ്ങുന്ന ഗുരുവചനങ്ങൾ അത് ആയാസരഹിതവും ഇന്ദ്രിയഗോചരവുമാക്കും.

20. യഥാർത്ഥത്തിൽ ഗുരു ഈശ്വരൻ തന്നെയാണ്. അദ്ദേഹം ബ്രഹ്മ, വിഷ്ണു, മഹേശ്വരൻ ആകുന്നു. ഗുരു വാസ്തവത്തിൽ പരബ്രഹ്മനാണ്. ഗുരു ശ്രേഷ്ഠാത്മനാണ്.

21. ഗുരു മാതാവും പിതാവുമാകുന്നു. ഈശ്വരൻ കോപിക്കുമ്പോൾ ഗുരുവാണ് രക്ഷകനാകുന്നത്. പക്ഷേ ഗുരു കോപിഷ്ഠനായാൽ മറ്റാർക്കും നിങ്ങളെ സംരക്ഷിക്കാൻ കഴിയില്ല. ഇത് എല്ലായ്പ്പോഴും ഓർക്കുക.

22. ലൗകിക പെരുമാറ്റം, ആചാരങ്ങൾ, പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള തീർത്ഥയാത്രകൾ എന്നിവയ്ക്കൊക്കെ മാർഗ്ഗദർശി ഗുരുവാണ്. ശരിയും തെറ്റും തിരിച്ചറിയുന്നതിനും, വിരക്തി ആചരിക്കുന്നതിനും മാർഗ്ഗദർശി ഗുരുവാണ്. അദ്ദേഹമാണ് വേദങ്ങൾക്കും ഉപനിഷത്തുകൾക്കും വക്താവ്.

23. ദിവ്യന്മാർ, ബോധതലത്തിന്റെ ആന്തരികദൃഷ്ടികൾ തുറന്ന്, അന്തരാത്മാവിന്റെ പ്രഭാവം വെളിവാക്കിത്തരുന്നു. ഭക്തരുടെ എല്ലാ ആഗ്രഹങ്ങളും അവർ സാധിച്ചുതരുന്നു. അവർ അങ്ങേയറ്റം മൃദുലഹൃദയരും ദയാലുക്കളുമാണ്.

24. ആസക്തികളെ അവർ ഇല്ലാതാക്കുന്നു. നിദ്രയിൽ പോലും യഥാർത്ഥജ്ഞാനം മിടിക്കും. അവരുടെ അനുഗ്രഹത്താൽ ഇരട്ടക്കനികളായ വിരക്തിയും ആത്മനിയന്ത്രണവും കരഗതമാകുന്നു.

25. ഒരുവന് ഒരു ദിവ്യന്റെ സമ്പർക്കം ലഭിക്കാൻ ഇടയാകുകയാണെങ്കിൽ, അദ്ദേഹത്തെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുക; കല്പവൃക്ഷം പോലെ അദ്ദേഹം ഭക്തരുടെ ആഗ്രഹങ്ങളെല്ലാം സഫലമാക്കുകയും, ദുരിതങ്ങളെല്ലാം അകറ്റുകയും ചെയ്യും.

26. എല്ലായ്പ്പോഴും സത്യം പ്രാവർത്തികമാക്കുക; ദിവ്യന്മാരെക്കുറിച്ചുള്ള കഥകൾ ശ്രവിക്കുക; ദിവ്യന്മാരുടെ പാദങ്ങളിൽ വണങ്ങുക. പാപങ്ങൾ കഴുകിക്കളയപ്പെടും.

27. റേയ് പ്രഭു സംസ്ഥാനഗവർണർ ആയിരിക്കവേ അയാൾ ക്രാഫോർഡിന്റെ ഭരണം അവസാനിപ്പിച്ചു. ആ സമയത്ത്, പ്രസിദ്ധനായ ഒരു മാന്യവ്യക്തി ബാബയുടെ ഭക്തനായി.

28. ഈ ലോകം ത്രിദോഷങ്ങൾ നിറഞ്ഞതും അയഥാർത്ഥവുമാണ്. ഈ മാന്യവ്യക്തിക്ക് വ്യവസായത്തിൽ വൻ നഷ്ടമുണ്ടാകുകയും അയാൾ നിരാശാവാനാകുകയും ചെയ്തു. അയാൾ എല്ലാം ഉപേക്ഷിച്ച് വീട് വിട്ടിറങ്ങി.

29. അയാൾ അത്യധികം ദുഃഖിതനായിരുന്നു. ഏതെങ്കിലും ദൂരദേശത്തേയ്ക്ക് ഏകാന്തനായി വസിച്ചാൽ ശാന്തി ലഭിക്കുമെന്ന് കരുതി അയാൾ യാത്ര പുറപ്പെടാൻ തീരുമാനിച്ചു.

30. ഒരുവൻ അതിഭയങ്കരമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുമ്പോൾ, അയാൾ ഈശ്വരനെ ഓർക്കുന്നു; അതും വളരെ പ്രയാസപ്പെട്ടാണെന്ന് മാത്രം. അപ്പോൾ അയാൾ തുടർച്ചയായി ഈശ്വരനാമം ഉരുവിടുകയും ഒരു ഭക്തനായി മാറുകയും ചെയ്യുന്നു.

31. പക്ഷേ പാപങ്ങൾ കുറയാത്തിടത്തോളം കാലം, ഈശ്വരനാമജപം മാത്രം കൊണ്ട് ഫലമുണ്ടാകില്ല. പിന്നീട് അവന്റെ ഭക്തി കണ്ട്, ഈശ്വരൻ അവനെ ഒരു ദിവ്യന്റെ സമീപത്തേയ്ക്ക് നയിക്കുന്നു.

32. ആ ഭക്തന്റെ കാര്യത്തിലും അതേ പോലെയാണ് സംഭവിച്ചത്. ലൗകിക ജീവിതത്തിൽ അയാൾക്ക് പാടേ മടുപ്പ് തോന്നുകയാണെന്ന് മനസ്സിലാക്കിയ അയാളുടെ സുഹൃത്തുക്കൾ അയാൾക്ക് ഉചിതമായ ഉപദേശം നൽകി. അത് എന്താണെന്ന് ശ്രദ്ധിക്കുക.

33. ''എന്ത് കൊണ്ട് നിനക്ക് സമർത്ഥ സായിനാഥന്റെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് പോയ്ക്കൂടാ? ദയാമേഘമായ ആ സിദ്ധനോട് പ്രാർത്ഥിക്കൂ.

34. ''ഒരുവന് ഒരു നിമിഷമെങ്കിലും ഒരു ദിവ്യന്റെ സമ്പർക്കം ലഭിക്കാനിടയാകുകയാണെങ്കിൽ ചഞ്ചലമായ മനസ്സ് സ്ഥിരമാകുകയും ഉടൻ തന്നെ അത് ഈശ്വരപാദങ്ങളിൽ ചേരുകയും ചെയ്യും; പിന്നീട് അവിടെ നിന്ന് തിരിച്ചുവരാൻ പ്രയാസമായിരിക്കും.

35. "എല്ലായിടത്ത് നിന്നും ജനങ്ങളെത്തി, സായിയുടെ പാദധൂളികളിൽ വീഴുന്നു, മഹാരാജിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും, അദ്ദേഹത്തിന് സേവ ചെയ്യുകയും അവരുടെ ആഗ്രഹങ്ങൾ പൂർത്തിയാകുകയും ചെയ്യുന്നു.

36. "അത്തരത്തിലാണ് അദ്ദേഹത്തിന്റെ പ്രശസ്തി. ചെറുപ്പക്കാരും വൃദ്ധരും അത് അറിഞ്ഞിരുന്നു. അദ്ദേഹത്തിന് നിന്നോട് ദയ തോന്നുകയാണെങ്കിൽ നിന്റെ ദുരിതങ്ങൾ അവസാനിക്കും.

37. "ഷിർദി ഇപ്പോൾ ഒരു പുണ്യസ്ഥലമാണ്. പകലും രാത്രിയും ജനക്കൂട്ടം വരികയും പോകുകയും ചെയ്യുന്നു. നിനക്കും ഈ അനുഭവം ലഭിക്കുന്നതാണ്. ദിവ്യന്റെ ദർശനം ഗുണപ്രദമാണ്."

38. ഒരു മനുഷ്യൻ വരൾച്ചയാൽ വിഷമിക്കുകയും, അത് മൂലം ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യവേ, പെട്ടെന്ന് അയാൾക്ക് മതിയായ ധനം ലഭിക്കുകയോ, കഠിനമായ വിശപ്പിനാൽ പീഢിതനായ ഒരുവന് രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കുകയോ,

39. എന്നത് പോലെയാണ് തന്റെ സുഹൃത്തുക്കൾ ഷിർദിയിലേയ്ക്ക് പോകാൻ പറഞ്ഞപ്പോൾ അയാൾക്ക് അനുഭവപ്പെട്ടത്. ആ ഭക്തൻ ഈ ഉപദേശം സ്വീകരിക്കുകയും, ആ അനുഭവം നേടണമെന്ന് തീരുമാനിക്കുകയും ചെയ്തു. അയാൾ ഷിർദിയിലേയ്ക്ക് പുറപ്പെട്ടു.

40. അയാൾ ഗ്രാമത്തിലെത്തി, ദർശനം നടത്തി, അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങി. ഉടൻ തന്നെ ശാന്തിയും സംതൃപ്തിയും അനുഭവപ്പെട്ടു.

41. നിരാകാരമായ, പ്രാചീനമായ, സ്വയംപ്രകാശിതമായ, അകളങ്കിതമായ ബ്രഹ്മസ്വരൂപം - ഇതാണ് അയാൾ കണ്ട ദർശനം; അയാൾ ആഹ്ലാദവാനായി.

42. പൂർവ്വ ജന്മത്തിലെ ഭാഗ്യം കൊണ്ടാണ് അയാൾക്ക് സായിപാദങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞതെന്നും, ദർശനത്താൽ മനസ്സ് ശാന്തമായി ഉത്കണ്ഠകൾ ഒഴിഞ്ഞതെന്നും അയാൾക്ക് തോന്നി.

43. ഈ വ്യക്തിയുടെ കുടുംബപ്പേര് സാഥേ എന്നായിരുന്നു പ്രതിബദ്ധതയുള്ള പ്രകൃതമായിരുന്നു അയാളുടേത്. അയാൾ ആചാരപരമായി ഗുരുചരിത്രം[2] പാരായണം ചെയ്യാൻ തുടങ്ങി.

44. ഏഴ് ദിവസങ്ങൾ പാരായണം ചെയ്തപ്പോൾ അത് പൂർണ്ണമായി. അന്ന് രാത്രി ബാബ അയാൾക്ക് ഒരു സ്വപ്നദർശനം നൽകി; അതിൽ അദ്ദേഹം ആ ഗ്രന്ഥം തന്റെ കൈയ്യിൽ പിടിച്ച് കൊണ്ട് അതിന്റെ അർത്ഥം സാഥേയ്ക്ക് വിവരിച്ചു കൊടുക്കുകയായിരുന്നു.

45. ബാബ തന്റെ സ്വന്തം ഇരിപ്പിടത്തിൽ ഇരിക്കുകയും, സാഥേയെ തന്റെ മുമ്പിൽ ഇരുത്തി, ഗുരുചരിത്രഗ്രന്ഥം കൈയ്യിലെടുത്ത്, അത് വളരെ വിദഗ്ധമായി അയാൾക്ക് വിവരിച്ചു കൊടുത്തു.

46. ബാബ ഗ്രന്ഥത്തിൽ നിന്ന് പാരായണം ചെയ്യുകയും, ഒരു പുരാണിക്കിനെ[3]പ്പോലെ പറഞ്ഞ് കൊടുക്കുകയും ചെയ്തു. സാഥേ ആദരപൂർവ്വം ശാന്തമായി അത് ശ്രവിച്ചു.

47. 'ഇതെന്താണ് എന്റെ ജീവിതത്തിൽ ഒരു പുതിയ ദിശ!?' എന്ന് സാഥേ ചിന്തിച്ചു. അയാൾ അത്യധികം ആശ്ചര്യപ്പെടുകയും സ്നേഹം കൊണ്ട് വീർപ്പ്മുട്ടുകയും ചെയ്തു.

48. "ഓ, മഹാശയാ, അജ്ഞാനത്തിന്റെ ഉപധാനത്തിൽ തലവച്ച് വിശ്രമിക്കുന്ന വരെയും, ആസക്തികളുടെ ആലിംഗനത്തിൽ കൂർക്കം വലിച്ചുറങ്ങുന്നവരെയും അങ്ങ് വിളിച്ചുണർത്തുന്നു!

49. നോക്കൂ, അത്തരം വേളയിൽപ്പോലും വിളിച്ചുണർത്തി, ഞങ്ങൾക്ക് ഗുരുചരിത്രമാകുന്ന അമൃത് പാനം ചെയ്യാനായി നൽകുന്നു. ഓ ദയാലൂ!"

50. അത് എന്തുമാകട്ടെ. അത്തരത്തിലുള്ള സ്വപ്നം കണ്ടയുടൻ, സാഥേ പൂർണ്ണമായും ഉറക്കം വിട്ടെഴുന്നേറ്റു. നടന്ന സംഭവമൊക്കെയും അയാൾ കാക്കാസാഹേബ് ദീക്ഷിതിനെ അറിയിച്ചു.

51. എന്നിട്ട് പറഞ്ഞു: "എനിക്കതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ബാബയ്ക്ക് മാത്രമേ അത് അറിയൂ. അദ്ദേഹത്തിന്റെ മനസ്സിലെന്താണുള്ളതെന്ന് എനിക്ക് അറിയില്ല. കാക്കാ, ദയവായി അദ്ദേഹത്തോട് വിശദമായി ചോദിക്കുക.

52. "ഞാൻ വീണ്ടും പാരായണം തുടങ്ങണോ? അതോ ഇത്രയും ചെയ്തത് മതിയെന്ന് ഞാൻ കരുതണോ? ബാബയുടെ ഉദ്ദേശ്യമെന്തായാലും, ദയവായി അദ്ദേഹത്തോട് ചോദിക്കുക. അത് കൊണ്ട് മാത്രമേ എന്റെ മനസ്സിന് സ്വസ്ഥത ലഭിക്കുകയുള്ളൂ."

53. പിന്നീട് ഉചിതമായ ഒരു സന്ദർഭം കിട്ടിയപ്പോൾ കാക്കാ സ്വപ്നദർശനത്തെപ്പറ്റി ബാബയോട് പറഞ്ഞു. "ഓ ദേവാ, ഈ സ്വപ്നത്തിലൂടെ എന്താണ് അങ്ങ് സാഥേയെ അറിയിക്കാൻ ഉദ്ദേശിക്കുന്നത്?

54. "ഒരാഴ്ചയുള്ള പാരായണം ആവർത്തിക്കണോ? അതോ അത് ഇപ്പോൾ അവസാനിപ്പിക്കണോ? ദയവായി സ്വപ്നത്തിന്റെ അർത്ഥം അങ്ങ് തന്നെ വിശദമാക്കി സാഥേയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുക.

55. “ഇത് മാത്രമാണ് ഞാൻ അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷ. സാഥേ ഒരു ഉത്തമഭക്തനാണ്. ദയവായി അയാളിൽ ദയ തോന്നുകയും അയാളുടെ ആഗ്രഹം സഫലമാക്കുകയും ചെയ്യുക.”

56. അപ്പോൾ ബാബ നിർദ്ദേശിച്ചു: “ഒരു പ്രാവശ്യം കൂടി പാരായണം ചെയ്യട്ടെ. ഈ ഗുരുചരിത്രം പാരായണം ചെയ്യുന്നതിലൂടെ ഭക്തന്മാർ പരിശുദ്ധരാകും.

57. ‘‘ഈ ഗ്രന്ഥം ആവർത്തിച്ച് പാരായണം ചെയ്യുന്നത് അവർക്ക് ഗുണപ്രദമായിരിക്കും. അവർക്ക് ഈശ്വരാനുഗ്രഹങ്ങൾ ലഭിക്കുകയും ലോകബന്ധനങ്ങൾ അറ്റുപോകുകയും ചെയ്യും!”

58. ബാബ ഇപ്രകാരം പറയവേ, ഞാൻ ബാബയുടെ ചരണങ്ങൾ തിരുമ്മുകയായിരുന്നു. ഞാൻ ഉള്ളിൽ ആശ്ചര്യപ്പെടുകയും, ഇങ്ങനെ ചിന്തിക്കുകയും ചെയ്തു.

59. ‘‘ബാബയ്ക്ക് ഇതെങ്ങനെ ചെയ്യാൻ കഴിയുന്നു? സാഥേയ്ക്ക് ചെറിയ പ്രയത്നം കൊണ്ട് ഫലം സിദ്ധിച്ചിരിക്കുന്നു. ഞാനാകട്ടെ വർഷങ്ങൾ ചെലവഴിച്ചു! അയാൾക്ക് ഏഴ് ദിവസങ്ങൾ കൊണ്ട് ഫലം കിട്ടിയിരിക്കുന്നു!

60. ‘സാഥേ ഒരിക്കൽ മാത്രമാണ് ഗുരുചരിത്രം ഏഴ് ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയത്, ഇവിടെ, ഞാൻ അത് നാല്പത് വർഷങ്ങൾ ചെയ്തിരിക്കുന്നു. ഞാനൊന്നും അർഹിക്കുന്നില്ല എന്നാണോ?

61. ‘ഒരാൾക്ക് ഏഴ് ദിവസങ്ങൾക്കുള്ളിൽ ഫലം ലഭിക്കുന്നു, മറ്റൊരാൾ നിഷ്ഫലമായ ഏഴ് വർഷങ്ങൾ[4] ചെലവഴിച്ചിരിക്കുന്നു! എപ്പോഴാണ് ഈ ദയാമേഘം എന്നിൽ വർഷം ചൊരിയുന്നതെന്നോർത്ത് ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരു ചാതകപ്പക്ഷിയെപ്പോലെയാണ് ഞാൻ.

62. ‘ദിവ്യന്മാരിൽ രത്നമായ അദ്ദേഹം എന്നെ അനുഗ്രഹിക്കുന്ന, എന്റെ ഹൃദയാഭിലാഷങ്ങൾ സഫലമാക്കിത്തരുന്ന, എനിക്ക് ജ്ഞാനം നൽകുന്ന ദിവസം എപ്പോഴെങ്കിലും ഉണ്ടാകുമോ?’

63. ശ്രീഗുരുസായി അദ്ദേഹത്തിന്റെ ഭക്തന്മാരെ സ്നേഹിച്ചിരുന്നു. നോക്കൂ, അദ്ദേഹത്തിന്റെ അദ്ഭുതലീല! എന്റെ മനസ്സിൽ ഈ ചിന്തകൾ ഉണ്ടായ ഉടൻ അദ്ദേഹം അത് അറിഞ്ഞിരുന്നു!

64. ഇത്തരത്തിലുള്ള ചിന്തകൾ, നല്ലതോ ചീത്തയോ, മിഥ്യാധാരണയിൽ നിന്നുണ്ടാകുന്നവയാണെങ്കിലും, തുടർച്ചയായി ഉണ്ടാകുകയും അവസാനിക്കുകയും ചെയ്യുന്ന അവ കോടിക്കണക്കിന് ആയിക്കോട്ടെ, അവയെല്ലാം അദ്ദേഹത്തിന് അറിവുണ്ടായിരുന്നു.

65. ‘ഒരു ശത്രുവിന് പോലും ചിന്തിക്കാൻ കഴിയാത്തത് മനസ്സിന് സങ്കല്പിക്കാൻ കഴിയും’, എന്നത് പ്രസിദ്ധമായ ചൊല്ലാണ്. മറ്റാരും ഈ ചിന്തകൾ അറിയില്ലെങ്കിലും മഹാരാജ് ഉടനടി അത് മനസ്സിലാക്കിയിരുന്നു.

66. പക്ഷേ ദയാമയിയായ ആ മാതാവ് ദുഷ്ടചിന്തകളൊക്കെ ക്ഷമിക്കുന്നു; ഉചിതമായ സമയത്ത് അവൾ സദ്ചിന്തകൾ ഉണർത്തുകയും ശരിയായ പെരുമാറ്റം വളർത്തുകയും ചെയ്യുന്നു.

67. പിന്നീട് എന്റെ ചിന്തകൾ മനസ്സിലാക്കിക്കൊണ്ട് ബാബ എന്നോട് പറഞ്ഞു; "എഴുന്നേൽക്കൂ. ശമ്യയുടെ അടുക്കൽ ചെന്ന്, അവന്റെ പക്കൽ നിന്നും 15/– ഉറുപ്പിക വാങ്ങിക്കൊണ്ടുവരിക.

68. അവനോടൊപ്പം കുറച്ച് നേരം ഇരിക്കുക; വർത്തമാനം പറയുക, ദക്ഷിണ വാങ്ങിയ ശേഷം പെട്ടെന്ന് തിരികെ വരിക."

69. സായിനാഥന് എന്നോട് ദയ തോന്നുകയും ദക്ഷിണ വാങ്ങാനെന്ന വ്യാജേന ഇപ്രകാരം പറയുകയും ചെയ്തു: "പോയി എനിക്ക് വേണ്ടി പെട്ടെന്ന് ശാമയോട് ദക്ഷിണ ചോദിക്കുക."

70. അപ്രകാരമുള്ള ഒരു ആജ്ഞ ലഭിക്കുമ്പോൾ പിന്നീട് അവിടെ ഇരിക്കാൻ ആരാണ് ധൈര്യപ്പെടുക? എന്നിട്ടും ഒരുവൻ ഇരിക്കുകയാണെങ്കിൽ അത് അനുസരണക്കേട് ആകും. ഞാൻ എഴുന്നേറ്റ് പുറപ്പെട്ടു.

71. ഞാൻ അപ്പോൾ തന്നെ അവിടെ നിന്നും ഇറങ്ങി. ശാമറാവു എന്നെ അഭിവാദ്യം ചെയ്യാൻ പുറത്തേയ്ക്ക് വന്നു. അപ്പോൾ മാത്രം സ്നാനം കഴിഞ്ഞ് ഒരു ധോത്തിയും ചുറ്റി അയാൾ അവിടെ നിൽക്കുകയായിരുന്നു.

72. അയാൾ സ്നാനം പൂർത്തിയാക്കി, അലക്കിത്തേച്ച വസ്ത്രം ധരിച്ച് ധോത്തിയുടെ മടക്കുകൾ നേരേയാക്കുന്നതിനിടയിൽ ശ്വാസത്തോടൊപ്പം ഈശ്വരനാമം ഉരുവിടുന്നുണ്ടായിരുന്നു.

73. അയാൾ പറഞ്ഞു: "എന്താണ് അപ്രതീക്ഷിതമായി എത്തിയത്? താങ്കൾ മസ്ജിദിൽ നിന്നും വരികയാണോ? താങ്കൾ എന്താണ് അസ്വസ്ഥനായി കാണപ്പെടുന്നത്? എന്താ താങ്കൾ ഇന്ന് തനിയെ?

74. "വരൂ, ഇരിക്കൂ. ഞാനിപ്പോൾ കുളികഴിഞ്ഞ് എന്റെ ധോത്തിയുടെ മടക്കുകൾ ശരിയാക്കുകയായിരുന്നു. ഞാൻ വിഗ്രഹങ്ങളിൽ അഭിഷേകം ചെയ്തിട്ട് താമസിയാതെ തിരികെ എത്താം.

75. "താങ്കൾ വെറ്റിലതാംബൂലം കഴിക്കുമ്പോഴേയ്ക്കും ഞാൻ എന്റെ പൂജയും ചടങ്ങുകളും പൂർത്തിയാക്കും. അതിനുശേഷം നമുക്ക് സ്വസ്ഥമായി ഇരുന്ന് സംസാരിക്കാം."

76. മാധവറാവു അകത്തേയ്ക്ക് പോയി. അപ്പോൾ, വാതിൽ പടിയിലിരുന്ന നാഥഭാഗവത[5]ഗ്രന്ഥം ഞാൻ യാദൃശ്ചികമായി എന്റെ കൈയ്യിലെടുത്തു.

77. പ്രത്യേകിച്ച് ക്രമമില്ലാതെ ഞാൻ ആ ഗ്രന്ഥം തുറക്കവേ വിചിത്രമെന്ന് പറയട്ടെ, പ്രഭാതത്തിൽ ഞാൻ പാരായണം തുടങ്ങിയതും എന്നാൽ അപൂർണ്ണമായി നിർത്തിയതുമായ അതേ താളാണ് കണ്ടത്.

78. ഞാൻ വളരെ അദ്ഭുതപ്പെട്ടു, എന്തുകൊണ്ടെന്നാൽ പ്രഭാതത്തിൽ ഞാൻ പാരായണം ചെയ്ത് കൊണ്ടിരുന്നതും എന്നാൽ വെറും അലസത കൊണ്ട് മാത്രം ഒഴിവാക്കിയതുമായ ഭാഗം, ബാബ എന്നെക്കൊണ്ട് പാരായണം പൂർത്തിയാക്കിക്കുകയും എന്റെ ദിനചര്യ മുടങ്ങാതെ ചെയ്യിക്കുകയും ചെയ്തു.

79. 'ചര്യ' എന്നാൽ ചില പ്രത്യേകഭാഗങ്ങൾ പതിവായി പാരായണം ചെയ്യുക

എന്നാണ് അർത്ഥം. അത് പൂർണ്ണമായി മനസ്സിലാക്കാതെയോ, പകുതിഭാഗം മാത്രം പൂർത്തിയാക്കിയോ, ഒരുവൻ എഴുന്നേറ്റ് പോകരുത്. അങ്ങനെ ചെയ്താൽ ഉപാസന അപൂർണ്ണമായിരിക്കും.

80. ഇപ്പോൾ, ഈ വിവരണത്തിനിടയിൽ ഉയർന്ന് വന്ന ഈ ചെറുകഥ വിട്ടുകളയാൻ എനിക്ക് തോന്നുന്നില്ല. നാഥഭാഗവതത്തെക്കുറിച്ചുള്ള ആ കഥ ശ്രോതാക്കൾ ആദരവോടെ ശ്രവിക്കുക.

81. ഗുരുഭക്തി നിറഞ്ഞ് നിൽക്കുന്നതും, ബാബ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും, ദീക്ഷിത് പതിവായി പാരായണം ചെയ്യുന്നതുമാണ് നാഥഭാഗവതഗ്രന്ഥം.

82. ലോകക്ഷേമത്തിന് വേണ്ടി രചിക്കപ്പെട്ട ഈ ഗ്രന്ഥം, നാരായണൻ (വിഷ്ണു) ബ്രഹ്മാവിന് (സൃഷ്ടികർത്താവ്) ഉപദേശിച്ച് നൽകുകയും, ബ്രഹ്മാവ് ആ വിത്ത് പാടത്ത് വിതയ്ക്കുകയും നാരദൻ കൊയ്തെടുക്കുകയും ചെയ്തതാണ്.

83. ആ പാടം ബദരായൺ[6] പത്ത് മടങ്ങായി കൊയ്തെടുക്കുകയും, ശുകൻ[7] തന്റെ മെതിക്കളത്തിൽ വച്ച്, ഏറ്റവും ഗുണമേന്മയേറിയ കുറച്ച് ചോളമണികൾ തെരഞ്ഞെടുത്ത് മുറത്തിലിട്ട് പരീക്ഷിത്തിന്[8] നൽകുകയും ചെയ്തു.

84. ശ്രീധരസ്വാമി[9] അത് വൃത്തിയാക്കി. ജനാർദ്ദനസ്വാമി[10] അത് അളന്നെടുക്കുകയും, ഏകനാഥൻ അതിൽ നിന്നും രുചികരമായ അനേകം ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കുകയും ചെയ്തു.

85. ഭക്തി, സ്നേഹം, സന്തോഷം എന്നിവ നിറഞ്ഞു നിൽക്കുന്നതും, വൃന്ദാവന[11]ത്തിലെ പതിനൊന്നാം അധ്യായവും, മുപ്പത്തിരണ്ട് ഭാഗങ്ങളുള്ളതുമായ അധ്യായമാണ് ദീക്ഷിത് പതിവായി പാരായണം ചെയ്തിരുന്നത്.

86. പകൽ സമയങ്ങളിൽ അയാൾ അത് പാരായണം ചെയ്യുകയും വിശദീകരിക്കുകയും (മറ്റ് ഭക്തന്മാർക്ക്) ചെയ്യും. രാത്രികളിൽ അയാൾ ഭാവാർത്ഥരാമായണം[12] വായിക്കും. ഈ ഗ്രന്ഥവും ഗുരു നിർദ്ദേശിച്ചതായിരുന്നു, അതിനാൽ ദീക്ഷിത് ആ ശാസനം പിന്തുടർന്നു.

87. അത് ധ്യാനേശ്വരിയുടെ രണ്ടാമത്തെ പതിപ്പും, ഈശ്വരഭക്തിയുടെയും സന്തോഷത്തിന്റെയും സാരാംശവുമായിരുന്നു. മഹാരാഷ്ട്രയ്ക്ക് നാഥർ നൽകിയ ഏറ്റവും വലിയ സംഭാവനയാണ് ഇത്.

88. പ്രാതകാലത്തിൽ സ്നാനം കഴിഞ്ഞ്, സായിയുടെയും മറ്റ് ദേവതകളുടെയും പൂജകൾ, നൈവേദ്യം, ആരതി (നീരാഞ്ജനം കത്തിച്ചത്) എന്നിവ ചെയ്തശേഷം,

89. മറ്റ് ശ്രോതാക്കളോടൊപ്പം നൈവേദ്യമായി അർപ്പിച്ച കുറച്ച് പഴങ്ങളും പാലും കഴിച്ചശേഷം, ദിനവും ഒരു ചര്യപോലെ, ആദരപൂർവ്വം അയാൾ പോത്തി മുഴുവനും പാരായണം ചെയ്യുമായിരുന്നു.

90. പരമഭക്തനായ തുക്കാറാം ആസ്വദിച്ചിരുന്നതും ബന്ദാരമലയുടെ ഏകാന്തതയിൽ ആയിരം പ്രാവശ്യം അദ്ദേഹം പാരായണം ചെയ്തതുമായ ഈ ഗ്രന്ഥത്തിന്റെ മാധുര്യം ആർക്കാണ് വർണ്ണിക്കാൻ കഴിയുക?

91. ഭക്തനായ ദീക്ഷിതിനോട് ഈ ഗ്രന്ഥം പാരായണം ചെയ്യാൻ സായിസമർത്ഥ നിർദ്ദേശിക്കുകയുണ്ടായി. ഈ ഗ്രന്ഥം ഗുണപ്രദവും, മനുഷ്യരെ മുക്തിയിലേയ്ക്ക് നയിക്കാൻ പര്യാപ്തവുമാണ്.

92. ഒരുവൻ വനങ്ങളിൽ പോയി താമസിക്കേണ്ട കാര്യമില്ല, എന്തെന്നാൽ ഈശ്വരൻ സ്വയം ഉദ്ധവഗീതയിൽ പ്രത്യക്ഷപ്പെടുന്നു (അധ്യായം 11). അത് ശ്രദ്ധയോടെ പാരായണം ചെയ്യുന്നവർക്ക് നേരിട്ട് ഈശ്വരസവിധത്തിലെത്തിച്ചേരാൻ കഴിയും.

93. മഹാഭാരതത്തിൽ കൃഷ്ണനും അർജ്ജുനനും തമ്മിൽ ഒരു സംവാദമുണ്ട്; പക്ഷേ കൃഷ്ണനും ഉദ്ധവനും തമ്മിലുള്ള ഈ സംവാദം അതിനേക്കാൾ മികച്ചതാണ്. അത് ആഴത്തിൽ ഗ്രഹിച്ചശേഷം ഏകനാഥ് വാക്കുകളിൽ പകർത്തിയതാണ് 'ഭാഗവത'ത്തിലുള്ളത്.

94. അത് അപ്രകാരമാകട്ടെ. ഗുണപ്രദമായ ഈ ഗ്രന്ഥം ധ്യാനദേവിന്റെ ഭാവാർത്ഥദീപികയോടൊപ്പം, ഭക്തർ ഷിർദിയിൽ പാരായണം ചെയ്യണമെന്ന് ശ്രേഷ്ഠനും ദയാപരനുമായ സായിനാഥ് നിഷ്കർഷിച്ചിരുന്നു.

95. സാഠേവാഡയിൽ വച്ച് അത് പാരായണം ചെയ്യാനായി ബാബ, സഖറാം ഹരി ജോഗിനെ ചുമതലപ്പെടുത്തിയിരുന്നു. അതിലൂടെ ഭക്തർക്ക് വളരെ പ്രയോജനമുണ്ടാകുകയും ചെയ്തു.

96. ബാബ പലപ്പോഴും ഈ ഗ്രന്ഥം പാരായണം ചെയ്യാനായി ഭക്തരെ നിർബന്ധിക്കുകയും, ചിലപ്പോൾ അവരോടുള്ള ദയ കാരണം, അവരുടെ നന്മയ്ക്ക് വേണ്ടി അത് ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു.

97. ബാബയുടെ ശിക്ഷണരീതിയുടെ പ്രാഗല്ഭ്യം അഗ്രാഹ്യമാണ്! വിവിധ ഭക്തരോട് വ്യത്യസ്ത മാർഗ്ഗങ്ങളും രീതികളുമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അവർ ദൂരെയോ അരികിലോ ആയിരിക്കാം, പക്ഷേ അദ്ദേഹം അവരുടെ ഹൃദയത്തിൽ വസിച്ച് കൊണ്ട് അവർക്കരികിൽ തന്നെയുണ്ടാകും.

98. അദ്ദേഹം മസ്ജിദിൽ ഇരുന്ന് കൊണ്ട്, ചില പ്രത്യേക കർമ്മങ്ങൾ ഒരുവനെ ഏൽപിച്ചാലും, തന്റെ സ്വന്തം ശക്തി പ്രയോഗിച്ച് കൊണ്ട് അദ്ദേഹം അത് പൂർത്തിയാക്കിയിരിക്കും.

99. അദ്ദേഹം ബാപുസാഹേബ് ജോഗിനോട് വാഡയിൽ വച്ച് പോത്തി വായിക്കാൻ പറയുകയും അയാൾ അത് ആചാരപരമായും, പതിവായും വാഡയിൽ വച്ച് വായിക്കുകയും, അത് കേൾക്കാൻ ശ്രോതാക്കൾ എത്തുകയും ചെയ്യും.

100. എല്ലാദിവസവും ഉച്ചയ്ക്ക് ആഹാരത്തിനുശേഷം ജോഗ് ബാബയുടെ അടുത്തേയ്ക്ക് പോകുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങുകയും വിഭൂതി വാങ്ങിയശേഷം പോത്തി പാരായണം ചെയ്യുന്നതിന് അനുവാദം ചോദിക്കുകയും ചെയ്യും.

101. ചിലപ്പോൾ ധ്യാനേശ്വരിയും ചിലപ്പോൾ നാഥഭാഗവതവും അയാൾ വായിച്ചിരുന്നു. സന്തോഷം നിറഞ്ഞ ഹൃദയത്തോടെ അയാൾ പാരായണം ചെയ്യുകയും, അതിന്റെ അർത്ഥം വിശദമാക്കുകയും ചെയ്യും.

102. ഈ നിർദ്ദേശം നൽകിയത് മുതൽ ബാബയെ സന്ദർശിക്കാനെത്തുന്ന ഭക്തരോട് അവർ എത്തിയ ഉടൻ പോത്തി പാരായണം ശ്രദ്ധിക്കുന്നതിന് പോകാൻ ബാബ പറയും.

103. ചിലപ്പോൾ അദ്ദേഹം ചില കഥകൾ ചുരുക്കിപ്പറയുകയും ശ്രോതാക്കൾ അത് ശ്രദ്ധയോടെ കേട്ട്, ഓർത്ത് വയ്ക്കാൻ ശ്രമിക്കുകയും ചെയ്യും. താമസിയാതെ അവരോട് എഴുന്നേൽക്കാനും വാഡയിലെ പോത്തി പാരായണം കേൾക്കാനായി പോകാനും അദ്ദേഹം പറയും.

104. ശ്രോതാവ് പൂർണ്ണഭക്തിയോടെ, പോത്തി കേൾക്കാനായി പോകുമ്പോൾ, മുമ്പത്തെ കഥയുടെ (ബാബ പറഞ്ഞത്) അർത്ഥം ഉറപ്പാക്കുന്ന തരത്തിലുള്ള കഥയായിരിക്കും കാണുക.

105. ധ്യാനേശ്വരരുടെ ധ്യാനേശ്വരി അല്ലെങ്കിൽ ഏകനാഥിന്റെ വാക്കുകൾ (ഭാഗവതത്തിൽ) ബാബയുടെ കഥയിൽ നിന്നും കടമെടുത്തത് പോലെ കാണപ്പെടും. ഇത് ശ്രോതാക്കളെ വളരെയധികം ആശ്ചര്യപ്പെടുത്തും.

106. ചിലപ്പോൾ, പോത്തിയിൽ നിന്നും ചില പ്രത്യേകഭാഗങ്ങൾ വായിക്കണമെന്ന് നേരത്തെ തീരുമാനിച്ചിട്ടില്ലെങ്കിലും, യാദൃശ്ചികമായി ജോഗ് അത് വായിക്കുകയോ, പരാമർശിക്കുകയോ ചെയ്യും.

107. ഭാഗവതധർമ്മത്തിന്റെ സാരാംശം അടങ്ങിയ രണ്ട് പ്രധാന ഗ്രന്ഥങ്ങളാണ് ഭഗവദ്ഗീതയും ഭാഗവതവും, ജോഗ് അവ രണ്ടും പതിവായി പാരായണം ചെയ്തിരുന്നു.

108. ഭാവാർത്ഥദീപിക എന്ന നാമത്തിൽ അറിയപ്പെടുന്ന ധ്യാനേശ്വരി ഗീതയുടെ വ്യാഖ്യാനമാണ്; ഭാഗവതത്തിലെ പതിനൊന്നാം അധ്യായത്തിലെ തത്ത്വദർശനമാണ് നാഥ് വിവരിക്കുന്നത്.

109. അത് അപ്രകാരമാകട്ടെ. അത്തരത്തിൽ ഭാഗവത ധർമ്മത്തിന്റെ പ്രശസ്തി വർദ്ധിച്ചു. അതിനനുസരിച്ച് ഒരു ദിനചര്യ പോലെ ഞാൻ അത് പതിവായി പാരായണം ചെയ്യാൻ തുടങ്ങി, പക്ഷേ അന്നേദിവസം ഞാൻ അത് വിട്ടുകളഞ്ഞു.

110. ഒരു കഥ പകുതി വരെ വായിച്ചു. മറ്റുള്ളവർ മസ്ജിദിലേയ്ക്ക് പുറപ്പെട്ടതിനാൽ ഞാൻ വായിച്ചുകൊണ്ടിരുന്ന പോത്തി മാറ്റിവച്ചിട്ട് അവരോടൊപ്പം ധൃതിയിൽ യാത്രയായി.

111. ബാബയുടെ കഥ കേൾക്കണമെന്നതായിരുന്നു ഉദ്ദേശ്യം. പക്ഷേ ബാബയുടെ മനസ്സിൽ മറ്റെന്തോ ആണ് ഉണ്ടായിരുന്നത്. ഭാഗവതം മാറ്റിവച്ചിട്ട് മറ്റെന്തെങ്കിലും ഞാൻ ചെയ്യുന്നത് ബാബയ്ക്ക് ഇഷ്ടപ്പെട്ടിരുന്നില്ല.

112. ഇത് കൊണ്ട് മാത്രമാണ്, ഏതെങ്കിലും വിധത്തിൽ, ഭാഗവതത്തിന്റെ ശേഷിച്ച ഭാഗം കൂടി എന്നെക്കൊണ്ട് ബാബ പാരായണം ചെയ്യിച്ചത്. അത്തരത്തിലാണ് ബാബയുടെ അദ്ഭുതകൃത്യങ്ങൾ, അതോർക്കുമ്പോൾ എന്നിൽ സ്നേഹം തുളുമ്പുന്നു.

113. അത് അങ്ങനെയാകട്ടെ. ഭാഗവതത്തിന്റെ പാരായണം പൂർത്തിയായി. എന്റെ ഉപകഥയും ഇവിടെ അവസാനിക്കുന്നു. അതിനിടയ്ക്ക് മാധവറാവുവിന്റെ

പൂജാകർമ്മങ്ങൾ പൂർത്തിയായി, അയാൾ പുറത്തേയ്ക്ക് വന്നു.

114. "ഓ, ബാബയിൽ നിന്ന് ഒരു സന്ദേശമുണ്ട്, ഞാൻ അത് നിങ്ങൾക്കായി കൊണ്ടു വന്നിരിക്കുകയാണ്; 'ശാമയുടെ പക്കൽ നിന്നും ദക്ഷിണയായി 15/ – ഉറുപ്പിക വാങ്ങി വരിക!'

115. "ഞാൻ ബാബയുടെ സേവ ചെയ്ത് കൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് അദ്ദേഹം നിങ്ങളെ ഓർക്കുകയും ഇപ്രകാരം പറയുകയും ചെയ്തു; 'എഴുന്നേൽക്കൂ, ബാബയുടെ അടുക്കൽ ചെന്ന് ദക്ഷിണയുമായി വരിക!'

116. ''അദ്ദേഹം പിന്നെയും പറഞ്ഞു: ''അവന്റെ ഗൃഹത്തിൽ കുറച്ച് നേരം ഇരിക്കുക. കുറച്ച് നേരം അവനുമായി സംഭാഷണത്തിലേർപ്പെടുക. അവനുമായി സംസാരിച്ചശേഷം തിരികെ വരിക."

117. ഇത് കേട്ട് മാധവറാവു ആശ്ചര്യപ്പെടുകയും, ഇങ്ങനെ പറയുകയും ചെയ്തു: "ഉറുപ്പികയ്ക്ക് പകരം അദ്ദേഹത്തിന് എന്റെ നമസ്കാരങ്ങൾ നൽകുക. അത് എന്റെ ദക്ഷിണയാണെന്ന് പറയുക."

118. ''അങ്ങനെയാകട്ടെ, ഒരു കാര്യം പൂർത്തിയായി. ഞാൻ പതിനഞ്ച് നമസ്കാരങ്ങൾ എന്റെയൊപ്പം കൊണ്ടു പോകുകയാണ്. ഇപ്പോൾ എന്റെയൊപ്പം കുറച്ച് നേരം ഇരുന്ന് വർത്തമാനം പറയുക," എന്ന് ഞാൻ പറഞ്ഞു.

119. "നിങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും കഥ എന്നോട് പറയൂ. ശ്രവണത്തിനുള്ള എന്റെ ദാഹത്തിന് ശമനമുണ്ടാകട്ടെ. ബാബയുടെ കഥകളാകുന്ന ഗംഗാജലം നിങ്ങളിൽ കൂടി ഒഴുകട്ടെ, എന്തെന്നാൽ അത് എന്റെ പാപങ്ങൾ കഴുകിക്കളയും."

120. അപ്പോൾ മാധവറാവു പറഞ്ഞു: "ഇരിക്കൂ, ഇത്തരത്തിലാണ് ആ ദേവന്റെ ലീലകൾ, അത് നിങ്ങൾക്കും അറിവുള്ളതാണല്ലോ! കുറച്ച് നേരം വിശ്രമിക്കൂ. ഇരിക്കൂ.

121. ''ഈ വെറ്റിലയും കധയും എടുത്തോളൂ. നാരങ്ങയും അടയ്ക്കയും പെട്ടിയ്ക്കുള്ളിലുണ്ട്. ഞാൻ തൊപ്പി ശിരസ്സിൽ വച്ച് ഒരു നിമിഷത്തിനുള്ളിൽ തിരിച്ചെത്തുന്നതാണ്.

122. ''ബാബയുടെ ലീലകൾ വളരെ ഗഹനമാണ്. എത്രയാണ് എനിയ്ക്ക് താങ്കളോട് പറയാൻ കഴിയുക? താങ്കൾ ഷിർദിയിൽ വന്നത് മുതൽ മതിയാവോളം കണ്ടില്ലേ?!

123. "നിങ്ങളെല്ലാവരും നഗരവാസികളാണ്, ഞാനാണെങ്കിൽ ഒരു ഗ്രാമീണനും. അദ്ദേഹത്തിന്റെ അഗ്രാഹ്യമായ ലീലകളെക്കുറിച്ച് നിങ്ങളുടെ മുമ്പിൽ എത്രമാത്രമാണ് എനിക്ക് സംസാരിക്കാൻ കഴിയുക?!"

124. തിരിച്ചുവരുമെന്ന് എന്നോട് പറഞ്ഞുകൊണ്ട് അയാൾ അകത്തേയ്ക്ക്പോയി – ദേവതകൾക്ക് പുഷ്പങ്ങൾ അർപ്പിച്ചു, പെട്ടെന്ന് അയാളുടെ തൊപ്പി ധരിച്ചുകൊണ്ട് തിരിച്ചെത്തുകയും അവിടെ ഇരുന്ന് കൊണ്ട് എന്നോട് സംസാരിച്ചു തുടങ്ങുകയും ചെയ്തു.

125. ''ഈശ്വരന്റെ എത്ര അതിശയകരമായ ലീലയാണ് ഇത്! ആർക്കാണ് അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾ അറിയാൻ കഴിയുന്നത്: അദ്ദേഹത്തിന്റെ ലീലകൾക്ക് പരിമിതികളില്ല. കരുനീക്കങ്ങൾ നടത്തിയശേഷം അവയിൽ ബന്ധമില്ലാതെ അദ്ദേഹം വർത്തിക്കുന്നു.

126. ''ഓ, നിങ്ങളെല്ലാവരും ജ്ഞാനാർത്ഥികളാണ്. ഒരാൾ മറ്റൊരാളേക്കാൾ അറിവുള്ളവൻ. ഞങ്ങളെപ്പോലെ എളിയവരായ ആൾക്കാർക്ക് ബാബയുടെ അഗ്രാഹ്യമായ വ്യക്തിത്വം എങ്ങനെയാണ് ഗ്രഹിക്കാൻ കഴിയുക.

127. "അദ്ദേഹത്തിന് പറയാനുള്ളത്, സംഭാഷണമധ്യേ നിങ്ങളോട് വിശദമാക്കാൻ അദ്ദേഹത്തിന് കഴിയില്ലേ? എന്ത് കൊണ്ടാണ് അദ്ദേഹം നിങ്ങളെ എന്റെ അടുക്കലേക്ക് പറഞ്ഞ് വിട്ടത്? അദ്ദേഹത്തിന് മാത്രമേ അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ അർത്ഥം അറിയുകയുള്ളൂ, എന്ത്കൊണ്ടെന്നാൽ അദ്ദേഹം സാധാരണ മനുഷ്യനല്ല.

128. "ഇപ്പോൾ ഇത്തരം ചിന്താധാരകളുടെ ഒഴുക്കിനിടയിൽ, എനിക്ക് ഒരു കഥ ഓർമ്മ വരുന്നു.അതിനാൽ, അതേക്കുറിച്ച് സംസാരിച്ച് കൊണ്ട് നമുക്ക് ഈ സമയം ഉചിതമായ രീതിയിൽ ചെലവഴിക്കാം.

129. ''എന്റെ കൺമുമ്പിൽ സംഭവിച്ച ഒരു കാര്യം ഞാൻ നിങ്ങളോട് വിവരിക്കുന്നതാണ്. ഒരുവന്റെ മനസ്സിലുള്ളത് എന്ത് നിശ്ചയമായാലും അത് പൂർത്തീകരിക്കുമെന്ന് അദ്ദേഹം തീർച്ചയാക്കിയിരുന്നു.

130. ''ചിലപ്പോൾ ബാബയും, ഒരുവന്റെ സ്നേഹവും ഭക്തിയും കഠിനമായ രീതിയിൽ പരീക്ഷിച്ചിരുന്നു. അദ്ദേഹം ഒരു മാർഗ്ഗവും ഒഴിവാക്കാതെ, ഒടുവിൽ ഉപദേശം നൽകിയിരുന്നു."

131. 'ഉപദേശം' എന്ന വാക്ക് കേട്ടപ്പോൾ, ഉടൻ തന്നെ എനിക്ക് സാഠേയുടെ ഗുരുചരിത്രത്തിന്റെ സംഭവം ഓർമ്മ വന്നു. എന്റെ മനസ്സിൽ ഒരു മിന്നൽ പതിച്ചത് പോലെയാണ്, യഥാർത്ഥത്തിൽ എനിക്ക് അനുഭവപ്പെട്ടത്.

132. മസ്ജിദിൽ വച്ച് വേവലാതി പൂണ്ട എന്റെ മനസ്സിന് ആശ്വാസം നൽകുന്നതിന് വേണ്ടി ബാബ ആസൂത്രണം ചെയ്തതാണോ ശാമയുടെ ഈ ആകസ്മിക സംഭവം? തീർച്ചയായും ഇത് ബാബയുടെ അദ്ഭുതകരമായ ലീലയാണ്!

133. അത് അങ്ങനെയാവട്ടെ. ഇത്തരം ചിന്തകൾ ഞാൻ പെട്ടെന്ന് അടക്കിനിർത്തി. കഥ കേൾക്കാനുള്ള എന്റെ ഉത്സാഹം ഇരട്ടിക്കുകയും, അത് എങ്ങനെ സംതൃപ്തമായി എന്നും നോക്കുക.

134. അതിനുശേഷം അയാൾ ബാബയെക്കുറിച്ചുള്ള കഥകൾ പറയാൻ തുടങ്ങുകയും, അവ പതുക്കെ വിവരിക്കപ്പെട്ടപ്പോൾ ഭക്തരോട് ബാബയ്ക്കുള്ള സ്നേഹമോർത്ത് എനിക്ക് സന്തോഷം തോന്നി.

135. പിന്നീട് അയാൾ മറ്റൊരു കഥ പറഞ്ഞു തുടങ്ങി, ദേശ്മുഖ് എന്ന വ്യക്തിയുടെ ഭാര്യ കുറച്ചു നാൾ ദിവ്യന്മാരുടെ സവിധത്തിൽ വസിക്കണമെന്ന് ചിന്തിച്ചു.

136. ബാബയുടെ ശ്രേഷ്ഠത അറിഞ്ഞപ്പോൾ സംഗമ്നർ എന്ന സ്ഥലത്ത് നിന്ന്

ഒരു സംഘം ആളുകളോടൊപ്പം ബാബയുടെ ദർശനത്തിനായി ആ സ്ത്രീ ഷിർദിയിലെത്തി.

137. അവൾ ഖഷബാ ദേശ്മുഖിന്റെ മാതാവായിരുന്നു. അവളുടെ പേര് രാധാബായി എന്നായിരുന്നു. സായിയിൽ പൂർണ്ണവിശ്വാസത്തോടെ, അവൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങി, ദർശനം നടത്തി.

138. ശരിയായ ആചാരങ്ങളോടെ അവൾ ദർശനം നടത്തി. ഒരു ദൂരയാത്ര കഴിഞ്ഞുള്ള ക്ഷീണമൊക്കെ മാറി, അപ്പോൾ അവൾ തന്റെ ദൗത്യത്തെക്കുറിച്ച് ഓർത്തു.

139. സായി സമർത്ഥർ തന്റെ ഗുരുവാകണമെന്ന് അവൾ തീവ്രമായി ആഗ്രഹിച്ചു, എന്തെന്നാൽ അപ്പോൾ അദ്ദേഹം അവൾക്ക് ശരിയായ ഉപദേശങ്ങൾ നൽകുകയും, അതിലൂടെ അവൾക്ക് ജീവിതലക്ഷ്യം നേടാനും കഴിയും.

140. ആ സ്ത്രീ വളരെ പ്രായമേറിയവളും, ബാബയിൽ തികഞ്ഞ വിശ്വാസവുമുള്ളവളുമായിരുന്നു. അദ്ദേഹത്തിൽ നിന്നും എന്തെങ്കിലും ഉപദേശം നേടിയെടുക്കണമെന്ന് അവൾ ഉറച്ച് തീരുമാനിച്ചിരുന്നു.

141. ''ബാബ നേരിട്ട് എന്നെ അനുഗ്രഹിക്കുകയും, എന്റെ ചെവിയിൽ മന്ത്രോപദേശം നടത്തുകയും ചെയ്യുന്നത് വരെ ഞാൻ എങ്ങോട്ടും ചലിക്കുന്നതല്ല''.

142. “മന്ത്രം ബാബയുടെ അധരങ്ങളിൽ നിന്നും നേരിട്ട് വരേണ്ടതാണ്. അത് മറ്റാരിൽ നിന്നെങ്കിലും സ്വീകരിച്ചാൽ അശുദ്ധമാകും. സായി ഭഗവാൻ ദിവ്യന്മാരിൽ ദിവ്യനും ശ്രേഷ്ഠനുമാണ്. അദ്ദേഹം എന്നെ അനുഗ്രഹിക്കാൻ ഇടവരട്ടെ.”

143. ഹൃദയത്തിൽ ഇങ്ങനെ തീരുമാനിച്ച് കൊണ്ട് ആ സ്ത്രീ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് ദൃഢനിശ്ചയത്തോടെ ഇരുന്നു.

144. അവൾ വാർദ്ധക്യാവസ്ഥയിലായിരുന്നു. അല്പംപോലും ഭക്ഷണം കഴിക്കുകയോ ജലപാനം നടത്തുകയോ ചെയ്തില്ല. എന്നിട്ടും അവൾക്ക് ഉപദേശത്തിൽ ദൃഢവിശ്വാസമായിരുന്നു.

145. മൂന്ന് ദിവസങ്ങൾ തുടർച്ചയായി പകലും രാത്രിയും ആ വൃദ്ധ നിരാഹാര മനുഷ്ഠിക്കുകയും, ബാബ അവൾക്ക് ഉപദേശം നൽകുന്നത് വരെ അതേനില തുടരാനും തീരുമാനിച്ചു.

146. 'ഒരു മന്ത്രോപദേശം ലഭിക്കാതെ ഷിർദി സന്ദർശിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്?' അവൾ താമസിച്ചിരുന്ന സ്ഥലത്ത് നിന്നും മറ്റെങ്ങോട്ടും ചലിക്കാതെ, അവിടെ തന്നെ താമസിക്കുകയും, അവിടെ വച്ച് മരണമടയുന്നതിന് പോലും തയ്യാറുമായിരുന്നു.

147. മൂന്ന് ദിവസങ്ങൾ അവൾ ആഹാരമോ, ജലമോ കഴിക്കാതെ തന്റെ ഉപാസന തുടർന്നു. ആ സ്ത്രീ ക്ഷീണിതയും ദുഃഖിതയുമായി.

148. മാധവറാവു ഉത്കണ്ഠാകുലനാകുകയും സ്ഥിതിവിശേഷങ്ങൾ ഒട്ടും നല്ലതല്ലെന്ന് ചിന്തിക്കുകയും ചെയ്തു. ആ വൃദ്ധസ്ത്രീയ്ക്ക് മരണഭയം തീരെയില്ലാത്തതിനാൽ അടുത്തതായി എന്താണ് ചെയ്യേണ്ടതെന്ന് അയാൾ ചിന്തിച്ചു.

149. പിന്നീട് അയാൾ മസ്ജിദിൽ പോയി ബാബയുടെ സമീപത്ത് ഇരുന്നു. പൊതുവേയുള്ള ക്ഷേമത്തെ സംബന്ധിക്കുന്ന ദൈനംദിനകാര്യങ്ങൾ അദ്ദേഹം ആദരപൂർവ്വം ചോദിച്ചറിഞ്ഞു.

150. ''ശാമാ, ഇന്നെന്താണ് നിന്റെ കാര്യപരിപാടികൾ? എല്ലാം ശരിയായി നടക്കുന്നുണ്ടോ? ആ നാരായൺ തേലി[13] എല്ലാ മര്യാദകളും മറികടന്ന് എനിക്ക് വളരെ ശല്യങ്ങൾ ചെയ്യുകയാണ്".

151. വൃദ്ധസ്ത്രീയുടെ അവസ്ഥയെക്കുറിച്ചോർത്ത് ശാമ മുമ്പേ തന്നെ വിഷമിച്ചിരിക്കുകയായിരുന്നു. എന്താണ് അയാൾ ചെയ്യുക? ധൈര്യമവലംബിച്ച് കൊണ്ട് അയാൾ ബാബയോട് ചോദിച്ചു.

152. ''ബാബ എന്താണീ വിഭ്രാന്തിയും രഹസ്യവും[14]? അങ്ങയുടെ ചലനങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങ് ഈ ഗ്രാമത്തിലേയ്ക്ക് ആൾക്കാരെ എത്തിക്കുകയും, ഇപ്പോൾ എന്റെ പദ്ധതികളെപ്പറ്റി ചോദിക്കുകയും ചെയ്യുന്നു.

153. "ആ ദേശ്മുഖ് സ്ത്രീ, അങ്ങയെ മാത്രം ആശ്രയിച്ച് കൊണ്ട് മൂന്ന് ദിനങ്ങൾ ആഹാരമോ ജലമോ കഴിച്ചില്ല.

154. "ആ വൃദ്ധ സ്ത്രീ വളരെ നിർബന്ധബുദ്ധിക്കാരിയും, അങ്ങയിൽ വളരെ വിശ്വാസമുള്ളവളുമാണ്. അങ്ങാണെങ്കിൽ അവളെ നോക്കാൻ പോലും സന്നദ്ധനല്ല. എന്ത് കൊണ്ടാണ് അങ്ങ് അവളെ ഇത്ര വിഷമിപ്പിക്കുന്നത്?

155. "അവളാകട്ടെ, ഒരു ഉണങ്ങിയ കമ്പ് പോലെയാണ്. ഇളകാത്ത മനോഭാവവും, മുൻകോപവും, നിശ്ചയദാർഢ്യവുമുള്ളവളാണ്. ആഹാരം കഴിക്കാതെ, അവൾക്ക് ജീവഹാനിയുണ്ടാകുമെന്നത് വ്യക്തമാണ്.

156. ''ആ വൃദ്ധസ്ത്രീ ദർശനം നേടണമെന്നും ഉപദേശം കിട്ടണമെന്നുമുള്ള ആഗ്രഹത്തോടെയാണ് വന്നതെന്ന് പറയപ്പെടും. പക്ഷേ സായിബാബ അവളോട് ദയ കാട്ടിയില്ല. അദ്ദേഹം അവളെ മരിക്കാൻ അനുവദിച്ചു.

157. ''ബാബാ, അങ്ങനെയൊരു അഭിപ്രായം പരക്കാനിടയാകരുത്. അവളുടെ നന്മയ്ക്ക് യോജിച്ചത് എന്താണെന്ന് അവളോട് പറയുക. എന്ത്കൊണ്ട് അങ്ങേയ്ക്ക് അവളെ അനുഗ്രഹിച്ച്, സംഭവിച്ചേക്കാവുന്ന ഈ കളങ്കം തുടച്ചു നീക്കിക്കൂടാ?

158. ''അവളുടെ ശരീരത്തിന് ഒട്ടും ശക്തിയില്ല. അവളുടെ ജീവിതം ഒരു നൂൽതുമ്പിൽ തൂങ്ങുകയാണ്. ആ വൃദ്ധസ്ത്രീ മരിക്കുകയും അതിന്റെ അപവാദം അങ്ങ് കേൾക്കേണ്ടിയും വരും.

159. ''ആ വൃദ്ധസ്ത്രീയുടെ ഉപാസന വളരെ കഠിനമാണ്. ഞങ്ങൾ ആകെ ദുഃഖിതരാണ്. നിർഭാഗ്യവശാൽ ആ വൃദ്ധസ്ത്രീ മരിക്കുകയാണെങ്കിൽ അതൊരു അത്യാപത്ത് ആയിരിക്കും.

160. "പെട്ടെന്നുണ്ടായ ആഗ്രഹത്താൽ ആ വൃദ്ധസ്ത്രീ സ്വയം ഹാനി വരുത്തി വയ്ക്കും. അങ്ങ് അവളെ അനുഗ്രഹിച്ചില്ലെങ്കിൽ അവൾ ജീവിച്ചിരിക്കുമെന്നതിന് ഒരു സാദ്ധ്യതയും ഞാൻ കാണുന്നില്ല. അങ്ങയുടെ സ്വന്തം അധരങ്ങളിൽ

നിന്ന് എന്തെങ്കിലും അവളോട് പറയുക."

161. ഈ അധ്യായം ഉദ്ദേശിച്ച ദൈർഘ്യമെത്തിയിരിക്കുന്നു. ശ്രോതാക്കളുടെ ആഗ്രഹം അടുത്ത അധ്യായത്തിൽ സ്നേഹപൂർവ്വം സഫലമാകുന്നതാണ്.

162. പിന്നീട്, ആ വൃദ്ധസ്ത്രീയുടെ പ്രവൃത്തി കാരണം ബാബ സ്നേഹത്തോടെ ഉപദേശം നൽകി. അത് ആദരവോടെ ശ്രവിക്കുകയാണെങ്കിൽ, അജ്ഞാനം അപ്രത്യക്ഷമാകും.

163. ഹേമദ് സായിയിൽ സ്വയം സമർപ്പിക്കുന്നു; ശ്രോതാക്കളുടെ മുന്നിൽ നമസ്കരിക്കുന്നു. ഭവസാഗരം, വളരെ ചെറിയ പരിശ്രമത്തിലൂടെ കടക്കാൻ സഹായിക്കുന്നത് ശ്രദ്ധിക്കാൻ നിങ്ങൾ തയ്യാറാകുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ പതിനെട്ടാം അധ്യായം "എനിക്ക് അനുഗ്രഹം ലഭിക്കുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ശ്രീരാമന്റെ സ്തുതി. സാധാരണക്കാർക്ക് ഉപയോഗിക്കാൻ തരത്തിൽ ലളിതവും സ്പഷ്ടവുമാണ്.
2. അത് നരസിംഹ സരസ്വതി സ്വാമിജിയുടെ കഥയാണ്. അദ്ദേഹം ദത്താവതാരമാണ്. അത് പാരായണം ചെയ്യുന്നത്, എല്ലാ ദോഷങ്ങളെയും അകറ്റി മുക്തി നൽകുന്നു.
3. പുരാണങ്ങളിൽ പാണ്ഡിത്യമുള്ള ബ്രാഹ്മണൻ
4. ബാബയെ ദർശിച്ച് ഏഴ് വർഷങ്ങൾ കഴിഞ്ഞു.
5. ഭാഗവതത്തിന്റെ പതിനൊന്നാം അധ്യായത്തിന് ഏകനാഥ് മഹാരാജ് എഴുതിയ വ്യാഖ്യാനം. അതിന് മുപ്പത്തിരണ്ട് അധ്യായങ്ങളുണ്ട്.
6. വ്യാസമുനി, ഉപജ്ഞാതാവാണെന്ന് പറയപ്പെടുന്നു.
7. വ്യാസമുനിയുടെ മകൻ
8. പാണ്ഡവരുടെ പൗത്രൻ
9. സംസ്കൃതത്തിൽ ഭാഗവതത്തിനുണ്ടായ നിരൂപണം. പതിനാലാം നൂറ്റാണ്ടിലെ ഗീതയാണെന്ന് പറയപ്പെടുന്നു.
10. ദത്തഭഗവനാൽ അനുഗ്രഹം സിദ്ധിച്ചവനും പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച ഏകനാഥിന്റെ ഗുരുവും ആയിരുന്നു.
11. തുളസിച്ചെടി നിറഞ്ഞത്.
12. ഇതും ഏകനാഥ് രചിച്ചതാണ്.
13. ശരിയായിട്ടുള്ള ഒരു വ്യക്തിയല്ല. ബാബയെ ശല്യപ്പെടുത്തിയിരുന്ന എന്തോ ഒന്നിനെ സംബന്ധിച്ചത്.
14. "ഗൗഡ ബംഗാൾ" എന്നതാണ് മാറാത്തിയിലെ പദം, എന്തെന്നാൽ ഈ രണ്ട് സംസ്ഥാനങ്ങളിലും മോഹവിദ്യയും ഇന്ദ്രജാല വിദ്യയും പ്രചരിച്ചിരുന്നു.

## 19

# എനിക്ക് അനുഗ്രഹം ലഭിക്കുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സായി സൂക്ഷ്മമായതിലും സൂക്ഷ്മവും, ബൃഹത്തായതിനേക്കാൾ ബൃഹത്തും, സർവ്വവ്യാപിയും, ബ്രഹ്മം മുഴുവൻ നിറഞ്ഞുനിൽക്കുന്നതും, പ്രപഞ്ചത്തെ മൂടി നിൽക്കുന്നതുമാണ്.
2. എന്റെ നശ്വരമായ ദൃഷ്ടികൾ കൊണ്ട് അത്തരത്തിലുള്ള ദൈവത്തെ, ഏതെങ്കിലും രൂപത്തിലും നിറത്തിലും കാണണമെന്ന് എന്നിൽ ആഗ്രഹമുദിച്ചു.
3. സൂര്യനെ ആരാധിക്കുന്നവർ നേർത്ത പഞ്ഞിത്തിരി കൊണ്ട് പൂജിക്കുന്നു; ഗണപതിയുടെ ആരാധകർ ശർക്കര കൊണ്ട് ഗണപതിയുടെ രൂപം ഉണ്ടാക്കുകയും ശർക്കര പ്രസാദമായി നേദിക്കുകയും ചെയ്യുന്നു.
4. അല്ലെങ്കിൽ ദിവ്യസമുദ്രത്തിൽ നിന്ന് കൈക്കുടന്നയിൽ വെള്ളമെടുത്ത് അതിന് അർപ്പിക്കുന്നു. ഇതൊക്കെ പ്രത്യക്ഷത്തിൽ അസാധാരണമായി തോന്നാം.
5. സൂര്യനും സമുദ്രവും ശ്രേഷ്ഠമായവയാണ്. അവർ ഭക്തരുടെ വിശ്വാസം മാത്രമേ കണക്കിലെടുക്കുന്നുള്ളൂ, ശരിയോ തെറ്റോ എന്നതിനെക്കുറിച്ച് ചിന്തിക്കുകയില്ല. ഭക്തരുടെ വികാരങ്ങൾ മാത്രമാണ് അവർ മാനിക്കുന്നത്.
6. 'ഒരേ തൂവൽ പക്ഷികൾ ഒരുമിച്ചു ചേരുന്നു' എന്ന് പറയപ്പെടുന്നു. ഇത് ഒരു സാധാരണ തത്ത്വമാണെങ്കിലും, ശരീരത്തിന്റെയും ആത്മാവിന്റെയും ഐക്യം ഇതിന് അപവാദമാണ്.
7. അവർ വിഭിന്നമായ പ്രകൃതങ്ങളോട് കൂടിയവയാണെങ്കിലും, അവ രണ്ടിനും തമ്മിൽ വളരെ സ്നേഹബന്ധമുണ്ട്. ഒന്നിന് മറ്റൊന്നില്ലാതെ സന്തോഷമായിരിക്കാൻ കഴിയില്ല, അവർക്ക് ഒരു നിമിഷം പോലും പിരിഞ്ഞിരിക്കാനും കഴിയില്ല.
8. എങ്കിലും ശരീരം നശ്വരമാണ്. ആത്മൻ നാശമില്ലാത്തതും നശിക്കാത്തതുമാണ്. പക്ഷേ അവർ രണ്ടുപേരും തമ്മിലുള്ള സ്നേഹത്തിന് പരിമിതികളില്ല. അതിനാൽ പുനർജന്മമെന്ന വൃത്തമുണ്ടാകുന്നു.
9. ആത്മാവ് ഏറ്റവും ശക്തിമത്താണ്. അത് സംവേദിച്ചറിയാൻ കഴിയാത്തതിനേക്കാൾ സൂക്ഷ്മമാണ്; ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു

നിൽക്കുന്ന അതിസൂക്ഷ്മമായ വായുവിനേക്കാൾ സൂക്ഷ്മം. ഈശ്വരന്റെ സൃഷ്ടിക്ക് കാരണമായ ഇച്ഛാശക്തി വളരെ സൂക്ഷ്മമാണ്. അതിനെ മായ എന്നും വിളിക്കപ്പെടുന്നു.

10. പുരുഷൻ (ഈശ്വരൻ) ഇവയേക്കാളൊക്കെ സൂക്ഷ്മമാണ്. സകല ഇന്ദ്രിയങ്ങളും അതിൽ ലയിക്കുന്നു. ഇതാണ് ഏറ്റവും ഉത്കൃഷ്ടാവസ്ഥ; അത് സ്വയം ശുദ്ധബ്രഹ്മനുമാകുന്നു.

11. ലൗകികലോകത്തിന് സ്വന്തമാണെന്ന് കാണപ്പെടുന്ന ആത്മാവ് അത്തരത്തിലുള്ളതാണ്; ആത്മാവ് അനശ്വരവും സ്ഫടികം പോലെ നിർമ്മലവുമാണെങ്കിലും, ഭൗതിക ലോകത്തിൽ അത് മിഥ്യയുടെയും കർമ്മത്തിന്റെയും മാർഗ്ഗത്തിലൂടെ സഞ്ചരിക്കേണ്ടിയിരിക്കുന്നു.

12. ഒരു സ്ഫടികം നിറങ്ങളെ പ്രതിഫലിപ്പിക്കുമ്പോൾ അത് ചുവപ്പ്, കറുപ്പ്, മഞ്ഞ എന്നിങ്ങനെ നിറം മാറുമെങ്കിലും, അത് ആ നിറങ്ങളിൽ നിന്നൊക്കെ വിഭിന്നമാണ്. അത് ശുദ്ധവും വിഭിന്നവും മാറാൻ കഴിയാത്തതുമാണ്.

13. മരുഭൂമിയിലെ മരീചിക മിനുസപ്പെടുത്തിയ മുത്തായി തിളങ്ങുന്നതു പോലെയും, കയറിന്റെ ചുരുൾ പാമ്പായി തോന്നിയതുപോലെയുമാണത്.

14. കയറിനെ പാമ്പാണെന്ന് കരുതുന്നത് വാസ്തവത്തിൽ അബദ്ധമാണ്. അതേപോലെ, 'എന്റെ ശരീരമാണ് എന്റെ ആത്മസ്വത്വം'' എന്ന് വിചാരിക്കുകയും അതിൽ ഊറ്റം കൊള്ളുകയും ചെയ്യുന്നതും അബദ്ധമാണ്, എന്തു കൊണ്ടെന്നാൽ അത് സ്വതവേ സ്വതന്ത്രമായ ആത്മാവിനെ ബന്ധിതമാക്കുകയാണ് ചെയ്യുന്നത്.

15. ആത്മാവ് അനുപമമാണ്. അത് ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ എന്നിവയിൽ നിന്ന് വ്യത്യസ്തമാണ്. അത് സ്വയം പ്രകാശിതവും ശുദ്ധബോധവും, മാറ്റത്തിന് വിധേയമാകാത്തതും രൂപമില്ലാത്തതുമാണ്.

16. നിങ്ങൾക്ക് ശരീരം, ബുദ്ധി, മനസ്സ്, പ്രാണൻ എന്നിവയുടെ അഹംഭാവമുള്ളിടത്തോളം കാലം അതിന്റെ പരിണിതഫലങ്ങൾ നേരിടുകയും കർമ്മങ്ങൾ അനുഷ്ഠിക്കുകയും ആസ്വദിക്കുകയും ഒപ്പം ഒഴിവാക്കാനാകാത്ത സുഖദുഃഖങ്ങൾ അനുഭവിക്കേണ്ടിയും വരും.

17. എത്ര സൂക്ഷ്മമാണ് ആൽമരത്തിന്റെ വിത്ത്! അതിനുള്ളിൽ ആൽമരത്തിന്റെ ശക്തിയുണ്ട്. ഒരു വൃക്ഷത്തിൽ അനേകം വിത്തുകളുണ്ട്, അവയിലൊക്കെ കോടിക്കണക്കിന് വൃക്ഷങ്ങൾ അടങ്ങിയിരിക്കുന്നു.

18. അത്തരത്തിൽ, എത്ര വിത്തുകളുണ്ടോ അത്രയും വൃക്ഷങ്ങൾ ഉണ്ടാകുന്നു. ഈ പ്രതിഭാസം ലോകാവസാനം വരെ കാണപ്പെടുന്നതാണ്. അത്തരത്തിലാണ് പ്രപഞ്ചം വർത്തിക്കുന്നത്. അതിനെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുക.

19. സ്ഥിരത, നിർഭയത്വം, സ്വേച്ഛ, സ്വാതന്ത്ര്യം, ഈശ്വരനുമായി ഐക്യത – എന്നിവയാണ് ഒരു മനുഷ്യന്റെ ജീവിതോദ്ദേശ്യങ്ങൾ. ജനനത്തിന്റെ അന്തിമ ലക്ഷ്യവും ഇത് തന്നെയായിരിക്കണം.

20. ജ്ഞാനം നേടാതെ മുക്തി സാധ്യമല്ല; വിരക്തിയില്ലാതെ ജ്ഞാനവും

സാധ്യമല്ല. വിരക്തി രൂഢമൂലമാകാതെ, ലോകം ക്ഷണഭംഗുരമാണെന്ന് മനസ്സ് ചിന്തിക്കുകയുമില്ല.

21. അനിത്യമായ ഈ ലോകമാർഗ്ഗത്തിൽ, പ്രപഞ്ചത്തെക്കുറിച്ചുള്ള മതിഭ്രമത്താൽ കണ്ണഞ്ചുകയും യാത്രക്കാരൻ പകുതിവഴിയിൽ തപ്പിത്തടയുകയും, ഏത് മാർഗ്ഗത്തിലൂടെ പോകണമെന്ന് അറിയാൻ കഴിയാതെ നിൽക്കുകയും ചെയ്യുന്നു.

22. അത്തരത്തിലാണ് ഈ പ്രപഞ്ചത്തിന്റെ വഞ്ചന, അത് മനുഷ്യരിൽ മിഥ്യാധാരണയുണ്ടാക്കുന്നു. അത് ഈ ഭൗതിക ലോകത്തിൽ നിന്നും സൃഷ്ടിച്ചെടുത്തതും, ഒരു സ്വപ്നത്തിൽ ദർശിച്ച നിറമുള്ള മനോരാജ്യം പോലെയും തോന്നും. അതിനാൽ ഒരുവൻ അതിൽ പറ്റിക്കിടക്കാനുള്ള ശ്രമം നടത്തുന്നത് എന്തിനാണ്?

23. ഒരുവൻ സ്വപ്നത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ സ്വപ്നം അപ്രത്യക്ഷമാകുന്നു. അതിനാൽ സ്വന്തം ആത്മാവിൽ വിശ്വാസമുള്ള ഒരുവൻ ഈ ഭൗതികലോകത്തെക്കുറിച്ച് ഓർക്കാൻ മെനക്കെടാറില്ല.

24. വേദനയുടെയും, മമതയുടെയും ബന്ധങ്ങൾ അറുത്ത് മാറ്റാതെ ആത്മന്റെ പ്രകൃതത്തെക്കുറിച്ചും അതിന് പരമാത്മനുമായുള്ള ഐക്യത്തെക്കുറിച്ചുമുള്ള വാസ്തവികജ്ഞാനം ലഭിക്കില്ല. ഇതാണ് ജ്ഞാനോദയം എന്നറിയപ്പെടുന്നത്; അല്ലാതെ മറ്റൊന്നുമല്ല.

25. ജ്ഞാനം എല്ലാറ്റിലും വച്ച് ശ്രേഷ്ഠമാണെങ്കിലും, പകലും രാത്രിയും ബാബ അതേ തത്ത്വം ഉപദേശിച്ചെങ്കിലും, സാധാരണ ജനങ്ങൾക്ക് ഭക്തിമാർഗ്ഗമാണ് അദ്ദേഹം നിർദ്ദേശിച്ചത്.

26. ജ്ഞാനത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, അത് 'രാംഫല'മാണെന്നും (മനിലനീലം), ഭക്തിമാർഗ്ഗമാകട്ടെ മധുരവും ലളിതവും, സീതാഫലം (ആത്തച്ചക്ക) കഴിക്കുന്നത് പോലെയാണെന്നുമാണ്.

27. ഭക്തി ശുദ്ധമായ സീതാഫലം പോലെയും ജ്ഞാനം പാകമായ രാംഫലം പോലെയുമാണ്, ഒന്ന് മറ്റൊന്നിനേക്കാൾ സത്ത് നിറഞ്ഞതും, രണ്ടും തീവ്രമായ സുഗന്ധത്തോട് കൂടിയതുമാണ്.

28. രാംഫലം വൃക്ഷത്തിൽ തന്നെ പാകമാകാൻ കാത്തിരിക്കുന്നവന് അത് വളരെ സ്വാദിഷ്ടമായി അനുഭവപ്പെടും; പക്ഷേ പാകമാകാതെ വൃക്ഷത്തിൽ നിന്നും അടർത്തിയെടുക്കുകയും പിന്നീട് പാകമാകുമ്പോൾ കഴിക്കുകയും ചെയ്താൽ പഴത്തിന്റെ കാമ്പ് പുളിയുള്ളതായിരിക്കും.

29. രാംഫലം വൃക്ഷത്തിൽ തന്നെ പാകമാകുമ്പോൾ അതിന്റെ സ്വാദ് വളരെ മധുരതരമായിരിക്കും. പക്ഷേ താഴെ വീഴുകയാണെങ്കിൽ പുളിപ്പ് അനുഭവപ്പെടും. അത് വൃക്ഷത്തിൽ തന്നെ പാകമാകുമ്പോഴാണ് മധുരതരമാകുന്നത്.

30. വൃക്ഷത്തിൽ നിർത്തി പാകമാക്കാൻ അറിയുന്നവന് മാത്രമേ അതിന്റെ മാധുര്യം അനുഭവിക്കാൻ കഴിയുകയുള്ളൂ. പക്ഷേ സീതാഫലത്തിന് അങ്ങനെയുള്ള ശ്രമങ്ങളുടെയൊന്നും ആവശ്യമില്ല. എന്നാലും, അതിന്

ശ്രേഷ്ഠമായ ഗുണങ്ങളുണ്ട്; വിലപിടിപ്പുള്ളതുമാണ്.

31. രാംഫലം വീണുപോയേക്കാമെന്ന ഭയമുണ്ടാകും; ജ്ഞാനസമ്പാദനം നടത്തുന്ന ഒരു വ്യക്തിക്ക് ശ്രേഷ്ഠമായ അവസ്ഥയിൽ നിന്നും അധഃപതിച്ചേക്കാമെന്ന ഭയം എല്ലായ്പ്പോഴുമുണ്ടാകും. അയാൾ അഷ്ടസിദ്ധികളെ കീഴടക്കുകയും, അത് അല്പസമയം പോലും അവഗണിക്കുകയും ചെയ്യരുത്.

32. അതിനാൽ, ദയാമേഘമായ സായി, തന്റെ ശിഷ്യന്മാരോട് പലപ്പോഴും ഭക്തിയുടെയും ഈശ്വരനാമജപത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കിയിരുന്നു.

33. ശുദ്ധജ്ഞാനത്തേക്കാൾ ശ്രേഷ്ഠമാണ് ഈശ്വരധ്യാനം. ഭഗവാൻ ശ്രീകൃഷ്ണൻ പോലും അർജ്ജുനനോട് ഇപ്രകാരം പറയുകയുണ്ടായി. ലോകബന്ധനങ്ങൾ അറുത്ത് മാറ്റാനുള്ള മാർഗ്ഗമാണതെന്ന് സായിയും വ്യക്തമാക്കിയിരുന്നു.

34. ഇത് ഇത്രയും മതിയാകും. കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച് കൊണ്ടിരുന്നതും, അപൂർണ്ണമായി നിർത്തിയതുമായ കഥ, ഞാനിപ്പോൾ ശ്രോതാക്കളോട് പറയുന്നതാണ്. ദയവായി ശ്രദ്ധിക്കുക.

35. വൃദ്ധയും ക്ഷീണിതയുമായ ഒരു സ്ത്രീ, മരിക്കാൻ സന്നദ്ധയായി, സായിയിൽ നിന്നും ഉപദേശം നേടാനായി ഉപവാസം തുടങ്ങി.

36. അവളുടെ അവസ്ഥ കണ്ട് മാധവറാവു പരിഭ്രാന്തനാകുകയും, അവൾക്ക് വേണ്ടി സംസാരിക്കാനായി ബാബയുടെ സമീപത്തേയ്ക്ക് പോകുകയും ചെയ്തു. വിവരണം ഈ ഭാഗം വരെ എത്തിയിരുന്നു.

37. സായിയുടെ ആന്തരികചിന്തകൾ സൂചിപ്പിക്കുന്നതിനായി ശ്രീസായിസച്ചരിതമെന്ന ദീപം തെളിയിച്ചിരിക്കുന്നു. അതിന്റെ പ്രകാശം ഭക്തർക്ക് മാർഗ്ഗനിർദ്ദേശം നൽകട്ടെ.

38. ബാബയുടെ ആജ്ഞപ്രകാരം, മാധവറാവു എന്നോട് പറഞ്ഞു തുടങ്ങിയ കഥ നമുക്കിപ്പോൾ തുടരാം.

39. വൃദ്ധസ്ത്രീയുടെ നിശ്ചയദാർഢ്യം കണ്ട് ബാബ അവളെ അനുഗ്രഹിച്ചുവെന്ന് അയാൾ പറഞ്ഞു. അവളുടെ തീരുമാനം മാറ്റാനായി അദ്ദേഹം അവൾക്ക് പ്രേരണ നൽകി. ഇത് വളരെ അസാധാരണമായ കഥയാണ്.

40. പിന്നീട് ബാബ സ്നേഹത്തോടെ അവളോട് പറഞ്ഞു: "ഓ മാതാവേ നിങ്ങൾ എന്തിനാണിങ്ങനെ പ്രതിഷേധം കാണിക്കുന്നത്?"

41. ഏത് മുതിർന്ന സ്ത്രീകളെയും ബാബ 'മാതാവ്' എന്നും പുരുഷന്മാരെ 'കാക്കാ, ബാപു, ഭായി' എന്നിങ്ങനെയും സംബോധന ചെയ്തിരുന്നു. അത് അദ്ദേഹത്തിന്റെ ഹൃദ്യമായ ഒരു രീതിയായിരുന്നു.

42. അദ്ദേഹത്തിന്റെ ഹൃദയം നിറയെ സ്നേഹമെന്നത് പോലെ ഭാഷണം മധുരതരമായിരുന്നു. അടിച്ചമർത്തപ്പെട്ടവർക്കും, ദുരിതമനുഭവിക്കുന്നവർക്കും അദ്ദേഹം ആശ്രയസങ്കേതമായിരുന്നു. എത്ര ദയാവാനായിരുന്നു സായിദേവൻ!

43. അത് അങ്ങനെയാകട്ടെ. അദ്ദേഹം അവളെ വിളിച്ച് തന്റെ മുമ്പിലിരുത്തി. പിന്നീട്, സ്നേഹപൂർവ്വം, തന്റെ തത്ത്വദർശനങ്ങളുടെ രഹസ്യത്താക്കോൽ അവൾക്ക് നൽകി.

44. ലോകത്തിലെ ദുരിതങ്ങൾ ഇല്ലാതാക്കാൻ വേണ്ടി, പരമാത്മാവായ സായിമേഘം, ചാതകപ്പക്ഷികളെപ്പോലുള്ള ഭക്തന്മാരുടെ ദാഹം ശമിപ്പിക്കുന്നതിന് വേണ്ടി സംതൃപ്തിയുടെ ജലം വർഷിച്ചു.

45. ബാബ പറഞ്ഞു. "മാതാവേ, എന്നോട് സത്യം പറയുക, എന്തിനാണ് നിങ്ങൾ സ്വയം പീഢിപ്പിക്കുന്നത്? ഞാൻ ഭിക്ഷ യാചിക്കുന്ന വെറുമൊരു ഫക്കീർ മാത്രമാണ്. എന്നോട് ദയകാണിക്കുക.

46. "സത്യം പറഞ്ഞാൽ ഞാൻ മകനും, നിങ്ങൾ മാതാവുമാണ്. ഇപ്പോൾ എന്നിൽ ശ്രദ്ധിക്കുക. നിങ്ങൾക്ക് സന്തോഷം നൽകുന്ന ആശ്ചര്യകരമായ ഒരു വസ്തുത ഞാനിപ്പോൾ പറയാം.

47. "എനിക്ക്, ദയാസാഗരമായ, ശ്രേഷ്ഠ ആലിയയായ ഒരു ഗുരുവുണ്ടായിരുന്നു. ഞാൻ എനിക്ക് കഴിയുന്നത്ര അദ്ദേഹത്തെ സേവിച്ചെങ്കിലും അദ്ദേഹം എനിക്ക് മന്ത്രോപദേശങ്ങളൊന്നും നൽകിയില്ല.

48. "എത്ര പരിശ്രമിച്ചാലും, അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നും ഒരു മന്ത്രം നേടണമെന്ന അതിയായ ആഗ്രഹം എനിക്കുമുണ്ടായിരുന്നു. ഒരിക്കലും അദ്ദേഹത്തെ പിരിഞ്ഞിരിക്കില്ലെന്ന് ഞാൻ തീരുമാനിച്ചു.

49. "തുടക്കത്തിൽ അദ്ദേഹം എന്റെ തല മുണ്ഡനം ചെയ്യുകയും, രണ്ടു പൈസ മാത്രം ആവശ്യപ്പെടുകയും ഞാൻ ഉടനടി അത് നൽകുകയും ചെയ്തു. ഒരു മന്ത്രത്തിന്റെ അദ്ഭുതകരമായ അക്ഷരങ്ങൾ എനിക്ക് നൽകണമെന്ന് ഞാൻ ആത്മാർത്ഥമായി അദ്ദേഹത്തോട് പ്രാർത്ഥിച്ചു.

50. "ആഗ്രഹങ്ങളെല്ലാം പൂർത്തീകരിച്ച ഒരു വ്യക്തിയായിരുന്നു എന്റെ ഗുരു. എന്തിനാണ് അദ്ദേഹത്തിന് രണ്ടു പൈസയുടെ ആവശ്യം? ഒരു ശിഷ്യനിൽ നിന്നും പണം ആവശ്യപ്പെടുന്ന ഒരുവനെ എങ്ങനെയാണ് ഞാൻ ആഗ്രഹരഹിതൻ എന്നു വിളിക്കുക?

51. "അത്തരത്തിലുള്ള സംശയങ്ങളുടെ ആവശ്യമില്ല. ഭൗതികലോകത്തിലെ നാണയങ്ങളിൽ അദ്ദേഹത്തിന് ആശയുണ്ടായിരുന്നില്ല. അതായിരുന്നില്ല അദ്ദേഹത്തിന്റെ ഉദ്ദേശ്യം. നാണയങ്ങൾ കൊണ്ട് അദ്ദേഹത്തിന് എന്ത് പ്രയോജനമാണ് ഉണ്ടായിരുന്നത്?

52. "വിശ്വാസവും നിഷ്ഠയും – ഇവയായിരുന്നു രണ്ട് പൈസ – മറ്റൊന്നുമല്ല. ഞാൻ അവ ഉടനടി നൽകുകയും, അതിനാൽ, എന്റെ മാതാവിന് തുല്യമായ ഗുരു എന്നിൽ സംപ്രീതനാകുകയും ചെയ്തു.

53. "ധൈര്യം വാസ്തവത്തിൽ നിഷ്ഠ തന്നെയാണ് മാതാവേ. ഒരിക്കലും അത് കൈവിടാൻ അനുവദിക്കരുത്! ക്ലേശങ്ങളുണ്ടാകുമ്പോൾ അത് നിനക്ക് മികച്ച തുണയായിരിക്കും.

54. "ഒരു മനുഷ്യന്റെ ശ്രേഷ്ഠത, നിഷ്ഠാവാനാകുന്നതിലാണ്. അത് പാപങ്ങൾ,

വിഷമതകൾ, ദുരിതങ്ങൾ എന്നിവയെ ഇല്ലാതാക്കുന്നു. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭയവും പരിഭ്രാന്തിയും ഇല്ലാതെയാകും.

55. "നിഷ്ഠ ആത്യന്തികമായി വിജയം നേടുന്നു. പ്രതിബന്ധങ്ങൾ അവിടെയും ഇവിടെയും ഓടി ഒളിക്കുന്നു. ദുഷ്ടചിന്തകളുടെ മുള്ളിന് ഒരു സാധ്യതയുമില്ലാതാകുന്നു.

56. "നിഷ്ഠ ഗുണങ്ങളുടെ ഖനിയാണ്. ധാർമ്മിക ചിന്തകളുടെ രാജ്ഞിയാണ് അവൾ. അവളും വിശ്വാസവും യഥാർത്ഥ സഹോദരികളും അവർ ഇരുവരും പരസ്പരം വളരെ സ്നേഹിക്കുകയും ചെയ്യുന്നു.

57. "നിഷ്ഠയില്ലാത്ത മനുഷ്യൻ ദുരിതപൂർണ്ണനായിരിക്കും. അവൻ ഒരു പണ്ഡിതനോ ശ്രേഷ്ഠനോ ആയിരിക്കാം. പക്ഷേ അതില്ലാത്ത ജീവിതം വ്യർത്ഥമാണ്.

58. "ഗുരു വളരെ ശക്തിമാനാണെങ്കിലും അദ്ദേഹം തന്റെ ശിഷ്യരിൽ നിന്നും വിവേകം, ദൃഢവിശ്വാസം, ധാരാളം ധൈര്യം, ഗുരുപാദങ്ങളിൽ നിഷ്ഠ എന്നിവ മാത്രമാണ് പ്രതീക്ഷിക്കുന്നത്.

59. "രത്നവും, കല്ലും ഒരു ഉരകല്ലിൽ ഉരച്ചാൽ, രണ്ടും തിളങ്ങുന്നുണ്ടാകും – പക്ഷേ കല്ല് വെറും കല്ലായിരിക്കും, രത്നമാകട്ടെ തിളക്കമാർന്ന് അമൂല്യമായിരിക്കും.

60. "രണ്ടും മിനുസപ്പെടുത്തൽ എന്ന പ്രക്രിയയിലൂടെയാണ് കടന്നുപോയത്. പക്ഷേ ഒരു കല്ലിന് രത്നം പോലെ തിളങ്ങാൻ കഴിയുമോ? രത്നം, പ്രകാശപൂരിതമായ ഒരു വജ്രം പോലെയാകും. പക്ഷേ കല്ലാകട്ടെ കല്ല് ആയി തന്നെ അവശേഷിക്കും. ഒരല്പം മിനുസമുള്ളതാകുമെന്ന് മാത്രം.

61. "ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ പന്ത്രണ്ട് വർഷക്കാലം ജീവിച്ചു. ബാല്യം മുതൽ എന്നെ ഗുരു പരിപാലിച്ചു. ഒരിക്കൽപ്പോലും ആഹാരത്തിനോ വസ്ത്രത്തിനോ പഞ്ഞമുണ്ടായില്ല, അദ്ദേഹം എന്നോട് അളവറ്റ സ്നേഹം കാട്ടി.

62. "അദ്ദേഹം സ്നേഹത്തിന്റെയും ഭക്തിയുടെയും ഉടലാർന്ന രൂപമായിരുന്നു. ഒരു ശിഷ്യനോട് അകളങ്കമായ വാത്സല്യമുണ്ടായിരുന്നു. എന്റേത് പോലുള്ള ഒരു ഗുരുവിനെ കണ്ടുകിട്ടുക എന്നത് വിരളമായിരിക്കും. ആ പരമാനന്ദം എനിക്ക് വിവരിക്കാൻ കഴിയില്ല.

63. "എങ്ങനെയാണ് ഞാൻ ആ സ്നേഹം വിവരിക്കുക! ഞാൻ അദ്ദേഹത്തെ ശ്രദ്ധിക്കുമ്പോൾ, അദ്ദേഹം തീവ്രമായ ധ്യാനത്തിലെന്നപോലെ തോന്നുകയും ഞങ്ങൾ രണ്ടുപേരിലും പരമാനന്ദം നിറയുകയും ചെയ്യും. എനിക്ക് ഒരിക്കലും മറ്റെങ്ങും ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല.

64. "ഞാൻ പകലും രാത്രിയും, ഗുരുവിന്റെ മുഖത്തേയ്ക്ക് സ്നേഹപൂർവ്വം ഉറ്റുനോക്കിയിരിക്കും. എനിക്ക് വിശപ്പും ദാഹവും അനുഭവപ്പെട്ടില്ല. ഗുരുവില്ലെങ്കിൽ എന്റെ മനസ്സ് അസ്വസ്ഥമാകും.

65. "അദ്ദേഹം മാത്രമായിരുന്നു എന്റെ ധ്യാനത്തിന്റെ ഒരേ ഒരു വിഷയം.

അദ്ദേഹമല്ലാതെ എനിക്ക് മറ്റ് ലക്ഷ്യങ്ങളുണ്ടായിരുന്നില്ല. അദ്ദേഹം മാത്രമായിരുന്നു എന്റെ നിതാന്ത ലക്ഷ്യം. ഗുരുവിന്റെ മാർഗ്ഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തവയായിരുന്നു.

66. “അത് മാത്രമായിരുന്നു ഗുരുവിന്റെ ഏക പ്രതീക്ഷയും. ഇതിൽ കൂടുതലായി മറ്റൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹം ഒരിക്കലും എന്നെ അവഗണിച്ചിരുന്നില്ല, മാത്രമല്ല ക്ലേശങ്ങളിൽ നിന്നും എല്ലായ്പ്പോഴും എന്നെ സംരക്ഷിക്കുകയും ചെയ്തിരുന്നു.

67. ‘‘ചിലപ്പോൾ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾക്ക് സമീപമായിരിക്കും, ചിലപ്പോൾ അദ്ദേഹത്തിൽ നിന്നും അകലെയുമായിരുന്നു. പക്ഷേ എനിക്ക് ഒരിക്കലും അദ്ദേഹത്തിന്റെ സഹവാസത്തിന്റെ സാമീപ്യം നഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം എന്നെ സ്നേഹത്തോടും ശ്രദ്ധയോടും കൂടി പരിപാലിച്ചു.

68. “ആമത്തള്ള, തന്റെ കുഞ്ഞുങ്ങളെ അവളുടെ നോട്ടം കൊണ്ട് പോറ്റുന്നത് പോലെ, എന്റെ ഗുരുവും പ്രവർത്തിക്കുകയും, എന്നെ സംരക്ഷിക്കുകയും ചെയ്തു.

69. ‘‘ഓ മാതാവേ, മസ്ജിദിൽ ഇരുന്ന് കൊണ്ട് ഞാൻ പറയുന്നതെല്ലാം സത്യമായി സ്വീകരിക്കുക. ഗുരു എന്റെ കാതിൽ രഹസ്യമന്ത്രങ്ങളൊന്നും ഒരിക്കലും ഉപദേശിച്ചില്ല. അപ്പോൾ എനിക്കെങ്ങനെ നിങ്ങളുടെ ചെവിയിൽ മന്ത്രിക്കാൻ കഴിയും.

70. ‘‘ആമത്തള്ളയുടെ സ്നേഹമസൃണമായ നോട്ടം മാത്രം മതിയാകും കുഞ്ഞുങ്ങളെ സന്തോഷിപ്പിക്കാൻ. ഓ, മാതാവേ എന്തിനാണ് നിങ്ങൾ അനാവശ്യമായി സ്വയം പീഡിപ്പിക്കുന്നത്? എനിക്ക് ഉപേദശത്തെക്കുറിച്ച് ഒന്നും അറിയില്ല.

71. “ആമത്തള്ള നദിയുടെ ഒരു കരയിലും കുഞ്ഞുങ്ങൾ മറുകരയിലുമായിരിക്കും. അവരുടെ പോഷണം നടക്കുന്നത് നോട്ടങ്ങൾ കൈമാറ്റം ചെയ്യുന്നതിലൂടെയാണ്. അപ്പോൾ മന്ത്രത്തിന്റെ ശല്യം ആവശ്യമാണോ?

72. ‘‘അതിനാൽ പോയി, എന്തെങ്കിലും ആഹാരം കഴിക്കൂ. അനാവശ്യമായി നിങ്ങളുടെ ജീവൻ അപകടത്തിലാക്കരുത്. എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുക മാത്രം ചെയ്യുക, നിങ്ങൾ ആത്മീയ ജീവിതം നേടിക്കൊള്ളും.

73. “നിങ്ങളുടെ ആത്മാവും, മറ്റെല്ലാമായും എന്നെ കരുതുക. ഞാനും നിങ്ങളെ അതേ രീതിയിൽ കാണുന്നതാണ്. എന്റെ ഗുരു മറ്റൊന്നും എന്നെ പഠിപ്പിച്ചില്ല.

74. “മറ്റു മാർഗ്ഗങ്ങളോ പണമോ ആവശ്യമില്ല. ആറ് ശാസ്ത്രങ്ങളിൽ പാണ്ഡിത്യം നേടേണ്ട ആവശ്യവുമില്ല. പൂർണ്ണവിശ്വാസം മാത്രം മതിയാകും, എന്ത് കൊണ്ടെന്നാൽ ഗുരു ദോഷങ്ങളെ ഇല്ലാതാക്കി നന്മ നൽകുന്നു.

75. “അതിനാൽ ഗുരുവിനെ ശ്രേഷ്ഠനായി കരുതണം. ഗുരു ബ്രഹ്മവിഷ്ണുശിവ സ്വരൂപമാണ്. അദ്ദേഹത്തെ വാസ്തവികമായി അറിയുന്നവൻ, മൂന്ന് ലോകങ്ങളിലും അനുഗൃഹീതനാണ്.”

76. ഇപ്രകാരത്തിൽ വൃദ്ധസ്ത്രീയോട് വിശദീകരിച്ചപ്പോൾ, ആ കഥ അവൾക്ക്

ബോധ്യമായി. അദ്ദേഹത്തിന്റെ വാക്കുകളെ മാനിച്ചുകൊണ്ട് ഉപവാസം ഉപേക്ഷിക്കാൻ അവൾ തീരുമാനിക്കുകയും അവളുടെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ ചേർത്ത് വയ്ക്കുകയും ചെയ്തു.

77. ഈ പൂർണ്ണകഥ കേൾക്കുകയും അതിന്റെ അർത്ഥം ഗ്രഹിക്കുകയും ചെയ്തപ്പോൾ ഞാൻ സന്തോഷിക്കുകയും, ഒപ്പം ശരിയായ അർത്ഥമോർത്ത് ആശ്ചര്യപ്പെടുകയും ചെയ്തു.

78. ബാബയുടെ ശക്തികൾ അറിഞ്ഞപ്പോൾ വികാരം കൊണ്ട് ഞാൻ വീർപ്പ്മുട്ടുകയും ഹൃദയത്തിൽ സ്നേഹം നിറഞ്ഞ് തുളുമ്പുകയും ഞാൻ ശരിയായ പാഠം ഉൾക്കൊള്ളുകയും ചെയ്തു.

79. എന്റെ വികാരപരവശത കണ്ട് മാധവറാവു പറഞ്ഞു: “അന്നാ സാഹേബ്! താങ്കളെന്തിനാണ് വികാരവിവശനാകുന്നത്? എന്താണ് നിങ്ങൾ നിശ്ശബ്ദനായിരിക്കുന്നത്?

80. ഇത്തരത്തിൽ ബാബയെക്കുറിച്ച് അനേകം കഥകളുണ്ട്. എത്രയെണ്ണമാണ് ഞാനിപ്പോൾ പറയുക?'' മാധവറാവു ഇപ്രകാരം പറയവേ മണികൾ (മസ്ജിദിലെ) മുഴങ്ങാൻ തുടങ്ങി.

81. എല്ലാദിവസവും ഉച്ചനേരത്ത് ഊണ് കഴിക്കുന്നതിന് മുമ്പായി, ഭക്തർ മസ്ജിദിലേയ്ക്ക് പോയി ഇരിക്കുകയും, എല്ലാ ആചാരങ്ങളോടും കൂടി ഗന്ധം, അക്ഷതം, അർഘ്യം എന്നിവയോടെ ബാബയുടെ പൂർണ്ണമായ പൂജകളും ചെയ്യുമായിരുന്നു.

82. പിന്നീട് ബാപുസാഹേബ് ജോഗ്, അഞ്ച് തിരികളിട്ട വിളക്ക് കൈയ്യിലെടുത്ത് ഭക്തിയോടുകൂടി സ്നേഹത്തോടെ ബാബയുടെ മുമ്പിൽ ഉഴിയും; മറ്റ് ഭക്തർ ഉച്ചത്തിൽ ആരതിഗീതങ്ങൾ ആലപിക്കും.

83. ആരതി തുടങ്ങുന്നതിനെ സൂചിപ്പിക്കുന്ന മണികൾ മുഴങ്ങുകയും, ഞങ്ങൾ മസ്ജിദിലേയ്ക്ക് പോകുകയും ചെയ്തു. എന്റെ ആഗ്രഹങ്ങൾ സഫലമായിരുന്നു.

84. സ്ത്രീകളും പുരുഷന്മാരും ഉച്ചയ്ക്കുള്ള ആരതിയിൽ പങ്കെടുത്തു, സ്ത്രീകൾ മുകളിൽ മസ്ജിദിനുള്ളിലും പുരുഷന്മാർ മുറ്റത്തുമായി നിൽക്കുകയായിരുന്നു.

85. ശുഭകരമായ വാദ്യങ്ങളോടും അമ്പലമണികളോടും കൂടി ഉച്ചസ്വരത്തിൽ ആരതിഗീതങ്ങൾ ആലപിക്കുമായിരുന്നു.

86. ആരതി ഉച്ചത്തിൽ ആകാശംവരെ പ്രതിധ്വനിക്കവേ, ഞങ്ങൾ മുറ്റത്തിന്റെ വാതിൽക്കലെത്തി. പുരുഷന്മാർ ചവിട്ടുപടികളിൽ തിങ്ങിനിറഞ്ഞു നിൽക്കുകയായതിനാൽ മുകളിലേയ്ക്ക് കയറാൻ നിർവ്വാഹമില്ലായിരുന്നു.

87. ആരതി കഴിയുംവരെ താഴെ തന്നെ നിൽക്കാമെന്നും, അത് കഴിഞ്ഞാലുടൻ മറ്റുള്ളവരോടൊപ്പം മുകളിലേയ്ക്ക് കയറി ബാബയുടെ സമീപത്തേയ്ക്ക് പോകാമെന്നും ഞാൻ ചിന്തിക്കുകയായിരുന്നു.

88. ഞാനിപ്രകാരം ചിന്തിക്കവേ, മാധവറാവു പടികൾ കയറുകയും എന്റെ കൈകളിൽ പിടിച്ച് എന്നെക്കൂടി മുകളിലേയ്ക്ക് കയറ്റുകയും, ബാബയുടെ

സമീപത്ത് എത്തിക്കുകയും ചെയ്തു.

89. ബാബ സമാധാനപരമായി തന്റെ ഇരിപ്പിടത്തിൽ ഇരുന്ന് ചില്ലം പുകയ്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ, ജോഗ് അഞ്ച് തിരികളിട്ട വിളക്ക് കൊണ്ട് ആരതി കാട്ടുകയും ഇടത് കരം കൊണ്ട് മണികൾ മുഴക്കുകയുമായിരുന്നു.

90. ആരതിയുടെ ഈ അന്തരീക്ഷത്തിൽ മാധവറാവു ബാബയുടെ വലതുവശത്തായി ഇരിക്കുകയും, എന്നെയും അയാളോടൊപ്പം ബാബയ്ക്ക് അഭിമുഖമായി ഇരുത്തുകയും ചെയ്തു.

91. അപ്പോൾ സമാധാനകാംക്ഷിയായ, ദിവ്യന്മാരിൽ രത്നമായ ബാബ മധുരമായി പറഞ്ഞു, "എനിക്ക് വേണ്ടി ശാമറാവു നൽകിയ ദക്ഷിണ തരിക".

92. "ബാബാ, ഈ ശാമറാവു ഇവിടെയുണ്ട്. അയാൾ ദക്ഷിണയ്ക്ക് പകരം നമസ്കാരങ്ങൾ നൽകുകയും, അവ പതിനഞ്ച് ഉറുപ്പികയായി കണക്കാക്കണമെന്നും പറയുന്നു. അവ ബാബയ്ക്ക് നൽകുക."

93. "നന്നായി. നിങ്ങൾ തമ്മിൽ സംഭാഷണം നടത്തിയോ? നിങ്ങൾ രണ്ടുപേരും പരസ്പരം എന്തെങ്കിലും പറഞ്ഞോ? നിങ്ങൾ എന്താണ് സംസാരിച്ചതെന്ന് എന്നോട് പറയുക. എല്ലാം വിശദമായി എന്നോട് പറയുക.

94. "നമസ്കാരത്തെപ്പറ്റിയുള്ള കഥ വിട്ടുകളയുക. നീ എന്താണ് അയാളോട് പറഞ്ഞത്? ഇപ്പോൾ എല്ലാറ്റിനെക്കുറിച്ചും വിശദമായി എന്നോട് പറയുക".

95. കഥ പറയാൻ ഞാനും ആകാംക്ഷാഭരിതനായിരുന്നു. ഉച്ചത്തിലുള്ള ആരതിഗീതങ്ങൾ തുടരുന്നുണ്ടായിരുന്നെങ്കിലും, ഞാൻ സന്തോഷം കൊണ്ട് പുഞ്ചിരി തൂകുകയും, അടക്കാനാവാത്ത ആ സന്തോഷം എന്റെ അധരങ്ങളിൽ നിന്ന് പുറത്തേയ്ക്ക് ഒഴുകുകയും ചെയ്തു.

96. ചുവരിൽ ചേർത്ത് വച്ചിരുന്ന കുഷ്യനിൽ ചാരി ഇരിക്കുകയായിരുന്ന ബാബ കുറച്ച് മുമ്പോട്ട് നീങ്ങി. ഞാനും മുമ്പോട്ട് നീങ്ങി, വിവരണം തുടങ്ങി.

97. "ബാബാ, നമ്മൾ സംസാരിച്ചതൊക്കെയും വളരെ ഹൃദ്യമായിരുന്നു; പക്ഷേ അതിൽ നിന്ന്, വൃദ്ധ സ്ത്രീയെക്കുറിച്ചുള്ള കഥ ആശ്ചര്യകരമായിരുന്നു.

98. "ശാമറാവു ആ കഥ പറഞ്ഞയുടൻ, എനിക്ക് അങ്ങയുടെ പ്രാഗല്ഭ്യം ഗ്രഹിക്കാൻ കഴിഞ്ഞു. ആ കഥയുടെ മറവിൽ എനിക്ക് അങ്ങയുടെ അനുഗ്രഹം ലഭിച്ചു എന്ന കാര്യം തീർച്ചയാണ്."

99. അത് കേട്ടപ്പോൾ ബാബ ആകാംക്ഷയോടെ ചോദിച്ചു: "ആ കഥ മുഴുവൻ എന്നോട് പറയുക: അതിൽ ഇത്രമാത്രം ആശ്ചര്യകരമായി എന്താണുള്ളതെന്ന് നോക്കട്ടെ: അത് കൊണ്ട് നീ അനുഗൃഹീതനായെന്ന് നിനക്ക് എങ്ങനെ തോന്നിയെന്നും".

100. ഞാൻ അപ്പോൾ മാത്രം കേട്ടതിനാൽ ആ കഥ എന്റെ മനസ്സിൽ സജീവമായിരുന്നു. മാത്രമല്ല, അത് എന്നെ വളരെ സ്വാധീനിക്കുകയും ചെയ്തിരുന്നു. അതിനാൽ അത് തെറ്റില്ലാതെ ഞാൻ വിശദീകരിക്കുകയും, അദ്ദേഹം സന്തോഷവാനായി കാണപ്പെടുകയും ചെയ്തു.

101. ഇത്തരത്തിൽ ഞാൻ അദ്ദേഹത്തോട് മുഴുവൻ കഥയും പറഞ്ഞു. ബാബയും ശ്രദ്ധയോടെ അത് കേൾക്കുകയും എന്നോട് ഇങ്ങനെ പറയുകയും ചെയ്തു: “എല്ലായ്പ്പോഴും ഇത് മനസ്സിൽ സൂക്ഷിക്കുക.”

102. കൂടാതെ വളരെ ഉത്സാഹത്തോടെ എന്നോട് ചോദിച്ചു: “ഞാനിപ്പോൾ കേട്ട ഈ കഥ എത്ര മധുരതരമാണ്! അത് നിന്റെ മനസ്സിൽ പതിഞ്ഞോ? അതിന്റെ ശരിയായ അർത്ഥം നിനക്ക് മനസ്സിലായോ?”

103. “ബാബാ, ഈ കഥ കേട്ടതിലൂടെ എനിക്ക് എന്റെ മനഃസമാധാനം തിരികെ കിട്ടി. എന്റെ അത്യാർത്തി ഇല്ലാതാകുകയും എനിക്ക് ശരിയായ മാർഗ്ഗം മനസ്സിലാകുകയും ചെയ്തു.”

104. അപ്പോൾ ബാബ പറഞ്ഞു. “എന്റെ മാർഗ്ഗങ്ങൾ വളരെ വ്യത്യസ്തമാണ്. ഈ ഒറ്റ കഥയുടെ സാരാംശം നീ ഗ്രഹിച്ചിട്ടുണ്ടെങ്കിൽ, അത് നിനക്ക് ഗുണപ്രദമാകും.

105. “ആത്മനെക്കുറിച്ചുള്ള വാസ്തവിക ജ്ഞാനത്തിന് വേണ്ടി ഏറ്റവുമധികം ആഗ്രഹിക്കണം; അതിന് ധ്യാനം അത്യന്ത്യാപേക്ഷിതമാണ്. ധ്യാനത്തിലൂടെ ഒരുവൻ ആത്മനുമായി അലിഞ്ഞുചേരുകയും അത് ആഗ്രഹങ്ങളുടെ നാശത്തിന് വഴിതെളിക്കുകയും ചെയ്യും.

106. “ഇന്ദ്രിയവിഷയങ്ങളിൽ നിന്നും നിന്റെ മനസ്സിനെ വേർപെടുത്തി, സർവ്വവ്യാപിയായ ശക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നിന്റെ ധ്യാനം വിജയകരമാകുകയും, നീ ലക്ഷ്യം നേടുകയും ചെയ്യും.

107. “എല്ലായ്പ്പോഴും എന്റെ നിരാകരപ്രകൃതിയെ അതായത് ജ്ഞാനം, അന്തർബോധം, ആനന്ദം എന്നിവയെ ധ്യാനിക്കുക.

108. “നിനക്ക് അത് വിഭാവനം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ എന്റെ ഭൗതിക രൂപത്തെ ധ്യാനിക്കുക. പകലും രാത്രിയും നിന്റെ മനക്കണ്ണിന് മുമ്പിൽ എന്റെ രൂപത്തെ ശിരസ്സ് മുതൽ പാദം വരെ കൊണ്ടുവരിക.

109. “ഇത്തരത്തിൽ നീ എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നിന്റെ ചിത്തവൃത്തികൾ ഒന്നാകുകയും, ധ്യാനിക്കുന്നവൻ, ധ്യാനകർമ്മം, ധ്യാനിക്കപ്പെടുന്ന വസ്തു എന്നിങ്ങനെയുള്ള വ്യത്യാസം ഇല്ലാതാകുകയും ചെയ്യും.

110. “ഇവ മൂന്നെണ്ണവും അപ്രത്യക്ഷമാകുമ്പോൾ ധ്യാനം നടത്തുന്നവൻ പരമാത്മചൈതന്യത്തിൽ ലയിക്കും. ഇതാണ് ധ്യാനത്തിന്റെ ലക്ഷ്യം. നീ അപ്പോൾ ബ്രഹ്മനുമായി ഐക്യത്തിലാകും.

111. “ആമത്തള്ള നദിയുടെ ഒരു കരയിലായിരിക്കും. അവളുടെ കുഞ്ഞുങ്ങൾ മറുകരയിലുമായിരിക്കും. അവർക്ക് പാലോ, ചൂടോ കിട്ടുന്നില്ല – അവളുടെ നോട്ടം മാത്രമാണ് അവർക്ക് പോഷണം നൽകുന്നത്.

112. “കുഞ്ഞുങ്ങൾ എല്ലായ്പ്പോഴും അവരുടെ മാതാവിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നു. അവർ മറ്റൊന്നും ചെയ്യേണ്ടതില്ല. അവർക്ക് പാലോ, ആഹാരമോ ആവശ്യമില്ല. മാതാവ് അവരെ ശ്രദ്ധയോടെ

നോക്കിക്കൊണ്ടിരിക്കുന്നു എന്നത് മാത്രമാണ് അവരുടെ ഏക പോഷകാഹാരം.

113. ''ആമത്തള്ള, ഇത്തരത്തിൽ നോട്ടത്തിലൂടെ മാത്രം പരിപാലിക്കുന്നത് യഥാർത്ഥത്തിൽ അമൃത് വർഷിക്കുന്നത് പോലെയാണ്. കുഞ്ഞുങ്ങൾക്ക് ആനന്ദം ലഭിക്കുകയും അവ വളരുകയും ചെയ്യുന്നു. അതേപോലെയാണ് ഗുരുവിന്റെയും ശിഷ്യന്റെയും കാര്യവും".

114. ബാബ ഈ വാക്കുകൾ ഉരുവിടവേ, ആരതിയുടെ ഉച്ചത്തിലുള്ള ആലാപനം നിലയ്ക്കുകയും, എല്ലാവരും ഉറക്കെ "ശ്രീ സച്ചിദാനന്ദ സദ്ഗുരു ജയ ജയ" എന്ന് വിളിക്കുകയും ചെയ്തു.

115. നിരഞ്ജനവിളക്ക് ഉഴിയലും മറ്റ് ചടങ്ങുകളും അവസാനിച്ചു. ആരതി പൂർണ്ണമായി. അപ്പോൾ ജോഗ് ബാബയ്ക്ക് കൽക്കണ്ടനൈവേദ്യം അർപ്പിക്കുകയും ബാബ അത് സ്വീകരിക്കാനായി തന്റെ കരം നീട്ടുകയും ചെയ്തു.

116. ജോഗ് സ്നേഹത്തോടെ, ചടങ്ങിന്റെ ഭാഗമായി, കൈനിറയെ കൽക്കണ്ടമെടുത്ത് ബാബയുടെ കരത്തിൽ നൽകുകയും, അദ്ദേഹത്തെ വന്ദിക്കുകയും ചെയ്തു.

117. ബാബ കൽക്കണ്ടത്തിന്റെ മുഴുവൻ പിടിയും എന്റെ കൈകളിൽ നൽകിക്കൊണ്ട് പറഞ്ഞു: ''നീ ഈ കഥ ഓർക്കുകയാണെങ്കിൽ നിന്റെ മനസ്സിന്റെ അവസ്ഥ ഈ കൽക്കണ്ടം പോലെ ആകും.

118. ''ഈ കൽക്കണ്ടം മധുരതരമാണെന്നത് പോലെ, നിന്റെ ആശകൾ സഫലമാകും; നീ തീർച്ചയായും ജീവിതവിജയം നേടുകയും ഹൃദയാഭിലാഷങ്ങൾക്ക് ഫലപ്രാപ്തിയുണ്ടാകുകയും ചെയ്യും".

119. അപ്പോൾ ഞാൻ ബാബയെ വണങ്ങിക്കൊണ്ടു പറഞ്ഞു, ''അങ്ങയുടെ അനുഗ്രഹം മാത്രമേ എനിക്ക് ആവശ്യമുള്ളൂ. ഈ ഒരു ഉപകാരം മാത്രം ചെയ്യുക. എന്നെ സംരക്ഷിക്കുക."

120. ബാബ പറഞ്ഞു: "കഥ ശ്രദ്ധിച്ച് കേൾക്കുക. അത് ആവർത്തിക്കുക. അത് എല്ലായ്പ്പോഴും പാരായണം ചെയ്യുക. അത് ഓർക്കുകയും, ധ്യാനിക്കുകയും ചെയ്യുക, അപ്പോൾ ആനന്ദം ലഭിക്കും.

121. "നീ കേട്ടതൊക്കെയും മനസ്സിൽ സൂക്ഷിച്ചുവച്ചാൽ, നിന്റെ നന്മയുടെ ഖനി തുറക്കപ്പെടുകയും, പാപങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്യും.

122. "കാറ്റ് ശക്തമായി വീശുമ്പോൾ ഉയരുന്ന തിരമാലകളുടെ ഉച്ചിയിൽ നിറയെ നുരയും കുമിളകളും ഉണ്ടാകുകയും, അവ തീരത്ത് അടിച്ച് തകരുകയും ചെയ്യുന്നു.

123. തിരമാലകൾ, കുമിളകൾ, നുരകൾ, ചുഴികൾ എന്നിവയൊക്കെ ഒരേ ജലത്തിന്റെ പലപല രൂപങ്ങളാണ്. അവ വെറും ദൃശ്യവിഭ്രമങ്ങൾ മാത്രവും കാറ്റ് ശാന്തമാകുന്നതുവരെ മാത്രം നിലനിൽക്കുന്നവയുമാണ്.

124. "ഇവയൊക്കെ വിവിധ ജലങ്ങളാണെന്ന് വിളിക്കാൻ പറ്റുമോ? അതോ അവ

അപ്രത്യക്ഷമായി എന്ന് കരുതണമോ? ഇതെല്ലാം മിഥ്യാസൃഷ്ടികളാണെന്നും അവയുടെ അസ്തിത്വവും അസ്തിത്വമില്ലായ്മയും ഒരേ പോലെയാണെന്നും ഒരുവൻ ഗ്രഹിച്ചിരിക്കണം.

125. ''അതേ പോലെയാണ് ഈ പ്രപഞ്ചസൃഷ്ടിയുടെ സംഭവങ്ങളും. വിവേചനബുദ്ധിയുള്ള ഒരു മനുഷ്യൻ അതോർത്ത് അദ്ഭുതപ്പെടില്ല. അവൻ നശ്വരമായതിനെ ആഗ്രഹിക്കാതെ അനശ്വരമായതിനെ തേടുന്നു.

126. "ധ്യാനം ജ്ഞാനത്തേക്കാൾ പ്രാധാന്യമുള്ളതാണ്. പക്ഷേ ധ്യാനത്തിന് ശരിയായ അറിവ് അത്യന്ത്യാപേക്ഷിതമാണ്. ബ്രഹ്മനെക്കുറിച്ച് ശരിയായ ധാരണ ഉണ്ടായില്ലെങ്കിൽ പൂർണ്ണമായ ധ്യാനം സാധ്യമാകില്ല.

127. "ശരിയായ ജ്ഞാനം നേടുന്നതിന് അടിസ്ഥാനപരമായി ധ്യാനം ആവശ്യമാണ്. ഇത് പ്രത്യാഗ് ആത്മ അനുഷ്ഠാനം അഥവാ ആത്മസാക്ഷാത്കാരം എന്നറിയപ്പെടുന്നു. പക്ഷേ, അതിന് പ്രത്യേകിച്ച് പ്രവർത്തനങ്ങളൊന്നുമില്ല. അതിനാൽ എങ്ങനെയാണ് ഒരുവന് അതിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നത്?

128. "പ്രത്യാഗ് ആത്മ' എന്നത് ഈശ്വരൻ തന്നെയാണ്. ഈശ്വരൻ ഗുരു ആകുന്നു. ഇവ മൂന്നും തമ്മിൽ അല്പം പോലും വ്യത്യാസമില്ല. വ്യത്യാസം കാണുന്നവന് പ്രതീക്ഷയ്ക്ക് ഒട്ടും വകയില്ല.

129. ''ഗഹനവും തീവ്രവുമായ ധ്യാനത്തിലൂടെ, ധ്യാനിക്കുന്നവനും, ധ്യാനിക്കപ്പെടുന്ന വസ്തുവും തമ്മിലുള്ള വ്യത്യാസമില്ലാതാകുമ്പോൾ മനസ്സ്, ഇളക്കമില്ലാതെ എരിയുന്ന ഒരു ദീപം പോലെയാകുന്നു. ശാന്തി അനുഭവപ്പെടുകയും, ആ അവസ്ഥയെ സമാധി എന്ന് അറിയപ്പെടുകയും ചെയ്യുന്നു.

130. ''തികച്ചും ആഗ്രഹരഹിതനായി വർത്തിച്ച് കൊണ്ട് ഈശ്വരൻ എല്ലാ ജീവികളിലും വസിക്കുന്നു എന്ന് വിശ്വസിക്കുക. ഐക്യത എന്ന അവസ്ഥയിലെത്തുമ്പോൾ, ഭയമില്ലാതാകുകയും ഈശ്വരൻ നിങ്ങളുടെ ധ്യാനത്തിലെത്തുന്നതിനാൽ ഒരുവന് ഈശ്വരനെ ധ്യാനിക്കാനും കഴിയുന്നു.

131. ''പിന്നീട്, അജ്ഞാനം മൂലം ഏർപ്പെട്ട പ്രവൃത്തികളിലൂടെ ഉണ്ടായ ബന്ധനങ്ങൾ പെട്ടെന്ന് അഴിഞ്ഞ് പോകുന്നു. ഈ ലൗകികജീവിതത്തിലെ പരിമിതികൾ ഇല്ലാതാകുകയും ഒരുവൻ ആനന്ദം – ശുദ്ധബോധം എന്ന അവസ്ഥയുടെ സന്തോഷം ആസ്വദിക്കുകയും ചെയ്യും.

132. "തുടക്കത്തിൽ ആത്മൻ നിലനിൽക്കുന്നോ ഇല്ലയോ എന്ന് കണ്ടെത്തുക: ഓരോ ജീവികളിലും അത് വ്യത്യസ്തമാണോ അതോ എല്ലാവരിലും ഒന്നാണോ വസിക്കുന്നത്; അത് ചൈതന്യവത്താണോ അതോ ചൈതന്യമില്ലാത്തതാണോ. ആറ് ശാസ്ത്രങ്ങൾ പരിശോധിച്ച് കണ്ടെത്തുക.

133. ''ആത്മനെക്കുറിച്ചുള്ള വാസ്തവികജ്ഞാനമാണ് അറിവിന്റെ സംക്ഷിപ്തരൂപം. അത് തന്നെയാണ് മുക്തിയും, അതിൽ നിന്നുമുണ്ടാകുന്ന അപരിമിതമായ ആനന്ദവും.

134. ‘‘ബൃഹസ്പതിയെപ്പോലുള്ള[1] ഒരു പണ്ഡിതനെ ഒരു അന്ധന്റെ മുമ്പിൽ നിർത്തിക്കൊണ്ട്, ഒരു ആനയെക്കുറിച്ച് വിവരണം നൽകിയാലും വിവരണം കേട്ടശേഷം അന്ധന് ആനയെ സംവേദിച്ചറിയാൻ കഴിയില്ല. അതേപോലെ വാക്കുകൾക്ക് അതീതമായതിനെ വാക്കുകളിലൂടെ വർണ്ണിക്കാൻ അസാധ്യമാണ്.

135. ‘‘ഒരിക്കൽ നഷ്ടപ്പെട്ടുപോയ കാഴ്ചശക്തിയെ തിരികെ കൊണ്ടുവരാൻ പ്രഭാഷകന്റെ പ്രഭാഷണത്തിനോ കേൾവിക്കാരന്റെ കർണ്ണങ്ങൾക്കോ കഴിയുമോ? സത്യം പറഞ്ഞാൽ കണ്ണുകൾക്ക് മാത്രമേ ആനയെ സംവേദിച്ചറിയാൻ കഴിയുകയുള്ളൂ.

136. ‘‘കണ്ണുകളില്ലെങ്കിൽ അന്ധനായ ഒരു മനുഷ്യന് എങ്ങനെ ആനയെ മനസ്സിലാക്കാൻ കഴിയും? അതേപോലെ, ഗുരു ശിഷ്യന് നൽകുന്ന ദൈവിക കാഴ്ചശക്തിയിലൂടെ മാത്രമേ ജ്ഞാനസമ്പത്ത് നേടാൻ കഴിയൂ.’’

137. സായിയുടെ പ്രകൃതം അറിയുക എന്നത് തന്നെ യഥാർത്ഥ ജ്ഞാനമാകുന്നു. അനുപമമായ ആ ജ്ഞാനത്തിന്റെ പൂർണ്ണസാരം അദ്ദേഹം തന്നെയാണ്. ധ്യാനം, അനുഷ്ഠാനം, ദർശനം എന്നിവയെല്ലാം അദ്ദേഹത്തിൽ ഒന്നുചേർന്നിരിക്കുന്നു.

138. തെറ്റായ ജ്ഞാനം, ആസക്തി, കർമ്മച്ചങ്ങല എന്നിവയിൽ നിന്നെല്ലാമാണ്, അദ്ദേഹത്തെ ധ്യാനിക്കുന്നതിലൂടെ പൂർണ്ണമായ വിടുതൽ സാധ്യമാകുന്നത്, മറ്റൊന്നിൽ നിന്നുമല്ല. ഇത് മനസ്സിലോർക്കുക.

139. സായി എനിക്കോ നിങ്ങൾക്കോ സ്വന്തമല്ല. അദ്ദേഹം എല്ലാ ജീവികളിലും വസിക്കുന്നു. സൂര്യൻ ഈ ലോകത്തിന് മുഴുവനും സ്വന്തമെന്നപോലെ അദ്ദേഹവും എല്ലാവർക്കും സ്വന്തമാണ്.

140. ഇപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക, അവ സാധാരണമെന്ന് തോന്നുമെങ്കിലും അമൂല്യമാണ്. നിങ്ങൾ അവ ഇടയ്ക്കിടയ്ക്ക് ഓർക്കുകയാണെങ്കിൽ നിങ്ങൾ ചെയ്യുന്നതെന്തായാലും എല്ലായ്പ്പോഴും നിങ്ങൾ വിജയിക്കും.

141. “മുൻജന്മബന്ധമില്ലാതെ, ആരും, മനുഷ്യർ മാത്രമല്ല മൃഗങ്ങളും പക്ഷികളും പോലും പരസ്പരം കണ്ടുമുട്ടുകയില്ല. അതിനാൽ ആരെയും തിരസ്കരിക്കരുത്.

142. ‘‘നിന്റെ വാതിൽക്കൽ എത്തുന്ന അപരിചിതനെ ബഹുമാനിക്കുക. ദാഹിക്കുന്നവന് വെള്ളം കൊടുക്കുക, വിശക്കുന്നവന് ആഹാരം നൽകുക, നഗ്നന് വസ്ത്രം നൽകുക, അബലർക്ക് വിശ്രമിക്കാൻ നിന്റെ വരാന്തയുടെ കുറച്ച് സ്ഥലം നൽകുക. ഇത് ഈശ്വരനെ പ്രീതിപ്പെടുത്തും.

143. ‘‘ആർക്കെങ്കിലും പണം ആവശ്യമായി വരികയും, നിനക്ക് കൊടുക്കാൻ ആഗ്രഹവുമില്ലെങ്കിൽ നീ കൊടുക്കേണ്ടതില്ല; പക്ഷേ, കുറഞ്ഞ പക്ഷം അധിക്ഷേപിക്കുന്ന തരത്തിൽ പെരുമാറുകയോ നായയെപ്പോലെ അവന്റെ നേർക്ക് കുരയ്ക്കുകയോ ചെയ്യരുത്.

144. “ആര് വേണമെങ്കിലും നിന്നെ നൂറ് തരത്തിൽ അധിക്ഷേപിച്ചേക്കാം, കയ്പ് നിറഞ്ഞ മറുപടിയോടെ തിരിച്ച് ആക്ഷേപിക്കരുത്. അത് ക്ഷമയോടെ സഹിക്കുക. നിനക്ക് അത്യധികമായ ആനന്ദം ലഭിക്കും.

145. “ലോകം തലകീഴായി മറിഞ്ഞാലും നീ അചഞ്ചലനായി നിലകൊള്ളുക. സ്ഥൈര്യത്തോടെ വർത്തിച്ച് കൊണ്ട് സഹിഷ്ണുതയോടെ നോക്കിക്കാണുക.

146. ‘‘എനിക്കും നിനക്കും ഇടയിലുള്ള ഭിത്തി ഇടിച്ചു മാറ്റുക. അപ്പോൾ രണ്ടുപേർക്കും പരസ്പരം സന്ധിക്കാനുള്ള പാത വ്യക്തമാകുകയും ഭയമില്ലാതാകുകയും ചെയ്യും.

147. “ഞാൻ, നീ എന്നുള്ള ചിന്തയാണ് ഗുരുവിന്റെയും ശിഷ്യന്റെയും ഇടയ്ക്കുള്ള ഭിത്തി. ഈ ഭിത്തി പൂർണ്ണമായും ഇല്ലാതാക്കിയില്ലെങ്കിൽ, ഐക്യത എന്ന അവസ്ഥ നേടുക അസാധ്യമാണ്.

148. “‘അള്ളാഹ് ആണ് യജമാനൻ, അള്ളാഹ് ആണ് യജമാനൻ’. അദ്ദേഹമല്ലാതെ മറ്റൊരു സംരക്ഷകനില്ല. അദ്ദേഹത്തിന്റെ പ്രവൃത്തികൾ ദൈവികവും, വിലമതിക്കാനാകാത്തതും അഗ്രാഹ്യവുമാണ്.

149. ‘‘അദ്ദേഹത്തിന്റെ ഇച്ഛ നടക്കപ്പെടും. അദ്ദേഹം മാത്രമാണ് മാർഗ്ഗം കാട്ടിത്തരിക. സമയമെത്തുമ്പോൾ നിമിഷം പോലും വൈകാതെ ആഗ്രഹം സഫലമാക്കിത്തരും.

150. “വിധി തീരുമാനിക്കുന്നതിനനുസരിച്ച് മനുഷ്യർ കണ്ടുമുട്ടുന്നു. നല്ലഭാഗ്യം കൊണ്ട് നമ്മൾ ഒരുമിച്ച് ചേർന്നിരിക്കുന്നു. അതുകൊണ്ട് നമ്മൾ പരസ്പരം സ്നേഹം വളർത്തുകയും സന്തോഷവും ശാന്തിയും ആസ്വദിക്കുകയും വേണം.

151. “ഇവിടെ ആരാണ് അമരനായിട്ടുള്ളത്? ജീവിതത്തിന്റെ ശ്രേഷ്ഠമായ ലക്ഷ്യം നേടാൻ കഴിഞ്ഞവൻ അനുഗൃഹീതനാണ്. മറ്റുള്ളവർ ജീവിതം നിലനിർത്താൻ വേണ്ടി മാത്രം ശ്വാസം കഴിക്കുന്നു”.

152. ദിവ്യമായ ഈ വാക്കുകൾ കേട്ടപ്പോൾ അസ്വസ്ഥമായിരുന്ന എന്റെ മനസ്സ് ശാന്തമായി. എന്റെ ദാഹം ശമിച്ചു. ഞാൻ പരമാനന്ദം അനുഭവിച്ചു.

153. ഒരുവന് താരതമ്യപ്പെടുത്താനാകാത്ത ബുദ്ധിശക്തിയും ഉറച്ച വിശ്വാസവുമുണ്ടാകും. പക്ഷേ സായിയെപ്പോലുള്ള ഒരു ഗുരുവിന്റെ സഹായം ലഭിക്കണമെങ്കിൽ ഒരുവന് ഭാഗ്യമുണ്ടായിരിക്കണം.

154. ഈ വാക്കുകളുടെ സാരാംശം നൽകുന്നതിന് ഭഗവാൻ കൃഷ്ണനും ഇതേ സത്യം തന്നെ പറയുകയുണ്ടായി. ‘ഒരുവന്റെ പ്രവൃത്തിക്കനുസരിച്ച് ഞാൻ ഫലം നൽകുന്നു, മുഴുവൻ ഉത്തരവാദിത്വവും കർമ്മത്തിലാണ്.’

155. പ്രവൃത്തിക്കനുസരിച്ചാണ് ഫലം ലഭിക്കുന്നത്. ക്ഷേമം പരിശ്രമത്തിനെ ആശ്രയിച്ചിരിക്കുന്നു. ഈ അധ്യായത്തിന്റെ സാരാംശം ഇതാണ്, ഇത് തന്നെയാണ് അമൃത തുല്യമായ ഉപദേശവും.

156. ‘ഏകാഗ്രചിത്തനായി എന്നെ ധ്യാനിക്കുക’ എന്നതാണ് ഭഗവദ്ഗീതയുടെ സാരം. ഈശ്വരനിൽ പൂർണ്ണമായും സമർപ്പിക്കുന്ന മനുഷ്യരുടെ ക്ഷേമത്തിന്റെ

മുഴുവൻ ഉത്തരവാദിത്വവും ഈശ്വരൻ ഏറ്റെടുക്കുന്നു.

157. ഈ അമൂല്യമായ ഉപദേശം കേൾക്കവേ സ്മൃതികളിൽ നിന്നുള്ള ഒരു ഉദ്ധരണി എനിക്ക് ഓർമ്മ വരുന്നു: "ലേശം പോലും സംശയമില്ലാതെ ദേവതകളെ ആരാധിക്കുക, അപ്പോൾ അവർ നിന്നിൽ കൃപ ചൊരിയും".

158. "നീ പരിശ്രമിക്കുക, പക്ഷേ ഫലത്തെക്കുറിച്ചുള്ള ഉത്കണ്ഠ പൂർണ്ണമായും ഉപേക്ഷിക്കുക. ഞാൻ പാൽപാത്രവുമേന്തി (നിനക്ക് ഫലം നൽകുന്നതിന് വേണ്ടി) നിന്റെ പുറകിൽ നിൽക്കുന്നുണ്ട്. അങ്ങനെ ഞാൻ എല്ലായ്പ്പോഴും നിന്നെ പിന്തുണയ്ക്കുന്നു.

159. പക്ഷേ ഞാൻ പരിശ്രമിക്കണമെന്നും, നീ ഇഷ്ടം പോലെ പാൽ കുടിക്കുക മാത്രം ചെയ്യുമെന്നും നീ ചിന്തിക്കുകയാണെങ്കിൽ, എനിക്ക് അതിനോട് യോജിക്കാൻ കഴിയില്ല. പകരം, നീ ജാഗ്രതയോടെ വർത്തിക്കുകയും, പ്രവൃത്തിയെടുക്കുകയും വേണം. ഉത്സുകനായി, അതിന് വേണ്ടി പണിയെടുക്കുക."

160. ഇവ ബാബയുടെ വചനങ്ങൾ അഥവാ ശാസനങ്ങൾ ആകുന്നു. ഈ വചനങ്ങൾ സത്യമായി സ്വീകരിക്കുന്നവർ, ഈ ലോകത്തും മറ്റ് ലോകങ്ങളിലും ആനന്ദത്തിന്റെ ഖനി ആസ്വദിക്കും.

161. ബാബയുടെ ശിക്ഷണ മാതൃക തെളിയിക്കുന്ന മറ്റൊരു വ്യക്തിപരമായ അനുഭവം കൂടി ശ്രദ്ധിക്കാൻ ഞാൻ ശ്രോതാക്കളോട് ഇപ്പോൾ അഭ്യർത്ഥിക്കുന്നു.

162. എന്തെങ്കിലും നല്ല പ്രവൃത്തികൾ ചെയ്യാൻ നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, എങ്ങനെയാണ് മഹാരാജ് നിങ്ങളെ പ്രോത്സാഹിപ്പിക്കുക! ചോദ്യങ്ങൾ ഉന്നയിക്കാതെ ശ്രദ്ധിക്കുകയും, സായിയുടെ അനുഗ്രഹം ചൊരിയുന്ന രീതി നോക്കിക്കാണുകയും ചെയ്യുക.

163. ഒരു ഭക്തൻ ഉപാധികളില്ലാതെ സമർപ്പണം നടത്തി, ഭക്തിയുടെ അസാധാരണമായ ഫലങ്ങൾ കാണുക. ഓരോ ദിവസവും സായിയുടെ അദ്ഭുതകരമായ ഓരോ പ്രവൃത്തികൾ കാണാൻ കഴിയും.

164. അത് അങ്ങനെയാകട്ടെ. രാവിലെ ഉറക്കമുണർന്നാലുടൻ, എന്തെങ്കിലും ഒരു നല്ല ചിന്ത മനസ്സിലുണ്ടായാൽ നിങ്ങൾ അതിനെ വളർത്തണം.

165. അത്തരത്തിലുള്ള ചിന്ത തുടർന്ന് വളരുകയാണെങ്കിൽ അത് സംതൃപ്തി നൽകുകയും, ബുദ്ധിയെ തീക്ഷ്ണമാക്കുകയും, മനസ്സിനെ സന്തുഷ്ടമാക്കുകയും ചെയ്യും.

166. ഇത് ദിവ്യന്മാരുടെ വചനങ്ങളാണ്, എനിക്ക് അത് പരീക്ഷിച്ച് നോക്കണമെന്ന് തോന്നി. അത് അനുഭവിച്ചപ്പോൾ, എനിക്ക് അതിയായ മനഃസമാധാനം ലഭിക്കുകയും ഞാൻ വളരെ ആശ്ചര്യപ്പെടുകയും ചെയ്തു.

167. ഷിർദി പോലെയുള്ള ഒരു പുണ്യസ്ഥലത്ത് ശുഭദിനമായ ഒരു വ്യാഴാഴ്ച ദിവസം മുഴുവൻ രാമനാമം ജപിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.

168. ബുധനാഴ്ച രാത്രി കിടക്കയിൽ കിടക്കവേ, ഉറങ്ങുന്നത് വരെ ഞാൻ എന്റെ

മനസ്സ് രാമനാമജപത്തിൽ ഉറപ്പിക്കുകയും അത് എന്റെ ഹൃദയത്തിലേയ്ക്ക് ആവാഹിക്കുകയും ചെയ്തു.

169. ഞാൻ പ്രഭാതത്തിൽ ഉറക്കമുണർന്നപ്പോൾ, ഞാൻ രാമനാമത്തെക്കുറിച്ച് ഓർത്തു. ഇത് സംഭവിച്ചപ്പോൾ, എന്റെ നാവ് യഥാർത്ഥമായും അതിന്റെ അസ്തിത്വം അർത്ഥമുള്ളതാക്കിയെന്ന് ഞാൻ ചിന്തിച്ചു.

170. അതിനാൽ അത് തുടരാൻ ഞാൻ ഉറപ്പായി തീരുമാനിച്ചു. പ്രഭാതകർമ്മങ്ങൾ കഴിച്ചശേഷം കുറച്ച് പുഷ്പങ്ങൾ കണ്ടെടുത്ത് അതുമായി സായിയുടെ പ്രഭാതദർശനത്തിനായി പുറപ്പെട്ടു.

171. ദീക്ഷിതിന്റെ ഗൃഹം പിന്നീട് ബൂട്ടിവാഡയുടെ പുറംഭാഗത്ത് കൂടി കടന്നു പോകവേ, ഔറംഗബാദ്കർ മനോഹരമായി ആലപിക്കുന്ന ഒരു മധുരഗീതം ഞാൻ കേട്ടു.

172. ആ ഗാനം മുഴുവൻ ഒവി അളവിൽ ഞാൻ പറയാൻ ശ്രമിക്കുകയാണെങ്കിൽ ശ്രോതാക്കൾക്ക് അതിന്റെ തനതായ ആകർഷണീയത നഷ്ടപ്പെടുകയും, ചിലപ്പോൾ ആസ്വദിക്കാൻ സാധിക്കാതെ വരികയും ചെയ്യും.

173. അതിനാൽ ഞാൻ ആ ഗാനം മുഴുവൻ ഓരോ വാക്കുകളായി നിങ്ങൾക്ക് വേണ്ടി ആലപിക്കുന്നതാണ്, അപ്പോൾ ശ്രോതാക്കൾ സന്തുഷ്ടരാകും. ആ ഗാനത്തിൽ മൗലികമായ ഉപദേശമാണുള്ളത്.

**ഗാനം**

"ഓ എന്റെ സഹോദരാ, ഞാൻ ഗുരുവിന്റെ അനുഗ്രഹമാകുന്ന അഞ്ജനം നേടിയിരിക്കുന്നു. ഞാൻ രാമനെയല്ലാതെ മറ്റാരേയും വിശ്വസിക്കുന്നില്ല. (സംഘം)

1. എന്റെയുള്ളിലും രാമൻ; പുറത്തും രാമൻ.
സ്വപ്നത്തിൽ പോലും സീതാരാമൻ.

2. ഉറക്കവും ഉണർവ്വും രാമനാകുന്നു.
എന്റെ ദൃഷ്ടികൾ പോകുന്നിടത്തൊക്കെ അവ ശ്രേഷ്ഠരാമനെ ദർശിക്കുന്നു.

3. ജനാർദ്ദനന്റെ ശിഷ്യന്റെ മനോഹരമായ അനുഭവം – എന്റെ കാഴ്ച ചലിക്കുന്നിടത്തൊക്കെ ഞാൻ രാമനെ കാണുന്നു.

174. മുമ്പേ തന്നെ രാമനാമം ജപിക്കണമെന്ന് ഞാൻ ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ, അത് ചെയ്ത് തുടങ്ങുന്നതിന് മുമ്പ് ഞാൻ കേട്ട ഈ ഗാനം, അതിന് കൂടുതൽ ശക്തി നൽകി.

175. അങ്ങനെ എനിക്ക് തീർച്ചയായി. എന്റെ തീരുമാനമാകുന്ന വിത്തിന് പുറത്ത്, ദയാവാനായ ശ്രേഷ്ഠ സായി ആ വെള്ളം തളിച്ചതാണോ?

176. സായിയെ അഭിമുഖീകരിച്ച്, കൈകളിൽ തംബൂരി[2]യുമായി മുറ്റത്ത് നിന്നുകൊണ്ട് ഔറംഗബാദ്കർ ഉച്ചത്തിൽ പാടുന്നുണ്ടായിരുന്നു, ആ ഗാനവീചികൾ എല്ലായിടവും പരന്നു.

177. ഔറംഗബാദ്കർ ബാബയുടെ ഭക്തനായിരുന്നു. എന്നെപ്പോലെ അയാളും

ബാബയുടെ പാദങ്ങളിൽ സ്വയം സമർപ്പിച്ചിരുന്നു. അയാൾക്ക് അനേകം ഗാനങ്ങൾ മനഃപാഠമായി അറിയാമെന്നിരിക്കേ, എന്ത് കൊണ്ടാണ്, ആ നേരത്ത് ആ പ്രത്യേകഗാനം ആലപിക്കാൻ അയാൾക്ക് പ്രചോദനമുണ്ടായത്?

178. എന്റെ തീരുമാനത്തെക്കുറിച്ച് മറ്റാർക്കും അറിവുണ്ടായിരുന്നില്ല. പിന്നെന്ത് കൊണ്ടാണ് ആ ഗാനം മാത്രം പാടാനിടയായത്? ബാബ ചരട് വലിയ്ക്കുകയും അതനുസരിച്ച് അയാൾക്ക് പ്രചോദനം നൽകുകയും ചെയ്തതുപോലെ തോന്നുന്നു.

179. നമ്മളെല്ലാം വെറും പാവകളും, സായിമാതാവ് നിയന്ത്രിതാവും ആണ്. നേരിട്ട് പറയാതെ അദ്ദേഹം ശരിയായ ഉപാസന നിർദ്ദേശിച്ചു.

180. എന്റെ ഉള്ളിന്റെയുള്ളിലെ ചിന്തകൾ ബാബയുടെ മനസ്സിൽ പ്രതിഫലിച്ചു. ഇത്തരത്തിൽ അദ്ദേഹം തന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ തെളിയിച്ചു. അങ്ങനെയാണെന്ന് ഞാൻ ചിന്തിക്കുന്നു.

181. നാമത്തിന്റെ ശക്തി എത്ര മഹത്തരമാണ്! ശ്രേഷ്ഠരായ ദിവ്യന്മാർ അത് എല്ലായ്പ്പോഴും സ്തുതിച്ചിട്ടുണ്ട്. എന്നെപ്പോലുള്ള അധമനായ ഒരു വ്യക്തിക്ക് അത് എത്രത്തോളം വർണ്ണിക്കാൻ കഴിയും – ഈശ്വരസാക്ഷാത്കാരത്തിലേയ്ക്ക് നയിക്കുന്നതിനെ!

182. കൊള്ളക്കാരനായിരുന്ന മീൻപിടുത്തക്കാരൻ ഈ രണ്ട് അക്ഷരങ്ങൾ വിപരീതമായി ചൊല്ലിയപ്പോൾ, അയാൾ ഒരു സാധാരണക്കാരനിൽ നിന്നും വാല്മീകി മഹർഷിയായി മാറി, അസാധാരണമായ വാഗ്വൈഭവം കാട്ടി.

183. അയാൾ 'മര', 'മര' എന്ന വാക്ക് ഉരുവിട്ടപ്പോൾ, 'രാമ' എന്ന വാക്ക് അയാളുടെ നാവിൽ നിന്നുണ്ടാകുകയും രാമന്റെ ജീവിതവും പ്രവൃത്തികളും രാമന്റെ ജനനത്തിന് മുമ്പ് തന്നെ എഴുതുവാൻ അയാളെ പ്രാപ്തനാക്കുകയും ചെയ്തു.

184. രാമനാമം വളരെ ദിവ്യമാണ്, അതിലൂടെ പാപികൾക്ക് മോക്ഷം ലഭിക്കും. രാമനാമം സന്തോഷത്തിന്റെ ഖനികൾ നൽകുന്നു. രാമനാമം ഭജനകൾ ആലപിക്കുന്നതിന് തുല്യമാണ്; അതിന്റെ ജപം ബ്രഹ്മനിലേയ്ക്ക് നയിക്കും.

185. ആവർത്തിച്ചുള്ള ലളിതമായ രാമനാമജപത്തിലൂടെ ജനനമരണ ബന്ധനങ്ങൾ അഴിഞ്ഞു വീഴും. രാമനാമം ഓർക്കുന്നതിലൂടെ നന്മകൾ അനേകം മടങ്ങ് വർദ്ധിക്കും.

186. 'രാമ'നാമം ഉച്ചത്തിൽ മുഴങ്ങുമ്പോഴൊക്കെ വിഷ്ണുവിന്റെ സുദർശനചക്രം[4] പ്രവർത്തിപ്പിക്കപ്പെടുകയും അത് കോടിക്കണക്കിനുള്ള പ്രതിബന്ധങ്ങളെ നശിപ്പിക്കുകയും ചെയ്യും.

187. സായിയ്ക്ക് അദ്ദേഹത്തിന്റെ ശിക്ഷണപ്രക്രിയയ്ക്കായി പ്രത്യേക സ്ഥലം ആവശ്യമില്ല – ശരിയായ സമയമോ ശരിയായ പരിതസ്ഥിതികളോ ആവശ്യമില്ല. സംസാരിക്കുമ്പോഴോ, നടക്കുമ്പോഴോ ഇരിക്കുമ്പോഴോ അനായാസമായി ശുദ്ധജ്ഞാനം എല്ലാവർക്കും പകർന്നു നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

188. ഇത്തരുണത്തിൽ ഇതിനോടനുബന്ധിച്ചുള്ള രസകരമായ ഒരു കഥ ശ്രോതാക്കൾ ആദരവോടെ ശ്രദ്ധിക്കുക. സായിയുടെ ദയാപരമായ പ്രകൃതവും സർവ്വവ്യാപിത്വവും തെളിയിക്കുന്നതാണ് ഈ കഥ.

189. ഒരിക്കൽ ആരോ മറ്റൊരു വ്യക്തിയെക്കുറിച്ച് സംസാരിക്കവേ ഒരു ഉത്തമഭക്തൻ മുൻവിധിയോടെ അയാളെ വിമർശിച്ച് ദോഷനിരൂപണം ചെയ്യാൻ തുടങ്ങി.

190. അയാളുടെ ഗുണങ്ങൾ അവഗണിക്കപ്പെട്ടു. ദോഷനിരൂപണം മാത്രം എല്ലാ ഭാഗത്തുനിന്നുമുണ്ടായി. ശരിയായ കഥയുടെ ദിശമാറുകയും, അത് അധിക്ഷേപത്തിന്റെ സഭയായി മാറുകയും ചെയ്തു.

191. എന്തെങ്കിലും കാരണമുണ്ടെങ്കിൽ (വിയോജിപ്പിനുള്ള), അല്ലെങ്കിൽ ആരെങ്കിലും മോശമായ തരത്തിൽ പെരുമാറുകയാണെങ്കിൽ, ഒരുവൻ ഒളിക്കാതെ മധുരമായ രീതിയിൽ അയാളെ തിരുത്താൻ ശ്രമിക്കുകയും അയാളോട് സഹതപിക്കുകയും വേണം.

192. ഒരിക്കലും ആരെയും ചെറുതായി കാണരുത്. ഇത് എല്ലാവർക്കും അറിവുള്ളതാണ്. പക്ഷേ ഇത്തരം സ്വഭാവം അടക്കിനിർത്താൻ പ്രയാസമാണ്. അതിനെ നിയന്ത്രിക്കാൻ കഴിയില്ല.

193. അത് ഉള്ളിൽ നിന്നുണ്ടായി, സാവധാനം ഉയർന്ന്, വായിലൂടെ വിചാരശൂന്യമായി പുറത്ത് ചാടുന്നു. അധരങ്ങൾ വിടരുമ്പോൾ സന്തോഷവും സംതൃപ്തിയും തള്ളിവരും.

194. മൂന്നു ലോകങ്ങളിലും, ദോഷജ്ഞനെപ്പോലെ നല്ലവനായ ഒരു വ്യക്തി ഉണ്ടാകില്ല. അയാൾക്ക് ഒരു വ്യക്തിയെ സഹായിക്കാൻ കഴിയും. വിമർശനം ഒരു വ്യക്തിക്ക് നന്മ വരുത്തുകയും വിമർശകൻ ആ വ്യക്തിക്ക് ഉപകാരം ചെയ്യുകയുമാണ് ഉണ്ടാകുന്നത്.

195. ചിലർ അഴുക്ക് സോപ്പ്കായ കൊണ്ട് മാറ്റുന്നു; ചിലർ സോപ്പ് പോലുള്ള ഉൽപന്നങ്ങൾ ഉപയോഗിക്കുന്നു; ചിലർ ശുദ്ധവും വൃത്തിയുള്ളതുമായ ജലം ഉപയോഗിച്ച് അത് ചെയ്യുന്നു. പക്ഷേ ഒരു വിമർശകൻ അത് തന്റെ നാവ് ഉപയോഗിച്ച് ചെയ്യുന്നു.

196. ഒരു തരത്തിൽ പറഞ്ഞാൽ മറ്റുള്ളവർക്ക് വേണ്ടി, അവർക്ക് നന്മവരുത്തുന്നതിന് വേണ്ടി, ഇത്തരക്കാർ സ്വന്തം സ്വഭാവത്തിൽ അധഃപതനം സഹിക്കേണ്ടിവരുന്നു. അതിനാൽ യഥാർത്ഥം പറയുകയാണെങ്കിൽ, അവരുടെ പ്രവൃത്തികൾ വർണ്ണിക്കാനാകാത്തവിധം ഗുണപ്രദമാണ്. തീർച്ചയായും ഒരു വിമർശകൻ ആദരിക്കപ്പെടേണ്ടവനാണ്.

197. ഓരോ ചുവടുവയ്പിലും അയാൾ ആപത്തുക്കൾ ചൂണ്ടിക്കാട്ടുന്നു. വിമർശനത്തിന്റെ മറവിൽ അയാൾ ഒരുവനെ അവന്റെ കുറവുകളെക്കുറിച്ച് ബോധവാനാക്കുകയും ഭാവിയിലെ ദുരന്തങ്ങളെ ഒഴിവാക്കാൻ അവനെ സഹായിക്കുകയും, എല്ലാവർക്കും ഉപകാരം വരുത്തുകയും ചെയ്യുന്നു. ഇതിൽ കൂടുതൽ എങ്ങനെയാണ് ഞാൻ അവനെ പുകഴ്ത്തുക?

198. അനേകം ജനങ്ങൾ അത്തരക്കാരെ പുകഴ്ത്തിയിട്ടുണ്ട്. ദിവ്യന്മാരും സന്ന്യാസിമാരും അവരുടെ മഹത്വത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ വിമർശകസംഘത്തെ ഞാൻ വന്ദിക്കുന്നു.

199. അത് കേട്ടുകൊണ്ടിരുന്നവർക്ക് ഓർക്കാനം അനുഭവപ്പെട്ടു. ദോഷജ്ഞൻ ആ രംഗത്ത് നിന്ന് മാറി, ശൗചാദികൾക്കായി പോയി; മറ്റുള്ളവർ ബാബയുടെ ദർശനത്തിനായി മസ്ജിദിലേയ്ക്ക് പോയി.

200. ബാബ സർവ്വജ്ഞനായിരുന്നു. അദ്ദേഹം ഭക്തരെ ശരിയായ സമയത്ത് ഉപദേശിച്ചിരുന്നു. ഈ സംഭവം പിന്നീട് ഏത് രീതിയിൽ അദ്ദേഹം പ്രയോജനപ്പെടുത്തി എന്ന് ശ്രദ്ധിക്കുക.

201. മറ്റുള്ളവരോടൊപ്പം ലെൻഡിയിലേയ്ക്ക് പോകവേ, ബാബ ആ ഭക്തനെക്കുറിച്ച് അന്വേഷിക്കുകയും അയാൾ വിസർജ്ജനത്തിനായി ഗ്രാമത്തിലെ അരുവിയുടെ സമീപത്തേയ്ക്ക് പോയി എന്ന് അറിയുകയും ചെയ്തു.

202. തന്റെ പതിവ് ചടങ്ങുകൾക്ക് ശേഷം ബാബ ലെൻഡിയിൽ നിന്നും തിരികെ എത്തി; ആ ഭക്തൻ ഗ്രാമത്തിലെ അരുവിയുടെ തീരത്ത് നിന്നും ഗൃഹത്തിലേയ്ക്ക് പോകാനായി തിരികെ എത്തുകയും ചെയ്തു.

203. രണ്ടുപേരും കണ്ടുമുട്ടി. ഓ, ശ്രോതാക്കളേ! ഈ കണ്ടുമുട്ടലിൽ സംഭവിച്ചതൊക്കെ ശ്രദ്ധയോടെ കേൾക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

204. അടുത്തുള്ള വേലിയുടെ സമീപത്തായി ഒരു ഗ്രാമീണ പന്നി വളരെ സ്വാദോടെ വിസർജ്ജ്യം ഭക്ഷിക്കുന്നുണ്ടായിരുന്നു. ബാബ അയാൾക്ക് അത് ചൂണ്ടിക്കാട്ടിക്കൊടുത്തു.

205. ''നോക്കൂ, എങ്ങനെയാണ് അതിന്റെ നാവ് മനുഷ്യവിസർജ്ജ്യം രുചിക്കുന്നതെന്ന്: സ്വന്തം സഹോദരനെ മതിയാവോളം അപവാദം പറയുന്നവൻ ഇതിന് സമാനമാണ്.

206. കഴിഞ്ഞ ജന്മത്തിൽ അനേകം പുണ്യകർമ്മങ്ങൾ ചെയ്ത ശേഷം ഒരു മനുഷ്യനായി ജനിക്കുകയും, ജീവിതം ഇത്തരത്തിൽ പാഴാക്കുകയും ചെയ്യുകയാണെങ്കിൽ; സ്വയം നശിക്കാനായി തുനിഞ്ഞിരിക്കുന്നവന് വേണ്ടി ഷിർദിയ്ക്ക് എന്ത് നന്മയാണ് നൽകാൻ കഴിയുക".

207. ഈ വാക്കുകളോടെ ബാബ നടന്നു നീങ്ങി. ഭക്തന് ഉള്ളിൽ വിഷമമുണ്ടായി. അയാൾ പ്രഭാതത്തിലെ സംഭവം ഓർക്കുകയും ഈ വാക്കുകൾ അയാളുടെ ഹൃദയത്തിൽ തറയ്ക്കുകയും ചെയ്തു.

208. അത് അങ്ങനെയാകട്ടെ. ശരിയായ സമയമെത്തുമ്പോൾ ബാബ തന്റെ ഭക്തരെ സ്നേഹത്തോടെ ഉപദേശിക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ സാരം ഓർത്തുവയ്ക്കുകയാണെങ്കിൽ, മുക്തി അകലെയാകുമോ?

209. 'ഈശ്വരൻ എന്നെ സംരക്ഷിക്കുകയാണെങ്കിൽ, ഞാൻ പരിശ്രമിക്കാതെ തന്നെ അദ്ദേഹം എനിക്ക് എല്ലാം തരുമെന്നുള്ളത് ഒരു വാഗ്ദാനമാണ്. പക്ഷേ ഇത് ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും കാര്യത്തിൽ മാത്രമാണ്.'

210. പക്ഷേ ഒരു ആത്മീയാന്വേഷി ഇത് മുഖവിലയ്ക്ക് എടുക്കുകയാണെങ്കിൽ അവൻ പൂർണ്ണമായും സ്വയം നശിപ്പിക്കുകയായിരിക്കും. ഇക്കാര്യത്തിൽ "അവൻ വിതയ്ക്കുന്നത് പോലെ കൊയ്യും" എന്ന ബാബയുടെ വാക്കുകൾ വിലമതിക്കാനാകാത്തതാണ്.

211. ബാബയുടെ മറ്റ് ചില വാക്കുകൾ അത്യധികമായ ആനന്ദം നൽകും. ഒരുവന് വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയുണ്ടെങ്കിൽ അവ ഹൃദയത്തിൽ രൂഢമൂലമാകും.

212. ''ഞാൻ ഒരു സ്ഥലത്ത് മാത്രം വസിക്കുന്നില്ല. ജലത്തിൽ, കരയിൽ, വനങ്ങളിൽ, ജനങ്ങൾക്കിടയിൽ, ജനങ്ങളിൽ നിന്ന് അകലെ, നിന്റെ രാജ്യത്തും വിദേശരാജ്യങ്ങളിലും, ആകാശത്തും, സൂര്യന്റെ പ്രകാശത്തിലും ഞാൻ വസിക്കുന്നു.

213. ''ഞാൻ മൂന്നരകൈമുഴം നീളമുള്ള ഈ ശരീരത്തിൽ മാത്രമാണ് വസിക്കുന്നതെന്ന് കരുതുന്നവരുടെ മിഥ്യാധാരണ മാറ്റുന്നതിന് വേണ്ടിയാണ് ഞാൻ ഈ മനുഷ്യരൂപം കൈക്കൊണ്ടത്.

214. "പകലും രാത്രിയും എന്റെ സ്തുതികൾ തുടർച്ചയായി ആലപിക്കുന്നവർ ഒരു വ്യത്യാസവുമില്ലാതെ എന്റെ അന്തരംഗത്തിന്റെ പകർപ്പുകളായിരിക്കും.

215. ''ശർക്കരയിൽ നിന്ന് മാധുര്യം വേർതിരിച്ചെടുക്കാമെങ്കിൽ, സമുദ്രത്തെ തിരമാലകളിൽ നിന്ന് വേർപെടുത്താമെങ്കിൽ, നേത്രങ്ങൾക്ക് പ്രകാശത്തിന്റെ അഭാവത്തിൽ കാണാൻ കഴിയുമെങ്കിൽ, എങ്കിൽ മാത്രമേ എന്റെ നിഷ്കളങ്കനായ ഭക്തന് എന്നിൽ നിന്ന് വേർപിരിഞ്ഞിരിക്കാൻ കഴിയുകയുള്ളൂ.

216. ''ജനനമരണവൃത്തത്തിൽ നിന്ന് രക്ഷ നേടണമെന്ന് ദൃഢമായി ആഗ്രഹിക്കുന്നവൻ ധാർമ്മികമാർഗ്ഗം കൃത്യമായി പാലിക്കുകയും എല്ലായ്പ്പോഴും ശാന്തചിത്തനായി വർത്തിക്കുകയും വേണം.

217. "അത്തരത്തിലുള്ള ഒരുവൻ കഠിനവാക്കുകൾ ഉപേക്ഷിക്കണം; മറ്റുള്ളവരുടെ ബലഹീനതകളെ കുത്തിനോവിക്കരുത്; സ്വന്തം കർത്തവ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സദ്കർമ്മങ്ങൾ അനുഷ്ഠിക്കണം.

218. ''നിന്റെ മനസ്സും ഹൃദയവും എനിക്ക് സമർപ്പിക്കുക. നിരന്തരം എന്നെ സ്മരിക്കുക. നിന്റെ ശരീരത്തെക്കുറിച്ച് വേവലാതിപ്പെടാതെ അതിന്റെ വഴിക്ക് വിടുക. അത്തരത്തിലുള്ള ഒരു മനുഷ്യൻ ഭയപ്പെടേണ്ടതില്ല; കൂടാതെ മൂന്ന് തരത്തിലുള്ള ശുദ്ധിയെക്കുറിച്ചോർത്ത് അസ്വസ്ഥനാകേണ്ടതുമില്ല.

219. ''ഇളകാത്ത ശ്രദ്ധയോടെ എന്റെ നേർക്ക് നോക്കുകയും എന്നെ സ്തുതിക്കുകയും എന്റെ സ്തുതിഗീതങ്ങൾ ശ്രവിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതനാണ്. എന്നെയല്ലാതെ, മറ്റൊന്നിനെയും ആഗ്രഹിക്കാത്തവൻ മാത്രം ശ്രേഷ്ഠമായ ലക്ഷ്യത്തിലെത്തും.

220. അദ്ദേഹം എല്ലാവരോടും, ''എന്റെ നാമം ജപിക്കുകയും എന്നിൽ സമർപ്പിക്കുകയും ചെയ്യുക'' എന്ന് പറഞ്ഞിരുന്നു. പക്ഷേ അദ്ദേഹത്തെ

അറിയണമെന്ന് ആഗ്രഹിക്കുന്നവരോട് ശ്രവണവും ധ്യാനവും ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

221. വ്യത്യസ്തരായ ആളുകൾക്ക് വ്യത്യസ്തമായ ഉപാസനാമാർഗ്ഗങ്ങളാണ് അദ്ദേഹം നിർദ്ദേശിച്ചിരുന്നത്. ഒരാളിനോട് ഈശ്വരനാമം ജപിക്കാൻ നിർദ്ദേശിച്ചു; മറ്റൊരാളിനോട് ഈശ്വരന്റെ കൃത്യങ്ങൾ ശ്രവിക്കാൻ ആവശ്യപ്പെട്ടു; ഇനിയും മറ്റൊരാളോട് ഈശ്വരന്റെ പാദപൂജ ചെയ്യാൻ നിർദ്ദേശിച്ചു.

222. ചിലർക്ക് അധ്യാത്മരാമായണം നിർദ്ദേശിച്ചു; ചിലർക്ക് ധ്യാനേശ്വരി പാരായണം ചെയ്യാൻ പറഞ്ഞു; ചിലർക്ക് ഹരിവർധയും[5] മറ്റ് ചിലർക്ക് ഗുരുചരിത്രവും പാരായണം ചെയ്യാൻ നിർദ്ദേശിച്ചു.

223. ചിലരെ അദ്ദേഹം തന്റെ സമീപത്ത് നിർത്തും; ചിലരോട് ഖണ്ഡോബാക്ഷേത്രത്തിലേയ്ക്ക് പോകാൻ പറയും; മറ്റു ചിലരോട് അദ്ദേഹം വിഷ്ണുസഹസ്രനാമം ഗ്രഹിച്ച് ഓർമ്മയിൽ വയ്ക്കാൻ വ്യക്തമായി നിർദ്ദേശിച്ചിരുന്നു.

224. ചിലർക്ക് അദ്ദേഹം രാമവിജയം6 നിർദ്ദേശിച്ചു; ചിലർക്ക് ധ്യാനം; ചിലർക്ക് ഈശ്വരനാമത്തിന്റെ ശക്തി; ചിലർക്ക് ചന്ദ്യോഗ്യഉപനിഷത്തും7 ഗീതാരഹസ്യവും8 നിർദ്ദേശിക്കുകയും വിശ്വാസത്തിലൂടെ മാത്രമേ ഇവയുടെ സാരാംശം ഗ്രഹിക്കാൻ കഴിയുകയുള്ളൂ എന്ന് അവരോട് പറയുകയും ചെയ്തു.

225. അദ്ദേഹത്തിന്റെ ശിക്ഷണമാർഗ്ഗങ്ങൾ വ്യത്യസ്തമായിരുന്നു. ചിലരെ പ്രത്യേകരീതിയിലും മറ്റുചിലരെ വ്യത്യസ്തമായ മറ്റ് രീതികളിലും അഭ്യസിപ്പിച്ചിരുന്നു. ചിലരെ നേരിട്ട് ഉപദേശിക്കുകയും മറ്റു ചിലർക്ക് സ്വപ്നദർശനം നൽകുകയും ചെയ്തു.

226. വിവിധജാതി[9]കളിൽ നിന്നുള്ള അനേകം ജനങ്ങൾ അദ്ദേഹത്തിന്റെ ദർശനത്തിനും സഹായത്തിനുമായി എത്തി. ലഹരിപാനീയങ്ങൾ ഉപയോഗിച്ചിരുന്നവരുടെ സ്വപ്നത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെടുമായിരുന്നു.

227. അദ്ദേഹം അവരുടെ നെഞ്ചിൽ ഇരുന്ന് കൊണ്ട് കൈകാലുകൾ കൊണ്ട് അവരെ മുറുകെ ഇറുക്കിപ്പിടിക്കും, പിന്നീടൊരിക്കലും മദ്യം കുടിക്കില്ലെന്ന് അവരെക്കൊണ്ട് ശപഥം ചെയ്യിക്കും.

228. വിവാഹം നടക്കാൻ പോകുന്ന ഗൃഹത്തിലെ ചുവരുകളിൽ ജ്യോതിഷികൾ വരക്കുന്ന ചിത്രങ്ങൾ പോലെ, അദ്ദേഹം മറ്റൊരു ഭക്തന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ചുവരുകളിൽ "ഗുരു ബ്രഹ്മ, ഗുരു വിഷ്ണു[10]" തുടങ്ങിയ മന്ത്രങ്ങൾ എഴുതിവയ്ക്കും.

229. ബാബയുടെ അറിവ് കൂടാതെ ഒരുവൻ യോഗാസനങ്ങൾ, പ്രത്യേകിച്ചും കഠിനമായ ഹതയോഗം പരിശീലിക്കാൻ ശ്രമിക്കുകയാണെങ്കിൽ ബാബ അതേക്കുറിച്ച്, തന്റെ അതീന്ദ്രിയശക്തിയിലൂടെ അറിയുകയും അയാളെ ശരിയായ രീതിയിൽ ശിക്ഷിക്കുകയും ചെയ്യും.

230. അദ്ദേഹത്തിന് തീരെ പരിചയമില്ലാത്ത ഒരാളെ പിടിച്ചുനിർത്തി

ഇത്തരത്തിലുള്ള സന്ദേശം നൽകും. ''നിനക്ക് സ്വസ്ഥമായി ഇരുന്ന് ക്ഷമയോടെ നിന്റെ ആഹാരം കഴിക്കാൻ കഴിയില്ലേ?''

231. ചിലർക്ക് അദ്ദേഹം ഒരു അന്ത്യശാസനം നൽകിക്കൊണ്ട് പറയും: "ഞാൻ സ്വഭാവത്തിൽ വളരെ കണിശക്കാരനായ[11] മനുഷ്യനാണ്. ഞാൻ സൗമ്യമായി നിന്നോട് ഒന്നോ രണ്ടോ പ്രാവശ്യം പറയും; എന്നിട്ടും നീ അനുസരിക്കുന്നില്ലെങ്കിൽ ഒടുവിൽ നിനക്ക് വളരെ ബുദ്ധിമുട്ടുണ്ടാകും.

232. "ഞാൻ ഒരിക്കലോ രണ്ട് പ്രാവശ്യമോ പറയാൻ ശ്രമിക്കും, പക്ഷേ ഒരുവൻ എന്റെ വാക്കുകൾ ശ്രദ്ധിക്കാൻ മെനക്കെടുന്നില്ലെങ്കിൽ അവൻ എന്റെ ബന്ധുവാണെങ്കിൽപ്പോലും അവനെ വലിച്ച് മാറ്റി ദൂരേയ്ക്ക് എറിയാൻ ഞാൻ മടിക്കില്ല.''

233. അദ്ദേഹം ഒരു സർവ്വജ്ഞനും ഉദാരമനസ്കനുമായിരുന്നു. എങ്ങനെയാണ് ഒരു സാധാരണമനുഷ്യനായ ഞാൻ അദ്ദേഹത്തിന്റെ അദ്ഭുതശക്തികൾ വിവരിക്കുക? അദ്ദേഹം ചിലർക്ക് ജ്ഞാനം നൽകും; ചിലർക്ക് വിരക്തിയുണ്ടാക്കും; ചിലർ അദ്ദേഹത്തിൽ നിന്നും നന്മ ഉൾക്കൊണ്ടു; ചിലർക്ക് അദ്ദേഹത്തിൽ നിന്നും ശരിയായ ഭക്തിയെക്കുറിച്ചുള്ള അറിവ് ലഭിച്ചു.

234. ചിലരുടെ കാര്യത്തിൽ ശരിയായ പെരുമാറ്റ രീതികൾ അദ്ദേഹം ഉപദേശിച്ചു. അത്തരത്തിലുള്ള ഒരു ഉദാഹരണം ഞാൻ എന്റെ ശ്രോതാക്കൾക്ക് നൽകുന്നതാണ്.

235. ഒരു ദിവസം നട്ടുച്ചയ്ക്ക്, പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ ബാബ പെട്ടെന്ന് രാധാകൃഷ്ണി[12]യുടെ ഗൃഹത്തിന് സമീപമെത്തി.

236. ചില ആളുകൾ അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടായിരുന്നു; പെട്ടെന്ന് ഒരു ഏണി കൊണ്ടുവരാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു. ആരോ പെട്ടെന്ന് ഏണി കൊണ്ടുവന്നു.

237. ബാബ അത് ഗൃഹത്തിന്റെ ചുവരിൽ ചാരിവയ്ക്കുകയും അതിലൂടെ കയറി ഗൃഹത്തിന്റെ മേൽക്കൂരയിൽ എത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സിൽ എന്താണുള്ളതെന്നും അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്താണെന്നും ആർക്കും മനസ്സിലായില്ല.

238. വാസ്തവത്തിൽ വാമൻ ഗോൻഡ്കറുടെ ഗൃഹത്തിൽ ചാരിയാണ് ഏണി വയ്ക്കപ്പെട്ടത്; ശ്രീസായി ഏണിയിലൂടെ വളരെ വേഗം കയറി മേൽക്കൂരയിലെത്തി.

239. വീടുകൾ വളരെ അടുത്തടുത്തായിരുന്നു, അദ്ദേഹം പെട്ടെന്ന് രാധാകൃഷ്ണിയുടെ മേൽക്കൂരയിലെത്തി. ആർക്കും ഇതിന്റെ രഹസ്യം മനസ്സിലായില്ല.

240. ആ സമയത്ത് രാധാകൃഷ്ണി കടുത്ത മലേറിയരോഗം ബാധിച്ച് വളരെ അസ്വസ്ഥയായിരുന്നു.

241. ബാബയാകട്ടെ ആ സമയത്ത്, രണ്ടുപേർ ഇരുവശത്തും നിന്ന് താങ്ങേണ്ട തരത്തിൽ അവശനുമായിരുന്നു. ആ നിമിഷത്തിൽ എവിടെ നിന്നാണ്

അദ്ദേഹം അത്രയും ശക്തി സംഭരിച്ചത്?

242. പെട്ടെന്ന് അദ്ദേഹം മേൽക്കൂരയുടെ മറുവശത്തേയ്ക്ക് കടക്കുകയും മോന്തായത്തിൽ ഉന്തിനിൽക്കുന്ന ഭാഗത്തിലെ ചരിവിൽ എത്തുകയും ആ ചുവരിൽ ചാരിവയ്ക്കപ്പെട്ട ഏണിയിലൂടെ താഴേയ്ക്ക് ഇറങ്ങുകയും ചെയ്തു.

243. അദ്ദേഹത്തിന്റെ പാദങ്ങൾ നിലത്ത് സ്പർശിച്ചയുടൻ, തനിക്ക് ഏണി കൊണ്ടുവന്ന മനുഷ്യന് വളരെ ഉദാരമായി രണ്ട് ഉറുപ്പിക നൽകി.

244. ആ മനുഷ്യനാകട്ടെ രണ്ട് സ്ഥലങ്ങളിൽ ഏണി വയ്ക്കുക മാത്രമാണ് ചെയ്തത്. അയാൾ ആകെ ചെയ്തതും, അഭിമാനിക്കാവുന്നതുമായ ജോലി അതുമാത്രമായിരുന്നു. പകരമായി ബാബ അയാൾക്ക് ധാരാളം പണം നൽകി.

245. സ്വാഭാവികമായും ആളുകൾ ആകാംക്ഷാഭരിതരാകുകയും ഏണി കൊണ്ടുവന്ന മനുഷ്യന് ബാബ അത്രയും പണം നൽകിയത് എന്ത് കൊണ്ടെന്ന് ചിന്തിക്കുകയും ചെയ്തു; അവർ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാൻ തുടങ്ങി.

246. അപ്പോൾ ഒരാൾ അത് ചോദിക്കാൻ ധൈര്യപ്പെട്ടു. ബാബ പറഞ്ഞു: "ആരും തന്നെ ഒരു കാരണവശാലും മറ്റൊരാളിന്റെ പ്രയത്നം പ്രതിഫലം കൊടുക്കാതെ സ്വീകരിക്കരുത്.

247. "ഒരുവന് മറ്റൊരാളിൽ നിന്ന് സേവനം സ്വീകരിക്കാം, പക്ഷേ ഒരുവൻ അയാളുടെ ശ്രമങ്ങളെ മനസ്സിലാക്കി പ്രതിഫലം നൽകണം. ആരിൽ നിന്നും സൗജന്യസേവനം ഒരിക്കലും സ്വീകരിക്കില്ലെന്ന് ഒരുവൻ സ്വയം തീരുമാനിക്കണം."

248. ആർക്കാണ് ബാബയുടെ പെരുമാറ്റത്തെക്കുറിച്ച് ശരിയായ അവബോധമുണ്ടായിരുന്നത്? അദ്ദേഹത്തിന് മാത്രമാണ് അറിവുണ്ടായിരുന്നത്! ദിവ്യന്മാരുടെ മനസ്സ് അറിയാൻ കഴിയില്ല.

249. അദ്ദേഹത്തിന്റെ അധരങ്ങളിൽ നിന്നുതിർന്ന, ഞങ്ങൾ ശ്രവിച്ച വാക്കുകൾ ഞങ്ങൾക്ക് വഴികാട്ടിയും താങ്ങുമായിരുന്നു. നമ്മൾ ഉറച്ചു വിശ്വസിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ നമ്മുടെ ദൈനംദിനജീവിതം സുഗമമായിരിക്കും.

250. അത് അങ്ങനെയാകട്ടെ. അടുത്ത അധ്യായം ഇതിനേക്കാൾ ആസ്വാദ്യകരമാണ്. അത്, ശ്രുതിയുടെ ആന്തരികാർത്ഥം വെളിപ്പെടുത്തിയ, ഒരു ജോലിക്കാരിയുടെ നിഷ്കളങ്കയായ മകളെക്കുറിച്ചുള്ളതാണ്.

251. പ്രസിദ്ധ കീർത്തനകാരനായ ഗനുദാസ് മറാത്തി സംസാരിക്കുന്ന ജനങ്ങൾക്ക് വേണ്ടി ഈശാവാസ്യ ഉപനിഷത്ത് പ്രാദേശികഭാഷയിലേയ്ക്ക് പരിവർത്തനം ചെയ്യാൻ തീരുമാനിച്ചു.

252. സായിയുടെ അനുഗ്രഹത്താൽ അയാൾ ഗ്രന്ഥമെഴുതി, പക്ഷേ ചില ആന്തരികാർത്ഥങ്ങൾ അയാൾക്ക് മനസ്സിലാക്കാൻ കഴിയാത്തതിനാൽ, അത് അയാളുടെ മനസ്സിൽ സംശയങ്ങൾ സൃഷ്ടിച്ചു. ബാബ അവ എങ്ങനെ ദൂരീകരിച്ചു എന്ന് കാണുക!

253. ഷിർദിയിൽ ഇരിക്കവേ, ബാബ അയാളോട് പറഞ്ഞു: "നീ

പാർലേ[13]യിലേയ്ക്ക് തിരികെ പോകുമ്പോൾ കാക്കാ[14]യുടെ ഗൃഹത്തിലെ വീട്ടുജോലിക്കാരി നിന്റെ സംശയങ്ങൾ തീർത്തുതരും."

254. ഈശാവസ്യമാകുന്ന പത്മത്തിനു ചുറ്റും വാഗ്ദേവത ഒരു വണ്ടിനെപ്പോലെ മൂളിപ്പറക്കുന്നു. ഏറ്റവും പാണ്ഡിത്യമുള്ളവർക്ക് മാത്രമേ അതിന്റെ സുഗന്ധം ആസ്വദിക്കാൻ കഴിയുകയുള്ളൂ. ബുദ്ധിമാന്മാരായ ശ്രോതാക്കളെ അതിൽ പങ്ക് ചേരാൻ ക്ഷണിക്കുകയാണ്.

255. ഇത്രയും മതിയാകും. ഇത് അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്. സായിയാണ് പ്രവർത്തകൻ, ഈ വിവരണത്തിന്റെ കാരണമായ ദയാമേഘം. നിങ്ങളുടെ സൗകര്യമനുസരിച്ച് ശ്രവിക്കുക, എന്തെന്നാൽ നിങ്ങൾ അനുഗൃഹീതരാകും.

256. പാന്ത്ഹേമദ് സായിയ്ക്ക് സ്വയം സമർപ്പിക്കുകയും ഈശ്വരന്റെ സകല ജീവികളുടെയും മുമ്പിൽ വിനയാന്വിതനാകുകയും ചെയ്യുന്നു. മധുരതരമായ സായിയുടെ അദ്ഭുതകരമായ ഈ കഥയിലേയ്ക്ക് എല്ലാ ശ്രോതാക്കളുടെയും ശ്രദ്ധയ്ക്കായി ഞാൻ അഭ്യർത്ഥിയ്ക്കുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ പത്തൊമ്പതാം അധ്യായം "എനിക്ക് അനുഗ്രഹം ലഭിക്കുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ ഗുരുസായിനാഥന് സമർപ്പിക്കുന്നു

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ദേവന്മാരുടെ ഗുരു, അതിബുദ്ധിമാനാണെന്ന് കരുതപ്പെടുന്നു.
2. നാലു കമ്പികളുള്ള ടർക്കിയിൽ നിന്നുള്ള ഒരു വാദ്യോപകരണം
3. മസ്ജിദിന്റെ
4. വിഷ്ണുവിന്റെ, അഗ്നി വമിപ്പിക്കുന്ന ആയുധം
5. ഭാഗവതം പത്താം സ്കന്ധത്തിന് കൃഷ്ണ ദായാരണവ് രചിച്ച മറാത്തി വ്യാഖ്യാനം.
6. രാമന്റെ കഥ ഗദ്യരൂപത്തിൽ ശ്രീധരസ്വാമി രചിച്ചത്
7. പൗരാണികവും ദീർഘവുമായ ഒരു ഉപനിഷത്ത്. ഗഹനമായ തത്വചിന്തകൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു
8. ഗീതയ്ക്ക് മറാത്തിയിൽ ബാലഗംഗാധര തിലകൻ രചിച്ച വ്യാഖ്യാനം.
9. തലപ്പാവ് അല്ലെങ്കിൽ തൊപ്പി ധരിച്ചിരിക്കുന്ന രീതികളിലൂടെ അവരെ തിരിച്ചറിയാമായിരുന്നു.
10. ഗുരു, ബ്രഹ്മ, വിഷ്ണു മഹേശ്വര സ്വരൂപമാണ്. പരബ്രഹ്മന്റെ സ്വരൂപമാണ് ഗുരു. അത്തരത്തിലുള്ള ശ്രീഗുരുവിന് വന്ദനം.
11. കൊടുത്ത വാക്ക്, ജീവൻ പോയാലും പാലിക്കുന്ന ഒരു രജപുത്രനെപ്പോലെ. അവർ കഢുവ' (കയ്പുള്ളത്) എന്നറിയപ്പെടുന്നു.

12. രാധാകൃഷ്ണ ബായിയെ ഈ പേരിലാണ് ബാബ വിളിച്ചിരുന്നത്.
13. ബോംബെയിലെ പ്രാന്തപ്രദേശം വൈലേ പാർലേ.
14. ഹരിസീതാറാം ദീക്ഷിത്, ബാബ അയാളെ കാക്കാ എന്നു വിളിച്ചിരുന്നു.

## 20

## ഈശാവാസ്യത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള ബോധനം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഓം. ഞാൻ ഗുരുവിനെ വന്ദിക്കുന്നു. ഞങ്ങൾ, ഭക്തരാകുന്ന ഹംസങ്ങൾക്ക് അങ്ങ് മാനസസരോവരമാണ്. അങ്ങയുടെ മധുരോപദേശമാകുന്ന വാക്കുകൾ മുത്തുകളും. അങ്ങയുടെ പാദങ്ങൾ ഏക ആശ്രയവുമാകുന്നു.
2. അങ്ങ് ഞങ്ങളുടെ ശാശ്വതമായ ആശ്രയസങ്കേതമാണ്. അങ്ങ് വളരെ ഉദാരമതിയാണ്. മുക്തിയുടെ മുത്തുമണികളാകുന്ന പ്രസാദം ഞങ്ങൾക്ക് ഭക്ഷിക്കാനായി അങ്ങ് നൽകുന്നു. അങ്ങ് ഞങ്ങൾക്ക് ആശ്രയവും ശാന്തിയും നൽകുന്നു. ജനനമരണവൃത്തത്തിൽ നിന്ന് രക്ഷ നേടാൻ ഞങ്ങളെ അങ്ങ് സഹായിക്കുന്നു.
3. സിദ്ധസായിയുടെ സന്നിധാനം എത്ര മഹത്തരമാണ്! വെറും ദർശനം കൊണ്ടുമാത്രം ലൗകികക്ഷീണം മാറുന്നു. നിങ്ങൾ കൂടുതൽ അടുത്തേയ്ക്ക് എത്തുമ്പോൾ ലോകത്തെക്കുറിച്ചുള്ള മിഥ്യാധാരണ ഇല്ലാതെയാകുകയും, നിങ്ങൾ അദ്ദേഹത്തിന്റെ സമീപത്ത് വസിക്കുമ്പോൾ കർമ്മങ്ങൾ കൊണ്ടുണ്ടാകുന്ന ബലക്ഷയം അദ്ദേഹം ഒഴിവാക്കുകയും ചെയ്യുന്നു.
4. യഥാർത്ഥത്തിൽ സായി നിരാകാരനാണ്. അദ്ദേഹത്തിന്റെ ഭക്തർക്ക് വേണ്ടി, അദ്ദേഹം സകാരനായി, മായയെന്ന നടിയോടൊപ്പം നാടകത്തിൽ ഒരു നടനായി പങ്ക് ചേർന്നിരിക്കുന്നു.
5. സായിയുടെ ആ ഗുണങ്ങൾ നമ്മൾ ധ്യാനിക്കുകയും കുറച്ച് നേരത്തേയ്ക്ക് ഷിർദിയിലേയ്ക്ക് പോകുകയും ചെയ്യാം. ഉച്ചനേരത്തെ ആരതിക്കുശേഷം എന്ത് സംഭവിക്കുന്നുവെന്ന് നമുക്ക് ശ്രദ്ധയോടെ വീക്ഷിക്കാം.
6. ഉച്ചനേരത്തെ ആരതിയ്ക്ക് ശേഷം, മഹാരാജ് മസ്ജിദിന്റെ പുറത്തേയ്ക്ക് എത്തി, കൂടി നിൽക്കുന്ന ഭക്തർക്ക് ദയാവായ്പോടെ 'ഉധി' വിതരണം ചെയ്യും.
7. സ്നേഹ സമ്പന്നരായ ഭക്തർ, ഉടൻ തന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ് മുറുകെ പിടിച്ചശേഷം എഴുന്നേറ്റ്, ആദരവോടെ അദ്ദേഹത്തിന്റെ മുഖത്തേയ്ക്ക് നോക്കിക്കൊണ്ട് 'ഉധി'വർഷം ഏറ്റുവാങ്ങും.
8. ബാബയും കൈനിറയെ ഉധി ഭക്തരുടെ കൈകളിലേയ്ക്ക് നൽകും. തന്റെ തള്ളവിരൽ കൊണ്ട് അദ്ദേഹം അത് ഭക്തരുടെ നെറ്റിത്തടത്തിൽ ചാർത്തും. ഓ, എത്ര മാത്രം സ്നേഹമാണ് അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നത്!

9. “ബാപു, പോയി ഭക്ഷണം കഴിക്കൂ. അന്നാ, പോയി നിന്റെ രുചികരമായ ആഹാരം കഴിക്കുക. എല്ലാവരും അവരവരുടെ ഗൃഹങ്ങളിലേയ്ക്ക് പോകൂ.” ഇത്തരത്തിൽ അദ്ദേഹം ഓരോരുത്തരെയും സംബോധന ചെയ്യും.

10. ഇന്ന് ഇതൊന്നും ദർശിക്കാൻ കഴിയില്ലെങ്കിലും തീവ്രമായ ധ്യാനത്തിലൂടെ കഴിഞ്ഞുപോയ മഹത്തരമായ ഈ നിമിഷങ്ങൾ, അതേ സ്ഥലങ്ങളിൽ അതേ സമയത്ത് വീണ്ടും അനുഭവിക്കാൻ കഴിയും.

11. അത് അങ്ങനെയാകട്ടെ. ഇത്തരത്തിൽ ധ്യാനിച്ച് കൊണ്ട്, അദ്ദേഹത്തിന്റെ പാദങ്ങൾ മുതൽ മുഖം വരെ മനസ്സിൽ കണ്ട് അദ്ദേഹത്തിന് മുമ്പിൽ വിനയത്തോടെയും സ്നേഹത്തോടെയും വന്ദിച്ച് നമുക്ക് കഥ തുടർന്നും വിവരിക്കാം.

12. കഴിഞ്ഞ അധ്യായത്തിൽ ബാബ ഒരു വീട്ടുജോലിക്കാരിയിലൂടെ ശ്രുതികളിലെ സംശയങ്ങൾക്ക് നിവാരണം വരുത്തിയെന്ന് ഞാൻ പറഞ്ഞിരുന്നു.

13. ഗനുദാസ് ‘ഈശാവസ്യ ഭാവാർത്ഥ ബോധിനി’യുടെ വ്യാഖ്യാനം രചിക്കാൻ തുടങ്ങിയിരുന്നു. അതിൽ ചില അർത്ഥങ്ങൾ വ്യക്തമാകാത്തതിനാൽ വിശദീകരണത്തിന് വേണ്ടി തന്റെ സദ്ഗുരുവിനെ കാണാനായി അയാൾ ഷിർദിയിലെത്തി.

14. അപ്പോൾ ബാബ പറഞ്ഞു: ‘‘നീ മടങ്ങിപ്പോകുമ്പോൾ കാക്കായുടെ ഗൃഹത്തിലെ വീട്ടുജോലിക്കാരി നിന്റെ സംശയങ്ങൾക്ക് മറുപടി നൽകും”.

15. അതായിരുന്നു വിവരണത്തിന്റെ അവസാനഭാഗം. ഇപ്പോൾ നമുക്ക് അവിടെ നിന്നും തുടരാം. ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കണം, എന്തെന്നാൽ അവരുടെ ഏകാഗ്രത മാറാൻ ഇടയാകരുത്.

16. സംസ്കൃതം അറിയാത്തവർക്കായി, ഈശാവസ്യ ഉപനിഷത്തിന്റെ[1] ഓരോ പദ്യഖണ്ഡങ്ങളും അർത്ഥസഹിതം വിശദീകരിക്കുന്നത് ഗനുദാസ് തുടങ്ങിയിരുന്നു.

17. ഈ ഉദ്ദേശ്യത്തോടെ ഈശാവസ്യത്തിന്റെ അർത്ഥം ലളിതവും സുഗമവുമായ മറാത്തിയിലേയ്ക്ക് അയാൾ പരിവർത്തനം ചെയ്തു.

18. ഈ ഉപനിഷത്ത് നിറയെ രഹസ്യ അർത്ഥങ്ങളാണ്. വാക്കുകൾ പ്രതിവാക്കുകളായി തർജ്ജമ ചെയ്യാൻ കഴിഞ്ഞെങ്കിലും, ഗഹനമായ ആന്തരികാർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ അസംതൃപ്തനായിരുന്നു.

19. നാല് വേദങ്ങളുടെ സാരാംശമാണ് യഥാർത്ഥത്തിൽ ഉപനിഷത്തുകളുടെ ഖജനാവ്. പക്ഷേ ഈശ്വരന്റെയും ഗുരുവിന്റെയും അനുഗ്രഹമില്ലാതെ, അവ ഗ്രഹിക്കാൻ പ്രയാസമാണ്.

20. ഒരുവൻ, താൻ പാണ്ഡിത്യമുള്ളവനാണെന്നും, താൻ സ്വയം ഉപനിഷത്തുകൾ പഠിച്ച് വിശദീകരിക്കുമെന്നും പറഞ്ഞേക്കാം.

21. പക്ഷേ, അത് ഒരിക്കലും സാധ്യമാകില്ല. ഒരു ഗുരുവിന്റെ അനുഗ്രഹങ്ങൾ

സ്വീകരിക്കുന്നത് വരെ അത് പ്രായോഗികമാക്കാൻ കഴിയില്ല. രഹസ്യമായ സമസ്യകൾക്ക് ഉത്തരം കണ്ടെത്തുക അസാധ്യവും, ഓരോ ചുവടുവയ്പിലും ഒരുവൻ പ്രതിബന്ധങ്ങൾ നേരിടുകയും ചെയ്യും.

22. പക്ഷേ ഗുരുപാദങ്ങൾ തേടുന്നവന് അല്പം പോലും ബുദ്ധിമുട്ടുണ്ടാകില്ല. ഗഹനമായ അർത്ഥങ്ങൾ വളരെ സ്വാഭാവികമായി അവന്റെ മുമ്പിൽ തെളിയും.

23. ആത്മസാക്ഷാത്കാരമെന്ന ശാസ്ത്രമാകുന്ന അറിവ് ജനനമരണവൃത്തത്തെ നശിപ്പിക്കാനുതകുന്ന ആയുധമാണ്. അഹംഭാവവും മമതയും ഉപേക്ഷിച്ചാൽ അത് നേടാൻ കഴിയും; അത്തരത്തിൽ ഒരുവൻ അത് വിശദീകരിക്കാൻ സ്വയം യോഗ്യത നേടണം.

24. ഒരുവൻ അത്തരം ആൾക്കാരുടെ പാദങ്ങളിൽ അഭയം തേടിയാൽ, നിമിഷങ്ങൾക്കുള്ളിൽ അർത്ഥം വെളിവാകും. തടവിലായിരുന്ന ധിഷണാശക്തി മുക്തമാകുകയും, അർത്ഥത്തിന്റെ ആശയക്കുഴപ്പം ഇല്ലാതാകുകയും ചെയ്യും.

25. ഈശാവസ്യം മറാത്തിയിലേയ്ക്ക് തർജ്ജമ ചെയ്യവേ, ദാസ്ഗനുവിന് ഇത്തരത്തിലുള്ള ഒരു ദുരവസ്ഥ ഉണ്ടായി. പക്ഷേ സായിനാഥ് അയാളെ അനുഗ്രഹിച്ചപ്പോൾ, അയാളുടെ വിഷമതകൾ നീങ്ങി.

26. സംസ്കൃതത്തെക്കുറിച്ച് അയാൾക്ക് പരിമിതമായ അറിവ് ഉണ്ടായിരുന്നു. എന്നിട്ടും, അയാൾ ആചാര്യ വിദ്യാരണ്യ[2]യുടെയും സായിബാബയുടെയും പാദങ്ങളിൽ വണങ്ങിക്കൊണ്ട് പദ്യഖണ്ഡങ്ങൾ വിവർത്തനം ചെയ്യാൻ തുടങ്ങി.

27. ഗനുദാസിന്റെ ഭാഷ ഒരു ക്ഷീരധാര പോലെയായിരുന്നു, സായിപ്രസാദം അതിൽ മധുരമായി ചേർന്നു. ഓ, ശ്രോതാക്കളെ ഇപ്പോൾ അതിൽ നിന്നുണ്ടാകുന്ന മാധുര്യം, ഒരു നിമിഷത്തേയ്ക്ക് ശ്രദ്ധയോടെ ശ്രവിക്കുക.

28. അത് അങ്ങനെയാകട്ടെ. ഞാൻ കുറച്ച് മുമ്പ് പറഞ്ഞ ബോധിനി[3]യുടെ വിവക്ഷകളും അർത്ഥങ്ങളും പൂർണ്ണമായി ഗ്രഹിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങൾ മൂലഗ്രന്ഥം പാരായണം ചെയ്യേണ്ടതാണ്. പക്ഷേ, എന്റെ വിവരണത്തിന്റെ ഉദ്ദേശ്യം മറ്റൊന്നാണ്. അത് മനസ്സിൽ വയ്ക്കുക.

29. അദ്ദേഹത്തിന്റെ ഭക്തന്മാർ ഏതെങ്കിലും ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ ഏതെങ്കിലും കഠിനമായ ഖണ്ഡിക കാണുകയാണെങ്കിൽ, ഒന്നും തന്നെ ഉരിയാടാതെ മഹാരാജ് അയാൾക്ക് സഹായം നൽകും. അദ്ദേഹം അത് എങ്ങനെ ചെയ്യുമെന്ന് കാണുക.

30. ഈ കഥ വിവരിക്കുന്നതിന്റെ ഉദ്ദേശ്യം അതാണ്, ശ്രോതാക്കൾക്ക് ഈ അടിസ്ഥാന കാരണം മനസ്സിലാകണം. ഇത് മാത്രമാണ് എന്റെ മനസ്സിലുള്ളത്. അതിനാൽ ഇപ്പോൾ ശ്രദ്ധിച്ച് കേൾക്കുക.

31. വ്യാഖ്യാനം പദ്യഖണ്ഡങ്ങളായി എഴുതി പൂർത്തിയാക്കി. പണ്ഡിതന്മാർ അത് അംഗീകരിച്ചു. ഗനുദാസിന്റെ ആഗ്രഹങ്ങൾ സഫലമായി. പക്ഷേ, തീർച്ചയായും, ഒരു സംശയം ബാക്കി നിന്നു.

32. അയാൾ അത് പണ്ഡിതന്മാരുടെ മുമ്പിൽ അവതരിപ്പിച്ചു. അവരെല്ലാം അതിനെക്കുറിച്ച് ദീർഘമായി ചർച്ച ചെയ്തു. പക്ഷേ അയാൾക്ക് തൃപ്തിയാകുന്ന തരത്തിൽ സംശയം ദുരീകരിക്കാൻ കഴിഞ്ഞില്ല.

33. ഇതിനിടയ്ക്ക് മറ്റെന്തോ കാരണത്താൽ ദാസ്ഗനുവിന് ഷിർദിയിൽ പോകേണ്ടി വന്നു; അദ്ഭുതം! അയാളുടെ പ്രശ്നം വളരെ ലളിതമായ രീതിയിൽ പരിഹരിക്കപ്പെട്ടു.

34. അയാൾ സായിയുടെ ദർശനത്തിനെത്തി. ഭഗവാന്റെ പാദങ്ങൾ തന്റെ ശിരസ്സിൽ ചേർത്തുവച്ചു; സ്വയം സമർപ്പിച്ച് വളരെ സന്തോഷവാനായി.

35. ഒരു ദിവ്യന്റെ ദയാകടാക്ഷം; ദിവ്യന്റെ വദനത്തിൽ നിന്നുള്ള മധുരവാക്കുകൾ, ദിവ്യന്റെ മന്ദസ്മിതം തൂകുന്ന മുഖം - ഇവയൊക്കെ ഭക്തന് സൗഭാഗ്യം നൽകുന്നു.

36. ദിവ്യന്മാരുടെ ദർശനം ഒന്നുമാത്രം പാപങ്ങൾ കഴുകിക്കളയാൻ പര്യാപ്തമാണ്. അവരുമായി സ്ഥിരസമ്പർക്കം നേടാനായവരുടെ മഹാഭാഗ്യം എങ്ങനെയാണ് വിവരിക്കാൻ കഴിയുക!

37. ''അല്ലയോ ഗനു! നീ എവിടെ നിന്നാണ് എത്തിയിരിക്കുന്നത്?'', ബാബ അന്വേഷിച്ചു. "എല്ലാം ശരിയായി നടക്കുന്നുണ്ടോ? നീ സന്തോഷവാനും സംതൃപ്തനുമാണോ?"

38. ഗനുദാസ് മറുപടി പറഞ്ഞു: ''അങ്ങ് എന്നെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമ്പോൾ ഞാനെന്തിന് ദുഃഖിതനാകണം? ഞാൻ വളരെയധികം സന്തോഷവാനാണ്.

39. ''അങ്ങ് എല്ലാം അറിയുന്നു, അപ്പോൾ ഔപചാരികതയ്ക്ക് വേണ്ടി എന്തിനാണ് കൊച്ചുവർത്തമാനങ്ങൾ പറയുന്നത്. അങ്ങ് എന്റെ സന്തോഷത്തെക്കുറിച്ച് ചോദിക്കുന്ന കാരണമെന്താണെന്ന് എനിക്കും അറിയാം.

40. "ഒരു പുതിയ സംരംഭം തുടങ്ങാനായി അങ്ങ് എന്നെ പ്രേരിപ്പിച്ചു. അത് ഉച്ചഘട്ടത്തിലെത്തിയപ്പോൾ, ആരൊക്കെ എങ്ങനെയെല്ലാം ശ്രമിച്ചിട്ടും ഉത്തരം കണ്ടെത്താനാകാത്ത, പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം അങ്ങ് സൃഷ്ടിച്ചിരിക്കുന്നു."

41. ഇത്തരത്തിൽ അവർ തമ്മിലുള്ള സംഭാഷണം നടന്നു; ഗനുദാസ് അദ്ദേഹത്തിന്റെ പാദങ്ങൾ തിരുമ്മവേ ഈശാവസ്യ ഭാവാർത്ഥ ബോധിനിയെക്കുറിച്ചുള്ള ചോദ്യം ചോദിച്ചു.

42. "ഈശാവസ്യ ഭാവാർത്ഥബോധിനി എഴുതിക്കൊണ്ടിരിക്കവേ എന്റെ തൂലിക നിശ്ചലമായിരിക്കുന്നു. അനേകം സംശയങ്ങളും അബദ്ധധാരണകളും എന്റെ മനസ്സിലുണ്ടായി. ബാബാ, ദയവായി അവയ്ക്ക് ഉത്തരം നൽകുക".

43. അയാൾ തുടക്കം മുതൽ ഒടുക്കം വരെ മുഴുവൻ സംഭവങ്ങളും ആദരവോടെ ബാബയുടെ പാദങ്ങളിൽ സമർപ്പിക്കുകയും ഉത്തരം കണ്ടെത്താൻ വളരെ പ്രയാസകരമായ തന്റെ സംശയം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

44. ഗനുദാസ് വിനീതനായി ബാബയോട് പ്രാർത്ഥിച്ച് കൊണ്ട് പറഞ്ഞു: "ഈ ഗ്രന്ഥത്തിന് വേണ്ടി ഞാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫലമാകാൻ പോകുന്നു. ഈശാവസ്യത്തെക്കുറിച്ചുള്ള മുഴുവൻ കഥയും അങ്ങേയ്ക്ക് അറിവുള്ളതാണ്.

45. സംശയം ദുരീകരിക്കാതെ ഗ്രന്ഥത്തിന്റെ ഉള്ളടക്കങ്ങൾ വ്യക്തമാകില്ല". മഹാരാജ് അയാളെ അനുഗ്രഹിച്ച് കൊണ്ട് പറഞ്ഞു: "സന്തോഷമായി ഇരിക്കുക.

46. ''ഓ, ഇതിനെക്കറുച്ച് എന്താണിത്ര ബുദ്ധിമുട്ടുള്ളത്? നീ നിന്റെ സ്ഥലത്തേയ്ക്ക് തിരിച്ചു പോകുമ്പോൾ കാക്കായുടെ വീട്ടിലെ ജോലിക്കാരി ഈ സംശയം വളരെ എളുപ്പത്തിൽ തീർത്തു തരും".

47. ബാപ്പുസാഹേബ് ദീക്ഷിത് എന്നു പേരുള്ള സ്നേഹവാനായ ഒരു ഭക്തനായിരുന്നു കാക്കാ. തന്റെ മനസ്സും ശരീരവും സംഭാഷണവും പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അയാൾ എല്ലായ്പ്പോഴും ഗുരുസേവ ചെയ്തിരുന്നു.

48. ബോംബെ എന്ന പ്രസിദ്ധ നഗരത്തിൽ നിന്ന് കുറച്ച് അകലെയുള്ള പാർലേ എന്ന ഗ്രാമത്തിലാണ് ഈ ഹരിഭാവു താമസിച്ചിരുന്നത്.

49. അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തിന് നൽകിയ യഥാർത്ഥ നാമം ഹരി എന്നായിരുന്നു. ജനങ്ങൾ അയാളെ ബാപുസാഹേബ് എന്ന് വിളിക്കുകയും, ബാബ അയാൾക്ക് മൂന്നാമതൊരു നാമം നൽകുകയും ചെയ്തു.

50. മഹാജനിയെ 'ബഡേ കാക്കാ' എന്നു വിളിച്ചു, നിമോൺകാറെ 'മാതാറേ കാക്കാ' എന്നും ബാവുസാഹേബിനെ 'ലൻഗ്ഡേകാക്കാ'[4] അല്ലെങ്കിൽ 'ബംബിയകാക്ക'[5] എന്നും വിളിച്ചിരുന്നു.

51. മാതാപിതാക്കൾ ഒരു നാമം നൽകുന്നു; ഗ്രഹനില അനുസരിച്ചും ഒരു നാമമുണ്ടാകും, ഒപ്പം ഇരട്ടപ്പേരുമുണ്ടാകും. അത്തരത്തിൽ പല രീതികളിൽ പേരുകളുണ്ടാകുന്നു.

52. മഹാരാജ് വ്യത്യസ്ത നാമങ്ങൾ നൽകുകയും അവ പല അവസരങ്ങളിലും ഉപയോഗിക്കപ്പെടുകയും ചെയ്തു. ആ നാമം തന്നെ ഒരു ശീർഷകം പോലെയാകുകയും സ്നേഹത്തോടെ വിളിക്കപ്പെടുകയും ചെയ്തു.

53. ചിലപ്പോൾ അയാൾ 'ഭിക്ഷു'[6] എന്ന് വിളിക്കപ്പെട്ടു, ചിലപ്പോൾ 'കാക്കാ'; ബാബ അയാൾക്ക് ഇത് പതിച്ചു നൽകുകയും കാക്കാ ഷിർദിയിൽ ആ നാമത്തിൽ മാത്രം പ്രസിദ്ധനാകുകയും ചെയ്തു.

54. ഗനുദാസ് ആശ്ചര്യപ്പെടുകയും, മറ്റുള്ളവർ അത്ഭുതപ്പെടുകയും ചെയ്തു. എങ്ങനെയാണ് കാക്കായുടെ വീട്ടുജോലിക്കാരി സംശയത്തിന് ഉത്തരം കണ്ടെത്തുന്നത്?

55. വീട്ടുജോലിക്കാരി എന്തായാലും ഒരു വീട്ടുജോലിക്കാരി മാത്രമാണ്. അവൾക്ക് എന്ത് മാത്രം വിദ്യാഭ്യാസമാണ് ഉണ്ടാകുക? എത്ര പാണ്ഡിത്യം

അവൾക്കുണ്ടാകും? എല്ലാം വളരെ വിചിത്രമാണ്.

56. ശ്രുതിയുടെ അർത്ഥം കണ്ടുപിടിക്കുക എന്നത് ഒരു വീട്ടുജോലിക്കാരിയുടെ ധിഷണാശക്തിക്ക് അതീതമാണ്. ''മഹാരാജ് വെറുതെ ഫലിതം പറയുന്നതാകാം", എന്ന് ആളുകൾ പരസ്പരം പറഞ്ഞു.

57. മഹാരാജ് നർമ്മത്തിൽ മുഴുകിയതായിരിക്കാമെന്ന് എല്ലാവരും കരുതി. പക്ഷേ ഫലിതരൂപേണ ആയാൽപ്പോലും ബാബയുടെ വാക്കുകൾ സത്യമായിട്ടാണ് ഗനുദാസ് സ്വീകരിച്ചത്.

58. സായിയുടെ ആ വാക്കുകൾ കേട്ടപ്പോൾ, ജനങ്ങൾ, അത് സാധാരണരീതിയിൽ പറഞ്ഞതാണെന്ന് ചിന്തിച്ചെങ്കിലും, ദാസ്ഗനുവിന് ആ വാക്കുകൾ വാസ്തവികമായ സത്യമായിരുന്നു.

59. സായി സ്വാഭാവികമായ രീതിയിൽ പറഞ്ഞതാണെങ്കിലും ആ വാക്കുകളുടെ അനന്തരഫലം അറിയാൻ അവർ ആകാംക്ഷാഭരിതരായിരുന്നു.

60. ഫലിതരൂപേണയോ അല്ലാതെയോ ഉച്ചരിക്കപ്പെട്ടാലും അവ ഒരിക്കലും അർത്ഥരഹിതമാകില്ല. എന്ത് കൊണ്ടെന്നാൽ ബാബ ഉരുവിട്ട ഓരോ വാക്കിലും ഗഹനമായ അർത്ഥശേഖരമുണ്ടായിരുന്നു.

61. ബാബ പറഞ്ഞതൊക്കെയും വെറും വാക്കുകൾ മാത്രമായിരുന്നില്ല, പക്ഷേ വിധിയുടെ അടയാളമായിരുന്നു. ഒരു വാക്ക് പോലും ഒരിക്കലും പാഴാകില്ല. അത് ഉചിതമായ സമയത്ത് അതിന്റെ കർത്തവ്യം നിർവ്വഹിച്ചിരിക്കും.

62. മറ്റുള്ളവർ എന്ത് ചിന്തിച്ചാലും, ഇതായിരുന്നു ദാസ്ഗനുവിന്റെ ഉത്തമവിശ്വാസം. ഒരുവന്റെ വിശ്വാസത്തിന്റെ അളവിനനുസരിച്ച് അവന് പ്രതിഫലം ലഭിക്കുന്നു.

63. ഒരുവന്റെ ഭക്തിക്കനുസരിച്ച് അവന് ഫലം ലഭിക്കുന്നു. ഒരുവന്റെ വിശ്വാസത്തിനനുസരിച്ച് അവന് ശക്തിയുമുണ്ടായിരിക്കും. സ്നേഹമുള്ള ഒരു ഹൃദയമാണ് അനുഭവങ്ങളുടെ പരിശുദ്ധി നിർണ്ണയിക്കുന്നത്.

64. പണ്ഡിതന്മാരുടെ കൂട്ടത്തിൽ ശിരോരത്നമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും അസത്യമായിരുന്നില്ല. തന്റെ ഭക്തരുടെ ആഗ്രഹങ്ങൾ സഫലമാക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ ധർമ്മം.

65. ഗുരുവിന്റെ വാക്കുകൾ ഒരിക്കലും വ്യർത്ഥമാകില്ല. ഈ കഥ ശ്രദ്ധയോടെ കേൾക്കുക. ലോകത്തിലെ സകല ദുരിതങ്ങളും അപ്രത്യക്ഷമാകുകയും, നിങ്ങൾ ആത്മീയ പാതയിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യും.

66. ഗനുദാസ് പാർലേയിലേയ്ക്ക് തിരിച്ചെത്തുകയും കാക്കായുടെ വീട്ടുജോലിക്കാരി എങ്ങനെയാണ് തന്നെ സഹായിക്കുകയെന്ന് ആശ്ചര്യപ്പെട്ടുകൊണ്ട് കാക്കാ സാഹേബ് ദീക്ഷിതിന്റെ ഗൃഹത്തിലേയ്ക്ക് പോകുകയും ചെയ്തു.

67. പിറ്റേദിവസം, പ്രഭാതസമയത്ത് സുഖകരമായ ഒരു നിദ്ര ലഭിച്ച സംതൃപ്തിയോടെ ഗനുദാസ് കിടക്കയിൽ തന്നെ കിടക്കവേ, ഒരു

വിചിത്രമായ സംഭവം നടന്നു.

68. ഒരു ഗ്രാമീണബാലിക, ദാസ്ഗനുവിന്റെ ഹൃദയത്തെ ആകർഷിക്കുന്ന തരത്തിൽ മധുരമായ രാഗത്തിൽ ഗാനം ആലപിക്കുകയായിരുന്നു.

69. ദീർഘമായ ഈണത്തിലാണ് ഗാനം ആലപിക്കപ്പെട്ടത്. അതിന്റെ മിശ്രണം ഹൃദയസ്പർശിയായിരുന്നു. അയാൾ അത് കേട്ടപ്പോൾ ആകർഷിക്കപ്പെടുകയും വളരെ ശ്രദ്ധയോടെ ശ്രവിക്കുകയും ചെയ്തു.

70. പെട്ടെന്ന് അയാൾ പൂർണ്ണമായും ഉറക്കമുണർന്നു. ആ ഗാനത്തിന്റെ അർത്ഥത്തിലേയ്ക്ക് അയാളുടെ ശ്രദ്ധ പതിഞ്ഞു. തികഞ്ഞ ശ്രദ്ധയോടെ അയാൾ അത് കേൾക്കുകയും വളരെ സന്തുഷ്ടനാകുകയും ചെയ്തു.

71. 'ഇത്ര മധുരമായും ഗൗരവതരമായും ഗാനമാലപിക്കുന്ന ഈ ബാലിക ആരുടെ മകളാണ്? അവൾ 'ഈശാവസ്യ'ത്തിന്റെ സമസ്യ പൂർണ്ണമായും വിശദീകരിച്ചിരിക്കുന്നു', എന്ന് അയാൾ ചിന്തിച്ചു.

72. 'അവൾ അതേ വീട്ടുജോലിക്കാരിയാണെന്നാണ് തോന്നുന്നത്, ശ്രുതിയുടെ അർത്ഥം ലളിതമായ ഭാഷയിലൂടെ വെളിപ്പെടുത്തിയ അവൾ ആരാണെന്ന് പോയി നോക്കാം.'

73. അയാൾ പുറത്തിറങ്ങി നോക്കിയപ്പോൾ അവൾ യഥാർത്ഥത്തിൽ ഒരു ഗ്രാമീണ ബാലികയാണെന്നും കാക്കായുടെ വീടിന് പുറകിൽ പാത്രങ്ങൾ തേച്ചുകഴുകാനുള്ള സ്ഥലത്തിരുന്ന് പാത്രങ്ങൾ കഴുകുന്നതും കണ്ടു.

74. അയാൾ അന്വേഷിച്ചപ്പോൾ ദീക്ഷിതിന്റെ ഗൃഹത്തിൽ ജോലി ചെയ്യുന്ന നാമ്യ എന്ന ജോലിക്കാരന്റെ സഹോദരിയാണ് ഈ പെൺകുട്ടി എന്ന ആശ്ചര്യകരമായ വസ്തുത കണ്ടെത്തി.

75. അവൾ തന്നെയാണ് ആ വീട്ടുജോലിക്കാരി എന്ന് അയാൾക്ക് ഉറപ്പായിരുന്നു. അവളുടെ ഗാനം എല്ലാ സംശയങ്ങളും ഇല്ലാതാക്കി. ദിവ്യന്മാർക്ക് എന്താണ് ചെയ്യാൻ കഴിയാത്തത്? ഒരാൾ[7] ആജ്ഞാപിച്ചപ്പോൾ എരുമ പോലും വേദമോതുകയുണ്ടായി!

76. അങ്ങനെ ഈ പെൺകുട്ടി പാടിയ ഗാനം ദാസ്ഗനുവിന്റെ സംതൃപ്തിയ്ക്ക് കാരണമായി. ബാബയുടെ ഫലിതരൂപേണയുള്ള വാക്കുകളുടെ മഹത്വവും അവയുടെ വിവക്ഷയും എല്ലാപേർക്കും മനസ്സിലായി.

77. ചിലർ പറയുന്നത്, കാക്കായുടെ ഗൃഹത്തിലെ പൂജാമുറിയിൽ ഇരുന്ന് പൂജ ചെയ്യുമ്പോഴാണ് ഗനുദാസ് ഗാനം കേട്ടത് എന്നാണ്.

78. അതെന്തായാലും, മഹാരാജ് അദ്ദേഹത്തിന്റെ ഭക്തർക്ക് വ്യത്യസ്ത രീതികളിൽ ശിക്ഷണം നൽകിയിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണ മെന്നതാണ് ഉപസംഹാരം.

79. "നിങ്ങൾ എവിടെയായാലും അവിടെ ഇരുന്ന് കൊണ്ട് എന്നോട് ചോദിക്കുക. എന്തിനാണ് നീ ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേയ്ക്ക് അലഞ്ഞു നടക്കുന്നത്? ഞാൻ നിന്റെ ആകാംക്ഷ ശമിപ്പിക്കുന്നതാണ്. ഇത്രയും നീ വിശ്വസിക്കുക.

80. “ഞാൻ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. ഞാനില്ലാത്ത ഒരു സ്ഥലം പോലുമില്ല. ഭക്തർക്ക് തീവ്രമായ ഭക്തിയുണ്ടെങ്കിൽ ഞാൻ എവിടെയും പ്രത്യക്ഷപ്പെടും.”

81. അത് അങ്ങനെയാകട്ടെ. ആ പെൺകുട്ടിയ്ക്ക് എട്ട് വയസ്സ് പ്രായവും, കീറിപ്പറിഞ്ഞ് പഴകിയ വസ്ത്രങ്ങൾ ധരിച്ച് കൊണ്ട്, മനോഹരമായ ഒരു ഓറഞ്ച് സാരിയെക്കുറിച്ച് വർണ്ണിച്ച് മധുരമായി പാടുകയുമായിരുന്നു.

82. ‘‘കസവ് അലങ്കാരപ്പണിയോട് കൂടിയ സാരി എത്ര മനോഹരമാണ്; ചേലാഞ്ചലം എത്ര സുന്ദരമാണ്; അലങ്കാരപ്പണിയുള്ള തുമ്പ് എത്ര മനോഹരമാണ്’’, ഇതായിരുന്നു അവളുടെ ശ്രദ്ധ മുഴുവൻ പതിഞ്ഞ ഗാനത്തിന്റെ സാരം.

83. കഴിക്കാൻ ആവശ്യത്തിന് ആഹാരമില്ലാതെ, അവളുടെ ശരീരം പഴകിയ വസ്ത്രങ്ങളാൽ അല്പമാത്രമായി മറച്ച് കൊണ്ട്, വളരെ സന്തോഷവതിയായി, മറ്റാരുടെയോ ഓറഞ്ച് സാരിയെക്കുറിച്ച് പാടുകയായിരുന്നു.

84. അവളുടെ ദരിദ്രാവസ്ഥയും, സന്തോഷഭരിതമായ പ്രകൃതവും കണ്ട് ഗനുദാസിന് അവളോട് സഹതാപം തോന്നുകയും അയാൾ മോറേശ്വരനോട്[8] ഇപ്രകാരം പറയുകയും ചെയ്തു.

85. “നോക്കൂ, അവളുടെ ദേഹം അല്പം മാത്രമാണ് മറച്ചിട്ടുള്ളത്. നിങ്ങൾക്ക് അവൾക്കൊരു സാരി കൊടുക്കാൻ കഴിയില്ലേ? ഈശ്വരൻ പ്രസാദിക്കുകയും നിങ്ങൾ ഒരു പുണ്യകർമ്മം ചെയ്യുകയുമായിരിക്കും.”

86. മോറേശ്വർ പ്രകൃത്യാ ദയാലുവായ ഒരു വ്യക്തിയായിരുന്നു. അതിനാൽ ദാസ്ഗനുവിന്റെ അഭ്യർത്ഥന അനുസരിച്ച് അയാൾ ഭംഗിയുള്ള ഒരു സാരി വാങ്ങി സന്തോഷത്തോടെ ആ പെൺകുട്ടിയ്ക്ക് നൽകി.

87. സാരി കണ്ടപ്പോൾ പെൺകുട്ടി വളരെ സന്തോഷവതിയായി. സാധാരണയായി പരുക്കനും രുചികരമല്ലാത്തതുമായ ഭക്ഷണം കഴിക്കുന്ന ഒരുവന് സ്വാദിഷ്ഠമായ സദ്യ ലഭിച്ചത് പോലെയായിരുന്നു അത്.

88. പിറ്റേദിവസം അവൾ ആ സാരി ധരിച്ചു, വട്ടം കറങ്ങുകയും നൃത്തം ചെയ്യുകയും ചെയ്തു, അവൾക്ക് ആ സാരി വളരെ ഇഷ്ടപ്പെട്ടതിനാൽ മറ്റു പെൺകുട്ടികളേക്കാൾ നന്നായി അതൊക്കെ ചെയ്തു.

89. അടുത്തദിവസം പുതിയ സാരി അവൾ ഒരു പെട്ടിയിൽ സൂക്ഷിക്കുകയും അവളുടെ കീറിയ പഴയ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു, പക്ഷേ തീരെ നിരാശയുണ്ടായിരുന്നില്ല.

90. അവൾ അത് ധരിക്കാതെ സൂക്ഷിച്ച് മാറ്റിവച്ചെങ്കിലും, വ്യത്യസ്തമായ മനോഭാവം കാരണം അവളുടെ മുമ്പത്തെ ആഗ്രഹം ഇല്ലാതായതായി ഗനുദാസിന് തോന്നി.

91. അവൾ തന്റെ പുതിയ സാരി ഗൃഹത്തിൽ സൂക്ഷിച്ചിട്ട്, വീണ്ടും പഴകിക്കീറിയ വസ്ത്രങ്ങൾ ധരിച്ചെത്തി. എന്നിട്ടും ഒരു സാരിയുടെ അഭാവത്തിൽ അവൾക്ക് നിരാശയുള്ളതായി തോന്നിയില്ല.

92. നിങ്ങൾക്ക് മറ്റൊന്നും ധരിക്കാനില്ലാത്തതിനാൽ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നതും ധരിക്കാൻ ഉണ്ടായിട്ടും അങ്ങനെ ചെയ്യുന്നതും വ്യത്യസ്തങ്ങളാണ്. രണ്ടാമത്തേത് സംതൃപ്തമായ മാനസികാവസ്ഥയാണ്. അങ്ങനെ സന്തോഷവും സന്താപവും ഒരുവന്റെ മാനസികാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു.

93. ഇത്തരത്തിൽ ഗനുദാസിന്റെ സമസ്യയ്ക്ക് ഉത്തരമായി. അയാൾ ഈശാവസ്യത്തിന്റെ സാരാംശം കണ്ടെത്തുകയും അപ്പോൾ അവിടെ വച്ച് അയാൾക്ക് അർത്ഥം വ്യക്തമാകുകയും ചെയ്തു.

94. ഈശ്വരൻ ഈ പ്രപഞ്ചം മുഴുവൻ പൂർണ്ണമായും നിറഞ്ഞു നിൽക്കുമ്പോൾ ഈശ്വരസാന്നിദ്ധ്യമില്ലാത്ത ഏതെങ്കിലും സ്ഥലമുണ്ടാകുമെന്ന് എങ്ങനെയാണ് ആർക്കെങ്കിലും ചിന്തിക്കാൻ കഴിയുക?

95. അതും പൂർണ്ണതയാണ്. ഇതും പൂർണ്ണതയാണ്. ഈ പൂർണ്ണത ആ പൂർണ്ണതയിൽ നിന്നുണ്ടാകുന്നതാണ്. പൂർണ്ണമായ ഒന്നിൽ നിന്ന് എന്തെങ്കിലും എടുത്തു മാറ്റിയാൽ അവശേഷിക്കുന്നതും പൂർണ്ണത തന്നെയായിരിക്കും.

96. ആ പെൺകുട്ടിയുടെ ദരിദ്രത ഈശ്വരന്റെ പ്രവൃത്തിയായിരുന്നു; അവളുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ പോലും അതിന്റെ ഒരു ഭാഗമായിരുന്നു. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും കൊടുക്കപ്പെട്ട വസ്തുവുമൊക്കെ വിധിയ്ക്ക് അധീനരായിരുന്നു. ഈശ്വരൻ എല്ലായിടത്തും നിറഞ്ഞിരിക്കുന്നു.

97. 'ഞാൻ, എന്റേത് –' എന്നിവ പൂർണ്ണമായും ഉപേക്ഷിക്കണം. അഹംഭാവമില്ലാതെ പ്രവർത്തിച്ച് കൊണ്ട്, സുഖങ്ങൾ ആസക്തിയില്ലാത്ത മനോഭാവത്തോടെ അനുഭവിക്കുക. ഒന്നിനോടും ഒരാഗ്രഹവും ഉണ്ടാകരുത്.

98. ഇത്തരത്തിലായിരുന്നു ബാബയുടെ വാക്കുകൾ, അവ ഒരിക്കലും ആവശ്യമായ ഗുണം ഉണ്ടാക്കാതിരിക്കില്ല. പലർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. അദ്ദേഹം ജീവിതാവസാനം വരെ ഷിർദി വിട്ട് പോയില്ല; പക്ഷേ വിദൂരമായ ദേശങ്ങളിൽ പോലും ജനങ്ങൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

99. ഒരാളിന്റെ സഹായത്തിനായി അദ്ദേഹം മച്ഛീന്ദർഗഡിൽ പ്രത്യക്ഷപ്പെട്ടു. അല്ലെങ്കിൽ മറ്റൊരാളിനു വേണ്ടി അദ്ദേഹം സ്വന്തം ഇഷ്ടപ്രകാരം കോൾഹാപൂർ, സോലാപൂർ, രാമേശ്വരം തുടങ്ങിയ ഏത് നഗരങ്ങളിലും പ്രത്യക്ഷപ്പെടും.

100. ചിലർക്ക് തന്റെ സാധാരണ വേഷത്തിലും രൂപത്തിലും ദർശനം നൽകി; ചിലർക്ക് സ്വപ്നത്തിലോ ഉണർന്നിരിക്കുമ്പോഴോ പ്രത്യക്ഷപ്പെട്ടു, അത് രാത്രിയോ പകലോ ആയാലും. അദ്ദേഹത്തിന്റെ ഭക്തരുടെ ആഗ്രഹങ്ങൾ അദ്ദേഹം സഫലമാക്കിയിരുന്നു.

101. അത്തരത്തിലുള്ള അനുഭവങ്ങൾ തീരെ കുറവല്ല. അത്തരത്തിലുള്ള എത്രയെണ്ണമാണ് വിവരിക്കുക? അദ്ദേഹം ഷിർദിയിലാണ് വസിച്ചതെങ്കിലും

അദ്ദേഹത്തിന് എത്തിച്ചേരാൻ കഴിയാത്ത ഒരു പ്രദേശവുമുണ്ടായിരുന്നില്ല.

102. ഈ പെൺകുട്ടിയുടെ കാര്യം തന്നെ നോക്കുക, തീർത്തും അപരിചിത, ഒരു സാധാരണ, ദരിദ്രയായ വീട്ടുജോലിക്കാരി, അവൾ വളരെ സ്വാഭാവികമായി ഒരു ഓറഞ്ച് സാരിയെ വർണ്ണിക്കുന്ന ഗാനം ആലപിക്കുകയുണ്ടായി.

103. ഒരു സംശയം ഉദിക്കുകയും (ഗനുദാസിന്റെ മനസ്സിൽ) അത് ബാബയുടെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു; അത് കാക്കായുടെ ഗൃഹത്തിൽ വസിക്കുന്ന ജോലിക്കാരി പരിഹരിക്കുകയും ചെയ്യുന്നു! ഇത് മായയുടെ കൗശലകരമായ കൃത്യം തന്നെയല്ലേ?

104. അവിടെ അങ്ങനെയൊരു വീട്ടുജോലിക്കാരി ഉണ്ടെന്ന കാര്യം എങ്ങനെയാണ് ബാബ അറിഞ്ഞത്? കൂടാതെ അവൾ ഒരു പ്രത്യേക സമയത്ത് ഗാനമാലപിക്കുമെന്നും? അത് ശ്രുതിയുടെ അർത്ഥം വിശദമാക്കുമെന്നും?

105. പക്ഷേ അത് സംഭവിച്ചു. തീർച്ചയായും സംഭവിച്ചു! ഗനുദാസ് ആശ്ചര്യപ്പെട്ടു. അയാളുടെ സംശയങ്ങൾ മാറുകയും, അയാൾക്ക് ഈശാവസ്യത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയുകയും ചെയ്തു.

106. ഇതൊക്കെ ഇത്തരത്തിൽ ആസൂത്രണം ചെയ്തത് എന്തിനാണെന്ന് ശ്രോതാക്കൾ അദ്ഭുതപ്പെട്ടേയ്ക്കാം. എന്ത് കൊണ്ടാണ് ബാബ സ്വയം, അപ്പോൾ തന്നെ അവിടെ വച്ച് സംശയങ്ങൾ സ്വന്തം അധരത്തിലൂടെ ദൂരീകരിക്കാതിരുന്നത്.

107. അദ്ദേഹത്തിന് അത് അവിടെ വച്ച് ചെയ്യാൻ കഴിയുമായിരുന്നില്ലേ? പക്ഷേ, അങ്ങനെയാണെങ്കിൽ അതിന്റെ മഹത്വം മുഴുവൻ ഗ്രഹിക്കാൻ സാധിക്കുമായിരുന്നില്ല. ആ പെൺകുട്ടിയിൽ ഈശ്വര്സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നു എന്ന് ബാബ കാട്ടിത്തരുന്നു.

108. ആത്മന്റെ വാസ്തവികതയെക്കുറിച്ചുള്ള വിശദീകരണമാണ് എല്ലാ ഉപനിഷത്തുക്കളുടെയും വിഷയം. ഇത് തന്നെയാണ് മുക്തിയെന്നതിനും സംശയമേതുമില്ല. ഗീതയുടെ അനുശാസനവും ഇത് തന്നെയാണ്.

109. ജീവികൾ വ്യത്യസ്തരാണെങ്കിലും ആത്മാവ് ഒന്നാണ്. ആത്മാവിന് ആസ്വാദനശേഷിയില്ല, പ്രവർത്തിക്കാനും കഴിയില്ല. അത് അശുദ്ധമല്ല, പാപങ്ങളോ പുണ്യകർമ്മങ്ങളോ അതിനെ ബാധിക്കുകയുമില്ല.

110. 'ഞാൻ ജാതിയിൽ ഉന്നതകുലബ്രാഹ്മണനാണ്. മറ്റുള്ളവരെല്ലാം താഴ്ന്ന ജാതിക്കാരാണ്,' ഇത്തരത്തിലുള്ള വിവേചനബുദ്ധി നിലനില്ക്കുന്നിടത്തോളം കാലം തീർച്ചയായും കർമ്മബന്ധങ്ങളുമുണ്ടാകും.

111. 'ഞാൻ നിരാകാരനും എങ്ങും നിറഞ്ഞു നില്ക്കുന്നവനുമാകുന്നു. ഞാനല്ലാതെ മറ്റാരുമില്ല. ഞാൻ എല്ലാ സൃഷ്ടികളിലും നിറഞ്ഞു നിൽക്കുന്നു' – ഇതാണ് ആത്മസാക്ഷാത്കാരം നേടിയ ഒരു വ്യക്തിയുടെ മനോഭാവം.

112. മനുഷ്യൻ ശ്രേഷ്ഠമായ ഈശ്വരീയാവസ്ഥയിൽ നിന്നും അധഃപതിച്ചിരിക്കുകയാണ്. ഏതെങ്കിലും തരത്തിൽ, എങ്ങനെയെങ്കിലും, നഷ്ടപ്പെട്ട സ്ഥാനം വീണ്ടെടുക്കുക എന്നതായിരിക്കണം അവന്റെ

ദൃഢനിശ്ചയം.

113. ശ്രുതികളും സ്മൃതികളും വേദാന്ത തത്ത്വചിന്തകളും ഇതേ തത്ത്വമാണ് പ്രചരിപ്പിക്കുന്നത്. അധഃപതിച്ച് പോയവരെ തിരികെ യഥാർത്ഥ അവസ്ഥയിലേയ്ക്ക് എത്തിക്കുക എന്നത് തന്നെയാണ് ആത്യന്തികമായ ലക്ഷ്യം.

114. 'ഈശ്വരൻ എല്ലാ ജീവികളിലും വസിക്കുന്നു' – ഈ ബോധം ഉണ്ടാകാത്തിടത്തോളം കാലം, ഭഗവാൻ ഹൃഷികേശൻ[10] നേരിട്ട് വന്നാൽപ്പോലും, ആത്മജ്ഞാനം കരഗതമാകില്ല.

115. ഒരുവന്റെ ധാർമ്മിക കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ മനസ്സ് പരിശുദ്ധമാകും. ആത്മനുമായുള്ള ഐക്യബോധം വ്യക്തമാകുകയും, ഈ അറിവ് ലൗകിക ലോകത്തിലെ ആസക്തികളുടെയും ദുരിതങ്ങളുടെയും ദ്വന്ദ്വഭാവത്തിനു ചുറ്റും ഒരു കവചം തീർത്ത് സംരക്ഷണം നൽകുകയും ചെയ്യുന്നു.

116. ജഡവും ചേതനവുമായ വസ്തുക്കളോടൊപ്പം ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞു നിൽക്കുന്ന സർവ്വശക്തനായ ഈശ്വരൻ, പ്രവർത്തനരഹിതവും കളങ്കമറ്റതും ലൗകിക പ്രകൃതിക്ക് അതീതനും നിരാകാരനുമാണ്.

117. രൂപവും നാമവുമുള്ള ലോകത്തിന്റെ അകത്തും പുറത്തും ഈശ്വരൻ നിറഞ്ഞു നിൽക്കുന്നു. പ്രത്യേകിച്ച് രൂപമില്ലാതെ എങ്ങും നിറഞ്ഞ് നിൽക്കുന്ന ആ ചേതന ഞാനാണ്.

118. യഥാർത്ഥത്തിൽ രൂപമില്ലാത്തത്, മിഥ്യയുടെ കാരണത്താൽ രൂപം ഉള്ളതായി കാണപ്പെടുന്നു. അത്യാഗ്രഹിയായ ഒരു മനുഷ്യന് മാത്രമാണ് ഈ ഭൗതികലോകം നിലനിൽക്കുന്നത്; പക്ഷേ നിഷ്കാമിയായ ഒരുവന് ഇതേ ലോകം അർത്ഥശൂന്യമാണ്.

119. ചലിക്കുന്നതും ചലിക്കാത്തതുമായ ജീവികൾ നിറഞ്ഞ ഈ സാധാരണ ഭൗതികലോകം ഒരിക്കലും മുഖവിലയ്ക്ക് എടുക്കരുത്. സർവ്വശക്തനായ ഈശ്വരനിൽ നിങ്ങൾക്ക് പൂർണ്ണമായ വിശ്വാസമുണ്ടായിരിക്കണം.

120. ഈ ലോകത്തെക്കുറിച്ചും അതിന്റെ പ്രകൃതിയെക്കുറിച്ചുമുള്ള ഈ ധാരണ നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ, കുറഞ്ഞപക്ഷം ധനവും സ്വർണ്ണവും സമ്പാദിക്കാനുള്ള ആസക്തിയെങ്കിലും ഉപേക്ഷിക്കുവാൻ ശ്രമിക്കണം.

121. ഇത് പ്രാവർത്തികമാക്കാൻ അസാധ്യമാണെങ്കിൽപ്പോലും നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള അധികാരം മാത്രമേ ഉള്ളൂ എന്ന് ഓർമ്മിക്കണം. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം, അത് നൂറ് വർഷങ്ങൾ ആയാലും, കർമ്മങ്ങൾ അനുഷ്ഠിക്കുക.

122. അവ എല്ലായ്പ്പോഴും, ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്ന പ്രമാണങ്ങൾക്കനുസൃതമായി, ഉദാഹരണമായി അഗ്നിഹോത്രം മുതലായവ, ഉചിതമായ രീതിയിൽ വർണ്ണാശ്രമങ്ങൾക്ക് യോജിച്ച തരത്തിൽ, ബുദ്ധി ശുദ്ധമാകുന്നതുവരെ അനുഷ്ഠിക്കണം.

123. ഇത് ആന്തരികശുദ്ധി നേടുന്നതിനുള്ള ഒരു മാർഗ്ഗമാണ്. മറ്റൊന്ന്

പരിത്യാഗമാണ്. ഇതിൽ ഏതെങ്കിലും ഒന്ന് പ്രാവർത്തികമാക്കാതിരുന്നാൽ, ഭൗതിക അറിവ് മാത്രം നേടുകയും വിധിക്കനുസരിച്ചുള്ള എല്ലാ ദുരിതങ്ങളും അനുഭവിക്കേണ്ടി വരികയും, അത് നിങ്ങളെ എന്നന്നേയ്ക്കുമായി ജനനമരണ വൃത്തത്തിൽ തളച്ചിടുകയും ചെയ്യും.

124. ഒരു വ്യക്തിയുടെ യോഗ്യത തെളിയാത്തിടത്തോളം കാലം ആത്മസാക്ഷാത്കാരത്തിന്റെയും ഉപനിഷത്തുക്കളുടെയും ഈ അറിവ് നേടാൻ കഴിയില്ല. ഏകത്വചിന്ത ഉള്ളിൽ വളരാത്തിടത്തോളം കാലം ഉപനിഷത്തിലെ പ്രമാണങ്ങൾ ഉപരിപ്ലവമായിതന്നെ അവശേഷിക്കും.

125. ആത്മീയാന്വേഷി ആവശ്യപ്പെടുകയാണെങ്കിൽ തുടക്കത്തിലേ അത് നൽകേണ്ടിയിരിക്കുന്നു. അതിനാൽ ബാബ, വീട്ടുജോലിക്കാരി വിശദമാക്കുമെന്ന് പറഞ്ഞ് ദാസ്ഗനുവിനെ മടക്കി അയച്ചു.

126. ബാബ സ്വയം ആ അറിവ് വിശദീകരിച്ചിരുന്നുവെങ്കിൽ തുടർന്നുള്ള സംഭവങ്ങൾ നടക്കുമായിരുന്നില്ല. 'ഞാൻ എല്ലാറ്റിലും നിറഞ്ഞു നിൽക്കുന്നു, ഞാനല്ലാതെ മറ്റൊന്നുമില്ല'. ബാബയെക്കുറിച്ചുള്ള ഈ ധാരണ ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല.

127. "കാക്കായുടെ ആ വീട്ടുജോലിക്കാരി ഞാനല്ലാതെ മറ്റാരുമല്ല. ഞാൻ ഈ സൂചന നൽകുകയും ഈശാവസ്യം വിശദീകരിക്കുകയും ചെയ്തു."

128. ഈശ്വരന്റെ കൃപയും ഗുരുവിന്റെ അനുഗ്രഹവുമില്ലാതെ ആത്മസാക്ഷാത്കാരത്തിന്റെ അറിവ് നേടാൻ കഴിയില്ല. അതിനാൽ ഒരു സിദ്ധനിൽ നിന്ന് നേരിട്ടുള്ള പാഠം അത്യന്താപേക്ഷിതമാണ്.

129. ആത്മനെക്കുറിച്ചുള്ള ബോധം നൽകുന്ന അറിവ് മാത്രം നേടുക. യഥാർത്ഥത്തിൽ സ്ഥാപിതമായ എല്ലാ അറിവുകളും എന്നെക്കുറിച്ചുള്ളതാണ്. ഞാനല്ലാതെ മറ്റൊന്നും നിലനിൽക്കുന്നില്ല.

130. ആത്മനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകുകയും, ദ്വൈതത്തിൽ അദ്വൈതമെന്ന ശാസന, അതായത് ഞാൻ സർവ്വശക്തന്റെ ഒരു ഭാഗമാണെന്നത്, തിരിച്ചറിയുകയും ചെയ്യുമ്പോൾ, അത്തരം ഒരു മനുഷ്യനിൽ ഈശ്വരൻ പ്രസാദിക്കുന്നു.

131. അത്തരത്തിൽ ആത്മന്റെ പ്രകൃതത്തെക്കുറിച്ച് മനസ്സിലാക്കുകയും, ആത്മസാക്ഷാത്കാരത്തിന്റെ പാത കൃത്യമായി പിന്തുടരുകയും ഈശ്വരനിൽ കളങ്കമറ്റ വിശ്വാസമുണ്ടാകുകയും ചെയ്യുമ്പോൾ ഒരുവന് ഈശ്വരനിൽ എത്തിച്ചേരാൻ കഴിയും.

132. അടുത്ത അധ്യായത്തിൽ, വിനായക് താക്കൂർ തുടങ്ങിയവരെക്കുറിച്ചുള്ള കഥയാണ് വിവരിക്കാൻ പോകുന്നത്. ശ്രോതാക്കൾ, ആദരവോടെ ശ്രദ്ധിക്കുമ്പോൾ അത് അവരെ ദൈവികമാർഗ്ഗത്തിലേയ്ക്ക് നയിക്കും.

133. ഈ കഥകളും വളരെ മനോഹരമാണ്. ശ്രോതാക്കൾ അവ ശ്രവിക്കുമ്പോൾ ഒരു ശ്രേഷ്ഠ പുരുഷന്റെ ജീവിതത്തെക്കുറിച്ച് കുറച്ചെങ്കിലം അറിയാനുള്ള അവരുടെ ആഗ്രഹം സഫലമാകുകയും, ശ്രോതാക്കൾ അനുഗൃഹീതരാ

കുകയും ചെയ്യും.

134. സൂര്യൻ ഉദിക്കുമ്പോൾ അന്ധകാരം അകലുമെന്നത് പോലെ, ഈ കഥകളാകുന്ന അമൃത് നുകരുമ്പോൾ മിഥ്യ അപ്രത്യക്ഷമാകും.

135. സായിയുടെ പ്രാഗല്ഭ്യം ഗ്രഹിക്കാൻ കഴിയാത്തതാണ്. അദ്ദേഹത്തിനല്ലാതെ മറ്റാർക്കാണ് കഥകൾ വിവരിക്കാൻ കഴിയുക? ഞാൻ വെറുമൊരു ഉപകരണം മാത്രമാണ്. അദ്ദേഹമാണ് എന്നെക്കൊണ്ട് സംസാരിപ്പിക്കുന്നത്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ ഇരുപതാം അധ്യായം "ഈശാവാസ്യത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള ബോധനം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. പതിനൊന്ന് ഉപനിഷത്തുകളിൽ പ്രശസ്തമായത്. അതിൽ പ്രധാനപ്പെട്ട പതിനെട്ട് മന്ത്രങ്ങളുണ്ട്. ചിൻമയാനന്ദ പറയുകയുണ്ടായി: "മനുഷ്യന് ചുറ്റുമുള്ള വസ്തുക്കളിൽ ആത്മീയ സാന്നിദ്ധ്യം ശക്തി പ്രവഹിപ്പിക്കുന്നത് ആത്മീയാന്വേഷകൻ ആത്യന്തികമായ ആത്മീയ പുരോഗമനം നേടുന്നതിന് വേണ്ടിയാണ്. ഗീതയുടെ അന്തഃസത്തയായ ഈ തത്ത്വമാണ് ഈശാവാസ്യ ഉപനിഷത്തിന്റെ തുടക്കത്തിലുള്ള ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളത്. സർവ്വശക്തൻ ഈ ലോകത്തിലെ എല്ലാ വസ്തുക്കളിലും നിറഞ്ഞു നിൽക്കുന്നു, അതിനാൽ, ബഹുത്വചിന്ത മുഴുവൻ ഉപേക്ഷിച്ച്, അപരിമിതസത്യം ഗ്രഹിച്ച്, ആരുടെയും മുതൽ കൈക്കലാക്കാൻ ശ്രമിക്കാതിരിക്കുക."
2. വേദാന്തത്തെക്കുറിച്ച് സംസ്കൃത്തിലുള്ള 'പഞ്ചദശി' എന്ന പ്രസിദ്ധഗ്രന്ഥത്തിന്റെ കർത്താവ്.
3. ദാസ്ഗനുവിന്റെ 'ഈശാവാസ്യ ഭാവാർത്ഥബോധിനി' എന്ന ഗ്രന്ഥം
4. അയാൾ ലണ്ടനിൽ വച്ച് വീണ് പരിക്കേൽക്കുകയും തത്ഫലമായി മുടന്തുണ്ടാവുകയും ചെയ്തു.
5. അയാൾ തടിച്ച് ഉരുണ്ട പ്രകൃതമായിരുന്നു.
6. ദീക്ഷിത് ധനികനും സമൂഹത്തിൽ ആരാധ്യനുമായിരുന്നു. പക്ഷേ അയാളെ വിനയവും അഹംഭാവമില്ലായ്മയും പഠിപ്പിക്കാനായി ബാബ ഭിക്ഷയാചിക്കാനായി അയാളെ അയയ്ക്കാറുണ്ടായിരുന്നു: മനഃപൂർവ്വം മറ്റുള്ളവർക്ക് മുമ്പിൽ വച്ച് ഭിക്ഷു അതായത് ഭിക്ഷക്കാരൻ എന്നു വിളിക്കുകയും ചെയ്യുമായിരുന്നു.
7. ധ്യാനേശ്വർ മഹാരാജ് ഒരു ആൺ എരുമയെക്കൊണ്ട് വേദങ്ങൾ ചൊല്ലിച്ചു.
8. മോറേശ്വർ വിശ്വനാഥ് പ്രധാൻ – പ്രസിദ്ധനായ വക്കീലും, ബോംബെ നിയമനിർമ്മാണസഭയിലെ അംഗവുമായിരുന്നു.
9. ഈശാവാസ്യത്തിലെ പ്രധാനതത്ത്വം – അതായത് ഈശ്വരൻ എല്ലാറ്റിലും നിറഞ്ഞിരിക്കുന്നു എന്നത് ഇത് വ്യക്തമാക്കുന്നു.
10. ഭഗവാൻ കൃഷ്ണൻ

21

# അനുഗ്രഹം നൽകൽ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിന്റെ അവസാനഭാഗത്ത് താക്കൂറിനും മറ്റുള്ളവർക്കും, ഒരു ദിവ്യപുരുഷന്റെ ദർശനം ലഭിച്ചതെങ്ങനെയെന്ന് വിശദീകരിക്കാമെന്ന് നമ്മൾ പറഞ്ഞിരുന്നു. ആ കഥ ഇപ്പോൾ ശ്രദ്ധയോടെ കേൾക്കുക.

2. കേൾക്കുമ്പോൾ ശ്രോതാവിന് ചലനമുണ്ടാകാതെയും, വികാരവിക്ഷോഭത്തിന്റെ സൂചനകളോ രോമാഞ്ചമോ ഉണ്ടാകുകയും ചെയ്യുന്നില്ലെങ്കിൽ, ഒരു പ്രഭാഷകന്റെ വാക്കുകൾ വ്യർത്ഥമാണ്.

3. ശ്രോതാക്കൾക്ക് ഹർഷോന്മാദമുണ്ടാകാതെയും, വികാരവിക്ഷോഭവും, ആനന്ദം കൊണ്ട് കണ്ണുകൾ നിറയാതെയുമിരുന്നാൽ ഒരു വിവരണം അർത്ഥമില്ലാത്തതാണ്.

4. ബാബയുടെ ഭാഷണം ആകർഷണീയമായിരുന്നു. അദ്ദേഹത്തിന്റെ ശിക്ഷണമാർഗ്ഗം അസാധാരണമായ തരത്തിൽ മികച്ചതായിരുന്നു. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ അനുപമമായിരുന്നു. ഓരോ ചുവടുവയ്പിലും നവീനമായ കാര്യങ്ങൾ വെളിവാക്കിത്തരുന്ന അദ്ദേഹത്തിന്റെ പാദങ്ങളിൽ ഞാൻ എന്റെ ശിരസ്സ് അർപ്പിക്കുന്നു.

5. ഭാഗ്യം ഒരുവനിൽ പ്രസാദിക്കുന്നത് വരെ ഒരുവന് ഒരിക്കലും ഒരു ദിവ്യപുരുഷനെ കണ്ടുമുട്ടാൻ കഴിയില്ല. അത്തരത്തിലുള്ള ഒരു പുരുഷൻ വളരെ അടുത്തായാൽ പോലും പാപിയായ ഒരുവന് അദ്ദേഹത്തെ കണ്ടെത്താൻ കഴിയില്ല.

6. ഈ വസ്തുതയ്ക്ക് തെളിവ് തേടി വളരെ ദൂരെ പോകേണ്ട കാര്യമില്ല, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം അനുഭവം നിങ്ങളോട് പറയുകയാണ്.

7. ബാന്ദ്രയിൽ, പീർ മൗലാന എന്ന പേരുള്ള പ്രസിദ്ധനായ ഒരു സിദ്ധൻ ജീവിച്ചിരുന്നു. ഹിന്ദുക്കൾ, പാർസികൾ, മറ്റ് മതങ്ങളിലെ പണ്ഡിതന്മാർ എന്നിവരൊക്കെ ആ പുണ്യാത്മാവിനെ ദർശിച്ചിരുന്നു.

8. ഞാൻ ആ പ്രദേശത്തെ ഒരു ശിക്ഷാധികാരി ആയിരുന്നു. യൂനുസ് എന്ന് പേരായ ഒരു ഭക്തൻ, അദ്ദേഹത്തിന്റെ ദർശനത്തിന് പോകാനായി നിരന്തരം എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു.

9. ‘ആയിരക്കണക്കിന് ജനങ്ങൾ അവിടെ വരുന്നുണ്ട്. സമ്മർദ്ദത്തിന് വഴങ്ങി, ഞാൻ അവിടെ പോയി എന്റെ പേര് ചീത്തയാക്കുന്നത് എന്തിനാണ്?’

10. അത്തരത്തിലുള്ള ചില ചിന്തകൾ എന്നിലുണ്ടാകുകയും ഞാൻ ഒരിക്കലും ദർശനത്തിന് പോയതുമില്ല. ഞാൻ എന്റെ സ്വന്തം നിഴലിനെപ്പോലും ഭയക്കുന്നതുപോലെ തോന്നുകയും, എങ്ങനെയോ ദൗർഭാഗ്യം മാർഗ്ഗത്തിലുണ്ടാകുകയും ചെയ്തു.

11. അനേകം വർഷങ്ങൾ കടന്നുപോയി. പിന്നീട് എനിക്ക് അവിടെ നിന്നും സ്ഥലമാറ്റം ഉണ്ടായി. പിന്നീട് ഉചിതമായ സമയമെത്തിയപ്പോൾ എനിക്ക് എന്നന്നേയ്ക്കുമായി ഷിർദിയുമായി ബന്ധമുണ്ടായി.

12. ചുരുക്കിപ്പറഞ്ഞാൽ, നിർഭാഗ്യവാന് ഒരിക്കലും ദിവ്യന്മാരുടെ സമീപത്ത് എത്താൻ കഴിയില്ല. ഏറ്റവും പ്രയാസകരമായ ഈ കണ്ടുമുട്ടൽ ഈശ്വരന്റെ അനുഗ്രഹത്താൽ മാത്രമേ നേടാൻ കഴിയൂ.

13. ഇതിനെക്കുറിച്ചുള്ള മനോഹരമായ ഒരു കഥ ഇപ്പോൾ കേൾക്കുക. അറിയപ്പെടാത്ത കാലം മുതൽക്കേ, ഇത്തരത്തിൽ ദിവ്യന്മാരുടെ രഹസ്യപദ്ധതികൾ ഉണ്ട്, ലോകം അറിയാതെ അവർ അവരുടെ ദൗത്യങ്ങൾ നിർവ്വഹിക്കുന്നു.

14. സമയം നീങ്ങവേ, ദിവ്യന്മാർ ചില ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടി, അവർക്ക് ഇഷ്ടമുള്ള സ്ഥലം തെരഞ്ഞെടുത്ത് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. യഥാർത്ഥത്തിൽ, അവർ ഓരോരുത്തരും തമ്മിൽ വ്യത്യാസം ഉണ്ടാകില്ല.

15. സ്ഥലം – സമയം – വ്യക്തി, ഇവയൊക്കെ വ്യത്യസ്തമായിരുന്നാലും, ഒരു ദിവ്യൻ മറ്റ് ദിവ്യന്മാരുടെ വ്യക്തിത്വത്തിന്റെ സാരം തിരിച്ചറിഞ്ഞിരിക്കും. അവരെല്ലാം ഒന്നായതിനാൽ, ആന്തരികമായി അവർ ഐക്യത്തിലായിരിക്കും,

16. ജനതയെ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമത്തിനും വേണ്ടി ഒരു ചക്രവർത്തിയുടെ കാവൽ സേനകളെ പല സ്ഥലങ്ങളിലായി വിന്യസിച്ചിട്ടുള്ളതുപോലെ.

17. അതേപോലെ, പരമാനന്ദത്തിന്റെ ചക്രവർത്തി പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട്, തന്റെ സാമ്രാജ്യത്തിന്റെ അദൃശ്യമായ കടിഞ്ഞാൺ നിയന്ത്രിക്കുന്നു.

18. ഒരിക്കൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാൻ ഭാഗ്യം സിദ്ധിച്ച ഒരു മാന്യവ്യക്തി, ബിരുദം നേടുകയും പടിപടിയായി ഉയർന്ന് ഉന്നതനായ ഉദ്യോഗസ്ഥനാകുകയും ചെയ്തു.

19. പിന്നീട് അയാൾ മംലത്ത്ദാർ ആകുകയും ഉപജില്ലാധികാരി ആകുകയും ചെയ്തു. ഭാഗ്യം കൊണ്ട് അയാൾക്ക് സായിബാബയുമായി സമ്പർക്കമുണ്ടായി.

20. ദൂരെയുള്ള പർവ്വതങ്ങൾ എന്നപോലെ, പുറമേയ്ക്ക് ഈ ഔദ്യോഗിക പദവികൾ വളരെ ആകർഷണീയമായി തോന്നുമെങ്കിലും, നിങ്ങൾ അവയുടെ അടുത്തേയ്ക്ക് ചെന്നാൽ, അവ മുഴുവനും ചൊറിയുണ്ടാക്കുന്ന ചെടികളാൽ ചുറ്റപ്പെട്ടിരിക്കുന്നതായി കാണാം. പക്ഷേ, അതേസമയം ഈ പദവികൾ സമൂഹത്തിൽ ആദരണീയവുമാണ്.

21. അത്തരത്തിലുള്ള പദവികൾക്കായി ജനങ്ങൾ ആഗ്രഹിച്ചിരുന്ന കാലമൊക്കെ കഴിഞ്ഞ് പോയിരിക്കുന്നു. സാധാരണ ജനങ്ങൾ ഉദ്യോഗസ്ഥരെ ബഹുമാനിക്കുകയും ഇരുകൂട്ടരും പരസ്പരം സന്തുഷ്ടരുമായിരുന്നു.

22. ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് നമുക്ക് സംസാരിക്കാം. സർക്കാർ സേവനത്തിലായിരിക്കുക എന്നത് വളരെ ആകർഷണീയമാണ് എന്ന കാലമൊക്കെ കഴിഞ്ഞുപോയി. ഇപ്പോൾ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുകയും, പ്രതിഫലം തീരെ അപര്യാപ്തവുമാണ്.

23. പഴയകാലത്ത്, മംലത്ത്ദാരെ ആദരിക്കുകയും ജില്ലാധികാരിയെ ബഹുമാനിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇപ്പോൾ ഒരുവൻ കഠിനാധ്വാനം ചെയ്താലും ആ പ്രതാപം തീരെയില്ല.

24. അത് അങ്ങനെയാകട്ടെ. ഒരുപാട് ധനം ചെലവഴിച്ച് കഠിനമായി അധ്യയനം ചെയ്തതിന് ശേഷമാണ് ഒരുവന് ഈ ഉന്നതപദവികൾ നേടാൻ കഴിഞ്ഞിരുന്നത്.

25. ആദ്യം ഒരുവൻ ബിരുദം നേടിയിരിക്കണം; പിന്നീട് സർക്കാർ കാര്യാലയത്തിൽ ഗുമസ്തനായി ജോലി നോക്കണം; മാസശമ്പളമായ 30/- ഉറുപ്പിക നേടാൻ കഴിയും. ഇത്തരത്തിൽ ഒരുവൻ കുറേനാൾ ജോലി ചെയ്യണം.

26. ഈ സമയത്തിൽ, അയാൾ ഘട്ടുകളിൽ ചെന്ന് നിലമളപ്പുകാരുടെ ജോലികൾ പഠിച്ച് അവരോടൊപ്പം താമസിക്കുകയും നിലമളക്കുകയും വകുപ്പ് സംബന്ധമായ പരീക്ഷകൾ വിജയിക്കുകയും വേണം.

27. പിന്നീട്, ഏതെങ്കിലും ഉന്നതാധികാരി മരണമടഞ്ഞ്, അയാളുടെ സ്ഥാനം ഒഴിവ് വരുകയാണെങ്കിൽ, അവന് ആ പദവി നേടാൻ കഴിഞ്ഞേക്കും.

28. ദീർഘവും വിരസവുമായ ഈ വിവരണം മതിയാക്കാം. ഞാനെന്തിന് ഇതിനെക്കുറിച്ച് അനാവശ്യമായി ജല്പനങ്ങൾ നടത്തണം? അത്തരത്തിലുള്ള ഒരു വ്യക്തി സായിയെ കണ്ടുമുട്ടിയത് എങ്ങനെ എന്ന കഥ കേൾക്കുക.

29. ബെൽഗാമിനടുത്ത് വഡഗാവൺ എന്ന പട്ടണമുണ്ട്. ഒരു സംഘം നിലമളപ്പുകാർ അവിടെ തമ്പടിച്ചിരുന്നു.

30. ഈ പട്ടണത്തിൽ ഒരു ദിവ്യൻ താമസിക്കുന്നുണ്ടായിരുന്നു. അവർ ഈ ദിവ്യനെ സന്ദർശിച്ച് അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ച് അനുഗ്രഹങ്ങൾ സ്വീകരിച്ചു.

31. ആ ദിവ്യപുരുഷന്റെ കൈയിൽ നിശ്ചൽദാസ് രചിച്ച 'വിചാരസാഗരം'[1] എന്ന ഗ്രന്ഥം ഉണ്ടായിരുന്നു, അത് അദ്ദേഹം അവരെ വായിച്ചു കേൾപ്പിച്ചു.

32. കുറച്ച് നേരം കഴിഞ്ഞ് അവർ അദ്ദേഹത്തോട് യാത്ര ചോദിക്കവേ, ആ ദിവ്യൻ ഈ പ്രത്യേക വ്യക്തിയോട് സന്തോഷത്തോടെ സംസാരിച്ചു. അത് ശ്രവിക്കുക.

33. "നീ ഇപ്പോൾ പോയ്ക്കോളൂ. പക്ഷേ, നിശ്ചയമായും ഈ ഗ്രന്ഥം വായിച്ചിരിക്കണം, നിന്റെ ആഗ്രഹങ്ങൾ സഫലമാകും. ഇത് മനസ്സിൽ ഓർക്കുക.

34. "പിന്നീട്, നിന്റെ ഔദ്യോഗിക കർത്തവ്യങ്ങളുടെ ഭാഗമായി നീ വടക്കോട്ട് പോകേണ്ടി വരുമ്പോൾ, നിന്റെ സൗഭാഗ്യത്താൽ വഴിമധ്യേ ഒരു സിദ്ധനെ കണ്ടുമുട്ടാൻ ഇടയാകും.

35. “പിന്നീടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അദ്ദേഹം നിനക്ക് നൽകും, നിനക്ക് മനഃശാന്തിയും ലഭിക്കും. അദ്ദേഹം നിനക്ക് ഉപദേശങ്ങൾ നൽകുകയും, ആത്മജ്ഞാനത്തിന്റെ പാതയിലേയ്ക്ക് നയിക്കുകയും ചെയ്യും.”

36. അവിടത്തെ ജോലി പൂർത്തിയായി; അയാൾ ജുന്നാറിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടു. ജുന്നാറിലേയ്ക്കുള്ള വഴിയിൽ അയാൾ നാനേഘട്ട് കടക്കണമായിരുന്നു; അത് വലിയ ഒരു പ്രതിബന്ധമായിരുന്നു.

37. പാത വളരെ ദുർഘടമായിരുന്നു, ഒരു എരുമയുടെ പുറത്ത് സഞ്ചരിച്ച് മാത്രമേ അത് കടന്നുപോകാൻ കഴിയുമായിരുന്നുള്ളൂ; അത് മാത്രമായിരുന്നു ആകെ ലഭ്യമായിരുന്ന ഗതാഗതമാർഗ്ഗം.

38. പിന്നീട് ഈ മനുഷ്യൻ ഉയർന്ന ഉദ്യോഗസ്ഥനാകുകയും, കുതിരകളും വണ്ടികളും ലഭിക്കുകയും ചെയ്തേക്കാം. പക്ഷേ, ഇപ്പോൾ അയാൾക്ക് എരുമയെക്കൊണ്ട് തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇതല്ലാതെ മറ്റ് നിവൃത്തിയില്ല.

39. കാൽനടയായി ഘട്ട് കടന്നുപോകുക അസാധ്യമായിരുന്നു. മറ്റ് സൗകര്യപ്രദമായ ഗതാഗതമാർഗ്ഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതാണ് നാനേഘട്ടിന്റെ പ്രത്യേകത. ഇത്തരത്തിൽ, വാഹനം വളരെ വിചിത്രമായിരുന്നു.

40. അതുകൊണ്ട് അയാൾ തീരുമാനിക്കുകയും, എരുമയെ തയ്യാറാക്കുകയും ചെയ്തു. അതിന്റെ പുറത്ത് ജീനികൾ വയ്ക്കുകയും വളരെ പ്രയാസപ്പെട്ട് അയാൾ അതിന്റെ പുറത്ത് കയറുകയും ചെയ്തു.

41. അയാൾ അതിന്റെ പുറത്ത് കയറിപ്പറ്റിയെങ്കിലും, അവിടെ കുത്തനെയുള്ള ഒരു കയറ്റമുണ്ടായിരുന്നു. എന്തൊക്കെയായാലും വാഹനം ഒരു എരുമയായതിനാൽ അയാളുടെ ദേഹം വശങ്ങളിലേയ്ക്ക് ചായുകയും, ചാഞ്ചാടുകയും ചെയ്തത് കാരണം അയാൾക്ക് കഠിനമായ നടുവേദന അനുഭവപ്പെട്ടു.

42. അത് എന്തുമാകട്ടെ. യാത്ര അവസാനിച്ചു. ജുന്നാർ ദൗത്യം പൂർത്തിയായി. അയാൾക്ക് സ്ഥലംമാറ്റ ഉത്തരവ് ലഭിക്കുകയും, അയാൾ അവിടം വിട്ട് പോകുകയും ചെയ്തു.

43. അയാൾക്ക് കല്യാണിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുകയും അവിടെ വച്ച് ചന്ദോർക്കറെ പരിചയപ്പെടുകയും, സായിനാഥന്റെ ശ്രേഷ്ഠത കേൾക്കുകയും ചെയ്തു. അദ്ദേഹത്തെ ദർശിക്കാനുള്ള ആഗ്രഹം അയാളിലുണ്ടായി.

44. ആ അവസരം പിറ്റേദിവസം തന്നെ ഉണ്ടായി, എന്തെന്നാൽ ചന്ദോർക്കർ ഷിർദിയിലേയ്ക്ക് യാത്ര പോകാൻ തയ്യാറെടുപ്പ് നടത്തിയിരുന്നു. അയാൾ പറഞ്ഞു: “ഷിർദിയിലേയ്ക്കുള്ള ഈ തീർത്ഥയാത്രയിൽ എന്നോടൊപ്പം വരിക.

45. “നമുക്ക് ബാബയെ ദർശിക്കാം. നമുക്ക് രണ്ടുപേർക്കും അദ്ദേഹത്തെ വണങ്ങി, ഒന്നോ രണ്ടോ ദിവസം അവിടെ താമസിച്ചശേഷം കല്യാണിലേയ്ക്ക് തിരികെ വരാം.”

46. പക്ഷേ, അതേ ദിവസം, താനെ പൗരാവകാശകോടതിയിൽ ഒരു വ്യവഹാരത്തിന്റെ വാദം കേൾക്കൽ നിശ്ചയിച്ചിരുന്നു. അതിനാൽ അയാൾക്ക് യാത്ര ഒഴിവാക്കേണ്ടി വന്നു.

47. പക്ഷേ നാനാസാഹേബ് അയാളെ നിർബന്ധിച്ചു. “യാത്രയ്ക്ക് വരിക. ബാബ ശ്രേഷ്ഠനാണ്. ദർശനത്തിനായുള്ള നിന്റെ ആഗ്രഹം അദ്ദേഹം പൂർത്തീകരിക്കും. വ്യവഹാരം വളരെ നിസ്സാരമായ കാര്യമാണ്.”

48. പക്ഷേ, അയാൾക്ക് എങ്ങനെ ബോധ്യം വരാനാണ്? വാദം കേൾക്കാനുള്ള തീയതി നഷ്ടപ്പെടുമെന്ന് അയാൾ ഭയപ്പെട്ടു. വിധി അയാൾക്ക് വേണ്ടി നിശ്ചയിച്ച വ്യർത്ഥമായ യാത്രകൾ അയാൾ എങ്ങനെയാണ് ഒഴിവാക്കുക!

49. ചന്ദോർക്കർ, മറ്റുള്ളവരുടെ മുമ്പുള്ള അനുഭവങ്ങൾ, ദർശനത്തിനുള്ള അവരുടെ ആഗ്രഹങ്ങൾ എല്ലായ്പ്പോഴും സഫലമായതും തടസ്സങ്ങൾ ഒഴിവായി കിട്ടിയതുമൊക്കെ, അയാളോട് പറഞ്ഞു.

50. പക്ഷേ അയാൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾക്ക് തന്റെ സ്വന്തം പ്രകൃതം മാറ്റാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു: “ആദ്യം എന്റെ മനസ്സിൽ നിന്ന് ഈ വിഷമം മാറട്ടെ. വ്യവഹാരം വേഗം കഴിയട്ടെ.”

51. അത് അങ്ങനെയായിരുന്നു. അയാൾ താനെയിലേയ്ക്ക് പുറപ്പെടുകയും ചന്ദോർക്കർ ഷിർദിയിലേയ്ക്ക് യാത്രയാകുകയും ചെയ്തു. ദർശനത്തിന് ശേഷം അയാൾ തിരികെ എത്തിയപ്പോൾ, ഇവിടെ ആശ്ചര്യകരമായ ഒരു സംഭവം നടന്നിരുന്നു.

52. മുൻകൂട്ടി നിശ്ചയിച്ച സമയത്ത് അയാൾ ഹാജരായെങ്കിലും, വ്യവഹാരത്തിന്റെ വാദം മാറ്റിവയ്ക്കപ്പെട്ടു. അയാൾക്ക് ചന്ദോർക്കറുടെ ഒപ്പം പോകാനും കഴിഞ്ഞില്ല, അതിനാൽ അയാൾ ദുഃഖിതനായി.

53. താൻ അയാളെ വിശ്വസിച്ചിരുന്നെങ്കിൽ എന്ന് അയാൾ ആശിച്ചു. ചന്ദോർക്കർ അയാളെ തന്റെയൊപ്പം കൂട്ടി പോകുകയും, അയാൾക്ക് ഷിർദിയിൽ സമാധാനപരമായ ദർശനം ലഭിക്കുകയും ചെയ്യുമായിരുന്നു.

54. വ്യവഹാരം, എവിടെയായിരുന്നോ അവിടെ തന്നെ അവശേഷിക്കുകയും അയാൾക്ക് ഒരു ദിവ്യനെ ദർശിക്കാനുള്ള അവസരം നഷ്ടമാകുകയും ചെയ്തു! അതിനാൽ പെട്ടെന്നുണ്ടായ പ്രേരണയാൽ അയാൾ ഷിർദിയിലേയ്ക്ക് പോകാൻ തീരുമാനിച്ചു.

55. അയാൾ ഷിർദിയിലെത്തുമ്പോൾ, അയാൾക്ക് ഭാഗ്യമുണ്ടെങ്കിൽ, ഒരുപക്ഷേ, നാനായെ കണ്ടുമുട്ടാൻ കഴിയുമെന്നും, അയാൾ തന്നെ വ്യക്തിപരമായി ബാബയുടെ ദർശനത്തിനായി കൊണ്ടുപോകുമെന്നും, അയാൾ ചിന്തിച്ചു. അങ്ങനെയാണെങ്കിൽ അയാൾ വളരെ സന്തുഷ്ടനായിരിക്കും.

56. ‘എനിക്ക് ഷിർദിയിൽ ആരെയും പരിചയമില്ല. ഞാൻ അവിടെ തീർത്തും അപരിചിതനായിരിക്കും. നാനായെ കണ്ടുമുട്ടുകയാണെങ്കിൽ അത് എനിക്ക് ഗുണകരമായിരിക്കും, അതൊരു വിദൂരമായ സാധ്യതയാണെങ്കിൽപ്പോലും.’

57. ഇപ്രകാരം ചിന്തിച്ചുകൊണ്ട് അയാൾ തീവണ്ടിയിൽ കയറുകയും പിറ്റേദിവസം ഷിർദിയിലെത്തുകയും ചെയ്തു. തീർച്ചയായും നാനാ അവിടെയുണ്ടായിരുന്നില്ല.

58. അയാൾ തന്റെ യാത്ര തുടങ്ങിയ ദിവസം, നാനാ ഷിർദിയിൽ നിന്ന് തിരികെ

യാത്രയായിരുന്നു. ഇത് കാരണം അയാൾ വളരെ ദുഃഖിക്കുകയും നിരാശാവാനാകുകയും ചെയ്തു.

59. അത് എന്തുമാകട്ടെ. അയാൾ മറ്റൊരു സുഹൃത്തിനെ കണ്ടുമുട്ടി, നല്ലവനായ അയാൾ, അയാളെ സായിയുടെ ദർശനത്തിനായി കൂട്ടിക്കൊണ്ടു പോകുകയും അയാളുടെ ആഗ്രഹം സഫലമാക്കുകയും ചെയ്തു.

60. അയാൾ അദ്ദേഹത്തെ ദർശിച്ച മാത്രയിൽ തന്നെ അയാൾക്ക് വളരെ വിശ്വാസമുണ്ടാകുകയും സ്വയം സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു. ശരീരം മുഴുവൻ രോമാഞ്ചമുണ്ടാകുകയും സന്തോഷം കൊണ്ട് കണ്ണുനീർ ധാരധാരയായി ഒഴുകുകയും ചെയ്തു.

61. അയാൾ ഇങ്ങനെ നിൽക്കവേ, ധാരണയോട് കൂടിയ ഒരു മന്ദസ്മിതത്തോടെ ബാബ അയാളോട് എന്താണ് പറഞ്ഞതെന്ന് ശ്രദ്ധയോടെ കേൾക്കുക, കാരണം അദ്ദേഹം സർവ്വജ്ഞനാണ്.

62. "ഇവിടത്തെ മാർഗ്ഗം കാനാറീസ് അപ്പയുടെ ഉപദേശങ്ങൾ പോലെ എളുപ്പമോ, ഘട്ടിലൂടെയുള്ള എരുമപ്പുറത്തെ യാത്ര പോലെയോ അല്ല. നിന്റെ മികച്ച പരിശ്രമങ്ങളല്ലാതെ മറ്റ് പോംവഴികളൊന്നുമില്ല."

63. അയാൾ ഈ അർത്ഥഗർഭമായ വാക്കുകൾ ശ്രവിച്ചപ്പോൾ അയാൾക്ക് വികാരവിക്ഷോഭമുണ്ടാകുകയും താൻ മുമ്പ് ദർശിച്ച ദിവ്യപുരുഷന്റെ വാക്കുകൾ സത്യമാണെന്ന് തെളിഞ്ഞതായി മനസ്സിലാക്കുകയും ചെയ്തു.

64. അപ്പോൾ അയാൾ കൈകൾ കൂപ്പിക്കൊണ്ട് തന്റെ ശിരസ്സ് സായിയുടെ പാദങ്ങളിൽ ചേർത്ത് വച്ചു. അയാൾ പറഞ്ഞു: "സായിനാഥാ, എന്നിൽ കൃപ ചൊരിയൂ. അനാഥനായ എന്നെ അങ്ങയുടെ പാദങ്ങളിൽ സ്വീകരിക്കുക.

65. "അങ്ങ് മാത്രമാണ് എനിക്ക് ശ്രേഷ്ഠദിവ്യനും മാർഗ്ഗദർശിയും. ഇന്ന് എനിക്ക് നിശ്ചലിന്റെ ഗ്രന്ഥത്തിലെ തത്ത്വോപദേശങ്ങൾ, അതിന്റെ പ്രാധാന്യത്തോടെയും ദൈവികമായ അർത്ഥത്തോടെയും, പൂർണ്ണമായും ഗ്രഹിക്കാൻ സാധിച്ചു."

66. എവിടെയാണ് വഡഗാവൺ, എവിടെയാണ് ഷിർദി! ശ്രേഷ്ഠപുരുഷന്മാരുടെ ആത്മാക്കൾ തമ്മിൽ എന്ത് ഐക്യതയാണുള്ളത്! സംക്ഷിപ്തം, എന്നാൽ എത്ര ജ്ഞാനപ്രദായകമാണ് അവരുടെ ഭാഷണം! എത്ര മഹത്തായ പ്രബോധനരീതി.

67. ഒരാൾ ഒരു ഗ്രന്ഥം പാരായണം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും, തുടർന്നുള്ള വളർച്ചയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ശ്രേഷ്ഠപുരുഷനെ കണ്ടുമുട്ടുമെന്ന് പ്രവചിക്കുകയും ചെയ്തു.

68. ഈശ്വരാനുഗ്രഹത്താൽ, അദ്ദേഹത്തെ കണ്ടുമുട്ടുകയും, അർത്ഥഗർഭമായ വാക്കുകളിലൂടെ താൻ തന്നെയാണ് ആ വ്യക്തിയെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഗ്രന്ഥം പാരായണം ചെയ്തു, പക്ഷേ ഇപ്പോൾ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം.

69. അപ്പോൾ സായിനാഥ് അയാളോട് പറഞ്ഞു: "അപ്പ നിന്നോട് പറഞ്ഞതൊക്കെ സത്യമാണ്. പക്ഷേ, നീ അത് പ്രാവർത്തികമാക്കിയാൽ മാത്രമേ നിന്റെ ആഗ്രഹങ്ങൾ സഫലമാകുകയുള്ളൂ."

70. 'നിശ്ചൽദാസ്', 'വിചാരസാഗരം' എന്നിവ വഡഗാവണിൽ വച്ച് നിർദ്ദേശിക്കപ്പെട്ടു. ആവർത്തിച്ചുള്ള വായനയ്ക്കും കുറച്ച് കാലപരിധിക്കും ശേഷം, അത് എങ്ങനെ പ്രാവർത്തികമാക്കാമെന്ന് ഷിർദിയിൽ അഭ്യസിപ്പിക്കപ്പെട്ടു.

71. ആദ്യമായി നിങ്ങൾ ഗ്രന്ഥം ശ്രദ്ധാപൂർവ്വം പാരായണം ചെയ്യണം, പിന്നീട് അതിനെക്കുറിച്ച് ആലോചിച്ച് നോക്കണം. ആവർത്തിച്ചുള്ള പാരായണത്തിലൂടെ, വിഷയത്തിൽ പൂർണ്ണമായി അലിഞ്ഞുചേരാൻ കഴിയും.

72. വെറും വായന കൊണ്ട് പ്രയോജനമില്ല. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം. അല്ലെങ്കിൽ അത് താറാവിന്റെ[2] പുറത്ത് വീഴുന്ന വെള്ളം പോലെയായിരിക്കും.

73. അർത്ഥം ഗ്രഹിക്കാതെ വെറുതെ പാരായണം ചെയ്യുന്നത് സമയം നഷ്ടപ്പെടുത്തൽ മാത്രമാണ്, അതിന് ബ്രഹ്മജ്ഞാനം നേടിയ ഒരു ഗുരുവിന്റെ അനുഗ്രഹങ്ങൾ ആവശ്യമാണ്. വെറും ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയ അറിവ് കൊണ്ട് അർത്ഥമില്ല.

74. ജീവിതലക്ഷ്യങ്ങൾ നേടുന്നതിന് അത്യന്താപേക്ഷിതമായ വിശ്വാസത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്ന ഒരു ലളിതമായ കഥ വർണ്ണിക്കുന്നതിലൂടെ ഇത് വ്യക്തമാകും. ശ്രോതാക്കൾ അവരുടെ ക്ഷേമത്തിന് വേണ്ടി ഇത് ശ്രവിക്കണം.

75. ഒരിക്കൽ അനന്ദ്റാവു പതൻകാർ എന്ന പേരായ ഒരു പൂനെ നിവാസിക്ക് സായി ദർശനത്തിന് ആഗ്രഹം വളരുകയും പെട്ടെന്ന് ഷിർദിയിലെത്തുകയും ചെയ്തു.

76. അയാൾ എല്ലാ വേദങ്ങളും, ഉപനിഷത്തുകളുടെ മൂലഗ്രന്ഥങ്ങൾ വ്യാഖ്യാനങ്ങളോടൊപ്പവും ഗ്രഹിച്ചിരുന്നു; പക്ഷേ, അയാളുടെ മനസ്സ് എല്ലായ്പ്പോഴും കലുഷിതവും, ശാന്തി എന്താണെന്ന് അയാൾക്ക് അറിയാൻ കഴിഞ്ഞതുമില്ല.

77. സായി സമർത്ഥന്റെ ദർശനം നടത്തിയപ്പോൾ അയാളുടെ ദൃഷ്ടികൾക്ക് ഫലസിദ്ധിയുണ്ടായി. അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങിയശേഷം അയാൾ വിധിപ്രകാരം അദ്ദേഹത്തെ പൂജിച്ചു.

78. അതിനുശേഷം, കൂപ്പുകൈകളോടെ, ബാബയുടെ വളരെ അടുത്ത്, അദ്ദേഹത്തിന്റെ മുമ്പിലായി അയാൾ ഇരുന്നു. അദ്ദേഹത്തെ സ്നേഹത്തോടെ നോക്കിക്കൊണ്ട്, വളരെ വിനയത്തോടെ അനന്ദ്റാവു ചോദിച്ചു:

79. "ഞാൻ അനേകം ഗ്രന്ഥങ്ങൾ, വേദങ്ങൾ, വേദാംഗങ്ങൾ, ഉപനിഷത്തുകൾ ഉൾപ്പെടെ, പഠിച്ചിട്ടുണ്ട്. ദിവ്യശാസ്ത്രങ്ങളും, പുരാണങ്ങളും ശ്രവിച്ചിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് എന്റെ മനസ്സ് ഇത്രമാത്രം വിഷണ്ണമാകുന്നത്?

80. "ഞാൻ പഠിച്ചതൊക്കെയും വ്യർത്ഥമാണെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു. ആത്മാർത്ഥതയുള്ള നിരക്ഷരനായ ഒരു ഭക്തൻ പോലും എന്നേക്കാൾ ഭേദമാണെന്ന് ഞാൻ ചിന്തിക്കുന്നു.

81. "ഞാൻ ഗ്രന്ഥങ്ങൾ പാരായണം ചെയ്തതും, ശാസ്ത്രങ്ങൾ പഠിച്ചതുമൊക്കെ പാഴായി. എന്റെ മനസ്സ് ശാന്തമാകാത്തിടത്തോളം കാലം ഈ ഗ്രന്ഥങ്ങളിൽ നിന്ന് നേടിയ അറിവൊക്കെ അർത്ഥശൂന്യമാണ്.

82. “ശബ്ദോത്പത്തിശാസ്ത്രപഠനത്തിന് വേണ്ടി ഞാൻ ചെയ്ത പരിശ്രമങ്ങളൊക്കെ എത്ര പൊള്ളയാണ്; മനഃശാന്തി ലഭിക്കുന്നില്ലെങ്കിൽ ജപവും മന്ത്രവുമൊക്കെ കൊണ്ട് എന്ത് പ്രയോജനമാണുള്ളത്! എങ്ങനെയാണ് ഞാൻ എന്നെങ്കിലും ബ്രഹ്മജ്ഞാനം നേടുക?

83. “സായിയുടെ ദർശനം എല്ലാ ആകുലതകളും അകറ്റുമെന്നും, അങ്ങ് തന്റെ ഫലിതരൂപേണയുള്ള സംഭാഷണത്തിൽ കൂടിപ്പോലും വളരെ എളുപ്പത്തിൽ ശരിയായ മാർഗ്ഗനിർദ്ദേശം കാണിച്ചുതരുമെന്നും, മറ്റുള്ളവരിൽ നിന്നും ഞാൻ കേട്ടറിഞ്ഞിരിക്കുന്നു.

84. “അതിനാൽ, തപശ്ചര്യകളുടെ ഖനിയായ മഹാരാജ്, ഞാൻ അങ്ങയുടെ പാദങ്ങളിൽ അഭയം പ്രാപിക്കുന്നു. എന്നെ അനുഗ്രഹിക്കൂ, അതിലൂടെ എനിക്ക് മനഃശാന്തി ലഭിക്കും.”

85. അപ്പോൾ മഹാരാജ് അയാളോട് നർമ്മരസം നിറഞ്ഞ ഒരു ഉപമ പറയുകയും, അനന്ദ്റാവു അതുകേട്ട് സംതൃപ്തനാകുകയും, അയാളുടെ പാണ്ഡിത്യത്തിന്റെ പൂർണ്ണത ആസ്വദിക്കുകയും ചെയ്തു.

86. ആ കുറച്ച് വാക്കുകൾ ജ്ഞാനത്തിന്റെ സത്തയാണ്. ഞാൻ നിങ്ങളോട് ആ കഥ പറയാം. കേൾക്കാൻ സന്നദ്ധരാകുക. അത് ഫലിതമയമാണെങ്കിലും, അർത്ഥസമ്പുഷ്ടമാണ്. ആർക്കാണ് അത്തരത്തിലുള്ള വാക്കുകൾ അവഗണിക്കാൻ കഴിയുക?

87. ബാബ മറുപടിയായി ഇപ്രകാരം പറഞ്ഞു. “ഒരിക്കൽ ഒരു വ്യാപാരി വന്നു, ആ സമയത്ത് അയാൾക്ക് മുമ്പിൽ ഒരു കുതിര ഒമ്പത് ഉരുള ചാണകമിട്ടു.

88. “വ്യാപാരി വളരെ സമർത്ഥനായിരുന്നു. അയാൾ പെട്ടെന്ന് തന്റെ മേൽവസ്ത്രം എടുത്ത് വിരിച്ചുപിടിച്ചുകൊണ്ട്, ആ ഉരുളകൾ മുഴുവൻ ശേഖരിച്ച് കെട്ടിയെടുക്കുകയും, മനസ്സിന്റെ ഏകാഗ്രത നേടാൻ കഴിയുകയും ചെയ്തു.”

89. എന്താണ് സായി സമർത്ഥ പറഞ്ഞത്? എന്തായിരിക്കാം അതിന്റെ അർത്ഥം? എന്തുകൊണ്ട് വ്യാപാരി ആ ചാണകം ശേഖരിച്ചു. അയാൾക്ക് ഒന്നും മനസ്സിലായില്ല.

90. ഇങ്ങനെ ചിന്തിച്ചുകൊണ്ട് അനന്ദ്റാവു മടങ്ങിവരുകയും സംഭാഷണം മുഴുവൻ തുടക്കം മുതൽ ഒടുക്കം വരെ കേൽക്കാറി[3]നോട് പറയുകയും ചെയ്തു.

91. എന്നിട്ട് ചോദിച്ചു: “ആരായിരുന്നു ആ വ്യാപാരി? ആ ചാണക ഉരുളകളുടെ അർത്ഥമെന്താണ്? എന്തുകൊണ്ടാണ് ഒമ്പത് എന്ന അക്കം സൂചിപ്പിച്ചത്? ദയവായി ഇതിന്റെ അർത്ഥം എനിക്ക് പറഞ്ഞുതരിക.

92. “ദാദാ, ഇത് എന്തൊരു സമസ്യയാണ്? ഇതിന് ഉത്തരം കണ്ടെത്താൻ എനിക്ക് കഴിയില്ല. ബാബയുടെ ഹൃദയത്തിലുള്ളത് വ്യക്തമായി വെളിവാക്കുന്ന എന്തെങ്കിലും, ലളിതമായ വാക്കുകളിലൂടെ എനിക്ക് പറഞ്ഞുതരിക.

93. ദാദാ പറഞ്ഞു: “എനിക്കും മനസ്സിലാക്കാൻ കഴിയുന്നില്ല. ബാബയുടെ ഭാഷണം എപ്പോഴും ഇത്തരത്തിലുള്ളതാണ്. പക്ഷേ അദ്ദേഹം പ്രേരണ നൽകുന്നതുപോലെ എനിക്ക് ഗ്രഹിക്കാൻ കഴിയുന്നത് ഞാൻ നിങ്ങളോട്

പറയുന്നതാണ്.

94. കുതിര ഈശ്വരന്റെ അനുഗ്രഹമാണ്. ഇത്തരത്തിലാണ് നവവിധഭക്തിയെക്കുറിച്ചുള്ള കടംകഥ വിശദമാക്കാൻ കഴിയുക. ഭക്തിയില്ലാതെ ഒരുവന് ഈശ്വരനുമായി ഐക്യമുണ്ടാക്കാൻ കഴിയില്ല, ജ്ഞാനവും നേടാൻ കഴിയില്ല.

95. (1) ശ്രവണം (2) ഈശ്വരസ്തുതികൾ ഉറക്കെ ആലപിക്കുന്നത് (3) ഈശ്വര സ്മരണ (4) ഈശ്വരന് പാദസേവ ചെയ്യുക (5) പ്രാർത്ഥനകൾ അർപ്പിക്കുക (6) ഈശ്വരന് മുമ്പിൽ പ്രണമിക്കുന്നത് (7) വിനീതനായി സേവിക്കുക (8) സ്നേഹബന്ധം വളർത്തിയെടുക്കുന്നത് (9) ആത്മസമർപ്പണം ചെയ്യുക – ഇവയാണ് നവവിധഭക്തികൾ.

96. പൂർണ്ണവിശ്വാസത്തോടെ, ഇവയിൽ ഏതെങ്കിലും ഒരു ഭക്തിമാർഗ്ഗം അനുഷ്ഠിക്കുകയാണെങ്കിൽ ഭക്തിക്ക് വേണ്ടി ദാഹിക്കുന്ന ശ്രീഹരി, ഭക്തന്റെ ഗൃഹത്തിൽ പ്രത്യക്ഷപ്പെടും.

97. ഈശ്വരനാമം ജപിക്കൽ, തപശ്ചര്യകൾ അനുഷ്ഠിക്കുന്നത്, വ്രതനിഷ്ഠകൾ, യോഗചര്യകൾ, വേദങ്ങളുടെയും ഉപനിഷത്തുകളുടെയും പഠനം, ആത്മീയ ജ്ഞാനം ധാരാളം നേടുന്നത് – ഇവയൊക്കെ ഭക്തിയില്ലെങ്കിൽ വെറും കാപട്യമാണ്.

98. വേദങ്ങളിൽ ഗഹനമായ അറിവോ പണ്ഡിതനെന്ന പ്രശസ്തിയോ ആവശ്യമില്ല. ഭാവമില്ലാതെ ഈശ്വരസ്തുതികൾ ആലപിക്കേണ്ട ആവശ്യവുമില്ല. ഭക്തിയെന്ന സ്നേഹപൂർണ്ണമായ വികാരം മാത്രം മതിയാകും.

99. നീ സ്വയം ആ വ്യാപാരിയാണെന്ന് സങ്കല്പിച്ചുകൊണ്ട് ആ കച്ചവടത്തിന്റെ പ്രാധാന്യം ഗ്രഹിക്കുക. നവവിധ ഭക്തിയുടെ രൂപത്തിൽ, ഉപാസനയുടെ ധ്വജം ഉയരത്തിൽ പറക്കുമ്പോൾ ജ്ഞാനസ്വരൂപം നിന്നിൽ സംപ്രീതനാകും.

100. കുതിര ഒമ്പത് ഉരുള ചാണകമിട്ടപ്പോൾ, വ്യാപാരി ഉത്സാഹത്തോടെ മുമ്പോട്ട് എത്തി അവ ശേഖരിച്ചു. അതേപോലെ നവവിധ ഭക്തികൾ ആചരിക്കുമ്പോൾ പൂർണ്ണമായ മനഃശാന്തി ലഭിക്കും.

101. അത് കൊണ്ടുമാത്രമേ, മനസ്സിന് സ്ഥിരതയും സകലജീവികളോടും സ്നേഹവും ഉണ്ടാകുകയുള്ളൂ; അതിന് മനസ്സ് ഗൗരവതരമായിരിക്കണം. അല്ലെങ്കിൽ മനഃചാഞ്ചല്യം തീർച്ചയായും ഉണ്ടാകും. ഇതാണ് ഗുരുരായൻ സ്നേഹത്തോടെ പറയുന്നത്."

102. പിറ്റേദിവസം അനന്ദ്റാവു സായിയുടെ പാദങ്ങൾ വന്ദിക്കാനെത്തിയപ്പോൾ ബാബ ചോദിച്ചു: "നീ ചാണക ഉരുളകൾ ശേഖരിച്ചോ?"

103. അപ്പോൾ അനന്ദ്റാവു പ്രാർത്ഥിച്ചു: "ഈ വിനീതദാസനിൽ കൃപ ഉണ്ടാകണമേ. അപ്പോൾ അവ അനായാസമായി ശേഖരിക്കാൻ കഴിയും. അല്ലെങ്കിൽ ഒരുവന് അത്തരം മഹത്തായ കാര്യങ്ങൾ എളുപ്പത്തിൽ നേടാൻ കഴിയുമോ?"

104. ബാബ അയാളെ അനുഗ്രഹിക്കുകയും, 'നന്മകൾ ഉണ്ടാകും' എന്ന വാക്കുകളോടെ ആശ്വസിപ്പിക്കുകയും ചെയ്തു. അനന്ദ്റാവു സന്തുഷ്ടനാകുകയും, പരമാനന്ദം അനുഭവിക്കുകയും ചെയ്തു.

105. ഇപ്പോൾ മറ്റൊരു ചെറുകഥ. ആദരവോടെ അത് കേൾക്കുക. ബാബയുടെ സർവ്വജ്ഞതയും, ദൈവിക മാർഗ്ഗത്തിലേയ്ക്ക് നയിക്കാനുള്ള അദ്ദേഹത്തിന്റെ ഔത്സുക്യവും നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയും.

106. ഒരിക്കൽ ഒരു വക്കീൽ വരികയും, എത്തിയ ഉടൻ അയാൾ മസ്ജിദിലേയ്ക്ക് പോകുകയും ചെയ്തു. അയാൾ സായിനാഥന്റെ ദർശനം നടത്തി. അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു.

107. പിന്നീട് അയാൾ ആവശ്യപ്പെടാതെ ദക്ഷിണ നൽകുകയും, സമീപത്ത് ഒരിടത്ത് ഇരിക്കുകയും ചെയ്തു. സായിയുടെ സംഭാഷണം ആദരവോടെ ശ്രവിക്കണമെന്ന് അയാൾക്ക് തോന്നി.

108. ബാബ, അപ്പോൾ തന്റെ മുഖം തിരിച്ചുകൊണ്ട് വക്കീലിനുവേണ്ടി ഉദ്ദേശിച്ചുള്ള വാക്കുകൾ ഉച്ചരിച്ചു. ആ വാക്കുകൾ അയാളുടെ ഹൃദയത്തിൽ കൊള്ളുകയും അയാൾ പശ്ചാത്തപിക്കുകയും ചെയ്തു.

109. “ജനങ്ങൾ എത്ര കാപട്യക്കാരാണ്! അവർ എന്റെ പാദങ്ങളിൽ വന്ദിക്കുന്നു, ദക്ഷിണയും നൽകുന്നു. എന്നാൽ ഹൃദയത്തിന്റെ ഉള്ളിൽ എന്നെ അധിക്ഷേപിക്കുന്നു. എത്ര വിലക്ഷണമാണ് ഇവരുടെ രീതികൾ!”

110. ഇതുകേട്ട് വക്കീൽ നിശ്ശബ്ദനായി ഇരുന്നു. പക്ഷേ, അയാൾക്ക് അതിന്റെ പ്രാധാന്യം പൂർണ്ണമായും മനസ്സിലായി. ആ വാക്കുകൾ തന്നെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്ന് അയാൾക്ക് മനസ്സിലായി. വാക്കുകളുടെ സാരം അയാളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു.

111. പിന്നീട് അയാൾ വാഡയിൽ എത്തിയപ്പോൾ, ബാബയുടെ മൂർച്ചയുള്ള വാക്കുകൾ തന്നെ വേദനിപ്പിച്ചുവെന്നും, പക്ഷേ അവ സത്യമാണെന്നും അയാൾ ദീക്ഷിതിനോട് പറഞ്ഞു.

112. “ഞാൻ എത്തിയ ഉടനെ അദ്ദേഹം എന്നെ ഭർത്സിച്ചു. പക്ഷേ, ഞാൻ ഒരിക്കലും മറ്റുള്ളവരെ പരിഹസിക്കുകയോ, അപവാദം പറയുകയോ ചെയ്യാൻ പാടില്ല എന്ന ഒരു താക്കീത് ആയിരുന്നു അത്.

113. “ഞങ്ങളുടെ ന്യായാധിപന്റെ ആരോഗ്യം മോശമാകുകയും അയാൾ അസ്വസ്ഥനാകുകയും ചെയ്തപ്പോൾ, അയാൾ കാര്യാലയത്തിൽ നിന്നും അവധി എടുത്ത്, ആരോഗ്യം വീണ്ടെടുക്കാനായി ഇവിടെ എത്തി സമാധാനപരമായി താമസിച്ചു.

114. “ഞങ്ങൾ വക്കീലന്മാർ, മുറിയിൽ ഇരിക്കവേ സംസാരം ന്യായാധിപനിലേയ്ക്ക് തിരിയുകയും, ഞങ്ങൾക്ക് നേരിട്ട് ഒരു ബന്ധവുമില്ലെങ്കിലും ഊഹാപോഹങ്ങൾ പറഞ്ഞുതുടങ്ങുകയും ചെയ്തു.

115. “ഔഷധങ്ങൾ കൂടാതെ, സായിയെ പിന്തുടരുന്നത് കൊണ്ടുമാത്രം ശാരീരികരോഗങ്ങൾ മാറുമോ? ന്യായാധിപന്റെ നിലയിലെത്തിയ അയാൾക്ക് ഇത് ഉചിതമാണോ (ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ പിന്തുടരുന്നത്.).”

116. “അയാളെപ്പറ്റി ഇപ്രകാരം അധിക്ഷേപിക്കവേ, സായിയെയും നിന്ദിച്ചു. ഇതിലൊക്കെ ഞാനും ചെറിയ തോതിൽ പങ്കെടുക്കുകയും, (ബാബ) എന്റെ ആ

തെറ്റ് ചൂണ്ടിക്കാട്ടുകയും ചെയ്തു.

117. “അത് ഒരു ശാസനയല്ല മറിച്ച് അനുഗ്രഹം തന്നെയാണ്. ഒരുവൻ അനാവശ്യമായി, ഉപയോഗമില്ലാത്ത സംസാരങ്ങളിൽ പങ്കുചേരുകയോ, മറ്റുള്ളവരെ ദുഷിക്കുകയോ വിമർശിക്കുകയോ അവരുടെ അസാന്നിദ്ധ്യത്തിൽ നിന്ദാപരമായി സംസാരിക്കുകയോ ചെയ്യരുത്; മാത്രമല്ല അത്തരം ദുഷ്പ്രവൃത്തികളിൽ നിന്ന് ഒഴിഞ്ഞുമാറുകയും വേണം.”[4]

118. കൂടാതെ, നൂറ് കോസ് ദൂരമുണ്ടെങ്കിലും, സായി സർവ്വജ്ഞനും എല്ലാവരുടെയും ഹൃദയത്തിലുള്ളത് അറിയുകയും ചെയ്യുന്നു എന്നതിന് തെളിവാണ് ഇത്.

119. അതുമാത്രമല്ല, ഇടയ്ക്കുള്ള മലകൾക്കും പർവ്വതങ്ങൾക്കുമൊന്നും സായിയിൽ നിന്ന് ഒന്നും ഒളിക്കാൻ കഴിയില്ല എന്നതും വ്യക്തമാകുന്നു. വളരെ രഹസ്യമായി ഒളിപ്പിച്ച സ്വകാര്യങ്ങൾ പോലും അദ്ദേഹത്തിന് മുമ്പിൽ വ്യക്തമായിരുന്നു.

120. അത് അങ്ങനെയാകട്ടെ. അന്നുമുതൽ, ഭാവിയിൽ താൻ ആരെയും വിമർശിക്കുകയോ, അപവാദം പറയുകയോ ചെയ്യില്ല എന്ന് വക്കീൽ തീരുമാനിച്ചു. അതായിരുന്നു അയാളുടെ ശപഥം.

121. ‘ഒരുവൻ എവിടെയായാലും എന്ത് ചെയ്താലും, സായി അറിയാതിരിക്കില്ല,’ എന്നത് ഉറപ്പായ കാര്യമായി. ദുഃസ്വഭാവം ഉപേക്ഷിക്കപ്പെട്ടു.

122. സത്കർമ്മങ്ങൾ ചെയ്യണമെന്ന ബോധം അയാളിലുണ്ടായി, എന്തെന്നാൽ, സായി എല്ലാവശങ്ങളിലും കൂടി തന്നെ വീക്ഷിക്കുന്നുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു, സായിയെ കബളിപ്പിക്കാൻ ആർക്കാണ് കഴിയുക? അയാൾക്ക് ഇത് പൂർണ്ണമായും ബോധ്യമായി.

123. ഈ കഥ വക്കീലിനെ സംബന്ധിച്ചതാണെങ്കിലും അത് എല്ലാ തരത്തിലും, എല്ലാ കാലങ്ങളിലും എല്ലാവരുടെ കാര്യത്തിലും അർത്ഥഗർഭമാണ്.

124. വക്കീലന്മാർ, ശ്രോതാക്കൾ, പ്രഭാഷകർ, സായിയുടെ ഭക്തന്മാർ എന്നിവരെല്ലാം ഇതേ പ്രതിജ്ഞ എടുക്കേണ്ടതാണ്. ഞാൻ ആത്മാർത്ഥമായും അതിന് പ്രാർത്ഥിക്കുന്നു.

125. സായിയുടെ കൃപാമേഘം നമ്മളിലെല്ലാം ചൊരിയുമ്പോൾ, നാം സംതൃപ്തരാകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല. ദാഹമനുഭവിക്കുന്നവരുടെയെല്ലാം ദാഹം ശമിക്കും.

126. സായിയുടെ മഹത്വം വർണ്ണനാതീതമാണ്; അദ്ദേഹത്തിന്റെ കഥകളുടെ അർത്ഥം ഗഹനമാണ്; അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ പരിധി അപരിമിതമാണ്. അദ്ദേഹം പരബ്രഹ്മത്തിന്റെ അവതാരമാണ്.

127. ഇപ്പോൾ, വിശ്വാസികളായ ശ്രോതാക്കളേ, അടുത്ത അധ്യായത്തിലെ കഥ ആദരവോടെ ശ്രവിക്കുക. അത് നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കുകയും, മനഃശാന്തി നൽകുകയും ചെയ്യും.

128. സായി സമർത്ഥൻ തന്റെ ഭക്തരുടെ ജീവിതത്തിൽ സംഭവിക്കാനിരിക്കുന്ന ദുരിതങ്ങൾ അറിയുന്നു. ഒരു സാധാരണ സംഭാഷണത്തിന്റെ നടുവിൽ, നർമ്മം

പറഞ്ഞും, ചിരിച്ചും അദ്ദേഹം അവയെ സ്വാഭാവികമെന്നപോലെ ഇല്ലാതാക്കുന്നു.

129. ഭക്തഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു. ഈ വിവരണം ഇവിടെ പൂർത്തിയാകുന്നു. അടുത്ത അധ്യായം ഭക്തരുടെ ക്ലേശങ്ങൾ നിവാരണം ചെയ്യുന്നതിനെക്കുറിച്ചാണ്.

130. ദയാസാഗരമായ സായി, അദ്ദേഹത്തിന്റെ ഭക്തർക്ക് സംഭവിക്കാൻ പോകുന്ന കൊടിയ ആപത്തുകളെപ്പറ്റി അറിഞ്ഞിരുന്നത് എങ്ങനെയെന്നും സമയോചിതമായ മുന്നറിയിപ്പിലൂടെ അദ്ദേഹം അവ ഒഴിവാക്കിയത് എങ്ങനെ എന്നും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ ഇരുപത്തിഒന്നാം അധ്യായം "അനുഗ്രഹം നൽകൽ" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. പഞ്ചദശിയുടെ ഹിന്ദിയിലുള്ള വിവർത്തനം, 1849-ൽ ചെയ്തത്. അത് മറ്റ് ഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.
2. മറാത്തിയിൽ ഒരു ചൊല്ലുണ്ട്. "വായ കമഴ്ത്തി വച്ച ഒരു കുടത്തിൽ വെള്ളം ഒഴിക്കുന്നത് പോലെ."
3. ഗണേശ് ദാമോദർ കേൽക്കാർ അഥവാ ദാദാ കേൽക്കാർ.
4. അഞ്ജനവേൽ എന്ന സ്ഥലത്തുള്ള മഥുർദാസ് മഹാരാജിന്റെ ദർശനത്തിനെത്തി. ഷിർദിയിൽ, സഗുൺ എന്ന് പേരായ ഒരു ഭക്ഷണശാലയുടമയുടെ കൂടെയാണ് അയാൾ താമസിച്ചത്. ഒരിക്കൽ സഗുണും മഥുർദാസും തമ്മിൽ സംസാരിക്കവേ, ചിലരെക്കുറിച്ചുള്ള വിമർശനം ഉണ്ടായി. പിന്നീട് മഥുർദാസ് മഹാരാജിന്റെ അടുത്തെത്തി. അയാൾ ഇരുന്നയുടൻ മഹാരാജ് ചോദിച്ചു, "എന്താണ് സഗുൺ പറഞ്ഞത്?" മഥുർദാസ് ലജ്ജിക്കുകയും, സഗുണുമായുണ്ടായ സംസാരമെല്ലാം മഹാരാജ് അംഗീകരിച്ചിട്ടില്ല എന്ന് മനസ്സിലാക്കുകയും ചെയ്തു. ആരെക്കുറിച്ചും വിമർശിക്കരുതെന്നും, അത്തരം സംസാരങ്ങൾക്ക് ചെവി കൊടുക്കരുതെന്നുമുള്ള പാഠം മഥുർദാസ് ഗ്രഹിച്ചു.

## 22

# അപമൃത്യു ഒഴിവാക്കുന്നത്

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സന്തോഷമേഘമായ സദ്ഗുരുവിന് വന്ദനം! ശ്രേഷ്ഠജ്ഞാനത്തിന്റെ സ്വരൂപവും, ദിവ്യന്മാരിൽ ദിവ്യനും! ലോകഭയം ഇല്ലാതാക്കുകയും കലിയുഗത്തിലെ പാപങ്ങളെ എരിയിച്ച് നശിപ്പിക്കുകയും ചെയ്യുന്ന അങ്ങേയ്ക്ക് വന്ദനം!
2. അങ്ങ്, വിവിധ വികാരങ്ങളാകുന്ന തിരമാലകൾ ഉയരുന്ന പരമാനന്ദത്തിന്റെ സാഗരമാണ്. അവയെ നിയന്ത്രിക്കുന്നതും അങ്ങ് തന്നെയാണ്. അങ്ങയുടെ ഭക്തരെ അനുഗ്രഹിക്കുക.
3. മങ്ങിയ ഇരുട്ടിൽ അബദ്ധത്തിൽ പാമ്പാണെന്ന് തോന്നുന്നത് പകൽവെളിച്ചത്തിൽ കയറാണെന്ന് തിരിച്ചറിയും. മങ്ങിയ ഇരുട്ടും പകൽ വെളിച്ചവും അങ്ങയുടെ സൃഷ്ടികളാണ്.
4. പാമ്പ് ഉണ്ടെന്നുള്ള ധാരണയ്ക്ക് ജന്മം നൽകുന്നത് അങ്ങാണ്; ആ രൂപത്തെ കയറാക്കി മാറ്റുന്നതും അങ്ങാണ്. ഭയത്തിന്റെ ജനയിതാവും ഒടുവിൽ ആ ഭയം ഇല്ലാതാക്കുന്നതും അങ്ങ് തന്നെയാണ്.
5. കാലത്തിന്റെ തുടക്കത്തിൽ, പൂർണ്ണമായ അന്ധകാരം മാത്രമാണുള്ളത്. അപ്പോൾ പാമ്പോ, കയറോ എന്നല്ല ഒരു തരത്തിലുള്ള തോന്നലുകൾക്കും സാധ്യതയില്ല, രൂപമില്ലാത്ത ആ അവസ്ഥ പോലും അങ്ങാണ്.
6. പിന്നീട്, മങ്ങിയ ഇരുട്ടിൽ രൂപമില്ലായ്മ രൂപമുള്ള അവസ്ഥയിലെത്തുമ്പോൾ, അത് പാമ്പ് എന്ന തെറ്റായ ധാരണ ഉണ്ടാക്കുന്നു. അതും അങ്ങ് ആണ് സൃഷ്ടിക്കുന്നത്.
7. കാണപ്പെടലും മറയലും എന്ന ഈ തോന്നൽ അങ്ങയുടെ വിവിധ ഗുണങ്ങളുടെ ലീലയാൽ ഉണ്ടാകുന്നതാണ്. അങ്ങയുടെ യഥാർത്ഥ പ്രകൃതം ഇവ രണ്ടിൽ നിന്നും വിഭിന്നമാണ് – അസ്തിത്വവും അസ്തിത്വമില്ലായ്മയും. അതിനാൽ ആർക്കും അങ്ങയെ അറിയാൻ കഴിയില്ല.
8. ശ്രുതികൾ ഇതേക്കുറിച്ച് മൗനം പാലിക്കുന്നു. ശേഷൻ (പുരാണങ്ങളിൽ വർണ്ണിച്ചിട്ടുള്ള നാഗം) പോലും, തന്റെ ആയിരം നാവുകൾ അപര്യാപ്തമാണെന്ന് കണ്ടു. അപ്പോൾ അത് ഗ്രഹിക്കാൻ ഞാൻ ആരാണ്?

9. ബാബാ, അങ്ങയുടെ ദർശനമല്ലാതെ മറ്റൊന്നും എന്നെ തൃപ്തിപ്പെടുത്തുന്നില്ല. എല്ലാ സമയവും, അങ്ങയുടെ രൂപം എന്റെ കണ്ണുകൾക്ക് മുമ്പിൽ സൂക്ഷിച്ച് അതിൽ ധ്യാനിക്കണമെന്ന് എനിക്ക് തോന്നുന്നു.

10. അങ്ങ് ജ്ഞാനസ്വരൂപമാണ്. അങ്ങയുടെ പാദങ്ങളല്ലാതെ, സന്തോഷമെന്ന ലക്ഷ്യം നേടാൻ ഞങ്ങൾക്ക് മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല.

11. ഓ, അങ്ങ് ഇരിപ്പിടത്തിലുള്ളപ്പോൾ, പരിചിതമായ ആ ഇരിപ്പ് എത്ര ആകർഷണീയമാണ്! അനേകം ഭക്തന്മാർ അങ്ങയുടെ ദർശനത്തിനെത്തി അവരുടെ ശിരസ്സ് അങ്ങയുടെ പാദങ്ങളിൽ അർപ്പിച്ച്, സ്നേഹത്തോടെ സന്തോഷത്തിൽ മുഴുകുന്നു.

12. അപ്പോൾ അങ്ങയുടെ പാദങ്ങൾ എങ്ങനെയാണ് കാണപ്പെടുന്നത്? രണ്ട് മരച്ചില്ലകൾക്കിടയിലെ ചന്ദ്രനെപ്പോലെയാണ്, അങ്ങയുടെ വിരലുകൾക്കിടയിൽ പിടിച്ചിരിക്കുന്ന തള്ളവിരൽ. അത് ദർശനത്തിനുള്ള ആഗ്രഹത്തെ സഫലമാക്കുന്നു.

13. ചന്ദ്രമാസത്തിലെ കറുത്തപക്ഷത്തിന്റെ ഒടുവിൽ, അമാവാസിയുടെ അവസാനദിവസം കഴിയുമ്പോൾ, ജനങ്ങളെല്ലാം ചന്ദ്രനെ ദർശിക്കാൻ ഉത്സുകരായിരിക്കും.

14. ചന്ദ്രമാസത്തിലെ വെളുത്തപക്ഷം തുടങ്ങുമ്പോൾ ചന്ദ്രനെ കാണാമെന്നുള്ള പ്രതീക്ഷയുണ്ടാകുകയും എല്ലാവരും പടിഞ്ഞാറ് ദിശയിൽ ആകാശത്തേയ്ക്ക് ഉത്സാഹത്തോടെ നോക്കുകയും ചെയ്യുന്നു.

15. അങ്ങ് വലത് കാൽ മടക്കി ഇടത് തുടയിൽ കുറുകെ വച്ച് ഇരിക്കുമ്പോൾ, അങ്ങയുടെ ഭക്തരുടെ ആ തീവ്രാഭിലാഷം സഫലമാകുന്നു.

16. ഇടത് കരത്തിലെ ചൂണ്ടുവിരലും നടുവിരലും (V-ആകൃതിയിൽ) കൂടി വലത് പാദത്തിൽ പിടിച്ചിരിക്കുകയും, പാദത്തിന്റെ പെരുവിരലിന്റെ നഖം തള്ളവിരലിനോട് അടുത്തുമായിരിക്കും. അത് രണ്ടാമത്തെ ദിവസത്തെ ചന്ദ്രനെപ്പോലെ ശോഭിക്കുന്നു.

17. ജനങ്ങൾക്ക് ചന്ദ്രനെ കാണാൻ വളരെ ആഗ്രഹമാണ്. പക്ഷേ, ആകാശത്ത് ചന്ദ്രനെ കാണാൻ കഴിഞ്ഞില്ലെങ്കിൽ അറിവുള്ളവർ നിങ്ങളോട്, നിങ്ങളുടെ വിരലുകൾക്കിടയിലൂടെ നോക്കാൻ നിർദ്ദേശിക്കും.

18. എന്നിട്ട് പറയും: "ഇപ്പോൾ ഈ സ്ഥലത്ത് കൂടി നോക്കൂ. നിങ്ങൾക്ക് ചന്ദ്രനെ നിങ്ങളുടെ മുമ്പിൽ കാണാൻ കഴിയും. ചന്ദ്രക്കല വളരെ ചെറുതാണെങ്കിലും നിങ്ങൾക്ക് അതിനെ അതേ സ്ഥാനത്ത് കാണാൻ കഴിയും."

19. ആ പെരുവിരലിന്റെ മഹത്വം വളരെ ശ്രേഷ്ഠമാണ്. അങ്ങ് സ്വയം വേണിമാധവൻ[1] ആയി, ഗംഗായമുനയെ സൃഷ്ടിച്ച് ദാസ്ഗനു[2]വിനെ സംതൃപ്തനാക്കി.

20. പ്രയാഗയിൽ സ്നാനം ചെയ്യാനായി അയാൾ അനുവാദം ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: "എന്റെ ഈ പെരുവിരൽ പ്രയാഗയാണെന്ന് ഗ്രഹിക്കുക. അത് വിശ്വസിച്ചുകൊണ്ട് ഇവിടെ സ്നാനം ചെയ്യുക."

21. ബാബ ഇങ്ങനെ പറഞ്ഞയുടനെ ദാസ്ഗനു, തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ

പാദങ്ങളിൽ ചേർക്കുകയും, അദ്ദേഹത്തിന്റെ രണ്ടു വിരലുകൾക്കിടയിൽ നിന്നും ഗംഗായമുനാ ജലങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു.

22. ഈ സംഭവത്തെക്കുറിച്ച് ദാസ്ഗനു ഒരു ഗാനം എഴുതുകയുണ്ടായി, "അങ്ങയുടെ ശക്തി അപരിമിതമാണ്, അങ്ങയുടെ ലീലകൾ അദ്ഭുതകരവും" എന്ന് തുടങ്ങുന്ന വാക്കുകളോടെ. ശ്രോതാക്കൾക്ക് അത് ശ്രവിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ,

23. അവർക്ക് അത് സായിസച്ചരിതത്തിലെ നാലാമത്തെ അധ്യായത്തിൽ കാണാം. ദാസ്ഗനു അത് സ്വയം ആലപിക്കുകയുണ്ടായി. ശ്രോതാക്കൾ അത് വീണ്ടും ആലപിക്കുകയാണെങ്കിൽ, അവർ അത് വീണ്ടും ആസ്വദിക്കും.

24. അതിനാൽ, രണ്ട് മരച്ചില്ലകൾക്കിടയിലൂടെ ചന്ദ്രനെ കാണുന്നതുപോലെ, ചൂണ്ടുവിരലും നടുവിരലും പാദത്തിലെ പെരുവിരലിൽ വച്ചുകൊണ്ട്, തന്റെ ഭക്തർക്ക് ധ്യാനത്തിനുള്ള ഒരു എളുപ്പമാർഗ്ഗം കാട്ടുകയാണ് സായിമാതാവ്.

25. സകലരുടെയും മുമ്പിൽ വിനീതരാകാൻ ഈ പെരുവിരലിൽ ധ്യാനിക്കുക എന്ന് നമ്മോട് പറയാനാണ് ഇത്. ഇത് വളരെ സുഗമമായ ഭക്തിമാർഗ്ഗമാണ്.

26. ഇപ്പോൾ നമ്മൾ, എങ്ങനെയാണ് ഭക്തർ അനുഗ്രഹിക്കപ്പെട്ടതെന്ന പൂർവ്വകഥാഭാഗത്തിലേയ്ക്ക് തിരിച്ചുപോകും. അസാധാരണമായ ഈ കഥയുടെ അടുത്ത ഭാഗം ശ്രദ്ധിക്കുക.

27. ബാബ കാരണം ഷിർദി ഒരു പുണ്യസ്ഥലമായി; പുണ്യസ്ഥലങ്ങളിൽ വച്ചേറ്റവും പുണ്യം. ധാർമ്മികരും പുണ്യം നേടണമെന്ന് ആഗ്രഹമുള്ളവരുമായ ഭക്തർ പകലും രാത്രിയും അവിടേയ്ക്ക് ഒഴുകിയെത്തി.

28. ഷിർദിയിൽ അവതരിച്ച സായി എന്ന കൽപ്പവൃക്ഷത്തിന്റെ ഫലങ്ങൾക്ക് വ്യക്തിപരമായോ മറ്റുള്ളവരുടെ അനുഭവങ്ങളിൽ കൂടിയോ, പത്ത് ദിശകളിലുള്ള ജനങ്ങളും സാക്ഷ്യം വഹിച്ചു.

29. അദ്ദേഹം ധനികനെയും ദരിദ്രനെയും ഒരേപോലെ കാണുകയും അസാധാരണമായ പ്രാഗല്ഭ്യത്തോടെ ഭക്തരുടെ ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്തു.

30. എത്ര പരിശുദ്ധവും സ്നേഹമയവുമായ പ്രകൃതം! അദ്ദേഹത്തിന്റെ സ്വാഭാവികമായ വിവേകവും അതിരില്ലാത്ത സാഹോദര്യവും (എല്ലാവരെയും സമഭാവനയോട് വീക്ഷിച്ചു)! അത് അനുഭവിക്കാൻ ഇടയായവർ അനുഗൃഹീതരാണ്.

31. ചിലപ്പോൾ അദ്ദേഹം നിശ്ശബ്ദനായിരുന്നു, അതുതന്നെ ബ്രഹ്മനെക്കുറിച്ചുള്ള ഒരു ദീർഘമായ പ്രഭാഷണമായിരുന്നു. ചിലപ്പോൾ അദ്ദേഹം ഭക്തന്മാരാൽ ചുറ്റപ്പെട്ട് കാണുമ്പോൾ, അദ്ദേഹം സന്തോഷമേഘമായ പരമാത്മചൈതന്യമാണ്.

32. ചിലപ്പോൾ അദ്ദേഹത്തിന്റെ സംഭാഷണം ഗഹനവും രഹസ്യവുമായ അർത്ഥങ്ങൾ നിറഞ്ഞതായിരിക്കും. ചിലപ്പോൾ അദ്ദേഹം ഫലിതരൂപേണ സംസാരിക്കുന്നു; മറ്റ് ചിലപ്പോൾ അദ്ദേഹം പരോക്ഷമായ സംസാരം വെടിഞ്ഞ് ദേഷ്യത്തോടെ വെട്ടിത്തുറന്ന് സംസാരിക്കും.

33. ചിലപ്പോൾ അദ്ദേഹം മനസ്സിലെ വികാരങ്ങൾ തുറന്ന് കാട്ടും; ചിലപ്പോൾ സംയ

മനം പാലിക്കും; ചിലപ്പോൾ മയമില്ലാതെ തുറന്ന് സംസാരിക്കും – ഇത്തരത്തിൽ വ്യത്യസ്തരീതിയിൽ, വിവിധ ജനങ്ങളോട് വ്യത്യസ്ത കാര്യങ്ങൾ അദ്ദേഹം ഉപദേശിച്ചു.

34. ഇത്തരത്തിലായിരുന്നു സായിസമർത്ഥരുടെ പെരുമാറ്റരീതികൾ – അത് മനസ്സ്, ബുദ്ധി, ഭാഷണം എന്നിവയ്ക്ക് അതീതമായിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾ ഗ്രഹിക്കാനാകാത്തതാണ് – അവ അപ്രതീക്ഷിതവും ഗഹനവും പെട്ടെന്ന് ഉണ്ടാകുന്നവയുമാണ്.

35. അദ്ദേഹത്തിന്റെ മുഖം ദർശിക്കാനും അദ്ദേഹത്തോട് സംസാരിക്കാനും, അദ്ദേഹത്തിന്റെ ലീലകൾ കേൾക്കാനുമുള്ള നമ്മുടെ ആഗ്രഹങ്ങൾ ഒരിക്കലും സംതൃപ്തമായിട്ടില്ല. എന്നിട്ടും ഞങ്ങൾ അതീവ സന്തോഷവാന്മാരാണ്.

36. ഒരുവന് മഴത്തുള്ളികൾ എണ്ണാൻ കഴിയും; കാറ്റിനെ ഒരു തുകൽസഞ്ചി[3]യിൽ കെട്ടിയെടുക്കാൻ കഴിയും; പക്ഷേ എങ്ങനെയാണ് ഒരുവന് അദ്ദേഹത്തിന്റെ കഴിവുകൾ അളക്കാൻ കഴിയുക.

37. അത് അങ്ങനെയാകട്ടെ. തന്റെ ഭക്തരുടെ സുരക്ഷയെക്കുറിച്ച് സായി എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നും അവരുടെ അതികഠിനമായ ക്ലേശങ്ങളെ അദ്ദേഹം എങ്ങനെ ഇല്ലാതാക്കി എന്നുമുള്ള കഥ തുടർന്ന് ഇപ്പോൾ ശ്രവിക്കുക.

38. ഒപ്പം തന്റെ ഭക്തർക്ക് സംഭവിക്കാൻ പോകുന്ന ആപത്തുകളെപ്പറ്റി മുൻകൂട്ടി പ്രവചിക്കുകയും, സമയോചിതമായി ആശ്വാസം നൽകുകയും, ആപത്തുകളിൽ നിന്ന് രക്ഷിക്കുകയും തന്റെ പാദങ്ങളിൽ അഭയം നൽകുകയും ചെയ്യും. അപ്രകാരം അവരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കാൻ അദ്ദേഹം എല്ലായ്പ്പോഴും സന്നദ്ധനായിരുന്നു.

39. ഇപ്പറഞ്ഞതിനെ തെളിയിക്കുന്ന ഒരു സംഭവം ഇപ്പോൾ വിവരിക്കുന്നത്, അത് കേൾക്കാൻ ഉത്സുകരായവരെ തൃപ്തരാക്കും. അത് സായിയുടെ സമീപത്ത് വർത്തിക്കുന്നതിന്റെ ആഹ്ലാദം നൽകുകയും, ഭക്തരുടെ വിശ്വാസത്തെ ദൃഢമാക്കുകയും ചെയ്യും.

40. ഒരു മനുഷ്യൻ എത്രമാത്രം അധഃപതിച്ചവനെന്നോ, ദരിദ്രനെന്നോ, അജ്ഞാനിയെന്നോ ഉള്ളത് ഒരു പ്രശ്നമേയല്ല. അയാൾക്ക് സായിയുടെ കഥകൾ ശ്രവിക്കാൻ താല്പര്യമുണ്ടാകുകയും, അവൻ നിരന്തരം സായിനാമം ജപിക്കുകയും ചെയ്താൽ സായി അവനെ ഭവസാഗരം കടക്കാൻ സഹായിക്കും.

41. അഹമ്മദ്നഗറിൽ നിന്നുള്ള കാക്കാസാഹേബ് മിരിക്കാരിൽ സംതൃപ്തി ഉണ്ടായതിനാൽ സർക്കാർ അയാൾക്ക് സർദാർ എന്ന സ്ഥാനപ്പേര് നൽകി.

42. അയാളുടെ മകൻ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനും കോപർഗാവണിലെ മംലത്ത്ദാരും ആയിരുന്നു. ഔദ്യോഗികകാര്യങ്ങൾക്കായി ചിതലി[4]യിലേയ്ക്ക് യാത്ര പോകവേ അയാൾ ദർശനത്തിനായി ഷിർദിയിലെത്തി.

43. അയാൾ മസ്ജിദിൽ എത്തി, അവിടെ ഇരിക്കുകയും ബാബയുടെ പാദങ്ങളിൽ വന്ദിക്കുകയും ചെയ്തു. അവർ ആരോഗ്യത്തെക്കുറിച്ചും പൊതുവേയുള്ള

ക്ഷേമത്തെക്കുറിച്ചും കുശലാന്വേഷണങ്ങൾ നടത്തിക്കൊണ്ട് സംസാരിച്ചു.

44. മാധവറാവു ഉൾപ്പെടെ ഒരു സംഘം ആളുകൾ അവിടെ സന്നിഹിതരായിരുന്നു. അതിശയകരമായ കഥയുടെ അമൃത് ഇപ്പോൾ ശ്രദ്ധയോടെ നുകരുക.

45. എങ്ങനെയാണ് ഭാവിക്ലേശങ്ങൾ പ്രവചിക്കപ്പെട്ടത്; എങ്ങനെയാണ് അവ ഒഴിവാക്കാൻ അദ്ദേഹം ശ്രമിച്ചത്; എങ്ങനെയാണ് അദ്ദേഹം ഭക്തരെ സംരക്ഷിച്ചത് – ബാബയുടെ ഈ ലീലകളെല്ലാം അതിശയകരമാണ്.

46. ആ സമയത്ത് ബാബ മിരിക്കാരോട് കൗതുകകരമായ ഒരു ചോദ്യം ചോദിച്ചു. "ഓ, ഇത് ഞങ്ങളുടെ ദ്വാരകാമായി ആണ്. നിനക്ക് അത് അറിയാമോ?"

47. ബാലാസാഹേബിന് ആ ചോദ്യം മനസ്സിലായതേ ഇല്ല. ബാബ പറഞ്ഞു: "ഇപ്പോൾ നോക്കൂ! ഇത് ഞങ്ങളുടെ ദ്വാരകാമായി ആണ്.

48. "ഇതാണ് ഞങ്ങളുടെ ദ്വാരകാമായി! മസ്ജിദിന്റെ മടിത്തട്ടിൽ ഇരിക്കുമ്പോൾ, അവൾ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു, പിന്നീട് വ്യാകുലപ്പെടേണ്ട കാര്യമേ ഉദിക്കുന്നില്ല.

49. "ഈ മസ്ജിദുമായി വളരെ കൃപയുള്ളവളാണ്. നിഷ്കളങ്കരും വിശ്വാസമുള്ളവരുമായ സകല ഭക്തരുടെയും മാതാവാണ് അവൾ. ആർക്ക് എന്ത് ക്ലേശങ്ങളുണ്ടായാലും, അവൾ ഉടൻ സംരക്ഷിക്കും.

50. "ഒരിക്കൽ, ഒരു മനുഷ്യൻ അവളുടെ മടിത്തട്ടിൽ അഭയം തേടിയാൽ അവന്റെ സകല വിഷമതകളും ഇല്ലാതെയാകും. അവളുടെ തണലിൽ വിശ്രമിക്കുന്നവൻ, സന്തോഷത്തിന്റെ സിംഹാസനത്തിലിരിക്കും.

51. "ഇതാണ് ആ ദ്വാരക, ദ്വാരകാവതി!" പിന്നീട് ബാബ അയാൾക്ക് ഉധി നൽകുകയും, തന്റെ അഭയഹസ്തം അയാളുടെ ശിരസ്സിൽ വയ്ക്കുകയും ചെയ്തു. അതിനുശേഷം മിരിക്കാർ യാത്ര പുറപ്പെടാനായി എഴുന്നേറ്റു.

52. ബാബ വീണ്ടും മിരിക്കാരോട് ഒരു ചോദ്യമുന്നയിച്ചു: "നിനക്ക് നീളമുള്ള 'ബാവ'യെ (സർപ്പം) അറിയാമോ? അതിന്റെ രഹസ്യശക്തികളെക്കുറിച്ചും?"

53. പിന്നീട് അദ്ദേഹം തന്റെ കൈത്തലം മടക്കിയശേഷം, ഇടത് കരം, വലത് കൈമുട്ടിന്റെ അടുത്ത് കൊണ്ടുവന്ന് പിടിച്ചുകൊണ്ട് വലത് കരം വശങ്ങളിലേക്ക് ചുറ്റും ചലിപ്പിച്ച് കൊണ്ട് പറഞ്ഞു: "അവൻ ഇത് പോലെ ഭീകരനാണ്!"

54. "പക്ഷേ അവന് നമ്മളോട് എന്ത് ചെയ്യാൻ കഴിയും? ഞങ്ങൾ ദ്വാരകാമായിയുടെ കുഞ്ഞുങ്ങളാണ്. ആർക്കും അവളുടെ ലീലകൾ ഗ്രഹിക്കാൻ കഴിയില്ല. അവളുടെ അദ്ഭുതപ്രവൃത്തികൾ നിശ്ശബ്ദമായി വീക്ഷിക്കുക.

55. "ദ്വാരകാമായി സംരക്ഷിക്കാനുള്ളപ്പോൾ നീളമുള്ള ബാവ എങ്ങനെയാണ് ആക്രമിക്കാൻ ധൈര്യപ്പെടുക? ആക്രമണകാരിയുടെ ശക്തി, രക്ഷകന്റെ ശക്തിയുമായി താരതമ്യം ചെയ്യാൻ കഴിയില്ല. അത് എങ്ങനെയാണ് വർണ്ണിക്കുക!"

56. ഈ സമയത്ത്, എന്തുകൊണ്ടാണ് ബാബ ഇതൊക്കെ വിവരിക്കുന്നത്? എങ്ങനെയാണ് മിരിക്കാർ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നത്? എല്ലാവരും ഇതറിയാൻ ഉത്സുകരായിരുന്നു.

57. അയാൾക്ക് ബാബയോട് ചോദിക്കാനുള്ള ധൈര്യമുണ്ടായില്ല. അതിനാൽ അയാൾ തന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അർപ്പിക്കുകയും, ചിത ലിയിൽ എത്താൻ അയാൾ വൈകുകയാണെന്നും പറഞ്ഞുകൊണ്ട് പടികൾ ഇറങ്ങി.

58. മാധവറാവുവും അയാൾക്കൊപ്പമുണ്ടായിരുന്നു. രണ്ടുപേരും മുറ്റത്തിന്റെ വാതിൽക്കൽ എത്തിയപ്പോൾ, ബാബ മാധവറാവുവിനെ തിരികെ വിളിച്ചു "ഒരു നിമിഷം ഇങ്ങോട്ട് വരിക."

59. "ശാമാ, നീ കൂടി അയാളുടെ ഒപ്പം പോകാൻ തയ്യാറാകുക. ചിതലിയിലേയ്ക്ക് ഒരു യാത്ര പോകുക. നീ അത് വളരെ ആസ്വദിക്കും."

60. പെട്ടെന്ന് ശാമ പടികൾ ഇറങ്ങി. മിരിക്കാറുടെ സമീപത്തെത്തി. അയാൾ പറഞ്ഞു: "നിങ്ങളുടെ ടോംഗയിൽ നിങ്ങളോടൊപ്പം ഞാനും ചിതലിയിലേക്ക് വരേണ്ടിയിരിക്കുന്നു.

61. ഞാൻ ഗൃഹത്തിൽ പോയി, തയ്യാറെടുപ്പുകൾ നടത്തി പെട്ടെന്ന് തിരിച്ചെത്താം. ഞാൻ നിങ്ങളോടൊപ്പം ചിതലിയിലേയ്ക്ക് പോകണമെന്ന് ബാബ പറയു ന്നു."

62. മിരിക്കാർ അയാളോട് പറഞ്ഞു: "ഇത്രയും ദൂരം ചിതലിയിൽ എത്തി, നിങ്ങൾ എന്ത് ചെയ്യാനാണ്? അത് നിങ്ങൾക്ക് അനാവശ്യമായ ഒരു ബുദ്ധിമുട്ട് ആകും."

63. മാധവറാവു തിരിച്ചെത്തി സംഭവിച്ചത് എന്താണെന്ന് ബാബയോട് പറഞ്ഞു. ബാബ പറഞ്ഞു: "അങ്ങനെയാകട്ടെ. നിനക്ക് എന്താണ് നഷ്ടമുണ്ടാകുക?"

64. "മന്ത്രം, തീർത്ഥം, ബ്രാഹ്മണൻ, ഈശ്വരൻ, ജ്യോതിഷി, വൈദ്യൻ, ഗുരു – ഇവരുടെയെല്ലാം കാര്യത്തിൽ നിനക്ക് ഇവരിലുള്ള വിശ്വാസത്തിന്റെ തോത നുസരിച്ചായിരിക്കും നിനക്ക് നേട്ടമുണ്ടാകുന്നത്.

65. "നമ്മൾ എല്ലായ്പ്പോഴും നല്ലത് സംഭവിക്കാൻ ആഗ്രഹിക്കുകയും അതിനനു സരിച്ച് ഉചിതമായ ഉപദേശം നൽകുകയും വേണം. എങ്കിൽപ്പോലും വിധിവ ശാൽ സംഭവിക്കേണ്ടത് സംഭവിക്കും."

66. പക്ഷേ, ഇതിനിടയ്ക്ക്, മിരിക്കാറിന് തന്റെ തീരുമാനത്തെക്കുറിച്ച് സംശയമുണ്ടാ കുകയും, ബാബയുടെ വാക്കുകൾ അനുസരിക്കണമെന്ന് ചിന്തിക്കുകയും ചെയ്തു. അതിനാൽ അയാൾ മാധവറാവുവിനോട് നിശ്ശബ്ദമായി ഒരു ആംഗ്യം കാണിച്ചുകൊണ്ട് അയാളോടൊപ്പം ചിതലിയിലേയ്ക്ക് പോകാൻ ആവശ്യപ്പെട്ടു.

67. പക്ഷേ, മാധവറാവു പറഞ്ഞു: "കുറച്ചുനേരം കാത്തു നിൽക്കുക. ഞാൻ വരാം. ഞാൻ വീണ്ടും ബാബയോട് അനുവാദം ചോദിക്കാം. അദ്ദേഹം ശരി എന്ന് പറയുകയാണെങ്കിൽ ഞാൻ ഉടനെ തിരിച്ചെത്തും. ഞാൻ പെട്ടെന്ന് തിരിച്ചുവരാം.

68. "ഞാൻ നിങ്ങളോടൊപ്പം വരാൻ തുടങ്ങിയതായിരുന്നു. പക്ഷേ, നിങ്ങൾ എന്നെ തിരികെ വിട്ടു. അപ്പോൾ ബാബ പറഞ്ഞു; 'അങ്ങനെയാകട്ടെ, നിനക്ക് എന്താണ് നഷ്ടമുണ്ടാകുക,' എന്നിട്ട് അദ്ദേഹം എന്നോട് സ്വസ്ഥമായി ഇരി ക്കാൻ പറഞ്ഞു.

69. "ഇപ്പോൾ ഞാൻ വീണ്ടും അദ്ദേഹത്തെ കാണണം. അദ്ദേഹം സമ്മതിക്കുക യാണെങ്കിൽ ഞാൻ പെട്ടെന്ന് തിരിച്ചെത്തും. ഞാൻ അദ്ദേഹം പറയുന്നത് അതേപോലെ ചെയ്യും. ഞാൻ അദ്ദേഹത്തിന്റെ വിനീതസേവകനാണ്."

70. പിന്നീട് അയാൾ ബാബയുടെ അടുത്തെത്തി. മിരിക്കാർ അയാളെ, അയാളോ ടൊപ്പം ചിതലിയിലേയ്ക്ക് പോകാൻ ക്ഷണിക്കുന്നു എന്നും, അദ്ദേഹത്തിന്റെ അനുവാദം ആവശ്യപ്പെടുകയാണെന്നും പറഞ്ഞു.

71. ബാബ പുഞ്ചിരിയോടെ പറഞ്ഞു: "ശരി, അയാൾ നിന്നെ കൂട്ടിക്കൊണ്ട് പോകു മെങ്കിൽ നീ പോകുക. അവളുടെ പേര് മസ്ജിദ്മായി എന്നാണ്. അവൾ ഒരി ക്കലും അവളുടെ സൽപ്പേരിന് കളങ്കം വരാൻ അനുവദിക്കില്ല.

72. "എന്തായാലും ഒരു മാതാവ് എല്ലായ്പ്പോഴും മാതാവ് തന്നെയായിരിക്കും. മക്കളോട് വളരെ സ്നേഹവും ദയയും ഉണ്ടായിരിക്കും. പക്ഷേ, മക്കൾക്ക് വിശ്വാസമില്ല എന്ന് വരികയാണെങ്കിൽ എങ്ങനെയാണ് അവൾക്ക് അവരെ സംരക്ഷിക്കാൻ കഴിയുക?"

73. പിന്നീട് മാധവറാവു ബാബയെ വണങ്ങി. ടോംഗയിൽ കയറാൻ വേണ്ടി മിരി ക്കാർ [6] കാത്തുനിൽക്കുന്നിടത്തെത്തി.

74. ഇരുവരും ചിതലിയിലെത്തി. അന്വേഷണത്തിൽ, എത്തേണ്ടിയിരുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥൻ അത് വരെയും എത്തിയിട്ടില്ല എന്ന് അറിഞ്ഞു. അതി നാൽ അവർ സ്വസ്ഥമായി കാത്തിരുന്നു.

75. മാരുതിക്ഷേത്രത്തിൽ താമസിക്കാനുള്ള ഒരു സ്ഥലമുണ്ടായിരുന്നു. അതിനാൽ രണ്ടുപേരും ഉടൻ തന്നെ ആ സ്ഥലത്തേയ്ക്ക് തിരിച്ചു.

76. രാത്രി വളരെ വൈകുകയും ഏകദേശം പത്തുമണിയാകുകയും ചെയ്തു. അവർ, അവരുടെ പരുത്തിനൂലിൽ നിർമ്മിതമായ പരവതാനികളും, കിടക്കയും തലയിണയും വിരിച്ച് വിളക്കിന്റെ വെളിച്ചത്തിൽ സംസാരിച്ചിരുന്നു.

77. അവിടെ ഒരു ദിനപത്രം കിടക്കുന്നുണ്ടായിരുന്നു. മിരിക്കാർ അത് തുറന്ന് വായി ക്കാൻ തുടങ്ങി. അയാൾ ഒരു പ്രത്യേക വാർത്തയിൽ ബദ്ധശ്രദ്ധനായി. അപ്പോൾ ഒരു വിചിത്രസംഭവമുണ്ടായി.

78. ദൗർഭാഗ്യകരമായ ആ നേരത്ത്, ആരും അറിയാതെ എവിടെ നിന്നോ ഒരു പാമ്പ് അവിടെ എത്തി, ആരുടെയും ശ്രദ്ധയിൽപ്പെടാതെ ചുരുണ്ടുകൂടി.

79. മിരിക്കാറുടെ അരയിൽ കിടക്കുകയായിരുന്ന, മൃദുവായ മേൽവസ്ത്രത്തിന്റെ ഒരറ്റത്ത് അത് നിശ്ശബ്ദമായി സമാധാനത്തോടെ ഇരുന്നു.

80. അത് നിശ്ശബ്ദമായി എത്തിയപ്പോൾ, ദിനപത്രത്തിന്റെ കിരുകിരുപ്പ് ശബ്ദം കാരണം, അത് ഉണ്ടാക്കിയ ശബ്ദം കേൾക്കാൻ കഴിയാതെ പോയതായിരി ക്കാം. അതിനാൽ ആർക്കും പാമ്പിനെക്കുറിച്ചുള്ള സംശയങ്ങളൊന്നും ഉണ്ടാ യിരുന്നില്ല.

81. സാഹചര്യം ഇത്രത്തോളം പ്രക്ഷുബ്ധമാണെങ്കിലും വാർത്തകളിൽ മുഴുകി യിരുന്നതിനാൽ മിരിക്കാർ ഇതൊന്നും അറിഞ്ഞില്ല. പക്ഷേ അയാളുടെ ശി പായിയുടെ സംശയങ്ങൾ ഉണർന്നു.

82. 'എവിടെ നിന്നാണ് ഈ ശബ്ദം വരുന്നത്? ഇത് എന്ത് ശബ്ദമാണ്, എന്താണിതിന്റെ കാരണം?' ഇങ്ങനെ ചിന്തിച്ചുകൊണ്ട് ശിപായി വിളക്ക് അല്പമൊന്ന് ഉയർത്തി, ഹോ! അയാൾ നീളൻ മഹാരാജാവിനെ കണ്ടു!

83. അതിനെ കണ്ടയുടൻ അയാൾ ഭയംകൊണ്ട് പരിഭ്രാന്തനായി; അയാൾ പതുക്കെ വിളിച്ചുപറഞ്ഞു, "പാമ്പ്, ഒരു പാമ്പ്!" അപ്പോൾ മിരിക്കാറിന് സംഭ്രമമുണ്ടാകുകയും, അയാളുടെ ദേഹം മുഴുവൻ വിറയ്ക്കുകയും ചെയ്തു.

84. ശാമറാവുവും ആശ്ചര്യപ്പെട്ടു. അയാൾ സ്വയം പറഞ്ഞു: "ബാബാ, അങ്ങ് എന്താണ് ചെയ്തിരിക്കുന്നത്? എവിടെ നിന്നാണ് ഈ ആപത്തിനെ അങ്ങ് അയച്ചിരിക്കുന്നത്? ഇപ്പോൾ അങ്ങ് തന്നെ ഇത് ഒഴിവാക്കിത്തരിക."

85. ഈ അവസരത്തിൽ എല്ലാവരും അവരവരുടെ കൈയ്യിൽ കിട്ടിയത് ആയുധമാക്കിക്കൊണ്ട് പതുക്കെ ശ്രദ്ധയോടെ മുമ്പോട്ട് നീങ്ങി.

86. അപ്പോൾ, അരക്കെട്ടിന് താഴെ വിശ്രമിക്കുകയായിരുന്ന പാമ്പ് സാവധാനത്തിൽ ദൂരേയ്ക്ക് ഇഴഞ്ഞുനീങ്ങി. ഹോ! ഒരു പാമ്പല്ല! മരണം ഉടലാർന്ന് സമീപത്തേയ്ക്ക് എത്തുന്നതുപോലെ തോന്നി.

87. ഞൊടിയിടയിൽ ആ ആപത്തിനെ തടഞ്ഞുനിർത്തി. അടിക്കാനായി ഓങ്ങി നിർത്തിയിരുന്ന ഉരുളൻ വടികളും മറ്റ് ആയുധങ്ങളും വളരെ ശക്തിയോടെ പാമ്പിന്റെ മേൽ പതിക്കുകയും, അത് പല കഷണങ്ങളാകുകയും ചെയ്തു.

88. ഇത്തരത്തിൽ, ആപത്ത് ഒഴിഞ്ഞു പോയി. ഇതിന് സാക്ഷ്യം വഹിച്ച മിരിക്കാർ വികാരം കൊണ്ട് വീർപ്പുമുട്ടുകയും, അയാൾക്ക് സായിസമർത്ഥനോടുള്ള സ്നേഹം കൂടുതൽ ദൃഢമാകുകയും അത് പുറമേയ്ക്ക് പ്രകടമാകുകയും ചെയ്തു.

89. ഭയം കാരണം ദേഹത്തിലെ രോമങ്ങൾ എഴുന്ന് നിന്നത് സാധാരണനിലയിലായി. കണ്ണുകളിൽ നിന്ന് സ്നേഹത്തിന്റെ അശ്രുധാര ഒഴുകി. എങ്ങനെയാണ് ആപത്ത് ഒഴിഞ്ഞുപോയതെന്നും, അതിനെക്കുറിച്ച് ബാബ എങ്ങനെ അറിഞ്ഞുവെന്നും അയാൾ അദ്ഭുതപ്പെട്ടു.

90. 'എങ്ങനെയാണ് ഈ മാരകമായ ആപത്ത് എന്നിൽ നിന്ന് ഒഴിഞ്ഞുപോയത്? എങ്ങനെയാണ് ബാബ എനിക്ക് സമയോചിതമായ മുന്നറിയിപ്പ് നൽകിയത്? ഞാൻ നിരസിച്ചെങ്കിലും, എന്നെ സഹായിക്കാനായി ശാമയെ ടോംഗയിൽ ഇരുത്തി.

91. എത്രമാത്രം ദയാവായ്പ്! എത്ര സർവ്വജ്ഞനാണ് അദ്ദേഹം! എത്ര മധുരമായും ശ്രേഷ്ഠവുമായാണ് ആപത്തിനെക്കുറിച്ച് എനിക്ക് താക്കീത് നൽകിയത്!

92. ലളിതമായ ഒരു പ്രവൃത്തിയിലൂടെ അദ്ദേഹം ദർശനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുകയും മസ്ജിദിന്റെ ശക്തികളെക്കുറിച്ച് ഉറപ്പ് പറയുകയും, ഭക്തരോട് തനിക്കുള്ള സ്നേഹം വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'

93. ഒരിക്കൽ നാനാ ഡെംഗ്ലേ എന്ന് പേരുള്ള ഒരു പ്രസിദ്ധ ജ്യോതിഷപണ്ഡിതൻ ശ്രീമാൻ ബൂട്ടിയോടൊപ്പമുണ്ടായിരുന്നു. അയാൾ ബൂട്ടിയോട് എന്താണ് പറ

ഞ്ഞതെന്ന് കേൾക്കുക.

94. “ഇന്ന് വളരെ അശുഭകരമായ ദിവസമാണ്. നിങ്ങൾക്ക് ഒരു ആപത്ത് സംഭവിക്കാനിടയുണ്ട്. ധൈര്യത്തോടെ വർത്തിക്കുക, പക്ഷേ, ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.”

95. ഡെംഗ്ലേ ഇങ്ങനെ പറഞ്ഞതിനുശേഷം ബാപുസാഹേബ് വളരെ അസ്വസ്ഥനായി. അയാൾ മുഴുവൻ സമയവും ഉത്കണ്ഠാകുലനാകുകയും, സമയം ഇഴഞ്ഞുനീങ്ങുന്നതുപോലെ തോന്നുകയും ചെയ്തു.

96. പിന്നീട് സംഘം മുഴുവൻ, പതിവ് സമയത്ത് മസ്ജിദിൽ ദർശനത്തിനെത്തി. ബാപുസാഹേബും നാനായും മറ്റുള്ളവരും ഒപ്പമെത്തി, ബാബയുടെ സമീപത്ത് ഇരുന്നു.

97. പെട്ടെന്ന് ബാബ ബൂട്ടിയോട് ചോദിച്ചു: “ആകട്ടെ, എന്താണ് ഈ നാനാ പറയുന്നത്? അവൻ നിന്റെ മരണം പ്രവചിക്കുകയാണോ? നീ ഭയപ്പെടേണ്ട ഒരു കാര്യവുമില്ല.

98. മടി കൂടാതെ അവനോട് തിരിച്ച് മറുപടി പറയുക, ‘നിനക്ക് ധൈര്യമുണ്ടെങ്കിൽ എന്നെ കൊല്ലുക!’ ഇതിനുശേഷം എന്ത് അത്ഭുതമാണ് സംഭവിച്ചതെന്ന് ഇപ്പോൾ ശ്രദ്ധിക്കുക.

99. വൈകുന്നേരം ബാപുസാഹേബ് കക്കൂസിൽ പോയി; ആ സമയത്ത് കക്കൂസിനുള്ളിൽ ഒരു പാമ്പിനെ കണ്ടു.

100. ആ ഭീകരജീവിയെ കണ്ടപ്പോൾ ബാപുസാഹേബ് പുറത്തേയ്ക്ക് ഇറങ്ങി, അപ്പോൾ അദ്ദേഹത്തിന്റെ വേലക്കാരൻ ലഹ്നു ഒരു കല്ല് എറിഞ്ഞ് അതിനെ കൊല്ലണമെന്ന് ചിന്തിച്ചു.

101. ലഹ്നു ഒരു കല്ല് എടുക്കാൻ തുനിഞ്ഞു. ബാപു സാഹേബ് എതിർത്തു. അദ്ദേഹം പറഞ്ഞു; “പോയി ഒരു വടി എടുത്തുകൊണ്ട് വരിക. ഇത്തരത്തിലുള്ള പണികൾ ധൃതിയിൽ ചെയ്യുന്നത് ശരിയല്ല.”

102. ജോലിക്കാരൻ വടി കണ്ടുപിടിക്കാൻ പോകവേ, പാമ്പ് ചുവരിലേയ്ക്ക് ഇഴഞ്ഞുകയറാൻ തുടങ്ങുകയും, പെട്ടെന്ന് വഴുതി താഴേയ്ക്ക് വീഴുകയും ചെയ്തു. പിന്നീട് അത് ഒരു ദ്വാരത്തിലൂടെ ഇഴഞ്ഞ് പോയി.

103. അവിടെ നിന്ന് അത് രക്ഷപ്പെടുകയും പിന്നീട് അതിനെ കൊല്ലേണ്ട കാര്യവുമുണ്ടായില്ല. ഈ സംഭവം അയാളെ ബാബയുടെ വാക്കുകൾ ഓർമ്മപ്പെടുത്തി, കൂടാതെ രണ്ടുപേർക്കും – പാമ്പിനും അയാൾക്കും, ആപത്ത് ഒഴിഞ്ഞ് കിട്ടുകയും ചെയ്തു.

104. അത് അങ്ങനെ കഴിഞ്ഞു. ഭാഗ്യവശാൽ സായിയുടെ സാമീപ്യത്തിന്റെ ആനന്ദം അനുഭവിക്കാൻ കഴിഞ്ഞവർക്ക്, അത് എന്നെന്നേയ്ക്കുമായുള്ള ആനന്ദത്തിന്റെ സ്രോതസ്സും, മറക്കാൻ അസാധ്യവുമായിരിക്കും.

105. ഭക്തർക്ക് ഇത്തരത്തിലുള്ള അനുഭവങ്ങൾ നൽകിക്കൊണ്ട്, അദ്ദേഹം ഭക്തരുടെ ഹൃദയങ്ങളെ ആകർഷിച്ചു; അവ വാക്കുകളിൽ വിവരിക്കുകയാണെങ്കിൽ അത് എപ്പോഴും അപൂർണ്ണമായിരിക്കും.[5]

106. ഇവിടെ ഇത്തരത്തിലുള്ള മറ്റൊരു കഥയുണ്ട്. അത്, ചാവടിയിൽ ബാബയുടെ മുമ്പിൽ അർദ്ധരാത്രിയിൽ സംഭവിച്ചതാണ്. ദയവായി അത് ശ്രദ്ധിക്കുക.

107. കോപർഗാവൺ താലൂക്കിൽ കോറേൽ എന്ന സ്ഥലത്ത് പൈതൃകഭൂമികൾ ഉടമസ്ഥതയിലുണ്ടായിരുന്ന അമീർ ഷക്കാർ എന്ന വ്യക്തിക്ക് ബാബയിൽ വിശ്വാസമുണ്ടായിരുന്നു.

108. ജാതിവശാൽ അയാൾ ഒരു ഇറച്ചിവെട്ടുകാരനായിരുന്നെങ്കിലും അയാളുടെ തൊഴിൽ ഒരു ഓഹരിദല്ലാളിന്റേതായിരുന്നു. ബാന്ദ്രാഭാഗത്ത് അയാൾ പ്രശ സ്തനായിരുന്നു. അയാളുടെ കൈകാലുകളെ ബാധിച്ച ഒരു രോഗം മൂലം അയാൾ വളരെയധികം കഷ്ടതയനുഭവിക്കുകയായിരുന്നു.

109. ക്ലേശങ്ങൾ ഒരുവനിൽ ഈശ്വരന്റെ ഓർമ്മയുണർത്തുന്നു. വ്യാപാരത്തിന്റെ ബുദ്ധിമുട്ടുകൾ മാറ്റിവച്ച്, ഇടപാടുകളെല്ലാം നിർത്തിവച്ച് അയാൾ ഷിർദിയി ലേയ്ക്ക് യാത്ര തിരിച്ചു.

110. പഞ്ചപാണ്ഡവരുടെ മാതാവായ കുന്തി അനേകം ക്ലേശങ്ങൾ സഹിക്കേണ്ടി വന്നു – വർഷങ്ങളോളം വനത്തിൽ അജ്ഞാതവാസം ചെയ്യേണ്ടിവന്നു. പക്ഷേ അവളുടെ ക്ലേശങ്ങൾക്കിടയിലും ഭഗവാനിൽ നിന്ന് വരമായി ദുരിതങ്ങൾ മാത്ര മാണ് ആവശ്യപ്പെട്ടത്!

111. അവൾ പറഞ്ഞു: "ഭഗവാനേ, സന്തോഷം ആവശ്യപ്പെടുന്നവർക്ക് അങ്ങ് അത് നൽകുക; പക്ഷേ, എനിക്ക് തുടർച്ചയായുള്ള ക്ലേശങ്ങൾ മാത്രം എല്ലാ യ്പ്പോഴും നൽകുക. ഞാൻ ഒരിക്കലും അങ്ങയുടെ നാമം മറക്കാൻ ഇടയാക രുത്.

112. "ഓ, ഈശ്വരാ, ഇത് മാത്രമാണ് എന്റെ ഒരേയൊരു അപേക്ഷ. അങ്ങ് എനിക്ക് എന്തെങ്കിലും നൽകണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ, എനിക്ക് ഇതുമാത്രം തരിക, അപ്പോൾ ഞാൻ ഒരിക്കലും അങ്ങയുടെ നാമം മറക്കുകയില്ല. അത് എന്റെ കണ്ഠത്തിന് ചുറ്റും ഒരു ആഭരണം പോലെയായിരിക്കും."

113. ശ്രോതാക്കളും ഈ പ്രഭാഷകനും, രാത്രിയും പകലും സായിയോട് ഇതു തന്നെ ആവശ്യപ്പെടട്ടെ. "ഞങ്ങൾ ഒരിക്കലും അങ്ങയുടെ നാമം മറക്കാൻ ഇടയാകരുത്. ഞങ്ങൾക്ക് അങ്ങയുടെ പാദങ്ങളിൽ അഭയം തരിക."

114. അത് അങ്ങനെയാകട്ടെ. അമീർ ബാബയെ വണങ്ങി. ഉചിതമായ ആചാരങ്ങ ളോടെ ബാബയുടെ കരങ്ങൾ ചുംബിച്ചു. അയാൾ തന്റെ രോഗത്തെക്കുറിച്ച് വിശദമായി പറയുകയും, ദുരിതശമനത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

115. അയാൾ സന്ധിവാതത്തിൽ നിന്ന് മോചനം അഭ്യർത്ഥിക്കുകയും ബാബ മറു പടി പറയുകയും ചെയ്തു. "പോയി, ചാവടിയിൽ സന്തോഷമായി കഴിയുക."

116. ഓരോ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ, രാത്രിയിൽ, പതിവായി ബാബ മസ്ജി ദിൽ നിന്ന് ചാവടിയിലേക്ക് പോകുമായിരുന്നു; അമീർ അവിടെ താമസം ആരം ഭിച്ചു.

117. അമീറിന് സന്ധികളിൽ വേദനയുണ്ടായിരുന്നു. അതിനാൽ ഗ്രാമത്തിൽ മറ്റേ തൊരു സ്ഥലത്തും അയാൾ സുഖകരമായി താമസിക്കുമായിരുന്നു അല്ലെ

ങ്കിൽ അയാൾ കോറേലിലേയ്ക്ക് തിരികെ പോകുമായിരുന്നു; അത് അയാൾക്ക് കൂടുതൽ ഉചിതമായി തോന്നുകയും ചെയ്യും.

118. പക്ഷേ ചാവടിയാകട്ടെ പഴകി, ഇടിഞ്ഞ് പൊളിഞ്ഞ ഒരു കെട്ടിടമായിരുന്നു. നിലം കുണ്ടും കുഴിയും നിറഞ്ഞതും, അതിലൂടെ ഓന്തുകൾ, പല്ലികൾ, തേളുകൾ, പാമ്പുകൾ എന്നിവ സ്വൈരവിഹാരം നടത്തുകയും ചെയ്തിരുന്നു.

119. കൂടാതെ കുഷ്ഠരോഗികളും, മറ്റ് അസുഖബാധിതരും അവിടെ താമസിച്ചിരുന്നു. ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ കഴിച്ചുകൊണ്ട് നായകൾ അവിടെ അലഞ്ഞ് നടന്നിരുന്നു. അമീർ വളരെ വിഷമിച്ചു. പക്ഷേ, അയാൾക്ക് ബാബയോട് ഒന്നും പറയാൻ കഴിഞ്ഞില്ല.

120. പുറകുവശത്ത് മുട്ടറ്റം എത്തുന്ന തരത്തിൽ മാലിന്യങ്ങൾ കുന്നുകൂടി കിടന്നു. കെട്ടിടത്തിന്റെ പിൻഭാഗത്ത് അനേകം കുഴികളുണ്ടായിരുന്നു (പാമ്പുകളും തേളുകളും ഉണ്ടാക്കിയത്). അയാൾ വളരെ പരിതാപകരമായ ഒരു അവസ്ഥയിലായിരുന്നു; ഒരു ജീവിതകാലം മുഴുവനും അനുഭവിക്കുന്ന ഒരു യഥാർത്ഥ ദുഃസ്ഥിതി പോലെയായിരുന്നു അയാൾക്ക് അത് അനുഭവപ്പെട്ടത്.

121. മേൽക്കൂരയിലൂടെ മഴ പെയ്ത് നിലം തണുപ്പുള്ളതായിരുന്നു. അത് നിരപ്പുള്ളതുമായിരുന്നില്ല. ഉള്ളിലൂടെ തണുത്തകാറ്റ് വീശിക്കൊണ്ടിരുന്നു. അമീർ അത്യന്തം ദുഃഖിതനായി.

122. അയാളുടെ ശരീരത്തിലെ സന്ധികളെല്ലാം, ചലിപ്പിക്കാൻ കഴിയാതെ, ദൃഢമായി ഇരിക്കുകയായിരുന്നു. സ്ഥലമാകട്ടെ, നനഞ്ഞതും, കാറ്റ് വീശുന്നതുമായിരുന്നു. പക്ഷേ, ബാബയുടെ വാക്കുകൾ ഔഷധമായി വർത്തിച്ചു.

123. മഴ, കാറ്റ് അല്ലെങ്കിൽ നനവ്; നിലം പരുക്കനും, നിരപ്പില്ലാത്തതും, കുഴികൾ നിറഞ്ഞതും – ഇവയൊന്നും ഗൗനിക്കേണ്ടതില്ല, എന്തുകൊണ്ടെന്നാൽ ബാബ അയാളോട് അവിടെ താമസിക്കാൻ നിർദ്ദേശിച്ചിരുന്നു.

124. ആ സ്ഥലം പരിഗണിക്കാനാകാത്തതും, വസിക്കാൻ യോഗ്യമല്ലാത്തതുമാണെങ്കിലും, ബാബയുടെ സാന്നിദ്ധ്യവും സാമീപ്യവും ഒരു വലിയ അനുഗ്രഹമായിരുന്നു. ആ വാക്കുകൾ അയാളുടെ ഔഷധമാണെന്ന് കരുതിക്കൊണ്ട് അയാൾ സന്തോഷത്തോടെ താമസിച്ചുപോന്നു.

125. അമീർ ഷക്കാർ ചാവടിയിൽ ഒമ്പത് മാസക്കാലം താമസിച്ചു. ഒരുവൻ പടികയറി ചാവടിയിലേയ്ക്ക് പ്രവേശിക്കുമ്പോൾ, തൊട്ടുമുമ്പിൽ, മുറിയുടെ മധ്യത്തായി അയാൾ കിടക്ക വിരിച്ചിരുന്നു.

126. സന്ധിവാതം അയാളുടെ ശരീരം മുഴുവൻ ബാധിച്ചിരുന്നു. പ്രതിവിധിയും പുറമേയ്ക്ക് പ്രതികൂലമായി തോന്നി. പക്ഷേ, അയാളുടെ ഹൃദയത്തിൽ യഥാർത്ഥ വിശ്വാസമുണ്ടായിരുന്നു; അതിനാൽ എല്ലാം സുഗമമായി മുമ്പോട്ട് പോയി.

127. അമീറിനോട് ഒമ്പത് മാസക്കാലം അവിടെ താമസിക്കണമെന്നും ദർശനത്തിനായി മസ്ജിദിൽ പോലും വരാൻ പാടില്ലെന്നും നിർദ്ദേശിക്കപ്പെട്ടു.

128. പക്ഷേ, അയാൾക്ക് താമസിക്കാനായി അനുവദിക്കപ്പെട്ട ചാവടിയാകട്ടെ

യാതൊരു പരിശ്രമവും കൂടാതെ ബാബയുടെ ദർശനം സാധ്യമാകുന്ന തരത്തിലുള്ള സ്ഥലമായിരുന്നു.

129. അതാകട്ടെ, എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും. കൂടാതെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ രണ്ടു നേരവും[6] ചാവടിയിലെ ആഘോഷങ്ങൾ അയാൾ മതിയാവോളം കണ്ടുനിൽക്കും.

130. എല്ലാ ദിവസവും പ്രഭാതത്തിൽ, ബാബ ഭിക്ഷ യാചിക്കാൻ പോകുമ്പോൾ, വഴിമധ്യേ, ബാബ ചാവടിയുടെ വശത്ത് കൂടി പോകുമായിരുന്നു. ബാബ പോകുമ്പോഴും തിരികെ വരുമ്പോഴും അമീറിന് തന്റെ സ്ഥലത്ത് നിന്ന് മാറാതെ തന്നെ എളുപ്പത്തിൽ ദർശനം നേടാൻ കഴിഞ്ഞു.

131. സന്ധ്യാനേരത്തും ബാബ ചാവടിയുടെ മുമ്പിലെത്തി, തന്റെ ശിരസ്സ് കുനിക്കുകയും ചൂണ്ടുവിരൽ ചലിപ്പിക്കുകയും ചെയ്തുകൊണ്ട് എല്ലാ ദിശകളിലും പ്രണാമം അർപ്പിക്കുകയും ചെയ്തിരുന്നു.

132. അവിടെ നിന്ന് അദ്ദേഹം തിരികെ നടന്ന് സമാധി കെട്ടിടത്തിന്റെ മൂല വരെ നടക്കുകയും, അവിടെ നിന്നും ഭക്തരോടൊപ്പം മസ്ജിദിൽ തിരിച്ചെത്തുകയും ചെയ്യും.

133. അദ്ദേഹം ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ചാവടിയിൽ എത്തുമായിരുന്നു, ഇരുവർക്കും ഇടയിൽ പേരിനുമാത്രം ഒരു മറയുണ്ടായിരുന്നു – യഥാർത്ഥത്തിൽ തടികൊണ്ടുള്ള ഒരു അടപ്പ് – അത്തരത്തിൽ അവർക്ക് സ്വതന്ത്രമായി സംഭാഷണത്തിലേർപ്പെടാൻ കഴിഞ്ഞിരുന്നു. രണ്ടുപേരും സംഭാഷണം നടത്താൻ ഇഷ്ടപ്പെടുകയും ചെയ്തു.

134. അവിടെതന്നെ പൂജയും ആരതിയുമൊക്കെ നടന്നിരുന്നു, അതിനുശേഷം ഭക്തർ അവരവരുടെ ഗൃഹങ്ങളിലേയ്ക്ക് തിരിച്ച് പോകും; അപ്പോൾ രണ്ടുപേർക്കും സമാധാനപരമായി സംസാരത്തിലേർപ്പെടാൻ കഴിയും.

135. പുറമേയ്ക്ക് അത് ഒരു തടങ്കൽ പോലെ തോന്നിച്ചു. പക്ഷേ, വാസ്തവത്തിൽ, അയാൾ സായിയുടെ സാമീപ്യം പൂർണ്ണമായും നേടി. സൗഭാഗ്യം കൊണ്ടല്ലാതെ, ആർക്കും ഈ അപൂർവ്വമായ അവസരം ലഭിക്കില്ല.

136. എന്നിട്ടും ഒരേ സ്ഥലത്ത് മാത്രം സ്ഥിരമായി താമസിക്കുന്നത് അമീറിന് മടുത്തു. അയാൾക്ക് അത് ഒരു ജയിൽവാസം പോലെ തോന്നുകയും മറ്റെങ്ങോട്ടെങ്കിലും പോകണമെന്ന് ചിന്തിക്കുകയും ചെയ്തു.

137. സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നവന് ബന്ധനം ഇഷ്ടമാകുമോ? 'ഈ കാരാഗൃഹവാസം മതിയായി', അമീർ ചിന്തിച്ചു.

138. അയാൾ തനിക്ക് നിർദ്ദേശിക്കപ്പെട്ട സ്ഥലം ഉപേക്ഷിച്ചു. ബാബയുടെ അനുമതിയില്ലാതെ അയാൾ കോപർഗാവണിലേയ്ക്ക് പോകുകയും, ഒരു ധർമ്മശാലയിൽ താമസിക്കുകയും ചെയ്തു.

139. അവിടെ എന്ത് കൗതുകകരമായ സംഭവമാണ് നടന്നതെന്ന് നോക്കുക! മരണാസന്നനായ ഒരു ഫക്കീർ അവിടെ കിടക്കുന്നുണ്ടായിരുന്നു. കഠിനമായ ദാഹം കൊണ്ട് അവശനായ അയാൾ പറഞ്ഞു: "എനിക്ക് ഒരു കവിൾ വെള്ളം തരിക."

140. അമീറിന് ദയ തോന്നി. അവൻ അയാൾക്ക് കുടിക്കാൻ വെള്ളം നൽകി. പക്ഷേ, ഫക്കീർ അത് കുടിച്ചയുടനെ, ജീവനറ്റ് നിലത്ത് വീണു.

141. അയാൾ മരിച്ചുകഴിഞ്ഞിരുന്നു. അയാളുടെ സമീപത്ത് മറ്റാരും ഉണ്ടായിരുന്നില്ല; മാത്രമല്ല രാത്രി നേരവും. അമീർ പരിഭ്രാന്തനായി.

142. പെട്ടെന്നുണ്ടായ ഈ മരണത്തെക്കുറിച്ച് ഔദ്യോഗികമായ അന്വേഷണം പിറ്റേ ദിവസം രാവിലെ ഉണ്ടാകുമെന്ന് അയാൾ ചിന്തിച്ചു. അവർ, ഉൾപ്പെട്ട ആൾക്കാരെ തെരയുകയും, സർക്കാർ ഇത് അന്വേഷിക്കുകയും ചെയ്യും.

143. 'സംഭവിച്ചത് എന്താണെന്ന് ഞാൻ പറയുകയാണെങ്കിൽ ആരാണ് അത് വിശ്വസിക്കുക? സാക്ഷികളെയും തെളിവുകളെയും അടിസ്ഥാനമാക്കി ആയിരിക്കും ഫലം പുറത്ത് വരിക. അത്തരത്തിലാണ് നിയമനടപടികൾ.

144. "ഞാൻ അയാൾക്ക് കുടിക്കാൻ വെള്ളം നൽകിയെന്നും, അതിനുശേഷം ഫക്കീർ പെട്ടെന്ന് മരണമടഞ്ഞുവെന്നുമുള്ള സത്യം ഞാൻ പറയുകയാണെങ്കിൽ, ഞാൻ അവരുടെ വലയിലേയ്ക്ക് നടന്ന് നീങ്ങുകയായിരിക്കും.

145. "ഇതുമായി ബന്ധപ്പെട്ട് ആദ്യം പിടികൂടപ്പെടുന്ന വ്യക്തി ഞാനായിരിക്കും. പിന്നീട്, മരണത്തിന്റെ യഥാർത്ഥകാരണം വെളിവാകുമ്പോൾ ഞാൻ നിരപരാധിയാണെന്ന് തെളിയുമായിരിക്കും.

146. "പക്ഷേ അത് തീരുമാനമാകുന്നതുവരെ, എത്രമാത്രം മനോവ്യഥ ഞാൻ അനുഭവിക്കേണ്ടി വരും! അതിനാൽ, ഞാൻ വന്ന വഴിയിലൂടെ, പെട്ടെന്ന്, ഓടി രക്ഷപ്പെടേണ്ടിയിരിക്കുന്നു." അയാൾ അത് തീരുമാനിച്ചു.

147. അതിനാൽ, മറ്റാരെങ്കിലും അയാളെ കാണുന്നതിന് മുമ്പ്, അതേരാത്രി തന്നെ അമീർ ആ സ്ഥലം വിട്ടുപോയി. നടക്കുമ്പോൾ അയാൾ പിന്തിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു. വഴിയിലൂടെ നടന്നുപോകുന്ന സമയം മുഴുവൻ അയാൾ അസ്വസ്ഥനായിരുന്നു.

148. 'എങ്ങനെയാണ് ഞാൻ ചാവടിയിൽ എത്തിച്ചേരുക?' അയാളുടെ മനസ്സിൽ നിന്ന് ഭയം വിട്ടുമാറിയില്ല. ഷിർദിയുടെ നേർക്ക് നടക്കുമ്പോൾ അയാൾക്ക് ഇത്തരത്തിലുള്ള സംശയങ്ങൾ ഉണ്ടായിരുന്നു.

149. 'ഓ ബാബാ! ഞാൻ എന്താണ് ചെയ്തത്? ഞാൻ എങ്ങനെയാണ് ഈ ഭാരം എന്റെ മേൽ വരുത്തിവെച്ചത്? എന്റെ സ്വന്തം പ്രവൃത്തികളുടെ ഫലങ്ങളാണിവ. ഇത് എനിക്ക് പൂർണ്ണമായും മനസ്സിലായി.

150. "മെച്ചപ്പെട്ട മറ്റൊരു സ്ഥലം തേടി ഞാൻ ചാവടി ഉപേക്ഷിച്ചു. അതിനാൽ അങ്ങ് എന്നെ ഒരു പാഠം പഠിപ്പിച്ചു. അത് എന്തുമാകട്ടെ. ഇപ്പോൾ ഈ വിഷമസ്ഥിതിയിൽ നിന്നും എന്നെ രക്ഷപ്പെടുത്തി, ഷിർദിയിലെത്തിക്കൂ."

151. ഇത്തരത്തിൽ അമീർ സ്വയം തയ്യാറാകുകയും, ശവശരീരം ധർമ്മശാലയിൽ തന്നെ ഉപേക്ഷിച്ച്, രാത്രിയിൽ തന്നെ അവിടം വിടുകയും ചെയ്തു.

152. "ബാബാ, ബാബാ", അയാൾ പറഞ്ഞു, "ദയവായി എന്നോട് ക്ഷമിക്കുക, ദയ കാട്ടുക." ചാവടിയിൽ എത്തുന്നത് വരെ വഴി നീളെ അയാൾ പ്രാർത്ഥിച്ചു. അപ്പോൾ അയാൾക്ക് ആശ്വാസമായി.

153. ഇത്തരത്തിൽ, അമീർ ഒരു പാഠം പഠിക്കുകയും, മേലിൽ ശരിയായ രീതിയിൽ പെരുമാറുമെന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്തു. പിന്നീട്, നല്ല രീതിയിൽ ജീവിക്കുകയും, തെറ്റായതും കുടിലവുമായ മാർഗ്ഗങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു.

154. അത് എന്തുമാകട്ടെ. അയാളുടെ വിശ്വാസത്തിന് ഫലമുണ്ടാകുകയും, അയാളുടെ സന്ധിവാതം ഭേദമാകുകയും ചെയ്തു. പിന്നീട് എന്ത് സംഭവിച്ചു എന്ന് ഇപ്പോൾ ശ്രദ്ധിക്കുക.

155. ചാവടി മൂന്ന് ഭാഗങ്ങളായി തിരിക്കപ്പെട്ടിരുന്നു. ബാബയുടെ ഭാഗം തെക്ക് കിഴക്കായിരുന്നു. നാല് വശങ്ങളിലും തടിപ്പാളികൾകൊണ്ട് മറയ്ക്കപ്പെട്ടിരുന്ന ഒരു സ്ഥലത്ത് അദ്ദേഹം ഉറങ്ങിയിരുന്നു.

156. അവിടെ രാത്രി മുഴുവൻ ദീപങ്ങൾ കത്തിനിന്നു. രാത്രി മുഴുവൻ പ്രകാശത്തിലാണ് അദ്ദേഹം എല്ലായ്പ്പോഴും ഉറങ്ങിയിരുന്നത്. പുറത്ത് ഇരുട്ടുള്ള ഭാഗത്ത് ഫക്കീർമാരും മറ്റുള്ളവരും ഇരിക്കും.

157. അമീർ അവരിൽ ഒരാളായിരുന്നു. അയാൾക്കു ചുറ്റുമായി, അവിടെ താമസിച്ചിരുന്ന മറ്റ് ആൾക്കാരുമുണ്ടാകും. ഇത്തരത്തിലുള്ള അനേകം പേർ ഉണ്ടായിരുന്നു.

158. അവിടെ, ബാബയുടെ താമസമുറിക്ക് പുറകിലായി ഒരു സംഭരണമുറിയുണ്ടായിരുന്നു. അതിൽ അബ്ദുൾ എന്ന് പേരുള്ള, വളരെ വൈരാഗിയായ ഒരു ഭക്തൻ ജീവിച്ചിരുന്നു. അയാൾ എപ്പോഴും ബാബയെ സേവിക്കാൻ സന്നദ്ധനായിരുന്നു.

159. ഇത്തരത്തിലായിരുന്നു അത് നടന്നിരുന്നത്. ഒരു ദിവസം അർദ്ധരാത്രിയിൽ ബാബ അബ്ദുള്ളയോട് ഉറക്കെ വിളിച്ചുപറഞ്ഞു: "നോക്കൂ, എന്റെ കിടക്കയ്ക്കരികിൽ, പ്രേതം പോലുള്ള ഒരു ജീവിയെ ഞാൻ കണ്ടു."

160. അദ്ദേഹം വീണ്ടും വീണ്ടും അയാളെ വിളിച്ചുകൊണ്ടിരുന്നു. അബ്ദുൾ, അയാളുടെ കൈയ്യിൽ ഒരു വിളക്കുമായി ഓടിയെത്തി. ബാബ അയാളോട് ഉറക്കെ പറഞ്ഞു: "അവൾ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നില്ലേ?"

161. അബ്ദുൾ പറഞ്ഞു: "ഞാൻ എല്ലായിടത്തും നോക്കി. ഞാനിവിടെ ഒന്നും കാണുന്നില്ല." ബാബ പറഞ്ഞു: "നിന്റെ കണ്ണുകൾ തുറന്ന് എല്ലായിടത്തും ശ്രദ്ധിച്ച് നോക്കൂക."

162. അബ്ദുൾ വീണ്ടും വീണ്ടും എല്ലായിടത്തും നോക്കി. ബാബ തന്റെ സത്ക കൊണ്ട് നിലത്തടിച്ചുകൊണ്ടിരുന്നു. പുറത്ത് ഉറങ്ങിയിരുന്ന ആൾക്കാർ ഉണർന്ന്, നോക്കിനിൽക്കാൻ തുടങ്ങി.

163. അമീർ ഷക്കാറും ഉണർന്നു. അയാൾ ആശ്ചര്യപ്പെട്ടു. "ഇന്ന് എന്താണീ ബഹളമൊക്കെ? അർദ്ധരാത്രിയിൽ, എന്തുകൊണ്ടാണ് സത്കയുടെ ഇത്രയധികമായ ശബ്ദം?"

164. ബാബയുടെ പ്രവൃത്തികൾ കണ്ടപ്പോൾ പെട്ടെന്ന് അമീർ ഭയപ്പെടുകയും, എവിടെയോ ഒരു പാമ്പ് കടന്നുവന്നിട്ടുണ്ടെന്നും ബാബ അതിനെക്കുറിച്ച് അറിഞ്ഞിട്ടുണ്ടാകുമെന്നും ചിന്തിച്ചു.

165. അയാൾക്ക് ബാബയുമായി ദീർഘനാളത്തെ പരിചയമുണ്ടായിരുന്നു. അയാൾക്ക് ബാബയുടെ പ്രകൃതവും അദ്ദേഹത്തിന്റെ സംസാരരീതികളും അറിയാമായിരുന്നു. അതിനാൽ അയാൾക്ക് ഇത് പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞു.

166. ഏതെങ്കിലും ഒരു ഭക്തന് അപകടമുണ്ടാകുകയാണെങ്കിൽ അത് അദ്ദേഹത്തിനെ ബാധിച്ചെന്ന് ബാബ പറയും. അമീറിന് ഇത്തരത്തിലുള്ള സംസാരരീതികൾ പരിചയമായിരുന്നു. അതിനാൽ അയാൾ ഇത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നു.

167. അപ്പോൾ, പെട്ടെന്ന് അയാൾ തന്റെ സ്വന്തം തലയിണയ്ക്ക് സമീപം എന്തോ നീങ്ങുന്നതായി കണ്ടു. “അബ്ദുൾ, വിളക്ക് കൊണ്ടുവരൂ, വിളക്ക് ഇവിടെ”, അമീർ ഉച്ചത്തിൽ നിലവിളിച്ചു.

168. വിളക്ക് പുറത്തേയ്ക്ക് കൊണ്ടുവരപ്പെട്ടപ്പോൾ ഒരു വലിയ സർപ്പം അവിടെ ചുരുണ്ട് ഇരിക്കുന്നത് കണ്ടു. പ്രകാശം മൂലം അതിന് കണ്ണഞ്ചുകയും, അത് തന്റെ പത്തി മുകളിലേയക്കും താഴേയ്ക്കും ചലിപ്പിക്കുകയും ചെയ്തു.

169. അത് അപ്പോൾ തന്നെ കൊല്ലപ്പെട്ടു. അയാൾക്ക് ബാബയോട് അത്യധികം കൃതജ്ഞത തോന്നുകയും നമ്മെ അറിയിക്കാനുള്ള ഈ മാർഗ്ഗം എത്ര അസാധാരണമാണെന്ന് ചിന്തിക്കുകയും ചെയ്തു.

170. പ്രേതത്തെക്കുറിച്ചുള്ള സൂചനയും വിളക്കിന് വേണ്ടി ആവശ്യപ്പെട്ടതുമൊക്കെ, ആപത്തിനെക്കുറിച്ച് ഭക്തർക്ക് മുന്നറിയിപ്പ് നൽകുന്നതിനും, ദുരന്തങ്ങളിൽ നിന്ന് അവരെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള ഒരു വിദ്യ മാത്രമായിരുന്നു.

171. ബാബയുടെ ജീവചരിത്രത്തിൽ പാമ്പുകളെ സംബന്ധിക്കുന്ന അനേകം കഥകൾ വിവരിക്കാൻ കഴിയും. പക്ഷേ, അപ്പോൾ ഈ ഗ്രന്ഥം വളരെ ബൃഹത്താകും. അതിനാൽ എനിക്ക് അവ വെട്ടിച്ചുരുക്കേണ്ടി വരുന്നു.

172. “പാമ്പുകളും സർപ്പങ്ങളും നാരായണൻ തന്നെയാണ്, പക്ഷേ അവയെ അകലെ നിന്ന് മാത്രം ആരാധിക്കുക.” – എന്ന് തുക്കാറാം ദിവ്യൻ പറയുന്നുണ്ട്.

173. അദ്ദേഹം അവയെ ദുഷ്ടജീവികളെന്നും അവ പാദരക്ഷകളുടെ താഡനം അർഹിക്കുന്നവയാണെന്നും പറയുന്നു. പക്ഷേ ഇത് ഏകകണ്ഠമായ ഒരു അഭിപ്രായമല്ല, അതിനാൽ അവയോടുള്ള പെരുമാറ്റം എങ്ങനെയാണെന്ന കാര്യത്തിൽ ഒരുവന് നിശ്ചയമില്ല.

174. ഒരുവൻ അവന്റെ പ്രകൃതത്തിനനുസരിച്ചും ഈശ്വരന്റെ ഇച്ഛയ്ക്കനുസൃതമായും പ്രവർത്തിക്കുന്നു. ഇതാണ് ഇതിന്റെയൊക്കെ സാരം.

175. ഈ ചോദ്യത്തിന് ഒരൊറ്റ ഉത്തരം മാത്രമേയുള്ളൂ. എല്ലാ ജീവികളും തുല്യരും അഹിംസയാണ് എപ്പോഴും അഭികാമ്യവും. ബാബയ്ക്കും ഇതേ അഭിപ്രായമാണ് ഉണ്ടായിരുന്നത്.

176. ഒരു തേളായാലും പാമ്പായാലും ഈശ്വരൻ അവയുടെ ഉള്ളിലുണ്ട്. അദ്ദേഹം അപായപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നില്ലെങ്കിൽ അവയെക്കൊണ്ട് ഒരു ആപത്തും ഉണ്ടാകില്ല.

177. ഈ പ്രപഞ്ചം മുഴുവൻ ഈശ്വരന്റെ ആജ്ഞാശക്തിക്ക് അധീനമാണ്. ഇവിടെ ഒന്നും സ്വതന്ത്രമല്ല. ഇതാണ് ബാബ അനുഭവത്തിലൂടെ നേടിയ ജ്ഞാനം. പക്ഷേ നമ്മുടെ അഹംബോധം കാരണം നമുക്ക് അത് സ്വീകാര്യമാകുന്നില്ല.

178. ഒരിക്കൽ ഒരു തേൾ ഒരു കുളത്തിൽ വീണു. അത് താഴേയ്ക്ക് മുങ്ങിപ്പോകവേ, ഒരു മനുഷ്യൻ സന്തോഷത്തോടെ കൈയ്യടിച്ച് കൊണ്ട് പറഞ്ഞു: "ഓ, നീ ഇതുപോലെയാണ് ഞങ്ങളെ ഉപദ്രവിക്കുന്നത്!"

179. കൈയ്യടി കേട്ട് മറ്റൊരാൾ കുളത്തിന്റെ കരയിലേയ്ക്ക് ഓടിയെത്തുകയും, മുങ്ങുന്ന തേൾ മുകളിലേയ്ക്കും താഴോട്ടും ചലിക്കുന്നത് കാണുകയും ചെയ്തു. അയാൾക്ക് അതിനോട് ദയ തോന്നി.

180. അയാൾ അടുത്തേയ്ക്ക് ചെന്ന്, തേളിനെ അയാളുടെ വിരലുകൾക്കിടയിൽ പിടിച്ച് മുകളിലേയ്ക്ക് ഉയർത്തി. പക്ഷേ, തേളാകട്ടെ അതിന്റെ പ്രകൃതത്തിനനുസരിച്ച് മുകളിലേയ്ക്ക് ചാടി അയാളുടെ കൈയിൽ കടിച്ചു.

181. ഇത്തരം സന്ദർഭങ്ങളെക്കുറിച്ച് നമ്മുടെ അറിവ് വളരെ പരിമിതമാണ്. നമുക്ക് ബുദ്ധിശക്തി നൽകുന്ന വിധിയുടെ (ഈശ്വരന്റെ) അടിമകളാണ് നമ്മൾ. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ ആഗ്രഹത്തിനനുസരിച്ചാണ് സംഭവിക്കുന്നത്.

182. വ്യത്യസ്തരായ ജനങ്ങൾക്ക് വ്യത്യസ്തമായ അനുഭവങ്ങളുണ്ടാകും. എനിക്കുണ്ടായ അനുഭവവും ഞാൻ പറയാം. സായിയുടെ വചനങ്ങളാണ് എന്റെ വിശ്വാസത്തിന്റെ ആധികാരതയും, എന്റെ വിശ്വാസമാണ് എന്റെ പ്രതാപവും.

183. എല്ലാ ദിവസവും പകൽസമയത്ത് കാക്കാദീക്ഷിത് നാഥഭാഗവതം പാരായണം ചെയ്യുന്നതുപോലെ, രാത്രി നേരത്ത് അദ്ദേഹം ഭാവാർത്ഥരാമായണം (ഏകനാഥിന്റെ) വായിക്കുമായിരുന്നു.

184. അത് വളരെ നിഷ്ഠയുള്ള കാര്യമായിരുന്നു. എന്തെന്നാൽ ചിലപ്പോൾ ഈശ്വരന് പുഷ്പങ്ങൾ അർപ്പിക്കാൻ മറന്നു പോയേക്കാം അല്ലെങ്കിൽ പതിവ് അനുഷ്ഠാനങ്ങളോ സ്നാനമോ ചെയ്യാൻ കഴിയാതെയാകും, പക്ഷേ അവ പാരായണം ചെയ്യുന്നതിനായി അയാൾ സ്വയം നീക്കി വച്ചിരുന്ന സമയം കൃത്യമായി പിന്തുടരുമായിരുന്നു.

185. ഏകനാഥ് രചിച്ച ഈ രണ്ട് ഗ്രന്ഥങ്ങളും ഈശ്വരീയജ്ഞാനം ഉൾക്കൊള്ളുന്നവയാണ്. അത് സായിസമർത്ഥൻ അയാൾക്ക് നൽകിയ അനുഗ്രഹമാണെന്ന് ദീക്ഷിത് കരുതി.

186. വളരെ മനോഹരവും അനുപമവുമായ ഈ ഗ്രന്ഥങ്ങളിൽ, ആത്മജ്ഞാനം, വിരക്തി, ധാർമ്മികത – എന്നീ മൂന്ന് ഗുണങ്ങൾ – മൂന്ന് തിരികളായി ഈശ്വരപ്രകാശത്താൽ പ്രശോഭിതമാകുന്നു.

187. ഈ ഗ്രന്ഥത്തിലെ തത്ത്വോപദേശങ്ങളാകുന്ന അമൃത് നിറഞ്ഞ കോപ്പയിൽ നിന്ന് അല്പം പാനം ചെയ്യാൻ കഴിഞ്ഞവൻ ഭാഗ്യവാനാണ്. അയാൾ ഒരേ സമയത്ത്, ഈ ഭൗതികലോകത്തിലെ ത്രിദോഷങ്ങളെ മറികടക്കുകയും, ആത്യന്തികലക്ഷ്യം (മോക്ഷം) നേടുകയും ചെയ്യുന്നു.

188. സായിയുടെ അനുഗ്രഹത്താൽ, ദീക്ഷിതിന് ഒരു ശ്രോതാവിനെ ആവശ്യമായി വരികയും, എനിക്ക് ഭാഗവതം ശ്രവിക്കാനുള്ള അവസരം ലഭിക്കുകയും ഞാൻ വളരെ കൃതജ്ഞതയുള്ളവനാകുകയും ചെയ്തു.

189. ഭാഗ്യംകൊണ്ട്, ഞാൻ പകലും രാത്രിയിലുമുള്ള സഭയിൽ പങ്ക് കൊള്ളുകയും, അത് എന്റെ കർണ്ണങ്ങളെ ശുദ്ധീകരിക്കുകയും ചെയ്തു.

190. അത് അങ്ങനെയാകട്ടെ. ഒരു രാത്രി ഭക്തികഥകളെ സംബന്ധിച്ച പാരായണം നടക്കവേ, ഒരു സംഭവമുണ്ടായി. പ്രധാന വിഷയത്തിൽ നിന്നുള്ള വ്യതിചലനമാണെങ്കിലും ആ കഥ ശ്രോതാക്കൾ കേൾക്കുക.

191. ശരിയാണ്, എനിക്ക് എന്ത് ചെയ്യാൻ കഴിയും? ഒരു കാര്യം വിശദീകരിക്കുമ്പോൾ മറ്റൊന്നിനെക്കുറിച്ച് എനിക്ക് പ്രേരണയുണ്ടാകുന്നു. പക്ഷേ, ആകർഷണീയമാണെന്ന് എനിക്ക് അറിവുള്ള കാര്യം ഞാനെന്തിന് അവഗണിക്കണം.

192. രാമായണത്തിൽ നിന്നുള്ള, രസകരമായ ഒരു കഥ, ഹനുമാനെക്കുറിച്ചുള്ളത് വിവരിക്കപ്പെടുകയായിരുന്നു; തന്റെ മാതാവിന്റെ നിർദ്ദേശങ്ങളനുസരിച്ച് തന്റെ യജമാനന്റെ ശക്തികൾ പരീക്ഷിച്ചറിയാൻ ശ്രമിക്കുന്നതും, ഒടുവിൽ വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വരുന്നതും.

193. രാമന്റെ അസ്ത്രങ്ങളിലെ തൂവലുകളാൽ സൃഷ്ടിക്കപ്പെട്ട കൊടുങ്കാറ്റിൽ അകപ്പെട്ടുപോയ ഹനുമാൻ ആകാശത്ത് വട്ടം ചുറ്റവേ, മരണഭയം അനുഭവപ്പെടുന്ന തരത്തിൽ അവൻ ഭയപ്പെട്ടു. ആ സമയത്ത് അവന്റെ പിതാവ് (വായു) അവന്റെ രക്ഷയ്ക്കെത്തി.

194. പിതാവിന്റെ ഉപദേശമനുസരിച്ച് ഹനുമാൻ രാമനിൽ അഭയം പ്രാപിച്ചു. ഈ ഭാഗം വർണ്ണിക്കപ്പെടവേ, വളരെ ആശ്ചര്യകരമായ ഒരു സംഭവം ഉണ്ടായി. അത് കേൾക്കുക.

195. ഞങ്ങളുടെ മനസ്സ് കഥയിൽ മുഴുകിയിരുന്നു. എല്ലാവരും കഥ ആസ്വദിക്കവേ, മരണത്തിന്റെ സ്വരൂപമായി ഒരു തേൾ പ്രത്യക്ഷപ്പെട്ടു, ഈശ്വരന് മാത്രം അറിയാം അത് എവിടെ നിന്നാണെന്ന്!

196. എങ്ങനെയാണ് അതിന് കഥ ഇഷ്ടപ്പെട്ടതെന്ന് എനിക്കറിയില്ല, ഞാനറിയാതെ അത് എന്റെ തോളിലേയ്ക്ക് ചാടിക്കയറുകയും, കഥയുടെ ഭാവരസം ആസ്വദിച്ചുകൊണ്ട് അവിടെ ഇരിപ്പുറപ്പിക്കുകയും ചെയ്തു.

197. നോക്കൂ! ഇവിടെയും ബാബ ജാഗരൂകനായിരുന്നു. ഞാൻ അതിന്റെ സാന്നിദ്ധ്യം അറിഞ്ഞിരുന്നില്ല. പക്ഷേ, ഈശ്വരന്റെ കഥകൾ ഇഷ്ടപ്പെടുന്നവരെ ഈശ്വരൻ സംരക്ഷിക്കുന്നു.

198. ഞാൻ യാദൃച്ഛികമായി നോക്കവേ, ഭീകരനായ ഒരു തേൾ ശാന്തമായി, എന്റെ വലതു തോളിൽ മേൽവസ്ത്രത്തിന് പുറത്ത് ഇരിക്കുന്നത് കണ്ടു.

199. അത് ഒട്ടും അനങ്ങാതെ, ഒരു ശ്രദ്ധാവാനായ ശ്രോതാവിനെപ്പോലെ നിശ്ശബ്ദമായി ശ്രദ്ധിക്കുകയും, അവന്റെ ഇരിപ്പിടത്തിൽ സമാധാനമായി ഇരിക്കുകയും ചെയ്തു.

200. അവന്റെ പ്രകൃതത്തിനനുസരിച്ച്, അവൻ അവന്റെ കൊമ്പ് കുറച്ച് ഒന്ന് അന

ക്കിയാൽ, സ്വാതന്ത്ര്യവും സമാധാനവും അനുഭവിക്കാൻ അവൻ എന്നെ അനുവദിക്കുകയില്ല, അസഹനീയമായ വേദനയും നൽകുമായിരുന്നു.

201. രാമായണത്തിൽ നിന്നുള്ള കഥ ഉച്ചസ്ഥായിയിൽ എത്തിയിരുന്നു. പ്രഭാഷകനും ശ്രോതാക്കളും കഥയിൽ അലിഞ്ഞ് ചേർന്നിരിക്കുകയായിരുന്നു – ഇതെല്ലാം നശിപ്പിക്കപ്പെടുമായിരുന്നു. അത്തരത്തിലായിരുന്നു ദുഃശകുനമായ ഈ സഹചാരി, അവനെ പിടികൂടുക എന്നത് ദുഷ്കരവും നിശ്ചയമില്ലാത്ത ഒരു സംഗതിയുമായിരുന്നു.

202. രാമകഥയുടെ മഹത്വം ഇതാണ്. അതിനേക്കാൾ ശക്തിയുള്ളതാകാൻ ഒരു പ്രതിബന്ധത്തിനും കഴിയില്ല. അവർ പശ്ചാത്തപിക്കേണ്ടിവരികയും, സ്വന്തം പ്രകൃതം മറക്കുകയും ചെയ്യും.

203. രാമന്റെ കൃപയാൽ എനിക്ക് ബുദ്ധി ലഭിച്ചു. എനിക്ക് ശാന്തമായി ആ ദുരന്തം ഇല്ലാതാക്കാൻ കഴിഞ്ഞു. സ്ഥിരതയില്ലാത്ത സ്വഭാവമുള്ള ഈ ജീവിയെ, അവസാനനിമിഷം വരെ ഒരുവൻ ആശ്രയിക്കരുത്.

204. ഞാൻ എന്റെ ദേഹത്ത് പുതച്ചിരുന്ന മേൽവസ്ത്രം, ശ്രദ്ധയോടെ രണ്ടറ്റവും കൂട്ടിയെടുത്ത്, തേളിനെ അതിനകത്താക്കി മടക്കി, മുറുകെ കെട്ടിയശേഷം, പൂന്തോട്ടത്തിലേയ്ക്ക് കൊണ്ടുപോകുകയും അത് വിടർത്തുകയും ചെയ്തു.

205. തേൾ സ്വാഭാവികമായും ഒരു ഭീകരജീവിയാണ്. അവസരം ലഭിച്ചിരുന്നെങ്കിൽ അത് അതിന്റെ സ്വഭാവം കാണിക്കുമായിരുന്നു. ഞൻ ശരിക്കും ഭയപ്പെട്ടിരുന്നു. പക്ഷേ ബാബയുടെ കണിശമായ നിർദ്ദേശങ്ങൾ പാലിക്കാതെ തരമില്ല. അതിനെ കൊല്ലാനായി കരം ഉയർത്താൻ എനിക്ക് കഴിഞ്ഞില്ല.

206. ഇപ്പോൾ ശ്രോതാക്കൾക്ക് സ്വാഭാവികമായും ഒരു സംശയമുണ്ടാകും. തേൾ വിനാശകാരിയായ ഒരു ജീവിയല്ലേ? അത് കൊല്ലപ്പെടേണ്ടതല്ലേ? അത് കുത്തുകയാണെങ്കിൽ, സുഖം ലഭിക്കുമോ? അപ്പോൾ എന്തുകൊണ്ട് അത് വധിക്കപ്പെട്ടുകൂടാ? പക്ഷേ ഒന്നും വ്യക്തമല്ല.

207. പാമ്പുകൾ, തേളുകൾ, മറ്റ് വിഷജന്തുക്കൾ – ഇവയെ ആർക്കെങ്കിലും അവഗണിക്കാൻ കഴിയുമോ? അവയെ സ്വതന്ത്രമാക്കി വിടണമെന്ന് ബാബ ആവശ്യപ്പെടുമോ?

208. ശ്രോതാക്കളുടെ സംശയം ന്യായമാണ്. എനിക്കും ഇതേ സന്ദേഹം തന്നെയാണ് ഉണ്ടായിരുന്നത്. മുമ്പ്, ഇത്തരത്തിലുള്ള ഒരു സംഭവം നടന്നപ്പോൾ ബാബ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക.

209. ആ സാഹചര്യം ഇതിനെക്കാളും ഗൗരവമേറിയതായിരുന്നു. ഷിർദിയിൽ തന്നെ, കാക്കായുടെ ഗൃഹത്തിൽ, മുകളിലത്തെ നിലയിലെ ഒരു മുറിയിൽ, ജനലിനരികിൽ ഒരു വിഷപ്പാമ്പിനെ കണ്ടു.

210. ജാലകച്ചട്ടക്കൂടിലുണ്ടായിരുന്ന ഒരു ദ്വാരത്തിലൂടെ അത് അകത്ത് പ്രവേശിക്കുകയും, വിളക്കിന്റെ പ്രകാശത്താൽ അതിന്റെ കണ്ണഞ്ചുകയും ചെയ്തു. അത് അവിടെ ചുരുണ്ട് ഇരിക്കുകയായിരുന്നു.

211. വിളക്കിന്റെ പ്രകാശത്താൽ കണ്ണഞ്ചിയെങ്കിലും ചുറ്റുമുള്ള ആൾക്കാരുടെ ചല

നങ്ങൾകൊണ്ട് അത് ഭയപ്പെട്ടു. അവിടെ ആകെ ബഹളമുണ്ടായപ്പോൾ അത് സംഭ്രമിക്കുകയും അല്പനേരത്തേയ്ക്ക് അനക്കമില്ലാതെ ഇരിക്കുകയും ചെയ്തു.

212. അത് പുറകോട്ട് പോകുകയോ, മുമ്പോട്ട് വരികയോ ചെയ്യാതെ, പത്തി മാത്രം താഴോട്ടും മുകളിലേയ്ക്കും ചലിപ്പിച്ചു. ആ നിമിഷത്തെ പ്രധാനചിന്ത അതിനെ എങ്ങനെ കൊല്ലുമെന്നതായിരുന്നു.

213. ചിലർ കുറുവടികളും മറ്റുചിലർ കമ്പുകളും എടുത്തുകൊണ്ട് പെട്ടെന്ന് എത്തിയെങ്കിലും ആ സ്ഥാനം ഒന്നും ചെയ്യാൻ സാധ്യമാകാത്ത തരത്തിലുള്ളതായിരുന്നു. അവർ വളരെ വിഷമിച്ചു.

214. അത് അല്പമെങ്കിലും മുമ്പോട്ട് ഇഴയുകയും, ചുവരിലൂടെ ഇറങ്ങി നിലത്തെത്തുകയും ചെയ്താൽ, അത് ആദ്യം എന്റെ കിടക്കയിൽ എത്തുകയും, അത് കാരണം വിനാശകരമായ അനന്തരഫലങ്ങൾ ഉണ്ടാകുകയും ചെയ്യും.

215. മർമ്മപ്രധാനമായ സ്ഥാനത്ത് ഒരു അടി കൊണ്ട് അതിനെ കൊല്ലാൻ കഴിയും. മരണകാരകമായ അടിക്ക് ഉന്നം പിഴയ്ക്കുകയാണെങ്കിൽ, അത് പ്രതികാരം ചെയ്യുകയും നാശം വിതയ്ക്കുകയും ചെയ്യും. അതിനാൽ ഒരു വിളക്ക് കൊണ്ടുവന്ന് അതിന്റെ നേർക്ക് പിടിച്ചു. അപ്പോൾ അത് രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗം കണ്ടെത്തി.

216. എന്തായാലും അതിന്റെ മരണമുഹൂർത്തം എത്തിയിട്ടുണ്ടായിരുന്നില്ല, ഞങ്ങളുടെ ഭാഗ്യവും വളരെ ശക്തമായിരുന്നു. അത് വളരെ നിർണ്ണായകമായ നിമിഷമായിരുന്നു, പക്ഷേ ബാബ ഞങ്ങളെയെല്ലാം രക്ഷിച്ചു.

217. അത് വന്ന സ്ഥലത്ത് കൂടി തന്നെ അത് ഇഴഞ്ഞു പോയി. അത് ഭയത്തിൽ നിന്ന് മോചനം നേടുകയും, മറ്റുള്ളവർക്ക് കൂടുതൽ ഭയപ്പെടാനും ഒന്നുമുണ്ടായിരുന്നില്ല. ഇത്തരത്തിൽ ഞങ്ങൾ പരസ്പരം സന്തുഷ്ടരായിരുന്നു.

218. അപ്പോൾ മുക്താറാം എന്ന ഭക്തൻ എഴുന്നേറ്റ് പറഞ്ഞു: "ആ പാവം ജീവി രക്ഷപ്പെട്ടത് നന്നായി. അത് ദ്വാരത്തിലൂടെ ഇഴഞ്ഞ് പോയില്ലായിരുന്നെങ്കിൽ, അതിന്റെ ജീവൻ നഷ്ടപ്പെട്ടേനേ."

219. മുക്താറാമിന്റെ ദയാപരമായ വീക്ഷണം കണ്ടപ്പോൾ, ഞാൻ വേദനിക്കുകയും സ്വയം ചിന്തിക്കുകയും ചെയ്തു. 'അപകടകാരികളായ ജന്തുക്കളോട് ദയ കാണിച്ചത് കൊണ്ട് എന്ത് നേട്ടമാണുണ്ടാകുക? ഇത്തരത്തിൽ ലോകത്തിന് എങ്ങനെ മുമ്പോട്ട് പോകാൻ കഴിയും?'

220. മുക്താറാം വല്ലപ്പോഴുമാണ് വരുന്നത്; പക്ഷേ, ഞങ്ങളാകട്ടെ പ്രഭാതത്തിലും സന്ധ്യയിലും അവിടെ ഉണ്ടാകും. കൂടാതെ എന്റെ കിടക്ക ജനലിനോട് ചേർന്നാണ് കിടക്കുന്നത്. അതിനാൽ എനിക്ക് ഈ വാക്കുകൾ ഇഷ്ടപ്പെട്ടില്ല.

221. അയാൾ തർക്കത്തിന് തുടക്കമിടുകയും, ഞാൻ നേരെ വിപരീതമായ വാദഗതി ഉന്നയിക്കുകയും ചെയ്തു. ഒരു വലിയ വാദപ്രതിവാദം ഉണ്ടായെങ്കിലും അനുമാനം ഒന്നുമുണ്ടായില്ല.

222. ഒരാൾ പറഞ്ഞു, ഒരു പാമ്പ് നിമിഷം പോലും വൈകാതെ കൊല്ലപ്പെടണം എന്ന്; മറ്റേയാൾ പറഞ്ഞു, എന്തിനാണ് നമ്മൾ അനാവശ്യമായി ഒരു നിഷ്കളങ്കജീവിയോട് ശത്രുത പുലർത്തുന്നത് എന്ന്.

223. ചിലർ മുക്താറാമിനെ നിന്ദിക്കുകയും, ചിലർ എന്നെ പിന്താങ്ങുകയും ചെയ്തു. തർക്കം ചൂട് പിടിക്കുകയും അതിന് ഒരു അവസാനം എത്തിയതുമില്ല.

224. ഒടുവിൽ മുക്താറാം താഴത്തെ നിലയിലേയ്ക്ക് പോയി. ഞാൻ എന്റെ സ്ഥലം (ഉറങ്ങാനുള്ള) മാറ്റി. ഞാൻ ദ്വാരത്തിൽ ഒരു തടിക്കഷണം തിരുകിവയ്ക്കുകയും, എന്റെ കിടക്ക വിരിച്ച് ഉറങ്ങാൻ തുടങ്ങുകയും ചെയ്തു.

225. കണ്ണുകൾ മയങ്ങാൻ തുടങ്ങുകയും, കൂടിയിരുന്നവർ ഉറങ്ങാനായി പോകുകയും ചെയ്തു. ഞാൻ കോട്ടുവായ ഇടാൻ തുടങ്ങുകയും, സ്വാഭാവികമായും തർക്കം അവസാനിക്കുകയും ചെയ്തു.

226. രാത്രി കടന്നുപോകുകയും പ്രഭാതമാകുകയും ചെയ്തു. ഞാൻ എന്റെ പ്രഭാതകർമ്മങ്ങൾ പൂർത്തിയാക്കി. ബാബ ലെൻഡിയിൽ നിന്നും തിരികെ എത്തി. ജനങ്ങൾ മസ്ജിദിൽ ഒത്തുകൂടാൻ തുടങ്ങി,

227. പതിവുപോലെ പ്രഭാതത്തിൽ, സാധാരണയായി ചെയ്യുന്നതുപോലെ ഞാൻ മസ്ജിദിൽ എത്തി. മുക്താറാമും മറ്റുള്ളവരും എത്തി, അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു.

228. ചിലർ അവരുടെ കൈത്തലത്തിൽ പുകയില പൊടിക്കുന്നുണ്ടായിരുന്നു; ചിലർ ബാബയുടെ ചില്ലം നിറയ്ക്കുന്നുണ്ടായിരുന്നു; ചിലർ അദ്ദേഹത്തിന്റെ പാദങ്ങളും കരങ്ങളും തിരുമ്മുന്നുണ്ടായിരുന്നു. അത്തരത്തിൽ എല്ലാവരും ബാബയെ സേവിക്കുന്നതിൽ വ്യാപൃതരായിരുന്നു.

229. എല്ലാവരുടെയും ആന്തരിക ചിന്താഗതികൾ അറിയുന്ന ബാബ മൃദുവായി ചോദിച്ചു. “കഴിഞ്ഞ രാത്രിയിൽ, വാഡയിൽ നടന്ന വാദപ്രതിവാദം എന്തിനെക്കുറിച്ചുള്ളതായിരുന്നു?”

230. അപ്പോൾ ഞാൻ സംഭവിച്ചതെല്ലാം ബാബയോട് പറഞ്ഞു; അത്തരം സന്ദർഭങ്ങളിൽ ഒരു പാമ്പ് കൊല്ലപ്പെടണമോ വേണ്ടയോ എന്ന് ഞാൻ ചോദിക്കുകയും ചെയ്തു.

231. പക്ഷേ ബാബ ഒന്നുമാത്രം പറഞ്ഞു – സകലജീവികളിലും, പാമ്പുകളിലും തേളുകളിലും പോലും ഈശ്വരൻ വസിക്കുന്നു. അതിനാൽ നമ്മൾ എല്ലാവരെയും സ്നേഹിക്കണം.

232. ഈശ്വരൻ ഈ ലോകത്തിന്റെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നു. എല്ലാവരും ഈശ്വരന്റെ ആജ്ഞയ്ക്ക് അധീനരാണ്. ഒരു പാമ്പായാലും തേളായാലും, അതിന് ഈശ്വരന്റെ ഇച്ഛയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കഴിയില്ല.

233. അതിനാൽ, നമ്മൾ എല്ലാ ജീവികളോടും ദയ കാട്ടുകയും അവയെ സ്നേഹിക്കുകയും ചെയ്യണം. അക്രമം ഉപേക്ഷിച്ച് സഹനം ശീലിക്കുക. ഈശ്വരൻ എല്ലാവരെയും സംരക്ഷിക്കുന്നു.

234. സായിബാബയുടെ ഇത്തരത്തിലുള്ള എത്ര കഥകളാണ് വിവരിക്കുക? അതി

നാൽ ശ്രോതാക്കൾ തീർച്ചയായും അതിന്റെ സാരാംശം ഗ്രഹിക്കണം.

235. അടുത്ത അധ്യായം ഇതിനേക്കാൾ മധുരതരമാണ്. ഇത്, ദീക്ഷിത് എന്ന ഭക്തനിൽ എങ്ങനെയാണ് ഭക്തിയും വിശ്വാസവും ഒരുമിച്ച് ചേർന്നിരുന്നതെന്നും, ഇവയുടെ ബലത്താൽ എങ്ങനെയാണ് അയാൾ ഒരു ആടിനെ കൊല്ലാൻ തയ്യാറായതെന്നുമുള്ള സംഭവത്തെക്കുറിച്ചാണ്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ, ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ ഇരുപത്തിരണ്ടാമത്തെ അധ്യായം "അപമൃത്യു ഒഴിവാക്കുന്നത്" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ.

**കുറിപ്പുകൾ**

1. വിഷ്ണു/കൃഷ്ണൻ
2. വിശദവിവരങ്ങൾ നാലാം അധ്യായത്തിൽ കൊടുത്തിട്ടുണ്ട്.
3. പാടം നനയ്ക്കുന്നതിന് വേണ്ടി കാളകളെ ഉപയോഗിച്ച് കിണറിൽ നിന്നും വെള്ളം കോരുന്നതിന് ഉപയോഗിക്കുന്നു.
4. ഷിർദിയിൽ നിന്നും തീവണ്ടിമാർഗ്ഗം 13 മൈൽ അകലെ.
5. ഒരിക്കൽ ഷിർദിയിൽ വച്ച് മാധവറാവുവിനെ ഒരു പാമ്പ് കടിച്ചു. ജനങ്ങളുടെ വിശ്വാസമനുസരിച്ച് അടുത്തുള്ള വിത്റോബാ ക്ഷേത്രത്തിലാണ് പാമ്പുകടിയേറ്റവരെ, ഭേദമാക്കാൻ വേണ്ടി കൊണ്ടുപോകാറുള്ളത്. അതനുസരിച്ച് അനേകം പേർ അയാളോട് അവിടെ പോകാൻ നിർബന്ധിച്ചു. പക്ഷേ അയാൾ പറഞ്ഞു: "നമ്മൾ മഹാരാജ് പറയുന്നതുപോലെ പ്രവർത്തിക്കണം," എന്നിട്ട് മഹാരാജിന്റെ സമീപത്തെത്തി. മാധവറാവു പടിക്കെട്ടുകൾക്ക് താഴെ എത്തിയപ്പോൾ മഹാരാജ് ഉറക്കെ വിളിച്ചു പറഞ്ഞു: "മുകളിലേയ്ക്ക് കയറരുത്." ഇത് തനിക്കുള്ള ആജ്ഞയാണെന്ന് കരുതി, മാധവറാവു പടികൾ കയറിയില്ല. ഇത് അയാൾക്ക് നേരെയായിരുന്നില്ല, മറിച്ച് വിഷത്തിന് നേരെയായിരുന്നു, കാരണം ആ നിമിഷം മുതൽ വിഷം പടർന്നില്ല. പിന്നീട് മഹാരാജിന്റെ അനുഗ്രഹത്താൽ, ഔഷധങ്ങൾ കൂടാതെ മാധവറാവു സാവധാനം സുഖം പ്രാപിച്ചു. ഇത് യഥാർത്ഥത്തിൽ സംഭവിക്കുന്നതിന് ഒരു വർഷം മുമ്പ്, അയാൾക്ക് ഈ സംഭവത്തെക്കുറിച്ച് സ്വപ്നദർശനം ലഭിച്ചിരുന്നു.
6. രാത്രി നേരത്തെ ആരതിയും, പിറ്റേന്ന് രാവിലത്തെ കാക്കഡ് ആരതിയും – ബാബ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ചാവടിയിൽ താമസിക്കവേ ഇത് നടത്തപ്പെട്ടിരുന്നു.

## 23

# ഗുരുശിഷ്യലീലയുടെ കാഴ്ച

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. വാസ്തവത്തിൽ മനുഷ്യൻ ത്രിഗുണങ്ങൾക്കതീനാണ്, പക്ഷേ മായയാൽ സംഭ്രമിക്കപ്പെട്ട് അവൻ അവന്റെ സത്യം – ശുദ്ധബോധം – ആനന്ദം എന്ന അവസ്ഥ മറക്കുകയും സ്വയം ദേഹമാണെന്ന് ചിന്തിക്കുകയും ചെയ്യുന്നു.
2. പിന്നീട് ദേഹബുദ്ധിയുടെ അഹങ്കാരത്താൽ, അവൻ കാർമ്മികത്വത്തിലും ആസ്വാദനത്തിലും വിശ്വസിക്കുന്നു. അവൻ ഒന്നിനു പുറകേ ഒന്നായി ദുരിതങ്ങളിൽപ്പെടുകയും, രക്ഷപ്പെടാൻ ഒരു മാർഗ്ഗവും കാണുന്നുമില്ല.
3. അവസാനമില്ലാത്ത ദുരിതങ്ങൾ ഇല്ലാതാക്കാനുള്ള ഒരേ ഒരു മാർഗ്ഗം ഗുരുപാദങ്ങളിൽ സ്നേഹപൂർവ്വമായുള്ള സേവനമാണ്. ശ്രീരംഗ[1]നായ സായി വിദഗ്ധനായ ഒരു നടനാണ്, അദ്ദേഹം തന്റെ സ്വന്തം വർണ്ണങ്ങൾ ഭക്തന്മാർക്ക് ചാർത്തുന്നു.
4. ഒരു അവതാരത്തിന് വേണ്ടുന്ന എല്ലാ ലക്ഷണങ്ങളും ഉള്ളതിനാൽ ഞങ്ങൾ അദ്ദേഹത്തെ ഒരു അവതാരപുരുഷനായി കരുതുന്നു. പക്ഷേ അദ്ദേഹം സ്വയം എല്ലായ്പ്പോഴും "ഞാൻ അള്ളാഹിന്റെ പാദങ്ങളിൽ ഒരു അടിമയാണ്" എന്നു പറഞ്ഞിരുന്നു.
5. സ്വയം ഒരു അവതാരപുരുഷനായിട്ടും, ഈ ലോകത്തിലെ ഒരു സാധാരണ മനുഷ്യനെപ്പോലെ അദ്ദേഹം ജീവിച്ചു; അത്തരത്തിൽ സ്വന്തം വർണ്ണാശ്രമങ്ങൾക്കും, മതവിശ്വാസങ്ങൾക്കും അനുസൃതമായി ജീവിക്കണമെന്നുള്ള ഉദാഹരണം മറ്റുള്ളവർക്ക് കാട്ടിക്കൊടുത്തു.
6. അദ്ദേഹം സ്വയം ആരുമായും താരതമ്യം ചെയ്യുകയോ, മറ്റാരെയും അപ്രകാരം ചെയ്യാൻ അനുവദിച്ചതുമില്ല. ഈ പ്രപഞ്ചം മുഴുവൻ ഈശ്വരൻ നിറഞ്ഞിരിക്കുന്നു എന്ന് ചിന്തിക്കുന്നവന്റെ യഥാർത്ഥ ആഭരണം വിനയമാണ്.
7. അദ്ദേഹം ആരെയും നിന്ദിക്കുകയോ, ആരെയും നിസ്സാരന്മാരായി കരുതുകയോ ചെയ്തില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഓരോ വസ്തുവും ഈശ്വരനായിരുന്നു. അദ്ദേഹം എല്ലാത്തിലും ശുദ്ധബോധത്തെ ദർശിച്ചു.
8. അദ്ദേഹം ഒരിക്കലും "ഞാൻ ഈശ്വരനാണ്" എന്ന് പറഞ്ഞില്ല, പകരം, "ഞാൻ ഈശ്വരന്റെ ഒരു വിനീതദാസനാണ്." "ഞാൻ എല്ലായ്പ്പോഴും ഈശ്വരനെ

സ്മരിക്കുന്നു." അദ്ദേഹം എല്ലായ്പ്പോഴും, "ഈശ്വരനാണ് യജമാനൻ" (അള്ളാ മാലിക്) എന്ന് ഉരുവിട്ടിരുന്നു.

9. നമുക്കൊരിക്കലും ഒരു ദിവ്യന്റെ പെരുമാറ്റത്തിൽ നിന്നോ ആഹാരരീതികളിൽ നിന്നോ, അദ്ദേഹത്തിന്റെ അവസ്ഥയോ പാരമ്പര്യമോ ഗ്രഹിക്കാൻ കഴിയില്ല. അദ്ദേഹം ഇവയ്ക്കൊക്കെ അതീതനായിരുന്നു.

10. പരമദയാലുവായ ഈശ്വരന്റെ അനുഗ്രഹത്താൽ ചലിക്കുന്നതും ചലിക്കാത്തതുമായ സകല ജീവികളെയും ഉദ്ധരിക്കുന്നതിന് വേണ്ടി ദിവ്യന്മാർ ഭൂമിയിൽ അവതരിക്കുന്നു.

11. മുജ്ജന്മങ്ങളിലെ പുണ്യകർമ്മങ്ങളുടെ ശേഖരം മാത്രമാണ്, സന്തോഷവും സംതൃപ്തിയും ലഭിക്കുന്നതിന് വേണ്ടി, ദിവ്യന്മാരുടെ കഥ ശ്രവിക്കാനുള്ള താല്പര്യം ജനിപ്പിക്കുന്നത്.

12. ഒരിക്കൽ ചന്ദോർക്കറുടെ ഒപ്പം, ഒരു യോഗസാധകൻ ബാബയുടെ ദർശനത്തിനായി മസ്ജിദിലെത്തി.

13. അയാൾ പതഞ്ജലിയുടെ യോഗശാസ്ത്രവും മറ്റ് ഗ്രന്ഥങ്ങളും പൂർണ്ണമായി അധ്യയനം നടത്തിയിരുന്നു, പക്ഷേ വിചിത്രമെന്ന് പറയട്ടെ, ഒരു നിമിഷം പോലും സമാധി അവസ്ഥയിലെത്താൻ കഴിയുന്നില്ല എന്നതായിരുന്നു അയാളുടെ അനുഭവം.

14. 'സായി മഹാരാജ് യോഗീശ്വരനാണ്. അദ്ദേഹം അനുഗ്രഹിക്കുകയാണെങ്കിൽ എന്റെ സംശയങ്ങൾ നീങ്ങുകയും, എനിക്ക് തീർച്ചയായും സമാധി നേടാനും കഴിയും.'

15. മനസ്സിൽ ഈ ആഗ്രഹത്തോടെ അയാൾ സായിദർശനത്തിനെത്തിയപ്പോൾ, അദ്ദേഹം ഭക്രി ഉള്ളി[2] കൂട്ടി കഴിച്ചുകൊണ്ട് ഇരിക്കുന്നതാണ് കണ്ടത്.

16. അദ്ദേഹത്തിന്റെ വദനത്തിന് മുമ്പിൽ പരുപരുത്ത ഭക്രിയും ഉണക്ക ഉള്ളിയും പിടിച്ചിരിക്കുന്നത് കണ്ടപ്പോൾ, അയാളുടെ മനസ്സിൽ വിചിത്രമായ ഒരു സംശയം ഉണ്ടായി: 'എങ്ങനെയാണ് അദ്ദേഹത്തിന് എന്റെ സംശയങ്ങൾ ദൂരീകരിക്കുവാൻ കഴിയുക?'

17. അയാളുടെ മനസ്സിൽ ഇത്തരം ഒരു സംശയം ഉയർന്നപ്പോൾ, എല്ലാവരുടെയും ഹൃദയം അറിയുന്ന സായിമഹാരാജ് പറഞ്ഞു: "നാനാ, ഉള്ളി ദഹിപ്പിക്കാൻ കഴിവുള്ളവർ മാത്രമേ അത് കഴിക്കാൻ പാടുള്ളൂ.

18. "ഉള്ളി ദഹിപ്പിക്കാൻ കഴിവുള്ളവന്, അത് സുഖമായി കഴിക്കാൻ സാധിക്കും." ഇത് കേട്ടപ്പോൾ യോഗി പരിഭ്രമിക്കുകയും, ഉള്ളിൽ പൂർണ്ണമായ വിശ്വാസത്തോടെ സ്വയം സമർപ്പിക്കുകയും ചെയ്തു.

19. അത് അങ്ങനെയാകട്ടെ. പിന്നീട് ആ യോഗസാധകൻ, മനസ്സിൽ സംശയങ്ങളൊന്നുമില്ലാതെ, ബാബ തന്റെ ഇരിപ്പിടത്തിൽ ഇരുന്നപ്പോൾ, അദ്ദേഹത്തിന്റെ സമീപത്തായി ഇരുന്നു.

20. അയാൾ ഉത്സാഹത്തോടെ സംശയങ്ങൾ ആരായുകയും, അവയ്ക്കെല്ലാം ഉത്തരം ലഭിച്ച് സന്തുഷ്ടനാകുകയും ചെയ്തു. ഉധിയും അനുഗ്രഹങ്ങളും

വാങ്ങി, സന്തുഷ്ടമായ മനസ്സോടെ അയാൾ മടങ്ങിപ്പോയി.

21. അത്തരത്തിലുള്ള അനേകം കഥകളുണ്ട്. ഭക്തിയോടെയും വിശ്വാസത്തോടെയും അവ ശ്രവിക്കുകയാണെങ്കിൽ ഭക്തരുടെ ദുഃഖം, അത്യാഗ്രഹം, മറ്റ് കഠിനമായ ക്ലേശങ്ങൾ എന്നിവ ഉടനടി നിവാരണം ചെയ്യാനുള്ള ശക്തി അവയ്ക്കുണ്ട്.

22. ദുർഗന്ധം വമിക്കുന്ന വെള്ളം നിറഞ്ഞു നിൽക്കുന്ന കുഴി, ഒരു പന്നിക്ക്, അത്യധികം സുഖം നൽകുന്ന ഒന്നായി അനുഭവപ്പെടും.

23. മനുഷ്യന്റെ ആത്മാവിനും, തത്തയ്ക്കും ഒരു കാര്യത്തിൽ സമാനതയുണ്ട്. ഒന്ന് ശരീരത്തിനുള്ളിൽ ബന്ധിതമാണ്, മറ്റേതാകട്ടെ ഒരു പഞ്ജരത്തിനുള്ളിലും. തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടെങ്കിലും, തടവിൽ, തത്ത സന്തുഷ്ടനാണ്.

24. കിണറിനുള്ളിലെ തവളയ്ക്ക് തുല്യമാണ് ഈ തത്ത. പഞ്ജരത്തിനുള്ളിലാണ് അതിന്റെ സന്തോഷം. ആസക്തികളുടെ പിടിയിലമർന്ന ഒരു മനുഷ്യൻ, സ്വാതന്ത്ര്യത്തിന്റെ അദ്ഭുതങ്ങൾ മറന്നുപോയ ഈ തത്തയെപ്പോലെയാണ്.

25. "എത്ര മനോഹരമാണ് എന്റെ കൂടും അതിനുള്ളിലെ ഊഞ്ഞാലാടാനുള്ള സ്വർണ്ണദണ്ഡും! ഞാൻ തലകീഴായി കിടന്നാലും, എന്റെ കാലുകൾ തെന്നുന്നില്ല എങ്കിൽ ഞാൻ സുരക്ഷിതനാണ്!

26. "പക്ഷേ പുറത്ത് പോകുകയാണെങ്കിൽ, മാതളമണികളും രുചികരമായ ചുവന്ന മുളകുകളും കഴിക്കുന്ന സന്തോഷം നഷ്ടമാകും. ഈ സുഖങ്ങൾ നഷ്ടപ്പെടുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം എനിക്കായിരിക്കും."

27. ഉചിതമായ സമയമെത്തുമ്പോൾ, സംഭവിക്കാൻ കഴിയാത്തത് സംഭവിക്കും. അത്, അതിന് സ്നേഹപൂർണ്ണമായ ഒരു ഉണർത്തൽ (പുറത്ത് തട്ടുന്നതിലൂടെ) നൽകുകയും ദൃഷ്ടികളിൽ അഞ്ജനം (ജ്ഞാനത്തിന്റെ) പുരട്ടുകയും ചെയ്യുന്നു.

28. ശക്തിപാത[3]ത്തിലൂടെ ഉണ്ടാകുന്ന ഉണർത്തൽ അതിന്റെ കണ്ണുകൾ തുറക്കാൻ കാരണമാകുകയും അത് കൂടിന് പുറത്തെത്തുകയും ചെയ്യുന്നു. അത് പറക്കാനായി തന്റെ ചിറകുകൾ ഉപയോഗിക്കുന്നു. ആരാണ് അപ്പോൾ അതിനെ നിയന്ത്രിക്കുക?

29. വിശാലമായ പ്രപഞ്ചം അവന്റെ മുമ്പിലുണ്ട്. ധാരാളം മാതളത്തോട്ടങ്ങളും പേരയ്ക്കത്തോട്ടങ്ങളുമുണ്ട്. സ്വാതന്ത്ര്യം ആസ്വദിച്ചുകൊണ്ട് അവനിഷ്ടമുള്ളിടത്തേയ്ക്ക് പറക്കാനായി ആകാശം സ്വതന്ത്രമാണ്.

30. ഇതുപോലെയാണ് ആത്മന്റെ അവസ്ഥയും. ഈശ്വരന്റെയും ഒരു ഗുരുവിന്റെയും അനുഗ്രഹം അവന് കിട്ടുമ്പോൾ, അവ രണ്ടിന്റെയും സഹായത്തോടെ അവന് മോചനം ലഭിക്കുകയും സ്വാതന്ത്ര്യത്തിന്റെ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു.

31. ഇപ്പോൾ, ശ്രോതാക്കളെല്ലാം ശ്രദ്ധാവാന്മാരാകുകയും, ശുദ്ധമായ സ്നേഹത്തിന്റെ കഥയുടെ ചില നിമിഷങ്ങൾ ശ്രവിക്കുകയും ചെയ്യുക.

32. കഴിഞ്ഞ അധ്യായത്തിൽ, മിരിക്കാറിനോടൊപ്പം ശാമയെ ചിതലിയിലേയ്ക്ക് അയച്ചുകൊണ്ട് ബാബ ഒരു അദ്ഭുതം പ്രവർത്തിക്കുകയുണ്ടായി.

33. ഭാവിയിൽ, പാമ്പിൽ നിന്നും ആപത്തുണ്ടാകുമെന്ന് ഗ്രഹിച്ച സായി, മിരിക്കാറിന് സമയോചിതമായി ആപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകിക്കൊണ്ട് ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശിച്ചു.

34. അദ്ദേഹം മുന്നറിയിപ്പ് കൊടുക്കുക മാത്രമല്ല, അയാൾ നിരസിച്ചിട്ടും, ശാമയെ ഒപ്പം കൂട്ടിവിട്ടുകൊണ്ട് അപകടം ഒഴിവാക്കാനുള്ള മാർഗ്ഗം നൽകി, മിരിക്കാറിനെ അപകടത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.

35. ഭക്തരുടെ ക്ഷേമത്തിനായി സദാ സന്നദ്ധനായി നിൽക്കുന്ന സായി ബാലാസാഹേബ് മിരിക്കാറെ ആപത്തിൽ നിന്ന് രക്ഷിക്കുകയും അയാൾക്ക് ആശ്ചര്യകരമായ ഒരു അനുഭവം നൽകുകയും ചെയ്തു.

36. അതുമായി താരതമ്യം ചെയ്യുമ്പോൾ ശാമയുടെ അവസ്ഥ നോക്കുക! യാദൃച്ഛികമായി അയാൾക്ക് പാമ്പ് കടിയേൽക്കുകയും, അയാളുടെ ജീവന് പ്രതീക്ഷയ്ക്ക് തീരെ സാധ്യതയുമുണ്ടായിരുന്നില്ല. ബാബ അതിൽ നിന്നും അയാളെ രക്ഷപ്പെടുത്തി.

37. ഇതും ബാബയുടെ ഒരു ലീലയായിരുന്നു! ഞാൻ ആദ്യം അത് ശ്രോതാക്കൾക്ക് വിവരിക്കാം. ഒരു പാമ്പ് കടിച്ചിട്ടും, എന്ത് ഔഷധമാണ് ഉപയോഗിച്ചതെന്ന് നോക്കുക!

38. ഏകദേശം ഏഴ് മണിക്ക് ഒരു പാമ്പ് പെട്ടെന്ന് ചെറുവിരലിൽ (ശാമയുടെ) കടിക്കുകയും ആ ഭാഗം മുഴുവൻ വിഷം നിറയുകയും ചെയ്തു.

39. വേദന അസഹനീയവും, ജീവൻ നഷ്ടപ്പെടുന്നത് പോലെയും തോന്നി. മാധവറാവു പരിഭ്രാന്തനാകുകയും, ഭയപ്പെടുകയും ചെയ്തു.

40. അയാളുടെ ശരീരം ചുവപ്പ് നിറമായി. സുഹൃത്തുക്കളും ബന്ധുക്കളും ചുറ്റും കൂടിനിന്ന് പറഞ്ഞു: "നമുക്ക് വിറോബാ ക്ഷേത്രത്തിലേക്ക് പോകാം"[4], രക്ഷപ്പെടുമെന്നുള്ള ആശ നശിച്ചിരുന്നു.

41. നിമോൺകാറും[5] മുമ്പോട്ട് വന്ന്, അയാൾ ഉധിയും എടുത്തുകൊണ്ട് പോകണമെന്ന് അഭിപ്രായപ്പെട്ടു. പക്ഷേ മാധവറാവു മസ്ജിദിലേയ്ക്ക് ഓടി. ബാബ എന്താണ് ചെയ്തതെന്ന് നോക്കുക!

42. ബാബ അയാളെ കണ്ടപ്പോൾ, എന്തായിരുന്നു ബാബയുടെ ലീല എന്ന് കാണുക! അദ്ദേഹം ശകാരവർഷം ചൊരിയുകയും അയാളെ മുകളിലേയ്ക്ക് കയറിവരരുതെന്ന് വിലക്കുകയും ചെയ്തു.

43. "മുകളിലേയ്ക്ക് കയററുത്, ദുഷ്ടപുരോഹിതാ. കയറിവരാൻ ധൈര്യപ്പെടരുത്! പുറത്ത് പോകൂ! ഇറങ്ങ് താഴേയ്ക്ക്!" ഇതായിരുന്നു നീണ്ടുനിന്ന ശകാരവർഷം.

44. ബാബ സങ്കല്പിക്കാൻ കഴിയാത്ത തരത്തിൽ കോപാകുലനായി, അപ്രതീക്ഷിതവും അനാവശ്യവുമായി ക്രോധാവേശനായി. മാധവറാവു പരിഭ്രമിച്ചു. എന്തുകൊണ്ടാണ് അയാളെ ഈ കഠിനവാക്കുകൾ കൊണ്ട് ശിക്ഷിക്കുന്നത്?

45. കാര്യങ്ങളുടെ ഈ അവസ്ഥ കണ്ടപ്പോൾ മാധവറാവു വളരെ ഭയപ്പെട്ടു. അയാൾക്ക് മറ്റൊന്നും ചിന്തിക്കാൻ കഴിഞ്ഞില്ല. അയാൾ നിരാശാവാനായി താഴെ ഇരുന്നു.

46. ദേവൻ[6] പോലും കോപിച്ചപ്പോൾ, മാധവറാവു ഭയപ്പെടുകയും, ഇനി ആശയ്ക്ക് വകയില്ലെന്നും ബാബ തന്നെ പുറന്തള്ളിയെന്ന് വിശ്വസിക്കുകയും ചെയ്തു.

47. കോപവും ഭയാനകമായ പെരുമാറ്റവും കണ്ടാൽ ആരാണ് ഭയപ്പെടാതിരിക്കുക? ശകാരവാക്കുകളുടെ പ്രഹരം കേട്ടപ്പോൾ, അതൊരു ഭയാനകമായ സമയമാണെന്ന് അയാൾ ചിന്തിച്ചു.

48. "ഈ മസ്ജിദ് എന്റെ മാതാവിന്റെ ഗൃഹമാണ്. ഞാൻ സായിയുടെ സ്വന്തം കുട്ടിയാണ്. അത്തരത്തിലുള്ളപ്പോൾ, എന്തുകൊണ്ടാണ് ഇന്ന് മാതാവ് കുഞ്ഞിനോട് ഇത്രയധികം കോപം കാട്ടുന്നത്?

49. എന്നെ പാമ്പ് കടിച്ചെന്നുള്ള ദുഃഖവുമായി അമ്മയോടല്ലാതെ മറ്റാരുടെ അടുക്കലേയ്ക്കാണ് ഞാൻ പോകുക? പക്ഷേ, അവൾ സ്വയം തട്ടിമാറ്റിയാൽ എന്റെ അവസ്ഥ ദയനീയമായിരിക്കും."

50. ഒരു മാതാവിന് കുഞ്ഞ് എന്നപോലെയായിരുന്നു, ബാബയ്ക്ക് മാധവറാവു. അത്തരത്തിലുള്ള ഒരു ബന്ധം നിലനിൽക്കേ എന്തുകൊണ്ടാണ് ഇന്ന് ഇത്തരത്തിൽ സംഭവിച്ചത്?

51. മാതാവ് തട്ടിമാറ്റിയാൽ മറ്റാരാണ് കുഞ്ഞിനെ സംരക്ഷിക്കുക. മാധവറാവുവിന്, ആ സമയത്ത് രക്ഷപ്പെടുമെന്നുള്ള എല്ലാ പ്രതീക്ഷയും അസ്തമിച്ചു.

52. കുറച്ച് സമയത്തിന് ശേഷം, ബാബ ശാന്തനായപ്പോൾ മാധവറാവു ധൈര്യമവലംബിച്ച് മുകളിലേയ്ക്ക് ചെന്ന് ഇരുന്നു.

53. ബാബ പറഞ്ഞു: "ധൈര്യം ഉപേക്ഷിക്കരുത്. ഒരു തരത്തിലുള്ള നിരാശയും നിന്റെ മനസ്സിൽ കടക്കാൻ ഇടയാകരുത്. നീ സുഖം പ്രാപിക്കും. വിഷമിക്കാതിരിക്കൂ. ദയാവാനായ ഫക്കീർ നിന്നെ സംരക്ഷിക്കും.

54. "ഗൃഹത്തിൽ പോയി സ്വസ്ഥമായി ഇരിക്കുക. ഗൃഹത്തിന് പുറത്ത് പോകരുത്. ഭയമില്ലാതെയും, ഉത്കണ്ഠയില്ലാതെയും വർത്തിക്കുക. എന്നിൽ വിശ്വാസമുണ്ടായിരിക്കണം."

55. പിന്നീട് അയാൾ ഗൃഹത്തിൽ എത്തിയതിന് തൊട്ടുപിന്നാലെ ബാബ, താത്ത്യയെ[7] സുഖവിവരം അന്വേഷിക്കാൻ അയയ്ക്കുകയും ഒപ്പം ഒരു സന്ദേശവും കൊടുത്തുവിട്ടു.

56. "അയാളോട് കിടക്കരുതെന്നും, ഉറങ്ങരുതെന്നും പറയുക. പക്ഷേ, ഗൃഹത്തിനുള്ളിൽ നടക്കട്ടെ. അവനിഷ്ടമുള്ളത് കഴിക്കാം. ഈ നിർദ്ദേശങ്ങൾ പാലിക്കട്ടെ."

57. ബാബ ആ രാത്രിയിൽ കാക്കാസാഹേബ് ദീക്ഷിതിനോടും പറഞ്ഞു: "രാത്രിയിൽ അവന് ഉറക്കം വരും. അവനെ ഉറങ്ങാൻ അനുവദിക്കരുത്."

58. അത് അങ്ങനെയാകട്ടെ. ഈ മുൻകരുതലുകൾ എടുത്തതിനാൽ ക്ലേശം ഇല്ലാതായി, വിഷം മൂലം വിരലിൽ കുറച്ച് നീറ്റൽ അവശേഷിച്ചു.

59. പിന്നീട് അതും ഭേദമായി. അത്തരത്തിൽ ഭീകരമായ അപകടം ഇല്ലാതായി. എത്ര ദയാലുവാണ് സായി മാതാവ്, എല്ലായ്പ്പോഴും ഭക്തരോടുള്ള ദയയാൽ ആർദ്രഹൃദയനാണ് അദ്ദേഹം!

60. "മുകളിലേയ്ക്ക് കയറരുത്, ദുഷ്ടപുരോഹിതാ!" ബാബയിൽ നിന്നുള്ള ശക്തമായ ആ വാക്കുകൾ മാധവറാവുവിന് നേർക്കോ അയാളെ ഉദ്ദേശിച്ചുള്ളതോ ആയിരുന്നോ?

61. അല്ല. അവ മാധവറാവുവിനെ ഉദ്ദേശിച്ചായിരുന്നില്ല. ആ വാക്കുകൾ അയാളെ കടിച്ച പാമ്പിന്റെ വിഷത്തോടുള്ള, ഉഗ്രമായ ഒരു ആജ്ഞയായിരുന്നു.

62. "കയറിവരാൻ ധൈര്യപ്പെടരുത്!" എന്നത് സായിയുടെ വദനത്തിൽ നിന്നുള്ള ശക്തമായ താക്കീതായിരുന്നു, അത് വിഷം പടരുന്നതിൽ നിന്ന് അതിനെ തടയുകയും, അതിനെ ഒരു സ്ഥലത്ത് ഒതുക്കി നിർത്തുകയും ചെയ്തു.

63. അത് മാത്രമല്ല, "പുറത്ത് പോകൂ, ഇറങ്ങ് താഴേയ്ക്ക്", എന്നത് സായിയുടെ പഞ്ചാക്ഷരി മന്ത്രമായിരുന്നു, അത് വിഷം ഉടൻ ശമിക്കുന്നതിന് കാരണമായി.

64. മറ്റ് മാർഗ്ഗങ്ങളുടെയൊന്നും ആവശ്യമുണ്ടായില്ല; മന്ത്രത്തിൽ പാണ്ഡിത്യമോ, അത്ഭുതശക്തികൾ കൈവശമുള്ളവനോ ആയ ഒരു വ്യക്തി തുടങ്ങിയവ. അത്തരത്തിലായിരുന്നു ഭക്തർക്ക് ആശ്രയമായ സായി! അപകടങ്ങൾ, അദ്ദേഹം ഉടനടി ഇല്ലാതാക്കിയിരുന്നു.

65. അദ്ദേഹം മന്ത്രജപങ്ങളൊന്നും ചെയ്തില്ല. മന്ത്രശക്തിയുള്ള അരി ഉപയോഗിക്കുകയോ ദിവ്യജലം തളിക്കുകയോ ചെയ്തില്ല. പിന്നെ എങ്ങനെയാണ് വിഷം ശമിച്ചത്?

66. ഇത് ഒരു ആശ്ചര്യകരമായ വസ്തുതയല്ലേ? മാധവറാവുവിനെ ദംശിച്ച പാമ്പിന്റെ വിഷം ഇല്ലാതാക്കാൻ ഒരു ദിവ്യന്റെ വാക്കുകൾ മാത്രം മതിയായി. അവരുടെ കാരുണ്യത്തിന് സമാനമായി മറ്റൊന്നില്ല.

67. ഇപ്പോൾ കഴിഞ്ഞ അധ്യായത്തിൽ സൂചിപ്പിച്ച കഥയെക്കുറിച്ച്, ഹൃദയഹാരിയും ആശ്ചര്യകരവുമായത്. ശ്രോതാക്കൾ മുഴുവൻ സമയവും, തികഞ്ഞ ശ്രദ്ധയോടെ അത് കേൾക്കുക.

68. ഈ കഥ, ഞാൻ കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചതിനേക്കാൾ മനോഹരമാണ്. സായി എങ്ങനെയാണ് നിപുണത പ്രകടിപ്പിക്കുന്നതെന്ന് ശ്രോതാക്കൾക്ക് അറിയാൻ കഴിയും!

69. ഈ കഥകൾ ശ്രവിക്കുമ്പോൾ, ഗുരുവിന്റെ വാക്കുകൾ മനസ്സിനെ സ്വാധീനിക്കുകയും ആഴത്തിൽ പതിയുകയും ചെയ്യും. സകല കർമ്മങ്ങളുടെയും - നല്ലത്, ചീത്ത, കർമ്മമില്ലായ്മ - എന്നിവയുടെയൊക്കെ കാർമ്മികത്വം ഇല്ലാതാകും. ഗുരുവിന്റെ പാദങ്ങളിൽ വിശ്വാസമുറയ്ക്കും.

70. മായയെ നശിപ്പിക്കാൻ ഏറ്റവും എളുപ്പമായ മാർഗ്ഗം, ഹൃദയത്തിൽ സായിയുടെ പാദങ്ങളുടെ രൂപം സ്മരിക്കുക എന്നതാണ്. ഇതാണ് മുക്തിക്കുള്ള മാർഗ്ഗം.

71. ലൗകികജീവിതത്തെക്കുറിച്ചുള്ള ഭയം വളരെ വലുതാണ്. ഈ ഭയം ഉണ്ടാകാനുള്ള കാരണം മായയാണ്. ഈ കഥകൾ ശ്രവിക്കുമ്പോൾ അത് നശിപ്പിക്കപ്പെടുകയും ശാശ്വതമായ ആനന്ദം ലഭിക്കുകയും ചെയ്യും.

72. ഒരിക്കൽ, ഷിർദിയിൽ കോളറ പടർന്ന് പിടിച്ചപ്പോൾ ഗ്രാമീണർ പരിഭ്രാന്തരായി. പൊതുവായ അഭിപ്രായസമന്വയത്തിലൂടെ, ഗ്രാമത്തിനുള്ളിലേയ്ക്കും പുറത്തേയ്ക്കുമുള്ള എല്ലാ വിനിമയങ്ങളും നിർത്തിവയ്ക്കാൻ ധാരണയായി.

73. കോളറ സാംക്രമികരോഗം വളരെ ഭയാനകമാണ്. ഗ്രാമീണർ ഭയപ്പെട്ടു. മറ്റ് സ്ഥലങ്ങളിൽ നിന്നുള്ള ആളുകൾ ഗ്രാമത്തിനുള്ളിലേയ്ക്ക് കടക്കാൻ അനുവദിച്ചില്ല. എല്ലാ പ്രവൃത്തികളും നിലച്ചു.

74. കോളറ രോഗം മൂലമുള്ള മരണം തുടരുന്നിടത്തോളം, ആടുകളെ കൊല്ലാൻ പാടില്ലെന്നും, പുറത്ത് നിന്നുള്ള വാഹനങ്ങൾ ഗ്രാമത്തിൽ പ്രവേശിക്കാൻ അനുവദിക്കരുതെന്നും തീരുമാനിക്കപ്പെട്ടു. എല്ലാവരും ഇത് അനുസരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

75. ഗ്രാമീണരുടെ, അടിസ്ഥാനമില്ലാത്ത ഈ പെരുമാറ്റം ബാബയ്ക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ഇത്തരത്തിലുള്ള മൂഢമായ ആശയങ്ങൾ ജനങ്ങളുടെ അജ്ഞതയിൽ നിന്നും ഉടലെടുക്കുന്നതാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

76. ഒരുവശത്ത് ഗ്രാമീണർ ഈ തീരുമാനങ്ങളെടുക്കുകയും മറുവശത്ത് ബാബ അതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുകയും ചെയ്തു. എങ്ങനെ, ഏതു തരത്തിൽ അദ്ദേഹം അത് ചെയ്തുവെന്ന് ആദരവോടെ ശ്രദ്ധിക്കുക.

77. ഗ്രാമീണർ, ഗ്രാമത്തിലെ മുതിർന്നവരുടെ തീരുമാനം വിശ്വാസത്തോടെ അനുസരിച്ചു. ആരെങ്കിലും ചെറിയ രീതിയിൽപ്പോലും നിയമം ലംഘിക്കുകയാണെങ്കിൽ, വിട്ടയയ്ക്കും മുമ്പ് പിഴ ഒടുക്കണമായിരുന്നു.

78. ബാബയ്ക്ക് പിഴയെക്കുറിച്ച് ഭയമുണ്ടായിരുന്നില്ല. അദ്ദേഹം എപ്പോഴും എല്ലായ്പ്പോഴും നിർഭയനായിരുന്നു. അദ്ദേഹം ഈശ്വരനിൽ ലയിക്കുകയും മരണത്തെ ജയിക്കുകയും ചെയ്തിരുന്നു.

79. ഈ ദിനങ്ങളിൽ, അടുത്ത ഗ്രാമത്തിൽ നിന്നും, നിറയെ വിറകുമായി, ഒരു വണ്ടി ഗ്രാമാതിർത്തിയിൽ എത്തി. ഇത് ഒരു പ്രശ്നം സൃഷ്ടിക്കുകയും ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വഴക്കിടാൻ തുടങ്ങുകയും ചെയ്തു.

80. വിറകിന് ക്ഷാമമുണ്ടെന്ന് ഗ്രാമീണർക്ക് അറിയാമായിരുന്നു. പക്ഷേ നിയമം അനുസരിക്കാതിരിക്കുന്നത് ഉചിതമല്ല. അതിനാൽ എല്ലാവരും പ്രക്ഷുബ്ധരായി.

81. അവർ വണ്ടിക്കാരന് നേരെ തിരിയുകയും അയാളെ തിരിച്ചുവിടാൻ തുടങ്ങുകയും ചെയ്തു. ബാബ ഇത് അറിയാനിടയാകുകയും, പെട്ടെന്ന് ആ സ്ഥലത്ത് എത്തുകയും ചെയ്തു.

82. അദ്ദേഹം വണ്ടിയുടെ മുമ്പിൽ നിന്നു. ഇത് വണ്ടിക്കാരന് ധൈര്യം നൽകി. ഗ്രാമീണരുടെ നിർബന്ധബുദ്ധി ഖണ്ഡിക്കപ്പെട്ടു. വണ്ടി ഗ്രാമത്തിനുള്ളിൽ കടക്കാൻ അനുവദിക്കപ്പെടുകയും ചെയ്തു.

83. അവിടെ നിന്നും അത് മുറ്റത്തിന്റെ (മസ്ജിദിന്റെ) വാതിൽക്കൽ എത്തിക്കപ്പെട്ടു. വിറക് മുഴുവൻ മുറ്റത്ത് ശേഖരിക്കപ്പെട്ടു. പക്ഷേ, ആരും അവരുടെ വായ തുറക്കാനോ, എന്തെങ്കിലും ശബ്ദമുണ്ടാക്കാനോ ധൈര്യപ്പെട്ടില്ല.

84. വേനൽക്കാലമോ, തണുപ്പുകാലമോ, മഴക്കാലമോ, വസന്തകാലമോ എന്ന് ഭേദമില്ലാതെ, എല്ലായ്പ്പോഴും, ഇരുപത്തിനാല് മണിക്കൂറുകളും, മസ്ജിദിൽ ബാബയുടെ 'ധുനി' കത്തിച്ചിരുന്നു.

85. എത്ര അസാധാരണമാണ് ബാബയുടെ നിശ്ചയദാർഢ്യം! ഒരു അഗ്നിഹോത്രി അയാളുടെ അഗ്നിഹോത്രം ചെയ്യുന്നത് പോലെ, ബാബയുടെ ദിവ്യധുനി രാത്രിയും പകലും, മസ്ജിദിൽ തെളിഞ്ഞ് കത്തിയിരുന്നു.

86. ധുനി കത്തിക്കുന്നതിന് വേണ്ടി, ബാബ ധാരാളം വിറക് വാങ്ങി, മുറ്റത്ത് ഒരു ചുവരിൽ ചേർത്ത് അടുക്കിവയ്ക്കുമായിരുന്നു.

87. ബസാറിനുള്ള (ആഴ്ചയിലൊരിക്കൽ) സമയം ഓർത്തുവച്ചുകൊണ്ട്, ബാബ വിറക് ശേഖരിച്ചു. അയൽപക്കത്തുള്ളവർക്കും, സ്വതവേയുള്ള സ്വാർത്ഥത കാരണം അതിൽ ഒരു കണ്ണ് ഉണ്ടായിരുന്നു.

88. "ബാബാ അടുപ്പിൽ വിറക് തീരെയില്ല, വിറകില്ലാതെ അടുപ്പ് കത്തിക്കാനും കഴിയില്ല." ഇപ്രകാരം സംസാരിച്ച, സ്വാർത്ഥമതികളായ കാപട്യക്കാർക്കും അദ്ദേഹം വിറക് നൽകിയിരുന്നു.

89. പ്രകൃത്യാ, സ്വാർത്ഥരായ ജനങ്ങൾ കുടിലബുദ്ധിക്കാരാണ്. മുറ്റത്തിന് വാതിലുകളില്ല. അതിനാൽ അവർക്ക് അവസരം ലഭിച്ചു. ആവശ്യമുള്ളവരും, സൂത്രക്കാരും ഒരുപോലെയായിരുന്നു.

90. ബാബ വളരെ ഉദാരമതിയായിരുന്നു. എങ്ങനെയാണ് അദ്ദേഹത്തിന്റെ മഹത്വം വർണ്ണിക്കുക! പുറമേയ്ക്ക് അദ്ദേഹം കണിശക്കാരനായി തോന്നിച്ചുവെങ്കിലും, അകമേയ്ക്ക് ദയാലുവായിരുന്നു.

91. അദ്ദേഹത്തിന്റെ മഹത്വം അവർണ്ണനീയമാണ്. ഭാഷണം വിനീതമാകുകയും, അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ച്, അദ്ദേഹത്തിൽ അലിയുകയും ചെയ്യുന്നു.

92. ഈ ലോകം മുഴുവൻ ഈശ്വരൻ നിറഞ്ഞിരിക്കുന്നു എന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു. ഇത് എല്ലായ്പ്പോഴും മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, അദ്ദേഹം ആരോടും ഒരിക്കലും ശത്രുത പുലർത്തിയിരുന്നില്ല.

93. അദ്ദേഹം മാത്രമാണ് ഈ സൃഷ്ടിയിൽ, പത്ത് ദിശകളിലും മുമ്പിലും പുറകിലും ഒക്കെ നിറഞ്ഞിരിക്കുന്നത്. ആരോടെങ്കിലും വെറുപ്പുണ്ടാകുന്നത് അദ്ദേഹത്തെ വേദനിപ്പിച്ചു.

94. തീർത്തും വിരക്തനായിരുന്നുവെങ്കിലും, ജനങ്ങൾക്ക് മാതൃക കാട്ടുവാൻ വേണ്ടി ഒരു സാധാരണ ഗൃഹസ്ഥാശ്രമിയെപ്പോലെ അദ്ദേഹം പെരുമാറി.

95. എത്ര അവർണ്ണനീയമാണ് ഈ ശ്രേഷ്ഠാത്മാവിന്റെ വിനയശീലം! അത് ശ്രവിക്കുമ്പോൾ, ഒരുവൻ ആശ്ചര്യപ്പെടുകയും, ഭക്തവാത്സല്യം കാണുകയും ചെയ്യുന്നു. ഇതായിരുന്നു അദ്ദേഹത്തിന്റെ അവതാരത്തിന്റെ സഫലത.

96. ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ സ്നേഹം മഹത്തരമായിരുന്നു. കുഞ്ഞുങ്ങളെ അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു. എനിക്ക് തുടർച്ചയായി പറഞ്ഞുകൊണ്ടേയിരിക്കാൻ കഴിയുന്ന അനേകായിരം ഉദാഹരണങ്ങൾ അത്തരത്തിലുണ്ട്.

97. അദ്ദേഹം ഒരിക്കലും ഉപവസിക്കുകയോ, മറ്റ് അനുഷ്ഠാനങ്ങൾ പാലിക്കുകയോ ചെയ്തില്ല. ഹതയോഗം അഭ്യസിക്കാനും അദ്ദേഹം ഒരിക്കലും ശ്രമിച്ചില്ല. രുചികരമായ ഭക്ഷണം കഴിക്കാനുള്ള ആഗ്രഹം ഒരിക്കലും അദ്ദേഹത്തിനുണ്ടായിരുന്നില്ല, കൂടാതെ അല്പം ഭക്ഷണം മാത്രമാണ് കഴിച്ചിരുന്നത്.

98. പതിവുള്ള ഗൃഹങ്ങളിൽ എത്തി, ഉണങ്ങിയതും പരുപരുത്തതുമായ ഭക്ഷണപദാർത്ഥങ്ങൾക്ക് വേണ്ടി ഭിക്ഷ യാചിച്ചു. ഈ ഭിക്ഷയായിരുന്നു, അദ്ദേഹത്തിന്റെ ദൈനംദിന ആഹാരം. ഏതെങ്കിലും പ്രത്യേക വസ്തുക്കൾക്ക് വേണ്ടി അദ്ദേഹം ആഗ്രഹിച്ചില്ല.

99. അദ്ദേഹം തന്റെ നാവിന് വഴങ്ങിക്കൊടുത്തിരുന്നില്ല, മധുരപലഹാരങ്ങൾക്ക് വേണ്ടി ആഗ്രഹിച്ചില്ല, കിട്ടുന്നത് എന്തായാലും, കിട്ടിയില്ലെങ്കിലും, അദ്ദേഹം പൂർണ്ണസംതൃപ്തനായിരുന്നു.

100. ഇത്തരത്തിലാണ് ഒരുവൻ ജീവിക്കേണ്ടത്. ജ്ഞാനം നേടുന്നതിനും, മുക്തിക്കുമുള്ള ഉപകരണമായ ശരീരത്തെ സംരക്ഷിക്കുക മാത്രം ചെയ്യുക. എല്ലായ്പ്പോഴും വിനീതനായി വർത്തിക്കുക.

101. തന്റെ ശാന്തത ആഭരണമായുള്ളവന്, കണ്ഠാഭരണങ്ങളും ഹാരങ്ങളും എന്തിനാണ്? അദ്ദേഹത്തിന് ചന്ദനമോ ദിവ്യവിഭൂതിയോ ആചാരപ്രകാരമുള്ള പൂജകളോ ആവശ്യമില്ല. ശ്രീസായി പൂർണ്ണമായ പരബ്രഹ്മമാണ്.

102. ഈ നീതികഥ വിജ്ഞാനപ്രദവും ആത്മശുദ്ധീകരണത്തിന് സഹായകവുമാണ്, ഭക്തിയുടെ പ്രാധാന്യം എടുത്തു കാട്ടുന്നതുമാണ്. അത് ശ്രദ്ധയോടെ ശ്രവിക്കുന്നവർ ജനനമരണവൃത്തത്തിൽ നിന്ന് മോചിപ്പിക്കപ്പെടും.

103. ഭക്തരായ ശ്രോതാക്കൾ കൂടുതൽ കൂടുതൽ അതിൽ മുഴുകുമ്പോൾ, സായിയുടെ നിധിപേടകം തുറക്കപ്പെടും. വിമർശനബുദ്ധിക്കാർക്ക് ഗ്രഹിക്കാൻ പ്രയാസമായിരിക്കും. പക്ഷേ, നിഷ്കളങ്കരും എളിയവരുമായ ഭക്തർക്ക് സ്നേഹത്തോടെ ആസ്വദിക്കാൻ കഴിയും.

104. ഇപ്പോൾ മറ്റൊരു കഥയുമായി തുടരാം. ശ്രോതാക്കൾ ഏകാഗ്രതയോടെ ശ്രദ്ധിക്കുകയാണെങ്കിൽ, അത് സ്നേഹം ഉണർത്തുകയും, സന്തോഷത്തിന്റെ അശ്രുക്കൾ മിഴികളിൽ നിറയുകയും ചെയ്യും.

105. എത്ര മഹത്തരമായിരുന്നു ബാബയുടെ ധിഷണാശക്തിയും പ്രായോഗിക ജ്ഞാനവും! അദ്ദേഹത്തിന്റെ രീതികളും മാർഗ്ഗങ്ങളും! വാസ്തവികമായ ഭക്തിയുടെ യാഥാർത്ഥ്യമറിയുന്നവന് എപ്പോഴും ഒരു അനുഭവം സിദ്ധിക്കും.

106. ഈ സച്ചരിതം, അമൃത് പാനം ചെയ്യുന്നതിന് തുല്യമാണ്. ഗുരുവിന്റെ പാദങ്ങളിൽ ശ്രദ്ധിച്ച് കൊണ്ട് ഏകാഗ്രതയോടെ അത് ശ്രവിക്കുക. തുടർന്നുള്ള വിവരണം ശ്രദ്ധിച്ച് കേൾക്കുക.

107. രുചികരമായ ഭക്ഷണം പോലെ ആസ്വാദ്യകരമാണ് ഈ കഥ. അത് കഴി

ക്കാൻ ശ്രോതാക്കാൾ ധൃതി കാട്ടരുത്. ഓരോ ഇനവും പുതിയത് പോലെ, പൂർണ്ണമായും ആസ്വദിക്കണം.

108. വണ്ടിയെപ്പറ്റിയുള്ള കഥ മതിയാക്കാം. ആടിനെപ്പറ്റിയുള്ള കഥ കൂടുതൽ വിചിത്രമാണ്. ശ്രോതാക്കൾ അദ്ഭുതപ്പെടുകയും, ഗുരുഭക്തർ ആഹ്ലാദിക്കുകയും ചെയ്യും.

109. ഒരിക്കൽ ഒരു വിചിത്രമായ സംഭവം നടന്നു. അവശനും മരണാസന്നനുമായ ഒരു ആടിനെ ആരോ കൊണ്ടുവന്നു. ആളുകൾ അതിനെ കാണാനെത്തി.

110. ഉടമസ്ഥരോ, രക്ഷകരോ ഇല്ലാത്തവരെ സായിമൗലി സംരക്ഷിച്ചിരുന്നു. രോഗികൾ, ഉപേക്ഷിക്കപ്പെട്ടവർ, ദുഃഖിതർ എന്നിവരെല്ലാം മസ്ജിദിൽ അഭയം കണ്ടെത്തി.

111. അപ്പോൾ ബഡേബാബ[8] അടുത്തുണ്ടായിരുന്നു. ബാബ പറഞ്ഞു: "അതിനെ ബലി കൊടുക്കുക. ഒറ്റവെട്ടിന് അതിനെ കൊല്ലുക."

112. എത്ര പ്രധാനിയായിരുന്നു ബഡേബാബ! അയാളുടെ പതിവായുള്ള സ്ഥാനം വലത് വശത്തായിരുന്നു (ബാബയുടെ). ബഡേബാബ ഉപയോഗിച്ചതിനുശേഷം മാത്രമേ ബാബ ചില്ലം പുകച്ചിരുന്നുള്ളൂ.

113. ബഡേബാബയില്ലാതെ ഒരു ചുവടുപോലും ബാബ വയ്ക്കുമായിരുന്നില്ല. അയാൾ ഒന്നും കഴിച്ചില്ലെങ്കിൽ ബാബയും ആഹാരം കഴിക്കില്ല.

114. ഒരിക്കൽ, ദീപാവലി ഉത്സവസമയത്ത്, ഭക്ഷണപദാർത്ഥങ്ങൾ തയ്യാറാക്കി, വിളമ്പുകയും, ആളുകൾ അവരുടെ സ്ഥലങ്ങളിൽ ഇരിക്കുകയും ചെയ്തശേഷം, ബഡേബാബ എന്തോ കാരണത്താൽ അനിഷ്ടം കാട്ടുകയും അവിടെ നിന്നും പോകുകയും ചെയ്തു.

115. ബഡേബാബ കൂട്ടത്തിൽ ചേരാത്തതിനാൽ സായിബാബ ആഹാരം കഴിക്കാൻ വിസമ്മതിച്ചു. ബാബ സ്വയം അല്പം പോലും കഴിച്ചില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ കഴിക്കാൻ സാധിക്കും?

116. അതിന്റെ ഫലമായി എല്ലാവരും കാത്തിരിക്കേണ്ടി വന്നു. ബഡേബാബയെ കണ്ടുപിടിച്ച് തിരികെ കൊണ്ടുവന്നു. പിന്നീട് അയാൾ മറ്റുള്ളവരോടൊപ്പം ഭക്ഷണം കഴിക്കാൻ കൂടിയപ്പോൾ, ബാബ ആഹാരം കഴിച്ചു.

117. ഇപ്പോൾ ഈ കഥ മാറ്റിവച്ചിട്ട്, ബഡേബാബയെക്കുറിച്ച് ശ്രോതാക്കളോട് കൂടുതൽ വിവരിക്കണമെന്ന് എനിക്ക് തോന്നുന്നു. അതൊരു വ്യതിയാനമായി കരുതരുത്.

118. ബഡേബാബ, ബാബയുടെ അതിഥിയായിരുന്നു. ആഹാരം വിളമ്പുമ്പോൾ, അയാൾ തന്റെ പേർ വിളിക്കപ്പെടുന്നതും കാത്തുകൊണ്ട് മുറ്റത്ത് നിൽക്കും.

119. ആളുകൾ പരസ്പരം അഭിമുഖീകരിച്ചുകൊണ്ട് രണ്ട് നിരകളിലായി ഇരിക്കും. ബാബ, അഗ്രഭാഗത്ത് മധ്യത്തായി ഇരിക്കും, അദ്ദേഹത്തിന്റെ സമീപത്ത് ഇടത് വശത്തായുള്ള സ്ഥാനം ബഡേബാബയ്ക്കായി കരുതിവച്ചിട്ടുള്ളതാണ്.

120. നൈവേദ്യമായി സമർപ്പിക്കപ്പെടുന്ന ആഹാരം എല്ലാ താലികളിലുമായി വിളമ്പും. പിന്നീട് ആ താലികൾ നിരകളായി വയ്ക്കും. ആഹാരം കഴിക്കാനുള്ള

സമയമാകുമ്പോൾ, ഭക്ഷണം കഴിക്കാനുള്ളവർ അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കും.

121. പിന്നീട് ബാബ സ്വയം വളരെ ബഹുമാനത്തോടെ, ഉച്ചസ്വരത്തിൽ വിളിക്കും. "ബഡേ മിയാൻ." അപ്പോൾ അയാൾ പെട്ടെന്ന് തലകുമ്പിട്ടുകൊണ്ട് കയറി വരും.

122. കാരണമില്ലാതെ നീരസം കാട്ടുകയും, ആഹാരത്തോട് ദേഷ്യം കാട്ടുകയും ചെയ്ത ഒരുവനെ എന്തിനാണ് ബഹുമാനിക്കുന്നത്? ആഹാരത്തെ അധിക്ഷേപിക്കുന്ന ഒരുവനെ ഇത്രമാത്രം ആദരിക്കേണ്ടതുണ്ടോ?

123. എന്നിട്ടും, അതിഥി കൂടി ചേരാതെ ആഹാരം കഴിക്കുന്നത് ഉചിതമല്ലാ എന്ന്, ആളുകൾ കൂടിയിരിക്കവേ, അവരെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ബാബ ഇപ്രകാരം പ്രവർത്തിച്ചത്.

124. ഗൃഹസ്ഥാശ്രമിയുടെ ഈ ധർമ്മം ബാബ ഒരിക്കലും ലംഘിച്ചിരുന്നില്ല, അതിനാൽ ഭക്തരുടെ ബുദ്ധിമുട്ട് മാറിക്കിട്ടി. അദ്ദേഹം എല്ലായ്പ്പോഴും ഇത് സ്വയം പ്രാവർത്തികമാക്കിയിരുന്നു.

125. ആഗ്രഹപൂർത്തീകരണവും, ദുരിതനിവാരണവും "അതിഥിപൂജ"യിലൂടെ നേടാൻ കഴിയും. ഇത് അവഗണിക്കുകയാണെങ്കിൽ മാർഗ്ഗം തടസ്സങ്ങൾ കൊണ്ട് നിറയും, അതിനാൽ വിവേകികൾ എല്ലായ്പ്പോഴും ഈ നിയമം പാലിച്ചിരുന്നു.

126. ആഹാരം കഴിക്കാതെ ഒരു അതിഥി മടങ്ങുകയാണെങ്കിൽ കുടുംബം, ഐശ്വര്യം, കന്നുകാലികൾ എന്നിവയ്ക്ക് നാശമുണ്ടാകും. അതിഥി വിശന്ന് തിരികെ പോകുകയാണെങ്കിൽ തീർച്ചയായും അത് അനർത്ഥങ്ങൾ ക്ഷണിച്ചുവരുത്തും.

127. സായി സമർത്ഥൻ അയാൾക്ക് (ബഡേബാബ) ദിനവും 50/- ഉറുപ്പിക ദക്ഷിണയായി നൽകിയിരുന്നു. അയാൾ മടങ്ങിപ്പോകുമ്പോൾ, ബാബ നൂറ് ചുവടുകൾ അയാളെ അനുഗമിച്ചിരുന്നു.

128. അത്തരത്തിലുള്ള ബഡേബാബയോടായിരുന്നു, ആടിനെ കൊല്ലാനായി ആദ്യം ആവശ്യപ്പെട്ടത്. അയാളുടെ അധരത്തിൽ നിന്നും വന്ന മറുപടി ഇതായിരുന്നു: "എന്തിനാണ് കാരണമില്ലാതെ അതിനെ കൊല്ലുന്നത്?"

129. മാധവറാവു അവിടെ ഉണ്ടായിരുന്നു. ബാബ അയാളോട് ആജ്ഞാപിച്ചു: "ശാമ, നീ ഒരു കത്തിയെങ്കിലും കൊണ്ടുവരിക. നമ്മൾ ആടിനെ കൊല്ലും. ഇപ്പോൾ തന്നെ പോകുക."

130. മാധവറാവു വിശ്വസ്തനായ ഒരു ഭക്തനായിരുന്നു. അയാൾ രാധാകൃഷ്ണബായിയുടെ അടുത്തെത്തി, ഒരു വലിയ കത്തി വാങ്ങിക്കൊണ്ട് വന്ന് ബാബയുടെ മുമ്പിൽ വച്ചു.

131. മാധവറാവുവിന് കത്തി കൊണ്ടുവരാൻ വിഷമം അനുഭവപ്പെട്ടെങ്കിലും, അയാൾ കത്തി കൊണ്ടുവരാതെ ബാബ തൃപ്തനാകുമായിരുന്നില്ല.

132. ഇതിനിടയ്ക്ക് രാധാകൃഷ്ണ കാര്യമറിയുകയും, കത്തി തിരികെ ആവശ്യ

പ്പെടുകയും ചെയ്തു, കാരണം അവൾക്ക് ദയ തോന്നിയിരുന്നു.

133. അപ്പോൾ മാധവറാവു മറ്റൊരു കത്തി കൊണ്ടുവരാനായി പുറപ്പെട്ടു. അയാൾ വാഡയിൽ സമയം ചെലവഴിച്ച്, മടങ്ങിവരുന്നത് വൈകിച്ചു, അതിനാൽ അയാളുടെ കൈകൊണ്ട് കൊല്ലേണ്ടി വരില്ലല്ലോ.

134. പിന്നീട് കാക്കായുടെ മനസ്സ് പരീക്ഷിക്കുന്നതിന് വേണ്ടി ബാബ അയാളോട് പറഞ്ഞു: "നീ പോയി, അതിനെ വെട്ടുന്നതിനുവേണ്ടി ഒരു വലിയ കത്തി കൊണ്ടു വരിക. ആടിനെ അതിന്റെ ദുരിതത്തിൽ നിന്നും രക്ഷപ്പെടുത്താം."

135. കാക്കാ തനിസ്വർണ്ണമായിരുന്നു. ബാബയ്ക്ക് ഇത് പൂർണ്ണമായും അറിയാമായിരുന്നെങ്കിലും, പൊതുജനമധ്യേ അയാളെ പരീക്ഷിച്ചില്ലെങ്കിൽ, അത് വിശ്വസിക്കപ്പെടില്ല.

136. സ്വർണ്ണം ഗുണനിലവാരമുള്ളതോ ഇല്ലാത്തതോ ആയാലും, അത് ഒരു ഉരകല്ലിൽ ഉരച്ച് തെളിയിക്കപ്പെടുന്നതുവരെ, കുശാഗ്രബുദ്ധിയുള്ള ആൾക്കാർക്ക് മറ്റുള്ളവരുടെ വാക്കുകളിൽ വിശ്വാസമുണ്ടാകില്ല.

137. വജ്രത്തിന് അതിന്റെ തിളക്കം ലഭിക്കണമെങ്കിൽ, അത് ചുറ്റിക കൊണ്ടുള്ള പ്രഹരം സഹിക്കേണ്ടിയിരിക്കുന്നു. ഒരു രത്നത്തിന് ദൈവികപ്രഭാവം നേടണമെങ്കിൽ ഒരു കല്ലുളി കൊണ്ടുണ്ടാകുന്ന മുറിവുകൾ സഹിക്കേണ്ടിയിരിക്കുന്നു.

138. കണ്ഠത്തിന് ചുറ്റുമുള്ള രക്ഷായന്ത്രത്തെപ്പോലെ വിലപിടിപ്പുള്ളവനാണ് കാക്കായെങ്കിലും, മറ്റുള്ളവർക്ക് അത് എങ്ങനെ മനസ്സിലാക്കാൻ കഴിയും? ഒരു മൂല്യനിർണ്ണകൻ, വജ്രത്തിനെ ഒരു നൂലിൽ കെട്ടി, തീയിലിട്ടാണ് അതിന്റെ മൂല്യം നിർണ്ണയിക്കുന്നത്.

139. ഒരുവന് ഒരു ദിവ്യന്റെ വാക്കുകളിൽ സംശയമുണ്ടായാൽ, നേട്ടങ്ങളുണ്ടാക്കാനുള്ള അവന്റെ ശ്രമങ്ങൾ വിഫലമാകും. അവന്റെ വാക്കുകൾ അർത്ഥമില്ലാത്തതും, വ്യർത്ഥവും, നിഷ്ഫലവുമായ പുലമ്പൽ മാത്രമാകും. ഒരു തരി പോലും ആത്മീയ വളർച്ച നേടാൻ കഴിയില്ല.

140. ഗുരുവിന്റെ വാക്കുകളെ ആദരിക്കുന്നവൻ, അവന്റെ ക്ഷേമവും ജീവിതത്തിന്റെ ശ്രേഷ്ഠലക്ഷ്യവും നേടിയിരിക്കും. പക്ഷേ, അവരിൽ കുറ്റം കണ്ടുപിടിക്കുകയും, അവരെപ്പറ്റി നിന്ദ്യമായ രീതിയിൽ ചിന്തിക്കുകയും ചെയ്യുന്നവൻ നാശം വിളിച്ചുവരുത്തും.

141. ഗുരുവിനെ എല്ലായ്പ്പോഴും സേവിക്കാൻ തയ്യാറായ ഒരുവൻ, ഗുരുവിന്റെ വാക്കുകൾ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു, എല്ലാ കാര്യത്തിലും എന്താണ് ഉചിതം, എന്താണ് അനുചിതം എന്നതിന്റെ ഉത്തരവാദിത്വം അവൻ ഗുരുവിൽ സമർപ്പിക്കുന്നു.

142. ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുന്ന സേവകനാണ് അവൻ. അവൻ സ്വതന്ത്രമായി ചിന്തിക്കുന്നില്ല. എല്ലായ്പ്പോഴും ഗുരുവിന്റെ ആജ്ഞകൾ അനുസരിച്ചുകൊണ്ട്, എന്താണ് ശരി, എന്താണ് തെറ്റ് എന്നതിനെക്കുറിച്ച് അവൻ വിവേചനം നടത്തുകയില്ല.

143. മനസ്സ് സായിനാമം ഓർമ്മിക്കുന്നതിൽ മുഴുകണം; കണ്ണുകൾ സായിയുടെ പാദങ്ങളിൽ ഉറപ്പിക്കണം; മനോഭാവം സായിയുടെ ധ്യാനമായിരിക്കണം - മുഴുവൻ ജീവനും സായിക്ക് സമർപ്പിക്കണം.

144. ആജ്ഞകൾ സ്വീകരിക്കുന്നതിനും, നടപ്പാക്കുന്നതിനുമിടയ്ക്ക് ഒരു നിമിഷം പോലും നഷ്ടപ്പെടുത്തിയാൽ, ആ സമയം പോലും സഹിക്കാൻ കഴിയില്ല. ഇത് അസാധാരണമായ ഒരു അവബോധമാണ്.

145. ദീക്ഷിത് ശുദ്ധഹൃദയനായ ഒരു മനുഷ്യനായിരുന്നു. അയാൾ സത്യസന്ധനും ധൈര്യവാനും പാറ പോലെ ഉറച്ച നിശ്ചയദാർഢ്യമുള്ളവനുമായിരുന്നു. ആടിനെ കൊല്ലുന്നതിലെ ധാർമ്മികത എന്താണെന്ന് ചോദ്യം ചെയ്യണമെന്നുപോലും അയാൾക്ക് തോന്നിയില്ല.

146. നിഷ്കളങ്കജീവിയായ ആട് മരിക്കും; അതിന്റെ ആത്മാവ് പ്രക്ഷുബ്ധാവസ്ഥയിലായിരിക്കും; അയാളുടെ സ്വന്തം യശസ്സ് കളങ്കിതമാകും; അയാൾ ഒരു കൊടിയ പാപം ചെയ്യുകയുമായിരിക്കും.

147. ഇത്തരം ചിന്തകൾക്ക് അയാളുടെ മനസ്സിൽ സ്ഥാനമില്ല. ആജ്ഞ അനുസരിക്കാതിരിക്കുന്നത്, അവിടെ ഒരു പാപകർമ്മമാണ്. ആജ്ഞ ആദരിക്കുകയും, നടപ്പാക്കുകയും ചെയ്യുന്നതുപോലെ മറ്റൊരു ശ്രേഷ്ഠകർമ്മം ഇല്ല.

148. ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കണമെന്ന് വിശ്വസിക്കുന്നവന് അസാധാരണമായ പ്രചോദനം ലഭിക്കുകയും, അവന്റെ സ്വതവേ തരളമായ ഹൃദയം കൊല്ലാൻ തയ്യാറാകുകയും ചെയ്യും.

149. അയാൾ അപ്പോൾ സാഠേവാഡയിൽ പോയി, ആജ്ഞയനുസരിച്ച് ഉപകരണം (കൊല്ലാനുള്ള) കൊണ്ടുവന്നു. അല്പം പോലും മടിയില്ലാതെ, ആടിനെ കൊല്ലാനായി സ്വയം സന്നദ്ധനായി.

150. സാഹസികത (ധീരത) യ്ക്കുള്ള പ്രേരണ ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുന്നതിലൂടെ ലഭിക്കുന്നതാണ്. ഹൃദയം കഠിനമാക്കിക്കൊണ്ട് അയാൾ ആയുധം കൈയ്യിലെടുത്തു.

151. അഹിംസ എന്നത് ജനനം മുതൽ ജീവിതവ്രതമായി ആചരിക്കുന്ന ഒരു ധാർമ്മികബ്രാഹ്മണകുടുംബത്തിലാണ് അയാൾ ജനിച്ചത്. അയാൾ ഇത്തരം ഒരു പരിതസ്ഥിതിയിൽ എത്തിയിരിക്കുന്നു. എങ്ങനെയാണ് അയാളുടെ കൈകൾ പ്രവർത്തിക്കുക?

152. ഗുരുവിന്റെ ആജ്ഞ ഭയമില്ലാതെ നടപ്പാക്കാൻ അയാൾ ഉറച്ച തീരുമാനം എടുത്തിരുന്നു. പക്ഷേ അയാളുടെ ഹൃദയം മിടിക്കുകയും, ശരീരമാകെ വിയർപ്പിൽ നനയുകയും ചെയ്തു.

153. ആരെയും ശാരീരികമായോ, മാനസികമായോ, കഠിനമായ വാക്കുകൾ കൊണ്ടോ വേദനിപ്പിക്കാൻ കഴിയാത്ത ഒരുവന് എങ്ങനെയാണ് ഒരു ആയുധം ഉപയോഗിക്കാൻ കഴിയുക? ഇത് ദുഷ്കരമായ ഒരു അവസ്ഥയായിരുന്നു.

154. ഗുരുവിന്റെ ആജ്ഞകളെ അവഗണിക്കുന്നവന് മറ്റ് മാർഗ്ഗങ്ങളൊന്നുമുണ്ടാകില്ല. മുമ്പ് കൂട്ടിവച്ചിട്ടുള്ള പുണ്യങ്ങൾ കൂടി നശിക്കും.

155. അലങ്കാരങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായത്, ഗുരുവിനോടുള്ള പരിപൂർണ്ണമായ വിധേയത്വമാണ് – അതാണ് ഒരു ഉത്തമശിഷ്യന്റെ യഥാർത്ഥ അടയാളം. അനുസരണക്കേട് ഏറ്റവും കൊടിയ പാപമാണ്.

156. ഒരു നിമിഷം പോലും പാഴാക്കാതെ ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുക. ചിന്തിക്കുകയും മടിച്ചു നിൽക്കുകയും ചെയ്യുന്നവൻ, ഭാഗ്യം കെട്ട, കൊമ്പില്ലാത്ത ഒരു മൃഗത്തേക്കാൾ ഒട്ടും മെച്ചമല്ല.

157. ആജ്ഞ അനുസരിക്കാൻ ശുഭമുഹൂർത്തത്തിന്റെ ആവശ്യമില്ല; ആജ്ഞ നല്ലതോ ചീത്തയോ എന്ന് വാദപ്രതിവാദം നടത്തേണ്ട കാര്യമില്ല; ആജ്ഞ ഉടനെ നടപ്പാക്കണോ അതോ പിന്നീടോ എന്നും ചിന്തിക്കേണ്ട. ബുദ്ധിമാന്മാർ ഉടൻ തന്നെ അനുസരിക്കുന്നു. നിർഭാഗ്യവാനായ മനുഷ്യൻ മാത്രമാണ് കാലവിളംബം വരുത്താനുള്ള സൂത്രങ്ങൾ ആലോചിക്കുന്നത്.

158. ഒരു കൈ കൊണ്ട് തന്റെ ധോത്തി മടക്കിവച്ച്, മറ്റേ കൈയ്യിൽ കത്തി പിടിച്ചു കൊണ്ട് അയാൾ കത്തി പിടിച്ചിരുന്ന കൈയ്യിലെ കുപ്പായക്കൈ മുകളിലേയ്ക്ക് ചുരുട്ടിവച്ചു. ആട് നിന്നിരുന്ന സ്ഥലത്തേയ്ക്ക് അയാൾ നടന്നുവന്നു.

159. ഈ അസാധാരണ കാഴ്ചകണ്ട് ഗ്രാമീണർ ആശ്ചര്യപ്പെട്ടു. കാക്കായുടെ സ്നേഹപൂർണ്ണമായ സൗമ്യപ്രകൃതത്തെക്കുറിച്ച് അവർക്ക് നന്നേ അറിയാമായിരുന്നു, ആ ദയാവായ്പ് എങ്ങോട്ട് അപ്രത്യക്ഷമായെന്ന് അവർ അദ്ഭുതപ്പെട്ടു.

160. മാംസാഹാരിയായ, മുസ്ലീമായ ഫക്കീർബാബയ്ക്ക് പോലും ആടിനോട് ദയ തോന്നി, ആയുധമെടുത്തില്ല! എന്നിട്ടും കാക്കാ അതിന് തയ്യാറായി.

161. അസാധാരണനായ ഒരു വ്യക്തിയുടെ ഹൃദയം കരിങ്കല്ലി[9]നേക്കാൾ ഉറച്ചതും, എന്നാൽ ഒരു പുഷ്പത്തേക്കാൾ മൃദുലവുമാണെന്ന വസ്തുത യഥാർത്ഥമാണ്.

162. പിന്നീട്, അയാൾ ആ വലിയ കത്തിയിലെ പിടുത്തം മുറുക്കി, അയാളുടെ കൈ ഉയർത്തിക്കൊണ്ട് പറഞ്ഞു: "ബാബാ, ഞാൻ ഇതിനെ കൊല്ലട്ടെ? ഒരു പ്രാവശ്യം എന്നോട് പറയുക."

163. വാസ്തവം പറയുകയാണെങ്കിൽ, ദുർബ്ബലരെ സംരക്ഷിക്കുന്നതിന് മാത്രമാണ് ഒരു ആയുധം എടുക്കുക; എന്നിട്ടും ഇപ്പോൾ അത് ഒരു നിഷ്കളങ്കനായ ആടിന് മേൽ ഉയർത്തപ്പെട്ടിരിക്കുന്നു! പക്ഷേ അയാൾ തന്റെ ജീവിതം ഗുരുസേവയ്ക്കായി സമർപ്പണം നടത്തിയിരുന്നു. അതിനാൽ അയാൾക്ക് ഒരു മടിയും തോന്നിയില്ല.

164. അയാൾക്ക് അതിനെ ഉടൻ കൊല്ലണമെന്നുണ്ടായിരുന്നു. പക്ഷേ, അയാളുടെ ഹൃദയത്തിൽ ദയ തോന്നുകയും, ആ വലിയ കത്തി വിറയ്ക്കുകയും ചെയ്തു. കരം താഴോട്ട് ചലിക്കുന്നില്ല.

165. "നടക്കട്ടെ, ഇപ്പോൾ തന്നെ കൊല്ലുക, നീ എന്തിനാണ് അമാന്തിക്കുന്നത്?" ഈ അവസാന ആജ്ഞ കേട്ടപ്പോൾ, ഫലപ്രദമായ ഒരു വെട്ടിന് വേണ്ടി അയാൾ അർദ്ധവൃത്താകൃതിയിൽ ഒരു ചലനം നടത്തി.

166. വലിയ കത്തി വഹിച്ചിരുന്ന കൈ അയാൾ ഉയർത്തി. ആടിന്റെ അവസാന നിമിഷം എത്തിയതുപോലെ തോന്നി. പക്ഷേ ഈശ്വരൻ അതിന്റെ രക്ഷകനായതിനാൽ, ആ നിമിഷത്തിൽ, ഈശ്വരന്റെ അനുഗ്രഹം അതിന് ലഭിച്ചു.

167. ഇപ്പോൾ തീർച്ചയായും അയാൾ വെട്ടും! ഇത് കാണവേ, അതൊരു ദുരന്തമായിരിക്കുമെന്ന് അറിയാവുന്ന സായിമാതാവ് പറഞ്ഞു: "ഓ, പാടില്ല."

168. "ഓ, കാക്കാ ഇത് നിർത്തൂ. നീ എത്ര ക്രൂരനാണ്! ഒരു ബ്രാഹ്മണനായിട്ടും നീ കൊല്ലാൻ തയ്യാറായി! നിനക്ക് ഇതിനെക്കുറിച്ച് ഒരു ചിന്തയുമില്ലേ?"

169. ഇത് കേട്ടപ്പോൾ അയാൾ വലിയ കത്തി വശത്തേയ്ക്ക് വലിച്ചെറിഞ്ഞു. ചെറുപ്പക്കാരും വൃദ്ധരുമൊക്കെ ആശ്ചര്യപ്പെട്ടു. ആടിന്റെ ജീവൻ രക്ഷിക്കപ്പെട്ടു. ഗുരുഭക്തി ഉച്ചസ്ഥായിയായി!

170. ആ വലിയ കത്തി വലിച്ചെറിഞ്ഞശേഷം കാക്കാ എന്താണ് പറഞ്ഞത്? ശ്രദ്ധിക്കുക: "ബാബാ, അങ്ങയുടെ അമൃതതുല്യമായ വാക്കുകളാണ് ഞങ്ങളുടെ ജീവിതത്തിന്റെ ധർമ്മവും നിയമവും.

171. ഞങ്ങൾക്ക് മറ്റ് ധർമ്മങ്ങളില്ല. നമുക്ക് ലജ്ജയുടെ കാര്യമില്ല. ഗുരുവിന്റെ ആജ്ഞ പാലിക്കുന്നതാണ് ഞങ്ങളുടെ ഒരേ ഒരു ശാസനം. അത് ഞങ്ങളുടെ വേദങ്ങളും ശാസ്ത്രങ്ങളുമാണ്.

172. ഗുരുവിന്റെ ആജ്ഞ പൂർണ്ണമായും പാലിക്കുക എന്നതാണ് ശിഷ്യത്വം എന്നതുകൊണ്ട് ശിഷ്യൻ അർത്ഥമാക്കേണ്ടത്. അതാണ് ഞങ്ങളുടെ രത്നാഭരണം. അനുസരണക്കേട് ഏറ്റവും വലിയ പാപമാണ്.

173. ഈ പ്രവൃത്തികളുടെ അനന്തരഫലങ്ങളെക്കുറിച്ച്, അവ സുഖമാണോ ദുഃഖമാണോ എന്ന് ഞങ്ങൾ ചിന്തിക്കാറില്ല. ഞങ്ങളുടെ വിധി എന്താണോ അത് സംഭവിക്കും. ഈശ്വരൻ മാത്രമാണ് സംരക്ഷിക്കുന്നത്.

174. ഞങ്ങൾക്ക് ഒരു കാര്യം മാത്രം അറിയാം. ഞങ്ങൾ എല്ലായ്പ്പോഴും അങ്ങയുടെ നാമം ഓർമ്മിക്കണം, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് അങ്ങയുടെ രൂപമല്ലാതെ മറ്റൊന്നും കാണരുത്, പകലും രാത്രിയും, അങ്ങയുടെ ഓരോ ആജ്ഞകളും പാലിക്കണം.

175. കൊല്ലുന്നതിലെയോ, കൊല്ലാതിരിക്കുന്നതിലെയോ പുണ്യവും പാപവും ഞങ്ങൾക്ക് അർത്ഥരഹിതമാണ്. സദ്ഗുരുവിന്റെ പാദങ്ങളിലാണ് ഞങ്ങളുടെ മുക്തി. ആജ്ഞയ്ക്ക് പുറകിലുള്ള കാരണത്തെക്കുറിച്ച് ഞങ്ങൾ എന്തിന് ചിന്തിക്കണം? അത് അനുസരിക്കുക എന്നത് ഞങ്ങളുടെ കടമയാണ്.

176. ഗുരുവിന്റെ ആജ്ഞ വ്യക്തമായുള്ളപ്പോൾ, അത് ശരിയാണോ തെറ്റാണോ എന്നും ഉചിതമാണോ അനുചിതമാണോ എന്നും ചിന്തിക്കുന്ന ശിഷ്യൻ അധഃപതിച്ചവനാണ്. അയാൾ പൂർണ്ണമായും സേവനത്തിൽ പരാജിതനാണെന്ന് ഞാൻ കരുതും.

177. ഗുരുവിന്റെ ആജ്ഞ അനുസരിക്കാതിരിക്കുന്നത് ജീവിതത്തിന്റെ പതനത്തിന് കാരണമാകും; ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുക എന്നതാണ് ധാർമ്മികതയുടെ പ്രധാന അടിത്തറ.

178. ജീവിച്ചാലും മരിച്ചാലും മനസ്സ് എല്ലായ്പ്പോഴും ഗുരുപാദങ്ങളിലായിരിക്കണം. ഞങ്ങൾ ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുന്നു. അദ്ദേഹത്തിന് മാത്രമേ അനന്തരഫലങ്ങൾ അല്ലെങ്കിൽ അവസാനഫലം അറിയുകയുള്ളൂ.

179. ഞങ്ങൾക്ക് പ്രശസ്തിയോ ദുരന്തമോ അറിയില്ല. ഞങ്ങൾക്ക് സ്വാർത്ഥതയോ മറ്റുള്ളവരുടെ ക്ഷേമമോ അറിയില്ല. ഞങ്ങൾക്ക് ഗുരു നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ മാത്രമേ അറിയൂ. അതാണ് ഞങ്ങളുടെ ജീവിതലക്ഷ്യം.

180. ഗുരുവിന്റെ ആജ്ഞകളുമായി താരതമ്യം ചെയ്യുമ്പോൾ, നിയമങ്ങളും വിലക്കുകളും ഒരു മൂഢന്റെ ജല്പനങ്ങൾ പോലെയാണ്! ഒരുവന്റെ ഒരേയൊരു ലക്ഷ്യവും കടമയും ഗുരുവിന്റെ ആജ്ഞകൾ അനുസരിക്കുക എന്നതാണെങ്കിൽ, ശിഷ്യന്റെ പ്രശ്നങ്ങൾ ഗുരുവിന്റെ ഉത്കണ്ഠയാണ്.

181. ഞങ്ങൾ അങ്ങയുടെ ആജ്ഞയ്ക്ക് അടിമകളാണ്. ഞങ്ങൾ എന്താണ് ശരി അല്ലെങ്കിൽ തെറ്റ് എന്ന് ചിന്തിക്കുന്നില്ല. ആവശ്യമാണെങ്കിൽ, ഞങ്ങൾ ഞങ്ങളുടെ ജീവൻ ബലികഴിക്കും, പക്ഷേ ഗുരുവിന്റെ ആജ്ഞ അനുസരിച്ചിരിക്കും."

182. എങ്ങനെയാണ് സ്വതവേ ലോലഹൃദയനായ ഒരു മനുഷ്യൻ കഠിനഹൃദയനായി മാറുന്നത്? ഒരു മുസ്ലീം ചെയ്യാൻ ധൈര്യപ്പെടാത്തത് ഒരു ബ്രാഹ്മണൻ ചെയ്യാൻ തയ്യാറായി!

183. ശ്രോതാക്കൾക്ക് ചിന്താകുഴപ്പമുണ്ടായേക്കാം. പക്ഷേ, ഇതാണ് സദ്ഗുരുവിന്റെ ഇന്ദ്രജാലം. നിങ്ങളും ഗുരുവിനോടുള്ള അനുസരണയുടെ പാത പിന്തുടരുകയാണെങ്കിൽ ഇത് എളുപ്പം ഗ്രഹിക്കാൻ കഴിയും.

184. ഒരിക്കൽ നിങ്ങൾ അദ്ദേഹത്തിന് സ്വയം സമർപ്പിക്കുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ വിശ്വാസം പുലർത്തുകയും ചെയ്താൽ, അദ്ദേഹം ശിഷ്യരുടെ കാര്യങ്ങൾ ഏറ്റെടുക്കുകയും ശിഷ്യർ ഒരു പരിശ്രമവും നടത്തേണ്ടിവരികയുമില്ല.

185. പൂർണ്ണമായി സമർപ്പിച്ചുകഴിഞ്ഞാൽ അവൻ ഭയപ്പെടേണ്ടതായി ഒന്നുമുണ്ടാകില്ല. ആ ആത്മവിശ്വാസം ഒന്നുമാത്രം അവനെ ജീവിതം താണ്ടാൻ സഹായിക്കും.

186. മൂന്ന് തരത്തിലുള്ള ശിഷ്യന്മാരുണ്ട്. – ഉത്തമൻ, മധ്യമൻ, അധമൻ. കൂടുതൽ വിശദീകരണമില്ലാതെ ഞാൻ ചുരുക്കത്തിൽ ഇവരെക്കുറിച്ച് പറയാം.

187. ഗുരുവിന്റെ ആഗ്രഹങ്ങൾ മുൻകൂട്ടി അറിയുകയും അത് മനസ്സിലാക്കിയ ഉടൻ ഒരു പ്രത്യേക ആജ്ഞയ്ക്കായി കാത്തുനിൽക്കാതെ, അത് പൂർത്തിയാക്കാൻ തുടങ്ങുകയും ചെയ്യുന്നവനാണ് ഉത്തമശിഷ്യൻ എന്നറിയുക.

188. ഗുരുവിന്റെ ആജ്ഞ, താമസം കൂടാതെ അക്ഷരം പ്രതി അനുസരിക്കുന്നവനാണ് മധ്യമശിഷ്യൻ എന്നറിയുക.

189. ആവർത്തിച്ച് നൽകിയിട്ടും, ഗുരുവിന്റെ ആജ്ഞകൾ നടപ്പാക്കാതെ മാറ്റിവയ്ക്കുകയും, ഓരോ ചുവടുവയ്പിലും തെറ്റുകൾ വരുത്തുകയും ചെയ്യുന്നവൻ അധമശിഷ്യനാണെന്ന് അറിയുക.

190. അത്യധികം വൈരാഗ്യവും നശ്വരമായതും അനശ്വരമായതും തമ്മിൽ തിരിച്ച

റിയാനുള്ള വിവേചനബുദ്ധിയുമില്ലെങ്കിൽ, ജീവിതകാലം മുഴുവൻ ഒരുവൻ ഗുരുവിന്റെ ഒപ്പം കഴിഞ്ഞാലും എങ്ങനെയാണ് അവന് ഗുരുവിന്റെ അനുഗ്രഹം ലഭിക്കുക?

191. പക്ഷേ, ഗുരുവിന്റെ പാദത്തിൽ വിട്ടുപിരിയാതെ വസിക്കുന്നവന്റെ ആഗ്രഹങ്ങൾ ഈശ്വരൻ സഫലമാക്കുന്നു. ഈശ്വരൻ പെട്ടെന്ന് അവന് സ്ഥിരതയും വിരക്തിയും നൽകുന്നു. ഈശ്വരൻ അവനെ ഒരു ബന്ധുവിനെപ്പോലെ പരിപാലിക്കുന്നു.

192. വിശ്വാസത്തിന്റെ ശുദ്ധമായ ബലവും, ജ്ഞാനത്തിന്റെ ശക്തിയും, ഒപ്പം ഇളക്കമില്ലാത്ത നിഷ്ഠയും ഒരുമിച്ചുള്ള ഒരുവന് ജീവിതത്തിന്റെ ആത്മീയലക്ഷ്യം (പരമാർത്ഥം) തീർച്ചയാണ്.

193. അപ്പോൾ ശ്വാസഗതിയെ പുറത്തോട്ടും അകത്തോട്ടും നിയന്ത്രിക്കുകയോ, ഹതയോഗം, സമാധി, അതിൽ നിന്ന് പുറത്തുവരാനുള്ള നിർദ്ദേശങ്ങൾ തുടങ്ങിയവയുടെയോ ആവശ്യമില്ല. അതൊക്കെ നമ്മളെ സംബന്ധിച്ച് പ്രയാസകരമായവയാണ്.

194. സദ്ഗുരു എല്ലായ്പ്പോഴും ശിഷ്യന് അനുഗ്രഹങ്ങൾ നൽകാൻ തയ്യാറാണ്. പക്ഷേ അവ സ്വീകരിക്കാനുള്ള പാകത ശിഷ്യനുണ്ടാകണം. യഥാർത്ഥത്തിൽ അദ്ദേഹം ആകാംക്ഷയോടെയും അക്ഷമയോടെയും അവ നൽകാൻ കാത്തിരിക്കുകയാണ്.

195. വിശ്വാസമുള്ള ഭക്തർക്ക് മാത്രമേ ഈശ്വരനെ രൂപങ്ങളോടെ അനുഭവിക്കാൻ കഴിയൂ. അത് ഭക്തരിൽ ഭക്തി ഉണർത്തുന്നു. മറ്റുള്ളവർ അത് അവരുടെ ഭാവനാസൃഷ്ടികളാണെന്ന് പറയും.

196. പിന്നീട് ബാബ കാക്കായോട് പറഞ്ഞു: " ഈ വെള്ളം നിറഞ്ഞ ടിൻ നിന്റെ കൈയ്യിലെടുക്കുക. ഇപ്പോൾ ഞാൻ സ്വയം അതിനെ അറുത്ത്[10], അതിന് സദ്ഗതി നൽകും."

197. ആട് പകുതി മരിച്ച നിലയിലായിരുന്നു. ഫക്കീർ ബാബയ്ക്ക്, താക്കിയ[11] അടുത്താണെന്ന, സമയോചിതമായ ഒരു ചിന്തയുണ്ടായി.

198. ആടിനെ താക്കിയയിൽ വച്ച് കൊല്ലാൻ കഴിയുമോ എന്ന് അയാൾ ബാബയോട് അഭിപ്രായം ചോദിച്ചു. അതിൻപ്രകാരം ആടിനെ അവിടേയ്ക്ക് കൊണ്ടുപോകവേ, വഴിയിൽവച്ച് അത് മരിച്ചു.

199. ആടിന്റെ മരണം അടുത്തിരുന്നു എന്ന് എല്ലാവർക്കും അറിയാമായിരുന്നു, പക്ഷേ, ഉചിതമായ സമയത്ത് ബാബ ഈ നാടകം അഭിനയിക്കുകയായിരുന്നു.

200. സദ്ഗുരുവിൽ സ്വയം സമർപ്പിക്കുന്നവർക്ക് സദ്ഗുരുവുമായി ഐക്യം ഉണ്ടാകും. ഉപ്പ്, കടലിൽ കുളിക്കാനിറങ്ങിയാൽ, എപ്പോഴെങ്കിലും തിരിച്ചുവരാൻ കഴിയുമോ?

201. ഒരു മനുഷ്യൻ ജീവിതാനുഭവങ്ങൾ (നല്ലതും ചീത്തയും) ആസ്വദിക്കേണ്ടി വരുന്നു. കാരണം ഈശ്വരൻ അവ അവന് നൽകുന്നു. പക്ഷേ, സദ്ഗുരു മാത്ര

മാണ് മുക്തി നൽകുന്നത്. അദ്ദേഹവുമായി ഏകത്വം പ്രാപിച്ച എല്ലാ ആത്മാക്കളുടെയും ശേഖരമാണ് അദ്ദേഹം.

202. സദ്ഗുരു പ്രസാദിക്കുമ്പോൾ, അദ്ദേഹം ദൈവികബോധം നൽകുന്നു. അതിലൂടെ ഈ പ്രപഞ്ച സൃഷ്ടികളെ മുഴുവൻ ഒറ്റവിഭാഗമായി കാണാൻ സാധിക്കുന്നു.

203. ഹേമദ് സായിയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു, അയാളുടെ ദേഹബുദ്ധി അവിടെ അർപ്പിക്കുന്നു. അവൻ ജാഗ്രതയോടെ ചിന്തിക്കുന്നു: "ബാബാ, എന്നെ വിനീതനാക്കുക."

204. അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ, നർമ്മത്തിന്റെയും കുസൃതിയുടെയും ഒരു സദ്യയുണ്ടാകും. ഒപ്പം എങ്ങനെയാണ് മഹാരാജ് ആ ലീലകൾ കാട്ടിയതെന്നും. ആ ആശ്ചര്യദൃശ്യങ്ങൾ ശ്രദ്ധിക്കുക.

205. അത് ഫലിതവും തമാശയുമായി തോന്നുമെങ്കിലും അത് വിജ്ഞാനസമ്പന്നമാണ്. അത് അപഗ്രഥിക്കുന്ന ധാർമ്മികഭക്തർ അത്യധികം സന്തുഷ്ടരാകും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായിസമർത്ഥ സച്ചരിതത്തിലെ ഇരുപത്തി മൂന്നാം അധ്യായം "ഗുരുശിഷ്യലീലയുടെ കാഴ്ച" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. കൃഷ്ണൻ, വിഷ്ണു.
2. ഉള്ളി താമസികമായ ആഹാരമാണ് എന്ന് കരുതപ്പെടുന്നു. അത് അലസതയും മന്ദതയും ഉണ്ടാക്കുന്നു. അതിനാൽ യോഗസാധനകൾക്ക് അത് നിഷിദ്ധമാണ്.
3. മന്ത്രത്തിലൂടെ ഗുരു ശിഷ്യന് ശക്തി പകർന്നു നൽകുന്നു.
4. ശിവഭഗവാന്റെ മറ്റൊരു രൂപമാണ് വിറോബ. പാമ്പുകടിയേറ്റാൽ, വിറോബാക്ഷേത്രത്തിൽ എത്തിച്ചാൽ, ഒരുവന് ഭേദമാകുമെന്ന് വിശ്വസിക്കുന്നു.
5. മാധവറാവുവിന്റെ അമ്മാവനും, ന്യായാധിപനുമായിരുന്നു, നാനാസാഹേബ് നിമോൺകാർ.
6. മാധവറാവുവും ഗ്രാമീണരും ബാബയെ 'ദേവൻ' എന്നു വിളിച്ചിരുന്നു.
7. താത്ത്യ ഗണപത് പാട്ടീൽ കോത്തേ്യ.
8. മാലേഗാവണിലെ ഫക്കീർ പീർമുഹമ്മദ്.
9. മറ്റൊരു തരത്തിൽ പറഞ്ഞാൽ വജ്രത്തേക്കാൾ കഠിനം, വജ്രായുധം – ഇന്ദ്രന്റെ ആയുധം – ദധീചി മഹർഷിയുടെ തുടയെല്ലിൽ നിന്നും ഉണ്ടാക്കിയത്.
10. മുഹമ്മദൻ നിയമം അനുസരിച്ച് ആട്, കോഴി എന്നിവയെ കൊല്ലുന്നതിന് 'ഹലാൽ' എന്ന വാക്കാണ് ബാബ ഉപയോഗിച്ചത്.
11. ഫക്കീർമാർ കൂടിച്ചേരുന്ന സ്ഥലം.

24

# മനോഹരമായ നർമ്മം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ ദയാമേഘമായ ശ്രീസായിനാഥ് ജനങ്ങൾക്ക് നർമ്മത്തിലൂടെ ശിക്ഷണം നൽകിയിരുന്നത് എങ്ങനെയാണെന്ന് ഞാൻ വിവരിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു.
2. "ഞാൻ വിവരിക്കും" എന്ന വാക്കുകൾ അഹംഭാവത്തെ സൂചിപ്പിക്കുന്നു. ഒരുവൻ വളരെ വിനയത്തോടെ ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കണം. എങ്കിൽ മാത്രമേ, നിങ്ങൾക്ക് ആദരപൂർവ്വം സ്വീകരിക്കുന്നതിന് കഥയുടെ ഒഴുക്ക് ഉണ്ടാകുകയുള്ളൂ.
3. ദിവ്യന്മാർ, ധാർമ്മികപുരുഷന്മാർ, ശ്രേഷ്ഠാത്മാക്കൾ എന്നിവർ എല്ലായ്പ്പോഴും പരിശുദ്ധരും, പാപരഹിതരുമാണ്. അവർ മേഘങ്ങളില്ലാത്ത ആകാശംപോലെ നിർമ്മലവും തെളിഞ്ഞതുമാണ്. അവർ ശുദ്ധരും കളങ്കരഹിതരുമാണ്.
4. സായി മഹാരാജിനെ ആരാധിക്കുന്നതിലൂടെ, നമുക്ക് ലൗകികവും ആത്മീയവുമായ രണ്ടു ലക്ഷ്യങ്ങളും നേടാൻ കഴിയുന്നു, ഉള്ളിൽ സമാധാനവും സന്തോഷവും ഉണ്ടാകുന്നു.
5. സ്വന്തം നന്മ നേടണമെന്ന് ആഗ്രഹിക്കുന്നവർ കഥകൾ ആദരപൂർവ്വം ശ്രവിക്കണം, ഒപ്പം ആത്മാനന്ദം അനുഭവിക്കുകയും, അവരുടെ ജീവിതലക്ഷ്യം നേടുകയും ചെയ്യും.
6. (ഈ കഥകൾ) ശ്രവിക്കുന്നതിലൂടെ ഒരുവന് ശാന്തി ലഭിക്കും; ലോകത്തെക്കുറിച്ചുള്ള സംഭ്രമജനകമായ ഭയം ഇല്ലാതാകും, പരമാനന്ദം തീർച്ചയാകും. ശ്രോതാക്കൾക്ക് വാസ്തവമായും സദ്ഗതി ലഭിക്കും.
7. സായിസമർത്ഥൻ ജനങ്ങളുടെ ആന്തരികമായുള്ള എല്ലാ ആഗ്രഹങ്ങളും അറിയുന്നു. അദ്ദേഹത്തിന് ഭക്തരുടെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായും അറിയാം. അദ്ദേഹം സ്വയം ഏറ്റെടുത്ത കർത്തവ്യം അദ്ദേഹം പൂർത്തിയാക്കുകയും അദ്ദേഹത്തിന്റെ വാഗ്ദാനത്തിൽ നിന്ന് മുക്തനാകുകയും ചെയ്യും.
8. സായി സമർത്ഥൻ എന്റെ ബുദ്ധിയെ ഉത്തേജിപ്പിക്കുന്നു. അദ്ദേഹം മാത്രമാണ് വാക്കുകളുടെ അർത്ഥത്തെപ്പറ്റി സംസാരിക്കാൻ എനിക്ക് കഴിവ് നൽകുന്നത്. ഞാൻ അവ എന്റെ കഴിവിന് അനുസരിച്ച് വിവരിക്കുന്നതാണ്, അത്

ലൗകികവും ആത്മീയവുമായ ക്ഷേമം നേടുന്നതിന് സഹായിക്കും.

9. ജനങ്ങൾ അന്ധരോ, നിശാന്ധത ഉള്ളവരോ അല്ല. സാധാരണ കാഴ്ചശക്തി ഉണ്ടായിട്ടും, അവരുടെ ശരീരത്തിന്റെയും മനസ്സിന്റെയും ശക്തി ഒന്ന് കൊണ്ടു മാത്രം അവരുടെ നന്മ നേടാൻ സാധ്യമല്ലെന്ന് മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെടുന്നു.

10. ഒരുവന് ഒരു നിമിഷം പോലും ജീവിതത്തെക്കുറിച്ച് ഉറപ്പില്ലാത്ത തരത്തിലാണ് ശരീരം പോലും. അതിനാൽ ഈ സ്വാദ് നിമിഷനേരത്തേയ്ക്ക് ആസ്വദിക്കാൻ ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

11. നർമ്മം ലോകത്തെങ്ങും ആസ്വദിക്കപ്പെടുന്നു, പക്ഷേ ബാബയുടെ വഴി അസാധാരണമായിരുന്നു. നർമ്മത്തിലൂടെ അദ്ദേഹം നമ്മിൽ ഗഹനമായ തത്ത്വോപദേശങ്ങൾ പതിപ്പിക്കും, അത് എല്ലാവർക്കും ഗുണപ്രദമായിരിക്കും.

12. ആളുകൾ മനഃപൂർവ്വം തമാശകളെ ഗൗരവമായി കാണാറില്ല; പക്ഷേ ബാബയുടെ ഫലിതങ്ങൾ വളരെ ആസ്വദിച്ചു. അവർ അവരുടെ ഊഴം വരാൻ ആകാംക്ഷയോടെ കാത്തിരിക്കുക പോലും ചെയ്തു.

13. പൊതുവേ, ആരും തമാശയുടെ ഇരകളാകാൻ ഇഷ്ടപ്പെടാറില്ല. പക്ഷേ ബാബയുടെ തമാശകൾ വളരെ ഇഷ്ടപ്പെട്ടിരുന്നു, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ വാക്കുകൾ ആംഗ്യചേഷ്ടകളോട് കൂടിയതാകുമ്പോൾ. അവ വളരെ എളുപ്പം ഉദ്ദേശിച്ച ഫലം കണ്ടിരുന്നു.

14. വലിയ പരിശ്രമമില്ലാതെ, അനായാസമായി, പുഞ്ചിരിക്കുന്ന മുഖത്തോടും കുസൃതി നിറഞ്ഞ കണ്ണുകളോടും കൂടി അഭിനയിക്കുന്നത് തമാശയുടെ ആസ്വാദ്യതയ്ക്ക് മാറ്റുകൂട്ടി. അവയുടെ മാധുര്യം വർണ്ണനാതീതമാണ്.

15. ഇപ്പോൾ ഞാൻ ഒരു അനുഭവം വിവരിക്കാം. ഈ കഥ അസാധാരണവും, ധാർമ്മികപാത കാട്ടുന്നതും, നർമ്മത്തിലൂടെ ആത്മീയോപദേശം എങ്ങനെ നൽകാമെന്ന് തെളിയിക്കുന്നതുമാണ്. ആ വാക്കുകൾ ആദരവോടെ ശ്രദ്ധിക്കുക.

16. എല്ലാ ആഴ്ചകളിലും ഞായർ ദിവസങ്ങളിൽ ഷിർദിയിൽ ഒരു വലിയ അങ്ങാടി നടത്തപ്പെട്ടിരുന്നു. തുറസ്സായ സ്ഥലത്ത്, കൂടാരങ്ങൾ കെട്ടി ധാരാളം വിൽപ്പന നടന്നിരുന്നു.

17. അവിടെ, റോഡരികിൽ, പച്ചക്കറികൾ കുന്നുകൂടി ഇട്ടിരുന്നു. പലചരക്കുവ്യാപാരികളും വെറ്റില വിൽപ്പനക്കാരും തുറസ്സായ സ്ഥലത്ത് ഇരുന്നിരുന്നു.

18. അങ്ങനെയുള്ള ഒരു ഞായറാഴ്ച ദിവസം, വൈകുന്നേരം ഞാൻ ബാബയുടെ പാദങ്ങൾ തിരുമ്മവേ, വളരെ ആശ്ചര്യകരമായ ഒരു സംഭവം ഉണ്ടായി.

19. വൈകുന്നേരത്തെ ദർബാർ സാധാരണയായി വളരെ തിരക്കുള്ളതായിരിക്കും. കൂടാതെ അതൊരു അങ്ങാടി ദിവസവും ഞായറാഴ്ചയുമായിരുന്നു. അനേകം ആളുകൾ വന്നിരുന്നു.

20. ബാബയുടെ മുമ്പിൽ, വലത് വശത്ത് ഇരുന്നുകൊണ്ട്, തല കുമ്പിട്ട് ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ തിരുമ്മുകയും ഒപ്പം ഈശ്വരനാമം ജപിക്കുകയും

ചെയ്തു.

21. മാധവറാവു ഇടത് വശത്തും വാമൻറാവു വലത് വശത്തുമായിരുന്നു. ശ്രീമാൻ ബൂട്ടി തന്റെ പതിവ് സ്ഥലത്ത് അദ്ദേഹത്തെ സേവിക്കാൻ തയ്യാറായിരുന്നു.

22. കാക്കായും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ആ സമയത്ത് മാധവറാവു ചിരി ച്ചുകൊണ്ട് പറഞ്ഞു: "എന്താ, അന്നാ സാഹേബ്! ഇവിടെ പറ്റിയിരിക്കുന്ന ഈ ധാന്യമണികൾ എന്താണ്?"

23. ഇങ്ങനെ പറഞ്ഞുകൊണ്ട്, മാധവറാവു കോട്ടിന്റെ മടക്കിൽ വിരലുകൾ കൊണ്ട് തൊട്ടു, അപ്പോൾ കോട്ടിന്റെ മടക്കുകളിൽ ധാന്യമണികൾ കാണ പ്പെട്ടു.

24. അത് എന്താണെന്ന് കാണാൻ വേണ്ടി, ഞാൻ എന്റെ ഇടത് കരത്തിന്റെ കൈമുട്ട് നിവർത്തി, അപ്പോൾ കടലമണികൾ താഴോട്ട് ഉരുണ്ടു വീഴുകയും ആളുകൾ അത് പെറുക്കി എടുക്കാൻ തുടങ്ങുകയും ചെയ്തു.

25. അവർ അത് പെറുക്കി എടുത്ത് കൂട്ടിവച്ചു. ഏകദേശം ഇരുപത്തിഅഞ്ചോളം ശേഖരിച്ചു. അത് തമാശയ്ക്കുള്ള ഒരു കാരണമായി. അത് എങ്ങനെ വന്നു?

26. അനുമാനങ്ങൾ ഒന്നിന് പുറകെ ഒന്നായി വന്നു. എല്ലാവരും ചിന്തകളിൽ മുഴു കി. എങ്ങനെയാണ് കടലമണികൾ കോട്ടിൽ പറ്റിപ്പിടിച്ചത്? എല്ലാവരും അദ്ഭു തപ്പെട്ടു.

27. കക്ഷത്തിനടുത്ത്, എത്ര മടക്കുകളാണ് ഒരു കോട്ടിന് ഉണ്ടാകുക? എങ്ങനെ യാണ് ഈ കടലമണികൾ അവയിലെത്തിയത്? അവ എവിടെ നിന്നും വന്നു? ഏത് രീതിയിൽ? അത് ആർക്കും മനസ്സിലാക്കാൻ കഴിയാത്ത ഒരു സമസ്യ യായിരുന്നു.

28. ഞാൻ പാദങ്ങൾ തിരുമ്മികൊടുക്കുകയും, ഈശ്വരനാമം ജപിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്നതിനിടയിൽ എങ്ങനെയാണ് കടലയുടെ കഥ പൊങ്ങി വന്നത്?

29. ഞാൻ കുറേനേരമായി സേവ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. വാസ്ത വത്തിൽ എന്തുകൊണ്ട് അവ മുമ്പ് താഴോട്ട് വീണില്ല? അവ ഇത്രയും നേരം അവിടെ ഉണ്ടായിരുന്നല്ലോ എന്നോർത്ത് എല്ലാവരും അദ്ഭുതപ്പെട്ടു!

30. എവിടെ നിന്നാണ് കടലമണികൾ അവിടെ എത്തിയത്? എങ്ങനെയാണ് അവ മടക്കുകൾക്കിടയിൽ ഉറച്ചിരുന്നത്? എല്ലാവരും ആശ്ചര്യപ്പെട്ടു. അപ്പോൾ ബാബ എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

31. അനേകം പേർക്ക് നൂതനമായ ശിക്ഷണമാർഗ്ഗങ്ങൾ ഉണ്ടായേക്കാം. പക്ഷേ, ബാബ ഒരുവന്റെ ഗ്രഹണശക്തിക്ക് അനുസരിച്ചാണ് ബോധനം നൽകിയിരു ന്നത്.

32. മഹാരാജിന്റെ രീതി വ്യത്യസ്തമായിരുന്നു. അത് നന്നായി ഓർമ്മിച്ചു വയ്ക്കുന്ന തരത്തിൽ, അതിനെ രസകരമാക്കുക എന്നതായിരുന്നു അദ്ദേഹ ത്തിന്റെ രീതി. ഇത്തരത്തിലൊന്ന് മറ്റെവിടെയെങ്കിലും കേൾക്കുകയോ കാണു കയോ ചെയ്ത അനുഭവം എനിക്കുണ്ടായിട്ടില്ല.

33. അദ്ദേഹം പറഞ്ഞു: "അവന് ഒരു ചീത്തസ്വഭാവമുണ്ട് - തനിച്ച് ഭക്ഷണം കഴിക്കുന്നത് ഇഷ്ടപ്പെടുന്നു. അങ്ങാടി ദിവസമായതിനാൽ, കൈകളിൽ കടല എടുത്ത് തിരുമ്മി (തൊലി കളയുന്നതിന് വേണ്ടി) ക്കൊണ്ടാണ് അവൻ വന്നത്.

34. തനിച്ച് ഭക്ഷണം കഴിക്കുന്നത് നല്ലതല്ല. പക്ഷേ എനിക്ക് അവന്റെ സ്വഭാവം അറിയാം. ഈ കടലകൾ അതിന്റെ തെളിവാണ്. ഇതിൽ അദ്ഭുതപ്പെടാനായി എന്താണുള്ളത്?"

35. അപ്പോൾ ഞാൻ പറഞ്ഞു: "മറ്റുള്ളവർക്ക് പങ്കിട്ട് നൽകാതെ ഞാൻ കഴിക്കാറില്ല. പിന്നെ എങ്ങനെയാണ് ഈ ദുഃസ്വഭാവത്തിന്റെ ചോദ്യമുയരുന്നത്? ഈ കളങ്കം എനിക്ക് യോജിച്ചതല്ല.

36. ബാബാ, ഈ ദിവസം വരെ ഞാൻ ഷിർദി ബസാർ കണ്ടിട്ടില്ല. ഞാൻ അവിടെ പോയിരുന്നെങ്കിൽ, ഞാൻ കടല വാങ്ങിയിട്ടുണ്ടാകാം. അവ കഴിക്കുന്ന കാര്യം പിന്നീടേ ഉദിക്കുന്നുള്ളൂ.

37. ആരോടെങ്കിലും പങ്കിടാതെ ഞാൻ ഒരിക്കലും ഒന്നും കഴിക്കാറില്ല. ഇങ്ങനെ ചെയ്യുന്നത് ഇഷ്ടപ്പെടുന്നവർ അത് ചെയ്യുമായിരിക്കും, പക്ഷേ, അത് എന്റെ സ്വഭാവമല്ല."

38. ഇപ്പോൾ ബാബയുടെ പ്രാഗല്ഭ്യം ശ്രദ്ധിക്കുക. എങ്ങനെയാണ് അദ്ദേഹത്തിലുള്ള ഭക്തിയെ അദ്ദേഹം ദൃഢമാക്കിയത്! എന്റെ വ്യക്തമായ നിഷേധം കേട്ടതിന് ശേഷം അദ്ദേഹം എന്താണ് പറഞ്ഞതെന്ന് ശ്രദ്ധയോടെ കേൾക്കുക.

39. "നിന്റെ അടുത്തുള്ളവരുമായി നീ ആഹാരം പങ്കുവയ്ക്കുന്നു. പക്ഷേ, നീ തനിച്ചാണെങ്കിൽ നീ എന്താണ് ചെയ്യുക? എനിക്കും എന്താണ് ചെയ്യാൻ കഴിയുക? നീ എന്നെ സ്മരിക്കാറുണ്ടോ?

40. ഞാൻ നിന്റെ സമീപത്തില്ലേ? നീ ഒരു തരി എങ്കിലും എനിക്ക് തരാറുണ്ടോ?" അത്തരത്തിൽ കടലമണികൾ ഒരു നിമിത്തമാക്കി, ഈ തത്ത്വം അദ്ദേഹം എന്നിൽ ആഴത്തിൽ പതിപ്പിച്ചു.

41. ഇന്ദ്രൻ, മറ്റ് ദേവതകൾ, പഞ്ചപ്രാണനുകൾ, അഗ്നി എന്നിവർക്ക് അർപ്പിക്കാതെ ആഹാരം കഴിക്കുന്നതും, അവരെ കബളിപ്പിക്കുന്നതോ, ആഹാരത്തിന് മുമ്പ് എല്ലാ ദേവതകൾക്കും അർപ്പിക്കുന്നതിനായി അഗ്നിയിൽ ആഹുതി അർപ്പിക്കാത്തതോ, അപ്രതീക്ഷിതമായി എത്തുന്ന അതിഥിക്ക് ആഹാരം നൽകാതിരിക്കുന്നതോ, ആഹാരത്തെ അശുദ്ധമാക്കുന്നു.

42. തത്ത്വത്തിൽ ഇത് വളരെ നിസ്സാരമായി തോന്നാം. പക്ഷേ, ദൈനംദിന ജീവിതത്തിൽ അതിന്റെ സാംഗത്യം വളരെ പ്രധാനമാണ്. ആഹാരത്തിന്റെ സ്വാദ് ആസ്വദിക്കുന്നതിൽ മാത്രമല്ല ഇതിന്റെ വിവക്ഷ - അഞ്ച് സംവേദനേന്ദ്രിയങ്ങളും മറ്റ് ആസ്വാദനവിഷയങ്ങളും ഇതിലുൾപ്പെടുമെന്നാണ്.

43. ഇന്ദ്രിയങ്ങൾക്ക് അടിമയാകുന്ന ഒരുവന് ഒരിക്കലും ആത്മീയ പുരോഗതി നേടാൻ കഴിയില്ല. ഇന്ദ്രിയങ്ങളുടെ മേൽ കടുത്ത നിയന്ത്രണം പാലിക്കുന്നവന്

മാത്രമേ വിജയിക്കാൻ കഴിയുകയുള്ളൂ.

44. "യദാ പഞ്ചവതിഷ്ഠാൻതേ," അതായത് പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും സ്ഥിരമാകുമ്പോൾ, അതിനെ ഏറ്റവും ശ്രേഷ്ഠമായ യോഗാവസ്ഥയായി കണക്കാക്കപ്പെടുന്നു എന്ന് ശ്രുതികൾ ഉദ്ഘോഷിക്കുന്നു. ഈ നർമ്മത്തിലൂടെ ബാബ ഇത് ദൃഢമാക്കുകയായിരുന്നു.

45. വാക്ക്, സ്പർശം, രൂപം എന്നിവയൊക്കെ ഈ തത്ത്വത്തിൽ ഉൾപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് ബാബ നൽകിയ ബോധനം എത്രമാത്രം ഉപദേശങ്ങൾ നിറഞ്ഞതാണ്.

46. "മനസ്സ്, ബുദ്ധി, മറ്റ് ഇന്ദ്രിയങ്ങൾ എന്നിവ അവയുടെ വിഷയങ്ങൾ ആസ്വദിക്കുന്നതിന് മുമ്പ്, ആദ്യം എന്നെ ഓർമ്മിക്കുക, അപ്പോൾ സാവധാനത്തിൽ അവ എനിക്ക് നൈവേദ്യമായി അർപ്പിക്കപ്പെടും.

47. "ഇന്ദ്രിയങ്ങൾക്ക് ഒരിക്കലും അവയുടെ വിഷയങ്ങൾ കൂടാതെ വർത്തിക്കാനാകില്ല; പക്ഷേ, അതേ വിഷയങ്ങൾ ആദ്യം ഗുരുവിന് സമർപ്പിക്കപ്പെടുകയാണെങ്കിൽ, അവയോടുള്ള മമത, സ്വാഭാവികമായും അപ്രത്യക്ഷമാകും.

48. "നിങ്ങൾ എന്തെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ എന്നെ മാത്രം ആഗ്രഹിക്കുക! നീ കോപിഷ്ഠനാകുകയാണെങ്കിൽ നിന്റെ കോപം എന്റെ നേർക്ക് തിരിക്കുക! നിന്റെ അഹങ്കാരവും ദുർവാശിയും എനിക്ക് സമർപ്പിക്കുക. എന്നിൽ മാത്രം ഭക്തിയോടെ വർത്തിക്കുക.

49. "എപ്പോഴെങ്കിലും ആഗ്രഹം, കോപം, അഹംഭാവം എന്നിവ ശക്തമായി ഉണ്ടാകുമ്പോൾ അവ എന്റെ നേർക്ക് തിരിച്ചുവിടുക.

50. "ഇത്തരത്തിൽ ഓരോന്നോരോന്നായി എല്ലാ വൃത്തികളും ഇല്ലായ്മ ചെയ്യാൻ ഈശ്വരൻ നിന്നെ സഹായിക്കും. ഈശ്വരൻ (ഗോവിന്ദൻ) വിഷതുല്യമായ ഈ മൂന്ന് ദുർഗുണങ്ങളുടെ ശക്തമായ തിരമാലകളെ തീർച്ചയായും ശാന്തമാക്കും.

51. "യഥാർത്ഥത്തിൽ, അസ്വസ്ഥമായ ഈ മാനസികാവസ്ഥ എന്റെ രൂപത്തിൽ അലിഞ്ഞുചേരുകയോ, ഞാനുമായി താദാത്മ്യം പ്രാപിക്കുകയോ ചെയ്യും. എന്റെ പാദങ്ങളിൽ, നിന്റെ അവസ്ഥ ശാന്തിയുടേതായിരിക്കും."

52. നിങ്ങൾ ഇത് പ്രാവർത്തികമാക്കിയാൽ, ആസക്തികൾ സ്വയം ദുർബ്ബലമാകും, കാലം കഴിയവേ അവ വേരോടെ നശിപ്പിക്കപ്പെടുകയും ചെയ്യും. മനസ്സ് അത്തരത്തിലുള്ള എല്ലാ പ്രവണതകളിൽ നിന്നും മുക്തമാകും.

53. ഗുരു എല്ലായ്പ്പോഴും സമീപത്തുണ്ടെന്ന് അറിയുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ അത്തരം മാനസിക ഭാവങ്ങൾ മൂലം ഒരിക്കലും അസ്വസ്ഥനാകില്ല.

54. അത്തരം സദ്ഗുണം രൂഢമൂലമാകുമ്പോൾ ലോകബന്ധനം അഴിയും. ഇഷ്ടമുള്ള എല്ലാ വസ്തുക്കളിലും ഗുരുവിന്റെ രൂപം കാണും. അത്തരത്തിൽ ആഗ്രഹം തന്നെ ഗുരുവിന്റെ രൂപമായി മാറുന്നു.

55. വിഷയാസ്വാദനത്തിനുള്ള അല്പമായ ആഗ്രഹമെങ്കിലും ഉണ്ടാകുകയും,

ബാബ അരികിലുണ്ടെന്ന് നിങ്ങൾ ചിന്തിക്കുകയും ചെയ്യുകയാണെങ്കിൽ, ഒരു വസ്തു ആസ്വാദനത്തിന് യോഗ്യമാണോ അല്ലയോ എന്ന ചോദ്യം പെട്ടെന്ന് ഉയരും.

56. ആസ്വാദനത്തിന് യോഗ്യമല്ലാത്ത വസ്തുവിനെ എളുപ്പത്തിൽ നിരാകരിക്കാൻ കഴിയും. ഇത്തരത്തിൽ ഭക്തന്റെ അധാർമ്മികമായ ആസക്തികൾ ഇല്ലാതാകുകയും, ആശാസ്യമല്ലാത്തവയോട് വൈമുഖ്യമുണ്ടാകുകയും ചെയ്യും.

57. അയാൾ വേദങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഇന്ദ്രിയനിഗ്രഹത്തിനുള്ള നിയമങ്ങൾ പാലിക്കാൻ തയ്യാറാകും. അപ്പോൾ വസ്തുക്കളുടെ ആസ്വാദനം നിയമങ്ങൾക്കനുസൃതമാകുകയും അനിയന്ത്രിതമായ ഭോഗാസക്തി ഉണ്ടാകുകയുമില്ല.

58. ഇത്തരത്തിലുള്ള സ്വഭാവം വളരുമ്പോൾ, ഇന്ദ്രിയ വിഷയങ്ങൾ ആസ്വദിക്കാനുള്ള ചിന്തകൾ ബലഹീനമാകുന്നു. ഗുരുപൂജയ്ക്കുള്ള ആഗ്രഹം ഉണ്ടാകുകയും ശുദ്ധജ്ഞാനം തെളിയുകയും ചെയ്യും.

59. ശുദ്ധജ്ഞാനം വളരുമ്പോൾ ദേഹബോധം അഴിയുകയും, ധിഷണ ശുദ്ധബോധത്തിൽ ലയിച്ച് പരമാനന്ദത്തിലേയ്ക്ക് നയിക്കുകയും ചെയ്യും.

60. ശരീരം നശ്വരമാണെങ്കിലും, അത് ആത്മജ്ഞാനം നേടുന്നതിനുള്ള ഒരു മാർഗ്ഗമാണ്; അത് മുക്തിയേക്കാളും അഭികാമ്യമാണ്, എന്തുകൊണ്ടെന്നാൽ നമുക്ക് ഭക്തി അനുഭവിക്കാൻ കഴിയും.

61. ആത്മജ്ഞാനം നേടുന്നതിനുള്ള അഞ്ചാമത്തെ പടിയായ ഈ മാർഗ്ഗം മറ്റ് നാല് മാർഗ്ഗങ്ങളായ കാമം, അർത്ഥം, ധർമ്മം, മോക്ഷം എന്നിവയേക്കാൾ ശ്രേഷ്ഠമാണ്. അവയെ ഭക്തിയുമായി താരതമ്യം ചെയ്യാൻ കഴിയില്ല. ഭക്തിയുടെ നേട്ടങ്ങൾ വിലമതിക്കാനാവാത്തതാണ്.

62. ഗുരുസേവയിലൂടെ സമ്പൂർണ്ണത നേടുന്നവന് ഈ വാക്യത്തിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയും. ഭക്തി, ജ്ഞാനം, വിരക്തി എന്നിവയുടെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നതിലൂടെ അവൻ മാത്രം ആത്മജ്ഞാനം നേടും.

63. ഗുരു ഈശ്വരനിൽ നിന്നും വിഭിന്നനാണെന്ന് ചിന്തിക്കുന്നവൻ, ഭാഗവതം മുഴുവൻ പാരായണം ചെയ്തിട്ടും ഭഗവാൻ ആരാണെന്ന് മനസ്സിലാക്കാൻ കഴിയാത്തവനെപ്പോലെയാണ്.

64. ഒരുവൻ രാമായണം മുഴുവൻ വായിച്ചിട്ടും സീത രാമന് ആരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ദ്വൈതഭാവം ദർശിക്കാൻ ശ്രമിക്കാതെ, ഗുരുവും ഈശ്വരനും ഒന്നാണെന്ന് ദൃഢമായി അറിയുക.

65. ഗുരുവിനെ ശുദ്ധമായ ഹൃദയത്തോടെ സേവിക്കുമ്പോൾ ഇന്ദ്രിയവിഷയങ്ങളോടുള്ള ആഗ്രഹം വേരോടെ നശിപ്പിക്കപ്പെടും. മനസ്സ് പരിശുദ്ധവും പാപരഹിതവുമാകുകയും, നിങ്ങളുടെ ആത്മാവ് ശോഭായമാനമാകുകയും ചെയ്യും.

66. അത് അങ്ങനെയാകട്ടെ. ശക്തമായ ചിന്തയിലൂടെ, വറുത്ത കടലമണികൾ സൃഷ്ടിച്ചെടുക്കുന്നത് വളരെ എളുപ്പം ചെയ്യാൻ ബാബയ്ക്ക് കഴിഞ്ഞു. വളരെ

അദ്ഭുതകരമായ ലീലകൾ കാട്ടുന്നതിന് പ്രത്യേകിച്ച് സമയം അദ്ദേഹത്തിനാവശ്യമുണ്ടായിരുന്നില്ല.

67. പ്രഗല്ഭനായ ഒരു ഇന്ദ്രജാലക്കാരനോ, ചെപ്പടിവിദ്യക്കാരനോ, ഉപജീവനത്തിനുവേണ്ടി, നിങ്ങൾ ആവശ്യപ്പെടുന്നത് ഒരു മാന്ത്രികദണ്ഡ് വീശി ഉണ്ടാക്കിക്കാണിക്കും.

68. പക്ഷേ സായിനാഥ് ഒരു ദൈവികമാന്ത്രികനാണ്! അദ്ദേഹത്തിന്റെ അദ്ഭുതകൃത്യങ്ങളുടെ ശ്രേഷ്ഠത എങ്ങനെയാണ് വിവരിക്കുക? അദ്ദേഹം ആഗ്രഹിച്ചപ്പോൾ, നിമിഷനേരത്തിനുള്ളിൽ അനേകം കടലകൾ അദ്ദേഹം സൃഷ്ടിച്ചു.

69. പക്ഷേ ഈ കഥയുടെ ഗുണപാഠം എന്താണ്? നമുക്ക് അതിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. 'ആദ്യം ബാബയെ സ്മരിക്കാതെ, നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് ഒരു വിഷയവും ആസ്വദിക്കരുത്.'

70. മനസ്സിനെ ഇത്തരത്തിൽ പരിശീലിപ്പിക്കുമ്പോൾ, നാം എല്ലായ്പ്പോഴും അദ്ദേഹത്തെക്കുറിച്ച് ഓർമ്മിപ്പിക്കപ്പെടും. എല്ലാ ഇടപാടുകളിലും ശ്രദ്ധ ബാബയുടെ പാദങ്ങളിലായിരിക്കും.

71. ശുദ്ധബ്രഹ്മത്തിന്റെ അവതാരം എല്ലായ്പ്പോഴും കൺമുമ്പിൽ തെളിയുകയും, ഭക്തി, മുക്തി, വിരക്തി എന്നിവ ഉണ്ടാകുകയും ചെയ്യും. മോക്ഷം ലഭിക്കുകയും ചെയ്യും.

72. മനോഹരമായ ഈ രൂപം നമ്മുടെ മനസ്സിൽ പ്രതിഷ്ഠിക്കുമ്പോൾ, നമ്മൾ വിശപ്പ്, ദാഹം, ലൗകിക ജീവിതം എന്നിവ മറക്കുന്നു. ലൗകികസുഖങ്ങളെക്കുറിച്ചുള്ള ചിന്ത ഇല്ലാതാകുകയും മനസ്സിന് ശാന്തി ലഭിക്കുകയും ചെയ്യും.

73. ഒരുവൻ ഒരു ഖണ്ഡിക ഓർമ്മിക്കാൻ ശ്രമിക്കുമ്പോൾ അത് മനസ്സിൽ തെളിയുകയില്ല. പക്ഷേ അയാൾ ധാന്യം പൊടിക്കാനിരിക്കുമ്പോൾ അത് പെട്ടെന്ന് മനസ്സിൽ തോന്നും. അതേപോലെ കടലമണികളുടെ ലീല വിവരിക്കവേ, ഞാൻ സുദാമാവിന്റെ കഥയെക്കുറിച്ച് ഓർമ്മിക്കുന്നു.

74. ഒരിക്കൽ ബലരാമൻ, കൃഷ്ണൻ, സുദാമാവ് എന്നിവർ ഗുരുവിന്റെ[1] ആശ്രമത്തിൽ സേവകൾ ചെയ്യവേ, കൃഷ്ണനെയും ബലരാമനെയും വിറക് ശേഖരിക്കാനായി കാട്ടിലേയ്ക്ക് പറഞ്ഞുവിട്ടു.

75. ഗുരുപത്നിയുടെ നിർദ്ദേശമനുസരിച്ച്, ബലരാമനും കൃഷ്ണനും കാട്ടിലേയ്ക്ക് യാത്ര തിരിച്ചയുടനെ സുദാമാവും കാട്ടിലേയ്ക്ക് പറഞ്ഞുവിടപ്പെട്ടു.

76. അവന്റെ കൈവശം കുറച്ച് കടല നൽകപ്പെട്ടിരുന്നു. കാട്ടിൽ നടക്കവേ, വിശപ്പ് അനുഭവപ്പെടുകയാണെങ്കിൽ മൂന്നുപേരും അത് കഴിക്കണമെന്ന് ഗുരുപത്നി നിർദ്ദേശിച്ചിരുന്നു.

77. പിന്നീട് അവൻ കാട്ടിൽ വച്ച് കൃഷ്ണനെ കണ്ടുമുട്ടി. കൃഷ്ണൻ പറഞ്ഞു: "ദാദാ, എനിക്ക് ദാഹിക്കുന്നു." കടലയെക്കുറിച്ച് പരാമർശിക്കാതെ, അവൻ എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

78. "ഒഴിഞ്ഞ വയറ്റിൽ വെള്ളം കുടിക്കരുത്", സുദാമാവ് പറഞ്ഞു. "കുറച്ചുനേരം വിശ്രമിക്കുക." പക്ഷേ കടല കഴിക്കണമെന്ന് അവൻ പറഞ്ഞില്ല. കൃഷ്ണൻ സുദാമാവിന്റെ മടിയിൽ തലവച്ച് കിടന്നു.

79. കൃഷ്ണൻ ഉറങ്ങിക്കഴിഞ്ഞു എന്ന് കണ്ടപ്പോൾ സുദാമാവ് കടല കഴിക്കാൻ തുടങ്ങി. "ദാദാ എന്താണ് നിങ്ങൾ കഴിക്കുന്നത്? എന്താണീ ശബ്ദം?," എന്ന് കൃഷ്ണൻ അപ്പോൾ ചോദിച്ചു.

80. "ഇവിടെ എന്താണ് കഴിക്കാനുള്ളത്? തണുപ്പ് കാരണം എന്റെ പല്ലുകൾ കൂട്ടിയിടിക്കുന്നതുകൊണ്ട് വിഷ്ണുസഹസ്രനാമം[2] വ്യക്തമായി ജപിക്കാൻ പോലും എനിക്ക് കഴിയുന്നില്ല."

81. സുദാമാവിൽ നിന്നും ഈ മറുപടി കേട്ടപ്പോൾ, എല്ലാം അറിയുന്ന ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞു: "ശരിയാണ്, എനിക്കും ഇത്തരത്തിലുള്ള ഒരു സ്വപ്നം ഉണ്ടായി.

82. ഒരുവൻ മറ്റൊരാളിന്റെ പങ്ക് കഴിക്കുകയായിരുന്നു. എന്താണ് കഴിക്കുന്നതെന്ന് ചോദിച്ചപ്പോൾ? അയാൾ പറഞ്ഞു, "എനിക്ക് എന്ത് കഴിക്കാനുണ്ട്? പൂഴിയോ?", അപ്പോൾ തഥാസ്തു (അങ്ങനെയാകട്ടെ) എന്ന വാക്ക് കേട്ടു.

83. ഓ! ദാദാ! ഇതൊരു സ്വപ്നം മാത്രമാണ്. എന്റെയൊപ്പം പങ്കിടാതെ അങ്ങ് എപ്പോഴെങ്കിലും, എന്തെങ്കിലും കഴിക്കുമോ? അങ്ങ് എന്താണ് കഴിക്കുന്നതെന്ന് ഞാൻ ചോദിക്കാനുള്ള കാരണമെന്തെന്നാൽ, ഞാൻ സ്വപ്നത്തിൽ നിന്ന് പൂർണ്ണമായും ഉണർന്നിരുന്നില്ല."

84. കൃഷ്ണന്റെ മുൻകാല ലീലകൾ സുദാമാവ് അറിഞ്ഞിരുന്നെങ്കിൽ, അവൻ ഇത്തരത്തിലൊരു പിഴവ് വരുത്തുകയോ, അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വരികയോ ഉണ്ടാകുമായിരുന്നില്ല.

85. അത് സാധാരണ ദുരിതവുമായിരുന്നില്ല, എന്തെന്നാൽ അയാൾ കൊടിയ ദാരിദ്ര്യം അനുഭവിക്കേണ്ടി വന്നു. അതിനാൽ തനിച്ച് ഭക്ഷണം കഴിക്കുന്നവർ ഇത് മനസ്സിലോർക്കണം.

86. സുദാമാവിനെപ്പോലുള്ള ഒരു ഭക്തൻ, കൃഷ്ണൻ അയാളുടെ സുഹൃത്തായിട്ടുപോലും, ധാർമ്മികനിയമങ്ങൾക്കനുസരിച്ച് പെരുമാറാൻ വിസ്മരിച്ചപ്പോൾ, ഈ ലോകത്ത് ദുരിതം അനുഭവിക്കേണ്ടി വന്നു.

87. പിന്നീട് അയാളുടെ ഭാര്യ സ്വയം അധ്വാനിച്ച് നേടിയ ഒരു പിടി അവൽ സമർപ്പിച്ചപ്പോൾ, കൃഷ്ണൻ സംപ്രീതനാകുകയും അയാൾക്ക് സകല ഐശ്വര്യങ്ങളും നൽകുകയും ചെയ്തു.

88. അത് അങ്ങനെയാകട്ടെ. ഗുണപാഠപ്രദമായ മറ്റൊരു കഥ ഞാൻ നിങ്ങളോട് പറയാം. തുടക്കത്തിൽ അത് ഒരു നർമ്മത്തിലൂടെ ഹാസ്യാത്മകമായി തുടങ്ങിയെങ്കിലും, അവസാനം അത് നിറയെ വിജ്ഞാനപ്രദമായിരുന്നു.

89. ചിലർ ആത്മീയലക്ഷ്യത്തെക്കുറിച്ചുള്ള നിർദ്ദേശം ആസ്വദിക്കും, ചിലർ വാദത്തിലെ പ്രാഗല്ഭ്യം ആസ്വദിക്കും, മറ്റുചിലർ ഫലിതവും രസികത്വവും ആസ്വദിക്കും. എല്ലാവരും സന്തുഷ്ടരാകും.

90. ഇതിലും ഹാസ്യരസമുണ്ട്. ഒരു മാന്യവ്യക്തിയും, ഒരു സ്ത്രീയും ബാബയുടെ ദർബാറിൽ വച്ച് നിർബന്ധബുദ്ധി കാട്ടുകയും, വഴക്കിടുകയും ചെയ്തു, അത് ആരെയും വേദനിപ്പിക്കാതെ പരിഹരിക്കപ്പെടുകയും ചെയ്തു.

91. ഇതും വളരെ ആകർഷകമായ കഥയാണ്. ശ്രോതാക്കൾ അത് വളരെ ഇഷ്ടപ്പെടും. ഭക്തർ പരസ്പരം വഴക്കിടുമ്പോൾ, ചിരി ഉയരും.

92. ബാബ്റേ[3] എന്ന് കുടുംബപ്പേരുള്ള ദാമോദർ ഘനശ്യാം എന്ന ഒരു ഭക്തൻ, അന്നാ ചിൻച്നികാർ എന്ന ചെല്ലപ്പേരിൽ അറിയപ്പെട്ടിരുന്നു, അയാൾക്ക് ബാബയോട് വളരെ സ്നേഹമുണ്ടായിരുന്നു.

93. എന്തും വെട്ടിത്തുറന്ന് പറയുന്ന സ്വഭാവമുള്ള അയാൾ ആരെയും വകവച്ചിരുന്നില്ല. എന്തും അത്, ശരിയായാലും തെറ്റായാലും, അയാൾ തുറന്നുപറയുകയും അതിന്റെ പരിണിതഫലത്തെക്കുറിച്ച് ഒരിക്കലും ശ്രദ്ധിച്ചതുമില്ല.

94. പരുക്കനും എളുപ്പത്തിൽ പ്രതികരിക്കുകയും ചെയ്യുന്നതുപോലെ, അയാൾ ഭക്തനും ഈശ്വരഭയമുള്ളവനുമായിരുന്നു. അയാളുടെ ശിരസ്സ്, ചെറിയ ഒരു തീപ്പൊരികൊണ്ട് പോലും പൊട്ടിത്തെറിക്കാൻ പാകത്തിൽ വെടിമരുന്ന് നിറഞ്ഞിരുന്നത് പോലെയായിരുന്നു.

95. അയാളുടെ പ്രവൃത്തികളൊക്കെ ചടുലവും നിർഭയവുമായിരുന്നു; അയാളുടെ ഇടപാടുകൾ രൊക്കം പണം നൽകിയായിരുന്നു; അയാൾ ആരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞില്ല; അയാളുടെ കൊടുക്കൽ വാങ്ങലുകൾ ഋജുവായിരുന്നു.

96. എരിയുന്ന കനൽ കൈയ്യിൽ പിടിക്കാൻ കഴിയുമായിരിക്കും, പക്ഷേ അന്നായുടെ കോപം അതിനേക്കാൾ മോശമായിരുന്നു. പക്ഷേ, പ്രകൃത്യാ അയാൾക്ക് ആരോടും വിദ്വേഷമുണ്ടായിരുന്നില്ല, അതിനാൽ ബാബ അയാളെ സ്നേഹിച്ചു.

97. അങ്ങനെ, മസ്ജിദിലെ ദർബാർ ആളുകളെക്കൊണ്ട് നിറഞ്ഞിരുന്ന ഒരു വൈകുന്നേരം ബാബ അദ്ദേഹത്തിന്റെ ഇടത് കരം അഴികളിൽ വച്ച് ഇരിക്കുകയായിരുന്നു.

98. ബാബ ഒന്നിലും ഇടപെടാതെയും നിഷ്പക്ഷമതിയായും തോന്നിച്ചുവെങ്കിലും, ഞങ്ങളാരുമറിയാതെ ഭക്തന്മാർക്കിടയിൽ ലഹള ഉണ്ടാക്കുകയും, അവർ കോപിക്കുകയോ നീരസം പ്രകടിപ്പിക്കുകയോ ചെയ്യുമ്പോൾ ഇരുകൂട്ടരെയും ഒടുവിൽ സമാധാനപ്പെടുത്തുന്നതും അദ്ദേഹമായിരുന്നു.

99. ഓരോരുത്തരും അവരവർക്ക് ആകുന്ന വിധത്തിൽ അദ്ദേഹത്തെ സേവിക്കുകയായിരുന്നു. ചിലർ ശരീരത്തിന്റെ വശങ്ങൾ തടവുന്നു, ചിലർ പാദങ്ങൾ തിരുമ്മുന്നു, ചിലർ അദ്ദേഹത്തിന്റെ പിറകുവശവും ഉദരവും തടവുന്നു.

100. ബാബ കുട്ടിക്കാലം മുതൽ ബ്രഹ്മചാരിയായിരുന്നു. നിരന്തരമായ ആത്മനിയന്ത്രണം പാലിച്ചുകൊണ്ടുള്ള ജീവിതം നയിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ ചിന്തകളും പെരുമാറ്റവും ശുദ്ധവും നിർമ്മലവുമായിരുന്നു. അതിനാൽ എല്ലാ പുരുഷന്മാരെയും സ്ത്രീകളെയും തന്നെ സേവിക്കാൻ അദ്ദേഹം അനുവദി

ച്ചിരുന്നു.

101. അന്നാ, അഴികൾക്ക് പുറത്ത് നിന്ന് കൊണ്ട്, മുമ്പോട്ട് കുനിഞ്ഞ്, ബാബ യുടെ ഇടത് കരം മൃദുവായി തടവുകയായിരുന്നു. വലത് വശത്ത് എന്താണ് സംഭവിച്ചിരുന്നതെന്ന് സ്വസ്ഥമായ മനസ്സോടെ ഇപ്പോൾ ശ്രദ്ധിക്കുക.

102. ബാബയോട് അനന്യമായ ഭക്തി പുലർത്തിയിരുന്ന ഒരു സ്ത്രീ അവിടെ ഉണ്ടാ യിരുന്നു. ബാബ അവളെ 'മാതാവ്' എന്നും മറ്റുള്ളവർ അവളെ മാവഷിബായി (അമ്മായി) എന്നും വിളിച്ചിരുന്നു.

103. എല്ലാവരും അവളെ മാവഷിബായി എന്ന് വിളിച്ചു. അവളുടെ ശരിയായ പേര് വേണുബായി എന്നും കുടുംബപ്പേര് കൗജലാഗി എന്നുമായിരുന്നു. ബാബ യോടുള്ള അവളുടെ ഭക്തി അതുല്യമായിരുന്നു.

104. അന്നായ്ക്ക് അമ്പത് വയസ്സ് കഴിഞ്ഞിരുന്നു. ഒപ്പം മുഴുവൻ ദന്തങ്ങളുമുണ്ടാ യിരുന്നില്ല. ഈ മാവഷിബായിയാകട്ടെ പക്വതയുള്ളവളും വൃദ്ധയുമായിരു ന്നു. ഇവർ രണ്ടുപേർക്കുമിടയിൽ ഒരു ലഹള ഉണ്ടായി.

105. അന്നായും അയാളുടെ ഭാര്യയും ബാബയെ സേവിച്ചു. മാതാവ് ഒരു വിധവ യായിരുന്നു. ബാബയുടെ ഉദരവും വശങ്ങളും തടവിക്കൊണ്ടിരുന്നപ്പോൾ അവൾ ശ്വാസം കിട്ടാതെ അണയ്ക്കുന്നുണ്ടായിരുന്നു.

106. മാവഷിബായി നിഷ്കളങ്കയും ശ്രീസായിയുടെ സേവനത്തിൽ ഊർജ്ജസ്വല യുമായിരുന്നു. അവൾ തന്റെ രണ്ട് കരങ്ങളിലെയും വിരലുകൾ കൂട്ടിപ്പിടിച്ച് ബാബയുടെ ഉദരം അമർത്തിത്തിരുമ്മുകയായിരുന്നു.

107. ബാബയെ രണ്ട് കരങ്ങൾകൊണ്ടും പിടിച്ച്, ഒരുവൻ ധോത്തി കെട്ടുന്ന ഭാഗ ത്തായി ഉദരത്തിന്റെ പുറകിൽ നിന്ന് മുമ്പിലേയ്ക്ക്, അവൾ അമർത്തുകയും വലിക്കുകയും ഞെരുക്കുകയും ചെയ്തു; അത് തൈര് കടയുന്നതുപോലെ തോന്നിച്ചു.

108. സായിയുടെ നാമജപത്തിൽ മുഴുകി, ഭയം തീരെയില്ലാതെ മാവഷിബായി തിരു മ്മിക്കൊണ്ടിരുന്നു. ബാബ ഒരക്ഷരം പോലും ഉരിയാടിയില്ല, അദ്ദേഹം സ്വസ്ഥ നും, ശാന്തനുമായി കാണപ്പെട്ടു.

109. അവളുടെ തിരുമ്മൽ വിചിത്രമായിരുന്നു. ഉദരം നട്ടെല്ലിൽ സ്പർശിക്കുന്നത് വരെ, അവൾ തിരുമ്മും. പക്ഷേ അവളുടെ സ്നേഹം ബാബയിൽ ദയ ഉണർത്തി.

110. സായിയോടുള്ള ഈ ശുദ്ധസ്നേഹത്തിന്റെ ഫലമായി ഉത്തമമായ പരസ്പര സേവനം ഉണ്ടായി, എന്തെന്നാൽ അദ്ദേഹത്തെ നിരന്തരം സ്മരിക്കുന്ന ഭക്ത രുടെ ക്ഷേമം അദ്ദേഹം നോക്കിനടത്തിയിരുന്നു.

111. ഈ ദിവ്യന്റെ സമ്പർക്കം ലഭിക്കാൻ എത്രമാത്രം ഉപാസന നമ്മൾ ചെയ്തി ട്ടുണ്ടാകും? പക്ഷേ സായി തീർച്ചയായും ദുർബ്ബലരെയും എളിയവരെയും സ്നേഹിക്കുകയും, ഭക്തരെ ഒരിക്കലും അവഗണിക്കുകയും ചെയ്തില്ല.

112. ഈ ചലനങ്ങളിൽ എന്ത് പ്രാഗല്ഭ്യമാണുണ്ടായിരുന്നത്! അത് കാരണം ബാബ മുകളിലേയ്ക്കും താഴേയ്ക്കും ചലിച്ചുകൊണ്ടിരുന്നു. അവളും അതേ

പോലെ ചലിച്ചുകൊണ്ടിരുന്നു. ഇത് അനുപമമായ ഒരു സേവനരീതിയായിരുന്നു.

113. അന്നാ കുനിഞ്ഞ് നിൽക്കുകയായിരുന്നെങ്കിലും, ഇളകാതെ നിൽക്കുകയായിരുന്നു. ആ സ്ത്രീയാകട്ടെ അവളുടെ സേവനത്തിൽ മുഴുകിയതിനാൽ, അവളുടെ മുഖം മുകളിലേയ്ക്കും താഴേയ്ക്കും ചലിച്ചുകൊണ്ടിരുന്നു (അവളുടെ ചലനങ്ങൾക്കനുസരിച്ച്). അപ്പോൾ എന്താണ് സംഭവിച്ചതെന്ന് നോക്കുക!

114. സായിയുടെ സേവയുടെ ആനന്ദത്തിൽ, ഉദരം തിരുമ്മുന്നതിനിടയിൽ വശങ്ങളിലേയ്ക്ക് ആടിക്കൊണ്ടിരിക്കവേ അവളുടെ മുഖം അന്നായുടേതിന് സമീപമെത്തിയത് നോക്കുക.

115. ഈ അവസരം മുതലെടുത്ത്, ഫലിതപ്രകൃതക്കാരിയായ മാവഷിബായി പറഞ്ഞു: “എന്താണ് അന്നാ! നാണമില്ലാത്ത മനുഷ്യൻ! നീ എന്നോട് ഉമ്മ ആവശ്യപ്പെടുകയാണോ ആദ്യമായി?

116. “നിന്റെ തലമുടി നരച്ചതിനെക്കുറിച്ച് ഓർമ്മയില്ലേ? നീ എന്നെ ഉമ്മ വയ്ക്കുന്നത് എങ്ങനെയെന്ന് ഞാൻ കാണട്ടെ!” മാവഷിബായി ഇങ്ങനെ പറഞ്ഞപ്പോൾ അന്നാ, അയാളുടെ കുപ്പായക്കൈ മുകളിലേയ്ക്ക് ചുരുട്ടിവച്ചു.

117. അയാൾ പറഞ്ഞു: “ഞാൻ അത്രയ്ക്ക് വൃദ്ധനാണോ? ഞാൻ അത്രയ്ക്ക് മൂഢനോ ഭ്രാന്തനോ ആണോ? നിങ്ങളാണ് നിങ്ങളുടെ മുഖം എന്റേതിനോട് അടുത്ത് കൊണ്ടുവന്ന്, വഴക്കിടാൻ ഒരുങ്ങിയിരിക്കുന്നത്.”

118. ഒരു വഴക്കിനുള്ള ആരംഭമാണെന്ന് മനസ്സിലാക്കിയ ബാബ, രണ്ടുപേരോടും സ്നേഹമുണ്ടായിരുന്നതിനാൽ, രണ്ടുപേരെയും സമാധാനപ്പെടുത്താനായി സമർത്ഥമായ ഒരു മാർഗ്ഗം ഉപയോഗിച്ചു.

119. അദ്ദേഹം സ്നേഹത്തോടെ പറഞ്ഞു: “ഓ അന്നാ, എന്തിനാണ് നീ അനാവശ്യമായി ഈ ബഹളമുണ്ടാക്കുന്നത്? മാതാവിനെ ചുംബിക്കുന്നതിൽ എന്ത് അനൗചിത്യമാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.”

120. ഇതു കേട്ടപ്പോൾ രണ്ടുപേരും ലജ്ജിതരായി. തമാശരൂപത്തിലുള്ള വാക്കുകൾ അവിടെ നിർത്തപ്പെട്ടു. സ്നേഹപൂർണ്ണമായ ചിരി എങ്ങും നിറഞ്ഞു. എല്ലാവരും നർമ്മം (ബാബയുടെ) ഇഷ്ടപ്പെട്ടു.

121. പുറമേയ്ക്ക് ഇത് ഒരു ചെറിയ കഥയായി തോന്നാം, പക്ഷേ വിവേചനബുദ്ധിയുള്ള ശ്രോതാക്കൾക്ക് ഇത് മനോഹരമായി തോന്നും. ഒരു വിഷമഘട്ടത്തിന് എങ്ങനെയാണ് വിരാമമിടേണ്ടതെന്ന്, വ്യക്തമായി അവർ ഈ കഥയിൽ നിരീക്ഷിക്കും.

122. അമ്മയും മകനും തമ്മിൽ സ്നേഹമുള്ളതുപോലെ, അതേ സ്നേഹവികാരം അവർ രണ്ടുപേർക്കുമിടയിൽ ഉണ്ടായിരുന്നെങ്കിൽ, ഈ പരിതസ്ഥിതി ഉണ്ടാകില്ലായിരുന്നു, ഒപ്പം വിദ്വേഷം തോന്നുകയുമില്ല.

123. ഒരുവനെ ചാട്ടവാർ കൊണ്ട് അടിച്ചാൽ പൊട്ടിച്ചിരിക്കുന്നു; അതേസമയം ഒരുവനിൽ പുഷ്പവൃഷ്ടി നടത്തിയാൽ അയാൾക്ക് കരയണമെന്ന് തോന്നുന്നു. മനോധർമ്മത്തിനും ധാരണയ്ക്കും അനുസരിച്ചാണ് പ്രതികരണതരംഗങ്ങ

ളുണ്ടാകുന്നത്. ഇത് അനുഭവിക്കാത്തവരായി ആരാണുള്ളത്?

124. ബാബയുടെ ലളിതമായ വൈഭവത്തിന് പുതുമയുണ്ട്. അദ്ദേഹം സന്ദർഭത്തിന് യോജിക്കുന്നതും, ശ്രോതാക്കളെ സാന്ത്വനിപ്പിക്കുന്നതും പെട്ടെന്ന് അനുശാസനം നൽകുന്നതുമായ വാക്കുകൾ തെരഞ്ഞെടുത്തിരുന്നു.

125. ഇതേപോലെ ഒരിക്കൽ മാവഷിബായി വളരെ ശക്തമായി ബാബയുടെ ഉദരം തിരുമ്മവേ, ഒരു വിശ്വസ്തഭക്തന് ദയയും ഉത്കണ്ഠയും തോന്നി.

126. അയാൾ പറഞ്ഞു: "ബായി, പതുക്കെ! ഇത്തരത്തിലാണോ ശരീരം തിരുമ്മുക? കുറച്ച് ദയ കാട്ടുക. ബാബയുടെ ഞരമ്പുകൾ പൊട്ടും."

127. ഈ വാക്കുകൾ കേട്ടയുടനെ ബാബ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു, തന്റെ കൈ കൊണ്ട് സത്ക എടുത്ത് അത് നിലത്ത് അടിച്ചു.

128. അദ്ദേഹം കോപിഷ്ഠനാകുകയും, ആരും അദ്ദേഹത്തിന്റെ മുമ്പിൽ നിൽക്കാൻ ധൈര്യപ്പെട്ടതുമില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ എരിയുന്ന കനൽപോലെ ജ്വലിക്കുകയും അദ്ദേഹം ചുറ്റും നോക്കുകയും ചെയ്തു.

129. ഇരുട്ടിൽ മാർജ്ജാരന്റെ കണ്ണുകൾ തിളങ്ങുന്നതുപോലെ, അദ്ദേഹത്തിന്റെ കണ്ണുകൾ പകൽ തിളങ്ങി. ആ കണ്ണുകളിൽ നിന്നുള്ള ഒരു അഗ്നിനാളം ഈ പ്രപഞ്ചത്തെ മുഴുവൻ എരിച്ച് കളയുമെന്ന് തോന്നി.

130. അദ്ദേഹം രണ്ട് കൈകൾ കൊണ്ടും സത്കയുടെ ഒരറ്റം പിടിച്ച് കൊണ്ട് തന്റെ ഉദരത്തിന്റെ പൊള്ളയായ ഭാഗത്ത് അമർത്തി. മറ്റേ അറ്റം, മുമ്പിലുള്ള തൂണിൽ ചേർത്തുവച്ച് കൊണ്ട് തൂണിനെ മുറുകെ ചുറ്റിപ്പിടിച്ചു.

131. രണ്ടോ മൂന്നോ അടി നീളമുള്ള സത്ക മുഴുവനായും ഉദരത്തിൽ കയറുകയും ഏതുനിമിഷവും ബാബയുടെ ഉദരം പിളർന്ന് ബാബയ്ക്ക് ആപത്ത് പിണയുമെന്ന് എല്ലാവരും ഭയക്കുകയും ചെയ്തു.

132. ഉറപ്പിച്ചിരുന്ന തൂണിന്റെ സമീപത്തേയ്ക്ക് ബാബ കൂടുതൽ കൂടുതൽ അടുക്കുകയും, ഉദരം അതിൽ ചേർത്ത് അമർത്തുകയും ചെയ്തു. കാഴ്ചക്കാരെല്ലാം ഭയപ്പെട്ടു.

133. 'ഇപ്പോൾ ഉദരം പിളർന്ന് പോകും', എന്ന് വിഷമത്തോടെ വിരൽ കടിച്ചുകൊണ്ട് അവർ ചിന്തിച്ചു. "ഓ, ഈശ്വരാ, എത്ര അസഹനീയമായ പരിതസ്ഥിതി! ഞങ്ങൾ ഒരു കൊടിയ ആപത്തിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ടിരിക്കുന്നു."

134. ഇത്തരത്തിൽ ആളുകൾ വിഷമിച്ചു. ഈ ദുരന്തഘട്ടത്തിൽ എന്താണ് ചെയ്യാൻ കഴിയുക? ഈ ദുരിതമെല്ലാം ആ മാവഷിബായിക്ക് വേണ്ടിയാണോ!? അത് ഭക്തന് വേണ്ടി സഹിച്ച ഒരു ക്ലേശമായിരുന്നു.

135. എപ്പോഴെങ്കിലും ആരെങ്കിലും ബാബയെ സേവിക്കുകയാണെങ്കിൽ, മറ്റാരെങ്കിലും ഇടയ്ക്ക് അനിഷ്ടമോ തിരുത്തലോ പറയുകയോ, സേവ ചെയ്യുന്നയാളിനോട് അഭിപ്രായം പ്രകടിപ്പിക്കുകയോ ചെയ്യുന്നത് ബാബ ഇഷ്ടപ്പെട്ടിരുന്നില്ല.

136. സ്നേഹവാനായ ഒരു ഭക്തന്, ബാബ സുഖമായി ഇരിക്കണമെന്ന ഒരു സൂചന മാവഷിബായിക്ക് കൊടുക്കണമെന്ന് മാത്രമേ തോന്നിയുള്ളൂ. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു അനന്തരഫലമുണ്ടായത്?

137. അത് അങ്ങനെയാകട്ടെ. ഭഗവാന് ദയ തോന്നി. സായിയുടെ ഹൃദയത്തിൽ ശാന്തത ഉണർന്നു. അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ വന്നിരുന്നു, എല്ലാവരുടെയും ഭയചകിതമായ അവസ്ഥ മാറി.

138. സ്നേഹവാനായ ആ ഭക്തൻ നിർഭയനായിരുന്നെങ്കിലും, ബാബയുടെ കണിശമായ പെരുമാറ്റം കണ്ടപ്പോൾ, ഒരിക്കലും ഭാവിയിൽ ഇത്തരമൊരു പിഴവ് കാട്ടില്ലെന്ന് തീർച്ചയാക്കി.

139. അന്ന് മുതൽ മറ്റാരുടെയും കാര്യങ്ങളിൽ ഇടപെടില്ലെന്നും, ഓരോരുത്തരും അവർക്ക് ഇഷ്ടമുള്ള രീതി പിന്തുടരട്ടേയെന്ന് വയ്ക്കുമെന്നും അയാൾ തീരുമാനിച്ചു.

140. സമർത്ഥ സ്വയം അത്യധികം ശക്തികൾക്ക് ഉടമയായിരുന്നു. തിന്മയെ നശിപ്പിച്ച് ശിഷ്ടരെ രക്ഷിക്കാൻ, ആ ശക്തികൾ എപ്പോഴാണ് ഉപയോഗിക്കേണ്ടതെന്ന് അദ്ദേഹത്തിന് അറിയാം. അദ്ദേഹത്തെ സേവിക്കുന്നവരുടെ നല്ലതും ചീത്തയുമായ ഗുണങ്ങൾ അദ്ദേഹത്തിനറിയാമായിരുന്നു. പിന്നെന്തിനാണ് നമ്മൾ ഇടപെടുന്നത്?

141. 'സായി ഒരാളിന്റെ സേവനം ഇഷ്ടപ്പെടുന്നു, മറ്റൊരാളിന്റേത് പരുഷമായി കാണുന്നു' – ഇവയെല്ലാം നമ്മുടെ ധാരണകൾ മാത്രമാണ്! ആർക്കും യാഥാർത്ഥ്യം എന്താണെന്ന് അറിയില്ല.

142. ഹാസ്യവും നർമ്മവുമൊക്കെ മതിയായി. ഇവയിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ കഴിയുന്നവർ അത് ചെയ്യട്ടെ. ഭക്തർ സായിയുടെ കഥയിൽ നിന്ന് തേനും രുചിയും ഗന്ധവും ആസ്വദിക്കട്ടെ.

143. ഹേമദ് സായിയുടെ പാദങ്ങളിൽ സ്വയം സമർപ്പിക്കുന്നു. അടുത്ത അധ്യായം ഇതിനേക്കാൾ ഗഹനമാണ്. ദയാമേഘമായ സായി, അദ്ദേഹത്തിന്റെ ഭക്തനായ ദാമോദറിന്റെ ആഗ്രഹം സഫലമാക്കുന്നു.

144. അതും മഹത്തായ ഒരു അദ്ഭുതകൃത്യമായിരുന്നു. ദാമോദർ, വളരെയധികം ക്ലേശങ്ങൾ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്നു. ബാബ അയാളെ തന്റെ മുമ്പിൽ വരുത്തുകയും അയാളുടെ പ്രശ്നത്തിന് പരിഹാരം കാണുകയും ചെയ്തു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ ഇരുപത്തിനാലാം അധ്യായം "മനോഹരമായ നർമ്മം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഗുരു സാന്ദീപനി
2. വിഷ്ണുവിന്റെ ആയിരം നാമങ്ങൾ
3. അയാളും ഭാര്യയും വളരെക്കാലം ഷിർദ്ദിയിൽ താമസിച്ചു. അയാളുടെ ഭാര്യ അയാളേക്കാൾ മുമ്പേ മരിച്ചു. അയാൾ തന്റെ തോട്ടം മുഴുവൻ ഷിർദിസംസ്ഥാനത്തിന് നൽകി.

## 25

# അത്യധികം ആഗ്രഹിക്കുന്നതിനെ സഫലമാക്കിക്കൊണ്ട് ഭക്തരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സായി മഹാരാജാ, ദയാസാഗരം, ഈശ്വരന്റെ വാസ്തവികമായ അവതാരം. പരബ്രഹ്മം, യോഗീശ്വരൻ – ഞാൻ അദ്ദേഹത്തിന് മുമ്പിൽ അഷ്ടാംഗപ്രണാമം നടത്തുന്നു!
2. വന്ദനം! അങ്ങേയ്ക്ക് വന്ദനം – ദിവ്യന്മാരുടെ ശ്രേഷ്ഠമായ ആഭരണം! എല്ലാ ഐശ്വര്യങ്ങളുടെയും സന്നിധാനം! സായി സമർത്ഥ, എല്ലാ ഭക്തർക്കും അഭയസ്ഥാനം! ആഗ്രഹങ്ങളെല്ലാം സഫലമായ അങ്ങയെ ഞാൻ വന്ദിക്കുന്നു.
3. കഴിഞ്ഞ അധ്യായത്തിൽ, (ബാബയുടെ) നർമ്മത്തെയും ഹാസ്യത്തെയും കുറിച്ച് വിശദമായ പഠനവും വിവരണവും ഉണ്ടായിരുന്നു. ഭക്തപ്രിയനായ ഈ സായി തന്റെ ഭക്തരെ എല്ലായ്പ്പോഴും സന്തുഷ്ടരാക്കിയിരുന്നു.
4. ബൃഹത്തായ ദയയുടെ മൂർത്തിമദ്ഭാവമാണ് സായി. അചഞ്ചലമായ ഭക്തിയാണ് ആവശ്യമായുള്ളത്. വിശ്വാസവും ഭക്തിയുമുള്ള ഭക്തർക്ക്, ആഗ്രഹങ്ങൾ സഫലമാകുന്നതിന് കുറവ് ഉണ്ടാകുകയില്ല.
5. കൃഷ്ണൻ ഉദ്ധവരോട് പറഞ്ഞു: “സദ്ഗുരു ഞാൻ അല്ലാതെ മറ്റാരുമല്ല.” അത്തരത്തിലുള്ള സദ്ഗുരുവിനെ സ്നേഹത്തോടെ ആരാധിക്കണം. ഇതാണ് അചഞ്ചലമായ അല്ലെങ്കിൽ സമാനതകളില്ലാത്ത ഭക്തി എന്നറിയപ്പെടുന്നത്.
6. ശ്രീസായിയുടെ ജീവിതത്തെക്കുറിച്ച് എഴുതാനുള്ള ആഗ്രഹം എനിക്കുണ്ടായി. ഏറ്റവും അദ്ഭുതകരവും ശ്രവണയോഗ്യവുമായ ലീലകൾ അദ്ദേഹം തെരഞ്ഞെടുക്കുകയും, ഉടൻ തന്നെ എന്നെക്കൊണ്ട് എഴുതിക്കുകയും ചെയ്തു.
7. എനിക്ക് ശക്തിയോ, ശാസ്ത്രങ്ങളെക്കുറിച്ച് അറിവോ ഇല്ലാതിരുന്നിട്ടും, അപ്രധാനിയായ എനിക്ക് അദ്ദേഹം പ്രചോദനം നൽകുകയും, ഭക്തർക്ക് ജ്ഞാനം പ്രദാനം ചെയ്യുന്നതിനുവേണ്ടി എന്നെക്കൊണ്ട് ഗ്രന്ഥം എഴുതിക്കുകയും ചെയ്തു.
8. “കുറിപ്പുകൾ സൂക്ഷിക്കുക” എന്ന നിർദ്ദേശം നൽകപ്പെട്ടപ്പോൾ, എന്റെ അല്പമായ ബുദ്ധി അറിവും ധൈര്യവുംകൊണ്ട് സമ്പന്നമായി.
9. പെട്ടെന്ന് തന്നെ, ശ്രേഷ്ഠാത്മാവായ സായി തന്റെ ഭക്തരുടെ ഉദ്ധാരണത്തി

നുവേണ്ടി, അദ്ദേഹത്തിന്റെ കഥകൾ ശേഖരിക്കുമെന്ന ധൈര്യം എനിക്കുണ്ടായി.

10. അല്ലെങ്കിൽ ഈ ഭാഷണത്തിന്റെ മണ്ഡലത്തിൽ പ്രവേശിക്കാൻ ഞാൻ ധൈര്യപ്പെടുമായിരുന്നോ, എന്തെന്നാൽ ഈ ജീവചരിത്രം അമൃത് പോലെയാണ്, അതായത് ദിവ്യന്റെ പാദങ്ങളിൽ അർപ്പിച്ച പ്രസാദത്തിലെ പായസം[1] പോലെ.

11. സായിയുടെ ഈ കഥ ഭക്തർക്ക്, ദാഹിക്കുന്നവന് ജലം വിതരണം ചെയ്യുന്ന സ്ഥലം പോലെയാണ്; പക്ഷേ ജലത്തിന് പകരം അമൃതാണ്. സായിയുടെ അനുഗ്രഹത്താൽ, നിങ്ങൾ മതിയാവോളം ഇത് പാനം ചെയ്യുക, എന്തെന്നാൽ അത് ലോകജീവിതത്തിലെ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നു.

12. ഇത് ഒരു കഥയല്ല, പക്ഷേ സോമകാന്ത[2]മാണ്, അതിൽ നിന്നും, ചന്ദ്രനിൽ നിന്ന് അമൃത് എന്ന പോലെ സായിയുടെ കഥകൾ ഊറിവരുന്നു, ദാഹിച്ചുവലഞ്ഞ ഭക്തർ ചകോരത്തെപ്പോലെ അത് മതിയാവോളം പാനം ചെയ്യട്ടെ.

13. ഇപ്പോൾ, സ്നേഹസമ്പന്നരായ ഭക്തർ, നിറഞ്ഞ ശ്രദ്ധയോടും, വിലക്കുകളില്ലാതെയും, ഭക്തിനിർഭരമായ ഈ കഥകൾ ശ്രവിക്കുക, അത് കലിയുഗത്തിലുണ്ടാകുന്ന പാപങ്ങളെ നശിപ്പിക്കും.

14. അചഞ്ചലമായ ഭക്തിയുണ്ടാകുമ്പോൾ, ആ ഭക്തന്റെ ദുരിതങ്ങളെല്ലാം അവസാനിക്കുകയും അയാൾ തീവ്രമായി ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുകയും ചെയ്യും. എല്ലാ പ്രതിബന്ധങ്ങളും ഇല്ലാതാകും.

15. അതിന് ഉപോൽബലകമായി, സായിക്ക് ഭക്തരോടുള്ള സ്നേഹം വെളിവാക്കുന്ന ഒരു കഥയുണ്ട്. ശ്രോതാക്കൾ അത് ആദരവോടെ ശ്രവിക്കുകയാണെങ്കിൽ, അവർ സന്തുഷ്ടരാകും.

16. അതിനാൽ പൂർണ്ണമായ പങ്കാളിത്തത്തോടെ ശ്രദ്ധിക്കുക, അപ്പോൾ ഗുരുമയ എത്ര ദയാസാഗരമാണ് എന്ന് നിങ്ങൾക്ക് മനസ്സിലാകും.

17. ഇത് ഒരു ചെറിയ കഥയാണ്, പക്ഷേ അത് വിവരിക്കുന്ന ഗുണപാഠത്തിനനുസരിച്ച് സമാനതകളില്ലാത്തതുമാണ്. കുറച്ചുനേരം ശ്രദ്ധിക്കുക, അപ്പോൾ എല്ലാ പ്രശ്നങ്ങളും ഇല്ലാതാകും.

18. ദാമു അന്ന എന്നുപേരായ സമ്പന്നനായ ഒരു ഭക്തൻ അഹമ്മദ്നഗറിലെ ധനികനായ ഒരു വളക്കച്ചവടക്കാരനായിരുന്നു. അയാൾ ബാബയുടെ വളരെ അടുത്ത ഭക്തനായിരുന്നു.

19. ആ ശ്രേഷ്ഠഭക്തന്റെ കഥ കേൾക്കുന്നത് സുഖദായകവും, സായി ഭക്തന് ഉടനടി സംരക്ഷണം നൽകുന്നത് വ്യക്തമായി കാണാൻ കഴിയുന്നതുമാണ്.

20. രാമനവമി ഉത്സവസമയത്ത്, രണ്ട് പുതിയ വലിയ കൊടികൾ ഷിർദിഗ്രാമത്തിലൂടെ ഘോഷയാത്രയായി കൊണ്ടുപോകാറുണ്ട്. അവിടെ ഉള്ളവർക്കെല്ലാം ഇത് അറിയാം.

21. ഇവയിൽ ഒന്ന് നിമോൺകറുടേതും മറ്റേത് ഈ ദാമു അന്നയുടേതുമാണ്. ഇത് അവർ വർഷങ്ങളായി മുടങ്ങാതെ, സ്നേഹത്തോടും ഭക്തിയോടുംകൂടി ചെയ്തുവരുന്ന ചടങ്ങാണ്.

22. ദാമു അന്നയ്ക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു, പക്ഷേ സന്തതികളുണ്ടായിരുന്നില്ല. ബാബയുടെ അനുഗ്രഹം സിദ്ധിച്ചതിനുശേഷം അയാൾക്ക് ഒരു പുത്രൻ ജനിച്ചു.

23. അപ്പോഴാണ് അയാൾ രാമനവമിക്ക് ഒരു കൊടി നേർച്ചയായി നൽകാൻ തീരുമാനിച്ചതും, വർഷം തോറും കൊടി ഘോഷയാത്രയായി കൊണ്ടു പോകാൻ തുടങ്ങിയതും.

24. ഘോഷയാത്രയുടെ സജ്ജീകരണങ്ങൾ മരപ്പണിക്കാരനായ കോണ്ഡ്യയുടെ ഗൃഹത്തിലാണ് നടത്തിയിരുന്നത്. അവിടെ നിന്ന് വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ കൊടികൾ ഘോഷയാത്രയായി കൊണ്ടുപോകും.

25. നീളമുള്ള ഈ കൊടികൾ മസ്ജിദിന്റെ രണ്ടു മൂലകളിലായി കെട്ടും. എല്ലാ വർഷവും, ഇത് ഉത്സവം ആരംഭിക്കുന്നതിന്റെ ശുഭകരമായ അടയാളമായിരുന്നു.

26. അവിടെ എത്തുന്ന ഫക്കീർമാർക്ക് വിഭവസമൃദ്ധമായ സദ്യ നൽകിയിരുന്നു. ഈ വ്യാപാരി ഇത്തരത്തിൽ എല്ലാ വർഷവും രാമനവമി ആചരിച്ചിരുന്നു.

27. ഇപ്പോൾ ശ്രോതാക്കളുടെ നന്മയ്ക്കായി ഞാൻ ആ ദാമു അന്നയുടെ കഥ വിവരിക്കുകയാണ്. ശ്രദ്ധയോടെ കേൾക്കുകയാണെങ്കിൽ, സായിയുടെ ശക്തികൾ നിങ്ങൾക്ക് മനസ്സിലാകും.

28. ബോംബെയിൽ നിന്നും അയാളുടെ ഒരു സുഹൃത്ത് ഒരു കത്തെഴുതി, രണ്ടു ലക്ഷം രൂപ ലാഭം കിട്ടുന്ന ഒരു ഇടപാടിൽ ഏർപ്പെടാൻ തയ്യാറുണ്ടോ എന്ന് ചോദിച്ചു.

29. "നമ്മൾ രണ്ടുപേരും പങ്കാളികളാകും, ഓരോരുത്തർക്കും ഒരു ലക്ഷം രൂപ വീതം ലഭിക്കും. ഉടൻ തന്നെ മറുപടി അയയ്ക്കുക. ഈ വ്യവഹാരം വളരെ സുതാര്യവും, അപകടം ഇല്ലാത്തതുമാണ്.

30. "നമ്മൾ ഇപ്പോൾ അസംസ്കൃത പരുത്തി വാങ്ങും. താമസിയാതെ വില കുതിച്ചുയരും. ഉചിതമായ സമയത്ത് വ്യവഹാരം നടത്തിയില്ലെങ്കിൽ നമ്മൾ പിന്നീട് ദുഃഖിക്കേണ്ടി വരും."

31. അന്നയുടെ മനസ്സ് അസ്വസ്ഥമായി, എന്തുകൊണ്ടെന്നാൽ അയാൾക്ക് ഈ അവസരം നഷ്ടപ്പെടുത്താൻ തോന്നിയില്ല. അയാൾക്ക് തന്റെ സുഹൃത്തിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നുവെങ്കിലും ഉറച്ച ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞില്ല.

32. ഈ ഇടപാടിൽ ഏർപ്പെടണമോ വേണ്ടയോ എന്ന് അന്ന ചിന്തിക്കാൻ തുടങ്ങി. "ഓ ദൈവമേ! എന്ത്, എങ്ങനെയാണ് സംഭവിക്കുക?" അയാൾ ആശയക്കുഴപ്പത്തിലായി.

33. ദാമു അന്ന ഒരു ശിഷ്യനായതിനാൽ, അയാൾ ബാബയ്ക്ക് എഴുതി: "എനിക്ക് സ്വന്തമായ നിലപാട് ഇല്ല. അങ്ങ് ആണ് എന്റെ സംരക്ഷണം.

34. "ആദ്യകാഴ്ചയിൽ, ഈ ഇടപാടിൽ ഏർപ്പെടണമെന്ന് എനിക്ക് തോന്നുന്നു. പക്ഷേ, അത് ലാഭകരമാകുമോ അതോ നഷ്ടം സംഭവിക്കുമോ? ദയവായി

എന്നെ അറിയിക്കുക.”

35. അയാൾ മാധവറാവുവിന്റെ പേരിൽ എഴുതിക്കൊണ്ട് പറഞ്ഞു: “ദയവായി ഇത് ബാബയെ വായിച്ചുകേൾപ്പിക്കുക. അദ്ദേഹത്തിന്റെ അഭിപ്രായം എന്നെ അറിയിക്കുക. ഈ കച്ചവടം നല്ലതാണെന്ന് തോന്നുന്നു.”

36. പിറ്റേദിവസം വൈകുന്നേരം മാധവറാവുവിന് കത്ത് ലഭിച്ചു. അയാൾ അത് മസ്ജിദിലേയ്ക്ക് കൊണ്ടുവന്ന് ബാബയുടെ പാദത്തിൽ സമർപ്പിച്ചു.

37. “എന്താണിത് ശാമാ? എന്താണിത്ര ധൃതി? എന്റെ പാദത്തിൽ നീ വച്ച ഈ കടലാസ് എന്താണ്?,” എന്ന് ബാബ ചോദിച്ചു. “ബാബാ, നഗറിലെ ആ ദാമു സേട്ട് അങ്ങയോട് എന്തോ ചോദിക്കാൻ ആഗ്രഹിക്കുന്നു.”

38. “എന്താണ് അവൻ എഴുതിയിരിക്കുന്നത്? എന്താണിപ്പോൾ അവൻ പദ്ധതി യിടുന്നത്? അയാൾ ആകാശം തൊടാൻ ശ്രമിക്കുകയാണെന്ന് തോന്നുന്നു. ദൈവം കൊടുത്തത് കൊണ്ട് അയാൾ തൃപ്തനല്ല.

39. “വായിക്കൂ, അവന്റെ കത്ത് വായിക്കൂ.” ശാമ പറഞ്ഞു: “അങ്ങ് പറഞ്ഞത് തന്നെയാണ് അക്ഷരംപ്രതി ദാമു അന്നയുടെ കത്തിന്റെ ഉള്ളടക്കം.

40. “ദേവാ, അങ്ങ് നിശ്ശബ്ദമായി ഇരിക്കുകയും, ഭക്തരെ സംക്ഷോഭാവസ്ഥയിൽ ഇടുകയും ചെയ്യുന്നു. അവർ അപ്പോൾ മാനസികമായി അസ്വസ്ഥരാകുമ്പോൾ, അങ്ങ് അവരെ അങ്ങയുടെ പാദങ്ങളിൽ എത്തിക്കുന്നു.

41. “ചിലരെ അങ്ങ് സ്വയം വലിച്ചിഴയ്ക്കുകയും ഇവിടെ എത്തിക്കുകയും ചെയ്യുന്നു; മറ്റുചിലരെക്കൊണ്ട് കത്ത് എഴുതിക്കുന്നു. രഹസ്യമായ ഉള്ളടക്കം അങ്ങ് മുമ്പേ വെളിപ്പെടുത്തുമ്പോൾ എന്തിനാണ് അങ്ങ് കത്ത് വായിക്കാൻ ആവശ്യപ്പെടുന്നത്?”

42. “ഓ ശാമ, വായിക്കൂ, വായിക്കൂ! എന്തിനാണ് നീ എന്നെ വിശ്വസിക്കുന്നത്? ഞാനിങ്ങനെയാണ്, എന്റെ മനസ്സിൽ തോന്നുന്നതൊക്കെ വിളിച്ചു പറയുന്നു.”

43. അപ്പോൾ മാധവറാവു കത്ത് വായിച്ചു. ബാബ ആദരവോടെ ശ്രദ്ധിച്ചു. പിന്നീട് ആർദ്രഭാവത്തോടെ പറഞ്ഞു, “സേട്ടിന് സ്വബോധം നഷ്ടപ്പെട്ടെന്ന് തോന്നുന്നു.

44. “അയാൾക്ക് മറുപടി നൽകുക – എന്താണ് നിന്റെ ഗൃഹത്തിൽ കുറവുള്ളത്? അരക്കഷണം റൊട്ടികൊണ്ട് അയാൾ സംതൃപ്തനാകട്ടെ, ഒരു ലക്ഷത്തെക്കുറിച്ച് വിഷമിക്കേണ്ടതില്ല.”

45. ദാമു അന്ന അക്ഷമനായി മറുപടിക്ക് കാത്തിരിക്കുകയായിരുന്നു. അത് ലഭിച്ച നിമിഷം തന്നെ അയാൾ അത് വായിച്ചു.

46. ആ മറുപടി വായിച്ചപ്പോൾ ദാമുസേട്ട് നിരാശനായി. അയാളുടെ മോഹക്കൊട്ടാരം നിലംപതിച്ചു. അയാളുടെ പ്രതീക്ഷയാകുന്ന വൃക്ഷം വേരറ്റു വീണു.

47. ‘ഇപ്പോൾ ഞാൻ ഒരു ലക്ഷം സമ്പാദിക്കുകയാണെങ്കിൽ, അതിന്റെ പകുതി ഞാൻ പലിശയ്ക്ക് നൽകുകയും പെട്ടെന്ന് ഞാനൊരു കോടീശ്വരനായി നഗരിൽ സന്തോഷമായി ജീവിക്കുകയും ചെയ്യും.’

48. അയാൾ പണിതുയർത്തിയ ആകാശക്കൊട്ടാരങ്ങൾ അവിടെത്തന്നെ നിലം പതിച്ചു. ദാമു അന്ന വളരെ വിഷാദവാനായി, 'ബാബ എന്താണ് ചെയ്തത്?'

49. 'ആ കത്ത് എഴുതിയതിലൂടെ ഞാൻ ഒരു അബദ്ധം കാട്ടി! ഞാൻ സ്വയം എന്റെ നാശം വരുത്തിവച്ചു. വിളമ്പിയ ആഹാരം എത്തിയ ഉടനെ ഞാൻ തന്നെ പാത്രം തട്ടിക്കളഞ്ഞു.'

50. അത് അങ്ങനെയാകട്ടെ. ദാമു അന്നയ്ക്കുള്ള ആ കത്തിൽ ഇപ്രകാരം സൂചിപ്പിച്ചിരുന്നു, "കാണുന്നതും കേൾക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഇവിടെ നേരിൽ വരിക."

51. അതായിരുന്നു മാധവറാവുവിന്റെ സൂചന. 'ഞാൻ നേരിൽ പോകണമെന്ന് എനിക്കും തോന്നുന്നു. ചിലപ്പോൾ അത് പ്രയോജനകരമാകും. ചിലപ്പോൾ അദ്ദേഹം അനുവാദം നൽകും.'

52. ഇപ്രകാരം ചിന്തിച്ചുകൊണ്ട് അന്ന ഷിർദിയിലെത്തി. പ്രണാമത്തിനുശേഷം ബാബയുടെ സമീപത്ത് ഇരുന്നു.

53. അയാൾ സാവധാനത്തിൽ ബാബയുടെ പാദങ്ങൾ തടവുകയായിരുന്നു, പക്ഷേ അയാൾക്ക് ചോദിക്കാൻ ധൈര്യമുണ്ടായില്ല. ലാഭത്തിന്റെ ഒരു പങ്ക് ബാബയ്ക്ക് നൽകണമെന്ന് അയാൾ രഹസ്യമായി ചിന്തിക്കാൻ തുടങ്ങി.

54. 'സായിനാഥാ, ഈ വ്യവഹാരത്തിൽ അങ്ങ് എന്നെ സഹായിക്കുകയാണെങ്കിൽ, ഞാൻ ലാഭത്തിന്റെ കുറച്ച് ഭാഗം അങ്ങേയ്ക്ക് നൽകുകയും, എന്നന്നേയ്ക്കുമായി അങ്ങയോട് കടപ്പെട്ടിരിക്കുകയും ചെയ്യും,' അയാൾ ചിന്തിച്ചു.

55. അയാൾ ബാബയുടെ പാദങ്ങൾ അയാളുടെ ശിരസ്സിൽ ചേർക്കുകയും, ദാമു അന്ന അതേ രീതിയിൽ കുറച്ച് നേരം അങ്ങനെ ഇരിക്കുകയും ചെയ്തു. തീരുമാനങ്ങൾ എടുക്കുകയും, ആശങ്കകൾ ഉണ്ടാകുകയും ചെയ്യുക എന്നത് മനുഷ്യസഹജമാണ്. വ്യവഹാരത്തിനെക്കുറിച്ച് അത്തരത്തിലുള്ള ചിന്തകൾ അയാളുടെ മനസ്സിൽ ചുറ്റിക്കൊണ്ടേയിരുന്നു.

56. ഭക്തർക്ക് അവരുടെ യഥാർത്ഥ ക്ഷേമത്തെക്കുറിച്ച് മനസ്സിലാക്കാതെ ആഗ്രഹങ്ങൾ ഉണ്ടാകാറുണ്ട്. ഗുരുവിന് മാത്രമേ ഭൂതം, വർത്തമാനം, ഭാവി എന്നിവ ഗ്രഹിച്ച് കൊണ്ട് ഭക്തന്റെ നന്മ എന്തിലാണെന്ന് അറിയാൻ കഴിയുകയുള്ളൂ.

57. ഒരുവൻ എത്രയൊക്കെ അവന്റെ ചിന്തകൾ ഒളിപ്പിച്ചു വച്ചാലും സായി സമർത്ഥ എല്ലാവരുടെയും ഹൃദയത്തിൽ സാക്ഷിയായി വർത്തിക്കുകയും ഉള്ളിന്റെയുള്ളിലെ ചിന്തകൾ അറിയുകയും ചെയ്യുന്നു.

58. ആരെങ്കിലും അവന്റെ ഉദ്ദേശ്യങ്ങൾ സ്നേഹത്തോടെ വിവരിക്കുകയും, അത് സായിയുടെ പാദങ്ങളിൽ സമർപ്പിക്കുകയും, അനുവാദത്തിനായി പൂർണ്ണവിശ്വാസത്തോടെ ചോദിക്കുകയും ചെയ്യുമ്പോൾ, സായി ശരിയായ മാർഗ്ഗം കാട്ടിയിരുന്നു.

59. ഇത് അദ്ദേഹത്തിന്റെ വ്രതമായിരുന്നു, അദ്ദേഹത്തിന്റെ ഭക്തന്മാർക്കെല്ലാം ഇത് അറിയുകയും ചെയ്തിരുന്നു. പൂർണ്ണമായും സമർപ്പിച്ചിരുന്നവരുടെ പ്രതിബ

ന്ധങ്ങൾ അദ്ദേഹം ഇല്ലാതാക്കി.

60. ഗുരുവാണ് യഥാർത്ഥ മാതാവും പിതാവും. അനേകം ജന്മങ്ങളിലൂടെ അദ്ദേഹം മാർഗ്ഗദർശിയും സംരക്ഷകനുമാണ്. അദ്ദേഹം ബ്രഹ്മാവിഷ്ണുമഹേശ്വരനാണ്, കർത്താവും, എല്ലാം സാധ്യമാക്കുന്നവനുമാണ്.

61. ഒരു കുഞ്ഞിന് മധുരം വേണം. പക്ഷേ, കുഞ്ഞ് എത്ര കരഞ്ഞാലും പിടഞ്ഞാലും മാതാവ് കയ്പുള്ള മരുന്ന് നൽകുന്നു. ഇത് അവളുടെ സ്നേഹമയമായ തീരുമാനമാണ്.

62. ആ കയ്പുള്ള മരുന്നിന്റെ ഗുണങ്ങളെക്കുറിച്ചോ, ഉചിതമായ സമയത്ത് അത് എങ്ങനെ ഫലപ്രദമാകുമെന്നതിനെക്കുറിച്ചോ കുഞ്ഞിന് എങ്ങനെ അറിയാൻ കഴിയും? മാതാവിന് മാത്രമേ ചികിത്സയ്ക്കുള്ള ലക്ഷണങ്ങളെക്കുറിച്ച് അറിയുകയുള്ളൂ.

63. അന്ന ഒരു ലാഭവിഹിതം മാറ്റിവച്ചാലും, ബാബ സ്വയം മറക്കാനുള്ള സാധ്യതയുണ്ടോ? അദ്ദേഹത്തിന്റെ സ്നേഹം എന്തെങ്കിലും നേട്ടങ്ങളിലൂന്നിയുള്ളതായിരുന്നില്ല. അദ്ദേഹം തന്റെ ഭക്തരുടെ ക്ഷേമം ഉറപ്പുവരുത്താൻ സദാ സന്നദ്ധനായിരുന്നു.

64. ധനവും സ്വർണ്ണവും അദ്ദേഹത്തിന് പൂഴിയ്ക്ക് സമാനമാണെന്നിരിക്കേ, ലാഭവിഹിതത്തിന് എന്ത് വിലയാണ് അദ്ദേഹത്തിനുണ്ടാകുക? ഈ ദിവ്യന്മാർ ഭൂമിയിൽ അവതരിക്കുന്നത്, കഷ്ടത അനുഭവിക്കുന്ന മാനവരാശിയെ ഉദ്ധരിക്കുന്നതിന് വേണ്ടി മാത്രമാണ്.

65. ഇന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണവും, അജ്ഞത, അസൂയ എന്നീ ദുശ്ശീലങ്ങളിൽ നിന്ന് മുക്തനും മറ്റുള്ളവർക്ക് ഉപകാരങ്ങൾ ചെയ്യുക എന്ന ഒറ്റലക്ഷ്യം മാത്രം ഉള്ളവനുമാണ് ദിവ്യൻ.

66. ലാഭത്തിൽ ഒരു വിഹിതം കൊടുക്കാമെന്നുള്ള ദാമു അന്നയുടെ വിചാരം പ്രകടമാക്കാതെ രഹസ്യമാക്കിവച്ചെങ്കിലും ബാബ ഒരു തുറന്ന മറുപടി നൽകി. അത് ആദരവോടുകൂടി ശ്രദ്ധയോടെ ശ്രവിക്കുക.

67. എല്ലാ ജീവികളുടെയും ആഗ്രഹങ്ങൾ – വർത്തമാനം, ഭാവി-ഭൂതം എന്നീ കാലങ്ങളിലേത് കൈവെള്ളയിലെ നെല്ലിക്കപോലെ ബാബയ്ക്ക് അറിയാമായിരുന്നു.

68. അദ്ദേഹത്തിന്റെ ഭക്തന്റെ ഭാവി ബാബയ്ക്ക് നല്ലതുപോലെ അറിയാമായിരുന്നു. അദ്ദേഹം എങ്ങനെയാണ് സമയോചിതമായി മുന്നറിയിപ്പുകൾ നൽകിയതെന്നും വ്യക്തമായി സംസാരിച്ചിരുന്നതെന്നും ശ്രദ്ധിക്കുക.

69. "ബാപു, എന്നെ ഒന്നിലും ഉൾപ്പെടുത്തരുത്." ബാബ സ്നേഹത്തോടെ അയാളെ അറിയിച്ചു. സായി, ഈ കച്ചവടം നല്ലതാണെന്ന് ചിന്തിക്കുന്നില്ല, എന്ന് ചിന്തിച്ച് അന്ന ലജ്ജിതനായി.

70. ബാബയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്ന് ദാമു അന്നയ്ക്ക് മനസ്സിലായി. അയാൾ പദ്ധതി ഉപേക്ഷിക്കുകയും അയാളുടെ തല കുമ്പിട്ട് നിശ്ശബ്ദനായി ഇരിക്കുകയും ചെയ്തു.

71. വീണ്ടും, അരി, ഗോതമ്പ്, മറ്റ് ധാന്യങ്ങൾ എന്നിവയുടെ വ്യാപാരം ചെയ്യാമോ എന്ന ഒരു ചിന്ത അയാൾക്കുണ്ടായി. ബാബയുടെ മറുപടി ശ്രദ്ധിക്കുക.

72. "നീ അഞ്ച് സീർ വിലയ്ക്ക് വാങ്ങി, അതേ വിലയ്ക്ക് ഏഴ് സീർ വിൽക്കേണ്ടിവരും." ബാബയുടെ ഈ വാക്കുകൾ കേട്ടപ്പോൾ അന്നാ ലജ്ജിച്ചു.

73. ഇത്തരത്തിൽ ബാബ കാണാത്തതായി ഒന്നും ഒരിക്കലും സംഭവിക്കില്ല. എല്ലായിടത്തും, എല്ലാ കാര്യങ്ങളും അദ്ദേഹത്തിന് അറിയാമായിരുന്നു.

74. മറ്റേവശത്ത്, അയാളുടെ (അന്നയുടെ) സുഹൃത്ത് അസ്വസ്ഥചിത്തനായി. എന്ത് ചെയ്യണമെന്ന് അയാൾക്ക് അറിയില്ലായിരുന്നു. അന്നയുടെ ഭാഗത്ത് നിന്ന് മറുപടി പോലും കിട്ടിയില്ല.

75. പിന്നീട് സേട്ട് സംഭവിച്ചതൊക്കെ വിവരിച്ചുകൊണ്ട് അയാൾക്ക് കത്ത് എഴുതി. അയാളുടെ സുഹൃത്ത് അത് വായിച്ച് അദ്ഭുതപ്പെടുകയും ഇങ്ങനെ ചിന്തിക്കുകയും ചെയ്തു. 'വിധി വിചിത്രമാണ്.'

76. 'എത്ര അദ്ഭുതകരമായ വ്യവഹാരമാണ് നമ്മുടെ മാർഗത്തിൽ എത്തിയത്! എന്തുകൊണ്ടാണ് അയാൾ സ്വയം ചിന്തിക്കാതെ ഫക്കീറിന്റെ താളത്തിന് തുള്ളുന്നത്? അയാൾ അനാവശ്യമായി നേട്ടം നഷ്ടപ്പെടുത്തി.

77. ഈശ്വരൻ നൽകുന്നു, പക്ഷേ നമ്മൾ സ്വന്തം പ്രവൃത്തികൾ കൊണ്ട് അവ നഷ്ടപ്പെടുത്തുന്നു. ചീത്തക്കാലം ആസന്നമാകുമ്പോൾ മനസ്സ് പ്രവർത്തന രഹിതമാകുന്നു. വ്യക്തമായ ഈ വ്യവഹാരത്തിന്റെ മാർഗ്ഗത്തിൽ ഈ ഫക്കീർ എന്തിന് വരണം?

78. സ്വാഭാവികമായ ജീവിതരീതികൾ ഉപേക്ഷിച്ച്, ഒരു ഭ്രാന്തനെപ്പോലെ, വീടുവീടാന്തരം ചെന്ന്, സ്വയം പോറ്റാനായി ഭിക്ഷ യാചിക്കുന്ന ഒരുവന് എന്താണ് പറയാൻ കഴിയുക!

79. അത് അങ്ങനെയാകട്ടെ. അവന് അത് ലഭിക്കാൻ വിധിയില്ലായിരുന്നു, അതിനാൽ അവന്റെ മനസ്സ് അങ്ങനെ പ്രവർത്തിച്ചു. ഞാൻ മറ്റൊരു പങ്കാളിയെ കണ്ടുപിടിക്കാം. വിധിവശാൽ സംഭവിക്കേണ്ടാത്തത് ഒരിക്കലും സംഭവിക്കില്ല.'

80. അത് എന്തുമാകട്ടെ! അന്ന സംതൃപ്തനായി വസിച്ചു. മറ്റൊരാൾ, അയാളുടെ സുഹൃത്തിന്റെ പങ്കാളിയായി, അവന്റെ കർമ്മവിധി അവനെ അതിലേയ്ക്ക് നയിച്ചു. അവന് വിഷമതകൾ ഉണ്ടായി.

81. അവർ ധനം സമ്പാദിക്കണമെന്ന് ആഗ്രഹിച്ചെങ്കിലും തിരിച്ചടികൾ നേരിടേണ്ടി വന്നു. ഫക്കീറിന്റെ സത്കയുടെ അടി കൊണ്ടെന്നപോലെ അവർക്ക് നഷ്ടങ്ങളുണ്ടായി.

82. എന്റെ ദാമു അന്ന എത്ര ഭാഗ്യവാനാണ്! ബുദ്ധിമാൻ! ബുദ്ധിയും വിവേകവുമുള്ള സായി അവന് ഒരു യഥാർത്ഥമുത്ത് തന്നെയാണ് – ഭക്തരോട് എത്ര ദയാവാനായിരുന്നു അദ്ദേഹം!

83. സുഹൃത്ത് പറഞ്ഞു: "അവൻ എന്റെ ഉപദേശം പിന്തുടർന്നിരുന്നെങ്കിൽ, അവന് വമ്പിച്ച നഷ്ടം ഉണ്ടാകുമായിരുന്നു. ഫക്കീറിനെ അനുസരിച്ചതിനാൽ അവൻ

രക്ഷപ്പെട്ടു. എത്ര ആശ്ചര്യകരമാണ് അവന്റെ വിശ്വാസം.

84. "ഞാൻ അവന്റെ ഭ്രാന്തിനെ പരിഹസിക്കുകയും എന്റെ സ്വന്തം ബുദ്ധിസാമർത്ഥ്യത്തെയോർത്ത് അഹങ്കരിക്കുകയും ചെയ്തു. അത് തികച്ചും നിഷ്ഫലമായിരുന്നു. അതാണ് എനിക്കുണ്ടായ അനുഭവം.

85. "ഞാൻ അനാവശ്യമായി ആ ഫക്കീറിനെ നിന്ദിച്ചു. ഞാൻ അദ്ദേഹത്തിന്റെ ഉപദേശം പിന്തുടർന്നിരുന്നെങ്കിൽ, അദ്ദേഹം എനിക്ക് സമയോചിതമായ മുന്നറിയിപ്പ് നൽകുകയും, എനിക്ക് ഈ നഷ്ടം സംഭവിക്കുകയുമില്ലായിരുന്നു."

86. ഇപ്പോൾ ഞാൻ മറ്റൊരു കഥ കൂടി പറഞ്ഞുകൊണ്ട് അന്നയെക്കുറിച്ചുള്ള ഈ വിവരണത്തിന് വിരാമമിടുന്നതാണ്. ശ്രോതാക്കൾ സന്തുഷ്ടരാകുകയും ബാബയെ ആശ്ചര്യത്തോടെ വീക്ഷിക്കുകയും ചെയ്യും.

87. ഒരിക്കൽ എന്താണ് സംഭവിച്ചതെന്ന് കാണുക! ഗോവയിൽ നിന്ന് ഒരു പൊതി തപാലിൽ എത്തി. റേലേ എന്ന് പേരായ ഒരു മംലത്ത്ദാർ ശ്രേഷ്ഠമായ കുറച്ച് മാങ്ങകൾ അയച്ചതായിരുന്നു അത്.

88. അത് മാധവറാവുവിന്റെ പേരിൽ അയച്ചുകൊണ്ട്, ബാബയുടെ പാദങ്ങളിൽ ആദരവോടെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അവ കോപർഗാവണിൽ വച്ച് സ്വീകരിക്കപ്പെടുകയും, ഷിർദിയിലേയ്ക്ക് എത്തിക്കപ്പെടുകയും ചെയ്തു.

89. മസ്ജിദിൽ ബാബയുടെ മുമ്പിൽ വച്ച് അത് തുറന്നപ്പോൾ, മാങ്ങകൾ കൊതിപ്പിക്കുന്ന തരത്തിൽ മനോജ്ഞമായിരുന്നു. അവ ഏകദേശം മുന്നൂറോളം ഉണ്ടായിരുന്നു. മധുരമായ സുഗന്ധം നിറഞ്ഞവയുമായിരുന്നു.

90. ബാബ അവയെല്ലാം കാണുകയും, അത് മാധവറാവുവിന് നൽകുകയും ചെയ്തു, അയാൾ നാലെണ്ണം 'കൊളംബയിൽ' (ബാബ ആഹാരപദാർത്ഥങ്ങൾ ശേഖരിച്ചിരുന്ന മൺകുടം) ഇട്ടിട്ട് ബാക്കിയെല്ലാം കൊണ്ടുപോയി.

91. 'കൊളംബ'യിൽ ആ പഴം ഇട്ടയുടനെ ബാബ പറഞ്ഞു. "ആ പഴങ്ങൾ ദാമു അന്നയ്ക്കുള്ളതാണ്. അവ അവിടെ കിടക്കട്ടെ."

92. രണ്ടു മണിക്കൂറുകൾ കഴിഞ്ഞ് ദാമു അന്ന മസ്ജിദിലെത്തി, ആരാധനയ്ക്കുള്ള പുഷ്പങ്ങൾ മുതലായവയുമായി.

93. മുമ്പ് നടന്ന സംഭവത്തെക്കുറിച്ച് അയാൾക്ക് ഒന്നും അറിയില്ലായിരുന്നു. ബാബ ഉറക്കെ സംസാരിക്കാൻ തുടങ്ങി: "ആ മാങ്ങകൾ ദാമിയായുടേതാണ്, നമ്മുടേതല്ല, ആളുകൾ അതിൽ അത്യാഗ്രഹത്തോടെ നോക്കുന്നുണ്ടെങ്കിലും.

94. "അത് ഉദ്ദേശിച്ചിരിക്കുന്ന വ്യക്തി തന്നെ അത് എടുക്കണം. മറ്റൊരാളിന് വേണ്ടിയുള്ളത് നമുക്കെന്തിനാണ്? ആർക്കാണോ അവ ഉദ്ദേശിച്ചിട്ടുള്ളത്, അവൻ തന്നെ അവ ഭക്ഷിക്കണം, അവ കഴിച്ച ശേഷം മരിക്കട്ടെ."

95. അന്ന സ്വാഭാവികമായും അത് പ്രസാദമായി സ്വീകരിച്ചു. ആ വാക്കുകളെ ദുശ്ശകുനമായി തെറ്റിദ്ധരിക്കേണ്ടതില്ല എന്ന് അന്നയ്ക്ക് പൂർണ്ണമായും അറിയാമായിരുന്നു.

96. അന്ന ആരാധനാവിധികൾ പൂർത്തിയാക്കിയ ശേഷം പുറപ്പെട്ടു. അയാൾ വീണ്ടും തിരികെ എത്തി ചോദിച്ചു: "ഏത് ഭാര്യയ്ക്കാണ് ഈ പഴങ്ങൾ

നൽകേണ്ടതെന്ന് എനിക്കറിയില്ല - മൂത്തയാളിനോ, ഇളയവൾക്കോ."

97. ബാബ പറഞ്ഞു: "ഇളയവൾക്ക് നൽകുക. അവൾക്ക് എട്ട് സന്തതികൾ ജനിക്കും. നാല് ആൺകുട്ടികളും നാല് പെൺകുട്ടികളും, എല്ലാവരും ഈ ആമ്രലീല (മാങ്ങ) കൊണ്ട് ഉണ്ടാകും."

98. അയാൾക്ക് കുട്ടികൾ ജനിക്കാതിരുന്നതിനാൽ, അയാൾ പല മാർഗ്ഗങ്ങളും ശ്രമിച്ചു. അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി അയാൾ ദിവ്യന്മാരെയും സന്യാസിമാരെയും ദർശിച്ച് പ്രാർത്ഥിച്ചു.

99. ഈ ഉദ്ദേശ്യത്തോടെ അയാൾ ദിവ്യന്മാരെ സേവിച്ചു, ഗ്രഹപീഡകൾക്കായി ജ്യോതിഷം ശ്രമിച്ചു, ഒടുവിൽ അയാൾ സ്വയം ഒരു ജ്യോതിഷപണ്ഡിതനാകുന്നത് വരെ.

100. അയാളുടെ ജാതകവിധിപ്രകാരം, അയാൾക്ക് സന്തതികളുണ്ടാകില്ല. ഇതായിരുന്നു ജ്യോതിഷപഠനത്തിന്റെ അനന്തരഫലം. അന്ന ഇത് നന്നായി അറിയുകയും എല്ലാ പ്രതീക്ഷകളും ഉപേക്ഷിക്കുകയും ചെയ്തിരുന്നു.

101. എങ്കിലും, ഈ വാഗ്ദത്തവാക്കുകൾ സിദ്ധസായിയുടേതായിരുന്നു. സായി സന്തുഷ്ടനായതിനാൽ വീണ്ടും പ്രതീക്ഷകൾ ഉണർന്നു.

102. അത് അങ്ങനെ കഴിഞ്ഞു. കുറച്ച് നാളുകൾക്ക് ശേഷം ബാബയുടെ വാക്കുകൾ യാഥാർത്ഥ്യമായി. ദിവ്യന്റെ പ്രസാദം മുളപൊട്ടി, ഫലങ്ങൾ ഉണ്ടായി, കുഞ്ഞുങ്ങൾ ജനിച്ചു.

103. പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. അന്നയുടെ സ്വന്തം പ്രവചനം തെറ്റാണെന്ന് തെളിഞ്ഞു. സായിയുടെ വാക്കുകൾ ഫലപ്രദമായി. അദ്ദേഹം വാഗ്ദാനം ചെയ്തതുപോലെ പുത്രന്മാർ ജനിച്ചു.

104. അത് എന്തുമാകട്ടെ. ഇത് ബാബ ദേഹവാസിയായിരുന്ന കാലത്തുണ്ടായ സംഭാഷണമാണ്. പിന്നീട് അദ്ദേഹം ദേഹമുപേക്ഷിച്ചപ്പോഴും തന്റെ വാക്കുകളുടെ മഹത്വം ഉറപ്പ് വരുത്തിയിരുന്നു.

105. "ഞാൻ മരണമടഞ്ഞാലും, എന്റെ വാക്കുകളിൽ വിശ്വസിക്കുക. എന്റെ കല്ലറയിൽ നിന്നും എന്റെ അസ്ഥികൾ നിനക്ക് പ്രത്യാശ നൽകും.

106. "എന്നിൽ പൂർണ്ണമായും സമർപ്പിച്ചവരോട് ഞാൻ മാത്രമല്ല, എന്റെ കല്ലറയും സംസാരിക്കുകയും ചലിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യും.

107. "ഞാൻ നിങ്ങളുടെ കണ്ണുകളിൽ നിന്നും മറയുമെന്ന് ഒരിക്കലും ഭയപ്പെടരുത്. എന്റെ അസ്ഥികൾ നിങ്ങളോട് സംസാരിക്കുന്നതും സംവദിക്കുന്നതും നിങ്ങൾക്ക് കേൾക്കാൻ കഴിയും.

108. "എല്ലായ്പ്പോഴും എന്നെ മാത്രം ഓർക്കുക. എന്നിൽ ഹൃദയവും ആത്മാവും സമർപ്പിച്ച് വിശ്വസിക്കുക. സ്വാർത്ഥതാല്പര്യങ്ങളില്ലാതെ പ്രാർത്ഥിക്കുക, നീ നിന്റെ ക്ഷേമം നേടും."

109. "ഓ' സായി സദ്ഗുരു, ഭക്തരുടെ കല്പവൃക്ഷമേ, ഹേമദ് അങ്ങയുടെ പാദങ്ങൾ മറക്കുകയോ നഷ്ടപ്പെടാനോ ഇടയാകരുതേ.

110. "ഓ' ഗുരുവരാ, ഭക്തരോട് ദയയുള്ള മഹാനുഭവാ, പെട്ടെന്ന് ഞങ്ങളുടെ അടുത്തെത്തുക. ഈ ലോകജീവിതത്തിൽ സ്വസ്ഥത തീരെയില്ല. ജനനമരണവൃത്തത്തിൽ നിന്ന് ഞങ്ങളെ സ്വതന്ത്രരാക്കുക.

111. "നമ്മുടെ പ്രകൃതം നമ്മുടെ താൽപര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ഇന്ദ്രിയങ്ങൾ എല്ലായ്പ്പോഴും പുറമേയ്ക്ക് കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇന്ദ്രിയവിഷയങ്ങളുടെ ആകർഷണത്തിൽ നിന്ന് ഞങ്ങളെ നിയന്ത്രിക്കുക. ഞങ്ങളെ അന്തർമുഖരാക്കുക.

112. "ലോകജീവിതമാകുന്ന സാഗരത്തിൽ, നീർച്ചുഴികളിലെ തിരമാലകൾ പോലെ ഞങ്ങൾ ആടിയുലയുകയാണ്. തക്കസമയത്ത് സഹായം നൽകി ഞങ്ങൾക്ക് ആശ്വാസം നൽകുക.

113. "ഇന്ദ്രിയങ്ങൾ അനിയന്ത്രിതമായി വിഹരിക്കുന്നു; ദുശ്ശീലങ്ങൾ ഞങ്ങളെ കീഴടക്കിയിരിക്കുന്നു. ദയവായി, അനിയന്ത്രിതമായ ഈ ഒഴുക്ക് തടയുക. ഇന്ദ്രിയങ്ങളെ തിരിച്ചുവിടുക.

114. "ഇന്ദ്രിയങ്ങൾ അന്തർമുഖമായി വർത്തിച്ചില്ലെങ്കിൽ ആത്മസാക്ഷാത്കാരത്തിന് തീരെ പ്രതീക്ഷയില്ല. അതില്ലാതെ എങ്ങനെയാണ് പരമാനന്ദം ഉണ്ടാകുക? ജീവിതം വ്യർത്ഥമായിരിക്കും.

115. "ഭാര്യയോ, പുത്രനോ അനേകം സുഹൃത്തുക്കളോ അന്ത്യത്തിൽ ഉപകാരപ്രദമാകില്ല. അന്ത്യയാത്രയ്ക്ക് സന്തതസഹചാരി അങ്ങ് മാത്രമാണ്. സന്തോഷങ്ങളുടെയും മുക്തിയുടെയും ദാതാവ് അങ്ങ് ആണ്.

116. "കർമ്മങ്ങളുടെയും പാപങ്ങളുടെയും കെണിയുടെ കുരുക്ക് അഴിച്ച് ഞങ്ങളെ ദുരിതത്തിൽ നിന്ന് സ്വതന്ത്രരാക്കുക. അങ്ങയുടെ അനുഗ്രഹത്തിന്റെ ശക്തിയാൽ ദരിദ്രരെയും ദുർബ്ബലരെയും ഉദ്ധരിക്കുക, മഹാരാജ്.

117. "ദുശ്ശീലങ്ങളെയും തർക്കബുദ്ധിയെയും വേരോടെ നശിപ്പിക്കുക. പരിശുദ്ധനായ സായിരായാ! ഞങ്ങളുടെ നാവിന് നാമജപത്തിനുള്ള ആസക്തി ഉണ്ടാകട്ടെ!

118. "അങ്ങയെ തീവ്രമായി സ്നേഹിക്കാനുള്ള കഴിവ് എനിക്ക് നൽകുക, അപ്പോൾ ഞാൻ എന്റെ എല്ലാ പ്രതിജ്ഞകളും സംശയങ്ങളും എന്റെ ശരീരവും ഗൃഹവും പോലും വിസ്മരിക്കും. എന്റെ അഹംബോധവും നീക്കം ചെയ്യുക.

119. "ഞാൻ എല്ലായ്പ്പോഴും അങ്ങയുടെ നാമം ഓർക്കുവാനും മറ്റെല്ലാം മറക്കാനും ഇടയാകട്ടെ. മനസ്സിന്റെ അസ്വസ്ഥത മാറ്റി, അതിനെ സ്ഥിരവും ശാന്തവുമാക്കുക.

120. "അങ്ങ് ഞങ്ങളെ ആശ്ലേഷിച്ചാൽ ഞങ്ങളുടെ അജ്ഞാനമാകുന്ന അന്ധകാരം ഇല്ലാതാകുകയും അങ്ങയുടെ വെളിച്ചത്തിൽ ഞങ്ങൾ സുഖമായി ജീവിക്കുകയും ചെയ്യും. ഇതിൽ കൂടുതൽ എന്താണ് ഞങ്ങൾക്ക് ആഗ്രഹിക്കാനുള്ളത്?

121. "അങ്ങയുടെ ജീവചരിത്രം ഞങ്ങൾക്ക് പാനം ചെയ്യാനായി നൽകുകയും, നിദ്രയിൽ നിന്ന് ഞങ്ങളെ ഉണർത്തുകയും ചെയ്തത് അങ്ങയുടെ ദയയാണ്.

ഇത് അസാധാരണമായ ഒരു കാര്യമല്ലേ?"

122. അടുത്ത അധ്യായം ഇതിനേക്കാൾ മധുരതരമാണ്. ശ്രോതാക്കളുടെ ആഗ്രഹങ്ങൾ സഫലമാകും. സായിയുടെ പാദത്തിൽ അവർക്കുള്ള സ്നേഹം അധികരിക്കും. അവരുടെ വിശ്വാസവും ദൃഢമാകും.

123. ഒരിക്കൽ, ഒരു ഭക്തൻ തന്റെ ഗുരുവിന്റെ അനുവാദം വാങ്ങിക്കൊണ്ട് ദർശനത്തിനെത്തി. സായിയുടെ പാദത്തിൽ വന്ദിക്കവേ അയാളുടെ സ്വന്തം ഗുരുവിലുള്ള വിശ്വാസം ദൃഢമായി.

124. അതേപോലെ, സമ്പന്നനും എന്നാൽ ധാരാളം വിഷമതകൾ അനുഭവിക്കുകയും ചെയ്ത ഒരു മാന്യവ്യക്തി അയാളുടെ ഭാര്യയോടും മകനോടുമൊപ്പം സായിയുടെ ദർശനത്തിനെത്തി.

125. എങ്ങനെയാണ് അയാളുടെ ആഗ്രഹം സഫലമായതും, അയാളുടെ അപസ്മാരരോഗബാധിതനായ മകൻ ദർശനം ഒന്നുകൊണ്ടു മാത്രം രോഗവിമുക്തനായതും! അയാള ഒരു മുൻകാല അനുഭവത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തു.

126. അതിനാൽ ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുകയും, സായിയുടെ കഥകളിൽ ആഭിമുഖ്യം കാട്ടാനും അങ്ങനെ ശ്രവണം അർത്ഥപൂർണ്ണമാക്കുന്നതിനും വേണ്ടി ശ്രോതാക്കളോട് ആദരപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിതത്തിലെ ഇരുപത്തിഅഞ്ചാം അധ്യായം "അത്യധികം ആഗ്രഹിക്കുന്നതിനെ സഫലമാക്കിക്കൊണ്ട് ഭക്തരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നു." ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. വേവിച്ച അരി, പാല്, പഞ്ചസാര എന്നിവ ചേർത്തുണ്ടാക്കുന്ന ആഹാരം.
2. ചന്ദ്രരശ്മികൾ പതിക്കുമ്പോൾ ജലം ഊറിവരുന്ന ഒരു രത്നം

## 26

# അപസ്മാരവും ആത്മഹത്യയും തടയുന്നതും സ്വന്തം ഗുരുവിന്റെ പാദങ്ങളിൽ വിശ്വാസം ദൃഢമാക്കുന്നതും

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. അനുഭവവേദ്യമാകുന്ന എല്ലാ വസ്തുക്കളും, പഞ്ചഭൂതങ്ങളോടും അവയുടെ അധിദേവതകളോടും ബന്ധപ്പെട്ടതാണ് – യഥാർത്ഥത്തിൽ, ഒരു ദർപ്പണത്തിൽ പതിയുന്ന നഗരത്തിന്റെ പ്രതിച്ഛായ പോലെ, ഈ പ്രപഞ്ചം മുഴുവനും ആത്മാവിനുള്ളിൽ അടങ്ങിയിരിക്കുന്നു. വിഭ്രാന്തിയുണ്ടാകാൻ കാരണം, ഇന്ദ്രിയഗോചരമായ മായയാണ്.
2. വാസ്തവത്തിൽ, അത് (മായ) പ്രകടമായിട്ടില്ല. അത് എല്ലായ്പ്പോഴും ബ്രഹ്മനിൽ ലീനമാണ്. പക്ഷേ അത് എല്ലാ ചരാചരവസ്തുക്കളെയും സൃഷ്ടിച്ചുകൊണ്ട് ലോകത്തിൽ സ്ഥിതി ചെയ്യുന്നുമുണ്ട്.
3. ദർപ്പണത്തിൽ കാണുന്നത് അതിൽ സ്ഥിതി ചെയ്യുന്നതല്ല. അതേപോലെ, സ്വപ്നത്തിൽ കാണുന്ന ദൃശ്യങ്ങൾ യാഥാർത്ഥ്യമായി തോന്നുമെങ്കിലും ഉറക്കമെഴുന്നേൽക്കുമ്പോൾ അവയെല്ലാം അപ്രത്യക്ഷമാകുന്നു.
4. ഒരുവൻ ഉറക്കമെഴുന്നേൽക്കുമ്പോൾ സ്വപ്നലോകം ഇല്ലാതാകുന്നു. സദ്ഗുരുവിന്റെ അർത്ഥഗർഭമായ വാക്കുകളാൽ ഐക്യതയുടെ വെളിച്ചമാകുന്ന സന്തോഷം ലഭിക്കുന്നു.
5. ഈ പ്രപഞ്ചത്തിന്റെ അസ്തിത്വചലനം അതിനെ ആശ്രയിച്ചിരിക്കുന്നു; മറ്റൊന്നിനെയുമല്ല. പരമാത്മാവ് അതായത് ഈശ്വരൻ സന്തുഷ്ടനാകുമ്പോൾ മാത്രമേ സാക്ഷാത്കാരം സാധ്യമാകുകയുള്ളൂ.
6. ആത്മാവിന്റെ ഈ പ്രകൃതം സച്ചിദാനന്ദമായ പരമാത്മാവിന്റെ സ്ഫുരണമാണ്. അപ്പോൾ പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ഈ ലോകം മിഥ്യയുടെ പ്രകടനമാണ്, വെറും ലീല മാത്രം.
7. ബ്രഹ്മാവ് മുതൽ തൃണം വരെ അടങ്ങുന്ന പഞ്ചഭൂതമയമായ ഈ ലോകം അയഥാർത്ഥമാണ്. മായയുടെ സൃഷ്ടി മാത്രമാണ് ഈ വിശാലമായ പ്രപഞ്ചം.

8. സർപ്പം, പുഷ്പഹാരം, വടി, ഒഴുക്ക് എന്നിവയൊക്കെ, അവയുടെ യഥാർത്ഥ പ്രകൃതത്തെക്കുറിച്ചുള്ള അജ്ഞത മൂലം ഒരുവന് കയറായി തോന്നുന്നു. അതേപോലെ വിസ്തൃതമായ ഈ പ്രപഞ്ചത്തിന് യഥാർത്ഥമായ പ്രകൃതം ഇല്ല.

9. നമുക്ക് അനുഭവവേദ്യമാകുന്ന ഈ ലോകം മിഥ്യയാണ്. ഗുരുവിന്റെ വാക്കു കളിലൂടെ ഉണർവ്വ് ഉണ്ടായി യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ മിഥ്യാധാരണ ഇല്ലാതാകുന്നു.

10. 'ഗ്രിനാതി'[1] എന്ന വാക്കിന്റെ അർത്ഥം ചിന്തിക്കുമ്പോൾ, ഗുരുവിന് മാത്രമേ ശിഷ്യന് ശരിയായ ജ്ഞാനോപദേശം നൽകാൻ കഴിയൂ എന്ന് മനസ്സിലാ ക്കാം.

11. അതിനാൽ ഞാൻ ബാബയോട് പ്രാർത്ഥിക്കുന്നു: "ദയവായി എന്റെ ഇന്ദ്രിയ ങ്ങളെ അന്തർമുഖമാക്കണമേ, എനിക്ക് വിവേചനബുദ്ധിയും ക്ഷണികമായ തിനെയും അനശ്വരമായതിനെയും വേർതിരിച്ചറിയാനുള്ള കഴിവും നൽകേ ണമേ. എനിക്ക് വൈരാഗ്യം എന്ന വരം കൂടി നൽകി അനുഗ്രഹിക്കുക.

12. കഠിനമായ അജ്ഞത കൊണ്ട് മൂടപ്പെട്ട, എല്ലായ്പ്പോഴും വിവേചനബുദ്ധിയി ല്ലാതെ പെരുമാറുന്ന ഒരു മൂഢനാണ് ഞാൻ. എന്റെ മനസ്സ് എപ്പോഴും ചീത്ത സങ്കല്പങ്ങളിൽ മുഴുകുകയും എനിക്ക് സകല പ്രതിബന്ധങ്ങളും സൃഷ്ടി ക്കുകയും ചെയ്യുന്നു.

13. ഗുരുവിന്റെ വേദങ്ങൾ പോലെ വ്യക്തമായ വാക്കുകളിൽ എനിക്ക് ദൃഢമായ വിശ്വാസം ഉണ്ടാകണമേ. എന്റെ മനസ്സിനെ ഒരു കണ്ണാടി പോലെ നിർമ്മല മാക്കുക, അപ്പോൾ എനിക്ക് ആത്മജ്ഞാനം നേടാൻ കഴിയും.

14. മാത്രമല്ല, സദ്ഗുരു സായിനാഥാ, ഈ ജ്ഞാനം പൂർണ്ണമായും ഗ്രഹിക്കാൻ എന്നെ സഹായിക്കുക, എന്തുകൊണ്ടെന്നാൽ അനുഭവം ഇല്ലാതെ ഒരുവൻ അതിനെക്കുറിച്ച് സംസാരിക്കുകയാണെങ്കിൽ അത് വെറും ജല്പനം മാത്ര മായിരിക്കും. അതുകൊണ്ട് പരമമായ ലക്ഷ്യം നേടാൻ കഴിയുമോ?

15. അതിനാൽ, ബാബാ, അങ്ങയുടെ ശക്തി കൊണ്ട്, എനിക്ക് ഈ ജ്ഞാനം സ്വയം ഗ്രഹിക്കാൻ കഴിയണം, അതിലൂടെ എനിക്ക് സുഗമമായി മുക്തി നേ ടാൻ കഴിയും. എനിക്ക് ഈ ഭിക്ഷ നൽകണമേ എന്ന് ഞാൻ അങ്ങയോട് യാചിക്കുന്നു.

16. തത്ഫലമായി, ഓ സദ്ഗുരു സായിനാഥാ, ഞാൻ എന്റെ ദേഹബുദ്ധി അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഇപ്പോൾ മുതൽ എന്നെ ഏറ്റെടുത്ത് സംരക്ഷി ക്കുക, എന്തെന്നാൽ എനിക്ക് സ്വന്തമായി ഒരു അസ്തിത്വമില്ല.

17. എന്റെ ദേഹബോധം എടുത്തുമാറ്റുക, അപ്പോൾ ഞാൻ സുഖമോ ദുഃഖമോ അറിയില്ല. ഞാൻ അങ്ങയുടെ ആഗ്രഹത്തിനനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന തരത്തിൽ എന്നെ നിയന്ത്രിക്കുക.

18. അല്ലെങ്കിൽ, അങ്ങ് സ്വയം എന്റെ അഹംബോധമായി മാറി, എല്ലാ കർമ്മങ്ങ ളുടെയും കർത്തൃത്വവും ആസ്വാദനവും നടത്തുക. അക്കാര്യമോർത്ത് എനിക്ക് ഉത്കണ്ഠ ഉണ്ടാകാതിരിക്കട്ടെ.

19. സകല ആഗ്രഹങ്ങളിൽ നിന്നും മുക്തനായ അങ്ങേയ്ക്ക് വന്ദനം, വന്ദനം. അങ്ങയുടെ പാദങ്ങളിൽ എന്റെ സ്നേഹം ചേർത്തുവയ്ക്കുക. ഓ, മംഗള മൂർത്തി, ചഞ്ചലമായ ഈ മനസ്സ് അങ്ങയുടെ പാദങ്ങളിൽ പൂർണ്ണമായ ശാന്തി അനുഭവിക്കട്ടെ.

20. അങ്ങേയ്ക്കല്ലാതെ മറ്റാർക്കാണ് ഞങ്ങളുടെ ക്ഷേമത്തിനെക്കുറിച്ച് സംസാരിക്കാനും, ദുരിതങ്ങളിൽ നിന്ന് രക്ഷിക്കാനും, സംതൃപ്തി നൽകാനും സാധിക്കുന്നത്?

21. ഷിർദിയുടെ നല്ല ഭാഗ്യം മൂലമാണ് ബാബ അവിടെ എത്തിയത്. പിന്നീട് അങ്ങ് അവിടെ വസിക്കുകയും ആ സ്ഥലത്തിന് ഒരു തീർത്ഥാടനകേന്ദ്രത്തിന്റെ ശ്രേഷ്ഠപദവി നൽകുകയും ചെയ്തു.

22. ദയാപരനായ സായി ഈ സ്ഥലത്തിനെ ഐശ്വര്യപ്രദമാക്കുകയും തന്റെ വാസം കൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു.

23. അങ്ങാണ് എനിക്ക് ഉത്തേജനം നൽകേണ്ടത്. എന്റെ ഭാഷണത്തെ ഉദ്ദീപിപ്പിക്കുന്നത് അങ്ങ് മാത്രമാണ്, അതിനാൽ അങ്ങയുടെ മഹിമകൾ വാഴ്ത്താൻ ഞാൻ ആരാണ്? പ്രവൃത്തികൾ നടത്തിക്കുന്ന കർത്താവും അങ്ങ് ആകുന്നു.

24. എല്ലായ്പ്പോഴും അങ്ങയുമായി സമ്പർക്കത്തിൽ ഇരിക്കുക എന്നത് തന്നെ ഞങ്ങളുടെ വേദാന്തപഠനമാകുന്നു. ദിനവും അങ്ങയുടെ ജീവചരിത്രം കേൾക്കുന്നത് തന്നെയാണ് ഞങ്ങൾക്ക് ശാസ്ത്രഗ്രന്ഥങ്ങളുടെ പാരായണം.

25. ഒരു നിമിഷം പോലും പാഴാക്കാതെ അങ്ങയുടെ നാമം ജപിക്കുന്നത് കഥാകീർത്തനത്തിന് തുല്യമാണ്. അത് തന്നെയാണ് ഞങ്ങളുടെ ക്രമമായ ധ്യാനം, അത് തന്നെയാണ് ഞങ്ങളുടെ സംതൃപ്തിയും.

26. ആരാധനയിൽ നിന്നും പുറം തിരിഞ്ഞ് പോകാൻ കാരണമാകുന്ന തരത്തിലുള്ള സന്തോഷം ഞങ്ങൾക്ക് ആവശ്യമില്ല, എന്തുകൊണ്ടെന്നാൽ ആത്യന്തികമായ ലക്ഷ്യം നേടുന്നതിൽ ഇതിലും വലുതായ മറ്റേതെങ്കിലും തടസ്സമുണ്ടാകുമോ?

27. എന്റെ കണ്ണുനീർ അങ്ങയുടെ പാദങ്ങൾ കഴുകാനുള്ള ചെറുചൂടുള്ള വെള്ളമാകട്ടെ; ശുദ്ധസ്നേഹമാകുന്ന ചന്ദനലേപനം ഞാൻ അങ്ങയുടെ ദേഹത്ത് പൂശട്ടെ; യഥാർത്ഥവിശ്വാസമാകുന്ന വസ്ത്രം ഞാൻ അങ്ങയുടെ ദേഹത്ത് അണിയിക്കട്ടെ.

28. ബാഹ്യമായ ആചാരങ്ങളേക്കാൾ, എന്റെ ഹൃദയത്തിൽ നിന്നുയരുന്ന ഈ പൂജ അങ്ങയെ സംതൃപ്തനാക്കുകയും, അങ്ങേയ്ക്ക് സന്തോഷവും സുഖവും നൽകുമാറാകട്ടെ.

29. ഞങ്ങളുടെ ശുദ്ധമായ അഷ്ടസാത്വികഗുണങ്ങൾ[2] എട്ട് താമരമലരുകളായും മനസ്സിന്റെ ഏകാഗ്രത ഫലമായും അങ്ങേയ്ക്ക് സമർപ്പിക്കട്ടെ.

30. നെറ്റിത്തടത്തിൽ ഭക്തിയുടെ ബുക്ക[3] പുരട്ടി, തീവ്രമായ ഭക്തിയുടെ അരപ്പട്ട കെട്ടി, ഞങ്ങളുടെ ഗളം അങ്ങയുടെ കാൽവിരലുകളിൽ ചേർത്ത് വയ്ക്കട്ടെ. എന്നിട്ട് ഞങ്ങൾ ആർദ്രവും ആശ്ചര്യകരവുമായ ആഘോഷം ആസ്വദിക്കട്ടെ.

31. നമ്മുടെ സ്നേഹമാകുന്ന രത്നങ്ങൾകൊണ്ട് അദ്ദേഹത്തെ അലങ്കരിച്ച് പൂർണ്ണ മനസ്സോടെ നമ്മൾ ദൃഷ്ടി ദോഷങ്ങൾ[4] ഉഴിഞ്ഞ് മാറ്റും. നമ്മുടെ പഞ്ചപ്രാണ നുകൾ കൊണ്ട് ഒരു ചാമരം തീർത്ത്, ഉഷ്ണം അകറ്റാനായി അങ്ങയുടെ മുമ്പിൽ വീശും.

32. ആനന്ദദായകമായ ഈ പൂജാവിധികൾ അവസാനിച്ചശേഷം, ഞങ്ങൾ സാഷ്ടാംഗപ്രണാമം നടത്തുകയും, സുഗന്ധവസ്തുക്കളും ജലവും അർപ്പി ക്കുകയും ചെയ്യും. ഇത്തരത്തിൽ നമ്മുടെ സ്വന്തം ക്ഷേമത്തിന് വേണ്ടി ഞങ്ങൾ അങ്ങയെ പൂജിക്കും, സായിരാജാ.

33. ആഗ്രഹിച്ച വസ്തുക്കൾ ലഭിക്കുന്നതിന് വേണ്ടി ഞങ്ങൾ എല്ലായ്പ്പോഴും 'സായിസമർത്ഥ' എന്ന നാമം ഓർക്കുകയും ജപിക്കുകയും ചെയ്യുന്നു; അതേ മന്ത്രം കൊണ്ട് പരമമായ ലക്ഷ്യം നേടുകയും ഞങ്ങൾക്ക് അങ്ങയിലുള്ള വിശ്വാസത്തെ സാർത്ഥകമാക്കുകയും ചെയ്യും."

34. കഴിഞ്ഞ അധ്യായത്തിൽ, എങ്ങനെയാണ് സായിസമർത്ഥ-ദയാമേഘം, ഭക്ത രുടെ നന്മയ്ക്ക് വേണ്ടി ഉപദേശങ്ങൾ നൽകിയതെന്ന് വിശദീകരിക്കുകയു ണ്ടായി.

35. ഈ അധ്യായത്തിൽ ഒരു ഭക്തന് തന്റെ സ്വന്തം ഗുരുവിലുള്ള വിശ്വാസത്തെ ഉറപ്പിച്ചതെങ്ങനെ എന്ന് വിവരിക്കുന്നതാണ്. ആ കഥ ശ്രവിക്കുക.

36. കഴിഞ്ഞ അധ്യായത്തിൽ പാന്ത് എന്ന ഭക്തന്റെ അമൃതതുല്യമായ കഥ അവ തരിപ്പിച്ചു. യഥാർത്ഥ വസ്തുതകൾ വ്യക്തമായി ഗ്രഹിക്കുവാൻ ശ്രോതാക്കൾ ശ്രദ്ധയോടെ ശ്രവിക്കണം.

37. എന്ത് തരത്തിലുള്ള അനുഭവങ്ങളാണ് അദ്ദേഹം നൽകിയത്; എങ്ങനെയാണ് അദ്ദേഹം വിശ്വാസത്തിന്റെ അഞ്ജനം മിഴികളിൽ പുരട്ടിയത്; എങ്ങനെയാണ് അയാൾക്ക് അയാളുടെ ഗുരുവിന്റെ പാദങ്ങളിൽ വിശ്വാസം ദൃഢമാക്കിയതെ ന്നും, അയാളുടെ മനസ്സിന് ശാന്തി ലഭിച്ചതെന്നും.

38. ഒരിക്കൽ പാന്ത് എന്ന് പേരായ ഒരു ഭക്തൻ വളരെ കഷ്ടപ്പാട് സഹിച്ച് സുഹൃത്തുക്കളോടൊപ്പം സായിയുടെ ദർശനത്തിനായി ഷിർദിയിൽ വന്നു.

39. അയാൾക്ക് മുമ്പേതന്നെ, തന്റെ സ്വന്തം ഗുരുവിന്റെ അനുഗ്രഹം ലഭിക്കുക യും, അയാൾ തന്റെ ഗുരുവിന് സ്വയം സമർപ്പിക്കുകയും ചെയ്തിരുന്നു. അയാൾ ഷിർദിയിലേയ്ക്ക് പോകാൻ മടിച്ചു.

40. എങ്കിലും ഒരുവന്റെ വിധിക്കനുസരിച്ച്, അത് അപ്രതീക്ഷിതമായി സംഭവി ക്കുന്നു. സായിയുടെ ദർശനത്തിനുള്ള അവസരം വരികയും, അത് അയാൾക്ക് അത്യധികമായ സന്തോഷം നൽകുകയും ചെയ്തു.

41. മനുഷ്യൻ ഒന്ന് ചിന്തിക്കുകയും, ഈശ്വരൻ മറ്റൊന്ന് തീരുമാനിക്കുകയും ചെയ്യു ന്നു. ഒരുവന് വിധിക്ക് എതിരായി ഒന്നും തന്നെ ചെയ്യാൻ കഴിയില്ല. ഇത്, ശാന്തമായ മനസ്സോടെ ശ്രവിക്കുക.

42. കുറച്ച് ആളുകൾ, ഷിർദിയിലേയ്ക്ക് തീവണ്ടിമാർഗ്ഗം യാത്ര ചെയ്യാൻ തീരു മാനിച്ചുകൊണ്ട് അവരുടെ വീടുകളിൽ നിന്ന് പുറപ്പെട്ട്, സന്തോഷത്തോടെ

ഒരുമിച്ച് യാത്ര ചെയ്തു.

43. അവർ തീവണ്ടിയിൽ കയറവേ, മുമ്പേ തന്നെ അതിൽ കയറിയിരുന്ന, പാന്തിനെ അപ്രതീക്ഷിതമായി കണ്ടു. ഷിർദിയിലേയ്ക്ക് പോകാനുള്ള അവരുടെ തീരുമാനത്തെക്കുറിച്ച് പാന്ത് അറിഞ്ഞു.

44. ആ സംഘത്തിൽ, പാന്തിന്റെ ചില സുഹൃത്തുക്കളും അയാളുടെ കുട്ടിയുടെ അമ്മായിഅച്ഛനും അമ്മായിഅമ്മയും ഉൾപ്പെട്ടിരുന്നു. പാന്തിന് (ഷിർദിയിലേയ്ക്ക്) പോകാനുള്ള ഉദ്ദേശ്യമില്ലാതിരുന്നിട്ടും, പോകാനായി അവർ നിർബന്ധിച്ചു.

45. പോകാൻ ഉദ്ദേശിച്ച സ്ഥലത്തേയ്ക്കുള്ള ടിക്കറ്റ് മാത്രമേ അയാളുടെ കൈവശം ഉണ്ടായിരുന്നുള്ളൂ. പക്ഷേ പിന്നീട് അയാൾ തന്റെ മനസ്സ് മാറ്റി.

46. സുഹൃത്തുക്കളും അമ്മായിഅച്ഛനും അയാളോട് അവരോടൊപ്പം ഷിർദിയിലേയ്ക്ക് പോകാൻ ആവശ്യപ്പെട്ടതിനാൽ, അയാൾക്ക് ആഗ്രഹമില്ലാതിരുന്നിട്ടും പാന്ത് അവരുടെ നിർബന്ധത്തിന് വഴങ്ങി.

47. മറ്റുള്ളവർ ബോംബെയിലേയ്ക്ക് യാത്ര തുടരവേ, പാന്ത് വിരാറിൽ ഇറങ്ങി, തന്റെ വഴിച്ചെലവുകൾക്കായി കുറച്ച് പണം കടം വാങ്ങുകയും, പിന്നീട് അയാളും ബോംബെയ്ക്ക് യാത്രയാകുകയും ചെയ്തു.

48. തന്റെ സുഹൃത്തുക്കൾക്ക് മുഷിച്ചിലുണ്ടാകുന്നത് അയാൾക്ക് ഇഷ്ടമില്ലാത്തതിനാൽ, അയാൾ തന്റെ ഗുരുവിന്റെ അനുവാദം വാങ്ങി, മറ്റുള്ളവരോടൊപ്പം സന്തോഷത്തോടെ ഷിർദിയിലേയ്ക്ക് വന്നു.

49. എല്ലാവരും രാവിലെ പതിനൊന്ന് മണിക്ക് മസ്ജിദിലെത്തി. ആരാധനകൾ അർപ്പിക്കുന്ന ഭക്തജനക്കൂട്ടത്തെ കണ്ട് അവർ സന്തുഷ്ടരായി.

50. ബാബയുടെ ധ്യാനനിരതമായ രൂപം ദർശിച്ച് എല്ലാവരും സന്തോഷിച്ചു. പെട്ടെന്ന് പാന്തിന് അപസ്മാരം പോലെ ഉണ്ടാകുകയും അയാൾ മോഹാലസ്യപ്പെട്ട് നിലത്ത് വീഴുകയും ചെയ്തു.

51. അയാളുടെ കൈകാലുകൾക്ക് അനക്കമില്ലാതാകുകയും ശരീരം ചലനമറ്റ് കിടക്കുകയും ചെയ്തു. അയാളുടെ ഒപ്പമെത്തിയവർ വളരെ വിഷമിക്കുകയും ഭയപ്പെടുകയും ചെയ്തു.

52. ബാബയുടെ അനുഗ്രഹത്താലും മറ്റുള്ളവരുടെ സഹായത്താലും, അയാളുടെ ശിരസ്സിൽ വെള്ളം തളിച്ചപ്പോൾ അയാൾക്ക് പൂർണ്ണമായ ബോധം തിരികെ ലഭിച്ചു.

53. ബോധം തെളിഞ്ഞപ്പോൾ അയാൾ പരിഭ്രമത്തോടെ എഴുന്നേറ്റിരിക്കുകയും, അയാൾ അപ്പോൾ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ പോലെ തോന്നുകയും ചെയ്തു.

54. സർവ്വജ്ഞനായ ബാബയ്ക്ക് അയാൾ മറ്റൊരു ഗുരുവിന്റെ ശിഷ്യനാണെന്ന് ഗ്രഹിക്കാൻ കഴിയുകയും, അയാൾക്ക് ധൈര്യം നൽകുകയും, അയാളുടെ സ്വന്തം ഗുരുവിലുള്ള വിശ്വാസം ദൃഢമാക്കുകയും ചെയ്തു.

55. അദ്ദേഹം പറഞ്ഞു: "എന്തും സംഭവിക്കട്ടെ, പക്ഷേ നിന്റെ ആലംബം (ആശ്ര

യം, അതായത് ഗുരു) ഉപേക്ഷിക്കരുത്. എല്ലായ്പ്പോഴും സ്ഥിരമായി വർത്തിക്കുക, എല്ലായ്പ്പോഴും അദ്ദേഹവുമായി ഐക്യതയിൽ വർത്തിക്കുക."

56. പാന്തിന് ഈ വാക്കുകളുടെ അർത്ഥം മനസ്സിലാകുകയും, അയാൾ തന്റെ സ്വന്തം ഗുരുവിനെ ഓർക്കുകയും ചെയ്തു. അയാളുടെ ശിഷ്ടകാലം മുഴുവൻ അയാൾ സായിബാബയുടെ ദയാവായ്പ് ഓർത്തു.

57. അതേപോലെ ബോംബെ നിവാസിയായ, ഹരിഷ്ചന്ദ്ര പിതാലേ എന്ന ഒരു മാന്യവ്യക്തി തന്റെ അപസ്മാരരോഗബാധിതനായ മകനെ ഓർത്ത് വളരെ ദുഃഖിച്ചു.

58. അയാൾ ധാരാളം പാശ്ചാത്യചികിത്സാ രീതികളും, ആയുർവേദവും പ്രയോഗിച്ചെങ്കിലും, രോഗം ഭേദമായില്ല. എല്ലാ പരിശ്രമങ്ങളും വിഫലമായി. അവശേഷിച്ച ഏകമാർഗ്ഗം ദിവ്യന്മാരെയും സിദ്ധന്മാരെയും ആശ്രയിക്കുക എന്നതായിരുന്നു.

59. 1910-ൽ ദാസ്ഗനുവിന്റെ കീർത്തനങ്ങൾ തുടങ്ങുകയും, ശ്രീസായിനാഥന്റെ പ്രശസ്തി പടരുകയും ചെയ്തു. ധാരാളം ജനങ്ങൾ ഷിർദി സന്ദർശിക്കാൻ തുടങ്ങി.

60. ചെറിയ ഒരു ഗ്രാമമാണെങ്കിലും അതിന് മഹത്തായ ഒരു വിധി ഉണ്ടായിരുന്നു. ഷിർദി മറ്റൊരു പന്ധർപൂർ ആകുകയും അനേകം തീർത്ഥാടകർ അവിടം സന്ദർശിക്കുകയും ചെയ്തു.

61. വെറും ദർശനം കൊണ്ടോ, ബാബയുടെ കരസ്പർശം കൊണ്ടോ, ദയാപരമായ ഒരു നോട്ടം കൊണ്ടോ പോലും രോഗങ്ങൾ ഭേദമാകുന്നത് അനേകം ജനങ്ങൾക്ക് അനുഭവവേദ്യമായി.

62. പൂർണ്ണസമർപ്പണം നടത്തിയ ഭക്തന് തന്റെ നന്മ നേടാൻ കഴിഞ്ഞു. എല്ലാവരുടെയും മനസ്സ് അറിഞ്ഞ്, ബാബ എല്ലാവരുടെയും ആഗ്രഹങ്ങൾ സഫലമാക്കി.

63. ഉധിയുടെ സ്പർശനമാത്രയിൽ പിശാചുകൾ ഓടിയകലുകയും, അനുഗ്രഹത്താൽ രോഗശമനം ഉണ്ടാകുകയും, അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നുള്ള ദയാപൂർണ്ണമായ ഒരു കടാക്ഷത്താൽ സകലപ്രതിബന്ധങ്ങളും ഇല്ലാതാകുകയും ചെയ്തതിനാൽ ജനങ്ങൾ അദ്ദേഹത്തെ ദർശിക്കാൻ ധൃതിപ്പെട്ട് എത്തി.

64. കീർത്തനങ്ങളിൽ നിന്നും, ദാസ്ഗനുവിന്റെ ഗ്രന്ഥങ്ങളിൽ നിന്നും, മറ്റുള്ളവരിൽ നിന്നും അത്തരം മഹിമകൾ കേട്ടറിഞ്ഞപ്പോൾ ഹരിഷ്ചന്ദ്ര പിതാലേയ്ക്ക് ദർശനത്തിനുള്ള ആഗ്രഹമുണ്ടായി.

65. അയാളുടെ മുജ്ജന്മപുണ്യത്തിന്റെ ഫലമായി, തന്റെ കുടുംബത്തോടും കുഞ്ഞുങ്ങളോടുമൊപ്പം, കാഴ്ചവസ്തുക്കളും ഫലങ്ങളുമായി പിതാലേ ഷിർദി ഗ്രാമത്തിലെത്തി.

66. മകനെ ബാബയുടെ പാദങ്ങളിൽ അർപ്പിച്ച്, അയാൾ ബാബയുടെ മുമ്പിൽ വണങ്ങി. അപ്പോൾ, പിതാലേയെ വളരെ വിഷമപ്പെടുത്തിക്കൊണ്ട് വിചിത്രമായ ഒരു കാര്യം സംഭവിച്ചു.

67. ബാലൻ ബാബയുടെ കണ്ണുകളിൽ നോക്കിയ ഉടൻ, ബാലന്റെ കണ്ണുകൾ മുകളിലേയ്ക്ക് ഉരുളുകയും, അവൻ അബോധവാനായി പെട്ടെന്ന് നിലത്ത് വീഴുകയും ചെയ്തു. മാതാപിതാക്കൾ വളരെ പരിഭ്രാന്തരായി വിഷമിച്ചു.

68. ബാലൻ ബോധമറ്റ് നിലത്ത് വീണു. അവന്റെ വായിൽ നിന്നും ധാരാളം നുരയും പതയും വന്നു. മാതാപിതാക്കൾ അസ്വസ്ഥരാകുകയും അവരുടെ വിധി എന്താണെന്നോർത്ത് ഉത്കണ്ഠാകുലരാകുകയും ചെയ്തു.

69. ശ്വാസം നിലച്ചതുപോലെ തോന്നിച്ചു; വായിൽ നിന്നും നുര വന്നുകൊണ്ടേയിരുന്നു; ശരീരം മുഴുവൻ വിയർപ്പിൽ കുളിക്കുകയും, ജീവിക്കുമെന്ന ആശ തീരെയില്ലാതാകുകയും ചെയ്തു.

70. ഇത്തരത്തിലുള്ള സന്നി മുമ്പ് മിക്കപ്പോഴും ബാലന് ഉണ്ടാകുമായിരുന്നെങ്കിലും, ഇതേപോലെ ശക്തവും, നീണ്ടുനിൽക്കുന്നതുമായ ഒന്ന് ഉണ്ടായിട്ടില്ല.

71. ഇത്തരത്തിലുള്ള ഒരു ബാധ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല, വീണ്ടും ഉണ്ടാകുകയുമില്ല. അവൻ മരിച്ചു പോകുന്നത് പോലെയായിരുന്നു. തന്റെ കുഞ്ഞിന്റെ അവസ്ഥ കണ്ട്, മാതാവിന് കണ്ണീർപ്രവാഹം അടക്കാൻ കഴിഞ്ഞില്ല.

72. "എന്ത് ഉദ്ദേശ്യത്തോടെ നമ്മൾ ഇവിടെ എത്തി, എന്നിട്ട് എന്താണ് സംഭവിച്ചത്! ഔഷധം അസുഖത്തെ വർദ്ധിപ്പിച്ചിരിക്കുന്നു. ആ പാദങ്ങൾ (സായിനാഥന്റെ) വിനാശകാരിയാണെന്ന് തെളിയിച്ചിരിക്കുന്നു. ഇവിടെ എത്താൻ വേണ്ടി നമ്മൾ സഹിച്ച ബുദ്ധിമുട്ടുകൾ വെറുതെയായി.

73. "കള്ളന്മാരുടെ പിടിയിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഒരു വീടിനുള്ളിലേയ്ക്ക് ഓടിക്കയറവേ, വീട് തന്നെ നമ്മുടെ തലയ്ക്ക് മുകളിൽ പതിച്ചതുപോലെയാണ്, ഇവിടെ എത്തിയത്," എന്ന് ആ സ്ത്രീ പറഞ്ഞു.

74. "ജീവൻ രക്ഷിക്കാൻ വേണ്ടി കടുവയിൽ നിന്നും ഓടിയകന്ന ഒരു പശു, ഒരു ഇറച്ചിവെട്ടുകാരന്റെ കൈയ്യിൽ അകപ്പെട്ടതുപോലെയാണ് ഞങ്ങളുടെ അവസ്ഥ!

75. "അല്ലെങ്കിൽ, സൂര്യന്റെ ചൂടിൽ നിന്ന് രക്ഷപ്പെടാൻ ഒരു വൃക്ഷത്തിന്റെ തണലിൽ അഭയം തേടിയ ഒരു യാത്രക്കാരന്റെ മേൽ അത് കടപുഴകി വീണത് പോലെയാണ്.

76. "അല്ലെങ്കിൽ, ഈശ്വരനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഒരുവൻ ക്ഷേത്രത്തിൽ കയറവേ അതുതന്നെ അവന്റെ മേൽ തകർന്ന് വീണത് പോലെയാണ്. അതുപോലെയാണ് ഈ അവസ്ഥ."

77. ബാബ അപ്പോൾ അവരെ ആശ്വസിപ്പിച്ചു. "കുറച്ച് ധൈര്യവും ക്ഷമയും കാണിക്കുക. ബാലനെ ശ്രദ്ധാപൂർവ്വം എടുത്ത് കൊള്ളൂ. അവന് ബോധം തെളിയും.

78. "ബാലനെ നിങ്ങളുടെ താമസസ്ഥലത്തേയ്ക്ക് കൊണ്ടു പോകുക. അരമണിക്കൂറിനുള്ളിൽ അവന് സ്വബോധം തിരികെ ലഭിക്കും. അനാവശ്യമായി പരിഭ്രാന്തരാകരുത്."

79. അത് അങ്ങനെയാകട്ടെ. അവർ പിന്നീട് അപ്രകാരം പ്രവർത്തിച്ചു. ബാബയുടെ വാക്കുകൾ സത്യമായി. പിതാലേയും അയാളുടെ കുടുംബവും സന്തോഷിക്കുകയും അവരുടെ സംശയങ്ങളെല്ലാം അപ്രത്യക്ഷമാകുകയും ചെയ്തു.

80. വാഡയിലേയ്ക്ക് എത്തിച്ചയുടൻ തന്നെ, ബാലന് ബോധം തെളിഞ്ഞു. മാതാപിതാക്കളുടെ വിഷമങ്ങൾ ഇല്ലാതായി. അവർ വളരെയധികം സന്തോഷിച്ചു.

81. പിന്നീട് പിതാലേ അയാളുടെ ഭാര്യയുമായി, ബാബയുടെ ദർശനത്തിനെത്തുകയും, വളരെ വിനയത്തോടെ സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു.

82. മകന്റെ രോഗമുക്തി കണ്ട്, കൃതജ്ഞതയും സന്തോഷവും നിറഞ്ഞ മനസ്സോടെ അയാൾ ബാബയുടെ പാദങ്ങൾ തിരുമ്മിക്കൊണ്ട് അവിടെ ഇരുന്നു. ബാബ ഒരു മന്ദസ്മിതത്തോടെ ആരാഞ്ഞു.

83. "സംശയത്തിന്റെയും ആഗ്രഹങ്ങളുടെയും തിരമാലകൾ ഇപ്പോൾ അടങ്ങിയോ? വിശ്വാസവും ക്ഷമയുമുള്ളവനെ ശ്രീഹരി സംരക്ഷിക്കും."

84. പിതാലേ ജന്മനാ തന്നെ ധനികനായിരുന്നു. അയാൾ ശ്രേഷ്ഠവും പ്രശസ്തവുമായ ഒരു കുടുംബത്തിലാണ് ജനിച്ചത്. അയാൾ ധാരാളം മധുരപലഹാരങ്ങളും ഉണക്കപ്പഴങ്ങളും വിതരണം ചെയ്യുകയും ബാബയ്ക്ക് പഴങ്ങൾ, വെറ്റില തുടങ്ങിയവ നിവേദിക്കുകയും ചെയ്തു.

85. അയാളുടെ ഭാര്യ വളരെ സാത്വികഗുണങ്ങളുള്ള സ്ത്രീയായിരുന്നു – സ്നേഹമയിയും, ഭക്തിയും വിശ്വാസവുമുള്ളവൾ. അവൾ തൂണിന് സമീപമിരുന്നുകൊണ്ട് ബാബയെ ഉറ്റുനോക്കുമായിരുന്നു.

86. നോക്കിയിരിക്കുമ്പോൾ, അവളുടെ കണ്ണുകളിൽ അശ്രുക്കൾ നിറയും. അവൾ ഇത് ദിനവും ചെയ്തു. അവളുടെ പുതുമ നിറഞ്ഞ സ്നേഹപ്രകടനം കൊണ്ട് അവൾ ബാബയെ കീഴടക്കി.

87. ദിവ്യന്മാർ ദൈവതുല്യരാണ് – അവർ എല്ലായ്പ്പോഴും ഭക്തരുടെ സേവനത്തിന് തയ്യാറാണ്. അവരെ ഹൃദയംഗമമായി ആരാധിക്കുന്നവരിൽ അവർ അത്യധികം സംപ്രീതരാകുന്നു.

88. അത് എന്തുമാകട്ടെ. പിന്നീട് ആ കുടുംബം മടങ്ങിപ്പോകാനൊരുങ്ങി. അവർ ദർശനത്തിനായി മസ്ജിദിലെത്തി, ബാബയുടെ അനുവാദവും ഉധിയും വാങ്ങി; യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു.

89. ആ സമയത്ത്, ബാബ അദ്ദേഹത്തിന്റെ കീശയിൽ നിന്നും മൂന്ന് ഉറുപ്പികകൾ എടുത്തുകൊണ്ട് പിതാലേയെ തന്റെ സമീപത്തേയ്ക്ക് വിളിച്ചു. അദ്ദേഹം എന്താണ് പറഞ്ഞതെന്ന് കേൾക്കുക.

90. "ബാപു, മുമ്പ് ഞാൻ നിനക്ക് രണ്ട് ഉറുപ്പികകൾ തന്നിരുന്നു. അതിന്റെയൊപ്പം ഈ മൂന്ന് ഉറുപ്പിക കൂടി വച്ചുകൊണ്ട് അത് പൂജിക്കുക. നിനക്ക് നന്മകൾ വരും."

91. പിതാലേ ഉറുപ്പികകൾ അയാളുടെ കൈകളിൽ വാങ്ങുകയും, അത് പ്രസാദമായി കരുതി സ്വീകരിക്കുകയും ചെയ്തു. അയാൾ ബാബയുടെ പാദങ്ങളിൽ

നമസ്കരിച്ചുകൊണ്ട് പറഞ്ഞു: “എനിക്ക് അങ്ങയുടെ അനുഗ്രഹം തരിക, മഹാരാജ്.”

92. അയാളുടെ മനസ്സിൽ ചിന്തകളുടെ തിരകൾ ഉയർന്നു. 'ഇത് എന്റെ ആദ്യത്തെ ദർശനമാണ്. ബാബ എന്താണ് പറയുന്നത്? തീർച്ചയായും എനിക്ക് അത് മനസ്സിലാക്കാൻ കഴിയുന്നില്ല.

93. ‘മുമ്പ് ഞാൻ ബാബയെ കണ്ടിട്ടില്ലാതിരിക്കവേ എങ്ങനെയാണ് അദ്ദേഹം എനിക്ക് രണ്ട് ഉറുപ്പികകൾ മുമ്പ് തന്നിട്ടുണ്ടാകുക?’ അയാൾക്ക് അതിന്റെ അർത്ഥമോ ഉപദേശമോ തീരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. പിതാലേ ചിന്താ കുഴപ്പത്തിലായി.

94. ‘എങ്ങനെയാണ് എനിക്ക് ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയുക?’ അയാളുടെ ആകാംക്ഷ വർദ്ധിച്ചു. ബാബ ഒരു സൂചനയും നൽകാതെ നിശ്ശ ബ്ദനായിരുന്നു.

95. ദിവ്യന്മാർ സാധാരണമട്ടിൽ പറയുന്ന വാക്കുകൾ പോലും സത്യമായി വരും. പിതാലേയ്ക്ക് ഇതിനെക്കുറിച്ച് പൂർണ്ണമായും അറിയാമായിരുന്നു, അതിനാൽ അയാൾ അമ്പരന്നു.

96. പക്ഷേ പിന്നീട് അയാൾ ബോംബെയിലേയ്ക്ക് പോകുകയും തന്റെ ഗൃഹ ത്തിലെത്തുകയും ചെയ്തപ്പോൾ, ഗൃഹത്തിലുണ്ടായിരുന്ന ഒരു വൃദ്ധസ്ത്രീ അയാളുടെ ആകാംക്ഷയ്ക്ക് ഉത്തരം നൽകി.

97. ആ വൃദ്ധസ്ത്രീ പിതാലേയുടെ മാതാവ് തന്നെ ആയിരുന്നു. ഷിർദിയിൽ സംഭ വിച്ചതിനെക്കുറിച്ചൊക്കെ അവൾ അന്വേഷിക്കവേ, സ്വാഭാവികമായ രീതിയിൽ മൂന്നു ഉറുപ്പികകളുടെ കാര്യവും ഉയർന്നുവന്നു. അവൾക്കുപോലും അതിന്റെ പരസ്പരബന്ധം പറയാൻ കഴിഞ്ഞില്ല.

98. അതിനെക്കുറിച്ച് ചിന്തിച്ചശേഷം അവൾ ഓർക്കുകയും, വൃദ്ധസ്ത്രീ പിതാ ലേയോട് ഇങ്ങനെ പറയുകയും ചെയ്തു: “ഇപ്പോൾ ഞാൻ എല്ലാം ഓർമ്മി ക്കുന്നു. ബാബ പറഞ്ഞതെല്ലാം യാഥാർത്ഥ്യമാണ്.

99. “നീ ഇപ്പോൾ നിന്റെ മകനെ സായിയുടെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് കൊണ്ടുപോയതുപോലെ, നിന്റെ പിതാവ് മുമ്പ് നിന്നെ അക്കൽകോട്ട് കൊണ്ടുപോയിരുന്നു.

100. “അവിടുത്തെ മഹാരാജ് വളരെ പ്രശസ്തനും ഉദാരമതിയും, സർവ്വജ്ഞനും യോഗിവര്യനും വിവേകമതിയുമായ ഒരു സിദ്ധനായിരുന്നു. നിന്റെ പിതാവും വളരെ ധാർമ്മികനായ ഒരു വ്യക്തിയായിരുന്നു.

101. “യോഗിരാജൻ നിന്റെ പിതാവിന്റെ പൂജാവിധികൾ സ്വീകരിക്കുകയും അതിൽ സംപ്രീതനാകുകയും ചെയ്തു. പൂജകൾ ചെയ്യുന്നതിനുവേണ്ടി പ്രസാദമായി അദ്ദേഹം രണ്ട് ഉറുപ്പികകൾ നൽകി.

102. “മുമ്പത്തെ ഈ രണ്ടു ഉറുപ്പികകൾ സ്വാമി പൂജ ചെയ്യാൻ വേണ്ടി നിനക്ക് പ്രസാദമായി നൽകിയതാണ്, മകനേ.

103. “ഈ രണ്ട് ഉറുപ്പികകൾ പൂജാമുറിയിൽ സൂക്ഷിക്കുകയും നിന്റെ പിതാവ്

ദിനവും വളരെ വിശ്വാസത്തോടെ അത് പൂജിക്കുകയും ചെയ്തു.

104. "എനിക്ക് മാത്രമാണ് അദ്ദേഹത്തിന്റെ വിശ്വാസത്തെക്കുറിച്ച് അറിയാമായിരുന്നത്. തന്റെ വിശ്വാസത്തിനനുസരിച്ച് അദ്ദേഹം പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ മരണശേഷം പൂജയും പൂജയ്ക്കുള്ള വസ്തുക്കളുമെല്ലാം കുട്ടികൾക്ക് കളിക്കാനുള്ള സാധനങ്ങളായി മാറി.

105. "ഈശ്വരനിൽ തീരെ വിശ്വാസമില്ലായിരുന്നു; പൂജകൾ ചെയ്യുന്നത് തന്നെ നാണക്കേടായി തോന്നി. കുട്ടികൾ മുറവച്ച് പൂജകൾ ചെയ്യാൻ ചട്ടംകെട്ടി. ആരാണ് ഉറുപ്പികകൾ സംരക്ഷിക്കുക?

106. "ഇത്തരത്തിൽ അനേകം വർഷങ്ങൾ കഴിഞ്ഞുപോയി. ആ ഉറുപ്പികകളുടെ പ്രാധാന്യം നഷ്ടമായി അവയെക്കുറിച്ചുള്ള ഓർമ്മയെല്ലാം മാഞ്ഞുപോയി. രണ്ടു ഉറുപ്പികകൾ അപ്രത്യക്ഷമായി.

107. "അത് അങ്ങനെയാകട്ടെ. നീ തീർച്ചയായും അനുഗൃഹീതനാണ്. മഹാരാജിനെ സായിയുടെ രൂപത്തിൽ നീ കണ്ടുമുട്ടിയത് മറന്നുപോയ ഒരു കർത്തവ്യം ഓർമ്മപ്പെടുത്താൻ മാത്രല്ല, അപകടങ്ങൾ ഒഴിവാക്കാനും കൂടിയാണ്.

108. "അതിനാൽ ഇപ്പോൾ മുതൽ എല്ലാ സംശയങ്ങളും ദുഷ്ചിന്തകളും ഒഴിവാക്കുക. പൂർവ്വികരുടെ പാത പിന്തുടരുക, ചീത്ത സ്വഭാവങ്ങളിൽ അകപ്പെടാൻ ഇടയാകരുത്.

109. "ഉറുപ്പികകൾ തുടർന്നും പൂജിക്കുക. ദിവ്യന്മാരുടെ പ്രസാദം രത്നമായി കരുതുക. ഈ പ്രധാന വസ്തുത സമർത്ഥസായി നിന്നെ ബോധ്യപ്പെടുത്തുകയും, ഭക്തിമാർഗ്ഗത്തിലൂടെയുള്ള ജീവിതം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു."

110. അയാളുടെ മാതാവിൽ നിന്നും ഈ കഥ കേട്ടപ്പോൾ പിതാലേയ്ക്ക് ആഹ്ലാദവും സംതൃപ്തിയുമുണ്ടായി. സായിയുടെ സർവ്വവ്യാപിത്വവും ദർശനത്തിന്റെ പ്രാധാന്യവും അയാൾ തിരിച്ചറിഞ്ഞു.

111. അയാളുടെ മാതാവിന്റെ വാക്കുകളാകുന്ന അമൃത് അയാളിൽ പൂർവ്വകാല സ്മരണകൾ ഉണർത്തി. അയാൾ പശ്ചാത്തപിക്കുകയും പ്രായശ്ചിത്തങ്ങൾ ചെയ്ത് കൊണ്ട് തന്റെ ഭാവി ക്ഷേമത്തിനുള്ള പാത ഒരുക്കുകയും ചെയ്തു.

112. അത് എന്തുമാകട്ടെ. സംഭവിക്കാനുള്ളത് സംഭവിച്ചു! ദിവ്യൻ അയാളിൽ ഭാവിയിലെ കടമകളെക്കുറിച്ചുള്ള ഉണർവ്വുണ്ടാക്കി. കൃതജ്ഞതയോടും മനഃശുദ്ധിയോടും കൂടി, പിന്നീട് അയാൾ തന്റെ കടമകൾ നിർവ്വഹിച്ചു.

113. അതേപോലെ, ഞാൻ മറ്റൊരു അനുഭവം വിവരിക്കാം. ശാന്തമായ മനസ്സോടെ അത് ശ്രവിക്കുക. ആത്മനിയന്ത്രണമില്ലാത്ത ഭക്തരെ നിയന്ത്രിക്കുവാൻ ബാബ സ്വീകരിച്ച മാർഗ്ഗമാണ് അത് വിവരിക്കുന്നത്.

114. പൂനെയിൽ നിന്നുള്ള ഗോപാൽ നാരായൺ അംബദ്കർ, ബാബയുടെ ഒരു ഉത്തമഭക്തനായിരുന്നു. അയാളുടെ കഥ കേൾക്കുക.

115. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ, നികുതി വകുപ്പിലാണ് അയാൾ സേവനം അനുഷ്ഠിച്ചിരുന്നത്. പത്ത് വർഷത്തെ സേവനം പൂർത്തിയാക്കിയശേഷം

അയാൾ അത് വിടുകയും ഗൃഹത്തിൽ താമസിക്കുകയും ചെയ്തു.

116. ഭാഗ്യം മാറിമറിയുകയും, അയാൾക്ക് പുറം തിരിഞ്ഞ് നിൽക്കുകയും ചെയ്തു. ഒരുവന്റെ ജീവിതത്തിലെ എല്ലാ ദിവസങ്ങളും ഒരു പോലെയാകില്ല. നക്ഷത്ര ങ്ങൾ ചുറ്റിത്തിരിഞ്ഞ് ചീത്തക്കാലം നൽകി. ഈ മാറ്റങ്ങൾ ഒഴിവാക്കാൻ കഴി വുള്ളവരായി ആരാണുള്ളത്?

117. ആരംഭത്തിൽ, അയാൾ താനെ ജില്ലയിലായിരുന്നു സേവനമനുഷ്ഠിച്ചത്. പിന്നീട് അയാളുടെ വിധി അയാളെ ജവഹറിലെത്തിച്ചു, അവിടെ അയാൾ ഒരു അധികാരി ആയിരുന്നു. അവിടെ വച്ചാണ് അയാൾക്ക് ജോലി നഷ്ടമായ ത്.

118. ഒരു ജോലി തിരികെ ലഭിക്കുക എന്നത് എളുപ്പമായ[5] കാര്യമല്ല. എങ്ങനെ യാണ് അയാൾക്ക് അത് വീണ്ടും ലഭിക്കുക? അയാൾ ആ സമയത്ത് കഴി വിന്റെ പരമാവധി പരിശ്രമിച്ചു.

119. പക്ഷേ അയാൾക്ക് ഫലം കിട്ടിയില്ല. അതിനാൽ അയാൾ ഒരു സ്വതന്ത്രവ്യാ പാരം തുടങ്ങാൻ തീരുമാനിച്ചെങ്കിലും, അവിടെയും അയാൾക്ക് വിഷമതകൾ ഉണ്ടാകുകയും, ഒടുവിൽ അയാളുടെ ആശകളൊക്കെ നശിക്കുകയും ചെയ്തു.

120. വർഷം കഴിയുംതോറും അയാളുടെ സാമ്പത്തിക സ്ഥിതി മോശമാകുകയും, ഒടുവിൽ തീരെ പരിതാപകരമായ അവസ്ഥയിലെത്തുകയും ചെയ്തു. ഒന്നി നുപുറകെ ഒന്നായി ക്ലേശങ്ങൾ ഉണ്ടാകുകയും, ഗൃഹാന്തരീക്ഷം അസഹനീ യമാകുകയും ചെയ്തു.

121. ഏഴ് വർഷങ്ങൾ ഇത്തരത്തിൽ കടന്നുപോയി. ഓരോ വർഷവും അയാൾ ഷിർദിയിലെത്തി, ബാബയോട് തന്റെ ദുഃഖങ്ങൾ പറഞ്ഞ്, പകലും രാത്രിയും നമസ്കാരങ്ങൾ ചെയ്തുകൊണ്ട്, സഹായത്തിനായി അഭ്യർത്ഥിച്ചു.

122. 1916-ൽ അയാൾക്ക് അത്യധികം മടുപ്പ് തോന്നുകയും, ഷിർദിയിൽ പോയശേ ഷം, ആത്മഹത്യ ചെയ്യണമെന്ന തോന്നൽ ഉണ്ടാകുകയും ചെയ്തു.

123. അതിനാൽ ഇപ്രാവശ്യം അയാളുടെ ഭാര്യയോടൊപ്പം രണ്ട് മാസം അയാൾ ഷിർദിയിൽ താമസിച്ചു. ഒരു ദിവസം രാത്രി എന്താണ് സംഭവിച്ചതെന്ന് കേൾക്കുക.

124. ദീക്ഷിതിന്റെ വാഡയുടെ മുമ്പിൽ ഒരു കാളവണ്ടിയിൽ ഇരിക്കവേ, അംബ ദ്കർ ഗഹനമായ ചിന്തയിൽ മുഴുകി.

125. ദുഃഖിതനായി, ജീവിതത്തോട് മടുപ്പ് തോന്നി അയാൾ ചിന്തിച്ചു, 'ഇപ്പോൾ മതിയായി! ഈ ക്ലേശം കൂടുതൽ താങ്ങാൻ കഴിയില്ല.' അയാൾക്ക് ജീവിക്കാ നുള്ള ആഗ്രഹം നഷ്ടമായി.

126. ഇത്തരത്തിൽ ചിന്തിച്ചതുകൊണ്ടും, ജീവിതത്തോട് താല്പര്യം നശിച്ചതുകൊ ണ്ടും, പെട്ടെന്ന് തന്നെ കിണറ്റിൽ ചാടി ജീവിതം അവസാനിപ്പിക്കാൻ അംബ ദ്കർ തീരുമാനിച്ചു.

127. 'ചുറ്റുപാടും ആരുമില്ലാത്ത സമയം നോക്കി, ഞാൻ എന്റെ തീരുമാനം നടപ്പി ലാക്കുകയും, എല്ലാ വിഷമതകളിൽ നിന്നും സ്വയം മുക്തി നേടുകയും ചെയ്യും.'

128. ആത്മഹത്യ ചെയ്യുന്നത് ഒരു കൊടിയ പാപമാണെന്ന് അയാൾക്ക് അറിയാമായിരുന്നു. എന്നിട്ടും തന്റെ ചിന്തകൾക്കനുസൃതമായി പ്രവർത്തിക്കാൻ അയാൾ തീരുമാനിച്ചു. പക്ഷേ, ബാബാസായി, പാവകളിക്കാരനായതിനാൽ, അയാളുടെ മൂഢത്വം തട്ടിമാറ്റി.

129. കുറച്ചുമാത്രം അകലെയായി, ബാബയുടെ സഹായം സിദ്ധിച്ച, ബാബയുടെ സേവകരിലൊരാളായ, ഒരു ഭോജനശാല നടത്തിപ്പുകാരന്റെ ഗൃഹമുണ്ടായിരുന്നു.

130. ആ സമയത്ത് സഗുൺ[6] തന്റെ വസതിയുടെ പൂമുഖവാതിൽക്കൽ എത്തി, അംബദ്കറോട് ചോദിച്ചു: "അക്കൽകോട്ട് മഹാരാജിന്റെ ജീവിതത്തെക്കുറിച്ചുള്ള ഈ ഗ്രന്ഥം എപ്പോഴെങ്കിലും നീ വായിച്ചിട്ടുണ്ടോ?"

131. "ഞാൻ കാണട്ടെ, കാണട്ടെ, ഏതാണീ ഗ്രന്ഥം?," ഇങ്ങനെ പറഞ്ഞ് കൊണ്ട് അംബദ്കർ ഗ്രന്ഥം തന്റെ കൈയ്യിലെടുത്തു. താളുകൾ ക്രമമില്ലാതെ മറിച്ചു കൊണ്ട്, അയാൾ അവിടെയും ഇവിടെയുമായി വായിക്കാൻ തുടങ്ങി.

132. ആശ്ചര്യകരമായ യാദൃച്ഛികത്വം കൊണ്ട്, അയാൾ കണ്ട വിഷയം വായനയ്ക്ക് യോജിച്ചതായിരുന്നു, കാരണം അത് അയാളുടെ ആന്തരികചിന്തകളുമായി ബന്ധപ്പെട്ടതായിരുന്നു. അത് അയാളെ വളരെ സ്വാധീനിച്ചു.

133. എല്ലാ ശ്രോതാക്കൾക്കും വേണ്ടി അയാൾ യാദൃച്ഛികമായി കണ്ട കഥ ഞാൻ വിവരിക്കുന്നതാണ്. കഥയുടെ സാരംശം വളരെ ചുരുക്കി പറയുന്നതാണ് എന്തുകൊണ്ടെന്നാൽ ഗ്രന്ഥം ദീർഘമാകുമെന്ന ഭയമുണ്ട്.

134. അക്കൽകോട്ടിൽ ശ്രേഷ്ഠനായ ഒരു സിദ്ധനുണ്ടായിരുന്നു. മഹാരാജ് എല്ലായ്പ്പോഴും ധ്യാനനിരതനായിരുന്നു. കടുത്ത രോഗം ബാധിച്ച ഒരു ഭക്തൻ അസഹനീയമായ ക്ലേശങ്ങൾ അനുഭവിക്കുകയായിരുന്നു.

135. രോഗം ഭേദമാകുമെന്ന ആശയിൽ അയാൾ ദീർഘകാലം സേവനം ചെയ്തിരുന്നു. അയാൾക്ക് വേദന തീരെ സഹിക്കാൻ കഴിയാതെയായി. അയാൾ വളരെ ദുഃഖിതനായി.

136. ആത്മഹത്യ ചെയ്യാൻ അയാൾ തീരുമാനിക്കുകയും രാത്രിയിൽ തക്കസമയം തെരഞ്ഞെടുത്ത് ഒരു കിണറിന്റെ സമീപത്തെത്തി അതിലേയ്ക്ക് ചാടുകയും ചെയ്തു.

137. ആ സമയത്ത് മഹാരാജ് അവിടെ എത്തുകയും അദ്ദേഹത്തിന്റെ കൈകൾകൊണ്ട് അയാളെ പുറത്തേയ്ക്ക് വലിച്ചിടുകയും ചെയ്തു. "സംഭവിക്കാൻ വിധിയുള്ളതൊക്കെ അനുഭവിച്ചേ പറ്റൂ," എന്ന് അദ്ദേഹം അയാളെ ഉപദേശിച്ചു.

138. "എല്ലാ ശാരീരികക്ലേശങ്ങളും രോഗങ്ങളും കുഷ്ഠവും മറ്റ് പ്രശ്നങ്ങളുമെല്ലാം നമ്മുടെ പൂർവ്വജന്മത്തിലെ കർമ്മങ്ങൾ കൊണ്ട് സംഭവിക്കുന്നതാണ്, അവ പൂർണ്ണമായും അനുഭവിച്ച് തീർത്തില്ലെങ്കിൽ, നമുക്ക് അവയിൽ നിന്ന് സ്വതന്ത്രരാകാൻ കഴിയില്ല, ആത്മഹത്യ ചെയ്താൽ പോലും.

139. "ഈ ദുരിതം പൂർണ്ണമാകാതെ അവശേഷിക്കുകയാണെങ്കിൽ, നീ വീണ്ടും

ജനിക്കേണ്ടി വരും. അതിനാൽ ഈ കഷ്ടപ്പാട് കുറച്ചുകാലം കൂടി സഹിക്കുക. ആത്മഹത്യ ചെയ്യരുത്."

140. സന്ദർഭത്തിന് ഉചിതമായ ഈ കഥ വായിക്കവേ, അംബദ്കർ അദ്ഭുതപ്പെടുകയും പെട്ടെന്ന് ലജ്ജിതനാകുകയും ചെയ്തു, ബാബയുടെ സർവ്വവ്യാപിത്വം അയാൾ ഗ്രഹിച്ചു.

141. പൂർവ്വജന്മത്തിനനുസൃതമായ വിധി സഹിക്കേണ്ടതാണെന്ന് അംബദ്കർക്ക് മനസ്സിലായി. അയാൾക്ക് ഇത് ശരിയായ സമയത്ത് ബോധ്യപ്പെടുത്തിക്കൊടുക്കുകയും, അയാൾ ബുദ്ധിശൂന്യമായ ആ പ്രവൃത്തിക്ക് ഒരുങ്ങിയതുമില്ല.

142. ഈ കഥ, അന്തരീക്ഷത്തിൽ നിന്നുള്ള ഒരു ശബ്ദം പോലെ അയാൾക്ക് തോന്നി. അത് അയാൾക്ക് സായിപാദങ്ങളിലുള്ള വിശ്വാസം ദൃഢമാക്കി. സായിയുടെ ലീലകൾ അചിന്തനീയമാണ്.

143. 'സഗുണിന്റെ വാക്കുകളിലൂടെ സായിയുടെ മുന്നറിയിപ്പ് ലഭിച്ചു. യാദൃച്ഛികമായ ഈ ഗ്രന്ഥം ലഭിക്കാൻ എന്തെങ്കിലും കാലവിളംബം നേരിട്ടിരുന്നെങ്കിൽ എന്റെ ജീവിതം നശിക്കുമായിരുന്നു.

144. 'എനിക്ക് എന്റെ സ്വന്തം ജീവൻ നഷ്ടപ്പെടുകയും, എന്റെ കുടുംബത്തിന്റെ സർവ്വനാശം വരികയും ചെയ്യുമായിരുന്നു. എന്റെ ഭാര്യ വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടി വരികയും, എനിക്ക് എന്റെ നന്മ നേടാനോ, ആത്മീയ ലക്ഷ്യം കൈവരിക്കാനോ സാധിക്കുമായിരുന്നില്ല.

145. 'ബാബ സഗുണിന് പ്രചോദനം നൽകുകയും, എന്റെ മനസ്സിനെ, ആത്മഹത്യാശ്രമത്തിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി ഗ്രന്ഥം ഒരു ഉപകരണമാക്കുകയും ചെയ്തു.'

146. അത്തരം സംഭവം നടന്നില്ലായിരുന്നെങ്കിൽ, ആ പാവം മനുഷ്യന് അനാവശ്യമായി അയാളുടെ ജീവൻ നഷ്ടപ്പെടുമായിരുന്നു. പക്ഷേ സായിയെപ്പോലെ ഒരു രക്ഷകനുള്ളപ്പോൾ ആർക്കാണ് കൊല്ലാൻ കഴിയുക?

147. ഈ ഭക്തന്റെ പിതാവിന് അക്കൽകോട്ട് സ്വാമിയിൽ വിശ്വാസമുണ്ടായിരുന്നു. അയാൾ തന്റെ പിതാവിന്റെ കാലടികൾ പിന്തുടരണമെന്ന് ബാബ അയാളെ ബോധ്യപ്പെടുത്തി.

148. അത് അങ്ങനെയാകട്ടെ. പിന്നീട് എല്ലാം നന്നായി സംഭവിച്ചു. ആ ദുർദിനങ്ങൾ കടന്നുപോയി. അയാൾ വളരെ പരിശ്രമങ്ങൾ നടത്തി ജ്യോതിഷം പഠിക്കുകയും, അതിന് ഫലം കാണുകയും ചെയ്തു.

149. അയാൾക്ക് സായിയുടെ അനുഗ്രഹവും കൃപയും ലഭിച്ചു. പിന്നീട് അയാൾക്ക് ഭാഗ്യമുണ്ടായി. അയാൾ ജ്യോതിഷത്തിൽ പാണ്ഡിത്യം നേടുകയും മുമ്പത്തെ കഷ്ടകാലം അവസാനിക്കുകയും ചെയ്തു.

150. ഗുരുവിനോടുള്ള അയാളുടെ സ്നേഹം അധികരിക്കുകയും അയാൾക്ക് സന്തോഷവും ആരോഗ്യവും ലഭിക്കുകയും ചെയ്തു. അയാൾക്ക് കുടുംബജീവിതത്തിൽ സുഖവും ആനന്ദവും ലഭിച്ചു. അയാൾ വളരെ സന്തുഷ്ടനായി.

151. ഒന്ന് മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമായ ഇത്തരത്തിലുള്ള അനേകം അദ്ഭുത

ലീലകളുണ്ട്. പക്ഷേ ഈ ഗ്രന്ഥം ദീർഘമാകുമെന്നുള്ളതിനാൽ, ഞാൻ സാരാംശങ്ങൾ മാത്രം പറയുകയാണ്.

152. ഹേമദ് സായിയുടെ പാദങ്ങളിൽ അർപ്പിക്കുന്നു. അടുത്ത അധ്യായത്തിൽ എങ്ങനെയാണ് ശാമയ്ക്ക്[7] വിഷ്ണുസഹസ്രനാമമെന്ന സമ്മാനം നൽകിയ തെന്ന ഹൃദയഹാരിയായ കഥ വിവരിക്കുന്നതാണ്.

153. "എനിക്ക് ഇത് ആവശ്യമില്ല, എനിക്ക് ഇത് ആവശ്യമില്ല," എന്ന് ശാമ പറ ഞ്ഞു. പക്ഷേ ബാബയ്ക്ക് അയാളുടെ മേൽ അത്യധികമായ സ്നേഹമുണ്ടാ യിരുന്നു. അദ്ദേഹം നിർബന്ധപൂർവ്വം വിഷ്ണുസഹസ്രനാമത്തിന്റെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് അയാൾക്ക് അത് നൽകി.

154. ഇപ്പോൾ ഈ കഥ ആദരവോടെ ശ്രവിക്കുക. സമയമെത്തുമ്പോൾ, തീരെ ആഗ്രഹമില്ലാത്ത ഭക്തന് ബാബ അനുഗ്രഹം ചൊരിയുന്നത് കാണാം.

155. സദ്ഗുരുവിന്റെ സന്നിധിയിൽ അനുഗ്രഹം നൽകുന്നതിനുള്ള വഴികൾ എത്ര മാത്രം അഗ്രാഹ്യമാണെന്ന് ഈ അധ്യായത്തിൽ കാണാം. ശ്രോതാക്കൾ ഇത് ആദരവോടെ ശ്രവിക്കണം.

156. നന്മയുടെ ഏറ്റവും ശ്രേഷ്ഠമായ രൂപമാണ് ആ സായി – എല്ലാ ഗുണങ്ങളു ടെയും വിളനിലം! അദ്ദേഹത്തെക്കുറിച്ച് കേൾക്കുകയും, അദ്ദേഹത്തിന്റെ മഹി മകൾ വാഴ്ത്തുകയും ചെയ്യുന്നവൻ ഭാഗ്യവാനാണ്, എന്തെന്നാൽ അതൊരു പുണ്യകർമ്മമാണ്, അവന്റെ ജീവിതം പരിശുദ്ധമാകുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിത ത്തിലെ ഇരുപത്തിആറാം അധ്യായം, "അപസ്മാരവും ആത്മഹത്യയും തട യുന്നതും സ്വന്തം ഗുരുവിന്റെ പാദങ്ങളിൽ വിശ്വാസം ദൃഢമാക്കുന്നതും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഉപദേശം നൽകുന്നവൻ, അല്ലെങ്കിൽ പഠിപ്പിക്കുന്നവനാണ് ഗുരു.
2. വിയർക്കൽ, നിശ്ചലത്വം, രോമാഞ്ചം, വികാരംകൊണ്ട് ശബ്ദമിടറൽ, വിളർച്ച, അശ്രു ധാര, വിറയൽ, ബോധം നഷ്ടപ്പെടൽ.
3. സുഗന്ധമുള്ള കറുത്ത പൊടി.
4. കയ്പുള്ള വേപ്പില, ഉപ്പ്, കടുക് എന്നിവ ചേർത്ത് ശരീരത്തിൽ ഉഴിയുന്നു.
5. മറാത്തിയിൽ, അത്, ഭക്ഷ്യയോഗ്യമായ പച്ചക്കറി ഇലകളിൽ നിന്ന് എളുപ്പം തെറിച്ച് പോകുന്ന വെള്ളത്തിന് തുല്യമാണ്.
6. സഗുൺ മേരു നായിക്.
7. ശാമ അഥവ മാധവറാവു ദേശപാണ്ഡെ.

## 27

# ശിക്ഷണവും അനുഗ്രഹവും നൽകുന്നത്

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഒരു മനുഷ്യൻ സദ്ഗുരുവിന്റെ പാദങ്ങളിൽ അഭയം തേടുമ്പോൾ ബ്രഹ്മ, വിഷ്ണു മഹേശ്വര ത്രിമൂർത്തികളെ വണങ്ങുന്ന പുണ്യം അവന് ലഭിക്കുന്നു – യഥാർത്ഥത്തിൽ, അവൻ പരബ്രഹ്മനെ വന്ദിക്കുകയും ശ്രേഷ്ഠമായ സ്വർഗ്ഗീയാനന്ദം ലഭിക്കുന്നത് പോലെയുമാണത്.
2. സമുദ്രത്തിൽ സ്നാനം ചെയ്താൽ സകലതീർത്ഥങ്ങളിലും സ്നാനം ചെയ്യുന്നതിന്റെ പുണ്യം ലഭിക്കും; ഗുരുവിന്റെ പാദങ്ങളുടെ തണലിൽ ഇരിക്കുന്നത് സകലദേവതകളെയും പ്രാപിക്കുന്നതിന് തുല്യമാണ്.
3. വന്ദനം! അങ്ങേയ്ക്ക് വന്ദനം, സായി സദ്ഗുരു! വന്ദനം അങ്ങേയ്ക്ക് വന്ദനം, ബ്രഹ്മന്റെ സാരാംശത്തിൽ ലയനം നൽകുന്ന കല്പവൃക്ഷം! വന്ദനം, അങ്ങേയ്ക്ക് വന്ദനം, ആത്മജ്ഞാനത്തിന്റെ സാഗരം! കഥ ശ്രവിക്കാനുള്ള ആദരവ് ഞങ്ങളിൽ ഉണ്ടാക്കുക.
4. ചാതകപ്പക്ഷി മേഘങ്ങളിൽ നിന്ന് മഴത്തുള്ളികൾ രുചിക്കുന്നത് പോലെ, ഭക്തർ അങ്ങയുടെ കഥയാകുന്ന അമൃത് ആസ്വദിക്കട്ടെ. അങ്ങയുടെ എല്ലാ ഭക്തന്മാരും അത് പാനം ചെയ്ത് എല്ലായ്പ്പോഴും സന്തോഷം അനുഭവിക്കട്ടെ.
5. അങ്ങയുടെ പരിശുദ്ധമായ കഥകൾ ഭക്തർ ശ്രവിക്കുമ്പോൾ, അവരുടെ ശരീരം മുഴുവൻ സ്വേദബിന്ദുക്കൾ നിറയട്ടെ, അവരുടെ ദൃഷ്ടികൾ കണ്ണുനീർ കൊണ്ട് നിറയട്ടെ, അവരുടെ ശ്വാസം കണ്ഠത്തിൽ തന്നെ തങ്ങട്ടെ.
6. ശ്രോതാക്കളും അവരുടെ കുടുംബാംഗങ്ങളും വികാരവിവശരായി, രോമാഞ്ചം ഉണ്ടായി, കൂടെക്കൂടെ കരയുകയും വിമ്മുകയും ചെയ്യട്ടെ.
7. അവരുടെ ചെറുതും വലുതുമായ ശത്രുതകളും ഭിന്നതകളും അപ്രത്യക്ഷമാകട്ടെ. ഇത്, അവരിൽ ഗുരുവിന്റെ അനുഗ്രഹം ഉണ്ടായതിന്റെ തെളിവാണെന്ന് അവർ തിരിച്ചറിയട്ടെ.
8. ഗുരുവിന്റെ കൃപ കണ്ണുകൾകൊണ്ട് കാണാനും പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവിക്കാനും കഴിയില്ല. സദ്ഗുരുവിനല്ലാതെ മറ്റാർക്കും അത് നൽകാൻ കഴിയില്ല, മൂന്ന് ലോകങ്ങളിലും അത് ചെയ്യാൻ കഴിയുന്ന ആരെയും നിനക്ക് കണ്ടെത്താൻ കഴിയില്ല.

9. ഗുരുവിന്റെ പാദങ്ങളിൽ അപരിമിതമായ സ്നേഹം ഉണർന്നാലല്ലാതെ, നമ്മുടെ സ്വഭാവത്തിലെ ആസക്തി മുതലായ ആറ് ദൗർബ്ബല്യങ്ങൾ നശിപ്പിക്കാൻ കഴിയില്ല, നമ്മിൽ അഷ്ടസാത്വികവികാരങ്ങൾ ഉണർത്താനും കഴിയില്ല.

10. ഭക്തൻ ആത്മനെ അറിയുമ്പോൾ ഗുരു വളരെ സംപ്രീതനാകുന്നു; ഭക്തൻ എത്രത്തോളം ആത്മീയലക്ഷ്യത്തിന്റെ നേർക്ക് തിരിയുന്നോ അത്രത്തോളം ഗുരുവിനെ പ്രശംസിക്കേണ്ടതുമാണ്.

11. ശരീരം, ഗൃഹം, പുത്രൻ, ഭാര്യ – 'ഞാൻ', 'എന്റേത്' ഇവയൊക്കെ മനുഷ്യജീവിതത്തിലെ വ്യർത്ഥമായ അദ്ധ്വാനങ്ങളും വിഭ്രാന്തികളുമാണ്. ഇവയെല്ലാം ഉച്ചനേരത്തെ നിഴൽ പോലെ നൈമിഷികമായ മായയാണ്.

12. 'മായയുടെ നൂലാമാലകൾ ഒരു തടസ്സമാകാതിരിക്കട്ടെ.' ഇതാണ് നിങ്ങളുടെ മനസ്സിലുള്ള ചിന്തയെങ്കിൽ സായിയിൽ പരിപൂർണ്ണമായി സമർപ്പിക്കുക.

13. വേദങ്ങളിൽ ഗഹനമായ അറിവ് നേടിയവർ പോലും മായയുടെ ശക്തിയെ ഇല്ലാതാക്കാൻ നിസ്സഹായരാണ്. സകല ജീവികളിലും ഈശ്വരനെ കാണുന്നവൻ മാത്രമേ രക്ഷപ്പെടുകയുള്ളൂ.

14. നിസാം രാജ്യപ്രദേശം വിട്ട്, ഫക്കീർസായിയെ ഒപ്പം കൂട്ടിക്കൊണ്ട് നേവാസയിലെത്തിയ ചാന്ദ് പാട്ടീൽ തീർച്ചയായും അനുഗൃഹീതനാണ്.

15. ഫക്കീർ അവിടെ ആറുമാസമോ ഒരു വർഷമോ വസിച്ചു. കാനദ് ഗ്രാമത്തിലെ കാമാ, അവിടെ അദ്ദേഹത്തോടൊപ്പം താമസിച്ചു.

16. അത് അങ്ങനെയാകട്ടെ. പിന്നീട് അദ്ദേഹം പ്രശസ്തമായ തകലി (ഗ്രാമം) യിലേയ്ക്ക് പോകുകയും, ദഗഡു തംബോലിയെ കൂടെക്കൂട്ടികൊണ്ട് കാമായും ബാബയും അടങ്ങുന്ന സംഘം അവിടെ നിന്ന്[1] ഷിർദിയിലെത്തി.

17. അവിടെയുമിവിടെയുമായി അനേകം പുണ്യ തീർത്ഥാടനകേന്ദ്രങ്ങളുണ്ട്, പക്ഷേ സായിയുടെ ഭക്തർക്ക് ഷിർദിയാണ് ഏറ്റവും ദിവ്യമായത്.

18. ഭാഗ്യവശാൽ ഈ സമ്പർക്കം നടന്നില്ലായിരുന്നെങ്കിൽ എങ്ങനെയാണ് അദ്ദേഹവുമായുള്ള സംസർഗ്ഗമെന്ന മഹാഭാഗ്യം നമ്മുടെ വഴിയിൽ വരിക? ഇത് ഞങ്ങൾ ഭക്തരുടെ ഏറ്റവും വലിയ ഭാഗ്യമാണ്.

19. ലക്ഷ്യങ്ങൾ നേടാനായി എത്തി സമർപ്പണം ചെയ്ത ഭക്തർക്ക്, സായി ശരിയായതും ധാർമ്മികവുമായ പാത കാട്ടിക്കൊടുത്ത് കൊണ്ട് അവരുടെ ക്ഷേമം ഉറപ്പുവരുത്തി.

20. അതിനാൽ ശ്രോതാക്കൾ പൂർണ്ണമായ ഏകാഗ്രതയോടെ സച്ചരിതം വീണ്ടും വീണ്ടും പാരായണം ചെയ്യണം. ഇതാണ് ഗുരുവിന്റെ അനുഗ്രഹം ലഭിക്കാനുള്ള ഉത്തമമായ മാർഗ്ഗം. സായിയുടെ കഥ ശുദ്ധവും ദിവ്യവുമാണ്.

21. കഴിഞ്ഞ അധ്യായത്തിൽ ഒരു വ്യക്തിക്ക് അയാളുടെ സ്വന്തം ഗുരുവിൽ വിശ്വാസം ദൃഢമാക്കിയതും, മറ്റൊരാളിന് അക്കൽകോട്ട് സ്വാമിയുടെ സൂചനയിലൂടെ, ബോധനം നൽകുകയും ചെയ്തത് വിവരിക്കപ്പെട്ടു.

22. ഒരു വ്യക്തി ആത്മഹത്യ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കപ്പെടുകയും, അനുപമമായ ഒരു മാർഗ്ഗത്തിലൂടെ പുതുജീവൻ നൽകുകയും ചെയ്തു. അയാ

ളുടെ മരണം ക്ലിപ്തമായും നിയുക്തമായും ഒഴിവാക്കപ്പെട്ടു.

23. ഇപ്പോൾ ഈ അധ്യായത്തിൽ, സായി, സംപ്രീതനാകുമ്പോൾ, എങ്ങനെയാണ് ഭക്തരിൽ തന്റെ അനുഗ്രഹം നൽകുകയും അവരെ ഐശ്വര്യവാന്മാരും സന്തുഷ്ടരുമാക്കുന്നതെന്ന് വിവരിക്കുന്നതാണ്.

24. അദ്ദേഹത്തിന്റെ ശിക്ഷണരീതി ആശ്ചര്യകരമായതും, ആർക്ക് എങ്ങനെ അത് നൽകപ്പെടുന്നു എന്നതിനെയും ആശ്രയിച്ചിരുന്നു. അതിൽ നിറയെ ഹാസ്യവും, നർമ്മവും, നിർദ്ദോഷമായ ചിരിയുമാണുള്ളത്. ശ്രോതാക്കൾ അത് ഏകാഗ്രതയോടെ ശ്രവിക്കണം.

25. അദ്ദേഹം ശിക്ഷണം നൽകിയിരുന്ന പല മാർഗ്ഗങ്ങൾ ഈ ഗ്രന്ഥത്തിൽ മുമ്പേ തന്നെ വിവരിച്ചിട്ടുണ്ട്. യോഗ്യതയ്ക്ക് അനുസൃതമായി പാതയും കാണിക്കപ്പെട്ടു.

26. ഭിഷഗ്വരന് രോഗം എങ്ങനെയാണ് നിർണ്ണയിക്കേണ്ടതെന്നും ഔഷധത്തിന്റെ ഗുണങ്ങളും അറിയാം. രോഗി അജ്ഞാനിയാണ്, ആദ്യം കുറച്ച് ശർക്കര ചോദിക്കുകയും ചെയ്യും.

27. ശർക്കര, മധുരമുള്ളതാണെങ്കിലും ദോഷകരമാണ്. രോഗിയാകട്ടെ, നിർബന്ധബുദ്ധി കാട്ടുകയും, ആദ്യം ശർക്കര കൈയ്യിൽ വയ്ക്കുന്നത് വരെ, ഒരു ചെറിയ കോപ്പ മരുന്ന് പോലും കഴിക്കാൻ തയ്യാറാകുകയുമില്ല.

28. രോഗിയായ ഒരു വ്യക്തിയുടെ മേൽ ബലം പ്രയോഗിച്ചിട്ട് കാര്യമില്ല. അപ്പോൾ ഭിഷഗ്വരൻ ഒരു പദ്ധതി തയ്യാറാക്കുകയും ആദ്യം ശർക്കരയും പിന്നീട് ഔഷധവും നൽകുന്നു. പക്ഷേ അയാളുടെ ഉദ്ദേശ്യം സാധിച്ചിരിക്കും.

29. പക്ഷേ, ശർക്കരയുടെ ദോഷഫലങ്ങൾ ഇല്ലാതാക്കുന്ന തരത്തിൽ അയാൾ ഔഷധത്തിൽ മാറ്റങ്ങൾ വരുത്തുന്നു. കൊടുക്കുന്ന മരുന്നിന് അതിന്റെ ഫലമുണ്ടാകും. അതേപോലെയാണ് ബാബയുടെ രീതികളും.

30. പക്ഷേ ഇത് പൊതുവായ തത്ത്വമായിരുന്നില്ല. അദ്ദേഹത്തിന്റെ അനുഗ്രഹം ചൊരിയാനുള്ള മാർഗ്ഗം ആശ്രയിച്ചിരുന്നത് ഭക്തന്റെ യോഗ്യത, പ്രകൃതം, സേവനം, സ്നേഹം എന്നിവയിലായിരുന്നു.

31. ബാബയുടെ മാർഗ്ഗങ്ങൾ അനുപമമാണ്. ആരോടെങ്കിലും അദ്ദേഹം സംതൃപ്തനാകുകയാണെങ്കിൽ അദ്ദേഹം തന്റെ കൃപ ചൊരിഞ്ഞിരുന്നു. അത് ഏത് അവസരത്തിലാണ് ഉണ്ടായതെന്ന് ശ്രവിക്കുക.

32. അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ, സ്വാഭാവികമായി നർമ്മസല്ലാപം നടത്തുമ്പോഴോ ചിരിക്കുമ്പോഴോ, ഭക്തരുടെ ക്ഷേമം അവർ പോലും ചിന്തിക്കാതെ നേടിയിരിക്കും.

33. ഭക്തർ സാധാരണരീതിയിൽ ഏതെങ്കിലും ധാർമ്മികഗ്രന്ഥങ്ങൾ പാരായണം ചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ, അവർ ഗ്രന്ഥം ബാബയുടെ കൈകളിൽ നൽകുകയും അത് പ്രസാദമായി തിരികെ സ്വീകരിക്കുകയും ചെയ്തിരുന്നു.

34. പിന്നീട് ആ ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ അത് വളരെ ഉപകാരപ്രദമാ

യിരിക്കും. അത് മുഴുവൻ പ്രസാദം നിറഞ്ഞിരിക്കുന്നതിനാൽ, അത് പ്രഭാഷകർക്കും ശ്രോതാക്കൾക്കും ശ്രേഷ്ഠമായ നന്മകൾ നൽകും.

35. ചിലർ ദശാവതാരത്തിന്റെ[2] ചിത്രങ്ങൾ നൽകി, ചിലർ ദശാവതാരസ്തോത്രം നൽകി, ചിലർ പഞ്ചരത്നി ഗീത[3]യും മറ്റ് ദിവ്യഗ്രന്ഥങ്ങളും ചിത്രങ്ങളും.

36. ദാസ്ഗനുവിന്റെ 'സന്ത്ലീലാമൃതവും' 'ഭക്തലീലാമൃതവും' 'വിവേകസിന്ധു[4]വും' ബാബയ്ക്ക് അർപ്പിക്കപ്പെടുകയും ബാബ അവ ശാമയ്ക്ക് നൽകുകയും ചെയ്തു.

37. "ശാമാ ഈ ഗ്രന്ഥങ്ങൾ നിനക്കുള്ളതാണ്," എന്ന് അദ്ദേഹം പറയും. "അവ ഗൃഹത്തിൽ ശരിയായ രീതിയിൽ സൂക്ഷിക്കുക." ശാമ വന്ദിച്ചുകൊണ്ട് നിർദ്ദേശങ്ങൾ അനുസരിക്കുകയും അവ ഒരു തുണിക്കഷണത്തിൽ പൊതിഞ്ഞ് സൂക്ഷിക്കുകയും ചെയ്തു.

38. ഇതേ ചിന്തയോടെ, ബാബയുടെ കൈകളിൽ നൽകാനും തിരികെ പ്രസാദമായി സ്വീകരിക്കാനും വേണ്ടി, ഭക്തർ കടകളിൽ നിന്നും ഗ്രന്ഥങ്ങൾ വാങ്ങിയിരുന്നു.

39. ബാബയുടെ പ്രകൃതം ദയാപരവും മൃദുലവുമായിരുന്നെങ്കിലും, ഇത് ചെയ്യുന്നതിനും ധൈര്യം ആവശ്യമായിരുന്നു, അതിനാൽ സന്ദർഭം യോജിച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് വേണ്ടി അവർ മാധവറാവുവിനെ അവരുടെ ഒപ്പം കൂട്ടിയിരുന്നു.

40. അനുകൂലമായ അവസരത്തിൽ അയാൾ ഗ്രന്ഥം ബാബയുടെ കൈകളിൽ നൽകും. ഗ്രന്ഥത്തിന്റെ പ്രാധാന്യം ബാബയ്ക്ക് അറിയാമായിരുന്നത് പോലെ, ഭക്തന്റെ കഴിവുകളും ബാബയ്ക്ക് അറിയാമായിരുന്നു.

41. ചിലപ്പോൾ ഭക്തർ ബാബയുടെ കൈകളിൽ ഗ്രന്ഥം നൽകുമ്പോൾ, ബാബ ഗ്രന്ഥത്തിന്റെ താളുകൾ മറിക്കും. ഗ്രന്ഥം തിരികെ ലഭിക്കാൻ വേണ്ടി ഭക്തർ കൈകൾ നീട്ടും.

42. പക്ഷേ ബാബ അത് തിരികെ അവർക്ക് നൽകില്ല. അദ്ദേഹം അത് മാധവറാവുവിന് നൽകിക്കൊണ്ട് പറയും, "ശാമാ, ഇത് നിന്റെ പക്കൽ സൂക്ഷിക്കുക. തൽക്കാലം അത് നിന്റെ അടുക്കൽ ഇരിക്കട്ടെ."

43. ശാമ പ്രത്യേകമായി ചോദിക്കും: "ഞാൻ ഇത് അതിന്റെ ഉടമസ്ഥന് തിരികെ നൽകട്ടെ, എന്തെന്നാൽ അയാൾ വളരെ ആശയോടെ അതിനുവേണ്ടി കൈനീട്ടിയിരുന്നു?" എന്നാലും അദ്ദേഹം പറയും: "നീ അത് സൂക്ഷിക്കുക."

44. ഒരിക്കൽ ഭാഗവതം പാരായണം ചെയ്യാൻ വളരെ ഇഷ്ടപ്പെട്ടിരുന്ന കാക്കാമഹാജനി എന്ന ഭക്തൻ അതിന്റെ ഒരു പതിപ്പുമായി ഷിർദിയിൽ വന്നു.

45. മാധവറാവു അയാളെ സന്ദർശിക്കാനെത്തി. അയാൾ ആ ഗ്രന്ഥം പാരായണം ചെയ്യാനായി കൈയ്യിലെടുക്കുകയും അതുമായി മസ്ജിദിലെത്തുകയും ചെയ്തു. ബാബ സാധാരണമട്ടിൽ അയാളോട് ചോദിച്ചു.

46. "ശാമാ, നിന്റെ കൈയ്യിലുള്ള ഈ ഗ്രന്ഥം ഏതാണ്?" ശാമ അതിനെപ്പറ്റി അദ്ദേഹത്തോട് മറുപടി പറഞ്ഞു. ബാബ അത് തന്റെ കൈകളിൽ എടുക്കു

കയും, അത് നോക്കിയ ശേഷം തിരികെ നൽകുകയും ചെയ്തു.

47. അതേ ഗ്രന്ഥം, അതേ പതിപ്പ്, അതേ നാഥഭാഗവതം മുമ്പൊരിക്കൽ ശ്രീയുടെ കൈകളാൽ പ്രസാദമായി മഹാജനിക്ക് നൽകപ്പെട്ടതായിരുന്നു.

48. "ഈ ഗ്രന്ഥം എന്റേതല്ല. ഇത് കാക്കാമഹാജനിയുടേതാണ്. ഇത് വായിക്കാൻ ആഗ്രഹമുണ്ടായതിനാൽ ഞാൻ ഇത് കടം വാങ്ങിച്ചതാണ്", ശാമ വിശദീകരിച്ചു.

49. എന്നിട്ടും ബാബ അയാളോട് പറഞ്ഞു: "ഞാൻ അത് നിനക്ക് നൽകിയെന്നതാണ് വസ്തുത. നീ അത് ഒരു തുണിയിൽ പൊതിഞ്ഞ് നിന്റെ ശേഖരത്തിൽ സൂക്ഷിക്കുക. നിനക്ക് അത് ഉപകാരപ്രദമായിരിക്കും."

50. അത് അങ്ങനെ കഴിഞ്ഞു. കുറച്ച് നാളുകൾക്ക് ശേഷം കാക്കാ വീണ്ടും ഷിർദിയിലെത്തി, ഭാഗവതത്തിന്റെ മറ്റൊരു പതിപ്പ് ഒപ്പം കൊണ്ടുവന്നിരുന്നു. അയാൾ അത് ബാബയുടെ കൈകളിൽ വച്ചു.

51. അത് തിരികെ പ്രസാദമായി നൽകപ്പെട്ടു. "ഇത് നന്നായി സൂക്ഷിക്കുക", എന്ന് ബാബ നിർദ്ദേശിച്ചു. "ഇത് മാത്രം നിനക്ക് ഏറ്റവും നല്ല സഹായമായി വർത്തിക്കും," എന്ന് കാക്കായ്ക്ക് ഉറപ്പ് നൽകപ്പെട്ടു.

52. "ഇത് മാത്രം നിനക്ക് ഏറ്റവും ഉപകാരപ്രദമാണെന്ന് തെളിയും. തീർച്ചയായും ഇത് മറ്റാർക്കും നൽകരുത്", എന്ന് വളരെ കരുതലോടെ അദ്ദേഹം പറഞ്ഞു. കാക്കാ സ്നേഹത്തോടെ ശിരസ്സ് നമിച്ചു.

53. സ്വയം ആഗ്രഹമുക്തനും, ബാബയ്ക്ക് ഒരു വസ്തുക്കളോടും താല്പര്യവും ഇല്ലായിരുന്നു. സ്വഭാവത്തിൽ, ദൈവികതയുടെ മൂർത്തരൂപമായിരുന്ന അദ്ദേഹത്തിന് വസ്തുക്കൾ ശേഖരിക്കേണ്ട ആവശ്യമെന്താണ്?

54. ആർക്കാണ് ബാബയുടെ ഉദ്ദേശ്യങ്ങൾ ഗ്രഹിക്കാൻ കഴിയുക? പക്ഷേ ഈ വക ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതും പാരായണം ചെയ്യുന്നതും ഭക്തർക്ക് ആത്മശുദ്ധി നേടാനുള്ള മാർഗ്ഗമായിരുന്നു.

55. ഇപ്പോൾ ഷിർദി ഒരു പുണ്യസ്ഥലമായിരിക്കുന്നു, വ്യത്യസ്തവും വിദൂരവുമായ ദേശങ്ങളിൽ നിന്ന് ബാബയുടെ ശിഷ്യർ എത്തുകയും, ഇടയ്ക്കിടയ്ക്ക് ഒത്തുകൂടി, ആഘോഷങ്ങൾ നടത്താനും, ജ്ഞാനം സമ്പാദിക്കാനും ഈശ്വരപ്രാർത്ഥനയ്ക്കുമായി തുടർച്ചയായി യോഗങ്ങൾ നടത്തുകയും ചെയ്യുന്നു.

56. ഈ ഗ്രന്ഥങ്ങൾ ആ സമയങ്ങളിൽ ഉപകരിക്കും. ശാമ, അവയൊക്കെ അവയുടെ ആവരണം മാറ്റി, അവർക്ക് കാട്ടിക്കൊടുക്കും. നമ്മൾ അവിടെ എന്നന്നേയ്ക്കുമായി ഇല്ലാതെ വന്നാലും, ഈ ഗ്രന്ഥങ്ങൾ വിജ്ഞാനത്തിന്റെ സ്വരൂപമായി അവിടെ വർത്തിക്കും.

57. ഭക്തർ ഷിർദിയിലോ മറ്റെവിടെയുമെങ്കിലോ ആയാലും അവർ ഈ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ അവർ ബാബയെയും, അദ്ദേഹത്തിന്റെ ഉപദേശങ്ങളെയും കുറിച്ച് ഓർമ്മിക്കും. ഗ്രന്ഥങ്ങൾ ശേഖരിക്കാനുള്ള കാരണം ഇതാണെന്ന് തോന്നുന്നു.

58. രാമായണമായാലും ഭാഗവതമായാലും ആത്മീയ കാര്യങ്ങൾ വിവരിക്കുന്ന

മറ്റേതൊരു ഗ്രന്ഥമായാലും രാമന്റെയോ കൃഷ്ണന്റെയോ ജീവിതകഥയായാലും, സായി മാത്രമാണ് മനക്കണ്ണിൽ തെളിയുന്നത്.

59. ഈ ഗ്രന്ഥങ്ങളിലെ ശ്രേഷ്ഠരായ കഥാപാത്രങ്ങൾ സായി തന്നെയാണെന്ന് തോന്നും; വിവരിക്കുന്ന ആളും ശ്രോതാക്കളും എല്ലായ്പ്പോഴും സായിയുടെ രൂപം മുമ്പിൽ കാണും.

60. ഒരു ഗ്രന്ഥം ഗുരുവിന് സമർപ്പിക്കുകയോ, ഒരു ബ്രാഹ്മണന് ഉപഹാരമായി നൽകുകയോ ചെയ്താൽ, അത് നൽകുന്നവന് നന്മ ലഭിക്കുമെന്ന് ശാസ്ത്രങ്ങൾ പറയുന്നു.

61. "നീ ഇത് ഗൃഹത്തിലേയ്ക്ക് കൊണ്ടുപോയി, തുണിയിൽ പൊതിഞ്ഞ് സൂക്ഷിക്കുക", എന്ന് പറഞ്ഞുകൊണ്ട് ബാബ ശാമയെ ഏൽപ്പിച്ച കൃത്യത്തിന് പുറകിലുള്ള ഉദ്ദേശ്യം ഒരു നിസ്സാരമായ കാര്യമാണോ?

62. ശാമ വളരെ ഉറച്ച ഒരു ഭക്തനാണെന്നതുപോലെ തന്നെ ബാബയ്ക്ക് അയാളോട് തിരിച്ചും സ്നേഹമുണ്ടായിരുന്നു. അതിനാൽ അയാളുടെ ആത്മീയപുരോഗതിക്കുവേണ്ടി ക്രമമായ ചില ശീലങ്ങൾ അയാൾക്കുണ്ടാകണമെന്ന് ബാബയ്ക്ക് ആഗ്രഹമുണ്ടായി.

63. അതിനാൽ അദ്ദേഹം എന്താണ് ചെയ്തതെന്ന് നോക്കുക. ശാമയ്ക്ക് ഒട്ടും താല്പര്യമില്ലാതിരുന്നിട്ടും, അയാൾക്ക് അനുഗ്രഹവും ഉപകാരവും ലഭിച്ചു. ഏത് സാഹചര്യത്തിലാണ് അത് ചെയ്തതെന്ന് നോക്കുക.

64. ഒരിക്കൽ മസ്ജിദിൽ ഒരു രാമദാസിബുവ വന്നു. രാമായണം പാരായണം ചെയ്യുക എന്നത് അയാളുടെ പതിവായിരുന്നു.

65. അതിരാവിലെ ശരീരശുദ്ധി വരുത്തി, സ്നാനത്തിനുശേഷം സന്ധ്യാ[5]പൂജ ചെയ്ത്, ദിവ്യവിഭൂതി ചാർത്തി, കാവിവസ്ത്രം ധരിച്ചുകൊണ്ട് നിശ്ചിതമായ ഒരു സ്ഥലത്ത് അയാൾ ഗ്രന്ഥം പാരായണം ചെയ്യാൻ വേണ്ടി ഇരിക്കും.

66. പിന്നീട് അയാൾ 'വിഷ്ണുസഹസ്രനാമവും അധ്യാത്മരാമായണവും'[6] പാരായണം ചെയ്യും. അയാൾ ഈ ഗ്രന്ഥങ്ങൾ വീണ്ടും വീണ്ടും പാരായണം ചെയ്യും; അത് പൂർണ്ണവിശ്വാസത്തോടെ തുടർന്നുകൊണ്ടിരുന്നു.

67. ഇത്തരത്തിൽ കുറേ നാളുകൾ കഴിയുകയും മാധവറാവുവിന്റെ ഉചിതമായ സമയം എത്തുകയും ചെയ്തപ്പോൾ സായിസമർത്ഥൻ ചിലത് ചിന്തിച്ചു. ആ കഥ കേൾക്കുക.

68. മാധവറാവുവിന്റെ സേവനങ്ങൾക്ക് ഫലമുണ്ടായി. അയാളെ ക്രമമായ ചില ചര്യകളിലേയ്ക്ക് കൊണ്ടുവരാനും ഭക്തിമാർഗ്ഗത്തിന്റെ പ്രസാദം നൽകാനുമുള്ള സമയം ആഗതമായിരിക്കുന്നു, അതിലൂടെ അയാൾക്ക് ഈ ലൗകിക ജീവിതത്തിൽ ശാന്തി ലഭിക്കും.

69. ബാബ ഇപ്രകാരം ചിന്തിച്ചപ്പോൾ, അദ്ദേഹം രാമദാസിയെ തന്റെ സമീപത്തേയ്ക്ക് വിളിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു. "എനിക്ക് എന്റെ ഉദരത്തിൽ കഠിനമായ വേദന തോന്നുന്നു. കുടൽമാല മുറിഞ്ഞ് പോകുന്നത് പോലെ തോന്നുന്നു.

70. “ഈ ഉദരവേദന തീരെ കുറയുന്നില്ല, പോകൂ. പെട്ടെന്ന് കുറച്ച് കൊന്നയുടെ തോട് കൊണ്ടുവരിക. അതിൽ നിന്ന് അല്പം ഞാൻ സേവിച്ചില്ലെങ്കിൽ അസഹനീയമായ ഈ വേദന ശമിക്കില്ല.”

71. എളിയവനായ രാമദാസി ഒരു നിർമ്മലഭക്തനായിരുന്നു. അയാൾ ഗ്രന്ഥത്തിൽ ഒരു അടയാളം വച്ചുകൊണ്ട് ഒരു ഭാഗത്തേയ്ക്ക് മാറ്റിവച്ചു. ബാബയുടെ ആജ്ഞ അനുസരിച്ച് കൊണ്ട് അയാൾ അങ്ങാടിയിലേയ്ക്ക് ഓടി.

72. രാമദാസി പടിക്കെട്ടുകൾ ഇറങ്ങിയ ഉടനെ, ബാബ എന്താണ് ചെയ്തതെന്ന് നോക്കുക! അദ്ദേഹം പെട്ടെന്ന് തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് ഗ്രന്ഥങ്ങളുടെ അടുത്തെത്തി.

73. അവിടെ മറ്റ് ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വിഷ്ണുസഹസ്രനാമവുമുണ്ടായിരുന്നു. അദ്ദേഹം അത് എടുത്ത് തന്റെ കൈയ്യിൽ വച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ഇരിപ്പിടത്തിലെത്തി.

74. എന്നിട്ട് പറഞ്ഞു: “ശാമാ, നിനക്ക് ഈ പോത്തി അറിയാമല്ലോ. നോക്കൂ ഇത് വളരെ ഗുണപ്രദമാണ്. അതിനാൽ ഞാൻ ഇത് നിനക്ക് നൽകുന്നു. നീ ഇത് പാരായണം ചെയ്യുക.

75. “ഒരിക്കൽ ഞാൻ വളരെ വേദന അനുഭവിച്ചു എന്റെ ഹൃദയം ധൃതഗതിയിൽ മിടിക്കാൻ തുടങ്ങി. ഞാൻ വളരെ അസ്വസ്ഥനാകുകയും, ജീവിക്കുമെന്നുള്ള പ്രതീക്ഷ എനിക്ക് തീരെ ഇല്ലാതാകുകയും ചെയ്തു.

76. “ശാമാ, ആ അനുഭവത്തെപ്പറ്റി ഞാൻ എന്താണ് നിന്നോട് പറയുക? എങ്ങനെയാണ് ആ ഗ്രന്ഥം ഉപകാരപ്രദമായത്! ഈ ജീവനെ അത് രക്ഷപ്പെടുത്തിയത്.

77. “ഞാൻ, അല്പനേരത്തേയ്ക്ക് അത് എന്റെ ഹൃദയത്തിലേയ്ക്ക് ചേർത്ത് പിടിക്കുകയും പെട്ടെന്ന് എനിക്ക് ആശ്വാസം ലഭിക്കുകയും ചെയ്തു. അള്ളാഹ് സ്വയം ഇറങ്ങി വരികയും ഈ ജീവനെ രക്ഷിക്കുകയും ചെയ്തത് പോലെ തോന്നി.

78. “അതിനാൽ ശാമാ ഇത് നീ എടുത്തുകൊള്ളൂ. അത് ക്രമമായി കുറേശ്ശേ വായിക്കുക. ഓരോ ദിവസവും ഒന്നോ രണ്ടോ വാക്കുകൾ നോക്കുക. അത് നിനക്ക് വളരെ ആനന്ദം നൽകും.”

79. ശാമ പറഞ്ഞു: “എനിക്ക് അത് വേണ്ട. രാമദാസി എന്നോട് കോപിക്കുകയും, ഞാൻ അയാളുടെ പുറകിലൂടെ ഈ അന്യായം പ്രവർത്തിച്ചെന്ന് പറയുകയും ചെയ്യും.

80. “അയാൾ സ്വതവേ അരക്കിറുക്കനും, മുൻകോപക്കാരനും, ശുണ്ഠിക്കാരനും എല്ലായ്പ്പോഴും ആവലാതി പറഞ്ഞുനടക്കുന്ന തരക്കാരനുമാണ്. എന്തിനാണ് അയാളുമായി അനാവശ്യമായ വഴക്ക് ഉണ്ടാക്കുന്നത്? എനിക്ക് ഈ ശല്യം ആവശ്യമില്ല.

81. “മാത്രവുമല്ല പോത്തി സംസ്കൃതത്തിലുള്ളതാണ്. എന്റെ ഭാഷ അപരിഷ്കൃതവും ഗ്രാമീണവുമാണ്. എനിക്ക് ഇത് വ്യക്തമായി ഉച്ചരിക്കാൻ കഴിയില്ല.”

82. ബാബയുടെ പ്രവൃത്തികൾ കണ്ടപ്പോൾ ശാമ കരുതിയത് ബാബയ്ക്ക് അയാളെ രാമദാസിയുമായി വഴക്കടിപ്പിക്കണമെന്നാണ്, പക്ഷേ ബാബയ്ക്ക് അയാളോടുള്ള ഹൃദയംഗമമായ കരുതലിനെക്കുറിച്ച് അയാൾക്ക് തീരെ അറിയില്ലായിരുന്നു.

83. "എന്റെ ശാമ ബുദ്ധിശൂന്യനായിരിക്കാം, പക്ഷേ എനിക്ക് അവനോട് വാത്സല്യമുണ്ട്. അവന് എന്നോട് അസാധാരണമായ സ്നേഹമുണ്ട്. ഞാൻ അവനെയോർത്ത് വളരെ ഉത്കണ്ഠാകുലനാണ്.

84. "ഞാൻ ഈ വിഷ്ണുസഹസ്രനാമം എന്റെ സ്വന്തം കരങ്ങൾകൊണ്ട് അവന്റെ കണ്ഠത്തിൽ ചാർത്തുകയും അത് പാരായണം ചെയ്യാനുള്ള ആഗ്രഹം അവനിൽ വളർത്തി, അവനെ ഈ ലോകജീവിതത്തിലെ ദുരിതങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യും."

85. 'ഈശ്വരനാമത്തിന് പാപത്തിന്റെ മലകളെ തച്ചുടയ്ക്കാൻ കഴിയും. ഈശ്വരനാമം ദേഹബന്ധനങ്ങളെ അഴിച്ചുമാറ്റും. ഈശ്വരനാമം കോടിക്കണക്കിന് ദുഷിച്ച ആസക്തികളെ വേരോടെ പിഴുതുമാറ്റും.

86. 'ഈശ്വരനാമത്തിന് മരണത്തിന്റെ അഹങ്കാരം നശിപ്പിക്കാനും ജനനമരണവൃത്തം അവസാനിപ്പിക്കാനും കഴിയുന്നു. ഈ സഹസ്രനാമമെന്ന നിധിയിൽ ശാമയ്ക്ക് ആഗ്രഹമുണ്ടാകണമെന്ന് എനിക്ക് താൽപര്യമുണ്ട്.

87. 'പൂർണ്ണമായ ശ്രദ്ധയോടെ ഈശ്വരനാമം ജപിക്കുന്നത് വളരെ ഫലപ്രദമാണ്. പക്ഷേ അശ്രദ്ധമായ ഒരു ഉച്ചാരണം പോലും അതിന്റെ ഫലം നൽകും. അറിയാതെ ഉച്ചരിക്കുമ്പോൾ പോലും അതിന്റെ ശക്തി പ്രകടമാകും.

88. 'ആന്തരികശുദ്ധീകരണത്തിന് ഈശ്വരനാമം ജപിക്കുന്നതുപോലെ ലളിതമായ മറ്റൊരു മാർഗ്ഗമില്ല. ഈശ്വരനാമം നാവിന് അലങ്കാരമാണ്. ഈശ്വരനാമം ആത്മീയതയെ നിലനിർത്തുന്നു.

89. 'ഈശ്വരനാമം ഉച്ചരിക്കുന്നതിന് സ്നാനം ചെയ്യേണ്ടത് അത്യാവശ്യമല്ല. ഈശ്വരനാമം ജപിക്കുന്നതിന് ശാസ്ത്രീയനിയമങ്ങൾ പാലിക്കേണ്ടതില്ല. ഈശ്വരനാമം സകലപാപങ്ങളെയും നശിപ്പിക്കുന്നു. ഈശ്വരനാമം എല്ലായ്പ്പോഴും പരിശുദ്ധമാണ്.

90. 'നിരന്തരമായ എന്റെ നാമജപം ഒന്നുമാത്രം നിന്നെ ഈ ലോകസാഗരം കടത്തിവിടും. മുക്തി നേടാൻ മറ്റൊരു മാർഗ്ഗവും ആവശ്യമില്ല.

91. 'എന്റെ നാമം ആവർത്തിച്ച് ഉച്ചരിക്കുന്നവന്റെ പാപങ്ങൾ എരിയിക്കപ്പെടും. നിരന്തരം എന്റെ നാമം ഉരുവിടുന്നവൻ ധാർമ്മികരിൽ വച്ചേറ്റവും ധാർമ്മികനാണെന്ന് ഞാൻ കരുതും.'

92. ഇതായിരുന്നു ബാബയുടെ ഉള്ളിലുള്ള ഉദ്ദേശ്യം, അദ്ദേഹം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. ശാമ നിരസിച്ചെങ്കിലും ബാബ അത് അയാളുടെ കീശയിൽ തിരുകിവച്ചു.

93. ശാമയുടെ പൂർവ്വികർ പുണ്യകർമ്മങ്ങൾ ചെയ്തിട്ടുണ്ടാകും, അതിന്റെ ഫലങ്ങൾ ഈ അനുഗ്രഹത്തിലൂടെ അയാൾക്ക് ലഭ്യമായി. ശുദ്ധമായ ഈ സഹ

സ്രനാമം, തീർച്ചയായും അയാളുടെ ലൗകികക്ലേശങ്ങൾ ഇല്ലാതാക്കും.

94. മറ്റ് ആചാരങ്ങളൊക്കെ ശാസ്ത്രീയ നിയമപ്രകാരം പാലിക്കേണ്ടതാണ്. പക്ഷേ ഈശ്വരനാമം, ഏത് സമയത്തും തുടർച്ചയായി ജപിക്കാൻ കഴിയും. അവധി ദിവസമാണെന്നതോ, വൈകുന്നേരത്തെ ശിവപൂജയ്ക്കുള്ള സമയമാണെന്നതോ ഒന്നും തന്നെ അതിനെ ബാധിക്കുന്ന പരിമിതികളല്ല. ഇതിനേക്കാൾ സുഗമമായ മറ്റൊരു മാർഗ്ഗവുമില്ല.

95. ഇതേപോലെ, ഏകനാഥ് അദ്ദേഹത്തിന്റെ അയൽപക്കക്കാരന് നിർബന്ധമായി സഹസ്രനാമം നൽകിക്കൊണ്ട് അയാളെ ധാർമ്മികപാതയിലേയ്ക്ക് നയിച്ചു.

96. നാഥിന്റെ ഗൃഹത്തിൽ ദിനവും പുണ്യഗ്രന്ഥങ്ങൾ പാരായണം ചെയ്യപ്പെട്ടിരുന്നു. പക്ഷേ ഈ പ്രത്യേക വ്യക്തി, ഒരു ബ്രാഹ്മണനായിട്ടുകൂടി, അശുദ്ധനായി കഴിയുകയും സന്ധ്യാപൂജകൾ ചെയ്തതുമില്ല. അയാൾ ദുർവൃത്തികളിൽ മുഴുകി.

97. അയാൾ ഒരിക്കലും പുണ്യഗ്രന്ഥങ്ങളുടെ പാരായണം ശ്രവിച്ചില്ല, കാരണം ദുർന്നടപ്പുകാരനായ ഈ വ്യക്തി നാഥിന്റെ ഗൃഹത്തിന്റെ പടി കയറുകപോലും ചെയ്തിരുന്നില്ല. നാഥിന് സ്വയം അയാളോട് ദയ തോന്നുകയും, തന്റെ ഗൃഹത്തിലേയ്ക്ക് വിളിപ്പിക്കുകയും ചെയ്തു.

98. 'അയാൾ ഉന്നതകുലത്തിൽ ജനിച്ചെങ്കിലും അയാളുടെ ജീവിതം പാഴാക്കുകയാണ്.' അസ്വാസ്ഥ്യജനകമായ ഈ വസ്തുതയോർത്ത് നാഥിന് വളരെ സഹതാപം തോന്നി. 'ഇത് എങ്ങനെ ഒഴിവാക്കാൻ കഴിയും?' എന്ന് അദ്ദേഹം ചിന്തിച്ചു.

99. അതിനാൽ, അയാൾ നിരസിച്ചിട്ടുപോലും ഒരു സമയത്ത് ഒരു ശ്ലോകമെന്ന രീതിയിൽ, വ്യക്തമായി ശരിയായ തരത്തിൽ സഹസ്രനാമം ഉച്ചരിച്ച് ഓർമ്മയിൽ സൂക്ഷിക്കാൻ, നാഥ് അയാളെ സഹായിക്കുകയും അത്തരത്തിൽ അയാളെ ഉദ്ധരിക്കുകയും ചെയ്തു.

100. സഹസ്രനാമം പാരായണം ചെയ്യുന്നതും അധ്യയനം ചെയ്യുന്നതും മനസ്സിനെ പരിശുദ്ധമാക്കാനുള്ള വിശാലമായ മാർഗ്ഗവും അത് പൗരാണികവുമാണെന്നതായിരുന്നു, ശാമയ്ക്ക് അത് ബലമായി നൽകാനുള്ള ബാബയുടെ കാരണം.

101. രാമദാസി, കൊന്നത്തോടിന്റെ മരുന്നുമായി പെട്ടെന്ന് തിരികെ എത്തി. നാരദനെപ്പോലെ ലഹളകൾ സൃഷ്ടിച്ച് രസം കണ്ടെത്തിയിരുന്ന അന്നാ[7] സമീപത്ത് ഉണ്ടായിരുന്നു, സംഭവിച്ചതൊക്കെ അയാൾ വിശദമായി വിവരിച്ചു.

102. രാമദാസി സ്വതവേ ശുണ്ഠിക്കാരനായിരുന്നു. കൂടാതെ നാരദന്റെ ഇടപെടലും ഉണ്ടായിരുന്നു. അപ്പോൾ ഉണ്ടാകാവുന്ന അസാധാരണമായ സംഭവം ഉചിതമായ വാക്കുകളിൽ വിവരിക്കാൻ ആർക്കാണ് കഴിയുക?

103. രാമദാസി എല്ലായ്പ്പോഴും സംശയാലുവായിരുന്നു. അയാൾക്ക് മാധവറാവുവിനെക്കുറിച്ച് സംശയങ്ങളുമുണ്ടായിരുന്നു. അയാൾ പറഞ്ഞു: "അവൻ എന്റെ ഗ്രന്ഥം തട്ടിയെടുക്കാനായി ബാബയെ ഇടനിലക്കാരനാക്കി."

104. കൊന്നത്തോടിന്റെ കാര്യം വിസ്മൃതിയിലായി. അയാൾ മാധവറാവുവിന്റെ

നേർക്ക് നിർദ്ദയമായ രീതിയിൽ വാക്കുകൾ കൊണ്ടുള്ള ആക്രമണം അഴിച്ചു വിട്ടു. അയാളുടെ ഉഗ്രമായ കോപം അനിയന്ത്രിതമാകുകയും, അയാൾ ധാരാളം അസഭ്യമായ വാക്കുകൾ അവന്റെ മേൽ ചൊരിയുകയും ചെയ്തു.

105. "ഉദരവേദന വെറും അഭിനയം മാത്രമായിരുന്നു. നീ ആണ് ബാബയെ പ്രേരിപ്പിച്ചത്. നിനക്ക് എന്റെ ഗ്രന്ഥത്തിന്റെ മേൽ ഒരു കണ്ണുണ്ടായിരുന്നു. ഞാൻ ഇത് സഹിക്കില്ല.

106. "ഞാൻ നിർഭയനായ ഒരു രാമദാസിയാണ്, എന്റെ പേര് സൂചിപ്പിക്കുന്നത് പോലെ. നീ കുടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാതെ എന്റെ ഗ്രന്ഥം തിരികെ നൽകിയില്ലെങ്കിൽ ഞാൻ നിന്റെ മുമ്പിൽ എന്റെ തല തല്ലിത്തകർത്ത് എന്റെ രക്തം ധാരാളമായി ഒഴുക്കും.

107. "നീ എന്റെ ഗ്രന്ഥം തട്ടിയെടുത്തു, ഈ ഗൂഢമായ നാടകം ആസൂത്രണം ചെയ്ത്, കുറ്റം മുഴുവൻ ബാബയുടെ മേൽ കെട്ടിവച്ച്, നീ സ്വയം ഒഴിഞ്ഞുമാറി."

108. മാധവറാവു അയാളെ പറഞ്ഞു മനസ്സിലാക്കിക്കാൻ പരമാവധി ശ്രമിച്ചെങ്കിലും രാമദാസിയെ സമാധാനിപ്പിക്കാൻ കഴിഞ്ഞില്ല. അപ്പോൾ മാധവറാവു വളരെ ശാന്തനായി എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

109. "വഞ്ചന ചെയ്തുവെന്ന് എന്റെ മേൽ തെറ്റായി ആരോപണം നടത്തരുത്. നിങ്ങളുടെ ഈ ഗ്രന്ഥത്തിന് വേണ്ടി എന്തിനാണ് നിങ്ങൾ ഇത്രയധികം ബഹളം വയ്ക്കുന്നത്? അതൊരു അപൂർവ്വ വസ്തുവല്ല.

110. " നിങ്ങളുടെ ഗ്രന്ഥം സ്വർണ്ണംകൊണ്ട് അലങ്കരിച്ച് രത്നം പതിച്ചതാണോ? നിങ്ങൾക്ക് ബാബയിൽ വിശ്വാസമില്ലെങ്കിൽ നിങ്ങളുടെ ജീവിതം അവജ്ഞയർഹിക്കുന്നതാണ്."

111. രാമദാസിയുടെ നിർബന്ധബുദ്ധി കണ്ട് ബാബ വളരെ മധുരമായി അയാളോട് പറഞ്ഞു: "ഓ രാമദാസി, എന്താണ് പ്രശ്നം? നീ എന്താണ് അനാവശ്യമായി അസ്വസ്ഥനാകുന്നത്?

112. "ശാമ നമ്മുടെ കുഞ്ഞല്ലേ? കാരണമൊന്നുമില്ലാതെ ഉച്ചത്തിൽ ബഹളം വച്ച് വഴക്കുണ്ടാക്കി, മറ്റുള്ളവരുടെ മുമ്പിൽ കോലാഹലം സൃഷ്ടിക്കുന്നത് എന്തിനാണ്?

113. "എന്തുകൊണ്ടാണ് നീ എല്ലായ്പ്പോഴും വഴക്കടിക്കുന്നത്? നിനക്ക് സൗമ്യമായും മധുരമായും സംസാരിക്കാൻ കഴിയില്ലേ? നീ പതിവായി ഈ ഗ്രന്ഥങ്ങൾ പാരായണം ചെയ്തിട്ടും നിന്റെ മനസ്സ് അശുദ്ധമാണ്.

114. "ദിവസവും നീ അധ്യാത്മരാമായണം വായിക്കുകയും സഹസ്രനാമം ചൊല്ലുകയും ചെയ്യുന്നു. എന്നിട്ടും നിന്റെ അനിയന്ത്രിതമായ വികാരങ്ങളെ ഇല്ലാതെയാക്കാൻ നിനക്ക് കഴിഞ്ഞിട്ടില്ല. എന്നിട്ട് നീ സ്വയം രാമദാസി എന്ന് പറഞ്ഞ് നടക്കുന്നു.

115. "എന്ത് തരത്തിലുള്ള രാമദാസിയാണ് നീ? നീ തീർത്തും നിഷ്കാമിയായിരിക്കണം; പക്ഷേ ഗ്രന്ഥം കൈവശം സൂക്ഷിക്കാനുള്ള തീവ്രമായ ആഗ്രഹത്തെ

കീഴടക്കാൻ നിനക്ക് കഴിയുന്നില്ല. ഈ പെരുമാറ്റത്തെ എന്ത് പേരിട്ടാണ് വിളിക്കുക?

116. "ഒരു യഥാർത്ഥ രാമദാസിക്ക് ഒട്ടും മമത ഉണ്ടാകാൻ പാടില്ല, പക്ഷേ, ചെറുപ്പക്കാരെയും വൃദ്ധരെയും ഒരേപോലെ കാണണം. നീ ഈ ബാലന്റെ നേർക്ക് ശത്രുത കാട്ടുകയും ഈ ഗ്രന്ഥത്തിന് വേണ്ടി അടിപിടി കൂടുകയും ചെയ്യുന്നു.

117. നീ പോയി നിന്റെ ഇരിപ്പിടത്തിൽ ഇരിക്കൂ. പണം കൊടുത്ത് ധാരാളമായി ഗ്രന്ഥങ്ങൾ വാങ്ങാൻ കഴിയും, പക്ഷേ മനുഷ്യരെ കിട്ടില്ലാ, ഈ ലോകാവസാനം വരെയും. ഇത് നന്നായി ഓർത്ത് വയ്ക്കുക.

118. "നിന്റെ ഗ്രന്ഥത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശാമയ്ക്ക് ഒരു അറിവുമില്ല. ഞാൻ സ്വയം അത് എടുത്ത് അവന് നൽകി.

119. "നിനക്ക് ഈ ഗ്രന്ഥം മനഃപാഠമാണ്. ശാമ അത് പാരായണം ചെയ്ത്, ആവർത്തിച്ച് ജപിച്ച് ശ്രേഷ്ഠമായ നന്മ കൈവരിക്കണമെന്നുള്ളതുകൊണ്ട്, അത് അവന് കൊടുക്കണമെന്ന് ഞാൻ ചിന്തിച്ചു."

120. മധുരവും, കരുണ നിറഞ്ഞതും, ഒപ്പം ശാന്തിദായകവും, ആനന്ദപ്രദവുമായ ആ വാക്കുകൾ എത്ര വശ്യമായിരുന്നു. അവ സമാനതകളില്ലാത്തവണ്ണം അനുപമമായിരുന്നു.

121. രാമദാസിക്ക് സാഹചര്യത്തെക്കുറിച്ച് ബോധമുണ്ടായി. എന്നിട്ടും കടുത്ത കോപത്തോടെ അയാൾ മാധവറാവുവിനോട് പറഞ്ഞു: "ഈ ഗ്രന്ഥത്തിന് പകരം, ഞാൻ നിന്റെ പക്കൽ നിന്നും പഞ്ചരത്നിഗീത എടുക്കും. ഇത് ഇപ്പോൾ ഞാൻ വളരെ വ്യക്തമായി പറയുകയാണ്."

122. രാമദാസി ശാന്തനായതുകൊണ്ട് മാധവറാവു സന്തുഷ്ടനായി. "എന്തിന് ഒന്നു മാത്രം, പകരം ഗീതയുടെ പത്ത് പ്രതികൾ ഞാൻ നിങ്ങൾക്ക് തരുന്നതാണ്."

123. അത് അങ്ങനെ കഴിഞ്ഞു. തർക്കം അത്തരത്തിൽ ഒത്തുതീർപ്പായി. ഗീത ഈടായി സ്വീകരിക്കപ്പെട്ടു. പക്ഷേ ഗീതയിലെ ദേവതയെ പരിചയമില്ലാത്ത ഒരു വ്യക്തി എന്തുകൊണ്ടാണ് അത് വേണമെന്ന് ആവശ്യപ്പെട്ടത്?

124. ബാബയുടെ മുമ്പിൽ വച്ച് തുടർച്ചയായി അധ്യാത്മരാമായണം പാരായണം ചെയ്യുന്ന ഒരു രാമദാസി എന്തുകൊണ്ടാണ് ബാബയോട് പരുഷമായി പെരുമാറുകയും അദ്ദേഹത്തിന്റെ കൺമുമ്പിൽ വച്ച് വഴക്കടിക്കുകയും ചെയ്യുന്നത്.

125. എനിക്കെങ്ങനെ ഉത്തരം പറയാൻ കഴിയും? ആരെ, എന്തുകൊണ്ട് കുറ്റപ്പെടുത്തും? ഈ സംഭവിച്ചതൊക്കെ അപ്രകാരം നടന്നില്ലായിരുന്നെങ്കിൽ, ഈ വിഷയത്തിന്റെ പ്രാധാന്യം എങ്ങനെ ഗ്രഹിപ്പിക്കും?

126. ഇത്രയും വലിയ ഒരു ലഹളയ്ക്ക് കാരണമായ ആ ഗ്രന്ഥം തന്നെയാണ് ബാബയുടെ വേദനയ്ക്ക് ആശ്വാസകരമായിരുന്നത്. അതുതന്നെയാണ് ഇപ്പോൾ എന്റെ ക്ഷേമത്തിനും കാരണം. ബാബയുടെ ഉപഹാരം വിലമതിക്കാനാകാ

ത്തതാണ്.

127. ഈ വലിയ പരിശ്രമം നടത്തിയില്ലായിരുന്നെങ്കിൽ, മാധവറാവുവിന് അതിൽ വിശ്വാസം ഉണ്ടാകുമായിരുന്നില്ല. തീർച്ചയായും അയാൾക്ക് വാക്കുകൾ ഉച്ച രിക്കാനോ അത് ചൊല്ലാനോ കഴിയുമായിരുന്നില്ല.

128. എത്ര സ്നേഹവാനാണ് ഈ സായിനാഥൻ! കുസൃതികൾ കാട്ടുന്ന ഒരു അപൂർവ്വ ആത്മീയാചാര്യൻ! എങ്ങനെ എപ്പോൾ അദ്ദേഹം ഈ കലാവിരുത് പ്രദർശിപ്പിക്കുമെന്ന് ആർക്കും ഗ്രഹിക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ മാർഗ്ഗ ങ്ങൾ അഗ്രാഹ്യമായിരുന്നു.

129. പിന്നീട് ശാമയുടെ വിശ്വാസം വർദ്ധിച്ചു. ദീക്ഷിതും നാർക്കേയും[8] കൂടി വാക്കു കൾ ശരിയായി ഉച്ചരിക്കാൻ അയാളെ പഠിപ്പിച്ചു. അവ ആവർത്തിച്ച് ചൊല്ലി മനഃപാഠമാക്കി. അവയുടെ അർത്ഥവും ഗ്രഹിച്ചു. അയാൾ ഗ്രന്ഥം മനഃപാഠ മായി പറയാൻ പഠിച്ചു.

130. അത് അങ്ങനെ കഴിഞ്ഞു. സായിയും മാധവറാവുവും തമ്മിലുള്ള ഈ സംഭാ ഷണം, ബാബയുടെ ശുദ്ധവും ലളിതവുമായ ഉപദേശത്തിന്റെ ഒരു വിശദീക രണമാണ്. അത് മുഴുവൻ ശ്രേഷ്ഠമായ ആനന്ദം നിറഞ്ഞിരിക്കുന്നു. അതൊരു ഹൃദ്യമായ അനുഭവമാണെന്നതിൽ സംശയമേതുമില്ല.

131. അതേപോലെ, അദ്ധ്യാത്മികവിഷയങ്ങൾ അധ്യയനം നടത്തിയവരെ ബാബ വളരെ സ്നേഹിച്ചിരുന്നു. അവസരം ഉണ്ടായപ്പോൾ അദ്ദേഹം ആ സ്നേഹം പ്രകടിപ്പിച്ചത് എങ്ങനെ എന്ന് കാണുക!

132. ഒരിക്കൽ ഷിർദി തപാൽ കാര്യാലയത്തിൽ ജോഗിന്റെ പേരിൽ ഒരു തപാൽ ഉരുപ്പടി എത്തി. അത് സ്വീകരിക്കാനായി അയാൾ ധൃതിയിൽ അവിടേയ്ക്ക് പോയി.

133. അത് ലോകമാന്യതിലകന്റെ ഗീതാരഹസ്യമെന്ന വ്യാഖ്യാനമാണെന്ന് അയാൾ കണ്ടു. അത് കക്ഷത്തിൽ വച്ചുകൊണ്ട് അയാൾ മസ്ജിദിൽ ദർശനത്തിനാ യെത്തി.

134. പ്രണമിക്കുന്നതിന് വേണ്ടി അയാൾ ശിരസ്സ് കുനിക്കവേ തപാൽ ഉരുപ്പടി കൂടി ബാബയുടെ പാദങ്ങളിൽ വീണു. അപ്പോൾ ബാബ ചോദിച്ചു, "ബാപു സാഹേ ബ്, ഇത് എന്താണ്? ആരുടേതാണ്?"

135. അയാൾ അദ്ദേഹത്തിന്റെ മുമ്പിൽ വച്ച് പൊതി തുറക്കുകയും, ഗ്രന്ഥത്തെ പ്പറ്റി വിശദീകരിക്കുകയും ചെയ്തു. അയാൾ പൊതി, ഗ്രന്ഥത്തോടുകൂടി ബാബയുടെ കൈകളിൽ നൽകുകയും ബാബ അത് നോക്കുകയും ചെയ്തു.

136. ബാബ അത് പുറത്തേയ്ക്കെടുത്ത് (പൊതിയിൽ നിന്നും) കൈകളിൽ പിടി ച്ചുകൊണ്ട് താളുകൾ മറിച്ചു. അദ്ദേഹം കീശയിൽ നിന്നും ഒരു ഉറുപ്പിക എടുത്ത് ആദരവോടെ ഗ്രന്ഥത്തിന്റെ പുറത്ത് വച്ചു.

137. ഗ്രന്ഥം നാണയത്തോടൊപ്പം ജോഗിന് നൽകിക്കൊണ്ട് പറഞ്ഞു: "അത് തുടക്കം മുതൽ ഒടുക്കം വരെ വായിക്കുക. നിനക്ക് ക്ഷേമമുണ്ടാകും."

138. ഇത്തരത്തിൽ ബാബ അനുഗ്രഹവും കൃപയും ചൊരിഞ്ഞ അനേകം കഥക

ളുണ്ട്. പക്ഷേ ഈ ഗ്രന്ഥം വളരെ ദീർഘമാകും. അതിനാൽ കുറച്ചെണ്ണം ചുരുക്കി വിവരിക്കുന്നതാണ്.

139. ഒരിക്കൽ ദാദാസാഹേബ് ഖപർഡെ കുടുംബസമേതം ഷിർദിയിലെത്തി താമസിച്ചു. അയാൾ ബാബയെ തീവ്രമായി സ്നേഹിച്ചിരുന്നു.

140. ഖപർഡെ സാധാരണക്കാരനായ ഒരു വ്യക്തിയായിരുന്നില്ല. അദ്ദേഹം ഒരു വിദ്വാനും ഉന്നതപദവിക്കാരനുമായിരുന്നു. സായിയുടെ സമീപത്തായിരിക്കവേ, അയാൾ കരങ്ങൾ കൂപ്പി, ശിരസ്സ് നന്നായി കുനിച്ച്, ബാബയുടെ പാദങ്ങൾക്കരികിൽ ഇരിക്കുമായിരുന്നു.

141. അയാൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും, സംസ്ഥാനസമിതിയിൽ പ്രശസ്തനുമായിരുന്നു. അദ്ദേഹം സമർത്ഥനായ ഒരു വാഗ്മിയായിരുന്നെങ്കിലും, ബാബയുടെ മുമ്പിൽ അയാൾ സംസാരിക്കുമായിരുന്നില്ല.

142. ബാബയുടെ അനേകം ഭക്തന്മാരിൽ ഖപർഡെ, നൂൽക്കാർ, ബൂട്ടി എന്നിവരൊഴികെ, അദ്ദേഹത്തിന്റെ മുമ്പിൽ നിശ്ശബ്ദത പാലിക്കുന്ന മറ്റ് ഭക്തന്മാരുണ്ടായിരുന്നില്ല.

143. മറ്റുള്ളവർ ബാബയുമായി സംസാരിക്കുകയും, ചിലർ തീരെ ഭയമോ സ്വയബോധമോ ഇല്ലാതെ അദ്ദേഹവുമായി തർക്കത്തിലേർപ്പെടുകയും ചെയ്തു. പക്ഷേ ഇവർ മൂവരും ഒരു വ്രതമെടുത്തിരിക്കുന്നത് പോലെ നിശ്ശബ്ദരായിരിക്കും.

144. അവർ സംസാരിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ബാബയുടെ മുമ്പിൽ അവർ അവരുടെ ശിരസ്സ് ഉയർത്തുകയേ ഇല്ല. അവരുടെ വിനയം വിവരിക്കാൻ കഴിയില്ല. അവർ വിനയത്തോടെ അദ്ദേഹം പറയുന്നത് ശ്രവിക്കുകയും ചെയ്തിരുന്നു.

145. വിദ്യാരണ്യയുടെ 'പഞ്ചദശി' മറ്റുള്ളവർക്ക് വിവരിച്ച് കൊടുക്കാൻ കഴിവുണ്ടായിരുന്ന ദാദാസാഹേബ് മസ്ജിദിലെത്തിയാലുടൻ ഒരു വാക്ക് പോലും ഉച്ചരിക്കുമായിരുന്നില്ല.

146. വേദങ്ങൾ എത്ര പ്രകാശമാനമായിരുന്നാലും, ശുദ്ധ ബ്രഹ്മത്തിന്റെ മുമ്പിൽ അവയുടെ തിളക്കം നഷ്ടമാകുന്നു. പ്രകാശപൂരിതമായ പരബ്രഹ്മത്തിന്റെ അവതാരമായിരുന്നു സായി, അദ്ദേഹത്തിന്റെ മുമ്പിൽ പാണ്ഡിത്യം ലജ്ജിച്ചു തലതാഴ്ത്തുന്നു.

147. ഖപർഡെ നാല് മാസക്കാലം താമസിച്ചു, പക്ഷേ അയാളുടെ ഭാര്യ ഏഴ് മാസക്കാലം താമസിച്ചു. അവർ ഇരുവരും ഓരോ ദിവസവും പുതിയ ആനന്ദം അനുഭവിച്ചു.

148. അയാളുടെ ഭാര്യക്ക് വളരെ ഭക്തിയും, സായിയുടെ മേൽ അതിയായ സ്നേഹവുമുണ്ടായിരുന്നു. എല്ലാ ദിവസവും അവൾ സ്വന്തം കൈകൾകൊണ്ട് നൈവേദ്യം മസ്ജിദിലേയ്ക്ക് കൊണ്ടുവരും.

149. മഹാരാജ് നൈവേദ്യം സ്വീകരിക്കുന്നത് വരെ ആ സ്ത്രീ വിശന്നിരിക്കും. അദ്ദേഹം കഴിച്ചതിനുശേഷം അവൾ കഴിക്കും.

150. അത് എന്തുമാകട്ടെ. ആ സ്ത്രീയുടെ ഭക്തി കാണവേ, ഭക്തവത്സലനായ

ബാബയ്ക്ക്, ഭക്തർക്ക് ലളിതവും ശുദ്ധവുമായ മാർഗ്ഗം കാണിക്കാനുള്ള ഒരു അവസരം ലഭിച്ചു.

151. വിവിധ ദിവ്യന്മാർക്ക് വ്യത്യസ്തരീതികളാണുള്ളത്. ബാബയുടേത് തീർത്തും നവീനമായിരുന്നു. അദ്ദേഹം അനുഗ്രഹങ്ങളോ ഉപകാരങ്ങളോ വളരെ കുസൃതിയോടെയും നർമ്മരസത്തോടെയും നൽകിയിരുന്നു, അത് അവരിൽ ഉറച്ച സ്വാധീനം ചെലുത്തിയിരുന്നു.

152. ഒരിക്കൽ ആ സ്ത്രീ ഒരു പാത്രം നിറയെ സൻസ, ഷീരാപൂരി, ഭത്, വാരൺ, ഖീർ, സാൻദ്ഗ, പപ്പടം, കൊഷംബിരി[9] എന്നിവ കൊണ്ടുവന്നു.

153. ഈ പാത്രം എത്തിയ ഉടനെ, തന്റെ കഫ്നിയുടെ കൈമടക്കുകൾ ചുരുട്ടിവച്ചുകൊണ്ട്, ബാബ വളരെ ഉത്സാഹത്തോടെ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു.

154. അദ്ദേഹം താൻ പതിവായി ആഹാരം കഴിക്കുന്ന സ്ഥലത്ത് ഇരുന്നു, ആ പാത്രം തന്റെ അടുത്തേയ്ക്ക് വലിച്ചുവച്ച് മൂടി തുറന്ന് ആഹാരം കഴിക്കാൻ തയ്യാറായി.

155. ഇതിനേക്കാൾ മെച്ചപ്പെട്ട മറ്റ് അനേകം നൈവേദ്യങ്ങൾ വന്നിരുന്നു. പലപ്പോഴും അവ തൊടാറുപോലുമില്ല. ഇത് മാത്രം കഴിക്കാൻ ഇത്രയധികം നിർബന്ധമുണ്ടാകാനുള്ള കാരണമെന്താണ്?

156. ഇത്തരത്തിലുള്ള ലൗകികമനോഭാവം ഒരു ദിവ്യന് എങ്ങനെ ഉണ്ടാകും? മാധവറാവു സായി സമർത്ഥനോട് ചോദിച്ചു: "എന്തിനാണ് ഈ വിവേചനം?

157. അങ്ങ് മറ്റ് പാത്രങ്ങളെല്ലാം മാറ്റിവച്ചിരിക്കുന്നു. ചിലതൊക്കെ വെള്ളി കൊണ്ടുണ്ടാക്കിയതാണെങ്കിലും അങ്ങ് അത് ദൂരേയ്ക്ക് വലിച്ചെറിയും. പക്ഷേ ഈ സ്ത്രീയുടെ പാത്രം എത്തിയപ്പോൾ മാത്രം അങ്ങ് പെട്ടെന്ന് എഴുന്നേറ്റ് കഴിച്ചു തുടങ്ങി. ഇത് ആശ്ചര്യകരമായിരിക്കുന്നു!

158. എന്തുകൊണ്ടാണത്, അവളുടെ ആഹാരം അത്രയ്ക്ക് സ്വാദിഷ്ടമാണോ? ദേവാ, ഞങ്ങൾക്ക് ഇതൊരു വലിയ സമസ്യ ആണ്. ഇവിടെ, അങ്ങ് എന്തോ തന്ത്രം പ്രയോഗിച്ചിരിക്കുന്നു! എന്തുകൊണ്ടാണ് അങ്ങേയ്ക്ക് ഇത്തരത്തിലുള്ള ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും ഉണ്ടാകുന്നത്?"

159. ബാബ പറഞ്ഞു: "ഈ ആഹാരത്തിന്റെ മികച്ച ഗുണത്തെപ്പറ്റി ഞാൻ എന്താണ് പറയുക? ഇവളുടെ പൂർവ്വജന്മത്തിൽ ഇവൾ ഒരു വ്യാപാരിയുടെ തടിച്ച ഒരു പശുവായിരുന്നു, ധാരാളം പാൽ ചുരത്തിയിരുന്നു.

160. പിന്നീട് അവൾ അപ്രത്യക്ഷയാകുകയും, ഒരു തോട്ടക്കാരന്റെ കുടുംബത്തിൽ ജനിക്കുകയും ചെയ്തു. പിന്നീട് അവൾ ഒരു ക്ഷത്രിയകടുംബത്തിൽ ജനിച്ച് ഒരു വ്യാപാരിയെ വിവാഹം കഴിച്ചു.

161. പിന്നീട് അവൾ ഒരു ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. വളരെ നാളുകൾക്ക് ശേഷം ഞാൻ അവളെ കണ്ടിരിക്കുന്നു. അവൾ സ്നേഹത്തോടെ അർപ്പിച്ചിരിക്കുന്ന ആഹാരത്തിൽ നിന്ന് കുറച്ച് ഞാൻ സംതൃപ്തിയോടെ കഴിക്കട്ടെ."

162. ഇങ്ങനെ പറഞ്ഞുകൊണ്ട്, അദ്ദേഹം ആഹാരം മുഴുവൻ കഴിച്ചു. കൈകളും

വായയും കഴുകി, തന്റെ സന്തോഷം അറിയിക്കാനായി ഏമ്പക്കം വിട്ടുകൊണ്ട് ഇരിപ്പിടത്തിൽ വന്ന് ഇരുന്നു.

163. ആ സ്ത്രീ ബാബയെ നമസ്കരിക്കുകയും, സായിയുടെ പാദങ്ങൾ മൃദുവായി തിരുമ്മാനും തുടങ്ങി. അവൾക്ക് ഉപകാരപ്രദമായ ചില ഉപദേശങ്ങൾ നൽകാനായി ബാബ ആ അവസരം പ്രയോജനപ്പെടുത്തി.

164. ആ സ്ത്രീ ബാബയുടെ പാദങ്ങൾ തിരുമ്മവേ, പകരമായി അദ്ദേഹം തന്നെ സേവിക്കുന്ന ആ കൈകളെ തടവാൻ തുടങ്ങി. ദേവനും ഭക്തനും തമ്മിലുള്ള ഈ പരസ്പരസേവനം കണ്ട് ശാമ, അതിനെക്കുറിച്ച് തമാശയായി പറഞ്ഞു.

165. “ദേവാ, ഇത് നന്നായി! ഈ പരസ്പരഭക്തി കാണുന്നത് വളരെ സന്തോഷകരമായ കാഴ്ചയാണ്. ഇത് കാണുന്നത് ആശ്ചര്യമായിരിക്കുന്നു.”

166. അവളുടെ സേവനം കണ്ട് ബാബ അവളിൽ പ്രസന്നനാകുകയും പതുക്കെ അവളോട് “രാജാറാം, രാജാറാം” എന്ന് ജപിക്കാൻ ഉപദേശിക്കുകയും ചെയ്തു.

167. “ഇത് സദാ ജപിക്കുക. മാതാവേ നിങ്ങളുടെ ജീവിതലക്ഷ്യം നേടാൻ കഴിയും, നിങ്ങളുടെ മനസ്സ് ശാന്തമാകും, നിങ്ങൾക്ക് ശ്രേഷ്ഠമായ നന്മകളുണ്ടാകും.”

168. എത്ര ശക്തമായിരുന്നു ആ വാക്കുകൾ! അവ അവളുടെ ഹൃദയം ഭേദിച്ച് അവിടെ ശക്തമായി പതിഞ്ഞു. ഈ വാക്കുകളിലൂടെ ബാബ അപ്പോൾ തന്നെ ശക്തിപാതം[10] പകരുകയായിരുന്നു.

169. ഇത്തരത്തിലായിരുന്നു ദയാവാനായ ശ്രീസമർത്ഥൻ! സായിനാഥൻ, ആശ്രയിച്ചവർക്കെല്ലാം സംരക്ഷിതാവ്! അദ്ദേഹം എല്ലായ്പ്പോഴും ഭക്തരുടെ ആഗ്രഹങ്ങൾ സഫലീകരിക്കുകയും അവരുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

170. ഇനി ഞാൻ പറയുന്നതൊക്കെയും, വളരെ സ്നേഹത്തോടെയും വിനയത്തോടെയും ശ്രോതാക്കളുടെ ക്ഷേമത്തിനു വേണ്ടിയുമാണെന്ന് മനസ്സിലാക്കുക. നമ്മുടെ അടുത്തബന്ധം കൊണ്ടാണ് ഞാൻ ഈ അപേക്ഷ നടത്തുന്നത്.

171. ഒരു ഉറുമ്പ് അതിന്റെ തല ഒടിഞ്ഞുപോയാൽപ്പോലും, ശർക്കരയുടെ മാധുര്യത്തിന് അടിപ്പെട്ടിരിക്കുന്നത് പോലെ, നിങ്ങൾ സായിയുടെ പാദങ്ങളിൽ ചേർന്നിരിക്കണം. അദ്ദേഹം തികഞ്ഞ ശ്രദ്ധയോടെ നിങ്ങളെ സംരക്ഷിക്കും.

172. ഗുരുവും ഭക്തനും വേറിട്ടവരല്ല, അവർ വ്യത്യസ്തരും വിഭിന്നരുമാണെന്ന് തോന്നുമെങ്കിലും അവരെ തമ്മിൽ ബലപൂർവ്വം അകറ്റാൻ ശ്രമിക്കുന്നവൻ ലജ്ജിതനാകും.

173. അവർ ഇരുവരും ഒന്നാണ്, ഒരാളിന് മറ്റൊരാളില്ലാതെ ജീവിക്കാൻ കഴിയില്ല. ഗുരു അപൂർണ്ണനാണെങ്കിൽ ശിഷ്യനും അതുപോലെയായിരിക്കും. പക്ഷേ സമർത്ഥനായ ഒരു ഗുരുവിൽ നിന്നും അധ്യയനം നേടിയ ഒരുവന് ദ്വന്ദ്വചിന്ത തീരെ ഉണ്ടാകില്ല.

174. ഗുരു ഒരു സ്ഥലത്ത് വസിക്കുന്നു, ശിഷ്യൻ മറ്റൊരിടത്തും, ഇങ്ങനെ ഒരുവൻ ചിന്തിക്കുകയാണെങ്കിൽ അവരുടെ ബന്ധം പേരിന് വേണ്ടി മാത്രമാണ്.

175. യഥാർത്ഥത്തിൽ അവർ രണ്ടുപേരല്ലാ എന്നിരിക്കവേ, അവർക്ക് എങ്ങനെ വേർപിരിഞ്ഞിരിക്കാൻ കഴിയും. ഒരാളിന് മറ്റൊരാളില്ലാതെ ജീവിക്കാൻ കഴിയില്ല, രണ്ടുപേരും അത്രയ്ക്ക് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു!

176. ഗുരുവും ശിഷ്യനും തമ്മിൽ തീരെ വ്യത്യാസമില്ല; അങ്ങനെ അവർ തുടർച്ചയായി ഒരുമിച്ച് കഴിയുന്നു. ഭക്തൻ ഗുരുവിന്റെ പാദങ്ങളിൽ ശിരസ്സർപ്പിക്കുന്നത് ആരാധനയുടെ പ്രകടനമോ പുറമേയുള്ളതോ ആണ്.

177. ഭക്തൻ തന്റെ ഏകാഗ്രമായ ആരാധനയിലൂടെ ഗുരുവുമായി ഐക്യം പ്രാപിക്കുന്നു; ഗുരുവും തന്റെ ഭക്തനുമായി ഐക്യതയിലാണ്. ഇത്തരത്തിൽ അവർ പൂർണ്ണമായും ഒന്നായി വർത്തിക്കുന്നില്ലെങ്കിൽ, ആ ബന്ധം ആ പേരിന് അനുയോജ്യമല്ല.

178. എങ്ങനെയാണ് ഒരുവൻ ആഹാരവും വസ്ത്രവും നേടുക? ഇങ്ങനെ ചിന്തിച്ച് കൊണ്ട് ഒരു നിമിഷം പോലും ഒരുവൻ പാഴാക്കരുത്. അവയെല്ലാം വിധിക്കനുസരിച്ച് നടക്കുകയും, പരിശ്രമമില്ലാതെ നേടാനും കഴിയും.

179. നിങ്ങൾ അവ നേടാൻ പരിശ്രമം നടത്തുകയാണെങ്കിൽ, അത് വൃഥാവിലാകും. ആത്മീയത നേടാൻ മാത്രം പരിശ്രമം നടത്തുക. പകലും രാത്രിയും അതിനുവേണ്ടി അധ്വാനിക്കുക.

180. 'ഉണർന്ന് എഴുന്നേൽക്കുക.' എന്തുകൊണ്ടാണ് നീ അഗാധനിദ്രയിൽ കഴിയുന്നത്? ഇത്തരത്തിലാണ് ശ്രുതി[11]യിലെ ഉച്ചത്തിലുള്ള ആഹ്വാനം, അത് ഭക്തരെ സ്നേഹപൂർവ്വം ഉണർത്തുന്നു.

181. എല്ലാ ദുരിതങ്ങളുടെയും മൂലകാരണം അജ്ഞതയാണ്. അജ്ഞതയുടെ നിദ്രയിൽ ആണ്ടുകിടക്കുന്നവർ, സമയം വൈകുംമുമ്പ് എഴുന്നേൽക്കുകയും, ഗുരുവിൽ നിന്ന് അറിവിന്റെ അമൃത് നുകരുകയും വേണം.

182. അതിനാൽ വളരെ വിനയത്തോടെ, പോയി ഗുരുപാദങ്ങളെ ആശ്രയിക്കുക. അദ്ദേഹത്തിന് മാത്രമേ ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അറിയാൻ കഴിയുകയുള്ളൂ. നമ്മൾ അറിവില്ലാത്ത പൈതങ്ങളാണ്.

183. ജീവൻ (മനുഷ്യൻ) അല്പജ്ഞാനം കൊണ്ട് അഹങ്കരിക്കുന്നു. ശിവൻ (ഈശ്വരൻ) സർവ്വജ്ഞാനിയും അഹംബോധം ഇല്ലാത്തതുമാണ്. ഗുരുവിന് മാത്രമേ വ്യത്യാസങ്ങൾ ഇല്ലാതാക്കി, അവർ ഒന്നാണെന്ന് കാണിക്കാൻ കഴിയൂ.

184. ജീവൻ എന്നത് അജ്ഞത കൊണ്ട് ഉഴലുന്ന ആത്മാവ് ആണ്, ശിവൻ എന്നത് മായ കൊണ്ട് ഉഴലുന്ന ആത്മാവും ആണ്. സമർത്ഥസദ്ഗുരുവിന് മാത്രമേ ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കാൻ കഴിയൂ.

185. ചഞ്ചലമായ മനസ്സിനെ സായിയുടെ പാദങ്ങളിൽ സമർപ്പിക്കുക. അപ്പോൾ അദ്ദേഹത്തിന്റെ പ്രചോദനത്താൽ ചെയ്യുന്ന കർമ്മങ്ങളുടെ കർത്താവ് അദ്ദേഹമായിരിക്കും.

186. അതേപോലെ പ്രചോദനവും, പ്രവർത്തിക്കാനുള്ള ഊർജ്ജവും സായിക്ക് സമർപ്പിക്കുക. പിന്നീട് അദ്ദേഹത്തിന്റെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുക.

187. സായിയുടെ ശക്തി എല്ലായിടത്തും വർത്തിക്കുന്നു എന്ന് അറിഞ്ഞുകൊണ്ട്,

സകലഭാരങ്ങളും അദ്ദേഹത്തിന് സമർപ്പിച്ച് നിങ്ങളുടെ എല്ലാ പ്രവൃത്തികളും അഹങ്കാരമില്ലാതെ ചെയ്യുക. നിങ്ങൾ തീർച്ചയായും വിജയം നേടും.

188. 'ഞാൻ ഇത് ചെയ്യും' എന്ന് അല്പമെങ്കിലും അഹങ്കാരത്തോടെ നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, പരിണിതഫലങ്ങൾ പെട്ടെന്ന് തന്നെ കാണപ്പെടും. ഒരു നിമിഷത്തിന്റെപോലും താമസമുണ്ടാകില്ല.

189. ഹേമദ്, മിഥ്യയുടെയും ഭ്രമത്തിന്റെയും നിദ്രയിൽ അലസമായി കിടന്ന് അങ്ങോട്ടുമിങ്ങോട്ടും തിരിയവേ, അയാൾക്ക് ഈശ്വരന്റെയും ഗുരുവിന്റെയും കൃപയുണ്ടായി.

190. യാതൊരു പഠനമോ പരിശ്രമങ്ങളോ നടത്താത്തതിനാൽ അത് വിധിയുടെ പ്രഭാവം എന്ന് മാത്രമേ പറയാൻ കഴിയൂ. ഈശ്വരനും ഗുരുവും, അവരുടെ പദ്ധതിക്കനുസരിച്ച് ഈ ബഹുമതി നൽകിയത് പോലെ തോന്നുന്നു.

191. സായിക്ക്, ഭക്തരുടെ ഉദ്ധാരണത്തിന് വേണ്ടി ഈ കഥ രചിക്കണമെന്നുണ്ടായിരുന്നു, അതിനാൽ ബലമായി കരം പിടിച്ച്, ഈ ഗ്രന്ഥം വിശദമായി എഴുതിച്ചു.

192. നിരന്തരമായ ധ്യാനമാകുന്ന നൂലിൽ സ്നേഹത്തിന്റെ വിവിധ നിറങ്ങളിലുള്ള വ്യത്യസ്ത പൂക്കൾ കോർത്ത് നമുക്ക് സായിക്ക് സമർപ്പിക്കാം.

193. ആത്മജ്ഞാനത്തിന്റെ സിംഹാസനം കരസ്ഥമാക്കി നമുക്ക് അതിൽ പ്രൗഢിയോടെ ഇരിപ്പുറപ്പിക്കാം. സ്വർഗ്ഗീയാനന്ദം അഹങ്കാരമില്ലാതെ ആസ്വദിച്ച് നമുക്ക് സന്തുഷ്ടരാകാം.

194. സായിയുടെ ഈ ജീവിതകഥ ഗഹനമാണ്. അടുത്തകഥ ഇതിനേക്കാൾ അദ്ഭുതകരമാണ്. പരിശുദ്ധി നൽകുന്ന ഈ കഥ കേൾക്കാൻ ഒരുവേള ശ്രദ്ധാലുക്കളാകുക.

195. അടുത്ത മൂന്ന് അധ്യായങ്ങളിൽ ബാബ സ്വസ്ഥാനത്തിരുന്നുകൊണ്ട് സ്വപ്നദർശനങ്ങളിലൂടെ അദ്ഭുതങ്ങൾ കാട്ടുന്നു.

196. ഇതിൽ ആദ്യത്തെ അധ്യായം ലാലാ ലക്ഷ്മിചന്ദിനെക്കുറിച്ചാണ്. അയാൾ ഒരു സ്നേഹനൂലിനാൽ ആകർഷിക്കപ്പെടുകയും അയാൾക്ക് യോജിച്ച സ്ഥാനം കാട്ടിക്കൊടുക്കപ്പെടുകയും ചെയ്തു;

197. ബർഹാൻപൂരിൽ നിന്നുള്ള സ്ത്രീയെക്കുറിച്ച്, അവളുടെ കിച്ചടി[12] കഴിക്കണമെന്ന് ബാബ ആഗ്രഹിക്കുകയും, അതിനാൽ ദർശനത്തിന് വേണ്ടി ആഗ്രഹമുണ്ടാക്കുകയും സ്നേഹത്തിന്റെ അദ്ഭുതം കാട്ടുകയും ചെയ്തു;

198. പിന്നീട്, എങ്ങനെയാണ് മേഘയോട് സ്വപ്നത്തിലൂടെ ഒരു ത്രിശൂലം വരയ്ക്കാൻ പറഞ്ഞതെന്നും; എങ്ങനെയാണ്, പിന്നീട് അയാൾക്ക് അപ്രതീക്ഷിതമായി ശിവലിംഗം കിട്ടിയതെന്നും.

199. അതിനുശേഷം അത്തരത്തിലുള്ള അനേകം കഥകളുണ്ട്. ശ്രോതാക്കൾ ആദരവോടെ അവ ശ്രവിക്കുകയാണെങ്കിൽ അവർക്ക് നന്മയുണ്ടാകും.

200. ഉപ്പ് കടലിൽ ലയിക്കുന്നതുപോലെ, ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു, ഐക്യബോധത്തോടെയും അഭിന്നചിന്തയോടെയും അയാൾ അദ്ദേഹത്തിന്റെ മുമ്പിൽ ഹൃദയംഗമമായി വന്ദിക്കുന്നു.

201. കൂടാതെ, ദിനവും രാത്രിയിൽ സായിയെക്കുറിച്ച് മാത്രം ചിന്തിക്കണമെന്നും, മറ്റൊന്നും മനസ്സിൽ പ്രവേശിക്കരുതെന്നും, അതെപ്പോഴും ജാഗരൂകമായിരിക്കണമെന്നും അയാൾ സ്നേഹത്തോടെ പ്രാർത്ഥിക്കുന്നു.

202. ഭൂതകാലജീവിതം മാഞ്ഞുപോകുകയും ഭാവികാലം ഇല്ലാതാകുകയും ചെയ്യട്ടെ. ഈ ജീവിതത്തിൽ അയാൾ അത് ഗുരുപാദങ്ങളിൽ ചെലവഴിക്കട്ടെ.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിതത്തിലെ ഇരുപത്തിഏഴാം അധ്യായം "ശിക്ഷണവും അനുഗ്രഹവും നൽകുന്നത്" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ബാബ വിവാഹപാർട്ടിയുടെ കൂടെ എത്തിയെന്ന 5-ാം അധ്യായത്തിലെ പ്രസ്താവനയ്ക്ക് വിരുദ്ധമാണിത്.
2. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, കൃഷ്ണൻ, ബുദ്ധ, കൽക്കി - കൽക്കി ഭാവിയിലെ അവതാരമാണ്.
3. (എ) ശ്രീമദ്ഭഗവത്ഗീത (ബി) ശ്രീവിഷ്ണുസഹസ്രനാമ സ്തോത്രം (സി) ഭീഷ്മസ്തവരജ (ഡി) അനുസ്മൃതി (ഇ) ഗജേന്ദ്രമോക്ഷം എന്നിവയുടെ സമാഹാരം. ഇവ അഞ്ചും മഹാഭാരതത്തിൽ നിന്നും എടുത്തവയാണ്.
4. 1188 ൽ അതായത് ധ്യാനേശ്വരിക്ക് 100 വർഷങ്ങൾക്കുമുമ്പ്, മുകുന്ദരാജ് അദ്വൈതത്തെക്കുറിച്ച് മറാത്തിയിൽ എഴുതിയത്.
5. ധ്യാനവും മന്ത്രജപവും - രാവിലെയും മറ്റ് പ്രത്യേക സമയങ്ങളിലും ചെയ്യുന്നത്.
6. രാമകഥ
7. ചിൻചാനിക്കാർ
8. ബൂട്ടിയുടെ മരുമകൻ - ഗണേശ് ഗോവിന്ദ് നാർകേ - പൂനെ എൻജിനീയറിംഗ് കോളേജിൽ പ്രൊഫസർ ആയിരുന്നു.
9. സൻസ - ഗോതമ്പ് പായസം

   ഷീരാപൂരി - ഗോതമ്പും ശർക്കരയും നെയ്യും നിറച്ച് എണ്ണയിൽ വറുത്തെടുത്ത അപ്പം.

   ഭത് - അരിച്ചോറ്

   വാരൺ - പയറുവർഗ്ഗങ്ങൾ കൊണ്ടുണ്ടാക്കിയ സ്വാദിഷ്ടമായ ആഹാരം.

   ഖീർ - അരി, പാൽ, പഞ്ചസാര എന്നിവ ചേർത്ത ആഹാരം

   സാൻദ്ഗ - വെള്ളരിക്ക, ചുവന്നമത്തങ്ങ എന്നിവ ചേർത്തത്

   കൊഷിംബിരി - പഴുക്കാത്ത പഴങ്ങളോ, പച്ചക്കറിയോ അച്ചാറിട്ടത്.
10. സ്പർശനം, വാക്കുകൾ, നോട്ടം എന്നിവയിൽ ഏതെങ്കിലും രീതിയിൽ ഗുരുവിൽ നിന്ന് ശിഷ്യനിലേയ്ക്ക് ശക്തികൾ പ്രദാനം ചെയ്യുന്നത്.
11. കഥനോപനിഷത്ത്
12. അരിയും പരിപ്പും കൊണ്ടുള്ള കറി

## 28

# സ്വപ്നദർശനങ്ങളുടെ വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സായി ഒരു സ്ഥലത്ത് മാത്രം ഒതുങ്ങിയിരിക്കുകയല്ല. ബ്രഹ്മാവ് മുതൽ ചെറിയ ജീവികളായ ഉറുമ്പ്, ഈച്ച വരെയുള്ള സകല ജീവികളിലും സായി വസിക്കുന്നു. അദ്ദേഹം എല്ലാവരിലും അടങ്ങിയിരിക്കുകയും എങ്ങും നിറഞ്ഞ് നിൽക്കുകയും ചെയ്യുന്നു

2. സായിക്ക് വേദങ്ങളിൽ തികഞ്ഞ പാണ്ഡിത്യമുണ്ടായിരുന്നു; പരബ്രഹ്മന്റെ എല്ലാ വിശേഷതകളും ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഇവ രണ്ടിലും ശ്രേഷ്ഠതയുള്ളതിനാൽ, സദ്ഗുരുവാകാൻ തികച്ചും യോഗ്യനാണ്.

3. ഒരുവൻ വളരെ പാണ്ഡിത്യമുള്ളവനായിരിക്കാം, പക്ഷേ ശിഷ്യന് ജ്ഞാനോദയം നൽകാനോ, അവനെ ആത്മസാക്ഷാത്കാരത്തിൽ സ്ഥിരപ്പെടുത്താനോ കഴിയില്ലെങ്കിൽ സദ്ഗുരു എന്ന് വിളിക്കപ്പെടാൻ അയാൾ അർഹനല്ല.

4. ഒരു പിതാവ് ശരീരത്തിന് ജന്മം നൽകുന്നു. മരണം നിശ്ചിതമായും ജീവിതത്തെ പിന്തുടരും. ഗുരു നിങ്ങളെ ജനനമരണങ്ങളിൽ നിന്ന് മുക്തനാക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ സ്ഥാനം മറ്റാരോടും ഉപമിക്കാൻ സാധ്യമല്ല.

5. ഇപ്പോൾ മുമ്പ് സൂചിപ്പിച്ച, സ്വപ്നങ്ങളെക്കുറിച്ചുള്ള അധ്യായം ശ്രദ്ധിക്കുക. എങ്ങനെയാണ് ബാബ ഭക്തരുടെ സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവർക്ക് ദർശനം നൽകിയതെന്ന്.

6. അദ്ദേഹം ഒരാളിനോട് ത്രിശൂലം വരയ്ക്കാൻ പറഞ്ഞു; മറ്റൊരാളിനോട് കിച്ചടി ആവശ്യപ്പെട്ടു; മറ്റൊരാളിനെ അയാളുടെ അധ്യാപകന്റെ രൂപത്തിലെത്തി മുതുകിൽ വടികൊണ്ട് അടിച്ചു.

7. അദ്ദേഹം ചിലരുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട്, അവരെ ഭയപ്പെടുത്തി, മദ്യപാന സ്വഭാവം ഉപേക്ഷിക്കാൻ നിർബന്ധിതരാക്കി. ഭക്തരുടെ അത്തരത്തിലുള്ള അനേകം പ്രശ്നങ്ങൾ ഇല്ലാതാക്കിക്കൊണ്ട് അദ്ദേഹം അവരുടെ ഭക്തി ദൃഢമാക്കി.

8. അദ്ദേഹം എങ്ങനെയാണ് ഒരുവന്റെ മുതുകിൽ ചൂരൽ പ്രഹരമേൽപ്പിച്ച് തൊലിയുരിച്ചതെന്നും, അയാളുടെ നെഞ്ച് അരകല്ലാക്കി, മറ്റൊരു കല്ല് കൊണ്ട് പൊടി

ക്കുന്നത് പോലെ ഉരുട്ടിയതെന്നും ശ്രോതാക്കൾ മുമ്പൊരു അധ്യായത്തിൽ കണ്ടു. ഇതെല്ലാം അദ്ധ്യായം 10[1] ൽ വിവരിച്ചിട്ടുണ്ട്.

9. ഇനിയുള്ള കഥകൾ അപൂർവ്വവും മഹത്തരവുമാണ്. ശ്രോതാക്കളും പ്രഭാഷകനും ഒരുമിച്ച് വർത്തിക്കുമ്പോൾ, അവർ അനുഗൃഹീതരാകും. അവർക്ക് അപരിമിതമായ ആനന്ദം ലഭിക്കും.

10. ദിവ്യന്മാരെക്കുറിച്ചുള്ള ഈ കഥകൾ ഞാൻ വർണ്ണിക്കട്ടെ. അവ എല്ലായ്പ്പോഴും ശുദ്ധമാണ്, അവ അസത്യം, വിദ്വേഷവാക്കുകൾ എന്നിവ കേൾക്കേണ്ടിവരുന്നത് കൊണ്ടുള്ള പാപത്തെ ഇല്ലാതാക്കും.

11. ഇപ്പോൾ ഞാൻ ഈ കഥകൾ നിങ്ങളോട് പറയുന്നതാണ്. ശ്രോതാക്കൾ അവ ആദരവോടെ ശ്രവിക്കണം. അവ ഓരോ ചുവടുവയ്പിലും സായിയുടെ ദയാപരമായ പ്രകൃതത്തെ വെളിവാക്കുന്നു.

12. റാലി സഹോദരന്മാർ ഗ്രീക്കുകാരായ വ്യാപാരികളായിരുന്നു. അവർ ഇന്ത്യയിൽ എല്ലായിടത്തുനിന്നും സാധനങ്ങൾ വാങ്ങുകയും വിവിധ നഗരങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു, ബോംബെ അതിലൊന്നായിരുന്നു.

13. ആ സമയത്ത് അവിടെയുള്ള ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ലക്ഷ്മിചന്ദ് ജോലി ചെയ്തിരുന്നു. അയാൾ വളരെ സത്യസന്ധനും അനുസരണശീലക്കാരനുമായിരുന്നു. അയാൾ ഒരു മുൻഷിയായിട്ട് ജോലിനോക്കുകയായിരുന്നു.

14. അയാൾ ആദ്യം റെയിൽവേ വിഭാഗത്തിലും, പിന്നീട് വെങ്കടേഷ പ്രസ്സിലും ജോലി ചെയ്തു. അപ്പോഴാണ് അയാൾക്ക് സായിയുമായി സംസർഗ്ഗം നേടാനായത്. അത് എങ്ങനെ സംഭവിച്ചു എന്ന് കാണുക.

15. “എന്റെ മനുഷ്യൻ ഏത് സ്ഥലത്തുമാകാം– ആയിരം മൈലുകൾക്ക് അകലെയുമാകാം. ഞാൻ അവനെ കാലുകളിൽ ചരട് ബന്ധിച്ച് എന്റെ സമീപത്തേയ്ക്ക് വലിച്ചടുപ്പിക്കും, ഒരു കുരുവിക്കുഞ്ഞിനെ എന്നപോലെ.”

16. ബാബ ഈ വാക്കുകൾ പലപ്പോഴും പറയുമായിരുന്നു. ജനങ്ങൾ അത് പലപ്രാവശ്യം കേൾക്കുക മാത്രമല്ല, അത് അനുഭവിക്കുകയും ചെയ്തു. ബാബയുടെ ആ ലീല ഞാൻ വിവരിക്കുന്നതാണ്.

17. വിവിധ സ്ഥലങ്ങളിൽ നിന്നും അത്തരത്തിലുള്ള അനേകം കുഞ്ഞുങ്ങൾ ഷിർദിയിലേയ്ക്ക് വരുത്തപ്പെട്ടു. ലക്ഷ്മിചന്ദ് അവരിലൊരാളായിരുന്നു. അയാൾ ബാബയുടെ വളരെ ഭക്തിയുള്ള ഒരു കുഞ്ഞായിരുന്നു.

18. അജ്ഞാനത്തിൽ നിന്നും ഉണ്ടാകുന്ന അന്ധകാരത്തെ അകറ്റുന്ന ഒരു ദിവ്യനെ നമ്മൾ കണ്ടുമുട്ടുക, വിധിവശാൽ, അനേകം ജന്മങ്ങളിലെ പുണ്യകർമ്മങ്ങൾക്ക് ഫലം കാണുമ്പോൾ മാത്രമാണ്.

19. ഭാഗ്യം ഉദിക്കുമ്പോൾ വിവേചനബുദ്ധിയുടെ അഗ്നി ജ്വലിപ്പിക്കപ്പെടുകയും നമുക്ക് വൈരാഗ്യം കൈവരികയും ചെയ്യും. പൂർവ്വജന്മങ്ങളിൽ ഒരുമിച്ചുകൂടിയ കർമ്മങ്ങൾ അവസാനിക്കുകയും ജീവിതം സഫലമാകുകയും ചെയ്യും.

20. ഒരിക്കൽ സായിനാഥ് കാഴ്ചയിൽ നിറയുമ്പോൾ, മറ്റാർക്കും അവിടെ സ്ഥാന

മുണ്ടാകില്ല. ദൃഷ്ടികൾ അടച്ചാലും, കാഴ്ചയിൽ നിറയുന്നത് സായിനാഥാ യിരിക്കും.

21. ഞാൻ ലാലാജിയെ (ലക്ഷ്മിചന്ദ്) കണ്ടുമുട്ടുകയും, അയാൾ വിവരിച്ച അയാ ളുടെ അനുഭവങ്ങൾ ഞാൻ വളരെ സ്നേഹത്തോടെ, എന്റെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിക്കുകയും ചെയ്തു. ഞാൻ ഉത്സാഹത്തോടെ അവ വിവ രിക്കുന്നതാണ്.

22. അയാൾ എങ്ങനെയാണ് പിടിക്കപ്പെട്ടതെന്ന് നോക്കൂ! ആ ലീല അനുപമമാ ണ്. ഭക്തിയുള്ള ശ്രോതാക്കൾ അത് പൂർണ്ണമായ ഏകാഗ്രതയോടെ കേൾക്കു ക.

23. 1910 ൽ ക്രിസ്മസ് അവധിക്കാലത്താണ് ഷിർദിയിൽ പോകാനായി, ലാലാ ജിക്ക് അവസരം ലഭിച്ചത്.

24. ഇത് അയാളുടെ ആദ്യ ദർശനമായിരുന്നു. പക്ഷേ ഇതിനെ സൂചിപ്പിച്ചുകൊണ്ട് ഏതാനും മാസങ്ങൾക്ക് മുമ്പ് അയാൾക്കുണ്ടായ അനുഭവം നമുക്ക് നോക്കാം.

25. അയാൾ സാന്താക്രൂസി[2]ലായിരിക്കവെ, പെട്ടെന്ന്, അയാൾ മുമ്പൊരിക്കലും ചിന്തിച്ചിട്ടില്ലാത്ത ഒരു വിഷയത്തെക്കുറിച്ച് ഒരു സ്വപ്നദർശനം ഉണ്ടായി.

26. താടിയുള്ള, വൃദ്ധനായ ഒരു സന്ന്യാസിയെ ചുറ്റും ഭക്തന്മാരോടൊപ്പം അയാൾ ദർശിച്ചു. അങ്ങനെ നിലയുറപ്പിച്ചിരുന്ന ആ മഹാത്മാവിന് അയാൾ സ്നേഹ ത്തോടെ പ്രണാമങ്ങൾ അർപ്പിച്ചു.

27. കുറച്ചു നാളുകൾക്ക് ശേഷം ദാസ്ഗനുവിന്റെ കീർത്തനം കേൾക്കുന്നതിന് വേണ്ടി ലക്ഷ്മിചന്ദ് ദത്താത്രേയ മഞ്ജുനാഥ ബിജുറിന്റെ വീട്ടിലേയ്ക്ക് പോയി.

28. എല്ലായ്പ്പോഴും ബാബയുടെ ചിത്രം തന്റെ മുമ്പിൽ വയ്ക്കുക എന്നത് ദാസ്ഗ നുവിന്റെ പതിവായിരുന്നു. ആ ചിത്രം കണ്ടയുടനെ ലക്ഷ്മിചന്ദിന് അയാൾ സ്വപ്നത്തിൽ ദർശിച്ച വ്യക്തിയെ ഓർമ്മ വന്നു.

29. അതേ താടി, അതേ പ്രായം, അതേ കൈകാലുകളും രൂപവും. ലക്ഷ്മിചന്ദ് ശ്രദ്ധിച്ച് നോക്കുകയും ഇത് അതേ മഹാത്മാവ് തന്നെയാണെന്ന് മനസ്സിലാ ക്കുകയും ചെയ്തു.

30. ആദ്യമായി അത് ദാസ്ഗനുവിന്റെ കീർത്തനമായിരുന്നു, അതിൽ തുക്കാറാ മിന്റെ ഒരു നീതികഥ ഉണ്ടായിരുന്നു, കൂടാതെ അയാൾ സ്വപ്നത്തിൽ കണ്ട സാധുവിന്റെ ദർശനവും ലഭിച്ചു. ലാലാജിയുടെ മനസ്സ് ഗാഢമായ സന്തോഷ ത്തിൽ മുഴുകി.

31. മൃദുല മനസ്കനായ ലക്ഷ്മിചന്ദിന്റെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. ചിത്രത്തിൽ കണ്ട വ്യക്തിയെ കണ്ടുമുട്ടണമെന്ന് അയാൾ വളരെ ആഗ്രഹി ച്ചു.

32. അയാൾ മുമ്പ് സ്വപ്നത്തിൽ ദർശിച്ചതും പിന്നീട് കീർത്തന സമയത്ത് ചിത്ര ത്തിൽ കണ്ടതുമായ വ്യക്തിയെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചുള്ള ഒരു ചിന്തയും അയാളുടെ മനസ്സിലുണ്ടായിരുന്നില്ല. അയാളുടെ ആന്തരികമായ

താൽപര്യം അവിടെ മാത്രം ഉറച്ചുനിന്നു.

33. 'ഷിർദിയിലേയ്ക്ക് പോകാൻ ഒപ്പം വരാനായി ഏതെങ്കിലും ഒരു സുഹൃത്തിനെ കണ്ടുമുട്ടാൻ എനിക്ക് കഴിയുമോ? എപ്പോഴാണ് എനിക്ക് ആ ദിവ്യന്റെ പാദ ങ്ങളിൽ നേരിട്ടെത്തി, എന്റെ ശിരസ്സ് സമർപ്പിക്കാൻ കഴിയുക?'

34. 'എനിക്ക് എപ്പോഴെങ്കിലും ആ സാധുവിന്റെ ദർശനം ലഭിക്കുമോ? അദ്ദേഹ ത്തിന്റെ സ്നേഹത്തിന്റെ ആനന്ദം അനുഭവിക്കാൻ എനിക്ക് എപ്പോഴെങ്കിലും കഴിയുമോ?' ഇത്തരത്തിലായിരുന്നു ലക്ഷ്മിചന്ദിന്റെ നിരന്തരമായ ആഗ്രഹം.

35. 'ചെലവിനുള്ള പണം തയ്യാറാക്കണം. പിന്നെന്താണ് അടുത്തതായി ചെയ്യേ ണ്ടത്? പെട്ടെന്ന് ദർശനം എങ്ങനെ സാധ്യമാകും? എന്തെങ്കിലും മാർഗ്ഗം കണ്ടെ ത്തേണ്ടിയിരിക്കുന്നു.'

36. ഈശ്വരൻ എല്ലായ്പ്പോഴും സ്നേഹത്തിന് വേണ്ടി കൊതിക്കുന്നു. എന്ത് അദ്ഭുതമാണ് ഉണ്ടായതെന്ന് നോക്കുക? അതേ ദിവസം രാത്രി ഏകദേശം എട്ട് മണിക്ക് ഒരു സുഹൃത്ത് അയാളുടെ വാതിൽക്കൽ മുട്ടിവിളിച്ചു.

37. അയാൾ വാതിൽ തുറന്ന് നോക്കിയപ്പോൾ തന്റെ സുഹൃത്ത് ശങ്കർറാവുവിനെ കണ്ടു. അയാൾ ലക്ഷ്മിചന്ദിനോട് ഷിർദിയിൽ പോകാൻ വരുമോ എന്ന് ചോദി ച്ചു.

38. "ഞാൻ നാരായൺ മഹാരാജിനെ ദർശിക്കാനായി കേഡഗാവണിലേയ്ക്ക് പോകാനാണ് വിചാരിച്ചിരുന്നത്. പക്ഷേ ആദ്യം ഷിർദിയിലേയ്ക്ക് പോകാ നുള്ള അതിയായ തോന്നൽ എനിക്കുണ്ടായി."

39. ഒരുവന് ആഗ്രഹിക്കുന്നത് നേടാനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. പക്ഷേ അവൻ കാത്തിരുന്ന അവസരം അവന്റെ മടിയിലേയ്ക്ക് വീണു! ലക്ഷ്മിചന്ദിന് സന്തോഷം അടക്കാനായില്ല.

40. അയാൾ തന്റെ സഹോദരപുത്രനിൽ നിന്നും പതിനഞ്ച് ഉറുപ്പിക കടംവാങ്ങി. ശങ്കർറാവുവും അപ്രകാരം തന്നെ ചെയ്തു. അവർ യാത്രയ്ക്കുള്ള തയ്യാറെ ടുപ്പുകൾ ചെയ്തു.

41. രണ്ടുപേരും ഒരുമിച്ച് സഞ്ചികളും സാമഗ്രികളും ഒരുക്കി, യാത്രയ്ക്ക് തയ്യാ റായി. അവർ രണ്ടുപേരും യഥാസമയത്ത് ടിക്കറ്റുകൾ വാങ്ങുകയും തീവ ണ്ടിയിൽ കയറുകയും ചെയ്തു.

42. ശങ്കർറാവു നന്നായി ഭജനകൾ ആലപിക്കുമായിരുന്നു. രണ്ടുപേരും തീവണ്ടി ക്കകത്ത് ഭജനകൾ പാടി. ലക്ഷ്മിചന്ദാകട്ടെ, ആകാംക്ഷ കാരണം യാത്രാ മദ്ധ്യേ അന്വേഷണങ്ങൾ നടത്തി.

43. ആരെങ്കിലും ഷിർദിയിലേയ്ക്ക് ആണ് പോകുന്നതെങ്കിൽ, അയാൾ അവരെ കണ്ടാലുടൻ അഭിവാദനം ചെയ്യുകയും ഇങ്ങനെ പറയുകയും ചെയ്യും: "നിങ്ങളുടെ അനുഭവത്തിനനുസരിച്ച്, സായിബാബയുടെ മഹത്വത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞുതരിക.

44. "സായിബാബ ശ്രേഷ്ഠനായ ഒരു ദിവ്യനും നഗറിനടുത്ത് പ്രശസ്തനുമാണ്." അയാൾ പറഞ്ഞു: "ചില വ്യക്തിപരമായ അനുഭവങ്ങൾ വ്യക്തമായി

ഞങ്ങൾക്ക് പറഞ്ഞു തരിക."

45. ഷിർദിക്കടുത്ത് താമസിച്ചിരുന്ന നാല് മുസ്ലീങ്ങൾ ആ തീവണ്ടിമുറിയ്ക്കുള്ളിലുണ്ടായിരുന്നു. അവരോടൊപ്പം സംസാരിക്കുകയും നർമ്മസല്ലാപം നടത്തുകയും ചെയ്ത് ലക്ഷ്മിചന്ദ് സന്തുഷ്ടനായി.

46. "സായിബാബയെക്കുറിച്ച് നിങ്ങൾക്ക് അറിയാവുന്നത് ഞങ്ങളോട് പറയുക," ലക്ഷ്മിചന്ദ് ഭക്തിയോടും സ്നേഹത്തോടും കൂടി അവരോട് പറഞ്ഞു.

47. "സായിബാബ ശ്രേഷ്ഠനായ ഒരു ദിവ്യനാണ്. ഷിർദിയിൽ അനേകം വർഷങ്ങളായി ജീവിക്കുന്നു. അദ്ദേഹം മഹാനായ ഒരു ആലിയയും യോഗിയുമാണ്," അവർ മറുപടി പറഞ്ഞു.

48. ഇപ്രകാരം സന്തോഷകരമായ സംഭാഷണത്തിലേർപ്പെട്ടുകൊണ്ട്, അവർ കോപർഗാവണിൽ എത്തി. അവിടെ വച്ച് സേഥിന് ഒരു കാര്യം ഓർമ്മ വന്നു.

49. "സായിബാബയ്ക്ക് പേരയ്ക്ക ഇഷ്ടമാണ്. അവ കോപർഗാവണിൽ വളരുന്നുണ്ട്. അവ ഗോദാവരീ നദിക്കരയിൽ വിൽപ്പന ചെയ്യാറുണ്ടെന്ന് കേട്ടു; അതിനാൽ ഞങ്ങൾ അവ ബാബയ്ക്ക് അർപ്പിക്കും."

50. പക്ഷേ അവർ ഗോദാവരിയുടെ തീരത്തെത്തിയപ്പോൾ അവിടുത്തെ പ്രകൃതികാഴ്ചകളാൽ അയാൾ ആകർഷിക്കപ്പെടുകയും, ടോംഗ മറുകരയിൽ എത്തുന്നതുവരെ അയാൾ പേരയ്ക്കയുടെ കാര്യമെല്ലാം മറക്കുകയും ചെയ്തു.

51. അവിടെ നിന്നും നാല് മൈലുകൾ മാത്രം അകലെയായിരുന്നു ഷിർദി. ടോംഗ അതിവേഗത്തിൽ കുതിയ്ക്കുകയുമായിരുന്നു. ലക്ഷ്മിചന്ദ് അപ്പോൾ പേരയ്ക്കയെക്കുറിച്ച് ഓർത്തു. പക്ഷേ ഒന്നും കാണാൻ കഴിഞ്ഞില്ല.

52. ആ സമയത്ത് ഒരു വൃദ്ധ സ്ത്രീ തലയിൽ ഒരു കുട്ടയും ചുമന്ന് ടോംഗയുടെ പുറകെ ഓടിവരുന്നതായി കണ്ടു. അവൾക്കുവേണ്ടി ടോംഗ നിർത്തപ്പെടുകയും, പേരയ്ക്കകൾ അയാളെ കാണാൻ വന്നതുപോലെ തോന്നുകയും ചെയ്തു.

53. ലക്ഷ്മിചന്ദ് അത്യന്തം സന്തോഷിച്ചു. അയാൾ വളരെ ശ്രദ്ധയോടെ പേരയ്ക്കകൾ തെരഞ്ഞെടുത്തു. കുട്ടയിൽ അവശേഷിച്ചിരുന്ന പേരയ്ക്കകൾ അവളുടെ വകയായി ബാബയ്ക്ക് നൽകണമെന്ന് വൃദ്ധസ്ത്രീ അവരോട് പറഞ്ഞു.

54. പേരയ്ക്കകളെക്കുറിച്ച് ഓർക്കുകയും പിന്നെ അവയെക്കുറിച്ച് മറക്കുകയും ചെയ്തു. അപ്രതീക്ഷിതമായി വൃദ്ധസ്ത്രീയെ കണ്ടുമുട്ടിയതും അവൾക്ക് സായിയോടുള്ള ഭക്തി കാണുകയും ചെയ്തത്. അതെല്ലാം ലക്ഷ്മിചന്ദിനെ അത്ഭുതപ്പെടുത്തി.

55. ആദ്യം ഞാൻ സ്വപ്നത്തിൽ ഒരു വൃദ്ധമനുഷ്യനെ കണ്ടു. പിന്നീട് അദ്ദേഹത്തെ കീർത്തനസമയത്ത് കണ്ടുമുട്ടി. ഈ വൃദ്ധസ്ത്രീ അദ്ദേഹത്തിന്റെ ഏതെങ്കിലും ബന്ധുവായിരിക്കും, ലക്ഷ്മിചന്ദ് ഊഹിച്ചു.

56. അത് എന്തുമാകട്ടെ. ടോംഗ യാത്ര തുടരുകയും താമസിയാതെ ഷിർദിയിലെത്തുകയും ചെയ്തു. അവർ ദൂരെ നിന്നും മസ്ജിദിന്റെ മുകളിൽ ധ്വജങ്ങൾ കാണുകയും, അവർ ഭക്തിയോടെ വന്ദിക്കുകയും ചെയ്തു.

57. അവർ പൂജയ്ക്ക് ആവശ്യമായ സാമഗ്രികളെല്ലാം എടുത്തുകൊണ്ട് പെട്ടെന്നുതന്നെ മസ്ജിദിലേയ്ക്ക് പോയി. സായിയുടെ ദർശനം നടത്തി, വളരെ സന്തുഷ്ടരായി.

58. പ്രവേശനവാതിൽക്കൽ നിന്നും മുറ്റത്തേയ്ക്ക് പ്രവേശിച്ചപ്പോൾ, ദൂരെ നിന്നും ബാബയുടെ രൂപം ദർശിക്കവേ തന്നെ അവർ വളരെ വികാരപരവശരായിരുന്നു.

59. ആഗ്രഹിച്ച വ്യക്തിയുടെ ദർശനം ലഭിച്ചപ്പോൾ ലക്ഷ്മിചന്ദ് തീർത്തും മനസ്സ് അർപ്പിച്ച് നിന്നു. അയാൾ വിശപ്പും ദാഹവും മറന്ന് പരമാനന്ദത്തിലായിരുന്നു.[3]

60. കൈകളിൽ ശുദ്ധജലം എടുത്ത്, അയാൾ ബാബയുടെ പാദകമലങ്ങൾ കഴുകി. ആചാരവിധിപ്രകാരം പൂജകൾ ചെയ്തു. പിന്നീട് അയാൾ ഏത്തപ്പഴങ്ങളും നാളികേരവും കാഴ്ചവച്ചു.

61. അയാൾ ചന്ദനത്തിരികൾ അർപ്പിച്ചു, ദീപം ഉഴിഞ്ഞു, വെറ്റിലയും ദക്ഷിണയും നൽകി; മനസ്സ് കൊണ്ട് പ്രദക്ഷിണം വച്ചു, ഒരു പുഷ്പഹാരം സമർപ്പിച്ചു, എന്നിട്ട് അദ്ദേഹത്തിന്റെ പാദത്തിന് സമീപം ഇരുന്നു.

62. സ്നേഹവാനായ ഒരു ഭക്തനായതിനാൽ ലക്ഷ്മിചന്ദ് അയാളുടെ ഗുരുവിന്റെ കൃപയുടെ തണലിൽ വിശ്രമിച്ചു. സായിയുടെ പാദകമലങ്ങളിൽ എത്തിച്ചേർന്നതിനാൽ ഒരു വണ്ടിനെപ്പോലെ അവയ്ക്കുചുറ്റും വലംവച്ചു.

63. അപ്പോൾ ബാബ സംസാരിക്കാൻ തുടങ്ങി (ഹിന്ദിയിൽ): "തെമ്മാടി, അവൻ വഴിയിൽ ഭജനപാടുകയും മറ്റുള്ളവരോട് അന്വേഷണം നടത്തുകയും ചെയ്തു. എന്തിനാണ് മറ്റുള്ളവരോട് ചോദിക്കുന്നത്?

64. "എല്ലാം നിന്റെ കണ്ണുകൾകൊണ്ട് കാണുക. എന്തിന് മറ്റാരോടെങ്കിലും ചോദിക്കണം? സ്വപ്നം സത്യമാണോ അല്ലയോ? നീ സ്വയം തീരുമാനിക്കുക.

65. "ഒരു മാർവാടിയുടെ പക്കൽനിന്നും പണം കടം വാങ്ങിയശേഷം ദർശനത്തിന് വരേണ്ട ആവശ്യമെന്തായിരുന്നു? ഇപ്പോൾ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ സഫലമായോ?" ഈ വാക്കുകൾ കേട്ട് അവർ സ്തബ്ധരായി.

66. വഴിയിൽ അയാൾ നടത്തിയ അന്വേഷണങ്ങളെക്കുറിച്ച്, ഇവിടെ ബാബയ്ക്ക് അറിവുണ്ടായി എന്നതോർത്ത് ലക്ഷ്മിചന്ദ് വളരെയധികം ആശ്ചര്യപ്പെട്ടു.

67. 'എനിക്ക് ഗൃഹത്തിൽ വച്ച് ഒരു സ്വപ്നമുണ്ടായി. ഞാൻ തീവണ്ടിയിൽ വച്ച് ഭജനകൾ പാടി. എങ്ങനെയാണ് ബാബ അതിനെക്കുറിച്ച് അറിഞ്ഞത്? മനസ്സിലെ രഹസ്യങ്ങളെക്കുറിച്ച് അറിവുണ്ടാകുക എത്ര അത്ഭുതകരമാണ്!

68. 'ദർശനം നേടാനുള്ള എന്റെ ഉത്സാഹം മൂലം, പണം കുറവായതിനാൽ മുഴുവൻ തുകയും തികയ്ക്കാൻ വേണ്ടി ഞാൻ പണം കടംവാങ്ങിയതും അദ്ദേഹം അറിഞ്ഞിരിക്കുന്നു.'

69. ലക്ഷ്മിചന്ദ് വളരെ ആശ്ചര്യപ്പെട്ടു; അതേപോലെ തന്നെ അവിടെ കൂടിയിരുന്ന ഭക്തന്മാരും. പാദകമലങ്ങൾക്ക് ചുറ്റും വട്ടമിട്ട് പറക്കുന്ന എല്ലാ വണ്ടുകൾക്കും, ബാബയുടെ അറിവ് അനുമാനിക്കാൻ കഴിയാത്തതാണെന്ന് തോന്നി.

70. പ്രധാനമായ പാഠം എന്തെന്നാൽ, ഉത്സവങ്ങൾ ആഘോഷിക്കാനോ, അവധിയ്ക്ക് പോകാനോ, തീർത്ഥയാത്രയ്ക്കോ കടം വാങ്ങുന്നത് ബാബ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതാണ്.

71. അത് അങ്ങനെയാകട്ടെ. മറ്റെല്ലാ ഭക്തന്മാരോടുമൊപ്പം ലക്ഷ്മിചന്ദ് സാഥേ വാഡയിലേയ്ക്ക് പോയി. ഉച്ചയ്ക്ക് അയാൾ സന്തോഷത്തോടെ ഊണ് കഴിക്കാനിരുന്നു.

72. ആ സമയത്ത് ഏതോ ഒരു ഭക്തൻ ബാബയുടെ പ്രസാദമായി കുറച്ച് സൻസ കൊണ്ടുവന്ന് കുറേശ്ശെയായി ഓരോരുത്തരുടെയും ഇലയിൽ (ഊണുകഴിക്കാനുള്ള പാത്രമായി ഉപയോഗിക്കുന്നത്) വിളമ്പി. അയാൾക്ക് അത് വളരെ ഇഷ്ടപ്പെട്ടു.

73. പിറ്റേദിവസം, ഊണ് സമയത്ത് ലാലാജി സൻസയെക്കുറിച്ച് ഓർത്തു. പക്ഷേ അത് എല്ലാ ദിവസവും ലഭ്യമായിരുന്നില്ല. അതിനാൽ അയാൾക്ക് അത് വീണ്ടും കിട്ടണമെന്ന് ആഗ്രഹം തോന്നി.

74. പക്ഷേ മൂന്നാമത്തെ ദിവസം, ഒരു അദ്ഭുതം സംഭവിച്ചു. അയാളുടെ അപൂർണ്ണമായ ആഗ്രഹത്തെ മഹാരാജ് സായി സഫലമാക്കി. അദ്ദേഹം അത് എങ്ങനെയാണ് ചെയ്തതെന്ന് നോക്കുക!

75. ചന്ദനലേപനം, അക്ഷതം, പൂക്കൾ, മണി, നീരാഞ്ജനം, അഞ്ച് തിരിയിട്ട വിളക്ക് എന്നിവയും കൊണ്ട് ജോഗ് മസ്ജിദിലെത്തി, ബാബയോട് ചോദിച്ചു:

76. "ഇന്ന് നൈവേദ്യമായി ഞാൻ എന്താണ് കൊണ്ടുവരേണ്ടത്?" മഹാരാജ് നിർദ്ദേശിച്ചു: "എനിക്ക് ഒരു പാത്രം നിറയെ സൻസ കൊണ്ടുവരിക. പൂജയും ആരതിയും നീ പിന്നീട് ചെയ്യുക."

77. പൂജാസാമഗ്രികൾ അവിടെ വച്ച ശേഷം ജോഗ് അപ്പോൾ തന്നെ മടങ്ങിപ്പോയി. പെട്ടെന്ന് എല്ലാവർക്കും മതിയാവോളം ഷീരയുമായി മടങ്ങിയെത്തി.

78. പിന്നീട് ഉച്ചനേരത്തെ ആരതി നടന്നു. മുമ്പ് ഭക്തർ കൊണ്ടുവന്ന നൈവേദ്യങ്ങൾ തിരികെ അയയ്ക്കപ്പെട്ടു. അപ്പോൾ ബാബ ഭക്തരോട് പറഞ്ഞു.

79. "ഇന്ന് ഒരു നല്ല ദിവസമാണ്. ഇന്നത്തെ പ്രസാദം സൻസയായിരിക്കണമെന്ന് എനിക്ക് തോന്നുന്നു. അതിനാൽ പെട്ടെന്ന് അത് കൊണ്ടുവരിക. എല്ലാവരും അത് മതിയാവോളം കഴിക്കണം."

80. ഭക്തർ പോയി രണ്ടു കുടം നിറയെ സൻസയുമായി എത്തി. ലക്ഷ്മിചന്ദിന് വിശപ്പും നടുവേദനയും അനുഭവപ്പെടുകയായിരുന്നു.

81. തന്റെ വിശപ്പും നടുവേദനയും കാരണം ലക്ഷ്മിചന്ദ് അസ്വസ്ഥനായിരുന്നു. അപ്പോൾ ബാബയുടെ വദനത്തിൽ നിന്നും വന്ന വാക്കുകൾ ശ്രദ്ധയോടെ കേൾക്കുക.

82. "നിനക്ക് വിശപ്പുള്ളത് നല്ലതുതന്നെ. പക്ഷേ നടുവേദനയ്ക്ക് മരുന്ന് ആവശ്യമാണ്. സൻസ ധാരാളമായി എത്തിയിട്ടുണ്ട്. ആരതിക്ക് എഴുന്നേൽക്കുക (ഹിന്ദിയിൽ)."

83. ലക്ഷ്മിചന്ദ് ഒരു ശബ്ദം പോലും ഉണ്ടാക്കാതെ തന്നെ, ബാബയുടെ വാക്കു

കൾ അയാളുടെ ചിന്തകളുടെ പ്രതിധ്വനിയായി. മഹാരാജിന് ഹൃദയരഹസ്യങ്ങൾ അറിയാമായിരുന്നു!

84. അത് എന്തും ആകട്ടെ. ആരതിയ്ക്ക് ശേഷം ഊണ് സമയത്ത് സൻസ വിളമ്പി. ലക്ഷ്മിചന്ദിന്റെ ആഗ്രഹം സാധിച്ചു. അയാൾ സന്തോഷവാനായി.

85. അന്നുമുതൽ അയാൾ ബാബയുടെ ഭക്തനായി. അയാൾ പതിവായി അഗർബത്തികളും നാളികേരവും പുഷ്പഹാരവും അർപ്പിച്ചു. ലക്ഷ്മിചന്ദിന് അഭിവൃദ്ധിയുണ്ടാകുകയും ചെയ്തു. പൂജ ക്രമമായതും ആചാരപ്രകാരവുമായിരുന്നു.

86. ആരെങ്കിലും ഷിർദിയിലേയ്ക്ക് പോകുന്നത് കാണുകയാണെങ്കിൽ, അയാൾ അവരുടെ പക്കൽ ഹാരം, ദക്ഷിണ, കർപ്പൂരം, അഗർബത്തികൾ എന്നിവ കൊടുത്തുവിടും. അയാൾ സായിയോട് അത്തരത്തിലുള്ള ഭക്തി വളർത്തിയെടുത്തിരുന്നു.

87. ആരെങ്കിലും ഷിർദിയിലേയ്ക്ക് പോകുമെന്ന് ലക്ഷ്മിചന്ദ് അറിയുകയാണെങ്കിൽ, അയാൾ മുടങ്ങാതെ ഈ മൂന്ന് സാധനങ്ങൾ ദക്ഷിണയോടൊപ്പം ബാബയ്ക്ക് കൊടുത്തുവിടുമായിരുന്നു.

88. ആ യാത്രയ്ക്കിടയിൽ, ലക്ഷ്മിചന്ദ് ചാവടി ഘോഷയാത്ര കാണാനായി പോയപ്പോൾ, ബാബ ചുമയ്ക്കുന്നതും, ബുദ്ധിമുട്ടി ശ്വാസം വലിക്കുന്നതും കണ്ടു.

89. ലക്ഷ്മിചന്ദ് ചിന്തിച്ചു, 'ഈ ചുമ അദ്ദേഹത്തെ എത്രമാത്രം കഷ്ടപ്പെടുത്തുന്നു! ആരോ കരിങ്കണ്ണ് വീഴ്ത്തിയതുപോലെ തോന്നുന്നു! അതുകൊണ്ടാണ് അദ്ദേഹം ചുമയ്ക്കുന്നത്.'

90. ഇത് ലക്ഷ്മിചന്ദിന്റെ മനസ്സിൽ കൂടി കടന്നുപോയ ഒരു ചിന്ത മാത്രമായിരുന്നു. പിറ്റേദിവസം രാവിലെ, അയാൾ മസ്ജിദിലെത്തിയപ്പോൾ, അയാളുടെ ചിന്തകൾ വാക്കുകളിലേക്ക് പരിഭാഷപ്പെടുത്തിയതുപോലെ, ബാബ അതേ കാര്യം തന്നെ പറഞ്ഞു എന്നുള്ളത് ഭക്തർക്ക് എത്ര ആശ്ചര്യകരമാണ്.

91. മാധവറാവു വന്നപ്പോൾ ബാബ അയാളോട് പറഞ്ഞു, "ഇന്നലെ എനിക്ക് നല്ല ചുമയുണ്ടായിരുന്നു. അത് ആരുടെയെങ്കിലും കരിങ്കണ്ണ് കൊണ്ടാണോ?

92. "എനിക്ക് തോന്നുന്നു, ആരോ എന്റെ മേൽ കരിങ്കണ്ണ് വീഴ്ത്തിയെന്നാണ്. അതിനാലാണ് ഈ ചുമ എനിക്ക് ഇടയ്ക്കിടയ്ക്ക് ഉണ്ടായി ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത്."

93. അയാളുടെ സ്വന്തം ചിന്തകളുടെ ആവർത്തനം കേട്ട് ലക്ഷ്മിചന്ദ് ആശ്ചര്യപ്പെട്ടു. 'എങ്ങനെയാണ് ബാബ ഇതറിഞ്ഞത്. അദ്ദേഹം എല്ലായിടവും ഉണ്ടോ?'

94. പിന്നീട് കൈകൾ കൂപ്പിക്കൊണ്ട് അയാൾ അദ്ദേഹത്തോട് പ്രാർത്ഥിച്ചു. "ഞാൻ അങ്ങയുടെ ദർശനത്താൽ സന്തുഷ്ടനാണ്. അതിനാൽ തുടർന്നും എനിക്ക് ഈ സൗഭാഗ്യം നൽകുകയും എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ മഹാരാജ്.

95. "ഇപ്പോൾ എനിക്ക് അങ്ങയുടെ പാദങ്ങളല്ലാതെ മറ്റൊരു ദൈവമില്ല. എന്റെ മനസ്സ് എല്ലായ്പ്പോഴും അങ്ങയുടെ ആരാധനയിലും അങ്ങയുടെ പാദങ്ങളിലും

ചേർന്നിരിക്കണം.”

96. അയാൾ പറഞ്ഞു: “ഞാൻ ഇപ്പോൾ എന്റെ ശിരസ്സ് അങ്ങയുടെ പാദങ്ങളിൽ അർപ്പിക്കുന്നു. സായി സമർത്ഥ, മടങ്ങിപ്പോകാനുള്ള അനുവാദം ചോദിക്കു കയാണ്. ഇപ്പോൾ ഞങ്ങളെ അതിന് അനുവദിക്കുകയും എല്ലായ്പ്പോഴും ഇതേ ദയാവായ്പോടെ വീക്ഷിക്കുകയും ചെയ്യുക.

97. “അങ്ങയുടെ തുടർന്നുമുള്ള കൃപ എന്നെ ലൗകികപ്രശ്നങ്ങളിൽ നിന്നും രക്ഷിക്കണം. അങ്ങയുടെ നാമം ജപിക്കുന്നത് തുടരുന്നതിനും, അത് ഞങ്ങൾക്ക് സന്തോഷവും സംതൃപ്തിയും നൽകുകയും വേണം.”

98. ലക്ഷ്മിചന്ദ് ഉധിയും അനുഗ്രഹങ്ങളും വാങ്ങി, സുഹൃത്തിനോടൊപ്പം മടങ്ങി പ്പോയി. മാർഗ്ഗമദ്ധ്യേ ആനന്ദത്തോടെ സായിയുടെ മഹിമകൾ വാഴ്ത്തിപ്പാടി.

99. അതേപോലെ, ദർശനത്തിനുള്ള സമയമായപ്പോൾ, മറ്റൊരു ‘കുരുവി’യും ഷിർദിയിലേയ്ക്ക് വഴിച്ചിഴയ്ക്കപ്പെട്ടു. ആ നവീനമാർഗ്ഗം ശ്രദ്ധിക്കുക.

100. ഈ ‘കുരുവി’ സ്നേഹമയിയായ ഒരു സ്ത്രീയായിരുന്നു. അവളുടെ കഥ വളരെ ആശ്ചര്യകരമാണ്. അവൾ ബർഹാൻപൂരിലാണ് താമസിച്ചിരുന്നത്. അവിടെ വച്ച് അവൾ സായി മഹാരാജിനെ സ്വപ്നത്തിൽ ദർശിച്ചു.

101. അവൾ ഒരിക്കലും ബാബയെ നേരിട്ട് കണ്ടിട്ടുണ്ടായിരുന്നില്ല; എന്നിട്ടും, ബാബ അവളുടെ വാതിൽക്കലെത്തി, കിച്ചടി ചേർത്ത ഊണ് ചോദിക്കുന്നതായി അവൾ ഒരു സ്വപ്നം കണ്ടു.

102. അവൾ പെട്ടെന്ന് ഉറക്കമുണർന്നെങ്കിലും ആ സ്ഥലത്ത് ആരെയും കാണാൻ കഴിഞ്ഞില്ല. അവൾ എല്ലാവരോടും തന്റെ സ്വപ്നത്തെക്കുറിച്ച് വളരെ ഉത്സാ ഹത്തോടെ പറഞ്ഞു.

103. അവളുടെ ഭർത്താവ് അതേ പട്ടണത്തിൽ, തപാൽ വിഭാഗത്തിലെ ഒരു ഉദ്യോ ഗസ്ഥനായിരുന്നു. പിന്നീട് അയാൾ അകോളയിലേയ്ക്ക് സ്ഥലംമാറ്റപ്പെടുക യും, അവർ ഷിർദി സന്ദർശിക്കാനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തു.

104. ആ ദമ്പതികൾ ഭക്തരും, സായിയുടെ ദർശനത്തിനായി വളരെ ഉത്സുകരുമാ യിരുന്നു. അവർ സ്വപ്നത്തെക്കുറിച്ച് വളരെ ആകാംക്ഷാഭരിതരാകുകയും, ബാബയുടെ ലീലകൾ അഗ്രാഹ്യമാണെന്ന് ചിന്തിക്കുകയും ചെയ്തു.

105. അതിനാൽ, സൗകര്യപ്രദമായ ഒരു ദിവസം, അവർ ഷിർദിയിലേയ്ക്ക് പുറ പ്പെട്ടു. മാർഗ്ഗമദ്ധ്യേ അവർ ഗോമതിതീർത്ഥത്തിൽ[4] പ്രാർത്ഥിക്കുകയും പിന്നീട് ഷിർദിയിലെത്തുകയും ചെയ്തു.

106. അവർ സ്നേഹത്തോടെ ബാബയെ ദർശിക്കുകയും ഭക്തിയോടെ അദ്ദേ ഹത്തെ ആരാധിക്കുകയും ചെയ്തു. പതിവായി ബാബയുടെ പാദങ്ങൾ സേവിച്ച് അവർ സന്തുഷ്ടരായി.

107. അത്തരത്തിൽ ആ ദമ്പതികൾ സന്തോഷത്തോടെ രണ്ട് മാസക്കാലം ഷിർദി യിൽ താമസിച്ചു. ബാബയും അവരുടെ കിച്ചടി ഊണിലും, അവരുടെ വിശ്വാ സത്തിലും ഭക്തിയിലും സംതൃപ്തനായി.

108. കിച്ചടി നൈവേദ്യം അർപ്പിക്കാനാണ് ആ ദമ്പതികൾ ഷിർദിയിലെത്തിയത്.

പക്ഷേ രണ്ടാഴ്ചകൾ കഴിഞ്ഞിട്ടും കിച്ചടി നൈവേദ്യം അർപ്പിക്കാൻ കഴിഞ്ഞില്ല.

109. നിശ്ചയിച്ചുറപ്പിച്ചിരുന്ന തീരുമാനം നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുകയും, ആ സ്ത്രീയ്ക്ക് അത് ഇഷ്ടപ്പെട്ടതുമില്ല. പതിനഞ്ചാമത്തെ ദിവസം, ഉച്ചനേരത്ത് ആ സ്ത്രീ കിച്ചടിയുമായെത്തി.

110. തിരശ്ശീല താഴ്ത്തിയിട്ട്, ബാബ ഭക്തന്മാരോടൊപ്പം ഊണ് കഴിക്കാനായി ഇരുന്നുകഴിഞ്ഞിരുന്നു. ആ സ്ത്രീയ്ക്ക് ഇത് മനസ്സിലായി.

111. ഊണ് കഴിച്ചുകൊണ്ടിരിക്കവേ, ആരും തന്നെ തിരശ്ശീല മറികടന്ന് പ്രവേശിക്കുമായിരുന്നില്ല. പക്ഷേ ആ സ്ത്രീ വളരെ ഉത്സുകയായിരുന്നു. അവൾക്ക് മുറ്റത്ത് കാത്തുനിൽക്കാൻ കഴിഞ്ഞില്ല.

112. അവൾ അകോളയിൽ നിന്നും കിച്ചടി നേദിക്കാനാണ് ഉത്സാഹത്തോടെ എത്തിയത്. എങ്ങനെയാണ് അത് സ്വീകരിക്കപ്പെടാതിരിക്കുന്നത്, എന്നതായിരുന്നു അവളുടെ ആകാംക്ഷ.

113. ആരെയും ശ്രദ്ധിക്കാതെ, അവൾ സ്വന്തം കൈകൾകൊണ്ട് തിരശ്ശീല ഉയർത്തി. ആരുടെയും അനുവാദം ചോദിക്കാതെ, അകത്ത് കടന്ന് തന്റെ ആഗ്രഹം പൂർത്തിയാക്കി.

114. അപ്പോൾ ബാബ വളരെ ആശ്ചര്യകരമായ ഒരു പ്രവൃത്തി ചെയ്യുകയുണ്ടായി. അദ്ദേഹം കിച്ചടിയ്ക്ക് വേണ്ടി വളരെ ആഗ്രഹിക്കുകയും, അത് ആദ്യം വിളമ്പണമെന്ന് ആവശ്യപ്പെടുകയും ആ പാത്രം രണ്ടു കൈകളും കൊണ്ട് എടുക്കുകയും ചെയ്തു.

115. കിച്ചടി കണ്ടപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. കുറേശ്ശെ കുറേശ്ശെയായി ബാബ അത് കഴിച്ചു. എല്ലാവരും ആശ്ചര്യപ്പെട്ടു.

116. ബാബയുടെ ഉത്സാഹം കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. പിന്നീട് അവർ കിച്ചടിയുടെ കഥ കേട്ടപ്പോൾ സായിയുടെ പെരുമാറ്റത്തിന്റെ അർത്ഥം അവർക്ക് മനസ്സിലായി.

117. ഇപ്പോൾ, അടുത്ത കഥ കേൾക്കുമ്പോൾ നിങ്ങൾ വികാരപരവശരാകും. ഒരു ഗുജറാത്തി ബ്രാഹ്മണൻ അപ്രതീക്ഷിതമായി, സേവനത്തിനായി ഷിർദിയിലെത്തി.

118. അയാൾ മുമ്പ് റാവു ബഹാദൂർ സാഠേയുടെ സേവകനായിരുന്നു. അയാളുടെ സത്യസന്ധമായ സേവനങ്ങൾ മൂലം അവന് ബാബയുടെ പാദങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു.

119. ഈ കഥയും വളരെ ഹൃദയഹാരിയാണ്. സ്നേഹപൂർവ്വമായ ഭക്തിയുള്ള ആരുടെയും ആഗ്രഹം ഈശ്വരൻ സഫലമാക്കും. അത് ശ്രദ്ധിക്കുക.

120. അയാളുടെ നാമം മേഘ എന്നായിരുന്നു. സായിയുമായി പൂർവ്വജന്മത്തിൽ എന്തോ ബന്ധമുള്ളതിനാൽ അയാൾ ഷിർദിയിൽ ഒരു സ്ഥാനം നേടി. ആ കഥ ശ്രവിക്കാൻ തയ്യാറാകുക.

121. സാഠേ കേഡ ജില്ലയിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. അവിടെ വച്ച് അയാൾ

അപ്രതീക്ഷിതമായി മേഘയെ കണ്ടുമുട്ടി. പതിവായുള്ള ശിവപൂജ ചെയ്യുന്ന തിന് വേണ്ടി അയാളെ നിയോഗിച്ചു.

122. പിന്നീട് ഈ സാഠേ ഷിർദിയിലെത്തി. അതാണ് അയാളുടെ ഭാഗ്യം മാറ്റിമറി ച്ചത്. അയാൾക്ക് അവിടെ സായി മഹാരാജുമായി അടുത്ത സമ്പർക്കമുണ്ടാ കുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ തികഞ്ഞ ഭക്തിയുണ്ടാകുകയും ചെയ്തു.

123. തീർത്ഥയാത്രയ്ക്കായി എത്തുന്ന ജനക്കൂട്ടത്തെ കണ്ടപ്പോൾ, കുടുംബവും സുഹൃത്തുക്കളുമായെത്തുന്ന സന്ദർശകരുടെ സൗകര്യത്തിനുവേണ്ടി സ്വന്ത മായി ഒരു വാഡ നിർമ്മിക്കണമെന്ന് അയാൾ തീരുമാനിച്ചു.

124. പിന്നീട് അയാൾ പ്രമുഖരായ ഗ്രാമീണരെ കാണുകയും ബാബ ആദ്യം കാണ പ്പെട്ട സ്ഥലം വിലയ്ക്ക് വാങ്ങുകയും ചെയ്തു. അവിടെ വാഡ നിർമ്മിക്കാൻ തീരുമാനിച്ചു.

125. ഈ പുണ്യസ്ഥലത്തിന്റെ പ്രാധാന്യം നാലാമത്തെ അധ്യായത്തിൽ പൂർണ്ണ മായും വിശദീകരിച്ചിട്ടുണ്ട്. അതിനാൽ ആവർത്തനത്തിന്റെ ആവശ്യമില്ല. നമുക്ക് വിവരണം തുടരാം.

126. മേഘയുടെ പൂർവ്വജന്മത്തിലെ പുണ്യങ്ങൾ വളരെ ശ്രേഷ്ഠമാണ്. അതിനാ ലാണ് അയാൾ റാവു ബഹദൂർ സാഠേയുമായി പരിചയപ്പെടാനിടയായത്. അപ്പോൾ മുതലാണ് അയാൾക്ക് ആത്മീയ പുരോഗതി നേടാൻ കഴിഞ്ഞത്, സാഠേയുടെ ശ്രമങ്ങൾക്ക് നന്ദി.

127. സാഹചര്യങ്ങൾ മൂലം മേഘയ്ക്ക് വിധിപ്രകാരമുള്ള ആചാരങ്ങൾ നിർവ്വഹി ക്കാൻ കഴിഞ്ഞില്ല. അവനെ ഗായത്രിമന്ത്രം അഭ്യസിപ്പിച്ച് കൊണ്ട്, സാഠേ അയാളെ ധാർമ്മികമായ ജീവിതത്തിലേക്ക് നയിച്ചു.

128. മേഘ സാഠേയെ സേവിക്കാൻ തുടങ്ങുകയും, ഇത് അവരുടെ പരസ്പരമായ ആദരവ് വർദ്ധിക്കാനിടയാക്കുകയും ചെയ്തു. മേഘ, സാഠേയെ ഒരു ഗുരു വായി കാണുകയും അയാളുടെ മേൽ സ്നേഹം വളരുകയും ചെയ്തു.

129. അത് അങ്ങനെയാകട്ടെ. ഒരിക്കൽ സാഠേ സ്വാഭാവികമായ രീതിയിൽ സംഭാ ഷണം നടത്തുകയും അയാളുടെ സ്വന്തം ഗുരുവിന്റെ ശ്രേഷ്ഠതകൾ വർണ്ണി ക്കുകയും ചെയ്യവേ അയാൾ വികാരവിവശനാകുകയും മേഘയോട് ആദര വോടെ ചോദിക്കുകയും ചെയ്തു.

130. "ബാബയെ ഗോദാവരി നദീജലം കൊണ്ട് സ്നാനം നടത്തണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്. അതിനാൽ ഈ പ്രത്യേക ഉദ്ദേശ്യത്തിനായി ഞാൻ നിന്നെ ഷിർദിയിലേയ്ക്ക് അയക്കുകയാണ്.

131. "കൂടാതെ നിന്റെ ഹൃദയംഗമമായ ഭക്തി കണ്ടിട്ട് നീ സദ്ഗുരുവുമായി സഹ വസിക്കണമെന്നും, അദ്ദേഹത്തിന്റെ പാദങ്ങളിൽ ഭക്തി വളർത്തണമെന്നും എനിക്ക് തോന്നുന്നു.

132. "നിന്റെ ജീവിതലക്ഷ്യം പൂർത്തിയാക്കുകയും നിനക്ക് ഉത്തമമായ നന്മ കൈവ രികയും ചെയ്യും. പോകൂ, പോയി സദ്ഗുരുവിന് പൂർണ്ണമായും സ്വയം സമർപ്പി

ക്കുക."

133. മേഘ, ബാബയുടെ ജാതിയെക്കുറിച്ച് അയാളോട് ചോദിച്ചു. യഥാർത്ഥത്തിൽ സാഥേയ്ക്ക് അതിനെക്കുറിച്ച് ഒന്നുമറിയില്ലായിരുന്നു. അയാൾ പറഞ്ഞു. "ചിലർ അദ്ദേഹത്തെ ഒരു മുസ്ലീം എന്നു വിളിക്കുന്നു, എന്തുകൊണ്ടെന്നാൽ അദ്ദേഹം ഒരു മസ്ജിദിൽ ഇരിക്കുന്നു."

134. "മുസ്ലീം" എന്ന വാക്ക് മേഘയുടെ മനസ്സിനെ ചഞ്ചലപ്പെടുത്തി. ഒരു മുസ്ലീമിനെക്കാൾ താഴ്ന്നവനായി ആരുമുണ്ടാകില്ല. ഏത് തരത്തിലുള്ള ഗുരുവായിരിക്കും അയാൾ!

135. അവൻ നിരസിക്കുകയാണെങ്കിൽ, സാഥേയ്ക്ക് അനിഷ്ടം തോന്നുമെന്ന് അവന് അറിയാമായിരുന്നു. പക്ഷേ അവൻ സമ്മതിക്കുകയാണെങ്കിൽ, ആത്മീയമായി താൻ താഴ്ന്നുപോകുമെന്ന് അവൻ വിശ്വസിച്ചു. അവൻ വളരെ ചിന്താകുഴപ്പത്തിലാകുകയും, വിഷമിക്കുകയും ചെയ്തു.

136. അവൻ ചെകുത്താനും നടുക്കടലിനും[5] ഇടയ്ക്കായിരുന്നു. അവൻ അസ്വസ്ഥനാകുകയും ചഞ്ചലപ്പെടുകയും ചെയ്തു. പക്ഷേ സാഥേ വളരെ നിർബന്ധിക്കുകയും അതിനാൽ അയാൾ ദർശനത്തിന് പോകാൻ തീരുമാനിക്കുകയും ചെയ്തു.

137. അങ്ങനെ മേഘ ഷിർദിയിലെത്തുകയും മസ്ജിദിന്റെ മുറ്റത്ത് വരികയും ചെയ്തു. അവൻ പടികൾ കയറാൻ തുടങ്ങവെ, ബാബ അദ്ദേഹത്തിന്റെ ലീലകൾ കാട്ടിത്തുടങ്ങി.

138. അദ്ദേഹം കോപാകുലനാകുകയും അദ്ദേഹത്തിന്റെ കൈയ്യിൽ ഒരു കല്ല് എടുത്തുകൊണ്ട് പറയുകയും ചെയ്തു: "സൂക്ഷിക്കുക, നീ നിന്റെ പാദം പടിയിൽ ചവിട്ടുന്നത്! ഈ സ്ഥലത്ത് ഒരു മുസ്ലീമാണ് വസിക്കുന്നത്.

139. "നീ ഒരു ഉന്നതജാതിക്കാരനായ ബ്രാഹ്മണനും, ഞാൻ താഴ്ന്നവരിൽ താഴ്ന്നവനായ ഒരു മുസ്ലീമും. നീ അശുദ്ധനാകും, പുറകോട്ടു പോകൂ!"

140. ആ രൗദ്രഭാവം, പ്രപഞ്ചാവസാനകാലത്തെ രുദ്രന് സമാനമായിരുന്നു. കാഴ്ചക്കാർ ഭയംകൊണ്ട് വിറയ്ക്കുകയും മേഘ നടുങ്ങുകയും ചെയ്തു.

141. പക്ഷേ ഈ കോപം പുറമേക്ക് മാത്രമായിരുന്നു. അകമേ, അദ്ദേഹത്തിന് ദയ നിറഞ്ഞൊഴുകുകയായിരുന്നു. മേഘ ആശ്ചര്യപ്പെടുകയും, പരിഭ്രാന്തനാകുകയും ചെയ്തു. 'എങ്ങനെയാണ് അദ്ദേഹം എന്റെ ആന്തരിക ചിന്തകളെക്കുറിച്ച് അറിഞ്ഞത്?

142. 'കേഡഗാവണും അഹമ്മദ്നഗറും തമ്മിലുള്ള അകലം ഗണ്യമാണ്. സംശയങ്ങൾ നിറഞ്ഞ എന്റെ മനസ്സിനെ തുറന്നുകാട്ടണമെന്ന് അദ്ദേഹം നിശ്ചയിച്ചതുപോലെ തോന്നുന്നു.'

143. ബാബ അവനെ അടിക്കാനായി മുമ്പോട്ട് ഓടിയടുത്തപ്പോൾ മേഘയുടെ ധൈര്യം അവനെ കൈവിട്ടു. അവൻ ഓരോ അടിയായി പുറകിലേക്ക് നീങ്ങുകയും, മുന്നോട്ട് നീങ്ങാൻ ധൈര്യമില്ലാതെയാകുകയും ചെയ്തു.

144. ഇത്തരത്തിൽ അവൻ കുറച്ചുനാൾ അവിടെ താമസിച്ചു. ബാബയെ പല ഭാവ

ങ്ങളിൽ അവൻ നോക്കിക്കണ്ടു. അവനെക്കൊണ്ട് കഴിയുന്ന സേവനങ്ങൾ അവൻ ചെയ്തെങ്കിലും, പൂർണ്ണമായ വിശ്വാസമുണ്ടായില്ല.

145. പിന്നീട് അവൻ ഗൃഹത്തിലേയ്ക്ക് മടങ്ങിപ്പോകുകയും അസുഖബാധിതനാകുകയും ചെയ്തു. അവിടെ വച്ച് അവൻ ബാബയെക്കുറിച്ച് ഓർക്കുകയും, ഷിർദിയിലേക്ക് മടങ്ങിവരികയും ചെയ്തു.

146. അപ്രാവശ്യം വന്നപ്പോൾ, അവൻ അവിടെ സ്ഥിരമായി താമസിച്ചു. അവന് സായിയിൽ ഭക്തിയുണ്ടായി. അവൻ സായിയുടെ ഉത്തമനായ ഒരു ഭക്തനായി മാറി. സായിയല്ലാതെ മറ്റൊരു ഈശ്വരൻ അവനില്ലായിരുന്നു.

147. മേഘ മുമ്പേ തന്നെ ഒരു ശിവഭക്തനായിരുന്നു. അവൻ സായിയുടെ പാദങ്ങളിൽ ശരണം പ്രാപിച്ചപ്പോൾ സായിനാഥനെ അവൻ ശങ്കരനായി കണ്ടു. അദ്ദേഹം അവന് ഉമാനാഥനായിരുന്നു.

148. മേഘ തുടർച്ചയായി 'സായി ശങ്കർ' എന്ന് രാപകൽ ജപിക്കുകയും അവന്റെ ആന്തരികഭാവം ആ രൂപത്തിൽ ലയിക്കുകയും ചെയ്തു. അവന്റെ മനസ്സ് ശുദ്ധവും പാപരഹിതവുമായിരുന്നു.

149. അയാൾ സായിയുടെ ഉത്തമഭക്തനായി. സായി ശങ്കരഭഗവാൻ തന്നെയാണെന്ന് അവൻ കരുതി. 'ശങ്കര-ശങ്കര' എന്നുള്ള അവന്റെ നാമജപം മുഴങ്ങിക്കേട്ടു. അവൻ മറ്റൊരു ദേവതയിലും വിശ്വസിച്ചില്ല.

150. സായിയെ പൂജിക്കുന്നത് അവന് ഈശ്വരപൂജയായിരുന്നു. സായി അവന്റെ ഗിരിജാരമണനായിരുന്നു[6]. ഈ ചിന്ത മനസ്സിൽ ഉറപ്പിച്ചുകൊണ്ട് മേഘ എല്ലായ്പ്പോഴും സന്തോഷവാനായി കഴിഞ്ഞു.

151. ശങ്കരൻ വില്വപത്രങ്ങൾ ഇഷ്ടപ്പെടുന്നു. പക്ഷേ ഷിർദിയിൽ വില്വപത്രങ്ങളുണ്ടായിരുന്നില്ല. അതിനാൽ ഈ ഇലകൾ അർപ്പിക്കണമെന്നുള്ള അവന്റെ ആഗ്രഹം സാധിക്കുന്നതിന് വേണ്ടി, മേഘ ഒന്നോ ഒന്നരയോ കോസ് നടന്നു പോയി.

152. അവന്, ഒന്നോ രണ്ടോ കോസ് ഒന്നുമായിരുന്നില്ല. വില്വത്തിന് വേണ്ടി ഒരു മല കടക്കാൻ പോലും അവൻ തയ്യാറായിരുന്നു, എന്തുകൊണ്ടെന്നാൽ അവൻ ആഗ്രഹിക്കുന്ന തരത്തിൽ പൂജ ചെയ്യണമെന്നുള്ളത് അവൻ സഫലമാക്കിയിരിക്കും.

153. വളരെ ദൂരെ നിന്നും അവൻ വില്വപത്രങ്ങൾ കൊണ്ടുവരും. എല്ലാ പൂജാസാമഗ്രികളും പൂർണ്ണമായും ശേഖരിക്കും. പിന്നീട് ഓരോരുത്തരെയായി എല്ലാ ഗ്രാമദേവതകളെയും പൂജിക്കും. ഉചിതമായ ആചാര വിധികളോടെ എല്ലാവർക്കും അർപ്പണങ്ങൾ ചെയ്യും.

154. അതിനുശേഷം ഉടൻതന്നെ അവൻ മസ്ജിദിലെത്തും. ബാബയുടെ ഇരിപ്പിടത്തിനെ സ്നേഹത്തോടെ വന്ദിക്കും. അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുകയും എന്നിട്ട് ആ ജലം തീർത്ഥമായി കുടിക്കുകയും ചെയ്യും.

155. മേഘയെക്കുറിച്ചുള്ള തുടർന്നുള്ള കഥകൾ ശ്രവിക്കുന്നത് ആഹ്ളാദകരമായിരിക്കും. അവ സായിയുടെ സർവ്വവ്യാപിത്വവും, ഗ്രാമദേവതകളോടുള്ള ആദ

രവും വെളിവാക്കുന്നതാണ്.

156. മേഘ ഷിർദിയിലുണ്ടായിരുന്ന കാലമത്രയും അയാൾ പതിവായി ഉച്ച ആരതി നടത്തിയിരുന്നു. പക്ഷേ അതിന് മുമ്പ് അയാൾ എല്ലാ ഗ്രാമദേവതകളെയും പൂജിക്കുകയും അതിനുശേഷം മസ്ജിദിൽ വരികയും ചെയ്തിരുന്നു.

157. ഇതായിരുന്നു അയാളുടെ പതിവായുള്ള ദിനചര്യ. പക്ഷേ ഒരു ദിവസം ഈ പതിവ് മുടങ്ങി. അയാൾ ശ്രമിച്ചെങ്കിലും ഖണ്ഡോബയുടെ പൂജ ചെയ്യാൻ കഴിഞ്ഞില്ല.

158. അവൻ പൂജ ചെയ്യാൻ ശ്രമിച്ചെങ്കിലും, ക്ഷേത്രത്തിന്റെ വാതിൽ തുറക്കാൻ കഴിഞ്ഞില്ല. അതിനാൽ അയാൾ അത് ഒഴിവാക്കുകയും ആരതി ചെയ്യാനായി (മസ്ജിദിലേയ്ക്ക്) വരികയും ചെയ്തു.

159. അപ്പോൾ ബാബ അവനോട് പറഞ്ഞു. "ഇന്ന് നിന്റെ പൂജാവിധികളിൽ മുടക്കം വന്നിട്ടുണ്ട്. നീ എല്ലാ ദേവതകളെയും പൂജിച്ചെങ്കിലും, ഒരെണ്ണത്തിന്റെ പൂജ കഴിഞ്ഞിട്ടില്ല.

160. "പോകൂ, അത് ചെയ്തശേഷം ഇവിടെ വരിക." മേഘ മറുപടി പറഞ്ഞു: "വാതിൽ അടഞ്ഞുകിടക്കുകയായിരുന്നു. ഞാൻ ശ്രമിച്ചെങ്കിലും തുറക്കാൻ കഴിഞ്ഞില്ല. അതിനാൽ പൂജ ഒഴിവാക്കാൻ ഞാൻ നിർബന്ധിതനായി."

161. ബാബ പറഞ്ഞു: "പോയി നോക്കൂ. ഇപ്പോൾ വാതിൽ തുറന്നിട്ടുണ്ട്." മേഘ ഉടൻതന്നെ, ഒരു നിമിഷം പോലും പാഴാക്കാതെ പോകുകയും ആ വാക്കുകൾ സത്യമാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

162. അവൻ ഖണ്ഡരേയയെ പൂജിക്കുകയും, മേഘയുടെ അസ്വസ്ഥത നീങ്ങുകയും ചെയ്തു. അതിനുശേഷം ബാബ മേഘയെ അദ്ദേഹത്തിന്റെ പൂജകൾ ചെയ്യാൻ അനുവദിച്ചു.

163. പിന്നീട് അവൻ ചന്ദനലേപനം, പുഷ്പങ്ങൾ, മറ്റ് അഷ്ടനൈവേദ്യങ്ങൾ തുടങ്ങിയവ സഹിതം വളരെ ആദരവോടെ പൂജ ചെയ്തു. ദക്ഷിണ, പുഷ്പഹാരം, പഴങ്ങൾ എന്നിവ അവന്റെ കഴിവിന് അനുസരിച്ച് അർപ്പിച്ചു.

164. ഒരു മകരസംക്രാന്തി ദിനത്തിൽ, ബാബയുടെ ശരീരം മുഴുവൻ ചന്ദനലേപനം തേയ്ക്കണമെന്നും ഗോദാവരി നദിയിലെ ജലംകൊണ്ട് അദ്ദേഹത്തിന് സ്നാനം നടത്തണമെന്നും അവന് തോന്നി.

165. അവൻ അനുവാദത്തിനായി ബാബയെ അലട്ടിക്കൊണ്ടിരുന്നു. ബാബ പറഞ്ഞു: "പോകൂ, നിന്റെ ഇഷ്ടം പോലെ ചെയ്യുക." അതിനാൽ പെട്ടെന്നു തന്നെ മേഘ ഒരു ചെമ്പുകുടവുമെടുത്ത് വെള്ളം കൊണ്ടുവരാനായി പുറപ്പെട്ടു.

166. അതിരാവിലെ, സൂര്യോദയത്തിന് മുമ്പ്, മേഘ ഒരു ചെമ്പുകുടവുമെടുത്ത്, കുടയോ ചെരിപ്പോ ധരിക്കാതെ ഗോദാവരിയിൽ നിന്ന് വെള്ളം കൊണ്ടുവരാനായി പോയി.

167. വരുന്നതിനും പോകുന്നതിനുമായി ആകെയുള്ള ദൂരം എട്ട് കോസ് ആയിരുന്നു. അവൻ ചെയ്യേണ്ട അധ്വാനത്തെക്കുറിച്ചും കഠിന പരിശ്രമത്തെക്കുറിച്ചും

അൽപം പോലും ചിന്ത അവനുണ്ടായില്ല.

168. മേഘ ഇതിനെക്കുറിച്ച് വിഷമിച്ചതേയില്ല. അവൻ അനുവാദം തേടിയെത്തി. കടുത്ത നിശ്ചയദാർഢ്യമുള്ളപ്പോൾ, ഒരു പ്രവൃത്തി ചെയ്യുന്നതിന് അതിയായ സന്തോഷമുണ്ടാകും.

169. സായിക്ക് ഗോദാവരി നദിയിലെ ജലംകൊണ്ട് സ്നാനം നൽകണമെന്ന് ചിന്തിച്ചപ്പോൾ, അവൻ കഠിനാധ്വാനത്തെക്കുറിച്ചോ ക്ഷീണത്തെക്കുറിച്ചോ തീരെ ചിന്തിച്ചില്ല. അവന്റെ ഉറച്ച വിശ്വാസമായിരുന്നു, അവന്റെ താങ്ങ്.

170. അത് അങ്ങനെയാകട്ടെ. അവൻ വെള്ളം കൊണ്ടുവരികയും അത് ഒരു വലിയ ചെമ്പുകലത്തിൽ ഒഴിക്കുകയും ചെയ്തു. അവൻ, കുളിക്കാനായി എഴുന്നേറ്റ് വരണമെന്ന് ബാബയോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ അദ്ദേഹം സമ്മതിച്ചില്ല.

171. "ഉച്ചയ്ക്കുള്ള ആരതി കഴിഞ്ഞ്, ആളുകൾ അവരുടെ ഗൃഹങ്ങളിലേയ്ക്ക് പോയിക്കഴിഞ്ഞു. സ്നാനത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിക്കഴിഞ്ഞു. ഇപ്പോൾ വൈകുന്നേരവുമായിരിക്കുന്നു."

172. മേഘയുടെ നിർബന്ധബുദ്ധി കണ്ടപ്പോൾ, ബാബ കുസൃതിയോടെ, ഒരു വഴക്കിനെന്നുള്ള നാട്യത്തോടെ മേഘയുടെ കൈ തന്റെ കൈകളിൽ എടുത്തുകൊണ്ട് പറഞ്ഞു:

173. "ഞാൻ ഗോദാവരിനദീജലത്തിൽ സ്നാനം ചെയ്യാൻ ആഗ്രഹിക്കുമെന്നോ? നീ എത്രമാത്രം പക്വതയില്ലാത്തവനാണ്! എന്നെപ്പോലുള്ള ഒരു ഫക്കീറിന് ഗംഗാജലം എന്തിനാണ്? എനിക്ക് അതുകൊണ്ട് എന്ത് കാര്യമാണുള്ളത്?"

174. പക്ഷേ, മേഘ അതൊന്നും കേൾക്കാൻ തയ്യാറായിരുന്നില്ല. എന്തെന്നാൽ ബാബ അവന്റെ ശങ്കര ഭഗവാനാണെന്ന് അവൻ വിശ്വസിച്ചിരുന്നു. ശങ്കരൻ ഗംഗാജലത്താൽ സംപ്രീതനാകുമെന്ന് മാത്രമേ അവന് അറിയാമായിരുന്നുള്ളൂ.

175. അവൻ പറഞ്ഞു: "ബാബാ, ഇന്ന് മകരസംക്രാന്തി ഉത്സവമാണ്. ശങ്കരന് ഗംഗാജലം കൊണ്ട് അഭിഷേകം ചെയ്താൽ സംപ്രീതനാകും?"

176. അവന്റെ സ്നേഹവും ഇളക്കാനാകാത്ത തീരുമാനവും കണ്ട് ബാബ പറഞ്ഞു: "നിന്റെ ആഗ്രഹം നടക്കട്ടെ," കാരണം മേഘ ശുദ്ധഹൃദയനായിരുന്നു.

177. ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം എഴുന്നേൽക്കുകയും, കുളിക്കാനായി തയ്യാറാക്കിയിരുന്ന ചെറിയ പീഠത്തിൽ ഇരിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ശിരസ്സ് മുമ്പോട്ട് നീക്കിക്കൊണ്ട് പറഞ്ഞു: "കുറച്ച് വെള്ളം മാത്രം ഒഴിക്കുക.

178. "എല്ലാ ഭാഗങ്ങളിലും വച്ച് ശിരസ്സ് ആണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതിൽ കുറച്ച് വെള്ളം ഒഴിക്കുക. പൂർണ്ണമായ സ്നാനം ചെയ്യുന്നതിന് തുല്യമാണ് അത്. ഇതെങ്കിലും കേൾക്കുക."

179. അത് സമ്മതിച്ചുകൊണ്ട് മേഘ കുടമെടുത്തു. ശിരസ്സിൽ വെള്ളമൊഴിക്കവേ, സ്നേഹപരവശനായ അവൻ "ഹർഗംഗാ" എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ട്

ജലം ശരീരം മുഴുവനുമായി ഒഴിക്കുകയും ചെയ്തു.

180. മേഘ വളരെ ആഹ്ലാദവാനായിരുന്നു. "എന്റെ ശങ്കരൻ വസ്ത്രങ്ങളോടെ തന്നെ സ്നാനം ചെയ്തിരിക്കുന്നു", എന്നു പറഞ്ഞുകൊണ്ട് കുടം താഴെ വച്ചു. അവൻ നോക്കിയപ്പോൾ, അവൻ വളരെ ആശ്ചര്യവാനായി.

181. അവൻ ശരീരം മുഴുവനുമായി വെള്ളം ഒഴിച്ചെങ്കിലും, ശിരസ്സ് മാത്രമേ നന ഞ്ഞിരുന്നുള്ളൂ. മറ്റ് ഭാഗങ്ങളെല്ലാം തീർത്തും ഉണങ്ങിയിരിക്കുകയായിരുന്നു. വസ്ത്രങ്ങളിൽ ഒരു തുള്ളി വെള്ളംപോലുമുണ്ടായിരുന്നില്ല.

182. മേഘയുടെ അഹങ്കാരം ഇല്ലാതായി. ചുറ്റുമുണ്ടായിരുന്നവർ ആശ്ചര്യപ്പെട്ടു. ഇത്തരത്തിൽ അദ്ദേഹത്തിന്റെ ഭക്തരുടെ ഇഷ്ടഭാവനകൾ സായി സഫലീ കരിക്കുന്നു.

183. 'നിനക്ക്, എനിക്ക് ഒരു സ്നാനം നൽകണമെന്ന് തോന്നി. നിന്റെ ആഗ്രഹം സാധിക്കുന്നതിന് വേണ്ടി അത് ചെയ്യുക. അത് ചെയ്യുമ്പോഴും, എന്റെ ആന്ത രികശക്തികളെക്കുറിച്ച് നിനക്ക് വളരെ എളുപ്പം മനസ്സിലാക്കാൻ കഴിയും,' ഈ ലീലയിലൂടെ ബാബ ഇങ്ങനെ പറയുന്നതുപോലെ തോന്നി.

184. ഇതാണ് സായിഭക്തിയെക്കുറിച്ചുള്ള തത്ത്വം. നല്ല ഭാഗ്യത്തിലൂടെ നിങ്ങൾക്ക് അദ്ദേഹത്തിന്റെ സമീപത്ത് എത്താൻ കഴിഞ്ഞാൽ, പിന്നീട് നേടാൻ കഴിയാ ത്തതായി മറ്റൊന്നുമുണ്ടാകില്ല. സാവധാനത്തിൽ എല്ലാ കാര്യങ്ങളും എളുപ്പ മാകും.

185. ഇരിക്കുമ്പോഴും, സംസാരിക്കുമ്പോഴും, പ്രഭാതത്തിലും വൈകുന്നേരത്തും നടക്കാനായി പോകുമ്പോഴും, സ്വാഭാവികമായ രീതിയിൽ ഭക്തന് വിശ്വാസവും ശ്രദ്ധയുമുണ്ടാകുമെങ്കിൽ, അവൻ ആഗ്രഹിക്കുന്നതെന്തും അവന് നേടാൻ കഴിയും.

186. പക്ഷേ, സാധാരണ ദിനചര്യകൾക്കിടയിൽ ഏത് തരത്തിലുമുള്ള ശക്തിയും അദ്ഭുതകരമായ അടയാളങ്ങളും കാണിക്കപ്പെടും. പതുക്കെ, അദ്ദേഹം സ്വാഭാ വികമായ താൽപര്യം ജനിപ്പിക്കുകയും, അവരെ ആത്മീയകാര്യങ്ങൾ ഗ്രഹി ക്കാൻ പ്രാപ്തരാക്കുകയും ചെയ്യും.

187. മേഘയെക്കുറിച്ച്, ശ്രോതാക്കളെ വളരെ സംതൃപ്തരാക്കുന്ന മറ്റൊരു കഥ യുണ്ട്. സായിക്ക് ഭക്തരോടുള്ള സ്നേഹം കാണുമ്പോൾ ശ്രോതാക്കൾ സന്തു ഷ്ടരാകും.

188. നാനാ (ചന്ദോർക്കർ) പുതുതായി സമ്മാനിച്ച, ബാബയുടെ ഒരു വലിയ ചിത്രം, മേഘ വാഡയിൽ സൂക്ഷിച്ച് പതിവായി ആരാധന ചെയ്തിരുന്നു.

189. മസ്ജിദിലെ യഥാർത്ഥ രൂപവും വാഡയിലെ തനിപ്പകർപ്പും, ഇരുസ്ഥലങ്ങ ളിലും, പകലും രാത്രിയും ആരതിയോടെ ആരാധിക്കപ്പെട്ടു.

190. ഈ ദൈവികമായ സേവനം, ഏകദേശം പന്ത്രണ്ട് മാസങ്ങൾ പിന്നിടവേ, ഒരു ദിവസം രാവിലെ മേഘ ഉറക്കമെഴുന്നേറ്റപ്പോൾ, അവൻ ഒരു ദർശനം കണ്ടു.

191. മേഘ കിടക്കയിൽ കിടക്കുകയായിരുന്നു. അവന്റെ കണ്ണുകൾ അടഞ്ഞിരു

ന്നെങ്കിലും, അവൻ പൂർണ്ണമായും ബോധവാനായിരുന്നു. അവൻ വ്യക്തമായി ബാബയെ കണ്ടു.

192. അവൻ ബോധവാനാണെന്ന് ബാബയ്ക്കും അറിയാമായിരുന്നു. അദ്ദേഹം കിടക്കയിലേയ്ക്ക് അക്ഷതം എറിയുകയും, ഇങ്ങനെ പറയുകയും ചെയ്തു: "മേഘാ, ഒരു ത്രിശൂലം വരയ്ക്കുക," എന്നിട്ട് അപ്പോൾ തന്നെ അപ്രത്യക്ഷനാകുകയും ചെയ്തു.

193. ബാബയുടെ ഈ വാക്കുകൾ കേട്ടപ്പോൾ, മേഘ വളരെ ഉത്സാഹത്തോടെ കണ്ണുകൾ തുറന്നു. ബാബ അപ്രത്യക്ഷനായത് അറിഞ്ഞപ്പോൾ അയാൾ വളരെ ആശ്ചര്യപ്പെട്ടു.

194. അപ്പോൾ മേഘ ചുറ്റും നോക്കി. കിടക്കയിൽ മുഴുവനും അക്ഷതം ചിതറിക്കിടന്നിരുന്നു. വാഡയുടെ വാതിലുകൾ മുമ്പത്തെപ്പോലെ അടഞ്ഞുകിടന്നിരുന്നു. അതിനാൽ അവൻ പരിഭ്രാന്തനായി.

195. അവൻ പെട്ടെന്ന് മസ്ജിദിലേയ്ക്ക് പോയി. ബാബയുടെ ദർശനം നടത്തുന്നതിനിടയിൽ മേഘ അദ്ദേഹത്തോട് ത്രിശൂലത്തെക്കുറിച്ചുള്ള കഥ പറയുകയും, അത് വരക്കാനുള്ള അനുവാദം ചോദിക്കുകയും ചെയ്തു.

196. മേഘ, എല്ലാ വിശദവിവരങ്ങളോടെയും സ്വപ്നദർശനത്തെക്കുറിച്ച് പറഞ്ഞു. ബാബ പറഞ്ഞു: "അത് എങ്ങനെയാണ് ഒരു സ്വപ്നദർശനമാകുന്നത്? നീ എന്റെ വാക്കുകൾ കേട്ടില്ലേ? ഞാൻ നിന്നോട് ത്രിശൂലം വരയ്ക്കാൻ പറഞ്ഞു.

197. "എന്റെ വാക്കുകളെ സ്വപ്നദർശനമാണെന്ന് പറഞ്ഞ് നീ അതിനെ പരീക്ഷിക്കുകയാണോ? എന്റെ വാക്കുകൾ എല്ലായ്പ്പോഴും ഗഹനമായതും, ഒരു അക്ഷരം പോലും പൊള്ളയായതുമല്ല."

198. "അങ്ങ് എന്നെ ഉണർത്തിയതാണെന്ന് ആദ്യം എനിക്കും തോന്നി. പക്ഷേ ഒരു വാതിൽ പോലും തുറന്ന് കിടക്കുന്നുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഞാൻ വ്യത്യസ്തമായി ചിന്തിച്ചത്," മേഘ മറുപടി പറഞ്ഞു.

199. ബാബയുടെ മറുപടി ശ്രദ്ധിക്കുക. "എനിക്ക് പ്രവേശിക്കാൻ ഒരു വാതിലിന്റെ ആവശ്യമില്ല. എനിക്ക് രൂപമോ, മാനമോ ഇല്ല. ഞാൻ എല്ലായ്പ്പോഴും എല്ലായിടത്തും ഉണ്ട്.

200. "ആരാണോ അവന്റെ ഭാരം എന്നിൽ ഏൽപ്പിക്കുകയും എന്നിൽ ഒന്നായി ചേരുകയും ചെയ്യുന്നത്, അവന്റെ സകല പ്രവൃത്തികളെയും ഒരു പാവയെ എന്നപോലെ ഞാൻ നിയന്ത്രിക്കുന്നതാണ്."

201. അത് അങ്ങനെയാകട്ടെ. ത്രിശൂലത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള, തുടർന്നുള്ള ആശ്ചര്യകരമായ വിവരണം തികഞ്ഞ ആദരവോടെ കേൾക്കണം. ബന്ധം വെളിവാക്കപ്പെടുന്നതാണ്.

202. മേഘ മടങ്ങിയെത്തി, വാഡയിലെ ചിത്രത്തിന് സമീപമുള്ള ചുവരിൽ, ത്രിശൂലം വരയ്ക്കാൻ തുടങ്ങി. അവൻ ചുവന്ന നിറംകൊണ്ട് ത്രിശൂലത്തിന്റെ രേഖാചിത്രം വരച്ചു.

203. പിറ്റേദിവസം, പൂനെയിൽ നിന്നുള്ള ഒരു രാമദാസി മസ്ജിദിലെത്തി. അയാൾ

സ്നേഹത്തോടെ ബാബയെ വന്ദിക്കുകയും, ഒരു ലിംഗം[7] അദ്ദേഹത്തിന് സമ്മാനിക്കുകയും ചെയ്തു.

204. അപ്പോൾ തന്നെ മേഘയും അവിടെ എത്തുകയും ബാബയുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു. ബാബ പറഞ്ഞു: "ഇതാ, ശങ്കരൻ എത്തിയിരിക്കുന്നു! ഇപ്പോൾ നീ അതിനെ പരിപാലിക്കുക."

205. ത്രിശൂലത്തിന്റെ ദർശനത്തിനുശേഷം വളരെ പെട്ടെന്ന് ഇത്തരത്തിൽ ലിംഗം ലഭിച്ചപ്പോൾ, മേഘ വികാരവിക്ഷോഭത്താൽ ലിംഗത്തിലേക്ക് നോക്കിക്കൊണ്ടേയിരുന്നു.

206. കാക്കാസാഹേബ് ദീക്ഷിതിനും ലിംഗത്തെക്കുറിച്ചുള്ള മറ്റൊരു ആശ്ചര്യകരമായ അനുഭവമുണ്ടായി. അതെല്ലാം ആദരവോടെ ശ്രദ്ധിക്കുക. ബാബയിലുള്ള നിങ്ങളുടെ വിശ്വാസം ദൃഢമാകും.

207. മേഘ ലിംഗവുമായി മസ്ജിദിൽ നിന്നും പുറപ്പെടുന്ന സമയത്ത്, ദീക്ഷിത്, വാഡയിൽ കുളികഴിഞ്ഞശേഷം ഈശ്വരനാമജപത്തിൽ മുഴുകി ഇരിക്കുകയായിരുന്നു.

208. കഴുകി വൃത്തിയാക്കിയ ഒരു തുണികൊണ്ട് ശരീരം തുടച്ച്, അരയിൽ ഒരു തോർത്ത് ചുറ്റി, സായിയിൽ മനസ്സ് ഏകാഗ്രമാക്കിക്കൊണ്ട് അയാൾ ഒരു കല്ലിന്റെ പുറത്ത് നിന്നു.

209. പതിവ്പോലെ ശിരസ്സ് മൂടിക്കൊണ്ട്, അയാൾ ഈശ്വരനാമം ജപിക്കുകയായിരുന്നു. അപ്പോൾ അയാൾക്ക് ലിംഗത്തിന്റെ ദർശനം ലഭിച്ചു.

210. ദീക്ഷിത് ചിന്തിച്ചു: 'ഞാൻ ഈശ്വരനാമം ജപിക്കുമ്പോൾ, എന്തുകൊണ്ടാണ് എനിക്ക് ഇന്ന് ലിംഗത്തിന്റെ ദർശനം ലഭിച്ചത്?' അയാളുടെ മുമ്പിലായി, വളരെ സംതൃപ്തനായി മേഘ നിൽക്കുന്നുണ്ടായിരുന്നു.

211. മേഘ പറഞ്ഞു: "നോക്കൂ കാക്കാ! ബാബ നൽകിയ ലിംഗം നോക്കൂ!" കാക്കാ ആശ്ചര്യപ്പെടുകയും ലിംഗം കണ്ട് സംതൃപ്തനാകുകയും ചെയ്തു.

212. കുറച്ചുനേരം മുമ്പ് അയാളുടെ ധ്യാനത്തിൽ കണ്ടതിന്റെ അതേ രൂപവും, വലിപ്പവും വരകളും അതിലുണ്ടായിരുന്നു. ദീക്ഷിത് അഹ്ലാദവാനായി.

213. അത് അങ്ങനെയാകട്ടെ. പിന്നീട് ത്രിശൂലത്തിന്റെ ചിത്രം പൂർത്തിയായപ്പോൾ ലിംഗം, ആ ചിത്രത്തിന് സമീപം സ്ഥാപിക്കാൻ സായി മേഘയോട് നിർദ്ദേശിച്ചു.

214. മേഘ ശങ്കരനെ ആരാധിക്കാൻ ഇഷ്ടപ്പെട്ടിരുന്നതിനാൽ, അവന് ശങ്കരലിംഗം സമ്മാനിച്ചുകൊണ്ട് സായി അവന്റെ ഭക്തി ദൃഢപ്പെടുത്തി. ഇത്തരത്തിലാണ് സായിയെക്കുറിച്ചുള്ള ആശ്ചര്യകരമായ വിവരണങ്ങൾ![8]

215. ഇത്തരത്തിലുള്ള ഒരു കഥ മാത്രമാണോ ഉള്ളത്! അനേകം എണ്ണം എനിക്ക് വിവരിക്കാൻ കഴിയും. പക്ഷേ ഈ ഗ്രന്ഥം വളരെ ദീർഘമാകും. അതിനാൽ ഞാൻ ശ്രോതാക്കളോട് ക്ഷമ യാചിക്കുന്നു.

216. എങ്കിലും, നിങ്ങൾ ശ്രോതാക്കൾ ആകാംക്ഷാഭരിതരായതിനാൽ, അടുത്ത അധ്യായത്തിൽ ഒരെണ്ണം കൂടി ഞാൻ വിവരിക്കും. നിങ്ങൾ സായിയുടെ കൂടുതൽ അതിശയകരമായ അത്ഭുതകൃത്യം കാണും.

217. ഹേമദ് സായിയിൽ സ്വയം സമർപ്പിക്കുകയും, ആളുകൾക്ക് സായിചരിതം കേൾപ്പിക്കുകയും ചെയ്യുന്നു. അതിലൂടെ ലൗകികജീവിതത്തിലെ അപകട ങ്ങൾ ഇല്ലാതാകുകയും എല്ലാവരുടെയും ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടുകയും ചെയ്യും.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ ഇരുപത്തിഎട്ടാം അധ്യായം "സ്വപ്ന ദർശനങ്ങളുടെ വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

## കുറിപ്പുകൾ

1. ഭീമാജി പാട്ടീലിന്റെ കഥ അധ്യായം 13 ൽ ആണ് ഉള്ളത്. ഇത് പിശക് പറ്റിയതാണ്.
2. ബോംബെയുടെ പ്രാന്തപ്രദേശം
3. ഇതുപോലെ ഒരു കഥയുണ്ട്. രാമലാൽ എന്ന ഒരു പഞ്ചാബി ബ്രാഹ്മണൻ ഷിർദിയിൽ ജീവിച്ചിരുന്നു. അയാൾ ബോംബെയിലായിരിക്കവെ, മഹാരാജ് അവന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "എന്റെയടുത്തേയ്ക്ക് വരിക." അയാൾക്ക് മുമ്പൊരിക്കലും മഹാരാജിന്റെ ദർശനം ലഭിക്കുകയോ അദ്ദേഹത്തിന്റെ ചിത്രം കാണുകയോ ചെയ്തിരു ന്നില്ല. അതിനാൽ സ്വപ്നത്തിൽ കണ്ട മഹാരാജിനെ തിരിച്ചറിയാൻ അയാൾക്ക് കഴി ഞ്ഞില്ല. പിറ്റേദിവസം അയാൾ റോഡിലൂടെ നടന്നുപോകവേ, ഒരു കടയിൽ അയാൾ മഹാരാജിന്റെ ചിത്രം കണ്ടു. അയാൾ കടക്കാരനോട് ചോദിച്ചു: ആരുടെ ചിത്രമാണിത്? കടക്കാരൻ അയാളോട് എല്ലാ വിവരങ്ങളും വിശദമായി പറഞ്ഞു. അതിനുശേഷം രാമ ലാൽ ഷിർദിയിലെത്തുകയും മഹാരാജിന്റെ മരണംവരെ അവിടെ താമസിക്കുകയും ചെയ്തു.
4. ഗോദാവരിയുടെ മറ്റൊരു പേരാണ് ഗോമതി.
5. "കിണറിനും മലയിടുക്കിനും ഇടയ്ക്ക്" എന്നതാണ് മറാത്തിയിലെ ചൊല്ല്.
6. ഗിരിജാരമണൻ – ശിവൻ
7. ശിവന്റെ ചിഹ്നം
8. അതേപോലെ, ഗണേശന്റെ സ്ഥാപനത്തെക്കുറിച്ച് ഒരു സ്ത്രീയ്ക്കുണ്ടായ സ്വപ്നം ഹരി സീതാറാം ദീക്ഷിത് പറയുകയുണ്ടായി. "ഒരിക്കൽ ഞാൻ ഷിർദിയിലേയ്ക്ക് പോകാൻ തയ്യാറാകവേ, മോറേശ്വർ പ്രധാൻ എന്നെ കാണാനായി ബോറിബന്ധർ സ്റ്റേഷനിലെ ത്തി. സാന്താക്രൂസിലുള്ള അയാളുടെ ഗൃഹത്തിൽ ഗണപതിയെ സ്ഥാപിക്കാമോ എന്ന് മഹാരാജിനോട് അന്വേഷിക്കണമെന്ന് പറഞ്ഞു. ഞാൻ ഷിർദിയിലെത്തിയപ്പോൾ മഹാ രാജിനോട് അത് ചോദിക്കുകയും, മഹാരാജ് അനുവാദം നൽകുകയും ചെയ്തു. മഹാ രാജിനോട് ചോദിച്ചശേഷം, ഞാൻ അന്നുതന്നെ ഒരു കത്തെഴുതി. മോറേശ്വറിനെ അറി യിക്കാനായിരുന്നു അത്. അതേദിവസം രാത്രി, വെളുക്കാറായപ്പോൾ മോറേശ്വറിന്റെ സഹോദരഭാര്യ താരാബായി, സാന്താക്രൂസിൽ വച്ച് ഒരു സ്വപ്നം കണ്ടു. ഒരു ഭിത്തിയുടെ അറയിൽ മനോഹരമായ ഒരു ഗണപതിരൂപം ഇരിക്കുന്നതാണ് അവൾ കണ്ടത്. രാവിലെ അവൾ കുടുംബാംഗങ്ങളോട് ഇതിനെപ്പറ്റി പറയുകയും, പിറ്റേന്ന് മഹാരാജിന്റെ അനു മതി അറിയിച്ചുകൊണ്ടുള്ള കത്ത് ലഭിക്കുകയും ചെയ്തു. ചുരുക്കത്തിൽ, കത്തിനുമു മ്പേ, മഹാരാജ് തന്റെ ഉപദേശം സ്വപ്നദർശനത്തിലൂടെ അറിയിച്ചു."

## 29

# സ്വപ്നങ്ങളെക്കുറിച്ചുള്ള കഥകളുടെ വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഈ അധ്യായത്തിൽ ശ്രീയുടെ ആശ്ചര്യകരവും സങ്കല്പിക്കാനാകാത്തതുമായ പ്രാഗല്ഭ്യങ്ങൾ, കഴിഞ്ഞ അധ്യായത്തിൽ വർണ്ണിച്ചവയേക്കാളും മെച്ചമായവ, ഞാൻ നിങ്ങളെ കേൾപ്പിക്കുന്നതാണ്. വിഷയം അതുതന്നെയാണ്.
2. ബാബയുടെ അവിശ്വസനീയമായ ലീലകൾ കേട്ടറിഞ്ഞ്, 1916 – ൽ ഒരു ഭജനസംഘം ദർശനത്തിനായി ഷിർദിയിലെത്തി.
3. മദ്രാസിൽ വച്ച് ബാബയുടെ പ്രശസ്തി കേട്ടറിഞ്ഞ ഒരു യാത്രാസംഘമായിരുന്നു അത്. കാശിയിലേയ്ക്ക് തീർത്ഥയാത്ര പോകവേ, അവർ യാത്ര ഷിർദിയിലേയ്ക്ക് തിരിച്ചുവിട്ടു.
4. സായിബാബ ശ്രേഷ്ഠനായ ഒരു ദിവ്യനാണെന്നും സൗമ്യനും ഉദാരമതിയുമാണെന്നും ആഗ്രഹങ്ങളുടെ മേൽ നിയന്ത്രണം കൈവരിച്ചവനാണെന്നും അവർ കേട്ടു. അദ്ദേഹം തീർത്ഥാടകരോട് ദയ കാട്ടുകയും ധാരാളം പണം ദാനം നൽകുകയും ചെയ്തിരുന്നു.
5. ചെറിയ നാണയങ്ങൾ അദ്ദേഹം ഉദാരമായി നൽകി; അരയും കാലും ഉറുപ്പികകൾ ധാരാളമായി നൽകി. ചിലർക്ക് അദ്ദേഹം പത്ത്, ഇരുപത്, അമ്പത് ഉറുപ്പികകൾ നൽകി.
6. ഇത് ഉത്സവദിവസങ്ങളിലോ, ഏതെങ്കിലും പ്രത്യേക അവസരങ്ങളിലോ മാത്രമായിരുന്നില്ല. എല്ലാ ദിവസവും അദ്ദേഹം അത്, മുകളിൽ പറഞ്ഞ കണക്കിൽ, സന്തോഷത്തോടെ നൽകി.
7. പ്രകടനക്കാർ വന്നു, നൗടങ്കിസംഘങ്ങൾ നൃത്തം ചെയ്തു, ശ്രേഷ്ഠരായ ഗായകർ പരിപാടികൾ അവതരിപ്പിച്ചു, നാടോടിവാദ്യക്കാർ പ്രകടനങ്ങൾ നടത്തി, തമാശകൾ അവതരിപ്പിക്കുന്നവർ പ്രണാമങ്ങൾ അർപ്പിച്ചു, കീർത്തനകാരന്മാർ മധുരമായ ഭജനകൾ നൽകി.
8. മറ്റുള്ളവരുടെ വാക്കുകളിൽ നിന്നും, മഹാരാജ് ഉദാരമതിയാണെന്നും, ദാനം ചെയ്യുന്നതിൽ മഹാമനസ്കനാണെന്നും കേട്ടറിഞ്ഞപ്പോൾ ദർശനം നേടണമെന്ന് അവർ ആഗ്രഹിച്ചു.
9. ചിലപ്പോൾ, ബാബയ്ക്ക് തോന്നുകയാണെങ്കിൽ, യാത്രക്കാർക്ക് പോലും

അദ്ദേഹം ധനം വിതരണം ചെയ്യുമായിരുന്നു. പാവപ്പെട്ടവരുടെയും ദുർബ്ബല രുടെയും നന്മ അദ്ദേഹം അന്വേഷിച്ചിരുന്നു. സായിനാഥ് ദയയുടെ മൂർത്തരൂപമായിരുന്നു.

10. സംഘത്തിൽ നാല് പേരുണ്ടായിരുന്നു – ഒരു പുരുഷൻ, മൂന്നു സ്ത്രീകൾ. ആ മനുഷ്യൻ, അയാളുടെ ഭാര്യാസഹോദരി, ഭാര്യ, മകൾ. അവർക്ക് ദിവ്യന്റെ ദർശനം നേടണമെന്ന് ആഗ്രഹമുണ്ടായിരുന്നു.

11. സായിയുടെ ദർശനം നേടി, സംഘം സന്തുഷ്ടരായി. അവർ സായിയുടെ മുമ്പിൽ എല്ലാ ദിവസവും പതിവായി മധുരമായ ഭജനകൾ പാടി.

12. രാമദാസി വിഭാഗത്തിലുൾപ്പെട്ടവരായിരുന്ന അവർ, വളരെ സന്തോഷത്തോടെ ഭജനകൾ പാടി; ബാബയും, അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ, അവർക്ക് ഒരു ഉറുപ്പികയോ, അര ഉറുപ്പികയോ നൽകി.

13. ചിലപ്പോൾ അദ്ദേഹം അവർക്ക് ബർഫി നൽകുകയും, ചിലപ്പോൾ വെറും കൈയ്യോടെ മടക്കി അയയ്ക്കുകയും ചെയ്തു. ഇതായിരുന്നു അദ്ദേഹത്തിന്റെ സാധാരണരീതി, പക്ഷേ ഇതിനെക്കുറിച്ച് എന്തെങ്കിലും തീർച്ചപ്പെടുത്താനോ പ്രവചിക്കാനോ കഴിയുമായിരുന്നില്ല.

14. അദ്ദേഹം പണം വിതരണം ചെയ്തിരുന്നു എന്നത് സത്യമായിരുന്നു. അതിൽ അസത്യം ഉണ്ടായിരുന്നില്ല. പക്ഷേ അദ്ദേഹം എല്ലാവർക്കും നൽകിയിരുന്നില്ല. അദ്ദേഹത്തിന്റെ മനസ്സിൽ എന്താണ് ഉള്ളതെന്ന് ആർക്കും അറിയാമായിരുന്നില്ല.

15. ബാബയുടെ വാതിൽക്കൽ എല്ലായ്പ്പോഴും ഫക്കീർമാരും ഭിക്ഷക്കാരും ഭിക്ഷ യാചിച്ചെത്തുമായിരുന്നു. ബാബ ദയാലുവായിരുന്നെങ്കിലും, അദ്ദേഹം എല്ലാവർക്കും ദാനം നൽകുമായിരുന്നില്ല.

16. നല്ല ഭാഗ്യം ലഭിക്കാൻ സമയം ആഗതമായവർ മാത്രം, പണത്തിന്റെ സന്തോഷം സ്വീകരിച്ചു. ഒരു ദിവ്യന്റെ കരസ്പർശനമേറ്റ, വളരെ ചെറിയ ഒരു നാണയം പോലും ഭാഗ്യം കൊണ്ട് മാത്രമേ നേടാൻ കഴിയുകയുള്ളൂ.

17. ശ്രോതാക്കളെ സന്തുഷ്ടരാക്കുന്നതിന്, ഇത് വിശദമാക്കുന്ന ഒരു കഥ ഞാനിപ്പോൾ പറയാം. അത് വിവരിച്ചശേഷം ഞാൻ പ്രധാന കഥയിലേയ്ക്ക് കടക്കുന്നതാണ്.

18. പ്രഭാതഭക്ഷണത്തിന് ശേഷം, ബാബ മസ്ജിദിൽ ധുനിക്ക് സമീപത്തായി, തൂണിൽ ചാരി ഇരിക്കവേ അമാനി[1] എന്ന് പേരായ ഒരു പെൺകുട്ടി, വരാറുണ്ടായിരുന്നു.

19. ആ പെൺകുട്ടിക്ക് മൂന്ന് വയസ്സ് പ്രായമായിരുന്നു, വസ്ത്രം ധരിക്കാതെ, ഈ നേരത്ത് എല്ലായ്പ്പോഴും അവളുടെ മാതാവിന്റെയൊപ്പം, കൈകളിൽ ഒരു ചെറിയ തകരപ്പെട്ടി[2]യുമായി അവൾ എത്തും.

20. അമാനി അദ്ദേഹത്തിന്റെ മടിയിൽ ഇരുന്നുകൊണ്ട് ചെറിയ പെട്ടി ബാബയുടെ കൈകളിൽ കൊടുക്കും. ബാബയുടെ കൈകൾ പിടിച്ചുകൊണ്ട് അവൾ ആവർത്തിച്ച് പറയും; "ബാബാ, ഒരു ഉറുപ്പിക, ഒരു ഉറുപ്പിക."

21. ബാബയ്ക്ക് കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. ആ പെൺകുട്ടി തടിച്ച്, സുന്ദരിയായിരുന്നു. അദ്ദേഹം അവളെ ഉമ്മ വയ്ക്കുകയും ലാളിക്കുകയും, ചേർത്ത് പിടിക്കുകയും ചെയ്തു.

22. ബാബ അവളെ ആശ്ലേഷിക്കും, പക്ഷേ അമാനിയുടെ മനസ്സ് നാണയത്തിൽ ഉറച്ചിരിക്കുകയായിരിക്കും. “ബാബാ, തരൂ, എനിക്ക് തരൂ”, അദ്ദേഹത്തിന്റെ കീശയിൽ ശ്രദ്ധിച്ചുകൊണ്ട് അവൾ പറയും.

23. എന്തൊക്കെയായാലും അമാനി ഒരു ചെറിയ കുട്ടിയാണ്, പക്ഷേ പ്രായമായവർക്കും മുതിർന്നവർക്കും അതേ അത്യാഗ്രഹമാണ് ഉണ്ടായിരുന്നത്, സ്വാർത്ഥലാഭത്തിനുവേണ്ടി ഓടിയെത്തുന്നു. ആത്മീയ താല്പര്യമുള്ള മനുഷ്യൻ അപൂർവ്വമായിരുന്നു.

24. ചെറിയ പെൺകുട്ടി അദ്ദേഹത്തിന്റെ മടിയിലിരുന്നു, അവളുടെ മാതാവ് കുറച്ച് ദൂരെ, അഴികൾക്ക് പുറത്ത് നിന്നു. അദ്ദേഹം പണം നൽകുന്നത് വരെ അനങ്ങാൻ പാടില്ലെന്ന് അവൾ പെൺകുട്ടിക്ക് സൂചന നൽകും.

25. “ഞാൻ നിന്റെ പിതാവിന്റെ ബന്ധുവാണോ, അതോ ഞാൻ അവന് എന്തെങ്കിലും കടപ്പെട്ടിട്ടുണ്ടോ, നീ ഉറക്കമെഴുന്നേറ്റയുടനെ എന്നെ ശല്യപ്പെടുത്താൻ? പ്രയോജനമില്ലാത്തവർ, എല്ലാം സൗജന്യമായി വേണം!” ഇങ്ങനെ ബാബ കോപത്തോടെ പറയും.

26. പക്ഷേ ഈ കോപം നാട്യമായിരുന്നു, എന്തെന്നാൽ സ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലയടിച്ചുയർന്നിരുന്നു. അദ്ദേഹത്തിന്റെ കീശയിൽ കൈയ്യിട്ട്, അദ്ദേഹം ഒരു ഉറുപ്പിക പുറത്തേയ്ക്കെടുക്കും.

27. അദ്ദേഹം അത് പെട്ടിയിലിട്ട്, ഒരു ഉച്ചസ്വരത്തോടെ അത് അടച്ച് അവൾക്ക് നൽകും. കൈകളിൽ പെട്ടി കിട്ടിയ ഉടൻ അവൾ വീട്ടിലേയ്ക്ക് ഓടും.

28. ഇത് പ്രഭാതഭക്ഷണസമയത്താണ് സംഭവിച്ചത്. അതേപോലെ അദ്ദേഹം ലെൻഡിയിലേയ്ക്ക് പോകവേ, അതേ രീതിയിൽ കോപിച്ചുകൊണ്ട്, അമാനിക്ക് ഒരു ഉറുപ്പിക നൽകും.

29. അങ്ങനെ ഓരോ ദിവസവും, അദ്ദേഹം അവൾക്ക് രണ്ട് ഉറുപ്പിക നൽകി, ജമാലിയ്ക്ക്[3] ആറും, ദാദാ കേൽക്കാർക്ക് അഞ്ചും, ഭഗ്യയ്ക്കും സുന്ദരിക്കും രണ്ട് ഉറുപ്പിക വീതവും നൽകും.

30. താത്ത്യബയ്ക്ക് പത്ത് ഉറുപ്പികയ്ക്കും പതിനഞ്ച് ഉറുപ്പികയ്ക്കും ഇടയ്ക്ക്, ഫക്കീർ ബാബയ്ക്ക് പതിനഞ്ചും അമ്പതും ഉറുപ്പികയ്ക്ക് ഇടയ്ക്ക്, പാവപ്പെട്ടവരുടെ ഇടയ്ക്ക് എട്ട് ഉറുപ്പികയും വിതരണം ചെയ്തിരുന്നു. ഈ വിതരണം ദിനവും നടന്നിരുന്നു.

31. അത് അങ്ങനെയാകട്ടെ. മദ്രാസികൾ ഈ ഉദാരമനസ്കതയുടെ കഥകൾ കേൾക്കുകയും, പണത്തിനുവേണ്ടിയുള്ള അവരുടെ സ്വാർത്ഥപരമായ ആഗ്രഹം ഉണരുകയും ചെയ്തു, അവർ ഭജനകൾ പാടുന്ന പതിവ് തുടങ്ങി.

32. ഭജനകൾ കേൾക്കാൻ മനോഹരമായിരുന്നു, പക്ഷേ അവ അതിയായ അത്യാഗ്രഹം മൂലം പാടപ്പെട്ടവയായിരുന്നു. പണം കിട്ടുമെന്ന പ്രതീക്ഷയിൽ,

കുടുംബം മുഴുവനുമായി, അവർ ഷിർദിയിൽ താമസിച്ചു.

33. സംഘത്തിലെ മൂന്ന് പേർക്ക് വളരെ അത്യാഗ്രഹമുണ്ടായിരുന്നു, ബാബ ധാരാളം പണം നൽകുമെന്ന് അവർ ആശിച്ചു. പക്ഷേ ഭാര്യ മാത്രം ബാബയെ ഭക്തിയോടെ ആരാധിച്ചു. പാടുമ്പോൾ, ഇത് അവളുടെ മാത്രം ഭാവമായിരുന്നു.

34. മഴമേഘങ്ങളെ കാണുമ്പോൾ സന്തോഷത്തോടെ നൃത്തം ചവിട്ടുന്ന മയിലിനെപ്പോലെയോ, ചന്ദ്രനെ കാണുന്ന ചകോരത്തെയോ പോലെയായിരുന്നു, അവളുടെ ഭാവങ്ങൾ.

35. ഒരു ദിവസം ഉച്ചയ്ക്കുള്ള ആരതി നടക്കവേ, ദയയുടെ മൂർത്തരൂപമായ സായി, ആ സ്ത്രീയുടെ വാസ്തവികമായ ഭക്തി കണ്ട് അവൾക്ക് രാമന്റെ രൂപത്തിൽ ദർശനം നൽകി.

36. മറ്റുള്ളവർക്കെല്ലാം, അദ്ദേഹം സായിനാഥൻ മാത്രമായിരുന്നു. അദ്ദേഹം ആ സ്ത്രീയ്ക്ക് ജാനകി[4]യുടെ പതിയായി ദർശനം നൽകി. അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങി. ആളുകൾ ഇതുകണ്ട് ആശ്ചര്യപ്പെട്ടു.

37. അവൾ കരങ്ങൾ രണ്ടും കൂട്ടിക്കൊട്ടുകയും, അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പ്രവഹിക്കുകയും ചെയ്തു. ആ സമയത്ത്, ഈ അസാധാരണമായ കാഴ്ച കണ്ട്, ആളുകൾ ആശ്ചര്യപ്പെട്ടു.

38. ഈ കാഴ്ച കണ്ടപ്പോൾ, അവൾക്ക് മാത്രം ഇത്തരത്തിൽ തീവ്രമായ സ്നേഹവും ആനന്ദവും അത്യധികമായി ഉണ്ടാകാനുള്ള കാരണമെന്തെന്ന് അറിയാൻ എല്ലാവരും ആകാംക്ഷാഭരിതരായി.

39. പിന്നീട് വൈകുന്നേരത്ത്, വളരെ ആഹ്ലാദത്തോടെ, അവൾ സായി നൽകിയ അദ്ഭുതകരമായ രാമദർശനാനുഭവത്തെക്കുറിച്ച് അവളുടെ ഭർത്താവിനോട് പറഞ്ഞു.

40. "ഞാൻ രാമനെ കണ്ടു, നീലത്താമരയുടെ നിറമുള്ളവനും ഭക്തരുടെ കല്പവൃക്ഷവും ഭരതന്റെ ജ്യേഷ്ഠസഹോദരനും സീതയുടെ ആനന്ദവുമായ ദശരഥപുത്രൻ.

41. "ഞാൻ ജാനകിനാഥനെ കണ്ടു, കിരീടം ധരിച്ച്, കർണ്ണകുണ്ഡലങ്ങൾ അണിഞ്ഞ്, വനപുഷ്പങ്ങളുടെ മാല ചാർത്തി, മഞ്ഞവസ്ത്രവും, നാലു ഭുജങ്ങളുമായി.

42. ശംഖം, ചക്രം, ഗദ എന്നിവ പിടിച്ച്, മാറിൽ വിഷ്ണുവിന്റെ അടയാളവും, കൗസ്തുഭമാല[5]യും അണിഞ്ഞിരുന്നു. ദൈവിക പുരുഷോത്തമന്റെ കമനീയമായ രൂപം ഞാൻ കണ്ടു."

43. അവൾ പറഞ്ഞു: "വിഷ്ണുവിന്റെ ഈ അസാമാന്യമായ അവതാരം, മനുഷ്യരൂപമെടുത്ത്, ജാനകിയുടെ ഹൃദയവും ആത്മാവുമായ, ആകർഷണീയനായ വില്ലാളിയെ ഞാൻ കണ്ടു.

44. "അദ്ദേഹം വീടു വീടാന്തരം ചെന്ന് ഭിക്ഷയെടുക്കുന്ന ഫക്കീർ ആയി കാണ

പ്പെടുന്നുണ്ടാകാം. പക്ഷേ, ഞാൻ കണ്ടത് ജാനകിയുടെ ഹൃദയവും ആത്മാവുമായ, മനോഹരനായ വില്ലാളിയെയാണ്.

45. “അദ്ദേഹം ഒരു ആലിയയായോ, മറ്റാരുമോ ആയി കാണപ്പെടാം, അവരുടെ ഹൃദയങ്ങളിൽ വ്യത്യസ്തനായ വ്യക്തിയായിരിക്കാം. പക്ഷേ, ഞാൻ കണ്ടത് ജാനകിയുടെ ഹൃദയവും ആത്മാവുമായ മനോഹരനായ വില്ലാളിയെയാണ്.”

46. ആ സ്ത്രീ വളരെ ഭക്തയായിരുന്നു; പക്ഷേ അവളുടെ ഭർത്താവ് വളരെ സ്വാർത്ഥമതിയായിരുന്നു. “സ്ത്രീകൾ ഇതുപോലെ നിഷ്കളങ്കരാണ്! എങ്ങനെയാണ് രഘുപതി ഇവിടെ എത്തുക?!

47. “നിഷ്കളങ്കരും ഭക്തരുമായവർ ഹൃദയത്തിലുള്ളത് കാണുന്നു. ഞങ്ങളെല്ലാവരും സായിയെയാണ് കണ്ടത്. അവൾക്ക് മാത്രം എങ്ങനെയാണ് രാമനെ കാണാൻ കഴിഞ്ഞത്?”

48. അയാൾ അത്തരത്തിലുള്ള പല അഭിപ്രായപ്രകടനങ്ങളിലൂടെ അയാളുടെ ഭാര്യയെ പരിഹസിച്ചു. പക്ഷേ ആ സ്ത്രീയ്ക്ക് അനിഷ്ടമൊന്നും തോന്നിയില്ല. എന്തെന്നാൽ അവൾ തെറ്റായി ഒന്നും ചിന്തിച്ചിരുന്നില്ല.

49. അവൾക്ക് മുൻകാലങ്ങളിൽ ആത്മീയപുരോഗതി നേടാൻ കഴിഞ്ഞതായി വിശ്വസിക്കപ്പെട്ടിരുന്നു. അവളുടെ മനസ്സ് ശാന്തവും സ്വസ്ഥവുമാകുമ്പോൾ അവൾക്ക് രാമദർശനം ലഭിച്ചിരുന്നു.

50. പിന്നീട് അവൾക്ക് പണത്തിനോട് ആർത്തി ഉണ്ടായി. ഈശ്വരൻ പണത്തിനോടൊപ്പം വസിക്കുന്നില്ല. അവൾക്ക് രാമദർശനം നേടാൻ കഴിയാതെയായി, കാരണം അതാണ് അത്യാഗ്രഹത്തിന്റെ പ്രകൃതം.

51. സായിക്ക് ഇതെല്ലാം അറിയാമായിരുന്നു. അവളുടെ താല്പര്യം അറിഞ്ഞിരുന്ന സായി അവൾക്ക് വീണ്ടും രാമദർശനം നൽകുകയും അവളുടെ ആഗ്രഹം സഫലമാക്കുകയും ചെയ്തു.

52. അത് അങ്ങനെയാകട്ടെ. പിന്നീട് ആ രാത്രിയിൽ വിചിത്രമായ ഒരു സംഭവം നടന്നു. ആ മനുഷ്യൻ ഉറങ്ങുമ്പോൾ, ഭയാനകമായ ഒരു സ്വപ്നം കണ്ടു.

53. അവൻ നഗരത്തിലായിരുന്നു, പോലീസുകാരുടെ തടവുകാരനായി, അവർ അവന്റെ കൈകൾ ബലമായി പുറകിലേയ്ക്ക് തിരിച്ച് കയറുകൾ കൊണ്ട് മുറുകെ കെട്ടിയിരുന്നു, അവന്റെ എല്ലുകൾ നുറുങ്ങുന്നുണ്ടായിരുന്നു.

54. അവിടെ ഒരു ജയിലറ ഉണ്ടായിരുന്നു. അതിന് സമീപം പുറത്ത്, ഈ ദൃശ്യം കണ്ടുകൊണ്ട് നിശ്ശബ്ദനായി, അനങ്ങാതെ സായി നിൽക്കുന്നുണ്ടായിരുന്നു.

55. സമീപത്ത് മഹാരാജിനെ കണ്ടപ്പോൾ, രണ്ടു കൈകളും കൂപ്പിക്കൊണ്ട് വിനീതവും ദയനീയവുമായ ശബ്ദത്തിൽ അവൻ പറഞ്ഞു.

56. “ബാബാ, അങ്ങയുടെ പ്രശസ്തി കേട്ടറിഞ്ഞ് ഞാൻ അങ്ങയുടെ പാദങ്ങളിൽ എത്തിയിരിക്കുന്നു. അങ്ങ് ഇവിടെ സന്നിഹിതനായിരിക്കുമ്പോൾ, എന്തുകൊണ്ടാണ് എനിക്ക് ഇത് സംഭവിച്ചത്?”

57. മഹാരാജ് പറഞ്ഞു: “ഒരുവൻ അവന്റെ പ്രവൃത്തികളുടെ ഫലം അനുഭവിക്കണം.” ആ മനുഷ്യൻ വളരെ താഴ്മയോടെ പറഞ്ഞു: “ഞാൻ തെറ്റായി

ഒന്നും ചെയ്തിട്ടില്ല.

58. “ഈ ജന്മത്തിലെങ്കിലും അങ്ങനെ ചെയ്തിട്ടില്ല, തന്മൂലം ഈ ദുരിതം അനുഭവിക്കാനായി.” അതുകേട്ട് മഹാരാജ് പറഞ്ഞു: “എങ്കിൽ അത് മറ്റൊരു ജന്മത്തിലായിരിക്കും.”

59. അപ്പോൾ അയാൾ മറുപടി പറഞ്ഞു: “കഴിഞ്ഞ ജന്മത്തെക്കുറിച്ച് എനിക്ക് എന്താണ് അറിയുക? അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, തീർച്ചയായും അങ്ങയുടെ ദർശനം കൊണ്ട് അത് എരിഞ്ഞ് ചാരമായി മാറേണ്ടതാണ്.

60. “അങ്ങയുടെ ദർശനമാകുന്ന അഗ്നിയിൽ അതൊരു പുൽക്കൊടി പോലെ എരിയണം. പിന്നെ എന്തു കൊണ്ടാണ് ഞാൻ അതിൽ നിന്നും സ്വതന്ത്രനാകാത്തത്?”

61. അപ്പോൾ മഹാരാജ് അയാളോട് ചോദിച്ചു: “നിനക്ക് അത്രയ്ക്ക് വിശ്വാസമുണ്ടോ?” ആ മനുഷ്യൻ അതെ എന്ന് സമ്മതിച്ചപ്പോൾ, അദ്ദേഹം അയാളോട് കണ്ണുകൾ അടയ്ക്കാൻ പറഞ്ഞു.

62. നിർദ്ദേശിക്കപ്പെട്ടത് പോലെ, അയാൾ തന്റെ കണ്ണുകൾ അടച്ചു നിന്നപ്പോൾ, അതേനിമിഷത്തിൽ അയാൾ ഒരു ശബ്ദം കേട്ടു, ആരോ താഴെ വീഴുന്നതു പോലെയുള്ള ഒരു ഒച്ച.

63. പെട്ടെന്നുള്ള ഈ ശബ്ദം കേട്ട് അയാൾ ഞെട്ടി. അയാൾ കണ്ണുകൾ തുറന്ന് ചുറ്റും നോക്കാൻ തുടങ്ങി. അയാൾ സ്വാതന്ത്രനായതായും പോലീസുകാരൻ രക്തമൊലിപ്പിച്ച് താഴെ കിടക്കുന്നതായും കണ്ടു.

64. ഇതുകണ്ട് അയാൾ വളരെ ഭയപ്പെട്ടു. അയാൾ സായിനാഥനെ നോക്കാൻ തുടങ്ങുകയും അദ്ദേഹം ചിരിച്ചുകൊണ്ട് അവനോട് ഇങ്ങനെ പറയുകയും ചെയ്തു: “നീ ഇപ്പോൾ പിടിക്കപ്പെട്ടിരിക്കുന്നു.

65. “ഇപ്പോൾ ഒരു ഉദ്യോഗസ്ഥൻ വരികയും എല്ലാം നോക്കിക്കണ്ടതിനുശേഷം, തീർച്ചയായും നീ അപരാധിയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യും. അയാൾ വീണ്ടും നിന്നെ തടവിലാക്കും.”

66. അപ്പോൾ ആ മനുഷ്യൻ ആത്മാർത്ഥമായും പറഞ്ഞു: “ബാബാ, അങ്ങ് പറയുന്നതെല്ലാം ശരിയാണ്. ഇപ്പോൾ എന്തെങ്കിലും ചെയ്ത് എന്നെ മോചിപ്പിക്കൂ. അങ്ങേയ്ക്കല്ലാതെ മറ്റാർക്കും എന്നെ രക്ഷിക്കാൻ കഴിയില്ല.”

67. ഇതുകേട്ട് ബാബ പറഞ്ഞു: “നീ വീണ്ടും നിന്റെ കണ്ണുകൾ അടയ്ക്കുക.” അങ്ങനെ ചെയ്തതിനുശേഷം അയാൾ കണ്ണുകൾ തുറന്നപ്പോൾ, മറ്റൊരു വിചിത്രമായ കാഴ്ച അയാൾ കണ്ടു.

68. അയാൾ തടവറയ്ക്ക് പുറത്തും സായി മഹാരാജ് അയാളുടെ സമീപത്തും ആയിരുന്നു. അയാൾ ഒരു സാഷ്ടാംഗപ്രണാമം നടത്തി. അപ്പോൾ ബാബ അയാളോട് ചോദിച്ചു:

69. “നന്നായി ആലോചിച്ചതിനുശേഷം ഇപ്പോൾ നീ ചെയ്ത നമസ്കാരങ്ങളും ഇതിന് മുമ്പ് നീ ചെയ്തിരുന്നവയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്ന് എന്നോട് പറയുക?”

70. അപ്പോൾ ആ മനുഷ്യൻ മറുപടി പറഞ്ഞു: "ഭൂമിയിൽ നിന്ന് ആകാശം എത്ര വ്യത്യാസമാണോ അത്രയും! എന്റെ മുമ്പത്തെ നമസ്കാരങ്ങൾ ധനലാഭ ത്തിന് വേണ്ടി ചെയ്തതായിരുന്നു, പക്ഷേ ഇത് അങ്ങയെ ഈശ്വരനായി തിരി ച്ചറിഞ്ഞത് അറിയിക്കാനാണ്.

71. മുമ്പ് എനിക്ക് അങ്ങയിൽ വിശ്വാസമുണ്ടായിരുന്നില്ല. അത് മാത്രമല്ല, അങ്ങ് ഒരു മുസ്ലീമായതിനാൽ, ഹിന്ദുക്കളെ അശുദ്ധരാക്കുകയായിരുന്നെന്ന് ഞാൻ വിശ്വസിച്ചു. അതുകൊണ്ടാണ് എനിക്ക് അങ്ങയോട് ഉള്ളിൽ ദേഷ്യം തോന്നി യത്."

72. അപ്പോൾ ബാബ ചോദിച്ചു: "നീ ഒരു മുസ്ലീം ദേവതയെയും വിശ്വസിക്കു ന്നില്ലേ?" ആ മനുഷ്യൻ നിഷേധാത്മകമായ മറുപടി നൽകി.

73. ബാബ വീണ്ടും അയാളോട് ചോദിച്ചു: "നിങ്ങളുടെ വീട്ടിൽ നിനക്ക് പൻജ്[6] ഇല്ലേ? താബുതിന്റെ[7] വേളയിൽ നീ അത് പൂജിക്കാറില്ലേ? ശ്രദ്ധാപൂർവ്വം ചിന്തി ക്കുക.

74. വീട്ടിൽ നിനക്ക് കാദാബീവിയും ഉണ്ട്, വിവാഹവേളകളിൽ നീ അതിനെ പൂജി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. അവൾ ഒരു മുസ്ലീം ദേവതയാ ണ്."

75. അയാൾ അത് സമ്മതിച്ചു. പിന്നീട് അയാൾക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ എന്ന് ചോദിക്കപ്പെട്ടു. ആ മനുഷ്യൻ അയാളുടെ സ്വന്തം ഗുരുവായ രാമദാ സിന്റെ ദർശനം വേണമെന്ന് ആഗ്രഹിച്ചു.

76. മഹാരാജ് അപ്പോൾ അയാളോട് തിരിഞ്ഞു നോക്കാൻ ആവശ്യപ്പെട്ടു. അയാൾ അങ്ങനെ ചെയ്തപ്പോൾ, അയാളുടെ മുമ്പിൽ സമർത്ഥരാമദാസ് നിൽക്കു ന്നത് കണ്ടു.

77. പക്ഷേ, അയാൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങാനായി കുനിഞ്ഞയുട നെ, സമർത്ഥ അപ്രത്യക്ഷനായി. അയാൾ ആകാംക്ഷയോടെ നോക്കവേ, ഒരു വിചിത്രമായ ചിന്ത അയാളുടെ മനസ്സിലെത്തി.

78. "ബാബാ, അങ്ങ് വളരെ പ്രായം ചെന്നതായും, ഒരു വൃദ്ധനെപ്പോലെയും കാണ പ്പെടുന്നു. അങ്ങയുടെ ആയുസ്സിന്റെ ദൈർഘ്യത്തെപ്പറ്റി അങ്ങേയ്ക്ക് എന്തെ ങ്കിലും അറിവുണ്ടോ?"

79. "ഞാൻ വൃദ്ധനാണെന്ന് നിനക്ക് എങ്ങനെ പറയാൻ കഴിയും? നോക്കൂ, എന്റെ യൊപ്പം മത്സരിച്ചോടാൻ നിനക്ക് കഴിയുമോ എന്ന് നോക്കൂ?" ഈ വാക്കു കൾ പറഞ്ഞുകൊണ്ട് സായി ഓടാൻ തുടങ്ങുകയും ആ മനുഷ്യൻ അദ്ദേഹ ത്തിന്റെ പുറകെ ഓടുകയും ചെയ്തു.

80. അതിവേഗതയിൽ ഓടവേ മഹാരാജ് പൊടിപടലമുയർത്തുകയും, ആ നിമി ഷത്തിൽ അപ്രത്യക്ഷനാകുകയും ചെയ്തു. ആ മനുഷ്യൻ അപ്പോൾ ഉണർന്നു.

81. അത് അങ്ങനെ കഴിഞ്ഞു. ഉറക്കമെഴുന്നേറ്റതിനുശേഷം അയാൾ സ്വപ്നത്തെ പ്പറ്റി ചിന്തിക്കുകയും അയാളുടെ മുഴുവൻ ചിന്താഗതിയും മാറിയതായി മന

സ്സിലാക്കുകയും ചെയ്തു. അയാൾ ബാബയുടെ മഹത്വത്തെ വാഴ്ത്തി.

82. ഈ അത്ഭുതസംഭവം കണ്ടപ്പോൾ അയാൾക്ക് സായിപാദങ്ങളിൽ ഭക്തി ദൃഢമായി. അയാളുടെ മുമ്പത്തെ മനോഭാവം മാറുകയും ബാബയെക്കുറിച്ചുള്ള സംശയങ്ങൾ ഇല്ലാതാകുകയും ചെയ്തു.

83. മുഴുവൻ സംഭവവും ഒരു സ്വപ്നമായിരുന്നെങ്കിലും ശ്രോതാക്കൾ ചോദ്യങ്ങളും ഉത്തരങ്ങളും കേൾക്കുമ്പോൾ, അവയിലെ ഗഹനത അവർ മനസ്സിലാക്കും.

84. ഈ ചോദ്യങ്ങളും ഉത്തരങ്ങളും പുനരാലോചിക്കവേ, ആ മദ്രാസി ഒരു മഹത്തായ പാഠം പഠിച്ചു. ചിരികൾക്കും നർമ്മത്തിനുമിടയിൽ, സായിയോടുള്ള അയാളുടെ എതിർപ്പ് ഇല്ലാതായി.

85. പിറ്റേന്ന് അതിരാവിലെ സംഘം ദർശനത്തിനായി മസ്ജിദിലെത്തവേ, സായിനാഥ് അവർക്ക് രണ്ടു ഉറുപ്പികകളുടെ ബർഫി നൽകുകയും, തന്റെ അനുഗ്രഹം കാട്ടുകയും ചെയ്തു.

86. കൂടാതെ അദ്ദേഹത്തിന്റെ കീശയിൽ നിന്നും ബാബ അവർക്കെല്ലാം രണ്ടു ഉറുപ്പികകൾ നൽകുകയും കൂടുതൽ നാളുകൾ അവരെ അവിടെ താമസിപ്പിക്കുകയും ചെയ്തു. അവർ അവരുടെ ഭജനകളും ആരാധനയും തുടർന്ന് പോന്നു.

87. പിന്നീട്, കുറച്ച് നാളുകൾക്ക് ശേഷം സംഘം യാത്ര പുറപ്പെടാൻ തീരുമാനിച്ചു. അവർക്ക് ധാരാളം പണം ലഭിച്ചില്ലെങ്കിലും അവർക്ക് അനുഗ്രഹം ധാരാളമായി ലഭിച്ചു:

88. "അള്ളാഹ് മാലിക് നിങ്ങൾക്ക് ധാരാളം നൽകും! അള്ളാഹ് നിങ്ങളുടെ ക്ഷേമം കാത്തുകൊള്ളും!" അവർ അവരുടെ യാത്ര തുടരവേ ഇതാണ് ഏറ്റവും കൂടുതൽ പ്രയോജനകരമായത്.

89. അവരുടെ യാത്രകൾക്കിടയിൽ, അവരുടെ മനസ്സുകളിലും ഹൃദയങ്ങളിലും സായിയുടെ അനുഗ്രഹങ്ങളും ഓർമ്മകളുമായി, രാത്രിയിലോ പകലോ, അവർക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും അവരുടെ സ്വപ്നത്തിൽപ്പോലുമുണ്ടായില്ല.

90. അവർ ആഗ്രഹങ്ങൾക്കനുസരിച്ച് അനേകം തീർത്ഥാടനസ്ഥലങ്ങളിൽ പോയി; അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ മൂലം അവർക്ക് യാതൊരു ക്ലേശങ്ങളും വഴിയിലുണ്ടായതുമില്ല, അവർ സന്തോഷത്തോടും സുഖകരമായും അവരുടെ ഗൃഹത്തിൽ തിരിച്ചെത്തി.

91. അവർ പോകാനായി ഉദ്ദേശിച്ചിരുന്ന സ്ഥലങ്ങൾക്ക് പുറമേ, മറ്റനേകം തീർത്ഥാടനസ്ഥലങ്ങൾ ദർശിക്കാൻ അവർക്ക് കഴിഞ്ഞു. സായിയുടെ വാക്കുകളുടെ അദ്ഭുതത്തെ അവർ വാഴ്ത്തുകയും എല്ലാവരും സന്തുഷ്ടരാകുകയും ചെയ്തു.

92. ദിവ്യന്റെ അനുഗ്രഹങ്ങൾക്ക് പുറമേ, "അള്ളാഹ് നിങ്ങളുടെ ക്ഷേമം കാത്തുകൊള്ളും" എന്ന വാക്കുകൾ എല്ലാ അർത്ഥത്തിലും ശരിയാണെന്ന് തെളിഞ്ഞു. അവരുടെ ആഗ്രഹങ്ങൾ സഫലമായി.

93. അത്തരത്തിൽ, തീർത്ഥയാത്ര നടത്താൻ ആഗ്രഹിക്കുകയും ഈശ്വരനിൽ വിശ്വസിക്കുകയും ചെയ്ത ഈ മദ്രാസി സംഘത്തിലുൾപ്പെട്ടിരുന്ന എല്ലാവരും ധാർമ്മികരും സദ്ഗുണസമ്പന്നരുമായി മാറി. ജനനമരണവൃത്തത്തിൽ നിന്നും സായി അവരെ സ്വതന്ത്രരാക്കി.

94. ഇതേപോലെ മധുരതരവും ഹൃദയഹാരിയുമായ മറ്റൊരു കഥ ഞാൻ നിങ്ങളോട് പറയാം. ശ്രോതാക്കൾ ആദരവോടെയും ഭക്തിയോടെയും അത് ശ്രവിക്കുകയാണെങ്കിൽ അവർ ആശ്ചര്യപ്പെടും.

95. എത്ര അനന്തമായിരുന്നു സായിയുടെ ദയയെന്നും അദ്ദേഹത്തിന്റെ ഭക്തരുടെ ആഗ്രഹങ്ങൾ, സ്നേഹത്തോടെ നിരന്തരം പ്രയത്നിച്ചുകൊണ്ട്, എങ്ങനെ സഫലമാക്കിയെന്നും! ഭക്തർക്ക് അദ്ദേഹം കല്പവൃക്ഷമായിരുന്നു!

96. താനെ ജില്ലയിലെ ബാന്ദ്രയിൽ രഘുനാഥറാവു എന്നുപേരായ ഒരു ഉത്തമഭക്തനുണ്ടായിരുന്നു. അയാൾ ബുദ്ധിമാനും നിർഭയനും, വളരെ പാണ്ഡിത്യമുള്ളവനുമായിരുന്നു.

97. അയാൾ എല്ലായ്പ്പോഴും സന്തോഷവാനും സ്നേഹമയനുമായിരുന്നു. അറിവിന്റെ തേൻ നുകരണമെന്ന ആശയോടെ അയാൾ സായിയുടെ പാദകമലങ്ങളിൽ അഭയം പ്രാപിച്ചിരുന്നു. അയാൾ തുടർച്ചയായി ഈശ്വരനാമം ജപിച്ചിരുന്നു.

98. 'ഭജനമാല' (ഭക്തിഗാനങ്ങളുടെ ഒരു ഹാരം) എന്ന ഒരു ഗ്രന്ഥത്തിൽ അയാൾ സായിയുടെ ലീലകൾ വിവരിച്ചിരുന്നു. ഭക്തിയോടെയും സ്നേഹത്തോടെയും അത് പാരായണം ചെയ്യുന്നവൻ ഓരോ ചുവടുവയ്പിലും സായിയാൽ അനുഗ്രഹിക്കപ്പെടും.

99. അയാളുടെ ഭാര്യയുടെ പേര് സാവിത്രി എന്നും മൂത്തമകൻ ബാബു എന്നും വിളിക്കപ്പെട്ടു. അയാളുടെ വിചിത്രമായ അനുഭവം നോക്കുക. സായിയെക്കുറിച്ചുള്ള ഈ കഥ ശ്രവിക്കുക.

100. ഒരിക്കൽ ബാബു ചിന്താകുഴപ്പത്തിലായി. അവൻ അലോപ്പതിയിൽ വൈദ്യവിദ്യാഭ്യാസം നടത്തിയെങ്കിലും പരീക്ഷയ്ക്ക് ഹാജരായില്ല.

101. അവൻ പകലും രാത്രിയും കഠിനമായി അധ്വാനിച്ചു. പരീക്ഷയിൽ വിജയിക്കുമോ എന്ന് അവൻ ഒരു ജ്യോതിഷിയോട് ചോദിച്ചു.

102. പഞ്ചാംഗത്തിലെ[8] താളുകൾ മറിച്ച് നോക്കിക്കൊണ്ട്, ജ്യോതിഷി ഗ്രഹങ്ങളുടെ സ്ഥാനം പഠിക്കുകയും വിരലുകൾകൊണ്ട് രാശി[9]യും നക്ഷത്രവും[10] കണക്കുകൂട്ടി നോക്കിയശേഷം ഉത്കണ്ഠാകുലനായി കാണപ്പെടുകയും ചെയ്തു.

103. അയാൾ പറഞ്ഞു: "നീ കഠിനമായി പരിശ്രമിച്ചിട്ടുണ്ട്, പക്ഷേ ഈ വർഷം നക്ഷത്രങ്ങൾ ഗുണകരമല്ല. അടുത്തവർഷം വളരെ ശുഭകരമാണ്. വിഷമതകളൊന്നുമില്ലാതെ അടുത്തവർഷം നീ പരീക്ഷയിൽ ജയം നേടും."

104. പരിശ്രമങ്ങൾ പാഴാണെങ്കിൽ പരീക്ഷയ്ക്ക് ഇരിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്! വിദ്യാർത്ഥി വളരെ ആശങ്കപ്പെടുകയും മനസ്സ് പതറുകയും

ചെയ്തു.

105. പിന്നീട്, കുറച്ച് സമയത്തിനുശേഷം, വിദ്യാർത്ഥിയുടെ മാതാവ് ഷിർദി സന്ദർശിച്ചു. അവൾ സായിയുടെ പാദങ്ങളിൽ വന്ദിക്കുകയും പൊതുവായ ക്ഷേമത്തെക്കുറിച്ചുള്ള സംസാരം തുടങ്ങുകയും ചെയ്തു.

106. അപ്പോൾ ഈ വിഷയം പൊന്തിവരികയും, അവൾ വിനയമാർന്ന ശബ്ദത്തോടെ പ്രാർത്ഥിക്കുകയും നക്ഷത്രങ്ങൾ ഗുണകരമായിരുന്നെങ്കിൽ അവളുടെ മകൻ പരീക്ഷയ്ക്ക് ഹാജരാകുമെന്ന് പറയുകയും ചെയ്തു.

107. ജ്യോതിഷി ജാതകം കാണുകയും സമയം ഗുണകരമല്ലെന്ന് പറയുകയും ചെയ്തിരുന്നു. അതിനാൽ അവൻ നന്നായി പഠിച്ചിരുന്നെങ്കിലും മകൻ പരീക്ഷയ്ക്ക് ഹാജരാകേണ്ടതില്ലെന്ന് തീരുമാനിച്ചു.

108. “അതിനാൽ ബാബാ, നക്ഷത്രങ്ങളുടെ ഏത് നിലയാണ് അവന്റെ ഭാഗ്യത്തെ ബാധിക്കുന്നത്? ഈ വർഷം എന്തുകൊണ്ടാണീ നിരാശ? അവൻ പരീക്ഷ പൂർത്തിയാക്കാൻ വേണ്ടി എല്ലാവരും കാത്തിരിക്കുകയാണ്.”

109. അവൾ പറഞ്ഞത് കേട്ടതിനുശേഷം ബാബ പറഞ്ഞു: “ഞാൻ പറയുന്നത് കേൾക്കണമെന്ന് അവനോട് പറയുക. ആശങ്കകളൊന്നുമില്ലാതെ, ജാതകം മടക്കിവച്ചിട്ട് പരീക്ഷയ്ക്ക് ഇരിക്കാൻ അവനോട് പറയുക.

110. “മറ്റാരുടെയും ഉപദേശം കേൾക്കേണ്ടതില്ല. ജാതകത്തിൽ നോക്കേണ്ടതില്ല. ജ്യോതിഷത്തിൽ വിശ്വസിക്കേണ്ട. ഏകാഗ്രതയോടെ പഠിക്കുക.

111. “അവൻ വിജയിക്കുമെന്ന് നിന്റെ മകനോട് പറയുക. ആശങ്കകളില്ലാതെ അവൻ പരീക്ഷയ്ക്ക് ഇരിക്കണം. അവൻ ആശ കൈവിടരുത്. എന്നിൽ പൂർണ്ണ വിശ്വാസമുണ്ടായിരിക്കുക.”

112. അത് അങ്ങനെ കഴിഞ്ഞു. ബാബയുടെ അനുമതിയോടെ മാതാവ് ഗൃഹത്തിലേയ്ക്ക് മടങ്ങി. ബാബയുടെ സന്ദേശത്തെക്കുറിച്ച് അവൾ മകനോട് പറഞ്ഞു. മാതാവ് ഉത്സാഹത്തോടെ മകന് ഉറപ്പ് നൽകി.

113. ബാബയുടെ വാക്കുകൾ വളരെ പ്രോത്സാഹനകരമായിരുന്നു, എന്തെന്നാൽ മകൻ പരീക്ഷയ്ക്ക് ഹാജരാകുകയും, എല്ലാ ചോദ്യങ്ങൾക്കും ദൃഢവിശ്വാസത്തോടെ ഉത്തരമെഴുതുകയും ചെയ്തു.

114. എഴുത്തുപരീക്ഷ പൂർത്തിയായി. അവൻ എല്ലാം പൂർണ്ണമായും എഴുതിയിരുന്നു. എന്നിട്ടും, അവന്റെ ആത്മവിശ്വാസം ഇല്ലാതെയായി. സംശയങ്ങൾ അവന്റെ മനസ്സിനെ തളർത്തി.

115. വിജയിക്കാൻ പര്യാപ്തമായ തരത്തിൽ അവൻ ഉത്തരങ്ങളെല്ലാം എഴുതിയിരുന്നെങ്കിലും, അവ മതിയാകില്ലെന്ന് ആ വിദ്യാർത്ഥിക്ക് തോന്നുകയും അവന്റെ ധൈര്യം നഷ്ടപ്പെടുകയും ചെയ്തു.

116. യഥാർത്ഥത്തിൽ അവൻ എഴുത്തുപരീക്ഷ വിജയിച്ചിരുന്നു. എന്നിട്ടും, പരാജയപ്പെട്ടതായി അവൻ ചിന്തിച്ചു. അതിനാൽ അവൻ നിരാശാവാനാകുകയും, വാചാപരീക്ഷയ്ക്ക് പോകില്ലെന്ന് വിചാരിക്കുകയും ചെയ്തു.

117. വാചാപരീക്ഷ തുടങ്ങി. ആദ്യത്തെ ദിവസം കടന്നുപോയി. പിറ്റേദിവസം

വിദ്യാർത്ഥി ഊണുകഴിക്കുന്ന സമയത്ത് ഒരു സുഹൃത്ത് എത്തി.

118. അവൻ പറഞ്ഞു: "ഇത് എത്ര വിചിത്രമാണ്! പരീക്ഷകൻ നിന്നെയോർത്ത് വിഷമിക്കുകയാണ്. ഇന്നലെ നീ വരാതിരുന്നതിന്റെ കാരണം എന്താണെന്ന് ഇവിടെ വന്ന് കണ്ടുപിടിക്കാൻ അദ്ദേഹം എന്നോട് പറഞ്ഞു."

119. തെൻഡുൽക്കർ അവനോട് തുറന്ന് പറഞ്ഞു. "എഴുത്തുപരീക്ഷയിൽ ഞാൻ പരാജയപ്പെട്ടിരിക്കേ വാചാപരീക്ഷയുടെ ബുദ്ധിമുട്ട് ഞാൻ എന്തിന് സഹിക്കണം. അതിനാൽ നിരാശ കൊണ്ട് ഞാൻ വീട്ടിൽ തന്നെ കഴിഞ്ഞു."

120. "പരീക്ഷകനാകട്ടെ, നിന്നെ ഏതെങ്കിലും തരത്തിൽ കൂട്ടിക്കൊണ്ട് വരണമെന്ന് എന്നോടു പറയുകയും, എഴുത്തുപരീക്ഷയിൽ നീ വിജയിച്ചുവെന്ന വാർത്ത നൽകണമെന്നും പറഞ്ഞു."

121. അപ്പോഴത്തെ സന്തോഷം എങ്ങനെയാണ് വിവരിക്കുക! അവൻ സായി മഹാരാജിനോട് പ്രാർത്ഥിക്കുകയും ഒരു നിമിഷം പോലും പാഴാക്കാതെ ഉത്സാഹത്തോടെ പുറത്തേയ്ക്ക് ഓടുകയും ചെയ്തു.

122. അത് അങ്ങനെയാകട്ടെ. എല്ലാം ഭംഗിയായി കലാശിച്ചു. പരീക്ഷ വിജയിക്കണമെന്നുള്ള ആഗ്രഹം സഫലമായി. അവന്റെ ആഗ്രഹം സഫലമാക്കിക്കൊണ്ട് സായിയും തന്റെ പാദങ്ങളിൽ ഭക്തി ദൃഢമാക്കി.

123. അരകല്ലിന്റെ അമ്മി നന്നായി ഉറപ്പിക്കാൻ വേണ്ടി പലപ്രാവശ്യം ചലിപ്പിക്കേണ്ടി വരും. അതേപോലെയാണ് ഗുരുവിന്റെ പാദങ്ങളിലുള്ള വിശ്വാസവും. അത് പരീക്ഷിച്ചുകൊണ്ട് സായി അതിനെ ദൃഢമാക്കുന്നു.

124. മനസ്സിനെ ചലിപ്പിക്കുന്ന തരത്തിലല്ലാതെ അദ്ദേഹം ആരോടും ഒരിക്കലും ഒന്നും പറഞ്ഞിട്ടില്ല. ഇതാണ് ബാബയുമായുള്ള സാധാരണ അനുഭവം. ഇത്തരത്തിൽ അദ്ദേഹം വിശ്വാസത്തെ ദൃഢപ്പെടുത്തി.

125. നിർദ്ദേശിക്കപ്പെട്ട പാതയിലൂടെ ഒരുവൻ പോകുമ്പോൾ, തുടക്കത്തിൽ എല്ലാ കാര്യങ്ങളും നന്നായി നടക്കും. പിന്നീട്, എല്ലാ ദിശകളിലും, അവൻ മുള്ളുകൾ മാത്രം കാണുന്ന തരത്തിൽ മുൾച്ചെടികൾ നിറഞ്ഞിരിക്കും.

126. അപ്പോൾ അവന്റെ വിശ്വാസം ഉലയുകയും സംശയങ്ങൾ എളുപ്പത്തിൽ ഉയർന്നു വരികയും ചെയ്യും. "എന്തുകൊണ്ടാണ് സായി എന്നെ ഈ ദുർഘടമായ പാതയിലെത്തിച്ചത്?", ഒരുവൻ ചോദിച്ചേക്കാം.

127. ഒരുവന് ഇത്തരത്തിൽ തോന്നുകയാണെങ്കിൽ, നിങ്ങളുടെ വിശ്വാസത്തിൽ മുറുകെ പിടിക്കാൻ ശക്തമായ ഒരു ശ്രമം നടത്തുക. ഈ ക്ലേശങ്ങൾ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയുള്ളതാണ്; അപ്പോൾ മാത്രമേ ഉറച്ച വിശ്വാസം നിങ്ങളുടെ ഒരു ഭാഗമായി മാറുകയുള്ളൂ.

128. ഈ ക്ലേശങ്ങളെ നേരിടുകയും സായിയുടെ നാമം തുടർച്ചയായി ജപിക്കുകയും ചെയ്താൽ എല്ലാ പ്രശ്നങ്ങളും മാറിപ്പോകും. അതാണ് നാമത്തിന്റെ അത്യധികമായ ശക്തി.

129. ഇതാണ് ഈ ക്ലേശങ്ങളുടെ ഉദ്ദേശ്യം, അവയും സായി തന്നെയാണ് സൃഷ്ടിക്കുന്നത്. അപ്പോൾ മാത്രമാണ് ഒരുവൻ സായിയെ ഓർക്കുന്നതും അദ്ദേഹ

ത്തിന്റെ നാമം ജപിക്കുന്നതും, അത് സകല ക്ലേശങ്ങൾക്കും അന്ത്യം വരുത്തുന്നു.

130. അത് അങ്ങനെയാകട്ടെ. ഈ ചെറുപ്പക്കാരന്റെ പിതാവ് സായിയുടെ ഒരു സ്നേഹഭക്തനായിരുന്നു – ക്ഷമാശീലനും ഉദാരമതിയും ധാർമ്മിക സ്വഭാവമതിയുമായിരുന്നു. അയാളുടെ ശാരീരികാരോഗ്യം ദുർബ്ബലമായി.

131. ബോംബെയിൽ സ്ഥാപനം ഉണ്ടായിരുന്ന ഒരു വിദേശവ്യാപാരിയുടെ കമ്പനിയിൽ, ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടി അയാൾ ജോലി ചെയ്തിരുന്നു.

132. പിന്നീട്, പ്രായം അധികമായപ്പോൾ, അയാളുടെ കാഴ്ചശക്തി കുറയാൻ തുടങ്ങുകയും, ശാരീരികമായി ദുർബ്ബലനാകുകയും ചെയ്തു. പരിപൂർണ്ണ വിശ്രമം വേണമെന്ന് അയാൾ ആഗ്രഹിച്ചു.

133. ജോലി ചെയ്യാൻ ശക്തി ഇല്ലാത്തതിനാൽ, ആരോഗ്യം മെച്ചപ്പെടുത്താൻ വേണ്ടി രഘുനാഥറാവു അവധിയിൽ പ്രവേശിക്കുകയും പൂർണ്ണവിശ്രമമെടുക്കുകയും ചെയ്തു.

134. ആ അവധി പൂർണ്ണമായി അവസാനിച്ചിട്ടും, അയാൾക്ക് മതിയായ വിശ്രമം കിട്ടാത്തതിനാൽ, അവധി നീട്ടിക്കിട്ടുന്നതിന് വേണ്ടി അയാൾ വീണ്ടും ഒരു അപേക്ഷ നൽകി.

135. അയാളുടെ മുകളിലുള്ള ഉയർന്ന ഉദ്യോഗസ്ഥൻ ആ അപേക്ഷ കണ്ടപ്പോൾ അവധിക്ക് ശുപാർശ ചെയ്തു. ഉദ്യോഗാലയത്തിന്റെ പ്രമുഖൻ മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുന്നവനും വളരെ ദയാലുവുമായിരുന്നു.

136. ഉദ്യോഗാലയത്തിന്റെ പ്രമുഖൻ ഉദാരമതിയായിരുന്നു. അയാളുടെ ജോലിക്കാരന്റെ ആത്മാർത്ഥമായ സേവനങ്ങൾ കണക്കിലെടുത്തുകൊണ്ട്, അയാൾ അവന് പകുതി ശമ്പളം വീട്ടുകാര്യങ്ങൾക്കായി നൽകി.

137. ഇതായിരുന്നു സർക്കാർ നടപടികൾ, സാഹചര്യങ്ങൾക്കനുസൃതമായി അവരുടെ സത്യസന്ധരായ ജോലിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രമുഖ വ്യാപാരസ്ഥാപനങ്ങൾ ഇത് പിന്തുടർന്നിരുന്നു.

138. “പക്ഷേ, എനിക്ക് ജോലി ചെയ്യാൻ കഴിയാതെ വരികയാണെങ്കിൽ എന്റെ യജമാനൻ ഈ പ്രതിഫലം തുടർന്നും നൽകുമോ”, എന്ന് തെൻഡുൽക്കർ വിഷമിച്ചു.

139. “എന്റെ മുഴുവൻ ശമ്പളം 150/- രൂപയാണ്. പെൻഷൻ തുകയായി 75/- രൂപ കിട്ടിയാൽ എങ്ങനെയാണ് ഞാൻ എന്റെ കുടുംബത്തിന്റെ ചെലവുകൾ വഹിക്കുക!”, ഇതായിരുന്നു അയാൾ നിരന്തരം ഓർത്തുകൊണ്ടിരുന്ന ചിന്ത.

140. പക്ഷേ, പിന്നീട് വളരെ ആഹ്ലാദകരമായ ഒരു കാര്യം നടന്നു. ബാബയുടെ പുതുമയാർന്ന അദ്ഭുതലീല കാണുക. അദ്ദേഹം രഘുനാഥറാവുവിന്റെ ഭാര്യയോട് അവരുടെ ക്ഷേമത്തെ കുറിച്ച് അന്വേഷിച്ചു. ഈ അദ്ഭുതം കേൾക്കുക.

141. പെൻഷന്റെ അന്തിമ ആജ്ഞാപത്രം വരുന്നതിന് പതിനഞ്ച് ദിവസങ്ങൾക്ക്

മുമ്പ് ബാബ അവളുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും അവളുടെ അഭിപ്രായം ചോദിക്കുകയും ചെയ്തു.

142. "അവന് 100/- രൂപ കിട്ടുമെന്ന് ഞാൻ ആശിക്കുന്നു. നിനക്ക് അത് തൃപ്തിയാണോ?" അദ്ദേഹം ചോദിച്ചു. ആ സ്ത്രീ മറുപടി പറഞ്ഞു: "എന്തിനാണ് അങ്ങ് ചോദിക്കുന്നത്? ഞങ്ങൾക്ക് അങ്ങയിൽ പൂർണ്ണവിശ്വാസമുണ്ട്."

143. അവിടെ, അയാളുടെ അപേക്ഷയുടെ മേൽ ഒരു തീരുമാനമായി. രഘുനാഥ് സത്യസന്ധനായ ഒരു തൊഴിലാളിയും, അനേകം വർഷങ്ങൾ നന്നായി സേവനമനുഷ്ഠിച്ചവനുമാണ്, അതിനാൽ അയാൾക്ക് മെച്ചപ്പെട്ട ഒരു പെൻഷൻ നൽകണം.

144. ബാബ 100/- രൂപയെന്ന് പറഞ്ഞിരുന്നെങ്കിലും 10 രൂപ കൂടുതൽ നൽകപ്പെട്ടു[11]. അത്തരത്തിലായിരുന്നു, ദയാലുവും ഭക്തരോട് അതിയായ സ്നേഹവുമുണ്ടായിരുന്ന സമർത്ഥ.

145. ഇപ്പോൾ മനോഹരവും രസകരവുമായ ഒരു കഥ കൂടി ശ്രവിക്കുക. അത് ഭക്തരിൽ സ്നേഹവും ആനന്ദവും ഉണർത്തും. ശ്രോതാക്കൾ അത് ആസ്വദിക്കും.

146. ബാബയുടെ ഉറച്ച ഒരു ഭക്തനായിരുന്ന, ക്യാപ്റ്റൻ ഹാതേ എന്ന് പേരായ ഒരു ഭിഷഗ്വരനെക്കുറിച്ചുള്ളതാണ് ഈ മധുരമായ കഥ, അയാൾക്ക് ഒരു പ്രഭാതകാലത്ത് ബാബ സ്വപ്നദർശനം നൽകി.

147. ഹാതേ ഗ്വാളിയറിൽ താമസിക്കുകയും അവിടെ വച്ച് ബാബയെ സ്വപ്നത്തിൽ ദർശിക്കുകയും ചെയ്തു. എത്ര സമർത്ഥമായ രീതിയിലാണ് ബാബ ചോദ്യങ്ങൾ ചോദിച്ചതെന്നും, ഹാതേ നൽകിയ മറുപടികൾ എന്താണെന്നും ശ്രദ്ധിക്കുക.

148. ബാബ പറഞ്ഞു: "നീ എന്നെ മറന്നോ?" ഹാതേ പെട്ടെന്ന് ബാബയുടെ പാദങ്ങൾ പിടിച്ചുകൊണ്ട് പറഞ്ഞു: "കുഞ്ഞ് മാതാവിനെ മറക്കുകയാണെങ്കിൽ അത് എങ്ങനെ രക്ഷപ്പെടും?"

149. സ്വപ്നത്തിൽ, അയാൾ പെട്ടെന്ന് എഴുന്നേറ്റ് തോട്ടത്തിലേയ്ക്ക് പോയി. പുതിയ വാൽപാപ്ഡി[12] പറിച്ചെടുത്ത് ഷിധയും[13] ദക്ഷിണയും നൈവേദ്യമായി അർപ്പിച്ചുകൊണ്ട് തന്റെ ഭക്തി തെളിയിച്ചു.

150. അയാളുടെ ഭക്തിക്ക് സാക്ഷ്യമായി, ഈ സാധനങ്ങളൊക്കെ തയ്യാറായപ്പോൾ അവ വച്ചിരുന്ന കുട്ടയുമായി, നൈവേദ്യം നടത്താനായി അയാൾ മുമ്പോട്ട് നീങ്ങി. പെട്ടെന്ന് അയാളുടെ കണ്ണുകൾ തുറക്കുകയും അത് ഒരു സ്വപ്നമാണെന്ന് മനസ്സിലാക്കുകയും ചെയ്തു.

151. പെട്ടെന്ന്, അയാൾ സ്വപ്നത്തിൽ കണ്ട സാധനങ്ങളൊക്കെ ശേഖരിക്കണമെന്നും അവ സ്വയം ഷിർദിയിൽ ചെന്ന് ബാബയ്ക്ക് സമർപ്പിക്കണമെന്നും ഹാതേയ്ക്ക് തോന്നി.

152. പക്ഷേ അയാൾ ഗ്വാളിയറിൽ ആയതിനാൽ അയാൾ തന്റെ സുഹൃത്തിന് ഒരു കത്ത് എഴുതി[14], സാഹചര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ നൽകു

കയും, അയാളോട് സ്വയം ഷിർദിയിൽ പോകാൻ നിർബന്ധിക്കുകയും ചെയ്തു.

153. "പണം നിനക്ക് തപാലിൽ അയയ്ക്കപ്പെടും. നല്ല ഗുണമുള്ള ഷിധ എങ്ങനെയെങ്കിലും വാങ്ങുകയും, മേന്മയുള്ള വാൽപാപ്ഡി നോക്കിയെടുക്കുകയും ചെയ്യുക.

154. "ബാക്കിയുള്ള പണം നിന്റെ കൈവശം വച്ച് ഷിധയും മറ്റ് സാധനങ്ങളോടുമൊപ്പം ബാബയ്ക്ക് അർപ്പിക്കുക. ബാബയുടെ പാദങ്ങളിൽ വന്ദിച്ച്, പ്രസാദം വാങ്ങി, എനിക്ക് അയച്ചുതരിക."

155. പണം ലഭിച്ചയുടനെ, സുഹൃത്ത് ഷിർദിയിലേയ്ക്ക് പുറപ്പെട്ടു. പാപ്ഡി കിട്ടാൻ പ്രയാസമായതിനാൽ അതൊഴിച്ച് ബാക്കിയുള്ള എല്ലാ സാധനങ്ങളും അയാൾ വാങ്ങി. അതേ നിമിഷത്തിൽ ഒരു കുട്ട അവിടെ എത്തി.

156. ഒരു സ്ത്രീ അത് തലയിൽ ചുമന്നുകൊണ്ട് വരികയായിരുന്നു. അയാൾ അവളെ വിളിക്കുകയും അതിനുള്ളിൽ പാപ്ഡി കണ്ട് ആശ്ചര്യപ്പെടുകയും ചെയ്തു. എല്ലാവരും അദ്ഭുതപ്പെട്ടു.

157. അയാൾ എല്ലാ സാധനങ്ങളും വാങ്ങുകയും, ആദരവോടെ മഹാരാജിന് കാഴ്ച വയ്ക്കുകയും ചെയ്തു. അയാൾ അത് പിറ്റേദിവസം പാകം ചെയ്ത് നൈവേദ്യമായി അർപ്പിക്കുന്നതിനായി നിമോൺകറിന് നൽകി.

158. പിറ്റേദിവസം ബാബ ആഹാരം കഴിക്കാനായി ഇരുന്നപ്പോൾ അദ്ദേഹം മറ്റൊന്നും സ്പർശിച്ചില്ല – പരിപ്പ്, അരി തുടങ്ങിയവ, പക്ഷേ വാൽപാപ്ഡി മാത്രം അദ്ദേഹം തെരഞ്ഞെടുത്തു. എല്ലാവരും ആശ്ചര്യപ്പെട്ടു.

159. അദ്ദേഹം വാൽപാപ്ഡി മാത്രം സ്വീകരിക്കുകയും അത് മാത്രം കഴിക്കുകയും ചെയ്തു. ഹാതേ ഈ വിവരം അറിഞ്ഞപ്പോൾ, അയാൾ സന്തോഷഭരിതനായി.

160. 'ഒരുവന് ലഭിക്കുന്ന അനുഭവങ്ങൾ അവന്റെ ഭക്തിയെ ആശ്രയിച്ചിരിക്കുന്നു.' അത്തരത്തിലായിരുന്നു ഹാതേയുടെ അനുഭവവും. അടുത്ത കഥയുടെ മനോഹാരിത ശ്രവിക്കുകയും സായിയുടെ മധുരമായ ഉപചാരം അറിയുകയും ചെയ്യുക.

161. സായി സ്പർശിച്ച് ശുദ്ധമാക്കിയ ഒരു ഉറുപ്പിക നാണയം തന്റെ ഗൃഹത്തിൽ വയ്ക്കണമെന്ന ഒരു ആഗ്രഹം അയാൾക്കുണ്ടായി. സായി അയാളുടെ ആഗ്രഹം സഫലമാക്കി.

162. മനസ്സ് വ്യത്യസ്തമായ കാര്യങ്ങൾ കൊണ്ട് നിറഞ്ഞതാണ്. ദോഷകരമായവ ഉപേക്ഷിച്ചിട്ട് ഗുണകരമായത് മാത്രം സ്വീകരിക്കണം. എന്നിട്ട്, ഭക്തരെ സഹായിക്കുന്നതിൽ സായിയുടെ പ്രാഗല്ഭ്യം കാണുക.

163. അത്തരത്തിലുള്ള നല്ല ഒരു ആഗ്രഹം ഹാതേയ്ക്കുണ്ടായപ്പോൾ അത് സഫലമാകുന്നതിന് അല്പം പോലും സമയമെടുത്തില്ല. അയാളുടെ ഒരു സുഹൃത്ത് സായിദർശനത്തിന് ആഗ്രഹിച്ച് യാത്ര പുറപ്പെടാൻ (ഷിർദിയിലേയ്ക്ക്) തയ്യാറായിരുന്നു.

164. ഉദ്ദേശ്യം ശുദ്ധമായിരിക്കണം. അപ്പോൾ സായി അത് അദ്ഭുതകരമായ രീതിയിൽ സഫലമാക്കും. ധാർമ്മികമായ ഉദ്ദേശ്യങ്ങൾ ഉള്ളവരുടെ നന്മ, സായിയുടെ കൈകളിലാണ്.

165. അങ്ങനെ ഹാതേ അയാളുടെ സുഹൃത്തിന്റെ കൈവശം സ്നേഹത്തോടെ ഒരു ഉറുപ്പിക നൽകുകയും അത് ബാബയുടെ കൈകളിൽ നൽകാൻ മറക്കരുത് എന്ന് പറയുകയും ചെയ്തു.

166. സുഹൃത്ത് ഷിർദിയിൽ എത്തിയ ഉടനെ അയാൾ ബാബയുടെ ദർശനം നടത്തി. അയാൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുകയും തന്റെ ശിരസ്സ് ചേർത്ത് വയ്ക്കുകയും ചെയ്തു. എന്നിട്ട് അയാൾ സായിയുടെ മുമ്പിൽ ഇരുന്നു.

167. ബാബ ദക്ഷിണയ്ക്കായി തന്റെ കൈകൾ നീട്ടി, അതിനാൽ അയാൾ തന്റെ ദക്ഷിണ ആദ്യം നൽകി. ബാബ അത് അപ്പോൾ തന്നെ തന്റെ കീശയിൽ വച്ചു. പിന്നീട് സുഹൃത്ത് ഹാതേയുടെ പണം എടുത്തു.

168. കൂപ്പുകൈകളോടെ അയാൾ ആ ഉറുപ്പികയും ബാബയുടെ കൈകളിൽ വയ്ക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: "ഈ ദക്ഷിണ എന്റെ കൈവശം ഹാതേ തന്നയച്ചതാണ്."

169 ഈ സായി എല്ലാവരുടെയും ഹൃദയനിവാസിയാണ്. ഹാതേ ഗ്വാളിയറിൽ ആയിരുന്നെങ്കിലും അയാളുടെ ഹൃദയത്തിലെ ആഗ്രഹമറിഞ്ഞുകൊണ്ട്, അദ്ദേഹം അത് സൂക്ഷിച്ച് നോക്കി ഇരുന്നു.

170. അതിയായ സ്നേഹത്തോടെ, ബാബ ആ ഉറുപ്പിക തന്റെ കണ്ണുകൾക്ക് നേർക്ക് പിടിച്ചു. അദ്ദേഹം ശ്രദ്ധയോടെ അതിൽ ഉറ്റുനോക്കി. ആളുകൾ അദ്ദേഹത്തെ ഇമയനക്കാതെ നോക്കി.

171. അദ്ദേഹം തന്റെ വലത് പെരുവിരൽ കൊണ്ട് ആ ഉറുപ്പിക മുകളിലേയ്ക്ക് എറിയുകയും, തന്റെ കൈകൾ കൊണ്ട് അത് പിടിക്കുകയും ചെയ്തു. ഇത്തരത്തിൽ അദ്ദേഹം അതുകൊണ്ട് കുറച്ചു നേരം കളിച്ചു. പിന്നീട് അദ്ദേഹം അത് മടക്കി നൽകി.

172. എന്നിട്ട് പറഞ്ഞു: "ഇത് ഇതിന്റെ ഉടമസ്ഥന് മടക്കി നൽകുക. ഇതിന്റെ ഒപ്പം ഉധിപ്രസാദവും എടുത്തുകൊള്ളൂ. അവനിൽ നിന്ന് എനിക്ക് ഒന്നും ആവശ്യമില്ല എന്ന് അവനോട് പറയുക. സുഖമായി ഇരിക്കുക."

173. ബാബയുടെ പാദങ്ങളിൽ വന്ദിക്കുകയും, ഉധിപ്രസാദം ശരിയായ സ്ഥലത്ത് സൂക്ഷിച്ചുവയ്ക്കുകയും ചെയ്തുകൊണ്ട് ആ സുഹൃത്ത് ബാബയുടെ അനുവാദം വാങ്ങി, ഗ്വാളിയറിലുള്ള അയാളുടെ ഗൃഹത്തിലേയ്ക്ക് മടങ്ങി.

174. ഗ്വാളിയറിൽ എത്തിച്ചേരുകയും, ഭിഷഗ്വരന് ആ ഉറുപ്പിക നൽകുകയും ചെയ്തതിനുശേഷം സംഭവിച്ചതൊക്കെ അയാൾ വിശദമായി പറഞ്ഞു. ഹാതേയ്ക്ക് വികാരവിക്ഷോഭത്താൽ കണ്ഠമിടറി.

175. അയാൾ പറഞ്ഞു: "എന്റെ മനസ്സിലുണ്ടായിരുന്ന ഉദ്ദേശ്യവും, ഞാൻ ആഗ്രഹിച്ചതുപോലെയും, എന്റെ ഇച്ഛ അറിഞ്ഞുകൊണ്ട് ബാബ അത് സഫലമാക്കി."

176. ഇതാണ് ഹാതേയ്ക്ക് തോന്നിയത്, പക്ഷേ അത് അയാളുടെ വിശദീകരണമായിരുന്നു. ദിവ്യന്മാരുടെ പദ്ധതികളും അവയുടെ ഉദ്ദേശ്യവും ആർക്കാണ് ഗ്രഹിക്കാൻ കഴിയുക?

177. ഇത് (ഹാതേയുടെ വിശ്വാസം) സത്യമാണെങ്കിൽ പോലും, മറ്റൊരു സംഭവം നോക്കുക. അത് ഇതിന് നേരെ കടകവിരുദ്ധമായിരുന്നു. ദിവ്യന്മാർക്ക് മാത്രം അവരുടെ ഉദ്ദേശ്യങ്ങൾ അറിയാം.

178. അദ്ദേഹം ഒരാളിന്റെ ഉറുപ്പിക മടക്കുകയും മറ്റൊരാളിന്റേത് കീശയിൽ വയ്ക്കുകയും ചെയ്തു! ഇതിന്റെ കാരണം എന്താണെന്നും എന്തായിരുന്നു ബാബയുടെ മനസ്സിലുണ്ടായിരുന്നതെന്നും, തീർച്ചയായും ആർക്കാണ് വിശദീകരിക്കാൻ കഴിയുക?

179. അദ്ദേഹത്തിന് മാത്രം അദ്ദേഹത്തിന്റെ കാരണങ്ങൾ അറിയാം. നമ്മൾ സംഭവിക്കുന്നത് എന്താണോ അത് ആസ്വദിക്കുക മാത്രം ചെയ്യണം, അങ്ങനെ ചെയ്യാൻ കഴിയുന്ന മനോജ്ഞമായ അവസരം നഷ്ടപ്പെടുത്തുകയും ചെയ്യരുത്. ഈ ഉദ്ദേശ്യത്തിനുവേണ്ടി, ഈ കഥ ശ്രവിക്കുക.

180. ഒരിക്കൽ, ബാബയോട് അതീവ സ്നേഹമുള്ള വാമൻ നർവേകർ, വളരെ ഭക്തിയോടെ അർപ്പിക്കുന്നതിന് വേണ്ടി മനോഹരമായ ഒരു ഉറുപ്പിക കൊണ്ടുവന്നു.

181. നാണയത്തിന്റെ ഒരു വശത്ത് രാമലക്ഷ്മണസീതമാരുടെ ചിത്രമുണ്ടായിരുന്നു; മറുവശത്ത് കൂപ്പുകൈകളോടെയുള്ള ഹനുമാന്റെ ചിത്രവും.

182. ബാബ അത് സ്പർശിച്ച ശേഷം ഉധിയോടും പ്രസാദത്തോടുമൊപ്പം മടക്കി കിട്ടുക എന്നതായിരുന്നു ആ നേർച്ച നൽകിയപ്പോഴുള്ള അയാളുടെ ഉദ്ദേശ്യം.

183. മറ്റുള്ളവരുടെ ആന്തരിക ആഗ്രഹങ്ങൾ ബാബ പൂർണ്ണമായും എല്ലായ്പ്പോഴും അറിഞ്ഞിരുന്നു. എന്നിട്ടും, നാണയം അദ്ദേഹത്തിന്റെ കൈകളിൽ വയ്ക്കപ്പെട്ടപ്പോൾ, അദ്ദേഹം പെട്ടെന്ന് തന്നെ അത് കീശയിൽ വച്ചു.

184. മാധവറാവു ബാബയോട് വാമൻ റാവുവിന്റെ ആഗ്രഹത്തെക്കുറിച്ച് വിശദമാക്കുകയും, അയാൾക്ക് നാണയം തിരികെ നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

185. “അവന് എന്തിന് അത് നൽകണം? അത് നമ്മൾ തന്നെ സൂക്ഷിക്കണം,” വാമൻ റാവുവിന്റെ മുമ്പിൽ വച്ച് ബാബ വ്യക്തമായ ശബ്ദത്തോടെ മറുപടി പറഞ്ഞു.

186. “എങ്കിലും അതിന്റെ വിലയായി ഇരുപത്തിഅഞ്ച് ഉറുപ്പിക നൽകാൻ അവൻ തയ്യാറാണെങ്കിൽ ഞാൻ അവന് അത് പകരം നൽകും”, ഇങ്ങനെ അവനോട് പറയണമെന്ന് ബാബ അറിയിച്ചു.

187. അപ്പോൾ, ആ നാണയം തിരികെ ലഭിക്കാൻ വേണ്ടി, വാമൻ റാവു പെട്ടെന്ന് തന്നെ അവിടെയും ഇവിടെയും നിന്ന് ആവശ്യമായ തുക ശേഖരിച്ചു.

188. മുമ്പത്തെപ്പോലെ ആ തുകയും അദ്ദേഹം കീശയിലിടുകയും ഇങ്ങനെ പറയുകയും ചെയ്തു: “ഒരു കുന്ന് പണത്തിന് പോലും ഈ ഒന്നിന്റെ മൂല്യ

ത്തിന് തുല്യമാകാൻ കഴിയില്ല. അവയുടെ മൂല്യം ഈ നാണയത്തിന്റേതിനേക്കാൾ കുറവായിരിക്കും."

189. അദ്ദേഹം വീണ്ടും പറഞ്ഞു: "ശാമ, നീ ഇത് എടുത്ത് കൊള്ളുക. അത് നിന്റെ ശേഖരത്തിൽ വയ്ക്കുക. അത് പൂജാമുറിയിൽ വച്ച് പൂജിക്കുക."

190. ഇപ്പോൾ, എന്തുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം പ്രവർത്തിച്ചത്? ആർക്കാണ് അദ്ദേഹത്തോട് ചോദിക്കാനുള്ള അധികാരം? സായിക്ക് എന്താണ് ശരിയെന്നും, എന്താണ് തെറ്റെന്നും അറിയാൻ കഴിയും. അദ്ദേഹം ശക്തനായ ദാതാവും സ്വീകർത്താവും ആകുന്നു.

191. അത് അങ്ങനെയാകട്ടെ. ഇപ്പോൾ ഈ കഥ പൂർണ്ണമായതിനാൽ നമുക്ക് ശ്രോതാക്കളുടെ മനസ്സിന് വിശ്രമം നൽകാം, അപ്പോൾ അവർ പര്യാലോചിക്കുകയും തുടർച്ചയായി ആ കഥകളെ ഓർക്കുകയും ചെയ്യും.

192. എന്തൊക്കെയാണോ ചെയ്തതും കേട്ടതും, പര്യാലോചനയും തുടർച്ചയായ പഠനവും കൂടാതെ അവയൊന്നും സ്വാംശീകരിക്കാൻ കഴിയില്ല. ശ്രവിക്കുന്നത് കൊണ്ട് മാത്രം പ്രയോജനമുണ്ടാകില്ല.

193. അതിനാൽ ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു. അയാൾ അദ്ദേഹത്തിന്റെ പാദങ്ങൾ തന്റെ ശിരസ്സിൽ ചേർക്കുന്നു, അതാണ് എന്തും നേടുവാനുള്ള ശ്രേഷ്ഠമായ മാർഗ്ഗം. ഇനിയുള്ള വിവരണം പിന്നീടാകാം.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ ഇരുപത്തിഒമ്പതാം അധ്യായം "സ്വപ്നങ്ങളെക്കുറിച്ചുള്ള കഥകളുടെ വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ബാബയുടെ ഭക്തൻ കോൻഡാജിയുടെ മകൾ.
2. ഈ പെട്ടി മുമ്പ്, 'ജിൻതാൻ' സൂക്ഷിക്കാൻ ഉപയോഗിച്ചതായിരുന്നു. വെറ്റിലയും അതുപോലുള്ള സാധനങ്ങളോടുമൊപ്പം കഴിക്കുന്ന ചെറിയ സ്വാദിഷ്ടമായ ഗുളികയാണ് ജിൻതാൻ.
3. കോൻഡാജിയുടെ ഭാര്യയും അമാനിയുടെ മാതാവും.
4. സീത, അതായത് അവൾ അദ്ദേഹത്തെ രാമനായി കണ്ടു.
5. സമുദ്രമഥനത്തിലൂടെ ലഭിച്ച പതിനാല് വിശിഷ്ടവസ്തുക്കളിൽ ഒന്ന്.
6. അഞ്ച് ശ്രേഷ്ഠ മുസ്ലീം ദിവ്യന്മാരെ പ്രതിനിധീകരിക്കുന്ന അടയാളം, കൈപ്പത്തി.
7. ശവമഞ്ചൽ. ഹസ്സന്റെയും ഹുസ്സൈന്റെയും ശവകുടീരമെന്ന് വിശ്വസിക്കപ്പെടുന്നു. മുഹറം നാളിൽ ഒരു ശവമഞ്ചം ഘോഷയാത്രയായി കൊണ്ടുപോകുന്നു.
8. ചാന്ദ്രമാസതീയതി, ആഴ്ചദിനങ്ങൾ, ഗ്രഹങ്ങളുടെ യോജിക്കൽ, അർധചാന്ദ്രമാസം എന്നിങ്ങനെ അഞ്ച് കാര്യങ്ങൾ വിവരിക്കുന്ന കലണ്ടർ.
9. മേടം രാശിയുടെ ചിഹ്നം.

10. ചന്ദ്രന്റെ പാതയിൽ ജന്മനക്ഷത്രം വരുന്നത്.
11. തെൻഡുൽക്കർ 110/- ഉറുപ്പികയിൽ പെൻഷൻപറ്റി.
12. ഒരു തരം പയറുവർഗ്ഗം.
13. അരി, പരിപ്പ്, മാവ്, നെയ്യ്.
14. ക്രിസ്മസ് നാളിൽ ലഷ്കറിൽ (ഗ്വാളിയറിൽ) നിന്ന് ക്യാപ്റ്റൻ ഹാതേ എച്ച്.എസ്. ദീക്ഷിതിന് അയച്ച കത്ത്.

    "ഞാൻ മൈലുകൾ അകലെയാണെങ്കിലും, സദ്ഗുരു സായിബാബ എന്റെമേൽ ചൊരിയുന്ന നന്മകൾ അദ്ഭുതാവഹമാണ്. കർത്തവ്യം കാരണം ഞാൻ ഇവിടെ നിൽക്കേണ്ടിയിരിക്കുന്നു. പക്ഷേ, ആദ്യത്തെ അവസരത്തിൽ ഞാൻ ഷിർദിയിലേയ്ക്ക് വരും. സായിബാബയ്ക്ക് എന്റെ വിനീതമായ നമസ്കാരം. ഞാൻ 12 രൂപയുടെ മണിഓർഡർ ആണ് അയച്ചിട്ടുള്ളത്. 10 രൂപ ദക്ഷിണയായും 2 രൂപയ്ക്ക് നെയ്യ്, ഗോതമ്പ്മാവ്, പരിപ്പ് എന്നിവ ഷിധയായും നൽകുക. 'വാൽപാപ്ഡി ഷെൻഗ' കൂടെ ഒപ്പം നൽകുക. ഷിധാ തുടങ്ങിയ ഇവയ്ക്കൊക്കെ ഒരു പ്രത്യേകം അർത്ഥമുണ്ട്; നിങ്ങളുടെ ഈ ഉപകാരത്തിന് നന്ദി."

## 30

## വ്രതങ്ങളും മറ്റുള്ള കഥകളെക്കുറിച്ചുമുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഓം. ദയാപരനായ, ഭക്തരെ സ്നേഹിക്കുന്ന സായിയെ ഞാൻ വന്ദിക്കുന്നു, ദയയുടെ സന്നിധി! അങ്ങയുടെ ദർശനം, ഭക്തരുടെ ക്ലേശങ്ങൾ അകറ്റി, ലോക ജീവിതത്തെക്കുറിച്ചുള്ള ഭയത്തിൽ നിന്നും അവരെ മുക്തരാക്കുന്നു.
2. തുടക്കത്തിൽ അങ്ങ് നിരാകാരനും നിർഗുണനുമായിരുന്നു, പക്ഷേ ഭക്തരുടെ ഭക്തി കാരണം അങ്ങ് ഗുണങ്ങളാൽ നിറയുകയും ദിവ്യന്മാരുടെ ശിരോര ത്നമായി അവതരിക്കുകയും ചെയ്തു, ഓ സായിനാഥാ.
3. ഭക്തർക്ക് മുക്തി നൽകുക എന്നതാണ് ദിവ്യന്മാരുടെ എല്ലായ്പ്പോഴത്തെയും ദൗത്യം; പക്ഷേ അങ്ങ് ദിവ്യന്മാരുടെ ഗുരുവാണ്. അതിനാൽ ആ ദൗത്യം അങ്ങേയ്ക്ക് ഒഴിവാക്കാനാകാത്തതാണ്.
4. അങ്ങയുടെ പാദങ്ങളിൽ അഭയം തേടിയവരുടെ എല്ലാ പാപങ്ങളും നശിപ്പി ക്കപ്പെടും. മാർഗ്ഗം വ്യക്തമാക്കുന്നതിനും, ഭയവും ക്ലേശങ്ങളും ഇല്ലാതാക്കു ന്നതിനും വേണ്ടി നല്ല കർമ്മങ്ങൾ പുറമേയ്ക്ക് ഉയർന്നുവരും.
5. അങ്ങയുടെ പാദങ്ങൾ സ്മരിച്ചുകൊണ്ട് ബ്രാഹ്മണർ പ്രസിദ്ധമായ തീർത്ഥ ങ്ങളിൽ നിന്നുമെത്തി, ഗായത്രിമന്ത്രം ജപിക്കുന്നു, ഒപ്പം ശാസ്ത്രഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നു.
6. ദുർബ്ബലരും യാതൊരു യോഗ്യതയുമില്ലാത്തവരുമാണ് ഞങ്ങൾ, ഞങ്ങൾക്ക് ഭക്തിയെക്കുറിച്ച് എന്താണ് അറിയുക? മറ്റുള്ളവർ ഞങ്ങളെ ഉപേക്ഷിച്ചാലും സായി ഞങ്ങളെ ഉപേക്ഷിക്കില്ല.
7. അദ്ദേഹത്തിന്റെ അനുഗ്രഹം ലഭിച്ചവർ, അനുമാനിക്കാനാകാത്ത തരത്തിൽ ശക്തിമാന്മാരാകുന്നു, എന്തെന്നാൽ അവർ ആത്മാനന്ദത്തിന്റെ നിധിയും വിവേ ചനബുദ്ധിയും ഒപ്പം ജ്ഞാനവും നേടുന്നു.
8. സായിയുടെ അധരങ്ങളിൽ നിന്നുമുള്ള വാക്കുകൾ കേൾക്കാനുള്ള ആകാം ക്ഷയാൽ ഭക്തർ ഉന്മത്തരാകുന്നു. ഓരോ വാക്കും അവരുടെ മനസ്സുകളിൽ പതിയുകയും അതിലടങ്ങിയിരിക്കുന്ന സത്യം അവർ മനസ്സിലാക്കുകയും ചെയ്യുന്നു.
9. സായിനാഥ് ഭക്തരുടെ ആഗ്രഹങ്ങൾ പൂർണ്ണമായും ഗ്രഹിക്കുന്നു. അദ്ദേഹ

ത്തിന് മാത്രമേ അവ സഫലമാക്കാൻ കഴിയുകയുള്ളൂ, അതിനാലാണ് അദ്ദേഹത്തിന്റെ ഭക്തർ കൃതജ്ഞരായിരിക്കുന്നത്.

10. 'ഓ' സായിനാഥാ! ഞാൻ അങ്ങയുടെ സഹായം അഭ്യർത്ഥിക്കുകയും, എന്റെ ശിരസ്സ് അങ്ങയുടെ പാദങ്ങളിൽ ചേർക്കുകയും ചെയ്യുന്നു. എന്റെ കുറ്റങ്ങളെല്ലാം മറന്ന്, അങ്ങയുടെ ഈ സേവകനെ എല്ലാ ഉത്കണ്ഠകളിൽ നിന്നും രക്ഷപ്പെടുത്തുക.'

11. ദുരിതങ്ങൾകൊണ്ട് മൂടപ്പെട്ട ഒരു ഭക്തൻ ഇത്തരത്തിൽ സായിയോട് പ്രാർത്ഥിക്കുകയാണെങ്കിൽ അയാളുടെ മനസ്സ് ശാന്തമാകും. കാരണം അദ്ദേഹം മാത്രമാണ് ശാന്തിദായകൻ.

12. ദയാസാഗരമായ ഈ സായി എന്നെ അനുഗ്രഹിച്ചു. അതിന്റെ ഫലമാണ് ശുഭകരമായ ഈ ഗ്രന്ഥം, എല്ലാ വായനക്കാർക്കും അത് ആദരവോടെ നൽകുന്നു.

13. അതല്ലെങ്കിൽ, ഇത്തരത്തിലുള്ള ബൃഹത്തായ ദൗത്യം ഏറ്റെടുക്കാൻ എന്ത് യോഗ്യതയാണ് എനിക്കുള്ളത്? അദ്ദേഹം എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തതിനാൽ എനിക്ക് ഒരു ഭാരവും തോന്നിയില്ല.

14. എന്റെ വാക്കുകളെ പ്രകാശമാനമാക്കാനും, അജ്ഞതയുടെ അന്ധകാരത്തെ നശിപ്പിക്കാനും ജ്ഞാനപ്രകാശമായ സായിസമർത്ഥ ഉള്ളപ്പോൾ എനിക്ക് എന്തിന് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകണം?

15. ദയാമേഘമായ ആ ദേവനിൽ എനിക്കുള്ള വിശ്വാസത്താൽ, ഞാൻ അധ്വാനിക്കുകയാണെന്ന തോന്നൽ എനിക്ക് ഉണ്ടായതേയില്ല. അദ്ദേഹത്തിന്റെ കൃപയാൽ എനിക്ക് ആഗ്രഹിച്ച ലക്ഷ്യം നേടാനായി.

16. ദിവ്യനുള്ള ഈ സേവനം, ഗ്രന്ഥത്തിന്റെ രൂപത്തിൽ, എന്റെ പൂർവ്വജന്മങ്ങളിലെ നല്ല കർമ്മങ്ങൾ കൊണ്ട് മാത്രമാണ് ചെയ്യാൻ കഴിഞ്ഞത്, ഓ ദേവാ, അങ്ങ് അത് നന്നായി സ്വീകരിക്കുകയും ചെയ്തു! ഇതിന് ഞാൻ വിധിയോട് കടപ്പെട്ടിരിക്കുകയും അനുഗൃഹീതനായി കരുതുകയും ചെയ്യുന്നു.

17. കഴിഞ്ഞ അധ്യായത്തിൽ, ദയാമേഘമായ സായി എങ്ങനെയാണ് വിവിധ തരത്തിലുള്ള സ്വപ്നദർശനങ്ങൾ തന്റെ ഭക്തരെ അഭ്യസിപ്പിക്കുന്നതിനായി നൽകിയതെന്ന് നിങ്ങൾ കണ്ടു.

18. ഈ അധ്യായത്തിൽ, 'സപ്തശൃംഗി' ദേവിയുടെ ഒരു ഭക്തന്റെ മനോഹരമായ കഥ ശ്രവിക്കുക. അത് വളരെ ആസ്വാദ്യകരമാണ്.

19. ദേവന്മാരും ദേവതകളും അവരുടെ ഭക്തന്മാരെ ദിവ്യന്മാരുടെ കൈകളിൽ ഏല്പിക്കുന്നത് എങ്ങനെയാണെന്നതും ഒരു അദ്ഭുതമാണ്. തികഞ്ഞ ശ്രദ്ധയോടെ കേൾക്കുക.

20. ഒന്ന് മറ്റൊന്നിനേക്കാൾ അദ്ഭുതകരമായ അനേകം കഥകൾ മഹാരാജിനെക്കുറിച്ചുണ്ട്. ഈ കഥയും ശ്രവണയോഗ്യമാണ്. ശ്രദ്ധയോടെ കേൾക്കുക.

21. ഇത് കഥയല്ല, പകരം ശുദ്ധമായ അമൃതപാനീയമാണ്. നിങ്ങൾ അതുകൊണ്ട് സംതൃപ്തരാകും. സായിയുടെ ശ്രേഷ്ഠതയും അദ്ദേഹത്തിന്റെ സർവ്വവ്യാപി

ത്വവും നിങ്ങൾ മനസ്സിലാക്കും.

22. വിമർശകരും തർക്കശാസ്ത്രനിപുണരും ഇത് തേടരുത്. തർക്കങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. അപരിമിതമായ സ്നേഹമാണ് ആവശ്യമായുള്ളത്.

23. വ്യക്തി അറിവുള്ളവൻ മാത്രമല്ല, ഭക്തനും, നിറഞ്ഞ വിശ്വാസമുള്ളവനും, ദിവ്യന്റെ വിശ്വാസിയോ സേവകനോ ആയിരിക്കണം. അങ്ങനെയല്ലാത്തവർ അവ കെട്ടുകഥകളാണെന്ന് കരുതും.

24. സായിലീലകളുടെ കല്പവൃക്ഷം സംശയമില്ലാതെ ഫലങ്ങളും പൂക്കളും നൽകും. ഭാഗ്യമുള്ള ഒരു ഭക്തന് മാത്രമേ അവ എത്തിപ്പിടിച്ച് പറിച്ചെടുക്കാൻ കഴിയൂ.

25. ഇപ്പോൾ, ആത്മശുദ്ധീകരണത്തിന് ഉപകരിക്കുന്ന ഈ കഥ ശ്രവിക്കുക, അത് ആത്മീയാന്വേഷികൾക്ക് മുക്തി പ്രദാനം ചെയ്യുന്നതും, എല്ലാ മാർഗ്ഗങ്ങളിലും വച്ച് ഏറ്റവും മെച്ചമായതും, എല്ലാവർക്കും ഗുണപ്രദവുമാണ്.

26. അത്തരത്തിലാണ്, സായികഥകളാകുന്ന അമൃതപാനീയം, അത് സകല ജീവികളെയും അനായാസം ഉദ്ധരിക്കുന്നു, അജ്ഞാനികളെയുൾപ്പെടെ. ലൗകികർ സംതൃപ്തരാകുകയും, മുക്തി കാംക്ഷിക്കുന്നവർക്ക് അതൊരു മാർഗ്ഗവുമാണ്.

27. ഞാൻ ഒന്നിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, കൂടുതൽ കഥകൾ എന്റെ മനസ്സിലേയ്ക്ക് വരുന്നു. അതിനാൽ ഹേമദ് വിനയത്തോടെ ശ്രോതാക്കളെ അവ കേൾക്കാനായി ക്ഷണിക്കുന്നു.

28. അത്തരത്തിൽ, ഒരു കഥ മറ്റൊന്നിന് പുറകേ വിവരിക്കുന്നത് മധുരലീലകളുടെ ആസ്വാദനം വർദ്ധിപ്പിക്കും. ലോകത്തിലെ ക്ലേശങ്ങൾ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം ലഭിക്കും. ഇത് തന്നെ സായിയുടെ ശ്രേഷ്ഠതയാകുന്നു.

29. നാസിക് ജില്ലയിലെ, വാണി ഗ്രാമത്തിൽ കാകാജി വൈദ്യ എന്നൊരു വ്യക്തി ഉണ്ടായിരുന്നു. അയാൾ അവിടത്തെ ദേവീക്ഷേത്രത്തിലെ പൂജാരിയായിരുന്നു.

30. 'സപ്തശൃംഖി' എന്ന പേരിലാണ് അവിടുത്തെ ദേവി അറിയപ്പെടുന്നത്. തരണം ചെയ്യാനാകാത്ത പ്രയാസങ്ങൾ കൊണ്ടും, ലൗകിക ജീവിതത്താൽ ക്ലേശിച്ചതിനാലും പൂജാരി വളരെ അസ്വസ്ഥമായ മാനസികാവസ്ഥയിലായിരുന്നു.

31. സമയചക്രം മോശമാകുമ്പോൾ, മനസ്സ് സംക്ഷോഭത്താൽ ഒരു പമ്പരം പോലെ കറങ്ങുകയും, ശരീരം വെപ്രാളത്തിൽ ചലിക്കുകയും ചെയ്യും. ശാന്തി തീരെ ലഭിക്കില്ല.

32. ഇത്തരത്തിൽ കാക്കാജി വളരെ വിഷമത്തിലായിരുന്നു. അതിനാൽ അയാളെ ഈ ഉത്കണ്ഠകളിൽ നിന്നും രക്ഷിക്കുന്നതിന് വേണ്ടി, അയാൾ ക്ഷേത്രത്തിലേയ്ക്ക് പോയി ദേവിയോട് വളരെ ഭക്തിയോടെ പ്രാർത്ഥിച്ചു.

33. അയാൾ ഹൃദയംഗമമായി പ്രാർത്ഥിച്ചു, അതിനാൽ അയാളുടെ ഭാവങ്ങൾ

കണ്ട് ദേവിക്ക് കൃപ തോന്നി. അതേദിവസം രാത്രി അയാൾക്ക് ഒരു സ്വപ്ന ദർശനമുണ്ടായി. അദ്ഭുതകരമായ ഈ സംഭവത്തിന്റെ വിവരണം ശ്രോതാക്കൾ കേൾക്കണം.

34. ദേവി, അതായത് സപ്തശൃംഖി മാതാവ്, കാക്കാജിയുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: “നീ ബാബയുടെ സമീപത്തേയ്ക്ക് പോകുക. നിന്റെ മനസ്സിന് ശാന്തി ലഭിക്കും.”

35. ഈ ബാബ ആരാണെന്നും, എവിടെയാണെന്നും ദേവി വ്യക്തമാക്കുമെന്ന് അയാൾ ആശിച്ചു. കാക്കാ ഈ മാനസികാവസ്ഥയാൽ ആകാംക്ഷാഭരിതനാകവേ അയാൾ കണ്ണുകൾ തുറന്നു.

36. സ്വപ്നം പെട്ടെന്ന് അവസാനിച്ചതിനാൽ അയാളുടെ മനസ്സിലെ ചോദ്യങ്ങൾ ഉത്തരമില്ലാതെ അവശേഷിച്ചു. ദേവി പറഞ്ഞ ‘ബാബ’ ആരായിരിക്കുമെന്ന് ഊഹിക്കാൻ അയാൾ ശ്രമിച്ചു.

37. അത് തീർച്ചയായും ത്രയംബകേശ്വർ ‘ബാബ’ ആയിരിക്കുമെന്ന് കാക്കാജി തീർച്ചയാക്കി. അതിനാൽ അയാൾ പെട്ടെന്ന് പുറപ്പെടുകയും ദർശനം നടത്തുകയും ചെയ്തു. പക്ഷേ, അയാളുടെ മനസ്സ് അസ്വസ്ഥമായി തുടർന്നു.

38. കാക്കാജി ത്രയംബകേശ്വറിൽ പത്ത് ദിവസങ്ങൾ താമസിച്ചു, പക്ഷേ അവസാനം വരെയും അയാൾ ദുഃഖിതനും നിരാശനുമായിത്തന്നെ കഴിഞ്ഞു.

39. വിഷണ്ണത അയാളെ വിട്ടുമാറിയില്ല. അയാളുടെ മനസ്സ് ചഞ്ചലമായി തന്നെ തുടർന്നു. ദിവസം കഴിയുംതോറും അയാളുടെ മനോദുഃഖം കൂടി വന്നു. അതിനാൽ കാക്കാജി മടങ്ങിപ്പോയി.

40. അയാൾ അവിടെ താമസിച്ചിരുന്നപ്പോൾ, അതിരാവിലെ സ്നാനം ചെയ്ത്, രുദ്രജപം നടത്തി, ശുദ്ധമായ തണുത്ത ജലം ധാരയായി ഒഴിച്ചുകൊണ്ട് പിണ്ഡത്തിൽ (ശിവലിംഗത്തിൽ) അഭിഷേകം ചെയ്തു. പക്ഷേ, അയാൾ മുമ്പത്തെപ്പോലെ അസ്വസ്ഥനായിരുന്നു.

41. അയാൾ വീണ്ടും ദേവീക്ഷേത്രത്തിലെത്തി പറഞ്ഞു: “എന്തിനാണ് നീ എന്നെ ത്രയംബകേശ്വറിലേയ്ക്ക് പറഞ്ഞുവിട്ടത്? ഇപ്പോഴെങ്കിലും എനിക്ക് മനഃശാന്തി നൽകൂ. വ്യർത്ഥമായ ഈ ഓട്ടങ്ങൾ മതിയായി.”

42. ഇത്തരത്തിൽ, അയാൾ ദേവിയോട് അഭ്യർത്ഥിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. രാത്രിയിൽ ദേവി അയാൾക്ക് ദർശനം നൽകുകയും ഇങ്ങനെ പറയുകയും ചെയ്തു:

43. “ഞാൻ പറഞ്ഞ ‘ബാബ’ ഷിർദിയിലെ സായിസമർത്ഥനാണ്. നീ അനാവശ്യമായി ത്രയംബകേശ്വറിൽ പോയത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.”

44. ‘എവിടെയാണ് ഷിർദി, ഞാൻ എങ്ങനെ അവിടെ പോകും? എനിക്ക് ഈ ബാബയെ അറിയില്ല. ഇപ്പോൾ എങ്ങനെയാണ് ഈ യാത്ര ചെയ്യുക? ഇതൊക്കെ എങ്ങനെ സാധ്യമാകുമെന്ന് എനിക്കറിയില്ല’, അയാൾ ചിന്തിച്ചു.

45. പക്ഷേ, ആരാണോ ഒരു ദിവ്യന്റെ പാദങ്ങളിൽ ഭക്തിയോടെ ശരണം പ്രാപി

ക്കുകയും, ദർശനം നേടണമെന്ന് മനസ്സിൽ ആഗ്രഹിക്കുകയും ചെയ്യുന്നത്, അപ്പോൾ അവന്റെ ആഗ്രഹം ദിവ്യനും, ഈശ്വരന്മാർ പോലും സാധ്യമാക്കി ക്കൊടുക്കും.

46. ദിവ്യനും ഈശ്വരനും ഒന്നാണ്. അവർ തമ്മിൽ തീരെ വ്യത്യാസമില്ല. ആക സ്മികമായി പോലും അവർ രണ്ടാണെന്ന് വിശ്വസിക്കുകയാണെങ്കിൽ അത് ദ്വൈതമാണ്. ദിവ്യന്മാർ ഈശ്വരനുമായി ഐക്യത്തിലാണ്.

47. ആരെങ്കിലും, ഒരു ദിവ്യനെ പോയി കാണുമെന്നും അവന്റെ ആഗ്രഹം സഫ ലമാക്കുമെന്നും ചിന്തിക്കുകയാണെങ്കിൽ അത് വെറും പൊങ്ങച്ചമായിരിക്കും. ദിവ്യന്മാരുടെ വഴികൾ അഗ്രാഹ്യമാണ്.

48. ദിവ്യൻ ഇച്ഛിക്കുന്നില്ലെങ്കിൽ ആർക്കാണ് അവരുടെ അടുക്കൽ പോകാനും ദർശനം നേടാനും കഴിയുന്നത്? ഒരു വൃക്ഷത്തിലെ ഇല പോലും, അവരുടെ ആജ്ഞയില്ലാതെ അനങ്ങുകയില്ല.

49. ഒരു ഭക്തൻ ദർശനത്തിനായി എത്രത്തോളം ഉത്കണ്ഠാകുലനാകുന്നോ, അവൻ എത്രത്തോളം ഭക്തനും വിശ്വാസ്യതയുള്ളവനുമാകുന്നോ, അത്തരം ഉത്തമഭക്തന്മാർ നേടുന്ന സ്വർഗ്ഗീയാനന്ദം വളരെ മഹത്തായിരിക്കും.

50. കാക്കാജി, അയാൾ എങ്ങനെ സായി ദർശനത്തിനായി പോകുമെന്നോർത്ത് ഉത്കണ്ഠപ്പെടവേ, ഷിർദിയിൽ നിന്നും ഒരു അതിഥി അയാളുടെ വിവരങ്ങൾ അന്വേഷിച്ചെത്തി.

51. അതിഥി ഒരു സാധാരണ മനുഷ്യനായിരുന്നോ? മറ്റാരേക്കാളും ബാബ അയാളെ ഇഷ്ടപ്പെട്ടിരുന്നു. ബാബയുടെ സ്നേഹം നേടുന്നതിൽ, മറ്റാരെയും അയാളുമായി താരതമ്യപ്പെടുത്താൻ കഴിയില്ല, അത് നേടാൻ മാത്രം അയാൾ ഭാഗ്യവാനുമായിരുന്നു.

52. അയാൾ മാധവറാവു എന്നു വിളിക്കപ്പെട്ടിരുന്നു, ദേശ്പാണ്ഡെ എന്നായിരുന്നു കുടുംബപ്പേര്. ബാബ അയാളെ ഒരുപാട് ലാളിച്ചിരുന്നു, അയാൾക്ക് കഴിഞ്ഞ തുപോലെ മറ്റാർക്കും ബാബയെ സമീപിക്കാൻ കഴിഞ്ഞിരുന്നില്ല.

53. അവർ എല്ലായ്പ്പോഴും സ്നേഹപൂർണ്ണമായ തർക്കങ്ങളിൽ മുഴുകുകയും അന്യോന്യം പരിചിതമായ വാക്കുകൾ കൊണ്ട് അഭിസംബോധനയും ചെയ്തി രുന്നു. ബാബ അയാളെ സ്വന്തം മകനെപ്പോലെ അത്യധികം സ്നേഹിച്ചു. അയാൾ ആ സമയത്ത് വാണിയിലെത്തി.

54. ഒരിക്കൽ, അയാൾ ബാലനായിരിക്കെ അസുഖബാധിതനായപ്പോൾ, അയാ ളുടെ മാതാവ് ദേവിയോട് പ്രാർത്ഥിച്ചു. “ഞാൻ ഈ കുട്ടിയെ നിന്റെ കൃപയ്ക്ക് വിടുകയാണ്, രക്ഷിക്കാനോ കൊല്ലാനോ.

55. “പക്ഷേ അവൻ സുഖം പ്രാപിക്കുകയാണെങ്കിൽ, ഞാൻ അവനെ നിന്റെ ദർശനത്തിന് കൊണ്ടുവരും.” ഇങ്ങനെ ദേവിയോട് പ്രാർത്ഥിച്ചപ്പോൾ ബാലൻ സുഖം പ്രാപിച്ചു.

56. ഒരു ഭിഷഗ്വരനായാലും ദേവതയായാലും പ്രശ്നം പരിഹരിക്കപ്പെട്ട് കഴി ഞ്ഞാൽ അവർ മറക്കപ്പെടും. ആപത്ത് ഘട്ടത്തിൽ പ്രാർത്ഥന നടത്താനും

നേർച്ച നേരാനും ഒരുവൻ ഓർമ്മിക്കും, പക്ഷേ, അത് പൂർത്തീകരിക്കപ്പെടാതിരുന്നാൽ അത് ഭയത്തിന് കാരണമാകുന്നു.

57. അനേകം വർഷങ്ങൾ കടന്നുപോകുകയും, നേർച്ചയെക്കുറിച്ച് പൂർണ്ണമായി മറന്നുപോകുകയും ചെയ്തു. മാതാവ് അവളുടെ അന്ത്യകാലത്ത് അത് ഓർക്കുകയും മാധവറാവുവിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

58. "ഈ നേർച്ച വളരെക്കാലം മുമ്പ് ചെയ്തതാണ്. അത് ഇതുവരെയും പൂർത്തിയായില്ല. ഇത്തരത്തിൽ ദീർഘമായ കാലവിളംബം ഉണ്ടാകുന്നത് നല്ലതല്ല. ദേവിയുടെ ദർശനത്തിനായി പോകുക."

59. കൂടാതെ മാതാവിന്റെ സ്തനങ്ങളിൽ പുഴുക്കടി ഉണ്ടായി, അസഹ്യമായ വേദനയുണ്ടായപ്പോൾ, അവൾ ദേവിക്ക് മറ്റൊരു നേർച്ച നടത്തിയിരുന്നു.

60. "അമ്മേ, ഈ ദുരിതത്തിൽ നിന്ന് എന്നെ രക്ഷിക്കുകയാണെങ്കിൽ ഞാൻ നിനക്ക് ഉരുളൽ പ്രദക്ഷിണം നടത്തും. രണ്ട് വെള്ളിസ്തനങ്ങളുടെ പകർപ്പ് ഞാൻ നിനക്ക് അർപ്പിക്കാം."

61. പലപ്പോഴായി മാറ്റിവച്ചത് മൂലം ആ നേർച്ചയും പൂർത്തിയായില്ല. അവളുടെ മരണസമയത്ത്, അത് രണ്ടും അവൾ ഓർത്തു.

62. ബബ്യയോട്[1] ഈ കാര്യത്തെക്കുറിച്ച് അവൾ പറയുകയും അവനിൽ നിന്നും അവ പൂർത്തിയാക്കുമെന്ന ഉറപ്പ് വാങ്ങുകയും ചെയ്തു. അങ്ങനെ ആഗ്രഹരഹിതയായി മാറിയ മാതാവ് ഈശ്വരപാദങ്ങളിൽ ലയിച്ചു.

63. പിന്നീട് മാധവറാവു അത് മാറ്റിവച്ചുകൊണ്ടേയിരുന്നു. ഇത്തരത്തിൽ വർഷങ്ങൾ കടന്നുപോയി. അയാൾ അതിനെക്കുറിച്ച് പൂർണ്ണമായും മറന്നുപോകുകയും, നേർച്ചകൾ പൂർത്തിയാക്കപ്പെടാതെ അവശേഷിക്കുകയും ചെയ്തു.

64. ഇത്തരത്തിൽ, മുപ്പത് വർഷങ്ങൾക്ക് ശേഷം, ഷിർദിയിൽ എന്താണ് സംഭവിച്ചതെന്ന് നോക്കുക. ഒരു ജ്യോതിഷി, അയാളുടെ യാത്രയ്ക്കിടെ അവിടെ എത്തി.

65. അയാൾക്ക് ജ്യോതിഷത്തിൽ ഗഹനമായ അറിവുണ്ടായിരുന്നു. ഭൂതം, ഭാവി, വർത്തമാനം എന്നിവ പ്രവചിക്കാനും കഴിഞ്ഞിരുന്നു. അയാൾ പലരുടെയും ജിജ്ഞാസയ്ക്ക് മറുപടി നൽകി, എല്ലാവരാലും സ്തുതിക്കപ്പെടുകയും, കുറച്ച് നാൾ അവിടെ താമസിക്കുകയും ചെയ്തു.

66. അയാൾ ശ്രീമാൻ കേശവറാവുജി ബൂട്ടി[2] മുതലായവരെ, അയാളുടെ പ്രവചനങ്ങൾ കൊണ്ട് സന്തോഷിപ്പിക്കുകയും, കുറഞ്ഞ സമയത്തിനുള്ളിൽ എല്ലാവരെയും തൃപ്തരാക്കുകയും ചെയ്തു.

67. മാധവറാവുവിന്റെ ഇളയസഹോദരൻ ബാപാജി അയാളുടെ ഭാവിഫലത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ ജ്യോതിഷി പറഞ്ഞു, ദേവി അയാളോട് കോപിച്ചിരിക്കുകയാണെന്ന്.

68. അയാൾ പറഞ്ഞു: "നിന്റെ മാതാവ് നേർച്ചകൾ നേരുകയും അവളുടെ മരണസമയത്ത്, അവ പൂർത്തിയാക്കണമെന്ന് നിന്റെ മുതിർന്ന സഹോദരനോട് പറയുകയും ചെയ്തിരുന്നു.

69. "അവ ഇതുവരെ പൂർത്തിയാക്കപ്പെടാത്തതിനാൽ ദേവി നിന്നെ വല്ലാതെ ഉപ ദ്രവിക്കുകയാണ്." ബാപാജി വിവരങ്ങളെല്ലാം, മാധവറാവു ഗൃഹത്തിലെത്തി യപ്പോൾ അയാളോട് പറഞ്ഞു.

70. മാധവറാവുവിന് അയാളുടെ തെറ്റ് മനസ്സിലായി. അയാൾ ഒരു സ്വർണ്ണപണി ക്കാരനെ വിളിച്ച്, വെള്ളി കൊണ്ടുള്ള രണ്ട് സ്തനങ്ങൾ ഉണ്ടാക്കിച്ച്, അതു മായി മസ്ജിദിലെത്തി.

71. ബാബയുടെ പാദങ്ങളിൽ വന്ദിച്ചുകൊണ്ട്, അയാൾ ആ സ്തനരൂപങ്ങൾ ബാബ യുടെ മുമ്പിൽ വച്ച് പറഞ്ഞു: "ദയവായി ഇവ സ്വീകരിച്ച് എന്നെ ആ നേർച്ച കളിൽ നിന്നും രക്ഷിക്കുക.

72. "അങ്ങ് ഞങ്ങളുടെ സപ്തശൃംഖിയാണ്. അങ്ങ് ഞങ്ങളുടെ ദേവിയാണ്. ദയ വായി ഈ നേർച്ച സ്വീകരിച്ച് സംതൃപ്തനാകുക."

73. ബാബ പറഞ്ഞു: "സപ്തശൃംഖി ക്ഷേത്രത്തിലേയ്ക്ക് പോകുക, അവൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്തവ നിന്റെ കരങ്ങൾ കൊണ്ട് അർപ്പിക്കുക, ഈ സ്തനാഭരണങ്ങൾ അവളുടെ പാദങ്ങളിൽ വയ്ക്കുക."

74. ബാബ ഇത്തരത്തിൽ നിർബന്ധിച്ചപ്പോൾ മാധവറാവുവിനും അതേപോലെ തോന്നി. ദർശനം നടത്താൻ തീരുമാനിച്ചുകൊണ്ട് അയാൾ ഗൃഹത്തിൽ നിന്നും പുറപ്പെട്ടു.

75. അയാൾ ബാബയുടെ ദർശനം നടത്തുകയും അദ്ദേഹത്തിന്റെ അനുഗ്രഹത്തി നായി പ്രാർത്ഥിക്കുകയും ചെയ്തു. ഉധിയും പ്രസാദവും സ്വീകരിച്ച് അനു വാദം വാങ്ങി അയാൾ പുറപ്പെട്ടു.

76. അയാൾ സപ്തശൃംഖിയുടെ ക്ഷേത്രത്തിലെത്തി, കുടുംബ പുരോഹി തനുവേണ്ടി തെരച്ചിൽ നടത്തി. ഭാഗ്യവശാൽ അയാൾ കാക്കാജിയുടെ ഗൃഹ ത്തിലെത്തുകയും യാതൊരു ബുദ്ധിമുട്ടും കൂടാതെ അയാളെ കണ്ടുമുട്ടുകയും ചെയ്തു.

77. കഴിയുന്നതും വേഗം ബാബയെ കാണണമെന്ന് കാക്കാജി ആഗ്രഹിക്കുക യായിരുന്നു, അപ്പോഴാണ് അയാൾ മാധവറാവുവിനെ കണ്ടുമുട്ടിയത്. ഇതൊരു സാധാരണമായ യാദൃച്ഛികത്വമാണോ?

78. മാധവറാവുവിന്റെ വിവരങ്ങളെക്കുറിച്ച് പ്രാഥമികമായ അന്വേഷണങ്ങൾ നട ത്തവേ, അയാൾ ഷിർദിയിൽ നിന്നുമാണ് എത്തിയതെന്നറിഞ്ഞപ്പോൾ, അയാ ളുടെ സന്തോഷം അപരിമിതമായിരുന്നു, അവർ ഇരുവരും പരസ്പരം ആശ്ലേ ഷിച്ചു.

79. സംഭവങ്ങളുടെ ഗതി കണ്ടപ്പോൾ അവർ സന്തോഷിക്കുകയും ബാബയുടെ ലീലകളെ വാഴ്ത്തുകയും ചെയ്തു. നേർച്ചയ്ക്കുള്ള ആചാരവിധികൾ പൂർത്തി യായശേഷം, പുരോഹിതൻ ഷിർദിയിലേയ്ക്ക് തിരിച്ചു.

80. അയാൾക്ക് യാദൃച്ഛികമായി ലഭിച്ച, മാധവറാവുവിനെപ്പോലെയുള്ള ഒരാളിന്റെ സൗഹൃദം മൂലം പുരോഹിതന് അത്യധികം ആഹ്ലാദമുണ്ടായി. അയാൾ ഷിർദി യിലേയ്ക്കുള്ള തന്റെ യാത്രയെക്കുറിച്ച് മാത്രം ചിന്തിച്ചു.

81. നേർച്ചകൾ പൂർത്തിയായ ഉടൻ തന്നെ, അവർ ഇരുവരും പെട്ടെന്ന് ഷിർദിയിലെത്തി. അവിടെ എത്തിയ ഉടനെ, വളരെ സ്നേഹത്തോടും ആകാംക്ഷയോടും കൂടി, അവർ സായിയുടെ ദർശനത്തിനായി പുറപ്പെട്ടു.

82. വികാരത്തിന്റെ തീവ്രത ഒരു യാത്രക്കാരന്റെ ചുവടുകൾക്ക് വേഗം കൂട്ടുന്നു. കാക്കാജി ഗോദാവരിയുടെ തീരത്തെത്തി. അവിടെ നിന്ന് ഷിർദി വളരെ അടുത്തായിരുന്നു.[3]

83. പുരോഹിതൻ ബാബയുടെ പാദങ്ങളിൽ വന്ദിക്കുകയും കണ്ണുനീർകൊണ്ട് അവ കഴുകുകയും ചെയ്തു. ദർശനം നേടിയതിലുള്ള സന്തോഷത്താൽ അയാൾ ശാന്തനായിരുന്നു.

84. ഇതായിരുന്നു ദേവിയുടെ സ്വപ്നദർശനത്തിന്റെ ഉദ്ദേശ്യം. ബാബാസമർത്ഥനെ അയാളുടെ സ്വന്തം കണ്ണുകൾകൊണ്ട് കണ്ടപ്പോൾ കാക്കാജി യഥാർത്ഥത്തിൽ സന്തോഷവാനാകുകയും അയാളുടെ ആഗ്രഹം സഫലമാകുകയും ചെയ്തു.

85. അത് അങ്ങനെ കഴിഞ്ഞു. കാക്കാജി ആനന്ദവാനായി. ദർശനത്തിനുശേഷം അയാളുടെ മനസ്സ് ശാന്തമായിരുന്നു. ദയാമേഘം വർഷിച്ചതിനാൽ, അയാൾ വാസ്തവമായും എല്ലാ വിഷമങ്ങളിൽ നിന്നും മുക്തനായിരുന്നു.

86. അയാളുടെ മനസ്സിന്റെ ചാഞ്ചല്യം ഇല്ലാതെയായി. അയാൾ സ്വയം അദ്ഭുതപ്പെട്ടു. ഇത് എത്ര വിചിത്രമാണെന്ന് അയാൾ ആശ്ചര്യപ്പെട്ടു!

87. ബാബ ഒരു വാക്കുപോലും ഉരിയാടിയില്ല. ഈ സംതൃപ്തി നേടാൻ പര്യാപ്തമായ തരത്തിൽ, അദ്ദേഹം ചോദ്യങ്ങളൊന്നും ചോദിച്ചില്ല. അദ്ദേഹം എന്തെങ്കിലും അനുഗ്രഹങ്ങളും നൽകിയില്ല. വെറും ദർശനം കൊണ്ട് മാത്രം സംതൃപ്തി ലഭിച്ചു.

88. ‘ദർശനം കൊണ്ടുമാത്രം എന്റെ മനഃചാഞ്ചല്യം അടങ്ങി. എനിക്ക് അവിശ്വസനീയമായ സന്തോഷവും തികഞ്ഞ ഗ്രഹണശക്തിയും ലഭിച്ചിരിക്കുന്നു. ഇതാണ് ദർശനത്തിന്റെ മഹത്വം എന്നു പറയുന്നത്!’

89. അയാളുടെ ദൃഷ്ടികൾ ബാബയുടെ പാദങ്ങളിൽ തറച്ചുനിൽക്കുകയും അയാൾക്ക് ഒരു വാക്കുപോലും ഉച്ചരിക്കാനും കഴിഞ്ഞില്ല. ബാബയുടെ കഥകൾ ശ്രവിച്ചപ്പോൾ, അയാൾക്ക് സന്തോഷം അടക്കാനായില്ല.

90. പുരോഹിതൻ പൂർണ്ണവിശ്വാസത്തോടെ സായിയിൽ ശരണം പ്രാപിക്കുകയും സന്തോഷം നേടുകയും ചെയ്തു. അയാളുടെ മുമ്പുള്ള പ്രശ്നങ്ങൾ അയാൾ മറന്നു.

91. കാക്കാജി പന്ത്രണ്ട് ദിവസങ്ങൾ ഷിർദിയിൽ താമസിച്ചു. അയാളുടെ മനസ്സ് സ്വസ്ഥമാകുകയും പിന്നീട് അയാൾ ‘സപ്തശൃംഖി’യിലേയ്ക്ക് മടങ്ങുകയും ചെയ്തു.

92. ഒരുവൻ സ്വപ്നം കാണുന്ന സമയത്തിന് പ്രാധാന്യമുണ്ട്. അതിരാവിലെയോ, പ്രഭാതകാലത്തോ കാണുന്ന സ്വപ്നങ്ങളാണ് സത്യമായി സംഭവിക്കുകയെന്ന് വിശ്വസിക്കപ്പെടുന്നു. മറ്റുള്ളവയ്ക്ക് ഫലമില്ല.

93. ഇത് പരക്കെ അറിയപ്പെടുന്നതാണ്. പക്ഷേ ഷിർദിയെ സംബന്ധിച്ചുള്ള സ്വപ്നങ്ങളാണെങ്കിൽ, അവ എവിടെ വച്ച് ഏത് സമയത്ത് ഉണ്ടായാലും സഫലമാകും. ഇതായിരുന്നു ഭക്തരുടെ തീർച്ചയായ അനുഭവം.

94. ഈ വാചകത്തിനെ സാധൂകരിക്കുന്ന ഒരു ചെറുകഥ ഞാൻ വിവരിക്കാം. അവർ അതൊരു വലിയ അദ്ഭുതമായി കാണുകയും, അത് ശ്രവിക്കുന്നതിനാൽ വളരെ ആഹ്ലാദം ലഭിക്കുകയും ചെയ്യും.

95. ഒരു വൈകുന്നേരം ബാബ ദീക്ഷിതിനോട് പറഞ്ഞു: "ഒരു ടോംഗയുമായി റഹടയിലേയ്ക്ക് പോയി, കുശൽബാവുവിനെ[4] നിന്റെയൊപ്പം കൂട്ടിക്കൊണ്ടു വരിക.

96. "ഞാൻ അവനെ കണ്ടിട്ട് കുറേ നാളായെന്നും, അതിനാൽ ഞാൻ അവനെ കാണാൻ ആഗ്രഹിക്കുന്നു എന്നും അവനോട് പറയുക. അവനെ കാണാൻ വേണ്ടി ബാബ വിളിക്കുന്നു എന്ന് അവനോട് പറയണം."

97. ആജ്ഞ ആദരവോടെ അനുസരിച്ചുകൊണ്ട് ദീക്ഷിത് ടോംഗയുമായി യാത്രയായി. കുശൽബാവു പെട്ടെന്ന് തന്നെ അയാളെ കാണുകയും, ദീക്ഷിത് തന്റെ വരവിന്റെ ഉദ്ദേശ്യം അയാളോട് പറയുകയും ചെയ്തു.

98. ബാബയുടെ സന്ദേശം കേട്ടപ്പോൾ കുശൽബാവു ആശ്ചര്യപ്പെട്ടു. അയാൾ പറഞ്ഞു: "ഞാൻ ഇപ്പോൾ ഒരു മയക്കത്തിൽ നിന്ന് ഉണർന്നതേയുള്ളൂ, ഉറക്കത്തിൽ എനിക്കും ഇതേ നിർദ്ദേശമാണ് ലഭിച്ചത്.

99. "ഉച്ചഭക്ഷണത്തിനുശേഷം, ഇപ്പോൾ ഞാൻ വിശ്രമിക്കുകയായിരുന്നു. എന്റെ കണ്ണുകൾ അടഞ്ഞയുടനെ, ബാബ ഇതേ കാര്യം എന്നെ ഉറക്കത്തിൽ അറിയിച്ചു.

100. "അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ തന്നെ ഷിർദിയിലേയ്ക്ക് വരിക.' എനിക്കും അതിയായ ആഗ്രഹമുണ്ടായിരുന്നു, പക്ഷേ എനിക്ക് എന്ത് ചെയ്യാൻ കഴിയും? കുതിരകളില്ല. ഞാൻ എന്റെ മകനെ ഇതറിയിക്കാൻ വേണ്ടി ബാബയുടെ അടുത്തേയ്ക്ക് അയച്ചു.

101. "ബാലൻ ഗ്രാമാതിർത്തി കടന്നു കാണുകയേയുള്ളൂ, ഇതാ നിങ്ങളുടെ ടോംഗ ഇവിടെയുണ്ട്!" ദീക്ഷിത് തമാശരൂപേണ പറഞ്ഞു: "അതുകൊണ്ടാണ് എന്നോട് വരാനായി നിർദ്ദേശിച്ചത്.

102. "നിങ്ങൾ വരാൻ ആഗ്രഹിക്കുകയാണെങ്കിൽ ടോംഗ തയ്യാറായി കാത്തു നിൽക്കുന്നുണ്ട്." അപ്പോൾ അയാൾ ദീക്ഷിതിനോടൊപ്പം സന്തോഷത്തോടെ ഷിർദിയിലേയ്ക്ക് തിരിച്ചു.

103. ഇതിന്റെ ഫലമെന്തായിരുന്നെന്നാൽ, കുശൽബാവു ബാബയെ കാണുകയും ബാബയുടെ ആഗ്രഹം സഫലമാകുകയും ചെയ്തു. ബാബയുടെ ഈ ലീല കണ്ട് കുശൽബാവുവിന്റെ മനസ്സ് വളരെ ആർദ്രമായി.

104. ഒരിക്കൽ ബോംബെ നിവാസിയായ രാംലാൽ എന്ന ഒരു പഞ്ചാബിബ്രാഹ്മണന്റെ സ്വപ്നത്തിൽ ബാബ പ്രത്യക്ഷപ്പെട്ടു.

105. ആകാശം, വായു, സൂര്യൻ, വർഷം, മറ്റ് ദേവതകൾ – ഇവയുടെ അനുഗ്രഹ

ത്താൽ ബാഹ്യവും ആന്തരികവുമായുള്ള വസ്തുക്കളെക്കുറിച്ച് ഒരുവൻ നേടുന്ന അറിവിനെയാണ് ഉണർന്നിരിക്കുന്ന അവസ്ഥ എന്നുപറയുന്നത്.

106. ഇന്ദ്രിയങ്ങളെല്ലാം സ്വസ്ഥമാകുമ്പോൾ, ഉണർന്നിരിക്കുന്ന അവസ്ഥയിലുണ്ടായ മാനസികധാരണകൾ ഉയർന്നുവരും. ഇത് അറിവിന്റെയും അത് ഗ്രഹിക്കുന്ന വന്റെയും രൂപമെടുക്കുന്നു. ഇതാണ് സ്വപ്നാവസ്ഥയുടെ സൂചന.

107. അയാളുടെ സ്വപ്നം വിചിത്രമായിരുന്നു. അയാൾക്ക് ബാബയുടെ രൂപമോ സ്വഭാവഗുണങ്ങളോ അറിയാമായിരുന്നില്ല. അയാൾക്ക് ഇതിന് മുമ്പ് ദർശനം ലഭിച്ചിട്ടില്ല. "എന്റെയടുത്തേയ്ക്ക് വരിക", അദ്ദേഹം പറഞ്ഞു.

108. രൂപം കണ്ട് ആ വ്യക്തി ഒരു ശ്രേഷ്ഠദിവ്യനാണെന്ന് തോന്നി, പക്ഷേ അദ്ദേഹം ആരാണ്, എവിടെ നിന്നുമാണ്? രാംലാൽ ഉറക്കമെഴുന്നേറ്റപ്പോൾ അയാൾ ഗഹനമായ ചിന്തകളിൽ മുഴുകി.

109. അയാൾക്ക് പോകണമെന്ന് തോന്നി, പക്ഷേ അയാൾക്ക് വിലാസമോ മറ്റ് വിവ രങ്ങളോ ഉണ്ടായിരുന്നില്ല. പക്ഷേ ദർശനത്തിന് വിളിക്കുന്ന ആളിന് മാത്രമേ, അത് എങ്ങനെ ക്രമപ്പെടുത്തണമെന്ന് അറിയുകയുള്ളൂ.

110. പിന്നീട്, അതേദിവസം വൈകുന്നേരം, അയാൾ സാധാരണമട്ടിൽ വീഥിയി ലൂടെ നടന്നുപോകുമ്പോൾ, ഒരു കടയിൽ അയാൾ ഒരു ചിത്രം കണ്ടു, അത് അയാളെ അദ്ഭുതപ്പെടുത്തി.

111. അയാൾ സ്വപ്നത്തിൽ കണ്ട രൂപം ഇതേപോലെ തന്നെയായിരുന്നു എന്ന് രാംലാലിന് തോന്നി. അയാൾ അപ്പോൾ തന്നെ കടയുടമയോട് വിവരങ്ങൾ അന്വേഷിച്ചു.

112. അയാൾ ആ ചിത്രത്തിലേയ്ക്ക് സൂക്ഷിച്ച് നോക്കി. "അദ്ദേഹം ആരാണ്, എവിടെ നിന്നുമാണ്?" അത് ഷിർദിയിലെ സായിയാണെന്ന് അയാൾക്ക് അറി യാൻ കഴിഞ്ഞു. രാംലാൽ തൃപ്തനായി.

113. പിന്നീട് അയാൾക്ക് മുഴുവൻ വിവരങ്ങളും ലഭിച്ചു. രാംലാൽ ഷിർദിയിലെ ത്തുകയും ബാബയുടെ സമീപത്ത് വസിക്കുകയും ചെയ്തു, അദ്ദേഹത്തിന്റെ മഹാസമാധി വരെയും.

114. ഇതായിരുന്നു ബാബയുടെ ആഗ്രഹം – ഭക്തരെ ദർശനത്തിനായി എത്തിച്ച്, അവരുടെ ആഗ്രഹങ്ങൾ പൂർത്തിയാക്കുകയും, അവരുടെ ലൗകികവും ആത്മീ യവുമായ ലക്ഷ്യങ്ങൾ സാധ്യമാക്കുക.

115. അത്തരത്തിൽ അദ്ദേഹത്തിന്റെ ഭക്തരെല്ലാം സംതൃപ്തരായി. അദ്ദേഹം സ്വയം ആസക്തിരഹിതനും, നിസ്വാർത്ഥനും, അഹംഭാവഹീനനും, നിർമ്മമനുമായി രുന്നു. ഭക്തരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ മാത്രമുള്ളതായിരുന്നു, അദ്ദേഹത്തിന്റെ അവതാരം.

116. ഒരു യഥാർത്ഥ ദിവ്യൻ എന്നത്, കോപം തീരെ ഇല്ലാത്തവനും, വിദ്വേഷമോ, സ്വാർത്ഥതയോ ഇല്ലാത്തവനുമാണ്;

117. എല്ലാവരെയും നിസ്വാർത്ഥമായി സ്നേഹിക്കുക എന്നത് ദൗത്യമായി കാണു കയും, ധാർമ്മികതയ്ക്ക് വേണ്ടി മാത്രമല്ലാതെ ഒരു വാക്കുപോലും പാഴാ

ക്കാതിരിക്കുകയും ചെയ്യുന്നവനാണ്.

118. ചുരുക്കത്തിൽ, ബാബ എന്റെ കൈ പിടിച്ച് അദ്ദേഹത്തിന്റെ ജീവിതകഥ എഴുതി, എന്തെന്നാൽ ഭക്തർ തുടർച്ചയായി അദ്ദേഹത്തെ ഓർത്തുകൊണ്ടിരിക്കും. ഇതായിരുന്നു ഇതിന്റെ ഉദ്ദേശ്യം.

119. അതിനാൽ, ഹേമദ് വളരെ വിനയത്തോടെ എല്ലായ്പ്പോഴും ശ്രോതാക്കളോട് സായി സച്ചരിതം വിശ്വാസത്തോടെയും ഭക്തിയോടെയും ശ്രവിക്കാൻ അഭ്യർത്ഥിക്കുന്നു.

120. അതിലൂടെ നിങ്ങൾക്ക് ശാന്തി ലഭിക്കുകയും ദുശ്ശീലങ്ങൾ ഒഴിവാക്കാൻ അത് സഹായിക്കുകയും ചെയ്യും. സായിയുടെ പാദങ്ങളിൽ ഭക്തിയുണ്ടാകുകയും, അത് മുക്തി നൽകുകയും ചെയ്യും.

121. അത് അങ്ങനെയാകട്ടെ. അടുത്ത അധ്യായത്തിൽ മാനസസരോവരത്തിൽ പോകുന്നതിനുപകരം സായിയുടെ പാദങ്ങളിൽ മുക്തി നേടിയ സന്ന്യാസി വിജയാനന്ദന്റെ കഥ വിവരിക്കുന്നതാണ്.

122. കൂടാതെ ഭക്തനായ മൻകാർ ബാലറാം മൃതിയടയുന്നു; നൂൽകാറിനും മേഘയ്ക്കും അവരുടെ ആഗ്രഹങ്ങൾ പൂർണ്ണമായും, സായിനാഥന്റെ സഹായത്താൽ, സഫലമാകുന്നു.

123. കടുവയെപ്പോലുള്ള ക്രൂരനായ ഒരു മൃഗത്തിന് പോലും അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്ഥാനം ലഭിച്ചു. ഇത്തരത്തിലാണ് സായിയുടെ അവിശ്വസനീയമായ ലീലകൾ. അവ ശ്രവിക്കുന്നത് ഒരു വലിയ ഉത്സവം ആഘോഷിക്കുന്നതിന് തുല്യമാണ്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിതത്തിലെ മുപ്പതാമത്തെ അധ്യായം "വ്രതങ്ങളും മറ്റുള്ള കഥകളെക്കുറിച്ചുമുള്ള വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. മാധവറാവുവിനെ അയാളുടെ മാതാവ് ബബ്യ എന്ന് വിളിച്ചിരുന്നു.
2. ബാപുസാഹേബ് ബൂട്ടിയുടെ മകൻ.
3. ഒവി 82, ഒവി 81 ന് മുമ്പേ വരേണ്ടതാണ്.
4. ബാബയുടെ ഭക്തനായ, റഹടയിൽ വസിച്ചിരുന്ന ഒരു ധനികൻ.

31

# ദർശനത്തിന്റെ മഹാത്മ്യം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ, സപ്തശൃംഖിയുടെ ഭക്തന്റെയും, മാധവറാവുവിന്റെ നേർച്ച സായി എങ്ങനെ പൂർത്തിയാക്കി എന്നുമുള്ള കഥകൾ വിവരിച്ചു;
2. കൂടാതെ കുശൽസേഥിനും രാംലാലിനും സ്വപ്നത്തിലൂടെ ദർശനം നൽകിയത് എങ്ങനെ എന്നും, ബാബയുടെ മഹാസമാധി വരെ രാംലാലിനെ ഷിർദിയിൽ താമസിപ്പിച്ചത് എങ്ങനെയെന്നും.
3. ഈ കഥ അവയേക്കാളും അനുപമമാണ്. ശ്രോതാക്കൾ അത് വളരെ ആദരവോടെ കേൾക്കുക – എങ്ങനെയാണ് ഒരു സന്ന്യാസി മാനസസരോവരത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ മുക്തി നേടിയതെന്നും;
4. മൻകാർ, നൂൽകാർ, മേഘ എന്നിവരുടെ ലക്ഷ്യങ്ങൾ എങ്ങനെ സഫലമാക്കിയെന്നും. അവരൊക്കെ മനുഷ്യരായിരുന്നു, പക്ഷേ, ക്രൂരനായ ഒരു കടുവയ്ക്ക് പോലും ബാബയുടെ പാദങ്ങളിൽ സ്ഥാനം ലഭിച്ചു.
5. ഈ കഥകൾ വളരെ വിശദമാണ്, പക്ഷേ ഗ്രന്ഥം നന്നേ ദീർഘമായിപ്പോകും, അതിനാൽ അവയുടെ സാരാംശം നൽകിക്കൊണ്ട് ഞാൻ ചുരുക്കി വിവരിക്കുന്നതാണ്, അത് ആത്മീയാന്വേഷകർക്ക് ഗുണകരമായിരിക്കും.
6. ഒരു മനുഷ്യന്റെ മരണസമയത്തുള്ള ചിന്തകൾക്കനുസരിച്ച് അയാൾക്ക് പുനർജ്ജന്മം ലഭിക്കുന്നു. കീടങ്ങൾ, ഭയം മൂലം വണ്ടുകളാകുന്നു; അന്ത്യനിമിഷങ്ങളിൽ, ജഡഭരതരാജാവ്, അയാൾ വളർത്തിയിരുന്ന മാൻകുട്ടിയുടെ ക്ഷേമത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും, അങ്ങനെ ആ മാൻകുട്ടി കാരണം അയാൾ പിന്നീട് ഒരു മാനായി ജനിക്കുകയും ചെയ്തു.
7. ഒരു മനുഷ്യൻ മരണസമയത്ത് ഓർത്തുകൊണ്ടിരിക്കുന്ന രൂപത്തിനനുസരിച്ച് അവൻ പുനർജ്ജന്മമെടുക്കുന്നു. ഈശ്വരന്റെ പാദങ്ങളിൽ ആശ്രയിക്കുന്നവൻ പുനർജ്ജനിക്കില്ല.
8. തുടർച്ചയായി നാമജപം ശീലമാക്കണമെന്ന് ഉപദേശിക്കുന്നതിന്റെ കാരണം ഇതാണ്, അതിനാൽ മരണസമയത്ത് ഒരുവൻ പരിഭ്രമിക്കാതിരിക്കുകയും, ആ സമയത്തും അവൻ അത് തുടരുകയും ചെയ്യും.

9. നിർണ്ണായകമായ നിമിഷത്തിൽ ഒരുവൻ ജാഗ്രതയോടെ വർത്തിച്ചില്ലെങ്കിൽ, ഒരു ജീവിതകാലം മുഴുവൻ ചെയ്ത സാധനകൾ വ്യർത്ഥമാകുകയും, ജീവിതത്തിൽ കാത്തുസൂക്ഷിച്ച ദിവ്യന്മാരുടെ സമ്പർക്കത്തിന്റെ ഫലമില്ലാതാകുകയും ചെയ്യും.

10. അതിനാൽ ഭക്തിനിർഭരരായ വിശ്വാസികൾ അവരുടെ ജീവിതങ്ങൾ ദിവ്യന്മാരുടെ കൈകളിൽ ഏല്പിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർക്ക് മാത്രമേ, പുനർജ്ജന്മം ഉണ്ടാകുമോ ഇല്ലയോ എന്ന് അറിയാൻ കഴിയൂ. അന്ത്യസമയത്തെ സഹചാരിയും അവർ മാത്രമാണ്.

11. ഈ വസ്തുത വിശദമാക്കുന്ന കഥ സായിയുടെ സാന്നിധ്യത്തിലാണ് നടന്നത്. ഭക്തരോട് സായിക്കുള്ള സ്നേഹം ശ്രോതാക്കൾക്ക് മനസ്സിലാകും.

12. ഷിർദിയിൽ നിന്ന് മദ്രാസ് എത്ര അകലെയാണ്, മാനസസരോവറിന്റെ കുത്തനെയുള്ള കയറ്റം ഷിർദിയിൽ നിന്ന് എത്ര അകലെയാണ്! പക്ഷേ ഉചിതമായ സമയമെത്തുമ്പോൾ അദ്ദേഹം ഭക്തന്മാരെ തന്റെ പാദങ്ങളിൽ എത്തിച്ചിരുന്നു.

13. ഒരിക്കൽ വിജയാനന്ദ എന്ന് പേരായ ഒരു മദ്രാസി സന്ന്യാസി വളരെ ഉത്സാഹത്തോടെ മദ്രാസിൽ നിന്നും മാനസസരോവറിലേയ്ക്ക് തിരിച്ചു.

14. അയാൾ ഒരു ജാപ്പനീസ് യാത്രക്കാരന്റെ കൈവശമുള്ള മാനസസരോവറിന്റെ ഭൂപടം കാണുകയും, അത് അവന് ദർശനത്തിനുള്ള തീവ്രമായ ആഗ്രഹം ജനിപ്പിക്കുകയും ചെയ്തു.

15. ഷിർദി വഴിമധ്യേയായിരുന്നു, അയാൾ ബാബയുടെ മഹത്വത്തെക്കുറിച്ച് കേട്ടിരുന്നു. ദർശനത്തിനായുള്ള ആഗ്രഹത്തോടെ അയാൾ അദ്ദേഹത്തെ അന്വേഷിച്ചെത്തി.

16. സായി മഹാരാജ് ശ്രേഷ്ഠനായ ഒരു ദിവ്യനാണെന്നും, ലോകത്തെങ്ങും പ്രശസ്തനുമാണെന്നും കേട്ട്, അയാൾ ദർശനത്തിന് ആഗ്രഹിക്കുകയും വഴിയിൽ തന്റെ യാത്ര നിർത്തുകയും ചെയ്തു.

17. ഹരിദ്വാറിലെ സ്വാമി സോമദേവ്ജിയും ആ സമയത്ത് ഷിർദിയിലുണ്ടായിരുന്നു. ഭക്തന്മാരുടെ സമ്മേളനത്തിനിടയ്ക്ക് സ്വാഭാവികമായും രണ്ടുപേരും കണ്ടുമുട്ടി.

18. മാനസസരോവർ എത്ര ദൂരത്താണെന്ന് സന്ന്യാസി അയാളോട് ചോദിച്ചു. അത് അഞ്ഞൂറ് മൈലുകൾ അകലെയാണെന്നും വഴിമാർഗ്ഗം ഗംഗോത്രിക്ക് മുകളിലാണെന്നും സ്വാമി അയാളോട് പറഞ്ഞു.

19. “അവിടെ ശക്തമായ മഞ്ഞ് പെയ്യും. ഓരോ അമ്പത് കോസ് കഴിയുമ്പോഴും ഭാഷ മാറും. ഭൂട്ടാനി ജനങ്ങൾ വളരെ സംശയാലുക്കളാണ്, അവർ യാത്രക്കാരെ വളരെ ശല്യപ്പെടുത്താറുണ്ട്.”

20. സ്വാമി നൽകിയ ഈ വിവരം കേട്ടപ്പോൾ സന്ന്യാസി വളരെ അസ്വസ്ഥനായി. അയാൾ രണ്ട് മനസ്സിലാകുകയും, വളരെ വിഷമിക്കുകയും ചെയ്തു.

21. അയാൾ സായിബാബയുടെ ദർശനം നടത്തുകയും അദ്ദേഹത്തിന്റെ പാദങ്ങ

ളിൽ വന്ദിക്കുകയും ചെയ്തു. അയാൾക്ക് വളരെ സംതൃപ്തി അനുഭവപ്പെട്ടു. അയാൾ കാലുകൾ പിണച്ച് ബാബയുടെ മുന്നിൽ ഇരുന്നു.

22. അപ്പോൾ ബാബ കോപിഷ്ഠനാകുകയും അവിടെ ഉണ്ടായിരുന്നവരോട് ഇങ്ങനെ പറയുകയും ചെയ്തു: "ഈ സന്ന്യാസിയെ ഓടിച്ചുവിടുക. അവന്റെ കൂട്ടുകെട്ട് നല്ലതല്ല."

23. സന്ന്യാസി പുതിയതായി വന്ന ഒരാളായിരുന്നു, കൂടാതെ അയാൾക്ക് ബാബയുടെ പ്രകൃതം അറിയുമായിരുന്നില്ല. അയാൾക്ക് ലജ്ജ തോന്നിയെങ്കിലും, സേവനത്തിന്റെ രീതിയിൽ എന്തൊക്കെയാണ് നടക്കുന്നതെന്ന് നോക്കി ഇരുന്നു.

24. അത് രാവിലെയുള്ള ദർബാർ സമയമായിരുന്നു. മസ്ജിദിൽ ധാരാളം പേർ കൂടിയിരിക്കുന്നുണ്ടായിരുന്നു. ഉചിതമായ ആചാരങ്ങളോടെ ഭക്തർ പൂജകൾ ചെയ്യുന്നത് കണ്ട് അയാൾ ആശ്ചര്യപ്പെട്ടു.

25. ചിലർ ബാബയുടെ പാദങ്ങൾ കഴുകി, എന്നിട്ട് അദ്ദേഹത്തിന്റെ കാൽവിരലുകളിൽ നിന്നും തീർത്ഥം ഒരു ചെറിയ കരണ്ടിയിൽ ശേഖരിക്കുകയും ചെയ്തു. അവർ ശുദ്ധമായ ഭക്തിയോടെ അത് കുടിക്കുകയും മറ്റുള്ളവർ ഭക്തിയോടെ അത് അവരുടെ കണ്ണുകളിൽ വയ്ക്കുകയും ചെയ്തു.

26. ചിലർ അദ്ദേഹത്തിന് ചന്ദനലേപനം പുരട്ടുകയും ചിലർ അദ്ദേഹത്തിന്റെ ദേഹത്ത് സുഗന്ധതൈലങ്ങൾ പൂശുകയും ചെയ്തു. അവർ ബ്രാഹ്മണരോ ശൂദ്രരോ ആയാലും, അവരെല്ലാം അവരുടെ ജാതിവ്യത്യാസങ്ങൾ മറന്നു.

27. ബാബ അയാളോട് കോപിച്ചെങ്കിലും, സന്ന്യാസിക്ക് വളരെ സ്നേഹം തോന്നി. അയാൾക്ക് പോകണമെന്ന് തോന്നിയതുമില്ല, ഇരുന്ന സ്ഥലത്ത് നിന്ന് അയാൾ എഴുന്നേറ്റതുമില്ല.

28. അയാൾ ഷിർദിയിൽ രണ്ട് ദിവസങ്ങൾ താമസിച്ചു. അതിനിടയ്ക്ക്, അയാളുടെ ഗൃഹത്തിൽ മാതാവിന് സുഖമില്ല എന്നറിയിച്ചുകൊണ്ടുള്ള ഒരു കത്ത് അയാൾക്ക് ലഭിച്ചു. അതുകാരണം അയാൾ വിഷമിച്ചു.

29. അയാൾക്ക്, തന്റെ മാതാവിന്റെ ഒപ്പം കഴിയാൻ ഗൃഹത്തിലേയ്ക്ക് തിരിച്ചുപോകണമെന്ന് തോന്നി. പക്ഷേ ബാബയുടെ അനുമതിയില്ലാതെ അയാൾക്ക് ഒരു ചുവട് പോലും വയ്ക്കാൻ കഴിയില്ല.

30. പിന്നീട് ആ കത്ത് തന്റെ കൈകളിൽ എടുത്തുകൊണ്ട് അയാൾ മസ്ജിദിലേയ്ക്ക് പോയി. അയാൾ ബാബയോട് പ്രാർത്ഥിക്കുകയും അയാളുടെ മാതാവിന്റെ അവസ്ഥയെക്കുറിച്ച് വിവരിക്കാനും തുടങ്ങി:

31. "മഹാരാജ്, സായിസമർത്ഥ, ഞാൻ എന്റെ മാതാവിനെ കാണാൻ ആഗ്രഹിക്കുന്നു. സന്തോഷത്തോടെ എനിക്ക് അങ്ങയുടെ അനുവാദം തരികയും, എന്നെ യാത്രയ്ക്ക് അനുഗ്രഹിക്കുകയും ചെയ്യുക."

32. അയാൾ ബാബയുടെ കാൽക്കൽ വീണുകൊണ്ട് തുടർന്നു: "സൗമനസ്യമായി, എനിക്ക് അങ്ങയുടെ അനുവാദം തരില്ലേ? എന്റെ മാതാവ് ശയ്യാവലംബിയായതിനാൽ മരണത്തോട് അടുത്തിരിക്കുകയാണ്.

33. “മാതാവ് എന്നെ കാത്തിരിക്കുകയായിരിക്കും. അതിനാൽ അവരെ അവസാനമായി ഒരു നോക്കു കാണാൻ എന്നെ അനുവദിക്കുക. അവരുടെ വേദനകൾ സഹിക്കുവാൻ അത് സഹായകരമാകുകയും, ശാന്തമായ ഒരു അന്ത്യം ലഭിക്കുകയും ചെയ്യും!”

34. സായിസമർത്ഥ സർവ്വജ്ഞനായിരുന്നു, സന്ന്യാസിയുടെ സ്വന്തം മരണം ആസന്നമാണെന്ന് അറിഞ്ഞുകൊണ്ട്, അദ്ദേഹം അയാളോട് എന്താണ് പറഞ്ഞതെന്ന് ശ്രദ്ധയോടെ കേൾക്കുക:

35. “നിനക്ക് നിന്റെ മാതാവിനോട് ഇത്രയേറെ മമതയുണ്ടെങ്കിൽ നീ എന്തിനാണീ വസ്ത്രം (സന്ന്യാസിയുടെ) ധരിച്ചത്? ഈ വസ്ത്രത്തിന് മമത തീരെ യോജിച്ചതല്ല. നീ ഈ കാവിവസ്ത്രത്തിനെ കളങ്കപ്പെടുത്തിയിരിക്കുന്നു.

36. “പോകൂ, വിഷമമില്ലാതെ ഇരിക്കുക. കുറച്ച് ദിവസങ്ങൾ കഴിയട്ടെ. എന്താണെന്നുള്ളത് നമുക്ക് പിന്നീട് ചിന്തിക്കാം. ക്ഷമയും ധൈര്യവും കൈവിടരുത്.

37. “വാഡയിൽ ധാരാളം കള്ളന്മാരുണ്ട്. വാതിലുകളെല്ലാം കുറ്റിയിട്ട ശേഷം ജാഗ്രതയോടെ ഇരിക്കുക. അവർ നിന്റെ എല്ലാ മുതലുകളും കൈവശപ്പെടുത്തിയ ശേഷം നിന്നെ ഭീകരമായി ആക്രമിക്കും.

38. “ധനം ശാശ്വതമല്ല, ദേഹമാകട്ടെ എല്ലായ്പ്പോഴും നശ്വരമാണ്. മരണം എല്ലായ്പ്പോഴും അടുത്തുണ്ടെന്ന് അറിഞ്ഞുകൊണ്ട്, ശാസ്ത്രവിധികൾ പ്രകാരം ജീവിക്കുകയും നിന്റെ ധർമ്മത്തെക്കുറിച്ച് ബോധവാനാകുകയും വേണം.

39. “ഈ ലോകത്തിൽ ദേഹം, ഭാര്യ, സന്താനങ്ങൾ എന്നിവയെക്കുറിച്ച് ഒരുവന് അഹങ്കാരമുണ്ടെങ്കിൽ, അത് ത്രിദോഷങ്ങൾക്ക് കാരണമാകുന്നു. ഇതാണ് ലൗകികജീവിതം കൊണ്ടുണ്ടാകുന്ന ദുരന്തം.

40. “രണ്ടാമത്തെ ദുരന്തം, സ്വർഗ്ഗം നേടാനുള്ള ആഗ്രഹമാണ്. പരലോകം കാംക്ഷിക്കുന്നവർക്ക്, അത് തന്നെ ആത്മസാക്ഷാത്കാരം നേടുന്നതിനുള്ള ഒരു തടസ്സമായി വർത്തിക്കുന്നു. അവർ എല്ലായ്പ്പോഴും ഖിന്നരായിരിക്കും.”

41. “അവിടെ (അതായത് പരലോകത്ത്) പുണ്യങ്ങളുടെ സഞ്ചയമില്ല, അതിനാൽ അവിടെ നിർഭയത്വമില്ല. നല്ല കർമ്മങ്ങളുടെ ശേഖരം അവസാനിക്കുമ്പോൾ വീഴ്ചയുണ്ടാകുമെന്ന ഭയമുണ്ടാകും.”

42. “അതിനാൽ രണ്ടിന്റെയും, ഈ ലോകത്തിന്റെയും പരലോകത്തിന്റെയും, ആസ്വാദനം വിനാശകാരകമാണ്. ശാശ്വതമായ ആനന്ദം നേടുന്നതിന് രണ്ടിന്റെയും പൂർണ്ണമായ പരിത്യാഗം ആവശ്യമാണ്.

43. “ലൗകികജീവിതത്തിൽ മടുപ്പ് തോന്നുകയും ഈശ്വരന്റെ പാദങ്ങളിൽ ആശ്രയം തേടുകയും ചെയ്യുന്നവർക്ക്, അവരുടെ മമതയുടെ കെട്ടുകൾ അഴിയുകയും അജ്ഞതയോടുള്ള ബന്ധം ഇല്ലാതാകുകയും ചെയ്യും.

44. “ഒരുവൻ പൂർണ്ണമായും ഈശ്വരനാമജപത്തിൽ മുഴുകുകയാണെങ്കിൽ പാപങ്ങൾ, ദുരിതങ്ങൾ, ദാരിദ്ര്യം എന്നിവയെല്ലാം ഇല്ലാതാകും. സ്നേഹത്തോടും വിശ്വാസത്തോടും കൂടി തന്നെ ധ്യാനിക്കുന്നവനെ ഈശ്വരൻ ഓടിയെത്തി

സഹായിക്കുന്നു.

45. “നിന്റെ പൂർവ്വപുണ്യങ്ങളുടെ ശേഖരം വളരെ ഗണനീയമാണ്, അതിനാൽ നീ ഇവിടെ എത്തി. ഇപ്പോൾ ഞാൻ പറയുന്നതെന്താണെന്ന് ശ്രദ്ധിക്കുകയും ജീവിതത്തിന്റെ ശ്രേഷ്ഠമായ ലക്ഷ്യം മനസ്സിലാക്കുകയും വേണം.

46. “നാളെ മുതൽ തീർച്ചയായും ഭാഗവതം പാരായണം ചെയ്ത് തുടങ്ങുക. ഇനി വരുന്ന മൂന്നാഴ്ചകളിലായി മൂന്ന് പാരായണങ്ങൾ മനഃശുദ്ധിയോടെ ചെയ്യു ക.

47. “ആഗ്രഹരഹിതനായി, ശ്രദ്ധയോടെ ആ ഗ്രന്ഥം ശ്രവിക്കുകയോ പാരായണം ചെയ്യുകയോ വേണം, ഒപ്പം രാത്രിയും പകലും അത് പര്യാലോചിക്കുക.

48. “ഈശ്വരൻ സംപ്രീതനാകുകയും, നിന്റെ എല്ലാ ദുഃഖങ്ങൾക്കും അറുതി വരു ത്തുകയും ചെയ്യും. മിഥ്യാധാരണകളും മമതകളും അപ്രത്യക്ഷമാകുകയും നിനക്ക് ശ്രേഷ്ഠമായ ആനന്ദം ലഭിക്കുകയും ചെയ്യും.

49. “നിന്റെ അംഗശുദ്ധികർമ്മങ്ങൾ ചെയ്തതിനുശേഷം ഈശ്വരനിൽ മനമുറപ്പി ച്ച്, ഞാൻ പറഞ്ഞ ഈ വ്രതം പൂർത്തിയാക്കുക, അപ്പോൾ നീ മമതകളിൽ നിന്നും സ്വതന്ത്രനാകും.”

50. അയാളുടെ സ്വന്തം അന്ത്യം അടുത്തതിനാൽ, മൃത്യുദേവതയെ പ്രീതിപ്പെടു ത്തുന്ന ‘രാമവിജയം’ പാരായണം ചെയ്യാനായി ബാബ ഏർപ്പാടുകൾ ചെയ്തു.

51. പിറ്റേദിവസം രാവിലെ, സ്നാനവും മറ്റ് ശുചീകരണകർമ്മങ്ങളും കഴിഞ്ഞ ശേഷം അയാൾ ബാബയ്ക്ക് ഒരു കൈപ്പിടി പൂക്കൾ അർപ്പിക്കുകയും അദ്ദേ ഹത്തിന്റെ പാദത്തിലെ ധൂളി അയാളുടെ ശിരസ്സിലർപ്പിക്കുകയും ചെയ്തു.

52. കൈയ്യിൽ ഭാഗവതഗ്രന്ഥവും വഹിച്ചുകൊണ്ട് അയാൾ സ്വസ്ഥമായ ഒരു സ്ഥലം തെരയുകയും, ലെൻഡിബാഗ് പ്രശാന്തവും ഏറ്റവും യോജിച്ചതുമാ ണെന്ന് കാണുകയും ചെയ്തു.

53. അയാൾ കാലുകൾ പിണച്ച് വച്ചുകൊണ്ട് പാരായണം തുടങ്ങി. ഒരു സന്ന്യാ സിയായതിനാൽ ഈശ്വരസ്നേഹം അയാളുടെ പ്രകൃതത്തിലുണ്ടായിരുന്നു, രണ്ടാഴ്ചയ്ക്കുള്ളിൽ രണ്ട് പാരായണങ്ങൾ അയാൾ പൂർത്തിയാക്കി.

54. അയാൾ മൂന്നാമത്തെ പാരായണം തുടങ്ങിയപ്പോൾ, പെട്ടെന്ന് അയാൾക്ക് ഒരു അസ്വസ്ഥത അനുഭവപ്പെട്ടു. അയാൾക്ക് ക്ഷീണം തോന്നുകയും അത് കൂടുകയും ചെയ്തു. അതിനാൽ അയാൾ അത് അപൂർണ്ണമായി ഉപേക്ഷിച്ചു.

55. അയാൾ വാഡയിലേയ്ക്ക് മടങ്ങുകയും രണ്ട് ദിവസങ്ങൾ അസുഖബാധിത നായി കിടക്കുകയും ചെയ്തു. മൂന്നാമത്തെ ദിവസം പുലർന്നപ്പോൾ ബുവ കണ്ണുകൾ തുറന്നില്ല.

56. ഫക്കീർബാബയുടെ മടിയിൽ ശിരസ്സ് വച്ചുകൊണ്ട് സന്ന്യാസി തന്റെ അന്ത്യ ശ്വാസം വലിച്ചു. അയാൾ ദേഹത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു.

57. ബാബയെ സന്ന്യാസിയുടെ മരണത്തെക്കുറിച്ച് അറിയിച്ചപ്പോൾ, ശരീരം ഒരു ദിവസത്തേയ്ക്ക് സൂക്ഷിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു.

58. “അയാളെ ഉടനെ സംസ്കരിക്കരുത്”, ബാബ പറഞ്ഞു. അതിനാൽ അയാൾക്ക് ജീവൻ ലഭിക്കുമെന്ന് ആളുകൾ പ്രതീക്ഷിക്കുകയും ശരീരം സൂക്ഷിക്കുകയും ചെയ്തു.

59. ഒരു മനുഷ്യൻ മരിച്ചതിനുശേഷം ജീവൻ തിരികെ ലഭിക്കുമോ? പക്ഷേ ബാബയുടെ വാക്കുകൾ അനുസരിച്ചുകൊണ്ട് ശരീരം സൂക്ഷിക്കപ്പെട്ടു.

60. ഒടുവിൽ, ആ വാക്കുകൾ ശരിയാണെന്ന് തെളിഞ്ഞു. ഉടമസ്ഥരില്ലാത്ത ശരീരം സംരക്ഷിക്കപ്പെട്ടു. പോലീസിന്റെ സംശയങ്ങൾ മാറി. (അവർ ഒരു അന്വേഷണം നടത്തിയതിനുശേഷം). പക്ഷേ അയാൾക്ക് വീണ്ടും ജീവൻ ലഭിക്കുന്ന ചോദ്യം ഉയരുന്നില്ല.

61. ശവശരീരത്തിന് വീണ്ടും ജീവൻ ലഭിക്കില്ല എന്ന് ബാബയ്ക്ക് അറിയാമായിരുന്നില്ലേ! ശവം മറവ് ചെയ്യുന്നതിന് മുമ്പ്, ഒരു അന്വേഷണം ഉണ്ടാകണമെന്ന ഉദ്ദേശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

62. ഉടമസ്ഥത പറയാൻ ആരുമില്ലാത്ത ശവശരീരം മറവ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സർക്കാരിനായതിനാൽ, പെട്ടെന്നുള്ള മരണം എല്ലായ്പ്പോഴും സൂക്ഷ്മാന്വേഷണത്തിന് വിധേയമാക്കപ്പെടും. അതുകൊണ്ട് അതിനുമുമ്പ് ശരീരം മറവ് ചെയ്യരുതെന്ന് ബാബ നിർദ്ദേശിച്ചിരുന്നു.

63. അത് അങ്ങനെയാകട്ടെ. പിന്നീട് എല്ലാം നടന്നു. ശവശരീരത്തിന് അന്തിമചടങ്ങുകൾ നടത്തുകയും അത് ഉചിതമായ സ്ഥാനത്ത് മറവുചെയ്യുകയും ചെയ്തു. ദിവ്യന്റെ കർത്തവ്യം പൂർത്തിയായി (അതായത് സന്ന്യാസിക്ക് മുക്തി കൊടുക്കുക എന്നത്).

64. ഇപ്പോൾ അതേപോലുള്ള മറ്റൊരു കഥ ഞാൻ ശ്രോതാക്കൾക്ക് വേണ്ടി വിവരിക്കാൻ പോകുകയാണ്. കുറച്ച് നേരത്തേയ്ക്ക് അത് ആദരവോടെ ശ്രദ്ധിക്കുക. സായിയുടെ സർവ്വവ്യാപിത്വം നിങ്ങൾക്ക് മനസ്സിലാകും.

65. ബാലറാം മൻകാർ എന്ന ഒരു ഗൃഹസ്ഥാശ്രമി ബാബയുടെ ഒരു ഉത്തമഭക്തനായിരുന്നു.

66. പക്ഷേ, പിന്നീട് അയാളുടെ ഭാര്യ മരിക്കുകയും, ഒരു ഗൃഹനാഥനെന്നുള്ള നിലയിൽ അയാളുടെ കടമകൾക്ക് മുടക്കം വരികയും ചെയ്തു. അയാൾക്ക് മനഃശാന്തി നഷ്ടപ്പെട്ടു. പക്ഷേ അയാൾ പരമാനന്ദത്തിലേയ്ക്ക് പുരോഗമിച്ചു.

67. പൂർവ്വജന്മത്തിലെ പുണ്യകർമ്മങ്ങളുടെ ശേഖരം മൂലം അയാൾ സായിയുടെ പാദങ്ങളിൽ അഭയം തേടി. അയാൾക്ക് അവിടെ പൂർണ്ണമായ വിശ്വാസമുണ്ടാകുകയും ലൗകികജീവിതത്തിൽ നിന്ന് പാടേ വിരക്തനാകുകയും ചെയ്തു.

68. ആശ, ആഗ്രഹങ്ങൾ, സന്താനങ്ങൾ, കുടുംബം എന്നിവയുമായുള്ള എല്ലാ ബന്ധങ്ങളും അറുത്തുമാറ്റി, അയാളുടെ അസാധാരണമായ വിധി മൂലം, മൻകാർ ലൗകികജീവിതം വെടിഞ്ഞു.

69. ആത്മീയതയുടെ കവാടം കടക്കാനുള്ള ഏറ്റവും വലിയ തടസ്സം, ഉപജീവനം നേടാനുള്ള ആഗ്രഹവും മറ്റുള്ളവരെ സംരക്ഷിക്കേണ്ടി വരുന്നതുമാണ്.

അയാൾ ഈ ഭാരം അയാളുടെ മകനെ ഏല്പിച്ച് കൊണ്ട് ലൗകികജീവിത ത്തിൽ നിന്ന് സ്വയം മുക്തനായി (ഷിർദിയിലേയ്ക്ക് പോകുകയും ചെയ്തു).

70. പലതരത്തിലുള്ള സന്ന്യാസത്തിൽ ഇതും ഒരു വിഭാഗമാണ്. പക്ഷേ ജ്ഞാന ത്തിൽ നിന്നുണ്ടാകാത്തതും, അത്തരത്തിൽ മനസ്സിൽ പതിയാത്തതുമായത് ഓരോ ചുവടുവയ്പിലും ക്ലേശങ്ങൾ സൃഷ്ടിക്കുന്നു.

71. അതിനാൽ, ഉദാരമനസ്കതയുടെ മൂർത്തരൂപമായ ഈ സായിക്ക്, മൻകാ റുടെ ദൃഢമായ ഭക്തി കണക്കിലെടുത്തുകൊണ്ട് അവനെ അനുഗ്രഹിക്കണ മെന്നും, അവന്റെ വൈരാഗ്യം ഉറപ്പിക്കണമെന്നും തോന്നി.

72. എണ്ണിയാലൊടുങ്ങാത്ത ജന്മങ്ങളിലെ സ്വാധീനത്തിന്റെ പാളികൾ ചഞ്ചലമായ മനസ്സിനെ സ്ഥിരമാകാൻ അനുവദിക്കുകയില്ല. ആസക്തിയുള്ള സ്വപ്നങ്ങ ളുടെ തിരമാലകൾ വളരെ ശക്തമാണ്, അതിനാൽ വിരക്തി ശക്തമായി വേരൂ ന്നുകയില്ല.

73. “ഷിർദി മാത്രമല്ല എന്റെ സന്നിധി. ഞാൻ കാലത്തിനും സ്ഥലത്തിനും അതീ തനാണ്.” ഇത് തെളിയിക്കുന്നതിന് വേണ്ടി ബാബ മൻകാറോട് ഇങ്ങനെ പറഞ്ഞു:

74. “നീ ഷിർദിയിൽ വളരെ നാളുകളായി താമസിക്കുന്നു. ഈ പന്ത്രണ്ട് രൂപ, ചെലവിനായി രൊക്കം പണമായി എടുത്തുകൊള്ളുക. മച്ഛിൻദാർ ഗാഡി ലേയ്ക്ക് ഉപാസനകൾക്കായി പോകുക. ആനന്ദം നേടാനുള്ള ദൃഢനിശ്ചയ ത്തോടെ അവിടെ താമസിക്കുക.”

75. സായിയുടെ ഈ വാക്കുകൾ കേൾക്കുകയും, അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസരിക്കാൻ തീരുമാനിച്ച് കൊണ്ടും അയാൾ തന്റെ ശിരസ്സ് കുനിച്ചു. സാഷ്ടാംഗപ്രണാമത്തോടെ അയാൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കു കയും ചെയ്തു.

76. പക്ഷേ വളരെ വിനയത്തോടെ ബാലറാം സായിയോട് പറഞ്ഞു: “അങ്ങയുടെ ദർശനം ലഭിക്കാൻ കഴിയാത്ത ഒരിടത്ത് ഞാൻ എന്താണ് ചെയ്യുക?

77. “ഇവിടെ എനിക്ക് ദിനവും അങ്ങയുടെ പാദങ്ങളുടെ ദർശനം ലഭിക്കും. അങ്ങ യുടെ പാദതീർത്ഥം നേടാൻ കഴിയുകയും, ഒരു പരിശ്രമവും കൂടാതെ പകലും രാത്രിയും അങ്ങയെ ധ്യാനിക്കാൻ കഴിയുകയും ചെയ്യും.അവിടെ ഞാൻ ഒരു അനാഥനായിരിക്കും.

78. “അതിനാൽ ബാബാ, അങ്ങില്ലാതെ എനിക്കെങ്ങനെയാണ് അവിടെ ക്ഷേമ മുണ്ടാകുക? എന്നെ ആ സ്ഥലത്തേയ്ക്ക് അയയ്ക്കുന്നതിൽ അങ്ങയുടെ ഉദ്ദേ ശ്യമെന്താണെന്ന് എനിക്ക് മനസിലാകുന്നില്ല.”

79. ഒരു ഭക്തൻ, ഗുരുവിന്റെ വാക്കുകളെ ഒരു മാത്ര പോലും സംശയിക്കാൻ പാടില്ല എന്നറിയാവുന്നത് കൊണ്ട് മൻകാർക്ക് പെട്ടെന്ന് തന്നെ പശ്ചാത്താപം തോന്നുകയും അയാളുടെ സംശയങ്ങൾ ഇല്ലാതാകുകയും ചെയ്തു.

80. അയാൾ പറഞ്ഞു: “ബാബാ, എന്നോട് ക്ഷമിക്കൂ. എന്റെ ചിന്തകൾ ദുഷിച്ച തായിരുന്നു. എനിക്ക് സംശയങ്ങൾ തോന്നിയതോർത്ത് ഞാൻ ലജ്ജിക്കു

ന്നു. സംശയങ്ങൾ എനിക്ക് യോജിച്ചതല്ല.

81. "എല്ലായ്പ്പോഴും അങ്ങയുടെ ആജ്ഞ അനുസരിച്ച്, ഈശ്വരനാമങ്ങൾ ജപിക്കുന്നതിൽ മുഴുകി, അങ്ങയുടെ ശക്തിയുടെ മാത്രം സംരക്ഷണത്തിൽ ഞാൻ ഗാഡിൽ താമസിക്കും.

82. "അവിടെയും ഞാൻ അങ്ങയെ ധ്യാനിക്കും, ഞാൻ അങ്ങയുടെ ദയാപൂർണ്ണമായ രൂപം എല്ലായ്പ്പോഴും ഓർമ്മിക്കും, ഞാൻ അങ്ങയുടെ പാദങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കും. ഇതായിരിക്കും എന്റെ എല്ലായ്പ്പോഴുമുള്ള തപസ്യ.

83. "ഞാൻ പൂർണ്ണമായും അങ്ങേയ്ക്ക് സമർപ്പിച്ചിരിക്കുന്നു. ഞാൻ എന്റെ എല്ലാ ചലനങ്ങളും അങ്ങയുടെ കൈകളിൽ അർപ്പിച്ചിരിക്കുന്നു. അപ്പോൾ എന്തിനാണ് ഈ ചിന്ത എന്റെ മനസ്സിലുണ്ടാകുന്നത്?

84. "അങ്ങയുടെ ആജ്ഞയുടെ ശക്തിയാൽ, എനിക്ക് അവിടെയും ശാന്തി ലഭിക്കും. അങ്ങയുടെ കഴിവുകൾ എനിക്ക് അറിയാമെന്നിരിക്കേ, ഞാൻ എന്തിന് അനാവശ്യമായി വിഷമിക്കണം?"

85. സായി സമർത്ഥ അനശ്വരബ്രഹ്മമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ബ്രഹ്മാവ് എഴുതിയ വാക്കുകൾ പോലെ അലംഘനീയമാണ്. അവയിൽ വിശ്വസിക്കുന്നവർക്കൊക്കെ ഇത് അനുഭവവേദ്യമാണ്.

86. അപ്പോൾ ബാബ അയാളോട് പറഞ്ഞു: "ശ്രദ്ധയോടെ എന്റെ വാക്കുകൾ കേൾക്കുക. സംശയങ്ങൾക്ക് അടിമയാകരുത്.

87. "പെട്ടെന്ന് തന്നെ മച്ഛിൻദർ ഗാഡിലേയ്ക്ക് പോകുക. ദിവസം മൂന്ന് നേരം ധ്യാനിക്കുക. കുറച്ചുനാളുകൾക്ക് ശേഷം നിനക്ക് പരമാനന്ദം ലഭിക്കും."

88. ഈ ഉറപ്പ് കേട്ടപ്പോൾ മൻകാർ നിശബ്ദനായി. "വിനയവാനായ ഞാൻ എന്താണ് പറയുക?" അയാൾ ഗാഡിലേയ്ക്ക് യാത്ര പുറപ്പെടാനുള്ള തയ്യാറെടുപ്പുകൾ നടത്തി.

89. ഒരിക്കൽ കൂടി സായിയുടെ പാദങ്ങളിൽ വന്ദിച്ച്, ഉധിയും അനുഗ്രഹങ്ങളും വാങ്ങി ശാന്തമായ മനസ്സോടെ മൻകാർ അപ്പോൾ മച്ഛിൻദർ ഗാഡിലേയ്ക്ക് യാത്ര തിരിച്ചു.

90. ശുദ്ധമായ ജലവും, തണുത്ത കാറ്റുമുള്ള മനോഹരമായ ആ സ്ഥലത്തെത്തിയപ്പോൾ അയാൾക്ക് സംതൃപ്തി അനുഭവപ്പെട്ടു.

91. അങ്ങനെ സായിയുടെ നിർദ്ദേശപ്രകാരം ഈ മൻകാർ സായി ഇല്ലാതെ ഗാഡിൽ താമസിച്ചു. അയാളോട് പറഞ്ഞതും ഉപദേശിച്ചതും പ്രകാരം അയാൾ ധ്യാനം ശീലിച്ചു.

92. അപ്പോൾ, ബാബയുടെ ആശ്ചര്യകരമായ ലീല നോക്കൂ! മൻകാർ ഗാഢമായ ധ്യാനത്തിലിരിക്കവേ, അയാൾക്ക് ഭൗതികരൂപത്തിൽ ദർശനം ലഭിക്കുകയും, അയാൾക്ക് ഒരു അനുഭവം ഉണ്ടാകുകയും ചെയ്തു.

93. ധ്യാനത്തിന്റെ സമാധി അവസ്ഥയിൽ ദർശനം ലഭിക്കുന്നതിൽ അത്ഭുതപ്പെടാനായി ഒന്നുമില്ല. പക്ഷേ ഇത് സംഭവിച്ചത്, അയാൾ തന്റെ ഇരിപ്പിടത്തിൽ തന്നെ ഇരിക്കുകയും ധ്യാനം കഴിഞ്ഞ് എഴുന്നേൽക്കാനായി ഒരുങ്ങുകയും

ചെയ്തപ്പോഴാണ്. അയാൾ ശ്രീ സമർത്ഥനെ കണ്ടു.

94. മൻകാർ അദ്ദേഹത്തെ കാണുക മാത്രമല്ല, വ്യക്തിപരമായി ഇങ്ങനെ ചോദിക്കുകയും ചെയ്തു: “ബാബാ, എന്തുകൊണ്ടാണ് അങ്ങ് എന്നെ ഇവിടേയ്ക്ക് അയച്ചത്?” അദ്ദേഹം എന്ത് മറുപടിയാണ് നൽകിയത് എന്ന് നോക്കുക.

95. “നീ ഷിർദിയിലായിരിക്കവേ, നിനക്ക് അനേകം ആശയങ്ങളുണ്ടാകുകയും ചിന്തകളുടെ തിരമാലകൾ ഉയരുകയും ചെയ്തിരുന്നു. അതിനാൽ, നിന്റെ ചഞ്ചലമായ മനസ്സിനെ സ്ഥിരമാക്കാൻ വേണ്ടി നിന്നെ ഞാൻ ഗാഡിലേയ്ക്ക് അയച്ചു.

96. “പഞ്ചഭൂതങ്ങളടങ്ങിയ, മൂന്നരമുഴം നീളമുള്ള ഒരു ശരീരവുമായി ഞാൻ ഷിർദിയിൽ വസിക്കുന്നുവെന്നും, അതിന് പുറമേയ്ക്ക് ഇല്ലായെന്നും നീ ചിന്തിച്ചു.

97. “നീ ഇവിടെ കാണുന്ന വ്യക്തിയും, നീ ഷിർദിയിൽ കണ്ടതും ഒരാൾ തന്നെയാണോ എന്ന് ഇപ്പോൾ നീ സ്വയം തീരുമാനിക്കുക. ഈ കാരണത്താലാണ് ഞാൻ നിന്നെ ഇവിടേയ്ക്ക് അയച്ചത്.”

98. അത് അങ്ങനെയാകട്ടെ. പിന്നീട്, ഈ മൻകാർ, നിർദ്ദേശിക്കപ്പെട്ട സമയപരിധി പൂർത്തിയായപ്പോൾ മച്ഛിൻദർ ഗാഡിൽ നിന്നും അയാളുടെ ഗൃഹത്തിലേയ്ക്ക് യാത്രയായി.

99. അയാൾ താമസിച്ചിരുന്ന സ്ഥലമായ ബൗളേയിലേയ്ക്ക് പോകണമെന്ന് അയാൾക്ക് തോന്നി. അതിനാൽ പൂനെയിൽ നിന്നും ദാദറിലേയ്ക്ക് തീവണ്ടി മാർഗ്ഗം യാത്ര ചെയ്യാൻ അയാൾ തീരുമാനിച്ചു.

100. അയാൾ പൂനെ തീവണ്ടി സ്റ്റേഷനിലെത്തി. ടിക്കറ്റ് വാങ്ങാനുള്ള സമയമാകുകയും, അയാൾ ടിക്കറ്റ് വിൽക്കപ്പെടുന്ന ജനാലയ്ക്കരികിലെത്തുകയും ചെയ്തപ്പോൾ, ഒരു അദ്ഭുതം സംഭവിച്ചു.

101. ഒരു അപരിചിതനായ ഗ്രാമീണയാത്രക്കാരൻ, അരയിൽ ഒരു ലങ്കോട്ടിയും തോളിൽ ഒരു പരുക്കൻ പുതപ്പുമായി ടിക്കറ്റ് വിൽക്കപ്പെടുന്ന ജനാലയ്ക്കരികിൽ നിൽക്കുന്നത് കണ്ടു.

102. ആ ഗ്രാമീണൻ ദാദറിലേയ്ക്ക് പോകാനായി അപ്പോൾ ഒരു ടിക്കറ്റ് വാങ്ങി, ജനാലയ്ക്കൽ നിന്നും തിരിയവേ, അയാളുടെ കണ്ണുകൾ മൻകാറുടേതുമായി കൂട്ടിമുട്ടി. അതിനാൽ അയാൾ അവന്റെയടുത്തേക്ക് വന്നു.

103. അയാൾ ചോദിച്ചു: “നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?” “ദാദർ” എന്ന് പറയപ്പെട്ടപ്പോൾ അയാൾ പെട്ടെന്ന് തന്നെ ടിക്കറ്റ് നൽകിക്കൊണ്ട് പറഞ്ഞു: “നിങ്ങൾ ഇത് എടുത്ത് കൊള്ളുക.”

104. “ഞാനും ദാദറിലേയ്ക്ക് പോകുകയായിരുന്നു, പക്ഷേ ചില പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഓർത്തതിനാൽ എനിക്ക് ഇവിടെ തങ്ങേണ്ടതുണ്ട്. അതിനാൽ എനിക്ക് പോകാൻ കഴിയില്ല.”

105. പണം രൊക്കമായി കൊടുത്താൽ പോലും ടിക്കറ്റ് എളുപ്പം കിട്ടാറില്ല. യാതൊരു പരിശ്രമവും കൂടാതെ അത് നൽകപ്പെട്ടപ്പോൾ മൻകാർ സന്തുഷ്ടനായി.

106. വില നിൽകാനായി കീശയിൽ നിന്നും പണം എടുക്കവേ, ഗ്രാമീണൻ ജന

ക്കൂട്ടത്തിൽ മറയുകയും, അയാൾ എങ്ങോട്ട് പോയി എന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞതുമില്ല.

107. ഗ്രാമീണനെ കണ്ടെത്താനായി മൻകാർ എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും അവയൊക്കെ നിഷ്ഫലമായി. ആ സമയത്തിനിടയ്ക്ക് തീവണ്ടി എത്തി.

108. 'നഗ്നപാദനായി, ശരിയായി വസ്ത്രം ധരിക്കാതെ, ഒരു പരുക്കൻ പുതപ്പും ശിരസ്സിൽ കീറിപ്പറിഞ്ഞ ഒരു തുണിയും മാത്രം ധരിച്ച ആ ഗ്രാമീണൻ ആരാണ്?

109. 'യാത്രാക്കൂലി തീരെ ചെറിയ ഒരു തുകയല്ല, അയാൾ അത് സ്വന്തം കീശ യിൽ നിന്നും ചെലവാക്കിയിരിക്കുന്നു! എന്തുകൊണ്ടാണ് അയാൾ എന്നെ ഇത്തരമൊരു കടപ്പാടിൽ എത്തിച്ചത്? എനിക്ക് ഇത് മനസ്സിലാക്കാൻ കഴിയു ന്നില്ല!

110. 'അയാൾ ഉദാരമതിയും നിസ്വാർത്ഥനുമാണ്. ഗ്രാമീണന്റെ വേഷത്തിൽ കാണ പ്പെടുന്ന ഇയാൾ ആരായിരിക്കും?' ഈ സംഭവം ഒടുവിൽ ഒരു സമസ്യയായി അവശേഷിച്ചു. മൻകാർ അസ്വസ്ഥനായി.

111. ഈ ചോദ്യങ്ങളെല്ലാം തന്റെ മനസ്സിൽ ഇട്ടുകൊണ്ട്, തീവണ്ടി ചലിക്കുന്നത് വരെയും, അയാളെ കണ്ടെത്താനാകുമെന്ന പ്രതീക്ഷയോടെ അവൻ തീവ ണ്ടിമുറിയുടെ വാതിൽക്കൽ നിന്നു.

112. പക്ഷേ തീവണ്ടി നീങ്ങിത്തുടങ്ങിയതിനാൽ അയാളെ കാണാമെന്നുള്ള സകല പ്രതീക്ഷകളും നശിച്ച്, അവൻ വാതിലിന്റെ കൈപ്പിടിയിൽ പിടിച്ചുകൊണ്ട് തീവണ്ടിയിലേയ്ക്ക് ചാടിക്കയറി.

113. ഗാഡിൽ വച്ച് ബാബയെ ദേഹരൂപത്തിൽ കണ്ടു, ഇപ്പോൾ മറ്റൊരു വിചിത്ര മായ സംഭവം! ഗ്രാമീണന്റെ വിചിത്രമായ വേഷധാരണം ഓർക്കവേ മൻകാർ അസ്വസ്ഥനായി.

114. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് ഈ വിശ്വസ്തഭക്തൻ അയാളുടെ നന്മ യ്ക്കായി, സായിപാദങ്ങളിൽ ഉറച്ചസ്നേഹത്തോടും ഭക്തിയോടും വിശ്വാസ ത്തോടും കൂടി ഷിർദിയിലേയ്ക്ക് മടങ്ങിവന്നു.

115. ബാലക്റാംജി ഭക്തൻ, സായിയുടെ പാദകമലങ്ങളിലെ ധൂളികൾക്ക് ചുറ്റും വട്ടമിട്ടുകൊണ്ട്, നിരന്തരം സായിനാമം ജപിച്ചുകൊണ്ട് ഷിർദിയിൽ വസിച്ചു.

116. ബാബയുടെ അനുവാദത്തോടുകൂടി മുക്താറാംജിയുമൊത്ത് ചിലപ്പോഴൊക്കെ അയാൾ ഷിർദി വിട്ട് മറ്റ് സ്ഥലങ്ങളിലേയ്ക്ക് സഞ്ചരിച്ചു.

117. പക്ഷേ അയാൾ വീണ്ടും വീണ്ടും തിരിച്ചെത്തുന്ന പ്രധാന സ്ഥലം ഷിർദിയാ യിരുന്നു. ഒടുവിൽ അയാൾ ഷിർദിയുടെ പുണ്യഭൂമിയിൽ വച്ച് അന്തരിച്ചു.

118. സായിയുടെ സാന്നിധ്യത്തിൽ, മനസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ ഉറപ്പിച്ച് കൊണ്ട് ഒരു മനുഷ്യൻ തന്റെ ഭൗതികശരീരം ഉപേക്ഷിക്കുകയാണെങ്കിൽ, അയാളുടെ പുണ്യത്തിന്റെ ശേഖരം എത്രമാത്രമായിരിക്കും! അവന് മരണം, ഭയരഹിതമായിരിക്കും.

119. താത്ത്യ നൂൽകാർ അനുഗൃഹീതനായിരുന്നു. ശ്രേഷ്ഠഭക്തനായ മേഘയും

അനുഗൃഹീതനായിരുന്നു! അവൻ സായിയെ ആരാധിച്ച് കഴിയവേ, ഷിർദി യിൽ വച്ച് അന്ത്യശ്വാസം വലിച്ചു.

120. മേഘ മരണമടഞ്ഞപ്പോൾ, അയാളുടെ ശവസംസ്കാരകർമ്മങ്ങൾക്ക് ബാബ എത്രമാത്രം പ്രാധാന്യം നൽകിയെന്നും, ബാബയ്ക്ക് ഭക്തരോടുള്ള സ്നേഹവും നോക്കുക. മേഘ മുമ്പ് തന്നെ കൃതജ്ഞനായിരുന്നു.

121. എല്ലാ ഭക്തരുടെയും അകമ്പടിയോടെ ഗ്രാമീണർ പ്രദക്ഷിണമായി സംസ്കാരം നടത്തുന്ന സ്ഥലത്തേയ്ക്ക് പോയി. ബാബയും സംസ്കാരസ്ഥ ലത്തേയ്ക്ക് പോയി, മേഘയുടെ ദേഹത്ത് പൂക്കൾ ചൊരിഞ്ഞു.

122. മേഘയുടെ അന്ത്യകർമ്മങ്ങൾ കഴിഞ്ഞപ്പോൾ ബാബയുടെ കണ്ണുകളും നിറ ഞ്ഞു. ഒരു സാധാരണ മനുഷ്യനെപ്പോലെ, സകല മമതകളോടും കൂടി, അദ്ദേഹം വളരെ ദുഃഖിതനായി.

123. സ്നേഹത്തോടെ തന്റെ സ്വന്തം കൈകൾ കൊണ്ട്, ബാബ ശവശരീരം ധാരാളം പൂക്കൾ കൊണ്ടു മൂടി. ആ മരണത്തെയോർത്ത് ദീനമായി വിലപി ച്ചുകൊണ്ട് അദ്ദേഹം മടങ്ങിപ്പോയി.

124. അനേകം ദിവ്യന്മാർ മനുഷ്യർക്ക് മുക്തി നൽകുന്നതായി കണ്ടിട്ടുണ്ട്, പക്ഷേ, ഈ കാര്യത്തിൽ സായിയുടെ മഹത്വം ആർക്കാണ് മതിയായ രീതിയിൽ വിവ രിക്കാൻ കഴിയുക!

125. കടുവയെപ്പോലെ ക്രൂരനായ ഒരു മൃഗത്തിന് മനുഷ്യരെപ്പോലെ ബുദ്ധിയു ണ്ടാകുമോ? എന്നിട്ടും അത് പോലും അദ്ദേഹത്തിന്റെ പാദങ്ങളിൽ വിനയാ ന്വിതനായി. ബാബയുടെ പ്രവൃത്തികൾ വിശദീകരിക്കാനാകാത്തതാണ്!

126. ഇത് വിവരിക്കുന്ന, മനോഹരമായ ഒരു കഥ ആദരവോടെ ശ്രദ്ധിക്കുക. നിങ്ങൾക്ക് അപ്പോൾ ബാബയുടെ സർവ്വവ്യാപിത്വവും സകലജീവജാലങ്ങ ളോടുമുള്ള സമഭാവനയും ഗ്രഹിക്കാൻ കഴിയും.

127. ഒരിക്കൽ ഷിർദിയിൽ ഒരു അദ്ഭുതം നടന്നു. ബാബയുടെ മഹാനിർവ്വാണ ത്തിന് ഏഴ് ദിവസങ്ങൾക്ക് മുമ്പ്, മസ്ജിദ്മുറ്റത്തിന്റെ വാതിൽക്കൽ ഒരു കാളവണ്ടി വരികയും അത് അവിടെ നിൽക്കുകയും ചെയ്തു.

128. അതിനുള്ളിൽ ഒരു വലിയ കടുവ, കഴുത്തിൽ ചങ്ങല കൊണ്ട് കെട്ടപ്പെട്ട്, അതിന്റെ ഭീകരമായ മുഖം പുറകിലേയ്ക്ക് തിരിച്ചുകൊണ്ട് ഇരിക്കുകയായി രുന്നു.

129. കടുവ ഏതോ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. അവന്റെ ഉടമസ്ഥരായ ദേർവിഷകൾ, അത്രയും കാലമായി അവനെ ചികിത്സിച്ച് ഭേദമാക്കാൻ കഴി യാത്തതിനാൽ, അവസാനത്തേതും ഏറ്റവും ശ്രേഷ്ഠവുമായ മാർഗ്ഗമായി, ഒരു ദിവ്യന്റെ സന്നിധിയിൽ അവനെ കൊണ്ടുവരാൻ തീരുമാനിച്ചു.

130. മൂന്നു ദേർവിഷകളാണ് ഉണ്ടായിരുന്നത്, കടുവ അവരുടെ ഉപജീവനമാർഗ്ഗ മായിരുന്നു. ഗ്രാമങ്ങൾ തോറും അവനെ പ്രദർശിപ്പിച്ച് നടന്ന് അവർ ജീവിത വരുമാനം കണ്ടെത്തി.

131. സമീപപ്രദേശത്ത് എത്തിയപ്പോൾ അവർ ബാബയുടെ ലീലകളെക്കുറിച്ച്

കേൾക്കുകയും കടുവയോടൊപ്പം ദർശനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. അവർ പറഞ്ഞു: "നമുക്ക് പോയി ദർശനം നേടാം, ഒപ്പം കടുവയെയും കൂടെ കൊണ്ടുപോകാം."

132. "അദ്ദേഹത്തിന്റെ പാദങ്ങൾ ആഗ്രഹങ്ങൾ സാധിച്ചുതരുന്ന രത്നത്തെപ്പോലെയാണ്; അഷ്ടസിദ്ധികൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുന്നു; നവനിധികൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണുരുളുന്നു; എന്നിട്ട് അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുന്ന തീർത്ഥജലം പാനം ചെയ്യുന്നു.

133. "നമുക്ക് പോയി നമ്മുടെ ശിരസ്സുകൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ച് കടുവയ്ക്ക് വേണ്ടി അനുഗ്രഹങ്ങൾ ചോദിക്കാം. അദ്ദേഹത്തിന്റെ അനുഗ്രഹവാക്കുകൾ നമുക്ക് ലഭിക്കുകയാണെങ്കിൽ, നമ്മളെല്ലാവരും നമ്മുടെ ക്ഷേമം നേടും."

134. ഈ ഉദ്ദേശ്യത്തോടെ ആ ദേർവിഷകൾ കടുവയെ മസ്ജിദിന്റെ വാതിൽക്കൽ എത്തിച്ചു. ചങ്ങല മുറുകെ പിടിച്ചുകൊണ്ട് അവർ വാതിൽക്കൽ കാത്തുനിന്നു.

135. കടുവയാകട്ടെ സ്വതവേ ഭീകരനും ഭയപ്പെടുത്തുന്നതുമായിരുന്നു. ഇതുകൂടാതെ, ഭേദമാക്കാനാകാത്ത രോഗത്താൽ പീഢിതനുമായിരുന്നു. അതിനാൽ അത് വളരെ അസ്വസ്ഥനായിരുന്നു. എല്ലാവരും ആകാംക്ഷയോടെ അതിനെ നോക്കി നിന്നു.

136. ദേർവിഷകൾ കടുവയുടെ അവസ്ഥയെക്കുറിച്ച് വിശദമായി ബാബയോട് പറയുകയും, അദ്ദേഹത്തിന്റെ അനുവാദം നേടിയശേഷം അതിനെ കൊണ്ടുവരാനായി വാതിൽക്കലേയ്ക്ക് നീങ്ങുകയും ചെയ്തു.

137. അവൻ ചാടിപ്പോകുമെന്നുള്ളതിനാൽ, ചങ്ങല മുറുകെപ്പിടിച്ചുകൊണ്ട് അവർ ശ്രദ്ധയോടെ അവനെ ബാബയുടെ മുമ്പിൽ കൊണ്ടുവന്നു.

138. കടുവ പടിക്കെട്ടുകൾക്ക് സമീപം എത്തിയപ്പോൾ, സായിയുടെ ദൈവികപ്രഭാവം കണ്ട് പുറകിലേയ്ക്ക് നീങ്ങുകയും, ആദരവോടെ അവന്റെ ശിരസ്സ് താഴ്ത്തുകയും ചെയ്തു, ഇത് വിശദീകരിക്കാൻ പ്രയാസമാണ്.

139. അപ്പോൾ സംഭവിച്ച ആശ്ചര്യം നോക്കുക! കടുവ പടിക്കെട്ടുകൾ കയറി, ഇരുവരും പരസ്പരം കണ്ടപ്പോൾ കടുവ ബാബയെ സ്നേഹത്തോടെ നോക്കി.

140. അത് തന്റെ വാലിലെ രോമക്കൂട്ടം വികസിപ്പിക്കുകയും അതുകൊണ്ട് മൂന്നു പ്രാവശ്യം നിലത്തടിക്കുകയും ചെയ്തു. എന്നിട്ട് ബാബയുടെ പാദങ്ങളിൽ ചേതനയറ്റ് വീണു.

141. ശക്തമായി ഒരു പ്രാവശ്യം അലറുകയും, ആ സ്ഥലത്ത് തന്നെ മരിച്ചുവീഴുകയും ചെയ്തു. കടുവ മരിച്ചതുകണ്ട് ആളുകൾ ആശ്ചര്യപ്പെട്ടു.

142. ദേർവിഷകൾ ആദ്യം വളരെ നിരാശരായി. പക്ഷേ, പിന്നീട്, മരണം നിശ്ചിതമായിരുന്ന, അസുഖബാധിതനായ ഈ മൃഗം മുക്തി നേടിയതിൽ അവർ സന്തോഷിച്ചതായി തോന്നി.

143. ദിവ്യന്മാരുടെയും സിദ്ധൻമാരുടെയും മുമ്പിൽ നേടുന്ന മരണം പുണ്യപ്രദമാ

ണ്, അത് ഒരു പുഴുവോ, കീടമോ, കടുവയോ ആകട്ടെ. അവരുടെ പാപങ്ങളെല്ലാം നശിപ്പിക്കപ്പെടുന്നു.

144. "ഈ കടുവ പൂർവ്വജന്മങ്ങളിൽ നമ്മുടെ കടക്കാരനായിരുന്നിരിക്കും, അത് അവൻ മടക്കിത്തരികയും കടത്തിൽ നിന്ന് മുക്തനാകുകയും ചെയ്തിരിക്കുന്നു. അവൻ സായിയുടെ പാദങ്ങളിൽ മരണമടഞ്ഞിരിക്കുന്നു. വിധിയുടെ ലീലകൾ ആശ്ചര്യകരമാണ്!"

145. ഒരു ദിവ്യന്റെ പാദങ്ങളിൽ ശിരസ്സ് അർപ്പിക്കവേ മരണമടയുന്നവന് മോക്ഷം ലഭിക്കുകയും, ഒരു ജന്മകാലത്തിലെ സകല നന്മകളും നേടുകയും ചെയ്യുന്നു.

146. ഒരുവൻ ഭാഗ്യവാനല്ലെങ്കിൽ, അവന് ഒരു ദിവ്യന്റെ സവിധത്തിൽ വച്ച് വെറുതെ ദേഹത്യാഗം നേടാൻ കഴിയുമോ? അവന് മോക്ഷം ലഭിക്കും.

147. ഒരു ദിവ്യന്റെ സാന്നിദ്ധ്യത്തിൽ ദേഹത്യാഗം ചെയ്യുന്നത് അത്യധികമായ ആനന്ദമാണ്. വിഷം പോലും അമൃതായിരിക്കും. മരണം ഒരു ആനന്ദമായിരിക്കും, ഒരു ദുഃഖമല്ല.

148. ഒരു ദിവ്യന്റെ സവിധത്തിലും അദ്ദേഹത്തിന്റെ പാദങ്ങളിലും വച്ച് മരണമടയുന്നവൻ അനുഗൃഹീതനാണ്, അവൻ പുനർജ്ജന്മമില്ലാതെ ഈശ്വരനിൽ ലയിക്കുന്നു.

149. ദിവ്യന്മാരുടെ സാന്നിദ്ധ്യത്തിൽ മരിക്കുന്നത് മരണമല്ല, മറിച്ച് സ്വർഗ്ഗീയാനന്ദമാണ്. അവൻ നശ്വരമായ ലോകത്തെ അതിജീവിക്കുകയും പുനർജ്ജന്മത്തെക്കുറിച്ച് യാതൊരു ഉത്കണ്ഠയും ഇല്ലാതെയാകുകയും ചെയ്യുന്നു.

150. ദിവ്യന്മാരുടെ സാന്നിദ്ധ്യത്തിൽ വച്ച് ദേഹം വെടിയുന്നവർ ഈ ലോകത്തേയ്ക്ക് തിരിച്ചെത്തുന്നില്ല. അതിലൂടെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടുകയും അവന് മുക്തി നൽകപ്പെടുകയും ചെയ്യുന്നു.

151. ഒരു ദിവ്യനെ, ശിരസ്സ് മുതൽ കാൽനഖങ്ങൾ വരെ കണ്ടുകൊണ്ട് ഒരുവൻ മരണമടയുകയാണെങ്കിൽ അതിനെ മരണം എന്ന് പറയാൻ കഴിയുമോ? അത് യഥാർത്ഥമായ ആത്മസാക്ഷാത്കാരമാണ്.

152. പൂർവ്വജന്മകർമ്മങ്ങൾ പരിഗണിക്കുകയാണെങ്കിൽ ഈ കടുവ ഒരു ധാർമ്മികവ്യക്തിയായിരുന്നിരിക്കണം; പക്ഷേ, അവന്റെ പാണ്ഡിത്യഗർവ്വ് പ്രകടിപ്പിക്കവേ ശ്രേഷ്ഠനായ ഏതോ ഒരു ഈശ്വരഭക്തനെ നിന്ദിച്ചിട്ടുണ്ടാകും.

153. അയാളുടെ (ഭക്തന്റെ) ശാപത്തിന്റെ ഫലമായി അവൻ ക്രൂരരൂപത്തിൽ ജന്മമെടുത്തു. പക്ഷേ, ശാപത്തിന്റെ ഫലം ശമിച്ചപ്പോൾ അവൻ സായിയുടെ പാദങ്ങളിലെത്തി. ശ്രേഷ്ഠഭക്തന്മാരുടെ മാർഗ്ഗങ്ങൾ വിചിത്രമാണ്!

154. ശാപത്തിന്റെ ഫലം ഇല്ലാതെയായി എന്നു തോന്നുന്നു. സായിയുടെ ദർശനത്താൽ അവന്റെ പാപങ്ങൾ ഇല്ലാതെയായി. അവന്റെ ബന്ധനങ്ങൾ അഴിഞ്ഞു; അവന്റെ ഉപാസന പൂർണ്ണമായി, അവൻ അനായാസം മുക്തി നേടി.

155. ഒരുവന് ശ്രേഷ്ഠമായ അനുഗ്രങ്ങൾ (നല്ല ഭാഗ്യം) സിദ്ധിച്ചില്ലെങ്കിൽ, എങ്ങനെയാണ് അവന് ഒരു ദിവ്യന്റെ സന്നിധിയിൽ മരിക്കാൻ കഴിയുന്നത്? ത്രിദോ

ഷങ്ങളും നിങ്ങളുടെ പ്രവൃത്തികൾ, ഉദ്ദേശ്യങ്ങൾ, ത്രിഗുണങ്ങൾ എന്നീ ത്രയങ്ങളും നശിപ്പിക്കപ്പെടുന്നു. അവൻ നിരാകാരനായി മാറുന്നു.

156. അത്തരത്തിൽ, പൂർവ്വജന്മങ്ങളിലെ പുണ്യങ്ങൾ കൊണ്ട്, അവൻ ഈ ക്രൂര ശരീരത്തിന്റെയും ഇരുമ്പ് ചങ്ങലയുടെയും ബന്ധനത്തിൽ നിന്ന് മോചിതനായി. ഇത് ഈശ്വരനിശ്ചയമാകാനേ തരമുള്ളൂ.

157. ദിവ്യന്മാരുടെയും സിദ്ധൻമാരുടെയും പാദങ്ങളിലല്ലെങ്കിൽ, എവിടെയാണ് മുക്തി ലഭിക്കുക? ഈ കടുവ അത് നേടിയപ്പോൾ ദേർവിഷകൾ സംതൃപ്തരായി.

158. കടുവ അവരുടെ ഉപജീവനമാർഗ്ഗവും കുടുംബത്തെ പോറ്റാനുള്ള ഉപാധിയുമായിരുന്നു. അതിനാൽ ഈ കടുവ മരിച്ചപ്പോൾ ദേർവിഷകൾക്ക് ദുഃഖവുമുണ്ടായി.

159. ദേർവിഷകൾ മഹാരാജിനോട് ചോദിച്ചു: "ഞങ്ങൾ എന്താണ് ഇപ്പോൾ ചെയ്യേണ്ടത്? എങ്ങനെയാണ് ഞങ്ങൾ അവനെ സംസ്കരിക്കുക? അങ്ങയുടെ സ്വന്തം കൈകൾ കൊണ്ട് അവന് മുക്തി നൽകുക."

160. മഹാരാജ് പറഞ്ഞു: "ദുഃഖിക്കാതിരിക്കൂ. അവൻ ഇവിടെ മരിക്കാൻ വിധിക്കപ്പെട്ടിരുന്നു. അവൻ വളരെ പുണ്യവാനായിരുന്നു, ഇപ്പോൾ വളരെ ആനന്ദം നേടി.

161. "ആ താക്കിയയ്ക്ക് അപ്പുറം, ശിവക്ഷേത്രമുണ്ട്, അവനെ അവിടെ കൊണ്ടുപോയി നന്ദിയുടെ സമീപത്ത് സംസ്കരിക്കുക.

162. "നിങ്ങൾ അവനെ സംസ്കരിക്കുകയാണെങ്കിൽ അവന് സദ്ഗതി ലഭിക്കും. അവൻ നിങ്ങളുടെ കടത്തിൽ നിന്നും മമതയിൽ നിന്നും നിങ്ങളുടെ കൈകൾ കൊണ്ട് തന്നെ സ്വതന്ത്രനാകും.

163. "പൂർവ്വജന്മത്തിൽ നിങ്ങൾക്ക് കടപ്പെട്ടിരുന്നതിനാൽ, നിങ്ങളുടെ കടം വീട്ടുന്നതിന് വേണ്ടി അവൻ ഈ ജന്മമെടുത്തു. അതിനാൽ ഈ ദിവസം വരെ അവൻ നിങ്ങളുടെ തടവുകാരനായി ജീവിച്ചു."

164. പിന്നീട് ആ ദേർവിഷകൾ അവനെ ഉയർത്തിയെടുത്ത് കൊണ്ട് ക്ഷേത്രത്തിന്റെ നേർക്ക് നടന്നു. നന്ദിയ്ക്ക് പുറകിലായി അവർ അവനെ സംസ്കരിച്ചു.

165. എന്ത് അദ്ഭുതമാണ് സംഭവിച്ചത്! എങ്ങനെയാണ് ആ കടുവ പെട്ടെന്ന് മരണമടഞ്ഞത്? ഇത്രമാത്രമാണ് സംഭവിച്ചതെങ്കിൽ ആളുകൾ അത് മറന്നുപോകുമായിരുന്നു.

166. പക്ഷേ ഇതിന് ഏഴ് ദിവസങ്ങൾ മാത്രം കഴിയവേ, ബാബ തന്റെ ഭൗതികശരീരം വെടിഞ്ഞു. അത് കാരണം ഈ സംഭവത്തിന്റെ ഓർമ്മ പലപ്പോഴും ഉയർന്ന് വരാറുണ്ട്.

167. അടുത്ത അധ്യായം ഇതിനേക്കാളും മനോഹരമാണ്. ഗോഖലെബായിയുടെ ആഗ്രഹങ്ങൾ സഫലമാക്കാനായി ബാബ സ്വയം അദ്ദേഹത്തിന്റെ ഗുരുവിന്റെ അസാധാരണത്വത്തെക്കുറിച്ച് പറയുകയും അവൾക്ക് അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നു.

168. ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു. ബാബയുടെ ഗുരു അദ്ദേഹത്തെ ഒരു കിണറിനുള്ളിലേയ്ക്ക് തലകീഴായി തൂക്കിയിട്ടതും, ബാബ ഗുരുവിന്റെ അനുഗ്രഹം നേടിയത് എങ്ങനെയെന്നും ശ്രദ്ധിക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ മുപ്പത്തിഒന്നാം അധ്യായം "ദർശനത്തിന്റെ മഹാത്മ്യം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരുസായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

# 32

## ഗുരുവിന്റെ മഹത്വത്തെക്കുറിച്ചുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ, എങ്ങനെയാണ് വിജയാനന്ദ് മുക്തി നേടിയതെന്നും, എങ്ങനെയാണ് ബാലക്റാമും ആനന്ദത്തോടെ സായി പാദങ്ങളിൽ ലയിച്ചതെന്നും വിവരിച്ചു.
2. അതേപോലെ താത്ത്യസാഹേബ് നൂൽകാറും, ശ്രേഷ്ഠ ഭക്തനായ മേഘയും സായിയുടെ സാന്നിദ്ധ്യത്തിൽ ദേഹം വെടിഞ്ഞു.
3. ഇവയേക്കാളൊക്കെ ശ്രേഷ്ഠതയാർന്നതായിരുന്നു കടുവയെപ്പോലുള്ള ഒരു ക്രൂരമൃഗത്തിന്റെ മരണത്തിലുള്ള ആശ്ചര്യം. അതും ശ്രോതാക്കൾ വിശദമായി കേട്ടു.
4. ഇപ്പോൾ ഈ അധ്യായത്തിൽ, ബാബ സ്വയം പറഞ്ഞ മനോഹരമായ ഒരു കഥ ഞാൻ വിവരിക്കുന്നതാണ്. ശ്രോതാക്കൾ അത് വളരെ പ്രയോജനകരമാണെന്ന് ഗ്രഹിക്കും.
5. ഒരിക്കൽ ബാബ ഒരു വനത്തിലായിരിക്കവേ, അദ്ദേഹത്തിന് തന്റെ ഗുരുവിന്റെ ദർശനം പെട്ടെന്ന് ലഭിച്ചു. ഗുരുവിന്റെ വിചിത്രമായ പെരുമാറ്റത്തെക്കുറിച്ച് തികഞ്ഞ ശ്രദ്ധയോടെ കേൾക്കുക.
6. തുച്ഛമനുഷ്യനായ എനിക്ക് എങ്ങനെയാണ് ആ കഥയുടെ ആശ്ചര്യം വിവരിക്കാൻ കഴിയുന്നത്? അത്, സായി സ്വയം പറഞ്ഞത് പോലെ, ഭക്തിയും വിശ്വാസവും മുക്തിയും നൽകും.
7. കൂടാതെ, ബാബയുടെ ദർശനത്തിനും മൂന്ന് ദിവസങ്ങൾ വെള്ളം പോലും കുടിക്കാതെ ഉപവാസത്തോടെ അവിടെ (ഷിർദിയിൽ) താമസിക്കാനും ആഗ്രഹിച്ച് ഒരു സ്ത്രീ എത്തിയത് എങ്ങനെ എന്നും,
8. എങ്ങനെയാണ് അവളുടെ തീരുമാനം മാറ്റാനായി ഒരു സാഹചര്യം സൃഷ്ടിക്കപ്പെട്ടതെന്നും, എങ്ങനെയാണ് അവളെക്കൊണ്ട് രുചികരമായ സ്വർണ്ണവർണ്ണത്തിലുള്ള പൂരൻപോളികൾ പാകം ചെയ്യിച്ചതെന്നും വിവരിക്കുന്നതാണ്.
9. അദ്ദേഹം അവളെക്കൊണ്ട് പോളികൾ ഉണ്ടാക്കിക്കുക മാത്രമല്ല, മറ്റുള്ളവർക്ക്

കഴിക്കാനായി നൽകിക്കുകയും, അവൾക്ക് സ്വയം തൃപ്തിയാവോളം കഴിപ്പിക്കുകയും ചെയ്തുകൊണ്ട്, ഒരുവന്റെ ശരീരം മറ്റുള്ളവരുടെ സേവനത്തിനായി ഉപയോഗിക്കപ്പെടേണ്ടതിന്റെ ശ്രേഷ്ഠത അവളെ ഗ്രഹിപ്പിക്കുകയും ചെയ്തു.

10. മറ്റുള്ളവർക്ക് സേവനം നൽകുന്നതിലൂടെ ലഭിക്കുന്ന പുണ്യം ഉപവാസമനുഷ്ഠിക്കുന്നതിലൂടെ ലഭിക്കുന്ന പുണ്യത്തേക്കാൾ ശ്രേഷ്ഠമാണെന്ന വസ്തുത, അവൾ അവളുടെ ജീവിതകാലം മുഴുവൻ ഓർക്കുന്ന തരത്തിൽ ബാബ അവളെ ധരിപ്പിച്ചു.

11. കൂടാതെ, ജീവിതത്തിലെ പരമമായ ലക്ഷ്യം നേടണമെന്ന് ആഗ്രഹിക്കുന്നവൻ എത്ര നന്നായി അധ്യയനം നടത്തണമെന്നും, ലക്ഷ്യം നേടിയെടുക്കാനായി എങ്ങനെ കഠിനവും നിരന്തരവുമായ പരിശ്രമങ്ങൾ നടത്തണമെന്നും ധരിപ്പിച്ചു.

12. ഈ യാഥാർത്ഥ്യം ഉറപ്പാക്കുന്ന, അമൃതിനേക്കാൾ മധുരതരമായ കഥകൾ ശ്രോതാക്കൾക്കിടയിൽ ഭക്തി ഉണർത്തുകയും അവരുടെ ദുഃഖങ്ങൾ അകറ്റുകയും ചെയ്യും.

13. ഇപ്പോൾ, ഇവിടം മുതൽ, ശ്രോതാക്കളെ സംതൃപ്തരാക്കുന്നതും, വിവരണം നടത്തുന്ന ആളിനെയും ശ്രോതാക്കളെയും ഒരു പൊതുവായ പരമാനന്ദത്തിന്റെ ബന്ധത്തിൽ ഉറപ്പിച്ചുനിർത്തുന്നതുമായ മധുരകഥകൾ തുടങ്ങുന്നതാണ്.

14. ആശ്ചര്യകരവും സ്നേഹനിർഭരവുമായ ഈ കഥകൾ, ഒരു മൂഢനും തുച്ഛമനുഷ്യനുമായ എന്നിലൂടെ സായി എഴുതിക്കും. ഞാൻ അത് എഴുതവേ, ഓരോ ചുവടിലും അവയുടെ അദ്ഭുതം ഞാൻ അനുഭവിക്കുന്നു.

15. ഗംഗാദർശനത്തിലൂടെ പാപങ്ങളും ചന്ദ്രദർശനത്താൽ ലൗകിക ദുഃഖങ്ങളും ഇല്ലാതാകുന്നത് പോലെ സായിയുടെ വാക്കുകൾ സകല പാപങ്ങളും ദുഃഖങ്ങളും ഇല്ലാതാക്കാൻ പര്യാപ്തമാണ്.

16. ഇപ്പോൾ, മഹാരാജ് സായി അദ്ദേഹത്തിന്റെ സ്വന്തം ഗുരുവിന്റെ ദർശനത്തെക്കുറിച്ച് പറഞ്ഞ വാക്കുകൾ കേൾക്കാൻ ശ്രോതാക്കളെല്ലാം ആദരപൂർവ്വം ശ്രദ്ധാലുക്കളായി വർത്തിക്കുക.

17. വേദങ്ങൾ, ശ്രുതികൾ, ശാസ്ത്രങ്ങൾ, അത്പോലുള്ള മറ്റ് ഗ്രന്ഥങ്ങൾ എന്നിവയെല്ലാം പഠിച്ചാലും ഗുരുവിന്റെ കൃപയില്ലാതെ അറിവ് നേടാൻ കഴിയില്ല. അത് വെറുമൊരു ശാരീരികവും മാനസികവുമായ അധ്വാനം മാത്രമായിരിക്കും.

18. മുമ്പ് ദൃഷ്ടിഗോചരമല്ലാതിരുന്നതും പിന്നീട് അനുഭവവേദ്യമാകുകയും ചെയ്ത, അതിബൃഹത്തായ ഈ ലൗകികജീവിതവൃക്ഷം ജനനമരണങ്ങൾ മൂലം ദുരിതപൂർണ്ണമാണ്. അത് അയഥാർത്ഥവും നശ്വരവുമാണ്.

19. ഈ ലൗകികജീവിതത്തെ ഒരു വൃക്ഷമെന്ന് വിളിക്കപ്പെടുന്നത് എന്തുകൊണ്ടെന്നാൽ ഒരു വൃക്ഷത്തെപ്പോലെ അതിനെ കഷണങ്ങളായി മുറിക്കാൻ

കഴിയുന്നതും അതിനാൽ നശിക്കപ്പെടുന്നതുമായത് കൊണ്ടാണ്. ഒരു സമയഘട്ടത്തിൽ അത് നിശ്ചലമായിരുന്നതിനാൽ, ആദ്യം അനുഭവവേദ്യമായില്ല, അതുകൊണ്ട് അത് ഒരു വൃക്ഷത്തോട് ഉപമിക്കപ്പെട്ടിരിക്കുന്നു.

20. കാണപ്പെടുന്നതും എന്നാൽ പ്രകൃതം മനസ്സിലാക്കാൻ കഴിയാത്തതുമായ ലൗകിക ജീവിതവൃക്ഷം ഇതാണ്. അതിന് അനന്തവും വിസ്തൃതവുമായ ശാഖകളും മുകളിൽ വേരുകളുമുണ്ട്. ഈ വൃക്ഷത്തിന്റെ അല്പം മാത്രമേ, ഒരു മനുഷ്യന്റെ ആലോചനാപരിധിയിൽ എത്തുകയുള്ളൂ.

21. കൂടുതൽ ശാഖകൾ മുളയ്ക്കുന്നതിനാൽ, നിമിഷം തോറും അത് പടർന്ന് പന്തലിക്കുന്നു. ചിലപ്പോൾ ദൂരെ നിന്നും അവ മനോഹരമായി കാണപ്പെടും, പക്ഷേ ആശ്ലേഷിക്കുകയാണെങ്കിൽ നിറയെ മുള്ളുകൾ നിറഞ്ഞതാണെന്ന് ഒരുവൻ അറിയുന്നു.

22. ഒരു വാഴവൃക്ഷത്തിന്റെ തടി പോലെ ഇതും കാതലില്ലാത്തതാണ് (സാരാംശമില്ലാത്തത്). ഒരു മരീചിക പോലെയോ ഒരു ഗന്ധർവ്വനഗരം പോലെയോ ഈ വൃക്ഷം വളരെ ആകർഷകമായി കാണപ്പെടുന്നു, അതിന് ചുറ്റും വെള്ളത്തിന് വേണ്ടി പറ്റിപ്പിടിച്ചിരിക്കുന്ന വേരുകളുണ്ട്, ആ വെള്ളം ആസക്തികളാണ്.

23. ഈ വൃക്ഷം, പ്രകൃതത്തിൽ അയഥാർത്ഥമാണെങ്കിലും, അജ്ഞത കാരണമായുള്ള പ്രവൃത്തികളിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നുമാണ് ഉടലെടുക്കുന്നത്; ഓരോ നിമിഷവും മാറ്റം സംഭവിക്കുന്ന അതിന്റെ തനതായ ഒരു സ്വഭാവവും അതിനുണ്ട്.

24. ഈ വൃക്ഷത്തിന്റെ പ്രകൃതം ദുരന്തമാണ്; അതിന്റെ പ്രഭവസ്ഥാനം അജ്ഞതയാണ്. ഈ വൃക്ഷത്തിന് ചുറ്റുമായി ആഗ്രഹങ്ങളുടെയും വിഷയേച്ഛകളുടെയും ഒരു ജലശേഖരമുണ്ട്.

25. ഈ വൃക്ഷത്തിന്റെ ശാഖകൾ വസ്തുവകകളിലും ബന്ധുക്കളിലും വ്യാപിച്ചു കിടക്കുന്നു - അതായത് ധനം, ആഹാരം, പുത്രൻ, ഭാര്യ എന്നിങ്ങനെ. ദേഹബുദ്ധിയാണ് ഈ വൃക്ഷത്തിന്റെ താങ്ങ്. വാസ്തവത്തിൽ ഈ ചിന്തയാണ് എല്ലായ്പ്പോഴും ഈ വൃക്ഷത്തിന്റെ വേര്.

26. യഥാർത്ഥത്തിൽ ഈ വൃക്ഷത്തിന്റെ തായ്ത്തടി എന്നത് ലിംഗഭേദമുള്ള എണ്ണമറ്റ മനുഷ്യജീവികളാണ്. അനേകം ശാഖകളായി പൊട്ടി വിടരുന്നത് പ്രവൃത്തികളും മനസ്സിലെ ആഗ്രഹങ്ങളുമാണ്. അത് മൂലം ഈ വൃക്ഷം തുടർച്ചയായി വളരുന്നു.

27. ഈ വൃക്ഷത്തിൽ നിറഞ്ഞിരിക്കുന്ന ഇലകൾ ശ്രുതികൾ മുതലായവയാണ്. പ്രാഥമിക വികാരങ്ങളാകുന്ന അങ്കുരങ്ങൾ കൊണ്ട് അത് തുടിച്ചു നിൽക്കുന്നു. പിന്നീട് അതിൽ പ്രവൃത്തികളാകുന്ന പുഷ്പങ്ങൾ - ആചാരവിധികൾ, ദാനം തുടങ്ങിയവയുൾപ്പെടെ - നിറഞ്ഞ് ശോഭായമാനമാകുന്നു. അതിൽ ദ്വന്ദ്വഭാവങ്ങളാകുന്ന സത്ത് നിറഞ്ഞിരിക്കുന്നു.

28. ഈ വൃക്ഷത്തിന്റെ ഫലങ്ങൾക്ക് അവസാനമില്ല. വാസ്തവത്തിൽ സകല ജീവികളും, 'ഭുർ, ഭുവ' തുടങ്ങിയ ലോകങ്ങളും അവരുടെ നിലനില്പിന് വേണ്ടി ഇതിനെ ആശ്രയിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർക്ക് ഈ വൃക്ഷത്തിൽ നിന്നും വേറിട്ട് ജീവിക്കാൻ കഴിയില്ല.

29. ഇത്, സദാ വിഷണ്ണമുഖത്തോട് കൂടിയ പ്രാചീന അശ്വത്ഥ വൃക്ഷത്തെപ്പോലെയാണ്. ചില സമയത്ത് അത് നൃത്തം ചെയ്യുന്നു, ചിലപ്പോൾ ഗാനങ്ങൾ ആലപിക്കുന്നു, മറ്റ് ചിലപ്പോൾ വാദ്യോപകരണങ്ങൾ മുഴക്കുന്നു. ചിലപ്പോൾ അതിൽ നിറയെ കളിയും ചിരിയുമായിരിക്കും, ചിലപ്പോൾ അത് വിങ്ങിക്കരയുന്നു.

30. ഈ വൃക്ഷത്തിന്റെ ഉത്ഭവം യഥാർത്ഥത്തിൽ ബ്രഹ്മനിൽ നിന്നാകുന്നു. ഇതിനെ വൈരാഗ്യമാകുന്ന വാൾ കൊണ്ട് മുറിച്ചിടാൻ കഴിയും. ഈ വൃക്ഷത്തിന് താങ്ങായുള്ള ശുദ്ധവേരുകൾ ഉണ്ട്. അത് പ്രകാശ സ്വരൂപമാണെന്ന് മനസ്സിലാക്കുക.

31. ആ ബ്രഹ്മൻ യഥാർത്ഥമായതും എല്ലാറ്റിന്റെയും ആശ്രയവുമാണ്. ഈ ലോകം ഒരു സ്വപ്നം പോലെ അയഥാർത്ഥ പ്രകൃതമുള്ളതാണ്. തീർച്ചയായും ഈ വൃക്ഷത്തിന് ഒരു തുടക്കമോ ഒരു അവസാനമോ ഇല്ല. അപ്പോൾ മധ്യത്തിൽ മാത്രമായി, എങ്ങനെ അതിന് നിലനില്ക്കാൻ കഴിയും?

32. ഈ ഉദ്ദേശ്യത്തിന് വേണ്ടിയാണ്, നിസ്സംഗരായവർ പ്രയത്നിക്കുന്നത്. ദിവ്യന്മാർ എല്ലായ്പ്പോഴും അതിൽ താല്പര്യം ഉറപ്പിച്ചു. ഇതാണ് മോക്ഷം തേടുന്നവരുടെ ലക്ഷ്യവും, സകല ആത്മീയാന്വേഷികളുടെയും ഏറ്റവും വലിയ ആഗ്രഹവും.

33. നിങ്ങൾക്ക് ഇഷ്ടമുള്ള സ്ഥലത്ത് വസിക്കാൻ ശ്രമിക്കുക. ദിവ്യന്മാരുടെ പാദങ്ങളിൽ അഭയം തേടാനായി പരിശ്രമിക്കുക. അവർ പറയുന്നതൊക്കെ ശ്രദ്ധാപൂർവ്വം കേൾക്കുകയും സംശയങ്ങളെ അവയുടെ ആരംഭത്തിൽ തന്നെ ഇല്ലാതാക്കുകയും ചെയ്യുക.

34. മനസ്സിനെ തീർത്തും നിയന്ത്രിച്ച് കൊണ്ട് ബുദ്ധിയെ വേരോടെ പിഴുത് മാറ്റുക. പൂർണ്ണമായും വിരക്തനാകാൻ ശ്രമിച്ച് കൊണ്ട്, ഗുരുവിന്റെ പാദങ്ങളിൽ ഉറ്റുനോക്കിക്കൊണ്ട് നിരന്തരം വർത്തിക്കുക.

35. സകല അബദ്ധവിശ്വാസങ്ങളും പൂർണ്ണമായും ഇല്ലാതാക്കുക, അല്ലെങ്കിൽ അവ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കും. അഹംഭാവം മുഴുവൻ കാൽച്ചുവട്ടിലാക്കി ചവിട്ടി മെതിക്കുക. എന്നാൽ മാത്രമേ നിങ്ങൾക്ക് മറുകരയിൽ എത്താൻ കഴിയൂ.

36. ഈ വസ്തുതയെ സ്പഷ്ടമാക്കുന്നതും ബാബ സ്വയം വിവരിച്ചതുമായ ഒരു കഥ ശ്രവിക്കുക. ഗുരുവിന്റെ വാക്കുകളാകുന്ന അമൃത് ആസ്വദിക്കുമ്പോൾ നിങ്ങൾക്ക് വളരെ സന്തോഷം ലഭിക്കും.

37. "ഒരിക്കൽ ഞങ്ങൾ നാലുപേർ, ശാസ്ത്രങ്ങളും പുരാണങ്ങളും അധ്യയനം നടത്തിയതിനാൽ വളരെ പാണ്ഡിത്യമുള്ളവരാണെന്ന് വിശ്വസിച്ച് കൊണ്ട്

ബ്രഹ്മനെ വിവരിക്കാൻ തുടങ്ങി.

38. ഞങ്ങളുടെ സംഘത്തിലെ ഒരാൾ 'സ്വപ്രയത്നത്തിലൂടെ പരമഗതി' എന്നുള്ള ഗീതയിലെ വാക്കുകൾ ഉദ്ധരിക്കുകയും ഒരുവന്റെ പരമഗതി നേടുന്നതിന് വേണ്ടി മറ്റാരെയെങ്കിലും ആശ്രയിക്കുന്നതിനെ നിന്ദിക്കുകയും ചെയ്തു.

39. ഇതിന് മറുപടിയായി രണ്ടാമത്തെയാൾ പറഞ്ഞു, മനസ്സിനെ നിയന്ത്രിക്കുന്നവൻ അനുഗൃഹീതനാണ്; നമ്മൾ ചിന്തകളിൽ നിന്നും അഭിപ്രായങ്ങളിൽ നിന്നും മുക്തരാകണം, നമ്മുടെ സ്വന്തം ആത്മാവല്ലാതെ മറ്റൊന്നും ഈ ലോകത്തില്ല.

40. മൂന്നാമത്തെയാൾ പറഞ്ഞു, ലോകം എല്ലായ്പ്പോഴും മാറിക്കൊണ്ടിരിക്കുന്നതാണെന്ന്. നിരാകാരം മാത്രമാണ് ശാശ്വതമായിട്ടുള്ളത്. അതിനാൽ നമ്മൾ, യഥാർത്ഥവും അയഥാർത്ഥവും തമ്മിൽ – അതായത് അനശ്വരവും നശ്വരവും തമ്മിൽ തിരിച്ചറിയണം.

41. നാലാമത്തെയാൾ, ഗ്രന്ഥങ്ങളിൽ നിന്നും നേടുന്ന അറിവിനെ ആശ്രയിക്കുന്നത് അംഗീകരിച്ചില്ല. ശാസിക്കപ്പെട്ടിട്ടുള്ള ധാർമ്മിക കർമ്മങ്ങൾ അനുഷ്ഠിക്കണമെന്നും, നമ്മൾ നമ്മുടെ ശരീരം, മനസ്സ്, പഞ്ചപ്രാണനുകൾ എന്നിവ ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

42. ഗുരു ഈശ്വരനാണ്, സർവ്വവ്യാപിയാണ്. ഈ ധാരണ ജനിക്കാൻ ശക്തവും നിസ്സീമവുമായ വിശ്വാസം ആവശ്യമാണ്.

43. ശാസ്ത്രങ്ങൾ പഠിച്ചവർ, പണ്ഡിതന്മാർ, സദാ വാദപ്രതിവാദങ്ങൾക്കും തർക്കങ്ങൾക്കും മുതിരുന്നവർ, അനാവശ്യമായ സംശയങ്ങളും വിമർശനങ്ങളും ഉയർത്തുന്നവർ എന്നിവർക്കൊക്കെ അവരുടെ സ്വപ്നങ്ങളിൽ പോലും പൂർണ്ണമായ ജ്ഞാനം നേടാൻ കഴിയില്ല. നിറഞ്ഞ ഭക്തിയും വിശ്വാസവുമാണ് ഒരുവന് ആവശ്യം.

44. അങ്ങനെ, ഒരുവന്റെ ധിഷണയിലൂടെയും ഉത്കണ്ഠാരഹിതമായ ഒരു മനസ്സിലൂടെയും സ്വതന്ത്രമായി അനുഭവവേദ്യമാക്കാൻ കഴിയുന്ന ബ്രഹ്മനെത്തേടി ഞങ്ങൾ ജ്ഞാനികളായ നാലുപേർ യാത്ര തിരിച്ചു.

45. സംഘത്തിലെ മൂന്നുപേർക്ക് ഈ ഉദ്ദേശ്യമാണുണ്ടായിരുന്നത്. ഞങ്ങളുടെ ഭാവനയ്ക്കനുസരിച്ച് വനത്തിൽ അലഞ്ഞു നടക്കവേ, വഴിയിൽ ഞങ്ങൾ ഒരു വാൻജാരി'യെ കണ്ടുമുട്ടി, അയാൾ ഞങ്ങളോട് ചോദിച്ചു,

46. 'പൊള്ളുന്ന ചൂടാണ്. നിങ്ങൾ എവിടേയ്ക്ക്, എന്തിനാണ് പോകുന്നത്?' ഞങ്ങൾ വനത്തിൽ തിരയുകയാണെന്ന് അയാളോട് പറഞ്ഞു.

47. വാൻജാരി അപ്പോൾ ഞങ്ങളുടെ അന്വേഷണത്തിന്റെ സ്വഭാവത്തെപ്പറ്റി ചോദിക്കുകയും ഞങ്ങൾ അയാളോട് അവ്യക്തമായും, ഒഴിഞ്ഞുമാറിയും മറുപടി പറയുകയും ചെയ്തു.

48. ഞങ്ങൾ ലക്ഷ്യമില്ലാതെ അലയുന്നത് കണ്ട് അയാൾക്ക് ദയ തോന്നുകയും, വനം നിബിഡവും കടന്നുചെല്ലാൻ കഴിയാത്തതാണെന്നും, കാടുകളെക്കുറിച്ച്

പൂർണ്ണമായി അറിയാതെ ഞങ്ങൾ അവിടെയുമിവിടെയും നടക്കരുതെന്ന് പറയുകയും ചെയ്തു.

49. ഞങ്ങൾക്ക് വനത്തിലൂടെ നടക്കണമെന്നുണ്ടെങ്കിൽ ഞങ്ങൾ ഒരു വഴികാട്ടിയെ കൂടെ കൂട്ടണമെന്നും ഉച്ചനേരത്തെ അത്യുഷ്ണത്തിൽ അനാവശ്യമായി ഞങ്ങൾ സ്വയം ക്ലേശിക്കരുതെന്നും പറഞ്ഞു.

50. ഞങ്ങളുടെ രഹസ്യദൗത്യത്തെക്കുറിച്ച് ഞങ്ങൾ അയാളോട് പറയണമെന്നില്ല; പക്ഷേ ഞങ്ങൾക്ക് കുറച്ച് നേരം വിശ്രമിക്കാം, കുറച്ച് ഭക്ഷണം കഴിക്കാം, കുറച്ച് വെള്ളം കുടിച്ച് ക്ഷമയോടെ ഇരിക്കാം.

51. അയാൾ ദയാപൂർണ്ണമായ ഒരു അപേക്ഷ നടത്തിയെങ്കിലും ഞങ്ങൾ അവജ്ഞയോടെ അയാളുടെ അപേക്ഷ തള്ളിക്കളയുകയും വീണ്ടും മുമ്പോട്ട് നീങ്ങുകയും ചെയ്തു; വഴിയിൽ വച്ച് ഞങ്ങൾക്ക് നന്നേ തളർച്ച അനുഭവപ്പെട്ടു.

52. ഞങ്ങളെല്ലാം വളരെ ജ്ഞാനികളാണെന്നും, ഞങ്ങളുടെ സ്വന്തം വഴി കണ്ടെത്താനാകുമെന്നും, ഒരു വഴികാട്ടിയുടെ ആവശ്യമില്ലെന്നുമുള്ള അഹന്താപരമായ മനോഭാവം ഞങ്ങൾക്കുണ്ടായിരുന്നു.

53. പക്ഷേ ആ വനം വളരെ വിസ്തൃതവും, ബൃഹത്തായ വൃക്ഷങ്ങൾ നിറഞ്ഞതുമായിരുന്നു. നിബിഡമായ ഇലപ്പടർപ്പുകളിൽ കൂടി സൂര്യരശ്മികൾക്ക് പോലും കടന്നുവരാൻ സാധിക്കാത്തപ്പോൾ ഞങ്ങൾക്ക് എങ്ങനെ ഞങ്ങളുടെ വഴി കണ്ടെത്താനാകും?

54. ഞങ്ങൾക്ക് വഴി തെറ്റുകയും വ്യർത്ഥമായി അവിടെയുമിവിടെയും അലയുകയും ചെയ്തു. നല്ല ഭാഗ്യം ഒന്നുകൊണ്ടുമാത്രം ആരംഭിച്ച അതേ സ്ഥലത്ത് തന്നെ ഞങ്ങൾ തിരിച്ചെത്തി.

55. ഞങ്ങളെ അതേ പാതയിലൂടെ തിരിച്ചെത്തിച്ചത് വിധിയാണ്.ഞങ്ങൾ മുമ്പത്തെ വാൻജാരിയെ കണ്ടുമുട്ടുകയും ഞങ്ങൾക്ക് വഴി തെറ്റിയതായി തോന്നുന്നുവെന്ന് അയാൾ ഞങ്ങളോട് പറയുകയും ചെയ്തു. 'ചിലപ്പോൾ വെറും ബുദ്ധി മാത്രം മതിയാകില്ല.'

56. 'ചെറുതും വലുതുമായ കാര്യങ്ങളിൽ ശരിയായ മാർഗ്ഗം കാട്ടിത്തരാൻ എല്ലായ്പ്പോഴും ഒരു വഴികാട്ടി ആവശ്യമാണ്. ഒഴിഞ്ഞ വയറുമായി, ഒരു അന്വേഷണവും വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല. ബുദ്ധിയുടെ പിശകുകൾ വിചിത്രമാണ്.

57. ഈശ്വരൻ ഇച്ഛിക്കാതെ ആരും നമ്മുടെ മാർഗ്ഗത്തിലെത്തുകയില്ല. ആഹാരത്തിനുള്ള ക്ഷണം നിരസിക്കുകയോ, ഭക്ഷണപാത്രം തള്ളി നീക്കുകയോ ചെയ്യരുത്.

58. ആരെങ്കിലും നിങ്ങൾക്ക് ഭക്ഷണം തരികയോ, നിങ്ങളെ കഴിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ അത് വളരെ ശുഭസൂചകമാണെന്ന് വിശ്വസിക്കുക. നിങ്ങളുടെ ഉദ്യമത്തിൽ വിജയം കണ്ടെത്താൻ അത് സഹായിക്കും.'

59. അയാൾ വീണ്ടും ആഹാരം വച്ച് നീട്ടുകയും ഞങ്ങളോട് അത് കഴിക്കാനും, ശാന്തതയോടും ക്ഷമയോടും കൂടി വർത്തിക്കാനും പറഞ്ഞു. പക്ഷേ വീണ്ടും ഈ നല്ല നിർദ്ദേശം സ്വീകരിക്കപ്പെടാതിരിക്കുകയും ഞങ്ങൾ പിന്നെയും യാത്രയാകുകയും ചെയ്തു.

60. 'ഞങ്ങളുടെ അന്വേഷണം പൂർത്തിയാക്കാതെ, ഏതൊരു വക ആഹാരവും ഞങ്ങൾ സ്വീകരിക്കില്ല'. അപ്പോൾ, ഞങ്ങളുടെ നിർബന്ധബുദ്ധി കാരണം എന്തെല്ലാം തടസ്സങ്ങളാണ് ഉണ്ടായതെന്ന് നോക്കുക.

61. ഇപ്പോൾ എനിക്ക് വിശപ്പ് അനുഭവപ്പെടുകയും എന്റെ കണ്ഠം ദാഹം മൂലം വരളുകയും ചെയ്തു. വാൻജാരിയുടെ സ്നേഹം അസാധാരണമായിരുന്നു, ഞാൻ അതിന്റെ വൈശിഷ്ട്യം ആസ്വദിച്ചു.

62. ഞങ്ങൾ വിദ്യാഭ്യാസം ചെയ്തവരും ജ്ഞാനികളുമായിരുന്നു, പക്ഷേ ദയയും കാരുണ്യവും അറിയില്ലായിരുന്നു. ധനികനായ ഒരു മനുഷ്യൻ, അവന്റെ വലത് കരത്തിൽ ഭക്ഷണ പദാർത്ഥം പുരണ്ടിരിക്കുമ്പോൾ, കാക്കയെപ്പോലും ഓടിച്ചു വിടുകയില്ല, അങ്ങനെയാണെങ്കിൽ ഭക്ഷണത്തിന്റെ തരികൾ തെറിച്ചു പോകുകയും അത്രത്തോളം നഷ്ടമുണ്ടാകുകയും ചെയ്യും.

63. എന്നാൽ, നിരക്ഷരനും അയോഗ്യനും താഴ്ന്ന ജാതിക്കാരനുമായ ഈ വാൻജാരിയ്ക്ക് സ്നേഹം നിറഞ്ഞ ഒരു ഹൃദയമുണ്ടായിരുന്നു, 'കുറച്ച് റൊട്ടിയും പച്ചക്കറികളും കഴിക്കൂ' എന്ന് പറഞ്ഞുകൊണ്ട് അവന്റെ ഭക്ഷണത്തിന്റെ ഒരു ഭാഗം ഞങ്ങൾക്ക് നൽകാൻ അവൻ തയ്യാറാകുകയും ചെയ്തു.

64. മറ്റുള്ളവരെ നിസ്വാർത്ഥമായി സ്നേഹിക്കുന്നവർ യഥാർത്ഥത്തിൽ ജ്ഞാനികളാണ്. അവന്റെ ആതിഥ്യം സ്വീകരിക്കുന്നതാണ് അറിവ് നേടുന്നതിനുള്ള ഏറ്റവും നല്ല തുടക്കമെന്ന് ഞാൻ ചിന്തിച്ചു.

65. അതിനാൽ വാൻജാരി നൽകിയ അല്പം ആഹാരം ഞാൻ ആദരവോടെ സ്വീകരിക്കുകയും, വെള്ളം കുടിക്കുകയും ചെയ്തു. അപ്പോൾ എന്ത് അദ്ഭുതമാണ് സംഭവിച്ചതെന്ന് നോക്കുക!

66. വളരെ അപ്രതീക്ഷിതമായി ഗുരുരാജ് പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു: "എന്തായിരുന്നു തർക്കത്തിന്റെ കാരണം?" അപ്പോൾ ഞാൻ സംഭവിച്ചതെല്ലാം തുടക്കം മുതൽ ഒടുക്കം വരെ അദ്ദേഹത്തിനോട് വിശദീകരിച്ചു.

67. "നീ എന്റെയൊപ്പം വരാൻ തയ്യാറാണോ? നിന്റെ അന്വേഷണം പെട്ടെന്ന് പൂർത്തിയാക്കാൻ ഞാൻ നിന്നെ സഹായിക്കാം; പക്ഷേ എന്നെ പൂർണ്ണമായും അനുസരിക്കുന്നവന് മാത്രമേ വിജയിക്കാൻ കഴിയുകയുള്ളൂ".

68. മറ്റുള്ളവർക്ക് ഇത് സ്വീകാര്യമായില്ല. പക്ഷേ ഞാൻ അത് വളരെ ആദരവോടെ സ്വീകരിച്ചു. മറ്റുള്ളവർ യാത്രയാകുകയും അപ്പോൾ ഗുരുരായ എന്നെ അദ്ദേഹത്തോടൊപ്പം കൂട്ടിക്കൊണ്ട് പോകുകയും ചെയ്തു.

69. അദ്ദേഹം എന്നെ ഒരു കിണറിന്റെ സമീപത്തേയ്ക്ക് കൊണ്ടുപോയി. എന്റെ രണ്ട് പാദങ്ങളും ഒരു കയർ കൊണ്ട് കെട്ടിയ ശേഷം എന്നെ കിണറിലെ

വെള്ളത്തിന് മുകളിൽ തലകീഴായി തൂക്കിയിട്ടു.

70. എന്റെ കൈകൾ വെള്ളത്തിൽ സ്പർശിക്കുകയോ, വെള്ളം എന്റെ വായിൽ കടക്കുകയോ ചെയ്യാത്ത തരത്തിലാണ് ഗുരുരായ എന്നെ കിണറിനുള്ളിൽ തൂക്കിയിട്ടത്.[2]

71. കയറിന്റെ മറ്റേ അറ്റം കിണറിന് സമീപം നിന്നിരുന്ന ഒരു വൃക്ഷത്തിൽ ബന്ധിച്ചതിനുശേഷം ഗുരുരായ സ്വസ്ഥമായ മനസ്സോടെ നടന്നുപോയി. എവിടേയ്ക്കാണ് പോയതെന്ന് ആർക്കും അറിയില്ലായിരുന്നു.

72. നാലോ അഞ്ചോ മണിക്കൂറുകൾക്ക് ശേഷം അദ്ദേഹം തിരിച്ചെത്തുകയും, പെട്ടെന്ന് എന്നെ പുറത്തേയ്ക്ക് എടുക്കുകയും ചെയ്തു. എനിക്ക് സുഖമായിരുന്നോ എന്ന് അദ്ദേഹം ചോദിച്ചു.

73. അപ്പോൾ ഞാൻ അദ്ദേഹത്തിനോട് മറുപടി പറഞ്ഞു: ‘‘ഞാൻ പരമാനന്ദാവസ്ഥയിലായിരുന്നു. ഞാൻ അനുഭവിച്ച ആനന്ദത്തെക്കുറിച്ച് വിവരിക്കാൻ എനിക്ക് കഴിവില്ല”.

74. എന്റെ ഈ വാക്കുകൾ കേട്ട് ഗുരുരായൻ സന്തോഷിച്ചു. അദ്ദേഹത്തിന്റെ കരങ്ങൾ കൊണ്ട് എന്റെ ശരീരം തലോടിക്കൊണ്ട് എന്നെ അദ്ദേഹത്തിന്റെ ഒപ്പം താമസിപ്പിച്ചു.

75. ഇത് പറയുമ്പോൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ ആനന്ദം നിറഞ്ഞൊഴുകുന്നു. പിന്നീട് ഗുരു എന്നെ അധ്യയനശാലയിലേയ്ക്ക് എടുത്തു. ഒരു തള്ളപ്പക്ഷി അവളുടെ കുഞ്ഞുങ്ങളെ ചിറകുകൾക്കടിയിൽ വച്ച് സംരക്ഷിക്കുന്നത് പോലെ സ്നേഹത്തോടെ അദ്ദേഹം എന്നെ പോറ്റിയിരുന്നു.

76. ഗുരുവിന്റെ അധ്യയനശാല എത്ര ആശ്ചര്യകരമായിരുന്നു! ഞാൻ എന്റെ മാതാപിതാക്കളുടെ സ്നേഹത്തിൽ നിന്ന് സ്വയം വേർപെടുകയും അതിമോഹത്തിന്റെയും മമതയുടെയും ചങ്ങലകൾ പൊട്ടുകയും ചെയ്തു. എനിക്ക് അനായാസം മുക്തി നേടാൻ കഴിഞ്ഞു.

77. ഒന്നും തന്നെ അസാധ്യമാണെന്ന് തോന്നിയില്ല. എന്റെ ദുശ്ശീലങ്ങൾ ഇല്ലാതെയായി. എന്റെ പൂർവ്വകർമ്മങ്ങൾ മായ്ക്കപ്പെട്ടു. എല്ലായ്പ്പോഴും ഗുരുവിന്റെ കണ്ഠത്തിൽ ചുറ്റിപ്പിടിച്ച് ആ കണ്ണുകളിലേയ്ക്ക് നോക്കിക്കൊണ്ട് കഴിയണമെന്ന് എനിക്ക് തോന്നി.

78. അദ്ദേഹത്തിന്റെ രൂപം കണ്ണുകളിൽ പതിഞ്ഞില്ലെങ്കിൽ അവ വെറും മാംസഗോളങ്ങൾ മാത്രമാണ്! അതിനേക്കാൾ നല്ലത് അന്ധനായി കഴിയുന്നതാണെന്ന് ഞാൻ ചിന്തിച്ചേനെ. അത്തരത്തിലായിരുന്നു ആ അധ്യയനശാല എന്നിൽ ചെലുത്തിയ സ്വാധീനം!

79. ഈ വിദ്യാശാലയുടെയുള്ളിൽ പ്രവേശിച്ച ശേഷം, ഏത് നിർഭാഗ്യവാനായ മനുഷ്യനാണ് അത് ഉപേക്ഷിക്കാൻ തോന്നുക? എന്റെ ഗുരുരായ എനിക്ക് മാതാവും, പിതാവും എന്റെ സ്വത്തുമായിരുന്നു – എന്റെ എല്ലാമായിരുന്നു.

80. അദ്ദേഹത്തിനെ ധ്യാനിക്കുന്നതിന് വേണ്ടി എന്റെ എല്ലാ ഇന്ദ്രിയങ്ങളും

മനസ്സിനോടൊപ്പം ചേർന്ന് എന്റെ കണ്ണുകളിൽ കേന്ദ്രീകരിച്ചു.

81. ഗുരു മാത്രമായിരുന്നു എന്റെ ധ്യാനത്തിന്റെ ഏകലക്ഷ്യം. പ്രപഞ്ചം മുഴുവനും അദ്ദേഹത്തിന്റെ രൂപം പ്രാപിച്ചു. ഞാൻ മറ്റൊന്നിനെക്കുറിച്ചും ബോധവാനായില്ല. ഇതാണ് 'ഏകാഗ്രമായ ഭക്തി' എന്നറിയപ്പെടുന്നത്.

82. ഗുരുവിന്റെ രൂപത്തെ ധ്യാനിക്കവേ മനസ്സും ബുദ്ധിയും നിശ്ചലമായി. അതിനാൽ ഒടുവിൽ നിശ്ശബ്ദമായി അദ്ദേഹത്തിന് പ്രണാമങ്ങൾ അർപ്പിക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ.

83. ഈ അവസ്ഥ നേടാൻ കഴിഞ്ഞില്ലെങ്കിൽ, വിദ്യ നേടാൻ മാത്രമായി ഒരുവന് ഒരു ഗുരുവിനെ തേടാം, പക്ഷേ അയാളുടെ ഉപദേശം ഒരു വലിയ വട്ടപ്പൂജ്യമായിരിക്കും. ഒരുവൻ ദക്ഷിണയായി ഒരു വലിയ തുക നൽകുകയും അന്ത്യത്തിൽ പശ്ചാത്തപിക്കേണ്ടി വരികയും ചെയ്യും.

84. അത്തരത്തിലുള്ള ഒരു ഗുരു അയാളുടെ രഹസ്യജ്ഞാനത്തെക്കുറിച്ച് വെറുതെ പറഞ്ഞ് നടക്കുകയും അയാളുടെ പരിശുദ്ധിയെയും സത്യസന്ധതയെയും കുറിച്ച് നാട്യം നടത്തുകയും ചെയ്യും. ബാല്യം മുതൽ കാപട്യം ശീലിച്ചിട്ടുള്ളയാൾക്ക്, ഒടുവിൽ മറ്റൊരാൾക്ക് എന്താണ് നൽകാൻ കഴിയുക?

85. ദിവ്യത്വത്തിന്റെ വളരെ വലിയ പുറംമോടിയും ആഡംബരവും കാട്ടുമെങ്കിലും യഥാർത്ഥമായ സ്നേഹം കാണില്ല. വാസ്തവികമായ അനുഭവം ലഭിക്കില്ല. അയാളുടെ വിദ്യാലയം പ്രയോജനമില്ലാത്തതാണ്.

86. അറിവിനെക്കുറിച്ചുള്ള ധാരാളിത്തമുണ്ടാകുമെങ്കിലും, ബ്രഹ്മനെക്കുറിച്ചുള്ള അറിവ് ഒരിക്കലും അനുഭവവേദ്യമാകില്ല. ഗുരു സ്വയം അയാളുടെ സ്വന്തം ഗുണഗണങ്ങൾ പാടുന്നതിൽ വ്യാപൃതനായിരിക്കുന്നതിനാൽ, എങ്ങനെയാണ് ശിഷ്യന് സ്വന്തം ക്ഷേമം നേടാൻ കഴിയുക?

87. അയാളുടെ വാക്കുകൾ ഹൃദയത്തെ സ്പർശിക്കാതിരിക്കുകയും ശിഷ്യന്മാരെ ബോധനപ്പെടുത്താൻ കഴിയാത്തതുമായതിനാൽ, ഒരു ഗുരു എന്നുള്ള അയാളുടെ സ്ഥാനത്തിന് എന്ത് വിലയാണുള്ളത്? അയാളുടെ വാക്കുകൾ അർത്ഥമില്ലാത്ത ജൽപ്പനങ്ങളാണ്.

88. അത് എന്തുമാകട്ടെ – ഇവിടെ നിർത്താം! പക്ഷേ എന്റെ കാര്യത്തിലാകട്ടെ, ഞാൻ ഗുരുവിനെ നല്ല രീതിയിൽ സേവിക്കുകയും അദ്ദേഹം എനിക്ക് അറിവിന്റെ ശേഖരം സമ്മാനിക്കുകയും ചെയ്തു. എനിക്ക് മറ്റെന്തെങ്കിലും തിരയേണ്ടി വരികയോ, ഗഹനമായ രഹസ്യങ്ങൾ അന്വേഷിക്കേണ്ടി വരികയോ ഉണ്ടായില്ല.

89. ഗുരുവിന്റെ കൃപയാൽ, പരിശ്രമമോ, പഠനമോ കൂടാതെ ജ്ഞാനസാക്ഷാത്കാരം സ്വയം എന്നിലുണ്ടായി. എനിക്ക് ഒന്നും തേടേണ്ടി വന്നില്ല, പക്ഷേ എല്ലാം പകൽവെളിച്ചം പോലെ എനിക്ക് വ്യക്തമായി.

90. ഗുരുരായ എന്നെ തലകീഴായി തൂക്കിയിട്ടപ്പോൾ, ഞാൻ എന്തുമാത്രം സന്തോഷം അനുഭവിച്ചു എന്നത് ഒരു സമർത്ഥഗുരുരായന് മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

91. ദിവ്യന്മാരുടെ മാർഗ്ഗങ്ങൾ വ്യത്യസ്തമാണ്, അത് അനുഭവത്തിൽ കൂടി മാത്രമേ അറിയാൻ കഴിയൂ. ഇവിടെ വിശ്വാസം മാത്രമാണ് മാനദണ്ഡം, ലക്ഷ്യം നേടാനുള്ള ഒരേ ഒരു മാർഗ്ഗമാകട്ടെ ഗുരുവിന്റെ കൃപയുമാണ്.

92. ഒരു കർമ്മചാരിക്ക് എങ്ങനെയാണ് ചില ആചാരവിധികൾ അനുഷ്ഠിക്കേണ്ടതെന്നും, ഒഴിവാക്കേണ്ടതെന്നും അറിയാം; ഒരു ജ്ഞാനിക്ക് അറിവിന്റെ അഹങ്കാരമുണ്ടാകും; ഒരു യോഗി കപടനാട്യക്കാരനായിരിക്കും. ചുരുക്കത്തിൽ വിശ്വാസമില്ലാതെ ഒന്നും തന്നെ നേടാൻ കഴിയില്ല.

93. അഹങ്കാരവും മിഥ്യാഭിമാനവും കൊണ്ട് അന്ധരാണ് പണ്ഡിതന്മാർ. യഥാർത്ഥ ജ്ഞാനികൾ ഇത്തരക്കാരിൽ നിന്നും ഓടി അകലുന്നു, ഇരുകൂട്ടരും പരസ്പരസമ്പർക്കം ഇഷ്ടപ്പെടുന്നില്ല.

94. ജ്ഞാനികൾ പറയുന്നു: "ഞാനൊഴിച്ച് മറ്റ് ഈശ്വരനില്ല, കാരണം ഞാൻ സമസ്ത അറിവുകളും നേടിയ, ശുദ്ധബോധചൈതന്യമാണ്".

95. ഒരു ഭക്തൻ, അവന്റെ വിശ്വാസവും ഭക്തിയും കാരണം അവന്റെ അറിവിൽ അഹങ്കരിക്കില്ല. അവൻ അവന്റെ ഗുരുവിന് പൂർണ്ണമായും സ്വയം സമർപ്പിച്ചിരിക്കുന്നു; അവൻ അവന്റെ ശരീരം, മനസ്സ് എന്നിവയും അവന്റെ കൈവശമുള്ള എല്ലാം കൊണ്ടും ഗുരുവിനെ സേവിക്കുന്നു.

96. ഇത് അവന്റെ നേട്ടമാണെന്നോ, അവന്റെ സാമർത്ഥ്യത്തിന്റെ മഹത്വമാണെന്നോ, അവന്റെ ബുദ്ധിയുടെ പ്രഭാവമാണെന്നോ വിശ്വസിക്കാനുള്ള ഗർവ്വ് അവന് ഉണ്ടാകില്ല.

97. സംഭവിക്കുന്നതെല്ലാം ഈശ്വരനിശ്ചയമാണ്. ഈശ്വരൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു. ഈശ്വരനാണ് യുദ്ധം ചെയ്യുന്നതും, യുദ്ധത്തിന് കാരണമാകുന്നതും. അദ്ദേഹം മാത്രമാണ് കർമ്മകാരകൻ.

98. എല്ലാ കർമ്മങ്ങളുടെയും ഉത്തരവാദിത്വം ഗുരുവിന് വിട്ടുകൊടുത്ത് കൊണ്ട് ഭക്തൻ വിനയത്തോടെ വർത്തിക്കുന്നു. ഒരു ഭക്തൻ എല്ലായ്പ്പോഴും ഈശ്വരനെ ആശ്രയിച്ച് കഴിയുന്നു, അവൻ ഒരിക്കലും സ്വതന്ത്രനല്ല.

99. മതിയായി! എന്തായിരുന്നു, ഈ നാല് പണ്ഡിതന്മാർ അന്വേഷിച്ച് നടന്നത്? അത് ഇതുവരെ വിശദമാക്കിയില്ല. ഇപ്പോൾ വിശദീകരണം കേൾക്കുക.

100. വേദങ്ങളിൽ നല്ല പാണ്ഡിത്യമുള്ള, അവരുടെ അറിവിന്റെ കാരണത്താൽ ഗർവ്വിഷ്ഠരായ ഈ കർമ്മചാരികൾ വേദാന്ത ചർച്ചകൾക്കിടയിൽ, ഈശ്വരനെക്കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങി.

101. അറിവും പരിശ്രമവും കൊണ്ട് ഈശ്വരനെയും അദ്ദേഹത്തിന്റെ വാസസ്ഥലവും, അവിടെ എത്താനുള്ള മാർഗ്ഗങ്ങളും കണ്ടെത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം.

102. ശ്രീ സായി ഈ നാലുപേരിൽ ഒരാളായിരുന്നു. സ്വയം പരബ്രഹ്മനായതിനാൽ അദ്ദേഹം വിവേചനബുദ്ധിയുടെയും വൈരാഗ്യത്തിന്റെയും മൂർത്ത രൂപമായിരുന്നു. പിന്നെന്ത് കൊണ്ടാണ് അദ്ദേഹം വിവേകശൂന്യമായ ഈ സംഭാഷണത്തിലേർപ്പെട്ടത്?

103. ശ്രോതാക്കൾക്ക് സ്വാഭാവികമായും ഈ സംശയമുണ്ടാകാം. ഇത് പൊതുജനങ്ങളുടെ നന്മയ്ക്ക് വേണ്ടിയായിരുന്നു. ഭക്തരുടെ ഉദ്ധാരകനായ സായിസമർത്ഥ ഈ സംഭവം കൊണ്ട് നിസ്സാരനാകുമോ?

104. ഒരു അവതാരപുരുഷനായിട്ടും, ''അന്നം ബ്രഹ്മമാണ്'' എന്ന ഉറച്ച വിശ്വാസത്തോടെ, ഒരു വാൻജാരിയുടെ കൈയ്യിൽ നിന്നും ആഹാരം സ്വീകരിച്ച് കൊണ്ട് അദ്ദേഹം അയാളെ ആദരിക്കുകയും ഈ തത്ത്വത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

105. കൂടാതെ ഈ പണ്ഡിതന്മാരുടെ കഥയിലൂടെ, ആഹാരം നിരസിച്ചവർ എത്രമാത്രം കഷ്ടപ്പെട്ടുവെന്നും, ഒരു ഗുരുവിന്റെ സഹായമില്ലാതെ അറിവ് നേടുക എന്നത് എത്ര അസാധ്യമാണെന്നും അദ്ദേഹം കാട്ടിത്തന്നു.

106. മാതാവ്, പിതാവ്, ആചാര്യൻ എന്നിവരുടെ മാർഗ്ഗനിർദ്ദേശമില്ലാതെ ധാർമ്മികജ്ഞാനം നേടാൻ കഴിയില്ല. അത് ഒരുവൻ ആ ജ്ഞാനം നേടുന്ന രീതിയെയും ആശ്രയിച്ചിരിക്കും, പ്രാവർത്തികമാക്കാത്തത് വ്യർത്ഥമാണ്.

107. മാതാവ്, പിതാവ്, ആചാര്യൻ എന്നിവരെ ആദരിക്കുകയും പൂജിക്കുകയും അവരുടെ ശക്തമായ അനുഗ്രഹങ്ങൾ നേടുകയും വേണമെന്ന് ശ്രുതികൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

108. ഈ മൂവരുടെയും അനുഗ്രഹങ്ങളും, യജ്ഞങ്ങളും, ഒപ്പം ധാർമ്മിക ഗ്രന്ഥങ്ങളുടെ പഠനവും ദാനവുമാണ് ജനനമരണവൃത്തങ്ങൾ ഒഴിവാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങൾ.

109. ഇവയാണ് മനഃശുദ്ധി നേടാനുള്ള മാർഗ്ഗങ്ങൾ, ഈ പരിശുദ്ധി നേടാൻ കഴിഞ്ഞില്ലെങ്കിൽ ആത്മസാക്ഷാത്കാരം അസാധ്യമാണ്. അത്തരത്തിലുള്ള ഒരു ജീവിതം, വ്യർത്ഥമായി ജീവിച്ചതാകുന്നു.

110. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയ്ക്ക് ഗഹനമായ ആത്മനെ ഗ്രഹിക്കാൻ കഴിയില്ല. ഗുരുവിന്റെ കൃപയാണ് അത് സാധ്യമാക്കുന്നത്.

111. തെളിവിനുള്ള മാർഗ്ഗങ്ങളായ സംവേദനം, നിഗമനം എന്നിവ ഈ കാര്യത്തിൽ സഹായകരമല്ലാതിരിക്കേ, ഗുരുവിനല്ലാതെ മറ്റാർക്കാണ്, ഒരു നെല്ലിക്ക പിടിക്കുന്നത്ര അനായാസമായി അത് കാട്ടിത്തരാൻ കഴിയുക.

112. നമ്മുടെ ജീവിതലക്ഷ്യങ്ങളായ ധർമ്മം, അർത്ഥം, കാമം എന്നിവ പരിശ്രമങ്ങളിലൂടെ നേടാനാകും; പക്ഷേ നാലാമത്തെ ലക്ഷ്യമായ പുരുഷാർത്ഥം ഗുരുവിന്റെ സഹായത്തോടെ മാത്രമേ നേടാനാകൂ, അദ്ദേഹമില്ലാതെ ശ്രമങ്ങളെല്ലാം പാഴാകും.

113. ഷിർദിയിലെ ഈ ദിവ്യന്റെ ദർബാറിൽ ജ്യോതിഷികൾ എത്തി നമസ്കരിക്കുകയും ചെറുപ്പക്കാരുടെയും വൃദ്ധരുടെയും ഭാവി പ്രവചനങ്ങൾ നൽകുകയും ചെയ്തു.

114. ധനികരും എല്ലാ ഐശ്വര്യ സമ്പത്തുകൾ നേടിയവരും, ചെറുതും വലുതുമായ ഭരണാധികാരികളും, ഭിക്ഷ യാചിക്കുന്ന ജോഗികളും ആഗ്രഹങ്ങളും മമതകളും വെടിഞ്ഞ സന്ന്യാസിമാരും ഒരേ ഔത്സുക്യത്തോടെ

ദർശനത്തിനെത്തി.

115. സന്ന്യാസിമാർ, ഈശ്വരനാമം ജപിക്കുന്നവർ, തപസ്യകൾ അനുഷ്ഠിക്കുന്നവർ, വ്രതമെടുത്തവർ, പുണ്യസ്ഥലങ്ങളിലെ തീർത്ഥാടകർ, സംഗീതജ്ഞന്മാർ, നർത്തകർ തുടങ്ങിയവർ അവരുടെ കുടുംബത്തോടൊപ്പം ദർശനത്തിനെത്തി.

116. അദ്ദേഹം മാത്രമാണ് ഒരേ ഒരു മാതാവും പിതാവും എന്നും, അദ്ദേഹം ജനനമരണവൃത്തം അവസാനിക്കാൻ സഹായിക്കുമെന്നും വിശ്വസിച്ചുകൊണ്ട് ഹരിജനങ്ങളും ശ്രീസായിയുടെ ദർബാറിലെത്തി ആദരവുകൾ അർപ്പിച്ചു.

117. കണ്ഠത്തിൽ ലിംഗം ധരിക്കുകയും, നെറ്റിത്തടത്തിൽ ഭസ്മം പൂശുകയും, പാകം ചെയ്യാത്ത ധാന്യങ്ങൾ മാത്രം ഭിക്ഷയായി സ്വീകരിക്കുകയും ചെയ്യുന്നവരും, ഈ ഉത്സവതുല്യമായ സദസ്സ് കാണാനെത്തി.

118. സൂത്രക്കാരായ ഇന്ദ്രജാലക്കാർ വന്നു. ഗോൻധാലികൾ സ്നേഹപൂർവ്വം പരിഭ്രമം സൃഷ്ടിക്കുകയും ഭവാനിദേവിയുടെ പേരിൽ വളരെ സ്നേഹത്തോടെ ബാബയിൽ നിന്ന് ഭിക്ഷ അഭ്യർത്ഥിക്കുകയും ചെയ്തു.

119. അന്ധന്മാർ, മുടന്തന്മാർ, ബധിരർ, ജോഗികൾ, ഗുരുനാനാക്കിന്റെ ശിഷ്യർ, ഭട്ടുകൾ, ദീപയഷ്ടിവാഹകർ എന്നിവരെല്ലാം സ്നേഹത്തോടെ സായി സമർത്ഥന്റെയരികിൽ ഓടിയെത്തി.

120. ദുഗ്ഡുഗകൾ[3], സരോദികൾ,[4] മുടന്തന്മാർ, കോൽഹാതിനികൾ[5] എന്നിവരും എത്തിയിരുന്നു. ഇപ്പോൾ നല്ല സമയത്ത് ഈ വാൻജാരിയും എത്തി.

121. വൈരാഗ്യത്തിൽ നിന്നും ഉടലെടുത്ത സായിയുടെ രൂപം അനുഗൃഹീതമാണ്. അദ്ദേഹം ആഗ്രഹരഹിതനും, നിർമ്മലനും നിസ്വാർത്ഥനും ഭക്തരോട് അതുല്യമായ സ്നേഹം നിറഞ്ഞവനുമായിരുന്നു.

122. ഇവിടെ നിർത്താം. നമുക്ക് വീണ്ടും പ്രധാനകഥയുടെ കഥാതന്തുവിലേയ്ക്ക് പോകാം. ശ്രോതാക്കൾ ശ്രദ്ധിച്ച് കേൾക്കുക.

123. ബാബ ഒരിക്കലും ഉപവസിക്കുകയോ, മറ്റുള്ളവരെ വിശന്നിരിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. ഉപവസിക്കുന്ന ഒരു മനുഷ്യന്റെ മനസ്സ് ഒരിക്കലും സ്വസ്ഥമായിരിക്കില്ല. പിന്നെങ്ങനെയാണ് അവന് പരമാർത്ഥം നേടാൻ കഴിയുക?

124. 'ഈശ്വരനെ ഒഴിഞ്ഞ വയറുമായി നേടാൻ കഴിയില്ല. ആദ്യമായി ആത്മാവിനെ തൃപ്തിപ്പെടുത്തണം (ഭൗതിക വിശപ്പ് തൃപ്തിപ്പെടുത്തിക്കൊണ്ട്)'. ശ്രോതാക്കളുടെ നന്മയ്ക്ക് വേണ്ടി, ഈ തത്ത്വത്തെ ദൃഷ്ടാന്തമാക്കുന്ന ഒരു കഥ കൂടി ഞാൻ വിവരിക്കുന്നതാണ്.

125. ഉച്ചനേരത്ത്, കുടൽമാലകൾ വിശപ്പ് കൊണ്ട് ഇളകി മറിയുമ്പോൾ, 'അന്നം ബ്രഹ്മമാണ്' എന്ന വചനത്തിന്റെ പ്രാധാന്യവും വാസ്തവികതയും മനസ്സിലാകും.

126. എന്തെങ്കിലും ആഹാരം വായിലേയ്ക്ക് വച്ചില്ലെങ്കിൽ, തീർച്ചയായും അതൊരു ക്ലേശകരമായ സന്ദർഭമാണ്. എല്ലാ ഇന്ദ്രിയങ്ങളും ദുർബ്ബലമാകുകയും

ശരിയായ രീതിയിൽ പ്രവർത്തനം നടത്താൻ അശക്തവുമായിരിക്കും.

127. ആമാശയത്തിൽ ആഹാരത്തിന്റെ നനവില്ലെങ്കിൽ ഏത് കണ്ണുകൾ കൊണ്ട് നമ്മൾ ഈശ്വരനെ കാണും, ഏത് നാവ് കൊണ്ട് നമ്മൾ ഈശ്വരന്റെ മഹിമകൾ വർണ്ണിക്കും, ഏത് കർണ്ണങ്ങൾ കൊണ്ട് നമ്മൾ അവ ശ്രവിക്കും?

128. ചുരുക്കത്തിൽ എല്ലാ ഇന്ദ്രിയങ്ങളും ശക്തവും ആരോഗ്യകരവുമാണെങ്കിൽ മാത്രമേ ഭക്തി അഭ്യസിക്കാൻ കഴിയൂ. ഉപവാസത്തിലൂടെ ഒരുവൻ ക്ഷീണിതനാകുകയാണെങ്കിൽ, അവന് ജീവിതത്തിന്റെ പരമമായ ലക്ഷ്യത്തിലേയ്ക്ക് നീങ്ങാൻ കഴിയാതെ വരും.

129. ധാരാളം ആഹാരം കഴിക്കുന്നത് ഗുണകരമല്ല. മിതത്വമാണ് ആരോഗ്യദായകം. കഠിനമായ ഉപവാസം അപകടകരമാണ്. അത് എല്ലായ്പ്പോഴും രോഗാവസ്ഥയിലേയ്ക്ക് നയിക്കുന്നു.

130. ഒരിക്കൽ ശ്രീകേൽക്കാർക്ക് ഒരു കത്തുമായി ഒരു സ്ത്രീ വളരെ ഉത്സാഹത്തോടെ സായി ദർശനത്തിനെത്തി.

131. മഹാരാജിന്റെ പാദങ്ങളുടെ അരികിൽ കഴിയാനും മൂന്ന് ദിവസങ്ങൾ ഉപവാസം അനുഷ്ഠിക്കാനും ആ സ്ത്രീ തീരുമാനിച്ചിരുന്നു. പക്ഷേ അവളുടെ തീരുമാനം ഫലപ്രദമായില്ല.

132. അദ്ദേഹത്തിന്റെ ധാർമ്മികാനുശാസനങ്ങൾക്കനുസരിച്ച്, ജീവിതത്തിലെ പരമമായ ലക്ഷ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഒരുവൻ തന്റെയടുത്ത് കുറച്ച് ആഹാരം കരുതിയിരിക്കണമെന്ന് ബാബ വിശ്വസിച്ചിരുന്നു.

133. ഈശ്വരസാക്ഷാത്കാരം നേടണമെന്ന് ആഗ്രഹിക്കുന്നവൻ തുടക്കത്തിൽ കുറച്ചെങ്കിലും ഭക്ഷണം കഴിച്ചിരിക്കണം, കാരണം ആത്മാവ് സംതൃപ്തനായില്ലെങ്കിൽ എങ്ങനെയാണ് ഈശ്വരനെ ഗ്രഹിക്കാൻ കഴിയുക?

134. ഒരുവൻ ഉപവസിക്കുമ്പോൾ ഈശ്വരനെ ഗ്രഹിക്കുക എന്നത് അസാധ്യമാണ്. ഒരുവന് സ്വയം ക്ലേശങ്ങൾ സൃഷ്ടിക്കുന്ന ഇത്തരത്തിലുള്ള ഉപാസനകൾ സായി അംഗീകരിച്ചിരുന്നില്ല.

135. ഇക്കാര്യം തലേദിവസം മുൻകൂട്ടി അറിയാൻ കഴിഞ്ഞ മഹാരാജ് അത് കേൽക്കാറോട് മുമ്പേ തന്നെ സൂചിപ്പിച്ചിരുന്നു.

136. "ഇപ്പോൾ ഹോളി അവധി ദിവസങ്ങളിൽ എന്റെ കുഞ്ഞുങ്ങൾ ആഹാരം കഴിക്കാതെ കഴിയുമോ? എനിക്ക് എങ്ങനെയാണ് അത് അനുവദിക്കാൻ കഴിയുക? പിന്നെന്തിനാണ് ഞാൻ ഇവിടെയുള്ളത്?"

137. ബാബ ഇങ്ങനെ പറഞ്ഞതിന്റെ പിറ്റേദിവസം ഈ സ്ത്രീ ഷിർദിയിലെത്തി.

138. ആ സ്ത്രീയുടെ കുടുംബപ്പേര് ഗോഖലെ എന്നായിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിരുന്നത് പോലെ അവൾ തന്റെ യാത്രാസാമഗ്രികൾ ദാദായുടെ വീട്ടിൽ വയ്ക്കുകയും അയാൾക്ക് കത്ത് നൽകുകയും ചെയ്തു.

139. ദാദായുടെ ബന്ധുവായതിനാൽ കാഷിബായി കാൻതികാർ അയാൾക്ക് ഒരു കത്ത് എഴുതിയിരുന്നു, അവൾക്ക് സായിയുടെ ദർശനത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

140. ഷിർദിയിൽ എത്തിയ ഉടനെ അവൾ ബാബയുടെ ദർശനത്തിനായി പോയി. അതിനുശേഷം ബാബയുടെ സമീപം കുറച്ചുനേരം ഇരുന്നു, അപ്പോൾ അദ്ദേഹം അവൾക്ക് ഉപദേശങ്ങൾ നൽകി.

141. സായിനാഥ് എല്ലാവരുടെയും ആന്തരികചിന്തകൾ അറിഞ്ഞിരുന്നു, എന്തെന്നാൽ ഈ ഭൂമിയിൽ ഒന്നും തന്നെ അദ്ദേഹത്തിൽ നിന്നും മറയ്ക്കാൻ കഴിയില്ല.

142. ''ആഹാരവും അത് കഴിക്കുന്നവനും, വിഷ്ണുവിന്റെ പ്രതിരൂപങ്ങളാണ്. ഉപവാസം, വ്രതനിഷ്ഠകൾ, ആഹാരം ശുദ്ധീകരിക്കൽ, ആഹാരമോ വെള്ളമോ കഴിക്കാതിരിക്കുക – എന്തിനാണ് ഇവയൊക്കെ ചെയ്യുന്നത്.

143. "നമ്മൾ ഉപവാസവും വ്രതങ്ങളും അനുഷ്ഠിക്കേണ്ട കാര്യമെന്താണ്?" ബാബ സ്വന്തം താല്പര്യപ്രകാരം അവളോട് പറഞ്ഞു.

144. ''ആ ദാദാഭട്ടിന്റെ[6] ഗൃഹത്തിലേയ്ക്ക് പോകുക, സന്തോഷത്തോടെ പൂരൻപോളികൾ ഉണ്ടാക്കുക. അയാളുടെ കുഞ്ഞുങ്ങളെ ഊട്ടുക, നിന്റെ മനസ്സിന് തൃപ്തിയാവോളം നീയും കഴിക്കുക".

145. ആ സ്ത്രീ ഹോളി ഉത്സവത്തിന്റെ സമയത്ത് തന്നെ എത്തിയത് സന്തോഷകരമായ ഒരു യാദൃച്ഛികതയായിരുന്നു. ദാദായുടെ ഭാര്യയ്ക്ക് ആ സമയത്ത് ആർത്തവകാലമായിരുന്നു. അതിനാൽ അവൾക്ക് സ്വയം ആഹാരം പാകം ചെയ്യാൻ കഴിയുമായിരുന്നില്ല.

146. ഉപവാസമനുഷ്ഠിക്കണമെന്നുള്ള തീവ്രമായ ആഗ്രഹം അപ്രത്യക്ഷമായി, കാരണം ആ സ്ത്രീയ്ക്ക് സ്വയം ആഹാരം പാകം ചെയ്യേണ്ടതായി വന്നു! അപ്പോൾ അവൾ വളരെ സ്നേഹത്തോടെ ബാബയുടെ നിർദ്ദേശം അനുസരിച്ചു.

147. ബാബയുടെ പാദങ്ങളിൽ വന്ദിച്ച് കൊണ്ട് അവൾ ദാദായുടെ ഗൃഹത്തിലേയ്ക്ക് പോയി. പൂരൻ പോളികൾ ഉണ്ടാക്കി എല്ലാവർക്കും നൽകുകയും അവ സ്വയം കഴിക്കുകയും ചെയ്തു.

148. എത്ര മനോഹരമായ കഥ, എത്ര ഗഹനമാണ് അതിന്റെ അർത്ഥം. ഒരുവൻ ഈ തരത്തിൽ, ഗുരുവിന്റെ വാക്കുകളിൽ, വിശ്വാസം അർപ്പിക്കുകയാണെങ്കിൽ ആത്മീയോദ്ധാരണത്തിന് തീരെ താമസമുണ്ടാകില്ല.

149. ഇനി മറ്റൊരു കഥ കൂടി – ബാബ ഓർത്ത ഒരു കഥ അദ്ദേഹം തന്നെ വിശദീകരിച്ചു. ദയവായി ശ്രദ്ധയോടെ കേൾക്കുക.

150. ആത്മീയപുരോഗതി നേടണമെന്ന് ആഗ്രഹിക്കുന്നവൻ, കഠിനമായി പ്രയത്നിക്കുകയും നിരന്തരമായി അധ്യയനം നടത്തുകയും വേണം. അവൻ നിർഭയനും, ധൈര്യശാലിയും ആയിരിക്കണം.

151. ഒരുവൻ അവന്റെ ക്ഷേമത്തിനുവേണ്ടി, എല്ലായ്പ്പോഴും ദിവ്യന്മാരുടെ പാദതീർത്ഥം പോലുള്ള, യഥാർത്ഥ കഥകളുടെ അമൃത് പാനം ചെയ്യണം. ഒരു ദിവ്യന്റെ പാദങ്ങളിൽ വിനയത്തോടെ കഴിയുന്നത് ആന്തരികശുദ്ധി നൽകും.

152. “ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ജീവിതം നിലനിർത്താനായി ഒരു ജോലി വേണമെന്ന് ആഗ്രഹിച്ച്, എന്റെ ആവശ്യങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ട് ഞാൻ ഒരിക്കൽ യാത്ര പുറപ്പെട്ടു.

153. “ഞാൻ നടന്നു കൊണ്ടേയിരിക്കുകയും ബീഡഗാവണിലെത്തിച്ചേരുകയും ചെയ്തു. അവിടെ ഞാൻ വിശ്രമിച്ചു. ഫക്കീറിന് (ഈശ്വരൻ) എനിക്ക് വേണ്ടി മറ്റ് പദ്ധതികൾ ഉണ്ടായിരുന്നു. ഞാൻ സന്തോഷവാനായിരുന്നു.

154. “അവിടെ ഞാൻ അലങ്കാരതുന്നൽപ്പണി കണ്ടെത്തി. ഞാൻ കഠിനമായി ജോലി ചെയ്യുകയും എന്റെ അധ്വാനം അംഗീകരിക്കപ്പെടുകയും ചെയ്തു. ഫക്കീറിന്റെ ശക്തികൾ എന്താണെന്ന് നോക്കുക!

155. “എനിക്ക് മുമ്പേ ജോലി ചെയ്തിരുന്നവർ ബുദ്ധിമാന്മാരും സമർത്ഥരുമായിരുന്നു. ഞങ്ങൾ നാലുപേരും അവിടെ ജോലി ചെയ്യുകയും ജോലിയുടെ അളവിനനുസരിച്ച് പ്രതിഫലം നിശ്ചയിക്കപ്പെടുകയും ചെയ്തു.

156. “ഒരുവൻ 50/- ഉറുപ്പികയുടെ ജോലി ചെയ്തിരുന്നു, രണ്ടാമത്തെയാൾ 100/- ഉറുപ്പികയുടെ മൂല്യമുള്ളത്; മൂന്നാമത്തെയാൾ 150/- ഉറുപ്പികയ്ക്ക്; എന്റേതാകട്ടെ അവരുടെയെല്ലാം ഒരുമിച്ച് ചേർത്ത് ഇരട്ടിയാക്കുന്നത്ര ഉണ്ടായിരുന്നു.

157. “ഉടമസ്ഥൻ എന്റെ ജോലിയിലും സാമർത്ഥ്യത്തിലും സന്തുഷ്ടനായിരുന്നു. അദ്ദേഹം എന്നെക്കുറിച്ച് പലരോടും പ്രശംസിക്കുകയും, എന്നെ വളരെ സ്നേഹിക്കുകയും ചെയ്തു.

158. “അദ്ദേഹം എനിക്ക് ഒരു മുഴുനീള കുപ്പായം നൽകി, ശിരസ്സിൽ തലപ്പാവും, ദേഹത്ത് ധരിക്കാൻ ആകർഷകമായ വസ്ത്രവും[7]. പക്ഷേ ഞാൻ അത് ഉപയോഗിക്കാതെ കെട്ടി മാറ്റിവച്ചു.

159. “ആർക്കാണ് മറ്റൊരു മനുഷ്യന് മതിയാവോളം നൽകാൻ കഴിയുക? എത്ര നൽകിയാലും അത് എല്ലായ്പ്പോഴും മതിയാകാതെ വരും. പക്ഷേ എന്റെ സർക്കാർ (ഈശ്വരൻ) തുടങ്ങിയാൽ അത് ഈ കാലത്തിന്റെ അന്ത്യം വരെ തുടരും.

160. “യഥാർത്ഥനായ ദാതാവ് എന്റെ സർക്കാർ മാത്രമാണ്. മറ്റാരെയെങ്കിലും അദ്ദേഹവുമായി താരതമ്യം ചെയ്യാൻ കഴിയുമോ? പരിമിതമായ വസ്തുവിന് എങ്ങനെ അപരിമിതമായതിന്റെ ആഭരണമാകാൻ കഴിയും?

161. “എന്റെ സർക്കാർ പറയുന്നു ‘എടുക്കൂ, എടുക്കൂ’; പക്ഷേ എല്ലാവരും എന്റെയടുത്ത് വന്നു പറയുന്നു ‘തരൂ, തരൂ’ എന്ന്. ഞാൻ പറയുന്നതിന്റെ അർത്ഥം എന്താണെന്ന് ആരും ശ്രദ്ധിച്ച് മനസ്സിലാക്കുന്നില്ല. ആരും അത് ഗ്രഹിക്കുന്നില്ല.

162. “എന്റെ സർക്കാറിന്റെ ഖജനാവ് നിറഞ്ഞ് കവിയുന്നു. ആരും വണ്ടി നിറയെ അത് എടുത്ത് കൊണ്ടുപോകാൻ വരുന്നില്ല. ‘കുഴിച്ച് നോക്കൂ’ എന്ന് ഞാൻ പറയുമ്പോൾ ആരും അത് ചെയ്യുന്നില്ല. ആർക്കും പരിശ്രമങ്ങൾ ചെയ്യാൻ വയ്യ.

163. "ഈ നിധി കുഴിച്ചെടുത്ത് വണ്ടികളിൽ നിറച്ച് കൊണ്ടു പോകൂ എന്ന് ഞാൻ പറയുന്നു. ഒരു യഥാർത്ഥ മാതാവിന്റെ അനുഗൃഹീതനായ പുത്രൻ മാത്രം അവന്റെ കലവറ ഈ ധനം കൊണ്ട് നിറയ്ക്കണം.

164. "ഒരു മനുഷ്യജീവിയുടെ വിധി എന്താണ്? ധൂളി (ദേഹം) ധൂളിയിൽ ചേരും, വായു (ശ്വാസം) വായുവിൽ അലിയും. ഈ അവസരം വീണ്ടും വരികയില്ല.

165. ''എന്റെ ഫക്കീറിന്റെ സാമർത്ഥ്യം, എന്റെ ഭഗവാന്റെ ലീല, എന്റെ സർക്കാറിന്റെ സ്വാഭാവിക പ്രവണതകൾ വളരെ അനുപമമാണ്.

166. "ഞാനും മറ്റെവിടെയെങ്കിലും പോയി, എവിടെയെങ്കിലും ഇരിക്കണം. പക്ഷേ ഈ ജീവനും മായയാൽ എതിരിടപ്പെടുകയും സംഭ്രമിപ്പിക്കപ്പെടുകയും ചെയ്യുന്നു. മായയുടെ വലയിൽപെട്ട് അത് ദുരിതമനുഭവിക്കുന്നു.

167. "മായ വളരെ ദയാരഹിതയാണ്. അത് എന്നെ നൈരാശ്യത്തിലെത്തിച്ചിരിക്കുന്നു. ഞാൻ എന്റെ ആളുകളെയോർത്ത് പകലും രാത്രിയും വിഷമിക്കുന്നു.

168. ''അവൻ വിതയ്ക്കുന്നത് അവൻ കൊയ്യും.' എന്റെ ഈ വാക്കുകൾ എല്ലായ്പ്പോഴും ഓർക്കുന്ന ഒരുവന് അമൂല്യമായ സന്തോഷം ലഭിക്കും."

169. ഹേമദ് സായിയ്ക്ക് സ്വയം സമർപ്പിക്കുന്നു. ഈ കഥയുടെ വിവരണം സമാനതകൾ ഇല്ലാത്തതാണ്. സായി സ്വയം കർത്തവ്യം നിർവ്വഹിക്കുമ്പോൾ, എന്റെ അഹംഭാവം തീരെ ഇല്ലാതാകുന്നു.

170. സായി സ്വയം ഈ കഥ വിവരിക്കുന്നു. അദ്ദേഹമാണ് പാരായണം ചെയ്യുന്നവനും ശ്രവിക്കുന്നവനും. അദ്ദേഹമാണ് ഗ്രന്ഥകർത്താവും, അത് എഴുതിക്കുന്നവനും. അദ്ദേഹമാണ് അതിനെ ഗ്രഹിക്കാൻ സഹായിക്കുന്നത്.

171. സായി സ്വയം ഈ കഥയിലെ നടനാണ്, അദ്ദേഹമാണ് ഈ കഥയിലെ മാധുര്യം, അദ്ദേഹമാണ് ശ്രോതാവും വിവരിക്കുന്നവനും, അദ്ദേഹം തന്നെയാണ് ആനന്ദം ആസ്വദിക്കുന്നവനും.

172. അപ്പോൾ ഈ കഥ ശ്രവിക്കുന്നതിന് ലഭിച്ച മഹാഭാഗ്യവും അതിലെ ആനന്ദവും ആത്മീയത നേടാൻ സഹായിക്കാതിരിക്കുമോ? അത് തിരിച്ചറിയുകയും ആസ്വദിക്കുകയും ചെയ്യുന്ന ഭക്തന്മാർ ഭാഗ്യവാന്മാരാണ്.

173. ചുരുക്കത്തിൽ, അടുത്ത അധ്യായം സായിയുടെ ഉധിയുടെ അനുപമമായ മഹത്വത്തെക്കുറിച്ചുള്ളതാണ്. ശ്രേഷ്ഠ ശ്രോതാക്കളേ, ഞാൻ നിങ്ങളോട് ആദരവോടെ അത് ശ്രവിക്കാൻ അഭ്യർത്ഥിക്കുന്നു.

174. സായി സമർത്ഥ എന്നെ അനുഗ്രഹിക്കുകയും, മനോഹരമായ കഥകൾ ഉള്ള അദ്ദേഹത്തിന്റെ ജീവചരിത്രം എന്നെക്കൊണ്ട് വിവരിപ്പിക്കുകയും ചെയ്തു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യ പ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തി രണ്ടാം അധ്യായം "ഗുരുവിന്റെ മഹത്വത്തെക്കുറിച്ചുള്ള വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ.**

1. ലമൻ ജാതിയിൽപ്പെട്ടതും ഉപ്പ്, ധാന്യങ്ങൾ എന്നിവ ഒരു കാളയുടെ മുതുകിൽ കയറ്റി കച്ചവടം ചെയ്യുകയും, കാടിലെ വഴികളെക്കുറിച്ച് അറിയുകയും ചെയ്യുന്നവൻ.
2. ഈ കഥ അക്ഷരാർത്ഥത്തിൽ എടുക്കരുത് – അത് ആന്തരികാർത്ഥത്തിലുള്ളതാണ്.
3. ബലമില്ലാത്ത, ഇളകിക്കൊണ്ടിരിക്കുന്ന ഒരു സാധനത്തിന്റെ ശബ്ദം അനുകരിക്കുന്ന വർ.
4. ഏഴു കമ്പികളുള്ള സംഗീതോപകരണം ഉപയോഗിക്കുകയും താഴ്ന്നജാതിക്കാർക്ക് നല്ല ഭാഗ്യം പ്രവചിക്കുകയും ചെയ്യുന്നവർ
5. കയറിൻമേൽ അഭ്യാസം കാണിക്കുന്നവർ
6. ദാദാ കേൽക്കാർ
7. സ്വഭാവശുദ്ധിയുടെ അംഗീകാരമായി അത്തരത്തിലുള്ള പുറം കുപ്പായം നൽകിയിരു ന്നു, അത് വളരെ വലിയ ബഹുമതിയായി കരുതപ്പെടുന്നു.

## 33

# ഉധിയുടെ ശക്തി

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഞാനിപ്പോൾ ദിവ്യന്മാരെയും ധാർമ്മികരെയും വന്ദിക്കുന്നു. അവരുടെ കൃപാകടാക്ഷങ്ങൾ പെട്ടെന്ന് തന്നെ പാപങ്ങളുടെ മലകളെ എരിച്ച് ഇല്ലാതാക്കുകയും കലിയുഗത്തിലെ അശുദ്ധികളെ കഴുകിക്കളയുകയും ചെയ്യുന്നു.
2. അവരോടുള്ള കുന്ന് പോലുള്ള കടപ്പാടുകൾ ഈ ജന്മത്തിലോ, ഭാവിയിലെ അനേകം ജന്മങ്ങളിലോ വീട്ടാൻ സാധ്യമല്ല. അവരുടെ സ്വാഭാവികമായ സംഭാഷണങ്ങൾ നിറയെ നമ്മുടെ ക്ഷേമത്തിനുതകുന്ന അമൂല്യമായ പാഠങ്ങളും, അനശ്വരമായ ആനന്ദം നൽകുന്നവയുമാണ്.
3. അവരുടെ മനസ്സിൽ, 'ഇത് ഞങ്ങളുടേതാണ്, അത് നിങ്ങളുടേതാണ്' എന്നുള്ള യാതൊരു ഭിന്ന ചിന്തയുമില്ല. അത്തരത്തിലുള്ള ലൗകിക ഭേദചിന്തകൾ ഒരിക്കലും അവരുടെ മനസ്സിൽ ഉദിക്കുകയില്ല.
4. കഴിഞ്ഞ അധ്യായത്തിൽ ഗുരുവിന്റെ മഹത്വത്തെക്കുറിച്ച് കുറച്ചൊക്കെ വിവരിച്ചു. ഇപ്പോൾ ഈ അധ്യായത്തിൽ ശ്രോതാക്കൾ ഉധിയുടെ പ്രാധാന്യത്തെക്കുറിച്ച് ശ്രവിക്കുന്നതാണ്.
5. ബാബ ആവർത്തിച്ച് ആവശ്യപ്പെട്ട്, ദക്ഷിണ വാങ്ങിയിരുന്നു, അതിൽ നിന്നും അദ്ദേഹം ദാനം ചെയ്യുകയും പാവപ്പെട്ടവരെയും ആവശ്യക്കാരെയും സഹായിക്കുകയും ചെയ്തു. ബാക്കിയുണ്ടായിരുന്നതിൽ നിന്നും അദ്ദേഹം ധാരാളം വിറക് വാങ്ങി കുന്നുകൂട്ടിയിരുന്നു.
6. ഉണങ്ങിയ വിറകുകൾ അദ്ദേഹത്തിന്റെ മുമ്പിലുള്ള ധുനിയിൽ ആഹുതിയായി അദ്ദേഹം സമർപ്പിച്ചു. എരിഞ്ഞ വിറകിൽ നിന്നുള്ള ധാരാളം ചാരം ഭക്തർക്ക് വിതരണം ചെയ്യപ്പെട്ടു.
7. ഷിർദിയിൽ നിന്നും മടങ്ങിപ്പോകുന്ന സമയത്ത്, ബാബയോട് അനുവാദം ചോദിക്കുമ്പോൾ ഉധി നൽകുന്നത് പതിവായിരുന്നു. എല്ലാ ഭക്തർക്കും ഇത് അറിയാമായിരുന്നു.
8. വാസ്തവത്തിൽ ബാബ ഉധി കൊണ്ടുവരാനായി പറയുമ്പോൾ, അത് യഥാർ ത്ഥത്തിൽ യാത്ര പുറപ്പെടാനുള്ള അനുമതിയായി കണക്കാക്കപ്പെടുകയും

അവർക്ക് ഗൃഹത്തിലേയ്ക്ക് സന്തോഷത്തോടെ മടങ്ങിപ്പോകാൻ തോന്നുകയും ചെയ്തിരുന്നു.

9. മാത്രമല്ല, ഒരുവൻ ഷിർദിയിൽ താമസിക്കുമ്പോൾ, ബാബ ആർക്കും തന്നെ ഉച്ചയ്ക്കോ രാവിലെയോ വൈകുന്നേരത്തോ ഉധി നൽകിയിരുന്നില്ല. ഒരുവനെ ഒഴിഞ്ഞ കൈയ്യോടെ തിരികെ വിട്ടിരുന്നു.

10. ഇത് ദിവസവുമുള്ള ഒരു പതിവായിരുന്നു. മസ്ജിദിൽ തുടർച്ചയായി കത്തിക്കൊണ്ടിരുന്ന ധുനിയിലെ ഉധിയുടെ പ്രാധാന്യം എന്തായിരുന്നു? എന്തിനാണ് ഇത് ദിവസവും ചെയ്തിരുന്നത്?

11. എന്തായിരുന്നു വിഭൂതി നൽകുമ്പോൾ ബാബ സൂചിപ്പിച്ചിരുന്നത്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്? "പ്രപഞ്ചത്തിലെ ദൃഷ്ടിഗോചരമായ ഈ പ്രതിഭാസം ചാരം പോലെ ക്ഷണികമാണ്. ഇത് മനസ്സിൽ ദൃഢമായി ഉറപ്പിക്കുക.

12. ''ശരീരം എന്നത്, ഉണക്കത്തടി പോലെയാണ്, പഞ്ചഭൂതങ്ങളാൽ നിർമ്മിതമായി ജീവിതം അനുഭവിക്കുന്നു. ജീവിതത്തിന്റെ ആയുസ്സ് കഴിയുമ്പോൾ അത് മരിച്ചുവീഴുകയും തീർച്ചയായും ചാരമായി മാറുകയും ചെയ്യും.

13. "നീയും ഞാനും അതേ അവസ്ഥകളിലുടെ കടന്നു പോകും. അതിനാൽ പകലും രാത്രിയും നീ ഇത് ഓർമ്മിക്കാനും, ഞാനും അതേക്കുറിച്ച് ബോധവാനായിരിക്കാനും വേണ്ടി ഞാൻ വിഭൂതി നൽകുന്നു.

14. ''പ്രപഞ്ചം മുഴുവൻ മായ നിറഞ്ഞു നില്ക്കുന്നു. പ്രപഞ്ചം അയഥാർത്ഥമായിരിക്കേ, ബ്രഹ്മൻ മാത്രമാണ് ഏക വാസ്തവികത. ഇതാണ് ഉധി പഠിപ്പിക്കുന്നതെന്ന് മനസ്സിൽ ഓർക്കുക.

15. "ഈ ലോകത്തിൽ ഒരു മനുഷ്യനും ആർക്കും സ്വന്തമല്ല – അവർ ഭാര്യയോ, മകനോ, അമ്മാവന്മാരോ അനന്തരവന്മാരോ ആകട്ടെ. നഗ്നനായി നീ വന്നു നഗ്നനായി നീ തിരിച്ചുപോകും. ഉധി ഇതിന്റെ ഒരു ഓർമ്മപ്പെടുത്തലാണ്".

16. ഈ ഉധി ശരീരത്തിൽ പുരട്ടുകയാണെങ്കിൽ ശാരീരികവും മാനസികവുമായ ദുരിതങ്ങൾ ഭേദമാകും. പക്ഷേ ഉധിയുടെ യഥാർത്ഥ അർത്ഥം വളരെ ഗഹനമാണ്, വിവേചനപരമായ വൈരാഗ്യത്തെയാണ് അത് കുറിക്കുന്നത്.

17. കഴിവിന്റെ പരമാവധി ദക്ഷിണ നൽകുന്നത് വൈരാഗ്യം ജനിപ്പിക്കും. പിന്നീട് സാവധാനത്തിൽ വിരക്തി എന്താണെന്ന് ഒരുവന് മനസ്സിലാകും.

18. ഒരുവന് വൈരാഗ്യം ഉണ്ടായാലും വിവേചനബുദ്ധി ഇല്ലെങ്കിൽ അത് പ്രയോജനമില്ലാത്തതാണ്. അതിനാൽ ഉധിയെ ബഹുമാനിക്കുക.

19. വിവേചനബുദ്ധിയും വിരക്തിയും ഒന്നിച്ചുണ്ടാകാൻ ഉധിയും ദക്ഷിണയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. അവ രണ്ടും ഒരേ സമയത്ത് ഉണ്ടായില്ലെങ്കിൽ ഭവസാഗരം കടക്കാൻ വളരെ പ്രയാസകരമാണ്.

20. ചെറുപ്പക്കാരും വൃദ്ധരും ദർശനത്തിനെത്തി ബാബയുടെ പാദങ്ങളിൽ വിനീതരായി. അവർ മടങ്ങിപ്പോകുമ്പോഴൊക്കെ ബാബ അവർക്ക് വിഭൂതി

നൽകി.

21. മസ്ജിദിൽ തുടർച്ചയായി ധുനി കത്തിച്ചിരുന്നു. വർഷം മുഴുവൻ ദിനവും രാത്രിയും അത് എരിഞ്ഞു കൊണ്ടിരുന്നു. അതിൽ നിന്ന് ഒരു പിടി എടുത്ത്, യാത്ര പറയവേ ബാബ നൽകുമായിരുന്നു.

22. അദ്ദേഹം ഉധി പ്രസാദമായി നൽകുകയും, തള്ളവിരൽ കൊണ്ട് നെറ്റിത്തടത്തിൽ പുരട്ടുകയും അതോടൊപ്പം അദ്ദേഹത്തിന്റെ കരം ശിരസ്സിൽ വച്ച് ഭക്തർക്ക് അനുഗ്രഹം നൽകുകയും ചെയ്തിരുന്നു.

23. ചാരം, വിഭൂതി, ഉധി എന്നിവയെല്ലാം ഒരേ അർത്ഥമുള്ള നാമങ്ങളാണ്. ഇതാണ് ദിനവും കണക്കില്ലാത്ത അളവിൽ ബാബ പ്രസാദമായി നൽകിക്കൊണ്ടിരുന്നത്.

24. ഈ ലോകം ഉധിയെപ്പോലെയാണ്. ഇതാണ് ഉധിയുടെ യഥാർത്ഥമായ പ്രാധാന്യം. ഇത് മനസ്സിൽ ഓർക്കുക, ഒരു ദിവസം നിങ്ങൾ അത് തിരിച്ചറിയും.

25. താമരയിതളിലെ ജലകണികകൾ പോലെ ക്ഷണികമായ ഈ ശരീരവും വീഴും, അതിനാൽ അതിലുള്ള സകല അഹംഭാവവും ഉപേക്ഷിക്കുക. ഉധി നൽകുന്നത് ഇതിനെയാണ് അർത്ഥമാക്കുന്നത്.

26. വിസ്തൃതമായ ഈ മുഴുവൻ പ്രപഞ്ചവും ചാരങ്ങൾ കൊണ്ട് വരച്ച ഒരു രംഗോളി ചിത്രപ്പണി പോലെയാണ്. ലോകത്തിന്റെ അയഥാർത്ഥ സ്വഭാവത്തെക്കുറിച്ച് ചിന്തിക്കുക, വാസ്തവികത ഉധിയിൽ മാത്രമാണുള്ളത്.

27. ഉധി വെറും ധൂളിയാണ്. നാമവും രൂപവുമുള്ള എല്ലാ അസ്തിത്വങ്ങളും ഒടുവിൽ ഇതേ അവസ്ഥയിലെത്തിച്ചേരും. ലോകത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുന്നുവോ, അവയെല്ലാം പേരിന് മാത്രമാണുള്ളത്. ഇത് ധൂളിയുടെ ഒരിക്കലും മാറാത്ത ഗുണത്തിൽ നിന്നും മനസ്സിലാക്കാം.

28. ബാബ സന്തോഷവാനായിരിക്കുമ്പോൾ, അദ്ദേഹം പാടാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു ഗാനത്തിൽ നിന്നുള്ള മനോഹരമായ ഒരു പദം ശ്രോതാക്കൾ ആദരവോടെ ശ്രവിക്കണം.

29. "ഓ ലീലാവിനോദനായ രാമൻ വന്നു! ഉധിയുടെ ചാക്കുകൾ ഒപ്പം കൊണ്ടു വന്നു". ഇതായിരുന്നു അദ്ദേഹം പാടിയിരുന്ന രണ്ടുവരികൾ. എപ്പോഴെങ്കിലും ബാബയ്ക്ക് സന്തോഷവും ആനന്ദവും തോന്നുകയാണെങ്കിൽ അദ്ദേഹം മധുരമായ സ്വരത്തിൽ ഈ പദം തുടർച്ചയായി പാടുമായിരുന്നു.

30. ചുരുക്കത്തിൽ, ഈ ധുനി എത്ര ചാക്കുകൾ നിറയെയാണ് ഉധി ഉണ്ടാക്കിയിരുന്നത്? ആർക്കും അത് എണ്ണാൻ കഴിയുമായിരുന്നില്ല. ഈ ഉധി വളരെ പ്രയോജനകരമാണ്.

31. ഉധി നൽകുന്നതിന്റെ ഗഹനമായ അർത്ഥവും അതിന്റെ ആത്മീയവും ഭക്തിപരവുമായ പ്രാധാന്യവും ശ്രവിച്ചതിനുശേഷം ആരോഗ്യം, ഐശ്വര്യം എന്നീ തികച്ചും ലൗകികപരമായ കാര്യങ്ങളിൽ അതിനുള്ള ഫലമെന്താണെന്ന് അറിയാൻ ശ്രോതാക്കൾക്ക് താല്പര്യമുണ്ടാകും.

32. ഉധിയ്ക്ക് ഈ ഗുണവുമുണ്ട്. അങ്ങനെയല്ലെങ്കിൽ എങ്ങനെയാണ് അതിന്റെ

പ്രാധാന്യം അധികരിക്കുക? മുക്തിമാർഗ്ഗം കാട്ടിത്തരുന്നതിൽ സായി നിപുണനാണ്. ഭക്തരെ ലൗകികമായ കാര്യങ്ങളിൽ സഹായിച്ച ശേഷം, അദ്ദേഹം അവരെ ആത്മീയതയിലേയ്ക്ക് നയിക്കുന്നു.

33. ഉധി, ജനങ്ങളുടെ ആരോഗ്യത്തിനും ഐശ്വര്യത്തിനും ഗുണകരമായതിനെക്കുറിച്ച് അനേകം കഥകളുണ്ട്. പക്ഷേ ഈ ഗ്രന്ഥത്തിന്റെ ദൈർഘ്യം കണക്കിലെടുത്ത് കൊണ്ട് അവയിൽ കുറച്ച് മാത്രം ഞാനിപ്പോൾ വിവരിക്കുന്നതാണ്.

34. ഒരിക്കൽ ജാനി എന്ന് കുടുംബപ്പേരുള്ള നാരായൺ മോത്തിറാം എന്ന ഒരു ബ്രാഹ്മണനായ പാചകക്കാരൻ നാസിക്കിൽ താമസിച്ചിരുന്നു.

35. അതേ പോലെ രാമചന്ദ്ര വാമൻ മോദക് എന്ന മറ്റൊരു ബാബാഭക്തനും ഉണ്ടായിരുന്നു. ഈ നാരായണറാവു ഇദ്ദേഹത്തിന്റെ സേവകനായിരുന്നു, മാത്രമല്ല ബാബയുടെ വിശ്വസ്ത ഭക്തനുമായിരുന്നു.

36. ബാബ ഭൗതിക ശരീരത്തിൽ വർത്തിക്കവേ, നാരായണറാവു അയാളുടെ മാതാവിന്റെയൊപ്പം ബാബയുടെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് പോയി.

37. ആ സമയത്ത് ബാബ അവളോട്, അവളുടെ മകൻ മറ്റുള്ളവരെ സേവിക്കുന്നത് നിർത്താനുള്ള സമയമായി എന്ന് പറഞ്ഞു. "ഇപ്പോൾ അവന്റെ ബന്ധം ഞാനുമായി മാത്രമാണ്.

38. "ഈ ദാസ്യം മതിയായി. ഒരുവന് സ്വന്തം വ്യാപാരം ഉണ്ടാകുന്നതാണ് നല്ലത്." പിന്നീട് കുറച്ച് നാളുകൾക്ക് ശേഷം ഈശ്വരൻ അവനോട് ദയ കാട്ടി.

39. അയാളുടെ തൊഴിലിലുള്ള ആശ്രയത്വം അവസാനിക്കുകയും അയാൾ സ്വാതന്ത്ര്യം ആസ്വദിക്കുകയും ചെയ്തു. അയാൾ സ്വന്തമായി വാടകയ്ക്ക് ഒരു കെട്ടിടം സ്ഥാപിച്ചു.

40. അയാൾ അതിന് ആനന്ദാശ്രമം എന്ന് പേരിടുകയും അതിനുവേണ്ടി കഠിനമായി അധ്വാനിക്കുകയും ചെയ്തു, താമസിയാതെ അതൊരു ലാഭകരമായ വ്യവഹാരമായി മാറുകയും അയാൾക്ക് അത് സംതൃപ്തി നൽകുകയും ചെയ്തു.

41. കാര്യങ്ങൾ ഇങ്ങനെയൊക്കെ സംഭവിച്ചത് കണ്ട് അയാൾക്ക് സായിയിലുള്ള വിശ്വാസം വർദ്ധിക്കുകയും പിന്നീട് അത് അനുഭവത്തിലൂടെ ഉറച്ച ദൃഢവിശ്വാസമായി മാറുകയും ചെയ്തു.

42. സായിയുടെ വാക്കുകളുടെ വാസ്തവികത അനുഭവവേദ്യമായി. ശ്രോതാക്കൾക്ക് മറ്റൊരു കഥ കൂടി കേൾക്കാൻ കഴിഞ്ഞു, സായിയിലുള്ള അവരുടെ വിശ്വാസം വർദ്ധിച്ചു. സായിയുടെ കൃത്യങ്ങൾ ഗഹനമാണ്.

43. സായി എല്ലായ്പ്പോഴും ഞാൻ എന്നുപയോഗിച്ചാണ് സംസാരിച്ചിരുന്നതെങ്കിലും, അത് എല്ലായ്പ്പോഴും മറ്റാരെയെങ്കിലും ഉദ്ദേശിച്ചുള്ളതായിരിക്കും. അദ്ദേഹത്തെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്നവർക്ക് ഇതൊരു പതിവ് അനുഭവമായിരുന്നു.

44. പിന്നീട് കൂടുതൽ അനുഭവങ്ങളുണ്ടായപ്പോൾ നാരായണറാവുവിന്റെ

ഭക്തിയുടെയും സ്നേഹത്തിന്റെയും ആഴം വർദ്ധിച്ചു. അയാളുടെ മറ്റൊരു പുതുമയുള്ള അനുഭവം കൂടി ഭക്തിയോടെ കേൾക്കുക.

45. ഒരു ദിവസം പെട്ടെന്ന് നാരായണറാവുവിന്റെ ഒരു സുഹൃത്തിന് തേൾ കടിയുണ്ടാകുകയും അസഹനീയമായ വേദന അനുഭവിക്കുകയും ചെയ്തു.

46. വേദനയുള്ള ഭാഗത്ത് ബാബയുടെ ഉധി പുരട്ടുന്നത് വളരെ ഫലപ്രദമായിരുന്നു. പക്ഷേ നാരായണറാവു അതിന് വേണ്ടി തിരഞ്ഞപ്പോൾ, അത് ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞില്ല.

47. അയാളുടെ സുഹൃത്തിന് വേദന തീരെ സഹിക്കാൻ കഴിഞ്ഞില്ല, ഉധിയാകട്ടെ എവിടെയും കണ്ടതുമില്ല. അതിനാൽ അയാൾ ബാബയുടെ ചിത്രത്തിന്റെ ദർശനം നടത്തി, ബാബയോട് ഉള്ളുരുകി പ്രാർത്ഥിച്ചു.

48. അപ്പോൾ നേരത്തേ ആ ചിത്രത്തിന്റെ മുമ്പിൽ കത്തിച്ചിരുന്ന സാമ്പ്രാണിത്തിരിയുടെ ചാരം, ആ ചിത്രത്തിന് സമീപം കിടക്കുന്നുണ്ടായിരുന്നു, അയാൾ അതിനെ ഉധിയായി തന്നെ കണക്കാക്കി.

49. അതിൽ നിന്നും ഒരു നുള്ള് എടുത്ത് സായിയുടെ നാമം ഉച്ചരിച്ച് കൊണ്ട് അയാൾ അത് തന്റെ സുഹൃത്തിന് കുത്ത് കിട്ടിയ ഭാഗത്ത് പുരട്ടി. അനുഭവം വിശ്വാസത്തിന് ചേർന്നത് തന്നെയായിരുന്നു.

50. വിരൽ കൊണ്ട് സാമ്പ്രാണിത്തിരിയുടെ ചാരം പുരട്ടിയ ഉടനെ, എത്ര പെട്ടെന്നാണോ വന്നത് അതേപോലെ തന്നെ വേദന അപ്രത്യക്ഷമായതും ഇരുവരും സ്നേഹം കൊണ്ട് വീർപ്പുമുട്ടിയതും കേൾക്കുന്നത് വളരെ ആശ്ചര്യകരമായിരിക്കും.[1]

51. ഇക്കാര്യത്തിൽ വേദന അനുഭവിച്ചയാളിന് പുരട്ടിക്കൊടുത്തത് സാമ്പ്രാണിത്തിരിയുടെ ചാരമെങ്കിലും ആയിരുന്നു. പക്ഷേ പാതയോരത്തെ പൊടിയെടുത്ത്, അത് ഉധിയാണെന്ന് സങ്കല്പിച്ച് പുരട്ടിയാലും അതും ഒരേ അനുഭവം തന്നെ നൽകുന്നു.

52. വേദന അനുഭവിക്കുന്ന മനുഷ്യനോ രോഗബാധിതനായ ഒരാളിനോ മാത്രമല്ല, ആ പൊടി ആർക്ക് പുരട്ടുന്നതും ഗുണകരമാണ്.

53. ഒരിക്കൽ ഒരു ഭക്തന്റെ മകൾ പ്ലേഗ് രോഗബാധിതയായി. മറ്റൊരു ഗ്രാമത്തിലായിരുന്ന അവളുടെ പിതാവിന്റെയടുക്കൽ പെട്ടെന്ന് ഈ വാർത്ത എത്തിയപ്പോൾ, അയാൾ വളരെ വിഷമിച്ചു.

54. പിതാവ് ബാന്ദ്രയിലായിരുന്നു താമസിച്ചിരുന്നത്, മകളാകട്ടെ മറ്റൊരു ഗ്രാമത്തിലുമായിരുന്നു. അയാളുടെ പക്കൽ ഉധി ബാക്കി ഉണ്ടായിരുന്നില്ല. അതിനാൽ അയാൾ നാനായ്ക്ക് ഒരു സന്ദേശമയച്ചു.[2]

55. "ദയവായി ബാബയോട് എന്റെ ഉത്കണ്ഠ മാറ്റിത്തരാനായി പ്രാർത്ഥിക്കുക," എന്ന് അയാൾ ചന്ദോർക്കറോട് അഭ്യർത്ഥിക്കുകയും പ്രസാദമായി ഉധി അയാൾക്ക് അയച്ചുകൊടുക്കാൻ പറയുകയും ചെയ്തു.

56. ആ സമയത്ത് ഭാര്യയോടൊപ്പം കല്യാണിലേയ്ക്ക് പോകുകയായിരുന്ന നാനായെ സന്ദേശവാഹകൻ വഴിയിൽ വച്ച് കണ്ടുമുട്ടി.

57. താനെ റെയിൽവേ കാര്യാലയത്തിന് സമീപം വച്ച് നാനാ ഈ സന്ദേശം സ്വീകരിച്ചു. അയാളുടെ പക്കൽ ഉധി കാണാൻ കഴിയാത്തതിനാൽ അയാൾ നിലത്ത് നിന്നും കുറച്ച് പൂഴി കൈയ്യിലെടുത്തു.

58. വഴിയിൽ നിന്നു കൊണ്ട് സായിസമർത്ഥനെ പ്രാർത്ഥിക്കുകയും, തിരിഞ്ഞ് നിന്ന് [3] അതിൽ നിന്ന് അല്പം അയാളുടെ സ്വന്തം ഭാര്യയുടെ നെറ്റിത്തടത്തിൽ പുരട്ടുകയും ചെയ്തു.

59. മറുവശത്ത്, ആ ഭക്തൻ തന്റെ മകൾ താമസിച്ചിരുന്ന ഗ്രാമത്തിലേയ്ക്ക് യാത്ര തിരിച്ചു. അവിടെ സന്തോഷകരമായ സംഭവങ്ങൾ അറിഞ്ഞ് അയാൾ വളരെ സന്തുഷ്ടനായി.

60. പെൺകുട്ടി മൂന്നു ദിവസങ്ങൾ കടുത്ത ജ്വരം അനുഭവിച്ചിരുന്നു; വേദന കാരണം അവൾ ആകെ അവശയായിരുന്നു; പക്ഷേ ഒരു ദിവസം മുമ്പ് മുതൽ അവൾക്ക് കുറച്ച് ആശ്വാസം അനുഭവപ്പെട്ടിരുന്നു.

61. നാനാ ബാബയോട് പ്രാർത്ഥിക്കുകയും അയാളുടെ ഭാര്യയുടെ നെറ്റിത്തടത്തിൽ ഉധിയെന്ന് സങ്കല്പിച്ച് പൂഴി പുരട്ടുകയും ചെയ്ത അതേസമയം മുതൽ രോഗശമനം തുടങ്ങിയതായി അന്വേഷണങ്ങളിൽ നിന്നും തെളിഞ്ഞു.

62. രോഗത്തെക്കുറിച്ചുള്ള ഈ കഥ മതിയാക്കാം. ഉചിതമായ സമയത്ത്, അത് വിശദമായി പറയുന്നതാണ്. ഇത് ഉധിയെ സംബന്ധിച്ചുള്ള ഒരു സംഭവകഥയാണ്.

63. അദ്ദേഹത്തിന്റെ ഭക്തരുടെ ക്ഷേമത്തിനായി എല്ലായ്പ്പോഴും പ്രയത്നിക്കാൻ തയ്യാറായിരിക്കുന്ന സായി, സ്നേഹവാനായ ഇതേ ചന്ദോർക്കർ ജാംമ്നറിൽ മംലത്ത്ദാറായി സേവനമനുഷ്ഠിക്കവേ, ഒരു അദ്ഭുത ലീല കാട്ടുകയുണ്ടായി. അത് ശ്രദ്ധിക്കുക.

64. ഈ ഉധിയുടെ മാഹാത്മ്യം അതിരറ്റതാണ്. ശ്രോതാക്കൾ കേൾക്കാൻ സന്നദ്ധരാണെങ്കിൽ, അവരെ വിസ്മയപ്പെടുത്തുന്ന മറ്റൊരു അദ്ഭുതം കൂടി ഞാൻ വിവരിക്കുന്നതാണ്.

65. നാനായുടെ മകൾ കഠിനമായ പ്രസവ വേദന അനുഭവിക്കുകയായിരുന്നു; ജാംമ്നറിൽ നിന്നും തുടർച്ചയായി സായിയോട് പ്രാർത്ഥനകൾ നടത്തപ്പെട്ടുകൊണ്ടിരുന്നു.

66. ജാംമ്നറിലെ കാര്യങ്ങളെക്കുറിച്ച് ഷിർദിയിലാർക്കും തന്നെ ഒരു വിവരവുമുണ്ടായിരുന്നില്ല. പക്ഷേ ബാബ സർവ്വവ്യാപിയും എല്ലാ കാര്യങ്ങളും അറിയുകയും ചെയ്യുന്നു. അദ്ദേഹം അറിയാത്തതായി ഈ പ്രപഞ്ചത്തിൽ ഒന്നും തന്നെയില്ല.

67. ബാബ അദ്ദേഹത്തിന്റെ ഭക്തരുമായി ഐക്യത്തിലായിരുന്നു. നാനായുടെ ഗൃഹത്തിലെ സാഹചര്യങ്ങൾ ഗ്രഹിച്ച് സായി സമർത്ഥന്റെ ഹൃദയത്തിൽ കാരുണ്യം നിറഞ്ഞൊഴുകി. പെട്ടെന്ന് തന്നെ അദ്ദേഹം എന്താണ് ചെയ്തതെന്ന് നോക്കുക!

68. ഉധി കൊടുത്തുവിടുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. അതേസമയത്ത് ഗോസാവി രാംഗിർ ബുവയ്ക്ക് തന്റെ ഗ്രാമത്തിലേയ്ക്ക് പോകാൻ ഉത്കടമായ ആഗ്രഹം തോന്നി.

69. അയാളുടെ ഗ്രാമം ഖണ്ഡേഷിലായിരുന്നു. അയാൾ യാത്രയ്ക്കുള്ള സകല തയ്യാറെടുപ്പുകളും നടത്തുകയും, ദർശനത്തിനും ബാബയുടെ പാദവന്ദനത്തിനുമായി മസ്ജിദിലേയ്ക്ക് വരികയും ചെയ്തു.

70. എന്തെന്നാൽ ഒരുവൻ ജീവനോടെ ഉള്ളിടത്തോളം, ബാബയുടെ പാദങ്ങളിൽ വന്ദിക്കുകയും അനുവാദം നേടുകയും ചെയ്യാതെ, ആരും തന്നെ ഒരു കാര്യത്തിനും വേണ്ടി ഷിർദിയിൽ നിന്നും യാത്ര പുറപ്പെടുമായിരുന്നില്ല.

71. കല്യാണമായാലും ഉപനയനമായാലും, ശാസ്ത്രവിധി പ്രകാരമുള്ള ഏതെങ്കിലും ശുഭകർമ്മങ്ങളായാലും, മറ്റേതെങ്കിലും ജോലിയോ, എന്തെങ്കിലും ഉദ്യമമോ ആയാലും ബാബയുടെ അനുമതി അത്യാവശ്യമായിരുന്നു.

72. അദ്ദേഹത്തിന്റെ ഹൃദയംഗമമായ അനുവാദവും ഉധിപ്രസാദവും അനുഗ്രഹവും കൂടാതെ ഒരു പ്രവൃത്തിയും സുഗമമായി നടക്കില്ലായെന്ന് ഉറച്ച് വിശ്വസിക്കപ്പെട്ടിരുന്നു.

73. ആ ഗ്രാമത്തിലെ പതിവ് ഇങ്ങനെയായതിനാൽ അതിനനുസരിച്ച് രാംഗിർ വന്ന് ബാബയുടെ പാദങ്ങൾ വന്ദിച്ച് യാത്ര പുറപ്പെടാനുള്ള അനുവാദം ചോദിച്ചു.

74. അയാൾ പറഞ്ഞു: "ബാബാ, ഞാൻ ഖണ്ഡേഷിലെ എന്റെ ഗ്രാമത്തിലേയ്ക്ക് പോകുകയാണ്. ഈ സേവകന് പുറപ്പെടാനായി ഉധിയും അനുഗ്രഹങ്ങളും അനുവാദവും നൽകുക."

75. ബാബ അയാളെ സ്നേഹപൂർവ്വം 'ബാപുഗിർ' എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹം മറുപടി പറഞ്ഞു. "സന്തോഷത്തോടെ നിന്റെ ഗ്രാമത്തിലേയ്ക്ക് പോകുക. പക്ഷേ വഴിയിൽ കുറച്ച് വിശ്രമിക്കുക.

76. "ആദ്യം ജാംമ്നറിൽ എത്തി നാനായുടെ ഗൃഹത്തിൽ പോകുക. അവന്റെ ക്ഷേമം അന്വേഷിച്ചതിനുശേഷം, വീണ്ടും യാത്ര തുടരുക"

77. എന്നിട്ട് അദ്ദേഹം മാധവറാവു ദേശ്പാണ്ഡെയോട് പറഞ്ഞു: "ശാമാ, ആദ്കറുടെ ആ ആരതി ഒരു കടലാസിൽ പകർത്തി, ഗോസാവിയുടെ കൈവശം കൊടുത്ത് നാനായ്ക്ക് അയയ്ക്കുക".

78. പിന്നീട് അദ്ദേഹം ഗോസാവിയ്ക്ക് ഉധി നൽകുകയും ഉധിയുടെ ഒരു ചെറിയ പൊതിയുണ്ടാക്കി, അവന്റെ കൈയ്യിൽ കൊടുത്തിട്ട് അത് നാനായ്ക്ക് നൽകാൻ പറയുകയും ചെയ്തു.

79. "ഉധിയും ആരതിയും കൂടി കൊണ്ടുപോയി നാനായ്ക്ക് നൽകുക. അവന്റെ ക്ഷേമാന്വേഷണങ്ങൾ നടത്തിയ ശേഷം നിന്റെ ഗ്രാമത്തിലേയ്ക്ക് തിരിക്കുക," അദ്ദേഹം പറഞ്ഞു.

80. രാമജനാർദ്ദനൻ രചിച്ച 'ധ്യാനേശ്വർ ആരതി'യ്ക്ക് സമമാണ് ഈ 'ആരതിസായിബാബ'. അവയ്ക്ക് രണ്ടിനും ഒരേ ഈണമാണ് ഉള്ളത്.

81. സ്വാമിജനാർദ്ദന്റെ ഭക്തനായിരുന്നു രാമജനാർദ്ദനൻ, മാധവ് ആദ്കർ, സായി പാദങ്ങളിലെ ഭക്തനുമായിരുന്നു. ഈശ്വരപ്രേരണയാൽ രചിക്കപ്പെട്ടതാണ് ഇത്, ഇതില്ലാതെ സായിയുടെ ആരാധന അപൂർണ്ണമാണ്.

82. ബാബ ഈ ആരതി വളരെ ഇഷ്ടപ്പെട്ടിരുന്നതിനാൽ, ബാബ ഉധിയോടൊപ്പം കൊടുത്തുവിട്ട ആരതി ശ്രോതാക്കൾ തുടക്കം മുതൽ ഒടുക്കം വരെ കേൾക്കണം. പിന്നീട് നിങ്ങൾക്ക് അതിന്റെ ഫലങ്ങൾ തിരിച്ചറിയാൻ കഴിയും.

ആരതി

പല്ലവി

'സകലർക്കും സന്തോഷദായകനായ സായിബാബയ്ക്ക് ഞങ്ങൾ ആരതിയുഴിഞ്ഞിടുന്നു. പീഢിതർക്കും അങ്ങയുടെ പാദഭക്തന്മാർക്കും ആശ്രയം നൽകുക. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു....

ആഗ്രഹങ്ങൾ എരിയിച്ചു കളഞ്ഞു. ആത്മനിൽ മുഴുകിയിരിക്കുന്ന, ആത്മാർത്ഥികളെ മോക്ഷം നേടാൻ അഭ്യസിപ്പിക്കുക. അവർ അവരുടെ സ്വന്തം കണ്ണുകൾ കൊണ്ട് ശ്രീരംഗനാഥനെ[4] കാണട്ടെ. ശ്രീരംഗനാഥൻ. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു.....

അങ്ങ് ഓരോരുത്തർക്കും അവരുടെ ഭക്തിക്കും വിശ്വാസത്തിനും അനുസരിച്ച് ഉചിതമായ അനുഭവങ്ങൾ നൽകുന്നു. ഓ, ദയാപരാ! അത്തരത്തിലാണ് അങ്ങയുടെ സ്വന്തം മാർഗ്ഗം. അങ്ങയുടെ സ്വന്തം മാർഗ്ഗം. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു......

അങ്ങയുടെ നാമത്തിന്റെ ധ്യാനം സകലരുടെയും ലൗകിക ദുഃഖങ്ങൾ അകറ്റുന്നു. അങ്ങയുടെ ലീല ഗഹനമാണ്. നിർഭാഗ്യവാന്മാർക്ക് വഴി കാട്ടിത്തരിക. നിർഭാഗ്യവാന്മാർക്ക് വഴി കാട്ടിത്തരിക. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു......

ഈ കലിയുഗത്തിൽ അങ്ങ് യഥാർത്ഥ പരബ്രഹ്മാവതാരമാണ്, ഉടലാർന്ന് ഈ ഭൂമിയിലെത്തിയിരിക്കുന്നു. അങ്ങ് സ്വാമി ദത്തദിഗംബരരുമാണ്[5]. സ്വാമി ദത്തദിഗംബരർ. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു......

ആഴ്ചയിലൊരിക്കൽ, ഗുരുവാരത്തിൽ, ദേവന്റെ പാദങ്ങൾ ഒരു നോക്കുകാണാനും അവരുടെ ലൗകികഭയങ്ങൾ അകറ്റാനും വേണ്ടി, ഭക്തർ യാത്രയാകുന്നു. ഭയങ്ങൾ അകറ്റുക. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു......

ഞാൻ ആഗ്രഹിക്കുന്ന ഒരേ ഒരു സമ്പത്ത്, അങ്ങയുടെ പാദസേവനം മാത്രമാണ്, ഓ ദേവാധിദേവാ. ഞങ്ങൾ സായിബാബയ്ക്ക് ആരതി യുഴിഞ്ഞിടുന്നു......

ചാതകപ്പക്ഷി ശുദ്ധജലം[6] ആഗ്രഹിക്കുന്നത് പോലെ, എനിക്ക്, മാധവന്, ഓ ദേവാ, നേരിട്ട് അറിവ് നൽകുക! ഒപ്പം ദയവായി എനിക്ക് അങ്ങ് വാഗ്ദാനം നൽകുക. അങ്ങയുടെ വാഗ്ദാനം. ഞങ്ങൾ സായിബാബയ്ക്ക് ആരതിയുഴിഞ്ഞിടുന്നു......'.

83. ഗോസാവി ബാബയോട് പറഞ്ഞു: “ആകെ രണ്ടു ഉറുപ്പികകളാണ് എന്റെ കൈവശമുള്ളത്. ബാബാ, ഈ തുക കൊണ്ട് മാത്രം എങ്ങനെയാണ് ഞാൻ ജാംമ്നറിലെത്തുക?”

84. ബാബ പറഞ്ഞു: “ഒന്നിനെക്കുറിച്ചും ആശങ്കപ്പെടാതെ പോകുക. നിനക്ക് എല്ലാം മുറപോലെ ഏർപ്പാട് ചെയ്യപ്പെട്ടിരിക്കും.” സായിയുടെ വാക്കുകളിൽ പൂർണ്ണവിശ്വാസത്തോടെ ഗോസാവി പുറപ്പെട്ട് പോയി.

85. ബാബയിൽ നിന്നും ഈ നിർദ്ദേശങ്ങൾ സ്വീകരിച്ച്, അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ച് കൊണ്ട് ബാപുഗിർ ഉടൻ തന്നെ ഉധി പ്രസാദവും എടുത്ത്, തന്നെ ഏല്പിച്ച കർത്തവ്യത്തിനായി പുറപ്പെട്ടു.

86. ആ കാലത്ത്, ഇപ്പോഴത്തെപ്പോലെ തന്നെ, ജാംമ്നറിലേയ്ക്ക് തീവണ്ടി ഗതാഗത മാർഗ്ഗമുണ്ടായിരുന്നില്ല. കൂടാതെ യാത്ര എളുപ്പവുമായിരുന്നില്ല. അതിനാൽ ഗോസാവി വളരെ വിഷമിച്ചു.

87. യാത്രക്കാർ തീവണ്ടിയിൽ യാത്ര ചെയ്ത് ജാൽഗാവൺ കാര്യാലയത്തിൽ ഇറങ്ങണം, അവിടെ നിന്നും ബാക്കിയുള്ള ദൂരം കാൽനടയായി പോകേണ്ടിയിരുന്നു.

88. തീവണ്ടിയുടെ യാത്രക്കൂലിയായി ഒരു ഉറുപ്പിക 14 അണകൾ കൊടുത്തു കഴിഞ്ഞ് ബാക്കി 2 അണകൾ അവശേഷിച്ചു. എങ്ങനെയാണ് അയാൾ വീണ്ടും മുമ്പോട്ട് പോകുക?

89. ജാൽഗാവൺ കാര്യാലയത്തിൽ വച്ച് ഇത്തരം ചിന്തകൾ ഗോസാവിയെ വിഷമിപ്പിച്ചിരുന്നു. അയാൾ പുറത്തേയ്ക്ക് ഇറങ്ങി, ടിക്കറ്റ് ഏല്പിച്ചു കഴിഞ്ഞപ്പോൾ കുറച്ചകലെയായി അയാൾ ഒരു ശിപായിയെ കണ്ടു.

90. ശിപായി ആരെയോ തിരയുന്നത് പോലെ തോന്നി. അയാൾ യാത്രക്കാരെ സമീപിച്ച് കൊണ്ട് ചോദിച്ചു: “ആരാണ് ഷിർദിയിൽ നിന്നുള്ള ബാപുഗിർ എന്ന് പറയൂ”.

91. ശിപായിയുടെ അന്വേഷണങ്ങൾ അയാളെക്കുറിച്ചാണെന്ന് മനസ്സിലാക്കിയ ഗോസാവി മുന്നോട്ട് വന്ന് പറഞ്ഞു. “അതെ, ഞാനാണ് ആ വ്യക്തി. നിനക്ക് എന്താണ് വേണ്ടതെന്ന് പറയുക”.

92. അവൻ പറഞ്ഞു: “ചന്ദോർക്കർ നിങ്ങളെ കൂട്ടിക്കൊണ്ട് വരാനായി എന്നെ അയച്ചിരിക്കുകയാണ്. പെട്ടെന്ന് വന്ന് ടോംഗയിൽ കയറുക. അദ്ദേഹം നിങ്ങളെ കാത്തിരിക്കുകയാണ്.”

93. ബുവ വളരെ സന്തുഷ്ടനായി. ഷിർദിയിൽ നിന്നും നാനായ്ക്ക് ഒരു സന്ദേശം ലഭിച്ചിട്ടുണ്ടാകാമെന്നും, അതിനാൽ സമയത്ത് ഒരു ടോംഗ അയയ്ക്കാൻ അയാൾക്ക് കഴിയുകയും തനിക്ക് വളരെ ക്ലേശങ്ങളിൽ നിന്നും അത് രക്ഷ നൽകിയെന്നും അയാൾ ചിന്തിച്ചു.

94. ശിപായി വളരെ ചുറുചുറുക്കുള്ളവനായിരുന്നു, താടിയും പിരിച്ചുവച്ച മീശയും കൃതാവുമായി, വിശേഷ തരത്തിലുള്ള വേഷം ധരിച്ചിരുന്നു. ടോംഗയും നല്ല രീതിയിൽ സൂക്ഷിക്കപ്പെട്ടിരുന്നതായി കണ്ടു.

95. കുതിരകൾ ടോംഗയ്ക്ക് ചേർന്നവയായിരുന്നു. തീർച്ചയായും അവ വാടകയ്ക്ക് എടുത്ത മൃഗങ്ങളല്ല. അവയുടെ ഉത്സാഹം കാരണം, മറ്റുള്ള ടോംഗകളെ പിന്തള്ളിക്കൊണ്ട് അവ മുമ്പോട്ട് കുതിച്ചു.

96. ടോംഗ രാത്രി ഏകദേശം 2.48 മണിക്ക് യാത്ര തിരിക്കുകയും പകൽ വെളിച്ചമായപ്പോൾ വഴിയരികിലെ ഒരു അരുവിയുടെ സമീപം നിർത്തുകയും ചെയ്തു.

97. എന്നിട്ട് ടോംഗക്കാരൻ കുതിരകളെ വെള്ളം നൽകാനായി അഴിച്ചുവിടുകയും ഇങ്ങനെ പറയുകയും ചെയ്തു: "ഞാൻ ഇപ്പോൾ തന്നെ മടങ്ങിയെത്തും. അതിനുശേഷം നമുക്ക് സൗകര്യമായി ലഘുഭക്ഷണം കഴിക്കാം.

98. ഞാൻ കുറച്ച് വെള്ളം കൊണ്ടുവരാം. എന്നിട്ട് നമുക്ക് മാങ്ങകളും പേഡയും[7] ഗുൽപാപഡിയും[7] കഴിക്കാം; പിന്നീട് കുതിരകളെ കെട്ടിക്കഴിയുമ്പോൾ കുതിരകൾ യാത്ര തിരിക്കും."

99. അയാളുടെ വേഷവും താടിയും അയാൾ ഒരു മുസൽമാനാണെന്ന് തോന്നിച്ചു. അയാളുടെ വാക്കുകൾ കേട്ടപ്പോൾ, അയാളിൽ നിന്നും ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കാമോ എന്ന സന്ദേഹം രാംഗിറിന് ഉണ്ടായി.

100. അതിനാൽ അയാൾ അവനോട് അവന്റെ ജാതിയെപ്പറ്റി ചോദിച്ചു. അവൻ പറഞ്ഞു: "നിങ്ങൾക്ക് എന്നെപ്പറ്റി സംശയങ്ങളുണ്ടോ? ഞാൻ ഗർവാലിൽ നിന്നുള്ള ഒരു ഹിന്ദുവും ക്ഷത്രിയനുമാണ്. ഞാൻ രജപുത്രജാതിയിൽപെട്ടവനാണ്.

101. "ഈ ലഘുഭക്ഷണങ്ങളും നാനാ എന്റെയൊപ്പം തന്നുവിട്ടതാണ്. തീർച്ചയായും ഒട്ടും സംശയം വേണ്ട. ഉത്കണ്ഠ കൂടാതെ ഇവ കഴിക്കുക."

102. അത്തരത്തിൽ അയാളുടെ സംശയങ്ങൾ മാറിയപ്പോൾ ഇരുവരും ഭക്ഷണം കഴിച്ചു. ടോംഗക്കാരൻ കുതിരകളെ കെട്ടി, സൂര്യോദയമായപ്പോൾ അവരുടെ യാത്ര അവസാനിച്ചു.

103. അവർ ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ നാനായുടെ പ്രവൃത്തിസ്ഥലം കാണാൻ കഴിഞ്ഞു. കുതിരകളും കുറച്ച് നേരം നിന്നു. രാംഗിറിന് സന്തോഷമായി.

104. ബുവ, മൂത്രവിസർജ്ജനത്തിന് വേണ്ടി ഒഴിഞ്ഞ ഒരു സ്ഥലം അന്വേഷിച്ചു. അയാൾ തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച അയാളെ അദ്ഭുതപ്പെടുത്തി.

105. ടോംഗ ഇല്ല, കുതിരകൾ ഇല്ല, ടോംഗക്കാരനെയും കാണാൻ കഴിഞ്ഞില്ല! ആ സമയത്ത് ആരെയും കാണാൻ കഴിഞ്ഞില്ല. സ്ഥലം വിജനമായി കാണപ്പെട്ടു.

106. രാംഗിർ അദ്ഭുതപ്പെട്ടു. 'എന്താണീ ആശ്ചര്യം? എന്നെ ഇത്രയും ദൂരം കൊണ്ടുവന്നതിനുശേഷം, ഈ കുറഞ്ഞ സമയത്തിനുള്ളിൽ അവൻ എങ്ങോട്ടാണ് പോയത്?'

107. അയാൾക്ക് നാനായെ കാണാൻ തിടുക്കമായതിനാൽ ബുവ പ്രവൃത്തികാര്യാലയത്തിനുള്ളിലേയ്ക്ക് ചെന്നു. നാനാ അയാളുടെ ഗൃഹത്തിലാണെന്ന് അറിഞ്ഞപ്പോൾ അയാൾ അവിടേയ്ക്ക് പോകാൻ തീരുമാനിച്ചു.

108. ബുവ, വഴിയിലൂടെ നടന്ന്, അന്വേഷണങ്ങൾ നടത്തി എളുപ്പത്തിൽ നാനായുടെ വീട് കണ്ടുപിടിച്ചു. അയാൾ അവിടെ എത്തി വരാന്തയിൽ ഇരിക്കുകയും നാനാ അയാളെ അകത്തേയ്ക്ക് വിളിക്കുകയും ചെയ്തു.

109. അവർ രണ്ടുപേരും പരസ്പരം കണ്ടു. അയാൾ ഉധിയും ആരതിയും പുറത്തെടുത്ത് നാനായുടെ മുമ്പിൽ വച്ച് കൊണ്ട് വിവരങ്ങൾ അറിയിച്ചു.

110. ഈ ഉധി എത്തിയ സമയത്ത്, നാനായുടെ മകൾ പ്രസവത്തിലെ ചില ക്ലേശങ്ങൾ കാരണം വളരെ വേദന അനുഭവിക്കുകയായിരുന്നു എന്നത് ഒരു ആശ്ചര്യമായിരുന്നു.

111. ഈ ക്ലേശം ഒഴിവാക്കാനായി നവചണ്ഡിഹോമവും[9] ഹവനവും സപ്തശതി പാരായണവും[10] നടക്കുകയായിരുന്നു. ഗോസാവി അദ്ഭുതപ്പെട്ടു.

112. വിശന്നുവലഞ്ഞവന്റെ മുമ്പിൽ ഒരു പാത്രം നിറയെ സ്വാദിഷ്ടമായ ഭക്ഷണപദാർത്ഥങ്ങൾ വയ്ക്കപ്പെടുമ്പോൾ അവന് എങ്ങനെ അനുഭവപ്പെടുമോ, അല്ലെങ്കിൽ ദാഹിച്ചിരിക്കുന്ന ചകോരത്തിന്റെ വായിൽ അമൃത് വീണാൽ അതിന് എങ്ങനെ അനുഭവപ്പെടുമോ, അതേ പോലെയായിരുന്നു നാനായ്ക്ക് അനുഭവപ്പെട്ടത്.

113. നാനാ അയാളുടെ ഭാര്യയെ വിളിച്ച്, അയാളുടെ മകൾക്ക് ഉധി വെള്ളത്തിൽ ചേർത്ത് കൊടുക്കാൻ നൽകുകയും അയാൾ സ്വയം ആരതി പാടാൻ തുടങ്ങുകയും ചെയ്തു.

114. ഉധിയുടെ കപ്പ് ചുണ്ടോടു ചേർത്തയുടൻ തന്നെ പെൺകുട്ടിയ്ക്ക് സുഖം പ്രാപിക്കാൻ തുടങ്ങിയെന്ന വാർത്ത, നിമിഷങ്ങൾക്കുള്ളിൽ അകത്തെ മുറികളിൽ നിന്നും ലഭിച്ചു.

115. ഉടൻ തന്നെ അവളുടെ വേദനയ്ക്ക് ശമനമുണ്ടാകുകയും പ്രസവം സുഖമായി നടക്കുകയും ചെയ്തു. അപകടസന്ധി സന്തോഷമായി കടന്നുപോയി. എല്ലാവരിലും ഉത്കണ്ഠകൾക്ക് ശമനമായി.

116. പിന്നീട് രാംഗിർ നാനായോട് ചോദിച്ചു: “ടോംഗക്കാരൻ എങ്ങോട്ടാണ് പോയത്? ഞാൻ ഇവിടെയും അവനെ കണ്ടില്ല. നിങ്ങൾ അയച്ച ടോംഗ എവിടെയാണ്?”

117. നാനാ പറഞ്ഞു: “ഞാൻ അയച്ചില്ല. നിങ്ങൾ ഏത് ടോംഗയെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് എനിക്കറിയില്ല. നിങ്ങൾ വരികയാണെന്ന് ആര് അറിഞ്ഞു? ഞാൻ എന്തിന് ടോംഗയെ അയയ്ക്കണം?”.

118. അപ്പോൾ ബുവ ടോംഗയുടെ കഥ തുടക്കം മുതൽ അവസാനം വരെ എല്ലാവരെയും കേൾപ്പിച്ചു. ഭക്തരെ സ്വന്തം മക്കളെപ്പോലെ കരുതുന്ന തരത്തിലുള്ള ബാബയുടെ സ്നേഹനിർഭരമായ ഉത്കണ്ഠയെക്കുറിച്ചോർത്ത് നാനാ ആശ്ചര്യപ്പെട്ടു.

119. എന്ത് ടോംഗ! എന്ത് ശിപായി! ഈ സായി മൗലി (മാതാവ്) പ്രപഞ്ചത്തിന്റെ നാഥനാണ്, വിവിധ തരത്തിലുള്ള അദ്ഭുതകൃത്യങ്ങൾ നടത്തുന്നു! ഭക്തിയുടെ തീവ്രത കാരണം, പ്രയാസഘട്ടങ്ങളിൽ അദ്ദേഹം ഭക്തരുടെയടുത്തേയ്ക്ക് ഓടിയെത്തുന്നു.

120. അത് അങ്ങനെയാകട്ടെ. മുമ്പ് സൂചിപ്പിച്ച കഥയുമായി നമുക്ക് മുമ്പോട്ട് പോകാം. കുറച്ചു നാളുകൾക്കകം ബാബ മഹാസമാധിയായി.

121. 1918 വർഷത്തിൽ വിജയദശമിയിലെ ദസ്സറ ഉത്സവസമയം ശുഭദിനമായി ബാബ കരുതുകയും തന്റെ ഭൗതിക ദേഹം ഉപേക്ഷിക്കാനായി ആ ദിവസം തെരഞ്ഞെടുക്കുകയും ചെയ്തു.

122. പിന്നീട് സമാധി മന്ദിരം നിർമ്മിക്കപ്പെട്ടു. അതിന് മുമ്പ് ബാബ ഭൗതിക ശരീരത്തിലായിരിക്കുന്ന സമയത്ത് നാരായണറാവുവിന് രണ്ട് പ്രാവശ്യം ദർശനം നൽകിയിരുന്നു.

123. ഇപ്പോൾ സമാധിക്കുശേഷം മൂന്ന് വർഷങ്ങൾ കടന്നുപോയി. ദർശനം നടത്തണമെന്ന ആത്മാർത്ഥമായ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും, ഉചിതമായ ഒരു അവസരം ലഭിക്കാത്തതിനാൽ അയാൾ വിഷമിച്ചു.

124. സമാധിക്ക് ഒരു വർഷത്തിനുശേഷം, നാരായണറാവു അസുഖബാധിതനായി. ഔഷധങ്ങളെല്ലാം പരീക്ഷിച്ചിട്ടും ഫലമുണ്ടായില്ല.

125. അയാൾ രോഗം മൂലം ക്ലേശിക്കുകയായിരുന്നെങ്കിലും, അയാൾ പകലും രാത്രിയും ബാബയെ ധ്യാനിച്ചു കൊണ്ടിരുന്നു. ഗുരുരായന് എങ്ങനെയാണ് മരണമുണ്ടാകുക? അദ്ദേഹം നാരായണന് ദർശനം നൽകി.

126. സായി ഭൂമിക്കടിയിലുള്ള ഒരു നിലവറയിൽ നിന്നും വരുന്നതായി, ഒരു രാത്രി അയാൾ സ്വപ്നത്തിൽ ദർശിച്ചു. അദ്ദേഹം നാരായണറാവുവിന്റെ അടുത്തെത്തി, അയാളെ ആശ്വസിപ്പിച്ചു.

127. “വിഷമിക്കാതിരിക്കൂ. നാളെ മുതൽ നിനക്ക് സുഖം പ്രാപിക്കുകയും ഒരാഴ്ച കഴിയുമ്പോൾ നിനക്ക് സ്വയം എഴുന്നേറ്റിരിക്കാൻ കഴിയുകയും ചെയ്യും.”

128. അത് അങ്ങനെ കഴിഞ്ഞു. എട്ട് ദിവസങ്ങൾ കടന്നുപോയി. ഓരോ വാക്കും സത്യമാണെന്ന് തെളിഞ്ഞു. നാരായണറാവുവിന് എഴുന്നേറ്റിരിക്കാൻ കഴിയുകയും അയാളുടെ ഹൃദയം വികാരങ്ങൾ കൊണ്ട് നിറയുകയും ചെയ്തു.

129. കുറച്ച് നാളുകൾക്ക് ശേഷം നാരായണറാവു സമാധി ദർശനത്തിനായി ഷിർദിയിലേയ്ക്കു വന്നു. അപ്പോൾ അയാൾ ഈ അനുഭവം വിവരിക്കുകയുണ്ടായി.

130. അദ്ദേഹം ഭൗതികദേഹത്തിൽ വസിച്ചപ്പോൾ മാത്രമാണ് ജീവിച്ചിരുന്നതെന്ന് പറയാൻ കഴിയുമോ? അദ്ദേഹം സമാധിയടഞ്ഞതിനാൽ മരണപ്പെട്ടു എന്ന് പറയാനാകുമോ? സായി ജീവിതത്തെയും മരണത്തെയും അതിജീവിച്ചു കൊണ്ട് ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്നു.

131. കാണാൻ കഴിയില്ലെങ്കിലും, അഗ്നി തടിയിൽ സ്വതവേ അന്തർലീനമായിരിക്കുകയും, കൂട്ടിത്തിരുമ്മുമ്പോൾ ജ്വലിക്കുകയും ചെയ്യുന്നത് പോലെയാണ് സായി അദ്ദേഹത്തിന്റെ ഭക്തർക്ക്.

132. ഒരുവൻ ഒരിക്കൽ അദ്ദേഹത്തെ സ്നേഹത്തോടെ കണ്ടുകഴിഞ്ഞാൽ അവന്റെ ജീവിതകാലം മുഴുവനും അദ്ദേഹം അവന് അടിമയായിരിക്കും.

ഹൃദയംഗമമായ സ്നേഹത്തിന് മാത്രമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്, അത്തരത്തിലുള്ള ഒരു മനുഷ്യന്റെ വിളിക്ക് അദ്ദേഹം പ്രതികരിക്കും.

133. അദ്ദേഹത്തിന് പ്രത്യക്ഷപ്പെടാൻ ഒരു പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ല. അദ്ദേഹം എല്ലായ്പ്പോഴും എല്ലായിടത്തും ഉണ്ടായിരിക്കും. എങ്ങനെ ഏത് മാർഗ്ഗം സ്വീകരിക്കും എന്നത് ഏവരുടേയും ഗ്രഹണശക്തിക്ക് അതീതമായിരിക്കും.

134. ചിലപ്പോൾ, നമുക്ക് നിറയെ അടിസ്ഥാനമില്ലാത്ത സംശയങ്ങൾ തോന്നുന്ന തരത്തിലുള്ള സാഹചര്യങ്ങൾ അദ്ദേഹം സൃഷ്ടിക്കുന്നു. ആ സമയങ്ങളിൽ അദ്ദേഹത്തിന്റെ പാദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ധ്യാനിക്കാനുള്ള കഴിവ് കൂടും.

135. ഇത്തരത്തിൽ മനസ്സ് ഏകാഗ്രമാകുകയാണെങ്കിൽ ഒരുവന് സായിയെ ആഴത്തിൽ ധ്യാനിക്കാൻ കഴിയും. ഇതാണ് സായി സാധ്യമാക്കിത്തരുന്നത്. അതാകട്ടെ ഒരു തടസ്സവുമില്ലാതെ നേടാനും കഴിയുന്നു.

136. സാധാരണ ദിനചര്യകളിൽ നിന്നും ഒഴിഞ്ഞ് മാറേണ്ട കാര്യമില്ല. എല്ലാ ആഗ്രഹങ്ങളും താനേ അപ്രത്യക്ഷമാകും. മനസ്സിനെ അത്തരത്തിൽ പരിശീലിപ്പിച്ചാൽ, എല്ലാ കർമ്മങ്ങളും പരിശ്രമം കൂടാതെ പൂർത്തിയാക്കാൻ കഴിയും.

137. കർമ്മത്തിന്റെ രംഗശാലയായ ഈ ഭൂമിയിൽ ഈ ശരീരം ഉടലെടുത്തിരിക്കുന്നതിനാൽ, ഒരുവൻ അനിവാര്യമായും കർമ്മങ്ങളിൽ ഏർപ്പെടേണ്ടിവരും. അപ്പോൾ എന്ത് കൊണ്ട് മതിയായ സമ്പത്തും വസ്തുവകകളും സമ്പാദിച്ച് ഭാര്യയോടും സന്താനങ്ങളോടും കൂടി കഴിഞ്ഞുകൂടാ?

138. സംഭവിക്കുന്നതൊക്കെ അതിന്റെ പൂർണ്ണതയിൽ സംഭവിക്കട്ടെ. നമുക്ക് സദ്ഗുരുവിന്റെ ധ്യാനം മാത്രം തീവ്രമായി ആഗ്രഹിക്കാം. സംശയങ്ങളും മിഥ്യാധാരണകളും നശിപ്പിക്കപ്പെടും. വിധിവശാൽ നിശ്ചയിക്കപ്പെട്ട വിഷമതകൾ ഒഴിവാക്കപ്പെടും.

139. അനുപമമായ ധിഷണാശക്തി, പാണ്ഡിത്യം, ധൈര്യം എന്നിവയുടെ ഉടമയായ സായി, ഭക്തരുടെ ഭക്തിയെ കണക്കിലെടുത്ത് ഭക്തർക്ക് വിവിധ തരത്തിലുള്ള അനുഭവങ്ങൾ നൽകുകയും ഭക്തിയുടെ പ്രതാപം വർദ്ധിപ്പിക്കുകയും ചെയ്യുന്നു!

140. അദ്ദേഹം ഏത് തരത്തിലുള്ള വേഷവും ധരിച്ച് ഇച്ഛാശക്തിയാൽ എവിടെയും പ്രത്യക്ഷപ്പെടുന്നു. ഭക്തരുടെ ക്ഷേമത്തിന് വേണ്ടി എവിടെയും ചുറ്റിത്തിരിയും. ശിഷ്യർ ഭക്തിയുള്ളവരായിരിക്കണമെന്നത് മാത്രമാണ് ആകെയുള്ള ആവശ്യകത.

141. ഇതേ വസ്തുത പ്രകടമാക്കുന്ന മറ്റൊരു കഥ, ആദരവോടെ, ദയവായി ശ്രദ്ധിക്കുക. ദിവ്യന്മാർ അവരുടെ ഭക്തരുടെ നന്മയ്ക്ക് വേണ്ടി പകലും രാത്രിയും എങ്ങനെയാണ് കഠിനപരിശ്രമം നടത്തുന്നതെന്ന് കേൾക്കുക.

142. നിങ്ങളുടെ കർണ്ണങ്ങളുടെ വാതിലുകൾ തുറക്കുക, ഹൃദയക്ഷേത്രത്തിന്റെ

പൂട്ട് തുറക്കുക, എന്നിട്ട് ഈ കഥ നിങ്ങളുടെ ആന്തരികാത്മാവിനെ സ്പർശിക്കാൻ അനുവദിക്കുക. അത് ലൗകിക ജീവിതത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കും.

143. കഴിഞ്ഞ വർഷത്തിൽ ജർമ്മനിയുമായുണ്ടായ പ്രസിദ്ധമായ യുദ്ധത്തിൽ, ശത്രുക്കളോട് യുദ്ധം ചെയ്യാനായി ഒരു പട്ടാളത്തെ സജ്ജീകരിക്കേണ്ടതുണ്ടായിരുന്നു.

144. ഭാരതത്തിൽ സേവനമനുഷ്ഠിക്കാൻ നിയോഗിക്കപ്പെട്ട ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ എല്ലാ നഗരങ്ങളിൽ നിന്നും, എല്ലാ ഭാഗത്തു നിന്നും ആളുകളെ തെരഞ്ഞെടുക്കുകയായിരുന്നു.

145. താനെ ജില്ലയിലുള്ള ഒരു ഭക്തന്റെ ഊഴം 1917-ൽ എത്തി. കഥ ഒരു പുതിയ ദിശയിലേയ്ക്ക് മാറി.

146. അയാളുടെ പേര് അപ്പാസാഹേബ് കുൽക്കർണി എന്നായിരുന്നു. അയാൾ സായി ഭക്തനായിരുന്നു. അതും സായിയുടെ അനുഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ ലീലകൾ ഗഹനമാണ്.

147. വളരെ വർഷങ്ങൾക്ക് മുമ്പ്, ബാലാസാഹേബ് ഭാട്ടേയുടെ പക്കൽ നിന്നും, അയാൾ ബാബയുടെ ഒരു ചിത്രം നേടിയിരുന്നു; അയാൾ അത് പൂജിക്കുകയും ചെയ്തിരുന്നു.

148. നിറഞ്ഞ ഹൃദയത്തോടെ, ലഭ്യമാകുന്ന ചന്ദനലേപനം, അക്ഷതം, പൂക്കൾ എന്നിവ കൊണ്ട് അയാൾ പതിവായി ചിത്രം പൂജിക്കുകയും നൈവേദ്യം അർപ്പിക്കുകയും ചെയ്തു.

149. സായിയെ നേരിട്ട് ദർശിക്കാനുള്ള ഒരവസരത്തിന് വേണ്ടി അപ്പായുടെ ഹൃദയം വിങ്ങി. "കർമ്മങ്ങളുടെ കെട്ടിൽ നിന്നും എന്നാണ് ഞാൻ സ്വതന്ത്രനാകുക? എപ്പോഴാണ് എന്റെ ഹൃദയത്തിന്റെ ആഗ്രഹം സഫലമാകുക?"

150. സായിബാബയുടെ ചിത്രത്തിന്റെ ദർശനം യഥാർത്ഥത്തിൽ നേരിട്ട് ദർശിക്കുന്നതിന് തുല്യമാണ്. സമ്പൂർണ്ണമായ ഭക്തി മാത്രമാണ് വേണ്ടത്. സമയമാകുമ്പോൾ നിങ്ങൾക്ക് ഇതിന്റെ തെളിവ് ലഭിക്കും.

151. ചിത്രം ദർശിക്കുന്നത് വ്യക്തിയെ നേരിട്ട് ദർശിക്കുന്നതിന് തുല്യമാണ്. ഇതിനെ വ്യക്തമാക്കുന്ന ഒരു വിവരണം ശ്രോതാക്കൾ ആദരവോടെ കേൾക്കണം.

152. ഒരിക്കൽ 'നവീന തുക്കാറാം' എന്നറിയപ്പെടുന്ന, ബോംബെ നിവാസിയും ഭജനഗായകനുമായ ബാലബുവ സുതാർ ദർശനത്തിനായി ബോംബെയിലേയ്ക്ക് പോയി.

153. ഇത് ആദ്യത്തെ സംഗമമായിരുന്നു. അവർ മുമ്പൊരിക്കലും പരസ്പരം കണ്ടിട്ടില്ല. പക്ഷേ, അവർ തമ്മിൽ കണ്ട നിമിഷം തന്നെ സായി വ്യക്തമായി അയാളോട് പറഞ്ഞു.

154. "അവനെ കഴിഞ്ഞ നാല്‌വർഷങ്ങളായി എനിക്ക് അറിയാം". ബാലബുവ ആശ്ചര്യപ്പെട്ടു. "എന്ത് കൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്?

155. ''ബാബ ഒരിക്കലും ഷിർദി വിട്ട് പോയിട്ടില്ല. ഞാനും ഈ സ്ഥലം ആദ്യമായാണ് കാണുന്നത്. അപ്പോൾ എങ്ങനെയാണ് കഴിഞ്ഞ നാല് വർഷങ്ങളായി അദ്ദേഹം എന്നെ അറിയുന്നത്?"

156. ഇത്തരത്തിൽ ആവർത്തിച്ച് ചിന്തിക്കവേ നാല് വർഷങ്ങൾക്ക് മുമ്പ് ഉണ്ടായ ഒരു സംഭവം അയാൾ ഓർത്തു. ബാബയുടെ ചിത്രത്തിന് മുമ്പിൽ ഒരിക്കൽ നമസ്കരിച്ചത് ബുവ ഓർത്തു.

157. അപ്പോൾ പെട്ടെന്ന് ബാലബുവയ്ക്ക് ആ വാക്കുകളുടെ പ്രാധാന്യം മനസ്സിലായി. അയാൾ പറഞ്ഞു: ''നോക്കൂ, ദിവ്യന്മാർ എത്രത്തോളം സർവ്വവ്യാപികളാണെന്നും അവർക്ക് ഭക്തരോടുള്ള സ്നേഹവും മമതയും എത്രയാണെന്നും.

158. "ഞാൻ ഒരു ചിത്രത്തിന്റെ മുമ്പിൽ വന്ദിക്കുകയേ ചെയ്തുള്ളു. അദ്ദേഹത്തെ ഇന്ന് ഞാൻ നേരിട്ട് കണ്ടു. ഞാനത് വളരെക്കാലം മുമ്പേ മറന്നു, പക്ഷേ ബാബ അത് മനസ്സിൽ സൂക്ഷിച്ചു.

159. "ഞാൻ അത് മറന്നു എന്ന് പറയുന്നത് ശരിയല്ല, പക്ഷേ അദ്ദേഹത്തിന്റെ വാക്കുകളുടെ അർത്ഥം പെട്ടെന്ന് എനിക്ക് മനസ്സിലായില്ല. ചിത്രത്തിന്റെ മുമ്പിലുള്ള എന്റെ നമസ്കാരത്തിന്റെ ഫലമായിരുന്നു ഇതെന്ന് ഗ്രഹിക്കാനുള്ള കഴിവ് എനിക്ക് ഉണ്ടായില്ല.

160. ''ബാബ എന്നെ അറിഞ്ഞിരുന്നു; പക്ഷേ അദ്ദേഹം എന്നെ ഓർമ്മിച്ചിരുന്നുവെന്നതിനെക്കുറിച്ച് എനിക്കൊന്നുമറിയില്ലായിരുന്നു. ദിവ്യന്മാർ, ഒരുവനെ ഓർമ്മപ്പെടുത്തുമ്പോൾ മാത്രമാണ് അവന് അത് തിരിച്ചറിയാൻ കഴിയുന്നത്.''

161. തെളിഞ്ഞ ഒരു കണ്ണാടിയിലോ, തെളിഞ്ഞ വെള്ളത്തിലോ ഒരുവന് സൂര്യന്റെയോ ചന്ദ്രന്റെയോ പ്രതിബിംബം കാണാൻ കഴിയും. ഒരു ചിത്രം എന്നത് ഒരു വ്യക്തിയുടെ ശുദ്ധ പ്രതിബിംബമാകുന്നു, വിനയത്തോടെ സേവിക്കുന്ന ഒരുവനിൽ അത് ഐശ്വര്യം വർഷിക്കുന്നു.

162. അതിനാൽ ഒരു ദിവ്യന്റെ ചിത്രം ദർശിക്കുന്നത് നേരിട്ട് കാണുന്നതിന് തുല്യമാണ്. സകലതും ഗ്രഹിക്കാനുള്ള ദിവ്യന്റെ ഗുണമാണ് എല്ലാവരും ഇതിൽ നിന്നും മനസ്സിലാക്കുന്നത്.

163. ഇവിടെ നിർത്താം. മുൻപറഞ്ഞ കഥ, ശ്രോതാക്കൾ ആദരവോടെ കേൾക്കണം. മുമ്പത്തെ പരാമർശം മനസ്സിലോർക്കുക.

164. അപ്പാ താനെ പട്ടണത്തിലാണ് താമസിച്ചിരുന്നത്. അയാൾക്ക് ഭിവണ്ടിയിൽ കുറച്ച് ജോലി ഉണ്ടായിരുന്നു. എട്ട് ദിവസങ്ങൾക്ക് ശേഷം മടങ്ങിവരുമെന്ന് പറഞ്ഞുകൊണ്ട് അയാൾ വീട്ടിൽ നിന്നും പുറപ്പെട്ടു.

165. രണ്ട് ദിവസങ്ങൾ മാത്രം കഴിയവേ അയാളുടെ ഗൃഹത്തിൽ അസാധാരണമായ ഒരു സംഭവം നടന്നു. അയാളുടെ താനെ ഗൃഹത്തിന്റെ വാതിൽക്കൽ ഒരു ഫക്കീർ വന്നു.

166. അദ്ദേഹത്തെ വ്യക്തമായി കണ്ടവർക്കൊക്കെ അത് സായി തന്നെയാണെന്ന്

തോന്നി. ശിരസ്സ് മുതൽ പാദം വരെ, അദ്ദേഹം ചിത്രത്തെപ്പോലെ തന്നെയായിരുന്നു, രൂപം തീർത്തും പൊരുത്തമുള്ളതായിരുന്നു.

167. അയാളുടെ ഭാര്യയും കുട്ടികളും ഫക്കീറിനെ ഇമയനക്കാതെ നോക്കി നിന്നു, എല്ലാവരും ആശ്ചര്യപ്പെട്ടു. ബാബ സ്വയം വന്നതാണെന്ന് അവർക്ക് തോന്നി.

168. മുമ്പ് ആർക്കും ദർശനം ലഭിച്ചിട്ടില്ലെങ്കിലും, ചിത്രവുമായുള്ള രൂപസാദൃശ്യത്തിൽ നിന്നും, അത് ബാബ തന്നെയാണെന്ന് അവർക്ക് തോന്നി. അവരുടെ ആകാംക്ഷ ഉണർന്നു.

169. അവർ എല്ലാവരും ഫക്കീറിനോട് ചോദിച്ചു: "നിങ്ങൾ ഷിർദിയിലെ സായി തന്നെയാണോ?'' ഫക്കീർ അവരോട് എന്ത് മറുപടിയാണ് പറഞ്ഞതെന്ന് ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കണം.

170. ''യഥാർത്ഥത്തിൽ ഞാൻ സായി അല്ല, പക്ഷേ, ഞാൻ അദ്ദേഹത്തിന്റെ വിശ്വസ്ത സേവകനാണ്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കുഞ്ഞുങ്ങളുടെ ആരോഗ്യത്തെക്കുറിച്ചുള്ള ക്ഷേമാന്വേഷണത്തിനാണ് ഞാൻ ഇവിടെ വന്നത്."

171. പിന്നീട് അയാൾ ദക്ഷിണ ആവശ്യപ്പെട്ടപ്പോൾ കുട്ടികളുടെ മാതാവ് അദ്ദേഹത്തിന്റെ വാക്കുകൾ ഉടനടി ആദരിച്ച് കൊണ്ട് അദ്ദേഹത്തിന് ഒരു ഉറുപ്പിക നൽകി. അദ്ദേഹം അവൾക്ക് ഉധി നൽകുകയും ചെയ്തു.

172. അദ്ദേഹം, സായിബാബയുടെ വിഭൂതി ഒരു ചെറിയ പൊതിയിലാക്കി സ്ത്രീയ്ക്ക് നൽകിക്കൊണ്ട് പറഞ്ഞു: "ഇത് ആ ചിത്രത്തിന് സമീപം സൂക്ഷിക്കുക. അത് നിങ്ങൾക്ക് സന്തോഷം നൽകും."

173. അത്തരത്തിൽ തന്റെ ദൗത്യം നിർവ്വഹിച്ച ശേഷം ഫക്കീർ, "സായി എന്നെ കാത്തിരിക്കുന്നുണ്ടാകും'', എന്ന വാക്കുകളോടെ യാത്ര പറയുകയും അദ്ദേഹത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് തിരിക്കുകയും ചെയ്തു.

174. പിന്നീട് അയാൾ വന്ന വഴിയേ തിരിച്ചുപോയി. പിന്നീട് അവിടെ എന്താണ് സംഭവിച്ചതെന്ന് നോക്കുക. സായിയുടെ ലീലകൾ അഗ്രാഹ്യമാണ്.

175. ഭിവന്തിയിലേയ്ക്ക് തിരിച്ച അപ്പാസാഹേബ്, അയാളുടെ ടോംഗയിലെ കുതിരകൾക്ക് അസുഖം ബാധിച്ചതിനാൽ പിന്നീട് യാത്ര തുടരാതെ മടങ്ങി വന്നു. പിന്നീടുള്ള അയാളുടെ യാത്ര റദ്ദാക്കേണ്ടി വന്നു.

176. ഉച്ചകഴിഞ്ഞപ്പോൾ അയാൾ താനെയിൽ തിരിച്ചെത്തുകയും സംഭവിച്ചതൊക്കെ അറിയുകയും ചെയ്തു. അയാൾക്ക് ദർശനം നഷ്ടമായതോർത്ത് അപ്പാസാഹേബ് പശ്ചാത്തപിച്ചു.

177. ദക്ഷിണയായി ഒരു ഉറുപ്പിക മാത്രമേ നൽകപ്പെട്ടുള്ളൂ എന്നോർത്ത് അയാൾക്ക് ലജ്ജതോന്നി. "ഞാൻ ഇവിടെയുണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തെ മടക്കി അയയ്ക്കും മുമ്പ് പത്ത് രൂപയിൽ കുറഞ്ഞത് നൽകുമായിരുന്നില്ല".

178. അപ്പാസാഹേബ് അങ്ങനെ പറഞ്ഞു. അയാൾക്ക് നിരാശയും വിഷമവും തോന്നി. ഫക്കീറിനെ മസ്ജിദിൽ കണ്ടെത്താനാകുമെന്ന് അയാൾ വിശ്വസിക്കുകയും അതിനാൽ ഒന്നും കഴിക്കാതെ അദ്ദേഹത്തെ തിരഞ്ഞ് പുറ

പ്പെടുകയും ചെയ്തു.

179. മസ്ജിദ്, താക്കിയ എന്നിവിടങ്ങളിലും യാത്രക്കാർ താമസിക്കുന്ന അത്തരത്തിലുള്ള മറ്റ് സ്ഥലങ്ങളിലും അപ്പാ, ഫക്കീറിനെ തിരഞ്ഞ് നടന്നു.

180. തിരഞ്ഞ് നടന്ന അയാൾ ക്ഷീണിതനായെങ്കിലും ഫക്കീറിനെ എവിടെയും കണ്ടെത്താൻ കഴിഞ്ഞില്ല. നിരാശയും വിശപ്പും മൂലം അയാൾ ഗൃഹത്തിലേയ്ക്ക് എത്തി, ആഹാരം കഴിച്ചു.

181. ഒരുവൻ ഒഴിഞ്ഞ വയറുമായി ഒരു അന്വേഷണത്തിന് ഇറങ്ങരുതെന്ന് അയാൾക്ക് അറിയില്ലായിരുന്നു. ഒരുവൻ ആത്മനെ തൃപ്തിപ്പെടുത്തിയശേഷം മാത്രമാണ് അന്വേഷണത്തിനിറങ്ങേണ്ടത്.

182. ബാബയുടെ കഥ ഈ തത്ത്വത്തെ സാധൂകരിക്കുന്നു. എന്തിനാണ് അത് വീണ്ടും ആവർത്തിക്കപ്പെടുന്നത്? ശ്രോതാക്കൾക്ക് ആ അധ്യായം നന്നായി അറിയാം.

183. 'ഗുരുവിന്റെ മഹത്വം' എന്ന കഴിഞ്ഞ അധ്യായത്തിൽ അദ്ദേഹത്തിന്റെ സ്വന്തം ഗുരുവിന്റെ വാക്കുകളായി, ശ്രീ സായി സ്നേഹത്തോടെ ഒരു അദ്ഭുത കഥ വിവരിക്കുകയുണ്ടായി.

184. അപ്പാ ഊണ് കഴിച്ചശേഷം അയാളുടെ സുഹൃത്ത് ചിത്റേയുടെ കൂടെ സാധാരണപോലെ നടക്കാനിറങ്ങിയപ്പോൾ അതേ സത്യം അനുഭവവേദ്യമായി.

185. കുറച്ച് നടന്നുകഴിഞ്ഞപ്പോൾ, ആ സ്ഥലത്തേയ്ക്ക്, അയാളെ കണ്ടെത്താൻ ആഗ്രഹിക്കുന്നു എന്ന് തോന്നുന്നത്പോലെ, ഒരു മാന്യ വ്യക്തി വേഗത്തിൽ അയാളെ സമീപിച്ചു.

186. അയാൾ അടുത്തെത്തി അപ്പാ സാഹേബിന്റെ അരികിൽ നിന്നപ്പോൾ, അപ്പാ സാഹേബ് സ്വാഭാവികമായ രീതിയിൽ എന്ന പോലെ, എന്നാൽ വളരെ ശ്രദ്ധയോടും കൂടി, അയാളെ നിരീക്ഷിക്കുകയും രാവിലെ വന്ന വ്യക്തി അയാൾ തന്നെയായിരിക്കും എന്ന് ചിന്തിക്കുകയും ചെയ്തു.

187. 'ഞാൻ മുമ്പ് അന്വേഷിച്ച് നടന്ന അതേ ഫക്കീറാണ് ഇയാളെന്ന് എനിക്ക് തോന്നുന്നു. ശിരസ്സ് മുതൽ പാദം വരെ അയാൾ ചിത്രത്തിലേത് പോലെ തന്നെ കാണപ്പെടുന്നു. എനിക്കാകെ ചിന്താകുഴപ്പം തോന്നുന്നു.'

188. അപ്പാ ഇപ്രകാരം സ്വന്തം മനസ്സിൽ അഭിപ്രായപ്രകടനങ്ങൾ നടത്തവേ ഫക്കീർ അയാളുടെ കൈ നീട്ടുകയും അപ്പാ ആ സമയത്ത് അയാളുടെ കൈയ്യിൽ ഒരു ഉറുപ്പിക വയ്ക്കുകയും ചെയ്തു.

189. അയാൾ കൂടുതൽ ചോദിക്കുകയും, അയാൾ ഒന്ന് കൂടി നൽകുകയും ചെയ്തു. അത്തരത്തിൽ അയാൾ മൂന്ന് ഉറുപ്പികകൾ നൽകി. എന്നിട്ടും ആ ഫക്കീർ കൂടുതൽ ആവശ്യപ്പെട്ടു. ശരിയായ അദ്ഭുതം ഇനിയാണ് നടക്കുന്നത്.

190. ചിത്റേയുടെ പക്കൽ മൂന്ന് ഉറുപ്പികകൾ ഉണ്ടായിരുന്നു, അപ്പാ അത് കടം വാങ്ങി ഫക്കീറിന് നൽകി. എന്നിട്ടും അയാൾ കൂടുതൽ ആവശ്യപ്പെട്ടു.

191. അപ്പാസാഹേബ് അയാളോട് പറഞ്ഞു: ''നിങ്ങൾ വീട്ടിലേയ്ക്ക് വരികയാണെങ്കിൽ ഞാൻ നിങ്ങൾക്ക് കൂടുതൽ തരാം.'' ഫക്കീർ

സമ്മതിക്കുകയും മൂവരും കൂടി ഗൃഹത്തിലേയ്ക്ക് മടങ്ങുകയും ചെയ്തു.

192. വീട്ടിലെത്തിയ ഉടനെ അയാൾ മൂന്ന് ഉറുപ്പികകൾ കൂടി ഫക്കീറിന്റെ കൈകളിൽ നൽകി, മൊത്തം ഒമ്പത് ഉറുപ്പികകൾ. എന്നിട്ടും ഫക്കീറിന് തൃപ്തിയായില്ല.

193. വീണ്ടും ദക്ഷിണ ആവശ്യപ്പെടവേ, അപ്പാസാഹേബ് സത്യസന്ധമായി, അയാളുടെ കൈവശം ഒരു പത്ത് ഉറുപ്പിക നോട്ട് മാത്രമേ അവശേഷിച്ചിട്ടുള്ളൂ എന്ന് പറഞ്ഞു.

194. ചില്ലറകൾ തീരുകയും ഒന്ന് പോലും അവശേഷിച്ചിരുന്നുമില്ല. ഫക്കീർ പറഞ്ഞു: "എന്ത് കൊണ്ട് നോട്ട് തന്നുകൂടാ"; അപ്പാ, അതേപടി പ്രവർത്തിച്ചു.

195. നോട്ട് കൈകളിൽ വന്നയുടനെ ഫക്കീർ ഒമ്പത് ഉറുപ്പിക ചില്ലറകൾ മടക്കിക്കൊടുക്കുകയും, വളരെ വേഗത്തിൽ വന്നവഴിയേ മടങ്ങിപ്പോകുകയും ചെയ്തു.

196. ഈ കഥയുടെ സാരാംശം ഒരുവൻ ചിന്തിക്കുകയാണെങ്കിൽ, ഭക്തരുടെ ആഗ്രഹം പ്രകടിപ്പിക്കപ്പെടുന്നത് പോലെ സായി സഫലമാക്കിക്കൊടുക്കുന്നു എന്നതാണ്. ഇതായിരുന്നു അദ്ദേഹത്തിന്റെ രീതി.

197. ശ്രോതാക്കളുടെ ഉത്സാഹം കണക്കിലെടുക്കുമ്പോൾ ഇതേ സാരാംശമുള്ള മറ്റൊരു കഥയെക്കുറിച്ച് ഈ അവസരത്തിൽ എനിക്ക് ഓർമ്മ വരുന്നു. അത് വളരെ ആദരവോടെ കേൾക്കുക.

198. ദഹനു നിവാസിയായ ഹരിഭാവു കാർണിക് എന്ന് പേരായ സ്നേഹവാനായ ഒരു ഭക്തനുണ്ടായിരുന്നു. അയാൾ സായിയുടെ വിശ്വസ്ത ഭക്തനായിരുന്നു.

199. 1917 വർഷത്തിൽ ഗുരുപൂർണ്ണിമ ദിവ്യദിനമായതിനാൽ അയാൾ ഷിർദിയിൽ തീർത്ഥാടനത്തിനായെത്തി. അയാളെക്കുറിച്ചുള്ള ഒരു ചെറുകഥ ഞാൻ പറയാം.

200. അയാൾ ആചാരപ്രകാരം പൂജകൾ ചെയ്യുകയും വസ്ത്രങ്ങളും ദക്ഷിണയും അർപ്പിക്കുകയും ചെയ്തു. അയാൾ യാത്രയ്ക്കുള്ള അനുമതി വാങ്ങി, താഴേയ്ക്കിറങ്ങിയപ്പോൾ (പടികളുടെ) അയാൾക്ക് ഒരു ചിന്തയുണ്ടായി.

201. മുകളിലേയ്ക്ക് കയറി, ബാബയ്ക്ക് ഒരു ഉറുപ്പിക കൂടി കൊടുക്കണമെന്ന് അയാൾക്ക് തോന്നി. പക്ഷേ അയാൾക്ക് ഈ ആശയം ഉപേക്ഷിക്കേണ്ടി വരികയും, ഉറുപ്പിക അർപ്പിക്കാതെ കൈയ്യിൽ വയ്ക്കേണ്ടി വരികയും ചെയ്തു.

202. അയാൾക്ക് മടങ്ങിപ്പോകാനുള്ള അനുവാദം ചോദിച്ച് വാങ്ങിയ അതേ മാന്യവ്യക്തി[11] തന്നെ മുകളിൽ നിന്ന് കൊണ്ട്, ഒരിക്കൽ അനുമതി നൽകപ്പെട്ടു കഴിഞ്ഞാൽ ഒരുവൻ ഉടൻ തന്നെ യാത്രയായിക്കൊള്ളണമെന്ന്, ആംഗ്യഭാഷയിലൂടെ അയാളെ അറിയിച്ചു.

203. സൂചനയിൽ വിശ്വാസമുള്ളതിനാൽ, കാർണിക് അയാളുടെ വഴിയിലേയ്ക്ക് തിരിച്ചു. മാർഗ്ഗമധ്യേ, അയാളുടെ സുഹൃത്തിന്റെയൊപ്പം നാസിക്കിൽ ഇറങ്ങി.

204. കാർണിക്, കാലരാമക്ഷേത്രത്തിൽ ദർശനത്തിനെത്തിയപ്പോൾ,

അപ്രതീക്ഷിതമായി അയാൾക്ക് നർസിംഗ് മഹാരാജിന്റെ ദർശനം ലഭിച്ചു.

205. മഹാരാജ് ഭക്തന്മാരാൽ ചുറ്റപ്പെട്ട് ഇരിക്കുകയായിരുന്നു. പക്ഷേ അദ്ദേഹം പെട്ടെന്ന് എഴുന്നേറ്റ് കാർണിക്കിന്റെ കൈത്തണ്ടയിൽ പിടിച്ച് കൊണ്ട് പറഞ്ഞു: "എനിക്ക് എന്റെ ഉറുപ്പിക തരിക."

206. കാർണിക് ആശ്ചര്യപ്പെട്ടുവെങ്കിലും സന്തോഷത്തോടെ ഉറുപ്പിക നൽകി. അയാളുടെ ആഗ്രഹമറിഞ്ഞതിനാൽ, സായി സ്വയം ഉറുപ്പിക സ്വീകരിക്കുകയാണെന്ന് അയാൾക്ക് തോന്നി.

207. സായി അത് സ്വീകരിക്കുകയായിരുന്നു എന്ന് പറയുന്നത് ശരിയാകില്ല. കാർണിക് അത് മറന്നുപോയെങ്കിലും, അദ്ദേഹം അയാളുടെ കൈ പിടിച്ച് ബലമായി അത് വാങ്ങുകയായിരുന്നു. ഇതാണ് യഥാർത്ഥ സത്യം.

208. ചാഞ്ചല്യം മനസ്സിന്റെ സ്വാഭാവിക ഗുണമാണ്. തിരകൾക്ക് പുറകേ തിരകൾ ഉയരും. തുടക്കത്തിൽ ഒരുവൻ ഒരു കാര്യത്തെപ്പറ്റി ചിന്തിക്കും, പക്ഷേ പിന്നീട് മറ്റു ചിന്തകൾ ഉണ്ടാകും.

209. തുടക്കത്തിലുണ്ടായ ചിന്ത, അത് നല്ലതും ധാർമ്മികവുമാണെങ്കിൽ വളർത്തിയെടുക്കണം. അത് പ്രയോജനകരമാകും.

210. അത് മനസ്സിലോർക്കുക. അത് ശ്രദ്ധയോടെ പഠിച്ച് അതിൻമേൽ ധ്യാനിക്കുക. അത് മറക്കാതെ, നിങ്ങളുടെ വാക്ക് പാലിക്കാൻ വേണ്ടി എല്ലാ പരിശ്രമങ്ങളും നടത്തുക.

211. അപ്പാസാഹേബ് അത് പറഞ്ഞിട്ടുണ്ട്, പക്ഷേ പിന്നീട് മറന്നുപോയിട്ടുണ്ടാകാം. പക്ഷേ അയാൾ അത് പറഞ്ഞതിനാൽ, ബാബ അയാളുടെ ആഗ്രഹം സഫലമാക്കുകയും ഭക്തിയുടെ അദ്ഭുതം കാട്ടിത്തരികയും ചെയ്തു.

212. അങ്ങനെയല്ലെങ്കിൽ പത്ത് ഉറുപ്പിക ഉൾപ്പെടെ, പത്തൊമ്പത് ഉറുപ്പിക കൈവശമുണ്ടായിരുന്ന ഫക്കീർ എന്ത് കൊണ്ടാണ് അപ്പായ്ക്ക് ഒമ്പത് ഉറുപ്പിക മാത്രം നൽകിയത്? അത്, പത്ത് ഉറുപ്പിക നൽകണമെന്നുള്ള അപ്പായുടെ തീവ്രമായ ആഗ്രഹം കാരണമാണ്.

213. ബാബയുടെ കരസ്പർശനമേറ്റ, ഒമ്പത് ഉറുപ്പികകളുടെ ഹാരമാണിത് – നവവിധഭക്തികളെ അത് സൂചിപ്പിക്കുന്നു. ഇത്തരത്തിലാണ് ബാബ ഇതേക്കുറിച്ച് അയാളെ ഓർമ്മിപ്പിച്ചത്.

214. ബാബ അദ്ദേഹത്തിന്റെ ഭൗതിക ദേഹം വെടിയുന്ന കഥ നിങ്ങൾ ശ്രവിക്കുമ്പോൾ, ദാനം നൽകുന്നതിന്റെ പുതുമയുള്ള രീതി നിങ്ങൾക്ക് അറിയാൻ കഴിയും, എന്തെന്നാൽ, ആ സമയത്ത് അദ്ദേഹം ഒമ്പത് ഉറുപ്പികകൾ നൽകിയിരുന്നു[12].

215. അയാളുടെ ഭാര്യ നിറഞ്ഞ ഹൃദയത്തോടെ ഒരു ഉറുപ്പിക മാത്രമേ നൽകിയുള്ളൂ, അത് വളരെ സംതൃപ്തിയോടെ സ്വീകരിക്കപ്പെടുകയും ഫക്കീർ (ബാബ) കൂടുതൽ ആവശ്യപ്പെട്ടതുമില്ല.

216. പക്ഷേ, അയാളുടെ ഭാര്യ നൽകിയ ഒരു ഉറുപ്പിക വളരെ ചെറിയ

തുകയാണെന്നും, അയാൾ അവിടെ ഉണ്ടായിരുന്നെങ്കിൽ ഫക്കീറിന് അതിന്റെ പത്തിരട്ടി നൽകുമായിരുന്നെന്നും അപ്പായ്ക്ക് തോന്നി.

217. ഇത്തരത്തിൽ പത്ത് ഉറുപ്പിക നൽകുമായിരുന്നു എന്ന് പറഞ്ഞതിനാൽ, അയാളുടെ സ്വന്തം വാക്കുകൾ കൊണ്ട് തന്നെ കടപ്പെട്ടുപോയ അപ്പായ്ക്ക്, അയാളുടെ വാക്കുകൾക്കനുസൃതമായി മുഴുവൻ തുകയും നൽകാതെ എങ്ങനെയാണ് അയാളുടെ കടത്തിൽ നിന്നും സ്വതന്ത്രനാകാൻ കഴിയുക?

218. ഫക്കീർ മറ്റുള്ളവരെപ്പോലെയായിരുന്നില്ല. കൈയ്യിൽ നൽകപ്പെടുന്നതെന്തും സ്വീകരിക്കുകയും മടങ്ങിപ്പോകുകയും ചെയ്യാൻ, അദ്ദേഹം ഒരു വെറും ഭിക്ഷക്കാരനായിരുന്നോ?

219. ആ ദിവസം അവസാനിച്ചിരുന്നില്ല, അപ്പാ പറഞ്ഞ അതേ ദിവസം തന്നെ അദ്ദേഹം തിരികെ എത്തി. അദ്ദേഹമൊരു അപരിചിതനായ ഫക്കീർ ആയിരിക്കാമെന്ന സംശയങ്ങൾ അപ്പായ്ക്കുണ്ടായിരുന്നു.

220. ആദ്യം പണം ആവശ്യപ്പെട്ടപ്പോൾ അയാളുടെ കൈവശം ആറ് ഉറുപ്പികകൾ ഉണ്ടായിരുന്നു, പക്ഷേ സംശയങ്ങൾ കാരണം അയാൾ മുഴുവൻ തുകയും നൽകിയില്ല.

221. അത് അങ്ങനെയാകട്ടെ. അപ്പായോട് സ്നേഹമില്ലായിരുന്നെങ്കിൽ ഒരു ഫക്കീറിന്റെ രൂപത്തിൽ ബാബ എത്തുമായിരുന്നോ? ദക്ഷിണ ആവശ്യപ്പെടുന്നതായി അദ്ദേഹം നടിച്ചില്ലായിരുന്നെങ്കിൽ എങ്ങനെയാണ് കഥ രസകരമാകുമായിരുന്നത്?

222. നമുക്ക് പാഠം നൽകുന്നതിനായി അപ്പാസാഹേബ് ഒരു ഉപകരണം മാത്രമായിരുന്നു, എന്തെന്നാൽ നമ്മളെല്ലാവരും ഒരേ പോലെയാണ്. നമ്മൾ തുടക്കത്തിൽ നല്ല തീരുമാനങ്ങളെടുക്കുമെങ്കിലും, സാഹചര്യങ്ങൾക്കനുസരിച്ച് അത് മാറ്റും.

223. നമ്മെളെല്ലാം വാക്കുകളിൽ വളരെ ഉദാരമനസ്കരാണ്. പക്ഷേ ദാനം നൽകേണ്ടി വരുമ്പോൾ നമുക്ക് നിറയെ സംശയങ്ങളാണ്. നമ്മളാകെ ചഞ്ചലപ്പെടുകയും അപൂർവ്വമായി മാത്രം ദൃഢമായ തീരുമാനമുണ്ടാകുകയും ചെയ്യും.

224. പക്ഷേ വളരെ കുറച്ചും നന്നായും സംസാരിക്കുന്ന ഈശ്വരപുത്രൻ അപൂർവ്വമാണ്. അവൻ സംസാരിക്കുന്നത് പോലെ അവൻ പ്രവർത്തിക്കുന്നു; അവൻ വാഗ്ദാനം ചെയ്യുന്നത് അവൻ നൽകുന്നു.

225. ഉറച്ച വിശ്വാസമുള്ള ഒരു ഭക്തനുണ്ടെങ്കിൽ, അവന്റെ ആഗ്രഹങ്ങൾ എന്തായാലും, ലൗകികമോ ആത്മീയമോ ആകട്ടെ, അവ സഫലമാക്കാനുള്ള ശക്തി സായിക്കുണ്ട്.

226. അപ്പാസാഹേബ് ബുദ്ധിമാനും, ഇംഗ്ലീഷിൽ പണ്ഡിതനുമായിരുന്നെങ്കിലും അയാൾക്ക് തുടക്കത്തിൽ 40/- ഉറുപ്പികകൾ മാത്രമാണ് ശമ്പളമായി സർക്കാർ നൽകിയത്.

227. പക്ഷേ ഈ ചിത്രം ലഭിച്ചതിനുശേഷം അയാളുടെ ശമ്പളം പതിയെ

ഉയരുകയും നാൽപ്പതിന്റെ പല മടങ്ങിനേക്കാൾ കൂടുതൽ ആകുകയും ചെയ്തു.

228. സ്വീകരിക്കുന്നതിന്റെ പത്ത് മടങ്ങ് കൂടുതൽ ബാബ തിരികെ നൽകുമായിരുന്നു എന്നത് എല്ലാ ആളുകൾക്കും ഉടനടിയുണ്ടാകുന്ന ഒരു അനുഭവമായിരുന്നു – പദവിയുടെയും സ്ഥാനത്തിന്റെയും പതിന്മടങ്ങ് ലഭിച്ചിരുന്നു.

229. കൂടാതെ ആത്മീയവാഞ്ഛയുള്ളവർക്ക്, വിശ്വാസത്തിന്റെയും ഭക്തിയുടെയും തോതനുസരിച്ചായിരുന്നു കൂടുതൽ ലഭിച്ചിരുന്നത്. ഇത് അസാധാരണമല്ലേ? ബാബയുടെ പ്രാഗല്ഭ്യങ്ങൾ ആശ്ചര്യകരമാണ്.

230. പിന്നീട്, ഫക്കീർ നൽകിയ വിഭൂതി അപ്പാസാഹേബ് ആവശ്യപ്പെട്ടു. അയാൾ നോക്കിയപ്പോൾ അതൊരു ചെറിയ പൊതിയായിരുന്നു, അയാൾ സ്നേഹത്തോടെ അത് തുറന്നു.

231. പൊതിയ്ക്കുള്ളിൽ ഉധിയോടൊപ്പം പൂക്കളും, അക്ഷതവും ഉണ്ടായിരുന്നു. അയാൾ ഒരു ഏലസ്സുണ്ടാക്കി; വളരെ ആദരവോടെ അത് തന്റെ കരത്തിൽ ധരിച്ചു.

232. പിന്നീട് അയാൾ ബാബയെ ദർശിച്ചപ്പോൾ, ബാബ സ്വയം അയാൾക്ക് നൽകിയ മുടിനാര്, വളരെ സ്നേഹത്തോടെ ഏലസ്സിനുള്ളിൽ വയ്ക്കപ്പെട്ടു.

233. ബാബയുടെ ഉധി എത്ര മഹത്വമാർന്നതാണ്[13]! ചാരം ശിവഭഗവാന്റെയും ആഭരണമാണ്. അത് ഭക്തിയോടെ നെറ്റിത്തടത്തിൽ പുരട്ടുന്നവന്റെ പ്രയാസങ്ങളെല്ലാം പെട്ടെന്ന് മാറിക്കിട്ടും.

234. സ്നാനത്തിനും ശുചിത്വകർമ്മങ്ങൾക്കും ശേഷം പതിവായി ഉധി പുരട്ടുകയും, ബാബയുടെ പാദതീർത്ഥം കുടിക്കുകയും ചെയ്യുന്നവൻ, പരിശുദ്ധനാകുകയും നന്മകൾ ലഭിക്കുകയും ചെയ്യും.

235. കൂടാതെ ഈ ഉധിയുടെ യഥാർത്ഥ പ്രാധാന്യമെന്നത് ഇതാണ്, അത് ധരിക്കുന്നവന് സമ്പൂർണ്ണമായ ജീവിതം ലഭിക്കുകയും അവന്റെ പാപങ്ങൾ പൂർണ്ണമായി നശിപ്പിക്കപ്പെടുകയും ചെയ്യും. അവൻ സദാ ആനന്ദവും സംതൃപ്തിയും അനുഭവിക്കും.

236. അപ്പായെ കാരണം ഇത്തരത്തിലുള്ള കഥകളുടെ അമൃതസദ്യ സായിയാൽ ഒരുക്കപ്പെട്ടു. നമ്മൾ അവിടെ ക്ഷണിക്കപ്പെടാത്ത അതിഥികളാണെങ്കിലും, അയാളോടൊപ്പം നമുക്കും അത് പൂർണ്ണമായും ആസ്വദിക്കാം.

237. ആതിഥേയനും അതിഥികൾക്കും ഒരേ സദ്യയാണ്. അതിന്റെ രുചിയിലും മാധുര്യത്തിലും തീരെ വ്യത്യാസമില്ല. ആനന്ദദായകമായ ഈ ആഹാരം കഴിക്കുന്നതിൽ സംതൃപ്തരാകുക.

238. ഹേമദ് സായിക്ക് സ്വയം സമർപ്പിക്കുന്നു. ഇത് ശ്രവിക്കുന്നത്, ഇപ്പോൾ മതിയാക്കാം. അടുത്ത അധ്യായത്തിൽ ഉധിയുടെ കൂടുതൽ മഹത്വത്തെക്കുറിച്ചുള്ള വിവരണമുണ്ടാകും.

239. സായിയുടെ ദർശനവും ഉധിപുരട്ടലും എങ്ങനെയാണ് ക്ഷയരോഗ വ്രണങ്ങ

ളും, ഗിനിപ്പുഴുരോഗവും ഗ്രന്ഥിവീക്കപ്ലേഗും ശമിപ്പിക്കുന്നത് എന്ന് - പൂർണ്ണ ശ്രദ്ധയോടെ അത് ശ്രവിക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിമൂന്നാം അധ്യായം ''ഉധിയുടെ ശക്തി'' ഇവിടെ സമാപിക്കുന്നു. ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഇതേ പോലുള്ള അനുഭവം, ബാബയിൽ നിന്നുണ്ടായത് ഹരി സീതാറാം ദീക്ഷിത് കുറിച്ചിട്ടുണ്ട്. “ഒരിക്കൽ രാത്രി ഏകദേശം 8 മണിക്ക് ബാപു സാഹേബ് ജോഗിന് തേൾ കുത്ത് ഏറ്റു. അയാൾ ഉടൻ മഹാരാജിന്റെയടുത്തെത്തി. അയാൾ പടികൾ കയറവേ മഹാരാജ് പറഞ്ഞു. “എന്താണ് കാര്യം ബാപുസാഹേബ്?” ബാപു സാഹേബ് പറഞ്ഞു: “ബാബ, ഒരു തേൾ എന്നെ കുത്തി”. മഹാരാജ് പറഞ്ഞു: “അത് ശരിയാകും. പോയ്ക്കോളൂ.” ബാപു സാഹേബ് പടികൾ ഇറങ്ങി നടന്നതേയുള്ളൂ, ആ പരിസരം വിടും മുമ്പ് അയാളുടെ വേദന പൂർണ്ണമായി മാറി.

   ഒരിക്കൽ ഒരു ജ്യോതിഷി ഷിർദിയിൽ വന്നു, അയാൾക്ക് ഒരു രാക്ഷസശക്തിയുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നു; അത്, മറ്റ് ജനങ്ങളുടെ കാര്യങ്ങൾ അയാളുടെ കാതിൽ മന്ത്രിക്കുമായിരുന്നു. അയാൾ മഹാരാജിന്റെ ദർശനത്തിനായെത്തി. പക്ഷേ അയാളുടെ മനസ്സ് പണം സമ്പാദിക്കുന്നതിൽ മാത്രമായിരുന്നു ശ്രദ്ധയൂന്നിയത്. അവിടെ പണമുണ്ടാക്കാനുള്ള അവസരമൊന്നും കാണാത്തതിനാൽ, ദർശനം നടത്തിയശേഷം അയാൾ പെട്ടെന്ന് റഹടയിലേയ്ക്ക് തിരിച്ചു. അവിടെ വച്ച് രാത്രിയിൽ അയാൾക്ക് ഒരു തേളിന്റെ കുത്തേറ്റു. അയാൾക്ക് അസഹ്യമായ വേദന അനുഭവപ്പെട്ടു. അപ്പോൾ അയാൾ മഹാരാജ് നൽകിയ ഉധി പുരട്ടുകയും തുടർച്ചയായി നിർത്താതെ മഹാരാജിന്റെ നാമം ജപിക്കാനും തുടങ്ങി. തത്ഫലമായി വേദന കുറയുകയും അയാൾക്ക് മഹാരാജിൽ വിശ്വാസം ജനിക്കുകയും ചെയ്തു. പിറ്റേ ദിവസം ജ്യോതിഷി വീണ്ടും ഷിർദിയിലെത്തി. അയാൾ അവിടെ 15-20 ദിവസങ്ങൾ താമസിക്കുകയും അവിടെവച്ച് മഹാരാജിന്റെ കൃപയാൽ ഏകദേശം 300/- ഉറുപ്പിക സമ്പാദിക്കുകയും ചെയ്തു.

2. നാനാ ചന്ദോർക്കർ

3. ഹിന്ദു ആചാരപ്രകാരം ഭാര്യ ഭർത്താവിന് പുറകിൽ നടക്കുന്നു.

4. വിഷ്ണു

5. ബ്രഹ്മ, വിഷ്ണു, മഹേശ്വര അവതാരം

6. മേഘത്തിൽ നിന്നും പൊഴിയുന്ന മഴവെള്ളം

7. മധുരപലഹാരങ്ങൾ

8. ദുർഗ്ഗാദേവിയെ പ്രീതിപ്പെടുത്തുന്നതിനായി ഒമ്പത് പ്രാവശ്യം അവളുടെ സ്തോത്രങ്ങൾ ആവർത്തിക്കുന്നു.

9. അഗ്നിയിൽ ദേവതക്ക് ആഹുതി അർപ്പിക്കുന്നു.

10. മാർക്കണ്ഡേയ പുരാണത്തിലെ ദുർഗയെ സ്തുതിക്കുന്ന എഴുന്നൂറ് ശ്ലോകങ്ങൾ

11. മാധവറാവു ദേശ്പാണ്ഡെ.

12. ലക്ഷ്മിബായി ഷിൻഡെയ്ക്ക്

13. ഉധിയുടെ പ്രാധാന്യത്തെക്കുറിച്ച് ഹരി സീതാറാം ദീക്ഷിത് മറ്റൊരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

"ഖിംജിലാലാജി ജോഷി എന്ന ഒരു മാന്യവ്യക്തി പാർലെയിലെ പഞ്ചാബി ചാവ്ലിൽ താമസിച്ചിരുന്നു. അയാളുടെ മകൾ വളരെ നാളുകളായി രോഗിയായിരുന്നു. ഒരിക്കൽ അവളുടെ നില ഗുരുതരമായി. അപ്പോൾ അവളുടെ മാതാവ് ഞങ്ങളുടെ വീട്ടിലെത്തി, മഹാരാജിന്റെ ഉധി വാങ്ങിക്കൊണ്ട് പോയി. ആ ഉധികൊണ്ട് അവൾക്ക് പെട്ടെന്ന് കുറച്ച് ആശ്വാസം തോന്നി. പിന്നീട് ഖിംജി, അയാളുടെ ഭാര്യയോടും മകളോടുമൊപ്പം ഷിർദിയിലെത്തി. ആ പെൺകുട്ടി വളരെ അവശയായതിനാൽ, അവൾക്ക് നടക്കാൻ കൂടി കഴിയുമായിരുന്നില്ല, അവളുടെ കൈകാലുകൾ കമ്പ് പോലെ മെലിഞ്ഞിരുന്നു. ആരോ അവളെ പൊക്കിയെടുത്ത് മഹാരാജിന്റെ അടുത്ത് ഇരുത്തി. മഹാരാജ് അവൾക്ക് ഉധി പുരട്ടിക്കൊടുക്കുകയും അവളെ അനുഗ്രഹിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ അവൾക്ക് സ്വയം നടക്കാൻ കഴിഞ്ഞു. ഇരിക്കുവാനും എഴുന്നേൽക്കാനും മാത്രം ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനാൽ അതേക്കുറിച്ച് അവൾ മഹാരാജിനോട് പരാതിപ്പെട്ടു. മഹാരാജ് അവൾക്ക് കഴിക്കാൻ ഒരു പഴവർഗ്ഗം നൽകുകയും അന്നുമുതൽ അവളുടെ ബുദ്ധിമുട്ട് മാറുകയും ചെയ്തു.

ഒരുദിവസം ഒരു സുഹൃത്ത് എന്റെ പ്രവൃത്തി സ്ഥലത്തെത്തി പറഞ്ഞു: "കഴിഞ്ഞ എട്ട് ദിവസങ്ങളായി എനിക്ക് ഉറങ്ങാൻ കഴിയുന്നില്ല. ഞാൻ വൈദ്യന്റെ മരുന്ന് കഴിക്കുന്നുണ്ടെങ്കിലും, ഫലമില്ല." ഞാൻ അയാൾക്ക് മഹാരാജിന്റെ ഉധി നൽകുകയും, മൂന്ന് ദിവസങ്ങൾ അത് കഴിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പിറ്റേ ദിവസം തന്നെ അയാൾ എന്റെ പ്രവൃത്തിസ്ഥലത്തെത്തി, പറഞ്ഞു: "കഴിഞ്ഞ രാത്രി ഞാൻ ഉധി സേവിച്ചു, രാത്രി മുഴുവൻ എനിക്ക് നല്ല നിദ്ര ലഭിച്ചു".

അതേപോലെ ബാന്ദ്രയിൽ താമസിച്ചിരുന്ന എന്റെ സുഹൃത്തിന്റെ മകന് രണ്ട് മാസങ്ങളായി ഉറക്കം ലഭിക്കുന്നുണ്ടായിരുന്നില്ല. അവന്റെ പിതാവ് അവനെ മഹാരാജിന്റെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് കൊണ്ടുപോയി. അതേ ദിവസം തന്നെ അവൻ ഉറങ്ങുകയും അന്ന് മുതൽ എല്ലാ ദിവസവും അവന് നന്നായി ഉറക്കം ലഭിക്കുകയും ചെയ്തു.

## 34

# ഉധിയുടെ മഹത്വം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ ഉധിയുടെ മഹത്വത്തെക്കുറിച്ച് എനിക്ക് അറിയാവുന്നത് സത്യസന്ധമായി ഞാൻ പറയുകയുണ്ടായി. ഈ അധ്യായത്തിൽ അതിന്റെ ഗുണങ്ങളെക്കുറിച്ചുള്ള വിവരണം ഞാൻ തുടരുന്നതാണ്.
2. ഉധിയുടെ ശക്തിയെക്കുറിച്ചുള്ള കഴിഞ്ഞ അധ്യായവും ഈ അധ്യായവും തമ്മിൽ പരസ്പരബന്ധമുണ്ട്. ശ്രോതാക്കൾ അവരുടെ സ്വന്തം സന്തോഷത്തിനും അറിവിനും വേണ്ടി സമാധാനപരമായ മനസ്സോടെ അവ ശ്രവിക്കുക.
3. മറ്റൊരു തരത്തിലും ഭേദമാക്കാൻ കഴിയാതിരുന്ന, ക്ഷയരോഗം കാരണമുണ്ടായ ഗുരുതരമായ അസ്ഥിവ്രണം, സായിയുടെ സ്വന്തം കൈകൾ കൊണ്ട് ഉധി പുരട്ടിയപ്പോൾ പൂർണ്ണമായും ഭേദമായി.
4. ഉധിയെക്കുറിച്ച് അത്തരത്തിലുള്ള അനേകം കഥകളുണ്ട്. സൂചനയായി, ഒരു കഥ ഞാൻ വിവരിക്കുന്നു. അതൊരു നേരിട്ടുകണ്ട അനുഭവമായതിനാൽ അത് ശ്രവിക്കുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും.
5. നാസിക് ജില്ലയിലെ മാലേഗാവണിൽ തക്ക യോഗ്യത നേടിയ ഒരു ഭിഷഗ്വരന് അയാളുടെ അനന്തരവന്റെ രോഗം ചികിത്സിച്ച് ഭേദമാക്കാൻ കഴിഞ്ഞില്ല.
6. അയാൾ ഒരു ഭിഷഗ്വരനും, അത്തരത്തിൽ ഭിഷഗ്വരന്മാരായ സുഹൃത്തുക്കളുമുണ്ടായിരുന്നു. അവർ പലതരത്തിലുള്ള ഔഷധങ്ങളും പരീക്ഷിച്ചു. പ്രഗല്ഭരായ ശസ്ത്രക്രിയാ വിദഗ്ദ്ധർ പോലും എന്ത് ചെയ്യണമെന്നറിയാതെ ചിന്താകുഴപ്പത്തിലായിരുന്നു.
7. ക്ഷയം അസ്ഥിയെ ബാധിച്ച് പഴുപ്പ് നിറഞ്ഞതായിരുന്നു, രോഗാവസ്ഥ. അത് നിയന്ത്രിക്കാൻ വളരെ പ്രയാസകരവും, ഔഷധങ്ങളൊക്കെ വിഫലമാകുകയും ചെയ്തു.
8. തദ്ദേശീയവും വിദേശീയവുമായ എല്ലാ മരുന്നുകളും പരീക്ഷിച്ച് നോക്കി. എല്ലാ ശ്രമങ്ങളും നടത്തി. ശസ്ത്രക്രിയ പോലും ചെയ്തു. ഒന്നും ഫലം കണ്ടില്ല.

9. അനന്തരവൻ കൗമാരപ്രായക്കാരനായിരുന്നു. അവന് വേദന സഹിക്കാൻ കഴിയാതെയായി. അതികഠിനമായ വേദന മൂലം അവൻ ദുരിതമനുഭവിക്കുകയും ബന്ധുക്കൾ ദുഃഖിതരാകുകയും ചെയ്തു.

10. സകല ചികിത്സാരീതികളും പരീക്ഷിച്ച് നോക്കിയിട്ടും രോഗം അല്പം പോലും ഭേദമാകാത്തതിനാൽ ചില ബന്ധുക്കളും സുഹൃത്തുക്കളും, ദൈവികമായ സഹായം തേടാൻ നിർദ്ദേശിച്ചു.

11. അതിനാൽ കുലദേവതകളോടും മറ്റും പ്രാർത്ഥനകൾ നടത്തിയെങ്കിലും അവർ ആരും സഹായമെത്തിച്ചില്ല. പിന്നീട്, ഷിർദി ഗ്രാമത്തിൽ ഒരു പ്രശസ്തനായ ആലിയ ഉണ്ടെന്ന് അവർ അറിഞ്ഞു.

12. ദിവ്യന്മാരിൽ ശ്രേഷ്ഠനായിരുന്നു ഷിർദിയിലെ സായി മഹാരാജ്, ഉത്തമ യോഗിവര്യനുമായിരുന്നു! അദ്ദേഹത്തിന്റെ ദർശനം കൊണ്ട് മാത്രം രോഗങ്ങൾ നിശ്ശേഷം ഇല്ലാതാകുമായിരുന്നു. ഇതാണ് അവർ കേട്ടത്.

13. സായിദർശനം നേടാനുള്ള ആഗ്രഹം ഉണർന്നു. മാതാവും പിതാവും ഇങ്ങനെ തീരുമാനിച്ചു. “ഈശ്വരനിൽ വിശ്വസിച്ചുകൊണ്ട് നമുക്ക് ഈ പ്രതിവിധി തേടാം.

14. അദ്ദേഹം മഹാനായ ഒരു ആലിയ ആണെന്ന് പറയപ്പെടുന്നു. അദ്ദേഹം തന്റെ സ്വന്തം കരങ്ങൾ കൊണ്ട് ഉധി പുരട്ടുകയാണെങ്കിൽ, ഭേദമാക്കാൻ കഴിയാത്ത രോഗങ്ങൾ പോലും ഭേദമാകും. ഈ അനുഭവം തേടുന്നത് കൊണ്ട് നമുക്ക് എന്താണ് നഷ്ടപ്പെടുക?

15. നമുക്ക് പോയി അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കാം. നമുക്ക് ഈ അവസാന പ്രതിവിധി കൂടി പരീക്ഷിച്ച് നോക്കാം. ഒരു പക്ഷേ അതിലൂടെ ഈ പ്രശ്നം പരിഹരിക്കപ്പെടാം. അത് നമ്മുടെ അവസാനമാർഗ്ഗമാണ്.”

16. പിന്നീട്, സായിയുടെ ദർശനത്തിന് ഉത്സുകരായി ആ മാതാപിതാക്കൾ പെട്ടെന്ന് തയ്യാറെടുപ്പുകൾ നടത്തി. അവർ താമസിയാതെ ഷിർദിയിലെത്തി.

17. അവർ എത്തിച്ചേർന്നയുടൻ തന്നെ ബാബയുടെ ദർശനം നടത്തി. അവർ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമിച്ച്, സാഷ്ടാംഗപ്രണാമം ചെയ്തു. ബാലന്റെ ദുരിതത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് അവർ ബാബയുടെ മുമ്പിൽ നിന്നു.

18. കഠിനമായ ദുഃഖത്തോടെ കൂപ്പുകൈകളുമായി അവർ ശ്രീസായിയുടെ പാദങ്ങളിൽ ആശ്രയം പ്രാപിച്ചു. ദുഃഖം നിറഞ്ഞ മുഖങ്ങളോടെ, അവർ സായിയോട് പ്രാർത്ഥിച്ചു.

19. ‘‘ഈ ബാലൻ ദുരിതമനുഭവിക്കുകയാണ്,’’ അവർ പറഞ്ഞു: ‘‘അവൻ ക്ലേശിക്കുന്നത് കാണാൻ ഞങ്ങൾക്ക് കരുത്തില്ല, പക്ഷേ ഇനി കൂടുതൽ എന്താണ് ചെയ്യേണ്ടതെന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങൾക്ക് ആശയ്ക്ക് തീരെ വകയില്ല.

20. ‘‘ഞങ്ങളുടെ മകന്റെ ദുരിതം കണ്ട് ഞങ്ങൾ ആകെ ഖിന്നരാണ്, സായിസമർത്ഥാ, അതിനാൽ അങ്ങയുടെ വരദഹസ്തം അവന്റെ ശിരസ്സിൽ വച്ച്, അവന്റെ ദുരിതത്തിൽ നിന്ന് അവന് മോചനം നൽകുക.

21. "അങ്ങയുടെ മഹത്വം കേട്ടറിഞ്ഞ്, ഞങ്ങൾ ഇവിടെ എത്തിയിരിക്കുന്നു. ഞങ്ങൾ നിറഞ്ഞ ഭക്തിയോടെ, സ്വയം അങ്ങയിൽ സമർപ്പിക്കുന്നു. ഞങ്ങൾക്ക് അവന്റെ ജീവിതം തിരികെ നൽകുക."

22. അപ്പോൾ, കാരുണ്യമൂർത്തിയായ സായി അവരെ ആശ്വസിപ്പിച്ചു: "ഈ മസ്ജിദിൽ വന്ന് അഭയം തേടുന്നവർ ജീവിതത്തിൽ ഒരിക്കലും ഒരു ദുരിതവും അനുഭവിക്കേണ്ടി വരില്ല.

23. ഇപ്പോൾ ആശങ്കകൾ വെടിയുക. ഉധി എടുത്ത് വ്രണത്തിൽ പുരട്ടുക. നാല് മുതൽ എട്ട് ദിവസങ്ങൾക്കകം അവന് സുഖം പ്രാപിക്കും. ഈശ്വരനിൽ വിശ്വസിക്കുക.

24. ഇതൊരു മസ്ജിദല്ല, മറിച്ച് ദ്വാരകാവതിയാണ്.[1] ഇവിടെ കാൽവയ്ക്കുന്നവന് ആരോഗ്യവും സന്തോഷവും ഉടനടി ലഭിക്കും. നിങ്ങൾക്കും ഇതേ അനുഭവമുണ്ടാകും.

25. ഇവിടെ എത്തുന്നവരിലാർക്കും ആശ്വാസം ലഭിക്കില്ല എന്നുള്ളത് അസംഭവ്യമാണ്. മസ്ജിദിന്റെ പടികൾ കയറുന്നവന് അവന്റെ ലക്ഷ്യപ്രാപ്തി നേടാൻ കഴിയും. അത് മനസ്സിലാക്കുക."

26. പിന്നീട്, ബാബയുടെ നിർദ്ദേശപ്രകാരം, രോഗിയെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവന്നു. ബാബ അവന്റെ കാലിൽ തന്റെ കരം കൊണ്ട് തലോടുകയും അവനെ കാരുണ്യത്തോടെ നോക്കുകയും ചെയ്തു.

27. ഇതൊരു ശാരീരികക്ലേശം മാത്രമായിരുന്നു. പക്ഷേ, വിധിവശാലോ, മാനസികമായോ ഉള്ള ക്ലേശങ്ങൾ പോലും വേരോടെ ഇല്ലാതാക്കാൻ ദർശനത്തിലൂടെ സാധിച്ചിരുന്നു.

28. ശ്രീ സായിയുടെ വദനം ദർശിച്ചാലുടൻ സകല ക്ലേശങ്ങളും ഇല്ലാതാകുന്നു; അദ്ദേഹത്തിന്റെ വാക്കുകളാകുന്ന അമൃത് പാനം ചെയ്യുന്നത് രോഗിയായ ഒരുവന് അത്യധികമായ സന്തോഷം പ്രദാനം ചെയ്യുന്നു.

29. അത് അങ്ങനെയാകട്ടെ. അവർ അവിടെ നാല് ദിവസങ്ങൾ താമസിച്ചു. രോഗത്തിന് ആശ്വാസം കണ്ടു തുടങ്ങുകയും, അവർക്ക് സായിയിൽ വിശ്വാസം വളരുകയും ചെയ്തു.

30. പിന്നീട് അവർ മൂവരും സായിയുടെ പൂർണ്ണമായ അനുമതിയോടെ, സന്തോഷത്തോടും സംതൃപ്തിയോടും കൂടി ഗൃഹത്തിലേയ്ക്ക് മടങ്ങി.

31. ഉധിയും ദയാപൂർണ്ണമായ കടാക്ഷവും കൊണ്ട് മാത്രം ക്ഷയരോഗം കൊണ്ടുണ്ടായ അസ്ഥിവീക്കം ഭേദമാകുക എന്നത് ഒരു ചെറിയ അദ്ഭുതമാണോ? അത് മാത്രമാണ് സമാനതകളില്ലാത്ത പ്രതിവിധി.

32. അത്തരത്തിൽ, ഭാഗ്യം കൊണ്ട്, അവർക്ക് ശ്രേഷ്ഠനായ ദിവ്യന്റെ ദർശനവും അദ്ദേഹത്തിന്റെ വാഗ്ദാനവും ഗുണപ്രദമായ അനുഗ്രഹങ്ങളും ലഭിച്ചു. അവ കൊണ്ട് മാത്രമാണ് രോഗം നിശ്ശേഷം ഭേദമായത്.

33. അത് അങ്ങനെയാകട്ടെ. കുറച്ച് നാളുകൾ ഉധി പുരട്ടുകയും, കഴിക്കുകയും ചെയ്തപ്പോൾ വ്രണത്തിന്റെ വീക്കം പൊട്ടി ഒലിക്കുകയും, മുറിവ്

ഉണങ്ങുകയും ആ ബാലന് നല്ല ആരോഗ്യം തിരികെ ലഭിക്കുകയും ചെയ്തു.[2]

34. മാലേഗാവണിലെ അമ്മാവൻ ഈ വിവരങ്ങൾ കേട്ടപ്പോൾ സായിയെ ദർശിക്കാനുള്ള ഒരു ആഗ്രഹം അയാൾക്കുണ്ടായി. അയാൾ ബോംബെയിലേയ്ക്ക് മടങ്ങിപ്പോകുമ്പോൾ തന്റെ ആഗ്രഹം പൂർത്തിയാക്കാമെന്ന് വിചാരിച്ചു.

35. പക്ഷേ അയാൾ ബോംബെയിലേയ്ക്ക് തിരിച്ചപ്പോൾ മാലേഗാവണിലും മാൻമഡിലും വച്ച് ചിലർ അയാളുടെ മനസ്സിൽ സംശയങ്ങൾ സൃഷ്ടിക്കുകയും അയാൾ ഷിർദിയിലേയ്ക്ക് പോകാനുള്ള ആശയം ഉപേക്ഷിക്കുകയും ചെയ്തു.

36. ഇത്തരത്തിലാണ് പല നല്ല ഉദ്ദേശ്യങ്ങളുടെയും വിധി! ദുഷ്ടചിന്താഗതിക്കാരായ ആളുകൾ തുടക്കത്തിൽ തന്നെ തടസ്സപ്പെടുത്തും. പൊതുജനാഭിപ്രായം ശ്രദ്ധിക്കാത്തവർ മാത്രമാണ് ഒടുവിൽ സന്തോഷം നേടുക.

37. അപ്പോൾ ദിവ്യന്റെ ദർശനത്തിലുള്ള ഉദ്ദേശ്യം മാറ്റിവച്ച് കൊണ്ട് അയാൾ നേരെ ബോംബെയിലേയ്ക്ക് പോയി; എന്നിട്ട് ശേഷിക്കുന്ന അവധി ദിവസങ്ങൾ ആലിബാഗിൽ ചെലവഴിക്കാൻ തീരുമാനിച്ചു.

38. അയാൾ അപ്രകാരം തീരുമാനിച്ചതിന് ശേഷം തുടർച്ചയായുള്ള മൂന്ന് ദിവസങ്ങളിൽ അയാളുടെ ഉറക്കത്തിൽ അയാൾ ഒരു ശബ്ദം കേട്ടു.: "നിനക്കിപ്പോഴും എന്നിൽ അവിശ്വാസമാണോ?"

39. ആകാശത്ത് നിന്നും, തുടർച്ചയായി ഈ ശബ്ദം കേട്ടപ്പോൾ ഭിഷഗ്വരൻ സംഭ്രമിച്ചു. അയാൾ ഷിർദിയിലേയ്ക്ക് പോകാൻ തീരുമാനിച്ചു. കാരണം ആ ശബ്ദം അർത്ഥപൂർണ്ണമാണെന്ന് അയാൾക്ക് തോന്നി.

40. പക്ഷേ ഭിഷഗ്വരൻ മറ്റൊരു വ്യക്തിയെ സാംക്രമികജ്വരത്തിന് ചികിത്സിക്കുകയായിരുന്നു. അതിനാൽ രോഗിക്ക് ഭേദമായാലുടൻ, യാത്ര തിരിക്കാൻ അയാൾ തീരുമാനിച്ചു.

41. പക്ഷേ ജ്വരം കടുത്തതായിരുന്നു, ഔഷധങ്ങളൊന്നും ഫലപ്രദമായതുമില്ല. ജ്വരം ശമിച്ചതേയില്ല; അതിനാൽ അയാൾക്ക് പെട്ടെന്ന് യാത്ര തിരിക്കാൻ സാധിച്ചില്ല.

42. അതിനാൽ, ഒടുവിൽ, രോഗിക്ക് അന്നേദിവസം രോഗത്തിന് ആശ്വാസം ലഭിക്കുകയാണെങ്കിൽ, പിറ്റേദിവസം ഒരു നിമിഷം പോലും പാഴാക്കാതെ ഷിർദിയിലേയ്ക്ക് യാത്രയാകുമെന്ന് അയാൾ തീരുമാനിച്ചു.

43. ഈ ഉറച്ച തീരുമാനമെടുത്ത് കുറച്ച് മണിക്കൂറുകൾക്കകം ജ്വരത്തിന്റെ തീവ്രത കുറഞ്ഞു. ഭിഷഗ്വരന്റെ തീരുമാനം നടപ്പിലാക്കാൻ കഴിയുമെന്നതിനാൽ അയാൾ ഷിർദിയിലേയ്ക്ക് പുറപ്പെട്ടു.

44. തീരുമാനിച്ചത് പോലെ അയാൾ ഷിർദിയിലെത്തി. അയാൾ പൂർണ്ണവിശ്വാസത്തോടെ ബാബയുടെ പാദങ്ങളിൽ വന്ദിച്ചു. അയാളുടെ രഹസ്യാനുഭവത്തെക്കുറിച്ച് ബാബ അയാളെ ബോധ്യപ്പെടുത്തുകയും അയാളെ ഒരു ഉറച്ച ഭക്തനാക്കുകയും ചെയ്തു.

45. ബാബ, അദ്ദേഹത്തിന്റെ കരങ്ങൾ ഭിഷഗ്വരന്റെ ശിരസ്സിൽ വച്ച്

അനുഗ്രഹിക്കുകയും ഉധിപ്രസാദം നൽകുകയും ചെയ്തു. സായിയുടെ ഗഹനമായ മഹത്വം മനസ്സിലാക്കിയപ്പോൾ അയാൾ ആശ്ചര്യഭരിതനായി.

46. അയാൾ നാല് ദിവസങ്ങൾ അവിടെ താമസിക്കുകയും സന്തോഷം നിറഞ്ഞ മനസ്സോടെ തിരിച്ച് പോകുകയും ചെയ്തു. രണ്ടാഴ്ച കഴിയും മുമ്പ് അയാൾക്ക് സ്ഥാനക്കയറ്റം ലഭിച്ച് ബീജാപൂരിലേയ്ക്ക് പോയി.

47. ക്ഷയരോഗം മൂലമുണ്ടായ അസ്ഥിവീക്കം കാരണം അയാൾക്ക് സായിദർശനത്തിനുള്ള അവസരം ലഭിച്ചു. അയാൾക്ക് ദിവ്യന്റെ പാദങ്ങളിൽ സ്നേഹമുണ്ടാകുകയും ശാശ്വതമായ ആനന്ദം ലഭിക്കുകയും ചെയ്തു.

48. അതേപോലെ ഒരിക്കൽ ഗിനിപ്പുഴുരോഗം മൂലം ഡോ. പിള്ളയ് തീവ്രമായ വേദന അനുഭവിക്കുകയായിരുന്നു. അവ ഒന്നിൽ നിന്ന് ഏഴെണ്ണമായി വളർന്നു. അയാൾക്ക് ജീവിതം ദുസ്സഹമായി മാറി.

49. സായിബാബ അയാളെ വളരെ ഇഷ്ടപ്പെടുകയും സ്നേഹത്തോടെ 'ബാവു' എന്ന് വിളിക്കുകയും ചെയ്തിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും വളരെ സ്നേഹത്തോടെ അയാളുടെ ക്ഷേമം അന്വേഷിച്ചിരുന്നു.

50. മസ്ജിദിൽ രാവിലെയും വൈകുന്നേരവും അഴികൾക്ക് അടുത്തായിരുന്നു ബാവുവിന്റെ സ്ഥാനം. അദ്ദേഹം ബാവുമൊത്ത് ധാരാളം സമയം ചെലവഴിക്കുകയും അവർ ധാരാളം സംസാരിക്കുകയും ചെയ്തിരുന്നു.

51. ചില്ലം പുകയ്ക്കുമ്പോൾ ബാവുവിനെ ആവശ്യമായിരുന്നു; ബീഡി[3] പുകയ്ക്കുമ്പോൾ ബാവുവിനെ ആവശ്യമായിരുന്നു; ചില കാര്യങ്ങളിൽ തീർപ്പ് കല്പിക്കപ്പെടുമ്പോൾ ബാവു ആവശ്യമായിരുന്നു. അയാൾ അടുത്തില്ലെങ്കിൽ അയാളുടെ അഭാവം അനുഭവപ്പെടുമായിരുന്നു.

52. ഇവിടെ നിർത്താം. ഇതായിരുന്നു അയാളെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ. ഗിനിപ്പുഴുരോഗം മൂലമുള്ള വേദന അസഹനീയമായതിനാൽ, തളർന്ന വശനായ ബാവു ശയ്യാവലംബിയായി. വേദനയുടെ കാഠിന്യം സഹിക്കാനാകാത്തതായിരുന്നു.

53. അത്തരം പരിതാപകരമായ അവസ്ഥയിൽപ്പോലും ബാവു സായിയുടെ നാമം ജപിച്ചു. "ഈ ദുരിതം മതിയായി. മരണമാണ് ഭേദം", കരഞ്ഞുകൊണ്ട് അയാൾ സായിയിൽ അഭയം തേടി.

54. അയാൾ ബാബയ്ക്ക് ഒരു സന്ദേശമയച്ചു: "ഈ വേദന സഹിച്ച് ഞാൻ തളർന്നിരിക്കുന്നു. എത്ര വ്രണവീക്കങ്ങളാണ് എന്റെ ശരീരത്തിലുള്ളത്! എനിക്ക് ഇത് സഹിക്കാനുള്ള കരുത്തില്ല.

55. "എന്റെ ജീവിതകാലം മുഴുവനും ഞാൻ ശരിയായ രീതിയിൽ പ്രവർത്തിച്ചു. എന്ത്കൊണ്ടാണ് എനിക്ക് ഈ വേദനാപൂർണ്ണമായ അവസ്ഥ ഉണ്ടായത്? ഞാൻ ഒരിക്കലും ധാർമ്മികമായ പാതയിൽ നിന്ന് വ്യതിചലിച്ചിട്ടില്ല. എന്ത്കൊണ്ട് ഞാൻ ശിക്ഷിക്കപ്പെടണം, അതും ഏത് പാപകർമ്മം കൊണ്ടാണ്?"

56. "ബാബാ! ഗിനിപ്പുഴുരോഗം കൊണ്ടുള്ള മരണതുല്യമായ ഈ വേദന എനിക്ക്

ഇനി സഹിക്കാൻ കഴിയില്ല. പകരം, ഇപ്പോൾ എന്നെ മരിക്കാൻ അനുവദിക്കുക. എന്റെ അടുത്ത ജന്മത്തിൽ ഞാൻ ഈ ദുരിതം അനുഭവിച്ചുകൊള്ളാം.

57. "ഈ വേദന സഹിക്കുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഞാൻ ഇനിയും പല ജന്മങ്ങൾ എടുക്കേണ്ടി വരുമായിരിക്കും. വിധിക്കപ്പെട്ടതിനെ ഒഴിവാക്കാൻ കഴിയില്ല. മന്ദബുദ്ധിയാണ് ഞാനെങ്കിലും, ഞാൻ അത് മനസ്സിലാക്കുന്നു.

58. "'എന്റെ കർമ്മഫലങ്ങൾ അനുഭവിക്കാൻ വേണ്ടി, ഞാൻ സന്തോഷത്തോടെ പത്ത് ജന്മങ്ങൾ കൂടി ജനിക്കാം. പക്ഷേ എന്റെ ഈ ജന്മം അവസാനിപ്പിക്കാനുള്ള വരം നൽകുക.

59. "ഈ ജീവിതം മതിയായി. എന്നെ ഈ ജന്മത്തിൽ നിന്നും മോചിപ്പിക്കുക. ഈ വേദന സഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് മാത്രമാണ് ഞാനിപ്പോൾ ആവശ്യപ്പെടുന്നത്."

60. ഈ പ്രാർത്ഥന ശ്രവിക്കവേ, സിദ്ധരാജന്[4] ദയതോന്നി; ഡോ. പിള്ളയ്യുടെ സംതൃപ്തിക്കായി കാരുണ്യത്തിന്റെ അമൃത് വർഷിച്ചു. അത് നുകരുക.

61. ഡോ. പിള്ളയ്യുടെ വേദന നിറഞ്ഞ അവസ്ഥ കണ്ട് അത് ഇല്ലാതാക്കുവാനായി ഭക്തരുടെ കല്പവൃക്ഷം എന്താണ് ചെയ്തതെന്ന് നോക്കുക.

62. ഡോ. പിള്ളയ്യുടെ ഈ സന്ദേശം എത്തിച്ചത് ദീക്ഷിതാണ്. ഈ വാർത്ത ശ്രദ്ധിച്ച ബാബ പറഞ്ഞു: "പോയി, അവനോട് നിർഭയനായി ഇരിക്കാൻ പറയുക".

63. അദ്ദേഹം വീണ്ടും പറഞ്ഞ സന്ദേശം: "എന്തുകൊണ്ട് അവൻ പത്തു ജന്മങ്ങളിൽ കഷ്ടപ്പെടണം? അവന് അത് പത്ത് ദിവസങ്ങൾ മാത്രം അനുഭവിച്ചാൽ മതിയാകും; ഞങ്ങൾ രണ്ടുപേരും കൂടി അത് പങ്കിടും.

64. "മോക്ഷം, ഭൗതികാവശ്യങ്ങൾ അല്ലെങ്കിൽ ആത്മീയത എന്നിവയൊക്കെ നൽകാൻ ഞാൻ പ്രാപ്തനായുള്ളപ്പോൾ മരണം പോലെ അർത്ഥശൂന്യമായ കാര്യങ്ങൾ ചോദിക്കാൻ നിങ്ങൾ ധൈര്യപ്പെടുകയാണോ?

65. "അവനെ എടുത്ത് ഇവിടെ എത്തിക്കുക. വിധിക്കപ്പെട്ടത് സമചിത്തതയോടെ സഹിക്കണം. ഒരുവൻ ഇത്തരത്തിൽ സംഭ്രമചിത്തനാകരുത്. ആരുടെയെങ്കിലും പുറത്തിരുത്തി അവനെ ഇവിടെ കൊണ്ടുവരിക."

66. അങ്ങനെ, ഈ അവസ്ഥയിൽ അയാളെ ഉടൻതന്നെ മസ്ജിദിൽ എത്തിച്ചു. ബാബ, അദ്ദേഹത്തിന്റെ പുറകിൽ നിന്നും ഉപധാനം എടുത്ത്, അയാൾക്ക് ചാരി ഇരിക്കാനായി നൽകി.

67. അദ്ദേഹം അത് തന്റെ വലത് വശത്ത്, സാധാരണയായി ഫക്കീർ ബാബ ഇരിക്കാറുള്ള സ്ഥലത്ത് വച്ചിട്ട് അയാളോട് പറഞ്ഞു: "അതിൽ ചാരി, സ്വസ്ഥമായി ഇരിക്കുക. അനാവശ്യമായി വിഷമിക്കാതിരിക്കുക.

68. "നിന്റെ കാലുകൾ സുഖകരമായി നീട്ടി വയ്ക്കുക, അപ്പോൾ നിനക്ക് ആശ്വാസമാകും. വിധിക്കപ്പെട്ടത് എന്തായാലും അനുഭവിക്കണം. അത് മാത്രമാണ് ഏക മാർഗ്ഗം.

69. “വിധിയ്ക്കനുസരിച്ച്, നല്ലതോ ചീത്തയോ സുഖമോ ദുഃഖമോ, അമൃത് പോലെയോ വിഷം പോലെയോ വന്നേക്കാം. ഈ ദ്വന്ദ്വവൈപരീത്യങ്ങൾ ഒരുവന്റെ ജീവിതത്തിൽ സ്വാഭാവികമായി വരുന്നതാണെന്ന് ഓർക്കുക. ഒരിക്കലും സന്തോഷവാനോ ദുഃഖിതനോ ആകേണ്ടതില്ല.

70. “സംഭവിക്കുന്നത് എന്തായാലും അനുഭവിക്കുക. അള്ളാഹ് ആണ് നാഥനും സംരക്ഷകനും. എല്ലായ്പ്പോഴും അദ്ദേഹത്തെ ധ്യാനിക്കുക. അദ്ദേഹം സകല വിഷമതകളെയും പരിഹരിക്കും.

71. ശരീരം, മനസ്സ്, ഭാഷണം, ധനം, എന്നിവ കൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പണം ചെയ്യുക. ഒരുവൻ സദാ അദ്ദേഹത്തെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ അവന് അദ്ദേഹത്തിന്റെ പ്രവർത്തനരീതികൾ ഗ്രഹിക്കാൻ കഴിയും”.

72. അപ്പോൾ, നാനാസാഹേബ് ചന്ദോർക്കർ വ്രണങ്ങൾക്ക് മുകളിൽ ഒരു തുണിക്കഷണം മുറുകെ കെട്ടിയെന്നും, എന്നിട്ടും വേദനയ്ക്ക് ശമനമുണ്ടായില്ലെന്നും ഡോക്ടർ പിള്ളയ് പറഞ്ഞു.

73. ബാബ പറഞ്ഞു: “നാനായ്ക്ക് ഭ്രാന്താണ്. ആ തുണിക്കഷണം അഴിച്ചു മാറ്റുക, അല്ലെങ്കിൽ നീ മരിക്കും. ഇപ്പോൾ ഒരു കാക്ക വന്ന് കൊത്തും. അപ്പോൾ നിനക്ക് സുഖം പ്രാപിക്കും”.

74. ഈ സംഭാഷണം നടന്നുകൊണ്ടിരിക്കവേ, പെട്ടെന്ന് അബ്ദുൾ[5], വിളക്കുകളിൽ എണ്ണ ഒഴിക്കാനായി എത്തി. അപ്പോൾ പെട്ടെന്ന് എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കുക.

75. മസ്ജിദ് പൊതുവെ ചെറിയ സ്ഥലമായിരുന്നു, കൂടാതെ ധാരാളം ഭക്തന്മാർ കൂടിയിരിക്കുകയായിരുന്നു. ഇതിന്റെയൊക്കെ ഇടയ്ക്ക് പിള്ളയ്യെക്കൊണ്ടുള്ള ബഹളവുമുണ്ടായിരുന്നു. അബ്ദുളിന്, അയാളുടെ കാൽ വയ്ക്കാൻ തീരെ സ്ഥലമുണ്ടായിരുന്നില്ല.

76. അബ്ദുൾ, അയാളുടെ പ്രവൃത്തിയിൽ മുഴുകിയിരിക്കുകയും, അയാളുടെ ശ്രദ്ധ വിളക്കുകളിൽ മാത്രവുമായിരുന്നു. അതിനാൽ അയാൾ ഡോ. പിള്ളയ്യെ ശ്രദ്ധിച്ചില്ല. വളരെ അസാധാരണമായ ഒരു കാര്യം സംഭവിച്ചു!

77. അബ്ദുളിന്[6] എന്ത് ചെയ്യാൻ കഴിയും? എന്താണോ സംഭവിക്കാനായി വിധിക്കപ്പെട്ടിട്ടുള്ളത്, അത് സംഭവിക്കും. അറിയാതെ അയാളുടെ പാദം, പിള്ളയ്യുടെ നീട്ടിവച്ചിരുന്ന കാലിൽ ചവിട്ടി.

78. പിള്ളയ്യുടെ കാല് നീരുവന്ന് വീർത്തിരിക്കുകയായിരുന്നു, അതേ ഭാഗത്ത് അബ്ദുൾ ചവിട്ടി. അപ്പോൾ അതിയായ വേദന മൂലം പിള്ളയ് ഉറക്കെക്കരഞ്ഞു.

79. മർമ്മഭേദകമായ തരത്തിൽ അയാൾ ഒരുവട്ടം നിലവിളിച്ചു. പിന്നീട് കൂപ്പുകൈകളോടെ അയാൾ ബാബയോട് ദയയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. അത് കേൾക്കുക.

80. വ്രണം പൊട്ടിയൊലിക്കുകയും, പുഴുക്കൾ പുറത്തേയ്ക്ക് ഒലിക്കാൻ

തുടങ്ങുകയും ചെയ്തു. അയാൾ ഇടവിട്ട് നിലവിളിക്കുകയും പാടുകയും ചെയ്തു:–

“ഓ കരിം! എന്റെ ദയനീയാവസ്ഥയിൽ ദയ ചൊരിയുക!
അങ്ങ് കാരുണ്യവാനും ദയാപരനുമാണ്!
അങ്ങ് ഇരുലോകങ്ങളുടെയും ചക്രവർത്തിയാണ്!
ലോകം അങ്ങയുടെ പ്രതാപമാണ്.
ഈ ലോകം നശിക്കപ്പെടും.
പക്ഷേ അങ്ങയുടെ മഹത്വം അനശ്വരമാണ്.
അങ്ങ് എല്ലായ്പ്പോഴും ഭക്തരുടെ രക്ഷകനാണ്.”

81. വേദന ഇടയ്ക്കിടെ അനുഭവപ്പെട്ടുകൊണ്ടിരുന്നു. അയാൾ വളരെ ദുഃഖം സഹിച്ച് നിസ്സഹായനായി കിടന്നു. ഇത് ബാബയുടെ ലീലയാണെന്ന് എല്ലാവർക്കും തോന്നി.

82. ബാബ പറഞ്ഞു: “ബാവുവിനെ നോക്കുക. അവന് ഭേദമായത് പോലെ തോന്നുന്നു. അവൻ ഇപ്പോൾ പാടുകയാണ്”. അപ്പോൾ പിള്ളയ് അദ്ദേഹത്തോട് ചോദിച്ചു: “ആ കാക്ക എന്നെ കൊത്താനായി എത്തുമോ?”

83. അപ്പോൾ ബാബ പറഞ്ഞു: “പോയി വാഡയിൽ വിശ്രമിക്കുക. ഇനി കാക്ക വീണ്ടും നിന്നെ കൊത്താനായി വരില്ല.

84. “അവൻ മുമ്പ് വന്നതല്ലേ? അത് നിന്റെ കാലിൽ ചവിട്ടിയ ആൾ തന്നെയാണ്. അവനാണ് നിന്നെ കൊത്തിയിട്ട് ഓടിപ്പോയ കാകൻ. അവൻ പുഴുക്കളെ പിഴിഞ്ഞ് പുറത്തേയ്ക്കിട്ടു.”

85. എന്ത് കാകൻ! അതൊരു ആലങ്കാരികഭാഷണം മാത്രമായിരുന്നു! സംഭവിക്കേണ്ടിയിരുന്നത് എല്ലാവരുടെയും മുമ്പിൽവച്ച് നടത്തപ്പെട്ടു. അദ്ദേഹം വാക്ക് പാലിച്ചു.

86. ഇവ സാധാരണ വാക്കുകളല്ല; പക്ഷേ വിധിയാണ്. മുൻജന്മങ്ങളിൽ ചെയ്ത പ്രവൃത്തികൾക്ക് പോലും സ്വാധീനമുണ്ടാകില്ല. കുറച്ച് സമയത്തിനകം ബാവുവിന് സുഖം തോന്നാൻ തുടങ്ങി.

87. പത്താമത്തെ ദിവസം പുലർന്നപ്പോൾ, ഉധി പുരട്ടുകയും കഴിക്കുകയും ചെയ്തത് കൊണ്ടുമാത്രം രോഗം പൂർണ്ണമായും ഭേദമായി. ഇതായിരുന്നു ആകെയുണ്ടായിരുന്ന ഔഷധം.

88. വ്രണത്തിൽ നിന്ന് ഏഴ് പുഴുക്കൾ ജീവനോടെ പുറത്തേയ്ക്ക് വന്നു. അവ നേർത്ത് നീളം കൂടിയതായിരുന്നു. കഠിനമായ വേദന നിലച്ചു. ദുരിതത്തിന് ഒരു അവസാനമായി.

89. ഈ അദ്ഭുതം അനുഭവിച്ചപ്പോൾ പിള്ളയ് വികാരഭരിതനാകുകയും, ബാബയുടെ ഈ സദ്കൃത്യം ഗ്രഹിച്ച് അവന്റെ കണ്ണുകളിൽ നിന്ന് സ്നേഹാശ്രുക്കൾ ഒഴുകുകയും ചെയ്തു.

90. പിള്ളയ് ബാബയുടെ പാദങ്ങൾ ആശ്ലേഷിച്ചു. അയാൾ വികാരങ്ങൾ കൊണ്ട്

വീർപ്പുമുട്ടിയെങ്കിലും ഒരു വാക്ക് പോലും ഉച്ചരിക്കാൻ കഴിഞ്ഞില്ല.

91. ഒരു അനുഭവം കൂടി വിവരിച്ചശേഷം ഉധിയുടെ മഹത്വത്തെക്കുറിച്ചുള്ള വിവരണം നമുക്ക് അവസാനിപ്പിക്കാം. ഒരുവന്റെ ഭക്തിക്കനുസരിച്ചാണ് അവന്റെ അനുഭവങ്ങൾ. യഥാർത്ഥത്തിൽ ഈ ഗ്രന്ഥത്തിന്റെ സാരാംശം അത് തന്നെയാണ്.

92. മാധവറാവുവിന്റെ ഇളയസഹോദരൻ ബാപാജിയെക്കുറിച്ചുള്ളതാണ് കഥ; എങ്ങനെയാണ് അയാൾ ആപത്ത് ഘട്ടത്തിലായപ്പോൾ ഉധിയിലൂടെ അയാളുടെ ക്ഷേമം നേടിയതെന്നാണ് കഥ.

93. ഈ ഉധിയുടെ അദ്ഭുതങ്ങളെയും ശക്തിയെയും കുറിച്ച് എത്രമാത്രമാണ് ഞാൻ വിവരിക്കുക! പ്ലേഗ് തുടങ്ങിയ രോഗങ്ങൾക്ക് ഉത്തമമായ ഔഷധമാണ് ഉധി.

94. ഷിർദിക്ക് സമീപമുള്ള സാവുൾ വിഹിർ എന്ന സ്ഥലത്ത് താമസിക്കവേ ബാപാജിയുടെ ഭാര്യയ്ക്ക് ജ്വരവും അരയിടുക്കിൽ ഗ്രന്ഥിവീക്കമുണ്ടാകുകയും ചെയ്തു. അവൾ വളരെ ഉത്കണ്ഠാകുലയായി.

95. പേടിപ്പെടുത്തുന്ന രാത്രി നേരത്ത് അയാളുടെ ഭാര്യ കഠിനമായ വേദന അനുഭവിക്കുന്നത് കണ്ടപ്പോൾ ബാപാജിയുടെ സകല സഹനശക്തിയും ധൈര്യവും നഷ്ടമായി.

96. രാത്രിയിൽ തന്നെ അയാൾ ഷിർദിയിലേയ്ക്ക് ഓടുകയും, ഭയന്ന് വിറച്ച് എത്തുകയും ചെയ്തു. അയാൾ മുഴുവൻ വിവരങ്ങളും അയാളുടെ സഹോദരനെ അറിയിച്ചു.

97. അയാൾ പറഞ്ഞു: ''അവൾക്ക് രണ്ട് ഗ്രന്ഥിവീക്കങ്ങൾ ഉണ്ടാകുകയും കഠിനമായ ജ്വരം മൂലം വളരെ ക്ലേശിക്കുകയുമാണ്. നീ സ്വയം വന്ന് കാണുക. എല്ലാം ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല.''

98. ബാപാജി ഈ ദയനീയാവസ്ഥയെക്കുറിച്ച് വിവരിച്ചപ്പോൾ, മാധവറാവു ഞെട്ടുകയും ഭയപ്പെടുകയും ചെയ്തു. അയാൾ വളരെ അസ്വസ്ഥനായി.

99. സ്വതവേ സമചിത്തതയുള്ള ഒരു മനുഷ്യനാണെങ്കിലും ഗ്രന്ഥിവീക്കത്തെക്കുറിച്ച് കേട്ടപ്പോൾ മാധവറാവു പരിഭ്രാന്തനായി. ഗ്രന്ഥിവീക്കപ്ലേഗ് പെട്ടെന്ന് മരണത്തിന് കാരണമാകുമെന്നത് പരക്കെ അറിയപ്പെടുന്നതായിരുന്നു.

100. സാഹചര്യം എന്തായാലും, നല്ലതോ ചീത്തയോ ആകട്ടെ, അല്ലെങ്കിൽ ഏതെങ്കിലും പ്രവൃത്തി ശുഭകരമോ ശുഭകരമല്ലാത്തതോ ആകട്ടെ, സായിയെ അറിയിച്ച് അഭിപ്രായം ചോദിക്കുക എന്നതായിരുന്നു ഷിർദിയിലെ പതിവ്.

101. അപ്പോൾ അദ്ദേഹം പറയുന്നത് ശ്രദ്ധയോടെ പാലിക്കപ്പെട്ടിരുന്നു. അദ്ദേഹം തനിച്ച് ഭക്തരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിരുന്നു. അത്തരത്തിലുള്ള എത്ര അനുഭവങ്ങളാണ് ഞാൻ വിവരിക്കുക?

102. ഈ പതിവനുസരിച്ച്, മാധവറാവുവും ഈ രീതി പിന്തുടരാൻ തീരുമാനിച്ചു. അയാൾ ബാബയുടെ മുമ്പിലെത്തി, ആദരവോടെ അഭിവാദ്യമർപ്പിച്ച്

അദ്ദേഹത്തിന്റെ മുമ്പിൽ വണങ്ങി.

103. അയാൾ പറഞ്ഞു: "വന്ദനം, വന്ദനം സായിനാഥ്! നിസ്സഹായരായ ഞങ്ങളിൽ ദയ കാട്ടുക. ഇപ്പോൾ എന്തുകൊണ്ടാണ് ഈ പ്രശ്നം, അനാവശ്യമായ ഉത്കണ്ഠ ഉണ്ടാകുകയും ചെയ്തിരിക്കുന്നു!

104. "അങ്ങയോടല്ലാതെ മറ്റാരോടാണ് ഞങ്ങൾ പറയുക? ഈ പെൺകുട്ടിയുടെ ദുരിതം ഇല്ലാതാക്കി, അവൾക്ക് അനുഗ്രഹങ്ങൾ നൽകുക.

105. "ഈ പ്രയാസം മാറ്റിത്തരിക. മറ്റാരാണ് ഞങ്ങളെ സംരക്ഷിക്കുക. ഈ ഭീകരമായ ജ്വരത്തിന്റെ തീവ്രത കുറയ്ക്കുക. സംരക്ഷകനെന്നുള്ള അങ്ങയുടെ വാക്ക് പാലിക്കുക."

106. അയാൾ യാത്ര തിരിക്കാനുള്ള അനുമതി ചോദിക്കുകയും ചെയ്തു, അപ്പോൾ ബാബ പറഞ്ഞു: "രാത്രിയിൽ ഇത്രയും വൈകി പോകരുത്. അവൾക്ക് ഉധി കൊടുത്തു വിടുക.

107. ''ജ്വരത്തെയും ഗ്രന്ഥിവീക്കത്തെയും കുറച്ച് എന്തിന് വിഷമിക്കണം. ഈശ്വരനാണ് നമ്മുടെ പിതാവ്. അവൾ എളുപ്പത്തിൽ സുഖം പ്രാപിക്കും. പ്രശ്നങ്ങളൊന്നുമില്ലാതെ എല്ലാം സുരക്ഷിതമാകും.

108. "പ്രഭാതമാകുമ്പോൾ നീ സാവുൾ വിഹിറിൽ പോയിട്ട് തിരികെ വരിക. ഇപ്പോൾ പോകാനായി തിടുക്കം വേണ്ട. ഇവിടെ ശാന്തമായി ഇരിക്കുക.

109. "നാളെ മാത്രം പോകുക. അസ്വസ്ഥനാകേണ്ട കാര്യമില്ല. വിശ്വാസത്തോടെ ഉധി പുരട്ടുകയും കഴിക്കുകയും ചെയ്യുമ്പോൾ, എന്തിനാണ് ഒരുവൻ ഭയപ്പെടുന്നത്?"

110. ഇത് കേട്ടപ്പോൾ ബാപാജി ഭയപ്പെട്ടു. അയാൾ വളരെ നിരാശപ്പെട്ടു. ഈ രോഗത്തിന് പ്രതിവിധിയായുള്ള പച്ചിലമരുന്നുകളെക്കുറിച്ച് മാധവറാവുവിന് അറിയാമായിരുന്നു, പക്ഷേ ഇപ്പോൾ അയാളുടെ അറിവ് നിഷ്പ്രയോജനമാണ്.

111. സായിയുടെ അനുഗ്രഹമില്ലാതെ ഒരു മരുന്നും ഫലപ്രദമാകില്ലെന്ന് മാധവറാവുവിന് നന്നായി അറിയാമായിരുന്നു. അതൊരു രഹസ്യവും സൂചനയും ആയിരുന്നു.

112. അതിനാൽ, ബാബയുടെ ഇച്ഛയ്ക്കനുസരിച്ച്, മാധവറാവു ഉധി കൊടുത്തു വിട്ടുകൊണ്ട് സ്വസ്ഥനും ശാന്തനുമായി ഇരുന്നു. ബാപാജി നിരാശാവാനായി മടങ്ങിപ്പോയി.

1113. ഉധി വെള്ളത്തിൽ കലക്കി കുടിക്കാൻ കൊടുക്കുകയും ശരീരത്തിൽ പുരട്ടുകയും ചെയ്തപ്പോൾ അവൾ നന്നായി വിയർക്കുകയും, ഗാഢമായി ഉറങ്ങുകയും ചെയ്തു.

114. സൂര്യോദയമായപ്പോൾ ഭാര്യയ്ക്ക് നന്നേ സുഖം തോന്നി. ജ്വരവും വിഷകരമായ ഗ്രന്ഥിവീക്കങ്ങളും അപ്രത്യക്ഷമായി! ബാപാജി അദ്ഭുതപ്പെട്ടു.

115. ഷിർദിയിൽ, മാധവറാവു ഉറക്കമെഴുന്നേറ്റ് ശൗചാദികൾ പൂർത്തിയാക്കിയ ഉടനെ സാവുൾ വിഹിറിലേയ്ക്ക് പോകുന്ന വഴിയിൽ ദർശനത്തിനായി മസ്ജിദിലെത്തി.

116. അയാൾ ബാബയുടെ ദർശനം നടത്തി, പാദങ്ങളിൽ വന്ദിച്ചു. ഉധിയും അനുഗ്രഹങ്ങളും ലഭിച്ചയുടൻ, അയാൾ അവിടെ നിന്നും തിരിച്ചു.

117. അയാൾ മസ്ജിദിന്റെ പടികൾ ഇറങ്ങവേ ബാബ അയാളോട് ഇങ്ങനെ പറയുന്നത് അയാൾ കേട്ടു: "ശാമാ, പെട്ടെന്ന് മടങ്ങി വരിക. വൈകാനുള്ള കാരണങ്ങളൊന്നുമുണ്ടാകില്ല."

118. മാർഗ്ഗമധ്യേ അയാൾ ഉത്കണ്ഠപ്പെട്ടു: 'എന്റെ സഹോദരഭാര്യ കഷ്ടത അനുഭവിക്കുകയായിരിക്കുമോ? രണ്ട് ഗ്രന്ഥിവീക്കങ്ങളുടെ വേദന എങ്ങനെയാണ് അവൾ സഹിക്കുക? അവൾ വേദന അനുഭവിച്ച് കിടക്കുകയായിരിക്കും.'

119. ''പെട്ടെന്ന് മടങ്ങിവരിക'', എന്ന ബാബയുടെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ കഴിയാതെ, ശാമ കൂടുതൽ ഉത്കണ്ഠപ്പെടുകയും വഴിയിലൂടെ വേഗത്തിൽ നടക്കുകയും ചെയ്തു.

120. സാവുൾ വിഹിറിൽ എത്തുന്നത് വരെ അയാൾക്ക് ക്ഷമയുണ്ടായിരുന്നില്ല. പക്ഷേ, വാതിൽപ്പടി കടന്ന് ചെന്നപ്പോൾ അയാൾ ഒരു അദ്ഭുതം കണ്ടു.

121. കഴിഞ്ഞ രാത്രിയിൽ പ്ലേഗ് മൂലം ജ്വരമനുഭവിച്ച ആൾ അടുപ്പിന് സമീപമിരുന്ന് ചായ തയ്യാറാക്കുകയായിരുന്നു. അവളുടെ അവസ്ഥയിലുണ്ടായ മാറ്റം കണ്ട് മാധവറാവു ആശ്ചര്യപ്പെട്ടു.

122. അപ്പോൾ അയാൾ ബാപാജിയോട് ചോദിച്ചു: ''അവൾ അവളുടെ ദിനചര്യകളിൽ സാധാരണപോലെ തിരക്കിലാണല്ലോ, ഇതെങ്ങനെ സംഭവിച്ചു?" ബാപാജി മറുപടി പറഞ്ഞു: "ഇത് തീർച്ചയായും ബാബയുടെ ഉധിയുടെ മഹത്വമാണ്".

123. അയാൾ തുടർന്നു: "ഞാൻ തിരികെ വന്നയുടനെ, ഞാൻ അവൾക്ക് ഉധി കുടിക്കാൻ നൽകുകയും ശരീരം മഴുവൻ അത് തേച്ച് പുരട്ടിക്കൊടുക്കുകയും ചെയ്തു. ഉടൻ തന്നെ അവൾ അതിയായി വിയർക്കുകയും സുഖമായി ഉറങ്ങുകയും ചെയ്തു.

124. പിന്നീട് ഇന്ന് രാവിലെ, ഗ്രന്ഥി വീക്കവും ജ്വരവുമില്ലാതെ സന്തോഷത്തോടും ആരോഗ്യത്തോടും കൂടി ഉറക്കമെഴുന്നേറ്റു. ഇതെല്ലാം സായിയുടെ ലീലകളാണ്!"

125. കാര്യങ്ങളുടെ ഈ അവസ്ഥ കണ്ടപ്പോൾ ശാമ പെട്ടെന്ന് സായിയുടെ വാക്കുകൾ ഓർത്തു: ''പെട്ടെന്ന് മടങ്ങി വരിക''. അയാൾക്ക് അർത്ഥം മനസ്സിലാകുകയും, ആശ്ചര്യപ്പെടുകയും ചെയ്തു.

126. അയാളുടെ വരവിന് മുമ്പ് തന്നെ പ്രശ്നം അവസാനിച്ചിരുന്നു. മാധവറാവു ഒരു കോപ്പ ചായ കുടിച്ചതിന് ശേഷം മടങ്ങിപ്പോയി. അയാൾ നേരെ മസ്ജിദിലേയ്ക്ക് പോയി, ബാബയുടെ പാദങ്ങളിൽ വന്ദിച്ചു.

127. അയാൾ പറഞ്ഞു: "ഓ ദേവാ, എന്താണീ ലീല? ഇവിടെ ഇരുന്ന് കൊണ്ട് അങ്ങ് ഞങ്ങളുടെ മനസ്സുകളിൽ സംഭ്രമം സൃഷ്ടിക്കുന്നു. ഒരു കൊടുങ്കാറ്റ് ഉണ്ടാകുകയും പിന്നീട് അങ്ങേയ്ക്ക് മാത്രമേ അത് ശാന്തമാക്കാനും കഴിയൂ."

128. ബാബ അയാളോട് മറുപടി പറഞ്ഞു: "വിധിയുടെ വഴികൾ ഗ്രഹിക്കാൻ പ്രയാസമാണെന്ന് അറിയുക. ഞാൻ ഒന്നും തന്നെ പ്രവർത്തിക്കുകയോ, മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നില്ല. എന്നിട്ടും സംഭവിക്കുന്നതിനെല്ലാം ഞാൻ ഉത്തരവാദിയാണെന്ന് പറയപ്പെടുന്നു.

129. "വിധി വശാൽ സംഭവിക്കുന്ന കൃത്യങ്ങൾക്ക് ഞാൻ ഒരു സാക്ഷി മാത്രമാണ്. അനശ്വരനായ ഈശ്വരനാണ് കർമ്മകാരകനും പ്രേരണാശക്തിയും. അദ്ദേഹം മാത്രമാണ് ദയാപരൻ.

130. "ഞാൻ ഈശ്വരനോ പരമാത്മാവോ അല്ല. ഞാൻ ദേവനോ ഭഗവാനോ അല്ല. ഞാൻ ഈശ്വരനെ സ്മരിക്കുകയും, പരമാത്മാവിന്റെ അസ്തിത്വത്തെക്കുറിച്ച് ജനങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ അള്ളാഹിന്റെ ഒരു സാധാരണ സേവകനാണ്.

131. ''അഹങ്കാരം തീർത്തും ഉപേക്ഷിച്ച്, എല്ലായ്പ്പോഴും ഈശ്വരനോട് കൃതജ്ഞത കാട്ടുകയും എല്ലാ ഭാരവും ഈശ്വരനിൽ സമർപ്പിക്കുകയും ചെയ്യുന്ന ഒരുവൻ അവന്റെ ലക്ഷ്യം നേടും."

132. ഇതേപോലെ, ഒരു ഇറാനിയൻ മാന്യവ്യക്തിക്കുണ്ടായ പ്രധാനപ്പെട്ട ഒരു അനുഭവം കേൾക്കുക. അയാളുടെ ഇളയമകൾക്ക് മണിക്കൂറുകളോളം സംസാരശേഷി നഷ്ടപ്പെട്ടിരുന്നു.

133. ഓരോ മണിക്കൂറും അവൾക്ക് അപസ്മാര ബാധയുണ്ടാകുമായിരുന്നു. അവളുടെ ശരീരം വില്ല് പോലെ വളഞ്ഞ് അവിടെ തന്നെ വീഴുമായിരുന്നു. അവൾക്ക് ബോധം നഷ്ടപ്പെട്ട് മരിച്ചത് പോലെ തോന്നിക്കും. ഒരു ഔഷധവും ഫലപ്രദമായില്ല.

134. പിന്നീട് അയാളുടെ ഒരു സുഹൃത്ത് ഉധിയുടെ മഹത്വം അയാളോട് വിവരിക്കുകയും, അത് പോലെ അദ്ഭുതകരവും അവിശ്വസനീയവുമായ മറ്റൊരു പ്രതിവിധി ഇല്ലെന്ന് പറയുകയും ചെയ്തു.

135. "താമസം കൂടാതെ പാർലേയിലേയ്ക്ക് പോയി ദീക്ഷിതിനോട് ഉധി ചോദിക്കുക, അയാളുടെ കൈവശം ധാരാളം ഉണ്ടാകും. അയാൾ വളരെ സന്തോഷത്തോടെ അത് നൽകും.

136. "എന്നിട്ട്, സായിയെ പൂർണ്ണവിശ്വാസത്തോടെ സ്മരിച്ച് കൊണ്ട്, ദിവസവും അവൾക്ക് ഉധി കുടിക്കാൻ നൽകുകയാണെങ്കിൽ ഈ അപസ്മാരരോഗം ഭേദമാകുകയും അവൾക്ക് ആരോഗ്യവും സന്തോഷവും ലഭിക്കുകയും ചെയ്യും".

137. ഇത് കേട്ടപ്പോൾ ആ ഇറാനിയൻ മാന്യവ്യക്തി ദീക്ഷിതിൽ നിന്ന് ഉധി വാങ്ങി, പതിവായി അവൾക്ക് കുടിക്കാൻ നൽകി; അവൾക്ക് രോഗശമനമുണ്ടാകുകയും ചെയ്തു.

138. ഓരോ മണിക്കൂർ കഴിയുമ്പോൾ രോഗബാധ ഉണ്ടാകുമായിരുന്നിടത്ത്, ഉധി കഴിച്ചശേഷം പെട്ടെന്ന് തന്നെ ശമനം കണ്ടുതുടങ്ങി, ഒരു മണിക്കൂറിൽ നിന്നും ഏഴ് മണിക്കൂർ ദൈർഘ്യത്തിൽ മാത്രം അപസ്മാരം ആവർത്തിച്ചു.

139. തുടക്കത്തിൽ അപസ്മാരബാധ ആവർത്തിക്കുന്നത് ഒരു മണിക്കൂറിൽ നിന്നും ഏഴ് മണിക്കൂർ ആയി കുറഞ്ഞു. കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ അപസ്മാരബാധ പൂർണ്ണമായും നിലച്ചു.[7]

140. ഹർദയ്ക്ക് സമീപമുള്ള ഒരു ഗ്രാമത്തിൽ ഒരു വൃദ്ധമാന്യവ്യക്തി ജീവിച്ചിരുന്നു. അയാൾക്ക് വൃക്കകളിൽ കല്ല് രോഗം ഉണ്ടാകുകയും, അത് മൂലം ദുരിതമനുഭവിക്കുകയും ചെയ്തു.

141. ശസ്ത്രക്രിയയല്ലാതെ അതിന് മറ്റ് പ്രതിവിധി ഉണ്ടായിരുന്നില്ല. അതിനാൽ പ്രഗല്ഭനായ ഏതെങ്കിലും ശസ്ത്രക്രിയാവിദഗ്ദ്ധനെ കണ്ടെത്താൻ നിർദ്ദേശിക്കപ്പെട്ടു.

142. രോഗി വളരെ വിഷമിക്കുകയും, എന്ത് ചെയ്യണമെന്ന് അറിയാതെ കുഴങ്ങുകയും ചെയ്തു. അയാളുടെ ശരീരം മെലിഞ്ഞ്, ദുർബ്ബലമായിരുന്നു; അയാൾ മരണത്തിന്റെ വാതിൽക്കൽ എത്തിയത് പോലെ തോന്നിച്ചു. അയാൾക്ക് കഠിനമായ വേദന സഹിക്കാൻ കഴിഞ്ഞില്ല.

143. ശസ്ത്രക്രിയയ്ക്ക് വിധേയനാകണമെങ്കിൽ ഒരു രോഗിക്ക് ധൈര്യം ആവശ്യമാണ്, അയാൾക്ക് അത് ഉണ്ടായിരുന്നില്ല, പക്ഷേ ഭാഗ്യം കൊണ്ട് അയാളുടെ ദുരിതാവസ്ഥ അവസാനിച്ചു. അത് കേൾക്കുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും.

144. സാഹചര്യങ്ങൾ ഇങ്ങനെയായിരിക്കവേ, പട്ടണത്തിലെ ഇനാമ്ദാർ ആ സമയത്ത് ആ ഗ്രാമത്തിലേയ്ക്ക് വരികയാണെന്ന് അറിഞ്ഞു, അയാൾ സായിബാബയുടെ ദൃഢഭക്തനായിരുന്നു.

145. അയാൾ എപ്പോഴും അയാളുടെ പക്കൽ ബാബയുടെ വിഭൂതി സൂക്ഷിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. രോഗിയുടെ ബന്ധുക്കൾ അയാളുടെ അടുത്തെത്തി കുറച്ച് ഉധി അഭ്യർത്ഥിച്ചു.

146. ഇനാമ്ദാർ ഉധി നൽകി. മകൻ അത് വെള്ളത്തിൽ കലക്കി പിതാവിന് നൽകി. അഞ്ച് മിനിട്ടുകൾ പോലും കഴിയും മുമ്പ് ഒരു ആശ്ചര്യം സംഭവിച്ചു.

147. ഉധി പ്രസാദം ശരീരത്തിൽ അലിഞ്ഞ് ചേർന്നപ്പോൾ, വൃക്കയിൽ നിന്ന് വൃക്കക്കല്ല് തള്ളപ്പെടുകയും, അത് മൂത്രത്തോടൊപ്പം പുറത്തേയ്ക്ക് പോകുകയും ചെയ്തു. അയാൾക്ക് ഉടൻ തന്നെ ആശ്വാസം ലഭിച്ചു.

148. ബോംബെയിൽ നിന്നുള്ള കായസ്ഥപ്രഭു ജാതിയിൽപ്പെട്ട ഒരു മാന്യവ്യക്തിയുടെ ഭാര്യയ്ക്ക് എല്ലായ്പ്പോഴും പ്രസവസമയത്ത് അതിയായ പ്രയാസം അനുഭവപ്പെട്ടിരുന്നു.

149. ആ സമയത്ത് എന്ത് ചെയ്താലും ഫലമുണ്ടാകില്ല. ആ സ്ത്രീയ്ക്ക് അവൾ മരിക്കുന്നത് പോലെ തോന്നും. പാവം ആ മാന്യവ്യക്തി വളരെ ഉത്കണ്ഠാകുലനായിരുന്നു.

150. സായിയുടെ ഭക്തനായ ശ്രീരാംമാരുതി പ്രശസ്തനായ ഒരു വ്യക്തിയായിരുന്നു. അയാളോട് അഭിപ്രായം ആരാഞ്ഞതിന് ശേഷം ഷിർദിയിലേയ്ക്ക് പോകാനായി മാന്യവ്യക്തി തീരുമാനമെടുത്തു.

151. പ്രസവസമയം അടുത്തിരുന്നതിനാൽ, അവർ ഇരുവരും വളരെ വിഷമിച്ചിരുന്നു; പക്ഷേ ഷിർദിയിലേയ്ക്ക് പോകാനായി തീരുമാനിച്ചശേഷം, ഒന്നും ഭയപ്പെടാനില്ലെന്ന് അവർക്ക് തോന്നി.

152. ''സംഭവിക്കേണ്ടത് എന്തായാലും, കുറഞ്ഞപക്ഷം അത് ബാബയുടെ സമീപത്ത് വച്ച് സംഭവിക്കട്ടെ" – ഇപ്രകാരം ഉറച്ച് തീരുമാനിച്ച് കൊണ്ട്, അവർ ഷിർദിയിലെത്തി, താമസിച്ചു.

153. ഇത്തരത്തിൽ അവർ ഇരുവരും മാസങ്ങളോളം ഷിർദിയിൽ താമസിച്ചു. പൂജകൾ ചെയ്ത് ബാബയുടെ സവിധത്തിൽ കഴിയുന്നത് ഇരുവർക്കും സന്തോഷകരമായിരുന്നു.

154. ഇത്തരത്തിൽ കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ പ്രസവസമയം അടുത്തു. ഈ വിഷമഘട്ടം എങ്ങനെ തരണം ചെയ്യുമെന്നോർത്ത് അവർ വളരെ ഉത്കണ്ഠപ്പെട്ടു.

155. ഒടുവിൽ പ്രസവദിവസമെത്തുകയും ഗർഭപാത്രത്തിന്റെ നാളത്തിൽ തടസ്സമനുഭവപ്പെടുകയും ചെയ്തു. എല്ലാവരും വിഷമിച്ചു.

156. ആ സ്ത്രീയ്ക്ക് അസഹനീയമായ വേദന അനുഭവപ്പെടുകയായിരുന്നു; അവൾക്ക് എന്ത് ചെയ്യണമെന്നറിയില്ലായിരുന്നു. അവൾ ബാബയുടെ നാമം ജപിക്കാൻ തുടങ്ങി; മറ്റാരാണ് ദയ കാട്ടുക?

157. അടുത്ത് താമസിച്ചിരുന്ന സ്ത്രീകൾ തിടുക്കത്തിൽ എത്തി. ബാബയോട് തീവ്രമായി പ്രാർത്ഥിച്ച് കൊണ്ട്, അവരിലൊരാൾ ഒരു ഗ്ലാസ്സിൽ വെള്ളമൊഴിച്ച്, ഉധി കലർത്തി അവൾക്ക് കുടിക്കാനായി നൽകി.

158. അഞ്ച് മിനുട്ടുകൾ കഴിയുംമുമ്പ് ആ സ്ത്രീ പ്രസവിച്ചു. കുഞ്ഞ് ഗർഭപാത്രത്തിനുള്ളിൽ വച്ച് മുമ്പ് തന്നെ മരിച്ചിരുന്നതിനാൽ അത് ചാപിള്ളയായിരുന്നു.

159. അത് ആ കുഞ്ഞിന്റെ വിധിയായിരുന്നു. പിന്നീട് അവൾ വീണ്ടും ഗർഭം ധരിച്ചേക്കാം. പക്ഷേ ആ സ്ത്രീയ്ക്ക് അവളുടെ ഭയത്തിൽ നിന്ന് മോചനം ലഭിക്കുകയും, അവൾക്ക് സന്തോഷം അനുഭവപ്പെടുകയും ചെയ്തു.

160. അവൾ ഒട്ടും പ്രയാസമില്ലാതെ പ്രസവിച്ചു. അവളുടെ ജീവന് അപായമുണ്ടാകുന്നതിൽ നിന്ന് അവൾ സ്വതന്ത്രയായി. ഉത്കണ്ഠയുടെ സമയം അവസാനിച്ചു. അവൾ ജീവിതകാലം മുഴുവനും ബാബയോട് കടപ്പെട്ടു.

161. അടുത്ത അധ്യായം കൂടുതൽ മനോഹരമാണ്, ശ്രോതാക്കളുടെ ആകാംക്ഷ സഫലമാകും. ഭക്തി വളരുമ്പോൾ വിമർശിക്കാനുള്ള പ്രവണത ഇല്ലാതാകും.

162. ''ഞങ്ങൾ നിരാകാരത്തെ ആരാധിക്കുന്നു. ഞങ്ങൾ ദക്ഷിണ നൽകില്ല.. ഞങ്ങൾ പാദവന്ദനം ചെയ്യില്ല. ഈ നിബന്ധനകൾക്കനുസരിച്ച് മാത്രമേ ഞങ്ങൾ ദർശനത്തിനായി വരികയുള്ളൂ."

163. ഇങ്ങനെ ഉറച്ച തീരുമാനങ്ങളുള്ളവർ പോലും സായിയുടെ പാദങ്ങൾ കാണവേ സാഷ്ടാംഗം പ്രണമിക്കുകയും ദക്ഷിണ നൽകുകയും ചെയ്തു. എന്ത് ആശ്ചര്യമാണിത്!

164. ഉധിയുടെ അനുപമമായ മഹത്വം, നേവാസ്കറുടെ സ്നേഹപൂർണ്ണമായ ഭക്തി, എങ്ങനെയാണ് അയാൾ ഒരു ഗൃഹസ്ഥാശ്രമിയുടെ ധാർമ്മിക ചുമതലകൾ ചെയ്തിരുന്നത് - ഒരു വിഷപ്പാമ്പിന് പാൽ നൽകിക്കൊണ്ട് - ഇവയെല്ലാം വിവരിക്കുന്നതാണ്.

165. അത്തരത്തിലുള്ള ഉത്തമമായ കഥകൾ ശ്രവിക്കുന്നത് സ്നേഹപൂർണ്ണമായ ഭക്തി വളർത്തും. ഈ ലോകത്തിലെ ദുരിതങ്ങൾ അവസാനിക്കും. ഇതിനേക്കാൾ മഹത്തായ ആനന്ദം മറ്റൊന്നുണ്ടാകുമോ?

166. അതിനാൽ, ശ്രോതാക്കളിൽ സ്നേഹം വളർത്താനും, ഈ കഥകളിൽ താല്പര്യം ജനിക്കാനും വേണ്ടി ഹേമദ് സായിയുടെ പാദങ്ങളിൽ പ്രാർത്ഥിക്കുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിനാലാം അധ്യായം "ഉധിയുടെ മഹത്വം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ശ്രീകൃഷ്ണഭഗവാന്റെ ദ്വാരക.
2. താനെ ജില്ലയിൽ ബേലാപൂരിന് സമീപം തുരംഭേ എന്ന ഗ്രാമത്തിൽ ശാന്താബായി എന്ന ഒരു സ്ത്രീയ്ക്ക് അവളുടെ ഇടതുകരത്തിന്റെ തള്ളവിരലിൽ ക്ഷയരോഗം മൂലമുള്ള അസ്ഥിവ്രണം ഉണ്ടായി. അവൾ ഏഴ് വർഷങ്ങൾ അതിൽ നിന്ന് ദുരിതമനുഭവിച്ചു. ഒരു ദിവസം മഹാരാജ് അവളുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു: നീ 'ദികേമാലി' (ശക്തമായ ഗന്ധമുള്ള ഒരു പച്ചിലമരുന്ന്) പുരട്ടുക. അവൾ ഉറക്കമെഴുന്നേറ്റപ്പോൾ വളരെ സന്തോഷവതിയായി. അവൾ വ്രണത്തിൽ 'ദികേമാലി' പുരട്ടുകയും അത് ഭേദമാകുകയും ചെയ്തു. അവൾ എല്ലാ വിവരങ്ങളും കാട്ടിക്കൊണ്ട് ഒരു കാർഡ് മഹാരാജിന് അയച്ചു. അതിലെ തീയതി 1 സെപ്റ്റംബർ 1918 ആയിരുന്നു.
3. നാടൻ സിഗരറ്റ്
4. എട്ട് സിദ്ധികളും സിദ്ധിച്ചയാൾ
5. വിളക്കുകളും മസ്ജിദും വൃത്തിയാക്കിയിരുന്ന ബാബാഭക്തൻ.
6. അബ്ദുള്ളയുടെ ജന്മസ്ഥലം നാൻഡെഡ് ആയിരുന്നു. പക്ഷേ മഹാരാജിന്റെ സമാധിയ്ക്ക് ഒമ്പതോ പത്തോ വർഷങ്ങൾക്ക് മുമ്പ് അയാൾ അദ്ദേഹത്തിന്റെ സേവനത്തിനായി ഷിർദിയിൽ എത്തി, അവിടെ താമസിച്ചു. സമാധിക്കുശേഷവും അയാൾ പ്രതിഫലം സ്വീകരിക്കാതെ, വസ്ത്രവും ആഹാരവും മാത്രം സ്വീകരിച്ചുകൊണ്ട് സേവനം തുടർന്നു. മഹാരാജ് ഭൗതികശരീരത്തിൽ വർത്തിച്ചപ്പോൾ അയാൾക്ക് ധാരാളം ജോലി ഭാരം ഉണ്ടായിരുന്നു, അയാൾ അത് സന്തോഷത്തോടെ നിർവ്വഹിച്ചിരുന്നു. തുടക്കത്തിൽ അയാൾ ചാവടിയിലാണ് താമസിച്ചിരുന്നത്, പിന്നീട് ദ്വാരകാമായിക്ക് സമീപം താമസിച്ചു. രാത്രിപോലും വിശ്രമിക്കുന്നതിന് പകരം, അയാൾ വളരെ നേരം ഖുറാൻ പാരായണം ചെയ്ത് സമയം ചെലവഴിച്ചിരുന്നു. അയാളുടെ ഗൃഹത്തിൽ മാതാവ്, ഭാര്യ, മകൻ എന്നിവർ ഉണ്ടായിരുന്നെങ്കിലും, അവരെയെല്ലാം ഉപേക്ഷിച്ച് അയാൾ ഷിർദിയിൽ വസി

ക്കുകയായിരുന്നു. ചിലപ്പോഴൊക്കെ അയാളുടെ മാതാവും മകനും ഷിർദ്ദിയിൽ വരുമായിരുന്നു.

അയാളുടെ ഭാര്യയും ഒരിക്കൽ വന്നിരുന്നു, പക്ഷേ അയാൾക്ക് അവരോട് ആരോടും ഒട്ടും മമതയുണ്ടായിരുന്നില്ല. അയാളുടെ മാതാവ്, അയാളുടെ മകന്റെ വിവാഹത്തെക്കുറിച്ച് വിഷമിക്കുകയും, ഒരു കൂട്ടരുമായി അത് ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ അബ്ദുൾ ഭായി ഒരു ഫക്കീറായി മാറിയതിനാൽ, ആ കുടുംബത്തിലേയ്ക്ക് അവരുടെ മകളെ അയയ്ക്കാൻ താല്പര്യമില്ലെന്ന് അവർ അറിയിച്ചു. തുടർന്ന് മാതാവ് ഷിർദിയിലെത്തി, മഹാരാജിനോട് പരാതിപ്പെട്ടു. മഹാരാജ് പറഞ്ഞു: "ക്ഷമയോടെ ഇരിക്കുക, വിഷമിക്കേണ്ടതില്ല, ബാലന് നല്ല ഒരു ഭാര്യയെ ലഭിക്കും; വിവാഹം സ്വയം നിശ്ചയിക്കപ്പെടും." തീർച്ചയായും മഹാരാജ് പറഞ്ഞത് പോലെ തന്നെ എല്ലാം സംഭവിച്ചു. ഒരിക്കൽ അബ്ദുൾ ഭായിയുടെ മാതാവും മകനും ഒരു ഗ്രാമത്തിലേയ്ക്ക് പോയി. അവിടെ അവർ ഒരു മാന്യവ്യക്തിയെ കണ്ടുമുട്ടുകയും, അയാൾ അയാളുടെ മകളെ അവർക്ക് വിവാഹം കഴിച്ചു നൽകാൻ തയ്യാറാകുകയും നിർബന്ധിക്കുകയും ചെയ്തു. ബാലന്റെ പിതാവ് ഒരു ഫക്കീറായി മാറിയെന്ന് ചില ആളുകൾ അയാളെ അറിയിച്ചു. അപ്പോൾ അയാൾ പറഞ്ഞു: "ഞാൻ ഫക്കീറായാലും, ഒരു പ്രശ്നവുമുണ്ടാകില്ല. ഞാൻ എന്റെ മകളെ ഈ ചെറുപ്പക്കാരന് മാത്രമേ വിവാഹം കഴിച്ച് നൽകുകയുള്ളൂ." അപ്രകാരം വിവാഹം ഉടൻതന്നെ നടത്തപ്പെട്ടു. ഈ മാന്യവ്യക്തിക്ക് വിവാഹപ്രായമെത്തിയ മുതിർന്ന ഒരു മകളുണ്ടായിരുന്നു. അവളുടെ വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നെങ്കിലും, വിവാഹം നടത്തപ്പെടുവാൻ കുറച്ച് കാലതാമസമുണ്ടായിരുന്നു. എന്നിട്ടും ഒട്ടും വൈകാതെ അയാൾ തന്റെ ഇളയമകളെ അബ്ദുളിന്റെ മകന് വിവാഹം കഴിച്ചു കൊടുത്തു.

7. ഈ ഉധിയുടെ, അത്തരത്തിലുള്ള അനേകം അനുഭവങ്ങളുണ്ട്. ബോംബെയിൽ നാരായൺ ഗോപിനാഥ് ദിഖേ എന്ന പേരിൽ ഒരു മാന്യവ്യക്തി ജീവിച്ചിരുന്നു. അയാൾക്ക് ആമാശയത്തിൽ അർബുദമുഴ ഉണ്ടായി. അത് ഒരു കല്ലിന് സമാനമായിരുന്നു, അത് മൂലം അയാൾ വളരെ ദുരിതമനുഭവിച്ചു. അയാൾ ബോംബെയിലെ പ്രഗല്ഭരായ ഒന്നു രണ്ടു ഭിഷഗ്വരന്മാരെ സന്ദർശിച്ചുവെങ്കിലും ഒരു ഫലവുമുണ്ടായില്ല. പിന്നീട് ആരോ അയാളോട് മഹാരാജിന്റെ അടുക്കലേക്ക് പോകാൻ ഉപദേശിച്ചു. തീർച്ചയായും ആ അവസ്ഥയിൽ അയാൾക്ക് പോകാൻ കഴിയുമായിരുന്നില്ല. അപ്പോൾ അയാൾ പറഞ്ഞു, മഹാരാജിന്റെ അനുഗ്രഹത്താൽ ആ മുഴ പൊട്ടി പുറത്തേയ്ക്ക് വിസർജ്ജിക്കപ്പെടുകയാണെങ്കിൽ, അയാൾക്ക് സുഖമാകുകയും, മഹാരാജിന്റെ അടുക്കലേയ്ക്ക്പോകാൻ കഴിയുകയും ചെയ്യും എന്ന്. അതിനാൽ ഉപദേശിച്ച വ്യക്തി അയാൾക്ക് ഉധി നൽകി. അങ്ങനെ ആ വ്യക്തി ഉധി കഴിക്കാൻ തുടങ്ങുകയും പിറ്റേദിവസം തന്നെ മുഴ പൊട്ടി, പഴുപ്പ് പുറത്തേയ്ക്ക് വിസർജ്ജിക്കപ്പെടാനും തുടങ്ങി. കുറച്ചു ദിവസങ്ങൾക്കുശേഷം അയാൾക്ക് സുഖം പ്രാപിച്ചു. അപ്പോൾ കഴിയുന്നതും വേഗം അയാൾ മഹാരാജിന്റെ ദർശനത്തിനായി പോയി.

# 35

# സംശയങ്ങളും തെറ്റിദ്ധാരണകളും ഇല്ലാതാക്കുന്നതും, ഉധിയുടെ മാഹാത്മ്യവർണ്ണനയും

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. മുമ്പ്, കഴിഞ്ഞ അധ്യായത്തിൽ, വിവരിക്കാൻ പോകുന്ന കഥകളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. ഞാനിപ്പോൾ അവ വിശദീകരിക്കുന്നതാണ്. ക്ഷമയോടെ അവ ശ്രവിക്കുക.
2. ആത്മീയ പുരോഗതിയുടെ പാതയിൽ ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്, ഒരു പ്രത്യേക മതത്തോടോ കക്ഷിയോടോ ഉള്ള അതിര് കവിഞ്ഞ മമതയാണ്. ഈ അഹംഭാവത്തിനേക്കാൾ വലുതായ മറ്റൊരു അപകടമില്ല.
3. “ഞങ്ങൾ നിരാകാര ബ്രഹ്മത്തിന്റെ ആരാധകരാണ്. രൂപത്തോട് കൂടിയ ഒരു ദേവത ഒരു മനുഷ്യന്റെ മനസ്സിൽ ചിന്താകുഴപ്പം സൃഷ്ടിക്കുന്നു. ദിവ്യന്മാരും സന്ന്യാസിമാരും വെറും മനുഷ്യർ മാത്രമാണ്. നമ്മൾ എന്തിന് അവരെ വന്ദിക്കണം?
4. “അവരുടെ മുമ്പിൽ നമ്മൾ സ്വയം വന്ദിക്കരുത്. നമ്മൾ അവർക്ക് ദക്ഷിണയോ, ഭിക്ഷയോ, നൽകരുത്. ഇത് ഭക്തിയുടെ പ്രഹസനമായി മാറും”.
5. അനേകം പേർ പലതരത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഷിർദിയെക്കുറിച്ച് അനേകം കഥകൾ പറഞ്ഞു പരത്തി. നമുക്ക് അവയൊക്കെ വിശ്വസിക്കാൻ കഴിയില്ല.
6. ചിലർ പറഞ്ഞു, അവർ ദർശനത്തിനായി പോയപ്പോൾ സായിബാബ ദക്ഷിണ ചോദിച്ചു എന്ന്. ഒരു സന്ന്യാസി ധനം കൂട്ടിവയ്ക്കുകയാണെങ്കിൽ, അയാളുടെ ദിവ്യത്വത്തിന്റെ മഹിമ നഷ്ടമാകുന്നു.
7. ചിലർ പറഞ്ഞു, അന്ധമായ വിശ്വാസം നല്ലതല്ല എന്ന്. ഒരുവൻ അവന് വ്യക്തിപരമായ ഒരു അനുഭവം ലഭിച്ചതിനുശേഷം, എങ്ങനെ പെരുമാറണമെന്ന് തീരുമാനിക്കണം.
8. “ഞങ്ങൾ ദക്ഷിണ നൽകില്ല. ധനം ലഭിക്കണമെന്ന ആഗ്രഹമുള്ള ഒരുവനെ ഒരു ദിവ്യവ്യക്തിയായി കണക്കാക്കാൻ കഴിയില്ല, കൂടാതെ ആദരവും അർഹിക്കുന്നില്ല.

9. “പക്ഷേ ഞങ്ങൾ ഷിർദിയിലേയ്ക്ക് പോയി അദ്ദേഹത്തെ കണ്ടതിനുശേഷം തിരികെ മടങ്ങി വരും. ഞങ്ങൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുകയോ ദക്ഷിണ നൽകുകയോ ചെയ്യില്ല”.

10. ഈ ദുഷ്ടചിന്തകളോടെ ഗൃഹങ്ങളിൽ നിന്നും പുറപ്പെടുകയും, അവരുടെ തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ നിശ്ചയിക്കുകയും ചെയ്തവരൊക്കെ, ഒടുവിൽ ദർശനം നടത്തിയപ്പോൾ സായിയ്ക്ക് സ്വയം സമർപ്പിക്കുകയാണ് ഉണ്ടായത്.

11. സായിയെ കാണാനായി വന്നവരൊക്കെ അദ്ദേഹത്തോടൊപ്പം താമസിക്കുകയും, സായിയുടെ പാദങ്ങളിൽ സ്നേഹത്തോടെ ബന്ധിക്കപ്പെട്ട്, ഒരിക്കലും പിന്തിരിഞ്ഞ് പോയിട്ടുമില്ല.

12. അത്തരത്തിലുള്ള ഒരു വ്യക്തി, അയാളുടെ മുൻതീരുമാനം മറന്നുകൊണ്ട്, ഇതേ തരത്തിൽ അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്വയം സമർപ്പിച്ചവരെപ്പോലെ, പൂർണ്ണവിശ്വാസത്തോടും വിനയത്തോടും അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു.

13. വിഭാഗീയ ചിന്താഗതിയുടെ അഹങ്കാരം വെടിയുകയാണെങ്കിൽ അതിയായ സന്തോഷം ലഭിക്കും. ഈ മുപ്പത്തിഅഞ്ചാം അധ്യായം അത്തരത്തിലുള്ളതാണ്; ശ്രോതാക്കൾ അത് ആദരവോടെ ശ്രവിക്കണം.

14. അതേപോലെ ഉധിയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു പ്രസ്താവനയുണ്ട്; ബാലാ നേവാസ്കർ ഒരു വിഷപ്പാമ്പിനെ സ്നേഹത്തോടെ പരിചരിച്ച അനുഭവവും ഉണ്ട്, അയാൾ അതിനെ സായിയായി തന്നെ കരുതിയിരുന്നു.

15. ശ്രോതാക്കളേ, എന്നിൽ ദയ കാട്ടുക. നിർദ്ദേശങ്ങൾ ആദരവോടെ നടപ്പിലാക്കാൻ മാത്രം അറിയുന്ന ഒരു വിശ്വസ്ത സേവകൻ മാത്രമാണ് ഞാൻ. ഇതനുസരിച്ച് അക്ഷരാർത്ഥത്തിൽ സച്ചരിതം പിറവിയെടുത്തു.

16. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ ദൃഷ്ടിയൂന്നി ഇരിക്കവേ, കാവ്യശകലങ്ങളുടെ തിരമാലകൾ എന്റെ മനസ്സിലേയ്ക്ക് ഒഴുകിയെത്തുകയും, ഞാൻ അത് ഈ ദിവ്യ ജീവചരിത്രമാകുന്ന മൺകുടത്തിൽ ഇടയ്ക്കിടക്ക് നിറയ്ക്കുകയും ചെയ്യുന്നു.

17. ആമമാതാവിന്റെ വെറും കടാക്ഷം ഒന്ന് കൊണ്ടുമാത്രം പരിപോഷിപ്പിക്കപ്പെടുന്ന ആമക്കുഞ്ഞുങ്ങളാണ് നമ്മൾ, ഒരിക്കലും വിശപ്പും ദാഹവും അനുഭവപ്പെടാതെ എല്ലായ്പ്പോഴും സംതൃപ്തരാണ്.

18. കടാക്ഷമാകുന്ന സന്തോഷത്തിന്റെ സുഖത്തിൽ ആമഗ്നരാകുന്നതിനാൽ ഞങ്ങൾക്ക് ആഹാരമോ, വെള്ളമോ ആവശ്യമായി വരുന്നില്ല. കടാക്ഷം വിശപ്പും ദാഹവും തൃപ്തിപ്പെടുത്തുന്നു. എങ്ങനെയാണ് ഞാൻ ആ ആശ്ചര്യകരമായ വസ്തുത വിവരിക്കുക!

19. ദയാസാഗരമായ സായിരായൻ മാത്രമാണ് നമ്മുടെ നോട്ടത്തിന്റെ ഏക വസ്തു. കാണപ്പെടുന്നതും, കാണുന്നവനും, കാണുന്നു എന്ന പ്രവൃത്തിയും – ഇവ മൂന്നും പൂർണ്ണമായും ഇല്ലാതാക്കപ്പെടുന്നു.

20. അതേപോലെ സായിയുടെ പ്രകാശമാണ് നാം നമ്മുടെ ത്വക്കിലും സ്പർശനത്തിലും അനുഭവിക്കുന്നത്; നമ്മുടെ ഘ്രാണേന്ദ്രിയത്തിലും സായിയുടെ സന്നിധാനമാണുള്ളത്.

21. മാത്രമല്ല, ഒരുവൻ ഏതൊരുവാക്ക് ശ്രവിച്ചാലും സായിയുടെ രൂപം ഉടൻ ഓർമ്മയിലെത്തും. ശ്രവിക്കപ്പെടുന്നതും, ശ്രോതാവും, ശ്രവിക്കുന്നു എന്ന പ്രവൃത്തിയും – ഇവ മൂന്നും പൂർണ്ണമായും ഇല്ലാതാക്കപ്പെടുന്നു.

22. കൂടാതെ, നാവ് ഏത് സ്വാദ് രുചിച്ചാലും, അത് സായിയിൽ ലയിക്കുന്നു. അപ്പോൾ നാവ്, രുചിക്കുന്നവൻ, രുചി എന്ന അനുഭവം എന്നിവയൊക്കെ എവിടെയാണ്? ഇത് ത്രിദോഷങ്ങളുടെ ദയനീയമായ ഒരു സമസ്യയാണ്.

23. ഇതാണ് സകല ഇന്ദ്രിയങ്ങളുടെയും അവസ്ഥയും അവ സായിയെയാണ് സേവിക്കുകയും ചെയ്യുന്നതെങ്കിൽ, എല്ലാ ചീത്ത പ്രവൃത്തികളും നശിക്കപ്പെടുകയും കർമ്മഫലങ്ങളിൽ നിന്ന് സ്വതന്ത്രരാകുകയും ചെയ്യും.

24. മതിയാക്കാം. സായിയെക്കുറിച്ചുള്ള സ്നേഹം കാരണം ഈ ഗ്രന്ഥം ഇപ്പോൾ ദീർഘമാകുകയാണ് – അതിലൂടെ നമ്മൾ വിഷയത്തിൽ നിന്ന് വ്യതിചലിക്കുകയാണ്. കഴിഞ്ഞ വിവരണം ഓർത്ത് കൊണ്ട് നമുക്ക് നമ്മുടെ കഥ തുടരാം.

25. സകാരബ്രഹ്മത്തെ ആരാധിക്കുന്നതിൽ വിശ്വാസമില്ലാത്തവനും, നിരാകാരത്തിന്റെ ഉറച്ച വിശ്വാസിയുമായ ഒരുവൻ വെറും ആകാംക്ഷ കൊണ്ടുമാത്രം ഷിർദിയിലേയ്ക്ക് പോകാൻ തീരുമാനിച്ചു.

26. അയാൾ പറഞ്ഞു: “ഷിർദിയിൽ പോയ ശേഷം ഞാൻ ദിവ്യന്റെ ദർശനം മാത്രമേ ചെയ്യുകയുള്ളൂ. ഞാൻ ഒരിക്കലും പാദവന്ദനം ചെയ്യുകയോ ദക്ഷിണ നൽകുകയോ ചെയ്യില്ല.

27. “നീ ഈ രണ്ട് നിബന്ധനകളും സ്വീകരിക്കുകയാണെങ്കിൽ മാത്രമേ, ഞാൻ നിന്റെയൊപ്പം ഷിർദിയിലേയ്ക്ക് വരികയുള്ളൂ”. അയാളുടെ സുഹൃത്ത് ഇത് സമ്മതിച്ചപ്പോൾ, അയാൾ സുഹൃത്തിന്റെയൊപ്പം സന്തോഷത്തോടെ യാത്രയ്ക്കൊരുങ്ങി.

28. ദിവ്യന്മാരോട് അകളങ്കിതമായ ഭക്തിയുണ്ടായിരുന്ന കാക്കാ മഹാജനിയായിരുന്നു അയാളുടെ സുഹൃത്ത്. എന്നിട്ടും കാക്കാ മഹാജനിക്ക്, സംശയങ്ങളും, വിഭാഗീയ ചിന്താഗതിയും വച്ചുപുലർത്തുന്ന ഒരു സുഹൃത്തുണ്ടായി.

29. രണ്ടുപേരും ശനിയാഴ്ച രാത്രി ബോംബെയിൽ നിന്നും യാത്ര തിരിച്ച് ഞായർ ദിവസം രാവിലെ ഷിർദിയിലെത്തി.

30. രണ്ടുപേരും സായിയുടെ ദർശനത്തിനായി മസ്ജിദിലേയ്ക്ക് പോയി. ആ സമയത്ത് എന്ത് സംഭവിച്ചു എന്ന് സമാധാനപരമായി ശ്രദ്ധിക്കുക.

31. അവർ പടവുകൾ കയറവേ, കാക്കായുടെ സുഹൃത്തിനെ ദുരെ കണ്ടപ്പോൾ തന്നെ ബാബ മധുരമായ ശബ്ദത്തിൽ പറഞ്ഞു: “ഓ, നീ വന്നു അല്ലേ! സ്വാഗതം”!

32. സ്നേഹപൂർണ്ണമായ ഈ വാക്കുകൾ കേൾക്കവേ, ആ വാക്കുകളിലെ

സ്വരത്തിന്റെ രീതി അയാളുടെ പിതാവിന്റേത് പോലെയാണെന്ന് സുഹൃത്ത് തിരിച്ചറിയുകയും, അയാൾ തന്റെ പിതാവിനെ ഓർക്കുകയും ചെയ്തു.

33. “ഓ, നീ വന്നു അല്ലേ! സ്വാഗതം!” ഈ വാക്കുകളും, ബാബ അവ ഉരുവിട്ട സ്വരവും കാക്കായുടെ സുഹൃത്ത് കേട്ടപ്പോൾ, അയാൾ ആശ്ചര്യപ്പെട്ടു.

34. വശ്യമായ സ്വരവും സംഭാഷണരീതിയും കേട്ടപ്പോൾ അയാളുടെ പിതാവിന്റെ ഓർമ്മകളുണ്ടായി. ഇത് തികച്ചും അദ്ദേഹത്തിന്റെ സംഭാഷണരീതിയായിരുന്നു! അത് തികച്ചും പരിചിതമാണെന്ന് അയാൾക്ക് തോന്നി.

35. ആ വാക്കുകളുടെ വശീകരണശക്തി എത്രമാത്രമായിരുന്നു! കാക്കായുടെ സുഹൃത്ത് ആശ്ചര്യപ്പെടുകയും സ്വയം പറയുകയും ചെയ്തു: “തീർച്ചയായും ഇവ എന്റെ പിതാവിന്റെ വാക്കുകളാണ്! സ്വരം തീർച്ചയായും തിരിച്ചറിയാൻ കഴിയുന്നുണ്ട്.”

36. അയാളുടെ പിതാവ് സംസാരിക്കുന്നത് പോലെയുള്ള, ഈ വാക്കുകൾ കേട്ടപ്പോൾ സുഹൃത്ത് വികാരഭരിതനായി. അയാൾ തന്റെ മുൻനിശ്ചയം മറന്നുകൊണ്ട് ബാബയുടെ പാദങ്ങളിൽ ശിരസ്സ് കുമ്പിട്ടു.

37. പിന്നീട് ബാബ കാക്കായിൽ നിന്ന് മാത്രം ദക്ഷിണ ആവശ്യപ്പെടുകയും കാക്കാ നൽകുകയും ചെയ്തു. അവർ താമസസ്ഥലത്തേയ്ക്ക് മടങ്ങുകയും, വീണ്ടും വൈകുന്നേരം മസ്ജിദിലേയ്ക്ക് പോകുകയും ചെയ്തു.

38. അവർ ഒരുമിച്ച് അവിടേയ്ക്ക് പോയി. രണ്ടുപേർക്കും ബോംബെയിലേയ്ക്ക് മടങ്ങിപ്പോകേണ്ടതിനാൽ കാക്കാ അനുമതി ചോദിച്ചു. അപ്പോൾ ബാബ ദക്ഷിണ ആവശ്യപ്പെട്ടു.

39. അതും കാക്കായിൽ നിന്നു മാത്രമായിരുന്നു. അദ്ദേഹം പറഞ്ഞു: “എനിക്ക് പതിനേഴ് ഉറുപ്പിക തരിക”, സുഹൃത്തിനോട് ഒന്നും ആവശ്യപ്പെട്ടതുമില്ല. അതിനാൽ അയാൾ ആന്തരികമായി അസ്വസ്ഥനായി.

40. അപ്പോൾ അയാൾ കാക്കായോട് സൗമ്യമായി ചോദിച്ചു, “എന്തുകൊണ്ടാണ് അദ്ദേഹം നിന്നോട് മാത്രം ദക്ഷിണ ചോദിക്കുന്നത്? രാവിലെയും അദ്ദേഹം നിന്നോട് മാത്രം ചോദിച്ചു; ഇപ്പോഴും അദ്ദേഹം നിന്നോട് മാത്രം ചോദിക്കുന്നു.

41. ഞാൻ നിന്റെയൊപ്പം ഉണ്ടായിട്ടും, ദക്ഷിണയുടെ കാര്യത്തിൽ അദ്ദേഹം എന്നെ ഒഴിവാക്കുന്നത് എന്തുകൊണ്ടാണ്?” കാക്കാ മറുപടിയായി പതുക്കെ പറഞ്ഞു: “അതിനെക്കുറിച്ച് ബാബയോട് തന്നെ ചോദിക്കൂ”.

42. ആ സമയത്ത് ബാബ കാക്കായോട് ചോദിച്ചു: “അവൻ എന്താണ് നിന്നോട് പറയുന്നത്?” അപ്പോൾ സുഹൃത്ത് സ്വയം സംസാരിക്കുകയും, “ഞാൻ അങ്ങേയ്ക്ക് ദക്ഷിണ നൽകട്ടേ?” എന്ന് ചോദിക്കുകയും ചെയ്തു.

43. അപ്പോൾ ബാബ മറുപടി പറഞ്ഞു: “നിനക്ക് തരാനുള്ള ഉദ്ദേശ്യമുണ്ടായിരുന്നില്ല, അത് കൊണ്ട് ഞാൻ അത് നിന്നോട് ആവശ്യപ്പെട്ടില്ല. നിനക്ക് നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തരിക”.

44. ബാബ ആവശ്യപ്പെടുമ്പോൾ ദക്ഷിണ നൽകുന്ന ഭക്തരെ ആ സുഹൃത്ത് പരിഹസിച്ചിരുന്നു. അതിനാൽ, അതേ വ്യക്തി ആവശ്യപ്പെടാതെ തന്നെ

ദക്ഷിണ നൽകുന്നത് കണ്ടപ്പോൾ കാക്കാ ആശ്ചര്യപ്പെട്ടു.

45. ''നിനക്ക് നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തരിക'', എന്ന് ബാബ പറഞ്ഞയുടൻ അയാളുടെ സുഹൃത്ത്, പതിനേഴ് ഉറുപ്പികകൾ, ആവശ്യപ്പെടാതെ തന്നെ, സ്വരൂപിച്ചെടുത്ത് അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചു.

46. അപ്പോൾ ബാബ അയാളോട് പറഞ്ഞു: "എന്തിനാണീ ധൃതി, കുറച്ച് നേരം ഇരിക്കുക''. പിന്നീട് അദ്ദേഹം 'നീ', 'ഞാൻ' എന്നീ ഭേദ ചിന്തകൾ ഇല്ലാതാക്കാൻ പര്യാപ്തമായ തരത്തിൽ അയാൾക്ക് ഉപദേശങ്ങൾ നല്കി.

47. "നമുക്കിടയിലെ എണ്ണക്കച്ചവടക്കാരന്റെ ഭിത്തി[1] പൂർണ്ണമായും ഇല്ലാതാക്കുക. അപ്പോൾ നമുക്ക് ഇരുവർക്കും കണ്ടുമുട്ടാൻ പാകത്തിൽ പാത വീതിയേറിയതാകും".

48. പിന്നീട് അവർക്ക് മടങ്ങിപ്പോകാനുള്ള അനുവാദം നൽകപ്പെട്ടു. മഴമേഘങ്ങൾ നിറഞ്ഞ ആകാശം കണ്ടപ്പോൾ അവർ മഴയത്ത് നനയേണ്ടി വരുമെന്ന് മാധവറാവു ആശങ്കപ്പെട്ടു.

49. ബാബ അയാളോട് മറുപടി പറഞ്ഞു: "ഭയമില്ലാതെ അവർ യാത്ര തിരിക്കട്ടെ. വഴിയിൽ അവർ മഴയെ ഭയക്കേണ്ട കാര്യമില്ല".

50. സായിയുടെ പാദങ്ങളിൽ വന്ദിച്ച ശേഷം ഇരുവരും വണ്ടിയിൽ കയറി. കടുത്ത മൂടൽമഞ്ഞും മിന്നലുമുണ്ടായിരുന്നു. ഗോദാവരി നിറഞ്ഞ് കവിയുകയായിരുന്നു.

51. ആകാശം ഇടിമുഴക്കം കൊണ്ട് നിറഞ്ഞു. അവർക്ക് കടവ് കടന്ന് പോകേണ്ടി വന്നെങ്കിലും, ബാബയുടെ ഉറപ്പ് ലഭിച്ചതിനാൽ കാക്കായ്ക്ക് തികഞ്ഞ വിശ്വാസമുണ്ടായിരുന്നു.

52. പക്ഷേ യാത്ര എത്രമാത്രം സുരക്ഷിതമായിരിക്കുമെന്നോർത്ത് അയാളുടെ സുഹൃത്ത് വിഷമിക്കുകയായിരുന്നു. യാത്ര തിരിച്ചതോർത്ത് അയാൾ പശ്ചാത്തപിക്കുകയും, മാർഗ്ഗത്തിൽ പ്രയാസമുണ്ടാകുമെന്ന് ചിന്തിക്കുകയും ചെയ്തു.

53. അത് അങ്ങനെയായിരുന്നു. അവർ സുരക്ഷിതമായി മുമ്പോട്ട് നീങ്ങി. അവർ തീവണ്ടിയിൽ കയറുകയും അതിനുശേഷം മഴ പെയ്യാൻ തുടങ്ങുകയും ചെയ്തു. അവർ ഒരു ഭയവും കൂടാതെ ബോംബെയിൽ എത്തിച്ചേർന്നു.

54. അയാൾ ഗൃഹത്തിലെത്തി, വാതിലുകളും ജനാലകളും തുറന്നപ്പോൾ, ഉള്ളിൽ കുടുങ്ങിപ്പോയ ഒരു കുരുവി പുറത്തേയ്ക്ക് പറന്നുപോയി. എന്നാൽ രണ്ടെണ്ണം മരിച്ച് കിടക്കുന്നത് അയാൾ കണ്ടു.

55. ഈ കാഴ്ച കണ്ടപ്പോൾ അയാൾ ദുഃഖിതനായി. "ഓ, ഈശ്വരാ, വിശപ്പും ദാഹവും മൂലം അവർക്ക് അവരുടെ ജീവൻ നഷ്ടമായി!

56. "ഞാൻ ഷിർദിയിലേയ്ക്ക് തിരിച്ചപ്പോൾ, ജനാലകൾ തുറന്ന് ഇട്ടിരുന്നെങ്കിൽ അവ മരിക്കുമായിരുന്നില്ല. ഞാൻ കാരണം പാവം ജീവികൾ മരിക്കാനിടയായി.

57. "ഇപ്പോൾ പുറത്തേയ്ക്ക് പറന്ന് പോയതിനെ ഓർത്ത് ബാബ വിഷമിച്ചിരുന്നത്

പോലെ തോന്നുന്നു. അത് കൊണ്ടാകണം ഇന്ന് തന്നെ മടങ്ങിവരാനുള്ള അനുവാദം അദ്ദേഹം സന്തോഷത്തോടെ നൽകിയത്.

58. “അല്ലെങ്കിൽ അതും മരിക്കുമായിരുന്നു. ആഹാരം ഇല്ലാതെ എങ്ങനെയാണ് അത് ജീവിച്ചിരുന്നത്; മറ്റ് രണ്ടെണ്ണവും അവയുടെ വിധിയനുസരിച്ച് അന്ത്യം നേരിട്ടപ്പോൾ അത് മാത്രം സുരക്ഷിതമായി അവശേഷിച്ചു”.

59. അയാൾക്കുണ്ടായ മറ്റൊരു അനുഭവവും ശ്രവണയോഗ്യമാണ്. പല മാസങ്ങളായി അയാളുടെ ഒരു പാദത്തിന്റെ ഉപ്പൂറ്റിയിൽ വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു.

60. ഷിർദിയിലേയ്ക്ക് പോകുന്നതിന് മുമ്പ് അനേകം മാസങ്ങൾ അയാൾ ഈ ക്ലേശമനുഭവിക്കുകയായിരുന്നു. അവിടെ നിന്നും മടങ്ങിവന്നശേഷം, അയാൾക്ക് വേദനയിൽ നിന്ന് ആശ്വാസം ലഭിക്കുകയും, കുറച്ചു സമയത്തിനകം പൂർണ്ണമായും ഇല്ലാതാകുകയും ചെയ്തു.

61. അതേപോലെ, ദിവ്യനെ കാണാൻ വേണ്ടി പോകുകയും, തീരെ ഉദ്ദേശ്യമില്ലാതിരുന്നിട്ടും അദ്ദേഹത്തിന്റെ പാദങ്ങളിൽ ശിരസ്സർപ്പിക്കേണ്ടി വരികയും ചെയ്ത മറ്റൊരു വ്യക്തിയുടെ കഥ കൂടിയുണ്ട്. അത് ശ്രവിക്കുക.

62. ഭൗതികവസ്തുക്കളുടെ മിഥ്യാബോധത്തിൽ പെട്ടുപോയതിനാൽ ദക്ഷിണ നൽകാൻ ആഗ്രഹിക്കാത്ത ഒരുവൻ, അവന്റെ ദൃഢനിശ്ചയത്തിന് വിരുദ്ധമായി, ഒടുവിൽ ദക്ഷിണ നൽകുന്നതും കാണുക.

63. ധരംസി ജേതാഭായി താക്കർ എന്ന പേരിൽ, ബോംബെയിൽ നിന്നുള്ള ഒരു നിയമജ്ഞൻ മുൻജന്മ പുണ്യങ്ങൾ മൂലം സായിയെ ദർശിക്കാൻ ആഗ്രഹിച്ചു.

64. അയാൾ മഹാജനിയുടെ തൊഴിൽദാതാവ് ആയിരുന്നു. അവർ രണ്ടുപേരും നല്ല അടുപ്പത്തിലായിരുന്നു. അയാൾക്ക്, സ്വയം ഷിർദിയിൽ ചെന്ന് അദ്ദേഹത്തെ കാണണമെന്ന് തോന്നി.

65. താക്കർജിയുടെ സ്ഥാപനത്തിലെ മുഖ്യനിർവ്വാഹകനായിരുന്നു കാക്കാ (മഹാജനി). ഇടയ്ക്കൊക്കെ ലഭിക്കുന്ന അവധി ദിവസങ്ങൾ നോക്കി, കാക്കാ ഷിർദിയിലേയ്ക്ക് പോകാൻ തയ്യാറാകുമായിരുന്നു.

66. കാക്കാ സമയത്ത് മടങ്ങി വരാറുണ്ടായിരുന്നോ? ചിലപ്പോൾ അയാൾ ഒരേസമയത്ത് എട്ട് ദിവസങ്ങൾ തുടർച്ചയായി ഷിർദിയിൽ താമസിക്കുകയും, മടങ്ങി വരാനായി സായിയുടെ അനുമതി ലഭിച്ചില്ലെന്ന വിശദീകരണം നൽകുകയും ചെയ്തിരുന്നു. ഇതാണോ ജോലി ചെയ്യാനുള്ള രീതി?

67. ‘അയാൾ എന്ത് തരത്തിലുള്ള ദിവ്യനാണ്? ഇത്തരത്തിലുള്ള ദിവ്യത്വത്തിന്റെ പ്രവർത്തനരീതികൾ എനിക്ക് അംഗീകരിക്കാൻ കഴിയില്ല.’ ഹോളി ഉത്സവകാലത്തെ അവധി ദിവസങ്ങളിൽ, ആരാണീ സായി എന്ന് കാണുന്നതിന് വേണ്ടി, സേഠ്ജി യാത്രയായി.

68. അയാളുടെ ഉദ്യോഗത്തിലും പദവിയിലും അയാൾക്കുള്ള അഹങ്കാരവും ഗർവ്വും വളരെ വലുതായിരുന്നു. ‘എന്തൊക്കെയായാലും ദിവ്യന്മാർ മനുഷ്യർ തന്നെയാണല്ലോ! എന്തിനാണ് ഒരുവൻ അവരെ വന്ദിക്കുന്നത്?’ ഇതാണ്

അയാൾക്ക് തോന്നിയത്.

69. ശാസ്ത്രികളും പണ്ഡിതന്മാരും, സായിയുടെ വൈദഗ്ദ്ധ്യത്തിന് മുമ്പിൽ വിനീതരായി പരാജയം സമ്മതിച്ചിരുന്നു. അപ്പോൾ പാവം ധരംസിയ്ക്ക് അവിടെ എന്ത് അവസരമാണ് ലഭിക്കുക! അയാൾക്ക് എത്രമാത്രം തന്റെ തീരുമാനത്തിൽ ഉറച്ച് നിൽക്കാൻ കഴിയും?

70. 'അന്ധമായ വിശ്വാസമുണ്ടാകുന്നത് നല്ലതല്ല; ഞാൻ സ്വയം പോയി തീർച്ചപ്പെടുത്തുന്നതാണ് നല്ലത്'. ഈ ദൃഢനിശ്ചയത്തോടെ അയാൾ ഷിർദിയിലേയ്ക്ക് പോകാൻ തയ്യാറെടുപ്പുകൾ നടത്തി.

71. കാക്കായുടെ മറ്റേ സുഹൃത്തിനെപ്പോലെ, മുമ്പത്തെ പാദങ്ങളിൽ വിവരിച്ചത് പോലെ, ധരംസിയും നിബന്ധനകൾ വച്ചു. അയാൾ കാക്കായോടൊപ്പം യാത്ര തിരിച്ച് കൊണ്ട് പറഞ്ഞു.

72. "ഈ യാത്രയിൽ നീ ഷിർദിയിലേയ്ക്ക് പോയിട്ട് അവിടെ താമസിക്കാൻ കഴിയില്ല. നീ എന്റെയൊപ്പം തിരികെ വരണം. അത് തീർച്ചയായ കാര്യമാണ് എന്ന് അറിയുക".

73. അപ്പോൾ കാക്കാ മറുപടി പറഞ്ഞു: ''അത് നമ്മുടെ കൈകളിലല്ല.'' അതിനാൽ യാത്ര പോകുന്നതിന് വേണ്ടി ധരംസി മറ്റൊരു വ്യക്തിയെക്കൂടി ഒപ്പം കൂട്ടി.

74. ഒരു പക്ഷേ കാക്കാ മടങ്ങി വന്നില്ലെങ്കിൽ, ഒരു സഹയാത്രികനില്ലാത്തത് അയാൾക്ക് പ്രയാസകരമായിരിക്കും, അതിനാൽ അയാൾ മൂന്നാമതൊരാളെ ഒപ്പം കൂട്ടുകയും, മൂന്ന് പേരും കൂടി ഷിർദിയിലേയ്ക്ക് പോകുകയും ചെയ്തു.

75. ലോകത്തിൽ ഭക്തർക്ക് പ്രയോജനം ചെയ്യുന്ന അനേകം തരത്തിലുള്ള ആളുകളുണ്ട്. ബാബ അവരെ (ഷിർദിയിലേയ്ക്ക്) വലിച്ച്, അവരുടെ സംശയങ്ങൾ നിവാരണം ചെയ്യുന്നു.

76. അവർ മടങ്ങിപ്പോകുമ്പോൾ അവർ അവരുടെ അനുഭവങ്ങൾ മറ്റുള്ളവർക്ക് വിവരിച്ചു നൽകുന്നു. അവർ അത് മറ്റാരെയെങ്കിലും കൊണ്ട് എഴുതിച്ച് വയ്ക്കുകയും ചെയ്യുന്നു, എന്തെന്നാൽ ജനങ്ങൾക്ക് യഥാർത്ഥ മാർഗ്ഗം തേടാൻ കഴിയും.

77. ചുരുക്കത്തിൽ ഷിർദിയിൽ എത്തിയവരൊക്കെ ദർശനം കൊണ്ട് സന്തോഷഭരിതരായിരുന്നു. തുടക്കത്തിൽ അവരുടെ മാനസികാവസ്ഥ എന്ത് തന്നെ ആയിരുന്നാലും ഒടുവിൽ അവർക്ക് പരമാനന്ദം ലഭിച്ചിരുന്നു.

78. അവർക്ക് ജിജ്ഞാസയോട് അഭിരുചി ഉള്ളത് കൊണ്ടാണ് സ്വയം അവിടെ പോയതെന്ന് അവർ പറയുന്നു. പക്ഷേ, യഥാർത്ഥത്തിൽ വസ്തുത മറ്റൊന്നായിരുന്നു. അവർ ബാബയുടെ ഉദ്ദേശ്യം പൂർത്തീകരിക്കുകയായിരുന്നു.

79. ബാബ സ്വയം അവർക്ക് പുറപ്പെടാനുള്ള പ്രചോദനം നൽകുകയാണ് ചെയ്യുന്നത്. അവരുടെ സ്വാഭാവികമായ പ്രവണതകൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ട് ബാബ അവരെ ആത്മീയ പാതയിലേയ്ക്ക് നയിക്കുന്നു.

80. അദ്ദേഹത്തിന്റെ പ്രാഗല്ഭ്യവും മാർഗ്ഗങ്ങളും ആർക്കാണ് അറിയാൻ കഴിയുക?

ഒരുവൻ അതിന് ശ്രമിക്കുകയാണെങ്കിൽ അയാൾ ദൗർഭാഗ്യം ക്ഷണിച്ചുവരുത്തുകയായിരിക്കും. അതിനാൽ നിങ്ങളുടെ അഹംബോധം മാറ്റിവച്ച് കൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ച് സന്തോഷത്തിന്റെ സദ്യ ആസ്വദിക്കുക.

81. ക്ഷേത്രം, ബ്രാഹ്മണൻ, ഗുരു എന്നിവിടങ്ങളിൽ ഒഴിഞ്ഞ കൈകളുമായി പോകുന്നത് നല്ലതല്ല. അത് കൊണ്ട്, വഴിയിൽ വച്ച് കാക്കാ രണ്ട് സീർ മുന്തിരി വാങ്ങി.

82. അയാൾ കുരുവില്ലാത്ത തരമായിരുന്നു വാങ്ങണമെന്ന് ഉദ്ദേശിച്ചിരുന്നതെങ്കിലും ആ സമയത്ത് കുരുവുള്ളത് മാത്രമേ അയാൾക്ക് കിട്ടിയുള്ളൂ. അതിനാൽ കാക്കാ അത് വാങ്ങി.

83. അത് അങ്ങനെ കഴിഞ്ഞു. സന്തോഷത്തോടെ വർത്തമാനങ്ങൾ പറഞ്ഞു കൊണ്ട് മൂവരും ഷിർദിയിലെത്തി. മൂന്ന് പേരും ഒരുമിച്ച് ബാബയുടെ ദർശനത്തിനായി മസ്ജിദിലേയ്ക്ക് പോയി.

84. ഭക്തനായ ബാബാസാഹേബ് താർക്കഡും അവിടെ ഉണ്ടായിരുന്നു. ജിജ്ഞാസ മൂലം ധരംസി അയാളോട് എന്താണ് ചോദിച്ചതെന്ന് ശ്രദ്ധിക്കുക.

85. "എന്താണിവിടെ നടക്കുന്നത്? നിങ്ങൾ എന്തിനാണ് ഇവിടെ വരുന്നത്?" താർക്കഡ് മറുപടി പറഞ്ഞു: "ദർശനത്തിന് വേണ്ടി". സേഥ് പറഞ്ഞു: "ഇവിടെ അദ്ഭുതകൃത്യങ്ങൾ നടക്കാറുണ്ടെന്ന് ഞാൻ കേട്ടു".

86. അപ്പോൾ താർക്കഡ് അയാളോട് പറഞ്ഞു: "എന്റെ തോന്നൽ അങ്ങനെയല്ല. പക്ഷേ ഭക്തരുടെ ഉത്ക്കടമായ ആഗ്രഹങ്ങൾ ഇവിടെ സഫലീകൃതമാകുന്നു."

87. കാക്കാ അയാളുടെ ശിരസ്സ് ബാബയുടെ പാദങ്ങളിൽ അർപ്പിക്കുകയും ബാബയ്ക്ക് മുന്തിരി നേദിക്കുകയും ചെയ്തു. അവിടെ വലിയ ഒരു ജനക്കൂട്ടം ഉണ്ടായിരുന്നതിനാൽ ഉടൻ തന്നെ മുന്തിരിയുടെ വിതരണം തുടങ്ങി.

88. അപ്പോൾ മറ്റുള്ളവരോടൊപ്പം ധരംസിക്കും ബാബ കുറച്ച് കൊടുത്തു. പക്ഷേ ഈ തരത്തിലുള്ളത് അയാൾക്ക് ഇഷ്ടമായിരുന്നില്ല. കുരുവില്ലാത്ത തരമാണ് അയാൾക്ക് ഇഷ്ടമായിരുന്നത്.

89. ഇത്തരത്തിലുള്ള മുന്തിരിയോട് അയാൾക്ക് ഒരു താല്പര്യക്കുറവ് ഉണ്ടായിരുന്നു. അങ്ങനെ തുടക്കത്തിൽ തന്നെ ഒരു തടസ്സം ഉയർന്നു. അയാൾക്ക് അവ കഴിക്കണമെന്ന് തോന്നിയില്ല. പക്ഷേ അവ നിരസിക്കുക എന്നതും പ്രയാസകരമായിരുന്നു.

90. കൂടാതെ അവ ആദ്യമേ കഴുകാതെ കഴിക്കുന്നതിൽ നിന്നും ഭിഷഗ്വരന്മാർ അയാളെ വിലക്കിയിരുന്നു. അയാൾ മാത്രം അവ കഴുകുന്നത് ഉചിതമാണെന്ന് അയാൾക്ക് തോന്നിയില്ല. അനേകം സംശയങ്ങൾ ഉയർന്നുവന്നു.

91. ഒടുവിൽ അയാൾ അവ വായിലേക്കിടുകയും പതുക്കെ അവ ചവച്ചശേഷം, കുരുക്കൾ മാറ്റി അയാളുടെ കീശയിലിടുകയും ചെയ്തു. അത് ഒരു ദിവ്യന്റെ പുണ്യസന്നിധാനമായിരുന്നു, അതിനെ അശുദ്ധമാക്കാൻ അയാൾക്ക് കഴിയില്ല.

92. അപ്പോൾ സേഥ് ചിന്തിച്ചു: 'ഒരു ദിവ്യനായിട്ടും, എനിക്കീ മുന്തിരികൾ ഇഷ്ടമല്ല എന്ന് എന്തുകൊണ്ട് അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞില്ല? എന്തുകൊണ്ടാണ് അദ്ദേഹം ബലമായി അവ എനിക്ക് നൽകിയത്?'

93. ഈ ചിന്തകൾ ഉയർന്ന ഉടൻ തന്നെ ബാബ അയാൾക്ക് വീണ്ടും അവ കൂടുതൽ നൽകി. അവ കുരുവുള്ള തരമാണെന്ന് അറിയാവുന്നതിനാൽ, അയാൾ അവ അയാളുടെ കൈകളിൽ വയ്ക്കുക മാത്രം ചെയ്തു, അയാൾ അത് തന്റെ വായിലേയ്ക്ക് ഇട്ടില്ല.

94. അയാൾക്ക് കുരുവുള്ള മുന്തിരികൾ ഇഷ്ടമല്ലാ എന്നുള്ളത് വാസ്തവമായിരുന്നു. പക്ഷേ ബാബ അവ അയാളുടെ കൈകളിൽ നല്കിയിരുന്നു. സേഥ് ധരംസി അസ്വസ്ഥനാകുകയും എന്ത് ചെയ്യണമെന്ന് അറിയുകയുമില്ലായിരുന്നു.

95. അയാൾക്ക് അവ തന്റെ വായിൽ ഇടണമെന്ന് തോന്നിയില്ല, അത് കൊണ്ട് അയാൾ ശ്രദ്ധാപൂർവ്വം അവ അയാളുടെ മുഷ്ടിക്കുള്ളിൽ പിടിച്ചു. അപ്പോൾ ബാബ പറഞ്ഞു: ''അവ കഴിച്ചോളൂ''. സേഥ് അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിച്ചു.

96. ധരംസി അവ അയാളുടെ വായിലേയ്ക്കിട്ടു, അപ്പോൾ ബാബ പറഞ്ഞു: "അവ കഴിക്കൂ''. പക്ഷേ അയാൾ അവയൊക്കെ കുരുവില്ലാത്തവയാണെന്ന് മനസ്സിലാക്കി. അയാൾ വളരെ അദ്ഭുതപ്പെട്ടു.

97. അവയൊക്കെ കുരുവില്ലാത്ത തരമാണെന്ന് കണ്ടപ്പോൾ ധരംസി പരിഭ്രമിക്കുകയും സ്വയം ഇങ്ങനെ പറയുകയും ചെയ്തു. 'അസാധാരണമായ ശക്തികൾ! ഈ ദിവ്യന്മാർക്ക് എന്താണ് അസാധ്യമായുള്ളത്!'

98. 'എന്റെ ഉദ്ദേശ്യങ്ങൾ അറിയുകയും, മുന്തിരികൾ കുരുവുള്ളതും, കഴുകാത്തതുമാണെന്ന് മനസ്സിലാക്കിക്കൊണ്ടും ബാബ എനിക്ക് തന്നവയൊക്കെ കുരുവില്ലാത്തതും എനിക്ക് ഗുണപ്രദവുമായിരുന്നു.'

99. അയാൾ വിസ്മയപ്പെട്ടു. അയാൾ അയാളുടെ സംശയങ്ങൾ മറന്നു. അയാളുടെ അഹങ്കാരം ഇല്ലാതായി. അയാൾക്ക് ദിവ്യനോട് വളരെ സ്നേഹം തോന്നി.

100. അയാളുടെ മുൻ തീരുമാനങ്ങൾ അപ്രത്യക്ഷമായി. സായിയോട് അയാളുടെ ഹൃദയത്തിൽ സ്നേഹം വളർന്നു. എന്ത് ഔത്സുക്യത്തോടെയാണോ അയാൾ ഷിർദിയിൽ എത്തിയത് അത് സംശയലേശമന്യേ സാധൂകരിക്കപ്പെട്ടു.

101. ബാബയുടെ സമീപത്തായി ബാബാതാർക്കഡും ഇരിക്കുന്നുണ്ടായിരുന്നു. ബാബാ സായി, അതേ കൂട്ടത്തിൽ നിന്നും കുറച്ച് മുന്തിരികൾ അയാൾക്കും നൽകി.

102. അപ്പോൾ ധരംസി അയാളോട് ചോദിച്ചു, "നിങ്ങൾക്ക് ഏതുതരത്തിലുള്ള മുന്തിരികളാണ് കിട്ടിയത്?" അവയെല്ലാം കുരുവുള്ള തരമായിരുന്നു എന്ന് താർക്കഡ് മറുപടി പറഞ്ഞപ്പോൾ അയാൾ വളരെ അതിശയപ്പെട്ടു.

103. ഇതിലൂടെ അദ്ദേഹം ഒരു ദിവ്യനാണെന്ന് അയാൾ വിശ്വസിച്ചു. പക്ഷേ സ്ഥിരീകരണം ലഭിക്കുന്നതിന് വേണ്ടി അയാൾക്ക് ഒരു ആശയം തോന്നി.

അയാൾ ചിന്തിച്ചു, ''അങ്ങ് ഒരു യഥാർത്ഥ ദിവ്യനാണെങ്കിൽ, ഇപ്പോൾ വിതരണം കാക്കായിൽ നിന്ന് തുടങ്ങട്ടെ".

104. ബാബാ പലർക്കും വിതരണം ചെയ്യുകയായിരുന്നു. പക്ഷേ സേഥ്ജിയ്ക്ക് ഈ ചിന്ത ഉണ്ടായപ്പോൾ ബാബ കാക്കായിൽ നിന്നും വിതരണം ചെയ്ത് തുടങ്ങി. സേഥ് വളരെ ആശ്ചര്യപ്പെട്ടു.

105. ദിവ്യത്വത്തിന്റെ അത്തരം സൂചനകൾ, മനസ്സ് വായിക്കാനുള്ള അത്തരത്തിലുള്ള ശക്തികൾ എന്നിവ, ധരംസിയുടെ മനസ്സിന് സായി ഒരു ദിവ്യനായി കരുതാൻ പര്യാപ്തമായിരുന്നു.

106. അവിടെ ഉണ്ടായിരുന്ന മാധവറാവു അപ്പോൾ ബാബയോട് പറഞ്ഞു: "ഇത് കാക്കായുടെ യജമാനനാണ്", വിശദീകരണവും പരിചയപ്പെടുത്തലും എന്ന രീതിയിൽ.

107. "അയാൾക്കെങ്ങനെ കാക്കായുടെ യജമാനനാകാൻ കഴിയും? അവന് മറ്റൊരു യജമാനനുണ്ട്," എന്നതായിരുന്നു ബാബയുടെ വ്യക്തമായ മറുപടി. കാക്കാ ഈ മറുപടി അംഗീകരിച്ചു.

108. കൂടാതെ മറ്റൊരു ആശ്ചര്യം കൂടി ഉണ്ടായി. അപ്പാ എന്നു പേരായ ഒരു പാചകക്കാരൻ അവിടെ ധുനിയ്ക്ക് സമീപം നില്ക്കുന്നുണ്ടായിരുന്നു. ബാബ അപ്പായ്ക്ക് ബഹുമതി നൽകി.

109. അദ്ദേഹം പറഞ്ഞു: "ഈ സേഥ്ജി എനിക്ക് വേണ്ടിയല്ല ഇവിടെ വരാനായി കഷ്ടപ്പാടുകൾ സഹിച്ചത്! അയാൾക്ക് അപ്പായോട് അതിയായ സ്നേഹമുണ്ട്.[2] അതുകൊണ്ട് അയാൾ ഷിർദിയിലേയ്ക്ക് വന്നിരിക്കുന്നു."

110. ഇത്തരത്തിൽ സംഭാഷണം അവസാനിച്ചു. ധരംസി അയാളുടെ തീരുമാനം മറന്നുപോയി. അയാൾ സ്വയം ബാബയുടെ പാദങ്ങളിൽ വീണു. പിന്നീട് അയാൾ വാഡയിലേയ്ക്ക് പോയി.

111. അത് അങ്ങനെ കഴിഞ്ഞു. ഉച്ചനേരത്തെ ആരതി കഴിഞ്ഞു. അവർ മടങ്ങിപ്പോകാൻ തയ്യാറായി. ബാബയുടെ അനുവാദം തേടാനുള്ള സമയമായി. അതിനാൽ സംഘം മസ്ജിദിലേയ്ക്ക് തിരിച്ചുപോയി.

112. അപ്പോൾ ധരംസി കാക്കായോട് പറഞ്ഞു: ''ഞാൻ അനുമതിക്കായി ചോദിക്കില്ല. നിനക്ക് ആവശ്യമായതിനാൽ നീ തന്നെ അത് ചോദിക്കുക". അപ്പോൾ മാധവറാവു പറഞ്ഞു.

113. "കാക്കായ്ക്ക് അയാളുടെ മടങ്ങിപ്പോക്കിനെക്കുറിച്ച് ഉറപ്പുണ്ടാകില്ല. ഒരാഴ്ച കഴിയാതെ അയാൾക്ക് അനുമതി നൽകപ്പെടില്ല. എന്തുകൊണ്ട് നിങ്ങൾക്ക് സ്വയം ചോദിച്ചുകൂടാ?"

114. പിന്നീട് മൂന്നുപേരും എത്തി, ഇരുന്നപ്പോൾ, അവർക്ക് വേണ്ടി മാധവറാവു അനുമതി ചോദിച്ചു. ബാബ ഒരു കഥ പറയാൻ തുടങ്ങി. ശാന്തമായ മനസ്സോടെ അത് ശ്രവിക്കുക.

115. ''ഒരിടത്ത് ദുർബ്ബലചിത്തനായ ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾ സമ്പന്നനായിരുന്നു. അയാൾക്ക് ശാരീരികമോ മാനസികമോ ആയ

രോഗങ്ങളൊന്നുമുണ്ടായിരുന്നില്ല. പക്ഷേ അയാൾ അനാവശ്യമായി ഉത്കണ്ഠകൾ സ്വയം ഏറ്റെടുത്തു.

116. "അയാൾ അനാവശ്യമായി സ്വയം ഭാരങ്ങൾ ചുമന്നു. അയാൾ അവിടെയും ഇവിടെയും അലഞ്ഞു; മനഃസമാധാനം ഉണ്ടായിരുന്നില്ല. ചിലപ്പോൾ അയാൾ ഭാരങ്ങൾ താഴേയ്ക്കിട്ടു, മറ്റു ചിലപ്പോൾ അവ വീണ്ടും ചുമക്കാൻ തുടങ്ങി. അയാളുടെ മനസ്സിന് സ്ഥിരത ഉണ്ടായിരുന്നില്ല.

117. ''അയാളുടെ അവസ്ഥ കണ്ട് ദയ തോന്നിയ ഞാൻ പറഞ്ഞു: ''നിന്റെ വിശ്വാസം ഏതെങ്കിലും ഒരു സ്ഥലത്ത് ഉറപ്പിച്ചു നിർത്തുക.

118. ''എന്തിനാണ് നീ അനാവശ്യമായി ഇങ്ങനെ അലഞ്ഞു നടക്കുന്നത്? ശാന്തമായി ഒരു സ്ഥലത്തിരിക്കുക." ഈ കഥ ധരംസിയുടെ മനസ്സിനെ സ്പർശിച്ചു. അത് അയാൾക്കുള്ള ഒരു സൂചനയാണെന്ന് അയാൾ മനസ്സിലാക്കി.

119. ധാരാളം സമ്പത്തും ഐശ്വര്യങ്ങളും ഉണ്ടായിട്ടും ഒട്ടും തന്നെ കാരണമില്ലാതെ, ധരംസി എല്ലായ്പ്പോഴും വിഷമിക്കുകയും അനാവശ്യമായി അസ്വസ്ഥനാകുകയും ചെയ്തിരുന്നു.

120. അയാൾക്ക് ആവശ്യത്തിനുള്ള ധനവും പദവികളും ഉണ്ടായിരുന്നെങ്കിലും അയാൾ സംതൃപ്തനായിരുന്നില്ല. അയാൾ സാങ്കല്പികമായ തീവ്ര പ്രശ്നങ്ങൾ സ്വയം ചുമക്കുകയും അവയിൽ മുഴുകിയിരിക്കുകയും ചെയ്തിരുന്നു.

121. സായിയിൽ നിന്ന് ഈ കഥ കേട്ടപ്പോൾ സേഥ്ജി വളരെ ആശ്ചര്യപ്പെട്ടു. 'ഇത് എന്റെ മാനസികാവസ്ഥയാണ്,' എന്ന് അയാൾ ചിന്തിക്കുകയും വളരെ ആദരവോടെ ശ്രവിക്കുകയും ചെയ്തു.

122. ഒരു കോടിയിൽ ഒന്ന് മാത്രമായിരുന്നു, കാക്കായ്ക്ക് നേരത്തെ മടങ്ങിപ്പോകാനുള്ള അനുമതി കിട്ടാനുള്ള സാധ്യത; പക്ഷേ അയാൾക്ക് അതും ലഭിച്ചപ്പോൾ ധരംസി വളരെ സന്തുഷ്ടനായി.

123. കാക്കാ അയാളുടെ ഒപ്പം മടങ്ങി വരണമെന്നുള്ളത് ധരംസിയുടെ തീവ്രമായ ആഗ്രഹമായിരുന്നു. മടങ്ങിപ്പോകാൻ അനുമതി നല്കിയതിലൂടെ ബാബ അതും സഫലമാക്കി.

124. ഇതും സേഥ്ജിയുടെ നിബന്ധനകളിൽ ഒന്നാണെന്ന് ബാബ എങ്ങനെയാണ് അറിഞ്ഞത്? ധരംസിയാകട്ടെ ഇതും ദിവ്യത്വത്തിന്റെ ഒരു ലക്ഷണമാണെന്ന് കരുതി.

125. സകല സംശയങ്ങളും ദൂരീകരിക്കപ്പെടുകയും, സായി ഒരു ദിവ്യനാണെന്ന് വ്യക്തമാകുകയും ചെയ്തു. ഓരോരുത്തരുടെയും ചിന്താഗതികൾക്കനുസൃതമായ അനുഭവങ്ങളാണ് ബാബ നൽകിയത്.

126. ഒരുവൻ ഏതു മാർഗ്ഗമാണോ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നത്, അതേ മാർഗ്ഗത്തിന് അവന് സഹായങ്ങൾ നൽകുന്നു. ഒരുവന്റെ യോഗ്യതകളെയും അർഹതയെയും കുറിച്ച് സായിയ്ക്ക് അറിവുണ്ട്, അതനുസരിച്ച് അവൻ

ആത്മീയപുരോഗതി നേടുന്നു.

127. ഒരു ഭക്തന് വിശ്വാസമാണോ പരിഹാസമാണോ ഉള്ളത് എന്ന് പരിഗണിക്കാതെ സായി ഇരുകൂട്ടരോടും ദയ കാട്ടുന്നു. സ്നേഹമയിയായ ഈ മാതാവ് രണ്ടുപേരും തമ്മിൽ വ്യത്യാസം കാണുന്നില്ല.

128. പിന്നീട് അവർ രണ്ടുപേരും യാത്ര പുറപ്പെടാൻ തുടങ്ങിയപ്പോൾ, ബാബ കാക്കായിൽ നിന്ന് പതിനഞ്ച് ഉറുപ്പിക ദക്ഷിണ ചോദിക്കുകയും കാക്കായോട് ഇങ്ങനെ പറയുകയും ചെയ്തു:

129. ''ആരെങ്കിലും ഒരു ഉറുപ്പിക ദക്ഷിണ നൽകുകയാണെങ്കിൽ പകരമായി പത്തിരട്ടി, കൃത്യം ഞാൻ തിരികെ നൽകേണ്ടിയിരിക്കുന്നു.

130. "ഞാൻ ഒരിക്കലും ആരിൽ നിന്നും സൗജന്യമായി ഒന്നും സ്വീകരിക്കാറില്ല. ഞാൻ എല്ലാവരോടും ചോദിക്കാറുമില്ല. ഫക്കീർ ചൂണ്ടിക്കാട്ടുന്നവരിൽ നിന്ന് മാത്രമേ ഞാൻ ദക്ഷിണ സ്വീകരിക്കാറുള്ളൂ.

131. ''ഫക്കീറാകട്ടെ, അദ്ദേഹം കടപ്പെട്ടിരിക്കുന്നവരിൽ നിന്ന് മാത്രമേ ആവശ്യപ്പെടുകയുള്ളൂ. കൊടുക്കുന്നതിലൂടെ ദാതാവ് വിത്തുകൾ വിതയ്ക്കുകയും പിന്നീട് വിളവ് കൊയ്യുകയും ചെയ്യുന്നു.

132. "ധനം ധാർമ്മികമായ ഉദ്ദേശ്യങ്ങൾക്ക് മാത്രമാണ് വിനിയോഗിക്കേണ്ടത്. ധനം അപ്രകാരം ചെലവഴിച്ചാൽ മാത്രമേ, അത് ഉപകാരപ്രദമാകുകയുള്ളൂ. ധാർമ്മികതയിലൂടെ യഥാർത്ഥ ജ്ഞാനം നേടാൻ കഴിയും.

133. ''കഠിനമായ അധ്വാനത്തിലൂടെ ശേഖരിക്കുന്ന ധനം ഒരുവന്റെ സ്വന്തം സുഖത്തിന് വേണ്ടി മാത്രമാണ് ഉപയോഗിക്കേണ്ടതെന്ന് ചിലപ്പോൾ വിശ്വസിക്കപ്പെടുന്നു. ഈ ധനം ധാർമ്മികമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പകരം പാഴാക്കപ്പെടുകയാണ്.

134. "ഓരോ പൈസ വീതം സമ്പാദിച്ച് കോടിക്കണക്കിന് രൂപ ശേഖരിക്കുന്നവൻ, ആ ധനം ഒരിക്കൽപ്പോലും ഇന്ദ്രിയസുഖങ്ങളുടെ തൃപ്തിക്കായി ചെലവഴി ക്കുന്നില്ലെങ്കിൽ, അത്തരത്തിലുള്ള ഒരു മനുഷ്യൻ സന്തോഷവാനായിരിക്കും."

135. ''ഒരുവൻ നൽകുന്നില്ലെങ്കിൽ, അവൻ സ്വീകരിക്കുകയില്ല'', എന്ന ശ്രുതിവാക്യം എല്ലാവർക്കും അറിവുള്ളതാണ്. മുമ്പ് നിങ്ങൾ നൽകിയിട്ടില്ലെങ്കിൽ, ഇപ്പോൾ നിങ്ങൾക്ക് അത് ലഭിക്കില്ല. അതിനാൽ ബാബ ദക്ഷിണ ആവശ്യപ്പെട്ടിരുന്നു.

136. രാമാവതാരസമയത്ത്, രഘുനന്ദനൻ സ്വർണ്ണത്തിൽ തീർത്ത അനേകം സ്ത്രീ വിഗ്രഹങ്ങൾ ദാനം ചെയ്യുകയുണ്ടായി; അതിനാൽ ശ്രീകൃഷ്ണാവതാര സമയത്ത് പതിനാറായിരം ഭാര്യമാർ ഉണ്ടായി.

137. ഭക്തി, ജ്ഞാനം, വിരക്തി എന്നിവ ഇല്ലാത്ത ഒരു ഭക്തൻ തീർച്ചയായും ദരിദ്രനാണ്. അത്തരത്തിലുള്ള ഒരു മനുഷ്യനെ തുടക്കത്തിൽ വിരക്തി അഭ്യസിപ്പിച്ച്, അതിലുറപ്പിച്ച് നിർത്തുന്നു; പിന്നീട് ഭക്തിയും ജ്ഞാനവും നൽകുന്നു.

138. ബാബ ദക്ഷിണ ആവശ്യപ്പെടുമ്പോൾ അത് വിരക്തിയുടെ സൂചനയാണ്.

പിന്നീട് ഭക്തനെ ഭക്തിയുടെ മാർഗ്ഗത്തിലെത്തിച്ച്, ജ്ഞാനസമ്പാദനത്തിൽ ശ്രേഷ്ഠനാക്കുന്നു.

139. "ആത്യന്തികമായി എന്താണ് ഞാൻ ചെയ്യുന്നത്? ഒന്ന് സ്വീകരിച്ച് പത്തിരട്ടി നൽകുക. ഒരുവനെ ഞാൻ പടിപടിയായി ജ്ഞാനമാർഗ്ഗത്തിലേയ്ക്ക് നയിക്കുന്നു", ബാബ പറഞ്ഞു. ഇത് ധരംസിയിൽ തീവ്രമായ ആഗ്രഹം ഉണർത്തി.

140. അയാൾ, തന്റെ മുൻതീരുമാനം പാടേ മറന്നുകൊണ്ട് സ്വയം പതിനഞ്ച് ഉറുപ്പികകൾ ബാബയുടെ കൈകളിൽ വച്ചു. ഈ മുഴുവൻ സംഭവവും അനുപമമാണ്.

141. മുമ്പ് അയാൾ അനാവശ്യമായി പൊങ്ങച്ചം പറയുകയായിരുന്നുവെന്ന് അയാൾക്ക് തോന്നി. അയാൾ സ്വയം വന്നതിൽ അയാൾക്ക് സന്തോഷം തോന്നി, എന്തെന്നാൽ ദിവ്യന്മാർ എങ്ങനെയുള്ളവരാണെന്ന് അയാൾക്ക് മനസ്സിലാക്കാൻ കഴിയുകയും അനുഭവത്തിലൂടെ അവരോട് സ്നേഹബന്ധം വളരുകയും ചെയ്തു.

142. 'ഞാൻ ആ തീരുമാനങ്ങൾ എടുത്തില്ലായിരുന്നെങ്കിൽ, ആദരവ് അർപ്പിക്കാൻ ഞാൻ എത്തുമായിരുന്നില്ല. അതും ഞാൻ സ്വയം എത്തി! ദിവ്യന്മാരുടെ മാർഗ്ഗങ്ങൾ വിശദീകരിക്കാൻ കഴിയാത്തവയാണ്.

143. 'അള്ളാ – മാലിക് സദാ നാവിൻ തുമ്പിലുള്ള അദ്ദേഹത്തിന് അസാധ്യമായി എന്താണുള്ളത്! ദിവ്യന്റെ അത്ഭുതകൃത്യം കാണാൻ ഞാൻ ആകാംക്ഷാഭരിതനായിരുന്നു.

144. 'എന്റെ നിശ്ചയങ്ങൾ വ്യർത്ഥമായിരുന്നു. ഞാൻ ഒരു മനുഷ്യന്റെ മുമ്പിൽ വന്ദിക്കുകയും, ആവശ്യപ്പെടാതെ സ്വന്തം ഇഷ്ടപ്രകാരം ദക്ഷിണ നൽകുകയും ചെയ്തു.

145. 'എന്റെ അഹങ്കാരം വെറുതെയായിരുന്നു. ഞാൻ സ്വയം ഭക്തിയോടെ എന്റെ ശിരസ്സ് സായിയുടെ പാദങ്ങളിൽ അർപ്പിച്ചു. ഇതിലും ആശ്ചര്യകരമായി മറ്റെന്താണുള്ളത്!'

146. സായിയുടെ പ്രാഗല്ഭ്യം എങ്ങനെയാണ് ഞാൻ വിവരിക്കുക! ഇതിനൊക്കെ കാരണഭൂതനായിട്ടും, പുറമേയ്ക്ക് ഉൾപ്പെടാത്തതുപോലെ വർത്തിച്ചു. ഇതിനേക്കാളും അതിശയകരമായി മറ്റെന്താണുണ്ടാകുക?

147. ആരെങ്കിലും അദ്ദേഹത്തെ വന്ദിക്കുകയോ ഇല്ലെങ്കിലോ, ആരെങ്കിലും ദക്ഷിണ നൽകിയാലും ഇല്ലെങ്കിലും ദയാമേഘമായ, സന്തോഷത്തിന്റെ ഉറവിടമായ സായി ഒരിക്കലും നിന്ദാപരമായി ആരോടും പെരുമാറിയിരുന്നില്ല.

148. അദ്ദേഹം ആരാധിക്കപ്പെട്ടതിനാൽ അദ്ദേഹത്തിന് ആഹ്ലാദം തോന്നിയില്ല; പരിഹസിക്കപ്പെട്ടതിനാൽ ദുഃഖവും തോന്നിയില്ല. ആഹ്ലാദമില്ലാത്തിടത്ത്, ദുഃഖവുമില്ല. ദ്വന്ദ്വഭാവത്തിന് അതീതമായിരുന്നു, അദ്ദേഹത്തിന്റെ അവസ്ഥ.

149. ഒരുവന്റെ ഉദ്ദേശ്യങ്ങൾ എന്ത് തന്നെയായാലും, ഒരിക്കൽ ദർശനം നൽകിക്കഴിഞ്ഞാൽ, ആ മനുഷ്യനെ അദ്ദേഹം തന്റെ പാദങ്ങളിൽ ഭക്തനായി

മാറ്റുമായിരുന്നു. അത്തരത്തിലാണ് സായിയുടെ അതിശയകരമായ ശക്തികൾ.

150. ഇവിടെ നിർത്താം. പിന്നീട് ഉധി പ്രസാദവും അനുഗ്രഹങ്ങളും വാങ്ങി, സംശയങ്ങളൊന്നുമില്ലാതെ അവർ മടങ്ങിപ്പോയി. അത്തരത്തിലായിരുന്നു സായിയുടെ യശസ്സ്!

151. ഷിർദിയിൽ നിന്ന് മടക്കയാത്ര ചെയ്യുന്നതിന് ബാബയുടെ അനുവാദം വാങ്ങണമെന്നത് നിർബന്ധമില്ല. പക്ഷേ അനുസരണക്കേട് കാട്ടുന്നത് പ്രയാസങ്ങൾ ക്ഷണിച്ച് വരുത്തും.

152. ഒരുവൻ സ്വന്തം ഇഷ്ടപ്രകാരം പുറപ്പെട്ട് പോകുകയാണെങ്കിൽ, അവൻ പശ്ചാത്താപവിവശനും, ലജ്ജിതനുമാകും. തരണം ചെയ്യാൻ പ്രയാസകരമായ വിധത്തിലുള്ള തടസ്സങ്ങൾ മാർഗ്ഗത്തിലുണ്ടാകും.

153. ഇതാണ് ഷിർദിയിൽ നിന്ന് മടക്കയാത്ര ചെയ്യുന്നതിനെക്കുറിച്ച് പറയപ്പെട്ടിരുന്നത്. എന്റെ അവസ്ഥയും അത് തന്നെയായിരുന്നു. "ഞാൻ കൊണ്ടുവരാതെ ഒരുവനും ഇവിടെ വരാൻ കഴിയില്ല,"' എന്നാണ് ബാബ പറഞ്ഞത്.

154. "ഞാൻ ആഗ്രഹിക്കാതെ ആർക്കാണ് അവന്റെ വാതിൽപ്പടിക്ക് പുറത്ത് കടക്കാൻ കഴിയുക? ആർക്കാണ് അവന്റെ സ്വന്തം ഇച്ഛപ്രകാരം ദർശനം ലഭിക്കുകയോ, ഷിർദിയിൽ വരാനോ സാധിക്കുക?"

155. ദയാമൂർത്തിയായ സായിസമർത്ഥന്റെ ഹൃദയത്തിൽ ദയ ഉണരുമ്പോൾ മാത്രമേ നമുക്ക് ദർശനത്തിന് എത്താൻ കഴിയൂ! നമ്മുടെ ജീവിതം അദ്ദേഹത്തിന്റെ കൈകളിലാണ്.

156. വരുന്നതിലും പോകുന്നതിലും സായിയ്ക്ക് താല്പര്യമില്ലെങ്കിൽ അദ്ദേഹം അനുവാദം നൽകില്ല, ഉധിയും നൽകില്ല.

157. ആരെങ്കിലും വന്ദനം ചെയ്ത് അനുമതി തേടുമ്പോൾ ആശീർവാദങ്ങളും ഉധിയും നൽകപ്പെടുകയാണെങ്കിൽ, അത് യാത്ര പുറപ്പെടാനുള്ള അനുവാദത്തെയാണ് സൂചിപ്പിച്ചിരുന്നത്.

158. ഇപ്പോൾ ഞാൻ ഉധിയെക്കുറിച്ച് പുതുമയുള്ള ഒരു അനുഭവം വിവരിക്കാം. പിന്നീട്, ശ്രേഷ്ഠസായിയുടെ അനുഗ്രഹത്താൽ ലഭിച്ച നേവാസ്കറുടെ ഭക്തിയുടെ ശക്തിയെക്കുറിച്ചും വിവരിക്കുന്നതാണ്.

159. പ്രഭു കായസ്ഥ ജാതിയിൽപ്പെട്ട, ബാന്ദ്ര നിവാസിയായ ഒരു മാന്യവ്യക്തി, പല രീതിയിൽ ശ്രമിച്ചിട്ടും ഉറക്കമില്ലായ്മ മൂലം ദുരിതമനുഭവിച്ചു.

160. എല്ലാദിവസവും അയാൾ ഉറക്കത്തിലാകുന്ന അതേ നിമിഷത്തിൽ, മരിച്ചുപോയ അയാളുടെ പിതാവ് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അയാളെ ഉണർത്തുമായിരുന്നു.

161. മുൻകാല ജീവിതത്തിൽ സംഭവിച്ച നല്ലതും ചീത്തയുമായ സംഭവങ്ങളെയും മനസ്സിലെ രഹസ്യപരവും നിന്ദ്യവും അപ്രസക്തവുമായ ചിന്തകളെയും പരാമർശിച്ചുകൊണ്ട് അസഭ്യമായ ഭാഷയിൽ അയാളെ നിശിതമായി

വിമർശിക്കുമായിരുന്നു.

162. ഓരോ രാത്രിയും ഇതേകാര്യം ആവർത്തിക്കപ്പെട്ടു. ഓരോ രാത്രിയും അയാൾക്ക് ഉറക്കമില്ലാതായി. അയാൾ ദുഃഖിതനായി. അയാളെ പിന്തുടരുന്ന ഈ ദുരിതം ഒഴിവാക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

163. ആ മാന്യവ്യക്തിക്ക് ജീവിതം മടുത്തു. അയാൾക്ക് ഒരു പ്രതിവിധിയും കണ്ടെത്താനായില്ല. എന്തെങ്കിലും ആശ്വാസം ലഭിക്കുമോ എന്നറിയാൻ വേണ്ടി അയാൾ ഒരു സായി ഭക്തനോട് അഭിപ്രായം ചോദിച്ചു.

164. "ഞങ്ങൾക്ക് മറ്റ് പ്രതിവിധികളെക്കുറിച്ച് അറിയില്ല. സായി മഹാരാജ് ശ്രേഷ്ഠാത്മാവ് ആണ്. നിനക്ക് അദ്ദേഹത്തിൽ വിശ്വാസമുണ്ടെങ്കിൽ ഉധി അതിന്റെ ശക്തി കാട്ടും," എന്ന് അയാൾ പറഞ്ഞു.

165. അയാൾ തനിക്ക് ലഭിച്ച നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും അതനുസരിച്ച് ഉധിയുടെ ശക്തി അനുഭവിക്കുകയും ചെയ്തു. അയാൾക്ക് പിന്നീട് ദുഃസ്വപ്നങ്ങൾ ഉണ്ടായില്ല.

166. ആ സുഹൃത്ത്, അയാളുടെ പൂർവ്വജന്മപുണ്യങ്ങളുടെ ഫലമായി സായിസമർത്ഥന്റെ ഒരു ഭക്തനായിരുന്നു. അയാളോട് ഉധിയുടെ അതിശയകരമായ ശക്തികളെക്കുറിച്ച് വിവരിച്ചശേഷം, അതിൽ നിന്ന് അല്പം അയാൾക്ക് നൽകുകയും ചെയ്തു.

167. അയാൾ പറഞ്ഞു: "നീ ഉറങ്ങാൻ പോകുമ്പോൾ കുറച്ച് നെറ്റിയിൽ പുരട്ടുകയും ചെറിയ ഒരു പൊതി തലയണയ്ക്കടിയിൽ വയ്ക്കുകയും ചെയ്യണം. ശ്രീസായിയെ സ്മരിക്കുക.

168. വിശ്വാസത്തോടെ വർത്തിക്കുക. എന്നിട്ട് ഈ ഉധിയുടെ ശക്തി അനുഭവിക്കുക. അത് പെട്ടെന്ന് നിന്റെ പ്രയാസങ്ങൾക്ക് അറുതി വരുത്തും. ഇതാണ് ഉധിയുടെ മഹത്വം."

169. അയാൾക്ക് ലഭിച്ച നിർദ്ദേശങ്ങൾ പാലിച്ചപ്പോൾ ആ രാത്രി അയാൾക്ക് ഗാഢമായ നിദ്ര ലഭിച്ചു. ആ ദുഃസ്വപ്നത്തിന്റെ ലാഞ്ചന അല്പം പോലും ഉണ്ടായില്ല. മാന്യവ്യക്തി അത്യധികം സന്തോഷിച്ചു.

170. എങ്ങനെയാണ് അയാളുടെ ആനന്ദം വിവരിക്കുക! അയാൾ എല്ലായ്പ്പോഴും ഉധിയുടെ പൊതി അയാളുടെ തലയണയ്ക്കടിയിൽ വയ്ക്കുകയും ദിനവും സായിയെ സ്മരിക്കുകയും ചെയ്തു.

171. പിന്നീട് അയാൾ ബാബയുടെ ഒരു ചിത്രം വാങ്ങി, അയാളുടെ കിടക്കയുടെ ശിരോഭാഗത്തുള്ള ചുവരിൽ ഉറപ്പിച്ചു, എല്ലാ വ്യാഴാഴ്ചയും അതിൽ പുഷ്പഹാരമണിയിച്ചു. അയാൾ ആദരവോടെ അതിനെ പൂജിച്ചു.

172. അയാൾ ആ ചിത്രത്തിന്റെ ദർശനം നടത്തി; വ്യാഴാഴ്ചകളിൽ ഹാരമണിയിച്ചു; ദിനവും സായിയെ സ്മരിച്ചു. അയാളുടെ ദുരിതം എന്നന്നേയ്ക്കുമായി അവസാനിച്ചു.

173. അയാൾ തുടർന്നും വിശ്വാസം കാത്തുസൂക്ഷിക്കുകയും, തന്റെ ചര്യകൾ കൃത്യമായി പാലിക്കുകയും ചെയ്തു. അയാൾക്ക് ശാശ്വതമായ നന്മ ലഭിച്ചു.

തന്റെ മുൻകാല ദുരിതങ്ങളായ ഉറക്കമില്ലായ്മയും ദുഃസ്വപ്നങ്ങളും അയാൾ പാടേ മറന്നു.

174. ഇത് ഉധിയുടെ ഗുണത്തിന്റെ ഒരു ഉദാഹരണമാണ്. ഞാൻ മറ്റൊരു അനുപമമായ അനുഭവം വിവരിക്കാം. ഉധി ഏതൊക്കെ പ്രശ്നത്തിന് ഉപയോഗിച്ചാലും, അത് പരിശുദ്ധമായ നന്മ നൽകും.

175. ബാലാജി പാട്ടീൽ നേവാസ്കർ ഒരു ഉത്തമഭക്തനായിരുന്നു. അയാൾ ശ്രേഷ്ഠവും നിസ്വാർത്ഥവുമായ സേവനം നൽകിക്കൊണ്ട് ബാബയ്ക്ക് വേണ്ടി തന്റെ ശരീരം പ്രയോജനപ്പെടുത്തി.

176. ബാബ അദ്ദേഹത്തിന്റെ ദിനചര്യയുടെ ഭാഗമായി കടന്ന് പോകുന്ന ഷിർദിയിലെ എല്ലാ പാതകളും, ലെൻഡിയിലേയ്ക്ക് പോകുന്നതുൾപ്പെടെ, വൃത്തിയാക്കുക എന്നതായിരുന്നു നേവാസ്കറുടെ പതിവ് ജോലി.

177. അയാൾക്കുശേഷം ഈ സേവനചര്യ രാധാകൃഷ്ണബായി[3] തുടർന്നുപോന്നു. ഈ കൃത്യത്തിൽ അവൾ മികവ് കാട്ടിയിരുന്നു.

178. എല്ലാവരാലും ആദരിക്കപ്പെടുന്ന ബ്രാഹ്മണകുലത്തിൽ ജനിച്ചിട്ടും, ഇതൊരു തരംതാഴ്ന്ന ജോലിയാണെന്നുള്ള ദുഷ്ടചിന്ത ഒരിക്കൽപോലും അവളുടെ നിർമ്മലഹൃദയത്തിലുണ്ടായില്ല.

179. അതിരാവിലെ എഴുന്നേറ്റ്, കൈകളിൽ ചൂലുമെടുത്ത്, ബാബ കടന്നുപോകുന്ന എല്ലാവഴികളും അവൾ വൃത്തിയാക്കുമായിരുന്നു. അവളുടെ സേവനം അനുഗൃഹീതമായിരുന്നു!

180. അവളുടെ ജോലി വൃത്തിയുള്ളതും വേഗമുള്ളതുമായിരുന്നു. ആർക്കാണ് അവളോട് തുലനം ചെയ്യപ്പെടാൻ കഴിയുക? കുറച്ച് നാളുകൾക്ക് ശേഷം അബ്ദുൾ തയ്യാറായി വന്നു [4].

181. പാട്ടീൽ (നേവാസ്കർ) വളരെ ഭാഗ്യവാനായിരുന്നു. ഈ ലോകത്ത് ജീവിച്ചിരുന്നെങ്കിലും അയാൾക്ക് ഇതിനോട് മമതയുണ്ടായിരുന്നില്ല. അയാൾ എത്ര നിസ്വാർത്ഥിയായിരുന്നു! ആ കഥ കേൾക്കുക.

182. വിളവ് കൊയ്തശേഷം, അയാൾ ധാന്യം മുഴുവൻ മസ്ജിദിൽ എത്തിച്ച്, തുറസ്സായ ഭാഗത്ത് കൂട്ടിവച്ചശേഷം അത് ബാബയുടെ പാദങ്ങളിൽ അർപ്പിച്ചിരുന്നു.

183. സകലതിനും ഉടമ ബാബയാണെന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട്, അതിൽ നിന്നും ബാബ നൽകുന്നത് മാത്രം ഗൃഹത്തിലേയ്ക്ക് തിരികെ കൊണ്ടുപോയി, അത് കൊണ്ട് മാത്രം ജീവിച്ച് പോന്നു.

184. ബാബ സ്നാനം ചെയ്യുമ്പോഴോ, കൈകാലുകൾ കഴുകുമ്പോഴോ ഓവിലൂടെ ഒലിച്ചുവരുന്ന വെള്ളം മാത്രമേ ബാല കുടിക്കാറുണ്ടായിരുന്നുള്ളൂ.

185. അയാൾ തന്റെ മരണം വരെ ഈ ചര്യ തുടർന്നു. ഇന്ന് പോലും അയാളുടെ സ്നേഹമയനായ മകൻ ഒരു പരിധിവരെ ഇതൊക്കെ തുടരുന്നുണ്ട്.

186. അയാളും പതിവായി ധാന്യം അയച്ചിരുന്നു. അതിൽ നിന്നും, അദ്ദേഹത്തിന്റെ മഹാസമാധിവരെ മഹാരാജ് നാല് നേരം ജോവർ[5] ഭക്രി ഉണ്ടാക്കി

കഴിച്ചിരുന്നു.

187. അത് അങ്ങനെയാകട്ടെ, ഒരിക്കൽ എന്താണ് സംഭവിച്ചതെന്ന് കാണുക. ബാലായുടെ ശ്രാദ്ധത്തിന്റെ വാർഷികദിനമായിരുന്നു. ആഹാരം പാകം ചെയ്ത് തയ്യാറാക്കി; സേവകർ അത് വിളമ്പാൻ തുടങ്ങി.

188. പ്രതീക്ഷിക്കപ്പെട്ട അതിഥികളുടെ കണക്കനുസരിച്ചാണ് ആഹാരം പാകം ചെയ്തിരുന്നത്. പക്ഷേ ആഹാരം വിളമ്പാൻ തുടങ്ങിയപ്പോൾ പ്രതീക്ഷിക്കപ്പെട്ടതിനേക്കാൾ മൂന്നിരട്ടി ആളുകൾ എത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

189. നേവാസ്കറുടെ പത്നി [6] വളരെ ഉത്കണ്ഠപ്പെട്ടു. അവൾ തന്റെ അമ്മായിഅമ്മയോട് പതുക്കെ പറഞ്ഞു: "ഇന്ന് നമ്മൾ അപമാനിതരാകാൻ പോകുകയാണ്. എങ്ങനെയാണ് അത് ഒഴിവാക്കുക?".

190. അമ്മായിഅമ്മയ്ക്ക് ആഴത്തിലുള്ള വിശ്വാസമുണ്ടായിരുന്നു. "സായിസമർത്ഥ നമുക്ക് താങ്ങായുള്ളപ്പോൾ, എന്തിനാണ് നമ്മൾ വിഷമിക്കുന്നത്? നീ ശാന്തമായി ഇരിക്കുക", എന്ന് അവൾ പറഞ്ഞു.

191. അമ്മായിഅമ്മ അവളെ ഇത്തരത്തിൽ ആശ്വസിപ്പിച്ചശേഷം കൈനിറയെ ഉധി എടുത്ത്, ആഹാരം വച്ചിരുന്ന ഓരോ പാത്രത്തിലും കുറേശ്ശേ ഇടുകയും അതിനുശേഷം പാത്രങ്ങൾ തുണികൊണ്ട് മൂടുകയും ചെയ്തു.

192. എന്നിട്ട് അവൾ പറഞ്ഞു: "നീ പോയി, വിഷമം കൂടാതെ വിളമ്പുക. നിനക്ക് വിളമ്പാൻ പാകത്തിൽ പകുതി മാത്രം തുണിയുടെ മൂടി മാറ്റുക. എന്നിട്ട് മുമ്പത്തെപ്പോലെ വീണ്ടും തുണികൊണ്ടു മൂടുക. ഇത് കൃത്യമായി ചെയ്യാൻ ഓർക്കുക.

193. ഇത് സായിയുടെ ഗൃഹത്തിൽ നിന്നുള്ള ആഹാരമാണ്. ഒരു ധാന്യമണി പോലും നമ്മുടേതായി ഇല്ല. നമ്മൾ അപമാനിതരാകില്ലെന്ന് അദ്ദേഹം ഉറപ്പിച്ചുകൊള്ളും. അങ്ങനെയല്ലെങ്കിൽ അത് അദ്ദേഹത്തിന്റെ ഉത്തരവാദിത്വമായിരിക്കും."

194. അമ്മായിഅമ്മ ചിന്തിച്ചതുപോലെ തന്നെ അവൾക്ക് അനുഭവവും ലഭിച്ചു. ഒരു ബുദ്ധിമുട്ടും കൂടാതെ സകല അതിഥികൾക്കും മറ്റുള്ളവർക്കും ഭക്ഷണം ലഭിച്ചു.

195. വന്നവരെല്ലാം ആഹാരം കഴിച്ചു. എല്ലാ കാര്യങ്ങളും ആഗ്രഹിച്ചത് പോലെ നടന്നു. എന്നിട്ടും പാത്രങ്ങളിൽ, തുടക്കത്തിൽ ഉണ്ടായിരുന്ന അത്രയും ആഹാരം അവശേഷിച്ചു.

196. അത്തരത്തിലാണ് ഉധിയുടെ ശക്തി. സഹായിക്കുക എന്നത് ദിവ്യന്മാരുടെ സ്വാഭാവിക ഗുണമാണ്. ഒരുവന്റെ വിശ്വാസത്തിനനുസരിച്ച് അനുഭവങ്ങൾ ലഭിക്കുന്നു.

197. ഉധിയുടെ മഹത്വം വർണ്ണിക്കുന്നതിനിടയിൽ, നേവാസ്കറുടെ അടിയുറച്ച വിശ്വാസത്തെക്കുറിച്ചുള്ള മറ്റൊരു കഥ എനിക്ക് ഓർമ്മ വരുന്നു. അത് കേൾക്കുക.

198. ഇത് വിഷയത്തിൽ നിന്നുള്ള വ്യതിചലനമാകുമോ എന്ന് എനിക്കൊരു സംശയമുണ്ടായി. അത് എന്തായാലും സാഹചര്യങ്ങൾ മൂലം അത് വിവരിക്കണമെന്ന് എനിക്ക് തോന്നി.

199. അങ്ങനെ തീരുമാനിച്ച് കൊണ്ട് ഈ അവസരത്തിൽ ഞാൻ ആ കഥ വിവരിക്കുകയാണ്. അത് ഉചിതമല്ല എന്ന് തോന്നുന്നുവെങ്കിൽ ശ്രോതാക്കൾ എന്നോട് ക്ഷമിക്കുക.

200. ഒരിക്കൽ ഷിർദിയിലെ രഘുപട്ടീൽ നേവാസയിൽ അതിഥിയായെത്തുകയും നേവാസ്കറുടെ ഗൃഹത്തിൽ തങ്ങുകയും ചെയ്തു.

201. ഒരു രാത്രി കന്നുകാലികളെ ബലമുള്ള കയറ് കൊണ്ട് ബന്ധിച്ച് നിലത്തുറപ്പിച്ചിരുന്ന ഇരുമ്പ് തൂണിൽ കെട്ടിയിടവേ, പെട്ടെന്ന് ഒരു വിഷപ്പാമ്പ് ചീറ്റിക്കൊണ്ട് കാലിത്തൊഴുത്തിനുള്ളിൽ കടന്നു.

202. അത്തരം ഒരു സംഭവം കണ്ട് എല്ലാവരും സ്തബ്ധരായി. പാമ്പ് അതിന്റെ പത്തി വിടർത്തി മുഴുവനായി നിവർന്നിരുന്നു.

203. കന്നുകാലികൾ മുക്രയിടാൻ തുടങ്ങുകയും, പുറത്തേയ്ക്ക് ഇറങ്ങാനായി ബഹളം വയ്ക്കുകയും ചെയ്തു. സായി സ്വയം അവിടെ പ്രത്യക്ഷപ്പെട്ടതാണെന്ന് നേവാസ്കർ ഉറച്ച് വിശ്വസിച്ചു.

204. ഇപ്പോൾ കന്നുകാലികളെ പുറത്തേയ്ക്ക് വിടുക എന്നതല്ലാതെ മറ്റ് പോംവഴികളില്ല, അല്ലെങ്കിൽ അവ പാമ്പിന്റെ പുറത്ത് ചവിട്ടാനിടയാകുകയും, ദുരന്തം വരുത്തിവയ്ക്കുകയും ചെയ്യും.

205. നേവാസ്കർ ദൂരെ നിന്നും പാമ്പിനെ കണ്ടപ്പോൾ അയാൾക്ക് സന്തോഷം തോന്നുകയും ദേഹം മുഴുവൻ രോമാഞ്ചം അനുഭവപ്പെടുകയും ചെയ്തു. അയാൾ സാഷ്ടാംഗപ്രണാമം നടത്തി.

206. അയാൾ പറഞ്ഞു: "ഒരു സർപ്പത്തിന്റെ രൂപത്തിൽ വന്നതിലൂടെ സായിയുടെ അനുഗ്രഹമാണ് ലഭിച്ചിരിക്കുന്നത്." അയാൾ ഒരു കോപ്പ നിറയെ പാൽ, പാമ്പിന് നൽകാനായി കൊണ്ടുവന്നു.

207. എത്ര ആശ്ചര്യകരമായിരുന്നു ബാലാജിയുടെ വികാരം! അയാൾക്ക് അണുമാത്ര പോലും ഭയമുണ്ടായിരുന്നില്ല. അയാൾ പാമ്പിനോട് എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക. ശ്രോതാക്കൾ അത് ശ്രദ്ധയോടെ കേൾക്കണം.

208. ''ഓ, ബാബാ, എന്തിനാണ് അങ്ങ് ചീറ്റുകയും, ശബ്ദമുണ്ടാക്കുകയും ചെയ്യുന്നത്? അങ്ങേയ്ക്ക് ഞങ്ങളെ ഭയപ്പെടുത്തണമെന്നുണ്ടോ? ഇപ്പോൾ ഈ കോപ്പയിലെ പാൽ എടുത്ത് കൊള്ളൂ, സമാധാനപരമായി അത് കുടിക്കൂ".

209. ഒരു കോപ്പ എങ്ങനെ മതിയാകാനാണ്! എന്ന് ചിന്തിച്ച് കൊണ്ട് അയാൾ ഒരു വലിയ പാത്രം നിറയെ പാൽ കൊണ്ടുവന്ന് ഭയമില്ലാതെ പാമ്പിന്റെ മുമ്പിൽ വച്ചു. ഭയം എന്നത് മനസ്സിലുണ്ടാകുന്നതാണ്.

210. പാൽ പാമ്പിന്റെ മുമ്പിൽ വച്ചശേഷം, അയാൾ തന്റെ മുമ്പത്തെ സ്ഥാനത്ത്, അത് വളരെ അകലെയോ വളരെ അടുത്തോ ആയിരുന്നില്ല, ഇരുന്നു. പാമ്പിനെ കണ്ടതിലുള്ള ആശ്ചര്യം അയാളുടെ മുഖത്ത് തെളിഞ്ഞു കണ്ടു.

211. ഒരു പാമ്പിനെ കാണുക എന്നത് ഭയാനകമാണ്. എല്ലാവരും ഒരേപോലെ ചിന്തിക്കാറില്ല. എല്ലാവരും ആശങ്കപ്പെടുകയും ഈ അപകടം എങ്ങനെ ഒഴിവാക്കപ്പെടുമെന്ന് ചിന്തിക്കുകയും ചെയ്തു.

212. അവർ പുറത്തേയ്ക്ക് ഇറങ്ങിയാലും അപകടമായിരിക്കും, എന്തെന്നാൽ പാമ്പ് വീടിന്റെ അകത്തളത്തിലേയ്ക്ക് കടക്കുകയാണെങ്കിൽ, അതിനെ പുറത്തേയ്ക്കിറക്കാൻ കൂടുതൽ പ്രയാസകരമായിരിക്കും. അവരെല്ലാം ജാഗ്രതയോടെ ഇരുന്നു.

213. ഇവിടെയാകട്ടെ, പാമ്പിന് ആവശ്യമായ പാൽ ലഭിച്ചു. ആരുടെയും ശ്രദ്ധയിൽപ്പെടാതെ അത് അപ്രത്യക്ഷമായി. എല്ലാവരും അദ്ഭുതപ്പെട്ടു.

214. കാലിത്തൊഴുത്ത് മുഴുവൻ പരതി നോക്കിയെങ്കിലും അതിനെ കണ്ടുപിടിക്കാൻ അവർക്ക് കഴിഞ്ഞില്ല. അക്കൂട്ടത്തിൽ ഭൂരിഭാഗവും ആശ്വസിച്ചു, നേവാസ്കർ മാത്രം ദുഃഖിക്കുകയായിരുന്നു.

215. തുടക്കത്തിൽ അത് കാലിത്തൊഴുത്തിൽ കയറുന്നത് അയാൾ കണ്ടത് പോലെ, അത് പോകുന്നതും കാണാൻ കഴിഞ്ഞിരുന്നെങ്കിൽ അയാൾ സംതൃപ്തനാകുമായിരുന്നു. ഇതാണ് അയാളെ ദുഃഖിപ്പിച്ചിരുന്ന വസ്തുത.

216. നേവാസ്കർക്ക് രണ്ട് ഭാര്യമാരും, ചെറിയ കുട്ടികളുമുണ്ടായിരുന്നു. ചിലപ്പോൾ അവർ ദർശനത്തിനായി നേവാസയിൽ നിന്നും വരുമായിരുന്നു.

217. ബാബ അവർക്ക് രണ്ടുപേർക്കും വേണ്ടി സാരികളും ഉടുപ്പിനുള്ള തുണിയും വാങ്ങുകയും, അവർക്ക് ഈ വസ്തുക്കൾ അനുഗ്രഹത്തോടെ നൽകുകയും ചെയ്തിരുന്നു. അത്തരത്തിലായിരുന്നു ഭക്ത ബാലാജി!

218. സച്ചരിതത്തിന്റെ പാത സുഗമമാണ്. അത് എവിടെ പാരായണം ചെയ്യപ്പെട്ടാലും അവിടെ ദ്വാരകാമായി ആകുകയും, സായി തീർച്ചയായും അവിടെ പ്രത്യക്ഷപ്പെടുകയും ചെയ്യും.

219. അവിടെത്തന്നെയാണ് ഗോദാവരീ നദീതടം; അവിടെത്തന്നെയാണ് അടുത്തുള്ള തീർത്ഥാടന കേന്ദ്രമായ ഷിർദി; അവിടെത്തന്നെയാണ്, സ്മരിക്കപ്പെട്ടാലുടൻ സകല പ്രതിബന്ധങ്ങളും ഒഴിവാക്കിത്തരുന്ന സായിയും ഒപ്പം ധുനിയും ഉള്ളത്.

220. സായിചരിതം പതിവായി പാരായണം ചെയ്യപ്പെടുന്നിടത്ത്, സായി എല്ലായ്പ്പോഴും വസിക്കുന്നു. പൂർണ്ണവിശ്വാസത്തോടെ ചരിതം ആവർത്തിച്ച് പാരായണം ചെയ്യപ്പെടുകയാണെങ്കിൽ, അത് എല്ലാ അർത്ഥത്തിലും അദ്ദേഹത്തെ സംതൃപ്തനാക്കും.

221. ആത്മാനന്ദത്തിന്റെ മേഘമായ സായിയെ സ്മരിക്കുകയും, ദിനവും അദ്ദേഹത്തിന്റെ നാമം ജപിക്കുകയും ചെയ്താൽ, മറ്റ് പ്രാർത്ഥനകളോ ഉപാസനകളോ ചെയ്യേണ്ടതില്ല, മറ്റ് ധ്യാനമാർഗ്ഗങ്ങളും ആവശ്യമില്ല.

222. സായിയുടെ പാദങ്ങളിൽ സ്നേഹമുണ്ടാകുകയും, പതിവായി സായിയുടെ വിഭൂതി പുരട്ടുകയും കുടിക്കുകയും ചെയ്യുന്നവർക്ക്, അവർ ആഗ്രഹിക്കുന്നതെല്ലാം നേടാൻ കഴിയും.

223. ധാർമ്മികതയുൾപ്പെടെ, ജീവിതത്തിലെ നാല് പുരുഷാർത്ഥങ്ങളും നേടി അവർ സംതൃപ്തരാകും. ലൗകികവും ആത്മീയവുമായ കാര്യങ്ങളോടൊപ്പം ഇവയുടെയെല്ലാം ഗഹനമായ അർത്ഥവും അവർക്ക് ഗ്രഹിക്കാൻ കഴിയും.

224. ഉധി പുരട്ടുന്നതിലൂടെ, വലിയ പാപങ്ങളിലെ കൊടിയ പാപങ്ങളുൾപ്പെടെയും[7] ചെറിയ പാപങ്ങളും ഉന്മൂലനാശം വരികയും, ഒരുവൻ ബാഹ്യമായും ആന്തരികമായും ശുദ്ധനാകുകയും ചെയ്യും.

225. വിഭൂതിയുടെ ഉപയോഗത്തിന്റെ ഈ മഹത്വത്തെക്കുറിച്ച് ഭക്തർക്ക് അറിവുള്ളതാണ്. പക്ഷേ ശ്രോതാക്കളുടെ നന്മയ്ക്ക് വേണ്ടി ഞാൻ അതെല്ലാം ദീർഘമായി വിവരിച്ചിട്ടുണ്ട്.

226. ഞാൻ ദീർഘമായി വിവരിച്ചിട്ടുണ്ട് എന്ന് പറയുന്നത് ഉചിതമല്ല, കാരണമെന്തെന്നാൽ അതിന്റെ മഹത്വത്തിന്റെ പൂർണ്ണമായ വ്യാപ്തിയെക്കുറിച്ച് എനിക്ക് അറിയില്ല. എന്നിട്ടും ശ്രോതാക്കളുടെ ക്ഷേമത്തിന് വേണ്ടി ഞാൻ എല്ലാ കാര്യങ്ങളും ശേഖരിക്കുകയും വിവരിക്കുകയും ചെയ്തു.

227. അതിനാൽ ശ്രോതാക്കളോട് എനിക്ക് ഒരു പ്രാർത്ഥന മാത്രമേയുള്ളൂ – സായിയുടെ പാദങ്ങളിൽ വന്ദനങ്ങൾ അർപ്പിച്ചശേഷം നിങ്ങൾ സ്വയം ഉധിയുടെ മഹത്വം അനുഭവിച്ചറിയുക. കുറഞ്ഞപക്ഷം എന്റെ വാക്കുകൾ ഇത്രയെങ്കിലും പിന്തുടരുക.

228. സംശയങ്ങൾക്കും വിമർശനങ്ങൾക്കും സ്ഥാനമില്ല. ഒരുവന് ദൃഢമായ ഭക്തിയുണ്ടാകണം. ചഞ്ചലമായ മനസ്സ് പ്രയോജനമില്ല. ഒരുവന് അടിയുറച്ച വിശ്വാസമുണ്ടായിരിക്കണം.

229. വിമർശകർ, തർക്കവിദഗ്ധർ, വിശ്വാസമില്ലാത്ത സംശയാലുക്കൾ എന്നിവർക്ക് മാത്രമേ ദിവ്യന്മാരുടെ ഉത്തമമായ ജ്ഞാനം നേടാൻ കഴിയാതെ വരികയുള്ളൂ. പരിശുദ്ധരായ ഭക്തർക്ക് അത് നേടാൻ കഴിയും.

230. കഥകളിൽ വിട്ടുപോയിട്ടുള്ളതും കൂട്ടിച്ചേർക്കാനുള്ളതും എന്തുതന്നെ യായാലും, എല്ലാം സായിയാൽ പ്രചോദനം നൽകപ്പെട്ടതാണെന്ന് വിശ്വസിച്ചുകൊണ്ട്, കുറ്റങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കാതെ സായിസച്ചരിതം പാരായണം ചെയ്യുക.

231. ഇത്തരത്തിൽ, ദയാപരനും സ്നേഹനിധിയുമായ സായി, അദ്ദേഹത്തിന്റെ സ്വന്തം രൂപം താല്പര്യമുള്ള ശ്രോതാക്കളുടെ മനസ്സിൽ ഉറപ്പിച്ചു നിർത്തുന്നു, അതിലൂടെ അവർ എല്ലായ്പ്പോഴും അദ്ദേഹത്തെ ഓർമ്മിക്കും.

232. എവിടെയാണ് ഗോവ, എവിടെയാണ് ഷിർദി? അവിടെ ഒരു മോഷണം നടന്നതെങ്ങനെ എന്ന് സായി കൃത്യമായി വിവരിക്കുന്നു, അടുത്ത അധ്യായത്തിൽ അത് ശ്രോതാക്കളെ സന്തുഷ്ടരാക്കും.

233. അതിനാൽ ഹേമദ് തന്റെ ഹൃദയവും ആത്മാവും സമർപ്പിച്ചുകൊണ്ട്, തന്റെ ശിരസ്സ് സായിയുടെ പാദങ്ങളിൽ ചേർക്കുന്നു, ഒപ്പം ശ്രോതാക്കളോട് അത് ആദരവോടെ ശ്രവിക്കാൻ വിനയത്തോടെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിഅഞ്ചാം അധ്യായം, "സംശയങ്ങളും തെറ്റിദ്ധാരണകളും ഇല്ലാതാക്കുന്നതും ഉധിയുടെ മാഹാത്മ്യവർണ്ണനയും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ദുഷ്ടചിന്തകളുള്ള കുടിലനായ ഒരു വ്യക്തിയെ പരാമർശിക്കുമ്പോൾ ബാബ പലപ്പോഴും ഒരു എണ്ണക്കച്ചവടക്കാരനെപ്പറ്റി പറയുമായിരുന്നു.
2. ധരംസിയ്ക്ക് നല്ല ആഹാരത്തോട് ഇഷ്ടക്കൂടുതൽ ഉണ്ടായിരുന്നു. ബാബ അയാളുടെ ഈ ദൗർബല്യത്തെയാണ് സൂചിപ്പിച്ചത്.
3. ആ സ്ത്രീ ദേശാസ്ഥബ്രാഹ്മണജാതിയിൽപ്പെട്ടതായിരുന്നു. സുന്ദർബായി ക്ഷീരസാഗർ എന്നായിരുന്നു അവളുടെ യഥാർത്ഥ നാമം. അവർ ആരെയെങ്കിലും സംബോധന ചെയ്യുമ്പോൾ 'രാധാകൃഷ്ണ' എന്ന പദം ഉപയോഗിച്ചിരുന്നു. അതിനാൽ അവൾ രാധാകൃഷ്ണബായി എന്നു വിളിക്കപ്പെട്ടു. അവൾ എല്ലായ്പ്പോഴും ബാലകൃഷ്ണന്റെ ഒരു ചെമ്പ് വിഗ്രഹം അവളുടെ സമീപത്ത് സൂക്ഷിച്ചിരുന്നു. കുളിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അവൾ അത് തന്റെ സമീപത്ത് വച്ചിരുന്നു. ബാബ അവളെ 'രാംകൃഷ്ണി' എന്നു വിളിക്കുകയും എല്ലാ ദിവസവും ഉച്ചയ്ക്ക് അദ്ദേഹം ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ രണ്ട് ഭക്രികളും കുറച്ച് പച്ചക്കറികളും അവൾക്ക് കൊടുത്തുവിടുകയും ചെയ്തിരുന്നു. അവൾ മസ്ജിദിനുള്ളിൽ കടക്കുമായിരുന്നില്ല. അവൾ ഷിർദിയിലെത്തുമ്പോൾ, ഒരു ശൈശവ വിധവയായിരുന്നു, ഒരു ദിവ്യന് സേവനങ്ങൾ നൽകുന്നതിന് വേണ്ടി അവൾ അവിടെ താമസിക്കുകയും ആ കർത്തവ്യം അവൾ ആത്മാർത്ഥമായി നിർവ്വഹിക്കുകയും ചെയ്തു. അവൾ എല്ലായ്പ്പോഴും ഭജനകൾ പാടുമായിരുന്നു.
4. അയാൾ ബാബയുടെ ഒരു ഉത്തമഭക്തനായിരുന്നു. ഭാര്യ, സന്തതികൾ, ഗൃഹം ഇവയെല്ലാം ഉപേക്ഷിച്ച് സായിയുടെ സേവനത്തിനായി അയാൾ ഷിർദിയിൽ താമസിച്ചു.
5. അരിച്ചോളം
6. ഈ സ്ത്രീ, മകന്റെ ഭാര്യയാകാനാണ് സാധ്യത, കാരണം ആചാരപരമായി മകനും അയാളുടെ ഭാര്യയുമാണ് ശ്രാദ്ധവാർഷികദിനം അനുഷ്ഠിക്കുന്നത്.
7. ബ്രാഹ്മണഹത്യ, മദ്യപാനം, മോഷണം തുടങ്ങിയവ.

# 36

# സായിയുടെ സർവ്വവ്യാപിത്വവും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളുടെ സഫലീകരണവും

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ, മോഷണത്തെക്കുറിച്ചുള്ള മനോഹരമായ കഥ വിവരിക്കുമെന്ന് ഉറപ്പ് നൽകിയിരുന്ന കാര്യത്തിലേക്ക് കടക്കാം. അത് പൂർണ്ണ ശ്രദ്ധയോടെ കേൾക്കുക.
2. ഇതൊരു കഥയല്ല, മറിച്ച് പരമാനന്ദത്തിന്റെ പാനീയമാണ്, അത് കൂടുതൽ കിട്ടാനുള്ള ദാഹത്തെ വർദ്ധിപ്പിക്കുന്നു. ആ ദാഹം ശമിപ്പിക്കുന്നതിന് വേണ്ടി മറ്റൊരു കഥ കൂടിയുണ്ടാകും.
3. അത് ലൗകികജീവിതത്തിലെ ക്ലേശങ്ങൾ നശിപ്പിക്കുകയും ആനന്ദാവസ്ഥ നൽകുകയും ചെയ്യുമെന്ന് കേൾക്കുമ്പോൾ ശ്രോതാക്കൾ സന്തുഷ്ടരാകും.
4. സ്വന്തം ക്ഷേമത്തെ ആഗ്രഹിക്കുവാൻ ഭാഗ്യം ലഭിച്ചവൻ, സായിയുടെ കഥകളുടെ വിവരണം ആദരവോടെ ശ്രവിക്കാൻ തയ്യാറാകണം.
5. ദിവ്യന്മാരുടെ മഹത്വം അപരിമിതമാണ്! ആർക്കും അത് പൂർണ്ണമായും വിവരിക്കാൻ കഴിയില്ല. എനിക്ക് ഒരു യോഗ്യതയുമില്ലെന്ന് ഞാൻ തികച്ചും ബോധവാനാണ്.
6. വിവരണം നടത്തുന്നവന്റെ അഹംഭാവം വ്യർത്ഥമാണ്! ജ്ഞാനമതിയായ സായിക്ക്, അദ്ദേഹത്തിന്റെ ഭക്തർക്ക് ശ്രവിക്കാൻ വേണ്ടി, അദ്ദേഹത്തിന്റെ ഗുണങ്ങൾ ആരെക്കൊണ്ട് വേണമെങ്കിലും വിശദീകരിപ്പിക്കാൻ കഴിയും.
7. ഈശ്വരനാകുന്ന തടാകത്തിലെ ഹംസമാണ് അദ്ദേഹം. ആ ഹംസമാകട്ടെ, തന്നിലുള്ള ലോകത്തെ അഥവാ തന്റെയുള്ളിലേക്ക് തന്നെ നോക്കിക്കൊണ്ട്, അതിൽ സ്വയം ദർശിച്ചുകൊണ്ട് നിർമ്മമനായി, ബ്രഹ്മനാകുന്ന മുത്തുകളെ ഭക്ഷണമായി ആസ്വദിച്ച് സുധീരനായി വർത്തിക്കുന്നു.
8. സ്വന്തമായി പേരോ സ്ഥലമോ ഇല്ലാത്ത വ്യക്തി, പക്ഷേ അനുപമമായ യശസ്സ് ഉണ്ട്, ഒരു പുരികക്കൊടി ഉയർത്തി ഞൊടിയിടയിൽ ഒരു ദരിദ്രനെ ധനികനാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിയും.
9. പരമജ്ഞാനസ്വരൂപമായ അദ്ദേഹം ഒന്നിലും ഉൾപ്പെടാതെ ഒരു സാക്ഷിയായി

മാത്രം വർത്തിച്ചുകൊണ്ട് അനേകം സാഹചര്യങ്ങൾ സൃഷ്ടിച്ച്, ഈശ്വരന്റെ യഥാർത്ഥമായ രൂപം കാട്ടിത്തരുന്നു.

10. അദ്ദേഹം അനുഗ്രഹം ചൊരിയുന്നവർക്ക്, ഗ്രഹിക്കാൻ കഴിയാത്ത തരത്തിലുള്ള സംഭവങ്ങൾ സൃഷ്ടിച്ചുകൊണ്ട് പല രൂപത്തിൽ ദർശനം നൽകുന്നു. ആ ശ്രേഷ്ഠാത്മാവിന്റെ മഹത്വം ശ്രവിക്കുക.

11. ഇളകാത്ത ഏകാഗ്രതയോടെ അദ്ദേഹത്തെ ധ്യാനിക്കുകയോ സ്നേഹപൂർണ്ണമായ ഭജനകൾ പാടുകയോ (അദ്ദേഹത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുക) ചെയ്യുന്നവർക്ക് ഒരിക്കലും ഒന്നിന്റെയും കുറവ് ഉണ്ടാകില്ല, എന്തെന്നാൽ അദ്ദേഹം അവരെ പരിപൂർണ്ണമായി സംരക്ഷിക്കുന്നു.

12. അദ്ദേഹത്തിന്റെ കഥകൾ വാഴ്ത്തപ്പെടുന്നത് അദ്ദേഹം ഇഷ്ടപ്പെടുന്നു, അതിനാൽ ഒരു പ്രഭാഷകനെയും ശ്രോതാക്കളെയും സൃഷ്ടിക്കുന്നതിൽ ഹേതുഭൂതനായിക്കൊണ്ട്, ഭക്തരുടെ ആഗ്രഹങ്ങൾ സഫലമാക്കാൻ നിരന്തരം എന്നെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

13. വിഷ്ണുവിനെപ്പോലും (ചക്രപാണി) വിജയിച്ച്, ലൗകിക ബന്ധനങ്ങൾ തീർത്തും മാറ്റി, ആത്മീയ പ്രാപ്തിയിൽ മാത്രം മുഴുകിക്കഴിയുന്ന അദ്ദേഹം അനേകം ജീവികൾക്ക് സദ്ഗതി പ്രദാനം ചെയ്യുകയുണ്ടായി.

14. രാജ്യത്തിനകത്തും പുറത്തും ആരാധിക്കപ്പെടുകയും അദ്ദേഹത്തിനോടുള്ള ഭക്തിയുടെ പതാക ഉയരത്തിൽ പറക്കുകയും ചെയ്യുമ്പോൾ, അദ്ദേഹമാകട്ടെ ദുർബ്ബലരെയും ദരിദ്രരെയും ക്ഷണിക്കുകയും അവരുടെയെല്ലാം ആഗ്രഹങ്ങൾ സഫലമാക്കുകയും ചെയ്യുന്നു.

15. അത് എന്തുമാകട്ടെ. ഇപ്പോൾ സായിയുടെ അതിദിവ്യമായ ഈ കഥ ആദരവോടെ ശ്രവിക്കുക. ശ്രോതാക്കളുടെ കർണ്ണങ്ങളും പ്രഭാഷകന്റെ നാവും പരിശുദ്ധമാകും.

16. ഗോവയിൽ നിന്നും രണ്ട് മാന്യവ്യക്തികൾ സായിയുടെ ദർശനത്തിനായി എത്തി. രണ്ടുപേരും വിനീതരായി സായിയുടെ പാദങ്ങളിൽ വന്ദിക്കുകയും, ദർശനം കൊണ്ട് സംതൃപ്തരാകുകയും ചെയ്തു.

17. രണ്ടുപേരും ഒരുമിച്ചാണ് വന്നതെങ്കിലും, സായി ഒരാളിൽ നിന്ന് മാത്രം ദക്ഷിണ ആവശ്യപ്പെട്ടു. "എനിക്ക് പതിനഞ്ച് ഉറുപ്പികകൾ തരിക", എന്ന് അദ്ദേഹം ആവശ്യപ്പെടുകയും, ആ മാന്യവ്യക്തി അത് സന്തോഷത്തോടെ നൽകുകയും ചെയ്തു.

18. രണ്ടാമത്തെ വ്യക്തിയിൽ നിന്നും അദ്ദേഹം ഒന്നും ആവശ്യപ്പെട്ടില്ല. പക്ഷേ അയാളുടെ സ്വന്തം ഇഷ്ടപ്രകാരം അയാൾ മുപ്പത്തിഅഞ്ച് ഉറുപ്പികകൾ നൽകി. സായി ഉടൻതന്നെ അത് നിരസിച്ചു. അയാൾ വളരെ ആശ്ചര്യപ്പെട്ടു.

19. മാധവറാവു ആ സമയത്ത് അവിടെ ഉണ്ടായിരുന്നു. ഈ വിവേചനം കണ്ടപ്പോൾ അയാൾ അതിനെക്കുറിച്ച് സായിയോട് ചോദിച്ചു. അത് ശ്രവിക്കുക.

20. "ബാബാ, എന്തുകൊണ്ടാണ് അങ്ങ് ഇത് ചെയ്തത്? രണ്ടു സുഹൃത്തുക്കളും ഒരുമിച്ചാണ് വന്നത്. അങ്ങ് ഒരാളിൽ നിന്ന് ദക്ഷിണ ചോദിച്ചുവാങ്ങുകയും,

മറ്റേയാൾ സ്വമേധയാ അർപ്പിച്ചത് മടക്കിക്കൊടുക്കുകയും ചെയ്തു.

21. "ഒരു ദിവ്യൻ ഏതെങ്കിലും തരത്തിലുള്ള വിവേചനം കാട്ടുന്നത് എന്തുകൊണ്ടാണ്? അങ്ങയുടെ സ്വന്തം ഇഷ്ടപ്രകാരം ഒരാളിൽ നിന്നും അങ്ങ് ചോദിച്ചു, മറ്റേയാൾ സ്വമേധയാ സ്വന്തം ഇഷ്ടപ്രകാരം നൽകിയത് മടക്കിക്കൊടുക്കുകയും ചെയ്തു. അങ്ങ് രണ്ടാമത്തെ വ്യക്തിയെ നിരാശപ്പെടുത്തുകയാണ് ചെയ്തത്.

22. "അങ്ങ് ചെറിയ തുക കൊണ്ട് തൃപ്തിപ്പെടുകയും വലിയ തുക നിരസിക്കുകയും ചെയ്തു. അങ്ങയുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഞാൻ ഇത് പോലെ പെരുമാറുകയില്ലായിരുന്നു."

23. "ശമ്യാ, നിനക്ക് ഒന്നും അറിയില്ല. ഞാൻ ആരിൽ നിന്നും ഒന്നും എടുക്കുന്നില്ല. മസ്ജിദ്മായി (മസ്ജിദിന്റെ അധിദേവത) അവൾക്ക് കടപ്പെട്ടിരിക്കുന്നത് ചോദിക്കുകയാണ് ചെയ്യുന്നത്. കൊടുക്കുന്നവൻ അപ്പോൾ കടത്തിൽ നിന്ന് മോചിതനാകുന്നു.

24. "എനിക്ക് ഒരു ഗൃഹമുണ്ടോ? അതോ എനിക്ക് ഒരു കുടുംബമുണ്ടോ, എനിക്ക് പണത്തിന് ആവശ്യമുണ്ടാകാൻ വേണ്ടി. ഞാൻ എല്ലാ അർത്ഥത്തിലും സ്വതന്ത്രനാണ്.

25. "പക്ഷേ, കടം, ശത്രു, വധം എന്നിവയ്ക്ക് പ്രായശ്ചിത്തം ചെയ്തേപറ്റൂ. കാരണം അവയിൽ നിന്ന് ഒരിക്കലും രക്ഷപ്പെടാൻ കഴിയില്ല. ആളുകൾ ആവശ്യം വരുമ്പോൾ ഏതെങ്കിലും ദേവതമാർക്ക് നേർച്ചകൾ നേരുന്നു. പക്ഷേ അവരെ ഉദ്ധരിക്കാൻ ശ്രമിക്കുന്ന എനിക്ക് ഇത് ഒരു പ്രശ്നമായി മാറുന്നു.

26. "നിങ്ങൾ അതിനെക്കുറിച്ച് വിഷമിക്കേണ്ടതില്ല. നിങ്ങൾ ആ പ്രത്യേക സാഹചര്യത്തിൽ എന്നോട് മാത്രം അപേക്ഷിക്കുക. ഞാൻ എല്ലായ്പ്പോഴും കടങ്ങളില്ലാത്ത എന്റെ ഭക്തരിൽ സംപ്രീതനാണ്.

27. "തുടക്കത്തിൽ അവൻ ദരിദ്രനായിരുന്നു. അവൻ അവന്റെ ആദ്യത്തെ ശമ്പളം, പതിനഞ്ച് ഉറുപ്പിക, ഈശ്വരന് നൽകാമെന്ന് നേർന്നു. പക്ഷേ, പിന്നീട് അവൻ അത് മറന്നുപോയി.

28. "പിന്നീട് ശമ്പളം 15/– ഉറുപ്പികകളിൽ നിന്ന് 30/– ഉറുപ്പികകളായി വർദ്ധിച്ചു; അതിനുശേഷം 30/– ഉറുപ്പികകളിൽ നിന്ന് 60/– ഉറുപ്പികകളും, പിന്നീട് 100/– ഉറുപ്പികകളുമായി വർദ്ധിച്ചു. ശമ്പളം ഇരട്ടിക്കുക മാത്രമല്ല, നാലിരട്ടിയായി വർദ്ധിച്ചിട്ടും അവൻ തന്റെ നേർച്ചയെക്കുറിച്ച് പാടേ മറന്നുപോയി.

29. "ഈ തരത്തിൽ അവന്റെ ശമ്പളം 700/– ഉറുപ്പികകളായി വർദ്ധിച്ചു. അവന്റെ നല്ല ഭാഗ്യം കൊണ്ട് അവൻ ഇവിടെ വരാൻ ഇടയായി. അപ്പോൾ ഞാൻ എന്റെ 15/– ഉറുപ്പികകൾ ദക്ഷിണയുടെ രൂപത്തിൽ ആവശ്യപ്പെട്ടു."

30. "ഇപ്പോൾ മറ്റൊരു കഥ കേൾക്കുക. ഒരിക്കൽ ഞാൻ കടൽത്തീരത്ത് കൂടി നടക്കവേ, ഒരു വലിയ മന്ദിരം കാണുകയും അതിന്റെ വരാന്തയിൽ ഞാൻ ഇരിക്കുകയും ചെയ്തു.

31. “മന്ദിരത്തിന്റെ ഉടമസ്ഥൻ സംസ്കാരവും സമ്പത്തും ഉള്ള ബ്രാഹ്മണനായിരുന്നു. അയാൾ എന്നെ സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും എനിക്ക് വിഭവസമൃദ്ധമായ ഭക്ഷണപദാർത്ഥങ്ങൾ നൽകുകയും ചെയ്തു.

32. “അവിടെ, മനോഹരവും വൃത്തിയുള്ളതും ഇളക്കി നീക്കാവുന്ന വാതിലുള്ളതുമായ ഒരു പ്രത്യേകസ്ഥാനം എനിക്ക് ഉറങ്ങാനായി നൽകുകയും ഞാൻ ഉറങ്ങിപ്പോകുകയും ചെയ്തു.

33. “ഞാൻ നന്നായി ഉറങ്ങുകയാണെന്ന് കണ്ട്, ആരോ കല്ലുകൾ ഇളക്കി മാറ്റി, ഭിത്തി പൊളിച്ച്, ഞാൻ അറിയാതെ എന്റെ കുപ്പായക്കീശ മുറിച്ചെടുത്തു. എനിക്കുണ്ടായിരുന്നതെല്ലാം അയാൾ എന്നിൽ നിന്നും അപഹരിച്ചു.

34. “ഞാൻ ഉറക്കമെഴുന്നേറ്റപ്പോൾ എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കി; അപ്പോൾ ഞാൻ പൊട്ടിക്കരയാൻ തുടങ്ങി, എന്തെന്നാൽ എന്റെ 30,000/– ഉറുപ്പികകൾ മോഷണം പോയിരുന്നു. ഞാനാകെ ദുഃഖിതനായി.

35. “ധനം മുഴുവൻ ബാങ്ക് നോട്ടുകളായിരുന്നു. പെട്ടെന്ന് ഇത്തരത്തിൽ ഒരു നഷ്ടം സംഭവിച്ചപ്പോൾ ഞാൻ സ്തബ്ധനായി. ബ്രാഹ്മണൻ എന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

36. “ആഹാരം കഴിക്കാനോ, ജലപാനം ചെയ്യാനോ കഴിയാത്ത തരത്തിൽ ഞാൻ ദുഃഖിതനായിരുന്നു. പതിനഞ്ച് ദിവസങ്ങൾ ഞാൻ അതേ സ്ഥലത്ത് ആ വരാന്തയിൽ ഇരുന്നു.

37. “പതിനഞ്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ഒരു നാടോടിയായ ഫക്കീർ, ഏതോ ആത്മീയ വിഷയത്തെക്കുറിച്ച് ഉറുദു ഭാഷയിൽ പദ്യശകലങ്ങൾ പാടിക്കൊണ്ട് പെട്ടെന്ന് അവിടെ പ്രത്യക്ഷപ്പെടുകയും ഞാൻ കരഞ്ഞുകൊണ്ടിരിക്കുന്നത് കാണുകയും ചെയ്തു.

38. “എന്റെ ദുഃഖത്തിനുള്ള കാരണം അദ്ദേഹം ചോദിച്ചപ്പോൾ ഞാൻ സംഭവമെല്ലാം അദ്ദേഹത്തോട് പറഞ്ഞു. അപ്പോൾ, അദ്ദേഹം പറയുന്നത് പോലെ പ്രവർത്തിക്കുകയാണെങ്കിൽ എന്റെ ബുദ്ധിമുട്ട് മാറിക്കിട്ടുമെന്ന് അദ്ദേഹം പറഞ്ഞു.

39. “അദ്ദേഹം ഒരു ഫക്കീറിന്റെ പേരും മറ്റു വിവരങ്ങളും എനിക്ക് നൽകാമെന്ന് പറഞ്ഞു. ഞാൻ അദ്ദേഹത്തിനെ ആശ്രയിക്കുകയാണെങ്കിൽ എന്റെ ധനം തിരികെ ലഭിക്കും.

40. “പക്ഷേ ഞാൻ ആഗ്രഹിക്കുന്നത് തിരികെ കിട്ടുന്നത് വരെ, എന്റെ ഇഷ്ട ആഹാരപദാർത്ഥം ഒഴിവാക്കിക്കൊണ്ട് ഒരു വ്രതം അനുഷ്ഠിക്കണമെന്നും അപ്പോൾ എന്റെ ലക്ഷ്യം സഫലമാകുമെന്നും അദ്ദേഹം പറഞ്ഞു.

41. “ഞാൻ ഫക്കീർ പറഞ്ഞതുപോലെ പ്രവർത്തിക്കുകയും എന്റെ ധനം തിരികെ കിട്ടുകയും ചെയ്തു. പിന്നീട് ഞാൻ മന്ദിരത്തിൽ നിന്ന് യാത്ര പുറപ്പെട്ട് കടൽത്തീരത്ത് എത്തുകയും ചെയ്തു.

42. “അങ്ങനെ നടക്കവേ ഞാൻ ഒരു ആവിക്കപ്പൽ കണ്ടു, പക്ഷേ അതിൽ യാത്രക്കാർ നിറഞ്ഞിരുന്നതിനാൽ എനിക്ക് ഉള്ളിൽ കടക്കാൻ കഴിഞ്ഞില്ല. അപ്പോൾ

നല്ലവനായ ഒരു ശിപായി എനിക്ക് വേണ്ടി ഇടപെടുകയും എനിക്ക് കപ്പലിൽ സ്ഥാനം ലഭിക്കുകയും ചെയ്തു.

43. "നല്ല ഭാഗ്യം കൊണ്ട് കപ്പൽ മറുകര എത്തി. ഞാൻ തീവണ്ടിയിൽ കയറി ഗൃഹത്തിലെത്തിയപ്പോൾ ഞാൻ മസ്ജിദ്മായിയെ കണ്ടു."

44. ഇവിടെ ബാബയുടെ കഥ അവസാനിച്ചു. പിന്നീട് അതിഥികളെ ഗൃഹത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി ആഹാരം നൽകാൻ ശാമയോട് നിർദ്ദേശിച്ചു.

45. അത് എന്തുമാകട്ടെ. പിന്നീട് ആഹാരം ഇലകളിൽ വിളമ്പി. മാധവറാവു വളരെ ജിജ്ഞാസുവായി, കഥ മനസ്സിലായോ എന്ന് അയാൾ അതിഥികളോട് ചോദിച്ചു.

46. "യഥാർത്ഥത്തിൽ സായിബാബ ഇവിടെ തുടർച്ചയായി ജീവിച്ചുവരികയാണ്. ഇവിടെ കടലോ ആവിക്കപ്പലോ ഇല്ല, കപ്പിത്താനുമില്ല. ഇതൊക്കെ അദ്ദേഹത്തിന് തീർത്തും അറിയാവുന്നതാണ്.

47. "ആരായിരുന്നു ആ ബ്രാഹ്മണൻ? ഏതായിരുന്നു ആ വലിയ മന്ദിരം? അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ഒരു വൃക്ഷത്തിന്റെ ചുവട്ടിലാണ് കഴിച്ചുകൂട്ടിയത്. എവിടെ നിന്നാണ് അദ്ദേഹത്തിന് അത്രയും വലിയ തുക കിട്ടാനിടയുള്ളത്; പിന്നീട് അത് ഒരു കള്ളനാൽ മോഷ്ടിക്കപ്പെടാൻ തക്കതരത്തിൽ?

48. "നിങ്ങളുടെ വരവിന് ശേഷം മാത്രമാണ് അദ്ദേഹം ഈ കഥ പറയാൻ തുടങ്ങിയത്; അതിനാൽ ഇത്തരത്തിൽ നിങ്ങളുടെ ഭൂതകാലവുമായി ബന്ധപ്പെട്ട എന്തോ ഒന്ന് അദ്ദേഹം നിങ്ങളോട് പറയുകയാണ് ഉണ്ടായത്."

49. അപ്പോൾ കണ്ണുനീരോടെ കണ്ഠമിടറിക്കൊണ്ട് അതിഥികൾ മറുപടി പറഞ്ഞു: "സായി സർവ്വജ്ഞനാണ്. അദ്ദേഹം ഭിന്നതയില്ലാത്ത പരബ്രഹ്മ അവതാരമാണ്. അദ്ദേഹം അപരിമിതനും സർവ്വവ്യാപിയുമാണ്.

50. "അദ്ദേഹം ഇപ്പോൾ പറഞ്ഞതൊക്കെയും അക്ഷരാർത്ഥത്തിൽ ഞങ്ങളുടെ കഥയാണ്. ഈ സ്വാദിഷ്ടമായ ഭക്ഷണം കഴിച്ച് കഴിഞ്ഞാലുടൻ ഞങ്ങൾ എല്ലാ കാര്യങ്ങളും വിശദമായി നിങ്ങളോട് പറയുന്നതാണ്.

51. "ബാബ പറഞ്ഞ എല്ലാ കാര്യങ്ങളും യഥാർത്ഥത്തിൽ സംഭവിച്ചതാണ്. ഞങ്ങളെ അറിയാതെ പോലും, എങ്ങനെയാണ് അദ്ദേഹം ഇതൊക്കെ അറിഞ്ഞത്. അതിനാൽ ഇത് ഞങ്ങളുടെ ഗ്രഹണശക്തിക്ക് അതീതമാണ്."

52. അത് അങ്ങനെയാകട്ടെ. ആഹാരത്തിനുശേഷം മാധവറാവുവിന്റെയൊപ്പം വെറ്റില ചവയ്ക്കുമ്പോൾ അവർ കഥകൾ പറയാൻ തുടങ്ങി.

53. ഇരുവരിൽ ഒരു മാന്യവ്യക്തി പറഞ്ഞുതുടങ്ങി: "എന്റെ സ്വദേശം ഘട്ടുകൾ ആണെങ്കിലും വിധിവശാൽ എന്റെ ഉപജീവനം തേടേണ്ടി വന്നത് കടലിനടുത്തുള്ള ഒരു സ്ഥലത്തായിരുന്നു.

54. "ഞാൻ ജോലി തേടി ഗോവയിലെത്തി. അതിനുവേണ്ടി ഞാൻ ദത്തഭഗവാനെ ആരാധിക്കാനും പ്രാർത്ഥിക്കാനും തുടങ്ങുകയും, വളരെ ആദരവോടെ അദ്ദേഹത്തിന് ഒരു നേർച്ച നേരുകയും ചെയ്തു.

55. "ഞാൻ പറഞ്ഞു: "ഓ ദേവാ, എന്റെ കുടുംബം പോറ്റുന്നതിന് വേണ്ടി എനിക്ക്

ഒരു ജോലി ആവശ്യമാണ്. അതിനാൽ ദയവ് തോന്നി എനിക്ക് ഒരു ജോലി തരിക. ഞാൻ അങ്ങയുടെ പാദങ്ങളിൽ നമസ്കരിക്കുന്നു.

56. "എത്രയും പെട്ടെന്ന് അങ്ങ് വാക്ക് പാലിക്കുകയാണെങ്കിൽ ഞാൻ എന്റെ ആദ്യമാസത്തെ ശമ്പളം മുഴുവനും അങ്ങേയ്ക്ക് നൽകുന്നതാണ്.

57. "ഭാഗ്യം കൊണ്ട് ദത്തഭഗവാൻ കനിയുകയും, കുറഞ്ഞ സമയത്തിനുള്ളിൽ എന്റെ നേർച്ചയുടെ ഉദ്ദേശ്യം സഫലമാക്കുകയും ചെയ്തു. തുടക്കത്തിൽ എനിക്ക് 15/- ഉറുപ്പികകൾ ശമ്പളം ലഭിച്ചു.

58. "പിന്നീട് സായിബാബ പറഞ്ഞതുപോലെ എനിക്ക് ഉദ്യോഗക്കയറ്റങ്ങൾ ലഭിച്ചു, പക്ഷേ ഞാൻ നേർച്ചയെക്കുറിച്ച് തീർത്തും മറന്നുപോകുകയും, ഇത്തരത്തിൽ ബാബ അതേക്കുറിച്ച് എന്നെ ഓർമ്മപ്പെടുത്തുകയും ചെയ്തു.

59. "ദക്ഷിണയാണ് സ്വീകരിച്ചതെന്ന് കരുതാം. പക്ഷേ ദക്ഷിണയല്ല, മറിച്ച് ഒരു കടം വീട്ടിയതാണ്. ഇതിന്റെ മറവിൽ വളരെ പഴയ ഒരു കടം അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തുകയായിരുന്നു."

60. യഥാർത്ഥത്തിൽ സായി പണം ആവശ്യപ്പെടുകയോ, അദ്ദേഹത്തിന്റെ ഭക്തരെ അത് ചോദിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. ധനം സകല ദുഷ്ടതകളുടെയും കാരണമാണെന്ന് അദ്ദേഹം കരുതുകയും, അദ്ദേഹത്തിന്റെ ഭക്തർക്ക് അതിനോട് അത്യാഗ്രഹം ഉണ്ടാകാൻ അനുവദിക്കുകയും ചെയ്തിരുന്നില്ല.

61. എല്ലായ്പ്പോഴും സായിയുടെ പാദങ്ങളിൽ ആശ്രയം തേടിയിരുന്ന മാലസപതിയെപ്പോലെ ഒരു ഭക്തൻ, വളരെ അരിഷ്ടിച്ച് ജീവിതം തള്ളിനീക്കിയിട്ടും, അയാളെപ്പോലും പണമുണ്ടാക്കാൻ അനുവദിച്ചിരുന്നില്ല.

62. ദക്ഷിണയായി എത്തിയ ധനങ്ങൾ, ബാബ സ്വയം ആളുകൾക്ക് അനേകം പ്രാവശ്യം വിതരണം ചെയ്തിരുന്നു; പക്ഷേ അദ്ദേഹം അതിൽ നിന്ന് ഒരു പങ്ക്, എല്ലായ്പ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്ന അയാൾക്ക് നൽകിയിരുന്നില്ല.

63. മാലസപതിയും ആത്മാഭിമാനമുള്ള വ്യക്തിയായിരുന്നു. സായി വളരെ ഉദാരമതിയായിരുന്നെങ്കിലും അത് ചോദിക്കാൻ വേണ്ടി അയാൾ ഒരിക്കലും തന്റെ കൈകൾ നീട്ടിയിരുന്നില്ല.

64. അയാളുടെ സാമ്പത്തികസ്ഥിതി വളരെ മോശമായിരുന്നെങ്കിലും അയാൾ തീർത്തും വിരക്തനായിരുന്നു. അയാൾക്കുള്ളതുകൊണ്ട് സംതൃപ്തനായി. ദാരിദ്ര്യത്തിന്റെ ക്ലേശങ്ങൾ അയാൾ സഹിച്ചു.

65. ഒരിക്കൽ 'ഹൻസ്രാജ്' എന്ന് പേരായ ദയാലുവായ ഒരു വ്യവസായിക്ക്, മാലസപതിക്ക് എന്തെങ്കിലും നൽകണമെന്ന ഒരു തോന്നലുണ്ടായി.

66. അയാളുടെ ദരിദ്രാവസ്ഥ മനസ്സിലാക്കികൊണ്ട്, തന്നെക്കൊണ്ടാകുന്ന തരത്തിലുള്ള സഹായം നൽകി കുറച്ച് ആശ്വാസമേകണമെന്നുള്ള നല്ല ചിന്ത സ്വാഭാവികമായും അയാൾക്കുണ്ടായി.

67. അയാളുടെ അവസ്ഥ അതായിരുന്നെങ്കിലും, ആരെങ്കിലും അയാൾക്ക് എന്തെ

ങ്കിലും നൽകാൻ ശ്രമിക്കുകയാണെങ്കിൽ, സായിനാഥൻ അത് അംഗീകരിച്ചി രുന്നില്ല. എന്തുകൊണ്ടെന്നാൽ ധനത്തിനോടുള്ള വിരക്തിക്കാണ് അദ്ദേഹം മുൻഗണന നൽകിയിരുന്നത്.

68. അതിനാൽ, ആ വ്യവസായി എന്താണ് ചെയ്തതെന്ന് നോക്കുക! ആ ഭക്ത നോട് വളരെ കരുണ തോന്നിയതിനാൽ, സായിദർബാറിൽ രണ്ടുപേരും ഇരി ക്കവേ അയാൾ കുറച്ച് പണം മാലസപതിയുടെ കൈകളിലേയ്ക്ക് ബലമായി ഏൽപ്പിച്ചു.

69. വളരെ വിനയത്തോടെ മാലസപതി അത് മടക്കിക്കൊടുത്തുകൊണ്ട് പറഞ്ഞു: “സായിയുടെ അനുവാദമില്ലാതെ എനിക്ക് ഇത് സ്വീകരിക്കാൻ കഴിയില്ല.”

70. അയാൾ ധനത്തിന്റെ ആരാധകനായിരുന്നില്ല. അയാൾ ആത്മീയതയ്ക്ക് വേണ്ടി മാത്രമാണ് ആഗ്രഹിച്ചിരുന്നത്. അയാൾ നിസ്വാർത്ഥതയോടെ, സ്നേഹം നിറഞ്ഞ ഹൃദയത്തോടെ തന്റെ ശരീരവും മനസ്സും സായിക്ക് സമർപ്പിച്ചിരുന്നു.

71. ഹൻസ്രാജ് സായിയോട് അഭ്യർത്ഥിച്ചെങ്കിലും, അദ്ദേഹം ഒരു പൈസ പോലും തൊട്ടില്ല, അദ്ദേഹം പറഞ്ഞു: “എന്റെ ഭക്തരും ധനത്താൽ മോഹിതരാകില്ല, പണത്തിന്റെ പ്രതാപത്തിനും പൊങ്ങച്ചത്തിനും അവർ ഇരയാകുന്നത് നിനക്ക് കാണാൻ കഴിയില്ല.”

72. പിന്നീട് രണ്ടാമത്തെ മാന്യവ്യക്തി പറഞ്ഞു തുടങ്ങി: “ഇപ്പോൾ എനിക്കും എല്ലാം വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ മുഴുവൻ കഥയും പറ യുന്നതാണ്. ശ്രദ്ധിക്കുക. അത് കേൾക്കുന്നത് നിങ്ങൾ ആസ്വദിക്കും.

73. മുപ്പത്തിഅഞ്ച് വർഷങ്ങൾ എന്നെ സേവിച്ച, തീർത്തും സത്യസന്ധനും വിശ്വ സ്തനുമായിരുന്ന എന്റെ പാചകക്കാരൻ, അവന്റെ ദൗർഭാഗ്യം മൂലം തെറ്റായ വഴിയിൽ സഞ്ചരിക്കുകയും, അവൻ എന്റെ മുഴുവൻ സമ്പാദ്യവും കൊള്ളയ ടിക്കുകയും ചെയ്തു.

74. എന്റെ ഗൃഹത്തിന്റെ ഭിത്തിയിൽ ഒരു അലമാര ഉറപ്പിച്ചിരുന്നു. ആരുമറിയാതെ രഹസ്യമായി ഒരു കല്ല് ഇളക്കിമാറ്റിയശേഷം അവൻ അതിലൊരു ദ്വാരമു ണ്ടാക്കി.

75. എല്ലാവരും ഉറങ്ങുന്ന സമയത്ത്, ബാബ മുമ്പ് സൂചിപ്പിച്ച അലമാരയിൽ, ഭിത്തി യിലെ കല്ലുകൾ ഇളക്കിമാറ്റിക്കൊണ്ട് അവൻ ഒരു ദ്വാരമുണ്ടാക്കി.

76. ബാബ വീണ്ടും പറഞ്ഞതുപോലെ ബാങ്ക് നോട്ടുകളായി സൂക്ഷിച്ചിരുന്ന പണം മുഴുവൻ അവൻ എടുത്തു. അതെല്ലാം സത്യമായിരുന്നു.

77. അത് കൃത്യമായും മുപ്പതിനായിരം ഉണ്ടായിരുന്നു! ബാബ എങ്ങനെയാണ് ആ തുക സൂചിപ്പിച്ചതെന്ന് എനിക്ക് അറിയില്ല. അതെല്ലാം ഞാൻ കഠിനാ ധ്വാനം ചെയ്തുണ്ടാക്കിയ പണമായിരുന്നു. ഞാൻ പകലും രാത്രിയും കര യുകയായിരുന്നു.

78. എന്റെ അന്വേഷണങ്ങൾക്കൊന്നും ഒരു ഫലവുമുണ്ടായില്ല. എനിക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. രണ്ടാഴ്ചക്കാലം ഞാൻ മനസ്താപത്തിന്റെ

നീർച്ചുഴിയിലായിരുന്നു. എന്തുചെയ്യണമെന്നറിയാതെ ഞാൻ തീർത്തും ദുഃഖിതനായിരുന്നു.

79. ഒരു ദിവസം ദുഃഖിതനും നിരാശനുമായി ഞാൻ വരാന്തയിൽ ഇരിക്കവേ, ആത്മീയ പദ്യശകലങ്ങൾ പാടിക്കൊണ്ട് ഒരു ഫക്കീർ കടന്നുപോയി.

80. ഞാൻ ദുഃഖിതനും നിരാശനുമായി ഇരിക്കുന്നത് കണ്ട് എന്റെ ദുഃഖത്തിന്റെ കാരണം ഫക്കീർ ചോദിച്ചു. അപ്പോൾ ഞാൻ കഥ മുഴുവൻ അദ്ദേഹത്തോട് വിവരിക്കുകയും, അദ്ദേഹം എന്നോട് പ്രശ്നം തരണം ചെയ്യേണ്ടതെങ്ങനെയാണെന്ന് പറഞ്ഞുതരികയും ചെയ്തു.

81. "കോപർഗാവൺ താലൂക്കിൽ ഷിർദി എന്ന ഗ്രാമത്തിൽ സായി എന്ന് പേരായ ഒരു ആലിയ ഉണ്ട്. അദ്ദേഹത്തിന് ഒരു നേർച്ച നേരുക."

82. "നീ വളരെ ഇഷ്ടപ്പെടുന്ന ഭക്ഷണപദാർത്ഥം കഴിക്കുന്നത് ഒഴിവാക്കുക, ആത്മാർത്ഥമായി മനസ്സ് കൊണ്ട് ഇങ്ങനെ പറയുക, "എനിക്ക് അങ്ങയുടെ ദർശനം ലഭിക്കുന്നത് വരെ ഞാൻ ഈ ആഹാരം ഉപേക്ഷിച്ചിരിക്കുന്നു."

83. ഫക്കീർ എന്നോട് ഇത് പറഞ്ഞയുടനെ ഞാൻ അരിആഹാരം കഴിക്കുന്നത് നിർത്തുകയും, ഇങ്ങനെ പറയുകയും ചെയ്തു: "ബാബാ, എന്റെ സ്വത്ത് തിരിച്ചുകിട്ടുകയും അങ്ങയുടെ ദർശനം ലഭിക്കുകയും ചെയ്യുന്നത് വരെ ഞാൻ അത് കഴിക്കുകയില്ല."

84. രണ്ടാഴ്ച തികയും മുമ്പ്, പാചകക്കാരന്റെ മനഃസ്ഥിതിക്ക് എന്താണ് സംഭവിച്ചതെന്നറിയില്ല, അവന്റെ സ്വന്തം ഇഷ്ടപ്രകാരം മടങ്ങിയെത്തുകയും മുഴുവൻ തുകയും തിരികെ തരികയും ചെയ്തു.

85. അവൻ പറഞ്ഞു: "എന്റെ മനോനില നഷ്ടമായി, അതിനാലാണ് ഇത്തരത്തിൽ പ്രവർത്തിച്ചത്. ഞാൻ ഇപ്പോൾ എന്റെ ശിരസ്സ് അങ്ങയുടെ പാദത്തിൽ ചേർക്കുന്നു. ദയവായി 'ഞാൻ നിന്നോട് ക്ഷമിച്ചിരിക്കുന്നു', എന്ന് പറയുക."

86. അതെന്തുമാകട്ടെ. പിന്നീട് എല്ലാം ഭംഗിയായി നടന്നു. സായിദർശനത്തിനായി എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു, അത് ഇന്ന് സഫലമായി. ഈ ഭാഗ്യം അനുഗൃഹീതമാണ്.

87. വലിയ ദൗർഭാഗ്യത്തിൽ ദുഃഖിതനും നിരാശനുമായി ഞാൻ വരാന്തയിൽ ഇരുന്നപ്പോൾ എന്നെ ആശ്വസിപ്പിക്കാനായെത്തിയ വ്യക്തിയെ പിന്നീട് വീണ്ടും കാണാൻ കഴിഞ്ഞില്ല.

88. എന്നോട് അത്തരത്തിൽ സ്നേഹപൂർണ്ണമായ ഉത്കണ്ഠ ഉണ്ടാകുകയും, സായിയെക്കുറിച്ച് എന്നോട് പറയുകയും എന്നെ ഷിർദിയിലേയ്ക്ക് പോകാൻ നിർദ്ദേശിക്കുകയും ചെയ്ത വ്യക്തിയെ എനിക്ക് വീണ്ടും കാണാൻ കഴിഞ്ഞില്ല.

89. യാദൃച്ഛികമായി കാണാൻ ഇടയായ; ആത്മീയപദ്യശകലങ്ങൾ പാടി നടക്കുകയും എന്നോട് വ്രതം നോക്കാൻ പറയുകയും ചെയ്ത വ്യക്തിയെ പിന്നീട് എനിക്ക് കണ്ടുമുട്ടാൻ കഴിഞ്ഞില്ല.

90. ആ ഫക്കീർ യഥാർത്ഥത്തിൽ നിങ്ങളുടെ ഈ സായി ആലിയ തന്നെയായിരുന്നു എന്ന് എനിക്ക് തോന്നുന്നു. അദ്ദേഹത്തിന്റെ ദർശനം നടത്തുക എന്ന

അനുഗ്രഹം എനിക്ക് നൽകാൻ അദ്ദേഹം സ്വയം ഉത്കണ്ഠാകുലനായിരുന്നു.

91. മറ്റുള്ളവർക്ക് എന്തെല്ലാം അഭിലാഷങ്ങൾ ഉണ്ടായിരുന്നാലും, ഞാൻ ഈ ദർശനത്തിന് വേണ്ടി ആഗ്രഹിച്ചിരുന്നില്ല. ഫക്കീർ തുടക്കത്തിൽ ഈ ആഗ്രഹം എന്നിലുണർത്തി, എന്തുകൊണ്ടെന്നാൽ എനിക്ക് എന്റെ ധനം തിരികെ നേടാൻ കഴിയുന്നതിന് വേണ്ടി.

92. മറ്റ് പരിശ്രമങ്ങളൊന്നും കൂടാതെ, ഒരു വ്രതം മാത്രം നടത്തിച്ചുകൊണ്ട് എന്റെ മുഴുവൻ സമ്പത്തും തിരികെ നൽകിയ വ്യക്തി ഒരിക്കലും എന്നിൽ നിന്ന് 35/- ഉറുപ്പിക ആഗ്രഹിക്കുകയില്ല.

93. മറിച്ച്, നമ്മൾ അജ്ഞരായ മനുഷ്യരാണ്. നമ്മെ ആത്മീയപാതയിലേയ്ക്ക് നയിക്കാനും നമ്മുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും വേണ്ടി അദ്ദേഹം പരിശ്രമിക്കുകയും ഇത്തരം നിമിത്തങ്ങളിലൂടെ നമ്മെ ആ പാതയിലെത്തിക്കുകയും ചെയ്യുന്നു.

94. അതാണ് ഈ അവതാരത്തിന്റെ ഉദ്ദേശ്യം. അങ്ങനെയല്ലെങ്കിൽ, ഭക്തി ഇല്ലാത്ത,നിസ്സാരന്മാരായ നമ്മൾ എങ്ങനെയാണ് ലൗകികജീവിതം കടക്കുക. അതിനെക്കുറിച്ച് ശാന്തമായി ചിന്തിക്കുക.

95. അത് അങ്ങനെയാകട്ടെ. മോഷണം പോയ മുതൽ തിരികെ ലഭിച്ചപ്പോൾ ഞാൻ ആഹ്ലാദിച്ചു. അതിന്റെ ഫലമായി ഞാൻ എന്റെ വ്രതത്തിന്റെ കാര്യം പാടേ മറന്നുപോയി. പണത്തിനോടുള്ള ആർത്തി അപകടകരമാണ്.

96. പിന്നീട് ഒരു ദിവസം ഞാൻ കുലാബ'യിലായിരിക്കവേ സായിയെ എന്റെ സ്വപ്നത്തിൽ ദർശിക്കുകയും ഉടൻ തന്നെ ഷിർദിയിലേയ്ക്ക് പുറപ്പെടുകയും ചെയ്തു.

97. സായി സമർത്ഥ എന്റെ യാത്രയെക്കുറിച്ച് വിവരിച്ചിരുന്നു, ആവിക്കപ്പലിൽ എനിക്ക് യാത്ര നിരസിക്കപ്പെട്ടു. പക്ഷേ, ഒരു ശിപായി എനിക്ക് വേണ്ടി ഇടപെടുകയും എനിക്ക് എന്റെ പ്രശ്നം തരണം ചെയ്യാൻ കഴിയുകയും ചെയ്തു.

98. ഞാൻ കപ്പലിൽ എത്തിയപ്പോൾ ഇതായിരുന്നു എന്റെ ബുദ്ധിമുട്ടുകൾ. സത്യമായും, തീർത്തും അപരിചിതനായ ഒരു ശിപായി എനിക്ക് വേണ്ടി ഇടപെട്ടു.

99. അപ്പോൾ മാത്രമേ, തുടക്കത്തിൽ പരുഷമായി പെരുമാറിയിരുന്ന കപ്പിത്താൻ എനിക്ക് ആവിക്കപ്പലിൽ ഇരിപ്പിടം അനുവദിക്കുകയും എന്നെ സഹായിക്കുകയും ചെയ്തുള്ളൂ.

100. ശിപായി തികച്ചും അപരിചിതനായിട്ട് കൂടിയും, ഞാൻ അയാളുടെ പരിചയക്കാരനാണെന്ന് അയാൾ പറഞ്ഞു. അതിനാൽ എന്നെ ഉള്ളിലേയ്ക്ക് കയറാൻ അനുവദിക്കുകയും മെച്ചപ്പെട്ട ഇരിപ്പിടം ലഭിക്കുകയും ചെയ്തു.

101. ആവിക്കപ്പലിനെക്കുറിച്ചുള്ള കഥ പോലെയാണ്, ശിപായിയെക്കുറിച്ചുള്ള കഥയും, അവ യഥാർത്ഥത്തിൽ എന്റെ കാര്യത്തിൽ സംഭവിച്ചിരുന്നു. സായി അത് അദ്ദേഹത്തിന് സംഭവിച്ച തരത്തിൽ പറഞ്ഞു.

102. അദ്ഭുതകരമായ ഈ അനുഭവം കാരണം എന്റെ ബുദ്ധി സംഭ്രമിക്കുന്നു. സായി സർവ്വവ്യാപിയാണെന്ന് ഞാൻ അറിയുന്നു.

103. അദ്ദേഹം വ്യാപിച്ചിട്ടില്ലാത്ത ഒരു അണുപോലും ഇല്ല. എനിക്ക് നൽകിയത് പോലുള്ള അനുഭവം അദ്ദേഹം മറ്റുള്ളവർക്കും നൽകും.

104. ഞാൻ ആരാണ്? എവിടെ നിന്നാണ് ഞാൻ എത്തിയത്? ഈ ശ്രമങ്ങളിലൂടെ അദ്ദേഹം എന്നെ ഇവിടേയ്ക്ക് വലിച്ചിഴയ്ക്കുകയും എന്നെ ആത്മീയപാത യിലേയ്ക്ക് നയിക്കുകയും ചെയ്തതിനാൽ ഞാൻ ഭാഗ്യവാനാണ്.

105. എന്തുകൊണ്ടാണ് ഞാൻ വ്രതം അനുഷ്ഠിക്കേണ്ടി വന്നത്? എന്റെ സമ്പാദ്യം മോഷ്ടിക്കപ്പെടാൻ കാരണമെന്താണ്? വ്രതം സഫലമായതും പരിശ്രമങ്ങൾ കൂടാതെ സമ്പാദ്യം തിരികെ കിട്ടിയതും എത്ര ആശ്ചര്യകരമായ വസ്തുത യാണ്!

106. ഗ്രഹിക്കാൻ കഴിയാത്തത്ര ഭാഗ്യവാനാണ് ഞാൻ! മുമ്പ് ഞാൻ ദർശനം നട ത്തിയിട്ടില്ലാത്ത, ഞാൻ ചിന്തിച്ചിട്ടില്ലാത്ത, കേട്ടിട്ടില്ലാത്ത വ്യക്തി എന്നെ സംര ക്ഷിക്കുകയായിരുന്നു!

107. അപ്പോൾ അനേകം വർഷങ്ങൾ അദ്ദേഹത്തിന്റെയൊപ്പം താമസിക്കുകയും, അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്വയം സമർപ്പിച്ച്, പകലും രാത്രിയും അദ്ദേ ഹത്തെ സേവിച്ച ഭക്തന്മാർ എത്രമാത്രം ഭാഗ്യവാന്മാരായിരിക്കും!

108. സായി ഒപ്പം കളിക്കുകയും, ചിരിക്കുകയും, ഇരിക്കുകയും, ഭാഷണം നടത്തു കയും, നടക്കുകയും, ഭക്ഷണം കഴിക്കുകയും, ഉറങ്ങുകയും മാത്രമല്ല ദേഷ്യ പ്പെടുകയും ചെയ്ത ആളുകളെല്ലാം വളരെ ഭാഗ്യവാന്മാരായിരുന്നു.

109. അദ്ദേഹത്തിന് വേണ്ടി ഒന്നും ചെയ്യാത്ത എന്നോട് ഇത്രയും സ്നേഹപൂർണ്ണ മായ ഉത്കണ്ഠ അദ്ദേഹം കാട്ടുകയുണ്ടായി. അദ്ദേഹത്തോട് ഇത്രയും അടുത്ത് ഇടപഴകാൻ കഴിയുന്ന നിങ്ങളുടെ അവസ്ഥ അനുഗൃഹീതമാണ്!

110. നിങ്ങളുടെ പൂർവ്വകാലപുണ്യങ്ങൾ ഈ മനുഷ്യരൂപം നൽകുകയും, ഷിർദി യിലെത്തുകയും ചെയ്തു. നിങ്ങൾ അപരിമിതമായി അനുഗ്രഹിക്കപ്പെട്ടവരാ ണ്!

111. വളരെ മഹത്തായ ഭാഗ്യം കൊണ്ട് ഞാൻ ഷിർദിയിലെത്തി. ശ്രീ സായിയുടെ ദർശനയാത്രയ്ക്ക് വേണ്ടി ഞാൻ എന്ത് ത്യാഗവും സഹിക്കുമെന്ന് എനിക്ക് തോന്നുന്നു.

112. ശുദ്ധനും ഉദാരമതിയുമായ സായി ശ്രേഷ്ഠനായ വൈഷ്ണവനാണ്. ബോധ ത്തിന്റെ സമുദ്രത്തിൽ പ്രകാശിക്കുന്ന സൂര്യനെപ്പോലെ, അദ്ദേഹം ശുദ്ധജ്ഞാ നത്തിന്റെ ഉറവിടമാണ്.

113. അത് അങ്ങനെയാകട്ടെ. എന്റെ വ്രതം സഫലമാക്കുകയും എനിക്ക് അദ്ദേഹ ത്തിന്റെ ദർശനം നൽകുകയും ചെയ്ത ഈ മാഷിദായി (ദ്വാരകാമായി)യെ കണ്ടുമുട്ടാൻ കാരണമായി, എനിക്കും കുറച്ച് പുണ്യങ്ങളുണ്ടായിരുന്നിരിക്കും.

114. അദ്ദേഹം എനിക്ക് ദത്തഭഗവാനാണ്. ഈ വ്രതം അനുഷ്ഠിക്കാൻ അദ്ദേഹം എന്നോട് നിർദ്ദേശിച്ചു. അദ്ദേഹം എനിക്ക് ആവിക്കപ്പലിൽ ഒരു ഇരിപ്പിടം നൽകുകയും, ദർശനത്തിന് വേണ്ടി എന്നെ ഷിർദിയിലേയ്ക്ക് കൊണ്ടുവരി കയും ചെയ്തു.

115. ഇത്തരത്തിൽ, അദ്ദേഹത്തിന്റെ സർവ്വവ്യാപിത്വവും, എല്ലാവരുടെയും ഹൃദയത്തിൽ വസിച്ചുകൊണ്ട് എല്ലായിടത്തും സംഭവിക്കുന്നതിനൊക്കെ സാക്ഷിയാകുന്നത് എങ്ങനെയാണെന്നും സായി കാട്ടിത്തന്നു.

116. സായിയുടെ മന്ദസ്മിതം തൂകുന്ന മുഖം ദർശിച്ചപ്പോൾ എനിക്ക് അതിയായ ആനന്ദമുണ്ടാകുകയും, ലൗകികനാണെങ്കിലും ലൗകികജീവിതത്തിലെ സകല ദുഃഖങ്ങളും മറക്കുകയും ചെയ്തു. എന്റെ പരമാനന്ദം എനിക്ക് അടക്കാൻ കഴിഞ്ഞില്ല!

117. എല്ലാ കാര്യങ്ങളും വിധിപോലെ സംഭവിക്കട്ടെ; പക്ഷേ എന്റെ മനസ്സ് തീർച്ചയായും ആ അവസ്ഥയിലായിരിക്കും. സായിയുടെ പാദത്തിലുള്ള എന്റെ സ്നേഹം അനശ്വരവും, അദ്ദേഹം എന്റെ ഹൃദയത്തിലും മിഴികളിലും സദാ വസിക്കുകയും ചെയ്യട്ടെ!

118. സായിയുടെ ലീലകൾ അഗ്രാഹ്യവും ഗഹനവുമാണ്! അദ്ദേഹത്തിനോടുള്ള കടപ്പാടുകൾക്ക് അവസാനമില്ല. ഓ, ദയാനിധേ, എന്റെ ശരീരവും മനസ്സും അങ്ങയുടെ സേവനത്തിനുവേണ്ടി ഉഴിഞ്ഞു വയ്ക്കണമെന്ന് എനിക്ക് തോന്നുന്നു.

119. അത് അങ്ങനെയാകട്ടെ. ഈ വിഷയത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് മറ്റൊരു കഥ. കുറച്ച് നേരം ശ്രദ്ധയോടെ സായിയുടെ വാക്കുകൾ ശ്രവിക്കുക, എന്തെന്നാൽ അവ ബ്രഹ്മലിഖിതം പോലെയാണ്.

120. ഷോലാപ്പൂർ നഗരത്തിൽ വസിച്ചിരുന്ന സഖാറാം ഔറംഗബാദ്കറുടെ ഭാര്യ ഒരു സന്തതിക്ക് വേണ്ടി ഉത്കണ്ഠാകുലയായിരുന്നു, അതിനാൽ ഷിർദിയിലേയ്ക്ക് വന്നു.

121. ദിവ്യനായ സായിബാബയുടെ അദ്ഭുതകരമായ കഥ കേട്ട്, അവൾ അവളുടെ വളർത്തുമകനോടൊപ്പം ദിവ്യദർശനത്തിനായി എത്തി.

122. വിവാഹിതയായി ഇരുപത്തിഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും അവൾ ഗർഭവതിയായില്ല.[2] ദേവന്മാർക്കും ദേവതകൾക്കും നേർച്ചകൾ നേർന്ന് അവൾ മടുത്തു. അവളുടെ എല്ലാ ആശകളും നശിച്ചു.

123. അങ്ങനെ, വിവാഹിതയായ ആ സ്ത്രീ ഒരു ഉദ്ദേശ്യത്തോടുകൂടി ബാബയുടെ ദർശനത്തിനെത്തി. അപ്രകാരം അവൾ ഷിർദിയിലെത്തി, അപ്പോൾ അവൾ ചിന്തിച്ചു.

124. “ബാബ എല്ലായ്പ്പോഴും ഭക്തന്മാരാൽ ചുറ്റപ്പെട്ടിരിക്കും. എങ്ങനെയാണ് അദ്ദേഹത്തെ തനിച്ച് കാണാൻ എനിക്ക് സാധിക്കുക? എങ്ങനെയാണ് എന്റെ ഹൃദയത്തിലുള്ളത് അദ്ദേഹത്തോട് പറയാൻ കഴിയുക?” അതിനാൽ അവൾ വളരെ ഉത്കണ്ഠാകുലയായി.

125. മസ്ജിദും മുറ്റവും തുറന്നു കിടക്കുമായിരുന്നു. ഭക്തന്മാർ സദാ ബാബയ്ക്കു ചുറ്റും കാണപ്പെടും. അവളുടെ ആത്മാർത്ഥമായ ആഗ്രഹം വിവരിക്കാനായി ശാന്തമായ ഒരു നിമിഷം എങ്ങനെയാണ് ലഭിക്കുക?

126. അവളും അവളുടെ വളർത്തുമകൻ വിശ്വനാഥും ബാബയ്ക്ക് സേവനങ്ങൾ

ചെയ്തുകൊണ്ട് രണ്ട് മാസങ്ങൾ താമസിച്ചു.

127. വിശ്വനാഥോ മറ്റുള്ളവരോ ബാബയുടെ സമീപത്ത് ഇല്ലെന്ന് കണ്ടപ്പോൾ ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്ന ആ സ്ത്രീ മാധവറാവുവിനോട് എന്താണ് അഭ്യർത്ഥിച്ചതെന്ന് ശ്രദ്ധിക്കുക.

128. "ബാബ സന്തുഷ്ടമായ മനഃസ്ഥിതിയിൽ ഇരിക്കുമ്പോൾ, എന്റെ ഹൃദയാഭിലാഷം അദ്ദേഹത്തെ അറിയിക്കാനായി നിങ്ങൾ ഒരു അവസരം കണ്ടെത്തുക.

129. അത് അദ്ദേഹം തനിച്ചും, മറ്റുള്ള ഭക്തന്മാർ ചുറ്റും ഇല്ലാത്ത സമയത്തുമായിരിക്കണം. ഏറ്റവും പെട്ടെന്ന് ലഭിക്കുന്ന അവസരത്തിൽ അത് അദ്ദേഹത്തോട് പറയുക, അപ്പോൾ മറ്റാരും അത് കേൾക്കാനിടയാകില്ല."

130. മാധവറാവു പറഞ്ഞു: "മസ്ജിദിൽ ആളൊഴിഞ്ഞ നേരം ഒരിക്കലും ഉണ്ടാകില്ല. ഒരാളല്ലെങ്കിൽ മറ്റൊരാൾ തുടർച്ചയായി ദർശനത്തിന് എത്തിക്കൊണ്ടിരിക്കും.

131. "സായിയുടെ ഈ ദർബാർ തുറന്നുകിടക്കുന്നതാണ്. അവിടെ കടന്നുവരാനായി ആരെയും വിലക്കിയിട്ടില്ല. പക്ഷേ ഞാൻ ഒരു കാര്യം നിർദ്ദേശിക്കാം. അത് ശ്രദ്ധിച്ച് മനസ്സിൽ സൂക്ഷിക്കുക.

132. "പരിശ്രമം നടത്തുക എന്നതാണ് എന്റെ കർത്തവ്യം. ഐശ്വര്യസവിധവും, വിജയം നൽകുന്നതും അദ്ദേഹമാണ്. ഒടുവിൽ അദ്ദേഹം നിങ്ങൾക്ക് ശാന്തി നൽകുകയും, നിങ്ങളുടെ വിഷമതകൾ ദൂരീകരിക്കുകയും ചെയ്യും.

133. "ബാബ ഭക്ഷണം കഴിക്കാനായി ഇരിക്കുമ്പോൾ, നിങ്ങൾ മുറ്റത്തെ കല്ല് പാകിയ നിലത്തിൽ ഒരു നാളികേരവും ചന്ദനത്തിരികളുമായി കാത്തിരിക്കുക മാത്രം ചെയ്യുക.

134. "പിന്നീട് ഭക്ഷണം കഴിച്ച് കഴിയുമ്പോൾ, അദ്ദേഹം സന്തുഷ്ടചിത്തനായി കാണപ്പെടുന്നെന്ന് തോന്നുകയാണെങ്കിൽ, ഞാൻ നിങ്ങൾക്ക് ആംഗ്യത്തിലൂടെ സൂചന നൽകും, അപ്പോൾ മാത്രം നിങ്ങൾ മുകളിലേയ്ക്ക് കയറിവരിക."

135. അത് അങ്ങനെ കഴിഞ്ഞു. കുറച്ചുനാളുകൾക്ക് ശേഷം, വിധിക്കപ്പെട്ട നിമിഷം എത്തിയപ്പോൾ, ഒരു ദിവസം ഭക്ഷണം കഴിഞ്ഞശേഷം യാദൃച്ഛികമായി അയാൾക്ക് ഒരു അവസരം ലഭിച്ചു.

136. സായി കൈകൾ കഴുകിയശേഷം, മാധവറാവു ഒരു തുണികൊണ്ട് അവ തുടച്ച് ഉണക്കുകയായിരുന്നു. സന്തോഷകരമായ ഒരു മാനസികാവസ്ഥയിൽ ആയിരുന്ന ബാബ എന്താണ് ചെയ്തതെന്ന് ശ്രദ്ധിക്കുക!

137. പെട്ടെന്നുണ്ടായ സ്നേഹവാത്സല്യത്താൽ ബാബ മാധവറാവുവിന്റെ കവിളിൽ നുള്ളി. ഭഗവാനും ഭക്തനും തമ്മിൽ ആ അനുകൂലസമയത്തുണ്ടായ സ്നേഹഭാഷണം ശ്രദ്ധിക്കുക.

138. മാധവറാവു തികച്ചും വിനീതനായിരുന്നുവെങ്കിലും അയാൾ കോപം നടിച്ചുകൊണ്ട് തമാശരൂപേണ ബാബയോട് പറഞ്ഞു: "ഈ പെരുമാറ്റം നല്ലതാണോ?

139. "ഇത്രയും ശക്തമായി ഞങ്ങളുടെ കവിളിൽ നുള്ളുന്ന കുസൃതി കാട്ടുന്ന

ഒരു ദേവനെ ഞങ്ങൾക്ക് വേണ്ട! ഞങ്ങൾ അങ്ങയെ അങ്ങനെ ഭയപ്പെടേണ്ട തുണ്ടോ? ഇതാണോ ഇത്രയും പരിചയത്തിന്റെ ഫലം?"

140. അപ്പോൾ ബാബ പറഞ്ഞു: "കഴിഞ്ഞ എഴുപത്തിരണ്ട് ജന്മങ്ങളിൽ ഒരിക്ക ലെങ്കിലും ഞാൻ നിന്നെ തൊട്ടിട്ടുണ്ടോ? അങ്ങനെ ഏതെങ്കിലും ഒരു അവ സരം നീ ഓർക്കുന്നുണ്ടോ?"

141. അതിന് മാധവറാവു മറുപടി പറഞ്ഞു: "ഞങ്ങൾക്ക് വിശക്കുമ്പോൾ എല്ലാ യ്പ്പോഴും പുതുമയുള്ളതും ഉത്കൃഷ്ടവുമായ മധുരപലഹാരങ്ങൾ തരുന്ന ഒരു ദേവനെയാണ് ഞങ്ങൾക്ക് വേണ്ടത്.

142. "ഞങ്ങൾക്ക് അങ്ങയുടെ ആദരവോ, സ്വർഗ്ഗത്തിലെത്താൻ ഒരു ദൈവിക വാഹ നമോ ആവശ്യമില്ല. അങ്ങയുടെ പാദങ്ങളിൽ ഭക്തിയുണ്ടാകാനുള്ള വരം മാത്രം നൽകുക."

143. അപ്പോൾ ബാബ സംസാരിക്കാൻ തുടങ്ങി: "അതെ, തീർച്ചയായും ഞാൻ അതിന് വേണ്ടിയാണ് എത്തിയിരിക്കുന്നത്, അതുകൊണ്ടാണ് ഞാൻ നിങ്ങൾക്ക് ആഹാരം നൽകുന്നതും നിങ്ങളോട് അത്യധികം സ്നേഹത്തോടെ വർത്തിക്കുന്നതും."

144. അപ്പോഴേയ്ക്കും അവർ അഴികൾക്ക് സമീപത്ത് എത്തിയിരുന്നു. ബാബ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ ഇരുന്നപ്പോൾ, തന്റെ ഉദ്ദേശ്യത്തിന് വേണ്ടി ജാഗ്രതയോടെ കാത്തിരിക്കുകയായിരുന്ന സ്ത്രീയോട്, മാധവറാവു അടയാളം കാട്ടി.

145. സൂചന കാട്ടിയ ഉടനെ, അവൾ പെട്ടെന്ന് എഴുന്നേറ്റ് ധൃതിയിൽ മസ്ജിദിന്റെ പടവുകൾ കയറി. അവൾ ബാബയുടെ മുമ്പിലെത്തി വിനയത്തോടെ വന്ദി ച്ചു.

146. അവൾ പെട്ടെന്ന് തന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ നാളികേരം അർപ്പിക്കു കയും പാദങ്ങളിൽ വന്ദിക്കുകയും ചെയ്തു. അപ്പോൾ ബാബ അദ്ദേഹത്തിന്റെ സ്വന്തം കരങ്ങൾ കൊണ്ട് നാളികേരം അഴികളിൽ ശക്തമായി ഇടിച്ചു.

147. അദ്ദേഹം പറഞ്ഞു: "ശാമാ, എന്താണിത് പറയുന്നത്? നാളികേരം കുറെയ ധികം ശബ്ദമുണ്ടാക്കുന്നു." അപ്പോൾ ശാമ അവസരം വിനിയോഗിച്ചു. അയാൾ ബാബയോട് എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

148. "ഈ സ്ത്രീ, അവളുടെ ഗർഭപാത്രത്തിൽ ഇതേപോലെ ഒരു കുഞ്ഞ് ഉരുണ്ട് കളിക്കണമെന്ന് ആഗ്രഹിക്കുന്നു. അവളുടെ ആഗ്രഹം സഫലമാക്കുക. അവൾ എല്ലായ്പ്പോഴും അങ്ങയുടെ പാദങ്ങളെ സ്മരിക്കട്ടെ. അവളുടെ പ്രയാസം ദൂരീകരിക്കുക!

149. "അവളുടെ മേൽ ദയാകടാക്ഷം ഉണ്ടാകട്ടെ. നാളികേരം അവളുടെ ഓട്ടിയിൽ[3] വയ്ക്കുക. അങ്ങയുടെ അനുഗ്രഹത്താൽ അവൾക്ക് പുത്രന്മാരും പുത്രിമാരും ലഭിക്കട്ടെ."

150. അപ്പോൾ ബാബ അയാളോട് പറഞ്ഞു: "നാളികേരം കുഞ്ഞുങ്ങളെ നൽകുമോ? ഇത്തരത്തിലുള്ള മൂഢവിശ്വാസങ്ങൾ എങ്ങനെയാണ് ഉണ്ടാകു

ന്നത്? ആളുകൾക്ക് അവരുടെ മനസ്സിന്റെ സമനില തെറ്റിയെന്ന് എനിക്ക് തോന്നുന്നു."

151. ശാമ പറഞ്ഞു: "അങ്ങയുടെ വാക്കുകളുടെ ആശ്ചര്യം എനിക്കറിയാം. അങ്ങയുടെ വാക്കുകൾ വളരെ വിലയേറിയതാണ്. അതിലൂടെ അവൾക്ക്, താനേ, ഒരു കൂട്ടം കുഞ്ഞുങ്ങളെ ലഭിക്കും.

152. "പക്ഷേ, ഈ ദിവസങ്ങളിൽ അങ്ങ് വിവേചനം കാട്ടുന്നു. അങ്ങ് അവൾക്ക് വാസ്തവികമായ അനുഗ്രഹങ്ങൾ നൽകുന്നില്ല. അങ്ങ് ശണ്ഠകൂടി സമയം കളയുകയാണ്. അവൾക്ക് നാളികേരം പ്രസാദമായി നൽകുക."

153. "നാളികേരം ഉടയ്ക്കൂ", ബാബ പറഞ്ഞു. "അത് അവളുടെ ഓട്ടിയിൽ വച്ച് നൽകുക," എന്ന് ശാമയും പറഞ്ഞു. ഈ കശപിശ കുറച്ചുനേരം തുടർന്നു. ഒടുവിൽ ബാബ വഴങ്ങി.

154. അദ്ദേഹം പറഞ്ഞു: "പോയ്ക്കോളൂ, അവൾക്ക് ഒരു കുഞ്ഞ് ലഭിക്കും." ശാമ ചോദിച്ചു, "എപ്പോഴാണ്? ഒരു മറുപടി തരിക." ബാബ പറഞ്ഞു: "പന്ത്രണ്ട് മാസങ്ങൾ കഴിയുമ്പോൾ." നാളികേരം ശക്തിയോടെ ഉടയ്ക്കപ്പെട്ടു.

155. അതിന്റെ പകുതിഭാഗം ബാബയും ശാമയും കഴിച്ചു. ശേഷിച്ച ഭാഗം ആ സ്ത്രീയ്ക്ക് നൽകി. മാധവറാവു സ്ത്രീയോട് പറഞ്ഞു. "എന്റെ വാക്കുകൾക്ക് നീ സാക്ഷിയാണ്.

156. "അല്ലയോ സ്ത്രീ, ഇന്ന് മുതൽ പന്ത്രണ്ട് മാസങ്ങൾ തികയും മുമ്പ് നിനക്ക് ഒരു കുഞ്ഞ് ജനിച്ചില്ലെങ്കിൽ ഞാൻ എന്താണ് ചെയ്യുക എന്ന് കേൾക്കുക.

157. "ഞാൻ ഇതുപോലുള്ള ഒരു നാളികേരം ഈ ദേവന്റെ തലയിൽ അടിച്ചുടച്ച്, അദ്ദേഹത്തെ ഈ മസ്ജിദിന് പുറത്താക്കും. ഞാൻ ഇങ്ങനെ ചെയ്തില്ലെങ്കിൽ എന്റെ പേര് മാധവ് എന്ന് ഞാൻ വിളിക്കില്ല.

158. "അത്തരത്തിലുള്ള ഒരു ദേവനെ മസ്ജിദിൽ താമസിക്കാൻ ഞാൻ അനുവദിക്കുകയില്ല. ഇത് ഞാൻ തീർച്ചയായും പറയുകയാണ്. ഉചിതമായ സമയത്ത് ഈ വാക്കുകളുടെ സത്യം നിങ്ങൾ മനസ്സിലാക്കും. ഇത് ഉറപ്പായും തീർച്ചയായും വിശ്വസിക്കുക."

159. ഇത്തരത്തിൽ ഉറപ്പ് ലഭിച്ചപ്പോൾ ആ സ്ത്രീ വളരെ സന്തുഷ്ടയായി. ബാബയുടെ പാദങ്ങളിൽ വന്ദിച്ചശേഷം അവൾ അവളുടെ ഗൃഹത്തിലേയ്ക്ക് മടങ്ങി.

160. ശാമ തികച്ചും അനുസരണയുള്ളവനാണെന്ന് അറിയാവുന്ന സായി, സ്നേഹപാശത്താൽ വലിച്ചടുപ്പിക്കപ്പെട്ടതിനാൽ, ഭക്തന്റെ ആഗ്രഹം സഫലീകരിച്ചുകൊടുക്കുകയും, അവന്റെ വാക്കുകളിൽ അല്പം പോലും നീരസം തോന്നുകയും ചെയ്തില്ല.

161. കാരുണ്യവാനും ദയാമേഘവും അദ്ദേഹത്തിൽ ആശ്രയിക്കുന്നവരുടെ സംരക്ഷകനുമായ സായി, ഭക്തരുടെ വാക്കുകൾ സത്യമായി പരിണമിക്കുന്നുവെന്ന് ഉറപ്പ് വരുത്താനായി, അവ ഉടനടി പൂർത്തീകരിക്കുന്നു.

162. ശാമ അദ്ദേഹത്തിന്റെ ഇഷ്ടഭക്തനായിരുന്നു, അജ്ഞതയും സ്നേഹവും മൂലം

ഭക്തൻ ആവശ്യപ്പെട്ട ആഗ്രഹം, അത് ഉചിതമായാലും അല്ലെങ്കിലും ദിവ്യൻ സഫലമാക്കി. അത് അദ്ദേഹത്തിന്റെ സ്വന്തം വ്രതമായിരുന്നു.

163. അത് എന്തുമാകട്ടെ. പന്ത്രണ്ട് മാസങ്ങൾ പൂർണ്ണമാകും മുമ്പ് ബാബ അദ്ദേഹത്തിന്റെ വാക്ക് പാലിച്ചു. സംഭാഷണം നടന്ന് മൂന്നുമാസങ്ങൾക്കകം ആ സ്ത്രീ ഗർഭം ധരിച്ചു.

164. ഭാഗ്യവശാൽ അവൾ ഒരു പുത്രന്റെ അമ്മയായി. അവൾ അവളുടെ ഭർത്താവിനും, അഞ്ചുമാസം പ്രായമായ മകനും ഒപ്പം ദർശനത്തിനായി ഷിർദിയിൽ വന്നു.

165. ഭർത്താവും സായിയുടെ പാദങ്ങളിൽ സന്തോഷത്തോടെ നമസ്കരിക്കുകയും അഞ്ഞൂറ് ഉറുപ്പിക അർപ്പിച്ചുകൊണ്ട് അയാളുടെ പുറത്ത് പറയാത്ത കൃതജ്ഞത പ്രകടിപ്പിക്കുകയു ചെയ്തു.

166. ആ ധനം പിന്നീട് ബാബയുടെ കുതിര ശ്യാമകർണ്ണനെ പതിവായി കെട്ടിയിരുന്ന സ്ഥലത്ത് ഒരു കുതിരലായവും അതിന്റെ ഭിത്തികളും നിർമ്മിക്കാനായി ഉപയോഗിക്കപ്പെട്ടു.

167. അതിനാൽ ഈ സായിയെക്കുറിച്ച് ചിന്തിക്കുക, സ്മരിക്കുക, ധ്യാനിക്കുക. ഇത് മറ്റെങ്ങും, അവിടെയും ഇവിടെയുമായി, ഓടിനടക്കാത്ത ഹേമദിന്റെ സ്വന്തം ആശ്രയസങ്കേതമാണ്.

168. ഒരുവന്റെ സ്വന്തം നാഭിയിൽ കസ്തൂരിയുള്ളപ്പോൾ മറ്റെവിടെയെങ്കിലും അലയേണ്ട കാര്യമെന്താണ്? സായിയുടെ പാദങ്ങളിൽ എല്ലായ്പ്പോഴും വിനയാന്വിതനായി കഴിഞ്ഞ് ഹേമദ് അനുപമമായ ആനന്ദം ആസ്വദിക്കുന്നു.

169. എങ്ങനെയാണ് ഭക്തർ ബാബയെ ഘോഷയാത്രയായി മസ്ജിദിൽ നിന്ന് ചാവടിയിലേയ്ക്ക് വളരെ ആഹ്ലാദത്തോടെ നയിച്ചിരുന്നതെന്ന് വർണ്ണിക്കുന്ന അടുത്ത അധ്യായം കൂടുതൽ ഹൃദയഹാരിയാണ്.

170. കൂടാതെ ബാബ പാകം ചെയ്യാനുപയോഗിച്ചിരുന്ന പാത്രവും പ്രസാദം നൽകുന്നതുമായ രസകരമായ കഥയുമുണ്ട്. ഉത്സാഹം വർദ്ധിപ്പിക്കുന്ന ആ കഥകൾ അടുത്ത അധ്യായത്തിൽ കേൾക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ!

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ മുപ്പത്തിആറാം അധ്യായം "സായിയുടെ സർവ്വവ്യാപിത്വവും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളുടെ സഫലീകരണവും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. മഹാരാഷ്ട്രയിലെ റായിഗാഡ് ജില്ലയിലെ പശ്ചിമതീരം.
2. അവൾക്ക് കൃത്യമായി ആർത്തവചക്രം ഉണ്ടായിരുന്നെങ്കിലും.
3. അവളുടെ മടിത്തട്ടിനെ സ്പർശിക്കുന്ന സാരിയുടെ തുമ്പ്.

37

# ചാവടിയുടെ വർണ്ണന

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സായിയുടെ ജീവിതം രണ്ടിരട്ടി അനുഗൃഹീതമാണ്! അദ്ദേഹത്തിന്റെ ദിനചര്യ അനുഗൃഹീതമാണ്. അദ്ദേഹത്തിന്റെ രീതികളും പ്രവൃത്തികളും ആശ്ചര്യകരവും തീർത്തും വിശദീകരിക്കാനാകാത്തതുമായിരുന്നു.

2. അദ്ദേഹത്തിന്റെ വാസ്തവികമായ പ്രവൃത്തികൾ അഗ്രാഹ്യമാണ്. അദ്ദേഹത്തിന്റെ ജീവിതഗതി അനുഗൃഹീതമാണ്. മനസ്ഥൈര്യവും വിരക്തിയും ചേർന്ന, ശക്തമായ നിശ്ചയദാർഢ്യത്തിലൂന്നിയ, ഒരു വാളിന്റെ വായ്ത്തലയിലൂടെ നടക്കുന്നതിന് തുല്യമായ, അദ്ദേഹത്തിന്റെ ജീവിതം രണ്ടിരട്ടി അനുഗൃഹീതമാണ്.

3. ചിലപ്പോൾ അദ്ദേഹം ദൈവികാനന്ദത്തിൽ മുഴുകിയിരുന്നു; ചിലപ്പോൾ അദ്ദേഹം ആത്മജ്ഞാനത്തിൽ സംതൃപ്തനായിരുന്നു; ചിലപ്പോൾ അദ്ദേഹം തന്റെ എല്ലാ പ്രവൃത്തികൾക്കും അതീതനായിരുന്നു. അത്തരത്തിലായിരുന്നു, വ്യക്തമായി ഗ്രഹിക്കാൻ കഴിയാതിരുന്ന അദ്ദേഹത്തിന്റെ അവസ്ഥ.

4. ചിലപ്പോൾ അദ്ദേഹം തികച്ചും പ്രവർത്തനരഹിതനായിരിക്കും, എന്നാൽ ഉറക്കവുമായിരിക്കില്ല. അദ്ദേഹത്തിന്റെ ലക്ഷ്യം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് എല്ലായ്പ്പോഴും സ്വന്തം ആത്മനിൽ മുഴുകി വർത്തിച്ചിരുന്നു.

5. ചിലപ്പോൾ അദ്ദേഹം സാഗരം പോലെ പ്രസന്നനായിരിക്കും, പക്ഷേ അത് പോലെ അപരിമിതവും, ഗഹനവും ആഴമേറിയതുമായിരിക്കും. അദ്ദേഹത്തിന്റെ അവാച്യമായ പ്രകൃതം കൃത്യമായി വർണ്ണിക്കാൻ ആർക്കാണ് കഴിയുക?

6. അദ്ദേഹം പുരുഷന്മാരെ സഹോദരന്മാരായും, സ്ത്രീകളെ സഹോദരിമാരും അമ്മമാരുമായി കരുതിയിരുന്നു. എല്ലാവർക്കും അറിവുള്ളതുപോലെ അദ്ദേഹം തികഞ്ഞ നിതാന്ത ബ്രഹ്മചാരിയായിരുന്നു.

7. അദ്ദേഹത്തിന്റെ ദിവ്യസംസർഗ്ഗത്തിലൂടെ നമ്മൾ നേടിയ അറിവുകൾ മരണം വരെയും, കുറയാതെ നമ്മോടൊപ്പമുണ്ടാകട്ടെ.

8. അദ്ദേഹത്തെ സേവിക്കാനുള്ള നമ്മുടെ ആഗ്രഹം വളരെ ശക്തമാകട്ടെ. നമ്മുടെ ഭക്തി അദ്ദേഹത്തിന്റെ പാദങ്ങളിൽ മാത്രമാകട്ടെ. സകല ജീവിക

ളിലും നാം ഈശ്വരനെ ദർശിക്കുകയും, അദ്ദേഹത്തിന്റെ നാമം സദാ സ്മരിക്കുകയും ചെയ്യട്ടെ.

9. അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തികളും മനസ്സിലാക്കാൻ ശ്രമിച്ചവരൊക്കെ ചിന്താകുഴപ്പത്തിലാകുകയും, ഒടുവിൽ എന്ത് ചെയ്യണമെന്നറിയാതെ സംഭ്രമിച്ച് നിശ്ശേഷ്ടരായി നിൽക്കുകയും ചെയ്തു.

10. അനേകം ജനങ്ങൾ സ്വർഗ്ഗത്തിലെ ആനന്ദങ്ങൾക്ക് വേണ്ടി അധ്വാനിക്കുന്നു. അവർ സ്വർഗ്ഗത്തിന്റെ മഹത്വത്തെ വാഴ്ത്തുന്നു. ഭൂമിയിൽ മരണഭയം ഉള്ളതിനാൽ ഭൂമിയിലെ ജീവിതം നിന്ദ്യമാണെന്ന് അവർ കരുതുന്നു.

11. ഒരുതരത്തിൽ പറഞ്ഞാൽ നിരാകാരമായ അവസ്ഥയിൽ നിന്നുമാണ് ഒരുവൻ സകാരരൂപം നേടുന്നത്. ഇതാണ് കാണപ്പെടുന്ന അവസ്ഥ എന്ന് വിളിക്കുന്നത്. ഒടുവിൽ ഒരുവൻ വീണ്ടും നിരാകാരമായ അവസ്ഥയിലേയ്ക്ക് മടങ്ങുന്നു. ഇതിനെ അവർ മരണം എന്നു വിളിക്കുന്നു.

12. അധാർമ്മികമായ പെരുമാറ്റം, അജ്ഞത, ക്രോധം, വെറുപ്പ് തുടങ്ങിയവയാണ് നമ്മെ മരണത്തോട് ബന്ധിപ്പിക്കുന്നത്. അവയെ പൂർണ്ണമായും കീഴടക്കാൻ കഴിയുന്നവർക്ക് മാത്രമേ സ്വർഗ്ഗത്തിലേയ്ക്ക് കടക്കാൻ കഴിയൂ.

13. സ്വർഗ്ഗമോ? മറ്റെന്താണ് സ്വർഗ്ഗം? വിരക്തിയാണ് സ്വർഗ്ഗം. ഒരുവന്റെ ആത്മാവ്, എല്ലാ ദുഃഖങ്ങൾക്കുമതീതമായ ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന ചൈതന്യം തന്നെയാണെന്ന് തിരിച്ചറിയുക.

14. ആ അവസ്ഥയിൽ രോഗങ്ങളുണ്ടാകില്ല, ഉത്കണ്ഠകളുണ്ടാകില്ല, പ്രശ്നങ്ങളുണ്ടാകില്ല, വേദനകളോ വിശപ്പോ ദാഹമോ ഉണ്ടാകില്ല; ആർക്കും വാർദ്ധക്യത്തിന്റെ ഭയമുണ്ടാകില്ല.

15. മരണഭയമില്ലാതിരിക്കുകയും, കല്പനകളും നിരോധനങ്ങളും ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്ത് ജീവിതം യാതൊരുവിധ ഭയവുമില്ലാതെ മുന്നോട്ടുപോകും. അതാണ് ദൈവികമായ സ്വർഗ്ഗീയാവസ്ഥ.

16. ചലിക്കുന്നതും അചലവുമായ വസ്തുക്കളിൽ ഒരുപോലെ നിറഞ്ഞിരിക്കുകയും, ബ്രഹ്മാവ് മുതൽ ചെറിയ ജീവികളിൽ വരെ വ്യാപിച്ചിരിക്കുകയും ചെയ്യുന്ന അതേ പരമാർത്ഥഭാവം തന്നെയാണ് ഇവിടെയും മറ്റ് ലോകങ്ങളിലും ഉള്ളത്. അതിന് ബഹുത്വഭാവമില്ല.

17. ഈ തത്ത്വത്തിന് ലൗകികമായ അസ്തിത്വത്തിന്റെ ഗുണങ്ങൾ ഒന്നുമില്ലെങ്കിലും, പരിമിതികൾ സൃഷ്ടിക്കുന്ന ബന്ധങ്ങളുടെ സംസർഗ്ഗം മൂലം സംഭ്രമിക്കപ്പെട്ട ജീവാത്മാവിന് അത് ബ്രഹ്മനാണെന്ന് തോന്നുകയില്ല.

18. 'പരബ്രഹ്മം എന്നിൽ നിന്നും വ്യത്യസ്തമായ ഒന്നാണ്. ഞാൻ വിഭിന്നനാണ്.' ഇത്തരം വിവേചനത്തിൽ വിശ്വസിക്കുന്നവർ മരണത്തിന്റെ നിയമങ്ങളാൽ ബന്ധിതരാണ്.

19. മരണം ജനനത്തെ പിന്തുടരുകയും, മരണശേഷം പുനർജന്മമുണ്ടാകുകയും ചെയ്യുന്നു. പ്രകൃതിയുടെ അവസാനിപ്പിക്കാൻ കഴിയാത്ത ഈ വൃത്തം ഇപ്രകാരം ചിന്തിക്കുന്നവരുടെ വിധിയാണ്.

20. കഠിനമായ യാഗം, തപസ്യ, ദാനം എന്നിവയിലൂടെ നേടിയെടുക്കുന്ന സ്വർഗ്ഗം, പക്ഷേ നാരായണന്റെ (ഈശ്വരന്റെ) പാദസ്മരണം ഇല്ലാത്തതാണെങ്കിൽ, ആ സ്വർഗ്ഗം കൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

21. വെറും ഇന്ദ്രിയസുഖഭോഗങ്ങൾ മാത്രം ലഭ്യമാകുന്ന സ്വർഗ്ഗത്തിൽ സ്ഥാനം നേടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഗോവിന്ദന്റെ (ഈശ്വരന്റെ) നാമം നമ്മൾ മറന്നുപോകാൻ ഇടയാക്കുകയാണെങ്കിൽ, അതുകൊണ്ട് നമുക്ക് എന്ത് പ്രയോജനമാണുള്ളത്?

22. സ്വർഗ്ഗത്തിലായാലും നരകത്തിലായാലും ഇന്ദ്രിയ സുഖങ്ങൾ ഒരുപോലെ തന്നെയാണ്. ഇന്ദ്രന്റെയും ഒരു കഴുതയുടെയും സുഖങ്ങൾ ഒരേപോലെയാണ്.

23. ഇന്ദ്രൻ എത്ര സന്തോഷത്തോടെയാണോ തന്റെ സ്വർഗ്ഗീയോദ്യാനങ്ങളിൽ വിഹരിക്കുന്നത്, അത്രയും സന്തോഷത്തോടെയാണ് കഴുത തന്റെ കുപ്പക്കൂനയിൽ കിടന്നുരുളുന്നത്. രണ്ടുപേരുടെയും സന്തുഷ്ടി ഒരുപോലെയാണ്. അതിൽ അല്പം പോലും വ്യത്യാസമുണ്ടാകില്ല.

24. ശേഖരിച്ചു വച്ച പുണ്യങ്ങൾ ക്ഷയിക്കുമ്പോൾ, താഴേയ്ക്ക് പതിക്കേണ്ടി വരുന്ന ഒരു സ്ഥലത്തിന് വേണ്ടി എന്തിന് ആഗ്രഹിക്കണം? അതിന് പകരം ഈ ഭൂമിയിൽ ജനിക്കുന്നതാണ് ശ്രേഷ്ഠം. ഈ ഭൂമിയുടെ മഹത്വം അളക്കാനാകാത്തതാണ്.

25. ഒരുവന്റെ ആയുസ്സ് ആയിരം വർഷങ്ങളാണെന്നതുകൊണ്ട് സ്വർഗ്ഗം പ്രധാന്യമേറിയതാണോ? ഭൂമിയിലെ അല്പമായ ജീവിതകാലം അതിനേക്കാൾ മികച്ചതാണ്.

26. നശ്വരമായ ജീവിതത്തിൽ എന്ത് പ്രവൃത്തികൾ ചെയ്താലും, അതൊക്കെ ഈശ്വരന് സമർപ്പിക്കുകയാണെങ്കിൽ ആ മനുഷ്യൻ ഭയത്തിൽ നിന്ന് മോചനം നേടുന്നു.

27. ഭക്തന്മാർ ഈശ്വരന്റെയും ഗുരുവിന്റെയും കഥകൾ പാരായണം ചെയ്യുകയോ ശ്രവിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അഥവാ ഈശ്വരനെ പൂജിക്കാനായി ഗാനാലാപനം ചെയ്യുകയോ നൃത്തം ചവിട്ടുകയോ ചെയ്യുന്നില്ലെങ്കിൽ അത്തരം ഒരു സ്ഥലംകൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

28. പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ലയനത്തെക്കുറിച്ചുള്ള അറിവ് അനശ്വരമാണ്; ഏറ്റവും ശ്രേഷ്ഠമായ അവസ്ഥ നേടാനുള്ള മാർഗ്ഗവും അതാണ്. അതിന് വേണ്ടിയുള്ള ഏറ്റവും മികച്ച സ്ഥലം ഭൂമിയാണ്, സ്വർഗ്ഗമല്ല.

29. ശരീരം, ഭാഷണം, മനസ്സ്, പഞ്ചപ്രാണനുകൾ എന്നിവ ഗുരുവിന് സമർപ്പിക്കുക. ഗുരുവിനെ പൂർണ്ണമായും ആശ്രയിച്ചുകൊണ്ട് അന്വേഷണാത്മകമായ ബുദ്ധിയെ ഗുരുവിൽ ലയിപ്പിക്കണം.

30. അപ്രകാരം സദ്ഗുരുവിന് സ്വയം സമർപ്പിച്ചശേഷം ലോകത്തെക്കുറിച്ച് എന്ത് ഭയമാണുണ്ടാകുക? അദ്ദേഹം എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ളപ്പോൾ ലൗകികപ്രവർത്തനങ്ങളെക്കുറിച്ച് എന്തിന് അനാവശ്യമായി വിഷമിക്കണം?

31. അജ്ഞതയുള്ളിടത്ത് സന്താനങ്ങൾ, സ്വത്തുക്കൾ എന്നിവയോട് മമതയുണ്ടാകുന്നു, അല്പം പോലും സദ്ചിന്താഗതിയുണ്ടാകാതെ ലൗകികകാര്യങ്ങളെക്കുറിച്ചുള്ള നിരന്തരമായ ഉത്കണ്ഠ ഉണ്ടാകുന്നു.

32. ഈ ബഹുത്വചിന്തയുടെ മൂലകാരണം അജ്ഞതയാണ്. അതിനാൽ യോഗ്യനായ ഒരു ആചാര്യനിൽ നിന്നും സംസ്കൃതശാസ്ത്രങ്ങളിൽ അറിവ് നേടേണ്ടത് അത്യാവശ്യമാണ്.

33. ഈ അജ്ഞത നീക്കം ചെയ്യപ്പെടുമ്പോൾ, ബഹുത്വചിന്ത അല്പം പോലും ഉണ്ടാകില്ല, അത് ആ മനുഷ്യനെ ജനനമരണവൃത്തത്തിൽ നിന്നും മോചിപ്പിക്കും. ഐക്യതയുടെ അറിവിലൂടെയാണ് ഇത് സാധ്യമാകുന്നത്.

34. വ്യത്യസ്തമായ അസ്തിത്വചിന്ത അല്പമെങ്കിലും ഉള്ളവൻ ജനനമരണവൃത്തത്തിൽപ്പെട്ട് ദുരിതമനുഭവിക്കും. എന്തുകൊണ്ടെന്നാൽ സൃഷ്ടിയും നാശവും തീർച്ചയായും ആ ചിന്താഗതിയെ പിന്തുടരുന്നു.

35. നല്ലത് അഥവാ ക്ഷേമം എന്നതാണ് അറിവിന്റെ വിഷയവസ്തു എന്നുള്ളത് നിസ്തർക്കമാണ്, എന്നാൽ 'സുഖം' മാത്രമാണ് വിഷയവസ്തു എങ്കിൽ, അത് തീർച്ചയായും അജ്ഞതയാണ്.

36. ലോകത്തിലെ ഏറ്റവും വലിയ ഭയം മരണഭയമാണ്. അതിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഗുരുവിന്റെ പാദങ്ങളിൽ അഭയം തേടുക, എന്തുകൊണ്ടെന്നാൽ അദ്ദേഹമാണ് നിങ്ങൾക്ക് ഐക്യബോധം നൽകുന്നത്.

37. ദ്വന്ദ്വഭാവവും ബഹുത്വഭാവവും ഉള്ളിടത്ത് മാത്രമെ അത്തരത്തിലുള്ള ഭയത്തിന് കടന്നുവരാൻ കഴിയൂ. അതിനാൽ അത്തരത്തിലുള്ള ഭയം അല്പം പോലും കടന്നുവരാത്തിടത്ത്, അതായത് ഗുരുപാദങ്ങളെ സേവിക്കുക.

38. അത്തരത്തിലുള്ള ഒരു ഗുരുവിന്റെ നെറ്റിത്തടത്തിൽ ശുദ്ധസ്നേഹത്തിന്റെ ചന്ദനലേപനം പുരട്ടുകയും, നിങ്ങളുടെ ഭക്തിയുടെ മഞ്ഞവസ്ത്രം അദ്ദേഹത്തിന് അർപ്പിക്കുകയും ചെയ്യുക. പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ചൈതന്യത്തെ അദ്ദേഹം തന്റെ ഭക്തർക്ക് കാട്ടിക്കൊടുക്കും.

39. ശരിയായ സാത്വികവികാരങ്ങൾ കൊണ്ട് അലങ്കരിച്ച, ദൃഢവിശ്വാസമാകുന്ന സിംഹാസനം അദ്ദേഹത്തിന് സമർപ്പിക്കുക, ആനന്ദത്തിന്റെ കണ്ണീർ കൊണ്ട് അദ്ദേഹത്തിന് സ്നാനം നൽകുക. അപ്പോൾ അദ്ദേഹം സംപ്രീതനാകും.

40. അദ്ദേഹത്തിന്റെ അരയിൽ ഭക്തിയുടെ ഒരു അരപ്പട്ട അണിയിക്കുക, ഉപ്പും നാരങ്ങയും കൊണ്ട് ദൃഷ്ടിദോഷം മാറ്റുക, നിങ്ങൾ സ്വയം അദ്ദേഹത്തിന് സമർപ്പിച്ച് കൊണ്ട് അദ്ദേഹത്തിന്റെ ആരതി ചെയ്യുക.

41. ഏതൊരു വസ്തുവിന്റെയോ പ്രവൃത്തിയുടെയോ നാശം അഥവാ ഇല്ലാതെയാകൽ അതിന്റെ അസ്തിത്വത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു മൺകുടത്തിനെ ഒരു കല്ല് കൊണ്ട് എറിഞ്ഞാൽ അതിന്റെ രൂപം ഇല്ലാതെയാകുന്നു.

42. കുടത്തിന്റെ അസ്തിത്വം തീരെ ഇല്ലാതാകുന്നു എന്ന് അതിന് അർത്ഥമില്ല. കുടത്തിന്റെ ഉടഞ്ഞ ഭാഗങ്ങൾ ചേർത്തുവയ്ക്കുകയാണെങ്കിൽ അതിന് വീണ്ടും അതിന്റെ ആദ്യത്തെ രൂപം ഉണ്ടാകും.

43. അതിനാൽ ഒരു വസ്തുവിന്റെ നാശം എന്നറിയപ്പെടുന്നത് യഥാർത്ഥത്തിൽ അതിന്റെ മൂലഹേതുവിന്റെ ശാശ്വതമായ അസ്തിത്വത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ ഏതൊരാളിന്റെയും ശരീരത്തിന്റെ നാശം ശൂന്യത ഉണ്ടാക്കുന്നില്ല.

44. ഒരു പ്രവൃത്തിയും ഒരു കാരണവുമില്ലാതെ നടക്കുന്നില്ല. അഗോചരമായത് ഗോചരമാകുന്നു, എന്തുകൊണ്ടെന്നാൽ അത് എല്ലായ്പ്പോഴും സത്യത്തിൽ അധിഷ്ഠിതമായിരിക്കുന്നു. ഇത് അനുഭവത്തിലൂടെ വളരെ വ്യക്തമാണ്.

45. കാരണത്തിന്റെയും പ്രഭാവത്തിന്റെയും ചങ്ങല വ്യക്തമാക്കുന്നത് സൂക്ഷ്മതയുടെ ചെറുതും വലുതുമായ തോതിനെയാണ്. ആ അവസ്ഥയിൽ സ്ഥൂല പ്രഭാവം നശിപ്പിക്കപ്പെടുന്നു. പിന്നീട് നിലനിൽക്കുന്നത് അഥവാ അവശേഷിക്കുന്നത് സൂക്ഷ്മകാരണമാണ്.

46. അതും നശിച്ചു കഴിഞ്ഞാൽ കൂടുതൽ സൂക്ഷ്മമായ മറ്റൊന്ന് അവശേഷിക്കുന്നു, അപ്പോൾ ഇന്ദ്രിയബോധവും മനസ്സും ബുദ്ധിയും അറിയുന്ന അവസ്ഥയുണ്ടാകുന്നു.

47. ബുദ്ധിയും നശിച്ചുകഴിഞ്ഞാൽ മാത്രമേ, രൂപമുള്ളത് രൂപമില്ലാത്തതിൽ തിരികെ ലയിക്കുകയുള്ളൂ. എന്നിരുന്നാലും, ഹേതുവിനെ അതായത് നിരാകാരത്തെ മറയ്ക്കാൻ കഴിയില്ല എന്തെന്നാൽ അത് എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു.

48. ബുദ്ധി ആഗ്രഹങ്ങൾക്ക് വഴിവയ്ക്കുന്നു. അതിനാൽ അത് നശിച്ചാലുടൻ ആത്മൻ പ്രത്യക്ഷമാകുകയും അനശ്വരത എന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു.

49. അജ്ഞത, മിഥ്യാധാരണ, ആഗ്രഹം, പ്രവൃത്തി എന്നിവയാണ് മരണത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഇവയുടെ നാശത്തിലൂടെ ബന്ധനം അവസാനിക്കുന്നു.

50. എല്ലാ ബന്ധനങ്ങളും നശിക്കുമ്പോൾ ആത്മൻ നിഷ്പ്രയാസം പ്രത്യക്ഷമാകുന്നു, മേഘങ്ങൾ ചിതറി മാറുമ്പോൾ സ്വയം പ്രകാശിതമായ സൂര്യൻ തെളിയുകയും പ്രകാശിക്കുകയും ചെയ്യുന്നതുപോലെ.

51. 'ഞാൻ ദേഹമാണ്, ഇത് എന്റെ സ്വത്താണ്' എന്നുള്ളത് ഏറ്റവും വലിയ അഹംഭാവമാണ്. ഇവയിലൂടെയാണ് മായ നമ്മുടെ ഹൃദയത്തെ ബന്ധിക്കുന്നതും, നമ്മുടെ എല്ലാ ദുഃഖങ്ങളുടെയും കാരണവും.

52. ഒരിക്കൽ ഈ ദേഹം നശിക്കുകയും, കർമ്മവാസനകളാൽ, ആ കർമ്മങ്ങളുടെ ബീജാവസ്ഥ വരെ നശിപ്പിക്കുന്നതിന് വേണ്ടി മറ്റൊരു ശരീരം സ്വീകരിക്കുകയും, ആ കർമ്മവാസനകളെ പാടേ നശിപ്പിക്കാൻ കഴിയാതെ വരികയും ചെയ്താൽ മറ്റൊരു ജന്മം തീർച്ചയാണ്.

53. ഒരിക്കൽ കൂടി വിത്തുകൾ വളർന്ന് വൃക്ഷങ്ങളാകുന്നു. വാസനകളുടെ വിത്തുകളിൽ നിന്നാണ് ദേഹം സ്വീകരിക്കുന്നത്. അത്തരത്തിൽ സകല വാസനകളും നശിക്കുന്നത് വരെ ഇതൊരു അവസാനമില്ലാത്ത ചക്രമാണ്.

54. ആഗ്രഹങ്ങളെ അവയുടെ മൂലവേരുകളോടെ നശിപ്പിക്കുകയാണെങ്കിൽ ഹൃദയത്തിലെ ബന്ധനങ്ങൾ മാറ്റപ്പെടും. അത്തരത്തിലുള്ള ഒരു മനുഷ്യൻ അനശ്വരനാകുന്നു. ഇതാണ് വേദങ്ങളിലെ വചനങ്ങളും.

55. ശാസ്ത്രവിധിപ്രകാരമുള്ള ധാർമ്മികവും അധാർമ്മികവുമായ പെരുമാറ്റങ്ങൾക്ക് അതീതമായ ഒരു അവസ്ഥ 'വിരാജ' (ശുദ്ധമായത്) എന്നറിയപ്പെടുന്നു, അത് സകല അജ്ഞതകളെയും നശിപ്പിക്കുകയും മരണത്തിന് സ്ഥാനമില്ലാതെയാകുകയും ചെയ്യുന്നു.

56. വാസനകളിൽ നിന്ന് മോചനം നേടുന്നത് ബ്രഹ്മാണ്ഡ (ദൈവികാനന്ദം) വുമായി ഐക്യത നൽകുന്നതാണ്, അത് വാക്കുകൾ കൊണ്ട്, അതായത് ഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ, വർണ്ണിക്കാൻ കഴിയാത്തതാണ്.

57. പരമാത്മാവിനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം തന്നെയാണ് സകല തിന്മകളുടെയും ഇല്ലായ്മ – ശ്രുതികളും സ്മൃതികളും ഉദ്ഘോഷിക്കുന്ന ആത്യന്തികമായ നേട്ടവും അത് തന്നെയാണ്.

58. "ബ്രഹ്മനെക്കുറിച്ചുള്ള അറിവും അനുഭവവുമാണ് ആത്യന്തികമായ നേട്ടം." ഇതാണ് ബ്രഹ്മാണ്ഡത്തിലെ ഉത്കൃഷ്ടമായ അവസ്ഥ. ഇതിൽ കൂടുതൽ ശ്രേഷ്ഠമായ അവസ്ഥ എന്താണുള്ളത്? "ജീവാത്മാവിന്റെ എല്ലാ ദുഃഖങ്ങളും തരണം ചെയ്യാൻ കഴിയും."

59. ഭവസാഗരം പൂർണ്ണമായും കടന്ന് മറുകര എത്തുന്നതിനായി, ബ്രഹ്മനെക്കുറിച്ചുള്ള അറിവാണ് സകലതും നേടുന്നതിനുള്ള ഏറ്റവും ഉത്തമവും സർവ്വപ്രധാനവുമായ മാർഗ്ഗം.

60. പൂർണ്ണവിശ്വാസവും, തികഞ്ഞ ക്ഷമയും ശീലിക്കുക. അവ ഉമയുടെയും മഹേശ്വരന്റെയും സകാരരൂപമാണ്. ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഈശ്വരൻ അദ്ദേഹത്തിന്റെ ദയാഹസ്തം നിങ്ങളുടെ ശിരസ്സിൽ വയ്ക്കാത്തിടത്തോളം കാലം ഈശ്വരസാന്നിദ്ധ്യം നിങ്ങളുടെ ഹൃദയത്തിലുണ്ടാകില്ല.

61. വാക്കുകൾക്ക് ഒരിക്കലും പാഴാകാത്ത ശക്തിയുണ്ടായിരുന്ന ശ്രേഷ്ഠഗുരുവായ സായിനാഥ് പറഞ്ഞു: "വിശ്വാസവും അല്പം ധൈര്യവുമുണ്ടെങ്കിൽ മഹത്തായ യശസ്സ് നിങ്ങളുടേതാകും."

62. കാണപ്പെടുന്ന ലോകമൊക്കെ തീർച്ചയായും അയഥാർത്ഥമാണ്. ഇത് ഗ്രഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉറക്കമെഴുന്നേൽക്കുമ്പോൾ അപ്രത്യക്ഷമാകുന്ന, സ്വപ്നങ്ങളിൽ ദർശിക്കപ്പെടുന്ന വസ്തുക്കളുടെ കാര്യം ഉദാഹരണമായി എടുക്കുക.

63. ബുദ്ധിയുടെ പരിധിയും അത്രത്തോളം മാത്രമേയുള്ളൂ. ജീവാത്മാവിന്റെ അസ്തിത്വാവസ്ഥയും അത് വരെ മാത്രമേയുള്ളൂ. എന്നാൽ അസ്തിത്വത്തിനും അസ്തിത്വമില്ലായ്മയ്ക്കും സ്ഥാനമില്ലാത്തതാണ് യാഥാർത്ഥികമായ അവസ്ഥ, അതായത് പരമാത്മാവ്.

64. സത്, അസത് എന്നീ ഗ്രാഹ്യമില്ലാതെ, ലിംഗഭേദമില്ലാതെ, യാതൊരു ഗുണങ്ങളുമില്ലാതെ വർത്തിക്കുന്നതാണ്, സർവ്വവ്യാപിയായ പരമാത്മാവിന്റെ പ്രകൃ

തം, അത് പലതരത്തിൽ വാക്കുകളിലൂടെ വിവരിക്കപ്പെട്ടിട്ടുണ്ട്.

65. ആത്മാവ് ഗുണരഹിതവും, വാർദ്ധക്യം, ജനനം, മരണം എന്നിവയ്ക്ക് അതീതവുമാണ്. അത് പ്രാചീനവും അനശ്വരവും നശിപ്പിക്കപ്പെടാൻ കഴിയാത്തതും, സ്വയം നശിക്കാത്തതുമാണ്.

66. അത് സ്ഥിരമായി നിലനിൽക്കുന്നതും, ജനനമില്ലാത്തതും, ആകാശം പോലെ സർവ്വവ്യാപിയും, അവസാനമില്ലാത്തതും, വിഭജിക്കാൻ കഴിയാത്തതും, വളർച്ചയും മാറ്റവുമില്ലാത്തതുമാണ്.

67. അപ്പോൾ വാക്കുകൾക്ക് അതീതവും, രൂപമില്ലാത്തതും, തുടക്കവും ഒടുക്കവും ഇല്ലാത്തതും, ഗഹനവും, നശിക്കപ്പെടാത്തതും, മണവും രുചിയുമില്ലാത്തതും, അകളങ്കിതവുമായ അതിനെ ആർക്കാണ് വിശദീകരിക്കാൻ കഴിയുക?

68. അങ്ങനെ, നിർഗുണവും വിഭജിക്കാൻ കഴിയാത്തതുമായ ഈ ആത്മാവിനെ അജ്ഞത മൂലം തിരിച്ചറിയാൻ കഴിയാതെ വരുന്നു. അപ്പോൾ ഈ അജ്ഞതയെ അറിവുകൊണ്ട് നീക്കം ചെയ്യുക. പക്ഷേ, ഒരിക്കലും ആത്മാവ് നിലനിൽക്കുന്നില്ല എന്ന് പറയരുത്.

69. ശ്രീ സായിയുടെ ഗ്രഹണാവസ്ഥ എത്ര ആശ്ചര്യകരമായിരുന്നു, അത് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവമായിരുന്നു! മോഷ്ടാവായ കാലം അത് തട്ടിയെടുത്തു. അത് വീണ്ടും കാണാൻ കഴിയുമോ?

70. ധനം, സന്താനം, ഭാര്യ എന്നിവയോട് മമതയിൽ കഴിയുന്ന ഭക്തന്മാരെ നമുക്ക് വിട്ടുകളയാം. ദർശനത്തിനായി എത്തിയ, വളരെ നിർമ്മമരായ യോഗികൾ പോലും അദ്ദേഹത്തിന്റെ പാദങ്ങളിൽ ഗാഢമായി ആകർഷിക്കപ്പെട്ടു.

71. ലോകത്തിൽ ജീവിക്കുന്നെങ്കിലും, സകല ആഗ്രഹങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നും ശരീരം, ഗൃഹം എന്നിവയിൽ നിന്നും ബന്ധവിമുക്തരായി ജീവിക്കുന്ന ഭക്തൻ അനുഗൃഹീതനാണ്.

72. സായി മാത്രം കാഴ്ചയുടെ ഏകലക്ഷ്യ വസ്തുവായി കരുതുന്ന ഒരുവന് മറ്റെന്തെങ്കിലും കാണാൻ കഴിയുമോ? അവൻ നോക്കുന്നിടത്തെല്ലാം സായി ഇല്ലാത്ത ഒരു സ്ഥലമുണ്ടാകില്ല.

73. സായിയുടെ നാമം ജപിക്കുകയും, ഹൃദയത്തിൽ സായിയോട് സ്നേഹമുള്ളവനുമായ ഒരുവന് ക്ഷേമവും ശാന്തിയും തീർച്ചയായും ലഭിക്കും. സായി സ്വയം അവനെ സംരക്ഷിക്കും.

74. സായിയെക്കുറിച്ച് മാത്രം കേൾക്കുകയും സായിയെക്കുറിച്ച് മാത്രം സംസാരിക്കുകയും, സായിയുടെ സുഗന്ധം മാത്രം നിശ്വസിക്കുകയും നാവിൽ സായിയുടെ നാമം മാത്രം രുചിക്കുകയും ചെയ്യുന്ന ഭക്തന്റെ കാര്യവും അതേപോലെയായിരിക്കും.

75. പരിശുദ്ധമായ സന്തോഷം പ്രസരിപ്പിക്കുന്ന സായിയുടെ പുഞ്ചിരി തൂകുന്ന മുഖം എത്ര ആശ്ചര്യകരമായിരുന്നു. അത് ദർശിക്കുകയും അദ്ദേഹത്തിന്റെ വാക്കുകളാകുന്ന അമൃത് നുകരുകയും ചെയ്തവൻ അനുഗൃഹീതനും ഭാഗ്യവാനും ആകുന്നു.

76. നമ്മുടെ ക്ഷേമത്തിന്റെ ഉറവിടവും നമ്മുടെ ശാന്തിയുടെയും സന്തോഷത്തിന്റെയും ഹേതുവുമായ അദ്ദേഹം വിവേചനബുദ്ധിയും വിരക്തിയും നിറഞ്ഞ് സദാ ആന്തരികമായി ജാഗ്രതയോടെ വർത്തിച്ചിരുന്നു.

77. പശുക്കിടാവ് നിറയെ പാൽ കുടിച്ചാലും, തള്ളയുടെ സമീപത്ത് നിന്ന് മാറാതെ നിൽക്കുന്നത് പോലെ, മനസ്സിനെ ഒരു കയർ കൊണ്ട് ഗുരുപാദങ്ങളിൽ ബന്ധിപ്പിക്കണം.

78. ഗുരുവിന്റെ അനുഗ്രഹവും സ്നേഹവും ലഭിക്കാൻ അദ്ദേഹത്തിന്റെ പാദധൂളികളിൽ വന്ദിക്കുക. മനസ്സിൽ അദ്ദേഹത്തിന്റെ ഉപദേശം ഓർക്കുകയും, ഓരോ ചുവടുവയ്പിലും അത് അനുഭവിക്കുകയും ചെയ്യുക.

79. നിങ്ങളുടെ ഹൃദയത്തിന് തൃപ്തിയാവോളം ഇന്ദ്രിയസുഖങ്ങളിൽ മുഴുകുമ്പോൾ മനസ്സിൽ സായിയുടെ സ്നേഹം ഓർക്കുക, എന്തുകൊണ്ടെന്നാൽ ആത്യന്തികമായി രണ്ടു നേട്ടങ്ങളും – അതായത് ലൗകികസുഖങ്ങളും ആത്മീയലക്ഷ്യങ്ങളും, നേടാൻ അത് നിങ്ങളെ സഹായിക്കും.

80. മന്ത്രങ്ങളിലും വശീകരണത്തിലും സാമർത്ഥ്യം നേടിയ ഒരുവന്റെ പക്കൽനിന്നും അഞ്ജനം നേടിയാൽ, കാലുകൾ ആദ്യം പുറത്തേയ്ക്ക് ജനിച്ച ഒരുവന് (പായാലു) ഭൂമിക്കടിയിൽ മറഞ്ഞുകിടക്കുന്ന നിധി കണ്ടെത്താനാകും. അതേപോലെ ഗുരുപാദങ്ങളിലെ ധൂളി ആത്മീയജ്ഞാനവും ശാസ്ത്രീയജ്ഞാനവും നൽകുന്നു.

81. ഒരു സിദ്ധന്റെ സ്വഭാവഗുണങ്ങൾ, ആത്മീയാന്വേഷിക്ക് അധ്യയനത്തിനുള്ള മാർഗ്ഗങ്ങളായിരിക്കണം, ഒപ്പം നിതാന്തമായ അഭ്യാസവും പരിശ്രമവും ആവശ്യമാണ്.

82. ശുദ്ധമായ വെണ്ണ പാലിൽ നിന്നുമാണ് ഉണ്ടാകുന്നത്. പക്ഷേ പാലിനെ പുളിപ്പിച്ചില്ലെങ്കിൽ മോരുമുണ്ടാകില്ല, വെണ്ണയുമുണ്ടാകില്ല, എന്തുകൊണ്ടെന്നാൽ ഇതെല്ലാം ചില പ്രത്യേക പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു.

83. മോര് കടയാതെ ഒരുവന് വെണ്ണ ലഭിക്കില്ല; വെണ്ണ തീയിൽ തിളപ്പിച്ചില്ലെങ്കിൽ രുചികരമായ ശുദ്ധവെണ്ണ ലഭിക്കില്ല.

84. മുൻകാലങ്ങളിൽ ചെയ്ത അഭ്യാസത്തിന്റെ ഫലമായുണ്ടായ ബോധത്തിന്റെയും ബുദ്ധിയുടെയും ശക്തിയാണ് ആവശ്യമായുള്ളത്. പഠനം നടത്താതെ മനഃശുദ്ധി ഉണ്ടാകില്ല, അതില്ലാതെ ആത്മീയജ്ഞാനലബ്ധി വാസ്തവികമായും അസാദ്ധ്യമായിരിക്കും.

85. മനസ്സ് ശുദ്ധമാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആത്മജ്ഞാനം നേടാൻ കഴിയൂ. ആ അവസ്ഥയിൽ എത്തുന്നത് വരെ ഈശ്വരഭക്തി ഉപേക്ഷിക്കരുത്.

86. ആത്മജ്ഞാനത്തിന്റെ ക്ഷേത്രം ഉയർത്തുവാനും, അതിൽ മുക്തിയുടെ നാല് സ്തൂപികകൾ തിളങ്ങാനും കഠിനവ്രതത്തിന്റെ ധ്വജം പാറിക്കളിക്കാനും, ഒരുവന് ഈശ്വരഭക്തിയുടെ അസ്ഥിവാരം ആവശ്യമാണ്.

87. പകലും രാത്രിയും നായകളും പന്നികളും അഴുക്കിൽ ഉരുണ്ട് മറിഞ്ഞ് വിസർജ്ജ്യം ഭക്ഷിക്കുന്നു. അവ ഇന്ദ്രിയസുഖമാണ് അനുഭവിക്കുന്നത്. മനു

ഷ്യരും അതേപോലെയാണോ ആകേണ്ടത്?

88. മനുഷ്യർ ഉപാസനകൾ അനുഷ്ഠിച്ച് മനഃശുദ്ധി നേടണം, അതിലൂടെ പൂർണ്ണമായും പരമാത്മജ്ഞാനം കരഗതമാക്കണം. മതശാസനങ്ങളിൽ അധിഷ്ഠിതമായുള്ള അത്തരം ശീലങ്ങളാണ് തുടക്കത്തിൽ വേണ്ടത്.

89. ദിവ്യന്മാർക്ക് നൽകുന്ന സേവനങ്ങൾ മോക്ഷത്തിന്റെ കവാടങ്ങൾ തുറന്നു നൽകുന്നു, എന്നാൽ മൈഥുനിക വിഷയാസക്തിയിൽ മുഴുകുന്നത് നരകത്തിന്റെ വാതിലുകളാണ് തുറന്നുനൽകുക. ആദരണീയരായ മുതിർന്ന വ്യക്തികളുടെ ഈ വാക്കുകൾ, എല്ലായ്പ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്.

90. പെരുമാറ്റങ്ങൾ എപ്പോഴും നല്ലതും ധാർമ്മികവും, ശരീരത്തെ നിലനിർത്താൻ വേണ്ടി മാത്രം ഭക്ഷണം കഴിക്കുകയും, ഗൃഹം, ഭാര്യ എന്നിവയോട് മമതയില്ലാതെ കഴിയുകയും ചെയ്യുന്ന ഒരു വ്യക്തി അനുഗൃഹീതനും ഋഷിതുല്യനുമാണ്.

91. സായിയെ സദാ ധ്യാനിക്കുന്നവരെ (കണ്ണുകൾ അടയ്ക്കാതെ) സായി സ്വയം സ്മരിക്കുകയും താൻ അവർക്ക് കടപ്പെട്ടവനായി ചിന്തിക്കുകയും ചെയ്യുന്നു. – ഈ അനുഭവത്തിന്റെ ആശ്ചര്യം കാണുക!

92. ഈശ്വരനാമം ജപിക്കുന്നതിന്റെ മഹത്വം അനുഗൃഹീതമാണ്! ഗുരു പോലും അപ്പോൾ ഭക്തനെ സ്മരിക്കുന്നു. ധ്യാതാവ് ധ്യാനിക്കുന്ന വസ്തുവുമായി ഒന്നാകുകയും രണ്ടുപേരും സ്വയം പൂർണ്ണമായും മറക്കുകയും ചെയ്യുന്നു.

93. “നിന്റെ പ്രവൃത്തികൾക്ക് ഉത്തരവാദി നീ തന്നെയാണ്. ഞാനാകട്ടെ നിരന്തരം നിന്നെ ഓർക്കുന്നു.” ഇത്തരം സ്നേഹപൂർണ്ണമായ വാക്കുകൾ പലരും ബാബയിൽ നിന്ന് കേട്ടിട്ടുണ്ട്.

94. നമുക്ക് ശാസ്ത്രങ്ങളുടെ ആവശ്യമില്ല. സായിയുടെ ഈ ഒറ്റ ഒരു സേവനപ്രവൃത്തി മതിയാകും. ചെയ്തുപോയ പാപങ്ങൾ എത്രയായാലും എല്ലാ പ്രയാസങ്ങളിലും നമ്മുടെ രക്ഷകനായി അദ്ദേഹമുണ്ടാകും.

95. തുടർച്ചയായി ഗ്രന്ഥം മുഴുവൻ പാരായണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ, ഗുരുഭക്തിയെക്കുറിച്ചുള്ള അധ്യായങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് അവ ഹൃദയത്തിൽ നിറയ്ക്കുക. അവ എല്ലാ ദിവസവും കൃത്യമായി ശ്രവിക്കുക.

96. ഈ ജീവചരിത്രം, പതിവായി, ദിവസത്തിന്റെ ഏതെങ്കിലും സമയത്ത് വായിക്കുക. ശ്രീഹരി, ഗുരു രാജനോടൊപ്പം തീർച്ചയായും അദ്ദേഹത്തിന്റെ ഭക്തരുടെ സമീപത്തെത്തും.

97. ഇത് പതിവായി പാരായണം ചെയ്യപ്പെടുന്ന ഗൃഹങ്ങളിൽ ലക്ഷ്മീദേവി സ്ഥിരമായി വസിക്കും. കുറഞ്ഞപക്ഷം ഒരാഴ്ച ഗ്രന്ഥം മുഴുവൻ പാരായണം ചെയ്യുന്നത് ദാരിദ്ര്യം അകറ്റും.

98. ഞാൻ ഇത് പറയുകയാണെന്ന് ചിന്തിക്കരുത്, കാരണം അത് തെറ്റിദ്ധാരണ ഉണ്ടാക്കും. സായി സ്വയം എന്റെ ഭാഷണത്തിലൂടെ സംസാരിക്കുകയാണ്. കുഴപ്പം സൃഷ്ടിക്കുന്ന ചിന്താഗതികൾ മാറ്റിവയ്ക്കുക.

99. സകല സദ്ഗുണങ്ങളുടെയും നിലവറയായ സായി, അദ്ദേഹത്തിന്റെ ഭക്തർക്ക്

മോക്ഷം നൽകുന്നവനാണ്. അദ്ദേഹത്തിന്റെ കഥകൾ കലിയുഗത്തിലെ സമസ്ത പാപങ്ങളെയും നശിപ്പിക്കുന്നു. ശ്രോതാക്കൾ അവ ശ്രവിക്കണം.

100. അത്തരത്തിലുള്ള ഒരു ദിവ്യന്റെ കഥയുമായി താരതമ്യം ചെയ്യുമ്പോൾ സ്വർഗ്ഗീയാനന്ദം വെറും തൃണസമാനമാണ്. ഈ യഥാർത്ഥ കഥയുടെ ശ്രേഷ്ഠമായ നേട്ടം മാറ്റിവച്ച്, എപ്പോഴെങ്കിലും ശിരസ്സുയർത്തി അവിടേയ്ക്ക് നോക്കാനായി ആരാണ് തയ്യാറാകുക?

101. സന്തോഷവും ദുഃഖവും മനസ്സിന്റെ ഭാവങ്ങളാണ്. ഒരു ദിവ്യനുമായുള്ള സംസർഗ്ഗം മാറ്റമില്ലാത്ത അവസ്ഥ നൽകുന്നു. അത് മനസ്സിനെ ഈശ്വരചൈതന്യവുമായി ലയിപ്പിക്കുകയും ദുഃഖത്തിനോ സുഖത്തിനോ ഇടം നൽകുകയും ചെയ്യുന്നില്ല.

102. വിരക്തനായി ഏകാന്തതയിൽ ഇരിക്കുന്ന ഒരു വ്യക്തിയോ, അല്ലെങ്കിൽ ഭക്തിയിലൂടെ ഒരു ഭക്തനോ അനുഭവിക്കുന്ന തരത്തിലുള്ള സന്തോഷം ഇന്ദ്രനോ ഒരു ചക്രവർത്തിക്കോ ലോകാവസാനം വരെയും അനുഭവിക്കാൻ കഴിയില്ല.

103. വിധി വളരെ ശക്തമാണ്. ഒരുവന്റെ ബുദ്ധി ആശ്രയിച്ചിരിക്കുന്നത് പൂർവ്വജന്മങ്ങളിലെ പ്രവൃത്തികളെയാണ്. പക്ഷേ, ഒരു ഭക്തന്, അവന് വിധിക്കപ്പെട്ടിരിക്കുന്ന അനന്തരഫലങ്ങളെ ഒരു ദിവ്യന്റെ ലീലകളിലൂടെ ഒഴിവാക്കാൻ സാധിക്കുന്നു.

104. നിങ്ങൾ സ്വയം അശ്രാന്ത പരിശ്രമങ്ങൾ നടത്തിയാലും കർമ്മഫലങ്ങളെ ഒഴിവാക്കാൻ നിങ്ങൾക്ക് കഴിയില്ല; എന്തുകൊണ്ടെന്നാൽ കർമ്മവും കർമ്മഫലവും തമ്മിൽ വേർതിരിക്കാൻ കഴിയാത്ത വിധത്തിൽ ചേർന്നിരിക്കുകയാണ്.

105. വിധിയുടെ അനന്തരഫലങ്ങളെയും അത് മൂലമുണ്ടാകുന്ന ആവശ്യപ്പെടാത്ത ദുഃഖവും സങ്കല്പിക്കാൻ കഴിയാത്ത സന്തോഷവുമൊക്കെ മുൻകൂട്ടി കാണാൻ ദിവ്യൻമാർക്ക് കഴിയും.

106. നിരന്തരം അങ്ങയുടെ നാമം ജപിക്കുന്നതാണ് നമ്മുടെ വ്രതവും തപസ്യയും ദാനവും; ഇടയ്ക്കിടയ്ക്ക് ഷിർദി സന്ദർശിക്കുന്നതാണ് നമ്മുടെ തീർത്ഥയാത്ര.

107. "സായി, സായി" എന്നതാണ് നമ്മൾ സ്മരിക്കുന്ന നാമം, അത് തന്നെയാണ് സകല ദേവതകളെയും പ്രസാദിപ്പിക്കാനുള്ള മന്ത്രവും. ഇതാണ് നമ്മുടെ ധ്യാനവും നമ്മുടെ ഉരുവിടലും. പൂർണ്ണമനസ്സോടെ അദ്ദേഹത്തിൽ സ്വയം സമർപ്പിക്കുക.

108. അദ്ദേഹത്തിന്റെ യഥാർത്ഥ പൂജ, കളങ്കമില്ലാത്ത സ്നേഹപൂർണ്ണമായ ഒരു ബന്ധമാണ്. എന്നിട്ട് നിങ്ങളുടെ ഉള്ളിൽ സ്വയം അദ്ദേഹത്തിന്റെ ഗഹനമായ ശക്തികൾ ഗ്രഹിക്കുക.

109. ദീർഘമായ ഈ വിവരണം അവസാനിപ്പിക്കാം. ഉടനെ മധുരമായ എന്തെങ്കിലും നമുക്ക് ആവശ്യമാണ്. മുമ്പ് സൂചിപ്പിച്ച മനോഹരമായ കഥ കേൾക്കാൻ എല്ലാവരും ഉത്സുകരാകുക.

110. ശ്രോതാക്കളുടെ ഔത്സുക്യം പരിഗണിച്ചുകൊണ്ട്, മുമ്പ് സൂചിപ്പിച്ച കഥയുടെ ആശ്ചര്യം ഞാൻ വളരെ ചുരുക്കിയിട്ടുണ്ട്, അതിനാൽ പൂർണ്ണമായ ശ്രദ്ധയുണ്ടാകും.

111. ഏറ്റവും താഴ്ന്നവനായ, മൂഢബുദ്ധിയായ കാവ്യവ്യാകരണത്തിന്റെ പ്രഥമ ജ്ഞാനം പോലും അറിയാത്ത എന്റെ കൈ പിടിച്ച് സായി ആഗ്രഹിക്കുന്നത് അദ്ദേഹം എഴുതിക്കുകയാണ്.

112. സായി എനിക്ക് ബുദ്ധി നൽകിയില്ലെങ്കിൽ ഈ കഥ എഴുതാൻ ഞാൻ ആരാണ്? അദ്ദേഹം സ്വയം അദ്ദേഹത്തിന്റെ കഥ പറയുകയും, അദ്ദേഹം സ്വയം എഴുതുകയും ചെയ്യുന്നു.

113. അങ്ങനെ, മുമ്പ് സൂചിപ്പിച്ച ചാവടി, ഹാൻഡി, പ്രസാദം തുടങ്ങിയ കഥകൾ ഇപ്പോൾ വിവരിക്കുന്നതാണ്. ആ വിവരണം ശ്രവിക്കുക.

114. അതുപോലുള്ള കഥകളും, ഞാൻ ഓർമ്മിക്കുന്ന മറ്റേതെങ്കിലും കഥകളും കൂടി ഞാൻ വിവരിക്കുന്നതാണ്. ശ്രദ്ധയോടെ അവ ശ്രവിക്കുക.

115. സായിയുടെ കഥകളുടെ ആശ്ചര്യം അനുഗൃഹീതമാണ്! അവ ശ്രവിക്കുന്നത് രണ്ടിരട്ടി അനുഗൃഹീതമാണ്. അവ ധ്യാനിക്കുന്നതിലൂടെ ഒരുവന് യഥാർത്ഥ ആത്മാനുഭവം ലഭിക്കുകയും അത് സായിയുടെ പാദങ്ങളിൽ ഭക്തി വളർത്തുകയും ചെയ്യുന്നു.

116. ഇപ്പോൾ, ആദ്യമായി ചാവടിയെക്കുറിച്ചുള്ള വിവരണവും പിന്നീട് ചാവടിആഘോഷത്തെക്കുറിച്ച് ഒരു രൂപരേഖയും നൽകുന്നതാണ്. ബാബ ഒരു അനുഷ്ഠാനം പോലെ, ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ചാവടിയിൽ ഉറങ്ങുമായിരുന്നു.

117. ഒരു ദിവസം രാത്രിയിൽ മസ്ജിദിലും പിറ്റേദിവസം രാത്രിയിൽ ചാവടിയിലും ഉറങ്ങുന്ന ബാബയുടെ ഈ പതിവ് മഹാസമാധിവരെ തുടർന്നുപോന്നു.

118. പിന്നീട് 1909 ഡിസംബർ 10 മുതൽ ചാവടിയിൽ ബാബയുടെ ആരാധനയും ഭജനയും തുടങ്ങി.

119. ചാവടി ആഘോഷങ്ങളെപ്പറ്റി എന്റെ കഴിവിന് അനുസരിച്ച് വിവരിക്കാൻ ഇപ്പോൾ കഴിയട്ടെ. സായി എനിക്ക് ആവശ്യമായ അനുഗ്രഹം നൽകുകയും ഈശ്വരൻ അത് പൂർത്തിയാക്കാൻ എന്നെ സഹായിക്കുകയും ചെയ്യട്ടെ.

120. ബാബ ചാവടിയിലേയ്ക്ക് പോകുന്ന ദിവസം ഭജനസംഘം മസ്ജിദിലെത്തി, ഏതാനും മണിക്കൂറുകൾ മസ്ജിദിന്റെ മുറ്റത്ത് ഭജനകൾ പാടും.

121. പുറകിൽ മനോഹരമായി അലങ്കരിച്ച രഥമുണ്ടാകും; വലത് വശത്ത് പരിശുദ്ധമായ തുളസി നട്ടിരിക്കുന്ന ഉയർന്ന തൂൺതറയുണ്ടാകും; അതിന് അഭിമുഖമായി ബാബ ഇരിക്കുന്നുണ്ടാകും; മധ്യത്താണ് പാട്ടുകാർ ഭജനകൾ പാടിയിരുന്നത്.

122. ഭക്തിഭജനകളോട് വളരെ ആദരവുള്ള, സ്ത്രീകളും പുരുഷന്മാരും അടങ്ങിയ ഭക്തർ, വളരെ നേരത്തെ തന്നെ ഭജനകൾ കേൾക്കാൻ തയ്യാറായി മുറ്റത്ത് സന്നിഹിതരായിരിക്കും.

123. ഭക്തന്മാരുടെ കൈവശമുള്ള താൽ[1], ചിപ്ലി[2], മൃദംഗം[3], ഖൻജാരി[4], ഘോൾ[5] തുടങ്ങിയ വാദ്യങ്ങളുടെ തിരമാലകളിൽ ഭജനകളുടെ ശബ്ദം നിറയും; ചിലർ കൈകൾ കൊണ്ട് താളമുണ്ടാക്കിയിരുന്നു.

124. ഭക്തന്മാരെ അവരറിയാതെ തന്നെ, അദ്ദേഹത്തിന്റെ പാദങ്ങളിലേയ്ക്ക്, ആകർഷണശക്തി കൊണ്ട്, ഇരുമ്പ് കഷണങ്ങളെപ്പോലെ ആകർഷിച്ചിരുന്ന കാന്തക്കല്ലായിരുന്നു സായിസമർത്ഥൻ.

125. ദീപവാഹകർ മുറ്റത്ത് അവരുടെ ദീപങ്ങൾ തെളിയിക്കും. രഥം അവിടെ വച്ച് തന്നെ ചിലർ അലങ്കരിക്കും. വാതിൽക്കൽ, ആവർത്തിച്ച് ജയഘോഷം മുഴക്കാൻ തയ്യാറായി, ദണ്ഡ്‌വാഹകർ നിൽക്കുന്നുണ്ടാകും.

126. വീഥികൾ കൂട്ടിമുട്ടുന്ന ഭാഗത്ത് (കോണിൽ) കമാനങ്ങളും ഹാരങ്ങളും തോരണങ്ങളും ഉണ്ടാകും. പതാകകൾ ആകാശത്ത് ഉയർന്ന് പറക്കുന്നുണ്ടാകും. ചെറിയ കുട്ടികൾ പുതിയ വസ്ത്രങ്ങളും ആഭരണങ്ങളും അണിയിക്കപ്പെട്ടിരിക്കും.

127. മസ്ജിദിന് ചുറ്റും അനേകം നിരകളിൽ മൺചിരാതുകൾ കത്തി നിൽക്കുന്നുണ്ടാകും. മുറ്റത്തിന്റെ പ്രവേശന കവാടത്തിൽ ശ്യാമകർണൻ എന്ന കുതിര പൂർണ്ണമായും കുതിരച്ചമയങ്ങളണിയിക്കപ്പെട്ട് നിൽക്കുന്നുണ്ടാകും.

128. ഇതിനിടയ്ക്ക് താത്ത്യാപാട്ടീൽ ഒരു സംഘം ആളുകളോടൊപ്പം എത്തും. അയാൾ, ബാബയോടൊപ്പം പുറപ്പെടാൻ തയ്യാറായി ബാബയുടെ സമീപത്ത് ഇരിക്കും.

129. ബാബ തയ്യാറായാലും, താത്ത്യ എത്തുന്നതുവരെ അയാളുടെ വരവിന് കാത്തുകൊണ്ട് അദ്ദേഹത്തിന്റെ സ്വന്തം ഇരിപ്പിടത്തിൽ ഇരിക്കും.

130. താത്ത്യ അയാളുടെ കരം ബാബയുടെ കരത്തിനടിയിൽ വച്ച് ബാബയെ എഴുന്നേല്പിച്ചാൽ മാത്രമേ, അവിടെ നിന്നും ചാവടിയിലേയ്ക്ക് പോകാൻ ബാബ തയ്യാറാകുകയുള്ളൂ.

131. താത്ത്യ ബാബയെ മാമ (അമ്മയുടെ സഹോദരൻ) എന്നാണ് സംബോധന ചെയ്തിരുന്നത്. അത്തരത്തിലാണ് അവർക്ക് പരസ്പരം ഉണ്ടായിരുന്ന സ്നേഹവും ഇഷ്ടവും. അത് ഉപമിക്കാൻ കഴിയാത്തതായിരുന്നു.

132. അദ്ദേഹം സാധാരണ ധരിക്കാറുള്ള കഫ്നി ധരിച്ചിരിക്കും; സത്ക തന്റെ കക്ഷത്തിൽ വയ്ക്കും. അദ്ദേഹം ചില്ലവും പുകയിലയും എടുക്കുകയും തോളിൽ ഒരു തുണി ഇടുകയും ചെയ്യും.

133. ഇത്തരത്തിൽ ബാബ തയ്യാറാകുമ്പോൾ, താത്ത്യ, അലങ്കാരതുന്നൽപ്പണികൾ കൊണ്ട് മനോഹരമായ ഒരു വസ്ത്രം അദ്ദേഹത്തിന്റെ ശരീരവും ശിരസ്സും മറച്ചുകൊണ്ട് അദ്ദേഹത്തെ അണിയിക്കും.

134. അതിനുശേഷം, പുറക് വശത്തെ ഭിത്തിയുടെ നിലത്തോട് ചേർന്നുകിടക്കുന്ന ഒരു കെട്ട് വിറകിന്റെ മുൻഭാഗം അദ്ദേഹം തന്റെ വലത് കാലിലെ തള്ളവിരൽകൊണ്ട് അതിന്റെ മുൻസ്ഥാനത്തേയ്ക്ക് കുറച്ച് തള്ളിനീക്കും.

135. അതിനുശേഷം പെട്ടെന്ന് തന്നെ അദ്ദേഹത്തിന്റെ വലത്കരം കൊണ്ട് അവിടെ

എരിഞ്ഞുകൊണ്ടിരിക്കുകയായിരുന്ന വിളക്ക് അണയ്ക്കും. എന്നിട്ട് അദ്ദേഹം ചാവടിയിലേയ്ക്ക് യാത്ര തിരിക്കും.

136. സായി യാത്ര തുടങ്ങുമ്പോൾ എല്ലാ വാദ്യോപകരണങ്ങളും മുഴങ്ങാൻ തുടങ്ങും. വെടിക്കെട്ടുകൾ കത്തിക്കപ്പെടും, ദേവതകൾക്ക് അർപ്പിക്കുന്നതുപോലെ ശക്തമായി ജ്വലിക്കുന്ന ദീപങ്ങൾ കത്തിക്കപ്പെടും; മൺചിരാതുകൾ ആ സ്ഥലം മുഴുവനും പ്രകാശമാനമാക്കും.

137. ചിലർ കുഴൽ വാദ്യങ്ങൾ വായിച്ചു; ചിലർ ചെമ്പ് കൊണ്ടുണ്ടാക്കപ്പെട്ട കൊമ്പു വാദ്യങ്ങൾ വായിച്ചു; ചിലർ ചെണ്ടകളും ഇലത്താളങ്ങളും മുഴക്കി; ഈ സംഗീതത്തിനൊപ്പം കൈകൊട്ടി താളം പിടിക്കുന്നതിന് മനുഷ്യരുടെ കുറവ് ഒരിക്കലും ഉണ്ടാകില്ല.

138. സായിയുടെ നാമം ഉച്ചത്തിൽ ഘോഷിക്കുന്നതിനിടയിൽ മൃദംഗത്തിന്റെയും വീണയുടെയും കിലുകിലാരവം കേൾക്കാം. ഭജനയ്ക്കനുസൃതമായി സ്ത്രീകളും പുരുഷന്മാരും വരിവരിയായി നടക്കും.

139. ഫലകങ്ങളും കൊടികളും, അവയിൽ ചിലതിലൊക്കെ ഗരുഡന്റെ ചിത്രം പതിച്ചിരിക്കും, അവ വഹിച്ചുകൊണ്ട് സംഘം സന്തോഷത്തോടെ ഭജനകൾ പാടിയും നൃത്തം ചവിട്ടിയും തുള്ളിച്ചാടിയും നീങ്ങുന്നുണ്ടാകും.

140. സകല ജനങ്ങളും വളരെ സന്തോഷവന്മാരായിരിക്കും. അവർ കൊടികളും ഫലകങ്ങളും പിടിച്ചുകൊണ്ട് ഘോഷയാത്രയായി നീങ്ങും. ലോഹമണികളും മറ്റ് സംഗീതോപകരണങ്ങളും ഉച്ചത്തിലുള്ള ശബ്ദം ഉണ്ടാക്കും. ഒപ്പം കൈകൾ മുകളിലേക്കുയർത്തി ജയഘോഷം മുഴക്കുന്നവരുടെ വിളംബരങ്ങളും ഉണ്ടാകും. അഭിവാദ്യങ്ങളോടൊപ്പം, കുതിരയും തുള്ളിക്കളിക്കും.

141. ഇത്തരത്തിൽ വാദ്യോപകരണങ്ങളുടെ പ്രതിധ്വനികളോടെ ഘോഷയാത്ര മസ്ജിദിൽ നിന്നും തിരിക്കും. ബാബ പടിക്കെട്ടുകൾക്ക് സമീപമെത്തുമ്പോൾ ദ്വാരപാലകർ ഘോഷണങ്ങൾ നടത്തും.

142. ഭക്തർ ഭജനകൾ പാടുകയും ആ സ്ഥലത്ത് താൽ, മൃദംഗം, വീണ, ചിപ്ലി, ഇലത്താളം തുടങ്ങിയ വാദ്യോപകരണങ്ങൾ ആനന്ദത്തോടെ മുഴക്കുകയും ചെയ്യും.

143. തോരണങ്ങളും ഫലകങ്ങളും വഹിച്ചുകൊണ്ട് ഭക്തർ സന്തോഷത്തോടെ നടന്നുനീങ്ങും. ബാബയുടെ ഇരുവശത്തുമായി, വെഞ്ചാമരവും വീശറിയുമായി ആളുകൾ നിന്നിരുന്നു.

144. ബാബയ്ക്ക് നടന്നുപോകാനായി ജനങ്ങൾ ഉത്തരീയങ്ങളും വസ്ത്രങ്ങളും വഴികളിൽ പരവതാനി പോലെ വിരിച്ചു, ഭക്തരുടെ താങ്ങിൽ ബാബ നടന്നു, മറ്റുള്ളവർ അദ്ദേഹത്തിന് വെഞ്ചാമരം വീശി.

145. താത്ത്യ അദ്ദേഹത്തിന്റെ ഇടത് കരവും മാലസപതി അദ്ദേഹത്തിന്റെ വലത് കരവും പിടിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിരസ്സിന് മുകളിൽ ബാപുസാഹേബ് (ജോഗ്) വെൺകൊറ്റക്കുട വഹിച്ചിരുന്നു. ഇത്തരത്തിൽ ഘോഷയാത്ര ചാവടിയിലേയ്ക്ക് തിരിക്കും.

146. ഏറ്റവും മുമ്പിലായി ശ്യാമകർണൻ എന്ന് വിളിക്കപ്പെട്ടിരുന്ന ചെമ്പ് നിറത്തിലുള്ള കുതിരയുണ്ടാകും. അവനെ മനോഹരമായി അലങ്കരിക്കുകയും, കുതിരച്ചമയങ്ങളും കാലുകളിൽ ചെറിയ മണികളും അണിയിക്കുകയും ചെയ്തിരുന്നു.

147. ദണ്ഡ്വാഹകർ സായിയുടെ നാമം ഉദ്ഘോഷിച്ച് കൊണ്ട് മുമ്പിൽ നടന്നിരുന്നു. വെൺകൊറ്റക്കുടക്കാർ അത് വഹിക്കുകയും വെഞ്ചാമരം പിടിച്ചിരുന്നവർ അത് തുടർച്ചയായി വീശിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

148. വാദ്യോപകരണങ്ങളും ലോഹമണികളും മുഴങ്ങി; ഭക്തർ അഭിവാദ്യങ്ങൾ കൊണ്ട് അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു. ഇത്തരത്തിൽ ഭക്തർ ഒരുമിച്ച് നീങ്ങുകയും ദ്വാരപാലകർ സ്നേഹത്തോടെ ഘോഷണങ്ങൾ നടത്തുകയും ചെയ്തു.

149. ഈശ്വരനാമം തുടർച്ചയായി മുഴങ്ങിക്കൊണ്ടിരുന്നു. താൽ, ജൻഗ്, മൃദംഗം തുടങ്ങിയവ ഒരേ താളത്തിൽ മുഴങ്ങി. സമയത്തിന്റെ ചലനത്തിനനുസരിച്ച്, ഭക്തർ ഉച്ചത്തിൽ ഘോഷണങ്ങൾ നടത്തിക്കൊണ്ട് ഒരുമിച്ച് നീങ്ങി.

150. അങ്ങനെ അത്യധികം ആഹ്ലാദത്തോടെ, വഴിയിൽ സായിയുടെ നാമം ഉച്ചത്തിൽ വാഴ്ത്തിക്കൊണ്ട് ഭക്തരും ഭജനക്കാരും വീഥിയുടെ കോണിലെത്തി.

151. താൽ, ജൻഗ്, ധോൽ, ലോഹമണികൾ എന്നിവ ഉച്ചത്തിൽ മുഴങ്ങി. സായിയുടെ നാമോച്ചാരണം ശക്തമാകുകയും ഭജനകൾ ആനന്ദദായകവും സ്നേഹപൂർണ്ണവുമായിരുന്നു.

152. പുരുഷന്മാരും സ്ത്രീകളും അദ്ദേഹത്തോടൊപ്പം നടന്നുനീങ്ങി. ആകാശത്ത് അലയടിക്കുന്ന ഭജനകളുടെയും സായിനാമത്തിന്റെയും സന്തോഷം അവരോരോരുത്തരിലും നിറഞ്ഞിരുന്നു.

153. വാദ്യോപകരണങ്ങളുടെ സംഗീതം ആകാശത്ത് പ്രതിധ്വനിച്ചു. കാഴ്ചക്കാരുടെ ഹൃദയം ആനന്ദം കൊണ്ട് നിറഞ്ഞു. അത്തരത്തിൽ, ചാവടിഘോഷയാത്ര കണ്ടുനിൽക്കാൻ തീർത്തും യോഗ്യമായിരുന്നു. അലങ്കാരങ്ങളും പ്രൗഢിയും അനുപമമായിരുന്നു.

154. അദ്ദേഹം ചാവടിക്ക് അഭിമുഖമായി നിൽക്കുമ്പോൾ, ഉദയകാലത്തോ സന്ധ്യാസമയത്തോ ആകാശത്ത് കാണുന്ന സൂര്യന്റേതുപോലെ, ചൂടുള്ള ശുദ്ധമായ കനകംപോലെയുള്ള ഒരു കാന്തി ശ്രീയുടെ വദനത്തിൽ കാണും.

155. അതിരാവിലെ പ്രസരിക്കുന്ന വെളിച്ചം പോലെയാണ് ആ സമയത്ത് ആ മുഖകാന്തി തിളങ്ങുന്നത്. ശുദ്ധമായ ബോധത്തിന്റെ ആന്തരികഭാവം പോലെയാണ് അത് കാണപ്പെട്ടത്. ആരാണ് അതിന്റെ പ്രയോജനം നേടാൻ തയ്യാറാകാത്തത്?

156. ആ സമയത്തെ ദർശനം അനുഗൃഹീതമാണ്! പരക്കുന്ന ചുവപ്പ് നിറത്താൽ അദ്ദേഹത്തിന്റെ മുഖം ശോഭാനമായിരുന്നു. വടക്ക് ദിശയ്ക്ക് അഭിമുഖമായി, ശ്രദ്ധാപൂർവ്വമായ മനസ്സോടെ അദ്ദേഹം നിന്നിരുന്നു, അദ്ദേഹം ആരെയോ വിളിക്കുന്നത് പോലെ തോന്നിച്ചിരുന്നു.

157. വാദ്യോപകരണങ്ങളും ലോഹമണികളും മുഴങ്ങി. മഹാരാജ് വളരെ ആനന്ദത്തോടെ നിന്നു, ആ സമയത്ത് ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തിന്റെ വലത് കരം മുകളിലേയ്ക്കും താഴേയ്ക്കും ചലിപ്പിച്ചിരുന്നു.

158. അപ്പോൾ ശ്രേഷ്ഠഭക്തനായ ദീക്ഷിത് ധാരാളം പുഷ്പങ്ങൾ നിറച്ച ഒരു വെള്ളിത്താലവുമായെത്തി, ഇടയ്ക്കിടയ്ക്ക് പുഷ്പങ്ങൾ ബാബയുടെ ശരീരത്തിലേയ്ക്ക് വർഷിച്ചുകൊണ്ടിരുന്നു.

159. കാക്കാസാഹേബ് സ്നേഹത്തോടെയും ഭക്തിയോടെയും തുടർച്ചയായി റോസാദളങ്ങളും കുങ്കുമപ്പൊടിയും ബാബയുടെ നെറ്റിത്തടത്തിൽ വർഷിച്ചുകൊണ്ടിരുന്നു.

160. കാക്കാ റോസാദളങ്ങളും കുങ്കുമപ്പൊടിയും വർഷിച്ചപ്പോൾ, ലോഹമണികളും ജൻഗ്, താൽ എന്നിവയും മറ്റ് വാദ്യോപകരണങ്ങളും മുഴങ്ങിക്കേട്ടിരുന്നു.

161. ബാബയുടെ ഭക്തരായ ഗ്രാമീണർ വളരെ സ്നേഹത്തോടെ ദർശനത്തിനെത്തിയിരുന്നു. ആ സമയത്ത് ബാബയുടെ മുഖത്തിൽ നിന്നും പ്രസരിച്ചിരുന്ന ചുവന്നകാന്തി ആശ്ചര്യകരമായി തെളിഞ്ഞ് കണ്ടിരുന്നു.

162. അദ്ദേഹത്തിന്റെ വദനത്തിലെ ആ തിളക്കം കണ്ട് കാഴ്ചക്കാരുടെ കണ്ണുകൾ ആശ്ചര്യത്താൽ വിടർന്നിരുന്നു. അവരുടെ സ്നേഹമയമായ ഹൃദയത്തിൽ അത്യധികമായ ആനന്ദം അനുഭവപ്പെടുകയും വളരെ എളുപ്പത്തിൽ ലൗകിക ജീവിതക്ലേശത്തിൽ നിന്ന് മുക്തരാകുകയും ചെയ്തു.

163. ഓ, ആശ്ചര്യകരമായ ആ ദൈവികപ്രഭ! അതിന്റെ സൗന്ദര്യം ഉദയകാലസൂര്യന്റേത് പോലെയായിരുന്നു. ലോഹമണികളും മറ്റ് വാദ്യോപകരണങ്ങളും വളരെ നേരം അദ്ദേഹത്തിന്റെ മുമ്പിൽ മുഴങ്ങിക്കൊണ്ടിരുന്നു.

164. ഏകദേശം ഒന്നരമണിക്കൂർ സമയത്തിൽ കൂടുതൽ നേരം, വടക്ക് ദിശക്ക് അഭിമുഖമായി, ഒരു നിശ്ചിതസ്ഥലത്ത് നിന്നുകൊണ്ട് ബാബ തുടർച്ചയായി അദ്ദേഹത്തിന്റെ വലത് കരം മുകളിലേയ്ക്കും താഴേയ്ക്കും ചലിപ്പിച്ചുകൊണ്ടിരുന്നു.

165. കേതകി[6] പുഷ്പത്തിന്റെ മധ്യഭാഗം പോലെ സ്വർണ്ണവർണ്ണമായിരുന്നു അദ്ദേഹത്തിന്റെ നിറം, മുഖത്ത് ചെറിയ ചുവപ്പ് രാശിയുണ്ടായിരുന്നു. അത് നാവ് കൊണ്ട് വർണ്ണിക്കുക അസാധ്യമാണ്. അത് കണ്ണുകൾ കൊണ്ട് കാണുക തന്നെ വേണം.

166. ചിലപ്പോൾ ഏതോ ദേവതയുടെ ആവേശം പോലെ മാലസപതി തുള്ളാൻ തുടങ്ങിയിരുന്നു; പക്ഷേ ബാബയുടെ ഏകാഗ്രതയ്ക്ക് അല്പം പോലും ഭംഗമേറ്റിട്ടില്ലായെന്ന് കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടിരുന്നു.

167. ബാബയുടെ വലത് വശത്ത്, ബാബയുടെ കഫ്നിയുടെ അരിക് ചെറുതായി പിടിച്ചുകൊണ്ട് മാലസപതി നിന്നിരുന്നു; ഇടത് വശത്ത് താത്ത്യാകോത്ത്യേ കൈകളിൽ ഒരു റാന്തൽ വഹിച്ചുകൊണ്ട് നടന്നിരുന്നു.

168. എത്ര ആസ്വാദ്യകരമായിരുന്നു, ആ ആഘോഷം! അത് സ്നേഹത്തിന്റെയും ഭക്തിയുടെയും ഗംഭീരമായ ഒരു പ്രകടനമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ധനി

കരും ദരിദ്രരും ഒരുപോലെ ആ ആശ്ചര്യം ദർശിക്കാൻ ഒത്തുകൂടി.

169. വളരെയധികം വെളുത്ത നിറത്തിന് ആത്മപ്രകാശം കൂടുതൽ ശോഭ നൽകി. ചന്ദ്രനെപ്പോലെ ശോഭയാർന്ന മുഖത്തിന് ചെറിയ ചുവന്ന നിറത്തിലുള്ള തിള ക്കമുണ്ടായിരുന്നു. വിശദീകരിക്കാൻ കഴിയാത്ത ഈ സൗന്ദര്യം ജനങ്ങൾ അവരുടെ കണ്ണുകളിൽ നിറച്ചെടുത്തു.

170. ബാബ മന്ദമായി നടന്നു. കൂടി നിന്ന ഭക്തർ അത്യധികമായ സ്നേഹത്തോടും ഭക്തിയോടും കൂടി ഇരുവശത്തുമായി നടന്നുനീങ്ങി, അവരെല്ലാം അമിതമായ ആഹ്ലാദത്താൽ വിങ്ങുകയായിരുന്നു.

171. അത്തരത്തിലുള്ള ആഘോഷം ആർക്കും ഇനി കാണാൻ കഴിയില്ല. ആ ദിവ സങ്ങളും ആ സമയങ്ങളും കഴിഞ്ഞ് പോയിരിക്കുന്നു. ഓർമ്മകൾ കൊണ്ട് നമുക്ക് സ്വയം ആശ്വസിക്കാം.

172. എല്ലാ വാദ്യോപകരണങ്ങളും ഉച്ചത്തിൽ മുഴങ്ങി. സ്തുതികൾ ഉറക്കെ ഘോഷി ക്കപ്പെട്ടു. ബാബയെ ചാവടിയിലെ ഇരിപ്പിടത്തിലേയ്ക്ക് ആനയിച്ച് ഗംഭീര മായ പൂജ നൽകി.

173. ചാവടിയുടെ മച്ച് ഒരു വെളുത്ത മേലാപ്പ് കൊണ്ട് അലങ്കരിച്ചിരുന്നു, അതിൽ ശരറാന്തലുകളും വിളക്കുകളും തൂക്കിയിട്ടിരുന്നു. അവയുടെ പ്രകാശം കണ്ണാ ടികളിൽ പ്രതിഫലിച്ചിരുന്നു. മുഴുവൻ സ്ഥലവും പ്രകാശപൂരിതമാക്കപ്പെട്ടി രുന്നു.

174. സംഘമായി വന്ന ഭക്തരെല്ലാം ചാവടിയിൽ സമ്മേളിക്കും. അപ്പോൾ താത്ത്യ ഇരിപ്പിടം വിരിച്ച്, അതിൽ ഇരിക്കാനായി, ബാബയെ പിടിച്ച് സഹായിക്കും.

175. അങ്ങനെ തയ്യാറാക്കപ്പെട്ട പ്രൗഢമായ ഇരിപ്പിടത്തിൽ, അദ്ദേഹത്തിന് ചാരി ഇരിക്കുന്നതിനായി പുറകിൽ ഒരു ചെറുമെത്ത വച്ചിരുന്നു. ബാബ ഇരിപ്പിട ത്തിൽ ഇരുന്ന് കഴിഞ്ഞാൽ ഒരു മേലങ്കി ധരിക്കാനായി അദ്ദേഹത്തോട് അഭ്യർത്ഥിക്കും.

176. അദ്ദേഹത്തിന്റെ ശരീരത്തിൽ മനോഹരമായ വസ്ത്രങ്ങൾ അണിയിച്ച്, വളരെ ആഹ്ലാദത്തോടെ പൂജകൾ ചെയ്യപ്പെടുന്നു. ഉച്ചസ്വരത്തിൽ ആരതി ആലപി ക്കപ്പെടുകയും, അദ്ദേഹത്തിന് പുഷ്പഹാരങ്ങളും ബൊക്കകളും സമ്മാനി ക്കപ്പെടുകയും ചെയ്തിരുന്നു.

177. അദ്ദേഹത്തിന്റെ കരങ്ങളിൽ ചന്ദനലേപനവും സുഗന്ധവസ്തുക്കളും പൂശി യിരുന്നു, വിലപിടിച്ച വസ്ത്രങ്ങൾ അണിയിച്ചശേഷം ആഭരണങ്ങൾ ചാർത്തി യിരുന്നു. അദ്ദേഹത്തിന്റെ ശിരസ്സിൽ ഒരു കിരീടം അണിയിച്ചശേഷം അവർ അദ്ദേഹത്തെ ഉറ്റുനോക്കി നിന്നിരുന്നു.

178. ചിലപ്പോൾ അത് മനോഹരമായ സ്വർണ്ണക്കിരീടമായിരുന്നു; ചിലപ്പോൾ സ്വർണ്ണ ക്കരയുള്ള, രത്നങ്ങൾ പതിച്ച് അലങ്കാരത്തൂവലുകൾ വച്ച ശിഖയുമുള്ള മനോ ഹരമായ ഒരു തലപ്പാവായിരുന്നു. അദ്ദേഹത്തിന്റെ കണ്ഠത്തിന് ചുറ്റും വൈ രമാലയും, മാണിക്യമാലയും ഉണ്ടായിരുന്നു.

179. പിന്നീട് ഒരു വെളുത്ത പവിഴമാല അദ്ദേഹത്തിന്റെ കണ്ഠത്തിൽ ചാർത്തിയി

രുന്നു. ഈ ആഭരണങ്ങളും വസ്ത്രങ്ങളും ദീപങ്ങളുടെ പ്രകാശത്തിൽ ഉജ്ജ്വലമായി തിളങ്ങും.

180. നെറ്റിത്തടത്തിൽ, സുഗന്ധമുള്ള കസ്തൂരി കൊണ്ട്, കറുത്ത നിറത്തിൽ ലംബമായ ഒരു രേഖ വരച്ച്, വൈഷ്ണവാചാരപ്രകാരമനുസരിച്ചുള്ള ഒരു കറുത്ത വൃത്താകൃതിയിലുള്ള തിലകവും അണിയിച്ചിരുന്നു.

181. പൂർണ്ണമായും അലങ്കാരതുന്നൽപ്പണികൾ ചെയ്തിട്ടുള്ള, മാന്തളിർ നിറത്തിലുള്ള സൂര്യപട മേലങ്കി അദ്ദേഹത്തിന്റെ തോളത്ത് അണിയിച്ചിരുന്നു; അത് തെന്നി മാറുകയാണെങ്കിൽ, ഉടൻതന്നെ രണ്ടറ്റവും പിടിച്ച് ശരിയാക്കപ്പെട്ടിരുന്നു.

182. അതേപോലെ കിരീടമോ തലപ്പാവോ അദ്ദേഹത്തിന്റെ ശിരസ്സിന് മുകളിൽ, അദ്ദേഹം അറിയാത്ത തരത്തിൽ മൃദുവായി പിടിച്ചിരുന്നു.

183. അത് കിരീടമായാലും തലപ്പാവായാലും അദ്ദേഹത്തിന്റെ ശിരസ്സിൽ സ്പർശിക്കുന്ന മാത്രയിൽ ബാബ അത് ദൂരേയ്ക്ക് വലിച്ചെറിഞ്ഞിരുന്നു. അവർക്ക് അത് വളരെ വലിയ ഉത്കണ്ഠയുടെ കാരണമായിരുന്നെങ്കിലും അവരുടെ സ്നേഹപൂർണ്ണമായ ഔത്സുക്യം വളരെ ശക്തമായിരുന്നു.

184. എല്ലാവരുടെയും ആന്തരികചിന്തകൾ അറിഞ്ഞിരുന്ന സായി ഭക്തരുടെ ഈ രഹസ്യപ്രവൃത്തി അറിഞ്ഞില്ലെന്നാണോ? പക്ഷേ അവരുടെ സ്നേഹവും ഇഷ്ടവും അറിഞ്ഞുകൊണ്ട് അദ്ദേഹം മനഃപൂർവ്വം നിശ്ശബ്ദത പാലിക്കുകയായിരുന്നു.

185. ബ്രഹ്മജ്ഞാനത്തിന്റെ ഗംഭീരമായ പ്രൗഢിയുള്ള അദ്ദേഹത്തിന് തുന്നൽപ്പണികൾ കൊണ്ട് അലങ്കരിച്ച പട്ട് വസ്ത്രവും ആഭരണങ്ങളും കൊണ്ട് എന്ത് പ്രയോജനമാണുള്ളത്? സ്വന്തം ആന്തരികശാന്തിയുടെ പ്രഭ തൂകുന്ന അദ്ദേഹത്തിന് രത്നങ്ങൾ പതിച്ച കിരീടം കൊണ്ട് എന്ത് ഫലമാണുള്ളത്?

186. എന്നിരുന്നാലും ഭക്തർ വിവിധ തരത്തിലുള്ള ആഭരണങ്ങൾ ബാബയെ അണിയിക്കുകയും, അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ കുങ്കുമം ചേർത്ത തിലകം ചാർത്തുകയും ചെയ്തു.

187. ചിലർ അദ്ദേഹത്തിന്റെ കണ്ഠത്തിന് ചുറ്റും രത്നവും പവിഴവും കൊണ്ടുള്ള ഹാരങ്ങൾ അണിയിച്ചു, ചിലർ അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ തിലകം ചാർത്തി. ഇത്തരത്തിൽ ഭക്തരുടെ ഭക്തിപ്രകടനങ്ങൾ തുടർന്നുപോന്നു.

188. ഭക്തർ ബാബയെ വസ്ത്രങ്ങളും ആഭരണങ്ങളും അണിയിച്ചശേഷം, അദ്ദേഹത്തിന്റെ ശിരസ്സിൽ കിരീടവും കണ്ഠത്തിൽ പവിഴമാലയും ചാർത്തുന്ന കാഴ്ചകൾ എത്ര മനോഹരമായാണ് കാണപ്പെട്ടിരുന്നത്?

189. നാനാസാഹേബ് നിമോൺകാർ ഒരു വെളുത്ത കുട പിടിച്ചിരുന്നു, അത് അതിന്റെ താങ്ങായി വർത്തിക്കുന്ന ദണ്ഡിന് ചുറ്റും, അതിന്റെ പതക്കങ്ങളോടും തൊങ്ങലുകളോടും കൂടി വൃത്താകൃതിയിൽ ചലിച്ചുകൊണ്ടിരുന്നു.

190. ബാപുസാഹേബ് വളരെ സ്നേഹത്തോടെ ഗുരുവിന്റെ പാദങ്ങൾ കഴുകി. അയാൾ വളരെ ഭക്തിയോടെ ജലാർപ്പണം നടത്തുകയും എല്ലാ ആചാരവി

ധികളോടെയും പൂജകൾ നടത്തുകയും ചെയ്തിരുന്നു.

191. പിന്നീട് അയാൾ അരികുള്ള ഒരു വെള്ളിത്താലം എടുത്ത് അതിൽ ബാബയുടെ പാദങ്ങൾ വച്ച് വളരെ ആദരവോടെ അവ കഴുകി. പിന്നീട് സുഗന്ധദ്രവ്യങ്ങൾ കൊണ്ട് കരങ്ങൾ ശുദ്ധിവരുത്തിയിരുന്നു.

192. ചെറിയ ഒരു കിണ്ണത്തിൽ കുങ്കുമമെടുത്ത് അയാൾ അദ്ദേഹത്തിന്റെ കരങ്ങളിൽ സുഗന്ധലേപനം പുരട്ടിയിരുന്നു. അയാൾ ബാബയുടെ കൈകളിൽ വെറ്റില നൽകും. സായി സന്തുഷ്ടനായി കാണപ്പെടും.

193. ബാബ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ ഇരിക്കവേ താത്ത്യയും മറ്റുള്ളവരും നിൽക്കുകയായിരിക്കും. അദ്ദേഹത്തിന്റെ കരങ്ങൾ പിടിച്ചുകൊണ്ട് അവർ അദ്ദേഹത്തെ ഇരിക്കാൻ സഹായിക്കുകയും, ആദരപൂർവ്വം അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കുകയും ചെയ്തിരുന്നു.

194. ശുദ്ധവും ദിവ്യവുമായ, മാർബിൾ പോലെ തിളക്കം ചെയ്യപ്പെട്ട ചാവടി, സായിയുടെ പാദങ്ങളിൽ ബന്ധിതരായ വൃദ്ധരും ചെറുപ്പക്കാരുമായ ജനങ്ങൾക്കെല്ലാം സംഗമസ്ഥാനമായിരുന്നു.

195. ഉപധാനത്തിൽ ചാരി ഇരിക്കുന്ന ബാബയുടെ തേജോരൂപം ആ ഇരിപ്പിടത്തെ അലങ്കരിക്കുമ്പോൾ വെഞ്ചാമരങ്ങളും വിശറികളും ഇരുവശത്തും മൃദുവായി ചലിപ്പിക്കപ്പെട്ടിരുന്നു.

196. മാധവറാവു പുകയില ഇടിച്ച് പൊടിയാക്കി, ഉടൻ തന്നെ ചില്ലം തയ്യാറാക്കി താത്ത്യബയുടെ കൈയ്യിൽ കൊടുത്തിരുന്നു, അയാൾ ആദ്യത്തെ പുക വലിക്കും.

197. പുകയില കത്തിച്ച് തീനാളം പ്രത്യക്ഷമാകുമ്പോൾ താത്ത്യബ അത് ബാബയുടെ കൈകളിലേയ്ക്ക് നൽകും. ബാബയുടെ ആദ്യത്തെ ദീർഘമായ വലിയ്ക്ക് ശേഷം അദ്ദേഹം അത് ഭഗതിന് നൽകിയിരുന്നു.

198. പിന്നീട് പുക കെടുന്നത് വരെ അത് സമയാനുസൃതമായി, ഭഗത്, ശാമ, താത്ത്യബ എന്നിവർക്കിടയിൽ വട്ടത്തിൽ വന്നുകൊണ്ടിരിക്കും.

199. അത് അനുഗൃഹീതമായിരുന്നു, എത്ര ഭാഗ്യമുള്ളതുമായിരുന്നു! അത് അചേതനമായ ഒരു വസ്തുവായിരുന്നെങ്കിലും അത് നൽകിയ സേവനവുമായി നമ്മുടേതിനെ താരതമ്യം ചെയ്യാൻ കഴിയില്ല.

200. അതിന്റെ തപസ്യ വളരെ കഠിനവുമായിരുന്നു! അതിന്റെ ശൈശവസമയത്ത് അത് ചവിട്ടിമെതിക്കപ്പെട്ടു (കുശവനാൽ); പിന്നീട് തണുപ്പും ചൂടും സഹിച്ചു (ഉണക്കപ്പെട്ടപ്പോൾ); ഒടുവിൽ അത് തീയിൽ ചുട്ടെടുക്കപ്പെട്ടു.

201. അതിന്റെ വിധി മൂലം അത് ബാബയാൽ സ്പർശിക്കപ്പെട്ടു, പിന്നീട് വീണ്ടും ധുനിയിൽ വേവിക്കപ്പെട്ടു. അതിനുശേഷം കാവിനിറത്തിലുള്ള പൊടിയും സുഗന്ധവസ്തുക്കളും പൂശപ്പെട്ടു. എന്നിട്ട് ബാബയുടെ അധരങ്ങളുടെ ചുംബനത്താൽ അത് അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

202. ഇവിടെ അത് നിർത്താം. കർപ്പൂരം, കുങ്കുമം, ചന്ദനലേപനം എന്നിവ ബാബയുടെ ഇരുകരങ്ങളിലും പൂശപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഗളത്തിൽ പുഷ്പ

ഹാരങ്ങൾ അണിയിച്ച ശേഷം ഭക്തർ അദ്ദേഹത്തിന് ചെറിയ പൂച്ചെണ്ടുകൾ നൽകിയിരുന്നു.

203. സദാ പുഞ്ചിരി തൂകുന്ന വദനത്തോടുകൂടിയ, എല്ലായ്പ്പോഴും സ്നേഹത്തോടും കാരുണ്യത്തോടും കൂടി മാത്രം നോക്കിയിരുന്ന അദ്ദേഹത്തിന്, ഇത്തരത്തിൽ അണിയിക്കപ്പെടുമ്പോൾ എങ്ങനെയാണ് അല്പമെങ്കിലും അഹങ്കാരം ഉണ്ടാകാൻ സാധ്യത? ഭക്തരുടെ വികാരങ്ങൾ മാനിക്കാൻ വേണ്ടി മാത്രമാണ് അദ്ദേഹം ഇതൊക്കെ അനുവദിച്ചിരുന്നത്.

204. ശരീരം ഭക്തിയാൽ അലങ്കരിച്ചിരിക്കുകയും, ശാന്തിയാകുന്ന ആഭരണങ്ങൾ അണിയുകയും ചെയ്തിരുന്ന അദ്ദേഹത്തിന് ഈ ഭൗതിക മാലകളും രത്നങ്ങളും കൊണ്ട് എന്ത് പ്രയോജനമാണുള്ളത്!

205. വൈരാഗ്യത്തിന്റെ മൂർത്തരൂപമായ അദ്ദേഹത്തിന് മരതകമാലയുടെ ഉപയോഗമെന്താണ്? പക്ഷേ, അർപ്പിക്കപ്പെടുമ്പോൾ, ഭക്തരുടെ ആഗ്രഹങ്ങൾ സഫലമാക്കുന്നതിന് വേണ്ടി അദ്ദേഹം തന്റെ കഴുത്ത് കുനിച്ചിരുന്നു.

206. തിളങ്ങുന്ന സ്വർണ്ണമാലകളും മരതകമാലകളും പവിഴമാലകളും അദ്ദേഹത്തിന്റെ കണ്ഠത്തിന് ചുറ്റും പ്രശോഭിച്ചിരുന്നു. അവയാകട്ടെ പുഷ്യരാഗം ഇടകലർത്തി എട്ടോ പതിനാറോ മടക്കുകളിൽ ഉണ്ടാക്കപ്പെട്ടവയായിരുന്നു.

207. അദ്ദേഹത്തിന്റെ കണ്ഠത്തിൽ അണിയിക്കപ്പെട്ടിരുന്ന പിച്ചകമാലകളും തുളസിമാലകളും, അദ്ദേഹത്തിന്റെ പാദങ്ങൾ വരെ നീണ്ടുകിടന്നിരുന്നു. പവിഴമാലകളാൽ അദ്ദേഹത്തിന്റെ കണ്ഠം അഭൂതപൂർവ്വമായ തിളക്കത്തിൽ ശോഭിച്ചിരുന്നു.

208. സ്വർണ്ണം പതിച്ച മരതകമാലയിൽ, ബാബയുടെ ഹൃദയഭാഗത്തിലേയ്ക്ക് എത്തുന്ന തരത്തിൽ ഒരു പതക്കം തൂങ്ങിക്കിടന്നിരുന്നു. നെറ്റിത്തടത്തിലെ കറുത്ത തിലകത്തിന് വശ്യമായ ഒരു ഭംഗിയുണ്ടായിരുന്നു.

209. വിഷ്ണുവിന്റെ പ്രഭാപൂരിതമായ രൂപം പോലെ കാണപ്പെട്ടിരുന്ന അദ്ദേഹത്തെ ഒരു ഫക്കീർ എന്ന് എങ്ങനെയാണ് വിളിക്കാൻ കഴിയുക? അദ്ദേഹത്തിന് മുകളിൽ വെൺകൊറ്റക്കുടയും വെഞ്ചാമരവും ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ ശിരസ്സിനെ അലങ്കരിച്ച് കൊണ്ട് പട്ടുകരയുള്ള ഒരു മേലങ്കിയുണ്ടായിരുന്നു.

210. സാധാരണയായി, ശുഭകരമായ വാദ്യോപകരണങ്ങളുടെ നാദത്തിന്റെയും സംഗീതത്തിന്റെയും ഇടയിൽ ജോഗ് അഞ്ച് തിരികളിട്ട ഒരു ദീപം അയാളുടെ കൈകളിൽ എടുത്ത് ബാബയുടെ ചുറ്റും ഉഴിയും.

211. പൂജയോടൊപ്പം പഞ്ചോപചാരങ്ങൾ അർപ്പിച്ചശേഷം, നിറഞ്ഞ് കത്തുന്ന അഞ്ച് ദീപങ്ങൾ നീരാഞ്ജനം, കർപ്പൂരം എന്നിവയോടൊപ്പം എടുത്ത് അയാൾ അത് ബാബയുടെ ചുറ്റും ഉഴിയും.

212. ആരതി കഴിഞ്ഞശേഷം ഭക്തരെല്ലാം, ഓരോരുത്തരായി ബാബയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തി, ബാബയ്ക്ക് സ്വയം സമർപ്പിച്ചശേഷം അവരവരുടെ ഗൃഹങ്ങളിലേയ്ക്ക് മടങ്ങിയിരുന്നു.

213. ചില്ലം, അത്തർ, റോസ്വെള്ളം എന്നിവ നൽകിയശേഷം താത്ത്യബ അയാ

ളുടെ ഗൃഹത്തിലേയ്ക്ക് പോകാനായി അനുവാദം ചോദിക്കുമ്പോൾ ബാബ പറയാറുണ്ടായിരുന്നു: "എന്നെ ശ്രദ്ധിച്ചുകൊള്ളുക."

214. "പോകണമെന്നുണ്ടെങ്കിൽ നീ പോയ്ക്കോളൂ. പക്ഷേ, രാത്രിയിൽ ഇടയ്ക്കിടയ്ക്ക് എന്നെ അന്വേഷിച്ചെത്തുക." "തീർച്ചയായും", എന്ന് പറഞ്ഞുകൊണ്ട് താത്ത്യബ ചാവടി വിട്ട് ഗൃഹത്തിലേയ്ക്ക് പോകും.

215. പിന്നീട് എല്ലാ ആളുകളും പിരിഞ്ഞ് പോയതിന് ശേഷം ബാബ സ്വയം ഭാണ്ഡത്തിന്റെ കെട്ടഴിച്ച് ധോത്തികളുടെ മടക്കുകൾ വിടർത്തി വിരിച്ച് സ്വന്തം കൈകൾകൊണ്ട് അദ്ദേഹത്തിന്റെ കിടക്ക തയ്യാറാക്കും.

216. പിന്നീട് അദ്ദേഹം സ്വയം, അറുപതോ അറുപത്തിഅഞ്ചോ വെളുത്ത വിരിപ്പുകൾ ഒന്നിനുമുകളിൽ ഒന്നായി വിരിച്ചശേഷം, അതിനുമുകളിൽ ബാബ ഉറങ്ങുമായിരുന്നു.

217. ചാവടി ആഘോഷത്തിന്റെ കഥ, അത് നടന്നിരുന്നതുപോലെ വിശദീകരിച്ചത് ഇവിടെ സമാപിക്കുന്നു. അവശേഷിക്കുന്ന കഥ അടുത്ത അധ്യായത്തിൽ വിവരിക്കുന്നതാണ്.

218. ഞാൻ ശ്രോതാക്കളുടെ ക്ഷമ അഭ്യർത്ഥിക്കുന്നു. സായിയുടെ മഹത്വം ഗഹനമായതിനാൽ, അത് ചുരുക്കി വിവരിക്കാൻ ഞാൻ ആഗ്രഹിച്ചെങ്കിലും എനിക്ക് അത് പരിമിതപ്പെടുത്താൻ കഴിഞ്ഞില്ല. കാരണം അതെല്ലാം വളരെ പ്രാധാന്യമുള്ളതാണ്.

219. ഇപ്പോൾ, ബാബയുടെ പാചകപ്പാത്രങ്ങളുടെ കഥയും വിട്ടുപോയിട്ടുള്ള മറ്റ് കഥകളും അടുത്ത അധ്യായത്തിൽ വിവരിക്കപ്പെടുന്നതാണ്. ദയവായി ആദരവോടെ ശ്രദ്ധിക്കുക.

220. ഈ ലോകത്തും പരലോകത്തും ആഗ്രഹിക്കുന്നതൊക്കെ നേടുന്നതിന് വേണ്ടി, ഗുരുവിനെ സദാ സ്മരിക്കുക എന്ന സ്വാർത്ഥപരമായ ഉദ്ദേശ്യമാണ് ഹേമദിനുള്ളത്. ഗുരുവിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം നടത്തി അവന് നാല് പുരുഷാർത്ഥങ്ങളും നേടാൻ കഴിയും, കാരണം അവയെല്ലാം അവിടെ തന്നെ അടങ്ങിയിരിക്കുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിഏഴാമത്തെ അധ്യായം "ചാവടിയുടെ വർണ്ണന" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. രണ്ട് ഇലത്താളങ്ങൾ
2. താളത്തിൽ കൊട്ടുന്നതിന് ഉപയോഗിക്കുന്ന തടിക്കഷണങ്ങൾ
3. ചെണ്ട

4. ചെറിയ ഡമരു.
5. ഒരു ദണ്ഡിന്റെ മുകളിൽ ഉറപ്പിച്ചിരിക്കുന്ന വളയം, അതിൽ ചെറിയ ഇരുമ്പ് കഷണങ്ങൾ അയഞ്ഞ തരത്തിൽ ബന്ധിപ്പിച്ചിരിക്കും.
6. കൈതച്ചെടി.

# 38

## പാചകത്തെയും പാത്രത്തെയും കുറിച്ചുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. മുഴുവൻ ലോകത്തിനും ആനന്ദം പ്രദാനം ചെയ്യുന്ന, ഭക്തരുടെ ക്ഷേമം ഉറപ്പു വരുത്തുകയും പാദങ്ങളിൽ അഭയം തേടുന്നവരുടെ ത്രിദോഷങ്ങൾ അകറ്റു കയും ചെയ്യുന്ന ഗുരുവരാ, അങ്ങേയ്ക്ക് വന്ദനം.
2. ദുർബ്ബലരുടെയും ആർത്തരുടെയും സംരക്ഷകൻ, മഹാനായ ഉദാരമതി, സ്വയം സമർപ്പിച്ച ഭക്തരുടെ ഉദ്ധാരകൻ, ജനങ്ങൾക്ക് നന്മ നൽകാൻ വേണ്ടി അങ്ങ് ഈ ലോകത്തിൽ അവതരിച്ചിരിക്കുന്നു.
3. ദ്വന്ദ്വഭാവത്തിന്റെ നാശകനായ അങ്ങേയ്ക്ക് വന്ദനം, വന്ദനം; ഭക്തരുടെ ആരാ ധ്യനായ അങ്ങേയ്ക്ക് വന്ദനം, വന്ദനം; ലൗകിക ജീവിതഭയത്തിന്റെ അന്തക നായ അങ്ങേയ്ക്ക് വന്ദനം, വന്ദനം; ദയാമേഘമായ ഗുരുരായ വന്ദനം.
4. ഈ പാദങ്ങൾ എന്റെ സ്വന്തം കണ്ണുകൾകൊണ്ട് കാണാൻ സാധിച്ചത് ഏത് സൗഭാഗ്യത്തിന്റെ ഫലമായാണ്! ഒപ്പം ആ സംസർഗ്ഗത്തിന്റെ ആനന്ദം അനു ഭവിക്കാനും കഴിഞ്ഞു. ആ ദിവസങ്ങൾ ഇനി മടങ്ങി എത്താത്ത തരത്തിൽ കടന്നുപോയിരിക്കുന്നു.
5. ശുദ്ധബോധത്തിന്റെ ദ്രവരൂപമായ സാരാംശം ബ്രഹ്മന്റെ മൂശയിൽ ഒഴിച്ചപ്പോൾ ദിവ്യന്മാരുടെ ശിരോരത്നമായ സായിയുടെ രൂപം ഉടലാർന്നുവന്നു.
6. സായി സ്വയം ആത്മറാം ആണ്. സമ്പൂർണ്ണമായ ദൈവികാനന്ദത്തിന്റെ സങ്കേ തമാണ് അദ്ദേഹം. ജീവിതത്തിലെ ലക്ഷ്യങ്ങളെല്ലാം സ്വയം സാർത്ഥകമാ ക്കിയ അദ്ദേഹം, തന്റെ ഭക്തരെ ആഗ്രഹരഹിതരാക്കി മാറ്റുന്നു.
7. അദ്ദേഹം സകല മതങ്ങളുടെയും സംരക്ഷകനായിരുന്നു, ബ്രാഹ്മണികവും ക്ഷത്രിയവുമായ തേജസ്സോടെ മരണത്തിന്റെ പോലും വിനാശകനുമായിരു ന്നു. ചുരുക്കത്തിൽ ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം.
8. മുൻ ജനനമരണബന്ധനങ്ങളെ അഴിക്കുന്ന, ക്രോധത്തോടെ അവയെ വെട്ടി മാറ്റുന്ന, അങ്ങേയ്ക്ക് മുമ്പിൽ മൂഢനും അജ്ഞനുമായ ഞാൻ സാഷ്ടാംഗ പ്രണാമം നടത്തുന്നു.
9. കഴിഞ്ഞ അധ്യായത്തിൽ ഞാൻ വളരെ ആഹ്ലാദത്തോടെ സായിനാഥന്റെ ചാവടിയെക്കുറിച്ച് വർണ്ണിച്ചു. ഇപ്പോൾ ഈ അധ്യായത്തിൽ പാചകത്തെയും പാത്രത്തെയും പറ്റിയുള്ള വിശദീകരണം ശ്രവിക്കുക. അത് ശുദ്ധമായ ആനന്ദം പ്രദാനം ചെയ്യും.

10. മുലകുടി മാറാത്ത ഒരു ശിശുവിന്, അതിന് നൽകപ്പെടുന്ന ആഹാരത്തിൽ മാത്രം താല്പര്യം കാണും, പക്ഷേ എന്താണ് കഴിക്കേണ്ടതെന്ന് അറിയില്ല. അതിന് പാൽ നൽകണമോ അതോ മൃദുവായ ഖരരൂപത്തിലുള്ള ആഹാരം നൽകണമോ എന്നുള്ളത് മാതാവിന്റെ ഉത്തരവാദിത്വമാണ്.

11. അതേപോലെയാണ് എന്റെ സായിമാതാവും. അദ്ദേഹത്തിന്റെ ഭക്തരുടെ ആനന്ദത്തിന് വേണ്ടി അദ്ദേഹം എന്റെ കൈയ്യിൽ തൂലിക നൽകിക്കൊണ്ട് എന്റെ ഭാഗത്ത് നിന്നും ഒരു പരിശ്രമവും കൂടാതെ ഗ്രന്ഥരചന സാധ്യമാക്കുന്നു.

12. വ്യത്യസ്തയുഗങ്ങളിൽ വ്യത്യസ്തരീതികളാണ് നിർവ്വാണം നേടുന്നതിന് വേണ്ടി ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നത്. കൃതയുഗത്തിൽ തപസ്യയും ത്രേതായുഗത്തിൽ ജ്ഞാനവും, ദ്വാപരയുഗത്തിൽ യാഗവും കലിയുഗത്തിൽ ദാനവുമാണ് പറഞ്ഞിട്ടുള്ളത്.

13. ദാനവും ധാർമ്മികപ്രവൃത്തികളും എല്ലായ്പ്പോഴും പ്രാധാന്യമർഹിക്കുന്നു. വിശപ്പ് ശമിപ്പിക്കുക എന്നത് ഏറ്റവും ശ്രേഷ്ഠമാണ്. അതിനാൽ പതിവായി ആഹാരം ദാനം ചെയ്യേണ്ടതാണ്. മറ്റുള്ള സകല പ്രവൃത്തികളേക്കാളും അതിന് മുൻഗണന നൽകേണ്ടതാണ്.

14. ഉച്ചനേരമാകുമ്പോൾ വിശപ്പിന്റെ യാതന നമുക്ക് അനുഭവവേദ്യമാകും. നമുക്ക് അനുഭവമുണ്ടാകുന്നത് പോലെ തന്നെയാണ് മറ്റുള്ളവർക്കും അത് ഉണ്ടാകുന്നത്. ഈ ആന്തരികഭാവം ഗ്രഹിക്കുന്നവൻ ശ്രേഷ്ഠനാണ്.

15. ശാസ്ത്രവിധിപ്രകാരമുള്ള ധാർമ്മികപ്രവൃത്തികളിൽ അന്നദാനത്തിന് പ്രഥമസ്ഥാനമാണുള്ളത്. ഇങ്ങനെ ചിന്തിക്കുമ്പോൾ അതിനേക്കാൾ മഹത്തായ മറ്റൊന്നുമില്ല എന്ന് കാണാം.

16. ആഹാരം പരബ്രഹ്മനാണ്. ആഹാരത്തിൽ നിന്നാണ് സമസ്തജീവികളും ജനിക്കുന്നത്; ആഹാരത്തിലൂടെ ജീവികൾ പാലിക്കപ്പെടുകയും, ജീവൻ വെടിയുമ്പോൾ അവ വീണ്ടും ആഹാരത്തിലേക്ക് തന്നെ ലയിക്കുകയും ചെയ്യുന്നു.

17. ക്ഷണിക്കപ്പെടാത്ത ഒരു അതിഥി അസമയത്ത് വന്നുചേർന്നാൽ ഗൃഹനാഥൻ അതിഥിക്ക് ആഹാരം നൽകി അയാളെ സന്തുഷ്ടനാക്കണം. അയാളെ വിശന്ന വയറുമായി മടക്കി വിടുന്നവർ, അവർക്ക് സ്വയം ക്ലേശങ്ങൾ ക്ഷണിച്ചുവരുത്തുകയായിരിക്കും.

18. ധനം, ഭൂസ്വത്തുക്കൾ, വസ്ത്രങ്ങൾ എന്നിവ ദാനം ചെയ്യുന്നതിൽ വിവേചന ബുദ്ധി കാട്ടേണ്ടതുണ്ട്; പക്ഷേ ആഹാരത്തിന്റെ കാര്യത്തിൽ അത്തരത്തിലുള്ള പരിഗണനകളുടെ ആവശ്യമില്ല. വാതിൽക്കൽ ഏത് സമയത്ത് ആര് വന്നാലും അവനോട് അനാദരവ് കാട്ടുന്നത് നല്ലതല്ല.

19. അത്തരത്തിലാണ് ആഹാരം ദാനം ചെയ്യുന്നതിന്റെ ശ്രേഷ്ഠത, അതിന് തെളിവ് ശ്രുതികളിലും കണ്ടെത്താൻ കഴിയും. അതിനാൽ ദീർഘകാലമായുള്ള ആചാരമനുസരിച്ചുകൊണ്ട് ബാബയും ജനങ്ങൾക്ക് ആഹാരം നൽകിയിരുന്നു.

20. ആഹാരം ദാനം ചെയ്തില്ലെങ്കിൽ, ധനമോ മറ്റെന്തെങ്കിലുമോ ദാനം ചെയ്യുന്നത് ചന്ദ്രനില്ലാത്ത നക്ഷത്രസമൂഹത്തെപ്പോലെയും പതക്കമില്ലാത്ത കണ്ഠാഭരണം പോലെയും അപൂർണ്ണമായിരിക്കും. കാഴ്ചയ്ക്ക് അവ ഭംഗിയുള്ളതാകുമോ?

21. വരൺ[1], ആറുരുചികളിൽ[2] ഏറ്റവും ശ്രേഷ്ഠമാണെന്നത് പോലെ അന്നദാനം

ഏറ്റവും ശ്രേഷ്ഠമായ കർമ്മമാണ്. അഗ്രമില്ലാത്ത ഗോപുരം യോഗ്യമായി തോന്നുകയില്ല; അതേപോലെയാണ് താമരകളില്ലാത്ത കുളവും;

22. ഭക്തിയില്ലാത്ത ഭജനയും, നെറ്റിത്തടത്തിൽ കുങ്കുമതിലകമില്ലാത്ത വിവാഹിതയും; മധുരമായ സ്വരമില്ലാതെ പാടുന്നത് മടുപ്പിക്കുന്നതായിരിക്കും, ഉപ്പിടാത്ത മോര് രുചിയില്ലാത്തതായിരിക്കും.

23. ആഹാരം ദാനം ചെയ്യുമ്പോൾ രോഗികൾ, ദുർബ്ബലർ, അന്ധർ, വികലാംഗർ, ദരിദ്രർ തുടങ്ങിയവർക്ക് ആദ്യം നൽകണം – ബന്ധുക്കൾക്കും മറ്റുള്ളവർക്കും പിന്നീടാണ് നൽകേണ്ടത്.

24. ഇപ്പോൾ ബാബയുടെ പാചകപ്പാത്രങ്ങളെപ്പറ്റി ഒരു പൊതുവായ ധാരണ ശ്രോതാക്കൾക്ക് ലഭിക്കുന്നതിന് വേണ്ടി, ആകാംക്ഷയോടെ കാത്തിരിക്കുന്നവരെ സംതൃപ്തിപ്പെടുത്തുന്നതിന് വേണ്ടി, ഞാൻ ഒരു ശ്രമം നടത്തുകയാണ്.

25. അദ്ദേഹം മസ്ജിദിന്റെ മുറ്റത്ത് വലിയ ഒരു അടുപ്പ് കൂട്ടി അതിന് മുകളിൽ വളരെ വലിയ ഒരു പാത്രം വച്ച് ആവശ്യമായ അളവിൽ വെള്ളം ഒഴിച്ചിരുന്നു.

26. ചിലപ്പോൾ അദ്ദേഹം മധുരമുള്ള ചോറ് വച്ചിരുന്നു, ചിലപ്പോൾ ആട്ടിറച്ചി കലർത്തിയ പുലാവ് പാകം ചെയ്തിരുന്നു. ചിലപ്പോൾ ഗോതമ്പുമാവിൽ ചെറിയ ഉരുളകൾ ഉണ്ടാക്കി, അത് വരണിൽ വേവിച്ചെടുത്തിരുന്നു.

27. ചിലപ്പോൾ അദ്ദേഹം ഗോതമ്പ് മാവിൽ റോഗ്ഡ്[3]യും ഉരുട്ടിയെടുത്ത ഗോതമ്പ് പൻഗയും[4] ഉണ്ടാക്കി, വേവിച്ചുകൊണ്ടിരിക്കുന്ന വരണിൽ ഉരുളകളോടൊപ്പം വളരെ മൃദുവായി ചേർത്ത് ഇളക്കും.

28. മസാലക്കൂട്ട് ഒരു അരകല്ലിൽ വച്ച് പൊടിച്ചതിനുശേഷം അദ്ദേഹം പാചകത്തിനുള്ളതെല്ലാം ഒരുക്കി വച്ചിരുന്നു. സ്വന്തം കൈകൾ കൊണ്ട് മുഗവഡി[5] ഉണ്ടാക്കിയശേഷം, അദ്ദേഹം അത് സാവധാനത്തിൽ പാചകപ്പാത്രത്തിലേയ്ക്ക് ഇടും.

29. സ്വർഗ്ഗത്തിൽ സ്ഥാനം ലഭിക്കുമെന്ന ആശയോടെ യജ്ഞങ്ങളിൽ മൃഗങ്ങളെ ബലിയർപ്പിക്കാറുണ്ട്. ആചാരപരമായ ഈ ബലി ശാസ്ത്രങ്ങൾ അംഗീകരിച്ചിട്ടുള്ളതിനാൽ നൈവേദ്യ[6]ത്തിനുശേഷം ബ്രാഹ്മണർ പോലും ഈ മാംസം ഭക്ഷിക്കാറുണ്ട്.

30. അതേപോലെ മതാചാരം അനുസരിച്ച്, ആടിനെ കൊല്ലുന്നതിന് മുമ്പ് ഖുറാൻ വചനങ്ങൾ ചൊല്ലുന്നതിന് വേണ്ടി ബാബ മുല്ലാമാരെ[7] ക്ഷണിച്ചിരുന്നു.

31. രണ്ട് തരത്തിലുള്ള പാചകപ്പാത്രങ്ങൾ ഉണ്ടായിരുന്നു – ഒരു വലുതും, ഒരു ചെറുതും. ആഹാരം ആവശ്യമുള്ളവർക്ക് വേണ്ടി ഇവയിലേതെങ്കിലും ഒന്ന് ഉപയോഗിച്ച് അദ്ദേഹം ആഹാരം പാകം ചെയ്യുമായിരുന്നു.

32. ചെറിയ പാത്രത്തിൽ അമ്പത് പേർക്ക് മതിയാകുന്ന ഭക്ഷണം പാകം ചെയ്യാൻ കഴിഞ്ഞിരുന്നു; വലിയ പാത്രത്തിൽ നൂറ് പേർക്ക് ഭക്ഷണം തയ്യാറാക്കാൻ കഴിഞ്ഞിരുന്നു, പിന്നെയും കുറച്ച് അവശേഷിക്കുകയും ചെയ്തിരുന്നു.

33. എല്ലാ ആവശ്യങ്ങൾക്കും ബാബ സ്വയം പീടികക്കാരന്റെ സമീപത്ത് പോയി, അയാളിൽ നിന്നും വിലവിവരങ്ങൾ വാങ്ങിയിരുന്നു. അദ്ദേഹം ഉടൻ തന്നെ പണം നൽകിയിരുന്നു. അവിടെ കടത്തിന്റെ പ്രശ്നമേ ഉദിച്ചിരുന്നില്ല.

34. ഉപ്പ്, മുളക്, ജീരകം, കുരുമുളക്കൊടി, പച്ചക്കറികൾ, നാളികേരം, കൊപ്ര –

ഇവയെല്ലാം ബാബ വളരെ ശ്രദ്ധയോടെ നോക്കി, തീരുമാനമെടുത്ത് സ്വയം വാങ്ങിയിരുന്നു.

35. മസ്ജിദിൽ ഇരുന്ന് അരകല്ല് തയ്യാറാക്കി അദ്ദേഹത്തിന്റെ സ്വന്തം കൈകൾകൊണ്ട് ബാബ ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, ചോളം എന്നിവ പൊടിച്ചെടുക്കും.

36. പാചകത്തിനുള്ള പ്രധാനജോലികളെല്ലാം ബാബ സ്വയം ചെയ്തിരുന്നു. ഇവയെല്ലാം ഒരു ക്ഷീണവുമില്ലാതെ അദ്ദേഹം ചെയ്തിരുന്നു. മസാലക്കൂട്ടുകളും വളരെ ഇഷ്ടത്തോടെ അദ്ദേഹം തന്നെയാണ് പൊടിച്ചിരുന്നത്.

37. ഇടയ്ക്കിടയ്ക്ക് തീ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് വേണ്ടി ബാബ അടുപ്പിലെ വിറകുകൾ ക്രമീകരിച്ച് കൊണ്ടിരിക്കും.

38. പയറുവർഗ്ഗങ്ങൾ (പരിപ്പ്) കുതിർത്തെടുത്തശേഷം അദ്ദേഹം സ്വയം അത് അരകല്ലിൽ വച്ച് പൊടിച്ചെടുക്കും; എന്നിട്ട് കായം, ജീരകം, മല്ലി എന്നിവ ചേർത്ത് സ്വാദിഷ്ടവും ആവശ്യത്തിന് മസാല ചേർന്നതുമായ വിഭവം പാകം ചെയ്യും.

39. അദ്ദേഹം ഗോതമ്പ് മാവ് നന്നായി അടിച്ചുപരത്തി ആവശ്യമായ നീളത്തിൽ പിരിച്ചെടുത്ത് ചെറിയ ഉരുളകൾ ഉണ്ടാക്കും – എന്നിട്ട് അവയെ ഉരുട്ടി അനേകം പരന്ന പത്തിരികൾ ഉണ്ടാക്കും.

40. ഇതേ പാത്രങ്ങളിൽ ചോളമാവിൽ ആവശ്യത്തിന് വെള്ളവും മോരും കലർത്തി പാകം ചെയ്ത്, അംബിൾ എന്ന വിഭവവും അദ്ദേഹം ഉണ്ടാക്കുമായിരുന്നു.

41. മറ്റ് ഭക്ഷണത്തോടൊപ്പം ഈ അംബിൾ വിഭവവും ബാബ വളരെ സ്നേഹത്തോടെ സ്വന്തം കൈകൾ കൊണ്ട് എല്ലാവർക്കും വിളമ്പി നൽകുമായിരുന്നു.

42. ആഹാരം മതിയായ രീതിയിൽ പാകം ചെയ്തുവെന്ന് സ്വയം തൃപ്തിപ്പെടുമ്പോൾ, പാത്രം അടുപ്പിൽ നിന്നും മാറ്റി മസ്ജിദിലേയ്ക്ക് കൊണ്ടുവന്ന് വയ്ക്കുമായിരുന്നു.

43. മൗലവി ആഹാരത്തിൽ ആചാരപ്രകാരം ഫത്ഹ ചൊല്ലിയതിനുശേഷം, ആദ്യം മാലസപതിക്കും താത്ത്യയ്ക്കും പ്രസാദം കൊടുത്തുവിടും.

44. പിന്നീട് അവശേഷിക്കുന്ന ആഹാരം മുഴുവൻ ബാബ തന്റെ സ്വന്തം കൈകൾ കൊണ്ട് ദരിദ്രർക്കും അശരണർക്കും വിളമ്പി നൽകുമായിരുന്നു, അവരുടെ വയറ് നിറയുന്നതുവരെയും, അദ്ദേഹത്തിന് സ്വയം തൃപ്തിയാകുന്നത് വരെയും.

45. ആഹാരം ആവശ്യമുള്ളവരൊക്കെ ഉത്സാഹത്തോടെ വയറ് നിറയെ കഴിച്ചിരുന്നു. മാത്രമല്ല, "എടുത്തോളൂ, എടുത്തോളൂ" എന്ന് സ്നേഹത്തോടെ പറഞ്ഞുകൊണ്ട് കൂടുതൽ കഴിക്കാനായി ബാബ അവരെ പ്രോത്സാഹിപ്പിച്ചിരുന്നു.

46. ബാബ സ്വയം വിളമ്പി നൽകിയ ആഹാരം മതിയാവോളം സ്വീകരിക്കാൻ കഴിഞ്ഞവരുടെ പുണ്യം എത്രത്തോളം മഹത്തായിരുന്നു! അവർ എത്ര ഭാഗ്യവാന്മാരായിരുന്നു!

47. ഇത്തരുണത്തിൽ, ബാബ എല്ലാ ഭക്തന്മാർക്കും മാംസാഹാരം മടിയില്ലാതെ വിതരണം ചെയ്തിരുന്നോ എന്ന ഒരു സംശയം സ്വാഭാവികമായും ഉണ്ടായേക്കാം.

48. ഈ സംശയം ദൂരീകരിക്കാനായി അല്പം പോലും സമയം എടുക്കില്ല. പതിവായി മാംസം കഴിക്കുന്നവർക്ക് മാത്രമേ അദ്ദേഹം ഈ ഭക്ഷണം നൽകിയിരുന്നുള്ളൂ.

49. ഈ ജീവിതത്തിൽ ആ ഭക്ഷണം പരിചയമില്ലാത്തവർ, അത് തൊടാൻ പോലും അനുവദിക്കപ്പെട്ടിരുന്നില്ല. അദ്ദേഹം ഒരിക്കലും അതിന് ശ്രമിച്ചിരുന്നില്ല. പ്രസാദം കിട്ടാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നവർക്ക് മാത്രമേ മാംസാഹാരം നൽകാൻ അദ്ദേഹം തയ്യാറായിരുന്നുള്ളൂ.

50. ഒരു ഗുരു പ്രസാദമായി എന്തെങ്കിലും നൽകുമ്പോൾ അത് സ്വീകാര്യമാണോ അല്ലയോ എന്ന് ചിന്തിക്കുകയും സംശയിക്കുകയും ചെയ്യുന്ന ശിഷ്യൻ നാശത്തിലേയ്ക്ക് പതിക്കും.

51. ഈ തത്ത്വം ശിഷ്യന്മാർ എത്രത്തോളം ഗ്രഹിച്ചിട്ടുണ്ടെന്ന് പരീക്ഷിക്കാനായി ബാബ രസകരമായ പരീക്ഷണങ്ങൾ നടത്തിയിരുന്നു.

52. ഇതെഴുതുന്ന അവസരത്തിൽ, ഒരു ചെറുകഥ എനിക്ക് ഓർമ്മ വരുന്നുണ്ട്, അത് ശ്രോതാക്കൾ ശ്രദ്ധയോടെ കേൾക്കുക. അത് അവർക്ക് ഗുണപ്രദമായിരിക്കും.

53. ഒരു ഏകാദശി ദിനത്തിൽ ബാബ ദാദാ കേൽക്കാറോട് പറഞ്ഞു: “നീ കോർഹാലയിൽ പോയി എനിക്ക് കുറച്ച് ആട്ടിറച്ചി കൊണ്ടുവരുമോ?”

54. അതിനുവേണ്ടി ബാബ കുറച്ച് പണമെടുത്ത് എണ്ണിനോക്കിയശേഷം ദാദായ്ക്ക് നൽകി. “നീ പോകുക.” അദ്ദേഹം ആജ്ഞാപിച്ചു. “ഇത് നീ സ്വയം ചെയ്യണം.”

55. അയാളുടെ നാമം ഗണേശ് ദാമോദർ എന്നും കുടുംബപ്പേര് കേൽക്കാർ എന്നുമായിരുന്നു. അയാൾ പ്രായത്തിൽ മുതിർന്ന വ്യക്തിയാണെന്ന് അറിയാമായിരുന്നതിനാൽ എല്ലാവരും അദ്ദേഹത്തെ ‘ദാദാ’ എന്നു വിളിച്ചിരുന്നു.

56. അയാൾ ഹരിവിനായക സാഠേയുടെ ഭാര്യാപിതാവ് ആയിരുന്നു. അയാൾക്ക് ബാബയോട് അതിയായ സ്നേഹമുണ്ടായിരുന്നു. ഒരു ബ്രാഹ്മണനായതിനാൽ, ഒരു ബ്രാഹ്മണൻ ആചരിക്കേണ്ട ധാർമ്മിക ചര്യകൾ വളരെ ശ്രദ്ധയോടെ അയാൾ അനുഷ്ഠിച്ചിരുന്നു, ഒപ്പം സദ്ചിന്തകളും സദ്പെരുമാറ്റവും ഉണ്ടായിരുന്നു.

57. പകലും രാത്രിയും ഗുരുവിന് സേവനം നൽകിയിട്ടും അയാൾ സംതൃപ്തനായിരുന്നില്ല. ഈ ആജ്ഞയുടെ വൈചിത്ര്യം എന്തുകൊണ്ട് അയാൾക്ക് അനുഭവവേദ്യമായില്ല?

58. ആരോഗ്യപൂർണ്ണമായ ശരീരവും, മുൻസ്വഭാവങ്ങളുടെ ശക്തിയുമുള്ള ഒരുവന്റെ മനസ്സ് ഒരിക്കലും അസ്ഥിരമാകില്ല, അവന്റെ ബുദ്ധി ഗുരുപാദങ്ങളിൽ ദൃഢമായി ഉറച്ചിരിക്കും.

59. ധനം, ധാന്യങ്ങൾ, വസ്ത്രങ്ങൾ എന്നിവ അർപ്പിക്കുന്നത് മാത്രമല്ല ദക്ഷിണ എന്നും ഗുരുവിന്റെ ആജ്ഞകളുടെ നിശ്ശങ്കമായ അനുസരണമാണ് യഥാർത്ഥ ദക്ഷിണ എന്നും അതാണ് ഗുരുവിനെ ഏറ്റവും കൂടുതൽ സംപ്രീതനാക്കുന്നതെന്നും അയാൾ ഗ്രഹിച്ചിരുന്നു.

60. യഥാർത്ഥ വിശ്വാസമുണ്ടായിരിക്കുകയും, സ്വന്തം ജീവിതം മുഴുവൻ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നവൻ ഗുരുവിന്റെ അനുഗ്രഹം നേടുന്നു.

61. അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചുകൊണ്ട് അയാൾ പെട്ടെന്ന് വേഷം മാറി, ഗ്രാമത്തിലേയ്ക്ക് പുറപ്പെടാൻ ഒരുങ്ങിയപ്പോൾ, തിരികെ വരാനായി വിളിക്കപ്പെട്ടു.

62. "ഓ! ഈ വാങ്ങലിന് വേണ്ടി നീ മറ്റാരെയെങ്കിലും പറഞ്ഞുവിടുക", ബാബ പറഞ്ഞു. "പോകുന്നതിനും വരുന്നതിനുമുള്ള അനാവശ്യമായ ക്ലേശം നീ സഹിക്കേണ്ടതില്ല."

63. അതിനാൽ ദാദാ അയാളുടെ വാല്യക്കാരൻ പാൻഡുവിനോട് പറഞ്ഞു. അപ്പോൾ ബാബ ദാദായോട് എന്താണ് പറഞ്ഞതെന്ന് കേൾക്കുക.

64. പാൻഡു യാത്ര പുറപ്പെടാനായി ഒരുങ്ങി വഴിയിലെത്തിയപ്പോൾ ബാബ പറഞ്ഞു: "ഇന്ന് ഇങ്ങനെ കഴിയട്ടെ. അവനോട് തിരികെ വരാൻ പറയൂ."

65. അത് എന്തുമാകട്ടെ. മറ്റൊരവസരത്തിൽ ആഹാരം പാകം ചെയ്യണമെന്നുള്ള ഒരു ശക്തമായ തോന്നൽ ബാബയ്ക്കുണ്ടായി. അതിനാൽ അദ്ദേഹം വലിയ പാത്രം അടുപ്പിൽവച്ച്, അതിൽ ആട്ടിറച്ചി നിറച്ചു.

66. അദ്ദേഹം അരി കഴുകി ആവശ്യമായ വെള്ളം അളന്നെടുത്ത് അതിൽ ചേർത്തു. അടുപ്പിൽ വിറക് വെച്ച്, ബാബ അവിടെ ഇരുന്ന് തീ ഊതി ജ്വലിപ്പിച്ചു.

67. ഗ്രാമം മുഴുവൻ ബാബയോട് അനുസരണപ്പെട്ടിരുന്നു, തീ ഊതിക്കത്തിക്കാൻ ആര് വേണമെങ്കിലും സ്നേഹത്തോടെ തയ്യാറാകുമായിരുന്നു, പക്ഷേ ബാബയുടെ നിർദ്ദേശമില്ലാതെ അത് ചെയ്യാൻ ആരും ധൈര്യപ്പെട്ടില്ല.

68. അക്കാര്യത്തിൽ നിർദ്ദേശം നൽകേണ്ട കാര്യമേയുള്ളൂ, ആഹാരം പാകം ചെയ്ത് എത്തിക്കപ്പെടുമായിരുന്നു. എല്ലാവരും അദ്ദേഹത്തെ സേവിക്കാൻ ഉത്സുകരായിരുന്നു. പക്ഷേ ബാബയ്ക്ക് താൽപര്യമുണ്ടായിരുന്നില്ല.

69. 'അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നില്ല' എന്ന് പറയുന്നത് ശരിയല്ല. പാകം ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വ്യക്തി, അപരിചിതർക്ക് ആഹാരം ദാനം നൽകുന്നതിന് വേണ്ടി മറ്റുള്ളവരെ പ്രയാസപ്പെടുത്തുന്നത് എന്തിനാണ്?

70. അദ്ദേഹത്തിന്റെ സ്വന്തം ഉപജീവനത്തിനുവേണ്ടി അദ്ദേഹം ഭിക്ഷ യാചിച്ചിരുന്നു, ഒരു കാൽക്കഷണം ഭക്രിക്കുവേണ്ടി വീടുവീടാന്തരം അലഞ്ഞു.

71. പക്ഷേ ആഹാരം ദാനമായി കൊടുക്കണമെന്ന് അദ്ദേഹത്തിന് സ്വയം തോന്നുമ്പോൾ, ആ ക്ലേശം സ്വയം ഏറ്റെടുക്കുന്നത് വരെ അദ്ദേഹത്തിന് തൃപ്തിയാകില്ല, മാത്രമല്ല അദ്ദേഹം മറ്റാരെയും ആശ്രയിച്ചിരുന്നുമില്ല.

72. ബാബ സ്വയം വില നൽകി, മാവ്, ഗോതമ്പ്, അരി, പയർ എന്നിവ വാങ്ങി നൂറ് പേർക്ക് ഭക്ഷണം നൽകിയിരുന്നു.

73. കൈയ്യിൽ ഒരു കൊട്ടയുമെടുത്ത്, അദ്ദേഹം പീടികയിലേയ്ക്ക് പോകും, സത്യസന്ധമായ വിലപേശൽ എങ്ങനെ ചെയ്യണമെന്ന് ജനങ്ങൾ അദ്ദേഹത്തിൽ നിന്നും പഠിച്ചിരുന്നു.

74. അദ്ദേഹം സാധനങ്ങൾ കൈകളിൽ എടുത്ത്, വിലപേശലിനുശേഷം വില ഉറപ്പിക്കും. ആർക്കും അദ്ദേഹത്തെ കബളിപ്പിക്കാനോ അങ്ങനെ ചെയ്തുവെന്ന് അഹങ്കരിക്കാനോ സാധിച്ചിരുന്നില്ല.

75. ഒടുവിൽ ആവശ്യപ്പെട്ട വിലയുടെ ഇരട്ടി, പണമായി അദ്ദേഹം നൽകിയിരുന്നു;

പക്ഷേ വില പേശുമ്പോൾ യഥാർത്ഥ വിലയേക്കാൾ ഒരു പൈസ പോലും കൂടുതൽ നൽകാൻ അദ്ദേഹം സമ്മതിക്കുമായിരുന്നില്ല.

76. പ്രവൃത്തികൾ സ്വയം ചെയ്യാനുള്ള ഉൽക്കടമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു, അത് മറ്റാരും ചെയ്യുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം ആരുടെയും സഹായം പ്രതീക്ഷിക്കുകയോ, മറ്റുള്ളവരെ ബുദ്ധിമുട്ടിക്കണമെന്ന് ആഗ്രഹിക്കുകയോ ചെയ്തിരുന്നില്ല.

77. ഇത് ബാബ എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ മുമ്പിൽ സൂക്ഷിച്ചിരുന്ന ഒരു തത്ത്വമായിരുന്നു. അതിനാൽ പാചകം ചെയ്യുന്ന ജോലിക്ക് അദ്ദേഹം ആരുടെയും സഹായം ചോദിച്ചില്ല.

78. അത് പാചകത്തിന്റെ കാര്യത്തിൽ മാത്രമായിരുന്നില്ല. ധുനിക്ക് സമീപം വിറക് ശേഖരിച്ച് വച്ചിരുന്ന മുറിയുടെ കിഴക്ക് വശത്തുള്ള മൂന്ന് ചുവരുകളും ബാബ അദ്ദേഹത്തിന്റെ സ്വന്തം കൈകൾ കൊണ്ട് നിർമ്മിച്ചതായിരുന്നു.

79. അദ്ദേഹം ചെളിയും വെള്ളവും കൂടി കൂട്ടിക്കലർത്തി, മേസ്തിരിക്കരണ്ടി കൈയ്യിൽ പിടിച്ചുകൊണ്ട് ഭിത്തി നിർമ്മിക്കാനായി ചുടുകട്ടകൾ ഒന്നിനുമുകളിൽ ഒന്നായി എടുത്തുവച്ചിരുന്നു.

80. എന്തൊക്കെയാണ് ബാബ ചെയ്തിട്ടില്ലാത്തത്! മസ്ജിദിൽ അദ്ദേഹം സ്വയം ചാണകം മെഴുകിയിരുന്നു. കഫ്നിയും ലങ്കോട്ടിയും അദ്ദേഹം സ്വയം തുന്നിയിരുന്നു. ആരെക്കുറിച്ചും ഒരു പ്രതീക്ഷയും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

81. പാചകപ്പാത്രത്തിൽ നിന്നും ആവി ഉയരുകയും, പാത്രത്തിനുള്ളിലുള്ള വസ്തുക്കൾ നന്നായി തിളച്ചു മറിയുകയും ചെയ്യുമ്പോൾ ബാബ കുപ്പായക്കൈ മുകളിലേയ്ക്ക് ചുരുട്ടിവച്ചശേഷം, അദ്ദേഹത്തിന്റെ കൈ പാത്രത്തിനുള്ളിലേയ്ക്ക് ഇട്ട് മുഴുവൻ സാധനവും വശങ്ങളിലേയ്ക്കും മുകളിലും താഴേയ്ക്കും ഇളക്കുമായിരുന്നു.

82. പാത്രത്തിനുള്ളിൽ നിന്ന് കുമിളകൾ ഉയരുകയും, ഇളക്കിക്കൊടുക്കേണ്ടി വരികയും ചെയ്യുമ്പോൾ ബാബ ഈ അവിശ്വസനീയമായ ലീല കാട്ടുമായിരുന്നു.

83. രക്തവും മാംസവുമുള്ള കരവും, തിളച്ചുകൊണ്ടിരിക്കുന്ന ചൂടുപാത്രവും സങ്കല്പിച്ചു നോക്കുക- പക്ഷേ പൊള്ളലിന്റെയോ ആവി ഏറ്റതിന്റെയോ ഒരു അടയാളം പോലും അദ്ദേഹത്തിന്റെ കൈകളിലുണ്ടാകില്ല, അദ്ദേഹത്തിന്റെ മുഖത്ത് ഭയത്തിന്റെ ഒരു ലാഞ്ചന പോലുമുണ്ടാകില്ല.

84. ഭക്തരുടെ നെറ്റിത്തടത്തിൽ സ്പർശിച്ച് അവരുടെ ത്രിദോഷങ്ങൾ അകറ്റിയിരുന്ന ആ കരത്തിന് അഗ്നി മൂലം എന്ത് ക്ലേശമാണ് ഉണ്ടാകുക? അതിന്റെ ശ്രേഷ്ഠത എന്താണെന്ന് അതിന് അറിയില്ലേ?

85. കുതിർത്ത പരിപ്പ് അദ്ദേഹം അരകല്ലിൽ വച്ച്, അത് സ്വയം വൃത്തിയാക്കിയ ശേഷം, കുഴവി കൈയ്യിലെടുത്ത് അത് അരച്ചെടുത്ത്, അതുകൊണ്ട് മൂംഗ്വടകൾ പരത്തിയെടുക്കും.

86. എന്നിട്ട് അത് പതുക്കെ പാചകപ്പാത്രത്തിലേയ്ക്കിട്ട ശേഷം പാത്രത്തിന്റെ മൂട് ഭാഗത്ത് ഒട്ടിപ്പിടിക്കാതിരിക്കാനായി അതിനെ ഇളക്കിക്കൊണ്ടിരിക്കും. പാകമാകുമ്പോൾ തീയിൽ നിന്ന് മാറ്റിയശേഷം, എല്ലാവർക്കും പ്രസാദമായി വിതരണം ചെയ്തിരുന്നു.

87. സായിബാബ ഒരു മുസ്ലീമായിരിക്കേ എല്ലാവർക്കും പ്രസാദം വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നത് എങ്ങനെയാണെന്ന് ശ്രോതാക്കൾ ചോദിച്ചേക്കാം. അദ്ദേഹം പാകം ചെയ്ത ആഹാരം കഴിക്കുന്നത് അവരുടെ (ഹിന്ദുക്കളുടെ) മതപ്രകാരം അശുദ്ധമാണെന്നിരിക്കേ അത് എല്ലാവർക്കും കഴിക്കാനായി നൽകാൻ അദ്ദേഹത്തിന് എങ്ങനെയാണ് സാധിച്ചിരുന്നത്?

88. ഈ ചോദ്യത്തിന് ഒരേ ഒരു ഉത്തരമേയുള്ളൂ. മതപരമായ കാര്യങ്ങളിലുള്ള യുക്തതയും യുക്തത ഇല്ലായ്മയും ബാബ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നു.

89. പാചകപ്പാത്രത്തിൽ പാകം ചെയ്യപ്പെടുന്ന എല്ലാ വിഭവങ്ങളും എല്ലാവരും കഴിക്കണമെന്ന്, വിവേചനമില്ലാതെ ഒരിക്കലും ബാബ നിഷ്കർഷിച്ചിരുന്നില്ല.

90. പക്ഷേ നല്ല വിശ്വാസത്തോടെ പ്രസാദം ലഭിക്കണമെന്ന് സ്വയം ആഗ്രഹിച്ചിരുന്നവരുടെ താല്പര്യങ്ങൾ അദ്ദേഹം സഫലമാക്കിയിരുന്നു. അദ്ദേഹം ഒരിക്കലും ഒരു തരത്തിലുമുള്ള കാപട്യമോ വഞ്ചനയോ ചെയ്തിരുന്നില്ല.

91. കൂടാതെ ആർക്കാണ് ജാതിയെപ്പറ്റി അറിവുണ്ടായിരുന്നത്? ഒരു മസ്ജിദിൽ താമസിച്ചിരുന്നതിനാൽ, അദ്ദേഹം ഒരു മുസ്ലീമാണെന്ന് പറയപ്പെട്ടു. പക്ഷേ അദ്ദേഹത്തിന്റെ പെരുമാറ്റരീതികൾ പരിഗണിച്ചാൽ അദ്ദേഹം ഏത് ജാതിയിലുൾപ്പെട്ടിരുന്നു എന്ന് പറയാൻ ആർക്കും സാധിച്ചിരുന്നില്ല.

92. ഈശ്വരനായി വിശ്വസിക്കപ്പെട്ടിരുന്ന; ആരുടെ പാദധൂളികളിലാണോ അഭയം തേടിയിരുന്നത്, ആ വ്യക്തിയുടെ ജാതി പരിഗണിക്കുന്ന ചോദ്യം ഉയരുമോ? അത്തരക്കാരുടെ ആത്മീയത നേടാനുള്ള ശ്രമങ്ങളെ അവജ്ഞയോടെ കാണണം.

93. ഈ ലോകത്തിൽ നിന്നും സ്വർഗ്ഗത്തിൽ നിന്നും വിരക്തനായ; വിവേചനബുദ്ധിയും വൈരാഗ്യവും മാത്രം ഏക സമ്പത്തായുള്ള വ്യക്തിയുടെ ജാതി അറിയണമെന്നുള്ള ചോദ്യം ഉയരുമോ? അപ്രകാരം ചെയ്യുന്നവരുടെ ആത്മീയചര്യകളെ അവജ്ഞയോടെ കാണണം.

94. ധർമ്മം, അധർമ്മം എന്നീ ദ്വന്ദ്വഭാവങ്ങൾക്ക് അതീതനായ; ശുദ്ധമായ പരമാനന്ദത്തിൽ വിരാജിക്കുന്ന വ്യക്തിയുടെ ജാതി അറിയണമെന്നുള്ള ചോദ്യം ഉയരുമോ? അത്തരത്തിൽ പ്രവർത്തിക്കുന്നവരുടെ ആത്മീയത നേടാനുള്ള ശ്രമങ്ങളെ അവജ്ഞയോടെ കാണണം.

95. ഞാൻ എന്റെ സ്വന്തം ആനന്ദത്തിന് വേണ്ടി ബാബയുടെ ജീവിതകഥകൾ പാടുന്നു. അവ കേൾക്കണമെന്ന് ഉൽക്കടമായി ആഗ്രഹിക്കുന്നവരുടെ ഭക്തി സഫലമാകും.

96. അത് എന്തുമാകട്ടെ. ഈ കഥാഭാഗം അപൂർണ്ണമാണ്. നമുക്ക് പുറകിലേയ്ക്ക് പോയി ബാബ ദാദായോട് പറഞ്ഞതെന്താണെന്ന് ശ്രദ്ധയോടെ കേൾക്കാം.

97. "ഞാൻ പിലാഫ് (ആട്ടിറച്ചി ചേർത്തത്) ഉണ്ടാക്കിയിട്ടുണ്ട്. അത് എങ്ങനെയുണ്ടെന്ന് നീ കണ്ടോ?" ദാദാ സാധാരണരീതിയിൽ മറുപടി പറഞ്ഞു: "അതെ, അതെ, തീർച്ചയായും അത് വളരെ നന്നായിട്ടുണ്ട്."

98. കൃത്യമായി സ്നാനം, പ്രാർത്ഥന തുടങ്ങിയ ചര്യകൾ അനുഷ്ഠിക്കുകയും സന്മാർഗ്ഗശാസ്ത്രപരമായ ജീവിതം നയിക്കുകയും ചെയ്തിരുന്ന വയോധികനായ ഒരു ശ്രേഷ്ഠഭക്തനായിരുന്നു ദാദാ. അയാൾക്ക് ഈ ചോദ്യം ഉചിതമായി തോന്നിയില്ല.

99. അപ്പോൾ ബാബ ദാദായോട് പറഞ്ഞു: "നീ അത് ഒരിക്കലും നിന്റെ കണ്ണുകൾ കൊണ്ട് കാണുകയോ, അത് രുചിച്ച് നോക്കുകയോ ചെയ്തില്ല! പിന്നെങ്ങനെയാണ് അത് നല്ലതാണെന്ന് പറയാൻ നിനക്ക് കഴിയുക?

100. "ഓ, പാചകപ്പാത്രത്തിന്റെ അടപ്പ് മാറ്റിയശേഷം, നിന്റെ സ്വന്തം കൈകൾ കൊണ്ട് അത് എങ്ങനെയുണ്ടെന്ന് നോക്കുക." എന്നിട്ട് അയാളുടെ കൈ സ്വന്തം കൈയ്യിലെടുത്തു കൊണ്ട്, അദ്ദേഹം അതിനെ പാത്രത്തിനുള്ളിലേയ്ക്ക് തള്ളിക്കയറ്റി.

101. അതിനുശേഷം അദ്ദേഹം പറഞ്ഞു: "ഇപ്പോൾ നീ നിന്റെ കൈ പുറത്തേയ്ക്ക് എടുത്തുകൊള്ളൂ. ഒരു തവി എടുത്ത് അത് ഒരു പാത്രത്തിൽ വിളമ്പിക്കഴിക്കുക. നിന്റെ യാഥാസ്ഥിതികതയെക്കുറിച്ച് ശ്രദ്ധിക്കേണ്ടതില്ല. അനാവശ്യമായി പൊങ്ങച്ചം കാട്ടരുത്."

102. ഒരു ദിവ്യൻ ശിഷ്യനെ അശുദ്ധമാക്കുമെന്ന ചിന്ത പോലും വളരെ വിചിത്രമാണ്! ദിവ്യന്മാർ എല്ലായ്പ്പോഴും കാരുണ്യത്താൽ നിറഞ്ഞ് കവിയുന്നവരാണ്. എങ്ങനെയാണ് പെരുമാറേണ്ടതെന്ന് അവർക്ക് അറിയാം.

103. യഥാർത്ഥ സ്നേഹത്തിന്റെ തിരകൾ ഉയരുമ്പോൾ ഒരു മാതാവ് പോലും സ്വന്തം കരം കൊണ്ട് അവളുടെ കുഞ്ഞിനെ നുള്ളാറുണ്ട്; പിന്നീട് കുഞ്ഞ് കരയാൻ തുടങ്ങുമ്പോൾ അവൾ അവനെ മാറോട് ചേർത്തുപിടിക്കും.

104. നിഷിദ്ധമായത് കഴിക്കുന്നത് ഇഷ്ടപ്പെടുന്നവന്റെ ആഗ്രഹം സഫലമായിരുന്നു. അതേസമയം മനോനിയന്ത്രണം ഉള്ളവന് അത്തരത്തിലുള്ള ആഹാരത്തിൽ നിന്ന് വിട്ടുനിൽക്കാൻ ബാബ സഹായിച്ചിരുന്നു.

105. ആജ്ഞകൾ (ഗുരുവിന്റെ) അനുസരിക്കാനുള്ള ആഗ്രഹം ചിലപ്പോഴൊക്കെ, ജീവിതത്തിലൊരിക്കൽപ്പോലും മാംസം തൊട്ടിട്ടില്ലാത്തവർ പോലും സന്ദേഹിക്കുന്ന അവസ്ഥയിലെത്തിയിരുന്നു.

106. ബാബ ഒരിക്കൽപ്പോലും ഒരു ഭക്തനെയും തെറ്റായ പാതയിലൂടെ നയിക്കാൻ പ്രേരിപ്പിച്ചിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

107. അത് അങ്ങനെയാകട്ടെ. 1910-വരെ ഇടയ്ക്കിടയ്ക്ക് പാചകപ്രവൃത്തി വളരെ ഉത്സാഹത്തോടെ തുടർന്നിരുന്നു.

108. അതിനുശേഷം ദാസ്ഗനു ബോംബെയിലെത്തുകയും, അയാളുടെ കീർത്തനങ്ങളിലൂടെ സകലരുടെയും മനസ്സുകളിൽ സായിയുടെ മഹത്വം ആഴത്തിൽ പതിപ്പിക്കുകയും ചെയ്തു.

109. അപ്പോൾ മുതൽ, ചെറുപ്പക്കാരും വൃദ്ധരും ഉൾപ്പെടെ എല്ലാവരും സായിയുടെ ശ്രേഷ്ഠത അറിഞ്ഞു; എണ്ണമില്ലാത്ത ജനങ്ങൾ ഷിർദിയിലേയ്ക്ക് പോകാൻ തുടങ്ങുകയും ചെയ്തു.

110. ആ സമയം മുതൽ പഞ്ചോപചാരങ്ങൾ[6]കൊണ്ട് ബാബയുടെ പൂജയും ആരാധനയും തുടങ്ങുകയും, ഉച്ചയ്ക്കും മറ്റു സമയങ്ങളിലും പലതരത്തിലുള്ള നൈവേദ്യങ്ങളും ആഹാരവും ലഘുഭക്ഷണങ്ങളും അർപ്പിക്കപ്പെടുകയും ചെയ്തു.

111. വരൺ, അരിച്ചോറ്, ഷീര-പൂരി, ചപ്പാത്തി, ചട്നി, സാലഡുകൾ, പലതരത്തിലുള്ള പഞ്ചാമൃതങ്ങൾ, ഖീർ - എന്നിങ്ങനെ കുന്ന് പോലെ വിഭവങ്ങൾ വന്നു തുടങ്ങി.

112. തീർത്ഥാടകർ ധാരാളമായി വന്നു. എല്ലാവരും ദർശനത്തിനായി ഓടിയെത്തി. അവർ സായിയുടെ പാദങ്ങളിൽ നൈവേദ്യം അർപ്പിച്ചു; വിശപ്പുള്ളവർക്ക് സ്വാഭാവികമായും തൃപ്തി ലഭിക്കുകയും ചെയ്തു.

113. വെൺകൊറ്റക്കുടയും വെഞ്ചാമരവുമായി ഒരു രാജാവിനെപ്പോലെ ബാബ ആരാധിക്കപ്പെട്ടു; താൽ, ലോഹമണി തുടങ്ങിയ വാദ്യങ്ങൾ പ്രകമ്പനം കൊണ്ടു; ഭക്തവൃന്ദം വർദ്ധിച്ചുവന്നു.

114. അദ്ദേഹത്തിന്റെ യശസ്സ് എങ്ങും പരന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ സ്തുതികൾ പാടി. സന്ദർശകർക്ക് ഏറ്റവും ദിവ്യമായ ഒരു തീർത്ഥാടനകേന്ദ്രമായി ഷിർദി പിന്നീട് മാറി.

115. ഇതുമൂലം പാചകത്തിന്റെ പ്രധാന ഉദ്ദേശ്യം സാധ്യമാക്കപ്പെട്ടു. ഫക്കീർമാരും ദരിദ്രരും തൃപ്തിയാവോളം ഭക്ഷിച്ചതിനുശേഷവും ധാരാളം ആഹാരം അവശേഷിക്കുന്ന തരത്തിൽ, വളരെയധികം നൈവേദ്യങ്ങൾ ബാക്കി വന്നിരുന്നു.

116. ശ്രവിക്കുമ്പോൾ സന്തോഷം നൽകുന്ന മറ്റൊരു കഥ ഞാൻ ഇപ്പോൾ വിവരിക്കുന്നതാണ് - ഏതെങ്കിലും ദേവതയോടോ ക്ഷേത്രത്തോടോ അനാദരവ് കാട്ടിയാൽ ബാബ എങ്ങനെയാണ് അതൃപ്തനായിരുന്നതെന്ന് കാണുക.

117. ഊഹങ്ങളിലൂടെ ചിലർ സായി ബ്രാഹ്മണനാണെന്നും മറ്റുചിലർ അദ്ദേഹം മുസൽമാനാണെന്നും പറഞ്ഞിരുന്നു. അദ്ദേഹം സകല ജാതികൾക്കും വർഗ്ഗങ്ങൾക്കും അതീതനായിരുന്നു.

118. അദ്ദേഹം എപ്പോൾ, എവിടെ, ഏത് സമൂഹത്തിൽ ജനിച്ചുവെന്നോ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ആരായിരുന്നെന്നോ ആർക്കും വ്യക്തമായി അറിയില്ലായിരുന്നു. അപ്പോൾ എങ്ങനെയാണ് അദ്ദേഹം മുസൽമാനോ ബ്രാഹ്മണനോ ആകുക?

119. അദ്ദേഹം ഒരു മുസ്ലീമായിരുന്നെങ്കിൽ എങ്ങനെയാണ് മസ്ജിദിൽ അഗ്നിപൂജയും തുളസിവൃന്ദാവനവും ഉണ്ടാകുക, എങ്ങനെയാണ് അദ്ദേഹം മണിയൊച്ചകൾ സഹിച്ചിരിക്കുക?

120. ശംഖ് ഊതുന്നതും വാദ്യോപകരണങ്ങളോടെ കഥകളും കീർത്തനങ്ങളും ചൊല്ലുന്നതും, താൽ, ലോഹമണി, മൃദംഗം എന്നിവ മുഴക്കുന്നതും ഉച്ചത്തിലുള്ള ഈശ്വരനാമജപവും എങ്ങനെയാണ് അദ്ദേഹം അനുവദിച്ചിരുന്നത്?

121. അദ്ദേഹം ഒരു മുസ്ലീമായിരുന്നെങ്കിൽ, മസ്ജിദിൽ ഇരുന്ന് കൊണ്ട് ചന്ദനലേപനം പുരട്ടുന്നതും മറ്റ് ആചാരപരമായ ചടങ്ങുകൾ അനുവദിക്കുകയും മറ്റുള്ളവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്യുമായിരുന്നോ?

122. അദ്ദേഹം ഒരു മുസ്ലീമായിരുന്നെങ്കിൽ, കാതുകൾ കുത്തിയിട്ടുണ്ടായിരിക്കുമോ? അദ്ദേഹം പണം മുടക്കി ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുമായിരുന്നോ?

123. സ്നാനത്തിനുശേഷം വിലപിടിച്ച പീതാംബരം[9] ധരിച്ചിരിക്കുമായിരുന്നോ? ഒരു ദേവതകളോടും അല്പം പോലും അനാദരവ് അദ്ദേഹം സഹിച്ചിരുന്നില്ല.

124. ഇത് എഴുതുമ്പോൾ, ഈ വസ്തുത വിശദമാക്കുന്ന ഒരു കഥ ഞാൻ ഓർക്കുന്നു. അത് ഞാൻ വിനയത്തോടെ കാഴ്ച വയ്ക്കുന്നു. അത് ശ്രദ്ധയോടെ ശ്രവിക്കുക.

125. ഒരിക്കൽ എന്താണ് സംഭവിച്ചതെന്ന് നോക്കുക! ബാബ ലെൻഡിയിൽ നിന്ന്

മടങ്ങി മസ്ജിദിൽ ഇരുന്നു. ഭക്തർ സന്ദർശനത്തിനായി വന്നുതുടങ്ങി.

126. അവരുടെ കൂട്ടത്തിൽ ബാബ വളരെയധികം സ്നേഹിച്ചിരുന്ന ശ്രേഷ്ഠഭക്ത നായ ചന്ദോർക്കറും ഉണ്ടായിരുന്നു. അയാൾ അയാളുടെ ഭാര്യാസഹോദര നായ ബിനിവാലേയുടെ ഒപ്പം ഉത്സാഹത്തോടെ ദർശനത്തിനെത്തിയിരുന്നു.

127. സായിനാഥനെ വന്ദിച്ചശേഷം ഇരുവരും അദ്ദേഹത്തിന്റെ മുമ്പിൽ ഇരുന്നു. ക്ഷേമത്തെയും സൗഖ്യത്തെക്കുറിച്ചുമുള്ള പൊതുവായ അന്വേഷണങ്ങൾ കൈമാറുന്നതിനിടയിൽ ബാബ പെട്ടെന്ന് കോപിഷ്ഠനായി.

128. ബാബ പറഞ്ഞു! "നാനാ നീ എങ്ങനെയാണ് അത് മറന്നത്? ഇത്രയും വർഷ ങ്ങൾ എന്റെയൊപ്പം കഴിഞ്ഞിട്ടും ഇത് മാത്രമാണോ നീ പഠിച്ചത്?

129. "നീ എന്റെ സമ്പർക്കത്തിൽ ചെലവഴിച്ച സമയത്തിന്റെ ഫലം ഇതാണോ? നിന്റെ നിർണ്ണയബുദ്ധി ഇങ്ങനെ വഴിപിഴച്ചതെങ്ങനെയാണ്? വിശദമായി എന്നോട് പറയുക."

130. ഇത് കേട്ടപ്പോൾ നാനാ സംഭ്രമിച്ചു. ഈ കോപത്തിനുള്ള കാരണം എന്താ യിരിക്കുമെന്ന് അയാൾ ആശ്ചര്യപ്പെട്ടു. പക്ഷേ, അയാൾക്ക് ഒന്നുംതന്നെ ഓർമ്മിക്കാൻ കഴിഞ്ഞില്ല. അയാൾ ദുഃഖിതനായി.

131. എവിടെയാണ് അയാൾ തെറ്റ് ചെയ്തതെന്ന് അയാൾക്ക് ഓർക്കാൻ കഴിഞ്ഞി ല്ല. ഈ കോപത്തിന്റെ കാരണം കണ്ടെത്താൻ അയാൾക്ക് കഴിഞ്ഞില്ല. പക്ഷേ എന്തെങ്കിലും സംഭവിച്ചിട്ടില്ലാതെ, ബാബ ആരെയും വേദനിപ്പിക്കാറില്ല.

132. അതിനാൽ അയാൾ ബാബയുടെ കാലുകൾ പിടിച്ച് വീണ്ടും വീണ്ടും പ്രാർത്ഥി ച്ചു. ഒടുവിൽ നാനാ ആത്മാർത്ഥതയോടെ പ്രാർത്ഥനാപരമായി ചോദിച്ചു: "എന്തുകൊണ്ടാണ് അങ്ങ് കോപിഷ്ഠനായിരിക്കുന്നത്?"

133. "നീ വളരെ വർഷങ്ങൾ എന്റെയൊപ്പം കഴിഞ്ഞിട്ടും, എങ്ങനെയാണ് ഇങ്ങനെ പ്രവർത്തിക്കാൻ നിനക്ക് കഴിഞ്ഞത്? നിന്റെ ബോധത്തിന് എന്താണ് സംഭ വിച്ചത്?", എന്ന് ബാബ നാനായോട് ചോദിച്ചു.

134. "നീ എപ്പോഴാണ് കോപർഗാവണിൽ എത്തിയത്? വഴിയിൽ എന്താണ് സംഭ വിച്ചത്? വഴിയിൽ നീ എവിടെയാണ് ഇറങ്ങിയത്? അതോ നീ നേരെ ഇങ്ങോ ട്ടാണോ വന്നത്?

135. "എന്തോ വിചിത്രമായ കാര്യം വഴിയിൽ സംഭവിച്ചു. അത് വിശദമായി എനിക്ക് കേൾക്കണം. എവിടെ, എന്ത് സംഭവിച്ചു എന്ന്, അത് ചെറുതോ വലുതോ ആയ സംഭവമായാലും എന്നോട് പറയുക."

136. ഇത് കേൾക്കവേ നാനായ്ക്ക് അയാളുടെ തെറ്റ് മനസ്സിലാകുകയും, ഉടൻതന്നെ അയാളുടെ മുഖം കുനിയുകയും ചെയ്തു. അത് പറയാൻ അയാൾക്ക് ലജ്ജ തോന്നിയെങ്കിലും, അയാൾ അത് വിവരിച്ചു.

137. ഇവിടെ ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയില്ല! ഇങ്ങനെ തീരുമാനിച്ചുകൊണ്ട്, സംഭവിച്ചതൊക്കെ വിശദമായി നാനാ ബാബയോട് പറഞ്ഞു.

138. സായിയുടെ മുമ്പിൽ കളവ് പറയാൻ കഴിയില്ല. കാപട്യത്തിന് ബാബയുടെ അനുഗ്രഹം നേടാൻ കഴിയില്ല. അവിശ്വാസ്യത നാശത്തിലേയ്ക്ക് നയിക്കു ന്നു, നുണകൾ ഒടുവിൽ ഒരുവനെ നരകത്തിലേയ്ക്കും നയിക്കുന്നു.

139. ഗുരുവിനെ വഞ്ചിക്കുക എന്നത് ഏറ്റവും വലിയ പാപമാണ്, അതിന് പ്രായ

ശ്ചിത്തമില്ല. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, നാനാ സംഭവിച്ചതൊക്കെ ബാബയോട് വിശദമായി പറഞ്ഞു.

140. നാനാ പറഞ്ഞു: "നേരേ ഷിർദിയിലേയ്ക്ക് വരുന്നതിനുവേണ്ടി ഞങ്ങൾ ഒരു ടോംഗ വാടകയ്ക്ക് എടുത്തു, അതുമൂലം ഗോദാവരി തീരത്തുള്ള ദത്തഭഗവാനെ ദർശിക്കാൻ ബിനിവാലേയ്ക്ക് സാധിച്ചില്ല.

141. ബിനിവാലേ ഒരു ദത്തഭക്തനാണ്. ഞങ്ങൾ വഴിയിൽ ദത്താക്ഷേത്രം കണ്ടപ്പോൾ, ദത്തദർശനം ചെയ്യാൻ വേണ്ടി അയാൾക്ക് അവിടെ ഇറങ്ങണമെന്നുണ്ടായിരുന്നു.

142. പക്ഷേ, ഞാൻ ധൃതിയിലായിരുന്നു, അതിനാൽ ഞാൻ അയാളെ തടയുകയും, ഷിർദിയിൽ നിന്നുള്ള മടക്കയാത്രാവേളയിൽ ദർശനം നടത്താമെന്ന് അയാളോട് പറയുകയും ചെയ്തു.

143. അങ്ങനെ, ധൃതിയിലായതിനാലും ഷിർദിയിലെത്താൻ വൈകുമെന്ന് ചിന്തിച്ചതിനാലും, ഞാൻ ആ കാര്യം ഒഴിവാക്കുകയും ദത്തദർശനം അവഗണിക്കുകയും ചെയ്തു.

144. പിന്നീട്, ഗോദാവരിയിൽ കുളിക്കുമ്പോൾ എന്റെ പാദത്തിൽ ഒരു വലിയ മുള്ള് തറച്ചു. വളരെ ബുദ്ധിമുട്ടി അത് പുറത്തേയ്ക്ക് വലിച്ചൂരാൻ കഴിഞ്ഞത് വരെ, അത് എനിക്ക് വളരെ വേദനയുണ്ടാക്കി."

145. അപ്പോൾ ബാബ പറഞ്ഞു: "അത്തരം ധൃതി നല്ലതല്ല. നീ ദർശനം അവഗണിച്ചിട്ടും, മുള്ള് തറച്ചത് മാത്രമേ സംഭവിച്ചുള്ളൂ എന്നോർത്ത് നിന്റെ നക്ഷത്രരാശിക്ക് നന്ദി പറയുക.

146. ദത്തദേവനെപ്പോലെ ആദരണീയനായ ഒരു ദേവൻ ദർശനത്തിനായി വഴിയിലുള്ളപ്പോൾ, ആ ദർശനം നടത്താത്തവൻ നിർഭാഗ്യവാനാണ്! എനിക്ക് എങ്ങനെയാണ് അവനെ സഹായിക്കാൻ കഴിയുക?"

147. നമുക്കിപ്പോൾ പാചകത്തെക്കുറിച്ചുള്ള കഥ അവസാനിപ്പിക്കാം. സായിയുടെ ഒപ്പമിരുന്ന് മസ്ജിദിൽ വച്ച് കഴിക്കാൻ കഴിഞ്ഞ ഉച്ചഭക്ഷണം എത്ര പരിശുദ്ധവും ദിവ്യവുമായിരുന്നു! സായിക്ക് ഭക്തരോടുള്ള സ്നേഹം എത്ര ആശ്ചര്യകരമായിരുന്നു!

148. ഉച്ചയ്ക്കുള്ള പൂജകൾക്കും ദിനവുമുള്ള ആരതിക്കും ശേഷം ഭക്തർ മടങ്ങിപ്പോകാനൊരുങ്ങുമ്പോൾ ബാബ എല്ലാവർക്കും ഉധി നൽകുമായിരുന്നു.

149. ബാബ മസ്ജിദിന്റെ ഭിത്തിയുടെ ഇറമ്പിനരികിലേയ്ക്ക് വന്ന് അവിടെ നിൽക്കുമായിരുന്നു. ഭക്തവൃന്ദം മുറ്റത്ത് കാത്തുനിൽക്കുന്നുണ്ടായിരിക്കും, ഓരോരുത്തരും വരിവരിയായി വന്ന് ബാബയുടെ പാദങ്ങളിൽ വന്ദിക്കും.

150. പാദവന്ദനം ചെയ്തശേഷം ബാബയുടെ മുമ്പിൽ നിൽക്കുന്നവരുടെ നെറ്റിത്തടത്തിൽ, ഓരോരുത്തർക്കായി സായി ഉധി പുരട്ടിയിരുന്നു.

151. "ഇപ്പോൾ നിങ്ങളെല്ലാവരും, ചെറുപ്പക്കാരും വൃദ്ധരും ഭക്ഷണം കഴിക്കാനായി നിങ്ങളുടെ ഗൃഹങ്ങളിലേയ്ക്ക് പോകുക." ബാബയുടെ ഈ ആജ്ഞ ശിരസ്സാവഹിച്ചുകൊണ്ട് ജനങ്ങൾ മടങ്ങിപ്പോയിരുന്നു.

152. ബാബ തിരിഞ്ഞ് നടക്കുമ്പോൾ, സാധാരണയായ പതിവ് പോലെ തിരശ്ശീല (മസ്ജിദിന്റെ) താഴ്ത്തപ്പെടും. പാത്രങ്ങളുടെയും കിണ്ണങ്ങളുടെയും ചിലമ്പിച്ച ശബ്ദം അപ്പോൾ കേൾക്കാൻ കഴിഞ്ഞിരുന്നു. പിന്നീട് പ്രസാദവിതരണ

ത്തിന്റെ ഗാംഭീര്യം തുടങ്ങിയിരുന്നു.

153. സായിയുടെ കരസ്പർത്താൽ ദിവ്യമാക്കപ്പെട്ട നൈവേദ്യത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ ലഭിക്കുന്നതിന് വേണ്ടി അനേകം പേർ മുറ്റത്തിലെ തുറസ്സായ സ്ഥലത്ത് ഇരിക്കുന്നുണ്ടായിരുന്നു.

154. ഈ സമയത്ത് ബാബ നിംബാറിന്[10] സമീപം അതിന് പുറം തിരിഞ്ഞ് ഇരിക്കും, അദ്ദേഹത്തിന്റെ ഇരുവശത്തും രണ്ടുവരികളിലായി ഭക്തർ ഇരിക്കുന്നുണ്ടാകും. എല്ലാവരും അത്യധികം സന്തോഷവാന്മാരായിരുന്നു.

155. എല്ലാവരും അവരുടെ സ്വന്തം നൈവേദ്യങ്ങൾ സായിയുടെ മുമ്പിലേയ്ക്ക് തള്ളിവയ്ക്കും, അദ്ദേഹം അപ്പോൾ അതെല്ലാം ഒരുമിച്ചുകൂട്ടി, അദ്ദേഹത്തിന്റെ സ്വന്തം കൈകൾ കൊണ്ട് അതെല്ലാം ഒരു പാത്രത്തിലേയ്ക്ക് മാറ്റും.

156. ബാബയുടെ കരസ്പർശമേറ്റ ആ ആഹാരത്തിന്റെ ഒരു തരിയെങ്കിലും കിട്ടണമെന്നുണ്ടെങ്കിൽ ഒരുവൻ അവിശ്വസനീയമായ തരത്തിൽ ഭാഗ്യവാനായിരിക്കണം, അത് കഴിക്കുന്നത് ഒരുവനെ ആന്തരികമായും ബാഹ്യമായും ശുദ്ധീകരിച്ചിരുന്നു. ഒരുവന്റെ ജീവിതലക്ഷ്യം സഫലമാക്കുകയും ചെയ്യും.

157. വടകൾ[11] (ധാരാളമുണ്ടായിരുന്നു), സൻജോറിയ[12], പൂരി, ചിലപ്പോൾ ഷിഖറിനി[13], ഖർജെ[14], ഫെനി[15], വിവിധ പച്ചക്കറികൾ, സാലഡുകൾ ഇവയെല്ലാം ബാബ നന്നായി കൂട്ടിക്കലർത്തിയിരുന്നു.

158. അതിനുശേഷം കൂട്ടിക്കലർത്തിയ ഈ ആഹാരം ഈശ്വരന് സമർപ്പിച്ച് വിശുദ്ധമാക്കപ്പെടും. എന്നിട്ട് അദ്ദേഹം അത് പാത്രങ്ങളിൽവച്ച്, വിതരണം ചെയ്യുന്നതിന് വേണ്ടി ശാമയ്ക്കും നാനായ്ക്കും (നിമോൺകാർ) നൽകിയിരുന്നു.

159. പിന്നീട് ഓരോരുത്തരെയായി വിളിച്ച്, അവനെ അദ്ദേഹത്തിന്റെ അരികിലിരുത്തി, വളരെ സ്നേഹത്തോടും സന്തോഷത്തോടും കൂടി അവന് തൃപ്തിയാകുന്നത് വരെ ഊട്ടും.

160. ശുദ്ധവും ശുചികരവുമായ നെയ്യ് ഉപയോഗിക്കപ്പെട്ടിരുന്നതിനാൽ ഈ വിഭവങ്ങളെല്ലാം വളരെ സ്വാദിഷ്ടമായിരുന്നു. ചപ്പാത്തികളും പയറുവർഗ്ഗങ്ങളുമെല്ലാം ഒരുമിച്ച് കൂട്ടിക്കലർത്തിയിരുന്നു. ബാബ ഈ മിശ്രണം തയ്യാറാക്കി എല്ലാവർക്കും വിളമ്പിയിരുന്നു.

161. വളരെ സ്നേഹത്തോടെ തയ്യാറാക്കപ്പെട്ട ഈ മിശ്രണം കഴിക്കുന്നത് സ്വർഗ്ഗീയാനന്ദത്തിന് തുല്യമായിരുന്നു. അത് കഴിച്ചിരുന്നവരൊക്കെ തീർത്തും സംതൃപ്തരായി അവരുടെ വിരലുകൾ നക്കിത്തുടയ്ക്കുമായിരുന്നു.

162. ചിലപ്പോൾ മാൻഡിസ്[16], പൂരൻപോളി, പഞ്ചസാര ചേർത്ത പൂരി എന്നിവയുണ്ടായിരുന്നു; ചിലപ്പോൾ ബസുൻഡി[17], ഷീര, സൻജോറിയ, ഗുൽവാറി[18] എന്നിവയുണ്ടായിരുന്നു – ഇവയെല്ലാം വിതരണം ചെയ്യപ്പെട്ടിരുന്നു.

163. ചിലപ്പോൾ വെളുത്ത് മൃദുവായ ചോറിൽ (അംബിമോഹർ എന്നറിയപ്പെടുന്ന വിഭവം) വരണും ശുദ്ധമായ നെയ്യും ചേർത്ത് രുചികരവും സ്വാദിഷ്ടവുമാക്കി, ചുറ്റും പലതരത്തിലുള്ള പച്ചക്കറികളും വച്ചിരുന്നു.

164. അതിന്റെയൊപ്പം അച്ചാറുകൾ, പപ്പടങ്ങൾ, റായ്ത്തകൾ, പലതരത്തിലുള്ള ബജികൾ[19], ഭർത്തകൾ[20] എന്നിവയുമുണ്ടായിരുന്നു – ചിലപ്പോൾ തൈരും മോരും ചേർത്ത പഞ്ചാമൃതവുമുണ്ടായിരുന്നു. ഇത്തരത്തിലുള്ള ദൈവികഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നവർ അനുഗൃഹീതരായിരുന്നു.

165. സായിനാഥ് സ്വയം കഴിക്കുകയും, വിതരണം ചെയ്തതുമായ ആ ഭക്ഷണ ത്തെപ്പറ്റി എങ്ങനെയാണ് വിശദീകരിക്കാൻ കഴിയുക! ഭക്തർ അവർക്ക് മതി യാവോളം കഴിക്കുകയും, സംതൃപ്തിയോടെ ഏമ്പക്കം വിടുകപോലും ചെയ്തിരുന്നു.

166. സംതൃപ്തിയും സുഖവും പോഷണവും നൽകുന്നതും, വിശപ്പിനെ ഇല്ലാതാ ക്കുന്നതുമായിരുന്നു, ഓരോ ഉരുളയും. വളരെ ദിവ്യവും സ്നേഹത്തോടെ നൽകിയിരുന്നതും ആസ്വാദ്യകരവും രുചികരവുമായ ആ ഭക്ഷണം അത്തര ത്തിലുള്ളതായിരുന്നു.

167. ഓരോ ഉരുള കഴിക്കുമ്പോഴും ഈശ്വരനാമം ഓർക്കുകയും, ഈ ദിവ്യഭക്ഷണം കൊണ്ട് ആഹുതി[21] നൽകുകയും ചെയ്തിരുന്നു. വീണ്ടും വീണ്ടും വിളമ്പി യാലും, പാത്രങ്ങൾ ഒരിക്കലും ശൂന്യമാകുമായിരുന്നില്ല.

168. ചില പ്രത്യേക മധുരപലഹാരങ്ങൾ ഇഷ്ടപ്പെട്ടിരുന്നവർക്ക് അത് സ്നേഹ ത്തോടെ നൽകപ്പെട്ടു, പലർക്കും മാങ്ങാസത്ത് ഇഷ്ടമായിരുന്നു, അവർക്ക് അതും സ്നേഹത്തോടെ നൽകപ്പെട്ടിരുന്നു.

169. നാനാസാഹേബ് നിമോൺകാറോടോ ശാമയോടോ ഈ ആഹാരവിഭവങ്ങൾ ദിനവും വിതരണം ചെയ്യാനായി ബാബ നിർദ്ദേശിച്ചിരുന്നു.

170. നൈവേദ്യം വിതരണം ചെയ്യുക എന്നത് അവരുടെ ശാസ്ത്രധർമ്മമാണെന്ന് അവർ കരുതുകയും ആ കർത്തവ്യം വളരെ സ്നേഹത്തോടെ നിർവ്വഹിക്കു കയും ചെയ്തിരുന്നു.

171. മുല്ലമൊട്ടുകളെപ്പോലെ തോന്നിച്ചിരുന്ന, രുചികരമായ ജീരേസൽ[22] ആയിരുന്നു ചോറ്, അതിന്റെയൊപ്പം മഞ്ഞനിറത്തിലുള്ള തുവരപരിപ്പ്, വട്ടത്തിലുള്ള ഒരു തവി നിറയെ നെയ്യ് എന്നിവ എല്ലാവർക്കും നൽകിയിരുന്നു.

172. ഭക്ഷണം വിളമ്പുമ്പോൾ, അന്തരീക്ഷമാകെ സുഖകരമായ സുഗന്ധം നിറ ഞ്ഞിരുന്നു. പലതരത്തിലുള്ള ചമ്മന്തികൾ ആഹാരത്തിന് മോടി കൂട്ടിയിരു ന്നു. നന്നായി പാകം ചെയ്യാത്തതോ, രുചിയില്ലാത്തതോ ആയ ഒരു വിഭവവും ഉണ്ടായിരുന്നില്ല. എല്ലാവരും അവരുടെ മനസ്സിന് തൃപ്തിയാവോളം കഴിച്ചിരു ന്നു.

173. പാത്രങ്ങളിലുണ്ടായിരുന്ന സേമിയപ്പായസം സ്വർഗ്ഗീയമായ ആനന്ദമായിരുന്നു, കുർദിയ[23] സ്നേഹവും ഭക്തിയും കൊണ്ടുണ്ടാക്കിയതായിരുന്നു. ശാന്തിയും സന്തോഷവും അനുഭവിച്ചിരുന്നവരല്ലാതെ മറ്റാരാണ് അത് കഴിക്കാനെത്തി യിരുന്നത്?

174. ഈശ്വരൻ ആഹാരവും, അദ്ദേഹം സ്വയം അത് കഴിച്ച് രുചി ആസ്വദിക്കു കയും ചെയ്യുമ്പോൾ, ആ ഭക്ഷണം വിളമ്പിയവർ അനുഗൃഹീതരാണ്, അത് സ്വീകരിച്ചിരുന്നവരും അനുഗൃഹീതരാണ്.

175. ഈ സന്തോഷത്തിന്റെ മൂലകാരണം, ഗുരുപാദങ്ങളിലുള്ള ശക്തമായ വിശ്വാ സമായിരുന്നു. പഞ്ചസാരയോ ശർക്കരയോ അല്ല മധുരമായുള്ളത്, മറിച്ച് ഈശ്വരനിലുള്ള സമ്പൂർണ്ണമായ വിശ്വാസമാണ് അതിനെ സ്വർഗ്ഗീയമാക്കു ന്നത്.

176 ഖീർ, ഷീര, കാല്യയ എന്നിവയുടെ ധാരാളിത്തത്തോടെ നിരന്തരം അവിടെ യുണ്ടായിരുന്ന ഐശ്വര്യസമൃദ്ധി അത്തരത്തിലുള്ളതായിരുന്നു, ഒരുവൻ

ഭക്ഷണം കഴിക്കാനായി അവിടെ ഇരുന്നു കഴിഞ്ഞാൽ അല്പം പോലും സന്ദേഹത്തിന്റെ കാര്യമുദിക്കുകയില്ല.

177. പലതരത്തിലുള്ള വിഭവങ്ങൾ പാകം ചെയ്യപ്പെടുകയും എല്ലാവരും മതിയാവോളം കഴിച്ചുകഴിഞ്ഞാലും, ചോറും തൈരും ഇല്ലെങ്കിൽ ഊണ് അപൂർണ്ണമായിരിക്കും, ചോറും തൈരും കിട്ടാനില്ലെങ്കിൽ മോരെങ്കിലും ആവശ്യപ്പെട്ടിരിക്കും.

178. ഒരിക്കൽ, ഒരു കോപ്പ നിറയെ ശുദ്ധമായ മോര്, ഗുരുരായന്റെ സ്വന്തം കൈകളാൽ നിറച്ച്, എനിക്ക് കുടിക്കാനായി സ്നേഹത്തോടെ തന്നു. ഞാൻ അത് എന്റെ അധരങ്ങളിലേയ്ക്ക് അടുപ്പിച്ചപ്പോൾ,

179. ശുദ്ധമായ വെളുത്ത മോര് കണ്ട് ഞാൻ സംതൃപ്തനും സന്തുഷ്ടനുമായി. ഞാൻ കോപ്പ എന്റെ ചുണ്ടുകളിലേയ്ക്ക് വച്ചപ്പോൾ, എനിക്ക് പരമാനന്ദമുണ്ടായി.

180. വിഭവസമൃദ്ധമായ ഊണ് കഴിച്ചതിനാൽ എന്റെ ഉദരം മുമ്പേ തന്നെ നിറഞ്ഞിരുന്നു, ഇത് എങ്ങനെ കുടിക്കുമെന്നോർത്ത് ഞാൻ സന്ദേഹിച്ചു. ഈ കുഴപ്പം പിടിച്ച ചിന്ത എന്നിലുണ്ടായപ്പോൾ, ആദ്യമായി കുടിച്ചത് തന്നെ വളരെ സ്വാദിഷ്ടമായി തോന്നി.

181. ഞാൻ സന്ദേഹിക്കുന്നത് കണ്ടപ്പോൾ ബാബ ഉത്സാഹത്തോടെ പറഞ്ഞു: "ഓ, അത് മുഴുവൻ കുടിക്കൂ! നിനക്ക് ഇത്തരത്തിലുള്ള ഒരു അവസരം വീണ്ടും ലഭിക്കില്ല!"

182. ഇതിന്റെ വാസ്തവികത ഞാൻ പിന്നീട് മനസ്സിലാക്കി, രണ്ട് മാസങ്ങൾക്ക് ശേഷം ബാബയുടെ അവതാരം ഭൗതികരൂപത്തിൽ ഉണ്ടായിരുന്നില്ല, കാരണം അദ്ദേഹം സമാധി പ്രാപിച്ചിരുന്നു.

183. ഇപ്പോൾ മോരിനുവേണ്ടിയുള്ള ദാഹം തീർക്കാൻ, സായിയുടെ കഥകളുടെ അമൃത് കുടിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല – അതാണ് നമ്മുടെ ഏകആശ്രയം.

184. ഹേമദ് സായിയിൽ സ്വയം സമർപ്പിക്കുന്നു. ഭാവിയിൽ സായി എന്നെ ഓർമ്മപ്പെടുത്തുന്നത് ഞാൻ വിവരിക്കും. ശ്രോതാക്കൾ ശ്രദ്ധാലുക്കളായി വർത്തിക്കുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിഎട്ടാം അധ്യായം "പാചകത്തെയും പാത്രത്തെയും കുറിച്ചുള്ള വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. പയർവർഗ്ഗങ്ങൾ കൊണ്ടുണ്ടാക്കിയ വളരെ സ്വാദിഷ്ടമായ വിഭവം.
2. മധുരം, പുളി, ഉപ്പ്, എരിവ്, ചവർപ്പ്, കയ്പ്പ്.
3. മാവിനുള്ളിൽ മറ്റ് പദാർത്ഥങ്ങൾ നിറച്ച് എരിയുന്ന കൽക്കരിയിൽ ചുട്ടെടുക്കുന്നത്.
4. മാവ് ഇലയിൽ പരത്തി, ഉരുട്ടി തീയിൽ വേവിച്ചെടുക്കുന്നു.

5. ഉഴുന്നിൽ നിന്നുണ്ടാക്കുന്ന ചെറിയ പരന്ന അപ്പം.
6. പുരോദശ എന്നാണ് അത് അറിയപ്പെടുന്നത്.
7. മുസ്ലീം പുരോഹിതൻ.
8. പാൽ, തൈര്, തേൻ, പഞ്ചസാര, നെയ്യ്.
9. മഞ്ഞപ്പട്ട് ധോത്തി.
10. മസ്ജിദിന്റെ പടിഞ്ഞാറ് ഭിത്തിയിലുള്ള ഭിത്തി അറ, അവിടെ ചന്ദനവും മറ്റും പൂശുമായിരുന്നു.
11. പയറ് പൊടിച്ച്, മസാല ചേർത്ത് വറുത്ത അപ്പം.
12. ഷീരയിൽ, മറ്റ് പദാർത്ഥങ്ങൾ നിറച്ചെടുത്തുണ്ടാക്കുന്ന അപ്പം.
13. വിളഞ്ഞ നേന്ത്രപ്പഴം പാലിൽ ചേർത്തുണ്ടാക്കുന്ന മധുരമുള്ള വിഭവം
14. ഗോതമ്പോ, അരിമാവോ, പഞ്ചസാര ചേർത്ത് തിളപ്പിച്ച് എണ്ണയിൽ വഴറ്റി എടുക്കുന്നത്.
15. ഗോതമ്പോ, അരിമാവോ കൊണ്ട് പപ്പടം പോലെ ഉണ്ടാക്കുന്ന വിഭവം.
16. ഗോതമ്പുമാവ് കൊണ്ട് ഉണ്ടാക്കുന്ന നേർത്ത ചപ്പാത്തി, കുറച്ച് മധുരമുള്ളതായിരിക്കും.
17. പാലിൽ പഞ്ചസാരയും ഉചിതമായ മസാലയും ചേർത്ത് കട്ടിയിൽ അർദ്ധഖരരൂപത്തിലുണ്ടാക്കുന്ന വിഭവം.
18. ശർക്കര ചേർന്ന ചപ്പാത്തി.
19. കടലമാവ് കൊണ്ടുണ്ടാക്കി, എണ്ണയിൽ വറുത്തെടുത്ത വിഭവം.
20. വറുത്ത വഴുതനങ്ങ
21. പഞ്ചസാര ചേർത്തോ അല്ലാതെയോ അരിയും നെയ്യും അഗ്നിയിൽ അർപ്പിക്കുന്നത്.
22. ശ്രേഷ്ഠവിഭവം
23. അരിമാവിൽ നിന്നും ഉണ്ടാക്കി വട്ടത്തിൽ വറുത്തെടുത്ത വിഭവം.

# 39

# ഗീതയിലെ ശ്ലോകത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള പ്രഭാഷണവും സമാധിമന്ദിരത്തിന്റെ നിർമ്മാണവും

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഷിർദി രണ്ടു മടങ്ങ് അനുഗൃഹീതമാണ്, പരിശുദ്ധരിൽ പരിശുദ്ധനായ സായി, അദ്ദേഹത്തിന്റെ ഭൗതികശരീരം വെടിയുന്നതുവരെ എല്ലാവരുമൊത്ത് താമസിച്ചിരുന്ന വാസസ്ഥലമായ ദ്വാരകാമായിയും അനുഗൃഹീതമാണ്.
2. ഷിർദിലെ ജനങ്ങൾ രണ്ടിരട്ടി അനുഗൃഹീതരാണ്, അവർക്ക് വേണ്ടി, അത് എന്ത് ഉദ്ദേശ്യത്തിനായിരുന്നാലും, വളരെ ദൂരെ നിന്നും സായി എത്തി അവർക്ക് നന്മകൾ നൽകി.
3. തുടക്കത്തിൽ ഷിർദി ഒരു ചെറിയ ഗ്രാമം മാത്രമായിരുന്നു. അവിടെ ജീവിച്ച സായി മൂലം അതിന് പ്രാധാന്യം ലഭിച്ചു. അദ്ദേഹം കാരണം അത് ഒരു ദിവ്യഭൂമിയും തീർത്ഥാടനകേന്ദ്രവുമായി മാറി.
4. ആ ഷിർദിയിലെ സ്ത്രീകളും അവരുടെ ദൃഢമായ വിശ്വാസവും അനുഗൃഹീതമാണ്. കുളിക്കുമ്പോഴും ധാന്യം പൊടിക്കുമ്പോഴും പതിര് മാറ്റുമ്പോഴുമൊക്കെ അവർ സായിയുടെ അനുപമമായ മഹത്വത്തെ പാടിപ്പുകഴ്ത്തിയിരുന്നു
5. അവരുടെ സ്നേഹം രണ്ടിരട്ടി അനുഗൃഹീതമാണ്. അവർ മനോഹരമായ ഗാനങ്ങൾ ആലപിച്ചിരുന്നു. അവയിൽ മികച്ച ചിലത് ശ്രവിക്കുമ്പോൾ മനസ്സുകൾ ശാന്തമാകുകയും ആശ്വാസം ലഭിക്കുകയും ചെയ്തിരുന്നു.
6. അതിനാൽ ശ്രോതാക്കളുടെ നന്മയ്ക്ക് വേണ്ടി, ഈ വിവരണത്തിനിടയ്ക്ക് ഉചിതമായ സമയമാകുമ്പോൾ, അവരുടെ ജിജ്ഞാസ സംതൃപ്തിപ്പെടുത്തുന്നതിന് വേണ്ടി ഞാൻ അവ വിവരിക്കുന്നതാണ്. അപ്പോൾ അവർ സന്തുഷ്ടരും സംതൃപ്തരുമാകും.
7. തുടക്കത്തിൽ, നിസാം രാജ്യത്തിൽ, വീഥിയ്ക്കരികിലുള്ള ഒരു മാവിൻ ചുവട്ടിലായി സായി കാണപ്പെടുകയും ധൂപ്ഖേഡയിൽ നിന്നുള്ള ഒരു വിവാഹസംഘത്തോടൊപ്പം അപ്രതീക്ഷിതമായി ഷിർദിയിലെത്തുകയും ചെയ്തു.
8. ആ ഗ്രാമത്തിലെ നിവാസിയായിരുന്ന ചാന്ദ്പാട്ടീൽ എന്ന് പേരായ വളരെ

ദിവ്യനായ ഒരു വ്യക്തിയാണ് ആദ്യമായി ഈ നിധി കണ്ടെത്തിയത്. മറ്റുള്ളവർക്കൊക്കെ ദർശനം നേടാൻ മാത്രമാണ് കഴിഞ്ഞത്.

9. അയാൾക്ക് എങ്ങനെയാണ് അയാളുടെ പെൺകുതിര നഷ്ടപ്പെട്ടതെന്നും, എങ്ങനെയാണ് അയാൾ സായിയെ കണ്ടുമുട്ടിയതെന്നും, അദ്ദേഹം അയാൾക്ക് ചില്ലം പുകയ്ക്കാൻ നല്കിയതും അയാളുടെ കുതിരയെ കണ്ടെത്താൻ സഹായിച്ചതും മുമ്പ് വിവരിക്കപ്പെട്ടിരുന്നു.

10. ചാന്ദ്ഭായിയുടെ ഭാര്യയുടെ അനന്തരവന്റെ വിവാഹം നിശ്ചയിക്കപ്പെട്ടു. വിധിവശാൽ അവന്റെ വധു ഷിർദിയിൽ നിന്നുമായിരുന്നു. അതിനാൽ വിവാഹസംഘം വധുവിന്റെ ഗ്രാമത്തിലേയ്ക്കു വന്നു.

11. ഇതിനെക്കുറിച്ചുള്ള വിശദമായ കഥ മുമ്പ് വിവരിച്ചിരുന്നു. എന്നിട്ടും, ചില സംഭവങ്ങൾ മൂലം എനിക്ക് അത് വീണ്ടും ഓർമ്മ വന്നു. പക്ഷേ അത് വീണ്ടും ആവർത്തിക്കേണ്ട കാര്യമില്ല.

12. ചാന്ദ്പാട്ടീൽ ഒരു ഉപകരണം മാത്രമായിരുന്നു. സായിയ്ക്ക് ഭക്തരെ ഉദ്ധരിക്കണമെന്നുള്ള അതിയായ ഒരു ആഗ്രഹം ഉണ്ടായിരുന്നു; അതിനാൽ അദ്ദേഹം ഈ അവതാരം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടപ്രകാരം ഷിർദിയിലേയ്ക്ക് വരികയും ചെയ്തു.

13. മൂഢരും, അജ്ഞരും, ദരിദ്രരും, ദുർബ്ബലരും, വിദ്യാഹീനരും, ആത്മീയചര്യകൾ അറിയാത്തവരുമായവരെ - ഭക്തരും നിഷ്കളങ്കരുമായിരുന്ന ഈ ജനങ്ങളെ സായി അല്ലാതെ മറ്റാരാണ് ഉദ്ധരിക്കുമായിരുന്നത്.

14. പതിനെട്ട് വയസ്സ് പ്രായമുള്ളപ്പോൾ മുതൽ ഏകാന്തജീവിതം അദ്ദേഹത്തിന് പരിചിതമായിരുന്നു. രാത്രികളിൽ എവിടെയായാലും ഭയരഹിതനായി അദ്ദേഹം കിടന്നുറങ്ങുമായിരുന്നു. ഈശ്വരൻ സർവ്വവ്യാപിയാണെന്ന് അദ്ദേഹം വിശ്വസിച്ചു.

15. പകൽ സമയങ്ങളിൽ അദ്ദേഹം എല്ലായിടത്തും അലഞ്ഞ് നടന്നിരുന്നു. രാത്രിയിൽ, മുമ്പ് ഒരു കുഴിയുണ്ടായിരുന്നതും ഇപ്പോൾ ഗ്രാമീണരുടെ ചാണകക്കൂനയായി ഉപയോഗിക്കപ്പെടുന്നതുമായ ഒരു സ്ഥലത്ത് അദ്ദേഹം ഉറങ്ങിയിരുന്നു.

16. ഇത്തരത്തിൽ അനേകം വർഷങ്ങൾ കടന്നുപോയി. കുഴിയുടെ വിധിയിൽ മാറ്റമുണ്ടാകാനുള്ള സമയമെത്തുകയും, അതിനുമുകളിൽ മനോഹരമായ ഒരു മന്ദിരം പണിതുയർത്തപ്പെടുകയും ചെയ്തു. അത് ദയാപരനായ സായിക്ക് വേണ്ടിയായിരുന്നു.

17. ഒടുവിൽ അതേ കുഴിതന്നെ, സായിയുടെ ഭൗതികശരീരം അടക്കം ചെയ്യപ്പെട്ട പവിത്രസ്ഥാനമായി മാറുകയും, അവിടെ അദ്ദേഹത്തിന്റെ സമാധിമന്ദിരം നിർമ്മിക്കപ്പെടുകയും ചെയ്തു.

18. ക്ലേശകരമായ ഈ ലൗകിക ജീവിതസാഗരം ഭക്തർ നീന്തിക്കടക്കുന്നതിനു വേണ്ടി, ദരിദ്രരുടെ രക്ഷാധികാരിയായ സായിസമർത്ഥ ഉചിതമായി അദ്ദേഹത്തിന്റെ ജീവചരിത്രമാകുന്ന നൗക സൃഷ്ടിച്ചിരിക്കുന്നു, ഈ മാധ്യമത്തിലൂടെ ഭക്തരുടെ ക്ഷേമം ഉറപ്പുവരുത്തുന്നു.

19. ഈ ലൗകികജീവിതമാകുന്ന നദി കടക്കുകയെന്നത് വളരെ ക്ലേശകരമായതിനാലും, ആശ്രിതരായ ഭക്തർ അന്ധരും മുടന്തരുമാണെന്നതിനാലും, അവരോട് വളരെ ദയയുള്ള അദ്ദേഹം അവർ എങ്ങനെ മറുകരയിൽ എത്തുമെന്നോർത്ത് ഉത്കണ്ഠപ്പെടുന്നു.

20. നമ്മളോരോരുത്തരും ഈ ജീവിതസാഗരം കടന്നുപോയേ പറ്റൂ, അതിന് ആന്തരിക ഭാവങ്ങൾ ശുദ്ധമാക്കേണ്ടിയിരിക്കുന്നു. ആദ്യപടിയായി, ഏറ്റവും ഉത്തമമായ മാർഗ്ഗം ഈശ്വരപൂജയിലൂടെ മനസ്സിനെ ശുദ്ധമാക്കുക എന്നതാണ്.

21. അദ്ദേഹത്തിന്റെ കഥകൾ ശ്രവിക്കുന്നതിനേക്കാൾ മഹത്തായ ഭക്തിയില്ല. ശ്രവണത്തിലൂടെ ഗുരുപാദങ്ങളിൽ സ്നേഹം വളരെ എളുപ്പം സാധ്യമാകുന്നു. അതിലൂടെ മനസ്സ് ശുദ്ധവും നിർമ്മലവുമാകുകയും അതിൽ നിന്ന് ആത്മീയത ഉണരുകയും ചെയ്യുന്നു.

22. സായിയെക്കുറിച്ചുള്ള എണ്ണമില്ലാത്ത കഥകൾ വിവരിച്ചാൽ ഇതൊരു വലിയ ഗ്രന്ഥമാകും. അവ ചുരുക്കി വിവരിക്കാമെന്ന് ഞാൻ തീരുമാനിച്ചാലും അവയെ സംക്ഷിപ്തമാക്കുക അസാധ്യമായിരിക്കും.

23. ശ്രോതാക്കൾക്ക് അവ കേൾക്കാനുള്ള ആഗ്രഹം കൂടുന്നത് പോലെയാണ് അവ വിവരിക്കാനുള്ള എന്റെ ആഗ്രഹവും. നമുക്ക് ഇരുകൂട്ടർക്കും പരസ്പരം നമ്മുടെ ആഗ്രഹങ്ങൾ സഫലീകരിച്ച് ക്ഷേമം നേടാം.

24. ഏകാഗ്രമായ ശ്രദ്ധ നൗകയും സായി അതിന്റെ അമരക്കാരനുമാണ്. വിശ്വാസത്തോടും ആദരവോടും കൂടി കഥകൾ ശ്രവിക്കുന്നത്, ഒരുവനെ താമസമില്ലാതെ മറുകരയിൽ എത്തിക്കും.

25. കഴിഞ്ഞ അധ്യായത്തിൽ പാചകപ്പാത്രത്തെക്കുറിച്ചുള്ള ചുരുക്കിയുള്ള ഒരു വിവരണമുണ്ടായിരുന്നു; ഒപ്പം ദത്തഭഗവാനിൽ ഭക്തി (ചന്ദോർക്കറുടെ) ഉറപ്പിക്കുന്നതും നൈവേദ്യവിതരണത്തിലൂടെ ഭക്തരുടെ ആഗ്രഹങ്ങൾ സംതൃപ്തമാക്കിയതും വിവരിച്ചു.

26. ഓരോ അധ്യായത്തിന്റെയും അവസാനഭാഗത്ത്, അടുത്ത അധ്യായത്തിന്റെ വിഷയത്തെക്കുറിച്ച് ഒരു സൂചന നൽകിയിരുന്നു. അതായിരുന്നു ഇത് വരെയുള്ള ശ്രമം. എല്ലാവർക്കും അതിനെക്കുറിച്ച് അറിയാവുന്നതാണ്.

27. പക്ഷേ ഞാൻ കഴിഞ്ഞ അധ്യായം അവസാനിപ്പിച്ചപ്പോൾ, അടുത്ത അധ്യായത്തിന്റെ വിഷയത്തെക്കുറിച്ച് എനിക്കൊരു ഊഹവുമുണ്ടായിരുന്നില്ല. അതിനാൽ ഭാവിയിൽ ബാബ എന്താണോ എന്നെ ഓർമ്മപ്പെടുത്തുന്നത് അത് ഞാൻ വിവരിക്കുമെന്ന് പറഞ്ഞു.

28. ഞാൻ വ്യക്തമായി പറഞ്ഞത് പോലെ, സായിയുടെ അനുഗ്രഹത്താൽ ഞാൻ എന്ത് ഓർമ്മിക്കുന്നോ അത് ഇപ്പോൾ ഞാൻ ശ്രോതാക്കൾക്ക് വിവരിക്കുന്നു. അത് ആദരവോടെ സമർപ്പിക്കപ്പെടുകയാണ്.

29. അതുകൊണ്ട് ഞാൻ ശ്രോതാക്കളോട്, അവരുടെ സകല ക്ലേശങ്ങളും മാറ്റി വച്ച് സ്വസ്ഥമനസ്സോടെ ശ്രദ്ധിക്കാൻ ആത്മാർത്ഥമായി അപേക്ഷിക്കുന്നു. അവർ സന്തുഷ്ടരാകും.

30. ഒരിക്കൽ ശ്രേഷ്ഠഭക്തനായ ചന്ദോർക്കർ ബാബയുടെ ചരണങ്ങൾ തടവിക്കൊണ്ട് മസ്ജിദിൽ ഇരിക്കുകയായിരുന്നു, ഒപ്പം അയാൾ സ്വയം, വളരെ താഴ്ന്ന ശബ്ദത്തിൽ ഗീത ഉരുവിട്ട് കൊണ്ടിരുന്നു.

31. അയാൾക്ക് ഭഗവദ്ഗീതയിലെ നാലാമത്തെ അധ്യായം മനപ്പാഠമായിരുന്നു, അതിനാൽ അയാളുടെ കരങ്ങൾ ബാബയുടെ പാദങ്ങൾ തിരുമ്മുന്നതിനിടയിൽ സാധാരണശീലം പോലെ അയാൾ അത് ഉരുവിട്ടിരുന്നു. ഇപ്പോൾ എന്ത് വിചിത്ര സംഭവമാണ് ഉണ്ടായതെന്ന് നോക്കുക

32. സായിനാഥന് എല്ലാ കാര്യങ്ങളും - ഭാവി, ഭൂതം, വർത്തമാനം എന്നിവയെക്കുറിച്ചുള്ള അറിവുണ്ടായിരുന്നു. അദ്ദേഹത്തിന് ഗീതയുടെ സാരാംശം നാനാക്ക് വിവരിച്ച് കൊടുക്കണമെന്ന് തോന്നി.

33. അത് ജ്ഞാനകർമ്മസന്ന്യാസയോഗത്തെക്കുറിച്ചുള്ള അധ്യായമായിരുന്നു; നാനാ അസ്പഷ്ടമായി അത് ഉരുവിട്ടത് ചോദ്യത്തിലേയ്ക്ക് നയിച്ചു.

34. "ഇവയെല്ലാം ജ്ഞാനത്തിൽ പര്യവസാനിക്കുന്നു, പാർത്ഥാ (അർജുനൻ)". മുപ്പത്തിമൂന്നാമത്തെ ശ്ലോകം അവസാനിച്ചപ്പോൾ അടുത്ത ശ്ലോകം ആരംഭിച്ചു. "സാഷ്ടാംഗപ്രണാമത്തിലൂടെ.......

35. മുപ്പത്തിനാലാമത്തെ ശ്ലോകം ആരംഭിച്ചപ്പോൾ, നാനായുടെ ഉരുവിടൽ നിലച്ചു, കാരണമെന്തെന്നാൽ ഒരു ചോദ്യം ചോദിക്കാനും തന്റെ ഉപദേശത്തിലൂടെ നാനായെ ഉദ്ബോധിപ്പിക്കാനും, അപ്പോൾ ബാബ തീരുമാനിച്ചു.

36. അദ്ദേഹം ചോദിച്ചു: "നാനാ, നീ എന്താണ് പിറുപിറുക്കുന്നത്? നീ പറയുന്നതെന്തായാലും, സാവധാനത്തിൽ വ്യക്തമായി പറയുക, അപ്പോൾ നീ ശബ്ദം താഴ്ത്തിപ്പറയുന്നതെന്താണെന്ന് എനിക്കും കേൾക്കാൻ കഴിയും."

37. അത് ചൊല്ലാനായി ആവശ്യപ്പെട്ടപ്പോൾ, ആ നിർദ്ദേശം അനുസരിച്ചു കൊണ്ട് അയാൾ ശ്ലോകത്തിലെ നാല് വരികൾ മുഴുവനും ചൊല്ലി. അപ്പോൾ, അവയുടെ പൂർണ്ണമായ വിശദീകരണം നൽകാൻ ബാബ അയാളോട് പറഞ്ഞു.

38. അന്നേരം, വളരെ വിനയത്തോടെയും കൂപ്പുകൈകളോടെയും, സന്തോഷത്തോടെയും മധുരമായ ശബ്ദത്തിൽ അയാൾ ഭഗവാൻ (ശ്രീകൃഷ്ണൻ) പറഞ്ഞതിന്റെ അർത്ഥവിശദീകരണം നൽകി.

39. ഇപ്പോൾ ഗീതയിലെ മൂലശ്ലോകം അക്ഷരംപ്രതി നമുക്ക് നോക്കാം, എന്തെന്നാൽ സായിയും നാനായും തമ്മിലുണ്ടായ സംഭാഷണം എല്ലാവർക്കും വ്യക്തമായി ഗ്രഹിക്കാൻ കഴിയണം.

40. ഈ ചോദ്യത്തിന്റെ ശരിയായ അർത്ഥവും ദിവ്യന്റെ മനസ്സിലെ ഉദ്ദേശ്യവും ഗ്രഹിക്കുന്നതിന് ഈ രീതി പിന്തുടരണം, അതിലൂടെ അർത്ഥം വ്യക്തമാകുകയും സംശയങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യും.

41. ആദ്യമായി, സംസ്കൃതം വളരെ പ്രയാസകരമായ ഭാഷയാണ്. ഇത്തരത്തിൽ ആഴത്തിലുള്ള ഒരു ചോദ്യം വളരെ സരളമായി സായിക്ക് എങ്ങനെ ചോദിക്കാൻ കഴിഞ്ഞു? ദിവ്യന്മാരുടെ ജ്ഞാനം ഊഹിക്കാൻ കഴിയാത്തതാണ്!

42. എപ്പോഴാണ് അദ്ദേഹം സംസ്കൃതാധ്യയനം നടത്തിയത്? എപ്പോഴാണ് അദ്ദേഹം ഗീതാപാരായണം ചെയ്തത്, ആർക്കും അറിയില്ല. എന്നിട്ടും ജ്ഞാനിയായ ഒരു വ്യക്തിയെപ്പോലെ ഗീതയുടെ ഗഹനമായ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ അദ്ദേഹം ചോദിക്കുകയുണ്ടായി.

43. ശ്രോതാക്കളുടെ സംതൃപ്തിക്കും അവർക്ക് മൂലശ്ലോകത്തെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നതിനും വിവരണത്തിന് വളരെ സഹായകരമാകുമെന്നതിനാലും ഞാൻ ഭഗവാന്റെ (ശ്രീകൃഷ്ണൻ) വാക്കുകൾ കുറിക്കുന്നതാണ്:–

44. "തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ.
ഉപദേക്ഷ്യന്തി തേ ജ്ഞാനം, ജ്ഞാനിനസ്തത്ത്വ ദർശിന:"

45. ഇതാണ് ഗീതയിലെ മൂലശ്ലോകം. ഭാഷാപരമായ അർത്ഥം നോക്കുക. അർത്ഥത്തെ ഏക സ്വരത്തിൽ അംഗീകരിക്കുന്ന അനേകം വ്യാഖ്യാനങ്ങൾ ഇതിനുണ്ടായിട്ടുണ്ട്.

46. നാനാ പാണ്ഡിത്യമുള്ളവനും, ഗീത ആഴത്തിൽ പഠിച്ചിട്ടുള്ളവനുമായിരുന്നു. അയാൾ ശ്ലോകത്തിലെ ഓരോ വരികളുടെയും അർത്ഥം പറയാൻ തുടങ്ങി.

47. വാക്കുകളുടെ സ്വാഭാവിക ക്രമീകരണം മനസ്സിലോർത്ത് കൊണ്ട് നാനാ വളരെ വിനയത്തോടുകൂടി മധുരമായ ശബ്ദത്തിൽ അർത്ഥം വിശദീകരിച്ചു തുടങ്ങി.

48. അയാൾ പറഞ്ഞു: "ഗുരുപാദങ്ങളിൽ പ്രണാമം ചെയ്യുകയും, ഒരുവന്റെ ജീവിതം ഗുരുസേവയ്ക്കായി നൽകുകയും, ഗുരുവിനോട് ആദരപൂർവ്വം പ്രശ്നങ്ങളുന്നയിക്കുകയും ചെയ്യുമ്പോൾ, യഥാർത്ഥമായ സത്യം കണ്ടറിഞ്ഞ ജ്ഞാനികൾ നിനക്ക് ആ ജ്ഞാനം ഉപദേശിച്ചുതരും.

49. ''ചുരുക്കത്തിൽ ദയാമൂർത്തിയായ കൃഷ്ണൻ അർജ്ജുനനോട് സ്നേഹത്തോടുകൂടി വിശദീകരിക്കുന്നത് എന്തെന്നാൽ ഗുരുസേവയും ഗുരുവന്ദനവും യഥാർത്ഥജ്ഞാനം നേടുന്നതിന് അത്യാവശ്യമെന്നാണ്.

50. "അർജ്ജുനാ നീ ഈ പാത പിന്തുടരുകയാണെങ്കിൽ യഥാർത്ഥജ്ഞാനം നേടിയവർ നിനക്ക് ജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗം കാട്ടിത്തരും. ബാബാ, ഇതാണ് എനിക്കറിയാവുന്ന അർത്ഥം."

51. ശങ്കരഭാഷ്യത്തിന് മേൽ അനന്ദഗിരി[1]യുടെ വ്യാഖ്യാനം, ശങ്കരാനന്ദ്[1], ശ്രീധർ[1], മധുസൂദൻ, നീലകന്ത, തുടങ്ങിയവരുടെ ആഖ്യാനങ്ങൾ – ഇവയെല്ലാം ഭഗവാന്റെ വാക്കുകൾ ഇതേ പോലെ നൽകിയിരിക്കുന്നു.

52. ആദ്യത്തെ രണ്ട് വരികളുടെ അർത്ഥം സായിസമർത്ഥ അംഗീകരിച്ചു, പക്ഷേ ശേഷിച്ചവയെക്കുറിച്ച് അദ്ദേഹം എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

53. മറ്റുള്ള ഭക്തർ ചകോരപ്പക്ഷികളെപ്പോലെ ഉത്സുകരായി സായിയുടെ മുഖത്തേയ്ക്ക്, അത് ചന്ദ്രബിംബംപോലെയായിരുന്നു, ഉറ്റുനോക്കി അമൃതകണങ്ങൾ പാനം ചെയ്യുന്നതിന് വേണ്ടി വായകൾ തുറന്ന് ആശ്ചര്യഭരിതരായി ഇരുന്നു.

54. അദ്ദേഹം പറഞ്ഞു: "നാനാ മൂന്നാമത്തെ വരി ഒരിക്കൽ കൂടി പരിഗണിക്കൂ.

ജ്ഞാനം എന്ന വാക്കിന് മുമ്പ് വർണ്ണലോപത്തിന്റെ സൂചന ഉണ്ട്. അത് ചേർത്ത് അർത്ഥനിർണ്ണയം നടത്തുക.

55. ''ഞാൻ അതിന് വിപരീതമായ കാര്യമാണോ പറയുന്നത്? യഥാർത്ഥ അർത്ഥത്തെ ഞാൻ വളച്ചൊടിക്കുകയാണോ? മുമ്പുള്ള വ്യാഖ്യാനങ്ങൾ അസത്യമാണോ? എന്നിങ്ങനെ അനാവശ്യമായി ചിന്തിക്കേണ്ട കാര്യമില്ല.

56. "തത്ത്വദർശികളും, യഥാർത്ഥ ജ്ഞാനം നേടിയവരും ആ ജ്ഞാനത്തിന്റെ ഉപദേശം നൽകും എന്ന് നീ പറയുമ്പോൾ, അജ്ഞാനം എന്ന വാക്ക് ഉപയോഗിക്കുകയാണെങ്കിൽ നിനക്ക് യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ കഴിയും.

57. "ജ്ഞാനം എന്നത് വാക്കുകൾ കൊണ്ട് വിവരിക്കാൻ കഴിയുന്നതല്ല. അപ്പോൾ അത് എങ്ങനെയാണ് ഉപദേശിക്കപ്പെടുക? അതിനാൽ ജ്ഞാനം എന്ന വാക്കിന്റെ വിപരീതപദം പരിഗണിക്കുകയാണെങ്കിൽ ഓരോ ചുവടിലും അത് അനുഭവിക്കാൻ കഴിയും."

58. ''ജ്ഞാനം എന്ന വാക്ക് ഉപയോഗിച്ച് കൊണ്ട് നീ നൽകിയ അർത്ഥവിശദീകരണം ഞാൻ കേട്ടു. അജ്ഞാനം എന്ന വാക്ക് ഉപയോഗിക്കുന്നത് കൊണ്ട് നിനക്ക് എന്താണ് നഷ്ടപ്പെടുക? അജ്ഞാനമെന്നത് വാക്കുകളിലൂടെ വിസ്തരിക്കപ്പെടാൻ കഴിയുന്നതാണ്. ജ്ഞാനമെന്നത് വാക്കുകൾക്ക് അതീതമാണ്.

59. "ഭ്രൂണത്തെ മറുപിള്ളയുടെ പാട ആവരണം ചെയ്തിരിക്കുന്നത് പോലെ അല്ലെങ്കിൽ ദർപ്പണത്തെ ധൂളി, അല്ലെങ്കിൽ കനലിനെ ചാരം മൂടിയിരിക്കുന്നത് പോലെയാണ് അജ്ഞാനം ജ്ഞാനത്തെ മറച്ചിരിക്കുന്നത്.

60. "ഭഗവാൻ ഗീതയിൽ[2], ജ്ഞാനം അജ്ഞാനത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതിനാൽ അജ്ഞാനം നീക്കപ്പെടുമ്പോൾ, ജ്ഞാനം സ്വയം പ്രകാശിതമാകും.

61. ''ജ്ഞാനം അതിന്റെ സ്വന്തം ശോഭയാൽ തിളങ്ങുന്നതും സ്വയംപ്രാപ്തവുമാണ്. അത് പായൽ പിടിച്ചിരിക്കുന്ന ശുദ്ധജലം പോലെയാണ്. ഈ പായൽ നീക്കം ചെയ്യുന്ന ബുദ്ധിമാനായ വ്യക്തി ശുദ്ധജലം കണ്ടെത്തും.

62. "ഗ്രഹണങ്ങൾ ഉണ്ടാകുമ്പോഴും, സൂര്യനും ചന്ദ്രനും സദാ തിളങ്ങുന്നത് പോലെയാണ് അത്, ഇടയ്ക്ക് കയറിവരുന്ന രാഹു, കേതു ഗ്രഹങ്ങൾ നമ്മുടെ കാഴ്ചയെ മറയ്ക്കുക മാത്രമാണ് ഉണ്ടാകുന്നത്.

63. ''സൂര്യനോ ചന്ദ്രനോ യാതൊരു തടസ്സങ്ങളുമുണ്ടാകുന്നില്ല. നമ്മുടെ സംവേദനം മാത്രമാണ് ബാധിക്കപ്പെടുന്നത്. അതേപോലെ ജ്ഞാനം തടയപ്പെടുന്നില്ല. അത് സ്വയം പ്രകടമാകുന്നതും സ്വന്തം സ്ഥലത്ത് നിലനിൽക്കുന്നതുമാണ്.

64. "കണ്ണുകളുടെ ആന്തരികമായ കാഴ്ചശക്തിയാണ് ജ്ഞാനം. അതിന് പുറമേ വളരുന്ന മൂടുപടം അഥവാ പാടയാണ് അജ്ഞാനം, അത് നീക്കം ചെയ്യേണ്ടത്

ആവശ്യമാണ്.

65. "ആ മൂടുപടം അഥവാ പാടയെ നിങ്ങളുടെ കരങ്ങളുടെ സാമർത്ഥ്യം കൊണ്ട് നീക്കുക, അജ്ഞതയുടെ അന്ധകാരത്തെ പാടേ ദൂരീകരിച്ച് ആന്തരിക ദർശനം വെളിവാകാൻ അനുവദിക്കുക.

66. "ദൃഷ്ടിഗോചരമായ ഈ പ്രപഞ്ചം മുഴുവൻ, വിശദീകരിക്കാൻ കഴിയാത്ത മിഥ്യ (മായ)യുടെ സൃഷ്ടിയായ ഒരു നാടകം മാത്രമാണ്. ആരംഭമോ അന്തമോ ഇല്ലാത്തതും രൂപമോ സംവേദിച്ചറിയാനോ കഴിയാത്തതുമായ മായയും ഇത് തന്നെയാണ്. ഈ അജ്ഞാനമാണ് ഗോചരമായി അവതരിക്കുന്നത്.

67. "ജ്ഞാനം എന്നത് സ്വയം തിരിച്ചറിയേണ്ടതാണ്, അല്ലാതെ ഉപദേശിക്കപ്പെടാനുള്ളതല്ല. പ്രണാമങ്ങൾ നടത്തുക, ആദരപൂർവ്വം പ്രശ്നങ്ങൾ ഉന്നയിക്കുക, ഗുരുസേവ ചെയ്യുക എന്നിവയാണ് അദ്ദേഹത്തിന്റെ അനുഗ്രഹം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ.

68. "ഈ ലോകം യഥാർത്ഥമാണെന്ന ചിന്ത ഏറ്റവും വലിയ മിഥ്യയാണ്. ജ്ഞാനത്തിന്റെ പുറത്തുള്ള ഇരുണ്ട മൂടുപടം അതാകുന്നു. ഇത് ആദ്യം നീക്കം ചെയ്യപ്പെടണം. എന്നാൽ മാത്രമേ ഏറ്റവും ശ്രേഷ്ഠജ്ഞാനമായ ബ്രഹ്മൻ പ്രത്യക്ഷമാകുകയുള്ളു.

69. "ലൗകിക ജീവിതത്തിന്റെ അസ്തിത്വത്തിന്റെ മൂലകാരണം അജ്ഞാനമാണ്; ഗുരുകൃപയാകുന്ന അഞ്ജനം കണ്ണുകളിൽ പുരട്ടുമ്പോൾ മായയുടെ മൂടുപടം നീക്കപ്പെടുകയും പിന്നീട് അവശേഷിക്കുന്നത് ശുദ്ധജ്ഞാനവുമായിരിക്കും.

70. "ജ്ഞാനം ആർജ്ജിച്ചെടുക്കാനുള്ളതല്ല. അത് ആരംഭം മുതൽ സ്വയം പ്രകടമാണ്. ഇത് വേദശാസ്ത്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സത്യമാണ്. ജ്ഞാനത്തിന്റെ മാർഗ്ഗത്തിലെ യഥാർത്ഥ തടസ്സം അജ്ഞാനമാകുന്നു.

71. "ഈശ്വരനും ഭക്തനും തമ്മിൽ വിഭിന്നത തോന്നുന്നതാണ് ഏറ്റവും വിചിത്രമായ അജ്ഞാനം. അജ്ഞാനം മാറ്റിക്കഴിഞ്ഞാൽ പിന്നീട് അവശേഷിക്കുന്നത് പൂർണ്ണജ്ഞാനമാണ്.

72. "കയറിന്റെ തനതായ രൂപത്തെക്കുറിച്ചുള്ള അജ്ഞാനം മൂലമാണ് നമ്മൾ അതിനെ പാമ്പായി തെറ്റിദ്ധരിക്കുന്നത്. തനതായ രൂപത്തെക്കുറിച്ച് ഗ്രഹിപ്പിച്ചാൽ അജ്ഞാനം ദുരീകരിക്കപ്പെടും. പിന്നീട് അവശേഷിക്കുന്നത് കയറിനെക്കുറിച്ചുള്ള ജ്ഞാനമായിരിക്കും.

73. "അഴുക്ക് മൂടിയിരിക്കുന്ന കനകത്തിന്റെ, അശുദ്ധികൾ മാറ്റപ്പെട്ടാൽ മാത്രമേ അത് തിളങ്ങുകയുള്ളു. പക്ഷേ അതിനെ അത്തരത്തിൽ പ്രകടമാക്കണമെങ്കിൽ, അതിനെ തീയിൽ ശുദ്ധി വരുത്തേണ്ടതുണ്ട്.

74. "ഒരു ജീവിയുടെ ജനനത്തിന്റെ മൂലകാരണം മായയാണ്. ജീവി അതിന്റെ വിധിക്കനുസരിച്ച് ചലിക്കുന്നു. ദ്വന്ദ്വഭാവത്തിന്റെ ധാരണ പൂർണ്ണമായും വിധിയെ ആശ്രയിച്ചിരിക്കുന്നു. ദേഹത്തെക്കുറിച്ചുള്ള അഹംഭാവം ഉണ്ടാകാൻ കാരണം അജ്ഞാനമാണ്.

75. "അതിനാൽ അഹംബോധമില്ലാത്തവരെ സുഖവും ദുഃഖവും ബാധിക്കുകയില്ല.

അഹംബോധത്തിന്റെ സ്ഫുരണത്തിൽ നിന്ന് സ്വയം മുക്തരായവർ, അജ്ഞാനത്തെ അകറ്റിക്കഴിഞ്ഞിരിക്കും.

76. ഒരുവന്റെ സ്വന്തം ആത്മാവിനെക്കുറിച്ച് അജ്ഞത ഉള്ളയിടം, മായയുടെ പിറവിസ്ഥലമാകുന്നു. ഗുരുവിന്റെ അനുഗ്രഹത്താൽ മായ അകറ്റപ്പെടുമ്പോൾ ആത്മജ്ഞാനം തിരിച്ചറിയും.

77. ഈശ്വരഭക്തിയല്ലാതെ, മറ്റു ക്ലേശകരമായ ചര്യകൾ ഒരുവൻ അനുഷ്ഠിക്കേണ്ട കാര്യമെന്താണ്? ബ്രഹ്മദേവൻ പോലും മായയുടെ പ്രഭാവത്തിന് അടിമപ്പെടേണ്ടി വരുന്നു, ഭക്തി മാത്രമാണ് അദ്ദേഹത്തെ സ്വതന്ത്രനാകാൻ സഹായിക്കുന്നത്.

78. ഒരുവൻ ബ്രഹ്മലോകം നേടിയാലും ഭക്തിയില്ലെങ്കിൽ മുക്തി സാധ്യമല്ല. ഒരുവൻ ഭക്തി മറന്നു പോകുകയാണെങ്കിൽ, അവിടെയും ഒരുവൻ ജനനമരണവൃത്തത്തിൽ പതിക്കുന്നു.

79. അതിനാൽ മായയെ അകറ്റാനുള്ള ഏകമാർഗ്ഗം ഈശ്വരപൂജയാണ്. ഈശ്വരഭക്തന് ഒരു അപചയവും സംഭവിക്കില്ല, അവൻ ലൗകിക ജീവിതത്തിൽ ആകൃഷ്ടനുമല്ല.

80. മായ അയഥാർത്ഥമാണെന്ന് ജനങ്ങൾ പറയുന്നു, പക്ഷേ ജ്ഞാനികളെപ്പോലും തന്റെ വലയിൽ കുടുക്കുന്ന ഒരു മന്ത്രവാദിനിയാണ് അവൾ. പക്ഷേ ഒരു ഭക്തന് മായയെ അവന്റെ താളത്തിനൊത്ത് നൃത്തം ചെയ്യിക്കാൻ സാധിക്കും.

81. ജ്ഞാനസമ്പന്നർ കബളിപ്പിക്കപ്പെടുന്നിടത്ത്, ഭക്തർക്ക് മായയെ അതിജീവിക്കാൻ കഴിയും, എന്തുകൊണ്ടെന്നാൽ അവർ എല്ലായ്പ്പോഴും ഈശ്വരപാദങ്ങളിൽ സ്വയം സമർപ്പിച്ചിരിക്കുന്നു. പക്ഷേ അറിവുള്ളവർ അവരുടെ ജ്ഞാനത്തിന്റെ പേരിൽ അഹങ്കരിക്കുന്നു.

82. അതിനാൽ മായയെ കീഴടക്കുന്നതിന് സദ്ഗുരുവിന്റെ പാദങ്ങളിൽ അഭയം തേടി, പൂർണ്ണമായും അദ്ദേഹത്തിന് സ്വയം സമർപ്പണം ചെയ്യുക. ലൗകികജീവിതത്തെക്കുറിച്ചുള്ള ഭയം ഉടൻ ഇല്ലാതാകും.

83. നിശ്ചിതമായ മരണം സംഭവിക്കട്ടെ; പക്ഷേ ഈശ്വരനെ മറക്കരുത്. ഇന്ദ്രിയങ്ങൾ അവയുടെ പ്രകൃതത്തിനനുസരിച്ച് പ്രവർത്തിക്കും, പക്ഷേ മനസ്സ് എല്ലായ്പ്പോഴും ഈശ്വരനെ ധ്യാനിക്കണം.

84. കുതിരകൾ ഒരു രഥത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നത് പോലെയാണ് ഇന്ദ്രിയങ്ങൾ ശരീരത്തിൽ വർത്തിക്കുന്നത്. പക്ഷേ നിങ്ങളുടെ ബുദ്ധിയാകുന്ന കരം കൊണ്ട് മനസ്സാകുന്ന കടിഞ്ഞാൺ മുറുകെ പിടിക്കുക.

85. സംശയങ്ങളും മിഥ്യാധാരണകളും നിറഞ്ഞ മനസ്സ് വെപ്രാളത്തോടെ തന്നിഷ്ടപ്രകാരം ഓടി നടക്കുന്നു. ബുദ്ധിയാണ് അതിന്റെ സ്വന്തം ശക്തികൾ കൊണ്ട് അതിനെ നിയന്ത്രിക്കുകയും കടിഞ്ഞാണിടുകയും ചെയ്യുന്നത്.

86. ബുദ്ധിയെപ്പോലെ കഴിവുള്ള ഒരു നായകൻ സാരഥിയായുള്ളപ്പോൾ ഉടമ (അല്ലെങ്കിൽ രഥത്തിൽ സഞ്ചരിക്കുന്ന വ്യക്തി) വിഷമിക്കുന്നതെന്തിനാണ്?

അവൻ അവന്റെ എല്ലാ പ്രവൃത്തികളും ശാന്തമായ മനസ്സോടെ നിർവ്വഹിക്കണം.

87. ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ബുദ്ധിയുടെ നിയന്ത്രണത്തിൽ ഏല്പിക്കാൻ മനസ്സ് ശീലിക്കുകയാണെങ്കിൽ എല്ലാം ഒരുവന്റെ ക്ഷേമത്തിനായി ഭവിക്കും.

88. ഇന്ദ്രിയങ്ങൾ വിഷയവസ്തുക്കൾ ആസ്വദിക്കാൻ തുടങ്ങുകയാണെങ്കിൽ, അത് ഊർജ്ജത്തിന്റെ പാഴ്ച്ചെലവ് ആകുന്നു. ഒപ്പം ഓരോ ചുവടുവയ്പിലും അധഃപതനത്തിന്റെ ഭയവുമുണ്ടാകും.

89. ''പഞ്ചേന്ദ്രിയങ്ങളുടെ സുഖങ്ങൾ എന്നറിയപ്പെടുന്നവയൊക്കെയും ആത്യന്തികമായി ദുഃഖമല്ലാതെ മറ്റൊന്നും ഉണ്ടാക്കുന്നില്ല, ഏറ്റവും വലിയ ദുഃഖം അജ്ഞാനമാകുന്നു.

90. ''ശബ്ദത്തിൽ ആകൃഷ്ടനാകുന്ന മാൻ ഒടുവിൽ മരണം വരിക്കാൻ ഇടയാകുന്നു. സ്പർശനസുഖം തേടുന്ന ആന അതുമൂലം പിടിക്കപ്പെടുകയും തോട്ടി കൊണ്ടുള്ള കുത്ത് ഏൽക്കേണ്ടിവരികയും ചെയ്യുന്നു.

91. ''പ്രകാശത്തിന്റെ സൗന്ദര്യത്തിൽ ഉന്മത്തനായി എത്തുന്ന ശലഭത്തിന്റെ ശരീരം കത്തി, അതിന്റെ ജീവൻ നഷ്ടപ്പെടുന്നു; ആഹാരം രുചിക്കാനെത്തുന്ന മത്സ്യം ചൂണ്ടയിൽ കടിക്കുകയും ഉടൻ തന്നെ അതിന്റെ ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു.

92. ''സുഗന്ധത്താൽ വശീകരിക്കപ്പെടുന്ന വണ്ട് താമരയുടെ ഉള്ളിൽ തടവുകാരനാകുന്നു. ഒരു ഇന്ദ്രിയത്തിന്റെ മാത്രം ഇടപെടൽ കൊണ്ട് ഇത്രമാത്രം ഹാനി ഉണ്ടാകുമെങ്കിൽ അഞ്ച് ഇന്ദ്രിയങ്ങളെല്ലാം ഉൾപ്പെടുമ്പോൾ യുദ്ധം എത്രമാത്രം തീക്ഷ്ണമായിരിക്കും.

93. "ഇത് കരയിലെ മൃഗങ്ങൾ, ജലത്തിൽ വസിക്കുന്ന ജീവികൾ, പക്ഷികൾ എന്നിവയുടെ കാര്യമാണ്. അവരുടെ ദൗർഭാഗ്യകരമായ അവസ്ഥ നോക്കുക. അറിവുള്ളവർ പോലും ഇന്ദ്രിയസുഖങ്ങൾക്ക് പുറകേ പായുന്നു. ഇത് അജ്ഞാനമല്ലെങ്കിൽ മറ്റെന്താണ്?

94. "അജ്ഞാനത്തെ മാറ്റിക്കൊണ്ട് ഒരുവൻ വിഷയ സുഖങ്ങളിൽ നിന്ന് അകന്നു നിൽക്കുകയാണെങ്കിൽ അവന് സന്തോഷത്തോടെ ഈശ്വരധ്യാനത്തിൽ മുഴുകാൻ കഴിയും. ഒരുവൻ ആത്മജ്ഞാനം നേടുന്നതിൽ വ്യാപൃതനാകുകയും അത്യധികമായ ആനന്ദം നേടുകയും ചെയ്യും.

95. ''നിങ്ങളുടെ ബുദ്ധി ഈശ്വരനായ ഗുരുവിൽ ധ്യാനിക്കട്ടെ; നിങ്ങളുടെ കർണ്ണങ്ങൾ അദ്ദേഹത്തിന്റെ കഥകൾ ശ്രവിക്കട്ടെ; നിങ്ങളുടെ മനസ്സ് അദ്ദേഹത്തിൽ ഏകാഗ്രമാക്കാനും നിങ്ങളുടെ നാവിന് അദ്ദേഹത്തിന്റെ നാമം ജപിക്കാനും കഴിയട്ടെ.

96. ''നിങ്ങളുടെ പാദങ്ങൾ നിങ്ങളെ ഗുരുവിന്റെ സവിധത്തിലേയ്ക്ക് കൊണ്ടുപോകട്ടെ; അദ്ദേഹത്തിന് അർപ്പിക്കപ്പെട്ട പുഷ്പങ്ങളുടെ സുഗന്ധം നിങ്ങളുടെ നാസിക ആസ്വദിക്കട്ടെ; നിങ്ങളുടെ കരങ്ങൾക്ക് അദ്ദേഹത്തിന്റെ

പാദങ്ങൾ സ്പർശിക്കാനും ദൃഷ്ടികൾക്ക് അദ്ദേഹത്തിന്റെ ദർശനം നടത്താനും കഴിയട്ടെ.

97. ''ഇത്തരത്തിൽ സകല ഇന്ദ്രിയങ്ങളും സ്നേഹത്തോടെ ഭഗവാനിൽ അർപ്പിക്കുമ്പോൾ, ഭക്തർക്ക് പരമാനന്ദാവസ്ഥ ലഭിക്കുന്നു. ഈശ്വരഭക്തി എന്നത് മറ്റെന്താണ്?

98. ''ചുരുക്കത്തിൽ അജ്ഞാനത്തെ വേരോടെ പിഴുത് മാറ്റുക. പിന്നീട് അവശേഷിക്കുന്നത് ജ്ഞാനമാണെന്ന് ഗ്രഹിക്കുക. ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞ ശ്ലോകത്തിന്റെ അർത്ഥം ഇതായിരുന്നു."

99. നാനാ വളരെ വിനീതനായിരുന്നു. മധുരമായ ഈ വിശദീകരണം കേട്ടപ്പോൾ അയാൾ ബാബയുടെ പാദങ്ങളിൽ നമസ്കരിക്കുകയും അയാളുടെ രണ്ട് കൈകളാലും അവയെ മുറുകെ പിടിക്കുകയും ചെയ്തു.

100. അപ്പോൾ അയാൾ പൂർണ്ണവിശ്വാസത്തോടെ ആത്മാർത്ഥമായി പ്രാർത്ഥിച്ചു: "എന്റെ അജ്ഞാനത്തെ ദൂരീകരിക്കുക. എന്റെ അഹങ്കാരത്തെ ഉചിതമായ രീതിയിൽ ശിക്ഷിക്കുക.

101. ''എന്റെ സാത്വികഭാവം പുറമേയ്ക്ക് മാത്രം കാണപ്പെടുന്നതാണ്. ആന്തരികമായി പ്രശ്നങ്ങളും സംശയങ്ങളും എന്നെ ഇപ്പോഴും പീഡിപ്പിക്കുന്നു. ചെറിയ ഒരു അവഹേളനം ഒരു നിമിഷം പോലും എനിക്ക് സഹിക്കാൻ കഴിയില്ല. അജ്ഞാനം മറ്റെന്താണ്?

102. ''ആന്തരികമായി എനിക്ക് പ്രശസ്തി നേടാനുള്ള അതിയായ ഒരു ആഗ്രഹമുണ്ട്. പക്ഷേ ബാഹ്യമായി ആത്മീയതയോട് ചായ്വ് പ്രകടിപ്പിക്കുന്നു. കാമവും ക്രോധവും എന്നെ ശ്വാസം മുട്ടിക്കുന്നു. അജ്ഞാനം മറ്റെന്താണ്?

103. ''ആന്തരികമായി ഞാൻ സകല ദുഷ്ടപ്രവൃത്തികളും ചെയ്യുന്നു. പക്ഷേ പുറമേയ്ക്ക് ഉത്തമമോ ഉചിതമോ ആയ പ്രവൃത്തികളുടെ നാട്യം നടത്തുന്നു. ഞാൻ ഏറ്റവും മോശമായി പെരുമാറുന്നവനും ധാർമ്മികമായി അധഃപതിച്ചവനുമാണ്. അജ്ഞാനം മറ്റെന്താണ്?

104. "ബാബ അങ്ങ് ദയാമേഘമാണ്. എന്റെ മേൽ അനുഗ്രഹജലം തളിച്ച്, ഈ അജ്ഞാനമാകുന്ന തീയ് കെടുത്തുക. ഞാൻ അത്രയ്ക്കെങ്കിലും അനുഗൃഹീതനാകും.

105. "എനിക്ക് ജ്ഞാനത്തെക്കുറിച്ചുള്ള ഒരു പ്രഭാഷണം ആവശ്യമില്ല. എന്റെ അപരിമിതമായ അജ്ഞാനത്തെ ദൂരീകരിക്കുക എന്റെ മേൽ ഒരു കൃപാദൃഷ്ടി ഉണ്ടാകുക. അതുകൊണ്ട് ഞാൻ സന്തുഷ്ടനും സന്തോഷവാനുമാകും."

106. സ്നേഹമൂർത്തിയും ദയാമേഘവുമായ സായി, നാനായെ ഒരു ഉപകരണമാക്കിക്കൊണ്ട് നിങ്ങളുടെയും എന്റെയും നമ്മുടെയും ക്ഷേമത്തിന് വേണ്ടി ഗീതയുടെ വിശദീകരണം നൽകുകയുണ്ടായി.

107. ഗീത ഈശ്വരന്റെ ഉപദേശവും വചനങ്ങളുമാണ്; അതിനാൽ അത് യഥാർത്ഥശാസ്ത്രമാണെന്ന് ഗ്രഹിക്കുക. അത് അനശ്വരമാണ്. അത്

ഒരിക്കലും അവഗണിക്കപ്പെടരുത്.

108. പക്ഷേ വിഷയസുഖങ്ങളിൽ ആമഗ്നനായിരിക്കുന്നവനോ യഥാർത്ഥമായി മുക്തനായവനോ ശാസ്ത്രങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. മുക്തി നേടണമെന്ന് വാസ്തവികമായി ആഗ്രഹിക്കുന്നവരെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് അവ.

109. 'ഞാൻ പൂർണ്ണമായും ഇന്ദ്രിയസുഖങ്ങളിൽ മുഴുകിയിരിക്കുന്നു. എപ്പോഴാണ് ഞാൻ സ്വതന്ത്രനാകുക?' – ഈ വിശുദ്ധഗ്രന്ഥങ്ങൾ മുക്തി ആഗ്രഹിക്കുന്നവർക്കും ഇത്തരത്തിൽ ചിന്തിക്കുന്നവർക്കും മാത്രം പറഞ്ഞിട്ടുള്ളതാണ്, എന്തുകൊണ്ടെന്നാൽ അവർ പരിരക്ഷിക്കപ്പെടും.

110. തന്റെ സ്വന്തം ഭക്തനെ അത്തരമൊരു അവസ്ഥയിൽ കാണുകയും, ദിവ്യന് അവന്റെ മേൽ ദയ തോന്നുകയും ചെയ്യുമ്പോൾ എന്തെങ്കിലും നിമിത്തങ്ങൾ കണ്ടെത്തി ഉപദേശങ്ങൾ എളുപ്പത്തിൽ ഗ്രഹിപ്പിക്കുന്നു.

111. നോക്കൂ, ഈശ്വരനോ ഗുരുവോ ഭക്തന്റെ ക്ഷേമത്തെക്കുറിച്ച് ഹൃദയപൂർവ്വം താല്പര്യമെടുക്കുകയും ഭക്തന്റെ ക്ഷേമത്തെയോർത്ത് സദാ ഉത്കണ്ഠപ്പെടുകയും ചെയ്യുന്നു. അദ്ദേഹം സകല ക്ലേശങ്ങളും സ്വയം ഏറ്റെടുക്കുന്നു.

112. ഇപ്പോൾ സായിയുടെ രീതികളെക്കുറിച്ചും, അദ്ദേഹം എങ്ങനെയാണ് എന്തെങ്കിലും പ്രവൃത്തികൾ യാതൊരു ഒച്ചപ്പാടും ഉണ്ടാക്കാതെ നിറവേറ്റിയിരുന്നത് എന്നതിനെക്കുറിച്ചും ചെറിയ ഒരു വിവരണം കേൾക്കുക.

113. ഉദ്യമം ചെറുതായാലും വലുതായാലും അതിന്റെ യഥാർത്ഥകാരണം ഒരിക്കലും വെളിപ്പെടുത്തിയിരുന്നില്ല. പ്രവൃത്തി സാവധാനം പൂർത്തിയാക്കപ്പെടുകയും അതിനെക്കുറിച്ച് എവിടെയും ഒരു പരാമർശവും കാണുകയുമില്ല.

114. സ്വാഭാവികമായ രീതിയിൽ എന്തെങ്കിലും പ്രവർത്തനം ഉയർന്നുവരികയാണെങ്കിൽ, അതിന്റെ മൂലകാരണമോ ഉദ്ദേശ്യമോ പരിഗണിക്കാതെ അവ കരങ്ങളിൽ ഏറ്റെടുക്കണം. അപ്രകാരമല്ലെങ്കിൽ ചിന്താകുഴപ്പം ഉണ്ടാകും.

115. "സംസാരിക്കുക മാത്രം ചെയ്യുന്നവൻ എന്താണ് പ്രവർത്തിക്കുക? ഇടിമുഴക്കം മാത്രം ഉണ്ടാക്കുന്ന മേഘങ്ങൾ മഴ വർഷിക്കുമോ?" ഈ പഴഞ്ചൊല്ലിന്റെ യഥാർത്ഥമായ പ്രാധാന്യം ബാബ അനുഭവത്തിലൂടെ കാട്ടിത്തന്നു.

116. ബാബയെപ്പോലുള്ള അവതാരപുരുഷന്മാർ മറ്റുള്ളവരുടെ ക്ഷേമത്തിന് വേണ്ടിയാണ് ഭൂമിയിൽ അവതരിക്കുന്നത്. അവരുടെ ഉദ്ദേശ്യപൂർത്തിക്കു ശേഷം അവർ നിരാകാരത്തിൽ ലയിക്കുന്നു.

117. നമ്മുടെ ജീവിതത്തിന്റെ മൂലകാരണം നമുക്ക് അറിയില്ല, നമ്മൾ എവിടെ നിന്നാണ് വന്നത്, എവിടേയ്ക്കാണ് പോകുക; എന്തുകൊണ്ടാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്, എന്താണ് നമ്മുടെ ജനനത്തിന്റെ കാരണം.

118. നമ്മൾ നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം ഒരു ജീവിതം നയിക്കുന്നു. പിന്നീട്

മരണത്തിനുള്ള സമയമാകുകയും, ഇന്ദ്രിയങ്ങൾ പ്രവർത്തനക്ഷമ മല്ലാതാകുകയും ചെയ്യുന്നു. അപ്പോഴും സദ്ചിന്തകൾ ഉദിക്കാറില്ല.

119. ഭാര്യ, പുത്രൻ, സഹോദരൻ, മാതാവ്, മറ്റ് ഇഷ്ടജനങ്ങൾ എന്നിവർ മരിക്കുന്നത് നമ്മുടെ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ട് നിൽക്കുമ്പോഴും മനസ്സിൽ ഉത്തമമായ ഈ ചിന്തകൾ ഉണ്ടാകാറില്ല.

120. ദിവ്യന്മാർ ഈ പ്രകൃതക്കാരല്ല. അവർ വളരെ ജ്ഞാനമുള്ളവരും അവരുടെ അന്ത്യത്തെക്കുറിച്ച് പൂർണ്ണമായ ഗ്രാഹ്യമുള്ളവരും, അവരുടെ മരണസമയം അറിവുള്ളവരുമാണ്.

121. അവർ ദേഹത്തിൽ വസിക്കുന്നിടത്തോളം, ഭക്തർക്ക് വേണ്ടി വളരെ സ്നേഹത്തോടെ ദേഹത്തെ ക്ലേശിപ്പിക്കുന്നു. ഒടുവിൽ ആ ദേഹം ഉപേക്ഷിക്കപ്പെടുന്ന സ്ഥലം ഭക്തരുടെ ക്ഷേമത്തിനായി വിനിയോഗി ക്കപ്പെടുകയും ചെയ്യുന്നു.

122. ചിലർ അവരുടെ ദേഹം വെടിയുംമുമ്പ് തന്നെ അവരുടെ സമാധി മന്ദിരങ്ങൾ നിർമ്മിക്കുന്നു, അതിലൂടെ അവരുടെ ശരീരം ആ സ്ഥലത്ത് അടക്കം ചെയ്യപ്പെടുമെന്ന് ഉറപ്പ് വരുത്തുന്നു.

123. ഇത് പോലെയാണ് ബാബ പ്രവർത്തിച്ചത്. പക്ഷേ ആർക്കും അത് മുമ്പ് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വളരെ അനുപമമായ രീതിയിൽ സമാധിമന്ദിരം പണിയിപ്പിച്ചു.

124. ബാപുസാഹേബ് ബൂട്ടി എന്ന് പേരായ, നാഗ്പൂർ നിവാസിയായ, വളരെ ധനികനായ ഒരു വ്യക്തിയുണ്ടായിരുന്നു. അയാളെക്കൊണ്ട് ബാബ സമാധി പണികഴിപ്പിച്ചു.

125. ബാപുസാഹേബ് ശ്രേഷ്ഠനായ ഒരു ഭക്തനും ബാബയുടെ പാദങ്ങളിൽ ആശ്രയം തേടിയവനുമായിരുന്നു. അദ്ദേഹത്തെ സേവിക്കുന്നതിന് വേണ്ടി അയാൾ പലപ്പോഴും കുടുംബസമേതമെത്തി ഷിർദിയിൽ താമസി ക്കുമായിരുന്നു.

126. സായിചരണങ്ങളിൽ ഭക്തിയുണ്ടാകുകയും ഇടയ്ക്കിടയ്ക്ക് അവിടെ താമസിക്കുകയും എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായി കഴിയുകയും ചെയ്തപ്പോൾ സ്ഥിരമായി ഷിർദിയിൽ വസിക്കണമെന്ന തോന്നൽ അയാൾക്കുണ്ടായി.

127. അവിടെ അല്പം ഭൂമി വാങ്ങി, ചെറിയ ഒരു കെട്ടിടം പണിയണമെന്ന് അയാൾക്ക് തോന്നി, അങ്ങനെ അയാൾക്ക് അവിടെ സ്വതന്ത്രമായി താമസിക്കാൻ കഴിയും എന്ന് അയാൾ ചിന്തിച്ചു.

128. ഇപ്പോൾ ഒരു ക്ഷേത്രത്തിന്റെ രൂപത്തിൽ കാണപ്പെടുന്ന വൃക്ഷത്തിന്റെ മൂലവിത്ത് വിതയ്ക്കപ്പെട്ടത് ഇങ്ങനെയാണ്. ഭക്തരുടെ ക്ഷേമത്തിന് വേണ്ടിയുള്ള സായി മഹാരാജിന്റെ സ്നേഹത്തിന്റെ പ്രത്യക്ഷ സ്മാരകമാണ് ഇത്.

129. ഈ കെട്ടിടം എങ്ങനെയാണ് ഉണ്ടായത്, അതിന്റെ ആരംഭം ഏത്

തരത്തിലായിരുന്നു, എങ്ങനെ അത് രൂപം പ്രാപിച്ചു- മുഴുവൻ വിവരവും ശ്രവിക്കുക

130. ബാപുസാഹേബ് ഒരിക്കൽ ദീക്ഷിത്വാഡയിലെ ഒന്നാമത്തെ നിലയിൽ ഉറങ്ങിക്കിടക്കവേ ഉണ്ടായ ആശ്ചര്യകരമായ സ്വപ്നദർശനത്തിൽ നിന്നാണ് ഈ ആശയം അയാൾക്ക് തോന്നിയത്.

131. അവിടെത്തന്നെ മറ്റൊരു കിടക്കയിൽ ഉറങ്ങുകയായിരുന്ന മാധവറാവുവിനും അതേ ദർശനം ലഭിച്ചു. ഇരുവരും അദ്ഭുതപ്പെട്ടു.

132. ബാപുസാഹേബിന്റെ ദർശനത്തിൽ, ബാബ അയാളോട് ആജ്ഞാപിക്കുകയായിരുന്നു: ''നീ തീർച്ചയായും നിന്റെ സ്വന്തം വാഡ പണികഴിപ്പിക്കണം, ഒപ്പം അതിനുള്ളിൽ ഒരു ക്ഷേത്രവും വേണം.''

133. ദർശനം അവസാനിച്ചയുടനെ ബാപുസാഹേബ് ഉണർന്നു. കിടക്കയിലിരുന്ന് കൊണ്ട് അയാൾ മുഴുവൻ സ്വപ്നദർശനവും ഓർത്തെടുക്കാൻ തുടങ്ങി.

134. അയാൾ അതിൽ വ്യാപൃതനാകവേ മാധവറാവു വിമ്മിക്കരയുന്നത് അയാൾ കേട്ടു. ബൂട്ടി അയാളെ ഉറക്കെ വിളിച്ചു: ''ഉണരൂ,'' അത് അയാളെ പൂർണ്ണമായും സ്വബോധത്തിലേയ്ക്ക് കൊണ്ടു വന്നു.

135. ''ഓ, നീ എന്തിനാണ് കരഞ്ഞത്?'' ഇങ്ങനെ ചോദ്യം ഉന്നയിക്കപ്പെട്ടപ്പോൾ മാധവറാവു പറഞ്ഞു: ''ശ്രീയുടെ സ്നേഹവചനങ്ങൾ കേട്ടപ്പോൾ എനിക്ക് എന്റെ വികാരങ്ങൾ അടക്കാൻ കഴിഞ്ഞില്ല.

136. വികാരം കൊണ്ട് എന്റെ കണ്ഠമിടറുകയും കണ്ണുനീര് ഒഴുകുകയും ചെയ്തു. എനിക്ക് എന്റെ അത്യധികമായ സ്നേഹം നിയന്ത്രിക്കാൻ കഴിഞ്ഞില്ല, അതിനാൽ ഞാൻ വിമ്മിക്കരയാൻ തുടങ്ങി.''

137. ബാബ എന്റെയരികിൽ വന്ന് വ്യക്തമായ ഒരു നിർദ്ദേശം നൽകി: ''ക്ഷേത്രത്തോടുകൂടിയ ഒരു വാഡ ഉണ്ടാകട്ടെ. അത് സകലരുടെയും അഭിലാഷങ്ങൾ പൂർത്തീകരിക്കും.''

138. ഇരുവർക്കും ഒരേ സ്വപ്നദർശനം ഉണ്ടായത് എന്തുകൊണ്ടാണ് എന്നോർത്ത് ബാപുസഹേബ് ആശ്ചര്യപ്പെട്ടു. അയാൾക്ക് പിന്നീട് യാതൊരു സംശയങ്ങളുമുണ്ടായില്ല. അയാൾ അതിന്മേൽ പ്രവർത്തിക്കാൻ തീരുമാനിച്ചു.

139. ബൂട്ടി ജന്മനാൽ ധനികനായിരുന്നു, ക്ഷേത്രത്തോടുകൂടി വാഡ നിർമ്മിക്കാൻ കഴിവുള്ളവനുമായിരുന്നു. മാധവറാവുവാകട്ടെ അല്ലലില്ലാതെ കഴിയുന്നു എന്നു മാത്രം; എന്നിട്ടും രണ്ടുപേർക്കും ഒരേ സ്വപ്നദർശനമുണ്ടായി.

140. അവരുടെ സ്വപ്നദർശനങ്ങൾ തമ്മിൽ പൊരുത്തമുണ്ടായിരുന്നു. അവർ രണ്ടുപേരും പരമാനന്ദാവസ്ഥയിലായിരുന്നു. അവർ കെട്ടിടത്തിന്റെ ഒരു രൂപരേഖ വരച്ചുണ്ടാക്കുകയും കാക്കാ (ദീക്ഷിത്) അത് അംഗീകരിക്കുകയും ചെയ്തു.

141. അത് അങ്ങനെകഴിഞ്ഞു. പിറ്റേന്ന് രാവിലെ മൂന്നുപേരും ബാബയുടെ സമീപത്തിരിക്കവേ, അദ്ദേഹത്തിന്റെ പതിവ് സ്വഭാവം പോലെ ബാബ ശാമയുടെ മുഖത്തേക്ക് സൂക്ഷിച്ച് നോക്കി.

142. ശാമ പറഞ്ഞു: "ഓ ദേവ! അങ്ങയുടെ ഈ ഗഹനമായ ലീലകൾ എന്താണ്? അങ്ങ് ഞങ്ങളെ സ്വസ്ഥമായി ഉറങ്ങാൻ പോലും അനുവദിക്കുന്നില്ല. അപ്പോഴും അങ്ങ് ഞങ്ങളെക്കൊണ്ട് പിച്ചുംപേയും പറയിക്കുകയാണ്."

143. ഇത് കേൾക്കവേ, ബാബ അദ്ദേഹത്തിന്റെ ഇരുകരങ്ങൾ കൊണ്ടും തന്റെ കർണ്ണങ്ങൾ മൂടിയിട്ട് പറഞ്ഞു: ''ആര് എന്ത് പറഞ്ഞാലും, ഞാൻ എല്ലായ്പ്പോഴും ഇവിടെയുണ്ടായിരുന്നു."

144. അത് എന്തുമാകട്ടെ. മുമ്പ് വരച്ചുണ്ടാക്കിയ രൂപരേഖ ബാബയുടെ അനുമതിക്ക് വേണ്ടി അദ്ദേഹത്തിന്റെ മുമ്പിൽ വയ്ക്കപ്പെട്ടു. ബാബ ഉടൻ തന്നെ ക്ഷേത്രത്തോട് കൂടിയ കെട്ടിടം നിർമ്മിക്കാനുള്ള അനുമതി നൽകി.

145. ജോലിയുടെ മേൽനോട്ടം നിർവ്വഹിക്കാൻ ശാമ തയ്യാറായി. അടിസ്ഥാനവും ഭൂനിരപ്പിലുള്ള നിലയും പൂർത്തിയാക്കപ്പെട്ടു. അയാളുടെ മേൽനോട്ടത്തിൽ കിണറിന്റെ പണിയും പൂർത്തിയായി. കെട്ടിടം പണി ഇതുവരെ എത്തി.

146. അദ്ദേഹം ലെൻഡിയിലേയ്ക്ക് പോകുകയും വരികയും ചെയ്യുമ്പോൾ, വാതിലുകളും ജനാലകളും പിടിപ്പിക്കുന്നത് വളരെ താല്പര്യത്തോടും ഉത്സാഹത്തോടും ബാബ ശ്രദ്ധിക്കുമായിരുന്നു.

147. അദ്ദേഹത്തിന്റെ ചൂണ്ടുവിരൽ കൊണ്ട് കാട്ടിക്കൊടുത്ത് ബാബ ഇങ്ങനെ പറയും: "ഇവിടെ ഒരു വാതിൽ വേണം; അവിടെ ഒരു ജനാല. ഇവിടെ കിഴക്ക് ഭാഗത്ത് ഒരു മണ്ഡപം വേണം. അത് വളരെ നന്നായിരിക്കും."

148. പിന്നീട് കാര്യ-കാരണങ്ങളുടെ നിയതിപ്രഭാവം മൂലം തുടർന്നുള്ള ജോലികൾ ബാപുസാഹേബ് ജോഗ് ചെയ്യേണ്ടി വന്നു. അതിനാൽ അത് അയാളെ ഏല്പിക്കപ്പെട്ടു.

149. ജോലി തുടർന്ന് നടക്കവേ, കെട്ടിടത്തിന്റെ ഏറ്റവും ഉള്ളിലുള്ള സ്ഥലത്ത് ഒരു മുരളീധരവിഗ്രഹം (ശ്രീകൃഷ്ണ) സ്ഥാപിക്കണമെന്ന തോന്നൽ ബൂട്ടിക്കുണ്ടായി.

150. അയാൾക്ക് ഈ ആശയം തോന്നിയെങ്കിലും ബാബയുടെ മനസ്സറിയാതെയോ ഗുരുവിന്റെ അനുവാദം വാങ്ങാതെയോ ബൂട്ടി ഒരിക്കലും ഒരു ഉദ്യമവും ആരംഭിച്ചിരുന്നില്ല.

151. ഇതായിരുന്നു അയാളുടെ പതിവ് സ്വഭാവം. ബാബയുടെ അനുവാദമായിരുന്നു അയാളുടെ രീതി. അല്ലാതെ തുടങ്ങുന്ന ഒരു പ്രവർത്തനവും അയാൾക്കുണ്ടായിരുന്നില്ല.

152. എന്തിനാണ് മധ്യത്തിൽ ഒരു വിഭജനം? അതിന്റെ ആവശ്യം എന്താണ്? രണ്ടു വശത്തുമുള്ള ഭിത്തികൾ ഇടിച്ചുമാറ്റിയാൽ മുരളീധരവിഗ്രഹം സ്ഥാപിക്കാൻ കഴിയും.

153. നടുവിലുള്ള വിശാലമായ തളം ക്ഷേത്രമാക്കണമെന്നായിരുന്നു ബാപുസാഹേബിന്റെ ചിന്ത. പക്ഷേ ബാബയുടെ അഭിപ്രായം എന്താണെന്ന് അയാൾക്ക് അറിയണമായിരുന്നു. അദ്ദേഹം അത് ആഗ്രഹിക്കുകയാണെങ്കിൽ സംശയമേതും കൂടാതെ അത് ചെയ്യണം.

154. അതിനാൽ അയാൾ മാധവറാവുവിനോട് പറഞ്ഞു: ''നീ ബാബയുടെ അഭിപ്രായം ചോദിക്കുക. ദേവൻ അംഗീകരിക്കുന്നതനുസരിച്ച് തുടർന്നുള്ള ജോലികൾ ആസൂത്രണം ചെയ്യുക."

155. ബാബ തന്റെ പതിവുള്ള സഞ്ചാരത്തിനിടയിൽ വാഡയുടെ സമീപത്ത്, വാതിൽക്കൽ എത്തിയപ്പോൾ ശാമറാവു എന്താണ് ചോദിച്ചതെന്ന് ശ്രവിക്കുക.

156. ''ദേവാ, മധ്യതളത്തിലെ രണ്ടു ഭിത്തികൾ ഇടിച്ചുമാറ്റിയാൽ അവിടെ മുരളീധരവിഗ്രഹം സ്ഥാപിക്കാൻ കഴിയുമെന്ന് ബാപുസാഹേബ് പറയുന്നു.

157. "നടുവിൽ ചതുരാകൃതിയിലുള്ള സ്ഥലമോ ഉയർന്ന തറയോ നിർമ്മിച്ച് ഒരു സിംഹാസനം വച്ച് അതിൽ മുരളീധരവിഗ്രഹം വയ്ക്കാൻ കഴിയും. അത് കാണാൻ മനോഹരമായിരിക്കും.

158. "ഇതാണ് ബാപുസാഹേബ് ഉദ്ദേശിക്കുന്നത്, പക്ഷേ അങ്ങയുടെ അനുമതി ആവശ്യമാണ്. ഇത്തരത്തിൽ ക്ഷേത്രവും വീടും പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയും''.

159. ശാമയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ബാബ സന്തോഷത്തോടെ അനുമതി നൽകി. ''ക്ഷേത്രം പൂർത്തിയായ ശേഷം നമ്മൾ ഇവിടെ എത്തി താമസിക്കും"

160. വാഡയിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ട് ബാബ മധുരമായി പറഞ്ഞു: "വാഡ പൂർത്തിയായ ശേഷം, നമ്മൾ അത് നമുക്ക് വേണ്ടി ഉപയോഗപ്പെടുത്തും.

161. അവിടെ നമ്മൾ ഒരുമിച്ച് കഴിയും; അവിടെത്തന്നെ നമ്മൾ കളിക്കുകയും അന്യോന്യം സ്നേഹത്തോടെ ആശ്ലേഷിക്കുകയും സന്തോഷത്താൽ ധാരാളം സമയം ആസ്വദിക്കുകയും ചെയ്യും."

162. അത് അങ്ങനെയാകട്ടെ. മാധവറാവുജി ബാബയോട് ചോദിച്ചു.''ഇത് തീർച്ചയായ അനുവാദമാണെങ്കിൽ അടിസ്ഥാനശിലയിടാനുള്ള (ആ പദ്ധതിയുടെ) ശുഭമുഹൂർത്തം ഇതാണോ.

163. ദേവാ, ഇത് ശുഭകരമായ സമയമാണല്ലോ, അല്ലേ? ഞാൻ ഒരു നാളികേരം ഉടയ്ക്കാനായി കൊണ്ടുവരട്ടെ?" "ഉടയ്ക്കൂ, ഉടയ്ക്കൂ," എന്ന് ബാബ പറഞ്ഞു. അതിനാൽ അയാൾ ഉടൻ തന്നെ ഒരു നാളികേരം കൊണ്ടുവരികയും അത് ഉടയ്ക്കപ്പെടുകയും ചെയ്തു.

164. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് മധ്യതളവും മുരളീധരവിഗ്രഹത്തിനുള്ള ചതുരാകൃതിയിലുള്ള ഉയർന്ന തറയും പണിപൂർത്തിയാക്കപ്പെട്ടു. വിഗ്രഹം പണികഴിപ്പിക്കാനായി ഒരു ശില്പിയെ ഏർപ്പാടാക്കി.

165. പിന്നീട് ബാബ രോഗബാധിതനാകുകയും ദേഹവിയോഗം ആസന്നമാകുകയും ചെയ്തു. ഭക്തർ വളരെ ഉത്കണ്ഠാകുലരായി.

166. ബാപുസാഹേബ് വളരെ അസ്വസ്ഥനാകുകയും വാഡയുടെ ഭാവിയോർത്ത് വിഷമിക്കുകയും ചെയ്തു. എന്താണ് സംഭവിക്കുക എന്ന് അയാൾക്കറിയില്ലായിരുന്നു, അതിനാൽ അസ്വസ്ഥചിത്തനായി.

167. ഇനിയിപ്പോൾ ബാബയുടെ പാദങ്ങൾ ഈ ക്ഷേത്രത്തിൽ സ്പർശിക്കുമോ

(അങ്ങനെ അതിനെ പരിശുദ്ധമാക്കുമോ). ലക്ഷക്കണക്കിനുള്ള ഉറുപ്പികകൾ ചെലവാക്കിയത് വ്യർത്ഥമാകുമോ, ഇപ്പോൾ ഈ പ്രശ്നം ഉണ്ടായിരിക്കുന്നു?

168. 'ബാബയില്ലെങ്കിൽ എന്തിനാണ് മുരളീധരനും, വീടും, വാഡയും ക്ഷേത്രവുമൊക്കെ?' ബൂട്ടി വളരെ ദുഃഖിതനായി.

169. പിന്നീട് അന്ത്യമുണ്ടായപ്പോൾ, ബാബയുടെ നിർദ്ദേശപ്രകാരം, സൗഭാഗ്യം കൊണ്ട്, വാഡയ്ക്ക് വളരെ ശ്രേഷ്ഠമായ പദവി ലഭിക്കുകയും എല്ലാവരും സന്തുഷ്ടരാകുകയും ചെയ്തു.

170. "എന്നെ വാഡയിൽ കിടത്തുക". ദേഹവിയോഗ സമയത്തെ ബാബയുടെ ഈ വാക്കുകൾ, ബാബ ഉരുവിട്ടപ്പോൾ, അത് എല്ലാവർക്കും വളരെ ആശ്വാസം നൽകി.

171. പിന്നീട് ബാബയുടെ ദിവ്യമായ ഭൗതിക ദേഹം നടുവിലെ തളത്തിൽ അന്ത്യവിശ്രമം കൊണ്ടു. വാഡ സമാധി മന്ദിരമായി മാറി. സായിയുടെ ജീവിതം വളരെ ഗഹനമാണ്!

172. ആ ബൂട്ടി അനുഗൃഹീതനും ഭാഗ്യവാനുമാണ്, എന്തുകൊണ്ടെന്നാൽ അയാളുടെ സ്വന്തം ഗൃഹത്തിൽ നാമം പോലും ഏറ്റവും ദിവ്യമായ ശ്രീ സായിയുടെ ദേഹം വിശ്രമിക്കുന്നു.

173. അത് അങ്ങനെയാകട്ടെ. പരിശുദ്ധമാക്കാൻ പര്യാപ്തമായ ഈ കഥയുടെ ശ്രവണത്തിലൂടെ ശ്രോതാക്കൾ സന്തോഷവാന്മാരായെന്ന് ഞാൻ വിശ്വസിക്കുന്നു. ഹേമദ് സായിനാഥന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കുന്നു, ഒരു നിമിഷം പോലും അയാൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ നിന്ന് വേർപിരിയാൻ ഇടയാകാതിരിക്കട്ടെ.

174. സംഭവിക്കുന്നത് നല്ലതായാലും ചീത്തയായാലും, ഞാൻ ധാർമ്മിക പാതയിലൂടെ സഞ്ചരിക്കുന്നതാണ് സായിയെ സന്തുഷ്ടനാക്കുന്നതെങ്കിൽ, തീർച്ചയായും ഞാൻ എന്റെ നന്മ നേടിയിരിക്കും.

175. കഥ, വിവരണകർത്താവ്, വിവരണം എന്നിവയെല്ലാം സായി സമർത്ഥൻ തന്നെയാണ്. അവിടെ ഹേമദ് ആര്, എന്ത്? അയാൾ വെറും തൂലികാനാമം മാത്രമാണ്.

176. നിങ്ങൾ ഇനി കേൾക്കാൻ പോകുന്ന വിവരണം ഭാവിയിൽ എനിക്കുണ്ടാകുന്ന പ്രേരണയ്ക്ക് അനുസരിച്ചിരിക്കും. എന്ത് സംഭവിച്ചാലും, ഞാനെന്തിനാണ് അതേക്കുറിച്ച് ഇപ്പോൾ ഉത്കണ്ഠപ്പെടുന്നത്?

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സമർത്ഥ സച്ചരിതത്തിലെ മുപ്പത്തിഒമ്പതാം അധ്യായം "ഗീതയിലെ ശ്ലോകത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള പ്രഭാഷണവും സമാധി മന്ദിരത്തിന്റെ നിർമ്മാണവും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു

മംഗളം ഭവിക്കട്ടെ.

## കുറിപ്പുകൾ

1. ഇവരെല്ലാം പ്രസിദ്ധഗ്രന്ഥമായ 'ശങ്കരഭാഷ്യത്തിന്', (അത് ബദരായണന്റെ വേദസൂത്രത്തിന്റെ വ്യാഖ്യാനമാണ്-അത് ഭാരതീയ തത്ത്വദർശനത്തിന്റെ മൂന്ന് ആധാരശിലകളിൽ ഒന്നായി കരുതപ്പെടുന്നു) ആഖ്യാനം രചിച്ച ജ്ഞാനികളായ തത്ത്വദർശകരാണ്.
2. അധ്യായം 5 പാദം 15

## 40

## ഉദ്യാപനകഥയുടെ വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഈ ഗ്രന്ഥത്തിലൂടെ ഭക്തർക്ക് ഭൗതികവും ആത്മീയവുമായ ഉപദേശങ്ങൾ നൽകി, അവരെ സമ്പൂർണ്ണരാക്കുകയും സ്വന്തം ഉദ്ദേശ്യം നേടുകയും ചെയ്യുന്ന ശ്രീസായിസമർത്ഥ അനുഗൃഹീതനാണ്, അനുഗൃഹീതനാണ്.
2. അദ്ദേഹം തന്റെ കരങ്ങൾ ഭക്തന്റെ ശിരസ്സിൽ വച്ചാലുടൻ അദ്ദേഹത്തിന്റെ ശക്തികൾ അവനിലേയ്ക്ക് പകരുകയും, ദ്വന്ദ്വഭാവം നശിപ്പിക്കുകയും അപ്രാപ്യമായത് നേടാൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുന്നു.
3. അദ്ദേഹത്തിന്റെ മുമ്പിൽ ദ്വന്ദ്വഭാവമില്ലാതെ സ്വയം നമസ്കരിക്കുകയും നിരുപാധികം അദ്ദേഹത്തിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്നവരെ അദ്ദേഹം ആശ്ലേഷിച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിലേയ്ക്ക് ചേർക്കുന്നു.
4. സമുദ്രത്തിനും നദിക്കും വ്യത്യസ്ത നാമങ്ങളായിരിക്കും, പക്ഷേ വർഷകാലത്ത് കണ്ടുമുട്ടുമ്പോൾ അവ ഒന്നായിത്തീരുന്നു. അല്പംപോലും വ്യത്യാസം അവശേഷിക്കുകയില്ല.
5. അതേപോലെ ഭക്തൻ വിശ്വാസത്തോടെ ഹൃദയംഗമമായി സദ്ഗുരുനാഥന്റെ മുമ്പിൽ സമർപ്പണം ചെയ്യുമ്പോൾ, ഭക്തന്റെ യഥാർത്ഥഭക്തി കണക്കിലെടുത്ത് കൊണ്ട് അദ്ദേഹം തന്റെ സ്വന്തം ശ്രേഷ്ഠത അവന് പകർന്ന് നൽകുന്നു.
6. വന്ദനം! സകല ദുർബ്ബലർക്കും ദയാപരനായ അങ്ങേയ്ക്ക് വന്ദനം! സ്നേഹനിധിയും ഭക്തരുടെ ഉദ്ധാരകനുമാണ്! ഈ പ്രപഞ്ചം മുഴുവൻ അങ്ങ് വ്യാപിച്ചിട്ടുണ്ടെങ്കിലും ഷിർദിയിൽ അങ്ങ് സ്വതന്ത്രനായി ജീവിക്കുന്നു.
7. ഒരു ദിവ്യനാണെങ്കിലും, തിരികല്ലിന് ചുറ്റും കാലുകൾ വിടർത്തിവച്ച് പൊടിക്കുന്നതിനായി ആവശ്യമായ ധാന്യം അതിലിട്ട്, അതിന്റെ കുറ്റി ദൃഢമായി പിടിച്ച് ഗോതമ്പ് പൊടിക്കുന്ന അങ്ങയെ കണ്ടപ്പോൾ ഞാൻ വിസ്മയപ്പെട്ടുപോയി.
8. ഈ സംഭവമായിരുന്നു ഈ ഗ്രന്ഥരചനയ്ക്കുള്ള മൂലകാരണം, അത്തരത്തിലുള്ള എല്ലാ ലീലകളും വർണ്ണിച്ചാൽ പാപങ്ങൾ നശിപ്പിക്കപ്പെടുമെന്നുള്ള ഉത്ക്കടമായ തോന്നൽ എന്നിലുണ്ടായി.

9. ഈശ്വരൻ സ്വയം സന്തുഷ്ടനാകും, കാരണം തന്റെ സ്വന്തം ഭക്തരുടെ കഥകൾ ആലപിക്കപ്പെടുന്നതും, അവരുടെ ഗുണങ്ങളുടെ വർണ്ണനകളുമാണ് ഈശ്വരൻ കൂടുതൽ ഇഷ്ടപ്പെടുന്നത്.

10. ദൃഷ്ടാന്തങ്ങളും തെളിവുകളുമില്ലാതെ ഇത്തരമൊരു പ്രസ്താവന നടത്തിയതിൽ ശ്രേഷ്ഠരായ ഭക്തർക്ക് ചില സംശയങ്ങൾ ഉണ്ടായേക്കാം. എങ്കിൽ അവർ ഭവിഷ്യോത്തരപുരാണം[1] നോക്കി സംശയനിവാരണം വരുത്തുക, അത് ത്രിപുരാരിയാൽ[2] വർണ്ണിക്കപ്പെട്ടതാണ്.

11. ഇതെല്ലാം സായിയുടെ പ്രചോദനമാണ്. പക്ഷേ ഭക്തരുടെ ക്ഷേമത്തിന് വേണ്ടി, സാധാരണയുള്ള പതിവിനനുസൃതമായി അദ്ദേഹം രചനയ്ക്കുള്ള അനുമതി നൽകി.

12. അതിനുശേഷം, ഓരോ മാസവും ശ്രീസായിലീലയിൽ പ്രസിദ്ധീകരിക്കപ്പെട്ട സായിസമർത്ഥ കഥകൾ ഭക്തർ വളരെ സ്നേഹത്തോടെ പാരായണം ചെയ്ത് വരുന്നു.

13. സായി തന്നെയാണ് എനിക്ക് അനുമതി നൽകിയത്. അദ്ദേഹമാണ് എനിക്കു ബുദ്ധി നൽകുന്നത്. എന്റെ പ്രചോദനത്തിന്റെ പ്രധാന ഉത്തേജകൻ അദ്ദേഹമാണ്. അദ്ദേഹം അദ്ദേഹത്തിന്റെ സ്വന്തം കഥകൾ പറയുകയാണ്.

14. ഹേമദ് അവന്റെ സ്വന്തം ബുദ്ധിയാൽ ഇത് രചിക്കുകയാണെന്ന മിഥ്യാധാരണ പാടില്ല. അതിനാൽ അതിന്റെ ശ്രേഷ്ഠതയോ കുറ്റങ്ങളോ എന്റെ മേൽ ആരോപിക്കരുതെന്ന് ഞാൻ ആത്മാർത്ഥമായി ശ്രോതാക്കളോട് അപേക്ഷിക്കുന്നു.

15. അതിൽ ശ്രേഷ്ഠത ഉണ്ടെങ്കിൽ അത് സായിയുടേതാണ്. നിങ്ങൾ എന്തെങ്കിലും കുറ്റങ്ങൾ കാണുന്നുണ്ടെങ്കിൽ അവ അദ്ദേഹത്തിന്റേതാണ്. സായിയുടെ ചരടുവലിയ്ക്കൊത്ത് നൃത്തം ചെയ്യുന്ന അദ്ദേഹത്തിന്റെ പാവ മാത്രമാണ് ഞാൻ.

16. പാവകളിക്കാരൻ ചരടുകൾ വലിച്ച് അദ്ദേഹത്തിന് ഇഷ്ടമുള്ള തരത്തിൽ നാടകം അവതരിപ്പിക്കുന്നു – വർണ്ണാഭമായോ വിചിത്രമായോ, അദ്ദേഹം പാവകളെ കഥയ്ക്കനുസൃതമായി നൃത്തം ചെയ്യിക്കുന്നു.

17. ഈ വിവരണം ഇവിടെ നിർത്താം. ശ്രോതാക്കൾ അവരുടെ സ്വാഭാവികമായ സ്വഭാവമനുസരിച്ച്, പുതിയ കഥ ഏതാണെന്നറിയാൻ ഉത്സുകരായിരിക്കും. അവർക്കുവേണ്ടി ഗുരുവിന്റെയും ശിഷ്യന്റെയും സ്തുതികൾ നമുക്ക് ആലപിക്കാം.

18. കഴിഞ്ഞ അധ്യായത്തിൽ, അടുത്ത അധ്യായത്തിന്റെ കഥാതന്തുവിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. അത് മനസ്സിലോർക്കുക. ഞാൻ അത് ഓർമ്മിച്ചെടുക്കുന്നത്, ശ്രവിക്കുക.

19. ഒരു ഭക്തൻ സ്നേഹത്തോടെ ആഹാരം അർപ്പിക്കുന്നതും, സായി വളരെയധികം സംതൃപ്തനായതും എങ്ങനെയായിരുന്നുവെന്നുള്ള ഈ മധുരവിവരണം കേൾക്കുക.

20. ഒരു മാതാവ് അവളുടെ ശിശുവിനോട് എന്നപോലെയാണ് സായി അദ്ദേഹത്തിന്റെ ഭക്തരെ പരിപാലിക്കുന്നത്. നിങ്ങൾ എവിടെയായിരുന്നാലും അദ്ദേഹം അവിടെ ഓടിയെത്തും. അദ്ദേഹത്തിനോടുള്ള കടപ്പാട് എങ്ങനെയാണ് ഒരുവന് വീട്ടാൻ കഴിയുക?

21. ഷിർദിയിൽ വസിച്ചാലും, ഒരേ സമയം മൂന്ന് ലോകങ്ങളിലും വർത്തിക്കുന്ന അദ്ദേഹത്തിന്റെ കഥ ശാന്തമായ മനസ്സോടെ ശ്രവിക്കുക.

22. ഒരിക്കൽ ശ്രേഷ്ഠ ഭക്തനും സായിചരണങ്ങളിൽ ആശ്രയം തേടിയവനുമായ ബാലാസാഹേബിന്റെ[3] മാതാവ്, അവൾ എല്ലാവരുടെയും ക്ഷേമത്തിനായി ആചരിച്ചിരുന്ന ധാർമ്മികവ്രതങ്ങളിലെ കുറവുകൾക്ക് പരിഹാരകർമ്മങ്ങൾ ചെയ്യാൻ തീരുമാനിച്ചു.

23. അവൾ പലപ്പോഴും ഈശ്വരഭക്തിയോടെ അനേകം വ്രതങ്ങൾ അനുഷ്ഠിക്കുമായിരുന്നു. അവയുടെയെല്ലാം ഉഥ്യാപനം[4] ചെയ്യേണ്ടതുണ്ടായിരുന്നു.

24. ഒരു പ്രത്യേക എണ്ണം വ്രതങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ, ഉഥ്യാപനം ചെയ്യേണ്ടത് അത്യാവശ്യമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ ഒരുവന് അതിന്റെ പുണ്യം ലഭിക്കുകയില്ല, വ്രതം അതില്ലാതെ അപൂർണ്ണവുമായിരിക്കും.

25. വ്രതങ്ങൾ ഇരുപത്തിഅഞ്ചോ മുപ്പതോ കഴിഞ്ഞിരുന്നു, അവയുടെ ഉഥ്യാപനചടങ്ങിന് ഏകദേശം നൂറോ ഇരുന്നൂറോ ബ്രാഹ്മണരെ ഊണ് കഴിക്കാനായി ക്ഷണിച്ചിരുന്നു.

26. അപ്രകാരം ഹിന്ദു പഞ്ചാംഗമനുസരിച്ച് ഉഥ്യാപനചടങ്ങിന് ഒരു തീയതി നിശ്ചയിക്കപ്പെട്ടു. ബാബയോട് അഭ്യർത്ഥിക്കുന്നതിന് വേണ്ടി ദിയോ ജോഗിന്[5] ഒരു കത്ത് അയച്ചു.

27. "അങ്ങയുടെ സാന്നിദ്ധ്യം ഇല്ലാതെ ഉഥ്യാപനം പൂർണ്ണമാകില്ല. അതിനാൽ ഈ അഭ്യർത്ഥന സ്വീകരിച്ച് ഈ എളിയവനോട് ദയ കാട്ടുക.

28. "ഞാൻ ഒരു സർക്കാർ സേവകനാണ്, കുടുംബം പുലർത്താൻ വേണ്ടി ജോലി ചെയ്യുന്നു. ഈ പരിമിതികളിൽ നിന്നുകൊണ്ട് എനിക്ക് കഴിയുന്ന ധാർമ്മികകർമ്മങ്ങൾ ഞാൻ ചെയ്യാറുണ്ട്. അത് അങ്ങേയ്ക്കും അറിവുള്ളതാണ്.

29. "ദഹാനു ഇത്രയും ദൂരസ്ഥലമാകയാൽ എനിക്ക് വ്യക്തിപരമായി വരാൻ കഴിയില്ല. പക്ഷേ അങ്ങ് ഈ ക്ഷണം സ്വീകരിക്കുമെന്ന് എനിക്ക് വളരെ പ്രതീക്ഷയുണ്ട്."

30. അപ്രകാരം, ബാപുസാഹേബ് ജോഗ് കത്ത് പൂർണ്ണമായി ബാബയെ വായിച്ചു കേൾപ്പിച്ചു; ദിയോയുടെ ആഗ്രഹം സഫലമാക്കണമെന്ന് അദ്ദേഹത്തോട് പ്രാർത്ഥിക്കുകയും ചെയ്തു.

31. ശുദ്ധഹൃദയത്തോടെ നടത്തിയ ആ ക്ഷണം ബാബ പുർണ്ണശ്രദ്ധയോടെ കേട്ടുകൊണ്ട് പറഞ്ഞു: "എന്നെ സദാ സ്മരിക്കുന്നവൻ എന്റെ മനസ്സിലുണ്ടാകും.

32. “ഒരു വണ്ടി, ഒരു കുതിര, ഒരു വിമാനം, ഒരു തീവണ്ടി –ഇങ്ങനെ എനിക്ക് യാത്രാവാഹനങ്ങൾ ഒന്നും ആവശ്യമില്ല. സ്നേഹപൂർവ്വം വിളിക്കപ്പെട്ടാൽ ഒരു നിമിഷമാത്ര പോലും താമസമില്ലാതെ ഞാൻ പ്രത്യക്ഷപ്പെടും.

33. ''നീ, ഞാൻ, മൂന്നാമതൊരാൾ എന്നിവർ ഒരുമിച്ച് മൂന്നുപേരും കൂടി എത്തുമെന്ന് അവനെ എഴുതി അറിയിക്കുക. കത്ത് എഴുതിയ വ്യക്തി സന്തുഷ്ടനാകും.”

34. അത് അങ്ങനെ കഴിഞ്ഞു. ബാബ പറഞ്ഞതൊക്കെ ജോഗ് ദിയോയെ എഴുതി അറിയിച്ചു. ബാബയുടെ വാക്കുകൾ എല്ലായ്പ്പോഴും സത്യമാണെന്ന് അറിയാവുന്ന ദിയോ വളരെ സന്തുഷ്ടനായി.

35. ബാബ തീർച്ചയായും വരുമെന്ന് ദിയോയ്ക്ക് ഇപ്പോൾ പൂർണ്ണ വിശ്വാസമുണ്ടായി. അയാൾക്ക് അത് അനുഭവവേദ്യമാകുന്ന ദിവസം ഒരു സുവർണ്ണദിനമായിരിക്കും.

36. പക്ഷേ ഷിർദി കൂടാതെ മൂന്ന് ഗ്രാമങ്ങളിൽ മാത്രമാണ് ബാബ അപൂർവ്വമായെങ്കിലും പോകുമായിരുന്നതെന്ന് ദിയോയ്ക്ക് പൂർണ്ണമായും അറിയാമായിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും ഷിർദിയിൽ ഉണ്ടാകുമായിരുന്നു.

37. അദ്ദേഹത്തിന് തോന്നുകയാണെങ്കിൽ, ആറ് മാസത്തിലൊരിക്കലോ മറ്റോ, ചിലപ്പോഴൊക്കെ ബാബ റഹട[6]യിലോ, റൂയിയിലോ[6], നിമഗാവണിലോ[6] പോകുമായിരുന്നു. അല്ലാത്തപ്പോൾ അദ്ദേഹം സദാ ഷിർദിയിൽ തന്നെ വസിച്ചിരുന്നു.

38. ഈ ഗ്രാമങ്ങളിലൊഴിച്ച് മറ്റാരുടേയും സമീപത്ത് അദ്ദേഹം പോകാറില്ല, അപ്പോൾ എങ്ങനെയാണ് ദഹാനു പോലെ ഇത്രയും ദൂരപ്രദേശത്ത്, എന്റെ സമീപത്തായി അദ്ദേഹം എത്തുക?

39. പക്ഷേ അദ്ദേഹം വിഷ്ണുഭഗവാന്റെ അവതാരമായിരുന്നു, അദ്ദേഹത്തിന് ഇഷ്ടമുള്ള ഏത് സ്ഥലത്തും പോകാൻ കഴിയുമായിരുന്നു. ഈ യാത്ര ലോകജനതയുടെ ക്ഷേമത്തിന് വേണ്ടി മാത്രമായിരുന്നു. അദ്ദേഹം അകത്തും പുറത്തും വ്യാപിച്ചിരിക്കുന്നു.

40. അവിടെ നിന്ന് ഇവിടേയ്ക്ക് വരുന്നതിനോ ഇവിടെ നിന്ന് അവിടേയ്ക്ക് പോകുന്നതിനോ കഴിയും – ആകാശം പോലും അതിനെപ്പറ്റി അറിയുകയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം സമ്പൂർണ്ണനും സർവ്വവ്യാപിയുമാണ്.

41. മാത്രമല്ല, ബാബയുടെ ചലനങ്ങൾ ഗ്രഹിക്കുക എന്നത് അസാധ്യവുമാണ്. ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ വസ്തുക്കളിലും അദ്ദേഹം നിറഞ്ഞിരിക്കുന്നു. അപ്പോൾ വരികയും പോകുകയും എന്ന ചോദ്യം ഉദിക്കുമോ? അദ്ദേഹം തന്റെ സ്വന്തം ഇഷ്ടപ്രകാരം പ്രത്യക്ഷപ്പെടുന്നു.

42. അത് അങ്ങനെ കഴിഞ്ഞു. ഈ സംഭവത്തിന് ഒരു മാസം മുമ്പ്, ഒരു സന്ന്യാസി അയാളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ദഹാനു തീവണ്ടികേന്ദ്രത്തിൽ എത്തി.

43. അയാൾ ഗോസംരക്ഷണസ്ഥാപനത്തിന്റെ പ്രചരണക്കാരനും സന്നദ്ധസേവകനും ആയിരുന്നു. സ്ഥാപനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താനായി സംഭാവന ചോദിക്കാനായിരുന്നു അയാൾ എത്തിയത്.

44. അയാളുടെ വസ്ത്രധാരണരീതികളിൽ നിന്നും അയാൾ ഒരു ബംഗാളിയെപ്പോലെ തോന്നിച്ചു. തീവണ്ടികേന്ദ്രത്തിലെ മുഖ്യഉദ്യോഗസ്ഥൻ അയാളോട് പട്ടണത്തിലേയ്ക്ക് പോകാൻ നിർദ്ദേശിക്കുകയും അവിടെ അയാൾക്ക് സഹായം ലഭിക്കുമെന്നും പറഞ്ഞു.

45. "അവിടെ ഒരു മംലത്ത്ദാർ ഉണ്ട്. ഈ പ്രശ്നം അയാളെ ധരിപ്പിക്കുക. സഹായമനസ്കരായ ധനികരെ നിനക്ക് അവിടെ കണ്ടുമുട്ടാൻ കഴിയും.

46. ''മംലത്ത്ദാർക്ക് ബോധ്യപ്പെടുകയാണെങ്കിൽ ഈ ധാർമ്മികമായ പ്രവർത്തനത്തിന് പെട്ടെന്ന് പണം സമാഹരിക്കാൻ കഴിയും. സന്ദേഹം കൂടാതെ അവിടേയ്ക്ക് പോകുക."

47. തീവണ്ടികേന്ദ്രത്തിന്റെ മുഖ്യഉദ്യോഗസ്ഥൻ അകത്ത് ഇപ്രകാരം സംസാരിക്കവേ പുറത്ത് കുതിരക്കുളമ്പടി ശബ്ദം കേട്ടു. മംലത്ത്ദാർ സ്വയം അവിടെ വന്നു. അയാൾ വണ്ടിയിൽ നിന്നും ഇറങ്ങി തീവണ്ടി കേന്ദ്രത്തിനുള്ളിലേയ്ക്ക് വന്നു.

48. അയാൾ മുഖ്യഉദ്യോഗസ്ഥനെ കാണാൻ വേണ്ടി മുറിയിലേയ്ക്ക് വന്നപ്പോൾ അയാൾ സന്ന്യാസിയോട് പറഞ്ഞു. ''മംലത്ത്ദാർ സ്വയം ഇവിടെ വന്നിരിക്കുന്നു!

49. "ഇപ്പോൾ നീ അദ്ദേഹത്തോട് എന്താണ് നിന്റെ ആഗ്രഹമെന്ന് പറയുക. ഭാഗ്യത്താൽ വളരെ എളുപ്പത്തിൽ അദ്ദേഹത്തെ കണ്ടുമുട്ടാൻ നിനക്ക് കഴിഞ്ഞു." അപ്പോൾ സന്ന്യാസി അയാളോട് തന്റെ ഉദ്ദേശ്യം പറഞ്ഞു.

50. പിന്നീട് അവർ രണ്ടുപേരും പുറത്തേയ്ക്ക് ഇറങ്ങി ഒരു മരപ്പെട്ടിയുടെ മുകളിൽ ഇരുന്നു. പ്രവർത്തനം പൂർത്തിയാക്കാൻ സഹായിക്കണമെന്ന് സന്ന്യാസി ദിയോയോട് വീണ്ടും വീണ്ടും അഭ്യർത്ഥിച്ചു.

51. "അങ്ങയെപ്പോലുള്ള ഒരാൾ ഗോസംരക്ഷണം പോലുള്ള ദിവ്യമായ ഒരു ധാർമ്മികനിഷ്ഠ ഏറ്റെടുക്കാൻ തീരുമാനിച്ചില്ലെങ്കിൽ എന്നെപ്പോലെ അപരിചിതനായ ഒരാൾക്ക് എന്ത് നേടാൻ കഴിയും.

52. "അങ്ങ് ഈ താലൂക്കിന്റെ അധികാരിയാണ്, ഞാനാകട്ടെ പശുക്കളുടെ വിശപ്പടക്കാൻ വീടുവീടാന്തരം കയറി നടക്കുന്ന ഒരു ദരിദ്രനും.

53. "അങ്ങ് ഒരു വാക്ക് പറയുകയാണെങ്കിൽ എന്റെ പ്രവർത്തനം പെട്ടെന്ന് പൂർത്തിയാകും. അങ്ങേയ്ക്ക് ഗോമാതാവിന്റെ അനുഗ്രഹം ഉണ്ടാകും. കൂടാതെ, പേരും പെരുമയും തീർച്ചയായും ലഭിക്കും."

54. സന്ന്യാസിയുടെ അഭ്യർത്ഥന കേട്ടതിനു ശേഷം ദിയോ പറഞ്ഞു; "മറ്റൊരു പ്രവർത്തനത്തിനായി ഇപ്പോൾ മറ്റൊരു ധനസമാഹരണം പട്ടണത്തിൽ തുടങ്ങിക്കഴിഞ്ഞു.

55. ''റാവു സാഹേബ് നരോത്തമഷെട്ടി എന്ന മനുഷ്യസ്നേഹിയും

പ്രവർത്തനനിരതനുമായ ഒരു പ്രമുഖ പൗരനാണ് സമാഹരണം നടത്തുന്നത്.

56. "അപ്പോൾ നിങ്ങൾക്കെങ്ങനെ വീണ്ടും ഒരു പിരിവ് നടത്താൻ സാധിക്കുമെന്ന് പറയൂ? ഇത് ഉചിതമായ സമയമല്ല. നമുക്ക് ഇതിനെപ്പറ്റി പിന്നീട് ചിന്തിക്കാം.

57. "അതിനാൽ രണ്ടോ നാലോ മാസങ്ങൾ കാത്തിരുന്ന ശേഷം വീണ്ടും ഈ പട്ടണത്തിലേക്ക് വരിക. അപ്പോൾ എന്ത് ചെയ്യാൻ കഴിയുമെന്ന് നമുക്ക് നോക്കാം. ഇത് ശരിയായ സമയമല്ല."

58. അത് അങ്ങനെ കഴിഞ്ഞു. അയാൾ അവിടം വിട്ടുപോയി. ഒരു മാസം കഴിഞ്ഞപ്പോൾ, ഒരു ടോംഗയിൽ അയാൾ ദഹാനുവിലേക്ക് തിരിച്ചു വന്നു.

59. വക്കീൽ പരൻജപേയുടെ ഗൃഹം ദിയോയുടെ ഗൃഹത്തിന് മുമ്പിലായിരുന്നു. ടോംഗ അവിടെ നിർത്തപ്പെട്ട ശേഷം സന്ന്യാസി താഴേയ്ക്ക് ഇറങ്ങുന്നത് അയാൾ കണ്ടു.

60. "മുമ്പ് ധനസമാഹരണത്തിന് എത്തിയ അതേ മനുഷ്യൻ തന്നെയല്ലേ ഇയാൾ?", എന്ന് തീർച്ചയില്ലാത്തത് പോലെ ദിയോ അയാളുടെ മകനോട് പറഞ്ഞു.

61. "ഒരു മാസം പോലും കഴിയും മുമ്പ് എന്തിനാണ് അയാൾ ഇവിടെ എത്തിയത്? നമ്മൾ തമ്മിൽ മുമ്പ് ഉണ്ടായ സംഭാഷണം അയാൾ മറന്നു പോയോ?" ഇങ്ങനെയാണ് അയാൾ സംശയിച്ചത്.

62. അയാൾ ടോംഗയിൽ നിന്നിറങ്ങി കുറച്ച് നേരം അവിടെത്തന്നെ നിന്നു. പിന്നീട് അയാൾ ദിയോയുടെ വീട്ടിലേയ്ക്ക് വന്ന് ഇപ്രകാരം പറഞ്ഞു.

63. "എനിക്ക് പണം കിട്ടാനായി ഒരു ധൃതിയുമില്ല," സമയം ഏകദേശം രാവിലെ 10 മണിയും, ബ്രാഹ്മണരുടെ സദ്യ തുടങ്ങാനുള്ള സമയമാകുകയും ദിയോയുടെ മുഖത്തെ ചിന്താകുഴപ്പവും കണ്ടപ്പോൾ അയാൾ പറഞ്ഞു.

64. ''ഞാൻ പണത്തിന് വേണ്ടി വന്നതല്ല. ഇന്ന് എനിക്ക് ആഹാരമാണ് ആവശ്യമായുള്ളത്." ദിയോ മറുപടി പറഞ്ഞു, "സന്തോഷത്തോടെ വരിക! ഇത് നിങ്ങളുടെ സ്വന്തം ഗൃഹമാണെന്ന് കരുതുക."

65. അപ്പോൾ സന്ന്യാസി പറഞ്ഞു: "എന്റെ രണ്ട് കുട്ടികൾ എന്റെയൊപ്പമുണ്ട്." "അത് വളരെ നന്നായി," എന്ന് ദിയോ അയാളോട് മറുപടി പറഞ്ഞു.

66. സദ്യ വിളമ്പുന്നതിന് പിന്നെയും കുറച്ച് സമയം കൂടി ആവശ്യമായതിനാൽ ദിയോ അയാളോട് ചോദിച്ചു: "നിങ്ങൾ എവിടെയാണ് താമസിക്കുന്നത്, ഞാൻ നിങ്ങളെ വിളിക്കാൻ അവിടേയ്ക്ക് ആളിനെ വിടാം."

67. ''അതിന്റെ ആവശ്യം എന്താണ്? ഞാൻ എപ്പോഴാണ് വരേണ്ടത്? ഏത് സമയത്താണ് വരേണ്ടതെന്ന് എന്നോടു പറയുക. നിങ്ങൾ പറയുന്ന സമയത്ത് ഞാൻ വരാം", സന്ന്യാസി പറഞ്ഞു.

68. "ശരി, കുട്ടികളുമൊത്ത് പന്ത്രണ്ട് മണിയ്ക്ക് എത്തി സദ്യ കഴിക്കുക, മഹാശയാ!" ഇതാണ് ദിയോ അയാളോട് പറഞ്ഞത്.

69. അത് അങ്ങനെ കഴിഞ്ഞു. സന്ന്യാസി മടങ്ങിപ്പോകുകയും കൃത്യം 12 മണിക്ക്

എത്തുകയും ചെയ്തു. മൂന്ന് പേരും ഊണുകഴിക്കാനിരിക്കുകയും മതിയാവോളം കഴിക്കുകയും ചെയ്തു.

70. ആഹാരം തയ്യാറായപ്പോൾ ബ്രാഹ്മണർ രണ്ട് വരികളിലായി ഇരുന്നു. ആതിഥേയൻ സന്ന്യാസിയെയും അയാളുടെ കുടുംബത്തെയും നല്ല രീതിയിൽ സത്കരിച്ചു.

71. സന്ന്യാസി അയാളുടെ രണ്ട് കൂട്ടാളികളോടൊപ്പം സ്വയം എത്തിയതായിരുന്നു. പക്ഷേ അയാളുടെ മുമ്പത്തെ ഉദ്ദേശ്യം കാരണം, അബദ്ധധാരണയുടെ ഒരു മൂടുപടം ഉണ്ടായി.

72. അത് കൊണ്ടാണ് ഒരു അതിഥി ഊണ് കഴിക്കാനെത്തി എന്ന് ദിയോ ചിന്തിച്ചത്. പക്ഷേ അയാൾക്ക് പണം ആവശ്യമുണ്ടെന്ന തോന്നൽ ഉണ്ടാകുകയും ആ തോന്നൽ ശക്തമാകുകയും ചെയ്തു.

73. ഇത്തരത്തിൽ സദ്യ കഴിഞ്ഞു. ബ്രാഹ്മണർ വെള്ളം കൈയ്യിലെടുത്ത് ആചമനം ചെയ്യുകയും തണുത്തതും സുഗന്ധമുള്ളതുമായ വെള്ളം കുടിക്കുകയും ചെയ്തു. അവർ ഊണിന് ശേഷം വെറ്റില മുറുക്കുകയും ചെയ്തു (വദനശുദ്ധിക്കായി).

74. ആചാരമനുസരിച്ച് ദിയോ വളരെ ആദരവോടെയും സന്തോഷത്തോടെയും എല്ലാവർക്കും പൂക്കൾ, ചന്ദനലേപനം, വെറ്റില, അത്തർ, പനിനീര് എന്നിവ നൽകി.

75. അത് അങ്ങനെ കഴിഞ്ഞു. എല്ലാ ആചാരങ്ങളും കഴിഞ്ഞപ്പോൾ കൂടിയിരുന്നവരൊക്കെ അവരുടെ ഗൃഹങ്ങളിലേയ്ക്ക് പോയി. സന്ന്യാസി കുടുംബത്തോടൊപ്പം അയാളുടെ സ്വന്തം സ്ഥലത്തേയ്ക്ക് തിരികെ പോയി.

76. അപ്രതീക്ഷിതമായും ക്ഷണിക്കപ്പെടാതെയുമാണ് എത്തിയതെങ്കിലും അവർ ശരിയായ സമയത്ത് വരികയും ആഹാരം കഴിക്കുകയും ചെയ്തു. പക്ഷേ അത് ബാബയാണെന്ന് ദിയോ ചിന്തിച്ചില്ല. അയാൾക്ക് സംശയമുണ്ടായിരുന്നു.

77. യാദൃച്ഛികമായി മൂന്ന് ആളുകൾ വരികയും അയാൾ അവർക്ക് ആഹാരം വിളമ്പി നൽകുകയും ചെയ്തിട്ടും ദിയോയ്ക്ക് സംശയമായിരുന്നു. അതിനാൽ അയാൾ ജോഗിനോട് തെളിവ് ആവശ്യപ്പെട്ടു.

78. ഉദ്യാപനത്തിന് ശേഷം ദിയോ ജോഗിന് ഒരു കത്ത് അയച്ചു. "ബാബയ്ക്ക് എങ്ങനെ ഇപ്രകാരം വഞ്ചന കാട്ടാൻ കഴിഞ്ഞു? അങ്ങനെ സംസാരിച്ചത് അദ്ദേഹത്തിന് യോജിച്ചതാണോ?

79. ''നീയും അദ്ദേഹത്തോടൊപ്പം എത്തേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും അസത്യമാകില്ല. നിങ്ങൾ എത്തിയിരുന്നെങ്കിൽ എന്തെങ്കിലും തെളിവ് ഉണ്ടാകുമായിരുന്നു. ഇതെങ്ങനെ എനിക്ക് വിശ്വസിക്കാൻ കഴിയും?

80. ''എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? എന്തുകൊണ്ടാണ് എന്നെ ഇപ്രകാരം നിരാശാവാനാക്കിയത്? ഞാൻ വളരെ പ്രതീക്ഷയോടെ കാത്തിരുന്നു. പക്ഷേ എനിക്ക് ഒരു അനുഭവവും ലഭിച്ചില്ല.

81. "ബാബയിൽ സ്വയം സമർപ്പിച്ചിരിക്കുന്ന ഞാൻ നിറഞ്ഞ സ്നേഹത്തോടെ അദ്ദേഹത്തെ ക്ഷണിക്കുകയും അദ്ദേഹം വരുമെന്നു പറയുകയും ചെയ്തു. പക്ഷേ തീർത്തും വ്യത്യസ്തമായതാണ് സംഭവിച്ചത്. എങ്ങനെയാണ് ഇപ്രകാരം സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

82. "മറ്റുള്ളവരുടെ ആശ്രിതനായി കഴിയുന്ന അവസ്ഥയായതിനാൽ, വളരെ പ്രാർത്ഥനയോടെ ഞാൻ ഒരു കത്ത് എഴുതിയിരുന്നു. ബാബ വരുമെന്നറിഞ്ഞപ്പോൾ ഞാൻ വളരെയധികം അനുഗൃഹീതനാണെന്ന് ചിന്തിച്ചു.

83. "ഏത് രൂപത്തിലും ഏതിന്റെയും മറവിലും അദ്ദേഹം എത്തുമെന്ന് എനിക്ക് അറിയാമായിരുന്നു. എന്തുകൊണ്ടാണ് അത്തരത്തിലൊന്നും സംഭവി ക്കാതിരുന്നത്? ഞാൻ ആകെ ചിന്താകുഴപ്പത്തിലാണ്."

84. ദിയോ വിവരിച്ചത് മുഴുവൻ ജോഗ് സായിപാദങ്ങളിൽ ഉണർത്തിച്ചു. തീർത്തും ആശ്ചര്യപ്പെട്ട ബാബ അയാളോട് പറഞ്ഞു.

85. "നീ കത്ത് പൊട്ടിക്കുന്നതിന് മുമ്പ് തന്നെ, അതിൽ പറഞ്ഞിരിക്കുന്നതൊക്കെ എനിക്ക് അറിയാമായിരുന്നു. – അത് വായിക്കുന്നതിന് മുമ്പ് തന്നെ. എഴുതിയിരിക്കുന്നത് എന്താണെന്ന് എന്റെ കൺമുമ്പിൽ വ്യക്തമായി തെളിഞ്ഞു നിൽക്കുന്നു.

86. "അവൻ പറയുന്നത് ഞാൻ വരുമെന്ന് ഉറപ്പ് നൽകിയിട്ട് വാക്ക് പാലിക്കാതെ അവനെ വഞ്ചിച്ചു എന്നാണ്. അവൻ എന്നെ തിരിച്ചറിഞ്ഞില്ലെന്ന് അവനോട് പറയുക. പിന്നെന്തിനാണ് അവൻ എന്നെ ക്ഷണിച്ചത്?

87. "ലോകർ കണ്ടത് പോലെ ഞാൻ ഇവിടെ നിന്നും ചലിച്ചിട്ടില്ല. പക്ഷേ ഉദ്യാപനത്തിലെ സദ്യ ഞാൻ കഴിച്ചു. മറ്റ് രണ്ട് വ്യക്തികളോടൊപ്പം ഞാൻ എത്തുമെന്ന് പറഞ്ഞിരുന്നു. അതിൻ പ്രകാരം മറ്റ് രണ്ട് പേരോടൊപ്പം ഞാൻ പോയിരുന്നു.

88. "ഞാൻ തനിയെ എത്തിയ നേരത്ത് സദ്യ തുടങ്ങുന്നതിന് കുറച്ച് കൂടി സമയം അവശേഷിക്കുന്നുണ്ടായിരുന്നു, അതിനാൽ എനിക്ക് ആവശ്യത്തിന് സമയം ലഭിച്ചു. ഞാൻ ആദ്യം എത്തിയപ്പോഴുള്ള സന്ന്യാസിയുടെ വേഷം നീ ഓർക്കുന്നില്ലേ.

89. "അപ്രതീക്ഷിതമായി ഞാൻ വന്നത് കണ്ടപ്പോൾ ഞാൻ പണം ചോദിക്കുമെന്ന് നീ ഭയപ്പെട്ടില്ലേ? അപ്പോൾ ഞാൻ നിന്റെ സംശയങ്ങൾ മാറ്റിയില്ലേ?

90. "ഞാൻ മറ്റ് രണ്ട് പേരോടൊപ്പമേ ഊണ് കഴിക്കാൻ എത്തുകയുള്ളൂ, എന്ന് ഞാൻ പറഞ്ഞു. മറ്റ് രണ്ട് പേരോടൊപ്പം കൃത്യമായ സമയത്ത് ഞാൻ ഊണ് കഴിച്ചില്ലേ?

91. "എന്റെ വാക്കുകൾ പാലിക്കാൻ ഞാൻ എന്റെ ജീവൻ പോലും വെടിയുമെന്ന് ഓർക്കുക. പക്ഷേ ഞാൻ ഉരുവിടുന്ന വാക്കുകൾ ഒരിക്കലും അസത്യമാകില്ല."

92. സായിനാഥ് ഇപ്രകാരം പറഞ്ഞപ്പോൾ ജോഗിന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. വാഗ്ദാനം ചെയ്യപ്പെടുന്നത് ഒരിക്കലും അസത്യമാകില്ല.

എല്ലായ്പ്പോഴും എല്ലാവരുടെയും അനുഭവം ഇതായിരുന്നു.

93. പിന്നീട് ഈ വിവരം ജോഗ് ദിയോയെ അറിയിച്ചു. വളരെ സന്തുഷ്ടമായ മാനസികാവസ്ഥയോടെ അയാൾ ഒരു കത്ത് അവന് അയച്ചു.

94. ആ കത്ത് വായിച്ചപ്പോൾ ദിയോയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. അനാവശ്യമായി ബാബയെ പഴിചാരിയതോർത്ത് അയാൾ സ്വയം കുറ്റപ്പെടുത്തുകയും അയാൾക്ക് വളരെ വിഷമം തോന്നുകയും ചെയ്തു.

95. "ബാബയുടെ മഹത്വം അനുഗൃഹീതമാണ്! എല്ലാം അറിയാമെന്നുള്ള എന്റെ അഹങ്കാരബുദ്ധി എത്രമാത്രം പ്രയോജനരഹിതമാണ്! പക്ഷേ ബാബയായിരുന്നു ആ സന്ന്യാസിയെന്ന് ഞാൻ എങ്ങനെ ഗ്രഹിക്കാനാണ്?

96. "എന്തുകൊണ്ടെന്നാൽ ബാബയെ ക്ഷണിക്കുന്നതിന് മുമ്പുതന്നെ അയാൾ ധനസമാഹരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യത്തെ പ്രാവശ്യം എത്തുകയും എന്നെ കണ്ടുമുട്ടുകയും ചെയ്തിരുന്നു.

97. "ഞാൻ അയാളോട് രണ്ടോ നാലോ മാസങ്ങൾക്ക് ശേഷം വരാൻ പറയുകയും ചെയ്തിരുന്നു. പക്ഷേ പിന്നീട് അയാൾ ആഹാരം ആവശ്യപ്പെട്ട് വന്നപ്പോൾ അത് ബാബയാണെന്ന് ഞാനെങ്ങനെ അനുമാനിക്കാനാണ്.?

98. "മറ്റ് രണ്ട്പേരോടൊപ്പം ഊണ് കഴിക്കാനെത്തുമെന്നുള്ള ബാബയുടെ വാക്കുകൾ ഞാൻ മറന്നുപോയിരുന്നു.

99. ''ബാബയെ ക്ഷണിച്ചതിനുശേഷമാണ് ഞാൻ അയാളെ ആദ്യമായി കണ്ടിരുന്നതെങ്കിൽ, അതും ആഹാരത്തിന് വേണ്ടി മാത്രമായിരുന്നെങ്കിൽ, എനിക്ക് ഇത്തരത്തിൽ അബദ്ധം പിണയുമായിരുന്നില്ല.

100. ''പക്ഷേ അയാൾ ഗോസംരക്ഷണവും അവയുടെ പരിപാലനത്തിന് വേണ്ടിയുള്ള ധനസമാഹരണവും എന്ന ഉദ്ദേശ്യത്തോടെ എത്തുക യായിരുന്നു. അതിനുശേഷം സായിയ്ക്ക് ഉദ്യാപനത്തിന്റെ ക്ഷണമ യയ്ക്കുകയും ചെയ്തു.

101. ''അതുകൊണ്ട് ഈ ചിന്താകുഴപ്പമുണ്ടാകുകയും, ഇതൊക്കെ സംഭവിക്കുകയും ചെയ്തു. അയാൾ മറ്റ് രണ്ട് പേരോടൊപ്പം വന്ന് ആഹാരം കഴിച്ചെങ്കിലും, ഞാൻ അയാളെ ആഹാരം ആവശ്യമുണ്ടായിരുന്ന ഒരു വ്യക്തി എന്ന നിലയിൽ മാത്രം കണ്ടു.

102. "ഞാൻ അയാളെ മുമ്പ് കാണാതെയും, അയാൾ ഊണ് സമയത്ത് മറ്റ് രണ്ട് പേരോടൊപ്പം അപ്രതീക്ഷിതമായി വരികയും ചെയ്തിരുന്നെങ്കിൽ അദ്ദേഹം സായി തന്നെയായിരുന്നുവെന്ന് എനിക്ക് തീർച്ചയാക്കാൻ കഴിയുമായിരുന്നു."

103. പക്ഷേ ദിവ്യന്മാരുടെ മാർഗ്ഗങ്ങൾ ഇത്തരത്തിലാണ്! അവരുടെ ലീലകൾ ഗഹനവും അവരുടെ കൃത്യങ്ങൾ ആശ്ചര്യകരവുമാണ്! അവർ അവരുടെ ഭക്തരുടെ ഗൃഹങ്ങളിലെ ചടങ്ങുകൾ ഭക്തർ അറിയും മുമ്പുതന്നെ ആസൂത്രണം ചെയ്യുന്നു.

104. ഭക്തർ വിനയത്തോടെ അദ്ദേഹത്തിന്റെ പാദങ്ങളിൽ അഭയം തേടിയാൽ അവന്റെ ശുഭകർമ്മങ്ങൾ അവനറിയാതെ പൂർത്തീകരിക്കപ്പെടും. ദിവ്യന്മാരുടെ

ലീലകൾ അഗ്രാഹ്യമാണ്.

105. ചിന്താമണി ആഗ്രഹിക്കുന്നത് നൽകുന്നു; കല്പവൃഷം അഭിലാഷങ്ങൾ സാധ്യമാക്കിത്തരുന്നു; കാമധേനു ആഗ്രഹപൂർത്തീകരണം ചെയ്യുന്നു; പക്ഷേ ഗുരുമായി ഒട്ടും പ്രതീക്ഷിക്കാത്തത് പോലും നൽകി അനുഗ്രഹിക്കുന്നു.

106. അത് എന്തുമാകട്ടെ. ഇക്കാര്യത്തിൽ, അദ്ദേഹം ക്ഷണിക്കപ്പെട്ടപ്പോൾ ബാബ ഒരു സന്ന്യാസിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ അദ്ദേഹത്തിന്റെ ലീലകൾ അഭൂതപൂർവ്വമാണ്. ചിലപ്പോൾ അദ്ദേഹം ക്ഷണിക്കപ്പെടാതെ പ്രത്യക്ഷപ്പെടാറുണ്ട്.

107. ചിലപ്പോൾ അദ്ദേഹം ഒരു ഛായാപടത്തിന്റെ രൂപത്തിൽ എത്തുമായിരുന്നു; ചിലപ്പോൾ ഒരു വിഗ്രഹത്തിന്റെ രൂപത്തിൽ വരുമായിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾക്ക് അതിരില്ലായിരുന്നു. അദ്ദേഹം സ്വന്തം ഇച്ഛപ്രകാരം സ്വമേധയാ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു.

108. ഇതുമായി ബന്ധപ്പെട്ട് എന്റെ സ്വന്തം അനുഭവം കേൾക്കുമ്പോൾ ശ്രോതാക്കൾ അദ്ഭുതപ്പെടും. സായിയുടെ ലീലകളുടെ ശക്തി അവർക്ക് മനസ്സിലാകും. ഈ കഥ അദ്ഭുതകരവും വളരെ പുതുമയുള്ളതുമാണ്.

109. ചിലർ അതിനെ ഒരു മതപരമായ അനുഭവമായും മറ്റ് ചിലർ അതിനെ ഒരു കഥയെന്നും കരുതാം. നിങ്ങൾക്ക് തോന്നുന്നത് എന്താണോ അത് വിളിക്കുക, പക്ഷേ ഇത് ആദരവോടെ ശ്രവിക്കണം.

110. നിദ്രയും തളർച്ചയും മാറ്റിവച്ച്, തീർത്തും ജാഗ്രതയോടെ, ഈ കഥ ശ്രവിക്കുക. എന്റെ ഈ ആഗ്രഹം സാധിച്ചുതരുക. ഞാൻ സംതൃപ്തനാകും.

111. കുറച്ച് നേരത്തേയ്ക്ക് അസ്വസ്ഥത മാറ്റി വയ്ക്കുക. ശാന്തവും സ്വസ്ഥവുമായ മനസ്സോടെ ഇത് ശ്രദ്ധിക്കുക, അത് ഗുണകരമാണെന്ന് തെളിയും. പിന്നീട് നിങ്ങൾക്ക് അതിന്മേൽ ധ്യാനിക്കാൻ കഴിയും.

112. അപ്പോൾ മുതൽ ആത്മസാക്ഷാത്കാരം ലഭിക്കും. പക്ഷേ അതൊക്കെ നിങ്ങൾ ഏതു തരത്തിൽ ശ്രവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഇതാണ് രത്നചുരുക്കം. അപ്പോൾ നിങ്ങൾ ഭവസാഗരം കടക്കും.

113. 1917 –ാം വർഷത്തിൽ ഫാൽഗുനമാസത്തിലെ പൗർണ്ണമി ദിനത്തിൽ ഞാൻ എന്റെ കിടക്കയിൽ ഉറങ്ങിക്കിടക്കവേ വെളുപ്പാൻ കാലത്ത് എനിക്ക് ഒരു സ്വപ്നദർശനം ലഭിച്ചു.

114. സായിയുടെ ലീലകൾ നോക്കൂ! ഒരു സന്ന്യാസിയുടെ രൂപത്തിൽ മനോഹരമായ വസ്ത്രം ധരിച്ച് അദ്ദേഹം എനിക്ക് ദർശനം നൽകുകയും എന്നെ വിളിച്ചുണർത്തുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: “ഞാനിന്ന് ഉച്ചഭക്ഷണം കഴിക്കാനെത്തും”

115. അദ്ദേഹം എന്നെ വിളിച്ചുണർത്തിയതും സ്വപ്നത്തിന്റെ ഭാഗമായിരുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ യഥാർത്ഥമായും ഉറക്കമുണർന്നെഴുന്നേറ്റപ്പോൾ, ഞാൻ ആ സ്വപ്നം ഓർത്തെടുക്കാൻ തുടങ്ങി.

116. കണ്ണുകൾ തുറന്ന് ഞാൻ ചുറ്റും നോക്കാൻ തുടങ്ങിയപ്പോൾ അവിടെ

സായിയോ മറ്റാരുമോ ഉണ്ടായിരുന്നില്ല. ഉണർന്നിരിക്കാത്ത അവസ്ഥയിൽ കുറച്ച് നേരം മുമ്പ് ഉണ്ടായ ഒരു സ്വപ്നം മാത്രമായിരുന്നു അത്.

117. എനിക്ക് അത് ഉറപ്പായപ്പോൾ ഞാൻ അത് ഓർക്കാൻ ശ്രമിച്ചുതുടങ്ങി. അത് അക്ഷരംപ്രതി ഞാൻ ഓർമ്മിച്ചു, ഒന്നുപോലും വിട്ടു പോകാതെ.

118. "ഞാനിന്ന് ഉച്ചഭക്ഷണം കഴിക്കാനെത്തും." സായിയിൽ നിന്നും വ്യക്തമായ ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ സന്തോഷഭരിതനായി. അതിനെക്കുറിച്ച് ഞാൻ എന്റെ ഭാര്യയോട് പറഞ്ഞു.

119. എല്ലായ്പ്പോഴും സായിയെക്കുറിച്ച് ചിന്തിക്കുന്നതും ധ്യാനിക്കുന്നതും എന്റെ പതിവായിരുന്നു. എനിക്ക് അദ്ദേഹവുമായി ഏഴ് വർഷക്കാലത്തെ സമ്പർക്കമുണ്ടെങ്കിലും, അദ്ദേഹം എപ്പോഴെങ്കിലും ഊണ് കഴിക്കാനെത്തുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

120. അത് അങ്ങനെയാകട്ടെ. ഞാൻ അവളോട് (എന്റെ ഭാര്യ) പറഞ്ഞു, "ഇന്ന് ഹോളി ഉത്സവദിനമാണ്. കാൽസീർ അരി അധികം തിളപ്പിക്കുക. മറക്കരുത്".

121. ഞാൻ അവളോട് ഇത് പറഞ്ഞപ്പോൾ, എന്റെ നിർദ്ദേശങ്ങൾക്ക് പുറകിലുള്ള കാരണത്തെപ്പറ്റി അവൾ ചോദിക്കാൻ തുടങ്ങി. ഞാൻ അവളോട് പറഞ്ഞു: ''ഇന്ന് ഒരു ഉത്സവദിവസമായതിനാൽ ഉച്ചഭക്ഷണത്തിന് ഒരു അതിഥിയെത്തും".

122. അപ്പോൾ അവളുടെ ആകാംക്ഷ അടക്കാൻ കഴിയാത്തതുപോലെ അവൾ ചോദിച്ചു: ''ആരാണ് വരുന്നത്?'' പക്ഷേ യഥാർത്ഥ കാരണം വെളിപ്പെടുത്തുകയാണെങ്കിൽ ഞാൻ പരിഹസിക്കപ്പെടുമെന്ന് ഞാൻ ഭയപ്പെട്ടു.

123. ഇത് പൂർണ്ണമായി എനിക്ക് അറിയാമായിരുന്നെങ്കിലും അവളെ കബളിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. അതിനാൽ നിറഞ്ഞ വിശ്വാസത്തോടെ ഞാൻ അവളോട് സത്യം പറഞ്ഞു.

124. ഇതെല്ലാം പക്ഷേ വിശ്വാസത്തെയാണ് ആശ്രയിച്ചിരിക്കുന്നത്, സത്യമാണോ അല്ലയോ എന്നത് ഒരുവന് ഉള്ളിൽ ഏതു തരത്തിൽ തോന്നുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു, അതാകട്ടെ ഒരുവന്റെ മനസ്സിനെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു

125. ഞാൻ ഏതൊക്കെ തരത്തിൽ അവളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും അവൾ അത് വിശ്വസിക്കാൻ തയ്യാറായില്ല. അവൾ പറഞ്ഞു: "ഷിർദിയിൽ നിന്നും ഇത്രയും ദൂരം ബാബ എന്തിന് വരണം?

126. "ഇവിടെ എന്താഹാരമാണ് ഉള്ളത്? കൂടാതെ ഹോളിക്ക് നമുക്ക് എന്ത് ആഘോഷമാണ് ഉള്ളത്? ഷിർദിയിലെ രുചികരമായ വിഭവങ്ങൾ ഉപേക്ഷിച്ച് നമ്മുടെ പരുക്കൻ ഭക്ഷണം കഴിക്കാനായി അദ്ദേഹം വരുമോ?"

127. അവളുടെ ഈ വാദമുഖങ്ങൾ കേട്ടപ്പോൾ ഞാൻ പറഞ്ഞു: "ഒരല്പം അരി കൂടി വേവിക്കുന്നതിൽ എന്ത് ബുദ്ധിമുട്ടാണുള്ളത്? നിനക്ക് ഒന്നും നഷ്ടപ്പെടാനില്ല!

128. "സായി സ്വയം അതിഥിയായി എത്തുമെന്ന് ഞാൻ പറയുന്നില്ല. ഞാൻ സ്വയം

നിന്നോട് അപ്രകാരം പറയില്ല. പക്ഷേ മറ്റാരെങ്കിലും വരും. അതിനെക്കുറിച്ച് എനിക്ക് ഒരു സംശയവുമില്ല.

129. "നീ അത് ഏതു തരത്തിൽ വേണമെങ്കിലും ചിന്തിക്കുക, പക്ഷേ ഞാൻ അയാളെ സായി എന്നല്ലാതെ മറ്റൊന്നും ചിന്തിക്കില്ല. അങ്ങനെയല്ലെങ്കിൽ എന്റെ സ്വപ്നം വ്യർത്ഥമാകും."

130. അത് അങ്ങനെ കഴിഞ്ഞു. ഈ സംഭാഷണത്തിന് ശേഷം ഉച്ചനേരമാകുകയും എല്ലാ ആചാരങ്ങളോടെയും ഹോളികാപൂജ പൂർത്തിയായശേഷം ഉച്ചഭക്ഷണത്തിനായി ഇലകൾ നിരത്തപ്പെടുകയും ചെയ്തു.

131. പുത്രന്മാർ, ചെറുമക്കൾ, പുത്രിമാർ, ജാമാതാക്കൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിങ്ങനെ സകല കുടുംബാംഗങ്ങളും എത്തുകയും നിരയായി ഇരിക്കുകയും ചെയ്തു. ആ സ്ഥലം മുഴുവൻ വിവിധതരത്തിലുള്ള രംഗോളികൾ കൊണ്ട് അലങ്കരിച്ചിരുന്നു.

132. പ്രധാനനിരയിൽ മധ്യത്തിലായി സായിയെ ആദരിച്ചുകൊണ്ട് ഒരു ഇരിപ്പിടം ഇട്ടിരുന്നു, മറ്റുള്ളവരുടെ ഒപ്പം ഭക്ഷണം വിളമ്പാനായിരുന്നു അത്.

133. ഇലകൾക്ക് ചുറ്റും നീല തുടങ്ങിയ വർണ്ണങ്ങളിൽ രംഗോളികൾ കൊണ്ടുള്ള അലങ്കാരമുണ്ടായിരുന്നു. ഒരു കുടം വെള്ളം, വെള്ളം കുടിക്കുന്നതിനുള്ള നീളമുള്ള കപ്പ്, ഒരു ചെറിയ തവി എന്നിവ ഓരോരുത്തരുടെയം സമീപത്ത് വയ്ക്കപ്പെട്ടിരുന്നു.

134. പപ്പടം, സൻഡ്ഗെ, സാലഡ്, അച്ചാറുകൾ, റായ്ത്ത, പലതരത്തിലുള്ള പച്ചക്കറികൾ, ഖീറുകൾ തുടങ്ങിയ ധാരാളം വിഭവങ്ങൾ ഒരുക്കപ്പെട്ടിരുന്നു.

135. ഉച്ചനേരം പന്ത്രണ്ട് മണിയായപ്പോൾ അതിഥികൾ സോവാല ധരിച്ച് ഓരോരുത്തരായി അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നു. പക്ഷേ മറ്റാരും എത്തിയില്ല.

136. എല്ലാ ഇലകളിലും ചോറ്, പോളി, വരൺ തുടങ്ങിയവ നിറയ്ക്കപ്പെട്ടു. മധ്യത്തെ ഇലയുടെ സ്ഥാനം, അതായത് ആദരണീയവ്യക്തിയുടെ സ്ഥാനം മാത്രം ഒഴിഞ്ഞുകിടന്നു. അതല്ലാതെ ആ സ്ഥലത്ത് മറ്റൊന്നിനും ഒരു കുറവുമുണ്ടായിരുന്നില്ല.

137. ഏതെങ്കിലും അതിഥിയോ അപ്രതീക്ഷിതമായ സന്ദർശകനോ എത്തുമെന്ന് എനിക്ക് അറിയാമായിരുന്നു, അതിനാൽ ഞാൻ ആ വരവിന് വേണ്ടി കാത്തിരുന്നു. പക്ഷേ എത്ര നേരം കാത്തിരിക്കണമെന്ന് ഓർത്ത് ഞാൻ ആശ്ചര്യപ്പെടാൻ തുടങ്ങി.

138. അതിനാൽ വാതിൽ അടച്ച് കുറ്റിയിട്ടു. നെയ്യ് (അന്നശുദ്ധി) ഉടൻ തന്നെ വിളമ്പി. വൈശ്വദേവന് ആചാരപ്രകാരമുള്ള നൈവേദ്യസമർപ്പണം നടത്തിയശേഷം ഭക്ഷണം കഴിച്ചുതുടങ്ങാൻ ആരംഭിക്കുകയായിരുന്നു.

139. പ്രാണാഹുതി[7] സമയത്ത്, പടവുകളിൽ കാലടികളുടെ ശബ്ദം കേൾക്കുകയും ആരോ ഇങ്ങനെ വിളിച്ചുചോദിക്കുകയും ചെയ്തു: "റാവുസാഹേബ് എവിടെയാണ്?" ക്ഷണിതാക്കളെല്ലാം നിശ്ശബ്ദരായി.

140. ആരോ വന്നിട്ടുണ്ടെന്ന് മനസ്സിലായതിനാൽ ഞാൻ ഉടനെ വാതിലിന് സമീപത്തേക്ക് ചെന്നു. ഞാൻ പതുക്കെ വാതിൽ തുറന്നപ്പോൾ രണ്ട് വ്യക്തികൾ പടവുകളിൽ നിൽക്കുന്നതു കണ്ടു.

141. അവരിൽ ഒരാൾ ആലിമുഹമ്മദും മറ്റേയാൾ മൗലാനാ സിദ്ധന്റെ ശിഷ്യനായ ഇസ്മു മുജാവറും ആയിരുന്നു. രണ്ടുപേരും വളരെ സന്തോഷവാന്മാരായി കാണപ്പെട്ടു.

142. ഉച്ചഭക്ഷണം കഴിക്കാനായി ഇരിപ്പുറപ്പിച്ച ആളുകളെയും മറ്റു തയ്യാറെടുപ്പുകളും കണ്ടപ്പോൾ ആലി ക്ഷമാപണം നടത്തി: "നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയതിൽ എന്നോട് ക്ഷമിക്കുക.

143. "നിങ്ങൾ ഭക്ഷണത്തിന് മുമ്പിൽനിന്ന് എഴുന്നേറ്റ് എന്റെ സമീപത്തേയ്ക്ക് പെട്ടെന്ന് വന്നതാണെന്ന് മനസ്സിലായി. അങ്ങേയ്ക്ക് വേണ്ടി മറ്റുള്ളവരും അത് നിർത്തി കാത്തിരിക്കുകയാണ്.

144. "എന്തായാലും, ഈ സാധനം സ്വീകരിക്കുക. പിന്നീട് സമയം പോലെ നമ്മൾ കണ്ടുമുട്ടുമ്പോൾ ഇതിന്റെ ആശ്ചര്യം ഞാൻ വിശദമായി പറയാം. അതൊരു വിചിത്രകഥയാണ്."

145. ഇങ്ങനെ പറഞ്ഞു കൊണ്ട് ആലി അയാളുടെ കക്ഷത്തിൽ നിന്നും ഒരു പൊതി എടുത്ത് മേശപ്പുറത്ത് വച്ചിട്ട്, അത് തുറക്കാൻ തുടങ്ങി.

146. ദിനപത്രത്തിന്റെ മൂടി മാറ്റിക്കഴിഞ്ഞപ്പോൾ പെട്ടെന്ന് സായിയുടെ ചിത്രം കാണാൻ കഴിഞ്ഞു. അയാൾ പറഞ്ഞു: "ഇത് അങ്ങ് സൂക്ഷിക്കുക. ദയവായി എന്റെ അഭ്യർത്ഥന മാനിക്കുക."

147. ബാബയുടെ ചിത്രം കണ്ടപ്പോൾ എനിക്ക് രോമാഞ്ചമുണ്ടാകുകയും ഞാൻ എന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ ചേർത്ത്‌വയ്ക്കുകയും ചെയ്തു. വികാരങ്ങൾ കൊണ്ട് ഞാൻ വീർപ്പുമുട്ടി.

148. ഇത് വളരെ ആശ്ചര്യകരമായ ഒരു സംഭവമായി എനിക്ക് തോന്നി. ഇത് സായിയുടെ വിചിത്രമായ ഒരു ലീലയായിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയിലൂടെ ഞാൻ അനുഗൃഹീതനായതായി ഞാൻ കരുതി.

149. എനിക്ക് അതിയായ ജിജ്ഞാസ ഉണ്ടായി."നിനക്ക് എവിടെ നിന്നാണ് ഈ ചിത്രം ലഭിച്ചത്?" അയാൾ മറുപടി പറഞ്ഞു: "ഞാൻ അതൊരു കടയിൽ നിന്നും വാങ്ങിയതാണ്.

150. അതിനുശേഷം അവർ രണ്ടുപേരും ഒരു നിമിഷം പോലും കാത്തുനിന്നില്ല. അവർ പറഞ്ഞു: "ഞങ്ങൾ ഇപ്പോൾ പോകുകയാണ്. നിങ്ങൾ സ്വസ്ഥമായി നിങ്ങളുടെ ഊണ് കഴിക്കുക.

151. "ഇപ്പോൾ, ഇതിന് പുറകിലുള്ള കാരണങ്ങൾ ഞാൻ വിശദീകരിക്കാൻ തുടങ്ങിയാൽ അത് ഇവിടെ ഉച്ചഭക്ഷണത്തിനായി കൂടിയിരിക്കുന്ന എല്ലാവർക്കും അനാവശ്യമായ കാലതാമസം ഉണ്ടാക്കും. ഞാൻ അത് പിന്നീടെപ്പോഴെങ്കിലും അങ്ങയോട് പറയുന്നതാണ്."

152. ഞാനും അവരോട് യോജിച്ചു. ചിത്രം കൃത്യസമയത്ത് എത്തിച്ചേർന്നതിനാൽ

ഞാൻ വളരെ സന്തോഷവാനാകുകയും ആ ആനന്ദത്തിൽ മുഴുകുകയും ചെയ്തു. ഞാൻ അവരോട് എന്റെ കൃതജ്ഞത അറിയിച്ചു.

153. ''ശരി, ഞങ്ങൾ പോകുന്നു, ഈ ചിത്രം ഇവിടെ എന്തുകൊണ്ട് എത്തിച്ചേർന്നുവെന്ന് ഞങ്ങൾ പിന്നീട് അങ്ങയോട് പറയുന്നതാണ്. ഇപ്പോൾ അതിന്റെ ആവശ്യമില്ല."

154. അത് അങ്ങനെ കഴിഞ്ഞു. അവർ പോയതിനുശേഷം, ബാബയ്ക്ക് വേണ്ടി ഒരുക്കിയിരുന്ന മധ്യഭാഗത്തെ ഇരിപ്പിടത്തിൽ ആ ചിത്രം വച്ചു.

155. എല്ലാവരും സന്തുഷ്ടരായി. സായിയുടെ മാർഗ്ഗങ്ങൾ വളരെ ഗഹനമാണ്. സ്വപ്നത്തിൽ അദ്ദേഹം നൽകിയ വാക്ക് പാലിക്കാൻ വേണ്ടി അദ്ദേഹം ചിത്രത്തിന്റെ രൂപത്തിൽ വന്നിരിക്കുന്നു.

156. ഉച്ചഭക്ഷണത്തിന് ഒരു അതിഥിയുടെ വരവ് പ്രതീക്ഷിച്ചിരുന്ന മറ്റുള്ളവർ വളരെ ആശ്ചര്യപ്പെട്ടു.

157. ആ ഛായാചിത്രത്തിലെ മനോഹരമായ രൂപം കണ്ട് ഏവരും വളരെ ആഹ്ലാദചിത്തരായി. ഇതൊക്കെ സംഭവിച്ച സങ്കല്പാതീതമായ രീതികൾ കണ്ട് അവർ അദ്ഭുതപ്പെട്ടു.

158. മധ്യഭാഗത്തെ ഇരിപ്പിടത്തിൽ ആ ചിത്രം സ്ഥാപിച്ച ശേഷം ആചാരവിധിപ്രകാരമുള്ള പൂജകൾ ചെയ്ത് സ്നേഹപൂർവ്വം നൈവേദ്യം അർപ്പിക്കപ്പെട്ടു. അതിനുശേഷം എല്ലാവരും ഭക്ഷണം കഴിക്കാനും തുടങ്ങി.

159. അന്നുമുതൽ ഇന്നോളം ഓരോ ഹോളി ദിനത്തിലും ആചാരപ്രകാരമുള്ള ചടങ്ങുകളോടും പൂജകളോടും കൂടി ഈ പതിവ് തുടർന്നു വരുന്നു,

160. മറ്റ് ദേവതകളുടെ ചിത്രങ്ങളോടൊപ്പം കുടുംബത്തിലെ പൂജാമുറിയിൽ വച്ച് ഈ ചിത്രവും പൂജിക്കപ്പെടുന്നു. ഇത്തരത്തിൽ ഓരോ ചുവടുവയ്പിലും സായി തന്റെ ലീലകൾ ഭക്തർക്ക് കാട്ടിത്തരുന്നു.

161. അത് അങ്ങനെയാകട്ടെ. പിന്നീട് ഈ രണ്ട് വ്യക്തികളും എന്നെ കാണുന്നത് മാറ്റി വയ്ക്കുകയും അപ്രകാരം ഒമ്പത് വർഷങ്ങൾ കടന്നു പോകുകയും ചെയ്തു; എന്നിട്ടും എനിക്ക് ഇവരെ കണ്ടുമുട്ടാൻ കഴിഞ്ഞില്ല.

162. ഒടുവിൽ യാദൃച്ഛികമായി ഞാൻ ആലിമുഹമ്മദിനെ കാണാനിടയായി. വാസ്തവത്തിൽ ഞാൻ സാധാരണ പോലെ നടന്നുപോകവേ അയാളെ കാണുകയാണ് ഉണ്ടായത്.

163. അയാളെ കണ്ടയുടനെ ആ ചിത്രത്തിന്റെ ആശ്ചര്യകരമായ കഥയെക്കുറിച്ച് ഞാൻ അയാളോട് ചോദിക്കാൻ തുടങ്ങി. "ഈ ഒമ്പത് വർഷങ്ങൾ നീ ഇതേക്കുറിച്ച് ഒന്നും പറയാതെ നിശ്ശബ്ദനായി വർത്തിച്ചത് എന്തു കൊണ്ടാണ്?

164. ''അന്നത്തെ ആ ദിവസം പോലെ ഇന്നും നമ്മൾ അപ്രതീക്ഷിതമായി കണ്ടുമുട്ടുകയായിരുന്നു. ഇപ്പോൾ ഉചിതമായ സമയം എത്തിയിരിക്കുന്നു. ആ അദ്ഭുതകരമായ കഥ പൂർണ്ണമായും എനിക്ക് വിവരിച്ചു തരിക.

165. "നീയും ഒരു സായി ഭക്തനാണ്. അത് എനിക്ക് നന്നായി അറിയാം. പക്ഷേ

ആ ദിവസം പെട്ടെന്ന് വരണമെന്ന് നിനക്ക് തോന്നിയത് എന്തുകൊണ്ടാണ്?"

166. അപ്പോൾ ആലി ആ സംഭവം വിവരിച്ചു. അയാൾ പറഞ്ഞു: ''ഞാൻ അങ്ങയോട് മുഴുവൻ കഥയും പറയുന്നതാണ്, കേൾക്കുക. സായിയുടെ ലീലകൾ എത്ര ആശ്ചര്യകരമാണെന്ന് നോക്കൂ. അത് നിറയെ അദ്ഭുതങ്ങളാണ്.

167. "ഈ ലീലയുടെ അർത്ഥമെന്തായിരുന്നു? അദ്ദേഹത്തിന്റെ ഉദ്ദേശ്യവും ഭക്തർ ഗ്രഹിക്കേണ്ട സാരവും എന്താണ്? അത് സായിക്ക് മാത്രമേ പൂർണ്ണമായും അറിയുകയുള്ളൂ.

168. "നമുക്ക് ഓരോ ലീലകളും ശ്രവിക്കാനും സ്തുതിക്കാനും മാത്രമേ കഴിയൂ, അവ തീർച്ചയായും ആനന്ദം പ്രദാനം ചെയ്യുമെന്ന് അറിയുകയും ചെയ്യാം."

169. അത് അങ്ങനെയാകട്ടെ. തുടർന്നുള്ള വിവരണം അടുത്ത അധ്യായത്തിൽ ഉണ്ടാകും. സായിയുടെ നിർമ്മലമായ കഥകൾ ശ്രവിക്കുന്നത് ഭക്തവൃന്ദത്തിന് സന്തോഷമായിരിക്കും.

170. പരമാനന്ദത്തിന്റെ മേഘവും ആരോടും വിദ്വേഷവുമില്ലാത്ത സായിയെ എല്ലായ്പ്പോഴും ആരാധിക്കുക. നിങ്ങൾക്ക് സന്തോഷവും സംതൃപ്തിയും ലഭിക്കും; മനസ്സ് ആഗ്രഹരഹിതമാകുകയും ചെയ്യും.

171. ചാതകം അതിന്റെ സ്വന്തം ആവശ്യത്തിന് വേണ്ടി അഭ്യർത്ഥന നടത്തുന്നു, പക്ഷേ മേഘങ്ങൾ ഭൂമിക്ക് മുഴുവൻ നന്മ വരുത്തുന്നു. അതേപോലെ ബാലാസാഹേബ് ബാബയെ ക്ഷണിച്ചു; പക്ഷേ ബാബ സകല ഭക്തരെയും ക്ഷണിക്കുന്നു.

172. ശ്രോതാക്കൾ ഭക്തരോടൊപ്പം ചേർന്ന് നിരയായി ഇരുന്നുകൊണ്ട് ഉദ്യാപനകഥ സ്നേഹത്തോടെ കേൾക്കുന്നു. അവർ സായിസമ്പർക്കത്തിന്റെ സുഖം ആസ്വദിക്കുകയും സംതൃപ്തിയോടെ ഏമ്പക്കമിടുകയും ചെയ്യുന്നു.

173. എങ്ങനെയാണ് ക്ഷണിക്കപ്പെടാതെ അദ്ദേഹം എത്തുന്നത്; എങ്ങനെയാണ് അദ്ദേഹം ഭൗതിക ദേഹത്തിൽ പ്രത്യക്ഷപ്പെടുന്നത്; എങ്ങനെയാണ് അദ്ദേഹം തന്റെ ഭക്തർക്ക് ക്ഷേമങ്ങൾ നല്കി ഓരോ ചുവടുവയ്പിലും അവരെ ഉണർത്തുന്നത്.

174. അത് അങ്ങനെയാകട്ടെ, ഹേമദ് സായിയുടെ പാദങ്ങളിൽ സ്വയം സമർപ്പിക്കുന്നു. അടുത്ത അധ്യായം ഇതേ കഥയുടെ തുടർച്ചയായിരിക്കും. പൂർണ്ണമായ വിവരണം നൽകാനുള്ള സജ്ജീകരണങ്ങൾ സായി സ്വയം ഒരുക്കും.

175. സായിയുടെ ദിവ്യമായ ധാർമ്മികസിദ്ധാന്തം മൂലമാണ് അദ്ദേഹത്തെ ആശ്രയിക്കുന്നവരെ സായി സംരക്ഷിക്കുന്നത് എന്നുള്ളതിനാൽ ഹേമദ് അദ്ദേഹത്തിന്റെ പാദങ്ങൾ പുണരുന്നു, അദ്ദേഹം ഒരിക്കലും അവനെ ആട്ടി ഓടിക്കില്ല.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ നാല്പതാമത്തെ അധ്യായം "ഉദ്യാപനക

ഥയുടെ വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഭാവികാര്യങ്ങൾ പ്രവചിക്കുന്നു
2. ശിവനാൽ വധിക്കപ്പട്ട അസുരനാണ് ത്രിപുരൻ; അതിനാൽ ശിവൻ ഇങ്ങനെ വിളിക്കപ്പെടുന്നു.
3. ബാലാസാഹേബ് ദിയോ, ദഹാനുവിലെ മംലത്ത് ദാർ
4. മതനിഷ്ഠകളുടെ ഉപസംഹാരച്ചടങ്ങുകൾ
5. സഖറാം ഹരി ജോഗ്
6. ഈ മൂന്ന് ഗ്രാമങ്ങളും ഷിർദിയിൽ നിന്നും രണ്ടോ മൂന്നോ മൈലുകൾ അകലത്തിലാണ്.
7. ഊണ് തുടങ്ങുന്നതിനു മുമ്പ് അഞ്ച് പ്രാണനുകൾക്ക് ആഹുതി അർപ്പിക്കുന്നത്.

41

## സായിയുടെ അനുഗ്രഹവും ദയയും നൽകൽ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇതാണ് സായികഥകളുടെ മഹത്വം. ഒരുവൻ എത്ര കേട്ടാലും പ്രോത്സാഹനത്തിന്റെ ആവശ്യമില്ല. കഴിഞ്ഞ അധ്യായം അവസാനിച്ചതെങ്ങനെയാണെന്ന് ശ്രോതാക്കൾ സ്വയം ഓർക്കുകയും ശ്രവിക്കാനായി വളരെ ജാഗരൂകരായി വർത്തിക്കുകയും ചെയ്യും.
2. ശ്രോതാക്കൾ ഏകാഗ്രമായ മനസ്സോടെ ശ്രവണത്തിന് ഉത്സുകരായി ഇരിക്കുമ്പോൾ, ശ്രദ്ധ പുലർത്തണമെന്ന് അവരോട് ആവശ്യപ്പെടേണ്ട കാര്യമെന്താണ്?
3. ഒരുവൻ സ്വന്തം ഗുരുവിന്റെ മഹിമകൾ വാഴ്ത്തുന്നതും അദ്ദേഹത്തെക്കുറിച്ച് ശ്രവിക്കുന്നതും മനസ്സിനെ ശുദ്ധീകരിക്കും. സ്ഥിരമായ ഏകാഗ്രതയോടെ അദ്ദേഹത്തിന്റെ നാമം ഉരുവിടുന്നത് പരമാനന്ദം നൽകും.
4. കഴിഞ്ഞ അധ്യായത്തിൽ, എങ്ങനെയാണ് ഒരു വ്രതനിഷ്ഠയുടെ ഉദ്യാപനം ആചാരപ്രകാരം പൂർത്തിയായതെന്നും, ഒരു സ്വപ്നദർശനത്തിന്റെ (ഹേമദിന് ഉണ്ടായ) സാക്ഷാത്ക്കാരത്തിന്റെ സൂചനയും വിവരിച്ചു.
5. അതേപോലെ, എങ്ങനെയാണ് സായിയുടെ ചിത്രം അപ്രതീക്ഷിതമായി ഒരു വ്യക്തിയിലൂടെ എത്തിച്ചേർന്നതെന്നും, അത് കൃത്യസമയത്ത് എന്റെ ആഗ്രഹം സഫലമാക്കിയത് എങ്ങനെയെന്നും വിവരിച്ചു. അതിന്റെ കഥ ഇപ്പോൾ ശ്രവിക്കുക.
6. ഒരു ഹോളി ദിനത്തിൽ സായി എനിക്ക് ഒരു സ്വപ്നദർശനം നൽകി, അദ്ദേഹം ഊണ് കഴിക്കാനെത്തുമെന്ന് അറിയിച്ചു. എങ്ങനെയാണ് അദ്ദേഹം എന്റെ ആഗ്രഹം സഫലമാക്കിയതെന്ന്,
7. ആ കഥ ഞാൻ വിശദമായി പറഞ്ഞുകഴിഞ്ഞു. പക്ഷേ എങ്ങനെയാണ് ആ ചിത്രം കൃത്യസമയത്ത് എത്തിയത് എന്നുള്ളതിന്റെ ആശ്ചര്യകരമായ കഥ – അത് ഇന്ന് ആദരവോടെ കേൾക്കുക.
8. കഥ പറഞ്ഞത് ആലി മുഹമ്മദായിരുന്നു. എനിക്ക് അത് വളരെ അദ്ഭുതകരമായി തോന്നി. ഇതും വളരെ രസകരമായ ലീലയാണെന്നത് വളരെ വ്യക്തമാണ്.

9. ആ ഹോളി ദിവസത്തിൽ, ഞങ്ങളെല്ലാം ഉച്ചഭക്ഷണം കഴിക്കാനിരുന്നപ്പോൾ, അയാളാണ് ആ ചിത്രവുമായെത്തി ഞങ്ങളെ സന്തോഷഭരിതരാക്കിയത്.

10. ഇതാണ് മുമ്പത്തെ കഥയുടെ പരാമർശം. ഇപ്പോൾ ശ്രോതാക്കൾ സായി യുടെ തുടർന്നുള്ള ദിവ്യകഥ ആദരവോടെ കേൾക്കുക.

11. ഈ കഥ മുഴുവൻ അതിവിശിഷ്ടമാണ്. ശ്രോതാക്കൾ മുമ്പ് തന്നെ ശ്രദ്ധാലു ക്കളാണ്. വിവരണകർത്താവ് സായിയുടെ പാദങ്ങളിൽ വിനീതനായി വർത്തി ക്കുന്നു. സായിയുടെ കഥകൾ ഗഹനമാണ്.

12. നന്മയുടെ മൂർത്തരൂപമായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ ശരീരം അതിന് വേണ്ടി ഉഴിഞ്ഞുവച്ചു. അദ്ദേഹത്തിന് ആരോടും ശത്രുതയുണ്ടായിരുന്നില്ല, കൂടാതെ എല്ലായ്പ്പോഴും സദ്കൃത്യങ്ങൾ ചെയ്യുന്നതിൽ മുഴുകുകയും ചെയ്തി രുന്നു, ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം.

13. എന്തവസ്ഥയായാലും, നല്ലതോ ചീത്തയോ ആകട്ടെ, ശരീരം അതിന്റെ കർമ്മ ങ്ങൾ വിധിക്കനുസൃതമായി നിർവ്വഹിച്ചുകൊണ്ടിരിക്കണം. പക്ഷേ നിങ്ങളുടെ ഇന്ദ്രിയങ്ങളെ എല്ലായ്പ്പോഴും സ്നേഹത്തോടെ ഗുരുപാദങ്ങളിൽ അർപ്പിക്കു ക.

14. എന്നിട്ട് നിങ്ങളുടെ വിശിഷ്ടമായ അനുഭവങ്ങളിലൂടെ, ഹൃദയത്തിൽ ഗുരുവി നോടുള്ള സ്നേഹത്തോടെ, എങ്ങനെയാണ് ഗുരു നിരന്തരം ഭക്തരുടെ ക്ഷേമം പരിപാലിക്കുന്നതെന്ന് നോക്കിക്കാണുക.

15. ഈ അവസ്ഥ, ആവശ്യപ്പെടുന്നവർക്ക് കിട്ടണമെന്നില്ല. പക്ഷേ കഠിനമായ പരിശ്രമത്തിലൂടെ നേടാൻ കഴിയാത്തത്, ഗുരുപൂജകളിലൂടെയും ഗുരുവിന്റെ കൃപയിലൂടെയും സ്വയം ഒരുവനെ തേടിയെത്തും.

16. സൂക്ഷ്മമായി നിരീക്ഷിക്കാൻ അഹങ്കാരത്തോടെ എത്തിയവർ പോലും അവ രുടെ അഹംഭാവം ഉപേക്ഷിച്ച് ദർശനത്തിൽ നിന്ന് ലഭിച്ച സംതൃപ്തിയിൽ നിന്ന് ആനന്ദം നേടി തിരികെപ്പോകുകയാണ് ഉണ്ടായിട്ടുള്ളത്.

17. ഈശ്വരന്റെ അലങ്കാരങ്ങളായ ആറ് വിശിഷ്ട ഗുണങ്ങൾ സായിക്കുണ്ടായി രുന്നു. ഉത്കൃഷ്ടത, പ്രഭുത്വം, പ്രതാപം, സമൃദ്ധി, അറിവ്, വിരക്തി.

18. ആരാധന, പൂജ, മറ്റ് ആചാരങ്ങൾ എന്നിവയൊന്നും ഇല്ലാതെ ശുദ്ധബോധ ത്തിന്റെ മേഘമായ സായി നമുക്ക് ദർശനം നൽകുന്നതിനാൽ, നമ്മുടെ ഭാഗ്യം എത്ര മഹത്തരമാണ്.

19. "ഭക്തിയുള്ളിടത്ത് ഈശ്വരൻ വസിക്കുന്നു" എന്ന് പറയപ്പെടുന്നു. നമ്മുടെ യുള്ളിൽ ഭക്തിയുടെ അഭാവമുണ്ട്, പക്ഷേ ശ്രേഷ്ഠദിവ്യനായ സായിക്ക് ദുരി തമനുഭവിക്കുന്നവരോട് ദയാപൂർണ്ണമായ പ്രകൃതമാണുള്ളത്.

20. അതിനാൽ ആലി എന്നോട് പറഞ്ഞ കഥ ശ്രദ്ധയോടെ കേൾക്കുക. സായി യുടെ ലീലകളുടെ ഗഹനതയും അദ്ദേഹത്തിന്റെ ശക്തികളും നിങ്ങൾക്ക് മന സ്സിലാകും.

21. ഒരു ദിവസം ഞാൻ ബോംബെയിലെ ഒരു വീഥിയിലൂടെ നടന്നുപോകവേ, മനോഹരമായ പടങ്ങളും ഛായാചിത്രങ്ങളും വിൽക്കുന്ന ഒരു കടക്കാരനെ

കണ്ടു.

22. ദിവ്യന്മാരുടെയും മഹത്തുക്കളുടെയും ആലിയകളുടെയും പലവിധത്തിലുള്ള മനോഹരചിത്രങ്ങൾ അവിടെ ഉണ്ടായിരുന്നു. ഏതാണ് നോക്കേണ്ടതെന്നറി യാതെ ഞാൻ കുഴങ്ങി.

23. പിന്നീട് ഓരോന്ന് ഓരോ സമയത്തായി നോക്കവേ, ഈ ചിത്രം എനിക്കിഷ്ട പ്പെട്ടു, കാരണമെന്തെന്നാൽ അത് മറ്റുള്ളവയെക്കാൾ മനോഹരമായിരുന്നു. അതിലുപരി അത് ഞാൻ പൂജിക്കുന്ന വ്യക്തിയുടേതുമായിരുന്നു.

24. ഞാൻ മുമ്പുതന്നെ സായിയെ ഇഷ്ടപ്പെട്ടിരുന്നു. ഈ ചിത്രം കണ്ടപ്പോൾ ഉടൻ തന്നെ അത് വാങ്ങണമെന്ന് എനിക്ക് തോന്നി. അതിനാൽ ഞാനതിന്റെ വില കൊടുത്തു.

25. പിന്നീട് ഞാൻ ആ ചിത്രം ഗൃഹത്തിലേയ്ക്ക് കൊണ്ടുവന്ന് ഒരു ഭിത്തിയിൽ തൂക്കി. ഞാൻ ബാബയെ വളരെയധികം സ്നേഹിച്ചിരുന്നതിനാൽ ദിവസവും സന്തോഷത്തോടെ അത് ദർശിച്ചിരുന്നു.

26. ഞാൻ അത് അങ്ങേയ്ക്ക് നൽകുന്നതിന് മൂന്ന് മാസങ്ങൾക്ക് മുമ്പ്, എനിക്ക് അസുഖം വരികയും, ഞാൻ എന്റെ സഹോദരീഭർത്താവിന്റെയൊപ്പം താമ സിക്കാനായി പോകുകയും ചെയ്തു.

27. നൂർ മുഹമ്മദ് പീർഭായ് ആയിരുന്നു എന്റെ അളിയൻ. എന്റെ കാല് നീരുവന്ന് വീർക്കുകയും, അതിനാൽ ശസ്ത്രക്രിയ നടത്തപ്പെടുകയും ചെയ്തിരുന്നു.

28. അത് കാരണം വേദന അനുഭവിച്ചതിനാൽ ഞാൻ അവിടെ മൂന്ന് മാസങ്ങൾ താമസിച്ചു. ആ സമയത്ത് എന്റെ ഗൃഹത്തിൽ ആരുമുണ്ടായിരുന്നില്ല.

29. പക്ഷേ പ്രസിദ്ധരായ ബാബാ അബ്ദുൾ റഹ്മാൻ, മൗലാനാ സാഹേബ് മൊഹ മ്മദ് ഹുസൈൻ, ബാബാസായി, താജുദ്ദീൻ ബാബ എന്നിവർ ആ ഗൃഹത്തി ലുണ്ടായിരുന്നു.

30. ഇവരുടെയും മറ്റുള്ളവരുടെയും ചിത്രങ്ങൾ ഭിത്തിയിൽ തൂക്കപ്പെട്ടിരുന്നു, അത് എന്റെ ഗൃഹത്തിന് മോടി നൽകി. പക്ഷേ വിധി അവരെയും വെറുതെ വിട്ടി ല്ല.

31. ഇവിടെ ഞാനീ അവസ്ഥയിൽ കഴിയവെ, ശനിയുടെ ഏഴര വർഷത്തെ ദുരി തകാലം ചിത്രങ്ങളെയും പിടികൂടിയിരുന്നു! സൃഷ്ടിക്കപ്പെടുന്നവയൊക്കെയും ഒടുവിൽ അനിവാര്യമായും നാശത്തെ നേരിടേണ്ടിവരുമെന്ന് എനിക്ക് തോന്നു ന്നു.

32. കാര്യങ്ങൾ ഇങ്ങനെയായിരുന്നപ്പോൾ സായി മാത്രം ഒഴിവാക്കപ്പെട്ടതെങ്ങനെ എന്നത് ഈ ദിവസം വരെയും എനിക്ക് വിശദീകരിച്ചു തരാൻ ആർക്കും കഴി ഞ്ഞിട്ടില്ല.

33. ഇതിനെക്കുറിച്ചുള്ള മുഴുവൻ കഥയും കേൾക്കുമ്പോൾ അങ്ങ് വിസ്മയപ്പെ ടും. ചലവും അചലവുമായ വസ്തുക്കളുമായി സായിക്കുള്ള ഏകത്വം ഗ്രഹി ക്കാൻ അപ്പോൾ അങ്ങേയ്ക്ക് കഴിയും. അദ്ദേഹത്തിന്റെ ശക്തികൾ ഊഹി ക്കാൻ കഴിയാത്തതാണ്.

34. ബാബാ അബ്ദുൾ റഹ്മാൻ ദിവ്യന്റെ ചെറിയ ഒരു ചിത്രം, തരിയ എന്ന പേരിൽ അറിയപ്പെടുന്ന മുഹമ്മദ് ഹുസൈന്റെ കൈവശമുണ്ടായിരുന്നു.

35. വളരെ വർഷങ്ങൾക്ക് മുമ്പ് അയാൾ എനിക്ക് ആ ചിത്രത്തിന്റെ ഒരു പകർപ്പ് നൽകിയിരുന്നു. അത് ഞാൻ എന്റെ അളിയന് നൽകി, കാരണം അയാൾ അദ്ദേഹത്തിന്റെ ഭക്തനായിരുന്നു.

36. അത് അയാളുടെ മേശവലിപ്പിൽ എട്ട് വർഷത്തോളം കിടക്കുകയായിരുന്നു. ഒരിക്കൽ യാദൃച്ഛികമായി അയാൾ അത് കാണാനിടയായി. അയാൾ അത് ബോംബെയിലെ ഒരു പടമെടുക്കുന്നയാളിന്റെ കൈയ്യിൽ കൊടുത്തു.

37. അയാൾ അത് ബാബാ അബ്ദുളിന്റെ പൂർണ്ണകായ ചിത്രമായി വലുതാക്കി യെടുത്തു. അതിനുശേഷം അദ്ദേഹത്തിന് സമ്മാനിക്കണമെന്ന് അയാൾ കരുതി, അപ്പോൾ അദ്ദേഹം അത് ഇഷ്ടപ്പെടുമെന്നും ചിന്തിച്ചു.

38. അയാൾ വീണ്ടും കൂടുതൽ പകർപ്പ് എടുത്ത് സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും നൽകി. അതിൽ നിന്നും ഒന്ന് അയാൾ എനിക്കും നൽകിയിരുന്നു. ഞാൻ അത് ഭിത്തിയിൽ തൂക്കിയിട്ടു.

39. ആ ദിവ്യൻ അനേകം ജനങ്ങളാൽ ചുറ്റപ്പെട്ടിരുന്ന സമയത്ത്, ആദരവോടെ ഈ മനോഹരമായ ചിത്രം അദ്ദേഹത്തിന് സമ്മാനിക്കാൻ നൂർ മുഹമ്മദ് ഉത്സുകനായി.

40. ചിത്രം കാണുകയും അയാളുടെ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുകയും ചെയ്ത അബ്ദുൾ റഹ്മാൻ വളരെ കോപാകുലനാകുകയും, അയാളെ തല്ലാനായി എഴുന്നേൽക്കുകയും ചെയ്തു.

41. ശകാരവാക്കുകൾ പറയുകയും അമർഷത്തോടെ അയാളോട് പെരുമാറുകയും ചെയ്തുകൊണ്ട്, അദ്ദേഹം അയാളെ അവിടെ നിന്നും ഇറക്കിവിട്ടു. ഇത് കാരണം അയാൾ വളരെ വിഷമിക്കുകയും, ഉത്കണ്ഠാകുലനാകുകയും ചെയ്തു.

42. അപമാനിതനും ദരിദ്രനും ദുഃഖിതനും നിരാശാവാനുമായി അയാൾക്ക് സ്വയം അനുഭവപ്പെട്ടു. അയാൾക്ക് ധാരാളം പണം നഷ്ടപ്പെടുക മാത്രമല്ല, ഗുരുവിന്റെ അനുഗ്രഹവും നഷ്ടമായി. ഒരു സന്ദിഗ്ദ്ധഘട്ടം ഉയർന്നുവന്നിരിക്കുന്നു.

43. "ഈ ദിവസം വരെ എനിക്ക് ഗുരുവിന്റെ അനുഗ്രഹങ്ങളുണ്ടായിരുന്നു. പക്ഷേ അതേ ഞാനിന്ന് അദ്ദേഹത്തിന്റെ കോപത്തിന് പാത്രമായിരിക്കുന്നു." ഇങ്ങനെ ചിന്തിക്കുകയും സംശയിക്കുകയും ചെയ്തുകൊണ്ട് അയാൾ ചിത്രങ്ങൾ വെള്ളത്തിലൊഴുക്കാൻ തുടങ്ങി.

44. അവൻ പറഞ്ഞു: "ഇപ്പോൾ മുതൽ ഞാൻ എന്റെ ഗൃഹത്തിൽ ദിവ്യന്മാരുടെ ചിത്രങ്ങൾ സൂക്ഷിക്കില്ല. അവ കാരണം എനിക്ക് എന്റെ ഗുരുവിന്റെ സ്നേഹം നഷ്ടമായി. ഒരു പ്രയോജനവുമില്ലെങ്കിൽ ഞാൻ എന്തിനീ പ്രവൃത്തി ചെയ്യണം?"

45. അയാൾ തുടർന്നു പറഞ്ഞു. "ഈ ചിത്രങ്ങൾ മൂലം എന്റെ ഗുരു എന്നോട്

നീരസപ്പെടുകയാണെങ്കിൽ, അത് കാരണം ഇപ്പോഴോ പിന്നീടോ എനിക്ക് ക്ലേശങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇവ കൊണ്ട് എനിക്ക് ഒരു ഉപയോഗവുമില്ല.

46. “ഇതും വിഗ്രഹാരാധനയാണ്, എന്റെ ഗുരു അത് അംഗീകരിക്കുന്നില്ല. പിന്നെ ന്തിന് അദ്ദേഹത്തിനെ അസംതൃപ്തനാക്കണം? ഈ ചിത്രം കൊണ്ട് എനിക്ക് എന്ത് ഉദ്ദേശ്യമാണുള്ളത്?”

47. “ഈ ചിത്രങ്ങൾ ശേഖരിക്കാൻ ധാരാളം ചെലവ് ഉണ്ടായിട്ടുണ്ട്. പക്ഷേ അവയെ വെള്ളത്തിലൊഴുക്കുക എന്നതല്ലാതെ മറ്റൊരു പോംവഴിയുമില്ല.”

48. അതിനാൽ എന്റെ അളിയൻ ആ ചിത്രം എടുത്തുകൊണ്ട് വെള്ളത്തിലൊഴു ക്കാനായി തുറമുഖത്തിലെത്തി, അതിനുവേണ്ടി ചോദിച്ചവർക്കാർക്കും തന്നെ അയാൾ അത് നൽകിയില്ല.

49. അയാൾ നേരെ അപ്പോളോ ബൻദറിലെത്തി; ഒരു ബോട്ട് വാടകയ്ക്കെടുത്തു കൊണ്ട് അയാൾക്ക് എത്താൻ പറ്റുന്ന ദൂരത്തിൽ കടലിലേക്ക് ചെന്ന്, ഒടു വിൽ അത് വെള്ളത്തിൽ മുക്കി.

50. അയാൾ അവിടം കൊണ്ടും നിർത്തിയില്ല. അയാൾ അതേ കാര്യം ബാന്ദ്ര യിലും ആവർത്തിച്ചു. അയാൾ സുഹൃത്തുക്കളോടും ബന്ധുക്കളോടും ആ ചിത്രത്തിന്റെ പകർപ്പ് അയാളുടെ പക്കൽ തിരികെ ഏൽപ്പിക്കാൻ നിർബന്ധി ച്ചു.

51. അയാൾ പറഞ്ഞു: “അബ്ദുൾ ബാബ കോപിഷ്ഠനാണ്. ചിത്രത്തിന്റെ പകർപ്പ് കൈവശമുള്ളവരെല്ലാം അത് തിരികെ നൽകണം. കാരണം അവ വെള്ള ത്തിൽ ഒഴുക്കാനുള്ളതാണ്.'' ഇത്തരത്തിൽ അയാൾ എല്ലാവരോടും അഭ്യർത്ഥന നടത്തി.

52. എനിക്ക് നൽകിയതും തിരികെ എടുക്കപ്പെട്ടു. എന്റെ സഹോദരന്റേതും, എന്റെ സഹോദരിയുടേതുമൊക്കെ പിടിച്ചുവാങ്ങപ്പെട്ടു. ആകെ ആറ് പകർപ്പുകൾ അയാൾക്ക് തിരികെ കിട്ടി.

53. ആറ് പകർപ്പുകളും എടുത്തുകൊണ്ട് അയാൾ ബാന്ദ്രയിലെത്തി. വളരെ കോപ ത്തോടെ സമുദ്രതീരത്ത് ചെന്നു.

54. ഒരു മീൻപിടുത്തക്കാരനെ വിളിച്ച്, ആ ചിത്രങ്ങൾ കടലിൽ ഒഴുക്കാൻ അയാളെ ഏൽപ്പിച്ചു.

55. ആ സമയത്ത് ഞാൻ രോഗബാധിതനായി വേദന അനുഭവിച്ചുകൊണ്ട് അയാ ളുടെ ഗൃഹത്തിൽ കഴിയുകയായിരുന്നു. അയാൾ എനിക്കും അതേ ഉപദേശം നൽകിക്കൊണ്ട് പറഞ്ഞു: “ഈ ചിത്രങ്ങൾ പ്രയാസങ്ങൾ വരുത്തിവയ്ക്കും.”

56. “അതിനാൽ എപ്പോൾ നീ അതൊക്കെ എടുത്ത് കടലിൽ ഒഴുക്കിക്കളയു ന്നുവോ അപ്പോൾ മാത്രമേ ഈ ദുരിതത്തിൽ നിന്ന് നിനക്ക് മോചനം ലഭി ക്കുകയുള്ളൂ. അത് തീർച്ചയായ കാര്യമാണ്.”

57. അപ്പോൾ ഞാൻ എന്റെ മുനീമിനെ (കാര്യസ്ഥനെ) വിളിച്ച് താക്കോൽ (എന്റെ ഗൃഹത്തിന്റെ) അയാൾക്ക് നൽകുകയും ദിവ്യന്മാരുടെ ചിത്രങ്ങളെല്ലാം എടു പ്പിക്കുകയും ചെയ്തു; എന്നിട്ട് ഉചിതമായത് ചെയ്യാനായി അവയെല്ലാം എന്റെ

അളിയനെ ഏൽപ്പിച്ചു.

58. അയാൾ ഉടൻ തന്നെ അയാളുടെ തോട്ടക്കാരനെ വിളിച്ച് അവയെ ചിംബായി ക്ഷേത്രത്തിന് സമീപമുള്ള കടലിൽ ഒഴുക്കിക്കളയാൻ നിർദ്ദേശിച്ചു.

59. രണ്ട് മാസങ്ങൾക്ക് ശേഷം എന്റെ ആരോഗ്യം മെച്ചപ്പെട്ടപ്പോൾ ഞാൻ ഗൃഹ ത്തിലേയ്ക്ക് മടങ്ങി. അപ്പോൾ ഞാൻ വളരെ ആശ്ചര്യപ്പെട്ടു.

60. വാതിലിന് അഭിമുഖമായുള്ള ഭിത്തിയിൽ ഞാൻ അങ്ങേയ്ക്ക് നൽകിയ ചിത്രം (സായിയുടെ) അതിന്റെ സ്ഥാനത്ത് തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. അത് ക ണ്ടപ്പോൾ ഞാൻ വളരെ അദ്ഭുതപ്പെട്ടു.

61. മുനീം എല്ലാ ചിത്രങ്ങളും എടുത്തുകൊണ്ട് വന്നപ്പോൾ ഇത് മാത്രം എങ്ങനെ അയാൾ വിട്ടുപോയി? ഞാൻ ഉടൻ തന്നെ അത് ഇളക്കിയെടുത്ത് അലമാര യിൽ ഒളിപ്പിച്ചുവച്ചു.

62. എന്റെ അളിയൻ അത് കാണുകയാണെങ്കിൽ അയാൾ ഉടൻ തന്നെ അത് എടുത്ത് കടലിൽ ഒഴുക്കുമെന്ന് ഞാൻ ഭയപ്പെട്ടു.

63. അത് ഗൃഹത്തിൽ സൂക്ഷിക്കാൻ പാടില്ല. എന്റെ അളിയൻ അത് കാണുകയാ ണെങ്കിൽ ഉടൻ തന്നെ അയാളുടെ സ്വന്തം കൈകൾ കൊണ്ട് അത് കടലിൽ ഒഴുക്കും. മനസ്സിൽ ആശങ്കകളോ സംശയമോ ഇല്ലാതെ അത് മറ്റാർക്കെങ്കിലും നൽകാനും എനിക്ക് കഴിയില്ല, കാരണം അയാൾ ഒരു ഭക്തനായിരിക്കണമെ ന്നില്ല.

64. ശരിയായി ചിന്തിക്കാതെ ഞാൻ അത് ആർക്കെങ്കിലും നൽകുകയും, അത് ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ, അതോർത്ത് ഞാൻ പശ്ചാത്തപിക്കുകയും, അത് ജീവിതകാലം മുഴുവനുമുള്ള ഒരു ഉത്ക ണ്ഠയായി മാറുകയും ചെയ്യും.

65. അതിനാൽ അത് സുരക്ഷിതമായി സംരക്ഷിക്കപ്പെടുന്ന ഒരു സ്ഥലം ഞാൻ കണ്ടെത്തേണ്ടിയിരുന്നു – അത് തന്റെ ഗൃഹത്തിൽ ഉചിതമായ രീതിയിൽ സൂക്ഷിക്കുന്ന ആരെയെങ്കിലും. ഞാൻ അത് അത്തരമുള്ള ഒരു വ്യക്തിയുടെ പക്കൽ ഏൽപ്പിക്കണം.

66. ഞാൻ ഈ വിഷമവൃത്തത്തിലകപ്പെട്ടിരിക്കവേ, മൗലാനയുടെ ദർബാറിലേയ്ക്ക് പോകാനുള്ള ആശയം സായി സ്വയം എനിക്ക് നൽകി. ഞാൻ പ്രശ്നം ഇസ മൂസയോട് പറഞ്ഞു.

67. അപ്രകാരം ഉടൻ തന്നെ ഞാൻ പീർമൗലാനയുടെ ദർബാറിലെത്തുകയും മുഴുവൻ കഥയും ആദരവോടെ മുജാവർ ഇസമൂസയോട്, അയാൾ തനിച്ചാ യിരുന്നപ്പോൾ അറിയിക്കുകയും ചെയ്തു.

68. അത് അങ്ങയുടെ കൈവശം സുരക്ഷിതമായിരിക്കുമെന്ന നിഗമനത്തിൽ ഞങ്ങൾ ഇരുവരും എത്തിച്ചേർന്നു. അതിനാൽ അതേ ദിവസം തന്നെ അത് പ്രാവർത്തികമാക്കാൻ ഞങ്ങൾ തീരുമാനിച്ചു.

69. സായിസമർത്ഥന്റെ ഈ ചിത്രം അങ്ങയുടെ പക്കൽ മാത്രമാണ് സൂക്ഷിക്കാൻ കഴിയുക. ഞങ്ങൾ സ്വയം അത് അങ്ങയുടെ പക്കൽ എത്തിക്കണം, എങ്കിൽ

മാത്രമേ അത് സുരക്ഷിതമാകുകയുള്ളൂ.

70. അങ്ങനെ, ഞങ്ങളുടെ ഉറച്ച തീരുമാനമനുസരിച്ച് ഞങ്ങൾ ആ ചിത്രം ആദരവോടെ അങ്ങേയ്ക്ക് നൽകി. പക്ഷേ, ഊണ് വിളമ്പാൻ തുടങ്ങുന്നത് കണ്ടതിനാൽ ഞാൻ പെട്ടെന്ന് മടങ്ങിപ്പോയി.

71. ദീർഘമായ ഈ കഥ കേൾക്കാൻ അങ്ങേയ്ക്ക് അപ്പോൾ സമയമുണ്ടായിരുന്നില്ല. അതിനാൽ പിന്നീടെപ്പോഴെങ്കിലും സമയം കിട്ടുമ്പോൾ അത് അങ്ങേയ്ക്ക് വിശദമായി പറഞ്ഞുതരാമെന്ന് ഞാൻ തീരുമാനിക്കുകയും, ആ ഉദ്ദേശ്യത്തോടെ അവിടെ നിന്ന് മടങ്ങിപ്പോകുകയും ചെയ്തു.

72. ഓരോ ദിവസവും അത് മാറ്റിവയ്ക്കപ്പെടുകയും, അത്തരത്തിൽ ഒമ്പത് വർഷങ്ങൾ കടന്നുപോകുകയും ചെയ്തു. ഇന്ന് നമ്മൾ രണ്ടുപേരും അപ്രതീക്ഷിതമായി കണ്ടുമുട്ടി.

73. ഈ വിവരണം കേട്ടപ്പോൾ, മുൻ പശ്ചാത്തലം എനിക്ക് ഓർമ്മയുണ്ടായി. ഞാൻ എന്റെ സ്വപ്നദർശനത്തിന്റെ ആശ്ചര്യമായ കഥ അവനോട് പറഞ്ഞു. രണ്ടും തമ്മിലുള്ള പരസ്പര ബന്ധം അദ്ഭുതകരമായിരുന്നു. ഈ ലീല വിസ്മയാവഹമല്ലേ?

74. സായി എത്ര സ്നേഹത്തോടെയാണ് അദ്ദേഹത്തിന്റെ ഭക്തരെ സംരക്ഷിച്ചിരുന്നതെന്ന് വെളിവാക്കുന്ന മറ്റൊരു കഥ ഇപ്പോൾ കേൾക്കുക.

75. ആത്മീയതയോട് ശുദ്ധമായ സ്നേഹമുള്ളവരെ സായിക്ക് വളരെ ഇഷ്ടമായിരുന്നു. അവരുടെ ക്ലേശങ്ങളെല്ലാം ഇല്ലാതാക്കി, അദ്ദേഹം അവർക്ക് പരമാനന്ദം നൽകുന്നു.

76. ഇത്തരത്തിലുള്ള ഹൃദയഹാരിയായ ഒരു അനുഭവം, ബാലാ സാഹേബ് ദിയോയ്ക്ക് അദ്ദേഹത്തിന്റെ നിഷ്ഠ സഫലമാക്കുന്നതിൽ ഉണ്ടായി. അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തീകരിക്കപ്പെടുകയും, ഭക്തി നേടുകയും ചെയ്തു.

77. പകൽ സമയങ്ങളിൽ ജോലി ചെയ്യുക എന്നതല്ലാതെ അയാളുടെ ഉപജീവനത്തിന് മറ്റ് വഴികളുണ്ടായിരുന്നില്ല. പക്ഷേ, രാത്രിസമയങ്ങളിൽ അയാളുടെ ആത്മീയ സപര്യ അനുഷ്ഠിക്കുന്നതിൽ എന്ത് തടസ്സമാണുള്ളത്?

78. ധ്യാനേശ്വരി പതിവായി വായിക്കണമെന്ന ഒരാഗ്രഹം വളരെക്കാലമായി അയാൾക്കുണ്ടായിരുന്നു. പക്ഷേ എന്തെങ്കിലും ബുദ്ധിമുട്ടുകൾ കാരണം അയാൾക്ക് അത് ചെയ്യാൻ കഴിഞ്ഞില്ല.

79. പതിവായി ഓരോ ദിവസവും ഗീതയിലെ ഒരു അധ്യായം പാരായണം ചെയ്യുന്നതുപോലെ, ധ്യാനേശ്വരിയിലെ ഓരോ അധ്യായവും പാരായണം ചെയ്യണമെന്ന് അയാൾ ആഗ്രഹിച്ചെങ്കിലും, അത് വിഘ്നങ്ങളില്ലാതെ തുടരുവാൻ അയാൾക്ക് കഴിഞ്ഞില്ല.

80. അയാൾ മറ്റേത് ധാർമ്മിക ഗ്രന്ഥങ്ങൾ പാരായണം ചെയ്യാൻ തുടങ്ങിയാലും, അയാൾക്ക് അത് പതിവായി തുടരാൻ കഴിഞ്ഞിരുന്നു. പക്ഷേ അയാൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന ധ്യാനേശ്വരി മാത്രം അയാൾക്ക് പാരായണം നടത്താൻ കഴിഞ്ഞില്ല.

81. ഒരിക്കൽ, ആദ്യം ഷിർദിയിലേയ്ക്ക് പോകാനും, പിന്നീട് വിശ്രമത്തിനായി പൗഡിലുള്ള അയാളുടെ ഗൃഹത്തിലേയ്ക്ക് പോകാനും വേണ്ടി അയാൾ മൂന്ന് മാസത്തെ അവധിയിൽ പ്രവേശിച്ചു.

82. അവിടെ എന്താണ് സംഭവിച്ചത്? അവിടെയും അയാൾ മറ്റ് ധാർമ്മിക ഗ്രന്ഥങ്ങൾ പതിവായി പാരായണം ചെയ്തു. പക്ഷേ ധ്യാനേശ്വരിയ്ക്കുള്ള അയാളുടെ ആഗ്രഹം സഫലമായില്ല. കാരണം ഉചിതമായ സമയം എത്തുകയുണ്ടായില്ല.

83. എപ്പോഴെങ്കിലും അയാൾ ധ്യാനേശ്വരി കൈയ്യിലെടുത്താൽ, അയാളുടെ മനസ്സിൽ ചില സംശയങ്ങൾ ഉയർന്നിരുന്നു. അതിനാൽ അയാളുടെ പാരായണം വെറും ഉപരിപ്ലവമായിരിക്കുകയും, അതിനോട് ഇഷ്ടം വളർത്താൻ അയാൾക്ക് കഴിഞ്ഞതുമില്ല.

84. അയാളുടെ ദൃഢസങ്കൽപം അയാൾക്ക് വിജയിപ്പിക്കാൻ കഴിയാത്തപ്പോൾ, വിഷമം തോന്നിയിട്ട് എന്ത് കാര്യം? ഓരോ ദിവസവും അഞ്ച് കവിതാഖണ്ഡികകൾ പോലും പാരായണം ചെയ്യാൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല.

85. ഓരോ ദിവസവും അഞ്ച് കവിതാഖണ്ഡികകൾ വീതം പാരായണം ചെയ്യണമെന്ന് അയാൾ നിശ്ചയിച്ചിരുന്നു. "അത്രയും ഭാഗം പോലും കൃത്യതയോടും സന്തോഷത്തോടും പാരായണം ചെയ്യാൻ എനിക്ക് കഴിയുന്നില്ല.

86. "അതുകൊണ്ട് സായി അതിനോട് ഇഷ്ടം വരുത്തുകയും 'പാരായണം ചെയ്യുക' എന്ന് പറയുകയും ചെയ്താൽ മാത്രമേ തടസ്സമില്ലാതെ എനിക്ക് പാരായണം തുടരാൻ കഴിയൂ എന്നുമുള്ള നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നു.

87. "എനിക്ക് സായിയിൽ വിശ്വാസമുണ്ട്. സായി എനിക്ക് നിർദ്ദേശം നൽകുമ്പോൾ മാത്രമേ ഞാൻ ധ്യാനേശ്വരി പാരായണം ചെയ്യുകയുള്ളൂ. അതിനാൽ ഈ ഉറച്ച തീരുമാനത്തോടെ ഞാൻ കാത്തിരിക്കും."

88. അത് അങ്ങനെ കഴിഞ്ഞു. 1914–ാം വർഷം ഫെബ്രുവരി മാസത്തിൽ ദിയോ അയാളുടെ മാതാവിനോടും ഭാര്യയോടുമൊപ്പം മഹോദയ പർവ്വത്തിലെ[1] ഗുരുപൂജ ദർശിക്കാനായി ഷിർദിയിലെത്തി.

89. അപ്പോൾ ധ്യാനേശ്വരി പതിവായി പാരായണം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് ജോഗ് ദിയോയോട് ചോദിച്ചു. അയാളുടെ മറുപടി കേൾക്കുക.

90. "എനിക്ക് ധ്യാനേശ്വരിയോട് വളരെ ഇഷ്ടമുണ്ട്. പക്ഷേ എനിക്ക് അത് പാരായണം ചെയ്യാൻ കഴിയുന്നില്ല. ഇനി, ബാബ എന്നോട് അത് പാരായണം ചെയ്യാൻ പറയുമ്പോൾ മാത്രമേ, ഞാൻ അത് പാരായണം ചെയ്യുകയുള്ളൂ."

91. അപ്പോൾ ജോഗ് അയാൾക്ക് ഒരു ഉപായം പറഞ്ഞുകൊടുത്തു. "ധ്യാനേശ്വരി ഗ്രന്ഥം കൊണ്ടുവന്ന് ബാബയുടെ കൈകളിൽ നൽകുക. അദ്ദേഹം നിനക്ക് അത് പാരായണം ചെയ്യാനായി നൽകും."

92. "എനിക്ക് ഉപായങ്ങളൊന്നും ആവശ്യമില്ല. എന്റെ ആന്തരിക ചിന്തകൾ ബാബ അറിയുന്നുണ്ട്. അപ്പോൾ എന്തുകൊണ്ട് അദ്ദേഹം എന്റെ ആഗ്രഹം സഫലമാക്കുകയും 'പാരായണം ചെയ്യുക' എന്ന് വ്യക്തമായി പറയുകയും ചെയ്യു

ന്നില്ല?"

93. അയാൾ സമർത്ഥരുടെ ദർശനത്തിനായി എത്തിയപ്പോൾ, ഒരു ഉറുപ്പിക ദക്ഷിണയായി നൽകി. "എന്തുകൊണ്ട് ഒരു ഉറുപ്പിക? ഇരുപത് നൽകുക," എന്ന് അപ്പോൾ ബാബ അയാളോട് പറഞ്ഞു.

94. അയാൾ ഇരുപത് ഉറുപ്പിക കൊണ്ടുവന്ന് നൽകി. രാത്രിയിൽ അയാൾ ബാലക്റാമിനെ കണ്ടുമുട്ടി. അയാൾ എങ്ങനെയാണ് ബാബയുടെ അനുഗ്രഹം നേടിയതെന്ന് ദിയോ ചോദിച്ചു.

95. "നാളെ ആരതിക്ക് ശേഷം ഞാൻ മുഴുവൻ കഥയും നിങ്ങളോട് പറയുന്നതാണ്," എന്ന് ബാലക്റാം ഉറപ്പ് പറയുകയും ദിയോ അത് സമ്മതിക്കുകയും ചെയ്തു.

96. പിറ്റേദിവസം ദർശനത്തിനായി ദിയോ മസ്ജിദിലെത്തിയപ്പോൾ ബാബ അയാളോട് ഇരുപത് ഉറുപ്പിക ആവശ്യപ്പെടുകയും, അത് അയാൾ സന്തോഷത്തോടെ നൽകുകയും ചെയ്തു.

97. അവിടെ വളരെയധികം ഭക്തർ കൂടിയിരുന്നതിനാൽ അയാൾ പുറത്തേക്കിറങ്ങി. ബാബ ചോദിച്ചു: "ഇടുങ്ങി പ്രയാസകരമായ സ്ഥലത്ത് എവിടെയാണ് അവൻ ഒളിച്ചിരിക്കുന്നത്?"

98. ദിയോ മറുപടി പറഞ്ഞു: "ബാബാ, ഇവിടെ, ഞാൻ ഇവിടെയുണ്ട്." ബാബ അപ്പോൾ അയാളോട് ചോദിച്ചു: "നീ എന്തുകൊണ്ടാണ് എനിക്ക് ഏഴ് ഉറുപ്പികകൾ മാത്രം നൽകിയത്?"

99. ദിയോ പറഞ്ഞു: "ഞാൻ ഇരുപത് നൽകിയിരുന്നു." ബാബ ചോദിച്ചു: "അത് ആരുടെ പണമാണ്?" "ബാബാ, അത് അങ്ങയുടേതാണ്," എന്ന് അയാൾ മറുപടി പറഞ്ഞു. ബാബ പറഞ്ഞു. "പിന്നെന്തിനാണ് നീ ഓടി മാറിപ്പോകുന്നത്?"

100. "ഇവിടെ വരൂ, അടുത്ത് വരിക. സമീപത്ത് ശാന്തമായ മനസ്സോടെ ഇരിക്കുക." ദിയോ നിർദ്ദേശങ്ങൾ അനുസരിക്കുകയും, ഭക്തി നിറഞ്ഞ ഹൃദയത്തോടെ അവിടെ ഇരിക്കുകയും ചെയ്തു.

101. പതിവ് പോലെ ആരതി നടത്തപ്പെട്ടു. കൂടിയിരുന്നവർ അവരുടെ ഗൃഹങ്ങളിലേയ്ക്ക് മടങ്ങി. ബാലക്റാമും, ദിയോയും വീണ്ടും കണ്ടുമുട്ടുകയും, മുമ്പത്തെ ചോദ്യം വീണ്ടും ഉന്നയിക്കപ്പെടുകയും ചെയ്തു.

102. അയാൾ അവനോട് അവന്റെ മുൻകാല ജീവിതത്തെക്കുറിച്ച് ചോദിക്കുകയും ബാലക്റാം എല്ലാ കാര്യങ്ങളും തുടക്കം മുതൽ പറയുകയും, ആത്മീയതയിൽ എങ്ങനെയാണ് അയാൾക്ക് ഉപദേശം ലഭിച്ചതെന്ന് വിവരിക്കുകയും ചെയ്തു.

103. "എങ്ങനെയാണ് ധ്യാനിക്കേണ്ടതെന്ന് നിനക്ക് ഉപദേശം ലഭിച്ചോ? ദയവായി എന്റെ ആഗ്രഹം പൂർത്തിയാക്കിത്തരിക," എന്ന് ദിയോ അഭ്യർത്ഥിച്ചു.

104. ദിയോയുടെ ആഗ്രഹപൂർത്തിക്ക് വേണ്ടി അയാളുടെ ചോദ്യത്തിന്റെ ഉത്തരം പറയാനായി ബാലക്റാം ആരംഭിക്കവേ, ബാബ ദിയോയെ വിളിപ്പിച്ചു.

105. ബാബ എത്രമാത്രം ചമത്കാരിയായിരുന്നു! ദിയോയെ വിളിക്കാനായി അദ്ദേഹം ചന്ദ്രുവിനെ[2] അയച്ചു. ഒരു നിമിഷം പോലും പാഴാക്കാതെ ദിയോ ബാബയെ കാണാനെത്തി.

106. അപ്പോൾ ഉച്ചകഴിഞ്ഞുള്ള സമയമായിരുന്നു. ബാബ തന്റെ ഇരുകരങ്ങളും മസ്ജിദിന്റെ അരഭിത്തിയിൽ താങ്ങി നിൽക്കുകയായിരുന്നു.

107. അവിടെ എത്തിയ ഉടനെ ദിയോ അദ്ദേഹത്തെ വന്ദിച്ചു. അപ്പോൾ ബാബ അയാളോട് ചോദിച്ചു: "എവിടെ, ആരോട്, എന്തായിരുന്നു നീ സംസാരിച്ചു കൊണ്ടിരുന്നത്?"

108. അപ്പോൾ ദിയോ മറുപടി പറഞ്ഞു: "ഞാൻ കാക്കായുടെ വസതിയുടെ ഒന്നാമത്തെ നിലയിൽ ബാലക്റാമിൽ നിന്നും അങ്ങയുടെ മഹത്വം കേൾക്കുകയും അതേക്കുറിച്ച് സംസാരിക്കുകയുമായിരുന്നു."

109. ബാബാ ദിയോയോട് നിർദ്ദേശിച്ചു: "ഇരുപത്തഞ്ച് ഉറുപ്പികകൾ കൊണ്ടുവരിക." അയാൾ പെട്ടെന്ന് തന്നെ പണം കൊണ്ടുവന്ന് അത് ബാബയ്ക്ക് നൽകി.

110. "നീ എത്രയാണ് കൊണ്ടുവന്നത്?", ബാബ ചോദിച്ചു. ദിയോ മറുപടി പറഞ്ഞു: "ഇരുപത്തിഅഞ്ച്." ബാബ പറഞ്ഞു: "വരൂ, ഇരിക്കൂ." ദിയോ ബാബയോടൊപ്പം മസ്ജിദിനുള്ളിലേയ്ക്ക് ചെന്നു.

111. ബാബ തൂണിന് സമീപം ഇരുന്നു. അപ്പോൾ മസ്ജിദിൽ മറ്റാരും ഉണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു: "നീ എന്റെ പഴന്തുണി, ഞാനറിയാതെ മോഷ്ടിച്ചു."

112. "എനിക്ക് ഒരു പഴന്തുണിയെക്കുറിച്ചും ഒന്നും അറിയില്ല," ദിയോ പറഞ്ഞു. "എങ്കിൽ അവ ഇവിടെ എവിടെയെങ്കിലും ഉണ്ടോ എന്ന് നോക്കുക," എന്ന് സായി അയാളോട് പറഞ്ഞു.

113. "ഇവിടെ എവിടെയാണ് പഴന്തുണി ഉള്ളത്", എന്ന് ദിയോ അപ്പോൾ ചോദിച്ചു. ബാബ എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു: "നീ അത് തിരഞ്ഞ് കണ്ടുപിടിക്കുക. മോഷണം ഒരു ചീത്ത സ്വഭാവമാണ്.

114. "ഒന്നിനും കൊള്ളാത്ത ഏതോ ബാലൻ അത് എടുത്തിട്ടുണ്ടാകും! നോക്കൂ! നോക്കൂ! അവ ഇവിടെത്തന്നെ ഉണ്ടാകും!" ഇത് കേട്ടപ്പോൾ ദിയോ വീണ്ടും തിരഞ്ഞു, പക്ഷേ അയാൾക്ക് ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

115. അപ്പോൾ ബാബ അദ്ദേഹത്തിന്റെ പുരികങ്ങൾ ഉയർത്തി അവിടെയും ഇവിടെയും നോക്കാൻ തുടങ്ങി. കണ്ണുകൾ ദിയോയുടെ മേൽ തറപ്പിച്ചുകൊണ്ട്, സായി അയാളോട് ഉച്ചത്തിൽ ആക്രോശിച്ചു.

116. "നീ ഒരു നുണയനാണ്! ഈ നേരത്ത് പഴന്തുണി മോഷ്ടിക്കാൻ നീ അല്ലാതെ മറ്റാരാണ് ഇവിടെയുള്ളത്? നീയാണ് മോഷ്ടാവെന്ന് ഞാൻ വിശ്വസിക്കുന്നു.

117. "ഇത്തരത്തിൽ മോഷ്ടിക്കാനാണോ നീ ഇവിടെ എത്തിയത്? നിന്റെ മുടി കറുപ്പിൽ നിന്ന് വെളുപ്പായി മാറിയിരിക്കുന്നു. എന്നിട്ടും നിന്റെ ദുശ്ശീലങ്ങൾ മാറിയിട്ടില്ല!

118. "ഞാൻ നിന്നെ ഒരു മഴു കൊണ്ട് വെട്ടും. ഞാൻ നിന്നെ കഷണങ്ങളാക്കി

വെട്ടിക്കൊല്ലും. നീ എന്നിൽ നിന്നും എവിടേയ്ക്കാണ് രക്ഷപ്പെടുക? നീ എവിടെപ്പോയാലും ഞാൻ വന്ന് നിന്നെ കൊല്ലും.

119. "നീ ഗൃഹത്തിൽ നിന്നും ഷിർദിയിലെത്തിയത് മോഷ്ടിക്കാനാണോ? നിന്റെ ഈ പണം തിരിച്ചെടുക്കുക. എന്റെ പഴന്തുണി എനിക്ക് മടക്കിത്തരിക."

120. സായി കോപം കൊണ്ട് ചുവന്ന് തുടുത്തു. അയാളുടെ മാതാവിൽ നിന്നും, മാതാമഹിയിൽ നിന്നും തുടങ്ങി ശകാരവാക്കുകളുടെ ഒരു ശൃംഖല തന്നെ അദ്ദേഹം അയാളുടെ മേൽ ചൊരിഞ്ഞു. അദ്ദേഹം കോപം കൊണ്ട് കൂടുതൽ ചുവന്ന് തുടുത്തു.

121. സായിനാഥ് കോപിഷ്ഠനായത് കണ്ട്, ദിയോ നിശ്ചലനായി, ആശ്ചര്യത്തോടും, ഉള്ളിൽ നിറയെ വിസ്മയത്തോടും കൂടി അദ്ദേഹത്തെ നോക്കിനിന്നു.

122. ദിയോ ഏകനായി അദ്ദേഹത്തിന് സമീപത്ത് നിൽക്കുകയായിരുന്നു. അയാൾക്ക് ഒരു പ്രഹരമേൽക്കാനുള്ള ഊഴമെത്തിയതായി അയാൾക്ക് തോന്നി. അതോ ഇത് ഈശ്വരന്റെ മനോഹരമായ ഒരു ദർശനമായിരുന്നോ? അങ്ങനെ വിശ്വസിച്ചപ്പോൾ അയാൾ ആനന്ദം കൊണ്ട് വീർപ്പുമുട്ടി.

123. 'ഇപ്പോൾ അദ്ദേഹം സത്ക അദ്ദേഹത്തിന്റെ കൈയ്യിലെടുത്ത് കോപം മൂലം ഏന്നെ തല്ലാൻ തുടങ്ങുമോ? ഞാൻ ഇപ്പോൾ ഏകനും അദ്ദേഹത്തിന്റെ കൈകളിലുമാണ്. അദ്ദേഹത്തിന് ഇഷ്ടമുള്ളത് ചെയ്യട്ടെ.

124. പക്ഷേ ഈ പഴന്തുണിയുടെ രഹസ്യമെന്താണ്?' ദിയോയ്ക്ക് ഒന്നും മനസ്സിലായില്ല. "പോകൂ, മറ്റെവിടെയെങ്കിലും പോകൂ!" സായിനാഥ് ഇത് പറഞ്ഞപ്പോൾ, അയാൾ പടവുകൾക്ക് നേരെ നടന്നു.

125. 'പഴന്തുണി'യുടെ രഹസ്യാർത്ഥം മനസ്സിലാക്കാൻ ഞാൻ അശക്തനാണ്. എനിക്ക് സായിയുടെ അനുഗ്രഹം ലഭിക്കുകയും അത് മനസ്സിലാക്കാനും കഴിയുകയാണെങ്കിൽ ഞാൻ അത് ശ്രോതാക്കൾക്ക് വിശദീകരിച്ചു നൽകുന്നതാണ്.

126. കാൽ മണിക്കൂറിനുള്ളിൽ ദിയോ വീണ്ടും ബാബയുടെ മുമ്പിലെത്തി. അപ്പോഴും ഭർത്സനങ്ങൾ തുടരുകയായിരുന്നു. "നീ വീണ്ടും വന്നോ?" സായി ചോദിച്ചു.

127. "വീണ്ടും വാഡയിലേയ്ക്ക് തന്നെ തിരിച്ചുപോകൂ!" ബാബ ഇങ്ങനെ പറഞ്ഞപ്പോൾ, ദിയോ ആജ്ഞകൾ അനുസരിച്ചു. സായിയുടെ പാദങ്ങളിൽ വന്ദിച്ച് വാഡയിലേയ്ക്ക് മടങ്ങിപ്പോയി.

128. സംഭവിച്ചതൊക്കെയും, അത് ഏത് രീതിയിൽ സംഭവിച്ചു എന്നുള്ളത്, തുടക്കം മുതൽ ഒടുക്കം വരെ ദിയോ ജോഗിനോടും ബാലക്റാമിനോടും വിവരിച്ചു പറഞ്ഞു.

129. ബാബയുടെ ശകാരവർഷങ്ങൾ ഏകദേശം അര മണിക്കൂർ തുടർന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ ബാബ സ്വയം ഭക്തരെ അവിടേയ്ക്ക് വിളിച്ചു.

130. അപ്പോൾ ദിയോയും വരികയും മറ്റുള്ളവരോടൊപ്പം ഇരിക്കുകയും ചെയ്തു. "ആ വൃദ്ധമനുഷ്യന് ദുഃഖം തോന്നിയിട്ടുണ്ടാകും," എന്ന് പിന്നീട് സായി പറ

ഞ്ഞു.

131. "പഴന്തുണിക്ക് എന്ത് വിലയാണുള്ളത്? എന്നിട്ടും ശകാരവാക്കുകൾ കൊണ്ട് ഞാൻ അവനെ വേദനിപ്പിച്ചു. പക്ഷേ അവൻ മോഷണം നടത്തിയിരുന്നു. അപ്പോൾ അത് തുറന്നു പറയുകയല്ലാതെ മറ്റെന്ത് വഴിയാണുള്ളത്?

132. "എന്തായാലും അത് കഴിഞ്ഞു. ഈശ്വരൻ എല്ലാ കാര്യങ്ങളും നോക്കിനടത്തുകയും അവന് നന്മ നൽകുകയും ചെയ്യും. അപ്പോൾ, ബാവു, താങ്കൾ എനിക്ക് കുറച്ച് ദക്ഷിണ നൽകുമോ?"

133. "ഞാൻ എത്രയാണ് കൊണ്ടുവരേണ്ടത്?" ദിയോ ചോദിച്ചു. "പെട്ടെന്ന് പന്ത്രണ്ട് ഉറുപ്പികകൾ കൊണ്ടുവരിക." അപ്പോൾ അയാളുടെ പക്കൽ നാണയങ്ങളില്ലെന്നും, ഒരു നോട്ട് മാത്രമേ ഉള്ളൂവെന്നും ദിയോ കണ്ടു.

134. ദിയോ ഇത് ബാബയോട് പറഞ്ഞു. "സാരമില്ല, എനിക്ക് അത് വേണ്ട. രാവിലെ നീ എനിക്ക് രണ്ട് പ്രാവശ്യം നൽകിയിരുന്നു. അത് ഞാൻ മറന്നുപോയി." ബാബ പറഞ്ഞു.

135. എന്നിട്ടും ദിയോ ആ പണം ശേഖരിച്ച് ബാബയ്ക്ക് നൽകി. അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ കേൾക്കൂ.

136. "നീ എന്താണ് ചെയ്യുന്നത്?" ബാബ ചോദിച്ചു. "ഒന്നുമില്ല." ഈ മറുപടി കേട്ടപ്പോൾ ബാബ പറഞ്ഞു. "പോത്തി പതിവായി വായിക്കുക." ഇതാണ് അദ്ദേഹം ദിയോയോട് നിർദ്ദേശിച്ചത്.

137. "പോയി വാഡയിൽ ഇരിക്കൂ. അത് പതിവായി പാരായണം ചെയ്യുക. പാരായണം ചെയ്യുമ്പോൾ, വായിച്ചുകഴിഞ്ഞ ഭാഗങ്ങൾ ഭക്തിയോടും ഇഷ്ടത്തോടും കൂടി മറ്റുള്ളവർക്ക് വിവരിച്ചുകൊടുക്കുക.

138. "ഞാൻ നിനക്ക് പട്ടുതുന്നലുകളുള്ള ഒരു മേലങ്കി തന്നെ നൽകാൻ തയ്യാറായി ഇവിടെ ഇരിക്കുമ്പോൾ നീ എന്തിനാണ് പഴന്തുണി മോഷ്ടിക്കുന്നത്? നിനക്ക് മോഷണസ്വഭാവമുണ്ടോ?"

139. അത് അങ്ങനെ കഴിഞ്ഞു. പോത്തി പാരായണം ചെയ്യുക എന്നുള്ള ബാബയുടെ വാക്കുകൾ എന്റെ ഉള്ളിലെ ആഗ്രഹം സഫലമാക്കുകയും ഞാൻ വളരെ സന്തോഷവാനാകുകയും ചെയ്തു.

140. ആജ്ഞ അനുസരിച്ച് കൊണ്ട്, ആ ദിവസം മുതൽ ഞാൻ പതിവായി ധ്യാനേശ്വരി വായിക്കാനും അർത്ഥം വിശദീകരിക്കാനും തുടങ്ങി.

141. ഞാൻ ആഗ്രഹിച്ചിരുന്ന നിർദ്ദേശങ്ങൾ എനിക്ക് ലഭിച്ചു. എന്റെ നിഷ്ഠ പാലിക്കാൻ കഴിയാത്തതിനാൽ എന്റെ മനസ്സിലുണ്ടായിരുന്ന ഉത്കണ്ഠ മാറി. ഇപ്പോൾ മുതൽ ധ്യാനേശ്വരി പാരായണം ചെയ്യുമ്പോൾ അത് പതിവായി തുടരാൻ കഴിയും.

142. ഇപ്പോൾ എന്റെ ഗുരുവിന്റെ നിർദ്ദേശത്താൽ ധ്യാനേശ്വരി പാരായണം ചെയ്യാനുള്ള പ്രചോദനം ലഭിച്ചു. മുമ്പ് എന്തൊക്കെ സംഭവിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ മുതൽ ഞാൻ കൃത്യമായ പാരായണം തുടരണം.

143. സായിയുടെ ആജ്ഞകളും, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളുടെ ശക്തിയും

മൂലം പോത്തിയുടെ പാരായണം തടസ്സങ്ങളില്ലാതെ എനിക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഇപ്പോൾ എനിക്കുണ്ട്.

144. “ബാബാ! ഞാൻ അങ്ങയുടെ പാദങ്ങളിൽ വന്ദിക്കുന്നു! ഞാൻ പൂർണ്ണമായും അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു. ഈ കുഞ്ഞിനെ അങ്ങയുടെ ചിറകുകൾക്കടിയിൽ ചേർക്കുക. പോത്തി പാരായണം എന്നിലൂടെ സാധ്യമാകട്ടെ.”

145. ‘പഴന്തുണി’ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കിയതെന്ന് ഇപ്പോഴെനിക്ക് മനസ്സിലായി. ഞാൻ ബാലക്റാമിനോട് നടത്തിയ അന്വേഷണങ്ങളാണ് ‘പഴന്തുണി’ എന്ന് പറയപ്പെട്ടത്. സായി അത് അംഗീകരിച്ചില്ല. അതിനാൽ അദ്ദേഹം കോപിഷ്ഠനായി.

146. ‘ബാലക്റാം എങ്ങനെ ആരാധനകൾ നടത്തി എന്നും എങ്ങനെ പരബ്രഹ്മത്തെ ധ്യാനിച്ചു എന്നുമുള്ള എന്റെ ചോദ്യങ്ങൾ ബാബയ്ക്ക് ഇഷ്ടപ്പെട്ടില്ല.

147. ഏത് ചോദ്യങ്ങൾക്കും ബാബ സ്വയം ഉത്തരം നൽകാൻ തയ്യാറായിരിക്കവേ, എന്തിനാണ് മറ്റുള്ളവരോട് ചോദ്യങ്ങൾ ചോദിക്കുന്നത്? അതുകൊണ്ട് എന്നെ വളരെയധികം ക്ലേശിപ്പിച്ചു.

148. ‘ക്ലേശിപ്പിക്കപ്പെട്ടു–’ ആ വാക്ക് തന്നെ പരുഷവും ധിക്കാരപരവുമാണ്. ഭക്തരോട് അത്യധികമായ സ്നേഹമുള്ള അദ്ദേഹം അവരെ ക്ലേശിപ്പിക്കുന്നതിനെക്കുറിച്ച് സ്വപ്നത്തിൽ പോലും ചിന്തിക്കുകയില്ല. അതിനാൽ ആ വാക്കും അതിന്റെ ഉപയോഗവും തെറ്റാണ്.

149. അദ്ദേഹം എന്നെ ക്ലേശിപ്പിച്ചിട്ടില്ല. പക്ഷേ, ‘നിന്റെ മനസ്സിൽ എന്തുണ്ടായിരുന്നാലും, അത് സാധ്യമാക്കിത്തരേണ്ടത് ഞാനാണ്. മോഷ്ടിക്കപ്പെടുന്നത് ഒരിക്കലും പ്രയോജനപ്രദമാകില്ല’ എന്ന ഗുണപാഠം എനിക്ക് നൽകുകയാണുണ്ടായത്.’

150. പുറമേയ്ക്ക് സായി കോപിഷ്ഠനായി കാണപ്പെട്ടാലും, ഉള്ളിൽ അദ്ദേഹം ശാന്തനായിരുന്നു. പുറമേയ്ക്ക് ക്രുദ്ധനായി തോന്നിയാലും ആന്തരികമായി അദ്ദേഹം പരമാനന്ദാവസ്ഥയിലായിരുന്നു.

151. പുറമേ കാട്ടിയ കോപം സ്നേഹം മൂലമായിരുന്നു. ഉള്ളിൽ അദ്ദേഹം ദൈവികാനന്ദാവസ്ഥയിലായിരുന്നു. സായിയുടെ ലീലകളുടെ ഗാംഭീര്യം വർണ്ണിക്കണമെങ്കിൽ ഒരുവൻ ഭാഗ്യവാനായിരിക്കണം.

152. തന്റെ ലക്ഷ്യം നേടിയെടുക്കണമെന്ന അതിയായ ആഗ്രഹമുള്ളവൻ ശകാരവർഷങ്ങളെ പുഷ്പവൃഷ്ടിയും അനുഗ്രഹങ്ങളുമായി കരുതുന്നു. അവൻ അവന്റെ മനസ്സ് സ്വന്തം ക്ഷേമത്തിൽ ഉറപ്പിച്ചിരിക്കുന്നു.

153. കാതുകൾക്ക് ദുസ്സഹമായ ഭർത്സനവാക്കുകൾ ദിയോയെ തെല്ലും ബാധിച്ചില്ല. അയാൾക്ക് ബാബയോട് അതിയായ സ്നേഹമുണ്ടായിരുന്നു. തന്റെ മേൽ ഒരു പുഷ്പവൃഷ്ടി ഉണ്ടായതായി മാത്രമേ അയാൾ ചിന്തിച്ചുള്ളൂ.

154. “പശുവിന്റെ അകിടിൽ നിറഞ്ഞിരിക്കുന്ന പാൽ ഭാഗ്യവാന്മാർക്ക് മാത്രമേ ആസ്വദിക്കാൻ കഴിയൂ. പാൽ നിറഞ്ഞിരിക്കുന്ന അകിടിന്റെ സമീപത്തായാലും, ചെള്ള് അതിന്റെ വിധിയ്ക്കനുസരിച്ച് ചോര ഇഷ്ടപ്പെടുന്നു.

155. "താമരപ്പൂക്കളുടെ സമീപത്താണ് മണ്ഡൂകം കഴിയുന്നത്. വണ്ട് താമരയിൽ നിന്ന് തേൻ നുകരുന്നു. എന്നാൽ നിർഭാഗ്യവശാൽ മണ്ഡൂകം ചെളി മാത്രം ഭക്ഷിക്കുന്നു. വണ്ടിന് അപരിമിതമായ ഭാഗ്യമാണ് ലഭിക്കുന്നത്.

156. "അതേപോലെ, നീ ഭാഗ്യവാനാണ്. നാമെല്ലാവരും പരസ്പരം അടുപ്പമുള്ള വരാണ്. നിനക്ക് ആവശ്യമുള്ളതെന്തായാലും ചോദിക്കുക. നിന്റെ സംശയ ങ്ങൾക്ക് വിശദീകരണം തേടുക." സായി പറയുകയുണ്ടായി.

157. "പോത്തിയുടെ കാര്യത്തിൽ എനിക്കുണ്ടായിരുന്ന നിശ്ചയദാർഢ്യം നോക്കു ക. പാരായണം ചെയ്യുക എന്ന് അദ്ദേഹം പറയുന്നത് വരെ ഞാൻ ധ്യാനേ ശ്വരി തുറന്നില്ല. ബാബ എന്റെ ആഗ്രഹം പൂർണ്ണമായും സഫലമാക്കിത്തരി കയും ചെയ്തു."

158. സ്നേഹമയിയായ മാതാവ് ഏത് തരത്തിലാണ് കുഞ്ഞിനെ കൊഞ്ചിക്കുന്ന തും, അവന്റെ ആഗ്രഹങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നതും! മാധുര്യമാർന്ന ഈ അനുഭവത്തെക്കുറിച്ചുള്ളതാണ് ഈ കഥ. അത് ഭക്തിയെ കൂടുതൽ ദൃഢമാക്കുന്നു.

159. ദിയോ പറഞ്ഞു: "എന്നോട് പാരായണം ചെയ്യാൻ നിർദ്ദേശിക്കുക മാത്രം ചെയ്തുകൊണ്ട് അദ്ദേഹം അത് അവസാനിപ്പിച്ചില്ല. ഒരു വർഷം കഴിയും മുമ്പ്, അദ്ദേഹം എനിക്ക് ഒരു സ്വപ്നദർശനം നൽകി. അദ്ദേഹം എന്നോട് ചോദിച്ച ആശ്ചര്യകരമായ ചോദ്യം കേൾക്കുക.

160. 1914[3] ഏപ്രിൽ 2, വ്യാഴാഴ്ച രാവിലെ എനിക്കൊരു സ്വപ്നദർശനത്തിന്റെ വരം ലഭിച്ചു.

161. സ്വപ്നത്തിൽ സായിസമർത്ഥ പ്രത്യക്ഷപ്പെടുകയും, ഒന്നാമത്തെ നിലയിൽ ഇരിക്കുകയും ചെയ്തു. എനിക്ക് പോത്തി ഗ്രഹിക്കാൻ കഴിഞ്ഞോ എന്ന് അദ്ദേഹം ചോദിക്കുകയും, ഞാൻ നിഷേധപദത്തിൽ മറുപടി നൽകുകയും ചെയ്തു.

162. അപ്പോൾ മറ്റൊരു ചോദ്യം തുടർന്നുണ്ടായി. "അങ്ങനെയാണെങ്കിൽ എപ്പോ ഴാണ് നിനക്ക് അത് മനസ്സിലാക്കാൻ കഴിയുക?" എന്റെ കണ്ണുകളിൽ കണ്ണു നീർ നിറഞ്ഞു. ഞാൻ പറഞ്ഞ മറുപടി കേൾക്കുക.

163. "അങ്ങയുടെ കൃപയില്ലെങ്കിൽ, പോത്തി പാരായണം ചെയ്യുന്നത് വെറും മനഃ ക്ലേശമായിരിക്കും, അത് ഗ്രഹിക്കുന്നതാകട്ടെ കൂടുതൽ ദുഷ്കരവുമാണ്. ബാബാ ഇത് ഞാൻ തുറന്ന് സമ്മതിക്കുന്നു."

164. ബാബ പറഞ്ഞു: "പോത്തി പാരായണം ചെയ്യുമ്പോൾ നീ വളരെ ധൃതി കാട്ടു ന്നു. എന്റെ സമീപത്തിരുന്ന് എന്റെ സാന്നിദ്ധ്യത്തിൽ വായിക്കുക."

165. എന്താണ് വായിക്കേണ്ടതെന്ന് ദിയോ ചോദിച്ചപ്പോൾ, അദ്ധ്യാത്മം പാരായണം ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടു. ദിയോ ഗ്രന്ഥം കൊണ്ടുവരാനായി പോകുമ്പോൾ, അയാൾ കണ്ണുകൾ തുറന്നു.

166. അപ്പോൾ ദിയോ എഴുന്നേറ്റു. അയാൾ സ്വപ്നത്തെക്കുറിച്ച് ഓർത്തപ്പോൾ അയാളുടെ മാനസികാവസ്ഥ എന്തായിരിക്കും എന്ന് ശ്രോതാക്കൾക്ക്

സങ്കൽപ്പിക്കാൻ കഴിയും.

167. ബാലകൻ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നും പതിവായി പോത്തി പാരായണം ചെയ്യുന്നുണ്ടോ എന്നും അറിയാനായി ഒരു വർഷം കാത്തിരുന്നതിന് ശേഷം അന്വേഷിക്കാൻ മറ്റാരാണ് തയ്യാറാകുക? അത്തര ത്തിലുള്ള അനാവശ്യമായ ഉത്കണ്ഠകൾ ആരാണ് ഏറ്റെടുക്കുക?

168. ശിക്ഷണം പാലിക്കപ്പെടുന്നുണ്ടോ? അധ്യയനഭാഗം പതിവായി പരിശീലിക്ക പ്പെടുന്നുണ്ടോ? എവിടെ, എന്ത് കുറവുകൾ, എന്തുകൊണ്ട് സംഭവിക്കുന്നു? ഈ ഉത്കണ്ഠകൾ മറ്റാരാണ് കാട്ടുക?

169. പാരായണം ചെയ്യുന്നവർ എന്താണ് ശ്രദ്ധിക്കേണ്ടത്? എന്തിനാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടത്? സ്നേഹമുള്ള മാതാവായ സായിക്ക് മാത്രമേ ഇത് ഉറ പ്പിച്ച് പറയാൻ കഴിയൂ.

170. സായിസമർത്ഥരുടെ ഇത്തരത്തിലുള്ള ലീലകൾ പല അവസരങ്ങളിലും ഭക്തർക്ക് അനുഭവമുണ്ടാകുകയും, അവർ സ്വർഗ്ഗീയാനന്ദം നേടുകയും ചെയ്തു. അത് ഞാൻ എന്റെ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടിട്ടുണ്ട്.

171. ഗുരുവിന്റെ പാദങ്ങളിൽ വിനയത്തോടെ ഒരുമിച്ച് കൂടിയിരിക്കുന്ന ശ്രോതാ ക്കളെല്ലാം ഉചിതമായ സമയത്ത് അടുത്ത പുതുമയാർന്ന കഥ ശ്രവിക്കുക.

172. ശ്രീ സമർത്ഥന്റെ പാദങ്ങൾ സ്മരിച്ചുകൊണ്ട് യഥാർത്ഥ വിശ്വാസത്തോടെ ഞാൻ വന്ദിക്കുന്നു. ലോകദുഃഖങ്ങളെ ഇല്ലാതാക്കാൻ അതിന് മാത്രമേ കഴി യൂ. ഹേമദ് ഭക്തിയോടെ സ്വയം സമർപ്പിക്കുന്നു.

173. സായി മാത്രമാണ് എന്റെ പ്രചോദനം. ആത്മീയതയുടെ ശ്രേഷ്ഠമായ ആന ന്ദവും സായി മാത്രമാണ്. സായിക്ക് മാത്രമേ എന്നെ പൂർണ്ണനാക്കാൻ കഴി യൂ. ഇതാണ് എന്റെ ഉറച്ച വിശ്വാസം.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ നാൽപ്പത്തിഒന്നാം അദ്ധ്യായം "സായിയുടെ അനു ഗ്രഹവും ദയയും നൽകൽ" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ആഹ്ലാദകരമായ ഒരു ആഘോഷം. അപ്പോൾ ചെയ്യപ്പെടുന്ന നല്ല കർമ്മങ്ങൾ ഒരുവന് വളരെ പുണ്യം നൽകുന്നു.
2. ആ സമയത്ത് ബാബയുടെ സമീപത്തുണ്ടായിരുന്ന ഒരു കുഷ്ഠരോഗി.
3. ദിയോയ്ക്ക് ആ സ്വപ്നം അയാളുടെ ഷിർദിയാത്ര കഴിഞ്ഞ് രണ്ട് മാസങ്ങൾക്കുള്ളി ലാണ് ഉണ്ടായത്. അതിനാൽ ഒരു വർഷത്തിന്റെ കാര്യമുദിക്കുന്നില്ല.

42

# സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഓ, വളരെ ഉദാരമതിയായ സദ്ഗുരുവിന് പ്രണാമം! ബ്രഹ്മന്റെ അവതാരമായ, ദിവ്യന്മാരിൽ ശ്രേഷ്ഠനായ, കൗപീനധാരിയായി ഗോദാവരി തീരത്ത് വസിക്കുന്ന ശ്രീമദ് അങ്ങയെ ഞാൻ വന്ദിക്കുന്നു.
2. ലോകജീവിതമാകുന്ന നദി കടക്കാൻ വഴികാട്ടിയായവനും, തന്റെ പാദങ്ങളിൽ ആശ്രയം തേടുന്ന ദീനർക്ക് അഭയം നൽകുന്നവനുമായ അദ്ദേഹം ഭക്തരുടെ കൽപവൃക്ഷമാണ്. അത്തരത്തിലാണ് ദിവ്യന്മാരുടെ മൂർത്തരൂപമായ സായി.
3. സായിയുടെ ചിത്രം വെള്ളത്തിൽ നിമഞ്ജനം ചെയ്യപ്പെടുന്നതിൽ നിന്നും സംരക്ഷിക്കപ്പെട്ടത് എങ്ങനെ എന്നുള്ള ആശ്ചര്യത്തിന്റെ മനോഹരമായ കഥയുടെ വിവരണം കഴിഞ്ഞ അധ്യായത്തിലുണ്ടായിരുന്നു.
4. കൂടാതെ ഒരു ഭക്തന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അയാളുടെ ആഗ്രഹം സഫലമാക്കിയതെങ്ങനെ എന്നും അയാൾക്ക് അദ്ദേഹത്തിന്റെ അനുമതി നൽകിക്കൊണ്ട് ധ്യാനേശ്വരി പാരായണം ചെയ്യിച്ചതെങ്ങനെ എന്നും വിവരിച്ചു.
5. ചുരുക്കത്തിൽ, നിങ്ങൾക്ക് ഗുരുകൃപ കരഗതമാകുമ്പോൾ ലൗകികജീവിതത്തിലെ ക്ലേശങ്ങൾ അപ്രത്യക്ഷമാകും, നേർവഴിയുടെ കവാടങ്ങൾ തുറക്കപ്പെടുകയും പരിശ്രമം കൂടാതെ ദുഃഖം യഥാർത്ഥ സന്തോഷമായി മാറ്റപ്പെടുകയും ചെയ്യും.
6. നിരന്തരം സദ്ഗുരുവിന്റെ പാദങ്ങൾ സ്മരിക്കുന്നതിലൂടെ പ്രതിബന്ധങ്ങൾക്ക് യാതൊരു പ്രഭാവവും ഇല്ലാതെയാകുന്നു. മരണത്തിന്റെ ദംശനം ഏൽക്കില്ല; ലൗകിക ദുഃഖങ്ങൾ വിസ്മരിക്കപ്പെടുന്നു.
7. അതിനാൽ, ശ്രോതാക്കൾ അവരുടെ സ്വന്തം ക്ഷേമത്തിന് വേണ്ടി സമർത്ഥന്റെ കഥ ശ്രവിക്കേണ്ടതാണ്, അത് ശ്രവിക്കുന്നത് തീർച്ചയായും ശ്രേഷ്ഠമായ പരിശുദ്ധി നൽകും.
8. ഈ അദ്ധ്യായത്തിൽ നമ്മൾ സായിയുടെ പ്രകൃതത്തെക്കുറിച്ച് ശ്രവിക്കും. എത്രമാത്രം ഉഗ്രമായും എത്രമാത്രം സൗമ്യമായും പെരുമാറാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്ന്.

9. ഇതുവരെയും നിങ്ങൾ പൂർണ്ണശ്രദ്ധയോടെ ബാബയുടെ ജീവിതരീതിയെയും സ്വഭാവഗുണങ്ങളെയും കുറിച്ച് ശ്രവിച്ചു. ഇതേപോലെ ബാബ എങ്ങനെയാണ് അദ്ദേഹത്തിന്റെ ഭൗതിക ശരീരം വെടിഞ്ഞത് എന്ന് ബദ്ധശ്രദ്ധയോടെ കേൾക്കുക.

10. അമ്പത് വർഷങ്ങളിൽ കൂടുതൽ ബാബയുടെ സമ്പർക്കത്തിന്റെ സന്തോഷം ലഭിച്ച ഷിർദി നിവാസികൾ അനുഗൃഹീതരാണ്, അനുഗൃഹീതരാണ്. അവ എത്ര മാത്രം സന്തുഷ്ടദിനങ്ങളായിരുന്നിരിക്കും!

11. ശകവർഷം ആയിരത്തി എണ്ണൂറ്റി നാൽപതിൽ (1918-ാം വർഷം) ദക്ഷിണായന'ത്തിലെ ആദ്യമാസത്തിൽ, ശുക്ലപക്ഷത്തിലെ വിജയദശമി ദിനത്തിലായിരുന്നു ബാബ ഭൗതിക ദേഹം വെടിഞ്ഞത്.

12. മുസ്ലീങ്ങളുടെ മുഹറം മാസത്തിലെ ഒമ്പതാം ദിനവും കൂട്ടക്കൊലയുടെ (ഇമാംഹുസൈൻ തുടങ്ങിയവരുടെ വധം) രാത്രിയുമായിരുന്നു അത്. ഉച്ചകഴിഞ്ഞ നേരത്ത് സായിനാഥ് സ്വയം തന്റെ ഭൗതിക ദേഹം വെടിയാനുള്ള ഒരുക്കം തുടങ്ങി.

13. ബുദ്ധന്റെ ജന്മദിനം ആഘോഷിക്കപ്പെടുന്നതുപോലെയാണ് സായിയുടെ പുണ്യതിഥിദിനം. ദേവന്മാരുടെയും ദേവതകളുടെയും ജന്മദിനങ്ങൾ ആഘോഷങ്ങൾക്ക് കാരണമാകുന്നത് പോലെയാണ് ദിവ്യന്മാരുടെ വാർഷികശ്രാദ്ധദിനങ്ങൾ.

14. നാഴികമണി രാവിലെ 12.30 ന് മുഴങ്ങി, അപ്പോൾ ദശമി (പത്താമത്തെ ദിവസം) കഴിഞ്ഞു. ഏകാദശി (പതിനൊന്നാമത്തെ ദിവസം) തുടങ്ങിയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ നിര്യാണം ഏകാദശി ദിനത്തിലായിരുന്നു.

15. അത് ദസറക്കാലമായതിനാൽ, അന്നത്തെ സൂര്യോദയത്തിനു[2]ശേഷം ആ ദിവസം വിജയദശമിയായി കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ ആ ദിവസത്തിൽ ഈ സ്മരണ പുതുക്കപ്പെടുന്നു.

16. ചൊവ്വാഴ്ച രാത്രി കൂട്ടവധത്തിന്റെ ദിനമായിരുന്നു. അതിനാൽ ആ ദിവസം മുസ്ലീങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതായിരുന്നു. അപ്രകാരം ആ ദിനത്തിൽ ശ്രേഷ്ഠസായി അദ്ദേഹത്തിന്റെ തേജസ്സ് പരമാത്മതേജസ്സിൽ ലയിപ്പിച്ചു.

17. ആ ദിവസം ബംഗാളിലെ ദുർഗ്ഗാ ഉത്സവത്തിന്റെ അവസാന ദിനവും, വടക്കൻ ഭാരതത്തിൽ മുഴുവൻ ആഘോഷത്തിന്റെ ദിനവുമായിരുന്നു.

18. ശകവർഷം ആയിരത്തി എണ്ണൂറ്റി മുപ്പത്തി എട്ടിൽ (1916-ാം വർഷം) വിജയദശമി ദിവസം വൈകുന്നേരം രാത്രിയ്ക്ക് മുമ്പ്, ഭാവിയിൽ സംഭവിക്കുന്നതിനെപ്പറ്റിയുള്ള ഒരു സൂചന നൽകപ്പെട്ടിരുന്നു.

19. ഊഹിക്കാൻപോലും കഴിയാത്ത ആ ആശ്ചര്യം (എങ്ങനെയാണ് അത് നൽകപ്പെട്ടത് എന്നുള്ള) ഞാൻ വിവരിക്കുന്നതാണ്. അപ്പോൾ ശ്രോതാക്കൾ വിസ്മയഭരിതരാകും. അതിലൂടെ സമർത്ഥസായിയുടെ സങ്കൽപാതീതമായ പ്രവർത്തനരീതികൾ അവർക്ക് കാണാൻ കഴിയും.

20. 1916-ാം വർഷം ദസറ ഉത്സവകാലത്തിലെ സീമാലംഘന[3] സമയത്ത്, വൈകു

ന്നേരം ആ ഘോഷയാത്ര തിരികെ എത്തിയപ്പോഴാണ് ആശ്ചര്യകരമായ സംഭവം നടന്നത്.

21. ആകാശത്ത് ഇടിമുഴക്കങ്ങൾ ഉണ്ടാകുകയും, ഇടയ്ക്കിടയ്ക്ക് മിന്നൽപ്പിണറുകൾ കാണപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു. ബാബയാകട്ടെ ജമദഗ്നിയുടെ[4] തത്സ്വരൂപം പോലെ കാണപ്പെട്ടു.

22. അദ്ദേഹം തന്റെ ശിരസ്സിലെ തുണിക്കഷണം അഴിച്ചു മാറ്റി, പെട്ടെന്ന് കഫ്നി ഊരി, കൗപീനവും അഴിച്ചെടുത്തു. എന്നിട്ട് അവയെല്ലാം ധുനിയിലേയ്ക്ക് വലിച്ചെറിയുകയും അവ പെട്ടെന്ന് തീ പിടിക്കുകയും ചെയ്തു.

23. അഗ്നി മുമ്പേതന്നെ വളരെ പ്രകാശത്തോടെ കത്തുകയായിരുന്നു. അതിൽ ഈ ആഹുതികൾ കൂടി അർപ്പിക്കപ്പെട്ടപ്പോൾ അത് കൂടുതൽ ജ്വലിക്കാൻ തുടങ്ങി. അഗ്നിനാളങ്ങൾ വളരെ ഉയരത്തിൽ, ശക്തിയോടെ കത്തുകയും ഉച്ചത്തിൽ പൊട്ടിച്ചിതറുകയും ചെയ്തു. ഭക്തർ സംഭ്രമിച്ചു.

24. ഇതെല്ലാം അപ്രതീക്ഷിതമായാണ് സംഭവിച്ചത്. ബാബയുടെ മനസ്സിൽ എന്താണ് ഉണ്ടായിരുന്നതെന്ന് അറിയുക പ്രയാസകരമായിരുന്നു. സീമാലംഘനസമയത്ത് അദ്ദേഹത്തിന്റെ പെരുമാറ്റം ഭയപ്പെടുത്തുന്നതായിരുന്നു.

25. അഗ്നിയുടെ പ്രകാശം കൂടുതൽ ഉജ്ജ്വലമായി. പക്ഷേ ബാബ അഗ്നിയേക്കാൾ കൂടുതൽ തേജസ്വിയായി കാണപ്പെട്ടു. ആളുകളുടെ കണ്ണുകളഞ്ചി, അവർ മുഖം തിരിച്ചു.

26. അഗ്നിദേവനായ അഗ്നിനാരായൺ, ദിവ്യന്റെ കൈകളാൽ അർപ്പിക്കപ്പെട്ട ഈ ആഹുതിയാൽ സംതൃപ്തനായി. ദിഗംബര ജമദഗ്നിയെ ദർശിക്കാൻ കഴിഞ്ഞവരുടെ മിഴികൾ അനുഗൃഹീതമായിരുന്നു!

27. കോപം കൊണ്ട് ചുവന്ന കണ്ണുകളോടെ അദ്ദേഹം ഉഗ്രമായി നോക്കി. അദ്ദേഹം പറഞ്ഞു: "ഇപ്പോൾ നിങ്ങൾ സ്വയം തീരുമാനിക്കൂ, ഞാൻ ഒരു മുസ്ലീമോ അതോ ഹിന്ദുവോ എന്ന്."

28. ഇടിമുഴക്കം പോലുള്ള ശബ്ദത്തോടെ ബാബ പറഞ്ഞു: "നോക്കൂ! ഞാൻ ഒരു ഹിന്ദുവാണോ മുസ്ലീമാണോ എന്ന് വ്യക്തമായി ഇന്ന് തന്നെ നിങ്ങൾ തീരുമാനിക്കുക, എന്നിട്ട് നിങ്ങളുടെ എല്ലാ സംശയങ്ങളും മാറ്റുക."

29. ഈ കാഴ്ച കണ്ട് ചുറ്റുമുണ്ടായിരുന്ന ആളുകൾ ഭയം കൊണ്ട് വിറച്ചു. എപ്രകാരത്തിൽ അദ്ദേഹത്തെ ശാന്തനാക്കാൻ കഴിയുമെന്നത് മാത്രമായിരുന്നു അവരുടെ ഒരേ ഒരു ചിന്ത.

30. കുഷ്ഠരോഗിയും എന്നാൽ ബാബയുടെ ഒരു ഉറച്ച ഭക്തനുമായിരുന്ന ഭാഗോജി ഷിൻഡെ ബാബയെ കൗപീനം ധരിപ്പിക്കാനായി ധൈര്യമവലംബിച്ച് ബാബയുടെ സമീപമെത്തി.

31. അയാൾ പറഞ്ഞു: "ബാബാ, എന്താണീ പെരുമാറ്റം? ഇന്ന് സീമാലംഘനവും ദസറ ഉത്സവവുമാണ്." ബാബ മറുപടി പറഞ്ഞു: "ഇത് എന്റെയും സീമാലംഘനമാണ്." എന്നിട്ട് സത്ക കൊണ്ട് ശക്തമായി അടിക്കാൻ തുടങ്ങി.

32. ഇപ്രകാരത്തിൽ വസ്ത്രങ്ങളില്ലാതെ ബാബ ധുനിയുടെ സമീപത്ത് നിന്നു.

അത് ചാവടി ഘോഷയാത്രയുടെ ദിനമായിരുന്നു. അത് എങ്ങനെ നടത്തപ്പെ ടുമെന്നുള്ളതായിരുന്നു ഉത്കണ്ഠ.

33. ചാവടി ഘോഷയാത്രയുടെ പതിവ്സമയം രാത്രി 9 മണിയായിരുന്നു. പക്ഷേ ഇപ്പോൾ 10 മണി ആയിക്കഴിഞ്ഞിരുന്നു. ബാബ അപ്പോഴും ശാന്തനായിട്ടുണ്ടാ യിരുന്നില്ല. ജനങ്ങൾ നിസ്സഹായരായി, ശൂന്യമായ നോട്ടങ്ങളുമായി അവരുടെ സ്ഥാനങ്ങളിൽ തന്നെ നിന്നു.

34. അങ്ങനെ ഏകദേശം 11 മണിയായി. ബാബ കുറച്ച് ശാന്തനായി കാണപ്പെട്ടു. പുതിയ ഒരു കൗപീനം ഉടുത്തശേഷം അദ്ദേഹം പുതിയ കഫ്നി ധരിച്ചു.

35. ചാവടിഘോഷയാത്രയ്ക്കുള്ള മണി മുഴങ്ങി. കൂടിയിരുന്ന ജനങ്ങൾ അവരവ രുടെ സ്ഥാനങ്ങളിൽ തന്നെ ഇരുന്നു. പാൽക്കി, പൂക്കളാൽ അലങ്കരിച്ച്, ബാബ യുടെ അനുമതിയോടെ മുറ്റത്ത് കൊണ്ടുവരപ്പെട്ടു.

36. വെള്ളിദണ്ഡ്, കടലാസ് തോരണങ്ങൾ, വിശറികൾ, കുട, കൊടികൾ തുടങ്ങി യവയോടെ ഒരു രാജാവിന്റെ പ്രതാപത്തോടെ ഒന്നിടവിട്ട ദിവസങ്ങളിൽ നട ത്തപ്പെട്ടിരുന്ന ഘോഷയാത്ര പുറത്തേയ്ക്ക് വന്നു.

37. “വന്ദനം! വന്ദനം! സായിനാഥ” എന്ന ഉച്ചത്തിലുള്ള ഘോഷണം പ്രതിധ്വനി ച്ചു. ഉച്ചത്തിലുള്ള പ്രാർത്ഥന എങ്ങനെയാണ് വിവരിക്കുക? എങ്ങും ആനന്ദം തിരതല്ലി.

38. പിന്നീട് വൃത്തിയുള്ള ഒരു വെളുത്ത തുണിക്കഷണം കണ്ടെടുത്ത് ബാബ അത് അദ്ദേഹത്തിന്റെ ശിരസ്സിൽ കെട്ടി. അതാണ് പുറപ്പെടാനുള്ള ശുഭമു ഹൂർത്തമെന്ന മട്ടിൽ അദ്ദേഹം ചില്ലം, പുകയില, സത്ക എന്നിവ കൈയ്യിലെ ടുത്തു.

39. ഒരാൾ കുട പിടിച്ചു, മറ്റൊരാൾ വിശറിയും. ചിലർ മയിൽപ്പീലി വിശറികളും മറ്റ് ചിലർ ഗരുഡന്റെ ചിത്രമുള്ള കൊടിയും, പട്ടുകരയുള്ള മേലാപ്പും വഹി ച്ചു. ദണ്ഡ്വാഹകർ ദണ്ഡുകൾ വഹിച്ചുകൊണ്ടെത്തി.

40. ഈ ഒരു പെരുമാറ്റത്തിലൂടെ ദസറക്കാലം മാത്രമാണ് ഈ ലൗകികജീവിതം വെടിയാനുള്ള ശുഭകരമായ സമയമെന്ന് ബാബ എല്ലാവരെയും അറിയിക്കു കയാണുണ്ടായത്.

41. അതിനുശേഷം ഷിർദി നിവാസികളോടൊപ്പം ബാബ ഒരു ദസറ കൂടി മാത്രമേ ആഘോഷിച്ചിട്ടുള്ളൂ. അടുത്ത ദസറ ശുഭസമയമായതിനാൽ അദ്ദേഹം തന്റെ ശരീരം ധാത്രിക്ക് അർപ്പിച്ചു.

42. അദ്ദേഹം സൂചന നൽകുക മാത്രമല്ല ചെയ്തത്, ജനങ്ങൾക്ക് അതിന്റെ അനു ഭവം നൽകുക കൂടി ചെയ്തു. അദ്ദേഹം തന്റെ ശരീരമാകുന്ന ശുദ്ധവസ്ത്രം അതേദിവസം യോഗാഗ്നിയിൽ ആഹുതിയായി അർപ്പിച്ചു.

43. 1918 വർഷത്തിൽ ദസറ ഉത്സവകാലത്ത്, തന്റെ വാക്കുകളെ യാഥാർത്ഥ്യമാ ക്കിക്കൊണ്ട്, പരമാത്മ ചൈതന്യത്തിൽ വിലയം പ്രാപിക്കാനായി ആ ശുഭമു ഹൂർത്തം അദ്ദേഹം തെരഞ്ഞെടുത്തു.

44. ഇതെഴുതുമ്പോൾ, ദസറക്കാലം നേരത്തെ തന്നെ നിശ്ചയിക്കപ്പെട്ടിരുന്നു എന്ന്

സൂചിപ്പിക്കുന്ന തരത്തിലുള്ള, ബാബയുടെ മറ്റൊരു സംഭവം കൂടി എനിക്ക് ഓർമ്മവരുന്നു.

45. ഷിർദിയിലെ പാട്ടീൽ രാമചന്ദ്ര ദാദാ ഒരിക്കൽ രോഗബാധിതനായി. ദുസ്സഹ മായ ശാരീരികവേദന അയാൾക്ക് സഹിക്കാൻ കഴിഞ്ഞില്ല.

46. എല്ലാ മരുന്നുകളും പരീക്ഷിച്ചിട്ടും, വേദന കുറഞ്ഞില്ല. അയാൾക്ക് ജീവിതം മടുത്തു. പാട്ടീൽ വളരെ ദുഃഖിതനായി.

47. അയാൾ ഇത്തരം മാനസികാവസ്ഥയിൽ കഴിയവെ, ഒരു അർധരാത്രി സമ യത്ത് ബാബ അയാളുടെ കിടക്കയുടെ ശിരോഭാഗത്ത് പ്രത്യക്ഷപ്പെട്ടു.

48. അപ്പോൾ പാട്ടീൽ അദ്ദേഹത്തിന്റെ പാദങ്ങൾ കൂട്ടിപ്പിടിച്ചുകൊണ്ട് പ്രാർത്ഥി ച്ചു. "എപ്പോഴാണ് മരണം എന്റെ അടുക്കൽ എത്തുക? ദയവായി അത് മാത്രം എന്നെ അറിയിക്കുക."

49. "എനിക്കിപ്പോൾ ജീവിതം മടുത്തിരിക്കുന്നു. മരണത്തെ ഞാൻ ഭയപ്പെടുന്നു മില്ല. മരണം എന്റെയടുത്ത് എത്താൻ വേണ്ടി മാത്രമാണ് ഞാൻ കാത്തിരി ക്കുന്നത്."

50. ദയാമൂർത്തിയായ ബാബ അപ്പോൾ പറഞ്ഞു: "വിഷമിക്കാതിരിക്കൂ. നിന്റെ ജീവിതത്തിന്റെ അപകടഘട്ടം കഴിഞ്ഞിരിക്കുന്നു. നീ എന്തിനാണ് അനാവ ശ്യമായി വിഷമിക്കുന്നത്?

51. "നിനക്ക് ഭയപ്പെടാൻ ഒന്നുമില്ല. നിന്റെ മരണത്തിന്റെ കൽപനാപത്രം തിരികെ അയയ്ക്കപ്പെട്ടുകഴിഞ്ഞു. പക്ഷേ രാമചന്ദ്രാ, താത്ത്യയുടെ സുരക്ഷയ്ക്ക് ഞാനൊരു സാദ്ധ്യതയും കാണുന്നില്ല.

52. "ശകവർഷം ആയിരത്തി എണ്ണൂറ്റി നാൽപതാം വർഷം, സൂര്യൻ ഉത്തരദിശ യിൽ നിന്ന് ദക്ഷിണദിശയിലേയ്ക്ക് സഞ്ചരിക്കുമ്പോൾ, അശ്വിനമാസത്തിലെ ശുക്ലപക്ഷത്തിലെ വിജയദശമി ദിനത്തിൽ താത്ത്യ സ്വർഗ്ഗീയവാസം നേടും.

53. "പക്ഷേ ഇത് അവനെ അറിയിക്കരുത്. അതറിയിച്ചാൽ അവൻ ദിനവും രാത്രിയും ദുഃഖിച്ചും ഉത്കണ്ഠപ്പെട്ടും കഴിയും. ആരും മരണം ഇഷ്ടപ്പെടു ന്നില്ല."

54. രണ്ട് വർഷങ്ങൾ മാത്രം കഴിഞ്ഞു. താത്ത്യയുടെ അന്ത്യം അടുക്കുകയായി രുന്നു. ബാബയുടെ വാക്കുകൾ എല്ലായ്പ്പോഴും സത്യവും ഇടിവെട്ട് പോലെ യുമായിരുന്നതിനാൽ രാമചന്ദ്ര വളരെ ഉത്കണ്ഠപ്പെട്ടു.

55. ഈ പ്രവചനം താത്ത്യയിൽ നിന്നും രഹസ്യമായി സൂക്ഷിക്കപ്പെട്ടു. പക്ഷേ ഇത് ആരോടും പറയരുതെന്നുള്ള ആത്മാർത്ഥമായ അപേക്ഷയോടെ ബാല ഷിംപിയോട് അയാൾ അത് വെളിപ്പെടുത്തി. അവർ രണ്ടുപേരും ഇപ്പോൾ അതോർത്ത് വിഷമിക്കാൻ തുടങ്ങി.

56. അപ്പോൾ മുതൽ രാമചന്ദ്രപാട്ടീൽ സുഖം പ്രാപിച്ചു. അയാൾ കിടക്ക വിട്ടെഴു ന്നേറ്റു. ദിവസങ്ങൾ ഓരോന്നായി കഴിയുകയും സമയം ശ്രദ്ധിക്കപ്പെടാതെ കഴിഞ്ഞുപോകുകയും ചെയ്തു.

57. ബാബയുടെ വാക്കുകളുടെ യാഥാർത്ഥികത ആശ്ചര്യകരമാണ്! ശകവർഷം

1840-ലെ ഭാദ്രപാദമാസം കഴിഞ്ഞ് അശ്വിനമാസം തുടങ്ങി. താത്ത്യ അസുഖ ബാധിതനാകുകയും ശയ്യാവലംബിയാകുകയും ചെയ്തു.

58. ഒരുവശത്ത് താത്ത്യ ജ്വരബാധയാൽ രോഗിയായി (ഗൃഹത്തിൽ), മറുവശത്ത് ബാബയും വിറയ്ക്കുകയായിരുന്നു. താത്ത്യയ്ക്ക് ബാബയുടെ മേൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. ബാബയുടെ രക്ഷകൻ ഈശ്വരനുമായിരുന്നു.

59. കിടക്ക വിട്ടെഴുന്നേറ്റ് ബാബയുടെ ദർശനത്തിനെത്താൻ താത്ത്യ അശക്ത നായിരുന്നു. അയാളുടെ ശാരീരികവേദന അതികഠിനവും ദുസ്സഹവുമായിരുന്നു.

60. സ്വയം ദുരിതബാധിതനായിരുന്നെങ്കിലും, അയാളുടെ മനസ്സ് ബാബയിൽ ഉറപ്പിച്ചിരുന്നു. അയാൾക്ക് അനങ്ങാനോ ശരീരം ചലിപ്പിക്കാനോ കഴിയാതെ വിഷമത അധികരിച്ചു.

61. മറുവശത്ത് ബാബയുടെ രോദനവും ഞരക്കങ്ങളും ദിവസം കഴിയുംതോറും കൂടിവന്നു. താമസിയാതെ രോഗം തെല്ലും കുറവില്ലാതെ അനിയന്ത്രിതമായി മാറി.

62. ബാബ പ്രവചിച്ച ദിനം അടുത്തു. ബാലഷിംപിയും രാമചന്ദ്രപാട്ടീലും ഭയം കൊണ്ടു വിറച്ചു.

63. അവർ പറഞ്ഞു: "ബാബ പറഞ്ഞത് തികച്ചും ശരിയായിരുന്നു. ഇപ്പോൾ അത് തീർച്ചയായി. ലക്ഷണങ്ങൾ തീരെ നന്നല്ല. വേദന കൂടുകയും ചെയ്യുന്നു."

64. ശുക്ലപക്ഷത്തിലെ പത്താം ദിവസം പുലർന്നു. താത്ത്യയുടെ നാഡിമിടിപ്പ് സാവധാനത്തിലായി. അയാൾ മരണത്തിലെന്നപോലുള്ള മയക്കത്തിലായിരുന്നു. അയാൾക്ക് ചുറ്റും കൂടിയിരുന്ന ബന്ധുജനങ്ങൾ ക്ഷീണിതരായി.

65. അപ്പോൾ ഒരു ആശ്ചര്യം സംഭവിച്ചു! താത്ത്യയുടെ ജീവന്റെ അപകടനില മാറി. താത്ത്യ ജീവിക്കുകയും ബാബ ഭൗതിക ദേഹം വെടിയുകയും ചെയ്തു. അദ്ദേഹം അയാളുമായി സ്ഥാനമാറ്റം നടത്തിയതുപോലെ തോന്നിച്ചു.

66. ഇപ്പോൾ ബാബയുടെ വാക്കുകൾ ഓർക്കുക. ബാബ താത്ത്യയുടെ പേര് ഉപയോഗിച്ചെങ്കിലും അദ്ദേഹം സമയബന്ധിതമായി തന്റെ സ്വന്തം വിടവാങ്ങലിന്റെ ഒരുക്കങ്ങളാണ് നടത്തിയിരുന്നത്.

67. അദ്ദേഹം സൂചനകൾ നൽകിയപ്പോൾ അത് ഭാവിയിലേയ്ക്ക് വെളിച്ചം കാട്ടുകയായിരുന്നുവെന്ന വസ്തുത നിഷേധിക്കാനാകാത്തതാണ്. പക്ഷേ ആ സംഭവം നടക്കുന്നതുവരെയും ആർക്കും അതിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞില്ല.

68. ബാബ അദ്ദേഹത്തിന്റെ സ്വന്തം ജീവിതം നൽകിക്കൊണ്ട് താത്ത്യയുടെ മരണം ഒഴിവാക്കിയതാണെന്ന് ജനങ്ങൾ പറയുന്നു. അദ്ദേഹത്തിന് മാത്രമേ യാഥാർത്ഥ്യം അറിയാൻ കഴിയൂ.

69. ബാബ അദ്ദേഹത്തിന്റെ ഭൗതികദേഹം വെടിഞ്ഞ ദിവസം രാത്രിയിൽ, സൂര്യോദയത്തിലെ പുലർവേളയിൽ, പന്ധർപൂരിൽ ദാസ്ഗനുവിന് ബാബ ഒരു സ്വപ്ന ദർശനം നൽകി.

70. “മസ്ജിദ് നിലംപതിച്ചിരിക്കുന്നു. ഷിർദിയിലെ പീടികക്കാരും എണ്ണക്കച്ചവട ക്കാരും എന്നെ ഒരുപാട് ബുദ്ധിമുട്ടിച്ചു. അതിനാൽ ഞാൻ ആ സ്ഥലം വിട്ട് പോകുകയാണ്.

71. “അതുകൊണ്ട് ഞാൻ ഇവിടെ എത്തി. എന്റെ ശരീരം ബഖ്വൽ പൂക്കൾ കൊണ്ട് മൂടുക. എന്റെ ഈ ആഗ്രഹം സാധ്യമാക്കിത്തരിക. പെട്ടെന്ന് ഷിർദി യിലേയ്ക്ക് വരിക.”

72. ആ സമയത്ത് ഷിർദിയിൽ നിന്നും അയക്കപ്പെട്ട ഒരു കത്തിൽ നിന്നും ബാബ യുടെ മഹാസമാധിയെക്കുറിച്ച് അയാൾ അറിഞ്ഞു. വാർത്ത അറിഞ്ഞയുട നെ, ഒരു നിമിഷം പോലും പാഴാക്കാതെ ദസ്ഗനു ഷിർദിയിലേയ്ക്ക് പുറപ്പെ ട്ടു.

73. അയാൾ തന്റെ എല്ലാ ശിഷ്യന്മാരെയും കൂട്ടി, സമാധിയുടെ മുമ്പിലെത്തി. ഉച്ചത്തിൽ ഈശ്വരകീർത്തനങ്ങളും ഭജനകളും തുടങ്ങി. അത് ദിവസം മുഴു വൻ തുടരുകയും ചെയ്തു.

74. ഈശ്വരനാമത്താൽ ഖചിതമായ മനോഹരമായ ഒരു പുഷ്പഹാരം സ്വന്തം കൈകളാൽ ഒരുക്കിയുണ്ടാക്കി, സ്നേഹത്തോടെ അത് നൈവേദ്യങ്ങളോ ടൊപ്പം സമാധിയിൽ അർപ്പിച്ചു.

75. ഈശ്വരനാമത്തിന്റെ തുടർച്ചയായ പ്രതിധ്വനിയിൽ, ഷിർദി ഒരു സ്വർഗ്ഗീയസ്ഥാ നംപോലെ തോന്നിച്ചു. അന്തരീക്ഷം മുഴുവൻ ഈശ്വരനാമസങ്കീർത്തനത്താൽ നിറയുകയും, ഗനുദാസ് എല്ലാവർക്കുമായി അത് സമൃദ്ധമായി വിളമ്പുകയും ചെയ്തു.

76. എന്തുകൊണ്ടാണ് ബാബ ദസറക്കാലം മാത്രം ഇഷ്ടപ്പെട്ടത്? വർഷത്തിലെ മൂന്ന് ശുഭദിനങ്ങളിൽ ഒന്നാണ് അത് എന്നതാണ് കാരണം. (മുഹൂർത്തമോ ശുഭശകുനമോ നോക്കേണ്ടതില്ലാത്ത ദിവസങ്ങൾ). യാത്ര തുടങ്ങാനായി ശുഭ മുഹൂർത്തം നോക്കാറുണ്ടെന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണ്.

77. ഇപ്രകാരം പറയുന്നത് ഉചിതമാകില്ല. ജനനമരണങ്ങൾക്കതീതനായ അദ്ദേ ഹത്തിന് എങ്ങനെയാണ് യാത്രയുണ്ടാകുക, അല്ലെങ്കിൽ അതിന് ശുഭമു ഹൂർത്തത്തിന്റെ ആവശ്യകത എന്താണ്?

78. മതങ്ങളുടെ ബന്ധനങ്ങളിൽപ്പെടാത്ത, സകല ആസക്തികളുടെ മേലും നിയ ന്ത്രണം നേടിയ, പ്രാണശക്തിയുടെ വിടുതൽ ഇല്ലാത്ത ഒരു വ്യക്തി – അദ്ദേ ഹത്തിനെ സംബന്ധിച്ചിടത്തോളം മരണം എന്താണ്?

79. ബ്രഹ്മൈവ സൻബ്രഹ്മയേതി[5]. ഈ വിവരണം സായി മഹാരാജിന് യോജിച്ച താണ്. അതിനാൽ അദ്ദേഹത്തിന് തുടക്കമോ ഒടുക്കമോ ഇല്ല. അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം നിര്യാണാവസ്ഥ എന്താണ്?

80. സൂര്യൻ ഉത്തരദിശയിലോ ദക്ഷിണദിശയിലോ സഞ്ചരിക്കുന്നതായി തോന്നി യാലും, ഒരു യാത്രയുടെ ആവശ്യമേ ഇല്ലാത്ത അദ്ദേഹത്തിന്, അദ്ദേഹം എവി ടെയാണോ അവിടെ വച്ച് പ്രാണശക്തി പരമാത്മാവിൽ ലയിക്കുന്നതിനാൽ, അത് വിളക്കിലെ ദീപനാളം അണഞ്ഞ് ഇരുട്ടാകുന്നതുപോലെയാണ്.

81. ശരീരമെന്നത് പഞ്ചഭൂതങ്ങളിൽ നിന്ന് കടംകൊണ്ടതാണ്. അതിന്റെ ദൗത്യം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞാൽ അത് അതേ മൂലകങ്ങളിൽ ലയിച്ചുചേരുന്നു.

82. സംഭവിക്കുവാൻ പോകുന്നതിന്റെ ഒരു സൂചന മുമ്പ് ബാബ ആശ്ചര്യകരമായ ഒരു രീതിയിൽ നൽകിയിരുന്നു. അമൂല്യമായ ആ കാലം കഴിഞ്ഞുവെങ്കിലും യശ്ശസ് നിലനിൽക്കുന്നു.

83. ജ്വരം ബാധിച്ചത് ഒരു മറവ് മാത്രമായിരുന്നു. സാധാരണ മനുഷ്യരെപ്പോലെ അദ്ദേഹം ഇടയ്ക്കിടയ്ക്ക് ഞരങ്ങുകയും മൂളുകയും ചെയ്തിരുന്നു. പക്ഷേ ആന്തരികമായി അദ്ദേഹം എല്ലായ്പ്പോഴും ശ്രദ്ധവാനും ബോധവാനുമായിരുന്നു.

84. രാവിലെ 9.30 നോ 10 നോ ശേഷം, നിര്യാണസമയമായപ്പോൾ, അദ്ദേഹം പൂർണ്ണബോധത്തോടെ സ്വയം എഴുന്നേറ്റിരുന്നു.

85. ബാബയെ അത്തരമൊരു അവസ്ഥയിൽ കണ്ടപ്പോൾ ജനങ്ങളുടെ മനസ്സിൽ ആശയുടെ തിരകളുയർന്നു. അപകടകരമായ അഥവാ ചീത്തസമയം കഴിഞ്ഞതായി ഏവർക്കും തോന്നി.

86. ഇത്തരത്തിൽ എല്ലാവരും ദുഃഖിതരും ഉത്കണ്ഠാകുലരുമായി ഇരിക്കവേ, ബാബയുടെ നിര്യാണസമയം അടുത്തു. അപ്പോൾ എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കുക.

87. നിര്യാണത്തിന് ഏതാനും നിമിഷങ്ങൾ മാത്രം അവശേഷിക്കവേ, അദ്ദേഹത്തിന്റെ മനസ്സിൽ എന്തായിരുന്നുവെന്ന് ആർക്കും അറിയാൻ കഴിഞ്ഞില്ല. അത് ദാനത്തിന് യോജിച്ച സമയമാണെന്ന് അറിഞ്ഞുകൊണ്ട് അദ്ദേഹം തന്റെ കഫ്നിയുടെ കീശയിൽ കൈയ്യിട്ടു.

88. ലക്ഷ്മി എന്ന് പേരായ വളരെ ധാർമ്മികനിഷ്ഠകളുള്ള ഒരു സ്ത്രീ, അവളുടെ പ്രവൃത്തികൾ അവളുടെ നാമത്തിന് യോജിച്ചതും അവൾ എല്ലായ്പ്പോഴും സായിയുടെ പാദങ്ങളിൽ ഭക്തയുമായിരുന്നു, അവൾ ആ സമയത്ത് അദ്ദേഹത്തിന്റെ സമീപത്തുണ്ടായിരുന്നു.

89. അദ്ദേഹത്തിന്റെ നിര്യാണസമയം ആസന്നമാണെന്ന് ഗ്രഹിച്ച ബാബ, വളരെ ശ്രദ്ധയോടെ കുറച്ച് പണം അവൾക്ക് ദാനം നൽകി.

90. മസ്ജിദിലെ ചില പണികളും സേവനങ്ങളും ചെയ്യുന്നതിനുവേണ്ടി ബാബയുടെ അരികിലെത്താറുള്ള അതേ ലക്ഷ്മിബായി ഷിൻഡെയായിരുന്നു അവൾ.

91. പകൽസമയങ്ങളിൽ ദർബാർ എല്ലാവർക്കും പ്രാപ്യമായിരുന്നു. സാധാരണയായി ആർക്കും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നില്ല. പക്ഷേ രാത്രികാലങ്ങളിൽ കണിശമായ ചിട്ടകളുണ്ടായിരുന്നു.

92. വൈകുന്നേരത്തെ സഞ്ചാരം കഴിഞ്ഞാൽ, കൂടിയിരിക്കുന്നവർ (മസ്ജിദിൽ നിന്നും) അവരവരുടെ ഗൃഹങ്ങളിലേയ്ക്ക് പോകുകയും, പിറ്റേന്ന് രാവിലെ സൂര്യോദയത്തിൽ മാത്രം മസ്ജിദിലേയ്ക്ക് മടങ്ങിവരികയും ചെയ്തിരുന്നു.

93. പക്ഷേ ഭഗത് മാലസപതി, ദാദാ (കേൽക്കാർ), ലക്ഷ്മി എന്നിവരുടെ ഭക്തിയെ കണക്കിലെടുത്ത്, രാത്രിയിൽ അവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നില്ല.

94. അതേ ലക്ഷ്മി ദിവസവും നിശ്ചിതസമയത്ത് വളരെ സ്നേഹത്തോടെ, ഭക്രികളും പച്ചക്കറികളും ബാബയ്ക്ക് എത്തിക്കുമായിരുന്നു. ഈ സേവനം പര്യാപ്തമായ തരത്തിൽ എങ്ങനെയാണ് വിവരിക്കുക.

95. ഭക്രി കൊടുത്തുവിടുന്ന പതിവിന്റെ തുടക്കത്തെക്കുറിച്ച് നിങ്ങൾ കേൾക്കുമ്പോൾ, ബാബയുടെ ഭൂതദയയും, നായകൾ, പന്നികൾ എന്നിവയുമായി അദ്ദേഹത്തിനുള്ള ഐക്യവും നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ വിസ്മയപ്പെടും.

96. ഒരു വൈകുന്നേരം ബാബ ചുവരിൽ ചാരി ഇരുന്നുകൊണ്ട്, അദ്ദേഹത്തിന്റെ വക്ഷസ്ഥലം കൈവരികളിൽ താങ്ങി സ്നേഹപൂർണ്ണമായ സംഭാഷണത്തിലേർപ്പെട്ടിരിക്കവേ, ലക്ഷ്മി അവിടെ വന്നു.

97. സമീപത്തായി താത്ത്യയും മറ്റുള്ളവരും ഉണ്ടായിരുന്നു. ലക്ഷ്മി ബാബയെ വന്ദിച്ചു. അപ്പോൾ ബാബ അവളോട് പറഞ്ഞു.

98. "ലക്ഷ്മീ, എനിക്ക് വിശക്കുന്നു." "ബാബാ, ഞാൻ പോയി ഭക്രി കൊണ്ടുവരാം. ഞാൻ ഉടൻ തന്നെ പോയി അതുമായി തിരികെ എത്താം."

99. ഇങ്ങനെ പറഞ്ഞുകൊണ്ട് അവൾ ഉടൻതന്നെ മടങ്ങിപ്പോയി. സമയം നഷ്ടപ്പെടുത്താതെ അവൾ കുറച്ച് ഭക്രികൾ പാകം ചെയ്ത് പച്ചക്കറികൾ, ചമ്മന്തി എന്നിവയോടൊപ്പം ബാബയ്ക്ക് മുമ്പിൽ കൊണ്ടുവച്ചു.

100. ബാബ പാത്രം എടുത്ത് മുഴുവനും അടുത്തുണ്ടായിരുന്ന നായയുടെ മുമ്പിൽ വച്ചു. "ബാബാ, അങ്ങ് എന്താണ് ചെയ്തത്?", ലക്ഷ്മി പെട്ടെന്ന് ആകാംക്ഷയോടെ ചോദിച്ചു.

101. "ഞാൻ വളരെ പെട്ടെന്ന് പോയി ഭക്രി പാകം ചെയ്തു കൊണ്ടുവന്നു. അങ്ങ് അത് നായയ്ക്ക് നൽകുന്നു! അങ്ങയുടെ ഈ പുതിയ രീതികൾ എന്താണ്?

102. "അങ്ങേയ്ക്ക് വിശക്കുന്നു എന്ന് അങ്ങ് പറഞ്ഞു. ഇത് എന്ത് തരത്തിലുള്ള ആശ്ചര്യകരമായ വിശപ്പാണ്? അതിൽ നിന്ന് ഒരു ചെറിയ കഷണം പോലും അങ്ങ് കഴിച്ചില്ല! അങ്ങ് എന്നെ അനാവശ്യമായി ബുദ്ധിമുട്ടിച്ചു."

103. അപ്പോൾ അവളോട് ബാബ പറഞ്ഞു: "നീ എന്തിനാണ് വെറുതെ ശുണ്ഠിയെടുക്കുന്നത്? ഈ നായയുടെ വിശപ്പ് ശമിപ്പിക്കുന്നത് എനിക്ക് തൃപ്തി വരുത്തുന്നതിന് തുല്യമാണ്. ഇത് ഓർക്കുക.

104. "ഈ നായയും ഒരു ജീവിയല്ലേ? എല്ലാ ജീവികളും ഒരേ തരത്തിലുള്ള വിശപ്പ് അനുഭവിക്കുന്നു. അത് മൂകനും, എനിക്ക് സംസാരിക്കാൻ കഴിയും എന്നുമുള്ളത് കൊണ്ട് രണ്ടുപേരും അനുഭവിക്കുന്ന വിശപ്പിന് എന്തെങ്കിലും വ്യത്യാസമുണ്ടാകുമോ?

105. "വിശന്ന് വലയുന്നവർക്ക് ആഹാരം നൽകുന്നവൻ, യഥാർത്ഥത്തിൽ എനിക്ക് ആഹാരം നൽകുകയാണ് ചെയ്യുന്നത്. ഇത് ഗ്രഹിക്കുകയും, ഇത് ഒരു പരമസത്യമാണെന്ന് അറിയുകയും ചെയ്യുക."

106. ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട വളരെ ലളിതമായ ഒന്നാണെങ്കിലും,

ഈ സംഭവം മുഴുവനും ആത്മീയമൂല്യമുള്ളതാണ്. അത്തരത്തിലുള്ള ഒരു ബോധനത്തിന് ബാബയുടെ സ്നേഹവും ദയയും ഉചിതമായ രീതിയിൽ ചേർന്നിരുന്നു.

107. ദൈനംദിനജീവിതത്തിലെ സംഭാഷണങ്ങളിലൂടെ, അദ്ദേഹം ആത്മീയഗുണ പാഠങ്ങൾ നൽകുകയുണ്ടായി. ആരുടെയും കുറ്റങ്ങളോ കുറവുകളോ ചൂണ്ടി ക്കാട്ടാതെ, അദ്ദേഹം തന്റെ എല്ലാ ഭക്തരെയും സന്തുഷ്ടരാക്കി.

108. അന്ന് മുതൽ, ആ ഉപദേശം അനുസരിച്ച്, ലക്ഷ്മി ദിനവും ഭക്രി ഉണ്ടാക്കി പാലിൽ പൊടിച്ചുചേർത്ത് സ്നേഹത്തോടെ അർപ്പിക്കാൻ തുടങ്ങി.

109. പിന്നീട് സ്നേഹത്തോടും ഭക്തിയോടും കൂടി ദിനവും അർപ്പിക്കപ്പെട്ട ആ ഭക്രി ബാബ കഴിച്ചുതുടങ്ങി. അതിന് എന്തെങ്കിലും താമസമുണ്ടാകുകയാ ണെങ്കിൽ അദ്ദേഹം അസ്വസ്ഥനാകുകയും, ഭക്ഷണം കഴിക്കുന്നതിൽ വിമു ഖത കാട്ടുകയും ചെയ്തിരുന്നു.

110. ലക്ഷ്മിയുടെ പക്കൽ നിന്നും ഭക്രി കിട്ടുന്നതിന് താമസം നേരിടുകയാണെ ങ്കിൽ, ഭക്ഷണസമയം കഴിഞ്ഞാലും മറ്റൊന്നും അദ്ദേഹം കഴിക്കുമായിരുന്നി ല്ല.

111. പാത്രത്തിൽ വിളമ്പിവച്ചിരുന്ന ആഹാരം തണുത്തിട്ടുണ്ടാകും. വിശന്നാലും അദ്ദേഹം കാത്തിരിക്കും. പക്ഷേ ലക്ഷ്മിയുടെ ഭക്രി എത്തുന്നതുവരെ അദ്ദേഹം മറ്റ് ആഹാരമൊന്നും കഴിക്കില്ല.

112. പിന്നീട് കുറച്ചുനാൾ കഴിഞ്ഞപ്പോൾ, ബാബ ദിവസവും ഉച്ചയ്ക്ക് ലക്ഷ്മി യോട് സേമിയ ആവശ്യപ്പെടുകയും അവൾ സമീപത്ത് ഇരിക്കുമ്പോൾ അത് കഴിക്കുകയും ചെയ്തിരുന്നു.

113. ബാബ വളരെ കുറച്ച് മാത്രം കഴിക്കുകയും, ശേഷിക്കുന്നത് ലക്ഷ്മി വശം രാധാകൃഷ്ണയ്ക്ക് കൊടുത്തുവിടുകയും ചെയ്തിരുന്നു. അവൾ വളരെ സ്നേഹത്തോടെ ആ ഉച്ഛിഷ്ടം കഴിച്ചിരുന്നു.

114. ദേഹത്യാഗത്തെക്കുറിച്ചുള്ള വിവരണത്തിനിടയ്ക്ക് ഇയാൾ എന്തിനാണ് ഭക്രി യെക്കുറിച്ച് അനുചിത കഥ പറയുന്നത്? ശ്രോതാക്കൾ ഇത് ചോദിക്കാതിരി ക്കട്ടെ. അത് ബാബയുടെ സർവ്വവ്യാപിത്വമാണ് സൂചിപ്പിക്കുന്നത്.

115. കാണുന്നതും കാണപ്പെടാത്തതുമായ സർവ്വതിലും സായി നിരന്തരം വർത്തി ക്കുന്നു. ഒപ്പം അതിന് ഉപരിയായ പരബ്രഹ്മവുമാണ്. ജനനമില്ലാത്തതും അന ശ്വരനുമായ ബ്രഹ്മമാണ് സായി.

116. ഇതാണ് ഈ കഥയുടെ സാരാംശം. അതുകൊണ്ടാണ് ലക്ഷ്മിയുടെ ഈ മധുരകഥയെക്കുറിച്ച്, ശ്രോതാക്കളുടെ നന്മയ്ക്ക് വേണ്ടി, യാദൃച്ഛികമായി എന്നെ ഓർമ്മപ്പെടുത്തിയതെന്ന് ഞാൻ വിശ്വസിക്കുന്നു.

117. അപ്പോൾ എങ്ങനെയാണ് സായിയ്ക്ക് ലക്ഷ്മിയുടെ ഭക്തിയോടെയുള്ള സേവ നങ്ങൾ മറക്കാൻ കഴിയുക? അദ്ദേഹം അത് എത്ര ആശ്ചര്യകരമായ രീതിയി ലാണ് ഓർത്തതെന്നുള്ള വിവരണം ആദരവോടെ കേൾക്കുക.

118. അദ്ദേഹം അന്ത്യശ്വാസത്തിന്റെ വക്കിലായിരുന്നെങ്കിലും, ശരീരം ക്ഷീണിതവും

ദുർബ്ബലവുമായിട്ടും, അന്ത്യസമയത്ത് ബാബ അദ്ദേഹത്തിന്റെ സ്വന്തം കൈകൾ കൊണ്ട് അവൾക്ക് ഒരു ദാനം നൽകി.

119. കീശയിൽ നിന്ന് ഒരു പ്രാവശ്യം അഞ്ചും, പിന്നീട് നാല് ഉറുപ്പികകളുമെടുത്ത്, അദ്ദേഹം അവ അവളുടെ കൈകളിൽ വച്ചു. ഇതായിരുന്നു ബാബയുടെ അവസാനത്തെ പ്രവൃത്തി.

120. അത് നവവിധഭക്തികളെ സൂചിപ്പിക്കുകയായിരുന്നോ, അതോ നവരാത്രി[6]കാലത്തെ അംബികാപൂജ അവസാനിച്ച് സീമാലംഘനം ആയതിനെ സൂചിപ്പിക്കുകയായിരുന്നോ? അത് സീമാലംഘനത്തിന്റെ ദക്ഷിണയായിരുന്നോ?

121. അതോ ശ്രീമദ് ഭാഗവതത്തിൽ ശ്രീകൃഷ്ണൻ ഉദ്ധവനോട് പറയുന്ന, ശിഷ്യന് ആവശ്യമായ ഒമ്പത് ഗുണങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണോ ബാബ നൽകിയത്?

122. ആത്മീയ പുരോഗതി നേടുന്നതിന് ഒരു ശിഷ്യൻ എങ്ങനെയാണ് പെരുമാറേണ്ടത് എന്നതിനെക്കുറിച്ചുള്ള മനോഹരമായ ഒരു വിവരണം പതിനൊന്നാം സ്കന്ധത്തിലെ പത്താമത്തെ അധ്യായം ആറാമത്തെ ഖണ്ഡികയിലുണ്ട്.

123. ആദ്യത്തെ പകുതിയിൽ അഞ്ച് ഗുണങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു, അടുത്തതിൽ നാല് മാത്രവും. ബാബ ഇതേ ക്രമം പിന്തുടർന്നതിനാൽ, അദ്ദേഹത്തിന് ഇതേ ഉദ്ദേശ്യമാണ് ഉണ്ടായിരുന്നതെന്ന് ഞാൻ ചിന്തിക്കുന്നു.

124. ഒരു ശിഷ്യൻ വിനീതനും, കഴിവുള്ളവനും, അസൂയ ഇല്ലാത്തവനും, നിസ്വാർത്ഥനും, വിരക്തനും, സദാ ഗുരുസേവയ്ക്ക് സന്നദ്ധനും, ആത്മീയ ജ്ഞാനം നേടാൻ തൽപരനും, സ്ഥിരചിത്തനുമായിരിക്കണം.

125. അവന് വെറുപ്പ് ഉണ്ടാകാൻ പാടില്ല, വാചാലതയും ഉണ്ടാകരുത്. ഇവയാണ് ഗുരുവിനെ പ്രീതിപ്പെടുത്താനുതകുന്ന ഗുണങ്ങൾ.

126. ഇത് മാത്രമായിരുന്നു ശ്രീസായിനാഥന്റെ ഉദ്ദേശ്യം. അത് അദ്ദേഹം ഈ രീതിയിൽ പ്രകടിപ്പിച്ചു. ദയാപരന്മാരായ ദിവ്യന്മാർ അവരുടെ സ്വന്തം ഭക്തരുടെ നന്മയ്ക്ക് വേണ്ടിയാണ് എല്ലായ്പ്പോഴും അത്തരത്തിൽ പ്രവർത്തിക്കുന്നത്.

127. ലക്ഷ്മി സമ്പന്നയായിരുന്നു. ഒമ്പത് നാണയങ്ങൾ അവൾക്ക് എന്തിനാണ്? ഈ തുകയുടെ അനേകം മടങ്ങുകൾ ദാനം ചെയ്യാൻ അവൾക്ക് കഴിയുമായിരുന്നു. എന്നിട്ടും ഈ ദാനം അവൾക്ക് വിലമതിക്കാനാകാത്തതായിരുന്നു!

128. അത്തരത്തിലുള്ള അനുഗ്രഹം ലഭിക്കാൻ അവൾ വളരെ ഭാഗ്യവതിയായിരുന്നു, സായിയുടെ സ്വന്തം കൈകളിൽ നിന്ന് ഒമ്പത് രത്നങ്ങൾ സ്വീകരിക്കാൻ അവൾക്ക് സാധിച്ചു.

129. ഒമ്പത് മാത്രമല്ല, ഒമ്പതിന്റെ അനേകം മടങ്ങുകൾ അവളുടെ കൈകളിലൂടെ കടന്നുപോകുമായിരിക്കും. പക്ഷേ അസാധാരണമായ ഈ സമ്മാനം, അവൾ മരിക്കുന്നതുവരെ സായിയുടെ ഓർമ്മ അവളിലുണ്ടാക്കും.

130. ദേഹത്യാഗത്തിനുള്ള സമയം അടുത്തിട്ടും, കൃത്യമായ ആലോചനയോടെ ആദ്യം അഞ്ചും പിന്നീട് നാലും എന്ന ക്രമത്തിൽ നൽകിക്കൊണ്ട്, അവൾ മരണം ഓർക്കുന്ന തരത്തിലുള്ള ഒരു സ്മരണ, അദ്ദേഹം അവൾക്ക് നൽകി.

131. അത്രയ്ക്ക് ജാഗ്രത പുലർത്തിക്കൊണ്ട്, അടുത്തുണ്ടായിരുന്നവരെയൊക്കെ അദ്ദേഹം ഊണ് കഴിക്കാനായി പറഞ്ഞുവിട്ടു. പക്ഷേ ഗ്രാമീണരിൽ നിന്ന് ഒന്നോ രണ്ടോ പേർ അടുത്ത് നിർത്തപ്പെട്ടു.

132. അദ്ദേഹത്തിന്റെ ഭക്തന്മാരിൽ കുറച്ചുപേർ, സമയം വളരെ നിർണ്ണായകമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ അടുത്തുതന്നെ കഴിയണമെന്ന് നിർബന്ധം പിടിച്ചിരുന്നു.

133. പക്ഷേ അന്ത്യനിമിഷങ്ങളിൽ, ഉചിതമായ സമയത്ത് അദ്ദേഹം അവരെയൊക്കെ പെട്ടെന്ന് പറഞ്ഞുവിട്ടു. അല്ലെങ്കിൽ അദ്ദേഹം സ്നേഹത്തിന്റെയും മമതയുടെയും കെട്ടുകളിൽ പെട്ടുപോകും.

134. അന്ത്യയാത്രയുടെ സമയം അടുത്തുവെന്ന് ഗ്രഹിച്ച ബാബ ബൂട്ടി, കാക്കാ തുടങ്ങിയവരോടായി ഇപ്രകാരം പറഞ്ഞു: "പോകൂ, വാഡയിലേയ്ക്ക് പോയി ഊണ് കഴിച്ചശേഷം തിരികെ വരിക."

135. മറ്റുള്ളവരുടെ ഉത്കണ്ഠയും വിഷമവും കണ്ടപ്പോൾ ബാബ സ്വയം അസ്വസ്ഥനായി. "പോകൂ, പോയി ആഹാരം കഴിച്ചശേഷം തിരികെ വരിക. ഇപ്പോൾ തന്നെ പോകൂ," എന്ന് അദ്ദേഹം എല്ലാവരോടും നിർദ്ദേശിച്ചു.

136. ഇവരൊക്കെ അദ്ദേഹത്തിന്റെയൊപ്പം രാപകൽ കഴിഞ്ഞിരുന്ന ദൈനംദിനകൂട്ടാളികളും സന്ദർശകരുമായിരുന്നു. അവർ വളരെ ദുഃഖിതരായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പോകാനായി അവർ എഴുന്നേറ്റു.

137. ആ സമയത്ത് അദ്ദേഹത്തിന്റെ സമീപത്ത് നിന്ന് പോകാനോ, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കാനോ അവർക്ക് കഴിഞ്ഞില്ല. ബാബയുടെ ആഗ്രഹങ്ങൾക്ക് എതിരായി പ്രവർത്തിക്കാൻ അവർക്ക് കഴിഞ്ഞില്ല. അതിനാൽ അവർ ഉച്ചഭക്ഷണത്തിനായി വാഡയിലേയ്ക്ക് പോയി.

138. അവരുടെ ദുഃഖം സഹിക്കാൻ കഴിയാത്തതായിരുന്നു. എങ്ങനെയാണ് അവർക്ക് ഉച്ചഭക്ഷണമോ മറ്റെന്തെങ്കിലുമോ കഴിക്കാൻ സാധിക്കുക! അവരുടെ ഹൃദയങ്ങൾ ബാബയോടൊത്തായിരുന്നു. ഒരു നിമിഷം പോലും അദ്ദേഹത്തെ മറക്കാൻ അവർക്ക് കഴിഞ്ഞില്ല.

139. എന്നിട്ടും അവർ പോയി ഊണ് കഴിക്കാനായി ഇരുന്നു. പക്ഷേ ഉടൻ തന്നെ അവർ മടക്കി വിളിക്കപ്പെട്ടു. ഊണ് കഴിക്കുന്നത് പൂർത്തിയാക്കാതെ അവർ തിരികെ ഓടി. പക്ഷേ അവർക്ക് അദ്ദേഹത്തെ കാണാൻ സാധിച്ചില്ല.

140. ജീവിതകാലത്തിന്റെ എണ്ണ കഴിഞ്ഞപ്പോൾ പ്രാണന്റെ ദീപം അണഞ്ഞു. ബായാജിയുടെ (അപ്പാകോത്ത്യേ) മടിയിൽ ശരീരം വിശ്രമിക്കുകയായിരുന്നു.

141. അദ്ദേഹം നിലത്ത് വീഴുകയോ, അദ്ദേഹത്തിന്റെ കിടക്കയിൽ കിടക്കുകയോ ആയിരുന്നില്ല. പക്ഷേ ശാന്തമായി അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ ഇരുന്ന്, അദ്ദേഹത്തിന്റെ സ്വന്തം കൈകൾ കൊണ്ട് ദാനം ചെയ്തുകൊണ്ട് അദ്ദേഹം തന്റെ ഭൗതികദേഹം വെടിയുകയാണ് ഉണ്ടായത്.

142. സമർത്ഥരുടെ മനസ്സറിയാനോ, ഹൃദയത്തിന്റെ രഹസ്യം മനസ്സിലാക്കാനോ ആർക്കും കഴിഞ്ഞില്ല. പെട്ടെന്നുതന്നെ അദ്ദേഹം ജീവത്യാഗം ചെയ്ത് പരമാ

ത്മാവിൽ ലയിച്ചു.

143. മായയിൽ നിന്ന് ശരീരമാകുന്ന വസ്ത്രം ധരിച്ച്, ദിവ്യന്മാർ ഈ ലോകത്തിലെത്തുന്നു. ജനങ്ങളെ ഉദ്ധരിക്കുക എന്ന കർത്തവ്യം പൂർത്തിയായാലുടൻ, അവർ നിരാകാരത്തിൽ ലയിക്കുന്നു.

144. ഒരു നടൻ പല വേഷങ്ങൾ അഭിനയിക്കുമെങ്കിലും, അവന്റെ സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് ബോധവാനായിരിക്കും. അവതാരപുരുഷന്മാർ അവരുടെ ദൗത്യ നിർവ്വഹണത്തിനുശേഷം അവരുടെ സ്വന്തം സ്വത്വം വീണ്ടെടുക്കുന്നു. മരണം എന്നത് അവർക്ക് എന്താണ്?

145. മനുഷ്യരുടെ ക്ഷേമത്തിനായി അവതരിക്കുന്നവർ കർത്തവ്യം പൂർത്തിയായി കഴിഞ്ഞാൽ അവതാരം അവസാനിപ്പിക്കുന്നു. സ്വന്തം ദൈവികലീലകളാൽ രൂപം നേടുന്നവർ ജനനമരണങ്ങൾ കൊണ്ട് ബന്ധിതരാണോ?

146. പരമാത്മാവിന്റെ യശസ്സായ അദ്ദേഹത്തിന് മരണത്തിന് സാധ്യതയുണ്ടോ? വൈരാഗ്യത്തിന്റെ മൂർത്തരൂപമായ അദ്ദേഹത്തിന് അസ്തിത്വവും അസ്തിത്വമില്ലായ്മയും ബാധകമാണോ?

147. പ്രത്യക്ഷത്തിൽ അദ്ദേഹം കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നതായി തോന്നുമെങ്കിലും, അദ്ദേഹം ഒരിക്കലും ഒന്നും ചെയ്യുന്നില്ല. അഹംബോധമില്ലാത്തതിനാൽ, ഏതൊരു കർമ്മം ചെയ്യുമ്പോഴും, അത് ചെയ്യുന്നത് താനല്ല എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

148. "കർമ്മം അതിന്റെ ഫലം അനുഭവിക്കാതെ അവസാനിക്കുകയില്ല." കർമ്മത്തിന്റെ സാരാംശമായി സ്മൃതികൾ അർത്ഥമാക്കിയിട്ടുള്ളത് ഇതാണ്. ബ്രഹ്മനെ അറിയുന്നവന് വിഭ്രമം ഉണ്ടാകില്ല, എന്തുകൊണ്ടെന്നാൽ അവൻ എല്ലാ വസ്തുക്കളിലും ബ്രഹ്മനെ ദർശിക്കുന്നു.

149. കർമ്മങ്ങളിൽ നിന്നുമാണ് കർമ്മഫലം ഉളവാകുന്നത്. ഈ ദ്വൈതഭാവം പരക്കെ അറിയാവുന്നതാണ്. പക്ഷേ ബ്രഹ്മജ്ഞാനി അതും ബ്രഹ്മമാണെന്ന് വിശ്വസിക്കുന്നു, മുത്തുച്ചിപ്പിയിൽ വെള്ളിയെ കാണുന്നതുപോലെ.

150. സ്നേഹമയിയായ ഒരു മാതാവിനെപ്പോലുള്ള ബാബ എങ്ങനെയാണ് മരണത്തിന് ഇരയാകുന്നത്? അത് പകലിനെ ഇരുണ്ട രാത്രി ഗ്രസിക്കുന്നതിന് സമാനമാണ്.

151. ഇപ്പോൾ ഈ അധ്യായം ഇവിടെ അവസാനിപ്പിക്കാം. മാസം തോറും പതിവായുള്ള ഗഡുക്കൾ ഓർമ്മയിൽ വച്ചിട്ടുള്ളതിനാൽ, ഞാൻ ദീർഘിപ്പിക്കുകയാണെങ്കിൽ ശ്രോതാക്കൾ അസ്വസ്ഥരും ക്ഷീണിതരുമാകും.

152. അദ്ദേഹത്തിന്റെ ജീവത്യാഗത്തെക്കുറിച്ച് ബാക്കിയുള്ള കഥ ശ്രോതാക്കൾക്ക് ഉചിതമായ സമയത്ത് ശ്രവിക്കാൻ കഴിയും. ഹേമദ് സായിസമർത്ഥന് സ്വയം സമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ കൃപയാൽ അവന് ക്ഷേമം നേടാൻ കഴിഞ്ഞു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ നാൽപത്തിരണ്ടാം അധ്യായം "സായിനാഥ്

ഭൗതിക ദേഹം വെടിയുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. സൂര്യൻ ഉത്തരദിശയിൽ നിന്ന് ദക്ഷിണദിശയിലേയ്ക്ക് സഞ്ചരിക്കുന്നു, അർദ്ധവാർഷിക കാലം.
2. തിഥി – രണ്ട് സൂര്യോദയങ്ങൾക്കിടയിലുള്ള കാലമാണ്, ഭാരതകാലഗണനാ ക്രമത്തിൽ ഒരു ദിവസമായി കരുതപ്പെടുന്നത്.
3. ദസറ ഉത്സവകാലത്ത് അതിർത്തി കടക്കുന്ന ചടങ്ങ്.
4. ഭൃഗുവിന്റെ ഗോത്രത്തിൽപ്പെട്ടതും പരശുരാമന്റെ പിതാവും പണ്ഡിതനുമായിരുന്ന ഒരു ഋഷി. വളരെ കോപാകുലമായ സ്വഭാവമായിരുന്നു.
5. ആഗ്രഹങ്ങളില്ലാത്തവന്, കർമ്മഫലങ്ങളുമുണ്ടാകില്ല. അതിനാൽ അയാൾ പുനർജ്ജനിക്കുന്നില്ല. അതിനാൽ അയാളുടെ പ്രാണശക്തി ഉപേക്ഷിക്കപ്പെടുന്നില്ല. ഈ ലോകത്ത് അത്തരമൊരു മനുഷ്യൻ ബ്രഹ്മന് തുല്യമാണ്. അയാൾ ബ്രഹ്മപദം നേടുന്നു.
6. ദുർഗ്ഗാദേവി (അംബിക) അശ്വിനമാസത്തിലെ ഒമ്പത് ദിനങ്ങളിൽ പൂജിക്കപ്പെടുന്നു.

# 43

# സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. കഴിഞ്ഞ അധ്യായത്തിൽ സായിസമർത്ഥ ദിവ്യൻ ഭൗതികദേഹം വെടിഞ്ഞതിന്റെ വിവരണം നൽകിയിരുന്നു. അപൂർണ്ണമായി അവശേഷിച്ചത് ഇപ്പോൾ പൂർത്തിയാക്കുന്നതാണ്.
2. എനിക്ക് സായിയോടുള്ള അനുപമമായ സ്നേഹം ഉജ്ജ്വലിപ്പിക്കുന്നത് സമർത്ഥൻ തന്നെയാണ്. ഹേമദ് അദ്ദേഹത്തിന്റെ പാദങ്ങളിൽ അഭയം തേടിക്കൊണ്ട് കഥ പറയുകയാണ്.
3. ഭക്തിയോട് ഇഷ്ടം തോന്നിക്കുന്നതും അദ്ദേഹമാണ്. കഥകളുടെ മഹത്വം വർദ്ധിപ്പിക്കുന്നതും അദ്ദേഹമാണ്. ഭജനകളിലൂടെയുള്ള ആരാധന പ്രൗഢമാകുകയും ലൗകിക ജീവിതത്തോട് വിരക്തി ഉണ്ടാകുകയും ചെയ്യുന്നത് അദ്ദേഹം കാരണമാണ്.
4. അതിനാൽ എന്റെ ആത്മാവും ഹൃദയവും കൊണ്ട് ഞാൻ എണ്ണമറ്റ തവണകൾ അദ്ദേഹത്തെ നമസ്കരിക്കുന്നു. ധ്യാനത്തിലൂടെ എനിക്ക് അദ്ദേഹത്തിന്റെ ശ്രേഷ്ഠത പൂർണ്ണമായും മനസ്സിലാക്കാൻ കഴിയില്ല. അത് സമ്പൂർണ്ണമായ അർപ്പണത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ.
5. പാപങ്ങളുടെ മാലിന്യക്കൂമ്പാരം പൂർണ്ണമായും കഴുകിക്കളയാനും ആത്മശുദ്ധി നേടുന്നതിനും മറ്റ് മാർഗ്ഗങ്ങൾ നിഷ്ഫലമാണ്.
6. ആത്മശുദ്ധി നേടാൻ വേണ്ടി, ഈശ്വരഭക്തന്മാർ നേടിയ ശ്രേയസ്സിനെക്കുറിച്ച് ഓർക്കുകയും, ആ ശ്രേയസ്സിനെക്കുറിച്ച് ഭജനകളും കീർത്തനങ്ങളും ചെയ്യുന്നതിനേക്കാൾ ലളിതമായ മറ്റൊരു മാർഗ്ഗമില്ല.
7. അത് അങ്ങനെയാകട്ടെ. കഴിഞ്ഞ അധ്യായത്തിൽ വിവരിച്ച കഥ ഓർത്തെടുത്ത്, നമുക്ക് അത് വിചിന്തനം ചെയ്യാം. എന്നിട്ട് സായി പരമാത്മചൈതന്യത്തിൽ വിലയം പ്രാപിച്ചതിനെക്കുറിച്ചുള്ള വിവരണം നമുക്ക് തുടരാം.
8. വിജയദശമി ദിനത്തിൽ ഭൗതിക ദേഹം വെടിയാനുള്ള കാരണവും താത്ത്യയുടെ മറവിൽ ഭാവിയെക്കുറിച്ചുള്ള സൂചന നൽകിയത് എങ്ങനെയെന്നും കഴിഞ്ഞ അധ്യായത്തിൽ വിവരിക്കുകയുണ്ടായി.
9. കൂടാതെ ശരീരം വെടിയുന്നതിന് തൊട്ടുമുമ്പ്, ധാർമ്മികാചാരങ്ങൾക്കനുസൃതമായി അദ്ദേഹം ലക്ഷ്മിക്ക് ദാനം നൽകിയതും വിശദമായി വിവരിക്കുകയുണ്ടായി.

10. ഇപ്പോൾ ഈ അധ്യായത്തിൽ, ദേഹത്യാഗസമയം അടുക്കാറായപ്പോൾ സ്വന്തം ക്ഷേമത്തിന് വേണ്ടി സായി എങ്ങനെയാണ് ഒരു ബ്രാഹ്മണനെക്കൊണ്ട് രാമായണം പാരായണം ചെയ്യിച്ച് ശ്രവിച്ചതെന്ന് ഞാൻ വിവരിക്കുന്നതാണ്.

11. കൂടാതെ, സമാധിക്കുള്ള സ്ഥാനം തെരഞ്ഞെടുത്തത് എങ്ങനെ എന്നും എങ്ങനെയാണ് അപ്രതീക്ഷിതമായി ഇഷ്ടിക താഴെ വീണതെന്നും വിവരിക്കുന്നതാണ്. അത് ആദരവോടെ ശ്രവിക്കുക.

12. ഒരിക്കൽ അദ്ദേഹം മൂന്ന് ദിവസങ്ങൾ തന്റെ പ്രാണശക്തി മുകളിലേയ്ക്ക് ഉയർത്തുകയുണ്ടായി (സമാധി അവസ്ഥ). അത് എങ്ങനെയാണ് സമാധി അവസ്ഥ എന്ന് പറയുക? അത് ശരീരം വെടിഞ്ഞതാണെന്ന് ജനങ്ങൾക്ക് തീർച്ചയായിരുന്നു.

13. മരണാനന്തര ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ നടത്തവേ, അപ്രതീക്ഷിതമായി ബാബയ്ക്ക് ചേതനയുണ്ടാകുകയും ജനങ്ങൾ സ്തബ്ധരാകുകയും ചെയ്തു! അതൊക്കെ എങ്ങനെയാണ് സംഭവിച്ചതെന്ന് കേൾക്കുക.

14. ദേഹത്യാഗത്തെക്കുറിച്ചുള്ള കഥ കേൾക്കുമ്പോൾ ശ്രോതാക്കൾ അസ്വസ്ഥരാകും. അത്തരത്തിലുള്ള കഥ കേൾക്കാൻ ആർക്കും ഇഷ്ടമുണ്ടാകില്ല.

15. പക്ഷേ ഈ ശ്രേഷ്ഠദിവ്യന്റെ ദേഹത്യാഗത്തെക്കുറിച്ചുള്ള കഥ ശ്രവിക്കുന്നത് ശ്രോതാക്കളെയും വിവരണകർത്താവിനെയും ശുദ്ധീകരിക്കും. അത് ദീർഘമാണെന്നുള്ളതിനാൽ നിങ്ങൾക്ക് തൃപ്തിയാവോളം പല ഭാഗങ്ങളായി അത് ശ്രവിക്കുക.

16. ശരീരം വെടിഞ്ഞതിനാൽ, അദ്ദേഹത്തിന്റെ സാമീപ്യം നഷ്ടമായി. പക്ഷേ അദ്ദേഹത്തിന് അതൊരു പരമാനന്ദാവസ്ഥയായിരുന്നു. വീണ്ടും ഒരു ജനനമില്ലാത്ത ശാശ്വതമായ അവസ്ഥ ബാബ നേടി.

17. അദ്ദേഹം ഭൗതിക ദേഹത്തിൽ വർത്തിച്ചപ്പോൾ ദൃഷ്ടിക്ക് ദൃശ്യമായിരുന്നു, ദേഹത്യാഗത്തിനുശേഷം അദ്ദേഹത്തെ കാണാൻ കഴിയാതെയായി. ഒരു നിശ്ചിത സ്ഥലത്തെ നിശ്ചിത ദൗത്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അവതാരം അവസാനിച്ചു. പക്ഷേ അദ്ദേഹം സർവ്വവ്യാപിയായി എല്ലായിടത്തും വർത്തിച്ചിരുന്നു.

18. ഒരു പ്രത്യേക സ്ഥലത്ത് ബന്ധിക്കപ്പെട്ടിരുന്ന അവസ്ഥയിൽ നിന്ന് അദ്ദേഹം മുക്തനായി, സർവ്വവ്യാപിയായി മാറി. അദ്ദേഹം തീർത്തും അനശ്വരനായി പരമാത്മാവിൽ ലയിച്ചു.

19. എല്ലാവരുടെയും ജീവിതത്തിന്റെ ഉദ്ദേശ്യം സായിയായിരുന്നു. സായി ഇല്ലാതെ ഗ്രാമീണർ വളരെ ദുഃഖിതരായി.

20. അദ്ദേഹത്തിന്റെ ദേഹം ചേതനയറ്റപ്പോൾ, അവിടെയെങ്ങും വേദനയോടെയുള്ള നിലവിളികൾ ഉയർന്നു. വൃദ്ധരും ചെറുപ്പക്കാരും ദുഃഖത്താൽ സ്വയം ജീവനില്ലാത്ത പോലെ കാണപ്പെട്ടു.

21. സാധാരണ മനുഷ്യരെ ബാധിക്കുന്ന ജ്വരം തുടങ്ങിയ രോഗങ്ങൾ ദിവ്യന്മാരെയും സിദ്ധന്മാരെയും അനാവശ്യമായി ശല്യപ്പെടുത്താറില്ല.

22. ദിവ്യന്മാർ അവരുടെ സ്വന്തം പ്രഭ കൊണ്ട് അവരുടെ ദേഹങ്ങൾ ഇല്ലാതാക്കുന്നു. ബാബയും അദ്ദേഹത്തിന്റെ സ്വന്തം കൈകൾ കൊണ്ട് ഇത് ചെയ്തു.

23. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു! മഹാരാജ് പരമാത്മചൈ

തന്യത്തിൽ ലയിച്ചു. ജനങ്ങൾ ദുഃഖിതരായി തേങ്ങുകയും അലമുറയിടുകയും ചെയ്തു.

24. 'ഞാൻ പോകാതിരുന്നെങ്കിൽ നന്നായിരുന്നു. അവസാന നിമിഷങ്ങളിൽ അദ്ദേഹത്തെ കാണാൻ എനിക്ക് കഴിഞ്ഞില്ല. ഞാൻ ആ സമയത്ത് അവിടെ ഉണ്ടായിരുന്നെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രയോജനമുണ്ടാകുമായിരുന്നു. ആവശ്യമായ സമയത്ത്, ശരിയായ രീതിയിൽ എന്റെ ബുദ്ധി പ്രവർത്തിച്ചില്ല.'

25. ഇതുപോലുള്ള ചിന്തകളുമായി, ഇത്തരത്തിൽ എല്ലാവരും ദുഃഖിതരായി. എന്തായിരുന്നു ബാബയുടെ മനസ്സിലെന്ന് ആർക്കാണ് ഗ്രഹിക്കാൻ കഴിയുക?

26. മരണസമയത്ത് കഫം കുറുകലോ, ശ്വാസത്തിന് ബുദ്ധിമുട്ടലോ ഉണ്ടായിരുന്നില്ല. ചുമയോ വിറയലോ മറ്റ് ശാരീരിക പ്രയാസങ്ങളോ ഉണ്ടായിരുന്നില്ല. അദ്ദേഹം ശാന്തമായി അനായാസം ജീവൻ വെടിഞ്ഞു.

27. 'ഇനി ഇപ്പോൾ സായിദർശനം ഉണ്ടാകുമോ?, സായിയുടെ ചരണസേവയോ, തീർത്ഥപാനമോ ഉണ്ടാകുമോ?'

28. ദേഹത്യാഗത്തിനുള്ള സമയം അടുത്തു എന്നറിഞ്ഞപ്പോൾ സ്നേഹമുള്ള ഭക്തർ വളരെ അടുത്തുണ്ടായിട്ടും എന്തുകൊണ്ടാണ് അവരെ മടക്കി അയച്ചത്? എന്തുകൊണ്ടാണ് അവർക്ക് ഈ ഉത്കണ്ഠ നൽകിയത്?

29. പ്രിയപ്പെട്ട ഭക്തവൃന്ദം അടുത്തുണ്ടെന്ന് കണ്ട് ദേഹത്യാഗസമയത്ത് ബാബയുടെ ഹൃദയത്തിൽ അവരോടുള്ള സ്നേഹം അധികരിച്ചിട്ടുണ്ടാകുമോ?

30. മമതയുടെ ബന്ധനങ്ങൾ മുക്തിക്ക് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു. അവ ശരിയായ സമയത്ത് അറുത്ത് മാറ്റിയില്ലെങ്കിൽ മനസ്സിന് എങ്ങനെ ആഗ്രഹരഹിതമാകാൻ കഴിയും?

31. അത് സംഭവിക്കാതെ മരണം എത്തുകയും ഈ ആഗ്രഹങ്ങളോടും മമതകളോടും കൂടി പ്രാണൻ വെടിയുകയും ചെയ്യുകയാണെങ്കിൽ, മമതകളുടെ പ്രവാഹത്തോട് കൂടിയുള്ള മറ്റൊരു അസ്തിത്വചക്രം ഉടൻ ആരംഭിക്കും.

32. അത് ഒഴിവാക്കാൻ വേണ്ടി ദിവ്യന്മാരും ശ്രേഷ്ഠന്മാരും എല്ലായ്പ്പോഴും ജാഗരൂകരാണ്. അവരുടെ ഇടയിൽ പതിവുള്ള ഈ മുറ ആചരിക്കണമെന്നുള്ളത് മാത്രമായിരുന്നു ബാബയുടെ നിശ്ചയം.

33. അവസാന നിമിഷങ്ങളിൽ ഒരുവൻ ഇതേക്കുറിച്ച് ശ്രദ്ധവാനായിരിക്കണം. ശാന്തിയും ഏകാന്തതയും ആവശ്യമാണ്. ഒപ്പം ഇഷ്ടദേവതയുടെ രൂപം ഇതരവിചാരങ്ങളില്ലാതെ മനസ്സിൽ ഉറപ്പിച്ച് നിർത്തണം.

34. "ഒരുവൻ അവന്റെ അവസാന നിമിഷ ചിന്തകൾക്കനുസൃതമായാണ് പുനർജ്ജനിക്കുന്നത്", എന്നത് പരക്കെ അറിയപ്പെടുന്ന വസ്തുതയാണ്. ഈ പതിവ് ആചാരം ദിവ്യന്മാർ സ്വയം പ്രവർത്തിച്ചുകാട്ടുന്നു.

35. ബാബയുടെ മരണത്തിന് പതിനാല് ദിവസങ്ങൾ മാത്രം അവശേഷിക്കവേ, രാമവിജയം പാരായണം ചെയ്യാൻ ബാബ വേസിനോട് ആവശ്യപ്പെട്ടു.

36. വേസ് മസ്ജിദിലിരുന്നുകൊണ്ട് ദിവ്യഗ്രന്ഥപാരായണം തുടങ്ങി. ബാബ അത് ശ്രവിക്കാൻ തുടങ്ങി. അങ്ങനെ എട്ട് ദിനങ്ങൾ പിന്നിട്ടു.

37. അപ്പോൾ ഗ്രന്ഥം തുടർച്ചയായി പാരായണം ചെയ്യാൻ ബാബ നിർദ്ദേശിച്ചു. അതിനാൽ മൂന്ന് പകലുകളും രാത്രികളും വേസ് ആ രീതിയിൽ പാരായണം

തുടർന്നു.

38. അയാൾ പതിനൊന്ന് ദിവസങ്ങൾ പാരായണം ചെയ്തു. പിന്നീട് അയാൾക്ക് ക്ഷീണവും തളർച്ചയും തോന്നി. പാരായണത്താൽ അയാൾക്ക് അവശത തോന്നി. ഇത്തരത്തിൽ മൂന്ന് ദിവസങ്ങൾ കടന്നുപോയി.

39. അപ്പോൾ ബാബ എന്താണ് ചെയ്തത്? അദ്ദേഹം പാരായണം നിർത്തിവച്ചു. അദ്ദേഹം വേസിനെ അവിടെ നിന്ന് മടക്കി അയയ്ക്കുകയും ശാന്തനായി ഇരിക്കുകയും ചെയ്തു.

40. വേസിനെ മടക്കി അയയ്ക്കാനുള്ള കാരണം ശ്രോതാക്കൾ ചോദിച്ചേക്കാം. എന്റെ കഴിവിന് അനുസരിച്ച് ഞാൻ വിശദമാക്കുന്നത് എന്താണെന്ന് കേൾക്കുക. അത് ശ്രദ്ധയോടെ കേൾക്കുക.

41. അന്ത്യസമയമടുക്കുമ്പോൾ ധാർമ്മികഗ്രന്ഥങ്ങളുടെ പാരായണം ശ്രവിക്കുക എന്നത് ദിവ്യന്മാരുടെയും ശ്രേഷ്ഠന്മാരുടെയും വിവേകികളായ ജനങ്ങളുടെയും പതിവാണ്.

42. ശുകദേവ[1] ആചാര്യൻ മഹാഭാഗവതം ഏഴ് ദിവസങ്ങൾ കൊണ്ട് രാജാപരീക്ഷിത്തിനെ[2] കേൾപ്പിക്കുകയും അദ്ദേഹം സന്തുഷ്ടിയോടെ മരണം വരിക്കുകയും ചെയ്തു.

43. ഈശ്വരലീലകൾ കേട്ടുകൊണ്ട്, ഈശ്വരന്റെ രൂപം കണ്ണുകൾക്ക് മുമ്പിൽ നിർത്തി ഒരുവൻ മരണമടയുകയാണെങ്കിൽ അയാൾ ആത്യന്തികലക്ഷ്യം നേടിയിരിക്കും.

44. ഇത് സാധാരണയായുള്ള പതിവാണ്. ദിവ്യന്മാർ അത് തീർത്തും അനുഷ്ഠിക്കാറുണ്ട്. ആചാരങ്ങൾക്ക് അവർ മുടക്കം വരുത്താറില്ല. കാരണം അവർ അത് സംരക്ഷിക്കാൻ വേണ്ടി അവതരിച്ചവരാണ്.

45. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തെ കണക്കിലെടുക്കാത്തവർക്ക് മരണസമയത്ത് വേദനയോ ദുഃഖമോ ഉണ്ടാകുന്നില്ല. അവർക്ക് ഇത് സ്വാഭാവികമായ ഒരു പ്രക്രിയ മാത്രമാണ്.

46. അത് അങ്ങനെയാകട്ടെ. പരമാനന്ദത്തിൽ മുഴുകിക്കഴിയുന്ന മനുഷ്യരെ മിഥ്യാധാരണകളും അത്യാഗ്രഹവും ശല്യപ്പെടുത്താറുണ്ടോ എന്ന് ശ്രോതാക്കൾ സംശയിച്ചേക്കാം! എങ്ങനെയാണ് ഒരുവന് ഇപ്രകാരം ചിന്തിക്കാൻ പോലും കഴിയുന്നത്?

47. ആത്മനിൽ മുഴുകി സദാ 'അള്ളാ മാലിക്' എന്ന് ഉരുവിട്ടിരുന്ന ഒരു വ്യക്തി, ഭക്തരുടെ സാമീപ്യത്തിന്റെ ബന്ധനത്തിൽ അകപ്പെടുമോ?

48. അദ്ദേഹം ലൗകികജീവിതം അതിജീവിച്ചവനാണ്. അദ്ദേഹത്തിന്റെ ആത്മീയത മാത്രം അവശേഷിച്ചു. അദ്ദേഹത്തിന് ദ്വന്ദ്വഭാവം ഉണ്ടായിരുന്നില്ല. അദ്ദേഹം പരമാത്മാവുമായി ഐക്യത്തിലായി.

49. ഞാൻ നിങ്ങളോട് പറയുന്നതെല്ലാം അക്ഷരംപ്രതി സത്യം മാത്രമാണ്. ജനങ്ങളുടെ ക്ഷേമത്തിനായി അവതാരം എടുത്ത്, അവരുടെ ദൗത്യം പൂർണ്ണമായി എന്ന് അറിയുമ്പോൾ ദിവ്യന്മാർ കൃതാർത്ഥരാകുന്നു.

50. ആറ് ആസക്തികളാകുന്ന ദുർഗുണങ്ങളിൽ നിന്നും ദിവ്യന്മാർ മുക്തരാണ്. അവർ നമ്മുടെ കണ്ണുകൾക്ക് അദൃശ്യമായി എല്ലായ്പ്പോഴും സന്നിഹിതരാണ്. ഭക്തരുടെ മുക്തിക്ക് വേണ്ടി മാത്രമാണ് അവർ സകാരരൂപം പ്രാപിക്കു

ന്നത്. അവർക്ക് എങ്ങനെയാണ് മരണമുണ്ടാകുക?

51. ശരീരത്തിൽ സംവേദനങ്ങൾ യോജിക്കുമ്പോൾ ജനനമുണ്ടാകുന്നു. അവയുടെ വേർപിരിയൽ മരണമാകുന്നു. ഇപ്രകാരത്തിൽ സംയോജനവും വേർപിരിയലും ജനനമരണങ്ങൾ എന്നറിയപ്പെടുന്നു.

52. ജനനത്തെ പിന്തുടർന്ന് മരണമുണ്ടാകും. അവ വേർപിരിക്കാൻ കഴിയാത്ത താണ്. മരണം എന്നത് ജീവന്റെ സ്വാഭാവിക അവസ്ഥയാണ്. ജീവിക്കുക എന്നത് ജീവന്റെ അപഭ്രംശമാണ്.

53. മരണത്തിനുശേഷവും ജീവിക്കുന്ന, അഥവാ മരണത്തെ അതിജീവിക്കുന്ന, അവരുടെ സ്വന്തം ഇഷ്ടപ്രകാരം ജന്മമെടുക്കുന്ന വ്യക്തികൾക്ക് അവരുടെ ജീവിതകാലത്തെക്കുറിച്ച് എന്ത് ഉത്കണ്ഠയാണ് ഉള്ളത്?

54. ഭക്തരുടെ ക്ഷേമമെന്ന ഒറ്റ ആഗ്രഹത്തോടെ പല പല അവതാരങ്ങൾ സ്വീക രിക്കുന്ന വ്യക്തിയെ ജനനമരണങ്ങൾ എങ്ങനെയാണ് ബാധിക്കുക? ഇവ രണ്ടും മിഥ്യകളാണ്.

55. ശരീരം സ്വീകരിക്കുന്നതിന് മുമ്പ് തന്നെ അതിനെ എരിച്ച് ചാമ്പലാക്കിയ വ്യക്തിക്ക് എങ്ങനെയാണ് മരണഭയം ഉണ്ടാകുക. അദ്ദേഹത്തിന് മുമ്പിൽ മരണം പോലും എരിഞ്ഞ് ചാരമായി മാറുന്നു.

56. ശരീരത്തിന്റെ സ്വാഭാവികമായ അവസ്ഥ മരണമാണ്. മരണമാണ് ശരീ രത്തിന്റെ സന്തുഷ്ടാവസ്ഥ. ജീവിതം ശരീരത്തിന്റെ അപഭ്രംശാവസ്ഥയാണ്. ഇക്കാര്യം വിവേകികളോട് ചോദിക്കുക.

57. തന്റെ ശരീരത്തിന്റെ ജനനത്തെക്കുറിച്ച് പോലും അറിയാത്ത, പരമാനന്ദസ്വരൂ പമായ സായിസമർത്ഥ, അദ്ദേഹത്തിന്റെ ശരീരത്തിന് എങ്ങനെയാണ് മരണം അനുഭവപ്പെടുക? അദ്ദേഹത്തിന് ശരീരത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അറി യില്ല.

58. പരബ്രഹ്മനായ സായിക്ക് ജനനവും മരണവും എങ്ങനെയാണ് ഉണ്ടാകുക? ബ്രഹ്മൻ യഥാർത്ഥവും ലോകം മരീചികയുമാണെന്ന് ഗ്രഹിച്ച അദ്ദേഹത്തിന് ദേഹബുദ്ധി എങ്ങനെയാണ് ഉണ്ടാകുക?

59. ഭക്തരുടെ ക്ഷേമത്തിനുവേണ്ടി, യോഗശക്തിയാൽ പ്രാണൻ സ്വീകരിക്കു കയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. അല്ലെങ്കിൽ എല്ലായിടത്തും അരൂപി യായി സഞ്ചരിക്കുന്നു.

60. "സൂര്യന് ഗ്രഹണം ബാധിച്ച് പൂർണ്ണമായും അപ്രത്യക്ഷനായിരിക്കുന്നു," എന്ന് ജനങ്ങൾ പറയുന്നു. പക്ഷേ അത് ഇന്ദ്രിയ സംവേദനത്തിലുണ്ടാകുന്ന പിശക് മാത്രമാണ്. അതേപോലെയാണ് ദിവ്യന്മാരുടെ മരണവും.

61. ശരീരം വെറും ഭാരം മാത്രമാണ്. അവർക്ക് എങ്ങനെയാണ് വേദനയും ദുരി തവും ഉണ്ടാകുക? അവർക്ക് അങ്ങനെ ഉണ്ടാകുകയാണെങ്കിൽ അത് വിധി യുടെ ബന്ധനം മൂലമാണ്. പക്ഷേ അവർ അതേക്കുറിച്ച് ഉത്കണ്ഠപ്പെടാറി ല്ല.

62. ഭക്തരുടെ മുൻജന്മപുണ്യഫലങ്ങൾ കൊണ്ട് അവതാരമെടുക്കുകയും, അരൂ പമായ അവസ്ഥയിൽ ഭക്തിയാൽ നിറഞ്ഞിരിക്കുകയും ചെയ്യുന്ന അദ്ദേഹം ഭക്തരുടെ നന്മയ്ക്ക് വേണ്ടിയാണ് പ്രത്യക്ഷനായത്. അപ്പോഴാണ് അദ്ദേഹം ഷിർദിയിൽ കാണപ്പെട്ടത്.

63. ഭക്തരുടെ ക്ഷേമം നേടുക എന്ന കർത്തവ്യം ഇപ്പോൾ പൂർത്തിയായി. അതിനാൽ അദ്ദേഹം ദേഹം ഉപേക്ഷിച്ചു എന്ന് പറയപ്പെടുന്നു. ആരാണ് ഈ വാക്കുകൾ വിശ്വസിക്കുക? ഒരു യോഗിക്ക് ജീവിതവും മരണവും എന്താണ്?

64. സായിസമർത്ഥ സ്വന്തം ഇച്ഛാശക്തിയാൽ ശരീരം ഉപേക്ഷിക്കുകയും അത് യോഗാഗ്നിയിൽ ദഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം പരമാത്മചൈതന്യത്തിൽ ലയിച്ചുവെങ്കിലും ഭക്തഹൃദയങ്ങളിൽ അനശ്വരനായി നിലകൊണ്ടു.

65. ആരുടെ നാമത്തിന്റെ സ്മരണ കൊണ്ടുമാത്രം ജനനമരണവൃത്തം ഭേദിക്കപ്പെടുന്നുവോ, ആ വ്യക്തിക്ക് എങ്ങനെയാണ് മരണം ഉണ്ടാകുക? അദ്ദേഹം തന്റെ മുമ്പത്തെ അദൃശ്യമായ സ്വത്വം വീണ്ടും നേടുകയാണ് ചെയ്തത്.

66. സ്ഥൂലാവസ്ഥയെ അതിജീവിച്ച് ബാബ അദൃശ്യശക്തിയിൽ ലയിച്ചു. അവിടെ അദ്ദേഹം ഈശ്വരതാദാത്മ്യം നേടി. പക്ഷേ അദ്ദേഹം എല്ലായ്പ്പോഴും ഭക്തരെ ശ്രദ്ധവാന്മാരാക്കുന്നു.

67. പരമാത്മചൈതന്യവുമായി ഒന്നുചേർന്ന് ത്രസിക്കുകയും ഭക്തരുടെ ഹൃദയത്തിൽ സ്ഥിരമായി വസിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ശരീരം നശിച്ചു എന്ന് എങ്ങനെ പറയാനാകും. അത്തരം വാക്കുകൾ സ്വീകാര്യമല്ല.

68. അതിനാൽ ആദിയും അന്തവുമില്ലാത്ത ഈ സായി ലോകാവസാനത്തിലെ പ്രളയം വരെയും എല്ലായ്പ്പോഴും ഉണ്ടാകും.

69. ധ്യാനോബാ മഹാരാജ് മറഞ്ഞുപോയോ? അദ്ദേഹം മൂന്നൂറ് വർഷങ്ങൾക്ക് ശേഷം ഏകനാഥിന് ദർശനം നൽകിക്കൊണ്ട് ലോകത്തെ കൃതാർത്ഥമാക്കി.

70. ഏകനാഥ് പൈത്തിനിയുടെ ദീപമായത് പോലെയാണ് തുക്കാറാം മഹാരാജ് ദെഹുവിൽ, നരസിംഹസരസ്വതി ആലന്ദിയിൽ;

71. സമർത്ഥരാമദാസ് പാർലിയിൽ, അക്കൽകോട്ട്കർ അക്കൽകോട്ടിൽ, പ്രഭുമാണിക് ഹുമ്നാബാദിൽ, അതേപോലെയാണ് സായി ഷിർദിയിൽ.

72. 'ഒരുവന് അവന്റെ വിശ്വാസത്തിന് അനുസൃതമായ അനുഭവമാണ് ഉണ്ടാകുക.' ഇത് ഇപ്പോഴും പരമാർത്ഥസത്യമായി അദ്ദേഹത്തിന്റെ കാര്യത്തിൽ വർത്തിക്കുമ്പോൾ എങ്ങനെയാണ് ആ വ്യക്തിക്ക് മരണമുണ്ടാകുക.

73. ഭക്തരുടെ വിഷയങ്ങൾ സ്വയം സ്വീകരിച്ചിരുന്ന അദ്ദേഹം തന്റെ ശരീരം ഷിർദിയിൽ ഉപേക്ഷിച്ച് ചലവും അചലവുമായ സകല വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അദ്ദേഹത്തിന് വീണ്ടും അവതാരമെടുക്കാൻ കഴിയും.

74. "സമർത്ഥർ ബ്രഹ്മനുമായി ലയിച്ചിരിക്കുന്നു. ഇപ്പോൾ ഷിർദിയിൽ എന്താണുള്ളത്?" ഇത്തരത്തിലുള്ള സംശയങ്ങളുടെ ആവശ്യമില്ല, കാരണം ശ്രീസായി മരണത്തിന് അതീതനാണ്.

75. ദിവ്യന്മാർ ജനിക്കുന്നില്ല (ഗർഭാശയത്തിൽനിന്നും). അവർ മറ്റുള്ളവർക്ക് നന്മ വരുത്തുവാൻ സ്വയം അവതരിക്കുകയാണ്. അവർ ബ്രഹ്മന്റെ മൂർത്തരൂപമാണ്. ഭാഗ്യവാന്മാർ മാത്രമേ അത്തരത്തിൽ അവതരിക്കുകയുള്ളൂ.

76. അവതാരപുരുഷന്മാർ ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. അവരുടെ ദൗത്യം പൂർത്തിയായാലുടൻ അവർ ബ്രഹ്മനിൽ ചേർന്ന് അദൃശ്യശക്തിയിൽ ലീനമായി മാറുന്നു.

77. ഒരു ശരീരം മൂന്നരക്കൈമുഴം നീളമുള്ളതാണ്. ബാബ അതിൽ ഒതുങ്ങിയി

രുന്നു എന്ന് പറയാൻ കഴിയുമോ? അദ്ദേഹം ഒരു നിശ്ചിത അളവിലോ രൂപ ത്തിലോ നിറത്തിലോ ഒതുങ്ങിയിരുന്നു എന്ന് പറയുന്നത് ഉചിതമാകില്ല.

78. അനിമ, ഗരിമ തുടങ്ങിയ അഷ്ടസിദ്ധികൾ ജനങ്ങളുടെ വരവുംപോക്കും മൂലം കൂടുകയോ കുറയുകയോ ഇല്ല. അവ അവരുടെ അനശ്വരമായ മഹിമ കളാണ്. അവർ അതിൽ പ്രശസ്തരുമാണ്.

79. അത്തരത്തിലുള്ള മഹാത്മാക്കൾ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി മാത്രമാണ് അവതരിക്കുന്നത്. അവരുടെ പ്രത്യക്ഷപ്പെടൽ, അസ്തിത്വം, അപ്രത്യക്ഷമാ കൽ എന്നിവയൊക്കെ സ്വാഭാവികമായ പ്രക്രിയകൾ പോലെ നടക്കുന്നു. ജന ങ്ങൾ അവരെ പിന്തുടരാൻ സഹായിക്കുന്നതിൽ ദിവ്യന്മാർ എല്ലായ്പ്പോഴും തൽപരരാണ്.

80. ജനനം ഒരു മിഥ്യയാണ്. മരണം ഒരു മതിവിഭ്രമമാണ്. നാശമില്ലാത്ത ഏക അവസ്ഥ ആത്മാവ് ആകുന്നു– യഥാർത്ഥത്തിൽ ഒരു സ്വപ്നത്തിൽ അനുഭ വിക്കുന്ന പരമാനന്ദം. അതാണ് ദിവ്യന്മാരുടെ അവസ്ഥ.

81. അതല്ലെങ്കിൽ പോലും, ജ്ഞാനത്തിന്റെ ഖനിയും, എല്ലായ്പ്പോഴും പരമാത്മാ വിൽ വസിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന് ശരീരത്തെ പാലിക്കുന്നതും ഉപേക്ഷിക്കുന്നതും ഒരേപോലെയാണ്.

82. ഇത് ഇവിടെ നിർത്താം. ബാബ ശരീരം വെടിഞ്ഞയുടൻ ഞങ്ങളുടെ ശിര സ്സിൽ ദുരിതങ്ങളുടെ ഒരു മല പതിച്ചത് പോലെയായി. ഷിർദിയിൽ എങ്ങും അലമുറ ഉയർന്നു. വളരെ വിലാപങ്ങൾ ഉണ്ടായി.

83. ബാബ ശരീരത്യാഗം ചെയ്തു എന്ന വാർത്ത ഏവരുടെയും ഹൃദയത്തിൽ ഒരു അമ്പ് തറച്ചത് പോലെയായിരുന്നു. പതിവ് ജോലികൾ നിർത്തിവയ്ക്ക പ്പെട്ട്, ജനങ്ങൾ സംഭ്രമിച്ച് അവിടെയും ഇവിടെയും ഓടി നടന്നു.

84. അശുഭകരമായ ഈ വാർത്ത പടർന്നപ്പോൾ, എല്ലാവർക്കും അതൊരു ഇടി വെട്ടേറ്റത് പോലെയായിരുന്നു. വിവേകമതികളായ ചിലർ നിശ്ശബ്ദരായി, മറ്റു ള്ളവർ വിലപിക്കാൻ തുടങ്ങി.

85. അത്യധികമായ സ്നേഹം കാരണം അവർ വികാരവിക്ഷുബ്ധരായി. ദുഃഖ ത്തിന്റെ കണ്ണുനീർ അവരുടെ കണ്ണുകളിൽ നിന്നും ഒഴുകി. അവർ ഉറക്കെ വിളിച്ചു: “ശിവ, ശിവ, ഹര!”

86. ഓരോ ഗൃഹത്തിലും സംഭ്രമവും ചിന്താകുഴപ്പവുമായിരുന്നു. എല്ലായിടത്തും ഒരേ സംക്ഷോഭമായിരുന്നു. എല്ലാ ഹൃദയവും ധ്രുതഗതിയിൽ മിടിക്കുകയാ യിരുന്നു.

87. മഹാരാജ് ജീവത്യാഗം ചെയ്തപ്പോൾ, ഗ്രാമം മുഴുവൻ മരിച്ചതുപോലെയാ യിരുന്നു. അവർ പറഞ്ഞു: “ഈശ്വരാ ഈ ഭയാനക സംഭവം ഞങ്ങളുടെ ഹൃദയത്തിൽ മുറിവേൽപ്പിച്ചിരിക്കുന്നു.”

88. എല്ലാവരും എഴുന്നേറ്റ് ഓടി. എല്ലാവരും മസ്ജിദിലും അതിന്റെ മുറ്റത്തുമായി തടിച്ചുകൂടി. ആ സാഹചര്യം ഹൃദയഭേദകമായിരുന്നു, ദുഃഖത്താൽ അവരുടെ കണ്ഠമിടറി.

89. ഷിർദിയുടെ പ്രതാപം പൊലിഞ്ഞിരിക്കുന്നു. അതിന്റെ സന്തോഷവും ഐശ്വ ര്യവും അവസാനിച്ചിരിക്കുന്നു. എല്ലാം നഷ്ടമായിരിക്കുന്നു. എല്ലാവരുടെ കണ്ണുകളും അശ്രുക്കളാൽ നിറഞ്ഞു. അവരുടെ ധൈര്യം ഇല്ലാതായി.

90. ഏഴ് പുണ്യസ്ഥലങ്ങളിൽ ഒന്നായി കരുതപ്പെടുന്നതും ബാബ എല്ലായ്പ്പോഴും ദ്വാരകാമായി എന്നു വിളിക്കുകയും ചെയ്തിരുന്നതായിരുന്നു ആ മസ്ജിദിന്റെ പുണ്യം.

91. അത് ശാശ്വതമായ മുക്തിയോ, ദേഹത്യാഗമോ, മരണമോ എന്ത് തന്നെയായാലും, ബ്രഹ്മന്റെ സാരാംശത്തിൽ ലയിച്ചുചേരാൻ ഉതകുന്ന സ്ഥലം ദ്വാരകയാണ്. എല്ലായ്പ്പോഴും ഈശ്വരനെ ധ്യാനിക്കുന്നവന് അവിടെ ഒരു സ്ഥാനമുണ്ടാകും.

92. ഭക്തരുടെ ദയാലുവായ മാതാവും പിതാവുമായ ഗുരുരാജ്, സായിരായ, ഭക്തരുടെ ആശ്രയകേന്ദ്രമായ അദ്ദേഹം എല്ലായ്പ്പോഴും ഓർമ്മിക്കപ്പെടും.

93. ബാബ ഇല്ലാതെ, ഷിർദി ഉപേക്ഷിക്കപ്പെട്ടതുപോലെയാണ്. അന്തരീക്ഷമാകെ (എല്ലാ ദിശകളും) ശൂന്യമായി, ദുഃഖം മാത്രം അവശേഷിച്ചത് പോലെയായിരുന്നു. ജീവനില്ലാത്ത ഒരു ശരീരം പോലെയായിരുന്നു ഷിർദി.

94. വെള്ളം വറ്റിപ്പോയ ഒരു കുളത്തിൽ മീൻ പിടയുന്നത് പോലെയായിരുന്നു, ദുഃഖിതരും ഉത്സാഹരഹിതരുമായ ഷിർദി നിവാസികളുടെ അവസ്ഥ.

95. താമരയില്ലാത്ത കുളം പോലെയോ, പുത്രനില്ലാതെ ഒഴിഞ്ഞുകിടക്കുന്ന ഗൃഹം പോലെയോ, ദീപമില്ലാത്ത ക്ഷേത്രം പോലെയോ ആയിരുന്നു മസ്ജിദിന്റെ പരിസരം.

96. ബാബ ഇല്ലാത്ത ഷിർദി, നാഥനില്ലാത്ത ഗൃഹം പോലെയും രാജാവില്ലാത്ത രാജ്യം പോലെയും ഒഴിഞ്ഞ ഖജനാവ് പോലെയുമായിരുന്നു - കടക്കാൻ കഴിയാത്ത വനം.

97. ഒരു മാതാവിനോട് കുഞ്ഞ് എന്ന പോലെയോ മഴമേഘത്തോട് ചാതകപ്പക്ഷി എന്ന പോലെയോ ആയിരുന്നു ഷിർദിനിവാസികൾക്കും ഭക്തർക്കും ബാബയോട് ഉണ്ടായിരുന്ന സ്നേഹം.

98. ഷിർദി ഉത്സാഹമില്ലാതെ, പകുതി ജീവനില്ലാതെ ദുഃഖപൂർണ്ണവും ദരിദ്രവുമായി കാണപ്പെട്ടു. വെള്ളമില്ലാത്ത മത്സ്യം പോലെ ജനങ്ങൾ വേദനയാൽ പുളഞ്ഞു.

99. വൃദ്ധരും ചെറുപ്പക്കാരും ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയെപ്പോലെയോ, കുഞ്ഞുങ്ങൾക്ക് മുലകുടി നിരസിച്ച മാതാവിനെപ്പോലെയോ, പശുവിൽ നിന്നും വേർപിരിഞ്ഞ കിടാവിനെപ്പോലെയോ കാണപ്പെട്ടു.

100. ദുഃഖിതമായ ആ അവസ്ഥ അസഹനീയമായിരുന്നു! ഷിർദിയിലെ ജനങ്ങളെല്ലാം എല്ലാ ദിശകളിലുമായി ക്രമമില്ലാതെ ഓടിനടന്നു.

101. ഷിർദി പുണ്യസ്ഥലമായത് സായി മൂലമാണ്. അതിന് ചരിത്രപരമായ പ്രാധാന്യം ലഭിച്ചത് സായി മൂലമാണ്. അത് തീർത്ഥാടനകേന്ദ്രമായത് സായി മൂലമാണ്. സായിയായിരുന്നു ഏവരുടെയും രക്ഷകൻ.

102. ചിലർ ഉറക്കെ നിലവിളിച്ചു; ചിലർ പൂഴിയിൽ കിടന്ന് ഉരുണ്ടു; ചിലർ അബോധാവസ്ഥയിൽ വീണു. ജനങ്ങൾ ആകെ ദയനീയാവസ്ഥയിലായിരുന്നു.

103. വളരെ അസ്വസ്ഥരായ സ്ത്രീപുരുഷന്മാരുടെ കണ്ണുകളിൽ നിന്ന് ദുഃഖക്കണ്ണീർ ഒഴുകി. ആഹാര പാനീയങ്ങൾ ഉപേക്ഷിച്ച് അവർ ദയനീയരായി.

104. ബാബയുടെ ചേതനയറ്റ ദേഹം കണ്ട് ഗ്രാമീണർ വളരെ ദുഃഖിതരായി. ചെറു

പ്പക്കാരും വൃദ്ധരും ഉൾപ്പെടെ എല്ലാ ഭക്തരും വളരെ ദുഃഖിതരായിരുന്നു.

105. മധുരവും രസകരവുമായ കഥകൾ കേട്ടിരുന്ന, ദിനവും സന്തോഷം തിരതല്ലിയിരുന്ന, കടന്നു ചെല്ലാൻ അൽപസ്ഥലം പോലും ലഭിക്കാൻ പ്രയാസമായിരുന്ന മസ്ജിദ് ഇപ്പോൾ വിജനമായതുപോലെ തോന്നിച്ചു.

106. ബാബ കാരണമാണ് മുമ്പ് ഷിർദി സദാ ഐശ്വര്യപൂർണ്ണവും ശുഭകരവുമായിരുന്നത്. ഇപ്പോൾ അദ്ദേഹമില്ലാതെ ഗ്രാമീണർ വളരെ അസ്വസ്ഥരായി.

107. "പരമാനന്ദത്തിന്റെ മൂർത്തരൂപവും മൂലകാരണവുമായ അങ്ങ് ഭക്തരുടെ ക്ഷേമത്തിനുവേണ്ടി ഒരു സകാരരൂപത്തിലെത്തി. പിന്നീട് എത്ര മനോഹരമായാണ് അങ്ങ് ഗ്രാമത്തിൽ ദേഹത്യാഗം ചെയ്തത്.

108. "ഇരുപത്തിനാല് മണിക്കൂറുകളും അങ്ങ് ഉത്സാഹത്തോടും ആത്മാർത്ഥതയോടും കൂടി ഞങ്ങളുടെ നന്മയ്ക്ക് വേണ്ടി ഉപദേശങ്ങൾ നൽകി, എന്തുകൊണ്ടെന്നാൽ ഞങ്ങൾ എല്ലായ്പ്പോഴും ചിന്താകുഴപ്പത്തിലായിരുന്നു.

109. "അങ്ങയുടെ ഉപദേശങ്ങൾ, കമഴ്ത്തിവച്ച കുടത്തിന് മുകളിലെന്ന പോലെയാണ് ഞങ്ങളിൽ പതിച്ചത്. ഒരു തുള്ളി പോലും ഞങ്ങൾ സ്വീകരിക്കാതെ മുഴുവനും ഒലിച്ചുപോയി."

110. 'നിങ്ങൾ ആരെയെങ്കിലും കുറിച്ച് ചീത്തയായി സംസാരിക്കുമ്പോൾ, ഉടൻ തന്നെ അത് എന്നെ വേദനിപ്പിക്കുന്നു' എന്ന് പലപ്പോഴും അങ്ങ് പറയുകയുണ്ടായി. എന്നിട്ടും ഞങ്ങൾ അത് അനുസരിച്ചില്ല.

111. ഈ സദുപദേശം അനുസരിക്കാത്ത കുറ്റക്കാരായി എത്രപേരാണ് നമുക്കിടയിലുള്ളത്! ഞങ്ങളുടെ അനുസരണക്കേടിന് അങ്ങ് ഇത്തരത്തിലാണോ ഞങ്ങളോട് പകരം വീട്ടിയത്. അതിൽ അങ്ങ് പശ്ചാത്തപിക്കുന്നില്ലേ?

112. ബാബാ, ആ പാപങ്ങൾക്കൊക്കെ ഇത് പരിഹാരമാണോ? ഇപ്പോൾ പശ്ചാത്തപിച്ചത് കൊണ്ട് എന്ത് ഫലമാണുള്ളത്? ഓരോരുത്തരും അവരവരുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കേണ്ടിയിരിക്കുന്നു.

113. അതുകൊണ്ട് അങ്ങ് ഞങ്ങളെക്കൊണ്ട് മടുത്തുവോ? അതിനാൽ അങ്ങ് സ്വയം മൂടുപടത്തിനുള്ളിൽ ഒളിച്ചതാണോ? എങ്ങനെയാണ് മരണത്തിന് ഇത്ര അപ്രതീക്ഷിതമായി ഈ ദുരിതം നമ്മുടെ മേൽ വർഷിക്കാൻ കഴിഞ്ഞത്?

114. അങ്ങയുടെ തൊണ്ടയടയ്ക്കുന്നതുവരെ ഞങ്ങൾക്ക് ഉപദേശങ്ങൾ നൽകിയിട്ടും ഞങ്ങളുടെ നിസ്സഹകരണം കണ്ട് അങ്ങേയ്ക്ക് വെറുപ്പുണ്ടായത് പോലെ തോന്നുന്നു.

115. അതിനാൽ മുമ്പുള്ള സ്നേഹം മറന്ന് ഇപ്പോൾ ഞങ്ങളോട് അങ്ങേയ്ക്ക് വിദ്വേഷം തോന്നുന്നുണ്ടോ? അതോ പൂർവ്വജന്മബന്ധങ്ങൾ ഇന്ന് അവസാനിച്ചതാണോ? അതോ അങ്ങയുടെ സ്നേഹധാര വറ്റിപ്പോയതാണോ?

116. അങ്ങ് ഇത്ര പെട്ടെന്ന് ഞങ്ങളെ വിട്ടുപോകുമെന്ന്, നേരത്തെ തന്നെ മനസ്സിലാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. കുറഞ്ഞ പക്ഷം ആളുകൾ കുറച്ച് കൂടി ജാഗ്രതയോടെ വർത്തിക്കുമായിരുന്നു.

117. ഞങ്ങളെല്ലാവരും അലസരും നിദ്രയിലുമായിരുന്നു. ഒടുവിൽ ഞങ്ങൾ ആ കെണിയിൽപെട്ട് ഒന്നിനും കൊള്ളാത്തവരായി മാറി.

118. ഞങ്ങൾ ഗുരുവിന്റെ വഞ്ചകരായി. കാരണം ഉചിതമായ സമയത്ത് ഞങ്ങൾ

ഒന്നും ചെയ്തില്ല. ശാന്തരായി വർത്തിക്കാൻ പോലും ഞങ്ങൾക്ക് കഴിഞ്ഞില്ല.

119. ദൂരദേശങ്ങളിൽ നിന്ന് ഞങ്ങൾ ഷിർദിയിലെത്തി. അവിടെയും പരദൂഷണം പറഞ്ഞ് ഇരിക്കുകയായിരുന്നു. ഒരു പുണ്യസ്ഥലത്താണ് എത്തിയിരിക്കുന്നതെന്ന്പോലും മറന്നുകൊണ്ട്, അവിടെയും ഞങ്ങൾ തന്നിഷ്ടപ്രകാരം പ്രവർത്തിച്ചു.

120. വ്യത്യസ്ത സ്വഭാവങ്ങളുള്ള, പല തരത്തിലുള്ള ഭക്തർ എത്തി – വിജ്ഞാനികൾ, അഹംഭാവികൾ, സ്വാർത്ഥമതികൾ, തർക്കത്തിൽ താൽപര്യമുള്ളവർ എന്നിങ്ങനെ. പക്ഷേ സർവ്വജ്ഞാനിയായ ഒരു വ്യക്തിക്ക് അവരെല്ലാം ഒരുപോലെ ആയിരുന്നു. ഉത്കൃഷ്ടനെന്നോ അധമനെന്നോ ഭേദമില്ലാതെ എല്ലാവരെയും പരിശുദ്ധഭാവത്തിൽ വീക്ഷിച്ചു.

121. എല്ലാ ജീവികളിലും ഈശ്വരനെയല്ലാതെ മറ്റൊന്നിനെയും അദ്ദേഹം ദർശിച്ചിരുന്നില്ല – യഥാർത്ഥത്തിൽ ഇതായിരുന്നു അദ്ദേഹത്തിന്റെ മഹത്വം. അതിൽ അദ്ദേഹത്തെ പിന്തുടരാൻ രണ്ടാമതൊരാളില്ല.

122. ഭക്തൻ സ്വയം ഈശ്വരനാകുന്നു. ഗുരുവും വ്യത്യസ്തനല്ല. പക്ഷേ ഇരുവരും യഥാർത്ഥ ആത്മതത്ത്വം മറക്കുകയാണെങ്കിൽ, അതുമൂലം ഭേദചിന്ത ഉടലെടുക്കുന്നു.

123. യഥാർത്ഥത്തിൽ നമ്മൾ സ്വയം ഈശ്വരനാണ്. പക്ഷേ നമ്മൾ നമ്മുടെ ഉള്ളിലെ ദൈവികത മറന്നുപോയിരിക്കുന്നു. ഭേദചിന്തയ്ക്കും കൃപ ലഭിക്കാതെ അധഃപതിക്കാനും ഇടയാക്കുന്നത് അതാണ്.

124. ഒരു ചക്രവർത്തി, സ്വപ്നത്തിൽ, അയാൾ വീടുവീടാന്തരം ഭിക്ഷ യാചിക്കുന്നതായി കാണുന്നു. ഉണർന്നെഴുന്നേൽക്കുമ്പോൾ അയാൾ സത്യം ഗ്രഹിക്കുകയും, തന്റെ അവസ്ഥ മാറിയിട്ടില്ലെന്ന് ഗ്രഹിക്കുകയും ചെയ്യുന്നു.

125. നമ്മൾ ഉണർന്നിരിക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തി, സ്വപ്നാവസ്ഥയിൽ ഇല്ലാതാകുന്നു. യഥാർത്ഥ ഉണരൽ എന്നത് ആത്മജ്ഞാനം നേടി പരമാത്മബോധവുമായി ഐക്യത പ്രാപിക്കുന്നതാണ്.

126. പണ്ഡിതന്മാർ, അജ്ഞാനികൾ തുടങ്ങി സകല ആശ്രിതരോടും അദ്ദേഹത്തിന് അതിയായ സ്നേഹമുണ്ടായിരുന്നു. അവരെയെല്ലാം സ്വന്തം ജീവനേക്കാൾ പ്രിയപ്പെട്ടതായി അദ്ദേഹം കരുതി. ആരോടും തീരെ ഭേദചിന്ത ഉണ്ടായിരുന്നില്ല.

127. അനുഭവങ്ങളിലൂടെ അദ്ദേഹം ഈശ്വരന്റെ മനുഷ്യാവതാരമാണെന്ന് അറിഞ്ഞെങ്കിലും അദ്ദേഹം കാട്ടിയ സ്നേഹവും അടുപ്പവും കാരണം, ആ അറിവ് ഭക്തരിൽ ശക്തമായില്ല.

128. ചിലർക്ക് ധനവും സമ്പത്തും നൽകപ്പെട്ടു. ചിലർക്ക് ലൗകിക ജീവിതത്തിൽ സന്തോഷവും സന്താനഭാഗ്യവും നൽകപ്പെട്ടു. അതിനാൽ ശക്തമായ മതിഭ്രമമുണ്ടാകുകയും യഥാർത്ഥ ജ്ഞാനം നേടാൻ കഴിയാതെയാകുകയും ചെയ്തു.

129. ചിലപ്പോൾ ആരോടെങ്കിലും അദ്ദേഹം തമാശകൾ പറഞ്ഞ് ചിരിക്കുകയാണെങ്കിൽ, അയാൾ അഹങ്കാരത്തോടെ ചിന്തിക്കും, അയാൾ മാത്രമാണ് വളരെ സ്നേഹിക്കപ്പെടുന്നതെന്നും, മറ്റുള്ളവരോട് ആ ഇഷ്ടം തോന്നുന്നില്ല എന്നും.

130. അതേപോലെ അദ്ദേഹം ആരോടെങ്കിലും കോപത്തോടെ സംസാരിക്കുകയാണെങ്കിൽ അയാൾ പറയുമായിരുന്നു ബാബ അയാളെ ഇഷ്ടപ്പെടുന്നില്ല എന്നും മറ്റുള്ളവർക്ക് മാത്രമാണ് ആദരവ് നൽകുന്നതെന്നും.

131. ഇത്തരത്തിൽ നമ്മൾ താരതമ്യം നടത്തുമ്പോൾ, ബാബ അതിനെക്കുറിച്ച് സ്വപ്നത്തിൽപോലും ചിന്തിക്കുമായിരുന്നില്ല. പക്ഷേ നമ്മുടെ ആത്യന്തികമായ ലക്ഷ്യം മറന്നതിനാൽ നമ്മുടെ ക്ഷേമം നമ്മൾ സ്വയം നഷ്ടപ്പെടുത്തുകയായിരുന്നു.

132. നമ്മുടെ മഹാഭാഗ്യത്താൽ പരബ്രഹ്മസ്വരൂപം നമ്മോടൊപ്പം വളരെ അടുത്ത് വസിച്ചു. പക്ഷേ, തമാശകൾക്കും വിനോദങ്ങൾക്കുമിടയിൽ നമ്മൾ പ്രധാന ലക്ഷ്യം മറന്നുപോയി.

133. ജനങ്ങൾ എത്തിയാലുടൻ, അവർ ബാബയുടെ ദർശനം നടത്തുകയും, അദ്ദേഹത്തിന് പഴങ്ങൾ, പൂക്കൾ, മറ്റ് വസ്തുക്കൾ എന്നിവ കാഴ്ചവയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ, അദ്ദേഹം ദക്ഷിണ ആവശ്യപ്പെടുമ്പോൾ അവർ അവിടെ നിന്നും തെന്നിമാറുകയും പിന്നീട് അവിടെ തങ്ങുകയുമില്ല.

134. നമ്മുടെ നിന്ദ്യമായ കുറ്റങ്ങളും കുറവുകളും കണ്ട് അദ്ദേഹം നമ്മുടെ നന്മക്കായി നമ്മോട് കഥകൾ പറഞ്ഞു. അത്തരത്തിൽ അദ്ദേഹം വളരെ ക്ലേശിച്ചതിനാൽ പെട്ടെന്ന് അദ്ദേഹത്തിന്റെ സവിധത്തിലേയ്ക്ക് മടങ്ങിപ്പോയത് പോലെ തോന്നുന്നു.

135. "അങ്ങയുടെ പരമാനന്ദസ്വരൂപം ഈ കണ്ണുകൾ കൊണ്ട് ഇപ്പോൾ വീണ്ടും കാണാൻ കഴിയുമോ? ആ ആനന്ദ സ്വരൂപം എന്നെന്നേയ്ക്കുമായി പോയി മറഞ്ഞിരിക്കുന്നു!"

136. ഈ ദയനീയമായ വിധി നോക്കുക! നമ്മുടെ സുഹൃത്തായ സായി എന്നെന്നേയ്ക്കുമായി നഷ്ടമായിരിക്കുന്നു. അദ്ദേഹം നിസ്വാർത്ഥനും ദയാപരനുമായിരുന്നു. അത്തരത്തിലുള്ള ഒരു വ്യക്തി നമുക്ക് അന്യനായിരിക്കുന്നു!

137. "മറ്റുള്ളവരെ ക്ലേശിപ്പിക്കുന്നത് നല്ലതല്ല. അത് എന്നെ വേദനിപ്പിക്കുന്നു," അദ്ദേഹം പറയുകയുണ്ടായി. പക്ഷേ നമ്മൾ അത് തീരെ ശ്രദ്ധിക്കാതെ നമുക്ക് തോന്നുന്നത് പോലെ വഴക്കടിച്ചുകൊണ്ടിരുന്നു.

138. അന്യോന്യം ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ഞങ്ങൾ, ഭക്തർക്ക്, അങ്ങയെ നഷ്ടമായി. അങ്ങയുടെ വാക്കുകൾ ഇപ്പോൾ ഓർക്കുന്നതിനാൽ നമ്മൾ പശ്ചാത്തപിക്കുന്നു.

139. മഹാരാജ് അദ്ദേഹത്തിന്റെ ഭക്തരോട്, അദ്ദേഹം താമസിയാതെ എട്ട് വയസ്സുള്ള ഒരു ബാലനായി പ്രത്യക്ഷപ്പെടുമെന്ന് അറിയിച്ചതായി പറയപ്പെടുന്നു.

140. ഇത് ഒരു ദിവ്യന്റെ വാക്കുകൾ ആയതിനാൽ അത് ആരും സംശയിക്കേണ്ടതില്ല. കൃഷ്ണാവതാരത്തിൽ ചക്രപാണിയും ഇത് തന്നെ ചെയ്തു.

141. കൃഷ്ണൻ ദേവകിയുടെ മുമ്പിൽ, ചതുർഭുജങ്ങളിൽ ആയുധങ്ങളുമായി തിളക്കമാർന്ന ശരീരവർണ്ണത്തോടെ, എട്ട് വയസ്സുള്ള ബാലനായി പ്രത്യക്ഷപ്പെട്ടു.

142. ആ അവതാരത്തിന്റെ ഉദ്ദേശ്യം ഭൂമിയുടെ ഭാരം കുറയ്ക്കുക എന്നതായിരുന്നു; ഇപ്പോൾ ഭക്തരുടെ ഉദ്ധാരണമാണ്; അപ്പോൾ സംശയത്തിന്റെ കാര്യമെന്താണ്? ദിവ്യന്മാരുടെ മാർഗ്ഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തതാണ്.

143. ഈ തീരുമാനം ഒരു ജന്മത്തിലെ മാത്രം സമ്പർക്കം കൊണ്ട് എടുത്തതല്ല, മറിച്ച് എഴുപത്തിരണ്ട് ജന്മങ്ങൾ നീണ്ട ബന്ധമായിരുന്നുവെന്ന് ബാബ ഭക്തരോട് പറഞ്ഞത് മുമ്പ് വിവരിച്ചിട്ടുണ്ട്.

144. അത്തരത്തിലുള്ള സ്നേഹത്താൽ ബന്ധിതനായ മഹാരാജ് ഒരു യാത്ര പോയതാണെന്നും തീർച്ചയായും തിരികെ മടങ്ങി എത്തുമെന്നുമുള്ള ഉറച്ച വിശ്വാസം ഭക്തർക്കുണ്ട്.

145. അദ്ദേഹം പലർക്കും ദൈവികാനുഭവങ്ങൾ നൽകുന്നു; അദ്ദേഹം പലരുടെയും സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. അദ്ദേഹം അനേകം പേർക്ക് രഹസ്യമായി അദ്ഭുതകൃത്യങ്ങൾ കാട്ടുന്നു.

146. വിശ്വാസമില്ലാത്തവർക്ക് ഒരിക്കലും അദ്ദേഹത്തെ കാണാൻ കഴിയില്ല; ഭക്തരും വിശ്വാസികളും എല്ലായ്പ്പോഴും അദ്ദേഹത്തെ അരികിൽ കാണുന്നു. ഒരുവന് അവന്റെ മാനസികാവസ്ഥയ്ക്ക് അനുസരിച്ചുള്ള ഫലം ലഭിക്കുന്നു.

147. ചാവടിയിൽ അദ്ദേഹം അദൃശ്യനായി വർത്തിക്കുന്നു; മസ്ജിദിൽ അദ്ദേഹം പരബ്രഹ്മസ്വരൂപനാണ്; സമാധി (മന്ദിരം)യിൽ അദ്ദേഹം നിർവ്വികല്പാവസ്ഥയിലാണ്. അദ്ദേഹത്തിന്റെ ആനന്ദാവസ്ഥ എല്ലായിടത്തും ഉണ്ടാകും.

148. അതിനാൽ ഇപ്പോൾ ഈ വിശ്വാസമാണ് ഭക്തർക്കുണ്ടാകേണ്ടത്. സായി സമർത്ഥ എല്ലായ്പ്പോഴും സ്ഥിരമായി അവിടെ വർത്തിക്കുന്നുണ്ടാകും.

149. ദേവന്മാർ അവരുടെ ധാമത്തിലേയ്ക്ക് മടങ്ങിപ്പോകും. ദിവ്യന്മാർ ബ്രഹ്മാവസ്ഥയിൽ നിലകൊള്ളും. അവർക്ക് വരവും പോക്കും ഉണ്ടാകില്ല. അവർ പരബ്രഹ്മനിൽ ആനന്ദപൂർവ്വം ലയിച്ചുചേരും.

150. അതിനാൽ ഇത് മാത്രമാണ് എന്റെ ഒരേഒരു അഭ്യർത്ഥന. വൃദ്ധരും ചെറുപ്പക്കാരുമടങ്ങിയ എല്ലാവരുടെ മുമ്പിലും ഞാൻ വന്ദിക്കുന്നു. ഞാൻ പറയുന്നത് ആദരപൂർവ്വം ശ്രവിക്കുക.

151. പാണ്ഡിത്യവും, ധാർമ്മികതയും ദൈവികതയും ഉള്ളവരുമായി സമ്പർക്കവും മിത്രതയും വളർത്തിയെടുക്കുക; ഗുരുപാദങ്ങളിൽ നിസ്വാർത്ഥസ്നേഹം ഉണ്ടാകുക; ഗുരുവിന്റെ ഗുണങ്ങളും മഹിമയും വർണ്ണിക്കുന്ന കഥകൾ പറയാൻ താൽപര്യമുണ്ടാകുക.

152. ഗുരുവിനോട് വേർപിരിയാൻ കഴിയാത്ത തരത്തിലുള്ള സ്നേഹം വളർത്തുക. ആ സ്നേഹബന്ധം ഒരിക്കലും മുറിയാൻ ഇടവരരുത്. ദിനരാത്രങ്ങൾ ഗുരുപാദങ്ങളിൽ ഭക്തിയോടെ കഴിയാൻ ഭക്തർക്ക് കഴിയട്ടെ.

153. അപ്പോൾ ഭക്തരും ഗ്രാമീണരും അടങ്ങുന്ന സകല ജനങ്ങളും ഉചിതമായ അന്ത്യകർമ്മങ്ങളെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി.

154. ശ്രേഷ്ഠഭക്തനായ ബൂട്ടി വളരെ മനോഹരമായ ഒരു കെട്ടിടം മുമ്പ് നിർമ്മിച്ചിരുന്നു. അത് ഭാവിയിലെ സ്മാരകമായി മാറും.

155. പിന്നീട് ശരീരം എവിടെ അടക്കണമെന്നതിനെക്കുറിച്ച് മുപ്പത്തിആറ് മണിക്കൂറുകൾ ചർച്ച നടന്നു. സംഭവിക്കേണ്ടിയിരുന്നത് എന്തായാലും അത് സംഭവിച്ചു.

156. ഒരു കൂട്ടർ പറഞ്ഞു, ഇപ്പോൾ ശരീരം സ്പർശിക്കാൻ ഹിന്ദുക്കളെ അനുവദിക്കരുതെന്ന്. അത് ഘോഷയാത്രയായി മുസ്ലീം ശവകുടീരത്തിലേയ്ക്ക് കൊണ്ടുപോകണം.

157. മറ്റൊരു കൂട്ടർ പറഞ്ഞു, അത് തുറസ്സായ ഒരു സ്ഥലത്ത് മറവു ചെയ്തശേഷം അവിടെ മനോഹരമായ ഒരു സ്മാരകമണ്ഡപം പണിയണമെന്നും, അത് എല്ലാക്കാലവും അവിടെ ഉണ്ടാകണമെന്നും.

158. കുഷൽചന്ദിനും അമീർഷക്കാറിനും അതേ അഭിപ്രായമാണ് ഉണ്ടായിരുന്നത്. പക്ഷേ "ശരീരം വാഡയിൽ സൂക്ഷിക്കുക" എന്നതായിരുന്നു ബാബയുടെ വാക്കുകൾ.

159. രാമചന്ദ്രപാട്ടീൽ വളരെ നിശ്ചയദാർഢ്യമുള്ള വ്യക്തിയായിരുന്നു. അയാൾ ഗ്രാമത്തിന്റെ അധികാരിയും ബാബയുടെ ആശ്രിതനുമായിരുന്നു. അയാൾ ഗ്രാമീണരോട് ഇപ്രകാരം പറഞ്ഞു.

160. "നിങ്ങളുടെ അഭിപ്രായം എന്തായാലും, ഞങ്ങൾക്ക് അത് സ്വീകാര്യമല്ല. ബാബയുടെ ശരീരം വാഡയിലല്ലാതെ മറ്റെവിടെയും ഒരു നിമിഷം പോലും വയ്ക്കാൻ പാടില്ല."

161. ഹിന്ദുക്കൾ അവരുടെ മതവിശ്വാസമനുസരിച്ചുള്ള അഭിപ്രായങ്ങൾ പറഞ്ഞു, അതേപോലെ മുസ്ലീങ്ങളും. എന്താണ് ശരി എന്താണ് അനുചിതം എന്നുള്ള ചർച്ച രാത്രി മുഴുവൻ നീണ്ടുനിന്നു.

162. അപ്പോൾ ലക്ഷ്മൺ മാമാ അയാളുടെ ഗൃഹത്തിൽ ഉറങ്ങിക്കിടക്കവേ, വെളുക്കുന്നതിന് മുമ്പുള്ള സമയത്ത് അയാൾക്ക് ബാബ സ്വപ്നദർശനം നൽകി. അയാളുടെ കൈ പിടിച്ചുകൊണ്ട് ബാബ പറഞ്ഞു: "എഴുന്നേൽക്കൂ, പെട്ടെന്ന് വരിക.

163. "ബാപുസാഹേബ് ഇന്ന് വരില്ല. ഞാൻ മരിച്ചു എന്ന് അവൻ വിശ്വസിക്കുന്നു. നീയെങ്കിലും എനിക്ക് പൂജകളോട് കൂടി കാക്കഡ് ആരതി ചെയ്യുക."

164. പെട്ടെന്ന്, സാധാരണയുള്ള പതിവുപോലെ പൂജയ്ക്കുള്ള എല്ലാ സാമഗ്രികളുമായി ലക്ഷ്മൺ മാമാ സമയത്തെത്തി, പൂജ ചെയ്യാൻ തയ്യാറായി.

165. അയാൾ ഗ്രാമത്തിലെ ജ്യോതിഷിയും മാധവറാവുവിന്റെ അമ്മാവനുമായിരുന്നു (അയാളുടെ അമ്മയുടെ സഹോദരൻ). അയാൾ ദിനവും രാവിലെ ബാബയ്ക്ക് പൂജ ചെയ്തിരുന്നു.

166. ലക്ഷ്മൺ മാമാ ധർമ്മനിഷ്ഠയുള്ള ഒരു ബ്രാഹ്മണനും മാധവറാവുവിന്റെ അമ്മാവനുമായിരുന്നു. രാവിലെ കുളികഴിഞ്ഞ്, കഴുകി ശുദ്ധമാക്കിയ വസ്ത്രങ്ങൾ ധരിച്ച് അയാൾ ബാബയുടെ ദർശനം നടത്തുമായിരുന്നു.

167. അയാൾ ബാബയുടെ പാദങ്ങൾ കഴുകും, ചന്ദനലേപനവും അക്ഷതവും പുരട്ടും. പുഷ്പങ്ങൾ, പത്രങ്ങൾ, തുളസി എന്നിവ അർപ്പിക്കും, പിന്നീട് സാമ്പ്രാണിത്തിരികൾ പുകയ്ക്കുകയും ദീപം കൊളുത്തുകയും നൈവേദ്യം സമർപ്പിക്കുകയും ചെയ്യും. പിന്നീട് ദക്ഷിണ നൽകും.

168. പ്രാർത്ഥനകളോടെ സാഷ്ടാംഗ പ്രണാമം നടത്തി, ബാബയുടെ അനുഗ്രഹങ്ങൾ സ്വീകരിക്കും. പിന്നീട് അയാൾ എല്ലാവർക്കും ചന്ദനലേപന തിലകം ചാർത്തിക്കൊടുത്ത് പ്രസാദം വിതരണം ചെയ്യും. അതിനുശേഷം മടങ്ങിപ്പോകും.

169. പിന്നീട് ഗ്രാമത്തിലെ ദേവതകളായ ഗജാനനൻ, ശനിദേവൻ, ശിവൻ, മാരുതി എന്നിവർക്ക് പൂജകൾ അർപ്പിക്കും.

170. ഇത്തരത്തിൽ ജ്യോതിഷിബുവ ദിനവും സകല ഗ്രാമദേവതകളെയും ആരാ

ധിച്ചിരുന്നു. അതിനാൽ ബാബയുടെ ദേഹത്ത് സ്നേഹത്തോടെ പൂജകൾ ചെയ്യുന്നതിനുവേണ്ടി അയാൾ എല്ലാ പൂജാസാമഗ്രികളും കൊണ്ടുവന്നു.

171. ഇത്തരത്തിൽ മാമാ വളരെ ഭക്തനായിരുന്നു. കൂടാതെ അയാൾക്ക് ഈ സ്വപ്ന ദർശനവുമുണ്ടായി. അതിനാൽ കാക്കഡ് ആരതിക്കുള്ള എല്ലാ സാധന ങ്ങളുമായെത്തി, അയാൾ സാഷ്ടാംഗ പ്രണാമം നടത്തി.

172. മുഖത്തെ മറച്ചിരുന്ന തുണി നീക്കം ചെയ്ത്, അതിലേയ്ക്ക് സ്നേഹത്തോടെ നോക്കിയശേഷം കരചരണങ്ങൾ കഴുകി, ആ ശുദ്ധതീർത്ഥം കുറച്ച് ആചമി ച്ചശേഷം ആചാരവിധികളോടെ പൂജകൾ ചെയ്തു.

173. മൗലവിമാരും മറ്റ് മുസ്ലീങ്ങളും അയാൾ ശരീരത്തിൽ സ്പർശിക്കുന്നതിനെ എതിർത്തു. പക്ഷേ മാമാ അത് ഗൗനിക്കാതെ ചന്ദനലേപനം പുരട്ടിക്കൊണ്ട് പൂജ പൂർത്തിയാക്കി.

174. എന്തൊക്കെയായാലും അയാൾ ആരാധിച്ചിരുന്ന ദേവനായ സമർത്ഥരുടെ ശരീ രമായിരുന്നു അത്. അത് ഹിന്ദുവാണോ മുസ്ലീമാണോ എന്ന് ഒരു നിമിഷം പോലും അയാൾ ചിന്തിച്ചില്ല.

175. ബാബ ജീവനോടെ ഭൗതിക ദേഹത്തിൽ വസിച്ചിരുന്നപ്പോൾ പൂജകൾ അർപ്പി ക്കുന്നത് എത്ര സന്തോഷകരമായ അവസ്ഥയായിരുന്നു! ഇപ്പോൾ അതിൽ ജീവനില്ല. എങ്കിലും അതൊരു വെറും ചടങ്ങ് മാത്രമായിരുന്നില്ല.

176. ബാബയെ ഈ അവസ്ഥയിൽ കണ്ടപ്പോൾ മാമായ്ക്ക് അതിയായ ദുഃഖമു ണ്ടായി. അയാൾ അവസാന പൂജ ചെയ്യാനായി എത്തിയതായിരുന്നു. പിന്നീ ടൊരിക്കലും അയാൾക്ക് ആ ദർശനം നേടാൻ കഴിയില്ല.

177. ബാബയെ ഈ അവസ്ഥയിൽ കണ്ടത് മാമായ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. അയാളുടെ കണ്ണുകൾ അശ്രുക്കളാൽ നിറയുകയും, കൈകാലുകൾ വിറയ്ക്കു കയും ചെയ്തു. മാമാ വളരെയധികം ദുഃഖിതനായിരുന്നു.

178. അടഞ്ഞിരുന്ന കരമുഷ്ടി നിവർത്തി, അതിൽ വെറ്റിലയും ദക്ഷിണയും വച്ച ശേഷം, ശരീരം മുമ്പത്തെപ്പോലെ മറച്ചുവച്ച് മാമാ മടങ്ങിപ്പോയി.

179. പിന്നീട് ബാബയുടെ ഉച്ചസമയത്തെ ആരതി, പതിവുപോലെ മസ്ജിദിൽ വച്ച് മറ്റുള്ളവരോടൊപ്പം ചേർന്ന് ബാപുസാഹേബ് ജോഗ് നിർവ്വഹിച്ചു.

180. അത് അങ്ങനെയാകട്ടെ. പിന്നീട് എന്ത് സംഭവിച്ചു എന്നുള്ളത് അടുത്ത അധ്യാ യത്തിൽ വിവരിക്കാം – എങ്ങനെയാണ് ബാബയുടെ ശരീരം ഹിന്ദു ആചാര പ്രകാരം, വിസ്താരമുള്ള ഒരു സ്ഥലത്തുവച്ച് അന്ത്യകർമ്മങ്ങൾക്ക് ഒരുക്കി യതെന്നും,

181. ബാബ വളരെയധികം സ്നേഹിച്ചിരുന്നതും വർഷങ്ങളോളം അദ്ദേഹത്തിന്റെ സന്തത സഹചാരിയുമായിരുന്ന ഒരു ഇഷ്ടിക എങ്ങനെയാണ് ഉടഞ്ഞതെ ന്നും, അത് ഒരു ദുശ്ശകുനവും മരണത്തിന്റെ മുന്നോടിയുമാണ്.

182. കൂടാതെ ഈ സംഭവം മുപ്പത്തിരണ്ട് വർഷങ്ങൾക്ക് മുമ്പ്, ബാബ തന്റെ പ്രാണശക്തി ഉയർത്തി സമാധി അവസ്ഥയിൽ കഴിഞ്ഞ സമയത്താണ് ഉണ്ടാ യതെങ്കിൽ എന്തു സംഭവിക്കുമായിരുന്നു, അതൊരു ദുർഘടമായ അവസ്ഥ യാകുമായിരുന്നു. അതും വിവരിക്കുന്നതാണ്.

183. എങ്ങനെയാണ് മാലസപതി പകലും രാത്രിയും ബാബയെ കാത്തുസൂക്ഷി ച്ചിരുന്നതെന്നും, എല്ലാവരും പ്രതീക്ഷ കൈവിട്ടപ്പോൾ ബാബ പെട്ടെന്ന്

ഉണർന്നെഴുന്നേറ്റത് എങ്ങനെയെന്നും വിവരിക്കുന്നതാണ്.

184. ജ്ഞാനികളിൽ ജ്ഞാനിയും, ജീവിതാവസാനം വരെ ബ്രഹ്മചര്യനിഷ്ഠ അനുഷ്ഠിക്കുകയും ചെയ്ത ആ യോഗാചാര്യന്റെ മഹിമ എങ്ങനെയാണ് വർണ്ണിക്കാൻ കഴിയുക!

185. അതിനാൽ അത്തരം മഹത്വമാർന്ന വ്യക്തിക്ക് മുമ്പിൽ നമുക്ക് പ്രണാമങ്ങൾ അർപ്പിക്കാം. വിനീതനായ ഹേമദ് ഹൃദയപൂർവ്വം അദ്ദേഹത്തിന് സ്വയം സമർപ്പിക്കുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ നാൽപ്പത്തിമൂന്നാം അധ്യായം "സായിനാഥ് ഭൗതിക ദേഹം വെടിയുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ശുകൻ ജന്മനാ തത്ത്വദർശികനായിരുന്നു.
2. ഏഴു ദിവസങ്ങൾക്കുള്ളിൽ മരണമുണ്ടാകുമെന്ന് ഒരു ബ്രാഹ്മണനാൽ ശാപമേറ്റു. അതിനാൽ ശുകൻ ഭാഗവതം കേൾപ്പിച്ചു.

   കലിയുഗം ആരംഭിച്ചത് രാജാവിന്റെ ഭരണസമയത്താണ്.

## 44

# സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

*ഞാൻ ശ്രീ ഗണേശഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീ സരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീ സീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീ സദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഓം. പരമാത്മബോധമായ, സകല ആനന്ദത്തിന്റെയും സങ്കേതമായ, സകല ഐശ്വര്യങ്ങളുടെയും നിധിയായ ശ്രീസായിയെ ഞാൻ വന്ദിക്കുന്നു. അങ്ങയുടെ അനുഗ്രഹത്താലാണ് ഇല്ലായ്മകളെല്ലാം അകലുന്നത്.
2. അങ്ങയുടെ പാദങ്ങൾ സ്പർശിച്ചാൽ മാത്രം എല്ലാ പാപങ്ങളും ഒലിച്ചു പോകുന്നു. അങ്ങയെ സർവഭക്തിയോടുംകൂടി ആരാധിക്കുന്നവർ എത്രമാത്രം അനുഗൃഹീതരാണ്!
3. മന്ദസ്മിതം തൂകുന്ന അങ്ങയുടെ മുഖത്തേയ്ക്ക് ഒരു മാത്ര നോക്കുന്നത് സകല ലൗകിക ദു:ഖങ്ങളും മറക്കുന്നതിനും വിശപ്പും ദാഹവും ഉടനടി ശമിപ്പിക്കുന്നതിനും പര്യാപ്തമാണ്. അത്രയ്ക്ക് അനുപമമാണ് ആ ദർശനം.
4. സദാ “അള്ളാ-മാലിക്” എന്ന് ധ്യാനിച്ചിരുന്ന, വൈരാഗിയായ, അഹങ്കാരമോ, അത്യാഗ്രഹമോ, ആസക്തികളോ ഇല്ലാതിരുന്ന അദ്ദേഹത്തിന്റെ മഹത്വം എങ്ങനെയാണ് ഞാൻ വർണ്ണിക്കുക:
5. ദ്രോഹിക്കുന്നവർക്ക് പോലും നന്മ ചെയ്യുന്ന, അത്തരത്തിൽ ശാന്തമനസ്കനായ അദ്ദേഹത്തെ ഒരു നിമിഷം പോലും നമുക്ക് മറക്കാൻ കഴിയില്ല. അദ്ദേഹത്തിന് നിങ്ങളുടെ ഹൃദയത്തിൽ ഒരു സ്ഥാനം നൽകുക.
6. രാമനും കൃഷ്ണനും താമര പോലെയുള്ള മിഴികളുള്ളവരാണ്. ഒരു ദിവ്യൻ ഒറ്റക്കണ്ണനോ, അന്ധനോ ആയിരിക്കാം. ദേവന്മാർ സുന്ദരന്മാരാണ്; ദിവ്യന്മാർ എല്ലായ്പ്പോഴും ആനന്ദസ്വരൂപമാണ്.
7. ദേവന്മാർ അവരോട് പ്രാർത്ഥിക്കുന്നവരെയാണ് പാലിക്കുന്നത്; പക്ഷേ ദിവ്യന്മാരുടെ കൃപയ്ക്ക് പരിധികളില്ല. ദേവന്മാർ പറയുന്നു, “മനുഷ്യർ ഏത് തരത്തിൽ എന്നെ സമീപിക്കുന്നോ, ആ തരത്തിൽ ഞാൻ അവരെ സ്വീകരിക്കുന്നു,” പക്ഷേ ദിവ്യന്മാരാകട്ടെ അവരെ നിന്ദിക്കുന്നവരോടും ദയ കാട്ടുന്നു.
8. രാമൻ, കൃഷ്ണൻ, സായി എന്നിവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അവർ മൂന്ന് പേരായി കാണപ്പെടുന്നെങ്കിലും, സാരത്തിൽ അവർ ഒന്നാകുന്നു.

9. ഇവർ മൂന്ന് പേരും മരണമടഞ്ഞു എന്ന് പറയുന്നത്, തീർത്തും ഉചിതമല്ല. മരണത്തിന് മേൽ നിയന്ത്രണമുള്ള വ്യക്തിയെ, എങ്ങനെയാണ് അത് ബാധിക്കുക?

10. ഈ ജന്മത്തിന് കാരണമായ പൂർവജന്മങ്ങളിലെ പുണ്യപാപങ്ങളെക്കുറിച്ച് നാം അജ്ഞരാണ്. ഈ ജന്മത്തിലെ നല്ലതും ചീത്തയുമായ കർമ്മങ്ങളെക്കുറിച്ചും എനിക്ക് അറിയില്ല. ഗുരുരായനായ സായി ദയാപരനാണ്. ഇതറിഞ്ഞ് കൊണ്ട് ഞാൻ അദ്ദേഹത്തിന്റെ ദയയ്ക്കായി പ്രാർത്ഥിക്കുന്നു.

11. ആഗ്രഹങ്ങളുടെ അനേകം തിരകൾ ഉയരുന്നതിനാൽ, മനസ്സിന് ശാന്തി ലഭിക്കുന്നില്ല. അങ്ങയുടെ കൃപയില്ലാതെ മനസ്സിന് ശാന്തി ഉണ്ടാകില്ല.

12. കഴിഞ്ഞ അധ്യായത്തിന്റെ തുടക്കത്തിൽ, ഞാൻ ചില കാര്യങ്ങൾ വിവരിക്കുമെന്ന് ഉറപ്പ് പറഞ്ഞെങ്കിലും, എനിക്ക് അത് സാധിച്ചില്ല. എനിക്ക് അത് മുഴുവനായി വിവരിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അത് തുടക്കം മുതൽ ഒടുക്കം വരെ പൂർണ്ണമായി കേൾക്കുക.

13. അന്ത്യസമയം അടുത്തു എന്ന് ഗ്രഹിച്ച് കൊണ്ട്, ബാബ പതിനാല് ദിവസങ്ങൾ പകലും രാത്രിയും ഒരു ബ്രാഹ്മണന്റെ രാമായണപാരായണം ശ്രവിച്ചു.

14. അത്തരത്തിൽ രാമായണം ശ്രവിച്ച് കൊണ്ട് രണ്ടാഴ്ച കടന്നുപോയി. വിജയദശമി ദിനമെത്തിയപ്പോൾ ബാബ ദേഹത്യാഗം ചെയ്തു.

15. ബാബയുടെ ദേഹത്യാഗത്തിനുശേഷം, ലക്ഷ്മൺ മാമാ പൂജചെയ്തതും ജോഗ് ആരതി നടത്തിയതും കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചു.

16. അതിനുശേഷം ശരീരത്തിന് അന്ത്യകർമ്മങ്ങൾ ചെയ്യുന്നതിനുള്ള തീരുമാനമെടുക്കാൻ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും മുപ്പത്തിആറ് മണിക്കൂറുകൾ വേണ്ടിവന്നു.

17. എങ്ങനെയാണ് സമാധിയുടെ സ്ഥലം നിശ്ചയിച്ചത്; എങ്ങനെയാണ് അപ്രതീക്ഷിതമായി ഇഷ്ടിക വീണുടഞ്ഞത്; എങ്ങനെയാണ് മുമ്പൊരിക്കൽ ബാബ അദ്ദേഹത്തിന്റെ പ്രാണശക്തി മൂന്ന് ദിവസങ്ങൾ മുകളിലേക്കുയർത്തിയത്.

18. അത് സമാധിയാണോ ദേഹത്യാഗമാണോ എന്ന് എല്ലാവർക്കും സംശയമുണ്ടായിരുന്നു. ശ്വാസചലനം ഇല്ലാതിരുന്നതിനാൽ അദ്ദേഹം സാധാരണ നിലയിലേയ്ക്ക് വരുമോ എന്നകാര്യം സംശയകരമായിരുന്നു.

19. അത്തരത്തിൽ മൂന്ന് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം ദേഹത്യാഗം ചെയ്തത് തന്നെയാണെന്ന് തീർച്ചപ്പെടുത്തി. അപ്പോൾ സ്വാഭാവികമായും എല്ലാവരും അന്ത്യകർമ്മങ്ങളുടെ വിഷയമുയർത്തി.

20. അപ്പോൾ, ആ സമയത്ത്, ആന്തരികമായി പൂർണ്ണ ബോധവാനായിരുന്ന ബാബ പെട്ടെന്ന് സാധാരണ നിലയിലേയ്ക്ക് മടങ്ങിയെത്തുകയും ജനങ്ങളുടെ ഉത്കണ്ഠ അകറ്റുകയും ചെയ്തു.

21. അത്തരത്തിലുള്ള അനേകം കഥകൾ സ്നേഹപൂർണ്ണമായ ഭക്തിയോടെ കേൾക്കുക. നിങ്ങൾ സന്തോഷവാന്മാരാകുകയും, വികാരത്താൽ വീർപ്പുമുട്ടുകയും ചെയ്യും.

22. ഇതൊരു കഥയല്ല, മറിച്ച് അമൂല്യമായ സായി രത്നങ്ങളുടെ ഒരു നിധിയാണ്. സ്നേഹത്തോടെ അത് തുറന്ന് ദർശനത്തിന്റെ ആനന്ദം അനുഭവിക്കുക.

23. ഈ അധ്യായത്തിൽ മുഴുവൻ, സായിനാഥ് പരിപൂർണ്ണമായും നിറഞ്ഞു നിൽക്കുന്നതായി കാണാം. അവ ശ്രവിക്കുമ്പോൾ നിങ്ങൾ സംതൃപ്തരാകും. അത് ഓർമ്മിക്കുമ്പോൾ നിങ്ങൾക്ക് ഒരു രക്ഷകനെ ലഭിക്കും.

24. വളരെ ഉദാരമതിയായിരുന്ന അതേ സായിയുടെ കഥയാണിത്. സ്നേഹവും ശാന്തിയും നിറഞ്ഞ മനസ്സോടെ അത് കേൾക്കാൻ തയ്യാറാകുക.

25. ഇത്തരത്തിൽ ഭക്തി നിറഞ്ഞ ഒരു കഥ ഒരിക്കലും ഭക്തരുടെ ഹൃദയത്തെ പൂർണ്ണമായും തൃപ്തമാക്കില്ല; പക്ഷേ അവരിൽ ആത്മീയാനന്ദം നിറയുകയും, ലൗകിക ക്ലേശങ്ങളാൽ വലയുന്നവർക്ക് ശാന്തി ലഭിക്കുകയും ചെയ്യും.

26. ഇത്തരത്തിലാണ് സായിയുടെ ഈ കഥ, അത് ശ്രവിക്കുന്നതിലൂടെ സംതൃപ്തമായ ഒരു മാനസികാവസ്ഥയുടെ ആനന്ദം ലഭിക്കുന്നു. ആത്മാനന്ദം നമ്മുടെ മുമ്പിൽ നിൽക്കുന്നതുപോലെ തോന്നുകയും ഒരുവൻ സകല ആനന്ദങ്ങളിലും വച്ച് ഏറ്റവും ശുദ്ധമായ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു.

27. നിങ്ങൾ അത് എത്ര പ്രാവശ്യം കേട്ടാലും, പുതുമയുള്ളതും ശുദ്ധവുമായി തോന്നും. അത് വളരെ വശ്യമാണെന്നതാണ് അതിന്റെ പ്രത്യേക ഗുണം. അതിനാൽ ദിവ്യന്റെ ഈ കഥ ശുദ്ധവും ജാഗ്രതയും ഉള്ള മനസ്സോടെ കേൾക്കുക.

28. അത് അങ്ങനെയാകട്ടെ. പിന്നീട് ശരീരത്തിന്റെ അന്ത്യകർമ്മങ്ങളെക്കുറിച്ചുള്ള ചർച്ചകൾ അവസാനമില്ലാതെ തുടരുകയും എല്ലാവരും ക്ഷീണിതരാകുകയും ചെയ്തു. അതിന്റെ പരിണിതഫലം എന്തായിരുന്നെന്ന് കേൾക്കുക.

29. ബൂട്ടിയുടെ വാഡയിലെ നടുത്തളത്തിൽ ശ്രീകൃഷ്ണവിഗ്രഹം സ്ഥാപിക്കാൻ നിശ്ചയിക്കപ്പെട്ടിരുന്ന ഗർഭഗൃഹത്തിൽ ബാബയുടെ ശരീരം അന്ത്യവിശ്രമത്തിന് വയ്ക്കണമെന്ന് ഒടുവിൽ തീരുമാനിക്കപ്പെട്ടു.

30. മുമ്പ് അവിടെ അടിസ്ഥാനശില സ്ഥാപിക്കാൻ കുഴിക്കുന്ന സമയത്ത് ബാബ ലെൻഡിയിലേയ്ക്ക് പോകാൻ അതു വഴി വന്നിരുന്നു. മാധവറാവുവിന്റെ അഭ്യർത്ഥന ബാബ അംഗീകരിച്ചിരുന്നു.

31. മാധവറാവു ബാബയുടെ കൈകളിൽ ഒരു നാളികേരം നൽകിക്കൊണ്ട് പ്രാർത്ഥിച്ചു. "ഞാൻ ശ്രീകൃഷ്ണന്റെ ഗർഭഗൃഹത്തിന് വേണ്ടി കുഴിക്കുകയാണ്, അങ്ങയുടെ ദയാപൂർണമായ കടാക്ഷത്താൽ ഈ സ്ഥലത്തെ അനുഗ്രഹിക്കുക".

32. അതൊരു ശുഭമുഹൂർത്തമാണെന്ന് ഗ്രഹിച്ച് കൊണ്ട് ബാബ പറഞ്ഞു: "ഈ നാളികേരം ഉടയ്ക്കുക. ബാലഗോപാലന്മാരായ നാമെല്ലാം ഇവിടെ സമയം ചെലവഴിക്കും.

33. "ഇവിടെ നമ്മൾ നമ്മുടെ പ്രശ്നങ്ങളെക്കുറിച്ച് ഇടയ്ക്കിടയ്ക്ക് സംസാരിക്കും. ഇവിടെ നമ്മൾ കുട്ടികളോടും കുടുംബത്തോടുമൊപ്പം സമാധാനത്തോടെ കഴിയും."

34. ബാബ സാധാരണമട്ടിൽ എന്തോ പറഞ്ഞുവെന്നാണ് തുടക്കത്തിൽ എല്ലാവരും കരുതിയത്. പക്ഷേ പിന്നീടുണ്ടായ സംഭവങ്ങൾ കണ്ടപ്പോൾ ആ വാക്കുകൾ ശരിയായ രീതിയിൽ ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്ന് അവർ തിരിച്ചറിഞ്ഞു.

35. ബാബയുടെ ദേഹത്യാഗത്തിന് ശേഷം, ആ അമൂല്യമായ ശരീരം സൂക്ഷിക്കുന്നതിനുള്ള ഏറ്റവും യോജിച്ച സ്ഥലം ഇതാണെന്ന് കരുതപ്പെട്ടു. മുരളീധര വിഗ്രഹം സ്ഥാപിക്കാനുള്ള തീരുമാനം ഉപേക്ഷിക്കപ്പെട്ടു.

36. ബാബയുടെ അവസാന വാക്കുകൾ, "ഈ ശരീരം വാഡയിൽ സൂക്ഷിക്കുക", എന്നത് ഒടുവിൽ എല്ലാവരുടെയും തീരുമാനമായി മാറി. ബാബ സ്വയം മുരളീധരനായി.

37. ശ്രീമന്ത് ബൂട്ടിയും മറ്റുള്ളവരും, ഹിന്ദുക്കളും, മുസ്ലീങ്ങളും, ഈ തീരുമാനത്താൽ സന്തോഷവാന്മാരാകുകയും, വാഡ നല്ല ഒരു ഉദ്ദേശ്യത്തിനായി ഉപയോഗിക്കപ്പെടുകയും ചെയ്തു.

38. ബാബയുടെ ശരീരം മറ്റെവിടെയെങ്കിലും സൂക്ഷിക്കപ്പെട്ടിരുന്നെങ്കിൽ, വിലപിടിപ്പുള്ള ആ വാഡ ഒരു പാഴ്‌വസ്തുവും വിജനവുമാകുമായിരുന്നു.

39. സായി കാരണമാണ് ഇപ്പോൾ അവിടെ പൂജ, ആരാധന, ദിവ്യഗ്രന്ഥപാരായണം, ഗീതങ്ങൾ, ഭക്തർക്കും സന്ദർശകർക്കും ആഹാരവിതരണം എന്നിവ നടക്കുന്നത്.

40. സായി കാരണം, അവിടെ ധാരാളം ആഹാരം വിതരണം ചെയ്യപ്പെടുകയും, പലതരത്തിലുള്ള ധാർമ്മിക ചടങ്ങുകൾ ഇടയ്ക്കിടയ്ക്ക് നടത്തപ്പെടുകയും ചെയ്യുന്നു. അടുത്തും ദൂരെയുമുള്ള സ്ഥലങ്ങളിൽ നിന്നും, വിവിധ രാജ്യങ്ങളിൽ നിന്നും ജനങ്ങൾ ഇവിടെ എത്തുകയും ചെയ്യുന്നു.

41. അതിനാൽ ദിവ്യന്മാരുടെ സംഭാഷണങ്ങൾ മനസ്സിൽ ഓർക്കുക–കേൾക്കുന്ന ഓരോ വാക്കുകളും മനനം ചെയ്യുക. അവിശ്വസിക്കുകയോ, അവ സാധാരണ വാക്കുകളാണെന്ന് കരുതി തള്ളിക്കളയുകയോ ചെയ്യരുത്.

42. തുടക്കത്തിൽ അവ വിവേകശൂന്യമോ സംശയകരമോ ആയി തോന്നിയാലും, മനസ്സിലാക്കാൻ പ്രയാസകരമായാലും, സമയം കഴിയവേ അർത്ഥം വ്യക്തമാകും.

43. ശരീരത്യാഗത്തിന് പിന്നെയും സമയം ബാക്കിനിൽക്കവേ വരാൻപോകുന്ന സംഭവങ്ങളെ സൂചിപ്പിക്കുന്ന അനേകം ദുശ്ശകുനങ്ങൾ ഷിർദിയിലും മസ്ജിദിലും മുമ്പ് സംഭവിച്ചിരുന്നു.

44. അതിൽ നിന്നും, ശ്രോതാക്കളുടെ ക്ഷേമത്തിന് വേണ്ടി ഒന്നുമാത്രം ഞാൻ വിവരിക്കുന്നതാണ്. അല്ലാതെ അവയെല്ലാം ഞാൻ വിവരിക്കുകയാണെങ്കിൽ ഗ്രന്ഥം ദീർഘമാകും.

45. അനേകം വർഷങ്ങളായി, ബാബയുടെ പക്കൽ പഴയ ഒരു ഇഷ്ടിക ഉണ്ടായിരുന്നു, അതിന് മുകളിൽ അദ്ദേഹം തന്റെ കൈവച്ച് വിശ്രമിച്ച് യോഗാസനത്തിൽ ഇരിക്കുമായിരുന്നു.

46. രാത്രിയിലെ ഏകാന്തതയിൽ, അദ്ദേഹം പതിവായി ആ ഇഷ്ടികയിൽ കൈ താങ്ങി, യോഗാസനത്തിൽ, ശാന്തനായി മസ്ജിദിൽ ഇരിക്കുമായിരുന്നു.

47. അനേകം വർഷങ്ങൾ, തടസ്സങ്ങളോ, മറ്റ് പ്രശ്നങ്ങളോ ഇല്ലാതെ ഈ സാധന തുടർന്നു പോകുകയായിരുന്നു. പക്ഷേ വിധി യാതൊരു നിയമങ്ങളാലും നിയന്ത്രിതമല്ല; അപ്രതീക്ഷിതമായി അവ തടസ്സപ്പെട്ടു.

48. ബാബ മസ്ജിദിൽ ഇല്ലാതിരുന്ന സമയത്ത്, ഒരു ബാലൻ മസ്ജിദ് തൂത്ത് വൃത്തിയാക്കുകയായിരുന്നു. ഇഷ്ടികയുടെ ചുവട്ടിലുള്ള അഴുക്ക് നീക്കി വൃത്തിയാക്കുന്നതിന് വേണ്ടി അവൻ അത് അൽപമൊന്ന് ഉയർത്തിപ്പിടിച്ചു.

49. അത് ഉടയാനുള്ള സമയം ആഗതമായിരുന്നു. ഇഷ്ടിക ബാലന്റെ കൈകളിൽ നിന്നും തെന്നി വീണു. അത് ഒരു ശബ്ദത്തോടെ നിലത്ത് പതിച്ച് രണ്ട് കഷണങ്ങളായി ഉടഞ്ഞു.

50. അത് കേട്ടപ്പോൾ ബാബ പറഞ്ഞു: "ഇഷ്ടികയല്ല, എന്റെ വിധിയാണ് കഷണങ്ങളായി ഉടഞ്ഞത്." ഇത് പറഞ്ഞപ്പോൾ, അദ്ദേഹം വളരെ അസ്വസ്ഥനാകുകയും, ദു:ഖത്തിന്റെ അശ്രുക്കൾ കണ്ണുകളിൽ നിന്ന് ഒഴുകുകയും ചെയ്തു.

51. അദ്ദേഹം പതിവായി യോഗചര്യ ചെയ്യുമ്പോൾ ഉപയോഗിച്ചിരുന്ന ഇഷ്ടിക ഉടഞ്ഞപ്പോൾ, ബാബയുടെ ഹൃദയം മുറിയുകയും അദ്ദേഹം വികാരഭരിതനാകുകയും ചെയ്തു.

52. അനേകം വർഷങ്ങൾ അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന ഈ ഇഷ്ടിക, വളരെ പഴക്കമുള്ളതും, അദ്ദേഹത്തിന്റെ യോഗചര്യകൾക്ക് പ്രധാന സഹായിയുമായിരുന്നു. പെട്ടെന്ന് അത് വീണുടഞ്ഞപ്പോൾ, അദ്ദേഹത്തിന് മസ്ജിദ് വിജനമായത് പോലെ അനുഭവപ്പെട്ടു.

53. അത് വെറുമൊരു ഇഷ്ടിക ആയിരുന്നെങ്കിലും ബാബ അത് വളരെ ഇഷ്ടപ്പെടുകയും സ്വന്തം ജീവനെപ്പോലെ അതിനെ സ്നേഹിക്കുകയും ചെയ്തു. അതിന്റെ അവസ്ഥ കണ്ടപ്പോൾ ബാബ വളരെ അസ്വസ്ഥനായി.

54. കൈമുട്ടുകൾ ആ ഇഷ്ടികയുടെ മുകളിൽ താങ്ങിക്കൊണ്ട്, മണിക്കൂറുകളോളം ബാബ യോഗാസനത്തിൽ ഇരിക്കുമായിരുന്നു. അതിനാൽ അദ്ദേഹം അത് വളരെ ഇഷ്ടപ്പെട്ടു.

55. "ആരുടെ സാമീപ്യത്തിലാണോ ഞാൻ ധ്യാനം നടത്തിയിരുന്നത്, എന്റെ ജീവനേക്കാൾ പ്രിയപ്പെട്ട എന്റെ ആ സുഹൃത്ത് ഇപ്പോൾ വീണുടഞ്ഞിരിക്കുന്നു. അതില്ലാതെ എനിക്കും ജീവിക്കാൻ കഴിയില്ല.

56. "ഇഷ്ടിക എന്റെ ആജീവനാന്ത സുഹൃത്തായിരുന്നു, ഇന്ന് അത് മറഞ്ഞു പോയിരിക്കുന്നു." ഇത്തരത്തിൽ അതിന്റെ ഗുണങ്ങൾ ഓർത്ത് കൊണ്ട്, ബാബ അതിനെയോർത്ത് വിലപിക്കാൻ തുടങ്ങി.

57. ഒരു ഇഷ്ടിക എന്നത് നശ്വരമായ ഒരു വസ്തു അല്ലേ എന്നുള്ള ഒരു സ്വാഭാവികമായ സംശയം ഉയർന്നു വന്നേക്കാം. അതിന് വേണ്ടി എന്തിന് ദു:ഖിക്കണം? ജനങ്ങൾ എന്താണ് പറയുക?

58. തുടക്കത്തിൽ ആർക്കും അപ്രകാരമുള്ള സംശയങ്ങൾ തോന്നിയേക്കാം.

സായിയുടെ പാദങ്ങളിൽ വണങ്ങിക്കൊണ്ട് ഞാൻ അത് വിശദീകരിക്കാൻ ശ്രമിക്കാം.

59. ലോകത്തെ ഉദ്ധരിക്കുന്നതിനും, ദരിദ്രരുടെയും പാപികളുടെയും മുക്തിക്കും വേണ്ടി മാത്രമാണ് ദിവ്യന്മാർ അവതരിക്കുന്നത്. അവർക്ക് മറ്റ് ദൗത്യമോ ലക്ഷ്യമോ ഇല്ല.

60. സാധാരണജനങ്ങളെപ്പോലെ അവർ ചിരിക്കുന്നു, കരയുന്നു, കളിക്കുന്നു, പക്ഷേ അതെല്ലാം നാടകമാണ്. ലോകത്തിൽ ശ്രേഷ്ഠരുടെ പെരുമാറ്റത്തിന്റെ രഹസ്യമിതാണ്. അവരുടെ പെരുമാറ്റം പോലെ ലോകരും പ്രവർത്തിക്കുന്നു.

61. ദിവ്യന്മാർ പൂർണ്ണജ്ഞാനികളും, ആഗ്രഹരഹിതരും, വിരക്തരും ആണെങ്കിലും ലോകത്തിലെ ജനങ്ങളുടെ ഉദ്ധാരണത്തിന് വേണ്ടി, അവർ പ്രവർത്തനോന്മുഖരാകുന്നു.

62. അത് അങ്ങനെയാകട്ടെ. മുപ്പത്തിരണ്ട് വർഷങ്ങൾക്ക് മുമ്പ്, അദ്ദേഹം ഒരിക്കൽ യഥാർത്ഥത്തിൽ ശരീരം ഉപേക്ഷിക്കുകയുണ്ടായി. അന്ന് നടക്കുമായിരുന്ന സമാധി മാലസപതിയുടെ വിവേകബുദ്ധി കാരണം നടന്നില്ല, ആ അശുഭസംഭവം കൃത്യമായും തടയപ്പെട്ടു. ഇതാണ് യാഥാർത്ഥ്യം.

63. ഇപ്പറഞ്ഞ സംഭവം തടയപ്പെട്ടില്ലായിരുന്നെങ്കിൽ, എങ്ങനെയാണ് എല്ലാവർക്കും സായിയുടെ സമ്പർക്കം ലഭിക്കുമായിരുന്നത്? ഇത് എഴുതുന്നതിന് നാൽപ്പത്തിമൂന്ന് വർഷങ്ങൾക്ക് മുമ്പ് അത് സംഭവിക്കുമായിരുന്നു.

64. മാർഗശീർഷ പൗർണമി ദിനത്തിൽ (സമാധിയ്ക്ക് മുപ്പത്തിരണ്ട് വർഷങ്ങൾക്ക് മുമ്പ്) ബാബയ്ക്ക് ശ്വാസം മുട്ടലുണ്ടാകുകയും വളരെ അസ്വസ്ഥനാകുകയും ചെയ്തു. ഈ ശാരീരിക വേദന സഹിക്കുന്നതിന് വേണ്ടി ബാബ അദ്ദേഹത്തിന്റെ പ്രാണശക്തി മുകളിലേക്കുയർത്തി സമാധി അവസ്ഥയിലായി.

65. "ഇന്നു മുതൽ മൂന്ന് ദിവസങ്ങൾ ഞാൻ എന്റെ പ്രാണശക്തി മുകളിലേക്കുയർത്തി സമാധിയിൽ വസിക്കും. എന്നെ ഉണർത്തരുത്", ബാബ അവരോട് പറഞ്ഞു.

66. "മുറ്റത്തിന്റെ ആ മൂല നോക്കൂ", ബാബ അദ്ദേഹത്തിന്റെ വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു. "അവിടെ എന്റെ സമാധിയ്ക്കായി കുഴിച്ച് എന്നെ അതിനുള്ളിൽ കിടത്തുക."

67. പിന്നീട് മാലസപതിയെ നോക്കിക്കൊണ്ട് അദ്ദേഹം സ്പഷ്ടമായി പറഞ്ഞു: "ഈ മൂന്ന് ദിവസങ്ങൾ എന്നെ അവഗണിക്കരുത്.

68. "ആ സ്ഥലത്ത് അടയാളമായി രണ്ട് ധ്വജങ്ങൾ സ്ഥാപിക്കുക." ഇങ്ങനെ പറഞ്ഞ് കൊണ്ട് അദ്ദേഹം തന്റെ പ്രാണശക്തി മുകളിലേക്കുയർത്തി.

69. പെട്ടെന്ന് അദ്ദേഹത്തിന്റെ ശരീരം ഇളകുകയും അദ്ദേഹം അബോധാവസ്ഥയിലാകുകയും ചെയ്തു. മാലസപതി അദ്ദേഹത്തെ അയാളുടെ മടിയിൽ കിടത്തി. മറ്റുള്ളവരുടെ ആശയറ്റു.

70. ഇത് സംഭവിച്ചപ്പോൾ രാത്രി ഏകദേശം 10 മണി ആയിട്ടുണ്ടായിരുന്നു. പെട്ടെന്നുണ്ടായ സംഭവഗതികൾ ഓർത്ത് എല്ലാവരും നിശ്ചേഷ്ടരായി നിന്നു.

71. ശ്വാസചലനമോ നാഡിമിടിപ്പോ ഉണ്ടായിരുന്നില്ല. ശരീരത്തിൽ ജീവനില്ലാത്തത് പോലെ തോന്നിച്ചു. ആളുകളെല്ലാം വളരെ ഭയപ്പെട്ടു. പക്ഷേ സായി വളരെ ശാന്താവസ്ഥയിലായിരുന്നു.

72. അപ്പോൾ മാലസപതി വളരെ ജാഗ്രതയോടെ പകലും രാത്രിയും ബാബയെ സംരക്ഷിച്ചു. അയാൾ അദ്ദേഹത്തിന്റെ സമീപം ഉണർന്നിരുന്നു.

73. സമാധിയ്ക്ക് വേണ്ടി കുഴി കുഴിക്കണമെന്ന് സായി സ്വയം നിർദ്ദേശിച്ചിരുന്നെങ്കിലും ആർക്കും അതിന് ധൈര്യമുണ്ടായില്ല.

74. ബാബയെ സമാധിസ്ഥിതിയിൽ കണ്ട് ഗ്രാമം മുഴുവൻ അവിടെ ഒന്നിച്ചുകൂടി. ജനങ്ങൾ ഭയത്തോടെ നോക്കുകയും ദു:ഖിതരാകുകയും ചെയ്തു. ഭഗത് മാലസപതി മടിയിൽ നിന്ന് ശരീരം മാറ്റിയതേയില്ല.

75. ശരീരത്തിൽ ജീവനില്ലാ എന്ന് മനസ്സിലാക്കിയാൽ ജനങ്ങൾക്ക് അതൊരു ആഘാതമായിരിക്കും. അതിനാൽ മൂന്ന് ദിവസങ്ങൾ ശരീരം സൂക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട് സായി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതാണെന്ന് തോന്നുന്നു.

76. ശ്വാസം നിലച്ചിരുന്നു. എല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തനരഹിതമായി. യാതൊരു ചലനവുമുണ്ടായിരുന്നില്ല. മുഖത്തിന്റെ തിളക്കം മങ്ങിയിരുന്നു.

77. അദ്ദേഹത്തിന് ചേതനയും പരിസരബോധവും നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം തികച്ചും നിശ്ശബ്ദനായിരുന്നു. എങ്ങനെയാണ് അദ്ദേഹം സ്വബോധത്തിലേയ്ക്ക് തിരിച്ചു വരിക? ഇതായിരുന്നു എല്ലാവരുടെയും ഏറ്റവും വലിയ ഉത്കണ്ഠ.

78. രണ്ട് ദിവസങ്ങൾ കഴിഞ്ഞുപോയി, പക്ഷേ അദ്ദേഹത്തിന് ബോധശക്തി തിരികെ വന്നില്ല. മൗലവിമാർ, മൗലാനമാർ, ഫക്കീർമാർ തുടങ്ങിയവരെത്തി, ഭാവി കർമ്മങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ നൽകി.

79. അപ്പാ കുൽക്കർണിയും കാശിറാമും എത്തി. ബാബ അദ്ദേഹത്തിന്റെ ശാന്തിഗൃഹത്തിലേയ്ക്ക് യാത്രയായെന്നും ശരീരം അന്ത്യവിശ്രമത്തിന് നൽകണമെന്നും അവർ ഉറച്ച് അഭിപ്രായപ്പെട്ടു.

80. ചിലർ പറഞ്ഞു: "കുറച്ചുകൂടി കാത്തിരിക്കുക. ഇത്തരം ധൃതി നല്ലതല്ല. ബാബ സാധാരണ വ്യക്തികളെപ്പോലെ അല്ല. ബാബയുടെ വാക്കുകൾ യാഥാർത്ഥ്യമാകും."

81. മറ്റുള്ളവർ ഉടൻ മറുപടി പറഞ്ഞു. "മഞ്ഞ് പോലെ തണുത്ത് വെറുങ്ങലിച്ച ശരീരത്തിൽ എങ്ങനെയാണ് ജീവൻ തിരികെ എത്തുക? ഇതൊക്കെ എത്ര മൂഢത്വമാണ്!

82. "(അദ്ദേഹം) കാട്ടിത്തന്ന സ്ഥലത്ത് ഒരു കല്ലറ കുഴിക്കുക. ആളുകളെ വിളിച്ചുകൂട്ടുക. അന്ത്യകർമ്മങ്ങൾ യഥാസമയം നടത്തണം. എല്ലാ ഒരുക്കങ്ങളും തയ്യാറാക്കുക."

83. ഇത്തരത്തിൽ, ചെയ്യണമോ അതോ വേണ്ടയോ എന്ന തരത്തിലുള്ള ചർച്ചകൾ തുടരവേ, മൂന്ന് ദിവസങ്ങളുടെ കാലപരിധി കഴിഞ്ഞു. വെളുപ്പാൻ കാലം

3 മണിക്ക് ജീവശക്തി തിരികെ വരുന്നതായി കാണപ്പെട്ടു.

84. വളരെ സാവധാനത്തിൽ അദ്ദേഹത്തിന്റെ കണ്ണുകൾ തുറന്നു, ശരീരം ചലിച്ചു, കൈകാലുകൾ നിവർന്നു, ശ്വാസചലനം പുനരാരംഭിച്ചു, ഉദരം ചലിക്കുന്നതായി കാണപ്പെട്ടു.

85. മുഖത്ത് സന്തുഷ്ടമായ ഭാവം കാണപ്പെട്ടു, കണ്ണുകൾ ചിമ്മാൻ തുടങ്ങി, അബോധാവസ്ഥ മാറി ഉണർന്നിരിക്കുന്ന അവസ്ഥ ഉണ്ടായി.

86. അദ്ദേഹം മറന്നുപോയിരുന്ന ഒരു ശരീരത്തെക്കുറിച്ച് ഇപ്പോൾ ഓർമ്മപ്പെടുത്തപ്പെട്ടത് പോലെ തോന്നി. നഷ്ടപ്പെട്ടുപോയ നിധി തിരികെ കിട്ടി, അത് ഏവർക്കും സുലഭമായി നേടാൻ കഴിഞ്ഞു.

87. സായിക്ക് പൂർണ്ണബോധം ലഭിച്ചത് കണ്ട് എല്ലാവരും ആനന്ദിച്ചു. ഈശ്വരകൃപയാൽ ഒരു വലിയ ദുരന്തം ഒഴിവായി. ഭക്തർ അദ്ഭുതപ്പെട്ടു.

88. അദ്ദേഹം സാവധാനത്തിൽ കഴുത്ത് ചലിപ്പിച്ചപ്പോൾ ഭഗത് (മാലസപതി) ആശ്ചര്യത്തോടെ സായിയുടെ മുഖത്തേയ്ക്ക് നോക്കി. മൗലവിമാരും ഫക്കീർമാരും നിശ്ശബ്ദരായി. ഇത്തരത്തിൽ ഭയാനകമായ ഒരു സംഭവം കടന്നുപോയി.

89. ഭഗത് സായിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചില്ലായിരുന്നെങ്കിൽ, മൗലവിമാരുടെ വിവേകശൂന്യമായ ഉപദേശങ്ങൾ ശ്രദ്ധിച്ചിരുന്നെങ്കിൽ, അഥവാ അയാളുടെ നിശ്ചയദാർഢ്യത്തിന് അൽപമെങ്കിലും ഇളക്കമുണ്ടായെങ്കിൽ, എത്ര ഭയാനകമായ സാഹചര്യമാണ് ഉണ്ടാകുമായിരുന്നത്!

90. സമാധിസ്മാരകം നിർമ്മിക്കപ്പെട്ടിരുന്നെങ്കിൽ (ഇതെഴുതുന്നതിന് നാൽപ്പത്തിമൂന്ന് വർഷങ്ങൾക്ക് മുമ്പ്), ഇത്രയും സന്തുഷ്ടി ലഭിക്കുന്ന ആ സന്തോഷകരമായ ദർശനം ആർക്കാണ് ലഭിക്കുമായിരുന്നത്?

91. ജനങ്ങൾക്ക് നന്മ വരുത്താനും ഭക്തർക്ക് സംതൃപ്തി നൽകാനും മാത്രം സമാധിഅവസ്ഥ വിട്ട് സായി വീണ്ടും ഉണർന്നെഴുന്നേറ്റു.

92. ഭക്തർക്ക് വേണ്ടി കഠിനമായി പ്രയത്നിച്ച ശേഷം സ്വയം പരമാനന്ദത്തിൽ മുഴുകിയ അദ്ദേഹം എങ്ങനെയാണ് വളരെ നേരത്തെ ഉണർത്തപ്പെടുക? അദ്ദേഹത്തിന്റെ ലീലകൾ ഗ്രഹിക്കാൻ കഴിയാത്തതാണ്.

93. ബാബയ്ക്ക് ബോധശക്തി തിരികെ ലഭിച്ചത് കണ്ട് എല്ലാ ഭക്തരും സന്തോഷവാന്മാരായി. എല്ലാവരും അദ്ദേഹത്തിന്റെ ദർശനത്തിനായി ഓടിയെത്തി. അദ്ദേഹം തിരികെ ജീവിതത്തിൽ എത്തിയത് എല്ലാവർക്കും ആനന്ദദായകമായിരുന്നു.

94. അത് അങ്ങനെയാകട്ടെ. മഹാസമാധിയുടെ മുൻകഥ തുടരുകയാണെങ്കിൽ, മുഴുവൻ വിവരണവും, എന്റെ ഓർമ്മയ്ക്കനുസരിച്ച് ഇന്ന് പൂർണ്ണമായിരിക്കുന്നു.

95. അതിനാൽ, ശ്രോതാക്കളെല്ലാം നിമിഷനേരത്തേയ്ക്ക് സ്വയം ചോദിക്കുക, എന്തുകൊണ്ട് ഒരുവൻ സന്തോഷിക്കണം (ബാബ വർഷങ്ങൾക്ക് മുമ്പ് സമാധിയിൽ നിന്ന് സ്വബോധത്തിലേക്ക് എത്തിയതിനാൽ) അഥവാ ദു:ഖിക്കണം

(ബാബ മഹാസമാധി പ്രാപിച്ചതിനാൽ) എന്ന്. രണ്ട് വികാരങ്ങളും വിവേചന ബുദ്ധിയുടെ അഭാവത്താലാണ് ഉണ്ടാകുന്നത്.

96. മൂന്നര കൈമുഴം നീളവും ഇന്ദ്രിയങ്ങളും അടങ്ങിയ സ്ഥൂല ശരീരമാണ് സായി എന്ന് നിങ്ങൾക്ക് ഉറപ്പാണോ? ആ സംശയം എന്നെന്നേയ്ക്കുമായി ഇല്ലാതാക്കുക.

97. ആ ശരീരത്തെ മാത്രമാണ് ഒരുവൻ സായി എന്നു വിളിക്കുന്നതെങ്കിൽ, ശാരീരിക, ലൗകികസുഖങ്ങളിൽ നിന്നും ആസക്തികളിൽ നിന്നും സ്വതന്ത്രനായ വ്യക്തിക്ക് നാമമുണ്ടാകില്ല. അതിന് രൂപവുമുണ്ടാകില്ല. ശ്രീസായി രൂപത്തിന് അതീതനാണ്.

98. ശരീരം നശ്വരമാണ്. ബ്രഹ്മൻ സ്വയം അനശ്വരമാണ്. ശരീരം പഞ്ചഭൂതങ്ങളിൽ ബന്ധിതമാണ്, പക്ഷേ ബ്രഹ്മന് തുടക്കമോ ഒടുക്കമോ ഇല്ല.

99. സ്ഥൂല ഇന്ദ്രിയങ്ങളെ ചേതനാത്മകമാക്കുന്ന, ശുദ്ധമായ ജീവശക്തിയാകുന്ന, പരമാത്മ ചൈതന്യത്തെ അറിയുക. അതിന്റെ നാമമാണ് സായി.

100. അദ്ദേഹം സകല ഇന്ദ്രിയങ്ങൾക്കും അതീതനാണ്. ഇന്ദ്രിയങ്ങൾ സ്ഥൂലമാണ്, അവയ്ക്ക് അത് അറിയാൻ കഴിയില്ല. അത് ഇന്ദ്രിയങ്ങളെ സചേതനമാക്കുകയും പ്രാണനിലൂടെ അവയെ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

101. ആ ശക്തിയുടെ പേരാണ് സായി. അതില്ലാതെ ഒരു സ്ഥലം പോലുമുണ്ടാകില്ല. പത്ത് ദിശകളും അതില്ലാതെ വിജനമാണ്. അത് ചലവും അചലവുമായ എല്ലാ വസ്തുക്കളിലും നിറയുന്നു.

102. അതാണ് അവതാരമെടുത്തത്. മുമ്പ് അത് നിരാകാരമായിരുന്നു. ഒരു നാമവും ഒരു രൂപവും സ്വീകരിച്ച് വ്യക്തിത്വം നേടിക്കൊണ്ട് അത് പ്രത്യക്ഷമായി. അതിന്റെ ദൗത്യനിർവഹണത്തിന് ശേഷം അത് നിരാകാരത്തിൽ ലയിച്ചു.

103. അവതാരോദ്ദേശ്യം പൂർത്തിയായ ശേഷം, അവതാരത്തിന് സ്വീകരിച്ച ശരീരം ഉപേക്ഷിച്ച് ജ്ഞാനിയും ജ്ഞാനവുമായ പരമാത്മാവിൽ ലയിക്കുന്നു. സായി ഇത്തരത്തിൽ പ്രവർത്തിച്ചു.

104. നിരാകാരാവസ്ഥയിലേയ്ക്ക് പോകണമെന്ന് തോന്നിയപ്പോൾ, “ഞാൻ ശൈലത്തിലേക്ക് പോകുന്നു,” എന്ന് പറഞ്ഞ് അപ്രത്യക്ഷനായ ഗംഗാപൂരിലെ സ്വാമി, ശ്രീ നരസിംഹസരസ്വതിയെപ്പോലെ അദ്ദേഹവും പെട്ടെന്ന് മറഞ്ഞു.

105. ഭക്തർ സ്വാമിയോട് പോകരുതെന്ന് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം അവരെ സാന്ത്വനിപ്പിച്ച് കൊണ്ട് പറഞ്ഞു: “പതിവ് സമ്പ്രദായമനുസരിച്ചാണ് ഞാനും യാത്രയാകുന്നത്. ഞാൻ ഗംഗാപൂർ ഉപേക്ഷിക്കുന്നില്ല.

106. പ്രഭാതത്തിൽ കൃഷ്ണയിൽ സ്നാനം ചെയ്ത്, ബിന്ദുക്ഷേത്രത്തിൽ പൂജകഴിച്ച് മഠത്തിലെ പാദുകങ്ങളെ ആരാധിക്കുക. ഞാൻ സദാ അവിടെ വസിക്കുന്നു.”

107. അതേപോലെയാണ് സായിബാബയുടെ കഥയും. ശരീരത്യാഗം പുറമേയ്ക്കുള്ള ഒരു പ്രവൃത്തിയായിരുന്നു. ഈ പ്രപഞ്ചം മുഴുവനും, സകലരുടെ ഹൃദയത്തിലും ശ്രീസായി വസിക്കുന്നു.

108. ശ്രീസായി മരണത്തിന് അതീതനാണ്. അതിനെക്കുറിച്ച് സംശയം വേണ്ട. ഒരുവന് അവന്റെ വിശ്വാസത്തിനനുസരിച്ച് അത് അനുഭവിക്കാൻ[1] കഴിയും.

109. സായി ചലവും അചലവുമായ എല്ലാ വസ്തുക്കളിലും നിറഞ്ഞിരിക്കുന്നു. സായി നമ്മുടെ ഉള്ളിലും പുറത്തും വർത്തിക്കുന്നു. സായി നിങ്ങളുടെയും എന്റെയും ഹൃദയത്തിലുണ്ട്. അദ്ദേഹം അവിടെ സ്ഥിരമായി വർത്തിക്കുന്നു.

110. സായിസമർത്ഥ ദീനരോട് കൃപ കാണിക്കുന്നു. നിഷ്കളങ്ക ഭക്തരുടെ സംരക്ഷകനാണ് അദ്ദേഹം. അദ്ദേഹം ശുദ്ധമായ സ്നേഹത്തിന് വേണ്ടി ദാഹിക്കുകയും സകലരെയും അത്യധികം സ്നേഹിക്കുകയും ചെയ്യുന്നു.

111. നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് അദ്ദേഹത്തെ കാണാൻ കഴിയില്ലെങ്കിലും, അദ്ദേഹം എല്ലായിടത്തുമുണ്ട്. അദ്ദേഹം സൂക്ഷ്മരൂപത്തിൽ മറഞ്ഞിരുന്നാലും, അദ്ദേഹം സദാ നമ്മളെ അദ്ദേഹത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

112. അദ്ദേഹത്തിന്റെ ശരീരത്യാഗം ഒരു നാട്യം മാത്രമാണ്. നമ്മെ കബളിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണ്. അദ്ദേഹം ഏറ്റവും മികച്ച ഒരു നടനാണ്. ജീവനോടെ ഇല്ലെന്ന് തോന്നിക്കുമെങ്കിലും അനശ്വരനാണ്.

113. നമുക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ഇഷ്ടവും കൊണ്ട് അദ്ദേഹത്തെ പിന്തുടർന്ന് ഒടുവിൽ നമുക്ക് അദ്ദേഹത്തെ കണ്ടെത്താൻ കഴിയും. നമ്മുടെ കർത്തവ്യം നമുക്ക് പൂർത്തിയാക്കാം.

114. പൂർണ്ണമായും അദ്ദേഹത്തെ ആരാധിക്കുകയും സ്നേഹത്തോടും ഭക്തിയോടും കൂടി അദ്ദേഹത്തെ സ്മരിക്കുകയും ചെയ്താൽ എല്ലാ ഭക്തന്മാർക്കും അദ്ദേഹത്തിന്റെ സർവ്വവ്യാപിത്വം അറിയാൻ കഴിയും.

115. ദിവ്യാത്മാക്കൾ ജനനം, ജീവിതം, മരണം എന്നിവയെ ഭയപ്പെടുന്നില്ല. അവർ അനശ്വരരും ജ്ഞാനികളുമാണ്. വികാരങ്ങൾക്ക് അവിടെ സ്ഥാനമില്ല.

116. ആഭരണങ്ങളായി മാറ്റപ്പെടുന്നതിന് മുമ്പും, പലതരത്തിലുള്ള ആഭരണങ്ങളായി മാറ്റപ്പെടുന്നതിന് ശേഷവും സ്വർണ്ണം സ്വർണ്ണം തന്നെയാണ്.

117. ആഭരണങ്ങളുടെ രൂപം മാറ്റാനും, നശിപ്പിക്കാനും കഴിയും. എന്നാൽ അവ ഉരുക്കിക്കഴിയുമ്പോൾ രൂപമില്ലാത്ത സ്വർണ്ണം മാത്രം അവശേഷിക്കുന്നു. രൂപങ്ങളും നാമങ്ങളും മാത്രമാണ് ഇല്ലാതാകുന്നത്.

118. അതിനാൽ സായിയാകുന്ന സ്വർണ്ണത്തിൽ അലിയാൻ ഹേമദ്പാന്ത് ആഗ്രഹിക്കുന്നു. അങ്ങനെ സ്വർണ്ണത്തിന്റേതുപോലുള്ള സകല ഗുണങ്ങളുമുള്ള സായിയുടെ പാദങ്ങളിൽ ലോകാവസാനം വരെ കഴിയാൻ സാധിക്കും.

119. പിന്നീട്, പതിമൂന്നാം ദിവസത്തെ കർമ്മങ്ങൾ ശ്രേഷ്ഠഭക്തനായ ബാലാ സാഹേബ്[2] ഗ്രാമത്തിലുള്ള ബ്രാഹ്മണരുടെ സഹായത്തോടെ ചെയ്തു.

120. വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് സ്നാനം ചെയ്ത്, ആ നനഞ്ഞ വസ്ത്രങ്ങളോടെ തന്നെ പൂജ ചെയ്ത്കൊണ്ട് ബാലാ സാഹേബ് ഒരു കൈപ്പിടി എള്ള് അർപ്പിച്ചു, എള്ള് കൊണ്ട് മറ്റ് കർമ്മങ്ങൾ ചെയ്യുകയും ഒരു ഉരുള ചോറ് അർപ്പിക്കുകയും ചെയ്തു.

121. പിണ്ഡദാനവും മറ്റ് ശ്രാദ്ധകർമ്മങ്ങളും ശാസ്ത്രവിധി പ്രകാരം, വിധിക്ക

പ്പെട്ട സമയങ്ങളിൽ നടത്തപ്പെട്ടു. ഹിന്ദു മതപ്രകാരം മാസംതോറും ഒരു വർഷ ത്തേക്കുള്ള കർമ്മങ്ങളും നടത്തപ്പെട്ടു.

122. ശ്രേഷ്ഠഭക്തനായ ഉപാസനി, ജോഗിനോടൊപ്പം ഭാഗീരഥിയുടെ ദിവ്യതടത്തി ലെത്തി അഗ്നികർമ്മങ്ങൾ (ഹോമം–ഹവനം) ചെയ്തു.

123. ശാസ്ത്രവിധി പ്രകാരമുള്ള എല്ലാ കർമ്മങ്ങളും നടത്തുകയും ബ്രാഹ്മണർക്കും ദരിദ്രർക്കും അന്നദാനവും ദക്ഷിണയും നൽകുകയും ചെയ്തശേഷം അവർ മടങ്ങിയെത്തി.

124. ബാബയുടെ അഭാവവും ദർബാർ ഇല്ലാത്തതും കാരണം, ഇപ്പോൾ വ്യത്യ സ്തമാണ്, പക്ഷേ മസ്ജിദ് കാണുമ്പോൾ ഒരുവൻ പഴയ നല്ലകാലങ്ങൾ ഓർക്കും.

125. ബാബ സാധാരണയായി ഇരിക്കാറുള്ള ഭാവത്തിൽ തന്നെയുള്ള മനോഹര മായ ഒരു ചിത്രം അത്യധികം സ്നേഹത്തോടെ മസ്ജിദിൽ സ്ഥാപിക്കപ്പെട്ടു. അതിനാൽ ബാബ സ്വതസിദ്ധമായ ശൈലിയിൽ ഇരിക്കാറുള്ള ഭാവം കാണുന്ന അതേ പ്രതീതി ഒരുവന് ലഭ്യമാകും.

126. ബാബ ഇപ്പോൾ ഭൗതിക ദേഹത്തിൽ വർത്തിക്കുന്നില്ലെങ്കിലും ചിത്രത്തിന്റെ ദർശനത്തിലൂടെ, അദ്ദേഹം ഇപ്പോഴും ജീവനോടെ വർത്തിക്കുന്നതായി ഭക്തർക്ക് തോന്നും.

127. വളരെ മനോഹരവും, ഭക്തരിൽ എല്ലായ്പ്പോഴും ബാബയുടെ സ്മരണ ഉണർത്തുകയും ചെയ്യുന്ന ഈ ചിത്രം ശാമറാവു ജയാകർ ആണ് വരച്ചത്.

128. ജയാകർ ഒരു ശ്രേഷ്ഠഭക്തനും അനുഗൃഹീത കലാകാരനുമായിരുന്നു. ബാബ യുടെ ശൈലികൾ നന്നായി ശ്രദ്ധിച്ച് ബാബയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് അയാൾ പ്രവർത്തിച്ചു.

129. ഭക്തരുടെ ഗൃഹങ്ങളിൽ സൂക്ഷിക്കുന്നതിനും, അവർക്ക് ധ്യാനിക്കുന്നതിനും വേണ്ടി, ബാബയുടെ മനോഹരമായ ചിത്രങ്ങൾ വരയ്ക്കാൻ അയാളെ ചുമ തലപ്പെടുത്തിയിരുന്നു.

130. ദിവ്യന്മാർ ഒരിക്കലും മരിക്കുന്നില്ല എന്ന് മുമ്പ് പല പ്രാവശ്യം വിശദമാക്കുക യുണ്ടായി, അത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. അത് വീണ്ടും വിശദമാക്കേ ണ്ടതില്ല.

131. ബാബ ഇപ്പോൾ ഭൗതിക ദേഹത്തിൽ വർത്തിക്കുന്നില്ല. എങ്കിലും ബാബ ദേഹവർത്തിയായിരുന്ന സമയത്തെപ്പോലെ തന്നെ ഇപ്പോഴും അദ്ദേഹത്തെ ഓർക്കുന്നവരെ അദ്ദേഹം സഹായിക്കുന്നു.

132. ബാബ പറഞ്ഞിട്ടുള്ളത് പോലെ എന്തെങ്കിലും അനുഭവവേദ്യമാകാൻ ഒരു വന് കഴിയുന്നില്ലെങ്കിൽ, അത് ബാബ ജീവനോടെ ഇല്ലാത്തത് കൊണ്ട് സംഭ വിച്ചതാണെന്ന് ഒരുവൻ വിശ്വസിക്കാൻ പാടില്ല.

133. ബാബയുടെ വാക്കുകൾ വിധി ലിഖിതങ്ങളാണ്. ഒരുവന് വിശ്വാസമുണ്ടെങ്കിൽ മാത്രമേ അത് അറിയാൻ കഴിയൂ. അവ ഉടനടി യാഥാർത്ഥ്യമായില്ലെങ്കിലും പിന്നീട് അവ അപ്രകാരമാകും.

134. അത് അങ്ങനെയാകട്ടെ. ജോഗിനെപ്പറ്റി ഞാൻ പരാമർശിച്ചതിനാൽ എനിക്ക് ഒരു കഥ ഇപ്പോൾ ഓർമ്മ വരുന്നു. അതൊരു വ്യതിചലനമായേക്കാം. അനുപമമായ ഈ കഥ ശ്രവിക്കുക. സായിയുടെ സ്നേഹഗുണം നിങ്ങൾക്ക് അറിയാൻ കഴിയും.

135. രണ്ടുപേർക്കുമിടയിലുള്ള സംഭാഷണം ഹ്രസ്വമാണെങ്കിലും ഗുരുവിന്റെ ഭക്തൻമാർക്ക് അത് പ്രബോധനപരമാണ്. വൈരാഗ്യത്തെക്കുറിച്ച് (വിരക്തി) അറിയാൻ കഴിയുന്നവൻ ഭാഗ്യവാനാണ്; ലൗകിക ജീവിതത്തിൽ ബന്ധിക്കപ്പെട്ടവൻ നിർഭാഗ്യവാനാണ്.

136. ഒരിക്കൽ ജോഗ് ബാബയോട് ചോദിച്ചു: “എന്തുകൊണ്ടാണ് ഞാനിപ്പോഴും ഈ അവസ്ഥയിൽ തന്നെ കഴിയുന്നത്? എത്ര വിചിത്രമാണ് എന്റെ വിധി! എപ്പോഴാണ് എനിക്ക് സ്഻ൈഥര്യം കൈവരിക?

137. “ദേവാ, ഞാൻ അനേകം വർഷങ്ങൾ അനന്യമനസ്സോടെ അങ്ങയെ സേവിച്ചു. എന്നിട്ടും എന്റെ ചപല മനസ്സിന് ശാന്തി ലഭിക്കുന്നില്ല. എന്തുകൊണ്ടാണിത്?

138. “എന്തുകൊണ്ടാണ് ഞാൻ ഇത്രയും നിർഭാഗ്യവാനായത്? ഇതാണോ ഒരു ദിവ്യന്റെ സമ്പർക്കത്തിലൂടെ എനിക്ക് നേടാൻ കഴിഞ്ഞത്? എപ്പോഴാണ് എനിക്ക് ദിവ്യസംസർഗ്ഗത്തിന്റെ നേട്ടങ്ങൾ കരഗതമാകുക?”

139. ഭക്തന്റെ ഈ പ്രാർത്ഥന കേട്ട സായിസമർത്ഥ വളരെ സ്നേഹത്തോടെ ജോഗിനോട് മറുപടി പറഞ്ഞു. അദ്ദേഹം പറഞ്ഞത് എന്താണെന്ന് സ്വസ്ഥമനസ്സോടെ ശ്രവിക്കുക.

140. “നിന്റെ പാപകർമ്മങ്ങൾ നശിപ്പിക്കപ്പെടും. നിന്റെ പുണ്യങ്ങളും പാപങ്ങളും ഒരേപോലെ ചാരമായി മാറും. ഭിക്ഷാസഞ്ചി നിന്റെ തോളിൽ കാണുമ്പോൾ ഞാൻ നിന്നെ ഭാഗ്യവാനായി കരുതും.

141. “നീ നിന്റെ സകല ദൗർബ്ബല്യങ്ങളെയും അതിജീവിച്ച്, സ്വയം ഈശ്വരധ്യാനത്തിൽ ആമഗ്നനാകുമ്പോൾ, നീ സകല മമതകളും ആശകളും ആസക്തികളും അറുത്തുമാറ്റുമ്പോൾ ഞാൻ നിന്നെ ഭാഗ്യവാനായി കരുതും.

142. “നീ സകല ലൗകിക സുഖങ്ങളും ഉപേക്ഷിക്കുമ്പോൾ, ദ്വന്ദ്വഭാവം അനുചിതമാണെന്ന് നീ അറിയുമ്പോൾ, നീ നിന്റെ നാവിനെയും കാമത്തെയും നിയന്ത്രിക്കുമ്പോൾ, ഞാൻ നിന്നെ ഭാഗ്യവാനായി കരുതും.”

143. അത് അങ്ങനെ കഴിഞ്ഞു. കുറച്ചുനാളുകൾക്ക് ശേഷം ബാബയുടെ വാക്കുകൾ സത്യമായി പരിണമിച്ചു. സദ്ഗുരുവിന്റെ കൃപയാൽ, ബാബ പ്രവചിച്ചത് പോലെ തന്നെ, ജോഗിന് വൈരാഗ്യം കൈവന്നു.

144. അയാൾക്ക് കുട്ടികളില്ലാതിരുന്നതിനാൽ അവരോട് മമത ഉണ്ടാകുന്ന ചോദ്യം ഉയരുന്നതേയില്ല. അയാളുടെ ഭാര്യ മരണമടഞ്ഞു. അയാൾ മരണമടയും മുമ്പ് സന്യാസം സ്വീകരിക്കുകയും, വളരെ പെട്ടെന്ന് വിരക്തി നേടുകയും ചെയ്തു.

145. ഈ ജോഗ് വളരെ ഭാഗ്യവാനാണ്, ബാബയുടെ വാക്കുകൾ യാഥാർത്ഥ്യമായി. ഒടുവിൽ സന്യാസം സ്വീകരിച്ച് അയാൾ ബ്രഹ്മനിൽ വിലയം പ്രാപിച്ചു.

146. സായി പറഞ്ഞതൊക്കെ ഒടുവിൽ യഥാർത്ഥമായി സംഭവിക്കുകയും അയാൾ അതേ അവസ്ഥ കൈവരിക്കുകയും ചെയ്തു എന്നതാണ് വസ്തുത. സായിയുടെ വാക്കുകൾ സാധൂകരിക്കപ്പെട്ടു. യഥാർത്ഥത്തിൽ ജോഗ് ഭാഗ്യവാനാണ്.

147. ചുരുക്കത്തിൽ ബാബ ദരിദ്രരോടും ദീനരോടും ദയ കാട്ടുകയും, ഭക്തരുടെ നന്മയെക്കുറിച്ച് സദാ ഉത്കണ്ഠപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും ഷിർദിയിൽ അവർക്കായി ജ്ഞാനത്തിന്റെ അമൃത് പകർന്നു നൽകി. അത് ശ്രദ്ധിക്കുക.

148. “എന്നെ അത്യധികം സ്നേഹിക്കുന്നവർ, എന്നെ എല്ലായ്പ്പോഴും അവരുടെ കൺമുമ്പിൽ കാണും. ഞാനില്ലാതെ അവരുടെ ലോകം വിജനമാണ്. അവരുടെ അധരങ്ങളിൽ എന്റെ കഥകൾ മാത്രമേ ഉണ്ടാകൂ.

149. “അവർ സദാ എന്നെ ധ്യാനിക്കുന്നു; അവരുടെ നാവുകളിൽ എന്റെ നാമമുണ്ട്, അവർ അത് ആവർത്തിച്ച് ജപിക്കുന്നു; അവർ എവിടെ വന്നാലും പോയാലും എന്റെ കൃത്യങ്ങൾ ആലപിക്കുന്നു.

150. “അത്തരത്തിൽ അവർ എന്നിൽ മുഴുകുകയും, അവരുടെ പ്രവൃത്തികളും വീഴ്ചകളും മറക്കുകയും ചെയ്യുമ്പോൾ, എനിക്ക് ആദരവോടെ സേവനം ചെയ്യുന്നിടത്ത് ഞാൻ എല്ലായ്പ്പോഴും വസിക്കുന്നു.

151. “എന്നിൽ പൂർണ്ണമായി സ്വയം സമർപ്പിച്ച്, എന്നെ സദാ സ്മരിക്കുന്നവന് ഞാൻ കടപ്പെട്ടിരിക്കുന്നു, അവനെ ധാർമ്മികമായി ഉദ്ധരിച്ചുകൊണ്ട് ഞാൻ ആ കടം വീട്ടുന്നു.

152. “ആദ്യം എനിക്ക് അർപ്പിക്കാതെ ഒന്നും തന്നെ കുടിക്കുകയോ കഴിക്കുകയോ ചെയ്യാത്ത, നിരന്തരം എന്നെ ധ്യാനിക്കുന്ന ഒരുവനോട് ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഞാൻ അവന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു.

153. “എന്നെ മാത്രം ആഗ്രഹിക്കുന്നവനെ ഞാൻ എല്ലായ്പ്പോഴും പരിപാലിക്കുന്നു, അവന് എനിക്ക് തുല്യനായി മറ്റാരുമുണ്ടായിരിക്കില്ല. ഞാൻ അവന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു.

154. “മാതാവ്, പിതാവ്, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഭാര്യ, പുത്രൻ എന്നിവരിൽ നിന്നും പിന്തിരിഞ്ഞു നടക്കുന്നവൻ മാത്രമാണ് എന്റെ പാദങ്ങളിൽ ചേരുന്നത്.

155. “മഴക്കാലത്ത് പല നദികളിലും വെള്ളപ്പൊക്കമുണ്ടാകുകയും അവ സമുദ്രത്തിലെത്തുകയും ചെയ്യുമ്പോൾ, നദികളാണെന്നത് അവ മറക്കുന്നു. അവ സമുദ്രവുമായി ഒന്നായി ചേരുന്നു.

156. “രൂപവും നാമവും നഷ്ടമാകുന്നു. ജലം സമുദ്രവുമായി കലർന്നിരിക്കുന്നു. നദിയും സമുദ്രവും ഒന്നായി മാറുന്നു. ദ്വന്ദ്വഭാവം ഐക്യതയിൽ ലയിക്കുന്നു.

157. “ഇത്തരത്തിലുള്ള ഐക്യത നേടുമ്പോൾ മനസ്സ് നാമവും രൂപവും മറക്കുന്നു. അത് അതിന്റെ സഹജഗുണത്തോടെ എന്നെ കാണാൻ തുടങ്ങും, കാരണം അതിന് ഞാനല്ലാതെ മറ്റൊരു സ്ഥാനവുമുണ്ടാകില്ല.

158. "ഞാൻ ഒരു പരീസ്[3] അല്ല വെറും കല്ലാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായി, പണ്ഡിതൻമാർ വീൺവാക്കുകളുമായി ചില ഇരുമ്പ് കഷണങ്ങൾ കൊണ്ടുവന്നു.

159. "ഇരുമ്പ് കഷണങ്ങൾ എന്റെ സമ്പർക്കത്തിലൂടെ സ്വർണ്ണമായി മാറിയപ്പോൾ, ഞാൻ വെറും കല്ലാണെന്ന പറച്ചിൽ ഒരു നുണയാണെന്ന് തെളിഞ്ഞു.

160. സകല അഹങ്കാരവുമുപേക്ഷിച്ച് നിന്റെ ഹൃദയവാസിയായ എന്നിൽ സ്വയം സമർപ്പിക്കുക. അജ്ഞാനം ഉടൻ നശിക്കും, ജ്ഞാനത്തിനുവേണ്ടി മറ്റ് ഉപദേശങ്ങൾ ശ്രദ്ധിക്കേണ്ട കാര്യവുമുണ്ടാകില്ല.

161. അജ്ഞതയാൽ ദേഹബുദ്ധി ഉണ്ടാകുന്നു, അത് രോഗത്തിനും ദുഃഖത്തിനും കാരണമാകുന്നു. ഇത് സദാചാരവൃത്തികളുടെ അവഗണനയ്ക്കും കാരണമാകുന്നു. അത് ആത്മസാക്ഷാത്കാരത്തിന് വിഘ്നം സൃഷ്ടിക്കുന്നു.

162. ഞാൻ ഇപ്പോൾ എവിടെയാണെന്നും, എനിക്ക് എങ്ങനെ നിങ്ങളെ കണ്ടുമുട്ടാൻ കഴിയുമെന്നും നിങ്ങൾ ചോദിച്ചേക്കാം. പക്ഷേ ഞാൻ നിങ്ങളുടെ ഹൃദയത്തിലാണ്, അതിനാൽ നമുക്ക് യാതൊരു ക്ലേശവും കൂടാതെ കണ്ടുമുട്ടാൻ കഴിയും.

163. ആരാണ് ഹൃദയത്തിലുള്ളത്, എങ്ങനെ? എന്ന് നിങ്ങൾ ചോദിച്ചേക്കാം. എന്താണ് അയാളുടെ ഗുണങ്ങൾ? നമുക്ക് അയാളെ തിരിച്ചറിയാനുള്ള അയാളുടെ വ്യക്തിത്വം എന്താണ്?

164. ശരി, ഇപ്പോൾ പൂർണ്ണശ്രദ്ധവാൻമാരാകുക. ആരുടെ മുമ്പിലാണ് സ്വയം സമർപ്പിക്കേണ്ടതെന്നും അയാളെ എങ്ങനെ തിരിച്ചറിയാമെന്നുമുള്ള, വ്യക്തമായ വിവരണം കേൾക്കുക.

165. ആർക്കും എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത തരത്തിൽ, വിവിധ നാമങ്ങളോടും രൂപങ്ങളോടും കൂടിയ അനേകം വസ്തുക്കൾ ഈ പ്രപഞ്ചത്തിൽ നിറഞ്ഞിരിക്കുന്നു. അവയെല്ലാം മായയുടെ രൂപങ്ങളാണ്.

166. അതേപോലെ, സത്വം, രജസ്സ്, തമം എന്നീ ഗുണങ്ങൾക്കതീതമായി വർത്തിക്കുന്ന സ്പന്ദന യാഥാർത്ഥ്യമാണ് ഹൃദയത്തിൽ വസിക്കുന്നവന്റെ വാസ്തവികരൂപം.

167. നാമവും രൂപവുമില്ലാതെ, നിന്റെ സ്വന്തം സ്വത്വത്തിന്റെ സാരമായി വർത്തിക്കുന്ന ആ അവസ്ഥ തന്നെയാണ് നിന്റെ ഹൃദയത്തിൽ വസിക്കുന്നവന്റെ സൂചന. ഇതറിഞ്ഞുകൊണ്ട് അവനിൽ ആശ്രയം തേടുക.

168. ഞാൻ തന്നെയാണ് 'അവനും നീയും' എന്ന യാഥാർത്ഥ്യം ഒരുവൻ തിരിച്ചറിയണം. ഇതേ ആശയം ലോകജീവിതത്തിൽ പകർത്തുമ്പോൾ, ഒരുവന്റെ സ്വന്തം ആത്മശക്തിയുടെ സാരം തന്നെയാണ് പ്രകടമാകുക. ഞാനല്ലാതെ മറ്റൊരു വ്യക്തിയ്ക്കോ, വസ്തുവിനോ സ്ഥാനമില്ലാതെയാകുന്നു.

169. നിരന്തരമായ അഭ്യാസത്തിലൂടെ നിങ്ങൾക്ക് എന്റെ സർവ്വവ്യാപിത്വം തിരിച്ചറിയാൻ കഴിയും. അപ്പോൾ നീ ഞാനുമായി ഐക്യത്തിലാകുകയും ഞാനല്ലാതെ മറ്റൊന്നും നിനക്ക് അനുഭവവേദ്യമാകുകയുമില്ല.

170. നീ പരമാത്മാവുമായി ലയിക്കുകയും നിന്റെ ഹൃദയം ശുദ്ധമാകുകയും ചെയ്യും. ഗംഗാജലം ഇല്ലാതെ തന്നെ നിങ്ങൾക്ക് ഗംഗാസ്നാനം സാധ്യമാകും (അതായത് നിങ്ങൾ പരിശുദ്ധരാകും).

171. ഭൗതികനേട്ടങ്ങളുടെ അഹംഭാവത്തിന്റെ ബന്ധനത്തെക്കുറിച്ച് വിവേകികൾ എല്ലായ്പ്പോഴും ജാഗ്രത പുലർത്തുന്നു, അവർ ഒരിക്കലും അത് അവരെ ബാധിക്കാൻ അനുവദിക്കുകയില്ല.

172. പരമാത്മാവിൽ നിരന്തരം ധ്യാനിക്കുകയും, അതിലുള്ള ഏകാഗ്രതയ്ക്ക് ഭംഗം വരാതെ ശ്രദ്ധിക്കുകയും ചെയ്യുന്നവന് സമാധി അവസ്ഥയുടെയോ അതിൽനിന്ന് പുറത്ത് വരികയോ – രണ്ടിന്റെയും ആവശ്യമില്ല.

173. അതിനാൽ എന്റെ ശിരസ്സ് സ്നേഹപൂർവ്വം ശ്രോതാക്കളുടെ കാൽക്കൽ സമർപ്പിച്ചുകൊണ്ട്, ദേവതകൾ, ദിവ്യൻമാർ, ഭക്തൻമാർ, മറ്റുള്ളവർ തുടങ്ങി എല്ലാവരെയും സ്നേഹിക്കുവാൻ ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു.

174. ബാബ ആവർത്തിച്ച് പറഞ്ഞു: “ഒരുവൻ മറ്റൊരാളോട് നിന്ദാപൂർവ്വം സംസാരിക്കുകയാണെങ്കിൽ അവൻ എന്നെയാണ് വേദനിപ്പിക്കുന്നത്, അവൻ എന്റെ ഹൃദയം മുറിപ്പെടുത്തുന്നു.

175. “മറ്റൊരാളോട് പരുഷവാക്കുകൾ വർഷിക്കുന്നവൻ ഉടനടി എന്നെ വേദനിപ്പിക്കുകയാണ് ചെയ്യുന്നത്; പക്ഷേ അധിക്ഷേപങ്ങൾ ക്ഷമയോടെ സഹിക്കുന്നവൻ എന്നെ വളരെക്കാലത്തേയ്ക്ക് അതിയായി സംതൃപ്തനാക്കുന്നു.”

176. സായി ഈ സൃഷ്ടിയിൽ മുഴുവനും വ്യാപിച്ചിരിക്കുന്നു, അദ്ദേഹം സ്നേഹമല്ലാതെ മറ്റൊന്നും ഇഷ്ടപ്പെടുന്നില്ല.

177. ശുഭകരമായ ഉത്തമ ഉപദേശമാകുന്ന ഈ അമൃത് എല്ലായ്പ്പോഴും സായിയുടെ വദനത്തിൽ നിന്നും ഒഴുകിയിരുന്നു. അത് ഭക്തരോട് അദ്ദേഹത്തിനുള്ള അതിയായ സ്നേഹം മൂലമാണ്. ഏത് ഭാഗ്യവാൻമാർക്കാണ് അതിനെക്കുറിച്ച് അറിയാത്തത്?

178. അദ്ദേഹത്തോടൊപ്പം കഴിക്കാനും ചിരിക്കാനും ആസ്വദിക്കാനുമുള്ള ഭാഗ്യം സിദ്ധിച്ചിരുന്നവർക്ക്, ഈ ദുഃഖം അവരെ ഗ്രസിച്ചതിനുശേഷം എന്തായിരിക്കും അനുഭവപ്പെട്ടിരിക്കുക?

179. വിവേകികളുടെ പക്കൽ അവശേഷിച്ചിരിക്കുന്ന അമൃത് മാത്രമാണ് എന്റെ കൈവശമുള്ളത്. പക്ഷേ ഞാൻ ഓരോ തുള്ളിയും ശേഖരിച്ച് സന്തോഷത്തോടെ വിതരണം ചെയ്യുന്നു.

180. ഇത്രയും നാൾ വിവരിച്ച കഥകളൊക്കെ ഹേമദ്പാന്തിന്റെ മേൽ ചാർത്താൻ കഴിയുമോ? സമർത്ഥസായിയാണ് വിവരണകർത്താവും എഴുത്തുകാരനും, അദ്ദേഹം അത് എഴുതിപ്പിക്കുകയാണ്.

181. സായിസമർത്ഥയുടെ ഈ കഥ വിവരിച്ച് എനിക്ക് തൃപ്തിയാകുന്നില്ല. ഞാൻ അതിൽ ആമഗ്നനാകുകയും, ശ്രോതാക്കൾ അത് ശ്രവിച്ച് സന്തുഷ്ടരാകുകയും ചെയ്യുന്നു.

182. കൂടാതെ സായിയുടെ മഹിമകൾ വാഴ്ത്തുന്നവരും, അത് യഥാർത്ഥ വിശ്വാ

സത്തോടെ ശ്രവിക്കുന്നവരും സായിയുമായി ഐക്യത്തിലാകുന്നു. ഇത് തീർച്ചയാണെന്ന് ഗ്രഹിക്കുക.

183. ഇപ്പോൾ ഹേമദ് ഈ അധ്യായം അവസാനിപ്പിക്കുന്നു, സ്നേഹത്തോടെ സായിയുടെ പാദങ്ങൾ ആശ്ലേഷിച്ചുകൊണ്ട് ഇത് സായിക്ക് സമർപ്പിക്കുന്നു. അടുത്ത വിവരണം പിന്നീടാകാം.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായിസമർത്ഥ സച്ചരിതത്തിലെ നാൽപ്പത്തിനാലാം അധ്യായം "സായിനാഥ് ഭൗതിക ദേഹം വെടിയുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഒരിക്കൽ സായിഭക്തനായ ശ്രീ മോറേശ്വർ സാവേ ബാബയുടെ പൂജയ്ക്കായി ഷിർദിയിൽ പോകാൻ ആഗ്രഹിച്ചു. പക്ഷേ യാത്രയുടെ രണ്ട് ദിവസങ്ങൾക്ക് മുമ്പ് അയാൾക്ക് അസുഖമുണ്ടായതിനാൽ പോകാൻ കഴിഞ്ഞില്ല. അതിനാൽ അയാൾ വളരെ ദുഃഖിതനായി. അയാൾ വിഷമിക്കുകയും രാത്രിയിൽ ഉറങ്ങാനും കഴിഞ്ഞില്ല. പക്ഷേ പൂജാദിവസം, വെളുപ്പാൻകാലത്ത് അയാൾ ഉറങ്ങിപ്പോയി. അപ്പോൾ മഹാരാജ് അയാൾക്ക് ഒരു സ്വപ്നദർശനം നൽകിക്കൊണ്ട്, ദക്ഷിണ ആവശ്യപ്പെട്ടു. ഉറക്കമുണർന്നയുടൻ അയാൾക്ക് സുഖം തോന്നുകയും, അസുഖം തീരെ ഉണ്ടായിരുന്നതുമില്ല. അയാൾക്ക് വളരെ സ്വസ്ഥത അനുഭവപ്പെട്ടു. മഹാരാജ് ഭൗതിക ദേഹം വെടിഞ്ഞെങ്കിലും, അദ്ദേഹം ഏതെങ്കിലും തരത്തിൽ ഭക്തരുടെ വിഷമങ്ങൾ നീക്കം ചെയ്യുന്നു.

2. ബാലാസാഹേബ് ഭാട്ടേ – അയാൾ ബാബയെ ഭ്രാന്തൻ ഫക്കീർ എന്ന് പരിഹസിക്കുമായിരുന്നു. പിന്നീട് അയാൾ ബാബയുടെ ഭക്തനാകുകയും ജോലിയിൽ നിന്ന് സ്വയം വിരമിച്ച് ഷിർദിയിൽ സ്ഥിരമായി താമസിക്കുകയും ചെയ്തു.

3. ഇരുമ്പിനെ സ്വർണ്ണമാക്കാൻ കഴിയുന്ന രത്നം.

## 45

# ശ്രീഗുരുവിന്റെ പാദങ്ങളുടെ മഹിമ

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ധാന്യം പൊടിക്കുന്നതിനുവേണ്ടി തിരികല്ല് തയ്യാറാക്കിയ ലളിതമായ ഒരു പ്രവൃത്തിയിലൂടെ സ്വന്തം കഥ എഴുതാനുള്ള പ്രചോദനം നൽകിയ വ്യക്തിയുടെ പ്രാഗത്ഭ്യം എത്ര അതിശയകരമായിരുന്നു! അത്തരത്തിൽ അദ്ദേഹം ജനങ്ങളെ ധാർമ്മികപാതയിലേക്ക് നയിച്ചു.
2. ഗുരുപാദങ്ങൾ നേടുക എന്നത് മുക്തി പ്രാപിക്കുന്നതിനേക്കാൾ മഹത്വമാർന്നതും ജീവിതത്തിലെ ശ്രേഷ്ഠലക്ഷ്യവുമാകുന്നു. അത്തരത്തിലുള്ള ഒരു ഗുരുവിന്റെ ചരണതീർത്ഥം പാനം ചെയ്താൽ മുക്തി സ്വയം സാധ്യമാകും.
3. ഗുരുകൃപയുണ്ടെങ്കിൽ മാത്രമേ ജീവിതം സന്തോഷകരമാകുകയുള്ളൂ. അസാധ്യമായത് സാധ്യമാകുന്നു. നിമിഷനേരം കൊണ്ട് നിങ്ങളെ ഭവസാഗരം കടത്താൻ അദ്ദേഹത്തിന് കഴിയും.
4. ഗ്രന്ഥം സാമാന്യം ദൈർഘ്യമുള്ളതാണെങ്കിലും, ഞാൻ കഥകൾ ചുരുക്കി വിവരിക്കുകയാണ് ചെയ്തത്. സായിയുടെ മഹത്വം വളരെ ബൃഹത്താണ്. എനിക്ക് എങ്ങനെയാണ് അത് മതിയായ തരത്തിൽ വർണ്ണിക്കാൻ കഴിയുക?
5. ദർശനത്താൽ എല്ലായ്പ്പോഴും സന്തുഷ്ടി ലഭിച്ചിരുന്ന, സമ്പർക്കത്താൽ സന്തോഷം ലഭിച്ചിരുന്ന, ലൗകികജീവിതത്തിലെ ഭയങ്ങൾ ഇല്ലാതാക്കിയിരുന്ന സായിയുടെ സഗുണരൂപം മറഞ്ഞിരിക്കുന്നു.
6. ഭക്തരെ ആത്മീയപാതയിലേക്ക് നയിക്കുകയും, മിഥ്യാധാരണകളിൽ നിന്നും അത്യാഗ്രഹങ്ങളിൽ നിന്നും അവരെ സ്വതന്ത്രരാക്കുകയും ചെയ്ത, നമ്മുടെ ശ്രേഷ്ഠമായ നന്മ കൈവരിക്കുന്നതിൽ നമ്മെ സഹായിക്കുന്ന സായിയുടെ സഗുണരൂപം മറഞ്ഞിരിക്കുന്നു.
7. ലോകജീവിതത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കിയ, നമ്മിൽ ധാർമ്മികചര്യകൾ ഉണർത്തിയ, സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ നമ്മുടെ മനസ്സിന് സ്ഥൈര്യം നൽകിയ സായിയുടെ സഗുണരൂപം മറഞ്ഞിരിക്കുന്നു.

8. അദ്ദേഹത്തിന്റെ രൂപം നമ്മുടെ മനസ്സുകളിൽ പതിപ്പിച്ചുകൊണ്ട് സായി തന്റെ സ്വന്തം സവിധത്തിലേയ്ക്ക് പോകുകയും അവതാരം അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ അവസ്ഥ ഗ്രഹിക്കാൻ പ്രയാസകരമാണ്, അത് യോഗചര്യയിലൂടെ നേടിയതാണ്.

9. അവതാരോദ്ദേശ്യം കഴിഞ്ഞപ്പോൾ ആ നശ്വരരൂപം ഇല്ലാതായിരിക്കുന്നു. എന്നാലും ഈ ഗ്രന്ഥം ഓരോ ചുവടിലും അദ്ദേഹത്തിന്റെ ഓർമ്മ നമ്മിലുണർത്തും.

10. മാത്രമല്ല, അദ്ദേഹത്തിന്റെ കഥ ശ്രവിക്കുന്നതിലൂടെ മനസ്സിന് ലഭിക്കുന്ന ശാന്തിയും ഏകാഗ്രതയും അവർണ്ണനീയമാണ്.

11. നിങ്ങൾ ശ്രോതാക്കളെല്ലാം വിവേകികളും നിങ്ങളോട് താരതമ്യം ചെയ്യുമ്പോൾ ഞാൻ മൂഢനുമാണ്. എങ്കിലും സായിയുടെ വാക്കുകളാകുന്ന ഈ അക്ഷരയജ്ഞം ആദരവോടെയും നന്ദി നിറഞ്ഞ മനസ്സോടെയും ശ്രവിക്കുക.

12. വാക്കുകളുടെ ഈ യജ്ഞഹവിസ്സ് വളരെ ഗുണപ്രദമാണ്. എന്നെപ്പോലെ അജ്ഞാനിയായ ഒരുവനെ തന്റെ ഉപകരണമാക്കിക്കൊണ്ട് അദ്ദേഹം സ്വയം തന്റെ കഥ പൂർത്തിയാക്കുന്നു. ശ്രോതാക്കൾക്ക് ഇതൊക്കെ അറിയാം.

13. സായിപാദങ്ങളിൽ വന്ദിച്ച് ഏകാഗ്രതയോടെ ഈ കഥ ശ്രവിക്കുന്നവർക്ക്, അത് ശുഭകരവും ശ്രേഷ്ഠമായ തരത്തിൽ ആത്മീയശുദ്ധിക്ക് സഹായകരവുമാണ്.

14. യഥാർത്ഥ ഭക്തിയും, ഹൃദയത്തിൽ സ്വന്തം നന്മയ്ക്ക് ആഗ്രഹവുമുള്ളവർ ഈ കഥാമൃതം ഏകാഗ്രമായ മനസ്സോടെ പഠനം ചെയ്യും.

15. സേവനങ്ങൾക്ക് ഒരിക്കലും പ്രതിഫലം ലഭിക്കാതിരിക്കില്ല. സായി അവന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും, അവ ലൗകികമായാലും ആത്മീയമായാലും, സാധ്യമാക്കി നൽകുകയും ഒടുവിൽ ജീവിതത്തിലെ ആത്യന്തികമായ ആഗ്രഹങ്ങൾ നേടാൻ സഹായിക്കുകയും ചെയ്യും.

16. ഈ ഗ്രന്ഥത്തിലെ നാൽപ്പത്തിനാലാമത്തെ അധ്യായത്തിൽ സായി ഭൗതിക ദേഹം വെടിയുന്നതിന്റെ അവസാന കഥ വിവരിക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും ഗ്രന്ഥം തുടരുകയാണ്. എനിക്ക് ഈ ആശ്ചര്യം ഗ്രഹിക്കാൻ കഴിയുന്നില്ല.

17. കഴിഞ്ഞ അധ്യായത്തിൽ, സായി ഭൗതികദേഹം വെടിയുന്നതിനെക്കുറിച്ചുള്ള വിവരണം ക്രമമായ രീതിയിൽ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. എന്നിട്ടും സായി ലീലകളുടെ ശൃംഖല ഒരു നിമിഷംപോലും നിലയ്ക്കുന്നില്ല.

18. യഥാർത്ഥത്തിൽ ഇതിൽ അദ്ഭുതപ്പെടാൻ ഒന്നുമില്ല. ഈ സായി ജനനമരണങ്ങൾക്കതീതനാണ്, അദ്ദേഹം ദേഹം ഉപേക്ഷിക്കുക മാത്രമാണ് ചെയ്തത്. മുമ്പത്തെപ്പോലെ അദ്ദേഹം നിരാകാരനായി വർത്തിക്കുന്നു.

19. ശരീരവും രൂപവും മറഞ്ഞുപോയി. ആത്മാവ് മുമ്പത്തെപ്പോലെ വർത്തിക്കുന്നു. അദ്ദേഹം ശരീരം ഉപേക്ഷിച്ചതിനുശേഷവും ലീലകൾ തുടരുന്നു. എല്ലാവർക്കും ഇതറിയാവുന്നതാണ്.

20. ആ ലീലകളും അവസാനമില്ലാത്തവയാണ്, പക്ഷേ അവയെല്ലാം വിവരിക്കു

ന്നത് ഗ്രന്ഥത്തെ ബൃഹത്താക്കും. അതിനാൽ അത് ഒഴിവാക്കാൻ വേണ്ടി, നമ്മൾ അവയുടെ സാരാംശം മാത്രം സ്വാംശീകരിച്ച് ആദരവോടെ ശ്രോതാക്കൾക്ക് നൽകുന്നതാണ്.

21. സായി സ്വയം സകാരരൂപത്തിൽ അവതരിച്ചപ്പോൾ, നമുക്ക് വളരെ സുഗമമായി അദ്ദേഹത്തിന്റെ സംസർഗ്ഗം ലഭിച്ചതിനാൽ, നമ്മൾ എത്ര ഭാഗ്യവാന്മാരാണ്!

22. നമുക്ക് ലൗകികതയോട് വിരക്തി നേടാനും ഈശ്വരനിൽ അഗാധഭക്തി നേടാനും കഴിഞ്ഞിരുന്നില്ലെങ്കിൽ അത് എത്രമാത്രം അപമാനകരമാകുമായിരുന്നു!

23. എല്ലാ ഇന്ദ്രിയങ്ങളിലൂടെയും സായിയോട് ഭക്തി ഉണ്ടാകുന്നതാണ് യഥാർത്ഥ ആരാധന. കണ്ണുകളിലൂടെ അദ്ദേഹത്തിന്റെ രൂപം കാണുമ്പോൾ പോലും, ഒരുവന് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല.

24. കർണ്ണങ്ങൾ സായികീർത്തനങ്ങൾ ശ്രവിക്കുമ്പോൾ, അത് നാവ് മാമ്പഴരസം രുചിക്കുന്നത് പോലെയായിരുന്നു. സായിയുടെ പാദങ്ങളിൽ സ്പർശിക്കുമ്പോൾ, ഒരുവന് മൃദുലമായ മെത്തയുടെ സ്പർശനം വിട്ടുപോകാൻ മനസ്സില്ലാത്തതുപോലെയായിരുന്നു.

25. സായിയിൽ നിന്ന് ഒരു നിമിഷത്തെയെങ്കിലും വിരഹം സഹിക്കാൻ കഴിഞ്ഞാൽ അവനെ യഥാർത്ഥ സായിഭക്തൻ എന്ന് വിളിക്കാനാകുമോ? അവന് ലോകത്തിൽ നിന്ന് വിരക്തി നേടാൻ കഴിഞ്ഞില്ലെങ്കിൽ, അവന് സായിയുടെ പാദങ്ങളിൽ സ്നേഹമുണ്ടെന്ന് പറയാൻ കഴിയുമോ?

26. ഭർത്താവൊഴിച്ച് ഏത് അന്യപുരുഷൻ ഒരു പതിവ്രതയുടെ മാർഗ്ഗത്തിലെത്തിയാലും, അവൾ അയാളെ അവളുടെ അമ്മാവനോ, ഭർത്തൃസഹോദരനോ, അവളുടെ സഹോദരനോ ആയി കരുതുകയും, ആദരവോടെ അയാളെ വന്ദിക്കുകയും ചെയ്യുന്നു.

27. ഒരു പതിവ്രതയുടെ ഹൃദയം സ്ഥൈര്യമുള്ളതാണ്. അവൾ ഒരിക്കലും തന്റെ ഗൃഹം വിട്ട് പോകുകയില്ല, മാത്രമല്ല അവൾക്ക് പതിയോട് നിസ്സീമമായ സ്നേഹമുണ്ടായിരിക്കും. ജീവിതകാലം മുഴുവൻ അയാൾ മാത്രമാണ് അവളുടെ താങ്ങ്.

28. ഒരു പതിവ്രത സദാചാരിയും കളങ്കരഹിതയുമാണ്. അവൾ ഒരിക്കലും മറ്റൊരു പുരുഷനെ തന്റെ ഭർത്താവിന്റെ സ്ഥാനത്ത് കരുതിക്കൊണ്ട് നോക്കുകയോ കാണുകയോ ചെയ്യില്ല.

29. അവളെ സംബന്ധിച്ചിടത്തോളം അവളുടെ പതി മാത്രമാണ് അവൾക്ക് പതിയായിട്ടുള്ളത്, മറ്റാരെയും അയാൾക്ക് സമമായി അവൾ കാണില്ല. അവൾക്ക് അയാളോട് അചഞ്ചലമായ സ്നേഹമുണ്ടാകും. ഒരു ശിഷ്യനും ഇതേപോലെ അചഞ്ചലമായ സ്നേഹം തന്റെ ഗുരുവിനോടുണ്ടാകണം.

30. ഗുരുവിനോടുള്ള സ്നേഹത്തെ ഒരു പതിവ്രതയ്ക്ക് അവളുടെ ഭർത്താവിനോടുള്ള സ്നേഹവുമായി ഞാൻ താരതമ്യം ചെയ്തെങ്കിലും, യഥാർത്ഥത്തിൽ

അത് അപരിമിതമാണ്. ഗുണവാനായ ഒരു ശിഷ്യന് അതിന്റെ ശ്രേഷ്ഠത അറിയാൻ കഴിയും.

31. ഒരുവന്റെ ദൈനംദിനജീവിതത്തിൽ പോലും വേണ്ട സഹായങ്ങൾ ലഭിക്കുന്നില്ലെങ്കിൽ, അത്തരം വ്യക്തികൾക്ക് ആത്മീയകാര്യങ്ങളിൽ എന്ത് സഹായമാണ് നൽകാൻ കഴിയുക? ഒരുവന്റെ സന്തതികളുടെ വിവാഹത്തിലൂടെയുള്ള ബന്ധുക്കളോ, ഒരുവന്റെ ജാമാതാക്കളോ, ഒരുവന്റെ ഭാര്യയോ ആകട്ടെ – ആരെയും വിശ്വസിക്കാൻ കഴിയില്ല.

32. മാതാവും പിതാവും വാത്സല്യമുള്ളവരായിരിക്കും; ഒരുവന്റെ സ്വന്തം പുത്രന്മാർ ധനത്തെക്കുറിച്ചും, കുടുംബസ്വത്തുക്കളെക്കുറിച്ചും മാത്രം ചിന്തിക്കും; ഭാര്യ അവളുടെ ഭാര്യാപദം സൂക്ഷിക്കുന്നതിനെക്കുറിച്ച് മാത്രമേ ചിന്തിക്കുകയുള്ളൂ. ആത്മീയകാര്യങ്ങളിൽ ആരും സഹായിക്കില്ല.

33. അപ്പോൾ, ആത്മീയത നേടാൻ സഹായകരമായിട്ടുള്ള ആരാണ് ഉണ്ടാകുക? അവസാന അപഗ്രഥനത്തിൽ സ്വയം ആശ്രയിക്കുക മാത്രമേ തരമുള്ളൂ എന്നു കാണാം.

34. അനശ്വരവും നശ്വരവും തമ്മിൽ തിരിച്ചറിഞ്ഞ്, ലൗകികവും ആത്മീയവുമായ പ്രവൃത്തികളുടെ ഫലങ്ങൾ ത്യജിച്ചശേഷം മനസ്സ്, ഇന്ദ്രിയങ്ങൾ, ഷഡ്‌വികാരങ്ങൾ എന്നിവയുടെ മേൽ നിയന്ത്രണം നേടി, മുക്തിക്ക് വേണ്ടി ശ്രമിക്കുന്നവൻ അനുഗൃഹീതനാണ്.

35. അത്തരത്തിൽ, മറ്റാരെയും ആശ്രയിക്കാതെ, അതിയായ ആത്മവിശ്വാസത്തോടെ കഠിനമായി പ്രയത്നിക്കുന്നവന് മാത്രമാണ് ആത്മീയത നേടാൻ കഴിയുന്നത്.

36. ബ്രഹ്മൻ അനശ്വരവും ലോകം നശ്വരവുമാണ്. ഗുരു മാത്രമാണ് യഥാർത്ഥ ബ്രഹ്മൻ. നശ്വരമായതിനെ ഒഴിവാക്കിക്കൊണ്ട് ഗുരുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ഈ തോന്നൽ തുടർച്ചയായി ഉണ്ടാകുന്നത് ആത്മീയത നേടാനുള്ള ഒരു മാർഗ്ഗമാണ്.

37. നശ്വരമായതിനെ ഒഴിവാക്കിയാൽ വിരക്തി നേടാൻ കഴിയും. പരമാനന്ദത്തിന്റെ മേഘമായ സദ്ഗുരു ബ്രഹ്മനാകുന്നു. ഈശ്വരൻ എല്ലാവരിലും വസിക്കുന്നുവെന്ന വിശ്വാസം ഉണ്ടാകും. ഇതാണ് അദ്വൈതാരാധന എന്ന് പറയപ്പെടുന്നത്.

38. ഒരുവൻ നിരന്തരം എന്തിനെ ധ്യാനിക്കുന്നുവോ, അത് ഭയം മൂലമോ സ്നേഹം മൂലമോ ആകട്ടെ, ധ്യാനിക്കുന്നവൻ ധ്യാനിക്കപ്പെടുന്ന വസ്തുവായി മാറും, അത് കംസനും[1] രാവണനും[2] നിസ്സാരമായ പുഴുവിനും[3] ഒരേപോലെ ബാധകമാണ്.

39. ധ്യാനിക്കുമ്പോൾ അതിയായ ഏകാഗ്രത ആവശ്യമാണ്. ധ്യാനത്തേക്കാൾ മെച്ചപ്പെട്ട മറ്റൊരു മാർഗ്ഗമില്ല. ഇത് പരിശീലിക്കുന്നവൻ തീർച്ചയായും സ്വയം ഉദ്ധരിക്കപ്പെടും.

40. ജീവിതത്തിലെയും ലോകത്തിലെയും ആഗ്രഹങ്ങൾ മറന്നുപോയ വ്യക്തിക്ക്

ജീവിതവും മരണവും എങ്ങനെ ഉണ്ടാകാനാണ്? അവൻ ആത്മനിൽ മുഴുകി ആനന്ദം കണ്ടെത്തുന്നു.

41. അതിനാൽ ഒരുവൻ തന്റെ ഗുരുവിന്റെ നാമം ജപിക്കുന്നത് ശ്രേഷ്ഠമായ ആനന്ദം നൽകുകയും സകല ജീവികളിലും ഈശ്വരദർശനം സാധ്യമാക്കുകയും ചെയ്യുന്നു. മറ്റെന്ത് മഹത്വമാണ് നാമത്തിന് വേണ്ടത്?

42. ഇത്തരം മഹിമകൾ തന്റെ നാമത്തിലുള്ള അദ്ദേഹത്തെ ഞാൻ ഭക്തിയോടും വിശ്വാസത്തോടും കൂടി വന്ദിക്കുന്നു. ഞാൻ എന്റെ ശരീരം, ഭാഷണം, മനസ്സ് എന്നിവ പൂർണ്ണമായും അദ്ദേഹത്തിന് സമർപ്പിക്കുന്നു.

43. ഇത് വിശദമാക്കുന്ന ഒരു കഥ ഞാനിപ്പോൾ ശ്രോതാക്കളോട് പറയുന്നതാണ്. അതിനാൽ നിങ്ങളുടെ സ്വന്തം നന്മയ്ക്ക് വേണ്ടി അത് തികഞ്ഞ ശ്രദ്ധയോടെ കേൾക്കുക.

44. പരേതനായ കാക്കാ ദീക്ഷിത്, സായി സമർത്ഥന്റെ നിർദ്ദേശാനുസരണം ദിവസവും ഭാഗവതപാരായണം ചെയ്തിരുന്നു. ഇത് എല്ലാവർക്കും അറിവുള്ളതാണ്.

45. ഒരു ദിവസം ചൗപട്ടി (ബോംബെ)യിലുള്ള കാക്കാ മഹാജനിയുടെ ഗൃഹത്തിൽ വച്ച് ഊണിനുശേഷം, ദീക്ഷിത് അയാളുടെ പതിവ്പോലെ ഗ്രന്ഥപാരായണം നടത്തുകയായിരുന്നു.

46. ക്രമമായ രീതിയിലുള്ള പാരായണം കേട്ട് ശ്രോതാക്കൾ സന്തുഷ്ടരായി, പതിനൊന്നാം സ്കന്ദത്തിലെ രണ്ടാമത്തെ അധ്യായമായിരുന്നു, അത് വളരെ മനോഹരവും അനുപമവുമായിരുന്നു.

47. ഭാഗവതശ്രവണത്തിനായി ബാബാഭക്തനായ മാധവറാവുവിനോടൊപ്പം കാക്കാ മഹാജനിയും ഇരിപ്പുണ്ടായിരുന്നു.

48. ഭാഗ്യവശാൽ കഥ വളരെ ഹൃദയഹാരിയും ശ്രോതാക്കളെ സംതൃപ്തരാക്കുന്നതുമായിരുന്നു. അത് വളരെ ഭക്തി ഉളവാക്കിയിരുന്നു. അത് അത്രയ്ക്ക് മഹത്തരമായിരുന്നു.

49. റിഷഭവംശത്തിലെ ഒമ്പത് ദീപങ്ങളെക്കുറിച്ചുള്ള, അതായത് കവി, ഹരി, അന്തരീക്ഷ തുടങ്ങിയവരെക്കുറിച്ചുള്ള[4] കഥയായിരുന്നു അത്. അവ വളരെ ഹൃദയഹാരിയും ഗുണപാഠപ്രദവുമായിരുന്നു.

50. അവർ ഒമ്പത് പേരും ഈശ്വരാവതാരങ്ങളായിരുന്നു. ശാന്തിയുടെയും ക്ഷമയുടെയും മൂർത്തരൂപങ്ങളായിരുന്നു അവർ. ഭാഗവതധർമ്മത്തെക്കുറിച്ച് അവർ ജനകമഹാരാജാവിന് വിശദീകരിച്ചപ്പോൾ അദ്ദേഹം ആശ്ചര്യത്താൽ സ്തബ്ധനായി.

51. എന്താണ് അതിയായ സന്തോഷം? എന്താണ് ശ്രേഷ്ഠമായ ഈശ്വരഭക്തി? ഗുരുപാദങ്ങളുടെ അനുപമമായ കൃപയില്ലെങ്കിൽ ഈശ്വരന്റെ മായയെ എങ്ങനെയാണ് സുഗമമായി അതിജീവിക്കാൻ കഴിയുക?

52. കർമ്മങ്ങൾ, കർമ്മങ്ങൾ ചെയ്യാതിരിക്കുന്നത്, അവ ഒഴിവാക്കുന്നത് – ഇവയുടെ ഒക്കെ രഹസ്യം ഒന്നുതന്നെയാണ്. ഗുരു ഈശ്വരന്റെ സ്വരൂപമാണ്.

ഗുരുഭക്തി (പൂജ)യാണ് ഭാഗവതധർമ്മം.

53. ഈശ്വരാവതാരങ്ങളെക്കുറിച്ചും അവരുടെ കൃത്യങ്ങളെക്കുറിച്ചും ധ്രുമിൽനാഥ് വിവരിച്ചു. മനുഷ്യാവതാരങ്ങളെ ഉദ്ധരിച്ചുകൊണ്ട് നാരായണന്റെ രൂപവും സൗന്ദര്യവും അദ്ദേഹം വർണ്ണിച്ചു.

54. ഭക്തിയോട് അനിഷ്ടമുള്ളവരുടെ അവസ്ഥയും വേദങ്ങളിലെ പെരുമാറ്റ രീതികൾ അനുസരിക്കാത്തതിനാൽ അവർക്ക് സർവ്വനാശം ഉണ്ടാകുന്നതെങ്ങനെയെന്നും ചമസ്നാഥ് ജനകമഹാരാജിനോട് വിവരിച്ചു.

55. ഈശ്വരൻ എല്ലാവരിലും വസിക്കുന്നു, അതിനാൽ ആരെയും വെറുക്കുകയോ അസൂയപ്പെടുകയോ ചെയ്യരുത്. എല്ലാ രൂപങ്ങളിലും ഈശ്വരനെ ദർശിക്കുക. ഈശ്വരനില്ലാത്ത അണു മാത്രമായ ഒരു സ്ഥലം പോലുമുണ്ടാകില്ല.

56. ഒടുവിൽ, ഒമ്പതാമത്തെ നാഥനായ കരഭജൻ, കൃതയുഗത്തിലും ത്രേതായുഗത്തിലും ആരാധിക്കപ്പെടേണ്ടതും ധ്യാനിക്കപ്പെടേണ്ടതുമായ ദേവതകളെക്കുറിച്ച് വിവരിച്ചു.

57. കലിയുഗത്തിൽ മുക്തിക്കായി ഒരേ ഒരു മാർഗ്ഗമേയുള്ളൂ, ഈശ്വരനെയും ഗുരുവിനെയും സ്മരിക്കുക എന്നതാണ് അത്. അതിലൂടെ ലോകജീവിതത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാകും. ആശ്രയം തേടുന്നവരുടെ ഏക സംരക്ഷണം ഇത് മാത്രമാണ്.

58. ഗ്രന്ഥത്തിലെ ഈ ഭാഗങ്ങൾ പാരായണം ചെയ്തതിനുശേഷം കാക്കാസാഹേബ് പറഞ്ഞു: "നവനാഥന്മാരുടെ ലീലകൾ എത്ര ആശ്ചര്യകരവും മനോഹരവുമാണ്! അവരുടെ രീതികൾ ഗ്രഹിക്കാനാകാത്തതാണ്!"

59. അയാൾ വളരെ താൽപ്പര്യത്തോടെ മാധവറാവുവിനോട് പറഞ്ഞു: "ഈ ഭക്തി പ്രാവർത്തികമാക്കാൻ എത്ര പ്രയാസകരമാണ്! നമ്മെപ്പോലെ മൂഢന്മാരായവർക്ക് അത്രയും ഭക്തിയുണ്ടാകുമോ? പല ജന്മങ്ങൾ കഴിഞ്ഞാലും നമുക്ക് അത് നേടാൻ കഴിയില്ല.

60. "ജന്മനാ പാപികളായ നമ്മോട് നവനാഥന്മാരെ എങ്ങനെ താരതമ്യപ്പെടുത്താൻ കഴിയും! ഈ ഭക്തി സുഗമമാണോ? അവർ സത്യത്തിന്റെയും ജ്ഞാനത്തിന്റെയും സ്വരൂപങ്ങളായിരുന്നതിനാൽ അവർ അനുഗൃഹീതരാണ്.

61. "എനിക്ക് എപ്പോഴെങ്കിലും അത്തരം ഭക്തി നേടാൻ കഴിയുമോ? എനിക്ക് എങ്ങനെ മുക്തി സാധ്യമാകും? എനിക്ക് നിരാശയും ദുഃഖവും തോന്നുന്നു. ഈ ജന്മവും ജീവിതവും വ്യർത്ഥമാണ്."

62. കാക്കാസാഹേബ് ഒരു ശ്രേഷ്ഠഭക്തനായിരുന്നു. അയാളുടെ സമചിത്തത നഷ്ടപ്പെട്ടതിൽ അയാൾ അസ്വസ്ഥനും ദുഃഖിതനുമായി. ശാമയ്ക്ക് അസ്വസ്ഥത തോന്നി.

63. മാധവറാവു എന്ന് പേരായ ശാമയ്ക്ക്, കാക്കായുമായി നല്ല ബന്ധമാണുണ്ടായിരുന്നത്. കാക്കായ്ക്ക് ഇത്തരത്തിൽ പ്രതികൂല ചിന്തകളുണ്ടായത് അയാൾക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

64. അയാൾ പറഞ്ഞു: "ബാബയെപ്പോലെ അമൂല്യമായ ഒരു രത്നത്തെ നേടാൻ

മഹാഭാഗ്യം സിദ്ധിച്ച ഒരാൾ ഇത്തരത്തിൽ വിലപിക്കുകയാണെങ്കിൽ അയാളുടെ ജീവിതം വ്യർത്ഥമാണ്.

65. സായിയുടെ പാദങ്ങളിൽ അടിയുറച്ച വിശ്വാസമുണ്ടെങ്കിൽ അയാൾക്കെന്തിന് അസ്വസ്ഥതയുണ്ടാകണം? നാഥന്മാരുടെ ഭക്തി ദൃഢവും ശക്തവുമായിരിക്കാം, പക്ഷേ നമ്മുടേത് സ്നേഹപൂർണ്ണവും വാത്സല്യപരവുമല്ലേ.

66. ഏകനാഥ ഭാഗവതത്തിലെ പതിനൊന്നാം സ്കന്ധവും അതിന്റെ വ്യാഖ്യാനവും, ഭാവാർത്ഥരാമായണവും ദിനവും പാരായണം ചെയ്യണമെന്ന് വളരെ വ്യക്തമായി താങ്കളോട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

67. മാത്രമല്ല ബാബയുടെ നിർദ്ദേശപ്രകാരം താങ്കൾ ഈശ്വരന്റെയും ഗുരുവിന്റെയും നാമങ്ങൾ സ്മരിക്കുകയും ജപിക്കുകയും ചെയ്യുന്നുണ്ട്. ഇതാണ് ലോകജീവിതത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കാനുള്ള മാർഗ്ഗം. പിന്നെന്തിന് നിങ്ങൾ വിഷമിക്കണം?"

68. പക്ഷേ കാക്കായാകട്ടെ, നവയോഗികളുടെ ജീവിതത്തെക്കുറിച്ച് തുടർച്ചയായി ചിന്തിക്കുകയും വാളിൻമുനയിലൂടെ നടക്കുന്ന തരത്തിലുള്ള അവരുടെ താപസിക ജീവിതരീതികൾ അൽപമെങ്കിലും അയാൾക്ക് നേടാൻ കഴിയുമോ എന്നോർത്ത് ഉത്കണ്ഠപ്പെടുകയും ചെയ്തു.

69. നവയോഗികളുടെ ഭക്തിയാണ് ശ്രേഷ്ഠമായതെന്നും, ഏത് മാർഗ്ഗത്തിലൂടെ അയാൾക്ക് അത് നേടി ഈശ്വരനിൽ യഥാർത്ഥമായും എത്തിച്ചേരാൻ കഴിയുമെന്നുമോർത്ത് അയാൾ വിലപിച്ചുകൊണ്ടിരുന്നു.

70. ഇത്തരത്തിൽ, വിശ്രമിക്കുമ്പോഴും ഉറങ്ങുമ്പോഴും തുടങ്ങി സദാസമയവും അയാൾ ആ ചിന്തയിൽ മുഴുകിയപ്പോൾ പിറ്റേദിവസം ഒരു അദ്ഭുതം സംഭവിച്ചു. ശ്രോതാക്കൾ അത് വിശദമായി കേൾക്കുക.

71. അയാളുടെ അനുഭവത്തിന്റെ ആശ്ചര്യങ്ങൾ ശ്രദ്ധിക്കുക! പ്രഭാതത്തിൽ ആനന്ദറാവു പഖാഡേ മാധവറാവുവിനെ അന്വേഷിച്ചെത്തി.

72. ഭാഗവതപാരായണം ശ്രവിക്കാൻ കൃത്യസമയത്തെത്താൻ വേണ്ടി മാധവറാവു നേരത്തെ വന്നിരുന്നു. ആനന്ദറാവു മാധവറാവുവിന് സമീപത്തിരുന്നുകൊണ്ട് അയാൾക്കുണ്ടായ ആശ്ചര്യകരമായ ഒരു സ്വപ്നദർശനത്തെക്കുറിച്ച് പറയാൻ തുടങ്ങി.

73. ഒരുവശത്ത് ഗ്രന്ഥപാരായണം തുടരുകയായിരുന്നു; അതേസമയം മറുവശത്ത് ഇവർ രണ്ടുപേരും അന്യോന്യം അടക്കം പറയുകയായിരുന്നു. അതിനാൽ പാരായണം ചെയ്യുന്നയാളും ശ്രോതാക്കളും ഒരേപോലെ അസ്വസ്ഥരായി.

74. ആനന്ദറാവു അയാൾക്കുണ്ടായ സ്വപ്നദർശനത്തെക്കുറിച്ച് മാധവറാവുവിനോട് വളരെ ഭാവാത്മകമായി വർണ്ണിക്കുകയായിരുന്നു. ഒരാൾ വിവരിക്കുകയും മറ്റേയാൾ കേൾക്കുകയും ചെയ്യുന്നതിനിടയിൽ ഇരുവരും അടക്കം പറയുന്നുമുണ്ടായിരുന്നു. പാരായണത്തിന്റെ ഒഴുക്ക് ഇടയ്ക്ക് ഭഞ്ജിക്കപ്പെട്ടു.

75. അപ്പോൾ കാക്കാസാഹേബ് രണ്ടുപേരോടുമായി പറഞ്ഞു.: "എന്താണ്

നിങ്ങൾക്ക് രണ്ടുപേർക്കും ഇത്രമാത്രം സന്തോഷം നൽകുന്ന ആശ്ചര്യകരമായ വസ്തുത? ഞങ്ങളോട് കൂടി അതേക്കുറിച്ച് പറയുക."

76. അപ്പോൾ മാധവറാവു പറഞ്ഞു. "ഇന്നലെയാണ് താങ്കൾക്ക് സംശയമുദിച്ചത്. മുക്തി നേടാൻ സഹായകരമായ, സവിശേഷമായ ഭക്തിമാർഗ്ഗത്തെക്കുറിച്ചുള്ള ഉത്തരം ഉടനടി ലഭിച്ചിരിക്കുന്നു.

77. പഖാഡെയുടെ സ്വപ്നത്തെക്കുറിച്ചും, ബാബ അയാൾക്ക് ദർശനം നൽകിയതിനെക്കുറിച്ചും ശ്രവിക്കുക. താങ്കളുടെ സംശയങ്ങൾക്ക് ഉത്തരം ലഭിക്കും. ഗുരുപാദങ്ങളിൽ ഭക്തിയുണ്ടാകുക മാത്രം മതിയാകും."

78. അതിനാൽ എല്ലാവർക്കും സ്വപ്നത്തെക്കുറിച്ച് കേൾക്കാൻ അതിയായ ആഗ്രഹമുണ്ടായി. പ്രത്യേകിച്ചും കാക്കായ്ക്ക്. കാരണം അയാൾക്കായിരുന്നു തുടക്കത്തിലേ സംശയമുണ്ടായിരുന്നത്.

79. എല്ലാവരുടെയും ആകാംക്ഷ മനസ്സിലാക്കിക്കൊണ്ട് ആനന്ദറാവു, തികഞ്ഞ വിശ്വാസത്തോടെ അയാളുടെ സ്വപ്നത്തെക്കുറിച്ച് വിവരിക്കാൻ തുടങ്ങി. ശ്രോതാക്കളും ആശ്ചര്യപ്പെടും.

80. "ഞാൻ ഒരു സമുദ്രത്തിൽ അരയ്ക്കൊപ്പം വെള്ളത്തിൽ നിൽക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് ശ്രീ സമർത്ഥ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

81. സായി രത്നങ്ങൾ പതിച്ച ഒരു സിംഹാസനത്തിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പാദങ്ങൾ വെള്ളത്തിനടിയിലായിരുന്നു. ഞാൻ വളരെ മനോഹരമായ ആ രൂപം ദർശിച്ചു.

82. ആ സുന്ദരരൂപം കണ്ട് ഞാൻ വളരെ സന്തുഷ്ടനായി. അതൊരു ദർശനമാണെന്നുപോലും ഞാൻ ചിന്തിക്കാത്ത തരത്തിൽ വളരെ തന്മയത്വമാർന്നതായിരുന്നു അത്. ആ ദർശനത്താൽ എന്റെ ഹൃദയം സന്തോഷഭരിതമായി.

83. വളരെ ആശ്ചര്യകരമായ മറ്റൊരു വസ്തുത എന്തെന്നാൽ മാധവറാവുവും അവിടെ നിൽക്കുന്നുണ്ടായിരുന്നു എന്നതായിരുന്നു. അയാൾ വളരെ സ്നേഹത്തോടെ എന്നോട് പറഞ്ഞു. 'ആനന്ദറാവു, അദ്ദേഹത്തിന്റെ പാദങ്ങളിൽ വണങ്ങുക!'

84. അപ്പോൾ ഞാൻ അയാളോട് മറുപടി പറഞ്ഞു: 'ഞാനും അപ്രകാരം ചെയ്യണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പക്ഷേ പാദങ്ങൾ വെള്ളത്തിനടിയിലാണ്. എങ്ങനെയാണ് എനിക്ക് അവ സ്പർശിക്കാൻ കഴിയുക?'

85. 'പാദങ്ങൾ വെള്ളത്തിനടിയിലായിരിക്കവെ എങ്ങനെയാണ് എനിക്ക് എന്റെ ശിരസ്സ് സമർപ്പിക്കാൻ കഴിയുക? ഞാനിപ്പോൾ എന്തു ചെയ്യും? എനിക്ക് എന്തു ചെയ്യണമെന്നറിയില്ല.'

86. ഇത് കേട്ടപ്പോൾ മാധവറാവു ബാബയോട് എന്താണ് പറഞ്ഞതെന്ന് കേൾക്കുക. 'ദേവാ, വെള്ളത്തിനടിയിലുള്ള അങ്ങയുടെ പാദങ്ങൾ പുറത്തേയ്ക്ക് എടുത്താലും.'

87. അയാൾ അപ്രകാരം പറഞ്ഞയുടനെ, ബാബ അദ്ദേഹത്തിന്റെ പാദങ്ങൾ പുറത്തേക്ക് എടുത്തു. അപ്പോൾ ഞാൻ ഉടൻ തന്നെ അവയെ ആശ്ലേഷിച്ച് വന്ദിച്ചു.

88. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ മുറുകെ ആശ്ലേഷിക്കവേ ബാബ എന്നെ അനുഗ്രഹിച്ചു: 'പോയ്ക്കോളൂ. നീ നിന്റെ ക്ഷേമം കൈവരിക്കും. ഭയപ്പെടേണ്ട കാരണമൊന്നുമില്ല.'

89. ബാബ വീണ്ടും തുടർന്ന് പറഞ്ഞു: 'എന്റെ ശാമയ്ക്ക് പട്ടുകരയുള്ള ഒരു ധോത്തി നൽകുക. അതിലൂടെ നിനക്ക് നന്മയുണ്ടാകും.'

90. അതിനാൽ തികഞ്ഞ ആദരവോടും വിനയത്തോടും കൂടി ആ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് ഞാൻ പട്ടുകരയുള്ള ഒരു ധോത്തി വാങ്ങി. കാക്കാ സാഹേബ് അങ്ങയുടെ കൈകളാൽ അത് മാധവറാവുവിന് നൽകുക.

91. ദയവായി എന്റെ അപേക്ഷ സ്വീകരിച്ച്, ഇത് മാധവറാവുവിന് അണിയിക്കുക. അത് എനിക്ക് വളരെ സന്തുഷ്ടി നൽകും. ഞാൻ വളരെ കൃതാർത്ഥനുമാകും."

92. മാധവറാവുവും ആനന്ദറാവുവിന്റെ ഈ അഭ്യർത്ഥന കേൾക്കുന്നുണ്ടായിരുന്നു. കാക്കാ സാഹേബ് ധോത്തി നൽകിയപ്പോൾ അയാൾ അത് സ്വീകരിച്ചില്ല.

93. അതൊരു സ്വപ്നദർശനമാണെന്നും, അയാൾക്ക് സ്വയം എന്തെങ്കിലും സൂചനയോ ദർശനമോ ലഭിക്കാതെ അയാൾ അത് സ്വീകരിക്കില്ല എന്നും അയാൾ ചിന്തിച്ചു.

94. അപ്പോൾ കാക്കാസാഹേബ് പറഞ്ഞു: "നമുക്കിപ്പോൾ ബാബയുടെ വാക്കുകളുടെ (സ്വപ്നത്തിലെ) യാഥാർത്ഥ്യം ഉറപ്പിക്കാം. അത് സ്വീകരിക്കണമോ, നിരാകരിക്കണമോ എന്ന് നറുക്കിട്ട് തീരുമാനിക്കാം.

95. "തെരഞ്ഞെടുക്കപ്പെടുന്ന കുറുപ്പിനനുസരിച്ച് ബാബയുടെ ഇച്ഛ എന്താണെന്ന് നമ്മൾ പരിഗണിക്കും." നറുക്കിന്റെ ഫലമനുസരിച്ച് പ്രവർത്തിക്കണമെന്ന തീരുമാനത്തോടെ കുറിപ്പുകൾ ബാബയുടെ പാദങ്ങളിൽ സമർപ്പിച്ചു.

96. കാക്കാസാഹേബ് അയാളുടെ സകല ഭാരങ്ങളും ബാബയുടെ പാദങ്ങളിൽ സമർപ്പിച്ചിരുന്നു. ഏതൊരു തീരുമാനത്തിനും മുമ്പ് സായിയുടെ അഭിപ്രായം ചോദിക്കണമെന്ന് അയാൾ വിശ്വസിച്ചിരുന്നു.

97. ബാബയുടെ ഭൗതിക ജീവിതകാലത്ത് ഇതായിരുന്നു അയാളുടെ പതിവ്. അതിനുശേഷവും അയാൾ അത് പിന്തുടർന്നിരുന്നു. അയാൾ കുറിപ്പുകൾ നറുക്കിനിടുകയും, അതനുസരിച്ച് കണിശമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

98. കൃത്യം വലുതായാലും ചെറുതായാലും കുറിപ്പ് നറുക്കിടാതെ അയാൾ ഒരു കാര്യവും ചെയ്യുമായിരുന്നില്ല, അത് അയാളുടെ ജീവൻ നഷ്ടമാകുന്ന കാര്യമാണെങ്കിൽപ്പോലും. എല്ലായ്പ്പോഴും ബാബയുടെ അനുവാദമായിരുന്നു ശരിയായ തീരുമാനത്തിലെത്താനുള്ള മാർഗ്ഗം.

99. ഒരിക്കൽ നമ്മൾ ബാബയിൽ സ്വയം സമർപ്പിച്ചുകഴിഞ്ഞാൽ ശരീരം പോലും നമുക്ക് അവകാശപ്പെട്ടതല്ല. അപ്പോൾ അതിന്റെ പ്രവർത്തനങ്ങളിൽ നമുക്ക് എന്ത് അധികാരമാണുള്ളത്?

100. ഈ ദൃഢവിശ്വാസം മൂലം ലക്ഷക്കണക്കിന് രൂപകൾ സമ്പാദിക്കാനുള്ള അവ

സരം പോലും അയാൾ ത്യജിച്ചിരുന്നു. പക്ഷേ മരണം വരെ ഈ തീരുമാനം അയാൾ കാത്തുസൂക്ഷിച്ചു.

101. "നിന്റെ വിശ്വാസത്തിന് ഫലമുണ്ടാകും. ഞാൻ നിനക്ക് വേണ്ടി ഒരു വിമാനമയച്ച് നിന്നെ അതിൽ കൂട്ടിക്കൊണ്ട് പോകും. യാതൊരു ഉത്കണ്ഠയുമില്ലാതെ കഴിയുക."

102. ബാബയുടെ ഈ അനുഗ്രഹവാക്കുകൾ അക്ഷരംപ്രതി യാഥാർത്ഥ്യമായി. കാക്കായുടെ അന്ത്യം എപ്രകാരത്തിലായിരുന്നു എന്ന് 'സായിലീല'യുടെ വായനക്കാർക്ക് അറിയാം.

103. അത് ഏത് തരത്തിലാണ് സംഭവിച്ചതെന്ന് ഒരുവൻ ഓർക്കുമ്പോൾ അത് ഒരു വിമാനത്തിൽ പറന്നുപോകുന്നത് പോലെയായിരുന്നു എന്ന് വ്യക്തമാകും. ഗുരുനാമം ഉരുവിട്ട് കൊണ്ടുള്ള എത്ര ആശ്ചര്യകരമായ മരണമായിരുന്നു അത്.

104. അത്തരത്തിലായിരുന്നു ദീക്ഷിതിന്റെ ദൃഢവിശ്വാസം. അയാൾ എല്ലായ്പ്പോഴും സായി പാദങ്ങളിൽ ആശ്രയം തേടിയിരുന്നു. അയാളുടെ ബന്ധുജനങ്ങളെയും സുഹൃത്തുക്കളെയും ഇത്തരത്തിൽ പ്രവർത്തിക്കാൻ അയാൾ പ്രേരിപ്പിച്ചു; ഒടുവിൽ ഗുരു പാദങ്ങളിൽ വിലയം പ്രാപിക്കുകയും ചെയ്തു.

105. ഇപ്പോൾ മുമ്പത്തെ വിവരണം തുടരാം. ആനന്ദറാവുവും മാധവറാവുവും നറുക്കിടാനുള്ള ആശയം സ്വീകരിച്ചു. കാരണം അവർ ഇരുവരും കാക്കായെ വളരെ സ്നേഹിച്ചിരുന്നു. പിന്നീട് സമയം പാഴാക്കാതെ കുറിപ്പുകൾ തയ്യാറാക്കി.

106. ഒരു കുറിപ്പിൽ 'ധോത്തി സ്വീകരിക്കുക' എന്ന് എഴുതപ്പെട്ടിരുന്നു, മറ്റൊന്നിൽ 'നിരാകരിക്കുക' എന്നും. ഇത്തരത്തിൽ എഴുതിയ ശേഷം അവ സായിചിത്രത്തിന്റെ പാദങ്ങളിൽ സമർപ്പിക്കപ്പെട്ടു.

107. അവിടെയുണ്ടായിരുന്ന ഒരു കുട്ടിയോട് ഒരു കുറിപ്പ് എടുക്കാൻ പറഞ്ഞു. ധോത്തി സ്വീകരിക്കണമെന്ന നിർദ്ദേശമാണ് മാധവറാവുവിന് ലഭിച്ചത്.

108. സ്വപ്നദർശനത്തിൽ പറഞ്ഞതിനെ ശരിവയ്ക്കുന്നതായിരുന്നു കുറിപ്പ്. എല്ലാവരും സന്തുഷ്ടരായി. പിന്നീട് പട്ടുകരയുള്ള ധോത്തി ശാമയ്ക്ക് നൽകപ്പെട്ടു.

109. സ്വപ്നദർശനത്തിൽ കണ്ടതിനെ കുറിപ്പ് സ്ഥിരീകരിച്ചപ്പോൾ അവർക്ക് സന്തോഷം അടക്കാനായില്ല. ഇരുവരും സന്തുഷ്ടരും സംതൃപ്തരുമായി.

110. മാധവറാവു ഉള്ളിൽ സന്തോഷിച്ചു. ആനന്ദറാവുവിനും തൃപ്തിയായി. സായിയോടുള്ള ഭക്തി വർദ്ധിച്ചു. കാക്കായുടെ സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു.

111. അത് അങ്ങനെ കഴിഞ്ഞു. ഈ മുഴുവൻ കഥയുടെയും സാരാംശത്തെക്കുറിച്ച് ഒരുവൻ സ്വയം ചിന്തിക്കണം. ഒരിക്കൽ ഗുരുവിന് സ്വയം സമർപ്പിച്ച് കഴിഞ്ഞാൽ ഒരുവൻ ഗുരുവിന്റെ നിർദ്ദേശങ്ങൾ പാലിക്കണം.

112. ഗുരുവിന്, നമ്മെക്കുറിച്ച് മുഴുവൻ കാര്യങ്ങളും, നമ്മുടെ വികസനത്തിന്റെ ഘട്ടം, ജീവിതത്തിൽ നമ്മുടെ ഭാഗം, നമ്മുടെ ഇഷ്ടങ്ങൾ എന്നിവയെല്ലാം നമ്മേക്കാൾ കൂടുതൽ അറിയാൻ കഴിയുന്നു. അവസാനമുക്തിക്കുള്ള മാർഗ്ഗം

അദ്ദേഹമാണ്.

113. രോഗത്തിനനുസരിച്ചാണ് രോഗനിർണ്ണയം നടത്തപ്പെടുന്നതും, അതനുസരിച്ചാണ് മരുന്നുകളും പ്രതിഔഷധങ്ങളും നൽകപ്പെടുന്നതും. ശിഷ്യന്റെ ജീവിതനിലനിൽപ്പിലെ അസുഖം ഭേദമാക്കാനുള്ള ഉചിതമായ ഔഷധം സദ്ഗുരു നൽകുന്നു.

114. ഗുരുവിനെ അനുകരിക്കുകയോ, ഗുരുവിന്റെ പെരുമാറ്റങ്ങൾ സ്വയം ആചരിക്കുകയോ ചെയ്യരുത്. ആദരവ് കാട്ടുകയും അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുക.

115. അദ്ദേഹത്തിന്റെ വാക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അവയിൽ നിരന്തരം ധ്യാനിക്കുക. ആ വാക്കുകളായിരിക്കും നിങ്ങളുടെ ഉദ്ധാരണത്തിന് സഹായകരമാകുന്നതെന്ന് മനസ്സിലോർക്കുക.

116. ഗുരു പറയുന്നതാണ് ദിവ്യഗ്രന്ഥവും, പുരാണവും;. അവയിലെല്ലാം അടങ്ങിയിരിക്കുന്നത് അദ്ദേഹത്തിന്റെ വാക്കുകളും നിർദ്ദേശങ്ങളുമാണ്. അതിനാൽ അദ്ദേഹത്തിന്റെ പ്രധാന ഉപദേശങ്ങൾ ശ്രദ്ധിക്കുക. ഇതാണ് വേദങ്ങളും നമ്മോട് പറയുന്നത്.

117. ഏതൊരു ദിവ്യന്റെയും വാക്കുകൾ അവഗണിക്കാൻ പാടില്ല. പക്ഷേ നമ്മുടെ മാതാവിനല്ലാതെ (നമ്മുടെ സ്വന്തം ഗുരു) മറ്റാർക്കും നമ്മെ നന്നായി പരിപാലിക്കാൻ കഴിയില്ല.

118. ഒരു മാതാവിന് കുഞ്ഞിനോടുള്ള ശുദ്ധമായ സ്നേഹവാത്സല്യങ്ങളെക്കുറിച്ച് കുഞ്ഞിന് അറിയില്ല, അതിൽ നിന്ന് അവൾക്ക് ലഭിക്കുന്ന സംതൃപ്തിയെക്കുറിച്ചും കുഞ്ഞിന് അറിയില്ല. കുഞ്ഞ് അവളുടെ ഇഷ്ടം അനുഭവിക്കുക മാത്രമാണ് ചെയ്യുന്നത്.

119. സായിയുടെ ഈ ദയാവാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ കൊത്തിവയ്ക്കുക. "ലോകത്ത് അനേകം ദിവ്യന്മാരുണ്ട്, പക്ഷേ നമ്മുടെ പിതാവ് (ഗുരു) മാത്രമാണ് പിതാവ് (യഥാർത്ഥഗുരു)."

120. അതിനാൽ സായിയുടെ സ്വന്തം വാക്കുകൾ ശ്രദ്ധിക്കുക. ഒടുവിൽ, കനിവിന്റെ ഖനിയായ അദ്ദേഹം നിങ്ങളുടെ ത്രിദോഷങ്ങൾ അകറ്റും.

121. അദ്ദേഹത്തിന് മാത്രമേ അദ്ദേഹത്തിന്റെ സാമർത്ഥ്യം അറിയൂ. നമുക്ക് അത് ദർശിച്ച് അദ്ഭുതപ്പെടാനേ കഴിയൂ. നമുക്ക് വേണ്ടി വളരെ അനായാസം അദ്ദേഹം കാട്ടുന്ന ലീലകൾ എത്ര ആശ്ചര്യകരമാണ്!

122. മറ്റുള്ളവർ പറയുന്നതെന്തായാലും കേൾക്കുക. പക്ഷേ നിങ്ങളുടെ ശ്രദ്ധ വികേന്ദ്രീകരിക്കപ്പെടാൻ അനുവദിക്കരുത്. നിങ്ങളുടെ സ്വന്തം ഗുരുവിന്റെ വാക്കുകൾ മറക്കരുത്.

123 ഇതിലാണ് നിങ്ങളുടെ ആത്യന്തികമായ നന്മ. ഇത് നിയതമായ ലൗകികജീവിതത്തെക്കുറിച്ചുള്ള ഭയമകറ്റുകയും, ഭവസാഗരം താണ്ടാൻ സഹായിക്കുകയും ചെയ്യും. സകല ശാസ്ത്രങ്ങളും അവയിലുണ്ട്. നിങ്ങളുടെ വിധിപ്രകാരമുള്ള ആരാധനയും അതാണ്.

124. ചുരുക്കത്തിൽ, നിങ്ങളുടെ ഗുരുവിനെ സ്നേഹിക്കുക; ഹൃദയംഗമമായി അദ്ദേഹത്തിന് സമർപ്പിക്കുക. സൂര്യന് മുമ്പിൽ അന്ധകാരം ഇല്ലാത്തതുപോലെ, നിങ്ങൾക്ക് കടക്കാൻ ഭവസാഗരം ഉണ്ടാകില്ല.

125. നിങ്ങൾ ലോകത്തെവിടെയായാലും, അടുത്തോ എത്ര ദൂരെയോ ആയാലും, ഏഴ് കടലുകൾക്ക് അപ്പുറമായാലും, ഗുരു ഭക്തനെ അത്യധികം സ്നേഹിക്കുന്നു.

126. ഇവിടെ നിർത്താം. ഇതെഴുതുമ്പോൾ, ഒരുവൻ മറ്റൊരാളിനെ അനുകരിച്ചാൽ, അവൻ സ്വയം ബുദ്ധിമുട്ടുകൾ വരുത്തിവയ്ക്കുന്നത് എങ്ങനെ എന്നതിനെക്കുറിച്ച് ഒരു കഥ എനിക്ക് ഓർമ്മ വരുന്നു.

127. ഒരിക്കൽ ബാബ മാലസപതിയോടൊപ്പം മസ്ജിദിൽ ഇരിക്കവേ, പെട്ടെന്ന്, അദ്ദേഹത്തിന് മുമ്പ് ഉണ്ടായിരുന്ന ഒരു പലകയെക്കുറിച്ച് അദ്ദേഹം ഓർത്തു.

128. അതിന് ഒരടിപോലും വീതി ഉണ്ടായിരുന്നില്ല. അദ്ദേഹം അതിന്റെ രണ്ടറ്റത്തും പഴകിയ തുണിക്കഷണങ്ങൾ കെട്ടിയശേഷം, മസ്ജിദിന്റെ മേൽക്കൂരയുടെ അലകുകളിൽ തൂക്കിയിട്ട് അതിൽ ഉറങ്ങുമായിരുന്നു.

129. അദ്ദേഹം ഇരുട്ടിൽ ഉറങ്ങാറില്ലാത്തതിനാൽ പലകയുടെ ശിരസ്സറ്റത്തും പാദഭാഗത്തും മൺചിരാതുകൾ കത്തിച്ചുവച്ചിരുന്നു. അവ രാത്രി മുഴുവൻ എരിഞ്ഞുനിൽക്കും. ബാബ അതിന് മുകളിൽ ഉറങ്ങുകയും ചെയ്തിരുന്നു.

130. ഈ പലകയെക്കുറിച്ചുള്ള പൂർണ്ണമായ വിവരണം മുമ്പ് കഴിഞ്ഞ മറ്റൊരു അധ്യായത്തിൽ നൽകപ്പെട്ടിരുന്നു. ഇപ്പോൾ അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ശ്രവിക്കുക.

131. ഒരിക്കൽ ഈ പലകയുടെ പ്രാധാന്യത്തെപ്പറ്റി ബാബ വിവരിക്കവേ, കാക്കാ സാഹേബിന് ഒരു ആശയം തോന്നി. അത് കേൾക്കുക.

132. അയാൾ ബാബയോട് പറഞ്ഞു: “ആ പലകയിൽ ഉറങ്ങുന്നത് അങ്ങേയ്ക്ക് ഇത്രമാത്രം ഇഷ്ടമായിരുന്നെങ്കിൽ, ഞാൻ അതുപോലെ മറ്റൊന്ന് തൂക്കിയിടാം. അപ്പോൾ അങ്ങേയ്ക്ക് വളരെ സുഖമായി അതിൽ ഉറങ്ങാൻ കഴിയും.”

133. ബാബ മറുപടി പറഞ്ഞു: “എനിക്ക് എങ്ങനെയാണ് മാലസപതിയെ നിലത്ത് ഉപേക്ഷിച്ച് മുകളിൽ പലകയുടെ മേൽ ഉറങ്ങാൻ കഴിയുക? നിലത്ത് തന്നെ കിടക്കാൻ എനിക്ക് പ്രയാസമില്ല.”

134. അപ്പോൾ കാക്കാ സ്നേഹത്തോടെ പറഞ്ഞു: “ഞാൻ മറ്റൊരു പലക കൂടി കെട്ടിയിടാം. അങ്ങ് ഒന്നിൽ ഉറങ്ങുക, മാലസപതി മറ്റൊന്നിലും ഉറങ്ങും.”

135. അപ്പോൾ ബാബ പെട്ടെന്ന് പ്രത്യുത്തരം നൽകി: “അവന് എങ്ങനെയാണ് പലകയിൽ ഉറങ്ങാൻ കഴിയുക? ധാരാളം സദ്ഗുണങ്ങൾ ഉള്ളവർക്ക് മാത്രമേ പലകയുടെ മേൽ ഉറങ്ങാൻ കഴിയൂ.

136. “പലകയുടെ മേൽ ഉറങ്ങുകയെന്നത് തീരെ എളുപ്പമല്ല. എനിക്കല്ലാതെ മറ്റാർക്കാണ് പലകയുടെ മേൽ ഉറങ്ങാൻ കഴിയുക? കണ്ണുകൾ തുറന്ന് ഉറങ്ങുന്നവന് മാത്രമേ പലകയുടെ മേൽ ഉറങ്ങാൻ കഴിയൂ.

137. “ഞാൻ ഉറങ്ങുംമുമ്പ് അവനോട് നിർദ്ദേശിക്കാറുണ്ട്, ‘നിന്റെ കൈകൾ എന്റെ

ഹൃദയത്തിൽ വച്ചുകൊണ്ട് എന്റെ സമീപത്ത് ഇരിക്കുക.'

138. "അവന് അതുപോലും ചെയ്യാൻ കഴിയാറില്ല. സമീപത്തിരിക്കുമ്പോൾ, അവൻ മയങ്ങിത്തുടങ്ങുകയും, ഉറക്കത്താൽ ശിരസ്സ് ചലിക്കുകയും ചെയ്യും. ഈ പലക അവന് ഉപയോഗപ്രദമാകില്ല. അതിന് എന്റെ കിടക്കയാകാൻ മാത്രമേ കഴിയൂ.

139. "നിന്റെ കൈ എന്റെ ഹൃദയത്തിന് മുകളിൽ വച്ച്, അതിനുള്ളിലെ ഈശ്വര നാമജപം ശ്രദ്ധിക്കുക. ഞാൻ ഉറക്കത്തിലാണെന്ന് കണ്ടാൽ എന്നെ ഉണർത്തുക." ഇവയാണ് അവന് നൽകപ്പെട്ട നിർദ്ദേശങ്ങൾ.

140. "എന്നിട്ടും, അവൻ അഗാധ നിദ്രയിലാകും. അവന്റെ കരങ്ങൾ ഒരു കല്ലിനെപ്പോലെ ഭാരമുള്ളതാണ്. ഞാൻ ഭഗത് എന്ന് വിളിക്കുമ്പോൾ, അവൻ കണ്ണ് ചിമ്മുകയും ഉറക്കത്തിൽ നിന്ന് ഉണരുകയും ചെയ്യും.

141. "നിലത്ത് പോലും നിശ്ചലമായി ഇരിക്കാൻ കഴിയാത്തവനും, നിദ്രയ്ക്ക് അടിമയുമായ ഒരുവന് എങ്ങനെയാണ് ഉയരത്തിൽ ഉറങ്ങാൻ കഴിയുക?"

142. അതിനാൽ ബാബ പലപ്പോഴും പറയാറുണ്ടായിരുന്നു, "നമ്മുടേതായതെല്ലാം നമ്മുടെ ഒപ്പമുണ്ടാകും, മറ്റൊരാളിനുള്ളത് അവന്റെയൊപ്പമുണ്ടാകും."

143. സായിനാഥന്റെ ലീലകൾ അഗ്രാഹ്യമാണ്! അതിനാൽ ഹേമദ് അദ്ദേഹത്തിൽ ആശ്രയം തേടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൃപയാലും അനുഗ്രഹത്താലും നിരന്തരം അദ്ദേഹത്തെ ധ്യാനിച്ച് കഴിയാൻ എന്നെ പ്രാപ്തനാക്കുന്നതും അദ്ദേഹം തന്നെയാണ്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ! ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ നാൽപത്തിഅഞ്ചാം അധ്യായം, "ശ്രീഗുരുവിന്റെ പാദങ്ങളുടെ മഹിമ" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരുസായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. കൃഷ്ണന്റെ അമ്മാവനായിരുന്നു കംസൻ, കൃഷ്ണനെ കൊല്ലാൻ ശ്രമിച്ചിരുന്നു.
2. സീതയെ അപഹരിക്കുകയും രാമന്റെ ശത്രുവുമായിരുന്നു രാവണൻ.
3. കീടങ്ങളും പുഴുക്കളും.
4. കവി, ഹരി, അന്തരീക്ഷ, പ്രബുദ്ധ, പിപ്പലായൻ, അവിർഹോത്ര, ധ്രുമീൽ, ചമസ്, കരഭജൻ എന്നിവരായിരുന്നു റിഷഭകുലത്തിലെ നവനാഥന്മാർ.

46

# കാശിയിലും ഗയയിലും യാത്ര പോകുന്നത്; ആടുകളുടെ ജനനത്തെക്കുറിച്ചുള്ള വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ശ്രീ സായി, അങ്ങയുടെ പാദങ്ങൾ അനുഗൃഹീതമാണ്! അങ്ങയുടെ സ്മരണയും, ദർശനവും അനുഗൃഹീതമാണ്, അത് നമ്മെ കർമ്മബന്ധനത്തിൽ നിന്നും സ്വതന്ത്രരാക്കുന്നു.
2. അങ്ങയുടെ ഭൗതിക ദേഹം ഇപ്പോൾ ദൃഷ്ടിഗോചരമല്ലെങ്കിലും, ഭക്തിയും വിശ്വാസവുമുണ്ടെങ്കിൽ, ഭക്തർക്ക് യഥാർത്ഥ അനുഭവങ്ങൾ ഉണ്ടാകുന്നു. സമാധിയിലെ ആത്മാവ് ഉണരുകയും തത്സമയം തന്നെ ദൃശ്യമാകുകയും ചെയ്യുന്നു.
3. അദൃശ്യവും സൂക്ഷ്മവുമായ ഒരു ചരടിലൂടെ അങ്ങ് ഭക്തരെ അരികിൽ നിന്നും ദൂരെ നിന്നും വലിച്ചടുപ്പിക്കുന്നു.
4. അങ്ങ് അവരെ അടുത്തേയ്ക്ക് വരുത്തി, പാദങ്ങളിൽ സൂക്ഷിക്കുന്നു, ഒരു മാതാവ് കുഞ്ഞിനെ എന്ന പോലെ ഹൃദയത്തോട് ചേർത്ത് ആശ്ലേഷിക്കുന്നു. അങ്ങ് സുഗമമായി അവരെ പരിപാലിക്കുന്നു.
5. അങ്ങ് എവിടെയാണെന്ന് ആർക്കും അറിയില്ല, പക്ഷേ അങ്ങ് വളരെ സമർത്ഥമായി ചരടുകൾ വലിക്കുന്നു, ഒടുവിൽ അവരുടെ പുറകിൽ നിന്ന് സഹായിക്കാനും തണലേകാനും അങ്ങ് ഉണ്ടെന്ന് അവർ തിരിച്ചറിയുന്നു.
6. ജ്ഞാനികളും വിവേകികളും പണ്ഡിതന്മാരുമെല്ലാം അഹംഭാവം മൂലം ലോകത്തിന്റെ വലയിൽ പെട്ടുകിടക്കുന്നു; പക്ഷേ ദരിദ്രരും നിഷ്കളങ്കരുമായ ഭക്തർക്ക് അങ്ങയുടെ ശക്തിയാൽ അങ്ങയുടെ ലീലകൾ അനുഭവവേദ്യമാകുന്നു.
7. ആന്തരികമായും അദൃശ്യമായും അങ്ങ് സകല ലീലകളും കാട്ടുന്നു, പക്ഷേ വിരക്തിയുടെ കൊടി പാറിക്കുകയും ചെയ്യുന്നു. അങ്ങ് പ്രവൃത്തികൾ ചെയ്യുകയും എന്നാൽ കർമ്മകാരകനല്ലെന്ന് നടിക്കുകയും ചെയ്യുന്നു. ആർക്കും ഒരിക്കലും അങ്ങയുടെ മാർഗ്ഗങ്ങൾ അറിയാൻ കഴിയില്ല.
8. അതിനാൽ ശരീരം, ഭാഷണം, മനസ്സ് എന്നിവ അങ്ങയുടെ ചരണങ്ങളിൽ

സമർപ്പിച്ചുകൊണ്ടും സദാ അങ്ങയുടെ നാമം ഉരുവിട്ടുകൊണ്ടും നമ്മുടെ പാപങ്ങൾ നശിപ്പിക്കാൻ ഞങ്ങൾക്ക് കഴിയട്ടെ.

9. ആഗ്രഹങ്ങളുള്ളവർക്ക് അവരുടെ ആഗ്രഹങ്ങൾ അങ്ങ് സഫലമാക്കിക്കൊടുക്കുന്നു, വിരക്തരായവർക്ക് അങ്ങയുടെ സവിധത്തിന്റെ ആനന്ദം നൽകുന്നു. അങ്ങയുടെ നാമം ജപിക്കുന്നതാണ് ഭക്തർക്ക് ലഭിക്കാവുന്ന ഏറ്റവും സുഗമമായ സാധന.

10. അതിലൂടെ പാപങ്ങൾ നശിപ്പിക്കപ്പെടും. ആസക്തികളും അജ്ഞാനവും തീർച്ചയായും തുടച്ച് നീക്കപ്പെടും. പതുക്കെ നന്മകൾ കൈവരുന്നു; അതിനുശേഷം പുണ്യത്തിന്റെ ശേഖരം വർദ്ധിക്കുന്നു.

11. ഒരിക്കൽ ധാർമ്മികത ഉണർന്ന് കഴിഞ്ഞാൽ, വിരക്തി പെട്ടെന്ന് ഉണ്ടാകും. ഇന്ദ്രിയസുഖങ്ങൾക്ക് അവയുടെ സ്വാധീനം നഷ്ടപ്പെടുകയും ആത്മജ്ഞാനം ഉടൻ കൈവരികയും ചെയ്യും.

12. വിവേചനബുദ്ധിയിലൂടെ ജ്ഞാനം പ്രാപ്തമാകും. അപ്പോൾ നമ്മൾ ആത്മധ്യാനത്തിൽ മുഴുകുകയും, ഗുരുപാദങ്ങളിൽ വിനയാന്വിതരാകുകയും ചെയ്യും. ഇതാണ് ഗുരുവിനോടുള്ള പരിപൂർണ്ണ സമർപ്പണം എന്ന് പറയുന്നത്.

13. സായിപാദങ്ങളിലെ സമർപ്പണത്തിന്റെ ഒരേ ഒരു അസന്ദിഗ്ദ്ധമായ തെളിവ് എന്തെന്നാൽ, ശിഷ്യൻ സ്വസ്ഥനും ശാന്തമനസ്കനുമായി, ഉത്സാഹത്തോടും സന്തോഷത്തോടും കൂടി അവന്റെ ഭക്തിയെ പൂർണ്ണമാക്കുന്നു എന്നതാണ്.

14. ഗുരുവിനോട് സ്നേഹപൂർണ്ണമായ ഭക്തി ഉണ്ടാകുക എന്നതാണ് ദിവ്യമായ നിയമം; 'ഞാൻ അതാണ്' എന്നതാണ് ജ്ഞാനത്തിന്റെ സാരാംശം; ഇന്ദ്രിയസുഖങ്ങളോടുള്ള അനിഷ്ടമാണ് ഉത്തമമായ വൈരാഗ്യം. ആ അവസ്ഥയിൽ ലൗകികജീവിതത്തോട് വിരക്തിയുണ്ടാകും.

15. ഏകാഗ്രമായ വിശ്വാസത്തോടും അർപ്പണമനോഭാവത്തോടും കൂടി അനുഷ്ഠിക്കുന്ന ആ ഭക്തിയുടെ മഹത്വം അനുഗൃഹീതമാണ്, എന്തുകൊണ്ടെന്നാൽ ശാന്തിയും വൈരാഗ്യവും യശസ്സും അതിനെ പിന്തുടർന്ന് എത്തുന്നു, കാരണം അവ എല്ലായ്പ്പോഴും അതിന്റെ അധീനതയിലാണ്.

16. ഗുരുവിനോട് അത്തരം ഭക്തിയുള്ള ഒരുവന് എന്തിന്റെ അഭാവമാണുണ്ടാകുക? അവൻ ആഗ്രഹിക്കുന്നതൊക്കെയും യാതൊരു ക്ലേശവും കൂടാതെ അവന് ലഭ്യമാകും.

17. അത്തരം ഭക്തി ഉണരുമ്പോൾ ഈശ്വരനുമായി ഐക്യം സാധ്യമാകുന്നു, വിവാഹസമ്മാനമായി നൽകപ്പെടുന്ന അടിമയെപ്പോലെ. മുക്തിയെക്കുറിച്ച് യാതൊരു സംശയങ്ങളുമുണ്ടാകില്ല, പുണ്യതീർത്ഥങ്ങൾ അവന്റെ പാദങ്ങൾ സ്പർശിക്കാൻ ആഗ്രഹിക്കും.

18. മുൻ അധ്യായത്തിൽ ദീക്ഷിതിന്റെ ഭാഗവതപാരായണത്തെക്കുറിച്ച് വിവരിച്ചു; നവയോഗികളുടെ ഭക്തിയെക്കുറിച്ചും സായിപാദങ്ങളുടെ ദർശനത്തെക്കുറിച്ചും വിവരിക്കപ്പെട്ടു.

19. സായിഭക്തനായ ആനന്ദറാവു പഖാഡേ, അയാൾക്കുണ്ടായ ആശ്ചര്യകരമായ

സ്വപ്നത്തെക്കുറിച്ചും സായിഭക്തിയുടെ മാഹാത്മ്യത്തെക്കുറിച്ചും വിവരിച്ചു.

20. ശ്രീ സായി അദ്ദേഹത്തിന്റെ സംരക്ഷണത്തിനുള്ളിൽ ചേർക്കുന്നവർ ആരായാലും, അവൻ ഗൃഹത്തിലായാലും ഭൂഖണ്ഡങ്ങൾ അകലെയായാലും, അവരോടൊപ്പം പകലും രാത്രിയും, വർത്തിക്കുന്നു.

21. ഭക്തൻ എവിടെപ്പോയാലും, ഓരോ സ്ഥലത്തും സായി അവന് മുമ്പേ അവിടെ എത്തുകയും അപ്രതീക്ഷിതമായി അവന് ദർശനം നൽകുകയും ചെയ്യുന്നു.

22. ഞാനിപ്പോൾ ശ്രോതാക്കൾക്ക് വേണ്ടി, ആശ്ചര്യകരവും നവീനവുമായ ഒരു കഥ വിവരിക്കുകയാണ്. അത് ശ്രവിക്കുമ്പോൾ നിങ്ങൾ വിസ്മയപ്പെടും. അത് നിങ്ങൾക്ക് സംതൃപ്തി നൽകും.

23. ഈ കഥയിലെ സായിയുടെ വാക്കുകൾ ശ്രവിക്കുമ്പോൾ, സമാധി അവസ്ഥയിലെ ആനന്ദം പോലും അപ്രധാനമായി തോന്നും. ധാർമ്മികരായ ഭക്തർ ആത്മീയാനന്ദത്തിൽ മുഴുകും.

24. ഓരോ ചുവടിലും വിസ്മയം നൽകുന്ന ഈ കഥ ശ്രവിക്കുമ്പോൾ, ശ്രോതാക്കൾ സ്വയം മറക്കുകയും അവർ വികാരവിക്ഷുബ്ധരാകുകയും ചെയ്യും.

25. കാക്കാസാഹേബ് ദീക്ഷിതിന്റെ മൂത്തമകന്റെ പൂണൂൽ ചടങ്ങ് നാഗ്പൂരിൽ വച്ച് നടത്തണമെന്ന് തീരുമാനിക്കപ്പെട്ടിരുന്നു.

26. നാനാസാഹേബ് ചന്ദോർക്കറുടെ മൂത്തമകന്റെ വിവാഹവും നിശ്ചയിക്കപ്പെട്ടിരുന്നു, അതിന് ഗ്വാളിയർ വരെ പോകേണ്ടതുണ്ടായിരുന്നു.

27. പൂണൂൽ ചടങ്ങുകൾക്ക് ശേഷം, വിവാഹത്തിൽ പങ്കെടുക്കാനായി ഗ്വാളിയറിലേയ്ക്ക് പോകാൻ കാക്കായ്ക്ക് കാലവിളംബം ഉണ്ടാകരുതെന്ന് നാനായ്ക്ക് തോന്നി.

28. നാഗ്പൂരിൽ നിന്ന് ഗ്വാളിയറിലേയ്ക്ക്, ബുദ്ധിമുട്ട് കൂടാതെ എത്താൻ കാക്കായ്ക്ക് കഴിയണമെന്ന് നാനാ ചിന്തിച്ചു. അതിനാൽ രണ്ടുപേർക്കും ഒരുപോലെ സൗകര്യപ്രദമായ ഒരു ശുഭമുഹൂർത്തം നിശ്ചയിക്കപ്പെട്ടു.

29. പിന്നീട് ശ്രേഷ്ഠഭക്തനായ നാനാ, ബാബയുടെ ദർശനത്തിനും ചടങ്ങിന് അദ്ദേഹത്തെ ക്ഷണിക്കാനുമായി ഷിർദിയിലെത്തി.

30. കാക്കാസാഹേബ് മുമ്പേ തന്നെ അവിടെ എത്തിയിരുന്നു. നാനാ, ബാബയെ വിവാഹത്തിന് ക്ഷണിക്കുന്നതിനായി കൂപ്പുകൈകളോടെ മസ്ജിദിലെത്തി.

31. അപ്പോൾ ബാബ പറഞ്ഞു: "നന്നായി. നിന്റെയൊപ്പം ശമ്യയെ കൂട്ടിക്കൊണ്ട് പോകൂ." രണ്ട് ദിവസങ്ങൾക്ക് ശേഷം കാക്കാ ബാബയെ പൂണൂൽ ചടങ്ങിന് ക്ഷണിച്ചു.

32. ബാബ അയാളോടും അതേ മറുപടി പറഞ്ഞു: "ശമ്യയെ നിന്റെയൊപ്പം കൂട്ടിക്കൊണ്ട് പോകുക.'' പക്ഷേ, ബാബ സ്വയം എത്തണമെന്ന് കാക്കാ ആത്മാർത്ഥമായി ബാബയോട് അപേക്ഷിച്ചു.

33. അപ്പോൾ ബാബ പെട്ടെന്ന് മറുപടി പറഞ്ഞു: "കാശി, പ്രയാഗ എന്നിവിടങ്ങൾ സന്ദർശിച്ചശേഷം ഞാൻ ശമ്യയേക്കാൾ വളരെ മുമ്പേ എത്തുന്നതാണ്. എനിക്ക് അവിടെ എത്താൻ എത്ര സമയമാണ് ആവശ്യമായത്?"

34. ഈ വാക്കുകളുടെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ, ശ്രോതാക്കൾ അവ അടി വരയിട്ട് ശ്രദ്ധിക്കുക, കാരണം അവ ബാബയുടെ സർവ്വവ്യാപിത്വം വെളിവാ ക്കുന്നു.

35. അത് അങ്ങനെ കഴിയട്ടെ. ഊണിനുശേഷം, ശാമ ചിന്തിക്കാൻ തുടങ്ങി, ഗ്വാളി യറിൽ എത്തിക്കഴിഞ്ഞാൽ, കാശി അവിടെ നിന്നും വളരെ അകലെയാകില്ല.

36. അയാൾ നന്ദറാമിൽ (മാർവാഡി) നിന്നും നൂറ് ഉറുപ്പികകൾ, വഴിച്ചെലവിനായി കടം വാങ്ങി. പിന്നീട് അയാൾ ബാബയുടെ അനുമതിക്കായി എത്തുകയും, വളരെ ആദരവോടെ ഇപ്രകാരം പറയുകയും ചെയ്തു.

37. "ഈ ചടങ്ങുകൾക്കായി ഞാൻ ഗ്വാളിയറിൽ പോകുന്നതിനാൽ, ഈ അവസ രത്തിൽ തന്നെ കാശി, ഗയ എന്നിവിടങ്ങൾ കൂടി സന്ദർശിക്കുന്നത് ഉചിതമാ കുമെന്ന് എനിക്ക് തോന്നുന്നു.

38. "അതിനാൽ ദേവാ, ഞാൻ അങ്ങയുടെ പാദങ്ങൾ സ്പർശിച്ചുകൊണ്ട്, കാശി, പ്രയാഗ എന്നിവിടങ്ങൾ കൂടി സന്ദർശിക്കാൻ എനിക്ക് കഴിയുമോ എന്ന് ചോദി ക്കുകയാണ്." ബാബ വളരെ സന്തോഷത്തോടെ മാധവറാവുവിന് യാത്ര യ്ക്കുള്ള അനുമതി നൽകുകയുണ്ടായി.

39. കൂടാതെ അദ്ദേഹം ഇപ്രകാരം അയാളോട് പറഞ്ഞു: "നീ എന്തിനാണ് അർത്ഥ മില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നത്. സ്വാഭാവികമായ ഗതിയിൽ സംഭവി ക്കുന്നതൊന്നും തീർച്ചയായും നഷ്ടപ്പെടുത്താൻ പാടില്ല."

40. ഇത്തരത്തിൽ അനുമതി ലഭിച്ചുകഴിഞ്ഞപ്പോൾ മാധവറാവു ഒരു വാഹനം ഏർപ്പാടാക്കി കോപർഗാവണിലേയ്ക്ക് തിരിച്ചു. അപ്പോൾ അയാൾ അപ്പാ (കോത്ത്യേ) യെ കണ്ടുമുട്ടി.

41. അപ്പാ അയാളുടെ ചെറുമകളെ കൂട്ടിക്കൊണ്ട് വരാനായി ചന്ദവാഡിലേയ്ക്ക് പോകുകയായിരുന്നു. കാശിയിലേയ്ക്കുള്ള യാത്രയെക്കുറിച്ച് അറിഞ്ഞപ്പോൾ അയാൾ ടോംഗയിൽ നിന്നും പുറത്തേയ്ക്ക് ചാടി.

42. കാശിയിലേയ്ക്ക് പോകാൻ ആവശ്യമായ തുകയില്ലെങ്കിലും മാധവറാവുവി നെപ്പോലുള്ള ഒരു വ്യക്തിയുടെ പങ്കാളിത്തം കൈവിടാൻ അയാൾക്ക് മനസ്സ് വന്നില്ല.

43. മാധവറാവു അയാളെ പ്രോത്സാഹിപ്പിച്ചു, അതിനാൽ അപ്പാകോത്ത്യേയെ തട യാൻ മറ്റൊന്നുമുണ്ടായിരുന്നില്ല. അനുകൂലസന്ദർഭം മുതലെടുത്തുകൊണ്ട് അയാൾ സന്തോഷത്തോടെ ഉടൻതന്നെ വാഹനത്തിലേയ്ക്ക് കയറി.

44. അപ്പാകോത്ത്യേ പാട്ടീൽ അല്ലലില്ലാതെ ജീവിക്കാൻ വകയുള്ളവനായിരുന്നു. പക്ഷേ ഇപ്പോൾ യാത്രാച്ചെലവിനുള്ള പണം ഉണ്ടായിരുന്നില്ല. അതിനാൽ കാശിതീർത്ഥയാത്ര നഷ്ടമാകുമോ എന്ന് അയാൾ വളരെ ഭയപ്പെട്ടു.

45. സമയം അനുകൂലമാകുമ്പോൾ ഒരുവൻ ആ അവസരം പ്രയോജനപ്പെടുത്ത ണം. മാധവറാവുവിന്റെയൊപ്പം പോകണമെന്ന് തന്നെ അപ്പാ തീർച്ചപ്പെടു ത്തി.

46. അയാളുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയ മാധവറാവു അയാൾക്ക് അവസരോ

ചിതമായ പ്രോത്സാഹനം നൽകുകയും, അയാളുടെ ആഗ്രഹപൂർത്തിക്കായി കാശിയിലേയ്ക്ക് കൂട്ടിക്കൊണ്ട് പോകുകയും ചെയ്തു.

47. അവർ പൂണൂൽ ചടങ്ങിനായി നാഗ്പൂരിലേയ്ക്ക് പോയി, അവിടെ വച്ച് വഴി ച്ചെലവുകൾക്കായി കാക്കാസാഹേബ് ഇരുന്നൂറ് ഉറുപ്പികകൾ മാധവറാവുവിന് നൽകി.

48. അവിടെ നിന്നും അവർ വിവാഹച്ചടങ്ങിനായി ഗ്വാളിയറിലെത്തി. അപ്പോൾ നാനാസാഹേബ് മാധവറാവുവിന് നൂറ് ഉറുപ്പികകൾ നൽകി.

49. അയാളുടെ ബന്ധുവായ ശ്രീമന്ത് ജാതർ (അയാളുടെ മകന്റെ ഭാര്യാപിതാവ്) നൂറ് ഉറുപ്പികകൾ നൽകി. അപ്രകാരം തന്റെ ഗുരുബന്ധുക്കളുടെ മേൽ നാനാ തന്റെ വാത്സല്യങ്ങൾ ചൊരിഞ്ഞു.

50. കാശിയിലെ മംഗൾഘട്ടിൽ, രത്നങ്ങൾ പതിച്ചിട്ടുള്ള ഒരു മനോഹരമായ ലക്ഷ്മിനാരായൺ ക്ഷേത്രം ജാതറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നു.

51. അയാൾക്ക് അയോധ്യയിൽ ഒരു മനോഹരമായ ശ്രീരാമക്ഷേത്രവുമുണ്ടായിരുന്നു. രണ്ട് സ്ഥലങ്ങളിലും ഈ അതിഥികളെ ഉചിതമായ സൗകര്യങ്ങളോടെ സ്വീകരിക്കാനായി അയാൾ തന്റെ കാര്യസ്ഥനെ ചുമതലപ്പെടുത്തി.

52. ഗ്വാളിയറിൽ നിന്നും അവർ, ഒസേ (പാലസ്പയിലെ ഇനാംദാർ), ബിനിവാലേ (നാനായുടെ ഭാര്യാസഹോദരൻ), പെൻധർകാർ (മരുമകൻ) എന്നിവരോടൊപ്പം മധുരയിലേയ്ക്ക് പോയി. ഇവർ മൂന്ന് പേരും അവിടെ നിന്നും തിരികെ മടങ്ങി.

53. മാധവറാവുവും കോത്ത്യേയും അവിടെ നിന്നും പ്രയാഗയിലേയ്ക്ക് പോയി; രാമനവമി ഉത്സവസമയത്ത് അയോധ്യയിലെത്തുകയും ചെയ്തു.

54. അവിടെ അവർ ഇരുപത്തിയൊന്ന് ദിവസങ്ങൾ താമസിച്ചു, രണ്ട് മാസങ്ങൾ കാശിയിൽ താമസിച്ചു. ആ സമയത്ത് ചന്ദ്രന്റെയും സൂര്യന്റെയും ഗ്രഹണങ്ങൾ സംഭവിച്ചിരുന്നു. പിന്നീട് അവർ ഗയയിലേയ്ക്ക് തിരിച്ചു.

55. അവർ ഇരുവരും തീവണ്ടിയിലിരിക്കവേ, ഗയയിൽ പ്ലേഗ് ബാധയുണ്ടായെന്നും, ഓരോ മുക്കിലും മൂലയിലും ജനങ്ങൾ വളരെ ഉത്കണ്ഠാകുലരാണെന്നും അറിഞ്ഞു.

56. തീവണ്ടി സ്റ്റേഷനിലെത്തിയപ്പോൾ രാത്രിയായിരുന്നു. അതിനാൽ അവർ ഇരുവരും അവിടത്തെ ധർമ്മശാലയിൽ സുഖമായി തങ്ങി.

57. അത് അങ്ങനെ കഴിഞ്ഞു. രാവിലെ ഗയാവാല (തീർത്ഥാടകരുടെ വാസസ്ഥലവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്ന പൂജാരി) അവരെ കാണാനെത്തി. അയാൾ പറഞ്ഞു: "പെട്ടെന്ന് വരിക. തീർത്ഥാടനയാത്ര തുടങ്ങിക്കഴിഞ്ഞു."

58. വളരെ അസ്വസ്ഥനായിരുന്ന മാധവറാവു, അയാളോട് വളരെ പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു: "ഞങ്ങളും വരുന്നുണ്ട്. പക്ഷേ നിങ്ങളുടെ പ്രദേശത്ത് പ്ലേഗ് ബാധയുണ്ടോ?"

59. അപ്പോൾ അയാൾ അവരോട് മറുപടി പറഞ്ഞു: "നിങ്ങൾ സ്വയം വന്ന് കാണുക. അത്തരത്തിലുള്ള ഒന്നുമില്ല. യാതൊരു ഭയമോ സംശയമോ കൂടാതെ

എന്റെയൊപ്പം വരിക."

60. അപ്പോൾ അവർ ഇരുവരും ഗയാവാലയുടെ ഗൃഹത്തിലേയ്ക്ക് പോയി. കൊട്ടാരം പോലെ വലുതായ അയാളുടെ ഗൃഹം കണ്ട് ഇരുവരും സന്തുഷ്ട രായി.

61. അവരുടെ സന്തോഷത്തിന് മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു, അവർ ഇരുന്നിരുന്ന സ്ഥലത്തിന് മുമ്പിൽ ബാബയുടെ ഒരു ചിത്രം അവർ കണ്ടു. മാധവറാവു വികാരവിവശനായി, അയാളുടെ കണ്ഠമിടറി.

62. ഗയ പോലെ വിദൂരമായ ഒരു സ്ഥലത്ത് ബാബയുടെ ചിത്രം കാണുക എന്നത് അവരുടെ പ്രതീക്ഷകൾക്കപ്പുറത്തായിരുന്നു!

63. മാധവറാവു വളരെ വികാരഭരിതനാകുകയും അയാളുടെ കണ്ണുകളിൽ അശ്രു ക്കൾ നിറയുകയും ചെയ്തു. "നീ എന്തിനാണ് കരയാൻ തുടങ്ങുന്നത്?", ഗയാവാല അയാളോട് ചോദിച്ചു.

64. പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ മാധവറാവു കരയാൻ തുടങ്ങിയതിനാൽ ഗയാവാലയ്ക്ക് സംശയങ്ങളുണ്ടാകുകയും അയാൾ അസ്വസ്ഥനാകുകയും ചെയ്തു.

65. ഗയയിൽ പ്ലേഗ് ബാധയുണ്ടായതിനെക്കുറിച്ച് മാധവറാവു വിഷമിക്കുകയാ ണെന്നും, അയാളുടെ തീർത്ഥയാത്രയെ ഇത് എങ്ങനെ ബാധിക്കുമെ ന്നുമോർത്ത് ഗയാവാല ഉത്കണ്ഠാകുലനായി.

66. "ഇവിടെ പ്ലേഗ് ബാധയില്ലെന്ന് ഞാൻ മുമ്പ് തന്നെ നിങ്ങളോട് പറഞ്ഞിരു ന്നു. എന്നിട്ടും നിങ്ങൾ വിഷമിക്കുകയാണ്. എനിക്ക് ആശ്ചര്യം തോന്നുന്നു.

67. "എന്നെ നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ ഇവിടെയുള്ള മറ്റുള്ളവരോട് ചോദി ക്കാമല്ലോ? നിങ്ങളുടെ ഒരു തലമുടിക്ക് പോലും ഒരു ആപത്തും സംഭവിക്കി ല്ല. എന്തിനാണ് നിങ്ങൾ കരയുന്നത്?

68. "ഒരു കാരണവുമില്ലാതെ എല്ലായ്പ്പോഴും കരയുന്ന ഈ തീർത്ഥാടകനെ നോക്കുക, പ്ലേഗ് ബാധ കാരണം പേടിച്ച് അയാളുടെ ധൈര്യം നഷ്ടമായിരി ക്കുന്നു."

69. അതിനാൽ, മാധവറാവു അയാളുടെ മനസ്സിൽ ഉള്ളത് എന്താണെന്ന് ഗയാ വാലയോട് വിശദീകരിക്കാൻ ശ്രമിച്ചു. "എങ്ങനെയാണ് എന്റെ മൗലി (സാ യി) എനിക്ക് മുമ്പേ ഇവിടെ എത്തിയത്?"

70. "കാശി, പ്രയാഗ എന്നിവിടങ്ങൾ സന്ദർശിച്ചശേഷം ഞാൻ ശമ്യയേക്കാൾ വളരെ മുമ്പേ എത്തുന്നതാണ്", എന്നതായിരുന്നു മുമ്പ് ബാബ പറഞ്ഞ വാക്കു കൾ. ഈ ചിത്രത്തിന്റെ രൂപത്തിൽ അതിന്റെ തെളിവ് ലഭിച്ചിരിക്കുന്നു.

71. ആ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചയുടനെ, അയാളുടെ മുമ്പിൽ ബാബയുടെ ചിത്രം കണ്ടപ്പോൾ, അപ്രതീക്ഷിതമായ ആ സാഹചര്യം ഒരു വലിയ അദ്ഭു തമായി അയാൾക്ക് തോന്നി.

72. സ്നേഹവും മറ്റ് വികാരങ്ങളും കൊണ്ട് അയാളുടെ കണ്ഠമിടറി; കണ്ണുക ളിൽ ആനന്ദക്കണ്ണീർ നിറഞ്ഞു; ശരീരം മുഴുവൻ രോമാഞ്ചമുണ്ടായി; അയാൾ

നന്നേ വിയർക്കുകയും ചെയ്തു.

73. മാധവറാവുവിന്റെ ഈ അവസ്ഥ ഗയാവാലയുടെ മനസ്സിൽ പ്രതികൂലമായ അവസ്ഥയാണ് സൃഷ്ടിച്ചത്. പ്ലേഗ് ഭയം മൂലമാണ് അയാൾ കരയുന്നതെന്ന് യഥാർത്ഥമായും അയാൾ ചിന്തിച്ചു.

74. പിന്നീട് ശാമ ജിജ്ഞാസയോടെ ഗയാവാലയോട് ചോദിച്ചു: "ഈ ചിത്രം നിങ്ങൾക്ക് എങ്ങനെ ലഭിച്ചു എന്ന് വിശദമായി ഞങ്ങളോട് പറയുക."

75. അപ്പോൾ പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച മുഴുവൻ സാഹചര്യങ്ങളും ഗയാവാല മാധവറാവുവിനോട് വിവരിച്ചു. അതൊരു അദ്ഭുതമായിരുന്നു. അത് ശ്രവിക്കുക.

76. തീർത്ഥാടകരുടെ (ഗയയിലേക്കുള്ള) വിവരങ്ങൾ ശേഖരിക്കാൻ വേണ്ടി ഗയാവാല ഒന്നും രണ്ടുമല്ല, ഇരുന്നൂറോ മുന്നൂറോ കാര്യസ്ഥന്മാരെ മാൻമഡ്, പൻടാംബെ എന്നിവിടങ്ങളിൽ നിയമിച്ചിരുന്നു.

77. തീർത്ഥാടകർക്ക് സുഖസൗകര്യങ്ങൾ ഒരുക്കുക എന്നതായിരുന്നു ഗയാവാലയുടെ ജോലി. ഈ കൃത്യനിർവ്വഹണത്തിനിടയ്ക്ക് ഒരിക്കൽ അയാൾ ഷിർദിയിലെത്തി.

78. സായിസമർത്ഥ ഒരു ശ്രേഷ്ഠ ദിവ്യനാണെന്ന് അയാൾ കേട്ടിരുന്നു. അദ്ദേഹത്തിന്റെ ദർശനം നേടി, സ്വയം ആത്മശുദ്ധി നേടാൻ അയാൾ തീരുമാനിച്ചു.

79. അയാൾ സായിബാബയെ ദർശിച്ചു, അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. ബാബയുടെ ഒരു ചിത്രം നേടാനുള്ള ആഗ്രഹം അയാളിലുണ്ടായി.

80. മാധവറാവുവിന്റെ ഗൃഹത്തിന്റെ ഭിത്തിയിൽ ഒരു ചിത്രം ഉണ്ടായിരുന്നു, അത് ഗയാവാല ചോദിക്കുകയും ബാബയുടെ അനുവാദത്തോടെ അയാൾക്ക് അത് നൽകപ്പെടുകയും ചെയ്തു.

81. അപ്പോൾ അത് അയാളുടെ ചിത്രമായിരുന്നെന്നും, ഇത് അതേ ഗയാവാലയാണെന്നും മാധവറാവു ഓർമ്മിച്ചു. 'എങ്ങനെയാണ് ബാബ എന്നെ ഇവിടേയ്ക്ക് അയച്ചത്? മാത്രമല്ല വളരെ നാളുകൾക്ക് ശേഷം ഇദ്ദേഹത്തെ കാണാൻ ഇടയാക്കുകയും ചെയ്തു', ഇതായിരുന്നു അയാളുടെ ചിന്ത.

82. പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവമാണെന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്താൽ, അത് എങ്ങനെ, എന്തിന് ഓർക്കണം? അതേക്കുറിച്ച് അയാൾ വീണ്ടും ചിന്തിച്ചിട്ടേയില്ല.

83. പക്ഷേ, ബാബയുടെ ലീലകൾ അഗ്രാഹ്യമാണ്! അദ്ദേഹം ശാമയെ അവിടെ അയച്ചു; അവിടെത്തന്നെ അദ്ദേഹം അയാൾക്ക് ദർശനം നൽകുകയും ചെയ്തു. ഗയാവാലയും വളരെ സന്തുഷ്ടനായി.

84. ഈ ചിത്രം അയാളുടെ ഗൃഹത്തിൽ നിന്നും ഇതേ ഗയാവാലയ്ക്ക്, ബാബയുടെ അനുവാദത്തോടെ നൽകപ്പെട്ടതാണെന്ന യാഥാർത്ഥ്യം ശാമ അപ്പോൾ ഓർത്തു.

85. മുമ്പ് ഷിർദിയിലെത്തിയപ്പോൾ അയാൾ ശാമയുടെ ഒപ്പം താമസിച്ചിരുന്നതും, ബാബയുടെ ദർശനം നേടുന്നതിന് സഹായിച്ചത് അയാളാണെന്നും ഗയാവാല

ഓർമ്മിച്ചു.

86. അവരുടെ പരസ്പരമുള്ള കടപ്പാടുകൾ ഓർത്തപ്പോൾ അവരുടെ സന്തോഷ ത്തിന് അതിരില്ലായിരുന്നു. ഗയയിൽ സകല സൗകര്യങ്ങളും നൽകിക്കൊണ്ട് അയാൾ ശാമയെ നന്നായി സത്കരിച്ചു.

87. വാതിൽക്കൽ ആനകൾ നിലയുറപ്പിച്ചിരുന്ന അയാളുടെ ഗൃഹം എത്ര ഐശ്വ ര്യസമൃദ്ധമായിരുന്നു! അയാൾ ഒരു പല്ലക്കിൽ ഇരുന്നുകൊണ്ട് ശാമയ്ക്ക് ആന പ്പുറത്ത് ഒരു സവാരി ഒരുക്കി.

88. പൂജയ്ക്കുള്ള എല്ലാ സാമഗ്രികളുമായി അവർ ഉത്സാഹത്തോടെ വിഷ്ണു പാദത്തിലേയ്ക്ക്[1] തിരിച്ചു. അവർ ദേവന് അഭിഷേകസ്നാനം നൽകുകയും, ശാസ്ത്രവിധിപ്രകാരം പിണ്ഡ[2]മർപ്പിക്കുകയും ചെയ്തു.

89. പിന്നീട് നൈവേദ്യങ്ങൾ അർപ്പിച്ചശേഷം ബ്രാഹ്മണർക്ക് ദാനവും ആഹാരവും നൽകി. ബാബയുടെ കൃപയാൽ തീർത്ഥയാത്ര സന്തോഷകരമായി പര്യവ സാനിച്ചു.

90. ബാബയുടെ വാക്കുകൾ പ്രാധാന്യമുള്ളതാണെന്നതാണ് ഈ മുഴുവൻ കഥ യുടെയും സാരാംശം. അത് അക്ഷരംപ്രതി അനുഭവത്തിൽ വരും. അദ്ദേഹ ത്തിന് ഭക്തരോടുള്ള സ്നേഹം നിസ്സീമമായിരുന്നു.

91. പക്ഷേ, ആ സ്നേഹം ഭക്തരോട് മാത്രമായിരുന്നില്ല, സകല ജീവികളെയും ഒരുപോലെ അദ്ദേഹം വീക്ഷിച്ചിരുന്നു. അവയിലെല്ലാം അദ്ദേഹം ഐക്യാവ സ്ഥയിലായിരുന്നു. അവയോട് അദ്ദേഹത്തിന് അതിയായ വാത്സല്യമുണ്ടായി രുന്നു.

92. ചിലപ്പോഴൊക്കെ ലെൻഡിയിൽ നിന്ന് മസ്ജിദിലേയ്ക്ക് മടങ്ങി വരുന്ന വഴി ക്ക്, പതിവ് സഞ്ചാരത്തിനിടയ്ക്ക്, അദ്ദേഹം ചില ആട്ടിൻകൂട്ടങ്ങളെ കാണു മായിരുന്നു. ബാബ അപ്പോൾ വളരെ സന്തോഷവാനായിരിക്കും.

93. ആട്ടിൻകൂട്ടത്തെ വാത്സല്യത്തോടെ നോക്കിക്കൊണ്ട്, ചിലപ്പോൾ ഒന്നോ രണ്ടോ എണ്ണത്തിനെ തിരഞ്ഞ് മാറ്റും.

94. ഉടമസ്ഥൻ അവയുടെ വിലയായി ചോദിക്കുന്ന തുക ഉടൻ തന്നെ ബാബ നൽകും. എന്നിട്ട് അദ്ദേഹം അവയെ കോൻഡാജിയുടെ കൈവശം ഏല്പി ക്കും. ഇതായിരുന്നു ബാബയുടെ പതിവ്.

95. ഒരിക്കൽ ബാബ മുപ്പത്തിരണ്ട് ഉറുപ്പികകൾ നൽകി രണ്ട് ആടുകളെ വാങ്ങി. എല്ലാവരും ആശ്ചര്യപ്പെട്ടു.

96. ഈ രണ്ട് ആടുകളെ കണ്ടയുടനെ പെട്ടെന്ന് അദ്ദേഹത്തിന് അവയോട് സ്നേഹം തോന്നി. അദ്ദേഹം അവയുടെ അരികിലെത്തി, മുതുകിൽ തലോ ടി.

97. അവ രണ്ടും മൃഗങ്ങളായി ജനിച്ചത് കണ്ട് സായി സമർത്ഥന് അവയോട് ദയ തോന്നി. അവയെ ആ അവസ്ഥയിൽ കണ്ടപ്പോൾ അദ്ദേഹത്തിന് വളരെ അനു കമ്പ തോന്നുകയും, ഹൃദയത്തിൽ പെട്ടെന്ന് സ്നേഹമുണരുകയും ചെയ്തു.

98. അവയെ അദ്ദേഹത്തിന്റെ അരികിലേയ്ക്ക് നിർത്തി, വളരെ സ്നേഹത്തോടെ

സായി അവയെ താലോലിച്ചു. ബാബയ്ക്ക് അവയോടുള്ള സ്നേഹവാത്സല്യങ്ങൾ കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു.

99. അവരുടെ മുൻജന്മത്തിൽ, അവർക്കുണ്ടായിരുന്ന അമിതമായ അത്യാഗ്രഹം സായി ഓർത്തു. അവരുടെ ഇപ്പോഴത്തെ മൃഗജന്മം കണ്ടപ്പോൾ സായിക്ക് അവയോട് വാത്സല്യം തോന്നി. അവയോട് നിസ്സീമമായ കൃപ അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായി.

100. വില രണ്ടു ഉറുപ്പികകളോ, കൂടിപ്പോയാൽ മൂന്നോ നാലോ ആകുമെന്നിരിക്കേ, ബാബ പതിനാറ് ഉറുപ്പികകൾ നൽകി. ഇത് മനസ്സിലാക്കാൻ സാധിക്കാത്തതായിരുന്നു. താത്ത്യബ അതിൽ ആശ്ചര്യപ്പെട്ടു.

101. വില ചോദിക്കപ്പെടുകയും കച്ചവടം ഉറപ്പിക്കപ്പെടുകയും ചെയ്തു. അവരുടെ സ്വന്തം കണ്ണുകൾക്ക് മുമ്പിൽ ഇതുണ്ടായപ്പോൾ താത്ത്യയോടൊപ്പം മാധവറാവുവും ബാബയുടെ പെരുമാറ്റത്തിൽ നീരസം പ്രകടിപ്പിച്ചു.

102. രണ്ട് ഉറുപ്പികകൾ വിലയുള്ള സാധനത്തിന് അദ്ദേഹം എന്തിനാണ് പതിനാറ് ഉറുപ്പികകൾ നൽകിയത്? ബാബയ്ക്ക് പണത്തിന് ഒരു വിലയുമില്ലേ? അതോ അദ്ദേഹം സ്വന്തം ഇച്ഛപ്രകാരം പ്രവർത്തിച്ചതാണോ? പക്ഷേ ഈ വാദവും ന്യായീകരിക്കാൻ കഴിയാത്തതാണ്.

103. ഇരുവരും വളരെ കോപിഷ്ഠരായി. ബാബ എന്തിനാണ് അത്തരമൊരു കച്ചവടം ഉറപ്പിച്ചത്? ഇരുവരും ബാബയെ കുറ്റപ്പെടുത്താൻ തുടങ്ങി. ഇതെന്ത് തരത്തിലുള്ള കച്ചവടമാണ്?

104. ബാബ എങ്ങനെയാണ് ഇപ്രകാരം കബളിപ്പിക്കപ്പെട്ടത്? എല്ലാ ആളുകളും ഇത് കാണാനായി അവിടെ കൂട്ടം ചേർന്നു. ബാബ ഒന്നും നഷ്ടപ്പെടാത്തത് പോലെ ശാന്തനായി നിന്നു.

105. ഇരുവരും ഇപ്രകാരം കോപിഷ്ഠരാകുകയും ബാബയെ കുറ്റപ്പെടുത്തുകയും ചെയ്തെങ്കിലും ബാബയ്ക്ക് തീരെ ഭാവഭേദമുണ്ടായില്ല. അദ്ദേഹം യാതൊരു വികാരഭേദവുമില്ലാതെ തീർത്തും ശാന്തനായിരുന്നു.

106. അപ്പോൾ ആദരവോടും വിനയത്തോടും കൂടി അവർ ഇരുവരും ബാബയോട് ചോദിച്ചു: "ഇത് എന്ത് തരത്തിലുള്ള ഉദാരമനസ്കതയാണ്? മുപ്പത്തിരണ്ട് ഉറുപ്പികകൾ പാഴായി!"

107. അത് വെറും പണത്തിന്റെ പ്രശ്നമായിരുന്നു! അത് കേട്ടപ്പോൾ സായി പുഞ്ചിരിച്ച് കൊണ്ട് ചിന്തിച്ചു: 'ഞാൻ എങ്ങനെയാണ് ഈ ഭ്രാന്തൻ മനുഷ്യരെ ബോധ്യപ്പെടുത്തുക?'

108. പക്ഷേ ബാബയുടെ സമചിത്തത അസാമാന്യമായിരുന്നു. അദ്ദേഹത്തിന്റെ മനഃസ്ഥൈര്യത്തിന് അല്പം പോലും കോട്ടമുണ്ടായില്ല. ഇതാണ് ആത്യന്തികമായ ശാന്തിയുടെ അടയാളം. എല്ലാ ആളുകളും ആശ്ചര്യപ്പെട്ടു.

109. കോപം തീരെയില്ലാത്ത, ശ്രേഷ്ഠമായ ശാന്തി അനുഭവിക്കുകയും, സകല ജീവികളിലും ഈശ്വരനെ ദർശിക്കുകയും ചെയ്യുന്ന വ്യക്തിയെ മൂഢത്വം എങ്ങനെ സ്പർശിക്കാനാണ്?

110. ശരിയായ നിർണ്ണയം നടത്താൻ പ്രാപ്തനായ ഒരുവൻ, കോപം തന്നെ സമീപിക്കാൻ അനുവദിക്കുകയില്ല. യാദൃച്ഛികമായി അങ്ങനെ സംഭവിച്ചാൽ ശാന്തിയുടെ ഖനി തുറക്കപ്പെടും.

111. 'അള്ളാ-മാലിക്' എന്ന് മാത്രം സദാ ചിന്തയുണ്ടായിരുന്ന വ്യക്തിയുടെ മഹത്വം എനിക്ക് എങ്ങനെ വർണ്ണിക്കാൻ കഴിയും? ജീവിതം, എത്രമാത്രം അഗാധവും ഗഹനവും ശുദ്ധവും ഉപകാരപ്രദവുമായിരുന്നു!

112. ജ്ഞാനത്തിന്റെ ഉറവിടമായ, വിവേചനബുദ്ധിയുടെ ഖനിയായ, ആത്മാനന്ദത്തിന്റെ സാഗരമായ, ബുദ്ധിയിൽ അനുകമ്പ നിറഞ്ഞുതുളുമ്പിയിരുന്ന, തീർത്തും പരിശുദ്ധനായ അദ്ദേഹം ഇപ്രകാരം പറഞ്ഞു. അത് കേൾക്കുക.

113. ഇരുവരുടെയും നിർബന്ധബുദ്ധി കണ്ടപ്പോൾ കാരണം വിശദമാക്കാൻ ബാബ തീരുമാനിച്ചു. "എനിക്ക് ഇരിക്കാൻ ഒരു സ്ഥലമോ, ഗൃഹമോ ഇല്ലാത്തപ്പോൾ ഞാൻ എന്തിന് ധനം സമ്പാദിക്കണം?"

114. തുടർന്ന് അദ്ദേഹം പറഞ്ഞു: "കടയിലേയ്ക്ക് പോയി ധാന്യം വാങ്ങിക്കൊണ്ടു വരിക. അതിൽ നിന്ന് ഒന്നോ രണ്ടോ സീർ അവയ്ക്ക് മതിയാകുന്നത് വരെ നൽകുക. അതിനുശേഷം അവയെ ഉടമസ്ഥന് മടക്കി നൽകുക."

115. നിർദ്ദേശമനുസരിച്ച്, അവർ ഉടൻ തന്നെ ആടുകൾക്ക് കഴിക്കാനായി ധാന്യങ്ങൾ നൽകി. പിന്നീട് തീരെ സമയം പാഴാക്കാതെ അവയെ തിരികെ ആട്ടിൻകൂട്ടത്തിലേയ്ക്ക് വിട്ടു.

116. ഈ സായിഅവതാരം തീർച്ചയായും നന്മയുടെ പ്രതിരൂപമാണ്. താത്ത്യയ്ക്കോ, ശാമയ്ക്കോ, മറ്റാർക്കെങ്കിലുമോ ഏത് തരത്തിലാണ് ശ്രേഷ്ഠചിന്തകൾ അദ്ദേഹത്തോട് നിർദ്ദേശിക്കാൻ കഴിയുക?

117. ആടുകൾക്ക് വളരെ സ്നേഹത്തോടെ ധാന്യങ്ങൾ നൽകുകയും അവയ്ക്ക് പൂർണ്ണതൃപ്തിയായെന്ന് കാണുകയും ചെയ്തതിനുശേഷം, അവയെ ഉടമസ്ഥന് തിരികെ ഏല്പിക്കാൻ അദ്ദേഹം പറഞ്ഞു. അപ്പോൾ അവയ്ക്ക് മറ്റ് ആടുകളോടൊപ്പം വിശ്രമിക്കാൻ കഴിയും.

118. അത്തരത്തിൽ ധനം ചെലവഴിക്കപ്പെടുകയും, ആടുകൾ മടക്കി നൽകപ്പെടുകയും ചെയ്തു - അതൊരു നഷ്ടക്കച്ചവടമായിരുന്നു. പിന്നീട് അവയുടെ പൂർവ്വജന്മത്തിന്റെ അസാധാരണമായ കഥ സായി ബാബ പറയുകയുണ്ടായി.

119. ബാബ താത്ത്യയെയും ശാമയെയും ഒരേപോലെ സ്നേഹിച്ചിരുന്നു. അവരുടെ കോപം ശമിപ്പിക്കുന്നതിന് വേണ്ടി, അദ്ദേഹം അവരോട് ആ കഥ പറയുകയുണ്ടായി.

120. ആ ആടുകളുടെ പൂർവ്വജന്മത്തെക്കുറിച്ചുള്ള കഥ സായി സ്വയം വിവരിക്കുകയുണ്ടായി. ശ്രോതാക്കൾ അതും കേൾക്കുക.

121. "അവരുടെ പൂർവ്വജന്മത്തിൽ അവർ ഭാഗ്യവാന്മാരായിരുന്നു. അപ്പോൾ അവർ മനുഷ്യരായിരുന്നു, അവർ എന്റെ സമീപത്ത് വസിക്കുകയായിരുന്നു. അവരുടെ കർമ്മങ്ങളുടെ ഫലം അവർ അനുഭവിക്കേണ്ടി വന്നു.

122. ഇപ്പോൾ നിങ്ങൾ കാണുന്ന ഈ ആടുകൾ പൂർവ്വജന്മത്തിൽ സഹോദരന്മാരായിരുന്നു. അവരുടെ കലഹം മൂലം അവർ മരണമടഞ്ഞു. അത് ഇത്തരത്തിലുള്ള ഫലമുണ്ടാക്കി.

123. തുടക്കത്തിൽ സഹോദരന്മാർക്കിടയിൽ സ്നേഹമുണ്ടായിരുന്നു. അവർ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും, അന്യോന്യം ഇരുവരുടെയും ക്ഷേമത്തിൽ തല്പരരുമായിരുന്നു. അവർക്കിടയിൽ വളരെ ഐക്യമുണ്ടായിരുന്നു.

124. അവർ യഥാർത്ഥ സഹോദരന്മാരായിരുന്നെങ്കിലും, അവർക്ക് ധനത്തിനോട് അത്യാർത്തി ഉണ്ടായിരുന്നു. അത് അവർക്കിടയിൽ ശത്രുത വളർത്തി, അവരുടെ സ്വന്തം പ്രവൃത്തികളും വിധിയും ഒരുമിച്ച് ചേർന്നപ്പോൾ വലിയ ദുരിതങ്ങൾ സംഭവിച്ചു.

125. മൂത്തസഹോദരൻ അലസനായിരുന്നു. ഇളയവൻ എല്ലായ്പ്പോഴും കഠിനാധ്വാനിയായിരുന്നു, അതിനാൽ അവന് ധാരാളം പണം സമ്പാദിക്കാൻ കഴിഞ്ഞു. മൂത്ത സഹോദരന് കടുത്ത അസൂയ തോന്നി.

126. അത്യാഗ്രഹം മൂലം, മൂത്തസഹോദരൻ അവന്റെ പാതയിലുള്ള തടസ്സം നീക്കാനായി തെറ്റായ ചെയ്തികളെക്കുറിച്ച് ചിന്തിച്ചു, അപ്പോൾ അവന് ധനത്തിന് കുറവുണ്ടാകില്ല.

127. ധനത്തിനോടുള്ള അത്യാർത്തി ഒരു പ്രതിബന്ധമായി മാറുകയും, അത് കാരണം കണ്ണുകളുണ്ടെങ്കിലും അവൻ അന്ധനായി മാറുകയും ചെയ്തു. സാഹോദര്യസ്നേഹത്തെക്കുറിച്ച് അവൻ തീർത്തും മറക്കുകയും, അവനെ കൊല്ലാൻ തയ്യാറാകുകയും ചെയ്തു.

128. വിധിയോട് പോരടിക്കാൻ വളരെ പ്രയാസകരമാണ്. കാരണമില്ലാതെ ശത്രുത ഉടലെടുത്തു. ഇരുവർക്കും മറ്റേയാളിന്റെ കാപട്യം മനസ്സിലാകുകയും, അവരുടെ ആർത്തി അടക്കാനും കഴിഞ്ഞില്ല.

129. അവരുടെ ജീവിതകാലം കഴിയാറായിരുന്നു. അവർ സാഹോദര്യസ്നേഹം തീർത്തും മറന്നു. വിനാശകരമായ അഹങ്കാരത്താൽ അവർ ഉന്മത്തരായിരുന്നു. അവർ ശത്രുക്കളെപ്പോലെ പോരടിച്ചു.

130. ഒരുവൻ മറ്റേയാളിന്റെ ശിരസ്സിൽ വലിയ ഒരു വടി കൊണ്ട് മുറിവേല്പിക്കുകയും അവൻ വീഴുകയും ചെയ്തു. പകരമായി തിരിച്ച് മറ്റേയാളും ഒരു മഴു കൊണ്ട് അതേപോലെ അവന്റെ സഹോദരനെ മുറിവേല്പിച്ചു.

131. പിന്നീട് ഇരുവരും അബോധവാന്മാരായി നിലംപതിച്ച് രക്തത്തിൽ കുളിച്ച് കിടന്നു. കുറച്ച് കഴിഞ്ഞ് അവരുടെ ശ്വാസം നിലച്ച്, അവർ മരണമടഞ്ഞു.

132. അത്തരത്തിൽ അവരുടെ ജീവിതം അവസാനിച്ചു. പിന്നീട് അവർ ഈ രൂപത്തിൽ ജനിച്ചു. അവരെ കണ്ടപ്പോൾ എനിക്ക് അവരുടെ ഈ കഥ ഓർമ്മ വന്നു.

133. അവരുടെ പൂർവ്വകർമ്മങ്ങളുടെ ഫലമനുഭവിക്കാനായി അവർ ആടുകളായി പുനർജ്ജനിച്ചു. അപ്രതീക്ഷിതമായി അവയെ ഈ കൂട്ടത്തിൽ കണ്ടപ്പോൾ എനിക്ക് അവയോട് അതിയായ സ്നേഹം തോന്നി.

134. അതിനാൽ എന്റെ സ്വന്തം കീശയിൽ നിന്ന് പണം മുടക്കി അവയ്ക്ക് സംരക്ഷണം നൽകാൻ ഞാൻ ചിന്തിച്ചു. അവയുടെ പൂർവ്വകർമ്മങ്ങൾ നിങ്ങളുടെ രൂപത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിച്ചു.

135. എനിക്ക് ആ ആടുകളോട് ദയ തോന്നി. പക്ഷേ നിങ്ങളുടെ നിർബന്ധം കാരണം അവയെ ആട്ടിടയന്റെ പക്കൽ തിരിച്ചേൽപ്പിക്കാൻ ഒടുവിൽ ഞാനും തീരുമാനിച്ചു."

136. അത്, അങ്ങനെ കഴിഞ്ഞു. കഥ ഇവിടെ അവസാനിക്കുന്നു. ശ്രോതാക്കൾ എന്നോട് ക്ഷമിക്കുക. അടുത്ത അധ്യായം പിന്നീട് നിങ്ങൾക്ക് കേൾക്കാം. അപ്പോൾ നിങ്ങൾ സന്തുഷ്ടരാകും.

137. അതും മുഴുവൻ ശ്രേഷ്ഠമായ സ്നേഹം നിറഞ്ഞതാണ്. അതും സായിയുടെ അധരങ്ങളിൽ നിന്ന് അടർന്നുവീണതാണ്. ഹേമദ് സ്വയം സായിയുടെ പാദങ്ങളിൽ വിനീതനാകുകയും ശ്രോതാക്കളോട് അപേക്ഷിക്കുകയും ചെയ്യുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായിസമർത്ഥസച്ചരിതത്തിലെ നാല്പത്തിആറാം അധ്യായം "കാശിയിലും ഗയയിലും യാത്ര പോകുന്നത്; ആടുകളുടെ ജനനത്തെക്കുറിച്ചുള്ള വിവരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരുസായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഗയയിലെ വിഷ്ണുപാദങ്ങൾ
2. പിതൃക്കൾക്ക് അർപ്പിക്കുന്ന ചോറുരുള.

## 47

# ശ്രീസായി പറഞ്ഞ കഥയുടെ വിവരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സായിയുടെ വദനം അനുഗൃഹീതമാണ്. അദ്ദേഹത്തിന്റെ വദനം ഒരു മാത്ര കാണുന്നത് അനേകം ജീവിതങ്ങളിലെ ദുരിതങ്ങളെ നശിപ്പിക്കുന്നു. അത് ആനന്ദത്തിന്റെ ശാശ്വതമായ സ്രോതസ്സ് ആകുന്നു.
2. ദയാപരമായ ഒരു കടാക്ഷത്താൽ പൂർവ്വകർമ്മങ്ങളുടെ സകലബന്ധനങ്ങളും ഉടനടി അഴിഞ്ഞു വീഴുന്നു. അദ്ദേഹത്തിന്റെ ഭക്തർ നിമിഷങ്ങൾക്കുള്ളിൽ ആത്മാനന്ദം നേടുന്നു.
3. അദ്ദേഹത്തിന്റെ കൃപാകടാക്ഷത്താൽ പൂർവ്വകാലത്തെ വീഴ്ചകളും കർമ്മങ്ങളും മാഞ്ഞുപോകുന്നു. അദ്ദേഹത്തിന്റെ കൃപ, സൂര്യന്റെ പ്രകാശം പോലെയാണ്, അതിനുമുമ്പിൽ മിന്നാമിനുങ്ങിന്റെ പ്രഭ മങ്ങുന്നു.
4. ഭാഗീരഥിനദി ലോകത്തിലെ അശുദ്ധികൾ കഴുകിക്കളയുന്നു, അതിലൂടെ അവൾ സ്വയം അശുദ്ധമാകുന്നു. അവളിൽ അടിഞ്ഞുകൂടുന്ന അശുദ്ധിയെ ഇല്ലാതാക്കാൻ ദിവ്യന്മാരുടെ പാദധൂളികൾക്കായി അവൾ ആഗ്രഹിക്കുന്നു.
5. 'എപ്പോഴാണ് ദിവ്യന്മാരുടെ പാദങ്ങൾ എന്നെ സ്പർശിക്കുക? എപ്പോഴാണ് അവർ എന്നിൽ സ്നാനം നടത്താൻ എത്തുക? അവരില്ലാതെ എന്റെ പാപങ്ങൾ ശുദ്ധമാക്കപ്പെടില്ല.' അവൾക്ക് ഈ കാര്യം തീർച്ചയായും അറിയാം.
6. അത്തരം ദിവ്യന്മാരുടെ ഇടയിലെ ശിരോരത്നമാണ് സമർത്ഥസായി. ഇത് അദ്ദേഹത്തിന്റെ വാക്കുകളാണെന്ന് ഗ്രഹിച്ചുകൊണ്ട് ഭക്തരും ധാർമ്മികരുമായ ജനങ്ങൾ ആത്മശുദ്ധീകരണത്തിന് പര്യാപ്തമായ ഈ കഥകൾ ആദരവോടെ കേൾക്കുന്നു.
7. ഈ കഥയുടെ മഹത്വം ആശ്ചര്യകരമാണ്. ശ്രോതാക്കൾ ജ്ഞാനികളോ മൂഢരോ ആകട്ടെ, അവരുടെ കർമ്മബന്ധനങ്ങൾ ഇല്ലാതാകും. ഇത് വളരെ ദിവ്യമായ കഥയാണ്.
8. സകല മിഴികളുടെയും ദർശനശക്തിയും, സകല കർണ്ണങ്ങളുടെയും ശ്രവണശക്തിയും സായി ആകുന്നു. അദ്ദേഹം സ്വയം എന്റെ ഹൃദയത്തിൽ പ്രവേശിച്ച് ഈ കഥ വിവരിക്കുകയാണ്.
9. സായി സ്വയം വളരെ ജ്ഞാനിയാണ്. ഈ കഥ ശ്രവിക്കുമ്പോൾ ശ്രോതാക്കൾ

അവരുടെ അഹംഭാവം വെടിയുകയും അഷ്ടസാത്വികഭാവങ്ങൾ[1] അവരിൽ നിറയുകയും ചെയ്യും.

10. സായി പറഞ്ഞ ഈ കഥയുടെ സാരാംശം ഗ്രഹിക്കുകയും അതിലെ ഗുണപാഠം ശ്രദ്ധിക്കുകയും ചെയ്യുന്ന ശ്രോതാക്കൾക്ക് അവരുടെ ഉദ്യമങ്ങളിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയും.

11. പക്ഷേ ശ്രോതാക്കൾ എന്റെ പ്രാർത്ഥന ശ്രദ്ധിക്കുക. ഞാൻ ഈ കഥയുടെ ആഖ്യാതാവ് ആണെങ്കിലും, ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കാതിരുന്നാൽ, സാരാംശം മനസ്സിലാക്കാൻ കഴിയാതെ ഞാനും നിങ്ങളെപ്പോലെ ശൂന്യനായിരിക്കും.

12. അദ്ദേഹത്തിന് ഭക്തരോടുള്ള സ്നേഹം ഓർമ്മിക്കുമ്പോൾ, എന്റെ മനസ്സ് അതിന്റെ സ്വാഭാവികഗുണം മറക്കുകയും, ലൗകികജീവിതത്തിൽ പ്രശ്നങ്ങളുണ്ടെങ്കിലും ശാന്തമായി വർത്തിക്കുകയും ചെയ്യുന്നു. ഇതിൽ കൂടുതൽ എന്ത് നേട്ടമാണ് ഉണ്ടാകാനുള്ളത്.

13. മുമ്പ് പറഞ്ഞ കഥയുമായി ബന്ധമുള്ള ഈ കഥ ശ്രദ്ധയോടെ കേൾക്കുക. മുടക്കമില്ലാതെ ഈ കഥ ശ്രവിക്കുന്നത് സംതൃപ്തി നൽകും.

14. കഴിഞ്ഞ അധ്യായത്തിന്റെ ഒടുവിൽ ആടുകളുടെ കഥയും, അവയുടെ പൂർവ്വജന്മം ഓർത്ത് ബാബയ്ക്ക് അവയോട് സ്നേഹം തോന്നുന്നതും ശ്രോതാക്കൾ ശ്രവിച്ചു.

15. ഈ കഥയും അതിനോട് സാമ്യമുള്ളതാണ്, ധനത്തിനോടുള്ള അത്യാർത്തി എങ്ങനെയാണ് അധഃപതനത്തിന് കാരണമാകുക എന്ന്. അത് ആദരവോടെ ശ്രവിക്കുക.

16. സായിയാണ്, അതിയായ കൃപയോടെ, ഒന്നിന് പുറകിൽ ഒന്നായി കഥകൾ നിർദ്ദേശിക്കുന്നത്, അതിനാൽ ശ്രോതാക്കൾക്ക് ശ്രവണത്തിന് ഭംഗം നേരിടുകയില്ല, സന്തോഷവും സംതൃപ്തിയും കൂടും.

17. സായിസമർത്ഥ സ്വയം കഥയും, ആഖ്യാതാവും, ആഖ്യാനവുമാകുന്നു. അവിടെ എന്തിന് എങ്ങനെയാണ് ഹേമദ്? അത് വെറും സാങ്കല്പികമായ നാമമാണ്.

18. സായികഥകളുടെ സാഗരത്തിന്റെ തീരത്ത് ഞാൻ ഇരിക്കുമ്പോൾ എങ്ങനെയാണ് അവയ്ക്ക് ക്ഷാമമുണ്ടാകുക? കല്പവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ, ആഗ്രഹങ്ങൾ ഉണ്ടായാലുടൻ അവ സഫലമാക്കപ്പെടും.

19. സൂര്യന്റെ സവിധത്തിൽ ആരാണ് വിളക്കിനെക്കുറിച്ച് ഓർത്ത് വിഷമിക്കുക? പതിവായി അമൃത് പാനം ചെയ്യുന്നവൻ, വിഷം കുടിക്കാൻ തയ്യാറാകുമോ?

20. സായിയെപ്പോലുള്ള ഒരു സംരക്ഷകൻ നമുക്കുള്ളപ്പോൾ കഥകളുടെ അമൃതിന് ദുർലഭതയുണ്ടാകുമോ? നിങ്ങൾക്ക് മതിയാവോളം സന്തോഷത്തോടെ അത് പാനം ചെയ്യുക.

21. കർമ്മങ്ങളുടെ പ്രയാണം ഗ്രഹിക്കാൻ കഴിയാത്തവയാണ്. ആർക്കും അത് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയില്ല. ജ്ഞാനികൾ പോലും

സംഭ്രമചിത്തരാകുന്നു. പക്ഷേ അജ്ഞാനികളായ ഭക്തന്മാർ രക്ഷിക്കപ്പെടുന്നു.

22. അതേപോലെ, ഈശ്വരന്റെ നിയമങ്ങളും മനസ്സിലാക്കാൻ പ്രയാസകരമാണ്. ആർക്കാണ് അവ മറികടക്കാൻ കഴിയുക? അതിനാൽ, നമുക്ക് ചെയ്യാൻ കഴിയുന്നത്, ലോകത്തിലെ പെരുമാറ്റച്ചട്ടങ്ങൾ പിന്തുടരുകയും, എല്ലായ്പ്പോഴും ഒരുവന്റെ കർത്തവ്യങ്ങൾ പാലിക്കുകയും ചെയ്യുക എന്നതാണ്.

23. അല്ലെങ്കിൽ അത് ശാസ്ത്രങ്ങൾക്ക് തീർത്തും വിരുദ്ധമായിരിക്കും; ജീവിതത്തിലെ പ്രവൃത്തികൾക്കനുസൃതമായ രൂപത്തിൽ മരണശേഷം പുനർജന്മമെടുക്കേണ്ടി വരും.

24. ചെയ്തുപോയ പ്രവൃത്തികൾക്കും ദൈവികനിയമങ്ങളുടെ തീർപ്പുകൾക്കുമനുസൃതമായി, ചിലർ അണ്ഡത്തിലും പുരുഷബീജത്തിലും കൂടിച്ചേർന്ന് സൃഷ്ടിയ്ക്കുള്ള അവയവത്തിൽ പ്രവേശിക്കുന്നു, മറ്റുള്ളവർ ജഡവസ്തുക്കളിലും പ്രവേശിക്കുന്നു.

25. ഒരുവന്റെ ചിന്തകൾക്കനുസരിച്ചാണ് ജന്മങ്ങളുണ്ടാകുന്നത്. ശ്രുതിയുടെ (ദിവ്യനിയമങ്ങൾ) യഥാർത്ഥ അർത്ഥം ആർക്കും അറിയില്ല. പുനർജന്മമുണ്ടെങ്കിൽ, ആത്മാവിന് ഇഷ്ടമുള്ളത് അത് സ്വീകരിച്ചോട്ടെ.

26. മൂഢരും അജ്ഞാനികളുമായ ജനങ്ങൾ ഓർക്കേണ്ടതെന്തെന്നാൽ, വീണ്ടും ഒരു ശരീരമെടുത്ത് ജനിക്കണമെങ്കിൽ അത് അവന്റെ സദ്കർമ്മങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നതാണ്, അതിനനുസൃതമായ ശരീരമാണ് അവർക്ക് ലഭിക്കുക.

27. മരണം ആസന്നമാകും മുമ്പ്, ആത്മസാക്ഷാത്കാരം നേടുന്നതിന് മനുഷ്യജന്മം പൂർണ്ണമായും വിനിയോഗിക്കുന്നവനാണ് ജ്ഞാനി.

28. അവന് മാത്രമേ ലൗകികജീവിതത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയൂ; മറ്റുള്ളവർ സംഭ്രമത്തിന്റെ ഭ്രമണത്തിൽ അകപ്പെട്ട് കഴിയുന്നു, അവർ ഒരിക്കലും ശരീരത്തിന്റെയോ ജനനത്തിന്റെ ദുരിതങ്ങളിൽ നിന്നോ സ്വതന്ത്രരാകില്ല.

29. ഈ കഥയുടെ ആശ്ചര്യമെന്തെന്നാൽ 'ഞാൻ ശരീരമാണ്' എന്ന ദുഷ്ട ചിന്ത മായുകയും ശുദ്ധമായ അഷ്ടസാത്വികഭാവങ്ങൾ ഉണരുകയും ചെയ്യുന്നു എന്നതാണ്.

30. ഒരുവന് ധാരാളം സമ്പത്തുണ്ടായിട്ടും അവൻ ഏറ്റവും വലിയ പിശുക്കനാണെങ്കിൽ അവന്റെ ജീവിതം അവജ്ഞ മാത്രമേ അർഹിക്കുന്നുള്ളൂ. മരണം വരെ അവന് വ്യർത്ഥമായ ഒരു ജീവിതമാണുണ്ടാകുക.

31. അതിന്റെയൊപ്പം ശത്രുതാമനോഭാവം കൂടിയുണ്ടെങ്കിൽ ഒരിക്കലും നന്മയുണ്ടാകില്ല. അതിൽ നിന്ന് സ്വയം നിങ്ങളെ പിന്തിരിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക. അങ്ങനെയല്ലെങ്കിൽ അത് ഒരു മനുഷ്യന്റെ ജീവിതം പൂർണ്ണമായും നശിപ്പിക്കും.

32. പരസ്പരമുള്ള ശത്രുതാമനോഭാവം ശ്രേഷ്ഠമായ ജീവിതത്തിൽ നിന്നും

അധമമായ ജീവിതത്തിലേയ്ക്ക് ഒരുവനെ നിലം പതിപ്പിക്കുന്നു. കടം, ശത്രുത, കൊലപാതകം എന്നിവ ജീവിതത്തിന്റെ സ്വാഭാവികമായ വികാസത്തിനെ നശിപ്പിക്കുന്നു.

33. അതിനാൽ, സായി തന്റെ അമൃതതുല്യമായ ഭാഷണത്തിലൂടെ, ഈ തത്ത്വത്തെ സാധൂകരിക്കുന്ന തരത്തിൽ വിശദീകരിച്ച ഒരു കഥ, ശ്രോതാക്കളുടെ നന്മയ്ക്ക് വേണ്ടി ഞാൻ വിവരിക്കുന്നതാണ്. അത് ആദരവോടെ ശ്രദ്ധിക്കുക.

34. സായിമാതാവ് വിശദീകരിക്കുകയും, ഞാൻ കേട്ടതും ഓർമ്മിക്കുന്നതുമായ ആ കഥ അതേപടി ഞാൻ വിവരിക്കുന്നതാണ്.

35. സായി സ്വയം ജീവചരിത്രകാരനാണ്, ആ കഥ വിശദമായി വിവരിക്കപ്പെടുന്നുവെന്ന് അദ്ദേഹം ഉറപ്പാക്കുന്നു. ഹേമദ് വെറും ഉപകരണം മാത്രമാണ്, അയാളുടെ നിയന്ത്രകൻ സായി ആകുന്നു.

36. "ഒരു ദിവസം രാവിലെ ഏകദേശം 8 മണിക്ക്, പതിവ് പോലെ പ്രഭാതഭക്ഷണം കഴിഞ്ഞ ശേഷം ഞാൻ ഒരു സവാരിയ്ക്കായി ഇറങ്ങി.

37. നടന്ന് ക്ഷീണിച്ചപ്പോൾ, ഞാൻ ഒരു നദിക്കരയിൽ എത്തി. ഞാൻ എന്റെ പാദങ്ങൾ കഴുകുകയും, സ്നാനം നടത്തുകയും ചെയ്തു. അത് എനിക്ക് ഉന്മേഷം നൽകി.

38. ആ നദി എത്ര വലുതായിരുന്നെന്ന് അറിയണ്ടേ? അത് റഹടയിലെ നദിയുടെ അത്ര വലിപ്പമുള്ളതായിരുന്നു. വെള്ളം നിറഞ്ഞ് കവിയുകയും, തീരങ്ങളിൽ സമൃദ്ധമായി കുറ്റിച്ചെടികൾ വളരുന്നുമുണ്ടായിരുന്നു.

39. അതിന് സമീപം ഒരു നടപ്പാതയും, വാഹനങ്ങൾ സഞ്ചരിക്കാനുള്ള പാതയും ഉണ്ടായിരുന്നു. തീരത്ത് ഇടതിങ്ങിയ മരങ്ങളുമുണ്ടായിരുന്നു, അവയിൽ നിന്നും കുളിർമയുള്ള തണൽ ലഭിക്കുമായിരുന്നു.

40. തണുത്തതും, ആശ്വാസപ്രദവുമായ കുളിർക്കാറ്റ് എന്നെ വളരെ സന്തുഷ്ടനാക്കി. മരക്കൂട്ടങ്ങളിൽ നോക്കിക്കൊണ്ട്, ഞാൻ അവയുടെ തണലിൽ സ്വസ്ഥമായി ഇരുന്നു.

41. ഞാൻ ചില്ലം നിറയ്ക്കുന്നതിന് ഒരുങ്ങുകയും, അതിന് വേണ്ടി തുണി (ചപ്പി) നനയ്ക്കവേ, ഒരു തവളയുടെ കരച്ചിൽ പോലുള്ള ശബ്ദം ഞാൻ കേട്ടു.

42. വെള്ളത്തിന് സമീപം എല്ലായ്പ്പോഴും തവളകൾ കാണുമെന്നുള്ളതിനാൽ അതൊരു ആശ്ചര്യകരമായ വസ്തുതയല്ല. അതിനാൽ ഞാൻ തുണി നനച്ചശേഷം, തിരികെ എത്തി, തീക്കല്ല് എടുത്തു.

43. തീക്കല്ലുകൾ ഉരച്ച് തീപ്പൊരി ഉണ്ടാക്കി, ചില്ലം കത്തിച്ച് തയ്യാറാക്കിയപ്പോൾ, ഒരു വഴിയാത്രക്കാരൻ അവിടെയെത്തി, എന്നെ വന്ദിച്ചശേഷം എന്റെ സമീപത്തിരുന്നു.

44. എന്റെ കൈകളിൽ നിന്നും ആദരവോടെ ചില്ലം വാങ്ങിയ ശേഷം അയാൾ പറഞ്ഞു: "അങ്ങ് വളരെ ദൂരം യാത്ര ചെയ്തത് പോലെ തോന്നുന്നു."

45. "മസ്ജിദ് ഇവിടെ നിന്നും വളരെ അകലെയാണ്. അങ്ങ് അവിടെ എത്തുമ്പോൾ

ഉച്ച നേരമാകും. എന്റെ ഗൃഹം നദിയുടെ അക്കരെയാണ്. ചില്ലം പുകച്ചശേഷം നമുക്ക് അവിടേയ്ക്ക് പോകാം.

46. "എന്തെങ്കിലും ഭക്ഷണം കഴിച്ച ശേഷം അങ്ങ് വിശ്രമിക്കുക. പിന്നീട് സൂര്യൻ കുറച്ച് താഴ്ന്ന് കഴിയുമ്പോൾ അങ്ങേയ്ക്ക് സൗകര്യമായി മടങ്ങിപ്പോകാൻ കഴിയും.

47. ഞാനും അങ്ങയോടൊപ്പം വരുന്നതാണ്." ഇപ്രകാരം പറഞ്ഞ ശേഷം വഴിയാത്രക്കാരൻ ചില്ലം നന്നായി കത്തിച്ച് പുകയെടുക്കാനായി ആദരവോടെ എന്റെ കൈയ്യിൽ തന്നു.

48. അപ്പോൾ ആ തവള ഉച്ചത്തിൽ ദയനീയമായി കരയാൻ തുടങ്ങി. അതുകേട്ട് ആരാണ് കരയുന്നതെന്ന് വഴിയാത്രക്കാരൻ ആരാഞ്ഞു.

49. അപ്പോൾ ഞാൻ പറഞ്ഞു! "നദിക്കരയിൽ ഒരു തവള അതിന്റെ പൂർവ്വകർമ്മ ങ്ങളുടെ ഫലമായി വളരെ പ്രയാസകരമായ അവസ്ഥയിൽപ്പെട്ടിരിക്കുകയാ ണ്. ശ്രദ്ധിക്കുക. ഞാൻ അതിന്റെ കഥ പറയാം.

50. പൂർവ്വജന്മങ്ങളിൽ നമ്മൾ എന്ത് വിതയ്ക്കുന്നുവോ, അതിന്റെ ഫലം കൊയ്യേണ്ടി വരും. ഒരുവൻ അവന്റെ വിധി ശാന്തമായി അനുഭവിക്കണം. അതിനെയോർത്ത് കരയുന്നത് കൊണ്ട് ഫലമില്ല."

51. ഇത് കേട്ടപ്പോൾ വഴിയാത്രക്കാരൻ ചില്ലം എന്റെ കൈകളിൽ നൽകിക്കൊണ്ട് എഴുന്നേറ്റ് പറഞ്ഞു: "ഞാൻ പോയി നോക്കിയിട്ട് തിരികെ വരാം,

52. "അത് ശരിയായും തവളയാണോ അതോ മറ്റേതെങ്കിലും ജീവിയാണോ? അതിന്റെ പ്രശ്നം എന്താണെന്ന് ഞാൻ സ്വയം പോയി നോക്കി വരാം."

53. അതാണ് അവന്റെ താല്പര്യമെന്ന് കണ്ടപ്പോൾ ഞാൻ പറഞ്ഞു: "പോയി നോക്കിയിട്ട് വരിക. ഒരു തവള ഒരു വലിയ പാമ്പിന്റെ വായിൽ അകപ്പെട്ടിരിക്കുകയാണ്, അതിനാലാണ് അത് കരയുന്നത്.

54. "ഇരുവരും വളരെ ദുഷ്ട ചിന്താഗതിക്കാരായിരുന്നു, അവർ ഇരുവരുടെയും പ്രവൃത്തികൾ വളരെ ഭയാനകമായിരുന്നു. അവരുടെ പൂർവ്വജന്മങ്ങളിലെ പാപങ്ങൾ വളരെ ഘോരമായിരുന്നു; അവരുടെ കർമ്മഫലങ്ങൾ അനുഭവിക്കുന്നതിനായി മറ്റൊരു രൂപത്തിൽ ജനിച്ചിരിക്കുകയാണ്."

55. എന്റെ മറുപടിക്ക് ശേഷം വഴിയാത്രക്കാരൻ ആ സ്ഥലത്തേയ്ക്ക് പോകുകയും, യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കിയശേഷം തിരിച്ചെത്തുകയും ചെയ്തു. അയാൾ യഥാർത്ഥ സാഹചര്യം എന്താണെന്ന് കണ്ട് തീർച്ചപ്പെടുത്തി.

56. "പാമ്പ് വലിയ വായുമായി വിനാശകാരിയായി കാണപ്പെടുന്നു. തവളയും ഭീകരമാണ്, പക്ഷേ അത് പാമ്പിന്റെ ഭക്ഷണമാകുകയാണ്.

57. "അല്പസമയം കൂടി മാത്രമേ അതിന് ജീവിതമുള്ളൂ. അത് പാമ്പിന്റെ വായിൽ ഭക്ഷണമായി മാറിയിരിക്കുകയാണ്. എത്ര വിചിത്രമായ വിധി! ഉടൻ തന്നെ അവൻ ഇല്ലാതാകും."

58. അപ്പോൾ ഞാൻ അവനോട് പറഞ്ഞു: "അവന് എങ്ങനെ അതിനെ കൊല്ലാൻ

കഴിയും? അതിന്റെ പിതാവായ ഞാൻ ഇവിടെ ഉണ്ട്! അപ്പോൾ പിന്നെ എന്തിനാണ് ഞാൻ ഇവിടെ ഉള്ളത്?

59. "ഞാൻ എന്റെ വാസസ്ഥലം വിട്ട് ഇവിടെ എത്തിയത് ആ തവളയെ പാമ്പിന് ഭക്ഷണമാകാൻ അനുവദിക്കാനാണോ? ഞാൻ അതിനെ എങ്ങനെയാണ് മോചിപ്പിക്കുന്നതെന്ന് നോക്കുക.

60. "ഈ യുദ്ധം അവസാനിപ്പിച്ചശേഷം നമ്മൾ നമ്മുടെ ഗൃഹങ്ങളിലേയ്ക്ക് പോകും. പോയി ആ ചില്ലം ഒരിക്കൽ കൂടി നിറയ്ക്കുക. എന്നിട്ട് ആ പാമ്പ് എന്ത് ചെയ്യുമെന്ന് നമുക്ക് നോക്കാം".

61. ചില്ലം പെട്ടെന്ന് തന്നെ തയ്യാറാക്കപ്പെട്ടു. വഴിയാത്രക്കാരൻ സ്വയം അത് ജ്വലിപ്പിച്ച്, ദീർഘമായ ഒരു പുക എടുത്ത ശേഷം അത് എനിക്ക് നൽകി. ഞാൻ പുകവലിയ്ക്കാനായി അത് കൈകളിൽ എടുത്തു.

62. ഞാൻ കുറച്ച് പുക വലിച്ചശേഷം വഴിയാത്രക്കാരനെയും കൂട്ടി, നിബിഢമായ പുൽപ്പടർപ്പിനരികിലേയ്ക്ക് പോകുകയും, ആ പ്രത്യേകസ്ഥാനത്ത് എത്തുകയും ചെയ്തു.

63. ആ പാമ്പിനെ വീണ്ടും കണ്ടപ്പോൾ വഴിയാത്രക്കാരൻ പേടിച്ചു വിറച്ചു. "എത്ര വലുതാണ് അത്!" എന്ന് പറഞ്ഞുകൊണ്ട് ഭയം മൂലം അയാൾ എന്നെ മുറുകെപ്പിടിച്ചു.

64. അയാൾ പറഞ്ഞു: ''കൂടുതൽ മുമ്പോട്ട് പോകരുത്. പാമ്പ് നമ്മുടെ സമീപത്തേയ്ക്ക് വരും. ഓടിപ്പോകാനായി നമ്മൾ തീരുമാനിച്ചാൽ ഈ സ്ഥലം വളരെ ഇടുങ്ങിയതുമാണ്. വേണ്ട, അങ്ങോട്ട് പോകരുത്".

65. ആ കാഴ്ച കണ്ട് വഴിയാത്രക്കാരൻ അയാളുടെ ജീവന് അപകടം ഉണ്ടാകുമെന്ന് ഭയന്നു. അവർ ഇരുവരുടെയും പരസ്പര വൈരത്തെക്കുറിച്ച് അപ്പോൾ നൽകപ്പെട്ട ഈ ഉപദേശം കേൾക്കുക.

66. ''ഓ വീരഭദ്രപ്പാ, നിന്റെ ശത്രു ബാസപ്പ ഒരു തവളയായി ജനിച്ചിട്ടും പശ്ചാത്തപിക്കുന്നില്ലെന്നോ?

67. ''ഒരു പാമ്പായിട്ട് ജനിച്ചിട്ടും നീയും കടുത്ത നിതാന്തവൈരം സൂക്ഷിക്കുകയാണോ? ഇപ്പോഴെങ്കിലും ലജ്ജിക്കുക, ശത്രുത മറന്ന് സമാധാനമായി കഴിയുക."

68. ഈ വാക്കുകൾ ഉച്ചരിക്കപ്പെട്ടയുടനെ പാമ്പ് തവളയെ ഉപേക്ഷിച്ച് പെട്ടെന്ന് ആഴമുള്ള വെള്ളത്തിനടിയിലേയ്ക്ക് പോയി. അവിടെ നിന്ന് പിന്നീട് അവൻ അപ്രത്യക്ഷനായി.

69. മരണത്തിന്റെ വക്ത്രത്തിൽ നിന്നും രക്ഷപ്പെട്ട തവള ഒരു കുതിച്ചുചാട്ടത്തിലൂടെ കുറ്റിക്കാട്ടിൽ ഒളിച്ചു. വഴിയാത്രക്കാരൻ അദ്ഭുതപ്പെട്ടു.

70. അയാൾ പറഞ്ഞു: ''എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. അങ്ങ് സംസാരിച്ചയുടനെ എങ്ങനെയാണ് പാമ്പ് തവളയെ ഉപേക്ഷിച്ചതും, അത് സ്വയം ഒളിക്കുകയും ചെയ്തത്?"

71. "ഇവരിൽ ആരാണ് വീരഭദ്രപ്പ, ആരാണ് ബാസപ്പ?'' വഴിയാത്രക്കാരൻ

ശത്രുതയുടെ കാരണം അന്വേഷിച്ചുകൊണ്ട് പറഞ്ഞു: "ദയവായി എന്നോട് അതേക്കുറിച്ച് പറയുക".

72. ''നമുക്ക് വൃക്ഷത്തണലിൽ പോയി ഇരിക്കാം, ഒരിക്കൽ കൂടി ചില്ലം പുകയ്ക്കാം,'' അവൻ പറഞ്ഞു. ''അപ്പോൾ ഞാൻ നിന്റെ ജിജ്ഞാസ സംതൃപ്തമാക്കുന്നതാണ്, എന്നിട്ട് ഞാൻ എന്റെ വാസസ്ഥലത്തേയ്ക്ക് തിരികെ പോകുന്നതാണ്".

73. ഞങ്ങൾ രണ്ടുപേരും വൃക്ഷങ്ങളുടെ സമീപത്തേയ്ക്ക് ചെന്ന് ധാരാളം തണലുള്ള ഭാഗത്ത് ഇരുന്നു. തണുപ്പുള്ള സുഖകരമായ ഒരു കാറ്റ് വീശുന്നുണ്ടായിരുന്നു. ഞങ്ങൾ വീണ്ടും ചില്ലം പുകച്ചു.

74. വഴിയാത്രക്കാരൻ അത് ആദ്യം പുകച്ചശേഷം എനിക്ക് കൈമാറി. അത് പുകയ്ക്കുന്നതിനിടയ്ക്ക്, ഞാൻ വഴിയാത്രക്കാരനോട് ആ മനോഹരമായ കഥ പറഞ്ഞു.

75. ഞാൻ വസിച്ചിരുന്ന സ്ഥലത്തിന് ഏകദേശം രണ്ടോ മൂന്നോ കോസ് അകലെയായി ഒരു പുണ്യ സ്ഥലമുണ്ടായിരുന്നു. അത് വളരെ പുരാതനവും പ്രസിദ്ധവുമായിരുന്നു.

76. അവിടെ വളരെ പഴക്കമുള്ള ജീർണ്ണിച്ച ഒരു ശിവക്ഷേത്രമുണ്ടായിരുന്നു. അത് ഉദ്ധരിക്കണമെന്ന് ജനങ്ങളെല്ലാം ചിന്തിക്കുകയായിരുന്നു.

77. അതിനുവേണ്ടി സംഭാവന പിരിച്ചെടുക്കാൻ തുടങ്ങി. വലിയ ഒരു തുക ശേഖരിക്കപ്പെട്ടു. പൂജ തുടങ്ങിയ ചടങ്ങുകൾക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കി, വിശദമായ പദ്ധതികൾ തയ്യാറാക്കപ്പെട്ടു.

78. ആ പ്രദേശത്തുള്ള ധനികനായ ഒരു വ്യക്തിയെ കാര്യസ്ഥനായി തെരഞ്ഞെടുത്തു. സംഭാവനത്തുക മുഴുവൻ അയാളുടെ കൈവശം നൽകപ്പെടുകയും പൂർണ്ണചുമതല അയാളെ ഏല്പിക്കുകയും ചെയ്തു.

79. സ്വതന്ത്രവും പ്രത്യേകവുമായ കണക്കുപുസ്തകം സൂക്ഷിക്കുകയും ശേഖരിക്കപ്പെടുന്ന സംഭാവന തുകകൾ അതിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടത് അയാളുടെ ചുമതലയായിരുന്നു. അയാൾ ഈ ജോലി കൃത്യമായും കണിശമായും ചെയ്യേണ്ടിയിരുന്നു.

80. പക്ഷേ അയാൾ പ്രകൃത്യാ വളരെ പിശുക്കനായിരുന്നു. അയാൾക്ക് യാതൊരു നഷ്ടവും ഉണ്ടാകാത്ത തരത്തിലായിരുന്നു അയാൾ പണികൾ ചെയ്തിരുന്നത്. അതിനാൽ ജോലി പൂർണ്ണമാക്കാൻ കഴിഞ്ഞില്ല.

81. മുഴുവൻ തുകയും ചെലവഴിക്കപ്പെട്ടെങ്കിലും പകുതി പണി മാത്രമേ നടന്നുള്ളൂ. അയാൾ അയാളുടെ സ്വന്തം പണം ഒട്ടും തന്നെ ചെലവഴിച്ചിരുന്നില്ല.

82. അയാൾ വലിയ ഒരു ധനവ്യാപാരിയായിരുന്നെങ്കിലും വളരെ പിശുക്കനായിരുന്നു. അയാൾ പുറമേയ്ക്ക് മധുരവാക്കുകൾ പറയുമെങ്കിലും, അവയൊന്നും പ്രാവർത്തികമാക്കിയിരുന്നില്ല.

83. സംഭാവനകൾ നൽകിയ ആളുകൾ അയാളുടെ ഗൃഹത്തിൽ ഒത്തുകൂടി പറഞ്ഞു: "ഒരു ധനികനാണെങ്കിലും, നിങ്ങളുടെ ആ സ്ഥാനം കൊണ്ട് എന്ത്

പ്രയോജനമാണുള്ളത്.

84. ''നിങ്ങൾ പൂർണ്ണമായും സാമ്പത്തികമായും ശിവക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണത്തിന് സഹായം നൽകിയില്ലെങ്കിൽ എങ്ങനെയാണ് പണി പൂർത്തിയാകുക? അതേക്കുറിച്ച് ചിന്തിക്കുക.

85. "ഞങ്ങൾ ഒരിക്കൽകൂടി ജനങ്ങളോട് അഭ്യർത്ഥിക്കുകയും കൂടുതൽ ധനം ശേഖരിക്കുകയും ചെയ്യുന്നതാണ്. ആ ധനമെല്ലാം നിങ്ങളുടെ കൈവശം ഏല്പിക്കാം. ഈ ജോലി പൂർത്തിയാക്കുക".

86. വീണ്ടും ധനസമാഹരണം നടത്തപ്പെടുകയും, നല്ല ഒരു തുക ശേഖരിക്കപ്പെടുകയും ചെയ്തു. പക്ഷേ അത് പണിക്കായി വിനിയോഗിക്കപ്പെട്ടില്ല. ധനികൻ ഒന്നും ചെയ്യാതെ ഇരുന്നു.

87. അത് അങ്ങനെ കഴിഞ്ഞു. കുറച്ച് നാളുകൾക്ക് ശേഷം കാര്യങ്ങൾ സ്വന്തം കൈകളിൽ എടുക്കാൻ ഭഗവാൻ തീരുമാനിച്ചു. ആ സമയത്ത് ധനികന്റെ ഭാര്യയ്ക്ക് ഒരു സ്വപ്നദർശനമുണ്ടായി.

88. "നീയെങ്കിലും ഉണർന്ന് പ്രവർത്തിക്കുക! ക്ഷേത്രത്തിന്റെ ഗോപുരം പണി കഴിപ്പിക്കുക. നീ ചെലവഴിക്കുന്നതിന്റെ നൂറിരട്ടി നീലകണ്ഠൻ നിനക്ക് നൽകും".

89. പിറ്റേദിവസം അവൾ ആ സ്വപ്നദർശനം ഭർത്താവിനോട് വിശദീകരിച്ചു. ഒരു പൈസ പോലും ചെലവഴിക്കുന്നത് ജീവിതാവസാനമായി കരുതിയിരുന്ന അയാളിൽ, ഇത് വളരെ അസ്വസ്ഥത സൃഷ്ടിച്ചു.

90. പകലും രാത്രിയും പണം സമ്പാദിക്കുന്നതിനെപ്പറ്റി മാത്രം ചിന്തിക്കുകയും, ജീവിതത്തിൽ മറ്റ് ലക്ഷ്യങ്ങളൊന്നും ഇല്ലാതിരിക്കുകയും ചെയ്ത അയാൾക്ക്, അനാവശ്യമായി ധനം ചെലവഴിക്കേണ്ടിയിരുന്നത് അർത്ഥമാക്കിയ ആ സ്വപ്നദർശനം എങ്ങനെയാണ് ബോധ്യപ്പെടുക?

91. അയാൾ തന്റെ ഭാര്യയോട് പറഞ്ഞു: "ഞാൻ ഈ സ്വപ്നദർശനത്തിൽ വിശ്വസിക്കുന്നില്ല. എനിക്ക് അതിൽ തീരെ വിശ്വാസമില്ല." അയാൾ അവളെ പരിഹസിക്കാൻ തുടങ്ങി.

92. ഒരുവൻ അവന്റെ താല്പര്യങ്ങൾക്കനുസരിച്ച് ലോകത്തെ മനസ്സിലാക്കുന്നു. അവൻ സ്വയം നേരുകെട്ടവനായത് കൊണ്ട് മറ്റുള്ളവരെയും അതേ നിലയിൽ കണ്ടിരുന്നു.

93. ''എന്റെ ധനം ചെലവഴിക്കപ്പെടണമെന്ന് ഈശ്വരൻ ചിന്തിച്ചിരുന്നെങ്കിൽ, എന്താ ഞാൻ നിന്നിൽ നിന്നും വളരെ അകലെയായിരുന്നോ? എന്തുകൊണ്ടാണ് ഈശ്വരൻ നിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടത്?

94. "എന്തുകൊണ്ട് നിനക്ക് മാത്രം ഈ സ്വപ്നദർശനമുണ്ടായി? എന്തുകൊണ്ട് ഈശ്വരൻ അത് എനിക്ക് നൽകിയില്ല. അതിനാൽ ഞാൻ അത് വിശ്വസിക്കുന്നില്ല. എനിക്ക് അതിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയുന്നില്ല.

95. "ഒന്നുകിൽ അതൊരു ദുഃസ്വപ്നമായിരുന്നു, അല്ലെങ്കിൽ ഭർത്താവിന്റെയും ഭാര്യയുടെയും ഇടയിൽ അകൽച്ച സൃഷ്ടിക്കാനായി ഈശ്വരന്റെ ഭാഗത്തു

നിന്നുള്ള ഒരു ശ്രമമായിരിക്കാം. ഈ രണ്ട് കാര്യങ്ങൾ മാത്രമാണ് എനിക്ക് ഇതിൽ കാണാൻ കഴിയുന്നത്.

96. ''പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഞാനും മതിയായ പങ്ക് നൽകുന്നില്ലേ? ഓരോ മാസവും നിറയുന്ന ധനസഞ്ചി അപ്പോൾ തന്നെ കാലിയാകുന്നു.

97. "ജനങ്ങൾ മുഴുവൻ തുകയും എത്തിക്കുന്നു. ഇതാണ് പുറമേയ്ക്ക് സത്യമായി തോന്നുന്നത്. വരവുചെലവുകളുടെ കണക്ക് വെറും രേഖകൾക്ക് വേണ്ടി മാത്രമാണ്. എനിക്ക് അതൊരു നഷ്ടക്കച്ചവടം മാത്രമാണ്.

98. "ജനങ്ങൾക്ക് അത് മനസ്സിലാകുന്നില്ല. ഇത് ഞാൻ നിന്നോട് എങ്ങനെയാണ് വിശദീകരിക്കുക? അതിനാൽ ഈ സാഹചര്യത്തിൽ നിന്റെ ഈ സ്വപ്നദർശനം സ്വീകാര്യമല്ല.

99. ''അത് സത്യമാണെന്ന് വിശ്വസിച്ചാൽ നമ്മൾ കബളിപ്പിക്കപ്പെടും. അസ്വസ്ഥമായ നിദ്രക്കിടയിൽ കാണപ്പെടുന്ന സ്വപ്നദർശനം വിശ്വാസ്യതയിലെടുക്കാൻ കഴിയുമോ?" ധനികൻ ഈ തത്ത്വം മുന്നോട്ടു വെച്ചു.

100. ഇത് കേട്ട് ഭാര്യ നിശ്ശബ്ദയാകുകയും, അവളുടെ ഭർത്താവിനോട് മറുപടി പറയാൻ കഴിയാതെയാകുകയും ചെയ്തു. ജനങ്ങൾ ധനം വീണ്ടും ശേഖരിച്ചെങ്കിലും അവർ അത് സന്തോഷത്തോടെ നൽകിയിരുന്നില്ല.

101. സ്നേഹമില്ലാതെയോ, നിർബന്ധത്താലോ, പരപ്രേരണയാലോ ബലപ്രയോഗത്താലോ നൽകപ്പെടുന്ന സംഭാവനകൾ ഈശ്വരൻ ഇഷ്ടപ്പെടുന്നില്ല. സ്നേഹത്തോടെ നൽകപ്പെടുന്ന വളരെ ചെറിയ സമ്മാനം പോലും വളരെ വിലമതിക്കപ്പെടുന്നു.

102. ശേഖരിക്കപ്പെട്ട ധനത്തിനനുസരിച്ച് പണികൾ മുന്നോട്ട് നീങ്ങിയിരുന്നു. ധനത്തിന് കുറവുണ്ടാകുമ്പോൾ പണിയും നിർത്തിവയ്ക്കപ്പെട്ടു. ഇത്തരത്തിൽ പണി ദീർഘിക്കപ്പെട്ടു.

103. ധനികനാകട്ടെ, വളരെ പിശുക്കനായതിനാൽ, അയാളുടെ സ്വന്തം കീശയിൽ നിന്ന് അല്പം പോലും പണം ചെലവാക്കിയില്ല. അയാളുടെ ഭാര്യയ്ക്ക് വീണ്ടും ലഭിച്ച ദർശനത്തെക്കുറിച്ച് കേൾക്കുക.

104. "ക്ഷേത്രത്തിന്റെ പണികൾക്കായി പണം ചെലവഴിക്കാൻ നിന്റെ ഭർത്താവിനെ നിർബന്ധിക്കേണ്ടതില്ല. നിന്റെ ഭക്തി തന്നെ ഈശ്വരന് ധാരാളമാണ്. നിനക്ക് ഇഷ്ടമുള്ളത് നീ നൽകുക.

105. "നിന്റെ ധനത്തിൽ നിന്നും ഭക്തിയോടെയും ഭാവത്തോടെയും നൽകപ്പെടുന്ന ഒരു പൈസ പോലും ലക്ഷത്തിന് തുല്യമാണ്. നിന്റെ ഭർത്താവിന്റെ സമ്മതം നേടിയ ശേഷം അത് ഈശ്വരന് സമർപ്പിക്കുക.

106. ''അനാവശ്യമായി വിഷമിക്കരുത്. നിനക്കിഷ്ടമുള്ളത് നൽകുക. നിനക്ക് അവകാശപ്പെട്ടത് എത്ര ചെറുതായാലും നൽകുക.

107. ''ഇവിടെ ഭക്തി മാത്രമാണ് പ്രധാനം. നിനക്ക് അത് ഉണ്ടെന്ന്

അറിയാവുന്നതിനാൽ, ഈശ്വരൻ നിന്നിൽ നിന്ന് എന്തെങ്കിലും വേണമെന്ന് ആഗ്രഹിക്കുന്നു.

108. “അതിനാൽ നിന്റെ കൈവശമുള്ള അല്പമാത്രമായ സമ്പത്ത് നൽകിക്കൊണ്ട് ശാന്തമായി വർത്തിക്കുക.

109. ‘‘വിശ്വാസമില്ലാതെ ഒരുവൻ നൽകുന്നതെന്തും ധൂളി പോലെ വിലയില്ലാത്തതാണ്. ഒടുവിൽ അത് പ്രയോജനശൂന്യവുമാണ്. ഇത് താമസിയാതെ മനസ്സിലാക്കാൻ കഴിയും”.

110. അത് എന്തുമാകട്ടെ. സ്വപ്നദർശനത്തിന് ശേഷം, അവളുടെ പിതാവ് നൽകിയ ആഭരണങ്ങൾ വിറ്റ് ഈശ്വരന്റെ ആഗ്രഹം നിറവേറ്റാൻ അവൾ തീരുമാനിച്ചു.

111. പിന്നീട് അവൾ തന്റെ തീരുമാനം അവളുടെ ഭർത്താവിനെ അറിയിച്ചു. അയാൾ അത് കേൾക്കുകയും വിഷണ്ണനാകുകയും ചെയ്തു.

112. അത്യാഗ്രഹം ഉള്ളിടത്ത് മറ്റെന്താണ് പ്രതീക്ഷിക്കാൻ കഴിയുക? അവിടെ ഈശ്വരചിന്തയോ, ധാർമ്മികതയോ, സദാചാരമോ ഉണ്ടാകില്ല. അയാൾ ചിന്തിച്ചു: ‘ഇത് എന്ത് മൂഢത്വമാണ്! തീർച്ചയായും അവൾക്ക് അവളുടെ സ്വബോധം നഷ്ടമായിരിക്കുന്നു!’

113. ‘‘അവളുടെ ആഭരണങ്ങളുടെ മൂല്യനിർണ്ണയത്തിനുശേഷം വില ആയിരം ഉറുപ്പികകളായി നിശ്ചയിക്കണം, ഭൂമി അവളുടെ പേരിൽ കൈമാറ്റം ചെയ്തു നൽകണം’’.

114. അയാൾ ആഭരണങ്ങൾ സ്വയം വാങ്ങി. പണത്തിന് പകരം അയാൾ തന്റെ ഭാര്യയ്ക്ക് മണൽ മൂടിയതും ലവണരസമുള്ളതുമായ ഒരു ഭൂമി നൽകി, അതാകട്ടെ അയാൾക്ക് പണയം വയ്ക്കപ്പെട്ടതുമായിരുന്നു.

115. മഴക്കാലത്ത് പോലും വിളവുണ്ടാകാത്ത തരിശുഭൂമിയായിരുന്നു അത്. അയാൾ തന്റെ ഭാര്യയോട് പറഞ്ഞു. ‘‘ഇത് ശിവന് (പിനാകപാണി) അർപ്പിക്കുക.

116. “ആയിരം ഉറുപ്പിക വിലയുള്ള ഈ ഭൂമി, നിനക്ക് ദർശനം നൽകിയ ഈശ്വരന് നീ ദാനം നൽകുകയാണെങ്കിൽ അദ്ദേഹം സംതൃപ്തനാകുകയും, നീ നിന്റെ കടത്തിൽ നിന്ന് മോചനം നേടുകയും ചെയ്യും.”

117. അത് അങ്ങനെയാകട്ടെ. അവളുടെ ഭർത്താവിനെ വിശ്വസിച്ച് കൊണ്ട്, പിശുക്കന്റെ ഭാര്യ ആ ഭൂമി സ്നേഹത്തോടും ഭക്തിയോടും കൂടി ശങ്കരഭഗവാനെ തൃപ്തിപ്പെടുത്താൻ നേർച്ചയായി നൽകി.

118. യഥാർത്ഥത്തിൽ, ധനികന്റെ പക്കൽ നിന്നും ഇരുന്നൂറ് ഉറുപ്പികകൾ കടം വാങ്ങിയ ദുബാക്കിയായിരുന്നു അതിന്റെ ഉടമസ്ഥ, അവൾ അത് അയാൾക്ക് പണയമായി നൽകിയിരുന്നു.

119. ആ ഭൂമിയുടെ ഉടമസ്ഥയായ ദുബാക്കി അനാഥയായ ഒരു സ്ത്രീയായിരുന്നു. അവൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായപ്പോൾ, അവൾ ഈ ഭൂമി പണയമായി നൽകിയതായിരുന്നു.

120. പക്ഷേ ധനികൻ വളരെ അത്യാഗ്രഹിയായിരുന്നു. അയാൾ ശങ്കരഭഗവാനെ

കബളിപ്പിക്കുക മാത്രമല്ല, അയാളുടെ ഭാര്യയുടെ സ്വത്തുക്കൾ അപഹരിക്കുകയും ചെയ്തു. അയാൾ ഈ വെട്ടിപ്പ് നടത്തി സംതൃപ്തനായി.

121. വിഷയസുഖങ്ങൾ ആസ്വദിക്കാനുള്ള അതിയായ ആഗ്രഹം വളരെ ഹീനമാണ്, അത് അത്തരം ആഗ്രഹങ്ങളിൽ മുഴുകി കഴിയുന്നവന്റെ ജീവിതം നശിപ്പിക്കുന്നു. ഒരുവന് ജീവിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഇത്തരം ലൗകിക സുഖങ്ങളുടെ പിടിയിൽ പെടരുത്.

122. ശ്രവണത്തിനുള്ള ആഗ്രഹത്താൽ മാൻ അതിന്റെ മരണം സ്വയം വരിക്കുന്നു, മൂർഖന്റെ ശിരസ്സിലെ മനോഹരമായ രത്നം മൂലം അത് കൊല്ലപ്പെടുന്നു; പ്രകാശത്തിനോടുള്ള ഇഷ്ടം കാരണം ശലഭം വെന്ത് മരിക്കുന്നു. അത്തരത്തിലുള്ള ആഗ്രഹങ്ങളുടെ പരിണിതഫലം അതായിരിക്കും.

123. ജീവിത സുഖങ്ങൾ അനുഭവിക്കാൻ ഒരുവന് ധനം ആവശ്യമാണ്. അതിനാൽ അത് നേടുന്നതിന് കഠിനമായ ശ്രമങ്ങൾ ആവശ്യമാണ്. ഈ ആഗ്രഹങ്ങളുടെ സഫലത, അവയെ വീണ്ടും വർദ്ധിപ്പിക്കുകയേയുള്ളൂ. അവയെ നശിപ്പിക്കുക എന്നത് അസാധ്യമാണ്.

124. ആ ഭൂമി തീർത്തും തരിശാണെന്നുള്ളതിൽ സംശയമില്ലായിരുന്നു, എന്ത് ചെയ്താലും അതിൽ യാതൊരു വിളവും വിളയിക്കാൻ കഴിയില്ലായിരുന്നു. അത്തരത്തിലുള്ള ഒരു ഭൂമിയാണ് ഈശ്വരന് സമർപ്പിക്കപ്പെട്ടത്. അത്തരത്തിലുള്ള ഒരു നേർച്ചയ്ക്ക് എന്ത് പുണ്യമാണുള്ളത്?

125. യാതൊരു ആന്തരോദ്ദേശ്യവുമില്ലാതെ അർപ്പിക്കുന്നതാണെങ്കിൽ മാത്രമേ അത് ഈശ്വരന് നൽകുന്ന യഥാർത്ഥ കാണിക്ക ആകുന്നുള്ളൂ. അപ്രകാരമല്ലെങ്കിൽ അതൊരു പാപമാകുന്നു, അതിന്റെ ഫലങ്ങൾ ഒടുവിൽ വേദനാജനകമായിരിക്കും.

126. അതേസമയം, ക്ഷേത്രം നോക്കി നടത്തിയിരുന്ന സാധു ബ്രാഹ്മണനാകട്ടെ, ഭൂമി ഈശ്വരന് കാണിക്കയായി ലഭിച്ചതിൽ വളരെ സന്തുഷ്ടനായി.

127. അത് അങ്ങനെ കഴിഞ്ഞു. കുറച്ച് നാളുകൾക്ക് ശേഷം വളരെ പ്രതികൂലമായ ഒരു സംഭവമുണ്ടായി. ചാന്ദ്രമാസത്തിലെ മൂന്നാം നാൾ (കാർത്തിക നക്ഷത്രം) ഒരു പെരുമഴയുണ്ടായി, ഒപ്പം ഭയാനകമായ കൊടുങ്കാറ്റും.

128. പെട്ടെന്ന് മിന്നൽപ്പിണരുകൾ ഉണ്ടായി. പിശുക്കന്റെ ഗൃഹം പൂർണ്ണമായും നിലം പതിക്കുകയും, അവകാശികളില്ലാതെ ഭൂമി മാത്രം അവശേഷിക്കുകയും ചെയ്തു. മറ്റെല്ലാം കത്തി ചാരമായി മാറി.

129. ധനികനും അതിന്റെ ആക്രമണത്തിനിരയായി. അയാളുടെ ഭാര്യയോടൊപ്പം അയാൾ മരണമടഞ്ഞു. ദുബാക്കിയും മരണമടഞ്ഞു. മൂന്നുപേരുടെയും അന്ത്യം അത്തരത്തിലായിരുന്നു.

130. പിന്നീട് ധനികനായ ആ മനുഷ്യൻ മഥുരയിലെ ഒരു ദരിദ്ര ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. അയാളുടെ ഭാര്യ ഒരു ക്ഷേത്രപൂജാരിയുടെ കുടുംബത്തിലും ജനിച്ചു.

131. അവൾക്ക് ഗൗരി എന്ന് നാമകരണം ചെയ്യപ്പെട്ടു. ദുബാക്കിയുടേത് വളരെ

വ്യത്യസ്തമായ കഥയായിരുന്നു. അവൾ ശങ്കരഭഗവാനെ ആരാധിക്കുന്ന ഗുരവസമുദായത്തിൽ ജനിച്ചു. പക്ഷേ അവൾക്ക് അവളുടേതായ സ്ത്രീത്വം നഷ്ടപ്പെടുകയും ഒരു പുരുഷനായി ജനിക്കുകയും ചെയ്തു.

132. ബാലന്റെ നാമകരണ ചടങ്ങ് നടത്തപ്പെടുകയും അവന് ചനബാസപ്പ എന്ന് പേരിടുകയും ചെയ്തു. അത്തരത്തിൽ മൂന്നുപേരുടെയും അവസ്ഥകൾക്ക് മാറ്റമുണ്ടാകുകയും മുൻകർമ്മങ്ങൾ ഫലപ്രാപ്തിയിലെത്തുകയും ചെയ്തു.

133. ധനികന് പുനർജന്മത്തിൽ വീരഭദ്ര എന്ന് നാമകരണം ചെയ്യപ്പെട്ടു. ഇതാണ് പ്രാരാബ്ധകർമ്മങ്ങളുടെ സാരം, അത് അവസാനം വരെയും അനുഭവിക്കേണ്ടി വരും.

134. എനിക്ക് ശിവക്ഷേത്രത്തിലെ പൂജാരിയോട് വളരെ ഇഷ്ടമായിരുന്നു. അയാൾ പതിവായി എന്റെ ഗൃഹത്തിലെത്തുകയും എന്നോടൊപ്പം ചില്ലം പുകയ്ക്കുകയും ചെയ്തിരുന്നു.

135. എന്നിട്ട് ഞങ്ങൾ രാത്രി മുഴുവൻ സന്തോഷത്തോടെ സംസാരിച്ചിരിക്കും. ഗൗരി വളർന്ന് വിവാഹപ്രായമെത്തിയിരുന്നു. അയാൾ അവളെയും ഒപ്പം കൂട്ടിക്കൊണ്ട് വരുമായിരുന്നു.

136. അവളും എന്നോട് ഭക്തിയുള്ളവളായിരുന്നു. ഒരു ദിവസം പൂജാരി എന്നോട് പറഞ്ഞു: “ഞാൻ എല്ലായിടത്തും അന്വേഷിച്ചു; പക്ഷേ ആരുമായും അവളുടെ വിവാഹം ഉറപ്പിക്കാൻ കഴിഞ്ഞില്ല.

137. ‘‘ബാബാ അവൾക്ക് വേണ്ടി നല്ല ഒരു ഗൃഹം അന്വേഷിച്ച് ഞാൻ മടുത്തിരിക്കുന്നു. എന്റെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുന്നു. ഞാൻ ആകെ തളർന്നിരിക്കുകയാണ്.’’ ‘‘എന്തിനാണ് നീ അനാവശ്യമായി വിഷമിക്കുന്നത്?”, ഞാൻ പറഞ്ഞു. “വരൻ ഇങ്ങോട്ട് വരികയാണ്.

138. ‘‘നിന്റെ മകൾ വളരെ ഭാഗ്യവതിയാണ്. അവൾ വളരെ ധനികയാകും. അവൾക്ക് വേണ്ടി വരൻ സ്വയം അന്വേഷിച്ചെത്തും.

139. “കുറച്ച് നാളുകൾക്കുള്ളിൽ അവൻ നിന്റെ ഗൃഹത്തിലെത്തുകയും നിന്റെ ആഗ്രഹം സഫലമാകുകയും ചെയ്യും. നിന്റെ ആഗ്രഹപ്രകാരം അവൻ ഗൗരിയെ വിവാഹം കഴിക്കും.”

140. അതേസമയം വീരഭദ്രയുടെ കുടുംബം വളരെ ദരിദ്രമായിരുന്നു. അവൻ അവരെ ആശ്വസിപ്പിക്കുകയും ക്ഷമയോടെ കാത്തിരിക്കാൻ പറഞ്ഞുകൊണ്ട് വീട് വിട്ട് പോകുകയും ചെയ്തു.

141. ഭിക്ഷ യാചിക്കുകയും, ചിലപ്പോൾ കൂലിപ്പണികൾ ചെയ്തുകൊണ്ടും, അവൻ ഗ്രാമങ്ങൾ തോറും അലഞ്ഞുനടന്നു. ചിലപ്പോൾ അവന് ലഭിക്കുന്ന ആഹാരം മാത്രം കഴിക്കുകയും അത് കൊണ്ട് തൃപ്തനാകുകയും ചെയ്തു.

142. അങ്ങനെ അലഞ്ഞ് നടക്കുന്നതിനിടയിൽ ഭാഗ്യവശാൽ അവൻ പൂജാരിയുടെ ഗൃഹത്തിലെത്തി. അത് അള്ളാമിയായുടെ അദ്ഭുതകരമായ ഒരു ലീലയായിരുന്നു. എല്ലാവരും അവനെ ഇഷ്ടപ്പെട്ടു.

143. സാവധാനത്തിൽ പൂജാരിയ്ക്ക് അവനോട് വളരെ മമതയുണ്ടാകുകയും

ഗൗരിയെ അവന് വിവാഹം കഴിച്ചു നൽകണമെന്ന് ചിന്തിക്കുകയും ചെയ്തു. ജാതകങ്ങൾ തമ്മിൽ പൊരുത്തപ്പെടുകയും പൂജാരി സന്തുഷ്ടനാകുകയും ചെയ്തു.

144. പുരോഹിതൻ വീരഭദ്രനെ ഒപ്പം കൂട്ടി, ഒരു ദിവസം എന്റെയടുത്തെത്തി. രണ്ടുപേരെയും അപ്പോൾ ഒരുമിച്ചു കണ്ടപ്പോൾ എനിക്കൊരു ആശയം തോന്നി.

145. ആശയം തോന്നിയ ഉടൻ തന്നെ ഞാൻ അത് പറഞ്ഞു. "വിവാഹത്തിന് ഇത് ശുഭകരമായ സമയമാണെങ്കിൽ ഗൗരിയെ അവനെ ഏല്പിച്ച് കൊണ്ട് സ്വതന്ത്രനാകുക."

146. അയാളുടെ ഭാര്യയുടെ സമ്മതം നേടിയ ശേഷം, വീരഭദ്രനെ വരനായി തെരഞ്ഞെടുത്തു. ഒരു ശുഭമുഹൂർത്തത്തിൽ വിവാഹം ഉചിതമായ രീതിയിൽ നടത്തപ്പെട്ടു.

147. ചടങ്ങുകൾ കഴിഞ്ഞശേഷം ദർശനത്തിനും സന്തുഷ്ടമായ വിവാഹജീവിതത്തിന് അനുഗ്രഹങ്ങൾ നേടുന്നതിനും വേണ്ടി കുടംബം എന്റെ അടുത്തെത്തി.

148. ഞാൻ സന്തോഷത്തോടെ അവരെ അനുഗ്രഹിച്ചു. വീരഭദ്രന് ഇപ്പോൾ വളരെ അനായാസകരമായ ഒരു ജീവിതം ലഭിച്ചു. സന്തോഷവും ഐശ്വര്യവും കൊണ്ട് അനുഗൃഹീതനായ അയാൾ വളരെ സംതൃപ്തനായി കാണപ്പെട്ടു.

149. അയാളും എന്നോട് ഭക്തി കാട്ടി. കാലം കഴിഞ്ഞപ്പോൾ അവന്റെ ഐശ്വര്യം വർദ്ധിച്ചു. പക്ഷേ തീർത്തും സന്തുഷ്ടനും ധനത്തിനോട് ആർത്തിയുമില്ലാത്ത ഏതെങ്കിലും ഒരു മനുഷ്യനെ എപ്പോഴെങ്കിലും നിങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുണ്ടോ?

150. ധനം എന്നത് വലിയ ഒരു പ്രലോഭനമാണ്! വളരെ സമ്പത്തുള്ളവർ പോലും അത് മൂലം പ്രയാസപ്പെടുന്നു. വീരഭദ്രനും ചിലപ്പോഴൊക്കെ അസ്വസ്ഥനായിരുന്നു. ഇതാണ് പണം കാട്ടുന്ന ജാലങ്ങൾ!

151. വീരഭദ്രൻ പറഞ്ഞു: ''ബാബാ, ഈ വിവാഹമെന്ന ബന്ധനം ഒരു പ്രതിബന്ധമാണ്. പണമില്ലാത്തത് എനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിന് ഒരു പരിഹാരവും, എന്റെ കാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ നിർവ്വഹിക്കപ്പെടുന്നതിനും വേണ്ടി എന്തെങ്കിലും പറഞ്ഞു തരിക.

152. ഞാൻ അങ്ങയുടെ പാദങ്ങളിൽ വന്ദിക്കുന്നു. അങ്ങയെ കബളിപ്പിക്കുക എന്നത് എനിക്ക് നല്ലതല്ല. എന്നെ സഹായിക്കുന്നതിനും, എന്റെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ഞാൻ അങ്ങയോട് യാചിക്കുന്നു. എന്തൊക്കെയായാലും, അങ്ങാണല്ലോ ഈ വിവാഹം നടക്കാനിടയാക്കിയത്."

153. ഞാൻ അവന് ധാരാളം സദുപദേശങ്ങൾ നൽകി, സ്നേഹത്തോടെ അവനെ അനുഗ്രഹിച്ചു. "അള്ളാ – മാലിക് എല്ലാമറിയുന്നുണ്ട്. അദ്ദേഹത്തിന് മാത്രമേ പ്രയാസങ്ങൾ നീക്കാൻ കഴിയൂ."

154. വീരഭദ്രന്റെ ആഗ്രഹങ്ങൾ മനസ്സിലാക്കുകയും അവ സഫലീകൃതമാകുമെന്ന്

ഗ്രഹിക്കുകയും ചെയ്ത ഞാൻ അവനെ സമാശ്വസിപ്പിച്ചുകൊണ്ട് യാതൊരു തരത്തിലും ദുഃഖിക്കേണ്ടതില്ലെന്ന് പറഞ്ഞു.

155. ''സൗഭാഗ്യത്തിന്റെ നാളുകൾ വളരെ അടുത്താണ്. അനാവശ്യമായി അസ്വസ്ഥനാകരുത്. നിനക്ക് അനായാസമായി ധനം ലഭിക്കും. നിനക്ക് അത് ധാരാളമുണ്ടാകുകയും ചെയ്യും."

156. "സമ്പത്ത് എന്നെ നിന്ദാപരമായി വീക്ഷിക്കുകയാണ്. ചെറിയ ചെറിയ സാധനങ്ങൾക്ക് വേണ്ടിയുള്ള എന്റെ ഭാര്യയുടെ ആവശ്യങ്ങൾക്ക് അവസാനമില്ല. ഈ അപമാനം ഇപ്പോൾ മതിയായി! വിവാഹിതനാണെന്നുള്ള പദവി ആവശ്യമേയില്ല."

157. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് വളരെ ആശ്ചര്യകരമായ ഒരു സംഭവം നടന്നു! ഗൗരിയുടെ ഗ്രഹനിലയുടെ സ്ഥിതി നോക്കുക! തരിശ് ഭൂമിയുടെ വില കുതിച്ചുയർന്നു. ഈശ്വരന്റെ മാർഗ്ഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തതാണ്.

158. ഒരു ലക്ഷം ഉറുപ്പികകൾക്ക് ഭൂമി വിലയ്ക്ക് വാങ്ങാനായി ഒരു വ്യക്തി എത്തി. അയാൾ പകുതി വില രൊക്കമായി നൽകുകയും ബാക്കി പകുതി തവണകളായി നൽകാമെന്നുള്ള വ്യവസ്ഥ പറയുകയും ചെയ്തു.

159. വർഷംതോറും, പലിശയടക്കം രണ്ടായിരം ഉറുപ്പികകൾ അയാൾ നൽകണമെന്ന വ്യവസ്ഥ അംഗീകരിക്കപ്പെട്ടു. അത്തരത്തിൽ ഇരുപത്തിഅഞ്ച് വർഷങ്ങൾകൊണ്ട് മുഴുവൻ തുകയും ഗൗരിയ്ക്ക് ലഭിക്കും.

160. എല്ലാവരും ഈ കച്ചവടത്തെ അംഗീകരിച്ചു. പക്ഷേ ഗുരാവ് ചനബാസപ്പ ഒരു വ്യവസ്ഥ മുന്നോട്ടു വച്ചു. "ശങ്കരഭഗവാന് അർപ്പിക്കപ്പെടുന്ന ഏത് ധനത്തിലും ആദ്യ അവകാശി ഗുരാവ് ആകുന്നു.

161. "ഗുരാവ് എന്ന നിലയ്ക്ക് പലിശയുടെ പകുതി തുക എന്റെ പങ്ക് ആയി എനിക്ക് ലഭിക്കണം. അതിൽ കുറഞ്ഞൊന്നും ഞാൻ സ്വീകരിക്കുന്നതല്ല."

162. വീരഭദ്ര ഒന്നും തന്നെ അയാൾക്ക് നൽകിയില്ല. ചനബാസപ്പയാകട്ടെ ശാന്തനായി ഇരുന്നതുമില്ല. ഇത് വളരെയധികം വാദപ്രതിവാദങ്ങൾക്ക് വഴിതെളിച്ചു. ഇരുവരും എന്റെയടുക്കൽ എത്തി.

163. ''ശങ്കരഭഗവാൻ മാത്രമാണ് ഭൂമിയുടെ അവകാശി; അത് മറ്റാർക്കും ഉപയോഗിക്കാൻ കഴിയില്ല. അത്യാർത്തിയുടെ പിടിയിൽ പെടാതിരിക്കുക," എന്ന് ഞാൻ ഇരുവരെയും അറിയിച്ചു.

164. "ഇത് ശങ്കരഭഗവാന് അർപ്പിക്കപ്പെട്ട ഭൂമിയുടെ വിലയാണ്. ഗൗരിയല്ലാതെ മറ്റാരെങ്കിലും അതിൽ അവകാശവാദം ഉന്നയിക്കുകയാണെങ്കിൽ ഒന്നും തന്നെ ലഭിക്കില്ല.

165. "ഈശ്വരന്റെ അനുവാദമില്ലാതെ ആ പണം സ്പർശിക്കുന്നവർ ആരായാലും തീർച്ചയായും ഈശ്വരകോപത്തിന് ഇടയാകും. ഇവയെല്ലാം പൂർണ്ണമായും ഈശ്വരന് അവകാശപ്പെട്ടതാണ്.

166. "ഉടമസ്ഥാവകാശം പൂജാരിയുടെ മേൽ നിക്ഷിപ്തമാണ്. ഗൗരി മാത്രമാണ് ഒരേയൊരു അവകാശി. മറ്റാർക്കും അതിൽ ഒരു അവകാശവുമില്ല. അത്

ഗൗരിയുടെ സ്വന്തം ധനമാകുന്നു."

167. അതിനാൽ, ഞാൻ ഗൗരിയുടെ പക്ഷത്ത് നിന്ന് കൊണ്ട് അവർ ഇരുവരോടുമായി പറഞ്ഞു: ''അവളുടെ ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുക. അത് നിങ്ങൾക്ക് നന്മയുണ്ടാക്കും."

168. ''നിങ്ങൾ അവളുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ഈശ്വരപ്രസാദമുണ്ടാകുകയില്ല. വീരഭദ്രയ്ക്ക് ഇതിൽ സ്വതന്ത്രമായി ഇടപെടാനുള്ള യാതൊരു അധികാരവുമില്ല."

169. ഇക്കാര്യത്തിൽ ഞാൻ എന്റെ കാഴ്ചപ്പാട് വളരെ വ്യക്തമായി അറിയിച്ചപ്പോൾ, വീരഭദ്രയ്ക്ക് എന്നോട് അതിയായ കോപമുണ്ടാകുകയും, നിന്ദാവാക്കുകൾ എന്റെ മേൽ ചൊരിയുകയും ചെയ്തു.

170. അവൻ പറഞ്ഞു: ''ബാബാ, എന്റെ ഭാര്യയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിലൂടെ മുഴുവൻ തുകയും അങ്ങയുടെ ആവശ്യങ്ങൾക്കായി ദുർവിനിയോഗം ചെയ്യുക എന്നുള്ളതാണ് അങ്ങയുടെ ഉദ്ദേശ്യം."

171. ഈ വാക്കുകൾ കേട്ട് ഞാൻ സ്തബ്ധനായി. അള്ളാ-മിയായുടെ പ്രവൃത്തികൾ അവിശ്വസനീയമാണ്! എന്തിനാണ് അനാവശ്യമായി ദുഃഖിക്കുന്നത്!

172. എന്നോട് ഇങ്ങനെ (ആരോപണങ്ങൾ) പറഞ്ഞതിന് ശേഷം വീരഭദ്രപ്പ വളരെ കോപിഷ്ഠനാകുകയും ഗൃഹത്തിലെത്തി അയാളുടെ ഭാര്യയോട് ആക്രോശിക്കുകയും ചെയ്തു. വൈകുന്നേരം അവൾ ദർശനത്തിനായി എത്തിയപ്പോൾ, അവൾ എന്നോട് അഭ്യർത്ഥിച്ചു.

173. "ബാബാ, മറ്റൊരാളിന്റെ വാക്കുകൾ കേട്ട് എന്നോട് അതൃപ്തി ഉണ്ടാകരുത്. ഒരു മകളെപ്പോലെ തുടർന്നും എന്നെ സ്നേഹിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്."

174. അവളുടെ ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ അവൾക്ക് പൂർണ്ണമായ ഉറപ്പ് നൽകി: ''ഞാൻ നിനക്ക് ഏഴ് സമുദ്രങ്ങളിലും ഒതുക്കാനാകാത്ത തരത്തിലുള്ള സന്തോഷം നൽകുന്നതാണ്! വിഷമിക്കാതിരിക്കുക".

175. അതേ ദിവസം രാത്രി ഗൗരിബായി ഉറങ്ങിക്കിടക്കവേ അവൾക്ക് ഒരു സ്വപ്നദർശനം ലഭിച്ചു. ശിവൻ അവളുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. ഭഗവാൻ പറഞ്ഞത് എന്താണെന്ന് കേൾക്കുക:

176. "നോക്കൂ, ഈ ധനം മുഴുവൻ നിന്റേതാണ്. ആർക്കും ഒന്നും നൽകേണ്ടതില്ല. അത് എങ്ങനെ ചെലവഴിക്കണമെന്ന് ഞാൻ നിനക്ക് നിർദ്ദേശം നൽകുന്നതാണ്. അതേപോലെ എല്ലായ്പ്പോഴും പ്രവർത്തിക്കുക.

177. ''ക്ഷേത്രത്തിന് വേണ്ടി ചനബാസപ്പയുടെ ഉപദേശമനുസരിച്ച് ധനം ചെലവഴിക്കുക. ഞാൻ അവനെ വിശ്വസിക്കുന്നു. ഇതാകട്ടെ പ്രവർത്തനരീതി.

178. "മറ്റെന്തെങ്കിലും ഉദ്ദേശ്യങ്ങൾക്കായി ധനം ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടായാൽ, ധനം തെറ്റായി കൈകാര്യം ചെയ്യരുത്. അതിനാൽ മസ്ജിദിലെ ബാബയുമായി കൂടിയാലോചിക്കാതെ യാതൊരു ഏർപ്പാടുകളും ചെയ്യരുത്".

179. ഗൗരിബായി ഈ സ്വപ്നദർശനം വിശദമായി എന്നെ കേൾപ്പിച്ചു. സ്വപ്നദർശനത്തിൽ ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണമെന്ന് ഞാനും ഉചിതമായ തരത്തിൽ ഉപദേശിച്ചു.

180. "മൂലധനം നിന്റെ കൈവശം വയ്ക്കുക, അത് നിനക്ക് അവകാശപ്പെട്ടതാണ്. പലിശയുടെ പകുതി ചനബാസപ്പയ്ക്ക് കൃത്യമായി നൽകുക. വീരഭദ്രയ്ക്ക് അതിൽ അവകാശമൊന്നുമില്ല."

181. ഞങ്ങൾ ഇപ്രകാരം സംസാരിക്കവേ, അവർ ഇരുവരും വഴക്കടിച്ച് കൊണ്ട് അവിടെ എത്തി. ഇരുവരെയും ശാന്തരാക്കാൻ ഞാൻ വളരെ ശ്രമിച്ചു.

182. ഗൗരിക്ക് ശങ്കരനിൽ നിന്നും ലഭിച്ച സ്വപ്നദർശനത്തെക്കുറിച്ച് ഞാൻ അവരോട് വിശദമായി അറിയിച്ചു. അത് കേട്ടപ്പോൾ വീരഭദ്ര കോപത്താൽ ഭ്രാന്തനായി മാറി.

183. ഒരു കാരണവുമില്ലാതെ വീരഭദ്ര എതിരാളിയുടെ മേൽ ലക്ഷക്കണക്കിന് അധിക്ഷേപവാക്കുകൾ ചൊരിഞ്ഞു. അവൻ കഠിനമായ അസഭ്യവാക്കുകൾ ഉപയോഗിക്കുകയും അത് മറ്റേയാളിനെ ഭയപ്പെടുത്തുകയും സംഭ്രമിപ്പിക്കുകയും ചെയ്തു.

184. വീരഭദ്ര വളരെ കോപിഷ്ഠനായി. അയാൾ നിന്ദാവാക്കുകളും ശാപവാക്കുകളും ഉരുവിട്ടുകൊണ്ടിരുന്നു. "നിന്നെ എവിടെക്കണ്ടാലും ഞാൻ കൊല്ലും," അയാൾ പറഞ്ഞു.

185. ഭ്രാന്തമായ കോപത്തിനടിമയായ വീരഭദ്ര ചനബാസപ്പയെ നോക്കിക്കൊണ്ട് പറഞ്ഞു: "ഞാൻ നിന്നെ വെട്ടിനുറുക്കി, ആ കഷണങ്ങൾ മുഴുവൻ ഭക്ഷിക്കും."

186. ചനബാസപ്പ കരയുകയായിരുന്നു. അവൻ എന്റെ പാദങ്ങൾ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു: "എന്നെ ഈ അത്യാപത്തിൽ നിന്നും രക്ഷിക്കുക." ഞാൻ അവന് എന്റെ സംരക്ഷണം നൽകി.

187. അപ്പോൾ, ഭയപ്പെട്ടുനിന്ന ചനബാസപ്പയ്ക്ക് ഞാൻ ധൈര്യം നൽകി: "ഞാൻ നിന്നെ വീരഭദ്രയുടെ കൈകളാൽ മരിക്കാൻ അനുവദിക്കില്ല."

188. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് വീരഭദ്രയ്ക്ക് സന്നി ഉണ്ടാകുകയും മരണമടയുകയും ചെയ്തു. പിന്നീട് അവൻ ഒരു പാമ്പായി പുനർജ്ജനിച്ചു. അത്തരത്തിൽ ശരീരത്തിന് രൂപമാറ്റം സംഭവിച്ചിരുന്നു

189. ചനബാസപ്പ ഭയത്താലും ആശങ്കകളാലും ക്ലേശിച്ച്, മരണമടയുകയുണ്ടായി. അയാൾ ഒരു തവളയായി പുനർജ്ജനിച്ചു. ഇതാണ് അവന്റെ കഥ.

190. പൂർവ്വജന്മത്തിലെ ശത്രുത മൂലം വീരഭദ്ര ഒരു പാമ്പായി ജനിക്കുകയും, തവളയായി മാറിയ ചനബാസപ്പയെ പിന്തുടരുകയും ചെയ്തു. ഒടുവിൽ വീരഭദ്ര അവനെ പിടികൂടി.

191. തവളയായി ജനിച്ച പാവം ചനബാസപ്പ, പാമ്പായി മാറിയ വീരഭദ്രയുടെ വായിലകപ്പെട്ടു. അവന്റെ ദയനീയമായ കരച്ചിൽ കേട്ടപ്പോൾ എനിക്ക് അവനോട് കരുണ തോന്നി.

192. പൂർവ്വജന്മത്തിൽ നൽകിയ ഉറപ്പ് ഓർത്തുകൊണ്ട് ഞാൻ ചനബാസപ്പയെ പാമ്പിന്റെ വക്ത്രത്തിൽ നിന്നും രക്ഷപ്പെടുത്തുകയും എന്റെ വാഗ്ദാനം പാലിക്കുകയും ചെയ്തു.

193. അള്ളാഹ്, അദ്ദേഹത്തിന്റെ ഭക്തർക്ക് വിഷമതകൾ ഉണ്ടാകുമ്പോൾ അവരുടെ രക്ഷയ്ക്കായി ഓടിയെത്തുന്നു. അദ്ദേഹത്തിന്റെ ഭക്തന്റെ രക്ഷയ്ക്കായി അദ്ദേഹം എന്നെ ഇവിടേയ്ക്ക് അയച്ചതാണ്.

194. ഇതാണ് നീ ഇവിടെ കണ്ടത്. വീരഭദ്രയെ ഓടിച്ചുവിട്ടു. അവന്റെ ശല്യത്തിൽ നിന്നും ചനബാസപ്പ രക്ഷിക്കപ്പെട്ടു. ഇവയെല്ലാം ഈശ്വരന്റെ ലീലകളാണ്.

195. അത് അങ്ങനെ കഴിഞ്ഞു. ഇപ്പോൾ ചില്ലം നിറയ്ക്കുക. പുകയെടുത്ത ശേഷം ഞാൻ എന്റെ വാസസ്ഥാനത്തിലേക്ക് പോകും. നീയും നിന്റെ ഗൃഹത്തിലേക്ക് മടങ്ങുക. എന്നെ ഓർക്കുക.

196. ഇത് പറഞ്ഞുകൊണ്ട് ഞാൻ ചില്ലം പുകച്ചു. ആ സൗഹൃദം ആസ്വദിച്ച ശേഷം ഞാൻ ഗൃഹത്തിലേയ്ക്ക് മടങ്ങി. ഞാൻ അത്യധികം സന്തോഷവാനായിരുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ.

ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായിസമർത്ഥസച്ചരിതത്തിലെ നാല്പത്തിഏഴാം അദ്ധ്യായം “ശ്രീസായി പറഞ്ഞ കഥയുടെ വിവരണം” ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

**കുറിപ്പുകൾ**

1. വിയർക്കൽ, അനക്കമില്ലായ്മ, രോമാഞ്ചം, ശബ്ദമിടറൽ, വിറയൽ, വിളർച്ച, അശ്രുധാര, ബോധക്ഷയം

## 48

# സംശയാലുവായ ഭക്തന് അനുഗ്രഹം നൽകുന്നു

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇപ്പോൾ ഞാൻ ഈ അധ്യായം ആരംഭിക്കവേ, വളരെ ആദരവോടെ എന്റെ കഥ ശ്രവിച്ച, ജിജ്ഞാസുവായ ഒരു ശ്രോതാവ് ചോദിക്കുകയുണ്ടായി, ശ്രീസായി ഒരു ഗുരുവാണോ അതോ സദ്ഗുരുവാണോ എന്ന്.

2. അയാളുടെ സംതൃപ്തിക്കായി ഒരു സദ്ഗുരുവിന്റെ ഗുണങ്ങൾ ഞാൻ വർണ്ണിക്കുന്നതാണ്, അവയെല്ലാം ശ്രീ സായിസമർത്ഥയിൽ കാണപ്പെടുന്നവയാണ്.

3. വേദങ്ങളിൽ ശിക്ഷണം നൽകുന്നവരെയോ, ആറ് ശാസ്ത്രങ്ങളിൽ പാണ്ഡിത്യമുള്ളവരെയോ, വേദാന്തങ്ങളെ വിശദീകരിക്കാൻ ജ്ഞാനമുള്ളവരെയോ വിവേകികൾ സദ്ഗുരുക്കന്മാരായി കരുതുകയില്ല.

4. ശ്വാസത്തെ നിയന്ത്രിക്കുന്നവർ, അല്ലെങ്കിൽ തപ്തമുദ്ര[1] കാട്ടിയിരിക്കുന്നവർ, അല്ലെങ്കിൽ ബ്രഹ്മനെക്കുറിച്ചുള്ള വാഗ്ധോരണിയാൽ ശ്രോതാക്കളെ രസിപ്പിക്കുന്നവർ എന്നിവരെയൊന്നും വിവേകികൾ സദ്ഗുരുക്കന്മാരായി കരുതുകയില്ല.

5. അത്തരം ഗുരുക്കന്മാർ ശാസ്ത്രവിധിപ്രകാരമുള്ള മന്ത്രങ്ങൾ അവരുടെ ശിഷ്യന്മാർക്ക് പകർന്ന് നൽകുകയും, നാമജപം നടത്താൻ അവരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. പക്ഷേ, ഈ സാധനകൾ എപ്പോഴാണ് ഫലപ്രാപ്തിയിലെത്തുകയെന്ന് ആർക്കും പറയാൻ കഴിയില്ല.

6. ബ്രഹ്മന്റെ തത്ത്വങ്ങളെക്കുറിച്ചുള്ള അവരുടെ വിവരണം വളരെ മനോഹരമാണ്; ലൗകികപരമായ അറിവ് പുറമേയ്ക്ക് ശരിയായി തോന്നുന്നുണ്ടാകും; പക്ഷേ, അനുഭവജ്ഞാനം തീരെയുണ്ടാകില്ല. ആ അറിവ് പൊള്ളയും വെറും വാക്കുകൾ മാത്രവുമാണ്.

7. അത്തരം വിശദീകരണങ്ങൾ കേൾക്കുമ്പോൾ ഒരുവൻ ലൗകികവും ആത്മീയവുമായ രണ്ട് അനുഭവങ്ങളും വെറുക്കും. പക്ഷേ, സ്വാനുഭവത്തിന്റെ രസം വളരെ വ്യക്തമാണ്, ആത്മസാക്ഷാത്കാരം നേടിയ ഒരു വ്യക്തിക്ക് മാത്രമേ അത് മറ്റുള്ളവർക്ക് നൽകാൻ കഴിയൂ.

8. ശാസ്ത്രങ്ങളെക്കുറിച്ച് തികഞ്ഞ അറിവുള്ള, പരിപൂർണ്ണമായ അനുഭവജ്ഞാനം സിദ്ധിച്ച, പ്രായോഗികജ്ഞാനം പകർന്നു നൽകാൻ കഴിവുള്ളവ

നുമായ ഒരു വ്യക്തിക്ക് മാത്രമാണ് ശിഷ്യന് ഉപദേശം നൽകാൻ യോഗ്യത യുള്ളത്. അത്തരം ഒരു വ്യക്തി സദ്ഗുരു എന്ന് വിളിക്കപ്പെടുന്നു.

9. സ്വയം ആത്മസാക്ഷാത്കാരം നേടാത്ത ഒരുവന് എങ്ങനെയാണ് ശിഷ്യന് അത് നൽകാൻ കഴിയുക? എന്തായാലും, പ്രായോഗികജ്ഞാനം ഇല്ലാത്ത ഒരുവനെ സദ്ഗുരു എന്ന് വിളിക്കാൻ കഴിയില്ല.

10. ശിഷ്യനിൽ നിന്നും എന്തെങ്കിലും സേവനമോ, ലാഭമോ തന്റെ സ്വപ്ന ത്തിൽപ്പോലും പ്രതീക്ഷിക്കാത്തവനാണ് സദ്ഗുരു. നേരെമറിച്ച് ശിഷ്യന് സേവനം നൽകാനാണ് അയാൾ ആഗ്രഹിക്കുന്നത്.

11. ശിഷ്യൻ അപ്രധാനിയാണെന്നും, ഗുരു ഏറ്റവും ശ്രേഷ്ഠനാണെന്നും ചിന്തി ക്കാത്ത ഒരു സദ്ഗുരു മാത്രമേ പ്രയോജനകരമായി ഭവിക്കുകയുള്ളൂ. അയാൾ അഹംഭാവരഹിതനായിരിക്കണം.

12. ശിഷ്യൻ പൂർണ്ണബ്രഹ്മമാണെന്ന് അയാൾ വിശ്വസിക്കുകയും അവനെ സ്വന്തം മകനെപ്പോലെ കരുതുകയും ചെയ്യുന്നു. തന്റെ ജീവിതവൃത്തിക്കായി അയാൾ അവനിൽ നിന്നും ഒന്നുംതന്നെ പ്രതീക്ഷിക്കുന്നില്ല. അത്തരത്തിലുള്ള ഒരു സദ്ഗുരുവാണ് ലോകത്തിൽ ഏറ്റവും ശ്രേഷ്ഠനായ വ്യക്തി.

13. ശ്രേഷ്ഠമായ ശാന്തതയുടെ നിലയമായ, പാണ്ഡിത്യത്തിന്റെ അഹങ്കാരമില്ലാ ത്ത, ചെറുപ്പക്കാരും വൃദ്ധരുമെന്നും, ധനികനും ദരിദ്രനുമെന്നും വേർതിരിച്ച് കാണാത്ത ഒരുവൻ സദ്ഗുരുവിന്റെ മൂർത്തരൂപമാണ്.

14. ഇവയാണ് ഒരു സദ്ഗുരുവിന്റെ പൊതുവേയുള്ള ഗുണങ്ങൾ, പരിപൂർണ്ണമായും സ്വയം സമർപ്പണം നടത്തിയ ശ്രോതാക്കൾക്ക് വേണ്ടി ഞാൻ അവയൊക്കെ സമാഹരിക്കുകയും ചുരുക്കി വിവരിക്കുകയും ചെയ്തു.

15. സായിദർശനത്താൽ സമ്പൂർണ്ണരായ ഭാഗ്യവാന്മാരോട് ഇതിൽ കൂടുതൽ എന്താണ് ഞാൻ പറയുക? ഇവയാണ് ഒരു സദ്ഗുരുവിന്റെ യഥാർത്ഥഗുണ ങ്ങൾ.

16. അനേകം പൂർവ്വജന്മങ്ങളിലെ പുണ്യങ്ങളെല്ലാം ഒരുമിച്ച് ചേർന്നതിനാൽ എനിക്ക് സദ്ഗുരു സായിയുടെ ചരണങ്ങളിൽ അഭയം ലഭിച്ചു.

17. യൗവനത്തിന്റെ ഉച്ചാവസ്ഥയിൽപ്പോലും അദ്ദേഹത്തിന് സ്വന്തമായി ഒന്നുമു ണ്ടായിരുന്നില്ല – കുടുംബമുണ്ടായിരുന്നില്ല, ധനമുണ്ടായിരുന്നില്ല, സഹായി കളുണ്ടായിരുന്നില്ല, ഗൃഹമുണ്ടായിരുന്നില്ല. വെറും പുകയിലയും ചില്ലവും മാത്ര മാണ് അദ്ദേഹം സൂക്ഷിച്ചിരുന്നത്, ഒപ്പം അചഞ്ചലമായ നിശ്ചയദാർഢ്യവുമു ണ്ടായിരുന്നു.

18. പതിനെട്ട് വയസ്സുള്ളപ്പോൾ പോലും അദ്ദേഹത്തിന് പരിപൂർണ്ണമായ മനോ നിയന്ത്രണമുണ്ടായിരുന്നു. അദ്ദേഹം എല്ലായ്പ്പോഴും ഏകാന്തതയിൽ ഭയമി ല്ലാതെ വസിച്ചിരുന്നു; സദാ ബ്രഹ്മനിൽ ലയിച്ചുകൊണ്ട്.

19. അദ്ദേഹത്തിന്റെ ഭക്തരുടെ ശുദ്ധമായ സ്നേഹം കണ്ടപ്പോൾ, അവരുടെ സേവ നത്തിന് സന്നദ്ധനാകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം. അദ്ദേ ഹത്തിന്റെ ഭക്തവൃന്ദത്തോടുള്ള സ്നേഹം പ്രകടമാക്കുന്നതിന് വേണ്ടി

അദ്ദേഹം അവരോടൊപ്പം വളരെ സ്നേഹത്തോടെ ജീവിച്ചു.

20. വന്ദനം, അനശ്വര പരബ്രഹ്മമേ! വന്ദനം, അനാഥരക്ഷകാ, പരമാനന്ദസ്വരൂപമേ! വന്ദനം, ശ്രേഷ്ഠചൈതന്യവും ഭക്തരക്ഷകനുമായവനേ!

21. വന്ദനം, ദ്വന്ദ്വഭാവത്തിന് അതീതനായവന് വന്ദനം! വന്ദനം, ഗുണങ്ങൾക്കതീതനായവനും, ഗുണങ്ങളോട് കൂടിയവനുമായവന് വന്ദനം! എല്ലാറ്റിനും സാക്ഷിയായവനും എന്നാൽ അവയ്ക്ക് അതീതനും, ഭക്തരല്ലാത്തവരുടെ ഗ്രഹണശക്തിക്ക് അപ്രാപ്യനുമാകുന്നു.

22. വന്ദനം, ലൗകിക ജീവിതദുരിതങ്ങളുടെ നാശകന് വന്ദനം! വന്ദനം, ആശ്രയം തേടിയെത്തുന്നവരുടെ വിഷമതകൾ ഇല്ലാതാക്കുന്നവനും, സ്നേഹമൂർത്തിയുമായ സദ്ഗുരുരായ!

23. നിരാകാരത്തിൽ ലയിച്ച് അങ്ങ് അദൃശ്യനായിരിക്കുന്നു, പക്ഷേ, ദേഹത്യാഗത്തിന് ശേഷവും ഭക്തരുടെ നന്മയ്ക്കായി അങ്ങ് പ്രവർത്തിക്കുന്നു.

24. അങ്ങയോട് ഭക്തിയുള്ളവർക്ക് അങ്ങ് ദേഹവർത്തിയായിരുന്നപ്പോൾ ഉണ്ടായതുപോലുള്ള അതേ അനുഭവങ്ങൾ ഇപ്പോഴും ഉണ്ടാകുന്നു, അങ്ങ് ഇപ്പോൾ അദൃശ്യനായിട്ടുപോലും.

25. അപ്രധാനിയായ ഈയുള്ളവനെ അജ്ഞാനാന്ധകാരം അകറ്റാനുള്ള ഉപകരണമാക്കി മാറ്റിക്കൊണ്ട്, അങ്ങയുടെ ജീവചരിത്രമാകുന്ന സൂര്യനെ അങ്ങ് പ്രത്യക്ഷമാക്കിയിരിക്കുന്നു, ഭക്തരെ ഉദ്ധരിക്കാനുള്ള ശക്തി അതിനുണ്ട്.

26. ഈശ്വരന്റെ അസ്തിത്വത്തിൽ വിശ്വാസവും, അദ്ദേഹത്തിൽ ശ്രദ്ധയും – ഇവയാണ് ഒരു ഭക്തന് ഉണ്ടായിരിക്കേണ്ട ഹൃദയവിളക്കുകൾ. സ്നേഹമാകുന്ന എണ്ണയിൽ കുതിർത്തെടുത്ത തിരിയിട്ട് കത്തിച്ചാൽ, ജ്ഞാനത്തിന്റെ പ്രകാശം പരക്കും.

27. സ്നേഹമില്ലാത്ത ജ്ഞാനം ഔപചാരികം മാത്രമാണ്. അതുകൊണ്ട് ആർക്ക് എന്ത് പ്രയോജനമാണുള്ളത്? സ്നേഹമില്ലാതെ സംതൃപ്തിയുണ്ടാകില്ല. സ്നേഹം പരിമിതികളില്ലാത്തതായിരിക്കണം.

28. സ്നേഹത്തിന്റെ ശക്തിയെക്കുറിച്ച് ഞാൻ എങ്ങനെയാണ് വർണ്ണിക്കുക? അതിന് മുമ്പിൽ സകലതും അപ്രസക്തമാണ്. അഗാധമായ സ്നേഹമില്ലെങ്കിൽ ശ്രവണമോ പാരായണമോ വ്യർത്ഥമാണ്.

29. സ്നേഹമുണരുമ്പോൾ ഭക്തി, വിരക്തി, ശാന്തി, സംതൃപ്തി എന്നിവയുണ്ടാകുന്നു, ഒപ്പം മുക്തിയും അതിന്റെ സകല നിധികളും.

30. വിശ്വാസമില്ലാതെ സ്നേഹം ജനിക്കുകയില്ല. വിശ്വാസമുള്ളിടത്ത് ഈശ്വരനുമുണ്ട്. വിശ്വാസത്തിലൂടെ അത്യധികമായ സ്നേഹമുണ്ടാകുന്നു, മുക്തിക്കുള്ള മാർഗ്ഗവും വിശ്വാസമാണ്.

31. സായിചരിതം ഗംഗാജലം പോലെ പരിശുദ്ധമാണ്. അദ്ദേഹം സ്വയം അദ്ദേഹത്തിന്റെ സ്തോത്രത്തെ അലങ്കരിക്കുകയാണ്. ഹേമദ് വെറുമൊരു ഉപകരണം മാത്രമാണ്.

32. സായിചരിതം ശ്രവിക്കുന്നത് ശ്രോതാക്കളെയും ആഖ്യാതാവിനെയും എല്ലാ

യ്പ്പോഴും ശുദ്ധരാക്കുന്നു. പാപപുണ്യങ്ങൾ ഇല്ലാതായി ഇരുകൂട്ടരും മുക്തി പ്രാപിക്കുന്നു.

33. അത് ശ്രവിക്കുന്ന ശ്രോതാക്കൾ വളരെ ഭാഗ്യവാന്മാരാണ്; അതേപോലെ വിവരണകർത്താവും. ശ്രീ സായിസ്തോത്രം അനുഗൃഹീതമാണ്, അത് ഭക്തരെ ശുദ്ധീകരിക്കുന്നു.

34. ഈ ചരിത്രം വളരെ വിശ്വാസത്തോടും ശുദ്ധമനസ്സോടും കൂടി ശ്രവിക്കുന്നവന്റെ സകല ആഗ്രഹങ്ങളും എല്ലായ്പ്പോഴും സഫലമാകും.

35. ഈ സച്ചരിതം ഉത്തമമായ ഭക്തിയോടും ആദരവോടും കൂടി ആര് ശ്രവിച്ചാലും അവൻ ഉടൻ തന്നെ സായിപാദങ്ങളിൽ ഭക്തി നേടുന്നു.

36. സായിയെ സ്മരിക്കുകയും ഭക്തിയോടെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്താൽ, ഒരുവന് ഇച്ഛാനുസരണം ഇന്ദ്രിയ നിയന്ത്രണം സാധ്യമാകുകയും, ലൗകികസാഗരം അനായാസം മറികടക്കാനും കഴിയും.

37. ഈ സായിചരിതത്തിന്റെ വിവരണം, ഭക്തർക്ക് ശുദ്ധജലം പോലെയാണ്, അവർ ചാതകപ്പക്ഷികളെപ്പോലെയുമാണ്. ശ്രവണത്തിന് ശേഷം ശ്രോതാക്കൾ അതേക്കുറിച്ച് ധ്യാനം ചെയ്യണം, അപ്പോൾ ശ്രീസായിയുടെ കൃപ അവരിലുണ്ടാകും.

38. പൂർണ്ണവും ഏകാഗ്രവുമായ ശ്രദ്ധയോടെ ശ്രോതാക്കൾ അത് ശ്രവിക്കുകയാണെങ്കിൽ, കർമ്മബന്ധനങ്ങൾ ഇല്ലാതായി, ലൗകികജീവിതം പ്രയാസരഹിതമായി കടന്നുപോകാൻ കഴിയുന്നു.

39. അത് അങ്ങനെയാകട്ടെ. എപ്പോഴാണ് കഥ ആരംഭിക്കുക എന്ന് ശ്രോതാക്കൾ ആശ്ചര്യപ്പെടുന്നുണ്ടാകാം. ഒരു മുഖവുരയോടെ ഞാൻ അവരുടെ അസ്വസ്ഥത ദൂരീകരിക്കുന്നതാണ്.

40. ശത്രുത, കൊലപാതകം, കടം എന്നിവയുടെ ഫലങ്ങൾ അടുത്ത ജന്മത്തിൽ അനുഭവിക്കേണ്ടി വരുമെന്നും, അതിനാൽ ഒരുവന്റെ കർമ്മങ്ങളുടെ പരിണിതഫലങ്ങൾ അനുഭവിക്കാനായി അവൻ വീണ്ടും ജനിക്കേണ്ടി വരുമെന്നും കഴിഞ്ഞ അധ്യായത്തിൽ വിശദമാക്കി.

41. ഈ പാപകൃത്യങ്ങൾ ചെയ്യുന്ന വ്യക്തികൾ അവ ഓർമ്മിക്കുന്നുണ്ടാകില്ല, പക്ഷേ ദിവ്യന്മാർ അവ ഒരിക്കലും മറക്കില്ല. അവരുടെ ഭക്തന്മാർ എവിടെ ജനിച്ചാലും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായം അവർ നൽകുന്നു.

42. ഒരുവൻ എന്ത് കൃത്യം ചെയ്താലും, ഒരു ദിവ്യന്റെ പാദങ്ങളിൽ അർപ്പിക്കുന്ന വിശ്വാസം, ആ ഭക്തന് ക്ഷേമം നൽകുന്നത് എങ്ങനെയാണെന്ന് വിശദമാക്കുന്ന മറ്റൊരു കഥ കേൾക്കുക.

43. ഏത് കർമ്മവും തുടങ്ങുന്നതിന് മുമ്പ്, ഈശ്വരനായ ഗുരുവിനെ സ്മരിക്കുകയും, കർമ്മത്തിൽ മതിയായ ശ്രദ്ധ പുലർത്തുകയും ചെയ്യുകയാണെങ്കിൽ, അദ്ദേഹം ഭക്തന്റെ ഉത്കണ്ഠകൾ ഇല്ലാതാക്കും.

44. ഞാൻ പ്രവൃത്തി ചെയ്യുന്നവൻ മാത്രമാണ്. ഈശ്വരനായ സമർത്ഥഗുരു അതിന്റെ ഫലങ്ങൾ നൽകും. ഇപ്രകാരം ഉറച്ച് വിശ്വസിക്കുന്ന ഒരുവൻ ലൗകികജീവിതം മറികടക്കും.

45. തുടക്കത്തിൽ ദിവ്യന്മാർ കർക്കശക്കാരാണെന്ന് അനുഭവപ്പെടും. പക്ഷേ ആന്തരികമായി അവർക്ക് നിസ്വാർത്ഥ സ്നേഹമാണുള്ളത്. ഒരുവന് അല്പം ക്ഷമ ആവശ്യമാണ്. ഒടുവിൽ അവർ അവന്റെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കും.

46. ഒരുവൻ ഒരു ദിവ്യസമ്പർക്കത്തിന്റെ ആവരണത്തിൻ കീഴിലായാൽ, അവന്റെ മേൽ ഉന്നം വയ്ക്കപ്പെടുന്ന ദുഷ്ടതകൾ, അവന്റെ വിധിവശാൽ ഉയർന്നുവരുന്ന ദൗർഭാഗ്യങ്ങൾ, ഈ ലോകജീവിതത്തിലെ മിഥ്യാഭ്രമങ്ങൾ എന്നിവയെല്ലാം ഉടനടി നശിപ്പിക്കപ്പെടുന്നു. അതിനാൽ നിങ്ങൾ ഒരു ദിവ്യന്റെ പാദങ്ങളിൽ വിനീതനായി വർത്തിക്കുക.

47. അഹങ്കാരമില്ലാതെ, വിനയത്തോടെ ഒരു ദിവ്യന് സ്വയം സമർപ്പിക്കുക. നിങ്ങളുടെ സ്വന്തം സ്വകാര്യക്ഷേമത്തിനായി അദ്ദേഹത്തോട് പ്രാർത്ഥിക്കുക, അദ്ദേഹം നിങ്ങൾക്ക് മനഃശാന്തി നൽകും.

48. തുച്ഛമായ പാണ്ഡിത്യം മൂലം അഹങ്കരിക്കുകയും ദിവ്യന്മാരുടെ വാക്കുകളെ സംശയിക്കുകയും ചെയ്യുന്നവർ നഷ്ടങ്ങൾ അനുഭവിക്കേണ്ടിവരും; പക്ഷേ പിന്നീട് വിശ്വാസമുണ്ടാകുമ്പോൾ ക്ഷേമം കൈവരിക്കും.

49. തികഞ്ഞ വിശ്വാസത്തോടുകൂടി ആയാലും, നാട്യം കാട്ടുകയാണെങ്കിലും ഒരു ദിവ്യന്റെ പാദങ്ങളിൽ അഭയം തേടുന്നത് ഒടുവിൽ മുക്തി പ്രദാനം ചെയ്യുന്നു. ദിവ്യന്മാരുടെ മഹത്വം അവിശ്വസനീയമാണ്!

50. ഈ ഗുണപാഠം സാധൂകരിക്കുന്ന ഒരു കഥ ശ്രദ്ധയോടെ ഇപ്പോൾ കേൾക്കുക. ശ്രോതാക്കൾ സന്തോഷഭരിതരാകുകയും വിവരണകർത്താവിന് ഉത്സാഹമുണ്ടാകുകയും ചെയ്യും.

51. അക്കൽകോട്ട് നിവാസിയായ സപട്നേകർ വക്കീലിന്റെ അനുഭവം ശ്രവിക്കുക. നിങ്ങൾ സന്തുഷ്ടരാകും.

52. അയാൾ, പകലും രാത്രിയും നിയമപരീക്ഷയ്ക്കായി പഠിക്കവേ, ശിവഡെ എന്ന് പേരായ മറ്റൊരു വിദ്യാർത്ഥിയെ കാണുകയും അവർ തമ്മിൽ പരസ്പര ചർച്ചകൾ നടത്തുകയും ചെയ്തു.

53. ഒപ്പമുള്ള മറ്റ് വിദ്യാർത്ഥികൾ കൂടി അവിടെ എത്തുകയും, എല്ലാവരും ഒരു മുറിയിൽ ഒന്നിച്ചുചേരുകയും ചെയ്തു. അവരുടെ തയ്യാറെടുപ്പുകൾ എത്രത്തോളമായെന്ന് നിർണ്ണയിക്കാൻ വേണ്ടി, അവർ പരസ്പരം ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി.

54. ഓരോരുത്തർക്കും എന്തെങ്കിലും തെറ്റുകൾ ഉണ്ടോ എന്നറിയാനും, ഉത്തരങ്ങളുടെ കൃത്യത അറിയാനും, സംശയങ്ങൾ മാറ്റാനും വേണ്ടിയായിരുന്നു ഇപ്രകാരം ചെയ്തത്, അപ്പോൾ അവർക്ക് സമാധാനമുണ്ടാകും.

55. ശിവഡെ ചോദ്യങ്ങളുടെ ഉത്തരം പറയുന്നതിൽ ധാരാളം തെറ്റുകൾ വരുത്തി. അതിനാൽ, ഒടുവിൽ, അവന്റെ പഠനം വളരെ അപര്യാപ്തമാണെന്ന്

കണ്ടപ്പോൾ, അവൻ എങ്ങനെ പരീക്ഷയിൽ വിജയിക്കുമെന്ന് മറ്റെല്ലാ വിദ്യാർത്ഥികളും ആശ്ചര്യപ്പെട്ടു.

56. അവർ അവനെ പരിഹസിച്ചെങ്കിലും, താൻ പര്യാപ്തമായോ അപര്യാപ്തമായോ തയ്യാറെടുപ്പുകൾ നടത്തിയാലും ശരിയായ സമയത്ത് അയാൾ വിജയിക്കുമെന്ന പൂർണ്ണവിശ്വാസം ശിവഡെയ്ക്കുണ്ടായിരുന്നു.

57. “ഞാൻ പഠിച്ചില്ലെങ്കിലും, എന്റെ സായിബാബ, ഞാൻ വിജയിക്കുമെന്ന് ഉറപ്പുവരുത്തും. പിന്നെന്തിന് ഞാൻ വിഷമിക്കണം.”

58. ഈ വാക്കുകൾ കേട്ടപ്പോൾ സപട്നേകർ അദ്ഭുതപ്പെട്ടു. ശിവഡെയെ അരികിലേക്ക് വിളിച്ച് അയാൾ അവനെ ചോദ്യം ചെയ്യാൻ തുടങ്ങി.

59. “ഓ, നീ ഇത്രമാത്രം പുകഴ്ത്തുകയും, പൂർണ്ണ വിശ്വാസമർപ്പിക്കുകയും ചെയ്തിരിക്കുന്ന ഈ സായിബാബ ആരാണ്? എവിടെയാണ് അയാൾ താമസിക്കുന്നത്?”

60. മറുപടിയായി ശിവഡെ സായിയെക്കുറിച്ച് എല്ലാം അയാളോട് പറയുകയും, തനിക്ക് അദ്ദേഹത്തിലുള്ള വിശ്വാസം വളരെ വ്യക്തമായി തുറന്ന് അറിയിക്കുകയും ചെയ്തു.

61. “പ്രശസ്തമായ അഹമ്മദ്നഗർ ജില്ലയിൽ ഷിർദി എന്നൊരു ഗ്രാമമുണ്ട്. അവിടെ ഒരു മസ്ജിദിൽ ശ്രേഷ്ഠനും യശസ്വിയുമായ ഒരു ഫക്കീറുണ്ട്.

62. “പല സ്ഥലങ്ങളിലും ദിവ്യന്മാരുണ്ടാകും; പക്ഷേ, അവരെ കണ്ടുമുട്ടുക എന്ന ഭാഗ്യം ലഭിക്കാൻ ഒരുവന് ധാരാളം പുണ്യമുണ്ടായിരിക്കണം. ഒരുവന്റെ സ്വന്തം പരിശ്രമങ്ങൾ കൊണ്ട് ഫലമുണ്ടാകില്ല.

63. “എനിക്ക് അദ്ദേഹത്തിൽ പൂർണ്ണവിശ്വാസമുണ്ട്. അദ്ദേഹം പറയുന്നതൊക്കെ സംഭവിക്കും, അദ്ദേഹം ഉരുവിടുന്നത് സത്യമായി പരിണമിക്കും. അതിന് ഒരിക്കലും ഒരു വ്യത്യാസവുമുണ്ടാകില്ല.

64. “ഈ വർഷം ഞാൻ എത്ര പരിശ്രമിച്ചാലും, ഞാൻ പരീക്ഷയിൽ വിജയിക്കുകയില്ല. പക്ഷേ അടുത്ത വർഷം യാതൊരു പരിശ്രമവുമില്ലാതെ ഞാൻ വിജയിക്കും. ഇതാണ് ശരിയായ യാഥാർത്ഥ്യം.

65. “എനിക്ക് അദ്ദേഹത്തിന്റെ ഉറപ്പ് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും അസത്യമാകില്ല, അതിനാൽ എനിക്ക് അദ്ദേഹത്തിൽ പൂർണ്ണവിശ്വാസമുണ്ട്, അക്കാര്യത്തിൽ എനിക്ക് തീർച്ചയുണ്ട്.

66. “ഇതിൽ എന്ത് ആശ്ചര്യമാണുള്ളത്? അതുപോലെ സംഭവിക്കുകയും, അടുത്ത പരീക്ഷയിൽ ഞാൻ വിജയിക്കുകയും ചെയ്യും.” സപട്നേകർക്ക് ഈ വാക്കുകൾ പരിഹാസ്യവും അർത്ഥമില്ലാത്തതുമായി തോന്നി.

67. സംശയാലുവായ അയാൾക്ക് എങ്ങനെയാണ് ആ വാക്കുകളെ മനസ്സിലാക്കാൻ കഴിയുക. എന്തായാലും ശിവഡെ അവിടം വിട്ടുപോയി. പിന്നീട് എന്താണ് ഉണ്ടായതെന്ന് കേൾക്കുക.

68. കുറച്ച് നാളുകൾക്ക് ശേഷം ശിവഡെയുടെ വാക്കുകൾ സത്യമായി പരിണമിച്ചു. അവൻ പരീക്ഷകൾ രണ്ടിലും വിജയിച്ചു, സപട്നേകർ അദ്ഭുതപ്പെട്ടു.

69. പത്ത് വർഷങ്ങൾ കടന്നുപോയി. സപട്നേകർക്ക് പെട്ടെന്ന് ദുർഭാഗ്യങ്ങളുണ്ടാകുകയും അയാൾ ദുഃഖിതനാകുകയും ചെയ്തു. അയാൾ വളരെ ദുരിതത്തിലായിരുന്നു.

70. 1913–ൽ അയാളുടെ ഒരേ ഒരു മകൻ 'ഡിഫ്തീരിയ' എന്ന കണ്ഠരോഗബാധയാൽ മരണമടയുകയും അയാൾക്ക് ജീവിതത്തോടുള്ള താല്പര്യം ഇല്ലാതാകുകയും ചെയ്തു.

71. പന്ധർപൂർ, ഗംഗാപൂർ തുടങ്ങിയ എല്ലാ തീർത്ഥസ്ഥാനങ്ങളിലും അയാൾ പോയെങ്കിലും അയാൾക്ക് ആന്തരികശാന്തി ലഭിച്ചില്ല. പിന്നീട് അയാൾ വേദാന്തപഠനം തുടങ്ങി.

72. ഇത്തരത്തിൽ കുറച്ചുനാളുകൾ കടന്നുപോയി. മനഃശാന്തി ലഭിക്കാൻ വേണ്ടി അയാൾ കാത്തിരുന്നു. ഇങ്ങനെ കഴിയവേ, അയാൾ ശിവഡെയുടെ സംഭവം ഓർത്തു.

73. ശിവഡെയ്ക്ക് സായിയിലുള്ള വിശ്വാസവും നിശ്ചയദാർഢ്യവും അയാൾ ഓർത്തു. ശ്രീയുടെ ദർശനത്തിന് അയാളും പോകണമെന്ന് അയാൾക്ക് തോന്നി.

74. ദിവ്യന്മാരുടെ ദർശനത്തിന് പോകണമെന്ന് അയാൾ ചിന്തിച്ചു. 1913–ൽ ഷിർദിയിലേയ്ക്ക് പോകാനുള്ള ഒരുക്കങ്ങൾ നടത്തി. അയാളുടെ സഹോദരനോടൊപ്പം അയാൾ യാത്ര പുറപ്പെട്ടു.

75. ശിവഡെയെക്കുറിച്ച് അയാൾക്കുണ്ടായ ഓർമ്മയെ, ഒരു കാരണമോ ഉപകരണമോ ആക്കിക്കൊണ്ട് സായി അദ്ദേഹത്തിന്റെ പാദങ്ങളിലേയ്ക്ക് അയാളെ വിളിച്ചു ചേർക്കുകയായിരുന്നു. ഇത് ശ്രദ്ധയോടെ കേൾക്കുക.

76. ദിവ്യന്റെ ദർശനത്തിനായി സപട്നേകർ തന്റെ കുടുംബത്തോടും ഇളയസഹോദരൻ പണ്ഡിറ്റ് റാവുവിനോടുമൊപ്പം ഷിർദിയിലേയ്ക്ക് തിരിച്ചു.

77. അവർ ഇരുവരും അവിടെ എത്തുകയും, ഉടൻതന്നെ ശ്രീയുടെ ദർശനത്തിനായി പുറപ്പെടുകയും ചെയ്തു. ദൂരെനിന്നും സായിയുടെ ദർശനം ലഭിക്കുകയും, അവർ സംതൃപ്തരാകുകയും ചെയ്തു.

78. ദൂരെ നിന്നാണെങ്കിലും അവരുടെ കണ്ണുകൾ കൂട്ടിമുട്ടുകയും, അവർ പെട്ടെന്ന് അരികിലേയ്ക്ക് നീങ്ങുകയും ചെയ്തു. ഇരുവരും കൈകൾ കൂപ്പിക്കൊണ്ട് ബാബയുടെ മുമ്പിൽ കാത്തുനിന്നു.

79. അവർ ഇരുവരും ബാബയുടെ മുമ്പിൽ വിനയത്തോടെ വന്ദിക്കുകയും, സായിപാദങ്ങളിൽ ശുദ്ധമായ വിശ്വാസത്തോടും സ്നേഹത്തോടും കൂടി ഒരു നാളികേരം അർപ്പിക്കുകയും ചെയ്തു.

80. സപട്നേകർ സമർത്ഥന്റെ പാദങ്ങളിൽ നാളികേരം സമർപ്പിക്കാനെത്തിയപ്പോൾ സപട്നേക്കറുടെ നേർക്ക് പുച്ഛത്തോടെ ബാബ പറഞ്ഞു: "കടന്നു പോകൂ!".

81. സപട്നേകർ ദുഃഖിതനായി. എന്തുകൊണ്ടാണ് ബാബ കോപിഷ്ഠനായത്? ബാബയോട് അടുപ്പമുള്ള ആരെയെങ്കിലും കണ്ടെത്തി അത് അന്വേഷിക്കണ

മെന്ന് അയാൾ ചിന്തിച്ചു.

82. ദർശനത്തിലൂടെ അയാൾക്ക് എത്രമാത്രം സന്തുഷ്ടി ലഭിച്ചോ, അത്രമാത്രം വിപരീതഫലം ഈ വാക്കുകൾ അയാളിലുണ്ടാക്കുകയും അയാൾ വിഷമിക്കുകയും ചെയ്തു. ദുഃഖത്തോടെ മുഖം കുനിച്ച്, അയാൾ പുറകിലേയ്ക്ക് മാറി, ഒരിടത്ത് ഇരുന്നു.

83. 'ഇപ്പോൾ ഞാൻ ആരുടെ അടുത്തേക്കാണ് പോകുക? ഏത് ഭക്തനെയാണ് കാണേണ്ടത്? എന്താണ് ബാബയുടെ വാക്കുകളുടെ അർത്ഥം? ആരോടാണ് ഞാൻ എന്റെ ഹൃദയം തുറന്ന് സംസാരിക്കുക,' അയാൾ ചിന്തിച്ചു.

84. അയാളുടെ മാനസികാവസ്ഥ കണ്ട്, ചിലർ, അയാളുടെ സമാധാനത്തിനായി, ബാലഷിംപിയുടെ അടുക്കലേയ്ക്ക് പോകാൻ നിർദ്ദേശം നൽകി. അയാൾ അവനെ കണ്ടെത്തി.

85. സപട്നേകർ അവനോട് മുഴുവൻ കഥയും അറിയിച്ചു, എന്നിട്ട് പറഞ്ഞു: "ബാബ എന്നോട് വളരെ നീരസം കാട്ടുകയും, പരുഷവാക്കുകൾ ഉപയോഗിക്കുകയും ചെയ്തു.

86. "കുറഞ്ഞപക്ഷം നീ എന്റെയൊപ്പം വരികയും, സമാധാനപരമായ ദർശനം നേടാൻ സഹായിക്കുകയും ചെയ്യുക. എനിക്ക് ബാബയുടെ ദയാർദ്രമായ കടാക്ഷമാണ് വേണ്ടത്, അദ്ദേഹം എന്നോട് കോപിക്കരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു."

87. അങ്ങനെ, ബാല, അതിനോട് സമ്മതം പ്രകടിപ്പിക്കുകയും, സപട്നേകർക്ക് ആശ്വാസമാകുകയും ചെയ്തു. ബാല അയാളോട് ബാബയുടെ ഒരു ചിത്രം വാങ്ങാൻ പറയുകയും, അതിനുശേഷം ഇരുവരും ദർശനത്തിനായി പുറപ്പെടുകയും ചെയ്തു.

88. ചിത്രം കൈകളിൽ പിടിച്ചുകൊണ്ട് ബാല അയാളുടെയൊപ്പം പോയി. പിന്നീട് അത് ബാബയുടെ കൈകളിൽ നൽകിക്കൊണ്ട് അയാൾ പറഞ്ഞു:

89. "ഓ ദേവാ! ഇത് ആരുടെ ചിത്രമാണ്?" അതിൽ നോക്കിയ ശേഷം സപട്നേക്കറുടെ നേർക്ക് വിരൽ ചൂണ്ടിക്കൊണ്ട് ബാബ പറഞ്ഞു: "ഈ ചിത്രം നിന്റെ സുഹൃത്തിന്റേതാണ്."

90. ഇത് പറഞ്ഞുകൊണ്ട് ബാബ പുഞ്ചിരിച്ചു, കൂടിയിരുന്നവരും മന്ദഹസിച്ചു. "ബാബാ, ഈ ചിത്രത്തിന്റെ പുറകിലുള്ള രഹസ്യമെന്താണ്?" ബാല ബാബയോട് ചോദിച്ചു.

91. അതേ നിമിഷം തന്നെ ബാല സപട്നേകറോട് പറഞ്ഞു: "ദർശനം നടത്തുക, പെട്ടെന്ന് ചെയ്യുക." അപ്പോൾ അയാൾ വന്ദനം നടത്തവേ, "കടന്നു പോകൂ" എന്ന വാക്കുകൾ കേട്ടു.

92. മുമ്പ് കേട്ട, 'കടന്നു പോകൂ' എന്ന അതേ വാക്കുകൾ എന്നെ വേട്ടയാടുകയാണ്. ഇപ്പോൾ എന്താണ് ചെയ്യുക?, സപട്നേകർ ആശ്ചര്യപ്പെടുകയും, ചിന്താകുഴപ്പത്തിലാകുകയും ചെയ്തു.

93. അവർ രണ്ടുപേരും കൂപ്പുകൈകളോടെ, ബാബയുടെ മുമ്പിൽ നിൽക്കവേ

ബാബ അവർക്ക് അന്ത്യശാസനം നൽകി: “ഉടൻ തന്നെ ഇവിടെ നിന്നും പോകുക.”

94. “സായിസമർത്ഥ, ആർക്കും ഒരിക്കലും അങ്ങയെ ധിക്കരിക്കാൻ കഴിയില്ല. അപ്പോൾ അപ്രധാനികളായ ഞങ്ങളെപ്പോലുള്ളവരെക്കുറിച്ച് എന്താണ് പറയുക! ഞാൻ ഈ നിമിഷം ഇവിടെ നിന്നും പോകുകയാണ്.

95. “അങ്ങയുടെ ഉദാരത കേട്ടറിഞ്ഞ്, ഞാൻ ദർശനത്തിനായി എത്തിയതാണ്. പക്ഷേ നിന്ദയോടെ ഉരുവിട്ട ‘കടന്നു പോകുക’ എന്ന വാക്കുകളോടെയാണ് എന്നെ സ്വാഗതം ചെയ്തത്. ഇതിന്റെ രഹസ്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല!

96. ദയാപരമായ ഒരു കടാക്ഷവും അനുഗ്രഹവാക്കുകളുമാണ് ഞാൻ ആഗ്രഹിച്ചത്. എനിക്ക് താമസിയാതെ വീണ്ടും അങ്ങയുടെ ദർശനം സാധ്യമാകുമെന്ന് ഞാൻ ആശിക്കുന്നു!” അയാൾ ഈ ഒരു ഉറപ്പിന് വേണ്ടി പ്രാർത്ഥിച്ചു.

97. ബാബയുടെ മനസ്സിലുള്ളത് എന്താണെന്ന് ഗ്രഹിക്കാൻ മാത്രം അറിവുള്ളവരായി ആരാണ് ഉണ്ടാകുക? പക്ഷേ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ മാനിച്ചുകൊണ്ട് അവർ അവരുടെ ഗൃഹത്തിലേയ്ക്ക് മടങ്ങിപ്പോയി.

98. ഇത്തരത്തിലായിരുന്നു, ആദ്യദർശനം! അവർ ഇരുവരും അതിനാൽ വളരെ ദുഃഖിതരായിരുന്നു. യാതൊരു താമസവുമില്ലാതെ അവർ അവരുടെ ഗൃഹത്തിലേയ്ക്ക് മടങ്ങി.

99. ഒരുവർഷം കൂടി കടന്നുപോയി, എന്നിട്ടും അയാളുടെ മനസ്സ് ശാന്തമായില്ല. അയാൾ വീണ്ടും ഗംഗാപൂരിലേയ്ക്ക് പോയി, പക്ഷേ, അയാളുടെ മാനസികാവസ്ഥ കൂടുതൽ മോശമായി.

100. പിന്നീട് സപട്നേകർ വിശ്രമത്തിനായി മാധേഗാവണിലേയ്ക്ക് പോയി. ഒടുവിൽ അയാൾ കാശിയിലേയ്ക്ക് പോകാൻ തീരുമാനിച്ചു.

101. കാശിയിലേയ്ക്ക് പുറപ്പെടാൻ രണ്ടു ദിവസങ്ങൾ മാത്രം ശേഷിക്കവേ, അയാളുടെ ഭാര്യയ്ക്ക് ഒരു സ്വപ്നദർശനം ലഭിക്കുകയും, അവരുടെ കാശിയാത്ര ഉണ്ടായതുമില്ല.

102. ഈ സ്വപ്നദർശനത്തിന്റെ ആശ്ചര്യവും അതിന്റെ അദ്ഭുതകരമായ പരിണിതഫലവും ഞാൻ വിവരിക്കുന്നതാണ്. ഇപ്പോൾ തന്നെ അത് കേൾക്കുക. ഇതാണ് സായിയുടെ ലീലകൾ.

103. അവൾ അവളുടെ കിടക്കയിൽ ഉറങ്ങിക്കിടക്കവേ, അവൾക്ക് ഈ ദർശനം ലഭിച്ചു. അവൾ ഒരു വെള്ളക്കുടം വഹിച്ചുകൊണ്ട് ലക്കഡ്ഷായുടെ കിണറിനരികിലേയ്ക്ക് നടക്കുകയായിരുന്നു.

104. “അവിടെ ഒരു വേപ്പ്മരച്ചുവട്ടിൽ, ശിരസ്സിൽ ഒരു തുണിക്കഷണം ചുറ്റിയ, ഒരു ഫക്കീർ ഉണ്ടായിരുന്നു, അദ്ദേഹം എന്റെ സമീപത്തേയ്ക്ക് വന്നു,” അവൾ പറഞ്ഞു.

105. “കുഞ്ഞേ, നീ എന്തിനാണ് അനാവശ്യമായി ഈ ക്ലേശം സഹിക്കുന്നത്?” ഫക്കീർ മധുരവും സൗമ്യവുമായ ശബ്ദത്തിൽ പറഞ്ഞു: “ഞാൻ നിന്റെ കുടം

മുഴുവൻ ശുദ്ധജലത്താൽ നിറയ്ക്കാം."

106. അവൾക്ക് ഫക്കീറിനോട് ഭയം തോന്നി. ഒഴിഞ്ഞ കുടവുമായി അവൾ തിരികെ ഗൃഹത്തിലേയ്ക്ക് മടങ്ങി. ഫക്കീർ അവളെ പിന്തുടർന്നു.

107. അത്തരത്തിലുള്ള ഒരു സ്വപ്നം കണ്ട് അവൾ ഉറക്കമെഴുന്നേറ്റ് കണ്ണുകൾ തുറന്നു. ഭാര്യയുടെ സ്വപ്നത്തെക്കുറിച്ച് അയാൾ കേട്ടപ്പോൾ, ഷിർദിയിലേയ്ക്ക് പോകാനായി തീരുമാനിച്ചു.

108. അവർ ഉടൻതന്നെ പുറപ്പെടുകയും, പിറ്റേദിവസം ഷിർദിയിലെത്തുകയും ചെയ്തു. അവിടെ എത്തിയ ഉടൻ അവർ മസ്ജിദിലേയ്ക്ക് പുറപ്പെട്ടു. ആ സമയത്ത് ബാബ ലെൻഡിയിലായിരുന്നു.

109. അദ്ദേഹത്തിന്റെ വരവിനായി കാത്തുകൊണ്ട്, ബാബ എത്തുന്നത് വരെ അവർ അവിടെ ഇരുന്നു. അപ്പോൾ കുറച്ച് സമയത്തിനുള്ളിൽ ബാബ മടങ്ങിയെത്തി.

110. അവൾ സ്വപ്നത്തിൽ കണ്ട അതേരൂപം, യാതൊരു വ്യത്യാസവുമില്ലാതെ കണ്ടപ്പോൾ ആ സ്ത്രീ വളരെ ആശ്ചര്യപ്പെട്ടു. പിന്നീട് അവൾ ഇമചിമ്മാതെ നോക്കി.

111. ബാബയുടെ പാദങ്ങൾ കഴുകപ്പെട്ടതിനുശേഷം ഈ സ്ത്രീ ദർശനത്തിനായി മുമ്പോട്ട് നീങ്ങി. ബാബയുടെ പാദങ്ങളിൽ വന്ദിച്ചശേഷം, അവൾ അദ്ദേഹത്തെ തന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.

112. അവളുടെ വിനയഭാവം കണ്ട് സായിനാഥ് സംതൃപ്തനായി. അവളുടെ ഉത്കണ്ഠ മാറ്റാൻ പര്യാപ്തമായ ഒരു കഥ ബാബ സാവധാനം പറഞ്ഞുതുടങ്ങി.

113. അദ്ദേഹത്തിന്റെ സാധാരണ പതിവുപോലെ, ബാബ അദ്ദേഹത്തിന്റെ സ്വന്തം ശാരീരികബുദ്ധിമുട്ടുകൾ, വളരെ വിശദമായി, അവിടെ സന്നിഹിതനായിരുന്ന മറ്റൊരു വ്യക്തിയോട് പറയാൻ തുടങ്ങി.

114. യഥാർത്ഥത്തിൽ, അത് ആ സ്ത്രീയുടെ സ്വന്തം കഥയായിരുന്നു, അവൾ സ്വയം വിവരിക്കുന്നത് പോലെ. അവളുടെ സാന്നിദ്ധ്യത്തിൽ അത് പറയപ്പെടുകയും അവൾ അത് ശ്രദ്ധയോടെ കേൾക്കുകയും ചെയ്തു.

115. "വളരെ നാളുകളായി എന്റെ കൈകൾ, ഉദരം, ഇടുപ്പ് എന്നിവിടങ്ങളിൽ വേദനയാണ്. ഔഷധങ്ങൾ സേവിച്ച് ഞാൻ മടുത്തു, കാരണം ഒന്നിൽ നിന്നും ആശ്വാസം ലഭിക്കുന്നില്ല.

116. ഔഷധങ്ങൾ കഴിക്കാൻ എനിക്ക് മടിയാണ് കാരണം അവ കൊണ്ട് പ്രയോജനമില്ല. പക്ഷേ ഇപ്പോൾ ഞാൻ ആശ്ചര്യപ്പെടുകയാണ്, എന്തെന്നാൽ ആ വേദനകളെല്ലാം പെട്ടെന്ന് ഇല്ലാതെയായി."

117. ആ സ്ത്രീയുടെ പേര് സൂചിപ്പിക്കുകയോ അവളെ ചൂണ്ടിക്കാട്ടാതെയോ ആണ് ഈ കഥ മൂന്നാമതൊരു വ്യക്തിയോട് വിവരിക്കപ്പെട്ടത്. ഈ കഥ യഥാർത്ഥമായും അവളുടേതും, അവളുടേത് മാത്രവുമായിരുന്നു.

118. പിന്നീട്, ഒന്നോ രണ്ടോ മാസങ്ങൾക്കുശേഷം, ബാബ വിവരിച്ചതുപോലെ

അവളുടെ ശാരീരികവേദനകൾ തീരെ ഇല്ലാതെയായി. അപ്പോഴാണ് അവൾക്ക് അത് തിരിച്ചറിയാൻ കഴിഞ്ഞത്.

119. സ്ത്രീയുടെ ആഗ്രഹങ്ങൾ സഫലമായി. പിന്നീട് സപട്നേകർ ദർശനത്തിനെത്തിയപ്പോൾ ബാബ വീണ്ടും അയാളെ 'കടന്നുപോകൂ' എന്ന മുൻവാക്കുകളോടെ സംബോധന ചെയ്തു.

120. "ഞാൻ എന്ത് തെറ്റാണ് ചെയ്തതെന്ന് എനിക്ക് മനസ്സിലാകുന്നില്ല! ബാബയ്ക്ക് എന്നോട് അതിയായ അവജ്ഞയാണ് ഉള്ളത്. ഞാൻ വന്ദിക്കുമ്പോഴൊക്കെ അദ്ദേഹത്തിന് ഒരു മറുപടിയേ ഉള്ളൂ, അത് അദ്ദേഹത്തിന്റെ പതിവായിരിക്കുന്നു.

121. "എന്റെ പൂർവ്വജന്മങ്ങളിലെ എന്തെങ്കിലും പാപങ്ങൾ മൂലമായിരിക്കാം, അദ്ദേഹത്തിന് എന്നോട് കോപമുണ്ടാകുന്നത്. എന്റെ കൺമുമ്പിൽ വച്ച് അദ്ദേഹം മറ്റുള്ളവരോട് വളരെ സ്നേഹത്തോടെ പെരുമാറുന്നു.

122. "ഭക്തവൃന്ദം മുഴുവൻ, രാവിലെയും വൈകുന്നേരവും, സദാ ദീപാവലി പോലുള്ള സന്തോഷം അനുഭവിക്കുന്നു. "കടന്നുപോകൂ" എന്ന് കേൾക്കാനിടയായത് എന്റെ വിധിയാണ്!

123. "എന്റെ ഏതോ പ്രവൃത്തി അദ്ദേഹത്തെ പ്രകോപിപ്പിക്കുകയും, എന്നെ അധാർമ്മികനാക്കുകയും ചെയ്തിരിക്കുന്നു. ഞാനാകെ ചിന്താകുഴപ്പത്തിലാണ്. എന്റെ പാപങ്ങൾ വളരെയധികമുണ്ടായിരിക്കാം, അതായിരിക്കാം അദ്ദേഹത്തിന് എന്നോട് നീരസം തോന്നുന്നത്.

124. "തുടക്കത്തിൽ എനിക്ക് ബാബയോട് പ്രതികൂലമനോഭാവവും, നിറയെ സംശയങ്ങളുമുണ്ടായിരുന്നു. എന്നെ നേർവഴിക്ക് നയിക്കാനായി, ബാബ ഈ മാർഗ്ഗം സ്വീകരിക്കാനുള്ള കാരണം അതായിരിക്കാം."

125. അതിനാൽ ബാബ അയാളിൽ സംതൃപ്തനാകുന്നത് വരെ ഏകാഗ്രവും ശാന്തവുമായ മനസ്സോടെ അവിടെ താമസിക്കാൻ അയാൾ തീരുമാനിച്ചു.

126. ആശ്വാസം കിട്ടാതെ നിരാശനായി മടങ്ങിപ്പോയ വ്യക്തി, അയാൾ ത്രിദോഷങ്ങളാൽ ദുരിതമനുഭവിച്ചാലും, ബാബയുടെ ദർശനത്തിനായി അയാൾ തീവ്രമായി അഭിലഷിക്കുന്നുണ്ടെങ്കിൽ അത് സാധ്യമാകാതെ വരുമോ?

127. ആ ദിവസം, അയാൾ വളരെ ദുഃഖിതനായിരുന്നു, അയാളുടെ വിശപ്പ് ഇല്ലാതായി. അയാൾക്ക് എവിടെയും പോകണമെന്ന് തോന്നിയില്ല, ഉറങ്ങാനും കഴിഞ്ഞില്ല.

128. ബാബ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ തനിച്ചാകുകയും, സമീപത്ത് മറ്റാരും ഇല്ലാത്തതുമായ ഒരു അവസരം കണ്ടെത്താൻ അയാൾ തീരുമാനിച്ചു. അപ്പോൾ അയാൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ് പ്രാർത്ഥിക്കും.

129. സപട്നേകർ ഈ തീരുമാനം എടുത്തയുടൻ, അയാളുടെ ദൃഢനിശ്ചയത്തിന് ഫലമുണ്ടായി. വികാരഭരിതനായി അയാൾ ബാബയുടെ പാദങ്ങളിൽ വീണ്, അവയെ ആശ്ലേഷിച്ചു.

130. അയാൾ തന്റെ ശിരസ്സ് ബാബയുടെ പാദങ്ങളിൽ വച്ചയുടനെ, ബാബ അദ്ദേ

ഹത്തിന്റെ കരങ്ങൾ അയാളുടെ ശിരസ്സിൽ വച്ചു. പിന്നീട് സപട്നേകർ ബാബ യുടെ പാദങ്ങൾ തിരുമ്മവേ, ഒരു ഇടയസ്ത്രീ (ദൻഗർ) അവിടെ വന്നു.

131. ആ സ്ത്രീ എത്തിയ ഉടനെ, അവൾ ബാബയുടെ ഇടുപ്പ് തിരുമ്മാൻ തുടങ്ങി; ബാബ അദ്ദേഹത്തിന്റെ സാധാരണ പതിവുപോലെ അവളോട് സംസാരി ക്കാനും തുടങ്ങി.

132. സപട്നേകർ ആ കഥ ശ്രദ്ധയോടെ കേട്ടപ്പോൾ, അത് അക്ഷരംപ്രതി, അയാ ളുടെ സ്വന്തം കഥ ആയിരുന്നുവെന്നതായിരുന്നു ആശ്ചര്യം.

133. കഥയ്ക്ക് ഉചിതമായ പ്രതികരണം നൽകിയത് ഇടയസ്ത്രീയാണെങ്കിലും, അയാളുടെ സ്വന്തം കഥ ശ്രവിച്ച് സപട്നേക്കർ നിശ്ചലനായി ഇരിക്കുകയും, വളരെ അദ്ഭുതപ്പെടുകയും ചെയ്തു.

134. അത് ഒരു കച്ചവടക്കാരന്റെ കഥ പോലെയാണ് പറയപ്പെട്ടതെങ്കിലും യഥാർത്ഥ ത്തിൽ അത് അയാളുടെ കഥയായിരുന്നു, അയാളുടെ മരിച്ചുപോയ മകനും മരണവും ഉൾപ്പെടെ.

135. ജനനസമയം മുതൽ മരണം വരെയുള്ള എല്ലാ വസ്തുതകളും, വളരെ അടു ത്തറിയുന്ന ഒരാൾ അല്ലെങ്കിൽ ഒരു ബന്ധു പറയുന്നതുപോലെയായിരുന്നു,

136. കഥ ആ സ്ത്രീയോടാണ് പറയപ്പെട്ടതെങ്കിലും, അവൾക്ക് ആ കഥയുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. അത് ഒരു പിതാവിന്റെയും മകന്റെയും കഥയായിരുന്നു, എല്ലാ കാര്യങ്ങളും തീർത്തും ആ രണ്ടുപേരെയും സംബ ന്ധിച്ചുള്ളതായിരുന്നു.

137. അത് എന്തായാലും അങ്ങനെയാകട്ടെ. ഇത്തരത്തിൽ സപട്നേക്കർ അയാ ളുടെ സ്വന്തം കഥ സായിയുടെ വദനത്തിൽ നിന്നും കേട്ടപ്പോൾ, അയാൾ വളരെ ആശ്ചര്യപ്പെടുകയും, സായിയോട് അയാൾക്കുള്ള ആദരവ് വർദ്ധിക്കു കയും ചെയ്തു.

138. അയാൾ വളരെ അദ്ഭുതപ്പെട്ടു! ബാബ എങ്ങനെയാണ് ഇതെല്ലാം അറിഞ്ഞത്? പക്ഷേ, ബാബ വളരെ നിഷ്പ്രയാസം ഇതൊക്കെ അറിഞ്ഞിരുന്നു, അദ്ദേഹ ത്തിന്റെ കൈക്കുള്ളിൽ പിടിച്ചിരിക്കുന്ന ഒരു നെല്ലിക്ക എന്നപോലെ.

139. അദ്ദേഹം സ്വയം പരബ്രഹ്മനായിരിക്കെ, ഈ ലോകം അദ്ദേഹത്തിന്റെ കുടും ബമായിരുന്നു. ഈ ലോകത്തിൽ അദ്ദേഹം സർവ്വവ്യാപിയാണ്. ഇതാണ് സായി യുടെ ഗുണം.

140. എല്ലാ ജീവികളിലും ഐക്യത ദർശിക്കുന്ന അവതാരമായിരിക്കെ, എങ്ങനെയാണ് സായിക്ക് വ്യത്യസ്തത കാട്ടാൻ കഴിയുക? അദ്ദേഹം ഈ മുഴുവൻ പ്രപഞ്ചവുമാണ്.

141. ഈശ്വരനുമായി താദാത്മ്യം പ്രാപിച്ചവന് എങ്ങനെയാണ് ദ്വന്ദ്വഭാവം ഉണ്ടാ കുക? കാണുന്നവൻ, കാണുന്ന പ്രക്രിയ, കാണപ്പെടുന്ന വസ്തു എന്നിവ യൊന്നും അത്തരമൊരു വ്യക്തിക്ക് വ്യത്യാസമുണ്ടാകില്ല, ഏത് വർണ്ണമോ അഴുക്കോ ഉണ്ടായാലും ആകാശത്തെ അത് ബാധിക്കാത്തത് പോലെ.

142. ബാബ വളരെ സർവ്വജ്ഞനായിരുന്നു. ഇത് സപട്നേകർ തിരിച്ചറിഞ്ഞു. നല്ല

വരും സദ്ഗുണരുമായ ജനങ്ങളേ, ബാബ അയാളോട് പറഞ്ഞതെന്താണെന്ന് ഇപ്പോൾ ശ്രദ്ധിക്കുക.

143. അയാളുടെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് ആശ്ചര്യസ്വരത്തോടെ ബാബ ഈ വാക്കുകൾ പറഞ്ഞു: "അവൻ പറയുന്നത് ഞാൻ അവന്റെ മകനെ കൊലപ്പെടുത്തിയെന്നാണ്. അവൻ അതിന് എന്റെ മേൽ ദോഷാരോപണം നടത്തുകയാണ്.

144. "എന്താ ഞാൻ ആളുകളുടെ കുഞ്ഞുങ്ങളെ കൊല്ലാറുണ്ടോ? അവൻ എന്തിനാണ് മസ്ജിദിൽ വരികയും കരയുകയും ചെയ്യുന്നത്? ശരി, ഞാനിപ്പോൾ ഇത് ചെയ്യാം. ഞാൻ അവന്റെ മകനെ അവന്റെ ഭാര്യയുടെ ഗർഭപാത്രത്തിലൂടെ തിരികെ കൊണ്ടുവരാം.

145. "മരണപ്പെട്ട രാമദാസിനെ ആ സ്ത്രീയ്ക്ക് തിരികെ നൽകപ്പെട്ടത് പോലെ, ഞാൻ അവന്റെ സ്വന്തം മകനെ അവന്റെ ഭാര്യയുടെ ഗർഭത്തിൽ തിരികെ എത്തിക്കാം."

146. ഇത് കേട്ടപ്പോൾ സപട്നേക്കർ ബാബയെ ഇമയനക്കാതെ നോക്കിക്കൊണ്ട് പ്രതീക്ഷയോടെ ഇരുന്നു. ബാബ അദ്ദേഹത്തിന്റെ കരം അയാളുടെ ശിരസ്സിൽ വച്ച് അയാളെ അനുഗ്രഹിച്ചു.

147. അദ്ദേഹം പറഞ്ഞു: "ഈ പാദങ്ങൾ വളരെ പ്രാചീനമാണ്. നിന്റെ ദുഃഖങ്ങൾ ഇപ്പോൾ ഇല്ലാതെയായിരിക്കുന്നു. എന്നിൽ പൂർണ്ണവിശ്വാസമുണ്ടാകുക, താമസിയാതെ നിന്റെ ആഗ്രഹങ്ങൾ സഫലമാകും."

148. ഈ മധുരവാക്കുകൾ കേൾക്കുമ്പോൾ സപട്നേകർ ബാബയുടെ പാദങ്ങൾ തടവുകയായിരുന്നു. വികാരങ്ങളാൽ അയാളുടെ കണ്ഠമിടറുകയും, അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ചെയ്തു. അയാൾ ബാബയുടെ പാദങ്ങളിൽ വന്ദിച്ചു.

149. അയാളിൽ അഷ്ടസാത്വികഭാവങ്ങൾ നിറഞ്ഞു. അയാളുടെ കണ്ണുകളിൽ ആനന്ദക്കണ്ണീർ നിറയുകയും, അതിലൂടെ അയാൾ സ്നേഹത്തോടെ ബാബയുടെ പാദങ്ങൾ കഴുകുകയും ചെയ്തു.

150. വീണ്ടും ബാബ അദ്ദേഹത്തിന്റെ കരങ്ങൾ അയാളുടെ ശിരസ്സിൽ വച്ച് പറഞ്ഞു: "ദുഃഖമില്ലാതെ, ശാന്തനായി വർത്തിക്കുക." പിന്നീട് സപട്നേകർ അയാൾ താമസിച്ചിരുന്ന സ്ഥലത്തേയ്ക്ക് മടങ്ങിപ്പോകുകയും സന്തോഷത്തോടെ തിരികെ എത്തുകയും ചെയ്തു.

151. അയാൾ നൈവേദ്യം തയ്യാറാക്കി ഭാര്യയുടെ കൈവശം നൽകി. പിന്നീട് പൂജയും ആരതിയും നടത്തി. താലം ബാബയ്ക്ക് സമർപ്പിച്ചു.

152. അതിന് മുകളിൽ വെള്ളം തളിക്കപ്പെട്ടു. എല്ലാ ചടങ്ങുകളും യഥാവിധി ചെയ്യപ്പെട്ടിരുന്നു, ജലം കണ്ണുകളിൽ സ്പർശിക്കുന്നത്, മന്ത്രജപം നടത്തുന്നത്, സകല പ്രകൃതിശക്തികൾക്കും നിവേദ്യം അർപ്പിക്കുന്നത് എന്നിങ്ങനെ. പിന്നീട് അത് ബാബയ്ക്ക് സമർപ്പിക്കപ്പെട്ടു.

153. അപ്പോൾ സാധാരണയായുള്ള പതിവുപോലെ, നൈവേദ്യം സ്വീകരിച്ചിരി

ക്കുന്നു എന്നതിന്റെ സൂചനയായി ബാബ അദ്ദേഹത്തിന്റെ കരത്താൽ അതിൽ സ്പർശിച്ചു.

154. പിന്നീട് അവിടെയുണ്ടായിരുന്ന മറ്റ് ഭക്തർ ബാബയുടെ പാദങ്ങളിൽ വന്ദിക്കവേ, സപട്നേകർ ആളുകൾക്കിടയിലൂടെ തള്ളിക്കയറി വീണ്ടും പെട്ടെന്ന് ഒരു നമസ്കാരം കൂടി നടത്തി.

155. ആ ധൃതിക്കിടയിൽ ശിരസ്സുകൾ പരസ്പരം കൂട്ടിമുട്ടുന്നുണ്ടായിരുന്നു. അപ്പോൾ ബാബ വളരെ ശാന്തനായി സപട്നേകറോട് പറഞ്ഞു.

156. "ഓ, എന്തിനാണ് നീ കൂടെക്കൂടെ, നമസ്കാരത്തിനുശേഷം വീണ്ടും നമസ്കാരം നടത്തുന്നത്? ആദരവോടും ബഹുമാനത്തോടും ഒരിക്കൽ ചെയ്താൽ, അത് മതിയാകും."

157. അത് അങ്ങനെ കഴിഞ്ഞു. അന്ന് രാത്രി ഒരു ചാവടിഘോഷയാത്ര ഉണ്ടായിരുന്നു. സപട്നേകർക്ക് അത് വളരെ ഇഷ്ടമായി. അയാൾ വളരെ സ്നേഹത്തോടെ പാൽക്കിയുടെ മുമ്പിൽ നടക്കുകയും, ആഹ്ലാദത്തോടെ ദണ്ഡ് വഹിക്കുകയും ചെയ്തു.

158. ശ്രോതാക്കൾക്ക് മുമ്പുതന്നെ ഈ ചാവടി ഘോഷയാത്ര പരിചിതമാണ്. അതിനാൽ ഗ്രന്ഥം ദീർഘമാകാതിരിക്കാൻ വേണ്ടി, ഞാൻ വീണ്ടും അത് ഇവിടെ ആവർത്തിക്കുന്നില്ല.

159. പിന്നീട്, ആ രാത്രിയിൽ, ബാബയ്ക്ക് പകരം താൻ പാണ്ഡുരംഗനെയാണ് കാണുന്നതെന്ന് സപട്നേകർക്ക് തോന്നി. ഇത് ബാബയുടെ ഗഹനമായ ലീലയായിരുന്നു!

160. പിന്നീട് (പിറ്റേദിവസം) അയാൾ മടങ്ങിപ്പോകാനുള്ള അനുവാദം ചോദിച്ചപ്പോൾ, ആഹാരം കഴിച്ചശേഷം യാത്ര പുറപ്പെടാൻ നിർദ്ദേശിക്കപ്പെട്ടു. അയാൾ ആ നിർദ്ദേശം അതേപടി അനുസരിച്ചു. മടങ്ങിപ്പോകുന്ന സമയത്ത് അയാൾ ദർശനത്തിനായെത്തി.

161. അപ്പോൾ പെട്ടെന്ന് അയാൾക്ക് ഒരു ചിന്തയുണ്ടായി: 'ഇപ്പോൾ ബാബ ദക്ഷിണ ആവശ്യപ്പെടുകയാണെങ്കിൽ എങ്ങനെയാണ് എനിക്ക് അത് നൽകാൻ കഴിയുക?'

162. അയാളുടെ കൈവശമുണ്ടായിരുന്ന പണം ചെലവഴിക്കപ്പെടുകയും മടക്കയാത്രയ്ക്കുള്ള തുക മാത്രം അവശേഷിക്കുകയും ചെയ്തിരുന്നു. അതിനാൽ ബാബ 'എനിക്ക് ദക്ഷിണ തരിക' എന്ന് പറയുകയാണെങ്കിൽ എന്ത് മറുപടി നൽകണമെന്ന് അയാൾ മനസ്സിൽ കരുതിവച്ചു.

163. ആവശ്യപ്പെടുന്നതിന് മുമ്പ് ബാബയുടെ കൈയിൽ ഒരു ഉറുപ്പിക നൽകണമെന്നും, പിന്നീട് അദ്ദേഹം ചോദിക്കുകയാണെങ്കിൽ ഒന്നുകൂടി നൽകണമെന്നും അയാൾ തീരുമാനിച്ചു. അദ്ദേഹം വീണ്ടും ചോദിക്കുകയാണെങ്കിൽ അയാളുടെ കൈവശം കൂടുതൽ ഇല്ല എന്നുപറയും.

164. തീവണ്ടിയുടെ യാത്രാക്കൂലി മാത്രമേ അയാളുടെ കൈവശമുള്ളൂ എന്ന് ബാബയോട് തുറന്ന് പറയണമെന്ന് അയാൾ തീരുമാനിച്ചു; പിന്നീട് അയാൾ

ബാബയെ ദർശിക്കാനെത്തി.

165. അയാൾ മുമ്പ് ചിന്തിച്ച് ഉറച്ച തീരുമാനമനുസരിച്ച്, അയാൾ ഒരു ഉറുപ്പിക ബാബയുടെ കൈയിൽ നൽകുകയും, അയാളോട് ഒരു ഉറുപ്പിക കൂടി മാത്രം ബാബ ആവശ്യപ്പെടുകയും ചെയ്തു. അത് നൽകപ്പെട്ടപ്പോൾ ബാബ അയാളോട് വളരെ വ്യക്തമായി പറഞ്ഞു:

166. "ഈ ഒരു നാളികേരം എടുക്കുക. ഇത് നിന്റെ ഭാര്യയുടെ സാരിത്തുമ്പിൽ വയ്ക്കുക. ജീവിതത്തിലെ സകല ദുഃഖങ്ങളും മാറ്റിവച്ച്, സന്തോഷത്തോടെ ഇപ്പോൾ പോകുക."

167. പിന്നീട് ഒരു വർഷം കഴിഞ്ഞപ്പോൾ, അവർക്ക് ഒരു മകൻ പിറന്നു. മകന് എട്ട് മാസം പ്രായമുള്ളപ്പോൾ അവർ വീണ്ടും ദർശനത്തിനായി എത്തി.

168. അവർ ആ ബാലനെ ബാബയുടെ പാദങ്ങളിൽ കിടത്തി. ദിവ്യന്മാരുടെ ലീലകൾ എത്ര വിസ്മയാവഹമാണ്! പിന്നീട് അവർ ഇരുവരും കൈകൾ കൂപ്പിക്കൊണ്ട് ബാബയോട് പ്രാർത്ഥിച്ചു. അത് ശ്രവിക്കുക.

169. "ഓ സായിനാഥാ, ഇപ്പോൾ നമ്മൾ എങ്ങനെയാണ് ഈ കടപ്പാട് വീട്ടുക? ഞങ്ങൾക്ക് അത് അറിയാൻ കഴിയുന്നില്ല. ഞങ്ങളുടെ ശിരസ്സുകൾ അങ്ങയുടെ പാദങ്ങളിൽ അർപ്പിക്കാൻ മാത്രമേ ഞങ്ങൾക്ക് കഴിയൂ.

170. "ഞങ്ങൾ അധഃപതിച്ചവരും ദരിദ്രരും അപ്രധാനികളുമാണ്. അനാഥരായ ഞങ്ങളോട് ദയ കാട്ടുക. ഇനി മുതൽ എന്നും ഞങ്ങൾക്ക് അങ്ങയുടെ പാദങ്ങളിൽ അഭയം നൽകുക.

171. "പകലും രാത്രിയും, ഉണർന്നിരിക്കുന്ന അവസ്ഥയിലും നിദ്രയിലും, അനേകം ചിന്തകളും ആശയങ്ങളും ഞങ്ങളെ വേട്ടയാടുകയാണ്. അതിനാൽ ഞങ്ങളുടെ മനസ്സ് അങ്ങയുടെ ആരാധനയിൽ ഉറപ്പിച്ചു നിർത്തുക."

172. അത് അങ്ങനെയാകട്ടെ. പിന്നീട്, മുരളീധർ എന്ന് പേരായ ആ ബാലനോടും, ഭാസ്കർ, ദിനകർ എന്നീ മറ്റ് രണ്ട് പുത്രന്മാരോടുമൊപ്പം സപട്നേകറുടെ ജീവിതം സഫലമായി.[2]

173. അയാൾ തന്റെ ഭാര്യയോടൊപ്പം ദയാപരനായ സായിയുടെ മുമ്പിൽ വന്ദിച്ചു. അവർക്ക് ശാന്തിയും മനസ്സ്ഥൈര്യവും ലഭിച്ചു. പൂർണ്ണസന്തോഷത്തോടെ അവർ മടങ്ങിപ്പോയി.

174. വിവരണം തുടങ്ങിയപ്പോൾ ഈ കഥ വളരെ ചുരുക്കി വിവരിക്കണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. പക്ഷേ സായിനാഥ് എന്നെ സംസാരിക്കാൻ പ്രേരിപ്പിക്കുന്നു, അതിനാൽ അധ്യായം ദീർഘമായി.

175. ഈ ഹേമദ് അദ്ദേഹത്തിന് സ്വയം സമർപ്പിക്കുന്നു. ഇപ്പോൾ അടുത്ത അധ്യായത്തെക്കുറിച്ചുള്ള ഒരു സൂചന ഞാൻ ശ്രോതാക്കൾക്ക് നൽകുന്നതാണ്.

176. ആ കഥ ഇതിനേക്കാളും കൂടുതൽ മനോഹരമാണ്. അദ്ഭുതങ്ങൾ കാണാൻ താല്പര്യമുണ്ടായിരുന്ന ഒരു ഭക്തന്റെ ആഗ്രഹം സായി വളരെ നിശ്ശബ്ദമായി നിറവേറ്റുകയുണ്ടായി.

177. സായിയുടെ ഗുണങ്ങൾ വാഴ്ത്തപ്പെടുമ്പോൾ, കുറ്റങ്ങൾ മാത്രം കാണുന്ന

ആൾക്കാരുണ്ട്, എന്തുകൊണ്ടെന്നാൽ അവർ അത് മാത്രമേ കാണുകയുള്ളൂ. അവർക്ക് സ്വന്തം നന്മയോ, ആത്മീയനേട്ടമോ ഉണ്ടാകണമെന്നുള്ള യാതൊരു ഉദ്ദേശ്യവുമില്ല. അവരുടെ ഒരേ ഒരു ലക്ഷ്യം കുറവുകൾ കണ്ടെത്തുക എന്ന താണ്.

178. "സായിബാബ ഒരു ദിവ്യനായിരിക്കാം. പക്ഷേ, അദ്ദേഹം എനിക്ക് എന്തെ ങ്കിലും അനുഭവങ്ങൾ നൽകുകയോ, എനിക്ക് എന്തെങ്കിലും തെളിവുകൾ ലഭിക്കുകയോ ചെയ്യാതെ, എനിക്ക് അദ്ദേഹത്തെ വിശ്വസിക്കാനോ അംഗീക രിക്കാനോ കഴിയില്ല." ഇതാണ് അവരുടെ പറച്ചിൽ.

179. അടുത്ത അധ്യായത്തിൽ അദ്ദേഹത്തെ പരീക്ഷിക്കാൻ വേണ്ടി മാത്രം എത്തിയ ഒരുവനെക്കുറിച്ചുള്ള കഥയാണ്, പക്ഷേ അവന്റെ ആഗ്രഹവും സഫ ലമായി. ധാർമ്മികരായ ശ്രോതാക്കൾ അത് ശ്രവിക്കേണ്ടതാണ്.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥസച്ചരിതത്തിലെ നാല്പത്തിഎട്ടാം അധ്യായം "സംശയാലു വായ ഭക്തന് അനുഗ്രഹം നൽകുന്നു" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ചെമ്പിൽ നിർമ്മിച്ചതും, ചൂടാക്കിയതുമായ അച്ചുപോലുള്ള ഒരു ഉപകരണം കൊണ്ട് ശരീരത്തിൽ ചിത്രങ്ങൾ കൊത്തുന്നു.

2. ലഫ്. കേണൽ. എം.ബി. നിംബാൽക്കർ (റിട്ടയേർഡ്) – ഇപ്രകാരം പ്രസ്താവിച്ചിരി ക്കുന്നു – സപട്നേകറിനും അയാളുടെ ഭാര്യ പാർവ്വതിബായിക്കും എട്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ടായിരുന്നു. പാർവ്വതിബായിയുടെ നെറ്റിത്തടത്തിൽ ഉധി കൊണ്ട് അനേ കം തിലകമണിയിച്ചശേഷം, അവൾക്ക് ഇഷ്ടമുള്ളത്രയും കുഞ്ഞുങ്ങളെ എടുക്കാൻ ബാബ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു.

## 49

# ദിവ്യനെ പരീക്ഷിക്കുന്നതും മനോനിയന്ത്രണവും

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. സദ്ഗുരുവിനെ വാഴ്ത്തുന്നതിൽ വേദങ്ങളും പുരാണങ്ങളും എല്ലാ അർത്ഥത്തിലും ക്ഷീണിതമാകവേ, അജ്ഞാനിയും അവിവേകിയുമായ ഞാൻ നിശ്ശബ്ദനാകുന്നതാണ് നല്ലത്.
2. സത്യം പറയുകയാണെങ്കിൽ, നിശ്ശബ്ദത പാലിക്കുന്നത്, സാരത്തിൽ സദ്ഗുരുവിന്റെ സ്തുതിയാണ്. പക്ഷേ സായിയുടെ ഗുണങ്ങൾ നിങ്ങളുടെ നിശ്ശബ്ദത മറക്കാൻ ഇടയാക്കുന്ന തരത്തിലുള്ളതാണ്.
3. സായിയുടെ അവർണ്ണനീയമായ ലീലകൾ അനുഗൃഹീതമാണ്! ഞാൻ അവ ഗ്രഹിക്കുമ്പോൾ എനിക്ക് നിശ്ശബ്ദത പാലിക്കാൻ കഴിയുന്നില്ല. ആ വിഭവങ്ങളുടെ രുചി മധുരമാണെന്ന് അറിയുമ്പോൾ ഞാൻ ശ്രോതാക്കളെക്കുറിച്ച് ഓർക്കുന്നു.
4. അവ ആസ്വദിക്കുന്നതിൽ അവരും എന്റെയൊപ്പം പങ്ക് ചേരണമെന്ന് എനിക്ക് തോന്നുന്നു. അപ്പോൾ എന്റെ ആസ്വാദനം ഇരട്ടിയാകും. ഈ സദ്യ ഒരുക്കാൻ എനിക്കുള്ള കാരണം ഇതാണ്.
5. പങ്കുവയ്ക്കാൻ സുഹൃത്തുക്കളോ ധാർമ്മികരായ ജനങ്ങളോ ഇല്ലാതെ, ഒരുവൻ ഏകനാണെങ്കിൽ ഏറ്റവും വിശിഷ്ടമായ ഭോജ്യങ്ങളുടെ ആസ്വാദ്യത പോലും നഷ്ടമാകും.
6. സായിയുടെ സകല ആഗ്രഹങ്ങളും സഫലീകൃതമായവയാണ്. എല്ലാ ദിവ്യന്മാരുടെയും ആഭൂഷണമാണ് സായി. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ ആശ്രയവും ലൗകികജീവിതമാകുന്ന ചുഴിയിലെ പ്രയാസങ്ങളുടെ അന്തകനുമാണ്.
7. അദ്ദേഹത്തിന്റെ ലീലകൾ വർണ്ണിക്കാൻ എനിക്ക് വാക്കുകളില്ല. അവയെ വിവരിക്കാൻ എന്റെ ഭാഷണം അപര്യാപ്തമാണ്. അദ്ദേഹത്തെ ഗ്രഹിക്കുക അസാധ്യവും അദ്ദേഹത്തിന്റെ പ്രാഗല്ഭ്യം ഗ്രഹണശക്തിക്ക് അതീതവുമാണ്. എങ്ങനെയാണ് എനിക്ക് അവ ഗ്രഹിക്കാൻ കഴിയുക!

8. അദ്ദേഹം നന്മയുടെ മൂർത്തരൂപമാണ്. അതേ സായി അദ്ദേഹത്തിന്റെ കൃപ യാൽ, ഈ ഗ്രന്ഥം പൂർണ്ണമാക്കാൻ വേണ്ടി, അദ്ദേഹത്തിന്റെ കഥകൾ എന്നെ ഓർമ്മപ്പെടുത്തുന്നു. നിങ്ങൾ അത് മനസ്സിലാക്കുക.

9. അദ്ദേഹത്തിന്റെ അവർണ്ണനീയമായ മഹത്വത്തെക്കുറിച്ച് വർണ്ണിക്കാൻ ഞാൻ ശ്രമിക്കുകയാണ്, പക്ഷേ, അപ്രകാരം പ്രവർത്തിക്കാൻ യോഗ്യതയുള്ളത് ആർക്കാണ്? പര[1] ഒന്നും ചെയ്യാനാകാതെ മടങ്ങുമ്പോൾ പശ്യന്തി[2] മധ്യമ[3] എന്നിവയ്ക്ക് എന്താണ് ചെയ്യാൻ കഴിയുക?

10. ഇവ മൂന്നിനും അവയുടെ വായ് തുറക്കാൻ കഴിയാത്തപ്പോൾ നാലാമത്തേ തായ വൈഖരി[4]യ്ക്ക് എന്താണ് ചെയ്യാനാകുക? എനിക്ക് ഇത് പൂർണ്ണമായും അറിയാമെങ്കിലും എനിക്ക് സ്വയം നിയന്ത്രിക്കാൻ കഴിയുന്നില്ല.

11. സദ്ഗുരുവിന്റെ പാദങ്ങളിൽ വിനയത്തോടെ ആശ്രയം തേടാതെ ആത്മസാ ക്ഷാത്കാരം നേടാനാകില്ല. ദിവ്യന്മാർ ഈശ്വരന്റെ മൂർത്തരൂപങ്ങളാണ്, ഞാൻ അവരുടെ വരദഹസ്തത്തിനായി പ്രാർത്ഥിക്കുന്നു.

12. ഗുരുപാദങ്ങളിൽ സ്നേഹമുണ്ടാകുക എന്നത് തന്നെയാണ് സകല നേട്ടങ്ങ ളും. ദിവ്യന്മാരുടെ സമ്പർക്കം നേടാനുള്ള ആഗ്രഹവും അവരോടുള്ള സ്നേഹവും നമ്മുടേതാകട്ടെ!

13. അഹംഭാവം നിറഞ്ഞിരിക്കുന്ന ഒരുവനെ ഭക്തൻ എന്നു വിളിക്കാൻ കഴിയി ല്ല. അഹംഭാവം തീരെയില്ലാത്തവനാണ് യഥാർത്ഥഭക്തൻ.

14. സ്വന്തം പാണ്ഡിത്യത്താൽ ധാർഷ്ട്യം കാട്ടുകയും, സ്വയം വലിയവൻ എന്ന് കരുതുന്നതിനാൽ പൊങ്ങച്ചക്കാരനുമായ ഒരുവൻ അഹങ്കാരത്തിന്റെ പ്രതി രൂപം മാത്രമാണ്. അവന് എങ്ങനെയാണ് ഒരു ഉത്തമഭക്തനാകാൻ കഴിയുക?

15. ഗുരുവിന്റെ സ്തുതികൾ പാടാത്തവൻ ദൗർഭാഗ്യവാനാണ്. ബധിരനല്ലായെ ങ്കിലും അവ ശ്രവിക്കാത്തവൻ മൂഢതയുടെ ആൾരൂപമാണ്.

16. തീർത്ഥയാത്ര, വ്രതങ്ങൾ, യാഗം, ദാനം എന്നിവയേക്കാൾ ശ്രേഷ്ഠം തപസ്യ യാകുന്നു. ഈശ്വരപൂജ തപസ്യയേക്കാൾ ശ്രേഷ്ഠമാണ്, പക്ഷേ, ഒരുവന്റെ ഗുരുവിനെ ധ്യാനിക്കുന്നത് സർവ്വശ്രേഷ്ഠമാകുന്നു.

17. സായി മാത്രമാണ് അദ്ദേഹത്തിന്റെ ഭക്തരുടെ ധ്യാനവസ്തു; സായിയാണ് അവരുടെ ആരാധ്യദേവത; സായിയാണ് അവരുടെ രഹസ്യനിധി; അത് സംര ക്ഷിക്കപ്പെടേണ്ടതാണ്. പക്ഷേ പിശുക്കിന്റെ തരത്തിലാകരുതെന്ന് മാത്രം.

18. ചിലപ്പോഴൊക്കെ ഞാൻ അലസനായാലും ആന്തരികാത്മാവിൽ വസിക്കുന്ന സായി അങ്ങനെയല്ല. ഞാൻ കഥ മറന്നുപോകുകയാണെങ്കിൽ, അദ്ദേഹം സമയോചിതമായി എന്നെ ഓർമ്മപ്പെടുത്തും.

19. നിശ്ശബ്ദനായി ഇരിക്കണമെന്ന് ഞാൻ ചിന്തിച്ചാൽ, അങ്ങനെ ചെയ്യാനുള്ള ശക്തി എനിക്കില്ലാതാകുന്നു. കഥയുടെ പ്രചോദനം അപ്രതീക്ഷിതമായി ഉണ രുന്നതിനാൽ, തൂലിക കൈകളിൽ എടുക്കാൻ ഞാൻ നിർബന്ധിതനാകുന്നു.

20. അദ്ദേഹത്തിന്റെ ശ്രോതാക്കൾക്ക് അദ്ദേഹത്തിന്റെ ഗഹനമായ കഥ കേൾക്കാനും എന്റെ സ്വാർത്ഥമോഹങ്ങൾക്കും വേണ്ടി അദ്ദേഹം എന്നെ

ക്കൊണ്ട് ഈ സച്ചരിതം എഴുതിക്കുകയാണ്.

21. അതല്ലെങ്കിൽപ്പോലും ദിവ്യന്മാരുടെ കഥകൾ, അവർ സ്വയം സൃഷ്ടിക്കുകയും രചിക്കുകയുമാണ് ചെയ്യുന്നത്. അവരിൽ നിന്നും പ്രചോദനമില്ലെങ്കിൽ ഓരോ ചുവടിലും അവ ശുഷ്കവും മൂഢവുമായിരിക്കും.

22. അതിനാൽ ദയാപരനായ സായിനാഥ് എന്റെ മനസ്സിൽ പ്രവേശിച്ച്, എന്നെ ക്കൊണ്ട് ഈ ഗ്രന്ഥം എഴുതിക്കുകയും അതിലൂടെ എന്റെ ആഗ്രഹം സഫല മാക്കുകയും ചെയ്തു.

23. ഞാൻ നിരന്തരം ശ്രീസായിയുടെ നാമം ജപിക്കുകയും അദ്ദേഹത്തിന്റെ വച നങ്ങൾ ഓർക്കുകയും അദ്ദേഹത്തിന്റെ രൂപത്തെ ധ്യാനിക്കുകയും ചെയ്യുക യാണെങ്കിൽ, ഞാൻ പൂർണ്ണമായും സംതൃപ്തനായിരിക്കും.

24. സായിയുടെ നാമം ജപിക്കുകയും, ഹൃദയത്തിൽ അദ്ദേഹത്തോട് സ്നേഹം സൂക്ഷിക്കുകയും, സകല കർമ്മങ്ങളും അദ്ദേഹത്തിന് വേണ്ടി മാത്രം അനു ഷ്ഠിക്കുകയും ചെയ്യുന്നവരോട് സായിക്ക് അഗാധമായ കടപ്പാട് ഉണ്ടായിരി ക്കും.

25. ഈ ലൗകികജീവിതത്തിലെ ബന്ധനങ്ങൾ അറുത്ത് മാറ്റുന്നതിന് ഉത്തമമായ മറ്റൊരു മാർഗ്ഗവുമില്ല. സായിയുടെ കഥ ആത്മശുദ്ധിക്ക് വളരെ പര്യാപ്തമാ യതാണ്, അത് എല്ലായ്പ്പോഴും രുചിച്ചാൽ സന്തോഷം ലഭിക്കും.

26. പാദങ്ങൾ സായിക്ക് ചുറ്റും പ്രദക്ഷിണം വയ്ക്കാനായി ഉപയോഗിക്കുക, കർണ്ണ ങ്ങൾ സച്ചരിതം ശ്രവിക്കാനായി ഉപയോഗിക്കുക, നിങ്ങളുടെ ശരീരം മുഴുവ നുമുപയോഗിച്ച് അദ്ദേഹത്തെ സ്നേഹത്തോടെ ആശ്ലേഷിച്ചുകൊണ്ട് നയന ങ്ങൾ സായിയുടെ ദർശനത്തിനായി ഉപയോഗിക്കുക.

27. സാഷ്ടാംഗപ്രണാമത്തിലൂടെ നിലത്തുരുണ്ട് അദ്ദേഹത്തിന്റെ മുമ്പിലെത്തു ക, നിങ്ങളുടെ നെറ്റിത്തടം അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുക; അദ്ദേ ഹത്തിന്റെ നാമം സ്മരിക്കാൻ വേണ്ടി മാത്രം നാവ് ഉപയോഗിക്കുകയും അദ്ദേ ഹത്തിന് സമർപ്പിക്കപ്പെട്ട പൂക്കളുടെ സുഗന്ധം മണക്കാൻ മാത്രം നാസിക ഉപയോഗിക്കുകയും ചെയ്യുക.

28. ഇപ്പോൾ കഴിഞ്ഞ അധ്യായത്തിൽ പരാമർശിക്കപ്പെട്ട, അദ്ഭുതങ്ങൾ കാണാൻ താല്പര്യമുണ്ടായിരുന്ന ഒരു ഭക്തന്റെ കഥ തുടരാം. ഉറപ്പ് പറഞ്ഞത് പോലെ ഞാൻ അത് വിവരിക്കാം.

29. അവന് തന്റെ സ്വകാര്യ നന്മയോ ആത്മീയലാഭമോ നേടണമെന്നുള്ള ഉദ്ദേ ശ്യമുണ്ടായിരുന്നില്ല. ദിവ്യന്മാരുടെ മഹത്വത്തെക്കുറിച്ച് അവന് അറിവുണ്ടാ യിരുന്നില്ല. പക്ഷേ, ദിവ്യന്മാരുടെ ശ്രേഷ്ഠതയെക്കുറിച്ച് ആരെങ്കിലും പറയു കയാണെങ്കിൽ അവൻ അത് വിശ്വസിക്കുകയില്ല.

30. അവന്റെ സുഹൃത്തുക്കൾ സായിയുടെ കഥകൾ പറഞ്ഞു. അവൻ അവ കേട്ടു, പക്ഷേ, എല്ലായ്പ്പോഴും കുറ്റങ്ങൾ കണ്ടെത്തി. സ്വന്തം അനുഭവത്തിലൂടെ തീർച്ചപ്പെടുത്താതെ, അവ വിശ്വസിക്കാൻ അവൻ തയ്യാറായിരുന്നില്ല.

31. അവന്റെ പേര് ഹരി കനോബ എന്നായിരുന്നു. അവൻ അവന്റെ സുഹൃത്തുക്ക

ളോടൊപ്പം, സായിയെ പരീക്ഷിക്കുന്നതിനുവേണ്ടി ബോംബെയിൽ നിന്നും യാത്ര പുറപ്പെട്ടു.

32. പക്ഷേ, എല്ലാവരുടെയും ആന്തരികാത്മാവിനെ പ്രകാശമാനമാക്കുന്ന സായിയുടെ വൈഭവങ്ങൾ ആർക്കാണ് കൃത്യമായി ഗ്രഹിക്കാൻ കഴിയുക? അവ സമർത്ഥവും അനുപമവുമാണ്.

33. ഹരിഭാവു ഷിർദിയിലേയ്ക്ക് പുറപ്പെട്ടയുടൻ തന്നെ അയാളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് സായി അറിഞ്ഞിരുന്നു. അയാൾക്ക് ഒരു അദ്ഭുതം കാണണമെന്ന ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ, അതിനാൽ അയാൾ അത് മാത്രമേ അർഹിച്ചിരുന്നുള്ളൂ.

34. അദ്ദേഹം അയാൾക്ക് അതിന്റെ ചെറിയ ഒരു അനുഭവം നൽകുകയും അയാളെ തന്റെ ഭക്തനാക്കി മാറ്റുകയും ചെയ്തു, അത്തരത്തിൽ അയാളുടെ യാത്ര ഫലപ്രദമാക്കി. ദിവ്യന്മാർക്ക് അവരുടെ പ്രാഗല്ഭ്യം ശരിയായ രീതിയിൽ ആസൂത്രണം ചെയ്യാൻ കഴിയും.

35. കോപർഗാവണിൽ വച്ച്, ഗോദാവരി നദിയിൽ സ്നാനം ചെയ്തശേഷം, ഹരിഭാവു അയാളുടെ സുഹൃത്തുക്കളോടൊപ്പം ഒരു ടോംഗയിൽ കയറി. ഒട്ടും താമസമില്ലാതെ അവർ ഷിർദിയിലേയ്ക്ക് തിരിച്ചു.

36. കോപർഗാവണിൽ നിന്നും എത്തിയശേഷം ഹരിഭാവു അയാളുടെ കൈകാലുകൾ കഴുകിയശേഷം ദിവ്യനെ കാണുവാനും അറിയുന്നതിനും വേണ്ടി അവിടേയ്ക്ക് പോയി.

37. അയാളുടെ പാദങ്ങളിൽ ഒരു പുതിയ ജോഡി ചെരിപ്പും, ശിരസ്സിൽ ജാരി കരയുള്ള തലപ്പാവും ധരിച്ച്, ഹരിഭാവു സായിയുടെ ദർശനത്തിനായി ആകാംക്ഷയോടെ എത്തി.

38. പിന്നീട് മസ്ജിദിൽ എത്തി സായിയെ ദൂരെ നിന്നും കണ്ടപ്പോൾ, അദ്ദേഹത്തിന്റെയടുക്കലെത്തണമെന്നും അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിക്കണമെന്നും അയാൾക്ക് തോന്നി.

39. പക്ഷേ അയാളുടെ ചെരിപ്പുകളുടെ ഒരു പ്രശ്നം അയാൾക്കുണ്ടായി. കാരണം അവ സുരക്ഷിതമായി വയ്ക്കാൻ പറ്റിയ സ്ഥലം അവിടെ ഉണ്ടായിരുന്നില്ല. ഒടുവിൽ, അവിടെ ഒരു മൂല കണ്ടെത്തിയശേഷം, അവിടേയ്ക്ക് അവ കയറ്റി വച്ചു.

40. പിന്നീട് അയാൾ ദർശനത്തിനായി മുകളിലേക്ക് കയറി, സ്നേഹത്തോടെ ബാബയുടെ പാദങ്ങളിൽ വന്ദിച്ച് ഉധിയും പ്രസാദവും വാങ്ങി, വാഡയിലേയ്ക്ക് മടങ്ങാനായി തിരിഞ്ഞു.

41. അയാൾ ചെരിപ്പുകൾ അണിയാനായി എത്തിയപ്പോൾ, അവ അവിടെ കാണാൻ കഴിഞ്ഞില്ല. വളരെ നേരം തിരഞ്ഞതിനുശേഷം, കണ്ടെത്താൻ സാധ്യതയില്ലാ എന്ന് മനസ്സിലാക്കിയപ്പോൾ, അവയില്ലാതെ വളരെ നിരാശാവാനായി അയാൾ മടങ്ങിപ്പോയി.

42. വരികയും പോകുകയും ചെയ്തുകൊണ്ട്, വളരെ വലിയ ഒരു ജനക്കൂട്ടം

അവിടെ ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ ആരോടാണ് അയാൾ ചോദിക്കുക? അയാൾക്ക് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല.

43. അത്തരത്തിൽ അയാൾ അസ്വസ്ഥമായ ഒരു മാനസികാവസ്ഥയിലായിരുന്നു. അയാളുടെ കൺമുന്നിൽ ചെരിപ്പുകൾ മാത്രമായിരുന്നു; മനസ്സ് അയാളുടെ ചെരിപ്പിന്റെ മാത്രം ചിന്തയിലായിരുന്നു; അയാളുടെ മൊത്തം സ്വത്വവും ആ ചെരിപ്പുകളിൽ കേന്ദ്രീകരിച്ചിരുന്നു.

44. അയാൾ വളരെ ഉത്സാഹത്തോടെയാണ് അവ വാങ്ങിയത്, പക്ഷേ, ചെരിപ്പുകൾ കാണാനില്ലാതെ നഷ്ടമായിരിക്കുന്നു! ഏതോ കള്ളൻ അത് മോഷ്ടിച്ചതാണെന്ന് അയാൾക്ക് തീർച്ചയായി.

45. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് അയാൾ സ്നാനം കഴിഞ്ഞ് പൂജ, നൈവേദ്യങ്ങൾ എന്നിവയ്ക്ക് ശേഷം മറ്റുള്ളവരോടൊപ്പം ഭക്ഷണം കഴിക്കാനിരുന്നു. പക്ഷേ അയാളുടെ മനസ്സ് ശാന്തമായിരുന്നില്ല.

46. 'മുറ്റം സായിയുടേതാണ്! സായിയുടെ കണ്ണുകൾ വെട്ടിച്ച് ആരാണ് അവ എടുത്തിട്ടുള്ളത്? ഇതൊരു ചെറിയ ആശ്ചര്യമാണോ?'

47. അയാൾക്ക് വളരെ വിഷമം തോന്നി. അയാൾക്ക് ഭക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. പിന്നീട് അയാൾ കൈകൾ കഴുകാനായി പുറത്തേയ്ക്ക് വന്നു.

48. ഇതിനിടയ്ക്ക്, അപ്രതീക്ഷിതമായി, ഒരു മറാത്താബാലൻ ഒരു വടിയുടെ അറ്റത്ത്, നഷ്ടപ്പെട്ടുപോയ ചെരിപ്പുകൾ കോർത്ത്, ഒരു പതാകയെപ്പോലെ വീശുകയായിരുന്നു.

49. ആളുകൾ ഭക്ഷണശേഷം കൈകൾ കഴുകുകയായിരുന്നു. ബാലൻ ആളുകൾക്കിടയിൽ തെരച്ചിൽ നടത്തുകയായിരുന്നു. അവൻ പറഞ്ഞു: "ഈ വടി എന്റെ കൈയ്യിൽ ഏല്പിച്ച്, ബാബ എന്നെ അയച്ചതാണ്.

50. "അദ്ദേഹം എന്നോട് പറഞ്ഞു, "മകനേ, നീ പോയി, കാ യുടെ മകൻ ഹരി, ജാരി തലപ്പാവുണ്ട് എന്ന് വിളിച്ച് പറയുക, ഇത് സ്വന്തമാണെന്ന് പറയുകയും, ആകാംക്ഷയോടെ പിടിച്ചെടുക്കുകയും ചെയ്യുന്ന വ്യക്തിക്ക് ഇത് നൽകുക.

51. "പക്ഷേ ആദ്യമേ തന്നെ കായുടെ മകൻ ഹരിയാണെന്നും ജാരി തലപ്പാവുണ്ടെന്നും ഉറപ്പ് വരുത്തുക. ഒരുപാട് ഒച്ചയും ബഹളവും ഉണ്ടാക്കരുത്."

52. ബാലന്റെ വിളി കേൾക്കുകയും, അയാളുടെ ചെരിപ്പുകളാണെന്ന് തിരിച്ചറിയുകയും ചെയ്തപ്പോൾ, ഹരിഭാവു ആശ്ചര്യത്തോടെ അവന്റെ അടുത്തേയ്ക്ക് ഓടിയെത്തി.

53. നഷ്ടപ്പെട്ടുപോയ ചെരിപ്പുകൾ കണ്ടപ്പോൾ ഹരിഭാവുവിന്റെ കണ്ണുകളിൽ ആനന്ദക്കണ്ണീർ നിറയുകയും വികാരവിക്ഷോഭത്താൽ കണ്ഠമിടറുകയും ചെയ്തു. അയാൾ വളരെ ആശ്ചര്യപ്പെട്ടു.

54. അയാൾ ബാലനോട് പറഞ്ഞു: "വരൂ, ഇവിടെ വരിക. ഞാൻ കാണട്ടെ. ചെരിപ്പുകൾ എന്റെ അടുത്തേയ്ക്ക് കൊണ്ടുവരിക." അവ കണ്ടപ്പോൾ അയാൾ

ചോദിച്ചു. "നീ ഇത് എവിടെ നിന്നാണ് കണ്ടെത്തിയത്? വ്യക്തമായി എന്നോട് പറയുക.

55. ബാലൻ പറഞ്ഞു: "എനിക്കിതൊന്നും അറിയില്ല. ഞാൻ ബാബയുടെ നിർദ്ദേശങ്ങൾ അനുസരിക്കുക മാത്രമാണ് ചെയ്യുന്നത്. കായുടെ മകൻ ഹരി ആരാണോ, അയാൾ എന്നെ ജാരി തലപ്പാവ് കാണിക്കണം.

56. "ഞാൻ ഈ ചെരിപ്പുകൾ അയാൾക്ക് മാത്രമേ നൽകൂ. മറ്റാരേയും ഞാൻ പരിഗണിക്കില്ല. ബാബയുടെ ഈ സൂചനകൾക്ക് മതിയായ തെളിവുകൾ നൽകുന്നവർക്ക് മാത്രമേ ഈ ചെരിപ്പുകൾ എടുക്കാൻ കഴിയൂ."

57. "ഓ, ബാലാ, ഈ ചെരിപ്പുകൾ എന്റേതാണ്." ഹരിഭാവു അങ്ങനെ പറഞ്ഞെങ്കിലും ബാലൻ അവ അയാൾക്ക് നൽകിയില്ല. അപ്പോൾ അയാൾ ബാബയുടെ സൂചനകൾ കൊണ്ട് ബാലനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു.

58. അയാൾ പറഞ്ഞു: "കുഞ്ഞേ, ഞാനാണ് ആ ഹരി, കനോബായുടെ പുത്രൻ. ഈ വാക്കുകൾ സത്യമാണ്. അത് അക്ഷരം പ്രതി എന്റെ കാര്യത്തിൽ ശരിയാണ്.

59. "ഇപ്പോൾ ഈ ജാരി തലപ്പാവ് കൂടി കാണുക. ഇത് നിന്റെ എല്ലാ സംശയങ്ങളും ഇല്ലാതാക്കും. അതിനാൽ ചെരിപ്പുകളുടെ ഉടമസ്ഥനായി എന്നെത്തന്നെ കണക്കാക്കപ്പെടും, മറ്റാർക്കും അവ അവകാശപ്പെടാൻ കഴിയില്ല."

60. ബാലന് അപ്പോൾ ബോധ്യമായി. അവൻ ചെരിപ്പുകൾ ഹരിഭാവുവിന് നൽകി. അയാളുടെ ആഗ്രഹങ്ങൾ സഫലമായി. സായി ശരിയായ ഒരു ദിവ്യനാണെന്ന് അയാൾക്ക് അനുഭവിച്ചറിയാൻ കഴിഞ്ഞു.

61. അയാൾ ചിന്തിച്ചു: "എനിക്ക് ഒരു ജാരി തലപ്പാവുണ്ടെങ്കിലും, അത് അത്രയ്ക്ക് പ്രത്യേകതയുള്ളതാണോ? അത് എന്റെ ശിരസ്സിലുണ്ട്, എല്ലാവർക്കും അത് കാണുകയും ചെയ്യാം.

62. 'പക്ഷേ ഞാൻ വളരെ ദൂരദേശത്ത് നിന്നുമാണ് എത്തിയത്. ഇത് എന്റെ ആദ്യത്തെ ഷിർദിയാത്രയാണ്. എന്റെ പേര് ഹരി എന്ന് എങ്ങനെയാണ് ബാബ അറിഞ്ഞത്?

63. 'കനോബ എന്റെ പിതാവാണ്, മറ്റാർക്കും അദ്ദേഹത്തെ അറിയില്ല, കണ്ടിട്ടുമില്ല, അദ്ദേഹം കാ എന്ന് വിളിക്കപ്പെട്ടിരുന്നു. എനിക്ക് ആകെ അദ്ഭുതം തോന്നുന്നു.

64. 'മുമ്പ് എന്റെ സുഹൃത്തുക്കൾ സായിയുടെ മഹത്വത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചില്ല. ഇപ്പോൾ ഞാൻ യഥാർത്ഥമായും പശ്ചാത്തപിക്കുന്നു.

65. 'ഇപ്പോൾ ഈ അനുഭവം ഉണ്ടായതിനാൽ, എനിക്ക് സായിബാബയുടെ ശക്തികളെക്കുറിച്ച് ഗ്രഹിക്കാൻ കഴിഞ്ഞു. ഇവിടെ സംശയത്തിന്റെ കാര്യമേ ഉദിക്കുന്നില്ല. ശ്രീസായി ഒരു ശ്രേഷ്ഠദിവ്യനാണെന്ന് ഞാൻ അറിയുന്നു.'

66. ഒരുവന്റെ ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണ് അവന് അനുഭവങ്ങൾ ലഭിക്കുന്നത്. ഹരിഭാവുവിന്റെ കാര്യത്തിലും അത് തന്നെയാണ് സംഭവിച്ചത്. ഒരു ദിവ്യനെ പരീക്ഷിക്കാനുള്ള ആഗ്രഹമാണ് അയാൾക്കുണ്ടായിരുന്നത്, മാത്രമല്ല

ആത്മീയ നേട്ടത്തെക്കുറിച്ച് തീരെ ചിന്തയുമുണ്ടായിരുന്നില്ല.

67. സുഹൃത്തുക്കളും ബന്ധുക്കളും സായി സമർത്ഥൻ ശ്രേഷ്ഠദിവ്യനാണെന്ന് വിവരിച്ചിരുന്നു. അത് നേരിട്ട് അനുഭവിച്ചറിയാനും ഒരു അദ്ഭുതകൃത്യം കാണാനുമായിരുന്നു ഷിർദിയിലേയ്ക്ക് പോകാനുണ്ടായ കാരണം.

68. സ്വന്തം ജീവിതം ദിവ്യന്റെ പാദങ്ങളിൽ സമർപ്പിച്ച് ഈശ്വരനെ കണ്ടെത്താനായിരുന്നില്ല അവന്റെ ആഗ്രഹം. ഒരു ഓന്തിന് എത്ര ദൂരം പോകാൻ കഴിയും?[5]

69. 'ഒരു ദിവ്യന്റെ വാതിൽക്കൽ, എന്തെങ്കിലും അദ്ഭുതം കാണണമെന്ന് ഞാൻ ആഗ്രഹിച്ചു. ഇപ്പോൾ ഒരു ജോഡി പുതിയ ചെരിപ്പുകൾ എന്റെ സ്വന്തം കൈകളിൽ ഞാൻ സ്വീകരിച്ചിരിക്കുന്നു (എന്റെ സ്വന്തം വാതിൽക്കൽ!).'

70. 'എന്തായാലും അവ നിസ്സാരമായ ചെരിപ്പുകൾ മാത്രമാണ്. അവ കാണാതെ പോയാൽ എന്ത് നഷ്ടമാണ് സംഭവിക്കുക? പക്ഷേ അവ കണ്ടെത്തപ്പെടുന്നത് വരെ മനസ്സിന്റെ അസ്വസ്ഥത മാറുമായിരുന്നില്ല.'

71. ഒരു ദിവ്യന്റെ അനുഗ്രഹം നേടുന്നതിന് രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്ന് ഭക്തിയും മറ്റേത് ജ്ഞാനവും. ജ്ഞാനത്തിന്റെ മാർഗ്ഗം വളരെ ഗഹനവും ക്ലേശകരവുമാണ്. ഭക്തിയുടെ മാർഗ്ഗം സുഗമമാണ്.

72. ഭക്തി അത്രയ്ക്ക് സുഗമവും പ്രാപ്യവുമാണെങ്കിൽ, എന്തുകൊണ്ടാണ് എല്ലാവരും ആ മാർഗ്ഗം പിന്തുടരാത്തത്? അതിന് ഒരുവൻ ഏറ്റവും നല്ല ഭാഗ്യം നേടിയിരിക്കണം. എങ്കിൽ മാത്രമേ അത് സാധ്യമാകൂ.

73. ലക്ഷക്കണക്കിന് പുണ്യമാർന്ന ജന്മങ്ങൾക്ക് ശേഷം മാത്രമാണ് ഒരുവൻ ഒരു ദിവ്യനുമായി കണ്ടുമുട്ടാൻ ഇടയാകുന്നത്. ഒരു ദിവ്യന്റെ സമ്പർക്കത്തിൽ നിന്നുളവാകുന്ന സന്തോഷത്തിലൂടെ ഭക്തി ഉണർന്ന് വികസിക്കുന്നു.

74. മമതയിലധിഷ്ഠിതമായ ദൈനംദിനജീവിതത്തെക്കുറിച്ച് മാത്രമാണ് നമുക്കെല്ലാവർക്കും അറിയാവുന്നത്, എന്താണ് വിരക്തി എന്നത് നമുക്ക് അറിയില്ല. അത്തരത്തിലുള്ള മാനസികാവസ്ഥയുള്ളപ്പോൾ, അതിനെ ഭക്തി എന്ന് വിളിക്കാൻ കഴിയുമോ?

75. നമ്മുടെ ഭക്തിയുടെ ദൃഢതയ്ക്കനുസരിച്ചാണ് നമ്മുടെ ആഗ്രഹങ്ങൾക്ക് സഫലതയുണ്ടാകുന്നത്. ഇത് എല്ലാ കാലത്തെയും യാഥാർത്ഥ്യമാകുന്നു. ഇതിനെക്കുറിച്ച് അല്പം പോലും സംശയം ഉണ്ടാകേണ്ടതില്ല.

76. ഭൗതികനേട്ടങ്ങൾക്ക് വേണ്ടി പകലും രാത്രിയും സായിയുടെ ചുറ്റും കൂടിയവർക്ക് അത്തരത്തിലുള്ള സമ്മാനങ്ങൾ ലഭിച്ചു. പക്ഷേ ആത്മീയതയ്ക്ക് വേണ്ടി എത്തിയവർക്ക് അത് ലഭിച്ചു.

77. അത് അങ്ങനെയാകട്ടെ. മറ്റൊരു കഥ കേൾക്കുക. സോമദേവസ്വാമി എന്ന് പേരായ ഒരു വ്യക്തി സായിയെ പരീക്ഷിക്കാനായി ഷിർദിയിലെത്തി.

78. 1906 വർഷത്തിൽ, ഈ വ്യക്തി, ഉത്തരകാശിയിൽ വച്ച് ഒരു ധർമ്മശാല അഥവാ യാത്രക്കാർ താമസിക്കുന്ന വാസസ്ഥലത്ത് ഉണ്ടായിരുന്ന ഭായ്ജിയെ കണ്ടുമുട്ടാൻ ഇടയായി.

79. ഏവർക്കും അറിയാവുന്ന, പരേതനായ ദീക്ഷിതിന്റെ ഉത്തമസഹോദരനായിരുന്നു ഭായ്ജി. അയാൾ ബദരി–കേദാര തീർത്ഥാടനയാത്ര ചെയ്തിരുന്ന സമയത്താണ് വഴിക്ക് വച്ച് അയാളെ കണ്ടുമുട്ടിയത്.

80. ബദരി–കേദാരത്തിൽ നിന്നും ഇറങ്ങി വരവേ, ഭായ്ജി വഴിയിൽ ധാരാളം വിശ്രമസ്ഥലങ്ങൾ കണ്ടു, ഒപ്പം യാത്രക്കാരുടെ സംഘങ്ങളും അവിടെയുണ്ടായിരുന്നു.

81. അവർക്കിടയിൽ, ഹരിദ്വാറിലെ സ്വാമി എന്ന് പിൽക്കാലത്ത് അറിയപ്പെടാനിടയായ ഒരു വ്യക്തിയുണ്ടായിരുന്നു, അയാൾ, ബാബയുടെ മാർഗ്ഗനിർദ്ദേശം ലഭിക്കാൻ വിധിക്കപ്പെട്ടവനായിരുന്നു.

82. അയാളെക്കുറിച്ചുള്ള ഈ കഥ ഗുണപാഠപ്രദമാണ്. ബാബയുടെ പ്രകൃതത്തെക്കുറിച്ച് അത് വ്യക്തമായ ധാരണ നൽകുന്നതാണ്. അത് ശ്രോതാക്കൾക്ക് സന്തുഷ്ടിയും മറ്റെല്ലാ ജനങ്ങൾക്കും അതിയായ സന്തോഷവും പ്രദാനം ചെയ്യുന്നു.

83. ഭായ്ജി പ്രഭാതസ്നാനം മുതലായ കർമ്മങ്ങൾക്കായി പോകവേ, വഴിയിൽ വച്ച് ഈ സ്വാമിജിയെ കണ്ടുമുട്ടി. സാധാരണ രീതിയിൽ സംസാരിച്ച് തുടങ്ങിയപ്പോൾ ഇരുവർക്കും പരസ്പരം ഇഷ്ടം തോന്നി.

84. ബുവ, ഡെറാഡൂണിൽ നിന്നും ഏകദേശം 70 കോസ് അകലെയുള്ള ഉത്തരകാശിയിലെ ഗംഗോത്രി താഴ്വരയിലായിരിക്കുമ്പോഴാണ് ഈ കണ്ടുമുട്ടൽ നടന്നത്.

85. ബുവ പ്രഭാതത്തിൽ കൈയ്യിൽ ഒരു മൊന്തയുമായി പോകവേ, ഭായ്ജിയും അതേ ഉദ്ദേശ്യത്തോടെ ആ സ്ഥലത്തെത്തി.

86. ആദ്യം അവർ പരസ്പരം നോക്കി. പിന്നീട് അവർ വഴിയിൽ വച്ച് പരിചയപ്പെടുകയും, സന്തോഷത്തോടും സംതൃപ്തിയോടും കൂടി അന്യോന്യം ക്ഷേമാന്വേഷണം നടത്തുകയും ചെയ്തു.

87. സംഭാഷണത്തിനിടയിൽ അവർക്ക് ഇരുവർക്കും പരസ്പരം ഇഷ്ടം തോന്നുകയും ഓരോരുത്തരും മറ്റേയാളുടെ താമസസ്ഥലത്തെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്തു.

88. “താങ്കൾ ഹരിദ്വാറിലും ഞാൻ നാഗ്പൂരിലും താമസിക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ആ ഭാഗത്തേയ്ക്ക് അങ്ങ് വരാനിടയായാൽ, താങ്കളെ കാണാനുള്ള അവസരം എനിക്ക് തരിക.

89. “താങ്കളുടെ യാത്രയ്ക്കിടയിൽ അവിടെ എത്താനിടയായാൽ ഞങ്ങളുടെ ഗൃഹത്തെ ശുദ്ധമാക്കുക, ഒരിക്കൽകൂടി അങ്ങയെ കാണാനും എന്തെങ്കിലും ചെറിയ സേവനങ്ങൾ ചെയ്യാനുമുള്ള സന്തോഷം ഞങ്ങൾക്ക് നൽകുക.

90. “ദയവായി എന്നെ ഓർക്കുകയും, എന്റെ ഗൃഹത്തിലേയ്ക്ക് വരികയും ചെയ്യുക. ഇത് എന്റെ പ്രാർത്ഥനയാണ്. ഭവാൻ അത് സാധ്യമാക്കിത്തരിക.”

91. ഇത്തരത്തിലുള്ള സംഭാഷണം നടന്നത് 1906–ൽ ഉത്തരകാശിയിൽ വച്ചാണ്.

92. ഇരുവരും പരസ്പരം മേൽവിലാസങ്ങൾ കൈമാറി. സമതലത്തിൽ എത്തിയ

പ്പോൾ അവർ വഴിപിരിഞ്ഞ് പോയി.

93. അഞ്ച് വർഷങ്ങൾക്ക് ശേഷം സായിയുടെ സമ്പർക്കത്തിനുള്ള സമയമായപ്പോൾ, ഭായ്ജിയെ കാണണമെന്നുള്ള അതിയായ ഒരു അസ്വസ്ഥത സ്വാമിജിക്കുണ്ടായി.

94. 1911 വർഷത്തിൽ സ്വാമിജി നാഗ്പൂരിലെത്തി. ശ്രീസായിനാഥന്റെ കഥകൾ അയാൾക്ക് ശുദ്ധമായ ആനന്ദം പ്രദാനം ചെയ്തു.

95. അയാൾ സൗകര്യപ്രദമായി ഷിർദിയിലെത്തുന്നതിന് അയാളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു കത്ത് ഭായ്ജി അയാൾക്ക് നൽകി. അത്തരത്തിൽ യാത്രയുടെ മുഴുവൻ പദ്ധതിയും തയ്യാറാക്കിയ ശേഷം സ്വാമിജി നാഗ്പൂരിൽ നിന്നും യാത്ര തിരിച്ചു.

96. അയാൾ മാൻമഡിൽ ഇറങ്ങിയപ്പോൾ, കോപർഗാവണിലേയ്ക്കുള്ള തീവണ്ടി പുറപ്പെടാൻ തയ്യാറായിരുന്നു. അവിടെ നിന്നും അയാൾ സന്തോഷകരമായ ദർശനത്തിന്റെ പ്രതീക്ഷയോടെ ഒരു ടോംഗയിൽ കയറി.

97. നിങ്ങൾ എവിടെപ്പോയാലും ഒരു ദിവ്യന്റെ പെരുമാറ്റവും ജീവിതരീതികളും മറ്റൊരു ദിവ്യന്റേതിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കും. അതൊരിക്കലും എല്ലായിടത്തും ഒരു പോലെയായിരിക്കില്ല.

98. ഒരു ദിവ്യന്റെ സ്വഭാവം മറ്റൊരാളുടേത് പോലെയായിരിക്കില്ല. അവരുടെ ശ്രേഷ്ഠത നിർണ്ണയിക്കാനുള്ള അളവുകോൽ അതല്ല.

99. ഒരു ദിവ്യനെ ആദ്യമായി ദർശിക്കാൻ പോകുമ്പോൾ തന്നെ ഒരുവന് ഇത്ര മാത്രം ഉത്കണ്ഠ എന്തിനാണ്? അവരുടെ സ്വഭാവരീതികൾ നോക്കിക്കാണാനാണ് ഒരുവൻ പോകുന്നതെങ്കിൽ, അവൻ സ്വയം അവന്റെ ക്ഷേമത്തെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

100. പക്ഷേ ആ സ്വാമിജിയുടെ സഹജസ്വഭാവമനുസരിച്ച് അനേകം അനുമാനങ്ങളും മിഥ്യാധാരണകളും ഉയരാൻ തുടങ്ങി. ഷിർദിയിലെ പതാകകൾ വളരെ ദൂരെ നിന്നും കണ്ടപ്പോൾ, അയാളുടെ മനസ്സിൽ അനേകം സംശയങ്ങളുണ്ടായി.

101. അയാളുടെ ഒപ്പമുണ്ടായിരുന്ന മറ്റാളുകൾ, മസ്ജിദിന്റെ മേൽക്കൂരയുടെ മുകളിൽ പാറിക്കളിക്കുന്ന പതാകകൾ ദൂരെ നിന്നും കണ്ടപ്പോൾ തന്നെ സ്നേഹത്തോടെ വന്ദനങ്ങൾ അർപ്പിച്ചു.

102. അവർക്ക് പിന്നീട് ലഭിക്കാൻ പോകുന്ന സായിദർശനത്തിനായി അവരുടെ ഹൃദയങ്ങൾ ആകാംക്ഷാഭരിതമാണെങ്കിലും, അദ്ദേഹത്തിന്റെ ധ്വജങ്ങളോട് അനാദരവ് കാട്ടാൻ അവർക്ക് ആകുമായിരുന്നില്ല.

103. ആ ധ്വജങ്ങളുടെ ദർശനം ഉള്ളിൽ ഒരു സ്നേഹഭാവം ഉണർത്തുന്നു. ഇത് എല്ലാവർക്കും അനുഭവമുള്ളതാണ്. അതൊരു തരം സ്നേഹഭക്തിയാണ്. അതിൽ അസ്വാഭാവികമായി ഒന്നുമില്ല.

104. പക്ഷേ ദൂരെ നിന്നും ധ്വജങ്ങൾ കണ്ടപ്പോൾ സ്വാമിജിയുടെ വികലമായ മനസ്സിൽ അനേകം സംശയചിന്തകൾ ഉയർന്നുവന്നു. അയാളുടെ മാനസികാ

വസ്ഥ വളരെ വിചിത്രമായിരുന്നു.

105. 'പതാകകൾ ഉയർത്തുന്നതിനോടുള്ള താല്പര്യം ദിവ്യത്വത്തിന്റെ ലക്ഷണ മാണോ? ക്ഷേത്രത്തിന്റെ മുകളിൽ പതാക പാറിക്കുന്നത് ദിവ്യത്വത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

106. 'ഒരു ദിവ്യൻ ഇത്തരത്തിൽ ആദരവ് തേടുകയാണെങ്കിൽ, അത് ജനസമ്മതി നേടാനുള്ള താല്പര്യമാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള ഒരു ദിവ്യനെ അംഗീകരിക്കാൻ എനിക്ക് കഴിയില്ല. അത് അയാളുടെ കുറവുകളെയാണ് വെളിവാക്കുന്നത്.'

107. ചുരുക്കത്തിൽ, സ്വാമിജി അയാളുടെ സ്വന്തം അഭിപ്രായത്തിനനുസരിച്ച്, ഒരു ദിവ്യന്റെ ഉചിതമായ പെരുമാറ്റത്തെക്കുറിച്ച് ഒരു തീരുമാനത്തിലെത്തുകയും സായിയുടെ അനുഗ്രഹങ്ങൾ നേടേണ്ട കാര്യമില്ലെന്ന് നിശ്ചയിക്കുകയും ചെയ്തു.

108. 'ഇവിടെ വരെ വന്നത് വെറുതെയായി.' അയാൾ ചിന്തിച്ചു. സ്വാമിജിക്ക് വളരെ അവജ്ഞ തോന്നുകയും, അപ്പോൾ തന്നെ അവിടെ നിന്നും മടങ്ങിപ്പോകാൻ തീർത്തും തീരുമാനിക്കുകയും ചെയ്തു.

109. 'അപ്രധാനമായ പ്രസിദ്ധി നേടാൻ ശ്രമിക്കുന്നത് കാപട്യപരമായ അഹംഭാ വത്തെയാണ് കാണിക്കുന്നത്. ഒരു ദിവ്യന് ബഹുമതികളുടെ ആവശ്യമെ ന്താണ്? പതാകകൾ കാണുമ്പോൾ, എനിക്ക് ഈ ഒരു നിഗമനത്തിൽ മാത്രമേ എത്താൻ കഴിയൂ.'

110. 'ഈ ദിവ്യൻ അയാളുടെ ശ്രേഷ്ഠത കാണിക്കാൻ കൊടികൾ പറത്തിയാണ്, ജനങ്ങളെ അയാളുടെ ദർശനത്തിനായി ആകർഷിക്കുന്നത്. ഇത് തീർത്തും ദിവ്യത്വത്തിന്റെ അഭാവമാണ്. ഞാൻ എന്തിന് ദർശനത്തിന് പോകണം?

111. 'അത്തരത്തിലുള്ള ഒരു ദർശനത്തിലൂടെ എനിക്ക് എന്ത് മനഃസമാധാനമാണ് ലഭിക്കുക? ഇത് അഹങ്കാരത്തിന്റെ പതാകകളുടെ ഒരു പ്രദർശനമാണ്. എനിക്ക് ഇതിൽ നിന്നും യാതൊരു സംതൃപ്തിയും ലഭിക്കില്ല.'

112. അയാൾ പറഞ്ഞു: "ഞാൻ തിരികെ ഗൃഹത്തിലേയ്ക്ക് പോകുന്നതാണ് ഉത്ത മം. അയാളെ കാണുന്നത് അത്രയ്ക്ക് നല്ല ഒരു ആശയമാണെന്ന് തോന്നുന്നി ല്ല. ഞാൻ തീർത്തും കബളിപ്പിക്കപ്പെട്ടിരിക്കുന്നു."

113. അപ്പോൾ അയാളുടെ സഹചാരികൾ അയാളോട് പറഞ്ഞു: "അങ്ങ് എന്തി നാണ് ഇത്രയും ദൂരം വന്നത്? ഈ വെറും പതാകകൾ അങ്ങയെ ഇത്രമാത്രം അസ്വസ്ഥനാക്കേണ്ട കാര്യമെന്താണ്?

114. "നാമിപ്പോൾ വളരെ അടുത്തെത്തിയിരിക്കുന്നു (ഷിർദി). തേര്, പല്ലക്ക്, കുതിര തുടങ്ങിയ പൂർണ്ണമായ ചമയങ്ങൾ കാണുമ്പോൾ അങ്ങ് എത്രമാത്രം അസ്വ സ്ഥനാകും?"

115. ഇത് കേട്ടപ്പോൾ സ്വാമിക്ക് കൂടുതൽ അസഹ്യത തോന്നി. 'പടഹവും പല്ലക്കും കുതിരകളുമായി അഹങ്കാരം നിറഞ്ഞ സാധുക്കളെ ഞാൻ കൂടുതലായി കണ്ടി ട്ടില്ല!'

116. ഇങ്ങനെ ചിന്തിച്ചപ്പോൾ സോമദേവ്ജി മടങ്ങിപ്പോകാനായി തിരിഞ്ഞു. "ഷിർദി യിലേയ്ക്ക് വരാനുള്ള ആശയം ശരിയായിരുന്നില്ല. ഞാൻ തിരികെ നദീതീര ത്തിലേക്കുള്ള വീഥിയിലേയ്ക്ക് പോകുന്നതാണ് നല്ലത്."

117. അപ്പോൾ അയാളുടെ സഹയാത്രികർ അയാളോട് അഭ്യർത്ഥിച്ചു: "അങ്ങ് ഇത്രയും ദൂരം വന്നുകഴിഞ്ഞു, തിരികെ മടങ്ങിപ്പോകരുത്.

118. "നമ്മൾ വന്നതുപോലെ തന്നെ മുമ്പോട്ട് പോകാം. ഹീനവും ഹാനികരവു മായ ഇത്തരം ചിന്തകൾ പാടില്ല. മസ്ജിദിന് മുകളിൽ പറക്കുന്ന ഈ പതാക കൾക്ക് ദിവ്യനുമായി യാതൊരു ബന്ധവുമില്ല.

119. "ഈ ദിവ്യന് പതാകകളോ പ്രശസ്തിയോ, ആദരവോ ആവശ്യമില്ല. ഗ്രാമീ ണർക്കാണ് ഈ അലങ്കാരങ്ങളൊക്കെ ഇഷ്ടമുള്ളത്. ഇത് അവരുടെ ഭക്തി യുടെ ഒരു അടയാളമാണ്.

120. "കൊടികളിലേക്ക് നോക്കേണ്ടതില്ല. പോയി, ദർശനം മാത്രം ചെയ്യുക. അവിടെ ഒരു നിമിഷം പോലും തങ്ങേണ്ടതില്ല. അങ്ങേയ്ക്ക് അപ്പോൾ തന്നെ മടങ്ങി പ്പോകാൻ കഴിയും."

121. ഇതിനിടയ്ക്ക് അവർ ഷിർദിയുടെ വളരെയടുത്ത് എത്തിയതിനാൽ, മനസ്സിന്റെ ഈ അശാന്തത മാറ്റണമെന്നുള്ള ലളിതമായ ഉപദേശം അനുസരിക്കാൻ അയാൾ തീരുമാനിച്ചു, അതിനാൽ പിന്നീട് അയാൾക്ക് ഒട്ടും അസ്വസ്ഥത തോന്നിയില്ല.

122. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് ബുവ ശ്രീസമർത്ഥരെ ദർശിച്ചപ്പോൾ, അയാൾ വികാരവിവശനായി, കണ്ണുകളിൽ സ്നേഹാശ്രുക്കൾ നിറയുകയും, കണ്ഠമിടറുകയും ചെയ്തു.

123. അയാൾക്ക് പരമാനന്ദമുണ്ടായി. നേത്രങ്ങൾ ഉത്സാഹപൂർവ്വം സന്തോഷപൂർണ്ണ മായി, ബാബയുടെ പാദധൂളികളിൽ വീണുരുളാൻ അയാൾ ആകാംക്ഷാഭരി തനായി.

124. സുന്ദരവും ആകർഷണീയവുമായ ആ രൂപം കണ്ടപ്പോൾ അയാളുടെ കണ്ണു കളും മനസ്സും ആശ്ചര്യഭരിതമാകുകയും, അയാൾ ബദ്ധശ്രദ്ധയോടെ അദ്ദേ ഹത്തെ ഉറ്റുനോക്കുകയും ചെയ്തു. അയാൾക്ക് അദ്ദേഹത്തോട് അത്യധികം സ്നേഹം തോന്നി.

125. അയാളുടെ മനസ്സിൽ നിന്നും ഹീനമായ ചിന്തകൾ പാടേ മാറി. ദർശനത്തിന്റെ സന്തോഷത്താൽ മനസ്സലിഞ്ഞു. അയാളുടെ കണ്ണുകൾ ദൈവികരൂപത്തിൽ തറച്ചുനിന്നു. ബുവ ആ പരമാനന്ദാനുഭവത്തിൽ തീർത്തും ലയിച്ചുനിന്നു.

126. ശ്രേഷ്ഠദിവ്യനെ നോക്കി നിന്നപ്പോൾ സോമദേവ്ജിയ്ക്ക് വളരെ ആഹ്ലാദം അനുഭവപ്പെട്ടു. അയാൾക്ക് മനഃശാന്തി ലഭിക്കുകയും സ്ഥിരമായി അവിടെ വസിക്കണമെന്ന് തോന്നുകയും ചെയ്തു.

127. ദർശനം ഒന്നുകൊണ്ട് മാത്രം എല്ലാ സംശയങ്ങളും അപ്രത്യക്ഷമായി. അയാ ളുടെ മനസ്സ് ശാന്തമായി. അയാളിൽ ഭിന്നചിന്ത ഇല്ലാതാകുകയും, തികഞ്ഞ ഐക്യബോധം അയാൾ അനുഭവിക്കുകയും ചെയ്തു.

128. അയാളുടെ നാവ് സംസാരിക്കാനാകാതെ നിശ്ചലമായി, കണ്ണുകൾ ഇമയനക്കിയില്ല. ശ്രേഷ്ഠമായ ബോധചൈതന്യം അയാളെ വലയം ചെയ്തു. സംതൃപ്തിയുടെ മൂർത്തരൂപമായി അയാൾ മാറി.

129. തുടക്കത്തിൽ, പതാകകൾ കണ്ടപ്പോൾ അയാൾക്ക് മടങ്ങിപ്പോകണമെന്ന ചിന്തയാണുണ്ടായിരുന്നത്. പിന്നീട് അയാളുടെ കണ്ണുകളിൽ അത്യധികമായ സ്നേഹാശ്രുക്കൾ നിറഞ്ഞു. അഷ്ടസാത്വികഭാവങ്ങൾ അണപൊട്ടിയൊഴുകി. ബാബയോടുള്ള സ്നേഹത്തിൽ അയാൾ ആഴ്ന്നിറങ്ങി.

130. "എവിടെയാണോ നമ്മുടെ മനസ്സ് പൂർണ്ണമായും ലയിച്ചു ചേരുന്നത് അവിടമാണ് നമ്മുടെ സങ്കേതമെന്ന് തിരിച്ചറിയുക." അയാൾ തന്റെ സ്വന്തം ഗുരുവിന്റെ ഈ വാക്കുകൾ ഓർത്തു. ബുവ സ്നേഹഭരിതനായി.

131. ബുവ സാവധാനം മുന്നോട്ട് നീങ്ങി, അയാൾ അപ്രകാരം ചെയ്യവേ, പെട്ടെന്ന് ബാബ കോപിഷ്ഠനായി. അദ്ദേഹം ശകാരവാക്കുകൾ ഉതിർക്കാൻ തുടങ്ങി. പക്ഷേ അത് ബുവയുടെ സ്നേഹം ഇരട്ടിപ്പിക്കുകയാണ് ചെയ്തത്.

132. ശ്രേഷ്ഠനായ ബാബയുടെ പെരുമാറ്റം വളരെ വിചിത്രമായിരുന്നു. അദ്ദേഹം അസാധാരണമായ ഭാവം കൈക്കൊണ്ട് നരസിംഹാവതാരമായി മാറി. അത് പൂർണ്ണമായും സാദൃശ്യമുള്ളതായിരുന്നു.

133. 'എന്റെ കപടമായ അവകാശവാദങ്ങൾ (തട്ടിപ്പുകൾ) എന്റൊപ്പം തന്നെ ഇരിക്കട്ടെ. നീ തിരിച്ച് നിന്റെ വീട്ടിലേയ്ക്ക് പോയ്ക്കോ. നീ ഇനി എപ്പോഴെങ്കിലും എന്റെ മസ്ജിദിലേയ്ക്ക് വരികയാണെങ്കിൽ സൂക്ഷിച്ചോ!

134. "മസ്ജിദിന്റെ മുകളിൽ ധ്വജം ഉയർത്തിയിരിക്കുന്ന ഒരുവനെ നീ എന്തിനാണ് ദർശിക്കുന്നത്? അത് ദിവ്യത്വത്തിന്റെ അടയാളമാണോ? ഒരു നിമിഷം പോലും ഇവിടെ തങ്ങരുത്!"

135. അത് അങ്ങനെ കഴിഞ്ഞു. പിന്നീട്, സ്വതവേ ആശങ്കാകുലമായ മനസ്സുള്ള സ്വാമി, മുറ്റത്തേയ്ക്ക് പോയി. ദൂരെ നിന്നും സായിയുടെ വദനം ദർശിച്ചപ്പോൾ അയാൾക്ക് വെറുതെ ഇരിക്കാൻ കഴിഞ്ഞില്ല.

136. 'ഈ വാക്കുകൾ എന്റെ സ്വന്തം ചിന്തകളുടെ പ്രതിധ്വനിയാണ്.' അവ അയാളുടെ കർണ്ണങ്ങളിൽ അക്ഷരംപ്രതി പതിക്കവേ, അതുകേട്ട് ബുവ ലജ്ജിതനായി നിൽക്കുകയും മഹാരാജ് സർവ്വജ്ഞനാണെന്ന് തിരിച്ചറിയുകയും ചെയ്തു.

137. 'ഞാൻ എത്ര മൂഢനാണ്! മഹാരാജ് എത്ര ജ്ഞാനിയാണ്! അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ ചിന്തകൾ എത്ര തെറ്റായിരുന്നു! അദ്ദേഹത്തിന്റെ ഹൃദയം എത്ര ശുദ്ധമാണ്!'

138. സായി അദ്ദേഹത്തിന്റെ കരങ്ങൾ കൊണ്ട് ചിലരെ ആശ്ലേഷിച്ചു. മറ്റുചിലരെ തലോടി. അദ്ദേഹം ചിലരെ സമാശ്വസിപ്പിക്കുകയും, ചിലരെ അനുകമ്പയോടെ കടാക്ഷിക്കുകയും ചെയ്തു.

139. അദ്ദേഹം ചിലരെ പുഞ്ചിരിയോടെ നോക്കി. ദുഃഖിതരായ ചിലരെ അദ്ദേഹം സമാശ്വസിപ്പിക്കുകയും, മറ്റു ചിലർക്ക് ഉധിയും പ്രസാദവും നൽകുകയും

ചെയ്തു. അത്തരത്തിൽ അദ്ദേഹം എല്ലാവരെയും സംതൃപ്തരാക്കി.

140. 'ഇങ്ങനെയാണെങ്കിലും, അദ്ദേഹം എന്നോട് മാത്രമാണ് നീരസം പ്രകടിപ്പിക്കുന്നത്! അത് എന്റെ മുമ്പത്തെ പെരുമാറ്റം കാരണമാണെന്ന് തോന്നുന്നു. അത് കോപമല്ല, മറിച്ച് എനിക്കുള്ള പാഠമാണ്. അത് എനിക്ക് ഗുണപ്രദമാണ്.'

141. അത് എന്തുമാകട്ടെ. പിന്നീട് സംഭവിച്ചതും അത് തന്നെയാണ്. സ്വാമി ബാബയിൽ വളരെയധികം ആകൃഷ്ടനാകുകയും, ബാബയുടെ കൃപയാൽ അയാൾ ശുദ്ധനാകുകയും മരണം വരെ ബാബയുടെ പാദങ്ങളിൽ ദൃഢഭക്തനായി കഴിയുകയും ചെയ്തു.

142. സായിഭക്തിയുടെ ശക്തിയാൽ സകല ദുശ്ശീലങ്ങളും അസൂയയും ഇല്ലാതാകട്ടെ; ശാന്തിയും സമ്പത്തും ക്ഷമയും ഉണ്ടാകട്ടെ; അത് അദ്ദേഹത്തിന്റെ ഭക്തരുടെ ലക്ഷ്യങ്ങൾ നേടാനും സഹായിക്കട്ടെ.

143. ചലവും അചലവുമായ വസ്തുക്കൾ നിറഞ്ഞ ഈ ലോകത്തിൽ ദൈവികഗായകരും, കുബേരന്റെ സേവകരും, ദേവതകളും, അസുരന്മാരും വർത്തിക്കുന്നുണ്ട്. ഈ പ്രപഞ്ചം മുഴുവൻ നിരന്തരം, യഥാർത്ഥമായി സർവ്വവ്യാപിയായി വർത്തിക്കുന്നത് സായിയാണ്.

144. അദ്ദേഹം ഒരു സഗുണരൂപം കൈക്കൊള്ളാതെ, സദാ നിരാകാരമായി വർത്തിച്ചിരുന്നെങ്കിൽ മനുഷ്യകുലത്തിന് അദ്ദേഹത്തിന്റെ സഹായം ലഭിക്കുകയോ, ക്ഷേമമുണ്ടാകുകയോ ചെയ്യുമായിരുന്നില്ല.

145. ചുരുക്കത്തിൽ, സായി, അദ്ദേഹത്തിന്റെ ദൈവികലീലയുടെ ഭാഗമായി സഗുണരൂപം പ്രാപിച്ച് ജനങ്ങളെ ആകർഷിക്കുകയോ, ദുഷ്ടരെയും കശ്മലന്മാരെയും എതിർക്കുകയോ ചെയ്തിരുന്നില്ലെങ്കിൽ, എങ്ങനെയാണ് അദ്ദേഹം ഭക്തർക്ക് ഉപകാരം ചെയ്യുക?

146. ഇപ്പോൾ ഈ അധ്യായം അവസാനിക്കാറായപ്പോൾ, മറ്റൊരു സംഭവത്തെക്കുറിച്ച് എനിക്ക് ഓർമ്മ വരികയാണ്. സായിയുടെ തത്ത്വോപദേശങ്ങളുടെ ഒരു ഉദാഹരണമാണ് അത്, അതിനാൽ അത് പിന്തുടരുന്നവർക്ക് അത് പ്രയോജനകരമായിരിക്കുമെന്ന് ഞാൻ ചിന്തിക്കുന്നു.

147. സംഭവം വളരെ ചെറുതാണ്; അത് ഓർക്കുന്നവർക്ക് അവരുടെ നന്മ നേടാൻ കഴിയും. അതിനാൽ ശ്രോതാക്കളേ, ഞാൻ കുറച്ചു നേരത്തേക്ക് നിങ്ങളുടെ ശ്രദ്ധയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ്.

148. ഒരിക്കൽ, ഭക്തനായ മാലസപതി നാനാസാഹേബിനോടൊപ്പം മസ്ജിദിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഉണ്ടായ ഒരു ആശ്ചര്യം ശ്രവിക്കുക.

149. വൈജാപ്പൂരിലുള്ള ഒരു ധനികനായ വ്യക്തി, സമർത്ഥസായിയുടെ ദർശനം നേടാനുള്ള അതിയായ ആഗ്രഹത്താൽ അയാളുടെ കുടുംബത്തോടൊപ്പം എത്തി.

150. പർദ ധരിച്ചെത്തിയ സ്ത്രീകളെ കണ്ടപ്പോൾ നാനായ്ക്ക് സങ്കോചം തോന്നുകയും, അവർക്ക് കൂടുതൽ സ്ഥലവും സ്വാതന്ത്ര്യവും സംതൃപ്തിയും നൽകു

ന്നതിന് വേണ്ടി അവിടെ നിന്നും എഴുന്നേറ്റ് പോകാമെന്ന് ചിന്തിക്കുകയും ചെയ്തു.

151. അതിനാൽ നാനാ എഴുന്നേറ്റ് പോകാനായി ചലിക്കവേ, ബാബ അയാളെ തടഞ്ഞു. “കടന്ന് വരാൻ ആഗ്രഹമുള്ളവർ മുകളിലേക്ക് കയറി വരും. നീ ശാന്തനായി ഇരിക്കുക.”

152. “അയാൾ ദർശനത്തിനായി എത്തിയതാണ്. നിങ്ങളും ഇപ്പോൾ എത്തിയിരിക്കുന്നു. അതിനാൽ ഒരു പ്രശ്നവുമില്ല”, എന്ന് ആരോ അവരോട് പറഞ്ഞു. അവർ മുകളിലേയ്ക്ക് വന്ന് ബാബയെ വണങ്ങി.

153. വന്ദിക്കുന്നതിനിടയിൽ, സ്ത്രീകളിലൊരാൾ അവളുടെ മൂടുപടം മാറ്റി. അവളുടെ അവിശ്വസനീയമായ സൗന്ദര്യം കണ്ടപ്പോൾ നാനാ വളരെയധികം ആകൃഷ്ടനായി.

154. പ്രത്യക്ഷമായി അവളെ നോക്കാൻ അയാൾക്ക് ധൈര്യമുണ്ടായില്ല, പക്ഷേ അയാൾ അതിന് ആഗ്രഹിക്കുകയായിരുന്നു. എങ്ങനെയാണ് അയാൾ പെരുമാറുക? അയാളുടെ അഭിനിവേശം അടക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

155. ബാബയുടെ സാന്നിദ്ധ്യത്തിൽ അയാൾക്ക് ലജ്ജ തോന്നി. അതിനാൽ അയാൾ തന്റെ ശിരസ്സ് ഉയർത്തിയില്ല. പക്ഷേ കണ്ണുകൾ അലഞ്ഞ് നടക്കുകയായിരുന്നു. നാനാ ആകെ ധർമ്മസങ്കടത്തിലായി.

156. ഇതായിരുന്നു നാനായുടെ ഉള്ളിലെ സംഭ്രമം. സർവ്വജ്ഞനായ ബാബ അതറിഞ്ഞിരുന്നു. മറ്റുള്ളവർക്ക് അത് എങ്ങനെ അറിയാൻ കഴിയും? അവർ, വാക്കുകളുടെ അർത്ഥം കണ്ടെത്താൻ പരിശ്രമിക്കേണ്ടി വരുന്നു.

157. നാനായുടെ ചിന്താകുഴപ്പം മനസ്സിലാക്കിയ ബാബ, അയാളെ സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. അദ്ദേഹം നൽകിയ ഉപദേശം ശ്രവിക്കുക.

158. “നാനാ, എന്തുകൊണ്ടാണ് നിന്റെ മനസ്സ് അസ്വസ്ഥമാകുന്നത്? ഇന്ദ്രിയങ്ങൾ അവയുടെ സ്വതസിദ്ധമായ പ്രകൃതത്തിനനുസരിച്ച് പെരുമാറിക്കൊള്ളട്ടെ. അതിൽ ഇടപെടാതിരിക്കുക. അതിൽ ദോഷമൊന്നുമില്ല.

159. “ബ്രഹ്മദേവൻ ഈ സുന്ദരമായ ലോകം സൃഷ്ടിച്ചിരിക്കുന്നു, അതിന്റെ സൗന്ദര്യം ആസ്വദിക്കേണ്ടത് നമ്മുടെ കടമയാണ്, അങ്ങനെയല്ലെങ്കിൽ സൃഷ്ടിക്ക് അതിന്റെ മൂല്യവും ആകർഷണീയതയും നഷ്ടമാകും. മനസ്സ് സാവധാനത്തിലും, ക്രമമായും സ്ഥിരത കൈവരിക്കും.

160. “മുൻവാതിൽ തുറന്ന് കിടക്കുമ്പോൾ, പിൻവാതിലിലൂടെ പോകേണ്ട കാര്യമെന്താണ്? ശുദ്ധമായ ഹൃദയമുണ്ടെങ്കിൽ, യാതൊരു പ്രയാസവുമുണ്ടാകില്ല.

161. “നമ്മുടെ ഉള്ളിൽ ദുഷ്ചിന്തകൾ ഇല്ലെങ്കിൽ, ഒരുവൻ മറ്റാരെയും ഭയക്കേണ്ട കാര്യമെന്താണ്? കണ്ണുകൾ അവയുടെ കർത്തവ്യം ചെയ്യുന്നുണ്ടാകും. അതിന് നീ എന്തിനാണ് പരിഭ്രമിക്കുന്നത്?”

162. മാധവറാവു അപ്പോൾ അവിടെ ഉണ്ടായിരുന്നു, അയാൾക്ക് സ്വതവേ ജിജ്ഞാ

സാപരമായ മനസ്സാണുള്ളത്. അയാളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനായി, അയാൾ ആ വാക്കുകളുടെ അർത്ഥം അന്വേഷിച്ചു.

163. ഇപ്രകാരം മാധവറാവു ചോദിച്ചപ്പോൾ നാനാ പറഞ്ഞു: "ഇപ്പോൾ കുറച്ച് കാത്തിരിക്കുക. നമ്മൾ വാഡയിലേയ്ക്ക് പോകുന്ന വഴിക്ക് ബാബയുടെ വാക്കുകളുടെ അർത്ഥം ഞാൻ വിശദമാക്കാം."

164. പൊതുവായുള്ള കുശലാന്വേഷണങ്ങൾ കഴിഞ്ഞപ്പോൾ, നാനാ ബാബയെ വന്ദിച്ചശേഷം, അയാളുടെ ഗൃഹത്തിലേയ്ക്ക് പോകാനായി തിരിച്ചു. മാധവറാവു അയാളുടെ ഒപ്പം കൂടി.

165. അയാൾ പെട്ടെന്ന് നാനായോട് ചോദിച്ചു: "മനസ്സ് സാവധാനത്തിലും ക്രമമായും സ്ഥിരത കൈവരിക്കും' എന്നുള്ള ബാബയുടെ വാക്കുകളുടെ അർത്ഥമെന്താണ്? ശരിയായ അർത്ഥം പറഞ്ഞു തരിക."

166. നാനായ്ക്ക് അർത്ഥവിശദീകരണം നൽകാൻ താല്പര്യമുണ്ടായിരുന്നില്ല. അയാൾ വിഷയം മാറ്റാൻ ശ്രമിച്ചു. ഇത് മാധവറാവുവിന്റെ മനസ്സിൽ കൂടുതൽ സംശയങ്ങൾ സൃഷ്ടിക്കുകയും അയാൾ അസ്വസ്ഥനാകുകയും ചെയ്തു.

167. മാധവറാവുവിന്റെ നിർബന്ധം മൂലം, നാനാ തന്റെ ഹൃദയം തുറക്കുകയും അവിടെ സംഭവിച്ചതൊക്കെ പറയുകയും ചെയ്തു. അങ്ങനെ സമസ്യയുടെ അർത്ഥം വെളിവാക്കപ്പെട്ടു.

168. ബാബ എത്ര ജാഗരൂകനാണ്! ആരുടെ മനസ്സ് എവിടേയ്ക്ക് അലഞ്ഞുനടന്നാലും അദ്ദേഹം സ്വയം അതിന് സാക്ഷിയാകുകയും, സകലതും അറിയുകയും ചെയ്യുന്നു.

169. ചെറുതെങ്കിലും ആശ്ചര്യകരമായ ഈ ചെറുകഥ കേൾക്കുമ്പോൾ ശ്രോതാക്കൾ അദ്ഭുതപ്പെടുന്നുണ്ടാകും. അതിന്റെ ഗഹനമായ അർത്ഥം ഗ്രഹിച്ചാൽ ഒരുവന് വിലമതിക്കാനാകാത്ത മനസ്ഥൈര്യവും ഗൗരവബുദ്ധിയും ലഭിക്കും.

170. മനസ്സ് സ്വതവേ ചഞ്ചലമാണ്, പക്ഷേ അതിനെ അനിയന്ത്രിതമാകാൻ അനുവദിക്കാതിരിക്കുക. ഇന്ദ്രിയങ്ങൾ ഉത്തേജിതമായാലും, ശരീരത്തെ അക്ഷമമാകാൻ അനുവദിക്കരുത്.

171. ഇന്ദ്രിയങ്ങൾ വിശ്വാസയോഗ്യമല്ല. വിഷയസുഖങ്ങൾക്ക് വേണ്ടി ആഗ്രഹിക്കാതിരിക്കുക. സാവധാനത്തിൽ, നിരന്തരമായ പരിശീലനത്തിലൂടെ ചാപല്യം ഇല്ലാതാകും.

172. ഇന്ദ്രിയങ്ങളുടെ അടിമയാകരുത്. അവ എല്ലായ്പ്പോഴും നിയന്ത്രണവിധേയമാകണമെന്നില്ല. സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവയെ ക്രമാനുഗതമായി നിയന്ത്രിക്കണം.

173. ദർശനേന്ദ്രിയത്തിന്റെ വസ്തു സൗന്ദര്യമാകുന്നു. സുന്ദരവസ്തുക്കളെ ഭയമില്ലാതെ നോക്കിക്കാണുക. ലജ്ജയുടെയോ സംഭ്രമത്തിന്റെയോ കാര്യമെന്താണ്? ദുഷ്ടചിന്തകൾ വച്ചുപുലർത്തരുതെന്ന് മാത്രം.

174. മനസ്സിനെ ആഗ്രഹരഹിതമാക്കിക്കൊണ്ട് ഈശ്വരന്റെ സൃഷ്ടികളെ നിരീക്ഷിക്കുക. ഇന്ദ്രിയങ്ങളെ എളുപ്പത്തിൽ നിയന്ത്രിക്കാനും വിഷയസുഖങ്ങളെ മറ

ക്കാനും കഴിയും.

175. രഥത്തെ ശരിയായ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിനുള്ള പ്രധാന ഉത്തരവാദി തേരാളിയാകുന്നു. അതേപോലെ ഇന്ദ്രിയങ്ങളുടെ ആകർഷണവസ്തുക്കളെക്കുറിച്ച് ബുദ്ധി എല്ലായ്പ്പോഴും ജാഗ്രതയോടെ വർത്തിക്കണം.

176. തേരാളി രഥം നിയന്ത്രിക്കുന്നതുപോലെ, ബുദ്ധി ഇന്ദ്രിയങ്ങളെ അമർച്ച ചെയ്ത് കൊണ്ട് ചപലമായ ശരീരത്തെയും അത്യധികം ചഞ്ചലമായ മനസ്സിനെയും നിയന്ത്രിക്കുന്നു.

177. ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും ആസ്വാദ്യതകളിൽ നിന്നും ഒരുവൻ സ്വതന്ത്രനാകുമ്പോൾ, അവന് വിഷ്ണുപാദങ്ങളിൽ ഒരു സ്ഥാനം ലഭിക്കുന്നു. അത്തരത്തിലാണ് ബുദ്ധിയുടെ ശക്തി.

178. നേത്രങ്ങൾ തുടങ്ങി എല്ലാ ഇന്ദ്രിയങ്ങളെയും കുതിരകളായും സൗന്ദര്യം, ആസ്വാദ്യത തുടങ്ങി ഏത് തരത്തിലുള്ള സുഖങ്ങളെയും നരകത്തിലേയ്ക്ക് നയിക്കുന്ന വീഥികളായും കരുതുക.

179. ഇന്ദ്രിയസുഖങ്ങൾ ആസ്വദിക്കാനുള്ള അല്പമാത്രമായ താല്പര്യം പോലും ആത്മീയാനന്ദത്തെ നശിപ്പിക്കും. അതിനാൽ അത് പൂർണ്ണമായും ഉപേക്ഷിക്കുക, അപ്പോൾ മാത്രമേ നിനക്ക് മുക്തി ലഭിക്കുകയുള്ളൂ.

180. പുറമേയ്ക്ക് ഇന്ദ്രിയങ്ങൾ നിയന്ത്രിക്കപ്പെടുകയും, ആന്തരികമായി മമതയുമുണ്ടെങ്കിൽ ജനനമരണവൃത്തം അവസാനിക്കുകയില്ല. ഇന്ദ്രിയ വിഷയങ്ങൾ വളരെ ശക്തവും മാരകമായ വിനാശകാരികളുമാണ്.

181. വിവേകത്തോടെ കടിഞ്ഞാൺ കൈകളിലേന്തിയിരിക്കുന്ന, വിവേചനബുദ്ധിയുള്ള ഒരു തേരാളിയുടെ സഹായമുണ്ടെങ്കിൽ കുതിരകൾ (ഇന്ദ്രിയങ്ങൾ) സ്വപ്നത്തിൽ പോലും വഴിമാറിപ്പോകില്ല.

182. അത്തരത്തിൽ, സൂക്ഷ്മബുദ്ധിയും, ഒരുവന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചു തരികയും, നിശ്ചയദാർഢ്യവും, പ്രാഗല്ഭ്യവും, ശ്രദ്ധയും, ബുദ്ധിയുമുള്ള ഒരു തേരാളിയെ ലഭിക്കാൻ ഭാഗ്യമുള്ള ഒരുവന് ഈശ്വരന്റെ സന്നിധാനം എങ്ങനെയാണ് അകലെയാകുന്നത്!

183. ആ സന്നിധാനം വാസുദേവൻ അഥവാ പരബ്രഹ്മത്തിന്റേതാകുന്നു – അവ ശ്രേഷ്ഠമായ അസ്തിത്വമാകുന്നു – ഉത്തമവും പരമശ്രേഷ്ഠവും.

184. അത് അങ്ങനെയാകട്ടെ. ഈ അധ്യായം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. അടുത്തത് കൂടുതൽ ഹൃദയഹാരിയാണ്, അത് ധാർമ്മികരായ ഭക്തരുടെ ആന്തരികാത്മാവിന് ആനന്ദം നൽകും. അത് ക്രമാനുസരണം ശ്രവിക്കുക.

185. അത് അങ്ങനെ കഴിഞ്ഞു. അവസാനമായി, പ്രപഞ്ചത്തിന്റെ ചലനഹേതുവും ബുദ്ധിയുടെ പ്രേരണാശക്തിയുമായ സദ്ഗുരുവിന്റെ പാദങ്ങളിൽ അതിയായ കൃതജ്ഞതയോടെ ഹേമദ് സ്വയം സമർപ്പിക്കുന്നു.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിതത്തിലെ നാല്പത്തിഒമ്പതാം അധ്യായം "ദിവ്യനെ പരീക്ഷിക്കുന്നതും മനോനിയന്ത്രണവും" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീ സദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ.

**കുറിപ്പുകൾ**

1. സംഭാഷണത്തിന്റെ ആദ്യത്തെ ഘട്ടം – ശ്വാസത്തിന്റെ ആദ്യചലനം.
2. സംഭാഷണത്തിന്റെ രണ്ടാമത്തെ ഘട്ടം – ആദ്യത്തെ ശ്വാസചലനത്തിൽ നിന്നും കൂട്ടിച്ചേർക്കപ്പെട്ട വചനം.
3. സംഭാഷണത്തിന്റെ മൂന്നാമത്തെ ഘട്ടം – ആദ്യത്തെ ശ്വാസചലനത്തിൽ നിന്നും കണ്ഠത്തിൽ എത്തുന്ന വാക്കുകൾ.
4. യഥാർത്ഥമായി ഉച്ചരിക്കപ്പെടുന്ന വാക്കുകൾ, സംഭാഷണത്തിന്റെ നാലാമത്തെ ഘട്ടം.
5. ഓന്ത് പുരയിടത്തിന്റെ നാല് അതിർത്തികൾക്ക് പുറത്ത് പോകാറില്ലെന്ന് പറയപ്പെടുന്നു.

## 50

# അജ്ഞാനദൂരീകരണം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഒരു മനുഷ്യനായി എനിക്ക് ജന്മം നൽകിയ എന്റെ മാതാപിതാക്കളോട് എനിക്കുള്ള കടപ്പാട് അപരിമിതമാണ്, എന്തെന്നാൽ ഞാൻ ഒരു പുഴുവായി ജനിക്കാനിടയായില്ല.
2. ഞാൻ എന്റെ മാതാവിന്റെ ഗർഭപാത്രത്തിന് ഒരു യാതനയായിരുന്നില്ല. ഞാൻ അന്ധനോ, മുടന്തനോ, കോങ്കണ്ണനോ, വിക്കനോ, ബധിരനോ, മൂകനോ ആയല്ല ജന്മമെടുത്തത്. ഞാൻ പൂർണ്ണമായ അവയവങ്ങളോടെ ആരോഗ്യവാനായാണ് ജനിച്ചത്.
3. ഈശ്വരകൃപയാൽ, ഞാൻ ദേവതകൾ പോലും ആദരിക്കുന്ന, ഉത്തമമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിക്കാനിടയായി, അതിനാൽ ഞാൻ അതീവ ഭാഗ്യവാനാണ്.
4. കോടിക്കണക്കിന് തവണകൾ നമ്മൾ ജന്മമെടുക്കുന്നതിനാൽ, ഓരോ ജന്മത്തിലും ഓരോ മാതാപിതാക്കളുണ്ടായിരിക്കും. പക്ഷേ ജനനമരണവൃത്തത്തെ ഒഴിവാക്കാൻ സഹായിക്കുന്ന പിതൃത്വം അത്യപൂർവ്വമാണ്.
5. ജന്മം നൽകുന്നയാളാണ് യഥാർത്ഥ പിതാവ്; രണ്ടാമത്തെയാൾ ഉപനയന കർമ്മം നടത്തുന്നു; പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നയാൾ മൂന്നാമത്തെ പിതാവാണ്; ഭയം, ക്ലേശങ്ങൾ, വിഷമസന്ധികൾ എന്നിവയിൽ തണലേകുന്നയാളാണ് നാലാമത്തെയാൾ.
6. ഈ ലോകത്ത് ഇവർക്കെല്ലാം ഒരേ നിലയാണുള്ളത്. പക്ഷേ, ദയാപരനായ സദ്ഗുരുവല്ലാതെ മറ്റൊരു യഥാർത്ഥപിതാവ് ഇല്ല. ശരിയായ ക്ഷേമത്തിന് അദ്ദേഹത്തെ ശ്രദ്ധയോടെ ശ്രവിക്കുക.
7. മാതാവിന്റെ ഗർഭപാത്രത്തിൽ ഗർഭം ധരിപ്പിച്ച് ജനനത്തിന് കാരണമാകുന്നയാളാണ് ജീവദാതാവ്. പൊതുവായ അർത്ഥത്തിൽ, അദ്ദേഹമാണ് പിതാവ് എന്നറിയപ്പെടുന്നത്. പക്ഷേ, സദ്ഗുരുവാണ് ശ്രേഷ്ഠനായ പിതാവ്.
8. അദ്ദേഹം തന്റെ ബീജം ഉപയോഗിക്കാതെ തന്നെ തന്റെ മകന് ജന്മം നൽകുന്നു, അതിനുവേണ്ടി ശാരീരികാവയവങ്ങൾ ആവശ്യമായി വരുന്നില്ല. അദ്ദേഹം തീർത്തും തന്റെ അനുഗ്രഹം നൽകുന്നു.

9. ജനനമരണവൃത്തത്തിൽ നിന്നും മോചനം നൽകുന്ന, ദയാമേഘമായ, ജ്ഞാന ജ്യോതിയായ, വേദങ്ങളെക്കുറിച്ച് യഥാർത്ഥവും ഗഹനവുമായ അറിവ് നൽകുന്ന, ഗുരുക്കന്മാരിൽ ഏറ്റവും ശ്രേഷ്ഠനായ, സർവ്വവ്യാപിയായ അദ്ദേഹത്തെ ഞാൻ വന്ദിക്കുന്നു.

10. ഈ ലോകത്തിന്റെ അന്ധകാരം അകറ്റുന്ന സൂര്യനെ ഞാൻ വന്ദിക്കുന്നു, ആത്മജ്ഞാനം നേടി, ദിവ്യന്മാരിൽ ശ്രേഷ്ഠനായി വിളങ്ങുന്ന, ചകോരങ്ങളാകുന്ന ഭക്തമനസ്സുകൾക്ക് പനിമതിയായ, കല്പവൃക്ഷ തുല്യമായി ശോഭിക്കുന്ന, ശ്രേഷ്ഠഗുരുവാണ് അദ്ദേഹം.

11. ഗുരുരായന്റെ മഹത്വം ഗഹനമാണ്, അത് വർണ്ണിക്കുന്നതിന് വാക്കുകൾ അപര്യാപ്തവും ഭാഷണം തോൽക്കുകയും ചെയ്യുന്നു. നിശ്ശബ്ദത പാലിച്ച് ഒരുവന്റെ ശിരസ്സ് ഗുരുപാദങ്ങളിൽ സമർപ്പിക്കുകയാണ് ഉത്തമ മാർഗ്ഗം.

12. മുൻജന്മങ്ങളിൽ മുഴുവനും ശ്രേഷ്ഠമായ ഉപാസനകൾ അനുഷ്ഠിച്ചിട്ടില്ലെങ്കിൽ, ത്രിദോഷങ്ങൾ അകറ്റാൻ, ഒരുവന് ദിവ്യദർശനം സാധ്യമാകില്ല.

13. ആത്മീയാനന്ദം, മുക്തി, സ്വന്തം ക്ഷേമം എന്നിവ ആഗ്രഹിക്കുന്നവർ ഒരു ദിവ്യന് സ്വയം സമർപ്പിക്കണം. അപ്പോൾ അവന് ഒന്നിന്റെയും അഭാവമുണ്ടാകുകയില്ല.

14. ശ്രേഷ്ഠരുടെ സംസർഗ്ഗം ഇരട്ടി അനുഗൃഹീതമാണ്! അതിന്റെ ശ്രേഷ്ഠത എങ്ങനെയാണ് വർണ്ണിക്കുക! അവരുടെ സാമീപ്യത്താൽ ധാർമ്മികരായ ഭക്തർക്ക് വിവേചനബുദ്ധിയും വിരക്തിയും ശ്രേഷ്ഠമായ ആനന്ദവും പ്രാപ്യമാകുന്നു.

15. ശ്രേഷ്ഠമായ ബോധചൈതന്യമാണ് സായി. നിരാകാരത്തിൽ നിന്നും അദ്ദേഹം സഗുണരൂപം പ്രാപിച്ചു. അദ്ദേഹത്തിന്റെ ആസക്തിരഹിതമായ അവസ്ഥ ആർക്കാണ് വർണ്ണിക്കാൻ കഴിയുക!

16. ശ്രോതാക്കളായ, സ്നേഹമയരായ ഭക്തരോട് ദയ തോന്നിയതിനാൽ അദ്ദേഹം തന്റെ സ്വന്തം കഥ വാത്സല്യത്തോടെ വിവരിക്കുന്നു. ഈ കഥകൾ അദ്ദേഹത്തിന്റെ ക്ഷേത്രമാണ്.

17. ഒരുവന്റെ ശിരസ്സിൽ അദ്ദേഹത്തിന്റെ കരസ്പർശം ഏറ്റാൽ അഹംബോധം ഞെരിഞ്ഞ് ഇല്ലാതാകുകയും അത്, 'ഞാൻ അതാകുന്നു' എന്ന ഭാവത്തിന്റെ പ്രതിധ്വനിക്ക് വഴിമാറുകയും, ലോകത്തെ മുഴുവൻ ആനന്ദത്തിലാഴ്ത്തുകയും ചെയ്യുന്നു.

18. എന്നെപ്പോലെ നിസ്സാരനായ ഒരുവന് അദ്ദേഹത്തിന്റെ യശസ്സിനെ വർണ്ണിക്കാൻ എന്ത് ശക്തിയാണ് ഉണ്ടാകുക? അദ്ദേഹത്തിന്റെ കൃപയാൽ, അദ്ദേഹത്തിന്റെ ഭക്തരോടുള്ള സ്നേഹത്തിൽ നിന്നും ജന്മമെടുത്ത ഈ ഗ്രന്ഥത്തെ അദ്ദേഹം തന്നെ വെളിച്ചത്ത് കൊണ്ടുവരികയാണ്.

19. ഞാൻ സായിയുടെ പാദധൂളികളിൽ വീണുരുളുന്നു, ശ്രോതാക്കളുടെ സദസ്സിന് അഭിവാദനം അർപ്പിക്കുന്നു, സാധുക്കൾ, ദിവ്യന്മാർ, ധാർമ്മികജനങ്ങൾ എന്നിവരെ വന്ദിക്കുകയും സകലരെയും ആശ്ലേഷിക്കുകയും ചെയ്യുന്നു.

20. സദാചാരനിഷ്ഠത്വത്തിന്റെ സംഹിതകൾ അടങ്ങിയ ഈ കഥകൾ സായി വളരെ അനായാസം വിവരിക്കുന്നു. നിതാന്തമായ ശാന്തിയായിരുന്നു അദ്ദേഹത്തിന്റെ ആഭരണം. ഉത്തമരായ ദിവ്യന്മാർ പോലും അദ്ദേഹത്തെ ധ്യാനിച്ചിരുന്നു.

21. അദ്ദേഹത്തെ സൂര്യനോട് ഉപമിച്ചത് ഉചിതമായില്ല, കാരണമെന്തെന്നാൽ സൂര്യൻ അസ്തമിക്കാറുണ്ട്; ചന്ദ്രനോടും പറ്റില്ല, കാരണം അത് ക്ഷയിക്കുകയും വളരുകയും ചെയ്യാറുണ്ട്. ഈ സായിയാകട്ടെ എല്ലായ്പ്പോഴും സമ്പൂർണ്ണനാണ്.

22. ഹേമദ് സ്വയം അദ്ദേഹത്തിന്റെ പാദങ്ങളിൽ വിനയത്തോടെ വർത്തിക്കുകയും, ശ്രോതാക്കളോട് ഈ വിവരണം വിശ്വാസത്തോടും, പൂർണ്ണമായ ആദരവോടും താല്പര്യത്തോടും കൂടി ശ്രവിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

23. ഭൂമി നന്നായി ഉഴുത് കഴിഞ്ഞശേഷം, വിത്തുകൾ വിതച്ചു. പക്ഷേ ദയാമേഘമായ അങ്ങ് മഴ വർഷിച്ചില്ലെങ്കിൽ വിളവ് ഉണ്ടാകുമോ?

24. ദിവ്യന്മാരുടെ കഥകൾ ശ്രവിച്ചാൽ പാപബുദ്ധി ഉണ്ടാകില്ല. കഥകൾ ശ്രവിക്കുന്നതിലൂടെ പുണ്യങ്ങൾ പൊട്ടിമുളയ്ക്കുന്നു. അപൂർവ്വവും ഉപകാരപ്രദവുമായ ഈ അവസരം പ്രയോജനപ്പെടുത്തുക.

25. നാല് തരത്തിലുള്ള മുക്തികൾ[1] നമുക്ക് ആകർഷണീയമായി തോന്നുകയില്ല. സായിയിൽ അചഞ്ചലമായ ഭക്തി വളർത്തുക. ഇതാണ് നമ്മുടെ ഏറ്റവും ശ്രേഷ്ഠമായ നേട്ടം.

26. നമ്മൾ തീരെ ബന്ധിതരല്ലായിരിക്കവേ, മുക്തിയുമായി നമുക്ക് എന്ത് ബന്ധമാണുള്ളത്? ദിവ്യന്മാരോടുള്ള ഭക്തി നമ്മുടെ ഉള്ളിൽ ഉണരാൻ ഇടയാകട്ടെ, അത് മാത്രമേ ആന്തരികാത്മാവിനെ പരിശുദ്ധമാക്കുകയുള്ളൂ.

27. യഥാർത്ഥമായ സ്വാഭാവികാവസ്ഥ നീ, ഞാൻ എന്ന ഭേദചിന്തയില്ലായ്മയാണ്, അത്തരത്തിൽ ദ്വന്ദ്വഭാവമില്ലാത്ത ഭക്തിയാണ് നമുക്കാവശ്യമുള്ളത്. ഈ വരത്തിനായി നമ്മൾ സായിയോട് പ്രാർത്ഥിക്കുന്നു.

28. ഇപ്പോൾ ശ്രോതാക്കളോട് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. അവർ ഗ്രന്ഥം പാരായണം ചെയ്യാനായി അത് കൈകളിലെടുക്കുമ്പോൾ, വിഷയവും, പാരായണപ്രക്രിയയും പാരായണം ചെയ്യുന്നയാളും ഒന്നായിത്തീരണം.

29. ഹേമദ്പാന്തിനെ അവഗണിച്ചുകൊള്ളുക, കാരണം അയാളല്ല സച്ചരിതത്തിന്റെ രചയിതാവ്. ഭക്തരുടെ ക്ഷേമത്തിനുവേണ്ടി അയാൾ വെറുമൊരു ഉപകരണമാണെന്ന് മാത്രം.

30. ഭാഗ്യവശാൽ നിങ്ങൾക്ക് ഒരു മുത്തുച്ചിപ്പി ലഭിക്കുകയും നിങ്ങൾ അത് വലിച്ചെറിയുകയുമാണെങ്കിൽ, നിങ്ങൾക്ക് ഒരു മുത്ത് നഷ്ടപ്പെടുകയായിരിക്കും ഫലം. അശ്വത്ഥമരം[2] (ആൽമരം) എങ്ങനെയാണ് വളർന്ന് പന്തലിക്കുക എന്ന് ഓർത്ത് നിങ്ങൾ ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. നിങ്ങളുടെ ക്ഷേമത്തിന്റെ ആശ കൈവിടാതിരിക്കുക.

31. ഇവിടെ സായിയല്ലാതെ മറ്റാരും വാക്കുകൾ ഉരുവിടുകയോ, എഴുതുകയോ ചെയ്യുന്നില്ല. ശ്രവിക്കേണ്ട വിഷയവും, അത് ശ്രവിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നയാളും ശ്രോതാവും അദ്ദേഹം തന്നെയാണ്. ഐക്യത അഥവാ ലയനം നഷ്ടപ്പെടാനിടയാകരുത്.

32. കർണ്ണങ്ങൾ ആദരവോടെ ശ്രവിക്കാൻ തയ്യാറാകാത്ത, മനസ്സ് ഏകാഗ്രമാകാത്തിടത്ത്, ശ്രവണമോ പാരായണമോ ഉണ്ടാകില്ല. അപ്പോൾ ആർക്കാണ് അർത്ഥം ഗ്രഹിക്കാൻ കഴിയുക?

33. ശ്രവിക്കുമ്പോൾ, വിനയത്തോടെ അത് ചെയ്യുക. സായി മാത്രമാണ് മനസ്സിലുള്ളതെന്ന് ശ്രോതാക്കൾ കരുതണം. എങ്കിൽ മാത്രമേ ശരിയായ രീതിയിൽ ശ്രവണം നടത്താൻ കഴിയൂ. ഐക്യത തുടർച്ചയായി ഉണ്ടാകണം.

34. അപ്പോൾ, വെള്ളത്തിലെ തിരകൾ വെള്ളവുമായി കൂടിക്കലരുന്നത് പോലെ, എല്ലാ താല്പര്യങ്ങളും ഇന്ദ്രിയവൃത്തികളും സായിയിൽ ലയിച്ച് ചേരും.

35. ഇത്തരത്തിൽ മാത്രമേ, ജ്ഞാനികൾക്ക് ആത്മീയത ഗ്രഹിക്കാൻ കഴിയൂ, ഫലിതപ്രിയർക്ക് തമാശകൾ ആസ്വദിച്ച് സന്തോഷിക്കാൻ കഴിയും, കവിത ഇഷ്ടപ്പെടുന്നവർക്ക് കാവ്യശകലങ്ങൾ ആസ്വദിക്കാൻ കഴിയും. എല്ലാവർക്കും ഈ ഗ്രന്ഥം ആസ്വദിക്കാൻ കഴിയും.

36. അത് അങ്ങനെയാകട്ടെ. ഈ സച്ചരിതത്തിൽ മുമ്പൊരിക്കൽ, മുപ്പത്തിഒമ്പതാമത്തെ അധ്യായത്തിൽ, സമർത്ഥ, ഒരു പ്രധാന ഭക്തന് നൽകിയ ഉപദേശത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു.

37. ഭക്തൻ ബാബയുടെ സമീപത്തിരിക്കവേ, അയാൾ ഭഗവദ്ഗീതയിലെ നാലാമത്തെ അധ്യായം തുടക്കം മുതൽ ചൊല്ലാൻ തുടങ്ങി.

38. ഒരു വശത്ത് അയാൾ ബാബയുടെ പാദങ്ങൾ തിരുമ്മുകയും മറുവശത്ത് ഈ പ്രാർത്ഥന ചൊല്ലുകയും ചെയ്തു. മുപ്പത്തിമൂന്നാമത്തെ ശ്ലോകം കഴിഞ്ഞപ്പോൾ അയാൾ മുപ്പത്തിനാലാമത്തേത് തുടങ്ങി.

39. ശാന്തമായ മനസ്സോടെയും തികഞ്ഞ ഏകാഗ്രതയോടെയും അയാൾ വളരെ, വളരെ താഴ്ന്ന ശബ്ദത്തിൽ വാക്കുകൾ ഉരുവിടുകയായിരുന്നു. പക്ഷേ മറ്റുള്ളവർക്ക് അതിന്റെ ഉറവിടം മനസ്സിലായില്ല.

40. അയാൾ മുപ്പത്തിനാലാമത്തെ ശ്ലോകം ആരംഭിച്ചപ്പോൾ, അദ്ദേഹത്തിന്റെ പ്രധാന ഭക്തനെ അനുഗ്രഹിക്കണമെന്നും അയാളെ ധാർമ്മിക മാർഗ്ഗത്തിലേയ്ക്ക് നയിക്കണമെന്നും സായിനാഥന് തോന്നി.

41. ആ ഭക്തന്റെ പേര് നാനാ (ചന്ദോർക്കർ) എന്നായിരുന്നു. ബാബ അയാളോട് ചോദിച്ചു: "നാനാ, നീ എന്താണ് പിറുപിറുക്കുന്നത്? നിനക്ക് എന്തുകൊണ്ട് ഉറക്കെ പറഞ്ഞുകൂടാ?

42. കുറേ നേരമായി, നീ എന്തോ പിറുപിറുക്കുന്നതായി ഞാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, നിന്റെ ശബ്ദം തീരെ വ്യക്തമല്ല. എന്താണീ രഹസ്യകാര്യം?"

43. അപ്പോൾ നാനാ വ്യക്തമായി മറുപടി പറഞ്ഞു: "ഞാൻ ഗീത ചൊല്ലുകയാണ്. മറ്റുള്ളവർക്ക് ശല്യമുണ്ടാകാതിരിക്കാൻ വേണ്ടി, ഞാൻ ശബ്ദം താഴ്ത്തി

ചൊല്ലുകയാണ്.”

44. “മറ്റുള്ളവരുടെ കാര്യത്തിൽ അങ്ങനെയാകട്ടെ. പക്ഷേ എനിക്ക് വേണ്ടി വളരെ വ്യക്തമായി ചൊല്ലുക. നീ ചൊല്ലുന്നതിന്റെ അർത്ഥം നിനക്ക് ഗ്രഹിക്കാൻ കഴിയുന്നുണ്ടോ? എന്നോട് വ്യക്തമായി പറയുക”, ശ്രീ പറഞ്ഞു.

45. അപ്പോൾ ബാബയെ വന്ദിച്ചുകൊണ്ട്, നാനാ ‘തദ്വിദ്ധി പ്രണിപാതേന’ എന്ന് തുടങ്ങുന്ന ശ്ലോകം ഉച്ചത്തിൽ ചൊല്ലി. അതുകേട്ടപ്പോൾ ബാബ സംതൃപ്ത നായി.

46. പിന്നീട് ശ്ലോകത്തിന്റെ അർത്ഥം പറയാൻ ആവശ്യപ്പെട്ടപ്പോൾ, ഒരു മുൻ ആചാര്യന്റെ വ്യാഖ്യാനമനുസരിച്ചുള്ള അർത്ഥവിശദീകരണം നാനാ നൽകി. ബാബ ശിരസ്സ് ചലിപ്പിച്ചു.

47. അദ്ദേഹം വീണ്ടും ചോദിച്ചു: “നാനാ, മൂന്നാമത്തെ പാദം മാത്രം പരിഗണി ക്കുക, ‘ഉപദേക്ഷ്യന്തി തേ ജ്ഞാനം’, അതിൽ മാത്രം ശ്രദ്ധിക്കുവാൻ ശ്രമി ക്കുക.

48. അതിൽ ‘തേ’ എന്ന വാക്കിനു ശേഷം ‘അ’ എന്ന അക്ഷരത്തിന് വർണ്ണലോ പമുണ്ട്. അജ്ഞാനം എന്ന് വായിക്കുകയാണെങ്കിൽ വിപരീതാർത്ഥം ഉളവാ കുന്നുണ്ടോ എന്ന് നോക്കുക.”

49. ശങ്കരാനന്ദൻ, ധ്യാനേശ്വർ, ആനന്ദ്ഗിരി, ശ്രീധർ, മധുസൂദൻ തുടങ്ങിയ വ്യാഖ്യാ താക്കൾ ജ്ഞാനം എന്ന് വാക്കിനെ പരിഗണിച്ചാണ്, അർത്ഥവ്യാഖ്യാനം നൽകിയിരിക്കുന്നത്.

50. ഇത് എല്ലാവരാലും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എനിക്കും അത് അറിയാം. പക്ഷേ വർണ്ണലോപത്തിന്റെ ചിഹ്നം കൂട്ടിച്ചേർത്ത് അർത്ഥം ഗ്രഹിക്കുന്നതിന്റെ മനോഹാരിത ആസ്വദിക്കാനുള്ള അവസരം നാമെന്തിന് അറിഞ്ഞുകൊണ്ട് പാഴാക്കണം.”

51. ഇങ്ങനെ പറഞ്ഞുകൊണ്ട്, ദയാമേഘമായ സായി ഉപദേശമാകുന്ന അമൃത കണങ്ങൾ ചകോരങ്ങളെയും ചാതകപ്പക്ഷികളെയും പോലുള്ള ഭക്തർക്കായി വർഷിച്ചു. ഞാനിത് മുമ്പ് വിവരിച്ചിട്ടുള്ളതാണ് (അധ്യായം 39)

52. പക്ഷേ ‘സായിലീല’യുടെ (സച്ചരിതം പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന മാസിക) എല്ലാ വായനക്കാരും ഈ അർത്ഥം തീർത്തും അംഗീകരിച്ചില്ല. ചിലർക്ക് സംശ യങ്ങളുമുണ്ടായിരുന്നു. ഇത് ആശ്ചര്യകരമാണ്.

53. അവരെ തൃപ്തിപ്പെടുത്തുന്നതിനും വിഷയം ഉചിതമായ രീതിയിൽ തെളിയി ക്കുന്നതിനും വേണ്ടി, അജ്ഞാനം എന്ന വാക്കിന്റെ ശരിയായ ഉപയോഗ ത്തെപ്പറ്റി അവരെ ബോധ്യപ്പെടുത്താനായി ഞാൻ ചെറിയ ഒരു ശ്രമം നട ത്തുന്നതാണ്.

54. ബാബയ്ക്ക് സംസ്കൃതം അറിയാമായിരുന്നോ എന്ന് പോലും ചിലർ സംശ യിക്കുന്നുണ്ടാകും. ദിവ്യന്മാർക്ക് അറിയാത്തതായി ഒന്നുമില്ല. സംശയ ങ്ങൾക്കുള്ള കാരണം മറ്റെന്തോ ആണ്.

55. “ഏകനെ അറിഞ്ഞവന്, എല്ലാറ്റിനെയും കുറിച്ചുള്ള അറിവുണ്ടാകും” എന്ന

ശ്രുതിവാക്യം അറിയാത്തവരായി ആരാണുള്ളത്. സായിക്ക് പരമാത്മനെക്കുറിച്ചുള്ള അറിവ് ഉണ്ടായിരുന്നു.

56. ഈ പ്രപഞ്ചത്തെ മുഴുവൻ, അവരുടെ കൈകളിൽ പിടിച്ചിരിക്കുന്ന നെല്ലിക്ക എന്ന പോലെ കാണാൻ കഴിയുന്ന ദിവ്യന്മാർക്ക് അറിയാൻ പാടില്ലാത്തതായി എന്താണുള്ളത്. അവർക്ക് സൂര്യനെപ്പോലും പ്രകാശിപ്പിക്കാൻ കഴിയുന്നു!

57. ഏകനെ കുറിച്ച് ജ്ഞാനമുള്ള വ്യക്തിക്ക്, മറ്റെന്തെങ്കിലും അറിവിന്റെ കുറവുണ്ടാകുമോ? ഏത് വിദ്യയിലും അടങ്ങിയിരിക്കുന്നതെന്തും അവർക്ക് അറിയാൻ കഴിയും. സംസ്കൃതത്തിന് എന്ത് പ്രത്യേകതയാണുള്ളത്?

58. സായിലീലയുടെ ചില വായനക്കാർ പറയുന്നു: "നാനാ, ആർജ്ജവമില്ലാത്തവനാണ്. ഇത് അയാളുടെ സങ്കല്പത്തിൽ ഉണ്ടായതും, അയാൾ കെട്ടിച്ചമച്ചതുമാണ്, അനാവശ്യമായ ഈ വർണ്ണലോപത്തെപ്പറ്റി എഴുതിക്കൊണ്ട് അയാൾ സ്വന്തം അജ്ഞതയെയാണ് സൂചിപ്പിക്കുന്നത്.

59. "വർണ്ണലോപത്തെക്കുറിച്ചും, അതിനോടനുബന്ധിച്ചുള്ള അജ്ഞാനത്തെക്കുറിച്ചുമുള്ള ഈ കെട്ടുകഥ അയാൾ സ്വയം സൃഷ്ടിച്ചതാണ്. അയാൾ തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കാൻ വേണ്ടിയാണ്, അർത്ഥമില്ലാത്ത ഈ വിവാദം ഉയർത്തിയിരിക്കുന്നത്.

60. "വർണ്ണലോപം സംഭവിക്കാത്തിടത്ത്, അങ്ങനെ സംഭവിച്ചു എന്ന് അയാൾ പുതുതായി സ്ഥാപിച്ചു. ജ്ഞാനം എന്ന വാക്കിന്റെ സ്ഥാനത്ത് അജ്ഞാനം എന്ന വാക്ക് അയാൾ കണ്ടുപിടിച്ചിരിക്കുന്നു. ഇത്തരത്തിൽ അയാൾ ഗീതയ്ക്ക് വിപരീതമായ ഒരു അർത്ഥം മുന്നോട്ട് വച്ചിരിക്കുകയാണ്."

61. പക്ഷേ, വസ്തുതകൾ പരിഗണിക്കുകയും, അവയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും ചെയ്യുമ്പോൾ സായിലീലയുടെ മുപ്പത്തിഒമ്പതാമത്തെ അധ്യായത്തിൽ അനൗചിത്യം കണ്ടെത്താൻ കഴിയില്ല.

62. നിങ്ങളുടെ അഭിപ്രായം എന്ത് തന്നെയായാലും, നാനാ സത്യസന്ധനോ, ആർജ്ജവമില്ലാത്തവനോ ആയാലും, അയാളുടെ വിവരണങ്ങൾ അർത്ഥശൂന്യമായ ജല്പനങ്ങൾ മാത്രമാണെന്ന് വിശ്വസിക്കരുത്.

63. നിങ്ങൾക്ക് നാനായോടുള്ള താല്പര്യമില്ലായ്മ മാറ്റിവയ്ക്കുക, വായനക്കാർ വികാരങ്ങൾക്ക് അടിമകളാകരുത്. നിങ്ങളുടെ കാഴ്ചപ്പാടുകളിലെ ബാഹ്യവും ഉപരിപ്ലവവുമായ പോരായ്മകൾ മാറ്റിവച്ചാൽ അയാൾ നിരപരാധിയാണെന്ന് മനസ്സിലാകും.

64. 'സായിലീല' ഉത്തമമായ ഒരു മാസികയാണ്. മുപ്പത്തിഒമ്പതാമത്തെ അധ്യായം വായിക്കാതെ, ഈ അധ്യായം ഗ്രഹിക്കാൻ എളുപ്പമായിരിക്കില്ല.

65. ഭഗവദ്ഗീതയുടെ നാലാമത്തെ അധ്യായമായ ജ്ഞാനയോഗത്തിൽ അജ്ഞാനത്തെക്കുറിച്ച് ശ്രീകൃഷ്ണൻ നൽകുന്ന ഒരു സംഭാഷണമുണ്ട്, അതിലെ മുപ്പത്തിനാലാമത്തെ ശ്ലോകം അജ്ഞാനത്തെക്കുറിച്ചുള്ളതാണ്.

66. "തദ്വിദ്ധിപ്രണിപാതേന, പരിപ്രശ്നേന സേവയാ. ഉപദേക്ഷ്യന്തി തേ ജ്ഞാനം, ജ്ഞാനിനസ്തത്ത്വ ദർശിന."

67. ഇത് ഗീതയിലെ വളരെ പ്രധാനപ്പെട്ട ഒരു ശ്ലോകമാണ്. മൂന്നാമത്തെ വരിയിൽ ജ്ഞാനം എന്ന വാക്കിന് മുമ്പിൽ സ്വരം ദീർഘിച്ചിരിക്കുന്നു. അതിനാൽ അജ്ഞാനം എന്നാകുന്നു.

68. സ്വരം ദീർഘമുള്ളതായി സങ്കല്പിച്ചില്ലെങ്കിൽ ജ്ഞാനം എന്ന വാക്ക് സംശയലേശമെന്യേ വായിക്കാൻ കഴിയും. അതിൽ ഭിന്നാഭിപ്രായം ഇല്ല. സാധാരണയായി വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള അർത്ഥം അതാണ്.

69. "മുക്തി ജ്ഞാനത്തിലൂടെ സാധ്യമാകുന്നു". ശ്രുതികളിലെ ഈ വചനം എല്ലാവരാലും സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ജ്ഞാനം അഭ്യസിപ്പിക്കുക എന്നതല്ല തത്ത്വദർശികളുടെ ബാധ്യത.

70. ഞാൻ ആത്മനാകുന്നു, ശുദ്ധസാക്ഷി, നിർമ്മലൻ, ജ്ഞാനി, സ്വതന്ത്രനും മുക്തനും, സകല ചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്നു, ശ്രേഷ്ഠബോധം, അകളങ്കിതൻ, ഐക്യബോധത്തിന്റെ പരമാനന്ദം നിറഞ്ഞിരിക്കുന്നവൻ.

71. പക്ഷേ ഞാൻ അജ്ഞതയോ, അജ്ഞതയുടെ അനന്തരഫലമോ അല്ല. "ആത്മാവ് ബ്രഹ്മനാകുന്നു" എന്നതിലൂടെ എന്നെ തിരിച്ചറിയുക, ഏറ്റവും ശ്രേഷ്ഠമായ ബോധവും പരമാനന്ദവുമാണ് ഞാൻ എന്ന് മനസ്സിലാക്കുക.

72. "ഞാൻ ബ്രഹ്മമാകുന്നു" (യജ്ജുർവേദം) ഈ വചനമാണ് എനിക്ക് എപ്പോഴും പ്രചോദനമാകുന്നത്. ഇത് മാത്രമാണ് ശുദ്ധജ്ഞാനം എന്നും അറിയുക. "ഞാൻ പാപിയാണ്, നിർഭാഗ്യവാനാണ്, ഈശ്വരാനുഗ്രഹം ഇല്ലാത്തവനാണ്": ഈ ചിന്തകൾ അജ്ഞാനത്തിന്റെ കൂമ്പാരത്തിൽ നിന്നും ഉയരുന്നവയാണ്.

73. ഈ മായ വളരെ പ്രാചീനവും അനശ്വരവുമായ ശക്തിയാണ്. അജ്ഞാനം മൂലമാണ് ഒരുവൻ ബന്ധനാവസ്ഥയിൽ കഴിയുന്നത്; ജ്ഞാനത്തിലൂടെ ഒരുവൻ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനാകുന്നു. ഇത് അനാദികാലം മുതൽക്കുള്ള മനുഷ്യാവസ്ഥയാണ്.

74. നാമവും രൂപവും എന്നുള്ള അബദ്ധ ധാരണ മുഴുവൻ മായയാലുണ്ടാകുന്ന സമ്പൂർണ്ണ മിഥ്യയാണ്. മായയെ വിവരിക്കാൻ വാക്കുകൾ അപര്യാപ്തമാണ്, അതിനെ കീഴടക്കുക എന്നത് വളരെ പ്രയാസകരവുമാണ്.

75. അബദ്ധജടിലമായ സങ്കല്പചിന്തകളാണ് മായയുടെ ആസ്ഥാനം. ബന്ധനം അല്ലെങ്കിൽ സ്വതന്ത്രത എന്ന അവസ്ഥകൾ സങ്കല്പത്തിൽ നിന്നാണ് ഉണ്ടാകുന്നത്.

76. "മുക്തി ജ്ഞാനത്തിലൂടെ സാധ്യമാകുന്നു", ശ്രുതികളിലെ ഈ തത്ത്വം ഒരു ശാശ്വത സത്യമാണ്. പക്ഷേ പാപങ്ങളിലൂടെ ഉടലെടുത്ത കർമ്മങ്ങൾ തീർത്തും നശിപ്പിക്കപ്പെടാതെ ജ്ഞാനോദയം ഉണ്ടാകുക അസാധ്യമാണ്.

77. പൂർണ്ണജ്ഞാനം നേടിയവൻ, സകല ആസക്തികളിൽ നിന്നും മുക്തനായവനാണെന്ന് അറിയുക. അവന് മായയുടെ ബന്ധനമുണ്ടാകില്ല. ഭോഗേച്ഛയ്ക്കും വികാരങ്ങൾക്കും അവനിൽ സ്ഥാനമുണ്ടാകില്ല.

78. ശ്രേഷ്ഠജ്ഞാനിയായ ശുകന് പോലും സംശയങ്ങൾ കാരണം ഒടുവിൽ വ്യഥിതാവസ്ഥയുണ്ടായി. അജ്ഞാനത്തിൽ നിന്നുമാണ് സംശയങ്ങൾ ഉണ്ടാകു

ന്നത്, ഗുരുവിന്റെ സഹായമില്ലാതെ അവ ദൂരീകരിക്കാൻ കഴിയില്ല.

79. ജ്ഞാനിയായ ഒരുവന്റെ ഹൃദയത്തിൽ പോലും സംശയങ്ങൾ ഉണ്ടാകുകയാണെങ്കിൽ, അയാളും അഹംഭാവിയായി മാറും. വലിയ ഒരു പാത്രത്തിലെ പാലിൽ ഒരു തുള്ളി പുളിച്ച കഞ്ഞി വീണാൽ മതി, പാല് മുഴുവൻ കേടാകും.

80. അതിനാൽ ആരംഭം മുതൽ തന്നെ അജ്ഞാനത്തെ ഗ്രഹിക്കേണ്ടത് പ്രാധാന്യമർഹിക്കുന്നു. ഒരിക്കൽ അത് മാറ്റിക്കഴിഞ്ഞാൽ മനസ്സ് പരിശുദ്ധമാകും. അത് സംഭവിച്ച് കഴിഞ്ഞാൽ, ജ്ഞാനം അപരിമിതമായി ഉളവാകുകയും, മനസ്സ് ധ്യാനത്തിൽ സ്വസ്ഥമായി ആമഗ്നമാകുകയും ചെയ്യും.

81. സമ്പത്തിലും പ്രശസ്തിയിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും, ഇന്ദ്രിയസുഖങ്ങൾ അനുഭവിച്ചാലും വീണ്ടും അതിനായി ആഗ്രഹിക്കുകയും ഭാര്യയെയും സന്തതികളെയും കുറിച്ച് നിരന്തരം ചിന്തിക്കുകയും ചെയ്യുന്ന ഒരുവന്റെ ജ്ഞാനം അജ്ഞാനമല്ലാതെ മറ്റൊന്നുമല്ല.

82. അത്തരത്തിൽ ധനം, പുത്രന്മാർ, ഭാര്യ എന്നിവയോട് അത്യധികമായ മമത വച്ച് പുലർത്തുന്നവന്, അവൻ ജ്ഞാനിയാണെങ്കിൽ പോലും, അവന്റെ സ്വന്തം നന്മയെക്കുറിച്ച് അറിയാൻ കഴിയുന്നില്ല. അതിനാൽ അവനിൽ ഭക്തിഭാവം ഉണ്ടാകാത്തിടത്തോളം കാലം അവന്റെ ജ്ഞാനം അജ്ഞാനത്താൽ മൂടപ്പെട്ടിരിക്കും.

83. എല്ലാ ജീവികളും അജ്ഞത നിറഞ്ഞവയാണ്. അജ്ഞതയിൽ നിന്ന് സ്വതന്ത്രമായിക്കൊണ്ട് ജ്ഞാനം നേടുക, പിന്നീട് അതിനും അതീതമായി മാറുക. ആ അവസ്ഥ ബ്രഹ്മരൂപം അഥവാ ബ്രഹ്മന്റെ മൂർത്തരൂപമായിരിക്കുമെന്നത് തീർച്ചയാണ്.

84. അജ്ഞാനം അപ്രത്യക്ഷമാകുമ്പോൾ ജ്ഞാനം പ്രകടമാകുന്നു. ജ്ഞാനിയായ ഒരുവൻ ക്ഷമാശീലമുള്ളവനായിരിക്കും. ദേഹബുദ്ധി നശിക്കാത്തിടത്തോളം, അവൻ മായയുടെ അധീനതയിലായിരിക്കും.

85. അവതാരപുരുഷന്മാരായ രാമൻ, കൃഷ്ണൻ, ദിവ്യന്മാരായ സനത്, സനക തുടങ്ങിയവർ എന്നീ ശ്രേഷ്ഠജ്ഞാനികൾക്ക് മായയെ അവരുടെ ദാസിയാക്കാൻ കഴിഞ്ഞിരുന്നു; പക്ഷേ, മറ്റുള്ളവരെ അവൾ വിഡ്ഢികളാക്കിയിരുന്നു.

86. സകല ജീവികളുടെയും ഹൃദയത്തിൽ പരമാത്മൻ വസിക്കുന്നുണ്ടെങ്കിലും ആരും അത് ഗ്രഹിക്കുന്നില്ല. അത്തരത്തിൽ സങ്കല്പാതീതമാണ് മായയുടെ പ്രഭാവം; അതിനെ മറയ്ക്കാനുള്ള ഗഹനമായ മിഥ്യാശക്തി അതിനുണ്ട്.

87. "ഞാൻ കർമ്മകർത്താവാണ്, ഞാൻ മാത്രമാണ് ഭോക്താവ്", എന്ന ചിന്തയുടെ മൂഢമായ അഹംഭാവം ഉപേക്ഷിക്കുകയും, ഒരുവൻ അവന്റെ ഹൃദയനിവാസിയായ പരമാത്മനിൽ സ്വയം സമർപ്പിക്കുകയും ചെയ്യാതെ അവന് ആത്മസാക്ഷാത്കാരം നേടാൻ കഴിയില്ല.

88. നശ്വരവും, അനശ്വരവും തമ്മിൽ വിവേചിച്ച് അറിയുക, (ധാർമ്മികഗ്രന്ഥങ്ങൾ) ശ്രവിക്കുക, ജപിക്കുക, അവയെ ധ്യാനിക്കുക, മനനം ചെയ്യുക, ശമം, ദമം

തുടങ്ങിയ ഷഡ്സദ്ഗുണങ്ങളാൽ സ്വയം പരിപോഷിപ്പിക്കുക. അതിലൂടെ മാത്രമേ അജ്ഞാനത്തെ അകറ്റാൻ കഴിയൂ.

89. 'ലോകം എന്നിൽ നിന്നും വിഭിന്നമാണ്'; 'ഞാൻ നിസ്സാരനും കുറ്റങ്ങളുള്ളവനുമാണ്', 'ഞാൻ ഈ ദേഹമാണ്' എന്ന തോന്നൽ – ഇതാണ് ശുദ്ധഅജ്ഞാനം.

90. ജ്ഞാനത്തെ ഉദ്ഘോഷിക്കുന്ന ഈ വേദാന്തശാസ്ത്രത്തിൽ, അവശ്യം വേണ്ടുന്ന നാല് അനുബന്ധ വസ്തുതകളുണ്ട് – അവയൊക്കെ വ്യാഖ്യാതാക്കൾ കരുണയോടെ വിശദമായി വിവരിച്ചിട്ടുണ്ട്.

91. യോജിച്ച വ്യക്തി, വിഷയം, അവ രണ്ടും തമ്മിലുള്ള ബന്ധം മൂന്നാമത്തേത്, ഉദ്ദേശ്യമാണ് നാലാമത്തേത്. പ്രയോജനത്തെപ്പറ്റി ശ്രദ്ധാപൂർവ്വം വിശദീകരിച്ചതിനുശേഷം, പിന്നീടുള്ളത് അജ്ഞാനദൂരീകരണമാണ്.

92. ജീവാത്മാവിന്റെയും പരമാത്മാവിന്റെയും സമ്പൂർണ്ണമായ ഏകത്വമാണ് വേദാന്തത്തിന്റെ പ്രധാന വിഷയം, ഈ ഏകത്വതത്ത്വം മനസ്സിലാക്കുന്നതിലൂടെ അജ്ഞാനത്തെ അകറ്റലാണ് ലക്ഷ്യം.

93. അതിനാൽ, അജ്ഞാനത്തെ അതിന്റെ വേരോടെ ഉന്മൂലനം ചെയ്യുന്നത് തന്നെയാണ് പരമാനന്ദം. അതിനാൽ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് അജ്ഞാനത്തെ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

94. ഒരുവൻ ദ്വന്ദ്വഭാവം നശിപ്പിച്ചിട്ടില്ലെങ്കിൽ, അയാളെ ജ്ഞാനി എന്ന് വിളിക്കാൻ കഴിയില്ല. ദേഹബുദ്ധിയുടെ അഹംഭാവം ഉള്ള ഒരുവന്റെ ജ്ഞാനത്തെ പൂർണ്ണമായ അജ്ഞാനം എന്ന് മാത്രമേ വിളിക്കാൻ കഴിയൂ.

95. അയാൾ സ്വന്തം പാണ്ഡിത്യത്തിന്റെ പ്രകടനം നടത്തുന്നു, പക്ഷേ അനുചിതമായ പ്രവൃത്തികൾ ചെയ്യുകയായിരിക്കും. അയാൾ മരിച്ചവന് തുല്യമാണ്. അയാൾ ഉറങ്ങുന്ന കുംഭകർണ്ണനെപ്പോലെയാണ്.[3]

96. വേദങ്ങളിലെ വിധികൾക്കനുസരിച്ച് ജീവിതചര്യകൾ അനുഷ്ഠിക്കാത്തവനും, നാല് ആശ്രമധർമ്മങ്ങളുടെ നിയമങ്ങൾ പാലിക്കാത്തവനും ബുദ്ധിയെ ശുദ്ധീകരിക്കാനുള്ള ഏകമാർഗ്ഗം അജ്ഞാനദൂരീകരണമാണ്.

97. ബ്രഹ്മാവും മറ്റുള്ളവരും പോലും സത്വം തുടങ്ങിയ ത്രിഗുണങ്ങളാലും വാക്കുകൾ (ഭാഷണം), സ്പർശം, രൂപം, രുചി, ഗന്ധം, ജനനേന്ദ്രിയങ്ങൾ, നാവ് എന്നിവയുടെ വിവിധ വകഭേദങ്ങളാലും സമ്മിശ്രണങ്ങളാലും ഭ്രമിതരാക്കപ്പെടുന്നുണ്ട്.

98. പ്രപഞ്ചത്തിലെ ചലനശേഷിയുള്ള ജീവികളെല്ലാം അനാദികാലം മുതൽ അജ്ഞാനവും മായയും കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. ക്രോധം, വെറുപ്പ് എന്നീ ശക്തിമത്തായ വികാരങ്ങൾ അവരെ ഗ്രസിച്ചിരിക്കുന്നു, ഒപ്പം അജ്ഞാനത്താൽ വലയം ചെയ്യപ്പെട്ടിരിക്കുകയുമാണ്.

99. ഓരോ ജീവിയും അജ്ഞാനത്താൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ പരിശുദ്ധഭാവം പ്രകടമാകണമെങ്കിൽ അജ്ഞാനം, ആഗ്രഹങ്ങൾ, പൂർവ്വകർമ്മഫലങ്ങൾ എന്നിവയുമായുള്ള ബന്ധനങ്ങൾ അറുത്തുമാറ്റണം.

100. ഗോവിന്റെ അകിട് നിറഞ്ഞ് പാൽ പുറത്തേക്ക് ഇറ്റുവീഴുന്നുണ്ടാകും. ചെള്ള് അല്ലെങ്കിൽ കീടം അവിടെ ഇറുകെ പിടിച്ചിരിപ്പുണ്ടാകും. പക്ഷേ, അത് ചോരയാണ് ആസ്വദിക്കുന്നത്, അപ്പോൾ അതിനെങ്ങനെയാണ് പാലിന്റെ സ്വാദ് ലഭിക്കുക?

101. തവളയെയും വണ്ടിനെയും ശ്രദ്ധിക്കുക. അവ രണ്ടിനും താമര ആലയമൊരുക്കുന്നു. പക്ഷേ സുഗന്ധമുള്ള പൂമ്പൊടിയുടെ ചുറ്റുമാണ് വണ്ട് വട്ടമിടുന്നത്, തവളയാകട്ടെ ചെളി ഭക്ഷണമാക്കുന്നു.

102. ജ്ഞാനത്തിന്റെ ഖനി മുമ്പിലുണ്ടായാലും, മൂഢനായ ഒരു വ്യക്തി അജ്ഞാനത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നു, അജ്ഞാനം തന്നെ ജ്ഞാനമായി അനുഭവപ്പെടുന്നു. അവന് ജ്ഞാനോപദേശം നൽകുന്നത് കൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

103. അജ്ഞാനം പൂർണ്ണമായും മാറ്റപ്പെടുമ്പോൾ ബ്രഹ്മനെക്കുറിച്ചുള്ള അറിവ് സ്വയം പ്രകടമാകും. അതിനാൽ അജ്ഞാനം എന്താണെന്നുള്ളത് തുടക്കത്തിലേ വിശദമാക്കേണ്ടതുണ്ട്. അത് മനസ്സിലാക്കുക.

104. ബ്രഹ്മനെക്കുറിച്ചുള്ള അറിവിനേക്കാൾ പരിശുദ്ധമായി മൂന്നുലോകങ്ങളിലും മറ്റൊന്നുമുണ്ടാകില്ല. ആ ജ്ഞാനത്തിന്റെ ശിക്ഷണം പരമാദരണീയമാണ്. അതില്ലാതെ ജീവിതം വ്യർത്ഥമാണ്.

105. ബ്രഹ്മൻ ബുദ്ധിയിലൂടെ തിരിച്ചറിയാൻ കഴിയുന്ന വസ്തുക്കൾക്ക് തുല്യമായ ഒന്നാണെങ്കിൽ, അതിനെ സംവേദിച്ചറിയാൻ സഹായകമായ എന്തെങ്കിലും ആസ്വാദ്യത അതിനുണ്ടാകുകയും, "ഇത് അതാകുന്നു" എന്ന് പറയാൻ ഒരുവനെ പ്രാപ്തനാക്കുകയും ചെയ്യേണ്ടതാണ്.

106. ബ്രഹ്മതത്ത്വത്തിന്റെ ഭാവത്തിന് ബുദ്ധിമാനവുമുണ്ട്. പക്ഷേ ഇന്ദ്രിയങ്ങളുടെ സംവേദനത്തിനതീതമായതിനെ ബുദ്ധിയിലൂടെ ഗ്രഹിക്കാനാകുമെന്നും, അതാണിതെന്നും സ്മൃതികൾ പറയുന്നു, പക്ഷേ ശ്രുതികൾ അത് ശരിവയ്ക്കുന്നില്ല.

107. ബുദ്ധി തുടങ്ങിയവ സചേതനമല്ലെങ്കിൽ, ഗ്രഹണത്തിന് സഹായകമായ മാദ്ധ്യമം ഇല്ലാതാകുന്നു. അപ്പോൾ എങ്ങനെയാണ് ബ്രഹ്മന്റെ അസ്തിത്വഗുണത്തെ ഗ്രഹിക്കാൻ കഴിയുക?

108. ഇന്ദ്രിയങ്ങളിലൂടെ അനുഭവിച്ചറിയുന്നവ മാത്രമാണ് നിലനിൽക്കുന്നത്, മറ്റൊന്നുമല്ല, ഇത് എല്ലാവർക്കും അറിവുള്ളതാണ്. അങ്ങനെയാണെങ്കിൽ ബ്രഹ്മന് അസ്തിത്വമേയില്ല.

109. ഇത്രയും നേരം പറഞ്ഞതിന്റെയൊക്കെ അർത്ഥം ഇതാണ്. അത് യാഥാർത്ഥ്യമാണെങ്കിൽ, അത് വളരെ ദുഃഖകരമായ വസ്തുതയായിരിക്കും, എന്തുകൊണ്ടെന്നാൽ അതിൻപ്രകാരം, ബുദ്ധി മാത്രമാണ് നിലനിൽക്കുന്നതെന്നും അതാണ് സൂക്ഷ്മവും, അതിസൂക്ഷ്മവുമായ വസ്തുക്കളെ മനസ്സിലാക്കാൻ ഒരുവനെ സഹായിക്കുന്നതെന്നും വരും.

110. അതും (ബുദ്ധിയും) ഇല്ലാതാകട്ടെ; പക്ഷേ, അപ്പോഴും അതിന് സമ്മിശ്രിത

മായ ഒരു അസ്തിത്വമുണ്ടായിരിക്കും. എന്തുകൊണ്ടെന്നാൽ ഈ പ്രപഞ്ചത്തിന്റെ മൂലഹേതു ആത്മനാണെന്നത് നിസ്തർക്കമാണ്, അതിനാൽ എല്ലാ വിനാശങ്ങളും ആത്യന്തികമായി അസ്തിത്വത്തിൽ അധിഷ്ഠിതമാണ്.

111. ഒരു കുടത്തിന് മേൽ ഒരു കല്ല് എറിയപ്പെടുകയാണെങ്കിൽ, അതിന്റെ രൂപം ഉടഞ്ഞ്, കഷണങ്ങൾ മാത്രം അവശേഷിക്കും. കുടത്തിന്റെ ആകൃതി നശിപ്പിക്കപ്പെട്ടാലും, അത് നിലനിന്നിരുന്നു എന്നതിനെ ആ കഷണങ്ങൾ സൂചിപ്പിക്കുന്നു.

112. കുടമെന്ന രൂപത്തിലുള്ള വസ്തു നശിപ്പിക്കപ്പെട്ടാലും, കുടത്തിന്റെ അസ്തിത്വത്തിന് നാശമുണ്ടാകില്ല. എന്തുകൊണ്ടെന്നാൽ കുടത്തിന്റെ കഷണങ്ങൾ, തുടർച്ചയ്ക്കായി അവശേഷിക്കുന്നുണ്ടാകും. അതിനാൽ യഥാർത്ഥമായും അസ്തിത്വത്തിന്റെ സത്ത അവയിലുണ്ടാകും.

113. ഒരിക്കലും ഒരു വസ്തുവിന്റെയും നാശം ശൂന്യതയിൽ അവസാനിക്കുന്നില്ല. നാശം അസ്തിത്വപരമായ ഗുണത്തിൽ വേരൂന്നിയിരിക്കുന്നു. പരമാർത്ഥത ഗ്രഹിക്കുമ്പോൾ, അതിൽ ശുദ്ധബോധം അന്തർലീനമാണെന്നത്, അതായത് അസ്തിത്വം, ഈ വസ്തുതയെ സാധൂകരിക്കുന്നു.

114. പുണ്യസ്ഥലങ്ങളും വ്രതനിഷ്ഠകളും ദിവ്യവും ശുദ്ധവുമാണ്; പക്ഷേ ഏറ്റവും ദിവ്യവും ഏറ്റവും ശുദ്ധവുമായത് ഈശ്വരജ്ഞാനമാണ്. ഈശ്വരജ്ഞാനമില്ലാതെ ഭജനകൾ പാടുന്നതും, പൂജകൾ നടത്തുന്നതും വ്യർത്ഥമാണ്.

115. മനസ്സ് അജ്ഞാനത്താൽ കളങ്കിതമാണ്. ഈശ്വരഭക്തിയില്ലാതെ ആ മനസ്സിനെ ശുദ്ധമാക്കാൻ കഴിയില്ല; ഭക്തിയില്ലാതെ ജ്ഞാനം ഉണരുകയില്ല.

116. അതിനാൽ ആദ്യമേ അജ്ഞാനം എന്താണെന്ന് മനസ്സിലാക്കുക. അത് എന്താണെന്ന് വിശദമാക്കപ്പെടുകയും, നിങ്ങൾ അതിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും ചെയ്താൽ മാത്രമേ, ബന്ധനങ്ങൾ ഇല്ലാതാകുകയുള്ളൂ. അതിനുള്ള ഏകമാർഗ്ഗം ഭക്തിയാണ്.

117. കാലുകൾ ആദ്യം പുറത്തേക്കായി ജനിച്ച ഒരു കുട്ടിയുടെ കണ്ണുകളിൽ അഞ്ജനം പുരട്ടിയാൽ, അതിന് ഭൂമിക്കടിയിലുള്ള നിധി കണ്ടുപിടിക്കാൻ കഴിയും. അതേപോലെ ഭക്തി ശീലിക്കുകയാണെങ്കിൽ അജ്ഞാനം നശിപ്പിക്കപ്പെടുകയും, ജ്ഞാനം തെളിയുകയും ചെയ്യും.

118. ജ്ഞാനമെന്നാൽ ആത്മസാക്ഷാത്കാരം തന്നെയാണ്, അതിന് പ്രധാനമായും വേണ്ടത് അജ്ഞാനത്തെ ഇല്ലാതാക്കുക എന്നതാണ്. ഈശ്വരഭക്തി നേടാത്തിടത്തോളം മായയുടെ ശക്തി അപാരമായിരിക്കും.

119. ജ്ഞാനവും അജ്ഞാനവും കൂടിക്കലർന്ന് സ്ഥിതി ചെയ്യുന്നു. അജ്ഞാനത്തെ ദൂരേയ്ക്ക് വലിച്ചെറിഞ്ഞ് ശുദ്ധജ്ഞാനം മാത്രം പെറുക്കിയെടുക്കുക, അരി ചൂടുവെള്ളത്തിൽ പാകം ചെയ്യുന്നതിന് മുമ്പ് അരിമണികളിൽ നിന്ന് കല്ലും അഴുക്കുകളും പെറുക്കിമാറ്റുന്നതുപോലെ.

120. ഈശ്വരൻ എല്ലാ ജീവികളിലും വർത്തിക്കുന്നു. ഒരുവൻ ജ്ഞാനയജ്ഞം, ആരാധനകൾ എന്നിവ ചെയ്യുകയും കൃഷ്ണനെ (ഈശ്വരനെ) സർവ്വവ്യാപി

യായി കാണുകയും ചെയ്യുമ്പോൾ അജ്ഞാനം നശിച്ച് ജ്ഞാനം മാത്രം അവ ശേഷിക്കും.

121. ഇപ്പോൾ നമുക്ക് ജ്ഞാനയജ്ഞത്തിന്റെ പ്രകൃതം എന്താണെന്ന് നോക്കാം. ബലിമൃഗത്തിനെ കെട്ടിയിരിക്കുന്ന തൂണ് 'ഞാൻ ബ്രഹ്മമാകുന്നു' എന്ന തത്ത്വ മാണ്, പ്രപഞ്ചത്തിലെ പഞ്ചഭൂതങ്ങൾ യജ്ഞഭൂമിയുടെ നടുമുറ്റമാകുന്നു, ബലി അർപ്പിക്കപ്പെടുന്ന മൃഗമാകട്ടെ ജീവാത്മാവും ഈശ്വരനും തമ്മിൽ ഭിന്ന മാണെന്ന വിശ്വാസവും.

122. ഈ യജ്ഞത്തിന് വേണ്ടുന്ന ആവശ്യവസ്തുക്കൾ പഞ്ചേന്ദ്രിയങ്ങളും പഞ്ച പ്രാണനുകളുമാണ്. മനസ്സിന്റെയും ബുദ്ധിയുടെയും ശൂന്യതലങ്ങളിൽ അറി വിന്റെ അഗ്നി ജ്വലിപ്പിക്കുക.

123. ഈ യജ്ഞം നടത്തുന്നത് ഓരോ മനുഷ്യനുമാണ്, ശുദ്ധമായ നെയ്യുടെ സ്ഥാനത്ത് അജ്ഞാനമാണ് അർപ്പിക്കപ്പെടുന്നത്. അവൻ പൂർണ്ണമായും പര മാനന്ദത്തിൽ മുഴുകുന്നു, യജ്ഞസമാപ്തിയിൽ ആ മനുഷ്യൻ പരിശുദ്ധിയാ കുന്ന ജലത്തിൽ സ്നാനം നടത്തുന്നു.

124. ചുരുക്കിപ്പറഞ്ഞാൽ, ശുദ്ധമായ നെയ്യുടെ സ്ഥാനത്ത് അജ്ഞാനം ഹവനമായി അർപ്പിക്കപ്പെട്ടില്ലെങ്കിൽ ജ്ഞാനാഗ്നി ഒരിക്കലും ജ്വലിപ്പിക്കപ്പെടില്ല. ജീവികളും ഈശ്വരനും തമ്മിൽ ഭിന്നതയുണ്ടെന്ന ചിന്ത എരിയിച്ച് കളയുമ്പോൾ ഏക താബോധത്തിന്റെ ജ്ഞാനം പ്രകടമാകുന്നു.

125. തെളിഞ്ഞ ഒരു ദർപ്പണത്തിനെ ധൂളിയും, അഗ്നിയുടെ പ്രകാശത്തിനെ പുകയും ആവരണം ചെയ്തിരിക്കുന്നതുപോലെയാണ് കോപം, ആസക്തി കൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്ന അറിവ് അജ്ഞാനത്താൽ മറയപ്പെ ട്ടിരിക്കുന്നത്.

126. രാഹുഗ്രഹം ചന്ദ്രനെ മറയ്ക്കുന്നതുപോലെയോ, പായൽ വെള്ളത്തിനെ മൂടു ന്നതുപോലെയോ ആണ്, സ്വയം പ്രകാശിതമായ ജ്ഞാനത്തിന്റെ മുകളിൽ മായ ഒരു മൂടുപടം ഇടുന്നത്.

127. ഉത്തമരായ ജ്ഞാനികളുടെ ബുദ്ധി പോലും കളങ്കിതമാകുകയും അവർ അധ മാവസ്ഥയിലേയ്ക്ക് പതിക്കുകയും ചെയ്യുന്നു. ആ സാഹചര്യത്തിന് എങ്ങ നെയാണ് പ്രതിവിധി ചെയ്യേണ്ടതെന്ന് അവർക്ക് അറിയാം. പക്ഷേ അത് പിന്തു ടരുകയില്ല. അവർക്ക് ഇഷ്ടമുള്ളതുപോലെ അവർ പ്രവർത്തിക്കുന്നു.

128. കാണാൻ കഴിയുമെങ്കിലും അവർ അന്ധന്മാരെപ്പോലെ പ്രവർത്തിക്കുന്നു. അവരുടെ സദ്സ്വഭാവങ്ങൾ ഉപേക്ഷിച്ച് അവർ ലജ്ജയില്ലാതെ പെരുമാറു ന്നു. നിർബന്ധിതമായെന്നപോലെ അവർ തുടരുന്ന ദുഃസംസർഗം കാരണം മനഃക്ലേശത്തിന്റെ ഒരു നിതാന്തഹേതുവായി അവർ മാറുകയും, തന്നിഷ്ടപ്ര കാരം തന്നെ അവർ ജീവിക്കുകയും ചെയ്യുന്നു.

129. ലൗകികജീവിതം ഉപേക്ഷിച്ചവർ തിരികെ ഗൃഹസ്ഥാശ്രമികളായി മാറുകയും, തീരുമാനിച്ച് ഉറപ്പിച്ചതുപോലെ നിഷിദ്ധകർമ്മങ്ങളിൽ മുഴുകുകയും ചെയ്യു ന്നു. ജുഗുപ്സാവഹമായ വസ്തുക്കളെ ഏറ്റവും സുഖപ്രദമായവയായി അവർ

സ്വീകരിക്കുന്നു.

130. കഠിനപ്രയത്നത്തിലൂടെ അവർ ഒഴിവാക്കിയിരുന്ന തെറ്റുകളിലും പാപവൃത്തി കളിലും, അജ്ഞതയോ വിധിയോ മൂലം അവർ വീണ്ടും നിലം പതിക്കുന്നു. ആ അവസ്ഥയെക്കുറിച്ച് എന്താണ് പറയുക! ഇതാണോ ജ്ഞാനിയായ ഒരു മനുഷ്യന്റെ വിവേകബുദ്ധി?

131. വളരെ ജ്ഞാനിയും പാപത്തിന്റെ നിഴൽ പോലും ആഗ്രഹിക്കുകയും ചെയ്യാത്ത ഒരു മനുഷ്യനാണെങ്കിൽപ്പോലും പ്രകാശത്താൽ ഭ്രമിക്കപ്പെടുന്ന ശലഭത്തെപ്പോലെ അയാൾ കബളിപ്പിക്കപ്പെടുകയും, നല്ലതും ചീത്തയുമായ പ്രവൃത്തികൾ തമ്മിൽ വേർതിരിച്ചറിയാൻ കഴിയാതെ വരികയും ചെയ്യുന്നു.

132. ഒരു പാപം പ്രവർത്തിക്കുന്നത് അജ്ഞതയാണെന്ന് അവന് തീർത്തും അറി യാം, പക്ഷേ, ആഗ്രഹങ്ങളോടുള്ള അഭിനിവേശം കാരണം, അവൻ ഒട്ടും ശ്രദ്ധിക്കുന്നില്ല.

133. ആഗ്രഹങ്ങൾ കാരണമാണ് ഇവയെല്ലാം ചെയ്യപ്പെടുന്നത്. ആഗ്രഹങ്ങളാണ് എല്ലാ നാശങ്ങൾക്കും ഹേതുവാകുന്നത്, അത് കോപമായി പാകപ്പെടുകയും ചെയ്യുന്നു.

134. ആഗ്രഹപൂർത്തീകരണത്തിന് തടസ്സമുണ്ടാകുമ്പോൾ, ധ്വംസിക്കപ്പെട്ട ആഗ്രഹം കോപമായി മാറുന്നു. ഓരോ ചുവടുവയ്പിലും, അത് മുക്തിക്ക് പ്രതിബന്ധം തീർക്കുന്നു. പ്രവൃത്തികളുടെ ഈ ഗതി ജ്ഞാനത്തിന് തടസ്സമായി മാറുന്നു.

135. കോപവും ആഗ്രഹങ്ങളും കൂടി സൃഷ്ടിക്കുന്ന ക്ലേശങ്ങളിൽപ്പെട്ട് ഈ മനു ഷ്യജീവി വലയുന്നു. ബ്രഹ്മസ്വരൂപം, ജ്ഞാനത്തോടൊപ്പം ഒരേ നിലയിൽ വർത്തിക്കുന്നുണ്ടാകും.

136. അവ (അതായത് കോപവും ആഗ്രഹങ്ങളും) ഒരുവനെ വെള്ളമില്ലാതെ തന്നെ മുക്കിക്കൊല്ലുന്നു; തീ ഒട്ടുമില്ലാതെ ഒരുവനെ അഗ്നിക്കിരയാക്കുന്നു; ആയുധ ങ്ങളില്ലാതെ ഒരുവനെ വധിക്കുന്നു; ഒരു പാശം പോലുമില്ലാതെ ബന്ധനസ്ഥ നുമാക്കുന്നു.

137. ജ്ഞാനികൾക്ക് പോലും അവയെ പ്രതിരോധിക്കാൻ കഴിയില്ല, അവർ അവ യോട് എതിരിട്ടാൽ പരാജയപ്പെടുന്നു. അവയ്ക്ക് പ്രപഞ്ചത്തെ നശിപ്പിക്കാനും മനുഷ്യരെ അവരറിയാതെ ഗ്രസിക്കാനും കഴിയുന്നു.

138. ആഗ്രഹവും കോപവും ജ്ഞാനശിശുവിനെ ഒരു പാട പോലെ ആവരണം ചെയ്തിരിക്കുന്നു, സംഹാരിയായ സർപ്പം ചന്ദനമരത്തിന്റെ വേരുകളെ ചുറ്റി യിരിക്കുന്നത് പോലെ.

139. ഇന്ദ്രിയങ്ങൾ, ബുദ്ധി, മനസ്സ് എന്നിവയാണ് ആഗ്രഹങ്ങളുടെ വാസസ്ഥലം. ഇവയുടെ സഹായത്താൽ മനുഷ്യന്റെ ജ്ഞാനത്തിന് മങ്ങലേല്പിക്കുകയും അവനെ പ്രലോഭിപ്പിക്കുകയും ചെയ്യുന്നു.

140. നിങ്ങൾക്ക് ചന്ദനത്തടി നേടണമെന്നുണ്ടെങ്കിൽ നിങ്ങൾ സർപ്പത്തെ കൊല്ല ണം. ആഗ്രഹത്തിന്റെയും കോപത്തിന്റെയും ആവരണം മാറ്റി ജ്ഞാനത്തിന്റെ ഖനി സ്വന്തമാക്കുക.

141. സർപ്പത്തിനെ കൊല്ലാതെ ആർക്കെങ്കിലും ചന്ദനത്തടി കരസ്ഥമാക്കാൻ കഴിയുമോ? കറുത്ത സർപ്പത്തെ കൊല്ലാതെ മറഞ്ഞുകിടക്കുന്ന നിധി നേടാൻ നിങ്ങൾക്ക് കഴിയുമോ?

142. അതേപോലെ, പരബ്രഹ്മനെയും, ആത്മജ്ഞാനത്തെയും നേടാനുള്ള ഒരേ ഒരു മാർഗ്ഗം മായയുടെ തിരശ്ശീല മാറ്റുക എന്നതാണ്.

143. അതിനാൽ, ആദ്യം ഇന്ദ്രിയങ്ങളെ നിയന്ത്രണവിധേയമാക്കുക, അപ്പോൾ കോപവും ആഗ്രഹങ്ങളും നശിപ്പിക്കപ്പെടും. ഒരു ജീവി കോപത്തിന്റെയും ആഗ്രഹത്തിന്റെയും നിയന്ത്രണത്തിന് വിധേയമാണ്, ജ്ഞാനം അജ്ഞതയാൽ മറയപ്പെടുകയും ചെയ്തിരിക്കുന്നു.

144. ശരീരത്തേക്കാൾ സൂക്ഷ്മമാണ് ഇന്ദ്രിയങ്ങൾ; മനസ്സ് അവയേക്കാൾ സൂക്ഷ്മമാണ്; ബുദ്ധി മനസ്സിനേക്കാൾ സൂക്ഷ്മമാണ്; പരമാത്മൻ ബുദ്ധിയേക്കാൾ സൂക്ഷ്മമാണ്.

145. ഉന്നതമായ ഈ ശ്രേഷ്ഠസത്യം സകലപ്രാപഞ്ചിക അസ്തിത്വത്തെയും ധാർമ്മികതയെയും അതിജീവിക്കുന്നു. ആ പരമാത്മനാണ് ഏറ്റവും ഗുണപ്രദമായിട്ടുള്ളത്. അത് അമൃതതുല്യമായ ശാശ്വതാത്മാവ് ആണ്.

146. ശുദ്ധസാക്ഷി, നിർമ്മലം, ശാശ്വതം, സ്വതന്ത്രം, മുക്തം, തികഞ്ഞ അദ്വൈത ഭാവതത്ത്വം – അതാണ് പരമാനന്ദസ്വരൂപന്റെ ഗുണം, അത് തന്നെയാണ് ശുദ്ധബോധമായി ഉള്ളിൽ വർത്തിക്കുന്നതും.

147. പഞ്ചീകരണം[4] എന്നറിയപ്പെടുന്നത് യഥാർത്ഥത്തിൽ മായയുടെ പ്രകടനമാണ്, അതിവ്യാപനവും വർജ്ജ്യവുമാണ് അതിനുള്ള മാർഗ്ഗങ്ങൾ. ഇതിനെക്കുറിച്ച് ബോധമുണ്ടാകേണ്ടത് പ്രാധാന്യമർഹിക്കുന്നു.

148. ഈ പഞ്ചഭൂതങ്ങൾ, അവയുടെ സമ്മിശ്രിതമായ ഭാവത്തിൽ അല്ലാത്ത അവസ്ഥയിൽ, സൂക്ഷ്മാംശങ്ങൾ എന്നറിയപ്പെടുന്നു. അവയുടെ വികാസങ്ങളായ പ്രാണൻ, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയാണ് ആത്മാവിന്റെ സൂക്ഷ്മദേഹമായി വർത്തിക്കുന്നത്.

149. പഞ്ചഭൂതങ്ങൾ അഞ്ച് രീതികളിൽ സമ്മിശ്രിതമാകുമ്പോൾ പരമാത്മന്റെ സ്ഥൂലഘടകവും ജീവാത്മാവിന്റെ സ്ഥൂലദേഹവുമാകുന്നുവെന്ന വസ്തുത ഗ്രഹിക്കുക. ജ്ഞാനികൾ അതിനെ 'വിരാട്' എന്ന് വിളിക്കുന്നു, അതായത് സ്ഥൂലപ്രകൃതി അഥവാ പദാർത്ഥനിബദ്ധമായ ശരീരം.

150. പരമാത്മന്റെ യഥാർത്ഥതത്ത്വത്തെക്കുറിച്ചുള്ള അജ്ഞതയാണ് സ്ഥൂല, സൂക്ഷ്മ ശരീരങ്ങളുടെ ആവിർഭാവത്തിന് ഹേതുവാകുന്നത്. പ്രത്യക്ഷത്തിൽ യഥാർത്ഥമായി തോന്നുമെങ്കിലും ശരീരം അവ്യകൃതവും[5] ആത്മന് നിദാനവുമാണ്.

151. ഇത് ബോധശക്തിയുടെ പ്രതിബിംബമായ, കാരണശരീരം എന്നറിയപ്പെടുന്നു. അത് അപ്രകടവും അയഥാർത്ഥവുമെന്ന് വിളിക്കപ്പെടുകയും അജ്ഞാനത്തിന്റെ ഹേതുവാകുകയും ചെയ്യുന്നു.

152. ഇതിനൊക്കെ കാരണം ആത്മനെക്കുറിച്ചുള്ള അറിവില്ലായ്മയാണ്, അത് ശരീ

രഭാഗങ്ങളോ അവയില്ലാത്തതോ രണ്ടുംകൂടി ചേർന്നതോ അല്ല. ശരീരം നശിക്കണമെങ്കിൽ ബ്രഹ്മനും ആത്മനും തമ്മിലുള്ള ഏകതയുടെ ജ്ഞാനമാണ് നേടേണ്ടത്.

153. ഒരുവന്റെ ആത്മഭാവത്തിൽ വർത്തിക്കുന്നതിനെയാണ് മോക്ഷം അഥവാ മുക്തി എന്ന് അറിയപ്പെടുന്നത്. ഒരുവന്റെ സ്വത്വഭാവം നേടുന്നതിനേക്കാൾ മറ്റൊരു മോക്ഷമില്ല.

154. ബ്രഹ്മനും ആത്മനും തമ്മിലുള്ള ഏകതയുടെ ജ്ഞാനം നേടുമ്പോൾ, അജ്ഞാനം ദൂരീകരിക്കപ്പെടുന്നു. അതിനാൽ അജ്ഞാനം എന്താണെന്ന് വിവരിക്കപ്പെടേണ്ടത് ആവശ്യമാണ്.

155. അജ്ഞതയാൽ മലിനപ്പെട്ടത്, കളങ്കിതമായ ഒരു അവസ്ഥയിലെത്തുന്നു. ആ അവസ്ഥ അസ്തിത്വമുള്ളത് എന്ന് വിളിക്കപ്പെടുന്നു. അങ്ങനെ അത് വാക്കുകളാൽ ദ്യോതിപ്പിക്കപ്പെടുകയും വ്യഞ്ജിപ്പിക്കപ്പെടുകയുമാകുന്ന ഒരു അവസ്ഥയിൽ എത്തുന്നു.

156. പ്രാരംഭത്തിൽ അത് ഇന്ദ്രിയങ്ങളുടെ സംവേദനക്ഷമതയ്ക്ക് അതീതമായിരുന്നെങ്കിലും, അത് വാക്കുകളാൽ വർണ്ണിക്കപ്പെടുന്ന അവസ്ഥയിലേയ്ക്ക് മാറ്റപ്പെട്ടു. അപ്പോൾ മാത്രമാണ് ആ രൂപം മനസ്സിലേയ്ക്ക് പ്രവേശിക്കുകയും, ഓംകാരരൂപം പ്രാപിക്കുകയും ചെയ്തത്.

157. ഈ ഓംകാരരൂപം ധ്യാനിക്കുകയും ഈശ്വരസ്മരണയോടുംകൂടി ദേഹം വെടിയാനുമിടയാകുന്നവൻ അനുഗൃഹീതനാണ്.

158. അത് അങ്ങനെയാകട്ടെ. അഗോചരമായ ബ്രഹ്മന്റെ രൂപമായ, ഓം എന്ന് ഉച്ചരിക്കപ്പെട്ട ശബ്ദവാക്കിൽ നിന്നും, അപ്രകടമായിരുന്നത് സ്വയം പ്രകടമാകുന്നു. ഈ അപ്രകടതത്ത്വത്തിൽ നിന്ന് മഹാതത്ത്വം[6] വികാസം പ്രാപിക്കുന്നു, അതിൽ നിന്നും അഹം ഉദിക്കുന്നു.

159. അഹം സൂക്ഷ്മതത്ത്വങ്ങളായി ഉടലെടുക്കുകയും, തുടർന്ന് സ്ഥൂലഭൂതങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പ്രപഞ്ചം ഈ പഞ്ചഭൂതങ്ങളിൽ നിന്നാണ് സൃഷ്ടിക്കപ്പെടുന്നത്.

160. ഈ പ്രപഞ്ചരൂപം പ്രാപഞ്ചികമായ അജ്ഞാനത്തിന്റെ സൂചനയാണ്, ഈ അജ്ഞതയെ നശിപ്പിക്കുന്നതിന് അജ്ഞാനം എന്താണെന്ന് വിശദീകരിക്കേണ്ടതുണ്ട്.

161. ശുദ്ധബോധമാണ്, പരിശുദ്ധവും അകളങ്കിതവുമായ മൂലപ്രകൃതി. ഇതിൽ നിന്നും ഭിന്നമായതെന്തും ദുഷിച്ചതാണ്. രണ്ടിനെയും തമ്മിൽ മിശ്രണം നടത്തുന്നത് ഉചിതമാകില്ല.

162. സ്വയം നേരിട്ട് അനുഭവവേദ്യമാകുന്ന ബ്രഹ്മൻ, വർണ്ണിക്കപ്പെടുന്ന ബ്രഹ്മനേക്കാൾ വളരെ വ്യത്യസ്തമാണ്. അതിനാൽ ഉചിതമായ ബോധനത്തിന്റെ ശക്തിയാൽ, അജ്ഞതയുടെ പടലങ്ങൾ നീക്കം ചെയ്യേണ്ടത് ആവശ്യമാണ്.

163. നിദ്രയിൽ മനസ്സ് അനുഭവിക്കുന്ന ഒരു സ്വപ്നത്തിൽ, കണ്ണുകളില്ലാതെ തന്നെ അത് മൂന്ന് ലോകങ്ങളും കാണുകയും ദൃശ്യവല്കരിക്കുകയും ചെയ്യുന്നു.

ഇതിനെല്ലാം കാരണം അജ്ഞാനമാണ്.

164. ഒരു വസ്തുവിനെ ഇന്ദ്രിയങ്ങളിലൂടെ സംവേദിച്ചറിയുമ്പോൾ, അത് വ്യത്യസ്തമായി കാണപ്പെടുന്നു. അതായത് പാമ്പിനെപ്പോലെ കാണപ്പെടുന്ന കയറും വെള്ളിയെപ്പോലെ തോന്നുന്ന മുത്തുച്ചിപ്പിയുടെ ഉൾഭാഗവും പോലെ.

165. അനുഭവഗോചരമാകുന്നത് സൂര്യരശ്മികൾ മാത്രമാണ്. ആളുകൾ അതിനെ മരീചിക എന്നുവിളിക്കുന്നു. പക്ഷേ, ഇത് മായയുടെ ഒരു ലീല മാത്രമാണ്, അതിന് മുമ്പിൽ ജ്ഞാനികൾ പോലും നിസ്സഹായകരാണ്.

166. ഒരുവൻ എരിയുന്ന വിറക് കഷണം പെട്ടെന്ന് വട്ടത്തിൽ ചുഴറ്റിയാൽ, തീപ്പൊരികൾ കൊണ്ടുള്ള ഒരു വൃത്തം കാണപ്പെടും. ഇവിടെയും മായയുടെ ആശ്ചര്യമാണ് തെളിയുന്നത്.

167. യഥാർത്ഥമായ തീയ് കാണുമ്പോൾ, വട്ടത്തിൽ കാണപ്പെട്ട തീയ്ക്ക് സ്ഥാനമില്ലാതാകുന്നു. അതേപോലെ, മായയുടെ പ്രലോഭനത്തിന്റെ വ്യാപ്തിയാൽ യഥാർത്ഥമായ അസ്തിത്വമില്ലാത്ത ഈ ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

168. അത്തരത്തിലുള്ള ഒരു ദൃഢനിശ്ചയത്തിന്റെ സഹായത്തോടെ മിഥ്യയെ ദൂരീകരിക്കുമ്പോൾ മാത്രമേ ലൗകികമായ അസ്തിത്വവും ഇല്ലാതാകുകയുള്ളൂ. “ഞാൻ ഈ ദേഹമാണ്. അവൾ എന്റെ ഭാര്യയാണ്, ഇതെന്റെ ഗൃഹമാണ്” – ഇവയെല്ലാം വ്യർത്ഥവ്യായാമങ്ങളാണ്.

169. ജ്ഞാനികളെന്നും പണ്ഡിതന്മാരെന്നും വിളിക്കപ്പെടുന്നവർ പോലും സന്തതി, കന്നുകാലികൾ തുടങ്ങിയ ഭൗതികസമ്പത്തുക്കളോട് ആഴത്തിൽ മമത പുലർത്തുകയും അല്പം പോലും സന്തോഷം അനുഭവിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു.

170. വിജ്ഞാനശാഖകളിൽ പാണ്ഡിത്യമുള്ള ധിഷണാശാലികൾ മറ്റൊരു വ്യക്തിയെയും അവർക്ക് സമന്മാരായി പരിഗണിക്കുകയില്ല. ഇത് ഹൃദയത്തിലുള്ള ഏറ്റവും വലിയ മിഥ്യാബോധമാണ്, അത് അസംതൃപ്തിക്ക് വഴിവയ്ക്കുന്നു.

171. മായ അഥവാ അജ്ഞാനം അഥവാ അറിവില്ലായ്മ അഥവാ പ്രധാനതത്ത്വമെന്നറിയപ്പെടുന്നത് ഇതാണ്. ആരംഭത്തിൽ, ജ്ഞാനികൾ ഇവയെ അകറ്റുന്നു, അപ്പോൾ ജ്ഞാനം തെളിഞ്ഞുവരും.

172. ഈ ജ്ഞാനം സ്വയം പ്രകാശിതമാണ്. അതിനെക്കുറിച്ച് ശിക്ഷണം നൽകേണ്ട ആവശ്യമില്ല. അജ്ഞാനം നശിപ്പിക്കപ്പെടുമ്പോൾ, ജ്ഞാനത്തിന്റെ ദീപ്തി സ്വയം പ്രകടമാകും.

173. ശോഭയാർന്ന ഒരു രത്നം, വർഷങ്ങളോളം അഴുക്കിലും പൊടിയിലും ആഴ്ന്ന് കിടന്ന്, അതിനെക്കുറിച്ചുള്ള ഓർമ്മപോലും നഷ്ടപ്പെടുന്നതിന് തുല്യമാണ് അത്.

174. പിന്നീട്, എപ്പോഴെങ്കിലും യാദൃച്ഛികമായി, കർമ്മത്തിന്റെയും ധർമ്മത്തിന്റെയും ഏകകാലത്തുള്ള സംയോജനത്താൽ അത് ഒരുവന്റെ കൈകളിൽ എത്തിച്ചേരുമ്പോൾ അതിന്റെ മൂലകാന്തി നഷ്ടപ്പെട്ടതായി കാണപ്പെടുന്നു, കല്ലുകൾക്കും മൺകട്ടകൾക്കുമിടയിൽ കിടക്കുകയായിരുന്നത് കാരണം.

175. പക്ഷേ അതിനെ നന്നായി വൃത്തിയാക്കുകയും, അഴുക്കും പൊടിയും മാറ്റുകയും ചെയ്യുമ്പോൾ അതിന് അതിന്റെ പ്രഥമകാന്തി തിരികെ കിട്ടുന്നു. അതുപോലെയാണ് ജ്ഞാനസാക്ഷാത്കാരത്തിന്റെ അവസ്ഥയും.

176. അഴുക്കും പൊടിയും അജ്ഞാനമാണ്. ഈ അജ്ഞാനം ജ്ഞാനത്തെ മറയ്ക്കുന്നു. അഴുക്കും പൊടിയും മാറ്റിക്കഴിയുമ്പോൾ, രത്നം സ്വാഭാവികമായും പ്രകാശിക്കും.

177. നശ്വരവും അനശ്വരവുമായ വസ്തുക്കളെ തമ്മിൽ വിവേചിച്ചറിയുന്നത് പാപത്തെ നശിപ്പിക്കുന്നു. അത് ശുദ്ധീകരണവും ധാർമ്മികതയും നൽകുന്നു, അതിലൂടെ ജ്ഞാനം ഉളവാകുന്നു.

178. ഈ ലോകം മായയുടെ ഒരു വിപണനകേന്ദ്രമാണ്, അത് നിറയെ യഥാർത്ഥവും വ്യാജവുമായ വസ്തുക്കളാണ്. വ്യാജവസ്തുക്കളെ യഥാർത്ഥമെന്ന് വിശ്വസിച്ച്, കൊണ്ടുപോകാൻ തയ്യാറാകുന്ന അനേകം ഉപഭോക്താക്കളുണ്ട്.

179. പക്ഷേ വ്യാജവസ്തുവിനെ യഥാർത്ഥമായതിൽ നിന്നും വേർതിരിച്ചറിയാൻ കഴിയാതെ, വിവേകികളായ പലരുടെയും ബുദ്ധി കുഴങ്ങുകയാണ്. ഈ തെറ്റിദ്ധാരണ ജനിപ്പിക്കുന്ന സൂചനകളെ തിരിച്ചറിയാൻ ഒരുവന് കഴിയണം.

180. അതിനാൽ യഥാർത്ഥവും വ്യാജവും തമ്മിൽ വേർതിരിച്ചറിയാൻ കഴിവുള്ള ഒരു വിദഗ്ദ്ധനെ ഒരുവന് അവശ്യം വേണ്ടിവരുന്നു. അദ്ദേഹം (സദ്ഗുരു) വളരെ അനായാസമായി വ്യത്യാസം ബോധ്യപ്പെടുത്തുകയും അജ്ഞാനം ഒടുവിൽ അപ്രത്യക്ഷമാകുകയും ചെയ്യും.

181. അജ്ഞാനം അകറ്റപ്പെടുമ്പോൾ, ജ്ഞാനം അവശേഷിക്കുന്നു, മിഥ്യ വളരെ എളുപ്പം ഇല്ലാതാകുന്നു. പിന്നീടുള്ളത് പരമാത്മനാണ്. അത് ഗ്രഹിക്കുക. മറ്റ് പ്രത്യക്ഷ തെളിവുകളുടെ ആവശ്യമില്ല.

182. വിവേകത്തിന്റെ ദൃഷ്ടികൾ തെളിഞ്ഞതാണെങ്കിലും, സാങ്കല്പികതോന്നലുകളുടെ ഇരുട്ടിനാൽ അത് മങ്ങിയിരിക്കുന്നു. ഉപദേശത്തിലൂടെ (ആത്മീയബോധനം) ഇരുട്ട് അകലുന്നു. പിന്നീട് അവശേഷിക്കുന്നത് സമ്പൂർണ്ണജ്ഞാനമാകുന്നു.

183. യഥാർത്ഥത്തിൽ, വഴിയിൽ ഒരു പുഷ്പമാല കിടക്കുകയും, സന്ധ്യ മയങ്ങുന്ന നേരത്താണ് അത് ദൃഷ്ടിയിൽപ്പെടുകയും ചെയ്യുന്നതെങ്കിൽ, അത് ഒരു പാമ്പിനെപ്പോലെ കാണപ്പെടുന്നുണ്ടാകും, ഇതിന്റെ ഒരേയൊരു കാരണം അജ്ഞതയാണ്.

184. കീശയിൽ ഇട്ടിരുന്ന വിളക്ക് നിങ്ങൾ തെളിയിക്കുമ്പോൾ അജ്ഞാനം അകലുന്നു. യഥാർത്ഥരൂപം വ്യക്തമായി കാണപ്പെടുന്നു. പാമ്പിനോടുള്ള സാദൃശ്യം സ്വയമേവ ഇല്ലാതാകുന്നു.

185. അതിനാൽ, അജ്ഞാനത്തിന്റെ ഹാനി അഥവാ ആപത്ത് അകറ്റാനുള്ള ഏക പ്രതിവിധി ഉപദേശമാണ്. അതിനാൽ അജ്ഞാനം എന്താണെന്നുള്ള ഉപദേശം നൽകാൻ ജ്ഞാനികൾ അക്ഷീണം പ്രയത്നിക്കുന്നു.

186. ഇപ്പോൾ ഈ ലൗകികലോകത്തിൽ ഒരുവൻ ജീവിക്കാനിടയായതിന്റെ

കാരണം പ്രാരാബ്ധമാണ് (പൂർവ്വജന്മകർമ്മങ്ങൾ), അജ്ഞതയിൽ നിന്നുടലെടുത്ത്, പൂർവ്വകാലത്ത് ചെയ്തുപോയ പ്രവൃത്തികളാണ് അവ. പ്രാരംഭത്തിലേ, ഒരുവൻ ഈ അറിവ് ഗ്രഹിച്ചിരിക്കേണ്ടതാണ്.

187. 'ജ്ഞാനം സത്യമാണ്, ബ്രഹ്മൻ ശാശ്വതമാണ്!' അജ്ഞാനം, മായ തുടങ്ങിയവയെല്ലാം തെറ്റായ ധാരണകൾക്ക് കാരണമാകുന്നു. ഈ തെറ്റായ ധാരണകൾ ദൂരീകരിച്ചാൽ മാത്രമേ ജ്ഞാനത്തെക്കുറിച്ചുള്ള ആശയക്കുഴപ്പം മാറുകയുള്ളൂ.

188. അഹംഭാവം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരുവനെ ആരാണ് ജ്ഞാനി എന്നു വിളിക്കുക? അബദ്ധമായ അഹങ്കാരം നിറഞ്ഞ ഒരുവനെ അജ്ഞാനസ്വരൂപിയെന്നാണ് വിളിക്കേണ്ടത്.

189. മിഥ്യാബോധത്തിന്റെ ഒരു പ്രവാഹം, അതിൽ ഈ ലോകം മുഴുവനും ഗ്രസിക്കപ്പെട്ടിരിക്കുന്നു, അതാണ് ലൗകികജീവിതം, അതിന്റെ അടിസ്ഥാനം അജ്ഞാനമാണ്.

190. അത് ഉടലെടുക്കുന്നത് അജ്ഞാനത്തിൽ നിന്നാണ്, അതിന്റെ പ്രൗഢിയും അജ്ഞാനത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഏകതയ്ക്ക് പകരം ബഹുത്വം ഉണ്ടാകുന്നു, അപ്പോൾ അതിന്റെ ആസ്ഥാനവും അജ്ഞാനമാകുന്നു.

191. അല്പം വെളിച്ചവും, അല്പം ഇരുട്ടും ഉള്ളപ്പോൾ (പ്രാതസന്ധ്യ, മങ്ങിയവെളിച്ചം) വീഥിയിൽ കിടക്കുന്ന കയർ, കയറാണെങ്കിൽ പോലും പാമ്പായി കാണപ്പെടുകയും ഒരുവൻ ഭയപ്പെടുകയും ചെയ്യുന്നു.

192. അത് പാമ്പാണെന്നുള്ള തെറ്റായ ധാരണ വെറും അജ്ഞതയാണ്. ആ അജ്ഞത സത്യത്തെ മറയ്ക്കുകയായിരുന്നു. ഈ അജ്ഞാനം ദൂരീകരിക്കപ്പെടുന്നത് വരെ, മനസ്സ് ഭയരഹിതമാകുകയില്ല.

193. ചിലർക്ക് അത് പുഷ്പമാല പോലെ തോന്നുന്നു, മറ്റുചിലർ അത് വടിയാണെന്ന് കാണുന്നു. ചുരുക്കത്തിൽ ഇവയെല്ലാം മതിഭ്രമമാണ്, മിഥ്യാധാരണകളുടെ ആധിക്യത്താലുള്ള അധഃപതനം.

194. വേദങ്ങളിലെ വിധികൾ പാലിക്കുകയും, ഈശ്വരനിൽ വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരുവന് മാത്രമാണ് ബ്രഹ്മജ്ഞാനം നേടാൻ യോഗ്യനായിട്ടുള്ളത്. നാസ്തികനായ ഒരുവന് ഒരിക്കലും അനേകം ജന്മങ്ങളിലേയ്ക്ക്, അത്തരത്തിൽ യോഗ്യത നേടാൻ കഴിയുകയില്ല.

195. ലോകത്തെ, ചലിക്കുന്നതും ചലിക്കാത്തതുമായ ജീവികളും വസ്തുക്കളും നിറഞ്ഞ വാസസ്ഥലമായി കാണുകയും, മറിച്ച്, പല രൂപങ്ങളിൽ കാണപ്പെടുന്നതൊക്കെയും ഈശ്വരന്റെ പ്രകടഭാവങ്ങളാണെന്ന് ധരിക്കാതിരിക്കുകയും ചെയ്യുന്നവർ സംഭ്രമിക്കപ്പെടുന്നു. അവർക്ക് ഒരിക്കലും ജനനമരണവൃത്തത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയില്ല, ബ്രഹ്മന്റെ സാരാംശം അവർക്ക് അപ്രാപ്യമോ, നേടാൻ വളരെ പ്രയാസകരമോ ആയിരിക്കും, അതേസമയം ആത്മീയ യോഗ്യതയുള്ളവർക്ക് അത് സുഗമമായി നേടാൻ കഴിയുന്നു.

196. ഒരു തരത്തിലുള്ള പ്രഭാഷണങ്ങളും ഇവിടെ ഫലവത്താകില്ല; വിവിധ വേദ

ങ്ങളിലെ പാണ്ഡിത്യവും ഫലമില്ല; വിവിധ ശാസ്ത്രഗ്രന്ഥങ്ങളിലെ അർത്ഥം ഗ്രഹിക്കാൻ കഴിവുള്ള ധിഷണാശക്തിയോ, അത്തരം ഗ്രന്ഥങ്ങളിലെ പാണ്ഡിത്യമോ (പാരായണം ചെയ്യുന്നതിലും ശ്രവിക്കുന്നതിലും) കൊണ്ടും ഫലമില്ല.

197. വാക്കുകൾ ഉപയോഗിച്ച് ഒരുവന് ഗ്രന്ഥങ്ങളിലെ ജ്ഞാനം നേടാൻ കഴിയും. പക്ഷേ അതിന് ബ്രഹ്മനെക്കുറിച്ചുള്ള അറിവോ, പരമാർത്ഥമോ പകർന്ന് നൽകാൻ കഴിയുമോ? ബുദ്ധിക്ക് വിവേചനാശക്തിയുണ്ട്. പക്ഷേ, ബ്രഹ്മനോ പരമാർത്ഥമോ അതിന് അധീനമല്ല.

198. ശ്രുതികൾക്ക് അത് വർണ്ണിക്കാനുള്ള ആത്മാർത്ഥവും വ്യഗ്രവുമായ ആഗ്രഹമുണ്ടെങ്കിലും ബ്രഹ്മനെയോ പരമാർത്ഥത്തെയോ ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. അവ ബ്രഹ്മന്റെയും പരമാർത്ഥത്തിന്റെയും ശ്രേഷ്ഠതകൾ വാഴ്ത്തുകയും, ആ ജ്ഞാനം ഗ്രഹിക്കാനുള്ള അവയുടെ ആഗ്രഹം ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

199. യാഥാസ്ഥിതികമായ ഷഡ്തത്ത്വശാസ്ത്രശാഖകളും പരിശ്രമിച്ച് തളരുകയും, ഇന്നുവരെ വാദപ്രതിവാദങ്ങൾ തുടരുകയാണെങ്കിലും ബ്രഹ്മൻ വിശദീകരിക്കപ്പെടാതെ അവശേഷിക്കുകയും, വാക്കുകളുടെ പ്രവർത്തനമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങിയതുമില്ല.

200. ശ്രേഷ്ഠരായ പണ്ഡിതന്മാർ ബ്രഹ്മന് മുമ്പിൽ, സൂര്യന് മുമ്പിലെ മിന്നാമിനുങ്ങുകളെപ്പോലെയായി. ബ്രഹ്മനെ തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ വാക്കുകളുടെ കുരുക്കുവഴികൾ അപ്രത്യക്ഷമാകുന്നു.

201. ലോകത്തിൽ, രാത്രിയിലെ അന്ധകാരത്തിൽ, സകല പ്രവൃത്തികളും വിളക്കുകളുടെ വെളിച്ചത്തിലാണ് നിർവ്വഹിക്കപ്പെടുന്നതെന്ന കാര്യം തന്നെ എടുക്കുക. പ്രഭാതത്തിൽ സൂര്യൻ ഉദിക്കുമ്പോൾ, ആളുകൾ വിളക്കുകളെ അവഗണിക്കുന്നു.

202. അതിനാൽ വാക്കുകളാൽ വിവരിക്കപ്പെടാൻ സാധ്യമല്ലാത്ത അത് (ബ്രഹ്മജ്ഞാനം) എങ്ങനെയാണ് ഉപദേശിക്കപ്പെടുക? അതിനാൽ വാക്കുകൾ കൊണ്ട് അജ്ഞാനത്തെ നശിപ്പിക്കുക എന്ന ഉദ്ദേശ്യം മാത്രമേ പ്രഭാഷകന് ഉണ്ടാകാവൂ.

203. ഉപാസനകൾ, ബ്രഹ്മന്റെ അസ്തിത്വത്തെക്കുറിച്ചുള്ള വിശ്വാസത്തോടും അറിവോടും കൂടി അനുഷ്ഠിക്കപ്പെടുമ്പോൾ മാത്രമാണ് ആത്മൻ സംതൃപ്തനാകുന്നതും, പരമാർത്ഥജ്ഞാനം വെളിവാകുന്നതും, അത്തരത്തിൽ തന്റെ ഉപാസകന് പ്രാപ്യനായി മാറുകയും ചെയ്യുന്നു.

204. ആത്മനെ ഈശ്വരനായി കണ്ട് ധ്യാനിക്കുകയും, അവ രണ്ടും തമ്മിൽ ഭിന്നത ദർശിക്കാതെ, ഇത്തരത്തിൽ ഉപാസന തുടരുകയും ചെയ്യുകയാണെങ്കിൽ ആത്മൻ ഉപാസകനോട് സംതൃപ്തനാകുന്നു.

205. ആത്മനെ തൃപ്തിപ്പെടുത്തുന്നതിനേക്കാൾ മികച്ച മറ്റൊരു മാർഗ്ഗവുമില്ല. ഉപാസകന് ആത്മനോടുള്ള ചായ്‌വ് അറിയുമ്പോൾ ആത്മൻ സ്വയം അനുഗ്രഹ

ങ്ങൾ ചൊരിയുന്നു.

206. ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം പൂർത്തിയായിക്കഴിയുമ്പോൾ എല്ലായ്പ്പോഴും വിവരണകർത്താവ് ശ്രോതാക്കളോട്, ശ്രവണമെന്ന ക്ലേശത്തിന് അവരെ വിധേയമാക്കുന്നതിന് ക്ഷമ ചോദിക്കാറുണ്ട്. ഇതാണ് സാധാരണയുള്ള പതിവ്.

207. പക്ഷേ, സച്ചരിതത്തിന്റെ കാര്യത്തിൽ ഇത് ബാധകമല്ല, എന്തുകൊണ്ടെന്നാൽ എനിക്ക് അത് എഴുതാനുള്ള സാമർത്ഥ്യമില്ല. എന്റെ കൈയ്യിൽ തൂലിക തന്നുകൊണ്ട് സായി സ്വയം അദ്ദേഹത്തിന്റെ കഥ എഴുതുകയായിരുന്നു.

208. അതിനാൽ, ഞാൻ ഈ ഗ്രന്ഥത്തിന്റെ രചയിതാവല്ല, ഞാൻ ആരെയും യാതൊരുവിധ ക്ലേശത്തിനും വിധേയമാക്കിയിട്ടില്ല. ശ്രോതാക്കളോട് ഞാൻ ക്ഷമാപണം നടത്തുകയാണെങ്കിൽ, ഞാൻ അനാവശ്യമായി ആ കൃത്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരിക്കും.

209. അതിന്റെ മികവുകളുടെ മേൽ എനിക്ക് യാതൊരു അവകാശവാദങ്ങളുമില്ല, കുറവുകളും എന്റേതല്ല. സായി സ്വയം കർമ്മകാരനാകുമ്പോൾ, കാര്യങ്ങൾക്ക് അത് വിരാമമിടുന്നു.

210. സായിയുടെ അനുമതിയോടെ, അദ്ദേഹം വിവരിച്ചതുപോലെ തന്നെ ഞാൻ എഴുതിയിട്ടുണ്ട്, ശ്രോതാക്കൾക്കുവേണ്ടി അജ്ഞാനത്തെപ്പറ്റി ഞാൻ വ്യക്തമായി പരിഗണിച്ചിട്ടുണ്ട്.

211. എന്റെ സ്വത്വത്തിൽ മുഴുവൻ വ്യാപിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ പ്രഭാവവും, ശക്തിയും, പ്രൗഢിയും വെളിവാക്കപ്പെടുന്നതിന് വേണ്ടി ഗുരുദേവൻ വിഷയത്തിലേയ്ക്ക് വെളിച്ചം പകരുകയായിരുന്നു.

212. ഈ ഗ്രന്ഥത്തിൽ മികവുകൾ കണ്ടെത്തുന്നവരും, കുറവുകൾ കാണുന്നവരും ഒരുപോലെ എന്റെ ആദരവിന് അർഹരാണ്, ഈശ്വരന്റെ (നാരായണന്റെ) പ്രതിരൂപങ്ങൾ പോലെ.

213. ഹേമദിന്റെ കൈ പിടിച്ച്, തന്റെ സ്വന്തം ജീവചരിത്രം സൃഷ്ടിച്ചുകൊണ്ട്, തന്റെ ഭക്തരുടെ ശ്രേഷ്ഠമായ നന്മയ്ക്കുവേണ്ടി, ശ്രീ സായി ഈ ഗ്രന്ഥം രചിച്ചിരിക്കുന്നു.

214. ശ്രീസായി സഗുണരൂപം പ്രാപിച്ചത്, ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി മാത്രമാണ്, ദുഷ്ചിന്തകളും നിർബന്ധബുദ്ധിയും നശിപ്പിക്കാനും, ജനങ്ങളുടെ ഒരുമയെ സംരക്ഷിക്കാനും വേണ്ടിയായിരുന്നു.

215. അതിനാൽ ഹേമദ്, ഹൃദയം നിറഞ്ഞ വിശ്വാസത്തോടെ സ്വയം അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നു. ശ്രോതാക്കളുടെ സദസ്സ് തുടർന്ന് വരുന്ന ഹൃദയഹാരിയായ കഥകൾ ശ്രവിക്കാൻ തീർത്തും ശ്രദ്ധാവാന്മാരായിരിക്കണം.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീ സായി സമർത്ഥസച്ചരിതത്തിലെ അമ്പതാമത്തെ അധ്യായം "അജ്ഞാനദൂരീകരണം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. സാലോകത–ദേവതയുടെ അതേ സ്വർഗ്ഗത്തിൽ വസിക്കാൻ കഴിയുന്നത്. സമീപത എന്നാൽ ദേവതയോട് അടുത്ത് വസിക്കാൻ കഴിയുന്നു. സാരൂപത എന്നാൽ ദേവതയുമായി സദൃശ്യത. സായൂജ്യത, ദേവതയുമായി ലയനം സാധ്യമാകുന്നു.
2. വേരുകൾ മുകളിലും ശാഖകൾ താഴെയുമായി പന്തലിച്ചിരിക്കുന്ന ലൗകികവൃക്ഷം.
3. രാവണന്റെ ഒരു സഹോദരൻ. ഭക്ഷണത്തിലും നിദ്രയിലും മുഴുകിയിരുന്നു.
4. പഞ്ചഭൂതങ്ങളുടെ ഹിതകരമായ സമ്മിശ്രണം.
5. പ്രകടമാകാത്തത്. വേദങ്ങൾ പ്രകാരം, എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മൂലഘടകം.
6. സാംഖ്യത്തിലെ ഇരുപത്തിഅഞ്ച് തത്ത്വങ്ങളിൽ രണ്ടാമത്തേത്, ഷഡ്ശാസ്ത്രങ്ങളിൽ ഒന്ന്.

## 51

## മൂന്ന് ഭക്തരെക്കുറിച്ചുള്ള കഥാത്രയം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. വന്ദനം! വന്ദനം! സായി! ഭക്തരക്ഷകാ! ഗീതയുടെ അർത്ഥത്തിലേയ്ക്ക് വെളിച്ചം വീശിയ ശ്രേഷ്ഠഗുരു! സകല സിദ്ധികളും നൽകുന്നവൻ! അങ്ങ് ഞങ്ങളിൽ കൃപ ചൊരിയുക!

2. ഉഷ്ണകാലത്ത് സൂര്യന്റെ ചൂടിനെ തടയുന്നതിന് ചന്ദനമരങ്ങൾ മലയപർവ്വതനിരകളിൽ[1] വളരുന്നു. അല്ലെങ്കിൽ മേഘങ്ങൾ മഴ വർഷിക്കുന്നു, ഭൂമിയിലെ മനുഷ്യരുടെ സന്തോഷത്തിനായി.

3. അല്ലെങ്കിൽ, ദേവതകളുടെ ആരാധനയ്ക്ക് വേണ്ടി വസന്തകാലത്ത് പുഷ്പങ്ങൾ വിരിയുന്നു; അല്ലെങ്കിൽ ശ്രോതാക്കളുടെ സംതൃപ്തിക്ക് വേണ്ടി കഥകളോ സാരോപദേശങ്ങളോ വിവരിക്കുന്ന പതിവുണ്ട്.

4. സച്ചരിതം ശ്രവിക്കുമ്പോൾ ശ്രോതാക്കളും, വ്യാഖ്യാതാവും ശുദ്ധരാകുന്നു; ശ്രോതാക്കളുടെ കർണ്ണങ്ങൾ ശുദ്ധമാകുന്നു, അതുപോലെ വ്യാഖ്യാതാവിന്റെ വദനവും.

5. കഴിഞ്ഞ അധ്യായത്തിൽ, അജ്ഞാനത്തിന്റെ നാശമുണ്ടാകുമ്പോൾ ജ്ഞാനം സ്വയം പ്രകടമാകുന്നത് എങ്ങനെയാണെന്ന് തദ്വിദ്ധി പ്രണിപാതേന എന്ന വാക്കുകൾകൊണ്ട് തുടങ്ങുന്ന ശ്ലോകത്തിന്റെ അർത്ഥത്തിലൂടെ വിവരിക്കുകയുണ്ടായി.

6. ഭഗവത്ഗീതയുടെ അവസാനഭാഗത്ത്, പതിനെട്ടാമത്തെ അധ്യായത്തിന്റെ പരിസമാപ്തിയിൽ, എഴുപത്തിരണ്ടാമത്തെ ശ്ലോകത്തിൽ, ശ്രീകൃഷ്ണൻ അർജ്ജുനനോട് ചോദിക്കുന്നു:

7. "ഇതുവരെ നൽകപ്പെട്ട ഈ വിവരണത്താൽ നിന്റെ മോഹങ്ങൾ ദൂരീകരിക്കപ്പെട്ടോ?" ഇതായിരുന്നു വളരെ വ്യക്തമായ ചോദ്യം - അവൻ ജ്ഞാനം നേടിയോ എന്ന് അല്ല.

8. അതേപോലെ പാർത്ഥൻ (അർജ്ജുനൻ) മറുപടി നൽകി: "അങ്ങയുടെ കൃപയാൽ എന്റെ മോഹം നശിക്കുകയും എനിക്ക് തിരിച്ചറിവ് ഉണ്ടാകുകയും ചെയ്തു." 'ജ്ഞാനം നേടി' എന്ന് അവൻ പറഞ്ഞില്ല, പക്ഷേ മോഹം നശിപ്പിക്കപ്പെടുകയാണുണ്ടായത്.

9. മോഹത്തിന്റെ മറ്റൊരു പേരാണ് അജ്ഞാനം. അവ രണ്ട് വ്യത്യസ്ത വാക്കുകളായി കാണപ്പെടുന്നു എന്നുമാത്രം. അവയുടെ അർത്ഥത്തിൽ വ്യത്യാസമില്ല. ഗീതയിൽ ഗ്രാഹ്യമുള്ളവർക്ക് ഇത് മനസ്സിലാകും.

10. "അങ്ങ് എനിക്ക് നൽകിയ ഉപദേശത്താൽ എന്റെ മോഹങ്ങൾ, അതായത് അജ്ഞാനം നശിപ്പിക്കപ്പെട്ടിരിക്കുന്നു" എന്ന് പതിനൊന്നാമത്തെ അധ്യായത്തിന്റെ തുടക്കത്തിൽ അർജ്ജുനൻ ശ്രീകൃഷ്ണനോട് പറയുകയുണ്ടായി.

11. ഇപ്പോഴത്തെ ഈ പുതിയ അധ്യായത്തിൽ ഞാൻ കാക്കാ സാഹേബിന്റെ (ഹരിസീതാറാം ദീക്ഷിത്)അനുപമമായ കഥയും അദ്ദേഹത്തിന് എങ്ങനെയാണ് ഷിർദിയിൽ സ്ഥിരമായി ബന്ധമുണ്ടാകാനിടയായതെന്നും വിവരിക്കുന്നതാണ്.

12. പൂർവ്വജന്മങ്ങളാൽ, ഷിർദിയുമായുണ്ടായ അയാളുടെ ബന്ധത്തെക്കുറിച്ചും, സായിയുമായുള്ള അടുത്ത സംസർഗ്ഗത്തെക്കുറിച്ചും – ഇവയൊക്കെ സംഭവിക്കാനിടയായതിന്റെ പ്രാധാന്യത്തെക്കുറിച്ചും, തുടക്കം മുതൽ തന്നെ കേൾക്കുക.

13. അയാളെക്കുറിച്ച് അനേകം കഥകളുണ്ട്, അതൊക്കെ ചെറുപ്പക്കാർക്കും വൃദ്ധർക്കുമൊക്കെ അറിവുള്ളതാണ്. പക്ഷേ, അയാൾ എങ്ങനെയാണ് ഷിർദിയിൽ വരാനിടയായതെന്നതിനെക്കുറിച്ച് ആർക്കും അറിയില്ല.

14. ഇത് പൂർവ്വജന്മപുണ്യങ്ങളുടെ ഒരു കഥയാണ്. അത് അയാൾക്ക് ഈശ്വരാനുഗ്രഹം നേടിക്കൊടുത്തു, പിന്നീട് അതിലൂടെ, ശിഷ്യന്മാർക്ക് പരമാനന്ദം നൽകി അനുഗ്രഹിക്കുന്ന സദ്ഗുരുവുമായി കണ്ടുമുട്ടലിന് വഴിതെളിയിക്കപ്പെടുകയും ചെയ്തു.

15. ഈ അധ്യായത്തിൽ ഞാൻ ശ്രോതാക്കൾക്ക് വേണ്ടി മൂന്ന് ഭക്തരുടെ കഥകൾ വിവരിക്കുന്നതാണ്. അവർ പിന്നീട് യശസ്വികളായി. അവ ശ്രോതാക്കളുടെ ഹൃദയത്തിന് ശാന്തി നൽകും.

16. നമ്മൾ ആത്മീയലക്ഷ്യം നേടാൻ വേണ്ടി നൂറ് കണക്കിന് മാർഗ്ഗങ്ങളോ സാധനകളോ പരീക്ഷിക്കും. പക്ഷേ സദ്ഗുരുവിന്റെ അനുഗ്രഹമില്ലാതെ, ജീവിതത്തിന്റെ ലക്ഷ്യം നേടാൻ കഴിയില്ല.

17. ഈ വിഷയത്തെക്കുറിച്ചുള്ള മധുരകഥ ശ്രവിക്കുന്നത് ശ്രോതാക്കളുടെ ആഗ്രഹങ്ങൾ സഫലമാക്കും. അത്തരത്തിലുള്ള കഥകൾക്കുവേണ്ടിയുള്ള സ്നേഹം ഉണരുകയും ഒരുവന്റെ സ്വന്തം ക്ഷേമത്തിനുള്ള ആഗ്രഹം കൂടുകയും ചെയ്യും.

18. വളരെ പരിശുദ്ധമായ ഈ അധ്യായം, ഒരു ഗുരുവിന്റെ ഭക്തരെ സംതൃപ്തരാക്കും. ശ്രോതാക്കൾ അവരുടെ സ്വന്തം ക്ഷേമത്തിനുവേണ്ടി ഇത് ആദരവോടെ ശ്രവിക്കണം.

19. ഹരിസീതാറാം ദീക്ഷിത്, 'കാക്കാസാഹേബ്' എന്ന പേരിൽ സായിബാബാഭക്തർക്കെല്ലാം സുപരിചിതനാണ്. മാത്രമല്ല വളരെ സ്നേഹത്തോടെ ഓർമ്മിക്കപ്പെടുകയും ചെയ്യുന്നു.

20. അയാളുടെ മുൻകാല ജീവിതം പ്രശസ്തവും, സന്തുഷ്ടവും ആഹ്ലാദകരവുമായിരുന്നു. അതിനാൽ ഞാൻ അത് ആദരവോടെ ശ്രേഷ്ഠഭക്തർക്കായി വിവരിക്കുകയാണ്. അയാളുടെ ജീവിതകഥ കേൾക്കാൻ താൽപര്യമുള്ളവർക്ക് അത് സന്തോഷദായകമായിരിക്കും.

21. 1909 വരെ 'സായി' എന്ന നാമംപോലും അറിയാതിരുന്ന അയാൾ, സായിയുടെ ഒരു ഉത്തമ ഭക്തനാകുകയും അത്തരത്തിൽ എല്ലാവർക്കും അറിയപ്പെടുകയും ചെയ്തു.

22. സർവ്വകലാശാലാധ്യയനത്തിന് ശേഷം, അനേകം വർഷങ്ങൾ കഴിഞ്ഞ് നാനാ സാഹേബ് ചന്ദോർക്കർ ഒരിക്കൽ ലോനാവാലയിൽ[2] എത്തി.

23. ദീക്ഷിത് അയാളുടെ പഴയകാല സുഹൃത്തായിരുന്നു. അനേകം വർഷങ്ങൾക്ക് ശേഷം വീണ്ടും അയാളെ കണ്ടുമുട്ടാനിടയായി. അവർ ഇരുവരും പരസ്പരം ക്ഷേമാന്വേഷണങ്ങൾ നടത്തി.

24. ദീക്ഷിത്, അയാളോട് ലണ്ടനിൽ വച്ച് അയാൾക്കുണ്ടായ അപകടത്തെപ്പറ്റി പറഞ്ഞു. അവിടെ വച്ച് അയാൾ ഒരു തീവണ്ടിയിൽ കയറവേ, അയാളുടെ പാദം തെന്നുകയും മുറിവ് പറ്റുകയും ചെയ്തു. അതിൽ നിന്നും അയാൾക്ക് അനുഭവിക്കേണ്ടിവന്ന പരിക്ക്, നൂറ് കണക്കിന് പ്രതിവിധികൾ ചെയ്തിട്ടും ഭേദപ്പെടുത്താൻ കഴിഞ്ഞില്ല.

25. ഈ പരിക്കിന്റെ വിശദമായ ചരിത്രം സംഭാഷണത്തിന്റെ സ്വാഭാവികമായ ഗതിയ്ക്കിടയിൽ വെളിപ്പെടുത്തപ്പെട്ടു. അത്തരം അവസ്ഥകളിൽ ശ്രീസായി ബാബയുടെ ശക്തി സഹായകമാകുമെന്ന് നാനാ ഓർമ്മിച്ചു.

26. "നിന്റെ മുടന്ത് എന്നെന്നേയ്ക്കുമായി ഇല്ലാതാകണമെന്ന് നിനക്ക് ആഗ്രഹമുണ്ടോ? അങ്ങനെയാണെങ്കിൽ എന്റെ ഗുരുവിന്റെ ദർശനത്തിനായി വരിക," നാനാ അയാളോട് പറഞ്ഞു.

27. പിന്നീട്, നാനാ സായിയുടെ പ്രകൃതവും, മഹത്വവും യശസ്സുമൊക്കെ അനിതരസാധാരണമാണെന്ന വിശ്വാസത്തോടെ, വളരെ വിശദമായി പറഞ്ഞ് കേൾപ്പിച്ചു, എന്തെന്നാൽ സായി ദിവ്യന്മാരിൽ ശ്രേഷ്ഠരത്നമാണ്.

28. "എന്റെ മനുഷ്യൻ എത്ര ദൂരത്തായാലും, ഏഴ് കടലുകൾക്കുമപ്പുറത്തായാൽപ്പോലും, ഞാൻ അവനെ എന്നിലേയ്ക്ക് വലിച്ചടുപ്പിക്കുന്നു. കാലുകളിൽ ചരട് ബന്ധിക്കപ്പെട്ട ഒരു കുരുവിയെ എന്ന പോലെ."

29. ഇത് ബാബയുടെ പതിവായ വാഗ്ദത്ത വാക്കുകളായിരുന്നു. അത് കൂടാതെ നാനാ വളരെ ദീർഘമായ ഒരു പ്രഭാഷണം കൂടി നൽകി. അയാൾ പറഞ്ഞു: "നീ അദ്ദേഹത്തിന്റെ മനുഷ്യനല്ലെങ്കിൽ, നീ അദ്ദേഹത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയില്ല.

30. "നീ അദ്ദേഹത്തിന്റെ മനുഷ്യനല്ലെങ്കിൽ, നിനക്ക് അദ്ദേഹത്തിന്റെ ദർശനം പോലും ലഭിക്കില്ല. ഇത് ബാബയുടെ വളരെ പ്രത്യേകമായ സ്വഭാവമാണ്. നിനക്ക് സ്വന്തം ഇച്ഛയാൽ അവിടെ പോകാൻ കഴിയുമെന്ന് തോന്നുന്നോ?"

31. അത് അങ്ങനെയാകട്ടെ. സായിയെക്കുറിച്ചുള്ള വിവരണങ്ങളെല്ലാം കേട്ടപ്പോൾ

ദീക്ഷിതിന് വളരെ സംതൃപ്തി തോന്നി. അപ്പോൾ അയാൾ നാനായോട് പറഞ്ഞു: "ഞാൻ ബാബയുടെ ദർശനത്തിന് പോകാം.

32. "എന്റെ കാലിന്റെ വേദനയെക്കുറിച്ച് എന്തിന് സംസാരിക്കണം! ദേഹം മുഴുവനുമായി തന്നെ നശ്വരമാണ്. എന്റെ കാലിന്റെ പരിക്ക് എത്രനാൾ വേണമെങ്കിലും അങ്ങനെതന്നെ ശേഷിക്കട്ടെ. ഞാൻ അതേക്കുറിച്ച് വിഷമിക്കുന്നില്ല.

33. "ഞാൻ നിന്റെ ഗുരുവിന്റെ ദർശനത്തിനായി പോകും, പക്ഷേ മുക്തിയുടെ ആനന്ദത്തിന് വേണ്ടിയായിരിക്കും. തുച്ഛമായ സുഖങ്ങൾക്ക് വേണ്ടി എനിക്ക് ആഗ്രഹമില്ല, ഞാൻ അവയ്ക്ക് വേണ്ടി കേഴുകയുമില്ല.

34. "ബ്രഹ്മനുമായി ഐക്യതയിലെത്തുന്നതിനേക്കാൾ വലുതായ മറ്റൊരു സന്തോഷമില്ല. അതുമാത്രമാണ് വിലമതിക്കാനാവാത്ത സന്തോഷം. ഞാൻ ഈ അമൂല്യമായ ആനന്ദത്തിന് വേണ്ടി മാത്രമായിരിക്കും, നിന്റെ ഗുരുവിന്റെ ആശ്രിതനാകുക.

35. "എന്റെ കാലിന്റെ മുടന്ത് അങ്ങനെ തന്നെ അവശേഷിച്ചോട്ടെ. അത് എന്നെ വിഷമിപ്പിക്കുന്നില്ല. പക്ഷേ എന്റെ മുടന്തുള്ള ചഞ്ചലമനസ്സിനെ നേരെയാക്കിത്തരാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കും.

36. "ഞാൻ വളരെയധികം കഠിനപ്രയത്നങ്ങൾ നടത്തി, പക്ഷേ മനസ്സ് സ്ഥൈര്യം നേടുന്നില്ല. അതിനെ നിയന്ത്രണവിധേയമാക്കാൻ ഞാൻ ശ്രമിക്കുമ്പോൾ ഞാനറിയാതെ അത് വന്യമായ രീതിയിൽ അലഞ്ഞുനടക്കുന്നു.

37. "അതിനെ നിയന്ത്രിക്കാൻ വേണ്ടി ഞാൻ എത്രമാത്രം ജാഗരൂകനായാലും അത് എപ്പോഴാണ് രക്ഷപ്പെട്ട് പോകുന്നതെന്ന് എനിക്ക് അറിയില്ല. ഞാൻ വളരെ ആശ്ചര്യപ്പെടുകയാണ്.

38. "അതിനാൽ, നാനാ, ഹൃദയംഗമമായും ഞാൻ നിന്റെ ഗുരുവിന്റെ ദർശനം തേടുന്നതാണ്. എന്റെ മനസ്സിന്റെ ഈ പോരായ്മ നീക്കം ചെയ്യാൻ വേണ്ടി ഞാൻ അദ്ദേഹത്തോട് പ്രാർത്ഥിക്കും."

39. നശ്വരമായ ശരീരത്തിന്റെ സുഖങ്ങളിൽ താൽപര്യമില്ലാത്തവനും എന്നാൽ ശ്രേഷ്ഠമായ പരമാനന്ദം നേടാൻ ഉത്സുകനുമായ ഒരുവന്റെ ആത്മീയോന്നതിയിൽ സായി വളരെ തൽപരനായിരുന്നു.

40. നിയമനിർമ്മാണ സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള സംസാരമായിരുന്നു അപ്പോൾ എല്ലായിടത്തും പൊതുവായുണ്ടായിരുന്നത്. പല സ്ഥലങ്ങളിലും ആളുകൾ ഈ ജോലിയിൽ വ്യാപൃതരായിരുന്നു.

41. കാക്കാസാഹേബ് അയാൾക്കുവേണ്ടി വോട്ടുകൾ ശേഖരിക്കാനായി പൊടുന്നനെ നഗറിൽ (അഹമ്മദ്നഗർ) എത്തി. ആ ഉദ്ദേശ്യത്തോടെ സുഹൃത്തുക്കളെ സന്ദർശിക്കുകയും ചെയ്യുകയായിരുന്നു.

42. അവിടെ കാക്കാസാഹേബ് മിരിക്കാർ എന്ന് പേരുള്ള ഒരു പ്രധാനി ഉണ്ടായിരുന്നു. ദീക്ഷിതിന് അയാളുമായി വളരെ അടുത്ത കുടുംബബന്ധമുണ്ടായിരുന്നു. അതിനാൽ അയാൾ അവിടെ അയാളോടൊപ്പം താമസിച്ചു.

43. അക്കാലത്തെ പതിവനുസരിച്ച്, നഗറിൽ കുതിരകളുടെ ഒരു പ്രദർശനം ഒരു

ക്കപ്പെട്ടിരുന്നു. അതിനാൽ എല്ലാ മേഖലകളിലും നിന്നുള്ള ജനങ്ങൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

44. കോപർഗാവണിലെ മംലത്ത്ദാറായിരുന്ന ബാലാസാഹേബ് മിരിക്കാർ പ്രദർശനത്തിൽ പങ്കെടുക്കാനായി അഹമ്മദ് നഗറിൽ എത്തിയിരുന്നു.

45. ദീക്ഷിതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയശേഷം അയാൾ അവിടെ എത്തി. 'എങ്ങനെയാണ് ഷിർദിയിലേയ്ക്ക് പോകാൻ കഴിയുക? ആരാണ് എന്നെ അവിടേക്ക് കൊണ്ടുപോകുക?'

46. പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ, അയാളുടെ ശ്രദ്ധ ഷിർദിയിലേയ്ക്ക് പോകുന്നതിലായിരുന്നു. ബാബയുടെ ദർശനത്തിനുള്ള അവസരം കിട്ടണമെന്നത് മാത്രമായിരുന്നു ദീക്ഷിതിന്റെ തീവ്രമായ ആഗ്രഹം.

47. 'ആരാണ് എന്റെയൊപ്പം വരിക? ആരാണ് എന്നെ ബാബയുടെ സമീപത്തേയ്ക്ക് കൂട്ടിക്കൊണ്ടു പോയി അദ്ദേഹത്തിന്റെ പാദങ്ങളിൽ ചേർക്കുക?' ഇതായിരുന്നു ദീക്ഷിതിനെ അലട്ടിയിരുന്ന ചിന്തകൾ.

48. തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞപ്പോൾ, എങ്ങനെ ഷിർദിയിലേയ്ക്ക് പോകാൻ കഴിയുമെന്നതിനെക്കുറിച്ച് മാത്രമാണ് ദീക്ഷിത് വ്യാകുലപ്പെട്ടിരുന്നത്. അയാൾ ആദരവോടെ മിരിക്കാരോട് അപേക്ഷിച്ചു.

49. ബാലാസാഹേബ് മിരിക്കാർ കാക്കാസാഹേബ് മിരിക്കാറുടെ മകനായിരുന്നു. ആരാണ് ദീക്ഷിതിനോടൊപ്പം പോകേണ്ടത് എന്നതിനെക്കുറിച്ച് അവർ പരസ്പരം ചർച്ച ചെയ്തു.

50. അവരിൽ ആരെങ്കിലും ഒരാൾ അയാളുടെ ഒപ്പം പോകുകയാണെങ്കിൽ, മറ്റേയാളിന്റെ ആവശ്യമില്ല. അപ്പോൾ ആരാണ് തീർച്ചയായും അയാളെ അനുഗമിക്കേണ്ടത് എന്നതിനെക്കുറിച്ചായിരുന്നു അവർ ചർച്ച ചെയ്തിരുന്നത്.

51. മനുഷ്യൻ സാധാരണ രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുന്നു: പക്ഷേ ഈശ്വരൻ മറ്റ് ചിലത് ആസൂത്രണം ചെയ്യുന്നു. ദീക്ഷിതിന്റെ ഷിർദിയിലേയ്ക്കുള്ള യാത്രയ്ക്കായി, വളരെ യാദൃച്ഛികമായ ചിലത് സംഭവിച്ചു.

52. ഈ ഭാഗത്ത് ഈ ബദ്ധപ്പാട് ആയിരുന്നു. മറുഭാഗത്ത് ഉണ്ടായ പരിഭ്രാന്തി ശ്രദ്ധിക്കുക. ഭക്തന്റെ ശക്തമായ ആഗ്രഹം അറിഞ്ഞപ്പോൾ സമർത്ഥ ദയാർദ്രനായതെങ്ങനെയാണെന്ന് നോക്കുക!

53. ദീക്ഷിതിന് ഇപ്രകാരം ചിന്തകൾ ഉണ്ടാകുകയും, ഇവയോർത്ത് ഉത്കണ്ഠയോടെ ഇരിക്കുകയും ചെയ്തപ്പോൾ, മാധവറാവു സ്വയം നഗറിലേയ്ക്ക് വന്നു. എല്ലാവരും ആശ്ചര്യപ്പെട്ടു.

54. മാധവറാവുവിന്റെ ഭാര്യാപിതാവ്, നഗറിൽ നിന്നും, അയാളുടെ അമ്മായിഅമ്മ തീർത്തും രോഗബാധിതയാണെന്നും, അയാൾ ഉടൻതന്നെ ഭാര്യയേയും കൂട്ടി എത്തണമെന്നും കാണിച്ചുകൊണ്ട് ഒരു കമ്പിയില്ലാക്കമ്പി അയച്ചിരുന്നു.

55. കമ്പിയില്ലാക്കമ്പി ലഭിച്ചയുടൻ, ബാബയുടെ അനുവാദം വാങ്ങിയശേഷം, അയാൾ യാത്ര പുറപ്പെടാൻ തയ്യാറായി. അവർ ഇരുവരും ചിതലി തീവണ്ടി

ആസ്ഥാനത്തിലെത്തി.

56. അവർ 3 മണിക്കുള്ള തീവണ്ടിയിൽ കയറി നഗറിലെത്തി. അവർ ഒരു ടോംഗ യിൽ കയറി വീട്ടുവാതിൽക്കൽ ഇറങ്ങി.

57. അതേസമയം, നാനാസാഹേബ് പൻഷെയും അപ്പാ സാഹേബ് ഗാർഡേയും പ്രദർശനസംബന്ധമായി അവിടെ ഉണ്ടായിരുന്നു. അവർ വീഥിയിലൂടെ നട ന്നുപോകുകയായിരുന്നു.

58. മാധവറാവു ടോംഗയിൽ നിന്നും ഇറങ്ങിയപ്പോൾ യാദൃച്ഛികമായി അവർ അയാളെ കണ്ടു. അവർ വളരെ ആശ്ചര്യപ്പെട്ടു. അവർക്ക് അവരുടെ ആഹ്ലാദം അടക്കാനായില്ല.

59. "ഇത് നോക്കൂ! ഭാഗ്യവശാൽ, വിത്തോബാ ക്ഷേത്രത്തിലെ സേവാകാരി ഷിർദി യിൽ നിന്നും ഇതാ ഇവിടെ എത്തിയിരിക്കുന്നു! ദീക്ഷിതിനെ ഷിർദിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ ഇതിലും മികച്ചതായി മറ്റാരാണുണ്ടാകുക?"

60. പിന്നീട് അയാളോട് വിളിച്ചു പറഞ്ഞു: "ദീക്ഷിത് കാക്കാ മിരിക്കാരുടെയടുത്ത് വന്നിട്ടുണ്ട്. പോയി അദ്ദേഹത്തെ സന്ദർശിക്കുക. ബാബയുടെ ലീലകൾ ആശ്ച ര്യമെന്നേ പറയേണ്ടൂ!

61. ദീക്ഷിത് ഞങ്ങളുടെ അടുത്ത സുഹൃത്താണ്. നിനക്ക് അയാളെ പരിചയപ്പെ ടാൻ കഴിയും. അയാൾ ഷിർദിയിലേയ്ക്ക് പോകാൻ വളരെ ആഗ്രഹത്തോടെ ഇരിക്കുകയാണ്. നിങ്ങളുടെ വരവ് അയാളെ സന്തോഷവാനാക്കും."

62. മാധവറാവുവിന് ഈ സന്ദേശം നൽകിയശേഷം അവർ ദീക്ഷിതിനെ വിവരം അറിയിച്ചു. അത് കേട്ടപ്പോൾ അയാളുടെ ഉത്കണ്ഠ മാറി. അയാൾ വളരെയ ധികം സന്തുഷ്ടനായി.

63. മാധവറാവു അയാളുടെ ഭാര്യയുടെ മാതാപിതാക്കളെ കണ്ടുമുട്ടിയപ്പോൾ, ഭാര്യാമാതാവ് സുഖമായിരിക്കുന്നതായി അയാൾ കണ്ടു. അതിനാൽ അയാൾ കുറച്ച് നേരം വിശ്രമിച്ചു. പിന്നീട് മിരിക്കാർ അയാളെ വിളിപ്പിച്ചു.

64. ക്ഷണം മാനിച്ചുകൊണ്ട് അസ്തമയത്തിന് കുറച്ച് നേരത്തിന് ശേഷം മാധവ റാവു ദീക്ഷിതിനെ കാണാൻ പുറപ്പെട്ടു.

65. ബാലാസാഹേബ് അയാളെ പരിചയപ്പെടുത്തിയപ്പോൾ അത് അവരുടെ ആദ്യ കൂടിക്കാഴ്ചയായി. അതേ ദിവസം, രാത്രി 10 മണിക്കുള്ള തീവണ്ടിയിൽ യാത്ര പുറപ്പെടാനായി ഇരുവരും തീരുമാനിച്ചു.

66. ഈ പദ്ധതി തീരുമാനിക്കപ്പെട്ടശേഷം അടുത്തതായി എന്ത് അസാധാരണ മായ സംഭവമാണ് നടന്നതെന്ന് നോക്കുക. ബാലാസാഹേബ് ബാബയുടെ ചിത്രത്തിന്റെ ആവരണം എടുത്ത് മാറ്റി.

67. ഇത് ബാബയുടെ ഒരു യഥാർത്ഥ ശ്രേഷ്ഠഭക്തനായിരുന്ന മേഘ, ബാബ ഈശ്വരരൂപനായ, മുക്കണ്ണനായ ശങ്കരന്റെ അവതാരമാണെന്ന ദൃഢവിശ്വാ സത്തോടെ ആരാധിച്ചിരുന്ന ചിത്രമായിരുന്നു.

68. അതിന്റെ ചില്ല് പൊട്ടിയതിനാൽ, കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി ബാലാസാഹേബിന്റെ കൈവശം നഗറിലേയ്ക്ക് അയച്ചതായിരുന്നു. ഇത്തര

ത്തിലാണ് അത് ആദ്യം ഷിർദിയിൽ നിന്നും യാത്രയായത്.

69. ഈ ചിത്രത്തിന്റെ കേടുപാടുകൾ തീർക്കപ്പെട്ടതിനാൽ മിരിക്കാറുടെ സ്വീകരണമുറിയിൽ, ഒരു തുണികൊണ്ട് മൂടിവച്ചിരിക്കുകയായിരുന്നു, അത് ദീക്ഷിതിനെ കാത്തിരിക്കുകയായിരുന്നു എന്നപോലെ.

70. കുതിരപ്രദർശനം സമാപിക്കുമ്പോൾ ബാലാസാഹേബ് അതുമായി തിരികെ പോകുമായിരുന്നു. പക്ഷേ അതിന് പിന്നെയും കുറച്ച് സമയം ബാക്കിയുണ്ടായിരുന്നു. അതിനാൽ അദ്ദേഹം അത് മാധവറാവുവിനെ ഏൽപ്പിച്ചു.

71. മറച്ചിരുന്ന തുണി നീക്കം ചെയ്തുകൊണ്ട് അയാൾ അത് തുറന്ന് കാട്ടി. അയാൾ അത് മാധവറാവുവിന്റെ കൈകളിൽ നൽകിക്കൊണ്ട് പറഞ്ഞു. “ഷിർദിവരെ ബാബയുടെ ഒപ്പം സന്തോഷമായി പോകുക.”

72. എല്ലാവിധത്തിലും മനോഹരമായിരുന്ന ആ ചിത്രത്തിലേയ്ക്ക് ഒരു മാത്ര നോക്കിയപ്പോൾ തന്നെ, കാക്കാസാഹേബ് സന്തോഷഭരിതനായി. അതിന് മുമ്പിൽ ആദരവോടെ വന്ദിച്ച ശേഷം അയാൾ അതിലേയ്ക്ക് നോക്കിനിന്നു.

73. അസാധാരണമായ ഈ സംഭവം അനുഭവവേദ്യമാകുകയും, സായിസമർത്ഥയുടെ ശുദ്ധവും ആകർഷകവുമായ ചിത്രം കാണുകയും ചെയ്തപ്പോൾ ദീക്ഷിതിന്റെ കണ്ണുകൾ അതിൽ തന്നെ തറച്ചുനിന്നു.

74. ആരുടെ ദർശനത്തിനാണോ അയാൾ ആഗ്രഹിച്ചിരുന്നത് അതേ വ്യക്തിയുടെ രൂപത്തെ പ്രതിനിധാനം ചെയ്യുന്ന ചിത്രം അപ്രതീക്ഷിതമായി, മാർഗ്ഗമദ്ധ്യേ കാണാനിടയായതിൽ അയാൾ വളരെ സന്തോഷിച്ചു.

75. ദീക്ഷിത് അവിടെ ഉണ്ടായിരുന്ന അതേസമയം തന്നെ, അത് മിരിക്കാരുടെ ഗൃഹത്തിൽ ഉണ്ടായിരുന്നു എന്നത് വിചിത്രമായ ഒരു യാദൃച്ഛികത്വമായിരുന്നു. അത് മുമ്പ് തന്നെ ഷിർദിയിൽ നിന്നും എത്തിയിരുന്നു.

76. ദീക്ഷിതിന്റെ ഹൃദയംഗമമായ ആഗ്രഹം സഫലമാക്കുന്നതിന് വേണ്ടി, ഒരു നിമിത്തത്തിന്റെ മറവിൽ, സായിസമർത്ഥ മിരിക്കാരുടെ ഗൃഹത്തിലേയ്ക്ക് വന്നതാണെന്ന് തോന്നുന്നു.

77. ലോനാവാലയിൽ വച്ച് നാനായെ കണ്ടുമുട്ടുകയും ദീർഘനേരം അയാളുമായി സംസാരിക്കുകയും ചെയ്തപ്പോൾ തന്നെ ഗുരുവിനോട് ആകർഷണം തോന്നിയിരുന്നു. അത് കണ്ടുമുട്ടലിന് വഴിതെളിച്ചു.

78. അങ്ങനെയല്ലെങ്കിൽ ഷിർദിയിൽ നിന്നും ഈ ചിത്രം ഈ സമയത്ത് എത്തുകയും ഇതേ പോലെ മൂടപ്പെട്ട് ഇത്രയുംനാൾ ഇവിടെയുണ്ടാകേണ്ട കാര്യവുമെന്താണ്?

79. അത് അങ്ങനെ കഴിഞ്ഞു. അത് അപ്രകാരം തീരുമാനിക്കപ്പെട്ട ശേഷം, മാധവറാവുവും ദീക്ഷിതും അവരോടൊപ്പം ചിത്രവുമെടുത്തുകൊണ്ട് സന്തോഷത്തോടെ യാത്രയായി.

80. അവർ ഇരുവരും അതേ ദിവസം തന്നെ അത്താഴത്തിനുശേഷം തീവണ്ടികേന്ദ്രത്തിലേയ്ക്ക് പുറപ്പെട്ടു. രണ്ടാംതരം തീവണ്ടിമുറിയ്ക്കുള്ള പണം നൽകി അവർ ടിക്കറ്റുകൾ വാങ്ങി.

81. കൃത്യം പത്തുമണിയായപ്പോൾ തീവണ്ടിയുടെ ശബ്ദം കേട്ടു. രണ്ടാംതരം തീവണ്ടിമുറികളിൽ യാത്രക്കാർ തിങ്ങിഞെരുങ്ങി ഇരിക്കുന്നതായി അവർ കണ്ടു.

82. സാഹചര്യം ഒട്ടും അനുകൂലമല്ലെന്ന് കണ്ട് അവർ വളരെ വിഷമിച്ചു. ചുരുങ്ങിയ സമയം മാത്രമേ അവശേഷിക്കുന്നുള്ളൂ. ഇനി എന്ത് ഏർപ്പാട്, എങ്ങനെ ചെയ്യും?

83. ഇപ്പോൾ, ജനത്തിരക്ക് കാരണം അവരുടെ താമസസ്ഥലത്തേയ്ക്ക് തിരിച്ച് പോകാനും പിറ്റേദിവസം ഷിർദിയിലേയ്ക്ക് യാത്ര തിരിക്കാനും അവർ തീരുമാനിച്ചു.

84. ആ നിമിഷത്തിൽ, ദീക്ഷിത് തീവണ്ടിയുടെ പാറാവുകാരനെ കണ്ടു. ദീക്ഷിതിന് അയാളെ മുൻപരിചയമുണ്ടായിരുന്നു. അയാൾ വളരെ പണിപ്പെട്ട് തന്നെ അവർക്ക് ഒന്നാംതരം തീവണ്ടി മുറിയിൽ യാത്ര ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കി.

85. പിന്നീട്, തീവണ്ടിയിൽ ഇരുന്നുകൊണ്ട്, അവർ ബാബയെക്കുറിച്ച്, അവരുടെ ഹൃദയത്തിന് തൃപ്തിയാകുന്നതുവരെ സംസാരിച്ചു. മാധവറാവു അമൃതതുല്യമായ കഥകൾ വിവരിച്ചു. ദീക്ഷിത് സന്തോഷഭരിതനായി

86. അത്തരത്തിൽ ആ യാത്ര ആഹ്ലാദകരമായി പൂർത്തിയാക്കപ്പെട്ടു. സമയം വളരെപ്പെട്ടെന്ന് കടന്നുപോയി. തീവണ്ടി കോപർഗാവണിലെത്തി. അവർ വളരെ സന്തോഷകരമായ മനോഭാവത്തോടെ അവിടെ ഇറങ്ങി.

87. ആ സമയത്ത് അപ്രതീക്ഷിതമായി അവർ നാനാസാഹേബ് ചന്ദോർക്കറെ തീവണ്ടികേന്ദ്രത്തിൽ കണ്ടു. അവർക്ക് പരസ്പരം കണ്ടുമുട്ടാൻ കഴിഞ്ഞതിൽ ദീക്ഷിത് വളരെ സന്തോഷവാനായിരുന്നു.

88. നാനായും ബാബയുടെ ദർശനത്തിനായി ഷിർദിയിലേയ്ക്ക് പോകുകയായിരുന്നു. ഈ യാദൃച്ഛികത്വത്തിൽ അവർ മൂന്നുപേരും ആശ്ചര്യപ്പെട്ടു.

89. പിന്നീട് മൂന്നുപേരും ഒരു ടോംഗ വാടകയ്ക്കെടുത്ത് ഉത്സാഹത്തോടെ സംസാരിച്ചുകൊണ്ട് യാത്രയായി. വഴിയിൽ അവർ ഗോദാവരി നദിയിൽ സ്നാനം ചെയ്തു. പിന്നീട് പുണ്യഷിർദിയിലെത്തി.

90. പിന്നീട് സായിയുടെ ദർശനം നടത്തിയപ്പോൾ ദീക്ഷിതിന്റെ ഹൃദയം അലിയുകയും, കണ്ണുകളിൽ കണ്ണുനീർ നിറയുകയും ചെയ്തു. ആത്മാനന്ദത്തിന്റെ ജലധാര തുളുമ്പി ഒഴുകാൻ തുടങ്ങി.

91. "ഞാനും നിന്നെ കാത്തിരിക്കുകയായിരുന്നു. അപ്പോൾ നിന്നെ കാണുവാനായി ശാമയെ ഞാൻ നഗർ വരെ അയച്ചു," സായി അയാളോട് കൃത്യമായി പറഞ്ഞു.

92. ഈ വാക്കുകൾ കേട്ടപ്പോൾ, ദീക്ഷിതിന്റെ ദേഹത്തിലെ ഓരോ രോമകൂപവും ആനന്ദഭരിതമായി; അയാളുടെ കണ്ഠം വികാരത്താൽ ഇടറി; അയാളുടെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു. അയാൾ വളരെയധികം വിയർക്കുന്നുമുണ്ടായിരുന്നു.

93. അയാളുടെ ശരീരം വിറച്ചു; മനസ്സ് ആത്മീയാനന്ദത്തിൽ മുഴുകി; അയാളുടെ കണ്ണുകൾ പാതിയടഞ്ഞിരുന്നു. അയാൾ തീർത്തും സന്തോഷത്തിൽ ആഴ്ന്നിരുന്നു.

94. "ഇന്ന് എന്റെ കണ്ണുകൾ അവയുടെ ധർമ്മം സഫലമാക്കിയിരിക്കുന്നു." ഇങ്ങനെ പറഞ്ഞുകൊണ്ട് അയാൾ ബാബയുടെ പാദങ്ങൾ ആശ്ലേഷിച്ചു. അയാൾക്ക് താൻ തീർത്തും അനുഗൃഹീതനാണെന്ന് തോന്നുകയും, ലോകത്തിന് അയാളുടെ സന്തോഷം ഉൾക്കൊള്ളാൻ കഴിഞ്ഞതുമില്ല.

95. പിന്നീട് വർഷങ്ങൾ പലത് കടന്നുപോയി. സായിയുടെ പാദങ്ങളിൽ അയാളുടെ വിശ്വാസം ദൃഢമായി. അയാൾക്ക് സായിയുടെ പൂർണ്ണമായ അനുഗ്രഹം സിദ്ധിച്ചു.; അയാൾ തന്റെ ശരീരം സായിയുടെ സേവനത്തിനായി ഉഴിഞ്ഞുവച്ചു.

96. സായിയ്ക്ക് മെച്ചമായ രീതിയിൽ സേവനങ്ങൾ നൽകുന്നതിനുവേണ്ടി, അയാൾ ഷിർദിയിൽ ഒരു ഗൃഹം അഥവാ ആശ്രമം പണികഴിപ്പിക്കുകയും അനേകം വർഷങ്ങൾ അവിടെ താമസിക്കുകയും ചെയ്തു. അയാൾ സായിയുടെ പ്രശസ്തി എങ്ങും പരത്തി.

97. ചുരുക്കത്തിൽ, സായിയെ അതിയായി ആഗ്രഹിക്കുന്നവരുടെ അഭിലാഷങ്ങൾ സായി സഫലമാക്കുന്നു. സായി, അദ്ദേഹത്തിന്റെ ഭക്തരുടെ ആശ്രയസങ്കേതവും, അവർക്ക് പരമാനന്ദം പ്രദാനം ചെയ്യുന്നവനുമാകുന്നു.

98. ചന്ദ്രന് അനേകം ചകോരപ്പക്ഷികളുണ്ടാകും. പക്ഷേ ചകോരങ്ങൾക്ക് ആകെ ഒരു ചന്ദ്രനേ കാണുകയുള്ളൂ. അതേപോലെ, ഒരു മാതാവിന് അനേകം പുത്രന്മാരുണ്ടാകും, പക്ഷേ പുത്രന്മാർക്ക് ഒരു മാതാവേ ഉണ്ടാകൂ.

99. സൂര്യന് എണ്ണിയാലൊടുങ്ങാത്ത വെള്ളത്താമരകളുണ്ടാകും, പക്ഷേ താമരകൾക്ക് പകൽവെളിച്ചം നൽകാൻ ഒരേ ഒരു സൂര്യനേ ഉണ്ടാകൂ. അങ്ങേയ്ക്ക് ഭക്തരുടെ ക്ഷാമമുണ്ടാകില്ല. പക്ഷേ ഗുരുവരാ, അങ്ങ് മാത്രമാണ് അവരുടെ പിതാവ്.

100. മേഘത്തിന് അനേകം ചാതകങ്ങളുണ്ടാകും, പക്ഷേ ചാതകങ്ങൾക്ക് ഒരേ ഒരു മേഘമേ ഉണ്ടാകൂ. അതേപോലെ അദ്ദേഹത്തിന് എണ്ണമറ്റ ഭക്തരുണ്ടാകും, പക്ഷേ അവർക്ക് മാതാവും പിതാവും അദ്ദേഹം മാത്രമാണ്.

101. അദ്ദേഹത്തിൽ സ്വയം സമർപ്പിക്കുന്നവർക്ക് അനായാസം ഭക്തി പ്രദാനം ചെയ്തുകൊണ്ട് അദ്ദേഹം അവരുടെ സൽപ്പേര് കാക്കുന്നു. അദ്ദേഹം തന്റെ പരിശ്രമവും ശക്തിയും ഉപയോഗിച്ച് അവരുടെ ആഗ്രഹങ്ങൾ സഫലമാക്കുന്നു. അത് ഇപ്പോഴും അനുഭവത്തിൽ കാണാൻ കഴിയുന്നുണ്ട്.

102. ഈ ലോകത്തിലെ ജീവികളുടെയെല്ലാം അവസാനം മരണത്തിന്റെ കൈകളിലാണ്. സായി ദീക്ഷിതിനെ മരണഭയത്തിൽ നിന്നും മുക്തനാക്കി. "ഞാൻ നിന്നെ ഒരു വിമാനത്തിൽ കൊണ്ടുപോകും," എന്ന് പറഞ്ഞുകൊണ്ട്.

103. സായി വാക്കുകളാൽ ഉറപ്പ് നൽകിയതുപോലെ ദീക്ഷിതിന്റെ അന്ത്യം സംഭവിച്ചു. അധരത്തിൽ സായിയുടെ മഹിമകൾ വർണ്ണിക്കുന്ന വാക്കുകളുമായി

അയാൾ ഇഹലോകവാസം വെടിഞ്ഞു. അത് എന്റെ സ്വന്തം കണ്ണുകൾക്ക് മുമ്പിലാണ് സംഭവിച്ചത്.

104. ഞങ്ങൾ രണ്ടുപേരും ഒരു തീവണ്ടിമുറിയിൽ, ഒരേ ചാരുപടിയിൽ അടുത്ത ടുത്ത് ഇരുന്ന്, സായിസമർത്ഥന്റെ കഥകളിൽ മുഴുകവേ, പെട്ടെന്ന് അയാൾ വിമാനത്തിലേയ്ക്ക് കയറ്റപ്പെട്ടതുപോലെ തോന്നി.

105. അയാൾ അപ്രതീക്ഷിതമായെത്തിയ ആ അവസരം വിനിയോഗിച്ചുകൊണ്ട് അയാളുടെ ശിരസ്സ് എന്റെ തോളിൽ ചാരി വച്ചു. ദീക്ഷിത് വളരെ പെട്ടെന്ന് വിമാനത്തിൽ സ്ഥാനം നേടുകയും സ്വർഗ്ഗീയാനന്ദം അനുഭവിക്കുകയും ചെയ്തു.

106. ശരീരത്തിൽ കോച്ചിവലിച്ചിലോ സന്നിയോ ഉണ്ടായില്ല. കണ്ഠത്തിൽ ചുമയോ പെട്ടെന്നുള്ള വേദനയോ ഉണ്ടായിരുന്നില്ല. അയാളുടെ ശരീരം എല്ലാ അർത്ഥ ത്തിലും സാധാരണ അവസ്ഥയിലായിരിക്കുകയും, ഇന്ദ്രിയങ്ങളെല്ലാം ശരി യായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നപ്പോൾ, അയാളുടെ ശരീരം നിശ്ചലമാകുകയായിരുന്നു.

107. ഭൗതികദേഹം ഉപേക്ഷിക്കപ്പെട്ടു. അയാളുടെ പ്രഭ ആത്മനിൽ ലയിച്ചു. ഇത്ത രത്തിൽ പറന്നുകൊണ്ട് അയാൾ സ്വന്തം സ്വത്വത്തിൽ ലയിച്ചു. അയാളുടെ ആത്മപ്രകാശം ബ്രഹ്മനിൽ ലീനമായി.

108. അയാൾ സായിയുടെ പാദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ അയാളുടെ അഹംബോധം പൂർണ്ണമായും നശിച്ചിരുന്നു. തീർത്തും സംതൃപ്തവും ഈശ്വ രനിൽ സ്വയം സമർപ്പിച്ചതുമായിരുന്നു അയാളുടെ ജീവിതം.

109. 1848 ശകവർഷത്തിൽ (എ.ഡി. 1926) ഹിന്ദു കാലഗണനാപ്രകാരം ജ്യേഷ്ഠമാ സത്തിൽ കൃഷ്ണപക്ഷത്തിലെ[3] ഏകാദശിദിനത്തിൽ (വെളുത്തവാവിന് ശേഷമുള്ള 11–ാം ദിനം) ലൗകികജീവിതം വെടിഞ്ഞുകൊണ്ട് ദീക്ഷിത് ഈശ്വ രനിൽ വിലയം പ്രാപിച്ചു.

110. അതിനെ മരണമെന്നോ, അയാളുടെ വിമാനം എത്തിയെന്നോ വിളിക്കുക. അയാൾ സായിയുടെ പാദങ്ങളിൽ ലയിച്ചു. ഈ കഥയുടെ വാസ്തവികത എല്ലാവർക്കും അറിവുള്ളതാണ്.

111. "ഇത്തരത്തിലുള്ള കടപ്പാടുകളിൽ നിന്നും ഒരുവൻ സ്വതന്ത്രനായിരിക്കണം!" ഇത്തരത്തിൽ ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അയാൾക്ക് തീർത്തും ഭക്തി ഇല്ല എന്ന് കരുതേണ്ടിയിരിക്കുന്നു. ഈ കടപ്പാടിന് പകരം സമ്മാന മായി നൽകാൻ ഒരുവന്റെ കൈയ്യിൽ ഈ ലോകത്ത് ഒന്നുംതന്നെയുണ്ടാകി ല്ല; അത് സ്വപ്നത്തിൽ പോലും സംഭവിക്കില്ല.

112. ചിന്താമണി[4] നൽകാമെന്നാണ് ഒരുവൻ ചിന്തിക്കുന്നതെങ്കിൽ, അവൻ ദൈനം ദിന ഉത്കണ്ഠകൾ കൂട്ടുക മാത്രമാണ് ചെയ്യുന്നത്. അത്തരത്തിലുള്ള ഒരു വസ്തു നൽകിക്കൊണ്ട് കടപ്പാട് തീർക്കാമെന്ന് ഒരുവൻ ചിന്തിക്കുകയാണെ ങ്കിൽ, അത് വളരെ ബാലിശമായ ചിന്താഗതിയാണ്.

113. ശരി, ഒരുവൻ കൽപതരു[5] ഗുരുവിന് നൽകിക്കൊണ്ട് അദ്ദേഹത്തെ തൃപ്തി

പ്പെടുത്താൻ ശ്രമിച്ചാൽ, നാശമില്ലാത്തത് നൽകാൻ കെൽപ്പുള്ളവനാണ് ഗുരു; ഗുരുവിനോടുള്ള എല്ലാ കടങ്ങളും ബാധ്യതകളും നിറവേറ്റി സ്വതന്ത്രനാകാൻ അത് സഹായകമാകുമോ?

114. അത് അങ്ങനെയാകട്ടെ. ഇതൊന്നുമല്ലാതെ, ഒരുവൻ ഗുരുവിന് പരീസ്[6] നൽകുകയാണെങ്കിൽ പരീസ് സ്വർണ്ണമായി മാറുകയേയുള്ളു. പക്ഷേ ഗുരു ഒരുവന് ദൈവികജ്ഞാനം പകർന്ന് നൽകും.

115. ഒരുവൻ അവന്റെ കടപ്പാടുകൾ വീട്ടുകയാണെന്ന് ചിന്തിച്ചുകൊണ്ട് ഗുരുവിന് കാമധേനുവിനെ[7] നൽകുകയാണെങ്കിൽ, ഒരുവൻ അവന്റെ സ്വന്തം ആഗ്രഹ ങ്ങൾ വർദ്ധിപ്പിക്കുക മാത്രമായിരിക്കും. ഗുരു പകരം ഒന്നും പ്രതീക്ഷിക്കു ന്നില്ല. കൂടാതെ ഉദാരമതിയുമാണ്.

116. കടപ്പാട് വീട്ടാനായി ഒരുവൻ ഈ ലോകത്തിലെ മുഴുവൻ സമ്പത്തും ഗുരു വിന് നൽകുകയാണെങ്കിൽ അദ്ദേഹം നൽകിയ വാസ്തവികവും അമായിക വുമായതിന് പകരമായി അയഥാർത്ഥവും മായികവുമായ വസ്തുക്കൾ കൊണ്ട് അത് നിറവേറ്റാൻ കഴിയുമോ?

117. ഒരുവൻ അവന്റെ ശരീരം ഗുരുവിന് നൽകുകയാണെങ്കിൽ, അത് വെറും നശ്വ രമായ വസ്തുവാണ്. ഒരുവൻ അവന്റെ ജീവൻ അദ്ദേഹത്തിന് സമർപ്പിക്കുക യാണെങ്കിൽ അതും മിഥ്യയാണെന്ന് അറിയുക.

118. സദ്ഗുരു വാസ്തവികമായ വസ്തുക്കളുടെ ദാതാവാകുന്നു. മായികമായ വസ്തുക്കൾ അദ്ദേഹത്തിന് സമർപ്പിക്കുന്നതുകൊണ്ട് അദ്ദേഹത്തിനോടുള്ള കടപ്പാട് വീട്ടാൻ കഴിയുമോ? ഇത് അസാദ്ധ്യമായ ഒരു വസ്തുതയാണ്.

119. അതിനാൽ പൂർണ്ണവും ദൃഢവുമായ വിശ്വാസത്തോടെ സാഷ്ടാംഗപ്രണാമം നടത്തുക. അദ്ദേഹം നൽകിയ അനുഗ്രഹങ്ങളും ഉപകാരങ്ങളും ഓർത്തു കൊണ്ട് നിങ്ങളുടെ ശിരസ്സ് സദ്ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കുക.

120. ഗുരു നൽകിയ അനുഗ്രഹങ്ങളുടെ നിരന്തരവും സുദൃഢവുമായ സ്മരണ യാണ് ശിഷ്യന്റെ ആഭൂഷണം. ആ കടപ്പാട് തിരികെ വീട്ടാൻ ശ്രമിക്കുന്ന ശിഷ്യന് അവന്റെ സന്തോഷം നഷ്ടമാകുന്നു.

121. ഈ കഥ ഇത്രയും ശ്രവിച്ചുകഴിഞ്ഞപ്പോൾ ശ്രോതാക്കൾക്ക് കൂടുതൽ കേൾക്കാനുള്ള ശക്തമായ ആഗ്രഹമുണ്ട്. അവരുടെ ഉത്സുകതയും ഒപ്പം ആകാംക്ഷയും കണ്ടതിനാൽ ഞാൻ ചെറിയ ഒരു കഥ വിവരിക്കുന്നതാണ്.

122. ലൗകികജനങ്ങളുടെ രീതികൾ പോലെ ദിവ്യന്മാരും മറ്റ് ദിവ്യന്മാരോട് അവ രുടെ സാഹോദരസ്നേഹം പ്രകടിപ്പിക്കാറുണ്ട്; അഥവാ ചില പ്രത്യേക രീതി കളിൽ പെരുമാറാൻ ജനങ്ങളെ ഒരുമിപ്പിക്കുന്നതിനും അവ പരക്കെ അറിയ പ്പെടുന്നതിനും വേണ്ടിയായിരിക്കാം.

123. അല്ലെങ്കിൽ ഭക്തരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരെ ആത്മീയതത്ത്വ ങ്ങളിൽ ബോധവാന്മാരാക്കുന്നതിനും വേണ്ടി സായി സ്വയം അത്തരം കഥാ പാത്രങ്ങളുടെ വേഷം കെട്ടുന്നതായിരിക്കാം.

124. ഇത് വ്യക്തമാക്കുന്ന ചെറിയ ഒരു കഥ ശ്രോതാക്കൾ ശ്രവിക്കുക. അപ്പോൾ

ദിവ്യന്മാർക്ക് എങ്ങനെയാണ് മറ്റ് ദിവ്യന്മാരെയും അവരുടെ സൂചനകളെയും വാക്കുകളുടെ സഹായമില്ലാതെ തന്നെ ഗ്രഹിക്കാൻ സാധിക്കുന്നതെന്ന് അവർക്ക് മനസ്സിലാകും.

125. ഒരിക്കൽ പ്രശസ്തമായ രാജമുണ്ഡ്റി എന്ന പട്ടണത്തിൽ ശ്രീ വാസുദേവാനന്ദ കുറച്ച് കാലത്തേയ്ക്ക് വസിച്ചിരുന്നു. അദ്ദേഹത്തിന്റെ സന്ന്യാസനാമം സരസ്വതി എന്നായിരുന്നു.

126. അദ്ദേഹം വളരെ ശ്രേഷ്ഠനും സർവ്വജ്ഞനും കറകളഞ്ഞ ഒരു യാഥാസ്ഥിതിക കർമ്മമാർഗിയുമായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തി ഗംഗയെപ്പോലെ അവസാനമില്ലാത്തതും, ഭൂമിക്കടിയിലുള്ള ലോകങ്ങളിൽപ്പോലും പ്രതിധ്വനിച്ചിരുന്നു.

127. മറ്റ് ജനങ്ങൾ പറഞ്ഞ് അദ്ദേഹത്തെക്കുറിച്ച് അറിഞ്ഞ, നാൻഡെഡ് നിവാസികളായ പുണ്ഡലികറാവുവും മറ്റ് ചില ഭക്തരും, അദ്ദേഹത്തിന്റെ ദർശനം നേടാനായി ഉറച്ച് തീരുമാനിച്ചു.

128. എന്തായാലും പിന്നീട് ആ സംഘം മുഴുവൻ നാൻഡെഡിൽ നിന്നും പുറപ്പെട്ട് രാജമുണ്ഡ്റിയിൽ, ഗോദാവരി തീരത്ത്, പ്രഭാതത്തിൽ സ്വാമിയുടെ ദർശനത്തിനായി എത്തിച്ചേർന്നു.

129. അത് വളരെ ശുഭകരമായ പ്രഭാതകാലമായതിനാൽ, നാൻഡെഡിൽ നിന്നുള്ള ഈ സംഘം മുഴുവൻ സ്നാനത്തിനായി ഗംഗയുടെ തീരത്തേയ്ക്ക് പോയി. ഒപ്പം സ്തോത്രങ്ങളും പുരാണങ്ങളും ചൊല്ലുന്നുമുണ്ടായിരുന്നു.

130. സ്വാമി അവിടെ ഇരിക്കുന്നത് കണ്ട സംഘം അദ്ദേഹത്തിന്റെ മുമ്പിൽ ഭക്തിയോടെ സാഷ്ടാംഗപ്രണാമം നടത്തി. പൊതുകാര്യങ്ങളെക്കുറിച്ചുള്ള അവരുടെ സംഭാഷണത്തിനിടയ്ക്ക് ഷിർദി പരാമർശിക്കപ്പെട്ടു.

131. സായിയുടെ നാമം കേട്ടപ്പോൾ, സ്വാമി ആദരവോടെ അദ്ദേഹത്തിന്റെ കൈകൾ കൂപ്പിക്കൊണ്ട് പറഞ്ഞു: "അദ്ദേഹം എന്റെ സഹോദരനാണ്, തീർത്തും നിർമ്മമനുമാണ്. എനിക്ക് അദ്ദേഹത്തോട് അതിയായ സ്നേഹമുണ്ട്."

132. അവിടെ ഉണ്ടായിരുന്ന ഒരു നാളികേരം എടുത്ത്, അത് അദ്ദേഹം പുണ്ഡലികറാവുവിന് നൽകിക്കൊണ്ട് പറഞ്ഞു: "എപ്പോഴെങ്കിലും നിങ്ങൾ ഷിർദിയിൽ പോകുകയാണെങ്കിൽ, എന്റെ സഹോദരന്റെ പാദകമലങ്ങളിൽ വന്ദിച്ച് ഇത് അർപ്പിക്കുക.

133. "അദ്ദേഹത്തിന് എന്റെ പ്രണാമങ്ങൾ അറിയിക്കുകയും, ഈ എളിയവനോട് ദയയും അനുഗ്രഹവും ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുക. എന്നെ മറക്കരുതെന്നും, എന്നോടുള്ള അദ്ദേഹത്തിന്റെ സ്നേഹം കൂടുതൽ വളരണമെന്നും അഭ്യർത്ഥിക്കുക.

134. "അടുത്ത പ്രാവശ്യം നിങ്ങൾ എപ്പോഴെങ്കിലും ഷിർദിയിൽ പോകാനിടയായാൽ, ആദരവോടെ തീർച്ചയായും ഇത് എന്റെ സഹോദരന് അർപ്പിക്കുക.

135. "തത്ത്വപരമായി, ഞങ്ങൾ സ്വാമിമാർ, മറ്റുള്ളവരെ വന്ദിക്കുന്നതിൽ വിലക്കപ്പെട്ടിരിക്കുന്നു. പക്ഷേ ഈ അവസരത്തിൽ ഈ നിയമം ലംഘിക്കപ്പെടുന്ന

ത്, ഗുണപ്രദമാകുകയേയുള്ളൂ.

136. “അതിനാൽ നിങ്ങൾ സായിയുടെ ദർശനം നടത്തുമ്പോൾ ഇക്കാര്യം മറക്കരുത്. ഈ നാളികേരം തീർച്ചയായും സായിയുടെ പാദങ്ങളിൽ അർപ്പിക്കണം.”

137. സ്വാമിയിൽ നിന്നും ഈ വാക്കുകൾ കേട്ടപ്പോൾ പുണ്ഡലികറാവു അദ്ദേഹത്തിന്റെ പാദങ്ങളിൽ വന്ദിച്ചുകൊണ്ട് പറഞ്ഞു: “ഞാൻ സ്വാമിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

138. “ഞാൻ അങ്ങയുടെ നിർദ്ദേശങ്ങൾ വളരെ ആദരവോടെ സ്വീകരിക്കുകയും, അത്തരത്തിൽ വിശ്വസ്തത അർപ്പിക്കപ്പെട്ടതിൽ ഞാൻ സ്വയം അനുഗൃഹീതനാണെന്ന് കരുതുകയും ചെയ്യുന്നു.” സ്വാമിയിൽ ഹൃദയംഗമമായി സ്വയം സമർപ്പിച്ചശേഷം പുണ്ഡലികറാവു അവിടെ നിന്നും യാത്ര തിരിച്ചു.

139. സ്വാമി ബാബയെ സഹോദരൻ എന്ന് വിളിച്ചത് അർത്ഥമില്ലാത്തതാണോ? ബാബ, ശ്രുതികൾക്കനുസൃതമായി, ഒരു ‘അഗ്നിഹോത്രി’ ആയാണ് പ്രവർത്തിച്ചിരുന്നത്. രാവിലെയും വൈകുന്നേരവും അഗ്നിയിൽ പാവനം അർപ്പിച്ചിരുന്നു.

140. ജനങ്ങൾ ധുനി എന്ന് വിളിച്ചിരുന്ന അഗ്നി എല്ലായ്പ്പോഴും ബാബയുടെ മുമ്പിലുണ്ടായിരുന്നു. അത് പകലും രാത്രിയും എരിഞ്ഞുകൊണ്ടിരുന്നു. ഇതായിരുന്നു ബാബയുടെ വ്രതം.

141. അഗ്നിഹോത്രം പോലുള്ള നിഷ്ഠകൾ ആന്തരിക പരിശുദ്ധിക്ക് വേണ്ടിയാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഒരു പ്രത്യേക മാർഗ്ഗം പിന്തുടരുന്നതിനും അതിലൂടെ ആത്മീയത നേടുന്നതിനും ജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് വേണ്ടിയാണ് ബാബ ഈ രീതി അവലംബിച്ചിരുന്നത്.

142. ശ്രീ വാസുദേവാനന്ദസരസ്വതി ഒരു സന്ന്യാസിയും, ഇതേ നിഷ്ഠ (അഗ്നിഹോത്രി) പിന്തുടരുകയും ചെയ്തിരുന്നു. അപ്പോൾ അദ്ദേഹം ബാബയെ സഹോദരൻ എന്ന് സംബോധന ചെയ്തതിൽ അതിശയിക്കാനില്ല! അദ്ദേഹം പറയുന്നത് വ്യർത്ഥമാകുമോ?

143. പിന്നീട് ഒരു മാസം കഴിയുംമുമ്പ് നാല് സുഹൃത്തുക്കളോടൊപ്പം സായിദർശനത്തിന് പോകാനുള്ള അവസരം പുണ്ഡലികറാവുവിന് ലഭിച്ചു.

144. അയാൾ തന്റെ യാത്രാസഞ്ചി ഒരുക്കി, പലതരത്തിലുള്ള പഴവർഗ്ഗങ്ങളും വളരെ ശ്രദ്ധയോടെ നാളികേരവും എടുക്കാൻ ഓർമ്മിച്ചു. അവർ എല്ലാവരും സ്വസ്ഥമനസ്സോടും സന്തോഷത്തോടും കൂടി സായിയുടെ ദർശനത്തിനായി പുറപ്പെട്ടു.

145. പിന്നീട് അവർ മാൻമഡിൽ ഇറങ്ങിയപ്പോൾ, കോപർഗാവൺ തീവണ്ടി പുറപ്പെടുന്നതിനായി പിന്നെയും കുറച്ച് സമയം ശേഷിക്കുന്നുണ്ടായിരുന്നു. അവർക്ക് ദാഹം അനുഭവപ്പെട്ടതിനാൽ അടുത്തുള്ള ഒരു അരുവിയുടെ സമീപത്തേയ്ക്ക് പോയി.

146. ഒഴിഞ്ഞ വയറിൽ വെള്ളം കുടിക്കുന്നത് ഹാനികരമായതിനാൽ ആരോ ഒരാൾ ലഘുഭക്ഷണത്തിനായി ഒരു തുണിയുടെ അറ്റത്ത് പൊതിഞ്ഞ് സൂക്ഷിച്ചി

രുന്ന ഒരു ചെറിയ കെട്ട് ചിവഡ കൊണ്ടുവന്നു.

147. ചിവഡയിൽ അൽപം മാത്രം വായിലേക്കിട്ടപ്പോൾ തന്നെ, ചിവഡ വളരെ എരിവുള്ളതായി അനുഭവപ്പെട്ടു. ഒരു നാളികേരം കൂടി ഇല്ലെങ്കിൽ ചിവഡ കൊണ്ട് ഒരു പ്രയോജനവുമില്ല. ആ ഉദ്യമം മുഴുവൻ പാഴായതുപോലെ തോന്നി.

148. അപ്പോൾ അവരിൽ ഒരാൾ എല്ലാവരോടുമായി പറഞ്ഞു. "എനിക്ക് ഒരു ഉപായം തോന്നുന്നു. നാളികേരം ഉടച്ച് ചിവഡയുമായി കൂട്ടിക്കലർത്താം. എന്നിട്ട് ചിവ ഡയുടെ രുചി എന്താണെന്ന് നോക്കാം."

149. നാളികേരം എന്ന പരാമർശമുണ്ടായപ്പോൾ, സൗകര്യപ്രദമായി ഒന്ന് സമീ പത്ത് തന്നെ കാണപ്പെട്ടു. അത് പൊട്ടിക്കുന്നതിൽ പിന്നെ ഒട്ടും താമസമു ണ്ടായില്ല. അത് ചിവഡയോടൊപ്പം കലർത്തി, കൂടുതൽ രുചികരമാക്കി. പിന്നീട് അവർ വെള്ളം കുടിച്ചു.

150. നാളികേരം എന്ന് സൂചിപ്പിക്കപ്പെടുകയും, ഒന്ന് സൗകര്യപ്രദമായി കൈവശം ഉണ്ടാകുകയും ചെയ്തു. പക്ഷേ അത് ആർക്ക് അവകാശപ്പെട്ടതാണെന്ന് ആരും ചോദിച്ചില്ല. വിശപ്പ് അത്രയ്ക്ക് അധികമായതിനാൽ അവർ എല്ലാവരും അത് മറന്നുപോയിരുന്നു.

151. അത് അങ്ങനെ കഴിഞ്ഞു. അവർ കോപർഗാവണിലേയ്ക്കുള്ള തീവണ്ടിയിൽ കയറി ഇരിക്കുകയും അവരുടെ ലക്ഷ്യസ്ഥാനത്തേയ്ക്ക് തിരിക്കുകയും ചെയ്തു. വഴിമദ്ധ്യേ, പുണ്ഡലികറാവുവിന് ആ നിർദ്ദിഷ്ട നാളികേരത്തെ ക്കുറിച്ച് ഓർമ്മവന്നു.

152. ഷിർദി അടുത്തെത്തി എന്ന് കണ്ടപ്പോൾ, പുണ്ഡലികറാവുവിന്റെ മനസ്സിൽ വളരെ സംഭ്രമം തോന്നി. എന്തുകൊണ്ടെന്നാൽ വാസുദേവാനന്ദ നൽകിയ നാളികേരം അബദ്ധവശാൽ ചിവഡയോടൊപ്പം കലർത്തപ്പെട്ടു എന്ന് അപ്പോൾ അയാൾക്ക് മനസ്സിലായി.

153. നാളികേരം ഉടയ്ക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ പുണ്ഡലികറാവു ഭയപ്പെടുകയും അയാളുടെ ശരീരം മുഴുവൻ വിറയ്ക്കുകയും ചെയ്തു. ഒരു ദിവ്യന്റെ നേർക്ക് അയാൾ ഒരു പാപപ്രവൃത്തി ചെയ്തിരിക്കുന്നു.

154. അയാൾ വളരെ പശ്ചാത്തപിച്ചു. അയാൾ എന്ത് പാപമാണ് ചെയ്തിരിക്കു ന്നത്? അയാൾ സ്വാമിയുടെ ശാപത്തിന് പാത്രമായിരിക്കുന്നു! 'അതേക്കുറിച്ച് ഞാൻ വിലപിക്കുന്നത് വ്യർത്ഥമാണ്.

155. ആ നാളികേരം അത്തരം ഉപയോഗത്തിന് വേണ്ടി എടുത്തത് ഒരു ചതിയായി രിക്കുന്നു. പുണ്ഡലികറാവുവിന്റെ മനസ്സ് അസ്വസ്ഥമാകുകയും അയാൾ ഇതി കർത്തവ്യതാമൂഢനാകുകയും ചെയ്തു.

156. 'ഇനി ഇപ്പോൾ ഞാൻ എന്താണ് ബാബയ്ക്ക് നൽകുക? ഏത് തരത്തിലാണ് ഞാൻ ഇത് അദ്ദേഹത്തോട് വിശദീകരിക്കുക? ഞാൻ എങ്ങനെയാണ് അദ്ദേ ഹത്തിന്റെ മുമ്പിൽ എന്റെ മുഖം കാട്ടുക? തിരിച്ച് കിട്ടാൻ കഴിയാത്ത തര ത്തിൽ എനിക്ക് ആ നാളികേരം നഷ്ടമായിരിക്കുന്നു.'

157. സായിയുടെ പാദങ്ങളിൽ അർപ്പിക്കപ്പെടേണ്ടിയിരുന്നതിനെ ലഘുഭക്ഷണമാക്കിയതോർത്ത് പുണ്ഡലികറാവു വളരെ വിഷമിച്ചു. അയാൾ പറഞ്ഞു: "ഇത് ഒരു ദിവ്യന്റെ അവഹേളനമാണ്."

158. ഇപ്പോൾ ബാബ നാളികേരം ആവശ്യപ്പെടുമ്പോൾ, എല്ലാവരും ലജ്ജിച്ച് ശിരസ്സ് താഴ്ത്തി നിൽക്കേണ്ടിവരും. കാരണമെന്തെന്നാൽ മാൻമഡിൽവച്ച് അവർ അതുകൊണ്ട് ലഘുഭക്ഷണമുണ്ടാക്കിയിരുന്നു. ഇതായിരുന്നു അവരുടെയെല്ലാം ഉള്ളിലെ സംഭ്രമം.

159. ആ ദിവസം അവരുടെ കൈവശം നാളികേരം ഇല്ല എന്ന സത്യം പറയുന്നത് ഒരു ലജ്ജാവഹമായ സംഗതിയായിരിക്കും. ഒരു നുണ പറയുന്നത് സഹായകരമാകില്ല. എന്തെന്നാൽ സായി സർവ്വജ്ഞനാണ്.

160. അത് എന്തുമാകട്ടെ. സായിദർശനം നേടിയതിൽ സംഘാംഗങ്ങൾ മുഴുവൻ ആഹ്ലാദവാന്മാരായി. കണ്ണുകൾ അശ്രുക്കളാൽ നിറയുകയും മുഖം അവരുടെ ആന്തരികാനന്ദത്തെ പ്രതിഫലിപ്പിക്കുകയും ചെയ്തു.

161. ഇപ്പോഴൊക്കെ നമ്മൾ പകലും രാത്രിയും കമ്പിയില്ലാക്കമ്പി അയയ്ക്കുകയും അതിനെക്കുറിച്ച് പൊങ്ങച്ചം പറയുകയും അതിൽ അഹങ്കരിക്കുകയും ചെയ്യുന്നു.

162. ഇതിനുവേണ്ടി കെട്ടിടങ്ങൾ പണിയുകയും, ധാരാളം പണം ചെലവഴിക്കേണ്ടിയും വരുന്നു. പക്ഷേ ദിവ്യന്മാർക്ക് ഈ മാർഗ്ഗങ്ങൾ ആവശ്യമില്ല. അവർ അന്തഃകരണസന്ദേശങ്ങൾ അയയ്ക്കുകയാണ് പതിവ്.

163. പുണ്ഡലികറാവുവിന്റെ കൈവശം നാളികേരം നൽകിയപ്പോൾ തന്നെ സ്വാമി അന്തഃകരണത്തിലൂടെ സായിനാഥന് ഒരു സന്ദേശം അയച്ചിരുന്നു.

164. പുണ്ഡലികറാവു ദർശനം നടത്തിയപ്പോൾ സായിബാബ പറഞ്ഞു, "എന്റെ സഹോദരന്റെ പക്കൽ നിന്നും നീ കൊണ്ടുവന്ന വസ്തു എനിക്ക് തരിക."

165. അപ്പോൾ വിഷാദചിത്തനായ പുണ്ഡലികറാവു സായിബാബയുടെ പാദങ്ങൾ പുണർന്നുകൊണ്ട് പറഞ്ഞു. "അങ്ങയുടെ ക്ഷമയ്ക്കായി യാചിക്കുകയല്ലാതെ മറ്റെന്താണ് എനിക്ക് പറയാൻ കഴിയുക?

166. "ഞാൻ ആ നാളികേരം ഓർത്തിരുന്നു. പക്ഷേ അരുവിയുടെ സമീപമെത്തിയപ്പോൾ, ഞങ്ങളുടെ വിശപ്പ് തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ഞങ്ങളെല്ലാം അതേക്കുറിച്ച് മറന്നുപോയി.

167. "അവിടെവച്ച് ഞങ്ങൾ ചിവഡയുടെ ലഘുഭക്ഷണം തയ്യാറാക്കിയപ്പോൾ ഇതേ നാളികേരം ഉടച്ച് അതിൽ കലർത്തി. അതിനാൽ ഞാൻ മറ്റൊരു നാളികേരം കൊണ്ടുവരുന്നതാണ്. ദയവായി അത് മടികൂടാതെ സ്വീകരിക്കുക."

168. ഇങ്ങനെ പറഞ്ഞുകൊണ്ട്, ഫലം കൊണ്ടുവരുന്നതിനായി പുണ്ഡലികറാവു എഴുന്നേറ്റു. സായി മഹാരാജ് അയാളുടെ കൈകളിൽ പിടിച്ച്, പോകുന്നതിൽ നിന്നും അയാളെ തടയുന്നതാണ് മറ്റുള്ളവർ കണ്ടത്.

169. "അറിയാതെ ഞാൻ വിശ്വാസം തകർത്തിരിക്കുന്നു. അങ്ങ് കരുണാമയനാണ്. എനിക്ക് അങ്ങയുടെ ആശ്രയത്തിൻ കീഴിൽ സംരക്ഷണം നൽകുക.

കരുണാമൂർത്തേ, മാപ്പ് നൽകുക! ഞാൻ തീർത്തും കുറ്റക്കാരനാണ്.

170. “സ്വാമിയെപ്പോലെ ശ്രേഷ്ഠനായ ഒരു ദിവ്യന്റെ വാക്കുകൾ ഞാൻ അവഗണിച്ചു. അങ്ങേയ്ക്ക് അർപ്പിക്കേണ്ടിയിരുന്ന ഫലം ഞാൻ ഭക്ഷിച്ചു.

171. “ഇത് ഒരു ദിവ്യനോട് ചെയ്ത അപരാധമാണ്. ഈ പാപത്തിന് പ്രായശ്ചിത്തം ചെയ്യാൻ സാധിക്കുന്ന എന്തെങ്കിലുമുണ്ടോ? ഞാൻ എത്ര നാണംകെട്ടവനാണ്!”

172. സംഭവത്തെക്കുറിച്ച് അതേപടി വിവരിച്ച് കേട്ടപ്പോൾ, ശ്രീ സായിനാഥ് ചിരിച്ചുകൊണ്ട് പറഞ്ഞു. “നീ അത് സംരക്ഷിക്കാൻ പോകുന്നില്ലെങ്കിൽ എന്തിനാണ് നീ നാളികേരം എടുത്തത്?

173. “എന്റെ സഹോദരന് നിന്റെ വാക്കുകളിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. എനിക്കുള്ള വസ്തു നീ എനിക്ക് തരുമെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്തിരുന്നു.

174. “എന്നാൽ അതിന്റെ ഫലമെന്തായിരുന്നു? ഇതാണോ നിന്റെ വിശ്വാസ്യത? എന്റെ സഹോദരന്റെ ആഗ്രഹം സഫലമാകാതെ അവശേഷിച്ചു. ഇത്തരത്തിലാണോ നീ പ്രവർത്തിക്കുക.”

175. അദ്ദേഹം തുടർന്നു. “ആ ഫലത്തിന്റെ ശ്രേഷ്ഠതയ്ക്ക് പകരം നിൽക്കാൻ മറ്റ് എത്രയെണ്ണം നൽകിയാലും മതിയാകില്ല! സംഭവിക്കേണ്ടതെന്തായാലും സംഭവിച്ചു. എന്തിനാണ് അതിനെക്കുറിച്ച് ഓർത്ത് അനാവശ്യമായി പരിതപിക്കുന്നത്?

176. “എന്റെ ഇച്ഛപ്രകാരം മാത്രമാണ് സ്വാമി നിനക്ക് നാളികേരം തന്നതും, എന്റെ സങ്കൽപ്പത്തിലാണ് അത് ഉടയ്ക്കാനിടയായതും. നീ എന്തിനാണ് വെറുതെ കാർമ്മികത്വം ഏറ്റെടുക്കുന്നത്?

177. “നിനക്ക് വിഷമം തോന്നാൻ കാരണം, നിനക്ക് അഹമെന്ന ബോധമുള്ളത് കൊണ്ടാണ്. കേവലം അഹംബോധരഹിതമായി വർത്തിക്കുക. നീ എല്ലാ കുറ്റബോധത്തിൽ നിന്നും മുക്തനാകും.

178 “നല്ലതും ശ്രേഷ്ഠവുമായ കർമ്മങ്ങൾ ചെയ്യുമ്പോൾ അഭിമാനം തോന്നുന്നതെന്തിനാണ്? മാത്രമല്ല, അധർമ്മപരമായതിൽ നിന്നും ഒരുവൻ ഒഴിഞ്ഞുമാറുന്നത് എന്തുകൊണ്ടാണ്? രണ്ടിന്റെയും ഫലം ഒന്നുതന്നെയാണ്! അതിനാൽ കർമ്മകർത്താവാണെന്ന ചിന്തയില്ലാതെ പ്രവർത്തിക്കുക.

179. “നിങ്ങൾ എന്നെ കാണാൻ വരണമെന്ന് എനിക്ക് തോന്നലുണ്ടായി. അതിനാൽ നിങ്ങളുടെ കൈവശം നാളികേരം ഏൽപ്പിക്കപ്പെട്ടു. ഇതാണ് യാഥാർത്ഥ്യം. തീർച്ച, തീർച്ച, തീർച്ച.

180. “എന്തൊക്കെയായാലും നിങ്ങൾ എന്റെ കുഞ്ഞുങ്ങളാണ്. നിങ്ങൾ കഴിച്ച ഫലം എനിക്ക് നൈവേദ്യമായി അർപ്പിക്കപ്പെട്ടതിന് തുല്യമാണ്. ഞാൻ അത് തീർച്ചയായും സ്വീകരിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുക.”

181. പുണ്ഡലികറാവു ഇത് ഗ്രഹിച്ചപ്പോൾ സായിയുടെ വാക്കുകളാൽ അയാളുടെ മനസ്സ് ശാന്തമാകുകയും, സാവധാനത്തിൽ അയാളുടെ ഉത്കണ്ഠ ഇല്ലാതാ

കുകയും ചെയ്തു.

182. ഉത്കണ്ഠാകുലമായ മനസ്സുകളെ ശുദ്ധമാക്കാനുതകുന്ന തരത്തിലുള്ള ഉപദേശങ്ങൾ നൽകാനുള്ള ഒരു നിമിത്തം മാത്രമായിരുന്നു ആ നാളികേരത്തിന്റെ നഷ്ടം. അത്തരത്തിൽ തികച്ചും അഹംഭാവമുണ്ടായിരുന്ന അവരെല്ലാം അഹംഭാവം ഇല്ലാതെയായി. നിർദ്ദോഷികളും നിരപരാധികളാണെന്നുമുള്ള തോന്നൽ അവരിലുണർന്നു.

183. ഈ കഥയുടെ സാരാംശം എന്തെന്നാൽ, അഹംഭാവരഹിതമായ മനസ്സുള്ളവർ ആത്മീയത നേടാൻ യോഗ്യരായിരിക്കുമെന്നും, അവർക്ക് വളരെ സുഗമമായി ലൗകികസാഗരം മറികടക്കാൻ കഴിയുമെന്നുമാണ്.

184. ഇപ്പോൾ മൂന്നാമത്തെ ഭക്തന്റെ അനുഭവം ശ്രവിക്കുക. അത് മധുരവും പുതുമയുള്ളതുമാണ്. അത് ബാബയുടെ അപരിമിതമായ വൈഭവവും മഹത്തായ ആജ്ഞാശക്തിയെയും വെളിവാക്കുന്നു.

185. ബാന്ദ്ര താലൂക്കിൽ, ബാന്ദ്ര പട്ടണത്തിന് വടക്കുള്ള സാന്താക്രൂസ് പട്ടണത്തിൽ ധുരന്തർ എന്ന് പേരായ ഒരു ഭക്തനുണ്ടായിരുന്നു.

186. സഹോദരന്മാർക്കെല്ലാം ദിവ്യന്മാരോട് സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. അവർ ശ്രീരാമനിൽ ഉറച്ച് വിശ്വസിച്ചിരുന്നു. ശ്രീരാമനാമം ജപിക്കുന്നതിൽ അവർക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല.

187. അവർ വളരെ ലളിതമായ ജീവിതമാണ് നയിച്ചിരുന്നത്. അവരുടെ മക്കളും അതേപോലെയായിരുന്നു. അവരുടെ കുടുംബത്തിലെ സ്ത്രീകളും അന്യൂനമായ രീതിയിലാണ് ജീവിച്ചിരുന്നത്. അതിനാൽ ഭഗവാൻ വിഷ്ണു (ചക്രപാണി) അവർക്ക് അധീനപ്പെട്ടിരുന്നു.

188. ബലറാം അവരിലൊരാളായിരുന്നു. അയാൾ ഒരു വിത്തൽഭക്തനും സംശുദ്ധമായ കീർത്തിക്ക് ഉടമയുമായിരുന്നു. എല്ലാ രാജകീയ സഭകളിലും അയാൾ ആദരിക്കപ്പെടുകയും എല്ലാവരാലും ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

189. ഫെബ്രുവരി 19-ാം തീയതി, 1878 വർഷത്തിൽ ശ്രീരാമഭക്തയായിരുന്ന ഒരു മാതാവിന്റെ മകനായി, ഈ രത്നം ഭൂമിയിൽ ജന്മമെടുത്തു.

190. പ്രശസ്തമായ ഒരു കുടുംബത്തിലും വംശാവലിയിലും പിറന്ന അയാൾ പഥാരേ പ്രഭു ജാതിയുടെ ആഭൂഷണമായിരുന്നു. 1878 വർഷത്തിൽ ബോംബെയിലാണ് അയാൾ ജനിച്ചത്.

191. പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച അയാൾ യോഗ്യനായ ഒരു നിയമജ്ഞനായിരുന്നു. തത്ത്വശാസ്ത്രത്തിൽ അയാൾക്ക് നല്ല പരിജ്ഞാനമുണ്ടായിരുന്നു. കൂടാതെ എല്ലായിടത്തും ഒരു വിദ്വാനായി അറിയപ്പെടുകയും ചെയ്തിരുന്നു.

192. പാണ്ഡുരംഗദേവനോട് വളരെ ഭക്തിയുണ്ടായിരുന്ന അയാൾക്ക്, ആത്മീയതയോട് ശ്രേഷ്ഠമായ താൽപര്യം ഉണ്ടായിരുന്നു. അയാളുടെ പിതാവിന്റെ കുടുംബദേവത രാമനായിരുന്നെങ്കിലും, അയാളുടെ സ്വന്തം ആരാധന വിത്തലിനോടായിരുന്നു.

193. ആ സഹോദരന്മാരെല്ലാം ഉന്നതമായ സ്ഥാനങ്ങൾ അലങ്കരിക്കുകയും, അവരുടെ പെരുമാറ്റം എല്ലായ്പ്പോഴും ധാർമ്മികതയിൽ അധിഷ്ഠിതവുമായിരുന്നു. വളരെ ശുദ്ധമായ ഒരു വംശാവലിയിൽ ജനിച്ചതിനാൽ അവർക്കെല്ലാം ശുദ്ധമായ സംസ്കാരമുണ്ടായിരുന്നു.

194. വളരെ യുക്തിയുക്തവും, പ്രതിപാദകവും, ആകർഷകവുമായ വാദമുഖങ്ങൾ മുന്നോട്ടുവയ്ക്കാനുള്ള കഴിവ് അയാൾക്കുണ്ടായിരുന്നു. അയാൾക്ക് ഋജുവും ലളിതവുമായ ഒരു ചിന്താഗതിയാണുണ്ടായിരുന്നത്. വളരെ തീക്ഷ്ണമായ ധിഷണ, ഒപ്പം നല്ലതും ധാർമ്മികവുമായ പെരുമാറ്റം. ഇവയായിരുന്നു അദ്ദേഹത്തിന്റെ സദ്ഗുണങ്ങൾ. അവ അനുകരണീയവുമാണ്.

195. അയാൾ തന്റെ സമുദായത്തിന് സേവനങ്ങൾ നൽകുകയും, അതിനെക്കുറിച്ച് എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ താൻ ഏറ്റെടുത്ത കൃത്യങ്ങൾ പൂർത്തിയാക്കിയ ശേഷം, തന്റെ ആത്മീയക്ഷേമം നേടാനുള്ള പാതയിലേയ്ക്ക് തിരിഞ്ഞു.

196. ഈ മണ്ഡലത്തിലും അയാൾ മറ്റുള്ളവരേക്കാൾ മുമ്പിലെത്തുകയും ഭഗവദ്ഗീത, ധ്യാനേശ്വരി എന്നിവ പൂർത്തിയാക്കിയ ശ്രേഷം ആ ഗ്രന്ഥങ്ങളിൽ പാണ്ഡിത്യം നേടുകയും ചെയ്തു. ആദ്ധ്യാത്മിക മണ്ഡലത്തിൽ വളരെ ആദരണീയനായ ഒരു വ്യക്തിയായി അയാൾ മാറി.

197. അയാൾ ഒരു അടിയുറച്ച സായിഭക്തനായിരുന്നു. 1925 ൽ വളരെ ചെറുപ്പത്തിൽ അയാൾ പരമാത്മാവിൽ ലയിച്ചു. അയാളെക്കുറിച്ച് ചെറിയ ഒരു ജീവചരിത്രം ഇപ്പോൾ ശ്രവിക്കുക.

198. 1925 ജൂൺ 9–ാം തീയതി ഈ ലോകജീവിതം പൂർത്തിയാക്കി, അയാൾ വിത്തലഭഗവാനിൽ ലയിച്ചു.

199. 1912 ഏപ്രിൽ മാസത്തിലെ ഒരു ശുഭദിനത്തിൽ സായിയുടെ ദർബാറിലെത്തി, ദിവ്യനെ ദർശിക്കാനുള്ള ഒരു അവസരം ധുരന്ധർ സഹോദരന്മാർക്ക് ലഭിച്ചു.

200. ആറ് മാസങ്ങൾക്ക് മുമ്പ്, അയാളുടെ മൂത്ത സഹോദരൻ ബാബുജി, വാമൻറാവുവിനോടൊപ്പമെത്തി ദർശനം നടത്തിയശേഷം സന്തോഷത്തോടെ മടങ്ങിയിരുന്നു.

201. അതേ മധുരാനുഭവം ലഭിക്കുന്നതിന് വേണ്ടി ബലറാം ഉൾപ്പെടെയുള്ള മറ്റുള്ളവർ ദർശനത്തിന്റെ അപൂർവ്വലാഭം നേടാനായി അവിടെ എത്തി.

202. അവരുടെ വരവിന് മുമ്പ് തന്നെ ബാബ വളരെ വ്യക്തമായി ഇങ്ങനെ പറഞ്ഞു: "ഇന്ന് എന്റെ ദർബാറിലെ അനേകം പേർ ഇവിടെ എത്തുന്നതാണ്."

203. സ്നേഹപൂർവ്വമുള്ള ഈ പ്രസ്താവം കേട്ടറിഞ്ഞപ്പോൾ ധുരന്ധർ സഹോദരന്മാർ വളരെ ആശ്ചര്യപ്പെട്ടു. എന്തുകൊണ്ടെന്നാൽ, അവരുടെ ഷിർദി യാത്രയെക്കുറിച്ച് ആരെയും മുൻകൂട്ടി അറിയിച്ചിരുന്നില്ല. ബാബ എങ്ങനെയാണ് അതിനെക്കുറിച്ച് അറിയാനിടയായത്?

204. പിന്നീട് ബാബയെ കണ്ടപ്പോൾ അവർ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ പാദങ്ങൾ പുണർന്നു. സാവധാനത്തിൽ സംഭാഷണം ആരംഭിക്കുകയും, എല്ലാവരും

സന്തോഷവാന്മാരും സന്തുഷ്ടരും ആകുകയും ചെയ്തു.

205. കൂടാതെ, ആളുകൾ കൂടിച്ചേർന്നപ്പോൾ ബാബ വീണ്ടും ഇപ്രകാരം പറഞ്ഞു: "നോക്കൂ, ഇവരാണ് ദർബാറിലെ ആളുകൾ. ഇവരുടെ വരവിനെക്കുറിച്ചാണ് ഞാൻ മുമ്പ് പറഞ്ഞത്."

206. കൂടാതെ ബാബ തുടർന്ന് പറഞ്ഞത് എന്താണെന്ന് കൂടി കേൾക്കുക. ഓരോ വാക്കും സത്യമാണ്. "കഴിഞ്ഞ അറുപത് ജന്മങ്ങളായി നമുക്ക് പരസ്പരം അറിയാമെന്നുള്ളത് ഓർക്കുക."

207. ബലറാമും സഹോദരന്മാരും തികഞ്ഞ ആദരവോടെ, ബാബയുടെ മുമ്പിൽ കൈകൾ കൂപ്പി, ശ്രീ സായിയുടെ പാദങ്ങളിൽ ദൃഷ്ടിയർപ്പിച്ചുകൊണ്ട് നിന്നു.

208. ശ്രീസായിയുടെ ദർശനം ലഭിച്ചപ്പോൾ, ബലറാമിനും മറ്റുള്ളവർക്കും ഉത്സാഹവും വളരെ ഭക്തിയും സ്നേഹവും തോന്നി. യാത്രയ്ക്കായുള്ള അവരുടെ പരിശ്രമങ്ങൾക്ക് ഫലം ലഭിച്ചതായി അവർ കരുതി.

209. കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. വികാരവിക്ഷോഭത്താൽ കണ്ഠമിടറി. അവരുടെ ശരീരത്തിൽ അവർക്ക് രോമാഞ്ചമുണ്ടായി. സകല അഷ്ടസാത്വികഭാവങ്ങളും അവരിൽ നിറഞ്ഞു.

210. ബലറാമിന്റെ അവസ്ഥ കണ്ടപ്പോൾ സായിനാഥൻ വളരെ സംതൃപ്തനായി. സ്നേഹമയമായ കഥകളും ഉപദേശങ്ങളും നൽകിക്കൊണ്ട് അദ്ദേഹം അവരോടെല്ലാം സംസാരിക്കാൻ തുടങ്ങി.

211. "വെളുത്തപക്ഷത്തിലെ നാളുകളിൽ, പൂർണ്ണചന്ദ്രദിനങ്ങളിൽ എന്നെ ആരാധിക്കുകയും എന്നിൽ സ്നേഹവും മറ്റെല്ലാ വികാരങ്ങളും അർപ്പിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാണ്.

212. "പൂർണ്ണമായ വിശ്വാസത്തോടെ, തന്റെ ഗുരുവിന്റെ സേവനത്തിനായി സ്വയം ഉഴിഞ്ഞുവയ്ക്കുന്നവനോട് ഈശ്വരൻ എല്ലായ്പ്പോഴും കടപ്പെട്ടിരിക്കുന്നു. ആർക്കും ദുഷ്ടലാക്കോടെ അവന്റെമേൽ ദൃഷ്ടി പതിപ്പിക്കാൻ കഴിയില്ല.

213. "അരനിമിഷം പോലും പാഴാക്കാതെയും, ഈശ്വരന്റെയും ഗുരുവിന്റെയും ആരാധനയിൽ ഇഷ്ടം തോന്നുകയും ചെയ്യുന്നവന് അവർ അപരിമിതമായ അഥവാ നിതാന്തമായ ആനന്ദം നൽകുകയും, മറുകര കടന്നെത്താൻ സഹായിക്കുകയും ചെയ്യുന്നു."

214. ആ വാക്കുകൾ കേട്ടപ്പോൾ എല്ലാവരുടെയും കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. അവരുടെ മനസ്സുകളിൽ ആഹ്ലാദം നിറഞ്ഞു. അവരുടെ ഹൃദയങ്ങൾ വികാരഭരിതമായി.

215. സായിയുടെ വാക്കുകളാകുന്ന പുഷ്പഹാരങ്ങൾ എല്ലാവരും ആദരവോടെ അണിഞ്ഞു. എല്ലാവരിലും ആനന്ദം നിറഞ്ഞു. അതിലൂടെ എല്ലാവരിലും ഭക്തിയും നിറഞ്ഞു.

216. അത് അങ്ങനെ കഴിഞ്ഞു. പിന്നീട് അവർ വാഡയിലേയ്ക്ക് പോകുകയും, ആഹാരത്തിനുശേഷം കുറച്ച് വിശ്രമിക്കുകയും ചെയ്തു. ഉച്ചയ്ക്ക് ശേഷം അവർ വീണ്ടും ബാബയുടെ മുമ്പിലെത്തി വന്ദിച്ചു.

217. ബലറാം, വളരെ വിനയത്തോടെ ബാബയുടെ പാദങ്ങൾ തിരുമ്മാൻ തുടങ്ങി. അപ്പോൾ ബാബ ചില്ലം അവന്റെ നേർക്ക് നീട്ടുകയും അതിൽ നിന്ന് പുകവലിക്കാൻ സൂചന നൽകുകയും ചെയ്തു.

218. ബലറാം ചില്ലത്തെ പ്രസാദമായി കരുതുകയും പുകവലിക്കുന്ന ശീലമില്ലാതിരുന്നിട്ട് കൂടി അയാൾ വളരെ പ്രയാസപ്പെട്ട് കുറച്ച് പുകയെടുക്കുകയും, പിന്നീട് അത് ബാബയ്ക്ക് തിരികെ നൽകിയശേഷം ഭക്തിയോടെ അദ്ദേഹത്തെ വണങ്ങുകയും ചെയ്തു.

219. ബലറാമിന് അതൊരു ഭാഗ്യദിനമായിരുന്നു. ആ ദിവസം മുതൽ അയാളുടെ ആസ്ത്മാ രോഗം ഭേദമാകുകയും, അയാൾ വളരെ സംതൃപ്തനാകുകയും ചെയ്തു.

220. അടുത്തിടെ മാത്രമാണ് ഈ ആസ്ത്മാ രോഗം അയാളിൽ നിന്ന് അൽപ്പമൊന്ന് അകന്നുനിന്നത്. ആറ് പൂർണ്ണ വർഷങ്ങൾ അയാൾ അതിൽ നിന്നും ദുരിതമനുഭവിക്കുകയായിരുന്നു. എന്നിട്ടും, അയാളുടെ കാതുകളിൽ ഒരു മന്ത്രം ഉച്ചരിക്കപ്പെട്ടതുപോലെ അത് ഭേദമായി. ചില്ലത്തിന് അത്തരത്തിലുള്ള ശക്തികളുണ്ടായിരുന്നു.

221. ചില്ലത്തിൽ നിന്ന് നീണ്ട ഒരു പുക ശ്വസിക്കുകയും വിനയത്തോടെ വന്ദിച്ച് തിരികെ ഏൽപ്പിക്കുകയും ചെയ്തതിനുശേഷം ആസ്ത്മ അപ്രത്യക്ഷമായി. അത് പിന്നീട് ഉണ്ടായതേയില്ല.

222. പക്ഷേ ഇതിനിടയ്ക്ക് ഒരു ദിവസം ബലറാമിന് ഒരു ചുമയുണ്ടാകുകയും അതിൽ എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു. എന്തെന്നാൽ ആർക്കും അതിന്റെ കാരണം ഗ്രഹിക്കാൻ കഴിഞ്ഞില്ല.

223. പിന്നീട് അതേക്കുറിച്ച് അവർ ആഴത്തിൽ ചിന്തിച്ചപ്പോൾ, ബാബ അതേ ദിവസമാണ് അദ്ദേഹത്തിന്റെ ഭൗതികദേഹം വെടിഞ്ഞതെന്നും, തന്റെ ഭക്തന് അതേക്കുറിച്ചുള്ള ഒരു സൂചന നൽകുകയാണ് ചെയ്തതെന്നും തിരിച്ചറിയാൻ കഴിഞ്ഞു.

224. ബലറാമിന് ചുമയുടെ ബാധയുണ്ടായ ദിവസമാണ് ബാബ തന്റെ ദേഹം ഭൂമിയ്ക്ക് സമർപ്പിച്ചതും അതിൽ ഒരു വ്യംഗ്യസൂചന നൽകുകയും ചെയ്തത്.

225. ആ ദിവസം മുതൽ അയാളുടെ മരണദിവസം വരെയും പിന്നീടൊരിക്കലും അയാൾക്ക് ചുമയുടെ ബാധ ഉണ്ടായില്ല. ചില്ലത്തിന്റെ ഈ അനുഭവം ആർക്കെങ്കിലും എപ്പോഴെങ്കിലും മറക്കാൻ കഴിയുമോ?

226. അതൊരു വ്യാഴാഴ്ചയായിരുന്നു. ചാവടി ഘോഷയാത്രയ്ക്കുള്ള ദിവസം. അതിനാൽ സന്തോഷം രണ്ടിരട്ടിയായി വർദ്ധിച്ചു. അത് തീർച്ചയായും മറക്കാനാകാത്ത ഒരു ദിനമായിരുന്നു.

227. രാത്രിയിൽ എട്ട് മുതൽ ഒമ്പത് മണി വരെയുള്ള സമയത്ത് ബാബയുടെ മുമ്പിൽ മുറ്റത്തായി താൽ, മൃദംഗം തുടങ്ങിയ വിവിധ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ, വളരെ സന്തോഷത്തോടും ഉത്സാഹത്തോടും കൂടി

ഭജനകൾ ആലപിക്കപ്പെട്ടിരുന്നു.

228. ഒരു സ്ഥലത്ത് അഭംഗങ്ങൾ ആലപിക്കപ്പെടുമ്പോൾ മറ്റൊരു സ്ഥലത്ത് പല്ലക്ക് അലങ്കരിക്കപ്പെടുകയായിരിക്കും. പല്ലക്ക് ഒരുക്കിക്കഴിയുമ്പോൾ, ബാബ ചാവ ടിയിലേയ്ക്ക് യാത്ര തുടങ്ങും.

229. മുമ്പ് മുപ്പത്തിഏഴാമത്തെ അദ്ധ്യായത്തിൽ അനുപമമായ ഈ ചാവടി ഘോഷ യാത്ര ഞാൻ വിവരിച്ചിരുന്നു. ഇവിടെ അതൊരു ആവർത്തനമായി മാറും.

230. ബാബ ഒരു ദിവസം മസ്ജിദിലും, അടുത്ത ദിവസം ചാവടിയിലും താമസിച്ചി രുന്നു. ബാബയുടെ ഈ ദിനചര്യ അദ്ദേഹത്തിന്റെ അന്ത്യകാലം വരെയും അദ്ദേഹം തുടർന്നുപോന്നു.

231. ചാവടി ആഘോഷ ചടങ്ങുകൾ കാണാൻ വേണ്ടി ബലറാമിന് ഉത്സാഹമായി. അതിനാൽ ചാവടിഘോഷയാത്രയുടെ സമയത്ത് ധുരന്ധരന്മാരെല്ലാം മടങ്ങി യെത്തി.

232. ഷിർദിഗ്രാമത്തിലെ പുരുഷന്മാരും സ്ത്രീകളുമെല്ലാം ബാബയെ അനുഗമി ച്ചു. അവർ ഉത്സാഹത്തോടെ സ്തുതിഘോഷങ്ങൾ മുഴക്കിക്കൊണ്ട് ചാവടി യിലേയ്ക്ക് തിരിച്ചു.

233. ശ്യാംസുന്ദർ എന്ന് പേരുള്ള കുതിരയെ സ്വർണ്ണനൂലുകളാൽ നെയ്തെടുക്ക പ്പെട്ട ഒരു വസ്ത്രത്താൽ അലങ്കരിച്ച്, ആഭരണങ്ങൾ ചാർത്തിയിരുന്നു. മുമ്പോട്ട് തുള്ളിച്ചാടി നടന്നുകൊണ്ട് അവൻ ഘോഷയാത്രയെ നയിച്ചിരുന്നു.

234. കുഴൽവാദ്യം, ചെമ്പ് നിർമ്മിതമായ വലിയ കൊമ്പുവാദ്യങ്ങൾ, തുതാരി തുട ങ്ങിയ വാദ്യോപകരണങ്ങൾ മുഴക്കപ്പെട്ടിരുന്നു. അലങ്കരിക്കപ്പെട്ട ശ്യാമകർണൻ, പല്ലക്ക് എന്നിവയോടൊപ്പം സായിയും ഘോഷയാത്രയിലൂടെ നീങ്ങും. സായി ഭക്തരോടൊപ്പം നടന്നുനീങ്ങിയിരുന്നു. അപ്പോൾ ചിലർ അല ങ്കാരങ്ങളുള്ള ഒരു കുട അദ്ദേഹത്തിന്റെ ശിരസ്സിന് മുകളിൽ പിടിച്ചിരുന്നു.

235. ചിലർ കൊടികളും കടലാസ് നിർമ്മിതമായ തോരണങ്ങളും വഹിച്ചിരുന്നു. ചിലർ ചമയങ്ങളാൽ മോടിപിടിപ്പിക്കപ്പെട്ട ഒരു ഛത്രം അദ്ദേഹത്തിന്റെ ശിര സ്സിന് മുകളിൽ പിടിച്ചിരുന്നു. ചിലർ വിശറികളും മയിൽപ്പീലികളും വഹിച്ചി രുന്നു. മറ്റുള്ളവർ ദീപങ്ങൾ വഹിച്ചുകൊണ്ട് എല്ലാ വശത്ത് നിന്നും അവരെ വലയം ചെയ്തിരുന്നു.

236. മൃദംഗം, താൽ, ഖോൾ തുടങ്ങിയവയും മധുരസംഗീതം പൊഴിക്കുന്ന മറ്റ് വാദ്യോപകരണങ്ങളുമായി അനേകം ഭക്തന്മാർ ബാബയ്ക്ക് ഇരുവശവുമായി ഭജനകൾ ആലപിച്ചുകൊണ്ട് നടന്നു.

237. ഇത്തരത്തിലായിരുന്നു അത് മുന്നോട്ട് പോയിരുന്നത്. മനോഹരമായ ഈ ഘോഷയാത്ര ചാവടിയുടെ മുമ്പിലെത്തുമ്പോൾ, ബാബ നടത്തം നിർത്തു കയും വടക്ക് ദിശയ്ക്ക് അഭിമുഖമായി നിന്നുകൊണ്ട്, അദ്ദേഹത്തിന്റെ കരം കൊണ്ട് ആചാരപരമായ മുദ്രകൾ കാട്ടുകയും ചെയ്തിരുന്നു.

238. ബാബയുടെ വലത് വശത്ത്, ബാബയുടെ വസ്ത്രത്തിന്റെ അറ്റം പിടിച്ചുകൊണ്ട് ഭഗത് (മാലസപതി) നടന്നിരുന്നു. ഇടത് വശത്ത് താത്ത്യ ഒരു റാന്തൽ വഹി

ച്ചുകൊണ്ട് നടന്നിരുന്നു.

239. ബാബയുടെ നിറം സ്വർണ്ണവർണ്ണമായിരുന്നു; വിളക്കുകളുടെ പ്രകാശം പതിക്കുമ്പോൾ അത് മഞ്ഞ നിറത്തിലുള്ള സ്വർണ്ണത്തിൽ ചെമ്പ് കലർന്ന കാന്തിയോടെ ശോഭിച്ചിരുന്നു. ഉദയകാലത്തിന്റെ പ്രകാശം പോലെയായിരുന്നു അദ്ദേഹത്തിന്റെ മുഖകാന്തി.

240. ആ നിമിഷത്തിന്റെ ശുദ്ധമായ ദർശനം അനുഗൃഹീതമായിരുന്നു. ബാബ, വടക്ക് ദിശയ്ക്ക് അഭിമുഖമായി പൂർണ്ണമായ ഏകാഗ്രതയോടെ നിന്നിരുന്നു. അദ്ദേഹം ആരോടോ ആജ്ഞാപിക്കുന്നത് പോലെ തോന്നുമായിരുന്നു, കാരണം അദ്ദേഹത്തിന്റെ വലത് കരം പകുതി ഉയർത്തിയ നിലയിലായിരുന്നു.

241. അവിടെ നിന്നും പിന്നീട് അദ്ദേഹം ചാവടിയ്ക്കുള്ളിലേയ്ക്ക് നയിക്കപ്പെടുകയും ആദരപൂർവ്വം ഒരു ഇരിപ്പിടത്തിൽ ഉപവിഷ്ടനാക്കപ്പെടുകയും ചെയ്തിരുന്നു. മനോഹരമായ ആഭരണങ്ങളും വസ്ത്രങ്ങളും അദ്ദേഹത്തിന് സമർപ്പിക്കപ്പെടുകയും അദ്ദേഹത്തിന്റെ കരങ്ങളിൽ ചന്ദനലേപനം പുരട്ടപ്പെടുകയും ചെയ്തിരുന്നു.

242. ചിലപ്പോൾ ആഭരണങ്ങൾ ചാർത്തിയ തലപ്പാവ് അണിയിക്കപ്പെട്ടിരുന്നു; ചിലപ്പോൾ രത്നങ്ങൾ പതിപ്പിച്ച തലക്കെട്ട് നൽകിയിരുന്നു; ചിലപ്പോൾ അത് അലങ്കാരത്തൂവലുകൾ തുന്നിച്ചേർത്തതായിരുന്നു; ചിലപ്പോൾ സ്വർണ്ണാലങ്കാരമുള്ള കിരീടം; ചിലപ്പോൾ സ്വർണ്ണ ഇഴകളുള്ള മേൽവസ്ത്രം അണിയിക്കപ്പെട്ടിരുന്നു.

243. രത്നങ്ങൾ, മുത്തുകൾ, മരതകങ്ങൾ എന്നിവ കൊണ്ടുള്ള ഹാരങ്ങൾ ബാബയുടെ കണ്ഠത്തിൽ ചാർത്തപ്പെട്ടിരുന്നു. ചിലർ അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ സുഗന്ധകസ്തൂരി കൊണ്ടുള്ള വൃത്താകൃതിയിലുള്ള തിലകമണിയിച്ചിരുന്നു.

244. ചിലർ അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുകയും അവയെ പൂജിക്കുകയും ചെയ്തിരുന്നു. ചിലർ കുങ്കുമം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ദേഹത്തിൽ ചാർത്തുകയും അദ്ദേഹത്തിന്റെ വദനത്തിൽ വെറ്റില താംബൂലം വയ്ക്കുകയും ചെയ്തിരുന്നു.

245. അഞ്ച് തിരികളുള്ള വിളക്കിൽ കർപ്പൂരം നിറച്ച് ബാബയുടെ മുമ്പിൽ അവർ ആരതി ഉഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുഖത്തിന്റെ കാന്തി ഉപമകൾക്കതീതമായിരുന്നു.

246. സായിയുടെ മുഖത്തിന് ചുറ്റുമുള്ള ശോഭയിൽ അദ്ദേഹം പാണ്ഡുരംഗന്റെ തനി സ്വരൂപം പോലെ കാണപ്പെട്ടിരുന്നു. ധുരന്ധരർ അത് കണ്ട് സ്തബ്ധനായി.

247. ഭൂമിയിലുള്ള ആർക്കുംതന്നെ ആകാശത്തിലെ മിന്നൽപ്പിണറിന്റെ പ്രഭാകമ്പം കണ്ടുനിൽക്കാൻ കഴിയാത്തതുപോലെയാണ് സായിയുടെ നെറ്റിത്തടത്തിന്റെ പ്രഭാപൂരം, ആ പ്രകാശം സകല ദൃഷ്ടികളെയും മറച്ചിരുന്നു.

248. കാക്കഡ് ആരതി സാധാരണയായി പ്രഭാതത്തിലാണ് നടത്താറുള്ളത്. ധുര

ന്ധരരും മറ്റുള്ളവരും അവിടേയ്ക്ക് ചെന്നു. അവിടെയും ബാബയുടെ മുഖത്ത് അതേ ശോഭ അവർ കണ്ടു.

249. അപ്പോൾ മുതൽ അയാളുടെ മരണം വരെയും ബലറാമിന് സായിപാദങ്ങളിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. അത് തീർച്ചയായും സ്ഥാപിതമാകുകയും, ഒരിക്കലും അൽപം പോലും ഇളക്കം തട്ടിയതുമില്ല.

250. ഹേമദ് സായിയുടെ പാദങ്ങളിൽ സ്വയം സമർപ്പിക്കുന്നു. അടുത്ത അധ്യായത്തോടെ ഈ ഗ്രന്ഥം സമാപിക്കുന്നതാണ്. ആ വിവരണത്തിൽ ഒരു പുനരവലോകനമാണുള്ളത്. അവസാനമായി, ഈ അവസരത്തിൽക്കൂടി, നിങ്ങളുടെ ശ്രദ്ധ എനിക്ക് നൽകുക.

എങ്ങും നന്മകൾ ഉണ്ടാകട്ടെ. ദിവ്യപ്രചോദനത്താൽ ഭക്ത ഹേമദ്പാന്ത് രചിച്ച ശ്രീസായി സമർത്ഥ സച്ചരിതത്തിലെ അമ്പത്തിഒന്നാം അധ്യായം, "മൂന്ന് ഭക്തരെക്കുറിച്ചുള്ള കഥാത്രയം" ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ് ഭാഗം, മലബാർ മലനിരകൾ.
2. ദീക്ഷിതിന് ധാരാളം ആസ്തികളുണ്ടായിരുന്നു.
3. അത് 1926 ജൂലൈ 5-ൽ ആയിരുന്നു.
4. സർവ്വാഭീഷ്ടങ്ങളും സാധിച്ചുതരുന്ന രത്നം.
5. ആഗ്രഹങ്ങൾ സാധിച്ചുതരുന്ന വൃക്ഷം.
6. ഇരുമ്പിനെ സ്വർണ്ണമാക്കിമാറ്റുന്ന രത്നം.
7. ആഗ്രഹങ്ങൾ സാധിച്ചുതരുന്ന പശു

# 52

# ഗ്രന്ഥത്തെ ചുരുക്കി വിവരിക്കുന്ന മൊത്തത്തിലുള്ള ഒരു അവലോകനം

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ഇപ്പോൾ നമുക്ക് ഒരു പുനരവലോകനം നടത്താം. അതോടെ ഒരു വിഷയ സൂചിക[1]യും, ഗ്രന്ഥത്തെ മൊത്തത്തിൽ ചുരുക്കി വിവരിക്കുന്ന ഒരു അവലോകനവും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഗ്രന്ഥം ഉപസംഹരിക്കാം.
2. ബാബ ഭൗതികദേഹത്തിൽ വർത്തിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ഭക്തർക്ക് ഉണ്ടായ അനുഭവങ്ങൾ "സായിലീല" യിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ബാബ ഈ ഗ്രന്ഥം എഴുതിച്ചു, അതിനാൽ അവർക്ക് അവയൊക്കെ വീണ്ടും ഓർക്കാൻ കഴിയും.
3. "സായിലീല" വളരെ ശുദ്ധവും ശ്രേഷ്ഠവുമാണ്. അതിൽ സച്ചരിതം, ഓരോ അധ്യായങ്ങളായി തുടർരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഇത് നിങ്ങളുടെ സ്വന്തം ഗുരുവിന്റെ ജീവചരിത്രമാണെന്ന് (ഗുരുചരിത്രം) ചിന്തിച്ച് പാരായണം ചെയ്യുക. അത് നിങ്ങളെ ഉണർത്തുകയും, ഈ ലോകത്തെക്കുറിച്ചും മറുലോകത്തെക്കുറിച്ചും ഉപദേശങ്ങൾ നൽകുകയും ചെയ്യും.
4. ബാബയെക്കുറിച്ച് അനേകം കഥകളുണ്ട്. പക്ഷേ, ശാസ്ത്രങ്ങളിൽ അഗാധജ്ഞാനമോ, പൊതുവായുള്ള അറിവ് പോലുമോ ഇല്ലാത്ത ഹേമദ്പാന്തിനെ അയാളുടെ കരം സ്വന്തം കൈകളിലെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതാനായി നിയോഗിച്ചു.
5. ചില ഗുരുക്കന്മാർ, അവരുടെ മഹത്വം സ്വയം അവരുടെ ശിഷ്യന്മാരോട് വർണ്ണിക്കുന്നു. അവരുടെ ദേഹത്യാഗത്തിന് ശേഷം അവരെക്കുറിച്ച് ഒരു ഗ്രന്ഥം എഴുതാനുള്ള പ്രചോദനം ഉദിക്കുന്നു.
6. സായി അനേകം കഥകൾ വിവരിച്ചപ്പോൾ, അവയൊക്കെ ഗഹനവും അഗാധവുമായിരുന്നു. ശ്രോതാക്കൾ അവയിൽ പൂർണ്ണമായി ആമഗ്നരാകുകയും അവരുടെ വിശപ്പും ദാഹവും മറക്കുകയും ചെയ്തിരുന്നു.
7. സായിയെ സ്വന്തം കണ്ണുകളാൽ കാണാൻ കഴിഞ്ഞവരുടെ ത്രിദോഷങ്ങൾ നശിച്ചിരുന്നു. അത്തരം ശക്തികളുള്ള ഒരാളിനെ എങ്ങനെയാണ് വിശദമായി വർണ്ണിക്കാൻ കഴിയുക?

8. മഹാമനസ്കതയ്ക്ക് പേരുകേട്ട സായി, മഹത്വപൂർണ്ണമായ അദ്ദേഹത്തിന്റെ ഈ ജീവചരിത്രം അദ്ദേഹത്തോട് ഭക്തിയുണ്ടായിരുന്നവരുടെ ഉദ്ധാരണത്തിന് വേണ്ടി എഴുതിക്കുകയായിരുന്നു.

9. ദിവ്യമായ ഗോദാവരിയിൽ സ്നാനം കഴിഞ്ഞ്, ബാബയുടെ സമാധിയിൽ ദർശനം നടത്തിയശേഷം സച്ചരിതം ശ്രവിക്കുക. ത്രിദോഷങ്ങൾ ശാന്തമാകും.

10. അദ്ദേഹത്തിന്റെ കഥകളെക്കുറിച്ച്, യാദൃച്ഛികമായി ഒരുവൻ പറഞ്ഞാൽ പോലും അവന് അറിയാതെ ആത്മീയതയെ പുണരാൻ കഴിയും. പക്ഷേ നിങ്ങൾ ഈ ഗ്രന്ഥത്തെ ഒന്ന് മറിച്ചുനോക്കുകയാണെങ്കിൽ പാപച്ചുമടുകൾ നശിപ്പിക്കപ്പെടും.

11. ജനനമരണവൃത്തം, അസഹ്യമായ ഈ വരവും പോക്കും അവസാനിപ്പിക്കണമെന്ന് ആഗ്രഹമുള്ളവർ, സ്വയം ഗുരുപാദങ്ങളെ ആശ്രയിക്കുകയും അദ്ദേഹത്തിന്റെ നാമത്തെ നിരന്തരം ഭക്തിയോടെ ഓർക്കുകയും ജപിക്കുകയും വേണം.

12. ശ്രദ്ധയില്ലായ്മയാണ് മിഥ്യാബോധത്തിന് കാരണം. ആത്മന്റെ രൂപത്തോടുള്ള അശ്രദ്ധ അവസാനമില്ലാത്ത ജനനമരണവൃത്തത്തിന് കാരണമാകുന്നു. അത് ആത്യന്തികമായ നാശത്തിന്റെ മൂലകാരണവുമാകുന്നു.

13. അത്യാഗ്രഹം എന്നത് മിഥ്യാബോധമാണ്. ആത്മനെ സംബന്ധിക്കാത്തവയായ ശരീരം, മനസ്സ്, ഇന്ദ്രിയങ്ങൾ, ഇവയിലൊക്കെയുള്ള അഹങ്കാരം എന്നിവയെ, ശരിയായ പര്യാലോചനയ്ക്ക് ശേഷം, മരണമെന്ന് ജ്ഞാനികൾ വിശേഷിപ്പിക്കുന്നു.

14. സായികഥകളുടെ സമുദ്രം മഥനം ചെയ്യുകയാണെങ്കിൽ, സായികഥകളുടെ വിവരണം മധുരതരമാകുകയും, പുതിയ പുതിയ സൂക്ഷ്മഭേദങ്ങൾ എല്ലായ്പ്പോഴും ഉയർന്ന് വരികയും ചെയ്യും. ശ്രോതാക്കൾക്ക് ധാർമ്മികാധഃപതനം ഉണ്ടാകുകയുമില്ല.

15. ഒരുവൻ തികഞ്ഞ ഏകാഗ്രതയോടെ സായിയുടെ ഗുണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ, നിറഞ്ഞ് തുളുമ്പുന്ന അതിബൃഹത്തായ ഒരു പാത്രത്തിന് തുല്യമായ അവയിൽ നിന്നും, ഏറ്റവും സൂക്ഷ്മമായ ആത്മഭാവം, ഭൗതികരൂപം അപ്രത്യക്ഷമാകുമ്പോൾ സ്വയം പ്രകടമാകുന്നതാണ്.

16. ഭൗതികമായ ഗുണങ്ങളോടുകൂടിയ ധാർമ്മിക രൂപത്തിൽ ഒരുവൻ ശ്രദ്ധയൂന്നിയില്ലെങ്കിൽ, ആത്മന്റെ പ്രഭയെ മനസ്സിലാക്കാനോ, തിരിച്ചറിയാനോ അവന് കഴിയില്ല. ഗുണങ്ങളില്ലാത്ത പരബ്രഹ്മനെ പൂർണ്ണമായും ഗ്രഹിക്കാൻ പ്രയാസകരമോ, ഗ്രഹണശക്തിക്ക് അതീതമോ ആകുന്നു.

17. സായിയുടെ ശക്തിയിൽ വിശ്വാസമുണ്ടായിരുന്ന സ്നേഹഭക്തരെ അദ്ദേഹം സ്വയം വലിച്ചടുപ്പിക്കുകയും അദ്ദേഹത്തിന്റെ ചരണങ്ങളുടെ ദർശനം നൽകിക്കൊണ്ട്, ദേഹത്തിൽ വസിക്കുമ്പോൾ തന്നെ ആ ദേഹത്തെ മറക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തിരുന്നു. അവർ അറിയാതെ അവരെ ആത്മീയപാതയിലേയ്ക്ക് നയിക്കുകയും ചെയ്തിരുന്നു.

18. നദി സമുദ്രത്തെ പുണരുമ്പോൾ അത് സ്വന്തം സ്വത്വം മറക്കുന്നു. അതേ പോലെ ഒരു ഭക്തൻ സ്വയം സമർപ്പിക്കുമ്പോൾ, ആ ഭക്തന് പിന്നീട് ദ്വന്ദ്വ ഭാവമോ, വേർപെട്ട അവസ്ഥയെന്ന ഭാവമോ ഉണ്ടാകില്ലായെന്ന് സായി ഉറപ്പുവരുത്തുന്നു.

19. രണ്ട് ദീപനാളങ്ങൾ ഒരുമിച്ച് ചേർന്ന് ഒന്നാകുമ്പോൾ, ദ്വന്ദ്വഭാവം ഉടൻ തന്നെ അപ്രത്യക്ഷമാകുകയും അവ ഏകതയോടെ ഒരു ദീപമായി മാറുകയും ചെയ്യുന്നു.

20. കർപ്പൂരവും അതിന്റെ സുഗന്ധവും, സൂര്യനും അതിന്റെ വെളിച്ചവും, സ്വർണ്ണവും അതിന്റെ കാന്തിയും എന്നിവയൊക്കെ യഥാർത്ഥത്തിൽ ഭിന്നമാണോ?

21. നദി സമുദ്രത്തിൽ പ്രവേശിക്കുമ്പോൾ യഥാർത്ഥത്തിൽ അത് സമുദ്രമായി മാറുന്നതുപോലെയും, ഉപ്പ് സമുദ്രത്തിൽ ഇട്ടാൽ അത് ഉടൻ സമുദ്രത്തിൽ ലയിച്ചുചേരുന്നത് പോലെയുമാണ്,

22. ഭക്തർ സായിക്ക് സ്വയം സമർപ്പിക്കുന്നത്; അവരുടെ ഭിന്നത പിന്നീട് നിലനിൽക്കുന്നില്ല. ഭക്തർ അവരുടെ അഹംബോധങ്ങൾ വെടിഞ്ഞ് സായിയുമായി ഒന്നാകും.

23. ഉണർവ്, സ്വപ്നം, നിദ്ര എന്നീ ഏത് അവസ്ഥയിൽ വർത്തിച്ചാലും, ഒരുവനിൽ സായിയുടെ ചിന്തകൾ നിറഞ്ഞ് നിന്നാൽ, അത് ലൗകികജീവിതത്തിൽ നിന്നുള്ള മുക്തിയല്ലാതെ മറ്റെന്താണ്?

24. അത് അങ്ങനെയാകട്ടെ. ഇപ്പോൾ ഞാൻ സ്വയം സാഷ്ടാംഗം നമിച്ചുകൊണ്ട്, അങ്ങയുടെ പാദങ്ങളിൽ ഈ ഒരു വരം ചോദിക്കുകയാണ് – എന്റെ ആഗ്രഹങ്ങൾ മറ്റൊരിടത്തേയ്ക്കും പെട്ടെന്ന് ആകർഷിക്കപ്പെടാൻ ഇടയാകരുത്.

25. പ്രപഞ്ചം മുഴുവൻ നിറഞ്ഞ്, ബ്രഹ്മൻ മുതൽ തൂണ് വരെ, ചെറിയ ഒരു പാത്രം മുതൽ ഒരു വീട് വരെയും, ആകാശം പോലെ അകത്തും പുറത്തും വ്യാപിച്ചിരിക്കുന്ന, അല്പം പോലും ഭേദചിന്ത ഇല്ലാത്തവനുമാണ് അദ്ദേഹം.

26. സകല ഭക്തരെയും ഒരേപോലെ കാണുന്ന, സ്തുതിയും നിന്ദയും തീരെ ബാധിക്കാത്ത, ഒന്നിനെയും സുഖകരമായോ അസുഖകരമായോ കാണാത്ത, അണുമാത്ര പോലും അസമത്വം കാണിക്കാത്ത,

27. ആ സായി സമർത്ഥരുടെ മുമ്പിൽ ഞാൻ സ്വയം സമർപ്പിക്കുന്നു, അദ്ദേഹത്തിന്റെ സ്മരണയിലൂടെ സകലതിലും കാര്യസിദ്ധി നേടാൻ കഴിയുന്നു. ഞാൻ എല്ലായ്പ്പോഴും എന്റെ ശിരസ്സ്, അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നു, അതിലൂടെ ഞാൻ പൂർണ്ണനാകും.

28. ഇപ്പോൾ, ഞാൻ ധാർമ്മികരായ ഭക്തശ്രോതാക്കൾക്ക് എന്റെ പ്രണാമങ്ങൾ അർപ്പിക്കുന്നു. നിങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നു. ഞാൻ ഇപ്പോൾ പറയുന്നത് യഥാവിധി ശ്രവിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

29. ഓരോ മാസവും കഥകൾ ശ്രവിക്കുന്നതിനായി ഇത് വരെയും നിങ്ങൾ സമയം മാറ്റിവച്ചിരുന്നു. ആരെക്കുറിച്ചുള്ള കഥകളാണോ നിങ്ങൾ കേട്ടത്, അദ്ദേഹത്തെ ഒരിക്കലും നിങ്ങൾ മറക്കരുത്.

30. സായിയുടെ കഥകൾ നിങ്ങൾ സ്നേഹത്തോടെ ശ്രവിക്കുന്നിടത്തോളം കാലം, വ്യാഖ്യാതാവായ എനിക്ക് സായി ഉത്സാഹമോ ആവേശമോ നൽകുന്നു!

31. ശ്രോതാക്കൾ പൂർണ്ണമായും ശ്രദ്ധാലുക്കളല്ലെങ്കിൽ, വ്യാഖ്യാതാവിന് ഒരിക്കലും സന്തോഷവാനാകാൻ കഴിയില്ല. പരസ്പരം ആനന്ദം ലഭിച്ചില്ലെങ്കിൽ, ശ്രവണമെന്ന ക്ലേശം വ്യർത്ഥമാണ്.

32. ഈ ലൗകികസാഗരം മറികടക്കുക വളരെ പ്രയാസകരമാണ്, അവിടെ ദുഷ്ചിന്തയുടെ തീരത്ത്, മമതയുടെ എണ്ണിയാലൊടുങ്ങാത്ത തിരകൾ അലയടിച്ച് ഉയർന്ന്, സ്ഥൈര്യത്തിന്റെ വൃക്ഷങ്ങളെപ്പോലും കടപുഴക്കി വീഴ്ത്തുന്നു.

33. അഹംഭാവത്തിന്റെ കാറ്റ് ശക്തമായി വീശുകയും, സാഗരത്തെ കലുഷവും പ്രക്ഷുബ്ധവുമാക്കുന്നു. അവിടെ കോപം, വെറുപ്പ് തുടങ്ങിയ ചീങ്കണ്ണികൾ ഭയമില്ലാതെ വിഹരിക്കുന്നു.

34. 'ഞാൻ, എന്റേത്' എന്ന അഹങ്കാരത്തിന്റെയും, ആസക്തികളുടെയും, സംശയങ്ങളുടെയും എണ്ണമറ്റ ചുഴികൾ അവിടെയുണ്ട്. വൈരാഗ്യം, അസൂയ, നിന്ദ എന്നിവയുടെ രൂപത്തിലുള്ള അനേകം സമുദ്രജീവികൾ അതിൽ നിർബാധം സഞ്ചരിക്കുന്നു.

35. ഈ സമുദ്രം വളരെ ഭയാനകവും പൈശാചികവുമാണെങ്കിലും, സദ്ഗുരു അതിന്റെ അഗസ്തി[2] യാകുന്നു, അദ്ദേഹം അത് ഇല്ലാതാക്കും. അദ്ദേഹത്തിന്റെ ചരണധൂളികളുടെ അടിമകളാകുന്നവർക്ക് അതിനെക്കുറിച്ചുള്ള ഭയം ലവലേശമുണ്ടാകില്ല.

36. അതിനാൽ, സായിസമർത്ഥ സദ്ഗുരു, ഈ സാഗരം മറികടക്കാനുള്ള നൗകയായി വർത്തിച്ച്, അദ്ദേഹത്തിൽ അഭയം പ്രാപിച്ച നമ്മളെയെല്ലാം മറുകരയിലേയ്ക്ക് നയിക്കും.

37. ഈ ഭവസാഗരം മറികടക്കുക അതികഠിനമാണ്. സായിയുടെ ചരണങ്ങൾ നിങ്ങളുടെ നൗകയാക്കി മാറ്റുക, അവ നിങ്ങളെ ഭയം കൂടാതെ മറുകരയിലേയ്ക്ക് എത്തിക്കും. വിശ്വാസത്തിന്റെ അദ്ഭുതശക്തി കാണുക.

38. അത്തരം ഒരു നിഷ്ഠ ആചരിക്കുന്നതിലൂടെ ഒരുവന് ലോകജീവിതത്തിന്റെ തീക്ഷ്ണമായ വേദന അനുഭവവേദ്യമാകില്ല. ഇതിലും മികച്ച മറ്റൊരു നേട്ടം ഉണ്ടാകില്ല. ഇത് തന്നെയാണ് നമ്മുടെ ഏറ്റവും നല്ല തുണയായുള്ള ശക്തി.

39. ഭക്തർക്ക് സായിപാദങ്ങളിൽ അഗാധമായ ഭക്തി ഉണ്ടാകുകയും, അവർ സായിയുടെ രൂപം അവരുടെ കണ്ണുകളിൽ സദാ പ്രതിഷ്ഠിച്ച് സകല ജീവികളിലും സായിയെ മാത്രം ദർശിക്കാനും കഴിയുന്ന ഒരു അവസ്ഥ ഉണ്ടാകട്ടെ.

40. പൂർവ്വജന്മത്തിൽ, സ്വന്തം ഇച്ഛപ്രകാരം നടന്നതിനാൽ ഞാൻ അധഃപതിച്ചു. ഇപ്പോഴെങ്കിലും ആസക്തികളിൽ നിന്നും സ്വതന്ത്രനായി, എനിക്ക് മുക്തി നേടാൻ കഴിയണം.

41. ശ്രീ സമർത്ഥ സംരക്ഷകനായുണ്ടെന്നും, ഒന്നിനും അവരെ സ്പർശിക്കാൻ സാധിക്കില്ലെന്നുമുള്ള ഉറച്ച വിശ്വാസമുണ്ടായിരിക്കുകയും, ഭയമില്ലാത്തവരുമായ സായി ഭക്തന്മാർ അനുഗൃഹീതരാണ്.

42. അത് അങ്ങനെ കഴിയട്ടെ. ഇപ്പോൾ അദ്ദേഹത്തിന്റെ ചരണങ്ങൾ ആശ്ലേഷിച്ചുകൊണ്ട് ശ്രോതാക്കൾക്ക് വേണ്ടി അദ്ദേഹത്തോട് ഒരു വരം ചോദിക്കണമെന്ന് എനിക്ക് തോന്നുകയാണ്.

43. ഈ ഗ്രന്ഥം ഓരോ ഗൃഹങ്ങളിലും എത്തിച്ചേരണമെന്നും, അത് പതിവായി പാരായണം ചെയ്യപ്പെടണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു; അത് സ്നേഹത്തോടെ വ്രതനിബദ്ധമായി ആവർത്തിച്ച് ജപിക്കപ്പെടണമെന്നും; അത് അവരുടെ ക്ലേശങ്ങൾ അകറ്റണമെന്നും പ്രാർത്ഥിക്കുന്നു.

44. ഭക്തിയോടും വിശ്വാസത്തോടും കൂടി, സ്നാനം തുടങ്ങിയ ശുദ്ധീകരണകർമ്മങ്ങൾക്ക് ശേഷം, ആരാണോ ഈ ഗ്രന്ഥം തുടർച്ചയായി ഏഴ് ദിവസങ്ങൾക്കുള്ളിൽ പാരായണം നിർവ്വഹിക്കുന്നത്, അവന്റെ ദുരിതങ്ങൾ അകറ്റപ്പെടും.

45. ഈ ഗ്രന്ഥം ആത്മീയനൂലുകളാൽ നെയ്തെടുത്തതാണ്; ഇത് നിറയെ കൃഷ്ണന്റെയും ബ്രഹ്മന്റെയും കഥകളാണ്; ബ്രഹ്മന്റെയും ആത്മന്റെയും ഏകത്വത്തിന്റെ സാരം അഥവാ അമൃത് അതിൽ നിറഞ്ഞ് തുളുമ്പുകയാണ്, ഒപ്പം അദ്വൈതഭാവത്തിന്റെ അനുപമമായ ആനന്ദവും അതിൽ നിറഞ്ഞ് കവിയുന്നുണ്ട്.

46. ഭാരതീയ പൂന്തോട്ടം പോലെ മനോഹരമായ ഇത് ഏകനാഥിന്റെ കാവ്യമാണ്. അത് മുപ്പത്തിരണ്ട് അധ്യായങ്ങളുള്ള വൃന്ദാവനമാണ്. ജ്ഞാനികളും അജ്ഞാനികളും, മധുരവും സുഖകരവുമായ ഈ പാൽവിഭവം[3] ആസ്വദിക്കുന്നു.

47. സച്ചരിതം ശ്രവിക്കുന്നതും അത് പതിവായി പാരായണം ചെയ്യുന്നതും കൊണ്ട് സായിപാദങ്ങൾ സകല കഠിനതകളെയും താമസം കൂടാതെ തട്ടിമാറ്റുന്നതാണ്.

48. ധനം ആഗ്രഹിക്കുന്നവർക്ക് അത് ലഭിക്കും; സ്വഭാവത്തിലും പെരുമാറ്റത്തിലും ധാർമ്മികത വച്ചുപുലർത്തുന്നവർക്ക് പരിപൂർണ്ണ മുക്തി സാധ്യമാകും. ഫലം അവരുടെ വിശ്വാസത്തിനനുസരിച്ചായിരിക്കും. ഭക്തിയില്ലാതെ നിങ്ങൾക്ക് അനുഭവങ്ങൾ ലഭിക്കില്ല.

49. ആദരവോടെ ഗ്രന്ഥം പാരായണം ചെയ്യപ്പെടുമ്പോൾ സായി സമർത്ഥ സംതൃപ്തനാകുന്നു. അദ്ദേഹം അജ്ഞാനവും ദാരിദ്ര്യവും നശിപ്പിച്ച് ജ്ഞാനവും അളവറ്റ ഐശ്വര്യവും പ്രദാനം ചെയ്യുന്നു.

50. ഈ ഗ്രന്ഥം സായിയുടെ പ്രേരണയാൽ രചിക്കപ്പെട്ടതാണ്; അത് അദ്ദേഹ

ത്തിന്റെ രഹസ്യാഭിലാഷമായിരുന്നു. അദ്ദേഹത്തിന്റെ പാദങ്ങളിൽ അഭയം തേടിയ ഭക്തൻ അനുഗൃഹീതനാണ്.

51. ദിനവും ഓരോ അധ്യായമെങ്കിലും ശാന്തവും ഏകാഗ്രവുമായ മനസ്സോടെ പാരായണം ചെയ്യുന്നത് ഒരു പതിവാക്കണം. അത് അപരിമിതമായ ആനന്ദവും സന്തുഷ്ടിയും നൽകും.

52. സ്വന്തം ക്ഷേമം ആഗ്രഹിക്കുന്ന ഒരുവൻ തീർച്ചയായും ഈ ഗ്രന്ഥം പാരായണം ചെയ്യണം. എല്ലാ ജീവിതവൃത്തങ്ങളിലും സായി അവനെ സഹായിക്കുകയും അവൻ നിറഞ്ഞ് തുളുമ്പുന്ന ആനന്ദത്തോടെ ജന്മജന്മാന്തരങ്ങൾ സായിയെ ഓർമ്മിക്കുകയും ചെയ്യും.

53. ഒരുവന്റെ സ്വന്തം ഗൃഹത്തിൽ സായിയുടെ ഉത്സവദിനങ്ങളായ ഗുരുപൂർണ്ണിമ, ഗോകുലാഷ്ടമി, പുണ്യതിഥി, രാമനവമി എന്നീ ദിനങ്ങളിൽ ഈ ഗ്രന്ഥം തീർച്ചയായും പാരായണം ചെയ്യേണ്ടതാണ്.

54. ഈ ജീവിതത്തിൽ ഒരുവന്റെ മനസ്സിലുള്ള ആഗ്രഹങ്ങൾക്കനുസരിച്ചാണ്, അടുത്ത ജന്മത്തിൽ അവന്റെ നിലയെന്താണെന്ന് നിശ്ചയിക്കപ്പെടുന്നത്. മരണസമയത്ത് ഒരുവന് ഉണ്ടായിരിക്കുന്ന താല്പര്യങ്ങൾക്കനുസരിച്ചാണ് അവൻ വീണ്ടും ജനിക്കുന്നതെന്ന വിശ്വാസത്തെ ശാസ്ത്രങ്ങളും ശരിവയ്ക്കുന്നുണ്ട്.

55. ശ്രീസായിയാണ് അദ്ദേഹത്തിന്റെ ഭക്തരുടെ തുണ. അദ്ദേഹമില്ലാതെ, നമ്മുടെ മാർഗ്ഗത്തിലെ തടസ്സങ്ങൾ നശിപ്പിക്കപ്പെടുകയില്ല. മാതാവിന് അവളുടെ കുഞ്ഞുങ്ങളോട് സ്നേഹനിർഭരമായ ഭാവമാണുള്ളതെന്ന് കാണുന്നതിൽ എന്ത് അദ്ഭുതമാണുള്ളത്?

56. ഇതിലും കൂടുതലായി എങ്ങനെയാണ് ഞാൻ കഥകൾ വിവരിക്കുക? വാക്കുകൾ എനിക്ക് നഷ്ടമാകുന്നു. നിശ്ശബ്ദത പാലിക്കുന്നതാണ് ഉത്തമമെന്ന് തോന്നുന്നു. ഇതായിരിക്കും അദ്ദേഹത്തെ സ്തുതിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

57. എങ്കിലും, മുക്തിക്ക് തീവ്രമായ ആഗ്രഹമുള്ള ഒരുവൻ, എല്ലായ്പ്പോഴും ധാർമ്മികവൃത്തികൾ മാത്രം അനുഷ്ഠിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ കഥകൾ ശ്രവിക്കുന്നതുൾപ്പെടെയുള്ള നവവിധഭക്തികൾ അനുഷ്ഠിക്കുക, അപ്പോൾ ഒരുവന് ആന്തരികമായി ശുദ്ധി നേടാൻ കഴിയും.

58. ഇത് ഗുരുവിന്റെ കൃപയില്ലാതെ സാധ്യമാകില്ല. അദ്ദേഹമില്ലാതെ പരബ്രഹ്മനെക്കുറിച്ചുള്ള അറിവ് സാധ്യമാകില്ല. "ഞാൻ ബ്രഹ്മൻ" എന്ന് എല്ലായ്പ്പോഴും ഓർക്കുന്ന ഒരുവന് ഗുരുവിൽ ദൃഢമായ വിശ്വാസവും സ്നേഹവുമുണ്ടായിരിക്കും.

59. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ഒരു പിതാവും പുത്രനും തമ്മിലുള്ള ബന്ധം പോലെയാണ്. ഗുരു എന്ന നാമം ആദരസൂചകമായി ഉപയോഗിക്കപ്പെടുന്നു എന്നുമാത്രം. പിതാവ് ഒരുവനെ ലൗകികസുഖങ്ങൾ നേടാൻ പ്രാപ്തനാക്കുന്നു. പക്ഷേ, ഗുരു ഈ ലോകത്തിലും മറുലോക

ത്തിലും സന്തോഷം നൽകുന്നു.

60. പിതാവ് നശ്വരമായ സമ്പത്ത് നൽകുന്നു, പക്ഷേ ഗുരു അപരിമിതമായത് നൽകുന്നു. അദ്ദേഹം നിങ്ങൾക്ക് അനശ്വരമായതിനെ അനുഭവവേദ്യമാക്കി ത്തരികയും, നിങ്ങളറിയാതെ അത് നിങ്ങളുടെ കൈകളിൽ നൽകുകയും ചെയ്യുന്നു.

61. മാതാവ് ഒരുവനെ ഒമ്പത് മാസങ്ങൾ ഗർഭപാത്രത്തിനുള്ളിൽ സൂക്ഷിക്കു കയും ജനനത്തിലൂടെ പുറംലോകത്തേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നു. ഗുരു, മാതാവിന്റെ നേർ വിപരീതദിശയിലാണ്. അദ്ദേഹം നിങ്ങളുടെ പുറം രൂപത്തിൽ നിന്നും നിങ്ങളെ ഉള്ളിലേക്ക് വലിച്ചെടുക്കുന്നു.

62. ആത്യന്തികമായി, നിരന്തരം ഗുരുവിനെ സ്മരിക്കുന്നതിനാൽ, ദേഹത്യാഗ സമയത്ത്, ശിഷ്യൻ സംശയലേശമന്യേ, ഗുരുവിനാൽ ഉണർത്തപ്പെട്ട് ബ്രഹ്മ നിൽ ലയിച്ചുചേരും.

63. ഗുരു അപ്രകാരം തട്ടിയുണർത്തുമ്പോൾ, ഗുരുവിന്റെ കരതാഡനത്തിന്റെ ആഘാതത്താൽ ജനനമരണങ്ങൾ വേരോടെ പിഴുതെറിയപ്പെടുന്നു, ആ (ശരീരം) ആവരണം മാറ്റാൻ ഗുരു സഹായിക്കുമ്പോൾ, ശിഷ്യനേക്കാൾ ഭാഗ്യവാനായി മറ്റാരാണുണ്ടാകുക?

64. കൈയ്യിൽ (ഗുരുവിന്റെ) ഒരു വാളോ, ഗദയോ, മഴുവോ, കുന്തമോ അല്ലെ ങ്കിൽ മറ്റേതെങ്കിലും ഉപകരണമോ കരുതേണ്ടിയിരിക്കുന്നു. അവ കൊണ്ടുള്ള പ്രഹരമേൽക്കുമ്പോൾ ശിഷ്യന് യഥാർത്ഥബോധം ലഭിക്കുകയും പരമാ ത്മന്റെ തനിസ്വരൂപം ദർശിക്കാൻ കഴിയുകയും ചെയ്യും.

65. ഒരുവൻ ശരീരത്തെ എത്രമാത്രം കാത്തുസൂക്ഷിച്ചാലും, ഏതെങ്കിലും ഒരു സമയത്ത് അത് നശിക്കും. അതിനാൽ ഗുരുവിന്റെ കൈകളാലുള്ള പ്രഹര മാണ് ഏൽക്കേണ്ടി വരുന്നതെങ്കിൽ, അവന് അടുത്ത ജന്മത്തിൽ നിന്നും മോചനം ലഭിക്കും.

66. എന്നെ, മൃതപ്രായനാകുന്നത് വരെയും മർദ്ദിക്കുക; എന്റെ അഹങ്കാരങ്ങളെ അവയുടെ വേരുകളിൽ നിന്നും വെട്ടിമാറ്റുക, അതിനാൽ എനിക്ക് പുനർജ ന്മമുണ്ടാകില്ല. എന്നെ വളരെ കഠിനമായി, എനിക്ക് സഹിക്കാൻ പോലും കഴിയാത്ത തരത്തിൽ മർദ്ദിക്കുക.

67. എന്റെ കർമ്മങ്ങൾ, നല്ലതും ചീത്തയും, എരിയിച്ചു കളയുക. എന്റെ ധാർമ്മി കവും അധാർമ്മികവുമായ പെരുമാറ്റത്തെ ഇല്ലാതാക്കുക, അതിലൂടെ ഞാൻ ശ്രേഷ്ഠമായ ആനന്ദം അനുഭവിക്കട്ടെ. ആസക്തികളെ ചൊല്ലിയുള്ള എന്റെ വിഭ്രാന്തിയെ ഇത്തരത്തിൽ പിച്ചിച്ചീന്തി എറിയുക.

68. എന്റെ സംശയങ്ങളും ആഗ്രഹങ്ങളും അകറ്റുക, അത്തരത്തിൽ ലക്ഷ്യത്തിൽ നിന്ന് ഞാൻ വ്യതിചലിക്കാതിരിക്കട്ടെ. എനിക്ക് പുണ്യകർമ്മങ്ങളോ പാപ ങ്ങളോ വേണ്ട. എനിക്ക് മറ്റൊരു ജന്മത്തിന്റെ ക്ലേശം ആവശ്യമില്ല.

69. ഞാൻ അങ്ങയെ ശരണം പ്രാപിക്കുമ്പോൾ അങ്ങ് നാല് ദിശകളിലും ഉണ്ട്. കിഴക്കും പടിഞ്ഞാറും മറ്റെല്ലാ ദിശകളിലും, മുകളിൽ ആകാശത്തും താഴെ

പാതാളത്തിലും ഉണ്ട്.

70. അങ്ങ് എല്ലായിടത്തും, എന്റെയുള്ളിൽപ്പോലും വസിക്കുന്നു. ഇതിൽ കൂടുതൽ എന്താണ് ഞാൻ പറയുക? ഞാനും അങ്ങയും തമ്മിൽ ഭേദമുണ്ടെന്ന ചിന്ത എന്നെ ക്ലേശിപ്പിക്കുന്നു.

71. അതിനാൽ ഹേമദ് ഹൃദയംഗമമായി സ്വയം സമർപ്പിക്കുന്നു. അയാൾ സദ്ഗുരുവിന്റെ ചരണങ്ങൾ ദൃഢമായി ആശ്ലേഷിക്കുന്നു. ജനനമരണവൃത്തം ഒഴിവാക്കുന്നതിലൂടെ അവൻ സ്വയം ഉദ്ധരിക്കുന്നു.

72. ഹേമദിനെ ഉപകരണമാക്കിക്കൊണ്ട് അദ്ദേഹം തന്റെ സ്വന്തം കഥ, അദ്ദേഹത്തിന്റെ എണ്ണമറ്റ ഭക്തർക്കായി എഴുതിയിരിക്കുന്നു. ഇത് അനുപമമായ ഒരു കൃത്യമല്ലേ?

73. ഈ 'ശ്രീസായി സമർത്ഥസച്ചരിതം' എന്റെ കൈകളാൽ രചിക്കപ്പെട്ടിരിക്കുന്നു എന്നത് അവിശ്വസനീയമാണ്. സായിയുടെ അനുഗ്രഹം ഇല്ലാതിരുന്നെങ്കിൽ നിസ്സാരനായ എന്നെപ്പോലുള്ള ഒരുവന് അത് അസാധ്യമാകുമായിരുന്നു.

74. അദ്ദേഹവുമായി എനിക്കുള്ള സമ്പർക്കം വളരെ ദീർഘമായ ഒന്നായിരുന്നില്ല. എനിക്ക് ദിവ്യന്മാരെ അറിയാനുള്ള അനുഭവസമ്പത്തോ വിവേചനബുദ്ധിയോ ഉണ്ടായിരുന്നില്ല. കൂടാതെ ഞാൻ എല്ലായ്പ്പോഴും സംശയാലുവും, അവിശ്വാസിയുമായിരുന്നു.

75. ഞാൻ ഒരിക്കലും ആരെയും ദൃഢമായ ഭക്തിയോടെയും ആത്മാർത്ഥതയോടെയും ആരാധിച്ചിട്ടില്ല; ഒരു നിമിഷം പോലും ഭജനകൾ ആലപിക്കാനായി ഞാൻ ഇരുന്നിട്ടില്ല. അത്തരത്തിലുള്ള ഒരുവന്റെ കൈകളാൽ അദ്ദേഹത്തിന്റെ കഥ എഴുതിച്ചതിലൂടെ, അദ്ദേഹത്തിന് ആളുകളോട് എന്ത് ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം കാട്ടിത്തന്നിരിക്കുകയാണ്.

76. അദ്ദേഹത്തിന്റെ സ്വന്തം വാക്കുകൾ പാലിക്കുന്നതിന് വേണ്ടി, സായി സ്വയം ഈ ഗ്രന്ഥത്തിന് വേണ്ട സംഭവങ്ങൾ എന്നെ ഓർമ്മപ്പെടുത്തുകയായിരുന്നു. 'ഹേമദ്' എന്ന നാമം വെറും പേരിനുമാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

77. ഒരു കൊതുകിന് മേരുപർവ്വതത്തെ ഉയർത്താൻ കഴിയുമോ? അഥവാ ഒരു ചെറിയ കടൽപ്പക്ഷിക്ക് സമുദ്രം കുടിച്ച് വറ്റിക്കാൻ കഴിയുമോ? പക്ഷേ സദ്ഗുരുവിന്റെ തുണയുള്ളപ്പോൾ, അദ്ഭുതങ്ങൾ സംഭവിക്കാം.

78. അത് അങ്ങനെയാകട്ടെ. ഇപ്പോൾ, ശ്രോതാക്കളേ, ഞാൻ നിങ്ങളെ വന്ദിക്കുന്നു. ഈ ഗ്രന്ഥം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. സായിയുടേത് ഞാൻ സായിക്ക് സമർപ്പിക്കുന്നു.

79. ചെറുപ്പക്കാരും വൃദ്ധരുമടങ്ങുന്ന മുഴുവൻ ശ്രോതാക്കളെയും ഞാൻ വന്ദിക്കുന്നു. നിങ്ങളുടെ സാമീപ്യത്തിൽ, തുടർച്ചയായുണ്ടായ ഈ സച്ചരിതം പൂർത്തിയാക്കപ്പെട്ടിരിക്കുന്നു.

80. അത് പൂർത്തിയാക്കാൻ ഞാൻ ആരാണ്? ഇത് വ്യർത്ഥമായ അഹങ്കാരമാണ്, എന്തെന്നാൽ സായി കടിഞ്ഞാൺ പിടിച്ചിരിക്കുമ്പോൾ (അഥവാ, ഒരു പാവകളിക്കാരനെപ്പോലെ നൂല്) ഞാൻ അത് പൂർത്തിയാക്കി എന്ന് പറ

യാൻ, ഞാൻ ആരാണ്?

81. അതിനാൽ സകല ദുരിതങ്ങളുടെയും മൂലകാരണമായ അഹങ്കാരം ഉപേക്ഷിച്ച്, നമുക്ക് സ്വന്തം ഗുരുവിന്റെ മഹിമകൾ വാഴ്ത്താം, അദ്ദേഹത്തിന് ആന്തരിക ചിത്തവൃത്തികൾ ഗ്രഹിക്കാനും ജ്ഞാനം പകരാനും കഴിയും. ഇപ്പോൾ ഞാൻ വാക്കുകളുടെ ഈ യജ്ഞം അവസാനിപ്പിക്കുകയാണ്.

82. ഈ ഗ്രന്ഥം പൂർണ്ണമായി. എന്റെ ആഗ്രഹം സഫലമായി. സായിക്ക് വേണ്ടി ഏറ്റെടുത്ത കൃത്യം സമാപ്തമായി. എന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം ഞാൻ സാർത്ഥകമാക്കി.

83. ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം തുടക്കം മുതൽ ഒടുക്കം വരെ പാരായണം ചെയ്താൽ ഒരുവന്റെ സകല അഭീഷ്ടങ്ങളും സഫലമാകും; സദ്ഗുരുവിന്റെ പാദങ്ങൾ ഹൃദയത്തിൽ ചേർത്ത് പിടിച്ചുകൊണ്ട് ഒരുവൻ ലൗകികജീവിത സാഗരം മറികടക്കും.

84. രോഗികൾ ആരോഗ്യവാന്മാരാകും; ദരിദ്രർ ധനികരാകും; മനഃചാഞ്ചല്യം അനുഭവിക്കുന്നവർക്ക് മനഃശാന്തി ലഭിക്കും; അഗതികൾ ഉദാരമതികളായി മാറും.

85. ഈ ഗ്രന്ഥത്തിന്റെ ആവർത്തിച്ചുള്ള പാരായണം രക്ഷസ്സുകളെ അകറ്റുകയും അപസ്മാരം ഭേദമാക്കുകയും ചെയ്യും. മൂകർ, അന്ധർ, വികലാംഗർ, ബധിരർ എന്നിവർക്കൊക്കെ അതിന്റെ ശ്രവണം ഗുണപ്രദമായിരിക്കും.

86. അജ്ഞാനത്താൽ ഭ്രമിപ്പിക്കപ്പെട്ട് സർവ്വേശ്വരനെ മറന്ന് പോയവർ പോലും ഉദ്ധരിക്കപ്പെടും.

87. മനുഷ്യരായി ജനിച്ചെങ്കിലും രാക്ഷസരെപ്പോലെ പെരുമാറുകയും, ഈ ലോകജീവിതം സന്തോഷത്തിന്റെ ഒരു ഖനിയാണെന്ന് വിശ്വസിച്ചുകൊണ്ട് ശരീരം വ്യർത്ഥമാക്കുകയും ചെയ്യുന്നവർ പോലും ഉദ്ധരിക്കപ്പെടും.

88. സായിനാഥന്റെ കൃത്യങ്ങൾ അവിശ്വസനീയമാണ്! ഹേമദ് അദ്ദേഹത്തിന്റെ പാദങ്ങളിൽ ശാശ്വതമായി ആശ്രയം നേടിയിരിക്കുന്നു. അദ്ദേഹത്തിന്റെ സ്വന്തം സേവനത്തിന് വേണ്ടി, അവനെ നയിച്ചുകൊണ്ട് അദ്ദേഹം ഈ കൃത്യം സഫലമാക്കി.

89. അവസാനമായി പ്രപഞ്ചത്തിന്റെ നിയന്ത്രിതാവും ആത്മജ്ഞാനത്തിന്റെ പ്രചോദകനുമായ സദ്ഗുരുവിന്, ഞാൻ എന്റെ സംഗീതരചനയും, ശിരസ്സും എന്നന്നേയ്ക്കുമായി ആ ചരണങ്ങളിൽ സമർപ്പിക്കുന്നു.[4]

**കുറിപ്പുകൾ**

1. നിർഭാഗ്യവശാൽ ഹേമദ്പാന്ത് മരണമടയുകയും വിഷയസൂചിക അദ്ദേഹത്തിന്റെ കുറിപ്പുകളുടെ കൂട്ടത്തിൽ കണ്ടെത്താൻ കഴിഞ്ഞതുമില്ല. അതിനാൽ യോഗ്യനും അനുയോജ്യനുമായ മറ്റൊരു സായി ബാബാ ഭക്തനായ മിസ്റ്റർ ബി.വി. ദിയോ, റിട്ട. മംലത്ത്ദാർ അത് തയ്യാറാക്കി.

   ആ അധ്യായത്തിന്റെ വിവരണങ്ങൾ ചില കടലാസ് തുണ്ടുകളിൽ, ക്രമമില്ലാതെയും അപൂർണ്ണമായും ചിലയിടങ്ങളിൽ ഗ്രഹിക്കാൻ പ്രയാസകരമായും കാണപ്പെട്ടിരുന്നു. ഇപ്പോഴത്തെ അധ്യായത്തോടുകൂടി, അമ്പത്തിരണ്ട് അധ്യായങ്ങൾ മാത്രം ഉൾപ്പെടു

ത്തി, “ശ്രീഗുരുചരിത്രം” ഗ്രന്ഥത്തെപ്പോലെ, ഈ ഗ്രന്ഥവും അവസാനിപ്പിക്കാൻ ഹേമദ്പാന്ത് ചിന്തിച്ചിരുന്നതുപോലെ തോന്നുന്നു. ഈ ഗ്രന്ഥം രചിക്കാൻ ഹേമദ്പാന്ത് ഏഴ് വർഷങ്ങൾ ചെലവഴിച്ചു എന്നത് ശ്രദ്ധിക്കുക.

2. സമുദ്രത്തിൽ ഒളിച്ചിരുന്ന കാളിയ എന്ന രാക്ഷസനെ കൊല്ലാൻ വേണ്ടി, ദേവതകളുടെ അഭ്യർത്ഥന പ്രകാരം അഗസ്ത്യമുനി സമുദ്രം കുടിച്ചുവറ്റിച്ചു.
3. ഒ.വി, 45, ഒവി 46 വ്യക്തത ഇല്ലാത്തത് പോലെയാണ്.
4. കൈയെഴുത്ത് പ്രതിയിൽ, മറ്റ് അധ്യായങ്ങളിൽ കാണപ്പെട്ടത് പോലുള്ള സമാപന പാദം ഇതിൽ കണ്ടിരുന്നില്ല.

## 53

# അവതരണിക (സംക്ഷിപ്തം)

*ഞാൻ ശ്രീഗണേശ ഭഗവാനെ നമിക്കുന്നു*
*ഞാൻ ശ്രീസരസ്വതിയെ നമിക്കുന്നു*
*ഞാൻ ഗുരുവിനെ നമിക്കുന്നു*
*ഞാൻ കുലദേവതകളെ നമിക്കുന്നു*
*ഞാൻ ശ്രീസീതാരാമചന്ദ്രനെ നമിക്കുന്നു*
*ഞാൻ ശ്രീസദ്ഗുരു സായിനാഥനെ നമിക്കുന്നു.*

1. ശ്രീസായി യഥാർത്ഥത്തിൽ ബ്രഹ്മസ്വരൂപമാണ്; ശ്രേഷ്ഠദിവ്യനാണ്, സർവ്വേശ്വരനാണ്, ഭൂമിയുടെ ഓരോ മുക്കിലും അദ്ദേഹത്തിന്റെ യശസ്സ് എത്തിയിരിക്കുന്നു, അദ്ദേഹം ബുദ്ധിയുടെയും പ്രചോദനത്തിന്റെയും ദാതാവാകുന്നു.
2. ഞാൻ ഹൃദയംഗമമായ ഭക്തിയോടെ അദ്ദേഹത്തിന് സ്വയം സമർപ്പിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ ദിവ്യപാദങ്ങളിൽ വന്ദിക്കുന്നു. അദ്ദേഹം ഈ ലോക ജീവിതത്തിന്റെ ഭയം ദൂരീകരിക്കുകയും ജനനമരണവൃത്തത്തെ അറുത്തു മാറ്റുകയും ചെയ്യുന്നു.
3. ഗ്രന്ഥം ഉപസംഹരിക്കുന്നതിന് മുമ്പ്, ഒരു അവലോകനവും വിഷയസൂചിക അഥവാ ഉള്ളടക്കവും കൂടി നൽകുന്നതാണെന്ന് കഴിഞ്ഞ അധ്യായത്തിൽ വാഗ്ദാനം നൽകിയിരുന്നു.
4. പാന്ത്ഹേമദ് അപ്രകാരം പറഞ്ഞെങ്കിലും, അത് അത്തരത്തിൽ സംഭവിച്ചില്ല. വിഷയസൂചിക തയ്യാറാക്കപ്പെടാതിരിക്കുകയോ, വിട്ടുപോയതോ ആകാം.
5. ഗ്രന്ഥം ആരംഭിക്കുന്ന വ്യക്തി തന്നെ, അവസാനത്തിൽ വിഷയസൂചിക നൽകി, അത് ഉപസംഹരിക്കേണ്ടതാണ്. ഇതാണ് സാധാരണയായുള്ള പതിവ്.
6. പക്ഷേ, ഒരു നിയമത്തിന് ചിലപ്പോൾ ആക്ഷേപസന്ദർഭങ്ങളുണ്ടാകാം; അത് ഇവിടെ തന്നെ കാണപ്പെടുന്നുണ്ട്. ഒരുവൻ ആഗ്രഹിക്കുന്നതുപോലെ ഒന്നും സംഭവിക്കുന്നില്ല. ബാബയുടെ ആഗ്രഹം മാത്രമാണ് നടപ്പിലാകുക.
7. ഹേമദ് അപ്രതീക്ഷിതമായി ദേഹം വെടിഞ്ഞു. എല്ലാവരും ദുഃഖിതരായി. വിഷയസൂചിക കണ്ടെത്താനായില്ല; എല്ലാവരും ചിന്താകുഴപ്പത്തിലായി.
8. അന്നാസാഹേബിന്റെ രേഖകൾ കണ്ടെത്തുക പ്രയാസകരമായിരുന്നു. അദ്ദേഹത്തിന്റെ മകൻ, ശ്രീ ഗജാനൻ അവ കണ്ടെടുക്കാൻ ശ്രമങ്ങൾ നടത്തുകയും, ആവശ്യമുള്ളവ എനിക്ക് നൽകുകയും ചെയ്തു.
9. അന്നാസാഹേബ് വളരെ മിതവ്യയിയായിരുന്നു. ഒരു ചെറിയ കടലാസ് തുണ്ട് പോലും പാഴാക്കിയിരുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവത്തിനനുസൃതമായി, വെടിപ്പോടും മനോഹരമായും അദ്ദേഹം തന്റെ കൃത്യങ്ങൾ ചെയ്തിരുന്നു.

10. അദ്ദേഹം ഒരു അധ്യായം, കടലാസ് തുണ്ടുകളിൽ എഴുതുകയും, അത് അതേ പടി അച്ചടിക്കാരന്റെ കൈവശം നൽകുകയും ചെയ്തിരുന്നു. അദ്ദേഹത്തെ മറ്റാരുമായും താരതമ്യം ചെയ്യാൻ കഴിയില്ല.

11. അദ്ദേഹത്തിന് ആ ജീവനില്ലാത്ത, നിസ്സഹായരായ കടലാസ് തുണ്ടുകളോട് ദയ തോന്നിയിരുന്നു. ദിവ്യന്മാർക്കിടയിലെ സിംഹത്തെ, അതായത് ശ്രീ സായി ബാബയെ സേവിച്ചില്ലെങ്കിൽ എങ്ങനെയാണ് അവ ഉദ്ധരിക്കപ്പെടുക?

12. ഹേമദിന് ഇത്തരത്തിൽ തോന്നിയിട്ടുണ്ടാകും, അതിനാൽ ഈ കടലാസ് തുണ്ടുകൾ കൂട്ടിയെടുത്തു, അപ്പോൾ അവയ്ക്കും സേവനം നൽകാൻ കഴിയുമല്ലോ. ഇതായിരുന്നിരിക്കും, അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ഉദ്ദേശ്യം.

13. അവസാന അധ്യായവും ഇതേ തരത്തിൽ ചെയ്തിട്ടുണ്ടാകും, അതും കടലാസ് തുണ്ടുകളിൽ എഴുതിയിട്ടുണ്ടാകും. ഈ പ്രശ്നത്തെക്കുറിച്ച് വളരെയധികം ചിന്തിച്ചെങ്കിലും, ആ കടലാസ് തുണ്ടുകൾക്കിടയിൽ വിഷയസൂചിക കണ്ടെത്താനായില്ല.

14. ഇക്കാര്യം ഗജാനൻറാവുവിനെയും മറ്റുള്ളവരെയും അറിയിച്ചു. അത് ഷിർദി സംസ്ഥാനത്തിന്റെ ഖജാൻജി ബാബാസാഹേബ് താർക്കഡിനോടും പറഞ്ഞു. വിഷയസൂചിക ആവശ്യമാണെന്നായിരുന്നു, അവരുടെയെല്ലാം അഭിപ്രായം.

15. ബാബാസാഹേബ് ഒരു സമയപരിധി നിശ്ചയിച്ചുകൊണ്ട്, അത് ശ്രീസായിലീലയിൽ പ്രസിദ്ധീകരിച്ചു. സമയപരിധി കഴിഞ്ഞിട്ടും വിഷയസൂചിക ലഭ്യമായില്ല.

16. ഹേമദ് ഗോവിന്ദ് ധാർമ്മികഗുണങ്ങളുടെ വിളനിലമായിരുന്നു. അദ്ദേഹത്തിന് മനഃപാഠമായി അറിയാമായിരുന്ന വേദാന്തം, അദ്ദേഹത്തിന്റെ ആജ്ഞയ്ക്കധീനമായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥം ഗുരുവിന്റെ അനുഗ്രഹത്തെ, പ്രസാദം പോലെ പ്രദർശിപ്പിക്കുന്നു. ഗുരുവിന്റെ കൃപ അവിശ്വസനീയമായിരുന്നു.

17. സദ്ഗുരുസായിയുടെ ഭക്തന്മാർ അനേകം പേരുണ്ടായിരുന്നു. അവർക്കിടയിൽ ഹേമദ്പാന്ത് ഒരു കവിരത്നമായിരുന്നു. അദ്ദേഹത്തെപ്പോലെ ജ്ഞാനിയായ ഒരാളിന് മാത്രമേ ഇത് എഴുതാനുള്ള കഴിവുണ്ടാകുമായിരുന്നുള്ളൂ.

18. വിഷയസൂചിക എങ്ങുനിന്നും മുന്നോട്ട് വന്നില്ല. എനിക്ക് വളരെ നിരാശ അനുഭവപ്പെട്ടു. ഞാൻ ദത്താഗുരു, ശ്രീസായിബാബയോട് പ്രാർത്ഥിക്കുകയും, അദ്ദേഹത്തിന്റെ ദയയ്ക്ക് വേണ്ടി യാചിക്കുകയും ചെയ്തു.

19. ഞാൻ മൂഢനും നിസ്സാരനുമാണ്, ഏകാഗ്രമായ മനനമോ അറിവിന്റെ ചെറിയ ഒരു അംശം പോലുമോ ഇല്ലാത്തവനാണ്. കാവ്യരചനയ്ക്കുള്ള കഴിവ് തീരെയില്ലാതെ, എങ്ങനെയാണ് ഞാൻ പദ്യശകലങ്ങൾ രചിക്കുക!

20. പക്ഷേ എനിക്ക് ഒരു തുണയുണ്ടായിരുന്നു. ശ്രീ ദത്താഗുരു പ്രസാദിച്ചാൽ മേരുപർവ്വതത്തെയും ഒരു കൊതുകിനെപ്പോലെ സുഗമമായി ഉയർത്താൻ കഴിയും. അദ്ദേഹത്തിന്റെ കഴിവുകൾ മഹത്തരമാണ്.

21. വീണ്ടും ഞാൻ ഉമാരമണനായ ശിവനോട് പ്രാർത്ഥിച്ചു, അതിനാൽ സായി നാരായണൻ ദയ കാട്ടുകയും പെട്ടെന്ന് തന്നെ സൂചിക രചിക്കാനുള്ള പ്രചോ

ദനം എനിക്ക് നൽകുകയും ചെയ്യും.

22. എനിക്ക് കവിതകൾ രചിക്കാനുള്ള കഴിവില്ല. ശ്രീ ഗുരുരായന് എന്റെ പരിമിതികളെക്കുറിച്ച് അറിയാം. എന്റെ ശിരസ്സ് അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഞാൻ സൂചിക എഴുതി തയ്യാറാക്കാൻ തുടങ്ങുന്നതാണ്.

23. ഗ്രന്ഥത്തിന്റെ ഈ ഭാഗം, അതായത് സൂചിക, സായി വക്രതുണ്ഡനാൽ (ഗണപതി) രചിക്കപ്പെടും. അദ്ദേഹത്തിന്റെ പ്രഭാവം അനുപമവും ബൃഹത്തുമാണ്. എന്റെ വദനം അദ്ദേഹത്തിന്റെ ഉപകരണം മാത്രമാണ്.

24. ആദ്യ അധ്യായം വിഘ്നനിവാരകനും പ്രപഞ്ചകാരണവും ഉമയുടെയും ശിവന്റെയും കണ്ഠാഭരണവുമായവനോടുള്ള പ്രാർത്ഥനയാണ് – ശ്രീഗണേശവന്ദനം.

25. ഭാഷണത്തിന്റെ ദേവതയായ, വിജ്ഞാനഖനിയായ, ശ്രീശാരദയ്ക്കും വന്ദനമർപ്പിക്കപ്പെട്ടു, അവൾ ലോകത്തെ വശീകരിക്കുന്നു, ആഗ്രഹിക്കുന്നതെന്തും തന്ന് അനുഗ്രഹിക്കുന്നവളുമാണ്.

26. സായിഭഗവാൻ, കുടുംബദേവത, ബന്ധുജനങ്ങൾ, ഗുരു സാഹോദര്യങ്ങൾ, ദിവ്യന്മാർ, ഈശ്വരവതാരങ്ങളായ ധാർമ്മികജനങ്ങൾ എന്നിവർക്കൊക്കെ വന്ദനം, മുക്തിയുടെ സവിധമായ സദ്ഗുരുവിന് സമർപ്പണം അർപ്പിച്ചു.

27. ഗോതമ്പ് പൊടിച്ചതിന്റെ കഥ വിവരിച്ചുകൊണ്ട്, കോളറ രോഗം ശമിപ്പിക്കപ്പെട്ടത് എങ്ങനെയാണെന്ന് വിശദീകരിക്കുകയും സായിയുടെ മഹത്വം വർണ്ണിക്കപ്പെടുകയും ചെയ്തു.

28. രണ്ടാമത്തെ അധ്യായത്തിൽ ഗ്രന്ഥരചനയുടെ ഉദ്ദേശ്യത്തെപ്പറ്റി പറഞ്ഞു, ഹേമദ്പാന്തിന്റെ നാമകരണം, ഗുരുവിന്റെ ആവശ്യകതയെപ്പറ്റിയുള്ള വാദപ്രതിവാദത്തിന്റെ അവസാനം, ഹേമദിന്റെ ആദ്യദർശനം എന്നിവയും വിവരിക്കപ്പെട്ടു.

29. മൂന്നാമത്തെ അധ്യായത്തിൽ, ഗ്രന്ഥം രചിക്കുന്നതിനുള്ള അനുവാദം സായിയുടെ സ്വന്തം വാക്കുകളാൽ നൽകപ്പെട്ടതെങ്ങനെയെന്ന് വിശദമായി വിവരിക്കപ്പെട്ടു, ഒപ്പം റോഹില്ലയെക്കുറിച്ചുള്ള കഥയും.

30. അടുത്തതായി, ജഗത്പ്രഭുവിന്റെ അലങ്കാരങ്ങളായ ദിവ്യന്മാരും ശ്രേഷ്ഠഋഷിമാരും ഈ ഭൂമിയിൽ അവതരിക്കുന്നതിന്റെ കാരണമെന്താണെന്ന് വിശദമായി വിവരിച്ചു.

31. കൂടാതെ, ദത്താവതാരമായ, അത്രിപുത്രനായ, കല്പവൃക്ഷമായ സായി ഷിർദി ഗ്രാമത്തിൽ ആദ്യമായി എത്തിയത് – ഇവയെല്ലാം നാലാം അധ്യായത്തിൽ വിവരിച്ചു.

32. ഷിർദി ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷനായതും, എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് സമ്പന്നനായ പാട്ടീലിന്റെയൊപ്പം വീണ്ടും പ്രത്യക്ഷപ്പെട്ടതും;

33. ഗംഗാഗീറിന്റെയും മറ്റ് ദിവ്യന്മാരുടെയും കൂടിച്ചേരൽ, പൂന്തോട്ടം നിർമ്മിക്കുന്നതിന് വേണ്ടി ദൂരെ നിന്നും മൺകുടങ്ങളിൽ വെള്ളമെടുത്ത് അദ്ദേഹത്തിന്റെ

സ്വന്തം ശിരസ്സിൽ ചുമന്നുകൊണ്ട് വന്നതുമൊക്കെ അഞ്ചാമത്തെ അധ്യായത്തിൽ പൂർണ്ണമായും സൂചിപ്പിച്ചിട്ടുണ്ട്.

34. ആറാമത്തെ അധ്യായത്തിൽ, രാമനവമി ഉത്സവം, അതിന് ബാലബുവ കീർത്തൻകാറായിരുന്നു, ഒപ്പം മസ്ജിദിന്റെ നവീകരണവും വിശദമായി വിവരിക്കപ്പെട്ടു.

35. അടുത്തത് യോഗചര്യകളായ സമാധി, ഖണ്ഡയോഗ, ധോതി–പോതി തുടങ്ങിയവയും, ബാബ ഒരു ഹിന്ദുവാണോ മുസൽമാനാണോ എന്നതും; ഒരു ദിവ്യന്റെ ഗഹനമായ ആന്തരികസ്വത്വം;

36. ബാബയുടെ വസ്ത്രധാരണം, പെരുമാറ്റം, ഔഷധം നൽകൽ, ചില്ലം പുകയ്ക്കുന്നത്, ജാതി, ധുനി, വിളക്കുകൾ, അദ്ദേഹത്തിന്റെ അസുഖം, അദ്ദേഹത്തിന് നൽകപ്പെട്ട സേവനം - ഇവയുടെയൊക്കെ ദൃശ്യം ആശ്ചര്യകരമായിരുന്നു!

37. ഏഴാമത്തേതിൽ, ജ്ഞാനിയായ കാവ്യകാരൻ ഭാഗോജി ഷിൻഡേയുടെ കുഷ്ഠരോഗത്തെയും ഖപർഡെയുടെ മകന്റെ പ്ലേഗ് രോഗത്തിന്റെ ഔഷധത്തെയും നാനായുടെ പന്ധർപൂർ ദർശനത്തിനുള്ള ഉദ്ദേശ്യത്തെയും കുറിച്ച് മനോഹരമായ രീതിയിൽ വർണ്ണിച്ചിട്ടുണ്ട്.

38. മനുഷ്യജന്മത്തിന്റെ അനുപമമായ മഹത്വത്തെക്കുറിച്ചും, സായി ഭിക്ഷ യാചിക്കുന്ന രീതിയെക്കുറിച്ചും, ദിവ്യന് ബായ്ജാബായി നൽകിയ സേവനങ്ങളും അവളുടെ സ്വന്തം കൈകൾ കൊണ്ട് ബാബയ്ക്ക് ഭക്ഷണം നൽകുന്നതും;

39. ബാബ, താത്ത്യ, മാലസപതി എന്നീ മൂന്നുപേരും രാത്രിയിൽ മസ്ജിദിൽ എങ്ങനെയാണ് ഉറങ്ങിയിരുന്നതെന്നും, അവരോട് ബാബയ്ക്കുള്ള സ്നേഹാധിക്യത്തെക്കുറിച്ചും, അത് അനന്യമായിരുന്നു;

40. ഒപ്പം ശാന്തിയുടെയും ജ്ഞാനത്തിന്റെയും മൂർത്തരൂപമായ ബാബയുടെയും റഹട ഗ്രാമത്തിലെ കുശൽചന്ദിന്റെയും പരസ്പര സ്നേഹവും ആനന്ദകരമായി എട്ടാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

41. താത്ത്യ സാഹേബ് നൂൽക്കാർ, താത്ത്യപാട്ടീൽ എന്നീ ശ്രേഷ്ഠഭക്തന്മാരും ഇംഗ്ലീഷുകാരനായ മാന്യവ്യക്തിയും നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാൽ എത്രമാത്രം പശ്ചാത്തപിച്ചുവെന്നും,

42. ഭിക്ഷയായി നൽകപ്പെട്ടിരുന്ന ആഹാരം കഴിക്കും മുമ്പ്, ബാബ അത് പഞ്ചഭൂതങ്ങൾക്ക് അർപ്പിച്ചിരുന്നതെങ്ങനെയെന്നും, ഭിക്ഷ യാചിക്കുന്നതിന് ബാബ എങ്ങനെയാണ് യോഗ്യനായതെന്നും വളരെ ബുദ്ധിപൂർവ്വം വിശദമാക്കിയിരിക്കുന്നു;

43. കൂടാതെ പ്രശസ്തനായ ബാബാ സാഹേബ് താർക്കഡ്, അടിയുറച്ച ഒരു പ്രാത്ഥനസമാജികനായിരുന്ന അയാൾ എങ്ങനെയാണ്, ഹൃദയപൂർവ്വം ഒരു സായി ഭക്തനായി മാറിയതെന്നുമുള്ള മനോഹരമായ കഥയും ഒമ്പതാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

44. യോഗീശ്വരനായ ബാബയുടെ കിടക്ക, നാലു കൈത്തണ്ട് നീളവും അര മുഴം

വീതിയുമുള്ള ഒരു പലക, പഴന്തുണികളിൽ കെട്ടിത്തൂക്കിയിരുന്നു.;

45. ബാബ ആദ്യമായി ഷിർദിയിലെത്തിയതിനെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ഒരു വിവരണം നൽകപ്പെട്ടിരിക്കുന്നു; എത്ര വർഷക്കാലം അദ്ദേഹം അവിടെ ജീവിച്ചിരുന്നു, എപ്പോഴാണ് അദ്ദേഹം തന്റെ ഭൗതികദേഹം വെടിഞ്ഞത് എന്നിങ്ങനെ;

46. ആന്തരികമായി ശാന്തനും ആഗ്രഹരഹിതനുമാണെങ്കിലും, പുറമേയ്ക്ക് ആസുരികഭാവം കാട്ടുന്നതും, ജനങ്ങളെ ഒരു പ്രത്യേക ധാർമ്മികപാതയിലേക്ക് നയിക്കാനുള്ള ഗുരുരായന്റെ അചഞ്ചലമായ താല്പര്യവും;

47. വേദശാസ്ത്രങ്ങളും, മതത്തിന്റെ സാരാംശവും, ആത്മീയതയും, പെരുമാറ്റച്ചട്ടങ്ങളും അഭ്യസിപ്പിക്കുന്നതിൽ സദ്ഗുരുവിനുള്ള അപാരമായ കഴിവും; ഭക്തരുടെയും ഭക്തരല്ലാത്തവരുടെയും ബുദ്ധിയെ പരീക്ഷിക്കുന്നതും;

48. ബാബയുടെ പതിവ് ഇരിപ്പിടവും, ബാബയുടെ ജ്ഞാനവും, ബാബയുടെ ധ്യാനവും, ബാബയുടെ വാസസ്ഥാനവും അദ്ദേഹത്തിന്റെ ശക്തിയും മഹത്വവും – ഇവയെല്ലാം പത്താമത്തെ അധ്യായത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

49. എല്ലായിടവും സച്ചിദാനന്ദസ്വരൂപമായി വർത്തിക്കുന്നു എന്ന ബാബയുടെ കീർത്തി, ഡോക്ടർ പണ്ഡിറ്റിന്റെ സ്നേഹമയമായ ഭക്തി, സിദ്ധിക്കി (ഫാൽക്കേ)യുടെ പെരുമാറ്റത്തെക്കുറിച്ചുള്ള വിവരണം;

50. മേഘങ്ങൾക്ക് മുകളിൽ അദ്ദേഹത്തിനുള്ള നിയന്ത്രണശക്തി, അഗ്നിയുടെ മേൽ അദ്ദേഹത്തിനുള്ള അവിശ്വസനീയമായ ശക്തി, ശക്തമായ കാറ്റിൽ നിന്ന് സംരക്ഷണം, എന്നിവ ആശ്ചര്യകരമായ രീതിയിൽ പതിനൊന്നാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

51. കാക്കാ (മഹാജനി), ധുമാൽ, നിമോൺകർ, ഒരു മംലത്ത്ദാർ, ഒരു ഭിഷഗ്വരൻ – ഇവരെക്കുറിച്ചുള്ള വ്യത്യസ്ത സംഭവങ്ങൾ മധുരമായി വിവരിക്കപ്പെട്ടിരിക്കുന്നു.

52. ഒപ്പം നാസിക്കിലെ അഗ്നിഹോത്രിയും, ഖോലാപ്റാം ദിവ്യന്റെ ശിഷ്യനുമായ, സംശയാലു മൂലയ്യ്ക്ക് ലഭിച്ച അനുപമമായ സായിദർശനവും പന്ത്രണ്ടാമത്തെ അധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

53. ഒരു കറുത്ത നായയ്ക്ക് തൈര് നൽകിയതിനാൽ ബാലഷിംപിയുടെ മലേറിയ രോഗം ഭേദമായി, ബാപുസാഹേബിന്റെ (ബൂട്ടി) കോളറ രോഗം അകരോട്ടുമരക്കായയും പിസ്റ്റാഷിയോ പരിപ്പും കഴിച്ചതിനാൽ ഭേദമായി;

54. ആലന്ദിയിൽ നിന്നുള്ള സ്വാമിയുടെ കർണ്ണവേദന അനുഗ്രഹങ്ങൾ ഒന്നുകൊണ്ടുമാത്രം ഭേദമായി, കാക്കാ (മഹാജനി) അനുഭവിച്ചിരുന്ന അതിസാരരോഗം നിലക്കടല പരിപ്പിനാൽ ഭേദമാക്കപ്പെട്ടു;

55. കഠിനമായ ഉദരരോഗത്താൽ കഷ്ടതയനുഭവിച്ചിരുന്ന, ഹർദയിൽ നിന്നുള്ള ദത്തപാന്ത് എന്ന ഭക്തന്റെ ദുരിതം, എല്ലാവരുടെയും കൺമുമ്പിൽ വച്ച് അനുഗ്രഹങ്ങൾ ഒന്നുകൊണ്ടുമാത്രം ഭേദമാക്കപ്പെട്ടു;

56. ഭീമാജി പട്ടീൽ എന്ന വ്യക്തിക്ക് കഠിനമായ ചുമയും ക്ഷയരോഗവുമുണ്ടായി

രുന്നു. ഉധി പുരട്ടിയതിനാൽ അയാൾക്ക് രോഗശമനമുണ്ടായി – ഇവയെല്ലാം പതിമൂന്നാം അധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

57. നാൻഡെഡിൽ നിന്നുള്ള ഒരു പാർസി, പ്രശസ്ത വ്യാപാരിയായ രത്തൻജി സേഥ്, നിരാശാവാനായിരുന്നു, അയാൾക്ക് ഒരു പുത്രനെ നൽകി അനുഗ്രഹിച്ചു; അയാൾക്ക് ഏഴാം സ്വർഗ്ഗം ലഭിച്ചതുപോലെയായിരുന്നു;

58. ഒരു കൂലിപ്പണിക്കാരന്റെ ജോലി ചെയ്ത്, ആളിനെ അറിയാത്ത തരത്തിൽ ജീവിച്ചിരുന്ന നാൻഡെഡിലെ മൗലിസാഹേബിനെ അറിയാൻ കഴിഞ്ഞു, സായിയുടെ ഒരു സൂചനയിൽ നിന്നും. ഈ ആശ്ചര്യകരമായ കഥയാണ് പതിനാലാമത്തെ അധ്യായത്തിലുള്ളത്.

59. നാരദന്റെ കീർത്തനപദ്ധതിയെക്കുറിച്ച് ബാബ ദാസ്ഗനുവിനോട് പറയുന്നു; ചോൾക്കാർക്ക് പഞ്ചസാര നിറഞ്ഞ ചായ നൽകി അവന്റെ വ്രതനിഷ്ഠയ്ക്ക് പ്രതിക്രിയ ചെയ്യുന്നു;

60. ഔറംഗബാദിൽ നിന്നും ഒരു ഗൗളി എത്തി, മസ്ജിദിലുള്ള മറ്റൊന്നിനെ കണ്ടുമുട്ടുന്നു, അവരുടെ ചിലയ്ക്കലിന്റെ കഥയുമെല്ലാം പതിനഞ്ചാം അധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

61. സമ്പത്തും, സന്തതികളുമൊക്കെയുള്ള ഒരു മാന്യവ്യക്തി, സായിയുടെ പ്രശസ്തി കേട്ടറിഞ്ഞ്, ബ്രഹ്മനെക്കുറിച്ചുള്ള ജ്ഞാനം നേടുന്നതിന് വേണ്ടി ഷിർദിയിലെത്തുന്നു;

62. ബ്രഹ്മനെ ആഗ്രഹിക്കുന്നവൻ ലൗകികജീവിതത്തിൽ വിരക്തനും ധനത്തിനോടുള്ള ആർത്തി ഉപേക്ഷിക്കുന്നതുമാണ് ആദ്യപടി.

63. പക്ഷേ, കുറച്ച് നേരത്തേയ്ക്ക് അഞ്ച് രൂപ ബാബയ്ക്ക് കടമായി നൽകാൻ പോലും അയാൾക്ക് കഴിയുന്നില്ല, അവന്റെ വസ്ത്രത്തിനുള്ളിൽ വലിയ ഒരു കെട്ട് നോട്ട് ഉണ്ടായിട്ടും. എങ്ങനെയാണ് അയാൾക്ക് ബ്രഹ്മനെ നേടാൻ കഴിയുക!

64. ബാബ ഈ പാഠം ബോധനം നൽകിയ രീതി വളരെ മനോഹരവും, ഹേമദിന്റെ വാക്കുകൾ പാലും പഞ്ചസാരയും സമ്മിശ്രിതമായ പ്രസാദവുമാണ്. ഈ വശ്യമായ കഥയാണ് പതിനാറാമത്തേതിൽ.

65. മുൻപറഞ്ഞ കഥയുടെ തുടർച്ച, ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിശദമായ വിവരണം, ധനാർത്തിയുടെ പൂർണ്ണനാശം എന്നിവയാണ് പതിനേഴാമത്തേതിലെ വിവരണം.

66. സാഠേയുടെ ഗുരുചരിത്രത്തിന്റെ കഥ, രാധാബായിയുടെ ഉപദേശത്തിന്റെ കഥ, ഹേമദിന് നൽകിയ അനുഗ്രഹം എന്നിവയൊക്കെ വളരെ സമർത്ഥമായി പതിനെട്ടാമത്തെ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

67. ഈ അനുഗ്രഹത്തെക്കുറിച്ചുള്ള വിശദമായ വിവരണവും, ശ്രീസായി നൽകിയ പാഠത്തിനനുസൃതമായിട്ടുള്ള (ഹേമദിന്റെ) ഗഹനമായ ചിന്തകളുമാണ് പത്തൊമ്പതാം അധ്യായത്തിലുള്ളത്.

68. ദാസ്ഗനു "ഈശാവസ്യ ഭാവാർത്ഥ ബോധിനി" എഴുതിത്തുടങ്ങി. അത്തരു

ണത്തിൽ, അയാൾക്ക് ചില സംശയങ്ങളുണ്ടാകുകയും, അത് അയാൾ ബാബ യോട് ചോദിക്കുകയും ചെയ്തു.

69. കാക്കായുടെ (ദീക്ഷിതിന്റെ) വീട്ടുജോലിക്കാരി അതിന് പരിഹാരം നൽകു മെന്ന് ബാബ പറഞ്ഞു. സദ്ഗുരുവിന്റെ ശ്രേഷ്ഠത അസാധാരണമാണ്. അതിന്റെ വശ്യമായ ഒരു വിവരണമാണ് ഇരുപതാമത്തെ അധ്യായത്തിലുള്ള ത്.

70. സദ്ഗുണനായ ഒരു ജില്ലാധികാരി, മറ്റൊരു പണ്ഡിതൻ പതൻകർ, മൂന്നാമ തായി മിടുക്കനായ ഒരു വക്കീൽ – ഇവർ മൂന്നുപേരും അനുഗ്രഹിക്കപ്പെട്ടു, അത് ഇരുപത്തിഒന്നാമത്തെ അധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

71. മഷിദ്മായി ഭവസാഗരം കടക്കാൻ സഹായിക്കുന്നു. അത് ദ്വാരകാമായി അല്ലാതെ മറ്റാരുമല്ല. ബാബ ഇത് എല്ലാ ജനങ്ങളോടും പറഞ്ഞെങ്കിലും ആർക്കും അതിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞില്ല.

72. മഷിദ്മായിയുടെ ഗുണങ്ങൾ സ്തുതിക്കപ്പെട്ടിരിക്കുന്നു; മിരിക്കാരും ബൂട്ടിയും പാമ്പിൻകടി ഏൽക്കാതെ രക്ഷിക്കപ്പെടുന്നു; അമീർഷക്കാറിന്റെ വാതരോഗം ഭേദമാകുകയും, പാമ്പിന്റെ അപകടത്തിൽ നിന്നും അയാൾ രക്ഷപ്പെടുകയും ചെയ്തു.

73. തേൾ കുത്തിന്റെ അപകടത്തിൽ നിന്നും ഹേമദ് രക്ഷപ്പെടുകയും, മറ്റുള്ളവർ പാമ്പിൽ നിന്നും അപമൃത്യുവിൽ നിന്നും രക്ഷിക്കപ്പെടുകയും ചെയ്തു – ഇവയെല്ലാം ഇരുപത്തിരണ്ടാമത്തെ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

74. എങ്ങനെയാണ് ഒരു യോഗവിദ്യാർത്ഥിയുടെ സംശയങ്ങൾ ദൂരീകരിക്കപ്പെട്ട തെന്നും, മാധവറാവുവിനുണ്ടായ പാമ്പിൻകടി ഭേദമാക്കുന്നതെങ്ങനെയെന്നും; ധുനി; വിറക്, ആടിനെ കൊല്ലുന്നത്, എന്നിവയും മനോഹരമായി വർണ്ണിച്ചി രിക്കുന്നു.

75. ബഡേബാബയുടെ ആദരവും പ്രൗഢിയും, ഗുരുവിന്റെ നിർദ്ദേശങ്ങൾ പാലി ക്കുന്നതിൽ വീഴ്ച, എന്തൊക്കെ കൊടുത്താലും കൂടുതൽ വേണമെന്നുള്ള അയാളുടെ അത്യാഗ്രഹം, അസംതൃപ്തമായ അയാളുടെ പ്രകൃതം;

76. ഭക്തരിൽ ശ്രേഷ്ഠനായ കാക്കാസാഹേബ്, അയാൾക്ക് ഗുരുവിന്റെ ആജ്ഞ കളിൽ പരമശ്രേഷ്ഠവും അചഞ്ചലവുമായ വിശ്വാസമുണ്ട്, ഗുരു അയാളോട് എങ്ങനെയാണ് ലീലകൾ കാട്ടിയതെന്നും മനോഹരമായി ഇരുപത്തിമൂന്നാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

77. കടലമണികളെ ഒരു നിമിത്തമാക്കിക്കൊണ്ട്, സദ്ഗുരുവിനെ ഓർക്കാതെ ഒന്നും ആസ്വദിക്കരുതെന്നുള്ള (കഴിക്കരുതെന്ന്) പാഠം ഹേമദ്പാന്തിന് നൽകപ്പെട്ടു;

78. അന്നാ ബാബ്റേയ്ക്കും മൗഷിബായിക്കും ഇടയിൽ ബാബ ഒരു വഴക്ക് സൃഷ്ടിക്കുന്നു, തമാശയും ഫലിതവും കലർന്ന അസാധാരണമായ ആ കഥ, കാവ്യകാരൻ അനുപമമായ രീതിയിൽ ഇരുപത്തിനാലാമത്തെ അധ്യായത്തിൽ വിവരിക്കുന്നു.

79. അഹമ്മദ്നഗർ നിവാസിയായ ഒരു ഭക്തൻ, ദാമു അന്ന കസർ, പരുത്തി, അരി

ധാന്യം എന്നിവയിൽ വലിയ തോതിലുള്ള വ്യാപാരം നടത്താൻ അയാൾക്ക് ആഗ്രഹമുണ്ടായി.

80. ആ വ്യാപാരത്തിൽ തീർച്ചയായും നഷ്ടം സംഭവിക്കും. മാങ്ങ കഴിക്കുന്നതിലൂടെ പുത്രന്മാർ ലഭിക്കും, എന്ന് ജ്ഞാനസൂര്യനായ സായി പറഞ്ഞു. ഇവയെല്ലാം ഇരുപത്തിഅഞ്ചാമത്തെ അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

81. മറ്റൊരു ഗുരുവിന്റെ ശിഷ്യനായ, പാന്ത് എന്ന് പേരായ ഒരു ഭക്തന് ഉടൻ തന്നെ ഒരു സൂചന നൽകപ്പെട്ടു, അത് പാന്തിനെ സന്തോഷഭരിതനാക്കി;

82. ഹരിശ്ചന്ദ്ര പിതാലേയുടെ അപസ്മാരരോഗബാധിതനായ മകൻ, കരുണാർദ്രമായ കടാക്ഷം ഒന്നു കൊണ്ടു മാത്രം പൂർണ്ണമായും രോഗമുക്തനാകുന്നു.

83. പിതാലേയ്ക്ക് മൂന്ന് ഉറുപ്പിക നൽകപ്പെടുകയും, മുമ്പ് അയാൾക്ക് രണ്ട് ഉറുപ്പിക നൽകപ്പെട്ടിട്ടുണ്ടെന്ന് സൂചിപ്പിക്കപ്പെടുകയും ചെയ്തു. അവയെ പൂജിക്കണമെന്ന് ബാബ അയാളോട് നിർദ്ദേശിച്ചു. ഇരുപത്തിആറാമത്തേതിലെ ഹൃദയഹാരിയായ വിവരണമാണിത്.

84. കാക്കാ (മഹാജനി) ഭാഗവതപോത്തി ദേവന്റെ കൈകളിൽ നൽകുന്നു, അത് പ്രസാദമായി തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയോടെ, പക്ഷേ ദേവൻ അത് മാധവിന് (ശാമയ്ക്ക്) നൽകി;

85. വിഷ്ണുസഹസ്രനാമപോത്തി രാമദാസിയുടെ ശേഖരത്തിലുണ്ടായിരുന്നു. അയാളുടെ അറിവില്ലാതെ അവിടെ നിന്നും ബാബ അതെടുക്കുകയും, അത് മാധവറാവുവിന് നൽകുകയും ചെയ്തു.

86. ദയാമേഘമായ സായി, ശാമറാവു (മാധവറാവുവിന്) വിന് വിഷ്ണുസഹസ്രനാമപോത്തി നൽകി അനുഗ്രഹിക്കുന്നത് എങ്ങനെയാണെന്ന് ഇരുപത്തിഏഴാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

87. ലക്ഷ്മിചന്ദ് മുൻഷി, ബർഹാൻപൂരിലെ ചിഡിബായി, ശ്രേഷ്ഠബ്രാഹ്മണനായ മേഘ എന്നിവർ ബാബയുടെ പാദത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടു.

88. അവർക്കെല്ലാം സ്വപ്നദർശനം നൽകിക്കൊണ്ട്, ജാഗ്രതാവസ്ഥയിലെ അനുഭവം നൽകി. സദ്ഗുരു മൗലിയുടെ ലീലകൾ അവിശ്വസനീയമാണ്. ഇവയെല്ലാം ഇരുപത്തിഎട്ടാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

89. മദ്രാസിൽ നിന്നുള്ള ഒരു ഭജനസംഘം, ഉദാരതയുടെ ദൃശ്യവും നിർമ്മലനായ ശങ്കരഭഗവാൻ സായി ദാനം നൽകുന്നതും കാണുന്നതിന് വേണ്ടി ഷിർദിയിലെത്തി;

90. രഘുനാഥ തെൻഡുൽക്കറുടെ മകന്റെ പരീക്ഷയുടെയും, അയാളുടെ പെൻഷന്റെ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടത് ബാബയുടെ അനുപമമായ ലീലകളാണ്;

91. ഒപ്പം, ക്യാപ്റ്റൻ ഹാതേ, സായിയുടെ സ്നേഹഭക്തനായിരുന്നു, പ്രഭാതകാലത്ത് അയാൾക്ക് ലഭിച്ച സ്വപ്നദർശനത്തിന്റെ വിശിഷ്ടമായ കഥ ഇരുപത്തിഒമ്പതാമത്തെ അധ്യായത്തിലുണ്ട്.

92. സപ്തശൃംഗിദേവിയുടെ ഭക്തനായ കാക്കാജി വൈദ്യ എന്ന ഒരു ഭക്തന്

ശ്രേഷ്ഠദിവ്യനായ സായിയെ ദർശിക്കണമെന്ന് ദേവി സ്വപ്നദർശനം നൽകി;

93. ശാമറാവുവിന് അതേ ദേവിയോട് ഒരു നേർച്ചയുണ്ടായിരുന്നു, ആ നേർച്ച നിറവേറ്റുന്നതിനായി, മുപ്പത് വർഷങ്ങൾക്ക് ശേഷം ശാമ വാണിയിലേയ്ക്ക് പോകുന്നു;

94. ഒപ്പം, ഷിർദിയിലേയ്ക്ക് വരിക എന്ന് റഹടയിലെ കുഷൽചന്ദ് സേഥിന്റെയും രാംലാൽ എന്ന പഞ്ചാബി ബ്രാഹ്മണന്റെയും സ്വപ്നത്തിൽ ബാബ പറയുന്നതും മുപ്പതാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

95. ഒരു മദ്രാസി സന്ന്യാസിയായ വിജയാനന്ദ് മാനസസരോവരത്തിലേയ്ക്ക് തിരിച്ചു. ഹൃഷികേശനായ ബാബാശ്രീ അയാളെ അദ്ദേഹത്തിന്റെ സ്വന്തം പാദങ്ങളിൽ ചേർത്തു;

96. ഒപ്പം ശ്രേഷ്ഠഭക്തനായ മൻകാറുടെ ഉദ്ധാരണം, തേനിന്റെ മുകളിൽ വണ്ട് എന്ന പോലെയാണ് അയാൾ സായിയുടെ പാദങ്ങളുടെമേൽ ശ്രദ്ധയർപ്പിച്ചിരുന്നത്, കൂടാതെ രോഗബാധിതനായ ക്രൂരനായ കടുവയുടെ കഥയും മുപ്പത്തിഒന്നാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

97. വനത്തിൽ, ഈശ്വരനെത്തേടി അലയുകയായിരുന്ന നാല് ശ്രേഷ്ഠജനങ്ങളുടെ കഥ, അതിലൊരാൾക്ക് (ബാബ) ഗുരുരായ ദർശനം നൽകുന്നു, കാരണം അദ്ദേഹം തന്റെ അഹംഭാവം ഉപേക്ഷിച്ചിരുന്നു;

98. ഉപവാസമനുഷ്ഠിക്കുകയായിരുന്ന ഗോഖലെബായിയുടെ അസാധാരണമായ കഥയും, അതേപോലെയുള്ള മറ്റൊരു കഥ സായി സ്വയം പറഞ്ഞതും, മുപ്പത്തിരണ്ടാമത്തെ അധ്യായത്തിൽ ഹേമദ് വിവരിക്കുന്നു.

99. നാരായണൻജാനിയുടെ സുഹൃത്തിനെ അപ്രതീക്ഷിതമായി ഒരു തേൾ കുത്തുന്നു, മറ്റൊരു ഭക്തന്റെ മകൾക്ക് കടുത്ത ജ്വരബാധയുണ്ടാകുന്നു;

100. ചന്ദോർക്കറുടെ മകളുടെ ക്ലേശകരമായ പ്രസവം അവളെ എത്രമാത്രം ഭയപ്പെടുത്തിയെന്നും, എല്ലാവരും എത്രമാത്രം അസ്വസ്ഥരും ദുഃഖിതരുമായിരുന്നു എന്നും;

101. ശ്രേഷ്ഠഭക്തനായ കുൽക്കർണിസാഹേബ്, ഭജനഗായകൻ ബാലബുവ എന്നിവർ 'ഉധി'യുടെ ഫലപ്രദമായ ശക്തിയെക്കുറിച്ച് മനസ്സിലാക്കിയിരുന്നു;

102. ഒപ്പം ഹരിഭാവുകാർണിക്ക് എന്ന് പേരായ, നിറഞ്ഞ വിശ്വാസവും ധാർമ്മിക ഭാവങ്ങളുമുള്ള ഒരു ഭക്തന്റെ ദക്ഷിണയുടെ വശ്യമായ കഥ, അത് ഒരു സന്ദേശം നൽകുന്നു, ഇവയൊക്കെയും മുപ്പത്തിമൂന്നിലുണ്ട്.

103. മാലേഗാവണിലെ ഭിഷഗ്വരന്റെ അനന്തരവന് അസ്ഥിവ്രണം ബാധിച്ചതിനാലുള്ള വലിയ മനഃക്ലേശം, ഉറച്ച ഭക്തനായ ഡോ. പിള്ളയുടെ ഗിനിപ്പുഴു ബാധ മൂലമുള്ള കഠിനരോഗം;

104. ഷിർദിയിലെ ബാപാജിക്ക് (ശാമയുടെ സഹോദരൻ), അയാളുടെ ഭാര്യയ്ക്ക് ഗ്രന്ഥിവീക്കപ്ലേഗ് ബാധിച്ചതിനാലുള്ള ക്ലേശം, ഇറാനിയൻ പെൺകുട്ടിയുടെ അപസ്മാരം, അത് അവളെ വളരെ കഷ്ടപ്പെടുത്തിയിരുന്നു;

105. മൂത്രാശയത്തിലെ കല്ല്രോഗ ബാധ മൂലം കഠിനവേദന അനുഭവിച്ചിരുന്ന ഹർദ

യിലെ മാന്യവ്യക്തി, ബോംബെയിൽ നിന്നുള്ള കായസ്ഥപ്രഭുജാതിയിൽപ്പെട്ട ഒരു സ്ത്രീയുടെ പ്രയാസകരമായ പ്രസവം;

106. ഉധി പുരട്ടിയത് കൊണ്ടുമാത്രം, ഒട്ടും താമസമില്ലാതെ, ഇപ്പറഞ്ഞ ക്ലേശങ്ങളുടെ പൂർണ്ണമായ ദൂരീകരണം, എന്നിവയെല്ലാം വളരെ മനോഹരമായി മുപ്പത്തിനാലാമത്തെ അധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

107. നിരാകാരത്തിൽ മാത്രം വിശ്വസിച്ചിരുന്നവനും, മഹാജനിയുടെ സുഹൃത്തുമായിരുന്ന ഒരുവൻ, ഒറ്റ ഒരു ദർശനം കൊണ്ടുമാത്രം ഭക്തനായി മാറുന്നു;

108. ഗുരുശ്രേഷ്ഠൻ കുരുവുള്ള മുന്തിരികളെ പെട്ടെന്ന് കുരുവില്ലാത്തതായി മാറ്റുകയും അത് ബോംബെയിൽ നിന്നുള്ള നിയമജ്ഞനായ ധരംസി ജേതാഭായി താക്കർക്ക് നൽകുകയും ചെയ്തു;

109. ബാന്ദ്രയിൽ നിന്നുള്ള കായസ്ഥ മാന്യവ്യക്തിക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല, ഒപ്പം നേവാസയിലെ ബാലാപാട്ടീൽ, ഇവർക്ക് രണ്ടുപേർക്കും ഉധിയുടെ അനുഭവങ്ങൾ ലഭിക്കുന്നത് മുപ്പത്തിഅഞ്ചാം അധ്യായത്തിൽ കാണാം.

110. ഗോവയിൽ നിന്നുള്ള രണ്ട് മാന്യവ്യക്തികൾ വെവ്വേറെയായി വ്യത്യസ്ത നേർച്ചകൾ നേരുന്നു – ഒരാൾ ഒരു ജോലി ലഭിക്കുന്നതിനും, മറ്റേയാൾ ഒരു മോഷ്ടാവിനെ കണ്ടെത്തുന്നതിനും –

111. രണ്ടുപേരും അവരുടെ നേർച്ചകൾ മറന്നുപോയിരുന്നു, പക്ഷേ സായിസമർത്ഥ അവരെ ഓർമ്മപ്പെടുത്തുന്നു. ഭൂതം, വർത്തമാനം, ഭാവി എന്നിവയെക്കുറിച്ചുള്ള അറിവും സർവ്വജ്ഞനുമായ അദ്ദേഹത്തിന്റെ യശസ്സ് ആർക്കാണ് വർണ്ണിക്കാൻ കഴിയുക.

112. ഔറംഗബാദിലെ സഖാറാമിന്റെ ഭാര്യ ഒരു കുഞ്ഞിനുവേണ്ടിയുള്ള വരത്തിനായി സായിപാദങ്ങളെ ആശ്രയിച്ചു. ഒരു നാളികേരം നൽകിക്കൊണ്ട്, അവളുടെ ആഗ്രഹം സഫലമാക്കിയതും, മുപ്പത്തിആറാമത്തെ അധ്യായത്തിൽ വിവരിക്കുന്നു.

113. ചാവടി ആഘോഷങ്ങളും ഉത്സവങ്ങളുമൊക്കെ സ്വയം കണ്ട ഹേമദ് അത് ഒരു മനോഹരമായ വിവരണത്തിലൂടെ മുപ്പത്തിഏഴാമത്തെ അധ്യായത്തിൽ വിവരിക്കുന്നു.

114. വിവിധ ചേരുവകൾ ഇട്ടശേഷം പലതരത്തിലുള്ള വിഭവങ്ങൾ ഹാൻഡിയിൽ (പാചകപ്പാത്രം) പാകപ്പെടുത്തുന്നതും അത് പ്രസാദഊണായി സകലർക്കും വിളമ്പുന്നതുമെല്ലാം – അതിന്റെ വശ്യമായ വിവരണമാണ് മുപ്പത്തിഎട്ടാമത്തെ അധ്യായത്തിലുള്ളത്.

115. ഗീതയിലെ തദ്വിദ്ധി പ്രണിപാതേന എന്ന ശ്ലോകത്തിന്റെ വ്യാഖ്യാനം, ചന്ദോർക്കറിന്, സംസ്കൃതത്തിൽ പാണ്ഡിത്യമുണ്ടെന്നുള്ള അയാളുടെ അഹംഭാവം ഇല്ലാതാക്കാൻ വേണ്ടി നൽകുന്നു; ഒപ്പം

116. ദിവ്യന്മാരിലെ രാജാവ്, ബാപുസാഹേബ് ബൂട്ടിക്ക് ഒരു ക്ഷേത്രം നിർമ്മിക്കണമെന്നുള്ള നിർദ്ദേശം നൽകിക്കൊണ്ട് ഒരു സ്വപ്നദർശനം നൽകുന്നു –

ഇവയാണ് മുപ്പത്തിഒമ്പതാം അധ്യായത്തിലെ വിവരണം.

117. ദിയോ, അയാളുടെ മാതാവിന്റെ വ്രതനിഷ്ഠകളുടെ സമാപനച്ചടങ്ങിൽ ബ്രാഹ്മണർക്ക് സദ്യ നൽകുന്നു, അതിന് അയാൾ ഒരു കത്ത് എഴുതി, ബാബയെ ക്ഷണിക്കുന്നു.

118. ആ ദിവസം മൂന്ന് മാന്യവ്യക്തികൾ സന്ന്യാസി വേഷത്തിൽ എത്തുകയും, ബ്രാഹ്മണരോടൊപ്പം ഊണ് കഴിക്കുകയും ചെയ്തു. ഗുരുരായന്റെ ലീലകൾ ഗ്രഹിക്കുക പ്രയാസകരമാണ്!

119. ഹേമദിന് ഒരു സ്വപ്നദർശനം നൽകിയശേഷം ഒരു ചിത്രത്തിന്റെ രൂപത്തിൽ ബാബ ഊണ് കഴിക്കാനെത്തുന്നു. ഇവയാണ് നാൽപതാം അധ്യായത്തിലെ സ്വച്ഛമായ വിവരണം.

120. കാവ്യകാരൻ ഈ ചിത്രത്തെക്കുറിച്ച് ഭക്തർക്കായി ദീർഘമായ ഒരു വിവരണം നൽകിയിരിക്കുന്നു. സദ്ഗുരുവിന്റെ മഹത്വം അഗ്രാഹ്യമാണ്. വിവരണം വശ്യവും രസകരവുമാണ്.

121. രുദ്രാവതാരം കൈക്കൊണ്ട്, എരിയുന്ന കനൽ പോലെ ചുവന്നുതുടുത്ത്, ശ്രീസായി ദിയോയുടെ മേൽ കോപത്തോടെ ശകാരവർഷം നടത്തുന്നു.

122. സായിദേവൻ പറഞ്ഞു: "ശ്രീ ധ്യാനേശ്വരി പതിവായി പാരായണം ചെയ്യുക", കൂടാതെ പാരായണം ചെയ്യേണ്ട രീതിയെക്കുറിച്ച് ഒരു സ്വപ്നത്തിലൂടെ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഹേമദ് നാല്പത്തിഒന്നാമത്തെ അധ്യായത്തിൽ വിവരിക്കുന്നു.

123. ഭക്തനായ ദതേ[1] ത്രിപുണ്റം വരയ്ക്കുന്നത്, ദേഹത്യാഗത്തെക്കുറിച്ചുള്ള സായിയുടെ മുമ്പേയുള്ള മുന്നറിയിപ്പ്; രാമചന്ദ്രയുടെയും (പാട്ടീൽ) താത്ത്യയുടെയും (പാട്ടീൽ കോത്ത്യേ) മരണം ഒഴിവാക്കുന്നത്; ഒപ്പം

124. സായി സദ്ഗുരുവിന്റെ ദേഹത്യാഗത്തെക്കുറിച്ചുള്ള കഥ, അത് ശ്രോതാക്കളിൽ അഗാധമായ ദുഃഖം സൃഷ്ടിക്കുകയും, ഹേമദിനെ അസ്വസ്ഥനാക്കുകയും ചെയ്യുന്നു – ഇവയാണ് ദിവ്യ അധ്യായമായ നാല്പത്തിരണ്ടിലുള്ളത്.

125. ബാബയുടെ ദേഹത്യാഗത്തെക്കുറിച്ചുള്ള കഥ – മുൻപറഞ്ഞ അധ്യായത്തിൽ അപൂർണ്ണമായിരുന്നത് ഹേമദ്പാന്ത് നാല്പത്തിമൂന്ന്, നാല്പത്തിനാല് എന്നീ അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു.

126. ഒരിക്കൽ കാക്കാസാഹേബ് ദീക്ഷിത്, കാക്കാ (മഹാജനി), മാധവ് എന്നിവരോടൊപ്പം ഏകനാഥ ഭാഗവതം വായിക്കവേ ചില സംശയങ്ങളുണ്ടായി;

127. മാധവറാവു സംശയത്തിന് വിശദീകരണം നൽകിയെങ്കിലും ദീക്ഷിതിന് അത് ബോധ്യമായില്ല, അഥവാ തൃപ്തനായില്ല. ആനന്ദ്റാവുപഖാഡെ സ്വപ്നദർശനം വിവരിക്കുകയും, സംശയങ്ങളെ ഇല്ലാതാക്കുകയും ചെയ്തു;

128. പഴന്തുണികളിൽ കെട്ടിത്തൂക്കിയിരിക്കുന്ന പലകയിൽ കിടന്നുറങ്ങാൻ മാലസപതിക്ക് കഴിയാത്തതിനെക്കുറിച്ചുള്ള ഒരു വിശദീകരണം ബാബ നൽകുന്നു. ഈ കഥകളെല്ലാം സമർത്ഥമായി നാല്പത്തിഅഞ്ചാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

129. ബാബയുടെ കൃത്യങ്ങൾ അദ്ഭുതാവഹമാണ്! അദ്ദേഹം ഒരു സ്ഥലത്ത് സ്ഥിരമായി വസിച്ചെങ്കിലും എല്ലായിടത്തും സഞ്ചരിച്ചിരുന്നു, അദ്ദേഹത്തിന്റെ ആശ്ചര്യകരമായ പ്രത്യക്ഷപ്പെടൽ ജനങ്ങളെ കാണിച്ചിരുന്നു. കാശി, ഗയ എന്നിവിടങ്ങളിലേയ്ക്കുള്ള അദ്ദേഹത്തിന്റെ യാത്ര അസാധാരണമാണ്.

130. ദിവ്യന്മാർക്കിടയിലെ രത്നം, ശാമയോട് ചന്ദോർക്കറുടെ മകന്റെ വിവാഹച്ചടങ്ങുകളിൽ പങ്കെടുക്കാൻ പോകാൻ നിർദ്ദേശിച്ചു, ശാമ, ബാബയെ ഒരു ചിത്രത്തിന്റെ രൂപത്തിൽ ഗയയിൽ ദർശിച്ചു.

131. രണ്ട് ആടുകളുടെ പൂർവ്വകഥ സായി, ത്രിനേത്രൻ, സ്വയം വിവരിക്കുന്നു - വശ്യവും മധുരവും ദിവ്യവും ഗഹനവുമാണ് നാൽപത്തിആറിലെ കഥാവിവരണം.

132. അതേപോലെ ഒരു പാമ്പിന്റെയും തവളയുടെയും, അഥവാ അത്യാഗ്രഹിയായ ഒരു പണം കടം കൊടുപ്പുകാരന്റെയും, കടം വാങ്ങിയവന്റെയും കഥയും അവരുടെ പൂർവ്വജന്മങ്ങളും യഥാർത്ഥത്തിൽ ബ്രഹ്മാവിഷ്ണുശങ്കരസ്വരൂപമായ സായി പറയുന്നു.

133. ശത്രുത, കൊല, കടം എന്നിവ തിരികെ വീട്ടേണ്ടിയിരിക്കുന്നു. അതിന് പുനർജന്മമുണ്ടാകും - ഇതാണ് നാല്പത്തിഏഴാം അധ്യായത്തിലെ ഹൃദയസ്പർശിയായ ഒരു വിവരണത്തിലൂടെ ബാബ ചൂണ്ടിക്കാട്ടുന്നത്.

134. ശിവാഡെ എന്ന ഒരു ദൃഢഭക്തനും, വക്കീൽപരീക്ഷ അയാൾ അഭിമുഖീകരിക്കുന്ന രീതിയും, അവിശ്വാസിയായ സപട്നേകറും, അയാൾക്ക് അനുഗ്രഹം ലഭിക്കുന്നതും നാല്പത്തിഎട്ടാം അധ്യായത്തിൽ.

135. ബോംബെ നിവാസിയായ ഹരി കനോബ, സോമദേവ സ്വാമി - അയാൾ കുടിലമനസ്കനായിരുന്നു, ഇവർ ഹൃദയത്തിൽ അഹംഭാവവുമായി, ദിവ്യനെ പരീക്ഷിക്കാനായി ഷിർദിയിലെത്തുന്നു.

136. ദർശനം നടത്തിയയുടനെ അവരുടെ ഉദ്ദേശ്യങ്ങളെന്താണെന്ന് വെളിപ്പെടുത്തപ്പെടുകയും ഇരുവരും ലജ്ജിതരാകുകയും ചെയ്തു. അവർ സായിപാദങ്ങളിലേയ്ക്ക് ആകൃഷ്ടരാകുകയും അവരുടെ അനേകം ജന്മങ്ങളിലെ പാപങ്ങൾ ഇല്ലാതാകുകയും ചെയ്തു.

137. ബാബയുടെ സമീപത്തിരിക്കവേ, മനോഹരിയായ ഒരു സ്ത്രീയെ കണ്ടപ്പോൾ ചന്ദോർക്കറുടെ മനസ്സ് അസ്വസ്ഥമാകുകയും അയാളിൽ വികാരങ്ങളുണരുകയും ചെയ്തു. ഈ കഥകൾ നാല്പത്തിഒമ്പതാം അധ്യായത്തിലുണ്ട്.

138. രഘുനാഥിന്റെ മകൻ (ഗോവിന്ദ്റാവു ദാബോൽക്കർ) “തദ്വിദ്ധി പ്രണിപാതേന” എന്ന ശ്ലോകത്തിന്റെ വിശദമായ അർത്ഥം, സഹായകവും ന്യായീകരണത്തിന് ഉതകുന്നതുമായ വാദമുഖങ്ങളോടെ അമ്പതാമത്തെ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

139. ദീക്ഷിത് ഹരിസീതാറാം, ഭക്ത ബലറാം ധുരന്ധർ, നാൻഡെഡിലെ ഒരു വക്കീലായിരുന്ന പുണ്ഡലികറാവു എന്നിവർ ആദ്യമായി ഷിർദിയിലെത്തിയത് എങ്ങനെയെന്ന്.

140. ഓരോരുത്തരുടെയും കഥകൾ ആശ്ചര്യകരമാണ്! ഇതുകേട്ട് ശ്രോതാക്കൾ അദ്ഭുതപ്പെടുകയും അവരിൽ ഭക്തിഭാവങ്ങൾ ഉണർത്തപ്പെടുകയും ചെയ്യുന്നു. ഇവയെല്ലാം അമ്പത്തിഒന്നാമത്തെ അധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

141. ഗ്രന്ഥത്തിന്റെ പുനരവലോകനം നടത്തിയ ശേഷം ഹേമദ് ഒരു വരം ആവശ്യപ്പെടുന്നു. അതായത് ദുഷ്ടചിന്താഗതിക്കാരുടെ കുടിലത നശിപ്പിക്കപ്പെടണമെന്നും ധാർമ്മികർ സംരക്ഷിക്കപ്പെടണമെന്നും.

142. സദ്ഗുരുവിന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കുകയും അദ്ദേഹത്തിന് തന്റെ ശിരസ്സും തൂലികയും അർപ്പിച്ചുകൊണ്ട് ഗ്രന്ഥത്തെ പൂർണ്ണമാക്കുകയും, അപ്രകാരം തന്റെ ഉദ്ദേശ്യം സഫലമാക്കുകയും ചെയ്തു, അമ്പത്തിരണ്ടാമത്തെ അധ്യായം.

143. ഇത്തരത്തിലാണ് ശ്രീസായിസച്ചരിതത്തിന്റെ തുടർച്ചയായുള്ള അധ്യായങ്ങൾ ഗോവിന്ദറാവു പൂർത്തിയാക്കിയത്. ഞാൻ അദ്ദേഹത്തിന്റെയും ഈ പ്രപഞ്ചത്തിന്റെ മാതാവായ ഗുരുവിന്റെയും പാദങ്ങളിൽ വണങ്ങുന്നു.

144. ഓരോ അധ്യായത്തിന്റെ ചുരുക്കം നൽകുന്നതിനെയാണ് 'അവതരണിക' എന്ന് പറയപ്പെടുന്നത്. മുക്തി ആഗ്രഹിക്കുന്നവർക്കുള്ള ശരിയായ അഥവാ ധാർമ്മികമായ പാതയാണ് അത്.

145. മനോഹരമായ ഒരു മേലങ്കിയുടെയോ അല്ലെങ്കിൽ ഒരു വസ്ത്രത്തിന്റെയോ കീറിപ്പറിഞ്ഞ അരിക് പോലെ അത് നിന്ദാപൂർവ്വം അവഗണിക്കപ്പെട്ടേക്കാം. പക്ഷേ ഈ വിനീതൻ, ബുദ്ധിമാന്മാരായ ശ്രോതാക്കളോട്, അത് ഒരു തവണ ശ്രവിക്കാൻ പ്രാർത്ഥിക്കുന്നു.

146. തുടുത്ത്, ആകർഷണീയനായ ഒരു കുഞ്ഞിന്റെ നെറ്റിത്തടത്തിൽ, കരിങ്കണ്ണ് ഒഴിവാക്കാൻ വേണ്ടി കറുത്ത ഒരു തിലകം ചാർത്തുന്നതുപോലെ, ബാൽ (ദിയോ), അവതരണികയുടെ രൂപത്തിലുള്ള കറുത്ത അടയാളം ഈ വസ്ത്രത്തിൽ പുരട്ടിയിരിക്കുന്നു.

147. ഈ മനോഹരമായ ഗ്രന്ഥം രുചികരമായ ഒരു സദ്യ പോലെയാണ്, അധ്യായങ്ങൾ വിവിധ വിഭവങ്ങളാണ്. അത്തരത്തിലുള്ള ഒരു സദ്യ മതിയാവോളം കഴിച്ചാൽ ദഹനത്തിന് വേണ്ടി മോര് ആവശ്യമാണ്. ആ ഉദ്ദേശ്യത്തിനാണ് ഈ അവതരണിക രചിക്കപ്പെട്ടിട്ടുള്ളത്.

148. ഈ ഗ്രന്ഥം സദാ ഫലപ്രദവും, കാമധേനുവുമാണ്, ഓരോ അധ്യായവും ശുദ്ധവും ദിവ്യവുമാണ്. കരിങ്കണ്ണ് അഥവാ ദൃഷ്ടിദോഷം അകറ്റുന്നതിനായി കണ്ഠത്തിൽ, ചാർത്തിയിരിക്കുന്ന കറുത്ത മാല പോലെയാണ് ഈ 'അവതരണിക'

149. അത് അങ്ങനെയാകട്ടെ. അധ്യായങ്ങൾ സമാഹരിക്കുന്നതിൽ പാന്ത്ഹേമദ് ഉപയോഗിച്ചിരുന്ന രീതിയെന്താണെന്ന് എന്റെ കഴിവിന് അനുസരിച്ച് ഞാൻ വിശദമാക്കുന്നതാണ്. ശ്രോതാക്കൾ അത് ആദരവോടെ ശ്രവിക്കുക.

150. ആരംഭത്തിൽ സദ്ഗുരുവിന്റെ സ്തുതിയുണ്ട്. പിന്നീട് വേദാന്തവിവരണം,

സായിയെ ബ്രഹ്മസ്വരൂപനായി വർണ്ണനം, അതിനെത്തുടർന്ന് അനുഭവങ്ങളുടെ വിവരണം.

151. ആരംഭത്തിൽ തന്നെ, ഹേമദിന് ശാസ്ത്രങ്ങളിലും സാഹിത്യത്തിലും അറിവുണ്ടായിരുന്നു എന്ന് അറിയുക; സദ്ഗുരു സായിയോട് പ്രാർത്ഥന നടത്തിയതിലൂടെ, ഒറ്റദിവസം കൊണ്ട് അയാൾ ഒരു വിദ്വാൻ ആയി മാറി, അതിനാൽ ഈ ഗ്രന്ഥം ഒരു രുചികരമായ സദ്യ പോലെ തയ്യാറാക്കാൻ അയാൾക്ക് കഴിഞ്ഞു.

152. അതിന്റെ മാധുര്യവും നന്മയും അനുഭവിക്കുന്നവർക്ക് ജനനമരണവൃത്തം അവസാനിച്ചതായി ഗ്രഹിക്കാൻ കഴിയും; മുക്തി എന്ന സമ്പത്ത് തീർച്ചയായും നേടും.

153. ഹേമദിന്റെ ഒഴുക്കുള്ള ഭാഷയും സായിയുടെ ദൈവികാജ്ഞയും ചേരുമ്പോൾ ഈ ഗ്രന്ഥത്തിനുള്ള മഹത്വം, എങ്ങനെയാണ് വിവരിക്കുക. തീർച്ചയായും അത് ക്ഷീരവും കരിമ്പിൻസത്തും ചേർന്ന മിശ്രിതം തന്നെയാണ്.

154. അനേകം ഗ്രന്ഥകർത്താക്കളുണ്ടാകും, പക്ഷേ അവർക്കൊന്നും ദൈവികഹിതപരമായ ഭാഷ വശമുണ്ടാകില്ല, അതിന് ഒരു യഥാർത്ഥസദ്ഗുരു വേണ്ടിയിരിക്കുന്നു. അദ്ദേഹം പ്രപഞ്ചത്തിന് ആധാരമാണ്, രമാകാന്തനാണ്.

155. ശാസ്ത്രങ്ങളിൽ അധ്യയനം നടത്തിയാലും ഗുരുവിന്റെ അനുഗ്രഹമില്ലാതെ ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം രചിക്കാൻ കഴിയില്ല. ഇത് തികച്ചും സത്യമാണ്.

156. ആർക്കാണ് ശ്രീസായിസച്ചരിതം വർണ്ണിക്കാൻ കഴിയുക! ആ ഗ്രന്ഥം താരതമ്യപ്പെടുത്താൻ കഴിയാത്തത്ര മൂല്യമാർന്നതാണ്! അതിന് ഹേമദ്പാന്തിനെപ്പോലുള്ള ഒരു ഗ്രന്ഥകർത്താവിനെ കണ്ടെത്തി. മുക്തി കാംക്ഷിക്കുന്ന ആത്മീയാന്വേഷികളുടെ മഹാഭാഗ്യമാണിത്.

157. ഈ ഗ്രന്ഥം ഭൂമിയിൽ ഉണ്ടായിരിക്കുന്നിടത്തോളം കാലം, അതിന്റെ യശസ്സ് ജനങ്ങൾക്കിടയിൽ പടർന്നിരിക്കും. ആത്മീയാന്വേഷികൾക്ക് സമയോചിതമായ സമ്പത്താണ് ഗോവിന്ദറാവു നൽകിയിരിക്കുന്നത്.

158. അതിവിശിഷ്ടമായ ഈ ഗ്രന്ഥം ഇരട്ടി അനുഗൃഹീതമാണ്. അത് സായിസദ്ഗുരുവിന്റെ കൃപയുടെ ഫലമാണ്. ആത്മീയസാധകർ അതിനെ ആദരിക്കുകയും, അവരുടെ ചിന്താദാരിദ്ര്യം അതിനാൽ ദൂരീകരിക്കപ്പെടുകയും ചെയ്യും.

159. അനേകം പൂർവ്വജന്മങ്ങളിൽ ചെയ്ത പുണ്യകർമ്മങ്ങളുടെ ഫലമായി, സായിക്ക് ഈ സേവനം ചെയ്യാനുള്ള അവസരം ഗോവിന്ദറാവുവിന് ലഭിച്ചു, അത് ഈ ഗ്രന്ഥത്തിന്റെ രചനയിലൂടെ ഫലപ്രാപ്തിയിലെത്തി.

160. ഹേമദ്പാന്ത് ഒരു ശ്രേഷ്ഠഭക്തനും കവിയുമായിരുന്നു, വേദാന്തത്തിൽ നിന്നും ജ്ഞാനം നേടാൻ തല്പരനുമായിരുന്നു. അയാൾ ദിനവും രാത്രിയും ഭക്തിയോടെ സായിപാദങ്ങളിൽ വർത്തിച്ചിരുന്നു.

161. വേദാന്തവിഷയം വളരെ ഗഹനമാണ്. വിരക്തി, ഭക്തി, ജ്ഞാനം, ഗുരുകൃപ എന്നിവ ഒരുമിച്ച് ചേരാതെ ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം രചിക്കുക എന്നത്

അസാധ്യമാണ്.

162. ഇവ അധ്യായങ്ങളല്ല, മറിച്ച് സ്വർണ്ണത്തിന്റെ കുഴികളാണ്, അവയിൽ അമൂല്യമായ കഥകളാകുന്ന രത്നങ്ങൾ പതിച്ചിട്ടുണ്ട്, അതിൽ നിന്നും ജ്ഞാനത്തിന്റെയും അർത്ഥത്തിന്റെയും രശ്മികൾ, ഗോവിന്ദറാവു വളരെ പരിശ്രമിച്ച് പിടിച്ചെടുത്തിരിക്കുന്നു.

163. ഗോവിന്ദ്, സ്നേഹമയനായ കുഞ്ഞ്, അയാളുടെ പരമാവധി കഴിവും ശുദ്ധമായ ഭക്തിയും ഉപയോഗിച്ച് കോർത്തെടുത്ത് ശ്രീസായിസദ്ഗുരുവിന്റെ കണ്ഠത്തിൽ ചാർത്തിയ സുഗന്ധപൂരിതമായ പുഷ്പഹാരമാണ് വിവിധ അധ്യായങ്ങൾ.

164. വിവിധ അധ്യായങ്ങൾ സ്വർണ്ണക്കുടങ്ങൾ പോലെയാണ്. അതിൽ രഘുനാഥിന്റെ പുത്രൻ, ആത്മീയ സാധകരുടെ അഹംഭാവം അകറ്റുന്നതിന് വേണ്ടി, ഗംഗാജലം പോലെ ശ്രീസായിസച്ചരിതം നിറച്ചിരിക്കുകയാണ്.

165. വിവിധ ഗ്രന്ഥങ്ങളുടെ യുദ്ധഭൂമിയായ വിതാനത്തിൽ രഘുനാഥന്റെ പുത്രൻ, അധ്യായങ്ങളാകുന്ന വിജയസ്തംഭങ്ങൾ നാട്ടിയിരിക്കുന്നു, ദുഷ്ടഭാവങ്ങളും കാപട്യവും അഹങ്കാരവും അടങ്ങുന്ന അസുരന്മാരെ, അയാളുടെ ധിഷണയാകുന്ന വാളിനാൽ ഉന്മൂലനം ചെയ്തതിനാൽ.

166. രത്നങ്ങൾ പതിപ്പിച്ചിട്ടുള്ള അഞ്ച് തിരികളിട്ട വിളക്കാണിത്, ദിവ്യന്മാർക്കിടയിലെ രാജന് ചുറ്റും ആരതി ഉഴിയുന്നതിന് വേണ്ടി. അധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന കഥകൾ, എണ്ണത്തിരികളാണ്, അതിലെ പ്രകാശം വിരക്തിയും ശാന്തിയും നൽകുന്നു.

167. ഈ ഗ്രന്ഥം ലോകത്തെ വശീകരിക്കുന്ന മായയാണ്. അതിലെ അധ്യായങ്ങൾ ആകാശത്തേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്ന കരങ്ങളാണ്. കഥകളുടെ അർത്ഥം ശരീരത്തെ അലങ്കരിക്കുന്ന കങ്കണങ്ങളാണ് (കൈകളിൽ ധരിക്കപ്പെട്ടിരിക്കുന്നു), കരങ്ങൾ ബ്രഹ്മസ്വരൂപനായ സായിയെ പുണരാൻ തയ്യാറായി നിൽക്കുന്നു.

168. സായിസച്ചരിതം ഗ്രന്ഥങ്ങൾക്കിടയിലെ സാർവ്വഭൗമനാണ്. അധ്യായങ്ങളാകട്ടെ, വിശ്വാസം, ജ്ഞാനം, വേദാന്തഭംഗി, അതിന്റെ അപരിമിതമായ മഹിമ എന്നിവ വാഴ്ത്തുന്ന കൗശലക്കാരായ സ്തുതിപാഠകരാണ്.

169. സായിസച്ചരിതം ആത്മീയതയുടെ വിപണനകേന്ദ്രമാണ്, ഓരോ അധ്യായവും ഓരോ കച്ചവടശാലകളാണ്. അനുഭവകഥകളാണ് ഇവിടെ ശേഖരിക്കപ്പെട്ടിരിക്കുന്ന വസ്തുക്കൾ, കവി ശ്രേഷ്ഠൻ അവയൊക്കെ വെടിപ്പോടെ അടുക്കിവച്ചിരിക്കുന്നു.

170. ഗംഗാജലം പോലെ ദുർഘടമാണ് ഈ ഗ്രന്ഥം. അധ്യായങ്ങൾ ശരിയായ അളവിലുള്ള ഒതുക്കമാർന്ന കടവുകളാണ്. കഥകളുടെ ഒഴുക്ക് അമൃത് പോലെ മധുരവും അപാരവുമാണ്, ഗുരുവിന്റെ കൃപയും അതിയായ മഹത്വവും കാരണം.

171. ഇത് വെറും ഒരു ഗ്രന്ഥമല്ല, പക്ഷേ കല്പവൃക്ഷമാണ്, ലൗകികജീവിതത്തിൽ

മുഴുകിയ ജനങ്ങൾ അതിനെ ഫലമില്ലാത്തതായി കാണുന്നു, പക്ഷേ മുക്തി കാംക്ഷിക്കുന്നവർക്ക് അത് മുക്തിയുടെ യഥാർത്ഥ അനുഭവം നൽകുന്നു.

172. ഇതിനെ മാത്രമേ ഒരു യഥാർത്ഥ അനുസ്മരണ കൃതിയായി കണക്കാക്കാൻ കഴിയൂ. അത് ലൗകിക ജീവിതത്തിന്റെ അന്ധകാരവും ക്ലേശങ്ങളും നശിപ്പിക്കുകയും അത്യാഗ്രഹത്തിന്റെയും മിഥ്യയുടെയും നരകത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. അത് തീർച്ചയായും ശാന്തിദായകമാണ്.

173. ഗ്രന്ഥകാരനായ ഗോവിന്ദറാവു, സായി സദ്ഗുരുവിന്റെ പാദങ്ങളിൽ ഒരു വണ്ട് ആയതിനാൽ പുതുതായുണ്ടാകുന്ന മധുരത്തേൻ എല്ലായ്പ്പോഴും നുകരാൻ കഴിയുന്നു.

174. അയാളുടെ കുടുംബപ്പേര് ദാബോൽക്കർ എന്നായിരുന്നു. അയാൾ ബ്രിട്ടീഷ് സർക്കാർ സേവകനായിരുന്നു. അയാൾ അറിവുള്ളവനും, വിനീതനും സദ്സ്വഭാവിയും, യോഗ്യനുമായിരുന്നു.

175. രുഖുമാബായി ആയിരുന്നു അയാളുടെ ഭാര്യ, അവൾ ധർമ്മിഷ്ഠയും, ഭക്തയും, സദ്ഗുണസമ്പന്നയും, ഭർത്തൃഭക്തിയുള്ളവളും, അനുസരണയുള്ളവളുമായിരുന്നു.

176. വെൻഗുർലയ്ക്ക് സമീപമുള്ള ദപോളിയായിരുന്നു കവിയുടെ യഥാർത്ഥ ജനനസ്ഥലം. പിന്നീട് പൂർവ്വികരുടെ സ്ഥലമായ കെൽവ ഗ്രാമത്തിലായി.

177. ശകവർഷം 1781 (1859 AD) മാർഗശീർഷ മാസത്തിലെ കൃഷ്ണപക്ഷത്തിൽ അഞ്ചാമത്തെ ദിവസം, രഘുനാഥന്റെ ഭാര്യ ലക്ഷ്മിക്ക് പുണ്യവാനായ ഗോവിന്ദ് ജനിച്ചു.

178. അയാൾ ഗൗഡസരസ്വതബ്രാഹ്മണ ജാതിയിൽ ഭരദ്വാജഗോത്രത്തിൽ പെട്ടവനായിരുന്നു. ശകവർഷം 1851–ൽ ആഷാഢമാസത്തിലെ കൃഷ്ണപക്ഷത്തിൽ ഒമ്പതാമത്തെ നാൾ, എഴുപതാം വയസ്സിൽ അയാൾ നിര്യാതനായി.

179. ശകവർഷം 1844 (1922 AD) ചൈത്രമാസത്തിൽ അയാൾ ഈ ഗ്രന്ഥരചന ആരംഭിക്കുകയും, ശകവർഷം 1851 (1929 AD) ൽ, ജ്യേഷ്ഠമാസത്തിൽ അമ്പത്തിരണ്ട് അധ്യായങ്ങൾ വരെ പൂർത്തിയാക്കുകയും ചെയ്തു.

180. ഗോവിന്ദറാവുവിന് ഒരേ ഒരു പുത്രനും, അഞ്ചു പുത്രിമാരും ഉണ്ടായിരുന്നു, അതിൽ നാല് പേർ വിവാഹിതരായിരുന്നു. പുത്രനും വിവാഹം കഴിക്കുകയും, വൈദ്യവൃത്തി പഠിക്കുയും ചെയ്തിരുന്നു; അവിവാഹിതയായ മകളും അതേപോലെയായിരുന്നു.

181. ഇപ്പോൾ ഞാൻ പാരായണവൃത്തി (ഗ്രന്ഥത്തിന്റെ) എങ്ങനെയാണെന്ന് സൂചിപ്പിക്കാം, ഒപ്പം ഏഴ് ദിവസങ്ങൾകൊണ്ട്, ഗുരുചരിത്രം തുടങ്ങിയ മറ്റ് ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, പാരായണം നടത്തുന്നതിനുള്ള എളുപ്പമാർഗ്ഗവും. ശ്രോതാക്കൾ ശ്രദ്ധ പുലർത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

182. ശുദ്ധമായ ഹൃദയത്തോടും ഭക്തിയോടും കൂടി പാരായണം തുടങ്ങി, അത് ഒന്നോ രണ്ടോ മൂന്നോ ദിവസങ്ങൾകൊണ്ട് പൂർത്തിയാക്കുക. സായിനാരായൺ സംതൃപ്തനാകും.

183. അല്ലെങ്കിൽ അത് ഒരാഴ്ച കൊണ്ട് എളുപ്പത്തിൽ പൂർത്തിയാക്കുക, അപ്പോൾ നിങ്ങൾക്ക് തുടർച്ചയായി അത്യധികമായ സൗഭാഗ്യം ലഭിക്കും. സായി ഹൃദയാഭിലാഷങ്ങൾ സഫലമാക്കിത്തരികയും, ലൗകിക ജീവിതത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കപ്പെടുകയും ചെയ്യും.

184. ഒരു വ്യാഴാഴ്ച പ്രഭാതത്തിൽ സ്നാനത്തിനുശേഷം പാരായണം ആരംഭിക്കുക. ആസനത്തിൽ (പ്രാർത്ഥനയ്ക്കുള്ള ഇരിപ്പിടം) ഇരുന്ന് പെട്ടെന്ന് നിങ്ങളുടെ പതിവ് ചര്യകൾ പൂർത്തിയാക്കുക.

185. വാഴയിലകൾ, കർദളി[2] എന്നിവ കൊണ്ട് മനോഹരമായ ഒരു വലിയ പന്തൽ ഒരുക്കുക, അതിനുമുകളിൽ മനോഹരമായ തുണികൾ വിരിച്ച്, നല്ല രീതിയിൽ അലങ്കരിക്കുക.

186. അതിനുള്ളിൽ ഉയർന്ന ഒരു തറ (ഗ്രന്ഥത്തിന് വേണ്ടി) ഉണ്ടാക്കി, അതിന്റെ നാല് വശവും വർണ്ണാഭമായ രംഗോലി[3] വരച്ച് അലങ്കരിക്കുക, അത് കണ്ണിന് സുഖകരമായിരിക്കണം.

187. സായി സദ്ഗുരുവിന്റെ ഒരു പ്രതിമയോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ മനോഹരമായ ഒരു ചിത്രമോ ശ്രദ്ധയോടെ ആ ഉയർന്ന തറയിൽ വയ്ക്കുക. സ്നേഹത്തോടെ അദ്ദേഹത്തെ വന്ദിക്കുക.

188. ഗ്രന്ഥം ഒരു സിൽക്ക് തുണിയിൽ പൊതിഞ്ഞ് സദ്ഗുരുവിന്റെ സമീപത്ത് വയ്ക്കുക. രണ്ടിനും പഞ്ചോപചാരപൂജകൾ[4] അർപ്പിച്ച ശേഷം പാരായണം ആരംഭിക്കുക.

189. എട്ട് ദിവസങ്ങൾ വ്രതനിഷ്ഠ[5] പാലിക്കുക. പഴങ്ങളും പാലും മാത്രമോ ഏതെങ്കിലും തരത്തിലുള്ള വറുത്ത ധാന്യമോ ഒരിക്കൽ മാത്രം കഴിക്കുക, അല്ലെങ്കിൽ ഒരു നേരത്തെ ഊണ് മാത്രം കഴിക്കുക.

190. കിഴക്കിന് അഭിമുഖമായി ഇരുന്ന്, ഹൃദയത്തിൽ സദ്ഗുരുവിന്റെ രൂപം പ്രതിഷ്ഠിച്ച്, സ്വസ്ഥമായ മനസ്സോടും, ആനന്ദത്തോടും കൂടി പാരായണം ചെയ്യുക.

191. ഏഴ് ദിവസങ്ങളിൽ ആദ്യദിവസം ആദ്യത്തെ എട്ട് അധ്യായങ്ങൾ, പിന്നീട് അടുത്ത എട്ട് രണ്ടാമത്തെ ദിവസം, അടുത്ത ഏഴ് അധ്യായങ്ങൾ മൂന്നാമത്തെ ദിവസം പാരായണം ചെയ്യുക. പിന്നീട് എട്ട്, ആറ്, എട്ട്, ഏഴ് അധ്യായങ്ങൾ എന്ന രീതിയിൽ തുടർന്നുള്ള നാല് ദിവസങ്ങളിൽ പാരായണം ചെയ്യുക; അവതരണിക മാത്രം എട്ടാമത്തെ ദിവസം വായിക്കുക.

192. എട്ടാമത്തെ ദിവസം, വ്രതനിഷ്ഠ അവസാനിക്കുകയും സായിനാരായണന് നൈവേദ്യം സമർപ്പിക്കുകയും ചെയ്തശേഷം, സുഹൃത്തുക്കൾ, ബന്ധുക്കൾ, ബ്രാഹ്മണർ എന്നിവർക്ക് ആഹാരവും മധുരപലഹാരങ്ങളും, ഒരുവന്റെ കഴിവിന് അനുസരിച്ച് അവർക്ക് ദക്ഷിണയും നൽകുക.

193. വൈദിക ബ്രാഹ്മണരെ ക്ഷണിച്ച് രാത്രിയിൽ വേദജപം നടത്തുക, അവർക്ക് മധുരം ചേർത്ത പാൽ നൽകുക, അവരുടെ ശരീരത്തിനും മനസ്സിനും പൂർണ്ണ തൃപ്തി വരുത്തിയശേഷം അവർക്ക് ആദരപൂർവ്വമായ വിടവാങ്ങൽ നൽകു

ക.

194. ഒടുവിലായി സദ്ഗുരുവിന്റെ പാദങ്ങളിൽ വന്ദനങ്ങളർപ്പിച്ച ശേഷം അദ്ദേഹത്തിന് ഉചിതമായ ദക്ഷിണ നൽകുകയും അത് ക്ഷേത്ര ഖജനാവിലേയ്ക്ക് (ഷിർദി സംസ്ഥാനം), സംസ്ഥാനത്തിന്റെ മുതൽ വർദ്ധിപ്പിക്കാനായി അയയ്ക്കുകയും വേണം.

195. അതിലൂടെ സായിഭഗവാൻ സംതൃപ്തനാകുകയും, ഭക്തനെ അനുഗ്രഹിക്കുകയും ചെയ്യും. സർപ്പരൂപത്തിലുള്ള ലൗകികജീവിതം നശിപ്പിക്കപ്പെടുകയും മുക്തിയുടെ നിധി അവന് ലഭിക്കുകയും ചെയ്യും.

196. ശ്രോതാക്കളേ, നിങ്ങൾക്ക് ദിവ്യന്റെ സാമീപ്യം ലഭിക്കട്ടെ. അവതരണിക നിങ്ങൾ മറന്നേക്കാം. പക്ഷേ, ഗ്രന്ഥത്തിന്റെ അർത്ഥത്തിലേയ്ക്ക് ശ്രദ്ധ ചെലുത്തുക. ഇതാണ് നിങ്ങളുടെ പാദങ്ങളിൽ, ഈ വിനീതന്റെ പ്രാർത്ഥന.

197. ശ്രേഷ്ഠ ശ്രോതാക്കളേ, ഈ വിനീതനോട് ലോകാന്ത്യം വരെയും ദയയുള്ളവരായിരിക്കുക. ഞാൻ എന്റെ ശിരസ്സ് നിങ്ങളുടെ പാദങ്ങളിൽ വയ്ക്കുന്നു. ബാബയുടെ ബാൽ ഇത്തരത്തിൽ നിങ്ങളോട് പ്രാർത്ഥിക്കുന്നു.

198. എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് എന്നിൽ ആരോപിക്കുക. ശ്രോതാക്കളേ, നിങ്ങൾ സാരാംശം ഗ്രഹിക്കുകയും മനസ്സ് ഉജ്ജ്വലമാകുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെയ്യുക.

199. വന്ദനം സായി, ശിവപുത്ര (ഗണേശൻ); വന്ദനം സായി, പത്മനിവാസാ (ബ്രഹ്മദേവൻ); വന്ദനം സായി, മധു എന്ന അസുരന്റെ അന്തകാ (വിഷ്ണു); വന്ദനം സായി, പഞ്ചമുഖദേവാ (ശിവൻ).

200. വന്ദനം സായി, അത്രിസുതാ (ദത്ത); വന്ദനം സായി, പക എന്ന അസുരന്റെ അന്തകാ (ഇന്ദ്രൻ); വന്ദനം സായി, രാത്രിയുടെ ഇഷ്ടദേവാ (ചന്ദ്രൻ); വന്ദനം സായി; അഗ്നിദേവാ.

201. വന്ദനം സായി, രുക്മിണി നാഥാ; വന്ദനം സായി, മനസ്സിന്റെ സൂര്യൻ; വന്ദനം സായി, ജ്ഞാനസാഗരം; വന്ദനം സായി, ധ്യാനേശ്വരാ.

202. അവതരണിക വാക്കുകൾ കൊണ്ടുള്ള പുഷ്പാഞ്ജലിയാണ് (പൂക്കളുടെ അർപ്പണം). അതേപോലെയാണ്, ഗുരുവിന്റെ പാദങ്ങളിൽ സമർപ്പിക്കാനായി ഞാൻ പ്രാർത്ഥിച്ച വന്ദനങ്ങളിലെ ശ്രേഷ്ഠനാമങ്ങളും. സായിമാതാവ് സംതൃപ്തയാകട്ടെ.

ദിവ്യപ്രചോദനത്താൽ, ബാബയുടെ സേവകൻ ബാൽ രചിച്ച 'അവതരണിക' (സംക്ഷിപ്തം), ശ്രീ സായി സമർത്ഥ സച്ചരിതത്തിലെ അമ്പത്തിമൂന്നാം അധ്യായം ഇവിടെ സമാപിക്കുന്നു.

ഇത് ശ്രീസദ്ഗുരു സായിനാഥന് സമർപ്പിക്കുന്നു.

മംഗളം ഭവിക്കട്ടെ!

**കുറിപ്പുകൾ**

1. ഈ കഥ, ഡോ. പണ്ഡിറ്റിന്റെ പരാമർശമായി അധ്യായം 11-ൽ പറഞ്ഞിട്ടുണ്ട്, അതിനാൽ സച്ചരിതത്തിലെ 42-ാം അധ്യായത്തിൽ അച്ചടിച്ചിട്ടില്ല.

2. വാഴ പോലുള്ള, പൂക്കളുള്ള ചെടി.
3. നിറമുള്ള ചാക്ക് പൊടി കൊണ്ട് നിലത്ത് വരയ്ക്കുന്ന രൂപരേഖകൾ.
4. ചന്ദനം, പൂക്കൾ, സാമ്പ്രാണിത്തിരി, ദീപം, നൈവേദ്യം.
5. സ്നാനം, ശുദ്ധവസ്ത്രം ധരിക്കുക, ഉപവാസം, സദാചാരവും ആത്മശുദ്ധിയും പാലിക്കുക, ബ്രഹ്മചര്യം, നിലത്ത് ഉറങ്ങുക.

## സായിബാബയുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ കാലക്രമമനുസരിച്ചുള്ള പട്ടിക

### മൂലരേഖയുടെ കർത്താവ്
### പരേതനായ ലെഫ്. എം.ബി. നിംബാൽക്കർ (റിട്ട.)

| വർഷം | സംഭവം | പ്രസ്താവം |
|---|---|---|
| 1838 | ശ്രീസായിബാബയുടെ ജനനത്തിന്റെ ഏകദേശ വർഷം | സച്ചരിതം അധ്യായം 10, ഒവി 43 |
| 1842–1854 (ഏകദേശം) | ശ്രീ സായിബാബ 12 വർഷക്കാലം തന്റെ ഗുരുവിന്റെയൊപ്പം താമസിച്ചു. അത് ഒരു സൂഫിദിവ്യനോ വെങ്കുശയോ (ഗോപാൽറാവുദേശ്മുഖ്) ആകാം. ചിലർ പറയുന്നു, ഷിർദിയിലെ ഒരു വേപ്പ് മരത്തിന് ചുവട്ടിലുള്ള ഭൂഗർഭ അറയിൽ ബാബ 12 വർഷം താമസിച്ചു എന്ന്. | സച്ചരിതം അധ്യായം 4 ഒവി. 129, ദാസ്ഗനുവിന്റെ ഭക്തലീലാമൃതം അധ്യായം 26. |
| 1846 | 10 –11 വയസ്സ് പ്രായത്തിൽ ദേവിദാസ് ഷിർദിയിലെത്തുന്നു. | സച്ചരിതം അധ്യായം 5, ഒവി 147 |
| 1854 | ശ്രീ സായിബാബ 16-ാമത്തെ വയസ്സിൽ ഷിർദിയിലെ ഒരു വേപ്പുമരച്ചുവട്ടിൽ കാണപ്പെട്ടു. | സച്ചരിതം അധ്യായം 5, ഒവി 147 |
| 1854–1857 | വേപ്പുമരച്ചുവട്ടിന് സമീപമുള്ള ഒരു കിണറിൽ നിന്ന് ബാബ വെള്ളം കോരി, ഒരു പൂന്തോട്ടം നിർമ്മിച്ചു. ബാബയുടെ സാന്നിദ്ധ്യത്താൽ ഷിർദി അനുഗൃഹീതമായെന്ന് ഗംഗാഗീർ ദിവ്യൻ പറഞ്ഞു. | സച്ചരിതം അധ്യായം 5, ഒവി 51. |
| 1857 | ശ്രീസായിബാബ ഷിർദിയിൽ നിന്ന് അപ്രത്യക്ഷനാകുന്നു | സച്ചരിതം അധ്യായം 5, ഒവി 3 |
| 1858 | ശ്രീസായിബാബ ചാന്ദ്ഭായി പട്ടീലിന്റെ അനന്തരവന്റെ വിവാഹഘോഷയാത്രയോടൊപ്പം ഷിർദിയിൽ വീണ്ടുമെത്തുന്നു. | സച്ചരിതം അധ്യായം 5, ഒവി 23 |
| 1878 | അക്കൽകോട്ട് മഹാരാജിന്റെ സമാധി | ശ്രീ ഗുരു ലീലാമൃതം |
| 1885 | ആനന്ദനാഥ് ദിവ്യൻ യോളയിൽ നിന്ന് ഷിർദി സന്ദർശിച്ചു. അദ്ദേഹം ബാബയെ ഒരു രത്നമെന്ന് സംബോധന ചെയ്തു. | സച്ചരിതം അധ്യായം 5, ഒവി 42 |

| | | |
|---|---|---|
| 1886 | ശ്രീസായിബാബ മൂന്നുദിവസങ്ങൾ സമാധി അവസ്ഥയിൽ കഴിഞ്ഞു. | സച്ചരിതം അധ്യായം 44, ഒവി 64 |
| 1889 | അബ്ദുള്ള നാൻഡെഡിൽ നിന്ന് ബാബയുടെ സമീപമെത്തി | ഭക്തരുടെ അനുഭവങ്ങൾ |
| 1892 (ഏകദേശം) | നാനാസാഹേബ് ചന്ദോർക്കർ ആദ്യമായി ഷിർദിയിൽ എത്തി | ചന്ദോർക്കറുടെ ജീവചരിത്രം -ഡിയോ |
| 1894 (ഏകദേശം) | ദാസ്ഗനു മഹാരാജ് ചന്ദോർക്കറോടൊപ്പം ആദ്യമായി ഷിർദിയിലെത്തി | ദാസ്ഗനു ദിവ്യൻ - എ. ഡി. അത്‌വാലേ |
| 1896 | ഗോപാൽഗുണ്ട് (കോപർഗാവൺ സർക്കിൾ ഇൻസ്പെക്ടർ) ഷിർദിയിൽ ഉറൂസ് ആരംഭിച്ചു | സച്ചരിതം അധ്യായം 6, ഒവി 47 |
| 1897 | ബാബയുടെ അനുഗ്രഹത്താൽ ദാമു അന്നയ്ക്ക് നാനാസാഹേബ് രാസ്നേ പിറന്നു | സച്ചരിതം അധ്യായം 25, ഒവി 102 |
| 1898 | മസ്ജിദിന്റെ മച്ചിൽ പഴകിയ തുണികൾ കൊണ്ട് കെട്ടിത്തൂക്കിയ ഒരു പലകയിൽ ബാബ ഉറങ്ങി | സച്ചരിതം അധ്യായം 10, ഒവി 15–17 |
| 1898 | താത്ത്യപാട്ടീൽ മസ്ജിദിൽ ബാബയുടെ ഒപ്പം ഉറങ്ങാൻ തുടങ്ങി | സച്ചരിതം അധ്യായം 8, ഒവി 122 |
| 1899/1900 | നാനായുടെ ഭാര്യാസഹോദരൻ ബിനിവാലേ ബാബയുടെ ദർശനത്തിനെത്തി- ഗോദാവരി നദീതീരത്തുള്ള ദത്താ ക്ഷേത്രത്തിൽ ദർശനം നടത്താതെ. | സച്ചരിതം അധ്യായം 38, ഒവി 146 |
| 1900 | ചന്ദോർക്കറുടെ മകൻ ബാപു നിഷ്കളങ്കമായി ബാബയുടെ നെറ്റിയിൽ ചന്ദനം പൂശി. അന്ന് മുതൽ മറ്റ് ഭക്തന്മാർക്കും അത് ചെയ്യാനുള്ള ധൈര്യമുണ്ടായി | ‘ഭക്തരുടെ അനുഭവങ്ങൾ’ |
| 1900 | ഗയയിൽ നിന്നെത്തിയ ഒരു വ്യക്തിക്ക്, ശാമ, ബാബയുടെ അനുവാദത്തോടെ ബാബയുടെ ഒരു ചിത്രം നൽകി | സച്ചരിതം അധ്യായം 46, ഒവി 80–82 |
| 1900–1902 (ഏകദേശം) | ബാബ ഒരു പണ്ഡിതനെപ്പോലെ ചന്ദോർക്കർക്ക് ഗീതയുടെ വിശദീകരണം നൽകി | സച്ചരിതം അധ്യായം 39, 50 |

| | | |
|---|---|---|
| 1903 | ദാസ്ഗനു സർക്കാർ ഉദ്യോഗം ഉപേക്ഷിച്ച് നാൻഡെഡിൽ കീർത്തനങ്ങൾ ആരംഭിച്ചു | ഭക്തരുടെ അനുഭവങ്ങൾ |
| 1903 | ദാസ്ഗനുവിന്റെ സന്ത്കഥാമൃതം പ്രസിദ്ധീകൃതമായി | ഭക്തരുടെ അനുഭവങ്ങൾ |
| 1904 | റാവു ബഹാദൂർ എച്ച്.വി. സാഥേ 49-ാമത്തെ വയസ്സിൽ ഷിർദിയിലെത്തി | ഭക്തരുടെ അനുഭവങ്ങൾ |
| 1904/1905 | ചന്ദോർക്കറുടെ മകൾ മീനാതായി പ്രസവത്തിനിടയിൽ ക്ലേശം അനുഭവിച്ചു. ബാബ ബാപുഗിർ ഗോസാവിയുടെ കൈവശം ഷിർദിയിൽ നിന്നും ഉധിയും ആരതിയും കൊടുത്തുവിട്ടു | സച്ചരിതം അധ്യായം 33 |
| 1906 | ദാസ്ഗനുവിന്റെ ഭക്തലീലാമൃതം പ്രസിദ്ധീകരിക്കപ്പെട്ടു | ഭക്തരുടെ അനുഭവങ്ങൾ |
| 1906 | ചന്ദോർക്കർ പന്ധർപൂരിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു; ബാബയുടെ ഭജനയുടെ ലീല | സച്ചരിതം അധ്യായം 7, ഒവി 111 – 120 |
| 1907 | രാധാകൃഷ്ണബായി അഥവാ സുന്ദർബായി ക്ഷീരസാഗർ എന്ന വിധവ പന്ധർപൂരിൽ നിന്നും 25 വയസ്സ് പ്രായമുള്ളപ്പോൾ ഷിർദിയിലെത്തി. | സായി സരോവർ – ഭാഗം 2 |
| 1908 | റാവു ബഹാദുർ സാഥേ ഷിർദിയിൽ വാഡ നിർമ്മിച്ചു | ഭക്തരുടെ അനുഭവങ്ങൾ & പ്രധാൻ |
| 1908 | ചൈത്രമാസത്തിലെ ശുക്ലപക്ഷത്തിൽ കാശിറാം ഷിംപി മരണമടഞ്ഞു | സച്ചരിതത്തിലെ മുഖവുര |
| 1908 | നാൻഡെഡിലെ പുണ്ഡലികറാവു, രാജമുണ്ഡ്റിയിൽ ഗോദാവരി തീരത്ത് വാസുദേവാനന്ദസരസ്വതിയെ ദർശിക്കുകയും, അദ്ദേഹം ബാബയ്ക്ക് നൽകാനായി ഒരു നാളികേരം അയാൾക്ക് നൽകുകയും ചെയ്തു. | സച്ചരിതം അധ്യായം 51, ഒവി 125, 132 |
| 1908 | പന്ധർപൂരിലെ ഉപന്യായാധിപൻ താത്ത്യാസാഹേബ് നൂൽക്കാർ ആദ്യമായി ഷിർദിയിലെത്തി | സായിലീല. മെയ് – ജൂൺ 91 |

| | | |
|---|---|---|
| 1908 | താത്ത്യസാഹേബ് നൂൽക്കാർ, മാധവ റാവു, മറ്റ് ഭക്തന്മാർ തുടങ്ങിയവർ ബാബയുടെ പ്രചോദനത്താൽ ആദ്യ മായി ഷിർദിയിൽ ഗുരുപൂർണ്ണിമ ആച രിച്ചു | 'ഷിലാദി' ഡോ. ഗവാൻകാർ & ഭക്ത രുടെ അനുഭവങ്ങൾ |
| 2 നവംബർ 1909 | ഹരിസീതാറാം ദീക്ഷിത് ആദ്യമായി ഷിർദിയിലെത്തി | സച്ചരിതം അധ്യായം 4. ഒവി 157 |
| 10 ഡിസംബർ 1909 | ബാബ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ചാവടിയിൽ ഉറങ്ങാൻ തുടങ്ങി. അവിടെ രാത്രി ആരതിയും പ്രഭാത ആരതിയും ആരംഭിച്ചു | സച്ചരിതം അധ്യായം 37. ഒവി 118 |
| 25 ഡിസംബർ 1909 | ഒരു ഡോക്ടർക്ക് ബാബ ശ്രീരാമനായി ദർശനം നൽകി | സച്ചരിതം അധ്യായം 12. ഒവി 151 |
| 1909 | ബാപു സാഹേബ് ജോഗ് (സഖാറാം ഹരി ജോഗ്) സർക്കാർ ഉദ്യോഗത്തിൽ നിന്ന് വിരമിച്ചശേഷം ഭാര്യയോടൊപ്പം ഷിർദിയിൽ സ്ഥിരവാസമായി. | ഗുണാജിയുടെ സച്ച രിതം അധ്യായം 44 |
| 1909 | നാരായൺഗാവണിലെ ഭീമാജി പട്ടീൽ ക്ഷയരോഗശമനത്തിനായി ഷിർദി യിലെത്തി. | സച്ചരിതം അധ്യായം 13, ഒവി. 34 |
| 1909 | ബാലാസാഹേബിന്റെ ആദ്യസന്ദർശന ത്തിൽ തന്നെ ബാബ അയാൾക്ക് ഓറഞ്ച് വസ്ത്രങ്ങൾ നൽകി. അതി ലൂടെ അയാൾക്ക് ലൗകിക ജീവിത ത്തോട് വിരക്തിയുണ്ടായി | സച്ചരിതം അധ്യായം 33, ഒവി 147 |
| 1910 | ഈ വർഷം വരെ ബാബ പലപ്പോഴും അദ്ദേഹത്തിന്റെ പാചകപ്പാത്രങ്ങളിൽ ആഹാരം തയ്യാറാക്കിയിരുന്നു. അതി നുശേഷം ഭക്തർ ധാരാളം നൈവേദ്യ ങ്ങൾ കൊണ്ടുവരികയും ബാബയ്ക്ക് പാചകം ചെയ്യേണ്ട ആവശ്യം ഇല്ലാതാ കുകയും ചെയ്തു | സച്ചരിതം അധ്യായം 38, |
| 1910 | മുംബൈ, ബാന്ദ്രയിലെ രാമചന്ദ്ര ആത്മാറാം താർഖഡ് ആദ്യമായി ഷിർദിയിലെത്തി | പ്രധാൻ |
| മെയ് 1910 | മുംബൈ, സാന്താക്രൂസിലെ മോറേശ്വർ പ്രധാൻ ആദ്യമായി ഷിർദിയിലെത്തി. | ഭക്തരുടെ അനുഭവ ങ്ങൾ |

| | | |
|---|---|---|
| 1910 | അന്നാസാഹേബ് ദാബോൽക്കർ ആദ്യമായി ദർശനത്തിനെത്തി. ഹേമദ് പാന്ത് എന്ന് നാമകരണം ചെയ്യപ്പെട്ടു | സച്ചരിതം അധ്യായം 2, ഒവി. 137 തുടങ്ങിയവ |
| 1910 | ബി.വി ഡിയോ ചന്ദോർക്കറുടെ പ്രേരണയാൽ ആദ്യമായി സായിബാബയെ ദർശിക്കുന്നു | സച്ചരിതം അധ്യായം 40, 41 |
| 1910 | ശ്രീമാൻ ബൂട്ടി ഷിർദിയിൽ താമസിക്കാൻ തുടങ്ങി. | പ്രധാൻ |
| 1910 | ഹരിശ്ചന്ദ്ര പിതാലേയുടെ മകന്റെ രോഗശമനം, അയാൾക്ക് 2 ഉറുപ്പിക നൽകപ്പെട്ടു | സച്ചരിതം അധ്യായം 26, ഒവി 57 |
| 1910 | ബാബ തന്റെ കൈ ധുനിയിലേയ്ക്ക് ഇട്ട് ഒരു കൊല്ലന്റെ മകളെ രക്ഷിക്കുകയും അദ്ദേഹത്തിന്റെ കൈയ്ക്ക് പൊള്ളലേൽക്കുകയും ചെയ്തു. ഡോ. പരമാനന്ദ് ബോംബെയിൽ നിന്നും ചികിത്സയ്ക്കായെത്തി, ഭാഗോജി ഷിൻഡെ എന്ന കുഷ്ഠരോഗിക്ക് ആ മുറിവ് കെട്ടാനും, അദ്ദേഹത്തിന്റെ കരം തിരുമ്മാനും ഭാഗ്യം ലഭിച്ചു. | സച്ചരിതം അധ്യായം 7, ഒവി 73 മുതൽ |
| 5 ഡിസംബർ 1910 | അമരാവതിയിൽ നിന്നുള്ള ദാദാസാഹേബ് ഖപർഡെ ആദ്യമായി ഷിർദിയിലെത്തി (12-ാം തീയതി തിരികെപ്പോയി) | ഖപർഡെ ഡയറി |
| 10 ഡിസംബർ 1910 | ബാബ, കാക്കാസാഹേബ് ദീക്ഷിതിന് അയാളുടെ സ്വന്തം വാഡ നിർമ്മിക്കാൻ അനുമതി നൽകി | സച്ചരിതം അധ്യായം 4, ഒവി 164 |
| 1910 ക്രിസ്തുമസ് | ലാലാ ലക്ഷ്മിചന്ദ് ഷിർദി സന്ദർശിച്ചു | സച്ചരിതം അധ്യായം 28, ഒവി 23 |
| ഡിസംബർ 1910 | മദ്രാസി സന്ന്യാസി വിജയാനന്ദ് ഷിർദിയിൽ മരണമടഞ്ഞു | സച്ചരിതം അധ്യായം 31, ഒവി 56 |
| 1910 | മേഘ സ്ഥിരമായി ഷിർദിയിൽ താമസിക്കാനെത്തി. 1908 ൽ ആയിരുന്നു അയാളുടെ ആദ്യ സന്ദർശനം | സച്ചരിതം അധ്യായം 28, ഒവി 145 |
| 1911 | കാക്കാസാഹേബ് ദീക്ഷിതിന്റെ വാഡ രാമനവമി ദിനത്തിൽ തുറന്നുകൊടുത്തു-സച്ചരിതം | അധ്യായം 4, ഒവി 166 |

| | | |
|---|---|---|
| മാർച്ച് 1911 | ഉപന്യായാധിപൻ താത്ത്യസാഹേബ് നൂൽക്കാർ ഷിർദിയിൽ മരണമടഞ്ഞു | സച്ചരിതം അധ്യായം 31, ഒവി 119 |
| മാർച്ച് 1911 | മേഘ ഒരു പാദത്തിൽ നിന്നുകൊണ്ട് ബാബയുടെ ആരതി തുടങ്ങി | ഭക്തരുടെ അനുഭവങ്ങൾ |
| 1911 | ദ്വാരകാമായിയുടെ മുറ്റം നവീകരിക്കപ്പെട്ടു. രാത്രിയിൽ ബാബ തൂണുകൾ പിഴുതെറിയുമായിരുന്നു. ബാബ താത്ത്യയുടെ തലപ്പാവ് ഒരു കുഴിയിൽ എറിഞ്ഞ് അത് കത്തിക്കുകയും പിന്നീട് പട്ടുകരയുള്ള മറ്റൊന്ന് പകരം നൽകുകയും ചെയ്തു | സച്ചരിതം അധ്യായം 6, ഒവി 127 മുതൽ |
| 1911 | മുറ്റത്തിന്റെ നവീകരണജോലിക്കിടയിൽ കാക്കാമഹാജനിയുടെ അതിസാരം ബാബ നിലക്കടല കൊണ്ട് ഭേദമാക്കി | സച്ചരിതം അധ്യായം 13, ഒവി 134 മുതൽ |
| 1911 | ഹാജി സിദ്ധിഖ് ഫാൽക്കേ ഷിർദിയിൽ താമസിക്കുകയും ഒമ്പത് മാസത്തേയ്ക്ക് ദ്വാരകമായിയിൽ പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്തു | സച്ചരിതം അധ്യായം 11, ഒവി 78 മുതൽ |
| 1911 | ഹരിദ്വാറിലെ സോമദേവസ്വാമി ഷിർദി സന്ദർശിച്ചു | സച്ചരിതം അധ്യായം 49, ഒവി. 93 |
| 27 ജൂൺ 1911 | കാശിനാഥ് ഗോവിന്ദ് ഉപാസനി ആദ്യമായി ഷിർദിയിലെത്തി | സായിബാബയുടെ ജീവിതം. ഭാഗം 2 – നരസിംഹസ്വാമിജി |
| ഡിസംബർ 1911 | ഉപാസനി, ശ്രീസായിനാഥിനെ സ്തുതിച്ചുകൊണ്ട് സ്തോത്രം എഴുതി (ശ്രീസായിനാഥ മഹിമാസ്തോത്രം) | ഖപർഡെ ഡയറി |
| ഡിസംബർ 1911 | ഗ്രന്ഥിവീക്കപ്ലേഗ് ഷിർദിയിൽ 3 മാസക്കാലം നീണ്ടുനിന്നു – | സായിബാബയുടെ ജീവിതം. ഭാഗം 2 |
| 1911 | ഷിർദിയിൽ കോളറ രോഗം ശമിപ്പിക്കുന്നതിനായി ബാബ ഗോതമ്പ് പൊടിക്കുന്നത് കണ്ടപ്പോൾ ഹേമദ്പാന്ത് ദാബോൽക്കർക്ക് ശ്രീസായിസമർത്ഥ സച്ചരിതം എഴുതാനുള്ള പ്രചോദനം ലഭിച്ചു | സച്ചരിതം അധ്യായം 1. ഒവി 110, 134 തുടങ്ങിയവ |
| 5 ഡിസംബർ 1911 | ദാദാസാഹേബ് ഖപർഡെ വീണ്ടും | ഖപർഡെ ഡയറി |

| | | |
|---|---|---|
| | കുടുംബവുമായി ഷിർദിയിലെത്തി 3 മാസം താമസിച്ചു. കൃഷ്ണ ജോഗേഷ് ഭീഷ്മ അദ്ദേഹത്തോടൊപ്പമെത്തി; ഭീഷ്മ സഗുണോപസാനയുടെ രചയിതാവ് ആണ്. | |
| 11 ഡിസംബർ 1911 | പിൽക്കാലത്ത് സ്വാമി സായിശരണാനന്ദ്ജി എന്നറിയപ്പെട്ട വാമൻ റാവു പട്ടേൽ ആദ്യമായി ഷിർദിയിലെത്തി, 22-ാം വയസ്സിൽ | സായി ബാബനേ ശരണം & ഖപർഡെ ഡയറി |
| 13 ഡിസംബർ 1911 | റഹടയിലെ കുശൽചന്ദിന്റെ അമ്മാവൻ ചന്ദ്രഭാൻസേഥ് മരണമടഞ്ഞു | സച്ചരിതം അധ്യായം 8, ഒവി 129 |
| 16 ഡിസംബർ 1911 | ക്യാപ്റ്റൻ ഡോ. ഹാതേ ആദ്യമായി ഷിർദിയിലെത്തി, ചെറുപ്പത്തിൽ അയാൾ എൽ.എം.എൻ.എസ്. പരീക്ഷ എഴുതിയിരുന്നു | സച്ചരിതം അധ്യായം 29, ഒവി 146 & ഭക്തരുടെ അനുഭവങ്ങൾ |
| 19 ഡിസംബർ 1911 | കല്യാൺ, ഭിവന്തിയിൽ താനെയിലെ നാഥപന്ത് ശാഖയിൽപ്പെട്ട ശ്രീ രാമമാരുതി ഷിർദിയിലെത്തി 34 ദിവസങ്ങൾ താമസിച്ചു | സച്ചരിതം അധ്യായം 34, ഒവി 150, ഭക്തരുടെ അനുഭവങ്ങൾ |
| 1912 | 23-ാമത്തെ വയസ്സിൽ സഗുൺമേരു നായിക് ഷിർദിയിലെത്തി. ബാബയുടെ നിർദ്ദേശപ്രകാരം ഒരു പൊതുഭോജനശാല തുറന്നു | സച്ചരിതം അധ്യായം 5 ഒവി 61 & അധ്യായം 26, ഒവി 130 |
| 1912 | ഖപർഡെയുടെ ഇളയമകനായ ബൽവന്തിന്റെ ഗ്രന്ഥിവീക്കപ്ലേഗ് ഭേദമായി | സച്ചരിതം അധ്യായം 7, ഒവി 101, 107 |
| 3 ജനുവരി 1912 | മന്ത്രശാസ്ത്രപ്രകാരം ഗായത്രീമന്ത്രജപം പൂർത്തിയാക്കിയശേഷം, മേഘ ബ്രാഹ്മണർക്കും മറ്റ് ഭക്തർക്കും വേണ്ടി സാഠേവാഡയിൽ സദ്യ ഒരുക്കി | ഖപർഡെ ഡയറി |
| 1912 | മസ്ജിദ് നവീകരിക്കുകയും മുറ്റത്തിന്റെ നിലം പാകുകയും ചെയ്തു. ബാബ ഉചിതമായ ഒരു ഇരിപ്പിടം സ്വീകരിക്കുകയും, അതുവരെ ഉപയോഗിച്ചിരുന്ന ചാക്ക് കഷണം ഉപേക്ഷിക്കുകയും ചെയ്തു | സച്ചരിതം അധ്യായം 6, ഒവി 125 മുതൽ |

| | | |
|---|---|---|
| 19 ജനുവരി 1912 | മേഘ ഷിർദിയിൽ വച്ച് മരണമടഞ്ഞു. ബാബ അതിൽ വളരെ ദുഃഖിതനായി | സച്ചരിതം അധ്യായം 31, ഒവി 119–123 |
| 20 ജനുവരി 1912 | മേഘയുടെ മരണശേഷം, മസ്ജിദിലും ചാവടിയിലും ദിനവും ആരതി നടത്തുന്ന കർത്തവ്യം ബാപുസാഹേബ് ജോഗ് ഏറ്റെടുത്തു | സച്ചരിതം അധ്യായം 43, ഒവി 163 |
| ജനുവരി 1912 | താത്ത്യാകോത്ത്യേയുടെ പിതാവ് ഗോവിന്ദ് കോത്ത്യേ ഷിർദിയിൽ മരണമടഞ്ഞു. 14 വർഷങ്ങൾക്കുശേഷം താത്ത്യ ഗൃഹസ്ഥാശ്രമകർത്തവ്യം ഏറ്റെടുത്തു. അതിനാൽ പിന്നീട് അയാൾ മസ്ജിദിൽ ബാബയോടൊപ്പം ഉറങ്ങിയില്ല | സച്ചരിതം അധ്യായം 8, ഒവി 124 & ഖപർഡെ ഡയറി |
| 25 ഫെബ്രുവരി 1912 | മാധവറാവു ദേശ്പാണ്ഡെ (ശാമ) കാക്കാസാഹേബ് ദീക്ഷിതിന്റെ മകന്റെ പൂണൂൽ കല്യാണത്തിൽ പങ്കെടുക്കുന്നതിനും, നാഗ്പൂറിലേയ്ക്കും, ഗ്വാളിയർ, ഗയ എന്നീ തിർത്ഥയാത്രകൾക്കും വേണ്ടി യാത്ര തിരിച്ചു | സച്ചരിതം അധ്യായം 46, ഒവി 80 & ഖപർഡെ ഡയറി |
| 15 മാർച്ച് 1912 | ഖപർഡെ തന്റെ ഭാര്യയെ ഷിർദിയിൽ നിർത്തിക്കൊണ്ട് അമരാവതിയിലേയ്ക്ക് തിരികെപ്പോയി | സച്ചരിതം അധ്യായം 27, ഒവി 147 |
| രാമനവമി 1912 | രാമനവമി ഉത്സവം ഷിർദിയിൽ ആരംഭിച്ചു | സച്ചരിതം അധ്യായം 6, ഒവി 59 തുടങ്ങിയവ |
| ഏപ്രിൽ 1912 | ബാലറാം ധുരന്ധർ ആദ്യമായി ഷിർദിയിൽ ദർശനത്തിനെത്തി. | സച്ചരിതം അധ്യായം 57, ഒവി 199 തുടങ്ങിയവ |
| ശ്രാവണപൂർണ്ണിമ 1912 | ഗുരുസ്ഥാനിലെ വേപ്പുമരച്ചുവട്ടിൽ പാദുകങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. | സച്ചരിതം അധ്യായം 5, ഒവി 59 |
| 1913 | സപട്നേക്കർ ആദ്യമായി ഷിർദിയിലെത്തി | സച്ചരിതം അധ്യായം 48, ഒവി 74 തുടങ്ങിയവ |
| 1913 | ബാലബുവ സുതാർ (സതാർകർ) കീർത്തനത്തിനായി ഷിർദിയിലേയ്ക്ക് ക്ഷണിക്കപ്പെട്ടു. ബാബ അയാളെ തിരിച്ചറിയുകയും നാല് വർഷങ്ങളായി അയാളെ അറിയാമെന്ന് പറയുകയും ചെയ്തു. അയാൾ ബാബയുടെ ചിത്രത്തെ നമസ്കരിച്ചിരുന്നു | സച്ചരിതം അധ്യായം 6, ഒവി 94 മുതൽ അധ്യായം 33, ഒവി 152 മുതൽ |

| | | |
|---|---|---|
| 1913 | ബാബ ആർ.ബി. പുരന്ദരെയുടെ ഭാര്യയ്ക്ക് പന്ധർപൂർവിത്തലും രുക്കുമായിയും ആയി ദർശനം നൽകി | ഭക്തരുടെ അനുഭവങ്ങൾ |
| മെയ് 1913 | വാമൻ റാവു പാട്ടീൽ അഥവാ സ്വാമി ശരണാനന്ദ്ജീ വീണ്ടും ഷിർദിയിലെത്തി 11 മാസങ്ങൾ താമസിച്ചു. അദ്ദേഹത്തിന് ഏകദേശം 24–25 വയസ്സ് പ്രായമായിരുന്നു | സായിബാബ -നേ- ശരണേ |
| 1913 | റാവു ബഹാദൂർ സാഥേയ്ക്ക് ഒരു മകൻ ജനിച്ചു. ബാബയുടെ വാക്കുകൾ സത്യമായി. സാഥേ തനിക്ക് ഒരു മകൻ ജനിക്കുമെന്ന വിശ്വാസത്താൽ 50–ാം വയസ്സിൽ പുനർവിവാഹം ചെയ്തു. രണ്ട് പെൺകുഞ്ഞുങ്ങൾക്ക് ശേഷമാണ് ഈ മകൻ പിറന്നത്. | സായിബാബയുടെ വചനങ്ങളും ശാസനങ്ങളും – ശ്രീനരസിംഹ സ്വാമി |
| 22 ഫെബ്രുവരി 1914 | ദഹാനുവിലെ മംലത്ത്ദാർ ബി.വി. ഡിയോ തന്റെ പഴന്തുണി മോഷ്ടിച്ചു എന്ന് ബാബ ആരോപിച്ചു. അതിന് ശേഷം ധ്യാനേശ്വരി പാരായണം ചെയ്യാൻ അയാളോട് നിർദ്ദേശിച്ചു | സച്ചരിതം അധ്യായം 41, ഒവി 88 & 137 |
| 22 ഫെബ്രുവരി 1914 | യോഗവിദ്യാർത്ഥിയായ സ്വാമി രാംബാബ ബാബയെ ദർശിക്കുന്നു, ബാബ ഉള്ളി കൂട്ടി ഭക്രി കഴിക്കുന്നതുകണ്ട് അദ്ദേഹത്തെ തെറ്റിദ്ധരിക്കുന്നു | സച്ചരിതം അധ്യായം 23, ഒവി 12 മുതൽ 20 വരെ |
| രാമനവമി 1914 | ബാലവുവസുതാർ (സതാർകർ) രാമനവമി നാളിൽ കീർത്തനം നടത്താനായി ഷിർദിയിലെത്തി | സച്ചരിതം അധ്യായം 6, ഒവി 97–116 |
| 2 ഏപ്രിൽ 1914 | ബി.വി. ഡിയോയ്ക്ക് ഒരു ദിവ്യദർശനം ലഭിക്കുന്നു– അതിൽ പോത്തി പാരായണം ചെയ്യേണ്ടതെങ്ങനെയെന്ന് ബാബ വിശദീകരിക്കുന്നു | സച്ചരിതം അധ്യായം 41, ഒവി 60 മുതൽ |
| 25 ജൂലൈ 1914 | ഉപാസനി ബാബയുടെ അനുവാദമില്ലാതെ ഷിർദി വിട്ടുപോയി | സകോറിയിലെ ദിവ്യൻ – നരസിംഹസ്വാമി |
| 1914 | അക്കൽകോട്ടിലെ സപട്നേകർ ഭാര്യയോടൊപ്പം വീണ്ടും ഷിർദിയിലെത്തി | സച്ചരിതം അധ്യായം 48, ഒവി 148 മുതൽ |

| | | |
|---|---|---|
| രാമനവമി 1915 | ദാസ്ഗനു കീർത്തനം നടത്തുകയും, പിന്നീട് എല്ലാ വർഷവും അത് തുടരുകയും ചെയ്തു | സച്ചരിതം അധ്യായം 6, ഒവി 116 |
| 1915 | ബാബ, ആസ്ത്മ രോഗം കാരണം ക്ഷീണിതനും അവശനുമായിരുന്നെങ്കിലും, അസുഖബാധിതയായിരുന്ന രാധാകൃഷ്ണമായിയുടെ ഗൃഹത്തിന്റെ മേൽക്കൂരയിൽ കയറി കടന്നുപോയി. ഏണി ചാരിവച്ച കംബെകർക്ക് അദ്ദേഹം 2 ഉറുപ്പിക നൽകി | സച്ചരിതം അധ്യായം 19, ഒവി 235 മുതൽ |
| 1915 | ബാലറാം മൻകാർ ഷിർദിയിൽ മരണമടഞ്ഞു. | സച്ചരിതം അധ്യായം 31. ഒവി 117 |
| ഡിസംബർ 1915 | ശ്രീമതി താർക്കഡ്, അവളുടെ ഗൃഹത്തിൽ നൈവേദ്യമായി അർപ്പിച്ചുകഴിഞ്ഞ പേഡ, മൻകാറുടെ മകന്റെ കൈവശം ബാബയ്ക്ക് കൊടുത്തുവിട്ടു | സച്ചരിതം അധ്യായം 9, ഒവി 146 മുതൽ 156 വരെ |
| 30 ഡിസംബർ 1915 | ഇപ്പോഴത്തെ സമാധിമന്ദിരമായ ബൂട്ടിവാഡയുടെ നിർമ്മാണം തുടങ്ങി | സച്ചരിതം അധ്യായം 4, ഒവി 167 |
| 1916 | ദാസ്ഗനുവിനോട് നാമസപ്താഹം നടത്താൻ ബാബ നിർദ്ദേശിച്ചു | സച്ചരിതം അധ്യായം 4, ഒവി 83 |
| 1916 | രാധാകൃഷ്ണമായി, അവളുടെ 35-ാമത്തെ വയസ്സിൽ നിര്യാതയായി | ഭക്തരുടെ അനുഭവങ്ങൾ |
| 1916 | മദ്രാസി ഭജനസംഘം ഷിർദിയിലെത്തി. അതിലെ പ്രമുഖ വനിതയ്ക്ക് ബാബ ശ്രീരാമനായി ദർശനം നൽകുകയും ഒരു സ്വപ്നദർശനത്തിലൂടെ അവളുടെ ഭർത്താവിന്റെ മനോഭാവം മാറുകയും ചെയ്തു | സച്ചരിതം അധ്യായം 29, ഒവി 2, 40 & 81, 82 മുതൽ |
| 1916 | മാലേഗാവണിലെ ഒരു ഡോക്ടറുടെ അനന്തരവന്റെ അസ്ഥിക്ഷയരോഗബാധ ഉധിയിലൂടെ ഭേദമാകുകയും ഡോക്ടർ സ്വയം ബാബയുടെ ദർശനം നടത്തുകയും ചെയ്തു | സച്ചരിതം അധ്യായം 34, ഒവി 5 മുതൽ & 31, 45 |
| 1916 | ദാബോൽക്കർ ഉദ്യോഗത്തിൽ നിന്നും വിരമിച്ചു - ഗുരുപൂർണ്ണിമ ദിനത്തിൽ അന്നാസാഹേബ് ചിൻചാനിക്കാർ, സ്വന്തം ഇഷ്ടപ്രകാരം, ദാബോൽക്കർ | സച്ചരിതം അധ്യായം 3, ഒവി 72-73 |

| | | |
|---|---|---|
| | അടുത്ത ഒരു ജോലി ലഭിക്കാൻ വേണ്ടി ബാബയോട് പ്രാർത്ഥിച്ചു | |
| വിജയദശമി(ദസറ)1916 | ഭാവിയിൽ, സീമാലംഘനസമയത്ത് തന്റെ മഹാസമാധി സംഭവിക്കുമെന്ന് ബാബ സൂചിപ്പിച്ചു. കോപാവേശനായി അദ്ദേഹം തന്റെ വസ്ത്രങ്ങൾ ധുനിയിലേയ്ക്ക് എറിഞ്ഞു | സച്ചരിതം അധ്യായം 42, ഒവി 18 മുതൽ |
| 1916 | രാമചന്ദ്രപാട്ടീൽ അസുഖബാധിതനാകുകയും, ബാബ അയാൾക്ക് ഒരു സ്വപ്നദർശനം നൽകിക്കൊണ്ട്, 2 വർഷങ്ങൾക്ക് ശേഷം താത്ത്യകോത്ത്യേ പാട്ടീൽ മരണമടയുമെന്ന് പറയുകയും ചെയ്തു. ബാബ തന്റെ പേരിന് പകരം താത്ത്യയുടെ പേര് പറയുകയായിരുന്നു | സച്ചരിതം അധ്യായം 42, ഒവി 45 മുതൽ |
| 1916 | പൂനെയിൽ നിന്നുള്ള ഭക്തൻ ഗോപാൽ നാരായൺ അംബേദ്കർ ഷിർദിയിലെത്തി. സാമ്പത്തിക പരാധീനതകൾ കാരണം, അയാൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചെങ്കിലും ബാബ അയാളെ രക്ഷിച്ചു | സച്ചരിതം അധ്യായം 26, ഒവി 114 |
| 1917 | മുംബൈയിൽ നിന്നുമുള്ള സാഠേ 'ഗുരുചരിത്രം' പാരായണം ചെയ്തു | സച്ചരിതം അധ്യായം 18, ഒവി 43–57 |
| 1917 | ഗുരുമന്ത്രം ലഭിക്കുന്നത് വരെ ഉപവാസമനുഷ്ഠിക്കുമെന്ന് രാധാബായി ദേശ്മുഖ് വ്രതമെടുത്തു | സച്ചരിതം അധ്യായം 19, ഒവി 35 |
| 1917 | ബാബ ഹേമദ്പാന്തിന് വളരെ പ്രധാനപ്പെട്ട ഒരു ഉപദേശം നൽകുന്നു; ഒപ്പം ആരതി കഴിഞ്ഞപ്പോൾ ഒരു പിടി കൽക്കണ്ടം നൽകുകയും ചെയ്തു | സച്ചരിതം അധ്യായം 19, ഒവികൾ 117–118 |
| 1917 | ഹോളി ദിനത്തിലെ വെളുപ്പാൻകാലത്ത് ബാബ ഹേമദ് പാന്തിന് ഒരു സ്വപ്നദർശനം നൽകുകയും അന്നേ ദിവസം ഉച്ചയൂണിന് അദ്ദേഹം എത്തുമെന്ന് അറിയിക്കുകയും ചെയ്തു. പക്ഷേ യഥാർത്ഥത്തിൽ ആലി മുഹമ്മദ് കൊണ്ടുവന്ന ഒരു ചിത്രത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്, ആ | സച്ചരിതം അധ്യായം 40, ഒവി 113 തുടങ്ങിയവ |

| | | |
|---|---|---|
| | ചിത്രത്തിന് പുറകിലുള്ള കാരണം 9 വർഷങ്ങൾക്ക് ശേഷം അയാൾ വിവരിക്കുകയും ചെയ്തു | |
| 1917 | മെയ്മാസത്തിൽ, ലോകമാന്യതിലകൻ, ഖപർഡേയുടെ ഒപ്പം സായി ദർശനം നടത്തി | ഖപർഡെ ഡയറി |
| ഗുരുപൂർണ്ണിമ 1917 | ദഹാനുവിലെ ഹരിഭാവു കാർണിക്കിന് ബാബയ്ക്ക് ഒരു ഉറുപ്പിക നൽകണമെന്ന ആഗ്രഹമുണ്ടായെങ്കിലും, അത് സാധ്യമായില്ല. എന്നാൽ നാസിക്കിലെ കാലറാം ക്ഷേത്രത്തിൽ വച്ച് നരസിംഹമഹാരാജ് അയാളിൽ നിന്നും ഒരു ഉറുപ്പിക ചോദിച്ചുവാങ്ങി | സച്ചരിതം അധ്യായം 33, ഒവി 199 |
| 1917 | അപ്പാസാഹേബ് കുൽക്കർണിയുടെ ഭക്തിമൂലം, ബാബ താനെയിലുള്ള അയാളുടെ ഗൃഹത്തിലെത്തുകയും കുടുംബത്തിന്റെ ക്ഷേമാന്വേഷണം നടത്തുകയും, കുൽക്കർണിയുടെ ആഗ്രഹം സഫലമാക്കുന്നതിന് വേണ്ടി അയാളിൽ നിന്നും 10 ഉറുപ്പിക ദക്ഷിണ വാങ്ങുകയും ചെയ്തു | സച്ചരിതം അധ്യായം 33, ഒവി 147 |
| 1917 | ഉപാസനി മഹാരാജ് സ്ഥിരമായി സകോറിയിൽ താമസിക്കാൻ തുടങ്ങി | സകോറിയിലെ ദിവ്യൻ – നരസിംഹസ്വാമി |
| 1918 | മോറേശ്വർ വാമൻ പ്രധാൻ ലെൻഡി ബാഗ് വിലയ്ക്കുവാങ്ങുകയും പിന്നീട് അത് സംസ്ഥാന് സമ്മാനിക്കുകയും ചെയ്തു | പ്രധാൻ |
| 1918 | ബാപുസാഹേബ് ബൂട്ടിയുടെ മരുമകൻ പ്രൊഫ. നാർകേയ്ക്ക് പൂനെ എൻജിനീയറിംഗ് കോളേജിൽ ജോലി ലഭിച്ചു | ഭക്തരുടെ അനുഭവങ്ങൾ – നരസിംഹസ്വാമി |
| ആഗസ്റ്റ് 1918 | ബാബ രുചിയുള്ള ഒരു കപ്പ് മോര് ഹേമദ്പാന്തിന് നൽകുകയും അത് കുടിക്കാനായി അയാളോട് വാത്സല്യത്തോടെ പറയുകയും ചെയ്തു – | സച്ചരിതം അധ്യായം 38, ഒവി 182 |
| ആഗസ്റ്റ് 1918 (ഏകദേശം) | അദ്ദേഹം താമസിയാതെ സമാധിയാകുമെന്ന് അറിയാമായിരുന്ന ബാബ, 250 ഉറുപ്പികയും ആഹാരവും കൂടി കരീമിന്റെ കൈവശം നൽകിക്കൊണ്ട് | ഭക്തരുടെ അനുഭവങ്ങൾ – ഭാഗം 3 – നരസിംഹസ്വാമി |

| | | |
|---|---|---|
| | ഇസ്ലാം മതപ്രകാരമമുള്ള ചടങ്ങുകൾ ചെയ്യുന്നതിനായി ഔറംഗാബാദിലുള്ള ഷംസുദ്ദീൻ ഫക്കീറിന്റെ പക്കൽ ഏൽപ്പിക്കാൻ നിർദ്ദേശിച്ചു. ഇസ്ലാം കലണ്ടറിലെ തീയതിയും ദിവസവും ഉദ്ധരിച്ചുകൊണ്ട് പ്രകാശം അണയുമെന്ന് ബഡേമിയാനെ അറിയിക്കണമെന്നും കരീമിനോട് നിർദ്ദേശിച്ചിരുന്നു. | |
| ഗണേശചതുർത്ഥി 9 സെപ്റ്റംബർ 1918 | നർബദ നദിക്കരയിലെ മഹേശ്വരിയിൽ ദാസ്ഗനു മഹാരാജ് 'സ്തവനമഞ്ജരി' എഴുതി പൂർത്തിയാക്കി | സ്തവനമഞ്ജരി, ഒവി 159 |
| 28 സെപ്റ്റംബർ 1918 | കഴിഞ്ഞ 2-3 ദിവസങ്ങളിൽ ബാബയ്ക്ക് പനി ബാധിച്ചതിനാൽ അദ്ദേഹം ആഹാരവും വെള്ളവും ഉപേക്ഷിക്കുകയും, ദിനവും ക്ഷീണിതനാകുകയും ചെയ്തു | പ്രൊഫ. നാർക്കേയുടെ കത്ത് |
| 1 ഒക്ടോബർ 1918 | ബാബ വേസ് എന്ന ഭക്തനോട് 'രാമവിജയം' പാരായണം ചെയ്യാൻ പറയുകയും, അദ്ദേഹം അത് 14 ദിവസങ്ങൾ ശ്രവിക്കുകയും ചെയ്തു | സച്ചരിതം അധ്യായം 43, ഒവി 35 |
| 8 ഒക്ടോബർ 1918 | ദേർവിഷകളുടെ കടുവയ്ക്ക് ബാബ മുക്തി നൽകി | സച്ചരിതം അധ്യായം 31, ഒവി 166 |
| 15 ഒക്ടോബർ 1918 ചൊവ്വ | വിജയദശമി ദിനത്തിൽ ലക്ഷ്മി ബായി ഷിൻഡേയ്ക്ക് ബാബയിൽ നിന്നും 9 ഉറുപ്പികകൾ ലഭിച്ചു. അതേ ദിവസം, വൈകുന്നേരം ഏകദേശം 2.30 ന് ഏകാദശി നേരത്ത് ബാബ ഭൗതികദേഹം വെടിഞ്ഞു. | സച്ചരിതം അധ്യായം 42, ഒവി 11 |
| 16 ഒക്ടോബർ 1918 ബുധൻ | ലക്ഷ്മൺ മാമാ ജോഷിയുടെ സ്വപ്നത്തിൽ ബാബ പ്രത്യക്ഷപ്പെട്ട്, ഷിർദിയിൽ കാക്കഡ് ആരതി നടത്താൻ നിർദ്ദേശിച്ചു. ബാബ ദാസ്ഗനു മഹാരാജിനും സ്വപ്നദർശനം നൽകുകയും താൻ ഷിർദി വിട്ടുപോകുകയാണെന്നും, 'ബകുൾ' പുഷ്പങ്ങളുമായി ഉടൻ എത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. | സച്ചരിതം അധ്യായം 43, ഒവികൾ 162–163 അധ്യായം 42, ഒവികൾ 69–71 |

| | | |
|---|---|---|
| 16 ഒക്ടോബർ 1918 ബുധൻ | ബോംബെയിലെ അമീർ ഭായി ഷക്കാർ, കോപർഗാവണിലെ മംലത്ത്ദാർ എന്നിവർ എത്തി. ബാബയുടെ ഭൗതികശരീരം അടക്കം ചെയ്യപ്പെടേണ്ട സ്ഥലത്തെക്കുറിച്ച് തർക്കങ്ങളും വാദങ്ങളും ഉണ്ടാകുകയും ഒടുവിൽ ബൂട്ടിവാഡ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു | സച്ചരിതം അധ്യായം 43 |
| 16 ഒക്ടോബർ 1918 ബുധൻ | സായിബാബയുടെ ദേഹം പ്രദക്ഷിണമായി വഹിച്ചുകൊണ്ട് ബൂട്ടിവാഡയിലെ ഗർഭഗൃഹത്തിൽ അടക്കം ചെയ്തു | പ്രൊഫ. നാർക്കേയുടെ കത്ത് 05-11-1918 |
| 27 ഒക്ടോബർ 1918 | ബാബയുടെ മഹാസമാധിയുടെ പതിമൂന്നാമത്തെ ദിനത്തിൽ ബാലാസാഹേബ് ഭാട്ടേ, ഉപാസനി മഹാരാജ് എന്നിവർ ശേഷക്രിയകൾ നിർവ്വഹിച്ചു | സച്ചരിതം അധ്യായം 44 |
| 27 ഒക്ടോബർ 1918 | ബാബയുടെ മഹാസമാധിയിൽ അതീവദുഃഖിതനായിരുന്ന നാനാവലി, ‘കാക്കാ, കാക്കാ’ എന്ന് വിലപിച്ചുകൊണ്ട് മരണമടഞ്ഞു. നാനാവലിയുടെ സമാധി ലെൻഡിയിൽ കാണാം. | സച്ചരിതം അധ്യായം 10, ഒവി 106 & ഭക്തരുടെ അനുഭവങ്ങൾ |
| 5 നവംബർ 1918 | കുശൽചന്ദ് സേഥ് മരണമടഞ്ഞു | സച്ചരിതം അധ്യായം 8, ഒവി 131 |
| 24-26 ഡിസംബർ 1918 | ബാബയുടെ സമാധിയിൽ ദിനവും പൂജകൾ നടത്തുന്നതിനായി ഷിർദിയിലെ ഭക്തർ ബാപു സാഹേബ് ബൂട്ടിയുടെ അധ്യക്ഷതയിലുള്ള ഒരു സമിതിയെ തെരഞ്ഞെടുത്തു | പ്രധാൻ |
| ജനുവരി 1919 | നാനാസാഹേബ് നിമോൺകാർ പൂനെയിൽ മരണമടഞ്ഞു | സച്ചരിതം അധ്യായം 12, ഒവി 56-66 |
| 1921 | നാസിക്കിലെ നാരായൺ മോത്തിറാം ജാനിക്ക്, ബാബ ഒരു കല്ലറയിൽ നിന്നും പുറത്തേയ്ക്ക് വരുന്നതായും, അയാളുടെ ആരോഗ്യം മെച്ചപ്പെടുമെന്നും ഒരാഴ്ചയ്ക്കുള്ളിൽ അയാൾക്ക് നടക്കാൻ കഴിയുമെന്നും സമാശ്വസിപ്പിക്കുന്നതായ ഒരു സ്വപ്നദർശനം ലഭിച്ചു | സച്ചരിതം അധ്യായം 33, ഒവി 126 |

| | | |
|---|---|---|
| 1921 | അന്നാസാഹേബ് ദാബോൽക്കർക്ക് സെക്രട്ടറിയുടെ കാര്യാലയത്തിൽ ആറ് മാസത്തേയ്ക്ക് ഒരു ജോലി ലഭിച്ചു | സച്ചരിതം അധ്യായം 3, ഒവി 161 |
| 1921 | സമാധിമന്ദിരമായി മാറിയ വാഡയുടെ നിർമ്മാതാവായ ശ്രീമാൻ ബാപു സാഹേബ് ബൂട്ടി മുംബൈയിൽ നിര്യാതനായി. | പ്രധാൻ |
| 1921 ആഗസ്റ്റ് | നാനാസാഹേബ് ചന്ദോർക്കർ 61–ാം വയസ്സിൽ മുംബൈയിലെ കല്യാണിൽ വച്ച് നിര്യാതനായി | ബാബയുടെ ജീവചരിത്രം – ദേവ് |
| 1921 | അഹമ്മദ്നഗർ കോടതിയുടെ അനുമതിയോടെ ശ്രീസായിബാബാ സംസ്ഥാൻ നിലവിൽ വന്നു | പ്രധാൻ |
| 1922 | ഹിന്ദു കലണ്ടറിലെ ചൈത്രമാസത്തിൽ 'ശ്രീസായിസച്ചരിതം' രചന ആരംഭിക്കപ്പെട്ടു | സച്ചരിതം അധ്യായം 53, ഒവി 179 |
| 11 സെപ്. 1922 | മാലസപതി ഏകാദശി ദിനത്തിൽ മരണമടഞ്ഞു | സായിബാബയുടെ ജീവിതം – നരസിംഹ സ്വാമി |
| ഏപ്രിൽ 1923 | ലക്ഷ്മൺ ഗണേശ് അഥവാ കാക്കാ മഹാജനി പത്രാധിപരായിക്കൊണ്ട്, 'സായിലീല'യുടെ ആദ്യപതിപ്പ് പുറത്തിറങ്ങി | |
| 30 സെപ്. 1924 | എസ്.എസ്. നവൽക്കർ സാഥേവാഡ വിലയ്ക്ക് വാങ്ങുകയും പിന്നീട് അദ്ദേഹത്തിന്റെ അനന്തരാവകാശികൾ അത് സംസ്ഥാന് നൽകുകയും ചെയ്തു | പ്രധാൻ |
| 1924 | ബാലറാം ധുരന്ധർ 47–ാം വയസ്സിൽ നിര്യാതനായി | സച്ചരിതം അധ്യായം 51, ഒവി 198 |
| 1925 | ദാസ്ഗനുവിന്റെ 'ഭക്തിസാരാമൃതം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു | ഭക്തരുടെ അനുഭവങ്ങൾ |
| 17 ആഗസ്റ്റ് 1925 | നാഗ്പൂരിൽ, ഹസ്റത്ത് താജുദ്ദീൻ ബാബ തന്റെ 64–ാമത്തെ വയസ്സിൽ നിര്യാതനായി | സച്ചരിതം അധ്യായം 41, ഒവി 29. |

| | | |
|---|---|---|
| 1926 | ബാപുസാഹേബ് ജോഗ് സകോറിയിൽ വച്ച്, തന്റെ 70–ാം വയസ്സിൽ നിര്യാതനായി. അയാളുടെ സമാധി ദത്താക്ഷേത്രത്തിന് സമീപത്താണ് | സച്ചരിതം അധ്യായം 28 ഒവി 75, അധ്യായം 44 ഒവി 145 |
| 5 ജൂലൈ 1926 | കാക്കാസാഹേബ് ദീക്ഷിത് തന്റെ 62–ാം വയസ്സിൽ നിര്യാതനായി. (ജ്യേഷ്ഠമാസത്തിലെ കൃഷ്ണപക്ഷ ഏകാദശി ദിനത്തിൽ) | സച്ചരിതം അധ്യായം 51, ഒവി 109, സായിബാബയുടെ ജീവിതം ഭാഗം –3 |
| 1928 | ഗണേഷ് ദാമോദർ അഥവാ ദാദാ കേൽക്കാർ (റാവുബഹാദൂർ സാഥേയുടെ ഭാര്യാപിതാവ്) നിര്യാതനായി | ഭക്തരുടെ അനുഭവങ്ങൾ |
| 1929 | ജ്യേഷ്ഠമാസത്തിൽ സച്ചരിതരചന പൂർത്തിയായി, പക്ഷേ അധ്യായം 52 'അവതരണിക'– കണ്ടെത്താനായില്ല, ഹേമദ്പാന്ത് അത് സൂചിപ്പിച്ചിരുന്നെങ്കിലും. അതിനാൽ ശ്രീമാൻ ബാൽകൃഷ്ണ ദേവ് അത് എഴുതുകയും അങ്ങനെ അധ്യായം 53 ചേർക്കപ്പെടുകയും ചെയ്തു | സച്ചരിതം അധ്യായം 53, ഒവി 179 & അധ്യായം 52, ഒവി 1 |
| 15 ജൂലൈ 1929 | ഗോവിന്ദ് ആർ ദാബോൽക്കർ (ഹേമദ്പാന്ത്) 70–ാം വയസ്സിൽ നിര്യാതനായി | സച്ചരിതം അധ്യായം 53, ഒവി 178 |
| 26 നവംബർ 1930 | രാമചന്ദ്രആത്മറാം താർഖഡ് ശ്രീസായിസച്ചരിതം ആദ്യമായി, പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. ഗ്രന്ഥാവകാശങ്ങൾ സംസ്ഥാനത്തിനായിരുന്നു | |
| 8 ആഗസ്റ്റ് 1935 | കെ.ജെ. ഭീഷ്മ 'സായിസഗുണോപാസന' (ആരതി)യുടെ കർത്താവ് 81–ാം വയസ്സിൽ നിര്യാതനായി | ശ്രീസായിലീല, ഒക്ടോബർ 87 |
| 1938 | ലക്ഷ്മൺ ഗണേശ് അഥവാ കാക്കാമഹാജനി നിര്യാതനായി, അമരാവതിയിലെ ഗണേശ് ശ്രീകൃഷ്ണ അഥവാ ദാദാ സാഹേബ് ഖപർഡെ 84–ാം വയസ്സിൽ നിര്യാതനായി | സച്ചരിതം അധ്യായം 6, 12, 13 |
| 1939 | ചെന്നൈയിലെ ബി.വി. നരസിംഹസ്വാമി സായിബാബയുടെ ഭക്തി പ്രചരണം ആരംഭിക്കുകയും ദക്ഷിണഭാര | ഭക്തരുടെ അനുഭവങ്ങൾ – ആമുഖം |

| | | |
|---|---|---|
| | ത്തിൽ നിന്നും ധാരാളം ഭക്തർ ഷിർദിയിലേയ്ക്ക് എത്താനും തുടങ്ങി | |
| 26 ഏപ്രിൽ 1940 | മാധവറാവു ദേശ്പാണ്ഡെ (ശ്യാമ) 80-ാമത്തെ വയസ്സിൽ നിര്യാതനായി | സന്ത്ചൂഢാമണി |
| 29 ജൂൺ 1940 | നാസിക്കിലെ വക്കീൽ ബാപു സാഹേബ് എസ്.ബി. ധുമാൽ, 67-ാം വയസ്സിൽ നിര്യാതനായി | സച്ചരിതം അധ്യായം 12, ഒവി 46 |
| 20 ജനുവരി 1941 | ദാമു അന്നാ രാസ്നേ മരണമടഞ്ഞു | സച്ചരിതം അധ്യായം 25 |
| 1 ജൂലൈ 1941 | ശ്രീ നരസിംഗസ്വാമിജി മദ്രാസിൽ ആൾ ഇന്ത്യാ സായി സമാജം സ്ഥാപിച്ചു | സായിസുധ - ജൂൺ 1991 |
| 24 ഡിസം. 1941 | ഷിർദിയ്ക്ക് സമീപമുള്ള സകോറിയിൽ വച്ച് ഉപാസനി മഹാരാജ് 71-ാം വയസ്സിൽ നിര്യാതനായി | സകോറിയിലെ ദിവ്യൻ |
| 1944 | 'ശ്രീസായിലീല' മാസിക 3 വർഷങ്ങൾ പ്രസിദ്ധീകരണം ഇല്ലാതായി. 1947-ൽ പുനഃപ്രസിദ്ധീകരണം തുടങ്ങി. | |
| 1945 | താത്ത്യകോത്ത്യേ പാട്ടീൽ നിര്യാതനായി | |
| 1946 | ബാലാസാഹേബ് നിര്യാതനായി | |
| 1948 | ആർ.ബി. പുരന്ദരെ നിര്യാതനായി | |
| രാമനവമി 1951 | സമാധി മന്ദിരത്തിന്റെ മുറ്റം 400-500 ഭക്തരെ ഉൾക്കൊള്ളത്തക്കവിധത്തിൽ നവീകരിക്കപ്പെട്ടു | ഭിത്തിലേഖനം |
| 29 സെപ്റ്റം. 1952 | സമാധിമന്ദിരത്തിൽ സ്വർണ്ണകലശം സ്ഥാപിക്കപ്പെട്ടു | സായിലീല ഒക്ടോബർ -നവംബർ-ഡിസംബർ 1952 |
| 14 ജൂലൈ 1953 | വാമൻ റാവു പാട്ടീൽ 64-ാമത്തെ വയസ്സിൽ ശ്രീസായി ശരണാനന്ദ എന്ന പേരിൽ സന്യാസം സ്വീകരിച്ചു. | സായിബാബ ശരൺ, പുറം 380 |
| ഏപ്രിൽ 1954 | അബ്ദുൾ ബാബ 83-ാമത്തെ വയസ്സിൽ നിര്യാതനായി | സായിബാബയുടെ ജീവിതം ഭാഗം -3 |
| 7 ഒക്ടോ. 1956 | പുതിയ ഭാരവാഹികൾ 4 വർഷക്കാലത്തേയ്ക്ക് സ്ഥാനമേറ്റു. പിന്നീട് ശ്രീ. എം.ആർ. പാട്ടീൽ 1 വർഷത്തേയ്ക്ക് സ്ഥാനമേറ്റു. | ശ്രീസായി ലീല ഏപ്രിൽ 81 |

| | | |
|---|---|---|
| 19 ഒക്ടോ. 1956 | ബി.വി. നരസിംഹസ്വാമി 82-ാം വയസിൽ നിര്യതനായി. | |
| 1962 | ദാസ്ഗനു മഹാരാജ് 95-ാമത്തെ വയസ്സിൽ കാർത്തിക ഏകാദശിയിൽ മരണമടഞ്ഞു. | |
| 12 ജൂൺ 1963 | ബാബ ഒമ്പത് നാണയങ്ങൾ നൽകിയ ലക്ഷ്മി ബായി തുക്കാറാം ഷിൻഡേ മരണമടഞ്ഞു | സച്ചരിതം അധ്യായം 42 |
| 1964 | രാമചന്ദ്രപാട്ടീൽ നിര്യാതനായി | സച്ചരിതം അധ്യായം 42 |
| 1984 | ഡോ പി.കെ. സാവന്ത് അധ്യക്ഷനായി പുതിയ ഭാരവാഹികൾ 4 വർഷത്തേയ്ക്ക് സ്ഥാനമേറ്റു. പിന്നീട് ശ്രീ. എം. ആർ. പാട്ടീൽ 1 വർഷത്തേക്ക് സ്ഥാനമേറ്റു. | |
| 1 സെപ്റ്റം. 1989 | ഡോ. ലേഖാപഥക് അധ്യക്ഷനായി പുതിയ ഭരണസമിതി സ്ഥാനമേറ്റു | |
| 4 മെയ് 1990 | 'ഭക്തനിവാസി'ന്റെ ശിലാസ്ഥാപനം | |
| 1 സെപ്റ്റം. 1994 | ശ്രീ. ഡി.എം. സുഖ്തൻകാർ അധ്യക്ഷനായി പുതിയ ഭരണസമിതി സ്ഥാനമേറ്റു. | |
| 2001 | സമാധിമന്ദിരകെട്ടിടം പൂർണ്ണമായും നവീകരിക്കുകയും സാഥേ വാഡ പൊളിക്കുകയും ചെയ്തു. | |
| 23 ആഗസ്റ്റ് 2004 | ശ്രീ. ജെ.എം. സസാനേ അധ്യക്ഷനായി പുതിയ ഭരണസമിതി നിലവിൽ വന്നു. | |

## പദശേഖരം

**അഭംഗങ്ങൾ** – പ്രത്യേക അളവിൽ രചിക്കപ്പെടുന്ന ഭക്തിഗാനങ്ങൾ

**അഭിഷേകം** – ആചാരപരമായി സ്നാനം നൽകുന്നു.

**ആചാര്യൻ** – ആത്മീയഗുരു

**അധർമ്മം** – ധർമ്മമല്ലാത്തത്

**അതിഭൗതികം** – അനാദിയായ ലൗകികത

**അതിദൈവികം** – അനാദിയായ ഈശ്വരീയത

**അദ്ധ്യാത്മം** – അധ്യാത്മരാമായണം നോക്കുക.

**അധ്യാത്മികം** – ആത്മീയമായത്

**അധ്യാത്മരാമായണം** – രാമന്റെ കഥ

**ആദിമായ** – അനാദിയായ മിഥ്യാശക്തി

**അദ്വൈതം** – ജീവാത്മാവും ഈശ്വരചൈതന്യവും തമ്മിലുള്ള ഏകത എന്ന ചിന്താഗതി

**അഗർബത്തി** – സുഗന്ധമുള്ള സാമ്പ്രാണിത്തിരികൾ

**അഗ്നിഹോത്രി** – സദാ എരിയുന്ന ദിവ്യമായ അഗ്നി സൂക്ഷിക്കുന്ന ബ്രാഹ്മണൻ

**അഗ്നിനാരായൺ** – അഗ്നിയുടെ അധിദേവത

**അജ്ഞാനം** – അറിവില്ലായ്മ

**ആഹുതി** – ദിവ്യമായ യാഗാഗ്നിയിൽ സമർപ്പിക്കപ്പെടുന്ന നൈവേദ്യങ്ങൾ

**അക്ഷതം** – പവിത്രമാക്കപ്പെട്ട അരിമണികൾ

**അള്ളാഹ് മാലിക്** – ഈശ്വരൻ സർവ്വശക്തനാണ്

**അള്ളാമിയാ** – അള്ളാഹിനെ സ്നേഹപൂർവ്വം വിളിക്കുന്ന നാമം

**ആമലകം** – നെല്ലിക്ക

**അമാവാസി** – പൂർണ്ണചന്ദ്രന് മുമ്പുള്ള കൃഷ്ണപക്ഷം

**അംബിമൊഹർ** – സുഗന്ധമുള്ള അരി

**അംബിക** – ദുർഗ്ഗാദേവത

**അംബിൾ** – നേർത്ത് കഞ്ഞിപോലുള്ള ആഹാരം

**ആമ്രം** – മാങ്ങ

**ആനന്ദാശ്രമം** – ഈ പേരിലുള്ള ഒരു വാടകക്കെട്ടിടം

**അനിമ –മഹിമ – ലഗിമ** – ലഗിമ എന്നാൽ വളരെ ചെറുതാകാനുള്ള കഴിവ് (ലില്ലിപ്പുട്ട് മനുഷ്യരെപ്പോലെ), മഹിമ അഥവാ ഗരിമ എന്നാൽ രാക്ഷസനെപ്പോലെ വലുതാകാനുള്ള കഴിവ്.

**അങ്കുശം** – തോട്ടി

**അണകൾ** – പഴയ ഇന്ത്യൻനാണയം. പതിനാറ് നാണയങ്ങൾ ഒരു ഉറുപ്പികയായിരുന്നു.

**അന്നശുദ്ധി** – ശുദ്ധമായ നെയ്യ് ഒഴിച്ച് ആഹാരം ശുദ്ധമാക്കുന്നു.

**അനുഷ്ഠാനം** – ധാർമ്മികനിഷ്ഠകൾ

**അനുസ്മൃതി** – മഹാഭാരതത്തിൽ നിന്നുമുള്ള അഞ്ച് രത്നങ്ങളിൽ ഒന്ന്

**അപരബ്രഹ്മം** – സഗുണബ്രഹ്മം

**ആരതികൾ** – ഗുരു അല്ലെങ്കിൽ ദേവതയുടെ ഭജനകൾ പാടിക്കൊണ്ട് ദീപങ്ങൾ വൃത്താകൃതിയിൽ ഉഴിയുന്നത്.

**അർച്ചന** – ഒരുതരം പൂജ

**അർഘ്യം** – ഈശ്വരന് ജലം സമർപ്പിക്കുന്നു

**അർത്ഥം** – സാരം

**അർവചിൻ** – നവീനമായ

**അസത്** – യഥാർത്ഥമല്ലാത്തത്

**ആഷാഢി ഏകാദശി** – ഹിന്ദു കലണ്ടറിലെ നാലാമത്തെ മാസത്തിലെ പതിനൊന്നാം ദിവസം

**ആശ്രമം** – പർണ്ണശാല, ജീവിതത്തിലെ നാല് ആശ്രമങ്ങൾ

**അഷ്ടസാത്വികഭാവം** – എട്ട്തരത്തിലുള്ള ആത്മീയനിർവൃതികൾ

**അഷ്ടമി** – ഹിന്ദു കലണ്ടറിലെ എട്ടാമത്തെ ദിവസം

**അഷ്ടാംഗം** – ശരീരത്തിലെ എട്ട് ഭാഗങ്ങൾ – കരങ്ങൾ, തുട, നെഞ്ച്, കണ്ണുകൾ, നെറ്റിത്തടം എന്നിങ്ങനെ

**അശ്വത്ഥം** – അരയാൽ

**അശ്വിനം** – ഹിന്ദു കലണ്ടറിലെ ഏഴാമത്തെ മാസം (ഒക്ടോബർ –ഇംഗ്ലീഷ് മാസം)

**അതലം** – ഏഴ് നരകങ്ങളിൽ ഒന്ന് (സപ്തപാ

താളുങ്ങൾ നോക്കുക)

**അതിഥി** – വിരുന്നുകാരൻ

**ആത്മൻ** – ആത്മാവ്

**ആത്മറാം** – ആത്മജ്ഞാനത്തിൽ മുഴുകുന്നവൻ

**ആത്മതത്ത്വം** – ഈശ്വരതത്ത്വം

**അത്തർ** – സുഗന്ധദ്രവ്യം

**അതിഥിയജ്ഞം** – പ്രതീക്ഷിക്കാതെ വാതിൽപ്പടിയിൽ എത്തുന്ന വിരുന്നുകാരന് ആഹാരം നൽകുന്നത്.

**ആഗസ്തി** – ഒരു ഋഷി

**ആലിയ** – ഒരു മുസ്ലിം സന്ന്യാസി

**ഓം/ഓംകാരം** – പരമാത്മാവിനെ ധ്യാനിക്കുകയും ആരാധിക്കുകയും ചെയ്യാനുള്ള ചിഹ്നം

**അവതാരം** – ഈശ്വരജന്മം

**അവ്യകൃത്** – രൂപമില്ലാത്തത്

**ബൈരാഗി** – സന്ന്യാസി

**ബാലഗോപാൽ** – ഈശ്വരന്റെ കുഞ്ഞുങ്ങൾ, ശ്രീകൃഷ്ണഭഗവാന്റെ ബാല്യകാലം

**ബാരാത്** – വിവാഹഘോഷയാത്ര

**ബർഫി** – പാലും പഞ്ചസാരയും കൊണ്ട് ഉണ്ടാക്കപ്പെട്ട ഇന്ത്യൻ മധുരപലഹാരം

**ബസുൻഡി** – ഇന്ത്യൻ മധുരപലഹാരം

**ബതസാസ്** – പഞ്ചസാരകൊണ്ടുണ്ടാക്കിയ ഇന്ത്യൻ മധുരപദാർത്ഥം

**ബീബ** – ചേരുമരക്കായ്

**ബേൽ** – ശിവന് പ്രിയങ്കരമായ വില്വപത്രം

**ഭാദ്രപദം** – ഹിന്ദു കലണ്ടറിലെ ആറാമത്തെ മാസം (ആഗസ്റ്റ് – സെപ്റ്റംബർ)

**ഭഗത്** – ഭക്തൻ, മാലസപതിക്ക് നൽകപ്പെട്ട മറ്റൊരു പേര്

**ഭഗവാൻ** – ഈശ്വരൻ

**ഭഗവത് ധർമ്മം** – പ്രാചീനഭാരതീയ തത്ത്വദർശനം

**ഭഗവത്ഗീത** – ഭഗവാൻ കൃഷ്ണന്റെ വചനങ്ങൾ

**ഭജൻ** – ഭക്തിഗാനങ്ങൾ

**ഭജനമാല** – ഭക്തിഗാനമാല

**ഭജിസ്** – കടലമാവിൽ നിന്നുണ്ടാക്കി പൊരിച്ചെടുത്ത ആഹാരസാധനം

**ഭക്രി** – അരിച്ചോളം, തിന എന്നിവയുടെ മാവിൽ നിന്നുണ്ടാക്കുന്ന പരന്ന റൊട്ടി.

**ഭരിത്** – വഴുതനങ്ങയും തൈരും ചേർത്തെടുത്തത്.

**ഭർത** – വറുത്തെടുത്ത വഴുതനങ്ങ കൊണ്ടുണ്ടാക്കിയ കറി

**ഭത്** – അരി

**ഭാവാർത്ഥ രാമായണം** – ഒരു ദിവ്യഗ്രന്ഥം

**ഭാവാർത്ഥ ദീപിക** – ഒരു ഹിന്ദു ദിവ്യഗ്രന്ഥം

**ഭവിഷ്യോത്തരപുരാണം** – ഭാവികാല പ്രവചനങ്ങൾ അടങ്ങിയ ഗ്രന്ഥം

**ഭിക്ഷു** – ഭിക്ഷ യാചിക്കുന്നവൻ

**ഭിക്ഷ്മ സ്തവരജ്** – മഹാഭാരതത്തിൽ നിന്നുള്ള അഞ്ച് രത്നങ്ങളിൽ ഒന്ന്

**ഭൂതയജ്ഞം** – പഞ്ചമഹായജ്ഞം നോക്കുക

**ഭൂ** – ഗായത്രിമന്ത്രത്തിലെ ഭാഗം

**ഭുവ** – ദുഃഖങ്ങളെ നശിപ്പിക്കുന്നവൻ (ഗായത്രീമന്ത്രത്തിലെ ഭാഗം)

**ഭുവർലോകം** – സൂര്യനും ഭൂമിക്കും ഇടയ്ക്കുള്ള ലോകം

**ബീഡി** – കൈകൾകൊണ്ട് ചുരുട്ടി ഉണ്ടാക്കിയ നാടൻ പുകവലി

**ബ്രഹ്മജ്ഞാനം** – ദിവ്യജ്ഞാനം

**ബ്രഹ്മയജ്ഞം** – പഞ്ചമഹായജ്ഞം നോക്കുക

**ബ്രഹ്മചാരി** – ബ്രഹ്മചര്യവ്രതം പാലിക്കുന്നവൻ

**ബ്രഹ്മചര്യം** – ലൈംഗികബന്ധം ഒഴിവാക്കുന്നത്

**ബ്രഹ്മദേവൻ** – സൃഷ്ടികർത്താവ്

**ബ്രഹ്മൈവ** – ആഗ്രഹങ്ങളോ, അതിനാൽതന്നെ ഫലേച്ഛയോ ഇല്ലാത്തവൻ. അതിനാൽ അയാൾക്ക് പുനർജന്മമുണ്ടാകില്ല. അതിനാൽ അയാളുടെ ജീവശക്തി നഷ്ടപ്പെടുന്നില്ല. ഈ ലോകത്തിൽ അത്തരത്തിലുള്ള ഒരാൾ ബ്രഹ്മൻ ആകുന്നു, അയാൾക്ക് ബ്രഹ്മതത്ത്വം കരഗതമാകുന്നു.

**ബ്രഹ്മലോകം** – ബ്രഹ്മാവിന്റെ വാസസ്ഥലം, സ്വർഗ്ഗങ്ങളിൽ ഒന്ന്

**ബ്രഹ്മാനന്ദം** – ദൈവികാനന്ദം

**ബ്രാഹ്മണിക്** – ബ്രഹ്മനുമായി സംബന്ധിച്ചത്

**ബ്രഹ്മരൂപം** – ബ്രഹ്മന്റെ ഭാവരൂപം

**ബ്രഹ്മാർത്ഥി** – ബ്രഹ്മനെ തേടുന്നവൻ

**ബുക്ക** – സുഗന്ധമുള്ള കറുത്ത പൊടി

**ചൈത്രം** – ഹിന്ദു കലണ്ടറിലെ ആദ്യമാസം.

**ചകോരം** – ചന്ദ്രരശ്മികളാൽ ജീവിക്കുകയും മഴവെള്ളം കുടിക്കുകയും ചെയ്യുന്നു എന്ന് വിശ്വസിക്കപ്പെടുന്ന പക്ഷി

**ചക്രവർത്തി** – സമ്രാട്ട്

**ചാമരം** – യാക്ക് എന്ന മലമ്പശുവിന്റെ വാലിൽ നിന്നുണ്ടാക്കിയ വിശറി

**ചണ്ഡി** – ദുർഗ്ഗാദേവിയുടെ മറ്റൊരു പേര്

**ചണ്ട്യോഗ്യ ഉപനിഷത്ത്** – പ്രാചീനമായതും, ദീർഘമായതുമായ ഒരു ഉപനിഷത്ത്

**ചന്ദ്രകാന്തം** – ഒരുതരം രത്നം

**ചാന്ദ്രയാനം** – ഒരുതരം വ്രതനിഷ്ഠ

**ചങ്ങ്ബദ** – ഒരു പരമ്പരാഗത വാദ്യോപകരണം

**ചപ്പാത്തി** – പരന്ന ഒരുതരം റൊട്ടി

**ചരണതീർത്ഥം** – ഭഗവാന്റെ പാദങ്ങൾ കഴുകിയ ജലം.

**ചരണം** – ഭഗവൽപാദങ്ങൾ

**ചാതകം** – ചകോരം

**ചതുരായി** – സാമർത്ഥ്യം

**ചാവടി** – ഗ്രാമീണർ ഒത്തുകൂടുന്ന കുൽക്കർണിയുടെ കാര്യാലയം, ആ കെട്ടിടത്തിൽ ബാബ ഒന്നിടവിട്ടുള്ള രാത്രികളിൽ ഉറങ്ങിയിരുന്നു

**ചേല** – ശിഷ്യൻ

**ചപ്പി** – ചില്ലത്തിന് ചുറ്റാനായി ഉപയോഗിക്കുന്ന തുണി

**ചില്ലം** – ചെളികൊണ്ടുണ്ടാക്കിയ പുകവലിക്കാനുപയോഗിക്കുന്ന പുകക്കുഴൽ

**ചിന്താമണി** – ആഗ്രഹങ്ങൾ സാധിച്ചുതരുന്ന രത്നം

**ചിപ്ലി** – പ്രത്യേക താളത്തിൽ അടിക്കപ്പെടുന്ന തടിക്കമ്പുകൾ

**ചിട്നി** – പത്വാരി – കരം പിരിക്കുന്നതിനുള്ള ഗ്രാമീണോദ്യോഗസ്ഥൻ

**ചോപ്ദാർ** – ദണ്ഡ് വാഹകർ

**ചൂലി** – ചെളികൊണ്ടുണ്ടാക്കിയ അടുപ്പ് (പഞ്ചസൂനങ്ങൾ നോക്കുക)

**ചട്നി** – മുളക്, മല്ലി ഇല, നാരങ്ങാനീര് തുടങ്ങിയവ ചേർത്തെടുത്ത ചമ്മന്തി

**ദ** – ദാനം

**ദാദാ** – പ്രായത്തിൽ മുതിർന്നവരെ ബഹുമാനപൂർവ്വം സംബോധന ചെയ്യുന്നത്.

**ദക്ഷിണ** – ഈശ്വരനോ, ദിവ്യന്മാർക്കോ കാഴ്ചയായി നൽകുന്ന ധനം

**ദക്ഷിണായനം** – സൂര്യൻ ഉത്തരദിശയിൽ നിന്ന് ദക്ഷിണ ദിശയിലേയ്ക്ക് സഞ്ചരിക്കുന്ന അർദ്ധവർഷം

**ദമം** – ശരീരം, ഇന്ദ്രിയങ്ങൾ എന്നിവയെ നിയന്ത്രിക്കുന്നത്

**ദണ്ഡം** – ശിക്ഷ

**ദണ്ഡ്** – വടി

**ദർശനം** – ദിവ്യമായ കാഴ്ച

**ദശാവതാരം** – മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനം, പരശുരാം, രാമൻ, കൃഷ്ണൻ, ബുദ്ധൻ, കൽക്കി എന്നിങ്ങനെ വിഷ്ണുവിന്റെ പത്ത് അവതാരങ്ങൾ

**ദശമി** – ഹിന്ദുമാസത്തിലെ പത്താമത്തെ ദിവസം

**ദസറ** – വിജയദശമി നോക്കുക

**ദേവയജ്ഞം** – പഞ്ചമഹായജ്ഞം നോക്കുക

**ദേവ** – ബാബയെ സ്നേഹത്തോടെ സംബോധന ചെയ്യുന്നത്

**ദേവസ്ഥാനം** – ദിവ്യസ്ഥലം

**ദൻഗാർ** – ഇടയസ്ത്രീ

**ദൻതരസ്** – കാർത്തികമാസത്തിലെ കൃഷ്ണപക്ഷത്തിലെ 13–ാം ദിവസം; ദീപാവലിക്ക് 2 ദിവസം മുൻപ്

**ധോതി–പോതി** – ആന്തരികാവയവങ്ങൾ ശുദ്ധീകരിക്കാനുള്ള ഒരു യോഗചര്യ

**ധുനി** – ദിവ്യമായ അഗ്നി

**ധ്വജം** – കൊടി

**ദിഗംബരർ** – നഗ്നനായ ഋഷിവര്യൻ, കോപിഷ്ഠൻ, ഭൃഗുവിന്റെ വംശജൻ, പരശുരാമന്റെ ശിഷ്യൻ

**ധ്യാനേശ്വർ** – ഒരു ഹിന്ദു സന്ന്യാസി

**ധ്യാനേശ്വരി** – ധ്യാനേശ്വർ എഴുതിയ ഹിന്ദു ദിവ്യഗ്രന്ഥം

**ധ്യാനോബാ മഹാരാജ്** – ധ്യാനേശ്വർ

**ദുഗ്ഡുഗാ** – കിലുക്കമുള്ള, ആടുന്ന ഒരു വസ്തുവിന്റെ ശബ്ദം അനുകരിക്കുന്നവർ

**ദർബാർ** – ഭക്തർ ബാബയ്ക്കുചുറ്റും കൂടിയിരിക്കുന്നത്

**ദുർഗ്ഗ** – ദേവി

**ദ്വാരാവതി** – ശ്രീകൃഷ്ണന്റെ ദ്വാരക

**ദ്വാരകാമായി** – ഷിർദിയിൽ, ബാബ താമസിച്ചിരുന്ന വാസസ്ഥലം

**ഏകാദശി** – ചാന്ദ്രമാസത്തിലെ പതിനൊന്നാം ദിവസം

**ഏകനാഥ ഭാഗവതം** – ഒരു ദിവ്യഗ്രന്ഥം

**ഫത്ഹാ** – ആഹാരം സമർപ്പിക്കുന്നതിനുള്ള മുസ്ലിം ആചാരവിധി

**ഫെനി** – ഗോതമ്പും അരിയും ഉപയോഗിച്ച് ഉണ്ടാക്കുന്ന ആഹാരപദാർത്ഥം

**ഗരിമ** – അനിമ-ഗരിമ-ലഗിമ നോക്കുക

**ഘട്ട്** – നദികൾ, കുളങ്ങൾ എന്നിവയുടെ പടവുകൾ

**ഗീതാരഹസ്യം** – ഭഗവദ്ഗീതയ്ക്ക്, മറാത്തിയിൽ ബാലഗംഗാധരതിലകൻ രചിച്ച വ്യാഖ്യാനം

**ഗോദാവരി** – പശ്ചിമഭാരതത്തിലെ ഒരു നദി

**ഗോകുലാഷ്ടമി** – ശ്രീകൃഷ്ണന്റെ ജന്മദിനം

**ഗ്രിനതി** – ഉപദേശങ്ങൾ നൽകുന്ന ആൾ, അതായത് ഗുരു

**ഗുലാൽ** – നിറമുള്ള പൊടി

**ഗുരാവ്** – ഒരു ജാതി

**ഗുരുചരിത്രം** – ദത്താവതാരമായ ശ്രീനരസിംഹസ്വാമിയുടെ അവതാരകഥ, അതിന്റെ പാരായണം സകല തിന്മകളെയും നശിപ്പിക്കുകയും മുക്തി നൽകുകയും ചെയ്യുന്നു

**ഗുരുരാജ്** – ഗുരുവിനെ ആദരവോടെ സംബോധന ചെയ്യുന്നത്

**ഗുരുമയ** – ഗുരു, മാതാവ്

**ഗുരുപൂർണ്ണിമ** – ഗുരുപൂജയ്ക്കുള്ള പൗർണ്ണമിദിനം

**ഗുരുപുത്രൻ** – ശിഷ്യൻ

**ഹക്കിം** – പരമ്പരാഗതമായ നാട്ടുവൈദ്യം അറിയുന്നവൻ

**ഹലാൽ** – മുസ്ലിം ആചാരപ്രകാരം മൃഗങ്ങളെ ബലിനൽകുന്നത്.

**ഹരിജനങ്ങൾ** – താഴ്ന്ന ജാതിക്കാർ

**ഹതയോഗം** – ഒരു യോഗചര്യ

**ഹിരണ്യഗർഭം** – ഭൂമി, സപ്തദ്വീപുകൾ, ഒമ്പത് ഭൂഖണ്ഡങ്ങൾ, സപ്തസ്വർഗ്ഗങ്ങൾ, സപ്തപാതാളങ്ങൾ എന്നിവ ഉണ്ടായ സ്വർണ്ണഗോളം.

**ഹോളി** – നിറങ്ങളുടെ ഉത്സവം

**ഹോളിക** – ഹോളി ദിനത്തിൽ ആരാധിക്കപ്പെടുന്ന ദേവത

**ഈദ്** – മുസ്ലിം ഉത്സവം

**ഇദ്ഗാഹ്** – മുസ്ലിം പ്രാർത്ഥനയ്ക്കുള്ള സ്ഥലം

**ഇന്ദ്രൻ** – മഴയുടെ അധിദേവൻ

**ഈശാവാസ്യഭാവാർത്ഥ ബോധിനി** – ഒരു ദിവ്യഗ്രന്ഥം

**ഈശാവാസ്യ ഉപനിഷത്ത്** – ഒരു ദിവ്യഗ്രന്ഥം

**ജമദഗ്നി** – ഒരു മുനി

**ജനലോകം** – ബ്രഹ്മാവിന്റെ പുത്രൻമാരുടെ വാസസ്ഥലം

**ജന്മോത്സവം** – ജന്മദിനാഘോഷങ്ങൾ

**ജപം** – ദേവതയുടെ നാമം ആവർത്തിച്ച് ഉരുവിടുന്നത്

**ജേഷ്ഠം** – ഹിന്ദുകലണ്ടറിലെ മൂന്നാമത്തെ മാസം

**ജോളി** – തോളിൽ തൂക്കിയിടുന്ന, ഭിക്ഷയാചിക്കാൻ ഉപയോഗിക്കപ്പെടുന്ന സഞ്ചി

**ജീവ** – ആത്മാവ്, മനുഷ്യൻ

**കാചര്യ** – വഴുതനങ്ങ മുറിച്ച് വറുത്തെടുത്തത്.

**കഫ്നി** – മുട്ടറ്റം എത്തുന്ന നീളമുള്ള വസ്ത്രം

**കാക്കഡ് ആരതി** – രാവിലെയുള്ള ആരാധന

**കലിയുഗം** – നാലാമത്തെ യുഗം, തിൻമയുടെ യുഗം. 4,32,000 വർഷങ്ങൾ ദൈർഘ്യം

**കൽപതരു/കൽപവൃക്ഷം** – ആഗ്രഹങ്ങൾ സാധിച്ചുതരുന്ന വൃക്ഷം

**കാമധേനു** – ആഗ്രഹങ്ങൾ സാധിച്ചുതരുന്ന ഗോവ്

**കണ്ഡാനി** – അഞ്ച് തരത്തിലുള്ള പാപങ്ങളിൽ ഒന്ന്

**കംസൻ** – ശ്രീകൃഷ്ണന്റെ അമ്മാവൻ

**കാശി** – ഒരു പുണ്യസ്ഥാനം, ബനാറസ്

**കൗസ്തുഭം** – പാലാഴി കടഞ്ഞപ്പോൾ കിട്ടിയ

അദ്ഭുതരത്നം

**കേതു** – ഒരു ഗ്രഹം

**ഖണ്ഡയോഗം** – ശരീരഭാഗങ്ങൾ, വേർപെടുത്തുകയും പിന്നീട് കൂട്ടിച്ചേർക്കുകയും ചയ്യുന്ന യോഗചര്യ

**ഖീർ** – അരി, പാല്, പഞ്ചസാര എന്നിവ ചേർത്ത് വേവിച്ചെടുത്ത ആഹാര പദാർത്ഥം.

**കിച്ചടി** – അരി, പരിപ്പുകൾ എന്നിവ ചേർത്ത് വേവിച്ചെടുത്ത ആഹാരം

**കൊളംബ** – ബാബ ഭിക്ഷയെടുത്ത് കൊണ്ടുവരുന്ന ആഹാരമുൾപ്പെടെ എല്ലാ നൈവേദ്യങ്ങളും ശേഖരിക്കാനായി ഉപയോഗിച്ചിരുന്ന മൺകുടം

**കൊങ്കണം** – പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ച ഭൂപ്രദേശം

**ഖുറാൻ** – മുസ്ലീങ്ങളുടെ ദിവ്യഗ്രന്ഥം

**കൊഷിംബിരി** – പഴങ്ങളോ, പച്ചക്കറികളോ ഉപ്പിലിട്ടത്

**കോസ്** – 9 മൈലുകൾ, ഒരു കോസ്

**കൃതിക നക്ഷത്രം** – ചന്ദ്രമാസത്തിലെ മൂന്നാം നാൾ

**കുബേരൻ** – സ്വർഗ്ഗത്തിലെ ഖജാൻജി

**കുൽക്കർണി** – ഗ്രാമാധിപതി

**ലാലാജി** – ആദരവോടെയുള്ള സംബോധന

**ലങ്കോട്ടി** – അരവസ്ത്രം

**ലീല** – ദൈവികകൃത്യങ്ങൾ

**ലെൻഡി** – ഷിർദി ഗ്രാമത്തിന്റെ പിൻഭാഗത്തുള്ള അരുവി

**മഹാസമാധി** – ഭൗതികദേഹം വെടിഞ്ഞത്

**മഹാലോകം** – സൂര്യനും നക്ഷത്രങ്ങളും അടങ്ങിയ ലോകം

**മഹാനൈവേദ്യം** – ഒരു ദേവതയ്ക്ക് അർപ്പിക്കുന്ന വിവിധ ആഹാരപദാർത്ഥങ്ങൾ

**മഹാരാജ്** – ബാബയെ ആദരപൂർവ്വം സംബോധന ചെയ്യുന്നത്

**മഹാതലം** – ഒരു നരകം

**മംലത്ത്ദാർ** – കരം പിരിക്കുന്ന ഉദ്യോഗസ്ഥൻ

**മംഗൽഘട്ട്** – കാശിയിൽ ഗംഗാതീരം

**മാർഗശീർഷ പൂർണ്ണിമ** – ഹിന്ദുകലണ്ടറിലെ പതിനൊന്നാം മാസത്തിലെ പൗർണ്ണമി

**മാർജാനി** – അഞ്ച് പാപങ്ങളിൽ ഒന്ന്

**മാർവാഡി** – രാജസ്ഥാനിലെ മാർവാർ ദേശത്തുള്ള ഹിന്ദുക്കൾ

**മാവഷിബായി** – അമ്മയുടെ സഹോദരി

**മീംമാംസ** – പൗരാണിക ഹിന്ദുതത്ത്വദർശനം

**മുഹറം** – മുസ്ലീം കലണ്ടറിലെ ആദ്യമാസം

**മുജാവർ** – ഒരു ദിവ്യന്റെ സമാധിസ്ഥലം പരിപാലിക്കുന്ന ഭക്തൻ

**മുല്ല** – മുസ്ലീം പണ്ഡിതൻ

**മുനിം** – ഗുമസ്തൻ

**നമസ്** – മുസ്ലീങ്ങളുടെ പ്രാർത്ഥന

**നന്ദദീപം** – പകലും രാത്രിയും ഒരു ദേവതയുടെ മുമ്പിൽ കത്തിനിൽക്കുന്ന ദീപം

**നന്ദി** – ശിവന്റെ വാഹനം

**നാരദൻ** – ആത്മജ്ഞാനിയും ഭക്തനുമായ ഒരു മുനി, ബ്രഹ്മാവിന്റെ പുത്രൻ

**നരസിംഹം** – വിഷ്ണുവിന്റെ അവതാരം

**നാഥഭാഗവതം** – ഒരു ദിവ്യഗ്രന്ഥം

**നാടങ്കി** – വഴിയോരനാടകം

**നിരാകാരം** – രൂപമില്ലാത്തത്

**ഒവി** – പദം

**പാദുകം** – ഈശ്വരപാദങ്ങൾ

**പാൽക്കി** – പല്ലക്ക്

**പഞ്ചസൂനം** – അഞ്ച് പാപങ്ങൾ

**പഞ്ചമഹായജ്ഞം** – അഞ്ച് യജ്ഞങ്ങൾ

**ബ്രഹ്മയജ്ഞം** – വേദങ്ങൾ പാരായണം ചെയ്യുന്നത്

**പിതൃയജ്ഞം** – തർപ്പണം

**ദേവയജ്ഞം** – ദേവൻമാർക്ക് നൈവേദ്യം നൽകുന്നത്

**ഭൂതയജ്ഞം** – സകലജീവികൾക്കും ആഹാരം നൽകുന്നത്

**അതിഥിയജ്ഞം** – അപ്രതീക്ഷിതമായ എത്തുന്ന വിരുന്നുകാരന് ആഹാരം നൽകുന്നത്

**പഞ്ചപ്രാണനുകൾ** – പ്രാണ, ആപന, സാമന, ഉദാന, വ്യാന

**പഞ്ചരത്നഗീത** – മഹാഭാരതത്തിലെ അഞ്ച് രത്നങ്ങൾ കോർത്തെടുത്തത് (1) ശ്രീമത്ഭാഗവദ്ഗീത, (2) ശ്രീവിഷ്ണുസഹസ്രനാമം (3) ഭീഷ്മസ്ഥവരജ് (4) അനുസ്മൃതി (5) ഗജേ

ന്ദ്രമോക്ഷം

**പഞ്ച** – കൈപ്പത്തി, അഞ്ച് ശ്രേഷ്ഠ മുസ്ലീം ദിവ്യൻമാരെ കുറിക്കുന്നു

**പരീസ്** – സാധാരണ ലോഹത്തെ സ്വർണ്ണമാക്കി മാറ്റാൻ കഴിയുന്ന ഒരു കല്ല്

**പീർ** – മുസ്ലിം ദിവ്യൻ

**പോത്തി** – ദിവ്യഗ്രന്ഥം

**പ്രാരാബ്ധം** – മുൻകർമ്മങ്ങൾ

**പ്രാത്ഥന സമാജികൻ** – വിഗ്രഹാരാധന ചെയ്യാത്തവൻ

**പുണ്യതിഥി** – ഏതൊരു ദിവ്യനും ഭൗതിക ദേഹം വെടിയുന്ന ശുഭദിനം

**പുരാണിക്** – പുരാണങ്ങളിൽ തികഞ്ഞ ജ്ഞാനമുള്ള വ്യക്തി

**രജസ്** – ത്രിഗുണങ്ങളിൽ ഒന്ന്

**രാമരക്ഷാസ്തോത്രം** – ശ്രീരാമനെ സ്തുതിക്കുന്ന സ്തോത്രം

**രാമവിജയം** – ഒരു ദിവ്യഗ്രന്ഥം

**രംഗോളി** – നിറമുള്ള പൊടികൾ കൊണ്ട് വരയ്ക്കുന്ന രൂപങ്ങൾ

**സഭാമണ്ഡപം** – ദ്വാരകാമായിയുടെ മുറ്റം

**സദ്ഗതി** – മുക്തി

**സദ്ഗുരു** – ആത്മജ്ഞാനിയും അവതാരപുരുഷനുമായ ആചാര്യൻ

**സദ്ഗുരുനാഥൻ** – ബഹുമാനപുരസ്കരം സംബോധന ചെയ്യുന്നത്

**സദ്ഗുരുരായ** – ബഹുമാനപുരസ്കരം സംബോധന ചെയ്യുന്നത്

**സാധകൻ** – ശിഷ്യൻ

**സാധന** – ഭക്തിപൂർവ്വമുള്ള ചര്യകൾ

**സാധു** – ദിവ്യൻ

**സായിമൗലി** – സായി മാതാവ്

**സായിപ്രഭ** – സായിഭക്തൻമാർ പ്രസിദ്ധീകരിച്ച ഒരു മാസിക

**സായിരായ** – സായിബാബയെ ബഹുമാനപുരസ്കരം സംബോധന ചെയ്യുന്നത്.

**സമാധി** – ഗഹനമായ ധ്യാനാവസ്ഥ; ഒരു ദിവ്യന്റെ ഭൗതികദേഹം അടക്കം ചെയ്യുന്നത്.

**സമാധിമന്ദിരം** – ഒരു ദിവ്യന്റെ ഭൗതികദേഹം അടക്കം ചെയ്യപ്പെട്ടിരിക്കുന്ന ക്ഷേത്രം

**സമർത്ഥ** – കാര്യക്ഷമതയും ശക്തിയും ഉള്ളവൻ

**സംസാരം** – ലൗകിക ജീവിതം

**സംസ്ഥാനം** – ഷിർദി ക്ഷേത്രസ്ഥാനം, ഏതൊരു സ്ഥാപനവും

**സൻസ** – ഗോതമ്പ് പായസം

**സപ്തശൃംഖി** – കല്ലിൽ കൊത്തിയെടുത്ത ദേവീരൂപം, നാസിക്കിലെ വാണിയിൽ സ്ഥിതി ചെയ്യുന്നു

**സപ്തശതി** – ദുർഗ്ഗാദേവിയെ സ്തുതിച്ച് കൊണ്ട് മാർക്കണ്ഡേയ മുനി എഴുതിയ എഴുന്നൂറ് ശ്ലോകങ്ങൾ

**സച്ചരിതം** – സായിബാബയുടെ ജീവിതവും വചനങ്ങളും, ഏതൊരു ദിവ്യനെക്കുറിച്ചുമാകാം

**സത്-ചിത്-ആനന്ദം** – സത്യം, ബോധം, ആനന്ദം

**സത്ക** – ഏകദേശം രണ്ടരയടി നീളമുള്ള കറുത്ത വടി

**സത്സംഗം** – സദ്ജനങ്ങളുമായുള്ള സമ്പർക്കം

**സാത്വികം** – ആത്മീയമായത്

**സത്യലോകം** – ബ്രഹ്മാവും ഋഷിമാരും വസിക്കുന്ന സ്ഥലം

**സത്യനാരായണപൂജ** – സത്യനാരായണ ദേവന്റെ ആചാരപ്രകാരമുള്ള പൂജ

**സീമാലംഘനം** – ദസറ ഉത്സവകാലത്ത് ആഘോഷങ്ങളോടെ അതിർത്തി കടക്കുന്നത്.

**സീർ** – 2 കിലോ.

**ശേഷനാഗം** – ആയിരം ശിരസ്സുള്ള അനന്തനാഗം

**ശകവർഷം** – ഹിന്ദുവർഷം

**ശക്തിപാതം** – സ്പർശനം, വാക്കുകൾ എന്നിവയാലോ കടാക്ഷം കൊണ്ട് മാത്രമോ ഗുരുവിൽ നിന്നും ശിഷ്യനിലേയ്ക്ക് ശക്തികൾ പകർന്നു നൽകുന്നു

**ശമം** – മനോനിയന്ത്രണം

**ഷീര** – ഗോതമ്പിൽ പഞ്ചസാര, ശർക്കര, നെയ്യ് എന്നിവ ചേർത്ത് ഉണ്ടാക്കിയ മധുരപദാർത്ഥം

**ഷീരാപൂരി** – മേൽപ്പറഞ്ഞ മിശ്രിതം ഗോതമ്പ് അടയിൽ നിറച്ച് എണ്ണയിൽ വറുത്തെടുക്കുന്നു

**ഷെഹനായി** – വിശേഷ അവസരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഇന്ത്യൻ പരമ്പരാഗത വാദ്യോപകരണം

**ശ്രദ്ധ** – ഗുരുവിലുള്ള വിശ്വാസം

**ശ്രാവണം** – ഹിന്ദുകലണ്ടറിലെ അഞ്ചാമത്തെ മാസം

**ശ്രുതി** – വേദങ്ങളെ മൊത്തത്തിലോ പ്രത്യേകമായോ പറയുന്നത്

**സിദ്ധി** – ദിവ്യത്വത്തിലൂടെ നേടുന്ന ശക്തികൾ

**സ്കന്ദം** – ഒരു ദിവ്യഗ്രന്ഥത്തിലെ ഭാഗങ്ങൾ

**സ്മൃതി** – വേദങ്ങൾ

**സോവാല** – ശുദ്ധി

**സ്തംഭം** – എല്ലായിടത്തും

**സുന്ദവട** – ഇഞ്ചി ചേർത്ത മധുരപലഹാരം

**താക്കിയ** – ഫക്കീർമാർ വിശ്രമിക്കുന്ന ഇടം

**തലാതലം** – ഏഴ് നരകങ്ങളിൽ ഒന്ന്

**തമസ്** – മൂന്ന് ഗുണങ്ങളിൽ ഒന്ന്, ജഡത്വം

**തംബൂരി** – നാല് കമ്പികളുള്ള ചെറിയ ഗിത്താർ

**തപോലോകം** – തപസ്വികളുടെ ലോകം

**തപ്തമുദ്ര** – ചൂടുള്ള അച്ചുകൾ കൊണ്ട് ദേഹത്ത് രൂപങ്ങൾ കൊത്തുന്നത്

**തേലി** – എണ്ണക്കച്ചവടക്കാരൻ

**താലി** – പരന്നപാത്രം

**തിഥി** – ഹിന്ദുകലണ്ടറിലെ ദിനം

**ടോംഗ** – കുതിരവണ്ടി

**ത്രിപുണ്ഡ്റം** – ചന്ദനം, കുങ്കുമം, മഞ്ഞൾ, കുങ്കുമപ്പൊടി, വിഭൂതി എന്നിവ കൊണ്ട് നെറ്റിത്തടത്തിൽ മൂന്ന് രേഖകൾ വരയ്ക്കുന്നത്

**ത്രിശുദ്ധി** – ദേഹം, സംഭാഷണം, മനോവൃത്തി എന്നിവയിലുള്ള പരിശുദ്ധി

**ഉദ്ധവഗീത** – ഭാഗവതത്തിലെ പതിനൊന്നാം സ്കന്ദം

**ഉധി** – ബാബയുടെ ദിവ്യ അഗ്നിയിലെ ചാരം

**ഉദ്യാപനം** – വ്രതനിഷ്ഠകളുടെ സമാപന ചടങ്ങുകൾ

**ഉറുസ്** – മുസ്ലീം ഉത്സവം

**വൈശ്യദേവൻ** – അഗ്നി

**വാൽപാപഡി** – ഒരുതരം പയർ

**വാൻജാരി** – കാട്ടിലെ വഴികൾ അറിയുന്ന ഒരു കച്ചവടക്കാരൻ

**വരൺ** – പയർ കൊണ്ടുണ്ടാക്കിയ സ്വാദിഷ്ടമായ ആഹാരം

**വേദാംഗം** – ശാസ്ത്രങ്ങൾ

**വിചാരസാഗരം** – പഞ്ചദശിയുടെ ഹിന്ദിപതിപ്പ്

**വിഷ്ണുസഹസ്രനാമം** – ഭഗവാൻ വിഷ്ണുവിന്റെ ആയിരം നാമങ്ങൾ

**വിതലം** – ഏഴ് നരകങ്ങളിൽ ഒന്ന്

**വിവേകസിന്ധു** – 1188 ൽ മുകുന്ദരാജ് രചിച്ച ദിവ്യഗ്രന്ഥം

**വാഡ** – കെട്ടിടം

**യവൻ** – മുസ്ലീം